

# കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം)

## കെ പി നിർമ്മൽകുമാർ

# കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം)

കെ പി നിർമ്മൽകുമാർ

**Koṭṭāram lēkhikayuṭe abhimukhaṅgaḷ** (കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ)
(Malayalam)
K P Nirmalkumar

Sayahna digital phone edition published in 2021.

Sayahna digital web edition published in 2022.

Copyright © 2021, 2022, K P Nirmalkumar

These electronic versions are released under the provisions of Creative Commons Attribution By Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Draupadi and Sudheshna* (1896), an oil on canvas painting by Raja Ravi Varma (1848–1906). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ആമുഖം

സമകാലികചരിത്രം വായിച്ചും അരമനരഹസ്യങ്ങൾ കേട്ടും പരിചിതരായ കൗരവ–പാണ്ഡവ കഥാപാത്രങ്ങളെ നേരിൽ കാണാൻ തൊഴിൽസാഹചര്യ മുണ്ടാവുമ്പോൾ, കേട്ടറിവിലൂന്നിയ സംശയങ്ങൾ നേരെചൊവ്വേ ചോദിക്കുന്നൊരു ജിജ്ഞാസാഭരിതയായ മഹാഭാരത സമകാലികയാണ് കൊട്ടാരം ലേഖിക. 'ഹസ്തിനപുരി പത്രിക'യെന്നൊരു ചുവരെഴുത്തുപതിപ്പിലൂടെ ശാക്തിക ചേരികളുമായി ചെയ്ത അഭിമുഖങ്ങൾ, പ്രഭുക്കളും ഭൃത്യരും അന്തഃപുരവാസികളും സാക്ഷരതയുടെ ഏറ്റക്കുറച്ചിൽ അനുസരിച്ചു വായിച്ചറിഞ്ഞു. ദക്ഷിണാപഥത്തിൽ നിന്നും കൊണ്ടുവന്ന പനയോലകളിൽ നാരായം കൊണ്ടെഴുതിയ അഭിമുഖങ്ങൾ പിന്നീട് 'പത്രിക' കാര്യാലയത്തിൽ കാലാതീതമായി സൂക്ഷിച്ചിട്ടുണ്ടാവണം എന്നു ഞാൻ സങ്കൽപ്പിക്കുന്നു. മനുഷ്യബുദ്ധിക്ക് വഴങ്ങിക്കൊടുക്കാത്ത ഈ വിചിത്ര പ്രപഞ്ചത്തിൽ, വിസ്മയജനകമായ എന്തെല്ലാം സംഭവിക്കുന്നു എന്നൊക്കെ ചിന്താക്കുഴപ്പത്തോടെ അറിയുന്ന നാം, പക്ഷെ, കൊട്ടാരം ലേഖികയുടെ യുക്തിവഴിയിലുള്ള ചോദ്യങ്ങൾ അമർഷത്തോടെയും കണ്ടെന്നുവരും. യുക്തിക്കതീതമായി വ്യാസദർശനത്താൽ കാണുന്നതൊക്കെ കേവലം തെരുവോരമായാജാലപ്രകടനമായി മുദ്ര കുത്തുന്ന കൊട്ടാരം ലേഖികയുടെ നിർദ്ദയ ചോദ്യങ്ങളിൽ പ്രകോപിതരാവാത്ത കൗരവ–പാണ്ഡവഃ കഥാപാത്രങ്ങളില്ല. വ്യാസഭാഷ്യത്തിലൂന്നിയ രചനാപരമായ സ്വാതന്ത്ര്യങ്ങളും സൗജന്യങ്ങളും കൊട്ടാരം ലേഖിക നിരാകരിക്കുന്നു. ഉപചാരപൂർണ്ണമായൊരു ഇടപെടലിലൂടെ, ശന്തനു മുതൽ പരീക്ഷിത്ത് വരെയുള്ള കഥാപാത്രങ്ങളുമായി ചെയ്ത അഭിമുഖങ്ങൾ കാലഗണ നാപ്രകാരമല്ല പനയോലകളിൽ ഇടംപിടിച്ചിരിക്കുന്നത്. എപ്പോഴെല്ലാം അഭിമുഖസാഹചര്യങ്ങൾ അനുകൂലമായി കൊട്ടാരം ലേഖികയ്ക്ക് വന്നുചേർന്നുവോ, മിന്നൽപിണർ പോലെ തോന്നിയ ഒരു ചോദ്യം—അതിനുള്ള ഉത്തരം അങ്ങനെയാണ് ഏറിയും കുറഞ്ഞും ഐറണിയിലൂന്നിയ ഈ രചന.

# ഉള്ളടക്കം

ആമുഖം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . iv

ഭാഗം ഒന്ന് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 1

ഭാഗം രണ്ട് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 72

ഭാഗം മൂന്ന് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 212

ഭാഗം നാല് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 304

ഭാഗം അഞ്ച് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 386

ഭാഗം ആറ് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 512

# ഭാഗം ഒന്ന്

"ഇതാണോ കൌരവർ ഹസ്തിനപുരിയിൽ നിങ്ങളെ കൊച്ചാക്കാൻ കൊട്ടിഘോഷിക്കുന്ന അക്ഷയപാത്രം, ഇതിൽ കാണുന്നത് വെറും സസ്യാഹാരമല്ലേ, മൃഗമാംസപ്രിയരായ പാണ്ഡവർക്ക് ഇതൊക്കെ മതിയോ", കൊട്ടാരം ലേഖിക ഊട്ടുപുരയിലേക്കു നോട്ടമെറിഞ്ഞു.

"പുഴയരികെ ഒരു കൂട്ടം സന്യാസാശ്രമങ്ങൾ ഉണ്ട്. ഇങ്ങോട്ട് വരുമ്പോൾ നിങ്ങൾ കണ്ടല്ലോ. രാത്രിയായാൽ എന്റെ അഭിവന്ദ്യഭർത്താക്കന്മാർ അഞ്ചുപേരും തലയിൽ മുണ്ടിട്ടു അവിടെ ഒളിച്ചു കയറും, മാനും മുയലും ഒക്കെ ആയി അർദ്ധരാത്രിയോടെ തിരിച്ചു വരും, ആശ്രമമൃഗങ്ങളുടെ കഴുത്തറുത്ത്, തൊലിയുരിച്ചു കനലിൽ ചുട്ടു ആർത്തി കാണിക്കുന്ന ആണുങ്ങളെ മാറി മാറി തീറ്റുന്ന പണി എനിക്കും", പാഞ്ചാലി വിദൂരമായി പറഞ്ഞു.

2015/02/21

"കുരുക്ഷേത്രയിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്നായി ജീവത്യാഗം ചെയ്ത കൌരവർക്കൊരു രക്തസാക്ഷി പ്രമേയം, ഒന്നുമില്ലെങ്കിൽ ഒരു അനുശോചന പ്രമേയം, ഇല്ല, ചെങ്കോൽ കയ്യിൽ തടഞ്ഞ തിമിർപ്പിലാണ് പാണ്ഡവർ."

"ഹസ്തിനപുരിയിൽ പുതിയൊരു ദുരധികാരപർവം" എന്ന വിഷയത്തിൽ വാണിജ്യവീഥിയിലെ സദസ്സിനെ അഭിമുഖീകരിക്കയായിരുന്ന ചാർവാകന്റെ വാക്കുകൾ പൊടുന്നനെ നിലച്ചു. അയാൾ മുഖമടച്ചു വീണു. ചാര വകുപ്പ് മേധാവി നകുലന്റെ കിങ്കരൻ ആ വിമത യുക്തിവാദിയെ കഴുത്തിൽ കുടുക്കിട്ടു പ്രഭാഷണവേദിയിൽ നിന്ന് വലിച്ചു നീക്കി.

2015/02/22

ഹസ്തിനപുരി പത്രികയിൽ ഇപ്പോൾ കണ്ട വാർത്ത നാട്ടിൽ ക്ഷുദ്രശക്തികൾക്കു വിളനിലം അനുവദിച്ച് അരാജകത്വം സൃഷ്ടിച്ച ധൃതരാഷ്ട്രരെ ഉടനടി വടക്ക് പടിഞ്ഞാറൻ ഹിമാലയ ചുരം പ്രതിരോധസേനയുടെ മേധാവിയായി നിയമിച്ചു എന്ന്, പുതിയ ചക്രവർത്തി യുധിഷ്ഠിരൻ.

2015/03/21

“അന്ധനെങ്കിലും നിങ്ങൾ ഹസ്തിനപുരി രാജസഭയുടെ അദ്ധ്യക്ഷനല്ലേ, അനുജന്റെ മക്കളുടെ ഭാര്യയെ കൗരവർ തുണിയുരിഞ്ഞു പിച്ചിച്ചീന്തുമ്പോൾ നിങ്ങൾ സിംഹാസനത്തിൽ രസിച്ചിരുന്ന അശ്ലീലം കണ്ടു എന്നാണു നഗരം മുഴുവൻ പരാതി”, കൊട്ടാരം ലേഖിക ക്ഷുഭിതയായിരുന്നു.

ഞാൻ അൽപവസ്ത്ര എന്ന് സ്വയം മേനി പറഞ്ഞു കൊണ്ടല്ലേ അവൾ ഇവിടെ നിന്നത്. കൗരവർ അവളെ എത്ര ലാളനയോടെയാണ് മടിയിൽ ഇരിക്കാൻ ക്ഷണിച്ചത്. അവൾ ഹൃദയപൂർവ്വം അനുസരിച്ചു. ഇവിടെ നിലത്ത് ചമ്രം പടിഞ്ഞിരുന്ന പാണ്ഡവർക്കില്ലാത്ത പരാതി നഗരവാസികൾക്കെന്തിന്?” ധൃതരാഷ്ട്രർ അന്നും പ്രശാന്തനായിരുന്നു.

“ഇവരൊക്കെ ആരാ” വിരുന്നിനു വന്ന കുട്ടികളെ ചൂണ്ടി യുധിഷ്ഠിരൻ പാഞ്ചാലിക്ക് നേരെ നോട്ടമെറിഞ്ഞു.

“എന്റെ മക്കൾ. അല്ലാതാരാ. പാഞ്ചാലത്താണ് അവർ ഇക്കാലവും വളർന്നത്.”

“അതല്ല, ഇവരുടെ ഓരോരുത്തരുടെയും അച്ഛൻ ആരെന്നാണ് അറിയാൻ വേണ്ടി ചോദിച്ചത്”, യുധിഷ്ഠിരന്റെ ഒച്ച കനത്തു.

“ഈ കിടപ്പറയിൽ അഞ്ച് പുരുഷന്മാർ ഇരുട്ടിൽ ഒന്നൊന്നായി എന്നോടൊപ്പം നിത്യവും മത്സരിച്ചു ശയിക്കുമ്പോൾ ഞാൻ അവരുടെ നാളും പിതൃത്വവും ഒക്കെ അന്വേഷിക്കാറുണ്ടോ?” പാഞ്ചാലി മക്കളെ വാത്സല്യത്തോടെ ഊട്ടുപുരയിലേക്കു നയിച്ചു.

2015/03/23

“വസ്ത്രാക്ഷേപം ചെയ്യുമ്പോൾ മൂകസാക്ഷികൾ ആയിരുന്നവരെ ഉടൻ വിചാരണ ചെയ്യുമെന്നു പറഞ്ഞല്ലോ. എന്തായി”, കൊട്ടാരം ലേഖിക കൗതുകപ്പെട്ടു.

“അന്ന് രാജസഭയിൽ കാഴ്ച കണ്ടു രസിച്ചവരിൽ ഇന്ന് ജീവിച്ചിരിപ്പുള്ളത് എന്റെ ഭർത്താക്കന്മാർ മാത്രം.”

2015/06/25

“യുധിഷ്ഠിരൻ ഈ വിധമാണെങ്കിൽ ഭീമൻ എങ്ങനെ എന്നോ?”

ഇന്നത്തെ അഭിമുഖം പാഞ്ചാലിയുടെ നിന്ദ നിറഞ്ഞ ചോദ്യത്തിൽ അവസാനിച്ചു.

2015/06/27

ഹസ്തിനപുരി പത്രികയിൽ ഇന്ന് കണ്ട പരസ്യം.

മഹായുദ്ധത്തിൽ സൈനികർ എല്ലാം നാടിനു വേണ്ടി ജീവത്യാഗം ചെയ്തത് കൊണ്ട് ഹസ്തിനപുരിയിൽ അടുത്ത ഇരുപതു കൊല്ലം കൊണ്ടെങ്കിലും ഒരു യുദ്ധസന്നദ്ധ യുവസേനയുടെ ലഭ്യത ഉറപ്പു വരുത്താൻ മഹത്തായ ഒരു കർമ പദ്ധതിക്ക് യുധിഷ്ഠിര ഭരണകൂടം തയ്യാറെടുക്കുന്നു. നിർദേശങ്ങൾ നേരിട്ട് രാജസഭയിൽ ചക്രവർത്തിയുടെ കാര്യാലയ മേധാവി നകുലനെ എല്പിക്കുക.

"ഇതെന്താ, പതിവുപോലെ നായാട്ടിനു നാലുവഴിക്ക് പോകേണ്ട അഞ്ചുപേരും പായ വിരിച്ച പകൽ സമയത്ത് ഇങ്ങനെ കിടക്കുന്നത്?" കൊട്ടാരം ലേഖിക ചോദിച്ചു.

"മഴക്കാലമാണ്, യുദ്ധം വേണ്ടിവരികയാണെങ്കിൽ സുഖചികിത്സക്ക് പറ്റിയ സമയമല്ലേ എന്ന് അടുത്ത ആശ്രമത്തിലെ ആചാര്യൻ ചോദിച്ചപ്പോൾ, ദുര്യോധനനെ ഞാൻ ആളെ വിട്ട് അനുമതി വാങ്ങി. ഇപ്പോഴും ഞങ്ങൾ അടിമകൾ ആണല്ലോ. പാണ്ഡവർക്ക് വാതത്തിന്റെ അസുഖമുണ്ടെന്നു വെച്ച് കാച്ചി. മൂന്നു നേരവും വേവിച്ച കൊടുക്കൂ എന്ന് പറഞ്ഞു ഒരു ചാക്ക് മുതിര ആ മഹാശയൻ കഴുതപ്പുറത്ത് ഉടൻ അയച്ച തന്നു. രാവിലെ കഴിച്ച മുതിരയുടെ ബലത്തിൽ എത്ര വേഗം ഇവർ മയങ്ങിപ്പോയി എന്ന് നോക്കൂ", പാഞ്ചാലി അടിയൊഴുക്കുകൾ നിറഞ്ഞ ഭാഷയിൽ സംസാരിച്ചു.

"പരമാത്മാവ് പാണ്ഡവർക്ക് നന്മ ചെയ്യുമെന്നുറപ്പായി", ഇരുകൈകളും ഉയർത്തി യുധിഷ്ഠിരൻ നാടകീയമായി പ്രഖ്യാപിച്ചു.

"എലിയും കുറുക്കനും ഓടുന്ന വനാശ്രമത്തിൽ പന്ത്രണ്ടു വർഷം ശിക്ഷ പരമാത്മാവാണോ പാണ്ഡവർക്ക് എർപ്പാടാക്കി തന്നത്?" കൊട്ടാരം ലേഖിക നിന്ദ മറച്ചു.

"സഹനത്തിന്റെ നീണ്ട പാത എന്നൊക്കെ ഞങ്ങൾ യോദ്ധാക്കൾ പറയും. അടിമയാണെങ്കിലും ഒരുനാൾ ഞങ്ങൾ അധികാരിയാവും. അതാണ് ദൈവം തരുന്ന വാക്ക്. കുറെ ഞങ്ങൾ ക്ഷമിക്കും. എല്ലാം ഒരു ത്യാഗം എന്ന് പോലും കരുതും. ഒന്നും ഫലിക്കുന്നില്ലെങ്കിൽ, ആയുധം കയ്യിലെടുക്കും. ചില തലകൾ സ്വാഭാവികമായും ഉരുളും."

"രാത്രി ഉറക്കം വരാതെ ഇങ്ങനെ കിടക്കുമ്പോൾ, വീണ്ടും വീണ്ടും കേൾക്കാൻ കൊതിക്കുന്ന ഒരു കാര്യം?"

"ഇന്ന് മുതൽ നീ ദുര്യോധനന്റെ അധികാരപരിധിയിൽ ജീവിക്കുന്ന, അയാൾക്ക് കീഴടങ്ങുന്ന അടിമയല്ല, പൂർണ സ്വതന്ത്ര എന്നാരോ എന്നിൽ ഉന്മാദം പടർത്തും, അതോടെ പുറത്തുചാടി കാട്ടരുവിയിൽ സ്വർണ്ണമത്സ്യമായി ഇവിടെ നിന്ന് ഒഴുകി രക്ഷപ്പെട്ടു പോവും."

"അപ്പോൾ പാണ്ഡവർ?" കൊട്ടാരം ലേഖിക ജാലകത്തിന് വെളിയിൽ ആയുധം മൂർച്ച കൂട്ടിക്കൊണ്ടിരുന്നവരെ നോക്കി വിരൽ ചൂണ്ടി.

"കൗരവഅടിമകളായി ജീവിച്ച ഒരുനാൾ മരിക്കും", ചിത്തഭ്രമം ബാധിച്ച പാഞ്ചാലി ചേതോഹരമായി പൊട്ടിച്ചിരിച്ചു.

2015/06/30

"മൂന്നു നേരം ഊണ് കഴിച്ചു, വെടി പറഞ്ഞു, ശിക്ഷകാലാവധി കഴിക്കുകയാണ് പാണ്ഡവർ എന്ന് പരക്കെ അംഗീകരിക്കപ്പെട്ട വസ്തുത മറച്ചുവച്ച് നിങ്ങൾ എന്തിന്, അവർ അഞ്ചു പേരും നിരന്തരം തലയിൽ തുണിയിട്ട് ഹസ്തിനപുരിയിൽ രഹസ്യ വിവരശേഖരണത്തിൽ ആണെന്ന് വ്യാജ വാർത്ത വിട്ടു കൗരവരെ പ്രകോപിച്ചു", യുദ്ധകാര്യലേഖകൻ നീരസത്തോടെ ചോദിച്ചു.

"കണ്ടല്ലോ ഉടനടി കൌരവരുടെ പ്രതികരണം. നൂറിൽ പാതി കൗരവരും ഇപ്പോൾ ഹസ്തിനപുരിയുടെ അതിർത്തി രാജ്യങ്ങളിലേക്കുള്ള ദേശീയപാതകളിൽ കാണുന്ന കുതിരപ്പന്തിയിൽ നുഴഞ്ഞു കയറി ചാരപ്പണി നടത്തുകയാണ്. പാണ്ഡവരും അപ്പോൾ കൌരവർ അറിയാതെ ദിവ്യാസ്ത്രങ്ങൾ തേടി ഒളിവിൽ പോവുന്നു. തിന്ന ചോറിനു രണ്ടു ശത്രുനിരകളും ഇപ്പോൾ അദ്ധ്വാനിക്കുന്നു. രാജവാഴ്ചക്കാലത്തെ പരിമിത മാധ്യമപ്രവർത്തനത്തിൽ ഇതിൽ കൂടുതൽ ഭരണകൂടജാഗ്രത ഒരു പെൺ പത്രപ്രവർത്തക എങ്ങനെ ഉറപ്പു വരുത്തും. പറഞ്ഞേക്കാം, ഈ ആണ്ടു പിറപ്പു മുതൽ എനിക്ക് മുൻകാല പ്രാബല്യത്തോടെ വേതനസേവനപരിഷ്കരണം വേണം."

2015/07/01

"എപ്പോഴാണ് പാഞ്ചാലി നിങ്ങളോടൊക്കെ ഒന്ന് കയർത്ത് സംസാരിക്കുക?" കൊട്ടാരം ലേഖിക തൊഴിലിന്റെ ധൈര്യത്തിൽ ചോദിച്ചു.

"ആശ്രമങ്ങളിൽ കയറി ഖരമാലിന്യം ശേഖരിച്ചു ദൂരെ കുഴി കുത്തി മൂടി വരുമ്പോൾ വെയിൽ പൊങ്ങി അവൾ ക്ഷീണിച്ചു വിയർത്തിരിക്കും. ദുര്യോധനൻ കല്പിച്ചു കൊടുത്ത ആ ജോലി അടിമ എന്ന നിലയിൽ കാര്യക്ഷമതയോടെ ചെയ്യും. അപ്പോൾ ഞങ്ങൾ ഉറക്കമുണർന്ന് ഈ തറയിൽ ഇരുന്നു ചൂത് കളിക്കുകയാവും. ഒന്നും ചെയ്യാൻ ഇല്ലെങ്കിൽ പോയി ദിവ്യാസ്ത്രം വല്ലതും സംഘടിപ്പിക്കണം എന്നവൾ വിരൽ ചൂണ്ടി ആജ്ഞാപിക്കും."

2015/07/02

"ഇതെന്താ, അന്തഃപുരം മട്ടുപ്പാവിൽ ജൈവകൃഷിയുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു. ഔദ്യോഗിക രാജധാനിയിൽ നിന്നകന്നു വന്മരങ്ങളുടെ മറവിൽ, കൌരവരാജവധുക്കളുടെ സ്വകാര്യത അവിടെ രക്ഷിക്കപ്പെട്ടിരുന്നു.

"നിലാവുള്ള ഇത്തരം രാത്രികളിൽ, ജനിച്ച നാടിന്റെ ദിശയിലേക്കു നോക്കി, വിങ്ങിപ്പൊട്ടുന്ന ഞങ്ങളുടെ ഹൃദയവാതിൽ തുറന്നിടാൻ ഉള്ള ഈ കുരുവംശ കൊട്ടാരം മട്ടുപ്പാവിൽ വളരുമോ, കായ്ഫലമുള്ള ചെടികൾ?" ഒരു കൌരവരാജവധു സംശയിച്ചു.

"കൃപാചാര്യൻ ഇത്ര നേരത്തെ?" യുധിഷ്ഠിരൻ നീരസം കാണിച്ചു.

"പ്രതിരോധ മന്ത്രാലയം അടച്ചുപൂട്ടുന്നു എന്ന് വായിച്ചു."

"കാലന്റെ മകൻ ആണെങ്കിലും സമാധാനപ്രിയനാണ് ഞാൻ, നിങ്ങൾക്കറിയില്ലേ?" യുധിഷ്ഠിരൻ നെഞ്ച് വിരിച്ചു.

"കുരുവംശസേനയിൽ രക്ഷപ്പെട്ട ഒരു സൈനികൻ ഞാനാണ്. സൈന്യാധിപ പദവി തന്നു മന്ത്രാലയം സജീവമാക്കാൻ അനുമതി തരണം."

"ജീവനും കൊണ്ട് യുദ്ധത്തിൽ നിന്ന് രക്ഷപ്പെട്ട ഒരു ധീരൻ കൂടിയില്ലേ. അവസാന സർവ സൈന്യാധിപൻ ആശ്വത്ഥാമാവ്? നിങ്ങളുടെ സഹോദരീപുത്രൻ, ദ്രോണന്റെ മകൻ. ഞങ്ങളുടെ മക്കളുടെ അന്തകൻ. അയാൾക്കുണ്ടായ അന്ത്യവിധി നിങ്ങൾക്ക് വേണോ അതോ, അടുത്ത കിരീടാവകാശി പരീക്ഷിത്തിനെ ഹരിശ്രീ പഠിപ്പിക്കുന്ന അദ്ധ്യാപകജോലി വേണോ? എത്ര കാലം നിങ്ങളെ 'പഴയ ഗുരു' എന്ന നിലയിൽ ഞങ്ങൾ എഴുന്നെള്ളിക്കും. നാളെ വന്നു വിവരം പറയൂ."

2015/07/03

രാജധാനി സമുച്ചയത്തിലെ ആഡംബരവസതിയിൽ നിന്ന് കൊട്ടാരം ലേഖികയെ കുടിയൊഴിപ്പിക്കുന്ന ഔദ്യോഗികരേഖയിൽ യുധിഷ്ഠിരൻ ഇന്ന് വെളുപ്പിന് ഒപ്പിട്ടു. വർഷങ്ങളായി അന്തഃപുരത്തിലും ആയുധപ്പുരയിലും രാജസഭയിലും സങ്കോചമില്ലാതെ കയറിയിറങ്ങി ചിക്കിച്ചികഞ്ഞ് കണ്ടതും കേട്ടതും പൊലിപ്പിച്ചെഴുതി ഭരണകൂടത്തിന്നെതിരെ ജനവികാരം ഇളക്കി വന്ന കാശിരാജ്യക്കാരിയായ ഈ യുവബ്രാഹ്മണസ്ത്രീയെ ശിക്ഷിക്കാൻ ജാതിയിൽ താണ ക്ഷത്രിയർക്കു അധികാരം ഇല്ലാത്തതുകൊണ്ട്, കുടിയൊഴിപ്പിക്കാൻ മാത്രം ഇന്നലെ വൈകി ഉന്നതതല കൂടിയാലോചന കഴിഞ്ഞു ചാരവകുപ്പു മേധാവി നകുലൻ ചക്രവർത്തിക്ക് ശുപാർശ ചെയ്യുകയായിരുന്നു. പുറത്താക്കൽ മണത്തു കൊട്ടാരം ലേഖിക സൗജന്യവസതിക്കുള്ളിൽ ആത്മാഹുതി ചെയ്യുമെന്ന സൂചനയുമുണ്ട്. യുദ്ധാനന്തര ഹസ്തിനപുരിയിൽ സജീവ സൈനികർ ആരും ഇപ്പോൾ ഇല്ലാത്തത് കൊണ്ട് പഞ്ചപാണ്ഡവർ തന്നെ വേണം ഇടയ്ക്കിടെ ഔദ്യോഗിക വേഷം മാറി സുരക്ഷ ഒരുക്കാനും ഇറക്കി വിടാനും പരപരപ്പു മാറ്റാനും.

2015/07/04

“സങ്കീർണമാണ് ഹസ്തിനപുരിയിലെ വർത്തമാനകാല രാഷ്ട്രീയം എന്ന് അറിവുള്ളവർ പറയുന്നു. തൽപരകക്ഷിയല്ലേ താങ്കൾ?”

“എനിക്കറിയാവുന്ന ഈ ലോകം ലളിതം, നന്മതിന്മകളാൽ നേർവരയിട്ടു വേർതിരിച്ച കൂട്ടുകുടുംബം. ഞങ്ങളെ ഉന്മൂലനം ചെയ്യാൻ പോലും തിന്മ തയ്യാർ എന്ന് കേട്ടു. ദൂരെ ദൂരെ വിരാടത്തിലെ ഉപപ്ലവ്യയിൽ പാണ്ഡവർ തിന്മയുമായി കൂട്ടുകൂടി ആയുധങ്ങൾ സംഭരിക്കുന്നു. ഇന്ദ്രപ്രസ്ഥത്തിനും ഹസ്തിനപുരിക്കും ഇടയിൽ കുരുക്ഷേത്രയിൽ യുദ്ധഭൂമി ഒരുക്കി ഞങ്ങൾ പാരസ്പര്യം കാത്തിരിക്കയാണ്. അവർക്ക് അവിടെ വന്നു ആയുധം വച്ച് കീഴടങ്ങാം. രക്തസാക്ഷിത്വം വരിച്ചാലും ഞങ്ങൾ, ഒരച്ഛനു ഒരമ്മയിൽ പിറന്ന കൌരവർ, വൈവിധ്യപിതൃത്വത്തിൽ പിറന്ന പാണ്ഡവരുടെ മുമ്പിൽ മുട്ടു മടക്കില്ല.”

“അപ്പോൾ ഇതൊരു നയപ്രഖ്യാപനം തന്നെ”, കൊട്ടാരം ലേഖിക ഇരുകൈകൾ വിടർത്തി.

“ഇടിച്ചു കയറി വന്ന അർദ്ധസഹോദരരോട് സ്നേഹപരിചരണത്തിൽ നിന്നാണ് സമാഗമം തുടങ്ങിയത്, ഞങ്ങളുടെ കുടൽ പൊളിച്ചു ചോര കൈകുമ്പിളിൽ ആക്കി പാഞ്ചാലിയുടെ മുടിയിൽ തേക്കുന്ന സൌന്ദര്യ സംരക്ഷണം വരെ പോവും എന്നാണു കേൾവി”, ദുര്യോധനൻ ആസന്നയുദ്ധത്തിലും ഉല്ലാസവാനായിരുന്നു.

2015/07/05

“പാഞ്ചാലി നിത്യവും വന്നു മാലിന്യം നീക്കുമെങ്കിലും പാണ്ഡവർ പതിവ് സന്ദർശകർ അല്ല. നകുലൻ ചിലപ്പോൾ വരുമായിരുന്നു. ഞങ്ങളിൽ ആരാണ് ദുര്യോധനന്റെ ചാരൻ എന്നയാൾക്ക് അറിയാമെന്നു തോന്നിയപ്പോൾ, ചങ്ങാത്തം നിർത്തി

വിവരം അറിയിക്കേണ്ടവരെ ഞങ്ങൾ അറിയിച്ചു. അടിമകളുടെ ഉടയതമ്പുരാൻ ദുര്യോധനൻ ഉണ്ടോ അടങ്ങുന്നു, ആശ്രമങ്ങളിൽ നിന്ന് ജൈവമാലിന്യശേഖരണം തുടർന്നും പാഞ്ചാലിയുടെ ചുമതല ആണെങ്കിലും, കുഴിവെട്ടി സംഗതി കുഴിച്ചു മൂടേണ്ട പണി നകുലനു നൽകി ഹസ്തിനപുരിയിൽ നിന്ന് ഉത്തരവായി. ഇപ്പോൾ ഞങ്ങളെ കണ്ടാൽ നകുലൻ പല്ല് ഞെരിക്കും. പാണ്ഡവർ അധികാരം പിടിച്ചടക്കിയാൽ മതേതരരാജ്യമായി ഹസ്തിനപുരിയെ ഔദ്യോഗികമായി പ്രഖ്യാപിച്ച്, രാഷ്ട്രീയം കളിക്കുന്ന ആശ്രമങ്ങൾക്ക് ധനസഹായവും സുരക്ഷയും നിർത്തുമെന്ന് ഞങ്ങളെ ഭീഷണിപ്പെടുത്തും."

അടിമപാണ്ഡവർ ശിക്ഷ അനുഭവിക്കുന്ന വനമേഖലയിലെ സന്യാസാശ്രമങ്ങളുടെ സംഘടന കാര്യദർശി ഹസ്തിനപുരി പത്രിക ലേഖികയോട്:

2015/07/06

ഞങ്ങൾ സിംഹാസനങ്ങളിൽ ഇരിക്കുമ്പോൾ മുൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയെ വെറും നിലത്തിരുത്തി എന്ന കൊട്ടാരം ലേഖികയുടെ വാർത്ത വസ്തുതാപരമായി നിലനിൽക്കുന്നതല്ല. കളിയിൽ തോറ്റത് 'എല്ലാം' പണയം വച്ചായിരുന്നത് കൊണ്ട് അവർ നിയമപരമായി 'അടിമ' എന്ന വിഭാഗത്തിൽ പെട്ടിരുന്നു. അർദ്ധനഗ്നനായി എന്റെ അർദ്ധ സഹോദരൻ ഓച്ചാനിച്ച് ഞങ്ങൾക്ക് മുമ്പിൽ നിൽക്കേണ്ടി വന്നപ്പോൾ, "ഇവർ ഇരുന്നാൽ എന്താ കുഴപ്പം?" എന്ന് യുധിഷ്ഠിരന് അനുകൂലമായി ഞാൻ പരസ്യനിലപാടെടുത്തത് രാജസഭ ഉടൻ അംഗീകരിച്ചു. അടിമനിയമാവലിയനുസരിച്ചുള്ള വ്യവഹാര പെരുമാറ്റ മുറയിൽ ആഴത്തിൽ അറിവുള്ള യുധിഷ്ഠിരൻ നിലത്തു കുന്തിച്ചിരുന്നപ്പോൾ മറ്റു പാണ്ഡവരും അന്ധമായി അനുകരിച്ചു എന്നേയുള്ളൂ."

ഗംഗയിലെ പൌരാണിക സ്നാനഘട്ടങ്ങൾ ശ്രാദ്ധസൌഹൃദമാക്കുന്ന വമ്പിച്ചൊരു കർമ പദ്ധതി ഉൽഘാടനം ചെയ്തു ഹസ്തിനപുരം കൊട്ടാരത്തിലേക്ക് മടങ്ങുയായിരുന്നു ദുര്യോധനൻ.

"പുതിയ ചക്രവർത്തിയുടെ പ്രഭാഷണങ്ങളും ഏറ്റുപറച്ചിലുകളും നിത്യവും ചെവികുളിർപ്പിച്ചു കേൾക്കുന്നുണ്ടല്ലോ. എന്താണ് മൊത്തം വിലയിരുത്തൽ?" യുദ്ധാനന്തരം തൊഴിൽ നഷ്ടപ്പെട്ട കൂട്ടുകാരിയുടെ ചെലവിൽ നാൾനീക്കുന്ന യുദ്ധകാര്യലേഖകൻ കരിമ്പിൻ തുണ്ട് ചവച്ചു ചോദിച്ചു. മഴകൾക്കിടയിൽ പ്രസന്നമായ ഒരു പ്രഭാതം.

"യുദ്ധം ജയിച്ചത് യുധിഷ്ഠിരന്റെ നേതൃത്വത്തിൽ കൗരവസൈന്യമാണെന്നു തോന്നും ആത്മ പ്രശംസ കേട്ടാൽ. കാലന്റെ മകൻ ഇപ്പോൾ കൗരവകുലത്തിന്റെ അഭിമാന പ്രതീകമായി. ഇടിച്ചു കയറി രാജ്യം കലക്കാൻ വന്ന "ആ പാണ്ഡവ"രെ ചെറുത്തു തോൽപ്പിച്ച് കുരുവംശപരമാധികാരം നിലനിർത്തിയ വീരപുരുഷന്റെ ധ്വനി നിറഞ്ഞ ആ കൊഴുത്ത പദാവലി ഇങ്ങനെ തൊഴിൽരഹിത യുദ്ധകാര്യലേഖകരോട് അപനിർമാണം ചെയ്താൽ മതിയാവില്ല", ചാടിയെഴുന്നേറ്റു കൊട്ടാരം ലേഖിക യുധിഷ്ഠിരന്റെ കാര്യാലയത്തിലേക്ക് വാർത്ത തേടി കുതിച്ചു.

"കുരുവംശപ്പെരുമയിൽ നിങ്ങളെ ദുര്യോധനൻ എക്കാലത്തേക്കുമായി രാജസഭയിൽ അടയാളപ്പെടുത്തിയത് അടിമകൾ എന്നല്ലേ. അതൊക്കെ ഓർക്കു

മ്പോൾ വേദന തോന്നുന്നുണ്ടോ?" മുറിപ്പെടുത്താൻ വേണ്ടി മാത്രം കൊട്ടാരം ലേഖിക ചോദിച്ചു.

"വനവാസത്തിൽ ഞങ്ങൾക്ക് കുട്ടികൾ ഉണ്ടാവാഞ്ഞതിനു പ്രകൃതിയോടു നന്ദിയുണ്ട്. അല്ലെങ്കിൽ ആ കുട്ടികൾ ദുര്യോധനന്റെ ഹസ്തിനപുരിയിൽ വരും കാലം അടിമവംശം എന്നറിയപ്പെട്ടുമായിരുന്നു" പാഞ്ചാലി അപ്രസന്നമായി പുഞ്ചിരിച്ചു.

2015/07/07

"ശുദ്ധജലസ്രോതസ്സുകളിൽ ജൈവമാലിന്യസാന്നിധ്യം കണ്ടെത്തിയ വിവരം ജനനായകൻ ദുര്യോധനനെ ആളെ വിട്ട് അറിയിച്ചു. ഹസ്തിനപുരിയിൽ നിന്ന് വിദഗ്ധ സംഘം ഉടൻ അന്വേഷണത്തിന് വരുമെന്നാണ് കേട്ടത്" മുനിയുടെ പദവിയിലേക്ക് നീങ്ങുന്ന മുതിർന്ന അന്തേവാസി പറഞ്ഞു.

"നിങ്ങൾക്കൊക്കെ തന്നെ ഹൃദ്യമായി സംസ്കരിച്ചുകൂടെ നിങ്ങളുടെ തന്നെ ഈ ആത്മീയ വിസർജ്യം. ഇതിനൊക്കെ ദൂരെ ദൂരെ ഹസ്തിനപുരിയിൽ നിന്ന് ആൾ വരണോ?" കൊട്ടാരം ലേഖിക രോഷം നിയന്ത്രിച്ചു.

"അടിമ പാഞ്ചാലി ചെയ്യേണ്ട ജോലി ഞങ്ങൾ സന്യസ്ഥാശ്രമ അന്തേവാസികൾ ചെയ്താൽ പിന്നെ കുരുവംശത്തിൽ തൊഴിൽ വിഭജനത്തിന്റെ പൊരുൾ എന്ത്? ജൈവമാലിന്യം രാഷ്ട്രത്തിന്റെ സ്വത്താണ്. അത് നിത്യവും സുരക്ഷിതമായി നീക്കേണ്ടത് ഭരണകൂടത്തിന്റെ ശിക്ഷ അനുഭവിക്കുന്ന അടിമയാണ്. കൂടുതൽ വാദത്തിനു വന്നാൽ നിങ്ങളും അടിമയാവും."

"എന്റെ മകനെ വലിച്ചുകീറി, കൊന്നു ചോരയൂറ്റി, അവന്റെ ശരീരം നീ വേർപെടുത്തി അല്ലേ ഭീമാ?" കൺകെട്ട് ഒന്നഴിച്ച് മകന്റെ ചിന്നിച്ചിതറിയ ജഡം നോക്കി ഗാന്ധാരി വിതുമ്പി.

"ഭാര്യ ശപഥം ചെയ്താൽ വേറെ തരമുണ്ടോ. പൂച്ചൂടാൻ കല്യാണസൗഗന്ധികമായാലും മുടിയിൽ തേക്കാൻ കൗരവകരളിലെ ചുടു ചോരയായാലും കൊണ്ടുവന്നു കൊടുത്തല്ലേ പറ്റൂ."

2015/07/08

"നിന്ന് തിരിയാൻ ഇടമില്ലാത്ത ഈ ആശ്രമത്തിൽ, അഞ്ചുപേർ രാവു പകൽ ഇവിടെ ചടഞ്ഞു കൂടുമ്പോൾ, മടുപ്പ് തോന്നാറില്ലേ. എങ്ങനെ കൈകാര്യം ചെയ്യും?"

"ഇതാ ഇന്ന് ഭീമനു ഒരു പണി കൊടുത്തു. പെട്ടെന്ന് തോന്നിയ ഒരു പൂവിന്റെ പേർ പറഞ്ഞു് അതുംകൊണ്ട് ഇനി തിരിച്ചു വന്നാൽ മതി എന്ന് പറഞ്ഞു. ഇനി മന്ദബുദ്ധി കാടിളക്കി വേരോടെ ചെടി പറിച്ചു കൊണ്ട് വരുമ്പോഴേക്കും ദിവസങ്ങൾ കഴിയും", പാണ്ഡവർ അവളെ പ്രീതിപ്പെടുത്താൻ ഓരോ വഴിക്ക് രാവിലെ തന്നെ പോയിരുന്നെങ്കിലും പാഞ്ചാലി തിരക്കിലായിരുന്നു മനസ്സിനകത്തും വീട്ടിനു പുറത്തും.

2015/07/09

"പാണ്ഡവരുടെ അരമനകൾക്ക് മുന്നിൽ എന്താ കൗരവരാജവിധവകളുടെ പുതിയൊരു യാചനാസമരം?"

"നിലവിൽ ഭരണകൂടത്തിന്റെ ഭാഗമല്ലാത്ത കൌരവരുടെ നൂറ് അരമനകളിൽ നിന്ന് രാജവിധവകളെ കുടിയൊഴിപ്പിക്കാൻ ചക്രവർത്തി എന്ന നിലയിൽ ഞാൻ വിജ്ഞാപനം ഇറക്കിയതിനെതിരെ, ആരുടെയൊക്കെയോ ദുഷ്പ്രേരണയിൽ ഈ വൃദ്ധവിധവകൾ നടത്തിവന്ന നാമജപസമരത്തിന് കാര്യമായ പ്രതികരണം ഒന്നും ഇല്ലാതെ വന്നപ്പോൾ, ഞങ്ങളുടെ ഔദ്യോഗിക വസതികൾക്ക് മുമ്പിൽ ഒരു യാചന നാടകം നടത്താൻ യുക്തിവാദി ചാർവാകന്റെ കുത്തിത്തിരുപ്പുണ്ട്. നൂറു പേർക്കും കാശിയിലെ വൃദ്ധമന്ദിരത്തിൽ സൗജന്യ താമസം ഞാൻ എന്നിട്ടും ഉറപ്പു കൊടുത്തു."

"ഈ നൂറു കൊട്ടാരങ്ങൾ അപ്പോൾ എന്ത് ചെയ്യും?"

"യുദ്ധസ്മാരകം ആക്കും. യുഗസംക്രമണമല്ലേ? ഭാവിയോടു നമുക്ക് പലതും പറയാനില്ലേ? എല്ലാം വ്യാസനു പറയാൻ ആവുമോ?" യുധിഷ്ഠിരന്റെ ശബ്ദത്തിൽ അക്ഷമ കലർന്നു.

2015/07/10

"പതിവ് പോലെ ഭർത്താക്കന്മാരെ പ്രതിസ്ഥാനത്ത് നിർത്തി പാഞ്ചാലി പൊരിപ്പിക്കുന്നു എന്നാണു ഞാൻ ആദ്യം കരുതിയത്. പക്ഷെ ആ സ്വരം പഴി പറയുന്ന പോലെ ആയിരുന്നില്ല. പാണ്ഡവസഹവാസം തുടർച്ചയായുണ്ടായിരുന്ന ഇന്ദ്രപ്രസ്ഥം വർഷങ്ങളിൽ ജനിച്ച അഞ്ചു ആൺകുട്ടികൾ ആയുധാഭ്യാസം നടത്തുന്നു. എവിടെ എന്ന് പറഞ്ഞില്ല. ആരുടെ കൂടെ എന്നും", കൊട്ടാരം ലേഖിക, നദിയിൽ തോണിയാത്രയിലെ കൂട്ടുകാരനോട് സംസാരിക്കുകയായിരുന്നു. തോണി തുഴഞ്ഞ, സത്യവതിയെ പോലെ പോലെ, ഒരു സുന്ദരി കൂട്ടുകാരന്റെ ശ്രദ്ധയാകർഷിച്ചത് അവളെ അസ്വസ്ഥയാക്കി.

"ഇങ്ങനെ സംഗതി പാഞ്ചാലി പരമരഹസ്യമാക്കേണ്ട കാര്യം?"

"ഇനിയാണ് പാഞ്ചാലിയുടെ മനഃപൂർവ്വം എന്ന് പോലും നാം സംശയിക്കേണ്ട ദ്വയാർത്ഥ ദുസ്സൂചന. ഇന്ദ്രപ്രസ്ഥം മഹാറാണി ആയിരിക്കെ ജനിച്ച എന്നേ പാഞ്ചാലി പറയുന്നുള്ളൂ. പിതൃത്വം പൂർണമായോ ഭാഗികമായോ പഞ്ചപാണ്ഡവരിൽ ആരോപിക്കുന്നു എന്നോ, വിവാഹബാഹ്യമാണെന്നോ, കൃത്യമായി ബീജദാതാക്കൾ ആരെന്നോ പറയുന്നില്ല."

"എല്ലാം വ്യാസൻ പൂരിപ്പിക്കട്ടെ. അയാളുടെ മകന്റെ ഭാര്യ ഗാന്ധാരി നൂറു പെറ്റ കഥ, അവിവാഹിതനായ അയാൾ തന്നെ പൊലിപ്പിച്ച പോലെ", തോണി തുഴയുന്ന സത്യവതിയിൽ ഒരു പരാശാരനെ പോലെ ഭ്രമിച്ച കൂട്ടുകാരൻ കൈ ഉയർത്തി.

2015/07/11

"ഗാർഹസ്ഥ്യഭൌതികതയിൽ നിന്നിത്രമാത്രം കുത്തൊഴുക്ക് വനാന്തരത്തിലെ സന്യസ്ഥ ആശ്രമങ്ങളിലേക്ക് കഴിഞ്ഞ രണ്ടു വർഷം ഉണ്ടായതിനെ കുറിച്ച് എന്താണ് കൗരവ ഭരണകൂടത്തിന്റെ സാമൂഹ്യസുരക്ഷ വിഭാഗം ചുമതല വഹിക്കുന്ന താ

ങ്കളുടെ വിലയിരുത്തൽ?" തക്ഷശിലയിൽ നിന്ന് ഇന്ന് രാവിലെ എത്തിയ വിദ്യാർത്ഥിസംഘം ദുര്യോധനനോട് ചോദിക്കുന്നത് ഞാൻ മാറി നിന്ന് കണ്ടു.

"വ്യക്തമല്ലേ? ഇവിടെ താമസിക്കുമ്പോൾ ഗാർഹിക മാലിന്യം നിങ്ങൾ നിത്യവും സ്വയം ചുമന്നു ഗംഗയിൽ തള്ളണം. വനാന്തരത്തിലെ ആശ്രമ അന്തേവാസി ആയാൽ, ഭർത്താക്കൻമാർ ചൂത് കളിക്കാൻ പണയം വച്ച ഒരു കൗരവ അടിമപ്പെൺ നിത്യവും വന്നു സംഗതി കാര്യക്ഷമമായി പൊക്കി ദൂരെ കൊണ്ടുപോയി കുഴിച്ചുമൂടും", ദുര്യോധനൻ വിരൽ ദ്വൈതവനത്തിലേക്ക് പുഞ്ചിരിച്ച് നീട്ടി.

2015/07/12

യുദ്ധകാര്യലേഖകൻ കൊട്ടാരം ലേഖികയോട്:

"യുദ്ധം ജയിച്ച രാജ്യം നേടി ഹസ്തിനപുരി കൊട്ടാര ഗോപുരത്തിൽ എത്തിയ പാണ്ഡവർക്ക് സ്വാഗതം ചെയ്യാൻ ദുര്യോധനവിധവ പൂക്കളുമായി നിന്നത് എന്തുകൊണ്ട് എന്ന് ചോദിക്കാൻ മാത്രം നാം പത്ര പ്രവർത്തകർ നിഷ്കളങ്കരല്ല, പക്ഷെ പൂ വാങ്ങി പുഞ്ചിരിച്ച യുധിഷ്ഠിരന്റെ ചെവിയിൽ അവൾ എന്തോ മന്ത്രിച്ചത്, അതെന്തായിരുന്നു?"

"നിങ്ങൾ അഞ്ചുപേരും കഷ്ടിച്ച് രക്ഷപ്പെടാൻ മക്കൾ അഞ്ചു പേരെയും അശ്വത്താമാവിനു ബലി കൊടുത്തു അല്ലെ?" കൊട്ടാരം ലേഖിക പൂരിപ്പിച്ചു.

2015/07/13

ഹസ്തിനപുരി ചക്രവർത്തി എന്ന നിലയിൽ അധികാരമേറ്റെടുത്ത ഇന്ന് എന്റെ ആദ്യത്തെ ഔദ്യോഗിക ഉത്തരവ് "ചൂതുകളി നിയമവിരുദ്ധം" എന്ന് പ്രഖ്യാപിക്കുക ആയിരുന്നു, രാത്രി കിടപ്പറയിൽ എത്തിയപ്പോൾ ഒരഭിനന്ദനം പ്രതീക്ഷിച്ചു ഞാൻ പറഞ്ഞു.

"കളിക്കേണ്ട വിധത്തിൽ ചൂതും ദൂതും യുദ്ധവും കൃഷ്ണൻ കളിച്ചു കാണിച്ചില്ലേ", അരികെ കിടന്ന പാഞ്ചാലി യുടെ മുഖഭാവം ഇരുട്ടിൽ എനിക്ക് കാണാൻ ആയില്ല, പക്ഷെ ആ വാക്കുകൾ ഉച്ചരിച്ച വിധം, അത് ഞാൻ ഇനി മറക്കുകയില്ല.

2015/07/15

"കൊട്ടാരസമുച്ചയത്തിലെ സ്വകാര്യവണക്കമന്ദിരത്തിൽ കൗരവരാജവിധവകൾ സുരക്ഷിത സൂക്ഷിപ്പിന് മുഖ്യ പുരോഹിതനെ എല്പിച്ചിരുന്ന ദുര്യോധനന്റെ തിരുശേഷിപ്പുകൾ കളവു പോയ വാർത്തയാണിന്നു ഹസ്തിനപുരി പൂക്കാര തെരുവിൽ പകലത്രയും സ്ത്രീകൾ അടക്കിപ്പിടിച്ചു സംസാരിക്കുന്നത്. പിന്നെ സംസാരിക്കില്ലേ. കുരുക്ഷേത്ര യുദ്ധഭൂമിയിൽ പോയിരുന്ന ഗാന്ധാരി, തോഴി വഴി പെറുക്കിയെടുത്ത ഭർത്താവിന്റെ ശരീരഭാഗങ്ങൾ പട്ടിൽ പൊതിഞ്ഞു രഹസ്യമായി ദേവാലയ പുരോഹിതനെ ഏൽപ്പിച്ചതായിരുന്നു. ആദ്യ ഓർമപ്പെരുനാളിനു പ്രദർശനത്തിനു വക്കാൻ." കൊട്ടാരം ലേഖിക പറഞ്ഞു. സന്ധ്യ. ജാലകത്തിലൂടെ നിർജീവമായ കച്ചവടതെരുവ്.

"കണ്ടല്ലോ യുദ്ധാനന്തര വിജയനിർവൃതിയിലും ചാരവകുപ്പ് മേധാവി നകുലന്റെ രാത്രി നുഴഞ്ഞു കയറ്റങ്ങൾ എത്ര വരെ പോകുമെന്ന്. ശവത്തിൽ കുത്തുക എന്ന് ഞങ്ങൾ പത്ര പ്രവർത്തകർ പറയും, ഇത് ചത്തിട്ടും ചാവാത്ത ധീര യോദ്ധാവിന്റെ ശവഭാഗമോഷണം", യുദ്ധകാര്യലേഖകൻ കൂട്ടുകാരിയോട് പരാതിസ്വരത്തിൽ പുഞ്ചിരിച്ചു.

"നിങ്ങൾ പത്ര പ്രവർത്തകർ എന്നെ പ്രശംസിക്കുമ്പോൾ പോലും മുഖഭാവം വിനീതമായിരിക്കണം. അല്ലെങ്കിൽ ഇനി ഒരു അഭിമുഖം ഉണ്ടാവില്ല എന്ന് പറഞ്ഞുകൊണ്ട്, ഓർക്കുന്നുണ്ടല്ലോ, ആദ്യദിനം എന്നെ ഒന്ന് കുടഞ്ഞു. അന്ന് താങ്കൾ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി എന്ന നിലയിൽ, വിരുന്നിനു വന്ന ദുര്യോധനൻ വഴുക്കി വീണതു കണ്ടു ഒച്ചവച്ച് ചിരിച്ചതിന്, ആരാധകരുടെ അഭിനന്ദനം ക്ഷമയോടെ സ്വീകരിക്കുകയായിരുന്നു", കൊട്ടാരം ലേഖിക പുഞ്ചിരിച്ചു.

"ആശ്രമ വാസികളുടെ ജൈവമാലിന്യം സംസ്കരിച്ചു തളർന്നു വരുന്ന ഈ കൗരവ അടിമപ്പെണ്ണിന്റെ മുമ്പിൽ നാണമില്ലാതെ മുട്ടുകുത്തി, കൈ മുത്തുന്ന പത്രപ്രവർത്തകയെ എന്ത് പാണ്ഡവദാമ്പത്യരഹസ്യങ്ങൾ വെളിപ്പെടുത്തി വേണം ഹസ്തിനപുരിയിൽ നിന്നുള്ള ഈ നീണ്ട യാത്രയുടെ വാർത്താ മൂല്യം ഞാൻ ഉറപ്പു വരുത്താൻ", പാഞ്ചാലി കുളിക്കാൻ അരുവിയിലേക്ക് നീങ്ങുമ്പോൾ അലസമായി ചോദിച്ചു.

പത്തു ദിവസമായിട്ടും ഒരു പാണ്ഡവതലപോലും ഉരുളാത്ത കുരുക്ഷേത്രയുദ്ധത്തിൽ വിരസത മറച്ചു വക്കാതെ സഞ്ജയൻ ധൃതരാഷ്ട്രരോട്:

"യുദ്ധത്തിന്റെ നേരനുഭവം തത്സമയം എന്റെ വചനദീപ്തിയിൽ നിന്ന് താങ്കൾക്കു കിട്ടുന്നുണ്ടല്ലോ, അതോ പോരാട്ടഭൂമിയിൽ എത്തി ചെത്തവും ചൂരും പ്രവർത്തനക്ഷമമായ ഒന്ന് രണ്ടു സ്വന്തം ഇന്ദ്രിയങ്ങളിലൂടെ തന്നെ നേരിട്ടറിയണമെന്നുണ്ടോ."

2015/07/16

"രക്തരൂക്ഷിത വിപ്ലവത്തിലൂടെ അധികാരം പിടിച്ചടക്കിയതിന്റെ ആദ്യവാർഷികത്തിന് എന്തുണ്ട് ഞങ്ങൾ സാധാരണക്കാർക്ക് തരാൻ സമ്മാനം?" കൊട്ടാരം ലേഖിക ഭരണകൂടത്തിന്റെ മുഖ്യ വക്താവിനെ സമീപിച്ചു.

"ആക്ഷേപം പോലെ തോന്നിയ "അർദ്ധസഹോദരർ" എന്ന ആ സംജ്ഞ ഇനി ഔദ്യോഗിക രേഖകളിൽ കൌരവരെക്കുറിച്ച് നിങ്ങൾ കാണില്ല. നാടിനു വേണ്ടി ജീവത്യാഗം ചെയ്ത ധീരയോദ്ധാക്കളെ ധന്യസ്മൃതികളിലൂടെ ആദരിക്കാൻ ആദ്യവാർഷികം ഒരു ഓർമപ്പെരുനാൾ ആയി ആചരിക്കാൻ അത്യുന്നത പാണ്ഡവനയരൂപീകരണ സമിതിയിൽ ഇന്നലെ വൈകിയ രാത്രിയിൽ തീരുമാനമായി. രക്തസാക്ഷികളായ ആ മഹാരഥന്മാരുടെ ഛായാചിത്രങ്ങൾ രാജസഭയുടെ ചുവരുകളിൽ പുതിയ നിറച്ചാർത്ത് നൽകുന്നു എന്ന് നിങ്ങൾ തന്നെ, ആർക്കറിയാം, ഹസ്തിനപുരി പത്രികയിൽ ഒരു പക്ഷെ എഴുതും. കൌരവരെ കുറിച്ച് അഹിതകരമായ പരാമർശങ്ങൾ കഴിയുന്നത്ര ഒഴിവാക്കാൻ യുദ്ധചരിത്രമെഴുതുന്ന വ്യാസനോട് യുധിഷ്ഠിരൻ ആവശ്യപ്പെട്ടു. അൽപ്പം തിരക്കുണ്ട്. അടുത്ത ഒരു ദിവസം ചിത്രകാരന്മാരുടെ കൂടെ. സൂക്ഷ്മാംശങ്ങളിൽ ശ്രദ്ധിക്കും. കാലാതിവർത്തിയായ എന്തോ ഒന്ന് ഞങ്ങളുടെ ഈ ഹ്രസ്വകാലഭൌമിക ജീവിതത്തിൽ ഉണ്ട്, ഇല്ലേ?" തിരക്കിലും നകുലൻ അർത്ഥഗർഭമായി പുഞ്ചിരിച്ചു.

“യുദ്ധം ജയിച്ച കൊട്ടാരത്തിൽ താമസിച്ച നിത്യവും കുഞ്ഞാടിൻ ചുടുചോര മൊത്തിക്കുടിക്കുമ്പോഴും എന്താ മുഖത്തൊരു ജാള്യത, വാട്ടം?” കൊട്ടാരം ലേഖിക ഊട്ടുപുരയിൽ ഭീമനെ നേരിട്ടു.

“കുറ്റ വിചാരണ ചെയ്യാൻ പഴയ ഭരണകൂടത്തിന്റെ നേതാക്കൾ ആരുമില്ല പ്രതിക്കൂട്ടിൽ നിർത്തി ഞങ്ങൾക്കൊന്നു പൊരിക്കാൻ. ആകെ മടങ്ങി വന്നത് കൃപാചാര്യൻ, അതും ഞങ്ങളെ ആദ്യാക്ഷരം പഠിപ്പിച്ച ആ ദരിദ്ര ബ്രാഹ്മണൻ. എന്നിട്ടും യുധിഷ്ഠിരൻ അയാളിൽ നിന്ന് മൊഴിയെടുത്തു. പോരെന്നു തോന്നിയപ്പോൾ ഞാൻ ചോദ്യം ചെയ്തു നോക്കി. പരിപൂർണസ്മൃതിനാശം”, ഭീമൻ ഒരു കുഞ്ഞാടിനെ കൂടെ ചാടിക്കയറിപ്പിടിച്ച് കഴുത്തിൽ കടിച്ചു ചോര നേരെ വായിലേക്കൊഴിച്ചു.

“രാജസഭയിൽ വരുമ്പോഴെല്ലാം കാണാം നിങ്ങളും വിദുരരും അടുത്തടുത്ത്. എന്താ കൃത്യമായും നിങ്ങൾ തമ്മിൽ ഉള്ള ബന്ധം?” എന്റെ ആദ്യ ജോലിദിവസം അങ്ങനെയാണ് ഞാൻ ഭീഷ്മരോട് ചോദിച്ചത്”, കൊട്ടാരം ലേഖിക ക്ഷുദ്രഭൂതകാലം ചികഞ്ഞു.

“കാരണവർ എന്ത് പറഞ്ഞു എന്ന് ചോദിക്കുന്നില്ല. എങ്ങനെ പറഞ്ഞു എന്ന് മാത്രം പറയൂ”, യുദ്ധകാര്യലേഖകൻ അലസനായിരുന്നു.

“വിരലുകൾ അങ്ങോട്ടും ഇങ്ങോട്ടും വേഗം വേഗം ചൂണ്ടിയും, കണ്ണ് വെട്ടിച്ചും പിതാമഹൻ ആ തിരക്കൊഴിയാത്ത രാജസഭയിൽ നിവർന്നു നിന്നുകൊണ്ട് പറഞ്ഞു, എന്റെ അച്ഛൻ ശന്തനുവിന്റെ രണ്ടാം ഭാര്യ സത്യവതിയുടെ രണ്ടു യുവ പുത്രവിധവകളിൽ ജന്മം നൽകാൻ, സത്യവതിയുടെ വിവാഹപൂർവ രതിബന്ധത്തിൽ ജനിച്ച വ്യാസനു ശരീരബന്ധമുണ്ടായതിനുശേഷം, തുടർന്നും ഒരു ശൂദ്ര തോഴിയിൽ സാന്ദർഭികമായും ആകസ്മികമായും ആനന്ദകരമായും സംഭവിച്ച സന്താനം. ആ ‘തുടർന്നും’ എന്ന് ഭീഷ്മർ വിസ്തരിച്ച മുഖഭാവങ്ങൾ കൊണ്ട് ഉച്ചരിച്ച വിധം അതായിരുന്നു അഭിമുഖത്തിലെ സ്മരണീയമായ ദൃശ്യവിസ്മയം.”

2015/07/17

“വിത്തെറിഞ്ഞത് ആകാശചാരികൾ ആണെങ്കിലും, സംശയം തളിരിട്ടത് ഭൂമിയിലല്ലേ കിടപ്പറയിലെ സ്വകാര്യതയിൽ പാണ്ഡവർക്കിടയിലെ ആൺകോയ്മ കിടമത്സരം പ്രകടമാവുമ്പോൾ നിങ്ങൾ എങ്ങനെ സംഗതി കൈകാര്യം ചെയ്തു?” കൊട്ടാരം ലേഖിക കാട്ടിലും കുസൃതി വിട്ടില്ല.

“നിങ്ങളെ പറ്റി മറ്റ് നാലു പേരോട് ഞാൻ സംസാരിക്കാറില്ലാത്തതുപോലെ, അവരെ പറ്റി നിങ്ങളോടും ഞാൻ സംസാരിക്കുകയില്ല എന്ന് രതിലീലക്കിടയിൽ ചെവിയിൽ ഓരോരുത്തരോടും താക്കീത് പോലെ മന്ത്രിച്ചു. അവർ അന്ന് വെട്ടി ജിജ്ഞാസയുടെ ആ നാവുമരം.” കാര്യക്ഷമതയുള്ള സേവനദാതാവിനെ പോലെ പാഞ്ചാലി കിടപ്പറ തുടച്ചു വൃത്തിയാക്കുന്നതിന്നിടയിൽ അലസമായി പറഞ്ഞു.

“മനഃസാക്ഷി ഇന്നലെ എന്നെ പ്രതിക്കൂട്ടിൽ ഒറ്റക്കാലിൽ നിർത്തി വിസ്തരിച്ചു. വിശദീകരണത്തിന് ചെവി തന്ന ശേഷം മാത്രം എഴുതി വിധി”, ദുര്യോധനൻ ഒഴിഞ്ഞു മാറാതെ കൊട്ടാരം ലേഖികക്ക് പിടി കൊടുത്തു. യുദ്ധമേഘങ്ങൾ നിറഞ്ഞ ഹസ്തിനപുരി ആകാശം. ശീതകാലം.

“കുറ്റവാളിക്ക് എന്ത് കിട്ടി ശിക്ഷ?”

"പാണ്ഡവരുടെ അന്യായമായ സാമ്രാജ്യമോഹത്തിന് നീ വെറുമൊരു ഇര" എന്നാണ് കുറ്റവിമുക്തനാക്കും മുമ്പ് ന്യായാധിപൻ നിരീക്ഷിച്ചത്. ധൃതിയുണ്ട്. സർവസൈന്യാധിപനെ കണ്ടെത്തണം, ഭീഷ്മരും കർണനും തമ്മിലുള്ള പിണക്കം തീർക്കണം."

"ആ പിണക്കം തീർക്കണം എന്ന വാക്കുകളിൽ പിടിച്ച് നാം ഇന്ന് മുഖ്യവാർത്ത നിരത്താം അല്ലേ", യുദ്ധകാര്യലേഖകൻ പത്രാധിപരെ നോക്കി പുഞ്ചിരിച്ചു.

2015/07/18

"അടിയുറച്ച വിശ്വാസരാഹിത്യം, അങ്ങനെയാണോ നിങ്ങൾ പാണ്ഡവദാമ്പത്യത്തെ രണ്ട് വാക്കിൽ വിശേഷിപ്പിക്കുക?" കൊട്ടാരം ലേഖിക സഹായിച്ചു.

"'മുൻ വിധിക്ക് വഴങ്ങാറില്ല വിശ്വാസം അർഹിക്കുന്നില്ല എന്ന സംശയം നിലനിൽക്കുമ്പോൾ തന്നെ, ദിനചര്യയിൽ അവർക്ക് വീതിച്ച നൽകേണ്ട ഗാർഹിക, അന്തിമയുദ്ധബന്ധിത ചുമതലകൾ അവർ നിർവഹിക്കുന്നതിൽ വന്ന ചേരാവുന്ന ആ കാര്യക്ഷമത, അതിനെ ഞാൻ ന്യൂനോക്തിയിൽ അഭിനന്ദിച്ചു. എന്തെങ്കിലും ഒഴികഴിവുകൾ കാട്ടി ഒറ്റക്കോ കൂട്ടായോ എന്നെ എതിർത്താൽ, ഊട്ടുപുര പുറത്തു നിന്നും കിടപ്പറ അകത്തു നിന്നും താഴിട്ടു പൂട്ടി", മൃദുവായി പാഞ്ചാലി ഓരോ വാക്കും മുത്ത് മണി പോലെ നിലത്തു ഉരുളാൻ വിട്ടു.

2015/07/19

"അവമതിയുടെ ശരശയ്യയിൽ കിടക്കുന്ന പിതാമഹന്റെ ചെവിയിൽ അലക്ഷ്യമായി നിങ്ങൾ പിറുപിറുക്കുന്ന പോലെ കണ്ടു, എന്താ സംഗതി?" ചോദ്യഭാവത്തിൽ കൊട്ടാരം ലേഖിക ചാരവകുപ്പ മേധാവി നകുലനെ നോക്കി.

"കുരുക്ഷേത്രം ഉടനടി യുദ്ധസ്മാരകമാക്കാൻ ഉദ്ദേശിക്കുന്നത് കൊണ്ട് ജീവൻ വെടിയുന്ന പ്രക്രിയ അനിശ്ചിതമായി നീട്ടാതെ ജന്മം ഇന്ന് തന്നെ ഭീഷ്മർ അവസാനിപ്പിക്കണം എന്ന ഭരണകൂടതീരുമാനം ഔദ്യോഗികമായി അറിയിച്ചു എന്ന് മാത്രം." നകുലൻ ശവസംസ്കാരത്തിന്റെ ക്രമീകരണത്തിന് ഓടി നടക്കുന്നതിന്നിടയിൽ പറഞ്ഞു.

"മൃദുലപദങ്ങൾ ഒഴിവാക്കി പച്ചക്ക് ചോദിക്കട്ടെ, കൃഷ്ണൻ അകത്തു പ്രവേശിക്കുമ്പോൾ നിങ്ങൾ അഞ്ചുപേർ പാഞ്ചാലിയുടെ മുറിയിൽ നിന്ന് ആചാരപൂർവ്വം പുറത്തു കടക്കുമോ?" കൊട്ടാരം ലേഖിക വഴി വിട്ട് ഇടപെട്ടു.

"ജാരൻ എന്ന നിലയിൽ നിന്നവൻ രക്ഷകനായത് വസ്ത്രാക്ഷേപത്തിലെ മായിക ദർശനം വഴി ആയിരുന്നത് കൊണ്ട്, ചൂതുകളിയും പണയവസ്തുവും ഉടുതുണിയും ഒക്കെ പ്രഹസനം ആവാമെന്ന് സംശയിച്ച ആ നാളുകളിൽ നിന്ന് ഞങ്ങൾ, അനാഥപാണ്ഡവർ, താഴെ വീണു. മനുഷ്യസംവേദനശക്തിക്കാനുപാതികമായി പ്രപഞ്ചനാഥൻ ഞങ്ങളോട് സംസാരിക്കുന്നു എന്ന എളിമ ഞങ്ങളെ തുണച്ചപ്പോൾ, പാഞ്ചാലിയുടെ കൂട്ടിനു കൃഷ്ണൻ എന്ന ആശയം താത്ത്വികമായി അംഗീകരിക്കപ്പെട്ടു. ഇതിൽ കൂടുതൽ പച്ചയായി ഭർത്താക്കന്മാർ എങ്ങനെ ദാമ്പത്യ രഹസ്യം ഹസ്തിനപുരി പത്രികയോട് വെളിപ്പെടുത്തും", വക്താവ് പതിവ് പോലെ നകുലൻ ആയിരുന്നു എങ്കിലും ബാക്കി നാല് പേർ സമ്മതത്തിൽ അരികെ തലയാട്ടി നിന്നു.

2015/07/20

“യുധിഷ്ഠിരന്റെ രാഷ്ട്രീയ കാപട്യത്തിന്നെതിരെ പൂക്കാര തെരുവ് യോഗങ്ങളിൽ നിത്യവും ആഞ്ഞടിക്കുന്ന ദുര്യോധനവിധവയെ ഹസ്തിനപുരി രാജസഭയിലേക്ക് പ്രത്യേകക്ഷണിതാവായി ഭരണകൂടത്തിന്റെ രാഷ്ട്രീയ കാര്യാലോചനസമിതി നാമനിർദേശം ചെയ്യുന്നു ഇന്ന് രാവിലെ മുതൽ ഊട്ടുപുരയിൽ ശ്രുതിയുണ്ടല്ലോ. എന്താ കാര്യം?” കൊട്ടാരം ലേഖിക ഞെട്ടലോടെ ചോദിച്ചു.

“നിങ്ങൾ പറഞ്ഞതിൽ ചെറിയൊരു തിരുത്തുണ്ട്. ദുര്യോധനവിധവ എന്ന വ്യക്തിഗത നിലക്കല്ല, മൊത്തം കുരുക്ഷേത്രവിധവകളുടെ ദേശീയ സംഘടന നേതാവ് എന്ന നിലയിലാണ് പരിഗണന. നേതൃസ്ഥാനം ഇന്ന് അവർ മാറിയാൽ, അല്ലെങ്കിൽ ഒഴിഞ്ഞാൽ, ആ ‘പ്രത്യേക ക്ഷണിതാവ്’ എന്ന പദവിക്കും ഉടൻ വരും സ്ഥാനചലനം”, ഔദ്യോഗിക വക്താവ് നകുലൻ പറഞ്ഞു. രാജസഭയുടെ സമ്മേളനത്തിൽ ഭരണകൂടം സ്വീകരിക്കേണ്ട തന്ത്രം മെനയുന്ന ഉന്നതതല സമിതിയുടെ അടിയന്തര യോഗത്തിലേക്ക് പോവുന്ന തിരക്കിലായിരുന്നു മാദ്രിപുത്രൻ.

“വിവാഹപൂർവ സന്തതികളും വിവാഹേതര രതിയും കുരുവംശപ്പെരുമക്ക് അലങ്കാരമായി എന്ന് ഹസ്തിനപുരിയിലെ ധനിക വാണിജ്യസമൂഹം കാണുന്നുണ്ട്. എന്നിരുന്നാലും, അവരെ ചിന്താക്കുഴപ്പത്തിലാക്കുന്നത്, ദേവരൂപികളായ അഞ്ചു രസികൻ ഭർത്താക്കന്മാർ നിങ്ങൾക്കുണ്ടായിട്ടും എന്തിനൊരു കറുത്ത കാമുകൻ. ഒന്നും വേണ്ടായിരുന്നു എന്ന് തോന്നിയോ വല്ലപ്പോഴും?”

“പ്രീണിപ്പിക്കാനും കീഴ്പ്പെടുത്താനും ഒറ്റക്കും കൂട്ടായും മുന്നൊരുക്കം രാവുപകൽ ചെയ്യുന്ന ഈ കൌന്തേയർ എവിടെ, അവർ എന്നെ ആപത്തിൽ പെടുത്തുമ്പോൾ, വിദൂരതയിൽ, അങ്ങകലെ പടിഞ്ഞാറ് കടലോര വസതിയിൽ ഇരുന്ന് എനിക്കായി സുരക്ഷിതത്വത്തിന്റെ ഒരാലില, സത്യഭാമ പോലും അറിയാതെ, മറിച്ചിടുന്ന ആ ദ്വാരകനാഥൻ എവിടെ.” വനാന്തരത്തിലെ ആശ്രമമുറിയിൽ ശീതകാല സന്ധ്യയുടെ ഭീതിതമായ മൂടുപടം പെട്ടെന്ന് മുഖമടച്ച് വീണു. എന്നിട്ടും പാഞ്ചാലിയുടെ കണ്ണുകൾ തുളുമ്പുന്നത് കൊട്ടാരം ലേഖികക്ക് ആ ഇരുളിൽ കാണാമായിരുന്നു.

2015/07/21

“ഉറക്കത്തിൽ ഞാൻ നിലവിളിച്ചത് നീ കേട്ടിരുന്നോ?” ഊഴമനുസരിച്ച് തനിക്കു കിടപ്പറയിൽ കിട്ടേണ്ട ഇടം നകുലന് കൊടുത്ത പാഞ്ചാലിയോട് പരിഭവം മറക്കാതെ ഭീമൻ ചോദിച്ചു.

“എന്തോ നിലവിളി കേട്ട് ഞാൻ ഉണർന്നപ്പോൾ നകുലൻ ബലമായി എന്നെ പിടിച്ചു കിടത്തി. കാട്ടുപന്നിയുടെ ആക്രമണത്തിൽ ഒരാൾക്ക് ആർത്തനാദം, വേറൊരാൾക്ക് പെൺശയനത്തിൽ ആർമാദം”, നിന്ദയോടെ പാഞ്ചാലി, മാലിന്യനീക്കത്തിന് സമീപ ആശ്രമങ്ങളിലേക്ക് മൺത്രുവുമായി പടി കടന്നു പോയി.

ധീരനിവൻ ദുര്യോധനപാൻ, പടക്കളത്തിലും സമൂഹ പരിഷ്കരണത്തിലും/ യുദ്ധകാര്യലേഖകൻ.

ഹസ്തിനപുരി സമൂഹത്തിന്റെ അധിക്ഷേപവും ആക്ഷേപവും നേരിട്ടിരുന്ന ഭിന്നലിംഗത്തിന്റെ ദുരവസ്ഥ ലോക മനഃസാക്ഷിയിലേക്ക് സാർത്ഥകമായി എത്തിക്കാൻ, പാണ്ഡവരുടെ കുത്തിത്തിരുപ്പിൽ മനം മറിഞ്ഞു തന്നെ ആക്രമിക്കാൻ

എത്തിയ ശിഖണ്ഡിക്ക് മുമ്പിൽ സ്വന്തം നിരായുധീകരണത്തിലൂടെ പിതാമഹന് സാധിച്ച എന്ന് ശരശയ്യയിൽ വീണ ഭീഷ്മർക്ക് ഉപചാരം അർപ്പിച്ച കൊണ്ട് ദുര്യോധനൻ പ്രഖ്യാപിച്ചു. അടുത്ത എട്ട ദിവസത്തിനുള്ളിൽ യുദ്ധം ജയിച്ച ഞങ്ങൾ വിജയക്കൊടിയുമായി ഹസ്തിനപുരി കൊട്ടാരത്തിൽ ചേരുന്ന ആദ്യയോഗത്തിൽ തന്നെ ഭിന്നലിംഗക്കാരുടെ വിദ്യാഭ്യാസം, തൊഴിൽ, സുരക്ഷ, അംഗീകാരം എന്നിവ വിഭാവന ചെയ്യുന്ന സമഗ്രലിംഗനയത്തിനു ഭീഷ്മനാമത്തിൽ രൂപം കൊടുക്കും.

2015/07/22

"ചെങ്കോൽ ഉപചാരപൂർവ്വം അനുഗ്രഹത്തോടെ താങ്കൾ കൊടുത്തില്ലെങ്കിലും, അധികാരം അർപ്പണബുദ്ധിയോടെ യുധിഷ്ഠിരൻ പ്രയോഗിച്ചു തുടങ്ങിയല്ലോ. കൗരവ രാജവിധവകളെ കൗശലപൂർവം കുടിയൊഴിപ്പിച്ച് വൃദ്ധസദനങ്ങളിൽ പാർപ്പിച്ചു. ഇനിയെന്താണ് പരിപാടി? കുടിയൊഴിക്കൽ ഭീഷണി വരും മുമ്പ് ഭാര്യയുമൊത്ത് വനവാസത്തിനു പോകുന്നോ?" കൊട്ടാരം ലേഖിക അന്ധധൃതരാഷ്ട്രരെ അനുഭാവപൂർവം തോളിൽ തട്ടി.

"ദൈവവിളിയോ, കുടിയിറക്ക് വെല്ലുവിളിയോ എന്തും ഈ വാർധക്യത്തിൽ ഉണ്ടായാൽ, മാറിയ ഭൗതിക സാഹചര്യത്തിന് അനുസരിച്ച് പിന്നെ ഞങ്ങൾ സാമ്രാജ്യപതികൾ നേരിടേണ്ടേ? തിരക്കുണ്ട്, അതിനു മുമ്പ് കാട്ടിലേക്ക് വരുന്നോ കുന്തീ, എന്ന് ചോദിച്ച സഹോദരവിധവയെ കൊട്ടാരത്തിൽ നിന്ന് കുടിയൊഴിപ്പിക്കാൻ ഒരവസാനവട്ട ശ്രമം ബാക്കി". കണ്ണീരു നനഞ്ഞ പട്ടുതുണി കൊണ്ട് കണ്ണ് മാത്രമല്ല മുഖമത്രയും അധികാരം നഷ്ടപ്പെട്ട നാമമാത്ര ചക്രവർത്തി മൂടിയിരുന്നു.

2015/07/24

"എങ്ങനെ പൊറുക്കുന്നു നിങ്ങൾ അഞ്ചു പേരും പാഞ്ചാലിയുടെ പരുക്കൻ വ്യവഹാരഭാഷ?" കൊട്ടാരം ലേഖിക പാണ്ഡവരെ ആശ്രമത്തിനു പിന്നിലെ അരുവിക്കരയിൽ അലസരായി കണ്ടപ്പോൾ സംശയം പങ്കു വച്ചു.

"ആരെ കുറിച്ചാണ് നിങ്ങൾ പറയുന്നത്? എത്ര തീവ്രമായ പ്രതിഷേധവും രോഷവും ആഹ്ലാദവും ചുണ്ടുകൾ ചലിപ്പിക്കാതെ വികാരരഹിതമായി ആവിഷ്കരിക്കുന്ന പാഞ്ചാലി എവിടെ, കൊട്ടാരങ്ങളുടെ മട്ടുപ്പാവിൽ ചന്ദ്രികാർച്ചിത രാത്രികളിൽ വസ്ത്രരഹിത ശരീരങ്ങൾ നിർല്ലജ്ജം ഇളക്കിയും ആടിയും, അങ്ങകലെ വടക്കൻ ഹിമാലയനിരകളെ നോക്കി ഉന്മാദത്തിൽ പൊട്ടിച്ചിരിക്കയും ഭീതിതമായി വാവിട്ടു നിലവിളിക്കയും ചെയ്യുന്ന കൗരവരാജവധുക്കൾ എവിടെ?" നകുലൻ കൃഷ്ണമൃഗത്തിന് ഒരു പിടി ഇളം പുല്ല് നീട്ടിക്കൊണ്ടു പുഞ്ചിരിച്ചു.

"യുദ്ധത്തിൽ കൊല്ലപ്പെട്ട ദുര്യോധനന്റെ വിധവ നിങ്ങളല്ലേ?" വൃദ്ധസദനത്തിൽ കണ്ട പരിചിതവനിതയോട് കൊട്ടാരം ലേഖിക അലക്ഷ്യമായി കുശലം ചോദിച്ചു.

"കുരുക്ഷേത്രവിധവ. ഇരു ഭാഗങ്ങളായി പോരടിച്ചു ജീവത്യാഗം ചെയ്ത നാൽപ്പതു ലക്ഷം സൈനികരുടെ വിധവകളിൽ ഒരാൾ."

2015/07/25

"ചെങ്കോൽ അഭിമന്യുപുത്രനായ പരീക്ഷിത്തിനെ ഏൽപ്പിച്ച് പടിയിറങ്ങി നിങ്ങൾ അഞ്ചുപേരും വാനപ്രസ്ഥത്തിനു പോവുമ്പോൾ, ഭരണനേട്ടത്തെ കുറിച്ചൊന്നും ഞാൻ ചോദിക്കുന്നില്ല. എന്നാൽ, നീണ്ട വ്യക്തിജീവിതത്തിൽ വല്ലതുമുണ്ടോ പുതുതലമുറ ഹസ്തിനപുരിയുമായി ഒരു രഹസ്യം പങ്കിടാൻ?" കൊട്ടാരം ലേഖിക ചോദിച്ചു.

"ആകാശചാരികളുടെ വിവാഹേതരരഹസ്യസന്തതികളായി ജനിച്ച ഞങ്ങൾ പാണ്ഡവർ, ആയിരം പൂർണചന്ദ്രന്മാരെ കണ്ട ശേഷവും ഇന്നും വെളുത്ത സുന്ദരരൂപികൾ ആയി നിങ്ങൾ കാണുന്നില്ലേ? അപ്പോൾ എന്തായിരിക്കണം ഞങ്ങളുടെ തീ പിടിച്ച യുവത്വം? എന്നിട്ടും ഞങ്ങൾ, ഒന്നിലധികം ഭർത്താക്കൾ എന്നും കൂടെ പൊറുക്കാൻ വിധിക്കപ്പെട്ട, പെരുമാറ്റത്തിൽ കാറും മിന്നലും കലർന്ന, ഒരു കറുത്ത പെണ്ണിനെ നാട്ടിലും കാട്ടിലും കൂട്ടായി സ്വീകരിച്ചു ഒരായുഷ്കാലം ആർമാദിച്ചു ജീവിച്ചു എന്നത്, സ്ത്രീയുടെ ബഹുഭർതൃത്വത്തോടുള്ള സാധാരണപുരുഷന്റെ അസഹിഷ്ണുതയെക്കാൾ, ആൺപെൺ സഹവർത്തിത്വത്തിന്റെ അടയാളമല്ലേ", പാഞ്ചാലിയെ കൂടെ നിർത്തി നകുലൻ നാട്ടുകാരോട് കൈ വീശി എന്നെന്നേക്കുമായി യാത്ര ചോദിച്ചു.

2015/07/26

ഇനിയൊരു കുരുക്ഷേത്രയുദ്ധം അനുവദിക്കില്ലെന്ന് പാണ്ഡവ കരസേനാമേധാവി ഭീമൻ. കുരുക്ഷേത്രവിജയത്തിന്റെ ആദ്യ വാർഷിക ആഘോഷത്തോട് അനുബന്ധിച്ച്, മഹാഭാരത യുദ്ധത്തിൽ ജീവൻ നഷ്ടമായ കൗരവസഹോദരർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏത് സാഹചര്യവും നേരിടാൻ ഹസ്തിനപുരി സേന സുസജ്ജമാണെന്നും കരസേനാ മേധാവി.

"കുരുക്ഷേത്ര വിധവകൾ പുനരധിവാസനീതി തേടി, പ്രക്ഷോഭം പതിവിടമായ പൂക്കാര തെരുവിൽ നിന്ന് രാജകീയ അരങ്ങേറ്റ മൈതാനത്തിലേക്ക് ഇന്ന് മാറ്റിയതിനെ കുറിച്ച് കൊട്ടാരം ലേഖിക ചോദിച്ചപ്പോൾ, "വിധവകളുടെ പുനരധിവാസം അല്ല, വിധവകളെ നിർമ്മിക്കലാണ് സൈന്യത്തിന്റെ ലക്ഷ്യം എന്ന് നിങ്ങൾ തക്ഷശിലയിൽ പഠിച്ചതൊക്കെ ഇത്ര വേഗം മറന്നോ?" എന്ന് ഭീമൻ തിരിച്ചടിച്ചു.

2015/07/27

"കാര്യമറിയാതെയാണ് ഭീമൻ എന്നോട് മെക്കട്ട് കയറുന്നത്. പാണ്ഡവർ മുഴുവൻ ഭിന്നശേഷിക്കാരാണെന്നല്ല ഞാൻ ഹസ്തിനപുരി പത്രികയിൽ എഴുതിയത്. വിഭിന്നപിതൃത്വമായിട്ടും അഞ്ചുപേരിൽ ഒരാൾ മാത്രമേ ഭിന്നശേഷി പരിഗണന അർഹിക്കുന്നുള്ളൂ എന്നിരിക്കെ, മറ്റു നാലു പേരിൽ നിന്നത് ഉടൻ പരിഗണന പിൻവലിക്കണം എന്നാണ്."

"തീപ്പെട്ടത് നിങ്ങൾ ആണെന്ന് കൌരവരെ തെറ്റിദ്ധരിപ്പിക്കാൻ, അന്നം തേടി അരക്കില്ലത്തിൽ വന്ന ആദിവാസികളെ തീയിട്ടു കൊല്ലുക, മനഃസാക്ഷി ആറു പേരെയും കുറ്റവിമുക്തരാക്കിയോ?" കൊട്ടാരം ലേഖിക ഖേദിച്ചു.

"ഞാൻ വെറുക്കുന്ന ഒരു വാക്കാണ് മനഃസാക്ഷി. ഏറെ കാലം മുഖം മൂടിയായി അത് ധരിച്ചു. പക്ഷെ വലിയ വില കൊടുത്തു. ഞങ്ങളുടെ ജീവ ചരിത്രം എഴുതുന്ന

വ്യാസൻ ഒക്കെ ഓർക്കും, ഓർമയുണ്ടായിരിക്കണം അയാൾക്ക്", വിറയ്ക്കുന്ന പോലെ തോന്നി യുധിഷ്ഠിരൻ.

2015/07/28

"ഇതെന്താ ചന്ദനസുഗന്ധവുമായി രാവിലെ തന്നെ വിസ്തരിച്ചൊരു തൈലാഭിഷേകം", വിടർന്ന കണ്ണും പുരികവുമായി അത്യുക്തി കലർന്ന പരിഷ്കൃതശരീരഭാഷയിൽ കൊട്ടാരം ലേഖിക ചോദിച്ചു.

"പാഞ്ചാലിക്കു പുരട്ടുവാൻ അവളുടെ ഇളമുറഭർത്താക്കന്മാരുടെ പിതാക്കൾ അശ്വിനി ദേവതകൾ, സ്വർഗരാജ്യത്തിൽ നിന്ന് ഒരു സന്യസ്ഥൻ വഴി കൊടുത്തയച്ച ചന്ദനാദി എണ്ണ. പക്ഷെ അവൾ ഉപയോഗിക്കാതെ ദിവസങ്ങളോളം മാറ്റി വച്ചപ്പോൾ ഞാൻ ഒന്ന് തേച്ചു നോക്കി", നീരാടാൻ അർജ്ജുനൻ ഒരു ജലജീവിയുടെ മെയ്യോതുക്കത്തോടെ അരുവിയിലെക്കിറങ്ങി.

"അതെന്താ, ദേവചികിൽസകരായ അശ്വിനിദേവതകളുടെ ദിവ്യൗഷധം പാഞ്ചാലിക്കു വേണ്ടേ?"

"കൗരവച്ചോര പുരട്ടി കഴുകിയുണക്കാതെ അവളുടെ മുടിയിൽ ഒരെണ്ണക്കും പ്രവേശനമില്ല", കടുപ്പിച്ച സ്വരത്തിൽ ഭീമൻ അരുവിയുടെ അപ്പുറത്ത് നിന്ന് മുരണ്ടു.

"കൗരവചെവികളുടെ ശ്രവണപരിധിക്കപ്പുറം, ഈ വിദൂരവനാന്തരത്തിൽ വ്യാഴവട്ടക്കാല ശിക്ഷയനുഭാവിക്കുമ്പോഴും നിങ്ങൾ എന്താ, ശത്രുദുര്യോധനനെ 'ഉടയോൻ' എന്ന് ഉപചാരപൂർവ്വം പരാമർശിക്കുന്നത്? മറച്ചുവക്കാത്ത വെറുപ്പോടെ ആ പേരു വിളിച്ചൂടെ?" കൊട്ടാരം ലേഖിക ചോദിച്ചു.

"ചുറ്റും നിങ്ങൾ കണ്ടു വണങ്ങിയ സന്യസ്ഥാശ്രമങ്ങളിൽ വേവുന്നത് ശുദ്ധ ആത്മീയത ആണെന്ന് കരുതിയോ? ഓരോരുത്തരും ചാരചുമതല ഉള്ള വ്യക്തിത്വങ്ങളല്ലേ, ഹസ്തിനപുരിയിൽ നിന്ന് ചാരൻ അവർക്ക് കഴുതപ്പുറത്ത് ഭക്ഷ്യവസ്തുക്കളും പൂജാസാമാഗ്രികളും കൊണ്ട് വരും, ഈ പാണ്ഡവ മന്ദിരത്തിലെ അന്തർ നാടകങ്ങൾ എന്തെന്ന് വിശദമായി അറിയാൻ."

നകുലൻ ചൂണ്ടുവിരൽ കൊണ്ട് വായുവിൽ എഴുതി ആശയവിനിമയം ചെയ്യുന്നത് നാല് പാണ്ഡവരും പാഞ്ചാലിയും അപമാനബോധതോടെ നോക്കി നിന്നു.

2015/07/29

"എപ്പോഴാണ് നിങ്ങൾ അർദ്ധസഹോദരർ നകുലനും സഹദേവനുമായി ഉള്ളു കൊണ്ട് അകന്നത്?"

"അമ്മയും അച്ഛനും വേറെ വേറെ ആയ ഞങ്ങൾ എങ്ങനെ അർദ്ധരും പൂർണരും ആവും? അത് പോട്ടെ. വീട്ടിനകത്ത് പൊതുഭാര്യ പാഞ്ചാലിയാൽ ഞങ്ങൾ ബന്ധപ്പെട്ടു എന്നതല്ലേ ശരി? ഒരു ദിവസം ഞാൻ കിടപ്പറയിൽ കയറിയപ്പോൾ അവളും ഇവരും ഒരുമിച്ച് ആർമാദിക്കുന്നതു കണ്ടു. എന്തുണ്ട് വിശേഷം എന്ന് ഞാൻ വെപ്രാളം മറച്ചു ചോദിച്ചപ്പോൾ, "ഈ രണ്ടു മാദ്രി കുട്ടികളുടെ ഓരോ കുസൃതികൾ" എന്ന് പറഞ്ഞു തുണി വാരിയുടുത്തു ധൃതിയിൽ പാഞ്ചാലി മുറി വിട്ടിറങ്ങി. അപ്പോൾ തകർന്നുടഞ്ഞത് എന്റെ അഭിമാനമായിരുന്നു" യുധിഷ്ഠിരൻ വിതുമ്പി.

കൗരവരാജവിധവകൾ എന്ന അവമതി സംജ്ഞയിൽ ഞങ്ങൾ നൂറു വനിതകളെ ഒതുക്കുന്നത് പാണ്ഡവർ ഉടനടി നിർത്തണമെന്ന് ദുര്യോധനവിധവ പൂക്കാരതെരുവുപ്രകടനത്തിൽ അര മണിക്കൂർ മുമ്പ് ആഞ്ഞടിച്ചു. കാട്ടിൽ ജനിച്ചു വളർന്നു, ഇന്ദ്രപ്രസ്ഥത്തിൽ ഒരിടവേളയൊഴികെ കാട്ടിൽ മാത്രം ജീവിച്ച യുധിഷ്ഠിരനും കൂട്ടർക്കും ഹസ്തിനപുരിയുടെ നവസംവേദനഭൂമികയുമായി ഇഴയടുപ്പം ഇല്ലെന്നു, കുറെയൊക്കെ സൗജന്യമായി കണ്ടാൽ പോലും, ഞങ്ങളെ 'കുരുക്ഷേത്ര ഇരകൾ' എന്ന വിശേഷണത്തിൽ കുറഞ്ഞ ഒന്നും ഞങ്ങൾക്ക് ഇന്ന് മുതൽ സ്വീകാര്യമല്ല. അധികാര ദുർമോഹത്തിൽ നൂറു കൗരവരെ കൂട്ടക്കൊലക്ക് വിധേയമാക്കിയ യുദ്ധ കുറ്റത്തിന് പാണ്ഡവർക്ക് വിധിക്കേണ്ടത് വധശിക്ഷയല്ലേ?", പ്രതിഷേധത്തിൽ തുടങ്ങിയ പ്രഭാഷണം വിതുമ്പലിൽ അവസാനിച്ചു.

2015/07/30

"പച്ചതുരുത്തും വന്മരക്കൂട്ടവും ഓരോ അരമനക്ക് പിന്നിലും ഉണ്ടായിരുന്ന ഈ കൗരവരാജമന്ദിരങ്ങളെ നോക്കൂ. ഈ സംരക്ഷിതവനപ്രകൃതിയെ പരിപാലിച്ചും പരിലാളിച്ചുമായിരുന്നു, നൂറു ദേശങ്ങളിൽ നിന്നു ഹസ്തിനപുരിയിലേക്ക് വന്ന രാജവധുക്കൾ ഓരോ വസന്തകാലത്തും ഹൃദ്യപ്രകൃതിയുടെ വിസ്മയദൃശ്യങ്ങളാൽ പൊട്ടിത്തരിച്ചതും കുട്ടികൾക്കൊപ്പം നൃത്തം ചെയ്തു പൊട്ടിച്ചിരിച്ചതും. പാണ്ഡവഭരണകൂടം കുരുക്ഷേത്രാനന്തര പ്രതികാരനടപടിയിൽ രാജവിധവകളെ കുടിയൊഴിച്ചു ഓരോ വസതിയും ആയുധപ്പുരയാക്കിയപ്പോൾ എന്ത് സംഭവിച്ചു?" കൊട്ടാരം ലേഖിക ഹസ്തിനപുരി പത്രിക വായനക്കാരോട് വിരൽ ചൂണ്ടി.

ഉണങ്ങിയ ഒരു പെരുമരത്തിന്റെ മറവിൽ പാണ്ഡവ ചാരവകുപ്പ് മേധാവി, കണ്ടാലറിയുന്ന ചില വായനക്കാരുടെ വിവരങ്ങൾ മനസ്സിൽ കുറിച്ചു.

2015/07/31

"നിങ്ങൾ നൂറു പേരെ വെട്ടിയും ചവിട്ടിയും കൊല്ലാൻ അവർ അഞ്ചു പേർ, എന്ത് കണക്കാണിത്" കൊട്ടാരം ലേഖിക കൈകൾ വിടർത്തി വിസ്തരിച്ച് അഭിനയിച്ചു ചോദിച്ചു. അന്ത്യ യുദ്ധദിനം കുരുക്ഷേത്രം.

"പാണ്ഡവരെ വഴിയാധാരമാക്കാൻ ജീവിതകാലം മുഴുവൻ കൂട്ടിയും കിഴിച്ചും ഞാനും കൂട്ടാളികളും എത്ര സൂക്ഷ്മതയോടെ നിത്യവും ശ്രമിച്ചുവോ അത്രയും കുടിലതയോടെ പാണ്ഡവർ വനവാസക്കാലത്ത് ഞങ്ങൾക്കെതിരെ കളം വരച്ചിരുന്നു എന്ന് കണ്ടെത്താൻ ഞങ്ങളുടെ ചാരസംവിധാനത്തിനു ഒത്തില്ലെന്നതാണെന്റെ ഒരേ ഒരു പാളിച്ച", തുടയിൽ മാരകമായ ഭീമഗദ പ്രഹരമേറ്റ് ചളിയിൽ കിടന്നു നിലവിളിക്കയായിരുന്ന ദുര്യോധനൻ ഒരു നിമിഷം സിംഹാസനത്തിൽ ഇരിക്കുന്ന പോലെ നടിച്ചു.

"ഒരഞ്ചാറു കാട്ടുമയിലുകൾ കൂട്ടം ചേർന്നിവിടെ ഇങ്ങനെ ചുറ്റി നടക്കേണ്ട കാര്യം?" പരിസരശുചിത്വമുള്ള ആശ്രമത്തിനു മുമ്പിലേക്ക് ചൂണ്ടുവിരലോടിച്ചു കൊട്ടാരം ലേഖിക ആരോടെന്നില്ലാതെ ആരാഞ്ഞു.

"ചാടി വന്ന ഭീമന്റെ നഗ്നതുടയിൽ കൊത്തിയ ആദ്യ ചോരയനുഭവത്തിന് ശേഷം സംശയത്തോടെയാണ് മയിലുകളുടെ സാന്നിധ്യം ഞങ്ങളും കണ്ടത്. എന്നാൽ

കുറച്ച ദിവസങ്ങളായി പ്രത്യാശയോടെയും. അന്തിയുറങ്ങുന്ന പൊന്തക്കാട്ട് ഭീമൻ കരുതലോടെ പിന്തുടർന്ന്, വൈകി മടങ്ങിയെത്തിയത് ഒരു കൂട നിറയെ മയിൽ മുട്ടകളുമായി. അക്ഷയപാത്രത്തിലെ വിശിഷ്ട സസ്യഭോജ്യങ്ങളെക്കാൾ ഇപ്പോൾ ഞങ്ങൾക്കിഷ്ടം പൊരിച്ച മയിൽ മുട്ടയാണ്, പാഞ്ചാലി ഒട്ടും സഹകരിക്കില്ലെങ്കിലും", നകുലൻ ഉള്ള കാര്യം ഉറി പോലെ ചിരിച്ച പിന്നിലേക്ക് മറിഞ്ഞു.

2015/08/02

"രാജമന്ദിരങ്ങൾ ഭരണകൂടത്തിനു ഒഴിഞ്ഞു കൊടുത്തു നിങ്ങൾ വൃദ്ധസദനങ്ങളിലേക്ക് മാറിതാമസിക്കേണ്ടി വന്നു എന്നത് പ്രതിഷേധത്തോടെ കാണുമ്പോഴും, നിങ്ങൾ ഏറ്റെടുത്ത ഈ സമരമുഖം: പ്രകടനങ്ങളും പൊതുയോഗങ്ങളും എവിടം വരെ ഇതൊക്കെ നിങ്ങളെ കൊണ്ടുചെന്നെത്തിക്കും", വൈകിയ സന്ധ്യ, ഇരുട്ട് മൂടിയ ഉൾപ്രദേശം പഴത്ത അന്തരീക്ഷം.

"നൂറോളം രാജവിധവകളും അവരുടെ അവിവാഹിത പുത്രിമാരും താമസിക്കുന്ന ഈ വൃദ്ധ സദനത്തിൽ ഒരു ശുചിമുറി പോലും ഇല്ല. ഓരോ രാത്രിയും വിസർജനത്തിനു ഞങ്ങൾ പോവേണ്ടി വരുന്നത്, യുദ്ധത്തിൽ കൊല്ലപ്പെട്ട കൌരവരുടെ ഭൌതികാവശിഷ്ടങ്ങൾ അടക്കിയ ഈ പൊതു ശ്മശാനത്തിൽ." ദുര്യോധനവിധവ മുഖം താഴ്ത്തി വിതുമ്പി.

"ഇന്ദ്രപ്രസ്ഥത്തിൽ താമസിക്കുമ്പോൾ പാണ്ഡവർക്ക് നിങ്ങളിൽ ഉണ്ടായ ആ അഞ്ചു ആൺമക്കൾ എവിടെ? പെറ്റതള്ളയെ കൌരവർ വസ്ത്രാക്ഷേപം ചെയ്തു അവമതിച്ചത് പോരാതെ, ദുര്യോധനന്റെ അടിമയാക്കി ഈ കൊടും കാട്ടിൽ താമസിപ്പിക്കുന്നു, ചുറ്റുമുള്ള സന്യസ്ഥാശ്രമങ്ങളിലെ വിസർജ്യങ്ങൾ കോരി ചുമന്നു ദൂരെ കൊണ്ടുപോയി സംസ്കരിക്കുന്ന പ്രാകൃത ശിക്ഷ നടപ്പാക്കുന്നു. ഇതൊന്നും കേട്ടിട്ടും അനങ്ങുന്നില്ലല്ലൊ പൊന്നുമക്കൾ, അതോ, ഹസ്തിനപുരി ഊട്ടുപുരയിൽ ഇന്നലെ ഞങ്ങൾ കേട്ടത് ശരിയാണെങ്കിൽ നിങ്ങൾക്ക് മക്കൾ എന്ന് പറയാൻ മാത്രം ഒന്നും ഇല്ലേ?"

"വരാനിരിക്കുന്ന മഹായുദ്ധത്തിന്റെ അവസാന ദിവസം, ചതിയിൽ അവരെ ചവിട്ടിക്കൊല്ലാൻ ദ്രോണപുത്രൻ അശ്വത്ഥാത്മാവ് തിന്നു കൊഴുത്തു കാലുകൾക്ക് ബലം പിടിക്കുന്നത് അതേ ഹസ്തിനപുരി ഊട്ടുപുരയിൽ നിങ്ങൾ കാണാറില്ലേ?" ആശ്രമ മാലിന്യം നീക്കി കുളിക്കാൻ അരുവിയിലെക്കിറങ്ങിയ പാഞ്ചാലി പറഞ്ഞു.

2015/08/03

"സീതയ്ക്ക് സുരക്ഷയായി ലക്ഷ്മണനെ നിർത്തി രാമൻ ഒറ്റക്കല്ലേ വേട്ടയാടി മാനിറച്ചി കൊണ്ടുവന്നു മൂന്നു പേരും രാത്രി വൈകി ചുട്ടു തിന്നു വിശപ്പടക്കിയത്. അവർക്ക് വേണ്ടെങ്കിൽ പിന്നെ ധീരോദാത്തന്മാരായ നിങ്ങൾ പാണ്ഡവർക്കെന്തിനൊരക്ഷയപാത്രം? മേലനങ്ങിക്കൂടെ ഊഴം വച്ച്, പല്ല് മുറിയെ മൂന്നു നേരം തിന്നാൻ?" ഉപചാര സന്ദർശനത്തിനു സമീപ ആശ്രമത്തിൽ നിന്ന് വന്ന പുതുസന്യസ്ഥൻ യുധിഷ്ഠിരനോട്.

2015/08/04

"ദീർഘകാല ദാമ്പത്യഅവഗണനക്കെതിരെ പരസ്യമായി ആഞ്ഞടിക്കാൻ, യുധിഷ്ഠിരന്റെ ആദ്യ ഭാര്യ ഇതാ ദുര്യോധനവിധവയുമായി കൈ കോർക്കുന്നു. ഇന്നു മുതൽ വേദി പങ്കിട്ട്, ചെലവിനു തരാത്ത ഭർത്താവിനെ പോതുവ്യവഹാര മണ്ഡലത്തിൽ അവമതിച്ച് മുട്ടു കുത്തിക്കും എന്നാണു ജ്വാലാമുഖി ക്ഷേത്രത്തിൽ ചെയ്ത പ്രതിജ്ഞ", കൊട്ടാരം ലേഖിക സ്തോഭാജനകമായി കൈകൾ ചലിപ്പിച്ചു.

"ഇളമുറ നകുലനോടുള്ള പക്ഷപാതപൂർണമായ ദാമ്പത്യ പരിഗണനയിൽ മനംനൊന്ത വയോധിക ചക്രവർത്തി യുധിഷ്ഠിരൻ, ദുര്യോധന വിധവയുടെ മകന്റെ മകളെ പരിണയിച്ച് ഏക ഔദ്യോഗിക വധു ആക്കാൻ തീരുമാനിച്ചു കഴിഞ്ഞു. ചക്രവർത്തിനി പദവിയിൽ നിന്ന് മാറ്റി പാഞ്ചാലിയുടെ ഗർവ്വൊന്നൊതുക്കിയെ യുധിഷ്ഠിരൻ അടങ്ങൂ. അതോടെ കൗരവരാജവിധവകൾ അവരുടെ പഴയ രാജമന്ദിരങ്ങളിൽ മടങ്ങി എത്തും. വിരുന്നിൽ നിങ്ങൾക്കും കിട്ടും ഒരു ക്ഷണം", യുധിഷ്ഠിരന്റെ കാര്യാലയ വക്താവ് ഒരു വിജ്ഞാപനം വായിക്കുന്നപോലെ ഔദ്യോഗികസ്വരത്തിൽ പറഞ്ഞു.

2015/08/05

"മഹാറാണി പദവിയിൽ നിന്ന് പാഞ്ചാലിയെ ഇറക്കാൻ, മരണാനന്തര ലോകത്ത് നിന്നുള്ള കൗരവ സഹായത്തോടൊപ്പം ഒരു സംഘടിത പരസ്യനീക്കമുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു. ചക്രവർത്തി യുധിഷ്ഠിരൻ ഗംഗയിൽ കൗരവർക്കു ഓരോരുത്തർക്കും ബലിയിട്ടു എഴുന്നേൽക്കുകയായിരുന്നു. വെയിലിൽ ഭൂപ്രകൃതി പ്രസന്നമായിരുന്നു.

"ദുരർത്ഥ സൂചനയോടെ നിരക്ഷരമാതാവിനോട് പാഞ്ചാലീ സ്വയംവരം അവതരിപ്പിച്ച്, അനുജന്റെ ഭാര്യയെ അന്യായമായി തട്ടിയെടുത്ത കുടിലവയോധികൻ എന്നും മറ്റും പാണ്ഡവർക്ക് മുമ്പിലും കൌരവർക്ക് മുമ്പിലും അവമതിച്ചാണ് അരനൂറ്റാണ്ടായി പാഞ്ചാലി എന്നെ ശിക്ഷിച്ചത്. അറിയാമോ, ഇപ്പോൾ അവൾ ഇളമുറ പാണ്ഡവൻ നകുലന്റെ ജാര? വേദനിപ്പിക്കുന്ന ആ ഓർമയിൽ നിന്നെന്നെ മോചിപ്പിക്കാനാണ് ദുര്യോധനന്റെ വിവാഹപ്രായമെത്തിയ കൊച്ചു മകളെ മംഗലം കഴിച്ച് ഹസ്തിനപുരി പട്ടമഹിഷിയാക്കാൻ മനഃസാക്ഷി അനുമതി തന്നത്. ബലിയിട്ടപ്പോൾ, ഈശ്വരാ, എനിക്ക് ദുര്യോധനന്റെ അനുകൂല പ്രത്യക്ഷം ഉണ്ടായി. മകനുണ്ടായാൽ, തീർച്ച അവൻ ഇനി പുതു കുരുവംശനാഥൻ. അഭിമന്യുവിന്റെ മകൻ പരീക്ഷിത്ത് പാമ്പ് കടിയേറ്റ മരിക്കും എന്ന് നാട്ടിൽ പാട്ടല്ലേ", യുധിഷ്ഠിരൻ സംസാരിച്ച ആ രീതി കണ്ടപ്പോൾ, കുപ്രസിദ്ധ ബീജദാതാവു കാലന്റെ മകൻ തന്നെ.

2015/08/09

മുന്നറിയിപ്പില്ലാതെ യുധിഷ്ഠിരൻ ആ വൈകിയ രാത്രിയിൽ ഊട്ടുപുരയിൽ കയറിച്ചെന്നപ്പോൾ, നാലു സഹോദരന്മാരും ചാണകം മെഴുകിയ നിലത്തു ചമ്രം പടിഞ്ഞിരുന്നു ഒരു കാളക്കുട്ടിയുടെ ഇറച്ചി നീക്കിയ തുടയെല്ലിനായി പരസ്പരം മല്ലടിക്കുന്നു. ചുണ്ടും പല്ലും പൊട്ടി ചോരയോഴുകുന്നു. നിർത്തു എന്ന് യുധിഷ്ഠിരൻ ഗർജ്ജിച്ചപ്പോൾ, ഭീമൻ പൊട്ടിക്കരഞ്ഞു കാലിൽ വീണു. എൺപത് കഴിഞ്ഞ വൃദ്ധഭീമനായിരുന്നില്ല അപ്പോൾ, വിശപ്പ് സഹിക്കാതെ വിലപിക്കുന്ന കുട്ടിഭീമനായിരുന്നു.

അവർ കൊന്നു തൊലിയുരിച്ച കാളക്കുട്ടിയുടെ ഇറച്ചി വരട്ടിയത് ഒരു മണിക്കൂർ മുമ്പ് വയർ നിറയെ കഴിച്ച യുധിഷ്ഠിരനറിയാമായിരുന്നുവോ, യുദ്ധാനന്തര ഹസ്തിനപുരിയുടെ പട്ടിണി, ഒരെല്ലിൻ കഷണത്തിനായി സഹോദരരുടെ വയറ്റപ്പിഴപ്പ്.

"ചെങ്കോൽ അഭിമന്യുവിന്റെ മകൻ പരീക്ഷിത്തിനു നാം കൈമാറുക, ആരും കാണാതെ വഴിയിൽ കുഴഞ്ഞു വീണു കഥ തീരാൻ ഇന്ന് തന്നെ പടിയിറങ്ങുക നാം മുഴനീള പരാജിത പാണ്ഡവർ", പിടിച്ചു നില്ക്കാൻ പോലും വയ്യാതെ അവശനായിരുന്ന അർജ്ജുനൻ എന്നിട്ടും വിരൽ ചൂണ്ടി നാല്പ് പേരോടും ആജ്ഞാപിച്ചു.

2015/08/10

"ചാരപ്പണിക്ക് വേഷം മാറിപ്പോയ ഭീമനെ കുരുക്കിട്ടു പിടിച്ചു ഇതാ കൌരവർ ബന്ദിയാക്കി നമ്മോടു വിലപേശുന്നു. നീ ഉടൻ ഹസ്തിനപുരിയിൽ ചെന്ന് കൌരവരുടെ വെപ്പാട്ടിയായില്ലെങ്കിൽ ഭീമനെ ധൃതരാഷ്ട്രാലിംഗനത്തിന് വിട്ടു കൊടുക്കുമെന്ന് ഭീഷണി" യുധിഷ്ഠിരൻ അവശസ്വരത്തിൽ പാഞ്ചാലിയോട് പറഞ്ഞു.

"ഒന്ന് മിണ്ടാതിരിക്കൂ. അയാൾ പോയാലും നിങ്ങൾ നാലുപേരില്ലേ. രണ്ടു പേരിൽ കൂടുതൽ ആണുങ്ങൾ കിടപ്പറയിൽ ഉണ്ടെങ്കിൽ 'ആൾക്കൂട്ട'മായി തോന്നുന്ന എനിക്ക് നിങ്ങൾ അഞ്ചു പേരിൽ ഒരാൾ പോയാൽ അത്രയും കുറച്ചു നിത്യവും സഹിച്ചാൽ പോരെ."

2015/08/11

"വനാന്തരത്തിലെ ഈ ആശ്രമത്തിൽ തൊഴിൽരഹിതരായ അഞ്ചു ആണുങ്ങൾക്കൊപ്പം ഒറ്റമുറിയിൽ കഴിയുമ്പോൾ, വിരസത മാറ്റാൻ ദൂരെ ദൂരെ ഒരു പൊന്മാൻ പ്രലോഭിപ്പിക്കുന്ന പോലെ സങ്കൽപ്പിക്കാറുണ്ടോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് കൌതുകപ്പെട്ടു.

"വാളും കുന്തവുമായി അഞ്ചു ആജാനബാഹുക്കൾ മാറിമാറി എന്റെ വഴിയിൽ ലക്ഷ്മണരേഖ വരക്കുമ്പോഴോ?"

"കൌരവ അടിമകൾ എന്ന നിലയിൽ പരിമിതികൾ നിങ്ങൾക്ക് വേണ്ടത്ര ഉണ്ടായിരുന്നെങ്കിലും, മൊത്തം വനജീവിതം ആസ്വാദ്യകരമായിരുന്നോ?", കൊട്ടാരം ലേഖിക അഞ്ചു പേരോടും ഒരുമിച്ചു ചോദിച്ചു. ഭാഗ്യം, അവസാനദിന മാലിന്യ നീക്കത്തിന് പാഞ്ചാലി ആശ്രമങ്ങളിലേക്ക് പോയ നേരമായിരുന്നു.

"കഴിഞ്ഞു പോയ വ്യാഴവട്ടക്കാലം, ഞങ്ങൾ വിശപ്പെന്തെന്നറിയാതെ വനാന്തരത്തിൽ കഴിഞ്ഞു. എപ്പോൾ ചെന്ന് കയ്യിട്ടു വാരിയാലും കിട്ടുമായിരുന്നു, അക്ഷയപാത്രത്തിൽ സ്വാദും ചൂടുമുള്ള അപ്പം. ഞങ്ങൾ അഞ്ചു സഹോദരരും ആസ്വദിച്ചു തിന്നു. ഒന്നേ ഞങ്ങളുടെ ആർമാദത്തെ ആലോസരപ്പെടുത്തിയുള്ളൂ. അതിഥി ബന്ധിത ഭക്ഷ്യലഭ്യതയെ കുറിച്ചുള്ള നിബന്ധനയനുസരിച്ച് അത്താഴപ്പട്ടിണിയുമായി ഉറക്കമില്ലാതെ, അതിഥിയെ കാത്തു ജാലകത്തിന്നരികെ തല ചായ്ച്ചിരിക്കുന്ന പാഞ്ചാലി."

"ഗാന്ധാരിയെ പോലെ അന്ധത അഭിനയിക്കുകയല്ല, അനുഭവിക്കയാണ് ധൃതരാഷ്ട്രർ. മക്കൾ നൂറും കൊല്ലപ്പെട്ട ഹൃദയവേദന വേറെ. ഒറ്റയ്ക്ക് ഇങ്ങനെ നിത്യവും

അലയാൻ വിടണോ ഈ വൃദ്ധനെ?" കൊട്ടാരം ലേഖിക കപടമായ ആശങ്കയോടെ വിസ്തരിച്ച ചോദിച്ചു.

"പുത്രവിധവകൾ ഇപ്പോൾ താമസിക്കുന്ന വൃദ്ധസദനത്തിലേക്കാണ് കാരണവർ നിത്യവും യാത്ര. അവിടെ നൂറു പേരോടും ഞങ്ങൾ അഞ്ചു പേരെ പറ്റി ദുഷിച്ചു സംസാരിച്ചേ മടങ്ങൂ. അംഗരക്ഷകനായി നിത്യവും വേഷം മാറി പോവുന്നത് ഞങ്ങളിൽ ഒരാൾ ആണ്. വഴിയിൽ കുഴഞ്ഞു വീണു മരിച്ചാൽ ഭരണകൂടത്തിനെ ആ നിലയിലും പ്രതിരോധത്തിലാക്കാം എന്ന് വിധവകളും വിചാരിക്കുന്നു." നകുലൻ ഇന്നത്തെ 'അകമ്പടിവേഷം' മാറ്റുന്ന തിരക്കിലായിരുന്നു.

2015/08/12

"ഇതെന്താ കണങ്കാലിൽ ഒരു തങ്കവള, മുൻ ഇന്ദ്രപ്രസ്ഥം മഹാറാണിയെ രാജസഭയിൽ പിടികൂടി 'ഇനി നീ കൗരവ അടിമ' എന്ന ബഹുമതി തന്നു തുണിയഴിക്കുമ്പോൾ കൌരവർ ഇത് മാത്രം എന്താ വിട്ടുകളഞ്ഞത്?" കൊട്ടാരം ലേഖിക പാഞ്ചാലിയുടെ നഗ്നമായ കാലിലേക്ക് തുറിച്ചു നോക്കി.

"വിട്ടുകളഞ്ഞതല്ല, വിളക്കി ചേർത്തതാണ്. വസ്ത്രാക്ഷേപം കഴിഞ്ഞ ഉടൻ, സംഘം ചേർന്ന് കൌരവർ ഇത് ഉപചാരപൂർവ്വം അണിയിച്ചു. ഞാനിപ്പോൾ അവരുടെ "നിരീക്ഷണവലയ" ത്തിലാണ്. എന്ന് പറഞ്ഞാൽ, ഇരുപത്തിനാലുമണിക്കൂറും, ദൂരെ ദൂരെ ഹസ്തിനപുരി കൊട്ടാരത്തിലെ ഭൂഗർഭ അറയിൽ ഇരുന്നു എന്നെ ചില കൌരവർ ആസ്വദിക്കുന്നു", പാഞ്ചാലിയുടെ പുഞ്ചിരി ഒരു വിലാപം പോലെ ആശ്രമത്തിൽ നിറഞ്ഞു.

"ഭക്ഷണപ്രിയരായ പാണ്ഡവരെ മധുരത്തിൽ വിഷം കലർത്തി ഇടയ്ക്കിടെ തീറ്റിക്കാൻ പോലും അന്ധപിതാവിന്റെ പണപ്പെട്ടിയിൽ കയ്യിട്ടു വാരണം എന്ന സ്ഥിതി നിലവിലുണ്ടായിരുന്ന നിങ്ങളുടെ വിദ്യാർത്ഥി ജീവിതത്തിൽ, അരങ്ങേറ്റ ദിവസം പാണ്ഡവർ അവമതിച്ച ഒരു സൂതപുത്രനെ ഉടനടി "അംഗരാജാവായി" പ്രഖ്യാപിച്ച നിങ്ങളുടെ ആ കുപ്രസിദ്ധ അനധികൃത നടപടിക്ക്, ചക്രവർത്തി പിന്നീട്, രാജസഭയുടെ അംഗീകാരത്തിനു ശേഷം, മുൻകാല പ്രാബല്യത്തോടെ രാജകീയ അനുമതി തന്നുവോ?" കൊട്ടാരം ലേഖിക ദുര്യോധനനെ എഴുതി തയ്യാറാക്കിയ ചോദ്യത്താൽ നേരിട്ടു. ചൂണ്ടുകൾക്കിടയിൽ പിടയുന്ന പെരുമീനുമായി ശുദ്ധജലതടാകത്തിൽ മലർന്നു കിടന്നു നീന്തി തുടിക്കയായിരുന്നു ആ ധീരകൌരവൻ.

"സാഹചര്യത്തിനൊത്തുയർന്നു സാഹസികമായി ഇടപെട്ട് പാണ്ഡവ വിരുദ്ധനായ ഒരു അധഃകൃത യോദ്ധാവിനെ ആജീവനാന്ത അടിമയായി നേടിയെടുക്കാൻ ഒരു സാങ്കല്പിക ദേശനാമം ആധികാരികമായി ഉച്ചരിച്ചു എന്നതിൽ കവിഞ്ഞെന്തു മുൻകാല പ്രാബല്യവും ചക്രവർത്തി അനുമതിയും?" കടിച്ചു പിടിച്ച മീനിനെ കരയിൽ നിന്ന സഹായിക്കു നേരെ പിടിക്കാൻ പാകത്തിൽ കൃത്യമായി എറിഞ്ഞ്, ഒന്ന് മുങ്ങി കുത്തി വെയിലിലേക്ക് വീണ്ടും ഉയർന്ന്, ദുര്യോധനൻ പുഞ്ചിരിച്ചു.

"എന്തൊക്കെ ചെവിയിൽ മന്ത്രിക്കും യുധിഷ്ഠിരൻ പാഞ്ചാലിയോട് ഇഷ്ടം കൂടാൻ?" കൊട്ടാരം ലേഖിക 'പൊള്ളുന്ന ഇടത്തിൽ' ഒന്ന് വിരലമർത്തി നോക്കി.

"മറ്റു നാലു പേരെ കുറിച്ച് ഓരോന്ന് വിസ്തരിച്ചു ചോദിക്കും. അവർക്ക് പ്രണയസല്ലാപത്തിൽ മികവു കുറവാണ് എന്ന് തെളിയിക്കുന്ന ദുരനുഭവങ്ങൾ ഞാൻ ആവർത്തിച്ചു സാക്ഷ്യപ്പെടുത്തണം."

2015/08/13

'ഹസ്തിനപുരി പത്രിക' യിൽ ജനശബ്ദം ലേഖകന്റെ കുറിപ്പ്.

"പരിപൂർണബ്രഹ്മചര്യത്തിന്റെ കുരുവംശപ്രായോജകൻ കുറച്ചു നാളായി ഊട്ടുപുരയിൽ ചെന്ന് വേഗം അത്താഴം കഴിച്ചു അകമ്പടി ഒഴിവാക്കി കൃഷിക്കാരന്റെ ലളിതവേഷത്തിൽ ഇരുട്ടിലേക്ക് നിത്യവും രാത്രി ഇറങ്ങിച്ചെല്ലുന്നത് ഹസ്തിനപുരി പൂക്കാര തെരുവിൽ ഇപ്പോൾ പാട്ടാണ്. കൊട്ടാര രഹസ്യങ്ങളുടെ കലവറ സൂക്ഷിപ്പുകാരനായ അഭിവന്ദ്യ ഭീഷ്മരെ രാഷ്ട്രീയപ്രതിയോഗികൾ ബന്ദിയാക്കി പിടിച്ചാൽ?"

"സംശയാസ്പദമായ രാത്രിയാത്രകളിൽ നിന്ന്, പ്രബോധനം വഴി ഭീഷ്മരെ പിന്തിരിപ്പിക്കാൻ വിദുരർ മേധാവിയായി ഉപസമിതി രൂപീകരിച്ചു കഴിഞ്ഞു. സുതാര്യഭരണം വാഗ്ദാനം ചെയ്യുന്ന കൗരവ ഭരണകൂടത്തിനു മുമ്പിൽ, ഭീഷ്മയാത്രകളുടെ ധാർമിക ഭീഷണി കൊണ്ടുവന്ന ജനശബ്ദം ലേഖകന് പൌരസ്വീകരണം ഇന്ന് വൈകുന്നേരം അരങ്ങേറ്റം മൈതാനത്തിൽ."

2015/08/14

"പാണ്ഡവപാളയത്തിൽ ഉറങ്ങിക്കിടന്നിരുന്ന അഞ്ചു യുവപോരാളികളെയും നിങ്ങൾ ഒറ്റയ്ക്ക് കഴുത്തിൽ ചവുട്ടി കൊന്നു എന്നോ? ഒരാളെ ചവിട്ടുമ്പോൾ അടുത്ത് കിടന്ന മറ്റു നാലു പേർ ബഹളം കേട്ട് ഉണർന്നില്ലേ?" കൊട്ടാരം ലേഖിക അശ്വത്ഥാത്മാവിനെ നേരിട്ടു.

"എന്താ, ദ്രോണപുത്രനായ എനിക്ക് അഞ്ചു പേരെ കൊലചെയ്യാൻ വേറെ ആൾ സഹായം വേണോ? പാണ്ഡവരെ പോലെ തന്നെ ഭീരുക്കൾ ആയിരുന്നു ആ അഞ്ചു പാഞ്ചാലീപുത്രന്മാരും എന്നത് എന്റെ രാത്രി ജോലി എളുപ്പമാക്കി. ആദ്യം കണ്ടവനെ കഴുത്തിൽ ചവിട്ടിയപ്പോൾ (ആയുധം കൊണ്ട് കഴുത്തറുത്ത് കൊന്നാൽ അവനു സ്വർഗ്ഗരാജ്യ പ്രവേശനം എളുപ്പമാവും) മറ്റ് നാലുപേരും ഉണർന്നു കാര്യം മനസ്സിലാക്കി ചുരുണ്ട് കിടന്നു ഉറക്കം നടിച്ചു. ഒരാളെ കൊന്ന ക്ഷീണത്തിൽ ഞാൻ സ്ഥലം വിടുമെന്നൊ മറ്റോ കരുതിയ അവരുടെ മോഹം പൂവണിയാതെ അഞ്ചു പേരെയും ഞാൻ ആസ്വദിച്ചു കൊന്നു."

അവസാനത്തെ കൗരവ സർവ്വസൈന്യാധിപതി എന്ന പദവിയുണ്ടായിരുന്ന ആ ബ്രാഹ്മണയോദ്ധാവ് ഇപ്പോൾ കൃഷ്ണശാപത്തിൽ മഹാരോഗിയായി കാൽ ഉറക്കാതെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ രാവുപകൽ അലയുകയാണ്. സൂക്ഷിക്കുമല്ലോ.

"അമ്മാ, ഈ സുന്ദരയോദ്ധാവ് എന്റെ അച്ഛൻ ആവാതെ, ആ വൃദ്ധരോഗി എന്തിനു എന്റെ അച്ഛനായി", അമ്മയെക്കാൾ പ്രായം കുറഞ്ഞ ഭീഷ്മരേയും അമ്മയുടെ അച്ഛനെക്കാൾ പ്രായമുള്ള ശന്തനുവിനെയും മാറി മാറി ചൂണ്ടിക്കാട്ടി രാജകുമാരൻ വിചിത്രവീര്യൻ സത്യവതിയോടു ചോദിച്ചു.

"വ്യക്തമായില്ലേ മകനെ, എത്രമാത്രം സ്ത്രീവിരുദ്ധരാണ് ഞങ്ങളുടെ ഭാഗധേയം നിർണയിക്കുന്ന അതീതശക്തികൾ എന്ന്", കുരുവംശ ചക്രവർത്തിനിയുടെ മഹാറാണി ക്ഷയരോഗിയായ മകനെ ആശ്വസിപ്പിച്ചു.

"എന്തിനാണ് ഈ ആട്ടിൻകുട്ടികൾക്ക് നിലവിളിച്ചുകൊണ്ട് നിങ്ങൾ ഇല തിന്നാൻ കൊടുക്കുന്നത്?" കൊട്ടാരം ലേഖിക നഗരാതിർത്തിയിലെ ഗ്രാമത്തെരു

വിൽ, കർഷകക്കുടിലിനു മുമ്പിൽ കൂട്ടംകൂടി നിന്ന സ്ത്രീകളോട് നീരസം മറയ്ക്കാതെ ചോദിച്ചു.

“തിന്നു കൊഴുത്ത ഈ അഞ്ചു ആട്ടിൻകുട്ടികളെ കൊട്ടാരം ഊട്ടുപുരയിൽ അതിരാവിലെ ഞങ്ങൾ നേരിട്ട് എത്തിക്കണം. നാട്ട് വാഴുന്ന അഞ്ചു പോക്കിരികൾ എണീറ്റ് വന്ന ഉടൻ ഞങ്ങൾ തന്നെ വേണം ഈ പ്രിയ വളർത്തുമൃഗങ്ങളുടെ കഴുത്തറുത്ത് കൊടുക്കാൻ. തീ പാറുന്ന നോട്ടത്തോടെ അക്ഷമയിൽ അവർ കാത്തുനില്ക്കും ആട്ടിൻകുട്ടികളുടെ ചുടുചോര മോന്താൻ.”

2015/08/15

“സംഗതി കഷ്ടമാണല്ലോ. മുമ്പിൽ വരിയായി നില്ക്കുന്ന ഈ പാണ്ഡവരെ നോക്കി നിങ്ങൾ അഞ്ചു പാഞ്ചാലീപുത്രന്മാർക്കു കൃത്യമായി പറയാൻ ആവില്ലേ, ആരാരുടെ മകൻ?” കൊട്ടാരം ലേഖികയുടെ പ്രകോപനപരമായ ചോദ്യം കുരുക്ഷേത്ര പാളയത്തിൽ വച്ചായിരുന്നു. യുദ്ധം തുടങ്ങുന്നതിന്റെ തലേന്ന് രാത്രി.

“പാണ്ഡവർ ബീജദാതാക്കൾ ആണെന്നത് അമ്മ വഴി സാക്ഷി മൊഴി അഥവാ കേട്ടുകേൾവി മാത്രം. മുഖം നോക്കി ആരുടെ ബീജം എന്ന് ചോദിക്കാൻ മാത്രം സാമുദ്രികം വശമില്ലാത്തത് കൊണ്ട്, ഞങ്ങൾ കഴിഞ്ഞ വാവുബലിക്ക് കൂട്ടായ തീരുമാനം എടുത്തു. മഹാഭാരത യുദ്ധത്തിൽ പാണ്ഡവർ കൊല്ലപ്പെട്ടാൽ ഞങ്ങൾ അഞ്ചു മക്കളും ദക്ഷിണാപഥത്തിലെ തിരുവില്വാമല നിളാതീരത്തെ ബലിത്തറയിൽ അർപ്പിക്കുക ഒരൊറ്റ പിണ്ഡം ആയിരിക്കും”, ആയുധങ്ങൾ പരിശോധിക്കുന്ന തിരക്കിലും മക്കൾ ഉപചാരതോടെ പറഞ്ഞു.

“കൗരവ രാജവിധവകൾ എന്ന സംജ്ഞ ഔദ്യോഗിക ഉപയോഗത്തിൽ നിന്ന് പിൻവലിച്ചിരിക്കുന്നു എന്ന് പാണ്ഡവഭരണകൂടത്തിന്റെ രാജകീയ മുദ്രയുള്ള അറിയിപ്പിൽ കണ്ടില്ലേ? നാൽപ്പത് ലക്ഷം സൈനികർ ഇരു വിഭാഗങ്ങളിലും മരിച്ച യുദ്ധത്തിൽ അവർ അനർഹസൌജന്യം തട്ടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഈ നടപടി. നമ്മുടെ സ്വകാര്യ സംഭാഷണത്തിലും ഈ സംജ്ഞ ഉപയോഗിക്കാൻ പാടുള്ളതല്ല.”

“അറിയാതെയെങ്കിലും ഉപയോഗിച്ചാൽ?” യുദ്ധകാര്യലേഖകൻ ചോദിച്ചു.

“ഒരു വിധവ കൂടി ഉടൻ ഉണ്ടാവും”, കൊട്ടാരം ലേഖിക കൂട്ടുകാരന് നേരെ ചൂണ്ടുവിരൽ എറിഞ്ഞു.

“പാഞ്ചാലി ഇവിടെ നിശബ്ദ സഹനത്തിന്റെ രക്തസാക്ഷിയല്ല; അവൾ പാണ്ഡവരോടുള്ള അനാദരവും, വിഭക്തിയും തുറന്നു പ്രകടിപ്പിക്കുമ്പോൾ മുറിവേറ്റ നീറുകയാണ് വില്ലാളി വീരന്മാരായ ഭർത്താക്കന്മാർ. അവസരം കിട്ടുമ്പോഴൊക്കെ പാണ്ഡവരുടെ അയോഗ്യത അവൾ ഉയർത്തിക്കാട്ടി. അന്യപുരുഷരിൽ നിന്ന് ലഭിച്ച നിർല്ലോഭമായ ആരാധന പരസ്യമായി.ആസ്വദിച്ചു.”

2015/08/16

“ചെങ്കോൽ താഴെയിട്ട്, പടിയിറങ്ങി വനവാസത്തിനു പോവാൻ പ്രത്യേകിച്ച് വല്ല പ്രകോപനവും?” അധികാരത്തിന്റെ അകത്തളത്തിൽ നിന്ന് മരവുരി ധരിച്ച

നഗ്നപാദരായി ഹസ്തിനപുരിയിൽ നിന്ന് യാത്രയായ പാണ്ഡവരെ നോക്കി കൊട്ടാരം ലേഖിക കൌതുകത്തോടെ ചോദിച്ചു.

“കൌരവരുടെ കിരാതഭരണത്തിൽ നിന്ന് രാജ്യം രക്ഷ നേടിയ സ്വാതന്ത്ര്യദിനത്തിന്റെ മുപ്പത്തിരണ്ടാം വാർഷികം ഇന്നലെ ആയിരുന്നു. അരങ്ങേറ്റ മൈതാനത്തിൽ നടന്ന ആഘോഷത്തിൽ പക്ഷെ പങ്കെടുക്കാൻ ഉണ്ടായിരുന്നത് ഞങ്ങൾ അഞ്ച് പേർ മാത്രം. നിങ്ങളും കണ്ടതല്ലേ. ചെങ്കോൽ കൈമാറാൻ അതൊരു മൃദു ഓർമ്മപ്പെടുത്തൽ പോലെ തോന്നി.” നകുലൻ വിജനമായ തെരുവിൽ യാന്ത്രികമായി യാത്ര ചൊല്ലി.

2015/08/17

കുടുംബ സ്വത്തിന്റെ ഓഹരി വിതരണതർക്കം പരിഹരിക്കാൻ കുരുവംശം സംഘടിപ്പിച്ച യുദ്ധത്തെക്കുറിച്ച് നിങ്ങൾക്ക് ഒരാകാശക്കാഴ്ചയുണ്ടോ? അത്യുന്നതത്തിൽ നിന്നൊരു പക്ഷിനോട്ടം? പതിനെട്ട ദിവസം ആരെല്ലാം എവിടെ പൊരുതി വീണു മരിച്ചു എന്നൊരു മനഃകണക്ക്?” കുരുക്ഷേത്രയുദ്ധം അതിജീവിച്ച ജീവനോടെ ഹസ്തിനപുരിയിൽ തിരിച്ചെത്തിയ ഏക കൗരവസേനാനി കൃപരോട് കൊട്ടാരം ലേഖിക ഉല്ലാസഭാവത്തോടെ ചോദിച്ചു.

“വ്യാസൻ എഴുതുന്നു എന്ന് കേട്ടു. മരിക്കും മുമ്പ് വായിക്കാൻ ഒത്തെങ്കിൽ. വരുംയുഗത്തിൽ നിങ്ങൾ മാധ്യമപ്രവർത്തകർ നേരിട്ട് യുദ്ധഭൂമിയിൽ നിന്ന് പോരാട്ടം, ദൂരെ ദൂരെ പ്രേക്ഷകർക്ക് കാണിച്ചു കൊടുക്കാൻ തക്ക ശാസ്ത്ര വളർച്ച നേടുമെന്ന് തക്ഷശിലയിൽ നിന്ന് വന്ന പണ്ഡിതർ ഇന്നലെ പറയുന്നത് കേട്ട് ഞെട്ടിപ്പോയി. ഞങ്ങൾ യുദ്ധം ചെയ്യുമ്പോൾ ഹിമാലയത്തിൽ ഒളിച്ചിരുന്ന വ്യാസൻ ജ്ഞാനക്കണ്ണ് കൊണ്ടെഴുതിയ ദൃക്സാക്ഷി വിവരണം കൊണ്ടുവേണം നമ്മുടെ ഈ തലമുറ ജിജ്ഞാസ ശമിപ്പിക്കാൻ”, പരീക്ഷിത്തിനെ ഹരിശ്രീ പഠിപ്പിക്കുകയായിരുന്നു അഭിവന്ദ്യ ഗുരു.

“നിർണായക പോരാട്ടത്തിൽ നിങ്ങൾ ജയിച്ചത് കൊണ്ടല്ല. ശരീരഭാഗം നഷ്ടപ്പെട്ടത് കൊണ്ടാണ് നിങ്ങൾ വരും യുഗത്തിൽ പ്രകീർത്തിക്കപ്പെടുക എന്ന് ഇങ്ങനെയുള്ള കാര്യങ്ങളുടെ അവസാന വാക്കായ തക്ഷശില പണ്ഡിതന്മാർ പ്രവചിക്കുന്നുണ്ടല്ലോ.”

“ഒരു അരങ്ങേറ്റം നടത്തി അഭ്യാസം പരീക്ഷിക്കാതെ ധൃതിയിൽ ഗുരുദക്ഷിണ ചോദിച്ച ആ ബ്രാഹ്മണന് സ്തുതി. നഷ്ടപ്പെടാൻ എനിക്ക് ഒരു വിരൽ മാത്രം, നേടിയതോ കുടില ഗുരുവിന്റെ സാധു ഇര എന്ന അതീത ബഹുമതിയും”, വിരൽ ഇല്ലാത്ത കൈ നീട്ടി ഏകലവ്യൻ ആഹ്ലാദത്തിൽ കൊട്ടാരം ലേഖികയെ നൃത്തം ചെയ്യാൻ വിളിച്ചു.

2015/08/18

“ചങ്കിൽ അമ്പു തറച്ച പേടമാനിനെ വലിച്ചു ഭീമൻ, കൂസലില്ലാതെ പൂക്കാരതെരുവിൽ നടക്കുന്നത് ജനം കണ്ടു വാതുറന്നത് ഇന്നലെയാണ്. ഇന്നിതാ തത്തയെ പിടിച്ചു കാട്ടിലെക്കയക്കുമെന്നു ഭീഷണി. എന്താ സംഭവം?” കൊട്ടാരം ലേഖിക രോഷാകുലയായിരുന്നു.

“സാമൂഹ്യസേവനത്തിനായി നഗരത്തിൽ പകൽ മുഴുവൻ പാണ്ഡവരുമായി വഴിനടക്കുന്ന പാഞ്ചാലിയെ പഴി പറയുന്ന പക്ഷിയെ പിന്നെ കൂട്ടിൽ അടച്ചാൽ തീരുമോ പ്രശ്നം? കൂട്ടുകുടുംബസ്വത്തു തർക്കത്തിന്റെ പേരിൽ കൗരവവംശഹത്യ പ്രേരിപ്പിച്ചു എന്നാണു അത് ആവർത്തനവിരസത ഇല്ലാതെ നാടൊട്ടുക്ക് വിളിച്ചു അറിയിക്കുന്നത്”, ചാരവകുപ്പ് മേധാവി തത്തക്കൂട്ട് കുതിരപ്പുറത്തു വച്ച് ചാടിക്കയറി.

2015/08/19

“ഉറക്കമുണർന്നപ്പോൾ കണ്ട ആദ്യ ഹസ്തിനപുരിപ്രഭാതം ഒന്ന് ഓർത്തെടുക്കാമോ” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“ഒന്നിലധികം കാരണങ്ങളാൽ ഓർക്കാം“, പാഞ്ചാലി പുഞ്ചിരിച്ചു” നീണ്ട യാത്ര കഴിഞ്ഞു അന്തം വിട്ടുറങ്ങിയ ശേഷം ഉണർന്നു കിടപ്പറവാതിലിനപ്പുറം ഞാനൊന്നെത്തി നോക്കിയപ്പോൾ, പത്തുറപത്തു ഇളമുറ കൗരവരാജകുമാരന്മാർ പാഞ്ചാലീ, പാഞ്ചാലീ എന്ന് ആശംസിച്ചുകൊണ്ട് കാത്തു നിൽക്കയാണ്, പ്രത്യാശയോടെ. ആ പുരുഷപരിലാളനയിൽ നിന്നെന്റെ ശ്രദ്ധ പെട്ടെന്ന് തിരിച്ചത് എതിർദിശയിൽ, ഒരിടുങ്ങിയ മുറിയിൽ നിന്നുയർന്ന പരുക്കൻ പദാവലിയാണ്. എന്താണ് കാര്യം എന്നന്വേഷിച്ചപ്പോൾ, പാണ്ഡവരുടെ ഔദ്യോഗിക മുൻഭാര്യമാർ നീണ്ടകാലദാമ്പത്യ അവഗണനയിൽ പ്രതിഷേധിച്ചു പ്രകടനം നടത്തുന്നത് യുധിഷ്ഠിരൻ വാക്കുകൾ കൊണ്ട് ‘തല്ലിതോൽപ്പിക്കുക’യാണ്.” സ്വയംവരം കഴിഞ്ഞു ഭർത്താക്കന്മാരുമൊത്ത് ഹസ്തിനപുരിയിൽ നവവധുവായി എത്തിയ ആ നാളുകൾ പാഞ്ചാലി ഓർത്തെടുത്തു.

2015/08/20

ഹസ്തിനപുരി പത്രിക ഇന്ന് നിത്യജാഗ്രതയിൽ അജ്ഞാതവാസം പൂർത്തിയാക്കാൻ മെനക്കെടുന്നതിനേക്കാൾ, അഭിശപ്തപാണ്ഡവർ എത്രയും വേഗം ഭൂമുഖത്ത് നിന്ന് അപ്രത്യക്ഷരാവുകയാണ് മാനവരാശിക്ക് നല്ലതെന്ന് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രിയങ്കരനായ കർണൻ. വിദൂര അംഗരാജ്യത്തിൽ പിന്നോക്കക്കാരുടെ ഉന്നമനത്തിനു വികസനപദ്ധതികൾ അവതരിപ്പിക്കുകയായിരുന്നു ദാനശീലനായ സൂതപുത്രൻ.

രാവിലെ തെളിഞ്ഞ വെയിലിൽ കർണന്റെ അഭ്യാസപ്രകടനം വിസ്മയകരമായിരുന്നു.

“വിദ്യാർത്ഥി ആയിരുന്ന കാലത്ത് അരങ്ങേറ്റത്തിൽ ചില പാണ്ഡവ അനുകൂല ബ്രാഹ്മണഗുരുക്കൾ അഭ്യാസത്തിൽ പങ്കെടുക്കാൻ സമ്മതിക്കാതെ പരസ്യമായി അപമാനിച്ചപ്പോൾ, ഈ നില്ക്കുന്ന ഹസ്തിനപുരി രാജകുമാരൻ ദുര്യോധനൻ ഉടൻ എന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ അംഗരാജാവായി അഭിഷേകം ചെയ്തു ആജീവനാന്ത സൗഹൃദം വാഗ്ദാനം ചെയ്തതിന്റെ വാർഷികദിനം കൂടിയാണിത്.”

തുടർന്ന് കർണനും ദുര്യോധനനും പരസ്പരം പുകഴ്ത്തുന്നതും ദേശഗീതം പാടുന്നതും ആലിംഗനം ചെയ്യുന്നതും കൈ കോർത്ത് നടക്കുന്നതും സ്വവർഗകാമനയുടെ ആരാധകരായ അംഗരാജ്യ നിവാസികളെ കോരിത്തരിപ്പിച്ചു.

2015/08/21

ദ്വാരകയിൽ സത്യഭാമ ഉച്ചത്തിൽ സംസാരിക്കുന്നതു് കേട്ടാണ് കൊട്ടാരം ലേഖിക അന്തഃപുരത്തിൽ ഇടിച്ചു കയറിയതു:

"കീറത്തുണിയിൽ പൊതിഞ്ഞ അവിലുമായി സാന്ദീപനി ഗുരുകുലത്തിലെ ആ പഴയ സഹപാഠികൾ നിങ്ങളെ ആശ്ലേഷിക്കാൻ വിയർത്ത ശരീരങ്ങളുമായി പുറത്തു് പുലർച്ച മുതൽ വരി നിൽക്കുന്നുണ്ട്. ഓരോരുത്തരെ അകത്തേക്കു് പറഞ്ഞു വിടട്ടെ? തിരിച്ചെത്തിയാൽ ഒരു ഐശ്വര്യകുചേലാനുഭവം അവർ നിന്നനിൽപ്പിൽ സ്വപ്നം കാണുന്നു."

2015/08/22

"മഹാപ്രസ്ഥാനം എന്ന പേരിൽ നിങ്ങൾ ഒരു കുടിലപദ്ധതി നടപ്പിലാക്കി പാണ്ഡവരെയും പാഞ്ചാലിയേയും അധികാരത്തിന്റെ സുഖവഴിയിൽ നിന്ന്, ജീവിതാന്ത്യത്തിൽ വഴിയമ്പലമില്ലാത്ത പെരുവഴിയിലേക്ക് തള്ളിവിടുന്നു എന്ന് കേട്ടല്ലോ." കൊട്ടാരം ലേഖിക പരീക്ഷിത്തിനോട്ട് മുഖം കറുപ്പിച്ചു ചോദിച്ചു.

"എന്റെ അച്ഛൻ അഭിമന്യു കൌമാരപ്രായത്തിൽ എങ്ങനെ മരിച്ചു എന്ന് ഇന്നെല്ലാവർക്കും അറിയാം, അതിൽ യുധിഷ്ഠിരന്റെ പങ്കും. അതൊന്നും ഇനി എന്നെ ഓർമ്മിപ്പിക്കരുതെ. യുദ്ധം കഴിഞ്ഞു ഹസ്തിനപുരിയിൽ ഓടിയെത്തിയ യുധിഷ്ഠിരൻ, അന്ധചക്രവർത്തി ചെങ്കോൽ തരുന്നില്ല എന്നും പറഞ്ഞു എന്തെല്ലാം കോലാഹലം ഇവിടെ നടത്തി? മുപ്പത്തിയാറു കൊല്ലം പെരുമാറ്റ കാപട്യത്തിന്റെ പെരുന്തച്ചനായ യുധിഷ്ഠിരൻ നാട്ട് ഭരിച്ചു എന്നിട്ടും അത്രതന്നെ പ്രായമുള്ള ഞാൻ യുവരാജ എന്ന പദവിയിൽ ഹിമാലയ ചുരത്തിനു കൊടും തണുപ്പിൽ ശത്രുനീക്കം പ്രതിരോധിക്കാൻ കാവൽ. വാനപ്രസ്ഥമായാലും മഹാപ്രസ്ഥാനമായാലും പാണ്ഡവരും പാഞ്ചാലിയും അന്തിമപദയാത്ര നാളെ രാവിലെ തുടങ്ങും, യാത്ര അയപ്പിനു കാണണം.

2015/08/23

"ഇതെന്താണ് പാണ്ഡവപാളയത്തിനു പിന്നിൽ പുഴയോരം ചേർന്നൊരു കത്തുന്ന തീക്കുണ്ഡം?" കൊട്ടാരം ലേഖിക ഞെട്ടലോടെ ചോദിച്ചു.

"നാളെ പതിനെട്ടാം ദിവസം ദുര്യോധനനുമായി യുദ്ധമാണ്. മരിക്കുന്നതു് പക്ഷെ യുധിഷ്ഠിരൻ ആണെങ്കിൽ, ഞാൻ നവവധു വേഷത്തിൽ ഉടൻ ഇതിൽ ചാടി മരിക്കണം എന്നാണു ഈ ഭർത്താക്കന്മാർ പറയുന്നതു്. അതു് വേണോ എന്ന് ഞാൻ സംശയിച്ചപ്പോൾ, ദുര്യോധനന്റെ വെപ്പാട്ടിയായി ഞാൻ കഴിയുന്നതിൽ നീതിനിഷേധം ഉണ്ടെന്നവർ ആണയിടുന്നു. യാഗാഗ്നിയിൽ നിന്ന് പൂർണ വളർച്ച എത്തിയ സ്ത്രീരൂപത്തിൽ ഉയർന്ന ഞാൻ ഈ തീകുണ്ഡത്തിൽ വിലയം പ്രാപിക്കുന്നതിൽ കാവ്യനീതിയുണ്ടെന്നു പാണ്ഡവർ പ്രശംസിക്കുമ്പോൾ ആരും വീണു പോവില്ലേ?" പാഞ്ചാലി പൊട്ടിച്ചിരിച്ചു. ദേഹമാസകലം മുറിപ്പാടുകളുമായി പാണ്ഡവർ പ്രേക്ഷകർ ആയിരുന്നു.

2015/08/24

“പാഞ്ചാലിയുടെ മരണമൊഴി നേരിട്ട് കേട്ട ഏക വ്യക്തി അല്ലേ നിങ്ങൾ?” കൊട്ടാരം ലേഖിക ദുസ്സംശയം മറച്ചു വക്കാതെ മുന്നിൽ നിൽക്കുന്ന സ്ത്രീയെ നിർദ്ദയം ചോദ്യം ചെയ്തു.

“കാട്ടിൽ എത്തും വരെ മാത്രം ഞാൻ തോഴി എന്ന് മിക്കവാറും സമ്മതിച്ചാണ് പാണ്ഡവർക്ക് പിന്നിൽ അകലം പാലിച്ചു നടന്ന പാഞ്ചാലി എന്നെ കൂടെക്കൂട്ടിയത്. കുറെ നീങ്ങിയപ്പോൾ പാഞ്ചാലി ചുറ്റും കൂടുതൽ ശ്രദ്ധയോടെ, ഭീതിയോടെ നോക്കിത്തുടങ്ങി. ഒന്നും ഞാൻ ഉടനെ ചോദിച്ചില്ല. പുൽത്തകിടിയുള്ള സന്യസ്ഥാശ്രമങ്ങൾ അകലെ കണ്ടപ്പോൾ പെട്ടെന്ന് ഭീതിയിൽ പാഞ്ചാലി മുട്ടുകുത്തി മേല്പ്പോട്ട് നോക്കി കൈകൾ കൂപ്പി. ഞാൻ അവരുടെ തോളിൽ കൈവച്ച് എന്നാൽ ആവുന്ന സുരക്ഷ നൽകി. ഇല്ല ഞാൻ ഇനിയൊരടി മുന്നിൽ, വയ്യ എനിക്കീ സന്യാസികളുടെ ജൈവമാലിന്യം വീണ്ടും ഒരു വ്യാഴവട്ടക്കാലം ചുമക്കാൻ എന്ന് വിതുമ്പി നിലവിളിച്ചു പാഞ്ചാലി കുഴഞ്ഞു വീണു. മുന്നേ പോയിരുന്ന പാണ്ഡവർ സന്യാസികളോട് ഉപചാരം പറയുന്നതിനിടക്ക് തിരിഞ്ഞു നോക്കാൻ വിട്ടുപോയി. പാഞ്ചാലിയുടെ അനാഥ ഭൌതിക ശരീരം ഒരു ഗുഹയിൽ അടക്കം ചെയ്തു ഞാൻ തിരിച്ചു പോന്നു.” തോഴി ഇനിയും എന്തോ ഒളിപ്പിച്ചു വച്ചിട്ടുണ്ട് എന്ന സംശയം ഉണർത്തി തിരക്കഭിനയിച്ചു പുതിയ മഹാറാണിയുടെ അരികിലേക്ക് പോയി.

2015/08/26

“വരിയായി വഴിനടന്നു വാനപ്രസ്ഥത്തിലേക്ക് നീങ്ങിയ പാണ്ഡവർക്ക് പിന്നിൽ കുഴഞ്ഞുവീണ പാഞ്ചാലിയെ ഒന്ന് തിരിഞ്ഞു നോക്കാൻ യുധിഷ്ഠിരന് മനഃസാന്നിധ്യം ഉണ്ടായില്ലെന്നോ?” നിന്ദ മറച്ചു വക്കാതെ കൊട്ടാരം ലേഖിക ചോദിച്ചു.

“മരണദേവതയുടെ മകൻ ആണെന്ന് പോലും അറിയാത്ത വിധം മറവി രോഗം ബാധിച്ച ഈ ‘കുരുവംശ ചക്രവർത്തി’ക്ക് എങ്ങനെ ഒരനുജന്റെ ഭാര്യക്ക് പ്രഥമശുശ്രൂഷ ചെയ്യാൻ ഓർമ തോന്നും?” യുദ്ധകാര്യലേഖകൻ വിദൂരതയിലേക്ക് നോക്കി.

ഹസ്തിനപുരിയിലെ പുതിയ മഹാറാണി.

“സ്നേഹരഹിത സാഹചര്യത്തിലാണ് വളർന്നത്. കുറെയൊക്കെ നിങ്ങളുടെ വായനക്കാർക്കറിയാം, കൂടുതൽ ഒന്നും ഹസ്തിനപുരി പത്രിക ചോദിക്കരുത്. ഇനി ഒന്നും പറയാത്തത് ഭൂതകാലസ്മരണയുടെ ഇരയാവാൻ ആഗ്രഹിക്കാത്തത് കൊണ്ടാണ്. ആരും തിരിഞ്ഞു നോക്കാൻ ഇല്ലാതെ കാട്ടുവഴിയിൽ കുഴഞ്ഞു വീണു മരിക്കും എന്നാണു മനഃസാക്ഷി താക്കീത് ചെയ്യുന്നത്. ഇതാണോ, കഷ്ടം, ഒരു ഇതിഹാസ കഥാപാത്രത്തിന്റെ ഭൂതവും ഭാവിയും?”

2015/08/30

“ഇത്രയൊക്കെ നിങ്ങൾ എന്റെ ഭൂതകാലം ചുഴിഞ്ഞു ചോദിക്കുന്നത് കാണുമ്പോൾ ഞാൻ നിങ്ങൾക്കനുകൂലമായി വിചാരിക്കുകയാണ്, എന്റെ ഔദ്യോഗിക ജീവചരിത്രം എന്തുകൊണ്ട് നിങ്ങൾ ഉടനടി വായിച്ചുകൂടാ?” കുന്തീദേവി നേരിയ രോഷത്തോടെ ചോദിച്ചു.

"എന്തിനു അതൊക്കെ വായിച്ചു ഞാൻ സമയം കളയണം? കർണൻ എന്ന് ഞാൻ സാന്ദർഭികമായി ഒന്ന് പരാമർശിച്ചപ്പോൾ തന്നെ, നിങ്ങളുടെ മുഖം ഇനിയും എഴുതപ്പെടാത്ത ഒരു വലിയ ഇതിഹാസത്തെ അല്ലെ ഒളിപ്പിക്കാൻ ശ്രമിച്ചത്?" ഔപചാരികമായി മുട്ടുകുത്തി കൊട്ടാരം ലേഖിക പാണ്ഡവ രാജമാതാവിന്റെ കൈ മുത്തി.

2015/08/31

"വാനപ്രസ്ഥത്തിനെന്നും പറഞ്ഞാണ് കഴിഞ്ഞ ആഴ്ച പാണ്ഡവരും പാഞ്ചാലിയും പടിയിറങ്ങിയത്. ഇതാ പാഞ്ചാലി മാത്രം മടങ്ങി വന്നിരിക്കുന്നു. ചോദ്യങ്ങൾക്ക് ഉത്തരം കിട്ടുന്നില്ല. പാണ്ഡവരുടെ തിരോധാനത്തിനു താൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്നില്ല എന്ന് മാത്രം വ്യക്തമായി കേട്ടു", ദുരൂഹതയാൽ നെറ്റി ചുളിഞ്ഞ കൊട്ടാരം ലേഖിക പറഞ്ഞു.

"തിരോധാനം അത്ര ലഘുവായി ഹസ്തിനപുരി പത്രിക കാണുമെന്നു പാഞ്ചാലി ഒരു നിമിഷം പോലും ചിന്തിച്ചു പോകരുത്. പന്ത്രണ്ടു വർഷം സന്യസ്ഥാശ്രമങ്ങളിലെ ഖരമാലിന്യം സ്വയം ചുമന്നു ദൂരെ കുഴി കുത്തി സംസ്കരിച്ചു പരിചയം വന്ന കരുത്തയായ പാഞ്ചാലിക്കുണ്ടോ, അസംതൃപ്ത ദാമ്പത്യത്തിലെ അഞ്ചു വിഴുപ്പുകെട്ടുകൾ ആരും കാണാതെ മണ്ണിട്ട് മൂടാൻ വിമ്മിട്ടം?"

"ഇതാ ചെങ്കോൽ, ഇപ്പോൾ നിങ്ങൾക്ക് വ്യക്തമല്ലേ ഞങ്ങൾ പടിയിറങ്ങി പോയത് വാനപ്രസ്ഥത്തിനല്ല, ലഘു വ്യായാമത്തിനാണ് എന്ന്. നിങ്ങൾ ഉടൻ തിരുത്തണം ഹസ്തിനപുരി പത്രികയിലെ ദുസ്സൂചന നിറഞ്ഞ തിരോധന വാർത്ത. രാജദൂഷണം നടത്തുന്ന വനിതാപത്രപ്രവർത്തകരെ വാനപ്രസ്ഥത്തിനു വിടണോ, വേണ്ടിവന്നാൽ അതിനും പാണ്ഡവർ തയ്യാർ", ധൃതിയിൽ ഗോപുരവാതിലിലൂടെ അകത്തു പാഞ്ഞു കയറിയ അഞ്ചുപേരും കൈകൾ ഉയർത്തി നെഞ്ച് വിരിച്ചു കാണിച്ചു, ജീവനുണ്ട്, ആരും ഞങ്ങളെ കൊന്നു കുഴിച്ചിട്ടില്ല.

"ശിരോരത്നം നഷ്ടപ്പെങ്കിലും എന്തൊക്കെയോ നേടിയ പോലെയാണല്ലോ നിങ്ങൾ ഞെളിയുന്നത്? യുദ്ധത്തിൽ നിങ്ങൾ കൃത്യമായും എന്ത് നേടി?" കൊട്ടാരം ലേഖിക അവശ അശ്വത്ഥാമാവിനെ കാട്ടുപാതയിൽ പൊടുന്നനെ കണ്ടെത്തി.

"ഞാനൊന്നും നേടിയില്ലേ? ശത്രു പാഞ്ചാലിയുടെ അഞ്ചു മക്കളെയും ഉറക്കത്തിൽ ചവിട്ടി കൊന്നില്ലേ? ദുര്യോധനന്റെ വീഴ്ചയോടെ യുദ്ധം അവസാനിക്കും എന്ന് പറഞ്ഞവർ, അവസാന സർവസൈന്യാധിപൻ എന്ന നിലയിൽ എന്റെ സൈനികതന്ത്രം ഫലിക്കുന്നതു കണ്ടു ഞെട്ടിയില്ലേ. ഉത്തരയുടെ ഗർഭശിശുവിനെ നേരെ ഞാൻ ദിവ്യാസ്ത്രം പ്രയോഗിച്ച് കൃഷ്ണനെ ഒന്ന് വിറപ്പിച്ചില്ലേ, ക്ഷത്രിയ പോരാളികളോട് ഏറ്റുമുട്ടാൻ ദരിദ്ര ബ്രാഹ്മണന് ആവും എന്ന് നിങ്ങൾ വിസ്തരിച്ചു കണ്ടില്ലേ. ഭാരതയുദ്ധരത്ന പുരസ്കാരത്തിന് വ്യാസൻ എന്നെ നിർദേശിക്കാൻ നിങ്ങൾ ഒരു കൈ തരു. അതിനിടയിൽ കുറെ കാലം വനവാസത്തിനു കൃഷ്ണശാപമുണ്ട്. മനുഷ്യജന്മം കിട്ടിയാൽ ഒക്കെ പതിവല്ലെ, അങ്ങ് ദൂരെ ദ്വാരകയിൽ കൃഷ്ണനെ കൊല്ലാനും വേടൻ ആയുധം മൂർച്ച കൂട്ടുകയല്ലേ", അഭിശപ്ത ദ്രോണപുത്രൻ ആഘോഷിക്കുകയായിരുന്നു കൊടുംശിക്ഷ.

2015/09/01

“അവൾ കുഴഞ്ഞു വീണപ്പോൾ എന്തുകൊണ്ട് ഞാൻ തിരിഞ്ഞു നോക്കാതെ കാൽ മുമ്പോട്ട് വച്ച എന്നോ? ആജീവനാന്ത ചൂഷകയായിരുന്ന പാഞ്ചാലി. അപമാനകരമായ വസ്ത്രാക്ഷേപതിനുമേൽ ഞങ്ങൾ ഒരു മഹായുദ്ധം പ്രതികാരബോധത്തിൽ വിഭാവന ചെയ്യുമ്പോൾ, അവൾ എന്താണ് ചെയ്തത്? രഹസ്യമായി ആർമാദിച്ചു. ഞങ്ങൾ അവൾക്കു മുമ്പിൽ ഉപചാരപൂർവ്വം, സംഘടിതമായി ഇഴഞ്ഞപ്പോൾ അവൾ നിന്ദയോടെ ഞങ്ങളെ രണ്ടു തലമുറകളിലായി വേർതിരിച്ചു.” ഒരിക്കൽ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയും, പിന്നെ ഹസ്തിനപുരി നാട്ടുവാഴിയും ആയിരുന്ന യുധിഷ്ഠിരന്റെ കൂടെ വാനപ്രസ്ഥത്തിന്റെ അന്ത്യത്തിൽ കണ്ടത് മരണദേവതയുടെ പ്രതിനിധി എന്നവകാശപ്പെട്ട ഒരു ചൊക്ലിപ്പട്ടി മാത്രം.

2015/09/02

“എന്റെ ദാമ്പത്യവഞ്ചന കുറച്ച വൈകിയെങ്കിലും തിരിച്ചറിഞ്ഞത് കൊണ്ടാണോ, സ്വർഗ്ഗ രാജ്യത്തിലേക്കുള്ള പാതി വഴിയിൽ കുഴഞ്ഞുവീണ ഭാര്യക്ക്, സാമാന്യ പരിഗണനയിൽ പ്രഥമ ശുശ്രൂഷ പോലും കൊടുക്കാതെ അവർ മുന്നോട്ട കാൽ വച്ചത്?” വാനപ്രസ്ഥത്തിൽ പാണ്ഡവരാൽ പാർശ്വവൽക്കരിക്കപ്പെട്ട പാഞ്ചാലി കൊട്ടാരം ലേഖികയോട്.

2015/09/03

“പാഞ്ചാലി പരിഭവക്കാരിയാണെന്ന് ആരോപണ സ്വരത്തിൽ നിങ്ങൾ പറയുന്നു. കൃത്യമായി ചുരുക്കി പറയൂ, പ്രശ്നം എന്താണ്?” കൊട്ടാരം ലേഖികയുടെ സ്വരം കടുത്തു.

“വ്യാഴവട്ടക്കാല വനവാസത്തിനു ഞങ്ങൾ അഞ്ചു ആണുങ്ങൾക്കും ഒരു പെണ്ണിനും, ഉടയോൻ ദുര്യോധനൻ അനുമതി തന്നത് ഈ ഒറ്റ മുറിയാണ്. ചമ്രം പടിഞ്ഞിരിക്കുന്നതും ചാരി ഇരിക്കുന്നതും നിവർന്നു കിടക്കുന്നതും ഒക്കെ ഇവിടെ. നിസ്സാരകാര്യത്തിനു ഞങ്ങൾ ആരോടെങ്കിലും നീരസം തോന്നിയാൽ പാഞ്ചാലി വിരൽ ചൂണ്ടി ഇവിടെ നിന്ന് പുറത്താക്കുന്നത് ആ കാണുന്ന ഊട്ടുപുരയിലേക്ക്. ആറു പേർ ഇരുപത്തിനാലു മണിക്കൂർ ഇടപെടേണ്ട ഈ ഞെരുങ്ങിയ ഇടത്തിൽ, ഒരാൾ മാത്രം “എന്റെ സ്വകാര്യത മാനിക്കൂ” എന്ന് മുഖം കറുപ്പിച്ചു പറഞ്ഞാൽ എന്ത് ചെയ്യും? ഞങ്ങൾ ചൂതുകളിയിൽ തോറ്റ കൗരവഅടിമകളോ അതോ അസംതൃപ്ത ദാമ്പത്യത്തിലെ ആൺ ഇരകളോ”, മാലിന്യനീക്കത്തിന് പാഞ്ചാലി പുറത്തു പോയ തക്കത്തിന് യുധിഷ്ഠിരൻ പറഞ്ഞൊപ്പിച്ചു.

2015/09/04

“പുതിയ ചക്രവർത്തി യുധിഷ്ഠിരൻ കുറച്ചു നേരമായി ഒരു അധികാരലഹരിയിലാണല്ലോ, ആശംസപ്രസംഗം നടത്തി വേദിയിൽ നിന്നിറങ്ങിപ്പോവുന്ന നാലു സഹോദരന്മാരെ ഒന്ന് നോക്കുന്നത് പോലുമില്ല”, കൊട്ടാരം ലേഖിക യുദ്ധകാര്യ ലേഖകനോട് പറഞ്ഞു.

“ആ പൊങ്ങച്ചം നിറഞ്ഞ മുഖം ഞാനും ശ്രദ്ധിച്ചു. ആശംസാപ്രസംഗം സത്യപ്രസ്താവന ആണെന്ന് ഒരു പക്ഷെ അയാൾക്ക് തോന്നിയോ?”

2015/09/05

“വ്യാസനെ കണ്ടിട്ട് കാലമെത്രയായി”, ഭീമൻ വിഷാദസ്വരത്തിൽ ഓർത്തു.

“പത്തു കോവർ കഴുതകളും അത്രതന്നെ സഹായികളുമായി പനയോലക്കെട്ടുകൾ കൊണ്ടുവരാൻ ദക്ഷിണാപഥത്തിൽ പോയിരിക്കയാണെന്ന് കേട്ടു. യുദ്ധം കഴിഞ്ഞാൽ ഉടൻ ശന്തനു മുതലുള്ള കുരുവംശചരിത്രം എഴുതും. ജേതാവിന് അനുകൂലമായി വ്യാസൻ കെട്ടിപ്പൊക്കും ഒരു മഹാഭാരത കഥ”, ചാരവകുപ്പ് മേധാവി നകുലൻ ചാരസന്ദേശങ്ങൾ വായിക്കെ ഉത്സാഹമില്ലാതെ പ്രതികരിച്ചു.

2015/09/06

“കൗരവരാജവധുക്കൾ പാഞ്ചാലിയുടെ വീട്ടുമുറ്റത്ത് വരി നില്ക്കയോ? കൗരവരും പാണ്ഡവരും നേരിൽ കണ്ടാൽ ‘കൊത്തിക്കീറുന്ന’ ഹസ്തിനപുരിയിൽ?” കൊട്ടാരം ലേഖിക കൊളുത്തിട്ടു.

“അഞ്ചു പോരാളികളെ ആദ്യരാത്രിയിൽ തന്നെ അടിമകളാക്കിയ ഈ ‘കറുത്ത യക്ഷി’യിൽ നിന്ന് രഹസ്യ പാഠങ്ങൾ പഠിച്ചു വേണം, ഞങ്ങളെ ഉന്മാദിനികളാക്കിയ ഭർത്താക്കന്മാരെ ദാമ്പത്യപരിചരണത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുവാൻ.”

“രാജസൂയം ചെയ്തു. ചക്രവർത്തിയായി. വർഷങ്ങളായി പണി തന്നിരുന്ന കൌരവർ പോലും നമുക്കിനി സാമന്തർ. എന്നിട്ടും ഒരു വാക്ക് പ്രശംസ നിന്നിൽ നിന്നുണ്ടായില്ലല്ലോ പാഞ്ചാലീ”, യുധിഷ്ഠിരന്റെ സ്വരത്തിൽ ഖേദം കലർന്ന പരിഭവം നിറഞ്ഞു.

“വാക്ക് എനിക്ക് പ്രതിരോധിക്കാൻ ഉള്ളതാണ്. പുകഴ്ത്താനുള്ളതല്ല.”

2015/09/08

“പൊന്നിന്റെ നിറമുള്ള വധുക്കൾക്ക് മാത്രം മുന്നിടം കിട്ടുന്ന ഹസ്തിനപുരിയിൽ, കരിക്കട്ടയുടെ നിറമുള്ള നിങ്ങൾക്കെങ്ങനെ കൗരവഹൃദയങ്ങളിൽ കയറിക്കൂടാനായി?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ച ചോദ്യം പത്രാധിപർ ഒന്ന് ഓർത്തെടുത്തു.

“പാഞ്ചാലി അന്ന് എന്ത് മറുപടി പറഞ്ഞാണ് ജാള്യത ഒഴിവാക്കിയത്?” ലേഖിക സഹകരിച്ചു.

“സമാനതയില്ലാത്ത വ്യക്തിഗതസേവനമികവിനെ കൌരവർ രാത്രിയിൽ വിഭാവന ചെയ്യുന്നുണ്ടാവും.”

2015/09/09

“ശന്തനുമുഖത്ത് കാവ്യാത്മക വിഷാദഭാവം?” ദൂരക്കാഴ്ച സഹപ്രവർത്തകനുമായി കൊട്ടാരം ലേഖിക പങ്കിട്ടു.

“ഉടമ്പടിയിൽ ഒപ്പിട്ടല്ലേ ശന്തനു കിടപ്പറയിൽ കയറിയത്? ഗംഗ എന്തനിഷ്ടം കാട്ടിയാലും എതിർക്കരുത് എന്ന കുഞ്ഞക്ഷരങ്ങൾ വായിക്കാതെ ‘ശുദ്ധൻ’, നീട്ടി വലിച്ച കരാറിൽ ഒപ്പിട്ടു. നവജാതശിശുക്കളെ നദിയിൽ മുക്കിക്കൊല്ലുന്നതാണ് ഭാര്യയുടെ പ്രഭാതവിനോദം എന്നയാൾ പ്രതീക്ഷിച്ചില്ല. “അരുതേ ശിശുഹത്യ ഇനിയും” എന്നയാൾ അതിഭാവുകത്തിന്റെ അതിപ്രസരത്തോടെ പറഞ്ഞതോടെ ഉടമ്പടി തരിപ്പണമായി.

ഗുണപാഠം: “ശിശുഹത്യ ആയാലും തൊഴിലിടവേതനമായാലും, കരാർ വായിച്ച തിരുത്തൽ വരുത്തിയില്ലെങ്കിൽ ശന്തനുരൂപങ്ങൾ നിലവിളിക്കും!”

“ഇന്നലെ രാവിലെ നെറ്റിപ്പട്ടം കെട്ടിയ ആനകളും ആഡംബരങ്ങളുമായി ഇന്ദ്രപ്രസ്ഥത്തുനിന്ന് കൌരവരെ കാണാൻ ഹസ്തിനപുരി കൊട്ടാരത്തിൽ എഴുന്നെള്ളിയ യുധിഷ്ഠിര ചക്രവർത്തിയും പരിവാരങ്ങളുമല്ലേ, നഗ്നപാദരായി കാട്ടിലേക്ക് ശിക്ഷയനുഭവിക്കാൻ പോവുന്നത്?” പെരുവഴിയിൽ ആരും ശ്രദ്ധിക്കാത്ത ആറുപേരെ നോക്കി കൊട്ടാരം ലേഖിക വിഷാദത്തോടെ കൂട്ടുകാരനോട് പറഞ്ഞു.

“മാളികമുകളിലേറിയ മന്നന്റെ തോളിൽ മാറാപ്പ് എന്നൊക്കെ വരും യുഗങ്ങളിൽ ദരിദ്രബ്രാഹ്മണർക്ക് നിന്ദിക്കാൻ മാത്രം, ചൂതുകളിച്ച് എല്ലാം ഒഴക്കിക്കളഞ്ഞ ചില നികൃഷ്ട ജന്മങ്ങൾ”, യുദ്ധകാര്യലേഖകൻ കരിമ്പിൻ ചണ്ടി അവർക്ക് നേരെ എറിഞ്ഞത് വിശന്നു പൊരിഞ്ഞ ഭീമൻ ഒറ്റച്ചാട്ടത്തിനു കൈക്കലാക്കി വായിലിട്ടു ചവക്കാൻ തുടങ്ങി.

2015/09/10

“കീഴടങ്ങൽകരാർ പാലിച്ച നഗ്നപാദരായി വനവാസത്തിനു വിനീതരായി നടന്നു നീങ്ങുന്ന പാണ്ഡവരുടെ ഇരുഭാഗത്തും, ഉയർത്തിപ്പിടിച്ച ചാട്ടവാറുമായി നിങ്ങളെന്തിനാ ഇങ്ങനെ കാര്യമില്ലാതെ അട്ടഹസിക്കുന്നത്?” കൊട്ടാരം ലേഖിക ക്ഷോഭിച്ചു.

“ഇന്നലെ ഇതേസമയത്ത് ഞങ്ങൾ തന്നെയാണ് യുധിഷ്ഠിരനെയും മഹാറാണിയെയും വെഞ്ചാമരം വീശി നഗരവാതിൽ മുതൽ കൊട്ടാരം വരെ ഉപചാരപൂർവ്വം ആചാരവെടിയുമായി ആനയിച്ചത്. സൂര്യനൊന്നസ്തമിച്ച് രാജകീയവിനോദമായ ചൂതുകളിക്ക് ശേഷം നേരം പുലർന്നപ്പോഴേക്കും, നിയതിയുടെ തട്ട് ഉയർന്നതും താണതും ഇവരാറുപേർ ഞങ്ങളുടെ അടിമകൾ ആയതും പിന്നെ നിങ്ങൾ കൊട്ടാരം ലേഖികയും ആഘോഷിക്കേണ്ടേ?”

“ഭീഷ്മരെ കൊല്ലാൻ ഉപായം തേടി നിങ്ങൾ ചെന്ന് കയറിയത് ഭീഷ്മരുടെ അടുത്താണെന്ന് പാളയത്തിലെ കാവൽക്കാർ രസിച്ച കൂവുന്നുണ്ടല്ലോ”, കൊട്ടാരം ലേഖിക യുധിഷ്ഠിരനെ സ്നാനഘട്ടത്തിൽ നേരിട്ടു.

“അതിനെന്താ? പാഞ്ചാലിയുടെ ഹൃദയം കവരാൻ ഞങ്ങൾ അഞ്ചു ഭർത്താക്കന്മാർ എത്ര പ്രാവശ്യം അവളുടെ മുമ്പിൽ മുട്ടുകുത്തി കൈകൾ നിവർത്തി ഇഴഞ്ഞിരിക്കുന്നു.” മേലാസകലം തൈലം പുരട്ടിയ പാണ്ഡവ മുഖ്യൻ നിന്ന നിൽപ്പിൽ പുഴയിലേക്ക് കൂപ്പുകുത്തി.

2015/09/11

"പാഞ്ചാലി കുഴഞ്ഞുവീണു എന്ന് ഭീമൻ വിലപിച്ചപ്പോൾ, അവൾ അർജ്ജുനനുമായി അധികം അഭിരമിച്ചതു് കൊണ്ടാണെന്ന് നിങ്ങൾ പറഞ്ഞതിൽ നിന്ന് ഞങ്ങൾ എന്താണ് വായിച്ചെടുക്കേണ്ടതു്, ജീവിതാന്ത്യത്തിലെ മഹാപ്രസ്ഥാനത്തിലും കുഴഞ്ഞു മറിയുന്നതു് മദമാത്സര്യത്തിൽ തന്നെ എന്നോ?" കൊട്ടാരം ലേഖിക ആ വന്യഭ്രപ്രകൃതിയിലും വാക്ക് തെറ്റാതെ ചോദിച്ചു.

"ജീവിതകാലം മുഴുവൻ അവളെന്നെ മോഹിപ്പിച്ചു, എന്നാൽ ഞാൻ കൈ നീട്ടിയപ്പോൾ വാക്ക് കൊണ്ടും നോക്ക് കൊണ്ടും തിരസ്കരിച്ചു. ഇപ്പോൾ ഇതാ, യാത്ര പറയാതെ ലൌകികജീവിതം ഒരു കുഴഞ്ഞുവീഴലിൽ പൊടുന്നനെ അവസാനിക്കുമ്പോൾ, എനിക്കൊരു പിടിവള്ളി, അർജ്ജുനനുമായി അവളുടെ അവിഹിതബന്ധം പരസ്യമാക്കുക."

"ഒന്നുമല്ലെങ്കിൽ ഭാവിയിൽ നിങ്ങളുടെയൊക്കെ ജീവചരിത്രം എഴുതേണ്ട മുനിയല്ലേ, വ്യാസൻ വന്നു മുമ്പിൽ നിന്നപ്പോഴേക്കും എന്താ നിങ്ങൾ കൈകൾ രോഷത്തിൽ പിഴിയുന്നതു്?" യുധിഷ്ഠിരൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തി ആയി ചുമതല ഏറ്റതെ ഉള്ളൂ. രാജസൂയയാഗത്തിന്റെ ആഘോഷമാണ് ചുറ്റും.

"എന്താണയാൾ എന്നിട്ട് പറഞ്ഞതെന്ന് നിങ്ങൾ കേട്ടില്ലേ. എന്തോ ദുരനുഭവം ഞങ്ങൾക്ക് ഉടൻ ഉണ്ടാകാൻ പോവുന്നു, കരുതൽ വേണം എന്ന്. ഈ ഭീഷണി പറയാനാണോ ഇപ്പോൾ മുനി ഇവിടെ ഇടിച്ചു കയറിയതു്?" വ്യാസതാക്കീതിൽ ഭീമൻ ആകെ ഉടഞ്ഞപോലെ തോന്നി.

2015/09/12

"കുരുക്ഷേത്ര യുദ്ധത്തിൽ മകൻ അശ്വത്ഥാമാവിന്റെ മരണവാർത്ത സ്ഥിരീകരിക്കാൻ കൗരവസർവസൈന്യാധിപൻ ദ്രോണാചാര്യൻ ചുമതലപ്പെടുത്തിയതു് എന്നെയാണ് എന്നതിൽ നിന്നുതന്നെ നിങ്ങൾ പത്രപ്രവർത്തകർക്ക് മനസ്സിലായില്ലേ, പൊതുവ്യവഹാരമണ്ഡലത്തിൽ ഇന്നും വിവരവിനിമയത്തിലെ അവസാനവാക്ക് ഞാനാണെന്ന്? എന്നാൽ, ഞാൻ കൗരവപ്രതിയോഗി പാണ്ഡവമുഖ്യനായതുകൊണ്ട് പൂർണസത്യത്തിനു പകരം ഉടൻ ദ്രോണർക്കു കൈമാറുക, അർദ്ധസത്യമാവും. പറഞ്ഞുവന്നാൽ പ്രായോഗികതലത്തിൽ രണ്ടിനും ഇടയിൽ കാണുകവിള്ളലിന് സാധ്യത ഉള്ള നേരിയൊരു അതിർവരമ്പല്ലേ", ദ്രോണരുടെ ചോര ദാഹിക്കുന്ന പാണ്ഡവ സംഘത്തിലെ തലവരിൽ ഒരാളായ യുധിഷ്ഠിരൻ 'അതിർവരമ്പ്' പൊട്ടിക്കാൻ നാവുയർത്തി.

2015/09/13

"നീ കർണനെ കയറി അഭിമുഖം ചെയ്തെന്നോ", യുദ്ധകാര്യലേഖകൻ കൊട്ടാരം ലേഖികയോട് അസ്വസ്ഥതയോടെ ചോദിച്ചു.

"കാലിന്മേൽ കാൽ കയറ്റിവച്ച് കർണന്റെ ആദ്യത്തെ ചോദ്യം, "നീ ഏതു സൂതന്റെ മകൾ" എന്നായിരുന്നു. സൂതകുടുംബമല്ലെന്നു പറഞ്ഞപ്പോൾ, "ഏതു കൗരവ സഹോദരന്റെ മകൾ?" എന്നായി. കൌരവകുടുംബാംഗമല്ലെന്നു പറഞ്ഞപ്പോൾ, "പിന്നെ നീ?" എന്ന് കാൽ ഇറക്കി വച്ച് അക്ഷമയിൽ. ഹസ്തിനപുരി ജ്വാലാമുഖീ ക്ഷേത്രത്തിലെ മഹാപുരോഹിതന് ദേവനർത്തകി ഗംഗയിൽ അനധികൃതമാ

യി ജനിച്ചവൾ ആയിരുന്നു എന്റെ പൂർവികർ എന്ന് ഞാൻ പറഞ്ഞപ്പോൾ, ചാടി എഴുന്നേറ്റ കർണൻ എന്നെ കെട്ടിപ്പിടിച്ചു മുത്തമിട്ടു. “എങ്കിൽ നാം ഇരുവരും ഒരേ ജാതി” എന്നയാൾ പുലമ്പി.

“ദിവ്യ കവചങ്ങൾ ധരിച്ചിട്ടും സ്വത്വ രാഷ്ട്രീയത്തിന്റെ അടിവസ്ത്രം അഴിച്ചുമാറ്റാത്ത, സഭാപതി”, യുദ്ധകാര്യലേഖകൻ കൂടുതൽ അഭിമുഖ വാർത്ത കേൾക്കാതെ എഴുന്നേറ്റു നടന്നു.

2015/09/14

“ആ കൊട്ടാരം ലേഖിക ഇവിടെ തിണ്ണ നിരങ്ങി കുത്തിക്കുത്തി നിന്നോട് ചോദിക്കുന്ന ഓരോ ചോദ്യത്തിനും നീ വസ്തുതക്ക് ചേരാത്ത മറുപടി പറയുന്നു എന്ന് ഞങ്ങൾക്ക് പരാതിയുണ്ട്. കൗരവരാജവധുക്കൾക്ക് വായിച്ചു രസിക്കാൻ ഞങ്ങളുടെ ചെലവിൽ നീ ഇങ്ങനെ തരം താഴണോ?” യുധിഷ്ഠിരൻ രോഷംകൊണ്ട് പരവശനായിരുന്നു. പിന്നിൽ നാല് സഹോദരന്മാരും ശരീരഭാഷകൊണ്ട് അയാൾക്ക് പിന്തുണ കൊടുത്തു.

“സന്തുഷ്ട ദാമ്പത്യമാണിവിടെ ജീവിക്കുന്നതെന്ന് വസ്തുതകൾക്ക് യോജിച്ചവിധം ഞാൻ കള്ളം പറഞ്ഞാൽ നിങ്ങൾക്ക് തിരിച്ചു കിട്ടുമോ ചൂതുകളിയിൽ നഷ്ടപ്പെട്ട ഇന്ദ്രപ്രസ്ഥവും ചെങ്കോലും?”

“അഴിഞ്ഞുലഞ്ഞു മുഖമടച്ചു കിടക്കുന്ന മുടി കെട്ടിവക്കണമെങ്കിൽ കൗരവ ച്ചോര പുരട്ടണമെന്നത് ഒഴിവാക്കാനാവാത്ത ഒരാവശ്യമാണോ, അതോ ആലങ്കാരികമാണോ?” കൊട്ടാരം ലേഖിക ചിന്താ ക്കുഴപ്പത്തിലായി.

“തപസ്സു ചെയ്തു നേടിയ ദിവ്യായുധങ്ങൾ കൊണ്ടാണ് യുദ്ധം ചെയ്യുകയെന്ന് മേനി പറയുമെങ്കിലും, യുദ്ധകാഹളമുയർത്തി അവരെ കുരുക്ഷേത്രയിലെത്തിക്കാൻ ഈ ചോരപ്പെരുമ ഇടയ്ക്കിടെ മുടി കൊണ്ടെന്റെ മുഖം മൂടി അവർക്ക് മുമ്പിൽ ഞാൻ അതിഭാവുകത്വത്തിൽ വർണിക്കണം”, കെട്ടിവച്ചില്ലെങ്കിലും നിത്യവും കഴുകിയുണക്കിയ മുടിയവൾ ആകർഷക കൈനീക്കത്തിൽ മുഖത്ത് നിന്നു പിന്നിലേക്കെറിഞ്ഞു നിലാവ് പോലെ പുഞ്ചിരിച്ചു.

2015/09/15

“നവവധുയായി കൊട്ടാരത്തിൽ എത്തിയ ആദ്യദിനങ്ങൾ ഒന്ന് ‘ഹസ്തിനപുരി പത്രിക’ വായനക്കാരുമായി പങ്കിടാമോ?’ കൗരവകുറുനരികൾ രാവുപകൽ പാണ്ഡവർക്കെതിരെ അദ്ധ്വാനിക്കുന്ന കുഴഞ്ഞുമറിഞ്ഞ ഇടമല്ലേ.”

“ഊഷ്മളമായ ആരാധനയിൽ കുറഞ്ഞൊന്നും കണ്ടില്ല. ഗാന്ധാരം മുതൽ കലിംഗം വരെ നൂറോളം രാജ്യവംശങ്ങളിൽ നിന്നുവന്ന മനോഹരികളായ കൗരവ രാജവധുക്കൾ എന്റെ ആഭരണങ്ങളിലും ഉടയാടകളിലും മുടിയിലും ഉപചാരപൂർവ്വം കൗതുകം കാണിച്ചെങ്കിൽ, നിങ്ങൾ പറഞ്ഞ ആ ‘നൂറു കുറുനരികൾ’ കമ്പം കാണിച്ചത് എന്റെ അഴകളവുകൾ ആയിരുന്നു. ഇരുനൂറു കൊതിപ്പിക്കുന്ന കുരുവംശ കണ്ണുകൾ നീന്തൽ കുളത്തിലും ഊഞ്ഞാലിലും ഗംഗയാറിൻ തീരത്തും ആരാധനയോടെ

പിന്തുടരുക, അതൊരു കോരിത്തരിപ്പിക്കുന്ന ആദ്യകാല സ്മരണകളുടെ പൊന്നിൻ ചെപ്പു തന്നെ. പക്ഷെ ആ ഉൽസവാന്തരീക്ഷതിനു യോജിക്കാത്ത പന്ത്രണ്ടു കഴുകൻ കണ്ണുകൾ എന്നെയപ്പോൾ വേട്ടയാടി. പാണ്ഡവരും കുന്തിയും."

'ഇതെന്താണ് ഈ അഞ്ചു ആണുങ്ങൾ ഊട്ടുപുരയിൽ വെറും നിലത്തു ചമ്രം പടിഞ്ഞിരുന്നു കണ്ണീർ വാർക്കുന്നത്. വേണ്ടപ്പെട്ടവർ ആരെങ്കിലും മരിച്ചുവോ?" കാഴ്ച കണ്ട് കൊട്ടാരം ലേഖിക ഞെട്ടിപ്പോയി.

"എന്തോ സാങ്കേതിക പ്രശ്നം, ഇടയ്ക്കിടെ ഉണ്ടാവും, ഹസ്തിനപുരിയിലെ വേറെ ഏതെങ്കിലും കളപ്പുരയിലെ ധാന്യശേഖരം സ്രോതസ്സായി കണ്ടെത്തുംവരെ അക്ഷയപാത്രം ഇന്നത്തെ പോലെ ശൂന്യമായിരിക്കും അത് കഴിഞ്ഞാൽ പതിവുപോലെ പരിമിതിയില്ലാതെ പൊട്ടിച്ചിരിച്ചും പരസ്പരം ഉന്തിത്തള്ളിയും പാത്രത്തിൽ രണ്ടു കയ്യുമിട്ടു വാരിത്തിന്നും", കിടപ്പറയിൽ പാഞ്ചാലി മുടി കർശനമായി പരിലാളനത്തിൽ നിന്ന് ഒഴിവാക്കി അഴകളവുകളുടെ ശരീരത്തിൽ തൈലം തേച്ചു നിസ്സംഗമായി പറഞ്ഞു.

2015/09/16

"സന്തുലിത ആവാസവ്യവസ്ഥ ആയിരുന്ന പുഴയോര ഖാണ്ഡവ വനത്തെ, കരുതിക്കൂട്ടി കത്തിച്ചു ചാമ്പലാക്കിയ കുടിയേറ്റ കൗന്തെയർക്കു കൂട്ട് കൃഷ്ണനായിരുന്നു എന്ന് കൌരവർ പ്രചരിപ്പിക്കുന്നുണ്ടല്ലോ. എങ്ങനെ പ്രതികരിക്കുന്നു?" കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥത്തിൽ, മഹാറാണി പാഞ്ചാലിയെ ഇരുകൈകൾ ഉയർത്തി അഭിവാദ്യം ചെയ്തു.

"നീച മനുഷ്യരുടെ കൂടെ കണ്ണടച്ച് കൂട്ട് കൂടിയാൽ ദൈവമനസ്സും മലിനപ്പെടും എന്ന പരമാർത്ഥമല്ലെ അത് വെളിപ്പെടുത്തുന്നത്", സ്വയം നട്ടുവളർത്തുന്ന ഔഷധച്ചെടികൾക്ക് നനക്കുകയായിരുന്ന പാഞ്ചാലി, പാണ്ഡവരുടെ ചെവിവട്ടത്തിലും പരിഭ്രമിക്കാതെ, പറഞ്ഞു.

2015/09/17

"നായാട്ടുമൃഗങ്ങളൊന്നും പുറത്തുവരാതെ ഒളിച്ചിരിക്കുന്ന ഈ മരവിച്ച മഴക്കാലദിനങ്ങളിൽ, നേരം പോവാൻ നിങ്ങൾ അഞ്ചു ആണുങ്ങൾ എന്തുചെയ്യും?" കൊട്ടാരം ലേഖിക, പാഞ്ചാലി കൊടുത്ത മധുരക്കിഴങ്ങ് പച്ചക്ക് കടിച്ചു ചവച്ചു, സമൃദ്ധ ശരീരഭാഷയുടെ അകമ്പടിയിൽ ചോദിച്ചു.

"യുധിഷ്ഠിരൻ കൗരവവേഷം കെട്ടി പാഞ്ചാലിയെ വസ്ത്രാക്ഷേപം ചെയ്യാൻ ആഞ്ഞു ശ്രമിക്കും. ഇരയുടെ 'ആട്ടം തുപ്പം' കൊണ്ട് അവശനായി നിലത്തു വീഴുമ്പോൾ, എടുത്തു മാറ്റി ഭീമൻ ആ കൗരവ വേഷം ഊരിയണിഞ്ഞു വസ്ത്രാക്ഷേപത്തിന് ഒരു കൈനോക്കും. ഊഴം വച്ച് കാത്തിരിക്കുന്ന മറ്റു മൂന്നു പേർകൂടി അങ്ങനെ നിലത്തു വീഴുമ്പോൾ കാണാം, അക്ഷയപാത്രത്തിൽ രാത്രിഭക്ഷണം വേവുന്നത്", നകുലൻ കാലവർഷത്തിലെ ആ പ്രിയ പാണ്ഡവകിടമത്സരം വിശദീകരിച്ചു.

"ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയായിരുന്നു നിങ്ങൾ പത്തുകൊല്ലം എന്നാണു ഒരു കൊട്ടാരം രേഖ. അതംഗീകരിച്ചു കൊണ്ട് ചോദിക്കട്ടെ, എന്തായിരുന്നു ആ കാലത്തെ സ്മരണീയമായ നേട്ടം?"

"നവജാതശിശുക്കളെ പുലർകാലഗംഗയിൽ മുക്കിക്കൊല്ലുന്ന "യക്ഷി" കളായിരുന്നു ശന്തനുവിന്റെ കാലത്ത് ചക്രവർത്തിനി എങ്കിൽ, അഞ്ചു ഭർത്താക്കന്മാരെ ഊഴം വച്ച് സ്വീകരിച്ച് ഞാൻ ഗർഭം ധരിച്ചു പ്രസവിച്ചു ശിശുക്ഷേമസൌകര്യത്തിനു എന്റെ പിതാവിന്റെ പാഞ്ചാല രാജവസതിയിൽ സുരക്ഷിതമായി എത്തിച്ചു. ഇതാ ഇപ്പോൾ ചൂത്കളി ശിക്ഷ അനുഭവിക്കാൻ ദുര്യോധനന്റെ അടിമ എന്ന നിലയിൽ കാട്ടിൽ', മാലിന്യ സംസ്കരണം കഴിഞ്ഞു പാഞ്ചാലി മലിനവസ്ത്രങ്ങൾ നീക്കി നീർ ചോലയിൽ മുങ്ങിപ്പൊന്തുന്നതിന്നിടയിൽ സംസാരിച്ചു.

2015/09/18

"സന്യസ്ഥാശ്രമങ്ങളിലെ അന്തേവാസികളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പു വരുത്താൻ കൌരവർ നിയോഗിച്ച പാണ്ഡവർ അവരുടെ വനവാസക്കാല ചുമതല ശരിക്കും ചെയ്യുന്നില്ലേ, അതോ?" കൊട്ടാരം ലേഖിക ഇത്തവണ സന്യാസിസമൂഹത്തെ നേരിട്ടു.

"ഞങ്ങളുടെ ജീവനെ കുറിച്ച് ഇപ്പോൾ പറയുന്നില്ല. എന്നാൽ വളർത്തുമൃഗങ്ങൾ മുയലും മാനും രാത്രി കൂട്ടിൽ കയറ്റുമ്പോൾ ഞങ്ങൾ എണ്ണിയതും രാവിലെ കൂട് തുറന്നു വിടുമ്പോൾ കാണുന്നതും പൊരുത്തപ്പെടുന്നില്ല. എങ്ങനെ പൊരുത്തപ്പെടും, തലയിൽ തുണിയിട്ട് മറച്ചു പോവുന്ന ആ പാണ്ഡവ ഭീമനെ നോക്കുക, ഇളമാംസപ്രിയൻ സന്ധ്യ മയങ്ങിയാൽ ഇരതേടി ഇറങ്ങുകയായി."

2015/09/19

"കൂട്ടുകുടുംബസ്വത്തിൽ ഓഹരി കിട്ടാൻ ചോര ഒത്തിരി കുരുക്ഷേത്രത്തിൽ ചീന്തി എന്ന് ഇപ്പോഴേ തോന്നിത്തുടങ്ങിയോ?" കൊട്ടാരം ലേഖിക, ധർമപുത്രർ എന്ന് എതിരാളികൾ നിന്ദയോടെ വിളിക്കുന്ന, പുതിയ ചക്രവർത്തിയെ കൊട്ടാര വളപ്പിൽ സ്വകാര്യമായി കണ്ടുമുട്ടി.

"കാര്യമറിയാതെ അല്ലെ നിങ്ങൾ സംസാരിക്കുന്നത്. കൌരവർക്കു ജീവഹാനി സംഭവിച്ചു എന്ന് നിങ്ങൾ വേവലാതിപ്പെടുന്നു. വാസ്തവമതാണോ, മൂലഘടകങ്ങളുടെ ഒരു നിശ്ചിത രൂപത്തിലുള്ള സംയോജനം തകരുന്നതിനെയല്ലേ നിങ്ങൾ മരണം എന്ന അർത്ഥത്തിൽ ചോരചീന്തൽ എന്ന കടുത്ത വാക്കുപയോഗിച്ചത്? കൌരവരുടെ മൂലഘടകങ്ങൾ, പാണ്ഡവരുടെ ഔദ്യോഗിക പിൻഗാമി പരീക്ഷിത്തിലൂടെ മറ്റൊരു തോതിൽ സംയോജിച്ചില്ലേ?, യുധിഷ്ഠിരന്റെ ശബ്ദത്തിൽ മുറിവേറ്റ അഭിമാനം പ്രകടമായി.

2015/09/20

"പാണ്ഡവമാതാവ് നിങ്ങൾക്ക് പ്രിയങ്കരിയാണോ, അതോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"അകലം പാലിച്ചു ഞങ്ങളിൽ നിന്ന് ആവുന്നത്ര മാറി നില്ക്കാൻ വിവേകം കാണിച്ച വനിത. പക്ഷെ ഇന്ന് അരങ്ങേറ്റ മൈതാനത്തിൽ എന്റെ നൃത്ത-സംഗീത-

നാടകം അവരെ പറ്റിയല്ല. ഗാന്ധാരീ വിലാപമാണ്, വരില്ലേ?" പാഞ്ചാലി തിരക്കിലായിരുന്നതുകൊണ്ട് അഭിമുഖം മുറിഞ്ഞു.

2015/09/21

"ഇതാണോ പുതിയ ഹസ്തിനപുരി ചക്രവർത്തിനിക്ക് നിങ്ങൾ കണ്ടെത്തിയ ഔദ്യോഗികവസതി?" രോഷം നിയന്ത്രിക്കാൻ പാടുപെട്ട പാഞ്ചാലി കൊട്ടാരം സർവാധികാരിക്ക് നേരെ ആരോപണസ്വരത്തിൽ വിരൽ ചൂണ്ടി.

"ഈ വസതിക്കെന്താ കുഴപ്പം? സൂക്ഷിക്കുക, എന്റെ നേരെ കുതിരകയറണ്ട. ഞാൻ അംഗപരിമിതൻ. ഇവിടെയാണ് എന്റെ അച്ഛന്റെ അച്ഛൻ കൗരവ രാജകുമാരൻ ദുര്യോധനൻ കഴിഞ്ഞ അമ്പതു കൊല്ലം ഭാര്യയുമൊത്ത് അന്തിയുറങ്ങിയത്. ദുര്യോധനന് ഒരു ഭാര്യമാത്രം. ഭാര്യക്ക് ഒരേ ഒരു ഭർത്താവും. കൌതുകം തോന്നുന്നുണ്ടല്ലേ? ശത്രുനാശത്തിനു നിത്യവും ഇവിടെ കാളിപ്രീതിക്കായി മൃഗബലി ചെയ്തിരുന്നെങ്കിലും, കൊട്ടാരം ശുചീകരണ തൊഴിലാളികൾക്ക് കുരുക്ഷേത്രയിൽ നിർബന്ധിത സൈനിക സേവനം ആയതുകൊണ്ട്, കഴിഞ്ഞ ഒരു മാസമായി വേണ്ടത്ര വൃത്തിയാക്കൽ ഉണ്ടായില്ല, അതുകൊണ്ടെന്താ, പന്ത്രണ്ടു വർഷം സന്യസ്ഥാശ്രമങ്ങളിലെ ജൈവമാലിന്യം നിത്യവും നീക്കി നിങ്ങൾ പരിചയ സമ്പന്നയല്ലെ, ഒന്ന് ആഞ്ഞു പിടിച്ചാൽ വാസയോഗ്യമാക്കിക്കൂടെ ചരിത്ര പ്രാധാന്യമുള്ള ഈ ദുര്യോധന വസതി. ഇത് അറിയപ്പെടേണ്ടതും ആ പേരിൽ തന്നെ", കൊട്ടാരരഹസ്യങ്ങളുടെ താക്കോൽ സൂക്ഷിപ്പുകാരൻ പുരോഹിത മന്ത്രോച്ചാരണം പോലെ സംസാരിച്ചു.

2015/09/22

"ഇന്നും ഹസ്തിനപുരി കൌരവരാജവധുക്കൾക്ക് നിങ്ങൾ ആരാധ്യദേവത, പക്ഷെ, ഇവിടെ കാട്ടിൽ ദുര്യോധനന്റെ അടിമയായി, മാലിന്യനീക്കം എന്ന ദിവസപ്പണിയുമായി, പരാതിയില്ലാതെ നാൾ നീക്കുന്നു. വൈരുധ്യം തോന്നുന്നില്ലേ?" കൊട്ടാരം ലേഖിക ചോദിച്ചു.

"അന്നന്നത്തെ അപ്പത്തിന്നായി ഇര തേടി പോവേണ്ടതില്ലാത്ത അഞ്ചു മടിയൻമാർക്കൊപ്പം, സമനില തെറ്റാതെ ഈ കഠിനതടവ് അനുഭവിക്കാൻ എനിക്ക് കഴിയുന്നു എന്നതല്ലേ കൂടുതൽ കൗതുകകരമായി നിങ്ങൾ കാണേണ്ടത്?" പാഞ്ചാലി അന്നത്തെ പുറംജോലി കഴിഞ്ഞു നീരൊഴുക്കിൽ നീന്തുകയായിരുന്നു.

2015/09/23

"സുഭദ്രയെ അർജ്ജുനൻ വിവാഹം കഴിച്ച വാർത്ത നിങ്ങളെ ക്ഷുഭിതയാക്കേണ്ട കാര്യം? നിങ്ങൾക്കുമില്ലേ ഒന്നിലധികം ഭർത്താക്കന്മാർ.", കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയോട് ചോദിച്ചു.

"സുഭദ്രയല്ല പ്രതിനായിക എന്ന് നിങ്ങൾക്കറിയാം. എന്റെ അഞ്ച് മക്കൾ ദൂരെ പാഞ്ചാലത്തിൽ പ്രത്യാശയോടെ ചെങ്കോൽ കാത്തു വളരുമ്പോൾ, സുഭദ്രയുടെ വിവാഹത്തിൽ കൃഷ്ണന്റെ ആശംസ, നിങ്ങളും കേട്ടതല്ലേ, സുഭദ്രയുടെ പിൻഗാമികൾ

കുരുവംശം ഭരിക്കും എന്ന് കൃഷ്ണൻ പ്രവചിച്ചു, അർജ്ജുനൻ കയ്യടിച്ചു. യുധിഷ്ഠിരൻ ജനിച്ച മണിക്കൂറുകൾ കഴിഞ്ഞാണ് ദുര്യോധനൻ പിറന്നതെന്ന ഈറ്റില്ലന്യായം രാജസഭയിൽ ആവർത്തിച്ച് പറഞ്ഞല്ലേ കൌരവരെ പാണ്ഡവർ വെള്ളം കുടിപ്പിച്ചത്?" വഞ്ചിക്കപ്പെട്ട രാജകീയമാതൃത്വം പാഞ്ചാലിയുടെ അടക്കിപ്പിടിച്ച ക്രോധത്തിലും ചുറ്റും നിന്നവർക്ക് പൊള്ളി.

"ഒരിറ്റു ചോര വീഴാതെ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയെ അധികാരത്തിൽ നിന്ന് നീക്കി, കോഴി കൂവും മുമ്പ് കഠിനതടവിൽ വനവാസത്തിന്നയച്ച കൌരവർക്കു, ഒരു മഹാഭാരതയുദ്ധം തന്നെ വേണ്ടി വരുന്നല്ലോ നെറ്റിയിൽ അടിമക്കുറിമായാത്ത പാണ്ഡവരുടെ തല എന്നെന്നേക്കുമായി വെട്ടാൻ?" കുരുക്ഷേത്ര യുദ്ധസജ്ജീകരണങ്ങൾ നോക്കാൻ സഹപ്രവർത്തകരുമൊത്ത് വന്ന യുദ്ധകാര്യലേഖകൻ, ഏറെ കാലത്തിനു ശേഷം തൊഴിൽ സാധ്യത കൈവന്ന ഉല്ലാസത്തോടെ, കൊട്ടാരം ലേഖികയോട് ചോദിച്ചു.

"വരും യുഗത്തിൽ തിരിച്ചു പറയുമെങ്കിലും, ചരിത്രം ആദ്യം പ്രഹസനമായും പിന്നെ ദുരന്തമായും വരുമെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായില്ലേ."

2015/09/25

"അകമ്പടി അനുവദിക്കാതെ അഭിമന്യുവിനെ കൌരവക്കൂട്ടത്തിലേക്ക് എറിഞ്ഞത് പാഞ്ചാലി ആയിരുന്നു എന്ന് കർണ്ണകുറ്റസമ്മതം ശ്രദ്ധയിൽ പെട്ടുവോ? എങ്ങനെ പ്രതികരിക്കുന്നു?" കൊട്ടാരം ലേഖിക ചോദിച്ചു.

"അഭിമന്യുവിന്റെ പിൻഗാമി കുരുവംശ ചക്രവർത്തി ആവും എന്ന കൃഷ്ണപ്രവചനത്തിന് തടയിടാൻ, ചക്രവർത്തി ആവാൻ കൊതിക്കുന്ന അഞ്ചു ആൺമക്കൾ ഉള്ള ഒരമ്മയുടെ മുൻകൂർ നീക്കം എന്ന് കാണുന്നു. എന്റെ മനസ്സിൽ നിന്ന് കുറ്റബോധം ഒളിച്ചു പോയ സുഖം മറച്ചു വക്കുന്നില്ല", യുധിഷ്ഠിരൻ പുഞ്ചിരിയോടെ പറഞ്ഞു. വൈകിയ രാത്രിയിൽ യുദ്ധഭൂമിയോട് ചേർന്ന യമുനയുടെ ജലത്തിൽ നിലാവ് ഇളകിയാടി.

2015/09/27

"വിവാഹം കഴിഞ്ഞു ഹസ്തിനപുരിയിലേക്ക് മടങ്ങുമ്പോൾ യുധിഷ്ഠിരൻ നിങ്ങളുടെ അച്ഛനോട് പണം കടം ചോദിച്ചു കിട്ടിയില്ല എന്ന് കേൾക്കുന്നല്ലോ, എന്തായിരുന്നു ആ കാര്യം?"

"അങ്ങനെ ഒന്നുമില്ല. കൌരവരോട് കടം ചോദിക്കുന്നത് ഒഴിവാക്കാൻ, ആഭരണങ്ങളിൽ ചിലത് വിൽക്കട്ടെ എന്ന് യുധിഷ്ഠിരൻ അച്ഛനോട് ചോദിച്ചു. അച്ഛനാരാ മോൻ. "അത് ഞാൻ വാങ്ങിച്ചു കൊടുത്തതൊന്നുമല്ല, യാഗാഗ്നിയിൽ നിന്ന് ഉയർന്നു വന്നപ്പോൾ അവളിൽ ഉണ്ടായിരുന്നതാണ്," എന്ന് അച്ഛൻ നിസ്സാരമായി കൈകാര്യം ചെയ്തു. ആകെ വിരണ്ടു പോയ യുധിഷ്ഠിരൻ പിന്നെ തൊട്ടിട്ടില്ല എന്റെ പൊന്നിൽ", പാഞ്ചാലി ഓർത്തോർത്തു ചിരിച്ചു.

2015/09/28

“ഇന്നലെ രാത്രി മുതൽ നിങ്ങൾ കൗരവ അടിമയാണെന്ന് കേട്ടു, പക്ഷെ നിങ്ങൾ അറവുശാലയിൽ?” കിതച്ചോടി വന്ന കൊട്ടാരം ലേഖിക ചുറ്റുപാടും നോക്കി വിങ്ങി.

“കാട്ടിൽ കുട്ടിക്കാലം കഴിഞ്ഞ പാണ്ഡവർ നായാട്ട് എന്നോ പരിചയപ്പെട്ടവർ, യാഗാഗ്നിയിൽ നിന്ന് ജനിച്ച ഞാൻ ഇത്ര നാളും സസ്യാഹാരി. ഇനി കഠിനശിക്ഷയിൽ വനവാസത്തിനു പോവുമ്പോൾ മൃഗ-മാംസ സംസ്കരണം ഞാൻ അറിയേണ്ടേ. ചങ്കിൽ തറച്ച അമ്പുമായി വരുന്ന പേടമാനിനെ കൊന്നു തൊലിയുരിച്ച ഈ മാംസദാഹികൾക്ക് മൂന്നു നേരം പൊരിച്ചു കൊടുക്കാൻ വേണ്ട പരിചരണം ഞാനും ഒന്ന് പഠിക്കേണ്ടേ”, ഒരു മാടിന്റെ കുടൽ ആഞ്ഞു വലിച്ചു നീക്കുകയായിരുന്ന പാഞ്ചാലി പുഞ്ചിരിച്ചു.

2015/09/29

“അസംതൃപ്ത ദാമ്പത്യത്തെ കുറിച്ച് നിങ്ങൾ കലവറയില്ലാതെ ആവിഷ്കാരസാധ്യത തേടുമ്പോൾ, പറയാതെ വയ്യ, കൗരവരാജവധുക്കൾ കുടുംബജീവിതത്തെ കുറിച്ച് കൈപ്പുള്ള ഒരോർമയും ഞങ്ങളുമായി പങ്കിടുന്നില്ല”, വ്യാജനീരസത്തോടെ കൊട്ടാരം ലേഖിക സംസാരിച്ചു. കാട്ടുചോലയിൽ നീന്തിക്കുളിച്ച നനഞ്ഞ തുണിയുമായി അവർ വിജനവഴിയിലൂടെ ആശ്രമത്തിലേക്കു നടക്കുകയായിരുന്നു.

“എന്തിനു പങ്കിടണം? മേഘങ്ങളില്ലാത്ത പൌർണമി രാത്രികളിൽ, അന്തഃപുരത്തിന് മേലെയുള്ള മട്ടുപ്പാവിൽ, പൂർണനഗ്നകളായി പൊട്ടിച്ചിരിക്കയും പിന്നെ വിങ്ങിപ്പൊട്ടുകയും ചെയ്യുന്ന അവരെന്തിനു എന്നെ പോലെ ആത്മാവിഷ്കാരത്തിന് അക്ഷരങ്ങൾ തേടണം?” അന്നദാതാവിനെ തേടിയിറങ്ങിയ പേടമാനിനെ പരിലാളിച്ചുകൊണ്ട് പാഞ്ചാലി പുഞ്ചിരിച്ചു.

“യുധിഷ്ഠിരന്റെ രാജസൂയം ദിവസം താങ്കൾ നാലു പ്രാവശ്യം വസ്ത്രം മാറി രാജസഭയിൽ ഒരു വിചിത്ര പ്രദർശനവസ്തു ആയി എന്നാണല്ലോ ശിശുപാലൻ പറയുന്നത്?’, ‘ഒരു ഗോപികയുടെ ആകർഷകസ്വരത്തിൽ കൊട്ടാരം ലേഖിക പറഞ്ഞു.

“ശത്രു മാത്രമേ നിങ്ങളെ സൂക്ഷിച്ചു നോക്കി നിരീക്ഷണങ്ങൾ പുറത്തു വിടൂ. സുഹൃത്തു നിങ്ങളെ നിങ്ങളുടെ പാട്ടിനു വിടും. ശിശുപാലൻ ചെയ്യേണ്ടതു് അയാൾ കാര്യക്ഷമതയോടെ ചെയ്തു”, കൃഷ്ണൻ യമുനയിൽ നീരാടാൻവസ്ത്രങ്ങൾ അഴിക്കുകയായിരുന്നു.

2015/09/30

“സ്ത്രീത്വത്തിനു നേരെ കൌരവർ രാജസഭയിൽ പരസ്യമായി ചെയ്ത കടന്നാക്രമണം പൊതുവ്യവഹാരമണ്ഡലത്തിൽ ചൂടായി ഇപ്പോഴും ചർച്ച ചെയ്യപ്പെടുമ്പോഴും, നിങ്ങൾ കൌരവർക്കു ധാർമിക പിന്തുണ നൽകി എന്ന സംശയം ബലപ്പെട്ടു വരുന്നു. വ്യാഴവട്ടക്കാല വനവാസത്തിനു പാണ്ഡവരുടെ കൂടെ പോവാതെ ഹസ്തിനപുരി കൊട്ടാര സമുച്ചയത്തിൽ അല്ലൽ ഇല്ലാതെ കഴിയാനുള്ള സ്വാർത്ഥ ചിന്തയാണോ ഈ ഞെട്ടിപ്പിക്കുന്ന വീഴ്ചക്ക് പിന്നിൽ?” കൊട്ടാരം ലേഖികയുടെ സ്വരം പരുഷമായി.

“രണ്ടു ഭാഗവും ഞാൻ കേൾക്കേണ്ടേ? അല്ലെങ്കിൽ കാള പെറ്റു എന്ന് കേട്ട പ്പോഴേക്കും കുന്തി കയറെടുത്തു എന്ന് നാളെ നിങ്ങൾ തന്നെ പരിഹസിക്കില്ലേ. ഇനി എന്റെ പൊതുജീവിതം, മനുഷ്യാവകാശപ്രശ്നങ്ങളിൽ ഞാനെടുക്കുന്ന സമീപ നം കാലാകാലമായി ജനം അംഗീകരിച്ചതാണ്. അതിൽ കയറി നിങ്ങൾ കുന്തു മറിയേണ്ട.”

2015/10/01

“വിരാടരാജാവിന്റെ ഭാര്യാസഹോദരനെ ചതിയിൽ രാത്രി നൃത്തമണ്ഡപത്തി ലേക്ക് വിളിച്ചു വരുത്തി ഇരുട്ടിൽ ശ്വാസം മുട്ടിച്ചു കൊന്ന കൊട്ടാരം പാചകക്കാരൻ അപ്പോൾ നിങ്ങൾ തന്നെ? ചത്തത് കീചകൻ എങ്കിൽ കൊന്നത് ഭീമൻ തന്നെ എന്ന് രാജസഭയിൽ കാരണവന്മാർ പാടുന്നതു വെറുതെയല്ല.”

“ഭീഷ്മർ എന്തോ വാക്കാൽ പറഞ്ഞ കാര്യമാണോ ഹസ്തിനപുരി പത്രിക ഒരു വി ധി പകർപ്പ് എന്ന മട്ടിൽ ആധികാരികമായി പ്രസിദ്ധീകരിക്കുന്നത്”, അപ്പം ചുടാൻ മാവു് കുഴക്കുന്ന തിരക്കിലായിരുന്ന കൊലയാളിക്ക് വേണ്ടി അനുജൻ നകുലൻ നി സ്സാരമായി സംസാരിച്ചു.

2015/10/02

’ഹസ്തിനപുരി പത്രിക’ യിലും അക്കാലത്തുണ്ടായിരുന്നു നട്ടാൽ മുളക്കാത്ത കൊട്ടാരകഥകൾ.

പ്രതിയോഗികളെ വിരട്ടാനും പ്രതിച്ഛായ വളർത്താനും കെട്ടിപ്പൊക്കിയ ഐതിഹ്യം മാത്രമായിരുന്നു കർണന്റെ കവചമെന്നു അർജ്ജുനൻ പറഞ്ഞത് വി വാദമായി. ഗംഗയിൽ നീരാടാൻ പോയ കർണൻ ആ വഴി വന്ന ഒരു രാജവിധ വയുടെ കയ്യിൽ നിന്ന് എന്തോ ഔഷധം വാങ്ങി മാറിൽ പുരട്ടിയപ്പോൾ കവചം കീറത്തുണി പോലെ എളുപ്പത്തിൽ നീക്കാൻ സാധിച്ചതിനു ദൃക്സാക്ഷിയാണെ ന്നു അവകാശപ്പെടുന്ന വൃദ്ധ പൂജാരി, വിധവ എന്ന് പരാമർശിക്കുന്നത് ആരെന്നു പക്ഷെ വ്യക്തമാക്കിയിട്ടില്ല, എങ്കിലും ദൃക്സാക്ഷിയുടെ സംശയമുന നീളുന്നത് പാ ണ്ഡവമാതാവിന്റെ നേരെയാണെന്നു ദുര്യോധനൻ ഇടപെട്ടു പറഞ്ഞതോടെ അർ ജ്ജുന പ്രചരണം ഉടൻ നിലച്ചു.

“കുരുക്ഷേത്രയുദ്ധം കഴിഞ്ഞു ഹസ്തിനപുരിയിൽ ചെന്ന് അന്ധരാജാവിൽ നി ന്ന് ചെങ്കോൽ പിടിച്ചു പറിച്ചു സിംഹാസനത്തിൽ ഇരുന്ന യുധിഷ്ഠിരൻ, മുപ്പത്തി യാറു് വർഷം രാജ്യം ഭരിച്ചു എന്ന് ഔദ്യോഗിക രേഖകളിൽ കാണുന്നു. രാഷ്ട്രമീ മാംസയിലും തദ്ദേശീയ വികസനത്തിലും വിരുദ്ധ അഭിപ്രായമുള്ള നാലു് സഹോദ രന്മാർ ഉണ്ടായിട്ടും അധികാരമോഹികളായ അവർ ഇക്കാലത്ത് ഒളിഞ്ഞും തെളി ഞ്ഞും വിമതശല്യം ഉണ്ടാക്കിയില്ല എന്നോ, അതോ ഉടനടി അമർച്ച ചെയ്തു എന്നോ ഞങ്ങൾ ഇനി കാണേണ്ടത്?”

“ഞങ്ങൾ അഞ്ചുപേരുടെ വ്യക്തിഗതരഹസ്യങ്ങൾ ദശാബ്ദങ്ങളായി സമ്പാദി ച്ചു സൂക്ഷിച്ച പാഞ്ചാലിയുടെ മുമ്പിൽ നിത്യവും മുട്ടുകുത്തി ശീലിച്ച ഞങ്ങൾ, പക്ഷെ രഹസ്യമായി, അവളുടെ സമഗ്രാധിപത്യ പ്രവണതക്കെതിരെ ചെറുത്തുനിൽപ്പിന്

അഞ്ചു പേരും ഉൾപ്പെടുന്ന കുറ്റമുന്നണി തന്നെ ആയി പ്രവർത്തിച്ചിരുന്നു", ചാരവകുപ്പ് മേധാവി നകുലൻ പതിവ് പോലെ മുഖം ചലിപ്പിക്കാതെ ചുറ്റും നോക്കി.

"പാഞ്ചാലി ആരെന്നു ഒരു നിമിഷം പോലും മറക്കാതെ തന്നെ ചോദിക്കട്ടെ, അവർ നിങ്ങൾക്കായി കരുതലോടെ ചെയ്ത ഒരു കാര്യം പെട്ടെന്നോർക്കാമൊ?"

"വനവാസത്തിനു നേരമായി എന്ന തിരിച്ചറിവിലെക്കെന്നെ നയിക്കാൻ സഹായിച്ച ഒരു കാര്യം മിനിഞ്ഞാന്നുണ്ടായി. വയോജനദിവസ പൊതുസ്വീകരണത്തിൽ പങ്കെടുത്തു ഞങ്ങൾ ഔദ്യോഗിക വസതിയിലേക്ക് കയറുമ്പോൾ ഒരുവശത്ത് പുതുതായി പണിത പുരയിൽ ഉണക്ക വിറകുകെട്ടുകൾ നിറച്ചു കണ്ടു. ഇതെന്താ എന്ന് ഞാൻ വിരൽ ചൂണ്ടി ചോദിച്ചപ്പോൾ, മഴക്കാലമല്ലേ വരുന്നത്, പെട്ടെന്ന് നിങ്ങൾ കാലം ചെയ്താലും പുക ഉയരാതെ ശവം ദഹിപ്പിക്കെണ്ടേ? "എന്ന് ചോദിച്ചു പാഞ്ചാലി അകത്തേക്ക് അലക്ഷ്യമായി കയറി. ചെങ്കോൽ പരീക്ഷിത്തിനു കൈമാറി പടിയിറങ്ങാൻ അന്ന് തീരുമാനിച്ചു", ഇപ്പോൾ നഗ്നപാദനായ മുൻ ചക്രവർത്തി യുധിഷ്ഠിരൻ പറഞ്ഞു.

2015/10/03

"ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി ആയിരുന്ന ദശാബ്ദത്തിൽ പാഞ്ചാലി എന്റെ മുൻഗാമിക്കു കൊടുത്ത അഭിമുഖങ്ങൾ ഞാൻ തപ്പി വായിച്ചു. പാണ്ഡവരെ സമഭാവനയോടെ, എന്നാൽ ഔപചാരിക രാജകീയ ബഹുമാന പരാമർശങ്ങൾ പൂർണമായി ഒഴിവാക്കി പാഞ്ചാലി ഇടക്കൊക്കെ ഓർക്കും. ഭർത്താക്കന്മാർ കൊള്ളാം എന്ന ധ്വനിയുണ്ട്. എന്നാൽ കളിയിൽ തോറ്റു കാട്ടിൽ ഈ ഒറ്റമുറിവസതിയിൽ നിങ്ങളെല്ലാം പാർത്തു തുടങ്ങിയ ശേഷം എനിക്കനുവദിച്ച അഭിമുഖങ്ങളിൽ കാണുന്നത് പതഞ്ഞു പൊങ്ങുന്ന നിന്ദ, അതെന്താ?" അർദ്ധനഗ്ന യുധിഷ്ഠിരൻ മാത്രം മുറ്റത്ത് കളപറിച്ചു കുന്തിച്ചിരുന്ന തണുത്ത പ്രഭാതം.

"അന്ന് ഞാൻ അവൾക്കു ഉദയസൂര്യൻ, ഇന്ന് ധൂമകേതു" അയാൾക്കരികിലേക്കു ഓടി വന്ന മുയലിന്റെ നെറുകയിൽ മുഷ്ടി ചുരുട്ടി ആഞ്ഞടിച്ചു യുധിഷ്ഠിരൻ നിലവിളിക്കുന്ന പോലെ അട്ടഹസിച്ചു.

2015/10/04

"ഇന്ദ്രപ്രസ്ഥത്തിൽ വിരുന്നിനു വന്ന നിങ്ങൾ ആതിഥേയയോടു അതിരുവിട്ടു പെരുമാറി എന്നാണു ഊട്ടുപുരയിൽ ഞങ്ങൾ കേൾക്കുന്ന പരാതി", കൌരവസംഘം ഹസ്തിനപുരിയിലേക്ക് മടങ്ങുമ്പോൾ കൊട്ടാരം ലേഖിക വിരലുയർത്തി ശ്രദ്ധയാകർഷിച്ചു.

"ആതിഥേയ എന്ന നിലയിൽ പാഞ്ചാലി എന്റെ മുമ്പിൽ ആളാവാൻ ശ്രമിച്ചപ്പോൾ അത് പൊളിച്ചു കയ്യിൽ കൊടുത്തതിന്റെ ആ കഥ ഞാൻ നാട്ടിൽ എത്തിയശേഷം വിശദമായി രാജസഭയിൽ പറയാം", ഉല്ലാസവാനായിരുന്നു സ്ഥലജലഭ്രമത്തിൽ വഴുക്കിവീണു എന്ന് പാണ്ഡവർ വിടാതെ പ്രചരിപ്പിച്ച കഥയിലെ ഇര ദുര്യോധനൻ.

2015/10/05

“ഹസ്തിനപുരിയിൽ നിന്ന് വിരാടത്തിലേക്ക് ഭീഷ്മരുടെ നേതൃത്വത്തിൽ ഇത്രദൂരം കൌരവസൈന്യം നയിച്ച് അവരുടെ നാൽപ്പതിനായിരം വരുന്ന ഗോസമ്പത്ത് കൊള്ളയടിക്കാൻ മാത്രം ഇവിടെ പാൽക്ഷാമം രൂക്ഷമാണോ?” കൊട്ടാരം ലേഖിക ഊട്ടുപുരയിൽ നിന്ന് കിട്ടിയ മധുരം ചേർത്ത പാൽകുടിച്ചുകൊണ്ട് ചോദിച്ചു.

“രാജ്യം വിഭജിച്ചും ഭാഗം തരണം എന്ന് വാശി പിടിച്ചു കൊമ്പുകുലുക്കി വരുന്ന പാണ്ഡവഭീകരർക്ക് നേരെ കൃത്യമായി കുന്തമെറിയാൻ പകൽ മുഴുവൻ വെയിലിൽ പരിശീലനം നേടുന്ന കൌരവസൈനികർ പിന്നെ മൂന്നുനേരം കുടിക്കേണ്ടത് പാലാണോ, അതോ പൊരിച്ച മാട്ടിറച്ചിയോ?” വേവിച്ച പച്ചക്കറികൾ കഴിച്ചുകൊണ്ടിരുന്ന ദുര്യോധനൻ വിശദീകരിച്ചു.

“ഹസ്തിനപുരിയുടെ അധികാരം പിടിച്ചടക്കിയ പാണ്ഡവർ ദശാബ്ദങ്ങളായി ഗുരുതരകുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരാണ് എന്ന് നിങ്ങൾ പരസ്യമായി ആരോപിച്ചു എന്ന് കേട്ടു. എന്താണ് പ്രകോപനം?”.

“ഇപ്പോൾ ഞാൻ പാണ്ഡവരാജകുമാരൻ പരീക്ഷിത്തിന്റെ ഗുരു എന്ന പദവി വഹിച്ചാലും, ഭൂതകാലം എന്നെ ഓർമ്മിപ്പിക്കുന്നത് ഒച്ചവച്ച് ഞാൻ പറയേണ്ടേ? അതിനു ‘ആരോപിച്ചു’ എന്നാണോ നിങ്ങൾ വിശേഷിപ്പിക്കുക? അങ്ങനെ ഞാൻ തുറന്നു പറഞ്ഞില്ലെങ്കിൽ, രാഷ്ട്രീയസാക്ഷരത നേടി, വരും യുഗത്തിലെ സാമൂഹ്യ നിരീക്ഷകർ എന്നെ പ്രതിക്കൂട്ടിൽ നിർത്തിപ്പൊരിക്കില്ലേ?” മേലാസകലം ചൂരൽപ്പാടുകൾ വീണ പരീക്ഷിത്തിനെ കണ്ണുരുട്ടി നിശബ്ദനാക്കി മുതിർന്ന കൊട്ടാരഗുരു കൃപാചാര്യൻ പറഞ്ഞു.

2015/10/06

“തിരിഞ്ഞു നോക്കുമ്പോൾ, പാണ്ഡവരുടെ സംഘടിത അനാസ്ഥ കൊണ്ടെന്തെങ്കിലും ദുരനുഭവം, അതിന്റെ ഇപ്പോഴും പൊള്ളുന്ന ഓർമ?” കൊട്ടാരം ലേഖിക ചോദിച്ചു. കാട്ടിലെ ആശ്രമം. വേവുന്ന വേനൽ.

“ഒരു രാത്രി, ഭക്ഷണത്തിനു രുചി പോരെന്നു പറഞ്ഞു അവർ അക്ഷയപാത്രം വലിച്ചെറിഞ്ഞു എഴുന്നേറ്റു, ആകെയുള്ള വെളിച്ചവും എടുത്തു എന്തോ നിശ്ചയിട്ടെന്ന പോലെ പുറത്തേക്കു ചാടി. രാത്രി മുഴുവൻ ഞാൻ ഈ മുറിയിൽ ഇരുട്ടിൽ നിന്നു. രാവിലെ മടങ്ങി വരുമ്പോൾ അവർ ദേഹമിളക്കി അട്ടഹസിക്കുന്നുണ്ടായിരുന്നു. സന്യസ്ഥാശ്രമത്തിലെ പശുവിനെ കവർന്നു ദൂരെ കൊണ്ടുപോയി കഴുത്തറുത്ത് തൊലിയുരിച്ചവർ തീയിൽ ചുട്ടു തിന്നതിന്റെ ബാക്കി, കുടലും തലയും, പശുത്തോലിൽ പൊതിഞ്ഞു കൊണ്ടുവന്നതെന്റെ മുമ്പിൽ എറിഞ്ഞു, “ഒന്ന് തിന്നു കൊഴുക്ക്, ആണുങ്ങളിൽ ആഗ്രഹം ഉണർത്തുന്ന വിധം കൊഴുക്കട്ടെ ഇനിയെങ്കിലും നിന്റെ ഈ കരിഞ്ഞ വിറകുകൊള്ളി പോലുള്ള മേനി.”

2015/10/07

“സന്യസ്ഥാശ്രമത്തിൽ നിന്ന് മോഷ്ടിച്ച പശുവിനെ ഞങ്ങൾ രഹസ്യമായി കൊന്നു ഇറച്ചി ചുട്ടു തിന്നു എന്ന പാഞ്ചാലിയുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടു. വസ്തുതക്ക് നിരക്കുന്നതല്ല ഊഹാപോഹത്തെ അടിസ്ഥാനമാക്കിയുള്ള ഈ

ആരോപണവും. മുൻപരിചയമുള്ള ചില കാട്ടാളർ വളർത്തുന്ന പോത്തിനെയാണ് ഞങ്ങൾ സമ്മാനമായി സ്വീകരിച്ച് ചുട്ടുതിന്ന് ഇന്നലെ രാത്രി വിശപ്പടക്കിയത്. അക്ഷയപാത്രം ഞങ്ങൾക്ക് അനുവദിക്കുന്ന ഭക്ഷ്യലഭ്യത അത്ര അക്ഷയമൊന്നുമല്ലെന്നു നിങ്ങൾക്ക് ഇതിൽ നിന്ന് തന്നെ വായിച്ചെടുക്കാമല്ലോ." പാണ്ഡവ വക്താവ് ഹസ്തിനപുരി പത്രികക്ക് നൽകിയ ഈ വിശദീകരണത്തോടെ മാംസവിവാദം അവസാനിച്ചതായി നകുലൻ അറിയിച്ചു.

2015/10/08

"പതിവായി നിങ്ങൾ വനാശ്രമത്തിൽ പോയി പാഞ്ചാലിയെ അഭിമുഖം ചെയ്തു വരുന്നതായിഭരണകൂടത്തിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. എങ്ങനെ വിലയിരുത്തുന്നു അവരുടെ അടിമജീവിതം?" ദുര്യോധനൻ കൊട്ടാരം ലേഖികയെ ചക്രവർത്തിയുടെ കാര്യാലയത്തിൽ വിസ്തരിച്ചു.

"നരകയാതന. നിത്യവും സന്യസ്ഥാശ്രമങ്ങളിൽ നിന്ന് തലച്ചുമടായി ജൈവ വിസർജ്യങ്ങൾ ദൂരെ കൊണ്ടുപോയി കുഴിവെട്ടി സംസ്കരിച്ചു, പാഞ്ചാലപുത്രി ഇന്ന് കണ്ടാൽ ശരിക്കും ഒരു മലിനവസ്തു ആയി", കൊട്ടാരം ലേഖിക മുട്ടുകുത്തി യാചനാ ഭാവതിൽ കൈ കൂപ്പി, "അവൾക്കു മോചനം കൊടുക്കൂ".

"വ്യവസ്ഥാപിത അടിമവ്യവഹാര നിയമത്തിന്റെ അന്തഃസത്തയെ അധിക്ഷേപിക്കുന്ന അഭിമുഖങ്ങൾ അരുത്. ഉണ്ടായാൽ, ഇനിയൊരു താക്കീതിനു സാധ്യത ഇല്ലാതെ ഹസ്തിനപുരി കൊട്ടാരത്തിലെ അന്തഃപുരങ്ങളിൽ നിന്ന് മാലിന്യം നീക്കുന്ന പണി നിന്നെ എല്പിക്കും."

2015/10/09

"ഗുരുനിന്ദ അരുതെന്നറിയാം, എങ്കിലും ചോദിക്കട്ടെ, അഭിവന്ദ്യ ദ്രോണാചാര്യനുമായി എങ്ങനെ ആയിരുന്നു നിങ്ങളുടെ ഗുരുശിഷ്യ പാരസ്പര്യം", കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ ഭൂതകാലം ചികഞ്ഞു ഭീമനെ സമീപിച്ചു.

"കാട്ടിൽ നിന്ന് കൌമാരത്തിൽ രാജവിധവ കുന്തിയുമൊത്ത് ഹസ്തിനപുരിയിൽ അഭയാർഥികളായി ഞങ്ങൾ വരുമ്പോൾ നൂറു കൗരവരും കൂടി ആധിപത്യം സ്ഥാപിക്കാത്ത ഇടമില്ലായിരുന്നു. ദ്രോണർ പെട്ടെന്ന് കാര്യങ്ങൾ ഗ്രഹിച്ചു കൗരവപക്ഷം ചേർന്ന് കൊട്ടാരസമുച്ചയത്തിൽ അരമന പോലൊരു വസതി തട്ടിയെടുത്തു. ഞങ്ങൾ പാണ്ഡവർ കാട്ടുമൃഗങ്ങളുടെ ചോര കുടിക്കുമെന്നൊക്കെ കൌരവർ പൊലിപ്പിച്ചിരുന്നത് ദ്രോണർ മുഖവിലക്കെടുത്ത് ഏകലവ്യനോടെന്ന പോലെയൊക്കെ ഞങ്ങളുടെ തള്ളവിരലും നാളെ മുറിച്ചു മേടിക്കുമെന്നായപ്പോൾ, രണ്ടും കല്പിച്ചു ഒരുനാൾ ദ്രോണന്റെ ചെവിയിൽ യുധിഷ്ഠിരന്റെ ജനനരഹസ്യം ഞാൻ പറഞ്ഞു. കാലന്റെ സന്തതിയാണെന്നറിഞ്ഞപ്പോൾ കാണണമായിരുന്നു ആ ബ്രാഹ്മണന്റെ മുഖം. പെട്ടെന്ന് കഥ മാറി. കണ്ടാൽ പുഞ്ചിരിയും ആലിംഗനവും പാരസ്പര്യവുമായി."

2015/10/10

"ഇക്കണ്ട ദൂരമൊക്കെ പിതാമഹൻ സൈന്യം നയിച്ച് വിരാടത്തിൽ പോയി ഗോസമ്പത്ത് തട്ടിയെടുക്കാൻ മാത്രം പാൽക്ഷാമം ഹസ്തിനപുരിയിൽ ഉണ്ടോ?" കൊട്ടാരം ലേഖിക ചിന്താക്കുഴപ്പത്തിലായി.

"മഹായുദ്ധമല്ലേ വരുന്നത്? ശത്രുക്കൾക്ക് നേരെ ഉന്നം തെറ്റാതെ കുന്തം എറിയേണ്ട കൗരവപോരാളികൾ കഴിക്കേണ്ടത് വെള്ളം ചേർത്ത പാലോ അതോ, പൊരിച്ച മാട്ടിറച്ചിയോ?" കന്നുകാലിക്കു വേണ്ടിയുള്ള ധർമയുദ്ധത്തിൽ തോൽവി അറിഞ്ഞിട്ടും, ഭീഷ്മർ ആക്രമണത്തിന്റെ പോഷകാഹാര പ്രശ്നം സജീവമായി നില നിർത്തി.

2015/10/11

"സർപ്പയജ്ഞം കഴിഞ്ഞ്, മഹാഭാരതകഥയാകെ, ശന്തനു മുതൽ വാനപ്രസ്ഥം വരെ ഗുരുമുഖത്തുനിന്ന് കേട്ട്, ഹസ്തിനപുരി സിംഹാസനത്തിലേക്ക് കുതിക്കുന്ന താങ്കൾക്കിപ്പോൾ, ഭരണനിർവഹണത്തിന് ഒരുത്തമ മാതൃകയായി പഞ്ച പാണ്ഡവരിൽ ആരെയാണ് പെട്ടെന്നോർമ്മിക്കാനാവുക?" കൊട്ടാരം ലേഖിക ചോദിച്ചു.

"പ്രകൃതിദത്തമായ ആ കോമള മുഖംമൂടി, ഗാന്ധാരിയുടെ കൃത്രിമ കൺകെട്ട് പോലെ, ജീവിതം മുഴുവൻ അഴിക്കാതെ, പരസ്യജീവിതം നയിച്ച യുധിഷ്ഠിരൻ തന്നെയാണെന്റെ മാതൃകാ പുരുഷൻ", കൊട്ടാര ഉപചാപങ്ങൾക്കൊരു കൗരവ ശത്രുനിരയില്ലാതെയും വെറുതെ പരിഭ്രമത്തോടെ കാൽ മുന്നോട്ടു വച്ച് ജനമേജയൻ ലേഖികയുടെ മുഖത്ത് നോക്കാതെ പറഞ്ഞു.

2015/10/12

"രാജ്യം ഭരിക്കുന്ന കൌരവരോട് നിങ്ങൾക്കെന്തോ നീരസമുണ്ടെന്നു തോന്നും കുരുവംശം ഭാഗം വക്കുന്നതിനെക്കുറിച്ച് 'ഹസ്തിനപുരി പത്രിക' പ്രചരിപ്പിക്കുന്ന ഐതിഹ്യങ്ങൾ കേട്ടാൽ", പ്രതിരോധ മന്ത്രാലയത്തിൽ വച്ച് ഒരഭിമുഖത്തിൽ കൊട്ടാരം ലേഖികയോട് ദുര്യോധനൻ.

"സൂചി കുത്താൻ ഇടം എന്ന ആ കുപ്രസിദ്ധ പദപ്രയോഗം നടത്തിയത് ഞാനല്ല, വിലപേശലിനു വന്ന പാണ്ഡവ പ്രതിനിധിയാണ്. ഒത്തുതീർപ്പിന് നിർദേശങ്ങൾ ഇരുഭാഗങ്ങളും വയ്ക്കുന്ന കൂട്ടത്തിൽ, ഒരിളമുറ കൌരവൻ ശിശുസഹജമായ നിഷ്കളങ്കതയോടെ ചോദിച്ചു, തർക്കവ്യക്തി പാഞ്ചാലിക്കെന്തുകൊണ്ട് പ്രശ്നപരിഹാരത്തിനായി ജലസമാധി സ്വീകരിച്ചു കൂടാ? കൗരവർക്കു ചേരാത്ത വിധം സ്ത്രീവിരുദ്ധമാണ് ഈ കാഴ്ചപ്പാട് എന്ന് ഞാൻ അവനെ സ്നേഹപൂർവ്വം ശാസിക്കും മുമ്പ് തന്നെ ചാടിയെണീറ്റ പാണ്ഡവപ്രതിനിധി വിരൽ ഞങ്ങൾക്ക് നേരെ ചൂണ്ടി രോഷത്തിൽ പാഞ്ചാലിയെ കൗരവരാജസഭയിൽ നിർല്ലജ്ജം പ്രതിരോധിക്കുന്നത് അതിരുവിട്ടപ്പോൾ ഞാൻ തടഞ്ഞു. തടഞ്ഞതിൽ കയറിപ്പിടിച്ച് പ്രകോപനപരമായി മായിക പ്രദർശനത്തിനു മുതിർന്നു. വിശ്വരൂപമൊക്കെ ഗോകുലത്തിൽ മതി, ഹസ്തിനപുരിയിൽ വേണ്ട സുഹൃത്തേ എന്ന് പുഞ്ചിരിയോടെ പറഞ്ഞപ്പോൾ, നയതന്ത്രവിദഗ്ദന് ചേരാത്ത പരുക്കൻ ഭാഷയിൽ "സൂചി കുത്താൻ ഇടം" എന്ന കുത്സിത പദപ്രയൊഗവുമായി യാത്ര പറയാതെ പടിയിറങ്ങി.

"എനിക്കൽപ്പം തിരക്കുണ്ട്, ആക്രമണത്തിന് വരുന്ന പാണ്ഡവരെ നേരിടാൻ കുരുക്ഷേത്രം യുദ്ധസജ്ജമാക്കണം, അവിടെ കുത്തേണ്ടത് സൂചി മാത്രമല്ല കുന്തവും കൂടിയാണ്. കൂടെ പോരുന്നോ?"

യുദ്ധമേഘങ്ങൾ പടിഞ്ഞാറൻ ആകാശത്തിൽ ചുവന്നു തുടുക്കുന്നു. വേണ്ടി വന്നാൽ ദുര്യോധനൻ ദ്വാരകയിലും പോവും സൈനിക സഹായം തേടി.

2015/10/13

"ഇന്നലെവരെ ചാർവാകൻ കൗരവർക്കും പാണ്ഡവർക്കും നല്ലപിള്ളയായിരുന്നു. ഹസ്തിനപുരിക്കും വേണം ജനാധിപത്യ ഭരണകൂടം എന്ന് കരുതി പൊതുസമ്മേളനങ്ങൾ നഗരത്തിൽ ശക്തമാക്കാൻ ഇറങ്ങിയപ്പോൾ ഞാൻ കൊള്ളാത്തവനായി. ജനാധിപത്യത്തിൽ കളി വേറെയായിരിക്കും, ഇനി തങ്ങളുടെ താളത്തിനൊത്ത് തുള്ളാൻ ചാർവാകനെ കിട്ടില്ലെന്നുറപ്പായപ്പോൾ, എന്നെ കള്ളനും കൊലപാതകിയുമാക്കാനായി നവഭരണകൂടശ്രമം. രാജവാഴ്ച ചോര വീഴാതെ ഞാൻ ഇന്നല്ലെങ്കിൽ നാളെ അവസാനിപ്പിക്കും, യുക്തിബോധം ജനങ്ങളിൽ നിത്യവും വളർത്തും, ദുരിതമനുഭവിക്കുന്ന വെള്ളം കോരികളും വിറകു വെട്ടികളും നാളെ രാജസഭയിൽ ചെങ്കോൽ പിടിക്കും", വിശന്നു വലഞ്ഞു ശ്വാസം മുട്ടുന്നതിനിടെ ചാർവാകൻ വിക്കി വിക്കി പറഞ്ഞു തീരും മുമ്പ് നകുലന്റെ കയർകുരുക്ക് അയാളുടെ അരക്കെട്ടിൽ കൃത്യമായി കുടുക്കി വീണു, പൊടി പൊങ്ങുന്ന ചൂടിൽ പൊതു നിരത്തിലൂടെ ദരിദ്ര-ബ്രാഹ്മണ യുക്തിവാദിയേയും വലിച്ചു ആ ഇളമുറ പാണ്ഡവ ചാരവകുപ്പ മേധാവി ധിക്കാരത്തോടെ നീങ്ങുന്നത് ഞാൻ നിസ്സഹായമായി നോക്കി നിൽക്കുന്നു.

2015/10/14

"ഇതെന്താണ് യുധിഷ്ഠിരന്റെ ശിരസ്സിൽ?" വനാശ്രമവസതിയിൽ എത്തിയ ഉടൻ പാഞ്ചാലിയെ ആശങ്കയോടെ കൊട്ടാരം ലേഖിക നേരിട്ടു.

"ഇപ്പോൾ അടിമ എന്ന നിലയിൽ ആണെങ്കിലും, പഴയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ രാജശിരസ്സ് കാട്ടിൽ അങ്ങനെ നഗ്നമായിക്കൂട എന്ന് ഉടയോൻ ദുര്യോധനൻ ഇന്നലെ സന്ദേശവാഹകൻ വഴി അറിയിച്ചപ്പോൾ ഞങ്ങൾ ഉടൻ ഒരുക്കിയ മുൾക്കിരീടം", പാഞ്ചാലിയും മറ്റു നാല് ഭർത്താക്കന്മാരും കൊട്ടാരം ലേഖികയുടെ കണ്ണുകളിലേക്ക് നോക്കി.

"പാഞ്ചാലിക്ക് നേരെ നടപടിക്രമമനുസരിച്ചുള്ള വസ്ത്രാക്ഷേപത്തിനു തയ്യാറെടുക്കയായിരുന്ന കൌരവർക്കു നേരെ രാജസഭയിൽ അലറുകയും കയ്യോങ്ങുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കയും ചെയ്ത ഭീമനെ അവസാനം കർണ്ണൻ നിശബ്ദമായി തളച്ചു. നാഗവിഷത്തിൽ മുക്കിയ സൂചി ഭീമന്റെ നഗ്നതുടയിൽ കുത്തിയാണ് സൂതപുത്രൻ ഭീമനെ മോഹാലസ്യപ്പെടുത്തിയതെന്ന നകുലന്റെ ആരോപണം അർഹിക്കുന്ന അവജ്ഞയോടെ തള്ളുന്നു എന്ന് ചക്രവർത്തി ധൃതരാഷ്ട്രർ പറഞ്ഞതോടെ പാണ്ഡവർ അഞ്ചു പേരുടെയും വായിൽ സൈനികർ പഴംതുണി തിരുകി, കൈകൾ പിന്നിൽ വലിച്ചു കെട്ടി, നിലത്തു കുന്തിച്ചിരിക്കാൻ ശിരസ്സിൽ കൈ അമർത്തി ആജ്ഞാപിച്ചു. വസ്ത്രാക്ഷേപം സുഗമമായി തുടർന്നു."

"ഇതാണോ ഇന്നത്തെ വാർത്ത? ഇതിൽ പ്രതിരോധത്തിന്റെ ഭാഷ എവിടെ? ഇതിൽ കാണുന്നത് പ്രോൽസാഹനമല്ലേ? ' ഹസ്തിനപുരി പത്രിക' മേധാവി പ്രതിഷേധത്തോടെ ചോദിച്ചു.

"സാഹചര്യം മാറിയാൽ പിന്നെ തൂലികയുടെ മനോഭാവം മാറണ്ടേ?" കൊട്ടാരം ലേഖിക പൊട്ടിച്ചിരിച്ചു.

"ഇതെന്തു പറ്റി, ഓരോ അഭിമുഖത്തിലും പാഞ്ചാലി നിങ്ങളഞ്ചു പേരുടെ തലയിലും ഒഴിക്കുന്നത് കരിമഷിയാണ ല്ലോ", കൊട്ടാരം ലേഖിക അനുതപിച്ചു.

"ഇടക്കൊന്നു രണ്ടും കൽപ്പിച്ചു കൊമ്പു കോർത്തു. ഉടനവൾ തന്തക്കു പറഞ്ഞു, അല്ല, തള്ളക്കു പറഞ്ഞു. കുന്തിയും മാദ്രിയും ആസ്വദിച്ചപോലെ ഭർത്താവിനെ സാക്ഷിയാക്കി അവിഹിതരതി ആവർത്തിക്കുന്ന രീതിയല്ല യാഗാഗ്നിയിൽ നിന്ന് പിറന്ന തനിക്കു എന്നവൾ. എന്റെ നാവു പൊള്ളി.", വിതുമ്പുന്ന പോലെ ഇളമുറ പാണ്ഡവൻ നകുലൻ പുഞ്ചിരിച്ചു.

"അഭിമുഖത്തിനു ഇവിടെ വരുമ്പോഴൊക്കെ വിചാരിക്കും നിങ്ങളോടെന്തെങ്കിലും ഒക്കെ മിണ്ടിപ്പറയണമെന്നു. പാഞ്ചാലിയുമായുള്ള സഹവർത്തിത്വമൊക്കെ എങ്ങനെ? സമരസത്തിലല്ലേ", കൊട്ടാരം ലേഖിക കെട്ടിപ്പൊക്കിയ സൗഹൃദം ആഘോഷിക്കുന്ന പോലെ ഉച്ചത്തിൽ സഹദേവനോട് ചോദിച്ചു.

"എന്റെ ജന്മം അവൾ പാഴാക്കി", നാല് വാക്കുകളിൽ അയാൾ എല്ലാം ഒതുക്കി.

2015/10/15

"ആരും തിരിഞ്ഞു നോക്കാൻ ഇല്ലാതെ, വിജനവഴിയിൽ കുഴഞ്ഞു വീഴുന്ന ഈ മരണമാണോ ഒരിതിഹാസകഥാപാത്രമാവാൻ നിയോഗമുള്ള നിങ്ങൾക്ക് പ്രകൃതി തന്നത്?" അവശയായിരുന്ന പാഞ്ചാലിയെ പിടിച്ചിരുത്തി കൊട്ടാരം ലേഖിക വായിൽ ഒരിറ്റു വെള്ളം ഒഴിച്ചു കൊടുത്തു.

"ഞാൻ തളർന്നു വീഴുമ്പോൾ തിരിഞ്ഞു നോക്കാതെ അവർ അഞ്ചു പേരും കാൽ മുന്നോട്ടു വച്ചതാണെന്റെ കൊച്ചു വിജയം. ആദ്യരാത്രിയിൽ എന്ന പോലെ, ഈ അന്ത്യനിമിഷത്തിലും ആ പത്തു തുറിച്ച കണ്ണുകൾ എന്റെ മുഖത്ത് വീഴുമെന്ന പേടിസ്വപ്നം ഒഴിഞ്ഞു പോയില്ലേ", ഒരിക്കൽ കൂടി പാഞ്ചാലി ജേതാവിനെ പോലെ പുഞ്ചിരിച്ചു.

2015/10/16

"പൌരസ്വീകരണത്തിനു അരങ്ങേറ്റമൈതാനത്ത് വന്ന നിയുക്ത ചക്രവർത്തി യുധിഷ്ഠിരന്റെ കാൽകഴുകൽ ശുശ്രൂഷ മുതിർന്ന ഒരു കൗരവരാജവിധവയെക്കൊണ്ട് പാണ്ഡവർ ചെയ്യിച്ചു എന്ന് പറഞ്ഞു കുരുക്ഷേത്രവിധവകൾ രാജധാനിക്കു മുമ്പിൽ നടത്തിയ പ്രതിഷേധയോഗത്തിൽ പാഞ്ചാലി പങ്കെടുത്തത് വിവാദ മായല്ലൊ, എങ്ങനെ പ്രതികരിക്കുന്നു?" കൊട്ടാരം ലേഖിക നവരാത്രി ആഘോഷത്തിന്റെ തയ്യാറെടുപ്പിൽ തിരക്കിലായിരുന്ന ഭരണകൂട ഔദ്യോഗികവക്താവിനെ എങ്ങനെയോ നേരിട്ടു.

“ജനാധിപത്യം കുരുവംശത്തിൽ ഞങ്ങൾ എത്ര വേഗം പുനഃസ്ഥാപിച്ചു എന്ന് ഇനിയെങ്കിലും ഹസ്തിനപുരി പത്രിക അംഗീകരിക്കില്ലേ? ചക്രവർത്തി വേറെ ചക്ര വർത്തിനി വേറെ”, വക്താവ് നകുലൻ ഇരു കൈപ്പത്തികളും വിസ്തരിച്ചുയർത്തി നാ ടകീയമായി പ്രതികരിച്ചു.

“വനവാസത്തിനു നിങ്ങളെല്ലാരും വന്നിട്ടിപ്പോൾ കൊല്ലം പത്തുപതിനൊന്നാ യില്ലേ. ഇന്ദ്രപ്രസ്ഥത്തിൽ നിങ്ങൾ ചക്രവർത്തിനിയായിരുന്നപ്പോൾ പാണ്ഡവർ ക്ക് നിങ്ങളിൽ ഉണ്ടായി എന്ന് പറയപ്പെടുന്ന ആ അഞ്ചു ആൺ കുട്ടികൾ, പാഞ്ചാ ലത്തു് നിന്നവരിനിയും നിങ്ങളെ കാണാൻ ഒന്ന് വന്നില്ലേ?”

“വിരുന്നിനു അവരെ ഞാൻ ക്ഷണിച്ചാലും, വിളമ്പാനും കഴുകാനും ഞാൻ തന്നെ വേണ്ടേ”, പുറത്തു തണലിൽ ചമ്രം പടിഞ്ഞിരുന്നു യുദ്ധകഥകൾ പറഞ്ഞു രസിക്കുന്ന പാണ്ഡവരെ നോക്കി നിരുത്സാഹം നിറഞ്ഞ ശബ്ദത്തിൽ പാഞ്ചാലി പറഞ്ഞു.

2015/10/17

“അയൽപ്പക്കത്തെ സന്യസ്ഥാശ്രമങ്ങളിലെ സമർപ്പിതജീവിതങ്ങളെ നിങ്ങൾ ചെന്ന് മഹത്വപ്പെടുത്താറില്ലേ?” കൊട്ടാരം ലേഖിക വിരൽ ചൂണ്ടി ശ്രദ്ധയാകർഷി ച്ചു യുധിഷ്ഠിരനോട് വിരക്തിയോടെ ചോദിച്ചു.

“പരിണയകാലത്തെ ആ പഴയ കഥ ചികഞ്ഞെടുത്തു പാഞ്ചാലി എന്നെ ഒരു ദിവസം കുടഞ്ഞപ്പോൾ ഞാൻ പതിവുപോലെ കാര്യക്ഷമമായി തലതാഴ്ത്തി മൌനം പാലിച്ചു. ഇടിവെട്ട് നീങ്ങിയപ്പോൾ പരുങ്ങിയും പതുങ്ങിയും പുറത്തേക്കിറങ്ങി. വേ ലിയോട്ട് ചേർന്ന മരത്തിനു പിന്നിൽ അതാ കോമളരൂപനായ സന്യാസി കണ്ണട ച്ച് ചെവിയോർക്കുന്നു.എന്നെ കണ്ടപ്പോൾ,“അപ്പോൾ പൂർവാശ്രമം അങ്ങനെയാ ണല്ലെ” എന്ന് പിറുപിറുത്തു കടന്നു പോയതാണ്, പിന്നെ മിണ്ടാട്ടം ഉണ്ടായില്ല”, യുധിഷ്ഠിരൻ മുഷിഞ്ഞ ഉടുതുണി അഴിച്ചു ആഞ്ഞു കുടഞ്ഞു.

2015/10/18

“ആശ്രമമൃഗത്തെ നിങ്ങൾ കട്ട്, കൊന്നു ചുട്ടു തിന്നു എന്നാണു കൌരവർ ആരോപിക്കുന്നത്. ചാരസന്ദേശമാണ് ആധാരം, നേർ സാക്ഷി മൊഴിയല്ല, എങ്കി ലും നിങ്ങളുടെ വിശദീകരണം തൃപ്തികരമല്ലെങ്കിൽ ശിക്ഷാകാലാവധി ഇരട്ടിക്കും”, എങ്ങനെ പ്രതികരിക്കുന്നു എന്ന് കൊട്ടാരം ലേഖികക്ക് ചോദിക്കേണ്ടി വന്നില്ല.

“കൊഴുത്ത നാൽക്കാലികൾ തൊഴുത്തിൽ ‘എന്നെ കൊല്ലൂ, മാംസം മുളക് പുര ട്ടി ചുട്ടു തിന്നൂ’ എന്ന് വെല്ലുവിളിക്കുന്നതായി ഒരു സന്യസ്ഥൻ സങ്കടം പറഞ്ഞു. ഒരു ദശാബ്ദം ഇന്ദ്രപ്രസ്ഥം ചക്രവർത്തി ആയി നാട്ട് വാണ എനിക്ക് അയൽക്കാരൻ സന്യാസിയുടെ ഭീതി മാറ്റാൻ ഉൾവിളി ഉണ്ടായി”, യുധിഷ്ഠിരൻ തോലിൽ പൊതി ഞ്ഞ മൃഗാവഷിഷ്ടങ്ങൾ പാഞ്ചാലിക്കു തലച്ചുമടാക്കി വച്ച് കൊടുത്തു കൈകൾ ചോ ലയിൽ ശ്രദ്ധാപൂർവ്വം കഴുകി.

2015/10/19

“പാണ്ഡവർ ബലപ്രയോഗത്തിലൂടെ അധികാരം തട്ടിയെടുത്തു എന്ന രീതിയിൽ ‘ഹസ്തിനപുരി പത്രിക’യിൽ വരുന്ന വാർത്ത നിറം പിടിപ്പിച്ച നുണ മാത്രമാണെന്ന് യുധിഷ്ഠിരൻ.  പിന്നെ സ്വർണതളികയിൽ ചെങ്കോൽ സമ്മാനിക്കയായിരുന്നോ?” കൊട്ടാരം ലേഖിക ചൊടിച്ചു.

“ഹിമാലയത്തിനു പുറത്തു, കിഴക്കൻ പുരാതന സംസ്കാരത്തിൽ നിന്ന് ചുരം കടന്നു ഗംഗാതടത്തിൽ വന്ന ഒരു സംഘം മഞ്ഞയാത്രികർക്ക് നൽകിയ പൌരസ്വീകരണത്തിൽ വന്ന ചക്രവർത്തിയുടെ പ്രസ്താവന നിങ്ങൾ പതിവുപോലെ സന്ദർഭം പറയാതെ കുഴച്ചു മറിച്ചു അല്ലെ?  സന്ദർശകർ ഞങ്ങളോട് യോഗത്തിൽ ചോദിച്ചു, ഹസ്തിനപുരിയിൽ മഹായുദ്ധത്തിന്റെ നാശനഷ്ടങ്ങൾ ഒന്നും കാണുന്നില്ലല്ലോ. യുദ്ധം ദൂരെ ദൂരെ കുരുക്ഷേത്രയിൽ ആക്കിയതിന്റെ പ്രയോജനം അല്ലെ എന്ന് തിരിച്ചു ചോദിച്ചു, ഞങ്ങൾ ഹസ്തിനപുരി ആക്രമിക്കാഞ്ഞത് ദൗർബല്യമല്ല, തീരുമാനമായിരുന്നു.”

“പുറത്തു ചാടാനാവാതെ ചക്രവ്യൂഹത്തിൽ കുടുങ്ങിയ അഭിമന്യുവിനെ വട്ടംചുറ്റി പീഡിപ്പിച്ചു സന്ധ്യക്ക് പിരിയും മുമ്പ് മാത്രം ചവിട്ടി കൊല്ലാമെന്നു കരുതിയ കൌരവരുടെ ഹീന നീക്കത്തെ കടപുഴക്കിയാണ് എത്രയും വേഗം താൻ വാൾ ആ കൗമാര പോരാളിയുടെ ഇടനെഞ്ചിൽ ഇറക്കി അതിവേഗം പ്രാണനെടുത്തത് എന്ന് കർണൻ മരിക്കും മുമ്പ് അർജ്ജുനനനോട് എറ്റു പറഞ്ഞു എന്ന് പാളയത്തിൽ കേട്ടല്ലോ.  എന്ത് തോന്നി ആ വിശ്വസ്തസുഹൃത്തിന്റെ അന്ത്യമൊഴി കേട്ടപ്പോൾ?” ഭീമപ്രഹരത്തിൽ തുടയെല്ല് പൊട്ടി ചളിയിൽ പുതഞ്ഞു കിടന്ന ദുര്യോധനനോട് യുദ്ധകാര്യലേഖകൻ കപടമായ കാരുണ്യത്തോടെ ചോദിച്ചു.

“ജീവൻ പോവുമ്പോഴെങ്കിലും താൻ സൂതപുത്രനല്ല, മഹാറാണി കുന്തിയുടെ മകനാണ്, ആ വിധം അർജ്ജുനന്റെ ജ്യേഷ്ഠനാണ് എന്ന് കർണൻ മനസ്സിലാക്കി. ചോരക്കു സൌഹൃദത്തെക്കാൾ മൂല്യമുണ്ടെന്നു തെളിയിച്ചു. ഇതിഹാസത്തിൽ ഉത്തമപുരുഷനെന്ന ഇടം നേടാൻ അവനെങ്കിലും അങ്ങനെ സാധിക്കട്ടെ”, മേലാസകലം ചോരയിൽ കുതിർന്ന കൌരവൻ ഒരിറ്റു വെള്ളത്തിന് നാവു പുറത്തിട്ടു കെഞ്ചിയപ്പോൾ തിരക്ക് നടിച്ചു ലേഖകൻ സ്ഥലം വിട്ടു.

“എന്താണ് വായനക്കാർക്ക് സത്യത്തെക്കുറിച്ച് നിങ്ങളുടെ അവസാന സന്ദേശം?” കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്.

“ചൂതുകളിയിൽ സത്യം പറഞ്ഞപ്പോൾ എനിക്ക് ഇന്ദ്രപ്രസ്ഥം നഷ്ടപ്പെട്ടു, കുരുക്ഷേത്രത്തിൽ അർദ്ധസത്യം പറഞ്ഞപ്പോൾ യുദ്ധം ജയിച്ചു ഇതാ ഇപ്പോൾ പാഞ്ചാലി കുഴഞ്ഞു വീണപ്പോൾ ഞാൻ അസത്യം പറഞ്ഞപ്പോൾ സ്വർഗരാജ്യത്തിലേക്കെന്നെ കൊണ്ടുപോവാൻ ആകാശചാരികൾ കാത്തു നില്ക്കുന്നു.  ബാക്കിയൊക്കെ വരും യുഗങ്ങളിൽ വ്യാസഭാരത കഥയുടെ അപനിർമാണം വഴി നിങ്ങൾ വായിച്ചറിയും.”

2015/10/20

“ഇന്നലെ ഈ സമയത്ത് നിങ്ങൾ ഇന്ദ്രപ്രസ്ഥം ചക്രവർത്തി, ഇന്ന് നിങ്ങൾ കഠിനതടവിനു ശിക്ഷിക്കപ്പെട്ട കൗരവഅടിമ, എങ്ങനെ പ്രതികരിക്കുന്നു?” കൊട്ടാരം ലേഖിക യുധിഷ്ഠിരനെ വഴി തടഞ്ഞു.

“മാളികമുകളും തോളിൽ മാറാപ്പും കാലാതിവർത്തി എന്ന് നിങ്ങൾ ഇപ്പോഴെങ്കിലും തിരിച്ചറിഞ്ഞില്ലെ?” നഗ്നപാദൻ കാലിന്നടിയിൽ നിന്ന് കാരമുള്ള് നീക്കി അനുജന്മാരെയും ഭാര്യയേയും കൂട്ടി കാട്ടിലേക്ക് വലിഞ്ഞു നടന്നു.

“ദാമ്പത്യത്തിൽ വിശ്വസ്തത എന്നൊരു പുതു ആശയം കൗരവരാജവധുക്കൾ ഈയിടെയായി മുന്നോട്ടു വക്കുന്നുണ്ട്. ഹസ്തിനപുരി പോലൊരു യാഥാസ്ഥിതിക സമൂഹത്തിൽ കൌരവരുടെ സജീവ പ്രോൽസാഹനതിലൂടെ അത് പാണ്ഡവരെ ആക്രമിക്കാനും വിലകുറച്ച് കാണാനും സംവാദങ്ങളിൽ വിഷയമാക്കുന്നു. ഇത്തരം സമസ്യകളെ ഒരു പരിഷ്കൃതവനിത എന്ന നിലയിൽ നിങ്ങൾ സ്വജീവിതത്തിൽ എങ്ങനെ കൈകാര്യം ചെയ്യുന്നു?” കൊട്ടാരം ലേഖിക പാഞ്ചാലിയെ നേരിട്ടു.

“ഞാൻ കൃത്യം ഒരാളെ പരിണയിച്ചപ്പോൾ, നാലു പേരെ കൂടെ വെറുതെ കിട്ടി. അവരഞ്ചു പേർക്കും വ്യക്തിഗതവിശ്വസ്തത ഞാൻ ഉറപ്പു കൊടുത്തിട്ടില്ല. അവരുടെ വിവാഹേതര ആനന്ദസ്രോതസ്സുകൾ മലിനപ്പെടുത്താൻ ഞാൻ ശ്രമിക്കാത്തതു പോലെ, അവരും എന്റെ അന്തർമണ്ഡലങ്ങളിൽ അതിക്രമിച്ച കയറാൻ ധൈര്യപ്പെടുകയില്ല എന്നതു മാത്രമാണ് ഞങ്ങളുടെ ദാമ്പത്യത്തിലെ വിശ്വസ്തത”, ദൂരെ ദൂരെ ദ്വാരകയിലെ സുഹൃത്തിനു സന്ദേശം എഴുതി പാഞ്ചാലി പ്രാവിന്റെ കാലിൽ കെട്ടി സ്നേഹപൂർവ്വം യാത്രയാക്കി.

2015/10/21

“സത്യപ്രതിജ്ഞ കഴിഞ്ഞു ചെങ്കോൽ സ്വീകരിച്ച പുതിയ ചക്രവർത്തിയുടെ വായിൽ ഭീമൻ മധുരം വച്ച് കൊടുക്കാൻ തുനിഞ്ഞപ്പോൾ, ചക്രവർത്തിനി ചൂണ്ടുവിരൽ കൊണ്ട് അരുതെന്ന് ആജ്ഞാപിച്ചത് കണ്ട പലരുടെയും നെറ്റി ചുളിഞ്ഞല്ലോ“, കൊട്ടാരം ലേഖിക നവപാണ്ഡവ ഭരണകൂടത്തിന്റെ മുഖ്യവക്താവിനോട് ചോദിച്ചു.”, ഇനി ചുളിവു നീക്കിയാലും, അസന്തുഷ്ടനായി ഭീമൻ വേദിയിൽ നിന്ന് ധൃതിയിൽ ഇറങ്ങിപ്പോയതും ഊഹാ പോഹങ്ങൾക്ക് മരുന്നിട്ടു.”

“അത് വെടിക്കെട്ടോ, അധികാരവടംവലിയോ, ദാമ്പത്യ അസന്തുലനമോ, മധുരപ്രതികാരമോ ആണെന്ന് ഭരണ കൂടം കരുതുന്നില്ല. ഭീമൻ ശരീരശുചിത്വത്തിൽ അശ്രദ്ധ നാണെന്ന് ആരെക്കാളും കൂടുതൽ അറിയുക പാഞ്ചാലി യല്ലേ. അനുസരണയുള്ള ഭർത്താവ് എന്ന നിലയിൽ ഭീമൻ ഇറങ്ങി പോയത് ഇടഞ്ഞിട്ടല്ല, തേച്ചുകുളിക്കാനായിരുന്നില്ലേ?”

“പൊന്നും പട്ടുമല്ല ജന്മദിനത്തിൽ സമ്മാനമായി വേണ്ടത്, ഭർത്താവിനു പ്രവേശനം പരിമിതപ്പെടുത്തുന്ന കിടപ്പറ സ്വന്തമായി വേണം എന്ന ആവശ്യവുമായി കൌരവരാജവധുക്കൾ സമരമുഖത്ത്. പാഞ്ചാലിയാണവരെ പിരികേറ്റിയത് എന്ന് നിങ്ങൾ കരുതുന്നുണ്ടോ? കൊട്ടാരം ലേഖിക ചോദിച്ചു.

“വിരുന്നു വരുന്നവരെ വഴക്കി വീഴ്ത്താൻ ഇന്ദ്രപ്രസ്ഥത്തിൽ രമ്യഹർമ്യങ്ങൾ പണിത പാഞ്ചാലിയുടെ വഴിയമ്പലം പോലെ വലിപ്പമുള്ള കിടപ്പറയിൽ അഞ്ചിലധികം ആണുങ്ങൾ ഇരുപത്തിനാലു് മണിക്കൂറും പരിമിതിയില്ലാതെ കയറിയിറങ്ങുന്നില്ലേ, അതിലും മോശമാണോ ഞങ്ങളുടെ ഭാര്യമാരുടെ സ്വകാര്യത?” ദുര്യോധനൻ കൈവീശി പോകാൻ വഴി തെളിയിച്ചു.

2015/10/22

“ഹസ്തിനപുരിയിൽ നിന്ന് കുരുക്ഷേത്ര യുദ്ധഭൂമിയിലേക്ക് സൈന്യം നയിക്കും മുമ്പ് നിങ്ങൾ അച്ഛനെ കണ്ടു അനുഗ്രഹം വാങ്ങിച്ചില്ലേ?” ഭീമഗദയുടെ മാരക പ്രഹരശേഷിയിൽ തുടയൊടിഞ്ഞു ചളിയിൽ വീണു നിലവിളിക്കുന്ന ദുര്യോധനനോട് പത്രിക ലേഖകൻ അനുഭാവപൂർവം ചോദിച്ചു.

“രണ്ടു പ്രാവശ്യം ആ അന്ധൻ എനിക്ക് ചെങ്കോൽ പ്രലോഭനത്തോടെ നീട്ടി, രണ്ടു പ്രാവശ്യവും കൃത്യസമയത്ത് ചെങ്കോൽ പിൻവലിക്കുന്നത് ഗാന്ധാരി കണ്ടു ചിരിച്ചു. ആയുഷ്കാലം അന്ധത നടിച്ചു നൂറു മക്കളെ നിരന്തരം അവർ കബളിപ്പിച്ചു എന്ന തിരിച്ചറിവോടെ ഞാൻ പടിയിറങ്ങി.”, ദുര്യോധനൻ ഞെരിപൊരി കൊണ്ടു് വേദന സഹിക്കാനാവാതെ വാവിട്ടു ആ വിജന ഭൂമിയിൽ വിലപിച്ചു കൊണ്ടിരുന്നു.

2015/10/23

“ദുര്യോധനൻ കച്ചവടസമൂഹത്തെ ‘പാഠം’ പഠിപ്പിച്ചു” എന്ന് കുതിരപ്പന്തികളിൽ പരാതിയുണ്ടല്ലോ,’ കൊട്ടാരം ലേഖിക വാണിജ്യമന്ത്രാലയ ചുമതല വഹിക്കുന്ന ഇളമുറ കൗരവനെ ചോദ്യംചെയ്തു.

“ഇടനിലക്കാരായി കർഷകരിൽ നിന്ന് ധാന്യങ്ങൾ ചുളുവിലക്ക് കടം പറഞ്ഞു വാങ്ങി, ഒളിപ്പിച്ചുവച്ച് കൃത്രിമക്ഷാമം ഉണ്ടാക്കി, അടിക്കടി വില വർധിപ്പിക്കുന്നവരെ പുലർച്ചയ്ക്ക് പിടികൂടി, അരങ്ങേറ്റഭൂമിയിൽ സിംഹങ്ങൾക്ക് വിട്ടു കൊടുത്തു. കുറെ മാംസം ഇളകി പ്പോയപ്പോൾ, ഒളിപ്പിച്ചധാന്യം മിതവിലക്ക് വിപണിയിൽ ഇറക്കി. ധാന്യവില കുറഞ്ഞു. ഇതൊക്കെ ദുര്യോധനൻ കൊല്ലങ്ങളായി നിശബ്ദം ചെയ്യുന്ന സാമൂഹ്യസേവനമാണ്.”

2015/10/24

“തലയിൽ തുണിയിട്ട് മുഖം മറച്ചു രാത്രിയിൽ സമീപത്തെ സന്യാസി മഠത്തിൽ നിന്ന് മറ്റാരുമറിയാതെ കടത്തി ഈ ശുദ്ധജല ചോലക്കരികിൽ കെട്ടി, കഴുത്തു വെട്ടി തോലുരിച്ചു നിങ്ങൾ ഇറച്ചിയാക്കിയ ഈ കാളക്കുട്ടനെ എന്ത് സ്വാഗതഗീതം പാടിയാണ് പ്രിയപത്നി പാഞ്ചാലിയുടെ അടുത്തേക്ക് അതേ രാത്രിയിൽ തലച്ചുമടായി കൊണ്ടുപോയത്”?, കാഴ്ച കണ്ടു കൊട്ടാരം ലേഖിക ആകെ വിസ്മയത്തിലായിരുന്നു.

“ഗോമാംസത്തെ നാം ആറുപേരും അത്യുത്തമമെന്നു മഹത്വപ്പെടുത്തുക, ഗോമാംസത്താൽ നാം ആറുപേർ എന്നെന്നും ഐക്യപ്പെട്ടുക”, യുധിഷ്ഠിരൻ മുട്ടുകുത്തി ആചാരപദങ്ങൾ അവധാനതയോടെ ഉച്ചരിച്ചു.

2015/10/26

“മിനിഞ്ഞാന്നു രാവിലെ പതിവുപോലെ മാലിന്യസംഭരണത്തിന് ഞാൻ വന്നപ്പോൾ, തൊഴുത്തിൽ മൂന്നു പശുക്കളും ഒരു കാളക്കുട്ടനും ഉണ്ടായിരുന്നു. ഇന്ന് ചാണകം നീക്കാൻ അതിനകത്ത് കയറിയപ്പോൾ, കാളക്കുട്ടനെ കാണാനില്ല”, നിത്യ

പരിചയത്തിന്റെ അയഞ്ഞ സൌഹൃദഭാവത്തിൽ പാഞ്ചാലി വല്ലായ്മയോടെ സന്യസ്ഥാശ്രമ അന്തേവാസിയോടു കാര്യം പറഞ്ഞു. പാണ്ഡവരുടെ വനവാസക്കാലം. കഠിനതടവിന്റെ വ്യാഴവട്ടക്കാലം. പാഞ്ചാലിയുടെ പീഡനകാലം.

“ഓർക്കുന്നു, അക്ഷയപാത്രത്തിലെ സ്ഥിരം ഭക്ഷണലഭ്യതയിൽ പോഷകാഹാരക്കുറവു പ്രകടമായി കണ്ടെത്തിയതുകൊണ്ട് നിങ്ങളുടെ ഭർത്താക്കന്മാർ മിനിഞ്ഞാന്നു രാത്രി ഇവിടെ വന്നു വിലപിച്ച് അനുമതി വാങ്ങി കാളക്കുട്ടനെ കയറഴിച്ചു കൊണ്ടുപോയി. തോലും കൊമ്പും കുറെ എല്ലും അതാ ആ മൂലയിൽ കൂട്ടിയിട്ടുണ്ട്. ജൈവമാലിന്യം കൊണ്ടുപ്പോവുമ്പോൾ അതും നീ കുഴിച്ചു മൂട്ടു, കൗരവചാരന്മാർ ഇന്ന് വരുമ്പോൾ അത് കാണണ്ട.” അന്തേവാസി പ്രഭാതപൂജക്ക് തയ്യാറാവുകയായിരുന്നു.

“പാടുപെട്ടു സംഭരിച്ച മാരകായുധങ്ങൾ പരീക്ഷിച്ചു പരിശീലന കളരിയിൽ തിരയ്ക്കായിരിക്കേണ്ട പാണ്ഡവർ പരസ്പരം പുറം തിരിഞ്ഞിരിക്കുന്നുവോ യുദ്ധമേഘങ്ങൾ നിറഞ്ഞ ഈ ദിവസം?” കൊട്ടാരം ലേഖിക താടിക്ക് കൈവച്ച് ചോദിച്ചു.

“അവരിലൊരാൾ നാളെ പുലർച്ചയോടെ കൗരവ പക്ഷത്തേക്ക് കൂറുമാറുമെന്നു കുതിരപ്പന്തിയിൽ വാർത്തകേട്ടു മുതൽ, അഞ്ചുപേരും പരസ്പരം കണ്ണടച്ച് സംശയിക്കയാണ്”, അക്ഷയപാത്രം ഇല്ലാത്ത ആ ഉപപ്ലവ്യകാലത്തെ പാഞ്ചാലി ഊട്ടുപുരയിൽ പണിയെടുത്തു തളർന്നിരുന്നു.

2015/10/27

“ഇതെന്താ രാജമുദ്രയുള്ള സമ്മാനപ്പെട്ടികൾ വാരിക്കൂട്ടി തീയിടാൻ ശ്രമിക്കുന്നത്?” ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി രോഷം നിയന്ത്രിച്ചു ഭീമനോട് ചോദിച്ചു.

“നിന്റെ ജന്മദിനത്തിനു കൌരവര് കൊടുത്തയച്ച സമ്മാനപ്പെട്ടികൾ യുധിഷ്ഠിരൻ ഒളിപ്പിച്ചിരുന്നു. ‘അതൊന്നും തുറക്കരുത്, അതിനകത്ത് വിഷജീവികളെ കൌരവർ വച്ചിട്ടുണ്ട്’ എന്ന് ഞാൻ ചക്രവർത്തിക്ക് താക്കീത് കൊടുത്തപ്പോൾ, ‘എന്നാൽ നീയതു പാഞ്ചാലി കാണും മുമ്പ് വാരിക്കൂട്ടി തീയിട്ടു’ എന്ന് അയാൾ കല്പിച്ചു.”

2015/10/28

“ഇതെന്താ ഭീമൻ, അക്ഷയപാത്രത്തിൽ നിങ്ങൾ ഇന്ന് കയ്യിട്ടു വാരുമ്പോൾ കിട്ടുന്നത് പതിവ് ധാന്യാഹാരത്തിന് പകരം പൊരിച്ച മൃഗമാംസം?” അഭിനന്ദന സൂചകമായി കൊട്ടാരം ലേഖിക കൈകൾ വിടർത്തി.

“ഹസ്തിനപുരി ഗ്രാമങ്ങളിൽ ധാന്യശേഖരം കുറയുമ്പോൾ അക്ഷയപാത്രഭക്ഷണലഭ്യതയിൽ കാണുന്ന ഒരു പ്രതിഭാസം എന്നതിൽ കവിഞ്ഞൊരു മായികപ്രദർശനം ഭീമൻ നടത്തി എന്ന് നിങ്ങൾ പോയി പ്രചരിപ്പിക്കരുത്. വിത്ത് തിന്നിട്ടും പട്ടിണി മാറാതെ കർഷകർ തൊഴുത്തിൽ കയറി പാൽ ചുരക്കുന്ന മൃഗങ്ങളെ വെട്ടി വേവിക്കുമ്പോൾ ഒരു ഭാഗം സ്വാഭാവികമായി അക്ഷപാത്രത്തിൽ വന്നു ചേരും”, ഇറച്ചി ആർത്തിയോടെ വായിലിട്ടു കണ്ണടച്ച് ചവക്കുന്ന ഭീമന് വേണ്ടി നകുലൻ അക്ഷയപാത്ര മാംസദർശനം ക്ഷമയോടെ വിശദീകരിച്ചു.

2015/10/29

'അക്ഷയപാത്രം തുറന്ന കയ്യിട്ടു വാരിയപ്പോൾ ഇന്നും തടഞ്ഞുവോ പൊരിച്ച മാനിറച്ചി?" കൊട്ടാരം ലേഖിക ഹാർദ്ദമായി പാണ്ഡവരെ അഭിവാദ്യം ചെയ്തു.

"എന്തോ ഒരു പന്തികേട്. ആവേശത്തിൽ ഇന്ന് കയ്യിട്ടപ്പോൾ കിട്ടിയത് ചോരയൊലിക്കുന്ന ഒരു ഭ്രൂണം", നകുലൻ കാളിമ കലർന്ന കണ്ണുകളോടെ അക്ഷയപാത്രം നോക്കി പിറുപിറുത്തു.

"വിവാഹപൂർവകാലത്ത് പതിവായി സുഖചികിത്സക്ക് കൊട്ടാരത്തിൽ വന്നിരുന്ന വൃദ്ധമുനികൾക്ക് അവസരോചിതമായ വ്യക്തിഗതസേവനം ഉപചാരപൂർവ്വം നൽകി, അത്തരം കോപിഷ്ഠ മഹർഷിമാരെ ഉത്തമ രാജ്യതാൽപ്പര്യത്തിൽ പിണക്കാതെ പടിയിറക്കി വിട്ടിരുന്നു എന്നതൊഴിച്ചാൽ, അന്യഗ്രഹജീവികളുമായി രഹസ്യരതിയിൽ അന്നൊരിക്കൽ അമ്മയായി എന്ന ആരോപണം ശുദ്ധ കെട്ടുകഥ മാത്രം എന്ന രോഷത്തോടെയുള്ള നിങ്ങളുടെ വെളിപ്പെടുത്തലിനു പിന്നിലെ ചേതോവികാരം?" കൊട്ടാരം ലേഖികയുടെ ശബ്ദം കടുത്തു, കൈകൾ കുതറി.

"അതിരഥപുത്രൻ കർണനുമായി എന്നെ ജൈവികമായി ബന്ധപ്പെടുത്തി ഹസ്തിനപുരി പത്രികയിൽ പലതവണ കണ്ട ദുസ്സൂചനകൾ കണ്ടില്ലെന്നു നടിക്കണോ പിന്നെ ഞാൻ?" ഹിമാലയൻ വാരണാവതത്തിലെ വനമേഖലയിൽ ഔദ്യോഗികവധുക്കൾ കൂടെ ഇല്ലാത്ത അഞ്ചു ആൺമക്കളുമൊത്ത് വിശ്രമത്തിന് വന്ന പാണ്ഡവമാതാവ് സംസാരിക്കേ കിതച്ചു.

2015/10/31

"എന്ത് പറ്റി മകനെ, കാരണമില്ലാതെ ഗുരുനാഥൻ ശിക്ഷിച്ചുവോ", മകൻ പരീക്ഷിത്തിനെ ചേർത്തുപിടിച്ച് അഭിമന്യുവിന്റെ വിധവ ഉത്തര ചോദിച്ചു.

"നിന്റെ അമ്മ സ്വന്തം കൈ കൊണ്ട് കാളക്കുട്ടനെ കൊന്നു മാംസം വരട്ടി വാഴയിലയിൽ പൊതിഞ്ഞു നിത്യവും നീ എനിക്ക് കൊണ്ടുവന്നില്ലെങ്കിൽ പാമ്പുകടിച്ച് നീ മരിക്കട്ടെ എന്ന് കൃപാചാര്യൻ ഭീഷണിപ്പെടുത്തി അമ്മാ."

ഇന്ദ്രപ്രസ്ഥത്തിൽ പത്ത് വർഷം രാജപദവിയിൽ, അടിമകളായി കാട്ടിൽ പന്ത്രണ്ടു വർഷം, ഒളിവിൽ ഒന്ന്, അങ്ങനെ ഇരുപത്തിമൂന്ന് കൊല്ലം പാണ്ഡവർ ജീവിച്ചത്, കൂടെ നിങ്ങൾ ഇല്ലാതെ എന്ന് ഔദ്യോഗിക രേഖകൾ. എവിടെയായിരുന്നു നിങ്ങൾ അത്രയും നാൾ?" കൊട്ടാരം ലേഖിക മയമില്ലാതെ ചോദ്യം ചെയ്തു.

"ഹസ്തിനപുരം അന്തപുരങ്ങളിൽ തിണ്ണ നിരങ്ങി, എട്ടും പൊട്ടും തിരിയാത്ത കൗരവരാജവിധവൾക്ക് പാണ്ഡവജന്മരഹസ്യങ്ങൾ എരിവും പുളിയുമായി ഇടയ്ക്കിടെ വന്നു വിതരണം ചെയ്യുമ്പോൾ, എവിടെയായിരുന്നു ഒരു വൃദ്ധവിധവ, പുറത്തു പറയാനാവാത്ത ഭൂതകാല രഹസ്യങ്ങളുമായി കഴിഞ്ഞതെന്ന് എങ്ങനെ നിങ്ങളും നിങ്ങളുടെ പൂർവികരും അറിയാനാണ്?" ഗാന്ധാരിയുടെ ഒരു കെട്ട് വിഴുപ്പുമായി കുളത്തിലേക്ക് നടക്കുമ്പോൾ കുന്തി പറഞ്ഞു.

2015/11/01

“കാട്ടിലെ കുട്ടിക്കാലത്തെങ്ങനെയായിരുന്നു അച്ഛൻ? കഥ പറഞ്ഞും കവിത ചൊല്ലിയും, അതോ ശാപം ഫലിക്കുമെന്ന ഭീതിയിൽ ആരോടും മിണ്ടാതെ ഒഴിഞ്ഞു മാറി കഴിഞ്ഞുവോ പാണ്ടു?” കൊട്ടാരം ലേഖിക ചോദിച്ചു.

“ഓരോന്ന് ചോദിച്ച് ഞങ്ങളെ ഇങ്ങനെ പരിഹസിക്കും, കാലന്റെ മകനാണെങ്കിലും യുധിഷ്ഠിരനെന്തൊരു കാപട്യം, വായുവിന്റെ മകനെന്താ ഇത്ര ഭാരിച്ച ശരീരം, ഇന്ദ്രന്റെ മകനായിട്ടും സ്വർഗരാജ്യത്തിൽ നിന്നൊരു സമ്മാനപ്പൊതിയും ഇത് വരെ ദേവദൂതന്മാർ കൊണ്ട് വന്നില്ലല്ലോ, മാദ്രിയാണ് മിടുക്കി ഒരൊറ്റ വരം കൊണ്ടവൾ ഇരട്ട പെറ്റു. വെറും നിലത്തു ചുവരോരം ചേർന്ന് പായിൽ ചുരുണ്ട് കിടന്നയാൾ ഒരു കാളക്കുട്ടനെ കട്ട് ഇറച്ചി വരട്ടി കൊണ്ട് വാ എന്ന് നിലവിളിക്കുന്ന പോലെ ആജ്ഞാപിക്കും, ഞങ്ങൾ ആ രോഗിയുടെ ഗോമാംസദാഹം കണ്ട് പൊട്ടിച്ചിരിക്കും, അന്ന് കൃത്യമായി ഞങ്ങൾക്കറിയില്ല, ഒരിക്കൽ കുരുവംശചക്രവർത്തിയായിരുന്നു ഈ ശാപഗ്രസ്തൻ എന്ന്.”

2015/11/02

“ജീവനെടുക്കുന്ന മുനിശാപത്തിൽ നിന്ന് ഭർത്താവിനെ രക്ഷിക്കാൻ ഉപായമൊന്നും തടഞ്ഞില്ലേ? നവജാതശിശുവിനെ പുലർച്ച ആരോരുമറിയാതെ പുഴയിൽ ഒഴുക്കിയ സാഹസിക വിവാഹപൂർവ ഭൂതകാലം നിങ്ങൾക്കുള്ളത് കുതിരപ്പന്തികളിൽ ഇന്നും ഒരു ആവേശമാണ്”, കൊട്ടാരം ലേഖിക രാജമാതാവിനോട് ചോദിച്ചു.

“നിങ്ങൾ സ്ത്രീസംസർഗം ഉപേക്ഷിച്ച് പൊതുതാൽപ്പര്യത്തിൽ രാജ്യം ഭരിക്കൂ, ഞാനും മാദ്രിയും ഞങ്ങളുടെ നാട്ടിൽ ചെന്ന് ആവുന്ന വിധം പുനർവിവാഹം ചെയ്തോളാം എന്ന നിർദേശം കേട്ട ഉടൻ അയാൾ തള്ളി. ഞാൻ ശാപത്താൽ ചത്താലും നിങ്ങൾ വേറെ വിവാഹം കഴിക്കാതെ സതി ചെയ്യണം എന്ന് ആ പുരുഷാധിപത്യ ചിന്ത അന്നേ അയാളിൽ കണ്ടു”, രാജമാതാവ് കുന്തി കുൽസിതമല്ലാതെ ഒരു രാജകീയ പൊട്ടിച്ചിരിയോടെ ദാമ്പത്യത്തിലെ ആ വിദൂര ഓർമ പങ്കിട്ടു.

2015/11/03

“കുളിച്ചു, മുടി ഉണങ്ങിയാൽ പരസഹായം കൂടാതെ കിരീടം വയ്ക്കുന്ന അന്ധധൃതരാഷ്ട്രരെ പോലെ അഴിച്ചും വച്ചും കളിക്കയാണോ കണ്ണ് മൂടുന്ന ഈ തുണിക്കെട്ട്?” മുട്ട് കുത്തി കൈമുത്തി കൊട്ടാരം ലേഖിക അനുവദനീയ പരിധിക്കപ്പുറത്ത് കൊള്ളിവാക്ക് പറഞ്ഞു.

“കാണേണ്ടാത്തത് കണ്ടില്ലെന്നു നടിക്കാനാണ് എനിക്ക് കൺകെട്ട്. ഒന്ന് പരീക്ഷിച്ചു നോക്കുന്നോ“” കൗരവതലകൾ ഉരുളുന്ന വാർത്ത കേട്ടിട്ടും ഉല്ലാസവതിയായിരുന്ന ഗാന്ധാരപുത്രി.

“തുടയിൽ അടിച്ച് തന്നെ അർദ്ധസഹോദരനെ കൊല്ലണോ, കുടുംബസ്വത്തിൽ ഓഹരി നേടാൻ?” ചളിയിൽ പുതഞ്ഞു വാവിട്ടു നിലവിളിക്കുന്ന ദുര്യോധനനെ നോക്കി പാണ്ഡവ മാതാവ് മകനോട് പരിതപിച്ചു.

"അങ്ങനെ എനിക്ക് നിർബന്ധമൊന്നും ഉണ്ടായിരുന്നില്ല. ഗാന്ധാരി അനുഗ്രഹിച്ച ദിവ്യബലം ഉള്ളതുകൊണ്ട് ഭീമഗദാപ്രഹരം മാരകമാവില്ലെന്നവൻ പരസ്യമായി വെല്ലുവിളിച്ചാൽ പിന്നെ ഞാനെന്തു ചെയ്യും", കൊലയാളി ഭീമൻ കൊച്ചുകുട്ടിയെ പോലെ കൊഞ്ചി.

2015/11/04

"നിങ്ങൾ അല്ലെ മാദ്രിക്ക് പകരം ചിതയിൽ ചാടാൻ യോഗ്യ?, ആ പ്രത്യേകവകാശം പിന്നെ അവർ എങ്ങനെ ശ്മശാനത്തിൽ തട്ടിയെടുത്തു?"

"ചിത ഒഴിവാക്കാൻ ഭൌതികശരീരം കുഴിച്ചിടാം എന്ന രഹസ്യനീക്കത്തിൽ ഞങ്ങൾ രണ്ടു പേരും അതിനു ഇടം നോക്കാൻ ശ്രമിക്കുമ്പോൾ, ഇടിച്ചു കയറി സന്യസ്ഥർ, ഹസ്തിനപുരിയിൽ കൊണ്ടുപോയി കുരുവംശ അന്ത്യവിശ്രമഘട്ടിൽ വേണം ശവത്തിനു തീ കൊളുത്താൻ, ഒപ്പം ചിതയിൽ ചാടാൻ നിങ്ങൾ രണ്ടു പേരും തയ്യാറാവണം എന്ന് വിധിച്ചു. ചിത കത്തിപ്പിടിച്ചപ്പോൾ, എനിക്ക് മരിക്കണ്ട, എനിക്ക് ജീവിക്കണം,കൊല്ലരുതേ എന്ന് നിലവിളിച്ചാണ് മാദ്രി ചിതയിൽ കത്തിയത്. കുട്ടികൾ അഞ്ചു പേരും എന്നെ ഭീതിയിൽ വളഞ്ഞു, അമ്മാ ഞങ്ങളെ ഈ അപരിചിത നഗരത്തിൽ അനാഥരാക്കരുതെ എന്നവർ യാചിക്കുന്നതു കണ്ട വിദുരർ, ഞങ്ങളെ ഉടൻ ഒരു രഥത്തിൽ കയറ്റി അയാളുടെ വസതിയിൽ എത്തിച്ചു", കുന്തി ഇടയ്ക്കിടെ വിതുമ്പി.

2015/11/05

"വിരാടരാജ്യത്തിലെ സൈനികപാളയത്തിൽ നിങ്ങൾ, രഹസ്യ അറയിൽ വരാനിരിക്കുന്ന യുദ്ധം ചർച്ച ചെയ്യുമ്പോൾ, ഇടിച്ചു കയറിയും ഇടപെട്ടും പഴയപോലെ കലിതുള്ളുമോ പ്രിയപത്നി പാഞ്ചാലി?" കൊട്ടാരം ലേഖിക സംശയിച്ചു.

"സൈനികശാസ്ത്രത്തിന്റെ അംഗീകൃതപദാവലിയിൽ ഞങ്ങൾ അന്തരീക്ഷം മറക്കുമ്പോൾ, ഒരുന്മാദിയിനിയെ പോലെ ബഹളം വച്ച് അതിക്രമിച്ചു കയറി ആ നീണ്ട മുടിയാകെയൊന്നു ഞങ്ങളുടെ അഞ്ചുപേരുടെ മുഖമടച്ചു പ്രതീകാൽമകമായി വീശും. അതോടെ പത്തു പാണ്ഡവ കൈകൾ കൌരവരക്തത്തിനായി പരസ്പരം കീറും, ഇന്ന് കൂടെ കിടക്കാൻ ഊഴം ഇവനാണ് എന്ന് പറഞ്ഞവൾ ഞങ്ങളിൽ നിന്ന് ഒരാളെ കൂട്ടി അപ്പോൾ ശാന്തയായി കിടപ്പറയിലേക്ക് പോവും."

"ഏതു തിരക്ക് പിടിച്ച കൂട്ടുകുടുംബ ആവാസവ്യവസ്ഥയിലും കാണാം ഒരു സ്വതന്ത്ര വനിതക്ക്, ആരും അതിക്രമിച്ചു കയറാൻ ധൈര്യം വരാത്ത ഏകാന്തനിമിഷങ്ങൾ, ഇടം. അത്തരം ഏകാന്തനിമിഷങ്ങളിൽ പാഞ്ചാലി പാടുമോ, വായിക്കുമോ, എഴുതുമോ, അതോ സ്വയം സംസാരിക്കുമോ?" കൊട്ടാരം ലേഖിക ഇളമുറ രാജകുമാരൻ നകുലനോട് ചോദിച്ചു. യുദ്ധാനന്തര യുധിഷ്ഠിരഭരണകാലം, അന്തരീക്ഷത്തിൽ തണുപ്പ് കലർന്ന ശരത്കാലത്തിന്റെ അവസാനം.

"ഒരിക്കൽ രണ്ടും കല്പിച്ചു ഞാൻ ഒരു ചാരനെ പോലെ പതുങ്ങി പാഞ്ചാലിക്കു പിന്നിൽ ചെന്ന് അവൾ എന്താണ് ഇത്തവണ പതുക്കെ പാടുന്നത് എന്ന് ചെകിടോർത്തു. കേട്ടപ്പോൾ, ഞെട്ടി പിന്തിരിഞ്ഞു. പിന്നെ ഞാൻ ആ ഏകാന്തതയിൽ കയറി ചെന്നിട്ടില്ല."

“അല്ല, എന്തായിരുന്ന ആ കുഴപ്പം പിടിച്ച പാടൽ?”

“സ്വാഗതം കൃഷ്ണാ ശരണാഗതം കൃഷ്ണാ” അവൾ ദൂരെ പടിഞ്ഞാറ് കടലോര ദ്വാരകയിലേക്ക് നോക്കി പരിസരം മറന്ന പാടുകയാണ്.

2015/11/06

“ഇരുവശത്തേക്കും കൈകൾ വിസ്തരിച്ചു നീട്ടി സിംഹാസനത്തിൽ യുധിഷ്ഠിരൻ ഇരിക്കുന്നത് കണ്ടു. എന്നാൽ ചാടി എഴുന്നേറ്റ് ചുറ്റും നോക്കുന്നത് കാണാറില്ല. ഭരണയന്ത്രം തിരിക്കേണ്ടേ?” കൊട്ടാരം ലേഖികയുടെ കുറ്റാരോപണം നീണ്ടു.

“വമ്പിച്ചൊരു കർമ പദ്ധതി ഉടൻ നടപ്പിലാവും. കൗരവരാജവധുക്കൾ നൂറ് പേരും അവരുടെ വിവാഹിത മക്കളും ദശാബ്ദങ്ങളായി കയ്യടക്കി വച്ചിരിക്കുന്ന നൂറ് കണക്കിന് രമ്യഹർമ്യങ്ങൾ ഒഴിപ്പിച്ചെടുക്കും. കുടിയൊഴിപ്പിക്കലിന് പത്രികയുടെ ധാർമിക പിന്തുണ തേടുന്നു. കൗരവവിധവകളെ ഞങ്ങൾ പുനരധിവാസം ചെയ്യുകയോ? ആ ഉത്തരവാദിത്വം എങ്ങനെ പുതിയ ഭരണകൂടം ഏറ്റെടുക്കും? കുരുക്ഷേത്ര വിധവകൾ എന്ന ഒരു സംഘടനയുണ്ടാക്കി സമരമുഖം തുറക്കാനാണ് ശ്രമമെങ്കിൽ, യമുനയിലും ഗംഗയിലും അനാഥ ശവങ്ങൾ പൊന്തും”. അധികാരത്തിൽ എത്തിയിട്ട് വാരങ്ങൾ കഴിഞ്ഞിട്ടും പാണ്ഡവർ രാജസഭയിലാണിപ്പോഴും അന്തിയുറക്കം. രാത്രിയിൽ എന്തോ അട്ടിമറിക്ക് സാധ്യത ഉണ്ടെന്ന, ഉറക്കമില്ലാതെ രാവു പകൽ മുഖം മൂടി ധരിച്ചു കോട്ട ചുറ്റുന്ന ചാരവകുപ്പ് മേധാവി നകുലൻ സംശയിക്കുന്നു.

“ഞാൻ ഏൽപ്പിച്ച ഉത്തരവാദിത്വത്തിൽ നിന്ന് നീ എങ്ങോട്ട് ഒളിച്ചോടി?” യുദ്ധവിജയവാർഷികം ആഘോഷിക്കുമ്പോൾ, ചക്രവർത്തി പരുഷമായി ഭീമനെ നോക്കി.

“കഴിഞ്ഞ ഒരു വർഷം അന്തിയുറങ്ങുമ്പോൾ, ഞെട്ടിയുണരും. തൊട്ടടുത്ത് വന്ന ആരോ വെള്ളം തരൂ എന്ന് യാചിക്കുന്ന പോലെ. പിന്നെ മനസ്സിലായി, ഭീമഗദയുടെ മാരക പ്രഹരശേഷിയിൽ തുടയൊടിഞ്ഞുവീണ ചളിയിൽ പുതഞ്ഞു ജീവൻ പോവും മുമ്പ് പഴയ ശത്രുവെള്ളം ചോദിക്കുമ്പോൾ, ഇടം കാലുകൊണ്ടവന്റെ ചിറിയിൽ ചവിട്ടി ഞാൻ ജേതാവിനെ പോലെ പൊട്ടിച്ചിരിച്ചു.

കാശിയിൽ മണികർണികഘട്ടിൽ എള്ളും പൂവും ചന്ദനവും ചേർത്താപപരിഹാരമായി തർപ്പണം ചെയ്തു.

2015/11/07

“യുദ്ധം ജയിച്ചു ഒരു വർഷം പിന്നിടുമ്പോൾ ഒരു ചോദ്യം, കൌരവർക്കുള്ളതിനേക്കാൾ ജനസമ്മിതി പാണ്ഡവ ഭരണകൂടത്തിനുണ്ടോ?”

“ആരോടാണ് ഞങ്ങൾ ചോദിക്കുക? നിത്യവും കൊട്ടാരവാതിൽ തുറന്നു എന്റെ രഥം നിരത്തിലിറങ്ങുമ്പോൾ കാണാം, വഴി തടഞ്ഞു മലർന്നു കിടന്നു മുദ്രാവാക്യം വിളിക്കുന്ന കുരുക്ഷേത്രവിധവകൾ. അവരെ ആട്ടി ഓടിച്ചു ഞങ്ങൾ ക്ഷീണിക്കുമ്പോൾ, നേരം ഉച്ചയാവും.”, കിതക്കുന്നുണ്ടായിരുന്നു ചക്രവർത്തി യുധിഷ്ഠിരൻ.

2015/11/08

“പാണ്ഡവർക്കും കൌരവർക്കുമിടയിലൊരു സംഘർഷഭൂമികയുണ്ടെന്ന നേരനുഭവത്തിലൂടെ നിങ്ങൾ തിരിച്ചറിഞ്ഞതെപ്പോഴായിരുന്നു? ഓർത്തെടുക്കാമോ?”

“വിവാഹം കഴിഞ്ഞു ഹസ്തിനപുരിയിൽ ഒരു കൊട്ടാരം പ്രതീക്ഷിച്ച ഞങ്ങൾ തല്ക്കാലം ഒരു കുടിലിൽ കഴിയുമ്പോൾ, ദുര്യോധനൻ നിത്യവും സന്ധ്യക്ക് വന്നു ഞങ്ങൾക്കനുവദിക്കാൻ പോവുന്ന രാജകീയവസതിയിൽ പുതുതായി വേണ്ടുന്ന സൌകര്യങ്ങളെക്കുറിച്ച് സരസമായി ചോദിക്കും. ഇക്കാര്യങ്ങളെ കുറിച്ചൊന്നും അറിവോ അനുഭവമോ ഇല്ലാത്ത പാണ്ഡവർ അപ്പോൾ ഒളിഞ്ഞു നിന്ന് ഞങ്ങളെ നിരീക്ഷിക്കും. പുതു സൌകര്യങ്ങളെ കുറിച്ച് ഞാൻ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ മതിപ്പോടെ ദുര്യോധനൻ കേട്ട് സമ്മതഭാവത്തിൽ തലയാട്ടും. ആഹ്ലാദവും അഭിമാനവും തോന്നുന്ന പെരുമാറ്റമായിരുന്നു ദുര്യോധനന്റേത് എന്നതിൽ എനിക്ക് തോന്നിയ ഊഷ്മളത യാത്ര പറയുന്ന സമയം വളരെ നീളും. യാത്രയാക്കി മടങ്ങി വന്നാൽ പത്തു കണ്ണുകൾ എന്നെ ഉറിച്ചും മറിച്ചും നോക്കി എന്റെ രാത്രി ഭീതിതമാക്കും”, പാഞ്ചാലി സംസാരിക്കുമ്പോൾ പാണ്ഡവർ ഭാഗ്യം വനാശ്രമത്തിൽ ഉണ്ടായിരുന്നില്ല.

2015/11/09

“പ്രണയം നിങ്ങൾക്കിടയിൽ തർക്കവിഷയമായിട്ടുണ്ടോ? ദാമ്പത്യ അവിശ്വസ്തത അസാധാരണമല്ലെങ്കിലും”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനാശ്രമത്തിൽ നിന്ന് താഴേക്കു പോവുന്ന വഴിക്കപ്പുറത്തു ജലാശയത്തിൽ പാണ്ഡവർ മലർന്നു നീന്തുന്നത് കാണാമായിരുന്നു.

“ഒരു പ്രാവശ്യം ഞങ്ങളുടെ നീണ്ട ദാമ്പത്യത്തിൽ പരാമർശിക്കപ്പെട്ടു എന്നൊരോർമ്മിക്കുന്നു. ഒരേ പായ പങ്കിടുന്നവളുമായുള്ള നിത്യ കുടുംബ ബന്ധത്തിൽ പ്രണയത്തിനെന്തു പ്രസക്തി എന്ന് അർജ്ജുനൻ തണുത്ത ശബ്ദത്തിൽ ചോദിച്ചു. മറ്റു നാലു പേരും അത് മുഖഭാവത്താൽ ശരിവച്ചു. അതോടെ പ്രണയം ഞങ്ങൾക്കിടയിൽ നിന്ന് എന്നെന്നേക്കുമായി അപ്രത്യക്ഷമായി”,.

“പറയാതെ വയ്യ, വീട്ടുജോലി വീതം വയ്ക്കുന്നതിൽ പോലും പാണ്ഡവർക്കെന്താ ഇത്ര പിടിപ്പുകേട്?” അടിക്കലും തുടക്കലും പാഞ്ചാലി സ്വയം ചെയ്യുന്നത് കണ്ട കൊട്ടാരം ലേഖിക ക്ഷുഭിതയായി.

“കണ്ടാൽ ആരും പറയും അഞ്ചു ഹൃദയമാണെങ്കിലും പാണ്ഡവർക്ക് ഒരു നാവ്. പറഞ്ഞു തിരിപ്പിക്കാൻ നിങ്ങൾ പാടുപെട്ടത് ബാക്കി. വീട്ടുജോലി ചെയ്യാതെ അക്ഷയപാത്രം തൊടാൻ സമ്മതിക്കില്ലെന്ന് ഉടയോൻ കൌരവർ നാളെ പറഞ്ഞാൽ പോലും, ആ കൈകാലുകൾ ഒന്ന് ഇളകില്ല”, വീടിനു പുറത്തെ പുൽത്തകിടിയിൽ ചമ്രം പടിഞ്ഞിരുന്നു ചൂതുകളി പരിശീലനം ചെയ്യുന്ന പാണ്ഡവരെ നോക്കി പോതുഭാര്യ പ്രതികൂലമുൻവിധിയോടെ പറഞ്ഞു.

2015/11/10

“എന്താ നിങ്ങൾക്ക് മാത്രം പാണ്ഡവരോടിത്ര കണ്ണുകടി? ഒന്നുമില്ലെങ്കിൽ അവരിപ്പോൾ സ്വത്തു തർക്കത്തിൽ കൗരവഭീഷണി നേരിടുകയല്ലേ. എപ്പോൾ

തിരിഞ്ഞൊന്നു നോക്കിയാലും കാണാം നിങ്ങളുടെ വക ചൊറിയുന്ന പ്രസ്താവന", കൊട്ടാരം ലേഖിക കപട മന്ദഹാസത്തോടെ ചോദിച്ചു.

"പത്തായത്തിൽ ധാന്യം തികയാതെ വിശന്നു പൊരിഞ്ഞാൽ പിന്നെ തൊഴുത്തിലെ കാളക്കുട്ടനെ വെട്ടി കുട്ടികൾക്ക് തിന്നാൻ ഊട്ടുപുരയിൽ വക്കേണ്ടേ എന്നേ ഞാൻ അരങ്ങേറ്റ മൈതാനത്തെ പൊതുവേദിയിൽ സാന്ദർഭികമായി ഒന്ന് ചോദിച്ചുള്ളൂ, ഉടൻ പാണ്ഡവരും കൂലിക്കെടുത്തവരും കൂട്ടം കൂടി എന്നെ അറവു കർണൻ എന്ന് കൂക്കിവിളിച്ചതൊക്കെ നിങ്ങളും കണ്ടതല്ലേ?" അതിരഥപുത്രൻ അപമാനം സഹിക്കാനാവാതെ വിങ്ങി.

2015/11/11

"നിങ്ങൾ ചക്രവർത്തിയോടുപോലും അനുവാദം ചോദിക്കാതെ സ്വയം എടുത്ത തീരുമാനമാണോ മഹായുദ്ധം?" കൊട്ടാരം ലേഖിക അന്ധാളിപ്പോടെ ചോദിച്ചു.

"എന്താ കുഴപ്പം? ഉത്തമ രാജ്യതാൽപ്പര്യത്തിൽ ഉടനടി തീരുമാനമെടുക്കാനല്ലേ ഞാൻ മാത്രം സ്ഥിരാംഗമായ, ഉന്നതാധികാര സമിതി നേരത്തെ എന്നെ ചുമതലപ്പെടുത്തിയത്? കൃഷ്ണൻ പടിയിറങ്ങിയതോടെ അത് ഞാൻ ചെയ്തു", കുരുക്ഷേത്രത്തിന്റെ ഭൂപടത്തിൽ കണ്ണുനട്ട്, കവിളിൽ ചൂണ്ടുവിരൽ ഊന്നി, ദുര്യോധനൻ ഇടക്കൊന്നു കണ്ണ് വെട്ടിച്ചു ലേഖികയെ നോക്കി.

"മൂന്നു നേരം അമുക്കാനവർ വിലപിച്ചും യാചിച്ചും അക്ഷയപാത്രം സംഘടിപ്പിച്ചു, നിങ്ങൾക്കൊന്നും കിട്ടിയില്ലേ കാട്ടിൽ ഇത്തിരി കനിവ് നേടാൻ?" കൊട്ടാരം ലേഖിക പരിതപിച്ചു.

"വായിട്ടടിക്കലവർ വ്യക്തിവൈരാഗ്യം തീർക്കാൻ ആവർത്തിച്ചു എന്റെ മുമ്പിൽ ചെയ്യുമ്പോൾ, എനിക്ക് കിട്ടിയ രഹസ്യമന്ത്രം മുഖം തിരിച്ചൊന്നുചരിക്കും. അതോടെ, ഒച്ചവക്കുന്ന പാണ്ഡവനു നാവിറങ്ങും. സൗജന്യമായി മൂന്നു നേരം കിട്ടുന്ന സസ്യഭക്ഷണത്തെക്കാൾ വിലയുണ്ട്, അവരുടെ ശബ്ദ മലിനീകരണത്തിന് തടയിടാൻ കിട്ടിയ ഈ ദിവ്യായുധത്തിന്", വീട്ടിനു പുറത്തു സന്യാസികളോട് ശത്രുസംഹാരത്തെ കുറിച്ച് പ്രഭാഷണം നടത്തുന്ന പാണ്ഡവരെ നോക്കി പാഞ്ചാലി മന്ത്രിച്ചു.

2015/11/12

"ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയായിരുന്ന കാലത്ത്, പാണ്ഡവരിൽ നിന്ന് ക്രമമനുസരിച്ച് ജന്മം നൽകിയ അഞ്ചു ആൺകുട്ടികളെ വളർത്താൻ പാഞ്ചാലത്തിലേക്ക് ഓരോ പ്രസവത്തിനു ശേഷവും സ്വയം കൊണ്ടുപോയ നിങ്ങൾ, പക്ഷെ ഹസ്തിനപുരിയിൽ സ്ഥിരതാമസമാക്കിയിരുന്ന കുന്തിയെ യാത്രക്കിടെ ചെന്ന് കണ്ടില്ല എന്നാണു രേഖകൾ പറയുന്നത്. എന്താ പിതൃമാതാവിനു കുട്ടികളെ ഒന്ന് കാണണ്ടേ?" കൊട്ടാരം ലേഖിക ചോദിച്ചു.

"പെട്ടിയിലിട്ടു നദിയിൽ ഒഴുക്കിയും ഗംഗയിൽ മുക്കിക്കൊന്നും നവജാതശിശുക്കളെ പരിചരണം ചെയ്യുന്ന സ്നേഹനിധികളായ അമ്മമാർ വസിച്ച ഹസ്തിനപുരി കൊട്ടാരത്തിൽ കയറാതിരിക്കുന്നതല്ലേ എന്റെ കുട്ടികൾക്ക് നല്ലത്?" പാഞ്ചാലി ഉല്ലാസവതിയായിരുന്നു കൊട്ടാരം ലേഖികയുടെ ഇടിച്ചു കയറുന്ന ചോദ്യത്തിലും.

2015/11/13

“നിനക്ക് സുഖമില്ല എന്ന് പറഞ്ഞത് കൊണ്ട് ഞങ്ങൾ അഞ്ചുപേരും രാത്രി ഊട്ടുപുരയിലാണ് ഉറങ്ങിയത്. പക്ഷെ അർദ്ധരാത്രി കഴിഞ്ഞപ്പോൾ എന്തോ ഒരു വേണുഗാനവും കളിയും ചിരിയും., ഉറക്കത്തിൽ അങ്ങനെയൊക്കെ ഉണ്ട് അല്ലേ?”, നിഴലിൽ ഒതുങ്ങിയ ഭീമൻ വെളിച്ചത്ത് നിന്ന പാഞ്ചാലിയെ രാവിലെ കണ്ണെറിഞ്ഞു ചോദ്യം ചെയ്തു.

“ദുര്യോധനാ ഞാൻ ജയിച്ചു എന്ന് മുഷ്ടി ചുരുട്ടി എന്റെ തുടയിലടിച്ചു ഉറക്കത്തിൽ നിങ്ങൾ ആർമാദിക്കുമ്പോൾ ഇങ്ങനെ വെയിലത്ത് നിർത്തി ഞാൻ ചോദ്യം ചെയ്യാറുണ്ടോ?”

2015/11/14

ഹസ്തിനപുരി പത്രിക: ഇന്ന് വൈകുന്നേരം അരങ്ങേറ്റ മൈതാനത്തിൽ കൊട്ടാരം ലേഖിക നയിക്കുന്ന പൊതു ചർച്ചയിലേക്ക് സ്വാഗതം.

ഭിന്നലിംഗ വിഭാഗങ്ങൾക്ക് സാമൂഹ്യനീതിയും അവകാശങ്ങളും ഉറപ്പു വരുത്താൻ ഔദ്യോഗിക ലിംഗനീതിനിയമം നടപ്പിലാക്കിയ ഹസ്തിനപുരിയിൽ തന്നെ വേണമായിരുന്നോ, ശിഖണ്ഡി ആക്രമിക്കാൻ മുന്നിൽ നിന്നാൽ താൻ ആയുധം താഴെയിടും എന്ന കൗരവ സർവസൈന്യാധിപൻ ഭീഷ്മരുടെ പ്രഖ്യാപനം എന്ന് പാണ്ഡവ സർവസൈന്യാധിപൻ ധൃഷ്ടദ്യുമ്നൻ കുരുക്ഷേത്രത്തിൽ വച്ച് ചോദിച്ചത് വിവാദമായോ.

ഖാണ്ഡവ വനത്തിലേക്ക് കുടിയേറും മുമ്പ് ഹസ്തിനപുരിയിലെ ഇടക്കാലത്ത് കൗരവർ നൂറു പേരുടെയും പ്രേമാഭ്യർത്ഥന നിരന്തരം തിരസ്കരിച്ചിട്ടും, “അവർ കൂട്ടം ചേർന്നോ ഒറ്റക്കോ എന്നെ വക വരുത്താൻ ശ്രമിച്ച ഓർമ യില്ലെ”ന്ന് പാഞ്ചാലി.

“അത് കുരുവംശ ആഭിജാത്യമല്ലെങ്കിൽ ഗാന്ധാര കുലീനത തന്നെയല്ലേ? പ്രലോഭനമുണ്ടായിരുന്നു, പരാക്രമം ഉണ്ടായിരുന്നില്ല, പ്രണയ സന്ദേശങ്ങളിൽ രാജമുദ്ര കാണാമായിരുന്നു. നേരിട്ട് അവർ അത് കയ്യിൽ തന്നു, എല്ലാറ്റിലും കാണാമായിരുന്നു ആധികാരികത.”

തെളിവെടിപ്പ് തുടരും. കൗരവ സഹോദരിയും ജയദ്രഥ ഭാര്യയുമായ ദുശളയാണ് ഭീഷ്മർ നിയോഗിച്ച ഏകാംഗ അന്വേഷണസംഘ മേധാവി.

“കണ്ണു കെട്ടൽ ഒരു രാപ്പകൽ ദൃശ്യവിരുന്നാക്കിയ നിങ്ങളെ നൂറു മക്കൾ, ലാളന വേണ്ടത്ര തന്നില്ലെന്നു കുന്നായ്മ പറയാറുണ്ടോ?” കൊട്ടാരം ലേഖിക ഗാന്ധാരിയുടെ അരികെ ഇരുന്നു സ്പർശ പരിലാളനയോടെ ചോദിച്ചു.

“എൺപത്തിഎഴാമനാണോ നാൽപ്പത്തിഎട്ടാമനൊ മറ്റോ ആണെന്ന് തോന്നുന്നു, പിറന്നാൾ ദിവസം പട്ടുടുപ്പിച്ചത് പോരെന്ന പരിഭവത്തിൽ നിങ്ങൾ ഇപ്പോൾ പറഞ്ഞ വാക്കുകൾ ചിലത് പരുഷമായി ഉച്ചരിച്ചു. നൂറു കുട്ടികൾ ഉണ്ടായിട്ടും, ഒന്നിനെങ്കിലും കണ്ണോ കാലോ കൂടുതലും കുറവും ഇല്ലാതെ നിങ്ങളെയൊക്കെ മനുഷ്യകുലത്തിൽ പ്രദർശിപ്പിക്കാൻ സാധിച്ചതാണെന്റെ സാധന എന്ന് പറഞ്ഞപ്പോൾ, എന്റെ മുമ്പിൽ നൂറു ശിരസ്സുകൾ നമസ്കരിച്ചു എന്ന് രംഗം കണ്ട തോഴി പി

ന്നീട് എന്നെ അറിയിച്ചു.", ഗാന്ധാരി കൺകെട്ട് പതുക്കെയൊന്നു താഴ്ത്തി കൊട്ടാരം ലേഖികയെ ചുഴിഞ്ഞു നോക്കി.

2015/11/15

കേഴുന്നുവോ കൊട്ടാരഗുരു കൃപാചാര്യൻ.

"പാണ്ഡവ വംശഹത്യക്ക് കൗരവക്കൊലയാളികളുടെ കൂടെ കത്തി മൂർച്ച കൂട്ടി കുരുക്ഷേത്രയിൽ പതിനെട്ടുനാൾ ഞാൻ പോരാടി എന്നോ? സ്വത്തുതർക്ക പരിഹാരത്തിന് നയതന്ത്രതലത്തിൽ ചർച്ച വഴിമുട്ടിയപ്പോൾ നേരിയ തോതിൽ ഒരു ബലപരീക്ഷണം നടത്തിയെന്നല്ലേ ഉള്ളൂ? ജീവഹാനി സ്വാഭാവികമല്ലേ യുദ്ധം ചെയ്താലും തപസ്സിരുന്നാലും, എല്ലാം വിശാല കാഴ്ചപ്പാടിൽ വേണ്ടേ വിലയിരുത്താൻ. എന്റെ യുദ്ധപരിചരണത്തിന് ദുർത്ഥം 'ഹസ്തിനപുരി പത്രിക' കൊടുക്കുമ്പോൾ, നിലത്തു ചമ്രം പടിഞ്ഞിരുന്നു ഹരിശ്രീ പഠിക്കുന്ന ഈ കുട്ടിയെ നോക്കൂ. ഭാവി കുരുവംശചക്രവർത്തിയാവാനുള്ള പരീക്ഷിത്ത്, അഭിമന്യുവിന്റെ ഏകമകൻ", നാമജപമുഖരിതമായിരുന്നു യുദ്ധാനന്തര ഹസ്തിനപുരിയിലെ മാന്തോപ്പുകൾക്കുള്ളിലെ ഗുരുകുലം.

"മറ്റു പാണ്ഡവർ ഉച്ച ഊണ് കഴിഞ്ഞ ഉടൻ അവനവന്റെ മന്ത്രാലയങ്ങളിലേക്ക് ജോലി ചെയ്യാൻ പോവുമ്പോൾ എന്താ ഭീമനും നകുലനും മാത്രം ആട്ടുകട്ടിലിൽ ഒരു സ്വൈരസല്ലാപം?" കൊട്ടാരം ലേഖിക പ്രവേശനാനുമതിയില്ലാത്ത രാജകീയ മുറിയിലേക്ക് ഇടതു വിരൽ നിസ്സാരമായി ചൂണ്ടി.

"നിത്യവും ഉച്ചയുറക്കത്തിനുമുമ്പ് ഭീമന് ദുര്യോധനവധം നേർസാക്ഷിമൊഴി നകുലനിൽ നിന്ന് വർണിച്ചു കേൾക്കണം. പത്ര പ്രവർത്തകരേ നിങ്ങൾ മറക്കരുതേ, ആയിരം പൂർണചന്ദ്രന്മാരെ കണ്ടു കഴിഞ്ഞ ഭീമനിപ്പോൾ ഭാവി ദേശസുരക്ഷയെക്കാൾ കേൾക്കാനിഷ്ടം ഭൂതകാലത്തിലെ വർണോജ്വലമായ കുരുക്ഷേത്രമാണ്", സാമൂഹ്യ പ്രവർത്തനത്തിന് നഗരമധ്യവേദിയിലേക്ക് പാഞ്ചാലി ഭർത്താക്കൻമാരോട് യാത്ര പറയാൻ മെനക്കെടാതെ പുറത്തേക്കിറങ്ങി.

2015/11/16

"ദാർശനിക ഉൾവിളി കേട്ട് ചെങ്കോൽ വലിച്ചെറിഞ്ഞു നഗ്നപാദരായി വാനപ്രസ്ഥത്തിലേക്ക് പടിയിറങ്ങിപ്പോയ ആറുപേരിൽ യുധിഷ്ഠിരനൊഴികെ ബാക്കി ആറു പേരും ഒന്നൊന്നായി കുഴഞ്ഞു വീണു നിര്യാതരായതിനു നേർ സാക്ഷി നിങ്ങൾ മാത്രമല്ലേ? അവരുടെ ഭൗതികശരീരം എവിടെ സംസ്കരിച്ചു എന്നാണു ഇപ്പോൾ കിട്ടിയ വിവരാവകാശ ചോദ്യം", പുതുഭരണകൂടത്തിലെ രാജകീയവകുപ്പിന്റെ ചുമതല വഹിക്കുന്ന യുവസൈനികൻ കൊട്ടാരം ലേഖികയെ ഔദ്യോഗികമായി ചോദ്യം ചെയ്തു.

"ഇതിഹാസകഥാപാത്രമായാലും ഉറ്റവർ ഇല്ലാതെ നിങ്ങൾ കാലം ചെന്നാൽ, ജഡത്തിൽ അവകാശം കഴുകനും കുറുനരിക്കും മാത്രമായിരിക്കും എന്നയാളോട് വിവരം പറയൂ."

"അജ്ഞാതവാസവും യുദ്ധവും കഴിഞ്ഞാൽ, പിന്നെ സമയം കിട്ടിയില്ലെന്ന് വരും. ഒന്ന് സഹകരിച്ചു കൂടെ?, ചുവർ ചാരിയിരുന്ന ഭൂതകാലത്തിലേക്ക് ഊളിയി

ട്ടാൽ മതി, കേട്ടെഴുതി വരും യുഗത്തിലേക്ക് നിങ്ങളുടെ ജീവചരിത്രം ഞാൻ കൈമാറാം", കൊട്ടാരം ലേഖിക പ്രലോഭനഭാഷയിൽ ചോദിച്ചു.

"ഇതുവരെ നിങ്ങൾക്ക് കിട്ടിയത് നാഴികക്കല്ലുകൾ മാത്രം, ഇനി അവക്കടിയിലെ വട്ടക്കുറകളെയും വെള്ളിക്കെട്ടന്മാരെയും പുറത്തെടുക്കണോ?" നിർജ്ജലമായ മുടി കെട്ടാതെ മാറിൽ വിടർത്തിയിട്ട പാഞ്ചാലിയുടെ നോട്ടം ദൂരെ ദൂരെ ഹസ്തിനപുരിയിലെ പീഢകരിലേക്ക് നീങ്ങി.

2015/11/17

"കാണുമ്പോഴൊക്കെ ചോദിക്കണം എന്ന് കരുതും, തിരക്കിൽ വിട്ടും, പാഞ്ചാലിയുടെ നിത്യജീവിതത്തിലെ പെരുമാറ്റത്തിൽ നിങ്ങൾ പാണ്ഡവർ കാണുന്ന പാളിച്ചകൾ, ഒന്ന് രണ്ടെണ്ണം ചുരുക്കി പറയാമോ? കൌരവരാജ വധുക്കൾക്കറിയാൻ കൌതുകമുണ്ട്", കൊട്ടാരം ലേഖിക അഞ്ചു പേരെയും ഒരുമിച്ച മരച്ചുവട്ടിൽ ചൂത് കളിച്ചു പരിശീലിക്കുന്നത് കണ്ടപ്പോൾ ചോദിച്ചു.

"കൗരവ അടിമയാണ് താൻ എന്ന് നാഴികക്ക് നാൽപ്പതു വട്ടം കൊട്ടിഘോഷിക്കുന്ന പാഞ്ചാലി, ഞാനൊന്ന് 'അത് കൊണ്ട് വരൂ ഇത് കൊണ്ട് പോകൂ' എന്ന് സാന്ദർഭികമായി പറഞ്ഞാൽ, 'ഞാൻ നിങ്ങളുടെ അടിമയെന്നു കരുതിയോ' എന്ന് ഉറഞ്ഞു തുള്ളുന്നതിന്റെ സാരസ്വതരഹസ്യം പിടി കിട്ടുന്നില്ല", യുധിഷ്ഠിരൻ താടി ചൊറിഞ്ഞു.

2015/11/18

"കൌരവർ ഒരു ഒത്തുതീർപ്പിന് തയാറാണ് പാഞ്ചാലീ. സമ്മതിച്ചാൽ അട്ടയും പെരുച്ചാഴിയും നിറഞ്ഞ ഈ കാട്ടിലെ പന്ത്രണ്ടു വർഷ കഠിനതടവിൽ നിന്ന് നമുക്ക് രക്ഷപ്പെടാം. സന്യസ്ഥരുടെ വിസർജ്യം നീക്കുന്ന ദുരിതത്തിൽ നിന്ന് നിനക്കും. ഇപ്പോൾ ഒരു കൗരവ സഹോദരന്റെ ഭരണത്തിൽ ഉള്ള നമ്മുടെ പഴയ ഇന്ദ്രപ്രസ്ഥത്തിൽ തന്നെ അതിഥി മന്ദിരം അവർ വാടകയ്ക്ക് തരും." യുധിഷ്ഠിരൻ സംസാരിക്കുമ്പോൾ മറ്റു പാണ്ഡവർ മുട്ടുകുത്തി യോജിച്ചു.

"എന്താണ് നിബന്ധന" സംശയം നിറഞ്ഞ കണ്ണുകൾ അഞ്ചു പേരിലും പാഞ്ചാലി എറിഞ്ഞു.

"വേറെ ഒന്നുമല്ല. വന്ദ്യ ദുര്യോധനൻ ഈ വീടിന്റെ ഐശ്വര്യം എന്ന് വസതിക്കു മുമ്പിൽ നാം ആറു പേരും വേറെ വേറെ ചുവരുകളിൽ ഓരോ മാസവും പുതുതായി എഴുതി വക്കണം."

2015/11/20

"ജലക്രീഡയിലാസക്തിയുണ്ടല്ലേ", കുന്നിൻമുകളിലെ വനാശ്രമത്തിനു പിന്നിലെ ഊട്ടുപുരജാലകത്തിലൂടെ കാണാമായിരുന്നു, ഉച്ചവെയിലിൽ പാഞ്ചാലി ഒറ്റയ്ക്ക് അർദ്ധനഗ്നയായി നീന്തിക്കുളിക്കുന്ന ശുദ്ധജലതടാകം.

"അതീതശക്തികൾ രാതിയിൽ ആറാടുന്ന ഈ നീർക്കെട്ടിലെ ഭീഷണിസാധ്യതയേക്കാൾ ഞങ്ങളെ അസ്വസ്ഥരാക്കുന്നത്, തടാകത്തിനു മറുപുറത്ത് മരങ്ങൾക്ക്

പിന്നിൽ ഒളിച്ചിരുന്ന്, നഗ്നമേനി ജലത്തിൽ പൊങ്ങിയും താണും ഒരു സ്വർണ മത്സ്യത്തെ പോലെ പാഞ്ചാലി വെയിലിൽ സൃഷ്ടിക്കുന്ന ദൃശ്യവിരുന്നാസ്വദിക്കുന്ന സന്യസ്ഥരുടെ മനോരോഗമാണ്", അശ്വിനി ദേവതകളുടെ മകൻ എന്ന് സംശയിക്കപ്പെടുന്ന നകുലൻ പറഞ്ഞു.

"എന്നിട്ടവരുടെ ജൈവവിസർജ്യങ്ങൾ പിറ്റേന്ന് രാവിലെ സംഭരിച്ച ദൂരെ കൊണ്ട് പോയി കുഴിച്ച മൂടുന്ന നിത്യജോലിയും അവൾ തന്നെ ചെയ്യണം", മറ്റൊരു അശ്വിനി പുത്രൻ സഹദേവൻ പല്ല് ഞെരിച്ചു.

2015/11/21

"ദുര്യോധനൻ താമസിച്ചിരുന്ന രാജകീയമന്ദിരം നിങ്ങൾ വേണ്ടെന്ന പറഞ്ഞു? എന്താ അവിടെ പ്രശ്നം, സൗകര്യം കുറവാണോ?" കൊട്ടാരം ലേഖിക ഭീമനെ നേരിട്ടു.

"ഇന്നലെ രാത്രി ഞാൻ ഒറ്റക്കവിടെ കിടന്നു. " അധാർമിക ഗദാപ്രഹരത്തിൽ ഭീമൻ എന്റെ തുടയെല്ലോടിച്ച അമ്മാ" എന്ന നിലവിളി എങ്ങനെ നിത്യവും കേൾക്കും. അതുകൊണ്ട് യുദ്ധത്തിൽ ഉപയോഗരഹിതമായ എല്ലാ ആയുധങ്ങളും സൂക്ഷിക്കുന്ന പ്രദർശനശാലയായി അത് വികസിപ്പിക്കും. വരും യുഗത്തിൽ ജനം അറിയട്ടെ, ജേതാക്കൾ വിജയം ആഘോഷിക്കുമ്പോഴും, കൊല്ലപ്പെടുന്നവന്റെയും കൊല്ലുന്നവന്റെയും ഹൃദയവേദന."

"ദക്ഷിണാപഥത്തിലെ കരിമ്പനയെക്കാൾ ഉയരത്തിൽ എന്താണൊരു പൂർണകായ വെങ്കല പ്രതിമ? ആരുടെതാണിത്? കുരുക്ഷേത്രയിൽ ആർക്കുവേണ്ടിയെന്നറിയാതെ ജീവത്യാഗം ചെയ്ത അജ്ഞാതസൈനികന്റെ പാവനസ്മരണക്കൊന്നുമല്ലല്ലോ", നീണ്ട ഭാരതയാത്ര കഴിഞ്ഞു ഹസ്തിനപുരിയിൽ മടങ്ങിയെത്തിയ കൊട്ടാരം ലേഖിക വിസ്മയിച്ചു.

"പിടിപ്പുകേടിന്റെ പര്യായമായ കൂട്ടുഭർത്താക്കൾ എന്ന നിലയിൽ എന്നോ തല്ലിപ്പിരിയേണ്ട പഞ്ചപാണ്ഡവരെ ഒരു ചൂതുകളിയിൽ ഇരകളാക്കി ജീവകാലം മുഴുവൻ മുട്ടുകുത്തിച്ച ധീരസ്വാതന്ത്ര്യസേനാനി ദുര്യോധനന് ആരാധകരുടെ ഉപകാരസ്മരണ എന്ന് കരുതു", യുക്തിവാദി ചാർവാകൻ ആശ്വസിപ്പിച്ചു.

2015/11/22

"നിങ്ങൾക്ക് വേറെ പണിയൊന്നുമില്ലേ. പാഞ്ചാലിക്കു വഴി തെറ്റിയ ബന്ധം കൃഷ്ണനോടുണ്ടോ എന്ന് ഞങ്ങൾ എന്തിനു തല പുണ്ണാക്കണം, പാഞ്ചാലിക്കു ഞങ്ങൾ അഞ്ചു പേരോട്ട് നേർവഴി ബന്ധം ഉണ്ടോ എന്ന് കൃഷ്ണൻ ചോദിക്കുന്നുണ്ടോ?" വന്മരങ്ങൾ കട പുഴകുന്ന പോലെ കൊട്ടാരം ലെഖികക്ക് നേരെ ഭീമൻ പരുഷവാക്കുകൾ എറിഞ്ഞു.

2015/11/23

"വേഷം മാറി യാത്ര ചെയ്യാറുണ്ടോ ചക്രവർത്തി? ഉൾനാടൻ ഹസ്തിനപുരിഗ്രാമങ്ങളിലെ പരുക്കൻ ജനജീവിതമറിയാൻ?".

“തിരിച്ചറിയാതിരിക്കാൻ എന്തിനു മാറണം വേഷം? രാവുപകലുള്ള ഈ വേഷംകെട്ട് ഒന്ന് വേണ്ടെന്നു വച്ചാൽ പോരെ?” കൊട്ടാരം ലേഖിക ചോദിച്ചത് യുധിഷ്ഠിരനോടായിരുന്നെങ്കിലും മറുപടി പറഞ്ഞത് ചാര വകുപ്പ് മേധാവി നകുലൻ ആയിരുന്നു.

“ആൾമാറാട്ടത്തിന് പറ്റിയ ആദിവാസിസ്ത്രീയെയും അഞ്ചു ആൺമക്കളെയും തരത്തിന് കിട്ടിയത് കൊണ്ട് നിങ്ങൾ വാരണാവതം അരക്കില്ലം തീ കൊളുത്തി, പുനർജനി ഗുഹ നുഴഞ്ഞു രക്ഷപ്പെട്ടു അല്ലെ?” കൊട്ടാരം ലേഖിക മുനവച്ച് പാണ്ഡവമാതാവിനോട് ചോദിച്ചു.

“പത്ര പ്രവർത്തകർക്ക് അടി തെറ്റിയാലും വാക്ക് തെറ്ററുത്, അത് ഞങ്ങളുടെ ആൾമാറാട്ടം ആയിരുന്നില്ല, അവരുടെ ആത്മത്യാഗം ആയിരുന്നു.”, ബ്രാഹ്മണസ്ത്രീയായി വേഷം കെട്ടിയ കുന്തി മക്കൾക്ക് ഇച്ചിൽ ഇരന്നു ഏകചക്രഗ്രാമത്തിൽ ജീവിക്കാനുള്ള പാഠം ക്ഷമയോടെ പഠിപ്പിക്കുന്നതിന്നിടയിൽ കൊട്ടാരം ലേഖികയോട് ചൊടിച്ചു സംസാരിച്ചു.

2015/11/25

“കൌരവർ നിങ്ങൾക്ക് സ്വൈരം തരുന്നില്ലെന്നാണോ പരാതി“? കൊട്ടാരം ലേഖിക പാഞ്ചാലിയെ വിസ്മയത്തിൽ നോക്കി.” അവർ കടുത്ത ആരാധകർ എന്നല്ലേ നേരത്തെ നിങ്ങൾ മേനി പറഞ്ഞത്?”

“രാജവധുക്കൾക്ക് ശൌചാലയമില്ലാത്ത ഹസ്തിനപുരിയിൽ, സ്ത്രീകൾ പുലർച്ചയും സന്ധ്യയും നോക്കി വെളിക്കിറങ്ങാൻ കൊട്ടാരസമുച്ചയത്തിനു പിന്നിലെ പൊന്തക്കാടുകളിൽ പതുങ്ങി പതുങ്ങി പോവുമ്പോൾ കാണാം, കിരീടങ്ങൾ ധരിച്ച നൂറോളം കൗരവ തലകൾ ചുറ്റും. ഇതൊക്കെ സ്വാർഥതയില്ലാത്ത ശുദ്ധ സൗന്ദര്യാരാധകർ ആണെന്ന് എത്രനാൾ പ്രചരിപ്പിക്കാൻ എനിക്കാവും?” പാഞ്ചാലിയുടെ സ്വരത്തിൽ അസഹിഷ്ണുത നിറഞ്ഞു.

2015/11/26

“കാളുന്ന വയറുമായി ഞങ്ങൾ അതിരാവിലെ കാട്ടിലേക്കിറങ്ങും, ഉച്ചയാവും വിശപ്പ് മാറ്റി കയ്യിൽ പേരക്കയോ കഴുത്ത് മുറിച്ച കലമാൻ കുഞ്ഞോ ആയി കുടിലിൽ തിരിച്ചെത്താൻ. പ്രകൃതിയുമായി സഹവർത്തിത്വത്തിൽ കഴിയുന്ന കുട്ടികൾ എന്ന് ചെറിയമ്മ മാദ്രി ഞങ്ങളെ ആശീർവദിക്കുമ്പോൾ, അമ്മ കുന്തി കാര്യക്ഷമതയോടെ മാനിന്റെ തൊലി പൊളിച്ചു ഇറച്ചി കനലിൽ ചുട്ടെടുക്കാൻ വച്ച് കഴിഞ്ഞിരിക്കും. എന്നാൽ ഇന്ന് ഈ വനാശ്രമത്തിൽ പാഞ്ചാലി? വിശപ്പിൽ, പാരവശ്യത്തോടെ ഞങ്ങൾ അക്ഷയപാത്രത്തിൽ അഞ്ചു പേരും ഒരുമിച്ചു കയ്യിട്ടു വാരി തിന്നുമ്പോൾ, പങ്കു ചേരാതെ ഊട്ടുപുരക്കപ്പുറത്തെ കിടപ്പറയിൽ ഞങ്ങളുടെ അപരിഷ്കൃത ഭക്ഷണ രീതിയെ നിന്ദയോടെ കണ്ടു അവൾ മുഖം തിരിക്കും” കുട്ടിക്കാലത്തെ കാടും മധ്യവയസ്സിലെ കാടും ഒന്ന് ഓർത്തെടുക്കാൻ കൊട്ടാരം ലേഖിക പറഞ്ഞപ്പോൾ, ഭീമൻ.

2015/11/27

"ഇതെന്താ ഇങ്ങനെ തകർത്ത് മഴ പെയ്തു പുറത്തിറങ്ങാൻ ആവാതെ മുറിയിൽ ഒതുങ്ങി ഇരിക്കുമ്പോഴും നിങ്ങൾ ആറു പേരും ഒന്നും പരസ്പരം മിണ്ടിപ്പറയുന്നില്ല ല്ലോ." ആശ്രമത്തിനു മുമ്പിലുള്ള കാട്ടുവഴിയിലൂടെ കിഴക്കൻമഴ കുതിച്ചു ചാടിക്കൊണ്ടിരുന്ന തണുത്ത സായാഹ്നം.

"അന്യോന്യം അറിയാത്ത ആ കാലത്ത് എപ്പോഴും വാതോരാതെ അവർ അഞ്ചു പേരും മാറി മാറി എന്നോട് സംസാരിക്കും. ആളെ മനസ്സിലായപ്പോൾ ആശയവിനിമയവും അങ്ങനെ അവസാനിച്ചു. ആത്മകഥ എഴുതാൻ നിങ്ങളുടെ ക്ഷണം ഞാൻ നിരസിച്ചത് എന്തു കൊണ്ടാണ് എന്ന് ഇപ്പോൾ വ്യക്തമായില്ലേ", മുറിയുടെ മുക്കും മൂലയും ചൂല് കൊണ്ടടിച്ചു പൊടിയും പ്രാണിയും നീക്കി കൊട്ടാരം ലേഖികക്ക് കിടക്കാൻ പായ വിരിക്കുന്ന പാഞ്ചാലി അർത്ഥഗർഭമായി പുഞ്ചിരിച്ചു.

2015/11/28

കൊട്ടാരം ലേഖികയുടെ ദിനക്കുറിപ്പ് ഇന്നത്തെ 'ഹസ്തിനപുരി പത്രിക'യിൽ.

കാറൊഴിഞ്ഞ മാനം, കുളിരുള്ള പ്രഭാതം. ഇത് കുപ്രസിദ്ധ കുരുവംശആസ്ഥാനം. ഇവിടെ പകൽവെളിച്ചത്തിൽ, പൊതുവേദിയിൽ ഇരുന്നുള്ള സമാലോചനയല്ല പതിവ്, പടുതിരി കത്തുന്ന ഭൂഗർഭഅറയിൽ രണ്ടു മൂന്ന്പേർ അർദ്ധരാത്രിയിൽ അടക്കിപ്പിടിച്ച ആലോചനയാണ്. തേച്ചു മുന കൂട്ടിയ ആയുധങ്ങളുടെയും അവസരോചിതമായ തന്ത്രങ്ങളുടെയും പരീക്ഷണശാലയാണ് ഓരോ കൗരവഹൃദയവും. ഇവിടെ ഇന്ന് പാണ്ഡവ പ്രതിനിധി, നയതന്ത്രത്തിലെ അവസാനഇനമായ വിശ്വരൂപ പ്രദർശനഭീഷണിയുമായി എത്തും എന്ന് ഞങ്ങൾ മാധ്യമ പ്രവർത്തകർ അതിവേഗം മിടിക്കുന്ന ഹൃദയതാളത്തിൽ ആശങ്കപ്പെടുന്നു.

"മുൻ ഭരണകൂടത്തിലെ മുഖ്യദുർമന്ത്രവാദി ദുര്യോധനനെ ഇതുവരെ പുതിയ ചക്രവർത്തി പേരെടുത്തു വിമർശിച്ചിട്ടില്ല എന്നാണു കുതിരപന്തികളിൽ സംസാരവിഷയം. എങ്ങനെ പ്രതികരിക്കുന്നു?" കൊട്ടാരം ലേഖിക ചോദിച്ചു.

"അദ്ധ്വാനിക്കണം ഭരണം അംഗീകരിക്കപ്പെട്ടു കിട്ടാൻ എന്ന രാഷ്ട്രമീമാംസയിലെ നയതന്ത്രബാലപാഠം ആവുന്നത്ര പയറ്റുന്ന യുധിഷ്ഠിരൻ ഇപ്പോൾ ഹിമാലയ താഴ്വരയിൽ കൗരവ രാജവിധവകൾക്കു സുഖവാസ മന്ദിരങ്ങൾ നിർമിക്കുന്ന നിയോഗത്തിലാണ്. അതെ, ഇന്ദ്രപ്രസ്ഥത്തിലെ ആ വിസ്മയമായൻ തന്നെയാണ് ഇവിടെയും ശില്പി. ഇല്ല, ഇത്തവണ ഞങ്ങൾ വഴുക്കി വീഴാൻ അവിടെ സ്ഥലജലഭ്രമം ഉണ്ടാവില്ല", ജ്യേഷ്ഠനെ പിന്തുടരാൻ രഥത്തിൽ കയറുകയായിരുന്ന ചാരവകുപ്പു മേധാവി നകുലൻ എന്തോ ഓർത്തു പുഞ്ചിരിച്ചു.

2015/11/29

പാഞ്ചാലിയുടെ വ്യക്തിഗത സേവനമികവിനെക്കുറിച്ച് മാസം തോറും ദുര്യോധനന് ഔദ്യോഗിക വിലയിരുത്തൽ നൽകാൻ ചുമതലപ്പെട്ടിരുന്ന സന്യസ്ഥൻ ഇന്നലെ കൊട്ടാരം ലേഖികയോട്:

പന്ത്രണ്ടു വർഷം വനമേഖലയിലെ ഞങ്ങളുടെ സന്യസ്ഥാശ്രമങ്ങളിൽ ശൗചാലയശുചിത്വം കാര്യക്ഷമമായും പരാതിരഹിതവുമായും നിർവഹിച്ചുവന്ന വനിത

യാണിനി കുരുവംശത്തിലെ യുദ്ധാനന്തര ഹസ്തിനപുരി ചക്രവർത്തിനി എന്ന് കേട്ടു. ഞങ്ങളാരും അവിശ്വസിക്കുന്നില്ല.

കൗരവ അടിമയായിരുന്ന നിയമപരമായി അക്കാലത്തവൾ എങ്കിലും, കുലീനമായ ശരീരഭാഷയും വല്ലപ്പോഴും മാത്രം കേട്ട സംസ്കൃത വാമൊഴിയും ഞങ്ങളിൽ ഉണ്ടാക്കിയിരുന്നത് വിസ്മയമായിരുന്നു: എന്ത് പാപം എപ്പോൾ ചെയ്തത് കൊണ്ടാവാം ഒരു ദേവസ്ത്രീയെ പോലെ സുന്ദരിയായ ഈ വ്യക്തിക്കിങ്ങനെ ഒരു ശിക്ഷ രാജ്യം ഭരിക്കുന്ന ധൃതരാഷ്ട്രർ കല്പിച്ചത്?

2015/12/01

“പരാതി കേൾക്കാൻ പാണ്ഡവർ ചെവി തരുമോ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“വാ തുറന്നാൽ കോട്ടുവായിടും. സംസാരിച്ചു തുടങ്ങിയാൽ ചെവിയിൽ വിരലിടും. ചെവിക്കാട്ടം നഖത്തിൽ പടർന്നത് ഉടുതുണിയിൽ തേക്കും. വിടാതെ പരാതി പറഞ്ഞാൽ മുറ്റത്തു ഓടിക്കളിക്കുന്ന വെള്ള മുയൽ ഒന്നിനെ ചാടിപ്പിടിച്ചു കഴുത്തിൽ കടിച്ചു ചോര വായിലേക്കൊഴിച്ചു ലഹരിയിൽ കണ്ണുരുട്ടും. കൂടുതൽ പറഞ്ഞാൽ തൊലി പൊളിച്ചു കനലിൽ ചുട്ടു തരാൻ പറയും.”

പൊട്ടിച്ചിരിച്ചു കൊണ്ടാണ് പാഞ്ചാലി സംസാരിച്ചതെങ്കിലും കരിങ്കൽ ചീളുകൾ പോലെ ഓരോ വാക്കും മുറിയിൽ ചുവർ ചാരി അലസരായി ഇരുന്ന പാണ്ഡവരുടെ മുഖത്ത് തെറിച്ചു ചോര പൊടിഞ്ഞു.

2015/12/01

“വിവേകവചനങ്ങളുടെ തമ്പുരാൻ ഇന്ന് പാർശ്വവല്കൃത പാണ്ഡവർക്ക് വേണ്ടി സംസാരിക്കുന്നു എന്നറിഞ്ഞു ഞാൻ പ്രഭാത ഭക്ഷണം ഒരു പേരക്കയിൽ ഒതുക്കി രാജസഭയിൽ ഓടി കയറി ചെന്നു”, കൊട്ടാരം ലേഖികയുടെ ശബ്ദം ഉച്ചത്തിലായി.

“എന്നിട്ട് ഹസ്തിനപുരി പത്രികയിൽ തലക്കെട്ടായി ഉപയോഗിക്കാൻ ഒരു വിദുരവാക്യമോ മറ്റോ തടഞ്ഞുവോ?” പത്രാധിപർ കൈ കൊണ്ട് മുഖമുയർത്തി.

“രാജസഭയിൽ ശ്രോതാവും സാന്നിധ്യവുമായി ഞാൻ മാത്രം. കൗരവർ നൂറു പേരും വിനോദയാത്രയിൽ, ഭീഷ്മർ സുഖചികിത്സയിൽ, ധൃതരാഷ്ട്രർ.”, തലതാഴ്ത്തിയ പത്രാധിപരെ കണ്ടു ലേഖിക വായടച്ചു.

2015/12/02

“നിങ്ങൾ സന്യാസികൾ ഇവിടെ രാജമന്ദിരത്തിൽ ഇടിച്ചു കയറുന്നതെന്തിന്?” കോപത്തെക്കാൾ വിസ്മയത്തോടെ സൈനികൻ കൊട്ടാരവാതിലിൽ ആഗതരെ വഴി തടഞ്ഞു.

“ഇതുവരെ കേട്ടുകേൾവി ഇല്ലാത്ത ഒരു ജനാധിപത്യസംഭവം ഇവിടെ ഉണ്ടായെന്നു ഗുരു പറഞ്ഞു ഞങ്ങൾ അറിഞ്ഞു. കഴിഞ്ഞ പന്ത്രണ്ടു കൊല്ലങ്ങളായി ഞങ്ങളുടെ വനാന്തര സന്യസ്ഥാശ്രമങ്ങളിൽ നിന്നും നിത്യവും രാവിലെ മനുഷ്യവിസർജ്യം കാര്യക്ഷമതയോടെ സംഭരിച്ചു ദൂരെ പരാശ്രയമില്ലാതെ കഴിച്ചിട്ടിരുന്ന ഒരു

കറുത്ത സ്ത്രീ ഹസ്തിനപുരം ചക്രവർത്തിനി ആയെന്നു കേട്ട്, ഒന്ന് കണ്ടു അനുഗ്രഹിക്കാൻ വന്നതാണ്. ഒപ്പം അവരുടെ മടിയൻ ഭർത്താക്കന്മാർ അഞ്ചുപേരെ ഒന്ന് കുടയുകയും വേണം."

2015/12/03

ഹസ്തിനപുരി പത്രിക.

"തക്ഷശിലയിൽ നിന്ന് ഒരു സംഘം രാഷ്ട്രമീമാംസാവിദ്യാർത്ഥികൾ ഇന്നലെ എന്നെ കാണാൻ വന്നപ്പോൾ ചോദിച്ചു, നിങ്ങൾ നൂറു കൗരവർ തിന്നും കുടിച്ചും ആർമാദിക്കുക എന്ന നീണ്ടകാല കുരുവംശ സ്ഥാപിത താൽപ്പര്യത്തിന്റെ തടവിലാണോ എന്ന്. അത്യുന്നത ആഗോള സർവകലാശാലയിലെ കുട്ടികൾക്ക് ഇതാണ് ഞങ്ങളെക്കുറിച്ച് ധാരണയെങ്കിൽ, കാട്ടിൽ ജനിച്ചു കായ്കനികൾ തിന്നു വളർന്ന കൗന്തെയർക്കെന്തറിയാം കൗരവർ നൂറു പേരും സാമ്രാജ്യത്തിന്റെ നൂറു പ്രവിശ്യകളിൽ വികസനത്തിന്റെ പോർമുഖം തുറന്നിരിക്കയാണ് എന്ന്. ഹസ്തിനപുരി മഹാനഗരപ്രവിശ്യ എന്റെ നേരിട്ടുള്ള സംരക്ഷണയിലാണ്. ഒന്നേ എനിക്ക് നോക്കേണ്ടതുള്ളൂ, കൗരവരെ സ്ഥാനഭ്രഷ്ടരാക്കി ചെങ്കോൽ തട്ടിയെടുക്കാൻ ഒരുങ്ങുന്ന പഞ്ചപാണ്ഡവർ ക്ക് ആഴ്ചയിൽ ഏഴു ദിവസവും പണി കൊടുക്കുക."

"അഭയാർഥി കളായി ഹസ്തിനപുരിയിൽ എത്തിയ ശേഷം അച്ഛന്റെ ജ്യേഷ്ഠൻ ധൃതരാഷ്ട്രർ നിങ്ങളോടൊക്കെ വാത്സല്യത്തോടെ ഇടപഴകിയിരുന്ന ഓർമ വല്ലതും?" ഉപേക്ഷയോടെ കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. നായാടിക്കൊണ്ടുവന്ന കലമാനിനെ വെട്ടിപ്പൊളിക്കയായിരുന്നു വനാശ്രമത്തിന്നടുത്ത ഊട്ടുപുരയിൽ ആ വൃകോദരൻ.

"നൂറു മക്കളെയും അവരുടെ മണം കൊണ്ട് തിരിച്ചറിഞ്ഞവൻ എന്ന് പരസ്യമായി മേനി പറഞ്ഞിരുന്ന ആ അന്ധൻ വലിഞ്ഞൊന്നു ആലിംഗനം ചെയ്തു കൈവിരലുകൾ മണത്തു, പെട്ടെന്ന് എന്നെ ഉന്തി മാറ്റി, എന്താടാ വൃത്തികെട്ടവനെ നിന്റെ വിരൽനഖങ്ങൾക്കിയിൽ കാട്ടുമൃഗങ്ങളുടെ ചോരമണം എന്നയാൾ ഞെട്ടലോടെ ഒച്ച വച്ചു. അതോടെ വാത്സല്യത്തിന്റെ ആ സുദിനം എന്നെന്നേക്കുമായി അവസാനിച്ചു.", തൊലി പൊളിച്ച മാനിറച്ചി ഭീമൻ കനലിൽ വച്ച് ചോര പടർന്ന കൈകൾ മാംസദാഹത്തിൽ കുട്ടിത്തിരുമ്മി.

2015/12/04

"മാംസപാചകം ഒക്കെ പാണ്ഡവർ സ്വയം ചെയ്യണം അല്ലേ, നിങ്ങൾ മൃഗമാംസം തിന്നില്ല എന്നറിയാം, എന്നാൽ ഊട്ടുപുരയിൽ ഒന്ന് സഹായിക്കാറുമില്ലേ?" കൊട്ടാരം ലേഖിക, അദ്ധ്വാനിക്കുന്ന ഭീമനെയും മറ്റു നാല് പേരെയും നോക്കി, പാഞ്ചാലിയോട്ട് മാംസളമായ കാലുഷ്യത്തോടെ ചോദിച്ചു.

"അവരിലൊരാൾ പണ്ടൊക്കെ പതിവായി നായാടിക്കൊണ്ടുവന്ന മൃഗത്തെ കഴുത്തറുത്ത് തൊലി പൊളിച്ചു കുടൽ നീക്കി കഴുകി വൃത്തിയാക്കി കനലിൽ ചുട്ടു പൊരിച്ചു ഇലയിൽ പൊതിഞ്ഞു ഞാൻ ചുമന്നു കൊണ്ട് പോകണം, താഴെ ജലാശയത്തിൽ നീരാടുന്ന അവരുടെ വായിൽ കഷണം കഷണമായി ഇട്ടു കൊടുക്കാൻ. ജലജീവികളെ പോലെ അവർ ഒന്നൊന്നായി വന്നു വാ തുറന്നു ഇറച്ചി

തിന്നു കുറച്ചു എല്ല് മാത്രം എന്റെ കയ്യിൽ തുപ്പും, പിന്നെ വീണ്ടും വെള്ളത്തിലേക്ക് കുതിക്കും. എനിക്ക് കുളിക്കാൻ നേരമാവുംപോഴേക്കും അവർ വെള്ളം കലക്കും, എന്റെ കയ്യിൽ കുറെ ഇച്ചിൽ ഇലകൾ മാത്രമാവും", നർത്തകിയുടെ അത്യാകർഷകമായ കൈമുദ്രകളോടെ പാഞ്ചാലി അവളുടെ പരാജയപ്പെട്ട മാംസപരീക്ഷണം അവതരിപ്പിച്ചു.

"വളരെ കഷ്ടപ്പെട്ടല്ലേ നിങ്ങൾ കൌരവരെ തുരത്തി അധികാരം പിടിച്ചെടുത്തത്? പിന്നെ എന്താ ഇങ്ങനെ പെട്ടെന്ന് ഒരു വാനപ്രസ്ഥ പരിപാടി? കുടുംബ കലഹം വല്ലതും?", കൊട്ടാരം ലേഖിക കൈ ഉയർത്തി അർദ്ധനഗ്ന പൌരൻ യുധിഷ്ഠിരന്റെ ശ്രദ്ധയാകർഷിച്ചു.

"പത്തു കൊല്ലം എന്നെ രാജസൂയ ചക്രവർത്തി ആക്കിയ ചില അസാധാരണ സാഹചര്യങ്ങൾ ഇന്ദ്രപ്രസ്ഥത്തിൽ ഉണ്ടായതു് നിങ്ങൾ ജനിക്കും മുമ്പായിരുന്നത് കൊണ്ട് കേട്ടറിവേ കാണൂ. മായൻ നിർമിത കൊട്ടാരം ഉണ്ടായിരുന്നു പക്ഷെ നാട്ടിൽ നികുതി തരാൻ വരുമാനമുള്ള ജനം ഉണ്ടായിരുന്നില്ല. വരുമാനം കൂട്ടാൻ ചൂതാട്ടമാണ് എളുപ്പ വഴി എന്നറിഞ്ഞു ഹസ്തിനപുരിയിൽ ചെന്ന് കളിച്ചു. ഒരു രാത്രി കൊണ്ട് എല്ലാം പോയി കൗരവ അടിമകളായി."

"മൊത്തം മഹാഭാരത കഥ കേൾക്കാൻ ഇപ്പോൾ സമയമില്ല സുഹൃത്തേ. ചെങ്കോൽ പരീക്ഷിത്തിനു എറിഞ്ഞു നാട്ട് വിടാൻ നിങ്ങളും ഭാര്യയും തീരുമാനിച്ചതു് ജന പിന്തുണയില്ല എന്ന തിരിച്ചറിവിലാണ് എന്ന് കേട്ടതു് ശരിയല്ല അല്ലെ? ചെങ്കോൽ തന്നില്ലെങ്കിൽ പാമ്പിനെ വിട്ടു കടിപ്പിക്കും എന്ന് പരീക്ഷിത്ത് പേടിപ്പിച്ചു അല്ലേ", പൊട്ടിച്ചിരിച്ചു കൊണ്ട് കൊട്ടാരം ലേഖിക പുതിയ സത്യപ്രതിജ്ഞ ചടങ്ങിലേക്ക് തിരിച്ചു '.

"അമ്മയെ എന്ത് കൊണ്ട് ഇന്ദ്രപ്രസ്ഥത്തിലേക്ക് ഞങ്ങൾ കൂടെ കൊണ്ട് പോയില്ലെന്നൊ? കൊള്ളാം, എങ്ങനെ വരും അമ്മ ഞങ്ങളുടെ കൂടെ? കല്യാണം കഴിഞ്ഞു കുറച്ചു നാൾ ഹസ്തിനപുരിയിൽ ഒരുമിച്ചു താമസിച്ചിരുന്ന ഇടവേളയിൽ, കൊട്ടാരം ഊട്ടുപുരയിൽ പോയി മൂന്നു നേരം ഊണും കഴിഞ്ഞു, പുൽത്തകിടിയിൽ വർത്തമാനം പറഞ്ഞിരിക്കുകയാണ് ഞങ്ങൾ. പെട്ടെന്ന് പാഞ്ചാലി ഭീമന്റെ നേരെ നോക്കി, ആരാ നിങ്ങളുടെ അച്ഛൻ? എന്ന് വിരൽ ചൂണ്ടി കുന്തിയോട് മുന വെച്ച് പൊട്ടിച്ചിരിച്ചു. ധിക്കാരം നിറഞ്ഞ ഓരോ ചോദ്യവും അമ്മയെ അവഹേളിക്കുന്ന പോലെ തോന്നി. പക്ഷെ നവദാമ്പത്യത്തിന്റെ മാസ്മരികതയിൽ ഒന്നും മിണ്ടിയില്ല. കാലൻ, വായു, ഇന്ദ്രൻ, അശ്വിനി ദേവതകൾ ഇങ്ങനെ ഓരോ ചോദ്യത്തിനു കിട്ടിയ ഉത്തരത്തിലും പാഞ്ചാലി മെയ് കുലുക്കി, കൈകൾ വിടർത്തി, ആർത്തുല്ലസിച്ചു. കുന്തി അന്ന് പാഞ്ചാലിക്കു മുമ്പിൽ തല താഴ്ത്തിയതാണ്. പിന്നെ ഉയർന്നില്ല", നകുലൻ കൊട്ടാരം ലേഖികക്ക് നൽകിയ അഭിമുഖത്തിൽ നിന്ന്.

2015/12/05

"പാണ്ഡവരുടെ ഭിന്നപിതൃത്വത്തെ നിങ്ങൾ പരസ്യമായി നിന്ദിച്ചു എന്നാണു ആകുലനകുലൻ പരാതി പറയുന്നതു്. എങ്ങനെ പ്രതികരിക്കുന്നു?" കൊട്ടാരം ലേഖിക പാഞ്ചാലിയെ ഉപചാരതോടെ പിടികൂടി.

"ഇളമുറപാണ്ഡവൻ എന്ന നിലയിൽ എന്റെ സവിശേഷ പരിലാളന ആസ്വദിച്ച ഇക്കാലവും സന്തുഷ്ട പാഞ്ചാലീ ദാമ്പത്യത്തിന്റെ ഏക ഗുണഭോക്താവ് എന്ന് എന്റെ മറ്റ നാല്വ ഭർത്താക്കന്മാരോട്ട് നിർല്ലജ്ജം മേനി പറഞ്ഞിരുന്ന നകുലൻ തന്നെ വേണം ഇപ്പോൾ പാണ്ഡവരുടെ വൈവിധ്യ പിതൃത്വത്തിന്റെ ധാർമിക സംരക്ഷണം ഏറ്റെടുക്കാൻ. കിടപ്പറ സാഹസങ്ങളെക്കുറിച്ച് അവന്ത തുടി കൊട്ടി പാടണം, എന്തിനു ഞാൻ അതിനിപ്പോൾ തടയിടണം", പാഞ്ചാലിയുടെ ശരീരഭാഷ വൽസലഭാവങ്ങൾ പ്രകടിപ്പിച്ചു.

'രാജസൂയ യാഗം ചെയ്തു അധികാരത്തിൽ എത്തിയ ഉടൻ നിങ്ങൾ അയൽരാജ്യങ്ങളെ പ്രതിസ്ഥാനത്ത് നിർത്തി, യമുന ഹസ്തിനപുരിയുടെ മാത്രം ജലസ്രോതസ്സ എന്ന് ഏകപക്ഷീയമായി പ്രഖ്യാപിച്ചു. കുടിവെള്ളത്തിനു സാമന്തരാജ്യങ്ങൾ പാടുപെടുമ്പോൾ നിങ്ങൾ യമുനാതീരമാകെ സൈനികപ്രതിരോധം തീർത്തു. ജലദേവത പ്രതികാരത്തിൽ നിങ്ങളെ ശിക്ഷിച്ചതാണോ ചൂതുകളിയും ചക്രവർത്തി പദവി നഷ്ടവും?" കൊട്ടാരം ലേഖിക യുധിഷ്ഠിരനെ വിചാരണ ചെയ്തു.

"അതീത ശക്തികളുടെ ആക്രമണത്തിൽ ഇന്ദ്രപ്രസ്ഥം യമുനയിൽ മുങ്ങിത്താണു എന്ന് പറയാഞ്ഞതിനു ഹസ്തിനപുരി പത്രികക്ക് സ്തുതിയായിരിക്കട്ടെ."

2015/12/06

"പാണ്ഡവർ ഭാണ്ഡം മുക്കി കാട്ടിൽ പോയതോടെ ഇന്ദ്രപ്രസ്ഥം ഇനി എന്ത് ചെയ്യാനാണ് കൌരവർ ഉദ്ദേശിക്കുന്നത്?" കൊട്ടാരം ലേഖിക ചോദിച്ചു.

"ഖാണ്ഡവപ്രസ്ഥം എന്ന പ്രകൃതിസൌഹൃദ ആവാസവ്യവസ്ഥയിലെ കൊടുംകാട് കത്തിച്ചുണ്ടാക്കിയ ദുരന്ത കുടിയേറ്റഭൂമിക എന്ന നിലയിൽ അതിനെ പരിസ്ഥിതി വിനാശത്തിന്റെ ഓർമ്മക്കായി ഹസ്തിനപുരിയുടെ ഒരു പ്രവിശ്യയായി നില നിർത്തും. മായൻ നിർമിത അസ്വാഭാവിക മന്ദിരങ്ങളിൽ കൊടുംകുറ്റവാളികളെ തടവിലിടും.", കൊട്ടാരം വക്താവ് ഇന്ദ്രപ്രസ്ഥം പ്രവിശ്യയുടെ ഭൂപടം ചുവരിൽ നിവർത്തി.

"കുരുക്ഷേത്രവിധവകൾ കൂട്ട ആത്മഹത്യ ചെയ്യുന്നു എന്നാണു യമുനയിലെ മുക്കുവർ നിത്യവും നേരിട്ട് വന്നു ഞങ്ങളെ അറിയിക്കുന്നത്. തിരിച്ചടി ഭയന്ന് അവർ കൊട്ടാര ഗോപുര വാതിലിൽ വന്നു വ്യവസ്ഥാപിത വഴിയിൽ കാര്യം പറയാൻ കൂട്ടാക്കുന്നില്ല. എങ്ങനെ പ്രതികരിക്കുന്നു പാണ്ഡവ ഭരണകൂടം?" രാജസഭയിലെ ശൂന്യവേളയിൽ സ്ഥിരം ക്ഷണിതാവ് എന്ന നിലയിൽ കൊട്ടാരം ലേഖിക.

വൈകാരിക ഉള്ളടക്കമുള്ള ഇത്തരം ചോദ്യം തീർച്ചയായും നേരത്തെ എഴുതി തരണം എന്ന് ഔദ്യോഗിക വക്താവ് നകുലൻ. സാധ്യമല്ലെന്ന് ലേഖികയും. ഹസ്തിനപുരി പത്രികയുടെ വായടപ്പിക്കാൻ പറ്റിയ രീതിയിൽ നകുലനുവേണ്ടി ഒരു ചുട്ട മറുപടി എഴുതിക്കൊടുക്കാൻ ഉത്തമരാജ്യതാൽപ്പര്യത്തിൽ വായനക്കാരെ ക്ഷണിക്കുന്നു.

2015/12/07

"കൗരവപക്ഷത്ത് പോരാടി, കൊട്ടാരത്തിൽ ജീവനോടെ തിരിച്ചെത്തി, തുറുങ്കിൽ പോവാതെ പഴയ ആചാര്യപദവി നേടിയെടുത്ത ആളല്ലേ നിങ്ങൾ, പുതിയ

ചക്രവർത്തി യുധിഷ്ഠിരൻ ആളെങ്ങനെ?" കൃപാചാര്യനെ കൊട്ടാരം ലേഖിക, മുട്ട് കുത്തി കൈ മുത്താതെ നിന്ദയോടെ ചിറി കോട്ടി അശ്രദ്ധമായി അഭിവാദ്യം ചെയ്തു.

"സിംഹാസനത്തിൽ നിവർന്നിരുന്നാൽ തന്നെ വലതുവശത്തെ ചുവരിലെ രഹസ്യജാലകം വഴി ഗോപുരവാതിൽ വരെയുള്ള വിസ്തൃത കൊട്ടാരഭൂമിക അയാൾക്ക് നിഷ്പ്രയാസം കാണാവുന്നതേയുള്ളൂ, എന്നാൽ ഒളിക്കാഴ്ച തന്നെ വേണം. അതിനു ഇടതു ചുവരിൽ നകുലൻ ഒഴികെ വേറെ ആരും അറിയാതെ മായൻ നിർമ്മിത രഹസ്യനോട്ടവഴിയുണ്ടാക്കി. രാജസഭയിൽ ഞങ്ങൾ ദുരിതജീവിതപ്രശ്നങ്ങൾ അവതരിക്കുമ്പോൾ അയാൾ ഒളിനോട്ടത്തിലൂടെ നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് കാണാനാവാത്ത സൂക്ഷ്മലോക കാഴ്ചകളുമായി രസിച്ചു ജീവിച്ചു മുന്നേറുന്നു", പെട്ടെന്ന് ചുറ്റും നോക്കി നകുലചാരന്മാരെ ഭയന്ന്, മേലാകെ അമ്പ് കൊണ്ട് വിണ്ടു കീറിയ ആ ദരിദ്ര ബ്രാഹ്മണവൃദ്ധൻ കൈകൾ മാറിൽ പിണച്ചു കെട്ടി ഉച്ചത്തിൽ നാമജപം തുടങ്ങി.

2015/12/08

"സിംഹാസനത്തിൽ ഇരുന്നില്ല, ഉടൻ തുടങ്ങിയോ ദുര്യോധനവിധവയെ ഭീഷണിപ്പെടുത്താൻ?" യുധിഷ്ഠിരനെ കൊട്ടാരം ലേഖിക അഭിവാദ്യം ചെയ്തു.

"കുരുക്ഷേത്രത്തിൽ നിന്ന് നടന്നു ഇവിടെയെത്തിയ ഞങ്ങൾ ഇന്നലെ അന്തിയുറങ്ങിയത് കുന്തിയുടെ കുടിലിൽ ആണെന്ന് നിങ്ങൾക്ക് അറിയാമോ? ദുര്യോധനന്റെ ഔദ്യോഗിക വസതി ഒന്ന് ഒഴിപ്പിച്ചു കിട്ടാൻ, നകുലൻ ഭീമനോടൊപ്പം രാത്രി ചെന്നപ്പോളാണ് അറിയുന്നത്, യുദ്ധത്തിനു മുമ്പ് തന്നെ ഹസ്തിനപുരി കൊട്ടാര സമുച്ചയം വ്യാജരേഖയുണ്ടാക്കി ധൃതരാഷ്ട്രർ ദുര്യോദനഭാര്യക്ക് ഇഷ്ടദാനം കൊടുത്തിരിക്കുന്നു. യുദ്ധം ജയിച്ചു അധികാരം പിടിച്ച ഞങ്ങൾ എവിടെ താമസിക്കണം, ഇനി എന്ത് ചെയ്യണം?" പൊള്ളുന്ന ചെങ്കോൽ ഒരു കയ്യിൽ നിന്ന് മറ്റൊന്നിലേക്കു മാറ്റി യുധിഷ്ഠിരൻ കൊട്ടാരം ലേഖികയെ നിസ്സഹായതയിൽ തുറിച്ചു നോക്കി.

2015/12/09

"ഹസ്തിനപുരി കൊട്ടാരസമുച്ചയം ദുര്യോധനഭാര്യക്ക് ധൃതരാഷ്ട്രർ കുരുക്ഷേത്രയുദ്ധത്തിനു മുമ്പ് ഇഷ്ടദാനം കൊടുത്തപ്പോൾ മറ്റു കൌരവവധുക്കൾ ഒന്നും ആ അന്യായതിന്നെതിരെ എതിർപ്പ് പറഞ്ഞില്ലേ?" കൊട്ടാരം ലേഖിക ഗുരു കൃപാചാര്യനോട് തട്ടിക്കയറി.

"ആണുങ്ങൾ യുദ്ധത്തിൽ മരിച്ചാലും വിധവകൾ നൂറുപേരും അനാഥരാവാതിരിക്കാൻ വേറെ നിയമവഴിയില്ലെന്നു ഒരൊറ്റ കൗരവ കൂട്ടുകുടുംബ രഹസ്യ യോഗത്തിൽ ബോധ്യപ്പെടുത്താൻ ദുര്യോധനന് കഴിഞ്ഞു എന്നതാണ് ആശയവിനിമയമികവിൽ ശ്രദ്ധേയം, ഞാൻ മനസ്സിരുത്തി ദുര്യോധനനെ കൊച്ചുനാൾ മുതൽ പഠിപ്പിച്ചതിന്റെ സദ്ഫലം", കൃപാചാര്യൻ കുടിലിനു മുമ്പിലെ കട്ടിലിൽ ഇരുന്നു യുദ്ധ മുറിവുകളിൽ തൈലം പുരട്ടി. ഇനി യമുനയിൽ ചെന്ന് പാപങ്ങൾ കുറെ തേച്ചു കളയണം.

2015/12/11

"ഭക്ഷണം ഒന്നും ആയില്ലേ", പുകയും ചൂരുമില്ലാത്ത, ഒഴിഞ്ഞ ഊട്ടുപുരയിലെ കോണിൽ, ശോഷിച്ച ശരീരവും നിർജീവചലനങ്ങളുമായി, ഒരു പാത്രത്തിൽ നിന്ന് ധാന്യം നിലത്തിട്ട കല്ല് പെറുക്കുന്ന രണ്ടു വൃദ്ധപാചകരുടെ അരികെ ചെന്ന്,ഭീമൻ ഒച്ച വച്ച് ചോദിച്ചു.

"ഇത് ഇന്നലെ രാത്രി ഒരു കർഷകന്റെ ധാന്യപ്പുരയിൽ നിന്ന് മോഷ്ടിച്ച് കൊണ്ട് വന്നതാണ്. കല്ലൊക്കെ ഒന്ന് പെറുക്കി, തിളപ്പിക്കട്ടെ, ആദ്യം ചക്രവർത്തിക്ക് വിളമ്പും, ബാക്കിയുണ്ടെങ്കിൽ നിങ്ങൾക്ക്", വിരക്തി നിറഞ്ഞ നോട്ടത്തോടെ വൃദ്ധൻ വൃകോദരനോട്ട് പറഞ്ഞു.

"തോന്നുമ്പോൾ തോന്നുമ്പോൾ കയ്യിട്ടുവാരാൻ വനാശ്രമത്തിലെ ഊട്ടുപുരയിൽ അക്ഷയപാത്രം ഉണ്ടായിരുന്ന ആ സുവർണ്ണകാലം ഓർമ വരുന്നു അല്ലെ?" സംഭാഷണം കേട്ട് മുന്നോട്ടു വന്ന കൊട്ടാരം ലേഖിക ഒരു കരിമ്പിൻ തണ്ട് ചവക്കാൻ ഭീമന് നൽകി.

2015/12/14

"കൊട്ടാരഗുരു കൃപാചാര്യനുമായി ആലോചിക്കാതെ എന്ത് ആഭിചാരക്രിയക്കാണ് നീ പരിഷ്കൃതനഗരമായ ഹസ്തിനപുരിയിൽ പരസ്യമായി തയ്യാറെടുക്കുന്നത്?, ചക്രവർത്തി ദീനസ്വരത്തിൽ പാഞ്ചാലിയോട്ട് ചോദിച്ചു.

"കാശിയിൽ പോയി ശ്രാദ്ധം ചെയ്തത് കൊണ്ടൊന്നും കൗരവ പ്രേതങ്ങൾ വിട്ടൊഴിയുന്നില്ലെന്നതിനു തെളിവല്ലേ നിങ്ങൾ അഞ്ചു പേരും അർദ്ധരാത്രിയിൽ നിലവിളിച്ചു ഞെട്ടിയുണർന്നു പുലരും വരെ ഇരുന്നു കിതക്കുന്നത്? വേറെ മുറിയിൽ പോയി കിടന്നിട്ടും ഇതൊക്കെ അറിഞ്ഞു ഞാനും ഉറങ്ങിയിട്ട് നാളെത്രയായി. അങ്ങനെയിരിക്കുമ്പോഴാണ് ദക്ഷിണഭാരതത്തിൽ നിന്നൊരു ബ്രാഹ്മണമാന്ത്രികൻ വന്നു എന്നോട്ട് പറഞ്ഞത്, കൗരവപ്രേതങ്ങൾ നൂറു പേരെയും ആവാഹിച്ചു തിരിച്ചു കൊണ്ട് പോയി മലനട എന്നയിടത്ത് കുടങ്ങളിൽ കുടിയിരുത്താം, പിന്നെ അവരുടെ ഉപദ്രവം ഉണ്ടാവില്ല. വിഗ്രഹപ്രതിഷ്ഠയില്ലാത്ത ക്ഷേത്രം എന്ന നിലയിൽ നാം ആ സമുച്ചയം അഭിവന്ദ്യ ദുര്യോധനന് സമർപ്പിക്കും. അതിന്റെ ചെലവു ഈ നമ്പൂതിരി (അങ്ങനെയാണ് ഈ പ്രശസ്ത മാന്ത്രികൻ ആ നാട്ടിൽ അറിയപ്പെടുന്നത്) ചോദിക്കുന്നത് കൊടുത്താൽ അവസാനിക്കും ഹസ്തിനപുരി കൊട്ടാരത്തിലെ ഭൂതബാധ", പാഞ്ചാലി പതുക്കെ ഓരോ വാക്കും കൈ ചലനങ്ങളോടെ അർത്ഥപൂർണമാക്കി സംസാരിക്കുമ്പോൾ, അർദ്ധനഗ്നബ്രാഹ്മണൻ വെറ്റില മുറുക്കിയ ചുണ്ടുകൾ തുറന്നും അടച്ചും തുടയിൽ താളം പിടിച്ചു.

2015/12/16

"യുദ്ധത്തിൽ ഭർത്താക്കന്മാർ അഞ്ചുപേരും കൊല്ലപ്പെടുന്ന ഒരു സാഹചര്യം നിങ്ങളുടെ വൈധവ്യത്തെ എങ്ങനെ ബാധിക്കുമെന്നാണ് സങ്കല്പിക്കുന്നത്? "കൊട്ടാരം ലേഖിക ചോദിച്ചു," പാഞ്ചാല രാജ്യത്തിലേക്ക് മടങ്ങുമോ?"

"പാണ്ഡവമരണങ്ങൾ എന്റെ ഭാവിജീവിതസാധ്യതകളെ പ്രതികൂലമായി ബാധിക്കാത്തിടത്തോളം സജീവ ആന്തരികജീവിതം ഇക്കാലവും ഞാനെന്നിൽ വളർത്തിയത് തുണയാകുമെന്നാണ് ഊഹിക്കുന്നത്. ഇത്രയധികം ആരാധകരെ നിരാ

ശപ്പെടുത്താതിരിക്കാൻ, വേണ്ടിവന്നാൽ പുനർവിവാഹവും പരിഗണിക്കും, വിവാഹസൽക്കാരം ഹസ്തിനപുരി പത്രികയിലൂടെ ലോകത്തെ അറിയിക്കാൻ മുൻവരിയിൽ കണ്ണും തുറന്ന കൂട്ടുകാരനൊപ്പം ഉണ്ടാവില്ലേ നീയും?" പൊരിഞ്ഞ പോരാട്ടം നടക്കുന്ന കുരുക്ഷേത്ര യുദ്ധഭൂമിക്ക് പിന്നിൽ, ഉച്ചവെയിലിൽ, പാഞ്ചാലി വിജനയമുനയിൽ മലർന്നു കിടന്നു നീന്തി കൊട്ടാരം ലേഖികക്ക് നേരെ കൈ വീശി.

2015/12/18

"അഭയാർഥികളായി കാട്ടിൽ നിന്ന് വന്ന പാണ്ഡവക്കുട്ടികളെ അന്ധചക്രവർത്തി പരിചയപ്പെട്ട രീതി നീ നോക്കിയോ? വിദുരരെ അടുത്ത് നിർത്തി ഓരോ കുട്ടിയോടും മുഖം തലോടി പേരു ചോദിക്കും, എന്നിട്ട് 'ഈ കുട്ടിയുടെ അച്ഛൻ ആരാ' എന്ന് മൃദുവായി ആരോടെന്നില്ലാതെ പിറുപിറുക്കും" യുദ്ധകാര്യലേഖകൻ പറഞ്ഞു.

"ഏറി വന്നാൽ ഏകപത്നീവ്രതക്കാരനായ ജ്യേഷ്ഠൻ പാണ്ഡവപിതൃത്വത്തെ കുറിച്ച് അന്തഃപുരത്തിൽ കേട്ടറിവുള്ള കാര്യങ്ങൾ വച്ച് വസ്തുതാപരമായി സഹോദരവിധവയോടു വിശദീകരണം വാക്കാൽ തേടി എന്നല്ലേ നമുക്ക് പറയാനാവൂ. ", കൊട്ടാരം ലേഖിക സംശയിച്ചു," അതോ, പാണ്ഡവബാലന്മാരുടെ പിതൃത്വം കുന്തിയുടെ പരമ രഹസ്യം അതിൽ നിങ്ങൾ കൈവക്കേണ്ട എന്ന് ചക്രവർത്തിയോട് പറയണോ."

2015/12/19

ഇന്ന് 'ഹസ്തിനപുരി പത്രിക' യിൽ കണ്ടത്.

"കൗരവ ഭരണകാലത്ത് ഈ കൊട്ടാരം ഊട്ടുപുര ഓടി വന്നു ഭക്ഷണം വാരിക്കോരി വായിലിടാൻ വെറുമൊരു തീൻശാല മാത്രമായിരുന്നുവോ, അതോ, പ്രകൃതി സൌഹൃദ ജീവനത്തിന്റെ രുചിഭക്ഷണ പ്രദർശനമോ? കരിമ്പിൻ നീരും പേരക്കയും കഴിച്ചു കൌരവർ പുരാതന കുരുവംശത്തെ എങ്ങനെ നവ പാണ്ഡവ അധിനിവേശത്തിൽ നിന്ന് രക്ഷിക്കാൻ സംഘടിത സമസ്ത ഭാരത പ്രതിരോധമുറ ഒരുക്കണമെന്ന് ആലോചിച്ചിരുന്ന, ദേശസ്നേഹത്തിന്റെ ജ്വാല തെളിഞ്ഞ ആ സുവർണ നാളുകൾ എവിടെ, കഴുത്തറുത്ത് ചോരയൂറ്റിക്കുടിച്ചു ചുട്ടു തിന്നാൻ തീകാത്ത് ചത്ത മുയലും മാനും കൂട്ടിയിട്ട ഈ പാണ്ഡവ അറവുശാല എവിടെ."

2015/12/20

"മനുഷ്യാവസ്ഥയല്ലേ, യുധിഷ്ഠിരൻ ഇന്ന് കാലം ചെയ്യുകയാണെങ്കിൽ പിന്തുടർച്ച ആർക്കാണ്?" കൊട്ടാരം ലേഖിക ചോദിച്ചു.

"ഇന്ദ്രപ്രസ്ഥത്തിൽ എന്റെ പദവി ചക്രവർത്തിനി എന്നായിരുന്നു എന്നോർക്കുമല്ലോ, അല്ലാതെ ഗാന്ധാരിയെ പോലെ മഹാറാണി എന്നല്ല. രാജസൂയയാഗത്തിൽ പങ്കെടുത്തു ചക്രവർത്തിനി പദവി കിട്ടിയത് ഭർത്താവിന്റെ ചിതയിൽ ജീവിതം ഹോമിക്കാനല്ല. യാഗാഗ്നിയിൽ നിന്നുയർന്ന ഞാൻ ഹസ്തിനപുരിയുടെ പൂർണ ഭരണയന്ത്രം തിരിക്കാനും സജ്ജ", ഗംഗയിൽ പണിപ്പെട്ടു നീന്തിക്കൊണ്ടിരുന്ന യുധിഷ്ഠിരന് പാഞ്ചാലി കാര്യക്ഷമമായ നീക്കത്തിൽ പിടിച്ചു കയറാൻ ഒരു കയർ കൃത്യമായി എറിഞ്ഞു കൊടുത്തു.

2015/12/23

മുതിർന്ന മൂന്നു പാണ്ഡവരുടെ രഹസ്യ തീരുമാനം ഹസ്തിനപുരി പത്രികയിൽ.

'ദുരുഹപിതൃത്വത്തിന്റെയും ശരീരവലിപ്പച്ചെറുപ്പത്തിന്റെയും പെരുമാറ്റകാപട്യത്തിന്റെയും ദാമ്പത്യഅവിശ്വസ്തതയുടെയും ദുസ്സൂചനയിൽ ഞങ്ങൾ മുതിർന്ന മൂന്ന് പാണ്ഡവരെ അകറ്റി ഇളമുറ നകുല സഹദേവൻ മാർക്ക് മാത്രം ദാമ്പത്യത്തിൽ സവിശേഷ രതിപരിഗണനന കൊടുത്തു സഹജീവിതം ദുരിതമാക്കുന്ന പാഞ്ചാലിയുടെ കുത്സിത ശ്രമം ശ്രദ്ധയിൽ പെടാഞ്ഞിട്ടല്ല. കിടപ്പറരഹസ്യം ചോർത്തി കൗരവരാജ വധുക്കൾക്ക് അന്തഃപുരത്തിൽ പറഞ്ഞു രസിക്കാൻ പാണ്ഡവദൂഷണം എഴുതാൻ പണിപ്പെട്ടു വനാശ്രമത്തിൽ ഇടയ്ക്കിടെ തല നീട്ടുന്ന കൊട്ടാരം ലേഖികയെ ഇനിയെങ്കിലും പാഞ്ചാലി പടിക്ക് പുറത്തു നിർത്തിയിട്ടില്ലെങ്കിൽ പാണ്ഡവർ സ്ത്രീവിരുദ്ധർ എന്ന അപഖ്യാതിഭീഷണി തള്ളി ഞങ്ങൾ ഇടപെടും."

2015/12/29

"കുരുവംശത്തിന്റെ ആയിരം വർഷങ്ങൾ എന്ന ആര്യാവർത്ത ആഘോഷത്തിന്റെ തലേന്ന് തന്നെ വേണമായിരുന്നോ ശന്തനുഭാര്യ സത്യവതിയെ കുറിച്ച് നിങ്ങൾ ഇല്ലാക്കഥകൾ ഹസ്തിനപുരി പത്രികയിൽ എഴുതാൻ? വിവാഹപൂർവ ഗർഭവും, ശന്തനുവുമായി കണ്ണിൽ ചോരയില്ലാതെ വിലപേശി രാജാവകാശി ദേവദത്തനെ നിത്യബ്രഹ്മചാരിയാക്കലും ക്ഷയരോഗിയായ മകൻ വിചിത്രവീര്യൻ മരിച്ചപ്പോൾ വിധവയെക്കൊണ്ട് വിരൂപ മുനി വ്യാസനെ വിളിച്ചു കൂടെ കിടത്തി സന്തതികളെ ഉണ്ടാക്കലും, പനി പിടിച്ച ഭാവനയിൽ കൊട്ടാരം ലേഖിക എഴുതിയുണ്ടാക്കിയ ഓരോ കെട്ടു കഥയും ഞങ്ങൾ "ഭാവനാസൃഷ്ടി" എന്ന് ഉടൻ തെളിയിക്കും", ചക്രവർത്തി യുധിഷ്ഠിരൻ പരുക്കൻ വാക്കുകൾ പരസ്യമായി പ്രയോഗിച്ചു.

"എന്തിനൊഴുക്കണം മനുഷ്യച്ചോര കുട്ടുകുടുംബ സ്വത്തുതർക്കം തീർക്കാൻ, വരൂ ഭീമാ നമുക്കൊരു ആലിംഗന സമരത്തിലേർപ്പെടാം എന്ന നിർദേശവുമായി ധൃതരാഷ്ട്രർ അതാ രാജസഭയിൽ." കൊട്ടാരം ലേഖിക എഴുന്നേറ്റു നിന്ന് കൈമാടി യുദ്ധകാര്യലേഖകന്റെ ശ്രദ്ധയാകർഷിച്ചു.

"എന്റെ അന്നം മുടക്കുമോ ഈ അന്ധൻ", ഇത് വരെ യുദ്ധം കാണാത്ത യുദ്ധകാര്യലേഖകൻ തൊഴിൽ സാധ്യത ചുരുങ്ങുന്നതിൽ പരിഭ്രമിച്ചു.

2015/12/30

"ഇതെന്താ നിയുക്തചക്രവർത്തിയും നാലനുജന്മാരും ഊട്ടുപുരയിലൊരു പാതിരാസമ്മേളനം?" യുദ്ധം ജയിച്ചു വന്ന പഞ്ചപാണ്ഡവരെ കൊട്ടാരം ലേഖിക മുട്ടുകുത്തി ഉപചാരപൂർവ്വം കൈ മുത്തി.

"അരമനയിൽ പെട്ടൊന്നൊരു മാംസക്ഷാമം, കഥാവശേഷനായ പ്രിയ അർദ്ധസഹോദരൻ അഭിവന്ദ്യ ദുര്യോധനന്റെ പ്രശസ്ത ഗോസമ്പത്തിൽ യുദ്ധത്തിനു ശേഷം ആകെ ബാക്കി വന്നത് കാലാവധി കഴിഞ്ഞ ഒരു വിത്തുകാള. ഈ കൊടും തണുപ്പിൽ ഞങ്ങൾ പക്ഷെ അതൊരു വരദാനമായി കണ്ടു. ഭീമൻ ഒന്നാഞ്ഞു അദ്ധ്വാനിക്കേണ്ടി വന്നു, കൊഴുത്ത മൃഗത്തിനെ അറുത്തു തൊലി പൊളിക്കാൻ.

നകുലൻ കരവിരുതോടെ കുടലും പണ്ടവും നീക്കി കനലിൽ വച്ചു. പാകമാകാൻ കാത്തിരിക്കയാണ്. ഒരു പങ്കിനു നീയും നീട്ടുന്നോ ഒരില?" യുധിഷ്ഠിരൻ കൈ അവൾക്കു നേരെ സ്വാഗതം ചൊല്ലി നീട്ടി.

2015/12/31

"മാരകായുധങ്ങൾ ഒളിപ്പിച്ചു വക്കാൻ പരവതാനി വിരിച്ചിട്ടില്ലാത്ത പരുക്കൻ നിലത്തു അർദ്ധനഗ്നനായി ചമ്രം പടിഞ്ഞിരുന്നു ചൂതുകരു വിരലുകൾക്കിടയിൽ തിരുപ്പിടിപ്പിച്ചു, വിരുന്നുവന്ന രാജസൂയചക്രവർത്തിയെ ഒരൊറ്റ സന്ധ്യ കൊണ്ട് കുടുംബമടക്കം അടിമകളാക്കി കാട്ടിലേക്ക് വ്യാഴവട്ടക്കാല അടിമ ജീവിതത്തിനയച്ച തന്ത്രശാലിയായിരുന്നു ദുര്യോധനൻ എന്ന് ഇളമുറ അർദ്ധസഹോദരൻ.

നൂറോളം കൗരവ രാജവിധവകളുടെ ദുഃഖ സാന്ദ്രമായ സാനിധ്യത്തിൽ, പൌരാണിക സ്നാന ഘട്ടത്തിൽ ശ്രാദ്ധം ചെയ്തു അനുസ്മരണ പ്രഭാഷണം ചെയ്യുകയായിരുന്നു മാദ്രിപുത്രൻ നകുലൻ.

"അടുത്ത വർഷം ശ്രാദ്ധം ഹസ്തിനപുരിയിൽ പൈതൃക ഉത്സവമായി ആഘോഷിക്കും. ദുര്യോധനന് ഗംഗാതീരത്ത് വീരസ്ഥലി എന്ന സ്മാരകഘട്ടം നിർമ്മിക്കും. മണ്മറഞ്ഞ ആ ധീരകൗരവ പോരാളിയുടെ ദീപ്ത സ്മരണ പുതുതലമുറ ഹസ്തിനപുരിക്ക് ദിശാബോധം പകരും."

"ഇടയ്ക്കിടയ്ക്ക് നമ്മുടെ ഈ മാദ്രിപുത്രൻ നകുലൻ. ഇരു കൈകളിലും സുന്ദരമുഖം ഒളിപ്പിച്ചു കോട്ടു വായിടുന്നത് അരികെ നിന്ന എന്റെ ഈ 'ദീപ്തനേത്രങ്ങൾ' കണ്ടെത്തി", കൊട്ടാരം ലേഖിക കൂട്ടുകാരനോട്.

## ഭാഗം രണ്ട്

“വനാശ്രമത്തിൽ വരുമ്പോഴെല്ലാം, ചൂടൻ ഉദ്ധരണികളുമായി അഭിമുഖങ്ങൾ ഗുലിക നിറയെ നിങ്ങളിൽ നിന്ന് കിട്ടുമായിരുന്നു, യുദ്ധം ജയിച്ച് ഹസ്തിനപുരി ചക്രവർത്തിനിയായപ്പോൾ എന്താ ഞങ്ങൾ മാധ്യമങ്ങളെ ഒക്കെ മടുത്തുവോ?” കൊട്ടാരം ലേഖിക നീണ്ട വരിയിൽ ക്ഷമയോടെ നിന്ന് കിട്ടിയ അഞ്ച് നിമിഷത്തിൽ മുട്ട് കുത്തി കൈമുത്തി വേദനയോടെ ചോദിച്ചു.

“സന്യസ്ഥാശ്രമങ്ങളിലെ ജൈവമാലിന്യം നിത്യവും രാവിലെ കലത്തിൽ ചുമന്നു സംസ്കരിക്കുന്ന ആ അടിമ ജീവിതം ഇന്നത്തെ ഉത്തരവാദിത്വ ജീവിതം നോക്കുമ്പോൾ എത്ര ലഘു. ഗംഗയാർ ഒഴുകുന്ന നാടെങ്കിലും, എന്തെല്ലാം ശ്രദ്ധിക്കണം, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, പുതിയ സ്രോതസ്സുകൾ ഉണ്ടാക്കൽ, സസ്യവൈവിധ്യ വികസനം, മഴക്കുഴി നിർമാണം, ചാലുകളുടെ അരികുസംരക്ഷണം, പാഴ്ഭൂമി പുനരുദ്ധാരണം, കാർഷിക വനവത്കരണം, ഇതിനിടയിലെവിടെ പ്രിയ സുഹൃത്തേ എനിക്ക് സമയം ഓടി നടന്നു നാട് ഭരിക്കുന്ന പഞ്ചപാണ്ഡവരെ അടക്കിപ്പിടിച്ച ശബ്ദത്തിൽ ഹസ്തിനപുരി പത്രികയോട് പഴി പറയാൻ”, പാഞ്ചാലി അടുത്ത സന്ദർശകയുടെ അഭിവാദ്യം സ്വീകരിക്കേ പുഞ്ചിരിയോടെ ചോദിച്ചു.

“കൌരവരെ ചതിയിൽ കൊന്ന് ചെങ്കോൽ കൈവശപ്പെടുത്തിയ പാണ്ഡവർ ഇതാ ഞങ്ങൾക്ക് ഇന്ന് മുതൽ മദ്യവും നിഷേധിക്കുന്നു, ഗാന്ധാരം മുതൽ മഗധ വരെ നൂറോളം രാജകുടുംബങ്ങളിൽ നിന്ന് വധുക്കളായി ഹസ്തിനപുരിയിൽ എത്തിയ ഞങ്ങളുടെ ബഹുസ്വര സ്വത്വം അംഗീകരിച്ച വിദുരർ, ഞങ്ങൾക്ക് തീൻശാലയിൽ കഴിക്കാൻ ഗോമാംസവും കുടിക്കാൻ മദ്യവും പുകക്കാൻ ലഹരിയും അനുവദിച്ചത് ദശാബ്ദങ്ങൾക്ക് മുമ്പായിരുന്നു എന്ന ചരിത്രവസ്തുത തള്ളി, ധാർമികതയുടെ മൊത്തക്കച്ചവടം ഏറ്റെടുത്ത യുധിഷ്ഠിരന്റെ ഒത്താശയോടെ ഇന്ന് മുതൽ നിരോധനം ഏർപ്പെടുത്തി. നൂറു പേരും സമ്മതം എഴുതി രാജസഭയിൽ പരസ്യമായി കൊടുക്കാത്ത പക്ഷം കുടിയൊഴിപ്പിക്കൽ ഭീഷണിയും. ഹസ്തിനപുരി പത്രിക ഞങ്ങളെ തുണക്കില്ലേ.”

2016/01/02

ദുര്യോധനൻ കൊട്ടാരം ലേഖികയോട്;

“ഞാനും യുധിഷ്ഠിരനും തമ്മിൽ, നിങ്ങൾ പലരും തെറ്റിദ്ധരിക്കും പോലെ, അങ്ങനെ ശത്രുതയൊന്നും ഇല്ല, ജീവിതവീക്ഷണത്തിൽ അൽപ്പം വ്യത്യാസം മാത്രമേ ഉള്ളൂ. ഇപ്പോൾ ഉച്ചയായില്ലേ ഞാൻ കൊട്ടാരം തീൻശാലയിൽ ചെല്ലുന്നു

എന്ന് വച്ചു. ഭക്ഷണം എല്ലാം വിശപ്പുള്ളവർ നേരത്തേ വന്നു ചൂടോടെ അകത്താക്കി എന്ന് കണ്ടാൽ ഞാൻ, ചൂടാവാതെ കൊട്ടാരത്തിന് പിന്നിലെ സംരക്ഷിത വനത്തിൽ കയറി ഒരു കാട്ടുപന്നിയെ ശൂലം എറിഞ്ഞു ഇറച്ചി ചുട്ടു തിന്നു കയ്യും മുഖവും കഴുകി രാജസഭയിൽ പോവും. എന്നാൽ യുധിഷ്ഠിരൻ? വാരനാവതത്തിനു തീ കൊളുത്തി രാത്രി കണ്ടുനിടവഴികളിലൂടെ തലയിൽ മുണ്ടിട്ടു കുടുംബത്തോടൊപ്പം ഒളിച്ചോടി, ഏകചക്ര ഗ്രാമത്തിൽ പോയി എന്താണ് അന്നം നേടാൻ ചെയ്തത്? തല മൊട്ടയടിച്ച ബ്രാഹ്മണവേഷം കെട്ടി ഇരന്നു. ഇതാണ് കൗരവരും പാണ്ഡവരും ജീവിതവീക്ഷണത്തിൽ ഉള്ള വ്യത്യാസം. തിരക്കുണ്ട്, കൊട്ടാരത്തിലെ ഉദ്യാനത്തിൽ ചാലു് കീറി നീർക്കെട്ട് നീക്കണം, ഇന്നും പെയ്യും പെരുമഴ എന്ന് മാനം പറയുന്നു."

"ലയനമാണ് ഞാൻ നിർദേശിക്കുക, യുദ്ധമല്ല. അതോ രാജ്യവിഭജനമാണോ വേണ്ടതെന്നു എന്ന് പോരടിക്കാൻ കയ്യോങ്ങുന്നവരോട് എങ്ങനെ ഞാൻ പറയും എന്നോ? പക്ഷം പിടിക്കാൻ ശത്രുക്കൾ ചെവിയോർക്കുന്നുവോ? ഓങ്ങിയ വാൾ പാണ്ഡവർ ഉറയിൽ ഇടണം, വാൽ ചുരുട്ടണം, നിബന്ധനകൾ ഇല്ലാതെ കൗരവരിൽ പൂർണമായി ലയിക്കണം. നൂറ്റവർ നൂറ്റഞ്ചു പേരായാലും ഉണ്ടാവില്ലേ പോരും കുറുമ്പും എന്നോ? ലയനം പൂർത്തിയായ അന്ന് തന്നെ പാണ്ഡവർ അഞ്ചു പേരും പൊതുഭാര്യയുമൊത്ത് വടക്കുപടിഞ്ഞാറൻ ഹിമാലയ ചുരങ്ങളുടെ സ്ഥിരം ദ്വാരപാലകരാവും. അവിടെ അവർ തട്ടകം സ്ഥാപിക്കും മായൻ നിർമിത കൊട്ടാരത്തിൽ സ്ഥലജലഭ്രമം ഇല്ലാതെ പെറ്റു പെരുകും, വരും യുഗത്തിൽ യുദ്ധക്കൊതിയന്മാർ സ്വത്ത് തർക്കത്തിന് കായികബലം കൊണ്ട് പരിഹാരം തേടുമ്പോൾ കൗരവ-പാണ്ഡവലയനം അവർക്ക് രാഷ്ട്രമീമാംസയിൽ അതിജീവന മന്ത്രമാവും."

പുലിയിറങ്ങുന്ന ആ ഹിമാലയ താഴ്വരയിൽ, കുരുവംശ അതിർത്തിയിൽ, മരക്കെണി കെട്ടി ഇരയായി ആട്ടിൻകുട്ടിയെ വിട്ട് രാത്രി ഉറക്കമിളച്ച കർഷകർക്ക് കൂട്ടായിരുന്ന ദുര്യോധനൻ ഒരു കൊച്ചുകുട്ടിയെ പോലെ അഭിലാഷങ്ങൾ രാവേറെ ചെല്ലും വരെ കൊട്ടാരം ലേഖികയുമായി പങ്കിട്ടു. മൂടൽമഞ്ഞും വിളറിയ നിലാവും ആ വനമേഖലയെ പക്ഷെ വിചിത്ര ദൃശ്യമാക്കി.

2016/01/03

"എപ്പോഴാണ് നിങ്ങൾക്ക് പാഞ്ചാലിയോട്, ഇനി നമുക്ക് വേണമെങ്കിൽ പിരിയാം എന്ന് ഉള്ളിന്റെ ഉള്ളിൽ തോന്നിത്തുടങ്ങിയത് എന്നോർത്തെടുക്കാമോ?", കൊട്ടാരം ലേഖിക അപകടസാധ്യതയുള്ള വിഷയവുമായി, അങ്ങനെ അടുക്കാൻ സമ്മതിക്കാത്ത അർജ്ജുനനെ സമീപിച്ചു.

"സ്വർഗരാജ്യത്തിൽ നിന്ന് നീണ്ടകാല സുഖജീവിതത്തിനുശേഷം ഭൂമിയിൽ ഞാൻ മടങ്ങി എത്തി ദിവസങ്ങൾ കഴിഞ്ഞിട്ടും, അവൾ എന്നോട് ആ സ്വർഗീയജീവിതാനുഭവങ്ങളെ കുറിച്ച് ഒരക്ഷരം ചോദിച്ചില്ല എന്നത് എന്നെ വല്ലാതെ സ്പർശിച്ചു. മറ്റു നാലു സഹോദരർ താടി ചൊറിഞ്ഞു ഓരോന്ന് മാറി മാറി ചോദിക്കും, അതിനു ഞാൻ നേരെ ചൊവ്വേ പറയുന്ന മറുപടികൾ കേട്ട് അവർ "ശരിക്കും?" എന്ന് പുരികം ഉയർത്തി സംശയത്തോടെ പ്രതികരിക്കും, അപ്പോൾ ഞാൻ കൂടുതൽ വിശ്വാസ്യതക്ക് കൂടുതൽ സൂക്ഷ്മവിവരം നല്കും, പക്ഷെ പാഞ്ചാലി..." ആ

തണുത്ത് വിറയ്ക്കുന്ന ശിശിരത്തിലും ധീരപോരാളി വൈകാരികവിക്ഷോഭത്തിൽ വിയർത്തു.

"പ്രശംസിച്ചാലും നിങ്ങളുടെ മുഖം പ്രസന്നമാവുന്നില്ല എന്നാണ് പാണ്ഡവരുടെ പരിഭവങ്ങൾ കൂട്ടി വായിക്കുമ്പോൾ എനിക്ക് മനസ്സിലാവുന്നത്", ജലക്രീഡക്കായി കുന്നിൻചുവട്ടിലെ നീർക്കെട്ടിലായിരുന്നു പാഞ്ചാലി. മരക്കൂട്ടങ്ങൾക്കിടയിലൂടെ ആകാശം തെളിഞ്ഞിരുന്നു.

"സദ്യ നന്നായിരുന്നു എന്നവർ വിസ്തരിച്ചു പ്രശംസിക്കും, അത് കേട്ട് സന്തോഷിക്കാൻ അക്ഷയപാത്രത്തിലെ വിഭവങ്ങൾ പാചകം ചെയ്തത് ഞാനാണോ? ഊണ് കഴിഞ്ഞു കൈ കഴുകിയാലും അവരുടെ നോട്ടം പാത്രത്തിൽ ആയിരിക്കും, ആകസ്മിക സന്ദർശനത്തിനു എഴുന്നെള്ളുന്ന കോപിഷ്ഠ മുനികളെ കരുതി ഞാൻ എന്നും രാത്രി പട്ടിണി കിടക്കണം. വെറും വയറ്റിൽ തലചായ്ക്കാൻ അർദ്ധരാത്രിയിൽ ഞാൻ നോക്കുമ്പോൾ കാണാം അവരവരുടെ പായയുമായി അഞ്ചു പേരും എന്റെ മുമ്പിൽ വരി നിൽക്കുന്നത്", മലർന്നു കിടന്നാണ് പാഞ്ചാലി തെളിനീരിൽ നീന്തിയതെങ്കിലും ആ മുഖഭാവം കൊട്ടാരം ലേഖികക്ക് വ്യക്തമായില്ല.

"യുധിഷ്ഠിരൻ വാളും കുന്തവും നിലത്തിട്ടു എതിർചേരിയിലേക്ക് നടന്നുചെന്ന് ഭീഷ്മരെ ഇതാ സാഷ്ടാംഗം വീണു വന്ദിക്കുന്നു, അയാൾ മടങ്ങുമ്പോൾ ചാടിപ്പിടിച്ചു ബന്ദിയാക്കിയാൽ, പാണ്ഡവരുമായി മുഷിഞ്ഞു വിലപേശി വലിയ ആൾനാശ ഭീഷണിയുള്ള ഈ പോരാട്ടം ഒഴിവാക്കാം എന്ന രഹസ്യ നിർദേശം ഹസ്തിനപുരി പത്രിക യുദ്ധകാര്യ ലേഖകൻ ചെവിയിൽ മന്ത്രിച്ചത് നിങ്ങൾ ആലോചനയില്ലാതെ തള്ളിക്കളഞ്ഞതിന്റെ ഫലം", ഭീമഗദയുടെ മാരകപ്രഹരശേഷിയിൽ തുടയെല്ലൊടിഞ്ഞു, ചളിയിൽ പുളഞ്ഞു നിലവിളിക്കുന്ന ദുര്യോധനനെ നോക്കി കൊട്ടാരം ലേഖിക പറഞ്ഞു, "ഇനിയെങ്കിലും ഉത്തമ പത്രപ്രവർത്തകരെ രാജ്യതന്ത്രത്തിൽ നിന്ന് ആട്ടിയോടിക്കരുത് കുരുവംശ നവഭരണാധികാരികൾ."

2016/01/04

"യുധിഷ്ഠിരന്റെ അച്ഛനെ ഒന്ന് ഓർത്തെടുക്കാമോ? കേട്ടറിവുമായി യോജിക്കുന്നുണ്ടോ എന്നറിയാനാണ്", അന്തഃപുരത്തിൽ സ്വകാര്യമായി കണ്ടുമുട്ടിയപ്പോൾ കുന്തിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"കാട്ടിലെ ഒറ്റമുറിയിൽ ഞാനും ഭർത്താവും മാദ്രിയും. നീണ്ടു നിവർന്നു കിടക്കാനൊന്നും സൗകര്യം ആയിട്ടില്ല. ചെങ്കോൽ ഉപേക്ഷിച്ച കാട്ടിൽ കുടിയേറിയ കാലം. ഒന്ന് കണ്ണടച്ച് തുറന്നപ്പോൾ, ജാലകത്തിലൂടെ ഒരു കയർ നീണ്ട് അരികെ വന്നു. ഉടൻ അകത്തേക്ക് ക്ഷണിച്ചില്ലെങ്കിൽ കയറിൽ കുടുക്കി യമപുരിയിലേക്ക് ലൈംഗിക അടിമയായി കൊണ്ടു പോകുമെന്ന് ആഗതൻ മൃദുവായി ഭീഷണിപ്പെടുത്തിയപ്പോൾ, ജീവിതമോഹം കെട്ടിട്ടില്ലാത്ത ആ യുവതയിൽ ഞാൻ സന്ദർശകനെ കൈനീട്ടി സ്വീകരിച്ചു. എന്റെ ആദ്യ വിവാഹപൂർവ രതിയിൽ സൂര്യൻ ചെയ്തതൊക്കെ വിവാഹബാഹ്യരതിയിൽ കാലനും ചെയ്തു. ഭർത്താവും മാദ്രിയും അതൊക്കെ കണ്ണ് മിഴിച്ചു കണ്ടുവോ, അതോ പോത്തിൻപുറത്ത് വന്ന ഭീകരനെ കണ്ടു വിറച്ചു ഉറക്കം നടിച്ചു കിടന്നുവോ എന്നറിയാനാവാത്ത വിധം അവർ പിറ്റേന്ന് പെരുമാറി. കയറുമായുള്ള കാലന്റെ വരവ് യുധിഷ്ഠിരനെ ഗർഭം ധരിക്കും വരെ തുടർന്നു. പിന്നെ

ആളെ കാണാതായി. ഗർഭത്തിന്റെ ഉത്തരവാദിത്വം ഭർത്താവ് സന്തോഷത്തോടെ ഏറ്റെടുത്തു."

"കേട്ടത് കൃത്യം. മരണദേവതക്കു സ്തുതിയാരിക്കട്ടെ."

"ഹസ്തിനപുരി പ്രതിരോധവകുപ്പ് പ്രതിരോധത്തിൽ ആവുന്ന ഒരു വൻപ്രതിസന്ധിയുടെ കാലം", അങ്ങനെയാണോ അതിർത്തി കടന്നു നുഴഞ്ഞു കയറിയ പാണ്ഡവചാരന്മാർ പുലർച്ച ആയുധപ്പുര കൊള്ളയടിച്ചതിനെ ഞങ്ങൾ വിശേഷിപ്പിക്കേണ്ടത്?, കൊട്ടാരം ലേഖിക ചോദിച്ചു.

"കാലാവധി കഴിഞ്ഞ ആയുധങ്ങൾ ശത്രുക്കൾക്ക് കൊള്ളയടിക്കാൻ പാകത്തിൽ ഞങ്ങൾ ശ്രദ്ധാപൂർവ്വം കെണിയായി ഒരുക്കിയത്, കൃത്യം നകുലനും സംഘവും പാടുപെട്ടു വന്നു കെട്ടിപ്പൊക്കി ചുമലിൽ വച്ച് കൊണ്ടുപോയതാണോ നിങ്ങൾ ഹസ്തിനപുരി ആയുധപ്പുര കൊള്ളയടിച്ചു എന്ന് പറഞ്ഞു വക്കുന്നത്?", ദുര്യോധനന്റെ കൊച്ചുമകൻ സർവാധികാരി പൊട്ടിച്ചിരിച്ചു.

2016/01/05

"ചോദിക്കണം എന്ന് വിചാരിക്കും, മാദ്രരാജാവ് ശല്യൻ, പറഞ്ഞു വന്നാൽ നകുലമാതാവ് മാദ്രിയുടെ ജ്യേഷ്ഠനല്ലേ?, പിന്നെ എങ്ങനെ യുദ്ധത്തിൽ കൌരവസഖ്യമായി?", കൊട്ടാരം ലേഖിക എന്തോ ആലോചിച്ചു വിഷമിക്കുന്ന പോലെ തോന്നി. കുരുക്ഷേത്രത്തിൽ പ്രാദേശിക ഭരണകൂടം യുദ്ധത്തിനുള്ള അടിസ്ഥാന സൌകര്യങ്ങളുടെ മുന്നൊരുക്കങ്ങൾ കാര്യക്ഷമതയോടെ ചെയ്യുന്നത് അവൾ കൌതുകത്തോടെ ശ്രദ്ധിച്ചു. നീണ്ട നിഴലുകൾ വീഴുന്ന ശിശിരകാലത്തിന്റെ തുടക്കമായിരുന്നു. പൊരിച്ച മാട്ടിറച്ചി കിട്ടിയിരുന്നെങ്കിൽ എന്നവൾ കൊതിച്ചു.

"പിൻവാതിൽനയതന്ത്രത്തിന്റെ ബലം എന്നൊക്കെ കൗരവ സൈനിക മന്ത്രാലയവക്താവ് പറയും, പക്ഷെ ഭർത്താവ് കുഴഞ്ഞു വീണു നിര്യാതനായപ്പോൾ ചിതയിൽ മാദ്രി സതി അനുഷ്ഠിച്ചത് കുന്തിയുടെ നിരന്തര നിർബന്ധത്തിനു വഴങ്ങിയായിരുന്നു എന്ന് കൃത്യമായി ബോധ്യപ്പെടുത്താൻ ദുര്യോധനനു കഴിഞ്ഞു എന്നത് വസ്തുതയല്ലേ. മുതിർന്ന റാണി എന്ന നിലയിൽ കുന്തി അനുഷ്ഠിക്കേണ്ട സതി ഇളമുറ മാദ്രിയെ കൊണ്ട് ചെയ്യിച്ചതിന്റെ ആ പ്രതികാരഭാവം സ്വതവേ മുൻകോപിയായ ശല്യനിൽ ഒന്ന് ഉറഞ്ഞു തുള്ളി." തക്ഷശിലയിൽ പഠിച്ച സൈനികശാസ്ത്രം കുരുക്ഷേത്രത്തിൽ എന്നെ തുണക്കുമോ എന്ന പ്രതീക്ഷയിൽ യുദ്ധകാര്യ ലേഖകൻ തണുപ്പിൽ ഇരു കൈകൾ കൂട്ടിത്തിരുമ്മി.

"എന്റെ ഒരു ദിവസത്തെ അസാന്നിധ്യത്തിൽ തന്നെ വേണമായിരുന്നോ അഭിമന്യുവിനെ ചക്രവ്യൂഹത്തിലെ ചെന്നായകൾക്ക് നിങ്ങൾ എറിഞ്ഞു കൊടുക്കാൻ?", ജീവഹാനി ഭയന്ന് ഓടി ഒളിക്കും മുമ്പ് അനുജന്റെ മകനെ കൌരവർക്കു പീഢിപ്പിച്ചു കൊല്ലാൻ ഇരയാക്കിയ യുധിഷ്ഠിരനെ, ഒളിത്താവളത്തിൽ നിന്ന് മുടിയിൽ വലിച്ചു പുറത്തിട്ട അർജ്ജുനൻ കഴുത്ത് വെട്ടാൻ കയ്യോങ്ങിയപ്പോൾ.

"അംഗീകൃത ആലകളിൽ എല്ലാം തീ അണഞ്ഞുവോ, ഭരണാധികാരി ദുര്യോധനൻ തന്നെ വേണോ കത്തിക്ക് മൂർച്ച കൂട്ടുവാൻ?", കൊട്ടാരം ലേഖിക ഇരുകൈകളും ഉത്സവാഘോഷം പോലെ ഉയർത്തി. ഭൂഗർഭഅറയിൽ വേഷം മാറി എത്തിയതായിരുന്നു നന്നേ രാവിലെ അതിരഹസ്യഅഭിമുഖത്തിനു.

“കുറച്ച കാലമായി അവൾ മുനവച്ച് വനാശ്രമത്തിൽ ചെല്ലുന്ന സന്യസ്ഥരോട്ട് പറയുന്നു, മുടിയിൽ തേച്ച പ്രതിജ്ഞ നിറവേറ്റാൻ കൗരവ ചുടുചോര വേണം എന്ന്. ഇനിയരുത് ആ രക്തഭീഷണി ഞങ്ങൾക്ക് നേരെ. ഇന്ന് രാത്രി തന്നെ അജ്ഞാത സന്ദേശവാഹകൻ അവിടെ നുഴഞ്ഞു കയറി മയക്കുമരുന്ന് നല്കി മുടി നീക്കി മൊട്ട യടിക്കും. ആ നടപടി പൂർത്തിയാവും വരെ നീ ഇവിടെ ബന്ദിയാവും”, ദുര്യോധനൻ കഴുത്തറക്കുന്ന പോലെ പുഞ്ചിരിച്ചു.

“ഇതെന്താണിത് ഈ പരിപാവന ആശ്രമമുറ്റത്ത് ഇത്രയധികം കുഞ്ഞോമന ആട്ടിൻകുട്ടികൾ? ഇതിനെയൊക്കെ പരിപാലിക്കാനുണ്ടോ വേണ്ടത്ര സമയം അപാരതയെ കുറിച്ച് എപ്പോഴും ചിന്തിക്കുന്ന സന്യസ്ഥർക്ക്?”, കൊട്ടാരം ലേഖിക വനാന്തരത്തിലെ പാണ്ഡവവസതിക്കടുത്ത സന്യസ്ഥാശ്രമം സന്ദർശിക്കയായിരുന്നു.

“നൂറാടിനും പേരിട്ടിട്ടുണ്ട് ഭീമൻ. കൌരവരുടെ പേരുകൾ. വിളിച്ചാൽ അവ ഉടൻ വിളികേൾക്കും. ഇവനെ ദുശാസനൻ എന്ന് വിളിച്ച നോക്കൂ”, സന്യസ്ഥൻ വിചിത്രസ്വരത്തിൽ ക്ഷണിച്ചു. കൊട്ടാരം ലേഖിക ആ പേർ ചൊല്ലി ഒന്ന് വിളിച്ചപ്പോൾ കൂട്ടത്തിൽ നിന്ന് ഒരാട്ട് അവൾക്കരികിൽ വന്നു നിന്നു.

“എന്നാൽ ഇന്ന് വറുത്തരച്ച കറി വക്കാൻ ഇവൻ തന്നെയാകട്ടെ നമ്മുടെ തീൻശാലയിലെ മുഖ്യതാരം” സന്യസ്ഥൻ പുറം കുപ്പായക്കീശയിൽ നിന്ന് പെട്ടെന്ന് തിളങ്ങുന്ന കത്തിയൂരി, കഴുത്തറക്കുമ്പോൾ തെറിക്കുന്ന ചോര കൈക്കുമ്പിളിൽ പിടിക്കൂ, സുന്ദരിക്കുട്ടിപാഞ്ചാലിയുടെ കൊഴുത്ത മുടിയിൽ തേക്കാൻ കൊടുക്കാം അല്ലേ, എന്തിനു കുരുക്ഷേത്രം വരെ അക്ഷമയോടെ കാത്ത് നില്ക്കണം?

2016/01/06

“ദൃക്സാക്ഷിയല്ലേ? ദുര്യോധനവധം എങ്ങനെ? വല്ലാത്തൊരു ദൃശ്യാനുഭൂതി തന്നോ?”, നകുലനെയാണ് കൊട്ടാരം ലേഖിക വിടാതെ കുരുക്ഷേത്രത്തിൽ നിന്ന് പിന്തുടർന്നത്. യുദ്ധം കഴിഞ്ഞു ജീവനോടെ രക്ഷപ്പെട്ട ആറേഴ പേരുള്ള പാണ്ഡവ സംഘത്തിൽ ഒരാൾ.

“വിശന്നു വലഞ്ഞിരുന്ന ബകനെ മരം പിഴുതു അടിച്ചു കൊന്നു എന്നതും, പ്രണയിനിയെ പ്രതീക്ഷിച്ച പരിമളം പൂരട്ടി രാത്രിയിൽ വന്ന കീചകനെ ആൾമാറാട്ടം വഴി മലർത്തിക്കിടത്തി ശ്വാസം മുട്ടിച്ചു കൊന്നു എന്നതും ഐതിഹ്യപ്പെരുമയിൽ പറഞ്ഞുശീലിച്ച ഞാൻ, ദുര്യോധനനെ ഭീമൻ ആക്രമിക്കുന്നത് കണ്ടു പലപ്പോഴും ഞെട്ടിപ്പോയി. ഒരു സാമ്യവും ഇല്ലായിരുന്നു ഈ അർദ്ധസഹോദരരുടെ പോരാട്ടമികവിനു. ഓരോ ഭീമഗദാപ്രഹരവും ഉന്നം തെറ്റി മരക്കുറ്റികളിലും ചളിക്കുഴിയിലും പതിച്ചു. ചിലപ്പോൾ ദുര്യോധനഗദയുടെ നിഷ്ഠൂര പ്രഹരവേദന സഹിക്കാനാവാതെ ഭീമൻ വീണുരുണ്ടു. അതിനിടയിലൊരു രഹസ്യസന്ദേശം ആകാശചാരികളിൽ നിന്ന് ആംഗ്യഭാഷയിൽ ഭീമൻ സ്വീകരിക്കുന്ന പോലെ ഇപ്പോളൊരു നേരിയ ഓർമ, ഉടനൊരു ഗദാപ്രഹരം ദുര്യോധനന്റെ അരക്കു താഴെ പൊട്ടുന്നതും. കണ്ണ് തിരുമ്മി ഞാൻ മിഴിച്ചു നോക്കിയപ്പോൾ ദുര്യോധനൻ തുടയെല്ല് പൊട്ടിവീണു വാവിട്ടു അമ്മാ, അമ്മാ എന്ന് നിലവിളിക്കുന്നു. ആ രംഗം കാണാനാവാതെ ഞങ്ങൾ ഭീമനെ വാരിപ്പെറുക്കി കിതച്ചു പാഞ്ഞു. പണ്ട് വസ്ത്രാക്ഷേപത്തിൽ കണ്ട പോലെ എന്തോ ഒരു പ്രത്യക്ഷം”, പറഞ്ഞു പറഞ്ഞു നകുലൻ പരവശനായി.

2016/01/07

"കരിമ്പപാടത്ത് ചവച്ച് തുപ്പിയ ചണ്ടിക്കൂട്ടത്തിന്നിടയിൽ നിന്ന് ഞങ്ങൾ പൊക്കി അഞ്ചു ഭീകരരെ. മതികെട്ടറങ്ങിയ അഞ്ചിലൊരുത്തന്റെ ശരീരഭാരം സഹിക്കാനാവാതെ വടം കെട്ടി ഞങ്ങൾ സംഘം ചേർന്ന് വലിക്കേണ്ടി വന്നു. ഇപ്പോൾ തീറ്റ കൊടുത്ത് അഞ്ചു പേരെയും ഒരു വിധം തളച്ചിരിക്കയാണ്", ഗ്രാമത്തലവൻ ഹസ്തിനപുരി കൊട്ടാരഗോപുരവാതിലിൽ നിന്ന യുവസർവാധികാരിയെ വിവരം അറിയിച്ചു.

"തുറന്നു വിടൂ. വ്യാസൻ എഴുതാൻ ആഗ്രഹിക്കുന്ന പോലെ പോകട്ടെ അവരുടെ ഇനിയുള്ള ജീവിതം. വമ്പിച്ച സഖ്യകക്ഷിസൈന്യവുമായി പടയോട്ടത്തിലൂടെ ഞങ്ങൾ കൌരവരെ യുദ്ധം ചെയ്തു തോല്പ്പിക്കും എന്ന് ന്യായമായും കരുതിയ ഈ നീണ്ടകാല കുടുംബശത്രുക്കൾ അഞ്ചു പേരും, ഒരു നേരത്തെ അന്നം തേടിയാണോ ഇക്കണ്ട ദൂരമൊക്കെ വിരാടത്തിൽ നിന്ന് വലിഞ്ഞു നടന്നു ഹസ്തിനപുരി അതിർത്തി ഗ്രാമത്തിൽ നുഴഞ്ഞു കയറിയത്", ദുരോധനന്റെ കൊച്ചു മകൻ സർവാധികാരി മൂക്കത്ത് വിരൽ വച്ചു.

"അപ്പോൾ തങ്കപ്പെട്ട ഒരു പ്രണയമൂല്യവും നിങ്ങൾ ഭീമനിൽ ഇതുവരെ കണ്ടെത്തിയിട്ടില്ല?", താഴെ തടാകത്തിലേക്കൊഴുകുന്ന നീർച്ചാലിൽ കാൽ വച്ച് കിന്നരിക്കുകയായിരുന്നു കൊട്ടാരം ലേഖിക.

"പരിപൂർണ ആശ്രിതത്വം, അതൊന്നു പോരെ പ്രണയാഭിലാഷങ്ങളിനിയും പൂവണിഞ്ഞിട്ടില്ലെന്ന പരിദേവനത്തിലും എന്റെ മുമ്പിൽ ഉപചാരപൂർവ്വം മുട്ട് കുത്തി കൈമുത്തി വല്ലപ്പോഴുമൊരിക്കൽ മാത്രം പരമാനന്ദം യാചിക്കുന്ന ഭീമനെ മഹത്വപ്പെടുത്താൻ", പാഞ്ചാലിയുടെ സ്വരത്തിൽ വാത്സല്യം കലർന്നു.

"യുധിഷ്ഠിരന്റെ പട്ടാഭിഷേകം തടയാൻ കൌരവരാജവിധവകളുടെ കുട്ടികൾ തന്നെ പുറത്തിറങ്ങി ഗോപുരവാതിലിൽ പ്രക്ഷോഭം തുടങ്ങിയല്ലോ. എന്താ സംഭവം?", കൊട്ടാരം ലേഖിക ആകാംക്ഷയോടെ ചോദിച്ചു.

"ആവാസവ്യവസ്ഥയായിരുന്ന ഖാണ്ഡവവനം കത്തിച്ച് ജീവജാലങ്ങളെ നശിപ്പിച്ച് ഇന്ദ്രപ്രസ്ഥം പണിതു. ചൂത് കളിച്ചു നഗരം നഷ്ടപ്പെടുത്തി സ്വത്തുതർക്കം തീർക്കാൻ ഹിംസയുടെ പേപിടിച്ച വഴി പിന്തുടർന്നു. ദുഷ്പ്രവർത്തികളുടെ പട്ടിക നീണ്ടതാണ്. ചെങ്കോൽ എടുക്കുന്നില്ല ഭരണം മാത്രമേ ചെയ്യൂ എന്ന് അർജ്ജുനൻ ഇടപെട്ടു വിലപേശി നോക്കി, കുട്ടികൾ ഒരു പണത്തൂക്കം പോലും പ്രക്ഷോഭത്തിന്റെ തീവ്രത കുറക്കുന്നില്ല, വേറെ തിരക്കൊന്നും ഇല്ലല്ലോ, കരിമ്പിൻ തണ്ട് ചവച്ചും ശിശിരവെയിൽ കൊണ്ടും നാടകം കാത്തിരുന്നു കാണാം", യുദ്ധകാര്യ ലേഖകൻ കൈകൾ വീശി ആടിയുലഞ്ഞു സംസാരിച്ചു.

2016/01/08

"അഭിവന്ദ്യ ഹസ്തിനപുരി മഹാരാജാവിനു സഹോദരപുത്രൻ യുധിഷ്ഠിരൻ എഴുതിയ ഒരു അപേക്ഷ കയ്യിൽ തടഞ്ഞിട്ടുണ്ട്, നമ്മുടെ പത്രികയിൽ പൊട്ടിക്കണോ?", കൊട്ടാരം ലേഖിക ചോദിച്ചു", സംഗതി ഇത്രമാത്രം, പൊതു താൽപ്പര്യത്തിൽ രാജ്യം വിഭജിച്ചു പകുതി പാണ്ഡവർക്ക് ഉടനടി കൊടുക്കണം."

“ഒപ്പ് വ്യാജമാണോ, യഥാർത്ഥത്തിൽ അപേക്ഷ അയച്ചിട്ടുണ്ടോ, സംഗതി കൊട്ടാരത്തിൽ ആരാണ് കൈപ്പറ്റിയത്, രേഖ ചോർന്നത് ആരു വഴി, ഒത്തിരി മുള്ളുള്ള ചോദ്യങ്ങൾക്ക് നീ പൊതു മണ്ഡലത്തിൽ ഉത്തരം പറയേണ്ടി വരുമെങ്കിലും ഇന്ന് വേറെ സ്തോഭജനക വാർത്ത വേറെ ഇല്ലെങ്കിൽ, ആ ഉടനടി എന്ന വാക്കിനെ യുദ്ധ ഭീഷണിയാക്കി മുൻനിരയിൽ ഇരുത്തു”, പത്രാധിപർ ഒഴിവുദിവസ ആഘോഷത്തിൽ അമ്പും വില്ലുമെടുത്ത് കൊട്ടാരം ലെഖികക്ക് നേരെ ചാൺ വലിച്ചു.

“നൂറ് കൗരവരും വിദുരർക്കൊപ്പം പിതൃക്കൾക്ക് ശ്രാദ്ധം ചെയ്യാൻ കാശിയിലേക്ക് പോയ ദിവസം, വൈകിയ രാത്രിയിൽ കൗരവരാജവധുക്കളുടെ അന്തഃപുരത്തിൽ കൌരവരുടെ പതിവ് സൈനിക വേഷത്തിൽ അഞ്ചു അപരിചിതരെ കണ്ടു എന്ന് അവിടെയുള്ള മൂന്നാംലിംഗ സുരക്ഷാഭടന്മാർ ഭീഷ്മരുടെ ശ്രദ്ധയിൽ കൊണ്ടു വന്നിരുന്നോ?”, കൊട്ടാരം ലേഖിക പിതാമഹനെ രാവിലെ തന്നെ പരുക്കൻ രീതിയിൽ ചോദ്യം ചെയ്തു.

“കൌരവരുടെ പതിവ് സൈനിക വേഷത്തിൽ അന്തഃപുരത്തിൽ എത്തിയവരെ പിടികൂടി രഹസ്യമായി വസ്ത്രാക്ഷേപം ചെയ്തു അവർ ആരോ അവരല്ല എന്ന് സംശയാതീതമായി ഉറപ്പു വരുത്തേണ്ടത് രാജവധുക്കൾ തന്നെ അല്ലേ? ഞാൻ രാജ്യത്തിന്റെ സൈന്യാധിപനാണ്, ഔദ്യോഗിക വസ്ത്രാക്ഷേപകനല്ല”, ആദ്യമായി ഹസ്തിനപുരി പത്രികയുടെ കൊട്ടാരം ലെഖികക്ക് കിട്ടേണ്ടത് അന്ന് കിട്ടി എന്ന് ഇക്കാര്യങ്ങളിൽ ഒക്കെ കമ്പം കാണിക്കുന്ന യുദ്ധകാര്യ ലേഖകൻ പത്രികയുടെ ഊട്ടുപുരയിൽ.

2016/01/09

“അധികാരത്തിൽ കയറിയ ഉടൻ കയ്യിൽ തടഞ്ഞത് ദുര്യോധനന്റെ നീണ്ട കത്താണല്ലോ, ഇനി നിങ്ങൾ വേദനയോടെ പറയും, അത് പ്രിയദുര്യോധനൻ യുദ്ധത്തിനു മുമ്പ് യുധിഷ്ഠിരൻജ്യേഷ്ഠനു അഭിവാദ്യങ്ങളും ആശംസകളും എഴുതിയ അന്ത്യലിഖിതമാണെന്നു. ആയുഷ്കാലം മുഴുവൻ നമ്മെ കുടിലതയോടെ ദ്രോഹിച്ച കൌരവൻ അന്ത്യമടുത്ത് എന്ന് തോന്നിയപ്പോൾ എഴുതിവച്ച ആ കത്ത് കത്തിച്ചു കളയണം”, ഭീമൻ വികാരവിക്ഷോഭത്തോടെ പറഞ്ഞു. മറ്റു പാണ്ഡവരും പാഞ്ചാലിയും വിദുരരും അരികെ ചെവിയോർപ്പിച്ചു നിന്നു.

“ഇത് ആശംസകളല്ല, ഇത് സഖ്യകക്ഷിരാജ്യങ്ങളിൽ നിന്ന് കുരുവംശം യുദ്ധാവശ്യത്തിനു വാങ്ങിയ കടങ്ങളുടെ നീണ്ട പട്ടികയാണ്. ആരു യുദ്ധം ജയിച്ചു അധികാരത്തിൽ വന്നാലും, ഒരു കൊല്ലത്തിന്നകം മുതലും പലിശയും കൊടുത്ത് ബാധ്യത തീർത്തില്ലെങ്കിൽ, കടക്കാർ മുന്നണി രൂപീകരിച്ചു ഹസ്തിനപുരി ‘വെട്ടിപ്പൊളിച്ച്’ കൊണ്ട് പോവും”, അർദ്ധ സാക്ഷരനായ യുധിഷ്ഠിരൻ കഷ്ടപ്പെട്ട്, കൌരവൻ സംസ്കൃതത്തിൽ എഴുതിയ കത്ത് തപ്പിത്തടഞ്ഞു വായിച്ചെടുത്തു.

2016/01/10

“നീ വസ്ത്രാക്ഷേപത്തിന് പരസ്യമായി ഇരയായി എന്നത് ഒരു വസ്തുത എന്ന നിലയിൽ പൊതുസമൂഹം തർക്കമില്ലാതെ അംഗീകരിക്കുമ്പോൾ തന്നെ, അഴിച്ചിട്ട മുടിയിനി കെട്ടണമെങ്കിൽ കൈക്കുമ്പിളിൽ ഞങ്ങൾ കൌരവച്ചോര കൊണ്ടുവരണം

എന്ന് ഒരാചാരം പോലെ ഒരിക്കൽ ഒഴുക്കൻ മട്ടിൽ പറഞ്ഞതിൽ കവിഞ്ഞൊരു പ്രതികാരതീവ്രത, നീ കൌരവരെ കുറിച്ച് ഞങ്ങൾ നിത്യവും നിന്റെ അടുത്തിരുന്നു അമർഷം പ്രകടിപ്പിക്കുമ്പോഴൊന്നും, സന്ദർഭത്തിന്റെ ഗൌരവമനുസരിച്ച് കാണിക്കുന്നില്ലല്ലോ", അർജ്ജുനൻ ആശ്ചര്യപ്പെട്ടു.

"എന്തിനു ഞാൻ നിത്യവും നിങ്ങൾക്കൊപ്പം സംഘം ചേർന്ന് എന്റെ ആരാധകരെ പഴി പറയണം?", പാഞ്ചാലി കൊട്ടാരം ലേഖികയെ നോക്കി അർത്ഥഗർഭമായി പുഞ്ചിരിച്ചു", പ്രത്യേകിച്ചും, സൌന്ദര്യവർദ്ധകമരുന്നുകളും അടിവസ്ത്രങ്ങളും ഞാൻ ആവശ്യപ്പെട്ടതു് ദുര്യോധനന്റെ കാര്യാലയത്തിൽ സൌമനസ്യത്തോടെ പരിഗണിക്കപ്പെടുമ്പോൾ."

2016/01/11

"നിലവിൽ ജനഹിതത്തിനു അനുകൂലമായി ദശാബ്ദങ്ങളായി പ്രവർത്തിക്കുന്ന, ധൃതരാഷ്ട്രരുടെ നേതൃത്വത്തിലുള്ള കുരുവംശത്തിനെതിരെ പൊതു അഭിപ്രായരൂപീകരണത്തിന് വേണ്ടിയുള്ള നിങ്ങളുടെ ഹീനശ്രമത്തിൽ, ജനംഹൃദയം കൊണ്ട് പാണ്ഡവർക്ക് ഐക്യപ്പെട്ട്, വേണ്ടിവന്നാൽ ബലപരീക്ഷണത്തിലും യുധിഷ്ഠിരന്റെ കൂടെയാണെന്ന ഒരു കുടിലമുൻവിധി നിങ്ങൾ ഏകപക്ഷീയമായി ജനതയിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുണ്ട് എന്നാണു ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന ദുര്യോധനന്റെ നിരീക്ഷണം. എങ്ങനെ പ്രതികരിക്കുന്നു?"

"അധികാരം കൈവശം വച്ചിരിക്കുന്നവന്റെ അന്തസ്സില്ലാത്ത അഭിപ്രായങ്ങൾക്ക് മറുപടി വാ കൊണ്ട് ഞങ്ങൾ പറയുന്നതു് അവനു മനസ്സിലായില്ലെങ്കിൽ, ഇനി ഭീമഗദ കൊണ്ട് കുരുക്ഷേത്രം മാരകമായി പറയട്ടെ", പാണ്ഡവ ചാരവകുപ്പ് മേധാവി നകുലൻ.

"നമ്മളെയൊക്കെ ഉറക്കിക്കഴിഞ്ഞാൽ ഈയിടെയായി പാഞ്ചാലി എന്തോ എഴുതുന്നു എന്ന് ഞെട്ടലോടെ കണ്ടെത്തി, രാവിലെ അവൾ പുറത്തുപോയ നേരം, കുറെ പനയോലകൾ പുറത്തെടുത്ത് നാരായം കൊണ്ടെഴുതിയതൊക്കെ തിരിച്ചും മറിച്ചും വായിക്കാൻ ഞാൻ ശ്രമിച്ചു നോക്കി. കൌമാരം വരെ കാട്ടിൽ മേഞ്ഞു നടന്ന നാം അക്ഷരം പഠിക്കാഞ്ഞതു് എത്ര കഷ്ടമായി", യുധിഷ്ഠിരൻ മന്ത്രിച്ചു.

"അപ്പോൾ അതാണ് പാഞ്ചാലി ദുര്യോധനനെ ഈയിടെയായി പഴി പറയാതിരിക്കുന്നതു്, അല്ലെ? കുറെ നാൾ മുമ്പ് ഹസ്തിനപുരിയിൽ നിന്ന് കൊട്ടാരം പ്രതിനിധി സന്യസ്ഥാശ്രമത്തിലേക്ക് ധാന്യവുമായി വന്നപ്പോൾ ഒരു കെട്ട് പനയോലയും നാരായവും പാഞ്ചാലിക്കു കൊടുക്കാൻ ഏൽപ്പിച്ചിരുന്നു. എഴുതാൻ നമുക്കറിയാത്തതു കൊണ്ട് പാഞ്ചാലിയും നിരക്ഷര എന്ന് ഞാൻ തെറ്റിദ്ധരിച്ചു, ഇനിയെന്താണ് വഴി കൊട്ടാരം ലേഖിക അറിയും മുമ്പ് പാഞ്ചാലി നമ്മെ കുറിച്ച്എഴുതിയതെല്ലാം ഒളിപ്പിച്ചു വക്കാൻ? കൈവിട്ടു പോയാൽ അതു് വ്യാസൻ പൊക്കും. രാജവംശങ്ങളുടെ ഹരിശ്രീ അറിയാത്ത ആ സന്യസ്ഥ ജീവിക്കു മഹാഭാരതമെഴുതി ഇതിഹാസകാരനുമാവാം", ചാരവകുപ്പു മേധാവി എന്ന് സ്വയം വിളിച്ചു ശീലിച്ച നകുലൻ പുറത്ത് കൊട്ടാരം ലേഖിക ചെവിയോർക്കുന്നുണ്ട് എന്നറിയാതെ കത്തിക്കയറി.

2016/01/12

"എന്റെ ജൈവികപിതാവ് സ്വർഗരാജ്യത്തിലേക്ക് വിശിഷ്ടാഥിതി ആയി എന്നെ കൊണ്ട് പോയതും അവിടെ സൽക്കാരത്തിൽ ദേവ നർത്തകി ഉർവശി യുമായി ഞാൻ വഴിവിട്ട തീവ്രപ്രണയത്തിൽ ആയതും എത്ര തന്മയത്വത്തോടെ ഭൂമിയിൽ വന്ന പറഞ്ഞിട്ടും പാണ്ഡവസഹോദരങ്ങൾ ആ കഥ വിശ്വസിച്ചില്ല. വി രാടത്തിൽ അജ്ഞാതവാസം തുടങ്ങുമ്പോൾ മൂന്നാംലിംഗക്കാരനായി അന്തഃപുര ത്തിൽ കഴിയാൻ തിരസ്കൃത പ്രണയിനി ഉർവശിയുടെ ശാപം എനിക്കിതാ അനുഗ്ര ഹമാവുന്നു എന്ന് പറഞ്ഞപ്പോഴാണ് സ്വർഗരാജ്യ സന്ദർശനം അസത്യമല്ല എന്ന വർ പല്ല് കടിച്ച സമ്മതിച്ചത്"

അർജ്ജുനൻ കൊട്ടാരം ലേഖികയോട്ട് ഹസ്തിനപുരി പത്രിക ഇന്നിറങ്ങിയ പതിപ്പിൽ.

"നിന്റെ ഭാര്യ നിത്യവും വന്ന ഈ സന്യസ്ഥ മഠത്തിലുള്ള അന്തേവാസികളുടെ ജൈവവിസർജ്യം കലത്തിൽ സംഭരിച്ച തലച്ചുമടായി ദൂരെ കൊണ്ടുപോയി സംസ്ക രിച്ച കുളിച്ച വൃത്തിയായി വസതിയിലേക്ക് നിശബ്ദം പോവുന്നു. അവൾ ഒരിക്കൽ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി ആയിരുന്ന എന്നും, ഒരു വർഷം കൂടി കഴിഞ്ഞാൽ കു രുവംശ മഹാറാണിയാവുമെന്നും എനിക്കറിയാം. അഴിച്ചിട്ട മുടിക്കും കെട്ടിവക്കാ നുള്ള മുടിക്കുമിടയിലെ ഇടവേളയിലെ വ്യാഴവട്ടക്കാല സഹനത്തെ കുറിച്ച് ഒരിക്ക ലെങ്കിലും ആത്മീയപരിചരണത്തിന് ഞങ്ങളിൽ ആരെയും അവൾ സമീപിച്ചിട്ടി ല്ല. എന്നാൽ നീയാകട്ടെ, ഈ പന്ത്രണ്ട വർഷ വനജീവിതം അവസാനിക്കാൻ ഇരിക്കെ നാല് പ്രാവശ്യവും എന്നോട്ട് ചോദിച്ചത്, ഒരേ ചോദ്യങ്ങളാണ്, എന്താ ണ് ഈ പാരാവാരത്തിന്റെ കാതൽ, എന്താണ് എന്റെ ജീവിതത്തിന്റെ അർത്ഥം. ഒരിക്കലെങ്കിലും, ഒരിക്കലെങ്കിലും നീ വിമ്മിട്ടപ്പെട്ടിരുന്നെങ്കിൽ, യാഗാഗ്നിയിൽ നി ന്നുയർന്ന പാഞ്ചാലപുത്രിയായി നിന്നെ പ്രണയതീവ്രതയോടെ സ്വയംവരം ചെയ്ത ആ സ്ത്രീയെ പീഢനത്തിന്റെ മുൾ വഴിയിൽ നടത്തിച്ച പാപത്തിൽ നിന്ന് എങ്ങനെ കരകയറും."

"ഒരാൾ മാത്രം ധർമ്മിഷ്ഠൻ എന്ന് പരക്കെ പ്രകീർത്തിക്കപ്പെടുമ്പോൾ, മറ്റ നാ ല് പേരുടെ മനോവീര്യം കുറയില്ലേ?", കൊട്ടാരം ലേഖിക പ്രീണന സ്വരത്തിൽ ചോദിച്ചു.

"അവർക്കും അനുകരിച്ച കൂടെ? ശ്രദ്ധിച്ചിട്ടില്ലേ നിങ്ങൾ, യുധിഷ്ഠിരൻ ഒന്നും അങ്ങനെ പറയുക പതിവില്ല, "എന്തും സത്യവാങ്ങ്മൂലം" എന്ന വിശേഷണത്തോ ടെ, ഇടനെഞ്ചിൽ കൈ വച്ച് ഉച്ചരിച്ച ശീലിച്ചു. അതിന്റെ ഗുണം കാലന്റെ മക നായ ഈ "തല മുതിർന്ന" ഭർത്താവിനു കിട്ടി."

പാഞ്ചാലി പുഞ്ചിരിക്കുമ്പോൾ അവളുടെ മോഹനശരീരവും ഒപ്പം പങ്കു ചേർന്നു.

2016/01/13

"പതിനെട്ട ദിവസം കൊണ്ട് ഞങ്ങൾ ഇരുപതു ലക്ഷം കൗരവ/കൗരവസഖ്യ സൈനികരെ കൊന്നു കൊലവിളിച്ചു എന്ന ഹസ്തിനപുരി പത്രികയുടെ മുഖ പ്രസം ഗം അവർ കുരുവംശ കുലീനതയെ കുടുംബവഴക്കായി കരിവാരി തേക്കുന്ന ദുഷിച്ച പത്രപ്രവർത്തന പാരമ്പര്യത്തിന്റെ തുടർച്ച മാത്രമാണ്. എത്ര ശത്രുക്കൾ കൊ ല്ലപ്പെട്ട എന്ന് ഞങ്ങൾ തലയെണ്ണിയിട്ടില്ല. കണക്കു ശരിയായിരിക്കാം, പക്ഷെ

ഓരോ മരണവും പോരാട്ടഭൂമിയിൽ ഓരോ സാഹചര്യത്തിൽ സംഭവിക്കുകയായിരുന്നു. ഓരോ മരണവും മറുപക്ഷത്തിന്റെ പ്രതിരോധത്തിലൂന്നിയ തിരിച്ചടിയുടെ ഫലമായിരുന്നു. അത് വെറുമൊരു കൊലപാതകമായിരുന്നില്ല, അത് യുദ്ധഭൂമിയിലെ ജീവഹാനിയായിരുന്നു"

ഭരണകൂടത്തിന്റെ ഔദ്യോഗിക വക്താവ് നകുലൻ രാജസഭയിൽ വൈകാരികതയോടെ വിശദീകരിക്കുമ്പോൾ കേൾക്കാൻ സദസ്സിൽ ഉണ്ടായിരുന്നത് മുഖപ്രസംഗം എഴുതിയ യുദ്ധകാര്യ ലേഖകൻ മാത്രം.

2016/01/14

"ഹിമാലയതാഴ്വരയിലെ ഈ ഒറ്റമുറി മരക്കുടിലിൽ അഞ്ചു ഭർത്താക്കന്മാർക്കൊപ്പം കഴിയുന്ന പാഞ്ചാലിയിൽ, ദൂരെ ദൂരെ ഹസ്തിനപുരിയിലെ ഭൂഗർഭ അറയിലെ കാര്യാലയത്തിൽ ഇരുന്നു നിങ്ങളുടെ പ്രതിയോഗി ദുര്യോധനന് ഇത്രയധികം ദുഷിച്ച അധികാരം പ്രയോഗിക്കാൻ കഴിയുന്നു എന്ന തിരിച്ചറിവ് നിങ്ങളെ ഇപ്പോൾ വേദനിപ്പിക്കാറില്ലേ?" കൊട്ടാരം ലേഖിക പ്രകോപനപരമായ വിരൽചൂണ്ടലോടെ ചോദിച്ചു. വേനലിൽ അന്തരീക്ഷം നിറം വച്ച് സന്ധ്യ കനത്തിരുന്നു. വ്യാഴവട്ടക്കാല വനവാസത്തിന്റെ അന്ത്യം.

"അടിമകൾമേൽ ഉടയോനു പരമാധികാരം ഉണ്ടെന്നത് സമകാലിക പരിഷ്കൃത സമൂഹത്തിൽ പരക്കെ സ്വീകാര്യത നേടിയ അവകാശമല്ലേ, അതിൽ എന്താണ് നിങ്ങൾ ആരോപിക്കും പോലെ ഞങ്ങൾ ഒറ്റക്കും കൂട്ടായും നിത്യവും നൊമ്പരപ്പെടാനുള്ളത്?" ദുസ്സംശയത്തോടെ ഭീമൻ ശരീരം കുലുക്കി കണ്ണുകൾ തുറിച്ചു ചുണ്ടിൽ ചോരക്കറ പൊങ്ങി. മറ്റു നാലു പാണ്ഡവർ അയാളെ ബലമായി പിടിച്ചു വലിച്ചു പുറത്ത് തോട്ടത്തിൽ കൊണ്ട് പോയി മണ്ണിൽ കിടത്തി തലയിൽ തണുത്ത വെള്ളം കലത്തിൽ നിന്ന് ധാര ധാരയായി ഒഴിച്ചു.

2016/01/15

"വിരാടകൊട്ടാരത്തിൽ പാചകക്കാരനായും കന്നുമേക്കുന്നവനായും നൃത്താധ്യാപകനായും ഒക്കെ ഒളിവിൽ കഴിയുന്ന പാണ്ഡവരെ, അജ്ഞാതവാസ ഒളിത്താവളത്തിൽ നിന്നു പുകച്ചു പുറത്ത് കൊണ്ടുവരാൻ കൗരവർ ഒരു പുതിയ പദ്ധതി ഉടൻ നടപ്പിലാക്കും എന്നറിയുന്നു. പാണ്ഡവരുടെ നല്ല നടപ്പിനു ജാമ്യത്തടവുകാരിയായി ഹസ്തിനപുരിയിൽ കൗരവ ചാരനിരീക്ഷണത്തിൽ, ദശാബ്ദങ്ങളായി പാർപ്പിച്ചിരുന്ന കുന്തിയെ തലമൊട്ടയടിച്ചു പുള്ളി കുത്തി, കഴുതപ്പുറത്ത് നഗരികാണിക്കാൻ തീയതി നിശ്ചയിച്ചിരിക്കയാണ് ദുര്യോധനൻ. ഈ മാതൃപീഡനം തടയാൻ ഒരു ധീരപാണ്ഡവൻ കുതിച്ചു ചാടി മുന്നോട്ടിറങ്ങിയാൽ അതോടെ തീരും ഒളിജീവിതത്തിലെ അജ്ഞാത എന്ന നിബന്ധന. പിന്നെ വീണ്ടും തുടങ്ങണം അടിമപദവിയിൽ വ്യാഴവട്ടക്കാല വനജീവിതം. പാഞ്ചാലിയുടെ വസ്ത്രാക്ഷേപ സമയത്തുണ്ടായ മായിക പ്രകടനം പോലെ കൗരവകുടിലതയെ പ്രകൃതി തന്നെ കൈകാര്യം ചെയ്യട്ടെ എന്നാണു സാത്വികനായ യുധിഷ്ഠിരന്റെ നിലപാട്. നിലവിൽ ഈ മുതിർന്ന പാണ്ഡവൻ കങ്കൻ എന്ന നിർമിതബ്രാഹ്മണസ്വത്വത്തിൽ വിരാടന്റെ ചൂത് കളിസേവകനായി സ്വസ്ഥ ഒളിജീവിതം നയിക്കുന്നു. വിരാട ഭാര്യാസഹോദരനായിരുന്ന

യുവസൈന്യാധിപൻ കീചകന്റെ അസ്വാഭാവിക മരണത്തിനു പിന്നിൽ ഭീമനാണെന്ന് സംശയിക്കുന്ന കൌരവർക്കു ഈ നഗരികാണിക്കൽ നടപടി ദൈവകോപം വരുത്തുമോ എന്നാണു വിവേകവചനത്തിന്റെ മൃദു ഭാഷി വിദുരർ ഭയക്കുന്നത്. അതിവേഗം വികസിക്കാവുന്ന ഈ കൊട്ടാര വാർത്തയുടെ വിശദാംശങ്ങൾക്ക് കാത്തിരിക്കുക ഹസ്തിനപുരി പത്രിക."

"പുതുമഹാറാണിയെ ഇതുവരെ പൊതുപരിപാടിയിലൊന്നും കണ്ടില്ലല്ലോ", കൊട്ടാരം ലേഖിക പാണ്ഡവ രാജസഭ പ്രതിനിധിയോടു പരസ്യമായി പരിഭവിച്ചു.

"മക്കൾ ജീവത്യാഗം ചെയ്ത ശേഷം ശയ്യാവലംബിയായ ഗാന്ധാരിയിൽ നിന്ന് രാജകീയാഭാരണങ്ങൾ ഒന്ന് അഴിച്ചു കിട്ടണ്ടേ. ദശാബ്ദങ്ങളായി അടിഞ്ഞ അഴുക്കും മെഴുക്കും നീക്കി മിനുക്കാൻ സമയമെടുത്തു. ഇനി വൈകില്ല. നാളെ പൂർണിമയിൽ മഹാറാണി പൊതുജനങ്ങളുടെ ആരാധനയ്ക്ക് സർവാഭരണവിഭൂഷിതയായി നിന്ന് കൊടുക്കുന്നു, കൊട്ടാരം മട്ടുപ്പാവിൽ. വനാന്തരത്തിലെ സന്യസ്ഥ സമൂഹം അനുമതി തേടിയിട്ടുണ്ട് ആശീർവദിക്കാൻ. നിങ്ങളും ഉണ്ടാവില്ലേ ആദ്യ ദർശന രാത്രിയിൽ തന്നെ വരി നിൽക്കാൻ?"

"സത്യസന്ധനെന്നു പുരപ്പുറത്ത് നിന്ന് വിളിച്ചുകൂവുന്ന യുധിഷ്ഠിരൻ പരസ്യ നുണ പരിശോധനക്ക് തയ്യാറുണ്ടോ? നിങ്ങൾ ചോദ്യങ്ങൾ ചോദിച്ചു നിങ്ങൾ തന്നെ വിധി പറഞ്ഞാൽ മതി, അയാൾ പറഞ്ഞതിൽ പാതി പതിരായാൽ പോലും ഞങ്ങൾ രാജ്യം പകുത്ത് കൊടുക്കാം." ഹസ്തിനപുരി അരങ്ങേറ്റ ഭൂമിയിലെ യുദ്ധവിരുദ്ധസംഗമത്തിൽ മുഖ്യ അതിഥിയായി സംസാരിക്കുകയായിരുന്നു കൗരവ രാജകുമാരൻ.

"പൊന്നാടയും പൂർണകുംഭവുമായി ഹസ്തിനപുരി പത്രിക കാത്തിരിക്കയാണ് സ്വീകരിക്കാൻ, പാണ്ഡവധീരപോരാളികൾ അധികാരത്തിൽ കയറുന്നതും നോക്കി."

"ഇതെന്താ, ഭരണകൂടമാറ്റത്തിൽ പത്രമുടമയുടെ അടവുനയ അറിയിപ്പോ, അതോ പണിയെടുക്കുന്ന ഞങ്ങൾ സ്വതന്ത്ര പത്രപ്രവർത്തകരോടുള്ള പരസ്യ അധിക്ഷേപമോ?", കൊട്ടാരം ലേഖിക മുട്ട് കുത്തി കൈമുത്തി പത്രമുടമയെ ആശംസിച്ചു.

"വിരാടത്തിലെ ഉപപ്ലവ്യ സൈനിക കേന്ദ്രത്തിൽ, പാണ്ഡവർ തിരക്ക് പിടിച്ചു സഖ്യകക്ഷികളെ സംഘടിപ്പിച്ചു യുദ്ധത്തിനൊരുങ്ങുന്നു എന്നാണു കേൾവി. യുദ്ധഭീഷണിയോട് എങ്ങനെ പ്രതികരിക്കുന്നു?", വിത്തും കൈക്കോട്ടുമായി ഗംഗയാറിന്റെ തീരത്തെ കർഷകർക്കൊപ്പം വെയിലിൽ വിയർത്ത് പണിയെടുക്കുന്ന ദുര്യോധനനെ കൊട്ടാരം ലേഖിക ഒടുവിൽ കണ്ടെത്തി.

"ആരുടേയും സാമ്രാജ്യവികാരങ്ങൾ വ്രണപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല", നെറ്റിയിൽ നിന്ന് വിയർപ്പു തുടച്ചു നീക്കി, ഒരു കർഷകബാലൻ കൊടുത്ത ശുദ്ധജലം കൊണ്ട് കയ്യും മുഖവും കഴുകി കൗരവരാജകുമാരൻ പറഞ്ഞു, "ആക്രമിക്കാൻ വരുന്നവർക്ക് വേണ്ടി കുരുക്ഷേത്രയിൽ യമുനാതീരത്ത് അടിസ്ഥാന സൌകര്യങ്ങൾ സൗജന്യമായി നിർമ്മിച്ചു കൊടുക്കുന്നവർ ഞങ്ങൾ കൌരവർ."

“ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി എന്ന നിലയിൽ പാഞ്ചാലിയെ നിങ്ങൾ ഇപ്പോൾ എങ്ങനെ ഓർക്കുന്നു”, അതിരാവിലെ മാലിന്യനീക്കത്തിന് അവൾ പോയ തക്കം നോക്കി കൊട്ടാരം ലേഖിക അർജ്ജുനനോടു ചോദിച്ചു.

“ശന്തനുവിന്റെ വെപ്പാട്ടി ഗംഗയിൽ കവിഞ്ഞൊന്നുമായിരുന്നില്ല പാഞ്ചാലി എന്ന് നവജാതശിശുക്കളെ അവൾ കൈകാര്യം ചെയ്ത രീതിയിൽ നിന്ന് നിങ്ങൾക്ക് വ്യക്തമല്ലേ? ഞങ്ങൾ അഞ്ചു പാണ്ഡവരും ഭക്ത്യാദരപൂർവം ബീജദാനം ചെയ്തു ഗർഭിണി ആയ ശേഷം പാഞ്ചാലി, ഓരോ കുഞ്ഞിനേയും ദുരൂഹസാഹചര്യത്തിൽ ഇന്ദ്രപ്രസ്ഥത്തിൽ നിന്ന് അപ്രത്യക്ഷയാക്കി. വിതുമ്പിയും കോപിച്ചും കുഞ്ഞുങ്ങളുടെ ക്ഷേമം അന്വേഷിച്ചപ്പോൾ, അവർ പിതൃഗൃഹത്തിൽ സുഖമായിരിക്കുന്നു എന്ന യാന്ത്രിക മറുപടി തന്നു. ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ സാമന്തനായ പാഞ്ചാലൻ തന്നുവോ വല്ല വിവരവും? ഇല്ല. ആ കുട്ടികൾ അപ്പോൾ എവിടെ? പറഞ്ഞു വന്നാൽ ഞങ്ങൾക്ക് മണികർണികയിൽ ശ്രാദ്ധം ചെയ്യേണ്ട ആ കുട്ടികൾ ഗംഗയിൽ ഒഴുകിപ്പോയോ?”, തോട്ടത്തിൽ എന്തോ ഉന്നം വച്ച് ചുറ്റും നോക്കിയ അർജ്ജുനൻ പെട്ടെന്ന് ദൂരെ ദൂരെ ദ്വാരകയിൽ സുഭദ്രയിൽ ജനിച്ച മകൻ അഭിമന്യുവിനോട് സംസാരിക്കുന്ന പോലെ അവൾക്കു തോന്നി. അവൾ ആ അച്ഛൻ മകൻ വിനിമയത്തിന് തടസ്സമാകാതെ തിരിഞ്ഞു നടന്നു.

2016/01/17

“ആലയിലും പാടത്തും പണി ചെയ്യാൻ ഹസ്തിനപുരിയിൽ ആളില്ലാത്തത്, സ്വത്തുമോഹം സഹിക്കവയ്യാതെ നിർബന്ധിത സൈനിക സേവനത്തിന് കൌരവരു് നാടൊട്ടുക്ക് ഓടി നടന്നു ആളെ കൂട്ടി യുദ്ധം ചെയ്തത് കൊണ്ടാണെന്ന് പുതിയ ഭരണകൂടത്തിന്റെ വക്താവ് നകുലൻ പരസ്യമായി പറഞ്ഞത് നിങ്ങളുടെ ശ്രദ്ധയിൽ പെട്ടില്ലേ?” കൊട്ടാരം ലേഖിക.

“പാണ്ഡവർ അഞ്ചു പേരും ദേവസന്തതികൾ ആയതു കൊണ്ട് ചാവാതെ കുരുക്ഷേത്രത്തിൽ നിന്ന് തിരിച്ചു വന്നു എന്നും, സാധുമനുഷ്യർക്ക് പിറന്നവർ എല്ലാം ശത്രുവിന്റെ വെട്ടും കുത്തും ഏറ്റു ചത്ത് പോയി എന്നും പറഞ്ഞു കുരുവംശം ദേവന് തീറെഴുതി കയ്യും കെട്ടി അവർ ഇനി കുഴഞ്ഞു വീണു മരിക്കും വരെ അങ്ങനെ സുഖമായി ഇരിക്കട്ടെ”, കൃപാചാര്യൻ, യുദ്ധത്തിൽ ജീവത്യാഗം ചെയ്യാതെ മടങ്ങിയ ആ വൃദ്ധബ്രാഹ്മണ കൗരവ ഗുരു, ധാന്യം പൊടിക്കുന്നതിനിടയിൽ.

2016/01/19

“സ്വത്തുവിഭജനത്തിലെ തർക്ക പരിഹാരത്തിന് നടത്തിയ അത്യുന്നതതല നയതന്ത്രനീക്കത്തിന്റെ സ്വാഭാവിക തുടർച്ചയായി സംഭവിച്ച കുരുക്ഷേത്രയുദ്ധത്തിൽ പക്ഷെ, കൌരവർ എല്ലാ അർദ്ധസഹോദര പാരസ്പര്യസ്പർശങ്ങളും കാറ്റിൽ പറത്തി നരനായാട്ടിനിറങ്ങിയത് ഹസ്ഥിനപുരിയുടെ ചരിത്രത്തിൽ കറുത്ത അധ്യായമായി വരുംയുഗത്തിലും രാഷ്ട്രമീമാംസാവിദ്യാർത്ഥികൾ തക്ഷശിലയിൽ പഠിക്കുമെന്ന് പുതിയ ഭരണകൂടത്തിന്റെ വക്താവ് നകുലൻ നമ്മുടെ സ്വന്തം മാധ്യമഭാഷയിൽ തന്നെ പറഞ്ഞുവച്ചല്ലോ”, പ്രഭാഷണം കേട്ടെഴുതി അരങ്ങേറ്റ മൈ

താനത്തിൽ നിന്ന് വൈകിയ സന്ധ്യയിൽ വീട്ടിലേക്കു മടങ്ങവേ കൂട്ടുകാരനോട്ട് കൊട്ടാരം ലേഖിക പറഞ്ഞു.

"യുദ്ധത്തിൽ പങ്കെടുത്ത പോരാളിയുടെ നേർസാക്ഷിമൊഴിയല്ലേ, അവിശ്വസിക്കണോ? പോരാട്ടത്തിനു മണിയടിച്ചിട്ടും കുലുങ്ങാതെ, യുധിഷ്ഠിരൻ നഗ്നപാദനായി ചെന്ന് കൗരവ സർവ സൈന്യാധിപനെ ഉപചാരപൂർവ്വം നമസ്കരിച്ച് ആശീർവാദം തേടുന്നതൊക്കെ കണ്ടപ്പോൾ നകുലനു വ്യക്തമായിക്കാണും, പാണ്ഡവനിലപാടിന്റെ അഹിംസാൽമകത", യുദ്ധവിരാമത്തോടെ തൊഴിൽ നഷ്ടപ്പെട്ട ആ യുവയുദ്ധകാര്യ ലേഖകൻ ഇരുണ്ട ഭാവിയെ ഓർത്ത് ഇരുട്ടിൽ ആരും കാണില്ലെന്ന ഉറപ്പിൽ പല്ല് ഞെരിച്ചു.

2016/01/21

"രാജസഭയിൽ, പാണ്ഡവർ ചൂത് കളിയിൽ നിരന്തരം തോൽക്കുന്ന വിവരം അപ്പപ്പോൾ അറിഞ്ഞു വിറളിപിടിച്ച ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി, കൗരവരാജവധുക്കളെ സൌന്ദര്യ പരിപാലനത്തിന് എന്ന് പറഞ്ഞു കബളിപ്പിച്ചു അരികെ ചേർത്തുനിർത്തി കൂർത്ത വിരൽനഖങ്ങൾ കൊണ്ട് പലയിടത്തും കുത്തി മുറിവേൽപ്പിക്കുന്നത് ശ്രദ്ധയിൽ പെട്ടപ്പോൾ, മാതൃകാപരമായി ശിക്ഷിക്കാൻ വേണ്ടി മാത്രമാണ് പൊതുമണ്ഡലത്തിൽ വിവസ്ത്രയാക്കിയതെന്ന ദുര്യോധനന്റെ വിശദീകരണം വന്നല്ലോ. എങ്ങനെ പ്രതികരിക്കുന്നു?" കൊട്ടാരം ലേഖിക ചോദിച്ചു. നഗ്നപാദരായി പാണ്ഡവർ വനവാസത്തിനു പടിയിറങ്ങുന്ന നേരം.

"ഉടയോൻ പറയുന്നത് അടിമ സ്വീകരിക്കും", യുധിഷ്ഠിരൻ ആചാരപൂർവ്വം ആശംസകൾ നേർന്നു.

2016/01/25

"ഞെട്ടിപ്പോയി, രാജകീയ സന്ദർശനം കഴിഞ്ഞു വേദി വിട്ടിറങ്ങുമ്പോൾ യുധിഷ്ഠിരൻ കുഴഞ്ഞ കാലുമായി അവശനായി നിലത്തിരിക്കുന്നു. ഭർത്താവിനെ തിരിഞ്ഞു നോക്കാതെ പാഞ്ചാലി രഥത്തിൽ കയറുന്നു" കൊട്ടാരം ലേഖിക കൃപാചാര്യനുമായി അപ്പോൾ കണ്ട കാഴ്ചയുടെ ഞെട്ടൽ പങ്കിട്ടു.

"യുധിഷ്ഠിരന് വയസ്സായി. അച്ഛന്റെ പ്രായമുള്ള ആൾ കുഴഞ്ഞ വഴിയിലൂടെ തന്നെ ആയുഷ്കാല വെപ്പാട്ടിയാക്കിയതിൽ പാഞ്ചാലിക്കിന്നുമുണ്ട് തീരാത്ത പക", ചുറ്റും ഭീതിയോടെ നോക്കി ആ വൃദ്ധബ്രാഹ്മണൻ പറഞ്ഞു. പറഞ്ഞ ഉടൻ നാവു കടിച്ചു.

"പാഞ്ചാലി പെരുവഴിയിൽ തളർന്നു വീണു മരിച്ചു എന്നാണ് കേട്ടത്", ഓടിക്കിതച്ചു വന്ന കൊട്ടാരം ലേഖിക അതിഭാവുകത്വത്തിന്റെ അതിപ്രസരത്തോടെ അറിയിച്ചു.

"കഴിവുള്ള സ്ത്രീയായിരുന്നു", പരീക്ഷിത്തിന്റെ മകൻ ജനമേജയനു ഹരിശ്രീ പഠിപ്പിക്കയായിരുന്ന കൊട്ടാരം ഗുരു കൃപാചാര്യൻ ക്ഷീണിച്ച മുഖഭാവത്തോടെ കോട്ടുവായിട്ടു.

2016/01/26

“കരൾ പറിക്കും മുമ്പ് നിങ്ങൾ കൗരവച്ചെവി കടിക്കുന്ന പോലെ തോന്നി. എന്തായിരുന്നു കാര്യം?”

“തക്ഷശിലയിൽ നിങ്ങൾ പഠിച്ച പരിഷ്കൃതസമൂഹ നടപടിക്രമം ഞങ്ങളും ഇടക്കൊക്കെ പാലിക്കണ്ടേ? അല്ലെങ്കിൽ ഹസ്തിനപുരി പത്രിക അതിൽ പിടിച്ചു ഞങ്ങളെ കുടയില്ലേ? പ്രതിയെ കുറ്റവാളി എന്ന് മുദ്ര കുത്തി ശിക്ഷ നടപ്പാക്കും മുമ്പ് എന്തെങ്കിലും പറയാനുണ്ടോ എന്ന് ഞാൻ അർദ്ധസഹോദരനോട്ട് ചോദിച്ചു. പാഞ്ചാലിയുടെ ഉടുതുണി വലിച്ചൂരി എന്ന പാണ്ഡവആരോപണം നിഷേധിക്കുന്നില്ല എന്ന് അയാൾ അപ്പോഴും ആവർത്തിച്ചു. രാജസഭയിൽ ആണുങ്ങൾ ചൂത് കളിക്കുമ്പോൾ, അന്തഃപുരത്തിൽ നിഷ്കളങ്കരായ കൗരവരാജവധുക്കളെ സൌന്ദര്യ ശിക്ഷണം ചെയ്യുന്നതിന്റെ മറവിൽ കൊട്ടാര രഹസ്യങ്ങൾ പാഞ്ചാലി അവരിൽനിന്ന് കൌശലത്തോടെ ചോർത്തി എന്ന ഗുരുതര ആരോപണം ഭരണകൂടത്തിന്റെ ശ്രദ്ധയിൽ പെട്ടപ്പോൾ, രഹസ്യമുറിയിൽ അടച്ചിട്ടല്ല, ആണോ? ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയെ ദേഹപരിശോധന ചെയ്തത്?, പരസ്യമായി രാജസഭയിൽ വച്ചായിരുന്നു എന്നത് നടപടിയുടെ സുതാര്യതക്ക് തെളിവല്ലേ? എന്നയാൾ എന്നോട്ട് വെല്ലുവിളിക്കുന്ന പോലെ ചോദിച്ചു.”, കൈക്കുമ്പിളിൽ ചുടുകൗരവചോരയുമായി, പാഞ്ചാലിയെ തേടി പാളയത്തിലേക്ക് ആ സ്ഥൂല ശരീരി കുലുങ്ങിക്കുലുങ്ങി ഓടി ചെല്ലുന്നത് കൊട്ടാരം ലേഖിക കൌതുകത്തോടെ നോക്കി.

2016/01/27

“അരമനരഹസ്യങ്ങൾ ചോർത്താൻ വേണ്ടിയാണ് പാഞ്ചാലി നിങ്ങളുമായി കൂട്ടം കൂടുന്നത് എന്ന് കൌരവർ പറയുന്നുണ്ടല്ലോ”, കൗരവരാജവധുക്കളുടെ അന്തഃപുരത്തിൽ കൊട്ടാരം ലേഖിക അതിരു വിട്ടു.

“പാഞ്ചാലി ഇവിടെ കയറി വന്ന് വാളെടുത്ത് ഞങ്ങളിൽ ഒരാളുടെ കഴുത്ത് വെട്ടട്ടെ. ഈ ദ്രൌപദിയുടെ ഒരു കാര്യം എന്ന് പറഞ്ഞു ബാക്കി തൊണ്ണൂറ്റി ഒമ്പത് പേരും ചുറ്റും നിന്ന് അവളോട്ട് കിന്നരിക്കും”, ദുര്യോധനന്റെ ഭാര്യ പുഞ്ചിരിച്ചു.

പാഞ്ചാലിയുടെ കിടപ്പറക്ക് പുറത്തെ പൂന്തോട്ടത്തിൽ ഓടിക്കളിച്ചു കൊണ്ടിരുന്ന വെള്ളമുയലിനെ ഒറ്റച്ചാട്ടത്തിൽ കൈപ്പിടിയിലൊതുക്കി, കഴുത്തിൽ കടിച്ചു ചോരയൂറ്റി, തൊലി കളഞ്ഞു കനലിൽ ചുടുകയായിരുന്ന നകുലന്റെ അരികെ ചമ്രം പടിഞ്ഞിരുന്നു ചുട്ടചോളം ഒരു പിടി വാരി വായിലിടാൻ കൈ പൊക്കിയ യുധിഷ്ഠിരനെ മുടിയിൽ കുത്തി വലിച്ചുയർത്തി പാഞ്ചാലി ക്ഷുഭിതസ്വരത്തിൽ വിരൽ ചൂണ്ടി”, എത്ര തവണ ഞാൻ നിങ്ങൾക്ക് താക്കീത് നൽകിയിട്ടുണ്ട് ഇളമുറപാണ്ഡവർ ഇഷ്ടമാംസഭോജ്യം കഴിക്കുമ്പോൾ നിങ്ങൾ വലിഞ്ഞു കയറി സസ്യഭക്ഷണം കഴിക്കരുത് എന്ന്.”

“എന്നിട്ട്?” യുദ്ധകാര്യ ലേഖകൻ പൊടുന്നനെ അസ്വസ്ഥനായി.

“യുധിഷ്ഠിരൻ തല താഴ്ത്തി പുറത്തേക്കു പോയി”, കൊട്ടാരം ലേഖിക കൂട്ടുകാരന്റെ കൈ പിടിച്ചു ഊട്ടുപുരയിലേക്കും.

“സ്വർഗീയ വ്യക്തിഗതസേവനത്തിനു തക്ക പ്രതിഫലമായി ഭർത്താക്കന്മാർക്ക്, അവരാവശ്യപ്പെടുന്ന ഫലഭൂയിഷ്ഠമായ ഗംഗയാറൊഴുകുന്നയിടങ്ങൾ മുറിച്ചു

കൊടുക്കാൻ ഞാൻ തയ്യാറായിരുന്നു എന്ന പാഞ്ചാലിയുടെ ഇന്നത്തെ വെളിപ്പെടുത്തൽ ഹസ്തിനപുരിയിൽ ആരു വിശ്വസിക്കും? ഏകപത്നീവ്രതത്തിന്റെ കർമസാക്ഷികളായ കൌരവർ എവിടെ, ബഹുഭർതൃത്വത്തിന്റെ പ്രായോജകയായ പാഞ്ചാലി എവിടെ?", അക്ഷോഭ്യനായിരുന്നു ദുര്യോധനൻ ഹസ്തിനപുരി പത്രികയുടെ ചോദ്യം ചെയ്യലിനു മുമ്പിൽ.

2016/01/28

"എന്താ, ഇന്ന് പാണ്ഡവർ അഞ്ചുപേരും ഇടിവെട്ടേറ്റ പോലെ?", കൊട്ടാരം ലേഖിക പരിഷ്കൃതമായ ഉപചാരങ്ങളോടെ പാഞ്ചാലിയെ നേരിട്ടു.

"അക്ഷയപാത്രത്തിലെ എന്റെ മാത്രം ഭക്ഷണലഭ്യതയ്ക്ക് പാണ്ഡവർ വച്ച സ്വാർത്ഥ നിബന്ധന കാരണം എനിക്ക് എന്നും അത്താഴം നിഷേധിച്ചതൊക്കെ നിങ്ങൾ ഹസ്തിനപുരി പത്രികയിൽ പാട്ടാക്കിയതല്ലേ. ഒരു നേരം മാത്രം അനുവദിച്ചു കിട്ടുന്ന പാതി വെന്ത ധാന്യം കഴിക്കാൻ ഉച്ചയോടെ കുളിയും തുണി കഴുകലും കഴിഞ്ഞു കുന്നിൻ മുകളിലെ ഈ കുടിലിൽ ഞാൻ കിതച്ചു വരുമ്പോൾ, ഊട്ടുപുരയിൽ കാണുന്ന പതിവു കാഴ്ച എന്താണ്? അഞ്ചു പേരും പാത്രത്തിനു ചുറ്റും ഇരുന്നു, വരുന്ന യുദ്ധത്തിൽ ഏതു കൌരവനെ ആരെങ്ങനെ കൊന്നു നിലവിളിക്കണം എന്ന് സംഘം ചേർന്ന് ഒച്ചവക്കുന്നു. ഇന്ന് ഞാനും സഹിക്കവയ്യാതെ ഒരു ഭർത്താവിനെ കൊന്നു നിലവിളിച്ചു. വീണതു് യുധിഷ്ഠിരൻ, ബാക്കി നാലു് പേരും അർദ്ധബോധത്തിലാണ്. അത്താഴത്തിനു നേരമായാൽ അവർ ചാടി ഉണരും."

"കുരുവംശ ചക്രവർത്തി ശന്തനുവുമായി നിങ്ങൾ എന്തായിരുന്നു ഇന്ന് പരസ്യതർക്കത്തിൽ?", ഓടി വന്ന കൊട്ടാരം ലേഖിക ദേവനർത്തകി ഗംഗയെ വിചാരണ ചെയ്തു.

"വൈകാരികമായി ആൾ ദുർബലൻ എന്നറിയാമായിരുന്നു, എന്നാൽ ഇത്ര ചപലമാണ് ആ ഹൃദയവികാരം എന്നറിഞ്ഞിരുന്നില്ല. അയാൾ ബീജദാനം നല്കിയ ഏഴു കുഞ്ഞുങ്ങളെയും എന്ന പോലെ എട്ടാമത്തെ ഈ നവജാതശിശുവിനെയും തൊഴിലുടമയുമായുള്ള കരാർ വ്യവസ്ഥ അനുസരിച്ചു് പുഴവെള്ളത്തിൽ മുക്കി കൊല്ലാൻ ഞാൻ ശ്രമിക്കുമ്പോൾ അതാ വിതുമ്പിക്കരഞ്ഞു കൊണ്ടു് ശന്തനു എന്നെ വന്നു തടയുന്നു. രാവിലെ കുളിക്കാൻ ജനം വരും മുമ്പു് തന്നെ കൃത്യം കാര്യക്ഷമമായി നടത്തേണ്ട ഞാൻ ക്ഷുഭിതയായി വിവാഹമോചനം വരെ ഉടനടി ആവശ്യപ്പെട്ടു എന്നതു് വസ്തുതയാണ്. ആ കുട്ടി രക്ഷപ്പെട്ടു. അതിനു ജീവൻ പോകണമെങ്കിൽ സ്വയം ഇനി തീയതി തീരുമാനിക്കണം എന്നാണ് കേട്ടതു്", കൊട്ടാരം ലേഖിക കാൽ വെള്ളത്തിലിട്ടു കളിക്കുമ്പോൾ ഗംഗയാറൊഴുകുന്നുണ്ടായിരുന്നു അപ്പോഴും നിശബ്ദമായി.

"നുണ പറഞ്ഞു ദ്രോണരെ നിരായുധനാക്കി ചതിച്ചു കൊല്ലാൻ ഇടയൊരുക്കിയ നിങ്ങളുടെ അധാർമികതക്കെതിരെ അലയടിക്കുകയാണ് ഹസ്തിനപുരിയിൽ പ്രക്ഷോഭം. എങ്ങനെ പ്രതികരിക്കുന്നു?", കൊട്ടാരം ലേഖിക തൊഴിലിനു യോജിക്കാത്ത രീതിയിൽ ക്ഷുഭിതയായിരുന്നു.

"നിങ്ങളുടെ ധാർമികതയെക്കാൾ കാലാതിവർത്തിയാവും എന്റെ മനഃസ്സാക്ഷി" യുധിഷ്ഠിരൻ ഒച്ചവയ്ക്കുന്ന പ്രക്ഷോഭകർക്ക് നേരെ തിരിഞ്ഞു.

2016/01/29

“ഒരു കാര്യം ഈ പതിനെട്ട ദിവസത്തെ പോരാട്ടത്തിൽ നിങ്ങൾക്ക് മനസ്സിലായി. ഞങ്ങൾ ഇരയുടെ ഭാഗത്താണ്. സഹനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സമന്വയത്തിൽ കുരുവംശ ഭരണനിർവഹണം ഏറ്റെടുക്കുക എന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഒളിച്ചോടില്ല”, മേലാസകലം ചതവും പരിക്കുമുണ്ടെങ്കിലും കുരുക്ഷേത്രത്തിൽ നിന്ന് കാൽനടയായി എത്തി, ചക്രവർത്തി ധൃതരാഷ്ട്രരിൽ നിന്ന് ചെങ്കോൽ പ്രതീക്ഷിച്ച പുറത്ത് വെയിലിൽ കാത്തുനിൽക്കയായിരുന്ന പാണ്ഡവസംഘത്തിന്റെ നേതാവ് കൊട്ടാരം ലേഖികയോട് മനസ്സ് തുറന്നപ്പോൾ.

2016/01/30

“കൌരവരുടെ വംശഹത്യ നടത്തും പാണ്ഡവർ എന്ന കുപ്രചരണം വഴി നിർബന്ധിത സംഭാവന കൃഷിക്കാരിൽ നിന്നും കണ്ണുരുട്ടി പിരിച്ചെടുത്തവർ നീചമായ ഗൂഢാലോചന ഞങ്ങൾക്കെതിരെ അഴിച്ചു വിട്ടത് വിധാതാവ് തള്ളി എന്നതിന് തെളിവല്ലേ കുരുക്ഷേത്രത്തിൽ ഞങ്ങൾക്കുണ്ടായ മുന്നേറ്റം? ഞങ്ങൾ അഞ്ചു പേരും കുറെ കൂലിക്കെടുത്ത കൂട്ടാളികളും പോരാട്ടഭൂമിയിൽ തീ എറിഞ്ഞപ്പോൾ പകച്ചു പോയില്ലേ പതിതകൌരവർ”, പട്ടാഭിഷേക ചുമതല ഭീമനായിരുന്നെങ്കിലും ഓടി നടന്നു കാര്യങ്ങൾ ചെയ്യിക്കുന്നതും മാധ്യമങ്ങളോട് സംസാരിക്കുന്നതും ഇളമുറ തമ്പുരാൻ നകുലൻ തന്നെ.

“യുദ്ധത്തെ കുറിച്ച് അഭിമന്യുപുത്രൻ പരീക്ഷിത്ത് ഞങ്ങളെ നിരന്തരം മുനവച്ച് ചോദ്യം ചോദിച്ച വശം കെടുത്തിയത് കൊണ്ടാണ് ഞങ്ങൾ അധികാരമൊഴിഞ്ഞു വാനപ്രസ്ഥം തിരഞ്ഞെടുത്തത് എന്ന ചാർവാക കുപ്രചരണം തള്ളുന്നു. പുതിയ ഭരണകൂടത്തിന്റെ കൊട്ടാരഗുരുവായി തുടരുന്ന കൃപാചാര്യന്റെ കൌരവവിശ്വസ്തതയാണ് പരീക്ഷിത്തിനെ പാണ്ഡവ വിരോധി ആക്കിയത് എന്ന ആരോപണം അവഗണിക്കുന്നില്ല. ഭീരുത്വം കൊണ്ട് പോരാട്ടത്തിനു നേതൃത്വം കൊടുക്കാതെ യുധിഷ്ഠിരൻ അർജ്ജുനപുത്രനെ ചക്രവ്യൂഹത്തിൽ എറിഞ്ഞു കൊടുത്ത് എന്ന കാഴ്ചപ്പാട് നിർഭാഗ്യകരം”, നഗ്നപാദരായ പാണ്ഡവർ കൊട്ടാരം വിട്ടിറങ്ങുമ്പോൾ കഴുതകളും തെരുവ് പട്ടികളും മാത്രം അവിടെ വിശപ്പിൽ ചിതറി നടന്നു.

2016/01/31

“ഇത്ര ഭാരമുള്ള ഗദയെടുത്ത് നടക്കുമ്പോൾ ശല്യം എന്ന് തോന്നാറുണ്ടോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“അപ്പോൾ ഗദ താഴെ വച്ച് വലത് കൈ ഉയർത്തി ഇടനെഞ്ചിൽ വക്കും, മുഖത്ത് ചേർത്ത് നെറ്റി പതുക്കെ തടവും, എല്ലാം സാധ്യമാക്കുന്ന, കയ്യിനകത്തെ അസ്ഥിയെ വീണ്ടും നമിക്കും. വീണ്ടും ഗദയെടുക്കും, അതിന്റെ മാരക പ്രഹരശേഷിക്ക് പറ്റിയ ഇരയെ അത് തന്നെ കണ്ടെത്തും”, ഇപ്പോൾ യുദ്ധാനന്തര ഹസ്തിനപുരിയിൽ ആയോധന വിദ്യ പഠിപ്പിക്കുന്ന ഗുരുകുലത്തിൽ, ക്ഷണിക്കപ്പെട്ട പരിശീലകനായി വന്ന ഭീമൻ ഗദയെ സംശയത്തിൽ ഇടയ്ക്കിടയ്ക്ക് നോക്കി വിതുമ്പി.

“വൃദ്ധബ്രാഹ്മണൻ ദ്രോണരെ കൊല്ലാൻ തുണച്ചത് നിങ്ങൾ പറഞ്ഞ നുണയായിരുന്നോ?” കൊട്ടാരം ലേഖിക പുതിയ ഹസ്തിനപുരി ഭരണാധികാരിയെ ആചാരപൂർവ്വം നേരിട്ട് ചോദിച്ചു.

“അതൊരു കാഴ്ചപ്പാടിന്റെ വൈകല്യമാണ്. നിങ്ങൾ പരാമർശിക്കുന്ന പച്ചനുണയും ഞാൻ ഉച്ചരിച്ച അർദ്ധസത്യവും തമ്മിൽ അന്തരം ഉണ്ട്. നുണക്കു ബന്ധം സമൂഹ ധാർമികതയോടാണ്, അർദ്ധസത്യത്തിനു ബന്ധം വ്യക്തിയുടെ മനഃസ്സാക്ഷിയോടും. ധാർമികത പ്രശ്നം പൊതുവേദിയിൽ ചർച്ചക്ക് വരും, അർദ്ധസത്യം എന്റെ ഹൃദയത്തിലും. എന്റെ ഇടനെഞ്ഞിൽ കൈ വക്കു, അതെ ഇങ്ങനെ. അശാന്തമാണോ എന്റെ ഹൃദയം? അല്ല? അതാണ് പറഞ്ഞത് യുദ്ധം ജയിക്കാൻ വേണ്ട അത്യാവശ്യം അസാധുവായ ഉള്ളടക്കം മാത്രമേ എന്റെ അർദ്ധസത്യത്തിൽ ഉണ്ടായിരുന്നുള്ളൂ. തിരക്കുണ്ട്. ദ്രോണാചാര്യന്റെ പൂർണകായ കളിമൺ പ്രതിമയുടെ ഉൽഘാടനം ഇന്ന് സേനാപതി മാർഗിൽ.”

2016/02/01

“അഗതികളായും അടിമകളായും പാണ്ഡവർ അലയുന്ന കാലത്ത് നിങ്ങൾ കൌരവർക്കു വേണ്ടി പാദസേവ ചെയ്തു. കുരുക്ഷേത്രത്തിൽ ജീവൻ പോകാതെ പൊരുതി. സഹോദരീഭർത്താവ് ദ്രോണർ ചതിയിൽ കൊല്ലപ്പെട്ടപ്പോൾ മിണ്ടാതിരുന്നു. ഹസ്തിനപുരിയിൽ പുതുഭരണകൂടത്തിന്റെ കൊട്ടാര ഗുരുവായി. അഭിമന്യുപുത്രൻ പരീക്ഷിത്തിനു ഇപ്പോൾ ഹരിശ്രീ പഠിപ്പിക്കുന്നു. ചിരഞ്ജീവി കൃപാചാര്യനു ശന്തനുവിന്റെ കാലം മുതൽ എന്നും സുഖജീവിതം, അല്ലെ?” കൊട്ടാരം ലേഖിക ആകർഷകമായി കൃപാചാര്യനെ ആശംസിച്ചു.

“നിങ്ങൾക്ക് ഞാൻ നാണമില്ലാത്ത അവസരവാദി, എന്റെ എളിമവാക്കുകളിൽ പറഞ്ഞാൽ കുരുവംശത്തിനു സമർപ്പിതജീവിതം, തിരക്കിലാണ് ഞാൻ, അടുത്ത ചക്രവർത്തി പരീക്ഷിത്ത് പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്ന ‘പരിമിത’ പ്രജ്ഞനാണ്”

2016/02/02

“ഇന്ദ്രപ്രസ്ഥത്തിലെ സ്ഥലജലഭ്രമത്തിനും ഹസ്തിനപുരിയിലെ വസ്ത്രാക്ഷേപത്തിനും ഇടക്കുള്ള കാലയളവിൽ കൌരവർ ചെയ്ത കുടിലനീക്കങ്ങൾ പൊതുവേദിയിൽ വിളിച്ചു പറയുമെന്ന് പാഞ്ചാലി. പ്രതികാരബുദ്ധിയോടെ അടിമശിക്ഷാവിധി ആയുഷ്കാലം നീട്ടിയാലും തളരില്ല നേരിട്ടറിഞ്ഞിടത്തോളം ഈ പെൺമനം, എങ്ങനെ പ്രതികരിക്കുന്നു?” കൊട്ടാരം ലേഖിക ദുര്യോധനനെ ഭൂഗർഭനിലയിലെ രഹസ്യകാര്യാലയത്തിൽ കണ്ടെത്തി.

“സൌന്ദര്യവർദ്ധക ഔഷധക്കൂട്ടുകളും ഹിമാലയൻ പഴവർഗങ്ങളും പുത്തൻ അടിവസ്ത്രങ്ങളും പ്രത്യേകം സൈനികൻ വശം ഞാൻ രഹസ്യമായി കൊടുത്തയച്ചത് കിട്ടി നന്ദി എന്നുള്ള പാഞ്ചാലിയുടെ മറുപടി ഇതാ”, ദുര്യോധനൻ മുറിയുടെ മൂലയിൽ പന്തത്തിന്റെ പുക പരത്തുന്ന മഞ്ഞ വെളിച്ചത്തിലേക്കു നീങ്ങി.

2016/02/03

“ലിംഗസമത്വമില്ലാതെ അടിമകളെ ഔദ്യോഗിക രേഖകളിലും പൊതുപ്രഭാഷണങ്ങളിലും കൌരവർ പരാമർശിക്കുന്നതിൽ പ്രതിഷേധമുണ്ടെന്ന നിങ്ങളുടെ പ്രസ്താവന ഗുരുതരമായ അച്ചടക്കലംഘനമായി ദുര്യോധനന്റെ കാര്യാലയം നേരിടുമെന്നു കേട്ടു. ഒറ്റവാക്യത്തിൽ ഒരുദ്ധരണി തരാമോ, തിരുത്താതെ ഞങ്ങൾ കൊടുക്കാം”, കൊട്ടാരം ലേഖിക സഹായിച്ചു. ആശ്രമത്തിൽ അവർ രണ്ട് പേരും മാത്രമായിരുന്നു.

“വനവാസത്തിനു പോയ പാണ്ഡവർ എന്ന ഔദ്യോഗിക പ്രസ്താവനയിലെ ലിംഗനീതിനിഷേധം ചൂണ്ടിക്കാണിച്ച ഞാൻ, ഇനിയുള്ള എല്ലാ അറിയിപ്പുകളിലും രേഖകളിലും, വനവാസത്തിന് പോയ പാഞ്ചാലിയും പാണ്ഡവരും എന്ന് കൃത്യമായി വേണം അടയാളപ്പെടുത്താൻ എന്ന ആവശ്യം ഞാൻ മുന്നോട്ടു വച്ചാൽ എന്താണിത്ര ഗുരുതരം?” കുളി കഴിഞ്ഞു, ദുര്യോധനൻ ഇപ്പോൾ കൊട്ടാരം ലേഖിക വഴി കൊടുത്തയച്ച സുഗന്ധതൈലം ശരീരത്തിൽ അലസമായി തേച്ചുകൊണ്ട് പാഞ്ചാലി മധുരമായി വെല്ലു വിളിച്ചു.

2016/02/04

“നിങ്ങൾ പാണ്ഡവരോട് കാണിക്കുന്ന അനിഷ്ടത്തിനു കാരണം അവർ സ്വവർഗരതിയിൽ അഭിരമിക്കുന്നു എന്ന നിങ്ങളുടെ തിരിച്ചറിവാണെന്ന് കൌരവരാജവധുക്കൾ വായിച്ചെടുക്കുന്നു. സ്വവർഗരതിയോടു കൗരവഭരണകൂടം എടുക്കുന്ന ഉദാരമായ സമീപനത്തിന് എതിരാണ് പാഞ്ചാലിയുടെ അസഹിഷ്ണുത എന്നാണു അവർ ആരോപിക്കുന്നത്. എങ്ങനെ പ്രതികരിക്കുന്നു?”

“പാണ്ഡവർ ഇന്നെന്നെ കൌതുകപ്പെടുത്തുന്നില്ല എന്ന് കൌരവരാജവധുക്കൾ വിദൂര ഹസ്തിനപുരിയിൽ ഇരുന്ന് കഷ്ടപ്പെട്ട് കണ്ടെത്തിയത് ആർക്കും അറിയാവുന്ന വസ്തുത മാത്രം. കിഴിക്കാനോ കൂട്ടാനോ ഞാൻ സമയം കളയുന്നില്ല. പാണ്ഡവർ ഊഴം വച്ചോ സംഘം ചേർന്നോ സ്വവർഗആനന്ദരതിയിൽ മുഴുകുന്നത് എനിക്ക് അലോസരമുണ്ടാക്കുന്ന പ്രശ്നമല്ല. എന്നാൽ, അവർ ദാമ്പത്യേതര പരസ്ത്രീ ബന്ധങ്ങളിൽ പെട്ട് എന്റെ ഭാവി ചക്രവർത്തിനി മോഹത്തെ തുരങ്കം വയ്ക്കുന്ന എന്തെങ്കിലും അവിഹിത വഴിയിൽ പെട്ടാൽ, പാഞ്ചാലി കയ്യും കെട്ടി നില്ക്കില്ല. തിരിച്ചു ചെന്ന് പാഞ്ചാലി പാണ്ഡവ ർക്ക് സ്വവർഗരതി പുരസ്കാരം കൊടുത്ത് പ്രോത്സാഹിപ്പിച്ചു എന്നൊന്നും ഹസ്തിനപുരി പത്രികയിൽ നീ എഴുതിപ്പിടിക്കരുത്. കൗരവ രാജ വധുക്കൾ അവരുടെ ഭർത്താക്കന്മാരെ വച്ച് പൊറുപ്പിക്കില്ല”, പാഞ്ചാലി പക്ഷെ ഇടയ്ക്കിടെ വേട്ടമൃഗത്തെ പോലെ ചുറ്റും കണ്ണോടിച്ചു.

“കുടിയേറ്റക്കാരിയായി ഖാണ്ഡവവനത്തിൽ പോയ നിങ്ങൾക്ക് രാജസൂയയാഗത്തിൽ പങ്കെടുത്ത് ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയാവാൻ യോഗമുണ്ടായി. അഞ്ചു ഭർത്താക്കന്മാരുടേയും മക്കൾക്ക് ജന്മം നൽകി, ഇപ്പോൾ കൗരവഅടിമയായി അടുത്തുള്ള ആശ്രമങ്ങളിൽ നിന്ന് ജൈവമാലിന്യം നീക്കം ചെയ്യുന്ന തൊഴിലാളിയായിരിക്കുമ്പോഴും നിങ്ങളെ പാണ്ഡവർ മാനിക്കുന്നു. എന്താണ് ആ രഹസ്യം”, നിലാവ് വീണ ജലാശയത്തിന്നരികെ കൊട്ടാരം ലേഖികയും പാഞ്ചാലിയും നിഴലിലും വെളിച്ചത്തിലുമായി പരസ്പരം നോക്കി.

“രഹസ്യം വെളിപ്പെടുത്തേണ്ടത് മാധ്യമ പ്രവർത്തകരല്ലെ, നിങ്ങൾ പറയൂ.”

“ഒരു സ്ത്രീ എന്ന നിലയിൽ സ്ത്രീത്വത്തിനു നിങ്ങൾ സമ്പൂർണത വരുത്തി എന്നൊരു തിരിച്ചറിവ് അഞ്ചു പേരിലും എപ്പോഴോ കടന്നു കൂടിയിട്ടുണ്ട്.”

2016/02/05

“അധികാരമൊഴിഞ്ഞു അഞ്ചുപേരും കൊട്ടാരം വിട്ടിറങ്ങി നഗ്നപാദരായി മലമുകളിലേക്ക് യാത്ര തുടങ്ങിയപ്പോൾ അനുഗമിച്ച പാഞ്ചാലി, ഹിമാലയ താഴ്വരയിൽ കുഴഞ്ഞു വീണു മരിക്കുമ്പോൾ നിങ്ങൾ ആരും തിരിഞ്ഞു നോക്കാതെ കാൽ മുന്നോട്ടു വച്ചു എന്നാണു ദൂരെ മരങ്ങൾക്കിടയിൽ രംഗം കണ്ടു നിന്ന ആദിവാസികൾ അറിയിച്ചത്.” ചുരം കയറുകയായിരുന്ന പാണ്ഡവർക്കൊപ്പമെത്താൻ കൊട്ടാരം ലേഖിക പാടുപെട്ടു.

“ഉറങ്ങിക്കിടക്കുമ്പോൾ കൊലയാളികളുടെ കൈകളിൽ പ്രാണൻ പോയ എന്റെ കുഞ്ഞുങ്ങളെ, എന്ന് വിലപിച്ചു കൊണ്ട് നടവഴിയിൽ നിന്ന് നീരൊഴുക്കിലെക്കു ആരോ തെറിപ്പിച്ചെന്ന പോലെ വീണ പാഞ്ചാലിയെ കണ്ടു ഞങ്ങൾ തരിച്ചു നിന്നതോർമ്മയുണ്ട്. ഓടി അടുത്ത് ചെന്ന് വെള്ളത്തിൽ നിന്നവളെ കോരി എടുത്തുയർത്തുമ്പോൾ, എന്നെ വിടൂ, മനുഷ്യത്വത്തിന്റെ പേരിൽ നിങ്ങൾ വഴിപ്പോക്കരോട് ഞാൻ യാചിക്കുന്നു, ശാന്തമായി എന്റെ ജന്മം അവസാനിക്കാൻ വിടൂ, എന്നവൾ ഇതിനു മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ദീനദീനമായ ഭാവത്തിൽ പറഞ്ഞാൽ പിന്നെ ഞങ്ങൾ അത് കേൾക്കണോ, തള്ളണോ”, ക്ഷീണിതനെങ്കിലും യുധിഷ്ഠിരൻ പിതൃഗൃഹത്തിലേക്ക് വിരുന്നു പോവുന്ന കുട്ടിയെ പോലെ ഉണർവോടെ കാലുകൾ ചലിപ്പിച്ചു.

2016/02/06

“ഇടയ്ക്ക് നിങ്ങൾ ദ്വാരകയിൽ ഭാര്യ സുഭദ്രയുടെ അരികിൽ നിന്ന് തിരിച്ചു പാഞ്ചാലിയുടെ ഇന്ദ്രപ്രസ്ഥത്തിലേക്ക് ധൃതിയിൽ മടങ്ങുന്നത് കാണാം. ചിലപ്പോൾ, പ്രത്യേകിച്ച് കാരണം ഒന്നും പറയാതെ, ദ്വാരകയിലേക്കും. വൈകാരികമായ ഇത്തരം അതിവിദൂരയാത്രക്ക് എന്താ ഒരു പ്രചോദനം, അഥവാ പ്രകോപനം?”, കൊട്ടാരം ലേഖിക അർജ്ജുനനെ ഔപചാരികമായി ആശംസ അർപ്പിച്ചു.

“അംഗീകൃത രാജകീയഭാര്യമാരുടെ ജാഗ്രതയുള്ള ഒളിനോട്ടത്തിൽ ഉടനടി പിടിക്കപ്പെടാതെ ഒരിക്കലും എനിക്കൊരു പരസ്ത്രീ മുഖം നോക്കാൻ ആവില്ലെന്ന് അമർഷത്തോടെ തിരിച്ചറിയുമ്പോൾ, ദിവ്യയുധങ്ങൾ വലിച്ചെറിഞ്ഞു പടിയിറങ്ങിപ്പോവാൻ തോന്നും. രണ്ടിടത്തും അനുഭവം ഒരു പോലെ അസഹനീയം ആവുമ്പോൾ യാത്ര തിരിച്ചും മറിച്ചും ആവർത്തിച്ചു വേണ്ടി വരില്ലേ”, ആകർഷകവും ആയാസരഹിതവുമായിരുന്നു പോരാട്ടവീര്യന്റെ പ്രതികരണം.

2016/02/07

“അമ്മ അമ്മമ്മ ഇവരൊക്കെ തലമുറകളായി കൊട്ടാരം ലേഖിക പദവി വഹിച്ചിരുന്ന കാലത്തെ അനുഭവകഥകൾ കേട്ടത്, ഒന്ന് പറയാമോ?”

“അമ്മ തിരക്കിലാവും, കഥ പറഞ്ഞത് അമ്മമ്മ. താരാട്ടിൽ കൊട്ടാരം കഥ. വനാശ്രമത്തിൽ ചെന്ന് കുന്തിയെയും മാദ്രിയെയും കണ്ടു അവരുടെ ഒറ്റമുറി വസതിയിലെ ജീവിതം ഹസ്തിനപുരിയെ ആദ്യം അറിയിച്ചത് ആ ധീരയായിരുന്നു. ആകാശചാരികളെ മന്ത്രം ജപിച്ച് പ്രലോഭിപ്പിച്ച് വരുത്തി ആനന്ദരതിയിൽ അഭിരമിക്കയും അതിനിടയിൽ മൂന്നു സന്തതികൾക്ക് ജന്മം കൊടുക്കുകയും ചെയ്യുമ്പോൾ, അതേ മുറിയിൽ മൂകസാക്ഷിയായി കിടന്ന ആ ശാപഗ്രസ്തൻ പാണ്ഡു തന്നെയായിരുന്നു ഒരിക്കൽ ഹസ്തിനപുരി കൊട്ടാരത്തിൽ ചെങ്കോൽ പിടിച്ച കുരുവംശാധിപൻ എന്ന് വിശ്വസിക്കാൻ പാടുപെട്ടു എന്ന് അമ്മമ്മ വിലപിച്ചത് എന്റെ ഇരുപത്തി മൂന്നാമത്തെ ഈ ജന്മദിനത്തിലും ഞാൻ എളിമയോടെ ഓർക്കുന്നു. ഓർമ കഴിഞ്ഞു, ഇനി വാർത്ത വേട്ട”, കൊട്ടാരം ലേഖിക പെട്ടെന്ന് ചാടിയെഴുന്നേറ്റു കർമനിരതയായി.

“ഹസ്തിനപുരിയിലെ കാലാവസ്ഥ ഭാര്യ ഗംഗക്ക് ഇഷ്ടമല്ല എന്ന് പറഞ്ഞു ഉത്തമ മരങ്ങളുടെ തടി കൊണ്ട് ഹിമാലയ താഴ്വരയിൽ ശന്തനു കരുതലോടെ പണിത ആഡംബര വേനല്ക്കാല വസതി മെഴുകും അരക്കും ചേർത്ത് ചുട്ടുകരിച്ച് രഹസ്യമായി നേരത്തെ പണിത ഭൂഗർഭ പാതയിലൂടെ ഒളിച്ചോടുക: രാഷ്ട്രത്തിന്നെതിരെ പാണ്ഡവർ നടത്തിയ ഈ വിധ്വംസക പ്രവർത്തി ഞങ്ങൾ വ്യവസ്ഥാപിത കുരുവംശ നിയമത്തിന്റെ മുമ്പിൽ കൊണ്ട് വരണ്ടേ? ആദിവാസി സ്ത്രീയും അഞ്ചു മക്കളും അന്നം തേടി വന്നപ്പോൾ അവർക്ക് ഭക്ഷണത്തിൽ വിഷം ചേർത്തു കൊടുത്ത് മയക്കി കിടത്തി, തീയിൽ കത്തിച്ചത് ഗൂഢാലോചന ആയിരുന്നില്ലേ. മരിച്ചതു പാണ്ഡവർ എന്നതിന് വ്യാജ തെളിവ് സൃഷ്ടിക്കുക, കുന്തിക്കെതിരെ കുറ്റപത്രം ചെറുതാവില്ല.”

2016/02/11

“ഖാണ്ഡവവനം വെട്ടി വെടിപ്പാക്കിയാണ് നിങ്ങൾ ഇന്ദ്രപ്രസ്ഥം പണിതത് എന്ന് കേട്ടിട്ടുണ്ട്. നഗരത്തിലെ ഗുരുകുലത്തിലോ കൃഷിയിടങ്ങളിലോ പുലിയിറങ്ങി പന്നിയെ കണ്ടു കുറുക്കൻ ഓലിയിട്ടു എന്നൊന്നും നഗരവാസികൾ പരാതി പറയുന്നതായി ഞങ്ങൾക്ക് ഇതുവരെ വാർത്ത കിട്ടിയിട്ടില്ല”, കൊട്ടാരം ലേഖിക ഒരുത്തരത്തിനായി അർജ്ജുനനെ ചോദ്യഭാവത്തിൽ നോക്കി.

“അത്തരം പരാതി ഇല്ലാതിരിക്കാൻ ഞങ്ങൾ ഒരു നൂതന സാങ്കേതികവിദ്യ അന്നേ പ്രയോഗിച്ചു, കാട് വളഞ്ഞു തീയിട്ടു.”, ഒരു ജേതാവിനെ പോലെ ആ പ്രസിദ്ധ സൈനികൻ പൊട്ടിച്ചിരിച്ചു.

2016/02/13

“പൂവണിയാത്ത മോഹം വല്ലതുമുണ്ടോ ഈ കരളിൽ?”, തളർന്നു വീണ പാഞ്ചാലിയെ കൈകളിൽ താങ്ങി കൊട്ടാരം ലേഖിക നഷ്ടബോധത്തോടെ ചോദിച്ചു.

“എന്തിലും ഏതിലും മുൻഗണനയുടെ ക്രമപ്രശ്നം ഉന്നയിച്ച് മാദ്രിയുടെ മക്കളോടുള്ള എന്റെ പ്രണയത്തെ തടഞ്ഞു നിർത്തിയ യുധിഷ്ഠിരന്റെ മരണമായിരുന്നു ആദ്യം വേണ്ടിയിരുന്നത്. കുന്തിയുടെ മൂന്നു മക്കളാൽ എന്റെ ബഹുഭർതൃത്വ ദാമ്പത്യത്തിൽ

എന്നും പാർശ്വവൽക്കരിക്കപ്പെട്ട നകുലനും സഹദേവനും അവരർഹിക്കുന്ന വാത്സല്യം വാരി കോരി കൊടുക്കാൻ ഇനിയും ഞാൻ ജനിക്കുമോ വരും യുഗത്തിൽ?"

2016/02/15

"സത്യസന്ധൻ വിവേകശാലി മിതഭാഷി എന്നിങ്ങനെ സദ്ഗുണങ്ങൾ പട്ടിക നിരത്തി പുതിയ മഹാരാജാവിനെ പ്രകീർത്തിച്ച കൊട്ടാരഗുരു കൃപാചാര്യൻ, വാ പൊത്താൻ പോലും മെനക്കെടാതെ കോട്ടുവായിട്ടു വേദിയിൽ നിന്നിറങ്ങിപ്പോവുന്നത് ശ്രദ്ധയിൽ പെട്ടുവോ?", കൊട്ടാരം ലേഖിക കുട്ടുകാരനോട് സംശയം പങ്കിട്ടു. പട്ടാഭിഷേകത്തിന് ശേഷം, നഗരത്തിലെ അരങ്ങേറ്റ മൈതാനത്തിൽ പൌര സ്വീകരണം യുദ്ധാനന്തര ഹസ്തിനപുരിയിലെ തണുത്ത കാറ്റ് വീശുന്ന സന്ധ്യ.

"ഒരു നിസ്സാര സ്വാഗത പ്രഭാഷകനുമാവും യുധിഷ്ഠിരനെ പോലെ നാവിൽ കാപട്യം പുരട്ടി വേണ്ടത് വേണ്ടപോലെ പറയാൻ എന്ന് ഇപ്പോൾ വ്യക്തമായല്ലോ?", കുട്ടുകാരിയിൽ നിന്നൊരു കരിമ്പിൻ തണ്ട് വാങ്ങി ആഞ്ഞു കടിച്ച നീരിറക്കിയ യുദ്ധകാര്യ ലേഖകൻ, ഇനിയുള്ള യുദ്ധമില്ലാത്ത ലോകത്ത് എന്റെ ഭാവിയെന്ത് എന്ന് പ്രയാസപ്പെട്ടു.

2016/02/16

"നവ പാണ്ഡവഭരണകൂടത്തിലെ കുലീന ബ്രാഹ്മണ ഉദ്യോഗസ്ഥരുടെ വസതികളിൽ, അടുപ്പ് കത്തിക്കാനും വെള്ളം കോരാനും അകവും പുറവും ജൈവമാലിന്യം നീക്കി വൃത്തിയാക്കാനും ഉള്ള ഇരുപത്തിനാലു മണിക്കൂർ പണിക്ക് കൗരവരാജവിധവകളെ പുനരധിവാസപദ്ധതിയനുസരിച്ച് പരിഗണിക്കും എന്ന മഹാറാണിയുടെ ഉത്തരവ് ഊഷ്മളമായി സ്വാഗതം ചെയ്യുമ്പോൾ തന്നെ, പരിപൂർണ ആരോഗ്യ പരിശോധനക്ക് അപേക്ഷകർ വിധേയമായിരിക്കണം എന്ന അയവില്ലാത്ത ഭരണകൂട നിബന്ധന ആ കുരുക്ഷേത്രവിധവകൾ ഒന്നടങ്കം അപലപിച്ചിരിക്കയാണ്. എങ്ങനെ പ്രതികരിക്കുന്നു?" നിന്ദ മറച്ചു വക്കാതെ കൊട്ടാരം ലേഖിക ചോദിച്ചു.

"വിവരം മുഴുവൻ പുറത്ത് വന്നാൽ അപലപിക്കുക പാണ്ഡവരെ അല്ല. നാണമില്ലാത്ത അഞ്ചു ആണുങ്ങൾ ഒരു പിഴച്ച പെണ്ണിനെ അന്യായമായി വച്ചുകൊണ്ടിരിക്കുന്നു എന്ന് ലോകമെങ്ങും പരിഹസിച്ച കൌരവരുടെ ഞെട്ടിപ്പിക്കുന്ന ലൈംഗിക അരാജകത്വം ഞങ്ങൾ ഒരു ധവള പത്രത്തിലൂടെ നാളെ ആരംഭിക്കുന്ന രാജസഭയിൽ ലോകരാജ്യങ്ങളെ അറിയിക്കാൻ ഒരുങ്ങുകയാണ്. ഒരു സ്ത്രീക്ക് ഔദ്യോഗിക അംഗീകാരമുള്ള അഞ്ചു ആണുങ്ങൾ മാത്രം എന്ന പാണ്ഡവലിംഗരീതിക്ക് പകരം, ഓരോ കൗരവരാജവധുവിനും നിർബന്ധമായും നേരിടേണ്ടി വന്നത് ഒരു ഔദ്യോഗിക ഭർത്താവും, തൊണ്ണൂറ്റിഒമ്പത് കൗരവരതിപങ്കാളികളും. ഞാൻ ഈ പറയുന്നത് കൽപ്പിതചരിത്രമല്ല, സാക്ഷ്യപ്പെടുത്തിയ ഇരകളുടെ മൊഴി, പൊട്ടിക്കരഞ്ഞു പീഢന കഥ ഏറ്റു പറയുന്ന കൗരവരാജവിധവകളുടെ സത്യസാക്ഷ്യം", മഹാറാണി പാഞ്ചാലി രാജസഭയുടെ ജോലിയിൽ തിരക്കിലായിരുന്നു.

2016/02/18

"ചക്രവ്യൂഹത്തിൽ പെട്ട അഭിമന്യു ജീവൻ രക്ഷിക്കാൻ കൗരവ പക്ഷത്തേക്ക് കൂറുമാറാൻ തയ്യാറായിരുന്നു, എന്നോടവൻ ഉള്ളു തുറന്നു. പെട്ടെന്ന് തീരുമാനമെടുക്കാൻ പക്ഷെ എനിക്കായില്ല. വൈകിപ്പോയി, കർണ്ണൻ കത്തി അവന്റെ വയറിൽ ആഞ്ഞു കുത്തി ഇറക്കിയില്ലായിരുന്നു എങ്കിൽ ഈ യുദ്ധം ഇങ്ങനെ കൗരവ തോൽവിയിൽ അവസാനിക്കുമോ", അഭിമന്യു വധം നേരിൽ കണ്ട ദുര്യോധനൻ ഭീമ ഗദയുടെ മാരക പ്രഹരത്തിൽ ചളിയിൽ വീണു മരിക്കും മുമ്പ് അർജ്ജുനനനോട് ഏറ്റു പറഞ്ഞു." കൊല്ലണമെന്ന് ഞാനും കരുതിയില്ല, കർണ്ണൻ കുന്തിയുടെ മകൻ എന്ന ആ സത്യം ഇപ്പോൾ എനിക്ക് വ്യക്തമായി. കൗരവ പക്ഷത്ത് വന്നാൽ അഭിമന്യു പിൽക്കാലത്ത് പ്രതിയോഗിയാവും എന്ന് കർണ്ണൻ ഭയന്നുവോ."

"ക്ഷയരോഗബാധിതനായി മരിച്ച കുരുവംശരാജാവ് വിചിത്രവീര്യനൊപ്പം രഹസ്യമായി അയാളുടെ കിടപ്പറയിൽ സംസ്കരിക്കാൻ അംബികയെയും അംബാലികയെയും വിഷം കൊടുത്ത് കൊല്ലാൻ ശ്രമിച്ച രാജമാതാവ് സത്യവതിയുടെ കുൽസിതനീക്കം നേരത്തെ അറിഞ്ഞ രാജവിധവകൾ അതീവരഹസ്യമായി മുൻകരുതൽ നടപടിയെടുത്തതിനു പ്രതികാരമായാണ് സുന്ദരികളായ യുവവിധവകളെ കുള്ളനും കോപിയും വിരൂപനുമായ വൃദ്ധ മുനിയെക്കൊണ്ട് നിർബന്ധിച്ച് സംഭോഗത്തിൽ ഏർപ്പെടുത്തി ഒരന്ധനെയും ഒരു ഷണ്ഡനെയും പുത്രന്മാരാക്കി അവരുടെ വൈവാഹിക ജീവിതം നശിപ്പിച്ചത് എന്ന ഹസ്തിനപുരി പത്രിക വെളിപ്പെടുത്തലിനോട് എങ്ങനെ പ്രതികരിക്കുന്നു", കൊട്ടാരം ലേഖിക കർത്തവ്യബോധത്തോടെ ചോദിച്ചു.

"സത്യവതിയും പുത്രവധുക്കളും കൊട്ടാരജീവിതം ഉപേക്ഷിച്ച് വനവാസത്തിനു പടിയിറങ്ങിപ്പോയ നേരം നോക്കി പുറത്തുവിട്ട ഈ വിഴുപ്പുവാർത്ത, നിത്യവും തിന്നുന്ന ഉപ്പിനു നന്ദിയില്ലാത്ത നിങ്ങളുടെ സ്ഥിരം പത്രധർമം തന്നെയല്ലേ കാണിക്കുന്നത്?", ദുര്യോധനൻ കൊട്ടാരം ലേഖികയോട് കൊഞ്ചുന്ന പോലെ സംസാരിച്ചു കുഴഞ്ഞു മറിഞ്ഞു.

2016/02/19

ഹസ്തിനപുരി പത്രിക: കൊട്ടാരം ലേഖിക

കൗമാരം വരെ കാട്ടിൽ കഴിഞ്ഞ പാണ്ഡവർക്ക് കളിക്കൂട്ട് ആദിവാസിക്കുട്ടികൾ ആയിരുന്നു. തോന്നുമ്പോൾ തോന്നുമ്പോൾ കയ്യിട്ടു വാരിത്തിന്നാൻ അന്നവർക്ക് അക്ഷയപാത്രമൊന്നുമില്ല ഒരു നേരത്തെ അന്നത്തിനു ഊട്ടുപുരയിൽ കുന്തിയും മാദ്രിയും പാടുപെടുമ്പോൾ ആദിവാസിക്കുട്ടികൾ മരം കയറിയും മുയലിനെ പിടിച്ചും തീൻ ശാല സമൃദ്ധമാക്കി. കുരുവംശാധിപരുടെ വാരണാവാതം സുഖവാസമന്ദിരം അരക്കും മെഴുകും ചേർത്ത് കുന്തി കത്തിക്കുമ്പോൾ, മരിച്ചത് പാണ്ഡവർ എന്ന് വ്യാജ കഥയുണ്ടാക്കാൻ, അവർ സൗകര്യപൂർവ്വം കണ്ടെത്തിയത് ആദിവാസി കുടുംബത്തെയാണ്. വിഷം കലർത്തി അവസാനത്തെ അത്താഴം അവർക്ക് വിളമ്പി, മന്ദിരം തീയിട്ട്, തല മൂടി കുന്തിയും മക്കളും ഒളിച്ചു കടന്നു.

ഭൂരഹിത ആദിവാസികൾക്ക് ഇനിയരുത് അത്താഴപ്പട്ടിണി എന്ന സൗജന്യ ഭക്ഷണവിതരണപരിപാടി തുടങ്ങിവക്കുന്ന വാരണാവതം പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു ദുര്യോധനൻ.

2016/02/20

"യുധിഷ്ഠിരനോടും നകുലനോടും നിങ്ങൾക്കുള്ള മനോഭാവം ഞാനുമായുള്ള അഭിമുഖങ്ങളിൽ അടയാളപ്പെടുത്തി. പക്ഷെ സഹദേവൻ?", കൊട്ടാരം ലേഖിക പുതിയ ഹസ്തിനപുരി മഹാറാണിയോട് ചോദിച്ചു മുട്ടു കുത്തി കൈമുത്തി സമൃദ്ധമായ ഉപചാരങ്ങളോടെ. നിലാവ് വീണ ശരത്കാല രാത്രി. എകാന്തമായിരുന്നു പരിസരം.

"സ്വയംവരം കഴിഞ്ഞു പാഞ്ചാലയിൽ നിന്ന് ഞങ്ങൾ ഹസ്തിനപുരിയിൽ എത്തിയ ആ ദിവസം. ഭർത്താക്കന്മാരെ ഓരോരുത്തരെയും പകൽ കഷ്ടിച്ച് മുഖപരിചയം ആയിത്തുടങ്ങിയിട്ടേ ഉള്ളൂ. പ്രിയ, പ്രിയപ്പെട്ട, പ്രിയങ്കരൻ, അഭിവന്ദ്യ എന്നിങ്ങനെ നൂറോളം കൌരവരെ ഓരോരുത്തരെയും എനിക്ക് പരിചയപ്പെടുത്തുന്നതിനു പുറമേ, അവരുടെ മുമ്പിൽ തല കുനിക്കാൻ വഞ്ചനാപരമായ സൌഹൃദത്തോടെ യുധിഷ്ഠിരൻ എന്നോടാവശ്യപ്പെടുമ്പോൾ, പിന്നിൽ എപ്പോഴും ഒരു സുരക്ഷാഭടനെപ്പോലെ നിന്ന സഹദേവൻ എത്ര പെട്ടെന്നാണ് ആ അവഹേളനപരമായ സ്വീകരണവിരുന്നിൽ നിന്ന് രക്ഷപ്പെടാൻ എന്നെ തുണച്ചത്. പിന്നെ, പിന്നെയാണ് ഞാൻ മനസ്സിലാക്കിയത് അശ്വിനിദേവതയുടെ ആ ആരോമൽ സന്തതിക്കു പ്രവചന ശക്തിയുണ്ടെന്ന്. ഞാനെന്നും കൊതിച്ചു അവനെന്നെ അദൃശ്യനായി എപ്പോഴും ഓമനിച്ചിരുന്നെങ്കിൽ", പാഞ്ചാലി പരിഷ്കൃതവും പാഞ്ചാലവുമായ ഉച്ചാരണത്തിൽ ആ ദിനം ഓർമ്മിച്ചെടുത്തു.

2016/02/21

"അഞ്ചു മക്കൾ, ഏതാണ്ട് അത്ര തന്നെ ബീജധാതാക്കൾ. ആരെങ്കിലും പിന്നീട് പിതൃത്വം നിഷേധിച്ചിട്ടുണ്ടോ?", കൊട്ടാരം ലേഖിക രാജമാതാവിനെ നേരിട്ടു. കൌന്തെയർ കൗരവ അടിമകളായി കാട്ടിൽ കഴിയുന്ന കാലം.

"അങ്ങനെ ഒരു സംഭവം എന്റെ ശ്രദ്ധയിൽ പെട്ടതായി ഓർക്കാനാവുന്നില്ല", ഗാന്ധാരിയുടെ മുഖ്യ സഹായി എന്ന നിലയിൽ കുന്തി ധൃതരാഷ്ട്രരുടെ ഔദ്യോഗിക വസതിയുടെ ഭരണച്ചുമതലയിൽ തിരക്കിലായിരുന്നു.

"നിങ്ങൾക്ക് അനുജന്മാരുണ്ടോ", കൊട്ടാരം ലേഖിക അവിശ്വാസത്തിൽ കണ്ണ് മിഴിച്ചു.

"അച്ഛൻ ചക്രവ്യൂഹത്തിൽ കൊല്ലപ്പെടുമ്പോൾ വയസ്സ് പതിനാറ്. അപ്പോൾ അമ്മ ഉത്തരക്ക് അതിലും കുറവാവില്ലേ. വൈധവ്യവും ചുമന്നു ജീവകാലം മുഴുവൻ അമ്മ നടക്കണോ? കൊള്ളാവുന്ന ബീജദാതാക്കളെ കിട്ടി, നൂറോളം കൌരവർ പെരുമാറിയ കൊട്ടാരത്തിൽ അങ്ങനെ ആളും അനക്കവും ആയി." മന്ദബുദ്ധി എന്ന് കൊട്ടാരം സൈനികർ വിളിച്ച പരീക്ഷിത്ത് ഹരിശ്രീ പഠിക്കുന്ന തിരക്കിലായിരുന്നു പതിനാറു വയസ്സിലും.

2016/02/22

"മായൻ നിർമ്മിത ഇന്ദ്രപ്രസ്ഥം നഗരി വിസ്തരിച്ചു കണ്ടു ഹസ്തിനപുരിയിൽ കാൽ കുത്തിയ ആദ്യ കൌരവനല്ലേ നിങ്ങൾ? എന്തുണ്ട് ആ മോഹന നഗരി

യെ കുറിച്ച് ഇപ്പോഴും തേന്തുറന്ന ഓർമ്മ", തേരിൻ നിന്ന് കൃത്യം ഗോപുര വാതിലിൽ ചാടിയിറങ്ങുന്ന ദുര്യോധനനെ കൊട്ടാരം ലേഖിക പിടി കൂടി.

"വിശിഷ്ടാതിഥികൾക്ക് ഓർമയിൽ നിന്ന് പോകാത്ത കുളിരനുഭവം തരുന്ന മനോഹരസൌധം", പല്ല് ഞെരിച്ചു ആ മുതിർന്ന കൌരവൻ ഗോപുര വാതിലിലെ സൈനികരുടെ അഭിവാദ്യം സ്വീകരിച്ചു അതിവേഗം അകത്തേക്ക് കടന്നു.

2016/02/23

"നവപാണ്ഡവ ഭരണകൂടത്തിന്റെ നയപ്രഖ്യാപനം കൃപാചാര്യൻ തന്നെ രാജസഭയിൽ ചെയ്യുമെന്നു നകുലൻ. അർജ്ജുനൻ എഴുതി കൊടുത്തതെല്ലാം ആചാര്യൻ ഉച്ചാരണ ശുദ്ധിയോടെ വായിക്കും", കൊട്ടാരം ലേഖിക കൂട്ടുകാരനോട് പറഞ്ഞു.

"ഒരിക്കൽ കൌരവരുടെ കിടിലൻ യുദ്ധമോഹങ്ങൾക്ക് ചിറകു വിരിയിച്ച ആ ചിരഞ്ജീവിക്ക് യുദ്ധം കഴിഞ്ഞപ്പോൾ പണി കിട്ടി അല്ലെ" യുദ്ധകാര്യ ലേഖകന തലയ്ക്ക് പിന്നിൽ കൈകൾ പിണച്ചു.

2016/02/24

സുഖചികിത്സസന്യാസിയെ കയ്യോടെ പിടികൂടി പാണ്ഡവർ നിർദ്ദയം വിലപേശുന്നു.

നിത്യവും രാവിലെ പാണ്ഡവർ പ്രിയ മാംസാഹാരം തേടി നായാട്ടിനു പോവുന്ന തക്കം നോക്കി, ഭരണിയിൽ തൈലവുമായി, എത്തി പാഞ്ചാലിയെ നാക്കിലയിൽ കിടത്തി, തൈലം പുരട്ടി അന്തിയാവോളം സുഖ ചികിത്സ ചെയ്തു വന്നിരുന്ന ആ സുന്ദര സന്യാസി വേറെ ആരുമായിരുന്നില്ല. രാജസഭയിലെ കുപ്രസിദ്ധ വസ്ത്രാക്ഷേപത്തിനു സജീവ പങ്കാളിയായിരുന്ന, മുതിർന്ന കൌരവപാപി ദുര്യോധനൻ. ആശ്രമോദ്യാനത്തിലെ ചേരുമരക്കൊമ്പിൽ മുഖം വ്യക്തമായി കാണാൻ പാകത്തിന് അയാളെ വരിഞ്ഞു കെട്ടിയിട്ടിരിക്കയാണ്. ധൃതരാഷ്ട്രർ നേരിട്ട് കാട്ടിൽ വന്നു ആവശ്യപ്പെടാതെ പ്രതിയെ വിട്ടു കൊടുക്കില്ലെന്ന് യുധിഷ്ഠിരൻ കൊട്ടാരം ലേഖികയോട്.

ഹസ്തിനപുരി പത്രികയിൽ വന്ന യുധിഷ്ഠിരന്റെ ഔദ്യോഗിക പ്രസ്താവന.

എന്റെ പിതാവിന്റെ അവകാശമായിരുന്ന ഹസ്തിനപുരി, നയതന്ത്രത്തിന്റെ അനുബന്ധമായ ബലപ്രയോഗത്തിലൂടെ പിടിച്ചടക്കി ഔദ്യോഗികമായി ചെങ്കോൽ കൈവശമായ ഇന്ന് മുതൽ, പിന്തുടർച്ചാവകാശമായ കുരുവംശ ചക്രവർത്തി എന്ന പദവിയിൽ ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുമ്പോഴും വിരുന്നുൽസവങ്ങളിൽ ജനങ്ങളുടെ സ്നേഹാദരവുകൾ സ്വീകരിക്കുമ്പോഴും 'ഞാൻ' 'നാം' 'ഞങ്ങൾ' എന്നീ ആത്മനിഷ്ഠമായ ദുരധികാര പദങ്ങൾ ഉപയോഗിക്കുകയില്ല. കുരുവംശം എന്ന് മാത്രമേ എളിമയോടെ പറയൂ. ഭരണകൂടം, അധികാരികൾ, വകുപ്പ് മേധാവികൾ, ചക്രവർത്തി മഹാരാജാവ് തുടങ്ങിയ അപൂർണ സംജ്ഞകൾ പൂർണമായും അസാധുവാകും.

"രാഷ്ട്രവും ഭരണകൂടവും ഒന്നെന്ന ഈ ധാർമികൻ യുധിഷ്ഠിരൻ പറഞ്ഞുവച്ചത് വരും യുഗത്തിൽ പലർക്കും പ്രയോജനപ്പെടും അല്ലെ", പണിയൊന്നുമില്ലാത്ത യു

ദ്ധകാര്യ ലേഖകൻ നഗര വാണിജ്യ തെരുവിലെ ചുവരെഴുത്ത് പത്രമായ ഹസ്തിനപുരി പത്രിക നിന്ന നിൽപ്പിൽ വായിക്കേ കൊട്ടാരം ലേഖികയോട് പിറുപിറുത്തു.

2016/02/25

"കുരുക്ഷേത്രം ഒരു സ്ഥലമല്ല, സ്വപ്നമാണ്. അത് പൂവണിയുക എന്ന പാണ്ഡവ ലക്ഷ്യം പരസ്യമാക്കാൻ നാം ആരെയും ഭയപ്പെടരുത്. ശത്രുസംഹാരം എന്നാൽ അസാധാരണമായ കാര്യങ്ങൾ യുദ്ധഭൂമിയിൽ ചെയ്യുക എന്നതല്ല അർത്ഥം, പിന്നെയോ? നമ്മുടെ ഉത്തമ താൽപര്യങ്ങൾക്ക് തടസ്സം ചെയ്യുന്ന കൗരവ പ്രതിയോഗികളെ ഭൂമുഖത്ത് നിന്ന് തുടച്ച് നീക്കി ഇല്ലായ്മ ചെയ്യാൻ, ദൈവത്താൽ നിയന്ത്രിക്കപ്പെടുന്ന ഈ ഏറ്റുമുട്ടലിൽ നാം ചെയ്യേണ്ട സാധാരണകാര്യങ്ങൾ നിശ്ചയത്തോടെയും ആത്മവിശ്വാസത്തോടെയും ചെയ്യുക എന്നതാണ്." ഇതാണ് ഇന്ന് ഉപപ്ലവ്യ സൈനിക പാളയത്തിലെ സഖ്യകക്ഷിയോഗത്തിൽ ധർമപുത്രൻ എന്ന് ദ്യോധനൻ രഹസ്യമായി വിളിക്കുന്ന യുധിഷ്ഠിരന്റെ ഉദ്ബോധനം", കൊട്ടാരം ലേഖിക വായിച്ചു.

"യുദ്ധം ജയിച്ചാൽ, ഈ പുണ്യപുരുഷൻ നവകുരുവംശ ചക്രവർത്തിയായി നമ്മളൊക്കെ മരിക്കും വരെ തീർച്ചയായും തുടരില്ലേ രാജ്യഭാരം?" യുദ്ധകാര്യ ലേഖകൻ നെടുവീർപ്പിട്ടു.

2016/02/26

"എന്താണിത് കേൾക്കുന്നത്, നിങ്ങളുടെ കിടപ്പറയിൽ അനധികൃതമായി നുഴഞ്ഞു കയറി യുധിഷ്ഠിരന്റെ സ്വകാര്യത തടസ്സപ്പെടുത്തിയ അർജ്ജുനനെ നിങ്ങൾ ആട്ടിപ്പുറത്താക്കി?", കൊട്ടാരം ലേഖിക നാടകീയ മുഖചലനങ്ങളോടെ പുരികമുയർത്തി.

"വാർത്ത കേട്ടത് ചക്രവർത്തികാര്യാലയത്തിലെ ആ കുപ്രസിദ്ധ അർജ്ജുനവിരോധിയിൽ നിന്നല്ലേ? അതിരാവിലെ വേട്ടക്ക പോവേണ്ടിയിരുന്ന പ്രിയഅർജ്ജുനന്റെ ദിവ്യാസ്ത്രം എന്റെ കട്ടിലിന്നടിയിൽ ഒളിപ്പിച്ച് വച്ച് എന്നോടൊപ്പം നീണ്ടു നിവർന്നു കിടന്നു മതി മറന്നു രസിച്ച ആ മുതിർന്ന ഭർത്താവ് യുധിഷ്ഠിരൻ തന്നെ ചരിത്രത്തോട് പറയട്ടെ, സ്വയംവരപാണ്ഡവനെ എന്തിനിത്ര കുടില രീതിയിൽ എന്നിൽ നിന്നകറ്റി എന്ന്", ജാലകത്തിലൂടെ വിദൂരതയിലേക്ക് പാഞ്ചാലി നോട്ടമെറിഞ്ഞു."

2016/02/27

"അഭിമുഖങ്ങളിൽ മറയില്ലാതെ പാഞ്ചാലി വെളിപ്പെടുന്നത്ര കാറും കോളും നിറഞ്ഞതാണപ്പോൾ നിങ്ങളുടെ ദാമ്പത്യം?", അരക്കു വെള്ളത്തിൽ ഇറങ്ങി മീൻ പിടിക്കയായിരുന്ന ഭീമനോട് മൃദുവായി കൊട്ടാരം ലേഖിക ചോദിച്ചു.

"നിങ്ങൾ ഹസ്തിനപുരി പത്രികയിൽ എഴുതുന്നത് വരികൾക്കിടയിൽ വായിച്ചെടുക്കാൻ കാട്ടുമുക്കിൽ കഴിയുന്ന ഞങ്ങൾ അർദ്ധസാക്ഷരർക്കാവുമോ? കഴിയുന്ന

ത്ത് ഇതാണ്: ആവുന്നത്ര അവൾക്ക് ഞങ്ങൾ അടിമപ്പെടുക, അവൾ കൌരവർക്കു അടിമപ്പെടുന്ന പോലെ."

പെട്ടെന്ന് ഉയരത്തിൽ അത്യാകർഷകമായി ചാടിയ ഒരു സ്വർണ മത്സ്യത്തെ ഇരു കൈകളും ഒരു കൂട്ട് പോലെയാക്കി ഭീമൻ കൌശലത്തോടെ പിടി കൂടി." ഇത വൾക്ക് ഉടൻ സമ്മാനിച്ചാൽ ഇന്നവൾ വഴിപ്പെടുമോ", ശിശുസഹജമായ പ്രത്യാശ ആ ഭീമരൂപിയുടെ ഓമന മുഖത്ത് തെളിഞ്ഞു.

2016/02/28

"വനവാസത്തിനു നഗ്നപാദയായി ഹസ്തിനപുരി കൊട്ടാരത്തിൽ നിന്ന് പടി യിറങ്ങുമ്പോൾ, നൂറു കൌരവരേയും ഒന്നൊന്നായി കണ്ടു നിങ്ങൾ യാത്ര ചോദി ച്ചു എന്ന വാർത്ത അടിസ്ഥാനരഹിതമാണോ" കൊട്ടാരം ലേഖിക കിതപ്പോടെ ചോദിച്ചു.

"അടിസ്ഥാനത്തിന് എന്താ കുഴപ്പം, അവരെല്ലാം എക്കാലവും എന്റെ ആരാധ കരല്ലേ", പാഞ്ചാലി വനാശ്രമത്തിലെ കിടപ്പറ ജാലകത്തിലൂടെ വിദൂരതയിലേക്ക് നോക്കി.

"യുദ്ധകാര്യലേഖകൻ എന്ന പദവിയിൽ ഈ സമാധാനകാലത്ത് ഒന്നും ചെ യ്യാനില്ലാതെ ഇരിക്കുന്ന ആളല്ലേ. കുരുക്ഷേത്ര യുദ്ധത്തിൽ നിങ്ങളുടെ കരൾ അലി യിച്ച ഒരു രംഗം ഓർമച്ചെപ്പിൽ നിന്ന് ഹസ്തിനപുരി പത്രിക വായനക്കാരുമായി പങ്കിടാമോ?", കൊല്ലുന്ന ശബ്ദവ്യതിയാനത്തോടെ കൊട്ടാരം ലേഖിക പ്രീണിപ്പിച്ചു.

നരനായാട്ടു കഴിഞ്ഞിരുന്ന സന്ധ്യ. യമുനയിൽ ഒന്ന് ചാടി നീന്താൻ ഞാൻ വസ്ത്രം അഴിക്കുമ്പോൾ ഓടിക്കിതച്ചു വരുന്ന ഭീമൻ പാഞ്ചാലിയുടെ പാളയകവാട ത്തിൽ വഴി തടഞ്ഞു നിന്ന മൂന്നാംലിംഗ പാറാവുകാരനെ അക്ഷമയിൽ തട്ടിമാറ്റുന്ന തിന്നിടയിൽ മുഖമടച്ചു വീണു, പ്രണയിനിയുടെ മുടിയിൽ പുരട്ടാൻ, കൊല നടന്ന ഉടൻ കൈകുമ്പിളിൽ കരുതിയ കൗരവച്ചുടുചോര കൈ തെറ്റി തെറിച്ചു മാറിൽ പുര ണ്ടു ഭീമൻ പൊട്ടിക്കരയുന്നു. 'പതിമൂന്നു വർഷമായി ഞാൻ കൊതിച്ചു കാത്തിരുന്ന ഈ മുഹൂർത്തം നഷ്ടപ്പെട്ടുവോ?' അയാൾ വിങ്ങുന്നു.

"വൃത്തികെട്ടവൻ കണ്ടവന്റെ കുരുതിച്ചോര കൊണ്ട് വന്നു എന്റെ കിടപ്പറയുടെ സ്വകാര്യത മലിനപ്പെടുത്തി", കോപാകുലയായ പാഞ്ചാലി അയാൾക്ക് നേരെ വി രൽ ചൂണ്ടുന്നു;

2016/02/29

"പത്തുവർഷം ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായിരുന്ന യുധിഷ്ഠിരന് യുദ്ധാനന്തര ഹസ്തിനപുരി മഹാരാജാവിന്റെ ചുമതല ഏറ്റെടുക്കാൻ മുൻഭരണപരിചയം തുണച്ചു അല്ലെ?", കൊട്ടാരം ലേഖിക ചാരവകുപ്പ് മേധാവി നകുലനെ വാണിജ്യവീഥിയിലെ ദരിദ്ര ആൾക്കൂട്ടത്തിൽ അവിചാരിതമായി കണ്ടപ്പോൾ കൈ മുത്തി.

"വിഷിഷ്ടാതിഥികളെ വഴക്കി വീഴ്ത്തി കുടുംബ കലഹം ഉണ്ടാക്കിയ മായൻനിർ മിത ഇന്ദ്രപ്രസ്ഥം എവിടെ, പൂർവസൂരികളുടെ അസ്വസ്ഥ പ്രേതങ്ങൾ കഴുത്തിൽ നഖം ആഴ്ത്തുന്ന ഹസ്തിനപുരി പുരാതനരാജമന്ദിരങ്ങൾ എവിടെ. ഇന്നലെ രാത്രി പാ ഞ്ചാലി കുഴഞ്ഞു മറിഞ്ഞു ആർമാദിക്കുകയായിരുന്നു, തലേന്ന് രാത്രി അവളെ വിവ

സ്ഥയാക്കുന്ന ദുര്യോധനന് നേരെ ഉറക്കത്തിൽ പായിൽ കിടന്നു കൈകാലിട്ടടിച്ചു പരേതകൌരവരുടെ കൊടിയ പീഡനം ചെറുക്കുന്ന യുധിഷ്ഠിരന്റെ നിലവിളി", മുന വച്ച് സംസാരിക്കുമ്പോഴും നകുലന്റെ കണ്ണുകൾ ചാരദൌത്യം നിർവഹിച്ചു.

2016/03/01

"കുന്തി കൊടുത്ത അത്താഴം ആദിവാസി കുടുംബം കഴിക്കുന്നത് നിങ്ങൾ കണ്ടിരുന്നു?", ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"വിളമ്പാൻ ഞാനും കൂടി. മാനിറച്ചി പൊരിച്ചത് നേരത്തെ കുറെ ആരുമറിയാതെ അകത്താക്കിയത് കൊണ്ട്, ഭാഗ്യം, ഇത് രുചിക്കാൻ അപ്പോൾ തോന്നിയില്ല, അവർ ഭക്ഷണം കഴിക്കുന്നത് കാണാൻ കൌതുകമുണ്ടായിരുന്നു. ചമ്രം പടിഞ്ഞിരുന്നു ഓരോന്നെടുത്ത് തിരിച്ചും മറിച്ചും നോക്കി രുചിച്ചും, ഓരോരുത്തരുടെയും രുചിയനുഭവം മറ്റുള്ളവരുമായി നിഷ്കളങ്കമായി പങ്കിട്ടും, ഇടയ്ക്ക് തല കുലുക്കി അത്താഴം ആസ്വദിച്ചും അവർ ആറു പേരും വിളമ്പിയതെല്ലാം വൃത്തിയായി കഴിച്ചു കൈ കഴുകും മുമ്പുതന്നെ കുഴഞ്ഞു വീണു. ഞങ്ങൾക്ക് സമയമില്ലായിരുന്നു. അർജ്ജുനൻ കാര്യക്ഷമമായി ചുറ്റും പതുങ്ങി നടന്നു. പദ്ധതിയനുസരിച്ച് അരക്കില്ലം ഞാൻ തീയിട്ടു. ഭൂഗർഭ ഇടനാഴിയിലൂടെ ജീവനും കൊണ്ട് ഞങ്ങൾ ഒളിച്ചോടിയതെല്ലാം, തിരിഞ്ഞു നോക്കുമ്പോൾ, ഇന്നൊരു മായക്കാഴ്ച", നവഭരണകൂടത്തിലെ പ്രതിരോധ വകുപ്പ് മേധാവി ഭീമൻ വാതുറന്നു വച്ച് ആ കാലത്തിൽ ബന്ദിയായി അകപ്പെട്ട പോലെ ഒന്നൊന്നായി ഓർത്തെടുത്തു.

"പുത്രവിധവകൾക്കൊപ്പം സത്യവതി പടിയിറങ്ങുന്ന ഈ സമയം", യുക്തിവാദി ചാർവാകൻ ആശ്രമത്തിലെ സദസ്സിനോട് ഭ്രാതുരനായി, "ശന്തനുവിന്റെ പൈതൃകം എന്ന് പറയാൻ സന്താനഭാഗ്യമില്ലാത്ത ഭീഷ്മരൊഴികെ ആരുണ്ട് ഹസ്തിനപുരിയിൽ? സത്യവതിയിൽ ശന്തനുവിനുണ്ടായ രണ്ടു ആൺമക്കളും കുട്ടികൾ ഇല്ലാതെ നേരത്തെ മരിച്ചു, ഒരാൾ ശത്രുവിന്റെ ഇരയായി, മറ്റെയാൾ ഭോഗത്തിന്റെ ഇരയായി. വിവാഹപൂർവ, അവിഹിതരതിയിൽ ഏതോ ഒരു പരാശരമുനിക്ക് സത്യവതിയിൽ പിറന്ന രഹസ്യ സന്തതി, ആ കള്ളൻ വിരൂപിവ്യാസൻ, ഭീഷണിപ്പെടുത്തി വിചിത്രവീര്യവിധവകളിൽ ബീജദാനം ചെയ്തുണ്ടായ രണ്ടു കീടജന്മങ്ങൾ ആയിരുന്ന അന്ധധൃതരാഷ്ട്രരും രോഗി അനുജനും. അവരുടെതെന്നു പറയപ്പെടുന്ന നൂറ്റി അഞ്ചു മക്കളാണിപ്പോൾ സ്വത്ത് വീതം വെക്കാനറിയാതെ പരസ്പരം ചങ്കു വെട്ടുന്നത്. ഒരു കളങ്കിതകുരുവംശത്തെ, തമ്മിൽ കൊല്ലാൻ വിട്ടു കൊണ്ട് ആ മൽസ്യഗന്ധി അതാ പടിയിറങ്ങുന്നു. ഇനി തിരിച്ചു വരരുതേ, ഗംഗയാറൊഴുകുന്ന ഈ നാട്ടിൽ ഇനി കാലു കുത്തരുതേ."

"ഇനി നീ ദൈവദത്തമായ രാജവംശങ്ങളെ വിചാരണ ചെയ്യരുത്", പെട്ടെന്ന് ദുര്യോധനൻ പിന്നിൽ നിന്ന് വലതു കാൽ കൊണ്ട് ആ ദരിദ്ര ബ്രാഹ്മണൻ ചാർവാകന്റെ മുതുകിൽ ആഞ്ഞു ചവിട്ടി, ഞങ്ങൾ കുലീനർ എന്ന് വ്യാസൻ പറയുമ്പോൾ, ഇടപെടരുത് നീ ഈ ജന്മം.

2016/03/02

“കാട്ടിൽ ഒറ്റമുറികുടിലിൽ കഴിഞ്ഞ ആ കുട്ടിക്കാലം ഒന്നോർക്കാമോ? മറ്റു പാണ്ഡവർ ജനിച്ചിട്ടില്ലാത്ത ആ കാലം”, കൊട്ടാരം ലേഖിക യുധിഷ്ഠിരനെ ക്ഷണിച്ചു. എന്നെന്നേക്കുമായി പടിയിറങ്ങിയ പാണ്ഡവരുടെ മുമ്പിൽ അയാൾ ഉത്സാഹം നടിച്ചു കാൽ മുന്നോട്ടു വച്ചതു് പക്ഷെ വേച്ചു വേച്ചായിരുന്നു.

“ഇര തേടി, ഉടുത്തൊരുങ്ങി പുറത്ത് പോയിരിക്കയാണ് നിന്റെ അമ്മമാർ. നിന്റെ ബീജദാതാവു ആരെന്നു അറിയില്ലേ, മുടിയും താടിയും നരച്ചു വളർന്ന ആ മുഖമപ്പോൾ ഭീതിതമാവും. എന്നിട്ടയാൾ എന്റെ നേരെ ചിറി കോട്ടും, നാവു പുറത്തിട്ടും കണ്ണുരുട്ടും ഇരു കൈകളും വളച്ചു എന്നെ ബന്ദിയാക്കാൻ ശ്രമിക്കും. കാലൻ, കാലന്റെ മകനാണ് നീ. ഒന്നിനും ആവാതെ പായിൽ ചുരുണ്ട് കിടന്നു പേസ്വപ്നം കാണുന്നവനെ കയറിൽ കുരുക്കി പരലോകത്തേക്കു കൊണ്ടുപോവുന്ന ചാവ് ദേവതയുടെ മകനാണ് നീ. പോ പോയി മുയലിനെയൊ മാനിനെയോ പിടിച്ച് കഴുത്തറുത്ത് ആ ചുടുചോര എന്റെ വായിൽ ഒഴിക്ക്, ഒരിക്കൽ ഹസ്തിനപുരത്തിന്റെ മഹാരാജാവായിരുന്ന എന്നെ നോക്കി ഇതേ മുറിയിൽ കുന്തിയുമൊപ്പം കിടക്കുന്ന ആ മരണദേവത, ചുണ്ടിനു കുറുകെ ചൂണ്ടുവിരൽ വച്ചൊരിക്കൽ എന്നെയും പേടിപ്പിച്ചു, നിന്നെ കൊണ്ട് പോവാൻ ഞാൻ വരും എന്റെ പോത്തുമായി. കുരച്ചും കരഞ്ഞും കഫം തുപ്പി നിറച്ചും ആ പേപിടിച്ച മനുഷ്യൻ എന്റെ ബാല്യത്തെ മലിനപ്പെടുത്തി” യുധിഷ്ഠിരന്റെ ഭയം കലർന്ന മുഖത്ത് ഭൂതകാലം നിറഞ്ഞു.

2016/03/04

“വൃദ്ധശന്തനുവിനെ പ്രലോഭിപ്പിച്ച യുവസത്യവതിയോ, അതോ സുന്ദരിയായ മകളെ വച്ച് മഹാരാജാവുമായി മുഖം നോക്കാതെ വിലപേശിയ അവളുടെ മീൻകാരൻ അച്ഛനോ നിന്റെ ആരാധന പിടിച്ചു പറ്റിയതു്?”, യുദ്ധകാര്യ ലേഖകൻ കൊട്ടാരം ലെഖികയുമായി ഒളിയുദ്ധം തുടങ്ങി.

“സത്യവതിയുടെ അരികെ നില്ക്കുന്ന ശന്തനുവിന്റെ ശരീരഭാഷയാണ് നിങ്ങളുടെ സംസാരഭാഷയെക്കാൾ എന്നെ കൌതുകപ്പെടുത്തുന്നതു്.”, കൊട്ടാരം ലേഖിക തിരിച്ചടിച്ചു. കുറച്ചു നേരമായി ദുർബലശന്തനു മുട്ടിൽ ഇഴയുന്നു.” കുരുവംശത്തിൽ ഇനിയുമുണ്ടാവും ഇത് പോലെ പെൺകോന്തന്മാർ. അവരെയൊക്കെ എഴുന്നെള്ളിച്ചു നടത്താൻ ആനക്കുട്ടികളായി കുനിഞ്ഞു കാൽ മടക്കി നമ്മെ പോലുള്ള പത്ര പ്രവർത്തകരും.”

2016/03/05

“സംശയകരമായ രീതിയിൽ ഖാണ്ഡവവനം കത്തി, ജീവജാലങ്ങൾ നശിച്ച ഇടത്ത് മായൻ പണിത മോഹനസൌധത്തിൽ ഒരു ദശാബ്ദം ചക്രവർത്തിനി പദവിയിൽ സുരക്ഷയോടെ ജീവിച്ച ശേഷം കാട്ടിനുള്ളിലെ ഈ ഒറ്റമുറിയിൽ രാത്രി കഴിയുന്നതിൽ പേടി തോന്നാറില്ലേ?”, കൊട്ടാരം ലേഖിക ആശങ്കയോടെ ചോദിച്ചു. ഉച്ചവെയിലിൽ ആ നിശബ്ദ വനമേഖല ഭീതിതമായി തോന്നി.

“മറ്റു നാലു പേർ ഇല്ലാത്തപ്പോൾ, ഓരോ പാണ്ഡവനും എന്നോട് മന്ത്രിക്കും, രാത്രി പേടി തോന്നിയാൽ വിളിക്കു, കൂടെ ഞാൻ കിടന്നാൽ നിനക്ക് സ്വൈരമായുറങ്ങാം. എന്നും രാത്രിയിൽ എന്നെ ആക്രമിക്കാൻ മാസഭോജികൾ അഞ്ചെണ്ണമാ

ണ്ട് ഈ കുടിലിൽ. അവരെ അകറ്റി നിർത്തുന്ന പെടാപ്പാടിൽ പുറത്തെ ഹിംസ്ര ജന്തുക്കൾക്കെന്തു സ്ഥാനം", അർദ്ധനഗ്നയായ പാഞ്ചാലി ആ ഒറ്റമുറിയിലും ഒരു ദേവതയെപ്പോലെ അകലം പാലിച്ചു.

"മിന്നൽ ആക്രമണത്തിൽ വയസ്സൻകൌരവരെ അഭിമന്യു ഇന്ന് വെള്ളം കുടിപ്പിക്കുമെന്ന നകുലന്റെ പ്രസ്താവന പെട്ടെന്ന് വിവാദമായല്ലൊ", കൊട്ടാരം ലേഖിക ഇടപെട്ടു.

"വിവാദമാവില്ലെ? കൌരവർ നൂറു ഭരണികളിൽ നിന്ന് ഒന്നൊന്നായി ഉയരും മുമ്പ് തന്നെ, കാലന്റെ മകനായി കാട്ടിൽ യുധിഷ്ഠിരൻ ജനിച്ചു എന്ന കുന്തിയുടെ അവകാശവാദത്തിൽ അല്ലെ കുരുവംശത്തിൽ മൂപ്പിളമ തർക്കമായത്? ഇനി ആയിരം പൂർണ ചന്ദ്രന്മാരെ കണ്ട കൗരവവയസ്സന്മാരെ വെള്ളം കുടിപ്പിക്കാൻ ചക്രവ്യൂഹത്തിൽ ഇടിച്ചു കയറട്ടെ പതിനാറെത്താത്ത ഇളമുറ", യുദ്ധകാര്യ ലേഖകൻ യമുനയുടെ വെള്ളച്ചാലിൽ തട്ടി കളിച്ചു കൊണ്ടിരുന്നു.

2016/03/06

"കൗരവഭരണകാലത്ത് പ്രതിപക്ഷമായിരുന്നു പാണ്ഡവർ. യുദ്ധം കഴിഞ്ഞു പാണ്ഡവർ ചെങ്കോൽ പിടിച്ചപ്പോൾ വിമർശിക്കാൻ ആകെ ഉണ്ടായിരുന്ന ചാർവാകനെ അരയിൽ കയറിട്ടു നകുലൻ വലിച്ചു കൊണ്ട് പോയി. ഞാൻ സാക്ഷി", കൊട്ടാരം ലേഖിക യുധിഷ്ഠിരന് മുമ്പിൽ സങ്കടപ്പെട്ടു.

"കൗരവരാജവിധവകളെ കൊണ്ട് ഭീമൻ അടിയുടുപ്പുകൾ കഴുകിക്കുന്നു എന്ന് നിങ്ങൾ ഹസ്തിനപുരി പത്രികയിൽ എഴുതിയതിനു തക്ക പുരസ്കാരം തരാൻ നകുലൻ പുതിയ ഒരു കയർ തേടുന്നുണ്ട്. അതുവരെ നിങ്ങൾ സമാധാനമായിരിക്കൂ."

2016/03/07

"മറ കൂടാതെ നിങ്ങൾ ഭീമനെ ഇടിച്ചു താഴ്ത്തുന്നത് ഞാൻ കണ്ടിട്ടുണ്ട്. പിന്നിലൊരു പിടി നന്ദിയും. എന്തായിരുന്നു ആ സന്മനസ്സിന്റെ സ്രോതസ്സ്?", കൊട്ടാരം ലേഖിക കൌതുകപ്പെട്ടു.

"അതിരാവിലെ കാണാം, ഭീമൻ എന്റെ വിഴപ്പുകെട്ടു ചുമന്ന് ജലാശയത്തിലേക്ക് കുന്നിറങ്ങി പോവുന്നത്. സന്ന്യസ്ഥാശ്രമത്തിലെ മാലിന്യനീക്കം കഴിഞ്ഞു ഞാൻ കുളിക്കാൻ പോവുമ്പോൾ കാണാം വിഴപ്പു പാറയിൽ അടിച്ചു തിരുമ്മി ഉണക്കി മടക്കി ഒരു കെട്ടായി തിരിച്ചു ഭീമൻ കുന്നു കയറുന്നത്. ഇഷ്ടമായോ എന്നൊരു നോട്ടമുണ്ട് അപ്പോൾ ഭീമമുഖത്ത്. ഞാനൊന്നും പറയില്ലെങ്കിലും രാത്രി "സ്വർഗരാജ്യം സ്വർഗരാജ്യം" എന്ന് ആനന്ദത്തിൽ അയാൾ പായിൽ മലർന്നു കിടന്നു ആക്രോശിക്കുന്നതു വരെ എന്റെ അതിസൂക്ഷ്മ വ്യക്തിഗത സേവനത്തിനു ഭീമനെ ഞാൻ പ്രത്യേക ഗുണഭോക്താക്കും." ഉച്ചരിച്ച വാക്കുകൾക്കൊപ്പം ശിശുപരിലാളനം പാഞ്ചാലിയുടെ മുഖത്ത് തെളിഞ്ഞു.

2016/03/08

“അല്ല, ഈ തള്ളവിരലല്ലേ നിങ്ങൾ ഗുരുദക്ഷിണയായി മുറിച്ച് കൊടുത്തു എന്ന് നാടാകെ പാട്ടായത്? കണ്ടാൽ മുറിച്ച് നീക്കിയ പോലെയും തിരിച്ച് വച്ച പോലെയും തോന്നില്ല”, കൊട്ടാരം ലേഖിക പ്രസിദ്ധ പോരാളിയുടെ തള്ളവിരലുകൾ തൊട്ടു സംശയത്തിൽ നോക്കി.

“സസ്യഭോജിയായ ഗുരുവിനു വേണ്ടത് പരോക്ഷ വിദ്യാർത്ഥിയുടെ വിരലായിരുന്നില്ല, സ്വർണ നാണയമായിരുന്നു, അത് ഞാൻ രാജമന്ദിരത്തിലെ രത്നശേഖരത്തിൽ നിന്ന് പൊക്കി ആ ദരിദ്ര ബ്രാഹ്മണന് നീട്ടി. തൃപ്തിയായി. ഇനി മുറിച്ചു നീക്കിയത് തിരിച്ച് വച്ച് വിരൽ പഴയപോലെ പ്രവർത്തന ക്ഷമമായി എന്ന് നാളെ നിങ്ങൾ ഹസ്തിനപുരി പത്രികയിൽ വാർത്ത കണ്ടാൽ പരിഭ്രമിക്കരുത്. മനുഷ്യാവയവങ്ങളിൽ കൊള്ള കൊടുക്ക ഒരു പുത്തൻ കായികപരീക്ഷണമായി വരുംയുഗത്തിൽ മാറും”, പോരാളി ഒരു പ്രവാചകനെ പോലെ ചൂണ്ടുവിരൽ ആകാശത്തേക്കുയർത്തി.

2016/03/09

“പൊതുവേദിയിൽ പിടിച്ച് നിർത്തി ഉടുതുണി വലിച്ചൂരുന്ന ആ ഭീകരകൌരവനെ നിങ്ങൾ നിറമിഴികളോടെ നിസ്സഹായതയിൽ നോക്കി വിറച്ച് നിന്നു? ഭീമാകാരന്മാരായ അഞ്ചു ഭർത്താക്കന്മാരെ വെറും വിരൽചലനത്തിലൂടെ ചൊൽപ്പടിയിൽ നിർത്താൻ ആജ്ഞാശക്തിയുള്ള നിങ്ങൾ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി, കൈ പൊക്കി ആ പരസ്യപീഢകന്റെ ചെകിട്ടത്ത് ഒന്നാഞ്ഞടിച്ചിരുന്നെങ്കിൽ എന്ന് ആ രംഗത്തിനു സാക്ഷിയായ ഞാൻ അന്ന് കൊതിച്ച്” കൊട്ടാരം ലേഖിക പുതിയ ഹസ്തിനപുരി മഹാറാണി പാഞ്ചാലിയെ ഭ്രതാതുരയാക്കി.

“അത് പീഢകനായിരുന്നുവോ? അത് കൗരവരാജസഭയായിരുന്നുവോ? അന്തഃപുരത്തിൽ പുതുതലമുറ കൗരവ രാജകുമാരികൾക്ക് സൌന്ദര്യപരിപാലനത്തിൽ വ്യക്തിഗതശിക്ഷണം കൊടുക്കയായിരുന്നു ഞാൻ എന്നോർമ്മിക്കുന്നു. പ്രണയത്താൽ പരവശനായ ഒരു കൌരവൻ ഇടിച്ച് കയറി എന്നെ പുണർന്നു കോരിയെടുത്ത് പുറത്തേക്കു പാഞ്ഞതോർമ്മിക്കുന്നു. വേനൽപുഴക്കത്തിൽ നനഞ്ഞിരുന്ന മേൽവസ്ത്രങ്ങൾ ഒന്നൊന്നായി എന്റെ ശരീരത്തിൽ നിന്ന് അവൻ വേർപെടുത്തിയത് ഓർമ്മിക്കുന്നു. എല്ലാം കണ്ട് ആസൂയയിൽ മുഖം കരുവാളിച്ച പാണ്ഡവർ പരിഭ്രമിച്ച് പതറുന്നത് ഓർമ്മിക്കുന്നു.”, മഹാറാണിയുടെ മിഴികൾ പതുക്കെ ഓർമക്കൊപ്പം വിദൂരതയിലേക്ക് പാഞ്ഞു.

“പാഞ്ചാലയിൽ നിന്ന് നവവധുവായി വന്ന്, ഹസ്തിനപുരിയിക്കും ഇന്ദ്രപ്രസ്ഥത്തിനും ഇടക്കുള്ള കുറഞ്ഞ ഒരു കാലയളവിൽ പരിചയപ്പെട്ട നൂറു കൌരവരേയും നിങ്ങൾ പേർ പറഞ്ഞു സ്വാഗതം ചെയ്തിരുന്നു എന്നോ? കൊള്ളാം, ഗാന്ധാരിക്ക് പോലും ആവുമോ, ആ നൂറു മക്കളെ തെറ്റാതെ പേർ വിളിക്കാൻ?” കൊട്ടാരം ലേഖിക പരിഹസിച്ചു.

“കണ്ണ് കെട്ടി മക്കളെ കാണണ്ട എന്നു വച്ച ഗാന്ധാരിയെ പോലെയാണോ പഞ്ചേന്ദ്രിയങ്ങൾ പ്രവർത്തനക്ഷമമായ പ്രണയിനി?”

2016/03/10

"യമുനയുടെ തീരത്തുള്ള കുരുക്ഷേത്രം തന്നെ വേണോ, കുരുവംശ കൂട്ടുകുടുംബത്തിലെ സ്വത്ത് തർക്കം തീർക്കാൻ എന്നാണ പ്രാദേശിക ഭരണകൂടത്തിനു വേണ്ടി ചാർവാകൻ ചോദിക്കുന്നത്. അടിക്കാടുകളും കുറ്റിക്കാടുകളും നൂറുകണക്കിന് ജലസ്രോതസ്സുകളും നശിപ്പിച്ച പത്ത് നാൽപ്പത്തു ലക്ഷം പേരുടെ ജൈവമാലിന്യ നിക്ഷേപം, ആഴ്ചകളോളം നീണ്ടു നിന്നേക്കാവുന്ന ഒരു പോരാട്ടത്തിൽ ഒഴുക്ക് കുറഞ്ഞ ഈ പുഴയെ കുപ്പത്തൊട്ടി ആക്കില്ലേ?"

കൊട്ടാരം സമുച്ചയത്തിൽ നൂറോളം കൗരവ വസതികൾക്കു മുന്നിൽ സ്വപ്രയത്നത്തിൽ പരിപാലിക്കുന്ന ഉദ്യാനങ്ങൾ കണ്ടവർ ആരും ഞങ്ങളുടെ പരിസ്ഥിതി നിലപാട് സംശയിക്കില്ല. യുദ്ധം കഴിഞ്ഞാൽ, വീരമൃത്യു പ്രാപിക്കുന്ന ഓരോ പാണ്ഡവ സഹോദരന്റെയും സ്മരണക്കു ജൈവ വൈവിധ്യ ഉദ്യാനങ്ങൾ കുരുക്ഷേത്ര യുദ്ധഭൂമിയിൽ സമർപ്പിക്കും. കുരുവംശ പരിസ്ഥിതി മലിനീകരണ പ്രതിരോധ കാര്യാലയത്തിന്റെ കർശന വ്യവസ്ഥകൾ ഞങ്ങൾ പാലിക്കും. ദുര്യോധനൻ ഹസ്തിനപുരിയിൽ നിന്ന് സ്ഥിതിഗതികൾ നേരിൽ കാണാൻ ഇന്ന് കുരുക്ഷേത്രയിലേക്ക്.

ഭാര്യയേയും നാലു ഇളയ സഹോദരന്മാരെയും വിഷം കൊടുത്തു കൊന്ന് മധ്യവയസ്കൻ തൂങ്ങി മരിച്ചു എന്ന് വ്യാജവാർത്ത ഹസ്തിനപുരി പത്രികയിൽ കൊടുത്താൽ, കൊട്ടാരസമുച്ചയത്തിൽ വസതി അനുവദിക്കാം എന്ന് ഒരു ഇളമുറ കൗരവൻ. പോയി പണി നോക്കാൻ പറഞ്ഞു.

"ആ 'മധ്യവയസ്കൻ' സൈന്യം സംഭരിച്ചു യുദ്ധം ചെയ്തു ഹസ്തിനപുരി രാജാവായാൽ അതേ ഔദ്യോഗിക മന്ദിരം വസതിയായി അനുവദിക്കും എന്ന് ഉറപ്പുണ്ടോ?"

"ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി ആയശേഷം വല്ലപ്പോഴും ഹസ്തിനപുരിയിൽ താമസിക്കുന്ന നിങ്ങളുടെ ഈ കൊച്ചുവീട്ടിൽ പാഞ്ചാലി വിരുന്നിനു വന്നിട്ടുണ്ടോ, അതോ, നിങ്ങൾ ഇന്ദ്രപ്രസ്ഥത്തിൽ പോയി അവരെ കണ്ടിരുന്നോ? പാണ്ഡവർക്ക് അവളിൽ ഉണ്ടായ അഞ്ചു കുട്ടികൾ ജനിച്ചത് അവിടെയല്ലേ?"

"ഒരിക്കൽ കുട്ടികളെ പാഞ്ചാലയിൽ വളർത്താൻ കൊണ്ടു പോവുമ്പോൾ മുന്നറിവു തരാതെ അവൾ ഇവിടെ ഒരു പ്രാവശ്യം സ്വകാര്യ സന്ദർശനം നടത്തി. ഉണ്ണാൻ വിളിച്ചപ്പോൾ ഭക്ഷണവും വിളമ്പിക്കഴിക്കാൻ വെള്ളിപ്പാത്രങ്ങളും കുടിക്കാൻ വെള്ളവും കൊണ്ടു വന്നിരിക്കുന്നു. ഇരിക്കാൻ സ്ഥലം മാത്രം അവൾ ചോദിച്ചു", കുന്തി കണ്ണടച്ച് തല താഴ്ത്തി.

2016/03/11

"പതിനെട്ടു ദിവസം നീണ്ട രക്തരൂഷിത വിപ്ലവത്തിലൂടെ ഹസ്ഥിനപുരിയുടെ അധികാരം പിടിച്ചടക്കിയ നിങ്ങൾ കുരുവംശ മഹാരാജാവായി ആദ്യ വാർഷികം ആഘോഷിക്കുന്നു. പത്ത് വർഷം നിങ്ങൾ രാജസൂയ ചക്രവർത്തി ആയിരുന്ന ഇന്ദ്രപ്രസ്ഥം നഗരി ഒന്നു പോയി കണ്ടു, എന്തുണ്ടവിടെ വിശേഷം, എന്ന് ഇത് വരെ തിരക്കിയില്ലേ?", വേദിയിൽ നിന്നിറങ്ങി രഥത്തിൽ കയറുകയായിരുന്ന യുധിഷ്ഠിരനെ കൊട്ടാരം ലേഖിക കൊല്ലുന്ന ശരീരചലനത്തോടെ തടഞ്ഞു.

"ഇന്ദ്രപ്രസ്ഥം? രാജസൂയ ചക്രവർത്തി? നിങ്ങൾ അതൊന്നും ഇനിയും മറന്നില്ലേ. കാലിക പ്രസക്തി മാത്രമുള്ള ഒരു മായൻ നിർമിതി മാത്രമായിരുന്നില്ലേ, വിരുന്നു വന്നവരെല്ലാം വഴുക്കി വീഴുന്ന ആ കൊട്ടാര സമുച്ചയം? ചക്രവർത്തി എന്നത്

വെറുമൊരു ആലങ്കാരിക പദവിയും. യമുനതീരത്തെ നഗരിയിൽ കഴിഞ്ഞ പതിനാലു വർഷങ്ങൾക്കുള്ളിൽ വളർന്ന കുറ്റിക്കാടുകൾ വെട്ടി നിരപ്പാക്കാനും ജൈവവൈവിധ്യങ്ങൾ നശിപ്പിക്കാനും ഇനി ഞങ്ങൾ ആരെയും സമ്മതിക്കില്ല."

"പതിമൂന്നു വർഷം യുധിഷ്ഠിരൻ രാജഭരണത്തിൽ നിന്ന് വിട്ടു നിന്നിട്ടും, അശേഷം കൈമോശം വരാതെ നിലനിർത്തിയ ഒരേ ഒരു സ്വഭാവഗുണം രാഷ്ട്രീയകാപട്യമാണെന്ന് ദുര്യോധനവിധവ വാണിജ്യത്തെരുവിലെ പൊതുയോഗത്തിൽ ഇന്ന് തുറന്നടിച്ചല്ലോ. എങ്ങനെ പ്രതികരിക്കുന്നു", കൊട്ടാരം ലേഖിക ഭരണകൂടവക്താവിനെ നേരിട്ടു.

"ക്ഷണിതാവ് പദവിയിൽ രാജസഭയിൽ ഇടക്കൊരു സാന്നിധ്യം അനുവദിച്ചാൽ എരിഞ്ഞടങ്ങും ഈ കുരുക്ഷേത്ര വിധവയുടെ കോപം."

2016/03/12

"പാചകവും പരദൂഷണവുമായി ഒതുങ്ങിക്കഴിഞ്ഞിരുന്ന ഈ കൗരവരാജവധുക്കൾ എപ്പോഴാണ് പരസ്യവേദിയിൽ ഇങ്ങനെ തീപ്പൊരിയായത്?" കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി. പാണ്ഡവരെ നെഞ്ചത്തടിച്ചു വെല്ലു വിളിച്ചു നൂറോളം കൗരവവിധവകൾ കൊട്ടാരമുറ്റത്ത് പ്രതിഷേധം നടത്തുന്നത് ഊട്ടുപുരജാലകത്തിലൂടെ അവൾക്കു കാണാമായിരുന്നു.

"ജേതാക്കൾ സ്ത്രീകളെ ബലാൽസംഗം ചെയ്യും എന്ന് കൌരവർ പറഞ്ഞു പരത്തിയിരുന്നു. ജീവനോടെ ഹസ്തിനപുരിയിൽ എത്തിയത് പക്ഷെ അഞ്ചു പേർ മാത്രം. ഒടിവും ചതവും പരിക്കും പട്ടിണിയും കൊണ്ട് നടക്കാൻ വയ്യാതെ ആടിയുലഞ്ഞു വന്ന പാണ്ഡവർ എങ്ങനെ യുദ്ധകാലകൗരവ ഭീഷണി നടപ്പിലാക്കും?", ഊട്ടുപുരയിൽ ധാന്യപ്പെട്ടി ഒഴിഞ്ഞു കിടക്കുന്നത് കുന്തി ദുഖത്തോടെ നോക്കി.

"പ്രായപൂർത്തി എത്താത്ത അഭിമന്യുവിനെ പരുക്കൻ യുദ്ധഭൂമിയിലേക്കെറിഞ്ഞു സാരഥിയുമൊത്തു പോരാട്ടഭൂമിയിൽ നിന്നൊളിച്ചോടിയ അർജ്ജുനൻ, കുരുക്ഷേത്രത്തിൽ നിന്ന് ഉയിരും കൊണ്ട് രക്ഷപ്പെടുകയാണെങ്കിൽ ഞങ്ങൾ അവനെ വല വീശി കുടുക്കി യുദ്ധതടവുകാരനായി പ്രഖ്യാപിച്ചു ബാല വേല പ്രോത്സാഹിപ്പിച്ച കുറ്റത്തിന് പൊതുനിരത്തിൽ പരസ്യവിചാരണക്ക് ശേഷം തലവെട്ടുമെന്ന് ദുര്യോധനൻ ചക്രവ്യൂഹത്തിൽ പ്രസ്താവിച്ചത് താങ്കളുടെ ശ്രദ്ധയിൽ പെട്ടുവോ?", ആദരാഞ്ജലിക്ക് കൊട്ടാരം ലേഖിക പാണ്ഡവ പാളയത്തിൽ എത്തിയപ്പോൾ കൃഷ്ണനോട് ചോദിച്ചു.

"വേണ്ടി വന്നാൽ ഗദായുധ പെരുമാറ്റച്ചട്ടം തെറ്റിച്ചു ശത്രുവിന്റെ തുടകൾക്കിടയിൽ മാരകഗദാപ്രഹരം ഏൽപ്പിക്കുന്ന അറ്റകൈ പോർക്കള പ്രയോഗം കൊണ്ട് പ്രിയഭീമൻ നേരിടട്ടെ ഈ ദുര്യോധനവെല്ലുവിളി", സഹോദരീ പുത്രന്റെ മരണത്തിൽ മൌനമാചരിക്കുകയായിരുന്നു സാരഥി കൃഷ്ണൻ.

"ഊറ്റിക്കുടിക്കാൻ, അപ്പപ്പോൾ കഴുത്ത് മുറിച്ച കുഞ്ഞാടിൻ ചുടുചോര, വായിലിട്ടുമുക്കാൻ പൊരിച്ച മുയലിറച്ചി, ഇതൊക്കെ കൊട്ടാരം ഊട്ടുപുരയിൽ ബ്രാഹ്മണപാചകർ അറിഞ്ഞു വിളമ്പുമ്പോഴും, നിങ്ങൾ മാത്രം കഴിക്കുന്നത് ഉണക്കപ്പഴങ്ങളും ശുദ്ധജലവും. ഇതെന്താ ഇങ്ങനെ?", കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട് ചോദിച്ചു.

"ഈ ഉടൽ സമ്മാനമായി തരുമ്പോൾ പ്രകൃതി എനിക്ക് നേരെ വിരൽ ചൂണ്ടി", ത്യാഗവും സഹനവും നിറഞ്ഞതായിരിക്കും നിന്റെ തീൻശാല."

2016/03/14

"യുധിഷ്ഠിരന്റെ രാജകാര്യാലയത്തിൽ ആളും തിരക്കും കുറവാണല്ലോ. യുദ്ധാനന്തര മാനസിക പ്രശ്നം വല്ലതും?", കൊട്ടാരം ലേഖിക കൃപാചാര്യനെ നിലാവ് വീണ യമുനയുടെ തീരത്ത് എന്തോ ആലോചനയിൽ കണ്ടെത്തി.

"എക്കാലവും മുഖ്യധാരയിൽ നിന്ന് കൌരവർ തഴഞ്ഞ നകുലനെ പുതിയ ഭരണകൂടം ചാരവകുപ്പ് മേധാവി ആക്കിയതോടെ രഹസ്യ വിവരങ്ങളും കൊണ്ട് ചാരന്മാർ കാണാൻ കാത്തു നിൽക്കുന്നത് ഈ മാദ്രിപുത്രന്റെ സ്വകാര്യകാര്യാലയത്തിൽ ആണെന്ന് ഒറ്റ നോട്ടത്തിൽ നിങ്ങൾ പത്ര പ്രവർത്തകർ കാണേണ്ടതല്ലേ? രഹസ്യ വിവരങ്ങളുടെ ഖനിയാണിന്നു നകുലൻ. വെറുതെയാണോ, അഭിജാത കൗരവരാജവിധവകൾ അവന്റെ മുമ്പിൽ മുട്ടു മടക്കും, നിങ്ങളും നകുലന്റെ മുമ്പിൽ ഇഴഞ്ഞും കുഴഞ്ഞും വിരൽ മുത്തിയും പ്രീണിപ്പിക്കുന്നത് ഞങ്ങൾ സന്യസ്ഥർക്കും വ്യക്തമായി കാണാമല്ലോ."

"ഉദ്യാനത്തിൽ കാറ്റ് കൊള്ളുകയായിരുന്ന ഗാന്ധാരിയുടെ മുമ്പിൽ വന്നു മൂത്രമൊഴിച്ച ഭീമനെ വിദുരർ, ദുര്യോധനന്റെ നിർബന്ധപ്രകാരം, രാജസഭയിൽ വിചാരണ ചെയ്തു മാതൃകാപരമായി ശിക്ഷിച്ചു എന്ന് ഇപ്പോൾ വാർത്ത കേട്ടല്ലോ", അരങ്ങേറ്റ മൈതാനത്ത് കായികപരിശീലനം നേടുകയായിരുന്ന അർജ്ജുനനെ കൊട്ടാരം ലേഖിക ചോദ്യം ചെയ്തു.

"വ്യാജമാണ് ഗാന്ധാരിയുടെ ആ കുപ്രസിദ്ധ കൺകെട്ട് എന്ന് സംശയമില്ലാതെ ലോകത്തിനു മുമ്പിൽ തെളിയിക്കാൻ ഒരെളുപ്പവഴി ഭീമൻ നിഷ്കളങ്കമായി സ്വയം കണ്ടെത്തിയതാണ്. പരസ്യനഗ്നതാ പ്രദർശനം അവന്റെ പ്രിയ പൊതുവ്യവഹാര വിനോദമൊന്നുമല്ല", അർജ്ജുനൻ പുഞ്ചിരിച്ചു കൈ വീശി കുതിരസവാരി തുടങ്ങി.

2016/03/17

"സംരക്ഷകന്റെ തനിനിറം അറിയാൻ കുരുക്ഷേത്രം വരെ വേണ്ടി വന്നു അല്ലെ?", കൊട്ടാരം ലേഖിക കർണനെ കണ്ടെത്തി. ദൂരെ യമുനയുടെ തീരത്ത് അഭിമന്യുവിന്റെ ചിത കത്തി തീരുന്ന വൈകിയ രാത്രി.

"ഒടുങ്ങാത്ത സഖ്യം എന്നുച്ചരിച്ചു കൊണ്ട് ദുര്യോധനൻ, കീഴാളവിദ്യാർത്ഥിയായിരുന്ന എന്നെ, ഇല്ലാത്ത അംഗരാജ്യത്തിലെ കിരീടമില്ലാത്ത നാട്ടുവാഴിയായി അഭിഷേകം ചെയ്തപ്പോൾ അതിരഥപുത്രനായ ഞാൻ മുട്ടുകുത്തി ആ കൈ മുത്തി. പരിപൂർണവിധേയത്വമായിരുന്നു എന്നിൽ നിന്നു സംരക്ഷകന് വേണ്ടിയിരുന്നത്. എനിക്കൊരു ദ്രോഹവും ചെയ്യാത്ത, അതാ ആ ചിതയിൽ ദഹിക്കുന്ന ആ കൗമാരക്കാരനെ ചക്രവ്യൂഹത്തിൽ ബന്ദിയാക്കി കുന്തം കൊണ്ട് നെഞ്ചിൽ കുത്തി ശവം പാണ്ഡവർക്ക് വലിച്ചെറിയണം എന്ന് അയാൾ ആജ്ഞാപിച്ചപ്പോൾ ആജീവനാന്തവിധേയത്വം കൊണ്ട് കാര്യക്ഷമമായി ആ കൃത്യം ഞാൻ നിർവഹിച്ചു. നെഞ്ചിൽ കുത്തുമ്പോൾ പക്ഷെ എന്റെ മുഖത്ത് കനിവ് കണ്ടു എന്ന് പരിഹസിച്ചു ദുര്യോധനൻ

അവിശ്വസ്തൻ എന്ന് പരസ്യമായി വിധിയെഴുതി സൈനികർക്കു മുമ്പിൽ എന്നെ ശിക്ഷിച്ചു", നിന്നിടത്തു് പെട്ടെന്ന് ചളിയിൽ കാലുകൾ പുതഞ്ഞു കർണ്ണൻ കനിവിനു വേണ്ടി കൊട്ടാരം ലേഖികക്കു നേരെ കൈ നീട്ടി.

2016/03/18

"ശത്രുപാളയത്തിലെ കൗരവരാജസ്ത്രീകൾക്ക് സൌന്ദര്യപരിപാലനത്തിൽ പാഠം ചൊല്ലിക്കൊടുക്കുന്ന പാഞ്ചാലി എന്താ നിങ്ങൾ അഞ്ചു പേർക്കും ആ സൌജന്യം അനുവദിക്കാത്തത്. പാണ്ഡവരുടെ സ്വകാര്യശുചിത്വം പാഞ്ചാലിക്കൊരു മുൻഗണനാവിഷയമല്ലേ?", അഞ്ചു പേരെയും ഒരുമിച്ചു കണ്ടപ്പോൾ കൊട്ടാരം ലേഖിക പ്രശ്നം അവതരിപ്പിച്ചു", ആകാശചാരികളുടെ മക്കൾ ആയിരിക്കാം, പക്ഷെ നിങ്ങൾ വനജീവിതത്തിൽ ആകർഷകരൂപികൾ അല്ലാതായി. നരച്ച തുടങ്ങിയ താടിയും കറ വീണ പല്ലും ചുണങ്ങു വ്യാപിച്ച തൊലിയും താരൻ പൊഴിയുന്ന മുടിയും അടുത്തു വരുമ്പോൾ മുഖത്തടിക്കുന്ന മണവും മുഷിഞ്ഞ വസ്ത്രങ്ങളും", അവൾ ഞെട്ടലോടെ അവരെ നോക്കി.

"ഞങ്ങളുടെ ശരീരശുചിത്വത്തിൽ അശ്രദ്ധ തുടർന്ന് ആ വിധം പായിൽ കൂടെ കിടത്താൻ സമ്മതിക്കാതെ എന്നെന്നേക്കുമായി അകറ്റാനാണവൾ ശ്രമിക്കുന്നത്", ഭീമൻ വിങ്ങി. മറ്റു നാലു പേർ പാഞ്ചാലിയുടെ നീതിരാഹിത്യത്തിൽ അമർഷത്തോടെ കൈകൾ ഞെരിച്ചു.

"പ്രിയ അർദ്ധസഹോദരാ, നിന്റെ നട്ടു ഒടിഞ്ഞത് എന്റെ കുറ്റമല്ല, നിന്റെ സഭ്യതാബോധമാണ് കാരണം. നിലവിളിച്ചു ഒച്ച വച്ച് ആളെ കൂട്ടാൻ ശ്രമിച്ചാൽ, വായ തുന്നിക്കെട്ടി തല മൊട്ടയടിച്ചു വസ്ത്രാക്ഷേപം ചെയ്തു മരക്കൂടിൽ ഇരുത്തി ഹസ്തിനപുരി നഗരി കാണിക്കും, അതോ, മോങ്ങാതെ ഇവിടെ കാലനെ കാത്ത് കണ്ണടക്കണോ എന്നു ഞാൻ ചോദിച്ചു. അപ്പോൾ അവൻ ഒതുങ്ങി ചളിയിൽ ചെരിഞ്ഞു കിടന്നു കണ്ണടച്ചതാണ് പിന്നെ തുറന്നില്ല. ഇനിയിത് കുറുനരികൾക്കു കൊടുക്കാം, പോയി ചെയ്തു തീർക്കാൻ ഒത്തിരി പണിയുണ്ട്. ചെങ്കോൽ അന്ധനിൽ നിന്ന് തട്ടിപ്പറിക്കും മുമ്പ് അയാൾക്ക് മുമ്പിൽ വക്കാൻ ഒരു ഇരുമ്പു പ്രതിമ സംഘടിപ്പിക്കാമോ കൃഷ്ണാ?", ഭീമൻ പെട്ടെന്ന് നേതൃത്വം ഏറ്റെടുത്ത് എന്നോ, കൊട്ടാരം ലേഖിക കൂട്ടുകാരനോട് ചോദിച്ചു.

"കഴിഞ്ഞിട്ടില്ല യുദ്ധം. അശ്വത്ഥാമാവ് വരുന്നേയുള്ളൂ" യുദ്ധകാര്യ ലേഖകൻ ദൂരെ ദൂരെ പ്രത്യക്ഷപ്പെട്ട ദ്രോണ പുത്രന് നേരെ ചെറുവിരൽ അനക്കി.

2016/03/19

"ഇതെന്താ, കണങ്കാൽ മറുകുന്ന തങ്കവള, അടിമയെന്നു മുദ്ര കുത്തി തുണിയഴിക്കുമ്പോൾ കൌരവർ അഴിച്ചെടുത്തില്ലേ ഇതും?" കൊട്ടാരം ലേഖിക പാഞ്ചാലിയുടെ മറ്റു വിധത്തിൽ നഗ്നമായ കാലിലേക്ക് തുറിച്ചു നോക്കി.

"വസ്ത്രാക്ഷേപം കഴിഞ്ഞ ശേഷം കൌരവർ സംഘം ചേർന്ന് കാലിൽ ഇതണിയിച്ചു. ഞാനിപ്പോൾ അവരുടെ വിദൂരനിരീക്ഷണവലയത്തിലാണ്. എന്നു പറഞ്ഞാൽ, ഇരുപത്തിനാല് മണിക്കൂറും ദൂരെ ദൂരെ ഹസ്തിനപുരി കൊട്ടാരത്തിലെ ഭൂഗർഭഅറയിൽ ഇരുന്നു കൌരവർ ഞാൻ എന്ന ദൃശ്യവിരുന്നു ആസ്വദിക്കുന്നു", പാ

ഞ്ചാലിയുടെ പുഞ്ചിരി കണ്ടപ്പോൾ ഒരു പാണ്ഡവവിലാപം ആ വനാശ്രമത്തിൽ നിറഞ്ഞു.

2016/03/21

"ഇവരൊക്കെ ആരാ" വിരുന്നിനു വന്ന അഞ്ചു ആൺ കുട്ടികളെ ചൂണ്ടി യുധിഷ്ഠിരൻ പാഞ്ചാലിക്ക് നേരെ നോട്ടമെറിഞ്ഞു.

"എന്റെ മക്കൾ. അല്ലാതാരാ. പാഞ്ചാലത്താണ് അവർ ഇക്കാലവും വളർന്നത്."

"അതല്ല, ഇവരുടെ ഓരോരുത്തരുടെയും അച്ഛൻ ആരെന്നാണ് ചോദിച്ചത്" യുധിഷ്ഠിരന്റെ ഒച്ച കനത്തു.

"ഈ കിടപ്പറയിൽ അഞ്ച് പുരുഷന്മാർ എത്രയോ കാലമായി ഇരുട്ടിൽ ഒന്നൊന്നായി എന്നോടൊപ്പം മത്സരിച്ചു ശയിക്കുമ്പോൾ ഞാൻ അവരുടെ നാളും പിതൃത്വവും ഒക്കെ നിങ്ങളോട് അന്വേഷിക്കാറുണ്ടോ" പാഞ്ചാലി മക്കളെ ഊട്ടുപുരയിലേക്കു നയിച്ചു.

2016/03/22

"കുടിയേറ്റക്കാരായി ഖാണ്ഡവവനം കത്തിക്കാൻ പാണ്ഡവർ പന്തം പിടിച്ചു പോവുമ്പോൾ കുന്തിയെ കൂടെ കൊണ്ടു പോവാതിരുന്നത് മനസ്സിലാക്കാം, പക്ഷെ രാജസൂയയാഗം കഴിഞ്ഞു ചക്രവർത്തിനി ആയപ്പോഴെങ്കിലും നിങ്ങൾക്ക് ആ വൃദ്ധവിധവയെ ഇന്ദ്രപ്രസ്ഥത്തിൽ താമസിപ്പിക്കാമായിരുന്നില്ലെ?" കൊട്ടാരം ലേഖികയുടെ സ്വരത്തിൽ നീരസം കലർന്നു.

"വൃദ്ധജനപരിപാലനം എന്ന ഒരു പുതു ജ്ഞാനനിർമിതിയിൽ നീ ഉടൻ തക്ഷശിലയിൽ പോയി അത്യാധുനിക ശിക്ഷണം നേടൂ എന്ന് ഒരു മുതിർന്ന ഭർത്താവ് കൌശലത്തോടെ നിർദേശിച്ചപ്പോൾ മനസ്സിലായി അയാളുടെ ഉള്ളിലിരിപ്പ്. ഒരു കൗരവ സുഹൃത്തുമായി ഞാൻ രഹസ്യമായി ബന്ധപ്പെട്ടു. കുന്തി ഇപ്പോൾ ഗാന്ധാരിയുടെ ഇണ പിരിയാനാവാത്ത കൂട്ടുകാരിയാണെന്നു ആ സാമന്തകൌരവർ പാണ്ഡവരെ വേണ്ടപോലെ അറിയിച്ചപ്പോൾ, "എന്നാൽ ആ വൃദ്ധവിധവ ഹസ്തിനപുരിയിൽ തന്നെ തുടരട്ടെ" എന്ന് പാണ്ഡവ ധാരണയായി", അലക്കി വെളുപ്പിച്ച വിഴുപ്പു തുണികൾ പാഞ്ചാലി സ്വയം മടക്കി വക്കുമ്പോൾ പറഞ്ഞു.

2016/03/23

"രാജസഭയിൽ വസ്ത്രാക്ഷേപം ചെയ്യപ്പെടുമ്പോൾ മൂകസാക്ഷികൾ ആയിരുന്ന പ്രമുഖരെ, യുദ്ധം ജയിച്ചു അധികാരത്തിൽ എത്തിയാലുടൻ പരസ്യവിചാരണ ചെയ്യുമെന്നു നിങ്ങൾ പറഞ്ഞിരുന്നില്ലേ? എന്തായി", കൊട്ടാരം ലേഖിക ചോദിച്ചു.

"അന്ന് രാജസഭയിൽ ആ കാഴ്ച കണ്ടു രസിച്ചവരിൽ ഇന്നു ജീവിച്ചിരിപ്പുള്ളത് എന്റെ ഭർത്താക്കന്മാർ മാത്രം", ചുവർ ചാരിയിരുന്നു ആലോചനയിൽ പാഞ്ചാലി പറഞ്ഞു.

2016/03/24

“പന്ത്രണ്ടു കൊല്ലത്തെ ജീവിതം നിങ്ങൾക്ക് വനാന്തരത്തിലെ ഈ ഒറ്റമുറി കുടിലിൽ സഹനം തന്നെ ആയിരുന്നു അല്ലെ. അജ്ഞാതവാസത്തിനു തിരിക്കുമ്പോൾ എന്തു ചെയ്യും ഈ വ്യാഴവട്ടക്കാല ഓർമകുടീരം? അധികാരം കിട്ടി ഹസ്തിനപുരിയിൽ മഹാറാണിയായാൽ, കുരുവംശ പൈതൃക മന്ദിരമായി ഇതിനെ നിങ്ങൾ പരിപാലിക്കുമോ?”, ചുറ്റും നോക്കി കൊട്ടാരം ലേഖിക വികാര ഭരിതയായി.

“അരക്കില്ലം തീയിട്ട പോലെ അർദ്ധരാത്രിയിൽ ഇതും പാണ്ഡവർ തീയിടണം.” പാഞ്ചാലിയുടെ കണ്ണുകളിൽ കനൽ മിന്നി.

2016/03/27

“തിന്മയുടെ മേൽ നന്മയുടെ വിജയമാണ് കുരുക്ഷേത്രം എന്ന് യുധിഷ്ഠിരൻ അരങ്ങേറ്റമൈതാന പൊതുയോഗത്തിൽ നിരീക്ഷിച്ചപ്പോൾ, സദസ്സ് എഴുന്നേറ്റു നിന്ന് കയ്യടിക്കുന്നത് ഞങ്ങൾ കണ്ടു. പക്ഷെ വേദിയിൽ ഇരുന്ന പാഞ്ചാലി മുഖം താഴ്ത്തി. എന്താ സംഗതി?” കൊട്ടാരം ലേഖിക രാജസഭയിൽ കുനിപ്പിടിച്ചിരുന്ന കൃപാചാര്യരെ കണ്ടെത്തി.

“തിന്മക്കു മേൽ തിന്മയുടെ വിജയം എന്ന് പാഞ്ചാലി എഴുതിക്കൊടുത്തത് അർദ്ധസാക്ഷരതയുടെ ആൾരൂപമായ യുധിഷ്ഠിരൻ വായിച്ചപ്പോൾ ഒരക്ഷരം തെറ്റി.” കൃപാചാര്യൻ വീണ്ടും ഇരുകൈകപ്പത്തികൾ ഒരു വശത്ത് ചേർത്ത് താടി താങ്ങി ഇരിപ്പിടത്തിൽ ഒന്ന് കൂടി ഒതുങ്ങി.

2016/03/28

“യുധിഷ്ഠിരനു ഇത്രയൊക്കെ വാക്ചാതുരിയുണ്ടോ, പെറ്റ തള്ളയെ പറഞ്ഞു പറ്റിച്ച് അനുജന്റെ ഭാര്യയെ എളുപ്പം തട്ടിയെടുക്കാൻ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോടു ചോദിച്ചു. വനാശ്രമത്തിലെ അപരാഹ്നം.

“തന്റെ വിവാഹപൂർവരതിസാഹസത്തെ കുറിച്ച് ചില വിഴുപ്പു തുണികൾ അയാളുടെ കയ്യിലുണ്ടെന്ന് കുന്തിക്കറിയാം. അനുജന്റെ നിയമാനുസൃത ഭാര്യയെ കൈവശപ്പെടുത്താൻ യുധിഷ്ഠിരനു അതൊന്നു പുറത്തെടുത്താൽ മതി”, അക്ഷയപാത്രത്തിൽ നിന്ന് വയർ നിറയെ ഉണ്ട് മുറ്റത്തെ തണലിൽ ചെരിഞ്ഞും കമഴ്ന്നും കിടന്ന പാണ്ഡവരെ പാഞ്ചാലി നിർജീവമായി നോക്കി.

2016/03/29

“വിരാടന്റെ കാലികളെ മോഷ്ടിക്കാൻ, ഭീഷ്മർ മുതൽ കർണൻ വരെ, കയ്യിൽ വാളും കുന്തവും ഉള്ള എല്ലാവരുമായി നിങ്ങൾ സംഘം ചേർന്ന് പോവുമ്പോൾ വിദുരർ ഉപദേശിച്ചില്ലേ, പാണ്ഡവർ അതേ സമയം ഒരു മിന്നലാക്രമണത്തിൽ ഹസ്തിനപുരി കോട്ട തകർത്ത് അന്ധരാജാവിനെ ബന്ദിയാക്കി മുഷിഞ്ഞു വിലപേശുമെന്നു?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. യുദ്ധമേഘങ്ങൾ കൂടിച്ചേരുന്ന പ്രഭാതം.

“കാലഹരണപ്പെട്ട ധൃതരാഷ്ട്രരുടെ വ്യക്തിഗത സുരക്ഷ ഞങ്ങൾ എന്തു വില കൊടുത്തും നില നിർത്തണോ അതോ വരാനിരിക്കുന്ന മഹായുദ്ധത്തിൽ സൈനികർക്ക് തടസ്സമില്ലാതെ മൃഗമാംസ ഭക്ഷണം ഉറപ്പു വരുത്തണോ?”, സ്വന്തം ആലയിലെ കറവ വറ്റിയ മാടിനെ തലയിൽ ഇരുമ്പു കൂടം കൊണ്ട് അടിച്ചു പരിശീലിക്കയായിരുന്ന കൌരവൻ മുഖത്ത് നോക്കാതെ പറഞ്ഞു.

2016/03/31

“നല്ല ദിവസം നോക്കി ചെങ്കോൽ കൈമാറാം എന്ന ധൃതരാഷ്ട്രരുടെ നിർദേശം തള്ളി നിങ്ങൾ സ്ഥാനചിഹ്നം തട്ടിപ്പറിച്ചു സിംഹാസനത്തിൽ ഇരുന്നു ആദ്യമെടുത്ത തീരുമാനമനുസരിച്ച് കൗരവരാജസ്ത്രീകളെ കുടിയൊഴിപ്പിച്ചു വാണിജ്യരതിവീഥിയിൽ പുനരധിവാസം ചെയ്യിച്ചു. ഞെട്ടലോട്ടുകൂടിയാണ് നവ ഭരണകൂടത്തിന്റെ ഈ ഹൃദയശൂന്യത പൊതുസമൂഹം കാണുന്നത്?” കൊട്ടാരം ലേഖിക വക്താവ് നകുലനെ നേരിട്ടു.

“ഇതിലെന്താണ് നിങ്ങളുടെ പാവംമാനവഹൃദയത്തിനു ഇത്രമാത്രം ശൂന്യതയും ഞെട്ടലും അനുഭവപ്പെടാനുള്ളത്? കൗരവഅടിമ എന്ന നിലയിൽ വ്യാഴവട്ടക്കാലം പാഞ്ചാലി നിത്യവും ചെയ്തു ആ കുപ്രസിദ്ധ ശിക്ഷ ഉണ്ടല്ലോ, സന്യസ്ഥരുടെ ജൈവമാലിന്യനീക്കം പരിപാടി, അത് നിങ്ങൾക്ക് വേണോ, അതോ വിനോദ രതിസേവനത്തിലൂടെ ആവുന്ന കാലം ഭൌതിക സമൃദ്ധിയിൽ ജീവിക്കണോ എന്ന ചോദ്യത്തിന് രണ്ടാമത്തേത് മതി എന്ന് ഇടനെഞ്ഞിൽ കൈ വച്ച് നിങ്ങളുടെ മുമ്പിൽ പരസ്യമായി പറഞ്ഞത് കൗരവരാജസ്ത്രീകളല്ലേ”, വാണിജ്യരതിയിൽ വ്യക്തിഗത ശുചിത്വത്തിന്റെ പ്രസക്തി എന്ന വിഷയത്തിൽ പ്രഭാഷണത്തിന് പോവുകയായിരുന്ന ആ തിരക്കു പിടിച്ച ചാരവകുപ്പ് മേധാവി.

2016/04/01

“പാഞ്ചാലീസ്വയംവര ആയുധമത്സരത്തിൽ പങ്കെടുക്കാൻ വന്നിരിക്കുന്ന ആ യുവബ്രാഹ്മണ വേഷങ്ങളെ നോക്കൂ. നമ്മുടെ പരിചയക്കാരായ പഞ്ചപാണ്ഡവരെ പോലെ തോന്നുന്നുണ്ടോ?” കർണൻ അഭിവന്ദ്യ സുഹൃത്ത് ദുര്യോധനന്റെ ചെവിയിൽ ഉപചാരപൂർവ്വം മന്ത്രിച്ചു.

“എന്തിനു തോന്നണം? വാരണാവതം വേനല്ക്കാല സുഖവാസമന്ദിരത്തിൽ അർദ്ധരാത്രി ഉണ്ടായ ദൌർഭാഗ്യകരമായ അഗ്നിബാധയിൽ അവരും, ഞങ്ങളുടെ പിതൃസഹോദരന്റെ ഭാര്യ കുന്തിയും, വെന്തു, ഭൌതികാവശിഷ്ടങ്ങൾ കാശിയിലെ മണികർനികാ ഘട്ടത്തിൽ സംസ്കരിച്ചു പുണ്യനദിയിൽ ശ്രാദ്ധം ചെയ്തിട്ട് അധികകാലമൊന്നും ആയില്ലല്ലോ, പ്രിയ സുഹൃത്തേ. ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു അതേ രൂപത്തിൽ ബ്രാഹ്മണരായി പുനർജനിക്കുമൊ ഇത്ര വേഗം ആ പാപികൾ?”, വിശ്വസ്ത അനുയായിയുടെ ചുമലിൽ മൃദുവായി കൈവച്ചു കുടിലകൌരവൻ പുഞ്ചിരിച്ചു.

2016/04/05

“അഭിമന്യുവിന്റെ മകൻ പരീക്ഷിത്തിനെ രാജാവാക്കും മുമ്പ് എന്താ കിരീടവും ചെങ്കോലും നിങ്ങൾ പരിത്യാഗിയെ പോലെ താഴെ വക്കുന്നത്?” കൊട്ടാരം ലേഖിക ചോദിച്ചു. രാജസഭ കൂടി ഔദ്യോഗിക നടപടികൾ പകുതിയായപ്പോഴായിരുന്ന ഹസ്തിനപുരി മഹാരാജാവിന്റെ വിചിത്ര പെരുമാറ്റം ശ്രദ്ധയിൽപ്പെട്ടത്.

“കാട്ട് വിളിക്കുന്നു”, രണ്ടു വാക്കിൽ കാലന്റെ മകൻ കാര്യം പറഞ്ഞു.

2016/04/06

“പാഞ്ചാലി ഇര, നിങ്ങൾ അഞ്ചു പുരുഷപീഢകർ: അങ്ങനെയാണോ കുടുംബ ജീവിതം?” കൊട്ടാരം ലേഖിക ചോദിച്ചു.

“ഞങ്ങൾ ചെവിയോർക്കാറില്ലെങ്കിലും, അവൾ നിങ്ങളോട്ട് പറയുന്നത് മിക്കതും ആലങ്കാരികമായി മാത്രം കണ്ടാൽ മതി. സന്യസ്ഥാശ്രമങ്ങളിലെ വിസർജ്യനീക്കം അവൾ ആവർത്തിച്ചു പൊലിപ്പിക്കും, പക്ഷെ വാസ്തവം എന്താണ്? നിങ്ങൾ ഒന്ന് കൂടെ പോയി കാര്യം അന്വേഷിച്ചുവോ? പൊട്ടിച്ചിരിക്കും നിങ്ങൾ സത്യം അറിഞ്ഞാൽ. ഒരു പണിയുമില്ല പാഞ്ചാലിക്കു ഈ വീട്ടിൽ. അക്ഷയ പാത്രം കാരണം പാഞ്ചാലിക്കു അത്താഴപ്പട്ടിണി എന്നതും വസ്തുതകളെ എങ്ങനെ വളച്ചെടുക്കാം എന്നതിന് ഉദാഹരണം. അഴകളവുകൾ നില നിർത്താൻ രാത്രി അവൾ കഴിക്കുന്നത് ദുര്യോധനൻ കൊടുത്തയക്കുന്ന ഹിമാലയൻ പഴങ്ങൾ മാത്രം, പിന്നെ എന്തിനു തിന്നാൽ ദഹനം തടസ്സപ്പെടുന്ന അക്ഷയപാത്രം. പാഞ്ചാലി പറയുന്നതൊക്കെ ഹസ്തിനപുരിയിലെ കൗരവ രാജകുമാരികൾക്ക് രസകരമായ വായനയാവാം, പക്ഷെ ഞങ്ങളുടെ ഇടനെഞ്ചിൽ ചവിട്ടിയാണവൾ നൃത്തം ചെയ്യുന്നത്”, നകുലൻ ഇടയ്ക്കിടെ ചുണ്ട് കടിച്ചു സ്വയം നിയന്ത്രിച്ചു.

2016/04/07

“ഉണക്കപ്പുല്ലുകൾക്കിടയിൽ വിറച്ചു പതുങ്ങിയ വെള്ള മുയലിനെ കൊത്തിപ്പറക്കാൻ, ലക്ഷ്യം തെറ്റാതെ നിശബ്ദം ആകാശത്തിൽ നിന്ന് ഒഴുകി ഇറങ്ങിയ ആചാരനിറ കഴുകനെ കൃത്യം കഴുത്തിൽ ചാടി കടിച്ചു മന്ദം മന്ദം നീങ്ങിയ വേട്ടപ്പട്ടി തന്നെ ആയിരുന്നു ഇന്നു താരം”, അർജ്ജുനൻ അന്നത്തെ നായാട്ടിൽ കണ്ട കാഴ്ച പാഞ്ചാലിയോട്ട് കൌതുകത്തോടെ വിശദീകരിക്കുകയായിരുന്നു.

“കഴുത്തു മുറിഞ്ഞ കഴുകനെ ചെടിക്കൂട്ടങ്ങൾക്കിടയിൽ ഒളിപ്പിച്ചു പതുങ്ങി പതുങ്ങി വെള്ള മുയലിനെയും പിന്നിൽ നിന്ന് കടിച്ചു തൊലിയുരിക്കുന്നവർ ഈ വനാശ്രമത്തിൽ തന്നെ ഇല്ലേ”, വനാശ്രമത്തിലെ ഒറ്റമുറി കിടപ്പറയുടെ മൂലയിൽ വെളിച്ചം വീഴാത്ത ഇടത്ത് ചുരുണ്ടു കിടന്ന പാഞ്ചാലി മിക്കവാറും അശരീരിയായി പറഞ്ഞു.

2016/04/08

“അപ്പോൾ സ്ഥലജല ഭ്രമത്തിൽ വിശിഷ്ടാതിഥി വഴുക്കി വീണപ്പോൾ നിങ്ങൾ അട്ടഹസിച്ചില്ല എന്നാണോ?” കൊട്ടാരം ലേഖിക സംശയത്തിൽ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയെ നോക്കി.

“നീണ്ടകാല ആരാധകൻ വിരുന്നിനു വരുമ്പോൾ ആതിഥേയയുടെ പണി ആർത്ത് ചിരിക്കലാണോ? അതൊക്കെ ആ മന്ദബുദ്ധിയുടെ പണിയായിരുന്നില്ലേ. ദുര്യോധനൻ എന്നോട് പിണങ്ങിയാണ് പോയതെന്ന് നകുലൻ പറഞ്ഞറിഞ്ഞപ്പോൾ വേണ്ടത്ര കൊട്ട ഞാൻ ഭീമന് കൊടുത്തു. പിന്നെ അയാൾ എന്റെ കിടപ്പറ വാതിലിൽ മുട്ടിയിട്ടില്ല”, ഭീമന്റെ അടി വസ്ത്രങ്ങൾ പ്രതീകാൽമകമായി വലിച്ചു പുറത്തേക്കെറിഞ്ഞു പാഞ്ചാലി നിശബ്ദയായി.

2016/04/09

“പല തവണ അഭിമുഖം ചെയ്തെങ്കിലും പെറ്റ കുഞ്ഞുങ്ങൾ അഞ്ചെണ്ണത്തിൽ ഒന്നിനെയെങ്കിലും നിങ്ങൾ മുലയൂട്ടുന്ന രംഗം ഓർമയില്ല”, കൊട്ടാരം ലേഖിക പാഞ്ചാലിയെ കരുതലോടെ സമീപിച്ചു.

“പാണ്ഡവർ എന്നെ മാറി മാറി കാഴ്ച വച്ച് പീഢിപ്പിച്ചതിൽ പിറന്ന ആ പാപസന്തതികളെ പരസ്യമായി താലോലിക്കുന്നത് പാപിപീഢകരെ ഞാൻ മഹത്വപ്പെടുത്തുന്നതിനു തുല്യമല്ലേ.

2016/04/09

“മാംസപ്രിയനാണെങ്കിലും, വേട്ടയാടുമ്പോൾ വീണു കിട്ടുന്ന മാസാഹാരിമൃഗങ്ങളെ വിശപ്പുണ്ടെങ്കിലും വെട്ടിത്തിന്നാറില്ല”, അക്ഷയപാത്രത്തിലെ ധാന്യഭക്ഷണം വാരി വായിലിട്ടു, കണ്ണ് തുറിച്ചു ഭീമൻ ഭാര്യയോടു മേനി പറഞ്ഞു.

“പുറത്തിറങ്ങി വേട്ടയാടാൻ വയ്യാത്ത നില വന്നാൽ, വീട്ടിനകത്തുള്ള സസ്യാഹാരി സ്ത്രീകളെ നിങ്ങൾ വിശപ്പുള്ളപ്പോൾ ഒറ്റയ്ക്ക് വെട്ടിപ്പൊളിച്ചു ചുട്ടു തിന്നുമോ?”, വെറും നിലത്തിരുന്നു ഇലയിൽ സ്വയം വിളമ്പിയ കായ്ഫലങ്ങൾ കഴിക്കുന്ന പാഞ്ചാലി മുഖമുയർത്താതെ ചോദിച്ചു.

2016/04/10

“അർജ്ജുനൻ ആളെങ്ങനെ വീട്ടു കാര്യങ്ങളിൽ ശ്രദ്ധിക്കുമോ?” പാണ്ഡവർ ഇല്ലാത്ത നേരം നോക്കി കൊട്ടാരം ലേഖിക കുടുംബക്കാര്യത്തിൽ ഇടപെട്ടു.

“നിസ്സാര ജോലി ചെയ്താൽ പോലും അന്നത്തെ ദിവസം വൈകാരിക പരിഗണന പ്രതീക്ഷിക്കും. കാറ്റത്ത് മേൽക്കൂരയിൽ മരക്കൊമ്പു വീണത് ഒന്നു നീക്കം ചെയ്യാൻ, ഉറക്കറയിൽ ചുരുണ്ട് കിടക്കുന്ന വട്ടക്കുറയെ ഒന്നു തോട്ട് കടത്തി വിടാൻ, ഭക്ഷണം കഴിച്ച അക്ഷയപാത്രത്തിൽ ചീരയില ഇല്ലാതെ തേച്ചു വെളുപ്പിക്കാൻ സന്യസ്ഥാശ്രമങ്ങളിലെ മാലിന്യനീക്കത്തിൽ ഒരു കൈ സഹായിക്കാൻ ഉടുതുണി കഴുകിയുണക്കി മടക്കി വക്കാൻ നിഷ്ക്രിയനാവാതെ ആസ്വാദനരതിയിൽ പാരസ്പര്യത്തോടെ പങ്കാളിയാവാൻ, ഓരോന്നിലും വ്യക്തിഗത കൃതജ്ഞത ആവശ്യപ്പെടും”, സംസാരിക്കുമ്പോൾ പിന്നിൽ കേട്ട പാണ്ഡവ പാദചലനത്തിൽ നീരസം പ്രകടിപ്പിച്ച പാഞ്ചാലി മൃദു സ്വരത്തിൽ പറഞ്ഞു.

2016/04/11

"ഭർത്താവിന്റെ ഘാതകൻ അധികാരത്തിൽ കയറുന്ന രാജകീയചടങ്ങ് ബഹിഷ്കരിക്കാതെ മുൻപന്തിയിൽ തന്നെ നിങ്ങളെ കണ്ടപ്പോൾ എനിക്ക് എന്തോ പോലെ തോന്നി", കൊട്ടാരം ലേഖിക ദുര്യോധനവിധവയെ നിഷ്കരുണം നേരിട്ടു.

"സത്യപ്രതിജ്ഞ കഴിഞ്ഞാലുടൻ അതിപ്രധാന പ്രസ്താവന നടത്തുമെന്ന് ഭീമൻ മുൻകൂർ പറഞ്ഞത് നിങ്ങൾ അറിഞ്ഞില്ലെന്നു തോന്നുന്നു? യുദ്ധാനന്തര ഹസ്തിനപുരിയുടെ ഭാവി പ്രതിരോധത്തിന് തക്ഷശിലയെ വെല്ലുന്ന" ദുര്യോധന സ്മാരക സൈനികശാസ്ത്ര സർവകലാശാല" ക്ക് തറക്കല്ലിടുന്നതിലാണ് എന്റെ വ്യക്തിഗതസാന്നിധ്യം അത്യാവശ്യമായി പാണ്ഡവർക്ക് വേണ്ടി വന്നത്", കലിംഗരാജാവ് ചിത്രാംഗധന്റെ മകൾ ഭാനുമതി ഒരു മഹാറാണിയെ പോലെ ഉപചാരപൂർവ്വം പുഞ്ചിരിച്ചു.

2016/04/12

"ഇതെന്താ പ്രതിരോധവകുപ്പ് മേധാവി പ്രാതലിനു വരുമ്പോൾ വെറും ധാന്യം വിളമ്പുന്നത്? ചവക്കാൻ കാളത്തുട ഒന്നുമില്ലേ?", ഭീമൻ കൊട്ടാരം പാചകക്കാരനോട് തട്ടിക്കയറി.

"ചാരവകുപ്പ് മേധാവിക്ക് വിളമ്പാൻ പോലും പോത്തിൻ തുട കിട്ടിയിട്ടില്ല എന്നിട്ടാണോ സൈനികർ ഇല്ലാത്ത പ്രതിരോധ മന്ത്രാലയത്തിനു പ്രത്യേക മാംസഭക്ഷണ പരിഗണന? ഉപയോഗരഹിതമായ ഉഴവു മൃഗത്തെ കട്ട് കൊണ്ട് വരൂ അരച്ച മുളക് തേച്ചു എണ്ണയിൽ പൊരിച്ചു വയർ നിറയെ തിന്നാൻ തരാം", യുദ്ധാനന്തര ഹസ്തിനപുരിയുടെ ഊട്ടുപുര മുഖ്യപാചകക്കാരൻ പറഞ്ഞു.

2016/04/13

"നിങ്ങൾ മാത്രം വാനപ്രസ്ഥത്തിനു പോയാൽ പോരെ. എന്തിനു ഇളമുറ ഭാര്യയേയും അനുജന്മാരെയും കൂടെ കൂട്ടുന്നു?" കൊട്ടാരം ലേഖിക ഈർഷ മറച്ചു വച്ചില്ല.

"ഞാൻ കുറുനരികൾക്കു ഇരയാവുമ്പോൾ അവർ രാജകീയ സമൃദ്ധിയിൽ ആർമാദിക്കണം?' യുധിഷ്ഠിരൻ പതിവിനു വിരുദ്ധമായി വാക്കിൽ പിശുക്ക് കാണിച്ചു.

"മുനിശാപത്തിന് പ്രായശ്ചിത്തമായി രണ്ടു ഭാര്യമാരെയും കൂട്ടി കാട്ടിൽ പോയതിന്റെ യുക്തി നമുക്കിപ്പോൾ വ്യക്തമല്ലായിരിക്കാം, പക്ഷെ അധികാരചിഹ്നമായ ചെങ്കോൽ അന്ധജ്യേഷ്ഠന് എറിഞ്ഞു കൊടുത്തത് രാജപ്രതിനിധിയായി ഭരിച്ചു തക്കസമയത്ത് അവകാശികൾക്ക് തിരിച്ചേൽപ്പിക്കാൻ ആയിരുന്നു എന്ന് യുധിഷ്ഠിരൻ", കൊട്ടാരം ലേഖിക മഹാരാജാവിന്റെ കാര്യാലയത്തിൽ കയറി പാണ്ഡവർക്ക് വേണ്ടി വാദിച്ചു.

"എവിടെ യഥാർത്ഥ അവകാശികൾ? അഞ്ചു പേർ കുന്തിയുടെയും മാദ്രിയുടെയും വിവാഹ ബാഹ്യസന്തതികൾ ആണെന്ന് അവർ തന്നെ പരസ്യമായി പറഞ്ഞതല്ലേ? ഈ മൂത്തയാൾ സ്വയം വിശേപ്പിക്കുന്നത് മരണദേവതയുടെ മകൻ എന്നല്ലേ."

2016/04/14

“ദൂരെ ദൂരെ ഗംഗാ സമതലത്തിലെ ഹസ്തിനപുരിയിൽ നിന്ന് നിങ്ങൾ, കൊട്ടാരം ലേഖിക, ഹിമാലയത്തിലെ ഈ വനാശ്രമത്തിൽ ഞങ്ങളെ ഇടയ്ക്കിടെ വന്നു കണ്ടു തിരിച്ചു പോവുന്നതിന്റെ രഹസ്യമെന്ത്?” സംസാരിക്കുന്നതിന്നിടയിൽ നകുലൻ തലയിൽ കൈവച്ചു വിസ്മയം നടിച്ചു.

“ഹസ്തിനപുരി പത്രികക്ക് നാലു ചുവരെഴുത്ത് പതിപ്പുകൾ ഉള്ളതിൽ ഒന്ന് കൗരവരാജസ്ത്രീകളുടെ നൂറോളം വസതികളിലെ അന്തേവാസികളെ വായനക്കാരായി ലക്ഷ്യമാക്കുന്നു. അവർക്ക് ഗംഗയോ ഹിമാലയമോ വാർത്തയല്ല, അവർക്ക് പാഞ്ചാലിയുടെ പരിദേവനങ്ങൾ മതി. സംഗതി ആ വിധം നേരിട്ടറിയാൻ നൂറു കൗരവർ രഹസ്യ പ്രായോജകർ ആയ ആവർത്തന യാത്രയാണ് ഞാൻ ഇതിഹാസത്തിന് വേണ്ടി ഏറ്റെടുത്തത്.”

2016/04/15

“നിങ്ങളുടെ അയൽപ്പക്കം മുഴുവൻ സന്യസ്ഥാശ്രമങ്ങൾ, എന്നാൽ അവിടെ ആകെ ഉൽപ്പാദിപ്പിക്കുന്നത് ജൈവമാലിന്യം. അങ്ങനെ മതിയോ? ജ്ഞാനനിർമിതി ഒന്നും വേണ്ടേ?” മാലിന്യനീക്കം എന്ന പണിക്കു പാഞ്ചാലി അതിരാവിലെ പോയ തക്കം നോക്കി കൊട്ടാരം ലേഖിക ചോദിച്ചു.

“ഇരുപത്തിനാല് മണിക്കൂറും ഈ പാണ്ഡവ കുടുംബത്തിൽ എന്ത് നടക്കുന്നു എന്നു ചാരച്ചെവികളുമായി കൗരവർക്കു അടിമപ്പണി ചെയ്യുന്ന സന്യസ്തർക്കെവിടെ ചർമ്മം പടിഞ്ഞിരുന്നു താളിയോലയിൽ എഴുത്താണി പ്രയോഗിക്കാൻ സാവകാശം? ആഴ്ചയിൽ ഒരിക്കൽ ഹസ്തിനപുരിയിൽ നിന്ന് കൗരവസൈനികൻ കഴുതപ്പുറത്ത് കൊണ്ടുവരുന്ന ഭക്ഷ്യധാന്യവരവ് നിലച്ചാൽ അതോടെ തീരില്ലേ അവരുടെ ആത്മീയത”, നകുലൻ ജാലകത്തിലൂടെ കണ്ട യുവ സന്യാസികൾക്ക് ഊഷ്മളമായി അഭിവാദ്യം അർപ്പിച്ചു കൈ വീശി.

2016/04/16

“മക്കളെ ഉറക്കത്തിൽ കഴുത്തു ഞെരിച്ചു കൊന്ന അശ്വത്ഥാമാവിന്റെ ശിരോരത്നം തട്ടിയെടുത്ത് നിങ്ങൾ ആ ദ്രോണപുത്രനെ കൊല്ലാതെ വെറുതെ വിട്ടു. ക്ഷീണിച്ചുറങ്ങുന്ന മക്കൾക്ക് സുരക്ഷ ഉറപ്പു വരുത്തേണ്ട പാണ്ഡവരെ നിങ്ങൾ അമ്മ എന്ന നിലയിൽ എന്തുകൊണ്ട് വിചാരണ ചെയ്തില്ല?”, ശവദാഹം കഴിഞ്ഞു മടങ്ങുമ്പോൾ കൊട്ടാരം ലേഖിക പാഞ്ചാലിയെ നേരിട്ടു.

“വിചാരണ ചെയ്താൽ തെറിക്കുക ശിരോരത്നമല്ല, പാണ്ഡവരുടെ തലയല്ലേ.”

“ക്ഷമയോടെ ഊഴം കാത്ത് അവസരം കിട്ടിയ പാണ്ഡവരിലൊരാൾ പായ പങ്കിടാൻ ഈ ഒറ്റമുറിയിൽ വരുമ്പോൾ, മറ്റു നാലു പാണ്ഡവർ നിങ്ങളിരുവരുടെ രതിസ്വകാര്യത മാനിച്ചു കുടിലിൽ നിന്ന് പുറത്ത് പോവും എന്നതല്ലേ നിലവിലുള്ള പൊതു ദാമ്പത്യധാരണ?”, കൊട്ടാരം ലേഖിക സമവായസ്വരത്തിൽ സഹായിച്ചു.

“എന്തൊക്കെ ചെയ്താൽ മുറിക്കകത്തെ ആൺപെൺശാരീരിക പാരസ്പര്യത്തെ മലിനപ്പെടുത്താമോ അതൊക്കെ ബാക്കി നാലു പേരും ഒളിഞ്ഞും തെളിഞ്ഞും ചെയ്യും. അപമാനബോധതോടെ ഞങ്ങൾ മുറിയുടെ രണ്ടു മൂലയിൽ കമഴ്ന്നു കിടക്കും.

അസ്ത്രം മറന്നു വച്ചത് എടുക്കാൻ വന്നതാണ് എന്ന് നിഷ്കളങ്കമായി പറഞ്ഞു പാണ്ഡവരിൽ ഒരാൾ മുറിയിൽ ഇടിച്ചു കയറിയതും ഞാൻ ഇതുവരെ മറന്നിട്ടില്ല."

"പ്രണയം എന്ന വാക്ക് പാണ്ഡവരുടെ പ്രയോഗത്തിലുണ്ടോ?" കൊട്ടാരം ലേഖിക കൌതുകപ്പെട്ടു. വെയിൽ കനത്തപ്പോൾ പാണ്ഡവർ കൂട്ടം കൂടി കുന്നിനു കീഴെ തടാകത്തിൽ നീരാടാൻ പോയ നേരം. പായ നെയ്യുകയായിരുന്നു ജാലകോരത്തിരുന്നു പാഞ്ചാലി.

"ജീവകാലം മുഴുവൻ ഒരേ പായ പങ്കിടുന്നവളെ എങ്ങനെ പ്രണയിനി എന്ന് വിളിക്കും എന്ന് അർജ്ജുനൻ ഒരിക്കൽ നിന്ദയോടെ ചോദിച്ച ഓർമയുണ്ട്. സുഭദ്രയെ വിവാഹം കഴിച്ച കാലമായിരുന്നു അതോടെ എന്റെ ഹൃദയം അയാൾക്ക് വേണ്ടി പിടക്കുന്നത് എന്നെന്നേക്കുമായി നിന്നു."

2016/04/17

"രാജ്യം ഭരിച്ചു മതിയായി, ഇതാ വാനപ്രസ്ഥം ഞങ്ങളെ കൈമാടി വിളിക്കുന്നു എന്ന് യുധിഷ്ഠിരനെക്കൊണ്ട് നാടകീയമായി പറയിപ്പിക്കാൻ മാത്രം പെട്ടെന്ന് എന്തുണ്ടായി?" കൊട്ടാരം ലേഖിക ചാരവകുപ്പ് മേധാവി നകുലനോട് ചോദിച്ചു.

"എന്റെ ഭർത്താക്കന്മാർ യുദ്ധം അതിജീവിച്ചത് ഭാഗ്യം കൊണ്ടായിരുന്നു എന്നാൽ എന്റെ അഞ്ചു മക്കൾ കുരുക്ഷേത്രയിൽ മരിച്ചത് പാണ്ഡവരുടെ അശ്രദ്ധ കൊണ്ടും എന്ന പാഞ്ചാലിയുടെ പ്രസ്താവന നിങ്ങളുടെ അഭിമുഖത്തിൽ വന്നത് യുധിഷ്ഠിരന്റെ ശ്രദ്ധയിൽ പെട്ടു എന്ന് വേണം സംശയിക്കാൻ", ചെങ്കോൽ അഭിമന്യു പുത്രൻ പരീക്ഷിത്തിനെ ഏൽപ്പിക്കാൻ നെട്ടോട്ടം ഓടുകയായിരുന്നു കൊട്ടാര ഭരണത്തിന്റെ അധിക ചുമതല വഹിക്കുന്ന നകുലൻ.

2016/04/19

"ഔദ്യോഗിക ജീവചരിത്രകാരൻ നിങ്ങൾക്ക് ഉണ്ടായിരുന്നെങ്കിൽ എന്ന് മോഹിക്കുന്നുണ്ടോ", വാനപ്രസ്ഥത്തിനു പാണ്ഡവരുടെ കൂടെ പടിയിറങ്ങിയ പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"വസ്തുതാപരമല്ലാത്ത പ്രശംസകളും അവാസ്തവമായ ആക്ഷേപങ്ങളും ഇല്ലാത്ത എന്ത് ഔദ്യോഗിക ജീവചരിത്രമാണ് ഭാവിതലമുറകൾ എന്നെ കുറിച്ച് വായിക്കാൻ ഇഷ്ടപ്പെടുക."

2016/04/20

"കുടിയേറ്റ മേഖലയായ ഖാണ്ഡവ വനത്തിലേക്ക് പാണ്ഡവരെ പറഞ്ഞു പറ്റിച്ചു യാത്രയാക്കുമ്പോൾ, അവരുടെ നല്ല നടപ്പിനു ജാമ്യത്തടവുകാരിയായി കുന്തിയെ ഹസ്തിനപുരി കൊട്ടാരത്തിൽ പിടിച്ചു നിർത്തിയ ധൃതരാഷ്ട്രർ അവർക്കെന്തു പണിയാണ് നിത്യവും കൊടുത്തത്?" കൊട്ടാരം ലേഖിക ഗാന്ധാരിയോടു ചോദിച്ചു.

"മഹാരാജാവിന്റെ വ്യക്തിഗതസേവനദാതാവായി നിയമിച്ചു. എതിർത്തപ്പോൾ, ഒരു മുൻപരിചയവുമില്ലാത്ത കുറെ ആണുങ്ങളെ പ്രലോഭിച്ചു കൂടെ കിടത്തി ഗർഭം ധരിക്കാൻ മടി കാണിക്കാത്ത നീയാണോ കുരുവംശ മഹാരാജാവിനോട്

ഇങ്ങനെ അനിഷ്ടം കാണിക്കുന്നത് എന്ന് അന്ധൻ, ഞാൻ നേരത്തെ വാക്കുകൾ പറഞ്ഞു കൊടുത്ത പോലെ കുന്തിക്ക് നേരെ രഹസ്യമായി ആഞ്ഞടിച്ചു. ഇപ്പോൾ എന്തിനും ഒരു പണത്തൂക്കം മുന്നിൽ കാണാം ഈ സഹോദരവിധവയെ", കണ്ണ് കെട്ടിയ വിഴുപ്പ് തുണി അഴിച്ചു കഴുകാൻ കുന്തിയുടെ നേരെ എറിഞ്ഞ ഗാന്ധാരി താൻ കഷ്ടപ്പെട്ട് നേടിയെടുത്ത വ്യക്തി സ്വാതന്ത്ര്യം കൊട്ടാരം ലേഖികയുടെ തുടയിൽ അടിച്ചു ആർമാദിച്ചു.

2016/04/21

"പതുക്കെയാണല്ലോ ഭീമൻ ഇപ്പോൾ ഊണ് കഴിക്കുന്നത്? അക്ഷയപാത്രത്തിൽ ഭക്ഷണലഭ്യത ക്ഷയിച്ചുവോ, അതോ പ്രിയവൃകോദരനു അന്നനാളത്തിൽ പ്രശ്നം വല്ലതും?" കൊട്ടാരം ലേഖിക പത്ര പ്രവർത്തകരുടെ കെട്ടിപ്പൊക്കിയ ആശങ്കയോടെ നിരീക്ഷിച്ചു.

"ആനത്തലയോളം ഉരുള ഉരുട്ടി വായിലിട്ടാൽ ഇറങ്ങും മുമ്പ് രണ്ടാമതൊരു ഉരുള വായിലേക്കെറിയുന്ന പതിവ് രീതി നിർത്തണം എന്ന് ഞാൻ കയർത്തു. വാരിവലിച്ചു സൗജന്യഭക്ഷണം അകത്താക്കി വയറിനു സുഖമില്ല എന്ന് പരാതി പറഞ്ഞു സഹോദരന്മാരെ പച്ചില മരുന്ന് തേടി സന്യസ്ഥാശ്രമാങ്ങളിലേക്ക് ഓടിക്കുന്ന പരിപാടി അതോടെ നിന്നു", പാഞ്ചാലി ഭീമനെ തിരിഞ്ഞു നോക്കാതെ നോട്ടം ജാലകത്തിന് പുറത്തേക്കു പായിച്ചു.

2016/04/22

"ഇതെന്താ മുൻപ് കാണാത്തൊരു കൊച്ചു കൂട്ടിൽ ഇണയില്ലാത്തൊരു അലങ്കാരപ്പക്ഷി?" കൊട്ടാരം ലേഖിക വനാശ്രമത്തിലെ ഒറ്റ മുറി കിടപ്പറയിൽ കടന്ന ഉടൻ ഇരു കൈകളും നാടകീയമായി വാക്കുകൾക്കൊപ്പം ഉയർത്തി.

"ആവർത്തനസ്വഭാവമുള്ള പാണ്ഡവചോദ്യങ്ങൾക്ക് ഈ തത്ത പരിശീലനത്തിലൂടെ നേടിയ പെരുമാറ്റ സൌമനസ്യത്തോടെ എത്ര പ്രാവശ്യം വേണമെങ്കിലും ചൊടിക്കാതെ ഉത്തരം നല്കും." തത്തയ്ക്ക് കുടിക്കാൻ ശുദ്ധ ജലം ഒരു കൊച്ചു മൺപാത്രത്തിൽ കൊണ്ടു വരുമ്പോൾ കൊട്ടാരം ലേഖികയുടെ അഭിവാദ്യം സ്വീകരിക്കെ പാഞ്ചാലി പുഞ്ചിരിയോടെ പറഞ്ഞു.

"ഈ വിരസവനവാസക്കാലത്ത് പെരുമഴ പെയ്യുമ്പോൾ വീട്ടിനകത്തിരുന്നു എന്തുണ്ട് നിങ്ങൾക്ക് ആറു പേർക്കും പുറത്തു പറയാവുന്നൊരു, പണച്ചെലവില്ലാത്ത പൊതു വിനോദം?" കൊട്ടാരം ലേഖിക കൊച്ചു കുട്ടിയെ പോലെ കൌതുകപ്പെട്ടു.

"രാജാവും റാണിയും കളിക്കാം എന്ന് യുധിഷ്ഠിരൻ വാ തുറക്കുമ്പോഴേക്കും ഞങ്ങൾ നാലുപേർ എഴുന്നേറ്റു പോവും", അർജ്ജുനൻ പറഞ്ഞു.

2016/04/23

"അയൽക്കാർ സന്യസ്ഥരല്ലേ? പാണ്ഡവരുടെ ദാർശനികവ്യഥകർ ഒന്നും അവർ ചോദിച്ചറിയാറില്ലേ?" കൊട്ടാരം ലേഖിക പച്ച നിറഞ്ഞ കുന്നിൻ മുകളിലെ

അഞ്ചാറ് ആശ്രമങ്ങളിലേക്ക് വിരൽ ചൂണ്ടി.

"കള്ളച്ചൂത് കളിച്ച് രാജകീയസൌഭാഗ്യങ്ങൾ എല്ലാം നഷ്ടപ്പെടുത്തി അല്ലെ എന്നവർ ചോദിച്ച ആദ്യ ചോദ്യം തന്നെ കൂട്ടച്ചിരിയോടെ ആയിരുന്നു. ഭക്ഷ്യധാന്യം മരുന്ന് വസ്ത്രങ്ങൾ ഒക്കെ പതിവായി കൌരവർ കഴുതപ്പുറത്ത് എത്തിക്കും. പകരം കൗരവഭാവിസുരക്ഷയെ ബാധിക്കുന്ന പാണ്ഡവരഹസ്യങ്ങൾ അവർ താളിയോലയിൽ എഴുതി ഹസ്തിനപുരിക്ക് തിരിച്ചും അയക്കും.", ആശ്രമങ്ങളിലെ ജൈവമാലിന്യം ദൂരെ കൊണ്ട് പോയി സംസ്കരിച്ച് കുന്നിനു താഴെ ജലാശയത്തിൽ തുണി തിരുമ്മി നീന്തിക്കുളിച്ച് വരുന്ന പാഞ്ചാലിയുടെ നിഴൽ വീണപ്പോൾ പാണ്ഡവർ ആയുധങ്ങൾ മൂർച്ച കൂട്ടുന്ന പതിവ് പണിയിൽ തിരക്ക് കാണിച്ചു.

"കെട്ടൊന്നഴിച്ച് നോക്കട്ടെ ഞാൻ, നിങ്ങളുടെ വിശ്വവിഖ്യാത വലതു തള്ളവിരൽ. പരോക്ഷസായുധ പരിശീലനത്തിന് ദക്ഷിണയായി ഈ വിരൽ തന്നെയല്ലേ ആ ദരിദ്ര ബ്രാഹ്മണഗുരു നിങ്ങളിൽ നിന്ന് ദക്ഷിണയായി മുറിച്ചു വാങ്ങിച്ചത്?", കൊട്ടാരം ലേഖിക നിഷാദകുമാരനെ കൌതുകത്തോടെ നോക്കി.

"ആദ്യകാലങ്ങളിൽ ഈ വിരൽ മുറിച്ച ഇടം എന്റെ മുഖത്തേക്കാൾ ജനങ്ങൾ തിരിച്ചറിഞ്ഞു. എന്റെ വിരൽ നഷ്ടം ജനം വൈകാരികമായി ഏറ്റെടുത്തു. പ്രത്യേക പരിഗണന ഇതിഹാസത്തിൽ തരാമെന്നു കീഴാള കവി വ്യാസനും സമ്മതിച്ചു. വിരൽ ഇല്ലാതെ അമ്പെയ്യാനും പിന്നെ പഠിച്ചു. വിരൽ നഷ്ടം ഞാൻ മറന്നു. ഒരു നാൾ രാവിലെ ഉറക്കമുണർന്നു നോക്കിയപ്പോൾ മുറിച്ചെടുത്ത് ഗുരുവിനെ സമർപ്പിച്ച ആ തള്ളവിരലുണ്ട് പഴയ ഇടത്തിൽ കുടികൊള്ളുന്നു. വല്ലാത്ത പരിചയക്കേട് തോന്നിയപ്പോൾ ഗാന്ധാരി കൺകെട്ടി വലിച്ചെറിഞ്ഞ ഒരു പഴം തുണിയെടുത്ത് ഞാൻ എന്റെ ഈ വലതു കൈ മൂടിക്കെട്ടി", ജാള്യതയോടെ ഏകലവ്യൻ വലതു കൈ തുണിക്കെട്ടിൽ ഒളിപ്പിച്ച് നിസ്സഹായമായി പുഞ്ചിരിച്ചു.

2016/04/24

"പിതാമഹൻ നിങ്ങൾക്ക് സൗമനസ്യക്കാരനായ വഴികാട്ടിയോ, പരുക്കൻ പെരുമാറ്റമുള്ള തിരുത്തൽ ശക്തിയോ?" കൊട്ടാരം ലേഖിക മുതിർന്ന കൌരവനെ ഹാർദമായി ചോദ്യം ചെയ്തു.

"അഭയാർഥികളായി കുന്തിയും മക്കളും വരും വരെ ഭീഷ്മർ പൊങ്ങച്ചക്കഥകൾ കൊണ്ട് ഞങ്ങളെ പുഴയിൽ നീന്തൽ പഠിപ്പിക്കുമ്പോൾ രസിപ്പിക്കുമായിരുന്നു. ക്ഷയരോഗിയെന്നു ലോകം അംഗീകരിച്ച വിചിത്രവീര്യനു പായവിരിക്കാൻ എന്തിനാണ് നിങ്ങൾ മൂന്നു കാശിരാജ കുമാരികളെ ബലാൽക്കാരമായി തട്ടിക്കൊണ്ടുവന്നത്, അയാളെ വാരണാവതം മലഞ്ചെരുവിലെ വേനൽക്കാല വസതിയിൽ വിശ്രമത്തിനായി താമസിപ്പിക്കുകയല്ലേ വേണ്ടിയിരുന്നത് എന്ന് അത്രയൊന്നും ആലോചിക്കാതെ ചോദിച്ചതിൽ പിന്നെ ഞാൻ ആ കാരണവരുടെ നോട്ടപ്പുള്ളിയാണ്", ദുര്യോധനൻ രാജസഭയിലേക്ക് പോവുന്ന തിരക്കിലും ഉപചാരപൂർവ്വം പുഞ്ചിരിച്ചു.

2016/04/26

"എല്ലാവരെയും ആട്ടിതെളിച്ച് വീണ്ടും കാട്ടിലേക്ക് യുധിഷ്ഠിരന്റെ ഈ പോക്ക്, അത് നിങ്ങളോട് ആലോചിച്ചെടുത്ത തീരുമാനം തന്നെ ആയിരുന്നോ?" കൊട്ടാ

രം ലേഖിക ചോദിച്ചു. രാജകീയ വസ്ത്രങ്ങൾ സ്വയം അഴിച്ച് വല്ക്കലം ധരിക്കുകയായിരുന്ന കുരുവംശ മഹാറാണി പാഞ്ചാലി.

"സ്വാഭാവിക കാരണങ്ങളാൽ വൃദ്ധഭർത്താവ് അധികം വൈകാതെ കാലം ചെയ്യുമെന്നും അധികാരം എന്റെ കയ്യിൽ വന്നു ചേരുമെന്നും പ്രിയ നകുലൻ പലപ്പോഴും എനിക്ക് ധൈര്യം തന്നത് മറക്കുന്നില്ല. ഭർത്താവിന്റെ മരണശേഷം സ്വത്ത് ഭാര്യക്ക് വന്നു ചേർന്നാൽ മാത്രമേ അവളുടെ വ്യക്തിത്വം ലോകത്തിനു വ്യക്തമാവൂ എന്നറിയാത്ത സരളഹൃദയനായ യുധിഷ്ഠിരനെ കുറിച്ച് ഞാൻ ഈ മാറിയ വേഷത്തിൽ ഒന്നും ഇനി പറയുന്നില്ല."

"പ്രണയമിഴികളിലൂടെ നിങ്ങൾ ഈ നീണ്ട ദാമ്പത്യത്തിൽ അഞ്ചു ഭർത്താക്കന്മാരോടും ഒരു വാക്കും സംസാരിച്ചിട്ടില്ല എന്നാണോ നിന്ദയുടെ വെഞ്ചാമരങ്ങൾ മാത്രം പ്രദർശിപ്പിക്കുന്ന ഈ അഭിമുഖങ്ങൾ വായിച്ച വായനക്കാർ നിഗമനത്തിൽ എത്തേണ്ടത്?" കൊട്ടാരം ലേഖിക ചോദിച്ചു.

"സാന്ദർഭികമായി പ്രതികരിച്ചിട്ടുണ്ടാവാം, അത് പ്രസ്താവന പോലെ സ്വതന്ത്രമല്ലല്ലോ. സന്ദർഭം മാറുമ്പോൾ പ്രണയമിഴിയുടെ സാധുതയും തീരും", പുതിയ ഹസ്തിനപുരി മഹാറാണി എന്ന പദവി വഹിക്കുമ്പോൾ പാണ്ഡവർ അന്തഃപുരത്തിൽ വരും മുമ്പ് തന്റെ കാര്യാലയത്തിൽ നിന്ന് രേഖാമൂലം അനുമതി നേടിയിരിക്കണം എന്ന പ്രഖ്യാപനത്തിൽ ഒപ്പിടുകയായിരുന്നു പാഞ്ചാലി.

2016/04/27

"അപ്പോൾ അസ്തിത്വവ്യഥ സഹിക്കാനാവാതെയൊന്നുമല്ല നിങ്ങളുടെ പൂർവികർ പാണ്ഡവർ ഹിമാലയ മലമടക്കുകളിലേക്ക് ഇനി തിരിച്ചില്ലെന്ന വ്യക്ത സൂചനയുമായി വൽക്കലം ധരിച്ച് പദയാത്ര ചെയ്തത് എന്നാണോ നിങ്ങൾ കണ്ടെത്തിയത്?" കൊട്ടാരം ലേഖികയുടെ പുരികം വളഞ്ഞു. ഭരണചക്രം തിരിക്കാൻ പ്രയാസപ്പെടുന്ന പരീക്ഷിത്ത്, അഭിമന്യുവിന്റെ മകൻ, കളങ്കിത സിംഹാസനത്തിൽ ഇരിക്കാനാവാതെ എഴുന്നേറ്റ് നിന്ന് സന്ദർശകരെ നേരിട്ടു.

"പോരാട്ടഭൂമിയിൽ കായികബലം കൊണ്ട് ശത്രുക്കളെ നേരിടുന്നതിനു പകരം, കൗരവരെ ചതിച്ചു കൊന്ന പാണ്ഡവരെ അതേ ഇടത്ത് വലിച്ചിഴച്ച് കൊണ്ട് വന്നു കണ്ണു കെട്ടി മുട്ടു കുത്തിച്ചു ജനപങ്കാളിത്തത്തോടെ തല വെട്ടുമെന്ന് ആലങ്കാരികമായി പുതുതലമുറ കൗരവ ബാലന്മാർ പൊതുവേദിയിൽ രണ്ടു ദിവസം മുമ്പ് ദുര്യോധനന്റെ ഓർമപ്പെരുനാൾ ദിവസം ഭീഷണിപ്പെടുത്തിയത് പാണ്ഡവർ അക്ഷരാർത്ഥത്തിൽ എടുത്തു."

2016/04/29

"നൂറു കൗരവരും ആരാധകർ എന്നഭിമാനിക്കുന്ന നിങ്ങളുടെ ഈ കാട്ടുജീവിതത്തിലെ കഷ്ടപ്പാട് നേരിൽ കാണാൻ ഒരാളെങ്കിലും പന്ത്രണ്ടു വർഷക്കാലം ഈ വഴി വന്ന ഓർമ്മയുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു. കിടപ്പറയുടെ ജാലകത്തിലൂടെ ഹിമാലയ വെയിലിന്റെ അലകൾ വനമേഖലയിലെ ആ കുന്നിൻ പുറത്ത് ഒഴുകുന്നുണ്ടായിരുന്നു.

"ഓരോ ആഴ്ചയും സന്യസ്ഥാശ്രമങ്ങൾക്കുള്ള ധാന്യവും വസ്ത്രവും മരുന്നുമായി കഴുതപ്പുറത്ത് മുഖം മറച്ച സൈനികവേഷത്തിൽ വന്നിരുന്നവർ പിന്നെ ആരായിരുന്നു", കുളി കഴിഞ്ഞു കുടിലിൽ ഈറൻ ഉടുത്തെത്തിയ പാഞ്ചാലി, കൌരവർ തലേന്ന് കൊടുത്തയച്ച വിശിഷ്ട സുഗന്ധതൈലം നഗ്നമേനിയിൽ സാവകാശം പുരട്ടി.

2016/05/01

"ഒന്നുമല്ലെങ്കിൽ ഒരേ ഒരു അർദ്ധസഹോദരിയുടെ ഏകഭർത്താവല്ലേ സൈന്ധവരാജൻ ജയദ്രഥൻ? ഈ വഴിയെ ഒറ്റയ്ക്ക് പോവുമ്പോൾ നിങ്ങളുടെ വനാശ്രമത്തിൽ ഒന്ന് കയറി സുഖമോ ദേവീ എന്ന് പാഞ്ചാലിയോട് വാത്സല്യത്തോടെ ചോദിച്ചതിനാണോ, തല മൊട്ടയടിച്ച് പുള്ളി കുത്തി കഴുതപ്പുറത്ത് കെട്ടിയിട്ട് കുന്നിറക്കി തള്ളി വിട്ടത്? അതിരു വിട്ട പാണ്ഡവ ദുരഭിമാന പ്രതികരണം എന്ന് നിങ്ങൾക്കിപ്പോൾ എങ്കിലും ഖേദം തോന്നിയോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"ബലാൽക്കാരം ചെയ്തു എന്ന് കേട്ടാൽ തോന്നേണ്ട വന്യമായ ക്രോധത്തോടെ ഭീമനാണ്, അതെ ഭീമൻ മാത്രമാണ് ജയദ്രഥനെതിരെ അക്രമാസക്തമായി ആഞ്ഞടിച്ചത്. തുപ്പൽ ഒലിക്കുന്ന ചുണ്ടും ഒട്ടിവിയർക്കുന്ന മുഖവുമായി ജയദ്രഥൻ പാഞ്ചാലിയെ കടന്നു പിടിച്ച് ഉമ്മ വച്ച എന്ന കെട്ടിച്ചമച്ച വാർത്ത സ്വയമുണ്ടാക്കി ഞങ്ങളെ കയ്യിലെടുത്ത് ഭീമൻ സ്വയം നടപ്പാക്കിയ ഈ കടുത്ത ശിക്ഷയിൽ നിന്ന് ഞങ്ങൾ നാലുപേരും, ഇര പാഞ്ചാലിയും, അകലം പാലിച്ച കഴിഞ്ഞു", തിരിച്ചടിയിൽ കൗരവ യുദ്ധഭീഷണി നേരിടുന്ന യുധിഷ്ഠിരൻ കൈകൾ മാറിൽ പിണച്ച കെട്ടി.

"ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി പദവിയിൽ നിന്ന് ഒരു രാത്രി ചൂതാട്ടത്തിൽ നിങ്ങൾ കൗരവഅടിമ എന്ന പന്ത്രണ്ടു കൊല്ല കഠിനശിക്ഷയിലേക്ക്. ഹതാശയായി നിങ്ങൾ ഇക്കാലം വല്ലപ്പോഴും ആത്മഹത്യ ആലോചിച്ചുവോ?" കൊട്ടാരം ലേഖിക ചോദിച്ചു. അജ്ഞാത വാസത്തിനു രഹസ്യമായി തയ്യാറെടുക്കുകയായിരുന്നു പാണ്ഡവർ.

"ആശ നഷ്ടപ്പെട്ടു ചെയ്യുന്ന ആത്മഹത്യക്ക് മുമ്പ് പ്രത്യാശയോടെ ചെയ്യേണ്ട ചില നരഹത്യകൾ ബാക്കിയുണ്ട്."

2016/05/02

"ഖാണ്ഡവവന അഗ്നിബാധ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം എന്ന് വിദുരർ പറയുന്നല്ലോ", കൊട്ടാരം ലേഖിക പറഞ്ഞു.

"ദുരന്ത നിവാരണനിധിയിൽ നിന്ന് ദുര്യോധനന്റെ ശ്രമത്തിൽ നിർലോഭസഹായം കിട്ടിയാൽ പാഞ്ചാലിയുൾപ്പെടെ ഞങ്ങൾ ആറു അഭയാർഥികൾ അന്തിയുറങ്ങാൻ ഒരു കൂര മാത്രമല്ല ഇവിടെ പണിയുക, കത്തിയെരിഞ്ഞ ഈ കൊടുംകാടിൽ യമുനയെ വഴി തിരിച്ചു വിട്ടു ഒരു പുതുനഗരം പണിയാൻ ഞങ്ങൾക്ക് കഴിയും. ഇത്ര വലിയ തോതിൽ സഹകരണ മനോഭാവത്തോടെ വനം കത്തുമെന്നും അതൊരു ദേശീയ ദുരന്ത വാർത്ത ആക്കി നിങ്ങൾ മാറ്റുമെന്നും അറിയാൻ ഞങ്ങൾ, കഷ്ടം, വിട്ടുപോയി", നശിക്കപ്പെട്ട ആവാസവ്യവസ്ഥയിൽ ഇനി ഒരു പക്ഷിയും മൃഗവും ബാക്കിയില്ലെന്നു ഉറപ്പു വരുത്തി, മറ്റു പാണ്ഡവരുമായി ഇനിയെന്ത് വേണം

നാം കുടിയേറ്റക്കാർ എന്ന അവലോകന യോഗം കഴിഞ്ഞു പുറത്ത് വരികയായിരുന്നു യുധിഷ്ഠിരൻ.

"പാണ്ഡവരിൽ ആരാണ് നിങ്ങൾക്ക് നിർണായക മുഹൂർത്തങ്ങളിൽ കലവറയില്ലാത്ത പിന്തുണ തരിക? അവർ മുറുമുറുക്കുന്നത് പതിവ് കാഴ്ചയല്ലേ", കൊട്ടാരം ലേഖിക പ്രലോഭനസ്വരത്തിൽ സംസാരിച്ചു.

"രേഖാമൂലം അനുവാദമില്ലാതെ എന്റെ അന്തഃപുരത്തിൽ കയറരുത് എന്ന് മൂന്നാം ലിംഗ സുരക്ഷാഭടനെക്കൊണ്ട് ഇടക്കൊന്നു പേടിപ്പിച്ചാൽ താഴ്ന്ന പത്തിയേ പാണ്ഡവർക്കുള്ളൂ", പാഞ്ചാലി അടുത്ത അത്യുന്നതതല യോഗത്തിലേക്ക് നിർദേശങ്ങൾ വയ്ക്കുന്ന ഔദ്യോഗിക രഹസ്യരേഖ തയ്യാറാക്കുകയിരുന്നു.

2016/05/05

"ഇടപെടലുകൾ സഹിക്കവയ്യാതെ, എപ്പോഴെങ്കിലും പാണ്ഡവർ നിന്നെ തൂക്കി എറിഞ്ഞ ഓർമ്മയുണ്ടോ?" യുദ്ധകാര്യ ലേഖകൻ കൊട്ടാരം ലേഖികയോട് ഹസ്തിനപുരി പത്രിക കാര്യാലയത്തിൽ സല്ലപിച്ചു.

"നെറ്റിയിലെ വിയർപ്പിറ്റു വീഴാത്ത ഭക്ഷണമാണ് പന്ത്രണ്ടു കൊല്ലം അക്ഷയപാത്രം നിങ്ങൾക്ക് സൗജന്യമായി തന്നത് എന്ന ചരിത്രവസ്തുത ലജ്ജാകരമായി തോന്നാറുണ്ടോ എന്ന് ഞാൻ അവരുടെ കുന്നിൻ മുകളിലെ കാട്ടുകുടിലിൽ, ഊട്ടുപുരയിൽ ഉള്ളിലെ നിന്ദ മറച്ചു വക്കാതെ ഭീമനോടു ചോദിച്ച ഓർമയുണ്ട്. കണ്ണു തുറന്നപ്പോൾ, നീർച്ചാലിൽ തുണി കഴുകുകയായിരുന്ന പാഞ്ചാലി നീർതടത്തിൽ നിന്ന് എന്നെ കഷ്ടപ്പെട്ട് പൊക്കുകയാണ്"

2016/05/06

"പാണ്ഡവർ ഉൾപ്പെടെ ആരും ചക്രവർത്തിനിയുടെ സാന്നിധ്യത്തിൽ ഇരിക്കാൻ പാടില്ല എന്ന നിങ്ങളുടെ ഉത്തരവ് വിവാദമായല്ലോ.", കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥത്തിൽ പാഞ്ചാലിയെ നേരിട്ടു.

"ഉത്തരവല്ല, പെണ്ണവകാശം പുനഃസ്ഥാപിച്ചതാണ്. പാണ്ഡവർക്ക് ഇളവു നൽകിയാൽ പിന്നെ ഉയരുക സ്വജന പക്ഷപാതം എന്ന കൊട്ടാരം ലേഖികയുടെ നിലവിളിയാവില്ലേ?

2016/05/08

"ആലോചിച്ചുറപ്പിച്ച മൃദുവായുച്ചരിക്കുന്ന കൊച്ചു കൊച്ചു വാക്കുകൾ ആണല്ലോ പുതിയ ഭരണാധികാരി യുധിഷ്ഠിരന്റെ കന്നിപ്രസംഗത്തിൽ", കൊട്ടാരം ലേഖിക ചാരവകുപ്പ് മേധാവിയോടു കൌതുകപ്പെട്ടു.

"ഓരോ വാക്കുച്ചരിച്ച ശേഷവും ചുണ്ടുകൾ കൂട്ടിമുട്ടിച്ച്, അടുത്ത വാക്കിന്നിടം കൊടുക്കാൻ മാത്രം അൽപ്പം തുറക്കുന്ന ഈ സംസാരശൈലി വിരാടരാജ്യത്തെ അജ്ഞാതവാസക്കാലത്ത് പരീക്ഷിച്ചു പ്രയോഗത്തിൽ വരുത്തിയതാണ്. ഫലം കണ്ടാൽ പതിവാക്കും."

2016/05/09

"കുരുവംശപ്പെരുമക്കായി കുരുക്ഷേത്രത്തിൽ ജീവത്യാഗം ചെയ്ത ധീരദേശാഭിമാനി ദുര്യോധനന്റെ പേർ തങ്ക ലിപികളിൽ എഴുതുന്നതിനു പകരം ഹസ്തിനപുരി ഗുരുകുലങ്ങളിലെ അംഗീകൃത ബോധനപദ്ധതിയിൽ നിന്ന് ഇക്കഴിഞ്ഞ രണ്ടു വർഷം കൊണ്ട് പാടേ തുടച്ചു നീക്കിയെന്നു ഗ്രാമങ്ങളിൽ നിന്നു സ്ഥിരീകരിച്ച വാർത്തയുണ്ടല്ലോ. സത്യവതി വിചിത്രവീര്യൻ ധൃതരാഷ്ട്രർ ഇവരൊക്കെ ആദ്യവർഷം തന്നെ അപ്രത്യക്ഷരായി. പരക്കെ സംശയിക്കപ്പെടുന്ന പോലെ, യുധിഷ്ഠിരൻ തന്നെയാണോ ഇതിനും പിന്നിൽ?" കൊട്ടാരം ലേഖിക വിരൽ ചൂണ്ടി നകുലനോട് ചോദിച്ചു.

"പൂർണ തമസ്കരണമരുത്, തിന്മയുടെ ഇതിഹാസനായകനായി ദുര്യോധനനെ പുതുതലമുറ ഹസ്തിനപുരി പഠിക്കട്ടെ എന്നൊക്കെ ഭരണകൂടം വാദിച്ചതു് ഫലം കണ്ടില്ല അല്ലെ. വരും യുഗത്തിൽ ഞങ്ങൾ പാണ്ഡവരും നേരിടുമോ ഈ തമസ്കരണ ഭീഷണി എന്നാണു ഭയം."

2016/05/10

"യുദ്ധം കഴിഞ്ഞ ഉടൻ കയ്യും കാലും ഉണ്ടെന്നു ഉറപ്പാക്കി ജേതാക്കൾ അവരുടെ രഥം ഉരുട്ടി ഹസ്ഥിനപുരിയിലേക്ക് പോവുന്നതു് കണ്ടു. ഇനി ഞങ്ങൾ വേണം ഈ പോരാട്ടഭൂമി അടിച്ചു വാരി മാലിന്യമുക്തമാക്കി കിളച്ചു മറിച്ചു കൃഷി ചെയ്തു ധാന്യം വിളയിച്ചു ഹസ്തിനപുരി കൊട്ടാരത്തിലെ പാണ്ഡവഅക്ഷയപാത്രങ്ങൾ നിറക്കാൻ." കുരുക്ഷേത്ര പ്രാദേശിക ഭരണകൂടം കൊണ്ടുവന്ന അന്യരാജ്യകരാർ തൊഴിലാളികൾ കൊട്ടാരം ലേഖികയോട്.

"ഇന്ദ്രപ്രസ്ഥം ചക്രവർത്തി പദവി പത്തു കൊല്ലം വഹിച്ച യുധിഷ്ഠിരൻ യഥാർത്ഥത്തിൽ പറഞ്ഞ വാക്കുകളാണോ ഇതു്?", പത്രാധിപർ പരവശമായി കൊട്ടാരം ലേഖികയോട്.

"ഓരോ തവണയും തപ്പിത്തടഞ്ഞു ഹസ്തിനപുരിയിൽ നിന്ന് ഹിമാലയത്തിലെ ഈ ഒറ്റ മുറി ആശ്രമത്തിൽ കൊട്ടാരം ലേഖിക കാലു കുത്തുന്നതു് കാണുമ്പോഴും ഞങ്ങളുടെ നെഞ്ചിൽ കാട്ടുതീ പടരും. ഇന്നെന്താണ് പാഞ്ചാലി ഞങ്ങളെ കുറിച്ച് കൗരവരാജസ്ത്രീകൾക്ക് വായിച്ചു രസിക്കാനായി കുറ്റപ്പെടുത്തി പറയുക. ഞങ്ങളെ അവഗണിക്കാം, പക്ഷെ ഈ വിധം നീ അവമതിക്കരുതെ."

2016/05/11

"പതിനെട്ടു ദിവസം പോരാടിയിട്ടും പോറൽ എൽക്കാതെ ജേതാക്കളായി ഹസ്ഥിനപുരിയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് പുരോഗമന ഭരണപരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ച മഹാരാജാ യുധിഷ്ഠിരന്റെ മാനസികാരോഗ്യം സംശയാസ്പദം എന്നോ?" യുദ്ധകാര്യ ലേഖകൻ പുരികം വളച്ചു.

"നിങ്ങൾ യുദ്ധത്തിൽ മരിച്ചില്ലേ എന്ന് വിദുരരോട് ചോദിച്ചതിലെ പൊരുത്തക്കേട് ആരും പെരുപ്പിച്ചില്ല, കുന്തിയെ കണ്ടപ്പോൾ എന്താ ഇപ്പോൾ നിങ്ങൾ കണ്ണ് കെട്ടാറില്ലെ എന്ന് ചോദിച്ചപ്പോഴും കേട്ടുനിന്ന ഗാന്ധാരിക്ക് പന്തികേട് തോന്നി. കൗരവരാജവിധവകൾ പുനരധിവാസം ആവശ്യപ്പെട്ടു നിവേദനവുമായി വന്ന

പ്പോൾ, പാഞ്ചാലിയുടെ അന്തഃപുരത്തിൽ ഒപ്പത്തിനൊപ്പം നിങ്ങൾക്കും ഇനി സാനിധ്യമുറപ്പിക്കാം എന്ന് പറഞ്ഞപ്പോൾ ദുര്യോധനവിധവ രേഖാമൂലം പരാതി കൊടുത്തു. കാലന്റെ മകന്റെ മാനസികാരോഗ്യം അങ്ങനെ ചോദ്യചിഹ്നമായി." കൊട്ടാരം ലേഖിക തിരക്കിലായിരുന്നു. യുദ്ധം കഴിഞ്ഞതോടെ യുദ്ധകാര്യ ലേഖകൻ ഇനി പാചകവിഭാഗം മേധാവിയായി വീട്ടിൽ സേവനം തുടരും.

2016/05/13

"വെറുതെ ഇരിക്കാൻ സമ്മതിക്കാതെ നിങ്ങൾ പാണ്ഡവരിൽ മാനസിക സമ്മർദം ചെലുത്തുന്നു എന്നാണവരുടെ പരാതി" കൊട്ടാരം ലേഖിക പാഞ്ചാലിയെ അഭിവാദ്യം ചെയ്തു. മഴ പെയ്തു വെയിൽ വീണ ഉച്ച. ആണുങ്ങൾ അപ്പോൾ ഊട്ടുപുരയിൽ ആയിരുന്നു.

"പ്രതിഫലം പണമായി ചോദിക്കുന്ന ഇടത്താവളം ഇണകളെയാണവർക്ക് പ്രിയം, കടപ്പാടില്ലാതെ ഇടപാട് വേഗം തീരും. പ്രതിഫലം മോഹിക്കാതെ രാവും പകലും വ്യക്തിഗത സേവനം കൊടുക്കുന്ന ഭാര്യയെ ആണവർക്ക് പേടി, ഇടയ്ക്കിടെ അവൾ വിരൽ ചൂണ്ടി സംസാരിക്കുമോ."

2016/05/18

"ദുര്യോധനൻ മരിച്ചു എന്ന വിവരം നിങ്ങൾ അറിയുന്നത് ധൃതരാഷ്ട്രരുടെ ദിവ്യദൃഷ്ടിയുള്ള ഭൃത്യൻ സഞ്ജയൻ വഴിയായിരുന്നോ?" കൊട്ടാരം ലേഖിക ഗാന്ധാരിയോടു ചോദിച്ചു.

"പ്രിയ മകന്റെ മരണം തത്സമയം ഞാൻ ഉറക്കത്തിൽ കണ്ടു. അൽപ്പം വിചിത്രമായ രീതിയിൽ. മാരക ഭീമഗദാ പ്രഹരത്തിൽ അരക്കെട്ട് തകർന്നു ഒഴുകാൻ തുടങ്ങിയ ചോരത്തുള്ളികൾ കുരുക്ഷേത്ര പോരാട്ട ഭൂമിക്കപ്പുറത്തെ തടാക തീരത്ത് നിന്ന് ആ വഴിയെല്ലാം ഒഴുകി തിരിഞ്ഞ് എന്റെ ഈ പൂജാമുറിയിൽ ഇറ്റിറ്റു വീണു."

"കണ്ണുകെട്ടി കൗരവകുസൃതികൾ പകലൊക്കെ കാണുന്ന പോലെ വ്യക്തമായി കണ്ണുകെട്ടാതെ ഉറക്കത്തിലും വിടാതെ കാണുന്നുണ്ടല്ലേ" നിലത്ത് കമിഴ്ന്നു കിടന്നു വിതുമ്പിയ മഹാറാണിയെ അവൾ നിർദ്ദയം കൈവിട്ടു.

2016/05/19

"ബാല്യം മുഴുവൻ നിഷ്കളങ്കഅമ്മമാരും അഭിശപ്ത അച്ഛനുമൊത്ത് നിങ്ങൾ അഞ്ചുപേരും കൊടും കാട്ടിലായിരുന്നു അല്ലെ. ഇപ്പോൾ തിരിഞ്ഞു നോക്കുമ്പോൾ എങ്ങനെ ഓർമ്മിക്കുന്നു ആ കാലം?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. വാനപ്രസ്ഥം.

"കൌമാരം വരെ ഞാൻ അവിടെ വളർന്നു. കുന്തിയും മാദ്രിയും വാൽസല്യനിധികളായ അമ്മമാരായി ഒന്നും അക്കാലത്ത് തോന്നിയിരുന്നില്ല, കുട്ടികളെയും ഭർത്താവിനെയും കബളിപ്പിച്ചു പട്ടാപ്പകൽ പരപുരുഷബന്ധം തുടരുന്ന രണ്ടു സുന്ദരി കേമികളായിരുന്നു വാസ്തവത്തിൽ അവർ. പരുക്കൻ നിലത്ത് വിരിച്ച പായിൽ കിടന്നു കൺമുമ്പിൽ ഈ രതിസാഹസങ്ങൾ മൌനമായി പ്രോത്സാഹിപ്പിക്കുന്ന

അച്ഛനും ആ കാലത്ത് ഞങ്ങൾ അഞ്ചു കുട്ടികളുടെ ബാല്യം എന്ന അവസ്ഥ വിഷമയമാക്കി."

2016/05/20

"കൌരവർ നൂറു പേരും നിങ്ങളുടെ ആരാധകർ എന്ന പോലെ, കൗരവരാജവധുക്കൾ ഒരു പക്ഷെ പാണ്ഡവരുടെ പ്രണയിനികൾ എന്ന് സംശയം തോന്നിയ സാഹചര്യം എങ്ങനെ നിങ്ങൾ നേരിട്ടു?' കൊട്ടാരം ലേഖിക ചോദിച്ചു.

"മുളയിലേ ഞാൻ നുള്ളിനീക്കി ആ പാണ്ഡവ പ്രവണത", സന്യസ്ഥർ വഴി രഹസ്യമായി ദുര്യോധനൻ കൊടുത്തയച്ച പരിമളതൈലങ്ങൾ മേനിയിൽ തേക്കുകയായിരുന്ന പാഞ്ചാലി കൈ പെട്ടെന്ന് ഒരായുധം പോലെ ഉയർത്തി.

2016/05/21

"കൌരവർ യുദ്ധം ജയിച്ചാൽ, ഇപ്പോൾ സർവസൈന്യാധിപ പദവി വഹിക്കുന്ന പിതാമഹന്റെ കൊട്ടാര ഭാവിയെന്താണ്?" കുരുക്ഷേത്രം ഒമ്പതാം ദിവസം രാത്രി യുദ്ധകാര്യ ലേഖകൻ ഭീഷ്മരെ പാളയത്തിൽ ഇടിച്ചു കയറി ചോദ്യം ചെയ്തു.

"കൌരവർ ഒരുക്കുന്ന വിമുക്തസൈനികരുടെ വൃദ്ധസദനത്തിൽ പട്ടുമെത്ത കിട്ടുന്നതിനേക്കാൾ നല്ലതല്ലേ പാണ്ഡവർ തരാവുന്ന ശരശയ്യ."

2016/05/22

"യുധിഷ്ഠിരനെ കാണാൻ പൂച്ചെണ്ടുമായി ഹസ്തിനപുരി രാജസഭയിൽ എത്തിയ ഈ ഗുരുവിന്റെ മുഖം കണ്ടു നല്ല പരിചയമുണ്ടല്ലോ", യുദ്ധകാര്യ ലേഖകൻ പതിവു പോലെ തലയ്ക്കു പിന്നിൽ കൈകൾ പിണച്ചു കെട്ടി കൊട്ടാരം ലേഖികയോട് അലസമായി പറഞ്ഞു.

"യുദ്ധത്തിൽ ഉയിർ പോവാതെ രക്ഷപ്പെട്ട ഏക കൗരവ സൈനികൻ എന്ന ദേശീയ ബഹുമതിയുമായി നമ്മുടെ അഭിവന്ദ്യ കൃപാചാര്യൻ അല്ലെ അത്. രാജ്യം പിടിച്ചടക്കിയ പുതിയ പാണ്ഡവ ഭരണാധികാരിക്ക് ആശംസയുമായി വന്നതാണ്. രാഷ്ട്രീയകാപട്യത്തിൽ യുധിഷ്ഠിരനെക്കാൾ ഒരു പണത്തൂക്കം മുമ്പിൽ ആണ് ഈ കാരണവർ എന്ന് വ്യക്തം."

"സർവസൈന്യാധിപ പദവി ഈ പ്രായത്തിൽ നിങ്ങൾക്ക് എടുത്താൽ പൊങ്ങാത്ത ഭാരമാവില്ലേ. എത്തും പിടിയും കിട്ടാത്ത മഹാ യുദ്ധമല്ലേ" കൊട്ടാരം ലേഖിക ഖേദിച്ചു. ദുര്യോധനൻ പടച്ചട്ടയും അധികാരപത്രവും കൊണ്ടു വരുന്നത് അക്ഷമയോടെ കാത്തിരിക്കയായിരുന്നു പിതാമഹൻ.

"ദുര്യോധനന്റെ അച്ഛൻ ധൃതരാഷ്ട്രരുടെ അമ്മ അംബികയുടെ ഭർത്താവ് വിചിത്രവീര്യൻ എന്റെ സമപ്രായക്കാരി സത്യവതിയുടെ ആദ്യ മകനാണ്, എന്ന നേരിയ പ്രായവിത്യാസം നിങ്ങൾ മാറ്റി വച്ചാൽ, എന്നെ പിതാമഹൻ എന്ന് വിളിച്ചു അപമാനിച്ച് സൈനിക തന്ത്ര ഉപദേശകന്റെ നിർജീവ പദവി തന്ന പോരാട്ടഭൂമിയിൽ നിന്ന് അകറ്റാൻ കർണൻ നടത്തുന്ന ഈ കുത്സിത ശ്രമം ഫലം കാണില്ല", ഭീഷ്മർ

കയ്യിൽ മൂർച്ചയുള്ള ആയുധവും കണ്ണിൽ ആളുന്ന തീയുമായി ഇരകളെ തേടി പാളയത്തിൽ അശാന്തമായി ചുറ്റി.

2016/05/23

“നാൽപ്പതു ലക്ഷം കൗരവ പാണ്ഡവ സഖ്യ കക്ഷി സൈനികരുടെ മൃതശരീരങ്ങൾ മറവു ചെയ്യാൻ ഇടമില്ലാതെ കാറ്റും വെയിലും കൊണ്ട് ജീർണിച്ചു കിടക്കുന്ന കുരുക്ഷേത്രയുടെ പരിസ്ഥിതി പരിപാലനത്തിന് സമഗ്ര പദ്ധതി ഉടൻ പാണ്ഡവ ഭരണകൂടം പ്രഖ്യാപിച്ചില്ലെങ്കിൽ... എന്ന ഭീഷണിയുമായി പ്രവിശ്യാ ഭരണാധികാരി ഹസ്തിനപുരി കൊട്ടാര ഗോപുര നടയിൽ ഇന്നലെ രാവിലെ മുതൽ മുദ്രാവാക്യം വിളിച്ചു ഒച്ച വക്കുന്നുണ്ടല്ലോ, കേട്ടില്ലേ” കൊട്ടാരം ലേഖിക നകുലനെ കുരുക്ഷേത്രയിൽ നേരിട്ടു.

“നിലവിലുള്ള പ്രവിശ്യാ ഭരണകൂടത്തിന്റെ ഭരണകാലാവധി അവസാനിക്കുകയാണ്, ഒന്നു നീട്ടിക്കൊടുത്താൽ തീരും പരേതസൈനികരുടെ ഭൌതികാവശിഷ്ട പ്രശ്നം ഉയർത്തിക്കാട്ടിയുള്ള അവരുടെ പരിസ്ഥിതി പ്രേമം”, യുധിഷ്ഠിരന്റെ ആദ്യ ഭീഷ്മസന്ദർശനത്തിനു വേണ്ടി ശരശയ്യക്ക് ചുറ്റും പ്രതിരോധവലയം തീർക്കുകയായിരുന്ന ചാരവകുപ്പു മേധാവി നകുലൻ നിസ്സാരമായി പറഞ്ഞു.

2016/05/24

“സത്യപ്രതിജ്ഞ ചെയ്തു യുധിഷ്ഠിരൻ സദസ്സിനോടു പുഞ്ചിരിക്കാതെ എന്തോ നിന്നോടു പിറുപിറുക്കുന്ന പോലെ എന്താ സംഗതി?” യുദ്ധകാര്യ ലേഖകൻ കൊട്ടാരം ലേഖികയോട് ചോദിച്ചു.

“യുദ്ധത്തിനു മുമ്പ് തന്നെ ഇളകുന്ന സ്വത്തെല്ലാം പൊന്നാക്കി നൂറു കൗരവരാജവധുക്കളുടെയും നാട്ടിലേക്ക് രഹസ്യമായി കടത്തിയിരുന്നു. ഇന്ന് രാവിലെ ഭണ്ഡാരം തുറക്കാൻ ഭീമനോട് പറഞ്ഞു. സഹദേവൻ മാത്രം മതിയായിരുന്നു തുറക്കാൻ. ഞങ്ങൾ കരുതിയ പോലെ പെട്ടി കാലി. നാളെ ഊട്ടുപുരയിലേക്കു വേണ്ട മൃഗമാംസത്തിനു വേണ്ടി ഗോശാലയിൽ പരതിയപ്പോൾ കണ്ടത് എല്ലും തോലുമായ വൃദ്ധമൂരികൾ. എങ്ങനെ ഞാൻ കുരുവംശം ഈ പ്രസ്ഥാനം ഇനി കൊണ്ട് നടക്കും. ഈ പരിദേവനവുമായി സിംഹാസനത്തിൽ അമരുന്ന ചക്രവർത്തിക്ക് (ചെങ്കോൽ ഇനിയും മഹാരാജാവ് ധൃതരാഷ്ട്രർ കൈമാറിയിട്ടില്ല) നീറുന്ന നോട്ടം തീൻശാലയിൽ രാവിലെ എന്ത് കിട്ടും അകത്താക്കാൻ എന്നാണ്.”

2016/05/25

“മാരകായുധങ്ങൾ തേടി നീണ്ട ദൌത്യത്തിലോ മറ്റോ ആണോ അഭിവന്ദ്യയുധിഷ്ഠിരൻ, ഇങ്ങനെ വികാര നിർഭരമായ യാത്രയയപ്പിന് കാരണമാവാൻ?” പാഞ്ചാലിയോടും മറ്റു നാലു പാണ്ഡവരോടുമായി കൊട്ടാരം ലേഖിക തലയിൽ കൈ വച്ച് ചോദിച്ചു.

“അക്ഷയപാത്രത്തിലെ സസ്യാഹാരം കഴിച്ചു മടുത്ത ഭീമൻ വെല്ലുവിളിച്ചു, ഒരു കാളയെ കട്ടു കൊണ്ട് വന്നു എത്തിക്കാമോ? അറക്കലും തൊലിയുരിക്കലും ഇറച്ചി

വെട്ടി പൊരിക്കലും അവൻ സ്വയം ചെയ്യാമെന്ന് വാക്കും. ഇന്ന് രാവിലെ 'കാരണവ'രെ പിരി കേറ്റി. നിസ്സാഹായതയിൽ ആ മനുഷ്യൻ ഒരു നായാട്ടിനിറങ്ങിയതാണ്. അടിമജീവിതതിലും മഹാരാജാ എന്ന അഭിസംബോധന പ്രതീക്ഷിക്കുന്നതു് കൊണ്ട് ഞങ്ങൾ ആവുന്നത്ര ആചാരപൂർവ്വം ചെയ്തു യാത്രയയപ്പ്", നിന്ദ മറച്ചു വക്കാതെ പാഞ്ചാലി പറഞ്ഞു. കാട്ടിടവഴിയിൽ നിന്ന് താഴോട്ടുള്ള ഇറക്കത്തിൽ യുധിഷ്ഠിരൻ കാലിടറി വീഴും മുമ്പ് ഒരു മരത്തിൽ പിടിച്ചു കിതക്കുന്നതു് അവർക്ക് കാണാമായിരുന്നു.

2016/05/26

"അധികാരമേറ്റ യുധിഷ്ഠിരൻ രാജസഭയിൽ വന്നു പരാതി പറയുന്ന പോലെ എന്തോ പ്രഖ്യാപിക്കുന്നതു കണ്ടു. എന്താ വിശേഷിച്ച്?" യുദ്ധകാര്യ ലേഖകൻ ചോദിച്ചു.

"പോരാട്ടത്തിൽ മുറിവേറ്റ കുരുക്ഷേത്രയിലെ ശരശയ്യയിൽ കിടക്കുന്ന ശത്രു സൈന്യനായകനു അടിയന്തിര വൈദ്യ ചികിത്സക്ക് പണം അനുവദിച്ചു. പാണ്ഡവർക്ക് യാത്ര ചെയ്യാൻ പുതിയ രഥങ്ങൾ ഉണ്ടാവില്ല. താമസിക്കാൻ കൌരവരുടെ അരമനകൾ കുടിയൊഴിപ്പിക്കില്ല. ഓരോ ഹസ്തിനപുരി കുടുംബത്തിനും ഓരോ അക്ഷയപാത്രം എന്ന പദ്ധതിക്ക് വേണ്ടി ആകാശചാരികളുമായി ആശയവിനിമത്തിൽ ഏർപ്പെട്ടും. ഇന്നത്തെ 'ഹസ്തിനപുരി പത്രിക' കണ്ടില്ലേ. മുഖ്യവാർത്ത പക്ഷെ തള്ളവിരൽ മുറിഞ്ഞ ഏകലവ്യന്റെ പരാതിയാണ്"

"വിരൽ ഗുരുദക്ഷിണയായി സ്വയം മുറിച്ചു ഗുരുവിനു കൊടുത്ത് എന്നോ, അയാൾ നിങ്ങളിൽ ബലം പ്രയോഗിച്ചു കടിച്ചു മുറിച്ചെടുത്തു എന്നോ? സൈനിക വിദ്യാഭ്യാസം സൗജന്യമെന്നു കരുതിയോ, അതോ ഒളിഞ്ഞിരുന്നു ചുളുവിൽ പഠിച്ചാൽ ഗുരു കണ്ടു പിടിക്കില്ലെന്ന് കരുതിയോ? സത്യം എന്നോടു പറഞ്ഞതിന് ഈ വെള്ളി നാണയം പ്രതിഫലമായി ഇരിക്കട്ടെ, ശിഷ്യന്റെ തള്ളവിരൽ വെട്ടിയെടുത്ത് ചവച്ചു തിന്നു വിശപ്പടക്കുന്ന ബ്രാഹ്മണ സൈനിക പരിശീലകർ കുരുവംശത്തിൽ എന്ന ഒരു ലേഖനത്തിന് വഴിയുണ്ടോ എന്ന് ഞങ്ങൾ പത്രാധിപരുമായി ആലോചിച്ചു നോക്കാം, അത്തരം വിചിത്ര സംഭാവമായാലേ വ്യാസൻ മഹാഭാരത ഇതിഹാസത്തിൽ തുന്നിച്ചേർക്കാൻ തുനിയൂ", യുദ്ധകാര്യ ലേഖകൻ നിഷാദയുവാവിനോട് വില പേശുന്ന പോലെ സംസാരിക്കുന്നത് കൊട്ടാരം ലേഖിക അലസമായി നോക്കി.

"അഞ്ചു പാണ്ഡവർ ഇടക്കൊന്നു തള്ളിയാൽ നീക്കാവുന്ന കാര്യങ്ങളേ യുദ്ധാനന്തര ഹസ്തിനപുരിയിൽ ഉള്ളൂ. മന്ത്രി പദവി ഉപേക്ഷിച്ചു ഞങ്ങൾ പറയുന്ന പോലെ ഉപദേശി എന്ന പദവിയിൽ ഒതുങ്ങി കൂടിയാൽ നിലവിൽ കിട്ടുന്ന രാജകീയ സൌകര്യങ്ങൾ നിങ്ങൾക്ക് തുടർന്നും കിട്ടും. അല്ലെങ്കിൽ ഉടൻ വനവാസത്തിനു പോവുന്നവരുടെ പട്ടികയിൽ ഒന്നാമൻ നിങ്ങളാവും അങ്ങനെയായിരുന്നു ചാരവകുപ്പ് മേധാവി നകുലൻ അഭിവന്ദ്യ വിദുരരെ പ്രലോഭിപ്പിച്ചതു്. സുരക്ഷയും വസതിയും സൗജന്യ ഭക്ഷണവും എല്ലാം ഈ വറുതിയിൽ വേണമെങ്കിൽ, കാരണവർ അതിൽ വീണു എന്ന് വേണം ഇപ്പോൾ കരുതാൻ" യുദ്ധകാര്യ ലേഖകൻ കൊട്ടാരത്തിൽ നിന്ന് അൽപ്പം ശുദ്ധവായു കിട്ടാൻ ഗംഗാ തീരത്തേക്ക് കൂട്ടുകാരിയുമായി നടക്കുകയായിരുന്നു.

2016/05/27

ഇന്നത്തെ 'ഹസ്തിനപുരി പത്രിക' യിലെ മുഖപ്രസംഗത്തിൽ നിന്ന്.

"ഒരു സംഘം യുദ്ധം തോറ്റു കഥാവശേഷരായപ്പോൾ പതിമൂന്നു കൊല്ലങ്ങൾ അക്ഷമയോടെ കാത്ത് നിന്നിരുന്ന വേറൊരു സംഘം അധികാരത്തിൽ കയറി എന്നതൊഴിച്ചാൽ ഹസ്തിനപുരിയിൽ കണ്ടത് പിടിപ്പുകേടിന്റെ ഭരണതുടർച്ച."

2016/05/28

"പാഞ്ചാലയിൽ നിന്ന് നവവധുവായി വന്ന്, ഹസ്തിനപുരിയിക്കും ഇന്ദ്രപ്രസ്ഥത്തിനും ഇടക്കുള്ള കുറഞ്ഞ ഒരു കാലയളവിൽ പരിചയപ്പെട്ട നൂറു കൌരവരേയും നിങ്ങൾ പേർ പറഞ്ഞു സ്വാഗതം ചെയ്തിരുന്നു എന്നോ? കൊള്ളാം, ഗാന്ധാരിക്കു പോലും ആവുമോ, ആ നൂറു മക്കളെ മക്കളെ തെറ്റാതെ പേർ വിളിക്കാൻ?"

കൊട്ടാരം ലേഖിക പരിഹസിച്ചു.

"കണ്ണ് കെട്ടി മക്കളെ കാണണ്ട എന്നു വച്ച ഗാന്ധാരിയെ പോലെയാണോ പഞ്ചേന്ദ്രിയങ്ങൾ പ്രവർത്തനക്ഷമമായ പ്രണയിനി?"

"ചോര തെറിപ്പിക്കാതെ പീഢിപ്പിച്ചു വിടാൻ പറ്റിയ വഴിയൊന്നും ആരും പറഞ്ഞു തന്നില്ലേ?" വസ്ത്രാക്ഷേപം നടത്തിയ അർദ്ധസഹോദരരെ രക്തരൂഷിത ഏറ്റുമുട്ടലിൽ കൊന്നു കൊലവിളിക്കേണ്ടി വന്ന ഭീമനെ കൊട്ടാരം ലേഖിക പാളയത്തിൽ സമീപിച്ചു. വെട്ടും കുത്തുമേറ്റ് വശം കെട്ട ഭീമമേനിയിൽ ഒരു മൂന്നാം ലിംഗ പാറാവുകാരൻ തൈലം പുരട്ടിക്കൊണ്ടിരുന്നു. കെടാറായ പന്തം പുകഞ്ഞു കത്തി.

"ഞാൻ അന്നേ പാഞ്ചാലിയോട്ട് പറഞ്ഞതാണ്, നിന്റെ മുമ്പിൽ തുണിയുരിച്ച് കിടത്തി, വരിയുടച്ച് ഒന്നൊന്നായി അവരെ മധുര പ്രതികാരം ചെയ്യാമെന്ന്. പക്ഷെ അവൾ കുപിതയായി താക്കീത് ചെയ്തു: ഒരിക്കൽ ആരാധകരായിരുന്നവരെ ധർമ യുദ്ധത്തിൽ കൊല്ലുന്നെങ്കിൽ കൊല്ലു, പക്ഷെ അവരുടെ പുരുഷത്വം മാനിക്കു.", വാക്ക് കിട്ടാതെ കിതച്ചു കൊണ്ടിരുന്നു കരൾ നീറിയ ആ ദുർബല പാണ്ഡവൻ.

2016/05/29

"സൈനിക മന്ത്രാലയത്തിന്റെ സ്വതന്ത്രച്ചുമതല വഹിക്കുന്ന ഭീമനെ ഹർഷാരവങ്ങളോടെ ഹസ്തിനപുരി പൌര സമൂഹം സ്വാഗതം ചെയ്തല്ലോ. അടുത്ത യുദ്ധം ആരോടാണ്?" കൊട്ടാരം ലേഖിക ചോദിച്ചു.

"ആരോഗ്യമുള്ള ആണുങ്ങൾ എല്ലാം കുരുക്ഷേത്രയിൽ ജീവത്യാഗം ചെയ്തതു കൊണ്ട് നിലവിൽ സജീവ സൈനികനായി ഞാൻ മാത്രമേ കാണൂ. സൈനിക ക്ഷേമ മന്ത്രാലയം എന്ന് പുനർ നാമകരണം ചെയ്ത കൗരവരാജ വിധവകളെ നൂറ് പേരെയും കുടിയൊഴിപ്പിച്ചു വൃദ്ധസദനത്തിലേക്കു മാറ്റി താമസിപ്പിക്കുന്ന ഉത്തരവാദിത്വം പൂർത്തിയാക്കാൻ നിങ്ങളും തരില്ലേ ഒരു കൈ? ഇതാ പുതിയ ഒരിനം കണ്ണാടി. ദൂരെ ദൂരെ ദക്ഷിണാപഥത്തിലെ ആറന്മുള നാടുവാഴി കൊടുത്തയച്ചതാണ്." "യഥാർത്ഥ മുഖം കാണാം" ഭീമൻ ഒരു കൊച്ചുകുട്ടിയുടെ നിറവോടെ പറഞ്ഞു.

2016/05/30

“അവസാനമായി, പാണ്ഡവർ നിങ്ങൾക്ക് ആരായിരുന്നു?” കുഴഞ്ഞുവീണ മണ്ണിൽ ചുരുണ്ട പാഞ്ചാലിയോട്ട് കൊട്ടാരം ലേഖിക നിർദ്ദയം ചോദിച്ചു. ഒരു നിലവിളി പോലെ ആ ഹിമാലയ താഴ്വരയിൽ ഇളംകാറ്റു പോലുമില്ലാതെ നിശബ്ദത കനത്ത് നിറഞ്ഞിരുന്നു. പാണ്ഡവർ തിരിഞ്ഞു നോക്കാതെ മുന്നോട്ടു കാൽ വച്ചു. സന്ധ്യ.

“അവർക്ക് വേണ്ട എന്റെ ശരീരഭാഗങ്ങൾ അവർ എക്കാലവും പരസ്പരം മത്സരിച്ചു ഓമനിച്ചു. അവർക്ക് വേണ്ടാതിരുന്ന എന്റെ മനസ്സ് ഇവിടെ എന്നെന്നേക്കുമായി ഇങ്ങനെ അവസാനിക്കട്ടെ”, കൊട്ടാരം ലേഖികയുടെ കൈ പിടിച്ചു പാഞ്ചാലി കണ്ണടച്ചു.

2016/05/31

“നിങ്ങൾ മൂന്നു പാണ്ഡവർ കണ്ടു നിൽക്കുമ്പോഴല്ലേ കൗരവർ അഭിമന്യുവിനെ ചവിട്ടിയും കുത്തിയും പച്ചക്ക് കൊന്നത്? നിങ്ങൾ അപ്പോൾ നിരായുധരൊന്നും ആയിരുന്നില്ലല്ലോ. ഒന്ന് ഇടിച്ചുകയറി ചക്രവ്യൂഹം ഭേദിച്ച് ആ കുട്ടിയെ പൊക്കി പുറത്തുചാടാൻ നിങ്ങൾക്കൊന്നും ആയില്ലേ?” കൊട്ടാരം ലേഖിക ചോദിച്ചു. അർജ്ജുന പുത്രന്റെ ശവദാഹം കഴിഞ്ഞു നാലു പാണ്ഡവർ യമുനയിൽ മുങ്ങി നിവരുന്ന സമയം.

“നൂറു പാണ്ഡവക്കുട്ടികൾ ന്യായമായി യുദ്ധത്തിൽ മരിച്ചാലും ഒരു കൗരവക്കുട്ടിയും അന്യായവധത്തിനു ഇരയാവരുത് എന്ന ദ്രോണവചനം ഗുരുകുലത്തിൽ പഠിച്ചത് അപ്പോൾ ഞങ്ങൾ ഓർത്തു.”

2016/06/01

“ദുര്യോധനന്റെ ആദ്യ ചരമവാർഷികത്തിൽ യുധിഷ്ഠിരന്റെ അനുസ്മരണ പ്രഭാഷണം കേൾക്കാൻ നീ ഇന്നലെ സന്ധ്യക്ക് പോയിരുന്നു അല്ലേ” യുദ്ധകാര്യ ലേഖകൻ കൂട്ടുകാരിയോട്ട് ചോദിച്ചു, “എന്തൊക്കെ അയാൾ പറഞ്ഞു എന്നതിനേക്കാൾ എന്തൊക്കെ പറയാതെ വിട്ടു?”

“ഒന്നും പറയാനില്ലാത്തവൻ വാചാലത കൊണ്ട് എല്ലാ ഓട്ടയും അടക്കും എന്ന് വിദുരർ ഒരിക്കൽ പറഞ്ഞത് ഓർമ വന്നു.” കൊട്ടാരം ലേഖിക ഗംഗയിലെ ചിറ്റോളങ്ങൾ തട്ടി വെള്ളം തെറുപ്പിച്ചു കൊണ്ടിരുന്നു.

2016/06/02

“ഒമ്പത് ദിവസം നിങ്ങൾ വിടാതെ അമ്പെയ്തിട്ടും ഒരു പാണ്ഡവതല പോലും വീണില്ല എന്ന ആരോപണവുമായി ദുര്യോധനൻ നിങ്ങളെ ആളും തരവും നോക്കാതെ ശല്യം ചെയ്യുന്നുണ്ടല്ലോ” യുദ്ധകാര്യ ലേഖകൻ ഭീഷ്മരോട്ട് കുശലം പറഞ്ഞു.

“ദരിദ്ര ബന്ധുക്കൾ എന്ന നിലയിൽ മാത്രമേ കൗരവർ ഇതുവരെ പാണ്ഡവരെ കണ്ടിരുന്നുള്ളൂ. ഇപ്പോൾ കുരുക്ഷേത്രയിൽ കാണുന്നത് ക്രൂരബന്ധുക്കൾ എന്ന പുതു പാണ്ഡവ പ്രതിച്ഛായയാണ്” പിതാമഹൻ ആയുധങ്ങൾ എറിഞ്ഞു ഒന്നു മുങ്ങി നിവരാൻ യമുനയിലേക്ക് ചാടി.

2016/06/03

“പാഞ്ചാലിയുടെ വിവാഹവാർഷികത്തിന് അനുമോദിക്കാൻ പോവുകയാണോ?” കൊട്ടാരം ലേഖിക ദുര്യോധനവിധവയോടു വിസ്മയത്തോടെ ചോദിച്ചു.

“പാരാവാരങ്ങൾ പുകഴ്ത്തിയ പ്രശസ്ത ദാമ്പത്യമല്ലേ. അംഗീകൃത ഭർത്താക്കന്മാർ പാണ്ഡവർ അഞ്ചു പേരാണെങ്കിലും കമിതാക്കൾ നൂറു പേരും കൌരവർ ആയിരുന്നില്ലേ.” വൃദ്ധസദനത്തിലെ മറ്റു തൊണ്ണൂറ്റി ഒമ്പതു് കൗരവ വിധവകളും അനുകൂലഭാവത്തിൽ തല ചെരിച്ചു.

“യുദ്ധത്തിൽ നിങ്ങൾക്കെതിരെ കൗരവർക്കൊപ്പം കൊമ്പു കോർത്ത കൃപാചാര്യൻ ഇതാ രാജസഭയിൽ നിങ്ങൾക്ക് വാ നിറയെ ആശംസ പറയുന്നു. ഇതെന്താ കാരണവർക്കൊരു മനം മാറ്റം?” സഭ പിരിഞ്ഞു അംഗങ്ങൾ ഊട്ടുപുരയിലേക്കു ധൃതിയിൽ നീങ്ങുമ്പോൾ കൊട്ടാരം ലേഖിക യുധിഷ്ഠിരനോടു ചോദിച്ചു.

“ഇന്ന് ഹസ്തിനപുരിയിൽ ഏറ്റവും വില പിടിച്ച വസ്തു ഊട്ടു പുരയിൽ കിട്ടുന്ന ഒരു നേരത്തെ സൗജന്യ ഭക്ഷണമാണ്, നിലപാടുതറയല്ല.”

2016/06/04

“ഒരു കൌരവന്റെ ജഡം കിട്ടിയില്ലല്ലോ. കിട്ടിയ തൊണ്ണൂറ്റി ഒമ്പതും സംസ്കരിച്ചു” യുദ്ധകാര്യ ലേഖകൻ ചിന്താക്കുഴപ്പത്തിൽ കൊട്ടാരം ലേഖികയോട് പറഞ്ഞു.

“നമുക്കും തെറ്റാം എണ്ണം. ഭീമൻ ചതച്ചു കൊന്ന കൌരവരുടെ ഭീകരരൂപങ്ങൾ നോക്കിയാൽ പഠിച്ച കണക്കു മറക്കില്ലേ. പോരാട്ട ഭൂമിയല്ലേ, ജീവനിൽ കൊതിയുള്ള ഒരു അവിശ്വസ്തകൌരവൻ ഒളിച്ചോടിയതുമാവാം.”

“കുരുക്ഷേത്രയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ പ്രത്യേകിച്ച്? യുദ്ധമാലിന്യനീക്കം കാര്യക്ഷമമാണെന്ന് നീ തന്നെയല്ലേ നേരിട്ടു പോയി കണ്ടു വാർത്ത ‘പത്രിക’യിൽ എഴുതിയതു്; യുദ്ധകാര്യ ലേഖകൻ വിമർശകന്റെ നോട്ടത്തോടെ കൊട്ടാരം ലേഖികയെ നോക്കി.

“പത്തു് നാല്പതു് ലക്ഷം വവ്വാലുകൾ പ്രവിശ്യാ ഭരണാധികാരികളുടെ ഔദ്യോഗിക വസതികളിൽ, ജാലകത്തിലും ഊട്ടുപുരയിലും കിടപ്പു മുറിയിലും കൂട്ടം കൂട്ടമായി കടന്നുകൂടിയാൽ പിന്നെ അവസ്ഥ അടിയന്തരമാവില്ലേ. പോരാട്ടത്തിൽ ജീവൻ വെടിഞ്ഞ ദുഷ്ടാത്മാക്കൾ എന്ന് കൃപാചാര്യൻ പറഞ്ഞതോടെ യുധിഷ്ഠിരൻ പ്രഖ്യാപനം വൈകിപ്പിച്ചില്ല.”

“എന്താ വ്യാസനുമായി പട്ടാപ്പകൽ ഒരു തർക്കം? ഒന്നുമില്ലെങ്കിൽ നിങ്ങളുടെയൊക്കെ ഔദ്യോഗിക ജീവചരിത്രകാരനല്ലെ?” കൊട്ടാരം ലേഖിക ചോദിച്ചു.

“അതു് തന്നെയാണ് തർക്കം. ഞങ്ങളുടെ ജീവിതം സാംസ്കാരിക പഠനം എന്ന നിലയിൽ വേണം വ്യാസൻ അവതരിപ്പിക്കാൻ എന്നു ഞങ്ങൾ നിലപാട് കനപ്പിച്ചു. വെറുതെ ഒരൊഴുക്കൻ ജീവിതാനുഭവം എന്ന നിലയിലുള്ള വ്യാസരചനാരീതി അസ്വീകാര്യമെന്നും. വേറെ കുടുംബ പ്രശ്നമൊന്നുമില്ല”, പുതിയ ഭരണകൂടത്തിന്റെ ചുമതലകളുമായി ഓടി നടക്കുകയാണ് യുദ്ധത്തിന്റെ പരിക്കുകൾ ഇനിയും തേഞ്ഞുമാഞ്ഞിട്ടില്ലാത്ത ശരീരവുമായി നകുലൻ.

2016/06/06

“കളരിഗുരുവിനെ ചതിച്ചു കൊല്ലാൻ നിങ്ങൾ പോരാട്ടഭൂമിയിൽ വഴിവിട്ടു നുണ പറഞ്ഞു എന്ന് കൌരവർ ഒച്ചവച്ചു പാടുന്നുണ്ടല്ലോ” യുദ്ധകാര്യലേഖകൻ യുധിഷ്ഠിരനെ പാളയത്തിൽ പിടികൂടി.

“സത്യമേ പറയൂ എന്ന പ്രശസ്തി നിങ്ങൾക്കൊരിക്കലും ഭാരമായി തോന്നിയിട്ടില്ല അല്ലെ?” ദ്രോണ വധത്തിന്റെ ആനന്ദലഹരിയിലായിരുന്ന അപ്പോഴും ആ മുതിർന്ന പാണ്ഡവൻ”, ആ ഭാരം ഇടക്കൊന്നു ഒന്നിറക്കി വെക്കാൻ ചില അർദ്ധസത്യങ്ങൾ പറയും.”

യുധിഷ്ഠിരൻ മുഖം താഴ്ത്തി തേങ്ങി:.

“ഹസ്തിനപുരിയുടെ ഉൾനാടുകളിൽ വറ്റി വരണ്ടു കിടന്ന കുളങ്ങളും കിണറുകളും മേലനങ്ങി വൃത്തിയാക്കി മഴവെള്ളം സംഭരിച്ചു ശുദ്ധജലസംഭരണികൾ ആക്കുന്നതായിരുന്നു എന്റെ അർദ്ധസഹോദരന്റെ രാജകീയവിനോദം. കിളക്കാനും കനം പൂട്ടാനും അറിയാത്തവന്റെ കയ്യിൽ ചെങ്കോൽ കൊടുക്കരുത് എന്ന് അവൻ ഹൃദ്യമായി താക്കീതു ചെയ്യുമായിരുന്നു. യുദ്ധത്തിന്റെ തലേന്ന് പോലും സ്വന്തം കൃഷിയിടത്തിൽ ജലസേചനം ചെയ്തു പ്രകൃതിയോടു കരുണ യാചിച്ചാണവൻ രാജ്യത്തിന്റെ സ്വാതന്ത്ര്യം പരിരക്ഷിക്കാൻ രണാങ്കണത്തിൽ ഇറങ്ങിയത്. ജീവത്യാഗം ചെയ്യുമ്പോഴും അവൻ തടാകതീരത്തായിരുന്നു എന്ന് ഞാൻ ഓർക്കുന്നു. എന്റെ ഭൌതികാവശിഷ്ടം തടാകജലത്തെ മലിനപ്പെടുത്തരുത്, അതുകൊണ്ട് എന്നെ മുടിയിൽ ആഞ്ഞു വലിച്ചു കരകയറ്റി തുടയിൽ അടിച്ചു കൊല ചെയ്യൂ എന്ന് പറഞ്ഞു അവൻ ഞങ്ങളോട് കർത്തവ്യം ചെയ്യാൻ പ്രേരിപ്പിച്ചു.”

“ദുര്യോധനവിധവ മുഖ്യ അതിഥിയായ നാളത്തെ അനുസ്മരണയോഗത്തിൽ നിങ്ങൾ ഇത് മികവോടെ തന്നെ ആവർത്തിക്കണം, മുഖം താഴ്ത്തി കണ്ണു തുടക്കണം. അത് കഴിഞ്ഞാൽ കൗരവരാജവിധവകളുടെ കുടിയൊഴിപ്പിക്കൽ.” ചൂണ്ടുവിരൽ ഉയർത്തി നകുലൻ യുധിഷ്ഠിരനെ പ്രഭാഷണം പഠിപ്പിച്ചു തിരക്കിൽ സ്ഥലം വിട്ടു.

2016/06/07

“കുരുവംശത്തിന്റെ കീഴിലുള്ള ഒരു പ്രവിശ്യയല്ലേ കുരുക്ഷേത്രം? പിന്നെ എന്താ നിങ്ങൾ ഒരിടഞ്ഞ അയൽരാജ്യത്തെ പോലെ ആക്രമണഭാഷയിൽ സംസാരിക്കുന്നത്?” കൊട്ടാരം ലേഖിക പ്രാദേശിക പ്രവിശ്യാ ഭരണാധികാരിയുടെ നേരെ വിരൽ ചൂണ്ടി.

“കുടിനീർ സ്രോതസ്സായ യമുനയുടെ തീരത്ത് പത്ത് പതിനെട്ടു ദിവസം അഴിഞ്ഞാടിയ അർദ്ധസഹോദരർ വരുത്തിക്കൂട്ടിയ പരിസ്ഥിതിനാശം, ശവം എണ്ണുന്ന തിരക്കിൽ നിങ്ങൾ ശ്രദ്ധിക്കാഞ്ഞത് ഞങ്ങളുടെ തകരാറാണോ? പുതിയ ഭരണകൂടം നീണ്ടകാല നഷ്ട പരിഹാരം തരണമെന്ന തദ്ദേശീയ വികാരം തുറന്നു പറഞ്ഞതിനാണോ രാജ്യദ്രോഹ കുറ്റം ചുമത്തി വായടപ്പിക്കാൻ ശ്രമം?” പ്രവിശ്യാ മേധാവി നിന്ന നിൽപ്പിൽ കിതച്ചു.

2016/06/11

"ഒരു മല്ലയുദ്ധം മതിയായിരുന്നില്ലേ, ഇത്രയധികം പരിസ്ഥിതിനാശം ഒഴിവാക്കി വീട്ടു മുറ്റത്ത് തന്നെ സ്വത്ത് തർക്കം ഒതുക്കി തീർക്കാൻ?", കൊട്ടാരം ലേഖിക കുരുക്ഷേത്രയിലെ ശരശയ്യയിൽ മേലെ ആകാശം നോക്കി മരണം കാത്തു കിടന്ന കാരണവരോടു ചോദിച്ചു.

"ശത്രുവിന്റെ കൈകാലുകൾ വലിച്ചു വേർപെടുത്തി പുതിയൊരു ജരാസന്ധവധം കളി ദുര്യോധനൻ അവതരിപ്പിക്കുമെന്ന് ഭീമൻ ഭയന്നു."

"തൊണ്ണൂറ്റിഒമ്പത് കൗരവരാജവിധവകൾക്കും സമാധാനപരമായി ഔദ്യോഗികരാജമന്ദിരങ്ങളിൽ നിന്ന് കുടിയൊഴിയാമെങ്കിൽ പിന്നെ നിങ്ങൾക്ക് മാത്രമെന്താ പടിയിറങ്ങാൻ ഇത്ര പ്രയാസം?", യുധിഷ്ഠിരൻ അന്തഃപുരത്തിന്റെ അകത്തേക്കു നോക്കി ഉച്ചത്തിൽ ചോദിച്ചു.

"നിങ്ങൾക്കെന്താ കാഴ്ച കുറഞ്ഞുവോ? ആ സ്ത്രീ കൗരവരാജവിധവയാണോ? അതോ നിങ്ങളുടെ പെറ്റതള്ളയോ?" പാഞ്ചാലി പിറുപിറുത്തു.

2016/06/12

"വിധവകൾക്കും വയോജനങ്ങൾക്കും മൂന്നു നേരം വയർ നിറയെ സൗജന്യഭക്ഷണം, അതല്ലേ ആദ്യ പരിഗണന?" കൊട്ടാരം ലേഖിക നിന്ദ ഒളിക്കാതെ യുധിഷ്ഠിരനോടു ചോദിച്ചു.

"അടിമത്ത നിർമാർജ്ജനം. വ്യാഴവട്ടക്കാല വനജീവിതം അതെന്തെന്നു ഞങ്ങളെ രാവുപകൽ പഠിപ്പിച്ചു. ഇനിയതു ഭർത്താക്കന്മാർ നഷ്ടപ്പെട്ട കൗരവരാജസ്ത്രീകൾക്ക് ഉണ്ടാവരുത്. അവർക്ക് ഭൃതാതുരതയുമായി അഭിരമിക്കാൻ ഗംഗയാറൊഴുകുന്ന ഉൾനാട്ടിൽ വൃദ്ധസദനം പണിയും. ആടിയും പാടിയും അവരവിടെ നാൾ കഴിക്കും", ഔദ്യോഗിക രാജമന്ദിരങ്ങളിൽ നിന്ന് കുരുക്ഷേത്രവിധവകളെ ബലം പ്രയോഗിച്ചു കുടിയൊഴിപ്പിക്കുന്ന കർമപരിപാടി തുടങ്ങുകയായിരുന്നു നന്നേ രാവിലെ പുതിയ ഹസ്തിനപുരി ഭരണാധികാരി.

"വഴിയിൽ കുഴഞ്ഞു വീണു കഥാവശേഷയായ പാഞ്ചാലിയെ മറവു ചെയ്ത ശേഷമാണ് ഓടിപിടഞ്ഞെത്തി നിങ്ങളെ ഇപ്പോൾ കണ്ടു മുട്ടിയത്. എങ്ങനെ ഓർക്കുന്നു ആ വിചിത്ര സ്ത്രീയെ?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് കിതച്ചു കൊണ്ട് ചോദിച്ചു.

"ആകസ്മികമായി ഞങ്ങളുടെ ദാമ്പത്യത്തിൽ വന്നു നീണ്ടകാല ദുരനുഭവങ്ങളിലൂടെ കടന്നു പോയി എന്ന അടിസ്ഥാന വസ്തുത മാറ്റി വച്ചാൽ, ആ സ്ത്രീയുടെ ജന്മാന്തരങ്ങളെ കുറിച്ചെന്തെങ്കിലും പറയാൻ ഞാൻ ഇപ്പോഴും അശക്തൻ. തിരക്കുണ്ട്. ഇനിയും വടക്കോട്ടുള്ള വഴിയിൽ ആരും നോക്കാനാളില്ലാതെ കൊഴിഞ്ഞു പോവേണ്ടവർ ഞങ്ങൾ പാണ്ഡവർ. വിട", അക്ഷമയോടെ മുന്നോട്ടു വച്ച കാലുമായി യുധിഷ്ഠിരൻ യാത്ര പറഞ്ഞു.

2016/06/13

"കുരുക്ഷേത്രയുദ്ധകാലത്ത് ധൃതരാഷ്ട്രർ ഗാന്ധാരിയെ ചുംബിക്കുന്നതു കണ്ടു എന്നാണു നിങ്ങൾ അഭിമുഖത്തിൽ ഇന്നലെ രാത്രി പറഞ്ഞു നിർത്തിയത്. ആ

സന്ദർഭം ഒന്നോർക്കാമൊ?" കൊട്ടാരം ലേഖിക രാജദാസൻ സഞ്ജയനോടു ചോദിച്ചു.

"അഭിമന്യു പിടഞ്ഞു നിലത്ത് വീണപ്പോൾ കഴുത്തിൽ ചവുട്ടി കർണൻ വിരലടയാളം കാണിച്ച് ശത്രു മരിച്ചു എന്ന് ദുര്യോധനനെ അറിയിച്ച വിവരം തത്സമയം ഹസ്തിനപുരിയിൽ കണ്ട ഞാൻ രാജാവിനെ അറിയിച്ചപ്പോൾ, സഹിക്കവയ്യാത്ത ആഹ്ലാദം കൊണ്ട് ധൃതരാഷ്ട്രർ അടുത്തു നിന്ന ഗാന്ധാരിയെ വലിച്ചടുപ്പിച്ചു തിരുവായിൽ തിരുവാ ചേർക്കുന്ന ആ ജുഗുപ്സാവഹമായ കാഴ്ച, അതാണോ നിങ്ങൾ പരാമർശിക്കുന്നത്?"

ഇതിഹാസരചനക്ക് ഒരു പനയോലക്കെട്ടുമായി കൊട്ടാരത്തിൽ തമ്പടിച്ചിരുന്ന വ്യാസനു മഹാഭാരത കഥ കണ്ടതും കേട്ടതും പറഞ്ഞു കൊടുക്കാൻ ഇടയ്ക്കിടെ ഇരുചെന്നികളിലും മുഷ്ടി കൊണ്ട് ഇടിച്ചു ഓർമപ്പേടകം തുറക്കുകയായിരുന്നു വൃദ്ധ സഞ്ജയൻ.

"എല്ലാവരും മടങ്ങാൻ ഒരുങ്ങുമ്പോൾ, നിങ്ങൾ മാത്രം ദുര്യോധനൻ തുടയോടിഞ്ഞു കിടക്കുന്ന ഇടത്തിൽ ഒറ്റയ്ക്ക് ചെന്ന് എന്തോ ചോദിക്കുന്ന പോലെ ദൂരെ നിന്നു തോന്നി" യുദ്ധകാര്യ ലേഖകൻ പാഞ്ചാലിയോടു പിറു പിറുത്തു.

"നിങ്ങൾ, നിങ്ങൾ തന്നെയല്ലേ ജീവകാലം മുഴുവൻ എന്നെ തുണിയുടിപ്പിച്ചും അഴിച്ചും വേട്ടയാടിയ കൌരവപ്രമാണി എന്ന് ഞാൻ ചോദിച്ചു. ഒരിറ്റു വെള്ളത്തിന് യാചിച്ചപ്പോൾ മുലപ്പാൽ ഇറ്റിറ്റായി വായിൽ ഒഴിച്ചു കൊടുത്തു. അത് നുണച്ചു കുടിച്ചയാൾ ശാന്തമായി."

2016/06/14

"വനവാസക്കാല അഭിമുഖങ്ങളിൽ പതിവാണ്", "ഞാൻ കൗരവഅടിമ" എന്ന നിങ്ങളുടെ അഭിമാനബോധം. സ്വതന്ത്ര ചിന്തയുള്ള ആധുനികവനിതയെന്ന പൊതുസങ്കൽപ്പമുള്ള നിങ്ങൾക്കെങ്ങനെ കഴിയുന്നു, ഒരു പക്ഷെ ഭയം കൊണ്ടാണെങ്കിൽ പോലും, സ്വയം ഇങ്ങനെ ചുരുങ്ങാൻ?" കൊട്ടാരം ലേഖിക ചോദിച്ചു.

"വസ്ത്രാക്ഷേപം മാത്രമേ കൌരവർ ചെയ്തുള്ളൂ. നഗ്നമേനിയുടെ ദൃശ്യചാരുത ആസ്വദിക്കട്ടെ എന്നാണവർ പുഞ്ചിരിച്ചു പറഞ്ഞത്. തുണിയൂരും മുമ്പ്, തുടയിൽ ഇരിക്കൂ എന്നായിരുന്നില്ലേ ദുര്യോധനൻ ക്ഷണിച്ചത്? ഇനി യുധിഷ്ഠിരനോട് രഹസ്യമായി ചോദിക്കൂ, അയാളും നാലു സഹോദരന്മാരും ഇക്കാലവും എന്നെ എവിടെ ഇരുത്തിയാണ് നഗ്നമേനി ദുരുപയോഗം ചെയ്യുക എന്ന്."

2016/06/15

"സ്മൃതിനാശം വന്ന കുന്തിയെ നിങ്ങൾ ആട്ടിത്തെളിയിച്ച് കാട്ടിലേക്കയച്ചു എന്നാണു കൃപാചാര്യൻ പറയുന്നത്. വല്ല കഴമ്പുമുണ്ടോ ആരോപണത്തിൽ?", കൊട്ടാരം ലേഖിക ചാരവകുപ്പ് മേധാവി നകുലനോടു ചോദിച്ചു.

"കുന്തിയുടെ സ്മൃതിനാശം ഞങ്ങൾ ഖാണ്ഡവവനത്തിലേക്ക് കുടിയേറും മുമ്പ് തന്നെ കൃപാചാര്യനടക്കം ഹസ്തിനപുരിയിൽ എല്ലാവർക്കും വ്യക്തമായിരുന്നല്ലോ. ഞങ്ങളുടെ കൂടെ വരൂ അമ്മാ എന്ന് ക്ഷണിച്ചപ്പോൾ, നീ എപ്പോഴാണ് എന്റെ മകനായത്, എനിക്കൊരു മകനേയുള്ളൂ അവൻ തേജസ്വിയായ സൂര്യപുത്രൻ" എന്നാ

ണവർ ഞങ്ങൾ പാണ്ഡവരുടെ സാനിധ്യത്തിൽ പറഞ്ഞത്. വയോജനനങ്ങൾക്കും വേണം അന്ത്യദിനങ്ങളിൽ വിശ്രമം എന്ന ഗുരുകുല സംവാദത്തിലേക്ക് പോവാൻ തേരിൽ കയറുകയായിരുന്ന ആയിരം പൂർണചന്ദ്രന്മാരെ കണ്ട മാദ്രിപുത്രൻ.

2016/06/16

“കാട്ടുകുടിലിൽ പന്ത്രണ്ട് വർഷം ഇനി കൗരവഅടിമ എന്ന ശിക്ഷ നിങ്ങളെ ആലോസരപ്പെടുത്തുന്നുണ്ടോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“ദുരഭിമാനി യുധിഷ്ഠിരന്റെ പിടിപ്പുകേടിൽ തൂങ്ങിപ്പിടിക്കുകയാണ് കാലാതിവർത്തിയായി മാറാൻ സാധ്യതയുള്ള ഇതിഹാസം എന്നതാണ് എന്നെ ചിന്താകുഴപ്പത്തിലാക്കുന്നത്.”

“നിങ്ങൾ അഞ്ചു പാണ്ഡവർക്കിടയിൽ പരസ്പരം സ്പർദ്ധ വളർത്തി മാനസികമായി തളർത്താൻ കൌരവർ നിയോഗിച്ച ചാരവനിതയാണ് പാഞ്ചാലി എന്ന ആരോപണം ഹസ്തിനപുരിയിൽ വ്യാപകമാണല്ലോ”, കൊട്ടാരം ലേഖിക ചോദിച്ചു.

“ദുര്യോധനൻ അവൾക്കു രഹസ്യമായി അയച്ചു കൊടുക്കുന്ന സുഗന്ധതൈലം അവൾ കുളികഴിഞ്ഞു നഗ്നമേനിയിൽ പുരട്ടുമ്പോൾ ഭർത്താക്കന്മാരിൽ കാണുന്ന തിടുക്കം, മത്സരം, ഊഴം തെറ്റിച്ചു അവളെ കൈവശപ്പെടുത്താനുള്ള ആവേശം എല്ലാം വിരൽ ചൂണ്ടുന്നത് പാഞ്ചാലി കൌരവരുടെ ഒരു രാഷ്ട്രീയ ഉപകരണം എന്നു തന്നെ. തെളിവ് കൂടുതൽ കിട്ടട്ടെ ഹസ്തിനപുരി പത്രികയുമായി പങ്കു വക്കാം” ചാരവകുപ്പിന്റെ സ്വതന്ത്ര ചുമതല പ്രതീക്ഷിക്കുന്ന നകുലൻ നയപരമായി പറഞ്ഞു.

“പാഞ്ചാലി കുട്ടികളെ നോക്കാത്തതു കണ്ടു മനസ്സു തപിച്ചാണ് നിങ്ങൾ അവരെ പാഞ്ചാലയിൽ കൊണ്ടു പോയി വളർത്താൻ ഏൽപ്പിച്ചത് എന്നോ?” അവിശ്വാസം നിഴലിക്കുന്ന ശബ്ദത്തിൽ കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിയോട് ചോദിച്ചു.

“കൊച്ചുകുഞ്ഞിന് ഭക്ഷണം കൊടുക്കാതെ എന്തിനാണ് നീ കഷ്ടപ്പെടുത്തുന്നത് എന്നു ഞാൻ ചോദിച്ചാൽ, അതു നിങ്ങളുടെ കുട്ടിയല്ലല്ലോ പിന്നെന്താ എന്നവൾ ഞങ്ങൾ അഞ്ചു പേരോടും ഊഴം വച്ചു തിരിച്ചടിക്കും. കുട്ടികൾ ആരുടെ ആയാലും അവർ വിശന്നു വാവിട്ടു നിലവിളിക്കുന്നത് കാണാൻ ആവാതെ ഞങ്ങൾ അവരെ അവൾ അറിയാതെ കൊണ്ടു പോയി സുരക്ഷിതസ്ഥാനത്ത് ഏൽപ്പിച്ചു”, പറഞ്ഞു തീരുമ്പോൾ നകുലന്റെ കണ്ണുകൾ നിറഞ്ഞു ശബ്ദം ഇടറി.

2016/06/17

“അച്ഛനെ കുറിച്ചൊരു ഓർമ വായനക്കാരുമായി പങ്കിടാമോ?” പുതിയ ഭരണാധികാരിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കാട്ടുകുടിലിൽ, പരുക്കൻതറയിൽ പായിൽ ചുരുണ്ടു കിടന്ന അച്ഛനെ ഞാൻ എന്റെ പതിനാറാം പിറന്നാളിന്, കുളിച്ചു കുറിയിട്ട് വന്ദിക്കാൻ അറച്ചറച്ചു കാൽവച്ചു ചെന്നതായിരുന്നു. എന്നെ കണ്ടപ്പോൾ ആ മുഖം ഇരുണ്ടു. ഇന്നെന്റെ ജന്മദിനമെന്നു ഞാൻ കൈകൂപ്പി പറഞ്ഞപ്പോൾ, ആരാടാ നിന്റെ ബീജദാതാവ് എന്നു അശ്ലീലമായ കൈ ചലനത്തോടെ അപശബ്ദമുണ്ടാക്കി അയാൾ വെല്ലുവിളിച്ചു. യമൻ എന്നു ഞാൻ മൃദുവായി പറഞ്ഞപ്പോൾ അയാൾ ആഭാസകരമായി പൊട്ടിച്ചിരിച്ചു.

അൽപ്പവസ്ത്രയായ ചിറ്റമ്മ മാദ്രി ആ സമയത്ത് മുറിക്കകത്ത് കടന്നപ്പോൾ, പുറത്തു പോവാൻ ഞാൻ മുഖം തിരിച്ചപ്പോൾ, അതാ മുറ്റത്ത് പോത്തിൻപുറത്തിരുന്ന കാലൻ അച്ഛന്റെ നേരെ എറിയാനായി കയ്യിലെ നീണ്ട കയർ കുരുക്കിടുന്നു. പിറ്റേന്നു കുടിലിന്നരികെ ഉണക്കവിറക് കൂട്ടി ചിത കത്തിക്കുമ്പോൾ, ഞങ്ങൾ ഏഴു പേർക്കൊപ്പം കൂട്ടിനുണ്ടായിരുന്നത് ദിവ്യതേജസ്സുള്ള ഒരു തെണ്ടിപ്പട്ടി മാത്രം.", മൺമറഞ്ഞ പിതാവിന് സ്മാരകം നിർമ്മിക്കുന്ന തീരുമാനം രാജ്യസഭയിൽ അറിയിച്ച് ഊട്ടുപുരയിലേക്കു പോവുകയായിരുന്നു യുധിഷ്ഠിരൻ.

2016/06/20

"യുദ്ധം ജയിച്ച് ചെങ്കോൽ പിടിച്ചെടുത്ത പാണ്ഡവർ യാഗം ചെയ്തു ഐശ്വര്യത്തിൽ കഴിയുന്ന ഹസ്തിനപുരിയിൽ നിന്നാണ് ഞാൻ നിങ്ങളെ തേടി വരുന്നത്. ഇങ്ങനെ ജീവിതസായാഹ്നം ദുരിതത്തിൽ കഴിയേണ്ടവരാണോ നിങ്ങൾ ഇതിഹാസകഥാപാത്രങ്ങൾ?", ധൃതരാഷ്ട്രർ, ഗാന്ധാരി, കുന്തി, വിദുരർ എന്നിവർ എല്ലും തോലുമായി ആ വനാശ്രമത്തിൽ.

"ഞങ്ങളെ കൊന്നു തിന്നാൻ വിധിക്കപ്പെട്ട മാംസഭോജികൾ ഈ ശോഷിച്ച ശരീരം കണ്ടു മടുപ്പോടെ മടങ്ങി. ഞങ്ങൾ അസ്തിത്വ പ്രതിസന്ധി നേരിടുകയാണ്. പരസ്പരം കൊന്നു ജീവനൊടുക്കാൻ പോലും ഞങ്ങൾക്കിന്നു പേശികളിൽ കരുത്തില്ല", വിദുരർ വിവശ സ്വരത്തിൽ പറഞ്ഞു.

2016/06/22

"തല ചായ്ക്കാൻ ഒരു വൃദ്ധസദനം തേടി ദുര്യോധനഭാര്യയുടെ നേതൃത്വത്തിൽ, പാഞ്ചാലിയുടെ വേനൽക്കാലവസതിക്കു മുമ്പിൽ കുടിയൊഴിക്കപ്പെട്ട കൗരവരാജവിധവകൾ വെറും നിലത്ത് കിടന്നു മരണം വരെ ഉപവസിക്കുമെന്നു ഭീഷണി മുഴക്കിയല്ലോ, പ്രതികരിക്കാമൊ?" കൊട്ടാരം ലേഖിക വെല്ലുവിളിച്ചു.

"പുതിയ ഭരണകൂടത്തിൽ, മഹാറാണിയുടെ രാവു പകൽ സുരക്ഷക്ക് കൂട്ട് പഴയ ഗാന്ധാരകരിമ്പൂച്ചകൾ അല്ല, പാണ്ഡവവേട്ടപ്പട്ടികൾ ആണ്. ഇതൊരു ഭീഷണിയല്ല, കുറച്ചു വാക്കുകളിൽ ഔദ്യോഗിക അറിയിപ്പ് മാത്രം" പുതിയ മഹാരാജാവ് യുധിഷ്ഠിരൻ കുതിരപ്പുറത്തേക്കു പരസഹായമില്ലാതെ കയറി.

2016/06/23

"കഴുത്ത് കടിച്ചു മുറിച്ച് ചോര ഊറ്റിക്കുടിച്ചു നിങ്ങളെന്താ പിടച്ചിൽ തീരാത്ത കുഞ്ഞാടിൻ ഉടൽ കഴുകന് വലിച്ചെറിഞ്ഞത്? വറുത്തരച്ച എണ്ണയിൽ പൊരിച്ചു കൂട്ടം കൂടി മദ്യത്തിനൊപ്പം ആർമാദിച്ചു തിന്നു കൂടെ?", കൊട്ടാരം ലേഖിക അഭിവാദ്യം ചെയ്തു കുശലം ചോദിച്ചു.

"ഘാതകർ എന്നു നിങ്ങൾ ഹസ്തിനപുരി പത്രിക വിശേഷിപ്പിച്ചതും പോരാതെയാണോ, ഇനി ഞങ്ങളെ മാംസഭോജികൾ എന്നു കൂടി വിളിക്കാൻ കൊതിക്കുന്നത്?", ആടിയുലഞ്ഞു കൊണ്ടു ഭീമൻ ഇരു കൈകൾ വായുവിൽ ആഞ്ഞു വീശി അദൃശ്യ ശത്രുവിന്റെ ആക്രമണം പ്രതിരോധിച്ചു.

2016/06/25

“കാട്ടിൽ വേട്ടയാടി കൗമാരം വരെ നിങ്ങൾക്കൊപ്പം കൂട്ടായി കഴിഞ്ഞ യുധിഷ്ഠിരന്റെ പ്രകൃതത്തിൽ എങ്ങനെ കാപട്യം മായാത്ത മുഖമുദ്രയായി?” കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“കാപട്യത്തെ കാരണവർ കണ്ടത് ജനിതക വൈകല്യമായല്ല, ജന്മസൗഭാഗ്യമായാണ്. വേട്ടമൃഗമാംസം ആരോരുമറിയാതെ പൊരിച്ചു തിന്നു ചിറി കഴുകി, ‘ഞാൻ തീർത്തും സസ്യാഹാരി’ എന്നു മേനി പറയുന്ന ഒരു കൗമാരകാലയുധിഷ്ഠിരനെ ഞാൻ ഇതാ ഓർത്തെടുക്കുന്നു.”, നകുലന്റെ നോട്ടം ഭൂതകാലത്തേക്കു പാഞ്ഞു.

2016/06/26

“വികസിത ഹസ്തിനപുരിക്കായി ഭരണകൂടത്തെ അടിമുടി നവീകരിക്കുമെന്നു താങ്കൾ ആദ്യദിനം അവകാശപ്പെട്ടല്ലോ. എന്തായി?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ഭരണകൂടം എന്നു പറയാൻ ഞങ്ങൾ അഞ്ചു പാണ്ഡവർ മാത്രമേ ഇപ്പോൾ ഉള്ളു. ആയിരം പൂർണചന്ദ്രന്മാരെ കണ്ടിട്ടും ആയുസ്സിന്റെ ബലം കൊണ്ടു ഇവിടെ വന്നു കൂടുതൽ രക്തച്ചൊരിച്ചിൽ ഇല്ലാതെ ചെങ്കോൽ തട്ടിയെടുക്കാൻ കഴിഞ്ഞതാണെന്റെ ആദ്യനേട്ടം”, താൻ പുറപ്പെടുവിച്ച ഉത്തരവുകൾ തള്ളിക്കളയുന്ന തിരക്കിൽ ആയിരുന്ന അനുജന്മാരെ നോക്കി യുധിഷ്ഠിരൻ ജാള്യതയോടെ പുഞ്ചിരിച്ചു.

2016/06/29

ട് “നായാട്ടിനു നാലുവഴിക്ക് പോകേണ്ട അഞ്ചുപേരും പായ വിരിച്ചു പകൽ സമയത്ത് ഇങ്ങനെ കിടക്കുകയാണോ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് പുഞ്ചിരിയോടെ ചോദിച്ചു.

“മഴക്കാലമാണ്, യുദ്ധം വേണ്ടി വരികയാണെങ്കിൽ സുഖചികിത്സക്ക് പറ്റിയ സമയമല്ലേ എന്ന് അടുത്ത ആശ്രമത്തിലെ ആചാര്യൻ ചോദിച്ചപ്പോൾ, രഹസ്യമായി ആശ്രമവാസിയെ വിട്ട് ദുര്യോധനന്റെ അനുമതി വാങ്ങി. ഇപ്പോഴും ഞങ്ങൾ അടിമകൾ. പാണ്ഡവർക്ക് വാതത്തിന്റെ അസുഖമുണ്ടെന്നു ഞാൻ വെച്ച് കാച്ചി. മൂന്നു നേരവും വേവിച്ചു കൊടുക്കു എന്ന് പറഞ്ഞു ഒരു ചാക്ക് മുതിര ആ മഹാശയൻ കഴുതപ്പുറത്ത് ഉടൻ അയച്ചു തന്നു. രാവിലെ വേവിച്ചു കഴിച്ച ആ മുതിരയുടെ ബലത്തിൽ എത്ര വേഗം ഇവർ മയങ്ങിപ്പോയി എന്നു നോക്കു” അടിയൊഴുക്കുകൾ നിറഞ്ഞ ശരീരഭാഷയിൽ പാഞ്ചാലി സംസാരിച്ചു.

2016/07/01

“എപ്പോഴാണ് പാഞ്ചാലി നിങ്ങളോടൊക്കെ ഒന്ന് കയർത്ത് സംസാരിക്കുക?”, കൊട്ടാരം ലേഖിക, തൊഴിലിന്റെ ധൈര്യത്തിൽ, ചോദിച്ചു

“അടുത്തുള്ള ആശ്രമങ്ങളിൽ കൗരവ ആജ്ഞ അനുസരിച്ചു കയറിച്ചെന്നു ജൈവമാലിന്യം ശേഖരിച്ചു ദൂരെ കുഴി കുത്തി മൂടി വരുമ്പോൾ, വെയിൽ പൊങ്ങി അവൾ മേലാകെ മലിനമായി ക്ഷീണിച്ചു വിയർത്തിരിക്കും. ദുര്യോധനൻ നേരിട്ടു കൽപ്പിച്ചു

കൊടുത്ത ആ നിത്യ ജോലി അടിമ എന്ന നിലയിൽ അവൾ കാര്യക്ഷമതയോടെ ചെയ്യും. അപ്പോൾ ഞങ്ങൾ ഉറക്കമുണർന്ന് ഈ തറയിൽ ഇരുന്നു, വെയിൽ വീഴാത്ത തണലിൽ, ഇടക്കിടെ അക്ഷയപാത്രത്തിൽ കയ്യിട്ടുവാരി ചൂത് കളിക്കുകയാവും. ഒന്നും ചെയ്യാൻ ഇല്ലെങ്കിൽ പോയി ദിവ്യാസ്ത്രം വല്ലതും സംഘടിപ്പിക്കണം എന്നവൾ വിരൽ ചൂണ്ടി കയർത്ത് ആജ്ഞാപിക്കും പിന്നെ പൊട്ടിക്കരയും. ഞങ്ങൾ അതൊന്നും കണ്ടു, കേട്ടു എന്നു നടിക്കാതെ തീറ്റയും കളിയും തുടരും" അർജ്ജുനൻ നീരസത്തോടെ പറഞ്ഞു.

2016/07/02

"നമ്മുടെ അഴുക്കൊക്കെ പെറുക്കി കൂട്ടി കലത്തിൽ ഇട്ടു കൊണ്ടുപോവുന്ന ആ ഭംഗിയുള്ള സ്ത്രീ ആരാണമ്മാ?", വിടർന്ന കണ്ണുകൾ ഉള്ള കുട്ടി ചോദിച്ചു.

"അതൊരു അടിമയാണ് മോനേ. നമ്മുടെ യുവരാജാവ് ദുര്യോധനൻ അവൾക്കു പന്ത്രണ്ടു കൊല്ലത്തെ കഠിന ശിക്ഷ കൊടുത്തിരിക്കയാണ്", അമ്മ ആശ്വസിപ്പിച്ചു.

"ഇങ്ങനെ മാലിന്യം ചുമക്കുന്ന അടിമയാവാൻ എന്തു തെറ്റ് ആ സ്ത്രീ ചെയ്തു, അമ്മാ?", കുട്ടി ചോദിച്ചു.

"ഭർത്താക്കന്മാർ ലഹരിയിൽ അവളെ കൗരവരുമായി രാജസഭയിൽ പരസ്യരതിക്ക് നിർബന്ധിച്ചപ്പോൾ അവൾ എതിർക്കാതെ നിന്ന് കൊടുത്തതിനു നീതിമാനായ ദുര്യോധനൻ കൊടുത്ത മാതൃകാപരമായ ശിക്ഷ."

2016/07/03

"കൃപാചാര്യൻ ഇത്ര നേരത്തെ?", ഉറക്കമുണർന്നു വന്ന യുധിഷ്ഠിരൻ കണ്ണു തിരുമ്പി നീരസം കാണിച്ചു.

"പ്രതിരോധ മന്ത്രാലയം താങ്കൾ അടച്ചുപൂട്ടുന്നു എന്ന് 'ഹസ്തിനപുരി പത്രിക' യിൽ വായിച്ചു."

"നിങ്ങൾക്കറിയാമല്ലോ, കാലന്റെ മകൻ ആണെങ്കിലും സമാധാനപ്രിയനാണ് ഞാൻ." യുധിഷ്ഠിരൻ നെഞ്ച് വിരിച്ചു.

"കുരുക്ഷേത്രയിൽ നിന്ന് ജീവനോടെ രക്ഷപ്പെട്ട ഒരേ ഒരു കൗരവപക്ഷ സൈനികൻ ഞാനാണ്. സർവസൈന്യാധിപ പദവി തന്നു പുതിയ സൈനിക മന്ത്രാലയം സജീവമാക്കാൻ അനുമതി തരണം."

"ജീവനും കൊണ്ട് യുദ്ധത്തിൽ നിന്നു രക്ഷപ്പെട്ട ഒരു ധീരൻ കൂടിയില്ലേ, അവസാന സർവ സൈന്യാധിപൻ അശ്വത്ഥാമാവ്? നിങ്ങളുടെ സഹോദരീപുത്രൻ, ദ്രോണന്റെ മകൻ. ഞങ്ങളുടെ മക്കളുടെ അന്തകൻ. അയാൾക്കുണ്ടായ അന്ത്യവിധി നിങ്ങൾക്ക് വേണോ അതോ, അടുത്ത കിരീടാവകാശി പരീക്ഷിത്തിനെ ഹരിശ്രീ പഠിപ്പിക്കുന്ന അധ്യാപകജോലി വേണോ? എത്ര കാലം നിങ്ങളെ പഴയ ഗുരു എന്ന നിലയിൽ ഞങ്ങൾ എഴുന്നെള്ളിക്കും. നാളെ രാജസഭയിൽ വന്നു വിവരം പറയൂ."

യുധിഷ്ഠിരൻ പുറം തിരിഞ്ഞു.

2016/07/04

"ഇന്ന് പാണ്ഡവർ ഊട്ടുപുരയിൽ വല്ലാത്തൊരു തിമിർപ്പിലാണ്. ഏതോ ധനിക ഹസ്തിനപുരി കർഷകന്റെ ധാന്യപ്പുര കൊള്ളയടിച്ചവർ അക്ഷയപാത്രം നിറച്ചിരിക്കുന്നു. പത്തു കൈകളും മത്സരക്ഷമതയോടെ ഭക്ഷണം വാരി അഞ്ചു വായകളിൽ നിറക്കുമ്പോൾ, നിങ്ങൾ ഇവിടെ ഒറ്റക്കു അത്താഴപട്ടിണി, ഇതെന്താ ഈ അസമത്വം നിങ്ങൾ പ്രതിഷേധിക്കാതെ?" കൊട്ടാരം ലേഖിക ചോദിച്ചു.

"ഈ ശരീരത്തിന്റെ പൂർണ ഉത്തരവാദിത്വം പാണ്ഡവർക്കാണ്. അതിന്റെ മേനിക്കൊഴുപ്പും തേയ്മാനവും അവർ തന്നെ വീതിച്ചെടുക്കട്ടെ", നിലാവിൽ കുളിച്ച ഹിമാലയ താഴ്വരയെ തുറന്ന ജാലകത്തിലൂടെ നോക്കി പാഞ്ചാലി നിസ്സാരമായി പറഞ്ഞു.

2016/07/05

"പാഞ്ചാലി നിത്യവും വന്നു മാലിന്യം നീക്കുമെങ്കിലും പാണ്ഡവർ സഹായിക്കാറില്ല. നകുലൻ വരുമായിരുന്നു. ഞങ്ങളിൽ ആരാണ് ദുര്യോധനന്റെ ചാരൻ എന്നു നകുലനു അറിയാമെന്നു തോന്നിയപ്പോൾ, ചങ്ങാത്തം നിർത്തി വിവരം അറിയിക്കേണ്ടവരെ അറിയിച്ചു. അടിമകളുടെ ഉടയതമ്പുരാൻ ദുര്യോധനൻ ഉണ്ടോ അടങ്ങുന്നു, ആശ്രമങ്ങളിൽ നിന്ന് ജൈവമാലിന്യശേഖരണം തുടർന്നും പാഞ്ചാലിയുടെ ചുമതല ആണെങ്കിലും, കുഴിവെട്ടി സംഗതി കുഴിച്ചു മൂടേണ്ട പണി നകുലനു നൽകി ഹസ്തിനപുരിയിൽ നിന്ന് ഉത്തരവായി. ഇപ്പോൾ ഞങ്ങളെ കണ്ടാൽ നകുലൻ പല്ല് ഞെരിക്കും. പാണ്ഡവർ അധികാരം പിടിച്ചടക്കിയാൽ മതേതരരാജ്യമായി ഹസ്തിനപുരിയെ ഔദ്യോഗികമായി പ്രഖ്യാപിച്ച്, രാഷ്ട്രീയം കളിക്കുന്ന ആശ്രമങ്ങൾക്ക് ധനസഹായവും സുരക്ഷയും നിർത്തുമെന്ന് ഞങ്ങളെ ഭീഷണിപ്പെടുത്തും."

അടിമപാണ്ഡവർ ശിക്ഷ അനുഭവിക്കുന്ന വനമേഖലയിലെ സന്യാസാശ്രമങ്ങളുടെ സംഘടന കാര്യദർശി ഹസ്തിനപുരി പത്രിക ലേഖികയോട്:

2016/07/06

"നിങ്ങൾ?", നഗരാതിർത്തിയിലെ വഴിയോര തീൻശാലയിൽ കണ്ട മുഖംമൂടിയെ തിരിച്ചറിഞ്ഞ കൊട്ടാരം ലേഖിക തലയിൽ കൈ വച്ചു", ഇവിടെ?"

"കുറച്ചുകാലമായി ചാരവകുപ്പിന്റെ സ്വതന്ത്രചുമതല വഹിക്കുന്ന നകുലൻ സമാന്തര അധികാരകേന്ദ്രമാവുന്നു എന്ന ഉൾവിളിയിൽ ഞാൻ തലയിൽ മുണ്ടിട്ട് രണ്ടും കൽപ്പിച്ചു ഒന്നു ഇറങ്ങിയതാണ്. പൊതുജനമനമറിയുന്നതിൽ കുതിരപ്പന്തികൾക്കും വഴിയമ്പലങ്ങൾക്കുമുള്ള പ്രസക്തി നിങ്ങൾക്കറിയാമല്ലോ. ഹസ്തിനപുരി പത്രികയുടെ പ്രഖ്യാപിത രാജ്യസ്നേഹത്തെ മാനിച്ചു എന്റെ ഈ വേഷംകെട്ട് നിങ്ങൾ വിവാദമാക്കരുത്.", പൊയ്മുഖം നീക്കാതെ, ചുറ്റും കണ്ണോടിക്കേ യുധിഷ്ഠിരൻ തല താഴ്ത്തി മന്ത്രിച്ചു.

"കുരുവംശപ്പെരുമയിൽ ദുര്യോധനൻ എക്കാലത്തേക്കുമായി രാജസഭയിൽ നിങ്ങളെ അടയാളപ്പെടുത്തിയത് അടിമകൾ എന്നല്ലേ. അതൊക്കെ ഓർക്കുമ്പോൾ

വേദന തോന്നുന്നുണ്ടോ?", മുറിപ്പെടുത്താൻ വേണ്ടി മാത്രം കൊട്ടാരം ലേഖിക ചോദിച്ചു.

"വനവാസത്തിൽ ഞങ്ങൾക്ക് കുട്ടികൾ ഉണ്ടാവാഞ്ഞതിനു പ്രകൃതിയോടു നന്ദിയുണ്ട്. അല്ലെങ്കിൽ ആ കുട്ടികൾ ദുര്യോധനന്റെ ഹസ്തിനപുരിയിൽ 'അടിമവംശം' എന്നറിയപ്പെട്ടുമായിരുന്നു" പാഞ്ചാലി അപ്രസന്നമായി പുഞ്ചിരിച്ചു.

2016/07/07

"ഞാൻ പാഞ്ചാലി, കൗരവരാജവധുക്കൾക്കു ശരീരശുചിത്വത്തിൽ പ്രായോഗിക ദിനചര്യ ഉപദേശിക്കുന്ന പാണ്ഡവഭാര്യ."

"നവജാതശിശുക്കളെ ഓരോ കൊല്ലവും പാഞ്ചാലയിലേക്കു കൊണ്ടുപോവുമ്പോൾ പാണ്ഡവ മാതാവിനെ കാണാൻ എന്ന പേരിൽ ഹസ്തിനപുരം അന്തഃപുരത്തിൽ നുഴഞ്ഞു കയറി നിഷ്കളങ്കകളായ കൗരവവധുക്കളിൽ നിന്നു ദാമ്പത്യരഹസ്യം ചോർത്തി കൊട്ടാരം ലേഖികക്ക് കൈമാറ്റം ചെയ്തു രാഷ്ട്രീയം കളിക്കുന്ന കൊച്ചു കറുമ്പി? നോക്കട്ടെ, ഒരുനാൾ നിന്നെ കൗരവ അടിമയാക്കി ചിലതൊക്കെ ചെയ്യിക്കാൻ എനിക്കു പറ്റുമോ എന്ന്", കുലീന സന്ദർശകയെ യാത്രയാക്കാൻ ഉപചാരം പൂർവം കൂടെ നടക്കുമ്പോൾ ദുര്യോധനൻ പിറുപിറുത്തു.

"എന്റെ മകനെ കൊന്നു ചോരയൂറ്റിക്കുടിച്ചു ശരീരം നീ വലിച്ചു കീറി വേർപെടുത്തി അല്ലെ ഭീമാ?" ചിന്നിച്ചിതറിയ കൗരവ ജഡം നോക്കി കൺകെട്ടില്ലാത്ത ഗാന്ധാരി വിതുമ്പി.

"നിന്നനിൽപ്പിൽ പാഞ്ചാലി ശപഥം ചെയ്താൽ എനിക്കു വേറെ തരമുണ്ടോ വലിയമ്മാ? പൂചൂടാൻ കൊടുംകാട്ടിലെ കല്യാണസൗഗന്ധികമായാലും, മുടിയിൽ തേക്കാൻ കൌരവ കരളിലെ ചുടു ചോരയായാലും അവൾ ചോദിച്ചത് കൊണ്ടുവന്നു കൊടുത്തല്ലേ പറ്റൂ", ഭീമൻ ഒരു കൊച്ചു കുഞ്ഞിനെ പോലെ ഇളകി മറിഞ്ഞു.

2016/07/08

"ശുദ്ധജലസ്രോതസ്സുകളിൽ ജൈവമാലിന്യസാന്നിധ്യം കണ്ടെത്തിയ വിവരം ദുര്യോധനനെ അറിയിച്ചു. വിദഗ്ധ സംഘം ഉടൻ അന്വേഷണത്തിനു വരുമെന്നാണ് കേട്ടത്" മുതിർന്ന ആശ്രമ അന്തേവാസി 'ഹസ്തിനപുരി പത്രിക'യോട് പറഞ്ഞു.

"നിങ്ങൾക്കൊക്കെ തന്നെ 'വിദഗ്ദമായി' സംസ്കരിച്ചുകൂടെ നിങ്ങളുടെ തന്നെ ഈ ജൈവവിസർജ്യം. ഇതിനൊക്കെ ദൂരെ ദൂരെ ഹസ്തിനപുരിയിൽ നിന്ന് ദുര്യോധനൻ വരണോ?" കൊട്ടാരം ലേഖിക രോഷം നിയന്ത്രിച്ചു.

"അടിമപാഞ്ചാലി ചെയ്യേണ്ട ജോലി ഞങ്ങൾ സന്യസ്ഥാശ്രമ അന്തേവാസികൾ ചെയ്താൽ പിന്നെ കുരുവംശത്തിൽ തൊഴിൽവിഭജനത്തിന്റെ പൊരുൾ എന്ത്? ഞങ്ങളുടെ ജൈവമാലിന്യം രാഷ്ട്രത്തിന്റെ ആത്മീയ സ്വത്താണ് എന്ന തിരിച്ചറിവിലല്ലേ അത് നിത്യവും സുരക്ഷിതമായി സംസ്കരിക്കേണ്ടത്, വനവാസശിക്ഷ അനുഭവിക്കുന്ന കൗരവഅടിമയാണ് എന്ന രാജകൽപ്പന? കൂടുതൽ വാദത്തിനു വന്നാൽ, ആർക്കറിയാം നിങ്ങളും അടിമയാവും" അന്തേവാസി താക്കീത് ചെയ്തു.

"നിന്ന് തിരിയാൻ ഇടമില്ലാത്ത ഈ വനാശ്രമത്തിൽ, ഇവരഞ്ചുപേർ രാവുപകൽ ഇവിടെ ചടഞ്ഞു കൂടുമ്പോൾ, മടുപ്പ് തോന്നാറില്ലേ. എങ്ങനെ കൈകാര്യം ചെയ്യും ഗാർഹിക വിരസത?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഇതാ ഇന്ന് ഭീമനു പണി കിട്ടി. പെട്ടെന്ന് തോന്നിയ ഒരു പൂവിന്റെ പേർ പറഞ്ഞ് അതും കൊണ്ട് ഇനി തിരിച്ചു വന്നാൽ മതി എന്നു ഞാൻ ചൂണ്ടു വിരൽ ചുണ്ടിൽ വച്ചു ഓർമ്മിപ്പിച്ചു. ഇനി ആ മന്ദബുദ്ധി കാടിളക്കി വേരോടെ ചെടി പറിച്ചു കൊണ്ട് വരുമ്പോഴേക്കും ദിവസങ്ങൾ കുറെ കഴിയും", അവളെ പ്രീതിപ്പെടുത്താൻ ഓരോ വഴിക്ക് രാവിലെ തന്നെ പാണ്ഡവർ പടിയിറങ്ങി പോയിരുന്നെങ്കിലും, പാഞ്ചാലി നന്നേ തിരക്കിലായിരുന്നു മനസ്സിനകത്തും വീട്ടിനു പുറത്തും.

2016/07/09

"വളഞ്ഞു പുളഞ്ഞു പോവുന്ന മലമ്പാതകളിലൂടെ, എത്തും പിടിയുമില്ലാതെ, കൂട്ടിനു ആരുമില്ലാതെ, രാവിലെ മുതൽ വലിഞ്ഞു നടന്നിട്ടും വഴി തെറ്റാതെ നിന്നെ കണ്ടെത്താനായതു കൊണ്ട് ശവസംസ്കാരം ചെയ്യാൻ നമുക്കൊത്തു", മനുഷ്യ സ്പർശമേൽക്കാതെ ഒഴുകിയ നീർച്ചാലിൽ കുളിച്ചു കരകയറുമ്പോൾ യുദ്ധകാര്യ ലേഖകൻ പറഞ്ഞു.

"ഇന്ദ്രപ്രസ്ഥം മഹാറാണിയുടെ പെണ്ണുടൽ തീയിൽ കത്തി തീരുന്നതിനു നാം അങ്ങനെ സാക്ഷിയായി എന്നത് വസ്തുത തന്നെ, എന്നാൽ അസ്വസ്ഥമായ ആ പെൺമനം എവിടെ പോയി?", കത്തിത്തീർന്നിരുന്ന ചിതക്കരികെ ഇത്രനേരവും കൈകെട്ടി നിന്ന കൊട്ടാരം ലേഖിക മന്ത്രിച്ചു. അന്തിവെയിൽ അൽപ്പസമയം കഥാവശേഷയായ പാഞ്ചാലിയുടെ അന്ത്യവിശ്രമസ്ഥലത്ത് മിന്നി മറഞ്ഞു പിന്നെ അന്ധകാരം ആ ഹിമാലയ താഴ്വരയിൽ പടർന്നു.

"തേച്ചു മിനുക്കിയ പാണ്ഡവ അരമനക്ക് മുന്നിൽ എന്താ കൊട്ടിപ്പാടി കൗരവരാജവിധവകളുടെ യാചനാസമരം?", കൊട്ടാരം ലേഖിക കൗതുകത്തോടെ ചോദിച്ചു.

"നിലവിൽ ഭരണകൂടത്തിന്റെ ഭാഗമല്ലാതായി മാറിയ കൌരവരുടെ അരമനകളിൽ നിന്ന് നൂറോളം രാജവിധവകളെ കുടിയൊഴിപ്പിക്കാൻ പുതിയ ചക്രവർത്തി എന്ന നിലയിൽ യുധിഷ്ഠിരൻ വിജ്ഞാപനം ഇറക്കിയതു നിങ്ങൾ 'ഹസ്തിനപുരി പത്രിക'യിൽ കൊടുത്ത വിധമാണ് പ്രശ്നമായത്. ആരുടെയൊക്കെയോ ദുഷ്പ്രേരണയിൽ ഈ കുരുക്ഷേത്രവിധവകൾ നടത്തിവന്ന നാമജപസമരത്തിന് കാര്യമായ പ്രതികരണം ഒന്നും ഇല്ലാതെ വന്നപ്പോൾ, ഞങ്ങളുടെ ഔദ്യോഗിക വസതിക്കു മുമ്പിൽ ഒരു യാചനനാടകം നടത്താൻ ചാർവാകന്റെ കുത്തിത്തിരുപ്പ്. കാശിയിലെ വൃദ്ധമന്ദിരത്തിൽ സൗജന്യ താമസം എന്നിട്ടും നൂറു പേർക്കും ഭരണകൂടം ഉറപ്പു കൊടുത്തു."

"കുടിയൊഴിഞ്ഞ ഈ നൂറു കൊട്ടാരങ്ങൾ അപ്പോൾ എന്തു ചെയ്യും?"

"യുദ്ധസ്മാരകം ആക്കും. യുഗസംക്രമണമല്ലേ? ഭാവിയോടു നമുക്ക് പലതും പറയാനില്ലേ? നിക്ഷിപ്ത താൽപ്പര്യമുള്ള വ്യാസനു എല്ലാം അങ്ങനെ തുറന്നു പറയാൻ ആവുമോ?" ഭരണകൂട മുഖ്യവക്താവ് നകുലന്റെ ശബ്ദത്തിൽ നേരിയ അക്ഷമ കലർന്നു.

2016/07/10

“ഭർത്താക്കന്മാരെ പ്രതിസ്ഥാനത്ത് നിർത്തി പൊരിപ്പിക്കുന്ന എന്നാണ കരുതിയത്. ആ സ്വരം പക്ഷെ പഴി പറയുന്ന പോലെ ആയിരുന്നില്ല. പാണ്ഡവ സഹവാസം തുടർച്ചയായുണ്ടായിരുന്ന ഇന്ദ്രപ്രസ്ഥം വർഷങ്ങളിൽ ജനിച്ച അഞ്ചു ആൺകുട്ടികൾ ആയുധാഭ്യാസം നടത്തുന്നത് എവിടെ എന്ന് പറഞ്ഞില്ല. ആരുടെ കൂടെ എന്നും”, കൊട്ടാരം ലേഖിക, തോണിയാത്രയിലെ കൂട്ടുകാരനോട് പറഞ്ഞു.

തോണി തുഴഞ്ഞ, സത്യവതിയെ പോലെ പോലെ ഒരു സുന്ദരി കൂട്ടുകാരന്റെ ശ്രദ്ധയാകർഷിച്ചത് അവളെ അസ്വസ്ഥയാക്കി.

“പരമരഹസ്യമാക്കേണ്ട കാര്യം?”

“ഇനിയാണ് പാഞ്ചാലിയുടെ മനഃപൂർവ്വം എന്ന് പോലും സംശയിക്കേണ്ട ദ്വയാർത്ഥ ദുസ്സൂചന. ഇന്ദ്രപ്രസ്ഥം മഹാറാണി ആയിരിക്കെ ജനിച്ച എന്നേ പറയുന്നുള്ളൂ. പിതൃത്വം പൂർണമായോ ഭാഗികമായോ പഞ്ചപാണ്ഡവരിൽ ആരോപിക്കുന്ന എന്നോ, സംഗതി വിവാഹബാഹ്യമാണെന്നോ, കൃത്യമായി ബീജദാതാക്കൾ ആരെന്നോ വിരൽ ചൂണ്ടി എണ്ണി എണ്ണി പറയുന്നില്ല.”

2016/07/11

“ഗാർഹസ്ഥ്യ ഭൌതികതയിൽ നിന്നിത്രമാത്രം കുത്തൊഴുക്ക് വനാന്തരത്തിലെ സന്യസ്ഥാശ്രമങ്ങളിലേക്ക് കഴിഞ്ഞ രണ്ടു വർഷം ഉണ്ടായതിനെ കുറിച്ച് എന്താണ് കൗരവഭരണകൂടത്തിന്റെ സാമൂഹ്യസുരക്ഷവിഭാഗം ചുമതല വഹിക്കുന്ന താങ്കളുടെ വിലയിരുത്തൽ?”, തക്ഷശില സർവകലാശാലയിൽ നിന്നു ഹസ്തിനപുരിയിൽ ഇന്ന് രാവിലെ എത്തിയ രാഷ്ട്രമീമാംസ വിദ്യാർത്ഥിസംഘം ദുര്യോധനനോട്ട ചോദിക്കുന്നത് കൊട്ടാരം ലേഖിക മാറി നിന്ന് കണ്ടു.

“വ്യക്തമല്ലേ? ശൗചാലയം ഇല്ലാത്ത നിങ്ങൾ ഇവിടെ താമസിക്കുമ്പോൾ ഗാർഹിക ജൈവമാലിന്യം നിത്യവും സ്വയം ചുമന്നു ഗംഗയിൽ തള്ളണം. വനാന്തരത്തിലെ ആശ്രമ അന്തേവാസി ആയാൽ, ഭർത്താക്കൻമാർ ചൂത് കളിക്കാൻ പണയം വച്ച ഒരു കൗരവ അടിമപ്പെൺ നിത്യവും വന്നു സംഗതി കാര്യക്ഷമമായി പൊക്കി ദൂരെ ദൂരെ കൊണ്ടുപോയി ആരോരുമറിയാതെ കാര്യക്ഷമമായി കുഴിച്ചു മൂടും”, ദുര്യോധനൻ ചൂണ്ടുവിരൽ വടക്കു ദ്വൈതവനത്തിലേക്ക് നീട്ടി.

2016/07/12

“യുദ്ധം ജയിച്ചു ചെങ്കോൽ നേടാൻ പരിക്കേൽക്കാതെ എത്തിയ പാണ്ഡവരെ സ്വാഗതം ചെയ്യാൻ ദുര്യോധനവിധവ പൂക്കളുമായി നിന്നത് എന്തുകൊണ്ട് എന്ന് ചോദിക്കാൻ മാത്രം നാം പത്ര പ്രവർത്തകർ നിഷ്കളങ്കരല്ല എന്നറിയാം, പക്ഷെ പൂവാങ്ങി പുഞ്ചിരിച്ച യുധിഷ്ഠിരന്റെ ചെവിയിൽ അവൾ എന്തോ മന്ത്രിച്ചത്, അതെന്തായിരുന്നു? അടുത്ത് ചെവി കൂർപ്പിച്ചു നീ നിൽക്കുന്നത് കണ്ടു” യുദ്ധകാര്യ ലേഖകൻ കൊട്ടാരം ലേഖികയോട് ചോദിച്ചു.

“നിങ്ങൾ അഞ്ചുപേരും കുരുക്ഷേത്രയിൽ നിന്നു ഓടി രക്ഷപ്പെടാൻ വേണ്ടിയാണോ പാഞ്ചാലിയുടെ മക്കൾ അഞ്ചു പേരെയും അശ്വത്ഥാമാവിനു കൃഷ്ണൻ ബലി കൊടുത്തത് അല്ലെ?” കൊട്ടാരം ലേഖിക ചെവിയിൽ വിരൽ തട്ടി ഓർത്ത് പൂരിപ്പിച്ചു.

"ഇന്ദ്രപ്രസ്ഥത്തിൽ വളർത്താൻ തോഴിമാരും പഠിപ്പിക്കാൻ ഗുരുകുലവും മറ്റ അടിസ്ഥാന സൗകര്യവുമുണ്ടായിട്ടും, അഞ്ചു ആൺ കുട്ടികളെ പാഞ്ചാലയിൽ കൊണ്ടു പോയി പാർപ്പിക്കാൻ എന്തായിരുന്നു പ്രകോപനം, അഥവാ പ്രചോദനം?", കൊട്ടാരം ലേഖിക ചക്രവർത്തിയോട്ട് ചോദിച്ചു. ഹസ്തിനപുരിയിലേക്കു ചൂത് കളിക്കാൻ തയ്യാറെടുക്കുകയിരുന്നു പാണ്ഡവർ.

"അനാഥകുട്ടികൾ എന്നു വിളിച്ചു പാഞ്ചാലി അവരെ ഞങ്ങൾക്ക് മുമ്പിൽ നിർത്തി ദ്രോഹിക്കും. ഞങ്ങൾ വൈകാരികമായി ഇടപെട്ടാൽ, തുറിച്ചു നോക്കി അവൾ ഞങ്ങളെ നിശ്ശബ്ദരാക്കും." വിഷണ്ണനായിരുന്നു അപ്പോൾ യുധിഷ്ഠിരൻ.

2016/07/13

"വലിച്ചിഴച്ചു കൊണ്ടു വന്നു ബലം പ്രയോഗിച്ചു വസ്ത്രമഴിപ്പിക്കാൻ ശ്രമിക്കുമ്പോൾ എതിർത്ത പാഞ്ചാലിയുടെ മടിക്കുത്തിൽ കയറി പിടിച്ച്" "നിന്റെ മാസമുറ തെറ്റിക്കാൻ എനിക്കിന്നും കഴിയും" എന്നു നിങ്ങൾ ആഭാസകരമായ ശരീരഭാഷയിലൂടെ പ്രലോഭിപ്പിച്ചു എന്നാണ് ചാർവാകൻ ഇന്ന് ഹസ്തിനപുരി പത്രികയോടു പറഞ്ഞത്. എങ്ങനെ പ്രതികരിക്കുന്നു?" കൊട്ടാരം ലേഖിക ചോദിച്ചു. ചൂത് കളിയിൽ അലങ്കോലപ്പെട്ട രാജസഭ സ്വയം വെള്ളമൊഴിച്ചു ചൂലുകൊണ്ടു ശ്രദ്ധയോടെ കഴുകി വൃത്തിയാക്കുകയായിരുന്നു ഇടിമിന്നി മഴ പെയ്യുന്ന ആ വൈകിയ രാത്രിയിലും കൗരവൻ.

"ജനബാഹുല്യം കൊണ്ടു നിന്നു നിവരാൻ ഇടമില്ലാത്ത രാജ്യസഭയിൽ വന്ന ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയോട്ട് ഉപചാരപൂർവം, "ഇങ്ങനെ നിന്നു നടുകടയാതെ പട്ടുവിരിച്ച എന്റെ തുടയിൽ ഇരിപ്പിടം കണ്ടെത്തൂ" എന്നു മാനുഷികതയോടെ പറഞ്ഞതാണോ, ജ്ഞാനനിർമ്മിതിക്ക് വേണ്ടി ഭാര്യയെയും കുട്ടികളെയും പലപ്പോഴും പാതി പട്ടിണിക്കിടുന്ന ആ ബ്രാഹ്മണ യുക്തിവാദി മലിനപ്പെടുത്തുന്നത്?"

2016/07/14

"നേരമിരുട്ടുമ്പോഴാണോ ചൂടിക്കട്ടിലിരുന്നു കയറിന്റെ ബലം പരീക്ഷിക്കുന്നത്? നാളെ നന്നേ രാവിലെ പണിയുണ്ടോ?" കൊട്ടാരം ലേഖിക വൃദ്ധ കൃഷിക്കാരനോട് ചോദിച്ചു. ഗംഗാസമതലത്തിലെ ഗ്രാമത്തിൽ പുറംവാതിലുകൾ അടഞ്ഞു കിടന്ന ആ ഇടത്തരം ഗൃഹം, പക്ഷെ, ഇരുട്ടിൽ എന്തോ അമംഗളകരമായ വിധത്തിൽ നിശബ്ദമായിരുന്നു.

"നിങ്ങൾ ആരാണ് എന്നെനിക്കറിഞ്ഞു കൂടാ, കണ്ടാൽ ഒരു യക്ഷിക്കുട്ടിയുടെ സൗന്ദര്യമുണ്ട്. ഈ കയർ? ഇതു കാർഷികാവശ്യത്തിനല്ല, എന്റെ ജീവനൊടുക്കാൻ മക്കൾ കുറച്ചു മുമ്പ് തന്നതാണ്. യാത്രാമൊഴി പറഞ്ഞവർ നേരത്തെ കിടന്നു. കർഷകാൽമഹത്യക്കു നഷ്ടപരിഹാരമായി വിധവക്കും മക്കൾക്കും ഭരണകൂടം സാമ്പത്തിക പരിരക്ഷ നൽകും എന്നു ദുര്യോധനൻ പറഞ്ഞത്, ആവർത്തനച്ചെലവിനു നാണ്യക്ഷാമം നേരിടുന്ന കൊച്ചുമക്കൾ ഒരു സാധ്യതയായി കണ്ടു. ഭരണകൂടസഹായത്തിനു തടസ്സം ഉണ്ടാക്കുന്ന ഒന്നും നിങ്ങൾ, പ്രിയ യക്ഷിക്കുട്ടീ, നാളെ ഗ്രാമപ്രധാനു മുമ്പിൽ മൊഴി കൊടുക്കരുത്." കർഷകൻ കയർ, ഒരു വരണ മാലയായി കഴുത്തിലണിഞ്ഞു തല താഴ്ത്തി കൈകൂപ്പി.

“അഞ്ചു ആരോഗ്യമുള്ള ആണുങ്ങൾ എന്ന അനിഷേധ്യമായ ദാമ്പത്യാവസ്ഥയെ, ചോരയും നീരുമുള്ള നിങ്ങളുടെ പെണ്ണുടൽ എങ്ങനെ ആദ്യരാത്രി മുതൽ കണ്ടു?” കൊട്ടാരം ലേഖിക ചോദിച്ചു. അഞ്ചു പേരും ഇല്ലാത്ത വനാശ്രമത്തിൽ അൽപ്പവസ്ത്രയായി ശരീരത്തിൽ സുഗന്ധ തൈലം തേച്ച ഒരു പ്രണയകാവ്യം പോലെ പാഞ്ചാലി തോന്നിയ വസന്തകാല പ്രഭാതം.

“ഭയപ്പാടോടെ. രണ്ടു കൂട്ടുകാർ ആനന്ദരതിക്കുത്തമം എന്നു കരുതിയാൽ പോലും, അതിൽ കൂടുതലുണ്ടായാൽ ആൾക്കൂട്ടമാവും എന്നു എന്റെയല്ലാത്ത കാരണങ്ങളാൽ വന്നു ചേർന്ന ഈ ബഹുഭർത്തൃത്വ ദാമ്പത്യം എന്നെ കഠിനമുറയിൽ പഠിപ്പിച്ചു. നാലു പേരെ വിശ്വാസ്യജനകമായ ജോലിഎന്തെങ്കിലും കൗശലപൂർവ്വം ഏൽപ്പിച്ചു വേണം അഞ്ചാമനായി അന്തിയുറങ്ങാൻ എന്ന സാഹചര്യത്തിലെങ്ങനെ ഊഞ്ഞാലാടും നിങ്ങളുടെ കരളിൽ കാമന?”

2016/07/15

“കൊട്ടാരസമുച്ചയത്തിലെ സ്വകാര്യവണക്കമന്ദിരത്തിൽ കൗരവരാജവിധവകൾ സുരക്ഷിത സൂക്ഷിപ്പിന് മുഖ്യ പുരോഹിതനെ ഏല്പിച്ചിരുന്ന ദുര്യോധനന്റെ തിരുശേഷിപ്പുകൾ കളവു പോയ വാർത്തയാണിന്നു ഹസ്തിനപുരി പൂക്കാര തെരുവിൽ സ്ത്രീകൾ അടക്കിപ്പിടിച്ചു സംസാരിക്കുന്നത്. കുരുക്ഷേത്ര യുദ്ധഭൂമിയിൽ പോയിരുന്ന ഗാന്ധാരി, തോഴിവഴി പെറുക്കിയെടുത്ത മകന്റെ ചില അഴുകാത്ത ശരീരഭാഗങ്ങൾ പട്ടിൽ പൊതിഞ്ഞു രഹസ്യമായി ദേവാലയപുരോഹിതനെ ഏൽപ്പിച്ചതായിരുന്നു ഓർമപ്പെരുനാളിനു പ്രദർശനത്തിനു വക്കാൻ.” കൊട്ടാരം ലേഖിക കൂട്ടുകാരനോട് പറഞ്ഞു. സന്ധ്യ. ജാലകത്തിലൂടെ ജനനിബിഢമായ കച്ചവടത്തെരുവ്.

“യുദ്ധാനന്തര വിജയനിർവൃതിയിലും ചാരവകുപ്പു മേധാവി നകുലന്റെ നുഴഞ്ഞുകയറ്റങ്ങൾ എത്രവരെ പോകുമെന്ന് ഇതോടെ നീ കണ്ടല്ലോ. ശവത്തിൽ കുത്തുക എന്ന് നമ്മളൊക്കെ പറയുന്ന ഒന്നല്ലേ ചത്തിട്ടും ദഹിപ്പിച്ചിട്ടും ചാവാത്ത ധീരയോദ്ധാവിന്റെ ശവഭാഗമോഷണം;” യുദ്ധകാര്യലേഖകൻ കൂട്ടുകാരിയോട് പരാതിസ്വരത്തിൽ മുഖം വാട്ടി.

“നിങ്ങൾ എന്നെ പ്രശംസിക്കുമ്പോൾ മുഖഭാവം വിനീതമായിരിക്കണം. അല്ലെങ്കിൽ ഇനി അഭിമുഖം ഉണ്ടാവില്ല”, ഓർക്കുന്നുണ്ടല്ലോ, ആദ്യദിനം എന്നെ കുടഞ്ഞു. അന്ന് താങ്കൾ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി എന്ന നിലയിൽ, വിരുന്നിനു വന്ന ദുര്യോധനൻ വഴുക്കി വീണതു കണ്ട് ഒച്ച വച്ച് ചിരിച്ചതിനു, ആരാധകരുടെ അഭിനന്ദനം ക്ഷമയോടെ സ്വീകരിക്കുകയായിരുന്നു.”, കൊട്ടാരം ലേഖിക പുഞ്ചിരിച്ചു.

“ആശ്രമവാസികളുടെ ജൈവമാലിന്യം സംസ്കരിച്ചു തളർന്നു വരുന്ന ഈ കൗരവഅടിമപ്പെണ്ണിന്റെ മുമ്പിൽ നാണമില്ലാതെ മുട്ടുകുത്തി, കൈ മുത്തുന്ന പത്രപ്രവർത്തകയെ എന്ത് പാണ്ഡവദാമ്പത്യരഹസ്യങ്ങൾ വെളിപ്പെടുത്തി വേണം ഹസ്തിനപുരിയിൽ നിന്നുള്ള ഈ നീണ്ട യാത്രയുടെ വാർത്താ മൂല്യം ഞാൻ ഉറപ്പു വരുത്താൻ”, കുളിക്കാൻ അരുവിയിലേക്ക് നീങ്ങുമ്പോൾ അലസമായി പാഞ്ചാലി ചോദിച്ചു.

2016/07/16

"പ്രതിരോധ മന്ത്രാലയത്തിൽ ജാഗ്രതക്കുറവുണ്ടോ? വിമത പട്ടാളവിഭാഗം അതിർത്തി കൊട്ടിയടച്ച വഴിനീളെ പാണ്ഡവപതാകകൾ പറപ്പിക്കുന്ന എന്നു ഇട വഴികളിലൂടെ നുഴഞ്ഞെത്തിയ വ്യാപാരികൾ ഹസ്തിനപുരി കുതിരപ്പന്തികളിൽ അട ക്കിപ്പിടിച്ച പറയുന്നുണ്ടല്ലോ" കിതച്ച വന്ന കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"അതൊരു പതിവ് സൈനിക അഭ്യാസം മാത്രം. നേതൃത്വം കൊടുത്ത "വിമത" സൈനികമേധാവി മരിച്ച നിലയിൽ കാണപ്പെട്ടതിനെ കുറിച്ച പിതാമഹൻ ഇഴ പി രിച്ചന്വേഷിച്ച ജനങ്ങൾക്ക് സുതാര്യ വിവരലഭ്യത ഉറപ്പാക്കും.", കോട്ടക്ക് ചുറ്റുമുള്ള വെള്ളം നിറഞ്ഞ തോട്ടിൽ ചീങ്കണ്ണികൾക്കു വെള്ള മുയലുകളെ തീറ്റയ്ക്കിട്ടു കൊടുക്കു കയായിരുന്ന പ്രസന്നവദനനായ ദുര്യോധനൻ.

"ഈ വാർത്ത 'ഹസ്തിനപുരി പത്രിക'യിൽ കൊടുക്കാമോ? കൊട്ടാരസമുച്ച യത്തിൽ എനിക്കു ഉടൻ ആഡംബരവസതി അനുവദിക്കാമെന്നു അത്യുന്നതതല ത്തിൽ നിന്നു നേരിട്ട് ഉറപ്പുണ്ട്", കൊട്ടാരം ലേഖിക പത്രാധിപരോട്.

"ഹസ്തിനപുരിയുടെ മലയോരമേഖലയിൽ പാണ്ഡവശല്യം രൂക്ഷമായി അതോ ടെ ദുരിതമയമായി കർഷകജീവിതം. വളർത്തുമൃഗങ്ങളെ തട്ടിക്കൊണ്ടുപോയി തൊ ലിയുരിച്ച തിന്നു അറവ് മാലിന്യം ജലാശയങ്ങളിൽ എറിഞ്ഞു പാണ്ഡവർ ആവുന്ന ത്ര പീഢിപ്പിക്കുകയാണ് ദുര്യോധനാനുകൂലികളായ ഗ്രാമീണരെ. മൃഗമോഷണം തരപ്പെട്ടില്ലെങ്കിൽ വിളനാശം അവർ വിനോദമാക്കും. വിവാഹപ്രായമെത്തിയ പെൺകുട്ടികളെ തട്ടിയെടുത്ത് വേഷം മാറ്റി, കൗരവനന്മക്കു വേണ്ടി യാഗം ചെയ്യുന്ന മുനിമാരുടെ ഏകാഗ്രത തടസ്സപ്പെടുത്താൻ ലൈംഗിക അടിമകളാക്കുന്നു എന്നും ഊഹാപോഹമുണ്ട്. കൗരവ സൈന്യം ഗ്രാമത്തിൽ എത്രയും വേഗം വന്നു ശാന്തി പുനഃസ്ഥാപിക്കുമെന്ന ഉത്തമ വിശ്വാസത്തിലാണ് ഗ്രാമപ്രധാൻ."

"രാജസഭയിൽ വരുമ്പോഴെല്ലാം കാണാം, നിങ്ങളും വിദുരരും അടുത്തടുത്ത്. കൃ ത്യമായും നിങ്ങൾ തമ്മിൽ എന്താ ബന്ധം? ആദ്യ ജോലിദിവസം അങ്ങനെയാണ് ഞാൻ ഭീഷ്മരോട് കുശലം ചോദിച്ചത്."

"കാരണവർ എന്തു മറുപടി പറഞ്ഞു എന്ന് ചോദിക്കുന്നില്ല. എങ്ങനെ പറഞ്ഞു എന്ന് മാത്രം ഇപ്പോൾ പറയൂ."

"ഇരുകൈ വിരലുകൾ അങ്ങോട്ടും ഇങ്ങോട്ടും വേഗം വേഗം ചൂണ്ടിയും, കണ്ണ് വെട്ടിച്ചും പിതാമഹൻ ആ തിരക്കൊഴിയാത്ത രാജസഭയിൽ നിവർന്ന് നിന്നു കൊ ണ്ട് പറഞ്ഞതോർമ്മിക്കുന്നു, എന്റെ അച്ഛൻ ശാന്തനുവുണ്ടല്ലോ ശന്തനു, ശന്തനുവി ന്റെ രണ്ടാം ഭാര്യ മഹാറാണി സത്യവതിയുടെ രണ്ടു യുവ പുത്രവിധവകളിൽ ജന്മം നല്കാൻ, സത്യവതിയുടെ വിവാഹപൂർവ രതിബന്ധത്തിൽ ജനിച്ച വ്യാസനു ശരീര ബന്ധമുണ്ടായത്തിനു ശേഷം, തുടർന്നും ഒരു ശൂദ്ര തോഴിയിൽ സാന്ദർഭികമായും ആകസ്മികമായും ആനന്ദകരമായും സംഭവിച്ച സന്താനം ആകുന്നു വിദുരർ. ആ 'തു ടർന്നും' എന്ന് ഭീഷ്മർ, മുഖഭാവങ്ങൾ കൊണ്ട് ഉച്ചരിച്ച വിധം, അതേ അതായിരുന്നു അഭിമുഖത്തിലെ സ്മരണീയമായ ദൃശ്യകല."

"യുദ്ധം ജയിച്ച കൊട്ടാരത്തിൽ നിത്യവും കുഞ്ഞാടിൻ ചുടുചോര മൊത്തിക്കുടിക്കുമ്പോഴും എന്താ മുഖത്തൊരു വാട്ടം?" കൊട്ടാരം ലേഖിക ഊട്ടുപുരയിൽ ഭീമനെ നേരിട്ടു.

"പഴയ ഭരണകൂടത്തിന്റെ നേതാക്കൾ ആരുമില്ല പ്രതിക്കൂട്ടിൽ നിർത്തി ഞങ്ങൾക്കൊന്നു പൊരിക്കാൻ. ആകെ മടങ്ങി വന്നത് കൃപാചാര്യൻ, അതും ഞങ്ങളെ ആദ്യാക്ഷരം പഠിപ്പിച്ച ദരിദ്ര ബ്രാഹ്മണൻ. എന്നിട്ടും യുധിഷ്ഠിരൻ അയാളിൽ നിന്ന് മൊഴിയെടുത്തു. പോരെന്നു തോന്നിയപ്പോൾ ഞാൻ ചോദ്യം ചെയ്തു നോക്കി. പരിപൂർണസ്മൃതിനാശം", ഭീമൻ ഒരു കുഞ്ഞാടിനെ കൂടെ ചാടിക്കയറിപ്പിടിച്ച് കഴുത്തിൽ കടിച്ച ചോര നേരെ വായിലേക്കൊഴിച്ചു. '.

"പഞ്ചപാണ്ഡവർക്കിടയിലെ കിടമത്സരം കിടപ്പറയിലെ സ്വകാര്യതയിൽ പ്രകടമാവുമ്പോൾ നിങ്ങൾ എങ്ങനെ കൗശലപൂർവ്വം പ്രശ്നം കൈകാര്യം ചെയ്തു?"

"മറ്റു നാലു ഭർത്താക്കന്മാരോട് നിങ്ങളെ പറ്റി സംസാരിക്കാറില്ലാത്തത് പോലെ, അവരെ പറ്റി നിങ്ങളോടും സംസാരിക്കുകയില്ല എന്ന് രതിലീലക്കിടയിൽ മന്ത്രിച്ചു. വിവേകമുദിച്ച അവർ അന്ന് വെട്ടി വീഴ്ത്തി ജിജ്ഞാസയുടെ ആ നീണ്ട നാവുമരം."

കിടപ്പറ തുടച്ചു വൃത്തിയാക്കുന്നതിന്നിടയിൽ കാര്യക്ഷമതയുള്ള സേവനദാതാവിനെ പോലെ പാഞ്ചാലി പറഞ്ഞു.

"മനഃസ്സാക്ഷി പ്രതിക്കൂട്ടിൽ ഒറ്റക്കാലിൽ നിർത്തി ഇന്നലെ എന്നെ വിസ്തരിച്ചു. വിശദീകരണത്തിന് ചെവി തന്ന ശേഷം മാത്രം എഴുതി വിധി", ദുര്യോധനൻ ഒഴിഞ്ഞു മാറാതെ കൊട്ടാരം ലേഖികക്ക് പിടി കൊടുത്തു. യുദ്ധ മേഘങ്ങൾ നിറഞ്ഞ ഹസ്തിനപുരി ആകാശം. ശീതകാലം.

"കുറ്റവാളിക്ക് എന്തു കിട്ടി ശിക്ഷ?"

"പാണ്ഡവരുടെ അന്യായമായ സാമ്രാജ്യമോഹത്തിന് നീ വെറുമൊരു ഇര" എന്നാണ് കുറ്റവിമുക്തനാക്കും മുമ്പ് ന്യായാധിപൻ നിരീക്ഷിച്ചത്. ധൃതിയുണ്ട്. സർവസൈന്യാധിപനെ കണ്ടെത്തണം, ഭീഷ്മരും കർണനും തമ്മിലുള്ള പിണക്കം തീർക്കണം."

"ആ പിണക്കം തീർക്കണം എന്ന വാക്കുകളിൽ പിടിച്ചു നാം ഇന്ന് മുഖ്യവാർത്ത നിരത്താം അല്ലേ", യുദ്ധകാര്യ ലേഖകൻ പത്രാധിപരെ നോക്കി പുഞ്ചിരിച്ചു.

2016/07/18

"അടിയുറച്ച വിശ്വാസരാഹിത്യം, അങ്ങനെയാണോ നിങ്ങൾ പാണ്ഡവദാമ്പത്യത്തെ രണ്ടു വാക്കിൽ വിശേഷിപ്പിക്കുക?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"ഒറ്റക്കോ കൂട്ടായോ എന്നെ അവർ പിണക്കിയാൽ, ഊട്ടുപുര പുറത്തു നിന്നും കിടപ്പറ അകത്തു നിന്നും താഴിട്ടു ഞാൻ പൂട്ടി", മൃദുവായി ഓരോ വാക്കും പാഞ്ചാലി മുത്തു മണി പോലെ നിലത്തുരുളാൻ വിട്ടു.

"കണ്ണുകൾ തുറന്നിടാണോ,അതോ എന്നും കെട്ടി വെക്കണോ ഇതൊക്കെ നിങ്ങൾ ഒരു ദേശീയ പ്രശ്നമായി അവതരിപ്പിക്കുന്നത് നിർത്തു എന്നു ഗാന്ധാരി നിനക്കു പരസ്യമായി അരങ്ങേറ്റ മൈതാനത്തിലെ വിശിഷ്ടാതിഥികൾക്ക് മുമ്പിൽ താക്കീതു തന്നത് ഒന്നു വേദനിപ്പിച്ചു അല്ലേ?", യുദ്ധകാര്യ ലേഖകൻ ആശ്വസിപ്പിച്ചു.

“കുരുക്ഷേത്രയിൽ ചിതറിക്കിടന്ന ശരീരഭാഗങ്ങൾ നോക്കി നൂറിൽ പല മക്കളുടെയും ജഡം ശരിയായി തിരിച്ചറിഞ്ഞത് ഉൾക്കണ്ണിന്റെ ബലം കൊണ്ടായിരിക്കുമോ എന്നു ഞാൻ എഴുതിയതിനു, അധികാരം നഷ്ടപ്പെട്ട വൃദ്ധസദനത്തിൽ കഴിയുന്ന ഒരു മുൻ മഹാറാണിയുടെ അനിഷ്ടം”, കൊട്ടാരം ലേഖിക പുഞ്ചിരിച്ചു.

2016/07/19

“മൃദുലപദങ്ങൾ ഒഴിവാക്കി തുറന്നു ചോദിക്കട്ടെ, കൃഷ്ണൻ അകത്ത് പ്രവേശിക്കുമ്പോൾ നിങ്ങളഞ്ചുപേർ പാഞ്ചാലിയുടെ മുറിയിൽ നിന്ന് ഉപചാരപൂർവ്വം പുറത്തു കടക്കുമോ?”, കൊട്ടാരം ലേഖിക വഴി വിട്ടു ചോദിച്ചു. “ജാരൻ എന്ന തർക്കപദവിയിൽ നിന്നവൻ രക്ഷകനായത് വസ്ത്രാക്ഷേപത്തിലെ മായിക പ്രദർശനം വഴി ആയിരുന്നതു കൊണ്ട്, ചൂതും പണയവസ്തുവും ഉടുതുണിയും ഒക്കെ പ്രഹസനം ആവാമെന്ന് സംശയിച്ച ആ നാളുകളിൽ നിന്ന് ഞങ്ങൾ, അനാഥപാണ്ഡവർ, താഴെ വീണു. മനുഷ്യ സംവേദനശക്തിക്കാനുപാതികമായി നാഥൻ ഞങ്ങളോട് സംസാരിക്കുന്നു എന്ന എളിമ ഞങ്ങളെ തുണച്ചപ്പോൾ, പാഞ്ചാലിയുടെ കൂട്ടിനു കൃഷ്ണൻ എന്ന ദാമ്പത്യബാഹ്യആശയം താത്ത്വികമായി അംഗീകരിക്കപ്പെട്ടു. ഇതിൽ കൂടുതൽ പച്ചയായി ഭർത്താക്കന്മാർ എങ്ങനെ കിടപ്പറരഹസ്യം ‘ഹസ്തിനപുരി പത്രിക’യോട്ട് വെളിപ്പെടുത്തും”, വക്താവ് നകുലൻ ആയിരുന്നു എങ്കിലും, ബാക്കി നാലു പേർ സമ്മതത്തിൽ അരികെ തലചെരിച്ചു നിന്നു.

“മരിക്കാൻ നല്ലൊരു ദിവസം കാത്തു, നീണ്ടു നിവർന്നു ശരശയ്യയിൽ കിടക്കുന്ന പിതാമഹന്റെ ചെവിയിൽ അലക്ഷ്യമായി നിങ്ങൾ പിറുപിറുക്കുന്ന പോലെ കണ്ടു, എന്താ സംഗതി?” ചോദ്യഭാവത്തിൽ കൊട്ടാരം ലേഖിക ചാരവകുപ്പു മേധാവി നകുലനെ നോക്കി.

“കുരുക്ഷേത്രം ഉടനടി യുദ്ധസ്മാരകമാക്കാൻ യുധിഷ്ഠിരൻ ഉദേശിക്കുന്നതു കൊണ്ട് ജീവൻ വെടിയുന്ന പ്രക്രിയ അനിശ്ചിതമായി നീട്ടാതെ ഇന്നു തന്നെ ഭീഷ്മർ ജന്മം അവസാനിപ്പിക്കണം എന്ന ഭരണകൂടതീരുമാനം ഔദ്യോഗികമായി ഞാൻ വാക്കാൽ അറിയിച്ചു എന്നു മാത്രം.” പിതാമഹന്റെ ശവസംസ്കാര ക്രമീകരണത്തിന് ഓടി നടക്കുന്നതിന്നിടയിൽ നിർദ്ദയമായ ഔദ്യോഗിക സ്വരത്തിൽ നകുലൻ പറഞ്ഞു.

2016/07/20

“വിവാഹപൂർവസന്തതികളും വിവാഹേതരരതിയും കുരുവംശപ്പെരുമക്ക് അലങ്കാരമായി എന്ന് ഹസ്തിനപുരിയിലെ ധനികവാണിജ്യസമൂഹം ഉദാരമായി കാണുന്നുണ്ട്. എന്നിരുന്നാലും, അവരെ ചിന്താക്കുഴപ്പത്തിലാക്കുന്നത്, ദേവരൂപികളായ അഞ്ചുഭർത്താക്കന്മാർ നിങ്ങൾക്കുണ്ടായിട്ടും എന്തിനൊരു കറുത്ത കാമുകൻ? ഒന്നും വേണ്ടായിരുന്നു എന്ന് തോന്നിയോ വല്ലപ്പോഴും?”, കൊട്ടാരം ലേഖിക ചോദിച്ചു.

“കൌന്തേയർഎവിടെ, അങ്ങകലെ പടിഞ്ഞാറ് കടലോരവസതിയിൽ എനിക്കായി സുരക്ഷിതത്വത്തിന്റെ ഒരാലില, സത്യഭാമ അറിയാതെ, മറിച്ചിട്ടുന്ന ആ ശ്യാമസുന്ദരൻ എവിടെ.” വനാന്തരത്തിലെ ആശ്രമമുറിയിൽ ശീതകാലസന്ധ്യയുടെ ഭീ

തിതമായ മൂടുപടം പെട്ടെന്ന് മുഖമടച്ച വീണു. എന്നിട്ടും പാഞ്ചാലിയുടെ കണ്ണുകൾ തുളുമ്പുന്നത് കൊട്ടാരം ലേഖികക്ക് ഇരുളിൽ കാണാമായിരുന്നു.

“യുധിഷ്ഠിരന്റെ രാഷ്ട്രീയ കാപട്യത്തിന്നെതിരെ തെരുവ് യോഗങ്ങളിൽ നിത്യവും ആഞ്ഞടിക്കുന്ന ദുര്യോധനവിധവയെ ഹസ്തിനപുരി രാജസഭയിലേക്ക് പ്രത്യേകക്ഷണിതാവായി ഭരണകൂടത്തിന്റെ രാഷ്ട്രീയ കാര്യാലോചനസമിതി നാമനിർദേശം ചെയ്തെന്ന് ഇന്നു രാവിലെ മുതൽ ഊട്ടുപുരയിൽ ശ്രുതിയുണ്ടല്ലോ. എന്താ കാര്യം?” കൊട്ടാരം ലേഖിക ഞെട്ടലോടെ ചോദിച്ചു.

“നിങ്ങൾ പറഞ്ഞതിൽ ചെറിയൊരു തിരുത്തുണ്ട്. ദുര്യോധനവിധവ എന്ന വ്യക്തിഗത നിലക്കല്ല, മൊത്തം കുരുക്ഷേത്രവിധവകളുടെ ദേശീയ സംഘടനാനേതാവ് എന്ന നിലയിലാണ് പരിഗണന. നേതൃസ്ഥാനം ഇന്ന് അവർ മാറിയാൽ, അല്ലെങ്കിൽ ഒഴിഞ്ഞാൽ, ആ “പ്രത്യേക ക്ഷണിതാവ്” എന്ന പദവിക്കും ഉടൻ വരും സ്ഥാനചലനം”, ഔദ്യോഗിക വക്താവ് നകുലൻ പറഞ്ഞു. രാജസഭയുടെ സമ്മേളനത്തിൽ ഭരണകൂടം സ്വീകരിക്കേണ്ട തന്ത്രം മെനയുന്ന ഉന്നതതല സമിതിയുടെ അടിയന്തര യോഗത്തിലേക്ക് പോവുന്ന തിരക്കിലായിരുന്നു ചാരവകുപ്പ മേധാവി കൂടിയായ ആ മാദ്രിപുത്രൻ.

“കുരുക്ഷേത്ര വിധവകളുടെ പുനരധിവാസം വൈകിപ്പിച്ച് അവരെ ബുദ്ധിമുട്ടിക്കുന്നുവോ യുധിഷ്ഠിരൻ എന്ന തർക്കവിഷയം ചർച്ച ചെയ്യുന്ന രാജ്യസഭയിൽ അർജ്ജുനൻ തല കുനിച്ച ഉറങ്ങുന്നു എന്ന വാർത്ത പെട്ടെന്ന് നാട്ടിൽ പാട്ടായല്ലോ” കൊട്ടാരം ലേഖിക ഭരണകൂടത്തിന്റെ മുഖ്യവക്താവ് നകുലനെ നേരിട്ടു.

“അതിർത്തിയിൽ തുടരുന്ന സംഘർഷം ആരുണ്ടാക്കിയതെന്നു കണ്ടെത്താൻ കുറച്ചു ദിവസമായി ഹിമാലയ താഴ്വരയിൽ രാപ്പകൽ വേഷം മാറി നടക്കുകയായിരുന്ന അർജ്ജുനൻ, കൗരവ സ്ത്രീപീഢനത്തിൽ അനുശോചിക്കാൻ രാജ്യസഭയിൽ ജാഗ്രതയോടെ ഇരിക്കുമ്പോൾ കണ്ണിൽ പോയ കരട് നീക്കാൻ തലയൊന്നു താഴ്ത്തിയതാണോ ഹസ്തിനപുരി പത്രിക ഉറക്കമെന്ന പേരു ചുമത്തി വ്യാജമായി പറഞ്ഞു പ്രചരിപ്പിക്കുന്നത്? വേറെ പണിയൊന്നുമില്ല നിങ്ങൾ പത്രപ്രവർത്തകർക്ക്?”, നകുലൻ ഒരു കുടം വെള്ളം പുകയിൽ ഒഴിച്ചു കൊട്ടാരത്തിലേക്കു മടങ്ങുകയായിരുന്നു.

2016/07/21

“അഭിജാതസമൂഹത്തിൽ നിന്ന് പരസ്യമായി അധിക്ഷേപം നേരിട്ടിരുന്ന ഭിന്നലിംഗത്തിന്റെ ദുരവസ്ഥ ലോക മനഃസ്സാക്ഷിയിലേക്ക് സാർത്ഥകമായി എത്തിക്കാൻ, മൂന്നാം ലിംഗക്കാരിക്കു മുമ്പിൽ സ്വന്തം നിരായുധീകരണത്തിലൂടെ പിതാമഹന് സാധിച്ചു. അടുത്ത എട്ടു ദിവസത്തിനുള്ളിൽ യുദ്ധം ജയിച്ച ഞങ്ങൾ വിജയക്കൊടിയുമായി സമഗ്രലിംഗനയത്തിനു ഭീഷ്മനാമത്തിൽ രൂപം കൊടുക്കും.”, ഗദയോങ്ങിയ കൈ ഒന്ന് ഉയർത്തി കൗരവ രാജകുമാരൻ യുദ്ധകാര്യ ലേഖകനോട്ട് പറഞ്ഞു.

“രാത്രി ഞാൻ നിലവിളിച്ചത് നീ കേട്ടിരുന്നോ?”, ഊഴമനുസരിച്ച് കിടപ്പറയിൽ കിട്ടേണ്ട ഇടം നകുലന് കൊടുത്ത പാഞ്ചാലിയോട്ട് പരിഭവം മറയ്ക്കാതെ ഭീമൻ ചോദിച്ചു.

"എന്തോ നിലവിളി കേട്ട് ഉണർന്നപ്പോൾ നകുലൻ ബലമായി എന്നെ പിടിച്ച് പായിൽ കിടത്തി. കാട്ടുപന്നിയുടെ ആക്രമണത്തിൽ നിങ്ങൾക്കു ആർത്തനാദം, കെട്ടിപ്പിടിച്ച സഹശയനത്തിൽ മറ്റൊരുവന് അനിയന്ത്രിത ആർമാദം", ഒരു കെട്ടു വിഴപ്പുമായി കുന്നിൻ ചുവട്ടിലെ നീരൊഴുക്കിലേക്കു പടി കടന്നു പോവുമ്പോൾ, ഭീമ പ്രഹരത്തിൽ തകർന്ന പന്നിയെ തോലുരിക്കുന്ന പാണ്ഡവരെ അവൾ നിന്ദയോടെ നോക്കി.

2016/07/22

"ചെങ്കോൽ അനുഗ്രഹത്തോടെ നിങ്ങൾ കൈമാറിയില്ലെങ്കിലും, അധികാരം അർപ്പണബുദ്ധിയോടെ യുധിഷ്ഠിരൻ പ്രയോഗിച്ചു തുടങ്ങിയല്ലോ. കൗരവരാജവിധവകളെ കൌശലപൂർവം കുടിയൊഴിപ്പിച്ച് വൃദ്ധസദനങ്ങളിൽ പാർപ്പിക്കാൻ തീരുമാനമായി. ഇനിയെന്താണ് നിങ്ങളുടെ പരിപാടി? കുടിയൊഴിക്കൽ ഭീഷണി നടപ്പിലാകും മുമ്പ് ഭാര്യയുമൊത്ത് വനവാസത്തിനു പോകുന്നോ?", കൊട്ടാരം ലേഖിക പദവിയൊഴിഞ്ഞ ധൃതരാഷ്ട്രരെ അനുഭാവപൂർവം തോളിൽ തട്ടി.

"ദൈവവിളി കുടിയിറക്ക് എന്തു വെല്ലുവിളിയും എന്നും ഞങ്ങൾ മാതൃകാപരമായി വേണ്ടേ നേരിടാൻ? സാമ്രാജ്യപതികളായി ഭൂമിയിൽ ജനിച്ചുപോയില്ലേ. തിരക്കുണ്ട് എല്ലാവരോടും യാത്ര പറയണം, അതിനു മുമ്പ് കാട്ടിലേക്ക് കൂടെ വരുന്നോ കുന്തീ എന്ന് ചോദിച്ചു സഹോദരവിധവയെ കൊട്ടാരത്തിൽ നിന്ന് കുടിയൊഴിപ്പിക്കാൻ ഒരവസാനവട്ട ശ്രമം കൂടി ബാക്കിയുണ്ടെനിക്ക്, പാഞ്ചാലിയുടെ രഹസ്യ ആവശ്യമാണ്."

2016/07/23

"ഈ ചെങ്കോലിനു വേണ്ടിയാണോ നിങ്ങളഞ്ചുപേരിത്രയും വലിയ കുരുവംശീയ കുടുംബകലഹം അഴിച്ചുവിട്ടത്?", കൊട്ടാരം ലേഖിക നെറുകയിൽ കൈ വച്ച് ചോദിച്ചു. പട്ടാഭിഷേകം കഴിഞ്ഞു യുധിഷ്ഠിരൻ വിശിഷ്ടാതിഥികളിൽ നിന്നു ആശംസകൾ സ്വീകരിക്കുകയായിരുന്നു.

മഴ പെയ്തു മാനം തെളിഞ്ഞ പ്രഭാതം.

"ഭ്രുരഹിതപാണ്ഡവരൊന്നന്തിയുറങ്ങാനിത്തിരിയിടം തേടിയായുധം കയ്യിലെടുത്തതാണോ നിങ്ങൾ കുരുക്ഷേത്രഭൂമിയെന്നോമനപ്പേരിട്ടു വിളിക്കുന്നത്?", മുട്ടുകുത്തി പുതിയ രാജാവിന്റെ കൈമുത്താൻ മുന്നോട്ടു നീങ്ങിയ നീണ്ടവരിയിൽ നിന്നു താഴെയിറങ്ങിയ കൊട്ടാരം ലേഖികയെ നകുലൻ നീരസത്തോടെ നോക്കി.

2016/07/24

"എങ്ങനെ സഹിക്കുന്നു നിങ്ങളഞ്ചു പേരും അവളുടെ പരുക്കൻ വ്യവഹാരഭാഷ?", കുന്നിൻപുറത്തെ വനാശ്രമത്തിനു താഴെ അരുവിക്കരയിൽ അസ്വസ്ഥരായി പാണ്ഡവർ അലയുന്നത് കണ്ടപ്പോൾ കൊട്ടാരം ലേഖിക അലസമായി അന്വേഷിച്ചു.

“ആരെ കുറിച്ചാണ് നിങ്ങൾ വഴിവിട്ട ചോദിക്കുന്നത്? പ്രതിഷേധവും ഹർഷോന്മാദവും മിതമായ കൗശലത്തോടെ ആവിഷ്കരിക്കുന്ന പാഞ്ചാലി എവിടെ, ഹസ്തിനപുരി അന്തഃപുരത്തിന്റെ മട്ടുപ്പാവിൽ നിലാവ് പെയ്യുന്ന വേനൽക്കാല രാത്രികളിൽ വസ്ത്രരഹിതശരീരങ്ങൾ നിർല്ലജ്ജം ഇളക്കിയും ആടിയും, അങ്ങകലെ വടക്കൻഹിമാലയ നിരകളെ നോക്കി ഉന്മാദത്തിൽ പൊട്ടിച്ചിരിക്കയും ഭീതിതമായി വാവിട്ട നിലവിളിക്കയും ചെയ്യുന്ന കൗരവരാജവധുക്കൾ എവിടെ?”, നകുലൻ ഇണയെ കാണാതെ പരിഭ്രമിക്കുന്ന പേടമാനിനു ഒരു പിടി ഇളം പുല്ല് നീട്ടിക്കൊണ്ടു കൊട്ടാരം ലേഖികയെ നോക്കി പ്രലോഭനപരമായി പുഞ്ചിരിച്ചു.

“പെണ്ണിനെ പണയം വച്ചുള്ള ചൂതാട്ടത്തിനു ഹസ്തിനപുരിയിൽ അപ്പോൾ കുരുവംശത്തിന്റെ അനുമതിയുണ്ടല്ലേ?” വനവാസത്തിനു പദയാത്ര ചെയ്യുന്ന പാണ്ഡവരെ നോക്കി കൊട്ടാരം ലേഖിക ദുര്യോധനനോട് മുനവച്ച് ചോദിച്ചു.

“പാണ്ഡവർ ഇന്ദ്രപ്രസ്ഥത്തിൽ നിന്നു പടിയിറങ്ങും മുമ്പ് തന്നെ ‘ലിംഗവിവേചനമില്ലാത്ത ദേശീയവിനോദ’മെന്നു ചൂത് കളിയെ ഞങ്ങൾ ഔദ്യോഗിക വിജ്ഞാപനത്തിലൂടെ പ്രഖ്യാപിച്ചില്ലേ.”, ദുര്യോധനൻ അത്യുക്തിയിൽ ആശങ്ക പ്രകടിപ്പിച്ചു കൈകൾ വിടർത്തി.

“യുദ്ധത്തിൽ കൊല്ലപ്പെട്ട ദുര്യോധനന്റെ വിധവയല്ലേ നിങ്ങൾ?” ഹസ്തിനപുരി കൊട്ടാരത്തിലെ അന്തഃപുരത്തിൽ നീണ്ടകാലം പരിചയിച്ച ഇളയ മഹാറാണിയെ വൃദ്ധസദനത്തിൽ അന്തേവാസിയായി കണ്ട ഞെട്ടലിൽ കൊട്ടാരം ലേഖിക പരിഭ്രമത്തോടെ ചുമലിൽ കൈവച്ചു ചോദിച്ചു.

“ഒരു കുരുക്ഷേത്രവിധവ”, വിദൂരതയിലേക്ക് നോക്കി ആ വൃദ്ധ പറഞ്ഞു.

2016/07/25

“കൊട്ടാരത്തിൽ ആകെയുള്ള കൊച്ചുകുഞ്ഞിനെ ഹരിശ്രീ പഠിപ്പിക്കുന്ന പണിയാണിപ്പോൾ ചിരഞ്ജീവി കൃപാചാര്യന് നകുലൻ വീതിച്ചു തന്നത് അല്ലെ”, യുദ്ധകാര്യ ലേഖകൻ അർത്ഥം വച്ചു അന്വേഷിച്ചു.

“അങ്ങനെയാണോ ‘ഹസ്തിനപുരി പത്രിക’ യുദ്ധാനന്തര ഭരണകൂടത്തിൽ എന്റെ കൊട്ടാര പദവി നിർവചിക്കുന്നത്? സ്ഥാനമൊഴിയുന്ന ധൃതരാഷ്ട്രർക്കും മഹാറാണി ഗാന്ധാരിക്കും കഴിയുന്നത്ര രാജകീയ സൗകര്യങ്ങൾ മുമ്പെന്നപോലെ നില നിർത്തുക എന്ന ഭാരിച്ച ഉത്തരവാദിത്വം വിലപേശലിലൂടെ യുധിഷ്ഠിര ഭരണകൂടത്തിൽ നിന്നു നേടിയെടുക്കാൻ എനിക്കാണ് നിയോഗം. കൂട്ടത്തിൽ അഭിമന്യു മകൻ പരീക്ഷിത്തിനെ രണ്ടക്ഷരം പഠിപ്പിക്കും, ഭാവി രാജാവല്ലേ” കൃപാചാര്യൻ മുറിപ്പെട്ട അഹന്ത താലോലിച്ചു മുഖം നോക്കാതെ യുദ്ധകാര്യ ലേഖകനോട് പറഞ്ഞു.

“വാനപ്രസ്ഥത്തിനു നഗ്നപാദരായി കൊട്ടാരത്തിന്റെ പടിയിറങ്ങുമ്പോൾ, യുധിഷ്ഠിര ഭരണനേട്ടത്തെ കുറിച്ചൊന്നും ഞാൻ ചോദിക്കുന്നില്ല. എന്നാൽ, നീണ്ട വ്യക്തിജീവിതത്തിൽ വല്ലതുമുണ്ടോ പുതുതലമുറ ഹസ്തിനപുരിയുമായി ഒരു രഹസ്യം പങ്കിടാൻ?” കൊട്ടാരം ലേഖിക പാണ്ഡവരോട് ചോദിച്ചു.

“ആയിരം പൂർണചന്ദ്രന്മാരെ കണ്ട ശേഷവും ഞങ്ങൾ സുന്ദരരൂപികളായി നിങ്ങൾക്കു തോന്നുന്നില്ലേ? അപ്പോൾ എന്തായിരിക്കണം ഞങ്ങളുടെ തീ പിടിച്ച യുവത്വം? എന്നിട്ടും ഞങ്ങൾ, പെരുമാറ്റത്തിൽ കാറും മിന്നലും കലർന്ന ഒരു കറുത്ത

പെണ്ണിനെ നാട്ടിലും കാട്ടിലും കൂട്ടായി സ്വീകരിച്ച ഒരായുഷ്ക്കാലം ആർമാദിച്ച എന്നത്, ആൺപെൺ സഹവർത്തിത്വത്തിന്റെ ഇതിഹാസമല്ലേ", പാഞ്ചാലിയെ കൂടെ നിർത്തി നകുലൻ നാട്ടുകാരോട് കൈ വീശി എന്നെന്നേക്കുമായി യാത്ര ചോദിച്ചു.

"ഇന്നെന്തു ന്യായം പറഞ്ഞാണ് നിങ്ങൾ എന്റെ കുട്ടികൾക്ക് കൊട്ടാരം ഊട്ടുപുരയിലേക്കു പ്രവേശനം നിഷേധിച്ചത്?" പാണ്ഡവമാതാവ് നെഞ്ചത്തടിച്ചു നിലവിളിച്ചു. വിദുരരും ഭീഷ്മരും ഒളികണ്ണിട്ടു നോക്കി.

"ഗാന്ധാരിയുടെ സ്വപ്നപദ്ധതിയായിരുന്ന ഹസ്തിനപുരി വഴിയോര തണൽ. ഇന്നലെ രാവിലെ കനത്ത മഴ പെയ്തു മണ്ണ് കുതിർന്നപ്പോൾ അവളും നൂറു കൗരവക്കുട്ടികളും വ്യത്യസ്ത ഫലവൃക്ഷ തൈകൾ നട്ടത് മുഴുവൻ രാത്രി നിന്റെ അഞ്ചു മക്കളും ചേർന്ന് വലിച്ചു വാരി മണ്ണിട്ടു മൂടിയിരിക്കുന്നു. ഹൃദയം തകർന്ന ദുര്യോധനൻ മാതൃകാപരമായി പ്രതികരിക്കില്ലേ" ധൃതരാഷ്ട്രർ സഹോദരവിധവയെ ആശ്വസിപ്പിച്ചു.

"കൗരവർ മരിച്ച ശേഷം അധികാരത്തിൽ വന്ന പാണ്ഡവരെങ്ങനെ? അവരുടെ ഭരണത്തിലെ വ്യത്യാസം പെട്ടെന്ന് മനസ്സിൽ തോന്നുന്നത് ഒന്ന് ഹസ്തിനപുരി പത്രികയുമായി പങ്കിടാമോ" കൊട്ടാരം ലേഖിക കച്ചവടപ്രമാണിയോട് കൈകൂപ്പി ചോദിച്ചു. ഒഴിഞ്ഞ വാണിജ്യവീഥി, ഉച്ച.

"വിശന്നു നിലവിളിക്കുന്ന ആ പന്നിക്കൂട്ടങ്ങളെ നോക്കൂ. അവയൊക്കെ ദുര്യോധനന്റെ ഭരണകാലത്ത് തിന്നു കൊഴുത്തിരുന്നത് ഞങ്ങൾ ഉച്ചക്ക് കഴിച്ചതിൽ ബാക്കി ഭക്ഷണം എറിഞ്ഞു കൊടുത്തത് കൊണ്ടായിരുന്നു. ഇപ്പോൾ, മാറിയ ഭരണത്തിൽ, ധാന്യപ്പുരകൾ ഒഴിഞ്ഞു, ഉച്ച ഭക്ഷണം ഞങ്ങൾ പച്ച വെള്ളത്തിൽ ഒതുക്കി. ഇനിയവക്ക് ജീവൻ നില നിർത്താൻ മൂന്നു നേരം തിന്നുന്ന അധികാരി പാണ്ഡവരുടെ ജൈവ വിസർജ്യം മാത്രം."

"നമ്മുടെ പ്രണയവിവാഹത്തിനു ശേഷം നിനക്കുണ്ടായ ഏഴു പ്രസവങ്ങളിലെയും നവജാതശിശുക്കളുടെ ദുരൂഹമരണത്തിനു നീ വ്യക്തിപരമായി ഉത്തരവാദി അല്ലെന്നോ? അപ്പോൾ നദിയിൽ നീ അവരെ ഓരോരുത്തരെയും കുതിക്കുട്ടി മുക്കിക്കൊല്ലുന്നതു കണ്ടിരുന്ന അന്തപുരം തോഴിമാരുടെ സത്യസാക്ഷിമൊഴി?", കുരുവംശ രാജാവ് ശന്തനു ക്രുദ്ധനായി.

"ശിശു പരിചരണത്തിന്റെ ഭാഗമായി നീരൊഴുക്കിൽ കഴുകിയെടുക്കാൻ കൊണ്ടുപോയപ്പോൾ കൈവഴുതി ഓരോ കുഞ്ഞും വെള്ളത്തിൽ മുങ്ങി ദുർമരണമുണ്ടായ ആ ദുഃഖസംഭവങ്ങൾ നേരിൽ കണ്ടു എന്ന് പറയുന്ന ചില അവിശ്വസ്ത തോഴികളെ സൗകര്യപൂർവം വിസ്തരിച്ചാണോ എന്നെ നിങ്ങൾ മഹാറാണി പദവിയിൽ നിന്ന് നീക്കാൻ പാടുപെടുന്നത്?", ഗംഗ വിരൽ ചൂണ്ടി.

ഇനിയൊരു യുദ്ധം അനുവദിക്കില്ലെന്ന് കരസേനാമേധാവി. കുരുക്ഷേത്രവിജയത്തിന്റെ വാർഷിക ആഘോഷത്തിൽ കൗരവ അർദ്ധസഹോദരർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് സംസാരിക്കുകയായിരുന്നു ഭീമൻ. ഏത് സാഹചര്യവും നേരിടാൻ ഹസ്തിനപുരി സേന സുസജ്ജമാണെന്നും കരസേനാ മേധാവി അവകാശപ്പെട്ടു.

"കുരുക്ഷേത്രവിധവകൾ പുനരധിവാസനീതി തേടി, പ്രക്ഷോഭവേദി പതിവിടമായ പൂക്കാര തെരുവിൽ നിന്ന് അരങ്ങേറ്റ മൈതാനത്തിലേക്ക് ഇന്ന് മാറ്റിയതിനെ കുറിച്ച് കൊട്ടാരം ലേഖിക ചോദിച്ചപ്പോൾ", വിധവകളുടെ പുനരധിവാസം അല്ല, വിധവകളെ നിർമ്മിക്കലാണ് സൈന്യത്തിന്റെ ലക്ഷ്യം എന്ന് നിങ്ങൾ തക്ഷശിലയിൽ പഠിച്ചതൊക്കെ ഇത്ര വേഗം മറന്നോ?" എന്ന് ഭീമൻ വാവിട്ടു ചിരിച്ചു.

2016/07/27

"പാണ്ഡവരുമായി പരസ്യമായി പിണങ്ങാൻ തയ്യാറല്ലാത്ത നിങ്ങളെ ഇനി ഉന്നതാലോചന സമിതി അധ്യക്ഷപദവിയിൽ വച്ചുകൊണ്ടിരിക്കുന്നത് എന്തിനെന്നാണ് ദുര്യോധനൻ പരിഭവിക്കുന്നത്", കൊട്ടാരം ലേഖിക ചോദിച്ചു, "പോകാൻ പറയും മുമ്പ് പിതാമഹനു അന്തസ്സോടെ പടിയിറങ്ങിക്കൂടെ?"

"എക്കാലവും കൂറ് നിലവിലെ ഭരണാധികാരിയോടാണ്, ആ വ്യക്തിയോടല്ല എന്ന് ദുര്യോധനൻ വേർതിരിച്ചറിയാഞ്ഞത് നിർഭാഗ്യകരമാണ്. നാളെ പാണ്ഡവരിലൊരാൾ യുദ്ധം ജയിച്ചു കുരുവംശ സിംഹാസനത്തിൽ ഇരുന്നാൽ എന്റെ വിശ്വസ്തത ആ ഭരണാധികാരിയോടായിരിക്കും എന്ന് നിങ്ങൾക്കു വ്യക്തമായില്ലേ? കൗരവരോട് എന്റെ വ്യക്തിഗതവിശ്വസ്തത പൂർണ്ണ വിധേയത്വത്തോടെ നിത്യവും ഞാൻ തെളിയിക്കണം എന്ന ദുര്യോധനമോഹം എന്നെങ്കിലും പൂവണിയുമോ?", രാജ്യസഭയിലെ സംഘർഷ ഭൂമികയിലേക്കുള്ള യാത്രയിൽ ഭീഷ്മർ പറഞ്ഞു.

"വെന്തു മരിച്ചത് നിങ്ങളാണെന്ന് കൗരവരെ തെറ്റിദ്ധരിപ്പിക്കാൻ, അരക്കില്ലത്തിൽ ഇച്ചിൽ ചോദിച്ചു വന്ന ആദിവാസികളെ കരുതിക്കൂട്ടി തീയിട്ടു കൊല്ലുക, അമ്മ കുന്തിയടക്കം നിങ്ങളാറു പേരെയും ഇതിനകം സാക്ഷികളുടെ അഭാവത്തിൽ മനഃസ്സാക്ഷി കുറ്റവിമുക്തരാക്കിയോ?" വാനപ്രസ്ഥത്തിന് പടിയിറങ്ങുന്ന പാണ്ഡവരോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഞാനിപ്പോൾ വെറുക്കുന്ന വാക്കാണ് മനഃസ്സാക്ഷി. ഏറെ കാലം മുഖംമൂടിയായി അത് ഞാൻ ആഭരണം പോലെ പ്രദർശിപ്പിച്ചു. പക്ഷെ പിന്നീട് വലിയ വില കൊടുത്തു. ഞങ്ങളുടെ ജീവചരിത്രം എഴുതുന്ന വ്യാസൻ, ഒക്കെ വിശദശാംശങ്ങളിൽ വസ്തുതാപരമായ കരുതലോടെ ഓർക്കും, ഓർമയുണ്ടായിരിക്കണം അയാൾക്ക്", വിറയ്ക്കുന്ന പോലെ തോന്നി യുധിഷ്ഠിരൻ.

"കാര്യമറിയാതെയാണ് നിങ്ങൾ എന്നോട് മെക്കട്ട് കയറുന്നത്" കൊട്ടാരം ലേഖിക ഇരു കൈകളും ഭീമന്റെ മുമ്പിൽ പ്രതിരോധത്തിൽ ചലിപ്പിച്ചു", പാണ്ഡവർ മുഴുവൻ ഭിന്നശേഷിക്കാരാണെന്നല്ല ഞാൻ 'ഹസ്തിനപുരി പത്രിക'യിൽ എഴുതിയത്. വിഭിന്നപിതൃത്വമായിട്ടും നിങ്ങളിലൊരാൾ മാത്രമേ ഭിന്നശേഷി പരിഗണന അർഹിക്കുന്നുള്ളൂ എന്നിരിക്കെ, മറ്റു നാലു പേരിൽ നിന്നത് ഉടൻ ആ അനർഹ പരിഗണന പിൻവലിക്കണം എന്നാണ്."

"കൗരവരുമായി രക്തബന്ധമൊന്നുമില്ലെന്നു കുന്തി ഉറപ്പു കൊടുത്തതിന്റെ ഉൾബലത്തിലാണോ നാമമാത്ര അർധസഹോദരരെ ഉന്മൂലനം ചെയ്യാൻ മാരകായുധമെടുക്കുമെന്നു ഭീമൻ പൊതുവേദിയിൽ ഭീഷണി മുഴക്കിയത് എന്ന് യുധിഷ്ഠിരൻ തന്നെ വ്യക്തമാക്കട്ടെയെന്നു ദുര്യോധനൻ." എങ്ങനെ പ്രതികരിക്കുന്നു കൊട്ടാരം ലേഖിക ചോദിച്ചു.

"തല ചായ്ക്കാൻ ഒരിടം തേടുന്ന പെടാപ്പാടിൽ ഞങ്ങളെ ഇനിയും കരിമൂർഖനും മുള്ളൻപന്നിയും നിറഞ്ഞ ഈ കാട്ടിലേക്ക് അയക്കുമെന്ന് ഓരോ കൗരവനും പറഞ്ഞു തുടങ്ങിയാൽ പിന്നെ ഞങ്ങൾ ബന്ധനിർണയത്തിനു രക്തം പരിശോധിക്കണോ അതോ ആ കിരാതന്മാരുടെ ചോര ചീന്തണോ", വെള്ള മുയലുകൾക്കു ഇളം പുല്ലിട്ടു കൊടുത്തിരുന്ന നകുലൻ മുഖത്ത് നോക്കാതെ പിറു പിറുത്തു.

2016/07/28

"കൗരവചെവികളുടെ ശ്രവണപരിധിക്കപ്പുറം, ഈ വിദൂരവനാന്തരത്തിൽ വ്യാഴവട്ടക്കാല കഠിന ശിക്ഷയനുഭവിക്കുമ്പോഴും നിങ്ങളെന്താ, ശത്രുദുര്യോധനനെ 'ഉടയോൻ' എന്ന് ഉപചാരപൂർവ്വം പരാമർശിക്കുന്നത്? മറച്ചുവക്കാത്ത വെറുപ്പോടെ വേണ്ടേ ആ പേരു വിളിക്കാൻ?", കൊട്ടാരംലേഖിക ചോദിച്ചു.

"ചുറ്റും നിങ്ങൾ കണ്ടു വണങ്ങിയ സന്യസ്ഥാശ്രമങ്ങളിൽ വേവുന്നത് ശുദ്ധആത്മീയത ആണെന്ന് കരുതിയോ? ഓരോരുത്തരും ചാരചുമതല ഉള്ള ഗൂഢ വ്യക്തിത്വങ്ങളല്ലേ, ഹസ്തിനപുരിയിൽ നിന്ന് ചാരൻ അവർക്ക് കഴുതപ്പുറത്ത് ഭക്ഷ്യവസ്തുക്കളും പൂജാസാമാഗ്രികളും കൊണ്ടു വരും, ഈ പാണ്ഡവ മന്ദിരത്തിലെ അന്തർ നാടകങ്ങൾ എന്തെന്ന് വിശദമായി ചുഴിഞ്ഞു അറിയാൻ." നകുലൻ ചൂണ്ടുവിരൽ കൊണ്ട് വായുവിൽ എഴുതി ആശയവിനിമയം ചെയ്യുന്നത് മറ്റു നാലു പാണ്ഡവരും പാഞ്ചാലിയും അപമാനബോധതോടെ നോക്കി നിന്നു.

"ഇതെന്താ രാവിലെ തന്നെ വിസ്തരിച്ചൊരു തൈലാഭിഷേകം", വിടർന്ന കണ്ണും പുരികവുമായി അത്യുക്തി കലർന്ന പരിഷ്കൃതശരീരഭാഷയിൽ കൊട്ടാരം ലേഖിക ചോദിച്ചു.

"പാഞ്ചാലിക്കു പുരട്ടുവാൻ അവളുടെ ഇളമുറഭർത്താക്കന്മാരുടെ പിതാക്കൾ അശ്വിനിദേവതകൾ, സ്വർഗരാജ്യത്തിൽ നിന്ന് സന്യസ്ഥൻ വഴി കൊടുത്തയച്ചു. സുഗന്ധതൈലം പക്ഷെ അവളത് ഉപയോഗിക്കാതെ ദിവസങ്ങളോളം മാറ്റി വച്ചപ്പോൾ ഇന്നു ഞങ്ങളൊന്നു തേച്ചു നോക്കി", നീരാടാൻ അർജ്ജുനൻ ഒരു ജലജീവിയുടെ മെയ്യൊതുക്കത്തോടെ കുതിച്ചു ചാടുന്ന കാട്ടരുവിയിലെക്കിറങ്ങി.

"അതെന്താ, ദേവചികിൽസകരായ അശ്വിനിദേവതകളുടെ ദിവ്യൗഷധം ഇളമുറപാണ്ഡവരുടെ ഓമനയായ പാഞ്ചാലിക്കു വേണ്ടേ?"

"കൌരവച്ചോര പുരട്ടി കഴുകിയുണക്കാതെ അവളുടെ മുടിയിൽ ഒരെണ്ണക്കും പ്രവേശനമില്ല", കടുപ്പിച്ച സ്വരത്തിൽ ഭീമൻ അരുവിയുടെ അപ്പുറത്തു നിന്ന് മുരണ്ടു.

"ശരശയ്യയിൽ എത്ര വർഷം പരാശ്രയത്തിൽ കിടന്നാലും പിതാമഹന് മരിക്കാൻ മോഹമില്ലായിരുന്നു എന്നോ? അങ്ങനെയാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത്?" കൊട്ടാരം ലേഖിക അസ്വാരസ്യത്തോടെ കൃപാചാര്യനോട് ചോദിച്ചു.

"നിത്യവും യുധിഷ്ഠിരൻ കുരുക്ഷേത്രയിൽ പോയിരുന്നത് രാഷ്ട്രമീമാംസയിൽ പാഠങ്ങൾ പഠിക്കാനാണെന്നു നിങ്ങൾ കരുതിയോ? സ്വച്ഛന്ദമൃത്യു എന്ന ഉടലിൽ നിന്ന് ഉയിർ വേർപെടുത്തുന്ന കർമം ഉടൻ തുടങ്ങണം എന്ന് യുധിഷ്ഠിരൻ നിത്യവും പ്രേരണ ചെലുത്തുന്നതിനു പുറമെ, കായിക സമ്മർദ്ദത്തിനും ഭീമൻ ശ്രമിച്ചതോടെ ഭീഷ്മർ നിൽക്കക്കള്ളിയില്ലാതെ പിന്നിൽ നിന്നൊരു അമ്പെടുത്ത് ഹൃദയത്തിൽ സ്വയം തറച്ചു എന്നതാണ് ഞാൻ എന്റെ കണ്ണു കൊണ്ട് കണ്ടത്", ഒന്നും നഷ്ടപ്പെടാൻ ഇല്ലാത്ത കൃപാചാര്യൻ കിതച്ചും വിക്കിയും സംസാരിച്ചു.

2016/07/29

"എപ്പോഴാണ് നിങ്ങൾ ഇളമുറ അർദ്ധസഹോദരർ നകുലനും സഹദേവനു മായി ഉള്ളു കൊണ്ട് അകന്നത്?", കൊട്ടാരം ലേഖിക മുതിർന്ന പാണ്ഡവനോട് ചോദിച്ചു.

"അമ്മയും അച്ഛനും വേറെ വേറെ ആയ ഞങ്ങൾ എങ്ങനെ അർദ്ധരും പൂർ ണരും ഒക്കെ ആവും? അത് പോട്ടെ. വീട്ടിനകത്ത് പൊതുഭാര്യ പാഞ്ചാലിയാൽ ഞങ്ങൾ ബന്ധിതരായി എന്നതല്ലേ കൂടുതൽ ശരി? ഒരു ദിവസം ഞാൻ കിടപ്പറ യിൽ കയറിയപ്പോൾ അവളും ഇളമുറക്കുട്ടികളും ഒരുമിച്ച് പായിൽ കിടന്നു ആർമാ ദിക്കുന്നതു കണ്ടു. എന്തുണ്ട് വിശേഷം എന്നു ഞാൻ വെപ്രാളം മറച്ചു കുശലം ചോദി ച്ചപ്പോൾ", ഈ രണ്ടു മാദ്രിക്കുട്ടികളുടെ ഓരോ കുസൃതികൾ" എന്നു പറഞ്ഞ് അലസ മായി തുണി വാരിയുടുത്ത് പാഞ്ചാലി മുറി വിട്ടിറങ്ങി. തകർന്നടഞ്ഞത് എക്കാലവും കെട്ടിപ്പൊക്കി നിർത്തിയ എന്റെ അഭിമാനമായിരുന്നു", യുധിഷ്ഠിരൻ വിതുമ്പി.

കൗരവരാജവിധവകൾ എന്ന അവമതിസംജ്ഞയിൽ ഞങ്ങൾ നൂറു വനിത കളെ ഒതുക്കുന്നത് പാണ്ഡവർ ഉടനടി നിർത്തണമെന്ന് ദുര്യോധനവിധവ പൂക്കാര തെരുവ് പ്രകടനത്തിൽ:

കാട്ടിൽ ജനിച്ചു വളർന്നു, ഇന്ദ്രപ്രസ്ഥത്തിൽ ഒരിടവേളയൊഴികെ കാട്ടിൽ മാ ത്രം ജീവിച്ച യുധിഷ്ഠിരനും മറ്റു പാണ്ഡവർക്കും ഹസ്തിനപുരിയുടെ നവസംവേദന ഭൂമികയുമായി വൈകാരിക ഇഴയടുപ്പം ഇല്ലെന്നു, കുറെയൊക്കെ സൗജന്യമായി കണ്ടാൽ പോലും, ഞങ്ങളെ 'കുരുക്ഷേത്ര ഇരകൾ' എന്ന വിശേഷണത്തിൽ കു റഞ്ഞ ഒന്നും ഞങ്ങൾക്ക് ഇന്ന് മുതൽ സ്വീകാര്യമല്ല. അധികാര ദുർമോഹത്തിൽ നൂറു കൗരവരെ കൂട്ടക്കൊലക്ക് വിധേയമാക്കിയ വംശഹത്യക്ക് പാണ്ഡവർക്ക് വി ധിക്കേണ്ടത് വധശിക്ഷയല്ലേ?", പ്രതിഷേധത്തിൽ തുടങ്ങിയ കൗരവരാജവിധവയു ടെ പൂക്കാരത്തെരുവ് പ്രഭാഷണം കൂട്ടക്കരച്ചിലിൽ അവസാനിച്ചു.

2016/07/30

"പച്ചതുരുത്തും വന്മരക്കൂട്ടവും ഓരോ വസതിക്കു പിന്നിലും പരിപാലിച്ചിരുന്ന ഈ കൗരവരാജമന്ദിരങ്ങളെ നോക്കൂ. ഈ സംരക്ഷിതവനപ്രകൃതിയെ പരിലാ ളിച്ചായിരുന്നു, നൂറു ദേശങ്ങളിൽ നിന്ന് ഹസ്തിനപുരിയിലേക്കു വന്ന രാജവധുക്കൾ ഓരോ വസന്തകാലത്തും ഹൃദ്യപ്രകൃതിയുടെ വിസ്മയദൃശ്യങ്ങളാൽ പൊട്ടിത്തരിച്ച തും കുട്ടികൾക്കൊപ്പം നൃത്തം ചെയ്തു പൊട്ടിച്ചിരിച്ചതും. പാണ്ഡവഭരണകൂടം കുരു ക്ഷേത്രാനന്തര പ്രതികാരനടപടിയിൽ രാജവിധവകളെ കുടിയൊഴിച്ചു ഓരോ വസ തിയും ആയുധപ്പുരയാക്കിയപ്പോൾ എന്ത് സംഭവിച്ചു?", കൊട്ടാരം ലേഖിക ഹസ്തിന പുരിപത്രിക വായനക്കാരോട് വിരൽ ചൂണ്ടി.

ഉണങ്ങിയ ഒരു പെരുമരത്തിന്റെ മറവിൽ പാണ്ഡവ ചാരവകുപ്പ് മേധാവി, കണ്ടാലറിയുന്ന ചില വായനക്കാരുടെ വിവരങ്ങൾ മനസ്സിൽ കുറിച്ചു.

2016/07/31

“ഒരഞ്ചാറു മയിലുകൾ കൂട്ടം ചേർന്നിവിടെ ഇങ്ങനെ ഒച്ച വച്ച് ചുറ്റി നടക്കേണ്ട കാര്യം?” പരിസരശുചിത്വമുള്ള ആശ്രമത്തിനു മുമ്പിലേക്ക് ചൂണ്ടുവിരലോടിച്ചു കൊട്ടാരം ലേഖിക ആരോടെന്നില്ലാതെ ആരാഞ്ഞു.

“ചാടി വന്ന ഭീമന്റെ നഗ്നതുടയിൽ കൊത്തിയ ചോരയനുഭവത്തിന് ശേഷം സംശയത്തോടെയാണ് മയിലുകളുടെ സാന്നിധ്യം ഞങ്ങളും കണ്ടത്. എന്നാൽ കുറച്ചു ദിവസങ്ങളായി പ്രത്യാശയോടെയും. അന്തിയുറങ്ങുന്ന പൊന്തക്കാട്ട് ഭീമൻ കരുതലോടെ പിന്തുടർന്ന്, വൈകിയ രാത്രിയിൽ മടങ്ങിയെത്തിയത് ഒരു കൂട നിറയെ മയിൽ മുട്ടകളുമായി. അക്ഷയപാത്രത്തിലെ വിശിഷ്ട സസ്യഭോജ്യങ്ങളെക്കാൾ ഇപ്പോൾ ഞങ്ങൾക്കിഷ്ടം പൊരിച്ച മയിൽ മുട്ടയാണ്, പാഞ്ചാലി ഊട്ടുപുരയിൽ ഒട്ടും സഹകരിക്കില്ലെങ്കിലും”, നകുലൻ ഉള്ള കാര്യം ഉറി പോലെ ചിരിച്ചു പിന്നിലേക്ക് മറിഞ്ഞു.

“വെട്ടിയും ചവിട്ടിയും കൊല്ലാൻ അവർ അഞ്ചു പേർ, ചാവാൻ നിങ്ങൾ നൂറു പേർ എന്തു കണക്കാണിത്” കൊട്ടാരം ലേഖിക കൈകൾ വിടർത്തി ചോദിച്ചു. അന്ത്യ യുദ്ധദിനം, കുരുക്ഷേത്രം.

“പാണ്ഡവരെ വഴിയാധാരമാക്കാൻ ജീവിതകാലം മുഴുവൻ കുട്ടിയും കിഴിച്ചും ഞാനും കൂട്ടാളികളും എത്ര സൂക്ഷ്മതയോടെ നിത്യവും ശ്രമിച്ചുവോ അത്രയും കുടിലതയോടെ പാണ്ഡവർ വനവാസക്കാലത്ത് ഞങ്ങൾക്കെതിരെ കളം വരച്ചിരുന്നു എന്ന് കണ്ടെത്താൻ ഞങ്ങളുടെ ചാരസംവിധാനത്തിനു ഒത്തില്ലെന്നതാണെന്റെ പാളിച്ച”, തുടയിൽ മാരകമായ ഭീമഗദപ്രഹരമേറ്റ് ചളിയിൽ കിടന്നു നിലവിളിക്കയായിരുന്ന ദുര്യോധനൻ ഒരു നിമിഷം സിംഹാസനത്തിൽ ഇരിക്കുന്ന പോലെ കൊട്ടാരം ലേഖികക്ക് മുമ്പിൽ അപ്പോഴും നടിച്ചു.

2016/08/01

“അഭിമന്യുവിനെ ഭീകരൻ എന്ന് ദുര്യോധനൻ വിശേഷിപ്പിച്ചത് പാണ്ഡവരെ ചൊടിപ്പിച്ചിട്ടുണ്ടല്ലോ” യുദ്ധകാര്യ ലേഖകൻ കർണനോട് ചോദിച്ചു.

“കൗരവ സുരക്ഷാവലയം തകർത്ത് കണ്ണിൽ കണ്ടവരെയെല്ലാം വെട്ടിയും ചവിട്ടിയും കൊന്നു കൊലവിളിച്ചു ഹസ്തിനപുരം ഇനി ഞങ്ങൾക്ക് എന്ന് ഉച്ചത്തിൽ ആർമാദിക്കുന്നവനെ പിന്നെ ഞങ്ങൾ ധീരോദാത്തൻ എന്നാണോ വിളിക്കേണ്ടത്? ഞങ്ങളും തിരിച്ചു കൊടുത്തിട്ടുണ്ടാവും കൈ മെയ് മറന്നു കുറെ.”, ദേഹമാസകലം ചോരപ്പാട്ട് നിറഞ്ഞ കർണൻ പാണ്ഡവ വിഘടനവാദികളുടെ ഒരു കൗമാര വീരനെ കൊന്നു കൊലവിളിച്ച ഉത്സാഹത്തിൽ യമുനയിൽ നീന്തിക്കുളിക്കാൻ, മെയ്യൊതുക്കത്തോടെ നിലാവ് പെയ്യുന്ന വെള്ളത്തിലേക്ക് എടുത്തുചാടി.

2016/08/02

“കൗരവരോടുള്ള പെരുമാറ്റം നന്നാക്കാൻ പാണ്ഡവർക്ക് സ്വഭാവശുദ്ധിപരിശീലനം കൊടുക്കാൻ കൃപാചാര്യരെ നിയോഗിച്ചു എന്ന് കേട്ടല്ലോ. എന്താ സംഗതി?” കൊട്ടാരം ലേഖിക ചോദിച്ചു.

“ഈയിടെ ദുര്യോധനനെ ഗംഗാനദിയിൽ ഭീമൻ മുക്കിക്കൊല്ലാൻ ശ്രമിച്ചത് നിമിത്തമായി എന്ന് കരുതു. കാട്ടിൽ കൗമാരം വരെ, തിരിച്ചു കടിക്കാത്ത മൃഗങ്ങളെ

കൊന്നു കൊലവിളിച്ച നടന്ന പാണ്ഡവർക്ക് ഹസ്തിനപുരി രണ്ടാംജന്മത്തിൽ, പരിഷ്കൃത പെരുമാറ്റമുറയില്ലെങ്കിൽ, ദ്രോണർ കൊട്ടുക്കുന്ന സായുധപരിശീലനം കൊണ്ടെന്തു ധാർമിക ബലം എന്നൊരു ചിന്താധാര ഭരണകൂടത്തിന്റെ അത്യുന്നത തലങ്ങളിൽ ഉണ്ടായി എന്നതു് കുരുവംശത്തിന്റെ പുണ്യം എന്നേ ഞങ്ങൾ പൂണൂലിട്ട പോരാളികൾ പറയൂ", പരിശീലനപരിപാടിക്ക് അന്തിമരൂപം നൽകുന്ന ആചാര്യൻ എളിമയുടെ നിറകുടം പോലെ പറഞ്ഞു.

2016/08/03

"രാഷ്ട്രതന്ത്രത്തിലെ ബാലപാഠങ്ങൾക്കായി കുരുക്ഷേത്രയിലെ ഭീഷ്മശരശയ്യയിൽ എത്തുമ്പോൾ, അവിടെ വരി നിന്ന സ്ത്രീകളുടെ നീണ്ട നിരകണ്ടു പുതിയ മഹാരാജാവു് യുധിഷ്ഠിരൻ ചാരവകുപ്പ് മേധാവി നകുലനോട്ട് 'ഇവരൊക്കെ ആരാണ്' എന്ന് വിരൽ ഞൊടിഞ്ഞും മുഖം കറുപ്പിച്ചും ചോദിക്കുന്നതു് നീ കണ്ടല്ലോ. കുറെ ദൂരെ ഭീമന്റെ കൂടെ ആയിരുന്നതുകൊണ്ട് എന്തു മറുപടിയാണ് കിട്ടിയതെന്നറിയാൻ എനിക്കൊത്തില്ല." ഹസ്തിനപുരി കൂട്ടുകാരിയുമൊത്ത് തിരിച്ചു നടക്കുമ്പോൾ യുദ്ധകാര്യ ലേഖകൻ ചോദിച്ചു.

"ഓ അതോ. യുദ്ധത്തിൽ ഭീഷ്മരുടെ മാരകായുധങ്ങളാൽ ജീവൻ നഷ്ടപ്പെട്ട പാണ്ഡവസൈനികരുടെ യുവവിധവകൾ ആഗോളനിരായുധീകരണത്തിന്റെ അടിയന്തിര പ്രാധാന്യത്തെ കുറിച്ച് പിതാമാഹനുമായി ഒന്നും രണ്ടും പറയാൻ വന്നതാണ്. അനധികൃത ആൾക്കൂട്ടത്തെ അവിടെ അന്ന് അനുവദിച്ച എന്ന ആരോപണവുമായി പ്രവിശ്യാ ഭരണാധികാരിയെ പിടികൂടി ഉടനടി നകുലൻ ചോദ്യം ചെയ്യൽ തുടങ്ങി."

"പൊതുവേദിയിൽ പ്രസംഗിക്കുന്ന യുധിഷ്ഠിരൻ വിതുമ്പി, മുഖം താഴ്ത്തുന്നു, കണ്ണു തുടക്കുന്നു, ശബ്ദം ഇടറുന്നു. എന്തു പറ്റി ഈ കാലന്റെ മകനെ ഇങ്ങനെ കരയിപ്പിക്കാൻ മാത്രം?" യുദ്ധകാര്യലേഖകൻ പിൻവരിയിൽ അലസമായി കിടന്നു കൂട്ടുകാരിയോട്ട് അത്ഭുതപ്പെട്ടു.

"സ്വാഭാവിക കാരണത്താൽ വീട്ടിൽ മരണം സംഭവിച്ചവരുടെ ഭാര്യമാർ യഥാർത്ഥ കുരുക്ഷേത്രവിധവകൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായം വ്യാജസത്യവാങ്മൂലങ്ങൾ നൽകി തട്ടിയെടുക്കുന്നു എന്നറിഞ്ഞ സത്യസന്ധനായ ഭരണാധികാരിയുടെ മനോവേദന, വേറൊന്നുമല്ല", കൊട്ടാരം ലേഖിക പുഞ്ചിരിച്ചു.

"ത്രേതായുഗത്തിൽ ജീവിച്ച സീതയ്ക്ക് സുരക്ഷയായി ലക്ഷ്മണനെ വീട്ടിൽ നിർത്തി, രാമൻ ഒറ്റക്കല്ലേ വേട്ടയാടി മാനിറച്ചി കൊണ്ടുവന്നു മൂന്നു പേരും രാത്രി ചുട്ടുതിന്നു വിശപ്പടക്കിയതു്? ഭക്ഷ്യലഭ്യതക്ക് അത്ഭുതപാത്രം അവർക്കു വേണ്ടെങ്കിൽ പിന്നെ ധീരോദാത്തന്മാരായ നിങ്ങൾ ദ്വാപരയുഗപാണ്ഡവർക്കെന്തിനൊരക്ഷയപാത്രം? ധാരാളം സസ്യാഹാരികളായ മൃഗങ്ങൾ ഉള്ള കാടല്ലേ, ഒന്നു മേലനങ്ങിക്കൂടെ. ഊഴം വച്ച്, പല്ലു മുറിയെ മൂന്നു നേരം ഇറച്ചി പൊരിച്ചു തിന്നാൻ?", ഉപചാര സന്ദർശനത്തിന് സമീപ ആശ്രമത്തിൽ നിന്നു വന്ന പുതുസന്യസ്ഥൻ യുധിഷ്ഠിരനോട്ട്.

"എന്താണ് നിങ്ങൾക്ക് സന്തോഷം എന്നു പറഞ്ഞാൽ?" കരയിൽ മരം ചാരി ആലോചനയിൽ കാണപ്പെട്ട ഭീമനോട്ട് കൊട്ടാരം ലേഖിക കരുതലോടെ ചോദിച്ചു.

വനാശ്രമത്തിൽ നിന്ന് കുത്തനെ ഇറക്കത്തിൽ നിങ്ങൾ വഴി നടന്നെത്തിച്ചേരുന്ന ആ തെളിഞ്ഞ ജലസമൃദ്ധിയിൽ, മറ്റ നഗ്നപാണ്ഡവർ പാഞ്ചാലിക്കൊപ്പം കമഴ്ന്നും മലർന്നും നീന്തിത്തുടിച്ചിരുന്ന ഒരു ശരത്കാല സന്ധ്യ.

"സന്യസ്ഥാശ്രമത്തിൽ നിന്ന് മോഷ്ടിച്ച് കൊണ്ടുവന്ന കാളക്കുട്ടിയെ ഒറ്റയ്ക്ക് കഴുത്തറുത്തു, ഇറച്ചി പൊരിച്ചു തിന്നുന്ന ദിവാസ്വപ്നം യാഥാർഥ്യമായാൽ, അതെ അതാണെന്റെ സന്തോഷം."

2016/08/04

"ദീർഘകാല ദാമ്പത്യ അവഗണനക്കെതിരെ പരസ്യമായി ആഞ്ഞടിക്കാൻ, യുധിഷ്ഠിരന്റെ ആദ്യ ഔദ്യോഗിക ഭാര്യ ഇതാ ദുര്യോധനവിധവയുമായി കൈ കോർക്കുന്നു. ഇന്ന് മുതൽ വേദി പങ്കിട്ട്, ചെലവിനു തരാത്ത ഭർത്താവിനെ പൊതുവ്യവഹാര മണ്ഡലത്തിൽ അവമതിച്ചു മുട്ടു കുതിക്കും എന്നാണ് പ്രതിജ്ഞ."

കൊട്ടാരം ലേഖിക സ്തോഭാജനകമായി കൈകൾ ചലിപ്പിച്ചു.

"പാഞ്ചാലിക്കു ഇളമുറ നകുലനോടുള്ള പക്ഷപാതപൂർണമായ ദാമ്പത്യപരിഗണനയിൽ മനംനൊന്ത വയോധികരാജാവ് യുധിഷ്ഠിരൻ, ദുര്യോധന വിധവയുടെ കൊച്ചുമകളെ പരിണയിച്ച് ഏക ഔദ്യോഗികവധു ആക്കാൻ തീരുമാനിച്ചു കഴിഞ്ഞു. മഹാറാണിപദവിയിൽ നിന്ന് മാറ്റി, പാഞ്ചാലിയുടെ ഗർവൊന്നൊതുക്കിയേ യുധിഷ്ഠിരൻ അടങ്ങൂ. അതോടെ കൗരവരാജവിധവകൾ അവരുടെ പഴയ രാജമന്ദിരങ്ങളിൽ മടങ്ങി എത്തും. വിരുന്നിൽ നിങ്ങൾക്കും ഒരു ക്ഷണം", യുധിഷ്ഠിരന്റെ കാര്യാലയ വക്താവ് ഒരു വിജ്ഞാപനം വായിക്കുന്ന പോലെ ഔദ്യോഗികസ്വരത്തിൽ പറഞ്ഞു.

"മണ്ണിൽ താണ രഥചക്രം പാടുപെട്ടുയർത്തുന്ന തരം നോക്കി വേണമായിരുന്നു മാരകായുധം പ്രയോഗിച്ചു കർണ്ണനെ കൊലചെയ്യാൻ അല്ലെ", കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. കുരുക്ഷേത്രം നിർണായക യുദ്ധദിനം.

"ചക്രവ്യൂഹത്തിൽ പെട്ട് പുറത്തുകടക്കാനാവാതെ നട്ടം തിരിഞ്ഞ അഭിമന്യുവിനെ വളഞ്ഞുവച്ച് കൗരവർക്കൊപ്പം ചവിട്ടിയും പരിഹസിച്ചും കൊന്നവനെ വധിക്കാനല്ലെങ്കിൽ പിന്നെ എന്തിനാണ് യുവസുഹൃത്തേ കൊലച്ചതി?", ശത്രുച്ചോര വീണുണങ്ങിയ ഉടൽ കഴുകിയെടുക്കാൻ യമുനയിലേക്കു കുപ്പുകുത്തുമ്പോൾ പാണ്ഡവ പോരാളി പറഞ്ഞു.

2016/08/05

"എല്ലാ കൗരവരെയും ഈ ഗദ കൊണ്ട് തന്നെയാണോ തല്ലിക്കൊന്നത്?" കൊട്ടാരം ലേഖിക രൗദ്ര ഭീമനെ പ്രശംസിച്ചു.

"കൗരവരുടെ എല്ലു കടിച്ചു പൊട്ടിക്കാൻ ബലമുള്ള ഈ ഭീമപ്പല്ലുകൾ നോക്കൂ. പുഞ്ചിരിക്കാത്തപ്പോൾ അവ മാരകായുധമല്ലേ? കീഴ്ത്താടിയുടെ ബലപിന്തുണയും കുറച്ചു കാണിക്കരുത്. ശരീരം ഭീമാകൃതിയിൽ എന്നാണ് പാഞ്ചാലി എന്നെ കിടപ്പറയിൽ നിന്ദിക്കുക എങ്കിലും, ചെന്നായയുടെ വയറുള്ളവൻ എന്നാണു അമ്മ കുന്തി യെന്നെ തീൻശാലയിൽ പ്രകീർത്തിക്കുക. ഒളിഞ്ഞിരുന്നു ഇരയെ ചാടിപ്പിടിക്കുന്ന

ആ പതിവ് രാജ രീതിയുണ്ടല്ലോ, അതെനിക്ക് വശമില്ല. രക്ഷപ്പെടാൻ ഓടുന്ന ഇരയെ കണ്ടെത്തിയാൽ, പിന്നാലെ ഞാൻ വച്ച് പിടിക്കും. കളി ആദ്യം കണ്ടാൽ നിങ്ങൾ ചിലപ്പോൾ ചിരിക്കുമെങ്കിലും പിന്നെ കാര്യമാവും. ശത്രുകൗരവന്റെ വയറിനാണ് ഞാൻ ആദ്യം ചാടി കടിക്കുക. കരൾ ആ ഭാഗത്താണ് എന്ന് നകുലൻ പറഞ്ഞു തന്നത് ഒരിക്കലും മറന്നില്ല. നുലാമാലകൾ വയറിൽ നിന്ന് പുറത്തുചാടി ഒരടി മുന്നോട്ടു വക്കാനാവാതെ ആ അർദ്ധസഹോദരൻ മണ്ണിൽ അമർന്നിരിക്കുമ്പോൾ, എനിക്കവനെ തിന്നാനാണ് തോന്നുക, പക്ഷെ രാവിലെ പേടമാനിനെ ജീവനോടെ കടിച്ചു പൊളിച്ചു തിന്ന ആ യുദ്ധ ദിവസങ്ങളിൽ കൗരവമാംസം കാത്തു നിൽക്കുന്ന കഴുകന് കൊടുക്കും, പക്ഷെ ചുടുചോര കൊണ്ട് പ്രിയ പാഞ്ചാലിയുടെ മുടി കഴുകും."

ഭീമൻ ആനന്ദനൃത്തത്തിലായിരുന്നു.

2016/08/06

"പുതിയ രാജാവ് ദ്രോഹിക്കുന്നു?", കൊട്ടാരം ലേഖിക സഖ്യപ്പെട്ടു.

"ദുര്യോധനവധുവായി വന്ന നാൾ ഭർതൃപിതാവ് തന്ന രത്നമാല തിരിച്ചുചോദിച്ച യുധിഷ്ഠിരന്റെ മര്യാദകേട് ഞാൻ മാറ്റിവെക്കുന്നു. നേരിട്ട് പോയി ഞാൻ, കാര്യാലയത്തിന്റെ ചുമതല വഹിക്കുന്ന ഭീമനെ മാലയൂരി ഏൽപ്പിച്ചു. ശന്തനു പുത്രവധു അംബികക്ക് നൽകിയ ആ മാല പൈതൃകസ്വത്തായിരിക്കാം, എന്നാൽ വെള്ളാരംകല്ലും വൈരവും കണ്ടാൽ തിരിച്ചറിയാത്ത ഭീമൻ, മാല തിരിച്ചും മറിച്ചും നോക്കി, എന്തോ വര വീണു എന്ന് ആക്ഷേപിച്ചു അന്വേഷണത്തിന് ഉത്തരവിട്ടത് എന്നെ കുടിയൊഴിപ്പിച്ചതിനേക്കാൾ വേദനിപ്പിച്ചു."

2016/08/07

"പാണ്ഡവരഹസ്യങ്ങൾ കെട്ടുകെട്ടായി ദുര്യോധനവിധവകച്ചവടത്തെരുവിൽ രണ്ടു ദിവസമായി നിരത്തിയിട്ടുണ്ടല്ലോ. പ്രേക്ഷകരും ഉത്സാഹത്തിൽ. ഉപചാരസന്ദർശനത്തിനു യുധിഷ്ഠിരനെ കാണാനെത്തിയ വിധവയും പെണ്മക്കളും രതിപീഢനത്തിനു ഇര എന്നാണിപ്പോൾ പുറത്തു വിട്ട പുതിയ വിഴുപ്പിൽ", കൊട്ടാരം ലേഖിക ആശങ്ക നടിച്ചു.

"പൊതുചെലവിൽ വിദുരർ പണിത രമ്യ ഹർമ്യം ദുര്യോധനൻ ക്രമരഹിതമായി കൈവശം വച്ചിരുന്നത് ഇപ്പോൾ കുടിയിറക്കൽ ഭീഷണി നേരിടുന്നു എന്ന് വിവരം കിട്ടിയപ്പോൾ, പുതുഭരണാധികാരിയെ ലൈംഗിക അപവാദത്തിൽ കുടുക്കി ശിക്ഷിക്കണം എന്നാണു കൃപാചാര്യൻ കൊടുത്ത ഉപദേശം എന്ന് വ്യക്തം. ചില അന്തഃപുര വിഴുപ്പുകൾ ഞങ്ങളുടെ കൈവശമുണ്ട്. അത് അവർക്കു യോജിച്ച രീതിയിൽ തന്നെ തക്കസമയത്ത് അരങ്ങേറ്റമൈതാനിയിൽ കഴുകാൻ ഇടും" ചാരവകുപ്പു മേധാവി നകുലൻ പരുക്കൻ പുഞ്ചിരിയോടെ പ്രതിരോധിച്ചു.

2016/08/08

“കൗരവ സർവസൈന്യാധിപനെ എന്തു് കുൽസിതരീതി പിന്തുടർന്നും ആയുധം താഴെ വപ്പിക്കാൻ പാണ്ഡവരുടെ ആ ‘കറുത്ത ചാണക്യൻ’ ഭിന്നലിംഗക്കാരെ യുദ്ധത്തിൽ ഇറക്കുമെന്നു നിങ്ങളുടെ അർധസഹോദരൻ ആവർത്തിച്ചു പറയുന്നല്ലോ. കുറച്ചു വാക്കുകളിൽ എങ്ങനെ പ്രതികരിക്കുന്നു.” കൊട്ടാരം ലേഖിക ചോദിച്ചു.

“അപ്പോൾ ലിംഗവിവേചനം വേണം യുഗാതീതമഹാഭാരതത്തിലും അല്ലേ? പെറ്റതള്ളയുടെ തപശ്ശക്തി ദുരുപയോഗം ചെയ്തു, അമാനുഷ യുദ്ധക്കരുത്തു് നേടി അധാർമികപോരാട്ടത്തിന്നിറങ്ങിയ എന്റെ അനുജൻ പ്രിയദുര്യോധനൻ തന്നെ വേണം ഭിന്നലിംഗശിഖണ്ഡിക്കെതിരെ ഭീകര പ്രചാരണം നടത്താൻ”, യുധിഷ്ഠിരൻ എന്തോ ആലോചനയിൽ ആയിരുന്നു.

“യുദ്ധത്തിൽ ഭാവിമഹാറാണിയും പോരാളിയാണോ?” രാത്രി യമുനയിൽ തേച്ചു കുളിച്ചു ഈറനുടുത്തു് പുഴയോര പാണ്ഡവപാളയത്തിലേക്ക് നടക്കുകയായിരുന്ന പാഞ്ചാലിയെ കൊട്ടാരം ലേഖിക അഭിവാദ്യം ചെയ്തു.

“മനസ്സും മേനിയും തകർന്ന് സന്ധ്യക്കു കൂടണയുന്ന ഭർത്താക്കന്മാർക്ക് സാന്ത്വനസ്പർശനത്തിന് പെൺകൂട്ട് വേണ്ടേ”, അഴകളവുകൾ അർത്ഥഗർഭമായി പ്രദർശിപ്പിച്ച പാഞ്ചാലി പുഞ്ചിരിച്ചു.

2016/08/09

“ഹസ്തിനപുരി പത്രികയിൽ പരാതി എഴുതിയ നിങ്ങളെ കൗരവർ തല മൊട്ടയടിച്ച ചങ്ങലക്കിട്ടുവെന്നോ? വേർപെട്ടുപോയ ആത്മാവുകൾക്ക് പരലോകത്തു നിത്യശാന്തി ലഭിക്കാൻ ഗംഗയിലെ ശ്രാദ്ധഘട്ടങ്ങളിൽ നിത്യവും ബലികർമത്തിൽ സഹായിക്കുന്ന വെറുമൊരു ബ്രാഹ്മണനല്ലേ നിങ്ങൾ”, കൊട്ടാരം ലേഖിക പ്രയാസത്തോടെ ചോദിച്ചു.

“സ്ത്രീപീഢനത്തിൽ പ്രതിയായ കൗരവർ എന്നു ഞാൻ പരാമർശിച്ചതിൽ കയറിപ്പിടിച്ച്, ആരോപണവിധേയൻ എന്നല്ലേ കുറ്റം സംശയാതീതമായി തെളിയും വരെ പറയേണ്ടതു് എന്നു ചോദിച്ചു ദുര്യോധനൻ ഈ നിലയിൽ എന്നെ അപ്പോൾ തന്നെ തളച്ചിട്ടു”, പൂജാരി കൊട്ടാരം ലേഖികയെ നോക്കി വിലപിച്ചു.

“അഞ്ചു പേരിൽ പ്രത്യേകമായി പാഞ്ചാലിക്കു പ്രിയം നിങ്ങളോടാണ് അല്ലേ”, കൊട്ടാരം ലേഖിക നകുലനെ കവിളിൽ തലോടുന്ന പോലെ ചോദിച്ചു.

“പാണ്ഡവരെ പല തട്ടുകളിൽ ഇട്ടു കളിപ്പിക്കാൻ അവൾ ഇടക്കൊന്നെന്നെ പൊട്ടിച്ചിരിച്ചു പ്രശംസിക്കുന്നതാണോ നിങ്ങൾ പത്രപ്രവർത്തകർക്കു ചേരാത്ത നിഷ്കളങ്കതയോടെ മുഖവിലക്കെടുത്തതു്?”, കൈ തട്ടി നീക്കി ആ ഇളമുറ പാണ്ഡവൻ മരത്തണലിൽ ചൂതു് കളി പരിശീലിച്ചിരുന്ന മറ്റു സഹോദരർക്കടുത്തേക്കു നീങ്ങി.

മുന്നറിയിപ്പില്ലാതെ രാജാവ് യുധിഷ്ഠിരൻ വൈകിയ രാത്രിയിൽ കൊട്ടാരം ഊട്ടുപുരയിൽ കയറിച്ചെന്നപ്പോൾ, നാലു സഹോദരന്മാരും, ചാണകം മെഴുകിയ നിലത്തു് ചളും പടിഞ്ഞിരുന്നു, ഒരു കാളക്കുട്ടിയുടെ ഇറച്ചി നീക്കിയ തുടയെല്ലിനായി പരസ്പരം മല്ലടിക്കുന്നു. ചുണ്ടും പല്ലും പൊട്ടി ചോരയൊഴുകുന്നു. ‘നിർത്തു’ എന്ന് യുധിഷ്ഠിരൻ ഗർജിച്ചപ്പോൾ, ഭീമൻ പൊട്ടിക്കരഞ്ഞു കാലിൽ വീണു. എൺപതു് കഴിഞ്ഞ വൃദ്ധഭീമനായിരുന്നില്ല അപ്പോൾ, വിശപ്പു് സഹിക്കാതെ നിലത്തു കിടന്നുരുണ്ടു

വാശിയിൽ വിലപിക്കുന്ന, കാട്ടിലെ ആ പഴയ കുട്ടിഭീമനായിരുന്നു. അവർ നാലുപേരും കൊന്നു തൊലിയുരിച്ച കാളക്കുട്ടിയുടെ ഇറച്ചി വരട്ടിയത് ഒരു മണിക്കൂർ മുമ്പ് വയർ നിറയെ കഴിച്ച യുധിഷ്ഠിരനറിയാമായിരുന്നുവോ, യുദ്ധാനന്തര ഹസ്ഥിനപുരിയുടെ ഇറച്ചിപ്പട്ടിണി, ഒരെല്ലിൻ കഷണത്തിനായി ഇളയ സഹോദരരുടെ വിശപ്പിൽ വാവിട്ട നിലവിളി.

"ചെങ്കോൽ അഭിമന്യുവിന്റെ മകൻ പരീക്ഷിത്തിനു നാം കൈമാറുക, ആരും കാണാതെ വഴിയിൽ കുഴഞ്ഞു വീണു കഥ തീരാൻ നാളെ അതി രാവിലെ തന്നെ കൊട്ടാരത്തിന്റെ പടിയിറങ്ങുക. നാം മുഴുനീള പരാജിതപാണ്ഡവർ", പിടിച്ചു നില്ക്കാൻ പോലും വയ്യാതെ അവശനായിരുന്ന അർജ്ജുനൻ, എന്നിട്ടും, വിരൽ ചൂണ്ടി ഗർവോടെ ആജ്ഞാപിച്ചു.

2016/08/10

"ചാരപ്പണിക്ക് വേഷംമാറിപ്പോയ ഭീമനെ പിടികൂടി കുരുക്കിട്ട് കൗരവർ വില പേശുന്നു: ഉടൻ നീ ഒറ്റക്കുചെന്നു ലൈംഗിക അടിമയായില്ലെങ്കിൽ ബന്ദിഭീമനെ 'ധൃതരാഷ്ട്രാലിംഗന'ത്തിന് വിട്ടുകൊടുക്കുമെന്ന് ഭീഷണി", യുധിഷ്ഠിരൻ അവശസ്വരത്തിൽ പറഞ്ഞു.

"ധൈര്യമായിരിക്കൂ. ഭീമകഴുത്ത് ദുര്യോധനൻ വെട്ടിയാലും തലയും ശരീരവുമായി നിങ്ങൾ ബാക്കി നാലുപേരില്ലേ. രണ്ടുപേരിൽ കൂടുതൽ ഉണ്ടെങ്കിൽ 'ആൾക്കൂട്ട'മായി തോന്നുന്ന കിടപ്പറയിൽ അഞ്ചുപേരിലൊരാൾ കാണാതായാൽ അത്രയും കുറച്ചു ആൾക്കൂട്ടം ഞാൻ സഹിച്ചാൽ പോരെ?"

"തീൻമുറിയിൽ പുകയില്ല, തീയില്ല, രാവിലെ കോരിക്കളയാൻ അടുപ്പിൽ ചാരമില്ല, ആവശ്യത്തിനും അനാവശ്യത്തിനും അഞ്ച് മടിയന്മാർക്കു വെട്ടി വിഴുങ്ങാൻ വലിയൊരു അക്ഷയപാത്രം: വനാന്തരത്തിൽ ഒരല്ലലുമില്ലാത്ത സുഖജീവിതം അല്ലെ." വനാന്തര ആശ്രമത്തിലെ പാണ്ഡവ ഊട്ടുപുര നോക്കി കൊട്ടാരം ലേഖിക തലയിൽ കൈ വച്ചു.

"പറഞ്ഞു വന്നാൽ ആശ്രമത്തിലാണ് നിങ്ങൾ ആറു പേരും, ഇനി പന്ത്രണ്ടു കൊല്ലത്തേക്ക് അടിമ ജീവിതം, പക്ഷെ ആശ്രമമൃഗങ്ങൾ, മാൻ മുയൽ ഒന്നും മുറ്റത്ത് കാണുന്നുമില്ല" കൊട്ടാരം ലേഖിക പുരികം ചുളിച്ചു.

"ഞാനില്ലേ", ബലിമൃഗത്തെ പോലെ പാഞ്ചാലി മുട്ട് മടക്കി നാടകീയമായി കുനിഞ്ഞു ഇരു കൈകൾ നീട്ടി, "പട്ടിണിയിടാനും ഭാരം ചുമക്കാനും അഞ്ചു കാളക്കുറ്റൻമാർക്ക് കീഴ്പ്പെപ്പെട്ടുത്താനും."

2016/08/11

"ഇതെന്താ കണങ്കാലിലൊരു തങ്കവള, ഉടുതുണി വലിച്ചൂരുമ്പോൾ കൌരവർ ഇത് കണ്ടില്ലേ?" കുളി കഴിഞ്ഞു ഈറൻ മാറ്റുന്ന പാഞ്ചാലിയുടെ കാലിലേക്ക് കൊട്ടാരം ലേഖിക തുറിച്ചു നോക്കി.

"വനവാസത്തിനിറങ്ങും മുമ്പ് സംഘം ചേർന്ന് കൗരവർ കാലിൽ ഇത് രഹസ്യമായി അണിയിച്ചു, എതിർത്തപ്പോൾ നീ അടിമ എന്ന് മന്ത്രിച്ചു. ഞാനിനി അവരുടെ നിരീക്ഷണവലയത്തി ലാണ്. എന്ന് പറഞ്ഞാൽ, ദൂരെ ദൂരെ ഹസ്തിനപുരി

കൊട്ടാരത്തിലെ ഭൂഗർഭ അറയിൽ ഇരുന്നു എന്നെ കൌരവർ രാപ്പകൽ ആസ്വദിക്കുന്നു", പാഞ്ചാലിയുടെ പുഞ്ചിരി ഒരു വിലാപം പോലെ ഹിമാലയ താഴ്‌വരയിലെ ആ ഒറ്റമുറി ആശ്രമത്തിൽ നിറഞ്ഞു.

"ഗാന്ധാരിയെ പോലെ അന്ധത അഭിനയിക്കുകയൊന്നുമല്ലല്ലോ, ശരിക്കും അനുഭവിക്കയല്ലേ ധൃതരാഷ്ട്രർ? മക്കൾ നൂറും കൊല്ലപ്പെട്ട ഹൃദയവേദന വേറെ. ഒറ്റയ്ക്ക് ഇങ്ങനെ നിത്യവും അലയാൻ വിടണോ?", കൊട്ടാരം ലേഖിക ആശങ്കയോടെ ചോദിച്ചു.

"പുത്രവിധവകൾ താമസിക്കുന്ന വൃദ്ധസദനത്തിലേക്കാണ് കാരണവർ നിത്യവും യാത്ര. അവിടെ നൂറു പേരോടും ഞങ്ങൾ അഞ്ചു പേരെ പറ്റി ദുഷിച്ചു സംസാരിച്ചേ മടങ്ങൂ. അംഗരക്ഷകനായി നിത്യവും വേഷം മാറി കാരണവരുടെ കൂടെ പോവുന്നത് ഞങ്ങളിൽ ഒരാൾ ആണ്. വഴിയിൽ ധൃതരാഷ്ട്രർ കുഴഞ്ഞു വീണു മരിച്ചാൽ ഭരണകൂടത്തിനെ പ്രതിരോധത്തിലാക്കാം എന്ന് വിധവകളും വിചാരിക്കുന്നു." 'അകമ്പടിവേഷം' മാറുന്ന തിരക്കിലായിരുന്നു ചാരവകുപ്പുമേധാവി നകുലൻ.

"കൗരവ അടിമയെന്ന നിലയിൽ പരിമിതി നേരിട്ടെങ്കിലും, മൊത്തം വനജീവിതം ഈ പന്ത്രണ്ടു വർഷം ആസ്വാദ്യകരമായിരുന്നോ?", കൊട്ടാരം ലേഖിക അഞ്ചു പേരോടും വിരൽ ചലിപ്പിച്ചു ഒരുമിച്ചു ചോദിച്ചു. ഭാഗ്യം, അവസാനദിന മാലിന്യനീക്കത്തിന് പാഞ്ചാലി ആശ്രമങ്ങളിലേക്ക് പോയ നേരമായിരുന്നു.

"വിശപ്പെന്തെന്നറിയാതെ വനാന്തരത്തിൽ കഴിഞ്ഞു. എപ്പോൾ ചെന്ന് അക്ഷയപാത്രത്തിൽ കയ്യിട്ടു വാരിയാലും കിട്ടുമായിരുന്നു, സ്വാദും ചൂടുമുള്ള അപ്പം. ആസ്വദിച്ചു തിന്നു. ഒന്നേ ഞങ്ങളുടെ ആർമാദത്തെ ആലോസരപ്പെടുതതിയുള്ളൂ. അതിഥി ബന്ധിത ഭക്ഷ്യലഭ്യതയെ കുറിച്ചുള്ള നിബന്ധനയനുസരിച്ച അത്താഴപ്പട്ടിണി യുമായി ഉറക്കമില്ലാതെ ജാലകത്തിന്നരികെ തല ചായ്ച്ചിരിക്കുന്ന പാഞ്ചാലി."

"ഹിമാലയ താഴ്‌വരയിലെ ഈ വനാശ്രമത്തിൽ തൊഴിൽരഹിതരായ അഞ്ചു ആണുങ്ങൾക്കൊപ്പം ഒറ്റമുറിയിൽ കഴിയുമ്പോൾ, വിരസത മാറ്റാൻ ദൂരെ ദൂരെ ഒരു പൊന്മാൻ പ്രലോഭിപ്പിക്കുന്ന പോലെ സങ്കൽപ്പി ക്കാറുണ്ടോ" ' കൊട്ടാരം ലേഖിക പാഞ്ചാലിയോട് കൌതുകപ്പെട്ടു.

"വാളും കുന്തവുമായി അഞ്ചു ആജാനബാഹുക്കൾ മാറി മാറി എന്റെ വഴിയിൽ ലക്ഷ്മണരേഖ വരക്കുമ്പോഴോ?"

"കേട്ടപ്പോൾ ഞെട്ടി എന്ന് ഞങ്ങൾ പറഞ്ഞുകൂടല്ലോ, വനവാസത്തിനു വൽക്കലം ധരിച്ചു നഗ്നപാദരായി പടിയിറങ്ങുമ്പോൾ, നിങ്ങൾ നൂറു കൌരവരേയും ഒന്നൊന്നായി കണ്ടു യാത്ര ചോദിച്ചു എന്ന വാർത്ത അടിസ്ഥാനരഹിതമാണോ?", കൊട്ടാരം ലേഖിക കിതപ്പോടെ ചോദിച്ചു.

"അടിസ്ഥാനത്തിന് എന്താ കുഴപ്പം, ഒരു വഴിക്കു പോവുമ്പോൾ യാത്ര ചോദിക്കേണ്ടേ?, പറഞ്ഞുവന്നാൽ അവരെല്ലാം എന്റെ ആരാധകരല്ലേ", പാഞ്ചാലി ജാലകത്തിലൂടെ വിദൂരതയിലേക്ക് നോക്കി.

2016/08/12

"പാഞ്ചാലപുത്രിയെ ശുചീകരണ തൊഴിലാളിയാക്കിയ കൗരവകുടിലതയെ നിങ്ങൾ അപലപിച്ചില്ല എന്നത് മനസ്സിലാക്കാം, തീവ്രാനുരാഗി ഭീമൻ അനീതിക്കെതിരെ മുറുമുറുത്തില്ല എന്നത് പാണ്ഡവ പ്രതികരണശേഷിയെ കുറിച്ച് എന്തോ വിപൽ

സന്ദേശം പുറം ലോകത്തിനു തരുന്നില്ലേ?" കൊട്ടാരം ലേഖിക യുധിഷ്ഠിരനെ വെല്ലു വിളിച്ചു.

"പൊട്ടിത്തെറിക്കേണ്ട ഇര പുഞ്ചിരിച്ചു കൊണ്ടല്ലേ ദുര്യോധനന്റെ ആജ്ഞ നിത്യവും അനുസരിക്കുന്നത്? ഒന്ന് മുറുമുറുത്തപ്പോൾ ഭീമനെ തല മൊട്ടയടിച്ചു ഉടയോൻ കൗരവൻ കഴുതപ്പുറത്തിരുത്തി ശിക്ഷിച്ചതൊക്കെ ഹസ്തിനപുരിയിൽ നിന്ന് വല്ലപ്പോഴും ഈ കാട്ടുമുക്കിൽ വരുന്ന നിങ്ങൾ കുലീന നഗരവാസികൾ എങ്ങനെ അറിയാനാണ് അല്ലെ?", താടിക്കു കൈവച്ചു മിണ്ടാതിരുന്ന ജ്യേഷ്ഠന് പകരം നകുലൻ പറഞ്ഞു.

"യുധിഷ്ഠിരൻ എന്തൊക്കെ ചെവിയിൽ മന്ത്രിക്കും സ്വകാര്യ മുഹൂർത്തങ്ങളിൽ, പാഞ്ചാലിയോട് ഇഷ്ടം കൂടാൻ?", കൊട്ടാരം ലേഖിക 'പൊള്ളുന്ന ഇടത്തിൽ' വിരലമർത്തി.

"മറ്റു നാലു പേരെ കുറിച്ച് ഓരോന്ന് കുത്തിക്കുത്തി ചോദിക്കും. ഇളമുറപാണ്ഡവർക്ക് പ്രണയസല്ലാപത്തിൽ വാചിക മികവു കുറവാണ് എന്ന് തെളിയിക്കുന്ന ദുരനുഭവങ്ങൾ ഞാൻ അപ്പോൾ ആവർത്തിച്ചു സാക്ഷ്യപ്പെടുത്തണം."

"മധുരത്തിൽ വിഷം കലർത്തി പാണ്ഡവക്കുട്ടികളെ ഇടയ്ക്കിടെ തീറ്റിക്കാൻ പോലും അന്ധപിതാവിന്റെ പണപ്പെട്ടിയിൽ കയ്യിട്ടു വാരണം എന്ന സ്ഥിതി നിലവിലുണ്ടായിരുന്ന നിങ്ങളുടെ വിദ്യാർത്ഥി ജീവിതത്തിൽ, അരങ്ങേറ്റ ദിവസം പാണ്ഡവർ അവമതിച്ച ഒരു സൂതപുത്രനെ ഉടനടി "അംഗരാജാവായി" പ്രഖ്യാപിച്ച നിങ്ങളുടെ നടപടിക്കു, മുൻകാല പ്രാബല്യത്തോടെ രാജകീയ അനുമതി കിട്ടിയോ?", കൊട്ടാരം ലേഖിക ദുര്യോധനനെ നേരിട്ടു.

ചുണ്ടുകൾക്കിടയിൽ പിടയുന്ന പെരുമീനുമായി ശുദ്ധജലതടാകത്തിൽ മലർന്നു കിടന്നു നീന്തി തുടിക്കയായിരുന്നു കൌരവൻ.

"സാഹചര്യത്തിനൊന്നുയർന്നു സാഹസികമായി ഇടപെട്ട് പാണ്ഡവവിരുദ്ധ അധഃകൃത യോദ്ധാവിനെ ആജീവനാന്ത അടിമയായി നേടിയെടുക്കാൻ ഒരു സാങ്കല്പിക ദേശനാമം ആധികാരികമായി ഉച്ചരിച്ചു എന്നതിൽ കവിഞ്ഞെന്തു മുൻകാല പ്രാബല്യവും അനുമതിയും?", കടിച്ചു പിടിച്ച മീനിനെ കരയിൽ നിന്ന സഹായിക്കു നേരെ പിടിക്കാൻ പാകത്തിൽ കൃത്യമായി എറിഞ്ഞു, ഒന്നു മുങ്ങി കുത്തി വെയിലിലേക്ക് വീണ്ടും ഉയർന്ന്, ദുര്യോധനൻ പുഞ്ചിരിച്ചു.

2016/08/13

"ഭിക്ഷ യാചിച്ചു വന്ന ആറംഗ ആദിവാസികുടുംബത്തിന് അന്ത്യഅത്താഴം വിളമ്പാൻ അമ്മ മാത്രം? എവിടെയായിരുന്നു ആ സമയം നിങ്ങളഞ്ചുപേരും?" കൊട്ടാരം ലേഖിക വിരൽ ചൂണ്ടി.

"വാരണാവതം അരക്കില്ലത്തിൽ രഹസ്യമായി പണിതിരുന്ന ഭൂഗർഭ ഇടനാഴിയിൽ മണ്ണിടിച്ചിൽ ഉണ്ടാക്കി വഴിതടയാൻ വേഷം മാറി വന്ന കൗരവ ചാരസംഘമല്ലേ അത്? അവരെ കുടിപ്പിച്ചു ബോധം കെടുത്തേണ്ട ഭാരിച്ച ചുമതല കുന്തി ഏറ്റെടുത്തപ്പോൾ ഞങ്ങൾ പാതിരാ ഒളിച്ചോട്ടത്തിനു മണ്ണ് നീക്കി തുരങ്കം സഞ്ചാരയോഗ്യമാക്കി." ഏകചക്രയിൽ വേഷം മാറി ഭിക്ഷ യാചിക്കുന്ന ആറംഗ പാണ്ഡവ സംഘത്തിലെ നകുലൻ നിസ്സാരമായി പറഞ്ഞു.

“സംശയാസ്പദമായ രാത്രിയാത്രകളിൽ നിന്ന്, പ്രബോധനം വഴി ഭീഷ്മരെ പിന്തിരിപ്പിക്കാൻ വിദുരർ മേധാവിയായി ഉപസമിതി. സുതാര്യഭരണം വാഗ്ദാനം ചെയ്യുന്ന കൗരവ ഭരണകൂടത്തിനു മുമ്പിൽ, ഭീഷ്മയാത്രകളുടെ ദുരൂഹ ഭീഷണി പുറത്തു കൊണ്ടുവന്ന കൊട്ടാരം ലേഖികക്ക് പൌരസ്വീകരണം ഇന്ന് വൈകുന്നേരം അരങ്ങേറ്റം മൈതാനത്തിൽ.

“പരിപൂർണബ്രഹ്മചര്യത്തിന്റെ കുരുവംശപ്രായോജകൻ കുറച്ചു നാളായി ഊട്ടുപുരയിൽ ചെന്ന് വേഗം അത്താഴം കഴിച്ചു അകമ്പടി ഒഴിവാക്കി കൃഷിക്കാരന്റെ ലളിതവേഷത്തിൽ ഇരുട്ടിലേക്ക് നിത്യവും രാത്രി ഇറങ്ങിച്ചെല്ലുന്നത് ഹസ്തിനപുരി പൂക്കാര തെരുവിൽ ഇപ്പോൾ പാട്ടാണ്. കൊട്ടാര രഹസ്യങ്ങളുടെ കലവറ സൂക്ഷിപ്പുകാരനായ അഭിവന്ദ്യഭീഷ്മരെ രാഷ്ട്രീയപ്രതിയോഗികൾ ബന്ദിയാക്കി പിടിച്ചാൽ?”

2016/08/14

“നിലവിളിച്ചുകൊണ്ട് നിങ്ങൾ എന്തിനാണ് ഈ ആട്ടിൻകുട്ടികൾക്ക് ഇല തിന്നാൻ കൊടുക്കുന്നത്?” കൊട്ടാരം ലേഖിക നഗരാതിർത്തിയിലെ ഗ്രാമത്തെരുവിൽ, കർഷക കുടിലിനു മുമ്പിൽ കൂട്ടംകൂടി നിന്ന സ്ത്രീകളോട് നീരസം മറയ്ക്കാതെ ചോദിച്ചു.

“തിന്നു കൊഴുത്ത ഈ അഞ്ചു ആട്ടിൻകുട്ടികളെ കൊട്ടാരം ഊട്ടുപുരയിൽ അതിരാവിലെ ഞങ്ങൾ നേരിട്ട് എത്തിക്കണം. നാട്ട് വാഴുന്ന അഞ്ചു പാണ്ഡവപോക്കിരികൾ എണീറ്റ് വന്ന ഉടൻ, ഞങ്ങൾ തന്നെ വേണം അവർക്കു ഈ പ്രിയ വളർത്തുമൃഗങ്ങളുടെ കഴുത്തറുത്ത് കൊടുക്കാൻ. തീ പാറുന്ന നോട്ടത്തോടെ അക്ഷമയിൽ അവർ കാത്ത് നില്ക്കും ആ ചുടുചോര മോന്താൻ.”

2016/08/15

“കൗരവ രാജവിധവ എന്ന സംജ്ഞ ഔദ്യോഗികഉപയോഗത്തിൽ നിന്ന് പിൻവലിച്ചിരിക്കുന്നു എന്ന് പാണ്ഡവഭരണക്കൂടത്തിന്റെ രാജകീയമുദ്രയുള്ള അറിയിപ്പിൽ കണ്ടില്ലേ? നാല്പത് ലക്ഷം സൈനികർ ഇരു വിഭാഗങ്ങളിലും മരിച്ച യുദ്ധത്തിൽ അവർ അനർഹസൌജന്യം തട്ടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഈ നടപടി. നമ്മുടെ സ്വകാര്യ സംഭാഷണത്തിലും ഈ സംജ്ഞ ഉപയോഗിക്കാൻ പാടുള്ളതല്ല”, കൊട്ടാരം ലേഖിക ചുണ്ടിൽ വിരൽ വച്ച് സംസാരിച്ചു.

“അറിയാതെയെങ്കിലും ഉപയോഗിച്ചാൽ?” യുദ്ധകാര്യ ലേഖകൻ കണ്ണ് മിഴിച്ചു!

“ഒരു വിധവ കൂടി ഉടൻ ഉണ്ടാവും.”

2016/08/16

“ദാനശീലൻ എന്ന പൊങ്ങച്ചം നില നിർത്താൻ തൊലിയോടൊട്ടിക്കിടക്കുന്ന കവചങ്ങൾ ചോരപൊടിയുന്ന വിധം വലിച്ചൂരി ശത്രുചാരനു കൈമാറിയ കർണന്റെ നടപടി കർണസാരഥി എന്ന യുദ്ധപദവി നേടിയശേഷം നിങ്ങൾ പരസ്യമായി ചോദ്യം ചെയ്തത് മര്യാദയാണോ?” കൊട്ടാരം ലേഖിക ശല്യനോട് ചോദിച്ചു.

“ഒന്ന്, കർണൻ ദാനശീലൻ ആണെന്നോ അല്ലെന്നോ എനിക്കറിയേണ്ട കാര്യമില്ല, രണ്ട് അയാളുടെ സാരഥി എന്നത് എനിക്ക് ദുര്യോധനൻ തന്ന ശിക്ഷയാണ് മേനി പറയാവുന്ന പദവിയല്ല, മൂന്ന് അയാൾ ഇന്ദ്രന് കവചം ഊരിക്കൊടുത്തതിന് ശിക്ഷ കുരുക്ഷേത്രത്തിൽ ഇന്ദ്രപുത്രൻ അർജ്ജുനൻ തന്നെ കർണന് കൊടുക്കുന്നത് നിങ്ങൾ കാണേണ്ടിവരും.” ചട്ട കയ്യിലെടുത്ത് വായുവിൽ അടിച്ച് ശല്യൻ കൈത്തരിപ്പ് മാറ്റുന്നതിനിടെ സംസാരിച്ചു.

“വനവാസത്തിനു പോവാൻ പ്രത്യേകിച്ച് വല്ല പ്രകോപനവും?”, അധികാരത്തിന്റെ അകത്തളത്തിൽ നിന്ന് മരവുരി ധരിച്ച് നഗ്നപാദരായി ഹസ്തിനപുരിയിൽ നിന്ന് യാത്രയായ പാണ്ഡവരെ നോക്കി കൊട്ടാരം ലേഖിക കൌതുകത്തോടെ ചോദിച്ചു.

“കൌരവരുടെ കിരാതഭരണത്തിൽ നിന്ന് രാജ്യം രക്ഷ നേടിയ സ്വാതന്ത്ര്യദിനത്തിന്റെ മുപ്പത്തിരണ്ടാം വാർഷികം ഇന്നലെ ആയിരുന്നു. അരങ്ങേറ്റ മൈതാനത്തിൽ നടന്ന ആഘോഷത്തിൽ പക്ഷെ പങ്കെടുക്കാൻ ഉണ്ടായിരുന്നത് ഞങ്ങൾ അഞ്ചു പേർ. ചെങ്കോൽ കൈമാറാൻ അതൊരു ഓർമ്മപ്പെടുത്തൽ ആയി.” നകുലൻ വിജനമായ തെരുവിൽ യാന്ത്രികമായി യാത്ര ചൊല്ലി.

“ആൽമരച്ചുവട്ടിലിരുന്നു ചൂതാട്ട പരിശീലനം ചെയ്യുന്നത് വനാശ്രമത്തിലെ ജാലകത്തിലൂടെ നോക്കുമ്പോൾ പരസ്പരം ചൂണ്ടുവിരലുയർത്തി നിങ്ങളഞ്ചുപേരും കയർക്കുന്നതു കാണാം. അത് കളിയുടെ ഭാഗമാണോ?” കൊട്ടാരം ലേഖിക ചോദിച്ചു. മഴപെയ്തു തെളിഞ്ഞ ഹിമാലയ താഴ്വര.

“കോപത്തോടെ പാഞ്ചാലി പടിയിറങ്ങുമ്പോൾ ഞങ്ങൾ പാണ്ഡവർ വിരൽചൂണ്ടി പരസ്പരം പഴി ചാരും, നിന്നെയാണ് പാഞ്ചാലിയിന്നു ഉന്നംവച്ചതു. മറ്റു നാലു പേരപ്പോൾ പേടിച്ചു പേടിച്ചു ‘അല്ല നിന്നെ നിന്നെ’ എന്ന് ഒച്ച വക്കും”, ഭീമൻ കൊച്ചു കുഞ്ഞിനെ പോലെ കൊഞ്ചിക്കൊഞ്ചി പറഞ്ഞു.

2016/08/17

“എന്താണ് രാവിലെ തന്നെ പുല്ലിൻചൂലു കൊണ്ടൊരു ശുദ്ധീകരണയജ്ഞം?”, പുലർകാലനടത്തം കഴിഞ്ഞു വനാശ്രമത്തിൽ തിരിച്ചെത്തിയ കൊട്ടാരം ലേഖിക മുറിയടിച്ചുവാരുന്ന പാഞ്ചാലിയെ അഭിവാദ്യം ചെയ്തു.

“അന്തേവാസികൾ ആകാശചാരികളുടെ ജാരസന്തതികളാണെങ്കിലും, ഭൂമിയിലെ ക്ഷുദ്രജീവികൾക്ക് ഇവിടം ഔദ്യോഗിക ഇടത്താവളമാക്കാൻ ഒരു ദിവസം ഈ ചൂലിനു അവധി കിട്ടിയാൽ മതി”, പാണ്ഡവചർമങ്ങളിൽ നിന്ന് കഴിഞ്ഞ ഒരു ദിവസം വീണ ജഡകോശങ്ങൾ സൂക്ഷ്മമായി അടിച്ചുവാരി പുറത്തേക്കിടുന്ന പാഞ്ചാലി കൃത്യനിർവ്വഹണത്തിൽ നിന്ന് നോട്ടം തെറ്റിക്കാതെ പറഞ്ഞു.

“അടിമപ്പെൺ പദവി നൽകി ഔദ്യോഗികമായി കൗരവർ പാഞ്ചാലിയെ ഇന്നലെ രാത്രി രാജ്യസഭയിൽ അപമാനിക്കുമ്പോൾ നിങ്ങൾ മിക്കവാറും അക്ഷോഭ്യനായിരുന്നു എന്നാണോർമ. എങ്ങനെ നേടി ഈ മനോനിയന്ത്രണം?” കൊട്ടാരം ലേഖിക ചോദിച്ചു.

“ഇന്ദ്രപ്രസ്ഥത്തിൽ രോഗം ബാധിച്ചു ഞാൻ അവശനായി കുറച്ചു നാൾ കിടപ്പിലായപ്പോൾ പാഞ്ചാലി, ഇളമുറ പാണ്ഡവരുമായി ഒത്തുകളിച്ചു, വേണ്ടത്ര വൈദ്യസഹായം എത്തിക്കാതെ കളിപ്പിച്ചു എന്ന ആ പരുക്കൻ ഓർമ എന്നെ അപ്പോൾ

സ്വാധീനിച്ചുവോ?", ദിക്കറിയാത്ത മട്ടിൽ വനാശ്രമത്തിലേക്കുള്ള യാത്രയിൽ യുധിഷ്ഠിരൻ വടക്കോട്ടു കാൽ വെക്കുന്നതിനു പകരം തെക്കോട്ടു തിരിഞ്ഞു.

"അനുപാതത്തിൽ കവിഞ്ഞ അളവിൽ പാഞ്ചാലി നിങ്ങളഞ്ചു പേരിൽ ആരെയോ രഹസ്യമായി പരിഗണിക്കുന്നു എന്ന ആക്ഷേപം ആദ്യമുയർത്തിയതാരായിരുന്നു?", കൊട്ടാരം ലേഖിക ചോദിച്ചു പാഞ്ചാലി പണിക്കു പോയ നേരം, വനാശ്രമം.

"ഒരു പണത്തൂക്കം അധികം പരിഗണനക്കായി ഞങ്ങൾ അഞ്ചു പേർ, ഒറ്റക്കൊറ്റയ്ക്കും കുറു മുന്നണിയുണ്ടാക്കിയും പരസ്പരം ഒറ്റുകൊടുത്ത് ഞങ്ങളഞ്ചു പേരും ഇരകൾ", ഇളമുറ സഹദേവൻ തേങ്ങി. മറ്റു പാണ്ഡവർ തല കുനിച്ചു നിന്നു.

2016/08/18

"ഭരണസിരാകേന്ദ്രത്തിലെ ഔദ്യോഗികസാന്നിധ്യം നിങ്ങളഞ്ചുപേർ മാത്രം?" കൊട്ടാരം ലേഖിക നെറ്റി ചുളിച്ചു.

"പതിമൂന്നിനും അറുപതിനും ഇടക്കുള്ള പുരുഷന്മാർ രാഷ്ട്രത്തിന്റെ അഖണ്ഡതക്ക് വേണ്ടി വിഘടനവാദികളെ നേരിടാൻ കുരുക്ഷേത്രയിൽ ജീവത്യാഗം ചെയ്തു എന്ന് നിങ്ങൾ തന്നെയല്ലേ എഴുതിയത്? കുടിയൊഴിക്കപ്പെട്ട നൂറോളം കൗരവ രാജവിധവകളെ കൊട്ടാരം നടത്തിപ്പിന്റെ ഔദ്യോഗിക ചുമതല കൊടുത്ത് പുനരധിവാസം ചെയ്യാനുള്ള കർമപഥത്തിലാണ് ഞങ്ങൾ"

"ഇങ്ങനെയൊന്നുമല്ല അല്ലെ നിങ്ങൾ കുരുക്ഷേത്രയുദ്ധഫലം വിഭാവന ചെയ്തത്?", നൂറു മക്കളെ നഷ്ടപ്പെട്ട ഗാന്ധാരിയോട് കൊട്ടാരം ലേഖിക മുനവച്ചു ചോദിച്ചു.

"അമ്മാ, ഇന്ന് ഞാൻ ആരോരുമറിയാതെ കുട്ടിഭീമന് ചുടുമാൻചോരയിൽ കുറച്ചു വിഷം കൊടുത്തു എന്ന് ദുര്യോധനൻ കൗമാരത്തിൽ എന്നോടു രഹസ്യമായി പറഞ്ഞപ്പോൾ, നാളെ മറ്റു നാലുപേർക്കും നല്ലവണ്ണം കലക്കി കൊടുക്കൂ എന്ന് അമ്മയെന്ന നിലയിൽ ദീർഘദൃഷ്ടിയോടെ പ്രോത്സാഹിപ്പിക്കാഞ്ഞതാണെന്റെ വീഴ്ച", കൺകെട്ട് അൽപ്പം നീക്കി ചുറ്റിലും പാണ്ഡവ ചാരൻ ഇല്ലെന്നുറപ്പിച്ച ഗാന്ധാരി പിറുപിറുത്തു.

"എന്തു പറ്റി അർജ്ജുനന് മുഖത്തും നെഞ്ചിലും ചോര കട്ടപിടിച്ച പരുക്ക്?", ഞെട്ടിത്തെറിച്ച കൊട്ടാരം ലേഖികക്ക് ആ ഭീതിതദൃശ്യത്തിൽ വാക്കുകൾ മുഴുവൻ വന്നില്ല.

"ഉർവശിയുമായി അർജ്ജുനൻ സ്വർഗ്ഗരാജ്യത്തിൽ വച്ച് അവിഹിതബന്ധം സ്ഥാപിച്ചു എന്ന ആരോപണം നേരിടുന്നതിനിടെ, ആരൊക്കെയോ രാത്രി വലിച്ചിഴച്ചു കൊണ്ടുപോയി മർദ്ദിച്ച് അവശനാക്കി എന്നാണറിയുന്നത്. സംഭവം നടന്ന ശേഷം പാഞ്ചാലിയുടെ അർത്ഥഗർഭമായ മൗനമാണ് ഇടനെഞ്ചിലെ മുറിപ്പാടുകളേക്കാൾ അർജ്ജുനനെ വേദനിപ്പിക്കുന്നതും", നകുലൻ സംശയത്തിന്റെ മുൾമുന പാഞ്ചാലിയുടെ നേരെ നീട്ടി ശബ്ദം താഴ്ത്തി.

"ചങ്കിൽ അമ്പു തറച്ച പേടമാനിനെ വലിച്ചു ഭീമൻ, കുസലില്ലാതെ പൂക്കാരതെരുവിൽ മദ്യപിച്ചു നടക്കുന്നത് ജനം കണ്ടു നടുങ്ങിയത് ഇന്നലെയാണ്. ഇന്നിതാ ഒരു പാവം തത്തയെ പിടിച്ചു കാട്ടിലെക്കയക്കുമെന്നു പരസ്യ ഭീഷണി. എന്താ സംഭവം?" കൊട്ടാരം ലേഖിക രോഷാകുലയായിരുന്നു.

"സാമൂഹ്യസേവനത്തിനായി നഗരത്തിൽ പകൽ മുഴുവൻ പാണ്ഡവരുമായി വഴിനടക്കുന്ന പാഞ്ചാലിയെ പഴി പറയുന്ന ഈ പക്ഷിയെ പിന്നെ കൂട്ടിൽ അടച്ചാൽ തീരുമോ ദാമ്പത്യ പ്രശ്നം? കുട്ടുകുടുംബ സ്വത്തുതർക്കത്തിന്റെ പേരിൽ പാഞ്ചാലി കൗരവവംശഹത്യ പ്രേരിപ്പിച്ചു എന്നാണു ദുഷ്ട തത്ത നാടൊട്ടുക്ക് വിളിച്ച് അറിയിക്കുന്നത്", ചാരവകുപ്പ് മേധാവി തത്തക്കൂട്ട് കുതിരപ്പുറത്ത് വച്ച് മിന്നൽവേഗത്തിൽ ചാടിക്കയറി.

"അഭിമന്യുവിന്റെ ശവസംസ്കാരത്തിൽ കുന്തി കയറിച്ചെന്നു യുധിഷ്ഠിരനോടെന്തോ കയർത്ത് സംസാരിക്കുന്ന പോലെ ദൂരെ നിന്ന് ഞാൻ കണ്ടു. ധൃതിയിൽ അവിടെ ചെന്നപ്പോഴേക്കും അവർ പാളയത്തിലേക്ക് മടങ്ങിയിരുന്നു. അവരെന്താണ് പറഞ്ഞതെന്ന് നീ അടുത്തുനിന്നു കണ്ടിരുന്നോ?", യുദ്ധകാര്യ ലേഖകൻ ഒരു പത്രപ്രവർത്തകന്റെ ജിജ്ഞാസയോടെ ചോദിച്ചു.

"കുന്തിരിക്കം കൊണ്ടുണ്ടാക്കിയ പന്തം പോലെ അവൻ, അർജ്ജുനന്റെ മകൻ, ജ്വലിച്ചു ജീവിച്ചു ഇതാ മരിച്ചു ചാരമായി. നീയോ, കാലന്റെ മകനെ, ജീവനിൽ കൊതി വച്ച് ഉമിത്തീ പോലെ ജ്യോതിസ്സില്ലാതെ പുക മാത്രമായി ഇനിയും മൂന്നു പതിറ്റാണ്ടുകൾ ഭീരുവായി ജീവിക്കും എന്ന് കരഞ്ഞു പറഞ്ഞു തീരുമ്പോഴേക്കും ചിത്തഭ്രമം ഉന്മാദിനി എന്നൊക്കെ ഭീമൻ ശപിച്ചു അമ്മയെ ബലം പിടിച്ചു പാളയത്തിനകത്തേക്ക് വലിച്ച് കൊണ്ടു പോയി", ഇപ്പോൾ അന്ധകാരത്തിലായ പാളയത്തിലേക്കു നോക്കി ഇരുണ്ട യമുനയുടെ തീരത്ത് കൂട്ടുകാരനൊപ്പം കൊട്ടാരം ലേഖിക പകച്ചു നിന്നു.

2016/08/19

"പാഞ്ചാലിയുടെ കുട്ടികൾ ഉറങ്ങിക്കിടക്കുമ്പോൾ പാതിരാവിൽ നുഴഞ്ഞു കയറി ചവിട്ടിക്കൊന്നതിന്റെ രഹസ്യമെന്താണ്? കൊല്ലുന്നെങ്കിൽ പോരാട്ടത്തിൽ വേണ്ടേ തലവെട്ടാൻ?" കൊട്ടാരം ലേഖിക അശ്വത്ഥാമാവിനോട് ചോദിച്ചു. ഒളിച്ചോട്ടത്തിലായിരുന്നു ആ ദ്രോണപുത്രൻ.

"കഴുത്തു ഞെരിച്ച് കീചകനെ കൊന്ന ഭീമനോട് നിയമം എന്തിനു നീ കയ്യിലെടുത്തു എന്ന് ഭാര്യാസഹോദരൻ വിരാടരാജാവ് വിരൽ ചൂണ്ടി ചോദിച്ചതു കേട്ട ഞാൻ പിന്നെ അതു മറന്നില്ല. എന്റെ കൈകൾ നോക്കു, ചോരപ്പാടില്ലാതെ അഞ്ചു കൗമാരപാണ്ഡവരെ കാലന്റെ അടുത്തേക്കയച്ചില്ലേ", കൃഷ്ണശാപം ഏറ്റിട്ടും ഉത്സാഹത്തിലായിരുന്നു ആ ദരിദ്ര ബ്രാഹ്മണൻ.

"ആദ്യ ഹസ്തിനപുരിപ്രഭാതം ഓർത്തെടുക്കാമോ" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു

"ഒന്നിലധികം കാരണങ്ങളാൽ ഓർക്കാം. പാഞ്ചാലയിൽ നിന്ന് യാത്ര കഴിഞ്ഞു അന്തം വിട്ടുറങ്ങിയ ശേഷം ഉണർന്നു കിടപ്പറവാതിലിനപ്പുറം ഞാനൊന്നെത്തി നോക്കിയപ്പോൾ, പത്താറുപതു ഇളമുറ കൗരവ രാജകുമാരന്മാർ പാഞ്ചാലി പാഞ്ചാലീ എന്ന് ആശംസിച്ചു കാത്തു നിൽക്കയാണ്, പ്രത്യാശയോടെ. ആ പരപുരുഷപരിലാളനയിൽ നിന്നെന്റെ ശ്രദ്ധ പെട്ടെന്ന് തിരിച്ചത് എതിർദിശയിൽ, ഒരിടുങ്ങിയ മുറിയിൽ നിന്നുയർന്ന പരുക്കൻ വാമൊഴി പദാവലിയാണ്. എന്താണ് കാര്യം എന്നന്വേഷിച്ചപ്പോൾ, പാണ്ഡവരുടെ ഔദ്യോഗിക മുൻഭാര്യമാർ നീണ്ടകാല

ദാമ്പത്യ അവഗണനയിൽ പ്രതിഷേധിച്ച നടത്തുന്ന പ്രകടനം എന്റെ ഒരു ഭർത്താവ് യുധിഷ്ഠിരൻ വാക്കുകൾ കൊണ്ട് 'തല്ലിതോൽപ്പിക്കുക' യാണ്." സ്വയംവരം കഴിഞ്ഞു ഭർത്താക്കന്മാരുമൊത്ത് ഹസ്തിനപുരിയിൽ നവ വധുവായി എത്തിയ ആ നാളുകൾ പാഞ്ചാലി ഹസ്തിനപുരി പത്രികക്കായി ഓർത്തെടുത്തു.

"ഭിന്നലിംഗക്കാരനായ അർജ്ജുനൻ ഒറ്റയ്ക്ക് കൗരവസൈന്യത്തെ തുരത്തി എന്ന ഹസ്തിനപുരി പത്രികയിലെ മുൻനിരവാർത്ത കാണുമ്പോൾ ചോദിച്ചു പോകയാണ്, നിങ്ങളുടെ മഞ്ഞപ്പത്രത്തിന്റെ ആവർത്തനച്ചെലവ് വഹിക്കുന്നത് ഈ അഗതിപാണ്ഡവരാണോ?", ദുര്യോധനന്റെ കൊച്ചുമകനും, തക്ഷശിലയിൽ കൊട്ടാരം ലേഖികയുടെ സഹപാഠിയുമായിരുന്ന സർവാധികാരി ചോദിച്ചു.

"ചാർവാകനെ നിങ്ങളുടെ അച്ഛച്ചൻ ദുര്യോധനൻ വിചാരണ കൂടാതെ അഴിക്കുള്ളിൽ ആക്കിയതോടെ, പ്രതിപക്ഷം പൂർണമായും ഇല്ലാതായ ഈ കുരുവംശത്തിൽ പിന്നെ പ്രവാസിശത്രുവിന്റെ പ്രഖ്യാപനത്തിനു വേണ്ടേ പത്രത്തിൽ മുഖ്യപരിഗണന? അതോ, ജനാധിപത്യത്തിന്റെ ഈ നാലാംതൂണിനെ തുരങ്കം വയ്ക്കാൻ വല്ല ചാണക്യസൂത്രവും നിങ്ങൾ തക്ഷശിലയിൽ നിന്ന് രഹസ്യമായി ചൂണ്ടിയോ?", രാജ്യസഭയിലേക്ക് ധൃതിയിൽ പോവുകയായിരുന്ന കൊട്ടാരം ലേഖിക ആ സൈനികവേഷധാരിക്ക് അഭിവാദ്യം ചെയ്തു.

"കൗരവഭരണകൂടത്തിന്റെ സ്തുതിപാഠകരൊന്നും ആവേണ്ട, പ്രതികൂലവാർത്തകൾ ഇടക്കൊക്കെ മുക്കാമെങ്കിൽ 'ഹസ്തിനപുരി പത്രിക'ക്ക് ഭൗതിക സൗകര്യങ്ങൾ ഉടനടി ഉയരുമെന്ന് കൊട്ടാരം സർവാധികാരി ഉറപ്പു തരുന്നു. ആ ക്ഷണം സ്വീകരിക്കട്ടെ?" മുഖ്യ പത്രാധിപർ സഹപ്രവർത്തകരോട് ചോദിച്ചു.

"സജീവമായൊരു പാണ്ഡവ പ്രതിപക്ഷമുണ്ടായിരുന്നെങ്കിൽ അവരെയും ഇടക്കൊന്നു മനഃപൂർവം തൊട്ടു തലോടി പരിചരിക്കാമായിരുന്നു. കൊട്ടാരസമുച്ചയത്തിൽ സൗജന്യ താമസവും രാജകീയ ഊട്ടുപുരയിൽ മൂന്നു നേരം പൊരിച്ച കാളയിറച്ചി കൂട്ടിയുള്ള ഊണും ഇളമുറ കൗരവരുടെ തോളിൽ കയ്യിട്ട് അന്തഃപുരം സന്ദർശനവും ഒക്കെ ഒപ്പം നിലനിർത്തുകയും ചെയ്യാം", ഒരു കരിമ്പിൻ കഷ്ണം കടിച്ചു യുദ്ധകാര്യ ലേഖകൻ പ്രത്യാശയോടെ പറഞ്ഞു.

"ഈ വരുന്ന യുദ്ധത്തിൽ ജയിച്ചു യുധിഷ്ഠിരൻ അധികാരത്തിൽ വരുന്നു എന്നു കരുതുക. സാങ്കൽപ്പികമായ മറുപടി പറയാമോ?", കൊട്ടാരം ലേഖിക ചോദിച്ചു. കുരുക്ഷേത്രയിൽ പോരാട്ടഭൂമിയുടെ അടിസ്ഥാനവികസനത്തിന് ഇളമുറ കൗരവർക്കൊപ്പം ആക്കം കൂട്ടാൻ വന്നതായിരുന്നു ദുര്യോധനൻ. ഉച്ച.

"യുധിഷ്ഠിരന്റെ ഒരു മുഖംമൂടി എനിക്ക് നന്നേ പരിചയമുണ്ട്. എന്നാൽ ഭരണത്തിൽ മികവ് കാണിക്കാൻ ആ ഒരു പൊയ്മുഖം മതിയോ?", കുറ്റിക്കാട്ടിൽ നിന്ന് അവർക്കു നേരെ ഫണമുയർത്തി ചാടിയ മൂർഖൻ പാമ്പിനെ ഒരു മിന്നൽ നീക്കത്തോടെ കഴുത്തിൽ പിടി മുറുക്കി ഉയർത്തുമ്പോൾ അയാൾ പുഞ്ചിരി വിടാതെ പറഞ്ഞു.

2016/08/20

"അരങ്ങേറ്റ മൈതാനിയിലിന്നലെ പാണ്ഡവർ ആയോധനകലയുടെ ആരാധ്യദേവത എന്ന ബഹുമതി നേടിയല്ലോ. ശൂലം, ഗദ, അമ്പ് ഓരോന്നിലും സ്വർണം

വാരുന്നത് വെറും അഞ്ചു പേരുള്ള ഈ കൗന്തേയർ", കൊട്ടാരം ലേഖിക നൂറോളം വരുന്ന കൗരവരെ രാജ്യസഭയിൽ നേരിട്ടു.

"സാമ്രാജ്യമോഹികളായ പ്രിയഅർദ്ധസഹോദരർക്ക് ഇനിയത്യാവശ്യം വേണ്ടത് സാക്ഷരതയല്ലേ? തലയിൽ കൈവച്ചു കൊട്ടാരം ഗുരു കൃപാചാര്യർ എന്നും അവരെ നോക്കി നെടുവീർപ്പിടുകയല്ലേ. പെടാപ്പാടു പെട്ടിട്ടും പാണ്ഡവർ അക്ഷരമാലയിൽ കൈകാൽ തടഞ്ഞു മൂക്കുത്തി വീഴുകയല്ലേ. എന്നാൽ ഞങ്ങൾ കൗരവരോ? മഹാകാവ്യങ്ങൾ വായിച്ചു തക്ഷശിലയിൽ പോയി ഉത്തമ സംവാദങ്ങളിൽ പങ്കെടുക്കുന്നു.", എഴുത്താണി ഉയർത്തി കാണിച്ചു കൊണ്ട് ദുര്യോധനൻ താളിയോലയിലേക്കു തല താഴ്ത്തി.

"മക്കൾ ഭരണാധികാരികളായ ഹസ്തിനപുരിയിലെ രാജകീയജീവിതത്തിൽ മനം മടുത്ത കുന്തി ഇതാ നഗ്നപാദയായി വനവാസത്തിനു പോവുന്നു. എങ്ങനെ ഓർക്കുന്നു ഈ വളർത്തമ്മയെ?" കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

"പക്ഷപാതമില്ലാതെ പാണ്ഡവർ അഞ്ചുപേർക്കും ഒരേ പന്തിയിൽ ഊണൊരുക്കിയ 'അമ്മ എന്നൊക്കെ നിങ്ങൾ യാത്രയയപ്പു യോഗത്തിൽ കത്തിക്കയറുമ്പോൾ', കുന്തിയെന്തിന് പാണ്ഡുവിന്റെ ചിതയിൽ ചാടാതെ എന്റെ പെറ്റതള്ള മാദ്രിയെ തീയിൽ തള്ളിയിട്ടു എന്നോർത്ത് ആ ഭാഗ്യഹീനക്കു വേണ്ടി ഒരു പൂ ഞാൻ അർപ്പിക്കട്ടെ" നകുലൻ മുഖം തിരിച്ചു കണ്ണ് ഇടച്ചു.

"കൗരവരാജസഭയിൽ പാണ്ഡവർക്കനുകൂലമായി ഉയർന്ന നീതിബോധത്തിന്റെ ശബ്ദങ്ങളിൽ ഒന്ന് ഭീഷ്മരുടെതായിരുന്നില്ലേ. എന്നിട്ടും നിങ്ങൾ നിരായുധ പിതാമഹനെ അമ്പെയ്തു വീഴ്ത്തി ശരശയ്യയിൽ ഇളകാനാകാതെ കിടത്തി?" കൊട്ടാരം ലേഖിക കുറ്റാരോപണസ്വരത്തിൽ അർജ്ജുനനെ ചോദ്യം ചെയ്തു

"എന്നിട്ടാണോ ഞാൻ ഭിന്നലിംഗക്കാരനായി വിരാടയിൽ ഉത്തരക്ക് നൃത്തം പഠിപ്പിക്കുമ്പോൾ കൗരവ സൈന്യവുമായി വന്നു എന്നെ ഭീഷ്മർ ആക്രമിച്ചത്? ഒളിപ്പിച്ചു വച്ച ആയുധം തപ്പിയെടുക്കാൻ കഷ്ടിച്ച് കഴിഞ്ഞതു കൊണ്ട് എന്നയാളെ അന്ന് ചെറുക്കാനായി", നിന്ദയോടെ ആ പോരാളി ശരശയ്യയിലേക്കു പോകാതെ അകലെ നിന്ന് നോക്കി.

"യമുനാതീരത്തെ ഹരിതവനമായിരുന്നു യുദ്ധത്തിന് മുമ്പുള്ള കുരുക്ഷേത്രം. പതിനെട്ടു നാൾ അവിടെ രണ്ടു കുടുംബങ്ങൾ സ്വത്തുതർക്കം പരിഹരിക്കാൻ നടത്തിയ പോരാട്ടത്തിൽ മരിച്ചു വീണത് നാൽപ്പതു ലക്ഷം പേരെന്ന് വ്യാസൻ. എത്ര മൃഗങ്ങളെ അവിടെ അറുത്ത് സൈനികർ തിന്നു എന്ന് കണക്കു വ്യാസൻ പറഞ്ഞു വച്ചിട്ടില്ല.

ഞാൻ അധികാരത്തിൽ കയറി മൂന്നു ദശാബ്ദം കഴിയുമ്പോൾ കുരുക്ഷേത്രം ഇന്ന് നിബിഢവനമാണ്. ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ സംരക്ഷിത വനവുമാണ്. ഇതെങ്ങനെ ഞാൻ സാധിച്ചു എന്നല്ലേ? ഒന്നും മറച്ചു വെക്കുന്നില്ല, പ്രകൃതിയുടെ നിർലോഭമായ പിന്തുണ, യമുനയുടെ നീർത്തടത്തിൽ വളർന്നു പന്തലിച്ചതു യുദ്ധത്തിൽ ജീവത്യാഗം ചെയ്ത സൈനികരുടെ പുനർജ്ജന്മം എന്ന് ചിരഞ്ജീവി കൃപാചാര്യൻ. നാളെ ഞാൻ മഹാരാജാപദവി ഒഴിയുന്നു. എന്റെ അവതാരോദ്ദേശ്യം എന്തായിരുന്നു എന്ന് വരും യുഗത്തിൽ ആരെങ്കിലും നിങ്ങളോട് ചോദിച്ചാൽ പറയൂ, ഇന്ദ്രപ്രസ്ഥം പണിയാൻ ഖാണ്ഡവവനം തീയിട്ട ഞാൻ ശ്മശാനകുരുക്ഷേത്രത്തെ കൊടുംകാടാക്കി വളർത്തി പാപ പരിഹാരം ചെയ്തു."

“യുധിഷ്ഠിരന്റെ ഈ അന്ത്യപ്രഭാഷണം ഹസ്തിനപുരി പത്രികയിൽ ചേർക്ക ണോ” പത്രാധിപർ ചോദിച്ചു.

“ചവറ്റുകൊട്ടയിൽ എറിയൂ രാഷ്ട്രീയകാപട്യത്തിന്റെ ആൾരൂപം നിർലജ്ജം ചെ യ്ത ആത്മപ്രശംസ” കൊട്ടാരം ലേഖിക കൈ ഉയർത്തി.

ഹസ്തിനപുരി പത്രികയിൽ ഇപ്പോൾ വായിച്ചു.

“നിത്യജാഗ്രതയിൽ അജ്ഞാതവാസം പൂർത്തിയാക്കാൻ മെനക്കെടുന്നതിനേ ക്കാൾ, അഭിശപ്തപാണ്ഡവർ എത്രയും വേഗം ഭൂമുഖത്തു നിന്ന് അപ്രത്യക്ഷരാവു കയാണ് മാനവരാശിക്ക് നല്ലതെന്ന് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രിയങ്കര നായ കർണൻ. വിദൂര അംഗരാജ്യത്തിൽ പിന്നോക്കക്കാരുടെ ഉന്നമനത്തിനു വി കസനപദ്ധതികൾ അവതരിപ്പിക്കുകയായിരുന്നു, ദരിദ്രനെങ്കിലും ദാനശീലനായ കീഴാള സൂതപുത്രൻ.

“തെളിഞ്ഞ വെയിലിൽ കർണന്റെ അഭ്യാസപ്രകടനം വിസ്മയകരമായി. “വി ദ്യാർത്ഥി ആയിരുന്ന കാലത്ത് അരങ്ങേറ്റത്തിൽ ചില പാണ്ഡവ അനുകൂല ബ്രാ ഹ്മണ ഗുരുക്കൾ അഭ്യാസത്തിൽ പങ്കെടുക്കാൻ സമ്മതിക്കാതെ പരസ്യമായി അവ മാനിച്ചപ്പോൾ, ഈ നില്ക്കുന്ന ഹസ്തിനപുരി രാജകുമാരൻ ദുര്യോധനൻ ഉടൻ എന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ അംഗരാജാവായി അഭിഷേകം ചെയ്തു. ആജീവനാ ന്ത സൗഹൃദം വാഗ്ദാനം ചെയ്തതിന്റെ വാർഷികദിനം കൂടിയാണിത്”, കർണൻ ഓർത്തു.

“തുടർന്ന് കർണനും ദുര്യോധനനും പരസ്പരം പുകഴ്ത്തുന്നതും ദേശഗീതം പാടുന്ന തും ആലിംഗനം ചെയ്യുന്നതും കൈ കോർത്ത് നടക്കുന്നതും സ്വവർഗകാമനയുടെ ആരാധകരായ അംഗരാജ്യനിവാസികളെ കോരിത്തരിപ്പിച്ചു.”

“കൗരവഅടിമ എന്ന നാമമാത്രസ്ഥിതിയെ മഹത്വവൽക്കരിച്ചു നിങ്ങൾ ദുര്യോ ധനന്റെ വ്യക്തിഗത അടിമ എന്ന് പലപ്പോഴും അഭിമാനിക്കുന്നത് പാണ്ഡവരിൽ പ്ര യാസം സൃഷ്ടിക്കുന്നു എന്ന് അറിയാമോ” കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവർ വനാശ്രമത്തിനു പുറത്തെ ആലിൻ ചുവട്ടിൽ ചൂതാട്ടത്തിന്റെ കുതിപ്പിലായിരുന്നു.

“പുറത്തേക്കു നോക്കൂ, അവരിപ്പോൾ ചൂത് കളിക്കുന്നത് പരസ്പരം എന്നെ പണ യപ്പെടുത്തിയാണ്. ആരു തോറ്റാലും ഞാൻ അപ്പോൾ ജേതാവിന്റെ അടിമയാ വണം എന്നാണു ക്രമം. അത് പറഞ്ഞു എന്നെ കീഴ്പ്പെടുത്താൻ ജയിച്ച പാണ്ഡ വൻ ഓടി വന്നാലും നിയമവഴി പറഞ്ഞു കൊടുക്കും. നിലവിൽ ദുര്യോധനന്റെ മേൽ ക്കോയ്മക്കു പൂർണമായി വിധേയമായിരിക്കും പാണ്ഡവർ എന്നിൽ പ്രതീക്ഷിക്കുന്ന അടിമത്വം. അതാണവരുടെ മനഃപ്രയാസം”, പാഞ്ചാലി അണിഞ്ഞൊരുങ്ങുകയാ യിരുന്നു.

2016/08/21

“വിഘടനവാദികളുടെ സംഘടിത കായികശക്തിപ്രകടനത്തിനു ശക്തമായ പ്രതിരോധ വലയം സൃഷ്ടിച്ചു മാതൃഭൂമിയുടെ അഖണ്ഡതക്കായി യുദ്ധാന്ത്യദിനത്തിൽ മാത്രം ജീവത്യാഗം ചെയ്ത ദുര്യോധനന്റെ ജന്മവാർഷികം ജനകീയകൂട്ടായ്മയുടെ പേ രിൽ ദേശീയപ്രശസ്തി നേടിക്കഴിഞ്ഞു എന്ന് പുതിയ ഭരണാധികാരി യുധിഷ്ഠിരൻ.”

എന്നെ ധർമ്മപുത്രർ എന്ന മാത്രമേ ജനം പരിമിതമായി പ്രകീർത്തിക്കു, ദുര്യോധനൻ പക്ഷെ അവർക്കു മരിച്ചിട്ടും ജ്വലിക്കുന്ന ഓർമകളിൽ നിറയുന്ന രണധീരനാണ്. ത്യാഗസമ്പന്നമായ ആ ജീവിതകഥ വ്യാസൻ വളച്ചൊടിച്ചാണ് ഭാവി തലമുറയ്ക്ക് സമ്മാനിക്കുന്നത് എന്നറിഞ്ഞു. അത് പാണ്ഡവ ഭരണകൂടം സ്വീകരിക്കില്ല. ത്രേതായുഗത്തിലെ രാമകഥക്കെന്നപോലെ മഹാഭാരതത്തിനും വരും ഭാവിയിൽ നിരവധി പരിപ്രേക്ഷ്യങ്ങൾ എന്ന് യുധിഷ്ഠിരൻ വ്യാസന് നേരെ വിരൽ ചൂണ്ടി."

"ഇതാണോ നീ എഴുതിയ വാർത്ത എന്ന് ഞാൻ ചോദിക്കുമ്പോൾ എല്ലാ ഭരണകൂടത്തിൽ നിന്നെക്കാലവും സൗജന്യം നേടിയ പത്രപ്രവർത്തകനെ പോലെ നീ ഇങ്ങനെ പരുങ്ങുന്നതെന്ത്?" ഹസ്തിനപുരി പത്രികയുടെ യുദ്ധകാര്യ ലേഖകൻ ചോദിച്ചു.

"കീറത്തുണിയിൽ പൊതിഞ്ഞ കുറച്ചു അവിലുമായി സാന്ദീപനിഗുരുകുലത്തിലെ ആ ദരിദ്രസഹപാഠികൾ നിങ്ങളെ ആശ്ലേഷിക്കാൻ വിയർത്ത ശരീരങ്ങളുമായി പുറത്ത് പുലർച്ച മുതൽ വരിനിൽക്കുന്നുണ്ട്. ഓരോരുത്തരെ അകത്തേക്ക് പറഞ്ഞുവിടട്ടെ? അവിൽ ഇവിടെ ഏൽപ്പിച്ചു നാട്ടിൽ തിരിച്ചെത്തിയാൽ ഐശ്വര്യകുചേലാനുഭവത്തിന്റെ ആവർത്തനം അവർ നിന്ന നിൽപ്പിൽ സ്വപ്നം കാണുന്നു"

ഭർത്താവിനെ സത്യഭാമ ആക്ഷേപിക്കുന്നത് കേട്ടാണ് കൊട്ടാരം ലേഖിക അന്തഃപുരത്തിൽ കയറിയത്.

"അന്തസ്സില്ലാത്ത പല ജോലിയും അടിമയെന്ന നിലയിൽ പാഞ്ചാലി നിത്യവും ചെയ്യുന്നുണ്ട്, എന്നാലുമുണ്ടാവുമല്ലോ സ്വകാര്യ നിമിഷങ്ങൾ. അവരപ്പോൾ കൂട്ടം കൂടുമോ, പാട്ടു പാടുമോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"മാറിയിരുന്നു എഴുത്താണി കൊണ്ട് പനയോലയിൽ എന്തോ എഴുതുന്നത് കാണാം. ഭാര്യ അഭ്യസ്തവിദ്യയായിരിക്കുക, കൗമാരം വരെ കാട്ടിൽ വളർന്നു അക്ഷരം പരിചയപ്പെടാൻ വൈകിയ ഭർത്താക്കന്മാർ അവളുടെ അന്തരംഗം അറിയാനാവാതെ അന്ധാളിച്ചു നിൽക്കുക, ഞങ്ങൾ സാധുജീവികൾ" ഭീമൻ വിരൽ കടിച്ചു, വാക്കു മുറിഞ്ഞു, കണ്ണുകൾ ഈറനായി.

2016/08/22

"അവൾ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി ആയപ്പോൾ അനുമോദിക്കാൻ ചെന്നവരുടെ കൂട്ടത്തിൽ നിങ്ങളെ കണ്ടില്ല. രാജസഭയിൽ കൗരവർ ഉടുതുണി വലിച്ചു അവളെ പരസ്യമായി അപമാനിക്കുമ്പോൾ അരുത് എന്നു വിരൽ ചൂണ്ടാൻ നിങ്ങൾ വന്നില്ല. അടിമപ്പെണ്ണായി അവൾ വ്യാഴവട്ടക്കാലവനവാസത്തിനു നഗ്നപാദയായി പോവുമ്പോൾ ആശ്വസിപ്പിക്കാൻ നിങ്ങൾ ചെന്നില്ല. മാപ്പർഹിക്കാത്ത എന്തു തരം ഗാർഹികപീഢനമാണ് നിങ്ങൾ എക്കാലവും പുത്രവധുവിനോട് കാണിച്ചത്", കൊട്ടാരം ലേഖിക ഇരുകൈപ്പത്തികൾ മലർത്തി.

"ഈ വിരലൊന്നു ഞൊടിച്ചാൽ എന്റെ ചുറ്റും വാലാട്ടി ആജ്ഞ കാത്ത് നിന്നിരുന്ന അഞ്ചു ദേവസന്തതികളെ ആദ്യരാത്രിയിൽ പാലും പഴവുമായി കിടപ്പറയിലേക്ക് പറഞ്ഞയച്ചതാണ് പുത്രവധുവിനു ഞാൻ നൽകിയ വിവാഹപാരിതോഷികം. എന്റെ പ്രിയമക്കളെ നിസ്സാരകാര്യത്തിനു പോലും അവൾ ആദ്യരാത്രി മുതൽ നിന്ദിക്കുമ്പോൾ ഒരു വാക്കു പോലും മറുത്ത് സംസാരിക്കാത്തതാണെന്റെ മനഃസംയമനം", ഗാന്ധാരിയുടെ ദാസി എന്ന നിലയിൽ ഒരു കെട്ട് വിഴുപ്പുതുണികളുമായി

കൊട്ടാരത്തിനു പിന്നിലെ കുളത്തിലേക്ക് വിനീതമായി പോവുകയായിരുന്നു ആ വൃദ്ധവിധവ.

"മഹാപ്രസ്ഥാനം എന്ന പേരിൽ ഒരു കുടിലപദ്ധതി നടപ്പിലാക്കി പാണ്ഡവരെയും പാഞ്ചാലിയേയും അധികാരത്തിന്റെ സുഖവഴിയിൽ നിന്ന്, ജീവിതാന്ത്യത്തിൽ വഴിയമ്പലമില്ലാത്ത പെരുവഴിയിലേക്ക് തള്ളി വിടുന്നു എന്ന് കേട്ടല്ലോ." കൊട്ടാരം ലേഖിക പരീക്ഷിത്തിനോട് മുഖം കറുപ്പിച്ചു.

"എന്റെ അച്ഛൻ അഭിമന്യു കൗമാരപ്രായത്തിൽ എങ്ങനെ മരിച്ചു എന്ന് ഇന്നെല്ലാവർക്കും അറിയാം, അതിൽ യുധിഷ്ഠിരന്റെ പങ്കും. അതൊന്നും ഇനി എന്നെ ഓർമിപ്പിക്കരുതെ. യുദ്ധം കഴിഞ്ഞു ഹസ്തിനപുരിയിൽ ഓടിയെത്തിയ യുധിഷ്ഠിരൻ, അന്ധചക്രവർത്തി ചെങ്കോൽ തരുന്നില്ല എന്നും പറഞ്ഞു എന്തെല്ലാം കോലാഹലം ഇവിടെ നടത്തി? മുപ്പത്തിയാറു കൊല്ലം പെരുമാറ്റ കാപട്യത്തിന്റെ പെരുന്തച്ചനായ യുധിഷ്ഠിരൻ നാട് ഭരിച്ചു എന്നിട്ടും അത്ര തന്നെ പ്രായമുള്ള ഞാൻ യുവരാജ എന്ന പദവിയിൽ ഹിമാലയ ചുരത്തിനു കൊടും തണുപ്പിൽ ശത്രുനീക്കം പ്രതിരോധിക്കാൻ കാവൽ. വാനപ്രസ്ഥമായാലും മഹാപ്രസ്ഥാനമായാലും പാണ്ഡവരും പാഞ്ചാലിയും അന്തിമപദയാത്ര നാളെ രാവിലെ തുടങ്ങും, യാത്ര അയപ്പിനു കാണണം." കൊട്ടാര വിപ്ലവം ആസൂത്രണം ചെയ്ത യുവരാജാവ് പരീക്ഷിത്ത് പറഞ്ഞു.

2016/08/23

"മുഖത്തും മാറിലും കാണാം യുദ്ധം വിതച്ച മുറിപ്പാടുകൾ, പക്ഷെ കൊച്ചരിപ്പല്ലുകളുടെ കെട്ടുറപ്പ് തകർക്കാൻ കൗരവപ്രഹരത്തിനു കഴിഞ്ഞില്ലേ?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ആയിരം പൂർണ ചന്ദ്രന്മാരെ കണ്ട പാണ്ഡവമുഖ്യന്റെ ജന്മദിനം ആഘോഷിക്കുന്ന ഹസ്തിനപുരി കൊട്ടാര ഉദ്യാനം.

"ഏതാപൽഘട്ടത്തിലും പല്ലിനെ തുണച്ച നാവിനു സ്തുതി. പോരാട്ടത്തിന്നിടെ പറയാനുറച്ച നുണ പ്രത്യേക സാഹചര്യത്തിൽ അർദ്ധസത്യമായി മാറിയത് കുരുക്ഷേത്രയിൽ നിങ്ങളും കണ്ടതല്ലേ. ദുര്യോധനനെ മുടിയിൽ പിടിച്ചു വലിച്ചു തുടയിൽ മാരക ഗദാ പ്രഹരത്തോടെ ഭീമൻ കീഴ്പ്പെടുത്തുമ്പോൾ, 'എന്ത് പറ്റി ഉണ്ണീ ദുര്യോധനാ" എന്ന് വിലപിക്കാൻ പ്രേരിപ്പിച്ച നാവാണെന്റെ ദന്തനിരയുടെ കാവൽദേവത."

"ഇന്ദ്രപ്രസ്ഥത്തിലെ രാജസൂയചക്രവർത്തിയായിരുന്ന നിങ്ങളിപ്പോൾ വെറുമൊരു സാമന്തഹസ്തിനപുരി രാജാവാകുന്നതിൽ പന്തികേടില്ലേ. ചെങ്കോൽ ഇളമുറ സഹദേവനെ ഏൽപ്പിച്ചു സിംഹാസനത്തിന്നരികെ കാവൽദേവതയായി വാണരുളുന്നതല്ലേ നല്ലത്?" വരിനിന്നു അഭിവാദ്യം ചെയ്യാൻ അവസരം കിട്ടിയ കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

"മായൻ നിർമിത കൊട്ടാരനിർമിതി ഒഴികെ ഇന്ദ്രപ്രസ്ഥത്തിൽ വ്യവസ്ഥാപിത രാജസ്ഥാപനങ്ങൾ വല്ലതും നിങ്ങൾ കണ്ടിരുന്നോ? ഖാണ്ഡവവനം വെട്ടിതെളിയിച്ച പണിത കുടിയേറ്റയിടം മാത്രമായിരുന്ന ഇന്ദ്രപ്രസ്ഥം, ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ, വെറുമൊരു മോഹവലയം, എന്നാൽ ഹസ്തിനപുരി? കുന്തം കൊണ്ടും കൗശലം കൊണ്ടും ഞങ്ങൾ നേടിയെടുത്ത പൈതൃകം."

"കുടിയൊഴിപ്പിക്കപ്പെടുന്ന വിധവകളുടെ ദുരിതത്തിൽ ദുഃഖമുണ്ടെന്നു യുധിഷ്ഠിരൻ വ്യക്തമാക്കിയിട്ടും അരമനയുടെ മുമ്പിൽ പ്രക്ഷോഭവും ഉപവാസ ഭീഷണിയും?" കൊട്ടാരം ലേഖിക ദുര്യോധനവിധവയോടു ചോദിച്ചു.

"ഇടനെഞ്ചിൽ കൈവച്ച് പറയേണ്ട വാക്കുകൾ വാചാലമായി പറയുന്ന ഒരു വ്യാജരാജാവിന്റെ നീതിബോധത്തിൽ പടുത്തുയർത്തണോ കൗരവരാജവിധവകളുടെ പുനരധിവാസം?"

"ഇതെന്താണ് പാണ്ഡവപാളയത്തിനു പിന്നിൽ പുഴയോരം ചേർന്നൊരു കത്തുന്ന തീകുണ്ഡം" കൊട്ടാരം ലേഖിക ഞെട്ടലോടെ ചോദിച്ചു.

"നാളെ പതിനെട്ടാം ദിവസം ദുര്യോധനനുമായി അന്തിമയുദ്ധമാണ്. പോരാട്ടത്തിൽ മരിക്കുന്നത് ഒരു പക്ഷെ യുധിഷ്ഠിരൻ ആണെങ്കിൽ, ഞാൻ നവവധു വേഷത്തിൽ ഉടൻ ഇതിൽ ചാടി മരിക്കണം എന്നാണു ഈ പാണ്ഡവഭർത്താക്കന്മാർ പറയുന്നത്. അതു വേണോ എന്ന് ഞാൻ വിരൽ ചൂണ്ടിയപ്പോൾ, ജേതാവ് ദുര്യോധനന്റെ വെപ്പാട്ടിയായി കഴിയുന്നതിൽ നീതിനിഷേധം ഉണ്ടാവുമെന്നവർ പ്രവചിക്കുന്നു. യാഗാഗ്നിയിൽ നിന്ന് പൂർണവളർച്ച എത്തിയ സ്ത്രീരൂപത്തിൽ ഉയർന്ന ഞാൻ ഈ തീകുണ്ഡത്തിൽ വിലയം പ്രാപിക്കുന്നതിൽ കാവ്യനീതിയുണ്ടെന്നു പാണ്ഡവർ പ്രശംസിക്കുമ്പോൾ ആരും ആ സാധ്യതയിൽ വീണു പോവില്ലേ?", പാഞ്ചാലി പൊട്ടിച്ചിരിച്ചു. ദേഹമാസകലം മുറിപ്പാടുകളുമായി പാണ്ഡവർ ചുറ്റും പ്രേക്ഷകരായിരുന്നു.

2016/08/24

"പോരാട്ടപ്രായോജകരായ കൗരവരുടെ സാന്നിധ്യമില്ലാത്ത ശവസംസ്കാരചടങ്ങിലൂടെ അഭിമന്യു അങ്ങനെ ഇന്നലെ രാത്രി കഥാവശേഷനായി. നിങ്ങളാരും ആ വഴിക്കൊന്നു തലയിൽ തുണിയിട്ട് പോയതുകൂടിയില്ലേ" കൊട്ടാരം ലേഖിക ദുര്യോധനനെ നേരിട്ടു. യമുനയുടെ തീരം അതിരാവിലെ മൂടൽമഞ്ഞിൽ പരസ്പരം മുഖഭാവം വ്യക്തമായി കാണാൻ പറ്റില്ലെങ്കിലും, അവളുടെ ശബ്ദത്തിൽ നീരസം പ്രകടമായിരുന്നു.

"ചക്രവ്യൂഹം തകർത്ത് അഭിമന്യു ഇടിച്ചു കയറിയത് ഞങ്ങൾക്ക് മധുരം നുള്ളി തരാനായിരുന്നുവോ?, അതോ മരണം വിതക്കാനോ? യുദ്ധത്തിൽ ഞങ്ങൾക്ക് നാരായണസൈന്യത്തെ നിബന്ധനയില്ലാതെ വിട്ടു തന്നു സഹായിച്ച കൃഷ്ണന്റെ സഹോദരീപുത്രനെ ഉടനടി കൊല്ലാൻ അതേ സൈനികർ വാളുയർത്തിയപ്പോൾ, വാൾ ഉറയിലിടൂ എന്ന് കൽപ്പിച്ച എന്നെയാണ് പിന്നിൽ നിന്ന് അവിവേകിയായ അർജ്ജുനപുത്രൻ രഥചക്രം കൊണ്ട് തലയിൽ ആഞ്ഞടിക്കാൻ ഓടിവന്നത്. അത് കണ്ടാൽ എന്റെ സുഹൃത്ത് കർണൻ അരുതേ എന്ന് വിലപിച്ചു മുട്ടു കുത്തണോ? അതോ, പ്രതിരോധത്തിൽ ശത്രുവിന്റെ ഉയിരെടുക്കാണോ?", അനായാസമായി നിന്ന നിൽപ്പിൽ ഉയർന്ന് തെളിനീരിലേക്ക് അയാൾ എടുത്ത് ചാടി.

വഴിയിൽ കുഴഞ്ഞു വീണ പാഞ്ചാലിയുടെ മരണമൊഴി നേരിട്ടു കേട്ട ഏക വ്യക്തി അല്ലേ നിങ്ങൾ?", കൊട്ടാരം ലേഖിക ദുഃസ്സംശയം മറച്ചു വക്കാതെ മുന്നിൽ നിൽക്കുന്ന സ്ത്രീയെ നിർദ്ദയം ചോദ്യം ചെയ്തു.

“കാട്ടിൽ എത്തും വരെ മാത്രം ഞാൻ തോഴിയായി കൂടെയുണ്ടാവും എന്ന് മിക്കവാറും സമ്മതിച്ചാണ് പാണ്ഡവർക്ക് പിന്നിൽ അകലം പാലിച്ച നടന്ന പാഞ്ചാലി എന്നെ കൂടെ കൂട്ടിയത്. കുറെ നീങ്ങിയപ്പോൾ പാഞ്ചാലി ചുറ്റും കൂടുതൽ ശ്രദ്ധയോടെ, ഭീതിയോടെ നോക്കിത്തുടങ്ങി. ഒന്നും ഞാൻ അപ്പോൾ ചോദിച്ചില്ല. പുൽത്തകിടിയുള്ള സന്യസ്ഥാശ്രമങ്ങൾ അകലെ കണ്ടപ്പോൾ പെട്ടെന്ന് ഭീതിയിൽ പാഞ്ചാലി മുട്ട് കുത്തി മേൽപ്പോട്ട നോക്കി കൈകൾ കൂപ്പി. തോളിൽ കൈ വച്ച് ഞാൻ സ്പർശസാന്ത്വനം നല്കി. ‘ഇല്ല ഞാൻ ഇനിയൊരടി മുന്നിലേക്ക്, വയ്യ എനിക്കീ മടിയൻ സന്യാസികളുടെ ജൈവമാലിന്യം വീണ്ടും ഒരു വ്യാഴവട്ടക്കാലം ചുമക്കാൻ’ എന്ന് വിതുമ്പി നിലവിളിച്ച പാഞ്ചാലി കുഴഞ്ഞു വീണു. മുന്നേ പോയിരുന്ന പാണ്ഡവർ സന്യാസികളോട്ട് ഉപചാരം പറയുന്നതിനിടക്ക് തിരിഞ്ഞു നോക്കാൻ വിട്ടു പോയി എന്നു വേണം അനുമാനിക്കാൻ. പാഞ്ചാലിയുടെ അനാഥ ഭൗതിക ശരീരം കുറെ വലിച്ചിഴച്ചപ്പോൾ കണ്ണിൽ പെട്ട ഗുഹയിൽ അടക്കം ചെയ്തു ഞാൻ കുളിച്ച ഈറനുടുത്ത് തിരിച്ച പോന്നു.” തോഴി, ഇനിയും എന്തോ ഒളിപ്പിച്ച വച്ചിട്ടുണ്ട് എന്ന സംശയം ഉണർത്തി, തിരക്കഭിനയിച്ച പുതിയ ഹസ്തിനപുരി മഹാരാജാവ് പരീക്ഷിത്തിന്റെ അരികിലേക്ക് പോയി.

“ദുര്യോധനൻ ഇന്ദ്രപ്രസ്ഥം കൊട്ടാരം കൊള്ളയടിച്ച പാഞ്ചാലിയുടെ അമൂല്യരത്നശേഖരം നിങ്ങൾക്ക് വീതിച്ച തന്നു എന്നല്ലേ അരമനരഹസ്യം? പിന്നെ എന്താ അന്നന്നത്തെ അപ്പത്തിനു ദേഹാദ്ധ്വാനം എന്നു പറഞ്ഞു നിങ്ങൾ ഇപ്പോഴും പൂക്കാരത്തെരുവിൽ മാലകോർത്ത് വില്ക്കുന്നത്? കൊട്ടാരം ലേഖിക ദുര്യോധനവിധവയോടു മയമില്ലാതെ ചോദിച്ച.

“ആരു ജയിച്ച എന്ന് കുരുക്ഷേത്ര പ്രവിശ്യാഭരണാധികാരി ഔദ്യോഗികമായി വിലയിരുത്തി തീരുമാനിക്കും മുമ്പ തന്നെ, ചില പാണ്ഡവർ ഇടിച്ച കയറി ഹസ്തിനപുരിയിൽ അന്ധരാജാവിനെ ബന്ദിയാക്കിയത് നിങ്ങളുടെ പത്രത്തിൽ വാർത്തയായില്ലേ, വാർത്തയാവാത്ത ഒന്നിതാ. അധികാരത്തിൽ കയറിയ അന്ന് രാത്രി തന്നെ കുരുവംശ രഹസ്യഅറകളുടെ അതീവസുരക്ഷ തകർത്ത് പുതിയ ഭരണകൂടത്തിന്റെ ചാരവകുപ്പ്മേധാവി നകുലൻ, വാരി വലിച്ച എല്ലാം കടത്തി. രാവിലെ ഞങ്ങൾ, കൗരവരാജവിധവകൾ, അവിടെ സ്ഥിതിയറിയാൻ സമ്മേളിച്ചപ്പോൾ, രഹസ്യഅറയിൽ ആകെ കണ്ടത് കരിക്കട്ടയും തലനാരും മാത്രം” ദുര്യോധനവിധവയുടെ നോട്ടം പകച്ചതായിരുന്നു. ഇടയ്ക്കിടെ വാപൊത്തി ചുറ്റും ഭീതിയോടെ നോക്കി.

2016/08/25

“കൗരവപക്ഷത്ത് നിന്ന് പാണ്ഡവരോട്ട് പോരാടുമ്പോൾ നിങ്ങൾക്കറിയില്ലേ നകുലനും സഹദേവനും സഹോദരി മാദ്രിയുടെ ഇരട്ടക്കുട്ടികൾ ആണെന്ന്?”, കൊട്ടാരം ലേഖിക മാത്ര രാജാവ് ശല്യന് നേരെ കുരുക്ഷേത്രയിൽ വിരൽ ചൂണ്ടി.

“വിവാഹേതരപ്രസവങ്ങൾ മൂന്നുനാലു കഴിഞ്ഞപ്പോൾ അവിഹിതരതിയിൽ മടുപ്പ തോന്നിയ കുന്തി, ബാക്കിയുള്ള ഒരു വശീകരണ മന്ത്രം ഇളയറാണി മാദ്രിക്കു കൊടുത്തു, ‘എനിക്ക് വേണ്ടി നീ ഗർഭം ധരിക്ക’ എന്ന് ആജ്ഞാപിച്ച. അശ്വിനിദേവതകളുമായി മാദ്രി വിനീതമായി സഹകരിച്ച ആ ഇരട്ട പ്രസവം സംഭവിച്ച എന്ന

തിൽ കവിഞ്ഞൊരു ജൈവികമാതൃത്വമായിരുന്നോ, ഭർത്താവ് നാളെ കുഴഞ്ഞു വീണു മരിച്ചാൽ ചിതയിൽ ചാടാൻ ബാധ്യത ഏറ്റെടുത്ത എന്റെ പാവം സഹോദരിക്ക്? കുന്തി എന്തു പ്രതിഫലം മാദ്രിക്കു കൊടുത്തു എന്നറിയില്ലെങ്കിലും വാടകഗർഭം എന്നോ മറ്റോ ഇതിഹാസകാരൻ വ്യാസൻ ഒരു വിചിത്ര സാങ്കേതികപദം അതാവിഷ്കരിക്കാൻ കണ്ടെത്തിക്കഴിഞ്ഞു എന്നാണറിഞ്ഞത്, ഇപ്പോൾ നിങ്ങൾക്കത് പൂർണമായി മനസ്സിലാവില്ലെങ്കിലും വരും യുഗത്തിൽ സംഗതി നല്ലൊരു വരുമാനമാർഗം എന്ന നിലയിൽ ജനകീയമാവും", അതിരഥപുത്രൻ കർണന്റെ തേരാളിയാവാൻ വിധിക്കപ്പെട്ട ചക്രവർത്തി ശല്യൻ ഒച്ച വച്ചു.

"കളിയുടെ കളവറിയാതെ ചൂതാടി കൗരവഅടിമയായെങ്കിലും, പൊങ്ങച്ചയുധിഷ്ഠിരനെ ഞങ്ങൾ രഹസ്യമായി പോലും ആദ്യകാലത്ത് വിളിച്ചിരുന്നത് 'അഭിവന്ദ്യ മഹാരാജാവേ' എന്ന് തന്നെയായിരുന്നു. അക്ഷയപാത്രത്തിൽ നിന്ന് പച്ചനാക്കിലയിൽ രുചിഭക്ഷണം അമർത്തി മൂന്നു നേരവും വിളമ്പി വച്ചു കൊടുക്കും. 'മഹാരാജാവ്' ഉണ്ടെണീക്കും വരെ ബാക്കി നാലു ഭർത്താക്കൻമാരും ഞാനും ഇങ്ങനെ ഒറ്റക്കാലിൽ ആജ്ഞ കാത്ത് നിൽക്കും. ഉരുള ഉരുട്ടുന്നതും, നാക്കു പുറത്തിട്ട് വാതുറന്നു അകത്തേക്ക് ഉന്നം തെറ്റാതെ എറിയുന്നതും, ചുണ്ടുകൾ പൂട്ടി താടി ഉയർത്തി അമുക്കുന്നതും പാട്ടു പെട്ട് ഇറക്കുന്നതും, ഇടക്കിടക്കു വയർ ചലിപ്പിച്ചു ഇടംകൂട്ടുന്നതും ഒക്കെ എത്ര നാൾ നിങ്ങൾ ആദരവോടെ കണ്ടു നിൽക്കും? വിശക്കുന്നു വയറു കാളുന്നു എന്നൊക്കെ അയാൾ ഈയിടെയായി നിലവിളിച്ചാൽ, ഊട്ടുപുരയിൽ ഞാൻ അലസമായി അക്ഷയപാത്രം കൊണ്ടു വക്കും. പിന്നെ അവരഞ്ചുപേരും വാരി വലിച്ചു തിന്നുന്നത് കാണാനൊന്നും മെനക്കെടാതെ എന്റെ പാട്ടിനു താഴ്വരയിലെ ജലാശയത്തിൽ നീന്താൻ പോവും", വ്യാഴവട്ടക്കാലവനവാസത്തിൽ, പഴയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ ആഹാരരീതിയെ കുറിച്ച് മുൻ രാജമാതാവ് പാഞ്ചാലി കൊട്ടാരം ലേഖികയുമായുള്ള അഭിമുഖം നാളെ ഇറങ്ങുന്ന ഹസ്തിനപുരി പത്രികയിൽ.

"പോരാട്ടം പത്ത് നാൾ പിന്നിടുമ്പോൾ നിങ്ങൾ നേരിടുന്ന മുഖ്യ പ്രശ്നമെന്താണ്?", പാണ്ഡവസർവസൈന്യാധിപ പദവി വഹിക്കുന്ന ധൃഷ്ടധ്യുമ്നനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"തിരിച്ചറിയാവുന്ന നിറങ്ങളിൽ സൈനിക വേഷം തുന്നും മുമ്പ് ദുര്യോധനൻ യുദ്ധത്തീയതി പ്രഖ്യാപിച്ചു. കൊല്ലുന്നതും ചാവുന്നതും പാണ്ഡവർ എന്നാണു കൗരവ പാളയത്തിൽ നിന്നുള്ള ചാരസന്ദേശം" പാഞ്ചാലപുത്രൻ പ്രത്യാശ നഷ്ടപ്പെട്ട പോലെ പറുങ്ങി.

2016/08/26

"കൗരവരാജവിധവകളെ ബലം പ്രയോഗിച്ചു ഒരു കൊല്ലം മുമ്പ് കുടിയൊഴിപ്പിച്ചിട്ടും അവരുടെ ആഡംബര മന്ദിരങ്ങൾ ഇന്നും ആൾതാമസമില്ലാത്ത ഒഴിഞ്ഞു കിടക്കുന്നല്ലോ. പാണ്ഡവർ വനവാസക്കാലത്തെന്ന പോലെ ഒരു വീട്ടിൽ ഇനിയും മുട്ടിയുരുമ്മി കഴിയാതെ അവയിൽ കയറി മാറി മാറി ആസ്വദിച്ചു താമസിച്ചു കൂടെ?" കൊട്ടാരം ലേഖിക ചോദിച്ചു.

“മണ്ണറഞ്ഞ കൗരവരുടെ ദുഷ്ടാത്മാക്കൾ ഇനിയും കുടിയൊഴിഞ്ഞിട്ടില്ലെന്നു കൊട്ടാരഗുരു കൃപാചാര്യൻ വിധിച്ചാൽ ഞങ്ങൾ പിന്നെന്തു ചെയ്യും? പകൽ സമയത്തും അവിടെ നിന്ന് കുരുക്ഷേത്രയുദ്ധത്തിലെ കൊലവെറി കേൾക്കുന്നെന്നു ഭീമനും ആ വഴി നടക്കുമ്പോൾ നിലവിളിക്കുന്നു. കർമശ്രേഷ്ഠ പുരസ്കാരം ഏറ്റുവാങ്ങി ഒറ്റയ്ക്ക് രാജ്യസഭയിൽ നിന്നിറങ്ങി വരുന്ന നകുലൻ കൂടുതൽ ചോദ്യങ്ങൾ ചെവി കൊള്ളാതെ മുഖം തിരിച്ചു പിടിച്ചു.

“വരിയായി വഴിനടന്നു വാനപ്രസ്ഥത്തിലേക്ക് നീങ്ങിയ പാണ്ഡവർക്ക് പിന്നിൽ കുഴഞ്ഞുവീണ പാഞ്ചാലിയെ ഒന്ന് തിരിഞ്ഞു നോക്കാൻ യുധിഷ്ഠിരന് മനഃസാന്നിധ്യം ഉണ്ടായില്ലെന്നോ?” നിന്ദ മറച്ചു വക്കാതെ കൊട്ടാരം ലേഖിക ചോദിച്ചു.

“താൻ മരണദേവതയുടെ മകൻ ആണെന്ന് പോലും അറിയാത്ത വിധം മറവി രോഗം ബാധിച്ച ഈ ‘കുരുവംശ ചക്രവർത്തി’ക്ക് എങ്ങനെ മറ്റൊരാൾക്ക് പ്രഥമശുശ്രൂഷ ചെയ്യാൻ ഓർമ തോന്നും?”, യുദ്ധകാര്യ ലേഖകൻ വിദൂരതയിലേക്ക് നോക്കി.

“ഹസ്തിനപുരിയിലെ ഓരോ ദരിദ്രനും മേലനങ്ങാതെ ഊണ് കഴിക്കാൻ അക്ഷയപാത്രം സൗജന്യമായി വീട്ടിലെത്തിക്കാനാവണം എന്നതാണ് പാണ്ഡവ ഭരണകൂടത്തിന്റെ മോഹം” കുരുക്ഷേത്രയുദ്ധം കഴിഞ്ഞു് അധികാരത്തിൽ കയറിയ ഭീമൻ വിതുമ്പുന്ന സ്വരത്തിൽ കൊട്ടാരം ലേഖികയോട്.

2016/08/27

“നൂറു കൗരവരും നിങ്ങളുടെ കറ കളഞ്ഞ ആരാധകരാണോ? കൊട്ടാരം ലേഖിക കരുതലോടെ ഇറങ്ങിച്ചെന്നു.

“കൗരവരും അവരുടെ യുവപുത്രന്മാരും നിർല്ലജ്ജം എന്നെ പ്രണയത്തോടെ നോക്കുന്നത് പുതുമയുള്ള തിരിച്ചറിവൊന്നുമല്ല. കുറെയൊക്കെ നിങ്ങളും വാർത്ത തേടി ഓടി നടക്കുന്നതിനിടയിൽ കണ്ടുപോവുന്നതല്ലേ. എല്ലാ ആരാധകരുടെയും അഭിനന്ദനങ്ങൾ പക്ഷെ അങ്ങനെ പരസ്യമായി ഞാൻ അംഗീകരിക്കാറില്ല. ഇടക്കൊന്നു ആ പ്രണയമിഴികളിൽ നോക്കിയാലും കാണാം, ആ രതിജന്യആവേശവും, തിമിർപ്പുള്ള പ്രശംസയും, എന്റെ ഉടലിൽ ഉടമസ്ഥാവകാശം നിഴലിക്കുന്ന നോട്ടവും”, യുവ കൗരവരാജവധുക്കൾക്ക് സൌന്ദര്യപരിചരണത്തിന് പരിശീലനം കൊടുക്കാൻ തയ്യാറെടുക്കുകയായിരുന്ന ദേവനർത്തകിയെ പോലെ അണിഞ്ഞൊരുങ്ങിയ പാഞ്ചാലി.

2016/08/28

“ഇന്നെന്താണ് മുഖത്ത് അവിശുദ്ധമായൊരോർമയുടെ വേദനിപ്പിക്കുന്ന സാന്നിധ്യം?”, അന്തഃപുരത്തോടു ചേർന്ന പൂങ്കാവനത്തിൽ നടക്കുകയായിരുന്ന മഹാറാണിയോട് ഉപചാരപ്രകടത്തിനു ശേഷം കൊട്ടാരം ലേഖിക ചോദിച്ചു.

“അതോ വിദൂരമല്ലാത്ത സാധ്യതയുടെ സാന്നിധ്യമോ?”, ഉറക്കമുണർന്നപ്പോൾ മുതൽ ഒരു പ്രത്യക്ഷം എന്നെ പ്രലോഭിപ്പിക്കുന്നു. തിരിഞ്ഞുനോക്കാതെ പാണ്ഡവർ വച്ചടിവച്ചു മലമ്പാതയിലൂടെ സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കി മുന്നേറുമ്പോൾ, പിന്നിൽ കുഴഞ്ഞു വീണ എന്നെയാരോ മലമടക്കുകളിൽ നിശബ്ദം അടക്കം ചെയ്യുന്നു.”

"ഏതോ കർഷകൻ കന്നു പൂട്ടി നിലമൊരുക്കി വിതച്ച് വിളഞ്ഞ് കൊയ്ത മെതിച്ച ധാന്യം വേവിച്ചതാണോ ഈ അക്ഷയപാത്രത്തിൽ ഇങ്ങനെ തോന്നുമ്പോൾ തോന്നുമ്പോൾ കയ്യിട്ടു വലിച്ചാൽ കിട്ടുക, അതോ പ്രതീതി ഭക്ഷണമോ?", ഊണ് കഴിക്കാൻ കൂട്ടുന്നോ എന്ന് നകുലൻ ക്ഷണിച്ച ഊട്ടുപുരയിൽ വെറും നിലത്ത് ചമ്രം പടിഞ്ഞിരിക്കുമ്പോൾ ഇലയിൽ വിളമ്പി കിട്ടിയ ഭക്ഷണം നോക്കി കൊട്ടാരം ലേഖിക ഭീമനോട്.

2016/08/29

"ഒരു ഭരണപരിചയവുമില്ലാത്ത പരീക്ഷിത്തിന് ചെങ്കോൽ എറിഞ്ഞു കൊടുത്ത് നിങ്ങളാറു പേരും ഇങ്ങനെ മുന്നറിയിപ്പില്ലാതെ പടിയിറങ്ങിയാൽ ഹസ്തിനപുരിയുടെ ഭാവി സുരക്ഷാഭീഷണി പിന്നെ ആര് നേരിടും?", കൊട്ടാരം ലേഖിക പുതിയ കുരുവംശാധിപന്റെ മുത്തച്ഛനോട് ചോദിച്ചു.

"അതെന്താ നിങ്ങൾ അങ്ങനെ ചോദിക്കുന്നത്? കുടിയേറ്റ കൃഷിക്കാരായി ഖാണ്ഡവപ്രസ്ഥത്തിൽ ചെന്ന് കൊടുംകാട് വെട്ടിതെളിയിച്ച ഇന്ദ്രപ്രസ്ഥം നഗരം പണിതപ്പോൾ ഇനി ഞാൻ തന്നെ ചക്രവർത്തി എന്ന് പ്രഖ്യാപിക്കാൻ വേണ്ട രാഷ്ട്രീയ ഔചിത്യം നിരക്ഷരയുധിഷ്ഠിരൻ അന്നേ കാണിച്ചതല്ലേ", നേരിയൊരക്ഷമ കലർന്നിരുന്നു അർജ്ജുനന്റെ ശബ്ദത്തിൽ. വാർദ്ധക്യത്താൽ ശരീരചലനം പതുക്കെയും.

രാജ്യത്തിന്റെ അഖണ്ഡതയെ ദശാബ്ദങ്ങളോളം വെല്ലു വിളിച്ച വിഘടനവാദികളുടെ സംഘടിത ആക്രമണത്തെ പ്രതിരോധിച്ച ജീവത്യാഗം ചെയ്ത കൗരവ രാജകുമാരൻ ദുര്യോധനന്റെ ജ്വലിക്കുന്ന ഓർമക്കായി കുരുക്ഷേത്രയുടെ ആദ്യവാർഷികദിനത്തിൽ പ്രിയഅർദ്ധസഹോദരനു യുദ്ധരത്നപുരസ്കാരം മരണാനന്തര ബഹുമതിയായി യുധിഷ്ഠിരൻ പ്രഖ്യാപിക്കുന്ന അരങ്ങേറ്റ മൈതാന പൊതുവേദിയിലാണ് ഞങ്ങളിപ്പോൾ. പുരസ്കാരം മഹാറാണി പാഞ്ചാലിയിൽ നിന്ന് ദുര്യോധനവിധവ ഏറ്റുവാങ്ങുന്ന ഇതിഹാസമുഹൂർത്തതിന് ഞങ്ങളും അങ്ങനെ സാക്ഷി.

(കൊട്ടാരം ലേഖികയുടെ ദിനക്കുറിപ്പ്).

2016/08/30

"ദശാബ്ദങ്ങളായി താമസിക്കുന്ന വീട് സ്വന്തം സമ്പാദ്യം കൊണ്ടുണ്ടാക്കിയതാണെന്നും, കുരുവംശത്തിന്റെ ഒരു സൗജന്യവും അതിന്റെ നിർമിതിയിൽ സ്വീകരിച്ചിട്ടില്ലെന്നും അവകാശപ്പെടുന്ന ദുര്യോധനന്റെ സത്യവാങ്മൂലവും പൊക്കിപ്പിടിച്ചാണ് രാജവിധവ കുടിയൊഴിപ്പിക്കലിനെ ചെറുക്കുന്നത്. എങ്ങനെ നേരിടും ഈ സംഭവവികാസം?", കൊട്ടാരം ലേഖിക ചോദിച്ചു.

"കുടിയൊഴിപ്പിക്കുന്നത് രേഖ നോക്കിയാണോ. ഒന്നും ഫലിക്കില്ലെങ്കിൽ പുകച്ച് പുറത്തു ചാടിക്കും", ചാരവകുപ്പ മേധാവിയുടെ ചുമതല വഹിക്കുന്ന നകുലൻ നിസ്സാരമായി പറഞ്ഞു.

"എന്റെ ഭൂതകാലം ഇത്രയൊക്കെ നിങ്ങൾ ചുഴിഞ്ഞു ചോദിക്കുമ്പോൾ ഞാൻ വിചാരിക്കുകയാണ്, എന്റെ ഔദ്യോഗിക ജീവചരിത്രം എന്തുകൊണ്ട് നിങ്ങൾ ഉട

നടി വായിച്ചുകൂടാ?", കുന്തീദേവി നേരിയ രോഷത്തോടെ കൊട്ടാരം ലേഖികയോട് ചോദിച്ചു.

"എന്തിനു അതൊക്കെ വായിച്ചു ഞാൻ സമയം കളയണം? കർണൻ എന്ന് ഞാൻ സാന്ദർഭികമായി ഒന്നു പരാമർശിച്ചപ്പോൾ തന്നെ, ഇനിയും എഴുതപ്പെടാത്ത ഒരു വലിയ ഇതിഹാസത്തെ അല്ലേ നിങ്ങളുടെ മുഖം ഒളിപ്പിക്കാൻ ശ്രമിച്ചത്?", ഔപചാരികമായി മുട്ടുകുത്തി കൊട്ടാരം ലേഖിക പാണ്ഡവ രാജമാതാവിന്റെ കൈ മുത്തി എഴുന്നേറ്റു.

"ഇത്രയും ദൂരം നടന്നു കഷ്ടപ്പെട്ട് സ്വയം ചുമന്നു കൊണ്ട് വന്ന കല്യാണസൌഗന്ധികം, പാതിരാത്രി വിളിച്ചുണർത്തി ഏൽപ്പിച്ചപ്പോൾ ഔപചാരിക പ്രശംസയിൽ ഒതുങ്ങിയോ പ്രണയിനിയുടെ പ്രതികരണം?"

"വലിച്ചെറിയൂ വാടിയ പൂക്കൾ. പരിമളം മാറാത്ത പൂക്കൾ എന്നോ പറിച്ചു കൊണ്ട് വന്നെന്നെയിവൻ ചൂടി, എന്ന് പായിൽ പുണർന്നു കിടന്നുറങ്ങിയ ഇളമുറ നകുലനെ തലോടി പാഞ്ചാലി, വിരൽ ചൂണ്ടി കിടപ്പറയിൽ നിന്നെന്നെ ആട്ടിപ്പുറത്താക്കി", ഭീമൻ സ്ഥലകാലബോധമില്ലാതെ കൊട്ടാരം ലേഖികയുടെ മുമ്പിൽ വിതുമ്പി.

2016/08/31

"ചോരപ്പുഴ ഇങ്ങനെ ഒഴുക്കി വേണോ സൂചി കുത്താനിടം നേടാൻ?" സൈനികരുടെയും മൃഗങ്ങളുടെയും ജഡം വീണു ചുവന്ന യമുനയെ നോക്കി കൊട്ടാരം ലേഖിക യുധിഷ്ഠിരനോടു ചോദിച്ചു. ജേതാക്കൾ ഹസ്തിനപുരി കോട്ട പിടിക്കാൻ കുരുക്ഷേത്രയിൽ നിന്ന് പദയാത്രയിലായിരുന്നു.

"കൗരവകുടലുകൾ പറിക്കണമെന്ന ഭീമപ്രതിജ്ഞ പോരാട്ടഒഴുക്കിന്റെ ഗതി മാറ്റിയോ? ദിവ്യായുധപ്രദർശനം മികവോടെ നിർവഹിച്ചാൽ തന്നെ പാണ്ഡവർക്കനുകൂലമായി ശാക്തികസമവാക്യങ്ങൾ മനുഷ്യക്കുരുതിയില്ലാതെ നിർവഹിക്കാമെന്ന നകുലനിർദേശം സൈനികതന്ത്രത്തെ സ്വാധീനിച്ചില്ലെന്നുണ്ടോ? ഹിംസയില്ലാത്ത സ്വത്തുതർക്ക പരിഹാരമെന്ന നയതന്ത്ര ആശയത്തിൽ കത്തിവച്ചത് മുടികെട്ടാൻ കൗരവച്ചുടുചോര തന്നെ വേണമെന്ന പാഞ്ചാലിയുടെ ശാഠ്യമായിരുന്നുവോ? ഈ പ്രപഞ്ചത്തിൽ നാം കാണുന്ന ഒന്നും യഥാർത്ഥത്തിൽ അങ്ങനെ ആവണമെന്നില്ല എന്ന കവിവചനം നാം അവഗണിച്ചുവോ?", യുധിഷ്ഠിരൻ നാവു കൊണ്ട് ഇടയ്ക്കിടെ ചുണ്ടുകൾ നനച്ചു സംസാരിച്ചു. ശത്രുക്കളെ കൊന്നുതളർന്ന പാണ്ഡവർ എന്തിയേന്തി നടക്കുന്ന വഴിത്താരക്കിരുവശത്തും കുരുക്ഷേത്രവിധവകൾ നെഞ്ചത്തടിച്ചു നിലവിളിച്ചു പാണ്ഡവരെ ശാപവാക്കുകൾ കൊണ്ട് പ്രഹരിച്ചു.

"ശിരോരത്നം നഷ്ടപ്പെങ്കിലും എന്തൊക്കെയോ നേടിയ പോലെയാണല്ലോ നിങ്ങൾ ഇപ്പോഴും ഞെളിയുന്നത്? ഈ യുദ്ധത്തിൽ നിങ്ങൾ കൃത്യമായും എന്ത് നേടി?", കൊട്ടാരം ലേഖിക, ബ്രാഹ്മണസൈനികൻ അശ്വഥാമാവിനെ കാട്ടുപാതയിൽ പൊടുന്നനെ കണ്ടെത്തി.

"ഞാനൊന്നും നേടിയില്ലേ? ശത്രുപാഞ്ചാലിയുടെ അഞ്ചു മക്കളെയും ഉറക്കത്തിൽ ഞാൻ സ്വയം കഴുത്തിൽ ചവിട്ടി കൊന്നില്ലേ? ദുര്യോധനന്റെ വീഴ്ചയോടെ യുദ്ധം അവസാനിക്കും എന്ന് പറഞ്ഞ പാണ്ഡവർ എന്റെ പാതിരാസൈനികതന്ത്രം ഫലിക്കുന്നതു കണ്ടു ഞെട്ടിയില്ലേ. ഉത്തരയുടെ ഗർഭസ്ഥശിശുവിനെ നേരെ

ഞാൻ ദിവ്യാസ്ത്രം പ്രയോഗിച്ച്, കൃഷ്ണനെ ഒന്നു വിറപ്പിച്ചില്ലേ, ക്ഷത്രിയ പോരാളികളോട് ഏറ്റു മുട്ടാൻ ദരിദ്ര ബ്രാഹ്മണന് കഴിയും എന്ന് നിങ്ങൾ വിസ്തരിച്ച കണ്ടില്ലേ. ഭാരതയുദ്ധരത്ന പുരസ്കാരത്തിന് വ്യാസൻ എന്നെ നിർദേശിക്കാൻ നിങ്ങൾ ഒരു കൈ തരു. അതിനിടയിൽ എനിക്കൊരു ആയിരം കൊല്ലത്തെ വനവാസത്തിന് കൃഷ്ണശാപമുണ്ട്. മനുഷ്യജന്മം കിട്ടിയാൽ വരവും ശാപവും ഒക്കെ പതിവല്ലെ, അങ്ങ് ദൂരെ ദ്വാരകയിൽ കൃഷ്ണനെ കൊല്ലാനും ഒരു വേടൻ ആയുധം മൂർച്ച കൂട്ടുകയല്ലേ", അഭിശപ്ത ദ്രോണപുത്രൻ ആഘോഷിക്കുകയായിരുന്നു ഏകാന്തജീവിതം.

"വാനപ്രസ്ഥത്തിനെന്നും പറഞ്ഞല്ലേ കഴിഞ്ഞ ആഴ്ച പാണ്ഡവരും പാഞ്ചാലിയും പടിയിറങ്ങിയത്? ഇതാ, പാഞ്ചാലി മാത്രം മടങ്ങി വന്നിരിക്കുന്നു. അത്യാവശ്യം ചോദ്യങ്ങൾക്കു പോലും ഉത്തരം കിട്ടുന്നില്ല. പാണ്ഡവരുടെ തിരോധാനത്തിനു താൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്നില്ല എന്നു മാത്രം വ്യക്തമായി കേട്ടു", ദുരൂഹതയാൽ നെറ്റി ചുളിഞ്ഞ കൊട്ടാരം ലേഖിക പറഞ്ഞു.

"പഞ്ചപാണ്ഡവരുടെ തിരോധാനം അത്ര ലഘുവായി 'ഹസ്തിനപുരി പത്രിക' കാണുമെന്നു പാഞ്ചാലി ഒരു നിമിഷം പോലും ചിന്തിച്ചു പോകരുത്. പന്ത്രണ്ടു വർഷം സന്യസ്ഥാശ്രമങ്ങളിലെ ഖരമാലിന്യം സ്വയം ചുമന്നു ദൂരെ കുഴി കുത്തി കാര്യക്ഷമമായി സംസ്കരിച്ചു പരിചയം വന്ന കരുത്തയായ പാഞ്ചാലിക്കുണ്ടോ, അസംതൃപ്തദാമ്പത്യത്തിലെ അഞ്ചു വിഴുപ്പുകെട്ടുകൾ ആരും കാണാതെ ഒരൊറ്റക്കുഴിയിൽ മണ്ണിട്ടു മൂടാൻ വിമ്മിട്ടം?"

2016/09/01

"പോരാട്ടവീര്യമുള്ള സ്വന്തം സൈന്യത്തെ തിന്മയുടെ ഇതിഹാസമായ ദുര്യോധനന്റെ സഖ്യകക്ഷിയാക്കാൻ നിബന്ധനയില്ലാതെ വിട്ടുകൊടുക്കുക, എന്നാൽ സഹോദരീഭർത്താവായ അർജ്ജുനന് വെറും വ്യക്തിഗത സേവനം, അതും നിരായുധൻ എന്ന നിബന്ധനയോടെ. ഇതാണോ കൊട്ടിഘോഷിക്കപ്പെട്ട ദ്വാരകമാതൃക ധർമ്മസംസ്ഥാപനം?", കൊട്ടാരം ലേഖിക ചോദിച്ചു. ഉറങ്ങുന്ന കൃഷ്ണന്റെ കട്ടിലിനിരുവശത്തും കാത്തിരുന്ന അർദ്ധസഹോദരർ തിരിച്ചു പോയ സായാഹ്നം.

"പാണ്ഡവർക്ക് സൂചി കുത്താനിടം തരില്ലെന്ന് ശഠിച്ച കൗരവർക്കു ഒരു ലക്ഷം വരുന്ന യാദവ സൈന്യത്തെ വിട്ടു കൊടുത്തത് താങ്ങാനാവാത്ത പ്രതിരോധച്ചെലവിൽ ഞങ്ങൾ നട്ടം തിരിയുന്നതിനു ശാശ്വത പരിഹാരമായി. നിരായുധനായി ഞാൻ പാർത്ഥന് സാരഥിയാവുമ്പോൾ, ചക്രായുധത്തിനു പകരം കയ്യിൽ യുദ്ധം അനുവദിക്കുന്ന ചാട്ടയുണ്ടാവും. ഇരുഭാഗത്തുമുള്ള കുറുമ്പന്മാരെ ഒതുക്കാനും മെരുക്കാനും അത് ധാരാളം."

"അവൾ കുഴഞ്ഞു വീണപ്പോൾ എന്തുകൊണ്ട് ഞാൻ തിരിഞ്ഞു നോക്കാതെ കാൽ മുമ്പോട്ട് വച്ചു എന്നോ? ആജീവനാന്തചൂഷകയായിരുന്നു പാഞ്ചാലി. വസ്ത്രാക്ഷേപത്തിനുമേൽ പ്രതികാരത്തിൽ ഞങ്ങൾ ഒരു മഹായുദ്ധം വിഭാവന ചെയ്യുമ്പോൾ, അവൾ എന്താണ് ചെയ്തത്? രഹസ്യമായി ആർമാദിച്ചു. അവൾക്കു മുമ്പിൽ ഉപചാരപൂർവ്വം, ഞങ്ങൾ ഇഴഞ്ഞപ്പോൾ, നിന്ദയോടെ ഞങ്ങളഞ്ചുപേരെ രണ്ടു തലമുറകളിലായി അവൾ വേർതിരിച്ചു."

മലമുകളിൽ എത്തിയപ്പോൾ ജീവവായു കിട്ടാതെ വൃദ്ധയുധിഷ്ഠിരൻ കിതച്ചു.

ഒരിക്കൽ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയും, പിന്നെ ഹസ്തിനപുരി നാട്ടുവാഴിയും ആയിരുന്ന യുധിഷ്ഠിരന്റെ കൂടെ വാനപ്രസ്ഥത്തിന്റെ അന്ത്യത്തിൽ കണ്ടത് മരണ ദേവതയുടെ പ്രതിനിധി എന്നവകാശപ്പെട്ട ഒരു ചൊക്ലിപ്പട്ടി മാത്രം.

2016/09/02

“ഭർത്താക്കന്മാരുടെ ദാമ്പത്യവഞ്ചന തിരിച്ചറിഞ്ഞത് കൊണ്ടാണോ, സ്വർഗ്ഗ രാജ്യത്തിലേക്കുള്ള സംഘടിതപദയാത്രയിൽ ഞാനൊന്ന് കുഴഞ്ഞുവീണപ്പോൾ, പ്രഥമ ശുശ്രൂഷ തരാതെ പാണ്ഡവർ കാൽ മുന്നോട്ടു തന്നെ വച്ചത്?”

പാഞ്ചാലി കൊട്ടാരം ലേഖികയോട് ഏറ്റു പറയുന്നു അടുത്ത ലക്കം ‘ഹസ്തിന പുരി പത്രിക’ വാനപ്രസ്ഥം പതിപ്പിൽ.

“ഊട്ടുപുരയിൽ കൊട്ടാരം ലേഖിക സഹപ്രവർത്തകരുമായി വന്നു കൗരവർക്കു കിട്ടുന്ന അതേ ഭക്ഷണം മൂന്നു നേരം കഴിക്കുന്നു, അരമന പോലുള്ള ആഡംബരവ സതിയിൽ സൗജന്യമായി കുടുംബവുമൊത്ത് കഴിയുന്നു, രാജസഭയിൽ വന്നു വിക സനവാർത്താ സമ്മേളനത്തിൽ യാന്ത്രികമായി പങ്കെടുക്കുന്നു പക്ഷെ ഹസ്തിനപുരി പത്രികയിൽ പതിവായി പ്രസിദ്ധീകരിക്കുന്നത് ദൂരെ ദൂരെ കാട്ടിൽ ശിക്ഷ അനുഭവി ക്കുന്ന പാണ്ഡവരുടെ പരാതികൾ പൊലിപ്പിച്ച കെട്ടുകഥകൾ.”

രഹസ്യ കൂടിയാലോചന സമിതി യോഗത്തിൽ ദുര്യോധനൻ.

2016/09/03

“കീചകനു പാഞ്ചാലിയോടുള്ള പ്രണയം വിരാടകൊട്ടാരത്തിൽ അത്ര രഹസ്യ മൊന്നും അല്ലാതിരുന്ന സ്ഥിതിക്ക്, പിന്നെ പെട്ടെന്നെന്തുണ്ടായി ആ യുവസൈനി കമേധാവിയെ ചതിയിൽ വിളിച്ചു വരുത്തി പാതിരാവിൽ ശ്വാസം മുട്ടിച്ചു കൊല്ലാൻ മാത്രം പ്രകോപനം?”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തി നപുരിയിലെ ആൾസഞ്ചാരമൊടുങ്ങിയ ഇരുണ്ട സായാഹ്നം.

“വിരാടറാണി അനുജന് പാഞ്ചാലി വശം കൊടുത്തയച്ച മദ്യം വാങ്ങി ശുഭരാ ത്രി ആശംസിക്കുന്നതിനു പകരം, കൈമാടി അരികെ വിളിച്ചു സ്വന്തം ഉടുതുണിയൂ രി കീചകൻ ലൈംഗികച്ചുവയുള്ള അശ്ലീലചേഷ്ട കാണിച്ചു എന്ന് കേട്ടാൽ പിന്നെ നിങ്ങളുടെ ചോര തെളക്കില്ലേ?”, ശിരസ്സ് തെക്കോട്ടു വിരാടരാജ്യത്തിലേക്ക് തിരിച്ചു വൃദ്ധഭീമൻ ആ പഴയ കൊലപാതകം വിറയ്ക്കുന്ന ചുണ്ടുകളോടെ പുറത്തെടുത്തു.

“പാഞ്ചാലി പരിഭവക്കാരിയാണെന്ന് നിങ്ങൾ പലപ്പോഴും ദുസ്സൂചന തരുന്നു. കൃത്യമായി പറയൂ, പ്രശ്നം എന്താണ്?”, കൊട്ടാരം ലേഖികയുടെ സ്വരം കടുത്തു.

“വനവാസത്തിനു അഞ്ചു ആണുങ്ങൾക്കും ഒരു പെണ്ണിനും അന്തിയുറങ്ങാൻ, ദു ര്യോധനൻ അനുമതി തന്നത് ഈ ഒറ്റ മുറിയാണ്. ചമ്രം പടിഞ്ഞിരിക്കുന്നതും ചാരി ഇരിക്കുന്നതും നടു നിവർക്കാൻ നിവർന്നു കിടക്കുന്നതും ഒക്കെ ഇവിടെ. നിസ്സാര കാര്യത്തിനു ഞങ്ങൾ ആരോടെങ്കിലും നീരസം തോന്നിയാൽ, പാഞ്ചാലി വിരൽ ചൂ ണ്ടി ഞങ്ങളെ തള്ളി പുറത്താക്കുന്നത് ആ കാണുന്ന ഊട്ടുപുരയിലേക്ക്. ആറു പേർ ഇരുപത്തിനാലു മണിക്കൂർ ഇടപെടേണ്ട ഈ ഞെരുങ്ങിയ ഇടത്തിൽ, ഒരാൾ മാ ത്രം “എന്റെ സ്വകാര്യത മാനിക്കൂ” എന്ന് മുഖം കറുപ്പിച്ചു പറഞ്ഞാൽ ബാക്കിയുള്ള

അഞ്ചുപേർ എന്തു ചെയ്യും? ഞങ്ങൾ ചൂത് കളിയിൽ തോറ്റ കൗരവഅടിമകളോ അതോ അസംതൃപ്ത ദാമ്പത്യത്തിലെ ആൺ ഇരകളോ."

"അവനെ കൊല്ലരുത്, ഉള്ളിലിരിപ്പെന്തെന്നറിഞ്ഞാൽ മതി എന്ന് കൃത്യമായും നിങ്ങളോട് പറഞ്ഞില്ലേ പാഞ്ചാലി, എന്നിട്ടും..." കൊട്ടാരം ലേഖിക ഭീമനെ ചോദ്യം ചെയ്തു.

"അണിഞ്ഞൊരുങ്ങി സുഗന്ധം പുരട്ടി ആ യുവകോമളൻ നൃത്തമണ്ഡപത്തിലേക്കു പ്രണയിനിയെ കാണാൻ വരുന്നത് ഇരുളിൽ ഒളിച്ചിരുന്ന കണ്ടപ്പോൾ എന്റെ കരൾ വെന്തു. എനിക്ക് പകരം പാഞ്ചാലിയായിരുന്നു മുൻവാക്കനുസരിച്ച കാത്തിരുന്നതെങ്കിൽ, കീചകനെ വാരിപ്പുണർന്നവൾ ഓമനിക്കുന്നത് ഭാവനയിൽ കണ്ടു. അതോടെ ഈ കൈകളിൽ എനിക്ക് നിയന്ത്രണം നഷ്ടപ്പെട്ടു", സ്മൃതിനാശഭീഷണി നേരിടുന്ന ഭീമൻ സ്മരണയുടെ ആ വിരാടപർവം തുറന്നു.

"സ്ത്രീവേഷം ധരിച്ച മുഖാവരണത്തോടെ പാഞ്ചാലിക്ക് പകരം കീചക ചിതയിൽ ചാടാൻ താൻ തയ്യാറായിരുന്നു എന്ന് ഭീമൻ ഒരു അഭിമുഖത്തിൽ. കീചകമരണത്തിനു കാരണം പാഞ്ചാലി തന്നെയെന്ന് വിരാടറാണി ബന്ധുക്കൾക്കിടയിൽ പാട്ടാക്കിയപ്പോൾ, അവിവാഹിതകീചകന്റെ അന്ത്യസ്ഥലിയിൽ അടങ്ങണം പാഞ്ചാലി എന്നവർ വിധിയെഴുതി. എങ്ങനെ പ്രതികരിക്കുന്നു? വേദവ്യാസന് ചോർത്തി കിട്ടാതിരുന്ന കൊട്ടാരരഹസ്യങ്ങൾ വരുംയുഗത്തിലെ വായനക്കാർക്കായി ഹസ്തിനപത്രിക സംഭരിക്കുന്ന മഹായജ്ഞത്തിലാണ്. സഹകരിക്കുമല്ലോ", കൊട്ടാരം ലേഖിക ഹസ്തിനപുരി മഹാറാണിയെ അഭിവാദ്യം ചെയ്തു.

"ഓ അതോ. ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ എന്ന് ഭീഷ്മർ അർത്ഥഗർഭമായി പറഞ്ഞതു കേട്ടപ്പോൾ, ഭീമൻ, പരിഭ്രമത്തിൽ, 'ഇനിയെന്ത് വേണം ഞാൻ' എന്ന് നകുലനോട് ചോദിച്ചു. 'എന്നാൽ നിങ്ങൾ തന്നെ കീചക ചിതയിൽ ചാടൂ' എന്ന് നകുലൻ പരിഹസിച്ചത് വസ്തുതയാണ്. പാഞ്ചാലിയുടെ രക്ഷക്ക് ഞാൻ ജീവത്യാഗത്തിനും തയ്യാർ എന്ന് അപ്പോഴാണ് ആ മന്ദബുദ്ധി ഐതിഹാസിക പ്രസ്താവനയാക്കിയത്", കുരുക്ഷേത്ര വിധവകളുടെ പുനരധിവാസം എന്ന വിഷയത്തിൽ നടന്ന പൊതു സംവാദം ഉൽഘാടനം ചെയ്തു വീട്ടിലേക്കു മടങ്ങുകയായിരുന്ന പാഞ്ചാലി കൊട്ടാരം ലേഖികയെ രഥത്തിൽ കയറ്റി അടുത്തിരുത്തി.

2016/09/04

"ചക്രവ്യൂഹത്തിന്റെ കെണികളെ കുറിച്ച് ഔപചാരിക പരിശീലനം നേടാതെ എടുത്തുചാടി ഉള്ളിൽ ഇരച്ചു കയറി പുറത്തുവരാനാവാതെ മരിച്ച പോയ അഭിമന്യുവിനെ വാഴ്ത്തപ്പെട്ടവൻ എന്ന് പ്രഖ്യാപിക്കുന്നത് പുതുതലമുറ സൈനികശാസ്ത്രവിദ്യാർത്ഥികൾക്ക് തെറ്റായ സന്ദേശം നൽകുമെന്ന് തക്ഷശിലയിൽ നിന്ന് വാർത്തയുണ്ടല്ലോ. പത്രികയിൽ കൊടുക്കണോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"ഇത്രയധികം ശ്രാദ്ധം ഗംഗയിൽ ചെയ്തിട്ടും കൗരവപ്രേതങ്ങൾ ഹസ്തിനപുരിവിട്ടു പൂർണമായും പോയിട്ടില്ല അല്ലേ", യുദ്ധകാര്യലേഖകൻ ആലോചനയിൽ വീണു.

"പുതിയ ഹസ്തിനപുരിരാജാവ് കുറച്ചു നേരമായി അധികാരലഹരിയിലാണല്ലോ, ആശംസപ്രസംഗങ്ങൾ നടത്തി വേദിയിൽ നിന്നിറങ്ങിപ്പോവുന്ന മറ്റു നാലു

സഹോദരന്മാരെ നന്ദിയോടെ നോക്കുന്നതു പോലുമില്ല", കൊട്ടാരം ലേഖിക യുദ്ധ കാര്യ ലേഖകനോട് ശബ്ദം താഴ്ത്തി പറഞ്ഞു.

"പൊങ്ങച്ചം നിറഞ്ഞൊഴുകുന്ന യുധിഷ്ഠിരമുഖം ശരീരഭാഷാസംബന്ധിയായ പല സൂചനകളും തരുന്നുണ്ട്. ആശംസാപ്രസംഗം കരൾ പിളർന്നു ചേർത്ത സത്യ പ്രസ്താവന ആണെന്ന് ഒരു പക്ഷെ അയാൾക്ക് തോന്നിയോ?"

"ഞങ്ങളെ അറിയാമോ" എന്ന് വിതുമ്പി നാലു വയോധികർ കൊട്ടാര ഗോപുര വാതിൽ തള്ളിത്തുറക്കുന്നതു കണ്ട് ഞങ്ങൾ അവരെ ഉടൻ പിടിച്ചു വച്ച് രഹസ്യമുറിയിൽ ഇരുത്തി ചോദ്യം ചെയ്തു.", മൂന്നാംലിംഗ പുതുതലമുറ കാവൽക്കാരൻ ചാരവകുപ്പ് മേധാവി നകുലനെ അറിയിച്ചു.

"ആരാണവർ, എന്താണവർക്കു വേണ്ടത്?" നകുലൻ പെട്ടെന്നുണർന്നു.

"ഇവിടെ നിന്ന് കാട്ടിൽ തള്ളിയിട്ട നാലു് പേരാണവർ എന്നവർ നിലവിളിച്ചു. എല്ലും തോലുമായി ഒരു വൃദ്ധനു കണ്ണ് കാണാൻ വയ്യ. ഒരു വൃദ്ധ കീറത്തുണി കൊണ്ട് കണ്ണ് കെട്ടി കണ്ടു. വേറൊരു വൃദ്ധ കുന്തി എന്ന് സ്വയം പരിചയപ്പെടുത്തി. നാലാമത്തെയാൾ വിദുരർ എന്നോ മറ്റോ പറഞ്ഞു."

"രാത്രി വരെ ഒരാളെയും പുറത്ത് വിടരുത്. വേഷം മാറി ഞങ്ങൾ ഒന്നു രണ്ട് പാണ്ഡവർ വന്നു അവരെ കാട്ടുതീ സാധ്യതയുള്ള വേറൊരു വനത്തിൽ രാത്രി തന്നെ തള്ളും. വിവരം ഇരു ചെവിയറിഞ്ഞാൽ നീ ലിംഗഭേദമില്ലാത്ത ലോകത്തേക്ക് എന്നെന്നേക്കുമായി പോകും."

2016/09/05

"എന്തിനാണ് എല്ലാവരും കൂടി വലിയൊരു സൈന്യവുമായി വിരാടത്തിലേക്കു പോയത്?", ഹസ്തിനപുരത്തിൽ മടങ്ങി വന്ന കൗരവ സംഘത്തെ നോക്കി കൊട്ടാരം ലേഖിക വിസ്മയത്തോടെ ചോദിച്ചു", ആരെ കൊല്ലാനാണു പിതാമഹനെയും ദ്രോണരെയും കൂടെ കൊണ്ടുപോയത്?"

"പ്രിയഅർദ്ധസഹോദരർ അവിടെ അജ്ഞാതവാസത്തിൽ വിരാട അടിമകളായി കഷ്ടപ്പെടുന്നുണ്ട് എന്നറിഞ്ഞു ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ ചെന്ന ഞങ്ങളെ കീചക കിങ്കരന്മാർ, പാണ്ഡവരെ മുഖം കാണിക്കാൻ സമ്മതിക്കാതെ തിരിച്ചയച്ചു. പരാജയമല്ല സമാധാന ദൂതിനൊരു കാലിടറൽ മാത്രം."

"ക്ഷണിച്ചു വരുത്തിയ വിശിഷ്ട കൗരവകുടുംബ സംഘത്തെ പരസ്യമായി നിങ്ങൾ അപമാനിച്ചുവിട്ടു എന്ന് ഹസ്തിനപുരി കുതിരപ്പന്തികളിൽ പാട്ടാണല്ലോ. ധാർമികതയുടെ മൊത്തക്കച്ചവടക്കാരനായ യുധിഷ്ഠിരന്റെ ഈ നവമോഹനനഗരി ഇത്ര ക്ഷണം പോക്കിരികളുടെ വിഹാരഭൂമിയായോ? കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

"അടിസ്ഥാന സൗകര്യങ്ങൾ നാമമാത്രമായ ഇന്ദ്രപ്രസ്ഥത്തിന് താങ്ങാനാവുന്നതിലുമധികം, നൂറോളം കൗരവരും അവരുടെ ആനമയിൽ ഒട്ടകമടക്കം കുഞ്ഞുകുട്ടി കുടുംബാംഗങ്ങളും ഒരു സുപ്രഭാതത്തിൽ ഇവിടെ ഇടിച്ചിറങ്ങി പാണ്ഡവ ആഡംബര വസതികളിൽ തന്നെ വേണം അന്തിയുറക്കസൗകര്യം എന്ന് ശഠിച്ചാൽ പിന്നെ ഈ പുതുനഗരം അവരുടെ ജൈവവിസർജ്യം കൊണ്ട് ഹസ്തിനപുരി പോലൊരു നാറ്റപ്പട്ടണമാവില്ലേ. വേറെ അടിയന്തിര മാധ്യമശ്രദ്ധ അർഹിക്കുന്ന അത്യാഹിതമൊന്നും ഉണ്ടായില്ല." നകുലൻ പുഞ്ചിരിച്ചു.

2016/09/06

"പെണ്ണുടലിൽ പുരുഷൻ ഏൽപ്പിക്കുന്ന ഒന്നിലധികം പരുക്കുകളെ കുറിച്ച് ഈ സംവാദത്തിൽ നിങ്ങൾ വാചാലമാവുമ്പോഴും, ബഹുഭർത്തൃത്വം അടിച്ചേൽപ്പിക്കപ്പെട്ട നിസ്സഹായവധുവിനെ പോലെ സദസ്സിനെ ഇടയ്ക്കിടെ വിടർന്ന കണ്ണുകളോടെ നോക്കുമ്പോൾ അന്തരീക്ഷം കരുണാർദ്രമായി കാണുന്നതിന് ഞാൻ ഇന്ന് സാക്ഷി. എന്നാൽ, എന്തിനതിനു നിങ്ങൾ പ്രതിഷേധമില്ലാതെ വഴങ്ങി എന്ന് ഒരു കൗരവരാജവധു എഴുന്നേറ്റുനിന്നു നിഷ്കളങ്കമായി ചോദിച്ചപ്പോൾ, ആദ്യം അനീതി എന്നുച്ചരിച്ച നിങ്ങൾ പിന്നെ നിയതി എന്ന് തിരുത്തി. ഒന്ന് വ്യക്തമാക്കാമോ കൃത്യം നിലപാട്?", നവ വധു പ്രതിച്ഛായ കൈവിട്ടിട്ടില്ലാത്ത പാഞ്ചാലിയോട് കൊട്ടാരം ലേഖിക ഔപചാരികതയോടെ ചോദിച്ചു.

"കഴുത്തിൽ വരണമാലയിട്ട അർജ്ജുനന്റെ കൂടെ നിന്നിരുന്ന നാലു പേരെ സ്വയംവര മണ്ഡപത്തിൽ ഞാൻ ഒന്ന് കണ്ണോടിച്ചു നോക്കിയപ്പോൾ, അവരുടെ മുഖത്തെ ആ യാചനാഭാവം എന്നെ സ്പർശിച്ചുവോ? കൈവിടല്ലേ, കൈക്കുപ്പിടുന്നു ഞങ്ങൾ എന്നവർ എന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നത് എന്നെ കീഴ്പ്പെടുത്തിയോ?"

"കീചക വധത്തിൽ എന്തു പുതുവിവരമാണിപ്പോൾ പുറത്തു വന്നത്?", 'ഹസ്തിനപുരി പത്രിക'യിലെ വാർത്താവിഭാഗം മേധാവി പുരികമുയർത്തി.

"ഊട്ടുപുര പാചകക്കാരനായിരുന്ന ഭീമൻ ഇടയ്ക്കിടെ ചൂടിൽ വിയർത്ത് പുറത്തു വരും. നനഞ്ഞ ഉടുതുണി ആകെയൊന്നു വീശി കുറച്ചു നേരം നിന്ന്, വീണ്ടുമുടുത്ത് അകത്തേക്ക് മടങ്ങിപ്പോകും. ഈ രംഗം ഒന്നിലധികം പ്രാവശ്യം സമീപത്തുള്ള പൂങ്കാവനത്തിൽ കണ്ടു നിൽക്കുകയായിരുന്ന വിരാടറാണി സുദേഷ്ണ പാരവശ്യത്തോടെ അനുജൻ കീചകനോട് 'ഈ അശ്ലീലചേഷ്ട ഒന്ന് നിർത്തി തരണ'മെന്നു യാചിച്ചപ്പോൾ, ആ യുവവിരാടസൈനിക മേധാവി മുൻഗണന കൊടുത്തു. ഭീഷണി മണത്തറിഞ്ഞ ഭീമൻ മുൻകരുതൽ എന്ന നിലയിൽ കീചകന്റെ ഉയിരെടുത്തു", കൊട്ടാരം ലേഖിക വസ്തുതകൾ അവതരിപ്പിച്ചു.

"ചത്തത് കീചകനും കൊന്നത് ഭീമനും എന്ന ആ പഴയ അധ്യായത്തിൽ പുരുഷനഗ്നതാ പ്രദർശനം എന്ന പുതിയൊരു സദാചാര ഉള്ളടക്കം കൂടി വേണോ?", "പത്രാധിപരുടെ സ്വരത്തിൽ അക്ഷമ പടർന്നു", ഭീമൻ ഇപ്പോൾ യുദ്ധാനന്തര ഭരണകൂടത്തിൽ പ്രതിരോധവകുപ്പ് മേധാവിയല്ലേ.

2016/09/07

"പാണ്ഡവഭരണകൂടത്തോട് മുഴുനീള മൃദുസമീപനം വാർത്താവതരണത്തിൽ ഉറപ്പു വരുത്താമെങ്കിൽ തിരിച്ചെന്തു നമുക്ക് തരാമെന്നാണ് വിലപേശൽവിദഗ്ദൻ നകുലൻ പറയുന്നത്?", ഹസ്തിനപുരി പത്രിക പത്രാധിപർ ആശങ്കയോടെ ചോദിച്ചു.

"യുദ്ധകാലദുസ്സൂചനകൾ, കീചകവധം, പാഞ്ചാലിയുടെ ബഹുഭർത്തൃത്വം, അരക്കില്ലത്തിൽ ആദിവാസി കുടുംബത്തിന്റെ ദുരൂഹമരണത്തിൽ കുന്തിയുടെ പങ്ക് ഇങ്ങനെ പരിഷ്കൃത നഗരവാസികൾ ഉത്സാഹത്തിൽ വായിച്ചിരുന്ന വിഷയങ്ങൾ

പൂർണമായി നാം തേച്ചുമാച്ചു കളഞ്ഞാൽ, വാക്കാലുള്ള കുറച്ചു ഉറപ്പുകൾ പ്രതിഫലമായി ഉന്നതതലത്തിൽ വരാനിരിക്കുന്ന കൂടിയാലോചന സമിതി യോഗത്തിൽ പരിഗണിക്കാം എന്ന് നകുലൻ."

"അങ്ങനെ നമ്മെ വട്ടം കറക്കി പ്രലോഭിപ്പിക്കാനാണ ചാരമേധാവിയുടെ ഭാവമെങ്കിൽ, ഉടൻ നാം തിരിച്ചടിക്കണം. കുരുക്ഷേത്ര വിധവകളുടെ പ്രക്ഷോഭം മുഖ്യവാർത്തയാക്കി നാം ആവിഷ്കാരസ്വാതന്ത്ര്യത്തെ ഹിമാലയ താഴ്വരയിൽ പഴകൃഷിത്തോട്ടങ്ങൾ തന്നു വായടപ്പിക്കാനുള്ള ആ നീച പാണ്ഡവ പദ്ധതി പൊളിക്കാം" യുദ്ധകാര്യ ലേഖകൻ ഇടപെട്ടു.

"ഈ ഉത്സവകാലത്ത് ഇന്ദ്രപ്രസ്ഥം ചക്രവർത്തിയും കുടുംബവും ഔദ്യോഗികമായി ഹസ്തിനപുരി സന്ദർശിക്കുന്നു എന്ന് ഭരണകൂടവക്താവ് നകുലൻ അറിയിച്ചല്ലോ. എന്നാൽ ഹസ്തിനപുരി കൊട്ടാരത്തിന്റെ ചുമതലയുള്ള സർവാധികാരിയുടെ സ്ഥിരീകരണം ഒന്നും ഇതുവരെ കണ്ടില്ല" കൊട്ടാരം ലേഖിക കൂട്ടുകാരനോട് പറഞ്ഞു.

"പരസ്യപ്രസ്താവന പാടെ വിലക്കിയിരിക്കയാണ് ദുര്യോധനൻ. കളിച്ചു തോൽപ്പിച്ചു കാട്ടിൽ അയക്കാനുള്ള കരുക്കളാണ് സാമന്തപദവിയിൽ പെട്ട കുരുവംശം ഇപ്പോൾ രഹസ്യനിർമിതിയിൽ. പലതും അവിടെ ഉരിഞ്ഞു വീഴും, ഉടുതുണിയും രാജപദവിയും എല്ലാം", യുദ്ധകാര്യ ലേഖകൻ പലതും വായിച്ചെടുത്തവനെ പോലെ വിവർണനായി.

"വനവാസക്കാലത്തെ അഭിമുഖങ്ങളിൽ ഈ കൊട്ടാരം ലേഖികയോട് ഞങ്ങളഞ്ചു പേരെ കുറിച്ചിനിയൊന്നും നീ കൂടുതൽ പറയാനില്ല എന്നറിയാമായിരുന്നു, പക്ഷെ അക്ഷയപാത്രം നീ ദുര്യോധനനോടു യാചിച്ചു നേടിയെടുത്തത് ഞങ്ങൾക്കു നിത്യവും വനാശ്രമത്തിൽ പാചകം ചെയ്തു വിളമ്പിത്തരാനുള്ള മടികൊണ്ടാണെന്നു പറഞ്ഞത് കുറച്ചു കടന്നുപോയി", ഹസ്തിനപുരി മഹാറാണിയുടെ രഥത്തിൽ നിന്ന് യാത്ര പറഞ്ഞിറങ്ങിപ്പോയ യുവസുന്ദരിയെ നോക്കി ധാർമികരോഷത്തോടെ മഹാരാജാവ് യുധിഷ്ഠിരൻ പാഞ്ചാലിയോട് പരിഭവിച്ചു.

"ദൂരെ ദൂരെ ഹിമാലയതാഴ്വരയിൽ ഇരുന്നു ഞാൻ അക്കാലത്ത് ചെയ്തിരുന്ന വെളിപാടുകൾ ഊർജ്ജസ്വലയായ ഒരു പത്രപ്രവർത്തക ഏതൊക്കെ തരത്തിൽ ദുർവ്യാഖ്യാനം ചെയ്തുവേണം സൗജന്യങ്ങൾ വാരിത്തരുന്ന അന്നന്നത്തെ ഭരണകൂടത്തെ തൃപ്തിപ്പെടുത്താൻ എന്ന് ഇപ്പോൾ ഭരണയന്ത്രം തിരിക്കുന്ന നിങ്ങൾക്കിനിയും ആലോചിച്ചാൽ മനസ്സിലാവുന്നില്ലേ?"

"ഇവർ എന്റെ പ്രിയഭർത്താക്കന്മാരാണ് എപ്പോഴെങ്കിലും പാഞ്ചാലി വിശിഷ്ടവ്യക്തികൾക്ക് പരിചയപ്പെടുത്തിയ ഓർമ്മയുണ്ടോ?" കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"സ്ഥലത്തെ ദിവ്യന്മാർ അരികെയെത്തിയാൽ ഇളമുറ നകുലന്റെ അരികെ പോയി അവൾ ചേർന്ന് നിൽക്കും. അവനെ മാത്രം ആവേശത്തോടെ പരിചയപ്പെടുത്തും. ഞങ്ങൾ ബാക്കി നാലുപേർ ദരിദ്രബന്ധുക്കളെ പോലെ അവൾക്ക് പല്ലക്ക് ചുമക്കാനും അകമ്പടിക്കും ദേഹസുരക്ഷക്കും" പറഞ്ഞു പറഞ്ഞ് ആ വൃകോദരൻ മുട്ടിൽ ഇഴഞ്ഞു കൈകൾ ഉയർത്തി കണ്ണുകൾ മേലോട്ട് നീങ്ങി.

“പൂ പറിച്ചു കൊണ്ടുവന്നും തുണി കഴുകിയും പ്രണയം തെളിയിച്ച ആരാധകനല്ലേ ഭീമൻ? നേരിയ മന്ദതയുണ്ടെങ്കിലും ദുർഗ്ഗുണപരിഹാര പാഠശാലയിലേക്കയക്കാൻ തക്ക തെറ്റെന്താണയാൾ ചെയ്തത്?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“സുരക്ഷാ കവചം മറികടന്നു അന്തഃപുരത്തിൽ നുഴഞ്ഞു കയറി, മറ്റു നാലു പാണ്ഡവരുമായി ഊഴമനുസരിച്ചുള്ള സുരതം ഒളിഞ്ഞു നോക്കുന്ന ഞരമ്പുരോഗിയുടെ തല പരസ്യമായി വെട്ടാനൊന്നുമല്ലല്ലോ ആജ്ഞാപിച്ചത്? അഞ്ചു പേരിൽ ഒരാൾ എന്ന നിലവിലുള്ള ദാമ്പത്യ പരിഗണനയിൽ ക്ഷമയോടെ ഒതുങ്ങട്ടെ ഭീമസാന്നിധ്യം.”

“പൊന്നിന്റെ നിറമുള്ള വധുക്കൾക്ക് മാത്രം രാജസദസ്സിൽ മുന്നിടം കിട്ടുന്ന ഈ ഹസ്തിനപുരിയിൽ, കരിക്കട്ടയുടെ നിറമുള്ള നിങ്ങൾക്കെങ്ങനെ കൗരവഹൃദയങ്ങളിൽ കയറിക്കൂടാനായി?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ച ആദ്യചോദ്യം മഴ പെയ്യുന്ന ഈ രാവിലെപത്രാധിപർ ഓർത്തെടുത്തു.

“പാഞ്ചാലി അന്ന് എന്ത് മറുപടി പറഞ്ഞാണ് ജാള്യത ഒഴിവാക്കിയത് എന്നോ?”, കൊട്ടാരം ലേഖിക സഹകരിച്ചു.

“സമാനതയില്ലാത്ത എന്റെ വ്യക്തിഗതസേവന മികവിന്റെ ആവിഷ്കാരസാധ്യതകൾ, ഉറക്കം വരാതെ കൌരവർ വിഭാവന ചെയ്യുന്നുണ്ടാവുമോ എന്നാണവൾ പറഞ്ഞത്.”

“യുയുൽസു അങ്ങനെ കൂറ് മാറി അല്ലെ” യുദ്ധകാര്യലേഖകൻ ദുരോധ്യനനോട് വ്യാജമായ ധാർമികരോഷപ്രകടനത്തോടെ ചോദിച്ചു.

“കൂറ് മാറാതെയും, പാണ്ഡവർക്ക് രഹസ്യമായി മംഗളം ആശംസിച്ചും, വെറുതെ അമ്പും വില്ലും കൊണ്ട് കളിക്കുന്ന പിതാമഹനല്ലെ ഞങ്ങളുടെ സർവ സൈന്യാധിപൻ? അതാണ് കവികൾ പണ്ടേ പറഞ്ഞത്, ഈ ലോകം നാം പ്രത്യക്ഷത്തിൽ കാണുന്ന പോലെ അല്ല. പക്ഷെ അടിയൊഴുക്കുകൾ കണ്ടെത്തേണ്ടത് നിങ്ങൾ”, മാധ്യമലോകത്തെ അതിഥിക്ക് ഒരു പൊരിച്ച കാളത്തുട ഉപചാരപൂർവ്വം നീട്ടി ദുര്യോധനൻ കുരുക്ഷേത്ര ഊട്ടുപുരയിൽ നിന്ന് രാജകീയമായ ശരീരഭാഷയോടെ പുറത്തേക്കു കടന്നു.

“പിതാമഹന്റെ അന്ത്യനിമിഷങ്ങൾക്കു നിങ്ങൾ സാക്ഷിയല്ലേ? ചെകിടോർത്തുവോ വാവിട്ട നിലവിളിയിലും നിങ്ങൾ ഭീഷ്മരുടെ അവസാന വാക്കുകൾക്കായി?”, കൊട്ടാരം ലേഖിക ചോദിച്ചു. തണുത്ത കാറ്റ് വീശുന്ന ഉത്തരായനം. കുരുക്ഷേത്ര പോരാട്ട ഭൂമി.

“നിങ്ങളുടെ നഗ്നനേത്രങ്ങൾ കൊണ്ട് നോക്കിയാൽ ഒരു പക്ഷെ ഞാനിപ്പോൾ കിടക്കുന്നത് ശരശയ്യയിൽ ആയിരിക്കാം, എന്നാൽ, മകനേ ഒന്നോർക്ക, സത്യവചനത്തിന്റെ ഊർജ്ജപ്രസരമുള്ള വരും യുഗത്തിൽ സഹൃദയർ പറയും ഞാൻ കിടന്നിരുന്നത് പൂമെത്തയിൽ ആയിരുന്നു എന്ന്. എന്റെ അവസാന രഥയാത്ര സ്വച്ഛന്ദമൃത്യുവിൽ ആയിരുന്നു എന്നും. അങ്ങനെയെന്തോ മുറ വച്ച് കാരണവർ പറഞ്ഞതു കേട്ട നേരിയ ഓർമയുണ്ട്. പോട്ടെ, ശവമടക്കിന്റെ സൗകര്യങ്ങൾ ചെയ്യണം, തിരക്കുണ്ട്”, യുധിഷ്ഠിരൻ വിഷണ്ണ സ്വരത്തിൽ പറഞ്ഞു.

“കണ്ണടയും മുമ്പ് പാഞ്ചാലി, പിന്തിരിഞ്ഞു നോക്കാതെ കാൽ മുന്നോട്ടു വച്ച് പാണ്ഡവർ നടന്നു പോയ ആ മലഞ്ചെരുവിൽ, നിന്നോടെന്തെങ്കിലും പറഞ്ഞുവോ അന്ത്യമൊഴിയായി”, യുദ്ധകാര്യലേഖകൻ ചോദിച്ചു.

“പന്ത്രണ്ടു കൊല്ലം ഞാൻ കൗരവരുടെ അടിമയായി കാട്ടിൽ കഴിഞ്ഞു, ജീവകാലം മുഴുവൻ പാണ്ഡവർക്കും. ഇനിയെനിക്ക് അവരാരുമില്ലാത്തൊരു വിശാലമായ പുൽമേട്ടിൽ കുറച്ചു നാൾ അലയണം, കാണാമിനിയും, നാമൊക്കെ എന്നെന്നേക്കുമായി ബന്ദിയാക്കപ്പെട്ടിരിക്കയല്ലേ പൊരുളറിയാത്ത ഈ പ്രപഞ്ചത്തിൽ”, കൊട്ടാരം ലേഖിക. ഒരു കൈ വെള്ളപ്പൂക്കൾ നെഞ്ചിൽ ചേർത്ത് മുന്നിലുള്ള പുൽമേടിലേക്കെറിഞ്ഞു.

2016/09/09

“ശന്തനു എന്താ താടിക്കു കൈവച്ച് വിഷാദഭാവം?”, കൊട്ടാരം ലേഖിക മട്ടുപ്പാവിൽ നിന്ന് കണ്ട ദൂരക്കാഴ്ച സഹപ്രവർത്തകനുമായി പങ്കിട്ടു.

“ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ അവഗണിച്ച വിവാഹപൂർവ ഉടമ്പടിയുടെ ബലത്തിലല്ലേ ശന്തനു ഗംഗയുമൊത്ത് കിടപ്പറയിൽ കയറിയത്? ഗംഗ എന്തനിഷ്ടം കാട്ടിയാലും എതിർക്കരുത് എന്ന കരാറിലെ കുഞ്ഞക്ഷരങ്ങൾ വായിക്കാതെ ഈ ശുദ്ധൻ, നീട്ടിവലിച്ച കരാറിൽ ഒപ്പിട്ടു. സ്വന്തം നവജാതശിശുക്കളെ നദിയിൽ മുക്കിക്കൊല്ലുന്നതാണ് ഭാര്യയുടെ പ്രഭാതവിനോദം എന്നയാൾ പ്രതീക്ഷിച്ചില്ല. “അരുതേ ശിശുഹത്യ ഇനിയും” എന്നയാൾ അതിഭാവുകത്തിന്റെ അതിപ്രസരത്തോടെ പറഞ്ഞതോടെ ഉടമ്പടിയിൽ വിള്ളൽ വീണു. ഗുണപാഠം വ്യക്തമായില്ലേ, ശിശുഹത്യ ആയാലും തൊഴിലിടവേതനമായാലും, കരാർ മുഴുവൻ വായിച്ചു തിരുത്തൽ ഉറപ്പു വരുത്തിയില്ലെങ്കിൽ ഇത്തരം ശന്തനുരൂപങ്ങൾ നമ്മുടെ മുമ്പിലും വന്നു നാളെ നിലവിളിക്കും”, യുദ്ധകാര്യ ലേഖകൻ തലയ്ക്കു പിന്നിൽ കൈകൾ പിണച്ചു.

“ഇന്നലെ രാവിലെ നെറ്റിപ്പട്ടം കെട്ടിയ ആനകളും ആലവട്ടങ്ങളുമായി ഹസ്തിനപുരി കൊട്ടാരത്തിൽ എഴുന്നെള്ളിയ ഇന്ദ്രപ്രസ്ഥ ചക്രവർത്തിയും പരിവാരങ്ങളുമല്ലേ, നഗ്നപാദരായി കാട്ടിലേക്ക് ശിക്ഷയനുഭവിക്കാൻ ആ പോവുന്നത്?”, പെരുവഴിയിൽ ആരും ശ്രദ്ധിക്കാത്ത ആറുപേരെ നോക്കി കൊട്ടാരം ലേഖിക വിഷാദത്തോടെ കൂട്ടുകാരനോട് പറഞ്ഞു.

“മാളികമുകളിലേറിയ മന്നന്റെ തോളിൽ മാറാപ്പ് എന്നൊക്കെ വരും യുഗങ്ങളിൽ ദരിദ്രബ്രാഹ്മണർ പദ്യം ചൊല്ലി ധനികരെ നിന്ദിക്കാൻ, സാമന്തകൗരവരോട് ചൂത് കളിച്ച് എല്ലാം ഒഴക്കിക്കളഞ്ഞ നികൃഷ്ട ജന്മങ്ങൾ”, യുദ്ധകാര്യ ലേഖകൻ കരിമ്പിൻ തണ്ട് അവർക്കു നേരെ എറിഞ്ഞത് വിശന്നു പൊരിഞ്ഞ ഭീമൻ ഒറ്റച്ചാട്ടത്തിനു കൈക്കലാക്കി വായിലിട്ടു ആഞ്ഞു ചവക്കാൻ തുടങ്ങി.

“ഏകചക്രയിൽ ഈയിടെയായി സംശയാസ്പദമായ സാഹചര്യങ്ങളിൽ ഭിക്ഷ യാചിച്ചു നടക്കുന്ന ആ ‘ബ്രാഹ്മണവേഷ’ങ്ങളെക്കുറിച്ചെന്തെങ്കിലും വിവരം നിങ്ങൾ ദുര്യോധനന് രഹസ്യമായി എത്തിച്ചുവോ?”, ബകൻ ഗ്രാമ പ്രമുഖനെ ഗുഹയിൽ വിളിച്ചു വരുത്തി ചോദ്യം ചെയ്തു.

“ചാരവിവരം അനുസരിച്ച് “നിങ്ങളല്ലേ പാണ്ഡവരും കുന്തിയും?” എന്നവർക്ക് അഭയം കൊടുത്ത കുടിലിൽ ഒരുമിച്ചു നിർത്തി ഞാൻ കർശനമായി തിരിച്ചും മറിച്ചും ചോദ്യം ചെയ്തു. അരക്കില്ലത്തിൽ കണ്ട കത്തിക്കരിഞ്ഞ ആറു ജഡങ്ങൾ പാണ്ഡവകുടുംബം നാമാവശേഷമായി എന്നതിന്റെ പ്രത്യക്ഷവും വിശ്വാസ്യവുമായ തെളിവല്ലേ എന്ന് അവർ ശക്തമായി തിരിച്ചടിച്ചു”, ഗൃഹനാഥൻ കുനിഞ്ഞു താണ് വാപൊത്തി.

2016/09/10

“കീഴടങ്ങൽ കരാർ നിബന്ധനകൾ പൂർണമായി പാലിച്ചു നഗ്നപാദരായി വനവാസത്തിനു വിനീതരായി നടന്നു നീങ്ങുന്ന പാണ്ഡവരുടെ ഇരുഭാഗത്തും, ഉയർത്തിപ്പിടിച്ച ചാട്ടവാറുമായി നിങ്ങളെന്തിനാ ഇങ്ങനെ കാര്യമില്ലാതെ അട്ടഹസിക്കുന്നത്?”, കൊട്ടാരം ലേഖിക മുഖപരിചയമുള്ള ഇളമുറ കൗരവനോട് ക്ഷോഭിച്ചു.

“ഇന്നലെ ഏതാണ്ട് ഇതേ സമയത്ത് ഞങ്ങൾ തന്നെയാണ് ഇന്ദ്രപ്രസ്ഥം ചക്രവർത്തി യുധിഷ്ഠിരനെയും മഹാറാണിയെയും വെഞ്ചാമരം വീശി നഗരവാതിൽ മുതൽ കൊട്ടാരം വരെ ഉപചാരപൂർവ്വം ആചാരവെടിയുമായി ആനയിച്ചത്. സൂര്യനൊന്നസ്തമിച്ച് രാജകീയവിനോദമായ ചൂത് കളിക്ക് ശേഷം നേരം പുലർന്നപ്പോഴേക്കും, നിയതിയുടെ തട്ട് ഉയർന്നതും താണതും ഇവരാറുപേർ ഞങ്ങളുടെ അടിമകൾ ആയതും പിന്നെ നാം ആഘോഷിക്കേണ്ടേ?”, കൗരവസഹോദരൻ ആഞ്ഞു വീശിയ ചാട്ടയിൽ അർദ്ധനഗ്നഭീമൻ പുളഞ്ഞു.

2016/09/11

“ഭാവിയിൽ നിങ്ങളുടെ ജീവചരിത്രം എഴുതേണ്ട വ്യാസൻ മുമ്പിൽ നിന്ന് പോയപ്പോഴേക്കും എന്താ നിങ്ങൾ കൈകൾ പിഴിയുന്നത്?”, കൊട്ടാരം ലേഖിക ചോദിച്ചു. രാജസൂയ യാഗ ആഘോഷമാണ് ചുറ്റും.

“എന്താണയാൾ പറഞ്ഞതെന്ന് കേട്ടില്ലേ? ദുരനുഭവം ഞങ്ങൾക്ക് ഉടൻ ഉണ്ടാകാൻ പോവുന്നു, കരുതൽ വേണം എന്ന്. ആശംസകൾ വാരിക്കോരി ചൊരിയേണ്ട മംഗള ദിനത്തിൽ ഈ ദുഃസ്സൂചനയുമായാണോ ഇടിച്ചു കയറിയത്?”, വ്യാസ താക്കീതിൽ ഭീമൻ ഉടഞ്ഞ പോലെ തോന്നി.

“പാഞ്ചാലി കുഴഞ്ഞു വീണു എന്ന് ഭീമൻ വിലപിച്ചപ്പോൾ, അർജ്ജുനനുമായി അഞ്ചിലൊന്നിലധികം അഭിരമിച്ചതു കൊണ്ടാണെന്ന് പറഞ്ഞതിൽ നിന്ന് എന്താണ് വായിച്ചെടുക്കേണ്ടത്, ജീവിതാന്ത്യത്തിലെ മഹാ പ്രസ്ഥാനത്തിലും ഹൃദയം കുഴഞ്ഞു മറിയുന്നത് രതി മാത്സര്യത്തിൽ എന്നോ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

“ജീവിതകാലം മോഹിപ്പിച്ചു, എന്നാൽ കൈ നീട്ടിയപ്പോൾ വാക്കു കൊണ്ടു കപടനാട്യക്കാരൻ എന്ന് തിരസ്കരിച്ചു. ഇതാ, യാത്ര പറയാതെ ഐതിഹാസിക ലൌകിക ജീവിതം കുഴഞ്ഞുവീഴലിൽ പൊടുന്നനെ അവസാനിക്കു മ്പോൾ, പ്രത്യാശ നഷ്ടപ്പെട്ട ഞങ്ങൾക്കു പിടിവള്ളി കിട്ടി. അർജ്ജുനനുമായുണ്ടായ അവിഹിതബന്ധം ഈ മലമ്പാതയിൽ ഉച്ചത്തിൽ പരസ്യമാക്കുക”, യുധിഷ്ഠിരൻ ജേതാവിനെ പോലെ മുഖം വെട്ടിച്ചു.

2016/09/14

“അജ്ഞാതവാസക്കാലത്ത് നിങ്ങൾ വിരാടന്റെ ഊട്ടുപുരയിൽ പാചകക്കാരൻ ആയിരുന്ന പന്ത്രണ്ടു മാസം, ഇപ്പോൾ ഹസ്തിനപുരി പ്രതിരോധവകുപ്പ് മേധാവി എന്ന പദവി വഹിക്കുമ്പോൾ എങ്ങനെ വിലയിരുത്തുന്നു?” കൊട്ടാരം ലേഖിക ചോദിച്ചു.

“വിയർത്തദ്ധ്വാനിച്ചു വേണം ഓരോ നേരവും നീ വിശപ്പടക്കാൻ എന്ന് എനിക്ക് തിരിച്ചറിവുണ്ടായി. പന്ത്രണ്ടു കൊല്ലവനവാസക്കാലത്ത് അക്ഷയപാത്രം വഴി മൂന്നു നേരം കിട്ടിയ സൗജന്യ ഭക്ഷണത്തിന്റെ വില വിരാടന്റെ തീന്മുറിയിൽ ഞാൻ ദേഹാദ്ധ്വാനം ചെയ്തു മൂല്യം തിരിച്ചടച്ചു”, വൃകോദരഭീമൻ ഉച്ചഭക്ഷണത്തിൽ ഒരു പൊരിച്ച കാളത്തുട തിന്നതിന്റെ ആലസ്യത്തിലായിരുന്നു.

2016/09/15

“ഊട്ടുപുരയിൽ നിലത്ത് ചമ്രം പടിഞ്ഞിരുന്നു ഇതെന്താണ് ഈ അഞ്ചു ആണുങ്ങൾ കണ്ണീർ വാർക്കുന്നത്. വേണ്ടപ്പെട്ടവർ ആരെങ്കിലും മരിച്ചുവോ?” കൊട്ടാരം ലേഖിക ഞെട്ടി.

“ഹസ്തിനപുരിയിലെ വേറെ ഏതെങ്കിലും കളപ്പുരയിലെ ധാന്യശേഖരം സ്രോതസ്സായി കണ്ടെത്തുംവരെ അക്ഷയപാത്രം ഇപ്പോൾ കാണുന്ന പോലെ ശൂന്യമായിരിക്കും അത് കഴിഞ്ഞാൽ അവർ പതിവുപോലെ പരിമിതിയില്ലാതെ പൊട്ടിച്ചിരിച്ചും പരസ്പരം ഉന്തിത്തള്ളിയും പാത്രത്തിൽ രണ്ടു കയ്യുമിട്ടു വാരിത്തിന്നും”, കിടപ്പറയിൽ പാഞ്ചാലി മുടി കർശനമായി പരിലാളനത്തിൽ നിന്ന് ഒഴിവാക്കി അഴകളവുകളുടെ ശരീരത്തിൽ തൈലം തേച്ചു.

2016/09/16

“അഭിമുഖങ്ങളിലവരെയെത്ര നിങ്ങളപമാനിച്ചാലും ക്ഷമയോടെ കിടപ്പറക്കു മുമ്പിൽ ഊഴം കാത്തിരിക്കുന്നത് പ്രത്യാശയിലാണ്. എന്തായിരിക്കാം അതിന്റെ രഹസ്യം?” കൊട്ടാരം ലേഖിക ചോദിച്ചു. സ്വാർത്ഥലാഭത്തിനു വേണ്ടി ദഹിപ്പിച്ച ഖാണ്ഡവവനം വീണ്ടും തളിരിട്ട മഴക്കാല സന്ധ്യ, ഇന്ദ്രപ്രസ്ഥം മഹാറാണിയുടെ അന്തഃപുരം.

“സമാനതകളില്ലാത്ത വ്യക്തിഗതസേവനം എന്നവർ സന്മനസ്സോടെ ‘ഹസ്തിനപുരി പത്രിക’യോട് അവകാശപ്പെടണമെങ്കിൽ, ഒരു പക്ഷെ പതിവായി കിട്ടുന്നുണ്ടാവണം പരിമിതിയില്ലാതെ ആനന്ദരതി”, അഴകളവുകളിൽ സുഗന്ധ തൈലം തേച്ചു അവൾ പറഞ്ഞു.

“പരേതകീചക സ്മരണയിൽ ആദരാഞ്ജലി വേണോ, ആ ശല്യം ഒഴിഞ്ഞു കിട്ടിയതിൽ അനുമോദനം മതിയോ?” കൊട്ടാരം ലേഖിക വിരാടരാജാവിനെ അഭിവാദ്യം ചെയ്തു സ്വയം പരിചയപ്പെടുത്തി.

“ഭാര്യയുടെ അനുജനായ കീചകൻ വിരാടസൈന്യാധിപൻ എന്ന നിലയിൽ തൊഴിൽ മികവ് കാണിക്കുവൻ, പക്ഷെ അവൻ എന്നെ സിംഹാസനത്തിൽ നിന്ന് തള്ളി താഴെയിടാൻ എന്റെ ഭാര്യ കൂട്ടുനിൽക്കുമോ? അപ്പോൾ കീചകകൊല

എന്റെ തലയിൽ കെട്ടിവക്കുന്നത് കുടില പാണ്ഡവ നിർമിതി, കാരണം കൗരവപക്ഷത്ത് നിന്ന് ആദ്യം കേട്ട പ്രതികരണം ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ എന്ന ഭീഷ്മവചനമാണ്. അത് കേട്ടപ്പോൾ തന്നെ ഞാനുടൻ കുറ്റവിമുക്തനായ പോലെ." ദുരൂഹമായ ദുഃഖാചരണത്തിൽ ആയിരുന്നു പാണ്ഡവ "വേഷ" ങ്ങൾ അപ്രത്യക്ഷമായ വിരാടരാജ്യം.

"അച്ഛനും അമ്മയും ഇല്ലാതെ, യാഗാഗ്നിയിൽ നിന്നുയർന്ന മഹാറാണി ഇപ്പോൾ ആർക്കു വേണ്ടിയാണ് പരികർമിയില്ലാതെ ഗംഗയിൽ ശ്രാദ്ധം ചെയ്യുന്നത്?" കൊട്ടാരം ലേഖിക അന്ധാളിപ്പോടെ ചോദിച്ചു.

"പാണ്ഡവർക്ക് യുദ്ധം ജയിക്കാൻ പോരാട്ടഭൂമിയിൽ അപമൃത്യു വരിച്ച എന്റെ അഞ്ചു മക്കൾക്ക്" പൂവും എള്ളും ചന്ദനവും വെള്ളം താലിച്ചവൾ നെഞ്ചിൽ വച്ച് ബലിച്ചോറിലേക്കിട്ടു.

"ഒരഭിമുഖം തരാമോ", കൊട്ടാരം ലേഖിക മൊത്തത്തിൽ ഒരു പ്രലോഭനമായി മഹാരാജാവിനെ നേരിട്ടു.

"വസന്തകാല പ്രത്യേക പതിപ്പിന് അല്ലേ? വനവാസക്കാലത്ത് പറയിപ്പിച്ചതൊക്കെ തന്നെ പോരെ? ഇന്ന് മുതൽ അടുത്ത കുറച്ചു ദിവസങ്ങളിൽ തിരക്കുള്ള പരിപാടിയുണ്ട്.", യുധിഷ്ഠിരൻ ഒഴിവ് പറഞ്ഞു.

"ഉടൻ പ്രസിദ്ധീകരിക്കാനല്ല. ഭാവിയിൽ."

"ചരമക്കുറിപ്പ്? ഉടൻ വരൂ. പ്രാതൽ ഒരുമിച്ച്. സ്ഥലം അന്തഃപുരത്തിൽ പാഞ്ചാലിയുടെ തീൻശാല."

2016/09/20

"അശ്വത്ഥാമാവ് മരിച്ചു എന്ന നുണ വിശ്വസിച്ച ദ്രോണർ, ആയുധം താഴെയിട്ടതോടെ ദ്രോണഹത്യ എളുപ്പമായി!", കൊട്ടാരം ലേഖിക പറഞ്ഞു.

"നുണ ആ വിധം പറഞ്ഞില്ല. അശ്വത്ഥാമാവ് എന്നൊരു കൗരവ ആനയെ പാണ്ഡവരിൽ ചിലർ വിളിക്കാറുണ്ടായിരുന്നു എന്നാണറിവ്. ആന കൊല്ലപ്പെട്ടപ്പോൾ ചെരിഞ്ഞു എന്നുച്ചരിക്കുന്നതിനു പകരം മരിച്ചു എന്ന് ഞാൻ ഉച്ചരിക്കുമ്പോൾ ദ്രോണർ അടുത്തുണ്ടായിരുന്നു എന്നത് കൗതുകകരമായ ആകസ്മികത എന്നതിൽ കവിഞ്ഞെന്തെങ്കിലും ദുരർത്ഥം അതിനു വ്യാഖ്യാനിക്കുന്നതിനോട് യോജിപ്പില്ല. സർവജീവജാലങ്ങൾക്കും ഒരു പോലെ ബഹുമാനം കൊടുക്കുന്ന എന്നെ പോലൊരു പ്രകൃതിസ്നേഹി പ്രത്യകിച്ചും."

"ഇത്തവണ നീ വിരാടത്തിൽ പോയപ്പോൾ അജ്ഞാതവാസം കഴിഞ്ഞ അച്ഛനെ കണ്ടുവോ?" സുഭദ്ര മകനോട് ചോദിച്ചു. ദ്വാരക. അമ്മയും മകനും നടക്കുകയായിരുന്നു.

"കണ്ടു അമ്മാ. അച്ഛൻ നൃത്തം പഠിപ്പിച്ച വിരാട രാജകുമാരി ഉത്തരയെ എനിക്ക് പരിചയപ്പെടുത്തി. പിരിയുമ്പോൾ അച്ഛൻ കുറെ ദൂരം ഒപ്പം നാഗരാതിർത്തി വരെ വന്നു", എന്നെ കുരുക്ഷേത്രത്തിൽ ജയിപ്പിക്കാൻ നീ സ്തോഭജനകമായ യുദ്ധസാഹചര്യമുണ്ടാക്കിയാൽ, ഉത്തരയിൽ പിറക്കുന്ന നിന്റെ മകനെ ഞാൻ ഹസ്തിനപുരിയുടെ ഭാവി രാജാവാക്കാം എന്ന് കൈപിടിച്ച് അച്ഛൻ എന്നോട് പറഞ്ഞു. അതിന്റെ അർത്ഥമറിയാതെ ഞാൻ വാക്കുകൊടുത്തു അമ്മാ."

"വേണ്ടായിരുന്നു മകനെ. എന്തെല്ലാമോ കയങ്ങൾ ഞാൻ മുമ്പിൽ കാണുന്നു."

2016/09/21

"നിങ്ങളഞ്ചുപേർക്കും മാരകായുധങ്ങൾ വേറെ വേറെ. ഗദ കൊണ്ട് തുടയെല്ല് പൊട്ടിക്കുന്ന ഭീമനും അമ്പെയ്ത്ത് കർണ്ണന്റെ കരൾ പൊളിക്കുന്ന അർജ്ജുനനും, കുന്തം കൊണ്ട് ശത്രു ഹൃദയം തുളയ്ക്കുന്ന നിങ്ങളും. കുരുക്ഷേത്രത്തിൽ ആ കാല കുന്തം കൊന്നു കൊല വിളിച്ച ഒരു സ്മരണീയ കൗരവവധം പങ്കിടാമോ?", കൊട്ടാരം ലേഖിക ഹസ്തിനപുരി മഹാരാജാവിനോട് ചോദിച്ചു. പോരാട്ട വിജയത്തിന്റെ അഞ്ചാം വാർഷികാഘോഷം.

"അങ്ങനെയൊന്നും ഇനി യുധിഷ്ഠിരനോട് നിങ്ങൾ പത്രപ്രവർത്തകർ കനിവില്ലാതെ ചോദിക്കരുതേ. രാത്രി കിടപ്പറയിൽ ഞാൻ വിളക്ക് കെടുത്തിയാൽ, ചത്തുപോയ കൗരവ ആത്മാക്കൾ കണ്ണിൽ നഖം ആഴ്ത്തിയും കഴുത്തു ഞെരിച്ചും വേദനിപ്പിക്കുന്നു എന്ന് യുധിഷ്ഠിരൻ നിലവിളിക്കും. മുഖത്ത് വെള്ളം തളിച്ച് ബോധം വരും വരെ ക്ഷമയോടെ കാത്തിരിക്കാൻ ഞാൻ മാത്രമേ പാതിരാവിൽ കാണൂ", പാഞ്ചാലി ഒരു കൈ കൊണ്ട് കൊട്ടാരം ലേഖികയെ പ്രതീകാത്മകമായി വാ പൊത്തി.

"ഭീമനല്ല കൊലയാളി എന്നുറപ്പിച്ചു പറയാൻ എന്ത് തെളിവുണ്ട്?" കൊട്ടാരം ലേഖിക തൊഴിൽ മര്യാദയോടെ ചോദിച്ചു.

"നിങ്ങൾ കീചകജഡം കിടന്ന നൃത്തമണ്ഡപം ചുറ്റി നടന്ന ഏക പത്രപ്രവർത്തകയല്ലേ. കണ്ടതൊക്കെ മനസ്സിന്റെ മുൻനിരയിലേക്ക് ദയവായി കൊണ്ടുവരൂ. ചമ്രം പടിഞ്ഞിരുന്നു ഉണ്ടെണീറ്റാൽ നിലത്ത് വറ്റും ചാറും എല്ലും മുള്ളും ചിതറിക്കിടക്കുന്ന ഒന്നല്ലേ ഭീമന്റെ തീൻമുറി മര്യാദ? അങ്ങനെ ഒരു മാലിന്യപ്രിയനെങ്ങനെ ഇത്തരം ശുചിയായി നിർവഹിച്ച കൊലയുടെ കാർമികത്വം മികവോടെ ചെയ്യാനാവും? കൊട്ടാരം വൈദ്യൻ ജഡം വെട്ടിമുറിച്ച് നോക്കിയില്ലെങ്കിലും, തിരിച്ചും മറിച്ചും തുണിയൂരി പരിശോധിച്ച് പരസ്യമായി ഉറങ്ങുന്നവനെ പോലെയാണ് പച്ചപ്പരിഷ്കാരി കീചകൻ ജീവൻ പോയി മലർന്നു കിടക്കുന്നതു. കങ്ങിയ കഴുത്തോ, ചുണ്ടിൽ കട്ടകെട്ടിയ ചോരയോ തുറിച്ച കണ്ണുകളോ ഒന്നുമില്ല. എന്റെ കൊലയാളി ആരായാലും അത് വിരാടപാചകക്കാരൻ ഭീമനല്ല എന്ന് വിളിച്ചു പറയുന്ന പോലെ തോന്നും. കൊലയുടെ ലക്ഷ്യം ഇപ്പോൾ പുറത്ത് വിട്ടുന്നില്ല, എന്നാൽ കൊലയുടെ നാഥൻ ഭീമനല്ല എന്ന് സാമാന്യ യുക്തി മാത്രം", കീചക സഹോദരി സുദേഷ്ണയുടെ ഭർത്താവായ വിരാട രാജാവ് വിസ്തരിച്ച് കൈകൾ കഴുകി.

"ഇതാണോ പുതിയ ഹസ്തിനപുരി ചക്രവർത്തിനിക്ക് നിങ്ങൾ കണ്ടെത്തിയ ഔദ്യോഗികവസതി?", രോഷം നിയന്ത്രിക്കാൻ പാടുപെട്ട പാഞ്ചാലി, കൊട്ടാരം സർവാധികാരിക്ക് നേരെ ആരോപണസ്വരത്തിൽ വിരൽ ചൂണ്ടി.

"ആദ്യം ഒരു തെറ്റ് തിരുത്തട്ടെ. നിങ്ങളുടെ പദവി മഹാറാണി എന്ന് മാത്രമാണ്. ഇന്ദ്രപ്രസ്ഥത്തിൽ നിങ്ങൾ സ്വയം ചക്രവർത്തിനി എന്ന് വിളിച്ചിരുന്നു എങ്കിലും. ഈ ഔദ്യോഗിക വസതിക്കെന്താ ഇത്ര കുഴപ്പം? സൂക്ഷിക്കുക, എന്റെ നേരെ നിങ്ങൾ കുതിര കയറണ്ട. ഞാൻ അംഗപരിമിതൻ. ഇവിടെയാണ് എന്റെ അച്ഛന്റെ അച്ഛൻ കൗരവരാജകുമാരൻ ദുര്യോധനൻ കഴിഞ്ഞ അമ്പതു കൊല്ലം ഭാര്യയുമൊത്ത് അന്തിയുറങ്ങിയത്. ദുര്യോധനന് ഒരു ഭാര്യ മാത്രം. ഭാര്യക്ക് ഒരേ

ഒരു ഭർത്താവും. കേൾക്കുമ്പോൾ കൌതുകം തോന്നുന്നുണ്ടല്ലേ? ശത്രുനാശത്തി നു നിത്യവും ഇവിടെ കാളിപ്രീതിക്കായി മൃഗബലി ചെയ്തിരുന്നെങ്കിലും, കൊട്ടാരം ശുശീകരണ തൊഴിലാളികൾക്ക് കുരുക്ഷേത്രയിൽ നിർബന്ധിത സൈനിക സേവ നം ആയതു കൊണ്ട്, കഴിഞ്ഞ ഒരു മാസമായി വേണ്ടത്ര വൃത്തിയാക്കൽ ഉണ്ടായി ല്ല, അതു കൊണ്ടെന്താ, പന്ത്രണ്ട വർഷം സന്യസ്ഥാശ്രമങ്ങളിലെ ജൈവമാലിന്യം നിത്യവും നീക്കി നിങ്ങൾ ആ ജോലിയിൽ പരിചയ സമ്പന്നയല്ലെ, ഒന്ന് ആഞ്ഞു പിടിച്ചാൽ വാസയോഗ്യമാക്കിക്കൂടെ ചരിത്ര പ്രാധാന്യമുള്ള ഈ ദുര്യോധന വസ തി? ഇത് അറിയപ്പെടേണ്ടതും ആ പേരിൽ തന്നെ", കൊട്ടാര രഹസ്യങ്ങളുടെ താ ക്കോൽ സൂക്ഷിപ്പകാരൻ പുരോഹിത മന്ത്രോച്ചാരണം പോലെ സംസാരിച്ചു.

2016/09/22

"പതിനെട്ട ദിവസം മരണത്തെ മുഖാമുഖം കണ്ടത് കൊണ്ടാണോ പണ്ടില്ലാ ത്തൊരു ദാർശനികവ്യഥ നിഴലിക്കുന്ന നോട്ടം?" നീണ്ട സന്ദർശക നിരയിൽ ക്ഷ മാപൂർവം കാത്ത് നിന്ന് ഊഴം കിട്ടിയ കൊട്ടാരം ലേഖിക യുധിഷ്ഠിരന്റെ മുമ്പിൽ ഉപ ചാരപൂർവം മുട്ട് കുത്തി കൈമുത്തി.

"അനുവദിച്ചുകിട്ടുന്ന ഓരോ പുതുദിനത്തിലും വിധാതാവിനു കൃതജ്ഞതയുടെ പൂ ച്ചെണ്ട് എന്ന് ശിരസ്സ് കുനിച്ചു വിനീതവാനാണ് മനഃസ്സാക്ഷി പ്രേരിപ്പിക്കുന്നതെങ്കി ലും, ഇപ്പോൾ ഭരണകൂടം നേരിടുന്ന ജീവന്മരണപോരാട്ടം കൗരവരാജവിധവകളെ കുടിയൊഴിപ്പിച്ചു വേണം ഞങ്ങൾ അഞ്ചു ഭവനരഹിത സഹോദരർക്കും അന്തിയുറ ങ്ങാൻ. അവർ ഞങ്ങൾക്കെതിരെ തെരുവോരപ്രക്ഷോഭം തുടരുമ്പോൾ, ഈ കൈ തന്നു നീയെന്നെ തുണക്കില്ലേ?", മഹാരാജാവ് ദീനദീനമായി കേണു.

"ഇന്നും ഹസ്തിനപുരി കൌരവരാജകുമാരന്മാർക്കു, ഞാൻ മനസ്സിലാക്കുന്നിട ത്തോളം, നിങ്ങൾ ആരാധ്യദേവത, പക്ഷെ, ഇവിടെ കാട്ടിൽ നിങ്ങൾ ദുര്യോധന ന്റെ വഴങ്ങുന്ന അടിമ, എന്താ ഈ വൈരുധ്യം?" കൊട്ടാരം ലേഖിക ചോദിച്ചു.

"അന്നന്നത്തെ അപ്പത്തിന്നായി ഇര തേടി പോവേണ്ടതില്ലാത്ത അഞ്ചു മടി യൻ ഭർത്താക്കൻമാർക്കൊപ്പം, സമനില തെറ്റാതെ ഈ കഠിനതടവ് ഇങ്ങനെ അനുഭവിക്കാൻ എനിക്ക്, ദൂരെ ദൂരെ നൂറു കൗരവഹൃദയങ്ങളിലെ പ്രാർത്ഥനയാൽ കഴിയുന്നു എന്നതല്ലേ കൂടുതൽ കൗതുകകരമായി നിങ്ങൾ പത്രപ്രവർത്തകർ കാ ണേണ്ടത്?", പാഞ്ചാലി അന്നത്തെ പുറംജോലി കഴിഞ്ഞു നീരൊഴുക്കിൽ മലർന്നു നീന്തുകയായിരുന്നു. ചുറ്റും ഒച്ച വയ്ക്കുന്ന നിശബ്ദതയിൽ ഉച്ചവെയിൽ പരന്നിരുന്നു.

"ഇന്നെന്താ വനാശ്രമത്തിൽ ശാന്തമായൊരു മൗനം?" കൊട്ടാരം ലേഖിക പാ ഞ്ചാലിയെ അഭിവാദ്യം ചെയ്തു.

"ഇടക്കാല ദാമ്പത്യശാന്തതക്ക് പിന്നിൽ, ആർക്കറിയാം, കെട്ടടങ്ങിയൊരു കൊടുംകാറ്റുണ്ട്", ആഗതയെ ആലിംഗനം ചെയ്തു പാഞ്ചാലി പാണ്ഡവരെ നോക്കി.

2016/09/23

"സുഭദ്രയെ അർജ്ജുനൻ വിവാഹം കഴിച്ച വാർത്ത നിങ്ങളെ ഇത്ര ക്ഷുഭിത യാക്കേണ്ട കാര്യം? പറഞ്ഞു വന്നാൽ നിങ്ങൾക്കുമില്ലേ ഒന്നിലധികം ഭർത്താക്ക ന്മാർ.", കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയോട് ചോദിച്ചു.

“സുഭദ്രയല്ല ഈ നാടകത്തിൽ പ്രതിനായിക എന്ന് എല്ലാ നാടക അണിയറകളും എത്തിനോക്കുന്ന നിങ്ങൾക്കറിയാം. എന്റെ അഞ്ചു മക്കൾ ദൂരെ പാഞ്ചാലത്തിൽ, ഒരുനാൾ ഞങ്ങൾക്ക് ചെങ്കോൽ കിട്ടും കിട്ടാതിരിക്കില്ല എന്ന് പ്രത്യാശയോടെ വളരുമ്പോൾ, സുഭദ്രയുടെ വിവാഹത്തിൽ അർധസഹോദരൻ കൃഷ്ണന്റെ അർത്ഥഗർഭമായ ആശംസ, (അതോ എന്റെ മക്കൾക്കുള്ള ഭീഷണിയോ) നിങ്ങളും ഞെട്ടലോടെ കേട്ടതല്ലേ? സുഭദ്രയുടെ പിൻഗാമികൾ കുരുവംശം ഭരിക്കും എന്നല്ലേ കൃഷ്ണൻ മുനവച്ച് പ്രവചിച്ചത്? അർജ്ജുനൻ അപ്പോൾ ആഹ്ലാദത്തോടെ കയ്യടിച്ചു. യുധിഷ്ഠിരൻ ജനിച്ചു മണിക്കൂറുകൾ കഴിഞ്ഞാണ് ദുര്യോധനൻ പിറന്നതെന്ന ഈറ്റില്ലന്യായം രാജസഭയിൽ ആവർത്തിച്ചു പറഞ്ഞല്ലേ കൌരവരെ ദശാബ്ദങ്ങളോളം പാണ്ഡവർ ഭരിക്കാൻ അനുവദിക്കാതെ വെള്ളം കുടിപ്പിച്ചത്?”, വഞ്ചിക്കപ്പെട്ട രാജകീയമാതൃത്വം, പാഞ്ചാലിയുടെ അടക്കിപ്പിടിച്ച ക്രോധത്തിലും, ആ തണുത്ത സന്ധ്യയിൽ ചുറ്റും നിന്നവർക്ക് പൊള്ളി.

“യുദ്ധാരംഭത്തിനു മുമ്പ് കൗരവസൈനിക നിരയിലേക്ക് നിരായുധനായി ഒറ്റയ്ക്ക് പദയാത്ര ചെയ്തു ഗുരുജനങ്ങൾക്കു ഭക്തിയോടെ അഭിവാദ്യം ചെയ്തെങ്കിലും, വാളെടുത്താൽ പിന്നെ പോരാട്ടവീര്യത്തിൽ മായം പ്രതീക്ഷിക്കേണ്ടെന്നു യുധിഷ്ഠിരൻ അർത്ഥം വച്ച് പറഞ്ഞത് താങ്കളുടെ ശ്രദ്ധയിൽ പെട്ടില്ലേ?” കൊട്ടാരം ലേഖിക ചോദിച്ചു. യമുനയിൽ നീന്തി കുളിച്ചു വന്നു ഊട്ടുപുരയിൽ പൊരിച്ച കാളത്തുട കടിച്ചു കീറി ഇറച്ചി വലിച്ചെടുക്കുകയായിരുന്നു ദുര്യോധനൻ.

“അഭിവാദ്യവും ആശീർവാദവും, ആ കാലന്റെ മകൻ അത്തരം ദൃശ്യപ്പൊലിമയുള്ള കാപട്യപ്രദർശനത്തിൽ മാത്രമേ ഞങ്ങളെ എന്നും തോൽപ്പിച്ചിട്ടുള്ളൂ.”

“ഒരിറ്റു ചോര വീഴാതെയല്ലേ പൊങ്ങച്ചക്കാരനായ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയെ അധികാരത്തിൽ നിന്ന് നീക്കി, കോഴി കൂവും മുമ്പ് കഠിനതടവിൽ കൗരവർ വനവാസത്തിന്നയച്ചത്? എന്നാൽ അതെ കൗരവർക്കു ചൂത് കരുവിനു പകരം ആയുധം പടവാളായപ്പോൾ മഹായുദ്ധം തന്നെ വേണ്ടി വരുന്നല്ലോ പാണ്ഡവരുടെ തല എന്നെന്നേക്കുമായി വെട്ടാൻ?”, കുരുക്ഷേത്ര യുദ്ധസജ്ജീകരണങ്ങൾ നോക്കാൻ സഹപ്രവർത്തകരുമൊത്ത് വന്ന യുദ്ധകാര്യലേഖകൻ, ഏറെ കാലത്തിനു ശേഷം തൊഴിൽ സാധ്യത കൈവന്ന ഉല്ലാസത്തോടെ, കൊട്ടാരം ലേഖികയോട്ട് ചോദിച്ചു.

“വരും യുഗത്തിൽ മാധ്യമസുഹൃത്തുക്കൾ തിരിച്ചാണ് പറയുകയെങ്കിലും, ചരിത്രം ആദ്യം പ്രഹസനമായും പിന്നെ ദുരന്തമായും വരുമെന്ന് ഇപ്പോഴെങ്കിലും നിങ്ങൾക്ക് മനസ്സിലായില്ലേ.”

“തന്ത്രജ്ഞരായ കൗരവർക്കു നാക്കുപിഴ പറ്റിയെന്നോ? അസ്സാധ്യം”, യുദ്ധകാര്യ ലേഖകൻ കൈകൾ ഉയർത്തി.” സ്വയം പണയം വച്ച് യുധിഷ്ഠിരൻ ഇനി കളിച്ചാൽ ‘എല്ലാവരുടെയും’ പൗരാവകാശം നിഷേധിക്കുമെന്നു അയാൾ കർശനമായി പറഞ്ഞില്ലേ?”

“പതിമൂന്നു വർഷത്തേക്ക് പൗരാവകാശനിഷേധനം ചുരുക്കി എന്നതായിരുന്നു കൗരവന്റെ ആലോചനയിൽ വന്ന പരിമിതി. ഭാവിയിൽ നിങ്ങൾക്ക് രാജ്യത്തിൽ അവകാശങ്ങൾ വക്കാനുള്ള അധികാരം ഉണ്ടാവില്ല എന്ന് കൂടി ചേർത്ത് അതൊരു ഔദ്യോഗിക രേഖയാക്കിയിരുന്നെങ്കിൽ മഹാഭാരതയുദ്ധം തന്നെ നിയമപരമായി നിലനിൽപ്പില്ലാതെ അപ്രസക്തമാവില്ലേ എന്നാണു ഞാൻ വേദവ്യാസനോ

ട്ട് ചോദിക്കുന്നത്”, കരിമ്പുനീർ കുടിച്ച കൊട്ടാരം ലേഖിക വീണ്ടും യുദ്ധഭൂമിയിലേക്കു നടന്നു.

2016/09/24

“നിങ്ങളുടെ ആദ്യപ്രസവം ആൺകുഞ്ഞാണെങ്കിൽ, മൂപ്പിളമതർക്കം ഭാവിയിലുണ്ടാവാതിരിക്കാൻ കൊന്നു കളയണമെന്നു വിവാഹം കഴിഞ്ഞിട്ടും മക്കളില്ലാതിരുന്ന ധൃതരാഷ്ട്രർ കരുനീക്കിയിരുന്നതായി കൊട്ടാരത്തിൽ ശ്രുതിയുണ്ടായിരുന്നതായി എന്റെ അമ്മമ്മ പറഞ്ഞു കേട്ടിരുന്നു. ഏറ്റെടുത്ത രഹസ്യദൗത്യം കാര്യക്ഷമതയോടെ ചെയ്യുന്ന ആ കൊലയാളിയിൽ നിന്ന് പിന്നെ നിങ്ങൾ യുധിഷ്ഠിരനെ എങ്ങനെ രക്ഷിച്ചു?” കൊട്ടാരം ലേഖിക ചോദിച്ചു.

“പലപ്പോഴും പറഞ്ഞുകേൾക്കാറില്ലേ, നാം കാണുന്നതിൽ അപ്പുറം ഈ ലോകത്ത് എന്തൊക്കെയോ ഉണ്ട് എന്ന്? ഇരുപത്തിഎട്ടിനു കുളിപ്പിച്ച് കിടത്തിയിരുന്ന കുട്ടിയെ എടുക്കാൻ ഒരപരിചിതപുരോഹിതൻ വന്നപ്പോൾ ഞാൻ അയാളുടെ ചെവിയിൽ മന്ത്രിച്ചു, എന്റെ കുഞ്ഞിനെ എടുത്ത് അനുഗ്രഹിക്കൂ, ഇവൻ മരണദേവതയുടെ പ്രിയപുത്രൻ. കൈ പൊള്ളിയ പോലെ പുരോഹിതൻ കുട്ടിയെ നിലത്തുവച്ചു തിരക്കുണ്ട് എന്ന് പറഞ്ഞു ഉടൻ പടിയിറങ്ങി. പിന്നെ അയൽക്കാർ കണ്ടത് ഞങ്ങളുടെ വനാശ്രമത്തിനപ്പുറത്തെ കുന്നിൻ പുറത്തേക്കു കയറിൽ കുരുക്കുവീണ കഴുത്തുമായി ആ പുരോഹിതനെ ഭീകര രൂപിയായ ഒരു കരിമ്പോത്ത് വലിച്ചു കൊണ്ടുപോവുന്നതാണ്.”, വാർധക്യത്തിലും ഹസ്തിനപുരി മഹാറാണി എട്ടു ദശാബ്ദങ്ങൾ പഴക്കമുള്ള വിശദശാംശങ്ങൾ ഓർത്തെടുത്തു.

“ഭർത്താവിനു പ്രകൃതി നിർദ്ദയം നിഷേധിച്ച കാഴ്ച, എനിക്ക് ഞാൻ മധുരമായി നിഷേധിക്കട്ടെ എന്ന് ഭീഷ്മ പ്രതിജ്ഞ പോലെ പരസ്യമായി പ്രഖ്യാപിച്ചു കയ്യിൽ തടഞ്ഞ കീറത്തുണി കൊണ്ട് എക്കാലത്തേക്കും പൊതു ഇടത്തിൽ അന്ധ എന്നംഗീകരിക്കപ്പെട്ട ഗാന്ധാരി, വരും യുഗങ്ങളിലും സാഹിത്യത്തിൽ നിറഞ്ഞു നിൽക്കും എന്ന് നിങ്ങൾക്ക് തോന്നാറുണ്ടോ?”, കൊട്ടാരം ലേഖിക ചോദിച്ചു. ധൃതരാഷ്ട്രരും ഗാന്ധാരിയും കുന്തിയും വിദുരരും വനവാസത്തിനു പടിയിറങ്ങിയ നേരം.

“കാട്ടിലേക്ക് പോവും മുമ്പ് എന്റെ കൂടെ അവർ കുറച്ചു ദിവസം താമസിച്ചപ്പോൾ, കൊട്ടാരമട്ടുപ്പാവിൽ കൊണ്ട് പോയി ആരും കാണാതെ ഞാൻ ആ കൺകെട്ട് തുണിയൊന്നു വലിച്ചു നീക്കി.”

“എന്തായിരുന്നു അവരുടെ പ്രതികരണം?”

“തുണി നീക്കിയത് അവർ അറിഞ്ഞില്ല. കാണേണ്ടതൊക്കെ അവർ എന്നും കണ്ടു. എന്നാൽ കണ്ടില്ലെന്നു പറയാൻ ഒരു കാരണവും കണ്ണിൽ കെട്ടിത്തൂക്കി.”

“അധികാരമേറ്റെടുത്ത യുധിഷ്ഠിര ഭരണകൂടത്തിന് അഭിവാദ്യങ്ങൾ അർപ്പിക്കാൻ പ്രതിപക്ഷത്ത് നിന്ന് ആരുമില്ലേ?”, യുദ്ധകാര്യലേഖകൻ ചോദിച്ചു.

“കൃപാചാര്യൻ ഒഴികെ വേറെ ആരെങ്കിലും കൗരവപക്ഷത്ത് നിന്ന് ഉയിരോടെ നടന്നു വരുന്നത് നിങ്ങൾ കണ്ടുവോ? ആ ചിരഞ്ജീവികൃപാചാര്യനാണിപ്പോൾ”, വരാനിരിക്കുന്ന കലിയുഗം മഹാഭാരതത്തെ പ്രകീർത്തിക്കും, അതിലെ കഥാപാത്രങ്ങൾ നിത്യവും രാഷ്ട്രീയ പ്രഭാഷണത്തിലും, കവിതയിൽ ഉപമകളായും നിറയും” എന്ന് പ്രവചിച്ചത്, കൊട്ടാരം ലേഖിക ഭാവിയെ കുറിച്ചുള്ള ചിന്തയിൽ അസ്വസ്ഥയായി.

“പോരാട്ടഭൂമിയിൽ നിന്നു വാർത്തകൾ സഞ്ജയൻ അപ്പപ്പോൾ അറിയിക്കുന്നില്ലേ?”, ധൃതരാഷ്ട്രരുടെ വിദുരർ, ചോദിച്ചു.

“ഓരോ കൗരവനെ കൊല്ലുമ്പോഴും പാണ്ഡവർ, പ്രത്യേകിച്ചു ഭീമൻ, ചിന്നം വിളിക്കുന്നത് അരോചകമായി തോന്നിയപ്പോൾ തത്സമയവാർത്താവതരണം നിർത്താൻ സഞ്ജയനോട്ട് പറഞ്ഞു. രാത്രി കിടക്കും മുമ്പ് കൗരവ വാളിൽ തെറിച്ചുരുണ്ട പാണ്ഡവ തലയെണ്ണി പറഞ്ഞാൽ മാത്രം മതി.”

2016/09/25

“മതിയായ താക്കീതും അകമ്പടി സുരക്ഷയും അനുവദിക്കാതെ, കൗമാരപോരാളി അഭിമന്യുവിനെ കൌരവകടുവക്കൂട്ടത്തിലേക്ക് എറിഞ്ഞത് നിങ്ങൾ അല്ല, പാഞ്ചാലി ആയിരുന്നു എന്ന് കർണൻ, മരിക്കും മുമ്പ് കുറ്റസമ്മതം നടത്തിയ വാർത്ത ശ്രദ്ധയിൽ പെട്ടുവോ? എങ്ങനെ പ്രതികരിക്കുന്നു?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ട് ചോദിച്ചു.

“അഭിമന്യുവിന്റെ പിൻഗാമികൾ കുരുവംശ ചക്രവർത്തി ആവും എന്ന കൃഷ്ണപ്രവചനത്തിന് തടയിടാൻ, ചക്രവർത്തി ആവാൻ കൊതിക്കുന്ന അഞ്ചു ആൺ മക്കൾ ഉള്ള ഒരമ്മയുടെ മുൻകൂർ നീക്കം എന്നതിനെ കാണൂ. എന്റെ കുറ്റബോധം ഒലിച്ചു പോയ ആ സുഖം ഞാനിപ്പോൾ മറച്ചു വക്കുന്നില്ല”, യുധിഷ്ഠിരൻ പുഞ്ചിരിയോടെ പറഞ്ഞു. വൈകിയ രാത്രിയിൽ യുദ്ധഭൂമിയോട്ട് ചേർന്ന യമുനയുടെ ജലത്തിൽ നിലാവ് ഭീതിതമായ ഇളകിയാടി.

“പൊരിവെയിലത്ത് നട്ടുവൊടിക്കുന്ന ജനസമ്പർക്കത്തിന്നിടയിൽ വിളമ്പിക്കിട്ടുന്നത് പച്ചക്കറി മുറിച്ചിട്ടതോ? കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ട് ചോദിച്ചു”, ഇതൊക്കെ കഴിച്ചാൽ തീരുമോ നിങ്ങൾ അഞ്ചു വൃകോദരൻമാരുടെ ഐതിഹാസിക വിശപ്പ്.”

“അന്തിയാവട്ടെ കൊട്ടാരം ഊട്ടുപുരയിൽ രഹസ്യമായി എന്നും അകത്താക്കുന്ന വിശിഷ്ട വിഭവമുണ്ട്. ഭീമൻ ഏതെങ്കിലും കൃഷിയിടത്ത് നിന്നും തട്ടിഎടുത്ത കാളക്കുട്ടിയെ തൊലിയുരിച്ചു ഉപ്പും മുളകും പുരട്ടി എണ്ണയിൽ പൊരിച്ച കാളത്തുട കടിച്ചുമുറിച്ചു തിന്നുക, ആ പൊലിപ്പുള്ള മാംസഭാവനയിലാണ് ഈ വിരസജോലിയുടെ ഭാരം ഞങ്ങൾ ചുമക്കുന്നത്.”

2016/09/26

“നിന്ദിക്കാൻ കിട്ടുന്ന ഒരവസരവും പാഴാക്കാറില്ല, എങ്ങനെ നേടി ഈ വ്യക്തിസ്വാതന്ത്ര്യം?”, പാണ്ഡവർ കൂടിയാലോചനയിലിരുന്ന ഊട്ടുപുരയിലേക്കു കണ്ണും വിരലും ഒന്നെറിഞ്ഞു കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് മന്ത്രിച്ചു.

“വൈകാരികപ്രകടനം ഒഴിവാക്കുന്ന സുരതരീതി വീഴ്ച കൂടാതെ പരിപാലിച്ചു. പ്രലോഭനത്തിനു പാണ്ഡവർ വൈകാരികത സുഗന്ധ തൈലം പോലെ ഉപയോഗിക്കുന്നത് ശരീരഭാഷ ഉടനടി ഉപയോഗിച്ച് നിരുത്സാഹപ്പെടുത്തി. കിടപ്പറരീതിയിൽ കാണുന്നത് പെരുമാറ്റ വൈകൃതമാണെന്ന് ധ്വനിപ്പിച്ചു. അത്രയൊക്കെ മതിയായി ബഹുഭർത്തൃത്വത്തെ സ്ത്രീസൗഹൃദപരമാക്കി പരിചരിക്കാൻ”, അഴകളവുകളുടെ പിന്തുണയോടെ കൈകൾ വിടർത്തി അവൾ സംസാരിച്ചു.

“കൗരവരുടെ സ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചന ചെയ്തു പാഞ്ചാലി നിന്നോടെന്തോ പിറുപിറുക്കുന്ന പോലെ തോന്നി. എന്താ കാര്യം?” യുദ്ധകാര്യലേഖകൻ കൊട്ടാരം ലേഖികയോട് മടക്കയാത്രയിൽ ചോദിച്ചു.

“വിവേചനരഹിതമായിരുന്നു എന്നോടുള്ള ആയുഷ്കാല കൗരവ ആരാധന. എനിക്കും അവർക്കും ഇടയിൽ അമംഗളകരമായി തോന്നിയ ഒരു വഴിതടസ്സമേ ഉണ്ടായിരുന്നുള്ളൂ. നിങ്ങൾക്കൂഹിക്കാം, പാണ്ഡവർ. ഹസ്തിനപുരി മഹാറാണിക്കു കൗരവരോടുള്ള വിട്ടുമാറാത്ത ആ പഴയ പ്രണയസ്മരണ, വേറെ വാർത്താപ്രാധാന്യമുള്ള കൊട്ടാര രഹസ്യമൊന്നുമില്ല.”

“നിങ്ങൾ ആറുപേരുടെ ഗാർഹികസംഭാഷണങ്ങൾ ആകസ്മികമായി ചെവിയോർക്കാൻ അവസരം ഉണ്ടായപ്പോഴൊന്നും, അന്നന്നത്തെ കാര്യങ്ങൾ അല്ലാതെ, ദൂരെ ദൂരെ പാഞ്ചാലയിൽ വളരുന്ന അഞ്ചു കുട്ടികളെ കുറിച്ചോ, പാഞ്ചാലബന്ധുക്കളെ കുറിച്ചോ ഒന്നും നിങ്ങൾ പങ്കിടുന്നില്ല. വിവരവും വിരഹവേദനയും ഒന്നും. അതെന്താ അങ്ങനെ?” കൊട്ടാരം ലേഖിക അസഹിഷ്ണുതയോടെ ചോദിച്ചു.

“കൂടെ കിടക്കേണ്ട പെണ്ണിന്റെ മനം അറിയാതെ, അനുഭവസമ്പത്തുള്ള കുന്തിയുടെ ദുഷ്പ്രേരണയിൽ നാലു പാണ്ഡവർ, അർജ്ജുനന്റെ കൂടെ വന്ന എന്നെ ശാരീരികമായി കീഴ്പ്പെടുത്തിയ അന്നു മുതൽ, എന്റെ കുടുംബത്തെ കുറിച്ച് ഞാൻ അവരോടോ, അവർക്കു കുടുംബം ഉണ്ടെങ്കിൽ അതിനെ കുറിച്ച് എന്നോടോ സംസാരിക്കാൻ ഞാൻ അവസരം നിഷേധിക്കുക അവർക്കും എനിക്കും ശീലമായി. എന്റെ ഓരോ ദിവസവും, ആ വിധം നിങ്ങൾ പത്രപ്രവർത്തർ നോക്കിയാൽ, മൗനം നിറഞ്ഞ പ്രതിഷേധവുമാണ്.

2016/09/27

“ഇപ്പോൾ നിങ്ങൾ ‘രാജാമാതാവ്’ പദവി തിരിച്ചു കിട്ടിയ സന്തോഷത്തിലാണോ?” കൊട്ടാരം ലേഖിക കുന്തിയോടു ചോദിച്ചു. പോരാട്ടം കഴിഞ്ഞു പാണ്ഡവർ ചെങ്കോൽ പിടിച്ചെടുത്ത ദിവസം.

“ആദ്യം നവവധുവായി എനിക്കിവിടെ കിട്ടിയത് മഹാറാണി പദവിയായിരുന്നു. അന്ധന് സിംഹാസനത്തിൽ ഇരിക്കാൻ അധികാരമില്ലെന്ന് പറഞ്ഞ കൊട്ടാരം ഗുരു, പാണ്ഡുവിനെ രാജാവാക്കിയ ആ ഇടവേളയിൽ. സ്ഥാനത്യാഗം ചെയ്ത് പാണ്ഡു പിന്നീട് വനവാസത്തിൽ പോയപ്പോൾ ഞാൻ പൊടിപ്പും തൊങ്ങലും ഇല്ലാത്ത സ്ത്രീ ആയി. കുട്ടികളുമായി ഇരുപതു വർഷത്തിന് ശേഷം ഹസ്തിനപുരിയിൽ മടങ്ങിയെത്തിയപ്പോൾ എനിക്ക് കിട്ടിയത് അഭയാർത്ഥി പദവി മാത്രം. കുട്ടികളെ രാജകുമാരൻ എന്നു വിളിക്കണം എന്ന് വിദുരർ ധൃതരാഷ്ട്രരോട് നിർബന്ധിച്ചപ്പോൾ അന്ധൻ മുഖം തിരിച്ചു. പാണ്ഡവർ എന്ന് രാജകുമാർ പദവിയില്ലാതെ വിളിക്കാം എന്ന അനൗദ്യോഗികമായി ധാരണയായെങ്കിലും, എന്നെ മുൻ മഹാറാണി എന്ന് ഔദ്യോഗിക രേഖകളിൽ പരാമർശിക്കുന്നത് ഗൂഢശക്തികൾ വിലക്കി. കുടിയേറ്റക്കാരായി പാണ്ഡവർ ഖാണ്ഡവപ്രസ്ഥത്തിലേക്കു പോവുമ്പോൾ അവരുടെ നല്ലനടപ്പിന് കൗരവർ എന്നെ ജാമ്യതടവുകാരി എന്ന നിലയിൽ ഇവിടെ ഗാന്ധാരിയുടെ തോഴിയാക്കി., രാജസൂയയാഗം കഴിഞ്ഞു യുധിഷ്ഠിരൻ ചക്രവർത്തിയായപ്പോൾ എന്നെ മോചിപ്പിച്ച രാജാമാതാ പദവി തിരിച്ചു തരുമെന്ന് കരുതിയ എനിക്ക് തെറ്റിയോ.”

“വിടാതെ ചോദിച്ചും വേണ്ടിവന്നാൽ ചൊടിച്ചും പദവി നേടാൻ ആരും നിങ്ങളെ പഠിപ്പിച്ചില്ല?” കൊട്ടാരം ലേഖിക ഇടപെട്ടു മുന്നോട്ടു നീങ്ങി.

“പാണ്ഡുവും കുടുംബവും രണ്ടു ദശാബ്ദം കഴിഞ്ഞ കാട്ടുകുടിൽ കുരുവംശ പൈതൃകസ്വത്തായി പ്രഖ്യാപിക്കണമെന്ന കൗരവനിർദേശം നിങ്ങൾ ചർച്ചക്കെടുക്കാതെ തള്ളി?” കൊട്ടാരം ലേഖിക ചോദിച്ചു.

“കൗരവമൊഴിയിലെ ചതിക്കുഴി കാണാതെ നിങ്ങൾ പത്രപ്രവർത്തകർ ഇങ്ങനെ രോഷാകുലരാവുന്നത് കാണുമ്പോഴാണ്, ഭരണകൂടസൗജന്യങ്ങൾ പറ്റി വാർത്താവതരണത്തിൽ മായം ചേർക്കുമെന്ന ചാർവാക നിരീക്ഷണം ഞങ്ങൾ ഓർക്കുക. രാജ്യം വിഭജിച്ചു പകുതി തരണമെന്ന പാണ്ഡവദൂതിനു പ്രതികരണമായിരുന്നില്ലേ ആ വഷളൻ നിർദേശം? നിന്നു തിരിയാനിടമില്ലാത്ത കാട്ടുക്കുടിലിൽ ആയിരുന്നു ഞങ്ങളുടെ അമ്മമാർ വംശവൃദ്ധിക്കു വേണ്ടി ഷണ്ഡൻ പാണ്ഡുവിന്റെ എതിർപ്പ് നോക്കാതെ ആ മുറിയിൽ വിശിഷ്ടാതിഥികളെ സ്വീകരിച്ച് ഇണചേർന്നതു. മറക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്ന ആ ഓർമയിടം കൗരവർക്കു നിലനിർത്തി ഞങ്ങളുടെ പിൻഗാമികളെ പൊതു വേദിയിൽ വരും യുഗത്തിലും നാണം കെടുത്തണം അല്ലെ”, ശുദ്ധാത്മാ ഭീമൻ അവശനും ക്ഷുഭിതനുമായിരുന്നു. ഇടയ്ക്കിടെ അയാൾ വലിയൊരു മൺചട്ടിയിൽ നിന്ന് രൂക്ഷഗന്ധമുള്ള ഒരു വെളുത്ത ദ്രാവകം മൊത്തിക്കുടിച്ചു.

“ഭക്ഷണം പാകം ചെയ്യുണോ നിങ്ങൾ? അപ്പോൾ അക്ഷയപാത്രം വെറുമൊരു അലങ്കാരം?” കൊട്ടാരം ലേഖിക വിസ്മയിച്ചു.

“ഇതെനിക്ക് കഴിക്കാൻ മാത്രമാണ്. പാണ്ഡവർ കഴിക്കുന്ന അക്ഷയപാത്രത്തിൽ ഞാൻ കൈ വെക്കാറില്ല. എന്തോ നുഴഞ്ഞു കയറി ഭക്ഷണവിതരണത്തിൽ തകരാറു വരുത്തിയതുകൊണ്ട്, പെണ്ണിന് രാത്രി ഊണ് കഴിക്കാൻ ആവാത്ത വിധം സമയപരിധിയോ ഭക്ഷണപരിമിതിയോ ഉണ്ട് എന്നാണു നകുലൻ പറയുന്നത്. പരിഹാരമില്ലേ എന്നൊന്നും ഞാൻ ചോദിച്ചില്ല. ഞാൻ പട്ടിണി കിടക്കേണ്ടെന്നു ഉടയോൻദുര്യോധനൻ നിശ്ചയിച്ചു ഉത്തമധാന്യങ്ങൾ പ്രത്യേകദൂതം വഴി അയച്ചു തന്നു. ഇന്ന് നിങ്ങൾ എന്റെ അതിഥി”, വേവു നോക്കി തൃപ്തിയായ പാചകക്കാരിപാഞ്ചാലി കൊട്ടാരം ലേഖികയെ തീൻശാലയിലേക്കു സ്വാഗതം ചെയ്തു.

“എന്തന്യായമാണ് നിങ്ങൾ ഈ പറയുന്നത്പാഞ്ചാലി കുരുവംശ പ്രശസ്തിക്കു ഭീഷണി എന്നോ?”, മാധ്യമ സമ്മേളനത്തിൽ കൊട്ടാരം ലേഖിക ചോദിച്ചു.

“കാലാതീത കുരുവംശപ്പെരുമക്ക് പാഞ്ചാലിയുടെ ആത്മകഥ കാരണമാവും എന്ന് നവപാണ്ഡവ ഭരണകൂടത്തിനു ബോധ്യമായി. യുധിഷ്ഠിരന്റെ രേഖാമൂലമായ അനുമതി കൂടാതെ ‘ഹസ്തിനപുരി പത്രിക’ സംഗതി പ്രസിദ്ധീകരിച്ചാൽ കൊട്ടത്താൽ, ദേശസുരക്ഷപരിഗണനയിൽ മേൽനടപടി ഉണ്ടാവും. കൊട്ടാരം ലേഖികക്ക് നീണ്ടകാല നിർബന്ധിത വനവാസം ഉൾപ്പെടെ”, മയമില്ലാത്ത ഒരു അസാധാരണ സ്വരത്തിൽ ചാരവകുപ്പ് മേധാവി നകുലൻ അവളുടെ ചെവിയിൽ ചുണ്ടുരച്ചു മന്ത്രിച്ചു.

“യുധിഷ്ഠിരൻ നിങ്ങളുടെ അച്ഛനോട് പണം കടം ചോദിച്ചു എന്ന് കൗരവർ പ്രചരിപ്പിക്കുന്നല്ലോ?”, നവവധു പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കൌരവരോട് കടം ചോദിക്കേണ്ടിവരാവുന്ന മാനഹാനി ഒഴിവാക്കാൻ, സ്ത്രീധനം കിട്ടിയ ആഭരണങ്ങളിൽ ചിലത് വിൽക്കട്ടെ എന്ന് യുധിഷ്ഠിരൻ അച്ഛനോടു

ചോദിച്ചു." "അത് ഞാൻ അവൾക്കു വാങ്ങിച്ചു കൊടുത്തതൊന്നുമല്ല, കർണന്റെ കവചകുണ്ഡലങ്ങൾ പോലെ അഴിച്ചു മാറ്റിയാൽ ചോര പൊട്ടും. യാഗാഗ്നിയിൽ നിന്ന് ഉയർന്നു വന്നപ്പോൾ ഉണ്ടായിരുന്നതാണ്", എന്ന് അച്ഛൻ കൈകാര്യം ചെയ്തു. വിരണ്ടുപോയ യുധിഷ്ഠിരൻ പിന്നെ "പൊന്നിൽ" കള്ളവിരൽ കൊണ്ട് തൊട്ടിട്ടില്ല!."

"യുദ്ധഭൂമിയിൽ യുധിഷ്ഠിരന്റെ നേതൃപാടവം വ്യക്തമാക്കിയ ഓർമ വല്ലതുമുണ്ടോ, വായനക്കാരുമായി പെട്ടെന്ന് പങ്കുവക്കാൻ?", കുരുക്ഷേത്രയിൽ നിന്ന് ഹസ്ഥിനപുരിയിലേക്ക് നീങ്ങിയ പാണ്ഡവ പോരാളിസംഘത്തിലെ നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു.

വെറും വയറ്റിൽ തളർന്നെങ്കിലും, ഉത്സാഹം വിടാതെ, ഒരു പ്രമുഖകൌരവനെ പിന്തുടർന്ന് ഓടിച്ചിട്ട് പിടിച്ച്, ഞെക്കിക്കൊല്ലാൻ മോഹം കരളിൽ തിളക്കുമ്പോൾ, എന്റെ അരക്കെട്ടിൽ ആരോ ഊരാകുടുക്കിട്ട കയർ പിന്നിലേക്ക് വലിക്കുന്നു. തിരിഞ്ഞു നോക്കിയപ്പോൾ, "നീ നിയമം കയ്യിലെടുക്കുന്നോ?" എന്ന് ശാസനയുടെ സ്വരത്തിൽ ചോദിച്ച യുധിഷ്ഠിരൻ, ബന്ദികൌരവനെ എന്നിൽ നിന്ന് തട്ടിപ്പറിച്ച്, കഴുത്തറുത്ത് ആസ്വദിച്ചു. എന്നിട്ട് രാത്രി പാളയത്തിൽ കുഞ്ഞാടിൻ ചോര ചൂടോടെ കുടിച്ച ഭീമന്റെ മുമ്പിൽ വെല്ലു വിളിച്ചു "ഇന്ന് നീയെത്ര കൌരവനെ കൊന്നു?"

2016/09/28

"അധികാരം കിട്ടിയപ്പോൾ ആളൊന്നു മാറിയോ യുധിഷ്ഠിരൻ?", കൊട്ടാരം ലേഖിക നകുലനോടു ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി. മഹാരാജാവിന്റെ വസതിയിൽ നടന്ന ഉന്നതതല യോഗം കഴിഞ്ഞു വിഷണ്ണരായി ഇറങ്ങുകയായിരുന്നു നാലു പാണ്ഡവരും പാഞ്ചാലിയും. ദൂരെ മട്ടുപ്പാവിൽ യുധിഷ്ഠിരൻ അവരെ നിരീക്ഷിക്കുന്നത് കൊണ്ട് അവൾ ശബ്ദം താഴ്ത്തി.

"ചർച്ചയിൽ ഞങ്ങൾ നാലുപേർ ഒരേ അഭിപ്രായം പറഞ്ഞാൽ ആളാകെ അസ്വസ്ഥനാവും. വിശ്വാസ വഞ്ചന സംശയിക്കും. ഞങ്ങളെ പാഞ്ചാലിയിൽ നിന്ന് പിളർത്താൻ രഹസ്യമായി അവളെ പ്രലോഭിപ്പിക്കും, ഒന്നും നടക്കാതെ വന്നാൽ, വികസനകാര്യത്തിൽ ഇവരാരും സഹകരിക്കുന്നില്ല എന്ന് ചുണ്ടു പിളർത്തും."

"ഇന്നലെ രാത്രി മുതൽ നിങ്ങൾ കൗരവഅടിമ എന്ന നിലയിൽ നാട് കടത്തപ്പെട്ടു എന്ന് ഔദ്യോഗിക പ്രഖ്യാപനം കേട്ടു, പക്ഷെ നിങ്ങൾ എന്താ ഇപ്പോഴും ഈ കൊട്ടാരം അറവുശാലയിൽ?", കിതച്ചോടി വന്ന കൊട്ടാരം ലേഖിക ചുറ്റുപാടും നോക്കി.

"കാട്ടിൽ കുട്ടിക്കാലം കഴിഞ്ഞ പാണ്ഡവർ എന്നോ മൃഗനായാട്ട് പരിചയപ്പെട്ടവർ, യാഗാഗ്നിയിൽ നിന്ന് ജനിച്ച ഞാനാകട്ടെ ഇത്ര നാളും പൂർണ സസ്യാഹാരി. ഇനി കഠിനകൗരവശിക്ഷയിൽ ഞങ്ങൾ ആറുപേരും നാളെ വനവാസത്തിനു പോവുമ്പോൾ, മൃഗമാംസസംസ്കരണത്തിന്റെ പ്രായോഗിക പാഠങ്ങൾ തീൻ ശാലയിൽ ഞാൻ അറിയേണ്ടേ? ചങ്കിൽ തറച്ച അമ്പുമായി വരുന്ന ഈ പേടമാനിനെ കഴുത്തറുത്ത് കൊന്നു തൊലിയുരിച്ചു ഈ മൃഗമാംസദാഹികൾക്ക് മൂന്നു നേരം പൊരിച്ചു കൊടുക്കാൻ വേണ്ട മാംസ പരിചരണം", ഒരു മാടിന്റെ കുടൽ ആഞ്ഞു വലിച്ചു നീക്കുകയായിരുന്ന പാഞ്ചാലി പുഞ്ചിരിച്ചു.

"തല ഒരു വശം മൊട്ടയടിച്ചു, മറുവശം പുള്ളികുത്തി അർദ്ധനഗ്നരായ അഞ്ചു ആണുങ്ങളും ഒരു സ്ത്രീയും കഴുതപ്പുറത്ത് ഇത്ര നന്നേ രാവിലെ? ആരാണിത്?", ഗ്രാമത്തിൽ നിന്ന് പുതുതായി നഗരത്തിലെ അറവുശാലയിൽ പണിക്കു ചേർന്ന ആ യുവാവ് വിസ്മയത്തോടെ ഒരു കുടൽ ആഞ്ഞു വലിച്ചു നീക്കുന്നതിനിടയിൽ ജാലകത്തിലൂടെ പെരുവഴിയിലേക്ക് നോക്കി, തൊഴിലുടമ ഒളിഞ്ഞു നിൽക്കുന്നു എന്നറിയാതെ, പിറുപിറുത്തു.

"ഒരിറ്റു ചോര പോലും വീഴ്ത്താതെ, ഇന്നലെ രാത്രി നമ്മുടെ ഭരണാധികാരി ദുര്യോധനൻ നേടിയ ആറ് അടിമകളെ ആചാരമനുസരിച്ച് നഗരി കാണിക്കയാണ്, കഠിന തടവിൽ കാട്ടിലെക്കയക്കും മുമ്പ്. തെരുവോരകാഴ്ച കണ്ടു രസിക്കാതെ ആ കാളയിറച്ചി വേഗം കൊച്ചു കഷണങ്ങളാക്കി നീ ഒരുക്കി വയ്ക്കു്, മഹാരാജാവ് ധൃതരാഷ്ട്രർക്ക് ഇന്നത്തെ മാംസാഹാര ആഘോഷത്തിനു നിന്റെ വക തന്നെ ആവട്ടെ ഗോമാംസ സംസ്കരണം", തൊഴിലുടമ ഭീഷണി പോലെ ഒന്ന് പുഞ്ചിരിച്ചു.

"ഇത്രവേഗം കുടിയേറ്റകൗന്തേയർക്കു ഖാണ്ഡവവനം സ്വന്തം നാട്ടുപോലെ ആയോ" കൊട്ടാരം ലേഖികയുടെ ശബ്ദത്തിൽ അവിശ്വാസം നിഴലിച്ചു.

"ആദ്യ ദൃശ്യം ഞങ്ങളെ തളർത്തി. പാമ്പ് പെരുച്ചാഴി എല്ലാ വികൃത ജീവികളും നിറഞ്ഞൊരു കൊടുംകാട്. വെട്ടിനിരത്തൽ വല്ലാത്ത അദ്ധ്വാനമാവും എന്ന് വിലയിരുത്തി എളുപ്പവഴി തീയിടൽ എന്ന് ഏകകണ്ഠമായി അംഗീകരിച്ചു. വേനൽ ആയതു കൊണ്ട് മൊത്തം ഉണക്കം ബാധിച്ചിരുന്നു. ആരാണ് ആദ്യപന്തം ഭക്തിയോടെ എറിഞ്ഞതെന്നറിയില്ല, കാട്ടുതീ ആഞ്ഞു കത്തി പിറ്റേന്ന് ഉറക്കമുണർന്നു നോക്കിയപ്പോൾ, പറഞ്ഞാൽ വിശ്വസിക്കില്ല, ഞങ്ങളിൽ വിത്തിറക്കു എന്ന് ഭൂമിദേവി കൈമാടി വിളിക്കുന്ന പോലെ. കത്തിച്ചാമ്പലായ ഇടത്ത് പുലർച്ചെ പെരുമഴ പെയ്തത് പ്രകൃതി ഞങ്ങൾക്കനുകൂലമായി എന്തോ ഗൂഢാലോചന ചെയ്ത തോന്നലുണ്ടാക്കി. ആദ്യവിളവെടുപ്പു തൊഴിലാളികൾ ആഘോഷമാക്കി. ധാന്യപ്പുരകൾ നിറഞ്ഞപ്പോൾ, ഇനി വേണ്ടത് വംശപ്പെരുമ. അതുണ്ടാക്കാൻ രാജസൂയയാഗം ചെയ്യാമെന്ന് അമ്മയുടെ അർദ്ധസഹോദരനായ പ്രിയ യാദവനാട്ടുവാഴി കുറുക്കുവഴി പറഞ്ഞു തന്നിട്ടുണ്ട്.", നിറകുടം പോലെ ശാന്തനായിരുന്ന നകുലൻ തന്നെ ആയിരുന്നു പാണ്ഡവാഭിലാഷങ്ങളുടെ ആവിഷ്കാരകൻ.

"കുറച്ചു ദിവസങ്ങളായി ഭീമൻ എന്നെ കണ്ടാൽ മുറുമുറുക്കുന്നു, വിളിച്ചാൽ എതിർ ദിശയിൽ പോവുന്നു, ചർച്ചകളിൽ ഇടഞ്ഞു സംസാരിക്കുന്നു, എന്താ കാര്യം?" യുധിഷ്ഠിരൻ പാഞ്ചാലിയോട് ചോദിച്ചു.

"നേരിട്ട് ചോദിക്കൂ. അല്ലാതെ എന്നോട് കുതിര കയറുന്നതിൽ എന്ത് കാര്യം. നിങ്ങളല്ലേ നവ പാണ്ഡവ ഭരണകൂടം മാമ്പഴമാണ് വിരുന്നുകളിൽ വിശിഷ്ടഭോജ്യമായി വിളമ്പുക, വളർത്തുമൃഗമാംസമല്ല എന്ന് രാജമുദ്ര വച്ച് പ്രഖ്യാപിച്ചത്. വൃകോദര വയർ വ്യസനിച്ചുകാണും."

"രാവിലെ കലപ്പയും നുകവും രണ്ടു കാളകളുമായി കന്നു പൂട്ടാൻ പോയതല്ലേ. എന്നിട്ട് എവിടെ മൃഗങ്ങൾ? നിങ്ങൾക്കൊപ്പം പോയ മറ്റു നാലുപേർ തിരിച്ചു വന്നിട്ട് കുളിച്ചു എപ്പോഴോ ഊണ് കഴിച്ചു." ഉഴവ് മൃഗങ്ങൾക്കു കഞ്ഞി തയ്യാറാക്കിക്കൊണ്ടിരുന്ന പാഞ്ചാലി അക്ഷമയും കോപവും കൊണ്ട് വിങ്ങി. ഖാണ്ഡവവനത്തിലെ ആദ്യ കൃഷിക്കാലം. ഉച്ച.

"പൂട്ടിത്തീർന്നപ്പോൾ, വിശപ്പ് സഹിക്കവയ്യാതെ രണ്ടിനെയും അറത്ത് തീയൊരുക്കി ചുട്ടു തിന്നു. കുറച്ചു നേരം തണലിൽ കിടന്നു മയങ്ങി."

2016/09/29

"നിങ്ങൾ ആകെ ആറു പേരല്ലേ ഇവിടെ കുടിയേറ്റക്കാരായി ഉണ്ടായിരുന്നുള്ളു? പിൽക്കാലത്ത് അഞ്ചു വീട് ഒരു വീട് സൂചി കുത്താൻ ഇടം എന്നിങ്ങനെ പടി പടിയായി ഭൗതിക അഭിലാഷങ്ങൾ പരിമിതപ്പെടുത്താൻ പരിശീലിച്ച നിങ്ങൾ, എങ്ങനെ മൊത്തം ഖാണ്ഡവ വനം എന്ന വമ്പിച്ചൊരു ആവാസവ്യവസ്ഥയെ തീയിട്ടു കത്തിക്കാൻ ധൈര്യപ്പെട്ടു?", കൊട്ടാരം ലേഖിക ആദ്യ സന്ദർശനത്തിൽ പരിസ്ഥിതി സംരക്ഷക അഭിനയിച്ചു.

"ദീർഘ ദൃഷ്ടിയോടെ വേണ്ടേ ദേവസന്തതികൾ തീരുമാനമെടുക്കാൻ? ഖാണ്ഡവവനം പരിപാലിച്ചു ആറുപേർ വനാശ്രമത്തിൽ കിളച്ചും കന്നുപൂട്ടിയും കഴിയാണോ, അതോ വനമേഖല മൊത്തം വെട്ടിതെളിയിച്ചു യമുനയുടെ തീരത്ത് മോഹന നഗരി പണിയാണോ? മറക്കരുതേ, ഞങ്ങൾ ഓരോ കല്ലും ഈ കൈകൾ കൊണ്ട് വെട്ടി പണിത ഇന്ദ്രപ്രസ്ഥം, ദ്വാപരയുഗത്തിൽ മാത്രം തിളങ്ങുന്നൊരു ഐതിഹ്യ നഗരിയല്ല, വരാനിരിക്കുന്ന കലിയുഗത്തിലും ദേശവിദേശ പടയോട്ടങ്ങൾക്കും അധികാരവഴികൾക്കും ആഗോള ശ്രദ്ധക്കും ഭൂമികയാവും", ഭാവിയിലേക്ക് കണ്ണെറിഞ്ഞു അർജ്ജുനൻ ശബ്ദം താഴ്ത്തി.

"യുധിഷ്ഠിരന്റെ രാജസൂയം ദിവസം അധ്യക്ഷപദവി കിട്ടിയ താങ്കൾ നാലു പ്രാവശ്യം ഒരേ ദിവസം വസ്ത്രം മാറി രാജസഭയിൽ ഒരു വിചിത്ര പ്രദർശന വസ്തു ആയി എന്നാണല്ലോ ചേദിരാജാവ് ശിശുപാലൻ പറയുന്നത്?" ഒരു ഗോപികയുടെ ആകർഷകസ്വരത്തിൽ കൊട്ടാരം ലേഖിക പറഞ്ഞു.

"ശത്രു മാത്രമേ നിങ്ങളെ നിരന്തരം സൂക്ഷിച്ചു നോക്കി, നിരീക്ഷണങ്ങൾ പുറത്തുവിടൂ. എന്നാൽ നിങ്ങളുടെ സുഹൃത്ത് നിങ്ങളെ നിങ്ങളുടെ പാട്ടിനു വിടും. ശത്രുപക്ഷത്ത് ചേക്കേറിയ ശിശുപാലൻ ചെയ്യേണ്ട കർമം അയാൾ കാര്യക്ഷമതയോടെ ചെയ്തു", നീലനിറമായ കാളിന്ദിയിൽ നൃത്തം ചെയ്യാൻ കൃഷ്ണൻ രൂപം മാറുന്ന നേരമായിരുന്നു.

അസംതൃപ്ത ദാമ്പത്യത്തെ കുറിച്ച് നിങ്ങൾ കലവറയില്ലാതെ ആവിഷ്കാരസാധ്യത തേടുമ്പോൾ, പറയാതെ വയ്യ, കൗരവരാജവധുക്കളാകട്ടെ അവരുടെ കുടുംബജീവിതത്തെ കുറിച്ച് കൈപ്പുള്ള ഒരോർമയും ഞങ്ങളുമായി പങ്കിടുന്നില്ല", വ്യാജനീരസത്തോടെ കൊട്ടാരം ലേഖിക സംസാരിച്ചു. കാട്ടുചോലയിൽ നീന്തിക്കുളിച്ചു, നനഞ്ഞ തുണിയുമായി അവർ വിജനവഴിയിലൂടെ ആശ്രമത്തിലേക്കു നടക്കുകയായിരുന്നു.

"മേഘങ്ങളില്ലാത്ത പൌർണമി രാത്രികളിൽ, അന്തഃപുരത്തിനു മേലെയുള്ള മട്ടുപ്പാവിൽ, പൂർണനഗ്നകളായി പൊട്ടിച്ചിരിക്കയും പിന്നെ വിങ്ങിപ്പൊട്ടുകയും ചെയ്യുന്ന അവരെന്തിനു എന്നെ പോലെ ആത്മാവിഷ്കാരത്തിന് അക്ഷരങ്ങൾ തേടണം?", അന്നദാതാവിനെ തേടിയിറങ്ങിയ പേടമാനിനെ പരിലാളിച്ച് പാഞ്ചാലി പുഞ്ചിരിച്ചു.

"ഒരിടവേളയിലെ പരിചയം കൊണ്ട് നിങ്ങൾ കൗരവരാജവധുക്കളെ കയ്യിലെടുത്ത് എന്നോ? അത്ര നിഷ്കളങ്കരാണോ അവർ സംഘർഷം നിറഞ്ഞ സ്വത്ത് തർക്കത്തെ പറ്റി?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ച.

"പാണ്ഡവർക്ക് ഓഹരി തരാൻ ഭർത്താക്കന്മാരോട് പറയൂ എന്നല്ല ഞാൻ അവരോടു മിണ്ടിപ്പറഞ്ഞത്, പെണ്ണടൽ എങ്ങനെ നിങ്ങൾ പരിപാലിച്ചാൽ കൗരവർ നിങ്ങൾക്കടിമപ്പെടും എന്നായിരുന്നില്ലേ."

2016/09/30

"പത്താം ദിവസം ദുര്യോധനൻ, പിതാമഹനോട് അടക്കി പിടിച്ച ശബ്ദത്തിൽ ശാസിക്കുന്ന പോലെ ദൂരെ നിന്ന് എനിക്ക് തോന്നി. അടുത്ത് നീ ഉണ്ടായിരുന്നില്ലേ. വല്ലതും ചെവിയിൽ തടഞ്ഞോ?" യുദ്ധകാര്യ ലേഖകൻ കൊട്ടാരം ലേഖികയോട് ചോദിച്ച.

"അവശനായ ആ കാരണവർക്ക് മൺപാത്രത്തിൽ കുടിവെള്ളം കൊടുത്ത് ഞാൻ മാറുമ്പോഴാണ്, കറുത്ത മുഖത്തോടെ ക്ഷുഭിതകൗരവർ ഭീഷ്മരഥത്തിലേക്കു ചാടിക്കയറി, സാരഥിയോട് ഇറങ്ങാൻ പറഞ്ഞത്. 'മുഖം നോക്കാതെ വേണം ശത്രുവിന്റെ തലവെട്ടാൻ എന്ന് ആദ്യദിവസ ഗീതോപദേശം അക്ഷരാർത്ഥത്തിൽ നിങ്ങൾ അവഗണിച്ച പോലെയാണല്ലോ, പിതാമഹാ, ഈ പത്ത് ദിവസവും നിങ്ങൾ ഒരു പാണ്ഡവതല പോലും ഉരുട്ടാൻ കഴിഞ്ഞില്ലല്ലോ'. ഒന്നും മിണ്ടാതെ ഭീഷ്മർ ആ കലത്തിലെ വെള്ളം ദുര്യോധനൻ പോവും വരെ കുടിച്ച."

"സ്ത്രീത്വത്തിന്നെതിരെ കൌരവർ രാജസഭയിൽ പരസ്യമായി ചെയ്ത കടന്നാക്രമണം പൊതുവ്യവഹാരമണ്ഡലത്തിൽ ചൂടായി ഇപ്പോഴും ചർച്ച ചെയ്യപ്പെടുമ്പോഴും, നിങ്ങൾ കൌരവർക്കു ധാർമിക പിന്തുണ നല്കി എന്ന സംശയം ബലപ്പെട്ടു വരുന്നു. വ്യാഴവട്ടക്കാല വനവാസത്തിനു പാണ്ഡവരുടെ കൂടെ പോവാതെ, ഹസ്തിനപുരി കൊട്ടാര സമുച്ചയത്തിൽ അല്ലലില്ലാതെ കഴിയാനുള്ള സ്വാർത്ഥ ചിന്തയാണോ ഈ ഞെട്ടിപ്പിക്കുന്ന വീഴ്ചക്ക് പിന്നിൽ എന്നാരെങ്കിലും സംശയിച്ചാൽ കുറ്റം പറയാനാവുമോ?", കൊട്ടാരം ലേഖികയുടെ ചോദിച്ച.

"രണ്ടു ഭാഗവും ഞാൻ കേൾക്കേണ്ടേ? അല്ലെങ്കിൽ കൗരവർ 'കാള പെറ്റു എന്ന് കേട്ടപ്പോഴേക്കും കുന്തി കയറെടുത്ത്' എന്ന് നാളെ നിങ്ങൾ എന്നെ പരിഹസിക്കില്ലേ. ഇനി എന്റെ പൊതുജീവിതം, മനുഷ്യാവകാശപ്രശ്നങ്ങളിൽ ഞാനെടുക്കുന്ന സമീപനം ഇതിഹാസങ്ങൾ അംഗീകരിക്കുന്ന കാലം വരും. അന്നന്നത്തെ കൊട്ടാര വിഴുപ്പുകൾ തിരയുന്ന ഹസ്തിനപുരി പത്രിക എന്റെ മനഃസ്സാക്ഷിയിൽ കയറി കുന്തമറിയേണ്ട."

"പാണ്ഡവ സഖ്യകക്ഷിയോഗത്തിൽ വിരാടരാജാവെന്തോ വേറിട്ട ശബ്ദം ഉയർത്തി എന്ന് കേട്ടല്ലോ. പൊതുവെ സുഖിയനായ അയാൾ ഒച്ചവെക്കേണ്ട കാര്യം?", യുദ്ധ കാര്യലേഖകൻ കൊട്ടാരം ലേഖികയോട് ചോദിച്ച.

"ഇത്രയധികം സൈനികരെ ഇരുപക്ഷത്തും നിർത്തി വാളും കുന്തവും കൊണ്ട് കൊത്തിക്കീറുന്നതിനേക്കാൾ, പാണ്ഡവർ അർധരാത്രി ഹസ്തിനപുരി കോട്ട നുഴഞ്ഞുകയറി ധൃതരാഷ്ട്രരെ ബന്ദിയാക്കി വിലപേശിയാൽ മുട്ടു മടക്കില്ലേ കുടിലകൗരവർ എന്നു ചോദിച്ച. അപ്പോൾ വിറച്ചു തുടങ്ങിയ പാണ്ഡവശരീരങ്ങൾ യോഗം പിരി

യും വരെ ആ വിറ തുടർന്നു എന്നാണ് അഭിജ്ഞകേന്ദ്രങ്ങൾ നിങ്ങളുടെ ലേഖികക്ക് നൽകിയ സൂചന."

"നിങ്ങൾ ഇന്ദ്രപ്രസ്ഥം ചക്രവർത്തി ആയപ്പോഴാണോ സ്വതന്ത്ര ചാരവകുപ്പിന്റെ ആവശ്യം ബോധ്യപ്പെട്ടത്? എന്ത് കൊണ്ട് നകുലൻ?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

"വാരണാവതം അരക്കില്ലത്തിലേക്കു പോവാൻ ദുഷ്പ്രേരണ ധൃതരാഷ്ട്രരിൽ നിന്ന് വന്നപ്പോൾ ഞങ്ങൾ അഞ്ചു പേരും യോഗം ചേർന്നു. യോഗം കഴിയുമ്പോഴേക്കും നകുലൻ സ്വയം നേതൃസ്ഥാനം ഏറ്റെടുത്തിരുന്നു. പിറ്റേന്ന് രാവിലെ പടിയിറങ്ങുമ്പോഴേക്കും അരക്കില്ലം എന്ന വരാനിരിക്കുന്ന കുരുക്ക് അവൻ അഴിച്ചിരുന്നു. ആശങ്കക്ക് പകരം യാത്രയും താമസവും പ്രതീക്ഷാനിർഭരമായി. നാളെ എന്ത് സംഭവിക്കും എന്നതിൽ മാറി നാളെ എന്ത് സംഭവിക്കണം എന്ന വിവേചനാധികാരം നകുലന്റെ കയ്യിലായത് ദുര്യോധനൻ മനസ്സിലാക്കി എന്നു വേണമെങ്കിൽ സമ്മതിക്കാം, പക്ഷെ ആ ഗതി മാറ്റാൻ കൗരവനായില്ല. അന്നു തുടങ്ങിയ ഇരുപത്തിനാലു മണിക്കൂർ വിശ്രമരഹിത ജോലി അവൻ ആസ്വദിക്കുന്നു രഹസ്യ വിവരങ്ങളുടെ ശേഖരവും പ്രയോജനവും ആണ് രാജ്യതന്ത്രത്തിൽ കാര്യം എന്ന് നിങ്ങൾ തക്ഷശിലയിൽ പോയി പഠിച്ചാൽ മാത്രം പോരാ."

2016/10/01

"അമ്മമാരുടെ രഹസ്യകാമുകന്മാരെ കണ്ട ഓർമ പങ്കുവെക്കാമോ? നിങ്ങളും മാദ്രിപുത്രന്മാരും തമ്മിൽ വ്യാഴവട്ടക്കാല പ്രായവ്യത്യാസമുണ്ടെന്ന് ഒറ്റനോട്ടത്തിൽ പാഞ്ചാലി പറഞ്ഞതല്ലേ", കൊട്ടാരം ലേഖിക ഹസ്തിനപുരി പത്രിക ദീപാവലി പതിപ്പിനായി മഹാരാജാവ് യുധിഷ്ഠിരനെ സമീപിച്ചു, "അതോ നൂറ്റാണ്ടു കഴിഞ്ഞ സ്ഥിതിക്ക് ഓർമക്കുറവുണ്ടോ?"

"പതിനഞ്ചു വയസ്സ് മൂപ്പുണ്ട് എനിക്ക് പ്രിയ മാദ്രിപുത്രന്മാരുമായി. എന്റെ ബീജദാതാവ് കാലനെ ഇതുവരെ കാണുകയോ, കാണാൻ ഇനി ആഗ്രഹിക്കയും ചെയ്യുന്നില്ലെങ്കിലും, മറ്റുള്ള മാതൃകമിതാക്കൾ എനിക്ക് വാത്സല്യം ചൊരിഞ്ഞു. അവർ വന്നാൽ വീടാകെ വസന്തകാലമാവും. രോഗിയായ അച്ഛനെ ഞങ്ങൾ തൂക്കി ആ സമയം പിന്നിലെ ചാച്ചുകെട്ടിയിൽ കിടത്തി കിടപ്പറ ശുദ്ധി ചെയ്തു ചെമ്പകപ്പൂക്കൾ എറിഞ്ഞു അലങ്കരിക്കും. വായു, ഇന്ദ്രൻ, അശ്വിനി ദേവതകൾ ഇവരൊക്കെ അവിടെ വരുമ്പോഴും പോവുമ്പോഴും, കൂടെ ഞാനുണ്ടാവുമെങ്കിലും അവർ കിടപ്പറയിൽ പ്രവേശിച്ചാൽ, പുറത്ത് ആശ്രമപ്പടിയിൽ കാവൽ നിൽക്കും. പ്രണയപർവ്വം കഴിഞ്ഞു ആകാശചാരികളായ കാമുകർ പതിവായി ചോദിക്കുന്ന ചോദ്യമുണ്ട്, പോരുന്നോ കൂടെ, കാലന്റെ വീട്ടിലേക്ക്?" ആയിരം പൂർണചന്ദ്രന്മാരെ കണ്ടിട്ടും മരണദേവതയുടെ മകൻ ബാല്യസ്മരണയിൽ ആർമാദിച്ചു.

"ഇന്നലെ ഒരു വാണിജ്യപതിയുടെ സായാഹ്നവിരുന്നിൽ ഞങ്ങൾ ഖാണ്ഡവവനത്തിലേക്കു കുടിയേറുന്ന പ്രശ്നമില്ലെന്ന് പറഞ്ഞ പാണ്ഡവർ ഇതാ ഇന്ന് ഉച്ചഭക്ഷണത്തിനു കാത്ത് നിൽക്കാതെ പടിയിറങ്ങുന്നു. എന്താണിതിലെ കൊട്ടാരരഹസ്യം?", പത്രാധിപർ യുദ്ധകാര്യ ലേഖകനോട് തട്ടിക്കയറി.

"പരസ്പരം കോർത്തിണക്കിയാൽ അർത്ഥം തോന്നുന്ന മൂന്നു നാല് കാര്യങ്ങൾ ഇതാ: പാണ്ഡവർ ഖാണ്ഡവവനത്തിലേക്കു പോവില്ലെങ്കിൽ പോയെ തീരൂ എന്ന്

ദുര്യോധനൻ പരിപാടി തയ്യാറാക്കുന്നു. അതനുസരിച്ച് പാണ്ഡവർക്ക് താമസിക്കാൻ കൊടുത്ത അതിഥിമന്ദിരത്തിന്റെ താഴെ നിലയിൽ അൽപ വസ്ത്രകളായ കൗരവരാജവധുക്കൾ രഹസ്യയോഗം ചേർന്ന് നൃത്തം ചെയ്യുന്നു. രാത്രിയിൽ പതിവ് മദ്യസേവക്ക ശേഷം ഭീമൻ അതിഥിമന്ദിരത്തിലേക്ക് അലസമായ വസ്ത്രധാരണത്തോടെ കയറിച്ചെല്ലുന്നു. ദുരുദ്ദേശ്യത്തോടെ ആരോ രാജവധുക്കളുടെ സ്വകാര്യതയിൽ ഇടിച്ചു കയറി നഗ്നതാ പ്രദർശനം നടത്തുന്നു എന്നവർ ഒച്ചവെച്ചു ആഗതന്റെ തലയിൽ തുണിയിട്ടു ബന്ദിയാക്കി ആളെ കൂട്ടി പ്രതിയെ വെളിച്ചത്ത് കൊണ്ടുവരുമ്പോൾ 'ഭീമനോ നീ ഇവിടെ?' എന്ന് ദുര്യോധനൻ അത്ഭുതം അഭിനയിക്കുന്നു. പ്രശ്നപരിഹാരത്തിന് മറ്റു പാണ്ഡവർ ധൃതിയിൽ അവിടെ വരുമ്പോൾ, ഗുരുതരമായ ഭവിഷ്യത്തുകൾ ഉള്ള ഈ അപമാനവാർത്ത അമുക്കണമെങ്കിൽ നിങ്ങൾ നാളെ ഉച്ചയോടെ നാടുവിടണം എന്ന് കൗരവർ നിർദേശിക്കുന്നതു പാണ്ഡവർ വിധേയത്വത്തോടെ അനുസരിക്കുന്നു. ഇതല്ലാതെ തെളിവൊന്നുമില്ല."

"പ്രതിയോഗികളെ വിരട്ടാനും പ്രതിച്ഛായ വളർത്താനും കെട്ടിപ്പൊക്കിയ ഐതിഹ്യം മാത്രമായിരുന്നു കർണന്റെ കവചമെന്നു അർജ്ജുനൻ പറഞ്ഞത് വിവാദമായി. ഗംഗയിൽ നീരാടാൻ പോയ കർണൻ ആ വഴി വന്ന ഒരു വൃദ്ധവിധവയുടെ കയ്യിൽ നിന്ന് എന്തോ ഔഷധം വാങ്ങി മാറിൽ പുരട്ടിയപ്പോൾ കവചം കീറത്തുണി പോലെ എളുപ്പത്തിൽ നീക്കാൻ സാധിച്ചതിന് ദൃക്സാക്ഷിയാണെന്നു അവകാശപ്പെടുന്ന പൂജാരി, വൃദ്ധവിധവ എന്ന് അവഹേളനയോടെ പരാമർശിക്കുന്നത് ആരെയെന്നു പക്ഷെ വ്യക്തമാക്കിയിട്ടില്ല, എങ്കിലും ദൃക്സാക്ഷിയുടെ സംശയമുന നീളുന്നത് പാണ്ഡവ മാതാവിന്റെ നേരെയാണെന്നു ദുര്യോധനൻ ഇടപെട്ടു പറഞ്ഞതോടെ അർജ്ജുനന്റെ ദുഷ്പ്രചരണം ഉടൻ നിലച്ചു.", കുതിരപ്പന്തിയിലെ ചുവരിൽ കരിക്കട്ട കൊണ്ടെഴുതിയ വാർത്ത ലഘുഭക്ഷണത്തിനിടയിൽ ഒരു അന്യനാട്ടു യാത്രികൻ തപ്പിത്തടഞ്ഞു വായിച്ചു.

"അപ്പോൾ ഖ്യാതി നേടിയ 'ഹസ്തിനപുരി പത്രിക'യിലും ഉണ്ടല്ലേ നട്ടാൽ മുളക്കാത്ത കൊട്ടാര കെട്ടുകഥകൾ", മദ്യപാനത്തിനിടയിൽ യുക്തിവാദി ചാർവാകൻ തലയെറിഞ്ഞു പൊട്ടിച്ചിരിച്ചു.

2016/10/02

"വാർധക്യത്തിൽ ഭർത്തൃമാതാവ് ജീവിതാന്ത്യം ചെലവഴിക്കാൻ പോവുന്നത് പാമ്പും പന്നിയും വിഹരിക്കുന്ന കാട്ടിലേക്ക്. പോവരുതേ, ഞങ്ങൾ പൊന്നുപോലെ നോക്കാം എന്നു പറയേണ്ടതാണ് ആകെയുള്ളൊരു പുത്രവധു?", വയോജനങ്ങളോട് വെറും പാഴ്വാക്ക് പോരാ എന്ന പൊതുസംവാദത്തിലായിരുന്ന മഹാറാണിയോട് കൊട്ടാരം ലേഖിക അനുനയത്തിൽ ചോദിച്ചു.

"അവരെന്നും സ്വതന്ത്ര ജീവിതം നയിച്ച വനിതയല്ലേ? കാട്ടുകുടിലിലെ തറയിൽ പാ വിരിച്ചു ഷണ്ഡൻഭർത്താവ് രോഗിയായി കിടക്കുമ്പോഴല്ലേ, ഈ മർത്യജീവിതം ഇങ്ങനെ പോരാ എന്ന പ്രബുദ്ധമായ തിരിച്ചറിവിൽ, കുട്ടികളുണ്ടാവാൻ പരപുരുഷരതി പ്രായോഗികതലത്തിൽ കുന്തി കൊണ്ടുവന്നത്? ഞങ്ങൾ ഖാണ്ഡവവനത്തിലേക്ക് കുടിയേറാൻ നിർബന്ധിതരായപ്പോൾ, ഞാനും കൂടെ വരാം എന്ന്

ഉത്സാഹിച്ചുവോ, അതോ, ഇനിയുള്ള കാലം ഞാൻ ഗാന്ധാരിക്ക് തുണ എന്ന് പറഞ്ഞു പിൻവാങ്ങിയോ? ഒരിക്കലും നിങ്ങൾ കുന്തിയെ മൂല്യം കുറച്ചു വിലയിരുത്തരുത്. മിതമായി പ്രശംസിച്ചു കൊണ്ട് തന്നെ ഈ സംവാദം അവസാനിപ്പിക്കട്ടെ, എന്നെന്നേക്കുമായി പടിയിറങ്ങിപ്പോവുന്ന രാജാമാതാവിനെ പിടിച്ചു നിർത്തിയപ്പോൾ, പ്രതിരോധിക്കാനാവാതെ കുന്തി കീഴടങ്ങി എന്ന് വരും യുഗത്തിലാരും പഴി പറയാതിരിക്കട്ടെ."

"ഇടഞ്ഞാൽ പാഞ്ചാലി ആരാവുമെന്നു ഒരു നിമിഷം പോലും മറക്കാതെ തന്നെ ചോദിക്കട്ടെ, അവർ നിങ്ങൾക്കായി കരുതലോടെ ചെയ്ത ഒരു കാര്യം പെട്ടെന്നോർക്കാമൊ?"

"പടിയിറങ്ങാൻ നേരമായി എന്ന തിരിച്ചറിവിലെക്കെന്നെ നയിച്ച ഒരു കാര്യം. വയോജനദിവസ പൊതുസ്വീകരണത്തിൽ പങ്കെടുത്ത് ഞങ്ങൾ ഔദ്യോഗിക വസതിയിലേക്ക് കയറുമ്പോൾ ഒരു വശത്ത് പുതുതായി പണിത പുരയിൽ ഉണക്കവിറകുകെട്ടുകൾ നിറച്ചു കണ്ടു. ഇതെന്താ എന്ന് ഞാൻ വിരൽ ചൂണ്ടി ചോദിച്ചപ്പോൾ, മഴക്കാലമല്ലേ വരുന്നത്, പെട്ടെന്ന് നിങ്ങൾ കാലം ചെയ്താലും പുക ഉയരാതെ ശവം ദഹിപ്പിക്കെണ്ടേ?" എന്നു ചോദിച്ച പാഞ്ചാലി അലക്ഷ്യമായി അകത്തേക്ക് കയറി. ചെങ്കോൽ പരീക്ഷിത്തിനു കൈമാറി വാനപ്രസ്ഥത്തിന്നിറങ്ങാൻ അന്ന് തീരുമാനിച്ചു", ഇപ്പോൾ നഗ്നപാദനായ മുൻ ചക്രവർത്തി യുധിഷ്ഠിരൻ പറഞ്ഞു.

"യുധിഷ്ഠിരൻ മുപ്പത്തിആറ് വർഷം ഹസ്തിനപുരി ഭരിച്ചു എന്ന് ഔദ്യോഗിക രേഖങ്ങളിൽ കാണുന്നു. രാഷ്ട്രമീമാംസയിലും ദാമ്പത്യത്തിലും വിരുദ്ധ അഭിപ്രായമുള്ള നാലു സഹോദരന്മാർ ഉണ്ടായിട്ടും അധികാരമോഹികളായ അവർ ഇക്കാലത്ത് ഒളിഞ്ഞും തെളിഞ്ഞും വിമതശല്യം ഉണ്ടാക്കിയില്ല എന്നോ, അതോ ഉടനടി അമർച്ച ചെയ്തു എന്നോ?"

"ഞങ്ങൾ അഞ്ചുപേരുടെ വ്യക്തിഗതരഹസ്യങ്ങൾ ദശാബ്ദങ്ങളായി സമ്പാദിച്ചു സൂക്ഷിച്ച പാഞ്ചാലിയുടെ മുമ്പിൽ നിത്യവും മുട്ടുകുത്തി ശീലിച്ച ഞങ്ങൾ, പക്ഷെ രഹസ്യമായി, അവളുടെ സമഗ്രാധിപത്യ പ്രവണതക്കെതിരെ ചെറുത്തുനിൽപ്പിന് അഞ്ചു പേരും ഉൾപ്പെടുന്ന മുന്നണി തന്നെ ആയി പ്രവർത്തിച്ചിരുന്നു", ചാരവകുപ്പു മേധാവി നകുലൻ പതിവ് പോലെ മുഖം ചലിപ്പിക്കാതെ ചുറ്റും നോക്കി.

2016/10/03

"ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി ആയിരുന്ന ദശാബ്ദത്തിൽ പാഞ്ചാലി എന്റെ മുൻഗാമി കൊട്ടാരം ലേഖികക്ക് കൊടുത്ത അഭിമുഖങ്ങൾ ഇവിടെ വരും മുമ്പ് ഞാൻ തപ്പി എടുത്ത് വായിച്ചു. പാണ്ഡവരെ സമഭാവനയോടെ, എന്നാൽ ഔപചാരിക രാജകീയ ബഹുമാനപരാമർശങ്ങൾ പൂർണമായി ഒഴിവാക്കി, പാഞ്ചാലി ഇടക്കൊക്കെ ഓർക്കും. ഭർത്താക്കന്മാർ കൊള്ളാം എന്ന ധ്വനിയുണ്ട്. എന്നാൽ ചൂത് കളിയിൽ തോറ്റ കാട്ടിൽ ഈ ഒറ്റമുറിവസതിയിൽ നിങ്ങളെല്ലാം ഇങ്ങനെ പാർത്ത് തുടങ്ങിയ ശേഷം എനിക്കനുവദിച്ച അഭിമുഖങ്ങളിൽ പക്ഷെ കാണുന്നത് പതഞ്ഞു പൊങ്ങുന്ന പാണ്ഡവനിന്ദ, അതെന്താ?" അർദ്ധനഗ്ന യുധിഷ്ഠിരൻ ആരും കൂട്ടില്ലാതെ ആശ്രമ മുറ്റത്ത് ഒരു കൈ താടിയിൽ താങ്ങായി വച്ച് മറുകൈ കൊണ്ട് കള പറിച്ചു കുന്തിച്ചിരുന്ന തണുത്ത ഹിമാലയ പ്രഭാതം.

"അന്ന് ഞാൻ അവൾക്ക് ഉദയസൂര്യൻ, ഇന്ന് ഞാനവൾക്ക് ധൂമകേതു" അയാൾക്കരികിലേക്കു ഓടി വന്ന ഒരു വളർത്തു മുയലിന്റെ നെറുകയിൽ മുഷ്ടി ചുരുട്ടി ആഞ്ഞടിച്ച യുധിഷ്ഠിരൻ നിലവിളിക്കുന്ന പോലെ വാ പൊളിച്ച ഇരുകൈകളും വായുവിൽ ഉയർത്തി അട്ടഹസിച്ചു.

"സ്വന്തമെന്നു പറയാനൊരു അമ്മയും അച്ഛനും ഇല്ലാത്ത കർണ്ണനു വാരിക്കോരി അംഗരാജ്യം സമ്മാനമായി കൊടുത്ത നിങ്ങൾ, അർധസഹോദരർക്ക് സൂചി കുത്താനിടം കൊടുക്കില്ലെന്നു പറയുന്നതിന്റെ യുക്തി വ്യക്തമല്ല", കൊട്ടാരം ലേഖിക ദുര്യോധനനോട് പറഞ്ഞു.

"എന്ത് എവിടെ എന്നൊന്നും എനിക്കറിവില്ലാത്ത അംഗരാജ്യം ആ പാവത്താന് സമ്മാനിക്കുന്ന പോലെ എളുപ്പമാണോ നിത്യവും പെരുമാറുന്ന ഹസ്തിനപുരി വെട്ടി, നടുക്കണ്ടം ശത്രുപാണ്ഡവർക്ക് സമ്മാനിക്കണം എന്ന ആവശ്യം?"

"പതിനെട്ടു ദിവസ യുദ്ധത്തിനിടയിൽ സേനക്ക് കഴിക്കാൻ വേണ്ട ധാന്യവും മാംസവും കൗരവർ മുൻകൂർ കരുതിയിരുന്നോ?" ആയുസ്സിന്റെ ബലം കൊണ്ട് പരുക്കില്ലാതെ തിരിച്ചെത്തിയ കൗരവയോദ്ധാവ് കൃപാചാര്യനോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിന പുരിയിലെ ആളൊഴിഞ്ഞ തീൻശാല.

"പാണ്ഡവ സേനക്ക് ഊണൊരുക്കേണ്ട ഉത്തരവാദിത്വം ദുര്യോധനൻ നേരത്തെ തള്ളി. പകൽപോരാട്ടം കഴിഞ്ഞു പാണ്ഡവർ പാളയത്തിലേക്ക് തിരിക്കും മുമ്പ് ഞങ്ങളുടെ ഊട്ടുപുരയിൽ മിന്നലാക്രമണം നടത്തി പാകം ചെയ്ത മൃഗമാംസഭക്ഷണം തട്ടിക്കൊണ്ടുപോവും. രണ്ടുദിവസം കഴിഞ്ഞപ്പോൾ ഞങ്ങൾ അടവ് മാറ്റി. പോരിൽ മരിച്ച പാണ്ഡവസൈനികരുടെ ഭക്ഷ്യയോഗ്യഭാഗങ്ങൾ പൊരിച്ചു തിന്നും, ബാക്കിയൊക്കെ വെട്ടി വേവിച്ച മിന്നലാക്രമണത്തിനു ഒരുക്കി വക്കും."

2016/10/04

"ഈ യുദ്ധത്തിൽ പ്രവിശ്യാഭരണകൂടത്തിന്റെ ഉത്തരവാദിത്വമെന്തായിരുന്നു?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഇരുപതു ദിവസം മുമ്പ് നിങ്ങളും യുദ്ധകാര്യലേഖകനും ഇവിടെ വന്നു സ്ഥലം നോക്കിക്കണ്ടപ്പോൾ എന്തായിരുന്നു ഈയിടം, അതൊക്കെ ഇന്നും നിങ്ങൾ കാണുന്നില്ലേ? അതാണ് പ്രവിശ്യാഭരണകൂടത്തിന്റെ നേട്ടം. യുദ്ധക്കെടുതിയുടെ ഒന്നും അവശേഷിക്കാതെ തുടച്ചുനീക്കി, വിചാരിച്ച പോലെ എല്ലാം പൂർത്തിയാക്കി. യുദ്ധത്തിന്റെ കാരണം എന്തെന്നോ ആരു ജയിച്ചു എന്നോ ഞങ്ങൾ അന്വേഷിക്കുന്നില്ല. യുദ്ധം നടത്തിക്കൊടുക്കുക. ഏറ്റെടുത്ത ആ ദൗത്യം കാര്യക്ഷമമായി, പരിസരമാലിന്യമില്ലാതെ ചെയ്യുക. നിത്യവും ചുറ്റിനടന്നു കഴിഞ്ഞ പത്തൊമ്പതു ദിവസവും ഇവിടെ രാപ്പകൽ നടന്ന വിജ്ഞാനത്തിന്റെ മഹാമേരുവും ചുവന്ന തക്ഷശിലയിലെ യുദ്ധശാസ്ത്ര അധ്യാപകർ ഇന്നലെ പോയതേ ഉള്ളൂ. ഇനി അവർ വരും യുഗത്തിൽ പഠിപ്പിക്കട്ടെ മഹായുദ്ധം കാഴ്ചയുടെ കമനീയതയാക്കി മാറ്റിയതിൽ കുരുക്ഷേത്രപ്രവിശ്യാഭരണകൂടത്തിന്റെ പങ്കെന്തെന്ന്."

"യുദ്ധത്തിന്റെ പ്രത്യക്ഷനേട്ടം ഒറ്റനോട്ടത്തിൽ വ്യക്തമായി, അവിചാരിതമായി യുദ്ധഭൂമിയിൽ സംഭവിച്ച വീഴ്ചകൾ ഒന്നെണ്ണിപ്പറയാമോ?" കൊട്ടാരം ലേഖിക ചോദിച്ചു.

“കൊല്ലുന്നത് ഇര അറിയരുത് എന്നെനിക്കു മോഹമുണ്ടായിരുന്നു. മാരകപ്രഹ രശേഷിയുള്ള കുന്തം കൊണ്ട് ശത്രുഹൃദയത്തിലേക്ക് ദൂരെ നിന്നൊരേറ്, അതോടെ അവൻ വായും കണ്ണും തുറന്നു പരലോകത്തെത്തണം. ഒരു പോരാളിയെ ഞാൻ കൊല്ലുന്നത്, മരണമടുത്തെത്തിയ മറ്റൊരു ശത്രു കാണേണ്ടി വരരുത് എന്ന എന്റെ മോഹവും പൂവണിഞ്ഞില്ല. കാരണം പറയാം, ഞങ്ങൾക്ക് യുദ്ധം നിത്യത്തൊഴിൽ ആയിരുന്നില്ല, അന്തിക്കുറങ്ങാനിടം എന്ന നിവൃത്തികേടായിരുന്നു. കുരുക്ഷേത്രം എന്നത് ഹസ്തിനപുരി സ്വത്ത് തർക്കത്തിന് പതിനെട്ടു ദിവസം കൊണ്ടൊരു ശാ ശ്വത പരിഹാരം, അങ്ങനെ വെറുംവാക്കിൽ നിങ്ങൾ പത്രപ്രവർത്തകർ പറഞ്ഞൊ ഴിയരുത്. യുദ്ധം സാധ്യതയാണ്. ഇപ്പോഴും ഇനി വരും യുഗത്തിലും.”, ജന്മനാ ടിന്റെ അഖണ്ഡതക്കായി വീരമൃത്യു വരിച്ച കൗരവർക്കു യുദ്ധസ്മാരകം നിർമിക്കുന്ന നദിയോരപൂങ്കാവനത്തിലെ ശക്തിസ്ഥലി സന്ദർശിക്കുകയായിരുന്നു നിയുക്തരാ ജാവ് യുധിഷ്ഠിരൻ.

“വിരുന്നിനു വന്ന നിങ്ങൾ ആതിഥേയയോട് അതിരു വിട്ടു എന്നാണു തീൻശാല യിൽ കേൾക്കുന്ന പരാതി”, കൌരവസംഘം ഹസ്ഥിനപുരിയിലേക്കു മടങ്ങുമ്പോൾ കൊട്ടാരംലേഖിക ദുര്യോധനന് നേരെ വിരലുയർത്തി.

“ആതിഥേയ എന്ന നിലയിൽ പാഞ്ചാലി എന്റെ മുമ്പിൽ ആളാവാൻ ശ്രമിച്ച പ്പോൾ അത് ഞങ്ങൾ പൊളിച്ചു കയ്യിൽ കൊടുത്തതിന്റെ ആ നർമ കഥ നാട്ടി ൽ എത്തിയശേഷം വിശദമായി ഊട്ടുപുരയിൽ പറയാം”, ഉല്ലാസവാനായിരുന്നു സ്ഥലജലഭ്രമത്തിൽ വഴുക്കിവീണു എന്ന്പാണ്ഡവർ വിടാതെ പ്രചരിപ്പിച്ച കഥയി ലെ ഇര.

2016/10/05

“അമ്മയുടെ നാടായ ഗാന്ധാരയിൽ ഞങ്ങൾ വിശിഷ്ടാതിഥികളായി വിരുന്നു താമസിക്കുമ്പോൾ, ചെങ്കുത്തായ മലഞ്ചെരുവിലൂടെ സാഹസികമായി ഒറ്റയ്ക്കു യാ ത്ര ചെയ്യാൻ ഇഷ്ടപ്പെട്ട എന്റെ ഭർത്താവ് കുരുക്ഷേത്ര ചതുപ്പു നിലത്തിൽ കാലു കൾ താണ് അനങ്ങാനാവാതെ മാംസഭുക്കുകൾക്കു തീറ്റയാവേണ്ട ആളായിരുന്നി ല്ല. മലമടക്കുകളിൽ നിന്ന് ഏതു നിമിഷവും വീഴാവുന്ന കരിമ്പാറകളെ കുറിച്ച് ഭീ തിയില്ലാതെ ഈ ലോകത്ത് തലയുയർത്തിപ്പിടിച്ചു പ്രതിയോഗികളെ മൂലയ്ക്കിരുത്തി ശിക്ഷിച്ച ദുര്യോധനൻ, തുടയിൽ അടിയേറ്റു കുഴഞ്ഞുവീണു അമ്മാ... അമ്മാ... എന്ന് കരളലിയിക്കുന്ന വിധം നിലവിളിച്ചു എന്ന പുതിയ മഹാരാജാവ് യുധിഷ്ഠിരന്റെ അവ കാശവാദം എനിക്ക് അംഗീകരിക്കാൻ ആവുകയില്ല”, കൗരവവിധവയുടെ വിലാപം കേട്ട് ഞെട്ടിയ ഗാന്ധാരി ആജ്ഞാപിച്ചു, “അവളെ നിലക്ക് നിർത്തു, ഗാന്ധാരീ വി ലാപത്തെക്കാൾ ഉയരരുത് ദുര്യോധനവിധവാ വിലാപം.”

“കൊട്ടാരജീവിതവുമായും ആയുധം കൊണ്ടുള്ള പോരാട്ടവുമായും നേരിട്ട് ബന്ധ മില്ലാത്ത നിങ്ങൾ കുരുവംശ ഇതിഹാസമെഴുതുന്നതിൽ അപാകതയുണ്ടെന്നാണ ല്ലോ ചാർവാകൻ പ്രചരിപ്പിക്കുന്നത്?” കൊട്ടാരം ലേഖിക വേദവ്യാസനു മുമ്പിൽ മുട്ടുകുത്തി കൈ കൂപ്പി.

“വേറെ ആരായി വേണം ഞാൻ പുനർജനിക്കാൻ മഹാഭാരതകഥയെഴുതാനു ള്ള അടിസ്ഥാനയോഗ്യതക്കായി? അമ്മ സത്യവതി വഴിയാണ് ഞാൻ കുരുവംശ

വുമായി ജൈവികബന്ധം സ്ഥാപിച്ചത്. അവരെന്നോ കാട്ടിൽ പോയി കുറുനരികളുടെ ഇരയായി. മരിക്കും മുമ്പവർ ഈ ദൗത്യം എന്നെ ഏൽപ്പിച്ചു. എന്റെ മൂന്നു മക്കളിൽ ധൃതരാഷ്ട്രരും പാണ്ഡുവും വിദുരരും എന്നോ മരിച്ചു കഴിഞ്ഞു. മരിക്കാൻ അധികം താമസമില്ലാത്ത പാണ്ഡവരിൽ എന്റെ ഒരു തുള്ളി പോലും രക്തമില്ല. കേട്ടറിയാവുന്ന കാര്യങ്ങളിൽ പുറത്തു പറയാവുന്നവ ഞാൻ പൊലിപ്പിക്കും, അരുതാത്തത് ഒഴിവാക്കും എന്നാൽ വരും യുഗത്തിലെ എഴുത്തുകാർക്കായി രചനയിൽ വേണ്ടത്ര സ്ഥലം ഒഴിച്ചിടും.

2016/10/06

“പരസ്ത്രീകാമന എന്ന പദമുപയോഗിച്ച് നിങ്ങൾ പലപ്പോഴും പാണ്ഡവരെ പ്രതിക്കൂട്ടിൽ പൊരിക്കുന്നു എന്നാണവരുടെ പൊതുപരാതി. കഴമ്പുണ്ടോ?” കൊട്ടാരം ലേഖിക ചോദിച്ചു. ഇന്ദ്രപ്രസ്ഥം കൊട്ടാരജീവിതത്തിന്റെ അന്ത്യനാളുകൾ.

“രതിവേളയിൽ സ്വയമറിയാതെ പാണ്ഡവ അധരങ്ങൾ വെളിപ്പെടുത്തുന്ന പേരുകൾ മാത്രമേ എനിക്കറിയാവൂ. അവരുടെ ഇരുൾ മൂടിയ അന്തർമണ്ഡലത്തിൽ വിഹരിക്കുന്നവർ എനിക്കജ്ഞാതർ.”

“ഓരോ വർഷവും അഞ്ചു വ്യത്യസ്ത ജന്മദിനസമ്മാനങ്ങൾ നിങ്ങൾ പാണ്ഡവർക്കായി കണ്ടെത്തണം. സംഘർഷം തോന്നാറുണ്ടോ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“യാഗാഗ്നിയിൽ നിന്നുയർന്ന എനിക്ക് പറയത്തക്ക ജന്മദിനമില്ലെന്ന സമവായത്തിൽ അവർ അപ്പോൾ രഹസ്യമായി ആർമാദിക്കുന്നു.”

“പാണ്ഡവരുടെ നിവൃത്തികേട് കൊണ്ടെന്തെങ്കിലും ദുരനുഭവം? പൊള്ളുന്ന ഓർമ?”, കൊട്ടാരം ലേഖിക ചോദിച്ചു. വേവുന്ന വേനൽ.

“ഒരു രാത്രി, ഭക്ഷണത്തിനു രുചി പോരെന്നു പറഞ്ഞു അവർ അക്ഷയപാത്രം വലിച്ചെറിഞ്ഞു എഴുന്നേറ്റു, ആകെയുള്ള പന്തവും എടുത്ത് എന്തോ നിശ്ചയിട്ടെന്ന പോലെ പുറത്തേക്കു ചാടി. രാത്രി മുഴുവൻ ഞാൻ ഈ മുറിയിൽ ഇരുട്ടിൽ ഇങ്ങനെ പകച്ചു നിന്നു. രാവിലെ മടങ്ങി വരുമ്പോൾ പാണ്ഡവർ ദേഹമിളക്കി അട്ടഹസിക്കുന്നു. സന്യസ്ഥാശ്രമത്തിലെ കറവപ്പശുവിനെ കവർന്നു ദൂരെ കൊണ്ടു പോയി കഴുത്തറുത്ത് തൊലിയുരിച്ചവർ ഇറച്ചി തീയിൽ ചുട്ടു തിന്നതിന്റെ ബാക്കി, കുടലും തലയും, പശുത്തോലിൽ പൊതിഞ്ഞു കൊണ്ടു വന്നെന്റെ മുമ്പിൽ എറിഞ്ഞു”, ഒന്നു തിന്നു കൊഴുക്ക്, ആണുങ്ങളിൽ ആഗ്രഹം ഉണർത്തുന്ന വിധം കൊഴുക്കട്ടെ ഇനിയെങ്കിലും നിന്റെ ഈ കരിഞ്ഞ വിറകുകൊള്ളി പോലുള്ള മേനി”, യുധിഷ്ഠിരൻ കുരച്ചു കൊണ്ട് പറഞ്ഞു. മറ്റു നാലുപേർ നിന്ദയോടെ എന്നെ നോക്കി.

“ദിവ്യായുധം കിട്ടിയാൽ യുദ്ധം ജയിക്കാമായിരുന്നു എന്ന് നിങ്ങൾ താടിക്കു കൈവച്ചു മോഹിക്കുമ്പോൾ, കൗരവർ ചെറു കൂട്ടങ്ങളായി ഗ്രാമ ഗ്രാമാന്തരങ്ങളിൽ ചെന്ന് കന്നു പൂട്ടുന്നവരെയും ഇറച്ചി വെട്ടുന്നവരെയും സൈന്യത്തിൽ ചേർക്കുകയാണ്”, കൊട്ടാരം ലേഖിക അർജ്ജുനനോട് പറഞ്ഞു. വിരാടരാജ്യത്തിലെ ഉപപ്ലാവ്യ സൈനിക പാളയം.

“ചേരാൻ മടിക്കുന്ന കൊച്ചു കുട്ടികളെ ബലം പ്രയോഗിച്ചു കുരുക്ഷേത്രയിലേക്കു കടത്തുവാൻ കൗരവർ എന്ത് പിഴച്ച വഴിയാണ് തേടുന്നതെന്നറിയും മുമ്പ് നിങ്ങൾ ഹസ്തിനപുരിയിലേക്കു മടങ്ങിയതാണ് കഷ്ടം.”

2016/10/07

“ഭർത്താക്കന്മാർ നിങ്ങളെ അന്ത്യനിമിഷത്തിൽ എങ്ങനെ കൈവിട്ടു എന്ന് ഞാൻ ഇപ്പോൾ കണ്ടു” കുഴഞ്ഞുവീണ പാഞ്ചാലിയെ ഉയർത്തി മുഖത്ത് വെള്ളം തളിച്ച കൊട്ടാരം ലേഖിക മുന്നോട്ടു വച്ചടി നടന്നു പോവുന്ന പാണ്ഡവരെ ഒളിക്കണ്ണിൽ നോക്കി.

“അറനൂറ്റാണ്ടോളം കാലം അടിമയാക്കി എന്നെ ദുരുപയോഗം ചെയ്ത ഓരോ പാണ്ഡവനും ഇനി ഒരടി മുന്നോട്ടു വക്കാനാവാതെ ഈ വിജനമലമ്പാതയിൽ കുഴഞ്ഞുവീഴുമ്പോൾ കൈ കൊട്ടി ആർമാദിക്കണം എന്ന് മോഹിച്ച എന്നെ ഈ വന്യപ്രകൃതിയും ഇപ്പോൾ കൈവിട്ടുവോ.”

“സന്യസ്ഥാശ്രമത്തിൽ നിന്ന് മോഷ്ടിച്ച പശുവിനെ രഹസ്യമായി കൊന്നു ഇറച്ചി ചുട്ടു തിന്നു എന്ന പാഞ്ചാലിയുടെ നിന്ദ ശ്രദ്ധയിൽ പെട്ടു. വസ്തുതക്ക് നിരക്കുന്നതല്ല ഊഹാപോഹത്തെ അടിസ്ഥാനമാക്കിയുള്ള ഈ ആരോപണവും. മുൻപരിചയമുള്ള കാട്ടാളകുടുംബം വളർത്തുന്ന പന്നിയെയാണ് സമ്മാനമായി സ്വീകരിച്ച കനലിൽ ചുട്ടു സ്നേഹവിരുന്നിൽ അവരുമൊത്ത് സൗഹൃദം പങ്കിട്ടത്. അക്ഷയപാത്രം ഞങ്ങൾക്ക് അനുവദിക്കുന്ന ഭക്ഷ്യലഭ്യത അത്ര ‘അക്ഷയ’മൊന്നുമല്ലെന്നു നിങ്ങൾക്ക് ഇതിൽ നിന്ന് തന്നെ വായിച്ചെടുക്കാമല്ലോ.”, പാണ്ഡവ വക്താവ് ഹസ്തിനപുരി പത്രികക്ക് നൽകിയ ഈ വിശദീകരണത്തോടെ ഗോമാംസവിവാദം അവസാനിച്ചതായി നകുലൻ പ്രത്യാശിക്കുന്നു.

2016/10/08

“പതിവായി നിങ്ങൾ വനാശ്രമത്തിൽ പോയി പാഞ്ചാലിയെ അഭിമുഖം ചെയ്തു വരുന്നതായി ഭരണകൂടത്തിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. എങ്ങനെ വിലയിരുത്തുന്നു അവരുടെ അടിമജീവിതം?”, ദുര്യോധനൻ കൊട്ടാരം ലേഖികയെ വിസ്തരിച്ചു.

“നരകയാതന. നിത്യവും സന്യസ്ഥാശ്രമങ്ങളിൽ നിന്ന് തലച്ചുമടായി ജൈവവിസർജ്യങ്ങൾ ദൂരെ കൊണ്ടുപോയി കുഴിവെട്ടി സംസ്കരിച്ചു, പാഞ്ചാലപുത്രി ഇന്ന് കണ്ടാൽ ശരിക്കും ഒരു മലിനവസ്തു ആയി”, കൊട്ടാരം ലേഖിക മുട്ടുകുത്തി യാചനാഭാവതിൽ കൈ കൂപ്പി, “അവൾക്കു മോചനം കൊടുക്കൂ.”

“വ്യവസ്ഥാപിത അടിമവ്യവഹാര നിയമത്തിന്റെ അന്തഃസത്തയെ അധിക്ഷേപിക്കുന്ന അഭിമുഖങ്ങൾ അരുത്. ഉണ്ടായാൽ, ഇനിയൊരു താക്കീതിനു സാധ്യത ഇല്ലാതെ ഹസ്തിനപുരി കൊട്ടാരത്തിലെ അന്തഃപുരങ്ങളിൽ നിന്ന് മാലിന്യം നീക്കുന്ന പണി നിന്നെ എല്പ്പിക്കും.”

2016/10/09

“അറുതെന്നറിയാം, എങ്കിലും ചോദിക്കട്ടെ, ദ്രോണാചാര്യനുമായി എങ്ങനെ ആയിരുന്നു നിങ്ങളുടെ സവിശേഷ ഗുരു ശിഷ്യപാരസ്പര്യം”, കൊട്ടാരം ലേഖിക ഭീമനെ സമീപിച്ചു.

“കുന്തിയുമൊത്ത് ഹസ്തിനപുരിയിൽ അഭയാർഥികളായി ഞങ്ങൾ വരുമ്പോൾ കൗരവർ ആധിപത്യം സ്ഥാപിക്കാത്ത ഇടമില്ലായിരുന്നു. കൗരവപക്ഷം ചേർന്ന്

കൊട്ടാരസമുച്ചയത്തിൽ അരമന പോലൊരു വസതി ദ്രോണർ തട്ടിയെടുത്ത് സുഖമായി താമസിക്കുന്ന കാലം. പാണ്ഡവർ കാട്ടുമൃഗങ്ങളുടെ ചുടു ചോര ഊറ്റി കുടിക്കുമെന്നൊക്കെ കൌരവർ പൊലിപ്പിച്ചിരുന്നത് ദ്രോണർ മുഖവിലക്കെടുത്ത്, പിൽക്കാലത്ത് ഏകലവ്യനോടെന്ന പോലെ, ഞങ്ങളുടെ തള്ളവിരലും മുറിച്ചു മേടിക്കുമെന്നായപ്പോൾ, രണ്ടും കല്പ്പിച്ചു ദ്രോണന്റെ ചെവിയിൽ യുധിഷ്ഠിരന്റെ ജനനരഹസ്യം ഞാൻ ഒരുനാൾ പറഞ്ഞു. കാലന്റെ സന്തതിയാണെന്നറിഞ്ഞപ്പോൾ കാണണമായിരുന്നു ആ ബ്രാഹ്മണന്റെ മുഖം. പെട്ടെന്ന് കഥ മാറി. കണ്ടാൽ പുഞ്ചിരിയും ആലിംഗനവും പാരസ്പര്യവുമായി", ഭീമൻ ഒരു കൊച്ചു കുട്ടിയുടെ തിമിർപ്പിൽ ആയിരുന്നു.

2016/10/10

"ഭീഷ്മരുടെ നേതൃത്വത്തിൽ സൈന്യം നയിച്ച് വിരാട ഗോസമ്പത്ത് തട്ടിയെടുക്കാൻ മാത്രം കടുത്ത പാൽക്ഷാമം ഹസ്തിനപുരിയിൽ ഉണ്ടോ?", കൊട്ടാരം ലേഖിക ചിന്താക്കുഴപ്പത്തിലായി.

"യുദ്ധമല്ലേ വരുന്നത്? ഉന്നം തെറ്റാതെ കുന്തം എറിയേണ്ട കൗരവപോരാളികൾ കഴിക്കേണ്ടത് വെള്ളം ചേർത്ത പശുവിൻ പാലോ അതോ, അതോ കനലിൽ പൊരിച്ച മാട്ടിറച്ചിയോ?", മൃഗമാംസത്തിനു വേണ്ടിയുള്ള ഈ ധർമയുദ്ധത്തിൽ തോൽവിസാധ്യത അറിഞ്ഞിട്ടും, ഭീഷ്മർ ആക്രമണത്തിന്റെ പോഷകാഹാര ലക്ഷ്യം സജീവമായി നിലനിർത്തി എന്നത് എന്തോ മഹത്തായ സൂചന തരുന്നില്ലേ", കൗരവവക്താവ് ദൂരെ ദൂരെ തെക്കൻ ദിശയിൽ കിടന്ന വിരാടത്തിലേക്കു ചൂണ്ടുവിരൽ പായിച്ചു.

"ചൂതാട്ടത്തിൽ തോറ്റ പാണ്ഡവരുടെ പണയവസ്തുവായും കൗരവഅടിമയായും നിങ്ങൾ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി പദവിയിൽ നിന്ന് പരിണമിച്ചത് ഒരൊറ്റ സന്ധ്യയിലായിരുന്നു. അറ്റ കയ്യിനു നിങ്ങൾ ആത്മഹത്യ ആലോചിച്ചുവോ?", കൊട്ടാരം ലേഖിക ചോദിച്ചു. അജ്ഞാത വാസത്തിനു രഹസ്യമായി തയ്യാറെടുക്കുകയായിരുന്ന പാണ്ഡവർ.

"അതിനുമുമ്പ് പ്രത്യാശയോടെ ചെയ്യേണ്ട ചില നരഹത്യകൾ ബാക്കിയുണ്ട്", വിരാട റാണിയുടെ തോഴിയായി അഭിനയിക്കാൻ വേഷമണിഞ്ഞ പാഞ്ചാലി പറഞ്ഞു.

2016/10/11

"ചൂത് കളിയുടെ പിന്നിലെ ചതിയറിയാതെ, തോറ്റു അടിമകളായ പാണ്ഡവരെ വഴി നീളെ പഴി പറയാൻ ഔദ്യോഗികഭാര്യ പാഞ്ചാലിക്ക് അവകാശമില്ലെന്നോ? അഭിമാനിയായ ഏതു വനിതയും വിറളി പിടിക്കില്ലേ പണയവസ്തുവാക്കി ഭർത്താൻക്കന്മാർ കളിച്ചു ഉടുതുണി ഊരിക്കൊടുക്കേണ്ടിവന്നാൽ?", കൊട്ടാരം ലേഖികയുടെ ശബ്ദത്തിൽ ധാർമികരോഷം തിളച്ചു. വനാശ്രമത്തിലെ ഏകാന്തതയിൽ നകുലൻ മാത്രം.

"കൗരവരുടെ കുൽസിതക്ഷണം കിട്ടിയപ്പോൾ തന്നെ ഞങ്ങൾ കരുതലോടെയായിരുന്നില്ലേ പ്രതികരിച്ചത്?, എന്നാൽ അന്തഃപുരത്തിൽ പാഞ്ചാലിയെങ്ങനെ

ആ നിർദേശം ഞങ്ങളിൽ അടിച്ചേൽപ്പിച്ചു എന്നൊക്കെ തുറന്നു പറയാൻ ദാമ്പത്യ വിശ്വസ്തതക്ക് മൂല്യം കൊടുക്കുന്ന ഞാൻ ആളല്ല. ഇന്ദ്രപ്രസ്ഥം ചക്രവർത്തി പദവി വഹിക്കുന്ന പാണ്ഡവർ, സാമന്തപദവിയുള്ള കുരുവംശത്തിന്റെ ഹസ്തിനപുരി രാജധാനിയിൽ പോയി ചൂതാടുന്നതിലെ നടപടിക്രമ അനൗചിത്യം നിങ്ങൾ പത്രപ്രവർത്തകർക്കും ബോധ്യമാവില്ലേ. കളിക്കനുകൂലമായി, എന്നാൽ ഭാഷാപരമായ അവ്യക്തതയോടെ, പാഞ്ചാലി ഇടപെട്ടു എന്നതൊരു നിർണായക വസ്തുത മാത്രം. അതംഗീകരിച്ചു ഞങ്ങൾ ഹസ്തിനപുരിയിൽ പോയി കളിച്ചു എന്നതും പൊതുമണ്ഡലത്തിൽ സ്വീകരിക്കപ്പെട്ട വാർത്ത. പ്രതിരോധിക്കാനാവാതെ പാഞ്ചാലിയുടെ ദുഷ്പ്രേരണക്കു വഴങ്ങിയതിനു വില കൊടുക്കേണ്ടി വന്നതിന്റെ വലിവിൽ നകുലൻ തേങ്ങി.

"പരേതപിതാവിന് കുരുവംശ കുടുംബത്തിലുള്ള ഓഹരി തരാതെ നിങ്ങളെ ദശാബ്ദങ്ങളായി കുരങ്ങു കളിപ്പിക്കുന്ന കൗരവരോട് പരസ്പരവിരുദ്ധമായ വൈകാരിക നിലപാടു പ്രദർശിപ്പിക്കുന്ന പാഞ്ചാലി നിങ്ങൾക്കൊരു ഭീഷണിയായോ?" കൊട്ടാരം ലേഖിക ചോദിച്ചു. വിഴുപ്പുതുണികൾ നനച്ചു പാറക്കല്ലിൽ അടിച്ചു അഴുക്കു നീക്കുകയായിരുന്നു താഴ്വരയിലെ ജലാശയത്തിൽ പാണ്ഡവർ.

"ഞങ്ങളുടെ ചങ്കു കീറുന്ന ദാമ്പത്യ അവിശ്വസ്തതയാണവൾ കാണിക്കുന്നതെങ്കിലും കടിച്ചു പിടിച്ചു നിയന്ത്രിക്കട്ടെ കെട്ടു പൊട്ടിച്ചാടാൻ വെമ്പുന്ന നാവ്."

"ശന്തനു മുതൽ വാനപ്രസ്ഥം വരെ മഹാഭാരതകഥയാകെ, ഗുരുമുഖത്ത് നിന്ന് കേട്ട്, ഹസ്തിനപുരി സിംഹാസനത്തിലേക്ക് കുതിക്കുന്ന താങ്കൾക്കിപ്പോൾ, ഭരണനിർവഹണത്തിന് ഒരുത്തമ മാതൃകയായി പഞ്ചപാണ്ഡവരിൽ ആരെയാണ് പെട്ടെന്നോർമ്മിക്കാനാവുക?" കൊട്ടാരം ലേഖിക ചോദിച്ചു.

"പ്രകൃതിദത്തമായ ആ കോമള മുഖംമൂടി, ഗാന്ധാരിയുടെ കൃത്രിമ കൺകെട്ട് പോലെ, ജീവിതം മുഴുവൻ അഴിക്കാതെ, പരസ്യജീവിതം നയിച്ച യുധിഷ്ഠിരൻ തന്നെയാണെന്റെ മാതൃകാ പുരുഷൻ", കൊട്ടാര ഉപചാപങ്ങൾക്കൊരു കൗരവ ശത്രുനിരയില്ലാതെയും, വെറുതെ പരിഭ്രമത്തോടെ കാൽ മുന്നോട്ടു വച്ച് പുതിയ കുരുവംശാധിപൻ ജനമേജയൻ നോട്ടം തെറ്റിച്ചു പറഞ്ഞു.

2016/10/12

"നിരായുധനായിരുന്നിട്ടും പരുക്കേൽക്കാതെ കുരുക്ഷേത്രയിൽ നിന്ന് രക്ഷപ്പെട്ടല്ലോ", കൊട്ടാരം ലേഖിക ചോദിച്ചു.

"നയതന്ത്രവും ആയുധമാണെന്നു തക്ഷശിലയിൽ പഠിപ്പിച്ചത് ഇത്രവേഗം മറന്നോ", ദ്വാരകയിലേക്കു മടങ്ങുകയായിരുന്ന പാർത്ഥസാരഥി കൊട്ടാരം ലേഖികക്കും വിട പറഞ്ഞു.

"വരാനിരിക്കുന്ന ദുരന്തത്തെ കുറിച്ച് എന്തെങ്കിലും പ്രവചനസ്വഭാവമുള്ള വാക്ക് അവസാനദിനത്തിൽ അഭിമന്യുവിൽ നിന്നുണ്ടായോ?", കുരുക്ഷേത്ര സൈനികപാളയത്തിൽ ഉത്തരയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"വിധവയായാൽ, ജൈവികദാഹശമനത്തിന് സഹനത്തിന്റെ വഴിയിൽ പോകാതെ പുതിയ ഇണയെ തേടാൻ കുന്തിയെ പുതു തലമുറസ്ത്രീകൾ മാതൃകയാക്കണം. അങ്ങനെ അമംഗളകരമായ എന്തോ പറഞ്ഞുകൊണ്ടായിരുന്നു അഭിമന്യു,

യുധിഷ്ഠിരന്റെ ദുഷ്പ്രേരണക്കു ഇരയായി, കൗരവരുടെ ചക്രവ്യൂഹത്തിൽ വീണ്ട അരഞ്ഞു തകർന്നത്", യുദ്ധാവസാനം അശ്വത്ഥാമാവിന്റെ ഒളി ആക്രമണത്തിലും ഗർഭസ്ഥശിശു കൊല്ലപ്പെടാതെ രക്ഷപ്പെട്ടതിൽ ആഹ്ലാദവതിയായിരുന്ന ആ വിരാട രാജപുത്രി.

"കൗരവരോട് നിങ്ങൾക്കെന്തോ നീരസമുണ്ടെന്നു തോന്നും കുരുവംശം ഭാഗം വക്കുന്നതിനെ കുറിച്ച് 'ഹസ്തിനപുരി പത്രിക' വാർത്ത കണ്ടാൽ", പ്രതിരോധ മന്ത്രാലയത്തിൽ വച്ച് ഒരഭിമുഖത്തിൽ കൊട്ടാരം ലേഖികയോട് ദുര്യോധനൻ.

"സൂചികുത്താൻ ഇടം എന്ന ആ കുപ്രസിദ്ധ പദപ്രയോഗം നടത്തിയത് ഞാനല്ല, വിലപേശലിനു വന്ന പാണ്ഡവ ദൂതനാണ്. നിർദേശങ്ങൾ വയ്ക്കുന്ന കൂട്ടത്തിൽ, ഒരിളമുറകൗരവൻ നിഷ്കളങ്കതയോടെ ചോദിച്ചു, തർക്കവ്യക്തി പാഞ്ചാലിക്കെന്തു കൊണ്ട് പ്രശ്നപരിഹാരത്തിനായി ജലസമാധി സ്വീകരിച്ചു കൂടാ? കൗരവർക്കു ചേരാത്ത വിധം സ്ത്രീവിരുദ്ധമാണ് ഈ കാഴ്ചപ്പാട് എന്ന് ഞാൻ അവനെ സ്നേഹപൂർവ്വം ശാസിക്കും മുമ്പ് തന്നെ ചാടിയെണീറ്റ പാണ്ഡവ ദൂതൻ, വിരൽ ഞങ്ങൾക്കു നേരെ ചൂണ്ടി രോഷത്തിൽ പാഞ്ചാലിയെ പ്രതിരോധിക്കുന്നത് അതിരുവിട്ടപ്പോൾ ഞാൻ തടഞ്ഞു. തടഞ്ഞതിൽ കയറിപ്പിടിച്ച് പ്രകോപനപരമായി മായിക പ്രദർശനത്തിനു ദൂതൻ മുതിർന്നു. വിശ്വരൂപമൊക്കെ ഗോകുലത്തിൽ മതി, ഹസ്തിനപുരിയിൽ വേണ്ട എന്ന് പുഞ്ചിരിയോടെ പറഞ്ഞപ്പോൾ, നയതന്ത്രവിദഗ്ദനു ചേരാത്ത പരുക്കൻ ഭാഷയിൽ "സൂചി കുത്താൻ ഇടം" എന്ന കുത്സിത പദപ്രയോഗവുമായി യാത്ര പറയാതെ പടിയിറങ്ങി. എനിക്കൽപ്പം തിരക്കുണ്ട്, ആക്രമണത്തിന് വരുന്ന പാണ്ഡവരെ നേരിടാൻ കുരുക്ഷേത്രം യുദ്ധസജ്ജമാക്കണം, അവിടെ കുത്തേണ്ടത് സൂചി മാത്രമല്ല കുന്തവും കൂടിയാണ്. കൂടെ പോരുന്നോ?"

"ദിവ്യായുധം കൊണ്ടല്ല മൂല്യാധിഷ്ഠിത നിലപാടുകൊണ്ടാണ് രക്തച്ചൊരിച്ചിലിനിടയിലും സ്വത്തുതർക്കം തീർത്തതെന്നു യുധിഷ്ഠിരൻ ഇന്ന് പൊതുയോഗത്തിൽ പറഞ്ഞത് താങ്കളുടെ ശ്രദ്ധയിൽ പെട്ടില്ലേ" കൊട്ടാരം ലേഖിക, സിംഹാസനത്തിൽ ഇരുന്ന ധൃതരാഷ്ട്രരോട് ചോദിച്ചു.

"കുരുക്ഷേത്രയിൽ നിന്ന് ഓടിക്കിതച്ചുവന്നു എന്നോട് യുധിഷ്ഠിരൻ ചെങ്കോൽ ചോദിച്ചു. ധൃതി വേണ്ട, നൂറ്റാണ്ടുകളായി കുരുവംശം പാലിക്കുന്ന രാജകീയ നടപടിക്രമം അനുസരിച്ചു ചെയ്യാം എന്ന് ഞാൻ ആശ്വസിപ്പിച്ചപ്പോൾ അയാളുടെ മുഖഭാവം കണ്ടില്ലെങ്കിലും അയാളുടെ മുരളിൽ നിന്ന് മൂല്യാധിഷ്ഠിത നിലപാടെന്തെന്നു മനസ്സിലായി."

"അത്യുന്നത പദവികളൊക്കെ അനുജന്മാർക്ക് വീതിച്ചു അല്ലേ? പ്രബുദ്ധ ഹസ്തിനപുരിയിൽ അപ്പോൾ പ്രജകൾക്ക് അവസരമില്ല" കൊട്ടാരം ലേഖിക യുധിഷ്ഠിരനെ ചോദ്യം ചെയ്തു.

"പ്രതിരോധ മന്ത്രാലയം ഭീമന് തന്നെ കൊടുക്കേണ്ടേ? ആഭ്യന്തര സുരക്ഷാ അർജ്ജുനനും, ചാരവകുപ്പ് നകുലനും വേണ്ടേ കൊടുക്കാൻ, വരാനിരിക്കുന്ന കലിയുഗത്തിൽ രാജഭരണത്തിന്റെ ഭാവിയെന്ത് എന്നു പഠിക്കാൻ പ്രവചനസിദ്ധിയുള്ള സഹദേവൻ വേണ്ടേ. ലിംഗനീതി മന്ത്രാലയം എന്നുച്ചരിക്കുമ്പോൾ നാവിൽ വരുന്ന പേര് പാഞ്ചാലിയല്ലേ, സ്ത്രീകൾക്ക് നേരെയുള്ള ഗാർഹിക പീഢനത്തിനു വിചാരണാധികാരമുള്ള മന്ത്രി പദവി കുന്തിക്കും. ഇതിൽ പിന്നെ ഏതാണ് നിങ്ങൾ

പറയുന്ന സാധാരണ പ്രജക്ക് കൊടുക്കാനാവുക", ആൾക്ഷാമം കാരണം മഹാരാജാവ് യുധിഷ്ഠിരൻ ആജ്ഞാപിക്കാനും അനുസരിക്കാനും ഉള്ള ഇരട്ടജോലിയിൽ ആയിരുന്നു പകൽ മുഴുവൻ.

2016/10/13

"ഇന്നലെവരെ ചാർവാകൻ കൗരവർക്കും പാണ്ഡവർക്കും നല്ലപിള്ളയായിരുന്നു. ഹസ്ഥിനപുരിക്കും വേണം ജനാധിപത്യ ഭരണകൂടം എന്ന് പൊതുസമ്മേളനങ്ങൾ നഗരത്തിൽ ശക്തമാക്കാൻ ഇറങ്ങിയപ്പോൾ കൊള്ളാത്തവനായി., താളത്തിനൊത്ത് തുള്ളാൻ ചാർവാകനെ കിട്ടില്ലെന്നുറപ്പായപ്പോൾ, കള്ളനും കൊലപാതകിയുമാക്കാനായി നവഭരണകൂടശ്രമം. ചോര വീഴാതെ ഇന്നല്ലെങ്കിൽ നാളെ രാജവാഴ്ച അവസാനിപ്പിക്കും, യുക്തിബോധം ജനങ്ങളിൽ വളർത്തും, 'വെള്ളം കോരികളും വിറകു വെട്ടികളും' രാജസഭയിൽ ചെങ്കോൽ പിടിക്കും", വിശന്നു വലഞ്ഞു ശ്വാസം മുട്ടുന്നതിനിടെ ചാർവാകൻ വിക്കി വിക്കി പറഞ്ഞു തീരും മുമ്പ് നകുലന്റെ കയർകുരുക്ക് അയാളുടെ അരക്കെട്ടിൽ കൃത്യമായി വീണു, പൊടി പൊങ്ങുന്ന ചൂടിൽ പൊതു നിരത്തിലൂടെ ദരിദ്ര ബ്രാഹ്മണ യുക്തിവാദിയേയും വലിച്ചു പാണ്ഡവ ചാരവകുപ്പു മേധാവി നീങ്ങുന്നത് ഞാൻ നോക്കി നിൽക്കുന്നു.

"ഇതെന്താ ശരീരമാലിന്യങ്ങളുടെ കാഴ്ചപ്പെട്ടിയോ?" പല്ല് നഖം മുടി പഴംതുണി ഇവയൊക്കെ വെള്ളിപ്പാത്രങ്ങളിൽ പ്രദർശനത്തിന് വച്ച പുതു മന്ദിരത്തിനു മുമ്പിൽ കൊട്ടാരം ലേഖിക പകച്ചു.

"ലോകാവസാനം വരെ ജീർണിക്കുമോ ഈ മുടിയും പല്ലും നഖവും? ആണ്ടുബലി പോലെ പരിപാവനമായ ഈ ഭൗതികാവശിഷ്ട പ്രദർശനം കുരുവംശത്തിന്റെ ജ്വലിക്കുന്ന പൈതൃക സ്മരണയല്ലേ? വൈകാരിക ഉള്ളടക്കമുള്ള ഈ തിരുശേഷിപ്പുകൾ ഹസ്തിനപുരിയുടെ അഖണ്ഡതക്കായി വീരമൃത്യു വരിച്ച കൗരവ സഹോദരന്മാരുടേതാണെന്നു നിങ്ങൾ പത്രപ്രവർത്തകർ ഒരു നിമിഷം പോലും വിസ്മരിച്ചു കൂടാ. ദൈവനിന്ദയിൽ കുറയാത്ത അപരാധമായി യുധിഷ്ഠിരഭരണകൂടം അത്തരം ആലോചനയില്ലാത്ത പരാമർശങ്ങളെ നേരിടും", കൊട്ടാരം ലേഖികയുടെ ധിക്കാരത്തിനു മുമ്പിൽ കിതക്കുകയായിരുന്നു സ്മരണികയുടെ ചുമതല വഹിക്കുന്ന അർജ്ജുനൻ.

"കൗരവരുടെ സമ്പൂർണവംശനാശം തന്നെ വേണ്ടി വന്നു അല്ലേ, കുടുംബസ്വത്തിൽ ഓഹരി നേടാൻ?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

"ഏതു വിശുദ്ധനും ഒരു കളങ്കിതഭൂതകാലം ഉള്ള പോലെ ഏതു പാപിക്കും വേണ്ടേ പ്രതീക്ഷാനിർഭരമായ ഭാവി? നിങ്ങൾ വാക്കുകൾ കൃത്യമായി ഉപയോഗിക്കുന്ന പത്ര പ്രവർത്തകയായതു കൊണ്ട് ചോദ്യം സൂചിപ്പിക്കുന്ന തെറ്റിദ്ധാരണ നീക്കട്ടെ. കൃത്യമായി പറഞ്ഞാൽ, പോരാടിയ പുരുഷകൗരവർ മാത്രമേ ജീവൻ ത്യജിക്കേണ്ടി വന്നുള്ളൂ. അവരുടെ വമ്പിച്ചൊരു കുടുംബം ഇന്നും കഴിയുന്നത് പാണ്ഡവരുടെ ചെലവിലാണ്."

"സഹോദരിമാർക്കൊപ്പം പുറത്തു പോവാതെ വീട്ടിൽ അടച്ചിരിക്കുന്നതെന്തു കൊണ്ടാണ്?" ദുര്യോധനൻ മകളെ വിസ്തരിച്ചു.

"ആൾക്കൂട്ടത്തിൽ അലയാൻ ഇഷ്ടപ്പെട്ടിരുന്ന ഞാനിന്നു അകമ്പടിയിലും പുറത്തിറങ്ങാൻ പേടിക്കുന്നു. മുഖം മറച്ച ഒരു തടിച്ച കുറുകിയ ആൾ പെട്ടെന്ന് മുമ്പിൽ ചാടിയിറങ്ങും. ഒച്ചവെച്ച് കയ്യിൽ തടഞ്ഞ ആഭരണങ്ങളുമായി മുങ്ങും."

"അപ്പോൾ അരക്കില്ലത്തിൽ കണ്ട കരിഞ്ഞ ആറു ജഡങ്ങളിൽ ഇവൻ പെടില്ലേ?", കൗരവ പ്രതിയോഗി ആലോചനയിൽ വീണു.

"ധൃതരാഷ്ട്രർ നിങ്ങളെ ചുട്ടു കൊല്ലാൻ പദ്ധതിയിട്ടു എന്നോ?", അർജ്ജുന പരിണയത്തോടനുബന്ധിച്ചുള്ള സായാഹ്നവിരുന്നിൽ വധൂവരന്മാരെ അനുഗ്രഹിക്കാൻ എത്തിയ പാഞ്ചാല രാജാവ് യുധിഷ്ഠിരനോട് സാന്ദർഭികമായി ചോദിച്ചു.

"അന്നം ചോദിച്ചു വന്ന ആറംഗ ആദിവാസികുടുംബത്തെ ഭക്ഷണത്തോടൊപ്പം ലഹരി ചേർത്ത മദ്യം കുടിപ്പിച്ചു പകരക്കാരായി അരക്കില്ലത്തിൽ ഉറക്കി, രഹസ്യ വഴിയിലൂടെ അതിവേഗം നുഴഞ്ഞു പോയതു കൊണ്ട് ഞങ്ങൾ തീയിൽ നിന്ന് രക്ഷപ്പെട്ടു", ഭീമൻ നിഷ്കളങ്കമായ ഉന്മാദത്തോടെ ആ ഭീതിത അനുഭവം വിവരിച്ചു.

"പിതൃസഹോദരനാൽ ഇത്രയും വെറുക്കപ്പെടുന്ന ഒരു നികൃഷ്ട കുടുംബത്തിലേക്കാണോ എന്റെ പൊന്നുമകളെ ഞാൻ വധുവായി അയക്കുന്നത്" പാഞ്ചാലരാജ്ഞി വിതുമ്പി.

2016/10/14

"എന്തു കണ്ടിട്ടാണ് നിങ്ങൾ കുന്തിയെ അന്തഃപുരം ദാസിയായി നിയമിച്ചത്, അവരുടെ വിവാഹേതര രതിയനുഭവങ്ങളുടെ പ്രത്യക്ഷങ്ങളല്ലേ പാണ്ഡവർ? അന്ധനെങ്കിലും അച്ഛൻ ഇന്നും പിടിച്ചാൽ പിടി കിട്ടാത്ത മദയാനയാണെന്നു മറന്നോ?" ദുര്യോധനൻ ഗാന്ധാരിയെ പഴി പറഞ്ഞു. കുടിയേറ്റഭൂമിയിലേക്കു ഭാഗ്യാന്വേഷകരായി തിരിച്ച പാണ്ഡവരെ പിന്തുടരാൻ മടിച്ച കുന്തിയുടെ പുതിയ ലാവണം ധൃതരാഷ്ട്ര കൊട്ടാരത്തിൽ ഗാന്ധാരിയുടെ വ്യക്തിഗത പരിചരണമായിരുന്നു.

"എന്റെ കാഴ്ചക്കും കണ്ണിനും ഇടയിൽ ഈ കീറത്തുണി മാത്രമല്ലേ തടസ്സം ഉള്ളൂ" ഗാന്ധാരി മയമില്ലാത്ത സ്വരത്തിൽ കാഴ്ചയുടെ പ്രതിബന്ധമകറ്റി മകനെ തീഷ്ണമായി നോക്കി.

"വസ്ത്രാക്ഷേപത്തിനു തയ്യാറെടുക്കയായിരുന്ന കൌരവർക്കു നേരെ രാജസഭയിൽ അലറുകയും കയ്യോങ്ങുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കയും ചെയ്ത ഭീമനെ അവസാനം കർണൻ നിശബ്ദമായി തളച്ചു. നാഗവിഷം പുരട്ടിയ കർണ്ണനഖം നഗ്നതുടയിൽ കുത്തി ഭീമനെ മോഹാലസ്യപ്പെടുത്തി എന്ന നകുലന്റെ ആരോപണം അർഹിക്കുന്ന അവജ്ഞയോടെ തള്ളുന്നു എന്ന് ചക്രവർത്തി ധൃതരാഷ്ട്രർ പറഞ്ഞതോടെ പാണ്ഡവർ അഞ്ചു പേരുടെയും വായിൽ ദുര്യോധന സഹായികൾ പഴംതുണി തിരുകി, കൈകൾ പിന്നിൽ വലിച്ചു കെട്ടി, നിലത്ത് കുന്തിച്ചിരിക്കാൻ ശിരസ്സിൽ കൈ അമർത്തി ആജ്ഞാപിച്ചു. വസ്ത്രാക്ഷേപം പിന്നെ സുഗമമായി തുടർന്നു."

"ഇതാണോ ഇന്നത്തെ വാർത്ത? ഇതിൽ പ്രതിരോധത്തിന്റെ ഭാഷ എവിടെ? ഇതിൽ കാണുന്നത് ലൈംഗികാതിക്രമത്തിനുള്ള പരസ്യ പ്രോൽസാഹനമല്ലേ? ' ഹസ്തിനപുരി പത്രിക മേധാവി പ്രതിഷേധത്തോടെ കൊട്ടാരം ലേഖികയോട് ചോദിച്ചു.

“ഒരു ചൂതാട്ടം കൊണ്ട് അധികാര സമവാക്യം പൂർണമായി മാറിയാൽ പിന്നെ കൊട്ടാരം ലേഖികയുടെ മനോഭാവം മാറണ്ടേ?”

“ഇതെന്താണ് യുധിഷ്ഠിരന്റെ ശിരസ്സിൽ?”, കാട്ടുമുക്കിലെ കുടിലിൽ എത്തിയ ഉടൻ പാഞ്ചാലിയെ കൊട്ടാരം ലേഖിക നേരിട്ടു.

“ഒരിക്കൽ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായിരുന്ന യുധിഷ്ഠിരന്റെ രാജശിരസ്സ് നഗ്നമായിക്കൂട എന്ന് ദുര്യോധനൻ ഇന്നലെ രേഖാമൂലം അറിയിച്ചപ്പോൾ ഞങ്ങൾ മുളങ്കാട്ടിൽ കയറി ഉടനടി തട്ടിക്കൂട്ടി ഒരുക്കിയ മുൾക്കിരീടം”, പാഞ്ചാലിയും മറ്റു നാലു ഭർത്താക്കന്മാരും കൊട്ടാരം ലേഖികയുടെ കണ്ണുകളിലേക്ക് തുറിച്ചു നോക്കി.

“ഈ പന്ത്രണ്ടു വർഷം വനവാസം നിങ്ങളിൽ വരുത്തിയ തിരിച്ചറിവെന്താണ്?” കൊട്ടാരം ലേഖിക ചോദിച്ചു. മഴക്കാലം മാറി പ്രസന്നമായ വെയിൽ വീഴുന്ന ഹരിത താഴ്വര.

“ഞങ്ങൾ എന്താണോ അതാവാൻ ഈയിടം ഞങ്ങളെ അനുവദിക്കുന്നില്ല. നിങ്ങളുടെ അസാന്നിധ്യത്തിൽ ഇവിടെ ഞങ്ങൾ പരസ്പരം പറയുന്നതും ചെയ്യുന്നതും ഒന്നും ഞങ്ങളല്ല എന്ന് തോന്നും. ആകാശചാരികളുടെ മക്കളാണെന്നോ ഭൂമിയിൽ സമാധാനം സ്ഥാപിക്കാൻ വിണ്ണിൽ നിന്ന് ഞങ്ങൾക്കൊരു ജന്മനിയോഗമുണ്ടെന്നോ ആരെങ്കിലും പ്രവചിച്ചാൽ ഞങ്ങൾ അന്ധാളിക്കും”, സഹദേവൻ, ആ ഇളമുറ പാണ്ഡവൻ, മുഖം പൊത്തി.

2016/10/15

“വെയിലും മഴയും കൊണ്ട് ദിവസങ്ങളായി കിടന്ന കിടപ്പിലല്ലേ ആരാധ്യപുരുഷൻ. ശരശയ്യയിൽ നിന്ന് മോചനം ഉണ്ടാവില്ലേ? ഇടമൊന്നു ഒഴിഞ്ഞു കിട്ടി വേണം മൊത്തം പോരാട്ടഭൂമി അടിച്ചു വൃത്തിയാക്കി ഹരിതവനം നിർമിക്കാൻ എന്ന് പ്രവിശ്യാഭരണാധികാരി പറയുന്നുണ്ടല്ലോ?” കൊട്ടാരം ലേഖിക നിയുക്ത മഹാരാജാവിനോട് ചോദിച്ചു. രാഷ്ട്രമീമാംസയുടെ ബാലപാഠങ്ങൾക്കായി ഹസ്തിനപുരിയിൽ നിന്നുള്ള നീണ്ട രഥ യാത്രയിലായിരുന്നു അഭിമുഖം.

“പിതാമഹൻ, അങ്ങനെയാണദ്ദേഹം വരും യുഗത്തിലും അറിയപ്പെടേണ്ടത്. ശൗര്യസ്ഥൽ അന്ത്യവിശ്രമ ഇടം തയ്യാറാക്കുകയാണ് ഞങ്ങളിപ്പോൾ ഗംഗയുടെ തീരത്തിൽ. അത് തയ്യാറായാൽ ജീവന്റെ സാന്നിധ്യം അപ്രസക്തമാകും, ശരശയ്യയിൽ നിന്ന് ഭൗതികശരീരം, എങ്ങനെയോ അങ്ങനെ എന്ന സ്ഥിതിയിൽ, വിലാപയാത്രയായി കൊണ്ടുപോവും. യുദ്ധത്തിൽ ആരുടെ കൂടെ നിന്ന് പോരാടി എന്നല്ല, ജീവിതത്തിൽ ആരെ പിന്തുണച്ചു എന്നതല്ലേ കാര്യം.”, കുറച്ചു ദിവസങ്ങളിലെ രാഷ്ട്രമീമാംസാ പാഠങ്ങളാൽ ബൗദ്ധിക വികസനം നേടിയ പോലെ യുധിഷ്ഠിരൻ എപ്പോഴും വിദൂരതയിലേക്ക് നോട്ടമെറിഞ്ഞു.

“ആരും തിരിഞ്ഞു നോക്കാൻ ഇല്ലാതെ, വിജനവഴിയിൽ കുഴഞ്ഞു വീഴുന്ന ഈ മരണമാണോ ഒരിതിഹാസകഥാപാത്രമാവാൻ നിയോഗമുള്ള നിങ്ങൾക്ക് പ്രകൃതി തന്നത്?”, അവശയായിരുന്ന പാഞ്ചാലിയെ പിടിച്ചിരുത്തി കൊട്ടാരം ലേഖിക വായിൽ ഒരിറ്റു വെള്ളം ഒഴിച്ച് കൊടുത്തു.

“ഞാൻ തളർന്നു വീഴുമ്പോൾ തിരിഞ്ഞു നോക്കാതെ അവരഞ്ചു പേരും കാൽ മുന്നോട്ടു വച്ചതാണെന്റെ കൊച്ചു വിജയം. ആദ്യരാത്രിയിലെന്ന പോലെ, ഈ

അന്ത്യനിമിഷത്തിലും ആ പത്ത് തുറിച്ച കണ്ണുകൾ എന്റെ മുഖത്ത് വീഴുമെന്ന പേടിസ്വപ്നം അങ്ങനെ ഒഴിഞ്ഞു പോയില്ലേ", ഒരിക്കൽ കൂടി പാഞ്ചാലി ജേതാവിനെ പോലെ പുഞ്ചിരിച്ചു.

2016/10/16

"ബാലകൗരവരോട് ഉരസലുണ്ടാക്കാൻ ആദ്യം മുതൽ ശ്രമിച്ചിരുന്ന അഭയാർത്ഥി പാണ്ഡവരോടും, കുറച്ചുകാലമായി ഒളിഞ്ഞും തെളിഞ്ഞും അവരുടെ വിഘടനവാദത്തെ പിന്തുണക്കുന്ന രാജദ്രോഹികളോടും സന്ധിയില്ലെന്ന നിങ്ങൾ ഒച്ച വക്കുന്നത് ആരെ കേൾപ്പിക്കാനാണ്? രണ്ടു കൂട്ടരും ഇവിടെ ഇല്ല. പാണ്ഡവ സഖ്യകക്ഷികളായ വിരാടയിലോ പാഞ്ചാലയിലോ ദ്വാരകയിലോ പോയല്ലേ ദുര്യോധനൻ നയം വ്യക്തമാക്കേണ്ടത്?" കൊട്ടാരം ലേഖിക ഭരണകൂടത്തിന്റെ മുഖ്യവക്താവിനോട് ചോദിച്ചു. യുദ്ധമേഘങ്ങൾ മൂടിയ ആകാശത്തിന് താഴെ ശാന്തമായ പ്രഭാതം. ഊട്ടുപുര. ചൂടുള്ള ഭക്ഷണവുമായി രണ്ടുപേരും ഉത്സാഹിച്ചു.

"രാജകീയ തീൻശാലയിൽ മൂന്നു നേരം ചെന്ന് കയറി വിശിഷ്ടവിഭവങ്ങൾ വാരി വലിച്ചു അകത്താക്കി താടിയുമുഴിഞ്ഞു കൗരവരെ സംശയത്തിൽ നോക്കുന്ന ചില 'പ്രാചീനസ്വത്വങ്ങൾ' ഇവിടെയുണ്ടല്ലോ. അവരറിയാൻ. ബാക്കി പുറത്തുള്ള സഖ്യരാജ്യസൈനികരെ കൗരവർ കുരുക്ഷേത്രയിൽ മുഖം മൂടിയില്ലാതെ കാണും."

"വനവാസത്തിനു നിങ്ങളെല്ലാരും വന്നിട്ടിപ്പോൾ കൊല്ലം പത്തുപതിനൊന്നായില്ലേ. ഇന്ദ്രപ്രസ്ഥത്തിൽ നിങ്ങൾ ചക്രവർത്തിനിയായിരുന്നപ്പോൾ പാണ്ഡവർക്ക് നിങ്ങളിൽ ഉണ്ടായി എന്ന് പറയപ്പെടുന്ന ആ അഞ്ചു ആൺ കുട്ടികൾ, പാഞ്ചാലത്ത് നിന്നവരിനിയും നിങ്ങളെ കാണാൻ ഒന്നു വന്നില്ലേ?", കൊട്ടാരം ലേഖിക ചോദിച്ചു.

"വിരുന്നിനു അവരെ ഞാൻ ക്ഷണിച്ചു എന്ന് കരുതുക., വിളമ്പാനും ഇച്ചിലില കളയാനും ഊട്ടുപുര കഴുകാനും ആകെയുള്ള ഈ കിടപ്പറയിൽ അതിഥികൾക്ക് ഇടമൊരുക്കാനും ഒക്കെ ഞാൻ ഒരാൾ തന്നെ വേണ്ടേ", പുറത്ത് തണലിൽ ചമ്രം പടിഞ്ഞിരുന്നു ചൂതാട്ടക്കഥകൾ പറഞ്ഞു രസിക്കുന്ന പാണ്ഡവരെ നോക്കി പാഞ്ചാലി പറഞ്ഞു.

"എന്റെ ഏതു പരിശ്രമിയായ സഹോദരനാണ് തക്ക സമയത്ത് ഇവിടെ വന്നു തടയണ കെട്ടി വേനൽ വരൾച്ചയിൽ ഈ ജലസമൃദ്ധി നിങ്ങൾക്ക് സമ്മാനിച്ചത്?" ഒരു കുടം കുടിനീർ എടുത്ത് വായിലൊഴിച്ചു ദുര്യോധനൻ ഗ്രാമസഭയിൽ വിസ്മയിച്ചു.

"പത്തുപതിനാറു വയസ്സുള്ള, തേജസ്വിയായ ഒരു കുട്ടി ഒരിക്കൽ ഒറ്റയ്ക്ക് വന്നു സ്വന്തം പരിശ്രമത്തിൽ ഇത് പണിതു കൈകൂപ്പി സന്ധ്യയിൽ ഞങ്ങളോട് യാത്ര പറയുമ്പോൾ, ആരാണ് നീ എന്ന് വാത്സല്യത്തോടെ ഞങ്ങൾ ചോദിച്ചു. അമ്മയുടെ പേര് സുഭദ്ര എന്നു പറഞ്ഞു. ഏതെങ്കിലും കൗരവസഹോദരന് ആ പേരുള്ള രാജവധുവുണ്ടോ?" ഗ്രാമത്തലവന്റെ ഭാര്യ എഴുന്നേറ്റു നിന്ന് പ്രാർത്ഥനയുടെ സ്വരത്തിൽ പറഞ്ഞു.

"പൌരസ്വീകരണത്തിനു അരങ്ങേറ്റമൈതാനത്ത് വന്ന യുധിഷ്ഠിരന്റെ കാൽകഴുകൽ ശുശ്രൂഷ മുതിർന്ന കൗരവരാജവിധവയെ കൊണ്ട് പാണ്ഡവർ സമ്മർദ്ദം ചെലുത്തി ചെയ്യിക്കുന്നു. തുടർന്ന് കുരുക്ഷേത്രവിധവകൾ രാജധാനിക്കു മുമ്പിൽ നട

ത്തിയ പ്രതിഷേധയോഗത്തിൽ പാഞ്ചാലി പങ്കെടുക്കുന്നു. രാജഭരണം വിട്ട ജനാധിപത്യത്തിൽ കയറിയോ ഇത്ര വേഗം കുരുവംശം?", കൊട്ടാരം ലേഖിക നവരാത്രി ആഘോഷത്തിന്റെ തയ്യാറെടുപ്പിൽ തിരക്കിലായിരുന്ന ഭരണകൂട ഔദ്യോഗിക വക്താവിനെ കണ്ടെത്തി.

"കണ്ട മടുത്ത കുടുംബ വാഴ്ചക്ക് പകരം ജനാധിപത്യം ഞങ്ങൾ പുനഃസ്ഥാപിച്ചു എന്ന് ഇനിയെങ്കിലും ഹസ്തിനപുരി പത്രിക അംഗീകരിക്കില്ലേ? ചക്രവർത്തി വേറെ ചക്രവർത്തിനി വേറെ", വക്താവ് നകുലൻ ഇരു കൈപ്പത്തികളും നാടകീയമായി വിസ്തരിച്ചുയർത്തി.

2016/10/17

"നിങ്ങളഞ്ചു പേർ ധ്യാനത്തിലും അലർച്ചയിലും ഒക്കെ മാറി മാറി കാണപ്പെടുന്നത് 'ഹസ്തിനപുരി പത്രിക'ക്ക് വാർത്തയല്ല, എന്നാൽ അഞ്ചു ഇടങ്ങളിലായി പാരസ്പര്യമില്ലാതെ ചുരുണ്ടുകൂടി, ഏറെ നേരമായി കനത്ത മൗനത്തിലാവുന്നതിൽ എന്തോ അപാകതയില്ലേ?", കൊട്ടാരം ലേഖിക നകുലനെ ഏകാന്തമായൊരിടത്ത് കണ്ടുമുട്ടിയപ്പോൾ പിടിച്ചു നിർത്തി.

"ഞങ്ങളഞ്ചുപേരും സാഹോദര്യത്തോടെ ഒരുമിച്ചിരുന്നു ഭാവിയെ കുറിച്ച് രഹസ്യസംഭാഷണം ചെയ്യുന്നത് കണ്ടാൽ പാഞ്ചാലി അസഹിഷ്ണുത പുറത്തെടുക്കും. ദുസ്സൂചന വച്ചൊരു സ്ത്രീ പീഡനാരോപണം നടത്തി സ്ഥലം വിടും. ഇന്നും അതുപോലൊന്നുണ്ടായി. ഇന്നലെ രാത്രി ഊഴം തെറ്റിച്ചു ഞങ്ങളിലൊരാൾ അവളെ ബലം പ്രയോഗിച്ചു കീഴ്പ്പെടുത്തിയിരിക്കുന്നു. എന്നാൽ അതാരെന്നവൾ വ്യക്തമാക്കുകയുമില്ല. സംശയമുന അഞ്ചുപേരിലേക്കും നീളുമ്പോൾ കൃത്യം ചെയ്തവൻ മനഃസ്സാക്ഷിയുടെ കുത്തേറ്റു, ചെയ്ത പാപം ഏറ്റുപറയും വരെ ഞങ്ങളഞ്ചു പേരും ഞങ്ങൾക്കിടയിൽ തന്നെ രഹസ്യനോട്ടപ്പുള്ളികൾ."

"കാട്ടിൽ, അടച്ചുറപ്പില്ലാത്ത ഈ ഒറ്റമുറി കുടിലിൽ കഴിയുന്ന പെണ്ണിനെ, വന്യമൃഗങ്ങളിൽ നിന്ന് രക്ഷിക്കാൻ നിങ്ങൾ അരോഗദൃഢഗാത്രർക്കാവുന്നില്ലല്ലോ", എപ്പോൾ വരുമ്പോഴും കൊടുമുടിയിൽ തപസ്സിലാണ് എന്ന് കേൾക്കാറുള്ള അർജ്ജുനൻ ഇന്ന് മുമ്പിൽ വന്നു പെട്ട ആഹ്ലാദത്തിൽ കൊട്ടാരം ലേഖിക ആശംസിച്ചു കൈ മുത്തി.

"പരാതിയുടെ പതിവ് ഊന്നൽ പാണ്ഡവരിൽ നിന്ന് കാട്ടുമൃഗശല്യത്തിലേക്കു പാഞ്ചാലി മാറ്റി അല്ലെ? രണ്ടു കണ്ണും തുറന്നു എല്ലാം ശ്രദ്ധിക്കുന്ന കൊട്ടാരം ലേഖികയോട്ട് പാഞ്ചാലി ഈ വിധം പെരുപ്പിച്ചു പറഞ്ഞാൽ, കേട്ട പാതി ഇരട്ടിയാക്കുന്ന 'ഹസ്തിനപുരി പത്രിക' എങ്ങനെയാവും പാണ്ഡവ പ്രതിസന്ധി പറഞ്ഞൊപ്പിക്കുക", പുതുതായി കിട്ടിയ ദിവ്യാസ്ത്രം പരീക്ഷിക്കുകയായിരുന്ന പാർത്ഥൻ പുഞ്ചിരിച്ചു.

"ഒരാരാധകനെ പോലെ പാഞ്ചാലിയെ അകന്നു നിന്ന് നോക്കിയാൽ കാണാവുന്ന ആകർഷകത്വം ഒന്ന് വായനക്കാരുമായി പങ്കിടാമോ?", കൊട്ടാരം ലേഖിക അർജ്ജുനനെ പ്രലോഭിപ്പിച്ചു.

"അകന്നു നിന്ന് മാത്രമല്ല, തൊട്ടടുത്തുനിന്നും ഒരാരാധകൻ എന്ന പദവി മാത്രമേ എനിക്കവൾ തന്നിട്ടുള്ളൂ."

"സാമന്ത ഹസ്തിനപുരിയിൽ പോയി ചൂത് കളിക്കുന്നത് ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ രാജസൂയ പദവിക്ക് യോജിച്ചതല്ലായിരുന്നു എന്ന തിരിച്ചറിവ് പിൽക്കാലത്ത് യുധിഷ്ഠിരനുണ്ടായിരുന്നോ?" കൊട്ടാരം ലേഖിക ഇളമുറ പാണ്ഡവൻ നകുലനോട് ചോദിച്ചു.

"ഒരിക്കൽ ഞാൻ സാന്ദർഭികമായി പരാമർശിച്ചു, ഇല്ല, ചുണ്ടൊന്നു തുറന്നപ്പോഴേക്കും ധാർമികതയുടെ ആ മൊത്തക്കച്ചവടക്കാരൻ തലച്ചുമട് എന്റെ മുതുകിൽ ഇറക്കി. സന്ദർശനം ഒരു സൗജന്യമായിരുന്നു. ആ ഉദാരത ജനം പ്രകീർത്തിച്ചു. കളിയിൽ പിന്നെ ജയിക്കില്ലേ തോൽക്കില്ലേ എന്നായിരുന്നു ആ ദുരഭിമാനിയുടെ വാചാല വിശദീകരണം."

"അയൽപ്പക്കത്തെ സന്യസ്ഥാശ്രമങ്ങളിലെ സമർപ്പിതജീവിതങ്ങളെ നിങ്ങൾ സത്യമായും മഹത്വപ്പെടുത്താറില്ലേ?", കൊട്ടാരം ലേഖിക വിരൽ ചൂണ്ടി ശ്രദ്ധയാകർഷിച്ച യുധിഷ്ഠിരനോട് ആസക്തിയോടെ ചോദിച്ചു.

"പരിണയകാലത്തെ പഴയ കഥ ചികഞ്ഞെടുത്ത് പാഞ്ചാലി എന്നെ ഒരു ദിവസം കുടഞ്ഞപ്പോൾ ഞാൻ പതിവുപോലെ കാര്യക്ഷമമായി തലതാഴ്ത്തി മൗനം പാലിച്ചു. ഇടിവെട്ട് നീങ്ങിയപ്പോൾ പരുങ്ങിയും പതുങ്ങിയും പുറത്തേക്കിറങ്ങി. ആശ്രമാതിർത്തിയിലെ വളർന്നുയർന്ന ചെമ്പക മരത്തിനു പിന്നിൽ അതാ കോമളരൂപനായ ഒരു യുവ സന്യാസി കണ്ണടച്ച് എന്തോ സന്ദേശത്തിന്നായി ചെവിയോർക്കുന്നു. എന്നെ കണ്ടപ്പോൾ", അപ്പോൾ പൂർവാശ്രമം അങ്ങനെയാണല്ലെ?" എന്ന് പിറുപിറുത്ത് കയ്യെത്തുന്ന കൊമ്പിൽ നിന്ന് കുറച്ചു പൂക്കൾ പൊട്ടിച്ചു കടന്നു പോയതാണ്, പിന്നെ മിണ്ടാട്ടം ഉണ്ടായില്ല", യുധിഷ്ഠിരൻ മുഷിഞ്ഞ ഉടുതുണി അഴിച്ചു ആഞ്ഞു കുടഞ്ഞു വീണ്ടും കൃത്യമായി ഉടുത്തു.

2016/10/19

"പുനരധിവാസത്തിന് വിനയത്തോടെ വഴങ്ങി, രാജമന്ദിരങ്ങളിൽ നിന്ന് കുടിയൊഴിഞ്ഞു നഗരാതിർത്തിയിലെ അടിസ്ഥാന സൗകര്യമില്ലാത്ത വയോജനഗൃഹത്തിലേക്കു വെറും കയ്യോടെ താമസം മാറ്റിയ കൗരവരാജ വിധവൾക്കു നേരെ ഭരണകൂടഒത്താശയോടെ ലൈംഗികാതിക്രമം? രാജ്യത്തിന്റെ അഖണ്ഡതക്ക് വേണ്ടി വീരമൃത്യു വരിച്ച കൗരവരുടെ കുടുംബങ്ങൾക്കാണ് ഈ അരക്ഷിതാവസ്ഥ എന്നോർക്കുക. ലഹരി പദാർത്ഥം കഞ്ഞിവെള്ളത്തിൽ ചേർത്ത് മയക്കിക്കിടത്തിയാണു രതിവൈകൃതങ്ങൾക്കു വിധേയമാക്കുന്നത് എന്നാണു ഇരകളിൽ നിന്ന് നിത്യവും കേൾക്കുന്നത്. കൗരവപക്ഷത്ത് യുദ്ധം ചെയ്തു തല പോകാതെ മടങ്ങിയെത്തിയ കൃപാചാര്യൻ ഹസ്തിന പുരി പത്രികയിൽ നടത്തിയ ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകൾ ശ്രദ്ധയിൽ പെട്ടുവോ?", കൊട്ടാരം ലേഖിക യുധിഷ്ഠിരന്റെ വക്താവിനോട് കിതച്ചു ചോദിച്ചു.

"ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തൽ സംശയമില്ല. പെട്ടെന്നൊന്നും നമ്മുടെ പരിഷ്കൃത സമൂഹത്തിനു ഇതിൽ നിന്ന് രക്ഷപ്പെടാൻ ആവില്ല എന്നത് ചരിത്രപരമായ നമ്മുടെ ജ്ഞാനനിർമിതി അടയാളപ്പെടുത്തുന്നു. വെളുത്ത കൗരവരാജവിധവകൾ മാത്രമല്ല, ചൂതാട്ടത്തിൽ പണയവസ്തുവായ 'കറുത്ത സ്ത്രീ'ക്കെതിരെ ഹസ്തിനപുരിയിൽ സഭാപർവം മുതൽ തുടർന്ന് വരുന്ന ഗുരുതര ജീവിതശൈലീ രോഗ

മാണിത്. പക്ഷെ ഇതിൽ ഏകപത്നീവ്രതക്കാരായ പാണ്ഡവർക്ക് പങ്കുണ്ടെന്ന ദുസ്സൂചന അപലപനീയം", നകുലൻ താക്കീതിൽ ചൂണ്ടുവിരൽ കൃപാചാര്യന് നേരെ ഉയർത്തി.

# ഭാഗം മൂന്ന്

"ഭീഷ്മരുടെ നേതൃത്വത്തിൽ സൈന്യം നയിച്ച് വിരാടത്തിലെ നാൽക്കാലികളെ തട്ടിയെടുക്കാൻ മാത്രം കടുത്ത ഗോമാംസക്ഷാമം ഹസ്തിനപുരിയിൽ ഉണ്ടായിരുന്നോ?", കൊട്ടാരം ലേഖിക കൗരവ ഭരണകൂടത്തിന്റെ മിതഭാഷിയായി പുതുവക്താവിനോട് ചോദിച്ചു. മൂന്നാം ലിംഗ നൃത്താധ്യാപികയായ ബൃഹന്നളയുമായുള്ള പോരാട്ടത്തിൽ തോറ്റ കൗരവസൈന്യം ലക്ഷ്യംനേടാതെ ഹസ്തിനപുരി കോട്ടയിലേക്ക് തിരിച്ചുവരുന്ന സമയം.

"ഒരു യുദ്ധമല്ലേ വരുന്നത്? നിങ്ങൾ അതിനെ വിലകുറച്ചു കാണിക്കാൻ സ്വത്തുതർക്കമെന്നു പറയും ഞങ്ങൾ അതിനെ കൗരവനന്മക്കെതിരെ പാണ്ഡവതിന്മ എന്നും. ഉന്നം തെറ്റാതെ ശത്രുഹൃദയത്തിലേക്കു കുന്തം എറിയേണ്ട കൗരവ പോരാളികൾ നിത്യവും രാവിലെ കഴിക്കേണ്ടത് പാട കെട്ടിയ തണുത്ത കഞ്ഞിയോ അതോ, പൊരിച്ച മാട്ടിറച്ചിയോ?", മൃഗമാംസത്തിനു വേണ്ടിയുള്ള ഈ ധർമയുദ്ധത്തിൽ തോൽവിസാധ്യത നേരത്തെ അറിഞ്ഞിട്ടും, ഭീഷ്മർ ഈ ഐതിഹാസിക ആക്രമണത്തിന്റെ പോഷകാഹാരലക്ഷ്യം നീണ്ട യാത്രയിലുടനീളം സൈന്യത്തിൽ സജീവമായി നിലനിർത്തി എന്നത്, തീൻശാലയിൽ എന്നെന്നും മാംസഭക്ഷണം വിളമ്പാൻ മോഹിക്കുന്ന സമാധാനപ്രിയരായ മനുഷ്യവംശത്തിനു എന്തോ മഹത്തായ സൂചന തരുന്നില്ലേ?"

2017/10/11

"പെണ്ണുടലിനെ പുളകം കൊള്ളിച്ചു പരിലാളിക്കാനാവുന്നത്ര ഭംഗിയും മിനുസവും ഉള്ള ഈ കൈവിരലുകൾ കൊണ്ടാണോ നിങ്ങൾ നൂറ് കൗരവരെയും കുരുക്ഷേത്രയിൽ കൊന്നത്?" കൊട്ടാരം ലേഖിക ഭീമന്റെ കൈ വിടർത്തി.

"മസ്തിഷ്കപരിമിതിയുള്ള എന്ന അർത്ഥത്തിൽ അർജ്ജുനൻ എന്നെ മന്ദൻ എന്ന് പരാമർശിക്കുന്നത് കേൾക്കുമ്പോൾ അവൻ എന്റെ അനുജൻ അല്ലായിരുന്നെങ്കിൽ എന്ന് ഞാൻ ഈ കൈകൾ കൂട്ടിപ്പിഴിഞ്ഞു മോഹിച്ചിട്ടുണ്ട്. ദിവ്യാസ്ത്രങ്ങൾക്കായി അവൻ സാഹസയാത്രകൾ ചെയ്യുന്നതൊക്കെ കുതിരപ്പന്തികളിലും വഴിയോരഭക്ഷണശാലകളിലും വാർത്തയാവണമെന്നു മറ്റു പാണ്ഡവർ ശ്രദ്ധിക്കുമ്പോൾ ഞാൻ പല്ലു ഞെരിച്ചിട്ടുണ്ട്. പ്രകൃതി തന്ന കായികബലത്തിലാണ് ഞാൻ ആശ്രയിച്ചത്, ഇളംകാറ്റിന്റെ മകനാണെങ്കിലും കൈകൾക്കു കാരിരുമ്പിന്റെ കരുത്തുണ്ടാവണം എന്ന് പെറ്റതള്ള പ്രാർത്ഥിച്ചു. പോരാട്ടഭൂമിയിൽ എനിക്ക് നേരെ

വന്ന കുടിലകൗരവരെ ഈ കൈകൾ പ്രാകൃതമായി പെരുമാറി. ആയുധമില്ലാതെയാണ് ഒന്നുരണ്ടുപേരൊഴികെ എല്ലാവരെയും കക്ഷത്തിൽ കഴുത്തിറുക്കി ഞാൻ ശ്വാസം മുട്ടിച്ച് കൊന്നത്. അവർ കണ്ണ് തുറിച്ച് നാവ് പുറത്തിട്ട് ചാവുന്നത് കണ്ടു ഞാൻ രസിച്ചു. ചിലരുടെ കരൾ പറിച്ച് ഞാൻ രൗദ്രഭീമനായി. പ്രണയിനിയുടെ മുടിയിൽ ശത്രുചോര പുരട്ടി കൊടുത്ത ഞാൻ ആ സവിശേഷ കേശപരിചരണരീതിയാൽ വിശ്വപ്രസിദ്ധിനേടുമെന്നു വ്യാസൻ പ്രവചിച്ചപ്പോൾ ഈ പത്തുവിരലുകൾക്കു മുട്ടുകുത്തി ഞാൻ പ്രണാമം അർപ്പിച്ചു. നാളെ തുടങ്ങാനിരിക്കുന്ന വാനപ്രസ്ഥത്തിനുമുമ്പ് ഒരു മഹായുദ്ധം കൂടി തരപ്പെട്ടിരുന്നെങ്കിൽ ആയിരം പൂർണചന്ദ്രന്മാരെ കണ്ടു കഴിഞ്ഞ ഈ വാർദ്ധക്യത്തിലും കാര്യക്ഷമമായ എന്റെ വിരലുകൾ ഈ ലോകത്തിനെത്ര വിലപ്പെട്ടത് എന്നു നിങ്ങൾ പത്രപ്രവർത്തകരെ ബോധ്യപ്പെടുത്താമായിരുന്നു."

2017/10/18

"ചരിത്രകാരനെ നിങ്ങൾ പ്രതിഷേധം അറിയിച്ചു എന്നാണല്ലോ ചാർവാകപ്രചരണം?", കൊട്ടാരം ലേഖിക ചോദിച്ചു "പാവം വ്യാസൻ മെനക്കിട്ടിരുന്നു ഇതിഹാസമെഴുതിയത് മഹാറാണിക്ക് ഇഷ്ടക്കേടായോ?"

"പനയോല കരടുകെട്ടുകൾ കിട്ടിയപ്പോൾ ഞാനൊന്നോടിച്ചുനോക്കി. വസ്ത്രാക്ഷേപ കേന്ദ്രിതമായി എന്റെ സ്വതന്ത്രവ്യക്തിത്വത്തെ പാണ്ഡവരുടെ ദുരിതജീവിതാവസ്ഥയുമായി ഈ വിധം ബന്ധപ്പെടുത്തുന്നത് അസ്വീകാര്യവും അവഹേളനപരവുമാണെന്നു വ്യാസശിഷ്യന്മാരോട് ഞാൻ പറഞ്ഞു. എക്കാലവും പെണ്ണുടലിന്റെ അഴകളവുകളിൽ ആകൃഷ്ടരായിരുന്ന കൗരവർ, നിർണായകദിവസം എന്റെ വിവസ്ത്രശരീരത്തെ മുൻനിർത്തി പാണ്ഡവരെ അടിമപദവിയിലേക്കു നടപടിക്രമമനുസരിച്ചു നയിക്കുകയായിരുന്നു. അപ്പോൾ വിദുരരും ഭീഷ്മരും ലജ്ജിച്ചു തല താഴ്ത്തിയോ കഴുത്തു വെട്ടിയോ ചെവി പൊത്തിയോ എന്നതൊന്നും എന്നെ അലട്ടുന്ന ശരീരഭാഷയല്ല. എന്നോടൊരക്ഷരം മുഖത്തുനോക്കി സംസാരിക്കാൻ മെനക്കെടാതെ, വ്യാസൻ വെറുമൊരു ആണധികാര ഭാവനയിൽ പെണ്ണിനെ അനുകമ്പയുടെ കെണിയിൽ വീഴ്ത്തിയതിൽ എനിക്ക് പ്രതിഷേധമുണ്ടെന്നു ഞാൻ അല്ലാതെ ആരാണ് ഈ ലോകത്തിൽ എനിക്കുവേണ്ടി പറയാനുള്ളത്? എതിർത്തതിനു ശിക്ഷയായി നിന്റെ അന്ത്യം ഞാൻ ഏകാന്തമാക്കും എന്ന് വ്യാസൻ ഭീഷണി മുഴക്കിയത് ഞാൻ പുച്ഛത്തോടെ തള്ളുന്നു."

കൊട്ടാരം ലേഖികയുടെ പിടി വിട്ടു പാഞ്ചാലി, വരി നിന്നിരുന്ന ചാർവാകനെ കൈകൊടുത്തു സ്വീകരിച്ചു.

"എന്ത് വിശേഷം പറഞ്ഞു കുന്തി?" ഹസ്തിനപുരി മഹാരാജാവിന്റെ അതിഥിയായി വന്ന ഇന്ദ്രപ്രസ്ഥം ചക്രവർത്തിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ചൂതാട്ടത്തിനു ഞാനിവിടെ ഔദ്യോഗികമായി വന്നപ്പോൾ അമ്മയെ പോയി കണ്ടു. നല്ല നിലയിൽ ജീവിക്കുന്ന മക്കളെ കണ്ടപ്പോൾ ആഹ്ലാദിക്കുന്നതിനു പകരം പഴയ പരാതിഭാവത്തോടെ കുന്തി പരിഭവിച്ചു. അത് പിന്നെയും സഹിക്കാം. പക്ഷെ ദുഃസ്സൂചനയോടെ അമംഗളകരമായ പ്രവചനം ചെയ്തു.

"ഇന്ന് രാത്രി ചൂതാട്ട പരാജയത്തിലൂടെ നിങ്ങൾ തിരിച്ചറിയും, പെറ്റ തള്ളയെ ശത്രുപാളയത്തിൽ പണയം വച്ച് ഭാഗ്യാന്വേഷികളായി ഖാണ്ഡവപ്രസ്ഥത്തിലേക്കു പോയതിന്റെ പെരുംപിഴ." "ഇങ്ങനെയാണോ മാതാക്കൾ മിണ്ടിപ്പറയേണ്ടത്?"

"ആരുടെ ഓർമ്മക്കായാണ് മൺചെരാത് തിരികൊളുത്തി പ്രാർത്ഥിക്കുന്നത്?", യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"അഖണ്ഡതക്ക് വെല്ലുവിളിയായി വന്ന അർദ്ധസഹോദരർക്കെതിരെ ജീവിതകാലം പ്രതിരോധിച്ചും സമരമുഖം തുറന്നും നയതന്ത്രചർച്ചകൾ പരാജയപ്പെട്ടപ്പോൾ കായിക ബലത്തിലൂടെ പാപി പാണ്ഡവരുടെ സംഘടിത ആക്രമണത്തെ അവസാന ചോരത്തുള്ളി വീഴുംവരെ പോരാടി ജീവത്യാഗം ചെയ്ത ദുര്യോധനന്റെ ജ്വലിക്കുന്ന ഓർമ്മക്ക്." പെട്ടെന്നവിടെ പ്രത്യക്ഷപ്പെട്ട നകുലനും സഹദേവനും യുധിഷ്ഠിരന്റെ ഇരുവശങ്ങളും അമർത്തിപ്പിടിച്ചുയർത്തി തൂക്കി കൊട്ടാരക്കെട്ടിലേക്കു കൊണ്ടുപോവുമ്പോൾ ഒന്ന് തിരിഞ്ഞു നോക്കി വിലാപസ്വരത്തിൽ പറഞ്ഞു, "ഓർമ്മക്കുറവുണ്ട്, ഇടയ്ക്കിടെ വിങ്ങിപ്പൊട്ടും, പരിസരബോധവും കുറഞ്ഞു. പൊലിപ്പിച്ചെഴുതി പാണ്ഡവഭരണത്തെ പാഴ്വാക്കാക്കരുതേ."

2017/10/19

"കഴുത്തുകുടുങ്ങി, തല പുറത്തെടുക്കാനാവാതെ പരവശനായ കൗമാരപോരാളിയെ, വട്ടംചുറ്റി പീഡിപ്പിച്ചു ജഡം വലിച്ചെറിയാമെന്നു കരുതിയ കുടിലകൗരവനീക്കത്തെ കടപുഴക്കാനായിരുന്നു വാൾ അഭിമന്യുവിന്റെ ഇടനെഞ്ചിലിറക്കി പ്രാണനെടുത്തതെന്ന് കർണൻ മരിക്കും മുമ്പ് എറ്റുപറയുന്നതു ഞാനും കേട്ടു. എന്ത് തോന്നുന്നു കർണമൊഴിയെ കുറിച്ച്?" ഭീമപ്രഹരത്തിൽ തുടയെല്ല് പൊട്ടി ചളിയിൽ പുതഞ്ഞ ദുര്യോധനനോട് യുദ്ധകാര്യ ലേഖകൻ ചോദിച്ചു.

"സൂതപുത്രനല്ല, കുന്തിയുടെ കന്യാപുത്രനാണ്, ആ വിധം അഭിമന്യുവിന്റെ പിതൃസഹോദരനും കൂടിയാണ് എന്ന് നാവു പിഴയില്ലാതെ നമ്മെ ബോധ്യപ്പെടുത്തി!. ചോരക്കു സൌഹൃദത്തെക്കാൾ മൂല്യമുണ്ടെന്നു കർണൻ മരണ മുഹൂർത്തത്തിലും തെളിയിച്ചു. വ്യാസൻ എഴുതാൻ പോവുന്ന ഇതിഹാസത്തിൽ ഉത്തമപുരുഷനെന്ന ഇടം നേടാൻ ആജീവനാന്ത സുഹൃത്ത് കർണനു സാധിക്കട്ടെ."

ഒരിറ്റു വെള്ളത്തിന് നാവു പുറത്തിട്ടു ദുര്യോധനൻ കെഞ്ചി. തിരക്ക് നടിച്ചു യുദ്ധകാര്യ ലേഖകൻ സ്ഥലം വിട്ടു.

"സത്യത്തെ കുറിച്ചും അർദ്ധസത്യത്തെ കുറിച്ചും അസത്യത്തെ കുറിച്ചും നിങ്ങളുടെ അന്തിമ സന്ദേശം?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

മഹാപ്രസ്ഥാനത്തിന്റെ അവസാനനിമിഷം.

"കൗരവരുമായുള്ള ചൂതുകളിയിൽ ഞാൻ സത്യം പറഞ്ഞപ്പോൾ എനിക്ക് ഇന്ദ്രപ്രസ്ഥ സാമ്രാജ്യം നഷ്ടപ്പെട്ടു, കുരുക്ഷേത്രത്തിൽ ഞാൻ ദ്രോണരുടെ മകനെ കുറിച്ച് അർദ്ധസത്യം "अश्वत्थामा हता: इति । नरोवा कुञ्जरोवा ॥" പറഞ്ഞപ്പോൾ ഞങ്ങൾ യുദ്ധം ജയിച്ചു പാഞ്ചാലി കുഴഞ്ഞു വീണു മരിച്ചതിനെ കുറിച്ച് ഞാൻ അസത്യം പറഞ്ഞപ്പോൾ സ്വർഗരാജ്യത്തിലേക്കെന്നെ കൊണ്ടുപോവാൻ ആകാശചാരികൾ ഇതാ കാത്തു നില്ക്കുന്നു. ബാക്കിയൊക്കെ വരും യുഗങ്ങളിൽ വ്യാസഭാരത കഥയുടെ വൈവിധ്യ അപനിർമാണം വഴി നിങ്ങൾ വായിച്ചറിയും."

2017/10/22

“പാണ്ഡവരിൽ നിങ്ങൾക്ക് ഒരു ‘പ്രിയപ്പെട്ടവൻ’ ഉണ്ടോ? ആരാണ്? അഥവാ, ആയിരുന്നു?”, കൊട്ടാരം ലേഖിക ചോദിച്ചു.

“സ്വാഭാവികമായും ലജ്ജാശീലനായ സഹദേവൻ. മറ്റുള്ളവർ ഊഴമനുസരിച്ച് അക്ഷമയോടെ കാത്തിരുന്ന കാര്യം കഴിഞ്ഞപ്പോൾ അവിഹിതങ്ങൾ തേടി പടിവിട്ടിറങ്ങി. ഭാവിയറിയുന്ന സഹദേവൻ എന്റെ വർത്തമാനകാലത്തെ പരിലാളിക്കാൻ ഗർഭകാല ശുശ്രൂഷയിൽ ഇന്ദ്രപ്രസ്ഥം കൊട്ടാര സമുച്ചയത്തിൽ പണിത ശുദ്ധജലാശയത്തിൽ എന്നോടൊപ്പം നീന്തി ആ കൊടിയ വേനൽ അതിജീവിക്കാൻ തുണച്ചു. മകനാവാനുള്ള പ്രായമേ അവനുണ്ടായിരുന്നുള്ളു എങ്കിലും അവനെന്നെ പരിലാളിക്കുന്നത് എന്നെ എന്നും വിസ്മയിപ്പിച്ചു. അന്തർമുഖനായ അവന്റെ കണ്ണുകളിൽ നോക്കാൻ ഭയമായിരുന്നു, കാരണം അവനറിയാതെ അതിൽ നിഴലിച്ച ദൃശ്യങ്ങൾ അശാന്തമായ ഭാവിയെ കുറിച്ചായിരുന്നു. എന്നാൽ മറ്റു നാലു പാണ്ഡവർ എനിക്കോർമ്മിക്കാൻ തന്നത് അഭിശപ്തമായ ഭൂതകാലവും.”

2017/10/29

“പത്താം ദിവസമായിട്ടും ഭീഷ്മർ മരിച്ചിട്ടില്ല. ദ്രോണർ, കർണൻ, ശല്യൻ, അശ്വത്ഥാമാവ് സേനാധിപ പദവിയേറ്റെടുക്കാൻ ഇപ്പോഴേ നിൽപ്പുണ്ട്. ഇങ്ങനെ പോയാൽ അനന്തമായി നീണ്ടു പോവില്ലേ?” കൊട്ടാരം ലേഖിക യുദ്ധനിർവ്വഹണ ചുമതലയുള്ള പ്രവിശ്യാ ഭരണാധികാരിയോട് ചോദിച്ചു. കുരുക്ഷേത്രയിൽ ഉയർത്തിക്കെട്ടിയ നിരീക്ഷണഗോപുരത്തിലായിരുന്നു അവർ.

“ആശങ്ക വ്യക്തമായി. ഇനി ഒരു വഴിയേ ഉള്ളൂ. പകൽ മാത്ര പോരാട്ട സമയക്രമം മാറ്റി രാവും പകലുമാക്കുക. നിലാവുള്ള ദിവസങ്ങളാണ് വരുന്നത്. വെളുക്കുവോളം പോരാടുക എന്ന സാധ്യത പരിഗണിക്കുന്നു. ഈ യുദ്ധത്തിൽ നിങ്ങൾ തൊഴിൽപരമായി എടുത്ത രാജ്യതാല്പര്യത്തെ മാനിച്ചുകൊണ്ട് പറയട്ടെ, യുദ്ധം കഴിഞ്ഞു എന്ന് ഞങ്ങൾ ഈ ഗോപുരത്തിൽ നിന്ന് ഉറക്കെ വിളിച്ചു പറയുമ്പോൾ തലയാട്ടാനോ കുലുക്കാനോ ഇളക്കാനോ ആരും ജീവനോടെ ഇവിടെ ഉണ്ടാവില്ല.”

2017/10/30

“എന്താ ഒരു പകച്ച നോട്ടം?” ഇന്ദ്രപ്രസ്ഥം രാജധാനിസമുച്ചയത്തിന്റെ ചുമതല വഹിക്കുന്ന യുവസർവാധികാരിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഞെട്ടൽ മാറിയിട്ടില്ല. ഇന്നലെ ഈ സമയത്താണ് ചക്രവർത്തി യുധിഷ്ഠിരനും കൂട്ടരും ചൂതാടാൻ ഹസ്തിനപുരിയിലേക്കു പോയത്. നൂറുകണക്കിന് കഴുതപ്പുറത്തായി കൗരവരാജവധുക്കളുടെ രത്നശേഖരവുമായി മടങ്ങിവരുമെന്ന ഭീമൻ പറഞ്ഞത് അക്ഷരാർത്ഥത്തിൽ വിശ്വസിച്ചു. രാത്രി ആ സുന്ദരസ്വപ്നങ്ങളായിരുന്നു. ഇന്ന് രാവിലെ പക്ഷെ കണ്ണ് തുറന്നപ്പോൾ മുഖപരിചയമുള്ള മൂന്നു നാല് കൗരവർ സൈനികവേഷത്തിൽ മുമ്പിൽ. സായുധരായ അവർ വാളോങ്ങുന്നു. ഞാൻ വിധേയത്വത്തോടെ കൈകൂപ്പി. യുധിഷ്ഠിരനും കുടുംബവും സ്വത്തെല്ലാം കളിയിൽ നഷ്ടപ്പെട്ടു നിയമപ്രകാരം കൗരവ അടിമകളായി കാട്ടിലേക്ക് പോയ സ്ഥിതിക്ക് ഇന്ദ്രപ്രസ്ഥം

ഇനി ധൃതരാഷ്ട്രരുടെ അധീനതയിലാണെന്നവർ വാൾ മേലോട്ടുയർത്തി പ്രഖ്യാപിച്ചു. പൊട്ട സ്വപ്നമെന്നു കരുതി ഞാൻ രണ്ടു കണ്ണും അമർത്തി തുടച്ചു. ഇനി ഞങ്ങൾ ഇന്ദ്രപ്രസ്ഥം ഭരിക്കുമെന്ന് കൗരവർ പറഞ്ഞപ്പോഴും എനിക്ക് പൂർണമായും ബോധ്യമായില്ല. ഇപ്പോൾ നീ കോട്ടവാതിൽ കടന്നു ചക്രവർത്തി യുധിഷ്ഠിരന് ജയ് വിളിക്കുന്നതിന് പകരം ദുര്യോധനന് വിജയാശംസ ചെയ്യുന്നത് കണ്ടപ്പോൾ എന്റെ കരൾ കലങ്ങി", തക്ഷശിലയിലെ ആ പഴയ സഹപാഠി വിവശനായി.

2017/10/31

"എന്ത് പറ്റി മകനേ, ഇന്നും ശിക്ഷിച്ചുവോ?", മകൻ പരീക്ഷിത്തിനെ ചേർത്ത് പിടിച്ചു അഭിമന്യു വിധവ ചോദിച്ചു.

യുദ്ധാനന്തര പാണ്ഡവ ഭരണകൂടത്തിൽ ആഭ്യന്തര മന്ത്രാലയത്തിന്റെ ചുമതല വഹിക്കുന്ന അർജ്ജുനന്റെ പേരക്കുട്ടിയായിരുന്നു കിരീടാവകാശിയായ പരീക്ഷിത്ത്.

"നിന്റെ അമ്മ ഉത്തര സ്വന്തം കൈ കൊണ്ട് വളർത്തുമൃഗത്തെ കൊന്നു മാംസം വരട്ടി വാഴയിലയിൽ പൊതിഞ്ഞു നീ എനിക്ക് രാവിലെ കൊണ്ടുവന്നില്ലെങ്കിൽ, നീ രാജാവായ ശേഷം പാമ്പുകടിച്ചു നീ മരിക്കട്ടെ എന്ന് കൃപാചാര്യൻ ഭീഷണിപ്പെടുത്തി അമ്മാ."

2017/11/04

"പ്രതിച്ഛായ പോലെ പവിത്രമാണോ പോരാട്ടത്തിൽ കൊല ചെയ്യുന്ന രീതിയും?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ഒരർദ്ധസത്യം കൊണ്ട് ദ്രോണരെ വധിക്കാൻ സാധിച്ച സംതൃപ്തിയിലായിരുന്നു രാത്രി യമുനയിൽ നീരാടിക്കൊണ്ടിരുന്ന ധർമ്മപുത്രർ.

"വിനീതമായിരിക്കും. ആർമാദിക്കില്ല. കുന്തമാണെന്റെ പ്രിയആയുധം. ശത്രുവിന്റെ ഇടനെഞ്ചുനോക്കി ആഞ്ഞെറിഞ്ഞാൽ പിന്നെ സാവധാനം നടന്നു ചെന്ന് അത് വലിച്ചൂരിയെടുക്കുമ്പോൾ ഇരയുടെ ശ്വാസം നിലക്കുന്നതു കാണും. അടയുന്ന കണ്ണുകൾ നോക്കി ഞാൻ മന്ത്രിക്കും വീരമൃത്യു വരിച്ച നിനക്ക് സ്വർഗ്ഗരാജ്യം ഇനി എളുപ്പം. ആ നിലയിൽ നോക്കിയാൽ ചോരക്കറയുള്ള കുന്തവുമായി ഞാൻ അടുത്ത ശത്രുസംഹാരത്തിനായി തിരിഞ്ഞു നടക്കുമ്പോൾ യാത്ര പറഞ്ഞു പിരിഞ്ഞ പോലെ ശാന്തി തോന്നും."

2017/11/05

"ഇനിയും ഒരു യുദ്ധത്തിന് തയ്യാറെടുക്കുകയാണോ?", കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു, "എവിടെ തിരിഞ്ഞൊന്നു നോക്കിയാലും ഒടിഞ്ഞ മുഖങ്ങളും ഒട്ടിയ വയറും കാണുന്ന ഈ നാടിനു രണ്ടാമതൊരു യുദ്ധക്കെടുതി സഹിക്കാനാവുമോ?"

"അടിച്ചേൽപ്പിക്കുകയാണ് ഞങ്ങളിൽ യുദ്ധം എന്ന് വച്ചാൽ? കുരുക്ഷേത്രയിൽ കൗരവർക്കൊപ്പം യുദ്ധം ചെയ്ത നാട്ടുരാജ്യങ്ങൾ സംഘടിച്ചിരിക്കയാണ്.

കൊല്ലപ്പെട്ട സൈനികരുടെ വിധവകൾക്കും അവരുടെ കുടുംബങ്ങൾക്കും ആയുഷ്കാല ചെലവ് ഹസ്തിനപുരി ഏറ്റെടുക്കുമെന്ന് വാഗ്ദാനം കൊടുത്താണ് ദുര്യോധനൻ ഓടി നടന്നു സൈനികരെ കൂട്ടിയത്. നഷ്ടപരിഹാര അവകാശങ്ങളുമായി നിത്യവും ഓരോ നാട്ടിൽ നിന്ന് അവരുടെ പ്രതിനിധികൾ ഇവിടെ കുതിരപ്പന്തികളിൽ പ്രചരിപ്പിക്കുന്ന കഥകളൊന്നും നിങ്ങൾ പത്രപ്രവർത്തകർ കേൾക്കാറില്ല? അതോ, കൊട്ടാരം ഊട്ടുപുരയിൽ ഗോമാംസം പൊരിച്ചതും തിന്നു കഥ മെനയുകയാണോ? ഹസ്തിനപുരിയുടെ അഖണ്ഡതക്കു വേണ്ടി ജീവത്യാഗം ചെയ്തവർ എന്നാണവർ മേനി പറയുന്നത്. യുദ്ധത്തിൽ തോറ്റ രാജ്യത്തിൽ നിന്ന് ജേതാക്കൾ കപ്പം നേടുന്നത് പതിവായിരിക്കാം പക്ഷെ തോറ്റ രാജ്യങ്ങൾ സംഘടിച്ചു ജേതാക്കളിൽ നിന്ന് നഷ്ടപരിഹാരം തേടുമ്പോൾ ഞങ്ങൾ അഹിംസ ഉപദേശിച്ചു താടിക്കുകയും വച്ചിരിക്കാനോ?"

"ഞങ്ങളുടെ നാവിൻതുമ്പിൽ തത്തിക്കളിക്കുന്നുണ്ട് ആ വൃത്തികെട്ടവന്റെ പേരും നാളും എന്നാൽ അത് നാടകീയമായി വെളിപ്പെടുത്തി അവനെ നാണം കെടുത്താൻ നിങ്ങൾക്കെന്താണിത്ര മടി?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു, "ലൈംഗികാതിക്രമം ചെയ്തു പൊതുവേദിയിൽ ഞെളിയുന്നവനെ പിന്നെ എങ്ങനെ ശിക്ഷിക്കാനാണ് നിങ്ങൾ?"

നഗ്നപാദ പാണ്ഡവർ അഞ്ചുപേരുമൊത്തു മുടിയഴിച്ചിട്ട പാഞ്ചാലി പന്ത്രണ്ടു വർഷ വനവാസത്തിനു പുറപ്പെടുന്ന നേരം.

"നിയമവാഴ്ചയുള്ള പരിഷ്കൃതസമൂഹമാണെങ്കിലും ഹസ്തിനപുരി സാമ്രാജ്യത്തിൽ അടിമവ്യാപാരവും ചൂതാട്ടവും തുടരുന്നതല്ലേ ഇതിനൊക്കെ കാരണം? ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയാണോ വസ്ത്രാക്ഷേപത്തിലൂടെ അപമാനിക്കപ്പെട്ടത്? അതോ അടിമ പാഞ്ചാലിയോ? എന്നെ അടിമയാക്കിയ യുധിഷ്ഠിരനാണോ പ്രതിക്കൂട്ടിൽ പൊരിക്കപ്പെടേണ്ടത്? അതോ നിയമവിധേയമായി അടിമയുടെ ഉടുതുണിയിൽ കൈവച്ച ഉടയോനോ?"

2017/11/06

"കെണിയെന്നറിഞ്ഞിട്ടും കുട്ടിയെ പദ്മവ്യൂഹത്തിലേക്കു തള്ളിയിട്ട നിങ്ങൾ അവന്റെ മരണവിളി കേട്ടപ്പോഴും കുതിച്ചു ചെന്ന് രക്ഷിച്ചില്ലേ?"

അഭിമന്യുവിന്റെ ജഡം ചിതയിൽ ദഹിക്കുന്നതു നോക്കി നിന്ന കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

"കൗമാരത്തിന്റെ കുതിപ്പ് എന്നേ കരുതിയുള്ളൂ. നീണ്ടസമയം നിശബ്ദമായി പുറത്തു സുരക്ഷിത താവളത്തിൽ കാത്തിരുന്നപ്പോഴും അവൻ ഇരുകൈകളിൽ കൗരവതലകളുമായി പുഞ്ചിരിയോടെ പുറത്തു ചാടുമെന്നു ഞങ്ങൾ പ്രതീക്ഷയർപ്പിച്ചു. അഭിമന്യുവിന് പദ്മവ്യൂഹരഹസ്യം പകുതിയെങ്കിലും അറിയാമായിരുന്നു എങ്കിൽ ഞങ്ങളാവട്ടെ പൂർണമായും അജ്ഞർ. ഉച്ച കഴിഞ്ഞപ്പോൾ പുറത്തേക്കു കൗരവർ എറിഞ്ഞത് അവന്റെ അവഹേളിക്കപ്പെട്ട ജഡമായിരുന്നു. ഒന്നും പൊലിപ്പിച്ചു പാണ്ഡവർക്കിടയിൽ ശത്രുത നിങ്ങൾ പടർത്തരുതേ. അവന്റെ പിതാവും മാതൃസഹോദരനും പകൽ മുഴുവൻ വേറൊരു യുദ്ധമുഖത്തു പെട്ടത് കൊണ്ട് ഞാനായിരുന്നു രക്ഷാകർത്താവ്."

യുധിഷ്ഠിരൻ നിലത്തു ചമ്രം പടിഞ്ഞിരുന്ന മൗനപ്രാർത്ഥനയിൽ മുഴുകി.

2018/04/15

“പൊതുവേദിയിൽ ഉടുതുണി വലിച്ചൂരുന്ന ഭീകരകൌരവനെ നിസ്സഹായതയിൽ നോക്കി വിറച്ചു നിന്നു അല്ലേ? ഭീമാകാരന്മാരായ അഞ്ചു ഭർത്താക്കന്മാരെ വിരൽചലനത്തിലൂടെ ചൊൽപ്പടിയിൽ നിർത്താൻ ആജ്ഞാശക്തിയുള്ള നിങ്ങൾ, ഇന്നലെവരെ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി, വലതുകൈ പൊക്കി ആ കൊള്ളരുതാത്തവന്റെ ചെകിട്ടത്തു ഒന്നാഞ്ഞടിച്ചിരുന്നെങ്കിൽ.”

കൊട്ടാരം ലേഖിക പാഞ്ചാലിയെ പതിമൂന്നു കൊല്ലം മുമ്പ് ഇതേ രാജസഭയിലെ അമംഗളസന്ധ്യയിലേക്കു കൊണ്ടുപോയി.

“അത് പീഢകനായിരുന്നുവോ? അത് കൗരവരാജ സഭയായിരുന്നുവോ? അന്തഃപുരത്തിൽ പുതുതലമുറ കൗരവരാജകുമാരികൾക്ക് സൌന്ദര്യപരിപാലനത്തിൽ വ്യക്തിഗതശിക്ഷണം കൊടുക്കയായിരുന്ന എന്നെ പ്രണയത്താൽ പരവശനായ കൌരവൻ ഇടിച്ചു കയറി വാരിപ്പുണർന്നു പുറത്തേക്കു പാഞ്ഞതോർമ്മിക്കുന്നു. വേനൽപുഴുക്കത്തിൽ നനഞ്ഞിരുന്ന മേൽവസ്ത്രങ്ങൾ ഒന്നൊന്നായി അവൻ വേർപെടുത്തിയതു് കൗതുകത്തോടെ ഓർമ്മിക്കുന്നു. എല്ലാം കണ്ടു് അസൂയയിൽ മുഖം കരുവാളിച്ച പാണ്ഡവർ പരിഭ്രമിച്ചു പതറുന്നതു് ഓർമ്മിക്കുന്നു.”

മഹാറാണിയുടെ മിഴികൾ പതുക്കെ ഓർമക്കൊപ്പം വിദൂരതയിലേക്ക് നീങ്ങി.

2018/04/18

“പതിമൂന്നുകൊല്ലമായി, അതോ മൊത്തം ജീവകാലമോ, ഞാനതൊരു പ്രാർത്ഥനയായി, ഭീമപ്രതിജ്ഞയായി, കൊണ്ടുനടന്നു. ഇന്ന് കുരുക്ഷേത്രം കനിഞ്ഞു. പ്രതികാരബോധത്തിൽ നീ അന്ന് ചൂതാട്ടസഭയിലെ ലൈംഗികാതിക്രമത്തിന്റെ പ്രകോപനത്തിൽ, കെട്ടഴിച്ചിട്ട മുടിയിൽ തേക്കാൻ ഇതാ, പ്രിയപാഞ്ചാലീ, ചുടു കൗരവചോര”,

കൈകുമ്പിളിൽ നിന്ന് പുറത്തുചാടുന്ന കൊഴുത്ത ദ്രാവകവുമായി, വിവസ്ത്രനും മുറിവേറ്റവനുമായ ഭീമൻ, കിതച്ചോടി പോരാട്ടഭൂമിയിലെ പാണ്ഡവ പാളയത്തിൽ, പ്രണയിനിയുടെ മുമ്പിൽ, കൊച്ചുകുട്ടിയെ പോലെ അഭിനന്ദനത്തിനായി കാത്തു.

“ആലങ്കാരികമായി ഞാനെന്നോ എവിടെയോ പറഞ്ഞുപോയ ഒരു ചോരക്കാര്യം ഇത്രയും കാലം അക്ഷരാർത്ഥത്തിൽ ഓർമയിൽ വച്ച് അർദ്ധസഹോദരന്റെ കരൾ തുരന്നു ചോര കോരി വരുന്ന നിങ്ങൾ രൂപത്തിലെന്ന പോലെ ഭാവത്തിലും എത്ര മന്തൻ. നിങ്ങൾക്കറിയാമോ, എന്റെ ആരാധകരായിരുന്നു, ചവിട്ടിയും ക്ഷതമേൽപ്പിച്ചും നിങ്ങൾ ജീവനെടുത്ത ആ ധീരകൌരവർ.”

നിന്ദയോടെ ഭർത്താവിനെ ഒന്ന് നോക്കി മുടി കെട്ടിവച്ചു പാഞ്ചാലി തിരിച്ചു കൂടാരത്തിലേക്ക് കയറി കിടപ്പറയുടെ വാതിൽ അടച്ചു. നോക്കി നിന്ന മറ്റു നാലു് പാണ്ഡവരുടെ എട്ടു കണ്ണുകൾ അപമാനത്തിൽ അടഞ്ഞു.

2018/04/19

“കുടിവെള്ളവും ധാന്യവും നിഷേധിക്കപ്പെട്ട് പ്രക്ഷോഭത്തിനിറങ്ങിയ കൗരവരാജവിധവകൾ മഹാരാജാവിനെ നേരിട്ട് കണ്ടു പ്രതിഷേധം അറിയിക്കാൻ അരമനയിൽ വന്നപ്പോൾ കൂട്ടത്തിലൊരു ഇളമുറരാജകുമാരിയുടെ കവിളിൽ ലൈംഗികാതിക്രമമെന്നു ശത്രുക്കൾക്കു തോന്നും വിധം യുധിഷ്ഠിരൻ തോണ്ടുകയോ തലോടുകയോ ചെയ്തു എന്നാണു നഗരത്തിലെ വഴിയോര കുന്നായ്മക്കൂട്ടങ്ങളുടെ പുത്തൻ കൗതുക വാർത്ത. ഇക്കാര്യങ്ങളിൽ രാജപദവി വഹിക്കുന്നവർക്കൊക്കെ ഒരു മാതൃകാ പെരുമാറ്റച്ചട്ടമൊന്നുമില്ലേ.”

കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“ധാന്യവും വിറകും ആയിരുന്നോ അവരുടെ ആവശ്യങ്ങൾ? ‘എന്റെ അച്ഛനു ഒരച്ഛൻ മാത്രമേ ഉള്ളു എന്നാൽ നിങ്ങൾ പാണ്ഡവരുടെ വൈവിധ്യപിതൃത്വം കുരുവംശത്തിനു അപമാനം’ എന്നവൾ എന്റെ ചെവിയിൽ മന്ത്രിച്ച ശേഷം പെട്ടെന്ന് നാടകീയമായി ഒച്ചവെച്ച് “ധാന്യം തരു കുരുക്ഷേത്ര വിധവകളുടെ പട്ടിണിയകറ്റൂ” എന്ന് ആംഗ്യവിക്ഷേപങ്ങളോടെ നിലവിളിച്ചു. ആവിഷ്കാരസാമർത്ഥ്യം കണ്ടനുമോദിച്ച് കവിളിലൊന്നു തലോടിയതാണോ സകലവിധ രതി പരീക്ഷണങ്ങളുടെയും കുത്തരങ്ങായ ഹസ്തിനപുരി തെരുവുകളിൽ പരദൂഷണവിഷയം? ആജീവനാന്ത ബ്രഹ്മചാരിയെന്നു നേരം വെളുത്താലുടൻ അട്ടഹസിച്ചിരുന്ന പിതാമഹൻ (ഭീഷ്മനാമം തങ്കലിപിയിൽ കോറിയിടട്ടെ വേദ വ്യാസൻ) പുതു തലമുറ കൗരവരാജകുമാരികളെ ഇരുവശത്തും കൈത്താങ്ങായി കൂടെ കൂട്ടി മണിക്കൂറുകളോളം ഈ തെരുവുകളിൽ നടക്കുന്നത് നിങ്ങളുടെ പത്രപ്രവർത്തക സുഹൃത്തുക്കൾ കണ്ട ഓർമയില്ലേ?”

2018/04/20

“യുദ്ധവാർത്തകൾ പറഞ്ഞു രസിപ്പിക്കുകയാണോ?” കൊട്ടാരം ലേഖിക സഞ്ജയനോട് ഉപചാരത്തോടെ ചോദിച്ചു.

“നേരിൽ കണ്ടപോലെ പറയണമെന്ന് വ്യാസൻ വിരൽ ചൂണ്ടി താക്കീതു തന്നത് ആദ്യത്തെ ഒന്നുരണ്ടു ദിവസം കുഴപ്പത്തിലാക്കി. ആരോട് ചോദിക്കും? മൂന്നാം ദിവസം നിങ്ങളുടെ യുദ്ധവാർത്തകൾ ‘ഹസ്തിനപുരി പത്രിക’യിൽ വന്നു തുടങ്ങിയതോടെ സംഗതി എളുപ്പമായി. നിത്യവും പോയി ‘പത്രിക’യുടെ ചുവരെഴുത്തു പതിപ്പുകൾ നോക്കി വ്യാസൻ പറഞ്ഞ പോലെ കൗരവർക്കനുകൂലമായി നിറവും ഒച്ചയും ചേർത്ത് വിളമ്പും. ചുവരെഴുത്തിൽ ചേർക്കാനുള്ള പുത്തൻ വധവാർത്തകൾ കൈവശമുണ്ടെങ്കിൽ തരൂ. ഉറക്കം വരാതെ ഞെളിപിരിയിലാണ് അന്ധൻ.” സഞ്ജയൻ കൊട്ടാരം ലേഖികയെ പ്രീണനത്തോടെ നോക്കി.

2018/04/24

“പാഞ്ചാലിയുടെ ബഹുഭർതൃത്വത്തെ കുറിച്ച് കൗരവവധുക്കൾ പരിഭ്രമിക്കുന്നതിന്റെ പ്രസക്തി? “ഒരു ദാമ്പത്യം ഒരു ഭർത്താവ്” എന്ന തത്വസംഹിതയുടെ ബലിയാടുകളായ നിങ്ങൾക്കെന്തറിയാം അഞ്ചു ദേവസന്തതികളെ നിത്യവും പരിലാളിക്കേണ്ടതിലെ പ്രയാസങ്ങൾ?”

കൊട്ടാരം ലേഖിക ദുര്യോധനവധുവിനോട് ചോദിച്ചു. ഖാണ്ഡവപ്രസ്ഥത്തിലേക്കു കുടിയേറും മുമ്പ് പാണ്ഡവർ നവവധുവുമൊത്തു ഹസ്തിനപുരിയിൽ കഴിഞ്ഞിരുന്ന ഒരു ഇടവേള.

"ബഹുഭർത്തൃത്വം പാഞ്ചാലി ആഘോഷിക്കട്ടെ എന്നാണു അന്തഃപുരയോഗത്തിൽ മറ്റു കൗരവവധുക്കളുമായി ഹൃദയം തുറക്കുമ്പോൾ ആശംസിച്ചത്. എന്നാലവൾ യഥാർത്ഥത്തിൽ ചെയ്യുന്നതോ? അഞ്ചു കുറ്റിയടിച്ചു ഭർത്താക്കന്മാരെ കെട്ടിയിട്ടു ഒന്നൊന്നായി തന്നിഷ്ടത്തിൽ മാത്രം കെട്ടഴിക്കുന്നതിൽ, സേവനദാതാവായ ഒരു ഭാര്യ എന്ന നിലയിൽ ഞാൻ പ്രതിഷേധിക്കുന്നുണ്ട്. അറിയാമോ, പരസ്പരം പാണ്ഡവരെ പോരടിപ്പിക്കുകയാണവൾ. തൊണ്ണൂറ്റിഒമ്പതു കൗരവരാജസ്ത്രീകളും ദുര്യോധനന് രഹസ്യമായി 'കപ്പം' കൊടുക്കുന്നുണ്ട് എന്നെനിക്കറിയാം. അതെന്തിനെന്നോ? പരിപൂർണസഹവർത്തിത്വം ഉറപ്പു വരുത്താൻ. ദുര്യോധനൻ എന്റെ അംഗീകൃത ഇണയായിരുന്നിട്ടും, നൂറു കൗരവരും അവരുടെ നൂറു ഇണകളും പാരസ്പര്യത്തോടെ പായിൽ കിടന്നുള്ള ഗുണഭോക്താക്കളാണ് എന്ന വസ്തുത പാഞ്ചാലിയെ വിലയിരുത്തുമ്പോൾ അടയാളപ്പെടുത്തി. അത് രാജ്യദ്രോഹമായി പൊക്കിക്കാട്ടേണ്ട കാര്യമൊന്നുമില്ല."

2018/04/26

"അന്തിമപദയാത്രയിലും, നിങ്ങൾക്കു നടക്കാൻ അവസാനമാണല്ലോ ഇടം? മുന്നിൽ നടക്കുന്ന യുധിഷ്ഠിരൻ പിന്നിൽ ആരെല്ലാം കൂടെയുണ്ട് എന്ന് തിരിഞ്ഞൊന്നു നോക്കാതെ കാൽ മുന്നോട്ടെടുക്കുന്നതിൽ ആണധികാരപർവ്വം തുടിച്ചു നിൽക്കുന്നത് നിങ്ങൾ എപ്പോഴുമെന്ന പോലെ ഇപ്പോഴും കാണാതെ പോയോ?"

അൽപ്പവസ്ത്രയും നഗ്നപാദയുമായ പാഞ്ചാലി, ജീവിതാന്ത്യത്തിലെ ഹിമാലയ വനവാസത്തിനു പടിയിറങ്ങുകയായിരുന്നു. പുതിയ മഹാറാണിയും, അഭിമന്യുവിന്റെ വിധവയും പട്ടാഭിഷേകം ചെയ്തു തലേന്ന് അധികാരത്തിൽ കയറിയ പരീക്ഷിത്തിന്റെ അമ്മയുമായ ഉത്തര, മട്ടുപ്പാവിൽ ഉദാസീനതയോടെ അവരെ യാത്രയാക്കുന്ന ഔപചാരികതയിൽ ഒതുങ്ങി നിന്നു.

"മുന്നേ നടക്കുന്ന യുധിഷ്ഠിരൻ മനഃപൂർവ്വം ചെയ്തതായിരിക്കാം പക്ഷെ ആലോചിച്ചു നോക്കുമ്പോൾ എനിക്കതു സ്വീകാര്യമായി. പിന്നിൽ നടക്കുന്ന ഞാൻ കുഴഞ്ഞുവീഴുമ്പോൾ എന്നെ വാരിക്കോരിയെടുത്തു മരണദേവത പരിലാളിക്കുന്നതു കണ്ടുവേണം, എനിക്ക് ഈ ലോകവുമായുള്ള ബന്ധം എന്നെന്നേക്കുമായി വിടാൻ. അപ്പോൾ ആ പത്തു പാണ്ഡവക്കണ്ണുകൾ എന്നെ തുറിച്ചുനോക്കുന്നതായിരിക്കും എന്റെ മരണമുഹൂർത്തത്തിലെ അമംഗളകാഴ്ച."

2018/04/30

"തക്ഷശിലയിൽ രാഷ്ട്രമീമാംസ വിദ്യാർത്ഥി ജീവിതത്തിൽ പലകുറി കേട്ട പദമാണ് മഹാഭാരതയുദ്ധം. യുദ്ധകഥയുടെ ഏകപക്ഷീയമായ പുനരാഖ്യാനം വ്യാസന്റെ വരുതിയിലാണെന്നറിഞ്ഞു. നിങ്ങളഞ്ചു പേരുടെയും യുദ്ധകാലസ്മരണകൾ വായിക്കാൻ വരുംതലമുറയ്ക്ക് കൗതുകം ഉണ്ടാവില്ലേ? മൂന്നു ദശാബ്ദക്കാല ഭരണത്തിൽ

മഹാറാണിയുടെ ഉത്സാഹത്തിൽ സംഭവിച്ച സാക്ഷരത ഞങ്ങളുടെ ചുവർപതിപ്പുകളുടെ എണ്ണം മൂന്നിൽ നിന്ന് ഇരുപത്തി രണ്ടിലേക്കുയർത്തി. വായനക്കാരൊക്കെ വഴിയിൽ നിന്ന് അന്തം വിട്ടു ചോദിക്കുന്നു, ആരാണ് ഈ പാണ്ഡവർ?, എന്താണവർക്കു കുരുവംശവുമായി കൂട്ടുകെട്ട്?"

കൊട്ടാരം ലേഖിക നകുലനോട്ട് ചോദിച്ചു.

"ഞങ്ങൾക്ക് ഓർമ്മകൾ അല്ല ഉള്ളത്, മറിച്ച് നിങ്ങളുടെ മുൻ കൊട്ടാരം ലേഖികകൾ ദശാബ്ദങ്ങളായി ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള പ്രതികരണങ്ങളാണ്. എന്ന് വച്ചാൽ, നിങ്ങൾ ചോദ്യം നിർത്തിയാൽ ഞങ്ങളുടെ സ്മരണകളുടെ പ്രവാഹം നിലക്കും."

2018/05/04

"പുരസ്കാര വിതരണം വിവാദത്തിലായെന്നു കേട്ടു? നാട്ടിൽ പോയി ഇന്ന് രാവിലെ ഹസ്തിനപുരിയിലെത്തിയ ഞാൻ കേട്ടത് കൗരവരാജവിധവകൾ പാഞ്ചാലിയിൽ നിന്ന് പുരസ്കാരം സ്വീകരിക്കാൻ വിസമ്മതിച്ചു എന്നാണ്. മഹാരാജാവ് യുധിഷ്ഠിരൻ സ്ഥലത്തില്ലാഞ്ഞത് കൊണ്ടാണോ പുരസ്കാരവിതരണത്തിനു പാഞ്ചാലി വേദിയിൽ?"

കൊട്ടാരം ലേഖിക ചോദിച്ചു. സംഘർഷഭരിതമായിരുന്നു രാജാങ്കണം.

"ദുര്യോധനവിധവയുടെ ധാർമികരോഷം സ്വാഭാവികമല്ലേ? യുദ്ധത്തിൽ കൗരവചോര പുരളാത്ത കൈകൾ യുധിഷ്ഠിരന് മാത്രമെന്നറിയുന്ന കുരുക്ഷേത്രവിധവകളോട്ട് യുധിഷ്ഠിര കാര്യാലയത്തിന്റെ ചുമതല വഹിക്കുന്ന സഹദേവൻ ഇടപെട്ടു പറഞ്ഞു, പുരസ്കാരവേദിയിൽ യുധിഷ്ഠിരൻ സിംഹാസനമിട്ട് ഇരിക്കാം, പക്ഷെ നൂറു വിധവകൾക്കും അവരുടെ ഭർത്താക്കന്മാരുടെ വീരമൃത്യുവിന്റെ പേരിലുള്ള മരണാനന്തര ബഹുമതിപത്രങ്ങൾ പാഞ്ചാലിയാണ് കൈമാറുക. .

"പ്രിയകൗരവരുടെ നെഞ്ച് പിളർന്ന ചുടുചോര തേച്ചു മിനുക്കാതെ മുടി കെട്ടിവക്കില്ലെന്നു പ്രതിജ്ഞയെടുത്ത പാഞ്ചാലിയെ പ്രീതിപ്പെടുത്താൻ വേണ്ടിയല്ലേ ഭീമൻ ധീരദേശാഭിമാനികളായ ഞങ്ങളുടെ ഭർത്താക്കന്മാരെ ഞെക്കിപ്പിഴിഞ്ഞു ചോരയൂറ്റിയതു എന്ന് നെഞ്ചത്തടിച്ചു വിലപിച്ചു കൊണ്ട് വിധവകളിൽ ഭൂരിപക്ഷവും ചടങ്ങു ബഹിഷ്കരിച്ചു. എന്നാൽ 'വർഷം മുഴുവൻ ധാന്യം' എന്ന പുരസ്കാരസൗജന്യം അവർ സ്വീകരിച്ചു. മാത്രമല്ല ബഹുമതിയുടെ മറ്റൊരു സൗജന്യമായ പൂർണ പൗരാവകാശവും അവർ നിലനിർത്തി. ബഹുമതി പത്രം സ്വീകരിച്ചവർക്കെതിരെ നാടൊട്ടുക്ക് ബഹിഷ്കരണം പ്രഖ്യാപിച്ചു അവരെ പുനരധിവാസം ചെയ്തിരിക്കുന്ന ഗ്രാമത്തിനു തന്നെ ദുര്യോധനവിധവ ഊരുവിലക്ക് കല്പിച്ചിരിക്കയാണ്. ഈ പ്രതിസന്ധി തരണം ചെയ്യാൻ, നിങ്ങൾക്ക് കഴിയുമോ, ഇടഞ്ഞുനിൽക്കുന്ന തൊണ്ണൂറോളം കൗരവവിധവകളെ നയതന്ത്രത്തിലൂടെ പറഞ്ഞുപറ്റിച്ചു ഭരണകൂടത്തിന്റെ കൂടെ നിർത്തുവാൻ? എങ്കിൽ രാജ്യരത്നാ പുരസ്കാരം നിങ്ങള്ക്ക് എന്ന് ഞാൻ ഉന്നതാധികാരസമിതിയിൽ നിർദ്ദേശിക്കാൻ അർജ്ജുനനോട്ട് ആവശ്യപ്പെടാം."

2018/05/05

“ദൂരെ നിന്ന് നിങ്ങൾ രണ്ടുപേരെയും ഒരു നോക്ക് കണ്ടപ്പോൾ തന്നെ ഞാൻ ഒഴിഞ്ഞുമാറി കുരക്കുന്ന പത്രാധിപർക്ക് മുമ്പിൽ പരുങ്ങുന്ന കൊട്ടാരം ലേഖിക. എന്ത് പറ്റി?” യുദ്ധകാര്യ ലേഖകൻ കൂട്ടുകാരിയുടെ നേരെ കൈകൾ രണ്ടും ഉയർത്തി.

“ഇന്നും കൊണ്ടുവന്നിരിക്കുന്നതു ഒരു കെട്ട് പാണ്ഡവ പാഞ്ചാലി ദാമ്പത്യവിഴുപ്പാണോ?, പനയോല നോക്കി പത്രാധിപർ മുഖം ചുളിച്ചു, ചുണ്ടുകൾ പിളർത്തി, ചെവിയിൽ വിരലിട്ടു, പനയോലകൾ എനിക്ക് നേരെ തിരിച്ചെറിഞ്ഞു. എന്നിട്ടയാൾ എന്നെ പിടിച്ചു നിർത്തി ഇരുതോളിലും കൈകൾ അമർത്തി ഗുണദോഷിച്ചു, പാണ്ഡവർ അക്ഷയപാത്രത്തിൽ നിന്ന് മതിയാവോളം വാരിത്തിന്നു മരച്ചുവട്ടിലിരുന്നു ചൂതാട്ടത്തിൽ നൈപുണ്യവികസനത്തിനു ഉറക്കമിളച്ചാൽ മാത്രം പോരാ, പാതിരാ മിന്നലാക്രമണത്തിൽ കോട്ടക്കകത്തു നുഴഞ്ഞു കയറി കൊട്ടാരത്തിൽ നിന്ന് ധൃതരാഷ്ട്രരെ ബന്ദിയായി പിടിച്ചു കൊണ്ടുപോയി രഹസ്യ സങ്കേതത്തിൽ ദുര്യോധനനുമായി വിലപേശാൻ പഠിക്കണം. അതിനാണ് നിങ്ങളുടെ വനാശ്രമ സന്ദർശനങ്ങൾ ഇന്ന് മുതൽ വിനിയോഗിക്കേണ്ടത്. അല്ലാതെ പാണ്ഡവദാമ്പത്യത്തിലെ ‘അടിയഴുക്ക്’കൾ ഹസ്തിനപുരി പത്രിക പോലൊരു അന്താരാഷ്ട്ര പ്രശസ്തിയുമുള്ള ചുവരെഴുത്തുപത്രത്തിൽ ഉള്ളടക്കമാക്കാൻ ശ്രമിച്ചാൽ നിങ്ങൾ എന്നന്നേക്കുമായി തിരിച്ചുപോവുക തക്ഷശിലയിലേക്കായിരിക്കും.”

2018/05/06

“ദുർമേദസ്സുള്ള ഒരാൾ പുണ്യനദിയിൽ അതിരാവിലെ കുളിച്ചു വരുന്നത് കണ്ടവരുണ്ട്. കാര്യം തിരക്കിയപ്പോൾ ഒന്നുംപറയാതെ പൊട്ടിക്കരഞ്ഞു എന്നാണു സാക്ഷിമൊഴി. എന്തുണ്ടായി പുതുഭരണ കൂടത്തിൽ പ്രതിരോധമന്ത്രാലയത്തിനു പുറമെ കൗരവരാജ വിധവകളുടെ പുനരധിവാസത്തിന്റെ അധികച്ചുമതല കൂടി വഹിക്കുന്ന ഭീമനിങ്ങനെ പരസ്യവികാരപ്രകടനം ചെയ്തു വിവാദമാവാൻ?”

കൊട്ടാരം ലേഖിക ഹസ്തിനപുരി അരമനയുടെ ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“കൗരവരാജവിധവകളോട് വിശദീകരണം ചോദിച്ചു. അറിഞ്ഞിടത്തോളം ഭീമന്റെ അലസവസ്ത്രധാരണത്തെക്കാൾ ഒട്ടും കുറവല്ല ദുര്യോധനവിധവയുടെ ശ്രദ്ധാപൂർവ്വമായ നഗ്നതാരോപണവും. പതിവായി പുനരധിവാസകേന്ദ്രത്തിൽ പോയി നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്ന ഭീമൻ, ഇത്തവണ ശാസിച്ചു സംസാരിച്ചതിനുള്ള ദുര്യോധനവിധവയുടെ തിരിച്ചടിയായിരുന്നു പുതുതലമുറ കൗരവപ്പെൺകുട്ടിയുടെ മുമ്പിൽ ഭീമൻ നഗ്നത പ്രദർശിപ്പിച്ചു എന്ന കെട്ടിച്ചമച്ച ആരോപണം. സാക്ഷികൾ കൗരവവിധവകൾ. സ്വതവേ അല്പവസ്ത്രധാരിയായ ഭീമൻ സംഭവദിവസം വിവസ്ത്രനാണെന്ന കാര്യം മറന്നു പുനരധിവാസ കേന്ദ്രത്തിൽ പ്രവേശിച്ചിരിക്കാം എന്ന വിദൂരസാധ്യത തള്ളിക്കളയുന്നില്ല. കുരുക്ഷേത്ര വിധവകൾ എന്ന നിലയിൽ കൊട്ടാരക്കെട്ടിലെ ജലാശയത്തിൽ മൂന്നു നേരം കുളിക്കാൻ അവർക്കുണ്ടായിരുന്ന അവകാശം പുനഃസ്ഥാപിച്ചു കൊടുത്തതോടെ ലൈംഗികാരോപണം പിൻവലിക്കാൻ ദുര്യോധനവിധവ തയ്യാറായിട്ടുണ്ട്. വസ്ത്രധാരണം ‘അൽപ്പ’മാവരുത്, വാക്കുകൾ അൽപ്പം കുറച്ചുപയോഗിച്ചാലും എന്ന തിരിച്ചറിവിൽ ഭീമൻ തീർത്ഥയാത്രക്കായി വിട്ടു നിൽക്കണം എന്ന് പാഞ്ചാലി നിർദ്ദേശിച്ചു.

ഒന്നും നിങ്ങൾ ചുവരെഴുത്തുകളിൽ പൊലിപ്പിക്കരുത്. സൗജന്യ വസതിയുടെ കാലാവധി അടുത്തമാസം തീരുമെന്ന കാര്യം മറക്കണ്ട."

2018/05/07

"പെണ്ണുടൽ കളിപ്പാട്ടമെന്ന ആണുങ്ങൾ കരുതരുതെന്ന് ഞങ്ങൾ സാധാരണ സ്ത്രീകൾ നിസ്സഹായതയിൽ പ്രതിഷേധിക്കുന്നതൊക്കെ നിത്യക്കാഴ്ച. പക്ഷെ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി പദവി വഹിക്കുന്ന നിങ്ങൾ അത്തരം പരുക്കൻ പദങ്ങൾ ഉച്ചരിക്കുമ്പോൾ, ഒന്നുകിൽ അതൊരു പൊതുപ്രഭാഷണത്തിന്റെ വെട്ടിക്കളയേണ്ട ഭാഗം, അല്ലെങ്കിൽ വ്യക്തിഗതവേദന പിടിവിട്ടൊഴുകുന്ന രോഷം."

കൊട്ടാരം ലേഖിക പാഞ്ചാലിയുടെ മുമ്പിൽ മുട്ടുകുത്തി കൈമുത്തി.

"പെറ്റതള്ളയുടെ പരിലാളനയില്ലാതെ ദൂരെ പാഞ്ചാലയിൽ വളരുന്ന അഞ്ചു പാണ്ഡവക്കുട്ടികളെ, ഓരോ കൊല്ലം ഞങ്ങൾ ഊഴം വച്ച് കൂടെ താമസിച്ച് വാത്സല്യം പകരട്ടെ എന്ന് അവർ നിർദ്ദേശിച്ചു കണ്ടിട്ടില്ല. 'ഠ' വട്ടം വലിപ്പമുള്ള ഇന്ദ്രപ്രസ്ഥത്തിൽ, ഒന്നും ചെയ്യാനില്ലാതെ പാണ്ഡവരിൽ ചിലർ, നിങ്ങൾക്കറിയാമോ, വിവാഹേതരവിഷയങ്ങളിൽ ചെന്നുവീഴാൻ തീർത്ഥയാത്രയെന്ന പേരിൽ ദൂരദേശങ്ങളിൽ ചുറ്റിക്കറങ്ങുകയാണ്. അത്താഴം കഴിഞ്ഞാൽ നാളെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെന്ത് എന്ന ആശങ്കയില്ലാതെ, എന്റെ അന്തഃപുരത്തിന് വെളിയിൽ ആരാദ്യം ഉള്ളിൽ ചെല്ലും എന്ന ഊഹവുമായി ഒറ്റക്കാലിൽ പാണ്ഡവർ നിൽക്കുന്നത് ലിംഗപരിമിതിയുള്ള കാവൽക്കാർ എന്നെ രഹസ്യമായി അറിയിക്കും. അവരെ ആവുന്നത്ര ഞാൻ അങ്ങനെ അക്ഷമയിൽ നിർത്തിപ്പോരിപ്പിക്കും. ഒരാൾക്ക് പ്രവേശിക്കാൻ കതകൽപ്പം തുറന്നാൽ മതി, കയ്യൂക്കുള്ളവൻ കുതിച്ചുകയറി 'സുഖമോ ദേവീ' എന്ന ഔപചാരിക ആശംസയോടെ കളിപ്പാട്ടത്തിൽ കയറിപ്പിടിക്കയായി. ഉടലവർ കോരിയെടുത്തു വന്യപുരുഷ കാമനയുടെ കെട്ടഴിക്കുകയായി. അവരുടെ മാറിമാറിയുള്ള നഖക്ഷതങ്ങളിൽ കളിപ്പാട്ടം പൊട്ടിത്തകരുമെന്നാവുമ്പോൾ, എന്റെ വിശ്വസ്ത കാവൽക്കാർ മുൻധാരണയിൽ അകത്തുകയറി പീഢകപാണ്ഡവരെ വലിച്ചു പുറത്തെറിയും."

"തിളങ്ങുന്ന കണ്ണുകളും ഒട്ടിയ കവിളും-അങ്ങനെയാണ് ഞാൻ വഴിനടക്കുമ്പോൾ നിങ്ങളെ കണ്ടിരുന്നത്. ഇപ്പോൾ കണ്ണിൽ പെടുന്നത് ചോര കട്ട പിടിച്ച ചുണ്ടുകൾ. ഈറൻ നേത്രങ്ങൾ. എന്തുപറ്റി സഹോദരാ, കൗരവരെയൊക്കെ എത്ര നിങ്ങൾ വിമർശിച്ചപ്പോഴും "ഇതൊരു സ്വതന്ത്ര സമൂഹം കൗരവരെ എങ്ങനെ വേണമെങ്കിലും വിമർശിക്കാം" എന്ന് ദുര്യോധനൻ ആശ്വസിപ്പിച്ചിരുന്ന ആ കാലമൊക്കെ പോയോ?"

യുക്തിവാദി ചാർവാകനോട് കൊട്ടാരം ലേഖിക ചോദിച്ചു. ലഘുഭക്ഷണശാലയിൽ നിന്നൊരു മൺപാത്ര വെള്ളം കൈവെള്ളയിലെടുത്തു ചുണ്ടുകൾ കഴുകി ചോരക്കറ നീക്കി. ബാക്കി വെള്ളം അയാളുടെ ശിരസ്സിൽ സാവധാനം ഒഴിച്ചു കൊടുത്തു.

"മൂന്നു നേരം ഭക്ഷണം കഴിച്ചു ശീലിച്ച കൗരവരാജസ്ത്രീകൾ വിധവകളായപ്പോൾ ഒരു നേരത്തെ കഞ്ഞിക്ക വേണ്ടി കോട്ടവാതിലിനു മുമ്പിൽ നെഞ്ചത്തടിച്ചു നിലവിളിക്കേണ്ടി വരുന്നു. രാജമന്ദിരങ്ങളിലെ സുരക്ഷയിൽ നിന്നവരെ പുകച്ചു പുറത്തു ചാടിച്ചു പന്നിക്കൂട്ടങ്ങൾ അലഞ്ഞു നടക്കുന്ന വെളിയിട വിസർജ്ജന കേന്ദ്രങ്ങളുടെ സൂ

ക്ഷിപ്പകാരാക്കുന്നു. കൊട്ടാരത്തിന്റെ ഭൂഗർഭ രഹസ്യഅറ തുറന്നു പുറത്തെടുത്ത കുരുവംശനിധി കാഴ്ച വിരുന്നാക്കി രാജസഭയിൽ പ്രദർശിപ്പിക്കുന്നു. ഇതാണോ കുരുവംശനീതി? എന്ന് യുധിഷ്ഠിരനോട് ചോദിക്കുമ്പോൾ കണ്ടില്ല, പിന്നിൽ നിന്നിരുന്ന ഭീമന്റെ ഉരുക്കുവിരലുകൾ എന്റെ ചുണ്ടിലും മൂക്കിലും മാറിമാറി വീഴുന്നത്."

ചാർവാകൻ ആ ഭീമപ്രഹരത്തിന്റെ ഓർമ്മയിൽ ചുളുങ്ങി.

2018/05/09

"കുറ്റവിചാരണ ചെയ്തു ശിക്ഷിക്കാൻ മാത്രം മഹാരാജാവ് യുധിഷ്ഠിരൻ എന്ത് പാപം ചെയ്തു എന്നാണു കിരീടാവകാശിയെന്ന നിലയിൽ നിങ്ങളുടെ വിലയിരുത്തൽ? ബാലചാപല്യം വിടാത്ത നിങ്ങളെ കൊണ്ട് ചുടുചോറ് മാന്തിക്കുന്നത് അമ്മ ഉത്തരയാണെന്ന ചോദ്യം ഉദിക്കുന്നുണ്ട്-കുരുവംശം പിളർക്കാൻ നിയോഗമേറ്റെടുത്തിരിക്കയാണോ അഭിമന്യു വിധവ?"

കൊട്ടാരം ലേഖിക ചോദിച്ചു.

"ഗർഭശ്രീമാനായ എന്നെ പതിനെട്ടുവയസ്സെത്തിയാൽ മഹാരാജാവാക്കാമെന്നു നെഞ്ചിൽ കൈവച്ചു സത്യം ചെയ്താണ് യുധിഷ്ഠിരൻ അഭിമന്യുവിനെ അർജ്ജുനനൊഴികെ ബാക്കി മൂന്നു പാണ്ഡവരോടൊത്തു ഗൂഢാലോചനക്കുശേഷം ചാവേറായി ചക്രവ്യൂഹത്തിലേക്കു തള്ളിയിട്ടത്. എന്റെ അമ്മയുടെ നിലവിളി കേട്ട് ഞാൻ വേദനിച്ചു. ഇപ്പോളെനിക്ക് പ്രായം മുപ്പത്തിയാറ്, എന്നാൽ പാഞ്ചാലി മഹാറാണി പദവിയിൽ നിന്നിറങ്ങാതെ ഉത്തരക്ക് ആ പദവിയേറ്റെടുക്കാനാവാത്ത വിധം യുധിഷ്ഠിരൻ അധികാരത്തിൽ അള്ളിപ്പിടിച്ചിരിക്കയാണ്. ഞങ്ങൾ ഇതൊരു മനസികരോഗമായി കാണുന്നു. ചികിത്സക്ക് വിധേയനായി, രോഗം തീർത്തും മാറി എന്ന് ശുശ്രൂഷകന്റെ പേരിൽ വ്യാജപ്രസ്താവനയും നേടി പിന്നെയും സിംഹാസനത്തിൽ ചുരുണ്ടുകൂടിയിരിക്കുന്ന യുധിഷ്ഠിരന്റെ മേലെയിപ്പോൾ തൂങ്ങുന്നത് സ്വേച്ഛാധികാരി എന്ന മുദ്രയാണ്. കൂടെ നിൽക്കില്ലേ? യുധിഷ്ഠിരനെ പുകച്ചു പുറത്തുചാടിച്ചാൽ എന്റെ മാധ്യമ ഉപദേശക നീ."

"കുതിരവണ്ടിക്കാരന്റെ മകനായ നിങ്ങൾ, കൗരവനാടകത്തിലൂടെ അംഗരാജാവായി എന്ന് കേട്ടിട്ടുണ്ട്. എന്തായിരുന്നു ഗൂഢ ലക്ഷ്യം?", കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു. തിരക്കുപിടിച്ച കുരുക്ഷേത്ര പോരാട്ടത്തിനിടയിൽ നീരാടാൻ വന്നതായിരുന്നു ദുരൂഹജന്മഐതിഹ്യത്തിൽ ജീവിക്കുന്ന ധീര പോരാളി.

"അരങ്ങേറ്റ മന്ദിരത്തിൽ പ്രതിയോഗിഭീമൻ എന്റെ പിതൃത്വം വിലകുറച്ചു കണ്ടപ്പോൾ, സ്വകാര്യ ചെലവിനു ഒരു ലോഹനാണയം പോലും പിതാവിൽ നിന്ന് അക്കാലത്തു കിട്ടാനില്ലാതിരുന്ന ദുര്യോധനൻ, കാണികളെ കബളിപ്പിച്ചു. പട്ടാഭിഷേകത്തിലൂടെ എന്നെ രാജാവാക്കി. എന്ത് ചെയ്യണം പകരം, എന്ന് ചോദിച്ചപ്പോൾ ഒടുങ്ങാത്ത സഖ്യം ദുര്യോധനൻ ആവശ്യപ്പെട്ടു. ആ വാക്ക് ഞാൻ എന്നും, ഇനി മരണം വരെയും, പാലിക്കാൻ ബാധ്യസ്ഥൻ. അംഗരാജ്യം എവിടെയാണ് സുഹൃത്തേ എന്ന് തിരിച്ചു ദുര്യോധനനോട് ചോദിക്കാതിരുന്ന അനാഥനായ എന്റെ അധൈര്യമാണ് എന്നെ ഇക്കാലവും തിന്മയുടെ മൂർത്തിയായ ദുര്യോധനന്റെ അടിമയായി, കൊള്ളരുതായ്മകൾക്കു കൂട്ടുപ്രതിയായി ഈ ജന്മം വ്യർത്ഥമാക്കാൻ കാരണമായത്."

അർജ്ജുനനുമായുള്ള അന്ത്യയുദ്ധം വിഭാവന ചെയ്യുന്ന പോലെ ആ ക്ഷീണിച്ച മുഖം ജലപ്പരപ്പിൽ ഇരുണ്ടു.



"അധികാരത്തിന്റെ ഇടനാഴികളിലൊന്നുമല്ലെങ്കിലും, പരാതിക്കാരൻ ഹസ്തിന പുരി പൗരനല്ലേ? മഹാരാജാവിനെ കുറ്റവിചാരണ ചെയ്യാവുന്നത്ര വിശിഷ്ടമാകുന്നു ഹസ്തിനപുരിയുടെ ഭരണഘടന എന്ന് തക്ഷശില രാഷ്ട്രമീമാംസ അധ്യാപകർ വാതു റന്നു അഭിപ്രായപ്പെട്ടതല്ലേ? എന്നിട്ടും, പൊള്ളുന്ന ആരോപണങ്ങളുമായി രാജസ ഭയിലെത്തിയ പരീക്ഷിത്തിനെ യുധിഷ്ഠിരൻ 'ആട്ടിയോടിച്ച്' എന്ന അമർഷം ഇന്ന് പൊതുസമൂഹത്തിലുണ്ട്."

കൊട്ടാരം ലേഖിക മാധ്യമസമ്മേളനത്തിൽ ആഞ്ഞടിച്ചു.

"കിരീടാവകാശി കൂടിയായ പരീക്ഷിത്തിന് ആരോപണങ്ങൾ അക്കമിട്ടവതരി പ്പിക്കാനാവസരം മഹാരാജാവിന്റെ കാര്യാലയം നൽകി എന്ന് നിങ്ങൾ മുക്കിയും മൂ ളിയും സമ്മതിച്ചെങ്കിലും, എന്തുകൊണ്ട് കുറ്റവിചാരണ നിലനിൽക്കില്ലെന്ന് ഉന്നതാ ധികാര സമിതി നൽകിയ വിശദീകരണം ശ്രദ്ധിച്ചില്ലെന്നു നിങ്ങളുടെ ചോദ്യത്തിൽ നിന്നറിയാം. അർജ്ജുനൻ വേണം ആരോപണങ്ങൾ ഔദ്യോഗികമായി പരിഗ ണിച്ചു വിധി പറയാനെന്നു അഭിമന്യുവിന്റെ മകൻ കൂടിയായ പരീക്ഷിത്ത് ഉപാധിവ ച്ചാൽ നീതി ന്യായത്തിലെ നടപടിക്രമം സമ്മതിക്കുമോ? പരീക്ഷിത്തിന്റെ അപേ ക്ഷ അന്ന് തന്നെ പരിഗണിക്കാമെന്ന് അർജ്ജുനൻ സമ്മതിച്ചതാണ് വിചിത്രമാ യി തോന്നിയത് കാരണം, ഉന്നതാധികാരസമിതിയിലെ ഒരംഗം മാത്രമാണ് അഭി വന്ദ്യ അർജ്ജുനൻ. സ്വാഭാവികമായും, പരീക്ഷിത്തിന്റെ പരാതിയിൽ 'എലിയെ മണ'ത്ത യുധിഷ്ഠിരൻ, ഭരണഘടനാനുസൃതമായി തിരിച്ചടിച്ചു. അർജ്ജുനൻ ഒഴി കെയുള്ള മറ്റു മൂന്നു പാണ്ഡവരെ ഉൾപ്പെടുത്തി പുതിയ സമിതിക്കു രൂപം നൽകി. "തെളിവ് അപര്യാപ്തം" എന്ന കാരണം പറഞ്ഞു ദുഷ്ടലാക്കോടെയുള്ള പരീക്ഷിത്തി ന്റെ കുറ്റവിചാരണ അപേക്ഷ തള്ളാനെടുത്ത ആ മനഃസാന്നിധ്യം-അതാണ് ഹസ്തി നപുരിയെ സമാനതയില്ലാത്ത പ്രതിസന്ധിയിൽ നിന്ന് രക്ഷിച്ചത്. പരീക്ഷിത്തി നു രഹസ്യപിന്തുണ നൽകിയ അമ്മ ഉത്തരയെയും, അഭിമന്യുവിന്റെ അമ്മ സുഭദ്ര യേയും ഇരുപത്തിനാലു മണിക്കൂർ നിരീക്ഷണത്തിനായി കാലിൽ തങ്കവളയണിയി ക്കാൻ മഹാറാണി പാഞ്ചാലി ഇറക്കിയ ഉത്തരവും നിങ്ങൾ ഇതുവരെ കണ്ടില്ലെ ന്നാണോ?"

"മാദ്രി മരിച്ചിട്ടു കാലം കുറെയായി എന്നറിയാം, എങ്കിലും ഓർമ്മ വല്ലതുമുണ്ടോ വായനക്കാരുമായി പങ്കിടാൻ?" കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. യുദ്ധാന ന്തര ഹസ്തിനപുരി. കൊട്ടാരസമുച്ചയത്തിനു പിന്നിലെ ജലാശയം. സന്ധ്യ.

"എന്തോ മലിനജലം കുടിച്ചതുകൊണ്ടാണെന്നു പിന്നീടറിഞ്ഞു, രണ്ടു മാസം ഞാൻ രോഗബാധിതനായി കാട്ടുകുടിലിൽ കിടന്നു. പാണ്ഡു കിടന്നിരുന്ന മുറിയോ ട്ട് ചേർന്നൊരു ചാച്ചുകെട്ടിയിൽ. യുധിഷ്ഠിരൻ മുറിയിൽ വന്ന ഓർമ്മയില്ല. അർ ജ്ജുനൻ കൈക്കുഞ്ഞായിരുന്നത് കൊണ്ട് കുന്തി, മുൻകരുതൽ എന്ന നിലയിൽ ഒഴിഞ്ഞു മാറി. മാദ്രിയെന്നെ പരിചരിക്കും, ശുദ്ധജലം വായിൽ മൃദുചലനത്തോടെ ഒഴിച്ചുതരും, സ്നേഹവചനങ്ങൾ ചൊല്ലും. പനി മാറിത്തുടങ്ങിയപ്പോൾ ഒരിക്കൽ മാ ദ്രി പറഞ്ഞു, ഇനി നീ അതിവേഗം വളർന്നു വലുതാവും, ശക്തിയുടെ പ്രതീകമാവും.

പിന്നീടാണ് മാദ്രി പരപുരുഷ രതിക്കായി പടിയിറങ്ങിപ്പോവാൻ തുടങ്ങിയത്. രാത്രി വരുമ്പോൾ വസ്ത്രങ്ങളിൽ കോരിത്തരിപ്പിക്കുന്ന സുഗന്ധമുണ്ടാവും. ആ പ്രലോഭനത്തിൽ വീണ പാണ്ഡുവിന്റെ രതിപരീക്ഷണത്തിനു വഴങ്ങിയ മാദ്രി, പാണ്ഡുവിന്റെ ശാപമരണത്തിനു കാരണമെന്ന് പറഞ്ഞു കുന്തി മാദ്രിയോട് ചിതത്തീയിൽ ചാടാൻ ഒച്ചവെച്ചും വിരൽ ചൂണ്ടിയും നിർബന്ധിച്ചതോർക്കുന്നു. മാദ്രി സമ്മതിച്ചില്ല. പെട്ടെന്ന് കുന്തി എന്നെ വിളിച്ചു ചെവിയിൽ കർശനമായി ആജ്ഞാപിച്ചതു ഞാൻ വിറയ്ക്കുന്ന കൈകളോടെ ചെയ്തു. പ്രിയ മാദ്രിയെ വാരിക്കോരിയെടുത്തു ആളിക്കത്തുന്ന പാണ്ഡുചിതയിൽ എറിഞ്ഞു. ഈ പാപം ചെയ്ത കൈകൾ ഈ ശപിക്കപ്പെട്ട കൈകൾ." പറഞ്ഞു പറഞ്ഞു ഭീമൻ വാവിട്ടു കരഞ്ഞു. പലയിടങ്ങളിൽ നിന്നായി പാറാവുകാർ ഓടി വന്നു ബലം പ്രയോഗിച്ചയാളുടെ വാപൊത്തി കൊട്ടാരക്കെട്ടിലേക്കു വലിച്ചെടുത്തുകൊണ്ടു പോയി.

2018/05/11

"എന്താ ഇങ്ങനെ 'മോങ്ങുന്ന'ത്? കൊട്ടാരം ലേഖിക ദുര്യോധനന്റെ മകളോട് ചോദിച്ചു. യുദ്ധാനന്തര യുധിഷ്ഠിര ഭരണകൂടം.

"ചതിച്ചുകൊന്നു അച്ഛനെ അവർ, പക്ഷെ ഞങ്ങൾ ഒന്നും പറഞ്ഞില്ല. ഇന്നലെ പൊതുയോഗത്തിൽ പാഞ്ചാലി എന്റെ അമ്മയെ അവമതിക്കുന്നതു നിങ്ങൾ കേട്ടില്ലേ? കലിംഗദേശക്കാരിയായ അമ്മ പതിനെട്ടുവയസ്സിൽ ഹസ്തിനപുരിയിൽ ദുര്യോധനവധുവായി വന്ന ശേഷം, ഗംഗയാറും യമുനയും ഒഴുകുന്ന ഈ കാർഷികഭൂമിയെ മാതൃഭൂമിയായി അംഗീകരിച്ചതല്ലേ? മറ്റു തൊണ്ണൂറ്റി ഒമ്പതു കൗരവ രാജസ്ത്രീളോടും അമ്മ ഹസ്തിനപുരിയുടെ നാടൻഭാഷയിൽ ഇടപഴകി. വ്യക്തിഗതത്യാഗം ചെയ്തു. രാഷ്ട്രത്തിന്റെ അഖണ്ഡത രക്ഷിക്കാനായി ചെയ്ത വിശുദ്ധയുദ്ധത്തിൽ ഭർത്താവ് കൊല്ലപ്പെട്ടു. രാജമന്ദിരത്തിൽ നിന്ന് ഞങ്ങളെ പുതുഭരണകൂടം പുകച്ചു പുറത്തു ചാടിച്ചു. അടിസ്ഥാന സൗകര്യമില്ലാത്ത പുനരധിവാസകേന്ദ്രത്തിൽ പൊറുക്കാൻ പ്രേരിപ്പിച്ചു. കുടിവെള്ളം ചോദിച്ചു കോട്ടക്കകത്തു ചെന്നപ്പോൾ വേട്ടപ്പട്ടികളെ വിട്ടു വിരട്ടി. ഇപ്പോൾ പാഞ്ചാലി പറയുന്നു, കുരുക്ഷേത്ര യുദ്ധത്തിന് മുമ്പ് ഭൂഗർഭഅറയിലെ രത്നശേഖരം കലിംഗനാട്ടിലേക്ക് രഹസ്യമായി കടത്തി എന്ന്. ഇതാണോ ദുര്യോധനവിധവയെ കുറിച്ച് ചുരുങ്ങിയ മാസങ്ങൾ മാത്രം ഈ നാട്ടിൽ താമസിച്ച പാഞ്ചാലി പറയേണ്ടത്? ഈ ദുഃഖത്തിൽ പങ്കുചേരാതെ ഞങ്ങളുടെ ശത്രുക്കളെ പോലെ ആഹ്ലാദിക്കാൻ എങ്ങനെ മനസ്സ് വരുന്നു? എന്തെല്ലാം സൗജന്യങ്ങളും പാരിതോഷികങ്ങളും ഞങ്ങളുടെ സുവര്ണകാലത്തു അച്ഛൻ തന്നതാണ്."

2018/05/12

"അമ്മയും വിദുരരും ഞങ്ങൾക്കൊപ്പം എന്ന് നിങ്ങൾ കുന്തിയെ പ്രേരിപ്പിച്ചില്ലേ? അതോ ആ കഠിനഹൃദയ വഴങ്ങിയില്ലേ?" കൊട്ടാരം ലേഖിക സഹദേവനോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

"കുന്തിയുടെ മനം മാറ്റാൻ എന്നെയാണ് യുധിഷ്ഠിരൻ നിയോഗിച്ചത്. മൂന്നു ദിവസങ്ങളിൽ സംഭാഷണം നടന്നു. അഥവാ, കുന്തിയെ സംസാരിക്കാൻ വിട്ടു. പാണ്ഡുവുമൊത്തുള്ള പഴയ വനവാസക്കാലം പോലെ പരപുരുഷരതിയുടെ 'ഞരമ്പ

കളിൽ ജീവിതാസക്തി' യുള്ള വനവാസമല്ല ഗാന്ധാരിയും കുന്തിയും വിദുരരും ധൃതരാഷ്ട്രരും ഉൾപ്പെടുന്ന നാൽവർ സംഘം ഇനി കാണേണ്ടി വരികയെന്നു ഓർമ്മിപ്പിച്ചു. വയോജനങ്ങൾ എന്ന നിലയിൽ പരസഹായമില്ലാതെ അന്നന്നത്തെ അപ്പം നേടാനാവർക്കാവാതെയാവും ഒന്നൊന്നായി പട്ടിണിമരണത്തിനു കീഴ്പ്പെടുക എന്ന സാധ്യത കുന്തിക്കുണ്ടെന്നു വ്യക്തമായി. ജീവിച്ചു മതിയായി ഇനി ഈ ശരീരം പ്രകൃതിയെ ഏൽപ്പിക്കണം. നിനക്ക് ഭാവി പ്രവചിക്കാനാവുമോ?, അങ്ങനെയല്ലേ മാദ്രീപുത്രനെന്ന നിലയിൽ എക്കാലവും പ്രതിച്ഛായ, എന്ന് കുന്തി ചോദിച്ചപ്പോൾ ഒഴിഞ്ഞു മാറാൻ ശ്രമിച്ചില്ല. കാരണമുണ്ട്-കൊച്ചു കുഞ്ഞായിരുന്ന കാലത്താണ് മാദ്രിയെ ഭീമൻ, കുന്തിയുടെ ആജ്ഞയിൽ പാണ്ഡുചിതയിലെറിയുന്നതിനു ഞാൻ സാക്ഷിയായത്-അമ്മാ അമ്മാ എന്ന് ഞാൻ കൈകൾ നീട്ടി നിലവിളിച്ചപ്പോൾ കുന്തി വന്നെന്റെ വായ പൊത്തി ശാസിച്ചു കുടിലിലേക്കു കൊണ്ടുപോയി മൂലയിൽ ബലം പ്രയോഗിച്ചിരുത്തി. അമ്മാ എന്ന് മന്ത്രിച്ചു കൊണ്ട് ഞാൻ പിറ്റേന്ന് ഒറ്റയ്ക്ക് പോയി ചിതയിലെ ചാരക്കൂനക്കു മുമ്പിൽ പരിഭ്രമിച്ചു നിന്ന ഓർമ്മയുണ്ട്. ആരോട്ട് ചോദിച്ചാണ് നീ ഇവിടെ വന്നത് എന്ന് പറഞ്ഞു യുധിഷ്ഠിരൻ കൈ പിടിച്ചു വലിച്ചു കൊണ്ടുപോയതോർമ്മയുണ്ട്. അമ്മാ എന്ന് വിളിച്ചു ബാല്യത്തിൽ അലഞ്ഞു നടന്നതും ഓർക്കുന്നു. അമ്മയെ ചിതയിൽ തള്ളാൻ ഭീമന് ആജ്ഞ നൽകിയ കുന്തിയിപ്പോൾ ചോദിക്കുന്നു, നിനക്കെന്റെ അന്ത്യം പ്രവചിക്കാൻ ആവുമോ? പ്രകൃതി നിങ്ങൾക്കൊരു കാട്ടുതീ മരണം അന്നേ വിധിപറഞ്ഞു കഴിഞ്ഞതാണ്. വിധിനടപ്പു മായി സഹകരിക്കൂ എന്ന് യാത്ര പറഞ്ഞവരെ ഞങ്ങൾ പടിയിറങ്ങാൻ വിട്ടു."

"നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് പുനരധിവാസകേന്ദ്രങ്ങളിൽ പതിവായി കിട്ടണം എന്ന ന്യായമായ ആവശ്യവുമായി കുരുക്ഷേത്രവിധവകൾ കറുത്തതുണി കൊണ്ട് ശിരസ്സ് മൂടി കോട്ടവാതിലിനു മുമ്പിൽ രാവിലെ മുതൽ പ്രതിഷേധപ്രകടനം ചെയ്യുന്നുണ്ടല്ലോ. പാണ്ഡവരിൽ ഒരാൾ പോലും അവിടെ ചെന്ന് പ്രയാസങ്ങൾക്ക് ചെവി കൊടുത്തു കണ്ടില്ല എന്നാണവർ പറഞ്ഞത്. അതെന്താ അങ്ങനെ? മഹാരാജാവ് യുധിഷ്ഠിരൻ ഇന്ന് ആകെ അവർക്കു കൊടുത്ത വാഗ്ദാനം രക്തസാക്ഷി ദുര്യോധനന്റെ ദീർഘകായ ലോഹപ്രതിമ കൗരവരുടെ അടുത്ത ആണ്ടുശ്രാദ്ധത്തിനു മുമ്പ് പൂർത്തിയാക്കുമെന്നും. മരിച്ചുപോയവരുടെ പ്രതിമ കണ്ടാൽ തീരുമോ ജീവിച്ചിരിക്കുന്നവരുടെ വിശപ്പും ദാഹവും?" കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട്ട് ചോദിച്ചു.

"പത്രവാർത്ത പോലെ എല്ലാം നിങ്ങൾ നീണ്ടനീണ്ട വാക്യങ്ങളിൽ ഞങ്ങളെ പറഞ്ഞുഫലിപ്പിക്കേണ്ട കാര്യമില്ല. ഒരു ജന്മം കൊണ്ട് കൊഴിഞ്ഞുപോവുന്ന കൗരവധൂമകേതുക്കളല്ല പാണ്ഡവർ. പാണ്ഡവ ജന്മത്തിനു ആകാശചാരികളുടെ കൂടിയാലോചനയുണ്ട്. അതീതശക്തികളുടെ നിയോഗം കിട്ടിയ വിശിഷ്ടജന്മങ്ങളാണ് പാണ്ഡവർ എന്ന് പറഞ്ഞത് പാഞ്ചാലിയല്ല വേദവ്യാസനാണ്. പാണ്ഡവരുടെ ജീവിതപാതയിലൂടെ ഒന്ന് നിങ്ങൾ രഥമോടിച്ചു നോക്കിയാൽ അറിയാം, എന്തെന്തു പ്രതിസന്ധികളിൽ തളരാതെ പിടിച്ചുനിന്നാണ് കുടുംബസ്വത്തു തിരിച്ചുപിടിച്ചതെന്നു. യുദ്ധം ജയിച്ചാൽ യുദ്ധക്കെടുതിയുണ്ട്, ധാന്യക്ഷാമമുണ്ട്, കുടിനീരിനു പോലും, അത്ഭുതം, ഗംഗയും യമുനയും ഒഴുകുന്ന ഈ നാട്ടിൽ കടിപിടിയുണ്ട്. സൗജന്യധാന്യവിതരണം, ശുചിമുറി നിർമ്മിതി, അത്യാവശ്യസാധനങ്ങൾ വിലകുറച്ചു വിൽപ്പന, ഇതൊന്നുമല്ല സുഹൃത്തേ പാണ്ഡവ ഭരണകൂടം നേരിടുന്ന വെല്ലുവിളി. ഇതിഹാസ

സമാനമായ പാണ്ഡവ ജീവിതം, വരും യുഗത്തിലും സാക്ഷരലോകം താളിയോലയിൽ വായിച്ചും നാടകമായി കണ്ടും കാലാതിവർത്തിയായി മാറേണ്ടതിനെ കുറിച്ച് ഞങ്ങൾ വിലയിരുത്തുമ്പോൾ, കൗരവവിധവകൾ ഞങ്ങളെ എന്താണ് ചെയ്യുന്നത്? ഊട്ടുപുരയിൽ തളച്ചിടുന്നു. കഷ്ടമല്ലേ ഇതൊക്കെ?"

2018/05/13

"ഭരണകൂടത്തിലെ അഞ്ചുപേരും കൗരവരുടെ ആണ്ടുശ്രാദ്ധത്തിനു പുണ്യനദിയിൽ പോയിരിക്കുകയാണ്. നിങ്ങളെങ്ങനെ ഓർത്തെടുക്കുന്നു, വികാര വിക്ഷോഭത്താൽ വഴിവിട്ടു പലതും ചെയ്ത ആ നൂറോളം കൗരവരെ?"

കൊട്ടാരം ലേഖിക ചോദിച്ചു.

ശീതകാലമായിരുന്നിട്ടും നേരത്തെ കുളിച്ചു ഈറൻ മാറാതെ പൂ പറിക്കുകയായിരുന്നു പാഞ്ചാലി.

"വിവേചനരഹിതമായിരുന്നു എന്നോടുള്ള കൗരവആരാധന. എനിക്കും അവർക്കും ഇടയിൽ അമംഗളകരമായി തോന്നിയ ഒരു വഴിതടസ്സമേ ഉണ്ടായിരുന്നുള്ളൂ. നിങ്ങൾക്കൂഹിക്കാം, പാണ്ഡവർ."

"പാഞ്ചാലിയാണോ, നിങ്ങൾ ഒറ്റക്കെട്ടായാണോ പറഞ്ഞത് വയസ്സായ കുന്തി കാട്ടിൽ പോട്ടെ എന്ന്?" കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. മറ്റു മൂന്നു വയോജനങ്ങൾക്കൊപ്പം പാണ്ഡുവിധവ.

"ജീവിതസായാഹ്നം വനത്തിൽ" എന്ന തീരുമാനം അനുസരിച്ചു കോട്ടവാതിലിനു പുറത്തേക്കു കടക്കുന്നത് മട്ടുപ്പാവിൽ നിന്ന് നോക്കുകയായിരുന്നു ഇരുവരും.

"അരക്കില്ലത്തിൽ ആദിവാസി കുടുംബത്തെ ബലികൊടുത്തുതുരങ്കം വഴി രക്ഷപ്പെടാനുള്ള സാഹസികയാത്രക്ക് നേതൃത്വം കൊടുത്ത ധീര, നിഷ്ഠൂര കുന്തിയല്ല പിന്നീട് ഞങ്ങളുടെ ജീവിതം താറുമാറാക്കിയ സ്ത്രീ. കാഴ്ചപരിമിതിയുള്ള ധൃതരാഷ്ട്രദമ്പതികൾ, കൊള്ളരുതാത്ത നൂറു കൗരവർക്കു വേറെ വേറെ രാജവധുക്കളെ കണ്ടെത്തിയപ്പോൾ, കുന്തി ഞങ്ങളെ പാഞ്ചാലിയുടെ തൊഴുത്തിൽ കെട്ടി. അതൊരടിയായിരുന്നു പാണ്ഡവാഭിമാനബോധത്തിന്. ഭാവിജീവിതത്തിനായി ഖാണ്ഡവപ്രസ്ഥം എന്ന കൊടുംകാട്ടിലേക്കു ഭാഗ്യാന്വേഷികളായി ഞങ്ങൾ യാത്ര തിരിച്ചപ്പോൾ 'നിങ്ങളുടെ നല്ലനടപ്പിന് ജാമ്യമായി ഞാൻ ഗാന്ധാരിയുടെ തോഴിയായി കൊട്ടാരത്തിൽ കഴിയും' എന്ന് കുന്തി വിരൽ ചൂണ്ടി പറഞ്ഞത്, 'പാണ്ഡവർ പ്രതികൾ' എന്ന ഊന്നലോടെ ആയിരുന്നു എന്നാൽ പ്രിയപാഞ്ചാലിയോ? കുടിയേറ്റ ഭൂമിയെ പരിഷ്കൃത നഗരമാക്കുന്നതിൽ നഗരമന്ദിരങ്ങളുടെ നിർമിതിയിൽ രാജസൂയയാഗത്തിൽ ഔദ്യോഗിക ചക്രവർത്തിനി പദവി ഏറ്റെടുക്കുന്നതിൽ, ഒപ്പം ഞങ്ങളിൽ നിന്ന് കൃത്യമായുഴം അനുസരിച്ചു ഗർഭം ധരിച്ചു നവജാതശിശുക്കളെ പാഞ്ചാലയിൽ പരിചരണത്തിനയക്കുന്നതിൽ എല്ലാറ്റിലും കാണാമായിരുന്നു കുന്തിക്കൊന്നും എത്തിനോക്കാനാവാത്ത കാര്യശേഷി, മികവ്. കുന്തിയെ ഒട്ടും ആശ്രയിക്കാതെ ഞങ്ങളുടെ അഭിലാഷങ്ങൾ പൂവണിയാൻ തുടങ്ങിയപ്പോൾ, കുന്തി ഇനി കാട്ടിൽ പോവുന്നെങ്കിൽ പോട്ടെ എന്ന ഏകകണ്ഠമായ അഭിപ്രായം ഞങ്ങൾ ആറുപേരിലുണ്ടായത് ഒരു സുപ്രഭാതത്തിലല്ല, കാലക്രമേണയാണ്. പുരുഷന്റെ വിജയത്തിന് പിന്നിൽ സ്ത്രീയുണ്ട് എന്ന കവിവചനത്തെ സാർത്ഥകമാക്കുന്നതായിരുന്നു

ഞങ്ങളുടെ ജീവിതത്തിൽ നിന്ന് കുന്തിയുടെ എന്നെന്നേക്കുമായുള്ള തിരോധാനം. പോട്ടെ തിരക്കുണ്ട്. തുന്നൽക്കാരനെ കണ്ടു നാളെ വൈകുന്നേരത്തെ വിരുന്നിനു മുമ്പ് പാഞ്ചാലിയുടെ പട്ടുടുപ്പുകൾ കിട്ടണം എന്നുടൻ പോയി പറയട്ടെ, ഇന്ന് രാത്രി ഊഴം എനിക്കാണ്.

2018/05/14

"ബലാൽക്കാരത്തിനു പാണ്ഡവസാന്നിധ്യത്തിൽ ഇരയായ പാഞ്ചാലിക്ക് വേണ്ടി ഹസ്തിനപുരി ന്യായാലയത്തിൽ ദുര്യോധനെ പ്രതിയാക്കി വാദിക്കാൻ വെളിനാട്ടിലെ പ്രഭാഷണ യാത്ര വെട്ടിച്ചുരുക്കി ഓടിവന്നപ്പോഴാണ് ചാർവാകൻ അറിയുന്നതു കുന്തിയുടെ ആവശ്യപ്രകാരം പാഞ്ചാലിയെ മാനസികരോഗ ചികിത്സ എന്ന പേരിൽ ഹിമാലയത്തിലേക്ക് ഒളിച്ചുകടത്തി എന്ന്. വിവരമറിഞ്ഞ ആളാകെ സ്തംഭിച്ചു. കോട്ട വാതിലിലെ പാറാവുകാർക്കു കൊട്ടാരം സർവ്വാധികാരി നിർദ്ദേശം കൊടുത്തിരിക്കുകയാണ്-ശല്യക്കാരൻ വ്യവഹാരി ചാർവാകനെ കണ്ടാൽ അകത്തേക്ക് വിടരുത് തല്ലിയോടിക്കണം. ഹസ്തിനപുരി കൊട്ടാരസമുച്ചയം ഇന്ന് ഒരു സംഘം സാമൂഹ്യവിരുദ്ധരുടെ പിടിയിലാണെന്നു ചാർവാകൻ" പാണ്ഡവ വനാശ്രമത്തിലായിരുന്ന കൊട്ടാരം ലേഖിക പറഞ്ഞു. വിടാതെ മഴ പെയ്തു മുൻവശത്തെ കൈത്തോടിലൂടെ കലക്കവെള്ളം കുത്തിയൊലിക്കുന്ന ശബ്ദം മാത്രം.

"കള്ളച്ചൂതിൽ ഇരയാവാൻ ആനപ്പുറത്തു പോയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിക്ക് കിട്ടേണ്ടതു് കിട്ടി-പ്രകൃതിക്കു സ്വസ്തി. കൂടെ പൊറുക്കുന്ന പെണ്ണിനെ പണയം വച്ച് കളിച്ചവർക്കിതൊരു യുഗാന്തര പാഠവുമായിരിക്കട്ടെ. പ്രശ്നരഹിതമായിരുന്ന ഇന്ദ്രപ്രസ്ഥത്തിൽ അല്ലലില്ലാതെ സ്വസ്ഥജീവിതം നയിച്ച ഞങ്ങൾ രാജസൂയ പാണ്ഡവർ, ദുര്യോധന ദാക്ഷിണ്യത്തിൽ നേടിയ ഈ അക്ഷയപാത്രത്തിൽ മൂന്നുനേരം കൈമുക്കി കൗരവഊട്ടുപുരയിലെ ഇച്ചിൽ വാരിയെടുത്ത് തിന്നുമ്പോൾ, അത്താഴപ്പട്ടിണിക്ക് വിധിക്കപ്പെട്ട ഈ 'മാനസികരോഗി' അടിവസ്ത്രം ഒന്നുകൂടി കെട്ടി മുറുക്കട്ടെ."

2018/05/15

"പരുക്കൻ തറയിൽ പുൽപ്പായ വിരിച്ച ഒറ്റമുറിയിൽ, കണ്ടാലറിയാവുന്ന നാലു വയോജനങ്ങൾ മരണം കാത്തു കിടക്കുന്നു. അങ്ങനെയാണോ തിരിച്ചു നാട്ടിലെത്തി ഞാൻ വാർത്ത കൊടുക്കേണ്ടതു്?" കൊട്ടാരം ലേഖിക വിദുരരോട് ചോദിച്ചു. വനവാസത്തിനായി ധൃതരാഷ്ട്രർ ഗാന്ധാരി കുന്തി വിദുരർ എന്നിവർ കൊട്ടാരം വിട്ടു പോയി മാസം മൂന്നു കഴിഞ്ഞിരുന്നു. ഒരാഴ്ച അലഞ്ഞശേഷം അവൾ അവരുടെ കുടിൽ കണ്ടെത്തി.

"നിങ്ങൾ ഇവിടെ വരുമ്പോൾ കാണുന്നതു് ചോരുന്ന മേൽക്കൂരയും മണ്ണിളകിയ ചുവരും മുഷിഞ്ഞ തുണികളും ഒഴിഞ്ഞ വയറും-എന്നാൽ സ്വയം അന്ത്യനിമിഷങ്ങൾക്കായി തിരഞ്ഞെടുത്ത ഈ കാട്ടുകുടിലിൽ പക്ഷെ നാലുപേർ നീണ്ട തിരക്ക് പിടിച്ച ജീവിതത്തിനു ശേഷം ഇപ്പോൾ അനുഭവിക്കുന്നതു് മൗനത്തിന്റെ സങ്കീർത്തനം, കവി പാടിയ പോലെ ശൂന്യമാകെ മുഴക്കുന്ന പ്രണവത്തിന്റെ മർമ്മരം".

"തിന്മയുടെ മേൽ നന്മയുടെ വിജയമാണ് ഇക്കഴിഞ്ഞ കുരുക്ഷേത്രം എന്ന് ജേതാവായ യുധിഷ്ഠിരൻ അരങ്ങേറ്റമൈതാനപൊതുയോഗത്തിൽ നിരീക്ഷിച്ചപ്പോൾ, അനുമോദനസദസ്സ് എഴുന്നേറ്റ് അരനിമിഷത്തോളം നേരം കയ്യടിക്കുന്നത് ഞങ്ങൾ വിസ്മയത്തോടെ കണ്ടു. പക്ഷെ വേദിയിൽ ഇരുന്ന പാഞ്ചാലി അപ്പോൾ മുഖം താഴ്ത്തി. എന്താ സംഗതി?" കൊട്ടാരം ലേഖിക രാജസഭയിൽ കുനിപ്പിടിച്ചിരുന്ന കൃപാചാര്യരെ കണ്ടെത്തി.

"തിന്മക്കു മേൽ തിന്മയുടെ വിജയം എന്ന് പാഞ്ചാലി താളിയോലയിൽ നാരായം കൊണ്ട് എഴുതിക്കൊടുത്തത് അർദ്ധസാക്ഷരതയുടെ ആൾരൂപമായ അഭിവന്ദ്യയുധിഷ്ഠിരൻ വായിച്ചപ്പോൾ ഒരക്ഷരം തെറ്റി."

2018/05/16

"കുരുക്ഷേത്രയിൽ ഹരിതചട്ടം നടപ്പാക്കുന്നു എന്നാദ്യം കേട്ടപ്പോൾ, അതൊരു ഭരണകൂടനിയന്ത്രണമെന്നു ധരിച്ചു അവഗണിച്ച ഞാനിപ്പോൾ ഓടിക്കിതച്ചു ഹസ്തിനപുരിയിൽ നിന്ന് ഇവിടെ വന്നത് സംഗതി പരിലാളനമാണ് എന്നറിഞ്ഞപ്പോൾ. ആരാണ് നിങ്ങൾ? എന്താണ് ഈ കാണുന്നതൊക്കെ?" കൊട്ടാരം ലേഖിക കുരുക്ഷേത്രപ്രവിശ്യയുടെ യുവഭരണാധികാരിയോട് ചോദിച്ചു. തക്ഷശിലയിൽ നിന്ന് പഠനം കഴിഞ്ഞെത്തിയപ്പോൾ ദുര്യോധനൻ അയാളെ പ്രവിശ്യാഭരണകൂടത്തിന്റെ താക്കോൽ സ്ഥാനത്തു നിയമിച്ചത് അന്ന് വിവാദമായിരുന്നു.

"ഒരു കൊച്ചു ഗ്രാമത്തിന്റെ കൃഷിയിടത്തോളം പോന്ന ഈ കുറ്റിക്കാട് വെട്ടിയാണ് ഒരു ഭൂഖണ്ഡത്തിന്റെ ജനസംഖ്യയുടെ പാതിയോളം യുവാക്കളെ പതിനെട്ടുനാൾ കൊണ്ട് രണ്ടു കുടുംബക്കാർ ഹോമിച്ചത്. ഈ ചരിത്രപശ്ചാത്തലം ഭാവിതലമുറക്കെങ്ങനെ രൂപമാറ്റത്തിലൂടെ വരുത്തിയെടുക്കാമെന്നായിരുന്നു യുദ്ധാവസാനം മുതൽ എന്റെ മനസ്സിൽ. എല്ലാ ജൈവമാലിന്യങ്ങളും പല വൻകുഴികൾ തോണ്ടി ഒന്നൊന്നായി അടുക്കിയിട്ടു മേലെ മണ്ണിട്ട് മൂടിയ സമതലത്തിലാണ് നാമിപ്പോൾ കാൽവക്കുന്നത്. കുഴിമാടഭീതിയൊന്നും തോന്നുന്നില്ല അല്ലേ? അവിടെയാണ് ഹരിതചട്ടം 'ചട്ട'പ്രകാരത്തേക്കാൾ മികവ് തെളിയിച്ചത്. ചുറ്റും നോക്കു, നിങ്ങളെ തുറിച്ചു നോക്കുന്നത് ഗതികിട്ടാതെ കൗരവപാണ്ഡവ പ്രേതങ്ങളാണോ? അല്ല? പിന്നെ? ഔഷധസസ്യങ്ങളുടെ വൻശേഖരം, പിടിച്ചാൽ പിടി കിട്ടാത്ത വളർച്ച. ഓരോ സൈനികന്റെയും യുദ്ധാഭിലാഷങ്ങളുടെ അന്തിമസാക്ഷാത്കാരം എന്നൊക്കെ തോന്നിയാൽ അതായിരിക്കും സത്യത്തോടടുത്ത സംഗതി. ജഡങ്ങൾ ചീയുന്ന ഗന്ധം? ഇല്ലേയില്ല അല്ലെ? അതാണ് കാര്യം. വരും യുഗത്തിൽ വിനോദ സഞ്ചാരികൾ കുരുക്ഷേത്രത്തിലെ ഔഷധസസ്യങ്ങൾ വരി നിന്ന് വില കൊടുത്തു മടങ്ങുമ്പോൾ, ആർക്കുവേണ്ടിയെന്തിനെന്നറിയാതെ ജീവത്യാഗം ചെയ്ത ഓരോ സൈനികന്റെ ആത്മാവും മന്ത്രിക്കും-ഇതെനിക്ക് നിത്യശ്രാദ്ധം, കുടുംബ സ്വത്തു തർക്കത്തിന് പ്രതിവിധി പോർക്കളമാണെന്ന നാട്ടുവാഴിഅഹന്തക്ക് കിട്ടിയ ജനകീയപ്രഹരം."

"തരം കിട്ടിയാൽ തുടയിലും അടിക്കും എന്ന് ഭീമനെ കുറിച്ച് സംശയം തോന്നിയില്ലേ?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. കുരുക്ഷേത്ര അവസാന

ദിവസം. നീണ്ട ദ്വന്ദയുദ്ധത്തിൽ മാരകമായ ഗദാപ്രഹരമേറ്റ പൊട്ടിയ തുടയെല്ലുമായി ചളിനിറഞ്ഞ ചതുപ്പുനിലത്തിൽ, ഇച്ഛാശക്തി കൊണ്ടുമാത്രം ഇരിക്കാൻ ശ്രമിക്കുകയായിരുന്നു ആ ധീര കൗരവപോരാളി.

“വെള്ളത്തിൽ നിന്ന് മുടിയിൽ വലിച്ച് എന്നെ കരയിലേക്ക് കൊണ്ടുവരുമ്പോൾ ഭീമനോട്ടവും ശരീരചലനങ്ങളും അസാധാരണമായി. ഭീതിയും പ്രതികാരവും, ഒന്നും നഷ്ടപ്പെടാനില്ലെന്ന ഭാവവും, അവന്റെ ശിശുമുഖത്തെ ക്രൂരമൃഗമുഖമാക്കി. പ്രണയിക്കുന്ന പെണ്ണിൽ നിന്ന് പതിവായി ആട്ടും തുപ്പും കിട്ടുന്ന പുരുഷനിൽ നിന്ന് അവളെ തട്ടിയെടുത്തവൻ എന്ന നിലയിൽ എന്നെ പ്രതിസ്ഥാനത്തു പ്രതിഷ്ഠിച്ച് ആയുധമോങ്ങി. അവന്റെ പെണ്ണിനെ ഉടുതുണിയുരിയതിലായിരുന്നില്ല ഭീമനൊമ്പരം. സിംഹാസനത്തിലിരുന്ന ഞാൻ, തുടകൾ നഗ്നമാക്കി അവൾക്കിരിക്കാൻ ഇടം കൊടുത്തതായിരുന്നു കോപം ജ്വലിപ്പിച്ചത്. “രോമം നിറഞ്ഞ ഈ വെളുത്ത തുടകൾ കാണിച്ച് എന്റെ പെണ്ണിനെ നീ ഇനി ഈ ജന്മം മോഹിപ്പിക്കരുത്” എന്ന് പറഞ്ഞുകൊണ്ടവൻ ഗദ അതിന്റെ ലക്ഷ്യത്തിലേക്കെടുത്തതോർമ്മയുണ്ട്. കുറുനരികളും കഴുകനും കൊത്തിപ്പറിക്കും മുമ്പ് പാണ്ഡവരുടെ വംശനാശത്തിന് വേണ്ടി ചെയ്യാവുന്ന അവസാന തന്ത്രവും മെനഞ്ഞു മാത്രമേ ഞാൻ ഈ ലോകത്തിൽ നിന്ന് യാത്രയാവൂ.”

2018/05/17

“പെരുമാറ്റച്ചട്ടം നിങ്ങൾ പരിഗണിച്ചില്ലെന്ന പരാതി വ്യാപകം. എങ്ങനെ പ്രതികരിക്കുന്നു?” പാണ്ഡവ പാളയത്തിലേക്ക് ആനന്ദനൃത്തം ചെയ്ത്, ഗദ കുലുക്കി നീങ്ങിയ ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു.

പരാതി വ്യാപകം? പാണ്ഡവരെ അല്ലാതെ കൗരവപക്ഷത്തു വാ തുറക്കാൻ ജീവനുള്ളവരുണ്ടോ? ഇനി പെരുമാറ്റച്ചട്ടം. പിന്തുടർന്ന് ഞങ്ങൾ ചെന്നപ്പോൾ പാഞ്ചാലിയാണ് ചൂണ്ടിക്കാണിച്ചത്, വെള്ളക്കെട്ടിൽ കഴുത്തറ്റം ഒളിച്ചിരിക്കുന്ന ദുര്യോധനൻ. പമ്മിച്ചെന്നവന്റെ നീണ്ട മുടി പിടിച്ച് വലിച്ച് കരയിൽ കൊണ്ടുവന്നു ആദ്യം കൊടുത്തത് നഗ്നത മറയ്ക്കാൻ പാഞ്ചാലിയുടെ ഉടുതുണിയിലൊരു ഭാഗമാണ്. ഒരു ഞെണുങ്ങാത്ത ഗദ സമ്മാനിച്ചാണ് പോരിനു ഞാനവനെ വിളിച്ചത്. മരിച്ചാൽ ഹസ്തിനപുരിയിൽ പൂർണ്ണകായ ലോഹപ്രതിമ ആദ്യ ആണ്ടു ശ്രാദ്ധത്തിൽ തന്നെ പൂർത്തിയാക്കാമോ എന്നവൻ ചോദിച്ചു. ഉറ്വെന്നു യുധിഷ്ഠിരൻ വാക്കു കൊടുത്തു. ജീവിച്ചു മതിയായി. മനുഷ്യജന്മം വ്യർത്ഥം എന്നെന്നെ തിരിച്ചറിവിലെത്തിച്ചിരുന്നു ജലത്തിൽ മുങ്ങിക്കിടന്നുള്ള ധ്യാനം. പതിനെട്ടുനാൾ പോരാടി തളർന്ന നിനക്കെന്നെ എളുപ്പം കൊല്ലാൻ ഉപായം പറഞ്ഞു തരാം. എന്റെ തുടയിൽ ഒരൊറ്റ ഗദാപ്രയോഗം മതി. ഊർജ്ജം നഷ്ടപ്പെടുത്താതെ നിനക്കെന്നെ കൊല്ലാം. “അസ്തിത്വദുഃഖവാദി” യുടെ അവസാനത്തെ ആഗ്രഹം ഞാൻ കർത്തവ്യബോധത്തോടെ സാധിച്ചു കൊടുത്തതാണോ നിങ്ങൾ ‘പോരാട്ടത്തിലെ പെരുമാറ്റച്ചട്ട ലംഘനം’ എന്ന് പറഞ്ഞു എനിക്ക് നേരെ നനഞ്ഞ കമ്പിളിയെറിയുന്നത്?

“എന്താണിപ്പോൾ യുധിഷ്ഠിരനുമായി വീണ്ടും സൗന്ദര്യപ്പിണക്കം? അതും കിടങ്ങിൽ ചാടി ഇരയാവുമെന്ന ആത്മഹത്യഭീഷണി മുഴക്കാൻ മാത്രം?” കൊട്ടാരം ലേഖിക ദുര്യോധനവിധവയോടു ചോദിച്ചു.

"ആളുയരത്തിലുള്ള പഞ്ചലോഹപ്രതിമ ദുര്യോധനന്റെ ആണ്ടുശ്രാദ്ധത്തിനു മുമ്പ് തന്നെ പണിയും എന്ന യുധിഷ്ഠിരപ്രതിജ്ഞ ഇപ്പോൾ പ്രതിമ എന്ന് ഭീമൻ ചുരുക്കി. വാക്കുകളിൽ മിതത്വം പാലിക്കാനല്ല, ദുഷ്ടബുദ്ധിയോടെയാണ് എന്ന് ഉള്ളം നിലവിളിക്കുന്നു. കുരുക്ഷേത്രക്കു പുറത്തൊരു ചെളിക്കുണ്ടിൽ കാണാതായ ദുര്യോധനജഡം തേടിപ്പിടിച്ചു യമുനയുടെ തീരത്തു ശക്തിസ്ഥലി എന്ന സ്മൃതിമണ്ഡപത്തിൽ അടക്കം ചെയ്യണമെന്ന ആവശ്യത്തെ ഭീമൻ നേരിട്ടത്, കുരുക്ഷേത്ര വിധവകളും അവശേഷിക്കുന്ന അംഗങ്ങളും ചെന്ന് തിരഞ്ഞു കൊണ്ടുവരാമെങ്കിൽ സംസ്കാരച്ചെലവ് ഭരണകൂടം വഹിക്കും എന്നാണ്. നൂറു കൗരവരെയും ഞാക്കിക്കൊന്നു ആർമാദിച്ച ഭീമൻ ഞങ്ങളുടെ പുനരധിവാസ ഉത്തരവാദിത്വം വഹിക്കുന്നിടത്തോളം ജീവത്യാഗം ചെയ്ത കൗരവാത്മാക്കൾക്കു ശാന്തി കിട്ടില്ലെന്ന് തിരിച്ചറിഞ്ഞാൽ, മരണം ഇരുൾ മൂടിയ താഴ്‌വരയല്ല സാന്ത്വനം തരുന്ന സ്നേഹ സ്പർശനമാണ്. അധികാരം കയ്യിൽ കിട്ടിയപ്പോൾ യുധിഷ്ഠിരൻ ആളാകെ മാറി. ആ കുപ്രസിദ്ധ മുഖംമൂടിയിൽ എക്കാലവും ഭ്രമിച്ച ഹസ്തിനപുരി അറിയട്ടെ, നാടിന്റെ അഖണ്ഡത കാത്തുസൂക്ഷിക്കാൻ കുരുക്ഷേത്രയിൽ സ്വയം ബലി നൽകിയ കൗരവരുടെ കുടുംബങ്ങളെ ഈ ഭരണകൂടം എങ്ങനെയാണ് ആത്മഹത്യയിലേക്കു തള്ളിയിട്ടതെന്ന്."

2018/05/18

"കൗരവരിൽ ചില പ്രമുഖർ ഒരു വിഴുപ്പുകെട്ട് കൊട്ടാരരഹസ്യങ്ങളുമായി പാണ്ഡവപക്ഷത്തേക്കു കൂറുമാറാനിടയുണ്ടെന്നു കുതിരപ്പന്തികളിൽ അടക്കിപ്പിടിച്ച വർത്തമാനമുണ്ടല്ലോ. യുദ്ധരഹസ്യങ്ങൾ പുറത്തു പോവാതിരിക്കാൻ പുറംലോകവുമായി ബന്ധം നിഷേധിച്ചു ദുര്യോധനൻ അവരെയൊക്കെ അജ്ഞാതകേന്ദ്രത്തിൽ ബന്ദികളാക്കി എന്നാണു വഴിയമ്പലങ്ങളിൽ കേൾക്കുന്നത്" കൊട്ടാരം ലേഖിക കൗരവ ഭരണകൂടത്തിന്റെ പ്രതിരോധവകുപ്പ് വക്താവിനോട് ചോദിച്ചു.

"കടുത്ത മാനസിക പീഡനവും അപമാനവും സഹിക്കുകയാണെന്നു കൗരവർ പറഞ്ഞതായി കുതിരപ്പന്തികളിൽ കേട്ടിരുന്നു എന്ന് കൂടി വിസ്തരിച്ചു പറയൂ. വിശ്വാസം തോന്നും. തീർത്തും മനുഷ്യത്വ രഹിതമായ രീതിയിലാണ് കൗരവർ സ്വന്തം സഹോദരന്മാരെ ഒളിവിൽ പാർപ്പിച്ചിരിക്കുന്നത് എന്നും, ജീവിത പങ്കാളിയെ ഒന്ന് കാണാൻ പോലും സമ്മതിക്കാതെ ദുര്യോധനൻ വിലങ്ങിട്ടിരിക്കയാണെന്നും പറഞ്ഞുനോക്കൂ. സുഹൃത്തേ, കൗരവർ ഇപ്പോൾ സുഖചികിത്സയിലാണ്. നീണ്ടതും കഠിനവുമായ സൈനിക പരിശീലനത്തിനു ശേഷം കുരുക്ഷേത്രയിൽ കൗരവയുദ്ധക്ഷമത ഇരട്ടിയാകും എന്ന പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്. പന്ത്രണ്ടു വർഷം പാണ്ഡവർ വനാശ്രമത്തിൽ 'തിന്നും കളിച്ചും' കഴിഞ്ഞ പോലെ അല്ല, ശരീരത്തിന്റെ കായികചലനശക്തി നാലിരട്ടിയാക്കുന്ന അപൂർവ്വയിനം ഭക്ഷണരീതി. അതും പൂർണ്ണബ്രഹ്മചര്യത്തോടെ. അവരെ പാർപ്പിച്ചിരിക്കുന്നത് ശ്വാസം കിട്ടാത്ത ഭൂഗർഭഅറയിലല്ല, സുഖശീതള ഹിമാലയ താഴ്വരയിലെ ആശ്രമങ്ങളിൽ."

"ആരോരുമറിയാതെ അജ്ഞാതവാസം ചെലവഴിച്ച പാണ്ഡവർ ഇപ്പോൾ ആതിഥേയരാജ്യമായ വിരാടയിലെ ഉപപ്ലാവ്യ സൈനികപാളയത്തിൽ യുദ്ധസന്നാഹത്തിലാണ്. എല്ലാം ചാരസന്ദേശം വഴി നേരത്തെ നിങ്ങൾക്കറിയാം. വമ്പിച്ച ആൾനാശമുണ്ടാക്കാവുന്ന മഹായുദ്ധത്താൽ പരിഹരിക്കേണ്ടപ്പെടേണ്ടതല്ല കു

രുവംശക്കൂട്ടുകുടുംബ സ്വത്തുതർക്കം എന്ന ബോധ്യത്തിൽ, അവസാനവട്ട സമാധാനചർച്ചക്കുവേണ്ടിയാണ് ഞാനിപ്പോൾ ഹസ്തിനപുരിയിൽ എത്തിയത്" ദൂതൻ ദുര്യോധനനെ നോക്കി രാജസഭയിൽ പറഞ്ഞു. കൊട്ടാരം ലേഖിക കൗതുകത്തോടെ നോക്കി.

"പാണ്ഡവ ചാരസംഘടന നകുലനേതൃത്വത്തിൽ എന്തെല്ലാം വിവരസമാഹരണം കുരുക്ഷേത്രയിൽ നിന്ന് കടത്തിയോ അതൊക്കെ ശരിവെക്കുന്നതാണ് കുരുക്ഷേത്ര യുദ്ധത്തിനുള്ള അടിസ്ഥാന സൗകര്യവികസനം. ചേരയും മുള്ളൻ പന്നിയും നിറഞ്ഞ കുറ്റിക്കാട്ട് വെട്ടി നിരപ്പാക്കി എത്രവേഗമാണ് കൗരവത്തൊഴിലാളികൾ ക്രമീകരണങ്ങൾക്ക് രൂപം കൊടുത്തത്. ഭക്ഷ്യയോഗ്യമായ നാൽക്കാലികൾ മുതൽ അമ്പൊടുങ്ങാത്ത ആവനാഴികൾ വരെ എല്ലാറ്റിലും കൗരവനിരീക്ഷണം സൂക്ഷ്മവും കാര്യക്ഷമവും ആയി എന്ന് രണ്ടുനാൾ നീണ്ട പരിശോധനക്ക് ശേഷം ഞങ്ങളെ അഭിനന്ദിച്ചത് വിദുരർ അല്ല, കൃപാചാര്യൻ. കുട്ടിക്കാലത്തു ഞങ്ങളെ ചൂരൽ കൊണ്ട് അടിക്കാൻ അധികാരമുണ്ടായിരുന്ന ആ കൊട്ടാരഗുരു ഒന്നേ അവസാനം പറഞ്ഞുള്ളൂ-ഉപപ്ലാവ്യയിൽ നിന്ന് പാണ്ഡവർ കൈവീശി വന്നാൽ മതി-ജയിച്ചാൽ ഹസ്തിനപുരി മരിച്ചാൽ സ്വർഗ്ഗരാജ്യം."

2018/05/19

"നിങ്ങൾ പരുഷമായി പ്രതികരിക്കുന്ന പോലെ തോന്നി. അന്യായമായ ആവശ്യങ്ങൾ വല്ലതും കുന്തി ഉന്നയിച്ചുവോ?" കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

പുഴയോരത്തെ പ്രഭാതവെയിൽ വീണ ആ സുന്ദരമുഖം അശാന്തമായിരുന്നു. ചുണ്ടുകൾ വിറച്ചിരുന്നു. കണ്ണുകൾ ഈറനായിരുന്നു.

"എന്നെ പ്രസവിച്ച സ്ത്രീ എന്നവർ സ്വയം പരിചയപ്പെടുത്തി. നവജാതശിശുവിനെ പുലർച്ചയിൽ നീരൊഴുക്കിൽ മരിക്കാൻ വിട്ട ആ കഠിനഹൃദയയെ ഞാൻ ഞെട്ടി, തുറിച്ചു നോക്കിയപ്പോൾ അവർ പ്രതീക്ഷിച്ചു, ആകസ്മികമായി വഴിയിൽ കണ്ടെത്തിയ പെറ്റ തള്ളയോടുള്ള നിർവ്യാജസ്നേഹമാണെന്നു. അതിൽ പിടിച്ചവർ എന്റെ അനുജന്മാരാണ് പഞ്ചപാണ്ഡവർ എന്ന അപൂർവ്വ സാഹോദര്യം എന്നിൽ ചെലുത്താൻ ശ്രമിച്ചു. എക്കാലവും ഹസ്തിനപുരി വിദ്യാലയങ്ങളിൽ എന്നെ കീഴ്ജാതിക്കാരനെന്ന് വാക്കും നോക്കും പ്രവർത്തിയും കൊണ്ട് പരസ്യമായി അവമതിക്കുകയും സാമൂഹ്യമായി പാർശ്വവൽക്കരിക്കയും ചെയ്തിരുന്ന അർജ്ജുനനെയും നിങ്ങൾ പെറ്റതാണോ എന്ന് ചോദിക്കാൻ ഞാൻ അവർക്കു നേരെ മുഖം ഉയർത്തിയപ്പോൾ, അവർ കരുതി സാഹോദര്യം തളിരിട്ടു എന്ന്. ആസന്നമായ കുരുക്ഷേത്രത്തിൽ പാണ്ഡവരുടെ യുദ്ധകാലസുരക്ഷ ഞാൻ ഉറപ്പുകൊടുക്കണമെന്നു കുന്തി അപ്പോൾ സാഹചര്യം ചൂഷണം ചെയ്തു വൈകാരികതയോടെ ആവശ്യപ്പെട്ടു. എന്റെ മുഖത്ത് നിന്ന് നോട്ടം മാറ്റാതെ, മാതൃത്വത്തിന്റെയും സാഹോദര്യത്തിന്റെയും മൃദുല വികാരമുപയോഗിച്ചവർ, കുളി കഴിഞ്ഞുവരുന്ന എന്റെ ശാന്തത അവർക്കനുകൂലമായി തരപ്പെടുത്താൻ ശ്രമിച്ചപ്പോൾ ഞാൻ ഇടപെട്ടു-ഒടുങ്ങാത്ത സൗഹൃദം ജീവനൊടുങ്ങും വരെ നിലനിർത്തുമെന്ന് വാക്കു കൊടുത്താണ് ഞാൻ ദുര്യോധനന്റെ കൂട്ടാളിയായത്. അതാണെനിക്ക് അഭിമാനം. പെറ്റ കുഞ്ഞിനെ പുഴയൊഴുക്കിൽ മരിക്കാൻ വിട്ട തള്ളയല്ല എന്റെ 'അമ്മ മാതൃക', അരങ്ങേറ്റമൈതാനത്തി

ലെ പൊതുവേദിയിൽ പാണ്ഡവർ എന്നെ അവഹേളിക്കുകയും നിസ്സാരവൽക്കരിക്കയും ചെയ്യുന്നത് അവിടെ കൂടിയിരുന്ന ഹസ്തിനപുരിയിലെ അഭിജാതസദസ്സ കണ്ടിട്ടും കണ്ടില്ലെന്നമട്ടിൽ ഇരുന്നപ്പോൾ, അവസരോചിതമായി ഇടപെട്ട എന്റെ മാനം കാത്തതു നിങ്ങൾ കൊല്ലാൻ കരുതിവച്ച ദുര്യോധനനാണ്. അവൻ എനിക്ക് സംരക്ഷകൻ, എന്നെന്നും വേണ്ടപ്പെട്ടവൻ, അവന്റെ ശത്രുക്കൾ എനിക്കും യുദ്ധത്തിൽ പ്രതിയോഗികൾ."

"ബാല്യം കളങ്കിതമാക്കി? രമണീയമായിരിക്കേണ്ട വിദൂരഭൂതകാലം അങ്ങനെയാണോ?" യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു. വാനപ്രസ്ഥം.

"സുന്ദരികളായിരിക്കാം കുന്തിയും മാദ്രിയും. വാൽസല്യനിധികളായ അമ്മമാരായി അനുഭവമില്ല. പൂ ചൂടി പുറത്തുപോവുന്ന കേമികളായിരുന്നു. പരുക്കൻ നിലത്തു കിടന്നു ഈ രതിസാഹസങ്ങൾ മൌനമായി പ്രോത്സാഹിപ്പിക്കുന്ന പാണ്ഡുവും എന്റെ നിഷ്കളങ്ക ബാല്യം വിഷമയമാക്കി."

2018/05/21

"സത്യപ്രതിജ്ഞ കഴിയുമ്പോഴേക്കും തുടങ്ങിയോ നിങ്ങൾ അസത്യപ്രചാരണം? യുദ്ധം ജയിച്ച പാണ്ഡവർ അവിശുദ്ധ കൂട്ടുകെട്ടാണെന്നൊക്കെ നിങ്ങൾ ഇങ്ങനെ പുനരധിവാസ കേന്ദ്രത്തിൽ ഒച്ചവെക്കുന്നതിന്റെ യുക്തി?" കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു. നീണ്ട മുടിയും ഒട്ടിയ വയറുമായി ആ അർദ്ധനഗ്നനാണ ഹസ്തിനപുരിയുടെ മനഃസ്സാക്ഷിയെന്നു കരുതിയ കൗരവരാജവിധവകൾ ചുറ്റും നിന്ന് വിമതയുക്തിവാദിക്കു പ്രോത്സാഹനം കൊടുത്തു.

"ആ പന്ത്രണ്ടുകൊല്ലവും നിങ്ങൾ കാട്ടിൽ പോയി പാണ്ഡവരെ ഒറ്റക്കും തെറ്റക്കും കണ്ടു സംസാരിച്ച 'ഹസ്തിനപുരി പത്രിക'യുടെ വാണിജ്യവീഥിചുവർപതിപ്പിൽ എഴുതിയിരുന്നതൊക്കെ വായിച്ച ഞാൻ ഇവിടെ നിരക്ഷരഭൂരിപക്ഷത്തിനു അർത്ഥവും പരമാർത്ഥവും പറഞ്ഞുകൊടുത്തതല്ലേ. പരസ്പരം ദുസ്സംശയത്തിന്റെ കരിനിഴലുകളിൽ കാണുകയും, ഒരാളുടെ അഭിപ്രായത്തെ രോഗാതുരഭാവനയോടെ പാഞ്ചാലിയോട് ദുഷ്ടലാക്കോടെ വിവരിച്ചു കൊടുക്കുകയും ചെയ്തിരുന്നവർ ഇപ്പോൾ അധികാരത്തിനു വേണ്ടി ഉപചാരപദങ്ങളാൽ അന്യോന്യവും സദസ്സിനു മുമ്പിലും വീർപ്പുമുട്ടിക്കയും ചെയ്യുന്ന സ്ഥാനമോഹികളായി. ഞാനല്ലാതെ ആരുണ്ട് യുദ്ധക്കെടുതിയിൽ വലയുന്ന കൗരവരാജാവിധവകളെ ഇതൊക്കെ അറിയിക്കാൻ? നിങ്ങളും കൂട്ടുകൂടിയില്ലേ ഈ കപട വേഷങ്ങളുമായി? പതിമൂന്നിനും അറുപതിനും ഇടക്കുള്ള സർവ്വ പുരുഷന്മാരും കുരുക്ഷേത്രയിൽ കൊല്ലപ്പെട്ടിട്ടും, പാണ്ഡവർ മാത്രം പതിനെട്ടുനാൾ പോരാട്ടത്തിൽ നഖത്തിന് കൂടി പോറലേൽക്കാതെ ഒരു കായകൽപ്പചികിത്സ കഴിഞ്ഞപോലെ മിന്നിത്തിളങ്ങുന്നത്, വരുംയുഗത്തിലും ഒരു ദുരൂഹതയെന്ന് സംശയിക്കപ്പെടും."

പൂർത്തിയാവും മുമ്പ് നകുലന്റെ ചാരസംഘം ചാർവാകനെ കയർകുരുക്കിൽ വലിച്ചു ഒരു കഴുതപ്പുറത്തിരുത്തി നഗരി കാണിക്കലിന് ചാട്ടവാർ വീശി.

"ഇങ്ങോട്ടു വരുമ്പോഴാണ് തടാകതീരത്തെ മരങ്ങൾക്കു താഴെ ഹസ്തിനപുരിയിലൊന്നും കണ്ടിട്ടില്ലാത്ത തരം ചുവന്ന പഴങ്ങൾ കണ്ടത്. ഒന്നെടുത്തു കടിച്ചു നോക്കി. എത്രമേൽ ഹൃദ്യം അതിന്റെ രുചിയും മണവും. നിങ്ങൾക്കും ഇടക്കൊക്കെ

കുറച്ചു പെറുക്കിക്കൊണ്ടുവന്നുകൂടെ, കൂട്ടംകൂടിയിരുന്നു സംസാരിക്കുമ്പോൾ ഓരോന്ന് വായിലേക്കെറിയാൻ? അക്ഷയപാത്രത്തിൽ നിന്ന് വാരിത്തിന്നുന്ന ധാന്യഭക്ഷണം കൊണ്ട് തികയുമോ കായിക ക്ഷമതക്കുവേണ്ട പോഷണം? അതോ വവ്വാലുകൾ കടിച്ച പഴം തിന്നാൽ പനിവരുമെന്നു സന്യസ്ഥർ പേടിപ്പിച്ചുവോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"കൂട നിറയെ പഴം കൊണ്ടുവന്നശേഷം നാലു പാണ്ഡവരും കൈകൾ എറിഞ്ഞു പറഞ്ഞു, ഇനിയില്ല പഴം പെറുക്കാൻ. കാരണം ചോദിച്ചപ്പോൾ, മണ്ണിൽ ചിതറിക്കിടക്കുന്ന ഓരോ പഴം പെറുക്കാനും ഭൂമിയോളം നിങ്ങൾ താഴണം. ഭൂമിയിൽ ആധിപത്യം സ്ഥാപിക്കാൻ അതീതശക്തികളുടെ അധികാരപ്പെടുത്തൽ കിട്ടിയ പാണ്ഡവർക്കെങ്ങനെ കഴിയും, നിവർന്നു നിൽക്കേണ്ട പാണ്ഡവർ നാലാൾ കാൺകെ കുനിഞ്ഞു നിന്ന് പെറുക്കണം ഓരോ പഴവും എന്ന് വച്ചാൽ?" വനവാസത്തിലും സ്വയം പ്രവാസി മഹാരാജാവായി അഭിനയിക്കുന്ന യുധിഷ്ഠിരൻ അക്ഷയപാത്രത്തിൽ നിന്ന് ഒരു പിടി ഭക്ഷണം വായിലേക്കെറിഞ്ഞു നിശബ്ദനായി അമുക്കാൻ തുടങ്ങി.

2018/05/22

"ഇതൊക്കെ ബാലപീഡനമല്ലേ? പതിമൂന്നു വയസ്സുള്ള കുട്ടികളെ സൈനികസേവനമെന്നു പറഞ്ഞു തൂക്കിക്കൊണ്ടുപോവുക-ചാർവാകൻ തെരുവിൽ ഉറഞ്ഞുതുള്ളുന്നതൊന്നും നിങ്ങളുടെ ചാരന്മാർ അറിയിക്കാറില്ലേ?" കൊട്ടാരം ലേഖിക കൗരവ വക്താവിനോട് ചോദിച്ചു.

"സ്ഥിരബുദ്ധിയുണ്ടെങ്കിൽ ചാർവാകനെയും പ്രായപരിധി നോക്കാതെ സൈനികസേവനത്തിനെടുക്കാമായിരുന്നു. യുദ്ധം ചെയ്യാനല്ല, യോദ്ധാക്കളുടെ വിഴുപ്പലക്കാൻ. കൗരവ ഊട്ടുപുരയിൽ ഇടിച്ചുകയറി പൊരിച്ച കാളത്തുടകൾ കടിച്ചുമുറിക്കുന്നതു പോലെ എളുപ്പമല്ല ചുറ്റും കുന്തവും അമ്പും വീഴുമ്പോൾ ഉയിർ പോവാതെ പിടിച്ചുനിൽക്കാൻ. സൈനികർ വിദഗ്ധ തൊഴിലാളികളാണെന്നും, അവർക്കു വ്യക്തിഗതസേവനം രാവും പകലും ചെയ്യാനാണ് രാജ്യതാൽപ്പര്യത്തിൽ പിഞ്ചു കുട്ടികളെ കൈവശപ്പെടുത്തുന്നതെന്നും അറിയാവുന്നവർക്കൊന്നും അങ്കലാപ്പില്ലല്ലോ. ശത്രുപക്ഷത്തുള്ള പാണ്ഡവർ ചെയ്യുന്നത് ചാർവാകനറിയാമോ, തട്ടിക്കൂട്ടിയ സഖ്യസൈന്യത്തിൽ പാതിയും പോരാട്ടരംഗ പരിശീലനം നേടേണ്ട ദിവസക്കൂലി ഏഴകൾ. സ്വന്തം കുട്ടികൾക്ക് മൂന്നു നേരം ഭക്ഷണം കൊടുക്കാത്ത ചാർവാകന് എന്തിനാണ് മറ്റു കുട്ടികളുടെ കാര്യത്തിൽ ഇത്ര ഉൽക്കണ്ഠ? മനുഷ്യജീവിതത്തിന് മനുഷ്യൻ കൊടുക്കുന്ന അർത്ഥമല്ലേ ഉള്ളൂ എന്നല്ലേ അയാൾ പറയുന്നത്. എങ്കിൽ പോരടിച്ചു അർഹതയുള്ളവർ യുദ്ധം അതിജീവിക്കട്ടെ. എന്നാൽ ഞങ്ങൾ ഭാവിയെ കുറിച്ച് പ്രത്യാശാഭരിതമായാണ് ചിന്തിക്കുന്നത്. അറിയാമോ ദുര്യോധനൻ ഇപ്പോൾ പോയിരിക്കുന്നത് നീർത്തടാധിഷ്ഠിത വികസനത്തിലൂടെ യമുനയുടെ വീണ്ടെടുപ്പാണ്, അതെ പുനരുജ്ജീവനം-അഭിവന്ദ്യ കുടുംബനാഥ സത്യവതി വലയെറിഞ്ഞിരുന്ന പുണ്യനദി ഇപ്പോൾ അവളുടെ അസാന്നിധ്യത്തിൽ മരിക്കുകയാണ്."

2018/05/23

“നിങ്ങൾ കയ്യോടെ പിടികൂടി കൗരവ പാളയത്തിൽ ബന്ദിയാക്കിയ യുധിഷ്ഠിരനെ ദുര്യോധനൻ പിന്നീട് മോചിപ്പിച്ചു എന്നോ? സ്ഥിരബുദ്ധിയുള്ള ആ കൗരവനേതാവിൽ നിന്ന് പ്രതീക്ഷിക്കുമോ ഈ ബുദ്ധിമോശം? പാണ്ഡവരെ മുട്ടുകുത്തിക്കാനുള്ള വിലപേശലിനു സഹായിക്കുമായിരുന്നില്ലേ യുധിഷ്ഠിരൻ എന്ന ജാമ്യതടവുകാരൻ?” യുദ്ധഭൂമിയിൽ യോദ്ധാക്കളെ അഭിമുഖം ചെയ്തു ഓടിക്കിതച്ചെത്തിയ കൊട്ടാരം ലേഖിക കൗരവ സർവ്വസൈന്യാധിപനായ ഭീഷ്മപിതാമഹനോട്, ഉപചാരപൂർവ്വം മുട്ടുകുത്തി കൈമുത്തി ചോദിച്ചു. പാളയജാലകത്തിലൂടെ ഈറൻ കാറ്റ് വീശിക്കൊണ്ടിരുന്ന വൈകിയ രാത്രി. നിലാവിൽ പുഴവെള്ളം മദിക്കുന്നത് അവ്യക്തമായെങ്കിലും കാണാമായിരുന്നു.

“തടവുപുള്ളിയെ ചോദ്യം ചെയ്തത് ഞാനല്ല ദുര്യോധനൻ മാത്രം. മറുപടി പറയാൻ കിട്ടിയ രണ്ടു നിമിഷങ്ങൾക്കുള്ളിൽ ദുര്യോധനനെ യുധിഷ്ഠിരൻ ബോധ്യപ്പെടുത്തി, ജീവനോടെ പാണ്ഡവർക്കൊപ്പം വിട്ടാൽ ദീർഘകാല കുരുവംശസംരക്ഷണം ഉറപ്പുവരുത്താമെന്നു. ‘കൗരവർ തന്നെ കുരുവംശം, കുരുവംശം തന്നെ കൗരവർ’ എന്ന് കുട്ടിക്കാലം മുതൽ നിത്യവും കൊട്ടാരഗുരു കൃപാചാര്യനിൽ നിന്ന് കേട്ടുവിശ്വസിച്ച ആ കൗരവപ്രമാണിക്കു പറ്റിയ വേറൊരമളി. സാരമില്ല, അന്ത്യദിവസത്തിനു മുമ്പ് തന്നെ അഞ്ചുപാണ്ഡവരുടെയും കഴുത്തിൽ കുന്തമിറക്കുമെന്നു നൂറു കൗരവരും അവനവന്റെ ചുടുചോരയിൽ തൊട്ടു സത്യം ചെയ്തതോടെ, ‘നേരിയ തോതിൽ’ ഓട്ടം നിലച്ചിരുന്ന മറ്റു കൗരവർക്കും കിട്ടി പാർത്ഥന് ആദ്യദിനം സാരഥിയിൽ നിന്ന് കിട്ടിയപോലൊരു വിഷാദമുക്തി.”

“മിണ്ടിപ്പറയാൻ സാവകാശം കിട്ടിയാൽ ഉത്തരം കിട്ടേണ്ട ചോദ്യമുണ്ട്- പൊതുവെ പാഞ്ചാലിയുടെ രാഗദ്വേഷങ്ങൾ ആദ്യത്തെ മൂന്ന് പാണ്ഡവവേഷങ്ങളോടാണ്. നിങ്ങൾ ഈ ഗർവ്വിടങ്ങളിൽ എവിടെ നിൽക്കുന്നു?” കൊട്ടാരം ലേഖിക സഹദേവനോട് ചോദിച്ചു. വേനൽ വറ്റിച്ചുതുടങ്ങിയ ജലാശയത്തിനു ചുറ്റുമുള്ള മരക്കൂട്ടങ്ങളിൽ അവർ നടന്നു.

“ഒന്നും അവൾ വിട്ടുപറയില്ല, ആഗ്രഹങ്ങളും അഭിലാഷങ്ങളും ഒന്നും. എത്ര സൂക്ഷ്മമായി അവളുടെ കണ്ണുകൾ പിടിച്ചെടുക്കാൻ നിങ്ങൾ ശ്രമിച്ചാലും, പ്രലോഭനമോ തിരസ്കാരമോ, വാക്കുകളുടെ ഉള്ളടക്കത്തിലൊന്നും അവളുടെ യഥാർത്ഥ മാനസിക ആവിഷ്കാരമുണ്ടാവില്ല. കൈവിരൽ ചലനങ്ങളും, മുഖഭാവ പ്രകടങ്ങളും ഒരു പരിഷ്കൃത വനിത എന്ന നിലയിൽ അവൾ പ്രതികരണോപാധികളായി ഉപയോഗിക്കുന്നുണ്ട്. കുറെയൊക്കെ നിങ്ങളും അതൊക്കെ കാണുന്നതല്ലേ. പക്ഷെ ഞങ്ങൾ അവളുടെ ഉദാത്ത പ്രണയത്തിന്റെ ഉപഭോക്താക്കളാവാൻ പാടുപെടുമ്പോൾ അവളുടെ എണ്ണിച്ചുട്ട പ്രതികരണം, നിങ്ങൾ തൊഴിൽപരമായി, പൊറുക്കുന്ന പോലെ ഞങ്ങൾക്കാവില്ല. അതുകൊണ്ടവൾ എന്താണെനിക്ക് വിധിക്കുന്ന ശിക്ഷ എന്നോ? ഞാൻ അടിയറവു പറയും വരെ എന്നെ ആധിപത്യത്താലും അവഗണനയാലും, ചിലപ്പോൾ കെണിവച്ച രതി സമ്മാനങ്ങളാലും, രാപ്പകൽ പ്രകോപിപ്പിച്ചുകൊണ്ടിരിക്കും.”

2018/05/25

“ഭാര്യയുടെ കുത്തുവാക്കുകൾ പാണ്ഡവർ വിവേകപൂർവ്വം സ്വീകരിച്ചു എന്നതിന് തെളിവല്ലേ ദാർശനിക കാഴ്ചപ്പാടിലൂടെ വൈകാരിക ആഘാതം കുറക്കാൻ ഇളമുറ

സഹദേവനെപ്പോലുള്ളവർ നിങ്ങളുമായുള്ള അഭിമുഖങ്ങളിൽ എടുക്കുന്ന തർക്കിക നിലപാട്? അസംതൃപ്ത ദാമ്പത്യത്തിന്റെ ഇരകളായ പാണ്ഡവർ കാട്ടുകുടിലിലെ അടിമജീവിതത്തിൽ സ്വവർഗ ലൈംഗികാഭിരുചിയുടെ പ്രലോഭനത്തിനു വഴങ്ങാനിടയുണ്ട് എന്നിനിയും പാഞ്ചാലിക്ക് സംശയം തോന്നുന്നില്ലേ? ഇണകളെ ഭിന്നിപ്പിച്ചു കീഴ്പ്പെടുത്തുന്ന ദാമ്പത്യതന്ത്രം പാഞ്ചാലി ഇനിയെങ്കിലും പുനഃപരിശോധിക്കുമോ?" പത്രാധിപരുടെ താൽക്കാലിക ചുമതല വഹിക്കുന്ന യുദ്ധകാര്യലേഖകൻ അധികാരഭാവത്തോടെ ചോദിച്ചു.

"ഗതികെട്ട പാണ്ഡവർ വിശപ്പിന്റെ വിളികേട്ട് സ്വവർഗ്ഗ അഭിരുചിയിൽ ആകൃഷ്ടരാവുന്നതിൽ എന്തിനു 'ഹസ്തിനപുരി പത്രിക' സദാചാരതടസ്സം ഉന്നയിക്കണം? കായികക്ഷമതയുള്ള അഞ്ചു സുന്ദരപുരുഷന്മാർ കാനന മേഖലയിലെ ഏകാന്ത തടവിൽ മൂന്നു നേരം അക്ഷയ പാത്രഭക്ഷണം സമൃദ്ധമായി കഴിച്ചു വിശ്രമിക്കുമ്പോൾ ചുറ്റും കാണുന്ന ഉടലുകൾ ഭാവനാപരമായി ഉപയോഗിച്ച് ശരീര ദാഹവും ശമിപ്പിക്കില്ലേ? പായിൽ കിടക്കുമ്പോഴും ഇണകളോട് പെൺരാഷ്ട്രീയം കളിക്കുന്ന സ്വാർത്ഥ പാഞ്ചാലിക്ക് അതിലൊന്നും അശേഷം പ്രതിഷേധമില്ലെങ്കിൽ പത്രാധിപരില്ലാത്ത നേരത്തു ആ പദവിയിലിരുന്നു നിങ്ങളെന്തിനു ആശങ്ക കാണിക്കണം?" നീണ്ട ഹിമാലയ യാത്ര കഴിഞ്ഞു 'ഹസ്തിനപുരി പത്രിക'യിൽ എത്തിയ കൊട്ടാരം ലേഖിക പുറത്തേക്കു കടക്കും മുമ്പ് അഭിമുഖങ്ങളുടെ പനയോലക്കെട്ടുകൾ യുദ്ധകാര്യലേഖകന്റെ നേരെയെറിഞ്ഞു.

"നിങ്ങൾ വാക്കു തെറ്റിച്ചല്ലോ. വഴിനീളെ അമർഷം പുകയുന്നു. 'അരുതേ കുരുക്ഷേത്രം' എന്ന നിലവിളി കേട്ട കൗരവർ എല്ലാ ആയുധപ്പുരകളും അത്യാധുനിക പരീക്ഷണശാലകളും ശരമ്പുകളുടെയും കുന്തങ്ങളുടെയും സമ്പുഷ്ടീകരണശാലകളും ശാന്തിപ്രിയ സന്യസ്ഥരുടെ സാന്നിധ്യത്തിൽ നശിപ്പിച്ചപ്പോൾ, അതാ നൊണ്ടി വരുന്നു, പാണ്ഡവപാളയത്തിൽ നിന്നൊരു യുധിഷ്ഠിരമുദ്രയുള്ള അറിയിപ്പ്- കൗരവരുമായി നിശ്ചയിച്ച സമാധാനചർച്ച പാണ്ഡവർ ബഹിഷ്കരിക്കും. അതിനുള്ള കാരണമാണ് വിചിത്രം: ദുര്യോധനന്റെ ശത്രുതാനിലപാടും വിദ്വേഷമനോഭാവവും-ഇക്കാലത്തു അതൊക്കെ കുടുംബരോഗമല്ലേ എന്നാണു പൗരസമൂഹം പുച്ഛിച്ചു തള്ളുന്നത്"

കൊട്ടാരം ലേഖിക പാണ്ഡവ വക്താവിനോട് ചോദിച്ചു. അജ്ഞാതവാസം കഴിഞ്ഞു വിരാടറുമായി സഖ്യത്തിൽ എത്തിയ പാണ്ഡവർ, യുദ്ധമുന്നണിയൊരുക്കാൻ ഉപപ്ലാവ്യ സൈനികപാളയത്തിലായിരുന്നു.

"ആയുധപ്പുരകൾ യഥാർത്ഥത്തിൽ നശിപ്പിച്ചുവോ എന്ന് പറയേണ്ടത് കൗരവാനുകൂല്യം പ്രതീക്ഷിക്കുന്ന സന്യസ്ഥരോ? പാണ്ഡവ സൈനികമേധാവികളോ? നശിപ്പിച്ചു എന്നുതന്നെ തർക്കത്തിൽ സമ്മതിക്കുക-ആർക്കു തടയാനാവും ഇനിയുമൊരു കള്ളച്ചൂതുകളിയുടെ തനിയാവർത്തനം? ഞങ്ങൾ പ്രലോഭനത്തിനു വഴങ്ങിക്കൊടുക്കുന്നവർ. വയ്യ ഇനിയും ഒരു വ്യാഴവട്ടക്കാല വനവാസം ഈ ജന്മത്തിൽ എന്നാണു പാണ്ഡവർ ഒറ്റശബ്ദത്തിൽ വികാരാധീനരായി പറഞ്ഞത്."

"കുരുക്ഷേത്ര വിധവകളുടെ സമരമുഖത്തെ സജീവമാക്കിയിരുന്ന മുന്നണിപ്പോരാളിയായിരുന്ന നിങ്ങൾ ഇപ്പോൾ കിടപ്പുരോഗിയാണെന്ന് കാണുമ്പോൾ വല്ലായ്മ തോന്നുന്നു. വിശന്നു കരയുന്ന കൊച്ചു കുട്ടികൾക്ക് അന്നം തയ്യാറാക്കാൻ

പോലുമാവാതെ വിങ്ങുമ്പോഴും നിങ്ങളുടെ കണ്ണുകളിൽ ഒരു മിന്നലാട്ടമുണ്ടല്ലോ-അതെന്താണ്?" കൊട്ടാരം ലേഖിക പായിൽ ഇരുന്ന രോഗിയെ സാന്ത്വനസ്പർശം ചെയ്തു മൃദുവായി ചോദിച്ചു.

"ഞങ്ങൾ നൂറു കൗരവരാജസ്ത്രീകളെ പതിനെട്ടുനാൾ കൊണ്ട് അനാഥവിധവകളാക്കിയ കൊടും ഭീകരൻ ഭീമനെ പിന്നിൽ നിന്ന് ഞാൻ തല വഴി കയർ കുരുക്കിട്ട് മുറുക്കി തല മുണ്ഡനം ചെയ്തു പുള്ളികുത്തി കഴുതപ്പുറത്തു നാഗരികാണിക്കലിന് കൊണ്ടുപോവാൻ പുതുതലമുറ കൗരവക്കുട്ടികൾക്കു വിജയാശംസ നേരുകയായിരുന്നു ഇത്രയും നേരം. പ്രിയ മിത്രമേ. എത്രയെത്ര സന്തോഷകരമായ അഭിമുഖങ്ങൾ നിങ്ങൾ ഞങ്ങളുടെ കോട്ടക്കകത്തെ അന്തഃപുരത്തിൽ ചെയ്തു കമനീയമായി ഞങ്ങളെ ഹസ്തിനപുരിക്ക് പരിചയപ്പെടുത്തിയതാണ്. ഇരിക്കു എന്ന് ക്ഷണിക്കാൻ ഇവിടെ ഒരു ഇരിപ്പിടം പോലും ഇല്ലല്ലോ."

2018/05/26

"ഞങ്ങളെ മോഹിപ്പിച്ചത് ആളുയരത്തിൽ പഞ്ചലോഹ വിഗ്രഹമെന്ന നിങ്ങളുടെ ഔദ്യോഗിക പ്രഖ്യാപനമായിരുന്നു. ദേശരത്ന പുരസ്കാരം പുതുതലമുറ മറന്നു പോയാലും, ഹസ്തിനപുരി കൊട്ടാരത്തിന്റെ പൂമുഖത്തു പ്രതിഷ്ഠിക്കും ധീരദേശാഭിമാനിയുടെ പൂർണകായ പ്രതിമയെന്നത് ഞങ്ങൾക്കൊരു സ്വകാര്യ അഹങ്കാരവുമായി. അത് നിങ്ങൾ തകർത്തു. ഇതാണോ ഹസ്തിനപുരിയുടെ അഖണ്ഡതക്ക് വെല്ലുവിളിയുയർത്തിയ ഛിദ്രശക്തികൾക്കെതിരെ കുരുക്ഷേത്രയിൽ പടനയിച്ച സ്വാതന്ത്ര്യസമര മുന്നണിപ്പടയാളിക്കു പാണ്ഡവർ ഒരുക്കുന്ന ഓർമ്മബലി? ഈ കളിമൺ പ്രതിമ?"

ദുര്യോധനവിധവയുടെ ദുഃഖവും കോപവും കോട്ടവാതിലിനു മുമ്പിൽ തടിച്ചുകൂടിയ പൊതുസമൂഹത്തെ സാക്ഷികളാക്കിയായിരുന്നു.

"കളിമൺപ്രതിമക്കെന്താണ് കുഴപ്പം? യുദ്ധത്തിൽ നിന്ന് ഒളിച്ചോടി നീർക്കെട്ടിൽ മുങ്ങിക്കിടന്ന ആ ഭീരുവിനെ തിരഞ്ഞു ഞങ്ങൾ പാണ്ഡവരും പാഞ്ചാലിയും ഒത്തിരി അലഞ്ഞശേഷമാണ്, പതുങ്ങിയിറങ്ങി ചെന്നവന്റെ മുടിക്കെട്ടിൽ വലിച്ചു ഞാൻ കരയിൽ കയറ്റി കശാപ്പു ചെയ്തത്. അമ്മാ അമ്മാ എന്നാണവനപ്പോൾ വിലപിച്ചത്. അവനു പ്രതിമ കളിമൺ മതി. അത് പ്രതിഷ്ഠിക്കുക ഈ കോട്ടക്കകത്തല്ല നിങ്ങളുടെ വെളിയിടവിസർജ്ജനഭൂമിയിൽ. വിധാതാവ് അവനു അനുവദിച്ച ഇടം അത്", കൈവീശി ആൾക്കൂട്ടത്തെ ഭീമൻ ആട്ടി ഓടിച്ചു.

"വിരൽ സ്വയം മുറിച്ചു നിങ്ങൾ ഗുരുദക്ഷിണയായി കൊടുത്തു എന്നോ? അതോ, ഗുരു നിങ്ങളിൽ നിന്ന് ബലം പ്രയോഗിച്ചു വിരൽ കടിച്ചു മുറിച്ചെടുത്തു എന്നോ? ദ്രോണരിൽ നിന്ന് സൈനിക വിദ്യാഭ്യാസം സൗജന്യമെന്നു നിങ്ങൾ ധരിച്ചുവോ? അതോ, ഒളിഞ്ഞിരുന്നു ചുളുവിൽ പഠിച്ചാൽ ഗുരു കണ്ടു പിടിക്കില്ലെന്ന് കരുതിയോ? സത്യം എന്നോട് തുറന്നു പറഞ്ഞതിന് ഈ വെള്ളി നാണയം പ്രതിഫലമായി ഇരിക്കട്ടെ, 'ശിഷ്യന്റെ തള്ളവിരൽ വെട്ടിയെടുത്തു ചവച്ചു തിന്നു വിശപ്പടക്കുന്ന ബ്രാഹ്മണ സൈനിക പരിശീലകർ കുരുവംശത്തിൽ' എന്ന ഒരു ലേഖനത്തിന് വഴിയുണ്ടോ എന്ന് ഞാൻ പത്രാധിപരുമായി ആലോചിച്ചു നോക്കാം, അത്തരം വിചിത്ര

സംഭാവമായാലേ വ്യാസൻ മഹാഭാരത ഇതിഹാസത്തിൽ ഈ കഥ തുന്നിച്ചേർക്കാൻ തുനിയൂ."

വിരലില്ലാത്ത നിഷാദയുവാവിനോട്ട് വില പേശുന്ന പോലെ യുദ്ധകാര്യ ലേഖകൻ സംസാരിക്കുന്നത് കൊട്ടാരം ലേഖിക ദൂരെ നിന്ന് നോക്കി.

2018/05/28

"നിങ്ങളപ്പോൾ ദുര്യോധനവിധവയുടെ പക്ഷം ചേർന്നോ? നൂറു കൗരവവധങ്ങളും നേരിൽ കണ്ട കുരുക്ഷേത്രകഥ ആദ്യം വായനക്കാരിലേക്കെ ത്തിക്കുമെന്നു വാശി പിടിച്ച നിങ്ങൾ ഇനി പാണ്ഡവഭരണകൂടത്തിന്റെ പ്രഖ്യാപിതശത്രുവിനു പിന്തുണ നൽകും?" തക്ഷശിലയിൽ സഹപാഠിയും ഹസ്തിനപുരി പത്രികയിൽ സഹപ്രവർത്തകനും ഒഴിവുസമയ കൂട്ടുകാരനുമായ യുദ്ധകാര്യലേഖകനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

"തൊഴിൽ പിടിച്ചുനിർത്തണ്ടേ? നീ രാജതന്ത്രം പഠിച്ചപ്പോൾ ഞാൻ യുദ്ധതന്ത്രം തിരഞ്ഞെടുത്തതാണെന്റെ നോട്ടപ്പിഴ. അന്തഃപുരത്തിലും ഊട്ടുപുരയിലും രാജസഭയിലും നിയന്ത്രണമില്ലാതെ നീ കയറിച്ചെന്നു എരിവും പുളിയുമുള്ള വാർത്ത നിത്യവും മെനഞ്ഞപ്പോൾ, യുദ്ധമില്ലാത്ത കുരുക്ഷേത്രപൂർവ്വ കാലത്തു ചുവരെഴുത്തിൽ വന്ന വാർത്തകൾക്ക് പനയോലപ്പതിപ്പുകൾ മെനയേണ്ട ഗതികേടിലായി ഞാൻ. കുരുക്ഷേത്രം-ആ പതിനെട്ടു നാളുകൾ തന്ന ഊർജ്ജം എനിക്ക് മറക്കാനാവില്ലെങ്കിലും ഇപ്പോൾ ചെങ്കോൽ പിടിച്ച പാണ്ഡവഭരണ കൂടത്തിന്റെ ആദ്യ തീരുമാനം എന്നെ ഞെട്ടിപ്പിച്ചു. പ്രതിരോധ മന്ത്രാലയം അടച്ചുപൂട്ടും. ഇനി എന്ത് ചെയ്യണം എന്ന അസ്തിത്വഭീതി എന്നെ പാണ്ഡവവിരുദ്ധസഖ്യങ്ങളിൽ ചേക്കേറാൻ പ്രേരിപ്പിച്ചു എന്നതൊരു വസ്തുത മാത്രം. ഇന്ന് ഹസ്തിനപുരിയിൽ നിന്നെ പോലുള്ള പരദൂഷണപത്രപ്രവർത്തർക്കു പാഞ്ചാലിയുൾപ്പെടെ ആരെയും വാതുറന്നു അവഹേളിക്കാൻ സ്വാതന്ത്ര്യമുണ്ട്. കുലീനസദസ്സുകളിൽ മതിപ്പുണ്ട്. അതുകൊണ്ട് നകുലന്റെ ചാരന്മാർ തൂക്കി വലിച്ചു ഇരുട്ടറയിൽ മരിക്കാൻ വിടുമെന്ന ഭീതി വേണ്ട. എന്റെ തൊഴിൽകുഴപ്പം 'യുദ്ധമില്ലാത്ത ലോകം' എന്ന അവസ്ഥയാണ്. അപ്പോഴാണ് ഞാൻ ദുര്യോധനവിധവയെ കണ്ടു കാര്യം അവതരിപ്പിച്ചത്. നിലവിലുള്ള പാണ്ഡവദുർഭരണകൂടത്തെയും 'ഹസ്തിനപുരിരാഷ്ട്രം' എന്ന കാലാതിവർത്തിയായ സത്യത്തെയും രണ്ടായി കാണാൻ. കലിംഗദേശക്കാരിയായ ആ മഹതിക്കത് ബോധിച്ചു. അങ്ങനെ അഭിവന്ദ്യദുര്യോധനവിധവയുടെ നേതൃത്വത്തിൽ പാണ്ഡവവിരുദ്ധശക്തികളുടെ സർവകക്ഷിരഹസ്യസമ്മേളനത്തിൽ രാജ്യതന്ത്രജ്ഞ പുരസ്കാരം തന്നു അവരുടെ കൂടെ ചേരാൻ സ്വാഗതം ചെയ്തപ്പോൾ ഞാൻ പറഞ്ഞു, നാലതിർത്തിക്കപ്പുറങ്ങളിൽ നിന്ന് ആക്രമണസാധ്യത ഇല്ലെങ്കിൽ, അലസരാവരുത് ആഭ്യന്തരകലാപത്തിന് വഴിമരുന്നിടണം. ശുചിമുറി, വെള്ളം, ധാന്യം എന്നിങ്ങനെയുള്ള നിത്യജീവിതദുരിതങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾ തന്നെ ഹസ്തിനപുരിരാഷ്ട്രം അധാർമികപാണ്ഡവരിൽ നിന്ന് നേരിടുന്ന അപചയം ചൂണ്ടിക്കാട്ടി കർഷകരെ കലാപത്തിലേക്ക് നയിക്കാൻ, വഴിയമ്പലങ്ങളും കുതിരപ്പന്തികളും രഹസ്യവിവരവിനിമയത്തിനു നിത്യവും ഉപയോഗിക്കണം. കുന്തി, പാണ്ഡു, മാദ്രി, മഹാറാണി പാഞ്ചാലി

എന്നിവരെ ഇരകളാക്കി കേട്ടാൽ ചെവിപൊത്തുന്ന തരത്തിൽ ലൈംഗികാപവാദങ്ങൾ പൊതു ഇടങ്ങളിൽ പ്രചരിപ്പിക്കണം. പ്രിയപ്പെട്ടവളേ, നീയും കൂടെ പോരുന്നോ? നേരിട്ടല്ല, ചാരയായി? നിലവിൽ നിനക്കുള്ള കൊട്ടാരസൗജന്യങ്ങൾ തുടരാം, ഭാവിയിൽ ദുര്യോധനവിധവ അധികാരം പിടിച്ചാൽ, രഹസ്യാന്വേഷണ മന്ത്രാലയത്തിന്റെ മേധാവിയായി വനിത എന്ന വിശ്വപ്രശസ്തിയും?"

"നിങ്ങൾ ശിൽപ്പി ആള് കൊള്ളാമല്ലോ. ധീരദേശാഭിമാനി ദുര്യോധനന്റെ പൂർണകായ പ്രതിമ ഹസ്തിനപുരി കൊട്ടാരത്തിൽ ഒരു നോക്ക് ഞാൻ ഇന്നലെ കണ്ടു. ഒരു വശത്തുനിന്നും നോക്കിയാൽ ഭീമന്റെ നിഷ്കളങ്ക മുഖം, മറുവശത്തുനിന്നു നോക്കിയാൽ യുധിഷ്ഠിരന്റെ കാപട്യ മുഖം. എങ്ങനെ ഇതൊക്കെ നിങ്ങൾക്കായി?" കൊച്ചു കുടിലിനു മുമ്പിലുള്ള പണിപ്പുരയിൽ വിഷണ്ണനായിരിക്കുന്ന യുവാവിനെ ഉച്ചയോടെ കൊട്ടാരം ലേഖിക തിരഞ്ഞുപിടിച്ച് കണ്ടെത്തി.

"ആരുടെ പ്രതിമ എന്ന് കൊട്ടാരത്തിനോട് ചേർന്ന ആളൊഴിഞ്ഞ രാജവസതിയിൽ രഹസ്യമായി പ്രതിമ പൂർത്തിയാക്കാൻ കൊണ്ടുപോയ, തടിച്ച ശരീരവും കുഞ്ഞിന്റെ മുഖവുമുള്ള മന്ദബുദ്ധിയെന്നു തോന്നിയ ആൾ എന്നോട് പറഞ്ഞില്ല. കുറച്ചു കഴിഞ്ഞു പ്രായം ചെന്ന ഒരു നാട്യക്കാരൻ വന്നു എന്നെ കുറച്ചുനേരം സൂക്ഷിച്ചു നോക്കി ഒന്നും മിണ്ടാതെ പോയി. ഞാൻ പ്രതിമ പൂർത്തിയാക്കി, മിനുക്കുപണികൾ വേണ്ടിവന്നാൽ ആളെ വിട്ടു വിളിച്ചാൽ ഉടൻ വരാമെന്നു പറഞ്ഞു ഇവിടെ തിരിച്ചെത്തി പ്രതിഫലം കൊണ്ട് നാൽക്കാലികളെ വാങ്ങി പുതു കൃഷിജീവിതം തുടങ്ങി. ഈയിടെ അടുത്തുള്ള കുതിരപ്പന്തിയിൽ ക്ഷീരോൽപ്പന്നങ്ങൾ വിൽക്കാൻ പോയപ്പോളാണ് വിവരം അറിയുന്നത് ദുര്യോധനന്റെ ജ്വലിക്കുന്ന ഓർമ്മയാവാൻ കൗരവ രാജവധുക്കൾ പ്രതിഷേധസമരത്തിലൂടെ നേടിയെടുത്ത പ്രതിമക്കു, പക്ഷെ, യുധിഷ്ഠിരന്റെയും ഭീമന്റെയും രൂപസാദൃശ്യമാണ്. നിങ്ങൾ പത്രപ്രവർത്തകരെ പോലെ അല്ല ഞങ്ങൾ. നിങ്ങൾക്ക് കൗരവർ പാണ്ഡവർ ഇവരെയൊക്കെ കണ്ടും മിണ്ടിയും അടുത്തറിയും. എനിക്കറിയുന്നതു പ്രകൃതി തന്ന കരവിരുത് മാത്രം. രണ്ടു കുട്ടികളും ഭാര്യയും അമ്മയുമുള്ള ദരിദ്രനാണ് ഞാൻ. എന്റെ കഴുത്തിൽ രാജാവിന്റെ വാൾ വീണാലും അനാഥവിധവകളുടെ ശാപവാക്കുകൾ വീഴരുതേ."

വിതുമ്പിക്കൊണ്ട് ശില്പി ഏങ്ങലടിച്ചു. രണ്ടു പകച്ച കുട്ടികൾ കൊട്ടാരം ലേഖികയെ തുറിച്ചു നോക്കി.

"രക്തരഹിതപീഡനത്തിന് പറ്റിയ എളുപ്പവഴി യൊന്നും ഗുരുകാരണവന്മാർ പറഞ്ഞു തന്നില്ലേ?"

പാഞ്ചാലീവസ്ത്രാക്ഷേപം നടത്തിയ ക്രൂരകൗരവരെ, പോരാട്ടഭൂമിയിലെ ഏറ്റുമുട്ടലിൽ തകർന്ന നെഞ്ചിൽ നിന്ന് കൈക്കുമ്പിൾ ചുടുചോര കോരി, കൊന്നു കൊലവിളിക്കേണ്ടി വന്ന ഭീമനെ, കൊട്ടാരം ലേഖിക പാണ്ഡവ പാളയത്തിൽ സമീപിച്ചു. ഇരകളുടെ വെട്ടും കുത്തുമേറ്റ് വശം കെട്ട ഭീമമേനിയിൽ ഒരു ഭിന്നലിംഗ പാറാവുകാരൻ തൈലം പുരട്ടി ക്കൊണ്ടിരുന്നു. കെടാറായ പന്തം പുകഞ്ഞു കത്തി. അവൾക്കു ശ്വാസം മുട്ടി.

"അന്നേ പാഞ്ചാലിയോട് ഞാൻ മറ്റു പാണ്ഡവരുടെ സാന്നിധ്യത്തിൽ പറഞ്ഞതാണ്, നൂറു കൗരവരെയും യുദ്ധത്തടവുകാരായി പിടിച്ചു തുണിയുരിച്ച് മലർത്തിക്കിടത്തി, നീ നേർസാക്ഷിയായി, ഓരോ കൗരവനെയും വരിയുടച്ച് ഒന്നൊന്നായി മധുര

പ്രതികാരം ചെയ്യാമെന്ന്. പക്ഷെ അവൾ കുപിതയായി എന്നെ താക്കീത് ചെയ്തു: എന്റെ ആരാധകരായിരുന്നവരെ ധർമ്മയുദ്ധത്തിൽ കൊല്ലുന്നെങ്കിൽ നിങ്ങൾ ഗദാപ്രഹരത്താൽ തലയിലടിച്ചു വേണമെങ്കിൽ കൊല്ലൂ, പക്ഷെ അവരുടെ പുരുഷത്വം നിങ്ങൾ മാനിക്കൂ."

"നവവധുവായി വന്ന്, ഹസ്തിനപുരിയിക്കും ഇന്ദ്രപ്രസ്ഥത്തിനും ഇടക്കുള്ള ചുരുങ്ങിയ കാലയളവിൽ പരിചയപ്പെട്ട നൂറു കൌരവരേയും നിങ്ങൾ പേർ പറഞ്ഞു അതിഥിമന്ദിരത്തിലെ സ്വീകരണമുറിയിലേക്കു ഊഷ്മളമായി സ്വാഗതം ചെയ്തിരുന്നു എന്നാണു അക്കാലത്തെ സ്ത്രീ പരിചാരകർ പറയുന്നത്. കൊള്ളാം, പെറ്റ തള്ള ഗാന്ധാരിക്ക് പോലും ആവുമോ, ആ നൂറു മക്കളെ മക്കളെ തെറ്റാതെ പേർ വിളിക്കാൻ?"

കൊട്ടാരം ലേഖിക പാഞ്ചാലിയെ മുട്ടുകുത്തി കൈമുത്തി.

"കീറത്തുണി കൊണ്ട് കണ്ണ് കെട്ടി സ്വയം കാഴ്ച നിഷേധിച്ച മനഃപൂർവ്വം മക്കളെ കാണണ്ട എന്ന് വച്ച ഗാന്ധാരിയെ പോലെയാണോ പ്രവർത്തനക്ഷമമായ പഞ്ചേന്ദ്രിയങ്ങൾ ഉള്ള ഒരു പ്രണയിനി?"

2018/05/29

"ചക്രവ്യൂഹത്തിൽ പ്രവേശിക്കാൻ അനുമതി കിട്ടിയ ഏക വനിത ഞാനായിരുന്നു. ഹസ്തിനപുരിയിലെ ധൃതരാഷ്ട്രവസതിയിൽ ഇരുന്നു പോരാട്ടം നിങ്ങൾ നേരിൽ കണ്ടു എന്ന അവകാശവാദം, ഈ പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നാരും ഇക്കാലത്തു ചോദിക്കാത്തത് പോലെ, ഞാനും വിടുന്നു. ചോദ്യം ഇതാണ്: എങ്ങനെയാണ് അഭിമന്യുവിന്റെ മരണവാർത്ത നിങ്ങൾ അന്ധരാജാവിനെ അറിയിച്ചത്?"

കൊട്ടാരം ലേഖിക ധൃതരാഷ്ട്ര ഭൃത്യനായ സഞ്ജയനോട് ചോദിച്ചു.

"കൗരവഊട്ടുപുരയിൽ മൂന്നു നേരം തിന്ന 'ഉപ്പിനു നന്ദി കാണിക്കാത്ത' സൂതൻ എന്ന് നാളെ ഞാൻ ആരോപണം നേരിടേണ്ടി വന്നാലും, ഇപ്പോൾ ഏറ്റുപറയട്ടെ, ആ കൗമാരപോരാളി കൗരവാക്രമണത്തിൽ പൂപോലെ ഞെരിയുന്നതു ഞാൻ ധൃതരാഷ്ട്രരെ വിതുമ്പിക്കൊണ്ടറിയിച്ചപ്പോൾ 'ബലേ ഭേഷ്, എന്ന് പറഞ്ഞു സിംഹാസനത്തിൽ നിന്ന് ചാടിയെണീറ്റു തുടങ്ങിയ 'ഇളകിയാട്ടം' നിലക്കാൻ വിദുരർ നേരിട്ട് ഇടപെടേണ്ടിവന്നു. അവസാനം കർണ്ണൻ അഭിമന്യുവിന്റെ ഇടനെഞ്ചിലേക്കു വാൾ കയറ്റിയപ്പോൾ, "ശവത്തിൽ കുത്താതെടാ തന്തക്കു പിറക്കാത്തവനേ" എന്ന് ഞാൻ സ്വയമറിയാതെ വിങ്ങിപ്പൊട്ടി വീട്ടിലേക്കു പോയി."

"കുറ്റവാളികൾ ഹസ്തിനപുരിയിൽ പെരുകിയോ? എപ്പോൾ കണ്ടാലും ക്രമസമാധാന ചുമതല വഹിക്കുന്ന ഭീമന്റെ പരാതി: ഇനിയും വിലങ്ങുകൾ വേണം" കൊട്ടാരം ലേഖിക ചാരമേധാവിയോട് ആഭ്യന്തരസുരക്ഷയുടെ അധികച്ചുമതല ഏറ്റെടുത്ത ഭീമനെ കുറിച്ച് പരാതിയുടെ സ്വരത്തിൽ ചോദിച്ചു.

"ആറു വിലങ്ങുകളാണ് ദുര്യോധനന്റെ കാര്യാലയത്തിൽ ഞങ്ങൾ ആകെ കണ്ടത്. ഇന്ന് സ്ഥിതി അതാണോ? നിത്യവും കോട്ടവാതിലിനു മുമ്പിൽ കാണാറില്ലേ കുരുക്ഷേത്രവിധവകളുടെ പ്രക്ഷോഭം അക്രമാസക്തമാവുന്നത്? ഒന്നും ഞാൻ വിസ്തരിക്കേണ്ടല്ലോ നിങ്ങൾ സാക്ഷിയല്ലേ. കാരാഗൃഹത്തിൽ എത്തിക്കും മുമ്പ് പ്രക്ഷോഭകാരികളെ കൂച്ചുവിലങ്ങിടേണ്ടേ? അരയിൽ കയറുകെട്ടി കൗരവവിധവക

ളെ വലിക്കാമോ? കള്ളച്ചൂതിൽ പൗരാവകാശം നഷ്ടപ്പെട്ടപ്പോൾ ഞങ്ങൾ ആറു പേരെ കൗരവർ അങ്ങനെ ചെയ്തു എങ്കിലും ഞങ്ങൾ അത് കൗരവവിധവകളോട് ചെയ്യാമോ? ഇപ്പോൾ ഉള്ള ആറു വിലങ്ങുകൾ മുറക്കാൻ ശ്രമിച്ചാൽ കാണാം അഴിയുന്നത്. ഭക്ഷ്യ ക്ഷാമം കാരണം മെലിഞ്ഞ കൈത്തണ്ടയുള്ള കൗരവ വിധവകൾക്കു എളുപ്പം ഊരിയെടുത്തു ഓടി രക്ഷപ്പെടാൻ കഴിയുന്ന വിലങ്ങുകളും കൊണ്ട് ഇനി ഞങ്ങൾ നടക്കുന്നത് നാണക്കേടല്ലേ. ഇത് നാം മാറ്റണം. കൗരവസ്ത്രീകളുടെ കൈത്തണ്ടയിൽ മുറിവുണ്ടാക്കാത്തതും, ഭാരം കുറഞ്ഞതും, സ്വർണവളയുടെ നിറമുള്ളതും, ഇരുവശത്തും പൂട്ടിടാവുന്നതുമായ നവതലമുറ വിലങ്ങുകൾക്കു വേണ്ടി ഭീമൻ കർത്തവ്യബോധത്തോടെ ഓടിനടക്കു മ്പോൾ നിങ്ങൾ അതൊരു പരിഹാസവിഷയമാക്കുന്നതു രാജ്യദ്രോഹത്തിനു സമമല്ലേ? യുദ്ധാനന്തര യുധിഷ്ഠിരഭരണകൂടത്തെ പ്രതിരോധത്തിലാക്കുന്ന വിധം ക്രമസമാധാനപ്രശ്നം നിങ്ങൾ വക്രീകരിച്ചാൽ, കോട്ടക്കകത്തെ സൗജന്യവസതിയും ഊട്ടുപുരയിൽ സമൃദ്ധഭക്ഷണവും പുനഃപരിഗണനക്കു വിധേയമാകുമേ."

2018/05/30

"മത്സരം ജയിച്ച അർജ്ജുനൻ ഭർത്താവായപ്പോൾ നിങ്ങളുടെ കണ്ണുകളിൽ മിന്നിയ പ്രണയോർജ്ജം ഞാൻ ഓർക്കുന്നു. പിന്നെ എപ്പോഴാണ് അയാളുടെ പേർ പറയുമ്പോഴേക്കും നിങ്ങൾ മുഖം തിരിക്കാൻ തുടങ്ങിയത്? യുധിഷ്ഠിരന്റെ ഭാര്യ എന്ന നിലയിൽ രാജസൂയ യാഗത്തിൽ പങ്കാളിയായാൽ മാത്രമേ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയാവൂ എന്ന ആചാര വിധിയിൽ കുടുങ്ങിയപ്പോൾ, പ്രിയപ്പെട്ടവനെ നിങ്ങൾ സ്വാർത്ഥതയുടെ പേരിൽ പാർശ്വവൽക്കരിച്ചുവോ?"

കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. അന്തഃപുര ജാലകത്തിലൂടെ കാണാമായിരുന്നു, കാലവർഷത്തിന്റെ കുത്തൊഴുക്കിൽ പെട്ട യമുനയുടെ തീരത്തെ വൻമരക്കൂട്ടങ്ങൾ.

"ഊഴം വച്ച് ബീജദാനത്തിനായി അവനെന്റെ കൂടെ കിടന്ന കുറച്ചു ദിവസങ്ങളിൽ ഒന്ന് ഞാൻ ഈർഷ്യയോടെ ശ്രദ്ധിച്ചു, നവവധുവായിരിക്കുമ്പോൾ എനിക്കു തന്നിരുന്ന കേശാദിപാദപരിലാളന ഇപ്പോൾ തരുന്നില്ല. പകരം, ശബ്ദത്തിൽ പക. മറ്റനാലു പാണ്ഡവരിൽ നിന്നെന്ന പോലെ പ്രത്യേക പരിഗണനയൊന്നുമില്ലാതെയാണ് ഞാനവനിൽ നിന്നും ബീജസംഭരണം ചെയ്യുന്നതെന്ന അറിവാണവനെ അവശനാക്കിയതെന്നുണ്ടോ? ദാമ്പത്യവഞ്ചനയാണ് ബഹുഭർത്തൃത്വം എന്നവൻ മുനവച്ചു സൂചിപ്പിച്ചപ്പോൾ, ശരിക്കും കുന്തിയുടെ കുബുദ്ധിയല്ലേ അതെന്നു ഞാൻ തിരിച്ചടിച്ചു. ഇണ ചേരുമ്പോഴും നീ അമ്മയെ വലിച്ചിഴക്കുന്നോ എന്ന് പ്രതിഷേധിച്ച കിടപ്പറയുടെ ഇരുട്ടിൽ എനിക്കെതിരെ വെളിച്ചപ്പെടാൻ തുടങ്ങി. എന്റെ നാവിൽ നിന്ന് എന്തൊക്കെ പുറത്തുവന്നു എന്നറിയാൻ സ്വനഗ്രാഹിയന്ത്രമൊന്നും ഇല്ലാത്തതു കൊണ്ട് ഓർമ്മയെ മാത്രം ആശ്രയിക്കണം. അവന്റെ പുരുഷത്വത്തെ ഞാൻ പരിഹസിച്ചു എന്നാണോർമ്മ. നിന്നെക്കാൾ സ്പർശനമികവോടെ എന്നോട് കിന്നരിക്കാൻ ഇളമുറ മാദ്രിമക്കൾ നകുലനും സഹദേവനും ഉണ്ടെന്ന തിരിച്ചടിയിൽ അവന്റെ പുരുഷത്വം തകർന്നു എന്ന് വ്യക്തം. അവൻ പിന്നെ ഊഴമനുസരിച്ചുള്ള പ്രത്യുൽപ്പാദനരതിയിൽ കാലാവധി പ്രയോജനപ്പെടുത്താതെ, ഒരു പുരു

ഷന് ഭാര്യയോട്ട് ചെയ്യാവുന്ന ഏറ്റവും ഹീനമായ പ്രതികാരത്തിന് വേണ്ടി പടിയിറങ്ങി, പിന്നെ കേട്ടത് പടിഞ്ഞാറൻ കടലോര നഗരമായ ദ്വാരകയിൽ സുഭദ്രയെന്നൊരു വധുവിനെ തരപ്പെടുത്തി എന്നാണ്. അറിഞ്ഞു എന്ന് ഞാൻ അന്ന് നടിച്ചില്ല ഇന്നും നടിക്കുന്നില്ല. അന്തഃപുര വിഴുപ്പുകെട്ടു ചുമന്നു വശം കെട്ടു എങ്കിൽ, പനയോലക്കെട്ടുകൾ മാറ്റി മണ്ണിളക്കികൾ പിടിക്കു ഇന്ന് പകൽ മുഴുവൻ യമുനയുടെ തീരത്തു ഗർഭകാലശുശ്രൂഷക്കുള്ള പച്ചിലമരുന്നു ചെടികളുടെ മഴക്കാല പരിചരണമാണ്.

“ദശാബ്ദങ്ങളോളം നിങ്ങൾക്ക് കൂട്ടുകാരായിരുന്ന പാണ്ഡവർ നിങ്ങളെ തിരിഞ്ഞുനോക്കാതെ അവരുടെ ഭാഗദേയം തേടി കാൽ മുന്നോട്ടു വെക്കുമ്പോൾ, അവർ നിങ്ങൾക്കിക്കാലവും എന്തായിരുന്നു എന്നാണു ഞാൻ വരുംകാല വായനക്കാരോട് പറയേണ്ടത്?”

മണ്ണിൽ കുഴഞ്ഞുവീണപാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു. കയ്യിലിരുന്ന മൺപാത്രത്തിൽ നിന്നവൾ ശുദ്ധജലം തുള്ളിതുള്ളിയായി പാഞ്ചാലിയുടെ നെറ്റിയിൽ വീഴ്ത്തി. സന്ധ്യാദീപ്തി ഈറൻ മുഖത്ത് തെളിഞ്ഞു. ഒരു വിലാപം പോലെ, ആ ഹിമാലയ താഴ്വരയിൽ ഇളംകാറ്റു വീശി. ചുറ്റും ഭീതിതമായ നിശ്ശബ്ദത നിറഞ്ഞിരുന്നു. പാണ്ഡവർ മലയിടുക്കിൽ മറഞ്ഞു. സന്ധ്യ കനക്കുകയാണ്.

“അവർക്കിഷ്ടപ്പെട്ട എന്റെ ശരീരഭാഗങ്ങൾ അവരെന്നും മത്സരിച്ചു ഓമനിച്ചു അവർക്ക് വേണ്ടാതിരുന്ന എന്റെ മനസ്സ് ഇവിടെ എന്നെന്നേക്കുമായി പ്രകൃതിയിൽ അവസാനിക്കട്ടെ. എന്നിൽനിന്ന് കേട്ടതും കണ്ടറിഞ്ഞതും നീ ഹസ്തിനപുരിയെ അറിയിക്കുക.”

കൊട്ടാരം ലേഖികയുടെ കൈ പിടിച്ചു പാഞ്ചാലി കണ്ണടച്ചു.

2018/06/01

“വിവാഹസ്മരണക.ൾ പങ്കിടാൻ പറയുമ്പോൾ നിങ്ങൾ മുഖം കറുപ്പിക്കുന്നതെന്തിനാണ്?” പാഞ്ചാലിയുടെ ജഡം ആവുന്നത്ര കുഴി തോണ്ടി മറവുചെയ്തു കുളിച്ചു പാണ്ഡവരെ വിടാതെ പിന്തുടർന്നെത്തിയ കൊട്ടാരം ലേഖിക, വഴിയിൽ വിശ്രമിക്കുകയായിരുന്ന ഭീമനോട് ചോദിച്ചു.

“വിപൽസൂചകമായിരുന്നു ആ വിവാഹം. എന്നിട്ടും വധുവിന്റെ ഭംഗി കണ്ടു ഞങ്ങൾ അവളെ സ്വന്തമാക്കാൻ രഹസ്യമായി കൊതിച്ചു എന്നതാണ് ആദ്യദുരന്തം. അവളെ പങ്കിടാൻ കുന്തി നിർദ്ദേശിച്ചതായിരുന്നു രണ്ടാമത്തെ ദുരന്തം. ആണുങ്ങൾ അഞ്ചുപേരും പാഞ്ചാലിയെ ഊഴം കാത്തു കിടപ്പറക്കു വെളിയിൽ ഒറ്റക്കാലിൽ നിൽക്കണമെന്നവൾ നടപടിക്രമം ഉണ്ടാക്കിയപ്പോൾ അപമാനമാണിതെന്നു പറയാൻ പാണ്ഡവരിൽ ആരും മുതിർന്നില്ല. കൗരവരുമൊത്തു ഞങ്ങൾ ചൂതാടുമ്പോൾ ‘ഞാൻ രജസ്വല എന്നാൽ ഞാൻ അല്പവസ്ത്ര’ എന്ന് നിർല്ലജ്ജം പ്രഖ്യാപിച്ചു കൊണ്ട് കൗരവചൂതാട്ടസഭയിൽ അനധികൃതമായി ഇടിച്ചുകയറി, ദുര്യോധനന്റെ പ്രലോഭനത്തിനു വഴങ്ങി നഗ്നതുടയിൽ കയറിയിരിക്കാൻ മുതിർന്ന പാഞ്ചാലി പിന്നീട്, ഞങ്ങളുടെ അടിമജീവിതത്തിൽ, കൗരവചാരയായി പന്ത്രണ്ടുവർഷ വനപർവ്വത്തിൽ മാനസികപീഡനത്താൽ ഞങ്ങൾക്ക് നിത്യോപദ്രവ പീഢകയായി

എന്നതാണ് പാണ്ഡവസഹോദരർക്കേറ്റ കൊട്ടും മാനസികയാതന. അവൾ സ്വന്തം പാപഭാരത്താൽ വഴിനടക്കുമ്പോൾ കുഴഞ്ഞുവീണ മരിച്ചു എന്നതാണ് മുകളിലൊരു ന്യായാധിപനുണ്ടെന്നതിന്റെ ദൃഷ്ടാന്തം. ഇനി ഞങ്ങളെ വെറുതെ വിടൂ. ഞങ്ങൾ ഈ ഭൂമിയുമായുള്ള ബന്ധം വിച്ഛേദിക്കട്ടെ."

അപമാനബോധത്താൽ ഭീമൻ മുഖം പൊത്തി. മറ്റുനാലു പാണ്ഡവർ അവരിൽ നിന്ന് ദൂരം പാലിച്ചു.

2018/06/02

ഒമ്പത് ദിവസം നിങ്ങൾ വിടാതെ അമ്പെയ്തിട്ടും, ഒരു പാണ്ഡവതല പോലും വീണില്ല എന്ന ആരോപണവുമായി ദുര്യോധനൻ, ആളും തരവും നോക്കാതെ പാളയത്തിൽ ഇടിച്ചു കയറി ഒച്ചവെച്ചു ഇപ്പോഴും ശല്യം ചെയ്യുന്നുണ്ടല്ലോ. ചെന്ന് കണ്ടു ആശ്വസിപ്പിക്കേണ്ടേ?" കൗരവ സർവ്വസൈന്യാധിപനായ ഭീഷ്മരോട് യുദ്ധകാര്യ ലേഖകൻ ചോദിച്ചു.

ഇരുണ്ട നദീതീരത്തെ ആളും തിരക്കും കുറഞ്ഞിരുന്നു. വടക്കൻ മലകളിൽ നിന്ന് തണുത്ത കാറ്റ് വീശുന്ന കാലം.

"ദരിദ്ര ബന്ധുക്കൾ എന്ന നിലയിൽ മാത്രമേ കൗരവർ സ്വത്തുതർക്കത്തിൽ പാണ്ഡവരെ കണ്ടിരുന്നുള്ളൂ. ഇപ്പോൾ കുരുക്ഷേത്രയിൽ കാണുന്നത്, ക്രൂരബന്ധുക്കൾ എന്ന, നമുക്കിതുവരെ ബോധ്യം വരാത്ത, പുതു പാണ്ഡവ പ്രതിച്ഛായയാണ്." അപമാനഭാരത്തോടെ പിതാമഹൻ യമുനയിലേക്ക് ചാടി.

2018/06/03

"കുരുക്ഷേത്രയിൽ, നിങ്ങളുടെ അസാന്നിധ്യത്തിൽ, യുധിഷ്ഠിരൻ അഭിമന്യുവിനെ ചക്രവ്യൂഹത്തിലേക്കു പിരികയറ്റി വിട്ടത് ദുഷ്ടലാക്കോടു കൂടിയാണെന്ന ആരോപണം പാണ്ഡവപാളയത്തിൽ പരപരപ്പുണ്ടാക്കിയല്ലോ. ഞരമ്പ് തിളപ്പിക്കുന്ന കുത്തുവാക്ക് പറയാമോ?" കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. അഭിമന്യുവിന്റെ ശവദാഹം കഴിഞ്ഞു കുളിച്ചു കയറുന്ന രാത്രി.

"ഭീരുത്വം എന്ന വാക്കാണെന്റെ നാവിൻ തുമ്പിൽ വന്നത്. പക്ഷെ സാഹോദര്യം ഓർത്തു ഞാൻ യുധിഷ്ഠിരനിൽ ആരോപിച്ചത് തൊഴിൽപരമായ ഒരു വീഴ്ച എന്ന അർത്ഥം വരുന്ന കൃത്യവിലോപം. കൃത്യമായി പറഞ്ഞാൽ, കൃത്യവിലോപത്തിന്റെ ഉള്ളടക്കം യുധിഷ്ഠിരനെതിരെയുള്ള ആരോപണത്തിൽ കൊണ്ടുവരാൻ തൽപരകക്ഷികൾ ശ്രമിക്കില്ലേ എന്ന ആശങ്കയാണ് ഞാൻ പ്രകടിപ്പിച്ചത് അല്ലാതെ അന്വേഷണവിധേയമായി യുധിഷ്ഠിരന്റെ സൈനികസേവനത്തിൽ നിന്ന് ഉടൻ സർവ്വ സൈന്യാധിപച്ചുമതല വഹിക്കുന്ന ധൃഷ്ടദ്യുമ്നൻ പിൻവലിക്കണം എന്നല്ല. മാധ്യമപ്രവർത്തകർ ഉച്ചരിക്കുന്ന വാക്കിൽ ശ്രദ്ധിക്കണ്ടേ? ഞങ്ങൾ ആയുധത്തിൽ ശ്രദ്ധിക്കുന്ന പോലെ? വൈകാരികതയിലൂന്നി നിങ്ങൾ അഭിമന്യുവധം ആഗോളതലത്തിൽ ഉയർത്തിക്കാണിച്ചതൊക്കെ ശരി, പക്ഷെ യുദ്ധ കേന്ദ്രിതമായ ഈ പാണ്ഡവകെട്ടുറപ്പിൽ നിങ്ങൾ വിള്ളലുണ്ടാക്കാൻ ഇനി ശ്രമിച്ചാൽ? ഉച്ചരിച്ച വാക്കു നിങ്ങൾക്ക് പിഴച്ച പോലെ ഈ കൈകളും ചിലപ്പോൾ പിഴച്ചുപോവും." ഇരുട്ടിൽ അവളുടെ മുഖമടച്ചു ആ യോദ്ധാവിന്റെ ഈറൻ കൈപ്പത്തി പിടിമുറുക്കി

"കഷ്ടമുണ്ട് പറയാൻ. കൗരവപക്ഷത്തെ സൈനികരിൽ ചിലർ ഗുരുതരമായി പരുക്കേറ്റയിടത്തേക്കു അത്യാവശ്യമരുന്നുമായി ഓടിക്കിതച്ചെത്തിയ വനിതാ ആരോഗ്യപ്രവർത്തകയെ കുന്തമെറിഞ്ഞു കൊന്നതിൽ മനുഷ്യത്വമുള്ളവരെല്ലാം കോപം കൊണ്ട് ജ്വലിക്കുന്നല്ലോ. യുധിഷ്ഠിരൻ എറിഞ്ഞ കുന്തം കയറിയാണവളുടെ നെഞ്ച് പിളർന്നതെന്ന വാസ്തവം എങ്ങനെ ഞങ്ങൾ വെളിപ്പെടുത്താതിരിക്കും? മാധ്യമപ്രവർത്തനം ശരിക്കും മാരകം."

കൊട്ടാരം ലേഖിക പാണ്ഡവ സൈനികവക്താവായ നകുലനോട് ചോദിച്ചു.

"എന്തിനു മാധ്യമസത്യങ്ങൾ മുഴുവൻ പറഞ്ഞുകൂടാ? കൺവെട്ടത്തിലുണ്ടായിരുന്ന സ്ത്രീയാണ് കൊല്ലപ്പെട്ടത്. അവൾ നീലയും ചുവപ്പും ധരിക്കുന്ന കൗരവ പാണ്ഡവ സൈന്യങ്ങളിൽ നിന്ന് വ്യത്യസ്തമായി, വെളുത്ത വസ്ത്രമാണ് ഉടുത്തിരുന്നത്. അവൾ പക്ഷം നോക്കാതെ രാപ്പകൽ മുറിവേറ്റവർക്കു മരുന്നും സാന്ത്വനവും നൽകി. ഇനി ഞങ്ങളുടെ വസ്തുതകൾ നിങ്ങൾ അറിയണം. യുധിഷ്ഠിരനെ ബന്ദിയായി പിടിക്കാൻ ഒരു ഭ്രാന്തൻ കൗരവ സംഘം ഓടിവരുമ്പോൾ നിങ്ങൾ പരാമർശിക്കുന്ന ഈ ശുഭ്രവസ്ത്രധാരി അവർക്കു പ്രോത്സാഹനം നൽകി യുദ്ധകാഹളമാണുയർത്തിയിരുന്നത്. ഉച്ചഭക്ഷണത്തിനു പോരാട്ടം നിർത്തിയിരുന്ന വിശ്രമവേളയിലാണ് ഈ അക്രമം. സ്ഥിതി നയതന്ത്രത്തിനു നിൽക്കുന്നതല്ലെന്ന തിരിച്ചറിവിൽ യുധിഷ്ഠിരൻ കയ്യിൽ ഉണ്ടായിരുന്ന കുന്തം ആത്മരക്ഷയിൽ കൊലയാളി സംഘത്തിന്നെതിരെ എറിഞ്ഞപ്പോൾ, ഉന്നം തെറ്റി അത് ചെന്ന് തറച്ചത് പരേതവനിതയുടെ നെഞ്ചിൽ ആയിരുന്നു എന്ന ആകസ്മികതയെ നിങ്ങൾ യുധിഷ്ഠിരനെ ഒരു സ്ത്രീവിരുദ്ധനാക്കാൻ ഉറച്ചു എന്നതിന്റെ തെളിവല്ലേ? പോരാട്ടഭൂമിയിലെ ഗോപുരത്തിന് മുകളിൽ നാലിടത്തായി യുദ്ധ നിർവഹണ ചുമതലയുള്ള പ്രവിശ്യാഭരണ കൂടത്തിന്റെ പ്രതിനിധികൾ തരുന്ന സാക്ഷിമൊഴികളിൽ വൈരുധ്യമുണ്ടെങ്കിൽ അപ്പോൾ നമുക്ക് വീണ്ടും കാണാം. ഞങ്ങൾ ജീവിച്ചിരുപ്പുണ്ടെങ്കിൽ."

2018/06/04

"പാഞ്ചാലിയുമായി സ്വരച്ചേർച്ചയില്ല എന്ന പതിവ് കാരണം-അതാണോ പാണ്ഡവർക്കൊപ്പം ഖാണ്ഡവപ്രസ്ഥത്തിലേക്കു പോവാൻ ശരിക്കും വഴിതടസ്സമായത്?, അതോ..."

കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. യുധിഷ്ഠിരൻ രാജാവായിട്ടും, രാജമാതാ പദവിയില്ലാതെ അന്തഃപുരത്തിൽ മുൻമഹാറാണി ഗാന്ധാരിയുടെ വ്യക്തിഗത തോഴിയായി തുടരുകയായിരുന്നു പാണ്ഡുവിധവ.

"ഖാണ്ഡവപ്രസ്ഥത്തിലേക്കു പോവുന്നതിന്റെ തലേന്ന് രാത്രി ഉടുതുണി പെറുക്കി സഞ്ചിയിൽ വെക്കുമ്പോൾ, മുന്നറിയിപ്പില്ലാതെ ഒരസാധാരണ സന്ദർശകൻ വാതിൽ തള്ളിത്തുറന്നു അകത്തുവന്നു. കയ്യിലിരുന്ന പനയോലക്കെട്ടു അഴിച്ചുനീട്ടി. മങ്ങിക്കത്തിയിരുന്ന പന്തത്തിന്നരികെ ചെന്ന് ഞാൻ ഓരോ ഓലയും പരിഭ്രമം മറച്ചു നോക്കുമ്പോൾ, ദുര്യോധനൻ മാറി നിന്നെന്നെ ഇടംകണ്ണെറിഞ്ഞു ശ്രദ്ധിക്കുന്നുണ്ടായിരുന്നു. കുന്തീഭോജന്റെ കൊട്ടാരത്തിലെ കൗമാരകാല, വിവാഹപൂർവ്വ ജീവിതത്തിലെ സാഹസികമായ ഒരു രതി പരീക്ഷണത്തിൽ, തേജോമയനായ

ഒരു ആകാശ ചാരിയിൽ നിന്ന് ആഹ്ലാദപൂർവ്വം ഗർഭം ധരിച്ച ഞാൻ, പ്രസവത്തിന ശേഷം ചോരക്കുഞ്ഞിനെ പനംകുട്ടയിൽ വച്ച് പുഴയിൽ ഒഴുക്കാൻ ഉറച്ചപ്പോൾ, സഹായത്തിനു കൂടെ നിന്ന രണ്ടു വിശ്വസ്തദാസികളുടെ, നിയമസാധുതയുള്ള സാക്ഷിമൊഴികളായിരുന്നു അവ. സൂക്ഷ്മമായി വായിച്ച ഞാൻ രണ്ടും കൽപ്പിച്ച മുഖമുയർത്തിയപ്പോൾ, ദുര്യോധനൻ പറഞ്ഞു, ഒഴുക്കിൽ വിട്ട നിർഭാഗ്യവാനായ ആ കുഞ്ഞിപ്പോൾ ജീവിച്ചിരുപ്പുണ്ട്, ഇവിടെ ഹസ്തിനപുരിയിൽ. എനിക്ക് വേണ്ടപ്പെട്ടവനുമാണ്. ജീവിക്കാനുള്ള മൗലികാവകാശം നിഷേധിക്കപ്പെട്ടു എന്ന പരാതി, നവജാതശിശുവിനെ നിർദ്ദയം പുഴയിലൊഴുക്കിയ അമ്മ-രണ്ടിലും രണ്ടു ന്യായാധിപരുടെ മുമ്പിൽ ഹസ്തിനപുരി ശിക്ഷാനിയമം, ബാലനീതി നിയമം ഇവയനുസരിച്ച തുറന്ന വിചാരണ നേരിടേണ്ടി വരും. വർഷങ്ങൾ തുറുങ്കിൽ കിടത്താൻ വകുപ്പുള്ളത്. ഞാനിപ്പോൾ പക്ഷെ നിങ്ങളെ ഓർമ്മിപ്പിക്കുന്നത്, ഒരു ധാരണയിൽ എത്താൻ മാത്രം. നിങ്ങൾ ഖാണ്ഡവപ്രസ്ഥത്തിലേക്കു പോവരുത്. ഗാന്ധാരിയുടെ തോഴിയായി കൊട്ടാരത്തിൽ കഴിയണം. വരണാവതം അരക്കില്ല ത്തിൽ ആദിവാസികുടുംബത്തെ കത്തിച്ച കൊന്നു രക്ഷപ്പെട്ടതൊക്കെ ധീരവനിതാപരിവേഷം നിങ്ങൾക്ക് തന്നത് ആവർത്തിക്കാതിരിക്കാൻ നിങ്ങൾ വഴങ്ങണം. അന്തഃപുരത്തിൽ ഒതുങ്ങണം. ഈ ഒത്തുതീർപ്പുമായി നിങ്ങൾ സഹകരിച്ചാൽ, ഈ ശപിക്കപ്പെട്ട പനയോലക്കെട്ടുകൾ എന്നെന്നേക്കുമായി പൂഴ്ത്തിവെക്കാം. വളർന്നു വലുതായ അവിഹിതസന്തതി നിങ്ങളെ കാണാതിരിക്കാനും, ആരെന്നറിയാതിരിക്കാനും സാഹചര്യം ഒരുക്കാം. എന്ന് പറഞ്ഞവൻ തിരിഞ്ഞു നടക്കുമ്പോൾ പെട്ടെന്ന് അംശയകരമായ രീതിയിൽ അവിടെ വന്ന ഗാന്ധാരിയെ കൈ പിടിച്ച ദുര്യോധനൻ ആശ്വസിപ്പിച്ച, "അമ്മക്ക് ഇനി എന്നും കൂട്ട് കുന്തി. അവർ മക്കൾക്കൊപ്പം ഖാണ്ഡവപ്രസ്ഥം കുടിയേറ്റത്തിനു പോവാൻ ഇഷ്ടമില്ലെന്നു എന്നെ ഔദ്യോഗികമായി അറിയിച്ച, വിധവയായ ഇളയമ്മയെന്ന നിലയിൽ അവരുടെ ആഗ്രഹം എനിക്ക് നിഷേധിക്കാനാവില്ല."

"വ്യാസനുമായി പാഞ്ചാലി എന്തായിരുന്നു പട്ടാപ്പകൽ ഒരു വാക്കു തർക്കം? ഒന്നുമില്ലെങ്കിൽ നിങ്ങളുടെയൊക്കെ ഔദ്യോഗിക ജീവചരിത്രകാരനാവാൻ നിയോഗം കിട്ടിയ ദാർശനിക കവിയല്ലേ?

കൊട്ടാരം ലേഖിക ചോദിച്ച.

"അത് തന്നെയാണ് പാഞ്ചാലിക്ക് പറഞ്ഞുതീർക്കാനുണ്ടായിരുന്ന തർക്കം. ദശാബ്ദങ്ങൾ നീണ്ട അവളുടെ സഹനജീവിതം ഒരു സാംസ്കാരിക പഠനം എന്ന നിലയിൽ വേണം വ്യാസൻ അവതരിപ്പിക്കാൻ എന്ന് പാഞ്ചാലി നിലപാട് കനപ്പിച്ച. വെറുതെ ഒരൊഴുക്കൻ ജീവിതാനുഭവം എന്ന നിലയിലുള്ള വ്യാസരചനാരീതി അസ്വീകാര്യമെന്നും അറിയിച്ച. ഒരു വസ്ത്രാക്ഷേപത്തിൽ ഊരിപ്പോകുന്നതല്ല പാഞ്ചാലിയുടെ രണോർജ്ജം എന്നുമവൾ പറഞ്ഞു. നിലത്തു ചമ്രം പടിഞ്ഞിരുന്ന വേദവ്യാസൻ എഴുന്നേറ്റു നിന്നാണ് പാഞ്ചാലിക്ക് ചെവി കൊടുത്തതും, തലയിൽ കൈ വച്ചനുഗ്രഹിച്ചതും. പാഞ്ചാലിയുമായി കൊട്ടാരം ലേഖിക ചെയ്ത അഭിമുഖങ്ങളുടെ പനയോലക്കെട്ടുകൾ എന്റെ ആശംസകളോടെ പ്രസിദ്ധീകരിക്കട്ടെ ഈ ദ്വാപരയുഗത്തിൽ, അല്ലെങ്കിൽ വരും യുഗത്തിൽ എന്നും പറഞ്ഞു വ്യാസൻ അനുഗ്രഹ പ്രഭാഷണവേദിയിലേക്കു പോയി. വേറെ കുടുംബ പ്രശ്നമൊന്നുമില്ല", ഹസ്തിനപുരിയിലെ

എല്ലാ ഗുരുകുലങ്ങളും ഹരിതചട്ടം പാലിക്കണമെന്ന പുതിയ പാണ്ഡവ ഭരണകൂട ത്തിന്റെ ആജ്ഞയുമായി ഓടി നടക്കുകയാണ്, യുദ്ധത്തിന്റെ പരിക്കുകൾ ഇനിയും പൂർണമായി തേഞ്ഞു മാഞ്ഞിട്ടില്ലാത്ത ശരീരവുമായി ഇളമുറ പാണ്ഡവൻ നകുലൻ

2018/06/05

“അല്ല, എപ്പോഴാണ് നിങ്ങൾ അഞ്ചുപേർക്കും, ഭാവിയിൽ പാഞ്ചാലിയൊരു ഭീതിയുണർത്തുന്ന ദാമ്പത്യപ്രതിയോഗിയാവും എന്ന സംശയം തോന്നിയത്? കുറച്ചു നേരമായി അവളെ നിങ്ങൾ അപനിർമ്മാണം ചെയ്യുന്നത് അങ്ങനെ അവസാനിപ്പിക്കാം.”

കൊട്ടാരം ലേഖിക ചോദിച്ചു. ഉടൻ പത്തു കണ്ണുകൾ ജാലകത്തിലൂടെ ഇടവഴിയിലേക്ക് നീങ്ങി പാഞ്ചാലി കുളികഴിഞ്ഞു എത്താറായിട്ടില്ല എന്നുറപ്പു വരുത്തിയെങ്കിലും, സമ്മതത്തിനു ഭീമൻ തലയെറിഞ്ഞു.

“നവവധു പാഞ്ചാലിയുമൊത്തു ഞങ്ങൾ ഹസ്തിനപുരിയിൽ എത്തുമ്പോൾ, പ്രത്യാശയെക്കാൾ പേടിയായിരുന്നു. അരക്കില്ലം കത്തിച്ചു പൊതുമുതൽ നശിപ്പിച്ചതിന് ഞങ്ങൾക്കെതിരെ പിടികിട്ടാപ്പുള്ളികൾ എന്ന് വഴിയമ്പലങ്ങളിലും കുതിരപ്പന്തി കളിലും ദുര്യോധനൻ ചുവരെഴുത്തു പരസ്യങ്ങൾ കൊടുത്തതറിഞ്ഞിരുന്നു. എന്നാൽ ഇവിടെ വന്നപ്പോൾ, പാഞ്ചാലിയെ ഒരുനോക്കു കണ്ട കൗരവർ, അവൾക്കു താമസിക്കാൻ കൊട്ടാരത്തിന്റെ അതിഥി മന്ദിരം പൂർണമായി വിട്ടു കൊടുത്തു. അന്ന് രാത്രി ഞങ്ങൾ ആറുപേരും (അമ്മയെ സംശയകരമായ അടുപ്പത്തോടെ വിദുരർ സ്വന്തം ആശ്രമമന്ദിരത്തിലേക്കു കൊണ്ടുപോയി) അല്ലലില്ലാതെ സംസാരിക്കുമ്പോൾ യുധിഷ്ഠിരൻ പന്തം കെടുത്തി, ഇരുട്ടിൽ മുഖം കാണാതെ ഇരിപ്പിടം മാറാൻ പറഞ്ഞു. പാഞ്ചാലി ആരെ ഇനി ആദ്യം തൊടുന്നുവോ അയാൾക്ക് മാത്രം ആഡംബരകിടപ്പറയിൽ അവളെ ഇന്നുരാത്രി സന്തോഷിപ്പിക്കാം. ഇത് കേൾക്കേണ്ട താമസം, പാഞ്ചാലി ശബ്ദമുയർത്തി. നിങ്ങൾ കുറച്ചുപേരുടെ സൗജന്യത്തിലും വിനോദത്തിലും അനുവദിച്ചു കിട്ടേണ്ട ഒന്നല്ല എനിക്ക് രതി. അത് നിങ്ങളിൽ നിന്നെനിക്കു ഏതുസമയത്തും പ്രതീക്ഷിക്കാവുന്ന അത്യാവശ്യ, വ്യക്തിഗത, ശാരീരിക, ആസ്വാദന സേവനമെന്ന നിലയിൽ ഇനിയൊരിക്കലും അത് നിങ്ങൾ പരസ്യചർച്ചക്കു വിഷയമാക്കരുത്. അവിവേകമായി ഇക്കാര്യം നിർദ്ദേശിച്ച യുധിഷ്ഠിരൻ ഇന്ന് എനിക്ക് പായ പങ്കിടാനുള്ള കൂട്ടാളിയല്ല.”

“വയോജനങ്ങളെ കുരുക്ഷേത്ര സൈന്യാധിപ പദവികളിൽ നിന്ന് നീക്കിയില്ലെങ്കിൽ, അവരുടെ കീഴിൽ പോരാടാൻ തന്നെ കിട്ടില്ലെന്ന് കർണ്ണൻ ദുര്യോധനനോട്ട് പറയുന്നുണ്ടല്ലോ. അയാൾ ഉന്നം വക്കുന്നത് പിതാമഹനാണെങ്കിലും, ഉരുളാവുന്ന തലകളിൽ നിങ്ങളും ദ്രോണരും പെടില്ലേ?”

കുരുവംശ രാജകുമാരന്മാരുടെ ആദ്യാക്ഷരഗുരു, ചിരഞ്ജീവി, ദ്രോണരുടെ ഭാര്യാസഹോദരൻ, യോദ്ധാവ് എന്ന നിലയിൽ കൗരവർക്കൊപ്പം ആയിരുന്ന കൃപാചാര്യനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധസന്നാഹത്തിനായി പോരാട്ട ഭൂമിയിലെത്തിയ മഹാരഥന്മാരുടെ നിരായുധ സാന്നിധ്യം ആ ശീതകാല പ്രഭാതത്തിൽ ഒരുത്സവഛായ പകർന്നു.

“അഭിമന്യുവാണ് വയോജനങ്ങൾ എന്ന വാക്കുച്ചരിച്ചിരുന്നതെങ്കിൽ നമുക്ക് മനസ്സിലാക്കാം. എന്നാൽ കർണ്ണൻ? കർണ്ണനൊക്കെ വയസ്സെത്രയായി എന്നാണു നിങ്ങൾ കരുതിയത്? യുധിഷ്ഠിരൻ കണ്ടു കഴിഞ്ഞില്ലേ ആയിരത്തിൽ താഴെ പൂർണചന്ദ്രന്മാരെ? അച്ഛൻ അതിരഥനോടും അയാൾ പറയുമോ വീട്ടിൽ നിന്നിറങ്ങിപ്പോവാൻ?” കർണനോടുള്ള അറപ്പു ചുണ്ടിൽ നിന്നും തേച്ചെടുത്ത കീറത്തുണി അയാൾ അതിരഥപുത്രൻ നിൽക്കുന്നയിടം നോക്കി ആഞ്ഞെറിഞ്ഞു.

2018/06/07

“ഹസ്തിനപുരി പത്രിക’യിൽ ഇന്ന് വന്ന കത്ത്:

പ്രിയ പത്രാധിപർ:

ഇന്നലെയും നിങ്ങളുടെ കാര്യാലയത്തിന്നരികെ, ഒന്ന് കൂടി സൂക്ഷ്മതയോടെ വ്യക്തമാക്കിയാൽ, രാപ്പകൽ സായുധപാറാവുകാരുള്ള കോട്ട വാതിലിനരികെ,ഒരു കൗരവവിധവ ബലാൽക്കാരത്തിനു വിധേയയായി. ആരു ഭരിച്ചാലും ഭരണകൂട സൗജന്യങ്ങൾ തരപ്പെടുത്തുന്ന കൊട്ടാരം ലേഖിക പറയും, ബലാൽക്കാര ശ്രമം മാത്രമെന്ന്. ഈ മാസം ആറുദിവസം കഴിയുമ്പോഴേക്കും, നാലു വിധവകൾ പട്ടാപ്പകൽപീഡനത്തിന് ഇരകളായി. എന്നിട്ടും മഹാരാജാവ് യുധിഷ്ഠിരൻ രാജസഭയിൽ പറയുന്നു, പുതുപാണ്ഡവഭരണകൂടം അധികാരത്തിൽ കയറിയ ശേഷം, ക്രമസമാധാനവും സ്ത്രീ സുരക്ഷയും മെച്ചപ്പെട്ടു എന്ന്. കൗരവവിധവകൾ ഈ വിഭാഗങ്ങളിൽ ഒന്നും പെടില്ലേ? രാജമന്ദിരങ്ങളിൽ നിന്ന് പാതിരാ കുടിയൊഴിപ്പിക്കലിലൂടെ അറുനൂറോളം കൗരവവനിതകളെയാണ് യുധിഷ്ഠിരൻ പുറത്താക്കിയത്. ഒഴിച്ചുമേടിച്ച വീടുകളിൽ രാവേറെ ചെന്നാൽ ഭീകര നിലവിളി കേൾക്കുന്നു എന്ന് പരാതി പറഞ്ഞത് കാവൽക്കാരല്ല, നൂറു കൗരവരെയും ചതച്ച രൗദ്രഭീമനാണ്. ആ വസതികളിൽ ഇപ്പോൾ കൂട്ടിയിട്ടിരിക്കുന്നതു ആയുധമാലിന്യങ്ങളും. മുൻഭരണകൂടം വിമതരെ പീഡിപ്പിക്കാൻ ഉപയോഗിച്ചിരുന്ന ഇരുട്ടറകൾക്കു കുപ്രസിദ്ധമായ ഭൂതക്കെട്ടിലാണ്, ഒരിക്കൽ കുലീന ഹസ്തിനപുരിയുടെ ആരാധനാമൂർത്തികളായിരുന്ന കൗരവരാജസ്ത്രീളെയും അവരുടെ പുതുതലമുറ കുട്ടികളെയും പാണ്ഡവഭരണകൂടം പുനരധിവസിപ്പിച്ചത്. ധാന്യവും കുടിവെള്ളവും ശുചിമുറികളുമില്ലാതെ അവർ നിലവിളിക്കുമ്പോൾ, മഹാറാണി പാഞ്ചാലി വെള്ളക്കുതിരകൾ വലിക്കുന്ന രഥത്തിൽ ‘ഹരിത ഹസ്തിനപുരി’ എന്ന ഉത്സവം നാടെങ്ങും കാണാൻ യാത്രപോകുന്നു. രാജ്യത്തിന്റെ അഖണ്ഡതയും സ്വാതന്ത്ര്യവും അർദ്ധസഹോദരിൽ നിന്ന് ഭീഷണി നേരിട്ടപ്പോൾ, വിമതസഖ്യസൈന്യത്തോടു പോരാടി കുരുക്ഷേത്രയിൽ ജീവൻ ബലി കൊടുത്ത ദുര്യോധനന്റെ വിധവ, ഈ സാമ്രാജ്യത്തിന്റെ മഹാറാണിയാവേണ്ടിയിരുന്ന മഹതി, രോഗബാധിതയായപ്പോൾ ചാരവകുപ്പ് മേധാവി പറഞ്ഞുപരത്തുന്നു അവർ കലിംഗയിലേക്കു പോയത് ചികിത്സക്കല്ല ഇവിടെ നിന്നു മോഷ്ടിച്ച രത്നശേഖരം ഒളിച്ചുകടത്താനാണെന്നു. ഇതാണോ പേക്കിനാവ് എന്ന് പറയുന്ന അവസ്ഥ?

“കുരുവംശത്തിന്റെ കീഴിലുള്ള പ്രവിശ്യമാത്രമല്ലേ കുരുക്ഷേത്രം? പിന്നെ എന്താ നിങ്ങൾ ഒരിടഞ്ഞ അയൽരാജ്യത്തെ പോലെ സംസാരിക്കുന്നത്?” കൊട്ടാരം ലേഖിക പ്രവിശ്യാ ഭരണാധികാരിയുടെ നേരെ വിരൽ ചൂണ്ടി.

“ആകെയുള്ള കുടിനീർ സ്രോതസ്സായ യമുനയുടെ തീരത്ത് പത്തു പതിനെട്ടു ദിവസം അഴിഞ്ഞാടിയ ആ വഴക്കാളി അർദ്ധസഹോദരർ വരുത്തിവച്ച പരിസ്ഥിതി നാശം, ശവം എണ്ണുന്ന തിരക്കിൽ നിങ്ങൾ ശ്രദ്ധിക്കാഞ്ഞത് ഞങ്ങളുടെ തകരാറാണോ? പുതിയ പാണ്ഡവഭരണകൂടം നീണ്ടകാല നഷ്ടപരിഹാരം തരണമെന്ന തദ്ദേശീയ വികാരം ഞാനൊന്ന് വളച്ചുകെട്ടില്ലാതെ തുറന്നു പറഞ്ഞതിനാണോ രാജ്യദ്രോഹകുറ്റം ചുമത്തി വായടപ്പിക്കാൻ ശ്രമം?”

“പോരാട്ടനേട്ടം വെട്ടിച്ചുരുക്കാൻ ശ്രമം ഉണ്ടല്ലോ. ചളിയിൽ താണ രഥചക്രം പണിപ്പെട്ടുയർത്തുന്ന കർണനെയാണ് നിങ്ങൾ തരം നോക്കി തലവെട്ടിയതെന്നു പറഞ്ഞത് സൈനികവക്താവ് നകുലനായിരുന്നു. അങ്ങനെ വെട്ടിത്തുറന്നു പറയരുതായിരുന്നു എന്ന് പിന്നീട് ശാസിച്ചുവോ?” ശവസംസ്കാരത്തിനുശേഷം ഒഴുക്കുവെള്ളത്തിൽ മുങ്ങിക്കുളിച്ചുകയറിയ അർജ്ജുനനോട് കൊട്ടാരം ലേഖിക ചോദിച്ചു. വൈകിയ രാത്രി.

“അവൻ പറഞ്ഞത് കൃത്യമല്ലേ? പത്തു നാല്പതു ലക്ഷം പോരാളികൾ പരസ്പരം ചവിട്ടി തേച്ചിട്ടും മണ്ണിളകാത്ത കുരുക്ഷേത്രത്തിൽ, കർണന്റെ രഥചക്രം മാത്രമെങ്ങനെ താഴാൻ വേണ്ട ചളി കണ്ടെത്തി? കർണൻ ഒറ്റയ്ക്ക് ചക്രമുയർത്തുമ്പോൾ ഞാൻ കൈകൂപ്പി വിജയാശംസകൾ നേരണോ? അതോ, തക്കം നോക്കി ശത്രുവിന്റെ കഴുത്തു വെട്ടണോ? നിലത്തുവീണ അഭിമന്യുവിന്റെ കുടലിൽ വാളിറക്കാൻ പ്രകൃതിയവന് അവസരം നൽകിയപ്പോൾ, ‘അരുത് ഇവൻ എന്റെ അനുജന്റെ മകനെ’ന്നവൻ മാപ്പുകൊടുത്തുവോ? അസാധാരണ സാഹചര്യമല്ലേ അതീതശക്തിയെനിക്ക് അനുഗ്രഹിച്ചു തന്നത്? സാരഥിശല്യൻ കർണനോട് നിസ്സഹകരണം പ്രഖ്യാപിച്ചു മാറി നിന്ന് അവന്റെ പെടാപ്പാടു കണ്ടു അർമാദിക്കുന്നതൊക്കെ നിങ്ങളും കണ്ടതല്ലേ? എന്റെ സാരഥിയപ്പോൾ കൺകോണു കൊണ്ടെന്നെ കർമധീരനാക്കി-എന്റെ ആയുധം അതിന്റെ ഉന്നം കണ്ടു.”

2018/06/08

“പാണ്ഡവപക്ഷത്തേക്കു കൂറ് പ്രഖ്യാപിക്കാൻ വന്ന മാദ്രരാജാവ് ശല്യനെ നിങ്ങൾ എത്ര ലാഘവത്തോടെ കൗരവസഖ്യകക്ഷിയാക്കി. എങ്ങനെ ഒപ്പിച്ചെടുത്തു ഈ നയതന്ത്ര വിജയം?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. യുദ്ധമേഘങ്ങൾ നിറഞ്ഞുതുടങ്ങിയ ആകാശം.

“പ്രിയഅനുജത്തി മാദ്രിയെ പാണ്ഡുവിന്റെ ചിതയിൽ തള്ളിയ കുന്തിയോടയാൾക്കു ദശാബ്ദങ്ങൾ പഴകിയ പകയുണ്ട്. മാദ്രിപുത്രന്മാരായ നകുലനെയും സഹദേവനെയും സഹായിക്കാൻ കുടുംബ പരമായ ചുമതലയുമുണ്ട്. ഭീമനെപ്പോലെ ആളൊരു മന്ദനുമാണ്. ആദ്യസന്ദർശനത്തിൽ ഞാൻ യുധിഷ്ഠിരനാണെന്ന അയാളുടെ തകർക്കാനാവാത്ത മുൻവിധി ഞാൻ പിന്നെ തിരുത്തിയില്ലെന്ന താണെന്റെ അട്ടിമറി വിജയം. കൂടെ നിൽക്കാം എന്ന അയാളുടെ വാക്കു ഒരുടമ്പടി പോലെ ഞാൻ ഇരുകൈകളും നീട്ടി സ്വീകരിച്ചു. പ്രതീകാത്മകമായി കൈ കൊടുത്തശേഷം, ഇനി വാക്കുമാറ്റിയാൽ അപ്പോൾ അറിയും കുരുവംശസംസ്കാരത്തിന്റെ തനിനിറം. ഒന്നേ അയാൾ വിചിത്രമായ മുഖഭാവത്തോടെ സ്വരം താഴ്ത്തി ചോദിച്ചുള്ളൂ-കർണന്റെ സാരഥിയാവണം. ഒരു മഹാരാജാവ് സാരഥിയാവുന്നതിൽ പാർശ്വ

വത്കൃതകർണ്ണൻ ആഹ്ലാദിക്കുമെന്ന പൊതുസമൂഹത്തിന്റെ യുദ്ധമോഹവും അങ്ങനെ പൂവണിയട്ടെ. മാദ്രിപുത്രന്മാരായ നകുലനും സഹദേവനും മാതൃസഹോദരനായ ശല്യന്റെ മുമ്പിൽ വരാത്തവിധം വേണം യുദ്ധഭൂമിയിൽ സൈനികവിന്യാസം എന്നൊരു കഠിന പരീക്ഷണം കൂടി ജയിച്ചാൽ", കുരുക്ഷേത്രയിൽ നിന്ന് കുതിരപ്പുറത്തു അതിവേഗം വന്ന ചാരനെ കണ്ടതോടെ പെട്ടെന്ന് സംഭാഷണം മുറിഞ്ഞു

"ആദ്യരാത്രി തന്നെ എനിക്ക് കുന്തി പണി തന്നു എന്നാണ് കിടപ്പറയിൽ പത്തു പാണ്ഡവക്കണ്ണുകൾ ഇമതല്ലാതെ കാത്തിരിക്കുന്നത് കണ്ടതിനെ കുറിച്ച് പിന്നീടൊരിക്കൽ 'നവവധു' പറഞ്ഞത്. ശരിക്കും അതൊരു ദാമ്പത്യഭാരമായിരുന്നില്ലേ നിങ്ങൾ ചൊരിഞ്ഞത്? ലജ്ജാകരമല്ലേ അടിച്ചേൽപ്പിക്കുന്ന ബഹുഭർത്തൃത്വം?" കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. ഹസ്തിനപുരി അന്തഃപുരത്തിലെ ജീവിത സായാഹ്നം.

"വിവാഹപൂർവ്വജീവിതത്തിലെ വീണ്ടുവിചാരമില്ലാത്ത അവിഹിതരതിയും, അനാവശ്യ ഗർഭധാരണവും, ചോരക്കുഞ്ഞിനെ പുഴയിലൊഴുക്കലും, കുറ്റബോധത്താൽ നീറുന്ന മനസും ഒക്കെ ഉള്ളപ്പോഴും ഒരു കാര്യത്തിൽ എനിക്ക് വിവാഹജീവിതാനുഭവം പരിഗണിക്കുമ്പോൾ ഉള്ളിൽ മതിപ്പ് തോന്നി. ഞാൻ വന്ധ്യയല്ല. പാണ്ഡുവിനു കായികക്ഷമതയില്ലെങ്കിലും, എനിക്ക് അമ്മയാവാം. അങ്ങനെ ഔദ്യോഗിക അംഗീകാരമുള്ള ആൺമക്കൾ എന്ന ലക്ഷ്യംതേടി ഞാൻ പരപുരുഷന്മാരെ പ്രലോഭിപ്പിക്കാൻ പൂച്ചൂടി പടിയിറങ്ങിയ ആ ജീവിതാവസ്ഥ പാഞ്ചാലിക്കുണ്ടാവാതിരിക്കാൻ അഞ്ചു പുത്രന്മാരെ ഞാൻ പായിൽ അവൾക്കൊപ്പം കിടത്തിയതിന്റെ ചേതോവികാരം അവൾ കൃതജ്ഞതയോടെ തിരിച്ചറിയുന്നില്ലെങ്കിൽ, ആ കഠിനഹൃദയയെ പ്രകൃതി പാഠം പഠിപ്പിച്ചു എന്നതിന്റെ പ്രത്യക്ഷ തെളിവല്ലേ അവൾ പെറ്റ അഞ്ചുമക്കളും ഇന്ന് ജീവിച്ചിരിപ്പില്ല എന്നത്?"

2018/06/09

"തക്ഷശിലയിൽ ആദ്യപതിപ്പിറങ്ങി ആഴ്ചയൊന്നു കഴിഞ്ഞില്ല വ്യാസഭാരതത്തിന്റെ പനയോലപ്പകർപ്പെടുക്കുന്ന തിരക്കിലാണല്ലോ ഹസ്തിനപുരിയിലെ അറിയപ്പെടുന്ന സാക്ഷരരെല്ലാം. ഇന്നലെ വഴിയിൽ കണ്ടപ്പോൾ ചാർവാകനും പറഞ്ഞു, ആസ്വാദനം എഴുതുന്ന തിരക്കിലാണെന്ന്. എങ്ങനെ വായിച്ചെടുത്തു കുരുവംശഗാഥ? വസ്ത്രാക്ഷേപം വ്യാസൻ വിവരിച്ചതൊക്കെ നോക്കിയപ്പോൾ ഇടനെഞ്ച് കലങ്ങിയോ?"

കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"സംഭവബഹുലമായ മൂപ്പിളമത്തർക്കം പച്ചജീവിതത്തിന്റെ നേരറിവില്ലാത്തൊരു ഗുഹാജീവി അവതരിപ്പിച്ചതിൽ ശിശുസഹജമായൊരജ്ഞത കണ്ടപ്പോളാണ് നെഞ്ച് വിങ്ങിയത്. എന്നെ മഹത്വവൽക്കരിക്കാൻ വ്യാസൻ പെടാപ്പാട് പെടുന്നതു, പ്രതിയോഗികളായി കൗരവരെ കറുത്ത ചായത്തിൽ തേക്കാൻ വേണ്ടിയായിരുന്നു. മനുഷ്യമനസ്സിനെ വെളുപ്പിലും കറുപ്പിലും പ്രദർശിപ്പിക്കുന്ന ഇവരൊക്കെ എന്ത് പരിത്യാഗികൾ. യുദ്ധരംഗങ്ങൾ വ്യാസൻ വർണിച്ചതു വായിച്ചപ്പോൾ, പതിനെട്ടു നാളും കുരുക്ഷേത്രപാളയത്തിൽ കഴിഞ്ഞ ഞാൻ സ്വയമറിയാതെ പൊട്ടിച്ചിരിച്ചു പോയി. വികലരചന മനസ്സിലാക്കാം, എന്നാൽ അറിവില്ലാത്ത കാര്യങ്ങൾ ആധികാരികതയോടെ വ്യാസൻ നെഞ്ചുവിരിച്ചു പറയുമ്പോൾ ഓർത്തു, ഒരിക്കലെങ്കിലും

വ്യാസൻ കുരുക്ഷേത്രയുദ്ധം കണ്ടിരുന്നെങ്കിൽ. വൈകുന്നേരം ചോരയും ജൈവമാലിന്യവും നിറഞ്ഞ ശരീരങ്ങളും ഇടിഞ്ഞ മനസുമായി കൂടാരത്തിനകത്തേക്ക അഞ്ചു ഭർത്താക്കന്മാരും അഞ്ചു ആണ്മക്കളും വരുമ്പോൾ അവർക്ക സാന്ത്വനം നൽകേണ്ട സ്ത്രീയുടെ നിസ്സഹായത വ്യാസൻ കണ്ടിരുന്നെങ്കിൽ. ധൃതരാഷ്ട്ര ഭൃത്യൻ സഞ്ജയന് കൊടുത്തു എന്ന് മഹാഭാരതം അവകാശപ്പെടുന്ന ദിവ്യദൃഷ്ടികൊണ്ട് യുദ്ധം മുഴുവൻ സ്വയം കാണാൻ വ്യാസൻ സംയമനം കാണിച്ചിരുന്നെങ്കിൽ. എന്നാൽ എന്റെ ഖേദം വ്യാസനെകുറിച്ചൊന്നുമല്ല, ഭാവിയിൽ, ഒരു പക്ഷെ അടുത്ത യുഗത്തിലും, ഈ വിലക്ഷണ വ്യാസഭാഷ്യം വായിക്കേണ്ടിവരുന്നവരെ ഓർത്താണ്. ആർക്കറിയാം, ഒരു പത്രപ്രവർത്തകയെന്ന നിലയിൽ ഹസ്തിനപുരിയും വനമേഖലകളും പോരാട്ടഭൂമിയും സന്ദർശിച്ച് അസാദ്ധ്യ ചോദ്യങ്ങളാൽ ഞങ്ങളെ വീർപ്പുമുട്ടിച്ച നിങ്ങളുടെ അഭിമുഖങ്ങൾ തന്നെയായിരിക്കും സൂക്ഷ്മവായനക്ക വരുംകാലങ്ങളിൽ വായനക്കാരുണ്ടാവുക."

"എന്ത് പാഠം പഠിച്ചു പതിനെട്ടു നാൾ ചത്തും കൊന്നും? തർക്കം പരിഹരിക്കാൻ മാത്രം നയതന്ത്രം തുണച്ചില്ലേ?"

കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

"ചാവലും കൊല്ലലും പോരാട്ടത്തിൽ പതിവല്ലേ? മഹായുദ്ധത്തിന്റെ ഉദാത്ത ലക്ഷ്യങ്ങൾ ഇത്തരം ചത്തും കൊന്നും പദപ്രയോഗങ്ങളാൽ കളങ്കപ്പെടുത്തരുതേ. നമ്മുടെ ആൾനാശം ചുരുക്കിപ്പറയണം, ശത്രുവിന്റെ നാശനഷ്ടങ്ങൾ അത്യുക്തിയിൽ അഭിരമിക്കണം. പ്രതികാരക്കൊലയും പോരാട്ടവധവും നിങ്ങൾ കൂട്ടിക്കുഴക്കരുത്. പകയുടെ സ്വരത്തിലല്ല ഞങ്ങൾ പോർക്കളത്തിൽ സംസാരിക്കുക. കർണ്ണൻ മരിക്കുന്ന അന്ന് രാവിലെ ഞാനും അവനും കൂടിയാണ് പ്രാതലിനു കാളയെ വെട്ടി മുറിച്ചു തോലും കുടലും നീക്കി കഷണങ്ങളാക്കി കഴുകി ഉപ്പും മുളകും തേച്ചു എണ്ണയിൽ പൊരിച്ചു ഒരു പാത്രത്തിൽ നിന്ന് തിന്നത്. ഇന്ന് സന്ധ്യയോടെ ഗാണ്ഡീവം നിന്റെ കഴുത്തു വെട്ടും എന്നൊക്കെ ഭീമൻ അപ്പോൾ കടന്നു വന്നു പറഞ്ഞാൽ ഞങ്ങൾ പൊട്ടിച്ചിരിക്കും. ചുരുക്കിപ്പറയാം യുദ്ധഭൂമിയിലെ പ്രശസ്തവധങ്ങൾ മനുഷ്യനിർമ്മിതമല്ല അതിലൊക്കെ അതീതശക്തികളുടെ കൈകടത്തലുകൾ ഉണ്ട്. നിങ്ങൾ പത്രപ്രവർത്തകർക്ക് വേണ്ടത് ഉടനടി നിഗമനങ്ങൾ, എന്നാൽ എത്ര രണോർജ്ജം നിങ്ങൾ പ്രസരിപ്പിച്ചാലും ഫലം വേദനാജനകമാവും. ഞങ്ങൾക്ക് പാഞ്ചാലിയിൽ ഉണ്ടായ മിടുക്കൻ കുട്ടികൾ കൗമാരസഹജമായ പ്രത്യാശയോടെയാണ് ജേതാക്കളായി മടക്കയാത്രക്ക തയ്യാറായത്. പക്ഷെ പാതിരാമിന്നലാക്രമണത്തിൽ അശ്വത്ഥാമാവ് അവരെ ചവിട്ടിക്കൊന്നു. അതിനുടൻ പ്രതികാരം ചെയ്യാൻ ഞങ്ങൾ വാളെടുത്തപ്പോൾ സാരഥി പറഞ്ഞു ഇത് യുദ്ധം. ഇതിൽ പ്രതികാരമില്ല. അപ്പോൾ കൗരവരെ കൊന്നു കരൾ പറിച്ചു ഭീമൻ പാഞ്ചാലിക്ക് കൊടുത്തത്? അത് യുദ്ധവിരോധികൾ കൂട്ടിച്ചേർത്ത പ്രക്ഷിപ്തം. ഓരോ കൗരവനെയും ബഹുമാനിച്ചുകൊണ്ട് അഭിജാതപെരുമാറ്റ മുറയോടെ ഭീമൻ ഗദാപ്രഹരത്തോടെയാണ് യാത്രയയച്ചത് എന്ന് വേണം വ്യാസൻ എഴുതാൻ. ജേതാക്കളാണ് ചരിത്രം എഴുതുക, വേണ്ടിവന്നാൽ തിരുത്തുക എന്നത് നാം നിലനിർത്തണം.

"മകന് പതിനാറു തികഞ്ഞില്ല എന്ന് പറഞ്ഞത് ഉത്തരയാണ്. പക്ഷെ നിങ്ങൾ അഭിമന്യുവിന് തിരക്കിൽ വധുവിനെ കണ്ടെത്തി. കൗരവ പോരാട്ടത്തിന് സഖ്യകക്ഷികളെ കൂട്ടേണ്ട പാണ്ഡവർ വിവാഹവിരുന്നിനാണോ കൊടുക്കുക മുൻഗണന?"

കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

വിരാടരാജ്യത്തിലെ ഉപപ്ലവ്യ സൈനിക പാളയം. മാനം നീലിച്ചു തുടങ്ങിയ പ്രഭാതം.

"സഖ്യകക്ഷികളെ തേടുന്ന ശത്രുകൗരവർ ആദ്യം വലയിടുക വിരാടനെയല്ലേ? അജ്ഞാതവാസക്കാലത്തെ ഞങ്ങൾ ആറുപേരുടെ ഓരോ നീക്കവും രഹസ്യസംഭരണത്തിലൂടെ രേഖയാക്കി മാറ്റിയ 'കീചകന്റെ കുപ്രസിദ്ധ പനയോലക്കെട്ടുകൾ' ഇന്ന് വിരാടന്റെ രഹസ്യഅറയിലാണ്. അത് ദുര്യോധനൻ തട്ടിയെടുത്താൽ, ഉയരാനാവാത്ത വിധം താണുപോവും പാവം പാണ്ഡവശിരസ്സുകൾ. വിരാടനെ കൂടെ നിർത്താൻ യുധിഷ്ഠരന്റെ ഹസ്തദാനം പോരാ, വിരാടപുത്രിയെ അഭിമന്യുവിന് കന്യാദാനം ചെയ്യിക്കണം. ഉത്തരാസ്വയംവരം പത്രപ്രവർത്തകർക്ക് വിരുന്നുണ്ണാനല്ല പാണ്ഡവ ശക്തിപ്രകടനമായാണ്. ചാഞ്ചാട്ടസാധ്യതയുള്ള വിരാടഹൃദയത്തെ പാണ്ഡവസഖ്യകക്ഷിയാക്കി വേണം കൗരവവിരുദ്ധ സൈനിക സഖ്യങ്ങൾ യാചിക്കാൻ."

യുധിഷ്ഠിരൻ ഉൾപ്പെടെ മറ്റു നാലു പാണ്ഡവർ കഠിന കായികപരിശീലനം മൈതാനത്തു ചെയ്യുമ്പോൾ, അർജ്ജുനൻ കൊട്ടാരം ലേഖികയോട് സംസാരിക്കുന്നതിനിടെ ഒരു കലമാനിനെ കശാപ്പു ചെയ്തു തൊലിയുരിക്കാൻ തുടങ്ങി. അരികെ കത്തിത്തുടങ്ങിയ നെരിപ്പോടിൽ പാഞ്ചാലി ഉണക്കവിറകുകൾ ചേർത്തു.

2018/06/11

"പോർക്കളത്തിൽ പുഴയോര ഊട്ടുപുരകളും അനുബന്ധ തൊഴുത്തിടങ്ങളും ഒന്നോടിച്ചു നോക്കിയപ്പോൾ തോന്നിയ സംശയം-ഈ നാൽക്കാലികൾ മതിയോ മൊത്തം സൈനികർക്കു വിശപ്പകറ്റാൻ?"

കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. കുരുക്ഷേത്ര. ആഘോഷാന്തരീക്ഷം നിറഞ്ഞ യുദ്ധഭൂമി. വാളെടുക്കാൻ ഇനി ഒന്നോ രണ്ടോ ദിവസങ്ങൾ മാത്രം. ഉപപ്ലാവ്യയിൽ നിന്ന് പാണ്ഡവസഖ്യസൈന്യവും എത്തി പാളയമടഞ്ഞിരുന്നു.

"രാവിലെ പോരാട്ടത്തിന് പോവുമ്പോൾ ധാന്യാഹാരമരുത് പാതി വേവിച്ച മാംസം മതിയെന്ന ഇരുപക്ഷ ധാരണയായി. ആ നിലക്ക് നോക്കിയാൽ നമ്മുടെ കൈവശമുള്ള നൽക്കാലികൾ പത്തുദിവസത്തിനുണ്ട്. അതിനകം നിർണായക വിജയം നേടാതെ പോരാളികൾ 'നിരങ്ങുക'യാണെങ്കിൽ,ഭക്ഷണക്രമത്തിൽ മാറ്റം വരും. മൃഗമാംസക്ഷാമത്തിന് പരിഹാരം യുദ്ധഭൂമിയിൽ നിന്ന് തന്നെ കണ്ടെത്താൻ സൈനികർ അപ്പോൾ തയ്യാറാവണം. മേനിക്കൊഴുപ്പുള്ള സൈനികരെ തലവെട്ടാതെ ബന്ദിയാക്കി പിടികൂടി ഊട്ടുപുരയിലേക്കുള്ള മാംസലഭ്യത നിലനിർത്താൻ സഹകരിക്കണം. മനുഷ്യമാംസം മൃഗമാംസത്തിനു തുല്യമാണോ എന്നോ? അത് പോരാട്ടത്തിനിടയിൽ പ്രായോഗികതലത്തിൽ പരീക്ഷിക്കപ്പെടട്ടെ. അപ്പോൾ അതൊരുത്തമ കീഴ്വഴക്കമാവും. നിലം ഉഴവാനും പാലുൽപ്പന്നങ്ങൾ

ക്കമായി വേണ്ടി കർഷകർ വളർത്തുന്ന വീട്ടുമൃഗങ്ങളെ കൊണ്ട് തന്നെ സൈനികഭക്ഷണം മാംസഭരിതമാക്കണം എന്ന വാശി നടക്കുമോ? ആരോഗ്യവും ശരീരക്കൊഴുപ്പുമുള്ള താൽക്കാലിക സൈന്യങ്ങളിൽ നിന്ന് നേടണം അന്നന്നത്തെ അപ്പം എന്ന് നിബന്ധനവച്ചാൽ തീരും നിങ്ങൾ കെട്ടിപ്പൊക്കുന്ന മാംസദൗർലഭ്യം. ഒരു നേരത്തെ തീൻശാലമാംസസമൃദ്ധിയല്ല ഒരു യുദ്ധത്തിന്റെ വിജയമാണ് ഉന്നം. ഞങ്ങളുടെ ആയുധപ്രദർശനം കാണാൻ വരൂ. എല്ലാം മനുഷ്യനിർമ്മിതം പാണ്ഡവരെ പോലെ 'ദിവ്യായുധ'ങ്ങൾ ഇവിടെ ഇല്ല."

"കലഹിക്കുന്ന കൗരവ-പാണ്ഡവ പേരക്കുട്ടികളെ കൊട്ടാരത്തിൽ ഉപേക്ഷിച്ചു, കാനനഛായയിൽ ആട്ടമേക്കാൻ നിങ്ങളിരുവരും ഒരുങ്ങിക്കഴിഞ്ഞോ?"

വിചിത്രവീര്യവിധവകളും, പാണ്ഡു-ധൃതരാഷ്ട്ര മാതാക്കളും ആയ അംബിക, അംബാലിക എന്നിവരോട് കരുണയില്ലാതെ കൊട്ടാരം ലേഖിക ചോദിച്ചു.

"പ്രകൃതി ഞങ്ങൾ മൂന്നു സഹോദരിമാർക്കും തന്ന സ്വയംവരം തട്ടിത്തെറിപ്പിച്ചു നിസ്സഹായമായ ഈ പെണ്ണുടലുകളെ എടുത്തു പന്താടിയ ഭീഷ്മരിനും മഹാരാജാവിനൊപ്പം രാജസഭയിൽ ഞെളിഞ്ഞിരിക്കുമ്പോൾ ഞങ്ങൾ ഈ പടിയിറങ്ങുന്നതു പ്രതിഷേധത്തിലൂടെയാണ്. ക്ഷയരോഗിയായ വിചിത്രവീര്യന്റെ കഫവും രക്തവും തെറിച്ച കിടപ്പറയിലേക്ക് ഞങ്ങളെ വലിച്ചെറിഞ്ഞ സത്യവതിയോടൊപ്പമാണ് ഞങ്ങൾ കാട്ടിലേക്ക് പോവുന്നതെങ്കിലും, അവരെ പച്ചക്കു കത്തിച്ച ശേഷം മാത്രമേ കരിമ്പുലികൾക്കു തിന്നാൻ ഞങ്ങൾ സ്വയം എറിഞ്ഞുകൊടുക്കുകയുള്ളൂ. വൃത്തികെട്ട ഒരു കള്ളൻമുനി ഞങ്ങളെ ബലാൽക്കാരം ചെയ്യാൻ ശ്രമിച്ചപ്പോൾ, ഞങ്ങളുടെ ശരീരങ്ങൾ പ്രതിഷേധിച്ചപ്പോൾ, അയാൾ തന്ന ശാപമാണ് ലൈംഗികക്ഷമതയില്ലാത്ത പാണ്ഡുവും കാഴ്ചപരിമിതിയുള്ള ധൃതരാഷ്ട്രരും. സത്യം മുഖത്ത് നോക്കി പറയാൻ ധൈര്യപ്പെട്ടതിനു വ്യാസൻ ഞങ്ങൾക്ക് സത്യവതിയിലൂടെ തന്ന ശിക്ഷയാണ് ഈ കാനനവാസം. നീണ്ടകാല പുരുഷാധിപത്യത്താൽ അൽപ്പം പരിക്ഷീണരെങ്കിലും ഉച്ചത്തിൽ പ്രതിഷേധിക്കാതെ ഞങ്ങളുടെ പ്രാണൻ വിടില്ല."

മുന്നിൽ അകലം പാലിച്ചു നടക്കുകയായിരുന്ന മുൻ രാജാമാതാവ് സത്യവതി, ഇരു പുത്രവധുക്കളെയും മുഖം തിരിച്ചൊന്നു തുറിച്ചു നോക്കി. അതോടെ ആ നിർഭാഗ്യവതികൾ നിശബ്ദരായി.

2018/06/12

"വഴിയിൽ കുഴഞ്ഞു വീണു കഥാവശേഷയായ പാഞ്ചാലിയെ മറവു ചെയ്ത ശേഷമാണ് ഓടിപിടഞ്ഞെത്തിയ ഞാൻ നിങ്ങളെ ഇപ്പോൾ കണ്ടു മുട്ടിയത്. എങ്ങനെ ഓർക്കുന്നു ആ വിചിത്ര സ്ത്രീയെ?"

കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് കിതച്ചു കൊണ്ട് ചോദിച്ചു. "ആകസ്മികമായി ഞങ്ങളുടെ ദാമ്പത്യത്തിൽ അവൾ വന്നു. വന്നു പെട്ടു എന്നതാണ് കൂടുതൽ ശരി. നീണ്ടകാല ദുരനുഭവങ്ങളിലൂടെ പാഞ്ചാലീ പാണ്ഡവ ദാമ്പത്യം കടന്നു പോയി എന്ന അടിസ്ഥാന വസ്തുത മാറ്റി വച്ചാൽ, ആ സ്ത്രീയുടെ ജന്മാന്തരങ്ങളെ കുറിച്ചെന്തെങ്കിലും പറയാൻ ഞാൻ ഇപ്പോഴും അശക്തൻ. തിരക്കുണ്ട്. ഇനിയും വടക്കോട്ടുള്ള വഴിയിൽ ആരും നോക്കാനാളില്ലാതെ കൊഴിഞ്ഞു പോവേണ്ടവർ ഞങ്ങൾ പാണ്ഡവർ. വിട."

കുരുക്ഷേത്രവിധവകൾക്കും ആൺമക്കളെ നഷ്ടപ്പെട്ട വയോജനങ്ങൾക്കും ഒരുനേരം സൗജന്യഭക്ഷണം, അതല്ലേ യുദ്ധാനന്തര പാണ്ഡവഭരണകൂടത്തിന്റെ ആദ്യപരിഗണന?" മഹാരാജാവിന്റ മുമ്പിൽ കൊട്ടാരം ലേഖിക മുട്ടുകുത്തി കൈ മുത്തി.

"അടിമത്തനിർമാർജ്ജനം-അതാണ് മുൻഗണന. വ്യാഴവട്ടക്കാല വനജീവിതം അതെന്തെന്ന രാവു പകൽ പഠിപ്പിച്ചു. ഇനിയതു, ഭർത്താക്കന്മാർ നഷ്ടപ്പെട്ട കൗരവരാജസ്ത്രീകൾക്ക് ഉണ്ടാവരുത്. അവർക്ക് ഭൃതാതുരതയുമായി അഭിരമിക്കാൻ ഗംഗയാറൊഴുകുന്ന ഉൾനാട്ടിൽ വൃദ്ധസദനങ്ങൾ പണിയും. ആടിയും പാടിയും അവരവിടെ ജീവിത സായാഹ്നത്തിലെ ഓരോ നാളും കഴിക്കും." ഔദ്യോഗികരാജമന്ദിരങ്ങളിൽ നിന്ന് കുരുക്ഷേത്രവിധവകളെ ബലം പ്രയോഗിച്ച് കുടിയൊഴിപ്പിക്കുന്ന കർമപരിപാടി തുടങ്ങുകയായിരുന്നു നന്നേ രാവിലെ പുതിയ ഹസ്തിനപുരി ഭരണാധികാരിയും കൂട്ടാളി ഭീമനും.

"പുതിയ ഭരണകൂടപദവിയേറ്റ ശേഷം യുധിഷ്ഠിരൻ ഞങ്ങളെ കണ്ടാൽ മിണ്ടി പ്പറയാറൊന്നുമില്ലെങ്കിലും, ചുണ്ടുവിടർത്തി ഒന്ന് പുഞ്ചിരിക്കാറുള്ള മഹാരാജാവ് കഴിഞ്ഞ ഒരാഴ്ചയായി കണ്ടാൽ പെട്ടെന്ന് മുഖം തിരിക്കും. ഔദ്യോഗികവക്താവിനെ കാത്ത് ചിലപ്പോൾ ഞങ്ങൾ അരമണിക്കൂർ കൊട്ടാരമുറ്റത്തു കാത്തുനിൽക്കുമ്പോൾ ഇത്തരം 'രാജകീയഅവഗണന' ആദ്യമാണ്. ദുര്യോധനനൊക്കെ എപ്പോൾ കണ്ടാലും 'എന്തുണ്ട് വിശേഷം' എന്ന് ചോദിക്കുന്ന സൗഹാർദ്ദം ഇവിടെ നിലനിന്നു എന്നോർക്കണം. യുധിഷ്ഠിരന് എന്തെങ്കിലും കുഴപ്പം?" കൊട്ടാരം ലേഖിക ഭീമനോട്ട് ചോദിച്ചു.

ചാലുകീറി കോട്ടക്കുള്ളിലെ പുതിയ മഴക്കുഴിയിലേക്കു മഴവെള്ളം തിരിച്ചുവിടാനുള്ള തിരക്കിലായിരുന്നു മിന്നുന്ന ശരീരമുള്ള ആ അർദ്ധനഗ്നൻ. 'എന്ത് ജോലിയും പാണ്ഡവർ ചെയ്യും' എന്ന പദ്ധതിയുടെ പ്രചാരകനും.

"നമ്മളൊക്കെ നിസ്സാരമനുഷ്യജന്മങ്ങൾ എന്നൊക്കെ ഉന്നതാധികാരസമിതി യോഗത്തിൽ അഭിപ്രായ വ്യത്യാസം വന്നാൽ ഞങ്ങളെ ഒതുക്കാൻ യുധിഷ്ഠിരൻ പറയുമെങ്കിലും, പാഞ്ചാലിയോട്ട് കിടപ്പറയിൽ അതിഭാവുകത്വത്തിന്റെ അതിപ്രസരത്തിൽ പറഞ്ഞ അന്തിമാഭിലാഷമാണ് അനവസരത്തിലായതു. പെട്ടെന്ന് ഞാൻ മരിക്കയാണെങ്കിൽ നീ അനുസ്മരണപ്രഭാഷണത്തിൽ ഏങ്ങലടിച്ച് പറയണം, ഏറ്റവും ഒടുവിൽ നിൽക്കുന്ന നിർദ്ധനൻ പോലും നമ്മെ പോലെ മൂന്നു നേരം കാളയിറച്ചി കൂട്ടി ഊണുകഴിക്കാനാവുന്ന ദിവസം വരെ ഞാൻ അസന്തുഷ്ടനായിരിക്കും. മഹാരാജാവ് രാത്രി കിടക്കും മുമ്പ്, നിലത്തു മുട്ട് കുത്തി പ്രാർത്ഥിക്കുന്നതിനു ഞാൻ സത്യസാക്ഷി എന്ന്. ആർത്തു ചിരിച്ചുകൊണ്ടവൾ മുറി വിട്ടു പുറത്തു പോയതാണ് ആ പ്രജാക്ഷേമതല്പരന്റെ ദുഖത്തിന് കാരണം, പിന്നെ അവൾ അയാളുടെ മുറിയിൽ പോവാറില്ല. അതോടെ മിണ്ടാട്ടം നിലച്ചു. മൃദുലവികാരങ്ങൾക്കു മുറിവേറ്റാൽ നമ്മുടെ പെരുമാറ്റത്തിലും അത് നിഴലിക്കില്ലേ?" മഴ നിന്നെങ്കിലും പെട്ടെന്നുയർന്ന ജലനിരപ്പ സമർത്ഥമായൊരു 'ഭീമ' നീക്കത്തിലൂടെ മഴക്കുഴിയിലേക്കു അയാൾ തിരിച്ചുവിട്ടു.

2018/06/13

“എന്തോ നേടിയെന്ന മട്ടിൽ ജേതാക്കളുടെ കെട്ടിപ്പൊക്കിയ ആവേശത്തോടെ, ഭർത്താക്കന്മാർ ഹസ്തിനപുരി കോട്ട പിടിച്ചെടുക്കാൻ അടുത്ത പടി മാറിനിന്നു ആസൂത്രണം ചെയ്യുമ്പോൾ, നിങ്ങൾ, നിങ്ങൾ മാത്രം, ഭീമഗദാപ്രഹരത്തിൽ തുടയെല്ല് തകർന്നു കിടക്കുന്ന ദുര്യോധനനോട് എന്തോ മൃദുവായി ചോദിക്കുന്ന പോലെ ദൂരെ നിന്ന് എനിക്ക് തോന്നി.” യുദ്ധകാര്യലേഖകൻ പാഞ്ചാലിയോട് ചോദിച്ചു.

“നിങ്ങൾ, നിങ്ങൾ തന്നെയല്ലേ ജീവകാലം മുഴുവൻ എന്നെ തുണിയുടിപ്പിച്ചും അഴിച്ചും വേട്ടയാടിയ ശത്രു എന്ന് ഞാൻ വിരൽ ചൂണ്ടി ചോദിച്ചു. അപ്പോൾ ഇരു കൈകളും നീട്ടി ‘എന്നും ഞാൻ നിന്റെ ആരാധകൻ’ എന്ന് പറഞ്ഞുകൊണ്ടവൻ ഒരിറ്റു കുടിനീരിനു യാചിച്ചപ്പോൾ, മേൽവസ്ത്രം നീക്കി മുലപ്പാൽ ഇറ്റിറ്റായി അവന്റെ ചുണ്ടിൽ ഞാൻ ഒഴിച്ചു കൊടുത്തു. അത് വിറയ്ക്കുന്ന ചുണ്ടുകളോടെ നുണച്ചു കൊണ്ടവൻ ശാന്തനായി. ഒരു പെണ്ണെന്ന നിലയിൽ അത്രയും ചെയ്യാൻ എനിക്കവനോട് ബാധ്യതയുണ്ട്.” ഭാര്യയെ അന്വേഷിച്ചു മാദ്രിപുത്രൻ നകുലൻ ഓടിക്കിതച്ചെത്തുന്നത് കണ്ടു പാഞ്ചാലി യുദ്ധകാര്യലേഖകനോട് യാത്ര പറഞ്ഞു.

“ഒളിപ്പോരാളികളായ പാണ്ഡവരിൽ നിന്നുള്ള ആക്രമണം ചെറുക്കാൻ കൗരവസൈന്യം പതിമൂന്നു വയസ്സ് കഴിഞ്ഞ ആൺകുട്ടികളെ സൈനിക ബാലവേലക്കു നിയമിക്കും എന്ന് ദുര്യോധനൻ ഔദ്യോഗിക വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടും, നിങ്ങൾ എന്തിനാണ് ശത്രുക്കൾക്കു വേണ്ടി കൗരവഭരണകൂടത്തെ ഈ പരീക്ഷണഘട്ടത്തിൽ വിമർശിക്കുന്നത്?” കോട്ടവാതിലിനു മുമ്പിലുള്ള പ്രതിഷേധവേദിയിൽ നിരാഹാരസമരം ചെയ്യുന്ന യുക്തിവാദി ചാർവാകനോട് കൊട്ടാരം ലേഖിക നീരസത്തോടെ ചോദിച്ചു.

“പതിമൂന്നു എന്നൊക്കെ ഒരു പൊതുസമ്മതിക്കു വേണ്ടി അയാൾ പറയുന്നതല്ലേ? ഇന്നലെ രാത്രി എന്റെ രണ്ടുകുട്ടികളെ കൗരവസംഘം തട്ടിക്കൊണ്ടു പോയത് അത്താഴം കൊടുത്തു അവരെ ഉറക്കുമ്പോഴാണ്. ഒന്നിന് എട്ടും ഒന്നിന് പത്തും. കൊച്ചു ബ്രാഹ്മണകുട്ടികളെ അങ്ങനെ നിർബന്ധിക്കാമോ എന്ന് അമ്മ ചോദിച്ചപ്പോൾ, അവളുടെ കവിളിൽ വിരൽ കൊണ്ട് കുത്തി അവർ പറഞ്ഞു, ബ്രാഹ്മണ യോദ്ധാക്കളുടെ ഭൃത്യന്മാരായി മാത്രമേ ബ്രാഹ്മണകുട്ടികളുടെ സേവനം വിട്ടുകൊടുക്കു എന്ന് നിങ്ങൾക്കറിയില്ലേ? ദ്രോണർ, കൃപർ, അശ്വത്ഥാമാവ് എന്നിങ്ങനെ കുപ്രസിദ്ധ യോദ്ധാക്കളുടെ പേരുകളും പുറത്തുവിട്ടു.

ഇത് ചാർവാകന്റെയോ ദ്രോണാദികളുടെയോ മാത്രം പ്രശ്നമായി നിങ്ങൾ പത്രപ്രവർത്തകർ ചുരുക്കിക്കാണരുത്. ഇത് ബാലവേലക്കെതിരെ അന്താരാഷ്ട്ര മനുഷ്യ മനഃസ്സാക്ഷിയെ ഒന്നുണർത്താനുള്ള നിരാഹാരമാണ്.” പറഞ്ഞുതീരുമ്പോഴേക്കും, ‘രാജ്യവിരോധി രാവിലെ തുടങ്ങിയോ കൊട്ടാരം ഊട്ടുപുരയിൽ നിന്ന് പൊരിച്ച മുയലിറച്ചിയും തിന്നു, നിറഞ്ഞ വയറുമായി നീ ഈ കപട നിരാഹാരം?’ എന്ന് പറഞ്ഞുകൊണ്ട് അശ്വാരൂഢനായ ദുര്യോധനപുത്രൻ, ചാർവാകനെ കഴുത്തിലൂടെ കുരുക്കെറിഞ്ഞു അരയിൽ കുടുക്കി, വലിച്ചു കഴുതപ്പുറത്തിട്ടു അതിവേഗം പീഡനകേന്ദ്രത്തിലേക്കു പോയി.

“യുദ്ധകാലത്ത്മഹാരാജാവ് ഒച്ചവെച്ചു ആഭാസകരമായി നൃത്തം ചെയ്യുകയും,ഗാന്ധാര ഭാഷയിലൊരു ഉത്സവഗീതം, മഹാറാണി കൺകെട്ടഴിച്ചു ആലപിക്കയും ചെയ്യുന്നത് കണ്ടു എന്നാണു നിങ്ങൾ കൊട്ടാരം ലേഖിക യുമായുള്ള അഭിമുഖത്തിൽ പറഞ്ഞു നിർത്തിയത്. അവൾ ശ്രദ്ധിച്ചു കേൾക്കാത്തത് കൊണ്ടാണോ,

നിങ്ങൾ പറഞ്ഞതിൽ അവ്യക്തത ഉള്ളതു കൊണ്ടാണോ, അഭിമുഖവാർത്ത വായിച്ചപ്പോൾ ഇവിടെ വന്നു വിശദീകരണം ചോദിക്കണമെന്ന് തോന്നി. ധൃതി വേണ്ട, ആ സന്ദർഭം കൃത്യമായി ഒന്നോർത്തെടുക്കാമോ?"

യുദ്ധകാര്യലേഖകൻ ധൃതരാഷ്ട്രഭൃത്യനോട് ചോദിച്ചു. യുദ്ധാനന്തരഹസ്തിനപുരിയിൽ പാണ്ഡവ ഭരണകൂടം അധികാരത്തിൽ വന്നപ്പോൾ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ഒരാളായിരുന്നു, സ്ഥാനമൊഴിഞ്ഞ മഹാരാജാവ് ധൃതരാഷ്ട്രരിൽ ഒരിക്കൽ ദുഃസ്വാധീനം ചുമത്തിയിരുന്ന ഈ സൂതഭൃത്യൻ സഞ്ജയൻ.

"കൗരവരുടെ കുത്തും ചവിട്ടുമേറ്റ അഭിമന്യു പിടഞ്ഞു നിലത്തു വീണപ്പോൾ, അവന്റെ കഴുത്തിൽ ചവുട്ടി കർണ്ണൻ, വിജയചിഹ്നമായി തള്ളവിരലടയാളം കാണിച്ച് ശത്രു മരിച്ചു എന്ന് ദുര്യോധനനെ അറിയിച്ച വിവരം തത്സമയം ഹസ്തിനപുരിയിൽ കണ്ട ഞാൻ ധൃതരാഷ്ട്രരെ ശബ്ദം താഴ്ത്തി അറിയിച്ചപ്പോൾ, അതുവരെ കുനിപ്പിടിച്ചിരിക്കയായിരുന്ന ധൃതരാഷ്ട്രർ സഹിക്കവയ്യാത്ത ആഹ്ലാദം കൊണ്ട് അടുത്തുണ്ടായിരുന്ന ഗാന്ധാരിയെ വലിച്ചടുപ്പിച്ചു തിരുവായിൽ തിരുവാ ചേർക്കുന്ന ആ ജുഗുപ്സാവഹമായ കാഴ്ച-അതാണോ നിങ്ങൾ പരാമർശിക്കുന്ന രാജകീയ നൃത്തവും ഗാനാലാപവും? വനിതാ പത്രപ്രവർത്തകയായതുകൊണ്ട് വാമൊഴിയിൽ അശ്ലീലം വരാതിരിക്കാൻ നേരിയതോതിൽ ഭാഷ ഞാൻ മാറ്റിയതുകൊണ്ടാണോ എന്നും സംശയമുണ്ട്. കണ്ടത് കൃത്യമായി പറയാൻ മുൻവിധികൾ അല്ലെങ്കിലും നമ്മെ സമ്മതിക്കുകയില്ലല്ലോ."

ഇതിഹാസരചനക്ക് ഒരു പനയോലക്കെട്ടുമായി കൊട്ടാരത്തിൽ തമ്പടിച്ചിരുന്ന വ്യാസനു മഹാഭാരതയുദ്ധകഥ തത്സമയം കണ്ടതും കേട്ടതും പറഞ്ഞു കൊടുക്കാൻ, ഇടയ്ക്കിടെ ഇരുചെന്നികളിലും മുഷ്ടികൊണ്ട് ഇടിച്ചു ഓർമപ്പേടകം തുറക്കുകയായിരുന്നു ജീവിതസായാഹ്നത്തിൽ ആ വൃദ്ധഭൃത്യൻ.

2018/06/14

"ജേതാക്കളെന്ന വ്യാജേന ചെങ്കോൽ പിടിച്ചെടുക്കാൻ ഓടിക്കിതച്ചെത്തിയ പാണ്ഡവരെ ആചാരവെടി കൊണ്ട് ആനയിക്കുകയല്ല, ആതുരാലയത്തിലേക്കു കൊണ്ടുപോവുകയാണ് വേണ്ടത് എന്നൊക്കെ നിങ്ങൾ വലിയവായിൽ പ്രസംഗിക്കുന്നത് ശ്രദ്ധയിൽ പെട്ടു. ജയിച്ചവർ അവർ തന്നെ എന്നതിന് തെളിവല്ലേ ഉയിരോടെ എത്തി എന്നതും നൂറു കൗരവരുടെ ജഡം തിരിച്ചറിഞ്ഞതും? ക്ഷീണമുണ്ടെങ്കിലും പാണ്ഡവർക്ക് ചിത്തഭ്രമം?"

കൊട്ടാരം ലേഖിക ചോദിച്ചു.

കൗരവാനുകൂലികളുടെ സമ്മേളനത്തിൽ ചെയ്ത വികാരഭരിതപ്രസംഗത്തിന് കിട്ടിയ കയ്യടിയിൽ സന്തുഷ്ടനായിരുന്ന അർദ്ധനഗ്ന യുക്തിവാദി ചാർവാകൻ.

"ഉടൻ ചികിത്സ കിട്ടിയില്ലെങ്കിൽ യുധിഷ്ഠിരൻ സ്വയം ഇന്ദ്രപ്രസ്ഥം ചക്രവർത്തി എന്ന് വീണ്ടും വഴിയിൽ ഓരോരുത്തരെയും അവരോധിക്കും. ഭീമൻ രൗദ്രഭീമനായി ഇരകളെ തേടും. വിഷാദരോഗിയായി അർജ്ജുനൻ അലഞ്ഞുനടക്കും. ചിതയിൽ മാദ്രിയെ തള്ളിയിട്ടു എന്ന പഴയ ആരോപണം പൊടിതട്ടി നകുലനും അനുജനും കുന്തിയെ വേട്ടയാടും. വടക്കൻ മലഞ്ചെരുവുകളിലെ സുഖവാസ കേന്ദ്രത്തിൽ (അരുത് ഇനിയൊരു വരണാവതം മാതൃക) മാറ്റിപ്പാർപ്പിക്കൂ. കുന്തവും ഗദയുമല്ല

മഴയും നിലാവും നിറഞ്ഞ വേറൊരു ലോകമുണ്ടെന്ന കാര്യം അവരിൽ തിരിച്ചുവരണം. കുരുക്ഷേത്ര അവർക്ക ആത്മപീഡനകേന്ദ്രമായിരുന്നു. പന്ത്രണ്ടു വർഷക്കാലത്തെ ആ വനവാസം, അജ്ഞാതവാസവും പതിനെട്ടുനാൾ പോരാട്ടവും കഴിഞ്ഞപ്പോൾ അവർക്കോർമ്മയില്ല. വേണ്ടത് കൊച്ചുകൊച്ചു കൈത്തൊഴിലുകളും അന്തിയുറങ്ങാൻ വെവ്വേറെ കുടിലുകളും-ഏറ്റവും പ്രധാനം പാഞ്ചാലിയെ അവർക്കൊപ്പം ഇനി അയക്കരുത്. സ്വന്തം ഇച്ഛാശക്തി കൊണ്ടവൾ ഇത്രയും കാലം പേ പിടിക്കാതെ പിടിച്ചു നിന്നതു പ്രകൃതിയുടെ സൗജന്യം.

2018/06/15

"സ്മൃതിനാശം വന്ന കുന്തിയെ നിങ്ങൾ ആട്ടിത്തെളിയിച്ചു കാട്ടിലേക്കയച്ചു എന്നാണു കൃപാചാര്യൻ പരിതപിക്കുന്നത്. വല്ല കഴമ്പുമുണ്ടോ ആചാര്യന്റെ ആരോപണത്തിൽ?", കൊട്ടാരം ലേഖിക ചാരവകുപ്പ് മേധാവി നകുലനോട് ചോദിച്ചു.

"കുന്തിയുടെ സ്മൃതിനാശം ഞങ്ങൾ ഖാണ്ഡവവനത്തിലേക്ക് കുടിയേറും മുമ്പ് തന്നെ കൃപാചാര്യനടക്കം ഹസ്തിനപുരിയിൽ എല്ലാവർക്കും വ്യക്തമായിരുന്നല്ലോ. ഞങ്ങളുടെ കൂടെ വരൂ അമ്മാ ഞാൻ എന്ന് ക്ഷണിച്ചപ്പോൾ, നീ എപ്പോഴാണ് എന്റെ മകനായത്, എനിക്കൊരു മകനേയുള്ളൂ അവൻ തേജസ്വിയായ സൂര്യപുത്രൻ" എന്നാണവർ മറ്റു പാണ്ഡവരുടെ സാന്നിധ്യത്തിൽ പറഞ്ഞത്. വയോജനനങ്ങൾക്കും വേണം അന്ത്യദിനങ്ങളിൽ ഹിമാലയത്തിൽ വിശ്രമം എന്ന ഗുരുകുല സംവാദത്തിലേക്ക് പോവാൻ തേരിൽ കയറുകയായിരുന്നു ആയിരം പൂർണചന്ദ്രന്മാരെ കണ്ട മാദ്രിപുത്രൻ.

"സ്മൃതിനാശം വന്ന കുന്തിയെ നിങ്ങൾ ഗാന്ധാരിക്കൊപ്പം ആട്ടിത്തെളിയിച്ചു കാട്ടിലേക്കയച്ചു എന്നാണു കൃപാചാര്യൻ പരിതപിക്കുന്നത്. വല്ല കഴമ്പുമുണ്ടോ ആചാര്യന്റെ ആരോപണത്തിൽ?",

കൊട്ടാരം ലേഖിക ചാരവകുപ്പ് മേധാവി നകുലനോട് ചോദിച്ചു.

"കുന്തിയുടെ സ്മൃതിനാശം ഞങ്ങൾ ഖാണ്ഡവവനത്തിലേക്ക് കുടിയേറും മുമ്പ് തന്നെ കൃപാചാര്യനടക്കം ഹസ്തിനപുരിയിൽ എല്ലാവർക്കും വ്യക്തമായിരുന്നല്ലോ. ഞങ്ങളുടെ കൂടെ വരൂ അമ്മാ ഞാൻ എന്ന് കുന്തിയെ ഉപചാരപൂർവ്വം ക്ഷണിച്ചപ്പോൾ, നീ എപ്പോഴാണ് എന്റെ മകനായത്, എനിക്കൊരു മകനേയുള്ളൂ അവൻ തേജസ്വിയായ സൂര്യപുത്രൻ" എന്നാണവർ മറ്റു പാണ്ഡവരുടെ സാന്നിധ്യത്തിൽ പറഞ്ഞത്."

വയോജനനങ്ങൾക്കും വേണം അന്ത്യദിനങ്ങളിൽ ഹിമാലയത്തിൽ വിശ്രമം എന്ന ഗുരുകുല സംവാദത്തിലേക്ക് പോവാൻ തേരിൽ കയറുകയായിരുന്നു ആയിരം പൂർണ ചന്ദ്രന്മാരെ കണ്ട ആ ഇളമുറ പാണ്ഡവൻ.

"പ്രതിരോധവഴിയാണ് നിങ്ങൾ കാരുണ്യകൗരവർ ഹീനപാണ്ഡവരുടെ ആക്രമണവാസനക്കു പകരമായി തിരഞ്ഞെടുത്ത ജീവനോപാധിയെങ്കിൽ, എന്തിനിത്ര ഭാരിച്ച ചെലവേറ്റെടുത്തു? ദൂരെ കുരുക്ഷേത്രയിൽ പോരാട്ടവേദിയൊരുക്കി അവരെ കൊല്ലാൻ ക്ഷണിക്കേണ്ട കാര്യം? ഹസ്തിനപുരി കോട്ടയുടെ വിള്ളലടച്ചു അകത്തു കാത്തിരിക്കാമായിരുന്നില്ലേ പാതിരാമിന്നലാക്രമണത്തിനു വരുന്ന അർദ്ധസഹോദരരെ കയ്യോടെ പിടികൂടാൻ?"

കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. നടുവൊടിഞ്ഞു ചതുപ്പുനിലത്തിൽ മരണം കാത്ത് തളർന്നുകിടക്കുകയായിരുന്ന ദുര്യോധനനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കൂടെ കിടക്കുന്ന പെണ്ണിനെ പണയം വച്ച് ചൂതാടുന്ന പാണ്ഡവരെ പോലെയാണോ കൗരവർ അവരുടെ രാജസ്ത്രീളെ എക്കാലവും പരിചരിച്ചത്? പ്രതിരോധവഴിയിലെന്തെങ്കിലും വീഴ്ച പറ്റി പാപിപാണ്ഡവർ ഇടിച്ചുകയറി കൗരവരാജസ്ത്രീകളെ വസ്ത്രാക്ഷേപത്തിനു ശ്രമിച്ചാൽ ഏല്ലാ കൗരവകുടുംബങ്ങളിലെയും മൊത്തം വനിതകളും കൂട്ട ആത്മഹത്യ ചെയ്യുമെന്ന് ഭാര്യ എന്നെ താക്കീതു ചെയ്തു. അതോടെ ഞങ്ങൾ കുരുക്ഷേത്രു എത്രയും വേഗം യുദ്ധഭൂമിയാക്കി. രാജസ്ത്രീകൾ ഭയമില്ലാതെ കിടക്കാൻ, ഞങ്ങൾ ഈ കുറ്റിക്കാട് വെട്ടി നിരപ്പാക്കി ശത്രുക്കൾക്കു പാളയം പോലും പണിതുകൊടുത്തു.” ഭീഷണനോട്ടത്തോടെ രണ്ടു കഴുകന്മാർ ഇരയുടെ ചുറ്റും ചിറകടിച്ചു.

“വിവാഹപൂർവ്വ രതിസാഹസത്തിൽ നിങ്ങൾക്കൊരു കുട്ടിയുണ്ടായിരുന്നു എന്ന വസ്തുത ഒളിപ്പിച്ചുവച്ചാണ് പാണ്ഡുവിനെ ഭർത്താവായി സ്വീകരിച്ചതെന്ന കൊട്ടാരരഹസ്യം അങ്ങാടിപ്പാട്ടാക്കുമെന്നു ഗാന്ധാരി പേടിപ്പിച്ചാണ് മഹാരാജപദവി ഉപേക്ഷിച്ചു പാണ്ഡുവിനെ കാട്ടിലേക്കയച്ചെന്ന വാർത്തയിപ്പോഴും കുതിരപ്പന്തികളിൽ പ്രചരിക്കുന്നുണ്ടല്ലോ. എങ്ങനെ വേണം ഹസ്തിനപുരി പൊതുസമൂഹം ഇതിനെ കാണാൻ?” കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. പാണ്ഡുവിധവയും അഞ്ചു കുട്ടികളും അഭയാർഥികളായി വിദുരഗൃഹത്തിൽ കഴിയുന്ന ഇടവേള.

“വിവാഹത്തിനുമുമ്പ് പാണ്ഡുവിന്റെ രതിയനുഭവങ്ങളുടെ ആൾവിവരപ്പട്ടിക തന്നാൽ മാത്രമേ അയാളുടെ കൈ പിടിക്കു എന്ന നിബന്ധന ഞാൻ വച്ചിരുന്നുവോ? ഭാര്യയുടെ അവിഹിതസന്തതിയെ കുറിച്ചിത്ര മുൻവിധിയുള്ള പാണ്ഡുവിനു, സ്വന്തം ഷണ്ഡത്വത്തെ കുറിച്ച് വാ തുറക്കാനെന്തായിരുന്നു മടി? കായിക ക്ഷമതയുള്ളവനായിരിക്കും കുരുവംശരാജാവെന്ന പ്രതീക്ഷയിൽ, മകളെ പാണ്ഡുവിന് ‘കന്യാദാനം’ ചെയ്ത മാദ്രരാജാവ്അർപ്പിച്ച വിശ്വാസത്തെ തകർക്കാൻ വൈമനസ്യം പാണ്ഡു കാണിച്ചുവോ? അതോ, സ്വന്തം രതിയനുഭവം നിഷേധിക്കപ്പെട്ടത് മുനിശാപം കൊണ്ടെന്ന കാരണം കൊട്ടാരം പാട്ടുകാരെക്കൊണ്ട് നാടാകെ പാടിപ്പിച്ചല്ലേ അയാൾ വനവാസത്തിനു ഞങ്ങളെയും കൂട്ടി പോയത്? വംശം നിലനിർത്താൻ ‘പ്രായോഗിക പ്രതിവിധി’ തേടുമെന്ന പാണ്ഡുനിർദ്ദേശം എന്ത് ‘വഴി’യാണ് അയാൾ എനിക്കും മാദ്രിക്കും തുറന്നിട്ടതെന്നു കുതിരപ്പന്തിയിൽ കേട്ടുവോ? കുട്ടികൾ അഞ്ചു തികഞ്ഞപ്പോൾ, ‘ബലേ ഭേഷ്’, എന്ന് പറഞ്ഞല്ലേ ആ കിടപ്പുരോഗി കഥാവശേഷനായത്? കൂടുതൽ പ്രകോപിപ്പിച്ചാൽ ഒരു കഴുതച്ചുമട് അന്തഃപുരവിഴുപ്പുകെട്ടുകൾ പുറത്തെടുക്കാൻ കുരുവംശ ചരിത്രത്തിൽ നിന്നെനിക്കു കിട്ടും. പാണ്ഡുവിന്റെ മഹാറാണിയായി ഞാനിവിടെ കഴിയുമ്പോൾ ഗാന്ധാരി എവിടെ ആയിരുന്നു എന്നൊന്നും ഇപ്പോൾ ഞാൻ വെളിപ്പെടുത്തുന്നില്ല.”

2018/06/16

“പെറ്റ കുട്ടികളെ പാഞ്ചാലി പോറ്റി വളർത്താത്തതു കണ്ടു മനം തപിച്ചാണ് നിങ്ങൾ അവരെ പാഞ്ചാലയിൽ കൊണ്ടു പോയി വളർത്താൻ ഏൽപ്പിച്ചത്

എന്നോ?" അവിശ്വാസം നിഴലിക്കുന്ന ശബ്ദത്തിൽ കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിയോട് ചോദിച്ചു.

"നേരത്തിനു ഭക്ഷണം കൊടുക്കാതെയും കുളിപ്പിച്ച് വസ്ത്രം മാറ്റാതെയും എന്തിനാണ് നീ കൊച്ചുകുഞ്ഞുങ്ങളെ കഷ്ടപ്പെടുത്തുന്നത് എന്നു ഞാൻ വിമ്മിഷ്ടത്തോടെ ചോദിച്ചാൽ, 'ഇത് നിങ്ങളുടെ കുട്ടിയല്ലല്ലോ പിന്നെന്താ?' എന്നവൾ അഞ്ചു പേരോടും ഊഴം വച്ചു തുറിച്ചുനോക്കി തിരിച്ചടിക്കും. കുട്ടികൾ ആരുടെ ആയാലും അവർ വിശന്നു വാവിട്ടു നിലവിളിക്കുന്നത് കാണാൻ ആവാതെ അവസാനം അവളറിയാതെ കൊണ്ടു പോയി ഞങ്ങൾ സുരക്ഷിതസ്ഥാനത്തു ഏൽപ്പിച്ചു." പറഞ്ഞു തീരുമ്പോൾ നകുലന്റെ കണ്ണുകൾ നിറഞ്ഞു ശബ്ദം ഇടറി. ചക്രവർത്തി യുധിഷ്ഠിരൻ മുഖം താഴ്ത്തി. ജാലകത്തിന്നപ്പുറത്തു രണ്ടു പെൺകണ്ണുകൾ ഇമതല്ലാതെ ആ രംഗം രഹസ്യമായി നിരീക്ഷിച്ചു.

"പാണ്ഡവർക്കിടയിൽ പരസ്പരം സ്പർദ്ധ വളർത്തി മാനസികമായി തളർത്താൻ കൗരവർ നിയോഗിച്ച ചാരവനിത എന്ന രഹസ്യ ഉത്തരവാദിത്വവും നിങ്ങളുടെ കുപ്രസിദ്ധചൂതാട്ടത്തോൽവിക്ക് ശേഷം പാഞ്ചാലി ഏറ്റെടുത്തു എന്ന ആരോപണം രാഷ്ട്രീയഹസ്തിനപുരിചർച്ചയിൽ ഈയിടെ കേട്ടല്ലോ", പ്രവാസിജീവിതത്തിലും ചാരവകുപ്പ് മേധാവിയായ നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"മുൻവിധിയില്ലാതെ കാണാൻ ഞങ്ങളും തയ്യാർ. ദുര്യോധനൻ രഹസ്യമായി അയച്ചു കൊടുക്കുന്ന സുഗന്ധതൈലം അവൾ കുളികഴിഞ്ഞു നഗ്നമേനിയിൽ പുരട്ടുമ്പോൾ, ഒറ്റമുറിക്കുടിലിൽ എല്ലാം കണ്ടു നിൽക്കുന്ന ഭർത്താക്കന്മാരിൽ പെട്ടെന്നുണരുന്ന ഊർജ്ജം, ആ വല്ലാത്ത തിടുക്കം, അന്ധമായ കിടമത്സരം, ഊഴം തെറ്റിച്ചും അവളെ ഉടൻ കൈവശപ്പെടുത്താനുള്ള ആവേശം-എല്ലാം വിരൽ ചൂണ്ടുന്നത്, കൗരവരുടെ അശ്ലീലരാഷ്ട്രീയ ഉപകരണം തന്നെയാവാം പാഞ്ചാലി. കള്ളി വെളിച്ചത്തക്കാനുള്ള തെളിവ് കൂടുതൽ കിട്ടട്ടെ, 'ഹസ്തിനപുരി പത്രിക'യുമായി പങ്കുവക്കാം."

"അധികാരമേറ്റിട്ടു ആഴ്ച രണ്ടു കഴിഞ്ഞില്ല ആരോപണങ്ങൾ രണ്ടെണ്ണം പാണ്ഡവഭരണകൂടത്തെ പൊളിച്ചടുക്കിയല്ലോ. ഇന്ന് രാവിലെ മുതൽ കുതിരപ്പന്തികളും വാണിജ്യത്തെരുവും ആകെ ചർച്ചിക്കുന്നതു ഇവ രണ്ടും:

ഒന്ന്, ദുര്യോധനപുത്രവധുവിനെ കൊണ്ട് പാഞ്ചാലി വിഴുപ്പലക്കിപ്പിച്ചു.

രണ്ട്, ഭീമന്റെ രഥയാത്രക്ക് ചാർവാകൻ വഴികൊടുക്കാതെ തടസ്സപ്പെടുത്തിയെന്നു പറഞ്ഞു ഭീമസാരഥിയിറങ്ങിവന്നു യുക്തിവാദിയുടെ ചെകിട്ടത്തടിച്ചു.

ഇത്ര ഹൃദയവികാരമില്ലാതെ എങ്ങനെ നിങ്ങൾ വ്യാഴവട്ടക്കാല ഹിമാലയ വനജീവിതത്തിൽ നിന്ന് പുറത്തിറങ്ങി?" കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

"ദുര്യോധനപുത്രവിധവ, പാഞ്ചാലിയുടെ വസതിയിൽ വന്നത് സ്ത്രീചർമപരിപാലനം എന്ന പുതുതൊഴിലിൽ നൈപുണ്യവികസനത്തിനാണ്. ദേഹം വിയർക്കുന്ന ജോലി ചെയ്യുന്നതൊരു നല്ല കാര്യമെന്ന് പാഞ്ചാലി സാന്ദർഭികമായി പറഞ്ഞപ്പോൾ, സ്വയം കുറെ വിഴുപ്പെടുത്തു ആ യുവകൗരവവിധവ കൊട്ടാരത്തിനു പിന്നിലെ ജലാശയത്തിൽ ആസ്വദിച്ചു നീന്തിക്കുളിക്കയും അതിനിടയിൽ സന്തോഷത്തോടെ തുണി കഴുകിയുണക്കുകയും ചെയ്തു. വീട്ടിലെത്തിയപ്പോൾ വരാൻ വൈകിയതിന്റെ കാരണമായി പറഞ്ഞു പാഞ്ചാലിയുടെ വിഴുപ്പ് കണ്ടാൽ വിഴുപ്പെന്ന് തോ

ന്നില്ല എന്നിട്ടും ഞാനതൊന്നു പരീക്ഷിക്കാൻ കഴുകിനോക്കിയതിനുശേഷം തിരിച്ചു കൊടുത്തു. അതാരു പരാതിയാക്കി?

രഥയാത്ര ചെയ്യുന്ന ഭീമന് വഴി തടയുന്ന പദയാത്രയല്ല അഭിവന്ദ്യചാർവാകൻ ചെയ്തത്. മത്സരിച്ചു മുട്ടിയുരുമ്മി നടന്നു കുതിരകളെ വിറളി പിടിപ്പിച്ചപ്പോൾ പ്രകോപിതകുതിരയാണ് വാലു കൊണ്ടയാളെ ശിക്ഷിച്ചത്. അടി കൊണ്ട് നിലവിളിച്ച ചാർവാകൻ അത് കണ്ട നാട്ടുകാരോട് പറഞ്ഞു, ഭീമസാരഥി ചാട്ട വീശി. അതാരു പരാതിയാക്കി. പത്രപ്രവർത്തനമല്ല നിങ്ങൾ ചെയ്യുന്നത്, നാട്ടുകാരുടെ വിഴുപ്പലക്കലാണ്."

"സ്ഥലജലഭ്രമം നിറഞ്ഞ ഇന്ദ്രപ്രസ്ഥംകൊട്ടാരത്തിൽ നിന്ന് പരുക്കൻ പ്രതലവും ചോർച്ചയുമുള്ള ഈ കാട്ടുകുടിലിൽ ഇനിയൊരു വ്യാഴവട്ടക്കാലം കൗരവഅടിമ എന്ന കഠിനകൗരവശിക്ഷ നിങ്ങളെ അലോസരപ്പെടുത്തുന്നുണ്ടോ?"

കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"യുധിഷ്ഠിരന്റെ ദുരഭിമാനത്തിൽ തൂങ്ങിപ്പിടിക്കുകയാണ്, കാലാതിവർത്തിയായി മാറാൻ സാധ്യതയുണ്ടായിരുന്ന മഹാഭാരത ഇതിഹാസം എന്നതാണ് എന്നെ ചിന്താകുഴപ്പത്തിലാക്കുന്നത് അല്ലാതെ കൗരവഅടിമ എന്ന അവസ്ഥയൊന്നുമല്ല. പറഞ്ഞുവന്നാൽ അവർ നൂറുപേരും എന്റെ ആരാധകർ."

2018/06/17

"മനുഷ്യാവസ്ഥയെ കുറിച്ചെന്തെങ്കിലും വെളിപാട് കുരുക്ഷേത്രാനുഭവം നിങ്ങൾക്ക് നൽകിയോ?" കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരിയിലെ അന്തഃപുരത്തിനു പിന്നിലെ ജലാശയത്തിൽ നീന്തിക്കുളിക്കുകയായിരുന്നു സായാഹ്നവെയിലിൽ അവരിരുവരും. മൂന്നാം ലിംഗ സൈനികർ കാവൽ നിന്നു.

"യുദ്ധാവസാനദിനം അഞ്ചു മക്കൾ പാതിരാ ചതിയാക്രമണത്തിൽ കൊല്ലപ്പെടുക, പഞ്ചപാണ്ഡവർ പോറലേൽക്കാതെ പോരാട്ട ഭൂമിയിൽ നിന്ന് ജേതാക്കളായി പുറത്തുചാടുക-ഇതെന്നെ ആകെ അട്ടിമറിച്ചു. മറിച്ചായിരുന്നു യുദ്ധഫലം എന്നാണ് ഞാൻ അപ്പോഴും ഇപ്പോഴും മോഹിച്ചത്. ആ മാതൃമോഹം പൂവണിഞ്ഞിരുന്നെങ്കിൽ, ഈ കാണുന്ന പ്രപഞ്ചം ദൈവസൃഷ്ടി എന്ന് പോലും ഞാൻ ഇരുകൈകളും ഉയർത്തി ഈ വെള്ളത്തിൽ നിന്ന് കൊണ്ട് ആകാശത്തേക്ക് നോക്കി മഹത്വപ്പെടുത്തുമായിരുന്നു. എന്നാൽ ഇന്ന് ഞാൻ ആൺവേദിയിൽ ഉടുതുണി വലിക്കപ്പെട്ട അടിമ. പെറ്റകുഞ്ഞുങ്ങളുടെ ശവമടക്കിനു സാക്ഷി യാവേണ്ടി വന്ന അമ്മ. അഞ്ചു പുരുഷന്മാരുടെ ഭാരം ചുമക്കേണ്ടി വന്ന പതിത. എന്റെ കുരുക്ഷേത്ര ഇനിയും തുടങ്ങിയിട്ടില്ലെന്നു കരുതുന്നൊരു പെൺ" അടിത്തട്ട് കാണാവുന്ന ജലാശയത്തിലേക്കവർ ആ മോഹസാക്ഷാത്കാരത്തിനായി ഇരുവരും ഒരുമിച്ചു ഊളിയിട്ടു.

"അച്ഛനെ കുറിച്ചൊരു ഓർമ വായനക്കാരുമായി പങ്കിടാമോ?" പുതിയ ഭരണാധികാരിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"കരിക്കന്നനും കുറയും പായുന്ന ആ ഈറൻ കാട്ടുകുടിലിൽ, പരുക്കൻതറയിലെ പായിൽ ചുരുണ്ടു കിടന്ന അച്ഛനെ ഞാൻ എന്റെ പതിനാറാം പിറന്നാളിന്, കുളിച്ചു കുറിയിട്ട് വന്ദിക്കാൻ അറച്ചറച്ചു മുന്നോട്ടു കാൽവച്ചു ചെന്നതായിരുന്നു. എന്നെ

കണ്ടപ്പോൾ ആ മുഖം ഒന്ന് കൂടി ഇരുണ്ടു. ഇന്നെന്റെ ജന്മദിനമെന്നു ഞാൻ കൈകൂപ്പി അയാളോട് പറഞ്ഞപ്പോൾ, "ആരാടാ ശരിക്കും നിന്റെ ബീജദാതാവ്?"

എന്നു അശ്ലീലമായ കൈ ചലനത്തോടെ അപശബ്ദ മുണ്ടാക്കി അയാൾ എന്നെ വെല്ലുവിളിച്ചു. യമൻ എന്നു ഞാൻ മേലോട്ടുനോക്കി മൃദുവായി പറഞ്ഞപ്പോൾ അയാൾ ആഭാസകരമായി പൊട്ടിച്ചിരിച്ചു. അൽപ്പവസ്ത്രയായ ചിറ്റമ്മ മാദ്രി ആ സമയത്തു മുറിക്കകത്തു കടന്നപ്പോൾ, പുറത്തു പോവാൻ ഞാൻ തുനിഞ്ഞു. അതാ മുറ്റത്തു വെട്ടുപോത്തിൻ പുറത്തൊരു കരിങ്കാലൻ പാണ്ഡുവിന്റെ നേരെ എറിയാനായി കയർ കുരുക്കിടുന്നു. പിറ്റേന്നു കുടിലിന്നരികെ ഉണക്ക വിറകു കൂട്ടി പാണ്ഡുവിന് ചിതകത്തിക്കുമ്പോൾ, ഞങ്ങൾക്കൊപ്പം കൂട്ടിനുണ്ടായിരുന്നത് ദിവ്യതേജസ്സുള്ള തെണ്ടിപ്പട്ടി മാത്രം." മൺമറഞ്ഞ കുരുവംശാധിപൻ പാണ്ഡുവിന് സ്മാരകം നിർമ്മിക്കുന്ന തീരുമാനം രാജസഭയിൽ അറിയിച്ചു ഊട്ടുപുരയിലേക്കു മറ്റുനാലു പേർക്കൊപ്പം പോവുകയായിരുന്നു മഹാരാജാവ് യുധിഷ്ഠിരൻ.

2018/06/18

"ഇന്നുമൊരു നവജാതശിശുമരണം-ദരിദ്രകുടിലിലല്ല, ഹസ്തിനപുരി കൊട്ടാരത്തിൽ. അന്തഃപുരവേലക്കാരുടെ വസതിയിലല്ല, മഹാറാണി ഗംഗയുടെ പ്രസവത്തിൽ-തുടർച്ചയായ ഏഴാമത്തെ. ദുരൂഹതയൊന്നും തോന്നിയില്ലേ?" മഹാരാജാവ് ശാന്തനുവിനോട് കൊട്ടാരം ലേഖികചോദിച്ചു.

കണ്ണുതുറന്നു നോക്കിയാൽ കാണുന്ന ഈ ലോകത്തിൽ എന്തെങ്കിലും ദുരൂഹമല്ലാതുണ്ടോ? തെരുവായ തെരുവെല്ലാം ഓടിനടന്നു ഇല്ലാത്ത കഥകൾ നെയ്യുന്ന നിങ്ങൾ നാളെ ഇതേ സമയത്തു ഒരു പിടി ചാരമായി മാറിയാൽ അതും ദുരൂഹമാവുമോ? ഇന്നലെ ഈ സമയത്തു ഗർഭശ്രീമാനായിരുന്ന കിരീടാവകാശി ഇപ്പോൾ നദിയൊഴുക്കിലെവിടെയോ പൊങ്ങിയ കുഞ്ഞുജഡമായതിൽ ദുരൂഹതയില്ലേ? ഉണ്ട്. ഇനി അതിലധികം ദുരൂഹമല്ലേ ഇന്ന് പുലർച്ച ചോരക്കുഞ്ഞിനെ പുഴയിൽ കഴുകിയെടുക്കും മുമ്പ് കൈവിരലുകൾക്കിടയിലൂടെ ഒഴുക്കിൽ വീണുപോയ കുഞ്ഞിനെ പ്രസവിച്ച ഗംഗയിതാ, കൊട്ടാരഉദ്യാനത്തിൽ വാസനപൂക്കൾ പറിക്കുന്നതു നോക്കൂ. രാത്രിയവൾ എന്റെ പായിൽ സുഗന്ധിയായി കിടക്കുമ്പോൾ വീണ്ടുമൊരു ഗർഭം ധരിക്കാൻ ശാരീരികക്ഷമതയുണ്ടാവും എന്നുറപ്പ്. നാളെയവൾ ഗർഭവതിയാകും. മറ്റന്നാൾ വീണ്ടും, പെറ്റ കുഞ്ഞിനെ മുക്കിക്കൊല്ലും-ഒന്നും ദുരൂഹമല്ല. എന്ത് ഹീനപ്രവർത്തിക്കും നിങ്ങളോട് വാതുറന്നു വിശദീകരിക്കാനുണ്ടാവും പിന്നാമ്പുറ കഥകൾ.

2018/06/19

"ഗാർഹികപീഡനത്തിനു മകൾ ഇരയെന്ന ആരോപണവുമായി പാഞ്ചാലൻ പീഢക പാണ്ഡവർക്കെതിരെ പടവാൾ ഉയർത്തിയല്ലോ. ഭാര്യാപിതാവിന്റെ ഭീഷണിയിൽ ഭയന്നുപോയോ യുധിഷ്ഠിരൻ?"

കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. വനവാസക്കാലം.

"ദക്ഷിണയായി ചിലരിൽ നിന്നൊക്കെ തള്ളവിരൽ കടിച്ചുമുറിച്ചെടുക്കുന്ന ഗുരുദ്രോണർ എനിക്കൊരു അസാധ്യപണി തന്നു. സഹപാഠി പാഞ്ചാലനെ വരി

ഞ്ഞുകെട്ടി ദക്ഷിണയായി മുമ്പിൽ വക്കണം. അന്ന് ഞാൻ കൗമാരവിദ്യാർത്ഥി. എന്നിട്ടും ഏൽപ്പിച്ച ജോലി ചെയ്തു. പക്ഷെ പാഞ്ചാലീപരിണയത്തിൽ പാഞ്ചാലൻ എന്റെ ചെവിയിൽ പറഞ്ഞു, അന്ന് ഞാൻ നിനക്ക് ബന്ദിയായി വഴങ്ങിത്തന്നത്, ദ്രോണശാപം നിനക്കുണ്ടാവാതിരിക്കാനാണെന്ന്. അത്രമേൽ പ്രിയപ്പെട്ട പാഞ്ചാലനിപ്പോൾ പരസ്യമായി ചൂടാവണമെങ്കിൽ, ആരോ ഞങ്ങളെക്കുറിച്ച് സത്യം പ്രചരിപ്പിക്കുന്നുണ്ടാവും.

സന്യസ്ഥർക്ക് സേവനം നൽകാൻ കൗരവാജ്ഞയുള്ളപ്പോൾ യുധിഷ്ഠിരൻ, പാഞ്ചാലിയെ ആ പുറം ജോലിക്കു നിത്യവും തള്ളിവിടുന്നത് കണ്ടു ഞാനും മുഷിച്ചുരുട്ടി പ്രതിഷേധിച്ചിട്ടുണ്ട്. ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായിരുന്നവൻ തന്നെ വേണം ആശ്രമമാലിന്യങ്ങൾ സംസ്കരിക്കാൻ അല്ലേ, എന്നയാൾ അപ്പോൾ വിലാപത്തോടെ തിരിച്ചടിച്ചപ്പോൾ മറ്റു പാണ്ഡവർ അയാളെ പിന്തുണച്ചു. ഞാൻ ചൂളിപ്പോയി. പീഢകയുധിഷ്ഠിരനെ ഗാർഹികസ്ത്രീനീതിയിൽ ബാലപാഠം പഠിപ്പിക്കട്ടെ പാഞ്ചാലൻ. അതൊക്കെ വിഭാവന ചെയ്യുന്നതിൽ പോലുമുണ്ടൊരു കാവ്യനീതി."

2018/06/20

"ആൺമക്കളെ യുദ്ധത്തിൽ നഷ്ടപ്പെട്ട വയോജനങ്ങൾക്കു കുടിവെള്ളവും ധാന്യവും എത്തിച്ചു കയ്യടി നേടുന്ന ഹസ്തിനപുരിയിൽ നിന്നാണ് ഞാൻ നിങ്ങളെ തേടി വരുന്നത്. ഇങ്ങനെ ജീവിതസായാഹ്നം ദുരിതത്തിൽ കഴിയേണ്ട വരാണോ നിങ്ങൾ ഇതിഹാസ കഥാപാത്രങ്ങൾ?" എല്ലും തോലുമായി ധൃതരാഷ്ട്രർ, ഗാന്ധാരി, കുന്തി, വിദുരർ എന്നിവർ വനാശ്രമത്തിൽ ദുരിതമനുഭവിക്കുമ്പോൾ കൊട്ടാരം ലേഖിക വഴിനടന്നു അവസാനം അവരെ കണ്ടെത്തി.

"കൊന്നു തിന്നാൻ നേരത്തേ വിധിക്കപ്പെട്ട മാംസഭോജികൾ, ഈ ശോഷിച്ച ശരീരങ്ങൾ കണ്ടു മടുപ്പോടെ മടങ്ങുന്നു. അങ്ങനെയൊരു അസ്തിത്വ പ്രതിസന്ധി നേരിടുകയാണിപ്പോൾ ഞങ്ങൾ. പരസ്പരം ജീവനൊടുക്കാൻ ഞങ്ങൾക്കിന്നു പേശികളിൽ കരുത്തില്ല. ഒരു ആകസ്മിക കാട്ടുതീ അതാണ് അരനൂറ്റാണ്ടോളം ഹസ്തിനപുരി ഭരിച്ച ധൃതരാഷ്ട്രർ ഈയിടെയായി മോഹിക്കുന്നത്. ഞങ്ങൾ ഉറങ്ങുന്ന നേരത്ത് നിങ്ങളുടെ ഉത്സാഹത്തിൽ മനുഷ്യനിർമ്മിതമായൊരു അഗ്നിബാധയായാലും സ്വാഗതം."

"കുരുക്ഷേത്രവിജയത്തിന്റെ ആദ്യവാർഷികം നിങ്ങൾ കുടുംബസമേതം ആഘോഷിക്കുമ്പോൾ, വീഴ്ച പറ്റിയോ? പത്തു വർഷം രാജസൂയ ചക്രവർത്തിനി ആയിരുന്ന ഇന്ദ്രപ്രസ്ഥം വരെ പോയി എന്തുണ്ടവിടെ വിശേഷം എന്ന് ഇത് വരെ തിരക്കിയില്ലേ?" ആഘോഷ വേദിയിൽ നിന്നിറങ്ങി രഥത്തിൽ കയറുകയായിരുന്ന പാഞ്ചാലിയെ കൊട്ടാരം ലേഖിക തടഞ്ഞു.

"ഇന്ദ്രപ്രസ്ഥം? ചക്രവർത്തിനി? അതൊന്നും നിങ്ങൾ ഇനിയും മറന്നില്ലേ? കാലിക പ്രസക്തി മാത്രമുള്ള ഒരു മായൻനിർമിതി മാത്രമായിരുന്നില്ലേ, വിരുന്നു വന്നവരെ വഴുക്കിവീഴ്ത്തുന്ന ആ കൊട്ടാരസമുച്ചയം? ചക്രവർത്തിനി എന്നത് വെറുമൊരു ആലങ്കാരിക പദവിയും. ആ ശപിക്കപ്പെട്ട യമുനതീരനഗരിയിൽ, കഴിഞ്ഞ പത്തുപതിനാലു വർഷങ്ങൾക്കുള്ളിൽ വളർന്ന കുറ്റിക്കാടുകൾ വെട്ടി നിരപ്പാക്കാനും, ജൈവവൈവിധ്യങ്ങൾ നശിപ്പിക്കാനും ഇനി ഞങ്ങൾ ആരെയും സമ്മതിക്കി

ല്ല. അത്രയും പാരിസ്ഥിതിക പ്രതിബദ്ധത ഹസ്തിനപുരി പൊതുസമൂഹം എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്."

"ഇന്ദ്രപ്രസ്ഥത്തിലെ സ്ഥലജലഭ്രമത്തിനും, ഹസ്തിനപുരിയിലെ വസ്ത്രാക്ഷേപത്തിനും ഇടക്കുള്ള കാലയളവിൽ കൌരവർ ചെയ്ത കുടിലനീക്കങ്ങൾ പൊതുവേദിയിൽ വിളിച്ച പറയുമെന്ന്പാഞ്ചാലി. പ്രതികാരബുദ്ധിയോടെ അടിമശിക്ഷാവിധി നിങ്ങൾ ആയുഷ്കാലം നീട്ടിയാലും പാഞ്ചാലി തളരില്ല എന്ന് അവളെ നേരിട്ടറിഞ്ഞിടത്തോളം ഈ പെൺമനം പറയുന്നു. എങ്ങനെ പ്രതികരിക്കുന്നു?" കൊട്ടാരം ലേഖിക ദുര്യോധനനെ രഹസ്യകാര്യാലയത്തിൽ കണ്ടെത്തി.

"സൌന്ദര്യവർദ്ധക ഔഷധക്കൂട്ടുകളും ഹിമാലയ പഴവർഗങ്ങളും പുത്തൻ അടിവസ്ത്രങ്ങളും പ്രത്യേകം സൈനികൻ വശം ഞാൻ അവൾക്കു രഹസ്യമായി കൊടുത്തയച്ചത് കിട്ടി നന്ദി എന്നുള്ള പാഞ്ചാലിയുടെ മറുപടി ഇതാ വനശ്രമത്തിൽ നിന്ന്. ഞാൻ വായിക്കാം." മുറിയുടെ മൂലയിൽ പുക പരത്തുന്ന പന്തം വെളിച്ചത്തിലേയ്ക്കു ദുര്യോധനൻ പാഞ്ചാലിയുടെ പനയോല വായിക്കാൻ നീങ്ങി.

2018/06/21

"കറവ വറ്റിയ മാടുകൾക്കൊരു അറവുശാല? കൗരവർ ബഹുസ്വരകുരുക്ഷേത്ര ഊട്ടുപുരയെ മാറ്റിമറിച്ചുവെന്ന ഗുരുതര ആരോപണവുമായി പാണ്ഡവർ പരസ്യപ്രസ്താവനയിറക്കിയല്ലോ. ഇരുസൈന്യങ്ങളിലും മിണ്ടാപ്രാണികളോട് മമതയുണ്ടെന്ന വസ്തുത തള്ളിയാണ് ധിക്കാരി കൗരവർ കർഷകരിൽ നിന്ന് നാൽക്കാലികളെ യുദ്ധസംഭവനയായി തട്ടിയെടുത്തതെന്നും യുധിഷ്ഠിരൻ.

എങ്ങനെ പ്രതികരിക്കുന്നു?"

കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

യുദ്ധത്തലേന്നു വൈകിയ രാത്രി പുഴക്കടവിൽ നീരാടുന്ന നേരം.

"കൂടെ പൊറുത്ത പെണ്ണിനെ പണയം വച്ച് തോറ്റ് അവളുടെ പെണ്ണവകാശങ്ങൾ നഷ്ടപ്പെടുത്തിയ പുരുഷാധിപത്യപ്രമുഖൻ യുധിഷ്ഠിരൻ തന്നെ വേണം പെൺമൃഗങ്ങളുടെ പരിപാലകനാവാൻ. വനവാസക്കാലത്തവർക്കു ഞാൻ കൊടുത്ത പണി അയല്പക്ക സന്യസ്ഥാശ്രമങ്ങൾക്കുള്ള രാപ്പകൽ സംരക്ഷണമായിരുന്നു. എന്നിട്ടുമവർ ആശ്രമമൃഗങ്ങളെ പാതിരാനീക്കത്തിൽ തട്ടിക്കൊണ്ടുപോയി വെട്ടിതിന്നിരുന്ന ഇറച്ചിക്കഥ പുറത്തായപ്പോൾ, അക്ഷയപാത്രത്തിലെ ധാന്യഭക്ഷണം മൂന്നു നേരം വെട്ടിവിഴുങ്ങിയാൽ പോരാട്ടവീര്യം പോവുമെന്ന പേടി കൊണ്ടാണെന്നല്ലേ അയാൾ പറഞ്ഞത്? എന്നാൽ ഞാനയാൾക്കിപ്പോൾ ഉറപ്പുകൊടുക്കുന്നു- കുരുക്ഷേത്ര അടുക്കളയിൽ വേവുക പോരാട്ടവീര്യത്തിനു പറ്റിയ മൃഗമാംസമായിരിക്കും ഇന്നും എന്നെന്നും."

"ആദ്യത്തെ കൗരവസഖ്യകക്ഷി സർവ്വസൈന്യാധിപൻ ഭീഷ്മർ പത്തുദിവസം ആഞ്ഞു വെട്ടിയിട്ടും ഒരു പാണ്ഡവതല പോലും വീഴാത്തതിൽ മനം നൊന്തു നിങ്ങൾ, ദ്രോണർക്കു ചുമതല നൽകി ഒളിച്ചോടാനിടയുണ്ടെന്നു പാണ്ഡവ ചാരവകുപ്പ് മേധാവി പറയുന്നുണ്ടല്ലോ. നിഷേധിക്കുന്നുണ്ടോ?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“യുദ്ധകാലത്തു വാർത്താവിതരണത്തിൽ നിയന്ത്രണമേർപ്പെടുത്തുന്നത് സ്വതന്ത്രസമൂഹങ്ങളിൽ സാധാരണമാണ് എന്ന് തക്ഷശിലയിൽ രാജ്യതന്ത്രം പഠിച്ച നിനക്കറിയാം. എന്നാൽ ഈ ജീവന്മരണപോരാട്ടത്തിൽ കൗരവഭരണകൂടം ചാരവാർത്തക്കുപോലും വിനിമയം നിഷേധിക്കുന്നില്ല. നാളത്തെ ‘ഹസ്തിനപുരി പത്രിക’യിൽ നിന്റെ ചോദ്യത്തിന് ദുര്യോധനൻ മറുപടി പറഞ്ഞില്ല എന്ന സൂചന മാത്രം മതി, എന്റെ ആഗോളതല ആരാധകരുടെ അകം നീറാൻ. അതുകൊണ്ട്, വാർത്ത തമസ്കരിക്കുകയാണ് ആരോപണം നിഷേധിക്കുന്നതിനേക്കാൾ സ്വീകാര്യം. ഇനി കുരുക്ഷേത്രയുദ്ധം കഴിയുന്നതുവരെ നീ, കൗരവഊട്ടുപുരയിൽ അറവുസഹായിയായി ജോലി ചെയ്യണം. സസ്യാഹാരിയായ കാശിബ്രാഹ്മണകുലത്തിൽ ജനിച്ചവളെന്ന ജാതി പരിഗണനയിലാണ്, ഒരൊറ്റവെട്ടിനു തല വെട്ടാതെ രാജ്യദ്രോഹത്തിനുള്ള ശിക്ഷ മൃഗവധസഹായി എന്ന ഈ മൃദുശിക്ഷയിൽ ഞാൻ ഒതുക്കിയത്”, ദുര്യോധനന്റെ നേരിയൊരു വിരൽ ചലനത്തിലൂടെ സ്വകാര്യസുരക്ഷാഭടൻ ഒരു കൈ കൊണ്ടവളുടെ വാ പൊത്തി, മറുകൈ കൊണ്ട് ഉടൽ ചുറ്റിപ്പിടിച്ച് ഊട്ടുപുരയിലേക്കു കൊണ്ട് പോയി.

“അഭയാർത്ഥികളോടെന്താ ഇത്ര വെറുപ്പ്?

നിങ്ങളുടെ അച്ഛന്റെ അനുജനല്ലേ അവരുടെ പരേത ഭർത്താവ്? ഒരിക്കൽ പാണ്ഡു ഹസ്തിനപുരി മഹാരാജാവായിരുന്ന എന്നും, പരിത്യാഗിയായി കാട്ടിൽ പോയതാണെന്നും പറഞ്ഞുകേട്ടിട്ടുമുണ്ട്. ഇപ്പോൾ അഞ്ചുകുട്ടികളെയും കൊണ്ട് ഒരന്തിക്കുര നോക്കി കോട്ടവാതിലിൽ മുട്ടുമ്പോൾ കടക്കു പുറത്തു എന്ന് പറയുന്നതാണോ കുരുവംശസംസ്കാരം?”

കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“അനധികൃതമായി ഹസ്തിനപുരിയിൽ കഴിയുന്നതുകൊണ്ടല്ല ആറംഗ കുടുംബത്തെ പാറാവുകാർ പിടിച്ചകത്തിട്ടത്. തിരിച്ചറിയൽ രേഖയോ സാക്ഷിമൊഴിയോ മറ്റു ഔദ്യോഗിക പിൻബലമോ ഇല്ലാതെ കയറിവന്നു,.

“ഞാൻ കുന്തി ഇവർ പാണ്ഡവർ” എന്ന് നെഞ്ചത്തടിച്ചു ബഹളം വച്ചാൽ വക വച്ചുകൊടുക്കുമോ കൗരവർ?

പരപുരുഷാതിക്രമത്തിനു ആവർത്തിച്ചു ഇരയായി കുന്തി മൂന്നും, മാദ്രി രണ്ടും പ്രസവിച്ച കുട്ടികളെ പാണ്ഡു ഔദ്യോഗികമായി അംഗീകരിച്ചു എന്ന് കുന്തി വാക്കാൽ പറഞ്ഞാൽ അഴിയുമോ പിന്തുടർച്ചയുടെ നിയമക്കുരുക്ക്? പാണ്ഡുവിധവ എന്ന തർക്കപദവിക്ക് പരിഹാരം ന്യായാധിപന്റെ മുമ്പിൽ തെളിവ് നിരത്തലാണ്. കാഴ്ചപരിമിതിയുള്ള ധൃതരാഷ്ട്രരും ഗാന്ധാരിയും രണ്ടു ദശാബ്ദം മുമ്പ് കുന്തിയെ അറിഞ്ഞിരുന്നു എന്ന പരിചയം മതിയോ, എല്ലാം ഉപേക്ഷിച്ചു പോയ പാണ്ഡുവിന്റെ പിന്തുടർച്ച പാണ്ഡവർക്ക് ഞങ്ങൾ പതിച്ചുനൽകാൻ? അഭയാർത്ഥികൾ എന്നല്ല, അംഗീകൃത പിതൃത്വമില്ലാത്തവരോടും കൗരവർ കരുണകാണിക്കുമെന്നതിനു സാക്ഷ്യമല്ലേ, ആരോരുമില്ലാത്ത കർണനു കൊടുത്ത അംഗരാജപദവി? രഥമോടിക്കേണ്ടവൻ ഇന്ന് കിരീടം വച്ചല്ലേ നടക്കുന്നത്? രണ്ടു ഇളമുറ കൗന്തേയരെ ശിശുകേന്ദ്രത്തിൽ മാറ്റിപ്പാർപ്പിച്ചു എന്ന ആരോപണവും വസ്തുതയുടെ ബലമില്ലാത്തതല്ലേ. ഇരട്ടകളുടെ അമ്മ മാദ്രിയെ പാണ്ഡുചിതയിലേക്കു കുന്തി കുറ്റകരമായ ഗൂഢലക്ഷ്യത്തോടെ തള്ളിയിട്ടുകൊന്നു എന്ന ആരോപണം വ്യവസ്ഥാപിതഭരണകൂടം അന്വേഷിക്കേണ്ടതിന്റെ ഭാഗമായി ആ കൊച്ചു കുട്ടികൾക്ക് സംരക്ഷണം കൊടുത്തതാ

ണോ ഞങ്ങളുടെ അപരാധം? കൊടുംകുറ്റവാളിക്ക ചുവന്ന പരവതാനി വിരിച്ചാണ് കൗരവർ രാജകീയ സ്വീകരണം കൊടുത്തതെന്ന്നിങ്ങൾ തന്നെ എഴുതില്ലേ മുഖ്യ വാർത്തയായി?"

2018/06/22

"ജന്മനാ അന്ധനായിരുന്നോ? അതോ?" കൊട്ടാരം ലേഖിക വിദുരരോട് ചോദിച്ചു. വ്യാസന്റെ മൂന്നു മക്കളിൽ ഒരാളെന്നു സംശയിക്കപ്പെട്ട വിദുരർ വിവേക വചനങ്ങളുടെ അകത്തുകയെന്നു ചാർവാകൻ സ്തുതി ചെയ്തു കാലമുണ്ടായിരുന്നു.

"കൊട്ടാരരഹസ്യങ്ങളുടെ വിഴപ്പകെട്ടിലാണ് നിങ്ങൾ തിരികത്തിച്ചത്. അതോ നാരായമോ വിചിത്രവീര്യ വിധവകളും വ്യാസനും 'സമ്മേളിച്ച' പ്പോൾ ജനിച്ച അസാധാരണ ജന്മങ്ങളായിരുന്നു ധൃതരാഷ്ട്രരും പാണ്ഡുവും. അവരുടെ ശാരീരിക പരിമിതികൾ ഇന്ന് കുപ്രസിദ്ധം. ധൃതരാഷ്ട്രരുടെ കാഴ്ചപരിമിതി പ്രകൃതിയുടെ ശാപമാണോ? അധികാരകേന്ദ്രിതമായ മനുഷ്യനിർമ്മിതിയാണോ? നേർസാക്ഷിയല്ലെങ്കിലും കാര്യങ്ങൾ കൂട്ടിവായിക്കുമ്പോൾ രണ്ടാമത്തേതെന്നു വേണം വിചാരിക്കാൻ. ആരാണ് ചെയ്തത് എന്ന് ചോദിച്ചാൽ, അന്ധത ആർക്കു പ്രയോജനം ചെയ്തു എന്നന്വേഷിക്കാൻ ചുഴിഞ്ഞുനോക്കുകയൊന്നും വേണ്ട. ന്യായമായും നിങ്ങൾ പറയും പാണ്ഡുവിന്. കായിക ക്ഷമതയില്ലാത്തവന് കൊട്ടാരത്തിൽ ആരുചെയ്തു കൊടുത്തു ഹീനസഹായം? അവിടെയാണ്, തെളിവിന്റെ അസാന്നിധ്യം. ഒരോലയിൽ ആരോ കുറിച്ചുവച്ച സന്ദേശം വായിച്ച ഓർമ്മയുണ്ട്. രാജവംശമാണെങ്കിലും സാക്ഷരത പരിമിതമായിരുന്നു. എഴുതപ്പെട്ടതൊക്കെ എന്റെ ശ്രദ്ധയിൽ വന്നത് ഔദ്യോഗിക ജോലിയുടെ ഭാഗമായും. എന്റെ ജോലിയെന്തെന്നു ചോദിച്ചാൽ കുഴങ്ങും: മന്ത്രി എന്നൊക്കെ കൊട്ടാരം രേഖകളിൽ കാണും എന്നാൽ ഞാനൊരു ആജ്ഞാനുവർത്തി. പാണ്ഡു അധികാരമോഹിയെന്നു ആവർത്തിച്ചു വാദിച്ചാലും, മദയാനയുടെ കരുത്തുള്ള ജ്യേഷ്ഠനെ പിടിച്ചു നിലത്തു മലർത്തിക്കിടത്തി, ഇരുകാലുകളും വിടർത്തി നെഞ്ചിൽ കയറിയിരുന്നു, കണ്ണുരണ്ടും കുത്തിപ്പൊട്ടിച്ചു, 'ഇനി നീ അന്ധൻ, രാജാവാകാൻ അയോഗ്യൻ' എന്ന് പറഞ്ഞു, കൊട്ടാരത്തിൽ ആളെക്കൂട്ടാൻ പറ്റിയ കളിക്കാരനാണോ പാണ്ഡു? അവിടെയാണ് കൊട്ടാരഅട്ടിമറി വെറുമൊരു വിഴപ്പകെട്ടായി മാറുന്നത്. എങ്കിലും സംശയത്തിന്റെ തീ കെടാതെ ചോദ്യങ്ങൾ ആവർത്തിക്കൂ. ഭീരുത്വം മാറിക്കിട്ടിയാൽ അഴിച്ചുതരാം അപൂർവ്വയിനം രഹസ്യങ്ങൾ."

2018/06/23

"നിങ്ങൾക്കെതിരെ ലൈംഗികാതിക്രമ നേരത്തു പാണ്ഡവർ കുടിലിൽ ഇല്ലായിരുന്നെങ്കിലും വിവരമറിഞ്ഞു വന്നു കാര്യം മനസ്സിലായപ്പോൾ അവർക്കാശ്വാസമായി എന്നാണു ഭീമൻ പറഞ്ഞത്. അങ്ങനെ ആശ്വാസം തോന്നാൻ മാത്രം കുറ്റവാളി ജയദ്രഥനെ നിങ്ങൾ ഒറ്റയ്ക്ക് കൈകാര്യം ചെയ്തു എന്നാണോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനാശ്രമത്തിനു ചുറ്റും നിരീക്ഷണഗോപുരങ്ങൾ പണിതു അന്തേവാസികളുടെ ആഭ്യന്തര സുരക്ഷ ഉറപ്പുവരുത്താൻ അഞ്ചാണുങ്ങളും അപ്പോൾ പുറത്തു തിരക്കിലായിരുന്നു.

"ജെയദ്രഥനുമായുണ്ടായ ആദ്യസമാഗമം എനിക്ക് പീഡാനുഭവം ആയി എന്നോ? പാണ്ഡവർ പക്ഷപാതത്തോടെ അങ്ങനെയൊക്കെ പറഞ്ഞെന്നിരിക്കും. അതൊരു വനമഹോത്സവം എന്നാണെനിക്കു തോന്നിയത്. മുട്ടുകുത്തി കൈമുത്തിയുള്ള സ്വയം പരിചയപ്പെടുത്തലും ഉപചാരം ചൊല്ലലും ഒക്കെ ഓർക്കുമ്പോൾ, കുലീനമായിരുന്ന ജയദ്രഥ പെരുമാറ്റം, ബലാൽക്കാരശ്രമത്തിൽ പോലും കാണാമായിരുന്ന ആ പ്രശസ്ത സൈന്ധവവൈകാരികത. ആതിഥ്യ മര്യാദയോടെ അദ്ദേഹത്തെ പായിൽ ഇരുത്തി സൽക്കരിച്ച ശേഷം പെട്ടെന്നുണ്ടായ കായിക കടന്നുകയറ്റം പ്രത്യേകിച്ചൊരു പരിഭ്രമവും കൂടാതെ ഞാൻ ചെറുത്തു തോൽപ്പിച്ചു എന്ന വസ്തുത അയാൾക്കെതിരായി ഒന്നും തെളിയിക്കാനല്ല. ചെയ്യേണ്ടത് ഞാൻ ചെയ്തു എന്ന് പറയാനാണ്. ഏതുവിധം നോക്കുമ്പോഴും അയാൾ പ്രതിക്കൂട്ടിലല്ല. വേണമെങ്കിൽ 'ആനന്ദമാർഗ'ത്തിലൂടെ എനിക്കയാളെ എളുപ്പം ബന്ദിയാക്കി, അരയിൽ കുടുക്കിട്ടു മരയഴിക്കൂടിൽ കുന്തിച്ചി രുത്തി, ഭാര്യാസഹോദരനായ ദുര്യോധനനോട് മുഷിഞ്ഞു വിലപേശി ഈ പന്ത്രണ്ടുകൊല്ലവനവാസത്തിൽ ഇളവു നേടാമായിരുന്നില്ലേ? അതൊന്നും ഞാൻ ചെയ്തില്ല, പാണ്ഡവർ എന്റെ ചെലവിൽ സുഖിക്കേണ്ട എന്നു തോന്നി. ഭാര്യയെ പണയം വച്ച് കളിച്ചു തോറ്റ കൊള്ളരുതാത്ത ഭർത്താവും കിങ്കരന്മാരും കൊടുംകാട്ടിൽ കഴിയട്ടെ വ്യാഴവട്ടക്കാലം എന്നെനിക്കപ്പോൾ തോന്നിയാൽ, എന്നെയും കയറ്റുമോ ജയദ്രഥനൊപ്പം പ്രതിക്കൂട്ടിൽ?"

"കഴുത്തു കടിച്ചു മുറിച്ചു ചോര മാത്രം ഊറ്റിക്കുടിച്ച നിങ്ങളെന്താ, പിടച്ചിൽ തീരാത്ത കുഞ്ഞാടിനെ കഴുകന് വലിച്ചെറിഞ്ഞത്? തൊലി വലിച്ചുനീക്കി ഉടൽ പൊളിച്ചു എണ്ണയിൽ പൊരിച്ചു കൂട്ടുംകൂടി മറ്റു പാണ്ഡവർക്കൊപ്പം യുദ്ധവിജയം ആർമാദിച്ചു കൂടെ?" ദുര്യോധനവധത്തിനു ശേഷം പാളയത്തിലെത്തിയ ജേതാക്കളെ അഭിനന്ദിക്കാൻ വന്ന കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"ഘാതകർ എന്നു നിങ്ങൾ പാണ്ഡവരെ എക്കാലവും വിശേഷിപ്പിച്ചതും പോരാതെയാണോ, മൃഗമാംസഭോജി എന്നവ മതിക്കാൻ കൊതിക്കുന്നത്?"

2018/06/24

"വിശിഷ്ടാതിഥികൾക്കു മഹാറാണി പാഞ്ചാലി നൽകിയ സൽക്കാരത്തിൽ പങ്കെടുക്കാതെ കൃപാചാര്യൻ മാറി നിന്നല്ലോ. തുടങ്ങിയോ പുതിയ ഭരണകൂടത്തിന്റെ സ്ഥാനാരോഹണത്തിൽ തന്നെ കല്ലുകടി?", അത്താഴവിരുന്നുണ്ട് കൈ കഴുകാൻ എഴുന്നേറ്റു നടക്കുമ്പോൾ കണ്ട പ്രതിരോധവകുപ്പ് മേധാവിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"കൗരവരുടെ കൂടെ സകല കൊള്ളരുതായ്മകൾക്കും കൂട്ട് നിന്ന കൃപാചാര്യൻ, ആയുസ്സിന്റെ ബലം കൊണ്ടു മാത്രം കുരുക്ഷേത്രയുദ്ധം അതിജീവിച്ചു ഹസ്തിനപുരിയിൽ ഞങ്ങൾക്കൊപ്പം തിരിച്ചെത്തി യപ്പോൾ, ആ കുപ്രസിദ്ധഗുരുനാഥനെ വെറുമൊരു അലങ്കാരപദവിയിൽ ഒതുക്കണം എന്നത് മൊത്തം പാണ്ഡവരുടെ ഹൃദയവികാരമായിരുന്നു. ഊണു കഴിക്കാതെ അയാൾ ഇടഞ്ഞു മാറി നിന്നു എന്നത് വസ്തുതയാണോ? എനിക്ക് സംശയമുണ്ട്. ബ്രാഹ്മണപാചകർ സുഭിക്ഷമായി രഹസ്യഅറയിൽ വിളമ്പിക്കൊടുത്ത കാളയിറച്ചി വെടിപ്പായി തിന്നു ഇല നക്കിത്തുടച്ചതൊക്കെ ചാരവകുപ്പ് മേധാവി നകുലന്റെ സംഘാംഗം രഹസ്യമായി കണ്ടെത്തി",

വാക്കുകൾ കുറച്ചുപയോഗിച്ച ഭീമൻ പക്ഷെ സമൃദ്ധമാംസഭക്ഷണത്തിന്റെ ആസ്വാദനലഹരിയിലായിരുന്നു.

“പരേതർക്കു നിലവിൽ അവകാശികളൊന്നുമില്ലല്ലോ?” കൊട്ടാരഗുരു കൃപാചാര്യൻ മഹാപുരോഹിതന്റെ അത്യുക്തിനിറഞ്ഞ ശരീര ഭാഷയിൽ വിളിച്ചുചോദിച്ചു, “പുണ്യനദിയിൽ ശ്രാദ്ധം ചെയ്യാൻ രക്തബന്ധമുള്ള ആരെങ്കിലും ഈ സദസ്സിലുണ്ടോ?” കൗരവരുടെ കൂടെ നിന്ന അംഗരാജാവ് കർണ്ണനിൽ കൃപാചാര്യന്റെ നോട്ടം ഉടക്കി. ഇരുകൈകളും പിന്നിൽ ഒളിപ്പിച്ചും നിൽപ്പ് ഒരു കാലിൽ നിന്ന് മറ്റൊന്നിലേക്കു മാറ്റിയും കർണ്ണൻ അസ്വസ്ഥത പ്രകടിപ്പിച്ചു.

“ജഡങ്ങൾ ആറും അരക്കില്ലത്തിൽ കണ്ടത് അസ്വാഭാവികമരണങ്ങൾക്കുള്ള നടപടിക്രമമനുസരിച്ച് വൈദ്യപരിശോധനക്കു വിധേയമായി. ആകസ്മിക അഗ്നിബാധയിൽ മരിച്ചതിന്റെ തെളിവുകൾ അങ്ങനെ ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ടു. സ്ഥിതിക്ക് രാജകീയ ആചാരമനുസരിച്ചു വീണ്ടും ചിതകൂട്ടി ജഡങ്ങൾ ഒന്നൊന്നായി സംസ്കരിച്ചു. ഇനി പാണ്ഡവർ എന്ന വാക്കു വർത്തമാനകാലസാധുത ഇല്ലാത്തതാണ് എന്ന് മഹാരാജാവ് ധൃതരാഷ്ട്രരുടെ രാജമുദ്രയുള്ള പ്രഖ്യാപനത്തിൽ പറയുന്നു. ഇനിയതിനു ഭൂതകാല പരാമർശം മാത്രം.” കൃപാചാര്യൻ അത് പറയുമ്പോൾ ഭീഷ്മരും ദുര്യോധനനും “തന്നെ തന്നെ” എന്ന് അനുകൂലമായി പ്രതികരിച്ചു. കർണ്ണൻ മുഖം പൊത്തി പെട്ടെന്ന് ഇറങ്ങിപ്പോവുന്നതു കൃപാചാര്യൻ ശ്രദ്ധിച്ചു. ആ മുഖത്തു അശാന്തഭാവം നിറഞ്ഞു.

2018/06/25

“വേട്ടയാടിയും പാതിവെന്ത ഇറച്ചി തിന്നും പരുക്കൻ തറയിൽ ഉറങ്ങിയും കാട്ടുകുടിലിൽ കൗമാരം വരെ നിങ്ങൾക്കൊക്കെ കാരണവരായി കഴിഞ്ഞ യുധിഷ്ഠിരന്റെ പ്രകൃതത്തിൽ എങ്ങനെ പെരുമാറ്റകാപട്യം മായാത്ത മുഖമുദ്രയായി?” ഭീമഗദാപ്രഹരത്തിൽ തുടയോടിഞ്ഞു ചളിയിൽ വീണ ദുര്യോധനന്റെ അടുത്തേക്ക് “എന്ത് പറ്റി ഉണ്ണീ “ എന്ന് വിലപിച്ചു അടുത്തേക്കോടിച്ചെല്ലുന്ന പാണ്ഡവമുഖ്യനെ കൗതുകത്തോടെ നോക്കി കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“കാപട്യത്തെ കാരണവർ കണ്ടത് ജനിതകവൈകല്യമായല്ല, ജന്മസൗഭാഗ്യമായാണ്. വേട്ടമൃഗമാംസം ആരോരു മറിയാതെ പൊരിച്ചു തിന്നു ചിറി കഴുകി,.

“ഞാൻ തീർത്തും സസ്യാഹാരി’ എന്നു മേനി പറയുന്ന ഒരു കൗമാരകാലയുധിഷ്ഠിരനെ ഞാൻ ഓർത്തെടുക്കുന്നു.”

“ഇപ്പോൾ കേട്ട ‘ഗാന്ധാരീവിലാപം എത്രയോ വർഷങ്ങൾക്കു മുമ്പ് തന്നെ നിങ്ങൾ മഹാറാണി ഗാന്ധാരിയെ ചൊല്ലി പരിശീലിപ്പിച്ചിരുന്നു എന്നോ?” കൊട്ടാരം ഞെട്ടലോടെ ലേഖിക ചോദിച്ചു. യുദ്ധാനന്തര കുരുക്ഷേത്രം. മക്കളുടെ ജഡമാണ് ചുറ്റും ചിതറിക്കിടക്കുന്നതെന്നറിഞ്ഞ ഗാന്ധാരി കൺകെട്ട് നീക്കി പൊട്ടിക്കരഞ്ഞു കൃഷ്ണനെ ശപിച്ചു പാടിയ ഗാന്ധാരീവിലാപത്തിൽ പാണ്ഡവർ പകച്ചുപോയ അന്തരീക്ഷം.

“യുദ്ധമേഘങ്ങൾ ഹസ്തിനപുരിയുടെ ആകാശത്തു കറുത്തു തുടങ്ങുന്ന ഒരു സന്ധ്യയിൽ ഞാൻ പിതൃസഹോദരി കുന്തിയെ കണ്ടശേഷം ഹസ്തിനപുരി കൊട്ടാരത്തിൽ

നിന്ന് പുറത്തുകടക്കുമ്പോൾ വിദുരർ പറഞ്ഞു, മഹാറാണി ഗാന്ധാരിക്കെന്നെ കാണണമെന്ന്. ഞങ്ങൾ കണ്ടു സംസാരിച്ചു. അവിശ്വസനീയമെന്നിപ്പോൾ നാം കരുതാവുന്ന പലതും നാളെ സംഭവിക്കുമെന്നും, ഇപ്പോൾ മക്കളെ പിന്തിരിയിപ്പിക്കാൻ നിങ്ങൾ കൺകെട്ടഴിച്ചുണർന്നില്ലെങ്കിൽ നാളെ നിസ്സഹായയായി വിലപിക്കേണ്ടി വരുമെന്നും ഞാൻ ഗാന്ധാരിയെ ഓർമ്മിപ്പിച്ചു. പ്രേരണകൾ വഴങ്ങുന്നവരല്ല മക്കൾ എന്നും, എന്ത് ചെയ്യണമെന്നും ഗാന്ധാരി ചോദിച്ചപ്പോൾ, അത്തരം ഒരു ശോക സാഹചര്യം ഉണ്ടായാൽ, എന്നെ ശപിച്ചുകൊണ്ടൊരു വിലാപഗീതം ഞാനിപ്പോൾ നിങ്ങൾക്ക് രഹസ്യമായി ചൊല്ലിത്തരാമെന്നു ആ വ്യഥിത മാതൃമനസ്സിനെ ആശ്വസിപ്പിച്ചു. ആ ശോകമുഹൂർത്തത്തിൽ, കൃത്യം വാക്കുകൾ ഓർമ്മിക്കാൻ, നിത്യവും സന്ധ്യക്കുള്ള നാമജപത്തിനൊപ്പം വാക്കുതെറ്റാതെ ചൊല്ലി പഠിക്കണം എന്നുപദേശിച്ചതവർ ഉത്തരവാദിത്വത്തോടെ ചെയ്തു. യുദ്ധാനന്തരം എന്നെ പരസ്യശാപത്തിനു നേരിട്ടപ്പോൾ, ഒന്നേ എനിക്ക് പറയേണ്ടി വന്നുള്ളൂ- അമ്മാ, ഒരു വാക്കു പോലും തെറ്റാതെ ഗാന്ധാരീശാപം ഉച്ചരിച്ചതിനു നന്ദി."

2018/06/26

"അടിമുടി നവീകരിക്കുമെന്നു താങ്കൾ ആദ്യദിനം അവകാശപ്പെട്ടല്ലോ. എന്തായി?" കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി. കായികക്ഷമതയുള്ള ആണുങ്ങളെല്ലാം കൊല്ലപ്പെട്ടിരുന്നു കൊണ്ട് കോട്ടയ്ക്കുള്ളിൽ ആൾചലനം സാവധാനത്തിലായിരുന്നു.

"ഭരണകൂടം എന്നു പറയാൻ നിലവിൽ അഞ്ചു പാണ്ഡവർ മാത്രമല്ലേ ഉള്ളൂ. സിംഹാസനം പൊടിതട്ടി വൃത്തിയാക്കുന്നത് പോലും ഞങ്ങളാണ്. പതിമൂന്നുവയസ്സിനു മേലെ ഉള്ളവരെയെല്ലാം ദുഷ്ടദുര്യോധനൻ കുരുക്ഷേത്രയിൽ ബലി കൊടുത്തില്ലേ? പതിമൂന്നിന് താഴെയുള്ള പുതു ജനസംഖ്യയിലാണ് ഭാവിതൊഴിലാളി മണ്ഡലം അണിയിച്ചൊരുക്കേണ്ടത്. ഞങ്ങൾക്കും പ്രായത്തിന്റെ പ്രശ്നമുണ്ടല്ലോ. ആരോഗ്യമുണ്ടായിരുന്ന കാലത്തു കാട്ടിൽ അലഞ്ഞുജീവിച്ചതൊക്കെ നിങ്ങളും ഒരു പക്ഷെ വായിച്ചറിഞ്ഞിട്ടുണ്ടാവും. ആയിരം പൂർണചന്ദ്രന്മാരെ കണ്ടിട്ടും, ആയുസ്സിന്റെ ബലം കൊണ്ടു നടന്നു വന്നു രക്തച്ചൊരിച്ചിൽ ഇല്ലാതെ ചെങ്കോൽ തട്ടിയെടുക്കാൻ കഴിഞ്ഞതാണെന്റെ ആദ്യനയതന്ത്ര നേട്ടം. പോരാട്ടഭൂമിയിൽ ജയിക്കാൻ പെട്ട പാടൊന്നും ഹസ്തിനപുരി കോട്ട പിടിച്ചെടുക്കാൻ വേണ്ടിവന്നില്ല. 'കൊല്ലരുത് എന്ത് ദാസ്യവൃത്തിക്കും തയ്യാർ' എന്ന് ധൃതരാഷ്ട്രരുടെ വ്യക്തിഗതസേവന ദാതാക്കൾ ഇരുകൈകളും മലർത്തി പറഞ്ഞത് മൊത്തം അരമനയുടെ അനുമതിയായി. നിലവിൽ നേരിടുന്ന വെല്ലുവിളി ഭാര്യയുടേതാണ്. കുന്തിയെയും ഗാന്ധാരിയെയും വനവാസത്തിനയച്ചുവേണം അവൾക്കു രാജമാതാപദവി ആവശ്യപ്പെടാൻ. എതിരാളിയായി അഭിമന്യുവിധവ എത്തിയതാണ് കഷ്ടം. കൈക്കുഞ്ഞായ പരീക്ഷിത്തിനെ കിരീടാവകാശിയായി പ്രഖ്യാപിച്ചുവേണം ഉത്തരക്ക് കൊട്ടാരത്തിൽ അവകാശത്തോടെ കാലുകുത്താൻ. അധികാര പ്രശ്നങ്ങളുടെ നടുക്കടലിലും ഒരു വെള്ളിവെളിച്ചം ഞങ്ങൾ കാണുന്നു- പാഞ്ചാലിയുടെ അഞ്ചു മക്കൾ മരിച്ചുപോയതു കൊണ്ടു ഭാവിയിൽ പരീക്ഷിത്തും അവരും തമ്മിൽ സംഘട്ടനസാധ്യത ഒഴിഞ്ഞുപോയി. ഒരാലോചനയുമില്ലാതെയല്ലേ ഭീഷ്മർ കുരുവംശത്തിൽ കൊള്ളരുതാത്ത ഓരോരോ കാര്യങ്ങൾ ചെയ്തത്. ഇനി ശരശയ്യയിൽ ചെന്നുകണ്ടു രാജഭരണ ബാലപാഠങ്ങൾ

ഞാൻ നേരിട്ട് പഠിക്കണമെന്ന് കൃപാചാര്യർ. രഥമോടിക്കാനുള്ളവരെല്ലാം കൊല്ല പ്പെട്ടതുകൊണ്ട് ഭീമൻ സാരഥി.” യുധിഷ്ഠിരൻ കൊട്ടാരം ലേഖികയോടല്ല സംസാരി ച്ച് കൊണ്ടിരുന്നത്. ചെന്നിയിൽ തല്ലിയും, കാലുകൾ മുന്നോട്ടും പിന്നോട്ടും ചലിപ്പി ച്ചും, സ്വയം സംസാരിക്കുകയായിരുന്നു. ജാലകത്തിന്നപ്പുറത്തു അയാളുടെ കൗതുക ചേഷ്ടകൾ മറ്റ പാണ്ഡവർ നീരസത്തോടെ നോക്കി.

“കുരുക്ഷേത്രയിൽ ചോരയുടെയും, ഹസ്തിനപുരിയിൽ അധികാരത്തിന്റെയും രു ചിയറിഞ്ഞ മറ്റ നാലു പോരാളിപാണ്ഡവർ നാളെ നിങ്ങൾക്കെതിരെ തിരിഞ്ഞാൽ? പാഞ്ചാലി അവരുടെ കൂടെ ചേർന്നാൽ? അങ്ങനെയാണ് ഞാൻ പുതിയ മഹാരാ ജാവിനെ നേരിട്ടത്” അഭിമുഖത്തിന്റെ പനയോലരേഖ യുദ്ധകാര്യലേഖകനു കൈ മാറിയ കൊട്ടാരം ലേഖിക അന്നത്തെ തൊഴിലനുഭവം പങ്കിട്ടു.

“കൊട്ടാരത്തിൽ അന്തഃഛിദ്രം വിതക്കുന്ന ഇടപെടൽപത്രപ്രവർത്തകയുടെ തെറിച്ച ചോദ്യത്തിന് മറുപടി പറയാനാവാതെ തല ചൊറിയുന്ന യുധിഷ്ഠിരനെ ഞാൻ ഇതാ മുമ്പിൽ കാണുന്നു.”

“അക്ഷയപാത്രം ഇല്ലെങ്കിൽ?”, ഊട്ടുപുരയിൽ ചമ്രം പടിഞ്ഞിരുന്നു ഭക്ഷണം കഴിക്കുന്ന പാണ്ഡവരെ ജാലകത്തിലൂടെ നോക്കി കൊട്ടാരം ലേഖിക പാഞ്ചാലി യോട് ചോദിച്ചു.

“കുഴിമടിയനായ ഒരാളെ മറ്റ നാലുപേർ വളഞ്ഞു വീഴ്ത്തി, വെട്ടി, തൊലിയുരിച്ച് ചുട്ടു തിന്നും. ഒരാൾ മാത്രമാവുമ്പോൾ എന്നെ പച്ചക്ക് തിന്നും. അക്ഷയപാത്രം വയർനി റക്കുക മാത്രമല്ല ഈ വീട്ടിൽ നരഹത്യ തടയിടുന്നു എന്ന് കൂടി മനസ്സിലായല്ലോ!”,

2018/06/27

“രഹസ്യസന്തതി എന്നൊക്കെ നാം ഇക്കാലവും സംശയിച്ച കർണ്ണന്റെ പിതൃ ത്വം അപ്പോൾ ഭീഷ്മരുടെ കുതിരവണ്ടി ഓടിക്കുന്ന അതിരഥനുതന്നെ? ഔദ്യോഗിക അംഗീകാരമുള്ള വൈദ്യശാസ്ത്രജ്ഞരുമായി കൂടിക്കാഴ്ചയിൽ ഞെട്ടിപ്പിക്കുന്ന വിവര ങ്ങൾ: ഹസ്തിനപുരിയിൽ ഇന്നലെ പെയ്ത പേമാരിയെക്കാൾ ജനങ്ങളെ വലച്ചത് ‘ജനിതകധാര’ എന്ന വൈദ്യശാസ്ത്ര പരീക്ഷണശാലയുടെ ഈ വെളിപ്പെടുത്തൽ ആയിരുന്നു. ഇതിന്റെ ഉടമ വേറെ ആരുമല്ല.

“വേണ്ട ഞങ്ങൾക്ക് രാജഭരണം” എന്ന വിപ്ലവസംഘടനയുടെ ഒളിപ്രവർത്ത കൻ ചാർവാകൻ അതിരഥൻ എക്കാലവും സംശയത്തിന്റെ നിഴലിൽ ആയിരു ന്നോ? രക്തപരിശോധന നടത്തിയത് യഥാർത്ഥത്തിൽ കർണനിൽ തന്നെ ആയിരുന്നോ?, അതോ, അതിരഥന്റെ രണ്ടാമത്തെ മകനിലോ? പരീക്ഷണം നട ന്ന സമയം സൂര്യഗ്രഹണം ആയിരുന്നു എന്ന വസ്തുതക്ക് പരിശോധനഫലത്തിൽ സ്വാധീനമുണ്ടോ? സംഭവവികാസത്തെ പാണ്ഡവർ എങ്ങനെ നേരിടണം എന്നാ ണു കുന്തി പ്രതീക്ഷിക്കുന്നത്? പുതുതായി പൂക്കാരത്തെരുവുകളിലെ ചുവരുകളിലും ഇനി നിത്യവും വൈകുന്നേരം പ്രസിദ്ധീകരിക്കുന്ന ഹസ്തിനപുരി പത്രികയിൽ.

“കർണന്റെ പിതൃത്വം” എന്ന പരമ്പര നാളെ മുതൽ

2018/06/28

"കൃഷി ചെയ്തു ജീവിക്കുവിൻ എന്ന ആശീർവാദത്തോടെ, സഹോദരപുത്രന്മാർക്കു സ്വന്തമായൊരു പുരയിടമെന്ന നിലയിൽ, യമുനയുടെ തീരത്തെ ഖാണ്ഡവവനം അന്ധരാജാവ് ചാർത്തിക്കൊടുക്കുമ്പോൾ, കണ്ടുനിന്നതല്ലാതെ, കുറച്ചു പ്രതിഷേധിക്കേണ്ടതല്ലേ കൗരവർ?" കൊട്ടാരം ലേഖിക കൃപാചാര്യനോട്. ചോദിച്ചു.

"നൂറു കൗരവരും നിത്യവും പോയി ഗാന്ധാരിയോട്ട് രാജസമ്മതം കിട്ടാൻ വാശിപിടിക്കുന്ന കാലം. അവർക്കുടൻ വേണ്ടത് രാജസ്ത്രീകൾക്കു പ്രത്യേകം അരമന പണിയാൻ സംരക്ഷിതവനം മുറിച്ചു മരത്തടി വേണം. പരിസ്ഥിതി താറുമാറാക്കരുത് എന്ന മുടന്തൻ ന്യായം പറഞ്ഞു ധൃതരാഷ്ട്രർ സമ്മതിക്കാത്തപ്പോഴാണ്, ഖാണ്ഡവവനം മുറിച്ചു കൃഷിയിടം കണ്ടെത്താൻ പാണ്ഡവർക്ക് അനുമതി. ആധാരത്തിൽ രാജമുദ്ര ചാർത്തും മുമ്പ്, അച്ഛനെ കൊല്ലാൻ ദുര്യോധനൻ ഗാന്ധാരിയുടെ സഹകരണം തേടി. മദ്യത്തിൽ വിഷം കലർത്താൻ അമ്മയെ പ്രേരിപ്പിച്ചപ്പോൾ വത്സലമാതാവ് സമ്മതം മൂളി. കാഴ്ച കുറവെങ്കിലും, രാജാവ്, ഗാന്ധാരി നീട്ടിയ ദ്രാവകത്തിൽ 'ഒരെലിയെ' മണത്തു ദുര്യോധനനെ വിളിച്ചു പറഞ്ഞു, ഈ ലഘുപാനീയം ആദ്യം നീ കുടിച്ചു വേണം എനിക്ക് കഴിക്കാൻ. കൗരവൻ കുഴങ്ങി. എന്തോ മാലിന്യം കണ്ടു, മാറ്റി വേറെ കൊണ്ടുവരാം എന്ന് പറഞ്ഞപ്പോൾ, കൺകെട്ട് നീക്കി ഗാന്ധാരി സാഹചര്യത്തിന്റെ സംഘർഷം തിരിച്ചറിഞ്ഞു സമസ്താപരാധങ്ങളും പൊറുക്കണമെന്നു ഗാന്ധാരിയും മക്കളും കാലിൽ വീഴുന്നതിനു ഞാൻ സാക്ഷി. എന്നിട്ടും കൈകൾ വീശി പുറത്തുവന്ന ദുര്യോധനൻ രാജസഭയിൽ ഉച്ചത്തിൽ പറഞ്ഞു, പാണ്ഡവർക്ക് ഖാണ്ഡവവനം വിഭാവന ചെയ്യുന്നത് ഒരുത്തമ ഭാവിജീവിതമാണെങ്കിലും, അതിലോല പാരിസ്ഥിതിക പ്രദേശമെന്ന നിലയിൽ സംരക്ഷണം അർഹിക്കുന്ന ഇടമായതുകൊണ്ട്, ഹസ്തിനപുരിഭരണകൂടത്തിന്റെ ഒരു കണ്ണ് അവിടേക്കെന്നും നീളും. കാട്ട് കത്തിക്കുകയോ അവിടെയുള്ള ജീവജാലത്തിനു നാശം വരുത്തുകയോ അരുത് എന്ന നിബന്ധന അനുബന്ധമായി ചേർത്തിട്ടേ, രാജമുദ്രയുള്ള ആധാരം മന്ത്രി വിദുരർ യുധിഷ്ഠിരന് കൈമാറിയുള്ളു. തോറ്റുകൊടുക്കുന്നവനല്ല ദുര്യോധനൻ എന്ന് വ്യക്തമാക്കുന്ന ഇതുപോലെ എത്രഎത്ര സംഭവങ്ങൾ."

"ഹസ്തിനപുരി-കുരുക്ഷേത്ര ദേശീയ പാത വീതി കൂട്ടുന്ന ശ്രമദാനത്തിൽ, കിളച്ചും മണ്ണ് ചുമന്നും കൌരവർ നൂറുപേർ പണി ചെയ്യുന്നത് പോലെ അഭിനയിക്കുമ്പോൾ, അവരെ ഒന്നൊന്നായി പിന്നീട് ഓർക്കാൻ മാത്രം നിങ്ങൾ കൃത്യമായി തിരിച്ചറിയുമോ, കുരുവംശഭരണകൂടത്തിലെ എന്തുതരം കാർമികർ ആണെന്ന്? സംശയമുണ്ട് അല്ലെ? സാരമില്ല, അവരുടെ മൊത്തം പിതൃത്വം ഒന്ന്, അതാണ് ആ മുഖസാമ്യത്തിനു മിതമായ സമാധാനം. എന്നാൽ ഞങ്ങൾ അഞ്ചു പേരെ നോക്കു. ഓരോരുത്തരും ഓരോ വിധം അല്ലെ? കാരണം എന്തെന്നോ? ഒരാൾ കാലന്റെ മകനാണെങ്കിൽ ഒരാൾ ഇന്ദ്രന്റെ മകൻ. ഇരട്ടക്കുട്ടികളായ നകുലസഹദേവന്മാർക്ക് ഇരട്ടപിതൃത്വമുണ്ട്. എന്തൊരു വ്യത്യാസമാണ് ധാർതരാഷ്ട്രരും പാണ്ഡവരും തമ്മിൽ അല്ലേ?" വേട്ടമാംസം തിന്നും മദ്യം കഴിച്ചും ഭീമൻ കൊട്ടാരം ലേഖികയുമായി കൂട്ടം കൂടി. അജ്ഞാതവാസത്തിനുശേഷം വിരാടദേശത്തിൽ സൈനികസംഭരണ ചുമതലയുമായി മറ്റുനാലു പാണ്ഡവർ ചുറ്റുചുറുക്കോടെ ഓടിനടന്നു.

"നിങ്ങളുടെ പൈതൃകമായ കുരുവംശത്തിലെ നാറുന്ന കിടപ്പറക്കഥകൾ 'ഹസ്തിനപുരി പത്രിക'യുടെ മുമ്പിൽ കഴുകിയിട്ടു എന്ത് കാര്യം?" കൊട്ടാരം ലേഖികയുടെ സ്വരം കനത്തു.

“കഴുകിയതല്ലേ ഉള്ളൂ ഇനി ഉണക്കിമടക്കുന്ന കാര്യത്തിലേക്കു കടക്കാം. പന്ത്രണ്ടു കൊല്ലം കാട്ടിൽ ശിക്ഷ നേരിട്ടെങ്കിലും, പാണ്ഡവർ നിസ്സാരന്മാരല്ല എന്ന് നിങ്ങൾ ധൃതരാഷ്ട്ര അരമനയിൽ ചെന്ന് ശക്തമായി പറയണം. പത്രപ്രവർത്തകരെ രാജധർമത്തിൽ മധ്യവർത്തി ആക്കുന്ന രീതി അടുത്ത യുഗത്തിൽ സാർവത്രികമാവും എന്ന്, ഉത്തരയുമായുള്ള വിവാഹത്തിന് വന്ന അഭിമന്യു ഈയിടെ പറയുന്നത് കേട്ടു. കുറഞ്ഞ ചെലവിൽ കാര്യം നടത്തിക്കിട്ടാൻ നിങ്ങളെപോലുള്ളവർക്കു നക്കാപ്പിച്ച തന്നാൽ മതിയല്ലോ.”

2018/06/29

“ഉറക്കം വരാതെ കിടക്കുമ്പോൾ, കേൾക്കാൻ കൊതിക്കുന്ന സ്വകാര്യം?” കൊട്ടാരം ലേഖിക ചോദിച്ചു.

“ഇന്ന് മുതൽ നീ ദുര്യോധനന്റെ പുരുഷാധികാരപരിധിയിൽ വരുന്ന പെണ്ണടിമയല്ല, പൂർണസ്വതന്ത്ര എന്നാരോ വന്യഭാവനയിൽ ഉന്മാദം പടർത്തും. അതോടെ ഈ കാരാഗൃഹത്തിൽ നിന്ന് പുറത്തു ചാടി കാട്ടരുവിയിൽ സ്വർണമത്സ്യമായി ഒഴുകി രക്ഷപ്പെട്ടു വിദൂരതയിലേക്ക് പോവും.”

“അങ്ങനെ ഒഴുകിപ്പോയാൽ അനാഥരാവില്ലേ പ്രിയപാണ്ഡവർ?”, കൊട്ടാരം ലേഖിക ജാലകത്തിന് വെളിയിൽ ആയുധം മൂർച്ച കൂട്ടിക്കൊണ്ടിരുന്നവർക്ക് നേരെ വിരൽ ചൂണ്ടി.

“കൗരവഅടിമകളായി ജീവിതാവസാനം വരെ ഇവിടെ ജീവിച്ചു കുഴഞ്ഞുവീണു ആരോരുമറിയാതെ മരിക്കാം.”

“പ്രകൃതി പാണ്ഡവർക്ക് നന്മ ചെയ്യുമെന്നുറപ്പായി” പ്രശാന്തമായ ആ വസന്തകാലപ്രഭാതത്തിൽ വനാശ്രമത്തിനു പുറത്തു, മറ്റു പാണ്ഡവരും പാഞ്ചാലിയുമൊത്തു നിൽക്കുകയായിരുന്ന യുധിഷ്ഠിരൻ, ഒരു വിനോദസഞ്ചാരിയുടെ ഉന്മേഷത്തോടെ ചുറ്റും നോക്കി.

“എലിയും കുറുക്കനും ഓടുന്ന വനാശ്രമത്തിൽ പന്ത്രണ്ടു വർഷം ശിക്ഷ പ്രകൃതി തന്നെയാണോ പാണ്ഡവർക്ക് എർപ്പാടാക്കി തന്നത്?”

“സഹനത്തിന്റെ നീണ്ട പാത എന്നൊക്കെ യോദ്ധാക്കൾ പറയും. അടിമയാണെങ്കിലും ഒരുനാൾ ഞങ്ങൾ അധികാരിയാവും. അതാണ് ഖാണ്ഡവവനം കത്തിക്കുമ്പോൾ പ്രകൃതി തന്ന വാക്ക്. ഈ ദുരിതജീവിതം കുറെ ക്ഷമിക്കും. എല്ലാം ത്യാഗം എന്ന് പോലും കരുതും. ഒന്നും ഫലിക്കുന്നില്ലെങ്കിൽ, ആയുധം കയ്യിലെടുക്കും. തലകൾ സ്വാഭാവികമായും ഉരുളും.”

2018/06/30

“ഊഴം കാത്തു അവസരം കിട്ടിയ പാണ്ഡവരിലൊരാൾ പായ പങ്കിടാൻ ചങ്കിടിപ്പോടെ ഈ ഒറ്റമുറിയിൽ വരുമ്പോൾ, മറ്റു നാലു പാണ്ഡവർ നിങ്ങളിരുവരുടെ രതിസ്വകാര്യത മാനിച്ചു കുടിലിൽ നിന്ന് പുറത്തു പോവണം എന്നതല്ലേ നിലവിലുള്ള പൊതുദാമ്പത്യ പെരുമാറ്റച്ചട്ടം? അതോ അത്തരം പരിഷ്കൃത ധാരണയൊന്നും ഇല്ലേ?” കൊട്ടാരം ലേഖിക ചോദിച്ചു.

"എന്തൊക്കെ താറുമാറാക്കിയാൽ കിടപ്പു മുറിക്കകത്തെ ആൺ-പെൺ ശാരീരിക പാരസ്പര്യത്തെ കലക്കിമറിച്ച മലിനപ്പെടുത്താമോ അതൊക്കെ ബാക്കി നാലു പേരും ഒളിഞ്ഞും തെളിഞ്ഞും ചെയ്യും. അപമാനബോധതോടെ കൂട്ടുകാരനും ഞാനും രണ്ടു മൂലയിൽ കമഴ്ന്ന കിടക്കും. അസ്ത്രം മറന്നുവച്ചത് എടുക്കാൻ വന്നതാണ് എന്ന് 'നിഷ്കളങ്ക'മായി പറഞ്ഞു പാണ്ഡവരിൽ ഒരാൾ മുറിയിൽ ഇടിച്ചു കയറിയതും, 'കടക്കു പുറത്ത്' എന്ന് പറയാതെ തന്നെ, അയാൾ ഉടനടി പുറത്തു കടന്നതും ഇതുവരെ ഞാൻ മറന്നിട്ടില്ല."

"വിവാഹപൂർവസന്തതികളും വിവാഹേതര രതിയും കുരുവംശപ്പെരുമക്ക് ഒരനുബന്ധ അലങ്കാരമായി മാത്രമെന്ന് കരുതുന്ന വാണിജ്യ മണ്ഡലം ഹസ്തിനപുരിയിലുണ്ട്. അവരെ പക്ഷെ ചിന്താക്കുഴപ്പത്തിലാക്കുന്നത്, വെളുത്ത ദേവരൂപികൾ അഞ്ചു പേർ നിങ്ങൾക്കുണ്ടായിട്ടും, എന്തിനൊരു ശ്യാമ യാദവൻ? ഒന്നും വേണ്ടായിരുന്നു എന്ന് തോന്നിയോ വല്ലപ്പോഴും?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"എന്നെ കീഴ്പ്പെടുത്താനും പണയപ്പെടുത്തി അടിമയാക്കാനും പാടുപെടുന്ന കൗന്തേയർ എവിടെ, ഞാൻ ആപത്തിൽ പെടുമ്പോൾ, പടിഞ്ഞാറ് കടലോര നഗരിയിൽ എനിക്കായി സുരക്ഷിതത്വത്തിന്റെ ഒരാലില, സത്യഭാമ പോലുമറിയാതെ, മറിച്ചിടുന്ന ആ പ്രിയസുഹൃത്തെവിടെ." വനാന്തരത്തിലെ ആശ്രമമുറിയിൽ ശീതകാലസന്ധ്യയുടെ ഭീതിതമായ മൂടുപടം മുഖമടച്ചു വീണു എന്നിട്ടും, പാഞ്ചാലിയുടെ കണ്ണുകൾ തുളുമ്പുന്നത് കൊട്ടാരം ലേഖികക്ക് ഇരുളിൽ കാണാമായിരുന്നു.

2018/07/01

"ചൂതാട്ടം പരിശീലിച്ചും, കൗരവരെ പോരാട്ടത്തിൽ തോൽപ്പിക്കുന്നത് വിഭാവന ചെയ്തും, അല്ലലില്ലാതെ വ്യാഴവട്ടക്കാല ശിക്ഷ കഴിക്കുകയാണ് പാണ്ഡവർ എന്നതൊരു സാമാന്യവസ്തുതയായി ഇതിനകം കൗരവർക്കിടയിൽ പരക്കെ അംഗീകരിക്കപ്പെട്ടതല്ലേ? ഇത് മറച്ചുവച്ച് നിങ്ങൾ എന്തിനു അവരഞ്ചു പേരും നിരന്തരം തലയിൽ തുണിയിട്ട് ഹസ്തിനപുരിയിൽ രഹസ്യവിവര ശേഖരണത്തിലാണെന്ന വ്യാജവാർത്ത ആവർത്തിച്ചു വിട്ടു കൗരവരെ പ്രകോപിപ്പിക്കുന്നു?", പത്രാധിപർ അനിഷ്ടസൂചകമായ ഗോഷ്ടിയോടെ ചോദിച്ചു.

"നിങ്ങൾക്കറിയാമോ, നൂറിൽ പാതി കൗരവരും ഇപ്പോൾ ഹസ്തിനപുരിയുടെ അതിർത്തി രാജ്യങ്ങളിലേക്കുള്ള ദേശീയപാതകളിൽ കാണുന്ന കുതിരപ്പന്തികളിൽ നുഴഞ്ഞു കയറി ചാരപ്പണി നടത്തുകയാണ്. പാണ്ഡവരും അപ്പോൾ കൗരവരറിയാതെ ദിവ്യാസ്ത്രങ്ങൾ തേടി ഒളിവിൽ പോവുന്നു എങ്കിൽ എന്താണ് കുഴപ്പം. തിന്നുന്ന ചോറിനു രണ്ടു ശത്രുനിരകളും അങ്ങനെ അദ്ധ്വാനിക്കുന്നു. രാജവാഴ്ചക്കാലത്തെ പരിമിത മാധ്യമ പ്രവർത്തനത്തിൽ ഇതിൽ കൂടുതൽ ഭരണകൂടജാഗ്രത ഒരു പെൺപത്രപ്രവർത്തക എങ്ങനെ ഉറപ്പു വരുത്തും? പറഞ്ഞേക്കാം, ആണ്ടുപിറപ്പു മുതൽ വേതനസേവനപരിഷ്കരണം വേണം. ഹിമാലയത്തിലെ വനാശ്രമത്തിൽ പോയി പാഞ്ചാലിയെ അഭിമുഖം ചെയ്തു ഒരു കെട്ടു പനയോലക്കുറിപ്പുകളുമായാണ് ഞാൻ തിരിച്ചുവരുന്നത്. കൗരവ-പാണ്ഡവ പോരാട്ടത്തെക്കാൾ പൊതുസമൂഹത്തിനു താൽപ്പര്യം പാഞ്ചാലി എങ്ങനെ പാണ്ഡവരെ ഗാർഹികപീഡനത്തിലൂടെ ചില പാഠങ്ങൾ പഠിപ്പിക്കുന്നു എന്നതായിരിക്കും."

“തർക്കപിതൃത്വം തീർപ്പായില്ലെ?” കൊട്ടാരം ലേഖിക സംശയത്തോടെ നോക്കി.

“വാനപ്രസ്ഥത്തിന് പടിയിറങ്ങും മുമ്പ് മനഃസ്സാക്ഷിയെ ഉറങ്ങാൻ അനുവദിക്കണം എന്ന തോന്നലിലാണ് സത്യം വെളിപ്പെടുത്താൻ അഭിമുഖം തരുന്നത്. പാണ്ഡുവുമൊത്ത് ഞാനും മാദ്രിയും യാതന അനുഭവിക്കുന്ന കാലം. കായികക്ഷമതയോ ഇച്ഛാശക്തിയോ ഇല്ലാത്ത ദുർബലനായ പാണ്ഡു, പരുക്കൻ തറയിൽ പായ വിരിച്ച് കിടന്ന ഓർമ്മ. ഞങ്ങൾ രണ്ടു യുവതികൾ മാതൃത്വം എന്ന പെണ്ണവകാശത്തിനു വേണ്ടി വഴി നോക്കുകയാണ്. സമീപത്തെ സന്യസ്ഥാശ്രമങ്ങളിൽ സേവനമുണ്ടായിരുന്നത് കൊണ്ട് ആശ്രമാചാര്യനുമായി അടുത്തു. സഹായം ആശ്രമത്തിൽ നിന്ന് കിട്ടി. അവിടെ പോവുന്നതിനിടയിൽ അരുതാത്തതെന്തോ സംഭവിച്ചു എന്ന തിരിച്ചറിവിൽ, പിറ്റേന്ന് പോവാതെ വീട്ടിലിരിക്കുമ്പോൾ. ആശ്രമത്തിൽ നിന്നൊരു ‘ഹംസം’ ‘ഉടൻ വരൂ’ എന്ന സന്ദേശം കൈമാറി. വഴങ്ങി യില്ലെങ്കിൽ ‘ആചാര്യസംയോഗം’ പൊതുസമൂഹം അറിയുമെന്ന ഭീഷണിയിൽ ഞങ്ങൾ മടി വിട്ടു വീണ്ടും അയാൾക്ക് വഴങ്ങി. വിശ്വസ്ത അനുയായികൾക്കും ഞങ്ങൾക്കു മേൽ അധിനിവേശം ഉണ്ടായി എന്നതൊരു അനുബന്ധ വസ്തുത. ഒന്നും ഞങ്ങൾ മറച്ചുപിടിക്കുന്നില്ല. മാദ്രിയും ഞാനും ഈ പീഡന ആശ്രമ പർവ്വം പാണ്ഡുവിനെ അറിയിച്ചത് സ്വാഭാവികമായും, വേറൊരു വിധത്തിലായി പോവുമല്ലോ. കുട്ടികളില്ലാതെ മരിച്ചുപോയാൽ കുരുവംശചരിത്രത്തിൽ നിന്ന് നാം എന്നെന്നേക്കുമായി തുടച്ചുമാറ്റപ്പെടുമെന്ന ഓർമ്മപ്പെടുത്തലിൽ, വിവാഹബാഹ്യസ്രോതസ്സുകൾ വഴിയെങ്കിലും ബീജസംഭരണത്തിലൂടെ മാതൃത്വം സാധ്യമാക്കു എന്നു ഞങ്ങളോട്ട് പാണ്ഡു കെഞ്ചുന്ന അവസ്ഥയുണ്ടായി. ഗർഭ പാത്രത്തിന്റെ നിലവിളി പാണ്ഡു കേൾക്കുന്നില്ലെങ്കിൽ, പട്ടിണിക്കിട്ടു കൊല്ലാൻ പദ്ധതിയിട്ടതോന്നും വേണ്ടി വന്നില്ല. കാര്യം നയതന്ത്രത്തിലൂടെ നേടിയെടുത്ത ഞങ്ങൾ കുളിച്ചു പൂ ചൂടി സന്യസ്ഥ ആശ്രമങ്ങളിൽ നിത്യസന്ദർശകരായി ആചാര്യനെയും അനുയായികളെയും നിയന്ത്രിത രതിലീല വഴി കീഴ്പ്പെടുത്തി വരച്ച വരയിൽ വീഴ്ത്തി. ഞാൻ മൂന്നു പ്രസവിച്ചു. മാദ്രി കുറച്ചു വൈകി രണ്ടും. ആചാര്യന്റെ ആത്മീയപിന്തുണയോടെ, മനുഷ്യനേത്രങ്ങൾക്കു പിടികിട്ടാത്ത അതീതശക്തികളാണ് പാണ്ഡവരുടെ പിതാക്കൾ എന്നൊരു കെട്ടുകഥ സമർത്ഥമായി പൊതുമണ്ഡലത്തിൽ പാവനമായി എത്തിച്ചു. ആശ്രമാചാര്യന്റെ ആദ്യപീഡനശ്രമത്തെ ഞങ്ങൾ, പെണ്ണവകാശമായ ആസ്വാദനരതിയിലേക്കും, പാവനമായ മാതൃത്വത്തിലേക്കും പരിവർത്തിച്ചു കഴിഞ്ഞശേഷം പാണ്ഡുവിന് മരിക്കാൻ നേരിയ തോതിൽ ബലപ്രയോഗവും ഞങ്ങൾ ഏറ്റെടുത്തു. ഭൂതകാലത്തിലെ ഈ സത്യം ഈ കുമ്പസാരത്തിലൂടെ ആരാധകരെ അറിയിക്കുന്നതിൽ ആശ്വാസമുണ്ട്. ഇനിയെനിക്ക് തലമുണ്ഡനം ചെയ്തു വനവാസത്തിനു തയ്യാറെടുക്കണം. വിട.”

“കയർത്ത് സംസാരിക്കുമോ പാഞ്ചാലി?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. വനവാസക്കാലം.

“ഞങ്ങൾ ചെയ്യേണ്ട പണി ഏൽപ്പിച്ചപ്പോഴൊന്നും കയർത്തില്ല. അടിമ എന്ന നിലയിൽ അവൾ കാര്യക്ഷമതയോടെ ചെയ്യും. എന്നാൽ ആശ്രമങ്ങളിൽ നിന്ന് ജൈവമാലിന്യം ശേഖരിച്ചു ദൂരെ കുഴി കുത്തി മൂടി വരുമ്പോൾ, വെയിൽ പൊങ്ങി മേലാകെ മലിനമായി ക്ഷീണിച്ചു വിയർത്തിരിക്കും. ഞങ്ങൾ ഉറക്കമുണർന്ന് തണലിൽ, ഇടക്കിടെ അക്ഷയപാത്രത്തിൽ കയ്യിട്ടുവാരി കളിക്കുകയാവും. അത്

കണ്ടാൽ അവളുടെ മുഖപേശികൾ കനക്കും നോട്ടം പിശകാകും ഒച്ച മാറും വിരൽ ചൂണ്ടും. ഒന്നും ചെയ്യാൻ ഇല്ലെങ്കിൽ ദിവ്യാസ്ത്രം സംഘടിപ്പിക്കണം, യുദ്ധമാണ് വരാനുള്ളത്. എന്നവൾ എന്നോട് ആജ്ഞാപിക്കും പിന്നെ കുന്നിറങ്ങി താഴെ ജലാശയത്തിലേക്കു കുളിക്കാൻ പോവും മുമ്പ് 'അമ്മാ അമ്മാ' എന്ന് പൊട്ടിക്കരയും. അതൊന്നും കണ്ടു കേട്ടു എന്നു നടിക്കാതെ ഞങ്ങൾ തീറ്റയും കളിയും തുടരും."

2018/07/02

"ദുര്യോധനൻ പ്രതിസ്ഥാനത്തു നിൽക്കുന്നു എന്ന് കണ്ണും ചെവിയുമുള്ള കൗരവസ്ത്രീകൾ ആണയിടുമ്പോൾ, കൊട്ടാരഭരണത്തിന്റെ ചുമതല നൽകി അയാളെ തിരിച്ചു കൊണ്ടുവരണമെന്ന് വാദിക്കുന്നതിന്റെ പൊരുൾ?" കൗരവസഹോദരിയും, സൈന്ധവനാടുവാഴി ജയദ്രഥന്റെ ഭാര്യയും, ഹസ്തിനപുരി വനിതാവകാശ സമിതിയുടെ അധ്യക്ഷയുമായ ദുശ്ശളയോട് കൊട്ടാരം ലേഖികചോദിച്ചു.

"വാർത്ത വരുന്നതെല്ലാം വാസ്തവ വിരുദ്ധമാണ്. ഇരട്ടപൗരത്വമുള്ളതു കൊണ്ട് ഞാനിടക്ക് സൈന്ധവത്തിൽ നിന്നിവിടെ വന്നു വനിതാവകാശ പരാതികളിൽ ശ്രദ്ധിക്കുമെങ്കിലും, എന്നോട് സംരക്ഷണം തേടുകയോ പ്രതീക്ഷിക്കുകയോ ചെയ്യുന്ന 'ഇന'മല്ല ദുര്യോധനൻ. ഇന്നലെ രാജസഭകൂടി. പിതാമഹൻ നിസ്സാരകാര്യങ്ങൾ കെട്ടിപ്പൊക്കി ഗൗരവത്തിൽ സംസാരിക്കുമ്പോൾ, ഞങ്ങൾ തലതാഴ്ത്തി. യോഗം അവസാനിക്കാറായ സമയത്ത് ഇനി ചോദ്യങ്ങൾ ബാക്കിയുണ്ടോ എന്ന് വേദിയിലുള്ള വിദുരർ ആരാഞ്ഞു. സ്വാഭാവികമായും ദുര്യോധനന്റെ കാര്യത്തിൽ എല്ലാവർക്കും ആകാംക്ഷ ഉണ്ടായിരുന്നു. എന്നാൽ എഴുന്നേറ്റുനിന്നു ചോദിക്കാൻ വയ്യ.

പമ്പാനദീ തീരത്തു പർണശാലകെട്ടി ജീവിക്കുന്ന ദുര്യോധനനെ ദൂതനെ വിട്ടു കൊണ്ടുവന്നു കിരീടാവകാശിയും സർവ്വാധികാരിയുമായി തിരിച്ചെടുക്കുന്നുണ്ടോ എന്നൊക്കെ അറിയാൻ താൽപര്യവും അവർക്കുണ്ടായിരുന്നു. എന്നാൽ ഈ പറയുന്ന കൗരവസ്ത്രീകൾ ആർക്കും ഭീഷ്മരെ നോക്കി ചോദിക്കാൻ ധൈര്യമുണ്ടായില്ല. ദുര്യോധനനെ അധികാരവഴിയിലേക്കു തിരിച്ചെടുക്കാൻ യോഗത്തിൽ ഞാൻ ആവശ്യപ്പെട്ടിരുന്നെന്ന വാർത്ത ശരിയാണ്.

എനിക്ക് മാത്രമാണ് ധൈര്യമുണ്ടായത്. വീട്ടിലെ ഒരംഗം രണ്ടു ദിവസം കാണാതിരുന്നാൽ അവൻ മടങ്ങി വരുമോ എന്ന ആശങ്ക നമുക്കൊക്കെ സ്വാഭാവികമാണ്. അത്തരത്തിലുള്ള സംശയമാണ് എന്റെ ഭാഗത്തു നിന്നുണ്ടായത്. കുരുവംശകുടുംബ യോഗത്തിലെ തീരുമാനങ്ങളെന്ന നിലയിൽ പുറത്തു വരുന്ന വാർത്തകളിൽ പലതും വാസ്തവ വിരുദ്ധമാണ്. ലൈംഗികാക്രമണത്തെ അതിജീവിച്ച മുൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിക്കൊപ്പമാണ് ഞാൻ. ദുര്യോധനന്റെ കാര്യത്തിൽ മഹാരാജാവിന്റെ (ഭീഷ്മരുടെ എന്നല്ല ഞാൻ പറഞ്ഞത്) അന്തിമ തീരുമാനം എന്താണെന്ന് അറിയാൻ താൽപര്യമുണ്ടെന്ന എന്റെ ചോദ്യത്തെ കയ്യടികളോടെയാണ് കൗരവസ്ത്രീകൾ സ്വീകരിച്ചത്. വൈകുന്നേരം ചേരുന്ന നിർവാഹക സമിതി യോഗത്തിൽ ഇക്കാര്യം തീരുമാനിക്കാമെന്ന മറുപടി വിദുരിൽ നിന്ന് ലഭിച്ചു. നാലുപേർ പ്രക്ഷോഭത്തിലാണെന്ന വാദം തർക്കത്തിന് സമ്മതിച്ചാൽ പോലും, തൊണ്ണൂറ്റി ആറ് പേരും (ഞാൻ രേഖ പരിശോധിച്ചു) ആദ്യാവസാനം അവിടെ

ഉണ്ടായിരുന്നു. അവർക്കില്ലാത്ത അന്തഃസംഘർഷം പിന്നെ ഈ നാലുപേർക്കെന്തിന്? എന്നൊന്നും ഞാൻ ചോദിക്കുകയില്ല. കാരണം, അവസാനത്തെ പ്രതിഷേധസ്വരത്തിനും പൂർണശ്രദ്ധ കൊടുക്കുന്ന രീതിയാണ് ഞങ്ങൾ തക്ഷശിലയിൽ പഠിച്ചത്. വനവാസത്തിനു പോയി എന്ന് ഞാൻ പാഞ്ചാലിയെ വിഭാവന ചെയ്യുന്നില്ല. സുഖവാസത്തിനു പോയി എന്നാണ്. അവർ ഇപ്പോൾ വീടുവച്ച ഇടങ്ങളൊക്കെ ഞങ്ങൾ പോയി കണ്ടതാണ്. വേനൽക്കാല സുഖവാസത്തിനു ദുര്യോധനൻ പണിത ആഡംബരവസതിയാണ് പാഞ്ചാലിക്ക് വിട്ടു കൊടുത്തത്. ഒന്നും വാർത്തയിൽ ചോർന്നു പോകരുത്. അഞ്ചു തടിമാടന്മാർക്കു മൂന്നു നേരം ഭക്ഷണം പാചകം ചെയ്യുക വിളമ്പുക ഇച്ചിൽ കഴുകുക വിറകു കത്തിപ്പിടിപ്പിക്കുക തുടങ്ങി ഒരു പരിഷ്കൃതവനിത വെറുക്കുന്ന തീൻശാലദുരിതത്തിൽ നിന്ന് പാഞ്ചാലിക്ക് മോചനമായി ദുര്യോധനൻ സമ്മാനമായി അക്ഷയപാത്രം കൊടുത്തതും വാർത്തകളിൽ പൊലിപ്പിച്ചു കാണുന്നില്ല. തമസ്കരണം അരുത് അതൊരു നല്ല വാർത്താ പരിചരണ രീതിയല്ല.

“അഴുക്കൊക്കെ കലത്തിൽ ഇട്ടുകൊണ്ട് പോവുന്ന ആ ഭംഗിയുള്ള സ്ത്രീ ആരാണമ്മാ?”, വിടർന്ന കണ്ണുകളുള്ള കുട്ടി ചോദിച്ചു.

“അതൊരു അടിമയാണ് മോനേ. യുവരാജാവ് ദുര്യോധനൻ പന്ത്രണ്ടു കൊല്ലത്തെ കഠിനശിക്ഷ കൊടുത്തിരിക്കയാണ്”, അമ്മ ആശ്വസിപ്പിച്ചു.

“ഇങ്ങനെ മാലിന്യം ചുമക്കുന്ന അടിമയാവാൻ എന്ത് തെറ്റ് ആ സ്ത്രീ ചെയ്തു, അമ്മാ?”, കുട്ടി ചോദിച്ചു.

“ലഹരിയിൽ ഭർത്താക്കന്മാർ അവളെ കൗരവരുമായി രാജസഭയിൽ പരസ്യരതിക്ക് നിർബന്ധിച്ചപ്പോൾ, അവൾ എതിർക്കാതെ നിന്ന് കൊടുത്തതിനു നീതിമാനായ ദുര്യോധനൻ കൊടുത്ത മാതൃകാപരമായ ശിക്ഷ.”

“കൈ വിറച്ചില്ലേ മനുഷ്യാ, കൗമാര അഭിമന്യുവിന്റെ നെഞ്ചിൽ കൊടുവാൾ കുത്തിയിറക്കുമ്പോൾ?” കൊട്ടാരം ലേഖിക കർണനോട് ചോദിച്ചു. കുരുക്ഷേത്ര പതിമൂന്നാം ദിവസം.

“നിങ്ങൾ കാര്യമറിയാതെയാണ് എന്നെ മാത്രം പ്രതിയാക്കുന്നത്. കൗരവരുടെ കുത്തും ചവിട്ടുമേറ്റ ഈ കുഞ്ഞു നിലത്തുവീണിട്ടും, ശത്രുക്കളാൽ ചവിട്ടിമെതിക്കപ്പെടുന്നത് കണ്ടപ്പോൾ ‘അവന്റെ ജന്മം അവസാനിപ്പിക്കൂ’ എന്ന് പെറ്റതള്ള സുഭദ്രയുടെ യാചന കേട്ട പോലെ തോന്നി. ആ വ്യാകുലമാതാവിന്റെ ആജ്ഞ അനുസരിച്ചു ഞാൻ അഭിമന്യുവിന്റെ ദുരിതശരീരത്തെ എന്നെന്നേക്കുമായി നിശ്ചലമാക്കി.”

2018/07/04

“തിമിർപ്പിലാണല്ലോ പാണ്ഡവരിപ്പോൾ ഊട്ടുപുരയിൽ. ഏതോ ദരിദ്ര ഹസ്തിനപുരി കർഷകന്റെ വിത്ത് കൊള്ളയടിച്ചാണവർ ഇന്ന് അക്ഷയപാത്രം നിറച്ചിരിക്കുന്നത്. പത്തു കൈകളും മത്സരക്ഷമതയോടെ ഭക്ഷണം വാരി അഞ്ചു വായകളിൽ നിറക്കുമ്പോൾ, നിങ്ങൾ ഇവിടെ ഒറ്റക്കു അത്താഴപട്ടിണി, ഇതെന്താ ഭക്ഷണവിതരണത്തിൽ ഈ പ്രത്യക്ഷ അസമത്വം?” കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

"കർഷകരുടെ വിത്തുപെട്ടി മോഷ്ടിക്കുന്ന ആ പാപക്കനിയിൽ എനിക്ക് പങ്കില്ലെന്ന് ഉടയോൻ ദുര്യോധനൻ എന്നോ എനിക്ക് ഉറപ്പു നൽകിയിരുന്നു. അത് കൊണ്ടാണെനിക്ക് അത്താഴപ്പട്ടിണി. യുധിഷ്ഠിരൻ വിങ്ങിപ്പൊട്ടുമ്പോലെ അത് കൗരവർ എനിക്ക് തന്ന ശിക്ഷയല്ല പാണ്ഡവർക്കെതിരെ എന്റെ പ്രതിരോധമാണ്. കർഷകനറിയാതെ ചോർന്ന വിത്ത് പാണ്ഡവർ വേവിച്ചു തിന്നുന്ന പോലെ പട്ടിണി കിടക്കുന്ന പെണ്ണിന്റെ മേനിയും തേയ്മാനവും അവർ തന്നെ വീതിച്ചെടുക്കട്ടെ."

"വിത്ത് മോഷ്ടിച്ചിട്ടാണ് അക്ഷയപാത്രം നിറക്കുന്നതെന്നു പാഞ്ചാലി പറയുന്നതിൽ കാര്യമുണ്ടോ? 'പാപക്കനി'യിൽ പങ്കുവേണ്ടെന്നു വച്ചാണ് അത്താഴപ്പട്ടിണിയുമായി അന്തിയുറങ്ങുന്നത് എന്നവകാശപ്പെടുന്നുണ്ടല്ലോ?" നകുലനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഈ 'പാത്രം' വിസ്മയമാണ്. കയ്യിട്ടു നോക്കൂ: ഒഴിഞ്ഞപാത്രം? ഞാൻ കയ്യിട്ടാൽ? അപ്പവും വീഞ്ഞും. മനസ്സിലായല്ലോ എന്താണ് ദിവ്യാത്ഭുതമെന്ന്? പാഞ്ചലിക്കത് വ്യക്തമാവാത്തതിന് കാരണമുണ്ട്-കൗരവസ്ത്രീകൾക്കു കഴിക്കാൻ ധൃതരാഷ്ട്രർ സ്വന്തം ശ്രമത്തിൽ വാങ്ങിക്കൊടുത്ത ഉണക്കപ്പഴങ്ങൾ ദുര്യോധനൻ ആശ്രമം വഴിപാഞ്ചാലിക്കെത്തിച്ചു കൊടുക്കും. അത് കഴിക്കുന്നവൾ 'അക്ഷയപാത്ര'ത്തിലെ 'ഇച്ചിലി'ൽ എന്തിനു കയ്യിട്ടുവാരണം?"

"സങ്കീർണമാണ് രാഷ്ട്രീയം എന്ന് അറിവുള്ളവർ നെറ്റിചുളിച്ചു പറയുന്നു. തൽപരകക്ഷിയല്ലേ നിങ്ങളും?" കൊട്ടാരം ലേഖിക കൃപാചാര്യനോട്ട് ചോദിച്ചു. ഹസ്തിനപുരി കൊട്ടാര ഊട്ടുപുര, മുയലിറച്ചിയും വീഞ്ഞുമായി എളുപ്പം പുറത്തിറങ്ങാവുന്ന ഇടത്തിൽ ഇരുന്നു. അരമണിക്കൂറിനകം രാജസഭ സമ്മേളിക്കും. ആസന്ന യുദ്ധത്തെ കുറിച്ചറിയിപ്പുകൾ പ്രതീക്ഷിക്കും.

"എനിക്കറിയാവുന്ന ഈ ലോകം ലളിതമായിരുന്നു. നന്മതിന്മകളാൽ നേർവരയിട്ടു വേർതിരിച്ച കൂട്ടു കുടുംബം. ഞങ്ങളെ ഉന്മൂലനം ചെയ്യാൻ തിന്മ തയ്യാർ എന്നും ഇപ്പോൾ കേട്ടു. ദൂരെ വിരാടത്തിലെ ഉപപ്ലവ്യയിൽ പാണ്ഡവർ തിന്മയുമായി കൂട്ടുകൂടി ഞങ്ങളെ കൊല്ലാൻ മരകായുധങ്ങൾ സംഭരിക്കുന്നു. ആൾരൂപങ്ങളുണ്ടാക്കി കൗരവപ്രധാനികൾ എന്ന് മനസ്സാ സങ്കൽപ്പിച്ചു വാൾ ഹൃദയത്തിൽ ആഴ്ത്തി ഭീമൻ പരിശീലനം നേടുന്നു. കായ്ക്കുന്ന മരങ്ങളിലേക്കു കുന്തം എറിഞ്ഞു യുധിഷ്ഠിരൻ നൈപുണ്യവികസനത്തിൽ ശ്രദ്ധിക്കുന്നു. എല്ലാവരും തിരക്കിലാണ്. ഞങ്ങളെ കൊന്നു കുഴിച്ചുമൂടും മുമ്പ് നിങ്ങളെ വെട്ടിവീഴ്ത്തണം. കുരുക്ഷേത്രയിൽ യുദ്ധഭൂമി ഒരുക്കി ഞങ്ങൾ പാരസ്പര്യം കാത്തിരിക്കയാണ്. അവർക്കവിടെ ആയുധംവച്ച് കീഴടങ്ങാം. രക്തസാക്ഷിത്വം വരിച്ചാലും ഒരച്ഛനു ഒരമ്മയിൽ പിറന്ന കൌരവർ, വൈവിധ്യ പിതൃത്വത്തിൽ പിറന്ന പാണ്ഡവരുടെ മുമ്പിൽ മുട്ട് മടക്കില്ല."

"വസ്ത്രാക്ഷേപം ചെയ്യപ്പെടുമ്പോൾ മൂകസാക്ഷി ആയിരുന്ന പ്രമുഖരെ, വിചാരണ ചെയ്യുമെന്നു അക്കാലത്തൊരഭിമുഖത്തിൽ നിങ്ങൾ പറഞ്ഞിരുന്നില്ലേ? എന്തായി?", കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു. കുരുക്ഷേത്ര കഴിഞ്ഞു പുതുഭരണകൂടം അധികാരത്തിൽ കയറിയ നാളുകൾ.

"കാഴ്ച കണ്ടു രസിച്ചവരിൽ ജീവിച്ചിരിപ്പുള്ളത് എന്റെ ഭർത്താക്കന്മാർ മാത്രം."

“ആശ്രമങ്ങളിലെ മാലിന്യനീക്കം എന്ന എട്ടിന്റെ പണി അടിമപ്പെൺ പാഞ്ചാലിക്ക് ഉടയോൻ ദുര്യോധനൻ കൊടുത്തു എന്നൊക്കെ പതിവായി അഭിമുഖങ്ങളിൽ കേൾക്കുന്നതതിൽ എന്തെങ്കിലും കാര്യമുണ്ടോ? നിങ്ങളൊക്കെ സ്വാശ്രയശീലരല്ലേ? മുൻ ചക്രവർത്തിനിയല്ലേ പാഞ്ചാലി? നിങ്ങളുടെ ജൈവമാലിന്യം സംസ്കരിക്കേണ്ടത് അവളാണോ? പാണ്ഡവർ വരാറില്ലേ?” പാണ്ഡവർ ശിക്ഷ അനുഭവിക്കുന്ന വനമേഖലയിലെ സന്യാസാശ്രമങ്ങളുടെ സംഘടനകാര്യദർശിയായ യോഗിനിയോട് ഹസ്തിനപുരി പത്രിക ലേഖിക ചോദിച്ചു. പ്രഭാഷണം കഴിഞ്ഞു ആരാധകർക്ക് ദർശനം നൽകുകയായിരുന്നു ആ സുന്ദരി.

“കർത്തവ്യബോധത്തോടെ നിത്യവും വന്നു പാഞ്ചാലി ശുചിമുറി മാലിന്യം നീക്കുമെങ്കിലും, പാണ്ഡവർ പതിവ് സന്ദർശകർ അല്ല. നകുലൻ ചിലപ്പോൾ പാഞ്ചാലിയുടെ കൂട്ടാളിയായി വരുമായിരുന്നു. ആശ്രമവാസികളിൽ ആരാണ് ദുര്യോധനന്റെ ചാരൻ എന്നയാൾക്ക് അറിയാമെന്നു തോന്നിയപ്പോൾ, വിവരം അറിയിക്കേണ്ടവരെ ഞങ്ങൾ അറിയിച്ചു. അടിമകളുടെ ഉടയതമ്പുരാൻ ദുര്യോധനൻ ഉണ്ടോ അടങ്ങുന്നു, ആശ്രമങ്ങളിൽ നിന്ന് ജൈവമാലിന്യ ശേഖരണം തുടർന്നും പാഞ്ചാലിയുടെ ചുമതല ആണെങ്കിലും, കുഴിച്ചു മൂടേണ്ട പണി നകുലനു നൽകി ഹസ്തിനപുരിയിൽ നിന്ന് ഉത്തരവായി. ഇപ്പോൾ ഞങ്ങളെ കണ്ടാൽ നകുലൻ പല്ല് ഞെരിക്കും. പാണ്ഡവർ അധികാരം പിടിച്ചടക്കിയാൽ മതേതരരാജ്യമായി ഹസ്തിനപുരിയെ ഔദ്യോഗികമായി പ്രഖ്യാപിച്ച്, രാഷ്ട്രീയം കളിക്കുന്ന ആശ്രമങ്ങൾക്ക് ധനസഹായവും സുരക്ഷയും നിർത്തുമെന്ന് ഞങ്ങളെ ഇടക്കൊക്കെ വിരലുയർത്തി ഭീഷണിപ്പെടുത്തും.”

“അതൃപ്തിയവൾക്കുണ്ടെങ്കിലും, പിറുപിറുക്കുന്നതോ പ്രാകുന്നതോ കാണേണ്ടി വന്നിട്ടില്ല. അതൊക്കെ നോക്കുമ്പോൾ പാഞ്ചാലിയെ കുലീനപെരുമാറ്റത്തിന്റെ പേരിൽ മഹത്വപ്പെടുത്തേണ്ടതല്ലേ?”, ഇഷ്ടമാംസദൗർലഭ്യം കാരണം കാട്ടുകിഴങ്ങു മാന്തിയെടുക്കുന്ന ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ആദ്യരാത്രി മുതൽ കിടപ്പറയിൽ രണ്ടുപേരിലധികം കിടക്കാൻ പായിലിടമില്ലെന്നു പറഞ്ഞു അധികപ്പറ്റായ നാലുപേരെ വിരൽ ചൂണ്ടിപുറത്തു ചാടിക്കാൻ ഞങ്ങൾക്ക് നേരെ വാക്ക് കൊണ്ടും ശരീരം കൊണ്ടും അതിരുവിട്ട അവഹേളനമാണവൾ ചൊരിഞ്ഞത്. അതിന്റെ ‘കുലീനത’യെ കുറിച്ചൊന്നും കുത്തിക്കുത്തി ചോദിക്കരുതേ. ദാമ്പത്യജീവിതത്തിൽ ദുരിതങ്ങൾ ഞങ്ങൾക്കുണ്ടായത് പാഞ്ചാലിയുടെ പരുക്കൻ പരിചരണം കൊണ്ടായിരുന്നു എന്ന് പറഞ്ഞാൽ നിങ്ങൾ, അവളുടെ മുഖമെത്ര ഓമന എന്ന് തിരിച്ചു മന്ത്രിക്കും. കാട്ടിൽ വളർന്ന പാണ്ഡവർക്കവൾ തന്ന അവമതി ഉള്ളിൽ അടക്കി ജീവിക്കാമെങ്കിൽ ‘പരിഷ്കൃതവനിത’ പാഞ്ചാലിയുടെ ഹൃദയന്തരാളത്തിൽ ഞങ്ങളഞ്ചുപേർക്കായി വിഷസഞ്ചി തുന്നാനാണോ പാട്? കാടായ കാടൊക്കെ എന്നെ ഓടിപ്പിച്ചു കൊണ്ടുവന്ന കല്യാണസൗഗന്ധികത്തെ കുറിച്ച് നിങ്ങൾ ചോദിച്ചാൽ ഇടനെഞ്ചിലെ പളുങ്കുപാത്രം പൊട്ടിച്ചിതറും.” മണ്ണുകുതിർന്ന തടിച്ച കൈപ്പത്തികൾ കൊണ്ട് ഭീമൻ വിതുമ്പി.

2018/07/06

“ചൂതാട്ടം നിയമവിധേയമാക്കുമെന്നോ? പതിമൂന്നു കൊല്ലം മുമ്പ് ആനപ്പുറത്തു ആട്ടം കാണാൻ വന്ന നിങ്ങൾ രാത്രി കഴിഞ്ഞപ്പോൾ അടിമകളായി കാട്ടിലേക്ക്

പോവേണ്ടിവന്ന ശപിക്കപ്പെട്ട ആ കളി, ദുര്യോധനഉത്സാഹത്തിൽ പിൽക്കാലത്തു നിരോധിച്ചതു് അന്നെത്ര പ്രശംസിച്ചതാണ് ചാർവാകനുൾപ്പെടുന്ന പ്രബുദ്ധ പൊതുസമൂഹം?” കൊട്ടാരം ലേഖിക പാണ്ഡവ വക്താവിനെ നേരിട്ടു.

“അതിവൈകാരികത! ഇതാണ് മാധ്യമപ്രവർത്തകരുടെ തകരാറ്. ഉചിതമല്ല ചൂതാട്ടം എന്നതൊരു പുതുനിരീക്ഷ ണമൊന്നുമല്ല-പരിഷ്കൃതസമൂഹം ചൂതാട്ടത്തെ കാണേണ്ടതു്, ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിക്ക് ഉടുതുണി നഷ്ടപ്പെട്ടുവോ നഗ്നപാദനായി യുധിഷ്ഠിരൻ വനവാസത്തിനു പോവേണ്ടി വന്നുവോ എന്നൊന്നും കൊട്ടാരകഥകൾ നോക്കിയിട്ടല്ല. സ്വത്തുള്ളപ്പോൾ ഉള്ളതു് പണയം വച്ചും സ്വത്തുപോയാൽ ഭാര്യയെ പണയം വച്ചും കളിക്കും. ഇല്ലാത്തവർ സ്വത്തുകൈമാറ്റം കണ്ടാസ്വദിക്കും. ഭരണകൂട സൗകര്യങ്ങൾ വരിനിന്നും അവകാശ മായും വേതനമായും കൈപ്പറ്റുന്നവർക്കു ചൂതാട്ടത്തിനു യോഗ്യതയില്ല എന്ന് നിബന്ധനവക്കുന്നതോടെ ഒഴിവാവില്ലേ ഞാനും നിങ്ങളും ഉൾപ്പെടുന്നൊരു വൻകൊള്ള സംഘം?”

2018/07/07

“ആശ്രമത്തിനോട് ചേർന്ന ശുദ്ധജലസ്രോതസ്സുകളിൽ ജൈവമാലിന്യസാന്നിധ്യം കണ്ടെത്തിയ വിവരം ആളെ വിട്ടു് ദുര്യോധനനെ അറിയിച്ചു. ഹസ്തിനപുരിയിൽ നിന്ന് വിദഗ്ധസംഘം ഉടൻ അന്വേഷണത്തിന് വരുമെന്നാണ് കേട്ടതു്”, മുനിപദവിയിലേക്ക് നീങ്ങുന്ന ആശ്രമ അന്തേവാസി പറഞ്ഞു. സ്വന്തമായി വിളവുണ്ടാക്കുന്ന ആശ്രമപരിസരത്തു നടക്കുമ്പോൾ ചുമലിൽ മൺവെട്ടിയുണ്ടായിരുന്നു.

“നിങ്ങൾക്കൊക്കെ സംസ്കരിച്ചുകൂടെ ശരീരവിസർജ്യം? ദൂരെ ഹസ്തിനപുരിയിൽ നിന്ന് ഹിമാലയത്തിലേക്ക് ആൾ വരണോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“അടിമപാഞ്ചാലി ചെയ്യേണ്ട ജോലി സന്യസ്ഥാശ്രമ അന്തേവാസികൾ ചെയ്താൽ കുരുവംശസംരക്ഷണയിൽ കഴിയുന്ന ആശ്രമങ്ങളിൽ തൊഴിൽവിഭജനത്തിന്റെ പൊരുളെന്തു്? പൊതുജനങ്ങളുടെ ജൈവമാലിന്യസംസ്കരണം ക്ഷേമരാഷ്ട്രത്തിന്റെ ഉത്തരവാദിത്വമാണ്. ആശ്രമ സമുച്ചയത്തിലാണെങ്കിൽ സുരക്ഷിതമായും കാര്യക്ഷമവുമായും നീക്കേണ്ടതു് ഭരണകൂടശിക്ഷ അനുഭവിക്കുന്ന അടിമ പാഞ്ചാലിയാണ്. ഇതിലൊക്കെ എന്താ ഒരു തർക്ക പ്രശ്നം? ആത്മീയതയിലും ഞാനൊക്കെ അധ്വാനിക്കുന്നില്ലേ? പാഞ്ചാലി കുറച്ചു കാലമായി ഇവിടെ വരാറില്ല. ഇതു് കരാർ ലംഘനമാകുന്നു. കൂടുതൽ തർക്കത്തിന് നിങ്ങൾ വന്നാൽ ദുര്യോധനന് പരാതി അയക്കും. ആർക്കറിയാം നിങ്ങളും ജൈവമാലിന്യം കുടത്തിൽ സംഭരിച്ചു ദൂരെ കൊണ്ടുപോയി കുഴിവെട്ടി മൂടേണ്ട അടിമയാവും.”

“കൊന്നു ചോരയൂറ്റിക്കുടിച്ചു ജഢം വലിച്ചുകീറി നീ വേർപെടുത്തി, അല്ലേ ഭീമാ?” കൺകെട്ടില്ലാത്ത ഗാന്ധാരി വിതുമ്പുന്നതു കൊട്ടാരം ലേഖിക തൊഴിൽപരമായ ജിജ്ഞാസയോടെ നോക്കി.

“ചൂതാട്ടസഭയിൽ ഉടുതുണി നഷ്ടപ്പെട്ട പാഞ്ചാലി നിന്നനിൽപ്പിൽ ശപഥം ചെയ്താൽ വേറെ തരമുണ്ടോ അമ്മാ? പൂചൂടാൻ കാടായ കൊടുംകാട്ടിൽ തപ്പിക്കൊണ്ടുവരേണ്ട കല്യാണസൗഗന്ധികമായാലും, മുടിയിൽ തേക്കാൻ കൗരവനെഞ്ചിലെ ചുടു ചോരയായാലും, അവൾ ചോദിച്ചതു് കൊണ്ട് വന്നു കൊടുത്തല്ലേ പറ്റൂ”,

കൊച്ചു കുഞ്ഞിനെ പോലെ മഹാറാണിയുടെ വാത്സല്യത്തിനായി ഭീമൻ കൈകൾ വിടർത്തി.

2018/07/08

“നിന്ന് തിരിയാൻ ഇടമില്ലാത്ത ഈ വനാശ്രമത്തിൽ, ഇവരഞ്ചുപേർ രാവുപകൽ ഇവിടെ ചടഞ്ഞുകൂട്ട മ്പോൾ, എങ്ങനെ കൈകാര്യം ചെയ്യും ഗാർഹിക വിരസത?”, കൊട്ടാരം ലേഖിക ചോദിച്ചു.

“പറഞ്ഞു പറഞ്ഞു ഇന്ന് കിട്ടി ഭീമന്റെ പണി. ഒരു പൂവിന്റെ പേർ പറഞ്ഞു, അതും കൊണ്ട് തിരിച്ചുവന്നാൽ മതി എന്ന് ഞാൻ ചൂണ്ടുവിരൽ ചുണ്ടിൽ വച്ചു. ഉടൻ പടിയിറങ്ങിയ ആ മന്ദബുദ്ധി കാടിളക്കി വേരോടെ ചെടിയ ടക്കം പറിച്ചു കൊണ്ട് വരുമ്പോഴേക്കും ദിവസങ്ങൾ കഴിയും.” ഭാര്യയെ പ്രീതിപ്പെടുത്താൻ ഓരോ വഴിക്ക് രാവിലെ തന്നെ പാണ്ഡവർ പോയിരുന്നെങ്കിലും, പാഞ്ചാലി നന്നേ തിരക്കിലായിരുന്നു മനസ്സിനകത്തും പുറത്തും.

2018/07/09

“കൗരവരാജവിധവകളെ പാതിരാകുടിയൊഴിപ്പിക്കലിലൂടെ പുകച്ചുപുറത്തു ചാടിച്ച ഈ നൂറോളം ആഡംബരവസതികളെ എന്ത് ചെയ്യാനാണ് ഭാവം?” കൊട്ടാരം ലേഖിക വിജനമായ കോട്ടക്കകത്തേക്കു നോക്കി തലയിൽ കൈ വച്ചു.

“യുദ്ധസ്മാരകം ആക്കണ്ടേ? ഭാവിയോടു നമുക്ക് പലതും പ്രവചനസ്വരത്തിൽ പറയാനില്ലേ? നിക്ഷിപ്ത കുടുംബതാൽപ്പര്യമുള്ള വ്യാസന്റെ എല്ലാം അങ്ങനെ തുറന്നു പറയാൻ ആവുമോ?” ഭരണകൂടവക്താവ് നകുലന്റെ ശബ്ദത്തിൽ അക്ഷമ കലർന്നു.

2018/07/10

“ആണുങ്ങൾ അഞ്ചു പേരും. പതിനെട്ടുനാൾ യുദ്ധം ചെയ്തു ഹസ്തിനപുരി കോട്ട പിടിച്ചെടുത്തു അധികാരത്തിൽ കയറിയതോടെ നിങ്ങൾ മഹാറാണി പട്ടം തേടാൻ പാണ്ഡവരിൽ മാനസികസമ്മർദ്ദം വഴി കാര്യം നേടി എന്നാണ കൊട്ടാരം നിരീക്ഷകനായ ചാർവാകൻ പറയുന്നത്. അന്തഃപുരത്തിൽ യുധിഷ്ഠിരൻ ഉൾപ്പെടെ ഒരാണിനും മുൻകൂർ അനുമതിയില്ലാതെ പ്രവേശനം അരുതെന്നും നിങ്ങൾ കാവൽക്കാർക്കു കൽപ്പന കൊടുത്തെന്നും കേട്ടു ഞെട്ടിയിരിക്കുകയാണ് പ്രഭുക്കളും ഭൃത്യരും. ഏതറ്റം വരെയും പോകും സ്വന്തം ആവശ്യങ്ങൾ നേടാൻ എന്നാണോ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. ദുര്യോധനവിധവയും മറ്റു കൗരവരാജവിധവകളും കുടിയൊഴിഞ്ഞു പോയിട്ടും അതിഥിമന്ദിരത്തിൽ തന്നെയായിരുന്നു പുതിയ മഹാറാണി. അത് ഭരണകൂടത്തിന് എന്തോ സന്ദേശം ആണെന്ന് തോന്നി.

“എന്നെ മഹാറാണിയാക്കി മൂലയിൽ ഒതുക്കിയവരെയാണോ നിങ്ങൾ നിർലജ്ജം പ്രതിരോധിക്കുന്നത്? മഹാരാജാവിന്റെ തല മൂത്ത ഭാര്യക്ക് കിട്ടുന്ന ഔദാര്യം മാത്രമായ മഹാറാണി പദവി ആർക്കുവേണം? ശാരീരികമായോ മാനസികമായോ എന്തെങ്കിലും സമ്മർദ്ദം ചെലുത്തിയിട്ടാണോ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി

പദവിയും പന്ത്രണ്ടുവർഷ അടിമപദവിയും എനിക്ക് കിട്ടിയത്? ഞാൻ പ്രതീക്ഷിക്കുന്നത്, കുരുവംശാധിപയായി സിംഹാസനത്തിൽ ഇരുന്നു കല്ല് പിളർക്കുന്ന രാജകല്പനകൾ കൊടുക്കാനുള്ള പരമാധികാരമാകുന്നു. അത് നേടിയെടുക്കാൻ ഈ അഞ്ചു ആണുങ്ങൾ വഴിതുറക്കുന്നില്ലെങ്കിൽ ഹസ്തിനപുരി കോട്ടയ്ക്കകം, പറഞ്ഞേക്കാം, വീണ്ടും ഒരു കുരുക്ഷേത്രയാവും."

"കൃഷിയൊക്കെ എങ്ങനെ? വിളവെടുപ്പ് കഴിഞ്ഞു ധാന്യപ്പുരയൊക്കെ നിറഞ്ഞോ?" കൊട്ടാരം ലേഖിക ഗ്രാമ മുഖ്യനോട് ചോദിച്ചു. ഗ്രാമീണഹസ്തിനപുരിയുടെ വാമൊഴി അവൾക്കു ശ്രദ്ധിച്ചു കേൾക്കേണ്ടിവരും അർത്ഥം ഏതാണ്ട് വ്യക്തമാവാൻ.

"ഇത്തവണ വിത്തിനു കിട്ടി. അടുത്ത വിളക്ക് പ്രകൃതിശക്തികൾ തുണച്ചാൽ ഭാഗ്യം. ഗംഗയിൽ ഒഴുക്കുള്ളതുകൊണ്ടെന്തു മെച്ചം, കൃഷിയിടങ്ങളിലേക്ക് വഴിതിരിച്ചുവിടാൻ ആളില്ലെങ്കിൽ. കഴിഞ്ഞ കൊയ്ത്തുൽസവത്തിനു ഭരണകൂട ഭീകരർ വന്നു വിളവിന്റെ മൂന്നിൽ രണ്ടുഭാഗം യുദ്ധച്ചെലവിനെന്നു പറഞ്ഞു തട്ടിയെടുത്തു. പോവുമ്പോൾ എന്റെ രണ്ടു ആൺകുട്ടികളെയും ബന്ദികളാക്കി. സേനാപതികളുടെ ആയുധം മിനുക്കാനാണെന്നു പറഞ്ഞു. ആരും മടങ്ങിവന്നില്ല. ഏതോ ഒരു സ്ത്രീയും അഞ്ചു പെൺകോന്തന്മാരായ ആണുങ്ങളും ചേർന്ന് പഴയ രാജാവിനെ ചതിച്ചു കാട്ടിലേക്കയച്ചു എന്നൊക്കെ ഈ വഴി പോവുന്ന കച്ചവടക്കാർ പിറുപിറുക്കുന്നതു കേട്ടവരുണ്ട്. യുദ്ധം ആരാണ് ജയിച്ചത് ഇപ്പോൾ ആരാണ് ഭരണകൂടം എന്നൊന്നും ഞങ്ങൾക്കാർക്കും അറിയില്ല. ഉഴവുകാളകളെ അവർ തീൻ ശാലയിലേക്കെന്നു പറഞ്ഞു കൊണ്ടുപോയതുകൊണ്ട് ഞാനും പെൺമക്കളും വേണ്ടിവന്നു കൃഷിയിടം വിതയോഗ്യമാക്കാൻ. കുറച്ചു കരിമ്പുനീർ തരട്ടെ?'

"ഇതിനകം 'ഹസ്തിനപുരി പത്രിക'യുടെ ചുവരെഴുത്തുകളിൽ പ്രസിദ്ധീകരിച്ച പാഞ്ചാലിയുമായുള്ള എന്റെ അഭിമുഖങ്ങളിൽ നിന്ന് പൊതുസമൂഹം പാണ്ഡവരെ കുറിച്ച് വായിച്ചെടുക്കുന്ന ഒരു കാഴ്ചപ്പാട് വ്യക്തമാണ്. പ്രീണിപ്പിക്കാനും പ്രലോഭിപ്പിക്കാനും നിങ്ങളഞ്ചുപേർ തലകുത്തി ശ്രമിച്ചിട്ടും, അണുവിട വിട്ടുതരാതെ അവൾ നിങ്ങളെ അടിമപ്പണി ചെയ്യിക്കുന്നു എന്ന ഖേദം നിഴലിക്കുന്നുണ്ടോ ഇന്നും മനസ്സിൽ?"

കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. നായാട്ടിൽ സ്വയം തലക്കടിച്ചു വീഴ്ത്തിയ കാട്ടുപോത്തിന്റെ തോലുരിക്കയായിരുന്നു വൃകോദരൻ.

"വനവാസക്കാലത്തു പാണ്ഡവരിൽ പൊട്ടിമുളച്ച വിഷബീജമല്ല പെണ്ണാഭിമുഖ്യം. ദാമ്പത്യബാഹ്യമായി ഞങ്ങളെല്ലാം ഓരോ വഴിയിൽ പോയി കാലാകാലങ്ങളിൽ പരസ്ത്രീബന്ധം പുലർത്തി എങ്കിൽ, കുടണയുക എന്നതൊരു പതിവാണ്. ഇതൊരു ദൗർബല്യമായി ഹസ്തിനപുരി പ്രബുദ്ധസമൂഹം കാണുന്നു എന്നാണോ നിങ്ങൾ പറഞ്ഞുവരുന്നത്? എന്നാൽ ഞങ്ങൾക്കതൊരു ഹരവും കൂടിയാണ്. ഇനി എന്നെക്കുറിച്ചു പറഞ്ഞാൽ, ഒരു കയ്യിൽ ഗദയും മറുകയ്യിൽ കല്യാണസൗഗന്ധികവുമായി പ്രിയപ്പെട്ടവളെ തേടി ഓടിക്കിതച്ചു വരുന്നതിലൊരു സമാനതയില്ലാത്ത

പ്രണയതീവ്രതയുണ്ട്, പുരുഷവൈവിധ്യതലഭ്യതയാൽ രതിയിൽ പാഞ്ചാലി ചിലപ്പോഴെങ്കിലും നിസ്സംഗത കാണിച്ച എന്നതാണോ നിങ്ങൾ ഇത്ര ദൂരം ഹസ്തിനപുരിയിൽ നിന്ന് പദയാത്ര ചെയ്തുവന്ന നേടിയ ദാമ്പത്യരഹസ്യം?" പിടക്കുന്ന ആ മൃഗശരീരത്തിൽ നിന്ന് തോൽ ഇരുകൈകളും കൊണ്ട് ഭീമൻ ആഞ്ഞുവലിച്ചപ്പോൾ മൃഗത്തിൽ നിന്നുയർന്ന നിലവിളിയിൽ കൊട്ടാരം ലേഖിക ഒന്ന് നടുങ്ങി.

2018/07/12

"പിന്നിൽ നടന്ന പാഞ്ചാലി വഴിയിൽ കുഴഞ്ഞുവീണു മരിച്ചതൊന്നും നിങ്ങൾ അറിഞ്ഞില്ലേ? വനവാസികളുടെ സഹായംകൊണ്ട് തീ കൂട്ടി കഷ്ടിച്ച് ദഹിപ്പിക്കാനായി. കൂടെപൊറുത്തവളെ വെറുക്കാൻ കാരണം വല്ലതും?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ച മറ്റ നാലു പാണ്ഡവരുമൊത്ത് അരുവിക്കരികെ വിശ്രമിക്കുകയായിരുന്ന അന്തിമപദയാത്രികർ.

"യുദ്ധം ജയിച്ച കോട്ടപിടിച്ച 'ഹസ്തിനപുരി മഹാരാജാവ്' എന്ന നിലയിൽ അധികാരമേറ്റെടുത്ത അന്ന് എന്റെ ആദ്യത്തെ ഔദ്യോഗിക ഉത്തരവ് "ചൂതുകളി നിയമവിരുദ്ധം" എന്ന് രാജമുദ്ര ചാർത്തി പ്രഖ്യാപിക്കുകയായിരുന്നു '. രാത്രി കിടപ്പറയിൽ എത്തിയപ്പോൾ ഒരഭിനന്ദനം ന്യായമായും പ്രതീക്ഷിച്ചു. 'കളിക്കേണ്ട വിധത്തിൽ ചൂതും യുദ്ധവും കൃഷ്ണൻ കളിച്ചുകാണിച്ചില്ലേ' അരികെ കിടന്ന പാഞ്ചാലിയുടെ മുഖഭാവം ഇരുട്ടിൽ എനിക്ക് കാണാൻ ആയില്ലെങ്കിലും, ആ വാക്കുകൾ പാഞ്ചാലി ഉച്ചരിച്ച വിധം, അത് ഇനി മറക്കുകയില്ല എന്ന് ആ മുഹൂർത്തത്തിൽ എനിക്ക് ഞാൻ വാക്കു കൊടുത്തു. ഇന്ന് വാക്കു പാലിച്ചു."

"വേട്ടമൃഗങ്ങളെപോലെയാണ് കൗരവർ പാഞ്ചാലിയുടെ മേൽ ചാടിവീണതെന്നു നിങ്ങൾ നിരീക്ഷിച്ചതായി കേട്ടപ്പോൾ ഒന്ന് ഞെട്ടാനാണ് തോന്നിയത്. പിതാമഹന്റെ മഹനീയ സാന്നിധ്യത്തിലായിരുന്നില്ലേ കൗരവരുടെ കുപ്രസിദ്ധ കള്ളച്ചൂതു അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുത്തത്? അപ്പോൾ ആ സന്ധ്യയിൽ വേട്ടമൃഗങ്ങൾക്കു പകരം കൗരവർ ആശ്രമമൃഗങ്ങൾ ആയിരുന്നോ? സിംഹാസനത്തിൽ നിവർന്നിരിക്കുമ്പോഴൊന്നും തോന്നാത്ത നീതിബോധം എങ്ങനെ നീണ്ടുമലർന്നു ശരശയ്യയിൽ കിടക്കുമ്പോൾ ഉണ്ടായി?" കൊട്ടാരം ലേഖിക ചോദിച്ചു. യുധിഷ്ഠിരനൾപ്പെടുന്ന പാണ്ഡവസംഘം ഭീഷ്മരിൽ നിന്ന് രാഷ്ട്രതന്ത്രത്തിൽ ബാലപാഠങ്ങൾ നേടിയ ശേഷം ഹസ്തിനപുരി യിലേക്കു മടങ്ങാൻ പുറത്തു കുരുക്ഷേത്ര മൈതാനത്തു തയ്യാറെടുക്കുന്ന ഇടവേള.

"ചൂതാട്ടദിനത്തിൽ കളിയുടെ ചട്ടപരിപാലനത്തിന്റെ പരിമിത ഉത്തരവാദിത്വം മാത്രം ധൃതരാഷ്ട്രർ എനിക്ക് തന്നപ്പോൾ, നീതിബോധത്തിന്നവിടെ എന്ത് പ്രസക്തി. ഞാൻ അൽപ്പവസ്ത്ര എന്ന് ദ്രൗപദി ഒരു താക്കീതു പോലെ പറഞ്ഞപ്പോൾ, അതൊരു പ്രലോഭനമായെടുത്ത കൗരവരുടെ പ്രതികരണത്തിൽ കണ്ടത് പരിഷ്കൃത സമൂഹത്തെയല്ല പ്രാകൃതബല പ്രയോഗത്തെ ആയിരുന്നു എന്ന അർത്ഥത്തിൽ വേട്ടമൃഗപ്രയോഗം എന്ന് ഞാൻ ആലങ്കാരികമായി പറഞ്ഞത് നിങ്ങൾ മുഖവിലക്കെടുത്തു. ഇത്രയൊക്കെ നിങ്ങൾ ഭാഷ ഉപയോഗിച്ചിട്ടും ആശയവിനിമയ സാമഗ്രികൾ എത്ര അപര്യാപ്തം."

“നിരനിരയായുള്ള ദാമ്പത്യബാഹ്യബന്ധങ്ങളിൽ ആദ്യത്തെ ‘വിശിഷ്ടാതിഥി’ എന്ന് കരുതപ്പെടുന്ന കാലനറിയാമായിരുന്നോ വിവാഹപൂർവ്വരഹസ്യ ബന്ധത്തിലെ ആ ‘പകൽവെളിച്ചങ്ങളുടെ തമ്പുരാ’നെ കുറിച്ച്?”, കൊട്ടാരം ലേഖിക കുന്തിയോട്ട് ചോദിച്ചു. അർഹിക്കുന്ന രാജമാതാപദവി പാണ്ഡവരിൽനിന്ന് കിട്ടാതെ തന്നെ, കാട്ടുജീവിതത്തിലേക്കു പോവാൻ ഒരുങ്ങുകയായിരുന്നു പാണ്ഡുവിധവ.

“കർണ്ണന്റെ അച്ഛനെ കുറിച്ചു മാത്രമായിരുന്നില്ല, പാണ്ഡുവിന്റെ കായിക ക്ഷമതയെയും കുറിച്ചായിരുന്നു അന്വേഷണം. അതൃപ്തിസൂചകമായി, ഇരുവരെയും കുറിച്ച് ഊർജ്ജസ്വലയായ ഒരാതിഥേയർക്കു സാധിക്കുന്ന വിധം, എന്നാൽ സൂചനകളിൽ മാത്രം പിടിച്ചു തൂങ്ങി പ്രതികരണം ഞാൻ പരിമിതപ്പെടുത്തിയപ്പോൾ, വാഹന മൃഗത്തെ പുറത്തുകെട്ടി അതിഥി അകത്തു പ്രവേശിച്ചു നീണ്ടകയർ പാണ്ഡുവിന്റെ കാഴ്ചവെട്ടത്തിലിട്ടു ഉട്ടു തുണിയൂരും മുമ്പെന്നെ നേരിയ തോതിൽ അഭിനന്ദിച്ചു. പുലർച്ചയോടെ പടിയിറങ്ങും മുമ്പ് അർത്ഥഗർഭമായ രീതിയിൽ വാക്കുകൾ ഉച്ചരിച്ചു എന്നെ അനുഗഹിച്ചു, നീ ഗർഭം ധരിക്കുന്ന കുഞ്ഞു വിശ്വപ്രസിദ്ധനാവും, സത്യം പറയുന്നവനെന്ന ഖ്യാതി നിലനിൽക്കുമ്പോഴും പെരുമാറ്റകാപട്യത്തെ ഭാര്യ മാത്രം അഭിമുഖങ്ങളിൽ തുറന്നു കാട്ടും. നിർണായക ജീവന്മരണ പോരാട്ടങ്ങളിൽ, വിശ്വാസ്യതക്ക് കോട്ടം വരാതെ അർദ്ധസത്യം പറഞ്ഞു മുഖ്യശത്രുക്കളെ കൊല്ലാൻ അനുകൂല സാഹചര്യം ഒരുക്കും. മറ്റാർക്കും ലഭിക്കാത്ത വിധം ധർമ്മപുത്രർ എന്ന് മാനിക്കപ്പെടും.”

“ഇവിടെ അടിസ്ഥാന സൗകര്യമുണ്ടായിട്ടും, അഞ്ചു ആൺകുട്ടികളെയും ദൂരെ പാഞ്ചാലയിൽ കൊണ്ടു പോയി പാർപ്പിക്കാൻ എന്തായിരുന്നു പ്രകോപനം, അഥവാ പ്രചോദനം?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ട് ചോദിച്ചു. കൗരവക്ഷണമനുസരിച്ച് ഹസ്തിനപുരിയിലേക്കു ചൂത് കളിക്കാൻ തയ്യാറെടുക്കുകയിരുന്നു ഇന്ദ്രപ്രസ്ഥത്തിൽ പാണ്ഡവർ.

“അനാഥകുട്ടികൾ എന്നു വിളിച്ചു പാഞ്ചാലി അവരെ ഞങ്ങൾക്ക് മുമ്പിൽ നിർത്തി ദ്രോഹിക്കും. സഹിക്കാനാവാതെ ഞങ്ങൾ ഒന്ന് ഇടപെട്ടാൽ, തുറിച്ചു നോക്കി ചൂണ്ടുവിരൽ കണ്ണിനു നേരെ നിർത്തി അവൾ ഞങ്ങളെ നിശ്ശബ്ദരാക്കും.”

2018/07/13

“ഇന്ന് രാജസഭയിൽ മഹാരാജാവ് യുധിഷ്ഠിരൻ അവതരിപ്പിക്കുന്നത് നിർദ്ധിഷ്ട ചൂതാട്ടനിരോധന നിയമമാണല്ലോ. ഈ തെറ്റുതിരുത്തൽ ഒരു നല്ല മാതൃക എന്ന തിരിച്ചറിവുണ്ടോ?” കൊട്ടാരം ലേഖിക കൃപാചാര്യനോട്ട് ചോദിച്ചു. ആകെയുള്ള ഒരു വിദ്യാർത്ഥി പരീക്ഷിത്തിന് ആദ്യാക്ഷരം പറഞ്ഞുകൊടുക്കാൻ പാടുപെടുകയായിരുന്നു ആ ചിരഞ്ജീവി.

“അതിനു മുമ്പ് വേണ്ടിയിരുന്നത് വിവാഹബാഹ്യബന്ധങ്ങൾ മുൻകാലപ്രാബല്യത്തോടെ നിയമവിധേയമാക്കണം എന്ന കുന്തിയുടെ നിർദ്ദേശമല്ലേ? വിമതബുദ്ധിജീവി ചാർവാകൻ തരം കാത്തിരിക്കയല്ലേ പാണ്ഡവരുടെ പാണ്ഡുപിതൃത്വം കുന്തി കെട്ടിച്ചമച്ച കഥ എന്ന് തെരുവിൽ ആളെക്കൂട്ടി കൊട്ടിഘോഷിക്കാൻ? ആരോപണത്തിന് കരുത്തുപകരാൻ കൗരവരാജവിധവകൾ നൂറുകണക്കിന് ‘കരിനാവ്’കൾ തെരുവിൽ ഇറക്കുമെന്നാണ് കേട്ടത്. കുന്തിയുടെ വാക്കല്ലാതെ പാണ്ഡ

വപിതൃത്വം ഔദ്യോഗികമാക്കാൻ ആധികാരികതയുള്ള രേഖയൊന്നുമില്ല. കുഴഞ്ഞു വീണ്ട മരിച്ച പാണ്ഡു, മരണപത്രമെഴുതി മക്കളിൽ കുരുവംശരാജപദവിയുടെ ഒസ്യത്തൊന്നും അയൽപക്ക സന്യസ്ഥരുടെ സാന്നിധ്യത്തിൽ ഒപ്പിട്ടുമില്ല. ചൂതാട്ടത്തിനു ആരും വന്നില്ലെങ്കിലും യുധിഷ്ഠിരനെ 'അനധികൃതൻ' എന്നാക്ഷേപിച്ച് താഴെയിറക്കാൻ ദരിദ്രചാർവാകൻ മതി."

"എന്തൊരു പൊളിച്ചടക്കലാണ്. സ്ത്രീത്വത്തെ അപമാനിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവർ കൗരവർ എന്ന് വിദുരർ പറഞ്ഞതിൽ കാര്യമുണ്ടെന്നു വ്യക്തം. പുരുഷൻ പിഴച്ചതിനു അവളെ അടിമയായി രാജമുദ്ര ചാർത്തി കാട്ടിലേക്കയക്കുന്നു, ആൺസാന്നിധ്യം മാത്രമുള്ള സന്യസ്ഥാശ്രമങ്ങളിൽ ചെന്ന് മാലിന്യം പെറുക്കി മൺകലത്തിൽ സംഭരിച്ച് തലച്ചുമടായി ദൂരെ കൊണ്ടുപോയി കുഴികുത്തി സ്വയം സംസ്കരിക്കണം. ഇത് മത്സ്യകന്യക സത്യവതി സ്ഥാപിച്ച പുതുരാജവംശമോ, അതോ കുരുപ്പ് ബാധിച്ച കുരുവംശമോ? ഏതാണ്ട് ഈ അർത്ഥം വരുന്ന, എന്നാൽ മുഷ്ക്കുള്ള ശരീരഭാഷയിൽ ചാർവാകൻ തെരുവായ തെരുവോക്കെ കൂട്ടം കൂട്ടുന്നത് ചാരൻ വഴി അറിഞ്ഞില്ലേ? അതോ അടഞ്ഞുപോയോ കൗരവനാവ്?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"ഭാര്യയും പത്തു കുട്ടികളും ഒരു നേരത്തെ അന്നം കൊണ്ടുവരുമെന്ന് കരുതി വലിയൊരു ഭിക്ഷാപാത്രം കൊടുത്തു നിത്യവും ചാർവാകനെ യാത്രയാക്കുന്നത് കാണേണ്ട കാഴ്ചയാണ്. അവനവന്റെ വയർ യാചനകൊണ്ട് നിറച്ചുകിട്ടിയാൽ, രാജഭരണത്തെ അവഹേളിക്കുന്നത് ശീലമാക്കിയ ചാർവാകൻ സ്വന്തം വീട്ടിൽ ഇന്നും സ്വേച്ഛാധിപതി. ഉടുതുണി നഷ്ടപ്പെട്ട പാഞ്ചാലിയെ പട്ടുവിരിച്ച സിംഹാസനത്തിൽ ഇരിക്കാൻ ഓരം ചേർന്നിരുന്ന പാതിയിലധികം ഇടം നൽകിയവനാണ് ദുര്യോധനൻ. അവൾക്കു കിട്ടിയ അടിമശിക്ഷ സത്യവതി മഹാറാണിയായിരുന്നപ്പോൾ എഴുതിയുണ്ടാക്കിയ ചട്ടമനുസരിച്ച് ഭീഷ്മർ വിധി പറഞ്ഞതും. ഇനി മാലിന്യനീക്കം- അത് പാണ്ഡവർ പാഞ്ചാലിക്ക് പുറം കരാർ കൊടുത്തതല്ലേ. ഇപ്പോൾ പാണ്ഡവരുടെ ജോലി ഞാൻ സമ്മാനിച്ച അക്ഷയപാത്രത്തിൽ കയ്യിട്ടുവാരി മൂന്നു നേരം വയർ നിറക്കുന്ന യജ്ഞവും", പിതൃമാതാവായ അംബികയുടെ സ്മരണക്കായി അന്തഃപുരത്തിന് മുന്നിൽ ഔഷധസസ്യത്തോട്ടത്തിന്റെ ആദ്യഘട്ട നിർമ്മിതിയിലായിരുന്നു വെയിൽ കൊണ്ട് വിയർത്തിരുന്ന കിരീടാവകാശി.

2018/07/14

"നേരമിരുട്ടുമ്പോഴാണോ ചുടിക്കട്ടിലിലിരുന്നു കയറിന്റെ ബലം പരീക്ഷിക്കുന്നത്? എന്താ, നാളെ നന്നേ രാവിലെ മരം മുറിക്കുന്ന പണിയുണ്ടോ?" അന്തിയുറങ്ങാൻ വഴിയമ്പലം തേടുകയായിരുന്ന കൊട്ടാരം ലേഖിക, വൃദ്ധകർഷകന്റെ ഇരുപ്പിൽ പന്തികേട് തോന്നിയപ്പോൾ നടത്തം നിർത്തി. ഹസ്തിനപുരി ഗ്രാമത്തിൽ, പുറം വാതിലുകൾ അടഞ്ഞു കിടന്ന ആ വീട് അമംഗളകരമായ വിധത്തിൽ നിശബ്ദമായിരുന്നു.

"നിങ്ങൾ ആരാണ് എന്നെനിക്കറിഞ്ഞു കൂടാ, കണ്ടാൽ ഒരു യക്ഷിക്കുട്ടിയുടെ സൗന്ദര്യമുണ്ട്. ഈ കയർ? മുറിക്കാനുള്ള മരത്തിൽ കെട്ടാനല്ല, എന്റെ ജീവനൊടുക്കാൻ മക്കൾ തന്നതാണ്. യാത്രാമൊഴി പറഞ്ഞു അവർ നേരത്തെ വിളക്കണച്ച

കിടന്നു. കർഷകാൽമഹത്യക്കു നഷ്ടപരിഹാരമായി വിധവക്കും മക്കൾക്കും ഭരണകൂടം ധനസഹായം നൽകും എന്നു യുവരാജാവ് ദുര്യോധനൻ പറഞ്ഞത്, വീട്ടിലെ ആവർത്തനച്ചെലവിനു നാണ്യക്ഷാമം നേരിടുന്ന കൊച്ചുമക്കൾ ഒരു സാധ്യതയായി കണ്ടു. ഭരണകൂടസഹായത്തിനു തടസ്സം ഉണ്ടാക്കുന്ന ഒന്നും നിങ്ങൾ, പ്രിയ യക്ഷിക്കുട്ടീ, നാളെ ഗ്രാമപ്രധാനു മുമ്പിൽ മൊഴി കൊടുക്കരുത്." കുരുക്കിട്ട കയർ വരണമാലയായി കഴുത്തിലണിഞ്ഞു കർഷകൻ സാവധാനം എഴുന്നേറ്റ് വീടിനു പിന്നിലെ മരത്തിലേക്ക് കാൽ മുന്നോട്ടു വച്ചു.

"ഉത്തരയെ വിവാഹം കഴിക്കുന്ന അഭിമന്യു കീചക കൊലയാളിയുടെ അനുജന്റെ മകനെന്ന രഹസ്യം നേരത്തെ അറിയാമായിരുന്നു, അല്ലേ?", ഉത്തരാ സ്വയംവരത്തിൽ സാഹചര്യം ഒത്തുവന്നപ്പോൾ കൊട്ടാരം ലേഖിക വിരാടരാജ്ഞി സുദേഷ്ണയോട് ചോദിച്ചു.

"ആ 'കൊലയാളി' നേരിട്ട് വിവാഹനിശ്ചയത്തിൽ വന്നു ഉത്തരക്കു മധുരം കൊടുക്കുമ്പോൾ 'എന്നെ അറിയാമോ നിന്റെ മാതൃസഹോദരന്റെ ഘാതകൻ എന്ന് കൊട്ടാരവാസികൾ ആരോപിക്കുന്ന ഭീമൻ' എന്ന് കൊച്ചുകുട്ടിയുടെ നിരപരാധിത്വത്തോടെ പറഞ്ഞപ്പോൾ ഉത്തര മാത്രമല്ല ഞങ്ങളെല്ലാം പൊട്ടിച്ചിരിച്ചുപോയി. നിങ്ങൾ ഞങ്ങളുടെ അരമന തീൻശാലയിലെ മിടുക്കൻ പാചകക്കാരനല്ലേ എത്ര രുചിവിഭവങ്ങൾ വാത്സല്യത്തോടെ വാരിക്കോരി നിങ്ങൾ വിളമ്പിയത് ഞങ്ങൾ കഴിച്ചു രസിച്ചു എന്നവൾ ഭീമന്റെ കൈ പിടിച്ചു ചോദിച്ചപ്പോൾ, സംഘർഷം അയഞ്ഞു. കീചകവധം നാടൊട്ടുക്ക് കാണപ്പെടുന്ന ഒരസ്വഭാവിക മരണമെന്നതിൽ കവിഞ്ഞൊന്നും അല്ലെന്നു ഞങ്ങൾക്കപ്പോൾ ബോധ്യമായി. നമ്മുടെ സമൂഹത്തിന്റെ പ്രശ്നമാണത് അപലപിക്കാൻ നമുക്കെന്നും കുറ്റവാളി വേണം. കീചകൻ മരിച്ചുകിടക്കുന്ന നൃത്തമണ്ഡപത്തിൽ പോയി കണ്ടപ്പോൾ ആ മുഖത്ത് കൊലയുടെ കറുത്ത പാടല്ല കണ്ടത് പ്രണയത്തിന്റെ പാരവശ്യം. ആരെയാണ് ആ അവിവാഹിതയുവാവ് മോഹിച്ചിരുന്നതെന്നോ? അസ്വാഭാവികമെന്നു പറയും മുമ്പ് ഒരു നിമിഷം ഈ സൽക്കാരത്തിൽ ഏതു വസ്തുങ്ങളാണ് എനിക്കുവേണ്ടി എന്റെ പ്രിയ തോഴി സൈരന്ധ്രി ഒരുക്കിയിരിക്കുന്നതെന്ന് ഒന്ന് ചോദിക്കട്ടെ."

"ഞാനും യുദ്ധകാര്യലേഖകനും കൂടി രാവിലെ മുതൽ കുരുക്ഷേത്ര ചുറ്റിനടന്നു കണ്ടു. എത്ര സൂക്ഷ്മമായ അടിസ്ഥാനസൗകര്യനിർമ്മിതി എന്ന് വിസ്മയിക്കാതെ മടങ്ങിവരാനാവില്ല. അപ്പോൾ നിങ്ങൾ യുദ്ധം ചെയ്യാൻ തന്നെ ഉറച്ചു? അക്ഷരാർത്ഥത്തിൽ ഒരു മഹാഭാരതയുദ്ധം തന്നെ അല്ലേ, എത്രയെത്ര ഭാഷകൾ സംസ്കാരങ്ങൾ?" കൊട്ടാരം ലേഖിക യുദ്ധഭൂമിയിലേക്ക് ഒന്നു കൂടി വിശാലമായി കണ്ണോടിച്ചു നോക്കി ദുര്യോധനനോട് ചോദിച്ചു. ഇരുവശത്തും നേരത്തെ വന്നു ചേർന്ന സൈന്യങ്ങളുടെ പാളയങ്ങളിൽ ഒരു ഗ്രാമീണ ഉത്സവത്തിന്റെ ശമിക്കാത്ത ആരവം നിറഞ്ഞിരുന്നു. ഹേമന്തത്തിലെ സൂര്യൻ മാത്രം പുകമറക്കുള്ളിൽ ഒളിഞ്ഞു.

"ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിത്തരുന്ന വിധം ഫലപ്രദമായ യുദ്ധവിജയത്തോടെ നിലവിൽ വരുന്ന സമാധാനകാലം-ആ സാധ്യതയാണെന്നെ അസ്വസ്ഥനാക്കുന്നത്."

"നിരുപദ്രവ പരാമർശം മഹാരാജാവ് യുധിഷ്ഠിരനെ കുറിച്ചെന്തെങ്കിലും ചെയ്താലുടൻ കാണാം, നിങ്ങളുടെ തടിച്ചുരുണ്ട വലതുകൈ പെട്ടെന്നൊരു ഗദ പോലെ മാരക പ്രഹരശേഷിയുള്ള ആയുധമായി ഉയർന്നു പേടിപ്പിക്കുന്നത്. ഇത്രയും ആക്രമ

ണവാസന നിങ്ങൾക്കെങ്ങനെ നിലനിർത്താനാവുന്നു? അതും ജീവിതസായാഹ്ന ത്തിൽ പരിത്യാഗിയാവേണ്ട ഈ അവസ്ഥയിൽ?" ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു. വ്യാസന്റെ ആരണ്യപർവ്വം ആദ്യകരടു കിട്ടിയതിന്റെ പനയോലപ്പതിപ്പ് പാടുപെട്ടാണെങ്കിലും വായിച്ചർത്ഥമറിയാനുള്ള വെമ്പലിലായിരുന്നു അർത്ഥസാ ക്ഷരൻ എന്ന് സ്വയം പരിചയപ്പെടുത്തുന്നതിൽ യുവത്വത്തിൽ ആനന്ദം കണ്ടെത്തി യിരുന്ന വൃകോദരൻ.

"ആഹ്ലാദവഴികൾ അയാൾ അടച്ചത്, ചൂതാട്ടസഭയിൽ അടക്കിനിർത്താനാവാ ത്ത ദുരഭിമാനം കൊണ്ടായിരുന്നു. ഒരു നേരം മൃഗമാംസം പോലും തലയിൽ തുണി യിട്ടു അയൽപക്ക സന്യസ്ഥരുടെ വളർത്തുമൃഗങ്ങളെ കട്ടു കൊണ്ട് പോയി രാത്രി വെട്ടിക്കൊന്നു ഞാൻ ഒറ്റയ്ക്ക് ചുട്ടുതിന്നേണ്ടി വന്നു. അത്രയും ദുരിതമയമായ പന്ത്രണ്ടു വർഷ വനവാസത്തിലും മഹാരാജാവ് എന്ന് ഉപചാരത്തോടെ അഭിസംബോധന ചെയ്യാൻ അയാൾ എന്നോടാവശ്യപ്പെട്ടു. ഒരു വട്ടം കൂടി അയാളെ പറഞ്ഞുപറ്റിച്ച് ചൂതാട്ടത്തിൽ തോൽപ്പിക്കണമെന്നുണ്ട്. അതിനു ഞാൻ ദുര്യോധനന്റെ ആത്മാവി നെ ആഭിചാരത്തിലൂടെ തിരിച്ചുപിടിക്കും എന്നിട്ടു എന്നിൽ ആവാഹിക്കും യുധിഷ്ഠി രൻ എല്ലാം പണയപ്പെടുത്തി ഒടുവിൽ പാഞ്ചാലിയെ പണയപ്പെടുത്താൻ വാതുറ ക്കുമ്പോൾ ഞാൻ അയാളെ ആഞ്ഞടിച്ചു മലർത്തിക്കിടത്തി നെഞ്ചിൽ കയറി കുന്തി ച്ചിരുന്നു ഇരുകൈകളും ആ കഴുത്തിൽ മുറുക്കി നേർക്കുനേർ ഒരു കീചകവധം കൂടി ചെയ്തട്ടഹസിക്കും. പിന്നെ പാഞ്ചാലി എനിക്ക് മാത്രം സ്വന്തമാവും, ഞങ്ങൾ രാജാ വും രാജ്ഞിയുമാവും." മറ്റുനാലു പാണ്ഡവരും പാഞ്ചാലിയും ഒരു ചിത്തഭ്രമക്കാരനെ യെന്നപോലെ നോക്കിയും മുഖം വീർപ്പിച്ചും ഭീമന് ചുറ്റും കൂടി. അവരെ ശ്രദ്ധിക്കാ തെ ഭീമൻ രണ്ടാംകീചകവധത്തിന്റെ സൂക്ഷ്മവിശദാംശങ്ങൾ ഒരു കൊച്ചുകുട്ടിയുടെ കൗതുകത്തോടെ ഒന്നൊന്നായി കൊട്ടാരം ലേഖികയോടെ പറയാൻ തുടങ്ങി.

2018/07/15

"അന്തഃപുരസമുച്ചയത്തിലെ സ്വകാര്യ വണക്കമന്ദിരത്തിൽ കൗരവരാജവിധവ കൾ മുഖ്യപുരോഹിതനെ വിശ്വാസത്തോടെ എല്പ്പിച്ചിരുന്ന ദുര്യോധനന്റെ തിരു ശേഷിപ്പു കളവു പോയ വാർത്തയാണിന്നു തെരുവിൽ അടക്കിപ്പിടിച്ചു സംസാരിക്കു ന്നത്. കുരുക്ഷേത്രയിൽ പോയിരുന്ന ഗാന്ധാരി പെറുക്കിയെടുത്ത ശരീരഭാഗങ്ങൾ പട്ടിൽ പൊതിഞ്ഞു പുരോഹിതനെ ഏൽപ്പിച്ചതായിരുന്നു ഓർമപ്പെരുനാളിനു പ്ര ദർശനത്തിനു വക്കാൻ. അതാണിപ്പോൾ അപ്രത്യക്ഷമായത്." കൊട്ടാരം ലേഖിക യുദ്ധകാര്യ ലേഖകനോട് പുറത്തേക്കു വിരൽ ചൂണ്ടി പറഞ്ഞു. സന്ധ്യ. ജാലകത്തി ലൂടെ കച്ചവടത്തെരുവ് കാണാമായിരുന്നു. പക്ഷെ ഒച്ചയുണ്ടായിരുന്നില്ല. തിരുശേ ഷിപ്പിന്റെ തിരോധാനം വിശ്വസ്തരുടെ മനം കലക്കി എന്ന് വ്യക്തം.

"സങ്കടമുണ്ട് കേൾക്കാൻ. യുദ്ധാനന്തര വിജയനിർവൃതിയിലും ചാരവകുപ്പ് മേധാവി നകുലന്റെ നുഴഞ്ഞുകയറ്റങ്ങൾ, രാജ്യത്തിന്റെ അഖണ്ഡതക്കായി സ്വയം ബലിദാനം ചെയ്തവരുടെ തിരുശേഷിപ്പുകൾ വരെ പോകുമെന്ന് ഇതോടെ നീ കണ്ട ല്ലോ. ഒരാൾ ചത്തിട്ടും ഭൗതികാവശിഷ്ടങ്ങൾ പോരാട്ടഭൂമിയിൽ തിരഞ്ഞു കിട്ടിയ തൊക്കെ വാരിക്കൂട്ടി ദഹിപ്പിച്ചിട്ടും, പൂർണ്ണമായും ചാവാത്ത ധീരയോദ്ധാവിന്റെ ശവ ഭാഗമോഷണം."

“ദുര്യോധനൻ ഏതു ചോദ്യത്തിനും വിശദീകരണം തരും, രാജസഭയിൽ ചർച്ച നയിക്കുമ്പോൾ ആളെങ്ങനെ?”, കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു.

“പ്രായവ്യത്യാസം മൂപ്പിളമതർക്കത്തിന് വഴിമരുന്നിട്ടു എന്ന് സമ്മതിച്ചാൽ പോലും, യുധിഷ്ഠിരന്റെ രാഷ്ട്രീയ കാപട്യത്തിനൊന്നും ദുര്യോധനന്റെ രാജസഭാരീതിയുമായി മത്സരിക്കാൻ ആവില്ല. ചർച്ച നയിക്കുന്ന ദുര്യോധനൻ, ധൃതരാഷ്ട്രരെയും വിദുരരേയും നോക്കുകുത്തിയാക്കി, പിണങ്ങുന്ന അംഗത്തെ ‘കൈകാലുകൾ വേർപെടു’ത്തി ഉയർത്തിക്കാട്ടും, അനുകൂലിക്കുന്നവനെ ഗാഢമായി ആലിംഗനം ചെയ്യും പ്രലോഭിപ്പിക്കേണ്ടവനെ പാലൂട്ടും. കുസലില്ലാതെ ചോദ്യങ്ങൾ ചോദിക്കുന്ന നിങ്ങളെ രാജസഭാംഗമായി നാമനിർദ്ദേശം ചെയ്യട്ടെ?”

“പ്രസവിച്ച നടുനിവരും മുമ്പ് മഹാറാണി നവജാതശിശുവിനെ നീരൊഴുക്കിൽ മുക്കിക്കൊന്നു എന്നോ? ഏതു വെള്ളരിക്കാപട്ടണമാണ് ഈ ഹസ്തിനപുരി?” കൊട്ടാരം ലേഖിക ശാന്തനുവിനോട് ചോദിച്ചു. ആദ്യശിശുമരണത്തിനും ഭാര്യയുടെ രണ്ടാമത്തെ ഗർഭധാരണത്തിനു ഇടയിലെ ദുഃഖാചരണത്തിലായിരുന്നു മഹാരാജാവ്.

“അത് ഗംഗാദേവിയും പ്രകൃതിയും തമ്മിലുള്ള ദുരൂഹ ഉടമ്പടിയാണെന്നു ഞാൻ ഊഹിച്ചെടുക്കുന്നു പക്ഷെ വിശദാംശങ്ങൾ ചോദിക്കരുതേ. കുഴഞ്ഞുപോവും. അവൾ ആകാശചാരിയെന്ന സങ്കൽപ്പം ശക്തമാണ് കാരണം പേറ്റുമുറിയിലെ സഹായികളെ വെട്ടിച്ചെങ്ങനെ, അന്തഃപുരത്തിന് പുറത്തു കാവൽ നിൽക്കുന്ന സുരക്ഷാഭടന്മാർ കാണാതെ പുഴയിലെത്തും? ആലോചിച്ചപ്പോൾ വിസ്മയം തോന്നി പിന്നെ മനസ്സിലായി. ഈ ഭൂമിയിൽ വിസ്മയം തോന്നാത്ത എന്തുണ്ട്? അതോടെ എന്റെ രക്തപ്രവാഹം ഊർജ്ജസ്വലമായി. ഇനി എന്നെ അന്തഃപുരത്തിൽ പോകാൻ അനുവദിക്കു-ഗർഭധാരണത്തിന് ആ ദേവസുന്ദരി ജൈവികതയ്യാറെടുപ്പിലെന്നു വിവരം കിട്ടി.”

2018/07/16

“പതിനെട്ടുനാൾ യുദ്ധത്തിലൂടെ ഹസ്തിനപുരി പിടിച്ച കുരുവംശം പാണ്ഡവരിലേക്കു മാറ്റിയതിന്റെ ആദ്യ വാർഷികത്തിന് എന്തുണ്ട് സമ്മാനം?” കൊട്ടാരം ലേഖിക യുധിഷ്ഠിര ഭരണകൂട വക്താവിനെ സമീപിച്ചു.

“അർദ്ധസഹോദരർ എന്ന സംജ്ഞ ഇനി കൌരവരെ കുറിച്ച് കാണില്ല. ജന്മനാടിനു വേണ്ടി ജീവത്യാഗം ചെയ്ത ധീരകൗരവ യോദ്ധാക്കളെ ധന്യസ്മൃതികളിലൂടെ ആദ്യവാർഷികം ഓർമപ്പെരുനാൾ ആയി ആചരിക്കാൻ അത്യുന്നത പാണ്ഡവ നയരൂപീകരണ സമിതിയിൽ തീരുമാനമായി. രക്തസാക്ഷികളായ മഹാരഥന്മാരുടെ ഛായാചിത്രങ്ങൾ രാജസഭയുടെ ചുവരുകളിൽ എന്ന് നിങ്ങൾ ‘ഹസ്തിനപുരി പത്രിക’യിൽ എഴുതും. കൌരവരെ കുറിച്ച് അഹിതകരമായ പരാമർശങ്ങൾ ഒഴിവാക്കാൻ യുദ്ധചരിത്രമെഴുതുന്ന വ്യാസനോട് യുധിഷ്ഠിരൻ നേരിട്ട് ആവശ്യപ്പെടും. തിരക്കുണ്ട്. അടുത്ത ഒരു ദിവസം ഞാൻ ചിത്രകാരന്മാരുടെ കൂടെയായിരിക്കും. വരയുടെ സൂക്ഷ്മാംശങ്ങളിൽ ശ്രദ്ധിക്കും. കാലാതിവർത്തിയായ എന്തോ ഒന്ന് ഞങ്ങളുടെ ഈ ഹ്രസ്വകാല ഭൌമിക ജീവിതത്തിൽ ഉണ്ട്, ഇല്ലേ?”

“രാജസഭയിൽ വരുമ്പോഴെല്ലാം കാണാം, നിങ്ങളും വിദുരരും അടുത്തടുത്ത്. കൃത്യമായും എന്താണ് രക്തബന്ധം? അതോ അധികാരബന്ധം മാത്രമേയുള്ളൂ?” കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു.

“അതിനു നിങ്ങൾ ഇങ്ങനെ അക്ഷമകാണിച്ചു ഒന്നോ രണ്ടോ ചോദ്യം ചോദിച്ചാൽ പിടി കിട്ടില്ല. ഗംഗ ആരെന്നറിയണം എങ്ങനെ ആ ദേവാനർത്തകി ശാന്തനുവിന്റെ ഭാര്യയായി ഞാൻ മകനായെന്നറിയണം. ബ്രഹ്മചര്യം എനിക്കെങ്ങനെ ശാപമായി വന്നുവീണു എന്നറിയണം. സത്യവതി ആരെന്നും മകൻ വിചിത്രവീര്യൻ വിവാഹം കഴിച്ച അംബികക്കും അംബാലികക്കും എന്തുകൊണ്ട് അവരുടെ യുവ വൈധവ്യത്തിൽ സത്യവതിയുടെ രഹസ്യപുത്രൻ വ്യാസനിൽ നിന്ന് ഗർഭധാരണം വേണ്ടി വന്നു എന്നും അറിയണം. ഒരു ദുരന്തമായി മാറിയ ആ കുപ്രസിദ്ധ വ്യാസബീജദാനം എങ്ങനെ അന്തഃപുരത്തിൽ കണ്ടുമുട്ടിയ തോഴിയിൽ അനുഗ്രഹീത സന്തതിക്കു കാരണമായി എന്നറിയണം അതിൽ ജനിച്ച വിദുരർ എങ്ങനെ വിവേകവചനത്തിന്റെ കുത്തകയായി എന്നറിയണം. ചുരുക്കിപ്പറഞ്ഞാൽ നിങ്ങൾ മെനക്കെടണം. വെറും ചോദ്യം ചോദിച്ചു ചുവരെഴുത്തുകളിൽ സ്തോഭജനകവാർത്തയാക്കുന്ന മടിയൻ പത്രപ്രവർത്തനം കൊണ്ട് പിടി കിട്ടില്ല മഹാഭാരത കഥാപാത്രങ്ങങ്ങളുടെ ബന്ധവും ബന്ധനവും.” അതൃപ്തി നിറഞ്ഞ മുഖഭാവങ്ങളാൽ ഊന്നിയും ഇരുകൈ വിരലുകൾ അങ്ങോട്ടുമിങ്ങോട്ടും അതിവേഗം തിരിച്ചും ഇടക്കൊന്നു വിരൽ പത്രപ്രവത്തകക്ക് നേരെ ചൂണ്ടിയും, കണ്ണ് വെട്ടിച്ചും പിതാമഹൻ ആ തിരക്കൊഴിഞ്ഞ രാജസഭയിൽ നിവർന്നു നിന്നു. കുറച്ചു മാറി വിദുരർ, വിവേകവചനത്തിന്റെ ആൾരൂപം, തലതാഴ്ത്തി.

“കുടിയേറ്റക്കാരായി നിങ്ങൾ ഖാണ്ഡവ വനത്തിലേക്കു പോവുമ്പോൾ കൂടെ വരാൻ വിസമ്മതിച്ച കുന്തി എന്ത് കാരണമാണ് നിങ്ങളോട് പറഞ്ഞത്?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു ജീവിതസായാഹ്നം. കുന്തിയും ഗാന്ധാരിയും ജീവിതാന്ത്യം കാട്ടിൽ കഴിയാൻ ഹസ്തിനപുരി വിട്ടിരുന്ന സമാധാനകാലം.

“നിങ്ങൾ ഖാണ്ഡവവനം വെട്ടിത്തെളിയിക്കുമ്പോൾ കയ്യും കെട്ടി ഞാൻ നിൽക്കില്ല. ആ പുഴയോര ആവാസവ്യവസ്ഥ തകിടം മറിച്ചു വന്മരങ്ങൾ നിങ്ങൾ കടപുഴക്കുമ്പോൾ അറിയാതെ ഞാൻ ചിലപ്പോൾ മഴുവെടുത്തു നിങ്ങളിലൊരാളെ കഴുത്തിൽ വെട്ടി എന്ന് വരും. കൂടെ വരണോ ഞാൻ? അതോ ഹസ്തിനപുരി കോട്ടക്കകത്തു ഗാന്ധാരിയുടെ ദാസിയായി കഴിയണോ? ഏറിയും കുറഞ്ഞും ഈ വാക്കുകളാണ് എന്റെ ഭർത്തൃമാതാവ് അർജ്ജുനനെ നോക്കി പറഞ്ഞത്. ഒരു പാഴ്മരം രക്ഷിക്കാൻ, മകന്റെ കഴുത്തിൽ മഴുകൊണ്ട് വെട്ടാൻ മടിയില്ലാത്ത ആ പ്രതികാരമൂർത്തി കൂടെ വരാഞ്ഞത് കൊണ്ടെനിക്ക് ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയാവാനൊത്തു. അല്ലെങ്കിൽ രാജമാതാ പദവി ചോദിച്ചുവാങ്ങി എന്റെ അധികാരവഴിയിൽ കുന്തി തുരങ്കം പണിയുമായിരുന്നു.”

2018/07/17

“അന്തിക്കൂരക്ക് ഇടം ചോദിച്ച പാണ്ഡവരെ ആട്ടിയോടിച്ചു അല്ലേ? ഇതിലൊന്നും മനഃസ്സാക്ഷിക്കുത്ത് എന്നൊന്ന് അനുഭവപ്പെടാറില്ലേ?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു യുദ്ധ മേഘങ്ങൾ നിറഞ്ഞ ഹസ്തിനപുരിയുടെ ആകാശം. ശീതകാലം.

"പ്രതിക്കൂട്ടിൽ നിർത്തി എന്നെ മനഃസ്സാക്ഷി വിസ്തരിച്ചു. വിശദീകരണത്തിന് ചെവി തന്ന ശേഷം എഴുതി വിധി", ദുര്യോധനൻ പറഞ്ഞു.

"പാണ്ഡവരുടെ സാമ്രാജ്യമോഹത്തിന് നീ വെറുമൊരു ഇര" കുറ്റവിമുക്തനാക്കും മുമ്പ് ന്യായാധിപൻ എന്റെ തലയിൽ കൈവച്ചു അങ്ങനെയാണ് ധൈര്യം തന്നത്. ധൃതിയുണ്ട്. സർവസൈന്യാധിപനെ കണ്ടെത്തണം, ഭീഷ്മരും കർണനും തമ്മിലുള്ള പിണക്കം തീർക്കണം. യുദ്ധം എന്നാൽ വാളും പരിചയും മാത്രമല്ല."

"അകത്തിടും എന്നാണോ പറഞ്ഞത്? അതോ, നമ്മുടെ ചുവരെഴുത്തുകളിൽ കരി ഒഴിക്കുമെന്നോ?" യുദ്ധകാര്യലേഖകൻ കൊട്ടാരം ലേഖികയോട് ചോദിച്ചു.

"ഭരണകൂടത്തിന്നെതിരെ കള്ളക്കഥകൾ പടച്ചു നഗരവാസികളിൽ യുധിഷ്ഠിരനെതിരെ ജനവികാരമിളക്കാൻ പതിനഞ്ചോളം ചുവരെഴുത്തുപതിപ്പുകൾ 'ഹസ്തിനപുരി പത്രിക' ഇപ്പോൾ ദുരുപയോഗം ചെയ്യുന്നതായി നവപാണ്ഡവഭരണസമിതിയുടെ അത്യുന്നത കാര്യാലോചന ഉപസമിതി വിലയിരുത്തി. എതിർ പ്രചരണത്തിന് അത്ര തന്നെ ചുവരെഴുത്തുകൾ ഭരണകൂടം മെച്ചപ്പെട്ട വായനാസുഖത്തോടെ, ലളിതഭാഷയിൽ സ്ഥാപിക്കുമെന്നും, യുദ്ധകാര്യലേഖകനെ വൻ ആനുകൂല്യങ്ങളോടെ പത്രാധിപരാക്കുമെന്നും, ചാരവകുപ്പ് മേധാവി നകുലൻ ഭീഷണിപ്പെടുത്തി. വനവാസക്കാല പാഞ്ചാലിയുമായി ചെയ്ത അഭിമുഖ പനയോലക്കെട്ടുകൾ പൊതുമണ്ഡലത്തിൽ കൊണ്ടുവരണോ എന്ന് ഞാൻ ചോദിച്ചപ്പോൾ, എന്റെ കവിളിൽ നുള്ളി, മധുരം നുള്ളി തന്നു."

"പോർമുഖത്തുനിന്നു പുത്തൻ കൗതുകവർത്തകൾ ഒന്നും കേൾക്കുന്നില്ലല്ലോ." കുരുക്ഷേത്ര പ്രവിശ്യാഭരണാധികാരിയും യുദ്ധനിർവഹണ സ്വതന്ത്രസമിതിയുടെ അധ്യക്ഷനും ആയ കൗരവബന്ധുവിനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു. വൈകിയ രാത്രിയിലും അയാൾ ഗോപുരമേടയിലെ കാര്യാലയത്തിൽ, പിറ്റേന്ന് രാവിലെ തുടങ്ങേണ്ട യുദ്ധത്തിനുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്ന തന്ത്രജ്ഞരുടെ കൂടെ തിരക്കിലായിരുന്നു. ശബ്ദമുഖരിതമായ പകൽപോരാട്ടത്തിന് ശേഷം, ഇപ്പോൾ തണുത്ത അന്തരീക്ഷത്തിൽ ആകെ കേൾക്കുന്നത് പുഴയിൽ ചാടിക്കളിക്കുന്നവരുടെ ഉല്ലാസ ആരവം മാത്രം.

"ഉരുളുന്ന തലയ്ക്കു പിന്നാലെ പായുന്ന നിങ്ങളുടെ ഉത്സാഹത്തിൽ, കൗതുകവർത്തകളെ കുറിച്ചറിയാൻ ആർക്കെന്തു കൗതുകം അല്ലെ? അർജ്ജുനന്റെ ഒഴിഞ്ഞുകിടക്കുന്ന ആവനാഴികൾ, ഉന്നം തെറ്റുന്ന യുധിഷ്ഠിരകുന്തങ്ങൾ, പൊള്ളയായ ഭീമഗദകൾ, വിനിമയഭാഷ വ്യക്തമാവാതെ ആയുധം വച്ച് കീഴടങ്ങുന്ന പാണ്ഡവസഖ്യകക്ഷിസൈനികർ, പുലർച്ചെ ഒഴിഞ്ഞുകാണുന്ന പോർക്കളം വെളിയിട വിസർജ്ജനത്തിനുപയോഗിക്കുന്ന പഞ്ചപാണ്ഡവർ-ഇത്തരം കൗതുകക്കാഴ്ചകൾ ഇല്ലാതെ നിങ്ങൾ എങ്ങനെ ചുവരെഴുത്തുപത്രങ്ങൾ ഹസ്തിനപുരി യിലെ പ്രബുദ്ധനഗരവാസികൾക്കു വായനായോഗ്യമാക്കും?"

"ഭർത്താക്കന്മാർക്കിടയിലുള്ള കിടമത്സരം ദാമ്പത്യസ്വകാര്യതയിൽ വിള്ളലുണ്ടാക്കാനുള്ള ഭീഷണസാധ്യതയറിഞ്ഞ നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്തു?",കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയോട്ട് ചോദിച്ചു.

"മറ്റ് നാലു ഭർത്താക്കന്മാരോട്ട് നിങ്ങളെ പറ്റി ഞാൻ സംസാരിക്കാറില്ലാത്തത് പോലെ, അവരെ പറ്റി നിങ്ങളോടും സംസാരിക്കുകയില്ല എന്ന് രതിലീലക്കിട

യിൽ മന്ത്രിച്ചു. വിവേകമുദിച്ചവരഞ്ചു പേരും അന്ന് വെട്ടിവീഴ്ത്തി പരദൂഷണത്തിന്റെ നാവുമരം."

2018/07/18

"വിവാദപരാമർശം നീക്കാൻ ആവശ്യപ്പെട്ടു എന്നോ?" കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവായ നകുലനോട് ചോദിച്ചു, "ഏതു ഭാഗമാണ് പാണ്ഡവപിതാമഹൻ കൂടിയായ വേദവ്യാസൻ നിങ്ങളെയൊക്കെ ഇത്രമാത്രം മുറിപ്പെടുത്തുന്ന വിധം വിവാദമായി എഴുതിയത്?"

"അർദ്ധനഗ്നരാക്കി കൗരവർ ഞങ്ങളെ ചൂതാട്ടസഭയിൽ നിലത്തിരുത്തി എന്നതൊരു അവഹേളനമായി എടുത്തിട്ടില്ല എന്ന് നിങ്ങൾ ഓർക്കണം. കാരണം അത് ചൂതാട്ട ഭ്രമപുരുഷന്മാർക്കുള്ള ഒരു കൊട്ടാണ് എന്ന് സൗജന്യ മനഃസ്ഥിതിയോടെ കരുതുക. എന്നാൽ വസ്ത്രാക്ഷേപം പൊലിപ്പിക്കാൻ മാന്യതക്ക് നിരക്കാതെ വ്യാസൻ ചെയ്ത പരാമർശം അടുത്ത പതിപ്പിൽ നിന്ന്നീക്കണം എന്നാണ യുധിഷ്ഠിരൻ വ്യാസനോട് രേഖാമൂലം ആവശ്യപ്പെട്ടത്. ചൂതാട്ടസഭയിലേക്കു പാഞ്ചാലി വലിച്ചിഴക്കപ്പെട്ടു എന്ന വിവരണം അടിസ്ഥാനരഹിതമാണെങ്കിൽ, "ഞാൻ രജസ്വല ഞാൻ അൽപ്പവസ്ത്ര" എന്ന് പാഞ്ചാലിപരാമർശം നിന്ദിക്കപ്പെടണം എന്നാണ പാണ്ഡവരും പാഞ്ചാലിയും സംയുക്തമായി കൊടുത്ത നിർദ്ദേശം. പെരുമാറ്റത്തിലും വാമൊഴിയിലും, അച്ചടക്കം പാലിക്കുന്ന പാഞ്ചാലിയെ കൊണ്ട് ഈ വിധം ഗ്രാമീണമായപ്രഖ്യാപനം ചെയ്യിച്ച വ്യാസരചന അപലപിക്കുന്നതോടൊപ്പം വ്യാസൻ പശ്ചാത്തപിച്ചില്ലെങ്കിൽ, പിതാമഹനെന്നൊന്നും നോക്കാതെ, കയർത്തു സംസാരിക്കേണ്ടിവരുമെന്നും യുധിഷ്ഠിരൻ അറിയിച്ചിട്ടുണ്ട്. പാണ്ഡവർ അർദ്ധസാക്ഷരർ മാത്രമെന്ന പൊതുബോധത്തിനും ഈ ശക്തമായ നിലപാട് പ്രഹരമായിരിക്കും."

"കണ്ണുകൾ ഞാൻ നഗ്നമാക്കണോ, തുണികെട്ടി കാഴ്ച മറയ്ക്കണോ ഇതൊക്കെ ഒരു ദേശീയ പ്രശ്നമായി അവതരിപ്പിക്കുന്നത് നിങ്ങൾ നിർത്തു എന്ന ഗാന്ധാരി വിശിഷ്ടാതിഥികൾക്ക് മുമ്പിൽ താക്കീതു തന്നത് നിന്നെ വേദനിപ്പിച്ചു അല്ലെ?" പത്രാധിപ ചുമതല വഹിക്കുന്ന യുദ്ധകാര്യ ലേഖകൻ ആശ്വസിപ്പിച്ചു.

"കുരുക്ഷേത്രയിൽ ചിതറിക്കിടന്ന കൗരവശരീരഭാഗങ്ങൾ പരിശോധിച്ച് മക്കളുടെ ജഡങ്ങൾ തിരിച്ചറിഞ്ഞത് ഉൾക്കണ്ണിന്റെ ബലം കൊണ്ടായിരിക്കുമോ എന്നു ഞാൻ തോളിൽ തട്ടി ചോദിച്ചതിന്, പാണ്ഡവഭരണത്തിൽ ശ്വാസം മുട്ടി കഴിയുന്ന ഒരു മുൻമഹാറാണിയുടെ അനിഷ്ടം. അതല്ലാതെ താക്കീതോ വേദനയോ ഞങ്ങൾക്കിടയിൽ ഇല്ല. 'വനവാസത്തിനു പോവും മുമ്പ് കുറെ കാര്യ ങ്ങൾ നിന്നോട് വെളിപ്പെടുത്താനുണ്ട് വിളിക്കാം ഒരു നീണ്ട അഭിമുഖത്തിന്' എന്നും പറഞ്ഞാണ് ഗാന്ധാരി ആലിംഗനം ചെയ്തു പിരിഞ്ഞത്.

"അസഹിഷ്ണുതയാണ് ഹസ്തിനപുരിയുടെ അടയാളമെന്ന് തെളിയിക്കുന്നല്ലോ പുറത്തുവരുന്ന ആൾക്കൂട്ട ആക്രമണവാർത്ത? രാജമാതാ പദവി കൊടുക്കാതെ കുന്തിയെ പാഞ്ചാലി പാർശ്വവൽക്കരിച്ചതിലുള്ള പരിഭവം കൊണ്ടാണ് കുന്തി വനവാസത്തിനു മുൻകൈ എടുത്തത് എന്ന് ചാർവാകൻ പൊതുവേദിയിൽ പറഞ്ഞു വായടച്ചില്ല, തുടങ്ങി ആ പാവത്തിന്റെ തലപ്പാവ് വലിക്കാനും ഉടുതുണിയൂരാനും

തലങ്ങും വിലങ്ങും തല്ലി ആ ദരിദ്രബ്രാഹ്മണനെ പാണ്ഡവകിങ്കരന്മാർ മർദ്ധിച്ചവശനാക്കാനും. പാണ്ഡവർക്കലോസരമുണ്ടാക്കുന്നവരെയൊക്കെ 'കൈകാര്യം' ചെയ്താൽ കുരുക്ഷേത്ര കൊണ്ടെന്തു ഗുണം?" കൊട്ടാരം ലേഖിക പാണ്ഡവ ഔദ്യോഗിക വക്താവിനോട്ട് ചോദിച്ചു.

"ഭീമൻ എന്ത് ഊളത്തരവും സഹിക്കും പെറ്റതള്ളയെ ആരെങ്കിലും അവമതിച്ചാൽ ആളാകെ പിശകാണെന്നു വിമർശകർ തിരിച്ചറിഞ്ഞെങ്കിൽ. നിങ്ങൾക്കറിയാത്ത ഔദ്യോഗികവിവരം വെളിപ്പെടുത്താം-അടി കൊണ്ട് വീണത്, അല്ലെങ്കിൽ വീണ പ്രതീതി ഉണ്ടാക്കിയത്, യഥാർത്ഥ ചാർവാകനല്ല, മായിക കലാകാരനാണ്. അസ്സൽ ചാർവാകൻ ഹിമാലയത്തിൽ സുഖവാസത്തിലാണ്. ചൂടയാൾക്കു സഹിക്കാൻ മേലാ. കുരുവംശ അതിഥിയായി പുൽമേട്ടകളിൽ കുതിരസവാരി പഠിക്കുകയാണ് യുക്തിവാദി."

"ഭർത്താക്കന്മാരിൽ അവിശ്വാസം, അങ്ങനെയാണോ പാണ്ഡവദാമ്പത്യത്തെ വിശേഷിപ്പിക്കുക?", കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു.

"ഒറ്റക്കോ കൂട്ടായോ എന്നെ പിണക്കിയാൽ, ഊട്ടുപുര പുറത്തു നിന്നും കിടപ്പറ അകത്തു നിന്നും താഴിട്ടു ഞാൻ പൂട്ടും."

2018/07/19

"വിശിഷ്ടാതിഥികളെ മനഃപൂർവ്വം വഴുക്കി വീഴ്ത്തുന്ന സഭാതലങ്ങൾ ഉള്ള മായിക നഗരമെന്നാണ്, നിങ്ങൾ ഒരു ദശാബ്ദത്തോളം രാജസൂയചക്രവർത്തിനിയായിരുന്ന ഇന്ദ്രപ്രസ്ഥം ഇവിടെ ഹസ്തിനപുരിയിൽ കുപ്രസിദ്ധി നേടിയത്. കുന്തിയും മക്കൾക്കൊപ്പം അവിടെ വരാതെ ഗാന്ധാരിയുടെ തോഴിയായി കൂടി. കൊല്ലം പതിമൂന്നു കഴിഞ്ഞു, യാത്ര ചോദിക്കാതെ നിങ്ങൾ ഇന്ദ്രപ്രസ്ഥം വിട്ടു ചൂതാട്ടത്തിലൂടെ കാനനവാസത്തിനു പോയിട്ട്. യുദ്ധം ജയിച്ചു പാണ്ഡവർ ഹസ്തിനപുരിയിൽ അധികാരം പിടിച്ചെടുത്തപ്പോഴൊന്നും, എവിടെ ഞങ്ങളുടെ പ്രിയ ഇന്ദ്രപ്രസ്ഥം ജനത എന്ന ജിജ്ഞാസ ഉണ്ടായില്ല?" കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു.

"വിവരമറിഞ്ഞുവരാൻ നകുലനെ വിട്ടിരുന്നു. കുറച്ചധികം സമയമെടുത്ത് തിരിച്ചെത്തി. നദി യമുനയുണ്ട്. പക്ഷെ തലസ്ഥാന നഗരി ഇന്ദ്രപ്രസ്ഥം കാണാനില്ല. ആകെ കാണുന്നത് പഴയ ഖാണ്ഡവവനം വീണ്ടും വളർന്നു വലുതായി, അതിന്റെ മുൻ ആവാസവ്യവസ്ഥ തിരിച്ചെടുത്തിരിക്കുന്നു. ഒരു മനുഷ്യക്കുഞ്ഞു പോലും കൺവെട്ടത്തിലില്ല. നിരാശയെക്കാൾ ഭീതിയോടെ, അവൻ തിരിച്ചു വന്നു വിവരം പറഞ്ഞശേഷം ഇപ്പോൾ വിദുരാശ്രമത്തിൽ മൗനിയാണ്. കൂട്ട പലായനം ചെയ്തുവോ നാട്ടുകാർ? യമുനയിലെ വെള്ളപ്പൊക്കത്തിൽ നഗരം മുഴുവൻ ഒലിച്ചുപോയോ? അതോ, തുടക്കത്തിൽ നിങ്ങൾ സൂചിപ്പിച്ച വെറുമൊരു മായികനഗരി മാത്രമായിരുന്നോ ഇന്ദ്രപ്രസ്ഥം? വരും യുഗത്തിൽ പുരാവസ്തുഗവേഷക സംഘം ഉത്ഖലനങ്ങൾ വഴി കണ്ടെത്തട്ടെ പരമാർത്ഥങ്ങൾ." കൗരവർ നീണ്ടകാലം ദുരുപയോഗം ചെയ്ത അന്തഃപുരങ്ങൾ അടിച്ചുവൃത്തിയാക്കുന്ന തിരക്കിലായിരുന്നു പാഞ്ചാലിയും പാണ്ഡവരും.

"നിങ്ങ.ളെ പ്രതിക്കൂട്ടിലാക്കുന്ന പ്രയോഗങ്ങൾ പതിവാണ്. രാജസൂയ യാഗത്തിൽ ചക്രവർത്തിനിപദവി വഹിക്കേണ്ടയാൾ യാഗശാലയിൽ ആചാരമനുസരി

ച്ച ഇരിക്കേണ്ടയിടത്തു ഇരുന്ന എന്നേ പറയൂ 'യുധിഷ്ഠിരഭാര്യ' എന്ന് സമ്മതിക്കില്ല. ഭർത്താവ് അർജ്ജുനൻ എന്നവൾ പറഞ്ഞു തുടങ്ങുന്നത് മറ്റനാലുപേർ അനധികൃതമായി അധിനിവേശം ചെയ്തു എന്ന മുനവച്ച പരാതി പറയാനാവും. ആ നാലുപേർ അതിനുവേണ്ടി ഉപയോഗിക്കുന്നത് പ്രലോഭനം വശീകരണം കായികബലം കൗശലം, പിന്നെ അതൊന്നും ഫലിക്കുന്നില്ലെങ്കിൽ മുട്ടുകുത്തി കൈ നീട്ടി യാചന എന്നീ 'കുലീനപുരുഷ'ന് യോജിക്കാത്ത 'ഹീനകൃത്യ'ങ്ങളും. അഭിമുഖം കഴിയുമ്പോൾ തോന്നും അവൾ നിങ്ങളാൽ എന്നും കളങ്കിത!. വാസ്തവം എത്രയുണ്ട് ഈ അവമതിയിൽ?" കൊട്ടാരം ലേഖിക പാണ്ഡവരോട് ചോദിച്ചു.

"ഉഭയകക്ഷി സമ്മതപ്രകാരമുള്ള ആസ്വാദനരതി പൂർത്തിയായാൽ, നന്ദിപ്രകടനത്തിനൊന്നും സമയം കളയാതെ അവൾ കുളിച്ചുവേഷം മാറും. പിന്നെ അപരിചിതയെ പോലെ പെരുമാറും. ഭീമനെപ്പോലുള്ളവർ അവൾക്കിഷ്ട പഴമൊക്കെ സമ്മാനിച്ച് ഭവ്യതയോടെ പീതിപ്പെടുത്താൻ മുൻകൈ എടുക്കും. ഞങ്ങൾ കൗശലം വഴി അധിനിവേശത്തിനു രൂപം കൊടുക്കും."

"ദുര്യോധന ഭരണകൂടത്തിന്നെതിരെ പ്രതിഷേധയോഗം?" കൊട്ടാരം ലേഖിക ചോദിച്ചു.

"പ്രതിഷേധം ഉണ്ടാവില്ലേ? 'ഹസ്തിനപുരി പത്രിക'യുടെ യുദ്ധകാര്യലേഖകൻ കൗരവരാജ സ്ത്രീകളൊടാണൊ കൊമ്പുകലുക്കേണ്ടത്? രാജവസതിക്കു ചേർന്നു മൈതാനത്തിൽ, ധൃതരാഷ്ട്ര ഭാര്യാസഹോദരൻ 'ഗാന്ധാരഭൂപതി' ചെയ്യുന്ന അനുഗ്രഹ പ്രഭാഷണത്തിലേക്കു ഞങ്ങളും, അവിവാഹിത പെൺമക്കളും രാജവസ്ത്രങ്ങൾ ധരിച്ചു സുഗന്ധപുഷ്പങ്ങൾ ചൂടി പോവുന്നത് ഭൂപതിയുടെ ചുറ്റും ചേർന്നിരുന്നു സ്പർശനചികിത്സ ചെയ്യാനാണെന്നു പരസ്യവേദിയിൽ പറഞ്ഞാൽ ഗാന്ധാരിയും ഭൂപതിയും പ്രതിഷേധിക്കില്ലേ? അയാൾ വന്നു ഭൂപതിയുടെ കാലിൽ വീണ് മാപ്പു ചോദിക്കാത്ത പക്ഷം യുദ്ധകാര്യലേഖകനെ ഞങ്ങൾ അറ്റകൈയ്യിന് വാരണാവതം അരക്കില്ലത്തേക്കു സുഖവാസത്തിനായിരിക്കും അയക്കുക."

2018/07/20

"യുധിഷ്ഠിരന്റെ അസഹനീയമായ രാഷ്ട്രീയകാപട്യത്തിന്നെതിരെ തെരുവോര കുടുംബയോഗങ്ങളിൽ നിത്യവും ആഞ്ഞടിക്കുന്ന ദുര്യോധനവിധവയെ, ഹസ്തിനപുരി രാജസഭയിലേക്ക് പ്രത്യേക ക്ഷണിതാവായി ഭരണകൂടത്തിന്റെ രാഷ്ട്രീയ കാര്യാലോചനസമിതി നാമനിർദ്ദേശം ചെയ്യുമെന്നു ഇന്ന് രാവിലെ മുതൽ ഊട്ടുപുരയിലൊക്കെ ശ്രുതിയുണ്ടല്ലോ. എന്താ കാര്യം?" കൊട്ടാരം ലേഖിക ഔദ്യഗിക വക്താവിനോട് ഞെട്ടലോടെ ചോദിച്ചു.

"നിങ്ങൾ കേട്ട ഊട്ടുപുര വാർത്തയിൽ തിരുത്തുണ്ട്. ദുര്യോധനവിധവ എന്ന വ്യക്തിഗത നിലക്കല്ല, മൊത്തം കുരുക്ഷേത്രവിധവകളുടെ ദേശീയ സംഘടന നേതാവ് എന്ന നിലയിലാണ് പരിഗണന. നേതൃസ്ഥാനം ഇന്ന് അവർ മാറിയാൽ, അല്ലെങ്കിൽ ഒഴിഞ്ഞാൽ, ആ "പ്രത്യേക ക്ഷണിതാവ്" എന്ന പദവിക്കും വരും സ്ഥാനചലനം", രാജസഭയുടെ സമ്മേളനത്തിൽ ഭരണകൂടം സ്വീകരിക്കേണ്ട തന്ത്രം മെനയുന്ന ഉന്നതതല സമിതിയുടെ അടിയന്തര യോഗത്തിലേക്ക് പോവുന്ന തിരക്കിലായിരുന്നു ചാരവകുപ്പ് മേധാവി കൂടിയായ ആ ഇളമുറ മാദ്രിപുത്രൻ.

“പുതിയ ഭരണകൂടത്തെ ഒന്നുരണ്ടു പാഠം പഠിപ്പിക്കാൻ പുത്തൻ ആയുധങ്ങളൊന്നുമില്ലേ ആവനാഴിയിൽ?” കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു. രാജവീഥിയിൽ നിന്ന് കാഴ്ച മറയ്ക്കുന്ന പാഴ്മരക്കൂട്ടത്തിനു പിന്നിലെ ആശ്രമത്തിൽ നിന്നായിരുന്നു കൗരവ-പാണ്ഡവ ഭരണകൂടങ്ങളെ എക്കാലവും വിറപ്പിച്ചിരുന്ന പ്രതിപക്ഷ ശബ്ദം ഉയർന്നിരുന്നത് എന്നവൾ വിസ്മയിച്ചു. കണ്ടാൽ ഓമനത്തം തോന്നുന്ന നാല് ആൺകുട്ടികൾ അയാൾക്ക് ചുറ്റും ‘വിശക്കുന്നു എനിക്ക് വല്ലതും താ’ എന്ന് ഭീതിതമായ നിസ്സഹായതയോടെ നിലവിളിക്കുമ്പോൾ പൂർണ്ണഗർഭിണിയായ ഭാര്യ ഒരു മൂലയിൽ വെറും നിലത്തു കിടന്നു ഏങ്ങലടിച്ചു.

“നാണം കെടുത്തുകയാണെങ്കിൽ പാഞ്ചാലിയെ തന്നെ വേണം ഉന്നം വക്കാൻ എന്ന് മനനം ചെയ്തപ്പോൾ വ്യക്തമായി. ഒരു മണിക്കൂർ കഴിഞ്ഞാൽ പാഞ്ചാലി ഈ വഴിക്കു രഥത്തിൽ ദുര്യോധനവിധവയുമായി ഒത്തുതീർപ്പു ചർച്ചക്ക് പോവുമെന്ന് വിവരം കിട്ടി. രഥം ദൂരെ നിന്ന് കണ്ടാൽ ഒന്നുരണ്ടു കുട്ടികളെയും കൊണ്ട് മരത്തിനു പിന്നിൽ കാത്തിരുന്ന് കൃത്യം രഥത്തിനു മുമ്പിലേക്കെറിയും. ആ ഏറിലാണ് എന്റെ കരവിരുത് കാണുക. കുതിര ചവിട്ടിയോ ചക്രം തട്ടിയോ കുട്ടികൾക്കെന്തെങ്കിലും ആപത്തു സംഭവിച്ചാൽ, ഭാര്യയും മറ്റു കുട്ടികളും അകത്തു നിന്ന് ഓടി വന്നു നെഞ്ചത്തടിച്ചു നിലവിളിക്കും. വെള്ളിനാണയം കൊണ്ട് തൃപ്തരാവാതെ അവർ വിലപിച്ചു വഴിപ്പോക്കരെ കൂട്ടും. ആൾക്കൂട്ടം മത്തുപിടിച്ച രീതിയിൽ മഹാറാണിയെ കൈകാര്യം ചെയ്യും. രാജവാഴ്ചക്കൊരു കനത്ത പ്രഹരമേല്പിക്കാൻ ജനാധിപത്യവിശ്വാസിയായ എനിക്കത്രയേ ത്യാഗം ചെയ്യാനാവൂ. നിങ്ങൾ ഒന്ന് കാത്തു നിൽക്കണം. ഓടിപ്പോയി സാരഥിക്ക് വിവരം കൊടുത്താൽ കഴിഞ്ഞില്ലേ ഈ ചാർവാകയജ്ഞം.”

കുട്ടികൾ രണ്ടെണ്ണത്തെ കോപത്തോടെ നോക്കി.

“ഞാൻ പറഞ്ഞ പോലെ ചെയ്താൽ അത്താഴം തരാം’ എന്ന് പറഞ്ഞശേഷം അയാൾ, മരക്കൂട്ടത്തിലൂടെ രാജവീഥിയിലേക്കു ഒളിക്കണ്ണെറിഞ്ഞു കൊണ്ടിരുന്നു.

2018/07/22

“രണ്ടു ഭാഗങ്ങൾ പ്രസിദ്ധീകരിച്ചപ്പോഴേക്കും ആൾക്കൂട്ടവിധിയുണ്ടായല്ലോ. ഭയന്നോ അഭിവന്ദ്യവ്യാസൻ?” കൊട്ടാരം ലേഖിക ചോദിച്ചു.

“കൗരവ പാണ്ഡവ നാൾവഴിയിൽ ഞാൻ മനഃപൂർവ്വം മായം കലർത്തിയെന്നാരോപിച്ചു കൗരവരും പാണ്ഡവരും ഒരുപോലെ എനിക്കെതിരെ വാളോങ്ങുമെന്നാരോർത്തു? മീൻകാരി സത്യവതിയെ ബലാത്സംഗം ചെയ്ത വൃദ്ധസന്യാസിയാണ് എന്റെ ബീജദാനി എന്നും, കണ്ടാൽ അറപ്പു തോന്നുന്ന കുള്ളൻ ആണ് കുരുവംശ പിതാവായ വ്യാസനെന്നും ഉള്ള വസ്തുത അസ്വീകാര്യമെന്നവരുടെ ദുരഭിമാനം ഒച്ചവെച്ചാൽ ചരിത്രത്തെ വികലപ്പെടുത്താനാവാത്ത ഞാൻ പിന്നെ എന്ത് ചെയ്യും? വിചിത്രവീര്യവിധവകളിൽ എനിക്കുണ്ടായ വിലക്ഷണസന്തതികളാണ് ധൃതരാഷ്ട്രരും പാണ്ഡുവുമെന്ന പ്രതീതിയുണർത്തുന്ന കുരുവംശ കുടുംബചരിത്രരചന പൂർണ്ണമായും ഉടച്ചുവാർത്തില്ലെങ്കിൽ, എന്റെ ദേഹസുരക്ഷ ഭരണകൂടം ഏറ്റെടുക്കില്ലെന്ന ഔദ്യോഗിക വക്താവിന്റെ പ്രസ്താവന ഹസ്തിനപുരി പത്രികയിൽ വന്നതോടെ, ചാർവാകൻ എന്നെ വനശ്രമത്തിൽ വന്നു ആലിംഗനം ചെയ്തു ഈ കുടിലി

ലേക്ക് സ്വാഗതം ചെയ്തു. താടിയും മുടിയും വടിച്ച ഞാൻ വരുത്തിയ രൂപമാറ്റരഹസ്യം അങ്ങനെ നിൽക്കട്ടെ, എന്നെ പോലെ നിങ്ങളും അക്ഷരം കൊണ്ട് അന്നമുണ്ടാക്കുന്ന വ്യക്തിയല്ലേ. കൗരവരും പാണ്ഡവരും കൂട്ടുകൂടി ഒരൊറ്റ വഞ്ചിയിൽ ഇരുന്നാണ് എന്നെ വല വീശി പിടിക്കാൻ ശ്രമിക്കുന്നത്. ആദിപർവ്വം പൂർണ്ണമായും ഞാൻ പിൻവലിച്ച് തീയിലിട്ടു എന്ന് നിങ്ങൾ സാക്ഷ്യപത്രം പ്രസിദ്ധീകരിച്ചാൽ ഞാൻ ധന്യൻ. അധികാരവഴിയിൽ പോരടിച്ച ഇവരുടെയൊക്കെ ദുരന്തം സംഭവിക്കുന്ന സാഹചര്യമുണ്ടായാൽ, മൊത്തം പതിനെട്ടു പർവ്വങ്ങളിൽ ഞാൻ ഭാവിയിൽ എഴുതുമ്പോൾ, നിങ്ങൾ വേണം വെളിച്ചം കാണിക്കാൻ." ദക്ഷിണാപഥത്തിൽ നിന്ന് ചാർവാകൻ കൊണ്ടുവന്നു സൂക്ഷിച്ച പനയോലക്കെട്ടുകളിലേക്കു വ്യാസനേത്രം തിരിഞ്ഞു."

"അതിക്രമത്തിന് ശേഷം അരനൂറ്റാണ്ട് കഴിഞ്ഞിട്ടാണോകുറ്റാന്വേഷണവിഭാഗത്തിനു മുമ്പിൽ പരാതിയുമായി വരുന്നത്? ലൈംഗികാതിക്രമം ചെയ്തതാരെന്നു പരാതിയിൽ പരാമർശവുമില്ല. എങ്ങനെ നീതി കിട്ടുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?" കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

"പണസംബന്ധമായ കൊടുക്കൽ വാങ്ങലുകൾ മാത്രമല്ലെ കാലഹരണപ്പെട്ടൂ? ഇത് സ്ത്രീത്വത്തിനു നേരെ കടന്നാക്രമണം, ആൾമാറാട്ടം തുടങ്ങി, വധശിക്ഷ കിട്ടാവുന്ന കുറ്റകൃത്യമാവുമ്പോൾ തുടർനടപടി വൈകരുതെന്നു നേരിൽ ആവശ്യപ്പെട്ടു. വ്യവസ്ഥാപിത നിയമവാഴ്ചയുണ്ടോ കുരുവംശത്തിൽ എന്ന് ഇരയെന്ന നിലയിൽ എനിക്ക് കണ്ടെത്തുകയും ചെയ്യാം. വിവാഹപൂർവ്വകാലത്തെ നിഷ്കളങ്കാവസ്ഥയിൽ, ശാരീരിക വളർച്ചയോടു ബന്ധപ്പെട്ട ചോരയോട്ടത്തിൽ ഞാൻ, അപരിചിത പുരുഷപ്രലോഭനത്തിനു വഴങ്ങി എന്ന യാഥാർഥ്യം അംഗീകരിച്ചാൽ പോലും, വേഷം മാറി വന്നു ശരീരത്തിൽ അധീശത്വം പുലർത്തി, ആസ്വാദനരതിയിലൂടെ ഉദ്ദേശ്യലക്ഷ്യം നേടി ഒളിച്ചോടിയവനെ പ്രതിക്കൂട്ടിൽ പൊരിപ്പിക്കാൻ എനിക്കുമുണ്ടാവില്ലേ പ്രേരണ?, മനഃസ്സാക്ഷിയുടെ സമ്മർദ്ദം? പുരുഷശരീരത്തിനു കീഴ്പ്പെട്ടു മ്പോൾ സംസാരശേഷി നഷ്ടപ്പെട്ടിരുന്നതു കൊണ്ട് 'ആരാണ് നിങ്ങൾ' എന്ന് മുഖത്ത് നോക്കി ചോദിക്കാൻ കഴിഞ്ഞില്ലെങ്കിലും, 'വെളിച്ചങ്ങളുടെ തമ്പുരാൻ' എന്നാണയാളുടെ പദവി എന്നറിയാൻ സൗകര്യമായി വന്നു സാഹചര്യം. കാര്യം നടന്നയാൾ വസ്ത്രം ധരിച്ചു ധരിച്ചു രഥത്തിൽ കയറും മുമ്പെന്റെ ചെവിയിൽ മന്ത്രിച്ചു, പ്രസവിക്കുന്നെങ്കിൽ ചോരക്കുഞ്ഞിനെ മുലപ്പാൽ കൊടുക്കാതെ പനം കുട്ടയിലിട്ടു നീ പുഴയിലൊഴുക്കണം. പ്രകൃതി കൊടുക്കട്ടെ നവജാതശിശുവിനു പരിപാലനവും പരിരക്ഷയും. കന്യകയല്ലെന്ന് നീ മനഃസ്സാക്ഷിയോടു കുമ്പസാരിക്കാതെ വേണം വിവാഹവസ്ത്രങ്ങൾ ധരിക്കാൻ. അങ്ങനെ മധുരപദങ്ങൾ പറഞ്ഞു, ഒരു പെണ്ണുടൽ ചതിച്ചുകീഴ്പ്പെടുത്തിയവൻ ഹസ്തിനപുരി നിയമസംഹിതയുടെ മുമ്പിൽ കൈകെട്ടി വേണ്ടേ ശിക്ഷ സ്വീകരിക്കാൻ?"

2018/07/23

"ഗൂഢലക്ഷ്യത്തോടെയാണ്ചൂതാട്ടത്തിനു നിങ്ങൾ പാണ്ഡവരെ ക്ഷണിച്ചതെന്നൊക്കെ ഇന്ന് കൊട്ടാരരഹസ്യമൊന്നുമല്ലെങ്കിലും, എന്തായിരുന്നു കള്ളച്ചൂതാട്ടത്തിലൂടെ രാജസൂയചക്രവർത്തിയെ അടിമയാക്കണമെന്ന ദൃഢനിശ്ചയത്തിനു പി

ന്നിൽ?" കൊട്ടാരം ലേഖിക ചോദിച്ചു. തെളിഞ്ഞ പ്രഭാത വെയിലിൽ കോട്ടക്കപ്പുറത്തെ രാജവീഥിയിലൂടെ മരവുരി ധരിച്ചും, മുഖം മറച്ചും, തല താഴ്ത്തി കാട്ടിലേക്ക് നഗ്നപാദരായി നടന്നിരുന്ന ആറംഗ പാണ്ഡവസംഘത്തെ മട്ടുപ്പാവിൽ നിന്ന് അവർക്കു കാണാമായിരുന്നു. പാതക്കിരുവശവും നിർജ്ജനമായിരുന്നു.

"ഇന്ദ്രപ്രസ്ഥം കൊട്ടാരത്തിലെ സഭാതലത്തിൽ സ്ഥലജലഭ്രമത്തിൽ വഴുക്കി വീണതൊക്കെ പൊറുക്കാൻ, സാമന്തപദവിയിലേക്കു താഴ്ത്തപ്പെട്ടിരുന്ന ഞങ്ങൾക്കായി. പക്ഷെ പിന്നീടുള്ള കഴിഞ്ഞ എട്ടൊമ്പതു വർഷങ്ങളിൽ പാഞ്ചാലി ഞങ്ങളെ പ്രകോപിച്ചിരുന്നതു കേട്ടാൽ നിങ്ങൾ ഞെട്ടും. കുറെ ഭരണകൂടമന്ദിരങ്ങൾ അല്ലാതെ വ്യവസ്ഥാപിതരാഷ്ട്രം ആയിരുന്നില്ലല്ലോ ഇന്ദ്രപ്രസ്ഥം. നിങ്ങളും അവിടെയൊക്കെ ചുറ്റിക്കറങ്ങിയതല്ലേ. രാഷ്ട്രനിർമ്മിതിക്കു വേണ്ട വിദ്യാഭാസമോ ധനസമാഹരണമോ ഇല്ലാതെ, വഴി നടക്കുമ്പോൾ രത്നഖനി കിട്ടിയ നാടോടികളെപോലെയാണവർ കടിച്ചാൽ പൊട്ടാത്ത സമൃദ്ധജീവിതത്തിൽ കയറിയത്. അവരുടെ ഭാരിച്ച നിത്യച്ചെലവൊക്കെ ഹസ്തിനപുരി വഹിക്കണം എന്നൊരു നയത്തിലവർ ഇന്ദ്രപ്രസ്ഥം ഊട്ടുപുര ആഘോഷമാക്കാനും, കുതിരകളെ വാങ്ങാനും, ഗോശാല നിറക്കാനും പുത്തൻ ആവശ്യങ്ങളുടെ പനയോലപട്ടികയുമായി രാജദൂതൻ വന്നു എന്റെ കാര്യാലയത്തിൽ ഇടിച്ചുകയറി തട്ടിക്കയറും. പല്ലു ഞെരിക്കുന്ന ഇരമ്പൽ പുറത്തുവരാതെ ഞങ്ങളതൊക്കെ ഏറ്റെടുത്തു ചെയ്തു. എന്നിട്ടും അവർ വിട്ടില്ല. അഞ്ചോളം വരുന്ന പാണ്ഡവക്കുട്ടികളെ ഇന്ദ്രപ്രസ്ഥത്തിൽ നിന്ന് പാഞ്ചാലയിലേക്കു കൊണ്ടുപോകാൻ കൗരവരാജ സ്ത്രീകൾ പത്തുപേർ പാഞ്ചാലിക്കൊപ്പം കൂടെ പോണം എന്ന ആവശ്യവുമായി ഭീമൻ ആളെ അയച്ചു. അനുസരിക്കേണ്ടി വന്നു. ഒരു മാസം പിടിച്ചു, പത്തു കൗരവ രാജസ്ത്രീകൾ ആദ്യം ഇന്ദ്രപ്രസ്ഥത്തിൽ പോയി കുട്ടികളുടെ പരിപാലന ചുമതയേറ്റെടുത്തു, പാഞ്ചാലിയുടെ ദാസിപദവിയിൽ പാഞ്ചാലയിൽ എത്തി, കുട്ടികളെ ഏൽപ്പിച്ചു മടങ്ങി, വീണ്ടും ഇന്ദ്രപ്രസ്ഥത്തിൽ പാഞ്ചാലിയെ എത്തിച്ചു, യാത്ര പറഞ്ഞു ഹസ്തിനപുരിയിൽ എത്താൻ. എന്റെ ഭാര്യ പൊട്ടിക്കരഞ്ഞു-ഇതിനാണോ കലിംഗദേശത്തിൽ നിന്ന് എന്റെ അച്ഛൻ വധുവായി എന്നെ കുരുവംശത്തിലേക്കയച്ചത്? കൗരവ രാജസഭയിലെത്തിയാണവൾ കൈകൾ നീട്ടി ധൃതരാഷ്ട്രർക്ക് മുമ്പിൽ വാവിട്ടു വിലപിച്ചത്. അന്ന് ഞാൻ എഴുന്നേറ്റു നിന്ന് മഹാരാജാവിനു വാക്കു കൊടുത്തു-നിങ്ങൾ അനുമതി തന്നാൽ അടുത്ത കറുത്ത വാവിന് മുമ്പ് ഞാൻ പാണ്ഡവരെ അടിമകളാക്കി ഈ കോട്ടക്കകത്തു നിന്ന് തല മൊട്ടയടിച്ചു, പുള്ളികുത്തി, കഴുതപ്പുറത്തിരുത്തി കാട്ടിലേക്ക് എന്നെന്നേക്കുമായി യാത്രയാക്കും."

നിങ്ങൾ അഭിമുഖത്തിന് വരുന്നതിനു അൽപ്പം മുമ്പ് ഭാര്യ എന്നോട്ട് ചോദിച്ചു.

"വാക്കു പാലിച്ചില്ലല്ലോ ഭീരു, എവിടെ കഴുതപ്പുറത്തെ സവാരി? പാഞ്ചാലിയോടുള്ള പ്രണയം കാരണം ആ അവമതി നിങ്ങൾ ഒഴിവാക്കിയോ? '

"മറ്റു നാലു പാണ്ഡവർക്കുള്ളും നീറുകയാണ് എന്നോ? എന്തുണ്ടായി? അക്ഷയപാത്രത്തിൽ അതീതശക്തികൾ എരിവ് കൂട്ടിക്കലർത്തിയോ?", കൊട്ടാരം ലേഖിക ഇളമുറ മാദ്രിപുത്രൻ സഹദേവനോട്ട് ചോദിച്ചു.

"ഇന്ന് രാത്രിയും, പ്രിയപാഞ്ചാലി ക്രമം തെറ്റിച്ചു എന്നോടൊപ്പം തന്നെ പായ പങ്കിടുന്നു."

2018/07/24

"യുദ്ധത്തിൽ കൊല്ലപ്പെട്ട ധീര ദേശാഭിമാനി ദുര്യോധനന്റെ വിധവയല്ലേ നിങ്ങൾ?" അന്തഃപുരത്തിൽ നീണ്ടകാലം കണ്ടും മിണ്ടിയും പരിചയിച്ചിരുന്ന സ്ത്രീയെ ആകസ്മികമായി വൃദ്ധസദനത്തിൽ കണ്ടു ഞെട്ടിയ കൊട്ടാരം ലേഖിക അടുത്ത് ചെന്ന് മുട്ടുകുത്തി കൈപിടിച്ച് ചോദിച്ചു. "ഒരു കുരുക്ഷേത്രവിധവ."

"പോരാട്ടവാർത്തയെത്തിക്കാൻ ഈ കാണുന്ന ചുവരെഴുത്തുകളൊക്കെ മതിയോ? പുത്തൻക്രമീകരണങ്ങളൊന്നും ഇല്ലേ?",ചാർവാകൻ ചോദിച്ചു. നിർബന്ധിതസേവനത്തിനു വിധേയരായ കൗരവസൈനികർക്കു മുൻകൂർ വേതനം കിട്ടിയതുകൊണ്ട് കുടുംബം മുഴുവൻ തെരുവിൽ ഇറങ്ങിയ സന്ധ്യ. പടിഞ്ഞാറൻ ആകാശത്തു യുദ്ധമേഘങ്ങൾ നിറഞ്ഞിരുന്നു.

"വേണമല്ലോ. യുദ്ധകാര്യലേഖകനും ഞാനും കുരുക്ഷേത്രയിൽ ഓടിനടന്നു ഉരുളുന്ന തലയെണ്ണിക്കൊണ്ടിരിക്കും-ഒരാൾ ഹസ്തിനപുരി വാണിജ്യത്തെരുവിൽ ആകാംക്ഷയോടെ കാത്തുനിൽക്കുന്ന ആൾക്കൂട്ടത്തെ തലേന്ന് കണ്ട യുദ്ധം നേരിൽ അപ്പപ്പോൾ കാണുന്ന കൗതുകത്തോടെ അവതരിപ്പിച്ചു ഉടനടി കുരുക്ഷേത്രയിലേക്കു തിരിക്കുമ്പോൾ, ഞാൻ ഒരുകൂട്ടം പുതിയ തലയെണ്ണലുമായി ഹസ്തിനപുരിയിലേക്ക് കുതിക്കും. മാറി മാറി തെരുവോരക്കൂട്ടത്തിന്റെ ജിജ്ഞാസ ശമിപ്പിക്കും. കൂട്ടം കൂടാൻ സൗകര്യപ്പെടാത്തവർക്കു നിലവിലുള്ള ചുവരെഴുത്തു തുടരും. ആർക്കറിയാം, വരുംയുഗത്തിൽ യുദ്ധം കിടപ്പറയിലിരുന്നു തത്സമയം കാണാവുന്ന കിണാശ്ശേരിയാണെന്റെ കിനാവ്."

"പെണ്ണുടൽ പണയം വച്ചുള്ള ചൂതാട്ടത്തിനു കുരുവംശഭരണകൂടത്തിന്റെ അനുമതിയുണ്ടല്ലേ?" കൊട്ടാരം ലേഖിക അർത്ഥഗർഭമായ നോട്ടത്തോടെ കിരീടാവകാശി ദുര്യോധനനോട് ചോദിച്ചു. മട്ടുപ്പാവിൽ നിന്ന് കാണാമായിരുന്നു, ആരോരും യാത്രയയക്കാനില്ലാത്ത ആറംഗ പാണ്ഡവസംഘത്തിന്റെ ദയനീയമായ പദയാത്ര. ഇരുപത്തിനാലുമണിക്കൂർ മുമ്പ് ആനപ്പുറത്തു എഴുന്നെള്ളിയവരായിരുന്നു ഇന്ദ്രപ്രസ്ഥത്തിലെ രാജസൂയ ചക്രവർത്തിയും കുടുംബവും.

"ലിംഗവിവേചനമില്ലാത്ത ദേശീയ വിനോദമെന്നു ചൂതുകളിയെ ധൃതരാഷ്ട്രരുടെ രാജമുദ്രയുള്ള ഔദ്യോഗിക വിജ്ഞാപനത്തിലൂടെ നേരത്തെ പ്രഖ്യാപിച്ചില്ലേ? അതും പാണ്ഡവർ ഇന്ദ്രപ്രസ്ഥത്തിൽ നിന്നു ഹസ്തിനപുരിയിലേക്ക് പടിയിറങ്ങും മുമ്പ് തന്നെ?" ഓർമ്മിപ്പിക്കാൻ ദുര്യോധനൻ അവളുടെ നെറ്റിയിലേക്ക് വിരൽ ചൂണ്ടി.

"ചതിച്ചു കൊന്നിട്ടും നിങ്ങൾ കർണ്ണനു ബലിയിടുമോ?" കൊട്ടാരം ലേഖിക അർജ്ജുനനോട് പതുക്കെ ചോദിച്ചു. ഗംഗാ സ്നാനഘട്ടത്തിലെ പ്രഭാതവെയിലിൽ കുളിച്ചു ഈറനുടുത്ത പാണ്ഡവർ പുരോഹിതാജ്ഞക്കായി കാത്തുനിൽക്കുന്ന നേരം. കുന്തിയുടെ അഭിജാത്യസാന്നിധ്യത്തിലും നേരിയൊരു അക്ഷമ മക്കളുടെ മുഖത്തുണ്ടായിരുന്നു.

"പോരാട്ടത്തിൽ ജീവഹാനിയുണ്ടായത് കർണ്ണശരീരത്തിനല്ലേ? യുദ്ധത്തിൽ രണ്ടിലൊരാൾ വധിക്കപ്പെടുന്നതൊക്കെ പതിനെട്ടുനാൾ കുരുക്ഷേത്ര യജ്ഞത്തിൽ കണ്ടുപരിചയിച്ചതല്ലേ? കൗന്തേയരെന്ന നിലയിൽ എനിക്കും കർണ്ണനും ഒരേ മാതാവിന്റെ ജീവകോശമല്ലേ? വെറുമൊരു പോരാട്ടവധത്തിൽ ഒതുങ്ങുമോ

മനുഷ്യനേത്രങ്ങൾക്കു വഴങ്ങാത്ത സൂക്ഷ്മലോകത്തിൽ എത്തിയ ജ്യേഷ്ഠനുമായുള്ള രക്തബന്ധം? അമ്പും വില്ലും ഉന്മൂലനം ചെയ്യാനാവുമോ അന്തമില്ലാത്ത പ്രപഞ്ചത്തിൽ എന്നും നിലനിൽക്കേണ്ട ഈ ആത്മാക്കൾ."

2018/07/25

"ഇന്നെന്തു ന്യായം പറഞ്ഞാണ് ഊട്ടുപുരയിലേക്കു പ്രവേശനം നിഷേധിച്ചത്?", ഹസ്തിനപുരി കൊട്ടാരത്തിലെ രാജസഭ. വിശന്നു നിലവിളിക്കുന്ന അഞ്ചു കുട്ടികളെയും കൂട്ടി നിസ്സഹായമായ പ്രതിഷേധത്തോടെ, പാണ്ഡവമാതാവ് ധൃതരാഷ്ട്രരുടെ മുമ്പിൽ നെഞ്ചത്തടിച്ചു നിലവിളിച്ചു. സുരക്ഷിത അകലം പാലിച്ചു വിദുരരും ഭീഷ്മരും കുന്തിയെ അനിഷ്ടത്തോടെ ഒളികണ്ണിട്ടു നോക്കി.

"ഗാന്ധാരിയുടെ സ്വപ്നപദ്ധതിയായിരുന്നു "ഹസ്തിനപുരി വഴിയോര തണൽ." രണ്ടു ദിവസമായി തരക്കേടില്ലാതെ മഴ കിട്ടി മണ്ണ് കുതിർന്നപ്പോൾ, കൗരവക്കുട്ടികൾ ഫലവൃക്ഷ തൈകൾ നട്ടത് മുഴുവൻ, രാത്രി നിന്റെ അഞ്ചു മക്കളും ചേർന്ന് വലിച്ചു വാരി മണ്ണിട്ട് മൂടിയിരിക്കുന്നു. ഹൃദയം തകർന്ന ദുര്യോധനൻ പ്രതികരിക്കില്ലേ."

"എങ്ങനെ സഹിക്കുന്നു നിങ്ങളഞ്ചു പേരും ഭാര്യയുടെ നിർദ്ദയഭാഷ?" വനാശ്രമത്തിനു താഴെ അരുവിക്കരയിൽ അസ്വസ്ഥരായി പാണ്ഡവർ അലയുന്നത് കണ്ട കൊട്ടാരം ലേഖിക അനുകമ്പയോടെ ചോദിച്ചു.

"ആരെ കുറിച്ചാണ് നിങ്ങൾ വഴിവിട്ട് ഞങ്ങളോട് ചോദിക്കുന്നത്? പ്രതിഷേധവും ഹർഷോന്മാദവും മിതമായ കൗശലത്തോടെ രാപ്പകൽ ആവിഷ്കരിക്കുന്ന പ്രിയപത്നി പാഞ്ചാലി എവിടെ, അന്തഃപുര മട്ടുപ്പാവിൽ നിലാവ് പെയ്യുന്ന വേനൽക്കാല രാത്രികളിൽ വസ്ത്രരഹിത ശരീരങ്ങൾ ഇളക്കിയും ആടിയും, ഹിമാലയനിരകളെ നോക്കി ഉന്മാദത്തിൽ പൊട്ടിച്ചിരിക്കയും ഭീതിതമായി വാവിട്ടു നിലവിളിക്കയും ചെയ്യുന്ന കൗരവരാജവധുക്കൾ എവിടെ?", ഇണയെ കാണാതെ പരിഭ്രമിക്കുന്ന പേടമാനിനു ഒരു പിടി ഇളം പുല്ലു നീട്ടുകയായിരുന്നു മറ്റു നാലു പാണ്ഡവരിൽ നിന്ന് കൂട്ടം തെറ്റിയ നകുലൻ.

"സൗജന്യധാന്യം ചോദിച്ച കൗരവ വിധവകളുടെ പ്രക്ഷോഭം ഒരു വിധം അമർച്ച ചെയ്തപ്പോഴേക്കും തുടങ്ങിയോ കോട്ടവാതിൽ തള്ളിത്തുറന്നു അറവുകാരുടെ ആക്രോശം?" കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"അന്നം മുട്ടിയാൽ അറവുകാർക്കു ഇരിപ്പുറക്കുമോ? അംഗീകൃതരും അനധികൃതരും ഇപ്പോൾ ഒന്നായി എന്നതാണ് കുരുക്ഷേത്രാനന്തര മാംസവിപണിയുടെ സമര നിലവാരം. ഉപയോഗരഹിതമായ അറവുകത്തികൾ തുരുമ്പെടുക്കുന്നു. മൂന്ന് നേരം മൃഗാവശിഷ്ടങ്ങളെങ്കിലും നക്കാൻ കിട്ടിയിരുന്ന കുട്ടികൾ സസ്യാഹാരത്താൽ ശോഷിച്ചിരിക്കുന്നു. കുരുക്ഷേത്ര ആവശ്യങ്ങൾക്കായി ദുര്യോധനൻ സമ്മർദ്ദം ചെലുത്തി കർഷകരിൽ നിന്ന് കറവ വറ്റിയ മാടുകളെ ആട്ടിക്കൊണ്ടു പോയി, പാണ്ഡവതല കൊയ്യുന്ന മിടുക്കൻകൗരവസൈനികർക്കു മാംസഭക്ഷണം ഒരുക്കിക്കൊടുത്തു. ഇന്ന് മഹാരാജാവിനോട് ചോദിക്കാതെ തന്നെ ഹസ്തിനപുരി ഭരണകൂടത്തിന്റെ ഉടമസ്ഥതയിലുള്ള ഗോശാലയിൽ നിന്ന് കറവയുള്ള നാൽക്കാലികളെ ഓരോ അറവുകാരനും വിട്ടുകൊടുത്തു, മറ്റാരുമറിയാതെ ഉപാധി വച്ചു-തുടകൾ കൊട്ടാരം ഊട്ടുപുരക്ക്, തലയും കുടലും അറവുകാർക്ക്. നിലവിളിക്കുന്ന കുടുംബാംഗങ്ങ

ളെ ഒരു നേരമെങ്കിലും തൃപ്തിപ്പെടുത്താനാവുമെന്ന പ്രതീക്ഷയിൽ അവർ മുട്ടുമടക്കി, കത്തി മൂർച്ച കൂട്ടാൻ ആലയിലേക്കു പോയി."

"യുധിഷ്ഠിരഭരണനേട്ടത്തെ കുറിച്ചൊന്നും ചോദിക്കുന്നില്ല. എന്നാൽ, നീണ്ട വ്യക്തിജീവിതത്തിൽ വല്ലതുമുണ്ടോ പുതു തലമുറ ഹസ്തിനപുരിയുമായി ഒരു കൊച്ചു രഹസ്യം പങ്കിടാൻ?" വാനപ്രസ്ഥത്തിനു പടിയിറങ്ങുമ്പോൾ പാണ്ഡവരോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ആയിരം പൂർണചന്ദ്രന്മാരെ കണ്ട ശേഷവും ഞങ്ങൾ സുന്ദരരൂപികളായി നിങ്ങൾക്കിപ്പോഴും തോന്നുന്നെണ്ടെങ്കിൽ എന്തായിരുന്നിരിക്കണം ഞങ്ങളുടെ തീ പിടിച്ച യുവത്വം? എന്നിട്ടും ഞങ്ങൾ, പെരുമാറ്റത്തിൽ കാറും മിന്നലും കലർന്ന, ഒരു കറുത്ത പെണ്ണിനെ നാട്ടിലും കാട്ടിലും കൂട്ടായി സ്വീകരിച്ച് ഒരായുഷ്കാലം ആർമാദിച്ചു എന്നതു്, പാണ്ഡവദാമ്പത്യം ആൺപെൺ സഹവർത്തിത്വത്തിന്റെ ഇതിഹാസമെന്നതിന്റെ പ്രത്യക്ഷമല്ലേ."

2018/07/26

"കൗരവർ രക്തസാക്ഷികൾ എന്ന് ഒരു വശത്തു പറഞ്ഞു ധീരദേശാഭിമാനി പുരസ്കാരം മരണാനന്തര ബഹുമതിയായി നിങ്ങൾ പ്രഖ്യാപിച്ചു അനുസ്മരണയോഗങ്ങൾ നാടൊട്ടുക്ക് ആഘോഷിക്കുന്നു മറുവശത്തു വിധവകളെ കുടിയൊഴിപ്പിച്ചു 'കൗരവഗന്ധ'മുള്ള എന്തും കൊട്ടാരമാലിന്യം എന്ന വകുപ്പിൽ പെടുത്തി ലേലം ചെയ്തു ഇടം കഴുകി അടിച്ചുതുടച്ചു വൃത്തിയാക്കുന്നു. ഈ വൈരുധ്യം ഒന്ന് വിശദീകരിക്കാമോ?" കൊട്ടാരം ലേഖിക ഭരണകൂടവക്താവിനോട് ചോദിച്ചു.

"അതിൽ എന്ത് വൈരുധ്യമാണ് കാണേണ്ടതു്? രാഷ്ട്രത്തിന്റെ അഖണ്ഡതക്കുനേരെ വാളുയർത്തിയ ദേശവിരുദ്ധരെ ഓടിക്കാൻ കുരുക്ഷേത്രയിൽ പോരാടി രക്തസാക്ഷിത്വം വരിച്ചവരുടെ ജ്വലിക്കുന്ന സ്മരണയ്ക്ക് മുമ്പിൽ പാണ്ഡവരും പാഞ്ചാലിയും ശിരസ്സ് കുനിക്കുമ്പോഴും, നൂറോളം അരമനകളിൽ ദശാബ്ദങ്ങളായി കുന്നുകൂടിയ ഖരമാലിന്യം നീക്കേണ്ടതു് വ്യവസ്ഥാപിത ഭരണകൂടത്തിന്റെ നിലവിലുള്ള ഹരിതചട്ടം പാലിച്ചുകൊണ്ടായിരിക്കേണ്ടേ?"

"നമ്മുടെ പ്രണയവിവാഹത്തിനു ശേഷം കഴിഞ്ഞ ദശാബ്ദത്തിൽ ഏഴു പ്രസവങ്ങളിലെയും നവജാതശിശുക്കളുടെ ദുരൂഹമരണത്തിനു നീ വ്യക്തിപരമായി ഉത്തരവാദി അല്ലെന്നോ? അപ്പോൾ നദിയിൽ നീ അവരെ ഓരോരുത്തരെയും കരുതിക്കൂട്ടി മുക്കിക്കൊല്ലുന്നതു കണ്ടിരുന്ന തോഴിമാരുടെ സത്യസാക്ഷിമൊഴി?" ഹസ്തിനപുരിയിലെ കുരുവംശ രാജാവ് ശന്തനു ഭാര്യ ഗംഗാദേവിയോട് ക്രുദ്ധനായി.

"കൊള്ളാം. ശിശുപരിചരണത്തിന്റെ ഭാഗമായി പുണ്യനദിയിൽ മുക്കിയെടുക്കാൻ കൊണ്ടുപോയപ്പോൾ കൈവഴുതി ഓരോ ചോരക്കുഞ്ഞും യാദൃച്ഛികമായി ഒഴുക്കിൽ മുങ്ങി ദുർമരണമുണ്ടായ ആ ഏഴോളം ദുഃഖസംഭവങ്ങൾ നേരിൽ കണ്ടു എന്ന് പറയുന്ന ചില അവിശ്വസ്ത തോഴികളെ സാക്ഷികളാക്കിയാണോ എന്നെ നിങ്ങൾ മഹാറാണിപദവിയിൽ നിന്ന് നീക്കാൻ പാടുപെടുന്നതു്?"

"ദുര്യോധനമകൻ യുധിഷ്ഠിരസിംഹാസനത്തിലേക്കു ഓടിവരുന്നതു് വിചിത്രമായി തോന്നി. സൗജന്യധാന്യലഭ്യതയെ കുറിച്ചെന്തോ അപേക്ഷിക്കുകയെന്നു കരുതി. കെട്ടിപ്പിടിച്ചു യുധിഷ്ഠിരനെ ആലിംഗനം ചെയ്യുകയല്ലേ ചെയ്തുള്ളു? അത്രവലിയ തെറ്റാണോ? പിന്നെന്താ ഭടന്മാരോടവനെ പിടികൂടി ദേഹപരിശോധനക്കു

വിധേയമാക്കാനും, രാജാവിനെ വൈദ്യപരിശോധനക്ക് കൊണ്ടു പോകാനും വിദുരർ ആജ്ഞാപിച്ചത്?" കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു. കുരുക്ഷേത്രാനന്തര ഹസ്തിനപുരി.

"ചികിത്സയിലെന്നു പറഞ്ഞു സൈനികസേവനത്തിൽ നിന്ന് ഒഴിവാക്കിയെങ്കിലും, കണ്ടാൽ കോമളനായ മകന് അമ്പതെത്താറായി. യുധിഷ്ഠിരനെ സ്ഥാനഭ്രഷ്ടനാക്കാൻ രാജസഭയിൽ അവതരിപ്പിക്കുന്ന പൊടിക്കൈ എന്നേ കരുതിയുള്ളൂ. നാവിൽ തട്ടിയാൽ ബോധം നശിക്കുന്ന വിഷക്കായ യുധിഷ്ഠിരവായിൽ കുത്തിത്തിരുകിയപ്പോഴാണ് 'ആലിംഗനം' മാരകരുചിശേഷിയുള്ളതെന്നറിഞ്ഞത്. ഭാഗ്യം, വായിൽ വീണ വിഷക്കായ ഉടൻ തെളിവിനായി തുപ്പി, ഒരു കുടം വെള്ളം കുടിച്ചു വിശ്രമിച്ചു. വിഷക്കായ തെളിവായും വധശ്രമത്തിൽ ദുര്യോധനമകൻ പ്രതിയായും, കുരുവംശനീതിന്യായ വ്യവസ്ഥ മുന്നോട്ട്."

2018/07/27

"അരക്കില്ലത്തിൽ തീപ്പെട്ടതു പാണ്ഡവരെന്നു പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ, അന്നം ചോദിച്ചു വന്ന ആദിവാസികളെ കത്തിച്ചു കൊന്ന കുന്തിയെ കുറിച്ച് മനഃസ്സാക്ഷി ഇപ്പോഴും കരളിൽ കുത്തുന്നുണ്ടോ?" വാനപ്രസ്ഥത്തിന് പടിയിറങ്ങുന്ന യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഞാനിപ്പോൾ വെറുക്കുന്ന വാക്കാണ് മനഃസ്സാക്ഷി. ഏറെ കാലം മുഖംമൂടിയായി ഞാനതു ഗാന്ധാരിയുടെ കൺകെട്ട് പോലെ പ്രദർശിപ്പിച്ചു ഒരുപാട് പ്രതിസന്ധികളെ അതിജീവിച്ചു. പക്ഷെ പിന്നീട് വലിയ വില കൊടുത്തു. ഇന്ന് ഞാൻ സ്വയം കാട്ടുതീ മരണത്തിനു സ്വയം വധശിക്ഷക്ക് വിധേയനായ പരിത്യാഗി. ഞങ്ങളുടെ ജീവചരിത്രം എഴുതുന്ന വ്യാസൻ, വിശദശാംശങ്ങളിൽ വസ്തുതാപരമായ കരുതലോടെ ഒക്കെ ഓർക്കും, ഓർമയുണ്ടായിരിക്കണം അയാൾക്ക്. അതല്ലെങ്കിൽ നിങ്ങളെ പോലുള്ള കൊച്ചുകുട്ടികൾ വ്യാസനെ റദ്ദാക്കി പനയോലക്കെട്ടു തട്ടിയെടുത്തു വരും യുഗത്തിൽ സത്യം തുറന്നു പറയട്ടെ."

"തീറ്റപ്പുൽ വെട്ടി ക്ഷീരകർഷകർക്ക് വിറ്റാലും, ഭരണകൂടത്തിന്റെ സൗജന്യധാന്യവിതരണമെന്ന ഔദാര്യത്തിനു കൈനീട്ടില്ലെന്നു ശഠിക്കുന്ന പുതുതലമുറ കൗരവബാലിക പൊതുസമൂഹത്തിൽ താരമായല്ലോ", കൊട്ടാരം ലേഖിക ചോദിച്ചു. പുൽമേട്ടിൽ പിറ്റേന്നുള്ള ദശപുഷ്പ പ്രദർശനത്തിനുള്ള ഒരുക്കങ്ങൾ പരിശോധിക്കുകയായിരുന്ന മഹാറാണി പാഞ്ചാലി.

"ഗംഗയാറൊഴുകുന്ന ഈ നാട്ടിൽ, പണിയെടുത്തു വളർത്തിയാലെങ്കിലും തീറ്റപ്പുൽ, പുല്ലുപോലെ, വളരുമെന്നറിഞ്ഞിരുന്നെങ്കിൽ, ആ കുഞ്ഞിന്റെ മുൻഗാമികളായ കൗരവർ തല പോയും നെഞ്ച് കലങ്ങിയും ജഡങ്ങൾ ആവാതെ, ഈ തെരുവുകളിൽ പാലും തേനും ഒഴുക്കുമായിരുന്നില്ലേ?"

2018/07/28

"ഇതെന്താ വിസ്തരിച്ചൊരു തൈലാഭിഷേകം", കൊട്ടാരം ലേഖിക ചോദിച്ചു.

"പാഞ്ചാലിക്കു പുരട്ടുവാൻ അവളുടെ ഇളമുറഭർത്താക്കന്മാരുടെ പിതാക്കളായ അശ്വിനിദേവതകൾ, സ്വർഗ രാജ്യത്തിൽ നിന്ന് കൊടുത്തയച്ച സുഗന്ധതൈലം.

പക്ഷെ അവളത് ഉപയോഗിക്കാതെ ദിവസങ്ങളോളം മാറ്റിവച്ചപ്പോൾ ഇന്നു ഞങ്ങളൊന്നു തേച്ചു നോക്കി", നീരാടാൻ അർജ്ജുനൻ ജലജീവിയുടെ മെയ്യൊതുക്കത്തോടെ കുതിച്ചു ചാടുന്ന കാട്ടരുവിയിലെക്കിറങ്ങി.

"അതെന്താ, ദേവചികിൽസകരായ അശ്വിനിദേവതകളുടെ ദിവ്യൗഷധം ഇളമുറപാണ്ഡവരുടെ ഓമനയായ പാഞ്ചാലിക്കു വേണ്ടേ?"

"കൌരവച്ചോര പുരട്ടി കഴുകിയുണക്കാതെ മുടിയിൽ ഒരെണ്ണക്കും പ്രവേശനമില്ല", ഭീമൻ മുരണ്ടു

"പരാശ്രയത്തിൽ കിടന്നാലും ശരശയ്യ വിട്ടുപോവാൻ മോഹമില്ലായിരുന്നു എന്നോ?", കൊട്ടാരം ലേഖിക കൃപാചാര്യനോട്ട് ചോദിച്ചു.

"നിത്യവും യുധിഷ്ഠിരൻ കുരുക്ഷേത്രയിൽ പോവുന്നത് രാഷ്ട്രമീമാംസയിൽ ഭീഷ്മരിൽ നിന്ന് ബാലപാഠങ്ങൾ പഠിക്കാനാണെന്നു കരുതിയോ? സ്വച്ഛന്ദമൃത്യു എന്ന, ഉടലിൽനിന്ന് ഉയിർ വേർപെടുത്തുന്ന തിരുകർമം, ഉടൻ തുടങ്ങണം എന്ന് ഭീഷ്മരിൽ പ്രേരണ ചെലുത്തുന്നതിനു പുറമെ, അതിരുവിട്ട കായികസമ്മർദ്ദത്തിനു ഭീമൻ ശ്രമിച്ചതോടെ, കൗരവസർവ്വസൈന്യാധിപൻ നിൽക്കക്കള്ളിയില്ലാതെ, കഴുത്തിൽ നിന്നൊരു അമ്പെടുത്തു ഇടനെഞ്ചിൽ സ്വയം തറച്ചു എന്നതാണ് ഞാൻ കണ്ടത്. നിങ്ങൾ പത്രപ്രവർത്തകർ 'കാത്' കൊണ്ടു കാണുന്നവർ."

"കൗരവ ചെവികളുടെ ശ്രവണപരിധിക്കപ്പുറം, വിദൂര വനാന്തരത്തിൽ വ്യാഴവട്ടക്കാല കഠിന ശിക്ഷയനുഭവിക്കുമ്പോഴും നിങ്ങളെന്താ, ദുര്യോധനനെ 'ഉടയോൻ' എന്ന് പരാമർശിക്കുന്നത്? മറച്ചുവക്കാത്ത വെറുപ്പോടെ വേണ്ടേ, അതിക്രമിയുടെ പേരു വിളിക്കാൻ?", കൊട്ടാരംലേഖിക ചോദിച്ചു. കാട്ടുകുടിലിൽ പാഞ്ചാലിയുടെ പീഡനപർവ്വം.

"കുടിലിനു ചുറ്റും നിങ്ങൾ കണ്ടു വണങ്ങിയ സന്യസ്ഥാശ്രമങ്ങളിൽ വേവുന്നത് 'ശുദ്ധആത്മീയത' ആണെന്ന് കരുതിയോ? ഗൂഢവ്യക്തിത്വങ്ങളല്ലേ? ഹസ്തിനപുരിയിൽ നിന്ന് ചാരൻ അവർക്ക് ഭക്ഷ്യവസ്തുക്കളും പൂജാസാമഗ്രികളും കൊണ്ട് വരും, പാണ്ഡവവസതിയിലെ അന്തർനാടകങ്ങൾ എന്തെന്ന് വിശദമായി ചുഴിഞ്ഞറിയാൻ."

"ആർത്തലച്ചുയരുന്ന വെള്ളപ്പൊക്കത്തിൽ ഗംഗക്കും യമുനക്കും ഇടയിലുള്ള ദരിദ്രകർഷകർ വീടൊഴിഞ്ഞു, നിവൃത്തികേട് കൊണ്ട് ഇടക്കാല താമസം കോട്ടക്കകത്തേക്കു മാറ്റാൻ ഭാണ്ഡം ചുമന്നു രാവിലെ മുതൽ രാജവീഥിയിൽ വരിനിൽക്കുന്നുണ്ടല്ലോ. നൂറോളം കൗരവരാജമന്ദിരങ്ങളൊഴിഞ്ഞുകിടക്കുന്ന ഇടങ്ങളിലേക്കവർക്ക് പ്രവേശനം നൽകി പ്രളയജലം താഴും വരെ ദുരിതാശ്വാസം കൊടുക്കാൻ ഭരണകൂട ത്തിനെന്താ വിമ്മിട്ടം?" കൊട്ടാരം ലേഖിക ചോദിച്ചു.

"കൗരവ വിധവകൾ പോയശേഷം, ഒരാഴ്ച വിയർത്തു പണിതിട്ടാണ്, ഇതുപോലെ ദുര്യോധന ഭരണകാലത്തു കൊട്ടാരസമുച്ചയം ദുരിതാശ്വാസപാളയങ്ങളാക്കിയതിന്റെ സകലമാന ജൈവഅജൈവ മാലിന്യങ്ങളും, ഭീമനേതൃത്വത്തിൽ, ഞങ്ങൾ സ്വയം തൂത്തുവാരി വൃത്തിയാക്കിയത്. ഇനിയവ യുദ്ധസ്മാരകങ്ങൾ എന്ന നിലയിൽ ഉൽഘാടനം കാത്തിരിക്കുന്ന നേരത്തു നിങ്ങളിങ്ങനെ അനാവശ്യചോദ്യങ്ങളുമായി ഭരണകൂടത്തിന് ജാള്യത ഉണ്ടാക്കുന്നതൊന്നും 'ഹസ്തിനപുരി പത്രിക'യുടെ പാരമ്പര്യത്തിന് ചേർന്നതല്ല. വരി നിൽക്കുന്നവർ കയ്യും കാലും തളരുമ്പോൾ തിരിച്ചു

പോവും. ഇത് കുരുവംശ സാമ്രാജ്യത്തിന്റെ ഭരണസിരാകേന്ദ്രമാണ്, വെള്ളപ്പൊക്കക്കെടുതിക്കുള്ള ആതുരാലയമല്ല. നിങ്ങളെ ഈ കുരുട്ടുചോദ്യവുമായി ഇങ്ങോട്ടു പറഞ്ഞയച്ച ചാർവാകൻ, വിദുരർ വഴി ഊട്ടുപുരയിൽ തമ്പടിച്ച്, ഗോമാംസം ചുട്ടതും തിന്നു കൂർക്കം വലിച്ചുറങ്ങുന്നുണ്ടല്ലോ. കയറിട്ടു വലിച്ചു കൊണ്ടുപോവണം അയാളെയും നിങ്ങൾ."

2018/07/29

"ഞെട്ടി ഉണരാറുണ്ടോ കീചകനെ ഓർത്ത്?" കൊട്ടാരം ലേഖിക ചോദിച്ചു. ആസന്നമായ വാനപ്രസ്ഥത്തിന്റെ തയ്യാറെടുപ്പുകൾ കഴിഞ്ഞു ആളൊഴിഞ്ഞ മട്ടുപ്പാവിൽ, പാഞ്ചാലിയുടെ മുഖം ശാന്തമായിരുന്നു. നാളെ ഈ സമയത്തവർ ഹസ്തിനപുരിയും വിട്ടു വടക്കൻ മലകളിലേക്ക്.

"പ്രണയിനിയെ കാത്തായിരുന്നില്ലെ അവൻ ആ കൂരിരുട്ടിൽ ചെന്നത്? രതിക്ക് യോജിച്ച രമണീയ നൃത്തമണ്ഡപത്തിലേക്ക് ആരാണവനെ ചതിയിൽ വിളിപ്പിച്ചത്? ആരുടെ ദുഷ്പ്രേരണയിലാണ് ഭീമൻ അവനെ ശ്വാസം മുട്ടിച്ചു കൊന്നത്? എങ്ങനെ ഭീമൻ കൊലക്കുറ്റത്തിൽ നിന്ന് രക്ഷ നേടി? എന്നെ കീചകചിതയിലേക്ക് എറിയാൻ ആരാണ് പാണ്ഡവരിൽ ഉത്സാഹിച്ചത്? പരുക്കൻ ഭീമഹസ്തങ്ങൾ വായും മൂക്കും പൊത്തിപ്പിടിച്ച പ്രിയകീചകനെ കൊല്ലുന്നതു വിഭാവന ചെയ്യുമ്പോളെല്ലാം, കൊലപ്പുള്ളിയെ പിൽക്കാലത്തു ഞാൻ നിസ്സാരകാര്യങ്ങൾക്കു കഠിനമായി ശിക്ഷിച്ചിട്ടുണ്ട്. പാപം ചെയ്ത ആ കൈകൾ എന്റെ ശരീരം സ്പർശിക്കാൻ സമ്മതിക്കാതെ, അകന്നു മാറി കിടന്നിട്ടുണ്ട്. അതൊന്നും പോരാ എന്ന് തോന്നും. അന്വേഷണബുദ്ധിയോടെ തിരക്കി ഒരുനാൾ വ്യാസൻ എല്ലാം പറയുമോ? അതോ, നിങ്ങൾ കാര്യം കണ്ടെത്തി ഭാവിതലമുറയെ സത്യം അറിയിക്കുമോ?"

"നകുലനും സഹദേവനുമായി നിങ്ങൾ മൂന്നു കൗന്തേയർക്ക് കുടിപ്പക ഉണ്ടെന്നു തോന്നുന്നല്ലോ പെരുമാറ്റം കാണുമ്പോൾ? ഒന്നുമല്ലെങ്കിലും അർദ്ധസഹോദരർ അല്ലേ?" കൊട്ടാരം ലേഖിക മുതിർന്ന പാണ്ഡവനോട് ചോദിച്ചു.

"അമ്മയും അച്ഛനും വേറെ വേറെ ആയ ഞങ്ങൾ എങ്ങനെ അർദ്ധരും പൂർണരും ഒക്കെ ആവും? രണ്ടാമത്തെ കാര്യം, വീട്ടിനകത്ത് പൊതുഭാര്യ പാഞ്ചാലിയാൽ ഞങ്ങൾ ബന്ധിതരായി എന്നതല്ലേ കൂടുതൽ ശരി? ഒരു ദിവസം ഞാൻ ഊഴമനുസരിച്ചു കിടപ്പറയിൽ കയറിയപ്പോളുണ്ട്, നകുലനും സഹദേവനും അവൾക്കൊപ്പം പായിൽ കിടന്നു ആർമാദിക്കുന്നു. എന്തുണ്ട് വിശേഷം എന്ന് ഞാൻ വെപ്രാളം മറച്ചു കുശലം ചോദിച്ചപ്പോൾ, "ഈ രണ്ടു മാദ്രിക്കുട്ടികളുടെ ഓരോ കുസൃതികൾ" എന്ന് പറഞ്ഞു അലസമായി തുണി വാരിയുടുത്തു പാഞ്ചാലി മുറി വിട്ടിറങ്ങി. ആ രാത്രി തകർന്നടഞ്ഞത് എക്കാലവും കെട്ടിപ്പൊക്കി നിർത്തിയ എന്റെ അഭിമാനമായിരുന്നു", യുധിഷ്ഠിരൻ വിതുമ്പി.

"വംശഹത്യ ചെയ്തു കൗരവരെ ഭൂമുഖത്തു നിന്ന് തുടച്ചുനീക്കിയ നിങ്ങളെ യുദ്ധക്കുറ്റവാളികളായി പൊതുനിരത്തിൽ വിചാരണ ചെയ്തു ആൾക്കൂട്ടക്കൊലക്കു ഇരയാക്കുമെന്നു ചാർവാകൻ പരസ്യവേദിയിൽ ഇന്നലെ രാത്രി ആഞ്ഞടിച്ചതൊന്നും ഭരണകൂടശ്രദ്ധയിൽ പെട്ടില്ലേ?" കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“എന്നിട്ടും അയാൾ പ്രതികാര നടപടിക്ക് വിധേയമായില്ല എന്നത് ഞങ്ങളുടെ തലപ്പാവിനു ഒരു പൊൻതൂവൽ തന്നെ എന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായില്ലേ. അതാണ് സ്വാതന്ത്ര്യസമൂഹം എന്ന പാണ്ഡവഭരണകൂടഹസ്തിനപുരി എന്ന് പറയുന്നത്. പത്തിന് താഴെയുള്ള നാലുകുട്ടികൾക്കു നേരത്തിനു അന്നം കൊടുക്കാതെ പട്ടിണിക്കിട്ടു നരകിക്കുന്ന ചാർവാകനെയല്ലേ കൊടും ഗാർഹികകുറ്റവാളി എന്ന നിലയിൽ വിചാരണ ചെയ്യേണ്ടത്? എന്നാൽ സംഭവിക്കുന്നതെന്താണ്? കൊട്ടാരം ഊട്ടുപുരയിൽ പൊരിച്ച കാളത്തുടകൾ തിന്നു ആടിപ്പാടി നടക്കും. അതാണ് പണിയെടുക്കാത്തവനും പരദൂഷണം പറയുന്നവൾക്കും പരമസുഖം കിട്ടുന്ന ഹസ്തിനപുരിയുടെ സൗജന്യഭക്ഷ്യനയം.

“കൗരവരാജവിധവകൾ എന്ന സംജ്ഞയിൽ നൂറോളം വനിതകളെ മൂലക്കൊതുക്കുന്നത് പാണ്ഡവഭരണകൂടം ഉടനടി നിർത്തണമെന്ന് നിങ്ങൾ പൂക്കാര തെരുവ് പ്രകടനത്തിൽ പറയുന്നത് കേട്ടല്ലോ. അങ്ങനെ പറഞ്ഞാൽ എന്താണ് കുഴപ്പം?” കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു.

“കാട്ടിൽ ജനിച്ചു വളർന്നു, ഇന്ദ്രപ്രസ്ഥത്തിൽ ഒരിടവേളയൊഴികെ, കാട്ടിൽ വീണ്ടും ജീവിച്ച യുധിഷ്ഠിരനും മറ്റു പാണ്ഡവർക്കും ഹസ്ഥിനപുരിയുടെ നവ സംവേദന ഭൂമികയുമായി വൈകാരിക ഇഴയടുപ്പം ഇല്ലെന്നു, കുറെയൊക്കെ സൗജന്യമായി ഞങ്ങൾ കണ്ടാൽ പോലും, ‘കുരുക്ഷേത്ര ഇരകൾ’ എന്ന വിശേഷണത്തിൽ കുറഞ്ഞ ഒന്നും ഞങ്ങൾക്ക് ഇന്ന് മുതൽ സ്വീകാര്യമല്ല. അധികാര ദുർമോഹത്തിൽ കൌരവരെ വംശഹത്യ ചെയ്ത പാണ്ഡവർക്ക് വിധിക്കേണ്ടത് വധശിക്ഷയല്ലേ?”

2018/07/30

“പച്ചതുരുത്തും വന്മരക്കൂട്ടവും പരിപാലിച്ചിരുന്ന കൌരവരാജമന്ദിരങ്ങളെ നോക്കൂ. സംരക്ഷിതവന പ്രകൃതിയെ പരിലാളിച്ചായിരുന്നു, നൂറോളം ദേശരാഷ്ട്രങ്ങളിൽ നിന്നു ഹസ്തിനപുരിയിലേക്ക് വന്ന രാജവധുക്കൾ, ഓരോ വസന്തകാലത്തും ഹൃദ്യപ്രകൃതിയുടെ വിസ്മയദൃശ്യങ്ങളാൽ പൊട്ടിത്തരിച്ചതും കുട്ടികൾക്കൊപ്പം നൃത്തം ചെയ്തു പൊട്ടിച്ചിരിച്ചതും. പാണ്ഡവ ഭരണകൂടം കൗരവകുടുംബങ്ങൾക്കെതിരെ കുരുക്ഷേത്രാനന്തര പ്രതികാരനടപടിയിൽ രാജവിധവകളെ പാതിരാവിൽ ബലം പ്രയോഗിച്ചു കുടിയൊഴിച്ച വസതി ആയുധപ്പുരയാക്കിയപ്പോൾ എന്ത് സംഭവിച്ചു? അത് ഞങ്ങൾ ഇന്ന് വിശദീകരിക്കാം. ‘ഹസ്തിനപുരി പത്രിക’ പനയോലകളിൽ രേഖപ്പെടുത്തിയ സമീപകാല ചരിത്രമുണ്ട്, ‘എന്റെ കൂടെ വരൂ’ കൊട്ടാരം ലേഖിക, തക്ഷശിലയിൽ നിന്ന് വന്ന മുതിർന്ന വിദ്യാർത്ഥികളോട് പത്രിക കാര്യാലയമന്ദിരത്തിലേക്കു വിരൽ ചൂണ്ടി. പെരുമരത്തിന്റെ മറവിൽ പാണ്ഡവ ചാരവകുപ്പ് മേധാവി, വിദ്യാർത്ഥികളുടെ പൊതുവിവരങ്ങൾ കുറിച്ചു.

“കിടങ്ങു നിറഞ്ഞു കവിഞ്ഞു ചീങ്കണ്ണി പുറത്തുചാടിയപ്പോഴാണോ ഹസ്തിനപുരി പ്രളയബാധിതമെന്നു ഭരണകൂടത്തിന് ബോധ്യമായത്? ദുരിതമനുഭവിക്കുന്ന പ്രളയബാധിതരെ, ഒഴിഞ്ഞുകിടക്കുന്ന നൂറോളം കൗരവ രാജമന്ദിരങ്ങളിൽ താൽക്കാലികമായി പുനരധിവാസം ചെയ്തില്ലെന്നു മാത്രമല്ല, ദുരിതം നേരിട്ടറിയാൻ ഒന്ന് പോയി കണ്ടു, ഇരകൾക്കു പങ്കപ്പാടിനെകുറിച്ച് മിണ്ടിപ്പറയാൻ അവസരം കൊടുത്തില്ലെന്നു നിങ്ങൾ വഴിനീളെ പിറുപിറുക്കുന്നതിന്റെ യുക്തിയെന്താണ്? ദുരൂഹത തു

റക്കേണ്ടത് ഭക്തിമാർഗം കൊണ്ടല്ല യുക്തി വിചാരം കൊണ്ടാവണമെന്ന ബോധനം ചെയ്യുന്ന സാംസ്കാരിക നായകനല്ലേ?" കൊട്ടാരം ലേഖിക ചാർവകനോട് ചോദിച്ചു.

"വെള്ളം കണ്ടാൽ നിൽക്കുന്ന കുതിര വലിക്കുന്ന രഥം മാറ്റിവച്ച്, നടന്നു ചെന്നുകൂടെ പന്ത്രണ്ടു വർഷം നഗ്നപാദരായി വനമേഖലയിൽ കൗരവഅടിമകളായിരുന്ന പാണ്ഡവർക്ക്? നിങ്ങൾ പോയി കണ്ടിരുന്നില്ലേ അക്കാലത്തെ പാഞ്ചാലിയുടെ ദുരിതം? വഴിയോരങ്ങളിൽ കാണുന്ന രോഷവും ദുഖവും യുധിഷ്ഠിരനെ സ്ഥാനഭ്രഷ്ടനാക്കാൻ കൗരവവിധവകൾക്കു വേണ്ടി പൊതുസമൂഹം ഗൂഢാലോചന ചെയ്യുന്നതിന്റെ ദൃശ്യാവിഷ്കാരമാണെന്നു സ്വയം വിലയിരുത്തി, അന്തഃപുരത്തിൽ പാഞ്ചാലിയുമൊത്തു ചൂതാട്ടത്തിൽ നൈപുണ്യവികസനം നേടുന്നവർ എന്തിനു കാലിൽ ചെളിവെള്ളം തട്ടിക്കണം?" വായടക്കുമ്പോഴേക്കും, മുഖംമൂടി ധരിച്ച സൈനികൻ കഴുത്തിലൂടെ കയറിട്ടു കുരുക്കി ചാർവാകനെ കഴുതപ്പുറത്തേക്കെറിഞ്ഞു യാത്രയായി.

"തലവെട്ടാൻ കിട്ടിയ അവസരം എന്നാണോ?", കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. പുഴയോരചിതയിൽ കർണ്ണൻ കത്തിത്തീരുന്ന വൈകിയ രാത്രി. കുരുക്ഷേത്രം.

"കർണ്ണവധം എനിക്ക്സ്വത്തുതർക്കമല്ല. അഭിമാന കൊലയായിരുന്നു."

"പുതുതലമുറ കൗരവരാജകുമാരിയെ പാഞ്ചാലി മുഖത്ത് ചവിട്ടി എന്നൊരു പൊള്ളുന്ന വാർത്ത പരക്കുന്നുണ്ടല്ലോ. അവിശ്വസനീയമായി തോന്നിയെങ്കിലും, ഇര പൊതുവേദിയിൽ വിലപിച്ചുവന്നപ്പോഴാണ് മഹാറാണിയുടെ പാദരക്ഷ കവിളിൽ പതിഞ്ഞത് ബോധ്യമായത്. കൗരവ രാജസ്ത്രീകളും പെൺകുട്ടികളും രാജവീഥിയിലൂടെ ഇരയെ കഴുതപ്പുറത്തിരുത്തി നഗരം ചുറ്റുന്നു. ഖേദം പ്രകടിപ്പിക്കാൻ ഒന്നും ഇല്ലേ?" കൊട്ടാരം ലേഖിക ഔദ്യോഗികവക്താവിനോട് ചോദിച്ചു.

"വസ്തുതകൾ ചോദിച്ചറിയാതെ പതിവ് പോലെ നിങ്ങൾ കാള പെട്ടെന്ന് കേട്ടപ്പോൾ കയറെടുക്കുന്ന പത്രപ്രവർത്തനമാണല്ലോ ഈ പരിഷ്കൃതസമൂഹത്തിലും ചെയ്യുന്നത്. ഹസ്തിനപുരിയുടെ കുരുവംശ പഴമയിൽ നിന്ന് അളിഞ്ഞതിനെ മാത്രം തപ്പിയെടുത്ത് അതെന്തോ വലിയ സംസ്കാരമാണെന്ന് പറഞ്ഞ് ഇക്കാലത്തു അടിച്ചേൽപ്പിക്കാൻ നോക്കുകയാണ് സത്യവതി നടപ്പിലാക്കിയ ഈ നിന്ദാർഹമായ ആചാരം. യുദ്ധം കഴിഞ്ഞിട്ടും കൗരവക്കുട്ടികൾ കൊട്ടിഘോഷിച്ച് പുനരാനയിക്കുന്ന പഴയ കാല ജീർണ്ണിപ്പു മാത്രമായിരുന്ന അന്തഃപുരത്തിൽ വന്നു മഹാറാണിയുടെ കാൽ തൊടൽ. പുത്തനാശയങ്ങൾ പ്രചരിപ്പിക്കുന്ന സ്ത്രീപക്ഷവാദി പാഞ്ചാലി ഒരു മാതൃകാ ശിക്ഷ എന്ന നിലയിൽ ആദ്യം വന്ന കുട്ടിയുടെ മുഖത്തൊരു ചവിട്ടു കൊടുത്തതോടെ അത് നിലവിളിച്ചു പാഞ്ഞത് ഉടനടി ഗുണം ചെയ്തു. നൂറുകണക്കിന് കുട്ടികൾ ഭയത്തിൽ വരി വിട്ടു തിരിഞ്ഞു നടന്നു. ഇനിയാരും കാലിൽ തൊട്ടു വണങ്ങേണ്ടതില്ലെന്നു രാജമുദ്ര ചാർത്തിയ കൽപ്പന ഇറങ്ങി. ബഹുമാനം കാണിക്കാൻ മുട്ടുകുത്തി നിന്നാൽ മതി. മുട്ടിൽ ഇഴയുന്നതും നിരോധിച്ചിട്ടില്ലല്ലോ."

"രഹസ്യസ്വഭാവമുള്ള ദാമ്പത്യപ്രശ്നങ്ങൾ നീ കൊട്ടാരം ലേഖികയുമായി പങ്കുവെക്കുന്നത് ശ്രദ്ധയിൽ പെട്ടു. ഇതെങ്ങനെ സാധൂകരിക്കുന്നു? പരാശക്തിയുടെ പ്രതിനിധിയൊന്നുമല്ലല്ലോ പത്രപ്രവർത്തക? എങ്കിൽ മനസ്സിലാക്കാം, പാപമോചനത്തിനാണ് അവൾക്കു മുമ്പിൽ നീ ഉള്ളു തുറക്കുന്നതെന്നു. കൊട്ടാരം ലേഖികയോട് സംസാരിച്ചാൽ ഹൃദയവിശുദ്ധീകരണം തരമാവുമെന്നു മോഹിക്കാൻ മാത്രം

സരളഹൃദയയല്ല നീഎന്ന് അഞ്ചു ഭർത്താക്കന്മാർക്കും അറിയാം. ആ യുവലേഖിക യുടെ നിത്യവൃത്തി തന്നെ കൊട്ടാരം വിഴുപ്പുകെട്ടു പരിശോധിക്കുകയല്ലേ? അവളതു പനയോലകളിൽ നാരായം കൊണ്ടെഴുതി ഔദ്യോഗിക രേഖയാക്കിയാണ് ഹസ്തി നപുരിയിലേക്കു മടങ്ങി, പതിനഞ്ചോളം ചുവരെഴുത്തു പതിപ്പുകളിലൂടെ 'വിഴുപ്പിൽ' കൗതുകമുള്ള നഗരവാസികളെ അറിയിക്കുന്നത്." യുധിഷ്ഠിരന്റെ ശബ്ദത്തിൽ രോ ഷത്തെക്കാൾ ഖേദമായിരുന്നു. വനജീവിതത്തിലെ ദുരിതപർവ്വം.

"ഞാൻ പറയുന്നത് വസ്തുതകളും കാഴ്ചപ്പാടുകളുമാണ്. നാളെ നിങ്ങൾ പനയോ ലയും നാരായവുമായി ബഹുഭർതൃത്വം സംവാദമാക്കിയാലും, പ്രതികരണം അതാ യിരിക്കും. നിങ്ങളതു കുഴിച്ചിട്ടാലും പറക്കാൻ വിട്ടാലും."

2018/07/31

"വെട്ടിയും ചവിട്ടിയും കൊല്ലാൻ പാണ്ഡവർ, ചാവാൻ കൗരവർ. എന്ത് കണ ക്കാണിത്" കൊട്ടാരം ലേഖിക ചോദിച്ചു. അന്ത്യ യുദ്ധദിനം, കുരുക്ഷേത്രം.

"കൂട്ടിയും കിഴിച്ചും ഞാനും കൗരവരും എത്ര സൂക്ഷ്മതയോടെ പാണ്ഡവരെ വഴി യാധാരമാക്കാൻ ജീവിതകാലം ശ്രമിച്ചുവോ അത്രയും കുടിലതയോടെ പാണ്ഡവർ വനവാസക്കാലത്ത് ഞങ്ങൾക്കെതിരെ കളം വരച്ചിരുന്നു എന്ന് കണ്ടെത്താൻ കൗ രവ ചാരസംവിധാനത്തിനു ഒത്തില്ലെന്നതാണെന്റെ പാളിച്ച", തുടയിൽ മാരക മായ ഭീമഗദപ്രഹരമേറ്റ് ചളിയിൽകിടന്നു നിലവിളിക്കയായിരുന്ന ദുര്യോധനൻ ഒരു നിമിഷം ഹസ്തിനപുരി സിംഹാസനത്തിൽ ഇരിക്കുന്നപോലെ കൊട്ടാരം ലേഖിക ക്ക് മുമ്പിൽ നടിച്ചു.

"മനുഷ്യർക്ക് വയർ നിറയെ കഴിക്കാൻ വകയില്ലാത്ത കാലത്താണോ നിങ്ങൾ അഞ്ചു സിംഹങ്ങളെ വളർത്തുന്നത്?", കൊട്ടാരം ലേഖിക മഹാറാണിയോട് ചോദി ച്ചു, "കളിക്കുന്നതു കാണാനൊക്കെ രസമുണ്ട് പക്ഷെ കൂട്ടം കൂടി ഗർജ്ജിച്ചാൽ എന്തു കൊടുക്കും വിശപ്പടക്കാൻ?"

"ഗോവധം നിരോധിച്ചത് ഉപകാരമായി. അടുത്ത ഗ്രാമങ്ങളിലെ ക്ഷീരകർഷ കർ ആദ്യമൊക്കെ പരിഭവിച്ചു പക്ഷെ സിംഹങ്ങളെ കണ്ടപ്പോൾ മാടുകളുമായി രാ വിലെ തന്നെ കോട്ടവാതിലിനു മുമ്പിൽ വരി നിൽക്കും. കറവ വറ്റി കർഷക കുടുംബ ത്തെ പെടാപാടിലെത്തിച്ച മാടുകളെ എന്ത് തീറ്റ കൊടുത്തു ആയുഷ്കാലം മുഴുവൻ പരിപാലിക്കും എന്ന ഭയം ഇനി വേണ്ട. ഒരു സൗജന്യം മാത്രമേ ആ നിഷ്കളങ്ക ഗ്രാ മീണർ കാലിൽ വീണു നമസ്കരിച്ചു ചോദിക്കൂ, വിശന്നു വലഞ്ഞ സിംഹങ്ങൾ ഗോ ക്കളെ പിച്ചിച്ചീന്തി തിന്നു വാലും തൊലിയും ബാക്കിയാക്കിയ ശേഷം വീണ്ടും കളി ക്കാൻ പോവും വരെ ആ ദൃശ്യാനുഭവം അടുത്തുനിന്നു കാണാൻ പാറാവുകാർ അനു വദിക്കണം."

# ഭാഗം നാല്

"ജഢം ചിതയിലേക്കെടുത്തിട്ടില്ല പൂ ചൂടി സുന്ദരിയായല്ലോ എങ്ങോട്ടാണ് യാത്ര?", കൊട്ടാരം ലേഖിക മാദ്രിയോട് ചോദിച്ചു.

"കുന്തി നിർബന്ധിപ്പിച്ച പാണ്ഡുചിതയിൽ സതി അനുഷ്ഠിപ്പിക്കയാണെന്ന മുൻവിധിയുണ്ടെങ്കിൽ ഇതാ: ഞാൻ പാണ്ഡുവിന്റെ ചിതയിലല്ല എനിക്ക് കിട്ടിയ ആ കാട്ടു തീയിലാണ് ജന്മം ഒതുക്കുന്നത്. പ്രകൃതിയോടുള്ള പ്രതിഷേധമാണ്, പാണ്ഡുവിനോടു വിശ്വസ്തതയോ, ആചാരങ്ങളോടു അനുസരണയോ. കുന്തിയോടു കീഴടങ്ങലോ അല്ല. എന്നോടുള്ള അതൃപ്തിയാണ് കാര്യം. സുന്ദരനെന്നു കരുതിയ ഭർത്താവു പാണ്ഡുവിന് കായികക്ഷമതയില്ലാത്തതു കൊണ്ട് ആദ്യഭാര്യ കുന്തിയെങ്ങനെയൊക്കെ പ്രലോഭനങ്ങളിലൂടെ പരപുരുഷന്മാരെ ആനന്ദിപ്പിച്ചു മൂന്നു കുട്ടികളെ നേടിയതെന്ന് ഞാൻ കേട്ടിരുന്നു. എനിക്കും വേണ്ടിവന്നു സന്ധ്യക്ക് പൂ ചൂടി ആണിനെ തേടാൻ. അഭിമാനം അടിയറവു വച്ച് നേടിയ കുട്ടികളെയും, കുന്തിയുടെ മൂന്നു മക്കളെയും കൂട്ടി ഹസ്തിനപുരിയിൽ അഭയാർത്ഥികളായി ചെല്ലാൻ ആവില്ലെനിക്കെന്ന ഉത്തമ ബോധ്യത്തിലാണ് ഒരു വധുവിനെ പോലെ അണിഞ്ഞൊരുങ്ങി അഗ്നിയിൽ ഞാൻ അവസാനിക്കുന്നത്."

"അഭിമന്യുവിനെ ഭീകരൻ എന്ന് ദുര്യോധനൻ വിശേഷിപ്പിച്ചത് പാണ്ഡവരെ ചൊടിപ്പിച്ചിട്ടുണ്ടല്ലോ" യുദ്ധകാര്യ ലേഖകൻ കർണനോട് ചോദിച്ചു.

"കൗരവ സുരക്ഷാവലയം തകർത്തു കണ്ണിൽ കണ്ടവരെയെല്ലാം വെട്ടിയും ചവിട്ടിയും കൊന്നു കൊലവിളിച്ചു ഹസ്തിനപുരം ഇനി ഞങ്ങൾക്ക് എന്ന് ഉച്ചത്തിൽ ആർമാദിക്കുന്നവനെ പിന്നെ ഞങ്ങൾ ധീരോദാത്തൻ എന്നാണോ വിളിക്കേണ്ടത്? ഞങ്ങളും തിരിച്ചു കൊടുത്തിട്ടുണ്ടാവും കൈ മെയ് മറന്നു കുറെ." ദേഹമാസകലം ചോരപ്പാട്ട് നിറഞ്ഞ കർണൻ പാണ്ഡവവിഘടനവാദികളുടെ ഒരു കൗമാര വീരനെ കൊന്നു കൊലവിളിച്ച ഉത്സാഹത്തിൽ യമുനയിൽ നീന്തിക്കുളിക്കാൻ, മെയ്യൊതുക്കത്തോടെ നിലാവ് പെയ്യുന്ന പുഴ വെള്ളത്തിലേക്ക് എടുത്തുചാടി.

"ബഹളമില്ലാതെ പാഞ്ചാലിക്ക് കുത്തുവാക്ക് പറയാനാവുമെന്നു ഇളമുറ മാദ്രിക്കുട്ടികൾ പരിഭവിക്കാറുണ്ട്. അങ്ങനെ ഒരു ദുരനുഭവം പങ്കിടുകൂടെ?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. വനവാസക്കാല അടിമപർവ്വം.

"കുടിലിരിക്കുന്ന മൊട്ടക്കുന്നിൽ നിന്ന് കുത്തനെ ഇറക്കത്തിലൂടെ ഞങ്ങൾ പുലർച്ചക്കും സന്ധ്യയിലും ജലാശയത്തിലേക്കു പോവുന്നതൊക്കെ നിങ്ങൾ കാണുന്നതല്ലേ. രണ്ടുദിവസം മുമ്പ് വഴിയോര മരക്കൊമ്പിൽ നിന്നൊരു മലമ്പാമ്പ് തോളിൽ വീണു ചുറ്റിവരിഞ്ഞപ്പോൾ, ഞെട്ടലോടെയുള്ള എന്റെ പ്രതികരണം നിലവിളിയായി. ആവുന്നത്ര ഞാനതിന്റെ കുരുക്കഴിച്ചു ആഞ്ഞെറിഞ്ഞതൊക്കെ നകുലൻ

വഴി അറിഞ്ഞ പാഞ്ചാലി പറഞ്ഞു, ഇങ്ങനെയാണെങ്കിൽ യുദ്ധഭൂമിയിൽ എതിർ വശത്തു നിന്ന് കർണ്ണൻ അയക്കുന്ന നാഗാസ്ത്രങ്ങളും ആഗ്നേയാസ്ത്രങ്ങളും ഏറ്റാൽ, വായിട്ടടിച്ചു നിലവിളിച്ച പാണ്ഡവ സൈന്യത്തിന്റെ മാനം കെടുത്തുമല്ലോ. അതുകേട്ടപ്പോൾ മറ്റു പാണ്ഡവർ എന്നെ തുറിച്ചുനോക്കുന്നതിനിടക്ക് ജാള്യതയോടെ, "നിന്റെ ഭാവന എത്ര ക്രൂരം പാഞ്ചാലീ" എന്നുമാത്രമേ എനിക്ക് പ്രതികരിക്കാനായുള്ളു. ഉള്ളിൽ ഉള്ളത് എങ്ങനെ ഞാൻ മറ്റുള്ളവരോട് വെളിപ്പെടുത്തും?, അതുകൊണ്ടല്ലേ സത്യം നാവിലുള്ളവൻ എന്ന് ജനം എനിക്ക് ബഹുമതി തന്നത്?"

2018/08/02

"കൗരവരോടുള്ള പെരുമാറ്റം നന്നാക്കാൻ പാണ്ഡവർക്ക് 'സ്വഭാവശുദ്ധിപരിശീലനം' കൊടുക്കാൻ കൃപാചാര്യരെ പിതാമഹൻ നിയോഗിച്ചു എന്ന് കേട്ടല്ലോ. എന്താ നിലവിൽ സ്വഭാവശുദ്ധിക്ക് കുഴപ്പം?" കൊട്ടാരം ലേഖിക കൊട്ടാരം ഗുരുവിനോട് ചോദിച്ചു. ചൂരലുകൾ വളച്ചും നിവർത്തിയും പരിശോധിക്കുകയായിരുന്നു, ചിരഞ്ജീവി എന്ന് സംശയിക്കപ്പെട്ടിരുന്ന ആ വൃദ്ധബ്രാഹ്മണൻ.

"ഈയിടെ ദുര്യോധനരാജകുമാരനെ ഗംഗാനദിയിൽ നീന്തിക്കളിക്കുമ്പോൾ ഭീമൻ മുക്കിക്കൊല്ലാൻ ശ്രമിച്ചത് നിമിത്തമായി എന്ന് കരുതൂ. കാട്ടിൽ കൗമാരം വരെ സാമൂഹ്യമര്യാദകൾ ഇല്ലാതെ കഴിഞ്ഞതല്ലേ. തിരിച്ചു കടിക്കാത്ത ജീവികളെയൊക്കെ കൊന്നു കൊലവിളിച്ചു നടന്ന പാണ്ഡവർക്ക്, ഹസ്തിനപുരിയിലെ ഈ രണ്ടാംജന്മത്തിൽ, പരിഷ്കൃത പെരുമാറ്റമുറയില്ലെങ്കിൽ, എന്റെ സഹോദരീ ഭർത്താവു കൂടിയായ ദ്രോണർ കൊടുക്കുന്ന സായുധപരിശീലനം കൊണ്ടെത്തു ധാർമികബലം എന്നൊരു തിരുത്തൽ ചിന്താധാര, ഭരണകൂടത്തിന്റെ അത്യുന്നത തലങ്ങളിൽ ഉണ്ടായി എന്നത് തന്നെ കുരുവംശത്തിന്റെ പുണ്യം എന്നേ പൂണൂലിട്ട പോരാളികൾ പറയൂ", പരിശീലനപരിപാടിക്ക് അന്തിമരൂപം നൽകുന്ന അർദ്ധനഗ്ന ആചാര്യൻ എളിമയുടെ നിറകുടം പോലെ ഇരു കൈകളും നിവർത്തി. ശരീരം ആവുന്നത്ര കുനിഞ്ഞു.

"ഭർത്താക്കന്മാർ മരിച്ചതോടെ രാജമന്ദിരങ്ങൾ ഒഴിഞ്ഞു നിങ്ങൾ വൃദ്ധസദനങ്ങളിലേക്ക് മാറിതാമസിക്കേണ്ടി വന്നു എന്നത് സമീപകാല വിവാദം. പ്രതിഷേധത്തോടെ അത് ഞങ്ങൾ കാണുമ്പോഴും, നിങ്ങൾ ഏറ്റെടുത്ത ഈ സമരം, നിത്യവും തുടരുന്ന പ്രകടനങ്ങളും പൊതുയോഗങ്ങളും എവിടം വരെ കൊണ്ടുചെന്നെത്തിക്കും?", വൈകിയ സന്ധ്യ, ഇരുട്ട് മൂടിയ ഉൾപ്രദേശം, ചൂടിൽ പഴുത്ത അന്തരീക്ഷം.

"രാജവിധവകളും പുത്രവിധവകളും അവിവാഹിത പുത്രിമാരും താമസിക്കുന്ന വൃദ്ധസദനത്തിൽ ശുചിമുറി ഇല്ല. ഓരോ സന്ധ്യയിലും വെളിയിടവിസർജ്ജനത്തിനു പോവേണ്ടി വരുന്നത്, യുദ്ധത്തിൽ കൊല്ലപ്പെട്ട കൗരവരുടെ ഭൗതികാവശിഷ്ടങ്ങൾ അടക്കിയ പൊതുശ്മശാനത്തിൽ."

"മാദ്രിയുടെ ജ്യേഷ്ഠൻ മാദ്ര ചക്രവർത്തി ദുര്യോധനന്റെ വലയിൽ വീണല്ലോ. ശത്രുസൈനികരിൽ നിന്ന് നിങ്ങൾക്കൊന്നും വലവീശി കിട്ടിയില്ലേ? കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ആസന്നമായ യുദ്ധത്തിന് മുമ്പുള്ള ഉപപ്ലാവ്യ പാണ്ഡവ പാളയം.

“നകുലൻ അതിലപ്പുറവും ഇടപെട്ടിട്ടുണ്ട്. ഭീഷ്മരും ദ്രോണരും കൃപാചാര്യനും കർണ്ണനും കയ്യിൽ തൊട്ടു വാക്ക് തന്നു-തല വെട്ടാൻ ആരെയും കിട്ടിയില്ലെങ്കിലും പാണ്ഡവരെ അവർ കൊല്ലില്ല. കർണ്ണൻ മാത്രം അർജ്ജുനനെ കൊല്ലാൻ നീണ്ട കാലമോഹം ഉള്ളിൽ ഉണ്ടെന്നു സൂചന നൽകി. നോക്കട്ടെ എന്ന് ചെറുവിരൽ ഒന്നനക്കി നകുലൻ ധാരണയുമായി മടങ്ങി.

“അരക്കില്ലം-അത്ര അകർഷമോ ഇന്നും ആ പൊള്ളുന്ന ഓർമ്മ?” കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“കുന്തി സംശയരോഗിയെന്നു ഞങ്ങൾ അറിഞ്ഞത് അരക്കില്ലത്തിലായിരുന്നു. തേക്കും വീട്ടിയും കൊണ്ട് പണിത വേനൽക്കാല വസതിയായിരുന്നിട്ടും അമ്മ അതിലോരു കെണി പേക്കിനാവ് കണ്ടു. ഗംഗയെ വിവാഹം കഴിച്ച (മഹാരാജാവ് ശന്തനു, പ്രിയഭാര്യക്ക് വേണ്ടി പണിത വനാന്തരത്തിലെ ആ മോഹനസൗധം പക്ഷെ ആവോളം ആസ്വദിച്ചത് സത്യവതിയായിരുന്നു). അർദ്ധരാത്രി ആരോ വന്നു അരക്കില്ലം തീയിടുമെന്നു കുന്തി ഞങ്ങളെ വിശ്വസിപ്പിച്ചിട്ടും, ആ കൊട്ടാരത്തിലെ സൗകര്യങ്ങളും സുഭിക്ഷതയും അയൽപ്പക്കത്തിന്റെ ആശ്രിതത്വവും ഒക്കെ അഭയാർഥികളായി ഞങ്ങൾക്കൊരു ആനന്ദമായി. തീയിടാൻ ആരും വരാതെ വരാതെ, അവസാനം കുന്തി തന്നെ ഒരു ഗൂഢപദ്ധതി നടപ്പിലാക്കി ഞങ്ങളെ പെരുവഴിയിലാക്കി. തേളും കരിക്കുന്നനും നിറഞ്ഞ ഭൂഗർഭ ഇടുക്കിലൂടെ പാതിരാവിൽ ഒളിച്ചോടിയ ഞങ്ങൾ എത്തിച്ചേർന്ന ഏകചക്രാ ഗ്രാമത്തിൽ എത്രകാലം ഞങ്ങൾ ഒരു കുടിലിൽ ഉടുതുണിക്ക് മറുതുണിയില്ലാതെയും ഒരു നേരം ഭക്ഷണത്തിനു വകയില്ലാതെയും ഒളിച്ചുതാമസിക്കേണ്ടി വന്നു.” പറഞ്ഞുപറഞ്ഞു ഭീമൻ ഇടയ്ക്കിടെ വിതുമ്പി.

2018/08/03

“ആ പുതുസന്യസ്തൻ അപമര്യാദയായി എന്തോ പറഞ്ഞു എന്ന് കേട്ടല്ലോ.” കാട്ടുകുടിലിലെ ജാലകത്തിലൂടെ ആശ്രമ മുറ്റത്തു മണ്ണിളക്കിയും നനച്ചും ജോലി ചെയ്തിരുന്ന യുവാവിനെ ചൂണ്ടി കൊട്ടാരം ലേഖിക ഇളമുറ പാണ്ഡവൻ നകുലനോട് ചോദിച്ചു.

“വാല്മീകിരാമായണം വായിക്കുന്ന ഓർമ്മയിൽ അയാൾ യുധിഷ്ഠിരനോട് ചോദിച്ചു രാമൻ ഒറ്റയ്ക്ക് പോയി വേട്ടയാടി വന്നിരുന്നില്ലേ ലക്ഷ്മണനും സീതക്കും വേണ്ടി പിന്നെ നിങ്ങൾ അഞ്ചു ആണുങ്ങൾക്കെന്തിനാണ് ഈ അക്ഷയപാത്രം? മേലനങ്ങി മുയലിനെയോ മാനിനെയോ വേട്ടയാടി കൊന്നു തിന്നുകൂടെ. കാട്ട് എന്ന ആവാസവ്യവസ്ഥക്കൊരു പ്രഹരമല്ലേ അക്ഷയപാത്രത്തിൽ കയ്യിട്ടു വരുന്ന കിട്ടുന്ന ധാന്യം? ആ സന്യസ്ഥ നിരീക്ഷണം കേട്ട് പാഞ്ചാലി പൊട്ടിച്ചിരിച്ചതു ലോലചിത്തനായ മുൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ അഭിമാനത്തെ നൊമ്പരപ്പെടുത്തി. ഇതൊന്നും നിങ്ങൾ ഹസ്തിനപുരിയിൽ പോയി കൗരവരോട് ചെന്ന് കൊളുത്തരുതേ.”

2018/08/04

“എന്നെ തൊടരുതെന്നു അരങ്ങേറ്റ മണ്ഡപത്തിൽ ഭീമനോട് പറഞ്ഞ ആ യുവതി ആരായിരുന്നു?, കണ്ടാൽ കൗരവരാജകുമാരിയെ പോലുണ്ട്. എന്താണിങ്ങനെ

യൊരു അസാധാരണ സംഭവം? ഞാനവിടെ ഓടിപ്പിടിച്ചെത്തുമ്പോഴേക്കും യോഗം കലങ്ങിപ്പിരിഞ്ഞിരുന്നു", കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

മുന്നറിയിപ്പ് നേരത്തേ കൊടുത്തിരുന്നു. പുതുതലമുറ ദുര്യോധനകുടുംബാംഗത്തെ കരുതലോടെ മതി സ്തുതിക്കാനും കൂടെ നിർത്താനും. കിട്ടേണ്ടതിപ്പോൾ കിട്ടി. ഭരണകൂടസൗജന്യങ്ങൾ തള്ളി അവൾ മുൻ മഹാറാണി സത്യവതിയെ പോലെ യമുനയിൽ തോണി തുഴഞ്ഞു വരുമാനമുണ്ടാക്കിയാണ് വീട്ടിലേക്കിപ്പോൾ ധാന്യം വാങ്ങിക്കുന്നതെന്നു പറഞ്ഞു കേട്ടപ്പോൾ, ഭീമന് പൊതു വേദിയിൽ ക്ഷണിച്ചിരുത്തി ആദരിക്കണം എന്ന് മോഹമായി.

"സുഖലോലുപരായ മറ്റു കൗരവരാജവിധവ കൾക്കൊരു പാഠമായിരിക്കട്ടെ നിന്റെ സ്വാശ്രയശീലമെന്നു പറഞ്ഞു അനുഗ്രഹിക്കാൻ ഭീമൻ കൈ ഉയർത്തിയപ്പോൾ, അവൾ തട്ടിമാറ്റി വികാരഭരിതയായി-ഞങ്ങളുടെ നാഥനെ തുടയിൽ ഗദ കൊണ്ടടിച്ചു കൊന്ന കൈ ദുര്യോധനന്റെ കൊച്ചുമകളുടെ ശിരസ്സിൽ വക്കരുതേ!. യുധിഷ്ഠിരനുമാത്രം ആധികാരികതയോടെ ചെയ്യാനാവുന്ന രാഷ്ട്രീയകാപട്യങ്ങൾ ഭീമൻ ചെയ്താൽ ഇങ്ങനെയൊക്കെ ഇരിക്കും എന്ന് സദസ്സിലുണ്ടായിരുന്ന പാഞ്ചാലി കൊള്ളിവാക്കു പറഞ്ഞത് ഭീമന് പിന്നെയും അടിയായി. രണ്ടുദിവസം മോങ്ങി നടക്കും പിന്നെ വേറെന്തെങ്കിലും കുഴികാണും കാലിടറി വീഴാൻ."

2018/08/05

"ഒരൊറ്റ ഗദ കൊണ്ട് തന്നെയാണോ കൗരവരെ തല്ലിക്കൊന്നത്?" കൊട്ടാരം ലേഖിക രൗദ്ര ഭീമനെ പ്രശംസിച്ചു.

"കൗരവരുടെ നട്ടെല്ല് പൊട്ടിക്കാൻ ഗദയൊന്നും വേണ്ട. ബലമുള്ള ഈ മുല്ലപ്പൂപല്ലുകൾ നോക്കൂ. പുഞ്ചിരിക്കാത്തപ്പോൾ അവ മാരകായുധമാവില്ലേ? ഇരകൾക്കറിയാം. എനിക്ക് ശിശുവിന്റെ കോമള മുഖമാണെന്നു ആരാധകർ ചിലപ്പോഴൊക്കെ പറയുന്നത് ഉള്ളിൽ തട്ടിയാണെങ്കിൽ അവർക്കുറപ്പു നൽകട്ടെ, എന്റെ കീഴ്ത്താടിയുടെ ബലപിന്തുണയും അവർ കുറച്ചു കാണിക്കരുത്. ശരീരം 'ഭീമാകൃതി'യിൽ എന്നാണു പാഞ്ചാലി പൊട്ടിച്ചിരിച്ചു കിടപ്പറയിൽ നിന്ദിക്കുക എങ്കിലും, ചെന്നായയുടെ വയറുള്ളവൻ എന്നാണു കുന്തി തീൻശാലയിൽ പ്രകീർത്തിക്കുക. ഒളിഞ്ഞിരുന്നു ഇരയെ ചാടിപ്പിടിക്കുന്ന ആ സാമ്പ്രദായിക കാട്ടുനീതിയുണ്ടല്ലോ, അതെനിക്ക് എത്രയോ കാലം കാട്ടിൽ കഴിഞ്ഞിട്ടും വശമില്ല. ഓടുന്ന ഇരയെ കണ്ടെത്തിയാൽ, വച്ച് പിടിക്കും. അതിനു ശരീരം തടസ്സമല്ല. കളി ആദ്യം കണ്ടാൽ നിങ്ങൾ ചിരിക്കുമെങ്കിലും പിന്നെ നോട്ടം കാര്യമാവും. ശത്രുകൗരവന്റെ വയറിനാണ് ചാടി കടിക്കുക. കരൾ വലതു ഭാഗത്താണ് എന്ന് നകുലൻ പറഞ്ഞു തന്നത് പോർക്കളത്തിൽ മറന്നിട്ടില്ല. നൂലാമാലകൾ വയറിൽ നിന്ന് പുറത്തുചാടി. ഒരടി മുന്നോട്ടു വക്കാനാവാതെ ആ 'അർദ്ധസഹോദരൻ' മണ്ണിൽ മലർന്നു വീഴുമ്പോൾ, എനിക്കവനെ വാസ്തവത്തിൽ തിന്നാനാണ് തോന്നുക, പക്ഷെ രാവിലെ പേടമാനിന്നെ ജീവനോടെ കടിച്ചു പൊളിച്ചു തിന്ന യുദ്ധദിവസങ്ങളിൽ കൗരവമാംസം ഞാൻ കാത്തുനിൽക്കുന്ന കഴുകന് വലിച്ചെറിഞ്ഞു കൊടുക്കും, ചുടുചോര കൊണ്ട് പ്രിയപാഞ്ചാലിയുടെ മുടി കഴുകും, അതെനിക്കൊരു അഭിഷേകമല്ല പ്രണയപ്രകടനമാണ്."

കൗരവവംശഹത്യക്കു യുധിഷ്ഠിര ഭരണകൂടത്തിന്റെ അതിവിശിഷ്ട പുരസ്കാരം നേടിയ ഭീമൻ മട്ടുപ്പാവിൽ ആനന്ദനൃത്തത്തിലായിരുന്നു. പാഞ്ചാലി മാത്രം മുഖം തിരിച്ചു.

2018/08/06

"ഉന്നതാധികാര സമിതിയിൽ അധ്യക്ഷനു തൊട്ടു താഴെ വരേണ്ടതു് ഭീമനല്ലേ? പിന്നെ ആരുടെ ഇടപെടൽ കൊണ്ടാണയാളെ ഒഴിവാക്കിയതു്? തുടങ്ങിയോ മൂപ്പിളമ പ്രശ്നം പാണ്ഡവരിലും?" കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര പാണ്ഡവഭരണകൂടത്തിലെ കല്ലുകടി.

"പലതും കൂട്ടിവായിക്കേണ്ട രാജ്യതന്ത്രത്തിൽ അജ്ഞത നിറഞ്ഞ ഈ കോലാഹലമൊക്കെ എത്ര ലളിതം. വകുപ്പ് മേധാവിയെന്ന നിലയിൽ ഭീമൻ നിരന്തരം വേഷം മാറി നാലതിരുകളിലെ ഗ്രാമാന്തരങ്ങളിൽ താമസിച്ചു, ബാഹ്യ ശക്തികൾ നുഴഞ്ഞുകയറുന്നതു ചെറുക്കാനുള്ള നീണ്ട കാല പ്രതിരോധദൗത്യമല്ലേ ഏറ്റെടുത്തിരിക്കുന്നതു്? നിരന്തരം ചേരേണ്ട സമിതിയോഗങ്ങളിൽ എങ്ങനെ പങ്കെടുക്കും എന്ന ചോദ്യം വന്നതു് അയാളിൽ നിന്നു് തന്നെ.

പകരം പാഞ്ചാലിയുടെ നാമനിർദ്ദേശം വന്നതും ഭീമനിൽ നിന്നു്. എല്ലാം കൊണ്ടും ഭീമന്റെ ആശീർവാദത്തോടെ പുനഃസംഘടിപ്പിച്ച ഉന്നതാധികാരസമിതിയുടെ ഉള്ളടക്കത്തെ കുറിച്ച് കുതിരപ്പന്തികളിൽ നിന്നു് കേൾക്കുന്ന ബഹളം, മൂല്യം നോക്കിയാൽ കുതിരച്ചാണകത്തിൽ കുറഞ്ഞ ഒന്നുമല്ലെന്നു് പത്രപ്രവർത്തകർ തിരിച്ചറിയേണ്ടേ? കാലമെത്രയായി നേരം പുലർന്നാൽ കുനുഷ്ഠ ചോദ്യവുമായി അധികാരയിടങ്ങളിൽ കയറിയിറങ്ങുന്നു!.

2018/08/08

"പെണ്ണും പോരാളിയാണോ?", കുളിച്ചു ഈറനുടുത്തു പാണ്ഡവപാളയത്തിലേക്കു് കരുതലോടെ നടക്കുകയായിരുന്ന പാഞ്ചാലിയെ കൊട്ടാരം ലേഖിക അഭിവാദ്യം ചെയ്തു.

"തകർന്നു തരിപ്പണമായി കൂടണയുന്ന പാണ്ഡവർക്കു് സാന്ത്വന സ്പർശനത്തിനൊരു പെൺകൂട്ട് വേണ്ടേ?" അഴകളവുകൾ അർത്ഥഗർഭമായി പ്രദർശിപ്പിച്ച പാഞ്ചാലി പാളയത്തിലേക്കു് കയറി.

2018/08/09

"അഞ്ചു ഭർത്താക്കന്മാരിൽ പാഞ്ചാലിക്കു പ്രത്യേക പ്രിയം ഇളമുറക്കാരനായ നിങ്ങളോടാണു് അല്ലേ", കൊട്ടാരം ലേഖിക നകുലനെ കവിളിൽ തലോടുന്ന പോലെ ചോദിച്ചു. വനവാസക്കാലം.

"പാണ്ഡവരെ പല തട്ടുകളിൽ ഇട്ടു കളിപ്പിക്കാൻ പ്രലോഭനസ്വരത്തിൽ ഇടക്കൊന്നു പ്രശംസിക്കുന്നതാണോ മുഖവിലക്കെടുത്തതു്? പത്രപ്രവർത്തകർക്കൊക്കെ ഇത്ര നിഷ്കളങ്കത വേണോ?" കൊട്ടാരം ലേഖികയുടെ കൈ തട്ടി നീക്കി ആ മാദ്രിപുത്രൻ മരത്തണലിൽ ചൂതാട്ട നൈപുണ്യപരിശീലനത്തിൽ മുഴുകിയിരുന്ന മറ്റ

സഹോദരർക്കടുത്തേക്ക പ്രതിരോധശരീരഭാഷയോടെ നീങ്ങുന്നത് പാഞ്ചാലി, കിടപ്പറയുടെ സ്വകാര്യതയിൽ പാതിയടഞ്ഞ ജാലകത്തിലൂടെ നിർദ്ദയം നോക്കി.

"പരാതി എഴുതി എന്ന കുറ്റത്തിന് നിങ്ങളെ കൗരവർ തല മൊട്ടയടിച്ച ചങ്ങലക്കിട്ടുവെന്നോ? വേർപെട്ടുപോയ ആത്മാവുകൾക്ക പരലോകത്തു നിത്യശാന്തി ലഭിക്കാൻ ബലികർമ്മത്തിൽ സഹായിക്കുന്ന പരികർമ്മിയല്ലേ നിങ്ങൾ?" കൊട്ടാരം ലേഖിക ചോദിച്ചു.

"സ്ത്രീപീഡനപ്രതികളായ കൗരവർ എന്ന പരാമർശത്തിൽ അവർ കയറിപ്പിടിച്ചു, 'കുറ്റം നിഷേധിച്ച ആരോപണവിധേയർ' എന്നല്ലേ സംശയാതീതമായി നീതിപീഠത്തിൽ തെളിയുംവരെ പറയേണ്ടത് എന്ന് ചോദിച്ച ദുര്യോധനൻ ഈ നിലയിൽ എന്നെ തളച്ചിട്ടു."

2018/08/11

"കണങ്കാലിലൊരു തങ്കവള? ഉടുതുണി വലിച്ചൂരുമ്പോൾ കൌരവർ കണ്ടില്ലേ?" പാഞ്ചാലിയുടെ കാലിലേക്ക് കൊട്ടാരം ലേഖിക തുറിച്ചു നോക്കി.

"വനവാസത്തിനിറങ്ങും മുമ്പ് കൗരവർ രഹസ്യമുറിയിൽ കൊണ്ടുപോയി ബലം പ്രയോഗിച്ചു അണിയിക്കുകയായിരുന്നു, എതിർത്തപ്പോൾ 'നീ എനിക്ക് അടിമ' എന്ന് ദുര്യോധനൻ ചെവിയിൽ മന്ത്രിച്ചു: ഇന്ദ്രപ്രസ്ഥത്തിൽ വിശിഷ്ടാതിഥികളെ വഴുക്കി വീഴ്ത്താൻ സഭാതലം പണിതയാൾ തന്നെയാണ് നിന്നെ രാപ്പകൽ നിരീക്ഷിക്കാൻ ഈ തങ്കവള നിർമ്മിച്ചത്. പാണ്ഡവർ വിചാരിക്കട്ടെ ഇത് നിനക്ക് ഗാന്ധാരി തന്ന പാരിതോഷികമാണെന്നു. ജനം വിചാരിക്കട്ടെ ഉടുതുണിയൂരൽ വെറുമൊരു കെട്ടുകഥ" ഞാനിനി അവരുടെ നിരീക്ഷണവലയത്തിലായിരിക്കും. എന്ന് പറഞ്ഞാൽ, ദൂരെ ദൂരെ ഭൂഗർഭഅറയിൽ കൌരവർ രാപ്പകൽ എന്നെ ആസ്വദിക്കുന്നു."

"ഗംഗയുടെ കുത്തൊഴുക്കിൽ കുട്ടികളടക്കം നിരവധി പേർ മരിച്ചിട്ടും, ദുരിതാശ്വാസത്തിനു തിരിഞ്ഞുനോക്കിയില്ലേ യുധിഷ്ഠിരൻ?" മഹാറാണി പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു. പെരുമഴക്കാലം വിറങ്ങലിച്ച അന്തരീക്ഷം.

"ധീരോദാത്തന്മാരായ പാണ്ഡവർ നൂറോളം കൗരവരെ കുരുക്ഷേത്രയിൽ ചതിച്ചു കൊല്ലുമ്പോൾ യുധിഷ്ഠിരൻ കൈ കൊട്ടി ആസ്വദിച്ചു എന്നാൽ, മരണഭീഷണിയുള്ള പ്രളയജലം കാണാൻ, സിംഹാസനത്തിൽ ഇരിപ്പിടം കിട്ടിയ യുധിഷ്ഠിരൻ ജീവനിൽ കൊതികാരണം വിസമ്മതിക്കും. ഓർമ്മിപ്പിച്ചപ്പോൾ 'തിരുമനസ്സ്' പറയുന്നു, ഒഴുക്കിൽ കാൽവഴുതി വീണു മുങ്ങിമരിച്ചാൽ അണപൊട്ടിയൊഴുകുന്ന ജനദു:ഖം എങ്ങനെ നിങ്ങൾ പറഞ്ഞൊതുക്കും? നീയും നകുലനും പോയി വിവരമറിഞ്ഞുവന്നു, ഞാൻ വിളിച്ചുകൂട്ടുന്ന അവലോകനയോഗത്തിൽ കാര്യങ്ങൾ വിശദീകരിക്കണം. എനിക്ക് വ്യാസനുമായി അഭിമുഖമുണ്ട്. കൗരവാനുകൂല പരാമർശങ്ങൾ മഹാഭാരതത്തിൽ കടന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കണം എന്ന് മാമുനിയിൽ പ്രേരണ ചെലുത്തും, വേണ്ടി വന്നാൽ, പനയോല ലഭ്യതയിൽ നിയന്ത്രണം കൊണ്ടുവന്നു ആവിഷ്കാര സ്വാതന്ത്ര്യത്തെ വരുതിയിലാക്കും." തുണിയും മരുന്നും അന്നവുമായി പ്രളയബാധിത ഗ്രാമങ്ങളിലേക്ക് പോവാൻ തയ്യാറെടുക്കുകയായിരുന്നു പാഞ്ചാലിയും നകുല നേതൃത്വത്തിലുള്ള സംഘവും.

“നഗ്നപാദയായി കോട്ടക്കകത്തു നിന്ന് പടിയിറങ്ങുമ്പോൾ, ഓരോ കൌരവ നേയും ഒന്നൊന്നായി കൈപിടിച്ച് നിങ്ങൾ യാത്ര ചോദിച്ചു എന്ന ഒരു വാർ ത്ത ഹസ്തിനപുരിയിൽ മൊത്തം പരക്കുന്നുണ്ടല്ലോ. വസ്ത്രാക്ഷേപം നിങ്ങളൊരു സ്ത്രീപീ ഡനപ്രശ്നമാക്കിയില്ല എന്ന് പൊതുസമൂഹത്തെ ബോധിപ്പിക്കാൻ ദുര്യോധനൻ നാ ടായ നാടൊക്കെ കുതിരപ്പന്തികളിലും വഴിയമ്പലങ്ങളിലും ചർച്ച ചൂടാറാതെ നിർ ത്തുന്നുമുണ്ട്. ഇത് തീർത്തും അടിസ്ഥാനരഹിതമാണോ? അതോ ശരിക്കും നി ങ്ങൾ കൗരവരോട് യാത്ര ചോദിച്ചിരുന്നോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“അടിസ്ഥാനത്തിന് എന്താ കുഴപ്പം?, ഒരു വഴിക്കു പോവുമ്പോൾ വരി നിൽക്കു ന്നവരോട് യാത്ര ചോദിക്കേണ്ടേ?, പറഞ്ഞുവന്നാൽ, അവരെല്ലാം എന്റെ ആരാധ കരുമല്ലേ.”

2018/08/12

“ഇഷ്ടം കൂടാൻ ചക്രവർത്തി എന്തൊക്കെ മന്ത്രിക്കും?” കൊട്ടാരം ലേഖിക പാ ഞ്ചാലിയോട് ചോദിച്ചു.

“മറ്റു പാണ്ഡവരെ കുറിച്ച് കുത്തി കുത്തി ചോദിക്കും. പ്രണയസല്ലാപത്തിൽ മി കവു കുറവാണ് എന്ന് ദുരനുഭവങ്ങൾ നിർമ്മിച്ച് സാക്ഷ്യപ്പെടുത്തും. എനിക്കപ്പോൾ യുധിഷ്ഠിരൻ വിധേയപ്പെടും.”

“പാണ്ഡവക്കുട്ടികളെ വിഷം തീറ്റിക്കാൻ ധൃതരാഷ്ട്രരുടെ പണപ്പെട്ടിയിൽ കയ്യി ട്ടു വാരണമെന്ന ദുഃസ്ഥിതി നിലവിലുണ്ടായിരുന്നു നിങ്ങളുടെ വിദ്യാർത്ഥി ജീവിത ത്തിൽ. എന്നിട്ടും, അരങ്ങേറ്റ ദിവസം പാണ്ഡവർ അവമതിച്ച കർണ്ണനെ “അംഗ രാജാവായി” പ്രഖ്യാപിക്കാൻ സാഹസികത നിങ്ങൾ പ്രദർശിപ്പിച്ചു. ഈ അസാ ധാരണ നടപടിക്കു, മുൻകാല പ്രാബല്യത്തോടെ രാജകീയ അനുമതി കിട്ടിയോ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“സാഹചര്യത്തിനൊന്നുയർന്നു. സാഹസികമായി ഇടപെടേണ്ടി വന്നു. പാ ണ്ഡവവിരുദ്ധമനോഭാവമുള്ള അധഃകൃത യോദ്ധാവിനെ ആജീവനാന്ത അടിമയാ യി നേടിയെടുക്കാൻ സാങ്കല്പ്പികദേശനാമം ആധികാരികമായി ഉച്ചരിച്ചു. അതിനു ഭീഷ്മരുടെയോ വിദുരരുടെയോ സമ്മതം ചോദിക്കാതിരിക്കാനുള്ള ധാർഷ്ട്യം അന്നേ എന്റെ പെരുമാറ്റത്തിലുണ്ട്. അതിൽ കവിഞ്ഞെന്തു മുൻകാല പ്രാബല്യവും രാജ കീയ അനുമതിയും?”

2018/08/13

“ഇനിയെങ്കിലും വസ്ത്രാക്ഷേപം നിന്ദാർഹമെന്നു ഏറ്റുപറഞ്ഞാലെന്താ?” ഭീമഗ ദാപ്രഹരമേറ്റ് ചളിയിൽ വീണ് ഞെളിപിരി കൊള്ളുന്ന ദുര്യോധനനോട് യുദ്ധകാര്യ ലേഖകൻ ചോദിച്ചു കുരുക്ഷേത്ര അന്ത്യദിനം. യുദ്ധജേതാക്കളായ പാണ്ഡവർ വിശ്ര മത്തിനായി പാളയത്തിലേക്ക് പോയ സന്ധ്യ.

“സ്ത്രീകളെ വഴിയാധാരമാക്കുന്ന തരം വിറളി പിടിച്ച പുരുഷത്വം എനിക്കല്ല, യു ധിഷ്ഠിരനായിരുന്നു എന്ന് ഇതുവരെ അറിഞ്ഞില്ലേ? അതോ, അടുത്ത ഭരണാധി കാരിയെ ഇപ്പോഴേ പേടിയായോ? നിങ്ങളുടെ പത്രകാര്യാലയം പ്രവർത്തിക്കുന്ന

വാണിജ്യവീഥിയോട്ട് ചേർന്ന പൂക്കാര തെരുവിൽ പകലൊക്കെ കാണുന്ന ആ വിഷാദരോഗി വൃദ്ധ യഥാർത്ഥത്തിൽ ആരാണ്? യുധിഷ്ഠിരന്റെ ആദ്യ ഔദ്യോഗിക ഭാര്യ! കണ്ണിൽ ചോരയില്ലാത്ത പണിയല്ലേ കപടപാണ്ഡവൻ ചെയ്തത്? അന്യനാട്ടുകാരിയായ അവളെ വഴിയിൽ ഉപേക്ഷിച്ച മറ്റു പാണ്ഡവരുമൊത്തു സുഖവാസത്തിനു പോയി. വരണാവതം, ഏകചക്രാ, പാഞ്ചാല വഴി തിരിച്ച് ഹസ്തിനപുരിയിൽ വരുമ്പോഴേക്കും, അനുജൻ പരിണയിച്ച പാഞ്ചാലിയെ ചതിയിൽ സ്വന്തമാക്കി. അതിൽ കവിഞ്ഞെന്തെങ്കിലും ആയിരുന്നുവോ, അടിമപ്പെണ്ണിന്റെ ഭാഗിക നഗ്നത പ്രദർശനം എന്ന ചൂതാട്ടവിവാദം കൊഴുപ്പിച്ച് സ്ത്രീപീഡനമാക്കി അഭിവന്ദ്യ വ്യാസനെ തെറ്റിദ്ധരിപ്പിച്ചത്?" ഒരിറ്റു വെള്ളത്തിനായി ആ കൗരവയോദ്ധാവ് കൈ നീട്ടി യാചിക്കുമ്പോൾ, യുദ്ധകാര്യ ലേഖകൻ ചുറ്റും കുറുനരികളെ കണ്ടു അതിവേഗം സ്ഥലം വിട്ടു.

"ആറംഗ ആദിവാസി കുടുംബത്തിന് അന്ത്യഅത്താഴം വിളമ്പാൻ കുന്തി മാത്രമേ ഉണ്ടായിരുന്നുള്ളു? എവിടെയായിരുന്നു ആ സമയം നിങ്ങളഞ്ചുപേരും?" അരക്കില്ലത്തിലെ അന്തർനാടകം എന്ന അന്വേഷണാത്മക പരമ്പരക്കുവേണ്ടി ഓടിനടക്കുകയായിരുന്ന കൊട്ടാരം ലേഖിക ചോദിച്ചു.

"രഹസ്യമായി പണിത ഭൂഗർഭ ഇടനാഴിയിൽ മണ്ണിടിച്ചിൽ ഉണ്ടാക്കി ഞങ്ങളുടെ പാതിരാ ഒളിച്ചോട്ടം തടയാൻ വേഷം മാറി വന്ന കൗരവ ചാരസംഘമായിരുന്നില്ലേ അവർ? അവരെ കുടിപ്പിച്ചു ബോധം കെടുത്തേണ്ട ചുമതല കുന്തി ഏറ്റെടുത്തപ്പോൾ, മണ്ണ് നീക്കി തുരങ്കം ഞങ്ങൾ സഞ്ചാരയോഗ്യമാക്കി." ഏകചക്രയിൽ ബ്രാഹ്മണവേഷം ധരിച്ച് ഭിക്ഷ യാചിക്കുന്ന ആറംഗ പാണ്ഡവ സംഘത്തിലെ ഇളമുറക്കാരൻ നകുലൻ പറഞ്ഞു.

"കിരീടാവകാശിയായ ഈ കുട്ടിയെ കണ്ടില്ലെന്ന മട്ടിൽ പോവുന്നതെന്താണ്?' കൊട്ടാരം ലേഖിക പരീക്ഷിത്തിനെ ചൂണ്ടിക്കാട്ടി ഭീമനോട്ട് ചോദിച്ചു.

"തലമുറ വിടവില്ലാത്ത സൗഹൃദകാലം ഞങ്ങൾക്കുണ്ടായിരുന്നു. എന്നെ പോലെ മാന്ദ്യം ഉള്ള കുട്ടിയായിരുന്നു. കൗരവ പാണ്ഡവ യുദ്ധം എന്നൊക്കെ പറഞ്ഞു ഞങ്ങൾ നേരിയ തോതിൽ കായിക ബലവും പരീക്ഷിക്കും. അങ്ങനെ ഒരു രാവിലെ കൗതുകപ്പെട്ടിരിക്കുമ്പോൾ, അവന്റെ അമ്മ വിരാടരാജകുമാരി വിരൽ ചൂണ്ടി പറഞ്ഞു, 'എന്റെ അമ്മാവൻ കീചകനെ ഞെക്കിക്കൊന്നപോലെ ഈ കുഞ്ഞിനെ ദേഹോപദ്രവം ഏൽപ്പിക്കല്ലേ? നിങ്ങളുടെ ജീവൻ രക്ഷിക്കാൻ സ്വയം ചക്രവ്യൂഹത്തിൽ ബലി കൊടുത്ത അഭിമന്യുവിന്റെ മകനാണവൻ'. അതിനുശേഷം പരീക്ഷിത്ത് എനിക്ക് കിരീടാവകാശി മാത്രമായി." ഭീമന്റെ ശരീരം ശോഷിച്ചിരുന്നു. വിഷാദഭരിതമായ ശബ്ദത്തിൽ ഇടർച്ചയുണ്ടായിരുന്നു. ചലനം മൃദുവായിരുന്നു.

2018/08/14

"ഉറങ്ങിക്കിടന്ന അഞ്ചു കൗമാരപോരാളികളെയും നിങ്ങൾ ഒറ്റയ്ക്ക് കഴുത്തിൽ ചവുട്ടി കൊന്നു എന്നോ? ഒരാളെ ചവിട്ടുമ്പോൾ അടുത്ത് കിടന്ന മറ്റു നാലു പേർ ബഹളം കേട്ട് ഉണർന്നില്ലേ?" അവസാനത്തെ 'കൗരവ സർവസൈന്യാധിപതി' എന്ന പദവിയുണ്ടായിരുന്ന അശ്വത്ഥാമാവിനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

മഹാരോഗിയായി, എവിടെയും കാൽ ഉറക്കാതെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ രാവുപകൽ അലയുകയായിരുന്ന ആ ചിരഞ്ജീവിയെ കണ്ടെത്താൻ പാടുപെടേണ്ടി വന്നു.

“ദ്രോണപുത്രനായ എനിക്ക് അഞ്ചു പേരെ അറുകൊല ചെയ്യാൻ വേറെ സഹായം വേണോ? പാണ്ഡവരെ പോലെ ഭീരുക്കൾ ആയിരുന്ന അഞ്ചു പാഞ്ചാലീപുത്രന്മാരും എന്നത് എന്റെ രാത്രി ജോലി എളുപ്പമാക്കി. ആദ്യം കണ്ടവനെ കഴുത്തിൽ ചവിട്ടിയപ്പോൾ (ആയുധം കൊണ്ട് കഴുത്തറുത്ത് കൊന്നാൽ അവനു സ്വർഗ്ഗ രാജ്യ പ്രവേശനം എളുപ്പമാവും) മറ്റ നാല് പേരും ഉണർന്നു കാര്യം മനസ്സിലാക്കി ചുരുണ്ട് കിടന്നു ഉറക്കം നടിച്ചു. ഒരാളെ കൊന്ന ക്ഷീണത്തിൽ ഞാൻ സ്ഥലം വിടുമെന്നൊ മറ്റോ കരുതിയ അവരുടെ മോഹം പൂവണിയാതെ അഞ്ചു പേരെയും ആസ്വദിച്ചു കൊന്നു.”

“സൗജന്യധാന്യം വാങ്ങുകയോ മഹാറാണിയും?” കൊട്ടാരം ലേഖിക വിസ്മയിച്ചു. പൊള്ളുന്ന വെയിലിൽ ശിരസ്സും മുഖവും മറച്ച പാഞ്ചാലി വിതരണകേന്ദ്രത്തിനു മുമ്പിലെ നീണ്ട വരിയിൽ ക്ഷമയോടെ കാത്തുനിന്നു.

“മഹാറാണിയാണെങ്കിലും അല്ലെങ്കിലും പൗരാവകാശം പൊതുവായുള്ളതല്ലേ?”

“അമ്മാ, ഈ യുവയോദ്ധാവ് എന്റെ അച്ഛനായിരുന്നെങ്കിൽ! പകരം, വൃദ്ധരോഗി ശന്തനു എന്തിനച്ഛനായി”, അമ്മയെക്കാൾ പ്രായം കുറഞ്ഞ ദേവവ്രതൻ എന്ന ഭീഷ്മരേയും, അമ്മയുടെ അച്ഛനെക്കാൾ പ്രായമുള്ള മഹാരാജാവ് ശന്തനുവിനെയും മാറി മാറി ചൂണ്ടിക്കാട്ടി കിരീടാവകാശി വിചിത്രവീര്യൻ ചുമച്ചു തുപ്പുന്നതിനിടയിൽ മഹാറാണി സത്യവതിയോടു ചോദിച്ചു.

“കൊച്ചുകുട്ടിയാണെങ്കിലും നിനക്ക് ഇപ്പോഴേ വ്യക്തമായില്ലേ മകനെ, എത്രമാത്രം സ്ത്രീവിരുദ്ധരാണ് ഞങ്ങളുടെ ഭാഗധേയം നിർണയിക്കുന്ന അതീതശക്തികൾ? നിന്റെ പ്രശംസ കേട്ട് ആ സുന്ദര യോദ്ധാവ് ഭീഷ്മർ പ്രസാദിച്ച പോലെ തോന്നുന്നു. നിനക്കവൻ ഒന്നിലധികം സുന്ദരിക്കുട്ടികളെ കിടക്കക്കൂട്ടിനായി ഏതെങ്കിലും സ്വയംവരങ്ങളിൽ നിന്ന് തട്ടിയെടുത്തെങ്കിലും കൊണ്ട് വരും.” ക്ഷയരോഗി വിചിത്രവീര്യനെ വൃത്തിയുള്ള തുണി കൊണ്ട് പരിചാരിക മൃദുവായി ചുണ്ടു തുടക്കുമ്പോൾ മഹാറാണി സത്യവതി ചുമലിൽ കൈ വച്ച് ആശ്വസിപ്പിച്ചു.

2018/08/21

“നിങ്ങളുടെ പിടിപ്പുകേടുകൊണ്ട് പാഞ്ചാലി വനവാസക്കാലത്തു പല നികൃഷ്ട ജോലിയും കൗരവഅടിമയെന്ന നിലയിൽ ചെയ്യുന്നുണ്ട് എന്നറിയാം, എന്നാലുമുണ്ടാവുമല്ലോ അവൾക്കും സർഗ്ഗാത്മക നിമിഷങ്ങൾ. അവളപ്പോൾ കൂട്ടം കൂടിയിരുന്ന നിങ്ങളോട് മത്സരിച്ചു കഥ പറയുമോ, നൃത്തം ചെയ്യുമോ, പാട്ടു പാടുമോ?” കൊട്ടാരം ലേഖിക ചോദിച്ചു. നീരാടാൻ പാഞ്ചാലി പോയതോടെ, പാണ്ഡവർ മാത്രം കുടിലിൽ ഉള്ള പ്രഭാതം. അന്തരീക്ഷം പ്രസന്നമായിരുന്നു.

“സ്വകാര്യനിമിഷങ്ങളിൽ മാറിയിരുന്നു എഴുത്താണി കൊണ്ട് പനയോലയിൽ എന്തൊക്കെയോ എഴുതുന്നത് കാണാം. ഭാര്യ അഭ്യസ്തവിദ്യയായിരിക്കുക, എന്നാൽ കൗമാരം വരെ കാട്ടിൽ വളർന്ന അക്ഷരദേവതയെ പരിചയപ്പെടാൻ

വൈകിയ ഭർത്താക്കന്മാർ അവളുടെ ഈ ഒഴിവുസമയ രചനാലോകം വായിച്ചറിയാനാവാതെ അന്ധാളിച്ച നിൽക്കുക, ഞങ്ങൾ കൗന്തേയർ സാധുജീവികൾ" ഭീമൻ വിരൽ കടിച്ചു, വാക്കു മുറിഞ്ഞു, കണ്ണുകൾ ഈറനായി. മറ്റു പാണ്ഡവർ ഭീമനെ ഈർഷ്യയോടെ നോക്കി.

2018/08/25

"ദുര്യോധനൻ ഇന്ദ്രപ്രസ്ഥംകൊട്ടാരം കൊള്ളയടിച്ച പാഞ്ചാലിയുടെ അമൂല്യരത്നശേഖരം നിങ്ങൾക്ക് വീതിച്ചു തന്നു എന്നല്ലേ പാണ്ഡവ വനവാസക്കാലത്തെ അരമനരഹസ്യം? പിന്നെ എന്താ അന്നന്നത്തെ അപ്പത്തിനു ദേഹാദ്ധ്വാനം എന്ന് മേനി പറഞ്ഞു നിങ്ങൾ പൂക്കാരതെരുവിൽ മാലകോർത്ത് വിൽക്കുന്നത്?" കൊട്ടാരം ലേഖിക ദുര്യോധനവിധവയോടു ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

"പോരാട്ടം ആരു ജയിച്ചു എന്ന് കുരുക്ഷേത്ര പ്രവിശ്യാഭരണാധികാരി ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതിന് മുമ്പ് തന്നെ, പാണ്ഡവർ ഇടിച്ചു കയറി ഹസ്തിനപുരി കോട്ട ഭേദിച്ച് അന്ധരാജാവിനെ ബന്ദിയാക്കിയത് നിങ്ങളുടെ പത്രത്തിൽ വാർത്തയായില്ലേ? വാർത്തയാവാത്ത ഒന്നിതാ-അധികാരത്തിൽ കയറിയ അന്ന് രാത്രി തന്നെ കുരുവംശ രഹസ്യഅറകളുടെ അതീവസുരക്ഷ തകർത്ത് യുധിഷ്ഠിര ഭരണകൂടത്തിന്റെ ചാരവകുപ്പ് മേധാവി നകുലൻ, വാരി വലിച്ചു എല്ലാം ഒളിയിടത്തേക്കു കടത്തി. രാവിലെ ഞങ്ങൾ, കൗരവരാജവിധവകൾ, അവിടെ സ്ഥിതിയറിയാൻ സമ്മേളിച്ചപ്പോൾ, രഹസ്യഅറയിൽ ആകെ കണ്ടത് കരിക്കട്ടയും തലനാരും."

"മുതിർന്ന പൗരനല്ലേ? സംസാരിക്കുമ്പോൾ സാമാന്യമര്യാദ നിഷേധിക്കാമോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"ചൂതാടി കൗരവഅടിമയായെങ്കിലും, യുധിഷ്ഠിരനെ ഞങ്ങൾ ആദ്യകാലത്തൊക്കെ വിളിച്ചിരുന്നത് 'അഭിവന്ദ്യ മഹാരാജാവേ' എന്ന് തന്നെയായിരുന്നു. അക്ഷയപാത്രത്തിൽ നിന്ന് പച്ചനാക്കിലയിൽ രുചിഭക്ഷണം വിളമ്പി ഞാൻ വച്ച് കൊടുക്കും. 'മഹാരാജാവ്' ഉണ്ടെണീക്കും വരെ ബാക്കി നാലു ആണുങ്ങളും ഞാനും ഒറ്റക്കാലിൽ ആജ്ഞ കാത്തു നിൽക്കും. ഉരുള ഉരുട്ടുന്നതും, നാക്ക് പുറത്തിട്ടു വാതുറന്നു അകത്തേക്ക് ഉന്നം തെറ്റാതെ എറിയുന്നതും, ചുണ്ടുകൾ പൂട്ടി, താടി ഉയർത്തി, 'അമുക്ക' ന്നതും, പാട്ട് പെട്ട് ഇറക്കുന്നതും, വയർ ചലിപ്പിച്ചു ഇടം കൂട്ടുന്നതും ഒക്കെ എത്ര നാൾ ആദരവോടെ കണ്ടു നിൽക്കും? വിശക്കുന്നു വയറു കാളുന്നു എന്നൊക്കെ അയാൾ ഈയിടെയായി നിലവിളിച്ചാൽ, ഊട്ടുപുരയിൽ ഞാൻ അക്ഷയപാത്രം വക്കും. പിന്നെ അവരഞ്ചു പേരും വാരി വലിച്ചു തിന്നുന്നത് കാണാനൊന്നും മെനക്കെടാതെ എന്റെ പാട്ടിനു താഴ്വരയിലെ ജലാശയത്തിൽ നീന്താൻ പോവും" വ്യാഴവട്ടക്കാലവനവാസത്തിൽ, പഴയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ ആഹാരരീതിയെ കുറിച്ച് മുൻ രാജമാതാവ് പാഞ്ചാലി കൊട്ടാരം ലേഖികയുമായുള്ള അഭിമുഖം നാളെ ഇറങ്ങുന്ന 'ഹസ്തിനപുരി പത്രിക' യിൽ.

"പോർക്കളം കുരുക്ഷേത്രയിലായിരുന്നെങ്കിലും യുദ്ധക്കെടുതി ഹസ്തിനപുരിയിലാണല്ലോ. ഒരു നേരം അന്നം കിട്ടാതെ തെരുവുകളിൽ പതിനായിരങ്ങൾ തമ്പടിക്കുന്ന കാഴ്ച കണ്ടു മനസ്സിടിഞ്ഞാണു ഞാൻ ഇവിടെ വന്നത്. പതിമൂന്നിനും അമ്പത്തിയൊമ്പതിനും ഇടക്കുള്ള പുരുഷജനസംഖ്യ നശിച്ചു എന്നാണു വിദുരർ അറിയി

ക്കുന്നത്. എങ്ങനെ നിങ്ങൾ ഹസ്തിനപുരി കെട്ടിപ്പടുത്തു പൊയ്പ്പോയ ഐശ്വര്യസമൂഹം വീണ്ടെടുക്കും?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. പാണ്ഡവരും പാഞ്ചാലിയും രാജസഭയിൽ ഉണ്ടായിരുന്ന പ്രഭാതം.

"സഖ്യകക്ഷികളായിരുന്ന രാജവംശങ്ങളോട് യുദ്ധച്ചെലവിന്റെ ഓഹരി ആവശ്യപ്പെടും. ചോദിച്ചത്ര തരുന്നില്ലെങ്കിൽ, കൗരവസഖ്യരാജവംശങ്ങളെ കൊള്ളയടിക്കും. അതിനു പറ്റിയ അശ്വമേധയാഗം ഉണ്ടെന്നു കൃപാചാര്യൻ അറിയിച്ചു. ഒരു കുതിരയെ കിട്ടിയാൽ മൊത്തം ഭാരതഖണ്ഡം അർജ്ജുനൻ വരുതിയിലാക്കാമെന്നേറ്റു. കളപ്പുരകളിലുള്ള വിത്തടക്കം എല്ലാ ജംഗമസ്വത്തും ഭീമൻ എത്തിച്ചു തരും എന്ന ചോരയിൽ ചാലിച്ച വാക്കു കിട്ടി. നകുലനും സഹദേവനും അതൊക്കെ കൃത്യമായി എണ്ണിത്തിട്ടപ്പെടുത്തി കലവറ നിറയ്ക്കും. ഭാവിയെ കുറിച്ച് പ്രതീക്ഷാനിർഭരമാണ് ഹൃദയം, അല്ലേ പാഞ്ചാലീ?"

"പാഞ്ചാലിയുടെ മരണ മൊഴി നേരിട്ട് കേട്ട ഏക വ്യക്തി? അല്ലേ?", കൊട്ടാരം ലേഖിക മുന്നിൽ നിൽക്കുന്ന സ്ത്രീയെ ചോദ്യം ചെയ്തു.

"കാട്ടിൽ എത്തും വരെ മാത്രം ഞാൻ തോഴിയായി കൂടെയുണ്ടാവും എന്ന തീരുമാനം സമ്മതിച്ചാണ് പാണ്ഡവർക്ക് പിന്നിൽ അകലം പാലിച്ചു നടന്ന പാഞ്ചാലി എന്നെ കൂടെ കൂട്ടിയത്. കുറെ നീങ്ങിയപ്പോൾ പാഞ്ചാലി ചുറ്റും കൂടുതൽ ശ്രദ്ധയോടെ, എന്നാൽ ഭീതിയോടെ, നോക്കിത്തുടങ്ങി. ഒന്നും ഞാൻ ചോദിച്ചില്ല. പൂൽത്തകിടിയുള്ള സന്യസ്ഥാശ്രമങ്ങൾ കണ്ടപ്പോൾ ഭീതിയിൽ പാഞ്ചാലി മുട്ടു കുത്തി മേൽപ്പോട്ടു നോക്കി കൈ കൂപ്പി.

"വയ്യ എനിക്കീ മടിയൻ സന്യാസികളുടെ ജൈവമാലിന്യം വീണ്ടും ഒരു വ്യാഴവട്ടക്കാലം ചുമക്കാൻ" എന്ന് വിതുമ്പി പാഞ്ചാലി കുഴഞ്ഞു വീണു. മുന്നേ പോയിരുന്ന പാണ്ഡവർ സന്യാസികളോട് ഉപചാരം പറയുന്നതിനിടക്ക് തിരിഞ്ഞു നോക്കാൻ വിട്ടു പോയി. പാഞ്ചാലിയുടെ അനാഥ ശരീരം വലിച്ചിഴച്ചപ്പോൾ, "കണ്ണിൽ പെട്ട ഗുഹയിൽ അടക്കം ചെയ്തു ഞാൻ കുളിച്ചു ഈറനുടുത്തു തിരിച്ചു പോന്നു."

2018/08/26

"കൗരവരെയെല്ലാം ഞെക്കിക്കൊന്നു കുടുംബസ്വത്തു തട്ടിയെടുത്ത നിങ്ങളുടെ കരളിലെ മോഹമെന്താണ്?" കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"മേലനങ്ങാതെ മൂന്നു നേരം ഊണു കഴിക്കാൻ ഓരോ ഹസ്തിനപുരി കുടുംബത്തിനും അക്ഷയപാത്രം സൗജന്യമായി വീട്ടിലെത്തിക്കുക എന്നതാണ് പാണ്ഡവഭരണകൂടത്തിന്റെ മോഹം."

"പാഞ്ചാലിയെ തിരിഞ്ഞു നോക്കാൻ പോലും യുധിഷ്ഠിരന് മനഃസാന്നിധ്യം ഉണ്ടായില്ലെന്നോ?", വാനപ്രസ്ഥത്തിലേക്ക് നീങ്ങിയ ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവജന്മങ്ങളുടെ അവസാനം. ഹിമാലയ താഴ്വര.

"താൻ കാലന്റെ മകൻ ആണെന്ന് പോലും അറിയാത്ത വിധം മറവി രോഗം ബാധിച്ച ഈ 'കുരുവംശ ചക്രവർത്തി'ക്ക് എങ്ങനെയിത്രയും കാലം കൂടെ പൊറുത്ത പെണ്ണിന് പ്രഥമശുശ്രൂഷ ചെയ്യാൻ മനഃസാന്നിധ്യം തോന്നും?", പിന്തിരിഞ്ഞു പാഞ്ചാലിയുടെ ഭൗതിക ശരീരം ഒന്ന് നോക്കി ഭീമൻ കൈ വീശി.

2018/08/27

“നൂറോളം കൗരവരും ആരാധകരാണെന്നു നിങ്ങൾ അവകാശപ്പെടുന്നു?”, കൊട്ടാരം ലേഖിക ചോദിച്ചു.

“പ്രണയത്തോടെ നോക്കുന്നത് തിരിച്ചറിവൊന്നുമല്ല. വാർത്ത തേടി നടക്കുന്നതിനിടയിൽ നിങ്ങളും കണ്ടുപോവാവുന്നതല്ലേ. ആരാധകരുടെ കടാക്ഷങ്ങൾ അംഗീകരിക്കാറൊന്നുമില്ല. ആ പ്രണയമിഴികളിൽ കാണാം, രതിജന്യ ആവേശവും, പെൺമനം കീഴ്പ്പെടുത്താൻ തിമിർപ്പുള്ള പ്രശംസയും, പെണ്ണുടലിൽ ഉടമ സ്ഥാവകാശം നിഴലിക്കുന്ന നോട്ടവും.”

2018/08/28

“ഇതെന്താണിത്?”, അക്ഷയപാത്രത്തിൽ കണ്ട ആകർഷക വിഭവങ്ങൾ നോക്കി കൊട്ടാരം ലേഖിക കൈ തലയിൽ തട്ടി. പാണ്ഡവരുടെ വനവാസക്കാലം.

“വേറൊന്നുമല്ല. ഏതോ ഹസ്തിനപുരി കർഷകർ കന്നു പൂട്ടി നിലമൊരുക്കി വിതച്ചു വിളഞ്ഞു കൊയ്ത്ത് മെതിച്ച ധാന്യം വേവിച്ച ഭക്ഷണം. മടിയന്മാരായ പാണ്ഡവർക്ക് വേണ്ടി പ്രകൃതി നിത്യവും ഒരുക്കിത്തരുന്ന കൊള്ളമുതൽ.” ഊട്ടുപുരയിൽ വരാതെ അകലം പാലിച്ച പാഞ്ചാലി പറഞ്ഞു.

2018/08/29

“മുന്നൊരുക്കമില്ലാതെ പരീക്ഷിത്തിന് ചെങ്കോൽ കൊടുത്തു നിങ്ങളാറുപേരും പടിയിറങ്ങിയാൽ ഹസ്തിനപുരിയുടെ ഭാവിസുരക്ഷാഭീഷണി പിന്നെ ആരു നേരിടും?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

“ആശീർവദിക്കുന്നതിനു പകരം ആശങ്ക? കുടിയേറ്റ കൃഷിക്കാരായി ഖാണ്ഡവപ്രസ്ഥത്തിൽ ഇന്ദ്രപ്രസ്ഥം പണിതപ്പോൾ ‘ഇനി ഞാൻ തന്നെ ചക്രവർത്തി’ എന്ന് പ്രഖ്യാപിക്കാൻ വേണ്ട രാഷ്ട്രീയ സാക്ഷരത യുധിഷ്ഠിരൻ കാണിച്ചതല്ലേ? അഭിമന്യുവിനെ പോലെ അല്ല പരീക്ഷിത്ത്-ചക്രവ്യൂഹത്തിൽ നുഴഞ്ഞു കയറാനും ഉയിരും കൊണ്ട് പുറത്തു ചാടാനും മുപ്പത്തിയാറു വയസ്സിനിടെ അയാൾ പഠിച്ചല്ലോ.”

വനവാസത്തിനു പോവാൻ പുതിയ വസ്ത്രരീതികളുമായി പരിചയപ്പെടുകയായിരുന്ന മറ്റു പാണ്ഡവർ കുരുവംശഭാവി അഭിമന്യുപുത്രന്റെ കൈകളിലാണ് എന്ന വിവരം അർജ്ജുനൻ ആവർത്തിച്ചതിൽ നീരസം പ്രകടിപ്പിച്ചു നോട്ടം തിരിച്ചു.

“ശ്രദ്ധിക്കാതിരിക്കാനായില്ല. കാഴ്ച സൂക്ഷ്മവും ആയിരുന്നില്ല. എങ്കിലും വരാനിരിക്കുന്ന പോരാട്ടത്തിൽ എന്തോ നിർണ്ണായക സ്വാധീനമുള്ളഒന്നെന്നും തോന്നി. എന്തായിരുന്നു താങ്കളുടെ സംഭാഷണം?” ദുര്യോധനൻ കർണ്ണനോട് ചോദിച്ചു. ഭൂഗർഭ അറയിൽ പന്തം പുകഞ്ഞു.

“നീ പാണ്ഡവകുടുംബം എന്നവൻ എന്നെ ഓർമ്മിപ്പിച്ചു. നീ അവിടെ ചേരണം എന്നവൻ ചൂണ്ടു വിരൽ ആകാശത്തേക്കുയർത്തി. ആകസ്മികമായൊരു സമാന ജനിതകധാരയേക്കാൾ ആജീവനാന്തവിശ്വസ്തത, ആപത്തിൽ കാപ്പാത്തിയ സൗഹൃദമെന്നു ഞാൻ കൈപിടിച്ച് ആ വ്യർത്ഥ സംഭാഷണം ഉപസംഹരിച്ചു.”

2018/08/30

“എന്റെ കൗമാരകാലം നിങ്ങൾ ചുഴിഞ്ഞു ചോദിക്കുമ്പോൾ ഞാൻ വിചാരിക്കുകയാണ് അഭിവന്ദ്യ വ്യാസൻ എഴുതിയ ഔദ്യോഗിക ജീവചരിത്രം എന്തുകൊണ്ട് നിങ്ങൾ നിർബന്ധമായും വായിച്ചുകൂടാ?”, കുന്തീദേവി കൊട്ടാരം ലേഖികയോട് ചോദിച്ചു. പാണ്ഡവഭരണകാലത്തിലും മുൻ മഹാറാണി ഗാന്ധാരിയുടെ തോഴിയായി ധൃതരാഷ്ട്ര വസതിയിൽ കഴിയുന്ന കാലം.

“എന്തിനു അതൊക്കെ വായിച്ചു ഞാൻ സമയം കളയണം? കർണൻ എന്ന് സാന്ദർഭികമായി ഒന്ന് പരാമർശിച്ചപ്പോൾ തന്നെ, ഇനിയും എഴുതപ്പെടാത്ത ഒരു വലിയ ഇതിഹാസത്തെ അല്ലേ നിങ്ങളുടെ മുഖം ഒളിപ്പിക്കാൻ ശ്രമിച്ചത്?”

“തടഞ്ഞുനിർത്തി കവചകുണ്ഡലങ്ങൾ ആരോ ദാനം ചോദിച്ചപ്പോൾ ഊരിക്കൊടുത്തു എന്ന് ഹസ്തിനപുരിയിലെ കുതിരപ്പന്തികളിലും വഴിയമ്പലങ്ങളിലും ഓടിനടന്നു ബോധ്യപ്പെടുത്തുന്ന ആ വ്യക്തി തന്നെയാണോ ശരിക്കും ദാനശീലൻ എന്ന പേരിൽ പ്രശസ്തിനേടിയ കർണ്ണൻ?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“ജീവന്മരണ പോരാട്ടത്തിൽ ഭീഷണിക്കു കാരണമാവുമെന്നറിഞ്ഞിട്ടും ദുഷ്ടലാക്കോടെ വഴി തടഞ്ഞു ചോദിച്ചവന് ദിവ്യകവചം ഊരിക്കൊടുത്ത കാര്യം കൗരവവക്താവ് അറിയിച്ചിട്ടും, നിങ്ങൾക്കതു മുഖ്യവാർത്തയാക്കാൻ ഇഷ്ടമില്ലെങ്കിൽ പിന്നെ കർണ്ണൻ വേറെന്തു ചെയ്യും?”

“കല്യാണസൌഗന്ധികം, പാതിരാത്രി പ്രിയതമയെ ഏൽപ്പിച്ചപ്പോൾ വാരിപ്പുണർന്നുമ്മവച്ചുവോ പാഞ്ചാലി? അതോ നന്ദിപ്രകടനത്തിൽ ഒതുക്കിയോ പ്രതികരണം?”

“വാടിയ പൂവൊക്കെ വലിച്ചെറിയൂ മനുഷ്യാ, ആൺകുട്ടികൾ എന്നോ പറിച്ചുകൊണ്ട് വന്നെന്നെ പൂ ചൂടി, എന്ന് ഇരുവശവും ചേർന്ന് കിടന്നുറങ്ങിയ മാദ്രിപുത്രന്മാരെ തലോടി പാഞ്ചാലി. ആട്ടിപ്പുറത്താക്കപ്പെട്ട പോലെ ഞാൻ കാൽ പിന്നോട്ടടിച്ചു” സ്ഥലകാലബോധമില്ലാതെ പ്രണയ തിരസ്കൃതൻ വിതുമ്പി.

“ഭർത്താക്കന്മാരെ അപനിർമ്മിക്കുന്നതിൽ പാഞ്ചാലി അപാകത കാണിക്കുന്നില്ലെങ്കിലും നിങ്ങൾ ദുര്യോധനനെ പ്രതിചേർക്കുന്ന ഓർമ്മയില്ല. ഇതൊരു മാനസിക പരിശീലനമാണോ?”, കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു. രാജമന്ദിരങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ട കൗരവരാജവിധവകൾ പുനരധിവാസ കേന്ദ്രത്തിൽ ദുരിതജീവിതം നയിക്കുന്ന കാലം.

“പാണ്ഡവരുടെ ദാമ്പത്യേതരജീവിതത്തിൽ പാഞ്ചാലി നേരിട്ട പോലൊരു ദുരന്തം എന്റെ വിവാഹജീവിതത്തിൽ ഉണ്ടായില്ലെന്നത് ദുര്യോധനന്റെ മാനസിക പരിശീലനം കൊണ്ടായിരുന്നു. നൂറോളം സഹോദരഭാര്യമാർ വിധേയത്വം കാണിക്കുന്ന കൂട്ടുകുടുംബ സാഹചര്യങ്ങൾ നേരിടുമ്പോഴും, രതിപരീക്ഷണത്തിനു പ്രണയ ഭാഷ കൗതുകപ്പെടുത്തുന്നതായി കണ്ടിട്ടില്ല. പിന്നെ എന്തിനയാളുടെ പാണ്ഡവവിരുദ്ധ രാജകീയാഭിലാഷങ്ങൾ എന്നെ മടുപ്പിക്കണം?”

2018/08/31

“ശിരോരത്നം നഷ്ടപ്പെട്ടെങ്കിലും എന്തൊക്കെയോ യുദ്ധാന്ത്യത്തിൽ നേടിയ പോലെയാണല്ലോ നിങ്ങൾ ഇപ്പോഴും ഞെളിയുന്നത്? ‘ദ്രോണപുത്രൻ അശ്വത്ഥാമാവിനെ കൊട്ടാരം ലേഖിക കാട്ടുപാതയിൽ കണ്ടെത്തി.

“ഞാനൊന്നും നേടിയില്ലേ? ശത്രുപാഞ്ചാലിയുടെ അഞ്ചു മക്കളെയും കഴുത്തിൽ ചവിട്ടി കൊന്നില്ലേ? ദുര്യോധന ന്റെ വീഴ്ചയോടെ യുദ്ധം അവസാനിക്കും എന്ന് പറഞ്ഞ പാണ്ഡവർ എന്റെ പാതിരാ സൈനികതന്ത്രം ഫലിക്കുന്നതു കണ്ടു ഞെട്ടിയില്ലേ. ഉത്തരയുടെ ഗർഭസ്ഥശിശുവിനു നേരെ ദിവ്യാസ്ത്രം പ്രയോഗിച്ച്, പാണ്ഡവരെ വിറപ്പിച്ചില്ലേ, ക്ഷത്രിയപോരാളികളോട് ഏറ്റുമുട്ടാൻ ബ്രാഹ്മണനും കഴിയും എന്ന് നിങ്ങൾ പത്രപ്രവർത്തകർ വിസ്തരിച്ചു കണ്ടില്ലേ? മഹാഭാരത യുദ്ധരത്ന പുരസ്കാരത്തിന് വ്യാസൻ എന്റെ പേർ നിർദ്ദേശിക്കാൻ നിങ്ങൾ ഒരു കൈ തരു. അതിനിടയിൽ എനിക്കൊരു ആയിരം കൊല്ലത്തെ വനവാസത്തിനു കൃഷ്ണശാപമുണ്ട്. മനുഷ്യജന്മം കിട്ടിയാൽ വരവും ശാപവും ഒക്കെ പതിവല്ലെ, അങ്ങ് ദൂരെ ദ്വാരകയിൽ കൃഷ്ണനെ കൊല്ലാനും ഒരു വേടൻ ആയുധം മൂർച്ച കൂട്ടുകയല്ലേ”, അഭിശപ്ത ദ്രോണപുത്രൻ ആഘോഷിക്കുകയായിരുന്നു ഏകാന്തജീവിതം.

“ഉദ്യാനവളർച്ച ഊഹിച്ചതിലും മുന്നിൽ.” കൊട്ടാരം ലേഖിക പാഞ്ചാലിയെ അഭിവാദ്യം ചെയ്തു. രാജമന്ദിരങ്ങൾക്കകലെ ശ്രദ്ധാപൂർവ്വം നില നിർത്തിയ ആശ്രമാന്തരീക്ഷത്തിലായിരുന്നു ഔഷധസസ്യത്തോട്ടങ്ങൾ.

“ഭർത്താക്കന്മാരുടെ ആയുസ്സോ ആരോഗ്യമോ ഉറപ്പു വരുത്താനൊന്നുമല്ല ഈ അധ്വാനഭാരം ഞാൻ ഏറ്റെടുത്തത് എന്ന് നിങ്ങൾക്കറിയാം. ദേവസന്തതികളെന്നു അവകാശപ്പെട്ടു കുറച്ചുകാലമായി യുവത്വം കൂടെയുണ്ടെന്ന് മേനി പറയുന്ന ആ വയോജനങ്ങളെ ചിലതൊക്കെ പഠിപ്പിക്കാൻ ഞാനിതിന്റെ പരിപാലനം നിർവ്വഹിക്കുന്നു. ഊഴമനുസരിച്ചവരുടെ തലയെന്നും രാത്രി എന്റെ വസതിയിൽ കാണാം. അവരുടെ മുഖം എനിക്ക് കാണാനും എന്നാൽ എന്റെ മുഖം ഇരുളിൽ മറയ്ക്കാനുമാവുന്ന വെളിച്ചവും നിഴലും മനഃപൂർവ്വം അന്തഃപുരത്തിൽ നിലനിർത്തുന്നത് കൊണ്ട്, നേരത്തെ പറിച്ചെടുത്ത ഈ പച്ചിലമരുന്നുകൾ എത്രയും വേഗം ചവച്ചിറക്കാൻ കൊടുക്കും. അല്പസമയത്തിനുള്ളിൽ കാണാം, അവർ മലർന്നടിച്ചു വീണുറങ്ങുന്നതു. അതോടെ ഞാൻ പുരുഷ ഗന്ധമേൽക്കാത്ത പായിലേക്കു ചെരിയും. യുദ്ധകാര്യ ലേഖകനെ വരുതിയിലാക്കാൻ വിശേഷ സിദ്ധിയുള്ള ഇലച്ചാർത്തു നിനക്കും തരട്ടെ?”

2018/09/03

“കാട്ടുമൃഗങ്ങളെ പിച്ചിച്ചീന്തിയിരുന്ന പാണ്ഡവർക്കെന്താ വളർത്തുമൃഗങ്ങളെ നേരിടാനൊരു വിമ്മിട്ടം?” കൊട്ടാരം ലേഖിക ചോദിച്ചു. കോട്ടവാതിലിനു പുറത്തു കൂട്ടം കൂടി നിന്ന കൗരവ നായകളെ അനുതാപപൂർവ്വം നോക്കുകയായിരുന്നു ചാർവാകൻ.

“യുദ്ധകാലത്തു പതിനെട്ടു നാളും ഈ നായകൾ ഇവിടെ നിൽക്കുമായിരുന്നു. ഊട്ടുപുരയിൽ നിന്ന് കിട്ടുന്ന എല്ലിൻ കഷണം ഞാൻ എറിഞ്ഞു കൊടുക്കും പക്ഷെ അവ ചാടിപ്പിടിക്കില്ല. ആ മൗനവും ഹതാശമായ നോട്ടവും വിഷാദരോഗത്തിന്റെ ആരംഭമെന്നെനിക്കു തോന്നി. കൗരവരെന്നു കരുതിയാണവർ ഇപ്പോഴും രഥം

വന്നു നിൽക്കുമ്പോൾ ആകാംക്ഷയോടെ വളയുന്നത്. ചാടി ഇറങ്ങിയത് പക്ഷെ യുധിഷ്ഠിരൻ-അവർക്കപരിചിതൻ. നൈരാശ്യത്തോടെ യുധിഷ്ഠിരനെയും കൂടെയുള്ള പാണ്ഡവരെയും നോക്കി പക്ഷെ വാലാട്ടിയില്ല. പെട്ടെന്ന് പിന്നെ നാം കാണുന്ന തെന്താണ്? പ്രതിഷേധസൂചകമായി കാൽ പൊക്കി മൂത്രമൊഴിക്കുന്നതിപ്പോൾ നിങ്ങൾക്കു വേണമെങ്കിൽ കാണാം. അത് അലസനായകളുടെ വെറുമൊരു മൂത്രമൊഴിക്കലാണോ, മുഖം തിരിക്കുന്ന പത്രപ്രവർത്തക സുഹൃത്തേ? യജമാനനെ കൊന്ന പാണ്ഡവരോടുള്ള പ്രതിഷേധവും ചെറുത്തുനിൽപ്പുമല്ലേ? നമ്മളൊക്കെ കൊട്ടാരം ഊട്ടുപുരയിൽ ഇടം കിട്ടാൻ അക്ഷമയോടെ കാത്തുനിൽക്കുമ്പോൾ, ആ വളർത്തുമൃഗങ്ങൾ എന്തിനാണൊരുങ്ങുന്നത്? പുതിയ യജമാനന്മാരെ നിന്ദയോടെ തിരസ്കരിച്ച കൗരവരുടെ ദേഹവിയോഗത്തിൽ ദുഃഖസൂചകമായി നിരാഹാരം അനുഷ്ഠിക്കുന്നു."

2018/09/06

"എല്ലാം നീ കണ്ടതല്ലേ. രാജസൂയം ചെയ്തു ഞാൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായി. എട്ടിന്റെ പണി തന്നിരുന്ന കൌരവർ നമുക്കിനി പദവിയിൽ താണ സാമന്തർ. എന്നിട്ടും ഒരു വാക്ക് പ്രശംസ നിന്നിൽ നിന്നുണ്ടായില്ലല്ലോ പാഞ്ചാലീ?", യുധിഷ്ഠിരന്റെ സ്വരത്തിൽ ഖേദം നിറഞ്ഞു.

"വാക്ക് പ്രതിരോധിക്കാൻ ഉള്ളതാണ്. പുകഴ്ത്താനുള്ളതല്ല."

"പെണ്ണുടലിൽ മാത്രമല്ല ഹൃദയത്തിലും പുരുഷൻ ഏൽപ്പിക്കാവുന്ന പരുക്കുകളെ കുറിച്ച് വാചാലമാവുമ്പോഴും, പാണ്ഡവമാതാവിനാൽ ബഹുഭർത്തൃത്വം അടിച്ചേൽപ്പിക്കപ്പെട്ട നിസ്സഹായവധു വിനെ പോലെ കൗരവരാജവധുക്കളുടെ അന്തഃപുരസദസ്സിനെ വിടർന്ന കണ്ണുകളോടെ നിങ്ങൾ നോക്കുമ്പോൾ, സദസ്സ് കരുണാർദ്രമായി കാണുന്നതിന് ഞാൻ സാക്ഷി. എന്നാൽ, നിങ്ങൾ ബഹുഭർതൃത്വത്തിനു എന്തിനു വഴങ്ങി എന്ന് കൗരവരാജവധു ചോദിച്ചപ്പോൾ, ആദ്യം 'അനീതി' എന്നുച്ചരിച്ച നിങ്ങൾ 'നിയതി' എന്ന് സ്വയം തിരുത്തി. വ്യക്തമാക്കാമോ ബഹുഭർതൃത്വത്തോടുള്ള നിലപാട്?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"അർജ്ജുനന്റെ കൂടെ നിന്ന നാലു പുരുഷന്മാരെ നോക്കിയപ്പോൾ, യാചനാ ഭാവം എന്നെ സ്പർശിച്ചുവോ? സ്വവർഗ്ഗരതിയിലേക്കു ഇനിയും തള്ളി വിടരുതേ, കൈ കൂപ്പിടുന്നു ഞങ്ങൾ, എന്നവർ മുട്ടുകുത്തി പ്രാർത്ഥിക്കുന്നത്, കിടപ്പറക്കൂട്ടുകാരായി അവരെ സ്വീകരിക്കാൻ എന്നെ പ്രലോഭിപ്പിച്ചുവോ?'

2018/09/07

"കൗരവരാജവധുക്കൾ പാഞ്ചാലിയുടെ വീട്ടുമുറ്റത്ത് വരി നിൽക്കുകയോ? കൗരവരും പാണ്ഡവരും നേരിൽ കണ്ടാൽ 'കൊത്തിക്കീറുന്ന' ഈ ഹസ്തിനപുരിയിൽ?", കൊട്ടാരം ലേഖിക ചോദിച്ചു.

"അഞ്ചു ഭർത്താക്കന്മാരെ ആദ്യരാത്രിയിൽ തന്നെ ഒരു നുകത്തിൽ കെട്ടിയ ഈ 'കറുത്ത യക്ഷി'യിൽ നിന്ന് രഹസ്യ പാഠങ്ങൾ പഠിച്ച വേണം, ഏകശിലാ ദാമ്പത്യത്തിന്റെ പ്രത്യക്ഷങ്ങളായിരുന്ന ഞങ്ങളെ ഉന്മാദിനികളാക്കിയ ആ നൂറോളം

ഭർത്താക്കന്മാരെ നകത്തിൽ കെട്ടി ദാമ്പത്യപരിചരണത്തിന്റെ ചില പരസ്യ പാഠങ്ങൾ പഠിപ്പിക്കുവാൻ."

"ഒറ്റപ്പെട്ട എന്ന പേടിയുണ്ടോ?' പിന്നെ എന്താ വഴിനീളെ വിശദീകരണയോഗങ്ങൾ സംഘടിപ്പിക്കാൻ ആസൂത്രിത കൗരവ നീക്കം?" കൊട്ടാരം ലേഖിക ചോദിച്ചു. നീണ്ട യാത്രക്കൊരുങ്ങാൻ രഥങ്ങൾ പരിശോധിക്കുകയായിരുന്ന അതിരാവിലെ ദുര്യോധനൻ ഉൾപ്പെടുന്ന മുതിർന്ന കൗരവർ.

"കളിയിൽ തോറ്റ നാണക്കേട് മറയ്ക്കാൻ ചാർവാകൻ ഉപദേശിച്ച കുറുക്കുവഴിയാണ് പാഞ്ചാലിക്ക് നേരെ ലൈംഗികാക്രമണമുണ്ടായെന്ന കുപ്രചരണം. കയ്യും കെട്ടി നിൽക്കാൻ പൈതൃകം ഞങ്ങളെ അനുവദിക്കുമോ? ആറംഗസംഘം വനവാസത്തിനു പോകാൻ തിരഞ്ഞെടുത്ത വഴി ജനവാസമുള്ളതാണെന്നറിഞ്ഞപ്പോൾ, നിർമ്മിത ആഖ്യാനത്തെ ഖണ്ഡിക്കാൻ വിശദീകരണ യോഗങ്ങൾ വിളിച്ചു കൂട്ടണമെന്ന പൊതുവികാരം മാനിക്കേണ്ടേ? പൗരാവകാശങ്ങൾ നിഷേധിക്കപ്പെട്ട അടിമ പദവിയാണിപ്പോൾ പാണ്ഡവർക്കെങ്കിലും, അസാധുവായ ഇന്ദ്രപ്രസ്ഥം ചക്രവർത്തി പദവി ദുരുപയോഗം ചെയ്തു നിഷ്കളങ്ക ഗ്രാമീണരിൽ അനുകമ്പ സൃഷ്ടിക്കാനുള്ള കുൽസിതനീക്കത്തിന് ഓട്ടയടച്ച മറുപടിയായിരിക്കും, നികുതിയിളവ് പ്രഖ്യാപനത്തിനെന്ന പേരിൽ വിളിച്ചു ചേർക്കുന്ന ഗ്രാമസഭകളുടെ ലക്ഷ്യം. കൗരവർക്കെതിരെയുള്ള ഓരോ പാണ്ഡവകുപ്രചാരണവും രാഷ്ട്രത്തിന്റെ പരമാധികാരത്തിനെതിരെ വിരൽ ചൂണ്ടുന്ന വെല്ലുവിളിയാണെന്ന് ബോധ്യപ്പെടുത്താൻ കൗരവർ ആഞ്ഞു ശ്രമിക്കും. പൂർണ്ണമായും പുരുഷസാന്നിധ്യം മാത്രമുണ്ടായിരുന്ന ചൂതാട്ടസഭയിൽ ഇടിച്ചുകയറി 'ഞാൻ രജസ്വല ഞാൻ അല്പവസ്ത്ര' എന്നൊക്കെ പാഞ്ചാലി പ്രകോപനപരമായ ലൈംഗിക പ്രസ്താവന ചെയ്തത് ബ്രഹ്മചര്യം ഒരു മതമായി സ്വീകരിച്ച ഭീഷ്മരെ യഥാർത്ഥത്തിൽ പ്രലോഭിപ്പിക്കാൻ എന്ന വെളിപ്പെടുത്തലുമുണ്ടാവും. പ്രഭാത ഭക്ഷണം കഴിഞ്ഞാൽ ഇറങ്ങുകയായി. വരുന്നോ ഭരണകൂട ചെലവിൽ വാർത്ത ഹസ്തിനപുരിയെ അപ്പപ്പോൾ അറിയിക്കാൻ?"

"ഭീമഗദ ഞെണങ്ങിയെങ്കിലും ശത്രു തുട ഒടിഞ്ഞു-ഇന്ന് ദിവസം പതിനെട്ട്. നാളെ ഹസ്തിനപുരി കോട്ട. ചെങ്കോൽ യുധിഷ്ഠിരന്. ആദ്യതീരുമാനം എന്തായിരിക്കുമെന്നാണ് വിഭാവന ചെയ്യുന്നത്?", കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. നിലവിളിക്കുന്ന ദുര്യോധനന്റെ അരികിൽ അനുകമ്പയുമായി യുധിഷ്ഠിരൻ പോവുന്നത് അവർ ഒരുനിമിഷം നോക്കി.

"ഉന്നതാധികാരസമിതിയുടെ ആദ്യയോഗത്തിൽ പരിഗണിക്കുന്ന പ്രമേയങ്ങളിൽ ഒന്ന് ഭീഷ്മരെ കുറിച്ചായിരിക്കണമല്ലോ. മനുഷ്യാവകാശ ലംഘനം അയാളിൽ ആരോപിക്കുന്നത് സഖ്യകക്ഷിയായ പാഞ്ചാലയിലെ പോരാളിയാണ്. ആക്രമിക്കാൻ വരുന്നത് ശിഖണ്ഡിയാണെങ്കിൽ ആയുധം താഴെയിടുമെന്ന ഭീഷ്മഭീഷണി അവഗണിച്ച ഞങ്ങൾ അയാളെ ശരശയ്യയിൽ കിടത്തിയിരിക്കയാണെങ്കിലും, അപമാനിക്കപ്പെട്ട പോരാളിയോടുള്ള ഐക്യദാർഢ്യത്തിൽ പുതുപാണ്ഡവ ഭരണകൂടത്തിന്റെ സാമൂഹ്യ സുരക്ഷാ വകുപ്പിന്റെ മേധാവിയായി ശിഖണ്ഡിയെ നിയമിക്കണമെന്ന പാഞ്ചാലിയുടെ നിർദ്ദേശം മാനിക്കും. ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനും ഇണയെ ലിംഗവിവേചനമില്ലാതെ തിരഞ്ഞെടുക്കാനും ശിഖണ്ഡിക്കു സ്വാതന്ത്ര്യമുണ്ടാവും. ഭിന്നലിംഗ പോരാളിയെ യുദ്ധഭൂമിയിൽ അവഹേളന പരാമർശം ചെയ്ത

ഭീഷ്മർ ഖേദം പ്രകടിപ്പിക്കുന്നില്ലെങ്കിൽ, ശവസംസ്കാരം ബഹിഷ്കരിക്കാനും പാണ്ഡവർ നിർബന്ധിതരാവും."

"ഇവർ ഭർത്താക്കന്മാരാണ് എന്നെപ്പോഴെങ്കിലും പാഞ്ചാലി വിശിഷ്ടവ്യക്തികൾക്ക് പാഞ്ചാലയിൽ പരിചയപ്പെടുത്തിയ ഓർമ്മയുണ്ടോ?" കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"സ്ഥലത്തെ പ്രധാന ദിവ്യന്മാർ പാരിതോഷികങ്ങളും പാൽപ്പുഞ്ചിരിയുമായി അവൾക്കരികെയെത്തിയാൽ, ഇളമുറ നകുലന്റെ അരക്കെട്ടിൽ കൈചേർത്തു നിൽക്കും, ആവേശത്തോടെ പ്രിയ കൂട്ടുകാരൻ എന്ന് തിളങ്ങുന്ന കണ്ണുകളോടെ പരിചയപ്പെടുത്തും. ഞങ്ങൾ നാലുപേർ ദരിദ്രബന്ധുക്കളെ പോലെ പല്ലക്ക് ചുമക്കാനും അകമ്പടിക്കും ദേഹസുരക്ഷക്കും ഓരോയിടങ്ങളിൽ ഓടിനടക്കും." പറഞ്ഞു പറഞ്ഞു പെട്ടെന്ന് ദൂരെ പാഞ്ചാലിയെ ഒരു നോക്ക് കണ്ടപ്പോൾ, അസംതൃപ്ത ഭീമൻ മുട്ടിൽ ഇഴഞ്ഞു കൈകൾ കൂപ്പി കണ്ണുകൾ മേലോട്ടുയർന്നു.

"കൗരവരെ ചതച്ച കൊന്നു ഇതിഹാസമായി മാറിയ നിങ്ങൾ എന്നാണൊന്നു ആർമ്മാദിക്കുക?", കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. ശത്രു ദുര്യോധനനും തുട പൊട്ടി കിടക്കുന്ന സന്ധ്യ.

"സംശയമുണ്ടോ?, അവസാനത്തെ കൗരവരാജവിധവ യുടെയും കണ്ണുനീർ ഈ വിരലുകൾ കൊണ്ട് തുടച്ച മാത്രം."

2018/09/08

"അഞ്ചു ആൺമക്കളുണ്ടായിട്ടും നിങ്ങൾ ഗാന്ധാരിയുടെ ദാസിയാണോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"വനം കത്തിച്ച കൃഷിയിടമുണ്ടാക്കാനെന്നു പറഞ്ഞു കുടിയേറ്റക്കാരായി പാഞ്ചാലിയുമൊത്തു അവർ പടിയിറങ്ങുമ്പോൾ ഞാൻ ഓർമ്മിപ്പിച്ചു, അരുത്, അതൊരാവാസവ്യവസ്ഥയാണ് അത് നിങ്ങൾ കത്തിക്കരുത്. അന്നവർ പടിയിറങ്ങിയശേഷം കേട്ടു യുധിഷ്ഠിരൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായെന്നു. പാഞ്ചാലി. അഞ്ചു പ്രസവിച്ചു. ഞാനവരെ കാണാൻ പോയില്ല. പിന്നെ ഹസ്തിനപുരിയിൽ അവർ വന്നു എന്നറിഞ്ഞത് ചൂതാട്ടത്തിനു ആറംഗ പാണ്ഡവ സംഘം ആനപ്പുറത്തു എഴുന്നെള്ളിയപ്പോൾ. പിറ്റേന്നവർ കാട്ടിലേക്ക് കൗരവഅടിമകളായി പോവുന്നത് കണ്ടു, ഗാന്ധാരിയുമൊപ്പം മാളികപ്പുറത്തു നിൽക്കുമ്പോൾ. പതിമൂന്നു വർഷത്തിന് ശേഷം ഇപ്പോളവർ കുരുവംശ രാജാക്കളായി ഹസ്തിനപുരിയിൽ. യുദ്ധത്തിൽ കൊല്ലപ്പെട്ട കർണ്ണനു ശ്രാദ്ധം ചെയ്യാൻ ഞാനവർക്കൊപ്പം പോയതൊഴിച്ചാൽ, സമ്പർക്കമില്ല. കാൽ നൂറ്റാണ്ടു മുമ്പുണ്ടായിരുന്ന തൊഴിൽ ചെയ്തു ഞാൻ അന്നന്നത്തെ അപ്പമുണ്ടാക്കുന്നു."

2018/09/09

"പ്രതിസ്ഥാനത്തു നിൽക്കുന്നത് ഭർത്താവല്ലേ? പിന്നെ എന്താ ഇരയ്ക്കു ഐക്യദാർഢ്യമെന്ന പേരിൽ ഉപവാസ സമരം ഉത്ഘാടനം ചെയ്യാൻ നിങ്ങൾ?" കൊട്ടാരം ലേഖിക ദുര്യോധനവധുവിനോട് ചോദിച്ചു. നൂറോളം കൗരവസ്ത്രീകളും അവരുടെ

പെൺമക്കളും “പാഞ്ചാലി ധീര, ഞങ്ങൾക്കവൾ മാതൃക” എന്ന മുദ്രാ വാക്യം വിളിച്ചു കൊണ്ടിരുന്ന പ്രഭാതം.

“ഇന്ന് ഞങ്ങൾ പ്രതിഷേധപ്പന്തലിൽ സാന്നിധ്യമറിയിച്ചില്ലെങ്കിൽ, അധികാരത്തിൽ കയറി ഭീമൻ മാതൃകാപരമായ പ്രതികാരനടപടിക്ക് കൈനീട്ടിയാൽ ഊരിപ്പോവില്ലേ ഞങ്ങളുടെ ഉടയാടകൾ? പാഞ്ചാലി പരാതി എഴുതി തന്നിട്ടുണ്ടോ? പരാതിക്കാരി ഇപ്പോൾ ഹസ്തിനപുരിയിൽ ഉണ്ടോ? വനവാസത്തിൽ പോയോ? ഹസ്തിനപുരി ശിക്ഷാനിയമം അനുസരിച്ച ചൂതാട്ടത്തിൽ തോറ്റ പൗരാവകാശം നിഷേധിക്കപ്പെട്ട പാണ്ഡവർക്ക് നീതി തേടാനുള്ള വകുപ്പുണ്ടോ? ഇത്തരം ചോദ്യങ്ങൾക്കു ഇരക്കൊപ്പം നിൽക്കുന്ന ഞങ്ങൾ മറുപടി പറയുന്നില്ല. രോഷം പ്രകടിപ്പിക്കാൻ സമരപ്രകടനത്തിനു അവസരം കൊടുത്തില്ലെങ്കിൽ അനിയന്ത്രിത പെൺരോഷം തെരുവുകളിൽ തിളച്ചു മറിയുമെന്ന കൗരവഭീതിയിൽ, ദുര്യോധനന്റെ ഉത്സാഹത്തിലാണ് ഈ സമരപരിപാടി ഞങ്ങൾ കൊണ്ടുനടക്കുന്നത് എന്നതും പ്രതികരണയോഗ്യമല്ല. വഴിതെറ്റി ചൂതാട്ടസഭയിൽ കയറിയ വിശിഷ്ടാതിഥിക്കുണ്ടായ വസ്ത്രമോഷണത്തിൽ ഖേദിക്കുന്നു എന്ന കൗരവ പ്രസ്താവന വരട്ടെ, പെണ്ണഭിമാനത്തിനതു സ്വീകാര്യമോയെന്നു അപ്പോൾ നോക്കാം.”

2018/09/10

“ആദ്യയോഗം ബഹിഷ്കരിക്കാൻ എന്തുണ്ടായി രാജസഭയിൽ?” ക്ഷുഭിതയായ മഹാറാണിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“മോടിപിടിപ്പിച്ച രാജസഭയിൽ കാൽവച്ചപ്പോൾ ആദ്യം നോക്കിയത് ചുവരിലാണ്. കുന്തിയുടെ വർണ്ണചിത്രം പ്രതീക്ഷിച്ച എന്നെ തിരിഞ്ഞുകൊത്തുന്ന പോലെ തോന്നി, ദുര്യോധനചിത്രം! വിരൽ ഞൊടിച്ചു നകുലനെ വിളിച്ചു കാര്യം തിരക്കി. കൗരവരാജവിധവകൾ കുടിയൊഴിപ്പിക്കലിനെതിരെ തുറന്നുവച്ച സമരമുഖത്തേക്കു ജനപ്രവാഹം തടുക്കാൻ വഴിയൊന്നും വേറെ കാണുന്നില്ലെന്ന് നകുലൻ. രാജദ്രോഹികളിൽ നിന്ന് ഹസ്തിനപുരിയെ രക്ഷിക്കാൻ ജീവത്യാഗം ചെയ്തു.

“ദുര്യോധനൻ നമ്മുടെ കുരുവംശസംരക്ഷകൻ” എന്നെഴുതിയത് വീണ്ടുവിചാരത്തിൽ നകുലൻ മായ്ച്ചു. എന്താണ് കുന്തിക്ക് രാജമാതാപദവി കൊടുക്കാൻ പ്രതിബന്ധമായി പാണ്ഡവ ഭരണകൂടം കാണുന്നത് എന്ന് ചോദിച്ചപ്പോൾ, മക്കൾ നാട് ഭരിക്കുമ്പോഴും കുന്തി മുൻ മഹാറാണി ഗാന്ധാരിയുടെ തോഴിയെന്ന ഉത്തരവാദിത്വം ഒഴിഞ്ഞില്ല എന്ന ഗുരുതരമായ ക്രമക്കേട് കൊണ്ടെന്നു പറഞ്ഞതോടെ, സമനില തെറ്റി ഞാൻ ഇറങ്ങിപ്പോന്നു. മാസമുറ തെറ്റിയ പാഞ്ചാലി ക്ഷുഭിതയാണോ എന്നൊക്കെ നിങ്ങൾ കൊടുക്കുന്ന വിശേഷണങ്ങൾ.”

“ഒറ്റക്കിരുന്നു കുടിക്കാൻ മാത്രം ‘കുഞ്ഞിക്കരളി’നെ നോവിക്കുന്നതെന്താണ്?” കൊട്ടാരം ലേഖിക സഹദേവനോട് ചോദിച്ചു. താഴ്വരയിലെ ജലാശയത്തിന്നരികെ മരച്ചുവട്ടിൽ ഇളമുറ മാദ്രീപുത്രൻ.

“മറക്കാനല്ല, പറയാനുണ്ട് പാഞ്ചാലിയെ കുറിച്ച്. വിവാഹം കഴിഞ്ഞശേഷം ഭിന്നിപ്പിച്ചും, വിലകുറച്ചും, പരസ്പരം ദുഷിച്ചും രാപ്പകൽ മേൽക്കോയ്മ പുലർത്തിയും, ബഹുഭർത്തൃത്വ ദാമ്പത്യജീവിതം അസഹനീയമാക്കുന്നതിൽ വിജയിച്ച മഹതി. അഞ്ചു പുരുഷന്മാരെ പായക്കൂട്ടിനു കിട്ടിയിട്ടും താങ്ങാനാവാത്ത ഭാരമാണെ

ന്ന മട്ടിൽ ഞങ്ങളെ കുറ്റബോധത്തിൽ കെട്ടിയിട്ടടിക്കുകയാണെന്ന വ്യാസനെയൊന്നറിയിക്കാനെന്തു വഴി? ഇളമുറ പാണ്ഡവരെ വാത്സല്യമാണെന്ന വായ്ത്താരിയിനി വില പ്പോവില്ല. ഞങ്ങളെ അവളുടെ വന്യരതിഭാവനാക്കിരയാക്കുന്നതിൽ കവി ഞൊരു സ്നേഹവാത്സല്യങ്ങളുടെ കൊള്ളകൊടുക്ക ആ ബന്ധത്തിലില്ലെന്നു ദുരന്ത ഭവസ്ഥനായ എനിക്ക് പറയാനാവും. നകുലൻ ഈ 'പീഡന പർവ്വം' പങ്കുവെക്കുമോ എന്ന് ചോദിച്ചാൽ, രണ്ടുപേരും രണ്ടു വ്യക്തികൾ എന്ന് എല്ലാ അർത്ഥത്തിലും കണ്ടാൽ മതി." പറഞ്ഞുപറഞ്ഞയാൾ പിച്ചും പേയും പറയാൻ തുടങ്ങി, നെറ്റിയിൽ തൊട്ടുനോക്കിയപ്പോൾ പൊള്ളിപ്പനിക്കുന്നു.

2018/09/23

"സ്ത്രീവിരുദ്ധ സന്യസ്ഥ ആശ്രമങ്ങളിലെ മാലിന്യസംസ്കരണത്തിനു പാഞ്ചാലിയെ നിങ്ങൾ നിയോഗിച്ചു എന്ന ആരോപണത്തോട് എങ്ങനെ പ്രതികരിക്കുന്നു? വിരാടത്തിൽ ഈ വിഷയമാണ് നിങ്ങൾക്കെതിരെ പാണ്ഡവർ പ്രചരണ ആയുധമാക്കുന്നത്", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"സഹവർത്തിത്വത്തോടെ ജീവിച്ച നൂറോളം കൗരവരാജവധുക്കൾക്കു സൗന്ദര്യ പരിശീലനമെന്ന പേരിൽ രഹസ്യയോഗത്തിലൂടെ 'ഭർത്താക്കന്മാരെ എങ്ങനെ വരുതിയിലാക്കാം?' എന്ന നൈപുണ്യവികസനത്തിൽ സംസാരിച്ച വിഷം കുത്തിവച്ച പാഞ്ചാലി നവവധു എന്ന പദവി ചൂഷണം ചെയ്യുകയായിരുന്നു. നിങ്ങൾ ഓർക്കുന്നുണ്ടോ? "ഇനി കൗരവവധു എന്ന വിശേഷണം സ്വീകാര്യമല്ലെ"ന്നു പാരസ്പര്യം വിട്ടു കൗരവ സ്ത്രീകൾ ധിക്കാരത്തോടെ തുറന്നടിച്ചു. ദേശം വേഷം നാട്ടുമൊഴി സംസ്കാരം എന്നിവയുമായി ആ നൂറോളം സ്ത്രീകൾ ഹസ്തിനപുരി കൊട്ടാരജീവിതത്തിൽ നിന്ന് കുരുവംശ കൊടിക്കുറ തൂത്തുവാരി. ഞങ്ങൾ ഞെട്ടിത്തെറിച്ചു. കൗരവവധുക്കൾ സമരമുഖത്തു എന്നതൊരു പതിവ് കാഴ്ചയായി. രാജ്യം ഭരിക്കേണ്ട കൗരവർ ഗാർഹിക പീഢകരെന്നവർ ആക്ഷേപിച്ചു. അവരെ അമർച്ച ചെയ്യാൻ വൈദ്യപരിശോധന വഴി ഉന്മാദികൾ എന്ന് മുദ്ര ചാർത്തി സുഖവാസ കേന്ദ്രങ്ങളിലേക്കയക്കേണ്ടി വന്നു. ഇടവേളയ്ക്കു ശേഷം ഖാണ്ഡവ വനത്തിലേക്ക് കുടിയേറ്റക്കാരായ പാണ്ഡവർക്കൊപ്പം ഭാഗ്യാന്വേഷണത്തിനവൾ പോവുമ്പോൾ ഞാനുറച്ചു നീ വിതച്ച വിഷവിത്തുകൾ വളർന്നു നിന്നെ കൊണ്ടവ ഞങ്ങൾ കൊയ്യിക്കും. ഒരുനാൾ നിന്നെ അടിമയാക്കി പകരം വീട്ടും. ആ പകരം വീട്ടൽ കഴിഞ്ഞു. പാഞ്ചാലിയിപ്പോൾ വിരാടദേശത്തു വിശ്രമിക്കുന്നു എന്നറിഞ്ഞു സന്തോഷം. കാണുമ്പൊൾ ആശംസകൾ അറിയിക്കൂ. വൈരാഗ്യമൊന്നും അവളോടില്ല എന്ന് പറയൂ."

ശത്രുക്കളെ കായികമായി നേരിടാൻ തദ്ദേശവാസികൾക്കു സൈനിക പരിശീലനം പ്രഖ്യാപിക്കുന്ന പുഴയോര സംഗമത്തിൽ പങ്കെടുത്തു മടങ്ങുകയായിരുന്നു ആ ധീര പോരാളി.

2018/09/20

"ഇത്തവണ അച്ഛനെ എവിടെയെങ്കിലും കണ്ടുവോ?" സുഭദ്ര അഭിമന്യുവിനോട് ചോദിച്ചു. ദ്വാരക. സന്ധ്യ. അമ്മയും മകനും കടൽത്തീരത്ത് നടക്കുകയായിരുന്നു.

“വിരാടത്തിൽ കണ്ടു അമ്മാ. സ്ത്രീവേഷം ധരിച്ച അച്ഛൻ നൃത്തം പഠിപ്പിക്കുന്ന രാജകുമാരി ഉത്തരയെ ‘ഭാവിവധു’ എന്ന് പരിചയപ്പെടുത്തി. ‘മുഖംമൂടി’ ധരിച്ച പാണ്ഡവരെ കണ്ടു ഉപചാരം ചൊല്ലി പിരിയുമ്പോൾ, അച്ഛൻ നഗരാതിർത്തി വരെ വന്നു യാത്രയാക്കി. “കുരുക്ഷേത്ര ജയിപ്പിക്കാൻ നീ സ്തോഭജനകമായ ഒരപൂർവ്വ യുദ്ധസാഹചര്യമുണ്ടാക്കിയാൽ, ഉത്തരയിൽ പിറക്കുന്ന മകനെ ഹസ്തിനപുരിയുടെ ഭാവി രാജാവാക്കാം എന്ന് കൈപിടിച്ച് അനുമതി ചോദിച്ചു. ആ മുഖത്തെ ദൈന്യത കണ്ടു ഞാൻ വാക്കുകൊടുത്തുപോയി അമ്മാ.”

2018/09/21

“ഇതാണോ നിയുക്ത ഹസ്തിനപുരി ചക്രവർത്തിനിക്കുള്ള ഔദ്യോഗികവസതി?”, നിലവിലുള്ള ധൃതരാഷ്ട്ര ഭരണകൂടത്തിലെ കൊട്ടാരം സർവാധികാരിക്ക് നേരെ പാഞ്ചാലി വിരൽ ചൂണ്ടി.

“പദവി സംബന്ധിച്ച തെറ്റ് ആദ്യം തിരുത്തട്ടെ. യുധിഷ്ഠിരൻ ധൃതരാഷ്ട്രരിൽ നിന്ന് ചെങ്കോൽ ഏറ്റുവാങ്ങാൻ നിയോഗമുണ്ടാവുന്നെങ്കിൽ, നിങ്ങൾക്കു അർഹതപ്പെട്ട പട്ടം മഹാറാണി എന്ന് മാത്രമാണ്. ഇന്ദ്രപ്രസ്ഥത്തിൽ നിങ്ങൾ സ്വയം ചക്രവർത്തിനി എന്ന് വിളിച്ചിരുന്നു എന്ന് അച്ഛൻ പറഞ്ഞു കേട്ടിട്ടുണ്ട്. ഇനി ‘വിരൽ ചൂണ്ടി’യുള്ള ചോദ്യത്തിലേക്ക് വന്നാൽ, നിങ്ങൾക്കായി കരുതി വച്ച ഔദ്യോഗിക വസതിക്കെന്താ കുഴപ്പം? സൂക്ഷിക്കുക, എന്റെ നേരെ നിങ്ങൾ കുതിര കയറണ്ട. ഞാൻ അംഗപരിമിതൻ അതുകൊണ്ടു യുദ്ധസേവനത്തിനു യോഗ്യതയില്ലാതെ കൊട്ടാര ഭരണം ചെയ്യുന്നു. ഈ വസതിയിലാണ് എന്റെ അച്ഛനും കൗരവരാജകുമാരനുമായിരുന്ന ദുര്യോധനൻ കഴിഞ്ഞ അമ്പതു കൊല്ലം ഭാര്യയുമൊത്ത് അന്തിയുറങ്ങിയത്. അറിയാമല്ലോ ഏക ഭാര്യക്ക് ഒരു ഭർത്താവും. കൗതുകം തോന്നുണ്ടല്ലേ? ശത്രുനാശത്തിനു കാളിപ്രീതിക്കായി മൃഗബലി ചെയ്തിരുന്നെങ്കിലും, ശുചീകരണ തൊഴിലാളിക്ക് കുരുക്ഷേത്രയിൽ നിർബന്ധിത സൈനികസേവനം ആയിരുന്നതു കൊണ്ട്, ഒരു മാസമായി അടിച്ചുകഴുകൽ ഉണ്ടായില്ല, അതു കൊണ്ടെന്താ? പന്ത്രണ്ടു വർഷം ഹിമാലയ സന്യസ്ഥാശ്രമങ്ങളിലെ ജൈവമാലിന്യം നീക്കി നിങ്ങൾ ശുചീകരണ തൊഴിലിൽ നൈപുണ്യവികസനം നേടിയ പരിചയസമ്പന്നയല്ലെ? ആഞ്ഞു പിടിച്ചാൽ നിങ്ങൾക്കും ഭർത്താക്കന്മാർക്കും സുഖ വാസയോഗ്യമാക്കിക്കൂടെ ചരിത്ര പ്രാധാന്യമുള്ള ദുര്യോധന വസതി? ഇത് ഔദ്യോഗികമായി എന്നെന്നും അറിയപ്പെടേണ്ടതും ‘ദുര്യോധന നിവാസ്’ എന്ന ആ പേരിൽ തന്നെ”, കൊട്ടാരതാക്കോൽ സൂക്ഷിപ്പുകാരന്റെ വാക്കുകൾ പുരോഹിത മന്ത്രോച്ചാരണം പോലെ ആചാരസമ്പുഷ്ടമായി.

2018/09/23

“സ്ത്രീവിരുദ്ധ സന്യസ്ഥ ആശ്രമങ്ങളിലെ മാലിന്യസംസ്കരണത്തിനു പാഞ്ചാലിയെ നിങ്ങൾ നിയോഗിച്ചു എന്ന ആരോപണത്തോട് എങ്ങനെ പ്രതികരിക്കുന്നു? വിരാടത്തിൽ ഈ വിഷയമാണ് നിങ്ങൾക്കെതിരെ പാണ്ഡവർ പ്രചരണ ആയുധമാക്കുന്നത്”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“സഹവർത്തിത്വത്തോടെ ജീവിച്ച നൂറോളം കൗരവരാജവധുക്കൾക്ക സൗന്ദര്യ പരിശീലനമെന്ന പേരിൽ രഹസ്യയോഗത്തിലൂടെ ‘ഭർത്താക്കന്മാരെ എങ്ങനെ വരുതിയിലാക്കാം?’ എന്ന നൈപുണ്യവികസനത്തിൽ സംസാരിച്ച വിഷം കുത്തിവച്ച പാഞ്ചാലി നവവധു എന്ന പദവി ചൂഷണം ചെയ്യുകയായിരുന്നു. നിങ്ങൾ ഓർക്കുന്നുണ്ടോ? ‘ഇനി കൗരവവധു എന്ന വിശേഷണം സ്വീകാര്യമല്ലെ’ന്ന പാരസ്പര്യം വിട്ടു കൗരവ സ്ത്രീകൾ ധിക്കാരത്തോടെ തുറന്നടിച്ചു. ദേശം വേഷം നാട്ടുമൊഴി സംസ്കാരം എന്നിവയുമായി ആ നൂറോളം സ്ത്രീകൾ ഹസ്തിനപുരി കൊട്ടാരജീവിതത്തിൽ നിന്ന് കുരുവംശ കൊടിക്കൂറ തൂത്തുവാരി. ഞങ്ങൾ ഞെട്ടിത്തെറിച്ചു. കൗരവവധുക്കൾ സമരമുഖത്തു എന്നതൊരു പതിവ് കാഴ്ചയായി. രാജ്യം ഭരിക്കേണ്ട കൗരവർ ഗാർഹിക പീഢകരെന്നവർ ആക്ഷേപിച്ചു. അവരെ അമർച്ച ചെയ്യാൻ വൈദ്യപരിശോധന വഴി ഉന്മാദികൾ എന്ന് മുദ്ര ചാർത്തി സുഖവാസകേന്ദ്രങ്ങളിലേക്കയക്കേണ്ടി വന്നു. ഇടവേളയ്ക്കു ശേഷം ഖാണ്ഡവ വനത്തിലേക്ക് കുടിയേറ്റക്കാരായ പാണ്ഡവർക്കൊപ്പം ഭാഗ്യാന്വേഷണത്തിനവൾ പോവുമ്പോൾ ഞാനുറച്ചു നീ വിതച്ച വിഷവിത്തുകൾ വളർന്നു നിന്നെ കൊണ്ടവ ഞങ്ങൾ കൊയ്യിക്കും. ഒരുനാൾ നിന്നെ അടിമയാക്കി പകരം വീട്ടും. ആ പകരം വീട്ടൽ കഴിഞ്ഞു. പാഞ്ചാലിയിപ്പോൾ വിരാടദേശത്തു വിശ്രമിക്കുന്നു എന്നറിഞ്ഞു സന്തോഷം. കാണുമ്പൊൾ ആശംസകൾ അറിയിക്കു. വൈരാഗ്യമൊന്നും അവളോടില്ല എന്ന് പറയൂ.” ശത്രുക്കളെ കായികമായി നേരിടാൻ തദ്ദേശവാസികൾക്ക സൈനിക പരിശീലനം പ്രഖ്യാപിക്കുന്ന പുഴയോരസംഗമത്തിൽ പങ്കെടുത്തു മടങ്ങുകയായിരുന്നു ആ ധീര പോരാളി.

2018/09/24

“യുധിഷ്ഠിരന് അഭിവാദ്യങ്ങൾ അർപ്പിക്കാൻ വിശിഷ്ട വ്യക്തിത്വങ്ങൾ ആരുമില്ലേ?” കൊട്ടാരം ലേഖിക വിദുരരോട് ചോദിച്ചു.

“അനുഗ്രഹപ്രഭാഷണത്തിൽ വ്യാസൻ:

“വരാനിരിക്കുന്ന കലിയുഗം മഹാഭാരതയുദ്ധത്തെ എന്നുമോർക്കും. കൗരവ പാണ്ഡവകഥാപാത്രങ്ങൾ രാഷ്ട്രീയപ്രഭാഷണത്തിലും പൊതുജീവിതത്തിലും ഉപമകളായും രൂപകങ്ങളായും, സാങ്കേതിക വിദ്യയിൽ ചലിക്കുന്ന ചിത്രങ്ങളായും, പരിചരണത്തിൽ വൈവിധ്യത നിറഞ്ഞ പുനരാഖ്യാനങ്ങളായും നിറയും, ചത്താലും ജീവിച്ചാലും കുരുവംശജർ അനുഗ്രഹീത ജന്മങ്ങൾ.”

2018/09/25

“പ്രമുഖ പാണ്ഡവന്റെ സംസാരശേഷി നഷ്ടപ്പെട്ടു എന്നൊരു വാർത്ത ഹസ്തിനപുരിയിൽ പുകയുന്നല്ലോ. ഓടി ഇന്ദ്രപ്രസ്ഥത്തിൽ വന്നത് നേരിട്ട് കാര്യം ചോദിച്ചറിയാൻ. വാർത്താ പരിചരണത്തിൽ പരുഷപദങ്ങൾ ഒഴിവാക്കാം, വസ്തുതാപരമായി കാര്യം വിശദീകരിക്കാമോ?” കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയോട് ചോദിച്ചു.

“ദുര്യോധനൻ വഴുക്കി വീണ അന്ന് തുടങ്ങി അർജ്ജുനൻ ദുരർഥം വച്ച് ഓരോന്ന് പറയാൻ. ആദ്യ കുരമ്പ്, എന്തിനു ശത്രുദുര്യോധനനെ ക്ഷണിക്കാൻ ഞാൻ അത്യുത്സാഹം കാട്ടി? അന്തഃപുര വസതിക്കരികെയുള്ള ആഡംബരമന്ദിരം ദുര്യോധനന്

അനുവദിച്ചതിലായി പിന്നെ കുത്തൽ. ഒക്കെ സഹിച്ചു. ദുര്യോധനൻ കാൽ വഴുക്കി വീണതു്, അർജ്ജുനൻ സഭാതലത്തിൽ മെഴുക്കൊഴുക്കിയതു് കൊണ്ടാണെന്ന കാര്യം വിശ്വസ്തചാരൻ നകുലൻ പിന്നീടറിയിച്ചിട്ടും അലമ്പുണ്ടാക്കാതെ ഞാൻ മിണ്ടാതിരുന്നു. മുറിപ്പെട്ട വികാരങ്ങളോടെ വിശിഷ്ടാതിഥി ഹസ്തിനപുരിയിലേക്കു മടങ്ങിപ്പോയ ദിവസം, അർജ്ജുനൻ ഊഴം തെറ്റിച്ചു കിടപ്പറയിൽ അതിക്രമിച്ചു കയറി 'വിശിഷ്ടാതിഥി' എന്ന അനർഹപരികൽപ്പന കൗരവനു കൊടുക്കുക വഴി അസ്വീകാര്യമായ കീഴ്വഴക്കം ഞാൻ സൃഷ്ടിച്ചു എന്നു് ഒച്ചവെച്ചു. കുറെ ചെന്നപ്പോൾ, പവിത്രദാമ്പത്യ വിശ്വസ്തത കൗരവനു് ഞാൻ അടിയവവു് വച്ചുവെന്ന ദുഃസ്സൂചന സഹിക്കാനാവാതെ, തിരിച്ചടിക്കു് ഞാൻ തയ്യാറായി. പെണ്ണിന്റെ അന്തസ്സ് ഹനിക്കുന്ന നാവു പിഴുതുകളയാൻ കിടപ്പറയുടെ ഇരുട്ടിൽ പറ്റാത്തതു് കൊണ്ടു്, ശരീരസംഗമത്തിനു മുമ്പുള്ള ചുണ്ടുകോർക്കലിൽ, തരം കിട്ടിയപ്പോൾ നാവു കടിച്ചെടുത്തു. ആൺപെൺ ആസ്വാദനരതിയുടെ ഗുണഭോക്താവായി പരമാനന്ദമനുഭവിക്കുമ്പോൾ തന്നെ, ഭാര്യയുടെ ആത്മാഭിമാനത്തെ അവഹേളിക്കുന്ന ഭാഷ ഉപയോഗിക്കുന്നവർക്കുള്ള താക്കീതായി കാണണം പ്രതീകാത്മകമായ ഈ നടപടി. വാതുറന്നു നിലവിളിച്ച അർജ്ജുനനെ അതോടെ മുറിക്കു പുറത്തേക്കു തള്ളി. പായക്കൂട്ടിനു വരി നിന്നിരുന്ന ഒരു രണ്ടു പാണ്ഡവർ, 'മാരകായുധമായ പെൺപല്ലുപയോഗിച്ചു മനഃപൂർവ്വം ഇണയെ ഗുരുതരമായി മുറിവേൽപ്പിച്ചു എന്ന കുറ്റത്തിന് ഇന്ദ്രപ്രസ്ഥം ശിക്ഷാനിയമം വകുപ്പനുസരിച്ചു നീ പ്രതിസ്ഥാനത്തു നിൽക്കേണ്ടി വരു'മെന്നവർ പേടിപ്പിക്കാൻ ശ്രമിച്ചെങ്കിലും, പുലരും മുമ്പു് ഞാനവരെ വ്യക്തിഗത സേവനമികവിൽ പിന്തുണക്കാരാക്കി. കുറച്ചു നാൾ, മുറിഞ്ഞ നാവുമായി അർജ്ജുനൻ മൗനം പാലിച്ചപ്പോൾ അവനു മനസ്സിലായി എന്നു് തോന്നുന്നു, എന്താണു് കരളിൽ മുറിവേറ്റ പെണ്ണിനു പ്രണയകേളിയിൽ പുരുഷനോടു് ചെയ്യാനാവുക. ഇപ്പോൾ ഒന്നോ രണ്ടോ വാക്കുകളൊക്കെ മുക്കിയും മൂളിയും അവ്യക്തമായെങ്കിലും സംസാരിക്കുന്നുണ്ടു് എന്നാണു നകുലൻ കുറച്ചു മുമ്പു പറഞ്ഞതു്. ഇതാണു് സംഭവം. നിങ്ങൾ ഇതൊക്കെ എങ്ങനെ എഴുതിയാലും ഹസ്തിനപുരിയിൽ ആരും അന്തം വിടില്ല എന്നെനിക്കറിയാം, കാരണം, നൂറോളം കൗരവരിൽ എത്രപേർ ഒന്നിലധികം നാവുണ്ടായിട്ടും വാ തുറക്കുന്നതായി നിങ്ങൾ കണ്ടിട്ടുണ്ടു്? പായിൽ കൂടെ കിടക്കുന്നവരോടു് കൂറു് കാണിക്കുന്നവർ കൗരവർ."

"കായികബലമുള്ള നിങ്ങളെ കൗമാര അർജ്ജുനൻ ഗുരുദക്ഷിണയായി ദ്രോണാചാര്യന്റെ മുമ്പിൽ പുല്ലുപോലെ എറിഞ്ഞുകൊടുത്തു എന്നോ?" കൊട്ടാരം ലേഖിക പാഞ്ചാല രാജാവിനോടു് ചോദിച്ചു.

"രാജ്യതന്ത്രം അറിയുന്ന ഏവർക്കുമറിയാം രൂപസാദൃശ്യമുള്ള മൂന്നുനാലു പേരെ രാജാവു് രഹസ്യസങ്കേതത്തിൽ തീറ്റിപ്പോറ്റി നിർത്തുമെന്നും, ആപത്തുകാലത്തവരെ തരം പോലെ 'കളിക്കള'ത്തിലിറക്കുമെന്നും. പ്രതികാരദാഹി ദ്രോണർ എന്നെ പിടിക്കാൻ വിശ്വസ്തശിഷ്യൻ അർജ്ജുനനെ വിടുമെന്നു് ചാരവിവരം കിട്ടിയപ്പോൾ രഹസ്യനീക്കത്തിൽ തയ്യാറെടുത്തു, കൃത്യം സമയത്തയാൾക്കു രാജ വസ്ത്രങ്ങൾ നൽകി, അർജ്ജുനനു് മുമ്പിൽ എറിഞ്ഞുകിട്ടി യവനെയും കൂട്ടി പാണ്ഡവക്കുട്ടി ഹസ്തിനപുരിയിൽ എത്തി. 'കീഴടങ്ങി'യ 'പാഞ്ചാല വേഷംകെട്ടുകാ'രനെ കണ്ടു ദ്രോണരും സംപ്രീതനായി. യഥാർത്ഥ ഞാനപ്പോൾ ഭൂഗർഭ അറയിൽ അപ്പപ്പോൾ വിവരം അറിഞ്ഞു ഭാവി തന്ത്രങ്ങൾ മെനഞ്ഞു. അല്ല, നിങ്ങൾ പത്രപ്രവർത്തകരിലും ഉണ്ടല്ലോ ഭീഷണിജോലി ചെയ്യാൻ മുഖം മൂടികളും പൊയ്ക്കാലുകളും അല്ലേ?"

2018/09/26

“നിങ്ങൾ ആറുപേരുടെയും ഗാർഹികസംഭാഷണങ്ങൾ ആകസ്മികമായി ചെവിയോർക്കാൻ തൊഴിൽ സാഹചര്യങ്ങളിൽ അവസരം ഉണ്ടായപ്പോഴൊന്നും, അന്നന്നത്തെ കാര്യങ്ങൾ അല്ലാതെ, ദൂരെ ദൂരെ പാഞ്ചാലയിൽ വളരുന്ന അഞ്ചു കുട്ടികളെ കുറിച്ചോ, പാഞ്ചാലബന്ധുക്കളെ കുറിച്ചോ പങ്കിടുന്നില്ല എന്ന് വിസ്മയിക്കാറുണ്ട്. അതെന്താ അങ്ങനെ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. ആണുങ്ങൾ കുടിലിനു പുറത്തെ അരയാലിൻ തണലിൽ, ചൂതാട്ട പരിശീലനം നേടുന്ന ഉച്ച. ചുറ്റും വന നിശബ്ദത.

“വധുവിന്റെ മനസ്സമ്മതം ചോദിച്ചറിയാതെ, കുന്തിയുടെ ദുഷ്പ്രേരണയിൽ നാലു പാണ്ഡവർ, അർജ്ജുനന്റെ കൂടെ കിടപ്പറയിൽ വന്നെന്നെ കീഴ്പ്പെടുത്തിയ ആദ്യരാത്രി മുതൽ, കുടുംബത്തെ കുറിച്ച് ഞാൻ അവരോടോ, അവർക്കു കുടുംബം ഉണ്ടെങ്കിൽ അതിനെ കുറിച്ച് എന്നോടോ, സംസാരിക്കാൻ ഞാൻ അവസരം നിഷേധിച്ചു. അതൊരു ശീലമായി. ആ വിധം നോക്കിയാൽ, മൗനം ഞങ്ങളുടെ കുടുംബജീവിതത്തെ രേഖപ്പെടുത്തൽ കൂടിയാണ്.”

“ഇന്ദ്രപ്രസ്ഥത്തിൽ ജീവിക്കേണ്ട പാണ്ഡവരെ കാട്ടിൽ വ്യാഴവട്ടക്കാലം നരകിക്കാൻ കാരണക്കാരായ കൗരവർ കൊല്ലപ്പെട്ടു എന്ന കുരുക്ഷേത്ര പ്രവിശ്യാ ഭരണകൂട സ്ഥിരീകരണം വന്നു കഴിഞ്ഞ സ്ഥിതിക്ക് ചോദിക്കട്ടെ-പീഢകകൗരവരുടെ അസാന്നിധ്യം നിങ്ങൾക്കു ആശ്വാസമായോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ലൈംഗികചേഷ്ടയോടെ പരസ്യമായി ഉടുതുണിയൂരി എന്നിങ്ങനെ തെരുവോര ആൾക്കൂട്ടത്തെ ആനന്ദിപ്പിക്കാനുള്ള വ്യാസനിർമ്മിതിയായിരുന്നു വസ്ത്രാക്ഷേപം എന്ന വസ്തുത പൊതുസമൂഹം അംഗീകരിച്ചു കഴിഞ്ഞ സ്ഥിതിക്ക്, പാണ്ഡവഅടിമജീവിതം അവർ അർഹിക്കുന്ന ഒന്നായിരുന്നു എന്നാണ ചൂതാട്ടക്കാല സാഹചര്യങ്ങളുടെ നേർസാക്ഷിയായ എന്റെ വിലയിരുത്തൽ. എന്നാൽ കൗരവർ? ഉപാധികളില്ലാതെയായിരുന്നു എന്നോടു ആയുഷ്കാല ആരാധന. എനിക്കും അവർക്കും ഇടയിൽ അമംഗളകരമായി തോന്നിയ ഒരു വഴിതടസ്സമേ ഉണ്ടായിരുന്നുള്ളൂ. നിങ്ങൾക്കൂഹിക്കാം, പാണ്ഡവർ.” കൊട്ടാരം ലേഖിക ഒന്ന് തിരിഞ്ഞു നോക്കിയപ്പോൾ: ഹസ്തിനപുരി മഹാറാണി കൌരവസ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചന ചെയ്യുന്നത് മരക്കൂട്ടങ്ങളിൽ ഒളിഞ്ഞു പാണ്ഡവർ അമർഷത്തോടെ നോക്കുന്നു.

2018/09/27

“കൊള്ളസംഘമായി കൗരവർ ചിത്രീകരിക്കപ്പെടുന്നുണ്ടല്ലോ. ഒന്നും അറിയാറില്ലേ?” കൊട്ടാരം ലേഖിക ചോദിച്ചു.

“വിദുരരും ഭീഷ്മരും കൗരവ തോന്നിവാസത്തിനു പച്ചക്കൊടി വീശുമെന്നു കരുതിയോ? ചൂതാട്ടമായിരുന്നില്ല പാണ്ഡവ പതനത്തിനു കാരണം. സദാചാരബോധത്തെ വേദനിപ്പിച്ച ബന്ധമായിരുന്നു. അർജ്ജുനഭാര്യയുമായി മറ്റു പാണ്ഡവർ പുലർത്തിയ അവിഹിത ബന്ധം ഹസ്തിനപുരി ശിക്ഷാനിയമമനുസരിച്ചു നടപടി നേരിടണമെന്ന് കാരണവന്മാർക്കു ബോധ്യപ്പെട്ടപ്പോൾ, പെരുമാറ്റച്ചട്ടത്തിന്റെ കാവൽക്കാരായ ഭീഷ്മരും വിദുരരും അംഗീകരിച്ചു. ചൂതാട്ടത്തിൽ യുധിഷ്ഠിരൻ ഒന്നിനൊന്നു

മോശം മാതൃകയായിരുന്നപ്പോളും പണയവസ്തുക്കൾ തിരിച്ച കൊടുത്തു യാത്രയാക്കി. പോവാനൊരുങ്ങുമ്പോഴാണ് ശിക്ഷാനിയമത്തിലെ ദാമ്പത്യേതര ബന്ധവകുപ്പ വലയിട്ടത്. ഭർത്താവ് അർജ്ജുനൻ എങ്ങനെ ശിക്ഷിക്കപ്പെട്ടു അടിമയായി അല്ലെ? ലൈംഗികാതിക്രമത്തിൽ നിന്ന് ഭാര്യയെ രക്ഷിക്കാനാവാത്ത ഭർത്താവിന്റെ തലവെട്ടാൻ വകുപ്പില്ലാതിരുന്നത്കൊണ്ടാണയാളുടെ കഴുത്തിനു മേൽ ഇപ്പോഴും ശിരസ്സ്. യുദ്ധമുണ്ടായാൽ, ആ പണി തനിക്കു തരണമെന്ന കർണ്ണന്റെ ആവശ്യം പരിഗണനയിലുണ്ട്. എന്തും ഞങ്ങൾ പൊറുക്കും-ദാമ്പത്യത്തിലെ അവിശ്വസ്തത ഒഴികെ. കൗരവർ കൊലപ്പുള്ളികളെന്നു പ്രചരിപ്പിക്കുന്ന പാണ്ഡവരോട് പറയട്ടെ കൗരവർ ഓരോരുത്തരും സഹോദരഭാര്യമാരെ അഭിസംബോധന ചെയ്യുന്നത് 'അമ്മ' എന്നാണ്. എന്നാൽ ഇളമുറ മാദ്രിപുത്രൻ സഹദേവൻ പോലും വയസ്സുമൂത്ത പാഞ്ചാലിയെ അധികാരത്തോടെ നീ എന്ന് വിളിക്കുന്നത് കേട്ടപ്പോൾ ചോര തിളച്ചു. തിരക്കുണ്ട്, യമുനയിൽ നിന്ന് നീർച്ചാലുകൾ വലിച്ചു കൃഷിയിടങ്ങളിലെ ജലക്ഷാമത്തിനു പരിഹാരം കാണുന്നൊരു ജലസാക്ഷരത സംരംഭത്തിലാണ് ഞങ്ങൾ. കൂടെ വരുന്നോ? അതോ, ദൂഷണകഥകൾ തേടി നിരങ്ങാനുണ്ടോ അന്തഃപുര തിണ്ണകൾ?"

"അഞ്ചു കുട്ടികളെയും കൂട്ടി നീണ്ട യാത്ര കഴിഞ്ഞു ഹസ്തിനപുരിയിൽ അഭയം തേടി എത്തിയപ്പോൾ വഴിയിലാരെങ്കിലും നിങ്ങളെ തിരിച്ചറിഞ്ഞുവോ?" മുൻ മഹാറാണിയും പാണ്ഡു വിധവയുമായ കുന്തിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"കാൽ നൂറ്റാണ്ടു കഴിഞ്ഞിരുന്നല്ലോ കാട്ടിലേക്ക് പോയിട്ട്. ഈ കുട്ടികളെ നോക്കിയാൽ അറിയാം ആ നീണ്ട കാലയളവ്. അന്ധധൃതരാഷ്ട്രർ തിരിച്ചറിയുമെന്ന പ്രതീക്ഷ ഉണ്ടായിരുന്നില്ല. കണ്ണുകെട്ടി കാഴ്ച മറച്ച ഗാന്ധാരിയും എന്നെ തിരിച്ചറിഞ്ഞില്ല. ഭീഷ്മർ ആ സമയം കോട്ടക്കകത്തുണ്ടായിരുന്നില്ല എന്നതായിരുന്നു നീണ്ടു നിന്ന സംഘർഷത്തിന് കാരണം. എന്നെ ഒരു നിമിഷം തിരിച്ചറിഞ്ഞെങ്കിലും, വിവേകത്തിന്റെയും ശരിപെരുമാറ്റത്തിന്റെയും മാതൃകയായ വിദുരർ കൈപ്പത്തി കൊണ്ട് വാ മറച്ചു പിൻവാങ്ങി. കോട്ടവാതിൽക്കൽ നിന്ന കാവൽക്കാർ ഞങ്ങളെ അകത്തുവന്നു പിടികൂടി അനാഥാലയത്തിലേക്കയക്കാൻ ആളെക്കൂട്ടുമ്പോഴാണ്, ഒരു നായ അടുത്തേക്ക് കുതിച്ചത്. കുട്ടികളെ കൂട്ടിപ്പിടിച്ച ഞാൻ വിങ്ങലോടെ ഒതുങ്ങി. അടുത്ത് വന്ന നായ ആക്രമിക്കുന്നതിനു പകരം, വിധേയത്വത്തോടെ വാലാട്ടാൻ തുടങ്ങിയപ്പോൾ പെട്ടെന്ന് വിദുരർ സംശയം മാറിയ പോലെ മുറ്റത്തേക്ക് ധൃതിയിൽ വന്നു. ഭീഷ്മ പിതാമഹന്റെ ഈ നായ അന്ന് കുട്ടിയായിരുന്നു. നിങ്ങൾ അതിനെ അക്കാലത്തു പരിചരിച്ച ആർദ്ര ഓർമ്മ കാലമെത്ര ചെന്നിട്ടും മറന്നിട്ടില്ല. പാണ്ഡുവുമൊത്തു നിങ്ങൾ കാട്ടിൽ പോയ ദിവസം മുതൽ നിത്യവും കോട്ടക്ക് പുറത്തു ചെന്ന് വടക്കൻ ഭാഗത്തേക്ക് നോക്കി രാത്രി വൈകും വരെ കാത്തുനിൽക്കും, മനുഷ്യർ തരള ബാല്യാനുഭവം പെട്ടെന്ന് മറക്കുമെങ്കിലും. വരു ആളെ തിരിച്ചറിഞ്ഞു എന്ന് ഞാൻ അകത്തളങ്ങളിൽ മിതമായ സൂചന കൊടുത്തു കഴിഞ്ഞു."

2018/09/28

"ആയുഷ്കാല ബഹുമതിയല്ലേ ഭീഷ്മ പദവി? പിന്നെ എന്താ ബ്രഹ്മചര്യം പരീക്ഷണത്തിനു വിധേയമാക്കു ന്നത്?", മരക്കൂട്ടങ്ങൾക്കിടയിലെ ആശ്രമത്തിൽ നിലത്തു

വിരിച്ച പായയിൽ പെണ്ണുടലുകൾക്കിടയിൽ കിടന്ന പിതാമഹനോട് കൊട്ടാരം ലേഖിക ചോദിച്ചു. മൂലയിൽ ചെറുതിരി പ്രകാശം.

"സമപ്രായക്കാരി സത്യവതിയുടെ പ്രലോഭനം ചെറുക്കാനായിരുന്നു ബ്രഹ്മചര്യം എന്ന ബ്രഹ്മാസ്ത്രം എയ്തതു്. അവളുടെ സന്തതിക്കു കിരീടാവകാശം നഷ്ടപ്പെടാതിരിക്കാൻ ഈ ആയുധം പ്രയോഗിച്ചു. ഗർഭധാരണത്തിന് മുമ്പ് അംബികയും അംബാലികയും വിധവകളായപ്പോൾ, അവരുമായി ബന്ധപ്പെടാനുള്ള സത്യവതിയുടെ പ്രോത്സാഹനം ചെറുത്തുകൊണ്ടായിരുന്നു ബ്രഹ്മചര്യം വീണ്ടും തൊടുത്തതു്. വെറുമൊരു പ്രതീകമല്ല ബ്രഹ്മചര്യം, വ്യക്തിഗത അച്ചടക്കമാണ് എന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തി. മധ്യവയസ്സ കഴിഞ്ഞതോടെ, കൈ കാലുകൾക്കു സംഭവിക്കാവുന്ന തേയ്മാനം മറികടക്കുവാൻ, വിശ്വസ്ത രാജകുമാരികൾ കൂടെ വന്നു. ഒപ്പം നടക്കാൻ അവസരം കിട്ടാത്തവർ ആശ്രമത്തിനകത്തു കൂട്ടായ്മ കാണിച്ചു. രാത്രി കിടക്കുമ്പോൾ ഞാൻ മന്ത്രിച്ചു: പായിൽ ഇരുവശത്തും വിവസ്ത്ര പെണ്ണുടലുകൾ രാവേറെ കൂട്ട് കിടന്നാലും പ്രതിജ്ഞ കൊണ്ട് സാധ്യമാവുമോ ബ്രഹ്മചര്യമെന്ന കഠിനപ്രതിജ്ഞ? അത് നിത്യവും തെളിയിക്കപ്പെടണമെങ്കിൽ പ്രലോഭനമികവുള്ള പെൺ ശരീരലഭ്യത ഉറപ്പാവണം. നിങ്ങൾ കാണുന്ന ഈ പെൺ കുട്ടികൾ എന്നെ പരീക്ഷിക്കുകയാണ്. പോരാ. അവർ എന്നെ സ്ത്രൈണപരിചരണത്താൽ പ്രലോഭിപ്പിക്കുകയാണ്. എന്നെ ബ്രഹ്മചര്യത്തിൽ നിന്ന് പുറത്തുചാടിക്കാൻ പ്രവർത്തിക്കുകയാണ്. പരപ്രീണനയില്ലാതെ സ്വയം ഈ കായികപരീക്ഷണത്തിൽ സജീവ പങ്കാളികളാണ്. ബ്രഹ്മചര്യം തകർക്കാനാവില്ലെന്നവരെ തെളിയിക്കണം. ശരിക്കും പറഞ്ഞാൽ ഇതൊരു കിടപ്പറയല്ല രതിയും രതിനിഷേധവും ബലാബലത്തിൽ പോരടിക്കുന്ന രണഭൂമിയാണ്. പങ്കെടുക്കണമെന്നുണ്ടോ നിനക്കും?"

"അഞ്ചു വെളുത്ത ആണുങ്ങളും ഒരു കറുത്ത സ്ത്രീയും കഴുതപ്പുറത്തു്!. ആരാണിതു്?", പുതുതായി അറവുശാലയിൽ ചേർന്ന യുവാവ് തൊഴിലുടമയുടെ ചെവിവട്ടത്തിൽ പിറുപിറുത്തു.

"അഭിവന്ദ്യദുര്യോധനൻ ചൂതാടി നേടിയ ആറ് അടിമകളെ ആചാരമനുസരിച്ച് നഗരികാണിക്കയാണ്, അതു് കഴിഞ്ഞാൽ കാട്ടിലെക്കയക്കും. തെരുവോരക്കാഴ്ച നോക്കി സമയം കളയാതെ ആ വെള്ളമുയലുകളെ തൊലിയുരിച്ചു കഷണങ്ങളാക്കി ഒരുക്കിവക്ക്, ധൃതരാഷ്ട്രർക്ക് പ്രാതലിനു നിന്റെ വക ആവട്ടെ മാംസ സംസ്കരണം."

"ജനരോഷമൊന്നും അറിയുന്നില്ലേ? ലൈംഗികാക്രമണത്തിൽ പ്രതി ചേർക്കപ്പെട്ട ദുര്യോധനനെ ശിക്ഷാനിയമം അനുസരിച്ചു എന്തു് തുടർനടപടിക്ക് വിധേയമാക്കി എന്നാണു മനസ്സിലാക്കേണ്ടതു്?" കൊട്ടാരം ലേഖിക വക്താവിനോട് ചോദിച്ചു.

"നീതിപീഠത്തിൽ സമർപ്പിച്ച സത്യവാങ്മൂലം വായിച്ചില്ലേ? പ്രതിക്ക് മാരകരോഗം പിടിപെട്ടിട്ടുണ്ടോയെന്ന പരിശോധന പൂർത്തിയാക്കി. അരോഗദൃഢഗാത്രൻ. പ്രതിയുടെ ശരീരവളർച്ച പ്രായത്തിന് ആനുപാതികമാണോ? അന്തർഗ്രന്ഥി സ്രവവ്യതിയാനം അവയവ വളർച്ചയെ ബാധിച്ചിട്ടുണ്ടോ? ശ്രമകരമായ ആ ദൗത്യവും കഴിഞ്ഞു. കായികക്ഷമതയെ സംശയത്തിലാക്കുന്ന ഒന്നും കണ്ടെത്തിയില്ല. മനസ്സുകൊണ്ടും ശരീരം കൊണ്ടും പ്രതി ഒരു പുരുഷൻ തന്നെയാണോ? ദേഹപ്രകൃതിയിൽ എന്തെങ്കിലും വ്യതിയാനമുണ്ടോ? പ്രതിയുടെ ശരീരത്തിൽ നടത്തുന്ന സൂക്ഷ്മ പരിശോധന വിജയകരമായി. അടുത്തതു് കൊലയാളിയെക്കുറിച്ചു സൂചനകണ്ടെത്താൻ, മൃതദേഹത്തെ എങ്ങനെയാണോ പരിശോധിക്കുന്നതു് സമാനമായ

ബാഹ്യപരിശോധനകളാണ് പ്രതിയുടെ ജീവനുള്ള ശരീരത്തിലും നടത്തുന്നത്. പ്രതി കുറ്റം ചെയ്തതിന്റെ തെളിവുകൾ ശരീരത്തിൽ തന്നെ കണ്ടെത്താനുള്ള പരിശോധന. കുറ്റകൃത്യം നടന്ന് ഏതാനും മണിക്കൂറുകൾക്കുള്ളിൽ പരിശോധന സാധിക്കണം എന്നുള്ളതു കൊണ്ട് ചൂതാട്ടസഭയിൽ നിന്ന് നേരിട്ട് ദുര്യോധനനെ പരിശോധനാമുറിയിലേക്ക നയിച്ചു. പാണ്ഡവരും പാഞ്ചാലിയും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒന്ന് കൂടി: പ്രതിയുടെ അവയവങ്ങളിലേക്കുള്ള രക്തയോട്ട തോതറിയാനുള്ള പരിശോധന ഒരു രാത്രി മുഴുവൻ പ്രതിയുടെ ശാരീരിക പെരുമാറ്റങ്ങൾ ഉറക്കത്തിൽ നിരീക്ഷിക്കാനും പരിശോധിക്കാനുമുള്ള, മാർഗങ്ങളും സ്വീകരിച്ചു. മാധ്യമങ്ങൾ തേടുന്നത് ഇവയൊന്നുമല്ലെന്നു ഞങ്ങൾക്കറിയാം. പ്രതിയിൽ കൃത്രിമ ഉത്തേജനമുണ്ടാക്കുന്ന മരുന്നു പ്രയോഗിക്കുക, ലൈംഗിക ചിത്രങ്ങൾ കാണിക്കുക, അശ്ലീല കവിതകൾ വായിപ്പിക്കുക, സ്ത്രീകളെ ഉപയോഗിച്ചു പരിശോധന നടത്തുക തുടങ്ങിയ തെറ്റിദ്ധാരണകൾ ഇതുസംബന്ധിച്ചു പ്രചരിപ്പിക്കാനുള്ള നിങ്ങളുടെ നടപടിക്ക് പിന്തുണ തരാൻ ഒന്നുമില്ല ഈ നടപടിയിൽ. ദുര്യോധനൻ സഹകരിച്ചു. മാത്രമല്ല ഹസ്തിനപുരി ഒരു പരിഷ്കൃതസമൂഹമെന്ന അന്വേഷണ സംഘത്തെ അനുമോദിക്കുകയും ചെയ്തു. എല്ലാം കഴിഞ്ഞു ദുര്യോധനൻ നൂറോളം കൗരവരാജ വധുക്കളുടെ പിതൃഗൃഹങ്ങളിലേക്ക മാസങ്ങൾ നീണ്ടേ ക്കാവുന്ന സൗഹൃദസന്ദർശനത്തിന് പോയി." വാതിൽ കൊട്ടിയടക്കുന്ന പോലെ വക്താവ് പുറം തിരിഞ്ഞു.

2018/09/29

"ഇങ്ങനെയൊന്നും ആയിരുന്നില്ലല്ലോ വനവാസക്കാലത്തു യുധിഷ്ഠിരൻ. പരിഹസിക്കുന്നരീതിയിൽ മഹാരാജാവേ എന്നൊക്കെ അഭിസംബോധന ചെയ്താൽ, 'എന്റെ വിധി' എന്ന് വിനീതനാവുമായിരുന്നു. അധികാരം കിട്ടിയപ്പോൾ ആളൊന്നു മാറിയോ?", കൊട്ടാരം ലേഖിക നകുലനോട്ട് ചോദിച്ചു. മഹാരാജാവിന്റെ ഔദ്യോഗിക വസതിയിൽ ഉന്നതതല യോഗം കഴിഞ്ഞു അസഹിഷ്ണതയോടെ ഇറങ്ങുകയായിരുന്നു ഊട്ടുപുര ലക്ഷ്യമാക്കി നാലു പാണ്ഡവരും പാഞ്ചാലിയും. മട്ടുപ്പാവിൽ മഹാരാജാവ് അവരെ ഇടം കണ്ണിട്ടു നിരീക്ഷിക്കുന്നത് കൊണ്ടവർ സംസാരിക്കുമ്പോൾ ശബ്ദം താഴ്ത്തി." അത്യുന്നതതലസമിതിയുടെ പ്രതിദിന ചർച്ചയിൽ അയാളുടെ നിർദ്ദേശത്തിൽ ഞങ്ങൾ നാലു പേർ എതിരഭിപ്രായം പറഞ്ഞാൽ ആളാകെ അസ്വസ്ഥനാവും. വിശ്വാസവഞ്ചന സംശയിക്കും. പാഞ്ചാലിയിൽ നിന്ന് ഞങ്ങളെ പിളർത്താൻ രഹസ്യമായി അവളെ പ്രലോഭിപ്പിക്കും, ഒന്നും നടക്കാതെ വന്നാൽ, പാർശ്വവത്കൃത സമൂഹത്തിനുവേണ്ടിയുള്ള വികസനകാര്യത്തിൽ ഇവരാരും മഹാരാജാവിനോട്ട് സഹകരിക്കുന്നില്ല എന്ന് സന്ദർശകരുടെ മുമ്പിൽ ചുണ്ടു പിളർത്തും."

2018/09/30

"പാണ്ഡവർക്കൊപ്പമുള്ള അസംതൃപ്തദാമ്പത്യത്തെ കുറിച്ച് കലവറയില്ലാതെ നിങ്ങൾ സംസാരിക്കുമ്പോൾ, ദൂരെ ഹസ്തിനപുരിയിൽ കൗരവരാജവധുക്കളോ? കൈപ്പുള്ള ഒരോർമയും അവർ പങ്കിടുന്നില്ല. എങ്ങനെ കാണുന്നു പെൺ പ്രകൃതത്തിലെ വൈജാത്യം?", കാട്ടു ചോലയിൽ കുളിച്ചു, ഈറൻതുണിയുമായി തിരി

ച്ച നടക്കുകയായിരുന്ന പാഞ്ചാലിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

"തെളിഞ്ഞ മാനമുള്ള പൌർണമിരാത്രികളിൽ, മട്ടുപ്പാവിൽ, വിവസ്ത്രകളായി സംഘനൃത്തം ചെയ്തു പൊട്ടിച്ചിരിക്കയും, കെട്ടിപ്പിടിച്ചു വിങ്ങിപ്പൊട്ടുകയും ചെയ്യുന്ന ആ പാവം പെണ്ണുങ്ങൾ എന്തിനു നിങ്ങളോട്ട് മിണ്ടണം?"

2018/10/01

"അമ്മമാരുടെ കാമുകന്മാരെ കണ്ടും മിണ്ടിയ ഓർമ വല്ലതും 'ഹസ്തിനപുരി പത്രിക'യുമായി പങ്കുവെക്കാമോ? മാദ്രിപുത്രന്മാരും നിങ്ങളും തമ്മിൽ വ്യാഴവട്ടക്കാല പ്രായവ്യത്യാസമുണ്ടെന്ന് ആദ്യ നോട്ടത്തിൽ പാഞ്ചാലി പറഞ്ഞതല്ലേ."

"കുരുവംശത്തിലെ ദാമ്പത്യേതര സന്തതികൾ" എന്ന പ്രത്യേക പതിപ്പിനായി യുധിഷ്ഠിരനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

കേട്ടറിഞ്ഞിടത്തോളം പതിനഞ്ചു വയസ്സ് മൂപ്പുണ്ട്. എന്റെ ബീജദാതാവ് കാലനെ ഞാൻ കാണുകയോ, കാണാൻ ഇനി ആഗ്രഹിക്കയും ചെയ്യുന്നില്ലെങ്കിലും, മറ്റു മാതൃകമിതാക്കൾ വാത്സല്യം ചൊരിഞ്ഞു. അവർ വരുമെന്നറിഞ്ഞാൽ വീടാകെ വസന്തകാലമാവും. കിടപ്പുരോഗി പാണ്ഡുവിനെ തൂക്കി ഞങ്ങൾ പിന്നിലെ ചാച്ചുകെട്ടിയിൽ കിടത്തി കിടപ്പറ ശുദ്ധി ചെയ്തു, ചെമ്പകപ്പൂക്കൾ എറിഞ്ഞലങ്കരിക്കും. വായു, ഇന്ദ്രൻ, അശ്വിനി ദേവതകൾ ഇവരൊക്കെ പതിവായി വരുമ്പോഴും പോവുമ്പോഴും, മിണ്ടിപ്പറയാൻ കൂടെ ഞാനുണ്ടാവുമെങ്കിലും, അണിഞ്ഞൊരുങ്ങിയ പെണ്ണുങ്ങൾക്കൊപ്പം അവർ കിടപ്പറയിൽ പ്രവേശിച്ചാൽ, പുറത്തു ആശ്രമപ്പടിയിൽ ജാഗ്രതയോടെ ഞാൻ കാവൽ നിൽക്കും. പ്രണയപർവ്വം കഴിഞ്ഞു വീട്ട് വിട്ടിറങ്ങുമ്പോൾ കാമുകർ പതിവായി എന്നോട്ട് ചോദിക്കുന്ന കുസൃതി ചോദ്യമുണ്ട്, പോരുന്നോ കൂടെ, "കാലന്റെ വീട്ടിലേക്ക്?"

2018/10/02

"പാരിതോഷികമായി നാലു പേരെ ഭർത്താക്കന്മാരായി കുന്തിയിൽ നിന്ന് കിട്ടിയിരുന്നില്ലെങ്കിൽ, നിങ്ങൾ പിൽക്കാലത്തവരുമായി പരിചയപ്പെട്ടാൽ വിവാഹബാഹ്യരതിക്ക് ഉത്സാഹം കാണിക്കുമായിരുന്നോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"നൂറോളം വിവാഹിതകൗരവർ കൊട്ടാര സമുച്ചയത്തിൽ ദശാബ്ദങ്ങളായി കൂട്ടം ചേർന്ന് ജീവിതം ആസ്വദിക്കുമ്പോഴും, അവർക്കിടയിൽ വ്യാപകമായോ ഒറ്റപ്പെട്ടതോ ആയ പ്രകൃതി വിരുദ്ധരതിയെ കുറിച്ചൊരു ഊഹവും വാർത്തയും പൊലിപ്പിക്കാത്ത നിങ്ങൾ, എന്തുകൊണ്ട് ബഹുഭർതൃത്വത്തിലേക്കു സാഹചര്യങ്ങളാൽ ഇരചേർക്കപ്പെട്ട എന്റെ മാത്രം ദാമ്പത്യത്തിലെ ലൈംഗിക രഹസ്യങ്ങൾ ചൂഴ്ന്നെടുക്കാൻ ഹസ്തിനപുരിയിൽ നിന്ന് കല്ലും മുള്ളും ചവിട്ടി ഇവിടെ വരുന്നു എന്നതെനിക്ക് ദുരൂഹമായി തോന്നുന്നു. പാണ്ഡവർ ഭർത്താക്കൾ അല്ല എന്ന് തന്നെ സങ്കല്പികമായി കരുതിയാലും, അവരാരെങ്കിലുമായി ഞാൻ വിവാഹബാഹ്യ ലൈംഗികതയ്ക്ക് ഉന്മേഷം കാണിക്കുമോ എന്നാണ് നിങ്ങളുടെ ചോദ്യമെങ്കിൽ, ഉത്തരം വസ്തുതാപരമായി പറയാനുള്ള മനോനില എനിക്കില്ല. കാരണം, കൂടെ കിടന്നു രാപ്പനിയറിഞ്ഞവരെ ആരാണ് സങ്കൽപ്പരതിയിൽ ഇഷ്ടപങ്കാളിയാക്കുക?"

"കുരുക്ഷേത്ര ജയിച്ച യുധിഷ്ഠിരൻ മുപ്പത്തിആറ് വർഷം ഹസ്തിനപുരി ഭരിച്ചു എന്ന് രേഖങ്ങളിൽ കാണുന്നു. രാഷ്ട്രമീമാംസയിലും ദാമ്പത്യത്തിലും വിരുദ്ധ നിലപാടുകളുള്ള നാലു സഹോദരന്മാർ ഉണ്ടായിട്ടും, ഒളിഞ്ഞും തെളിഞ്ഞും വിമതശല്യം ഉണ്ടാക്കിയില്ല എന്നോ? അതോ യുധിഷ്ഠിരൻ അമർച്ച ചെയ്തു എന്നോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"അഞ്ചുപേരുടെ വ്യക്തിഗത രഹസ്യങ്ങൾ ദശാബ്ദങ്ങളായി സംഭരിച്ച പാഞ്ചാലിയുടെ മുമ്പിൽ മുട്ടുകുത്തി ശീലിച്ച ഞങ്ങൾ പക്ഷെ, അവളുടെ സമഗ്രാധിപത്യ പ്രവണതക്കെതിരെ രഹസ്യ ചെറുത്തുനിൽപ്പിന് ഐക്യമുന്നണി ആയി പ്രവർത്തിച്ചിരുന്നു. ഇത്രകാലവും ഞങ്ങൾ സഹകരിച്ചു എങ്കിൽ, പ്രതിയോഗി പാഞ്ചാലിക്ക് പറയണം നന്ദി."

"അവൾ കരുതലോടെ ചെയ്ത ഒരു കാര്യം പെട്ടെന്നൊർക്കാമൊ?", കൊട്ടാരം ലേഖിക ചോദിച്ചു.

"അധികാരം പരീക്ഷിത്തിന് കൈമാറി പടിയിറങ്ങാൻ നേരമായി എന്ന തിരിച്ചറിവിലേക്കെന്നെ നയിച്ച കാര്യം പറയാം. വയോജനങ്ങൾ വനവാസത്തിനു പോവേണ്ടവരല്ല എന്ന സംവാദത്തിൽ പങ്കെടുത്തു ഞാനും പാഞ്ചാലിയും കൊട്ടാരത്തിലേക്കു കയറുമ്പോൾ, ഉദ്യാനത്തിന്റെ ഒരു ഭാഗത്തു പുതുതായി പണിത പന്തലിൽ വിറകു കെട്ടുകൾ അട്ടിയട്ടിയായി കണ്ടു. ഇതെന്താ പതിവില്ലാതെ എന്ന് ഞാൻ പാഞ്ചാലിക്ക് നേരെ വിരൽ ചൂണ്ടിയപ്പോൾ, മഴക്കാലമല്ലേ വരുന്നത്, പെട്ടെന്ന് നിങ്ങളിൽ ഒരാൾ കുഴഞ്ഞുവീണു കാലം ചെന്നാൽ പുക ഉയരാതെ ദഹിപ്പിക്കേണ്ടതല്ലേ? എന്ന് തിരിച്ചു ചോദിച്ചവൾ അകത്തേക്ക് കയറി. ആ നിമിഷം ഞാൻ തീരുമാനിച്ചു, ഇനിയൊരു ദിവസമെങ്കിൽ ഒരു ദിവസം വൈകാതെ ഇവിടെ നിന്ന് രക്ഷപ്പെടണം." ഭാര്യയും സഹോദരങ്ങളും വഴിയിൽ മറഞ്ഞ യുധിഷ്ഠിരനു കൂട്ടിനുണ്ടായിരുന്ന നായ ആ വ്യഥിതനു യാത്ര തുടരാനുള്ള മലമ്പാത മുന്നിൽ കാണിച്ചു.

"ജീവിതാന്ത്യം ഭർത്തൃമാതാവ് പാമ്പും പന്നിയും വിഹരിക്കുന്ന കാട്ടിലേക്ക് അല്ലേ? പോവരുതേ, ഞങ്ങൾ പൊന്നുപോലെ നോക്കാം എന്ന് പറയേണ്ടതാണ് നിങ്ങൾ-ആകെയുള്ളൊരു പുത്രവധു?", വയോജനങ്ങളോട്ട് പാഴ്വാക്ക് പോരാ എന്ന പൊതുസംവാദത്തിലായിരുന്ന മഹാറാണിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"കുന്തിയെന്നും സ്വതന്ത്ര ജീവിതം നയിച്ച വനിതയല്ലേ? കാട്ടുകുടിലിലെ തറയിൽ പാ വിരിച്ചു ഷണ്ഡൻ ഭർത്താവ് രോഗിയായി കിടക്കുമ്പോഴല്ലേ, ഈ മർത്യജീവിതം ഇങ്ങനെ വന്ധ്യമായി തുടർന്നാൽ പോരാ എന്ന പ്രബുദ്ധ തിരിച്ചറിവിൽ, കുട്ടികളുണ്ടാവാൻ പരപുരുഷരതി പ്രായോഗികതലത്തിൽ കൊണ്ടുവന്നത്? ഞങ്ങൾ ഖാണ്ഡവവനത്തിലേക്ക് കുടിയേറാൻ നിർബന്ധിതരായപ്പോൾ, ഞാനും കൂടെ വരാം എന്ന് ഉത്സാഹിച്ചുവോ?, അതോ, ഇനിയുള്ള കാലം ഞാൻ ഗാന്ധാരിക്ക് തുണ എന്ന് പറഞ്ഞു മക്കളിൽ നിന്ന് പിൻവാങ്ങിയോ? നിങ്ങൾ കുന്തിയെ മൂല്യം കുറച്ചു വിലയിരുത്തരുത്. മിതമായി പ്രശംസിച്ചു കൊണ്ട് തന്നെ ഈ സംവാദം ഞാൻ അവസാനിപ്പിക്കട്ടെ, എന്നെന്നേക്കുമായി പടിയിറങ്ങിപ്പോവുന്ന രാജമാതാവിനെ പിടിച്ചു നിർത്തിയപ്പോൾ, പ്രതിരോധിക്കാനാവാതെ കുന്തി കീഴടങ്ങി എന്ന് വരും യുഗത്തിലാരും ആ മഹതിയെ കുറിച്ച് പഴി പറയാതിരിക്കട്ടെ."

"ദുരഭിമാനികളുടെ മുമ്പിൽ കൊട്ടിഘോഷിക്കാൻ പറ്റിയ അഭിജാത പൈതൃകമൊന്നും ഇല്ലാതെ, തേരാളിപുത്രനെന്ന നിലയിൽ കൊട്ടാര മൈതാനിയിൽ ചുരുങ്ങിപ്പോയ കർണ്ണനെ ആത്മാർത്ഥത കൊണ്ടൊന്നുമല്ല നിങ്ങൾ അംഗരാജാവാക്കിയത് എന്ന് പൊതുസമൂഹത്തിന്നറിയാം. എന്നാൽ, ഇല്ലാത്ത ഒരു രാജ്യത്തിന്റെ അവകാശം നിങ്ങൾ ആ പാർശ്വവത്കൃതന് പാരിതോഷികമായി കൈമാറിയത് ശുദ്ധ തട്ടിപ്പായിരുന്നു എന്നിപ്പോൾ യുക്തിവാദി ചാർവാകൻ പറഞ്ഞു കഴിഞ്ഞു. പ്രായത്തിൽ കവിഞ്ഞ പ്രായോഗികബുദ്ധി പ്രദർശിപ്പിക്കുന്ന നിങ്ങൾക്കറിയാമായിരുന്നില്ലേ, അംഗരാജ്യം ഉണ്ടെങ്കിൽ തന്നെ അത് തീറെഴുതിക്കൊടുക്കാൻ അധികാരം കേവലമൊരു വിദ്യാർത്ഥി മാത്രമായ നിങ്ങൾക്കില്ല എന്ന സാമാന്യ ബോധം?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

ഇല്ല എന്ന് അയാൾക്കങ്ങനെ പറയാനാവില്ല. മഗധക്കരികെ അംഗരാജ്യമുണ്ട്. ആൺമക്കളില്ലാത്ത രാജാവ് കൗരവർക്കതു സമ്മാനമായി തന്നു എന്നതും കേവലമൊരു വസ്തുത. അവിടെ കുരുവംശത്തിനു ക്രയവിക്രയ അവകാശമുണ്ടോ എന്നതല്ലല്ലോ കാമ്പുള്ള കാര്യം. "നീ ആരുടെ മകൻ?" എന്ന് രാധേയനായ കർണ്ണനോട് പരസ്യമായി ഭീമൻ ചോദിക്കുമ്പോൾ, അതൊരു അവഹേളനമായി കണ്ട ഞാൻ, ഉടനടി പട്ടാഭിഷേകപ്രഹസനം വഴി അംഗരാജാവായി കർണ്ണനെ വാഴിച്ചപ്പോൾ.

"എന്നും എന്നെന്നും നിങ്ങൾക്ക് മിത്രം എന്നവൻ പ്രതിജ്ഞ തന്നില്ലേ? കർണ്ണൻ അതിനുശേഷം കിരീടവും രാജവസ്ത്രവും ധരിക്കുന്നുണ്ടെങ്കിലും, അംഗരാജ്യത്തിലേക്കു അധികാരമുറപ്പിക്കാനുള്ള പടയോട്ടത്തിനൊന്നും ഉദ്ദേശ്യമില്ല. നാളത്തെ കൊട്ടാരം ഊട്ടുപുര മാംസമേളയിൽ വന്നാൽ അംഗരാജാവിനൊപ്പം വയർ നിറയെ പൊരിച്ച കാളത്തുട തിന്നാമെന്നു ആ ദരിദ്ര ചാർവാകനോട് പറയൂ. ഇടക്കൊക്കെ ഒന്ന് വിളിച്ചു അഭിജാത കൗരവർക്കൊപ്പം തിന്നാൻ അവസരം കൊടുത്താൽ ഒതുങ്ങുന്ന പ്രതിപക്ഷമാണ് 'ഹസ്തിനപുരി പത്രിക' പോലെ ചാർവാകനും. തിരക്കുണ്ട്-അംഗരാജ്യത്തിന്റെ രാജധാനി കുരുവംശ കോട്ടക്കകത്തു പണി പൂർത്തിയാക്കി വേണം ആണ്ടുപിറവിയോടെ ആഘോഷിക്കാൻ."

"ഊണു കഴിച്ചു കൈ മാത്രം കഴുകിയാൽ പോരാ എന്ന ഗതി വന്നു അല്ലേ?" ഊട്ടുപുരക്കരികെ പാത്രം കഴുകുന്ന ആണുങ്ങളോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഞങ്ങൾ ഉണ്ട പാത്രങ്ങളാണിത് എന്ന് കരുതിയോ? ഇന്ന് രക്തസാക്ഷി ദുര്യോധനന്റെ ജന്മദിനാഘോഷത്തിൽ വിശിഷ്ടാതിഥികളായെത്തിയത് കൗരവരാജവിധവകളായിരുന്നു. അവർ ഉണ്ടെണീക്കുമ്പോൾ ഞങ്ങൾ യാചിച്ചു, ആ "ഇച്ചിൽ ഞങ്ങൾ എടുക്കട്ടേ?" പാഞ്ചാലി ഉണ്ണാൻ വരും മുമ്പ് ഇതൊക്കെ കഴുകിയെടുത്തില്ലെങ്കിൽ, അവൾ ഉണ്ട പാത്രങ്ങളും ഞങ്ങൾ കഴുകേണ്ടി വരും. ഭീമസ്വരത്തിൽ ആശങ്കയുണ്ടായിരുന്നു.

"ചക്രവർത്തിനിയായിരുന്നകാലത്ത് പാഞ്ചാലി ഇന്ദ്രപ്രസ്ഥത്തിൽ തന്ന അഭിമുഖങ്ങൾ, ഇവിടെ വരും മുമ്പ് പനയോലകൾ തപ്പി വായിച്ചു. നിങ്ങളെ സമചിത്തതയോടെയും കൗതുകത്തോടെയും ഓർക്കുന്നവയാണെല്ലാം. ഭർത്താക്കന്മാർ കൊള്ളാം എന്ന ധ്വനിയുണ്ട് ഓരോ പ്രതികരണത്തിലും. എന്നാൽ ചൂതുകളിയിൽ തോറ്റ കാട്ടിൽ നിങ്ങളെല്ലാം കൗരവ അടിമകളായി പാർത്തു തുടങ്ങിയ ശേഷം എനി

ക്കനവദിച്ച അഭിമുഖങ്ങളിൽ കാണുന്നത് പതഞ്ഞു പൊങ്ങുന്ന ഭർത്തൃനിന്ദയാണ്, അതെന്താ അങ്ങനെ?" യുധിഷ്ഠിരൻ ആരും കൂട്ടില്ലാതെ മുറ്റത്തു നടക്കുന്ന ഹിമാലയ പ്രഭാതം.

"യാഗം ചെയ്തു ചക്രവർത്തിയായ ഞാൻ അവൾക്കുന്ന പ്രത്യാശ നൽകുന്ന ഉദയസൂര്യനായിരുന്നു എന്നാൽ ഇന്ന് ഞാനവൾക്കു നാശചിഹ്നമായ ധൂമകേതു." അയാൾക്കരികിലൂടെ ഓടി വന്ന വളർത്തു മുയലിന്റെ നെറുകയിൽ കാലുകൊണ്ട് ആഞ്ഞടിച്ച യുധിഷ്ഠിരൻ നിലവിളിക്കാനെന്ന പോലെ വാ പൊളിച്ച ഇരുകൈകളും വായുവിൽ ഉയർത്തി അട്ടഹസിച്ചു. പൊടുന്നനെ മരക്കൂട്ടങ്ങൾക്കിടയിൽ നിന്ന് ഓടി വന്ന ഭീമൻ ജ്യേഷ്ഠനെ താങ്ങിയെടുത്തു അകത്തു കൊണ്ടുപോയി പായിൽ കിടത്തി, കൊട്ടാരം ലേഖികയെ തള്ളിപ്പുറത്താക്കി വാതിലടച്ചു.

2018/10/04

"കൊട്ടാരജീവിതവുമായും ആയുധപോരാട്ടവുമായും ബന്ധമില്ലാതെ കഴിയുന്ന നിങ്ങൾ കുരുവംശ ഇതിഹാസ മെഴുതുന്നതിൽ അപാകതയുണ്ടെന്നാണല്ലോ ചാർവാകൻ പ്രചരിപ്പിക്കുന്നത്?" കൊട്ടാരം ലേഖിക വേദവ്യാസനു മുമ്പിൽ മുട്ടുകുത്തി കൈ കൂപ്പി.

"മഹാഭാരതകഥയെഴുതാനുള്ള അടിസ്ഥാന യോഗ്യതക്കായി വേറെ ആരായി വേണം ഞാൻ പുനർജനിക്കാൻ? അമ്മ സത്യവതി വഴിയാണ് കുരുവംശവുമായി ജൈവികബന്ധം സ്ഥാപിച്ചത്. അവരെന്നോ കാട്ടിൽ കുറുനരികളുടെ ഇരയായി. മരിക്കും മുമ്പവർ ഈ ദൗത്യം എന്നെ ഏൽപ്പിച്ചു. മൂന്നു മക്കളിൽ ധൃതരാഷ്ട്രരും പാണ്ഡുവും വിദുരരും മരിച്ചു. മരിക്കാൻ അധികം താമസമില്ലാത്ത പാണ്ഡവരിലാകട്ടെ എന്റെ രക്തമില്ല. കേട്ടറിവുള്ള കാര്യങ്ങളിൽ, പുറത്തു പറയാവുന്നവ ഞാൻ പൊലിപ്പിക്കുന്നുണ്ട്, അരുതാത്തതു അവ്യക്തമായി പറഞ്ഞൊപ്പിച്ച വിവാദം ഒഴിവാക്കും. എന്നാൽ, വരും യുഗത്തിലെ എഴുത്തുകാർക്കായി രചനയിൽ സ്ഥലം ഒഴിച്ചിടുമെന്നുറപ്പ്.

2018/10/05

"ഗാന്ധാരി അപമാനകരമായി സംസാരിച്ചു എന്ന് കേൾക്കുന്നല്ലോ. കാര്യം പറയാമോ?" കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു. കുടിയൊഴിപ്പിക്കലിന് ശേഷം പുനരധിവാസകേന്ദ്രത്തിൽ കുനിഞ്ഞിരിക്കയായിരുന്നു, തേജസ്വിനിയായ കലിംഗരാജകുമാരി.

യുധിഷ്ഠിരൻ യുദ്ധം ജയിച്ചുവോ? സംശയമുണ്ട്. ദുര്യോധനമാതൃരാജ്യമായ ഗാന്ധാരയിൽ നവവിവാഹിതരെന്ന നിലയിൽ വിരുന്നുതാമസിക്കുമ്പോൾ, ചെങ്കുത്തായ മലഞ്ചെരുവിലൂടെ സാഹസികമായി യാത്ര ചെയ്യാൻ ഇഷ്ടപ്പെട്ട ഭർത്താവ് കുരുക്ഷേത്രയിലെ ചതുപ്പു നിലത്തിൽ കാലുകൾതാണ് മേലനങ്ങാനാവാതെ മാംസഭുക്കുകൾക്കു തീറ്റയാവേണ്ട ആളായിരുന്നില്ല. അധികാരമോഹ ത്തിന്റെ മലമടക്കുകളിൽ നിന്ന് ഏതു നിമിഷവും വീഴാവുന്ന കരിമ്പാറകളെ കുറിച്ച് ഭീതിയില്ലാതെ, കോട്ടക്കത്തും പുറത്തും തലയുയർത്തിപ്പിടിച്ച പ്രതിയോഗികളെ ശിക്ഷിച്ച ദുര്യോധനൻ, ഭീമഗദയുടെ പ്രഹരശേഷിയിൽ തുടയെല്ല് പൊട്ടി കുഴഞ്ഞു വീണു

അമ്മാ അമ്മാ എന്ന് കരളലിയിക്കുന്ന വിധം നില വിളിച്ച എന്ന യുധിഷ്ഠിര അവകാശവാദം അംഗീകരിക്കാൻ ആവുകയില്ല. എന്ന് രാജസഭയിൽ പറഞ്ഞുകരയുമ്പോഴാണ് സദസ്സിലുണ്ടായിരുന്ന ഗാന്ധാരി എന്നോടാജ്ഞാപിച്ചത്, "നീ സൂക്ഷിച്ച വാക്കുപയോഗിക്കണം നീ നിലക്ക് നിൽക്കണം, അല്ലെങ്കിൽ നിർത്തേണ്ടയിടത്തു നിർത്തും, വിശ്വപ്രസിദ്ധമാവുമെന്ന വിശ്വസിക്കപ്പെട്ടുമെന്ന ഗാന്ധാരീ വിലാപത്തെക്കാൾ ഉയരരുത് ദുര്യോധനവിധവാ വിലാപം എന്നെനിക്കു നിർബന്ധമുണ്ട്."

"പാണ്ഡവർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരാണ് എന്ന് നിങ്ങൾ അടച്ചാക്ഷേപിക്കാനുള്ള പ്രചോദനം? അഥവാ പ്രകോപനം?", കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു.

"ഗുരു എന്ന പദവി ഞാൻ വഹിക്കുന്നുണ്ടെങ്കിലും, ഭൂതകാലം ഓർമ്മിപ്പിക്കുന്നത് പറയേണ്ടേ? തുറന്നു പറഞ്ഞില്ലെങ്കിൽ, രാഷ്ട്രീയ സാക്ഷരത നേടി, വരുംയുഗത്തിലെ സാമൂഹ്യനിരീക്ഷകർ എന്നെ പ്രതിക്കൂട്ടിൽ നിർത്തിപ്പൊരിക്കില്ലെ?"

2018/10/06

"വനത്തിൽ ബാല്യകൗമാരങ്ങൾ കഴിഞ്ഞ പാണ്ഡവരുടെ ജീവിതരീതി പരിഷ്കൃതപാഞ്ചാലയിൽ ജീവിച്ച നിങ്ങൾക്കൊരു ആഘാതമായിരുന്നിരിക്കാം. കാലം കഴിഞ്ഞിട്ടും കലിപ്പ് തീരാത്ത ദുരനുഭവം വല്ലതുമുണ്ടോ പങ്കുവെക്കാൻ?", കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം. വേവുന്ന വേനലിൽ വാടിയ പ്രകൃതി.

"വാരിത്തിന്നുന്നതിനിടയിൽ സൗജന്യഭക്ഷണത്തിനു രുചി പോരെന്നു പറഞ്ഞവർ അക്ഷയപാത്രം എനിക്കുനേരെ വലിച്ചെറിഞ്ഞു. ആകെയുള്ള പന്തവും എടുത്തു എന്തോ നിശ്ചയിട്ടെന്ന പോലെ ഒരുമിച്ചവർ കുടിലിൽ നിന്ന് പുറത്തേക്കു ചാടി. ആ കാളരാത്രി മുഴുവൻ ഞാൻ ഇരുട്ടിൽ പകച്ചു നിന്നു. രാവിലെ, പാണ്ഡവർ ദേഹമിളക്കി അട്ടഹസിക്കുന്നു. സന്യസ്ഥാശ്രമത്തിലെ കറവപ്പശുവിനെ കവർന്നു ദൂരെ കൊണ്ട് പോയി കഴുത്തറുത്ത് തൊലിയുരിച്ചവർ ഇറച്ചി ചുട്ടു തിന്നതിന്റെ ബാക്കി, കുടലും തലയും, പശുത്തോലിൽ പൊതിഞ്ഞു കൊണ്ടുവന്നെന്റെ മുമ്പിൽ എറിഞ്ഞു, "കാമുകി പട്ടിണി കിടക്കാതിരിക്കാൻ ദുര്യോധനൻ നിനക്ക് സമ്മാനിച്ച അക്ഷയപാത്രം ഞങ്ങൾക്ക് വേണ്ട. സസ്യഭക്ഷണം നീ തന്നെ തിന്നു തീർക്കു. ചീരയില ബാക്കി വച്ചാൽ ജാരനും കൊടുക്കാം. ഞങ്ങളെ പോലെ സാഹസിക ജീവിതം നയിച്ചവരിൽ രതിയുണർത്തുന്ന വിധം കൊഴുക്കട്ടെ വിറകുകൊള്ളി പോലുള്ള മേനി", മദ്യപിച്ചു വെളിവ് കെട്ട യുധിഷ്ഠിരൻ ഒച്ച വെക്കുമ്പോൾ മറ്റു നാലുപേർ നിന്ദയോടെ എന്നെ നോക്കി.

"പരസ്ത്രീകാമനയിൽ പ്രതിപത്തിയുള്ളവർ എന്ന പദസങ്കലനമുപയോഗിച്ചു നിങ്ങൾ ഭർത്താക്കന്മാരെ പൊരിക്കുന്നു എന്ന പാണ്ഡവ പരിദേവനത്തിൽ കാര്യമുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു. പാഞ്ചാലിയുടെ ഇന്ദ്രപ്രസ്ഥം കൊട്ടാരജീവിതത്തിന്റെ അന്ത്യനാളുകൾ.

"രതിവേളയിൽ സ്വയമറിയാതെ പാണ്ഡവ അധരങ്ങൾ വെളിപ്പെടുത്തുന്ന പേരുകൾ മാത്രമേ എനിക്കറിയാവൂ. അവരുടെ ഇരുൾ മൂടിയ അന്തർമണ്ഡലത്തിൽ സ്വൈര്യമായി വിഹരിക്കുന്നവർ തീർത്തും എനിക്കജ്ഞാതർ."

“ഒന്നിനൊന്നു മെച്ചപ്പെട്ട അഞ്ചു വ്യത്യസ്ത ജന്മദിന സമ്മാനങ്ങൾ ഓരോ വർഷവും ഭർത്താക്കന്മാർക്കായി കണ്ടെത്തണം, തീരുമാനമെടുക്കാനാവാതെ സംഘർഷം തോന്നാറുണ്ടോ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“എന്റെ ജന്മദിനത്തെ കുറിച്ച് പാണ്ഡവതീരുമാനം സംഘർഷ രഹിതമായിരുന്നു. വളർച്ചയെത്തിയ ശരീരത്തോടെ യാഗാഗ്നിയിൽ നിന്നുയർന്ന നിനക്ക് പറയത്തക്ക ജന്മദിനമൊന്നുമില്ലെന്നവർ പ്രസ്താവിച്ചതോടെ, എന്ത് ജന്മദിനസമ്മാനം വാങ്ങണമെന്നു ഓർക്കേണ്ട ബാധ്യത യില്ലെന്നവർആർമാദിക്കുന്നു.”

2018/10/07

“ഹസ്തിനപുരിയുടെ സൈനികമേധാവിത്വത്തിനു നേതൃത്വം നൽകിയ ദുര്യോധനനെ കുരുവംശദാസൻ എന്ന വിശിഷ്ടപദവിയിലേക്കുയർത്തുവാൻ ഉന്നതാധികാരസമിതി തീരുമാനിച്ചു എന്ന് കേട്ടല്ലോ.” കൊട്ടാരം ലേഖിക പ്രതിരോധമന്ത്രാലയത്തിന്റെ സ്വതന്ത്ര ചുമതല വഹിക്കുന്ന ഭീമനെ ഉപചാരപൂർവ്വം നേരിട്ടു. കൗരവരാജവിധവകൾക്കുള്ള ധാന്യവും വസ്ത്രവും നേരിട്ടെത്തിച്ചു മടങ്ങി വരികയായിരുന്നു അധികാരശ്രേണിയിലെ രണ്ടാമൻ.

“എന്റെ പൊതുജീവിതത്തിലെ അഭിമാന നിമിഷം. ഒരാഴ്ചമുമ്പ് ഞാൻ യമുനാതീരത്തെ അന്ത്യവിശ്രമ സ്ഥലിയിൽ പോയി ഒരു ദിവസം ഏകനായി ശ്രമദാനം ചെയ്തു. കല്ലും കരടുമൊക്കെ നീക്കി തിരി കത്തിച്ചു. കുലദ്രോഹികളിൽ നിന്ന് കുരുവംശത്തെ രക്ഷിക്കാൻ കുരുക്ഷേത്രയിൽ ആത്മബലി ചെയ്ത വീരനായകൻ ഇവിടെ ആരോരുമറിയാതെ കിടക്കുന്നതെന്റെ കരൾ നോവിച്ചു. പിറ്റേന്നത്തെ ഭരണസമിതിയോഗത്തിൽ എന്റെ നിർദ്ദേശം പൂർണ്ണമായും അംഗീകരിച്ചതനു സരിച്ചു വിശുദ്ധപദവിയിലേക്കുള്ള ആദ്യഘട്ട ഔദ്യോഗിക പ്രഖ്യാപനം ഉടനെ ഉണ്ടാവും. കുരുവംശദാസൻ എന്ന പദവി അർത്ഥമാക്കുന്നത് പരേത പോരാളിയുടെ എളിമയും സ്വഭാവ പരിശുദ്ധിയും. അടുത്ത ഘട്ടത്തിൽ കൗരവരാജ വിധവകളെ ഉൾപ്പെടുത്തിയുള്ള കുടുംബയോഗത്തിൽ ‘അവൻ ഞങ്ങൾക്ക് അഭിവന്ദ്യൻ’ എന്ന പട്ടം നൽകും. അവസാനം, പൊതുവേദിയിൽ വിവിധ രാഷ്ട്രത്തലവൻമാരുടെ സാന്നിധ്യത്തിൽ, എല്ലാവരും എഴുന്നേറ്റു നിന്ന് കൈ കൊട്ടി ‘നീ ഞങ്ങൾക്ക് വഴികാട്ടി, നീയെന്നും വാഴ്ത്തപ്പെട്ടവൻ’ എന്ന അത്യുന്നത പദവി നൽകി ആദരിക്കും. ഹസ്തിനപുരി കോട്ടവാതിലിനു പുറത്തു രക്ഷകൻ ദുര്യോധനന്റെ അതികായ പ്രതിമ അനാശ്ചാദനം ചെയ്യും. കിരീടാവകാശി പരീക്ഷിത്ത് ദുര്യോധനദാസൻ എന്ന് രാഷ്ട്രത്തിനു മുന്നിൽ സമപ്പിക്കുന്നതോടെ കൃതജ്ഞതയുടെ ഒരു പണത്തൂക്കം എന്ന നിലയിൽ തിരശീല വീഴും, ഈ നീണ്ട ആഘോഷപരിപാടിയുടെ ഔദ്യോഗിക ഏകോപനം സ്വാഭാവികമായും മഹാറാണി പാഞ്ചാലിയുടെ അധികാരപരിധിയിൽ ആയിരിക്കും.”

2018/10/08

“പതിവായി നിങ്ങൾ യാത്ര ചെയ്തു ഹിമാലയ താഴ്വരയിലെ വനാശ്രമത്തിൽ പാഞ്ചാലിയെ അഭിമുഖം ചെയ്തുവരുന്നതായി ഭരണകൂടത്തിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. എങ്ങനെയുണ്ടവരുടെ ശിക്ഷാജീവിതം?”, ദുര്യോധനൻ കൊട്ടാരം ലേഖികയെ കാര്യാലയത്തിൽ വിളിച്ചു വിസ്തരിച്ചു.

"നരകയാതന. നിത്യവും സന്യസ്ഥാശ്രമങ്ങളിൽ നിന്ന് തലച്ചുമടായി ജൈവ വിസർജ്യങ്ങൾ ദൂരെ കൊണ്ടുപോയി കുഴിവെട്ടി സംസ്കരിക്കേണ്ട പണി ചെയ്തവൾ വലഞ്ഞു. ഒരിക്കൽ സുന്ദരിയായിരുന്ന ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി ഇന്ന് ശരിക്കും ഒരു മലിനവസ്തു", കൊട്ടാരം ലേഖിക മുട്ടുകുത്തി യാചനാഭാവത്തിൽ കൈ കൂപ്പി, "അവൾക്കു ഇനിയെങ്കിലും മോചനം കൊടുക്കൂ. പകരം ഞാൻ വേണമെങ്കിൽ നിങ്ങളുടെ ലൈംഗിക അടിമയാവാം."

"ഏകശിലാദാമ്പത്യജീവിതം നയിക്കുന്ന എന്നെ ആ വിധം നീ പ്രലോഭിപ്പിച്ചത് ഞാൻ തൽക്കാലം വിടുന്നു. പരിഷ്കൃതസമൂഹമെങ്കിലും ഹസ്തിനപുരിയുടെ വ്യവസ്ഥാപിത അടിമവ്യവഹാര നിയമത്തിന്റെ അന്തഃസത്തയെ അധിക്ഷേപിക്കുന്ന അഭിമുഖങ്ങൾ ഇനി നിന്റെ ചുവരെഴുത്തു പതിപ്പുകളിൽ അരുത് എന്ന് താക്കീതു തരുന്നു. ആവർത്തിച്ചാൽ, ഇനിയൊരു മുന്നറിയിപ്പിന് സാധ്യത ഇല്ലാതെ, ഹസ്തിനപുരി കൊട്ടാരത്തിനു പിന്നിലെ വിസർജ്ജനഇടങ്ങളിൽ നിന്നും ജൈവമാലിന്യം നീക്കുന്ന പണി എല്പ്പിക്കുക നിന്നെ ആയിരിക്കും."

"പ്രണയത്തേക്കാൾ അഭിനിവേശമായിരുന്നുവോ? അതോ, അവൻ മൃദുലവികാരമില്ലാത്തൊരു വേട്ടക്കാരൻ മാത്രമോ?" കൊട്ടാരം ലേഖിക ചോദിച്ചു. ദുര്യോധനന്റെ അന്ത്യവിശ്രമസ്ഥലിയിൽ പുഷ്പാർച്ചന ചെയ്തു മഹാറാണി കൊട്ടാരത്തിലേക്കു മടങ്ങിയ സന്ധ്യ.

"ലൈംഗിക ദുരനുഭവങ്ങളുടെ പട്ടികയിൽ ഇനിയുമുണ്ടോ എന്ന് നിങ്ങൾ ചോദിച്ചപ്പോൾ വസ്ത്രാക്ഷേപം ആവർത്തിക്കാൻ മാത്രം നിഷ്കളങ്കരല്ലല്ലോ നാം. നവവധുവെന്ന നിലയിൽ പാണ്ഡവരുമൊത്തു ഹസ്തിനപുരിയിൽ എത്തിയപ്പോൾ, താമസിക്കാൻ അനുവദിച്ചത് അതിഥിമന്ദിരമായിരുന്നു. പ്രഭാതഭക്ഷണം കഴിച്ചാൽ പാണ്ഡവർ പടിയിറങ്ങും. രാജവസ്ത്രങ്ങൾ ധരിച്ച ദുര്യോധനൻ പ്രത്യക്ഷപ്പെടും. എവിടെ നിന്നോ എങ്ങോട്ടോ പോവുന്നതിനിടയിൽ പാഞ്ചാല രാജകുമാരിയോട്ട് ക്ഷേമാന്വേഷണം ചെയ്യാൻ എന്ന പോലെ തന്മയത്വത്തോടെ എന്റെ മുമ്പിൽ ആജ്ഞ സ്വീകരിക്കാൻ നിറഞ്ഞു നിൽക്കും. ആശംസപോലെ ഗാഢമായി ആലിംഗനം ചെയ്യും. പിൻകഴുത്തിൽ മുഖം അമർത്തിപ്പിടിക്കും. എന്റെ ഗന്ധം ഇഷ്ടമാണെന്നു പറയും. നഖങ്ങളില്ലാത്ത അവന്റെ വിരലുകൾക്കപ്പോൾ പര്യവേഷണത്തിനു എന്റെ ഉടൽ അനുമതി നല്കിയിട്ടുണ്ടാവും. അതിഥിമന്ദിരത്തിന്റെ ആഡംബരവും ഏകാന്തതയും മരങ്ങളുടെ നിഴലും, അവന്റെ മുഖത്തെ യാചനാഭാവവും, അത് പോലെ ഞാൻ കണ്ടിട്ടുണ്ടെങ്കിൽ, അത് അജ്ഞാതവാസക്കാലത്തു കീചകനിലായിരുന്നു. എന്നെ കൊതിച്ചു വന്ന ആ യുവകോമളന്റെ നെഞ്ചിൽ കയറിയിരുന്നു വായും മൂക്കും കുത്തിപ്പിടിച്ചു ഭീമൻ അവനെ ശ്വാസം മുട്ടിച്ചു കൊന്നത് എന്റെ മുമ്പിൽ വച്ചായിരുന്നു ആ പാപം ചെയ്ത ഭീമഹസ്തങ്ങൾക്കെന്റെ ശരീരം സ്പർശനാനുമതി എന്നെന്നേക്കും നിഷേധിച്ചു. ആ ശിക്ഷ പോരാ പോരാ എന്നെനിക്കു പിന്നെയും പിന്നെയും തോന്നി."

2018/10/10

"ചൂതാട്ടത്തിൽ തോറ്റ പാണ്ഡവരുടെ പണയവസ്തുവായിരുന്നു ഒരു നിമിഷമെങ്കിൽ, ഉടൻ നിങ്ങൾ കൗരവഅടിമയായി. ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി പദവിയിൽ നിന്ന് ലൈംഗികാതിക്രമ ഇരയായുള്ള പരിണാമം ഒരൊറ്റ അമംഗള സന്ധ്യയിലായിരുന്നു. ജീവിതത്തിൽ മാറ്റം ഉൾക്കൊള്ളാനാവാതെ അറ്റ കയ്യിനു നിങ്ങൾ

പിൽക്കാലത്തു ആത്മഹത്യ ആലോചിച്ചുവോ?", കൊട്ടാരം ലേഖിക ചോദിച്ചു. വ്യാഴവട്ടക്കാല വനവാസത്തിനു ശേഷം അജ്ഞാത വാസത്തിനു രഹസ്യമായി തയ്യാറെടുക്കുകയായിരുന്നു പാണ്ഡവർക്കൊപ്പം പാഞ്ചാലി.

"അതിനുമുമ്പ് ദൃഢനിശ്ചയത്തോടെ ചെയ്യേണ്ട നരഹത്യകൾ ചിലതു ബാക്കിയുണ്ട്."

2018/10/11

"പന്ത്രണ്ടു കൊല്ലവും നിങ്ങൾ നിരീക്ഷിച്ചിരുന്നു എന്നോ? എന്നിട്ടും അവൾ പ്രതിഷേധിച്ചില്ലേ? പരിത്യാഗികളല്ലേ സന്യസ്ഥർ? അതോ, രാപ്പകൽ എരിയുന്നുണ്ടോ പ്രണയ ഹൃദയം?" കൊട്ടാരം ലേഖിക അംഗപരിമിതനായ യുവസന്യസ്ഥനോട് ചോദിച്ചു.

"ഇരുന്നു ചെയ്യാവുന്ന ആശ്രമജോലിയാണ് ഗുരു തന്നത്. ഒറ്റക്കിരുന്നു ചെയ്യുമ്പോൾ ജാലകത്തിലൂടെ നോട്ടം തിരിയും-കാഴ്ച തടസ്സപ്പെടാത്ത പാണ്ഡവാശ്രമത്തിൽ പാഞ്ചാലിയുടെ ഒരു ചലനത്തിനായി ഹൃദയം തുടിക്കും. രാവിലെ കുളി കഴിഞ്ഞു വന്നു അയയിൽ ഈറൻ ഉണക്കാൻ ഇടുമ്പോൾ കാഴ്ച മറയും. അപ്പോൾ ഞാൻ അസ്വസ്ഥനാവും. വൈകുന്നേരം തുണി എടുക്കാൻ വരുമ്പോൾ തുടിക്കുന്ന നെഞ്ചുമായി ഞാനവളെ തുറിച്ചു നോക്കും. അവൾ എന്നെ കാണാറില്ല. രാത്രി പാണ്ഡവരിലൊരാൾ വന്നു വേലിക്കെട്ടു കൂട്ടിയിടുമ്പോൾ ഞാനാകെ തളരും. അഞ്ചു ബലിഷ്ഠകായന്മാർ അവളിൽ ശാരീരിക ആധിപത്യം പുലർത്തുന്നത് വേട്ടയാടും. ഈശ്വരാ എന്തെല്ലാം പരീക്ഷകൾ നീ കൊടുത്തിട്ടും, പാഞ്ചാലി ചിന്നിച്ചിതറാതെ പിടിച്ചുനിൽക്കാൻ അപാരതയോടു പ്രാർത്ഥിക്കും."

2018/10/12

"പദവികളൊക്കെ സ്വന്തക്കാർക്ക് വീതിച്ചു അല്ലേ? പ്രബുദ്ധ ഹസ്തിനപുരിയിലപ്പോൾ പ്രജകൾക്ക് തൊഴിലവസരമില്ല" കൊട്ടാരം ലേഖിക യുധിഷ്ഠിരനെ മുട്ടുകുത്തി കൈ മുത്തി.

"നഗ്നഹസ്തങ്ങൾ കൊണ്ട് നൂറോളം കുടില കൗരവരെ വക വരുത്തിയ ഭീമന് കൊടുക്കേണ്ടേ പ്രതിരോധ മന്ത്രാലയം? ആഭ്യന്തര സുരക്ഷ അർജ്ജുനനു എന്ന നിയമനം, നൃത്താധ്യാപിക ബൃഹന്നള എന്ന മൂന്നാം ലിംഗ വേഷധാരിയായി ഒറ്റക്കവ(ൾ)ൻ കൗരവ അക്രമികളെ തുരത്തി വിരാട ഗോക്കളെ സംരക്ഷിച്ചപ്പോൾ ഉയർന്ന പൊതുസമ്മതിയല്ലേ? ഇന്ദ്രപ്രസ്ഥം മുതൽ രണ്ടു കണ്ണുകളിൽ ഒന്ന് ചാരനോട്ടത്തിനു ഉഴിഞ്ഞു വച്ച നകുലനു തന്നെ വേണ്ടേ രഹസ്യാന്വേഷണ വകുപ്പ്?, വരാനിരിക്കുന്ന കലിയുഗത്തിൽ പാണ്ഡവരാജഭരണത്തിന്റെ ഭാവിയെന്ത് എന്ന് കണ്ടെത്തണമെങ്കിൽ ആ ദൗത്യം നിറവേറ്റാൻ പ്രവചനസിദ്ധിയുള്ള സഹദേവൻ തന്നെ വേണ്ടേ? ലിംഗനീതി മന്ത്രാലയം എന്നുച്ചരിക്കുമ്പോൾ തന്നെ നാവിൽ വരുന്ന പേര് പാഞ്ചാലിയല്ലേ?, സ്ത്രീകൾക്ക് നേരെയുള്ള ഗാർഹിക പീഢനത്തിനു നീതിന്യായ വിചാരണാധികാരമുള്ള മന്ത്രിതല പദവി കുന്തിക്കു വേണ്ടേ കൊടുക്കാൻ? ഇതിൽ പിന്നെ ഏതു വകുപ്പാണ് നിങ്ങൾ പറയുന്ന ഹസ്തിനപുരിയിലെ 'സാധാരണ പ്രജ'ക്ക് കൊടുക്കാനാവുക?"

“മാരകായുധം കൊണ്ടല്ല, മൂല്യാധിഷ്ഠിത നിലപാടു കൊണ്ടാണ് രക്തച്ചൊരിച്ചിലിനിടയിലും നീണ്ടകാല സ്വത്തുതർക്കം നിർണ്ണായകമായ ദിശാപരിണാമത്തിനു വിധേയമായതെന്നു യുധിഷ്ഠിരൻ പറഞ്ഞതു് ശ്രദ്ധയിൽ പെട്ടില്ലേ?” സിംഹാസനത്തിൽ അള്ളിപ്പിടിച്ചിരുന്ന ധൃതരാഷ്ട്രരോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഓടിക്കിതച്ചുവന്നു യുധിഷ്ഠിരൻ, ചെങ്കോൽ തരാമോ എന്ന് ചോദിച്ചു. ധൃതി വേണ്ട, നൂറ്റാണ്ടുകളായി കുരുവംശം പാലിക്കുന്ന രാജകീയ നടപടിക്രമം ഉണ്ടല്ലോ, അധികാരക്കൈമാറ്റം പിന്നീട് പരിഗണിക്കാം എന്ന് ആശ്വസിപ്പിച്ചപ്പോൾ, മുഖഭാവം കണ്ടില്ലെങ്കിലും, മുരളിൽ നിന്ന് ‘മൂല്യാധിഷ്ഠിത നിലപാടെ’ന്തെന്നു മനസ്സിലായി.”

“വരാനിരിക്കുന്ന ദുരന്തത്തെ കുറിച്ച് എന്തെങ്കിലും പ്രവചനസ്വഭാവമുള്ള വാക്കു അഭിമന്യുവിൽ നിന്നുണ്ടായോ?”, ഉത്തരയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“യുദ്ധത്തിന്റെ പതിമൂന്നാം ദിവസം പുലർച്ചെ അഭിമന്യു എന്നെ ഏറെ നേരം പരിലാളിച്ച തോർക്കുന്നു. ഗർഭസ്ഥശിശു രാജാവായാൽ അത്ഭുതപ്പെടരുത് എന്നോർമ്മിപ്പിച്ചു. നീ വിധവയായാൽ, ജൈവികദാഹശമനത്തിന് സുഭദ്രയെ പോലെ സഹനത്തിന്റെ വഴിയിൽ പോകാതെ, പുതിയ ഇണയെ മാറി മാറി തേടാൻ കുന്തിയെ മാതൃകയാക്കണം എന്നവൻ പോർക്കളത്തിലേക്കു പോവും മുമ്പ് മന്ത്രിച്ചതോർക്കുന്നു. അമംഗളകരമായ എന്തൊക്കെയോ പറഞ്ഞുകൊണ്ടായിരുന്നു അഭിമന്യുവിന്റെ ജീവിതം, ചക്രവ്യൂഹത്തിൽ അന്നുച്ചയോടെ അരഞ്ഞു തകർന്നതു്.”

2018/10/13

“നിങ്ങളെ ചുട്ടു കൊല്ലാൻ ഗൂഢപദ്ധതിയിട്ടു ധൃതരാഷ്ട്രരും മക്കളും വരണാവതം സുഖവാസമന്ദിരത്തിൽ?” വിവാഹവിരുന്നിൽ വധൂവരന്മാരെ അനുഗ്രഹിക്കാൻ എത്തിയ പാഞ്ചാലരാജാവ് ചോദിച്ചു.

“അത്താഴം യാചിച്ചു വന്ന ആറംഗ ആദിവാസി കുടുംബത്തെ കുന്തി ആകസ്മിക ആൾമാറാട്ട സാധ്യതയായി കണ്ടു, കൗശലത്തോടെ വിഷമദ്യം കുടിപ്പിച്ചുറക്കിക്കിടത്തി, നേരത്തെ ഞങ്ങൾ പണിതിരുന്ന ഭൂഗർഭ തുരങ്കത്തിലൂടെ നുഴഞ്ഞു അരക്കില്ലത്തിൽ വെന്തുമരിക്കാതെ സാഹസികമായി രക്ഷപ്പെട്ടു.” ആ ഭീതിത പലായനം കയ്യാംഗ്യങ്ങളോടെ പാഞ്ചാലകുടുംബത്തിന് ഭീമൻ വിശദീകരിച്ചു. വരൻ ഉൾപ്പെടെ മറ്റു നാലു പാണ്ഡവർ ഭീമനെ നീരസത്തോടെ നോക്കി.

“ഹസ്തിനപുരി രാജാവിനാൽ ഇത്രയും വെറുക്കപ്പെടുന്ന ഒരു നികൃഷ്ട കുടുംബത്തിലേക്കാണോ, അതീതശക്തികളുടെ അനുഗ്രഹത്തോടെ നേടിയ എന്റെ പൊന്നുമകളെ ഞാൻ വധുവായി അയക്കുന്നത്!” കേട്ടുനിന്ന പാഞ്ചാലരാജ്ഞി മുഖം പൊത്തി.

“മാറ്റിമറിക്കുമെന്ന മട്ടിൽ വെല്ലുവിളിയോടെ നടന്ന നിങ്ങളുടെ മുഖത്തെന്താ വാട്ടം?” കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു. ചുവരെഴുത്തുപതിപ്പിലെ മുഖംമൂടിധാരിയുടെ ചിത്രം നോക്കുകയായിരുന്ന യുക്തിവാദിയുടെ ശരീരവും ക്ഷീണിച്ചിരുന്നു.

“ഹസ്തിനപുരിക്കും വേണം ജനാധിപത്യഭരണകൂടം എന്ന് പൊതുസമ്മേളനങ്ങൾ നഗരത്തിൽ ശക്തമാക്കാൻ ഇറങ്ങിയപ്പോൾ, ചാർവാകൻ പാണ്ഡവർക്കു

കൊള്ളാത്തവനായി. ജനാധിപത്യത്തിൽ അധികാരവഴി ഒരു കുടുംബത്തിൽ ഒതുങ്ങില്ല, ഇനി പാണ്ഡവരുടെ താളത്തിനൊത്ത് തുള്ളാൻ ചാർവാകനെ കിട്ടില്ലെന്നുറപ്പായപ്പോൾ, അവനെ കള്ളനും കൊലപാതകിയുമാക്കാനായി നവഭരണകൂട ശ്രമം. എന്റെ മുഖത്തെ താൽക്കാലിക നൈരാശ്യമോ ശോഷിച്ച ശരീരമോ ഒന്നുമല്ല കാര്യം. രാജവാഴ്ച ചോര വീഴാതെ തന്നെ ഞങ്ങൾ അവസാനിപ്പിക്കും, യുക്തിബോധം ഊട്ടി വളർത്തും, രാജവാഴ്ചയിൽ ദുരിതമനുഭവിക്കുന്ന 'വെള്ളംകോരികളും വിറകുവെട്ടികളും' നാളെ രാജസഭയിൽ ജനാധിപത്യത്തിന്റെ അധികാര ദണ്ഡ് പിടിക്കും." ശ്വാസം മുട്ടുന്നതിനിടെ പറഞ്ഞു തീരും മുമ്പ്, കയർ കുരുക്ക് ചാർവാകന്റെ അരക്കെട്ടിൽ കുടുങ്ങി. ഇരുട്ടുവീണ് തുടങ്ങിയ പൊതുവാണിജ്യനിരത്തിലൂടെ ആ ദരിദ്ര ബ്രാഹ്മണ യുക്തിവാദിയേയും വലിച്ച് മുഖം മൂടി ധാരി പാണ്ഡവ ചാരവകുപ്പ് മേധാവി ധിക്കാരത്തോടെ നീങ്ങുന്നത് കൊട്ടാരം ലേഖിക നോക്കി നിന്നു.

"കൗരവ വംശനാശം തന്നെ വേണ്ടി വന്നു അല്ലേ, കുടുംബസ്വത്തിൽ ഓഹരി നേടാൻ?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

"ഏതു വിശുദ്ധനും ഒരു കളങ്കിതഭൂതകാലം ഉള്ള പോലെ ഏതു പാപിക്കും വേണ്ടേ പ്രതീക്ഷാ നിർഭരമായ ഭാവി? തെറ്റിദ്ധാരണ നീക്കട്ടെ-പോരാടിയ പുരുഷ കൗരവർ മാത്രമേ ജീവൻ ത്യജിക്കേണ്ടി വന്നുള്ളൂ. വമ്പിച്ചൊരു വിധവകൂട്ടകുടുംബം ഇന്നും കഴിയുന്നത് ജേതാക്കളുടെ ചെലവിലാണ്."

2018/10/14

"യുദ്ധം ജയിച്ചെങ്കിലും മുഖം തെളിഞ്ഞില്ലല്ലോ." കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"യുദ്ധവിജയികൾക്ക ന്യായമായും കിട്ടേണ്ടതൊന്നും കിട്ടിയില്ല. കുരുവംശത്തിന്റെ അപൂർവ്വ രത്നശേഖരം ഇനി തിരയാൻ ഭൂമിയിലും ഭൂഗർഭത്തിലും ഇടമില്ല. ദുര്യോധനൻ അതെവിടെ ഒളിപ്പിച്ചു വച്ചു എന്നതാണ് കുരുക്ഷേത്ര വിജയത്തേക്കാൾ അവന്റെ മുൻകരുതൽ. കൊള്ളമുതലില്ല. എന്നാൽ അടിമസ്ത്രീകൾ? നൂറോളം കൗരവർ കൊല്ലപ്പെട്ടതോടെ അന്തഃപുരത്തിലെ എല്ലാ രാജസ്ത്രീകളും, വിവാഹിത പുത്രവിധവകളും, അവിവാഹിത പുത്രിമാരും സ്വാഭാവികമായി പാണ്ഡവരുടെ ലൈംഗികഅടിമകൾ ആവേണ്ടതായിരുന്നു. എന്നാൽ പാഞ്ചാലിയുടെ സ്വാധീനം കൊണ്ടായിരിക്കാം, കുരുക്ഷേത്രവിധവകൾ പാണ്ഡവർക്ക് വഴങ്ങാൻ തയ്യാറല്ല. അവരെ ഞങ്ങൾ അർദ്ധരാത്രി കുടിയൊഴിപ്പിച്ചു. അവർ വഴങ്ങിയില്ല ഞങ്ങൾ അവർക്ക പുനരധിവാസകേന്ദ്രത്തിൽ സൗജന്യ ഭക്ഷണം വാഗ്ദാനം ചെയ്തു. വഴങ്ങുന്നില്ല. ഇങ്ങനെ ഓരോരോ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു നവപാണ്ഡവ ഭരണകൂടത്തെ യുദ്ധാനന്തര സാഹചര്യങ്ങൾ നിർജ്ജീവമാക്കിയാൽ ഞങ്ങളുടെ മുഖം തെളിയുമോ?"

2018/10/15

"വരുമ്പോഴൊക്കെ വിചാരിക്കും, ഹസ്തിനപുരിയിലേക്ക മടങ്ങും മുമ്പ് നിങ്ങളോടെന്തെങ്കിലും മിണ്ടിപ്പറയണമെന്നു. പാഞ്ചാലിയുമായുള്ള സഹവർത്തിത്വമൊക്കെ എങ്ങനെ? ഇളമുറ പാണ്ഡവരോടവൾക്ക ഇഴയടുപ്പമുണ്ടെന്നു തോന്നിയിട്ടുണ്ട്."

പാഞ്ചാലിയുമായുള്ള അഭിമുഖങ്ങളുടെ പനയോലക്കെട്ടുകളുമായി മടങ്ങുമ്പോൾ വഴിയിൽ വിഷണ്ണനായിക്കണ്ട സഹദേവനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"എന്റെ ജന്മം അവൾ പാഴാക്കി."

"നാവിന്റെ നുഴഞ്ഞുകയറ്റം എന്നാണല്ലോ ഇന്ദ്രപ്രസ്ഥം ചുവരെഴുത്തുപത്രത്തിലെ മുഖ്യവാർത്ത. സ്ഥലജല വിഭ്രാന്തിയിൽ വഴുക്കിവീഴും മുമ്പ് നിങ്ങൾ ചെന്ന് കണ്ട പാഞ്ചാലിയെ ഉപചാരപൂർവ്വം മുട്ടുകുത്തി കൈമുത്തി എന്നേ ഞങ്ങൾ വാർത്ത ഹസ്തിനപുരിയിൽ പരിചരിച്ചുള്ളു. ഏതാണ് ശരി?", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. 'നുഴഞ്ഞുകയറ്റ'ക്കാരെ ചെറുക്കാൻ സൈനികരെ വിന്യസിപ്പിച്ച കൊട്ടാരത്തിൽ മടങ്ങി വന്ന പ്രഭാതം.

"ആരോപണം വ്യാജം മാത്രമല്ല ബോധപൂർവ്വവുമാണ്. ആതിഥേയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി, കുരുവംശ കിരീടാവകാശി എന്ന എന്റെ പദവി പരിഗണിച്ച തന്ന അന്തഃപുരം സ്വീകരണത്തിൽ, ഉപചാരപൂർവ്വം ഞാൻ പാഞ്ചാലിയുടെ കൈമുത്തിയതിനെ പാണ്ഡവർ എങ്ങനെ ഇളക്കിമറിച്ചു അശ്ലീലമാക്കി എന്ന് നോക്കു. സ്ഥലജല വിഭ്രാന്തിയെന്ന ഭ്രാന്തൻ നിർമ്മിതിയിൽ എന്റെ വീഴ്ച കണ്ടവരുടെ അത്യാഹ്ലാദത്തിന്നെതിരെ ധൃതരാഷ്ട്രർ യുധിഷ്ഠിരനെഴുതിയ പരാതി മറച്ചു വക്കാൻ നകുലൻ തട്ടിക്കൂട്ടിയുണ്ടാക്കിയ അശ്ലീല കഥ. ഏകശിലാ ദാമ്പത്യം പുലർത്തുന്ന എന്നെ ലൈംഗികാതിക്രമിയാക്കാൻ വെമ്പുന്ന പാണ്ഡവമനസിന്നെതിരെ വേണ്ടിവരും മിന്നലാക്രമണങ്ങൾ-അവർ ചക്രവർത്തിയും ഞങ്ങൾ സാമന്തരാജാവും എന്ന സ്ഥിതി ഇനി അംഗീകരിക്കില്ല."

"തിരിഞ്ഞു നോക്കാനാരുമില്ലാതെ വിജനവഴിയിൽ കുഴഞ്ഞു വീഴുന്ന മരണമാണോ ഒരിതിഹാസ കഥാപാത്രമാവാൻ നിയോഗമുള്ള നിങ്ങൾക്ക് പ്രകൃതി തന്നത്?", അവശയായിരുന്ന പാഞ്ചാലിയെ മൃദുവായി പിടിച്ചിരുത്തി കൊട്ടാരം ലേഖിക വായിൽ ഒരിറ്റു വെള്ളം ഒഴിച്ച് കൊടുത്തു. സായാഹ്നവെയിൽ താണു തുടങ്ങിയ മലഞ്ചെരുവിൽ അവസാനത്തെ പാണ്ഡവനും അപ്രത്യക്ഷമായിരുന്നു. അമംഗളകരമായൊരു താഴ്ന്ന ശബ്ദത്തിൽ മലങ്കാറ്റു വീശി.

"അന്ത്യവിധിയിൽ ഞാൻ തളർന്നു വീഴുമ്പോൾ, തിരിഞ്ഞു നോക്കാതെ അവരഞ്ചു പേരും കാൽ മുന്നോട്ടു തന്നെ വച്ചതാണെന്റെ കൊച്ചു നേട്ടം. വിവാഹരാത്രിയിലെന്ന പോലെ, അവസാന നിമിഷത്തിലും പത്തു തുറിച്ച പാണ്ഡവക്കണ്ണുകൾ എന്റെ മുഖത്ത് വീഴുമെന്ന ആ പേടിസ്വപ്നം അങ്ങനെ ഒഴിഞ്ഞു പോയില്ലേ."

2018/10/18

"വ്യാസൻ കൊടുത്തയച്ച പനയോലക്കെട്ടുകൾ ഞാനൊന്നോടിച്ചു നോക്കി. വസ്ത്രാക്ഷേപ കേന്ദ്രിതമായി എന്റെ സ്വതന്ത്രവ്യക്തിത്വത്തെ പാണ്ഡവരുടെ ദുരിത ജീവിതാവസ്ഥയുമായി ഈ വിധം ബന്ധപ്പെടുത്തുന്നത് അസ്വീകാര്യവും അവഹേളനപരവുമാണെന്നു ഞാൻ പറഞ്ഞു. എക്കാലവും പെണ്ണുടലിന്റെ അഴകളവുകളിൽ ആകൃഷ്ടരായിരുന്ന കൗരവർ, നിർണ്ണായകദിവസം എന്റെ വിവസ്ത്ര ശരീരത്തെ മുൻനിർത്തി പാണ്ഡവരെ അടിമപദവിയിലേക്കു നടപടിക്രമമനുസരിച്ചു നയിക്കുകയായിരുന്നപ്പോൾ വിദുരരും ഭീഷ്മരും ലജ്ജിച്ചു തലതാഴ്ത്തിയോ, കഴുത്തു വെട്ടിയോ, ചെവി പൊത്തിയോ എന്നതൊന്നും എന്നെ അലട്ടുന്ന ശരീരഭാഷ അല്ല. മുഖത്തുനോ

ക്കി സംസാരിക്കാൻ എക്കാലവും മെനക്കെടാത്ത വ്യാസൻ, ആണധികാര ഭാവനയിൽ പെണ്ണിനെ അനുകമ്പയുടെ കെണിയിൽ വീഴ്ത്തിയതിൽ പ്രതിഷേധമുണ്ടെന്നു ഞാൻ അല്ലാതെ ആരാണ് ഈ ലോകത്തിൽ എനിക്കുവേണ്ടി പറയാനുള്ളത്? കഥാനിർമ്മിതിയിൽ വ്യാസനെടുത്ത ദുസ്സ്വതന്ത്ര്യത്തിൽ ഞാൻ എതിർപ്പ് പ്രകടിപ്പിച്ചതിനു ശിക്ഷയായി 'നിന്റെ മരണം മലഞ്ചെരുവിൽ ഏകാന്തഭീകരമാക്കും' എന്ന് വ്യാസശിഷ്യന്മാർ ഭീഷണി മുഴക്കിയത് ഞാൻ പുച്ഛത്തോടെ തള്ളുന്നു." കൊട്ടാരം ലേഖികയുടെ പിടി വിട്ട പാഞ്ചാലി, വരി നിന്നിരുന്ന ചാർവാകനെ കൈകൊടുത്തു ഊഷ്മളമായി സ്വീകരിച്ചു.

2018/10/19

"പീഡിപ്പിച്ചു കൊന്നു ജഢം വലിച്ചെറിയാമെന്നു കരുതിയ കുടിലകൌരവനീക്കത്തെ കടപുഴക്കാനായിരുന്നു, വാൾ ഇടനെഞ്ചിലിറക്കി അഭിമന്യുവിന്റെ പ്രാണനെടുത്തതെന്ന് കർണൻ എറ്റു പറയുന്നതു ഞാനും കേട്ടു. എന്ത് തോന്നുന്നു കർണന്റെ അന്ത്യമൊഴിയെ കുറിച്ച്?" ഭീമപ്രഹരത്തിൽ തുടയെല്ല് പൊട്ടി ചളിയിൽ പുതഞ്ഞു കിടന്ന ദുര്യോധനനോട് യുദ്ധകാര്യ ലേഖകൻ ചോദിച്ചു.

"ജീവൻ പോവുമ്പോഴെങ്കിലും താൻ സൂതപുത്രനല്ല, കുന്തിയുടെ കന്യാപുത്രനാണ്, ആ വിധം അഭിമന്യുവിന്റെ പിതൃസഹോദരനും കൂടിയാണ് എന്ന് നാവു പിഴയില്ലാതെ കർണൻ എത്ര എളുപ്പം നമ്മെ ബോധ്യപ്പെടുത്തി. ചോരക്കു സൌഹൃദത്തെക്കാൾ മൂല്യമുണ്ടെന്നു മരണമുഹൂർത്തത്തിലും കർണൻ തെളിയിച്ചു. വ്യാസൻ എഴുതാൻ പോവുന്ന ഇതിഹാസത്തിൽ ഉത്തമപുരുഷനെന്ന ഇടം നേടാൻ എന്റെ ആജീവനാന്ത സുഹൃത്ത് കർണനു അങ്ങനെ സാധിക്കട്ടെ." ഒരിറ്റു വെള്ളത്തിന് നാവു പുറത്തിട്ടു ദുര്യോധനൻ കെഞ്ചിയപ്പോൾ തിരക്ക് നടിച്ചു യുദ്ധകാര്യ ലേഖകൻ സ്ഥലം വിട്ടു.

2018/10/20

"ദാമ്പത്യവിശ്വസ്തത എന്നൊരു പുതുആശയം കൗരവരാജ വധുക്കൾ ഈയിടെയായി മുന്നോട്ടുവക്കുന്നുണ്ട്. ഹസ്തിനപുരി പോലൊരു യാഥാസ്ഥിതിക സമൂഹത്തിൽ, കൌരവപ്രോൽസാഹനത്തിലൂടെ പാണ്ഡവരെ ആക്രമിക്കാനും വില കുറച്ച് കാണാനും പൊതു സംവാദങ്ങളിൽ അതവർ മറയില്ലാതെ ആയുധമാക്കുന്നത് നിങ്ങളും ശ്രദ്ധിച്ചിട്ടുണ്ടാവും. ഇത്തരം 'സമസ്യ'കളെ ഒരു പരിഷ്കൃതവനിത എന്ന നിലയിൽ നിങ്ങൾ സ്വജീവിതത്തിൽ എങ്ങനെ കൈകാര്യം ചെയ്യുന്നു?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"ഒരാളെ പരിണയിച്ചപ്പോൾ, നാലു പേരെ വെറുതെ കിട്ടി. അവരഞ്ചു പേർക്കും വ്യക്തിഗത വിശ്വസ്തത ദാമ്പത്യത്തിൽ ഞാൻ ഉറപ്പു കൊടുത്തിട്ടില്ല. പാണ്ഡവരുടെ വിവാഹേതര ആനന്ദസ്രോതസ്സുകൾ കളങ്കപ്പെടുത്താൻ ഞാൻ ശ്രമിക്കാത്തതു പോലെ, അവരും എന്റെ അന്തർമണ്ഡലങ്ങളിൽ അതിക്രമിച്ചു കയറാൻ ധൈര്യപ്പെടുകയില്ല എന്നതു മാത്രമാണ് ഞങ്ങളുടെ ദാമ്പത്യത്തിലെ പരസ്പര വിശ്വസ്തത" ദൂരെ ദൂരെ സുഹൃത്തിനു സന്ദേശം എഴുതി പ്രാവിന്റെ കാലിൽ കെട്ടി സ്നേഹപൂർവ്വം ദ്വാരകയിലെ ആകാശത്തിലേക്കു യാത്രയാക്കുകയായിരുന്നു പാഞ്ചാലി.

2018/10/21

“പാണ്ഡവരുടെ കൗമാരകാല കായികാധ്വാനങ്ങളെ ഹാസ്യാത്മകമായി കൗരവർ അവതരിപ്പിച്ചപ്പോൾ, മുൻവരിയിലിരുന്ന നിങ്ങൾ ആസ്വദിച്ചത് ഹൃദയവേദനയുണ്ടാക്കിയെന്ന യുധിഷ്ഠിര നിരീക്ഷണമാണ് ഞങ്ങൾ അഭിമുഖത്തിന് വിഷയമാക്കുന്നത്. കൗരവരുടെ ‘അശ്ലീലഭാഷ’യിൽ നിങ്ങൾ ആനന്ദം അനുഭവിച്ചത് ഭീമൻ പകയോടെ ഓർക്കുന്നു. പാണ്ഡവരെ പിണക്കിയാലും, നിങ്ങൾ കൗരവരോട് കൂട്ടുകൂടും എന്ന ബോധ്യം അർജ്ജുനൻ ചുണ്ടുകൾ വിടർത്താതെ തന്നെ അമർത്തി പറയുന്നുണ്ട്. എങ്ങനെ പ്രതികരിക്കുന്നു?” നവവധു പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

ഹസ്തിനപുരി നഗരാതിർത്തിയിലെ അതിഥിമന്ദിരം.

“പ്രതികൂല പ്രതികരണങ്ങൾ എന്തുകൊണ്ട് മൂന്നു മുതിർന്ന പാണ്ഡവരിൽ പരിമിതപ്പെടുത്തി? ഇളമുറ നകുലനും സഹദേവനും അഭിപ്രായം പറഞ്ഞില്ലേ? അതോ, ആ രസികൻ മാദ്രിക്കുട്ടികൾ നിങ്ങളുടെ വായടപ്പിക്കുന്ന മറുപടി വല്ലതും പറഞ്ഞുവോ? ഒരു വിഭാഗം പാണ്ഡവരുടെ മാത്രം പ്രതിയോഗികളായിരിക്കാം കൗരവർ എന്നാണു സഭയിൽ നിന്നിറങ്ങുമ്പോൾ എനിക്ക്തോന്നിയത്. അഞ്ചു പാണ്ഡവരും കൗരവർക്കെതിരെ ആണെങ്കിൽ എനിക്കെന്താ?, എന്നോടാരാധന പുലർത്തുന്ന കൗരവരെ ഞാൻ വെറുത്തുശീലിക്കണോ? വിരലൊന്നു മീട്ടിയാൽ കൗരവർ വാലാട്ടി വരും, എന്നാൽ മാദ്രിക്കുട്ടികൾ ഒഴികെ മൂന്നു പാണ്ഡവരും വന്നു കാര്യം തിരക്കാൻ സമയം പിടിക്കും.”

2018/10/23

“അധികാരം നിങ്ങൾക്കൊപ്പമായിരുന്നിട്ടും യുദ്ധം തോൽക്കാൻ എന്തായിരുന്നു കാരണം?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. നിലത്തുവീണ കൗരവനേതാവ് ചുണ്ടു പിളർത്തി ദാഹജലം യാചിച്ച സന്ധ്യ. പാണ്ഡവസംഘം പാളയത്തിലേക്ക് ആടിപ്പാടി നീങ്ങുന്നത് കാണാമായിരുന്നു.

“തൽപരകക്ഷികളുടെ ദുഷ്പ്രചരണം. കൗരവർ കുതന്ത്രരാണെന്നു സഖ്യകക്ഷിസേനകൾക്കിടയിൽ പ്രചരണം നടന്നു. നിങ്ങളും കണ്ടതല്ലേ? നഷ്ടപ്പെട്ടതൊക്കെ തിരിച്ചു പിടിക്കും. അഭയാർഥികളായി അന്നം ചോദിച്ചുവന്ന പാണ്ഡവർ സിംഹാസനത്തിൽ ഇരിക്കാൻ ഞാൻ സമ്മതിക്കില്ല. ശരീരത്തിന് ചലനസാധ്യത നഷ്ടപ്പെട്ടെങ്കിലും മനസ്സ് പ്രത്യാശയോടെ ഒരവസരം പ്രതീക്ഷിക്കു ന്നുണ്ട്. ചെങ്കോൽ ഞാൻ യുധിഷ്ഠിരനിൽ നിന്ന് തട്ടിയെടുക്കുന്ന സമയം നിങ്ങളും ഉണ്ടാവില്ലേ ആ ഐതിഹാസിക മുഹൂർത്തം പൊതുസമൂഹത്തെ അറിയിക്കാൻ?”

“മാദ്രിയുടെ ജ്യേഷ്ഠനല്ലേ? പാണ്ഡവസഖ്യത്തിൽ വരേണ്ട നിങ്ങൾ എങ്ങനെ കൗരവസൈന്യാധിപനായി?”, കൊട്ടാരം ലേഖിക മാദ്രരാജാവ് ശല്യനോട് ചോദിച്ചു.

“മാദ്രിക്കുട്ടികളായ നകുലനും സഹദേവനും ചോദിച്ചപ്പോൾ കൊടുക്കാത്ത മറുപടി നിങ്ങളോടും, ലോക മനഃസ്സാക്ഷിയോടും, ഞാൻ പറയട്ടെ-പാണ്ഡു മരിച്ചപ്പോൾ ചിതയിൽ ചാടാതെ ഒഴിഞ്ഞുമാറിയ കുന്തി, എന്റെ കൊച്ചനുജത്തിയെ

സതിയിൽ ദഹിപ്പിച്ച എന്നറിഞ്ഞപ്പോൾ മാദ്രദേശം വിലപിച്ചു. ഇടനെഞ്ചിൽ ആയുധമമർത്തി ചോരയെടുത്തു ഞാനവർക്കപ്പോൾ വാക്കുകൊടുത്തു. പ്രതികാരത്തിനവസരം കിട്ടിയാൽ, കുന്തിക്കു യുധിഷ്ഠിര ഭരണത്തിൽ രാജമാതാപദവി നിഷേധിക്കുന്ന ഏതു സഖ്യത്തിലും ചേരും. മാദ്രിമക്കളെ ഞാൻ കൊല്ലില്ലെങ്കിലും, കുന്തിമക്കൾ യുദ്ധം ജയിക്കാതി രിക്കാൻ ശ്രമിക്കും." യുദ്ധത്തിന്റെ അവസാനദിനം. ചിതയിലേക്ക് തെറിച്ചു വീണ അനുജത്തിയുടെ നിലവിളി കേട്ടപോലെ അയാളുടെ മുഖം വിറച്ചു കണ്ണുകൾ കലങ്ങി. ആയുധം താഴെവീണ തക്കംനോക്കി യുധിഷ്ഠിരൻ ശല്യനെഞ്ചിലേക്കു കുന്തം എറിഞ്ഞു. രാജ്യതാൽപ്പര്യത്തിൽ കൂട്ടു നിന്ന കൊട്ടാരം ലേഖികക്ക് പുതിയ ഭരണകൂടത്തിൽ പദവി വാഗ്ദാനവും!.

2018/10/25

"അവകാശവാദം വല്ലതുമുണ്ടോ ആദ്യവാർഷികത്തിൽ?", ഊഞ്ഞാലാടി ആഘോഷിക്കുകയായിരുന്ന മഹാറാണി പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"യുധിഷ്ഠിരൻ രാജാവായ ശേഷം, കിടപ്പുരോഗികളൊ ഴികെ നാട്ടിലാരും മരിക്കുന്നില്ലെന്നു നിങ്ങൾ ശ്രദ്ധിച്ചില്ലേ? പരിസ്ഥിതി മന്ത്രാലയത്തിന്റെ അധിക ചുമതല ഭീമൻ ഏറ്റെടുത്തതോടെ, തീരാശാപമായിരുന്ന പുകമഞ്ഞു് നീങ്ങി അന്തരീക്ഷം തെളിഞ്ഞു, ഇളംകാറ്റ് വീശുന്നതു് നാട്ടിലൊക്കെ ഓടിനടക്കുന്ന നിങ്ങൾ അറിയാറില്ലേ? നഗരവികസനം അർജ്ജുനൻ ഏറ്റെടുത്തതോടെ, തക്ഷശിലയിൽ നിന്നുള്ള പഠനസംഘം ഹസ്തിനപുരി നഗരവീഥികൾ ചുറ്റിനടന്നു, തലയിൽ കൈവച്ച് 'ഭൂമിയിലെ സ്വർഗം' എന്ന് വിസ്മയിക്കുന്നതും നിങ്ങൾ ഒരുപക്ഷെ കണ്ടതല്ലേ. നകുലനും സഹദേവനും പൊതുജനാരോഗ്യവകുപ്പ് പകുത്തെടുത്തതോടെ, രാജ്യത്തു സാംക്രമിക രോഗബാധിതരുടെ തിരക്ക് മിക്കവാറും ഇല്ലാതായില്ലേ. എല്ലാം കൂട്ടിവായിക്കുമ്പോൾ എന്താണ് സൂചന? പാണ്ഡവരും വന്ദ്യപിതാക്കളും തമ്മിൽ പാരസ്പര്യം. കാലനും വായുവും ഇന്ദ്രനും അശ്വിനി ദേവതകളും ഒരുമിച്ചു ഞങ്ങളെ പട്ടാഭിഷേകത്തിൽ അനുമോദിക്കാൻ വന്നു. നിങ്ങളിൽ ഞങ്ങൾ പ്രസാദിച്ചിരിക്കുന്നു, അതിന്റെ പ്രയോജനം ജനങ്ങൾക്ക് കിട്ടിത്തുടങ്ങും. ഇതൊക്കെ അല്ലാതെ, ദേവസന്തതികൾ ചെങ്കോൽ പിടിക്കുന്ന കുരുവംശത്തിൽ വേറെ എന്തു് നേട്ടപ്പട്ടിക ഉണ്ടാക്കണം പാണ്ഡവർ?"

2018/10/27

"ഈ ഭാഗത്തൊക്കെ ആദ്യമായാണോ?", അന്യദേശക്കാരനെന്നു തോന്നിയ യുവസൈനികനോട് കൊട്ടാരം ലേഖിക ആംഗ്യചലനങ്ങളോടെ ചോദിച്ചു, "പാളയത്തിലും പോർക്കളത്തിലും സൗകര്യങ്ങളൊക്കെ കിട്ടുന്നുണ്ടോ?"

"നിങ്ങളുടെ പ്രിയരാജകുമാരൻ ദുര്യോധനന്റെ സംഘാടകമികവ് കണ്ടപ്പോൾ ഞാനാകെ ഞെട്ടിത്തെറിച്ചു. കുരുക്ഷേത്രയിലെ ഏതിനം പോരാട്ടവേദിയിൽ പോയാലും, ആയുധങ്ങൾ അമ്പ്, കുന്തം, വാൾ, ഗദ എന്തുമായാലും, കാര്യക്ഷമമായ ശത്രുസംഹാരത്തിനവിടെ ക്രമീകരണം കാണും. അതുകൊണ്ട് വധോർജ്ജം ഊക്കിൽ ഞങ്ങൾ പ്രയോഗിക്കും. കിടക്കാൻ വൃത്തിയുള്ള പായ, ഉണ്ണാൻ കാള

ഇറച്ചി പൊരിച്ചത്, നീന്താൻ കുളിക്കടവുകൾ, അർദ്ധരാത്രി ഉടുതുണി കൊണ്ട് കണ്ണ് കെട്ടുമ്പോൾ ആസ്വാദനരതി. തുറന്നു പറയട്ടെ, സൈന്യത്തിൽ ചേർന്നശേഷം ഇപ്പോഴാണ് കാലന് കുടപിടിക്കുന്ന മരണജോലി ശരിക്കും ആർമാദിക്കലാണെന്നു അന്തഃരംഗം പറയുന്നത്. ധൃതിയുണ്ട് ഇന്ന് കൊയ്ത പാണ്ഡവതലയുടെ കണക്കു ബോധിപ്പിച്ചു വേണം, നെഞ്ചിൽ പറ്റിപ്പിടിച്ച ശത്രുചോര യമുനയിൽ നീന്തി തേച്ചു കളയാൻ."

"അതിഥിക്ക് നേരെ ഉണ്ടായ ലൈംഗിക അതിക്രമത്തിന്റെ പേരിൽ ആരോപണവിധേയരായ സംഘത്തെ മഹാറാണി സംരക്ഷിക്കുന്നു എന്ന മുഖപ്രസംഗം ശ്രദ്ധയിൽ പെട്ടുവോ?" യുദ്ധകാര്യ ലേഖകൻ നീതിപതിയോട് ചോദിച്ചു.

"ചൂതാട്ടസഭയിൽ ഇടിച്ചുകയറി പുരുഷസാന്നിധ്യത്തെ പ്രലോഭിപ്പിച്ചു എന്ന ആരോപണം നേരിട്ട അല്പവസ്ത്രയെ കുറിച്ചാണോ സംസാരിക്കുന്നത്? പെരുമാറ്റദൂഷ്യത്താൽ പൗരാവകാശം നഷ്ടപ്പെട്ട വനവാസത്തിനു പോയ അവളും ഭർത്താക്കന്മാരും നിലവിൽ എന്റെ നീതിന്യായ പരിധിയിൽ വരുന്നവരല്ല. നിങ്ങളുടെ സ്ഥാപനത്തിൽ സ്വഭാവദൂഷ്യമുള്ള പത്രപ്രവർത്തകർ ഉണ്ടെങ്കിൽ പരാതി അയക്കൂ പരിശോധിക്കാം. സുരക്ഷിത തൊഴിലിടം കൊട്ടാരം ലേഖികക്ക് ആണധികാരികൾ നിഷേധിക്കുന്നത് കൊണ്ടല്ലേ ആ പാവം പകൽ മുഴുവൻ ഹസ്തിനപുരി കൊട്ടാര സമുച്ചയത്തിൽ തിണ്ണ നിരങ്ങി കുലീന രാജസ്ത്രീകളെ കുറിച്ച് നട്ടാൽ മുളക്കാത്ത അപവാദങ്ങൾ നിത്യവും നഗരവീഥികളിലെ ആൾത്തിരക്കിനെ സന്തുഷ്ടരാക്കാൻ ചുവരെഴുത്തുപത്രത്തിൽ എഴുതിവക്കുന്നത്?"

"സദസ്സ് ശുഷ്കമായതിനാൽ വേദിയിൽ കയറാൻ ഭീമൻ തയാറായില്ല എന്നു കുതിരപ്പന്തികളിൽ കേട്ടല്ലോ. നെട്ടോട്ടമോടി കൗരവരാജവിധവകളെ നകുലനും സഹദേവനും 'ബലപ്രയോഗ' ത്തിലൂടെ എത്തിച്ച ശേഷമാണു ഭീമൻ ചടങ്ങു തുടങ്ങിയത്. എങ്ങനെ വായിച്ചെടുക്കണം കുതിരപ്പന്തിവാർത്ത?" അവധി കഴിഞ്ഞു തിരിച്ചെത്തിയ കൊട്ടാരം ലേഖിക യുദ്ധകാര്യലേഖകനോട് ചോദിച്ചു.

"ദുര്യോധനജീവത്യാഗത്തിന്റെ ആദ്യ അനുസ്മരണമായിരുന്നു. പാഞ്ചാലി അധ്യക്ഷ എന്ന് വാർത്ത പ്രചരിപ്പിച്ചപ്പോൾ ധാരാളം പേരെത്തി. ഭീമനാണ് പ്രഭാഷകനെന്നറിഞ്ഞപ്പോൾ വന്നവരെല്ലാം ഇറങ്ങിപ്പോയി. സൗജന്യധാന്യം വാഗ്ദാനം ചെയ്തു നകുലൻ കൊണ്ടുവന്നത് അമ്പതോളം കൗരവരാജ വിധവകളെ. കൗരവരെ ഒന്നൊന്നായി കൊന്നു കൊലവിളിച്ച യുദ്ധസ്മരണകൾ ഭീമൻ ഗദ ഉയർത്തി വർണ്ണിക്കാൻ തുടങ്ങിയപ്പോൾ, മിക്ക വിധവകളും ബോധം കെട്ടു. അതൊന്നും ശ്രദ്ധിക്കാതെ ഭീമൻ കുരുക്ഷേത്രാനുഭവം വിവരിച്ചതൊക്കെ കാണേണ്ടി വന്നത് ഈ ഞാനും."

2018/10/28

"ധാന്യാഹാരത്തിന് പകരം ഭീമനു മൃഗമാംസം?", കൊട്ടാരം ലേഖിക ചോദിച്ചു.

"ധാന്യശേഖരം കുറയുമ്പോൾ അക്ഷയപാത്ര ഭക്ഷണ ലഭ്യതയിൽ കാണുന്ന കാലിക പ്രതിഭാസം എന്നതിൽ കവിഞ്ഞൊരു മായികപ്രദർശനം ഭീമൻ നടത്തി എന്നൊന്നും നിങ്ങൾ കൗരവരുടെ മുമ്പിൽ പ്രചരിപ്പിക്കരുത്. വിത്ത് തിന്നിട്ടും പട്ടിണി മാറാതെ കർഷകർ പാൽ ചുരക്കുന്ന മൃഗങ്ങളെ വെട്ടി വേവിക്കുമ്പോൾ ഒരു

ഭാഗം അക്ഷയപാത്രത്തിൽ വന്നു ചേരും." മാട്ടിറച്ചി മറ്റുള്ളവരുമായി പങ്കിടാൻ മെനക്കിടാതെ ആർത്തിയോടെ വായിലിട്ടു ചവക്കുന്ന ഭീമന് വേണ്ടി നകുലൻ മാംസ ദർശനം വിശദീകരിച്ചു.

2018/10/29

"രക്തച്ചൊരിച്ചിലിനു ശേഷം തരപ്പെട്ട സിംഹാസനത്തിൽ അമർന്നിരിക്കുമ്പോൾ നിങ്ങൾക്കത്രേമേൽ ആഹ്ലാദം അനുഭവപ്പെടുന്നുണ്ടോ?", കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവ ഭരണകൂടത്തിന്റെ ആദ്യവാർഷികാഘോഷം കഴിഞ്ഞു യുധിഷ്ഠിരൻ കോട്ടക്കകത്തേക്ക പോകാൻ രഥത്തിൽ കയറുകയായിരുന്നു.

"കാട്ടിൽ കഴിഞ്ഞ കുട്ടിക്കാലത്തു വിശന്നു വലഞ്ഞിരുന്നപ്പോഴും ഒരു മാനിനെയോ മുയലിനെയോ വെട്ടിപ്പൊരിച്ചു തിന്ന ഓർമയില്ല. അഹിംസ, ശാന്തി, സാഹോദര്യം ഈ മൂല്യങ്ങൾ എനിക്കിന്നും വിലപ്പെട്ടത്. സ്വത്തുതർക്ക പരിഹാരശ്രമങ്ങളുടെ കുരുക്ഷേത്രയുടെ പേരിൽ നിങ്ങളെന്നെ കൊലപാതകിയെന്നു വിളിക്കരുത്. പോർക്കള സാഹചര്യത്തിൽ ഞാനുച്ചരിച്ച അർദ്ധസത്യം ദ്രോണ വധത്തിൽ എത്തിച്ചു എന്നതിന്റെ പേരിൽ നുണയൻ എന്നൊന്നും വിശേഷിപ്പിക്കരുത്. ഓർക്കേണ്ടതു് ഒന്നേയുള്ളൂ, ഈ ലോകത്തു നിങ്ങൾ ജീവിക്കുമ്പോൾ പലതും സംഭവിക്കുന്നു- ചിലതു ആഗ്രഹപ്രകാരം, ചിലതു ആകസ്മികമായി."

"മഹാറാണിയെന്നു ഉപചാരപൂർവ്വം കൊട്ടാരഭാഷയിൽ പരാമർശിക്കേണ്ട നിങ്ങൾ 'മുത്തശ്ശി' എന്ന ഗാർഹിക പദമുപയോഗിച്ചു പരസ്യമായി അപമാനിച്ചു എന്ന പരാതിയുമായി പുകയുകയാണല്ലോ പാവം പാണ്ഡവ ഹൃദയങ്ങൾ. കുരുവംശ കൊട്ടാരത്തിൽ വളർന്നു വലുതായിട്ടും, കറതീർന്ന പെരുമാറ്റ ക്രമം കൃപാചാര്യനിൽ നിന്ന് പഠിച്ചില്ലേ?", കൊട്ടാരം ലേഖിക പരീക്ഷിത്തിനോട് ചോദിച്ചു.

"കൊച്ചനുജത്തി എന്ന് വിളിക്കാനാവുമോ അച്ഛന്റെ അച്ഛൻ അർജ്ജുനന്റെ ഭാര്യയെ? കാലമൊക്കെ കുതിച്ചു മുന്നേറി. എനിക്കു മുപ്പത്തിയഞ്ചു കഴിഞ്ഞില്ലേ. അന്നന്നത്തെ അപ്പത്തിന് വേണ്ടിയുള്ള നെട്ടോട്ടത്തിൽ കൊല്ലങ്ങൾ പറക്കുന്നത് ശ്രദ്ധയിൽ പെട്ടില്ല അല്ലെ? മുത്തശ്ശി പരാമർശമൊന്നുമല്ല പാഞ്ചാലീപരിഭവത്തിനു പിന്നിൽ. പ്രായക്കൂടുതൽ കാരണം സുഖചികിത്സക്ക് പോവേണ്ടി വരുന്ന യുധിഷ്ഠിരനെ അധികാരത്തിൽ നിന്ന് വലിച്ചു താഴെയിടാൻ മറ്റു പാണ്ഡവരുടെ രഹസ്യ സഹായം തേടുകയാണ് പാഞ്ചാലി. കിരീടാവകാശി എന്ന പദവി ഞാൻ സ്ഥാനത്യാഗം ചെയ്തു കിട്ടിയാൽ പാഞ്ചാലീ പട്ടാഭിഷേകം എളുപ്പത്തിലാവും. രാജ സ്നേഹിയായ അമ്മ വിരാടരാജകുമാരി ഉത്തര പക്ഷെ ഈ നീക്കം മഹാരാജാവ് യുധിഷ്ഠിരനെ രഹസ്യമായി അറിയിച്ചപ്പോൾ, പാഞ്ചാലിയെ തൽക്ഷണം വീട്ടുതടങ്കലിൽ ആക്കി. 'പുകയുന്ന' മറ്റു പാണ്ഡവഹൃദയങ്ങളെ യുധിഷ്ഠിരൻ ഹിമാലയ ചുരം കാവൽക്കാരാക്കി അയക്കാനും പദ്ധതിയിട്ടിട്ടുണ്ട്. അതോടെ ഹൃദയങ്ങളുടെ പുകച്ചിൽ മാറും."

"പഠനയാത്രക്കെത്തിയ രാജ്യതന്ത്ര വിദ്യാർത്ഥികൾക്ക് കൊടുത്ത കൊട്ടാര വിരുന്നിൽ. പൊതുരംഗത്തെ ലിംഗ നീതിയെ കുറിച്ച് ആശങ്കയോടെ നിങ്ങൾ സംസാരിക്കുന്നത് ഇന്നലെ കേട്ടു. ലിംഗനീതി നിർവഹണത്തിൽ സ്വന്തം കാര്യം എങ്ങനെ? പാണ്ഡവർ അഞ്ചുപേരും ദേഹി ദേഹം വിടും വരെ നിങ്ങൾ വിരൽനഖം കടി

ച്ച കാത്തിരിക്കേണ്ടേ, സ്വയം മഹാറാണിയാവാൻ? അതോ, കിരീടാവകാശി പരീക്ഷിത്തിന്റെ പിന്നിൽ വേണ്ടിവരുമോ ഒതുങ്ങി നിൽക്കാൻ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. പാണ്ഡവർ രാജഭരണസേവനം നാടിനു പുനർസമർപ്പിച്ച ദിവസം.

"വാർദ്ധക്യസഹജമായ വല്ലായ്മയില്ലാത്തവർ വാനപ്രസ്ഥത്തിന് പോയ കീഴ്വഴക്കം നാട്ടിൽ ഇല്ലേ? പാണ്ഡു എങ്ങനെയാണ് സിംഹാസനം ഉപേക്ഷിച്ചു പോയത്? കിരീടാവകാശി ദേവവ്രതന് ചെങ്കോൽ കൊടുക്കാൻ ശന്തനുവിന് സാധിച്ചോ? അധികാരം ഏറ്റെടുക്കാൻ തക്ക അവസരം വരുമ്പോൾ പാരമ്പര്യത്തിന് വഴങ്ങിക്കൊടുക്കാതെ, സാധ്യതകൾ പരിശോധിച്ച് മുന്നോട്ടു പോയ മീൻകാരി സത്യവതിയാണ്, എല്ലാം ഉപേക്ഷിച്ച ഭീഷ്മരല്ല, ആധുനിക രാജ്യതന്ത്രത്തിന്റെ ഉദാത്തമാതൃക എന്നേ തക്ഷശിലയിൽ നിന്ന് വന്ന ആ കുട്ടികളോട് ഞാൻ സാന്ദർഭികമായി പറഞ്ഞുള്ളു. പാണ്ഡവർക്കിടയിൽ കിരീടത്തിനായി വടംവലിയുള്ളപ്പോൾ പാഞ്ചാലി അധികാരമോഹി എന്ന പ്രതീതിനിർമിതി വേണ്ട."

"ധൃതരാഷ്ട്രർക്കെതിരെ ലൈംഗികആരോപണം! ഇന്നത്തേടക്കം നാലു പുതുതലമുറ രാജ കുമാരികൾ. കഴമ്പുണ്ടോ? അതോ, പാപിപാണ്ഡവർ എഴുതി വാങ്ങിയോ പരാതി?" അന്തിമയാത്രക്കൊരുങ്ങുന്ന മുൻ മഹാരാജാവിനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"അന്ധനെന്ന നിലയിൽ ആനുകൂല്യമൊന്നും പ്രതീക്ഷിക്കുന്നില്ല. വയോജന സൗഹൃദമായിരിക്കട്ടെ അന്വേഷണം എന്നും പറയുന്നില്ല. രാഷ്ട്രസ്വാതന്ത്ര്യം കാത്തു സൂക്ഷിക്കാൻ മക്കളെ ബലി കൊടുത്തവൻ എന്ന് മേനിയും പറയുന്നില്ല. സ്നേഹവിരുന്നിനു കൊട്ടാരത്തിൽ ഓടിച്ചാടി കുട്ടികൾ കൂട്ടം കൂടി വായിൽ മധുരം നുള്ളിതരുമ്പോൾ അരുതാത്തയിടങ്ങളിൽ കൈ നുഴഞ്ഞു കയറിയതൊന്നും മനഃപൂർവ്വമായിരുന്നില്ല. വാനപ്രസ്ഥത്തിൽ പടിയിറങ്ങാൻ പോവുന്ന പോവുന്ന ഞാൻ. വായനക്കാർക്കുറപ്പു തരുന്നു-പാണ്ഡവഭരണകൂടം കെട്ടിച്ചമച്ച ആരോപണം സത്യമെങ്കിൽ, കാട്ടുതീയിൽ പെട്ട് അഭിശപ്തവ്യാസപുത്രൻ കരിക്കട്ടയായവട്ടെ."

2018/10/30

"ദാമ്പത്യബാഹ്യസ്രോതസ്സുകളിൽ നിന്നാണ് വ്യത്യസ്തപാണ്ഡവനാമധാരികളുടെ ബീജസമ്പാദനമെന്ന കൗരവപ്രചാരണം നിങ്ങൾ നിഷേധിച്ചതായി കാണുന്നില്ല. വ്യക്തത വരാൻ ചോദിക്കട്ടെ, മക്കളുടെ 'പാണ്ഡവത്വ'ത്തെ കുറിച്ചുള്ള കൗരവ ആരോപണം അടിസ്ഥാനരഹിതമോ? അതോ, വസ്തുതാപരമോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"മാതൃത്വമായിരുന്നു ലക്ഷ്യം. ബീജഉറവിടം ദാമ്പത്യത്തിന്റെ അതിർത്തി കടക്കുന്നുവോ എന്ന ചോദ്യത്തിന്, അത്ര മതി ഉത്തരം. പക്ഷെ, അറിഞ്ഞിടത്തോളം, നിങ്ങൾ അടങ്ങുകയില്ല. അതുകൊണ്ട് ചുരുക്കി പറയാം. പാണ്ഡുവിന്റെ ലൈംഗികക്ഷമതയെ കുറിച്ച് ആദ്യരാത്രി മുതൽ സംശയം ഉണ്ടായെങ്കിലും, മഹാരാജാ പദവി വഹിക്കുമ്പോൾ, ഷണ്ഡനെന്നു മുദ്രകുത്തി വിവാഹമോചനം നേടാവുന്ന സാഹചര്യം ഉണ്ടായില്ല. ചെങ്കോൽ ധൃതരാഷ്ട്രർക്ക് കൊടുത്തു പരിത്യാഗിയായി പാണ്ഡു കാട്ടിലേക്കെന്നു പറഞ്ഞു പോവുമ്പോൾ, എന്നെ കൂടെ കൊണ്ടു പോയി. കഠിനവനവാസത്തിൽ വന്യഭാവന തുണച്ചു. എന്തുകൊണ്ടെന്റെ ശാരീരികതയുടെ ആകർഷണം

പ്രയോജനപ്പെടുത്തി, പ്രലോഭനത്തിലൂടെ ഗഹനചാരികളെ ക്ഷണിച്ച്, സന്താന ഭാഗ്യത്തിനു ശ്രമിച്ചുകൂടാ? അഭിലാഷം പൂവണിഞ്ഞു, പാണ്ഡു മരിച്ച്, ചിതയിൽ മാദ്രിയെ എറിഞ്ഞു അഞ്ചു കുട്ടികളുമായി ഹസ്തിനപുരി കോട്ടവാതിലിനു മുമ്പിൽ നിരാഹാരം കിടന്നു ജന ശ്രദ്ധയാകർഷിച്ചു. അഞ്ചു പേർക്കും പാണ്ഡുരായ ഇല്ലെന്ന കൗരവ ആരോപണം നിറഞ്ഞു. വഴി വിട്ട രതിയുടെ കഥകൾ കൗരവർ മെനയുമ്പോഴും, ധൃതരാഷ്ട്രർ ഔദ്യോഗികമായി എന്റെ കുട്ടികളെ കുരുവംശത്തിൽ ഉൾപ്പെടുത്തും വരെ ഞാൻ നയപരമായ മൗനം പാലിച്ചു. പാണ്ഡവർ ഖാണ്ഡവപ്രസ്ഥത്തിലേക്കു പോയി കാട്ട് വെട്ടി നാട്ട് സ്ഥാപിച്ചതോടെ, വാ ഞാൻ തുറക്കുന്നു. ഇനി നിങ്ങൾ രാജമാതാക്കളുടെ ഈറ്റില്ലത്തിൽ തെളിവ് പെറുക്കാൻ ചുറ്റിക്കറങ്ങുന്നത് കണ്ടാൽ…" നഖമുള്ള ചൂണ്ടു വിരൽ കൊട്ടാരം ലേഖികയുടെ കണ്ണിനു നേരെ നേരെ കുന്തി നീട്ടി.

"എന്താ ഒരു പകച്ച നോട്ടം?" ഇന്ദ്രപ്രസ്ഥം രാജധാനി സമുച്ചയത്തിന്റെ ചുമതല വഹിക്കുന്ന യുവസർവാധികാരിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഞെട്ടൽ മാറിയിട്ടില്ല. ഇന്നലെ ഈ സമയത്താണ് ചക്രവർത്തി യുധിഷ്ഠിരനും കൂട്ടരും ചൂതാടാൻ ഹസ്തിനപുരിയിലേക്കു പോയത്. നൂറുകണക്കിന് കഴുതപ്പുറത്തായി കൗരവരാജവധുക്കളുടെ രത്നശേഖരവുമായി മടങ്ങിവരുമെന്ന ഭീമൻ പറഞ്ഞത് അക്ഷരാർത്ഥത്തിൽ ഞങ്ങൾ വിശ്വസിച്ചു. രാത്രി മുഴുവൻ ആ സുന്ദരസ്വപ്നങ്ങളായിരുന്നു. ഇന്ന് രാവിലെ പക്ഷെ കണ്ണ് തുറന്നപ്പോൾ മുഖപരിചയമുള്ള മൂന്നു നാല് കൗരവർ വാളോങ്ങുന്നു. സ്വത്തെല്ലാം ചൂത് കളിയിൽ നഷ്ടപ്പെട്ടു നിയമപ്രകാരം കൗരവ അടിമകളായി യുധിഷ്ഠിരനും സഹോദരന്മാരും പോയ സ്ഥിതിക്ക് ഇന്ദ്രപ്രസ്ഥം ധൃതരാഷ്ട്രരുടെ അധീനതയിലാണെന്നവർ വാൾ മേലോട്ടുയർത്തി പ്രഖ്യാപിച്ചു. പേക്കിനാവെന്നു കരുതി രണ്ടു കണ്ണും അമർത്തി തുടച്ചു. ഇനി ഞങ്ങൾ ഇന്ദ്രപ്രസ്ഥം ഭരിക്കുമെന്ന് കൗരവസൈനികർ പറഞ്ഞപ്പോഴും എനിക്ക് പൂർണമായും അതിന്റെ അർത്ഥാന്തരങ്ങൾ ബോധ്യമായില്ല. ഇപ്പോൾ നിങ്ങൾ കോട്ടവാതിൽ കടന്നു ദുര്യോധനന് വിജയാശംസ ചെയ്യുന്നത് കണ്ടപ്പോൾ എന്റെ കരൾ കലങ്ങി."

2018/10/30

"ഒന്നിലധികം വിവാഹം നിങ്ങളും കഴിച്ചിട്ടുണ്ട്. ആ നിലക്ക് ഒന്നിനൊന്നു താരതമ്യം ചെയ്തു നോക്കുമ്പോൾ ദാമ്പത്യത്തിൽ പാഞ്ചാലിയുടെ ശ്രദ്ധേയമായ ഒരു വ്യക്തിഗത ന്യൂനത, അങ്ങനെ ഒന്നുണ്ടെങ്കിൽ, എന്താണ്?" കൊട്ടാരം ലേഖിക അർജ്ജുനനോട്ട് ചോദിച്ചു. ഉർവ്വശിയുമായുള്ള അസാധ്യബന്ധനത്തിൽ, മനമുരുകുന്ന നേരം.

"പ്രണയപരീക്ഷണത്തിൽ നിങ്ങളെ 'പാഞ്ചാലി' ഇരയാക്കുന്നു എന്നതാണവളിൽ കാണുന്ന പരിമിതി. പ്രണയിക്കുന്നു എന്ന് ഞാനവളോട്ട് ഏറ്റുപറയുന്നു എന്ന് തർക്കത്തിന് സങ്കൽപ്പിക്കുക. സന്തുഷ്ടി പ്രകടിപ്പിക്കുകയോ, പാരിതോഷികമായി ആനന്ദശാരീരികസേവനം നിർവ്വഹിക്കുകയോ അല്ല, നാം സ്വാഭാവികമായി പ്രതീക്ഷിക്കുന്ന തരത്തിൽ, അവൾ ചെയ്യുന്നത്; മറിച്ച് മറ്റു കൂട്ടുകാരികളെ കൽപ്പിത സാഹചര്യങ്ങളിലൂടെ താഴ്ത്തിക്കെട്ടുവാൻ നിർബന്ധിക്കപ്പെടുന്നു. കഥാ നിർമ്മിതിയിൽ പാഞ്ചാലിയുടെ പ്രതീക്ഷക്കൊപ്പം ഉയരുവാൻ എന്നിൽ അവൾ നോട്ടം, ചലനം,

സ്പർശനം തുടങ്ങിയ പെണ്ണാകർഷക പ്രലോഭനമുറകളിലൂടെ കടത്തിവിടുമ്പോൾ നിങ്ങളും, ഒരു പുരുഷനാണെങ്കിൽ ഇടക്കൊന്നു കാലിടറി വീണു പോവില്ലേ."

2018/11/01

"അരമനയിൽ വിഴുപ്പലക്കുന്ന പണിയാണ് ദുര്യോധനൻ ഏൽപ്പിച്ചതെന്നു ചാർവാകൻ അഭിമുഖത്തിൽ പറഞ്ഞല്ലോ-പ്രകോപിതയായോ ആ പരദൂഷണം കേട്ട്?" കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. മക്കൾ കുടിയേറ്റക്കാരായി ഖാണ്ഡവപ്രസ്ഥത്തിൽ കാടു കത്തിക്കുന്ന കാലം.

"കല്ലിൽ അടിച്ചു വിഴുപ്പു കഴുകുമ്പോൾ, ഒപ്പം കുളിക്കാനിറങ്ങുന്ന ഗാന്ധാരിയോട് ഞാൻ പറയും നീന്തുമ്പോഴെങ്കിലും കണ്ണ് കെട്ടിയ കീറത്തുണി അഴിച്ചിട്ടു മലർന്നു കിടന്നു നീന്തു-മേലെ നീല മാനവും താഴെ കുളിരുള്ള വെള്ളവും തുറന്ന കണ്ണുകളിലൂടെ ആസ്വദിക്കൂ. കാഴ്ചപരിമിതിയുള്ള ഭർത്താവിന് ഐക്യപ്പെടാൻ, കാഴ്ച നിഷേധിക്കുന്ന അടിമത്തത്തിൽ നിന്ന് രക്ഷപ്പെടൂ. കൺകെട്ട് നീക്കി വിവസ്ത്ര ഗാന്ധാരി തുടിച്ചു നീന്തിക്കുളിക്കുമ്പോൾ ഗാന്ധാരയിൽ വളർന്ന പെൺകുട്ടിയെ ഞാൻ സങ്കൽപ്പിക്കും."

"നീ എത്ര സ്വതന്ത്ര", ഗാന്ധാരി കിതച്ചു പടവിൽ ഇരുന്നു നെടുവീർപ്പിടും, "വിവാഹത്തിന് മുമ്പ് നീ രതിയനുഭവം പരീക്ഷിച്ചറിഞ്ഞു. വിവാഹത്തിന് ശേഷം നീ പാണ്ഡുവിനെ കിടപ്പറയിൽ നിന്ന് നീക്കി, ഭാവനാസമ്പന്നമായ ദാമ്പത്യേതര രതി പരീക്ഷണങ്ങളിലൂടെ അമ്മയായി. പുത്രവധു പാഞ്ചാലി പാണ്ഡവരെ കീഴ്പ്പെടുത്തി എന്നറിഞ്ഞപ്പോൾ അവരെ കുടിയേറ്റത്തിനയച്ച എനിക്ക് കൂട്ടുകാരിയും വഴികാട്ടിയുമാവുന്നു. നീ തന്നെ സ്വതന്ത്ര വനിത. നൂറ് മക്കളിൽ ദുശ്ശളയെ മാത്രമേ ഞാൻ പ്രസവിച്ചുള്ളൂ. ആൺകൗരവർ ധൃതരാഷ്ട്രരുടെ വിവാഹബാഹ്യസൃഷ്ടികൾ എന്നറിഞ്ഞിട്ടും, സ്വന്തം മക്കൾ എന്ന് അംഗീകരിക്കേണ്ടി വരുന്ന ഭീരു", ഗാന്ധാരി പൊട്ടിക്കരയുന്നു.

2018/11/02

"താരമൂല്യമുള്ള പാണ്ഡവ തല ഒന്ന് പോലും വെട്ടാതെ, പിതാമഹൻ, പത്താം ദിവസം, ശത്രു ഒരുക്കിയ ശരശയ്യയിൽ നീണ്ടു നിവർന്നു കിടക്കുമ്പോൾ, ഒരു സൈനിക പ്രതിസന്ധി നിങ്ങൾ മുന്നിൽ കാണുന്നുണ്ടോ?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"പ്രതിസന്ധിയാണോ? അതോ, അവസരമോ? നിങ്ങൾ കണ്ടതല്ലേ, പോർക്കളത്തിൽ ഭീഷ്മസാനിധ്യം നിസ്സാരമായിരുന്നു. കർണ്ണൻ നേരത്തെ തന്നെ മുന്നറിയിപ്പ് തള്ളിയതാണെന്റെ വീഴ്ച. ഭീഷ്മതേരാളിയുടെ വാക്കു വിശ്വസിക്കാമെങ്കിൽ, പിതാമഹൻ പലപ്പോഴും ചുറ്റും നോക്കി.

"ഒരു വിഭിന്നലിംഗ പോരാളി മുമ്പിൽ വന്നിരുന്നെങ്കിൽ ആയുധം താഴെയിട്ടു യുദ്ധം ബഹിഷ്കരിക്കാമായിരുന്നു" എന്നാണ് പിറുപിറുത്തിരുന്നത്. ശിഖണ്ഡി വന്നതും ഭീഷ്മർ അടിതെറ്റിവീണതും ഒക്കെ കണ്ടിട്ടും ഞാൻ മുഖം തിരിച്ചു. ആചാരമനുസരിച്ചു ഞാൻ സേനാധിപത്യം ഏറ്റെടുക്കാൻ ഭീഷ്മരെ ക്ഷണിച്ചപ്പോൾ, നായകപദവി പുതു

തലമുറയ്ക്ക് കൊടുക്കു എന്ന കലീന പ്രതികരണം ഞങ്ങൾ പ്രതീക്ഷിച്ചു. ഉടനെ സൈനികവേഷം ധരിച്ച പിതാമഹൻ, ഇടതും വലതും ആജ്ഞയുമായി, സംയുക്ത സഖ്യകക്ഷിയോഗം വിളിച്ചപ്പോൾ രോഷം നിയന്ത്രിക്കാൻ ഞാൻ പാടുപെട്ടു. എല്ലാം കഴിഞ്ഞു. ഇനി കർണ്ണനെ സേനാപതിയാക്കാൻ സാധിക്കുമോ? "അതോ ഗുരു ദ്രോണർ തടസ്സവാദവുമായി ഇടപെടുമോ? കാത്തിരിക്കു നാളെ രാവിലെ വരെ." അരക്കെട്ടു മുതൽ നഗ്നമായ ശരീരം നിറയെ വെട്ടും ചതവുമായിരുന്നിട്ടും, ആ ധീരസേനാനി ഒരു വട്ടം യമുനയിൽ നീന്തി വീണ്ടും ചാടാൻ തയ്യാറെടുക്കുകയായിരുന്ന സന്ധ്യ.

2018/11/03

"ആദ്യ പ്രശംസ ആരുടേതായിരുന്നു? എളുപ്പമല്ല ആ തിരക്കിനിടയിൽ ഒന്നൊന്നായി ഓർത്തെടുക്കാൻ എന്നറിയാം", കൊട്ടാരം ലേഖിക ചോദിച്ചു.

"ഒളിച്ചിരുന്ന ശത്രുവിനെ പാഞ്ചാലിയുടെ മുമ്പിൽ മുട്ട് കുത്തിച്ച കഴുത്തുവെട്ടുകയായിരുന്നു പതിമൂന്നു കൊല്ലമായി മോഹം. യുധിഷ്ഠിരൻ പക്ഷെ ദുര്യോധനന് അനുകൂലമായി സംസാരിച്ചപ്പോൾ, അടിച്ചു വീഴ്ത്താൻ നേരമെടുത്തു. കാഴ്ചക്കാരായി ആറേഴുപേർ. തളർന്നു ഞാൻ വീഴും മുമ്പ് ഗദ അതിന്റെ ജോലി ചെയ്തു. ഒടിഞ്ഞ തുടയെല്ലുമായി ശത്രു ചളിയിൽ വീഴുമ്പോൾ കേട്ട ആദ്യ പ്രശംസ പാഞ്ചാലിയുടേതായിരുന്നു.

"ദേ വീണു ദുര്യോധനൻ."

ഹസ്തിനപുരി കൊട്ടാര യോഗത്തിൽ മഹാരാജാവ് അത്യുന്നത സൈനിക പുരസ്കാരം തരുമ്പോൾ പോലും ആ പ്രകമ്പനം പിന്നീട് ഉണ്ടായിട്ടില്ല.

"നിഷിദ്ധതുടയിൽ അടിച്ചുതന്നെ കൊല്ലണോ, കുടുംബസ്വത്തിൽ ഓഹരി നേടാൻ?", ചളിയിൽ പുതഞ്ഞു വാവിട്ടു നിലവിളിക്കുന്ന ദുര്യോധനനെ നോക്കി കുന്തി പരിതപിച്ചു.

"എനിക്ക് നിർബന്ധമൊന്നും ഉണ്ടായിരുന്നില്ല. ഗാന്ധാരി അനുഗ്രഹിച്ചു നൽകി എന്ന് പറയപ്പെടുന്ന എന്തോ ദിവ്യബലം ഉള്ളത് കൊണ്ട്, നിഷിദ്ധമല്ലാത്ത മറ്റു ശരീരഭാഗങ്ങളിൽ ഭീമഗദാപ്രഹരം മാരകമാവില്ലെന്നു ദുര്യോധനൻ പരസ്യമായി വെല്ലുവിളിച്ചാൽ പിന്നെ പോരാട്ടം ജയിക്കാൻ ഞാനെന്തു ചെയ്യും", ഭീമൻ കൊച്ചു കുട്ടിയെ പോലെ കൊഞ്ചി.

2018/11/04

"വിവാഹബാഹ്യപ്രണയം വിവാദവിഷയമാക്കുന്നതിൽ വല്ലായ്മയുണ്ടെങ്കിലും, അഭിമുഖങ്ങളിൽ പാഞ്ചാലി അവകാശപ്പെടുന്ന പോലെ കൗരവർ അവളുടെ കാമുകരാണോ?", കുരുക്ഷേത്രയിലെ സൈനിക പാളയനിർമ്മിതിക്ക് മരങ്ങൾ മുറിക്കുന്ന സംഘത്തിന് നേതൃത്വം കൊടുക്കുന്ന ഇളമുറകൗരവനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"അഞ്ചോളം അംഗീകൃത ഭർത്താക്കന്മാർ അകമ്പടിക്കു കൂടെയുള്ള പാഞ്ചാലിക്ക് അഞ്ചിലധികം മനഃസ്സാക്ഷികളുണ്ട് എന്നതാണ് ഞങ്ങളെ വലക്കുന്ന

കാര്യം. അവളുടെ ആകർഷണ വലയത്തിൽ മിക്കപ്പോഴും സ്തംഭിച്ച ഞങ്ങൾ 'മൂക'സാക്ഷികളാവും, പരുക്കേൽക്കാതെ രക്ഷപ്പെടാൻ കുറുക്കുവഴിയെന്ന നിലയിൽ ചിലപ്പോൾ 'മാപ്പ്' സാക്ഷിയുമാവും."

"പ്രതിച്ഛായ പോലെ പവിത്രമാണോ കൊല ചെയ്യുന്ന രീതിയും?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ട് ചോദിച്ചു. ഒരർദ്ധസത്യം കൊണ്ട് ദ്രോണരെ വധിക്കാൻ സാധിച്ച സംതൃപ്തിയിലായിരുന്നു, നീരാടിക്കൊണ്ടിരുന്ന ധർമ്മപുത്രർ.

പ്രതിസന്ധിയിലും ശാന്തമായിരിക്കും മുഖഭാവങ്ങൾ എന്ന് പാഞ്ചാലി പ്രശംസിച്ചിട്ടുണ്ട്. ആർമാദിക്കില്ല. കുന്തമാണെന്റെ ആയുധം. ശത്രുവിന്റെ ഇടനെഞ്ചു നോക്കി ആഞ്ഞെറിഞ്ഞാൽ, സാവധാനം നടന്നു ചെന്ന് വലിച്ചൂരിയെടുക്കുമ്പോൾ ഇരയുടെ ശ്വാസം നിലക്കുന്നതു കരുണയോടെ കാണും. അടയുന്ന കണ്ണുകൾ നോക്കി മന്ത്രിക്കും, എന്റെ കൈകളാൽ വീരമൃത്യു വരിച്ച നിനക്ക് സ്വർഗ്ഗരാജ്യം എളുപ്പം. ആ നിലയിൽ നോക്കിയാൽ, ചോരക്കറയുള്ള കുന്തവുമായി അടുത്ത ശത്രുസംഹാരത്തിനായി തിരിഞ്ഞുനടക്കുമ്പോൾ ശുഭയാത്ര പറഞ്ഞുപിരിഞ്ഞ പോലെ ദൈവസാന്നിധ്യം തോന്നും.

"ആദ്യഭാര്യ എന്ന നിലയിൽ നിങ്ങളല്ലേ ചിതയിൽ ചാടാൻ യോഗ്യ? ആ പ്രത്യേകവകാശം പിന്നെ മാദ്രി എങ്ങനെ തട്ടിയെടുത്തു?" കൊട്ടാരം ലേഖിക ചോദിച്ചു. കൗമാരപ്രായത്തിലുള്ള അഞ്ചു അർദ്ധനഗ്നർ കുന്തിക്ക് ചുറ്റും നിലവിളിച്ചു കൊണ്ടിരുന്ന ശ്മശാനം.

"അന്തരീക്ഷമലിനീകരണം ഒഴിവാക്കാൻ പാണ്ഡു ജഢം തീകത്തിക്കുന്നതിനു പകരം രഹസ്യമായി കാട്ടിൽ കുഴിച്ചിടാം എന്ന നീക്കത്തിൽ ഞങ്ങൾ ശ്രമിക്കുമ്പോൾ, ഇടിച്ചു കയറി വന്ന സന്യാസികൾ, കുരുവംശത്തിന്റെ യമുനാതീര അന്ത്യവിശ്രമഘട്ടിൽ തന്നെ വേണം ഔദ്യോഗിക ബഹുമതികളോടെ ശവത്തിനു തീ കൊളുത്താൻ എന്ന് ആചാരപരമായി നിർബന്ധിച്ചു. ഒപ്പം, ചിതയിൽ ചാടാൻ നിങ്ങൾ രണ്ടു പേരും ഹൃദയപൂർവ്വം തയ്യാറാവണം എന്ന് ഒച്ചവെച്ചു അവർ ആളെക്കൂട്ടി. ചിത കത്തിപ്പിടിച്ചപ്പോൾ, 'എന്നെ തീയിൽ എറിയരുതേ എനിക്ക് മരിക്കണ്ട, എനിക്കിനിയും പുനർവിവാഹം ചെയ്തു ആനന്ദിച്ചു ജീവിക്കണം, ഈ ഷണ്ഡന്റെ ചിതയിൽ എന്നെ കരിപ്പിക്കരുതേ എന്നെ കൊല്ലരുതേ' എന്ന് വാവിട്ടു നിലവിളിച്ചാണ് മാദ്രി കത്തിയമർന്നത്. കുട്ടികൾ അഞ്ചു പേരും എന്നെ ഭീതിയിൽ വളഞ്ഞു, അമ്മാ തീയിൽ ചാടി ഞങ്ങളെ അനാഥരാക്കരുതെ എന്നവർ കാട്ടുഭാഷയിൽ യാചിക്കുന്നതാണ് ഇപ്പോൾ നിങ്ങൾ കാണുന്നത്."

2018/11/05

"പേരും പദവിയും നാവിൻതുമ്പിൽ തത്തിക്കളിക്കുന്നുണ്ട്. എന്നാൽ അത് നാടകീയമായി പൊതുവേദിയിൽ ഒരു സംഭവമാക്കി അവനെയും കൂട്ടരെയും സമൂഹമധ്യത്തിൽ നാണം കെടുത്താൻ നിങ്ങൾക്കെന്താണിത്ര മടി?", കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു, "ലൈംഗികാതിക്രമം ചെയ്തു പൊതുവേദിയിൽ ഞെളിയുന്നവനെ പിന്നെ എങ്ങനെ ശിക്ഷിക്കാനാണ്? ചൂതാട്ടസഭയിൽ മാധ്യമ വിലക്കുണ്ടായിരുന്നു എന്നറിയില്ലേ?" പാണ്ഡവർ അഞ്ചുപേരുമൊത്തു നഗ്നപാദപാഞ്ചാലി പന്ത്രണ്ടു വർഷ വനവാസത്തിനു പുറപ്പെടുന്ന നേരം.

“ഹസ്തിനപുരി സാമ്രാജ്യത്തിൽ അടിമവ്യാപാരവും ചൂതാട്ടവും നൂറ്റാണ്ടുകളായി തുടരുന്നതല്ലേ കാരണം? പാഞ്ചാലി എന്ന ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയാണോ വസ്ത്രാക്ഷേപത്തിലൂടെ ഇന്നലെ അപമാനിക്കപ്പെട്ടത്? അതോ, അരനിമിഷത്തിൽ പദവി മാറിയ പാഞ്ചാലിയോ? എന്നെ കൗരവ അടിമയാക്കിയ യുധിഷ്ഠിരനാണോ പ്രതിക്കൂട്ടിൽ പൊരിക്കപ്പെടേണ്ടത്? അതോ, നിയമവിധേയമായി അടിമയുടെ ഉടുതുണിയിൽ കൈവച്ച ഉടയോനോ?”

“യുദ്ധത്തിന് തയ്യാറെടുക്കുകയാണോ?”, കൊട്ടാരം ലേഖിക ചോദിച്ചു, “എവിടെ തിരിഞ്ഞൊന്നു നോക്കിയാലും വാടിയ മുഖങ്ങളും ഒട്ടിയ വയറും കാണുന്ന നാടിനു രണ്ടാമതൊരു യുദ്ധക്കെടുതി സഹിക്കാനാവുമോ?”

“അടിച്ചേൽപ്പിക്കുകയല്ലേ ഞങ്ങളിൽ യുദ്ധം? കുരുക്ഷേത്രയിൽ കൗരവർക്കൊപ്പം യുദ്ധം ചെയ്ത നാട്ടുരാജ്യങ്ങൾ ഞങ്ങൾക്കെതിരെ സംഘടിച്ചിരിക്കയാണ്. സൈനിക വിധവകൾക്കും കുടുംബങ്ങൾക്കും ജീവിത ചെലവ് ഹസ്തിനപുരി ഏറ്റെടുക്കുമെന്ന് വാഗ്ദാനം കൊടുത്താണ് ദുര്യോധനൻ ഓടി നടന്നു സഖ്യകക്ഷി സൈനികരെ കുരുക്ഷേത്രയിൽ കൂടെ കൂട്ടിയത്. അവകാശവാദങ്ങളുമായി നിത്യവും ഓരോ നാട്ടിൽ നിന്ന് പ്രതിനിധികൾ ഇവിടെ കുതിരപ്പന്തികളിൽ പ്രചരിപ്പിക്കുന്ന കഥകളൊന്നും പകേൾക്കാറില്ല? അതോ, കൊട്ടാരം ഊട്ടുപുരയിൽ മാട്ടിറച്ചി തിന്നു കഥ മെനയുകയാണോ? ഹസ്തിനപുരിയുടെ അഖണ്ഡതക്കു വേണ്ടി ജീവത്യാഗം ചെയ്തവർ എന്നാണവർ മേനി പറയുന്നത്. യുദ്ധത്തിൽ തോറ്റ രാജ്യത്തിൽ നിന്ന് ജേതാക്കൾ കപ്പം നേടുന്നത് പതിവായിരിക്കാം, തോറ്റ രാജ്യങ്ങൾ സംഘടിച്ചു ജേതാക്കളിൽ നിന്ന് നഷ്ടപരിഹാരം തേടുമ്പോൾ ഞങ്ങൾ അഹിംസ മന്ത്രിച്ചു താടിക്കു കയ്യും വച്ചിരിക്കണോ?”

2018/11/07

“ഏതു കുഴഞ്ഞുമറിഞ്ഞ ആവാസ വ്യവസ്ഥയിലും കാണാം ഒരു സ്വതന്ത്ര വനിതക്ക്, ആരും അതിക്രമിച്ചു കയറാൻ ധൈര്യം വരാത്ത ഇടം. അത്തരം ഏകാന്ത നിമിഷങ്ങളിൽ പാഞ്ചാലി മൂളിപ്പാട്ട് പാടുമോ?, വായിക്കുമോ, എഴുതുമോ, അതോ മതിമറന്നു നൃത്തം ചെയ്യുമോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“സ്വകാര്യ ഇടം എന്ന പെണ്ണവകാശം പാഞ്ചാലിയുടെ കാര്യത്തിൽ എനിക്ക് പരിചയമുണ്ട്. നേരിൽ കാണാൻ ഒരിക്കൽ രണ്ടും കല്പ്പിച്ചു ഒരു ചാരനെ പോലെ പതുങ്ങി പതുങ്ങി പാഞ്ചാലിക്കു പിന്നിൽ ചെന്ന് അവൾ എന്താണ് ഇത്തവണ പതുക്കെ പാടുന്നത് എന്ന് ഞാൻ ചെകിടോർത്തു. കേട്ടപ്പോൾ, ഞെട്ടി പിന്തിരിഞ്ഞു. പിന്നെ ഞാൻ അവളുടെ ഏകാന്തതയിൽ കയറി ചെന്നിട്ടില്ല. എന്തായിരുന്നു അതെന്നോ? അതൊരു കുഴപ്പം പിടിച്ച പാടൽ ആയിരുന്നു. ഭർത്താവ് കേൾക്കാൻ പാടില്ലാത്ത ഒന്ന്. പടിഞ്ഞാറു കടലോരനഗരത്തിലേക്കു നോട്ടമെറിഞ്ഞു മോഹന രാഗത്തിൽ സ്വാഗതം കൃഷ്ണാ പാടി പ്രിയപ്പെട്ടവനെ അവൾ സ്വാഗതം ചെയ്യുകയായിരുന്നു. അവളുടെ ഭർത്താവ് മാത്രമല്ല ഇഷ്ടകാമുകനെന്നു തെറ്റിദ്ധരിച്ച ഞാൻ നിസ്സഹായനായ നേരം. ചിതയുണ്ടായിരുന്നെങ്കിൽ ദേഹത്യാഗം ചെയ്യാൻ തോന്നിയ അഭിശപ്തമുഹൂർത്തം.”

“സത്യഭാമയെ നിങ്ങൾ തേച്ചൊട്ടിച്ച കഥ കേട്ടറിഞ്ഞിട്ടുണ്ട്. എന്നാൽ അർജ്ജുനഭാര്യ സുഭദ്ര ആദ്യദർശനത്തിൽ തന്നെ നിങ്ങളുടെ വായടച്ചുവോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനവാസക്കാലം.

“അടവുകൾ പയറ്റിത്തെളിഞ്ഞ സത്യഭാമയെവിടെ? ശിശുഹൃദയമുള്ള സുഭദ്രയെവിടെ?” എങ്കിലും എന്നെ ഒന്നടിതെറ്റിക്കാൻ സുഭദ്രക്കായി എന്ന് ഞാൻ സമ്മതിക്കുന്നു. അതും ഞാൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയായിരിക്കുമ്പോൾ. അർജ്ജുനൻ പുറത്തുപോയപ്പോൾ സുഭദ്ര എന്നെ മുടി മുതൽ കാലടി വരെ നോക്കി അത്ഭുതപ്പെട്ടു, “കൊച്ചുസുന്ദരീ, അഞ്ചു പ്രസവിച്ച ശരീരമാണോ ഇത്?”

2018/11/08

“സ്വത്തുതർക്കത്തിന്നതീതമായി പാണ്ഡവർക്കും കൌരവർക്കുമിടയിലൊരു സംഘർഷഭൂമികയുണ്ടെന്നു നേരനുഭവത്തിലൂടെ നിങ്ങൾ തിരിച്ചറിഞ്ഞതെപ്പോഴായിരുന്നു?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“വിവാഹം കഴിഞ്ഞു ഹസ്തിനപുരി കൊട്ടാരസമുച്ചയത്തിൽ വീട് പ്രതീക്ഷിച്ചു ഞങ്ങൾ നഗരാതിർത്തിയിലെ അതിഥിമന്ദിരത്തിൽ കഴിയുമ്പോൾ, ദുര്യോധനൻ നിത്യവും സന്ധ്യക്ക് വന്നു ഞങ്ങൾക്കനുവദിക്കാൻ പോവുന്ന രാജകീയവസതിയിൽ പുതുതായി വേണ്ടുന്ന സൌകര്യങ്ങളെ കുറിച്ച് സരസമായി ഓരോന്ന് ചോദിക്കും. ഇക്കാര്യങ്ങളെ കുറിച്ചൊന്നും അറിവോ അനുഭവമോ ഇല്ലാത്ത പാണ്ഡവർ, അപ്പോൾ ഒളിഞ്ഞു നിന്ന് ഞങ്ങളെ നിരീക്ഷിക്കും. പുതുസൌകര്യങ്ങളെ കുറിച്ച് ഞാൻ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ മതിപ്പോടെ ദുര്യോധനൻ കേട്ട് സമ്മതഭാവത്തിൽ തലയാട്ടും. ആഹ്ലാദവും അഭിമാനവും തോന്നുന്നത്ര ഹൃദ്യമായ പെരുമാറ്റമായിരുന്നു ദുര്യോധനന്റേത് എന്നതിൽ എനിക്കപ്പോൾ തോന്നിയ ഊഷ്മളത, യാത്ര പറയുന്ന സമയം വളരെ നീളും. യാത്രയാക്കി മടങ്ങി വന്നാൽ, പത്തു കണ്ണുകൾ തുറിച്ചും മറിച്ചും നോക്കി രാത്രി ഭീതിതമാക്കും.”

2018/11/09

“ദാമ്പത്യത്തിലെ പ്രണയം വിചിത്ര സങ്കൽപ്പമാണെന്നു പറയുന്നവരുണ്ട്. നിങ്ങൾക്കിടയിൽ പ്രണയം ഒരു നിറസാന്നിധ്യമായിരിക്കാം, എന്നാൽ അത് എപ്പോഴെങ്കിലും തർക്കവിഷയമായിട്ടുണ്ടോ? ദാമ്പത്യ അവിശ്വസ്തത പാണ്ഡവർക്കിടയിൽ പതിവാണെങ്കിലും, പ്രണയപാഞ്ചാലിയെ പൂർണ്ണമായും സ്വന്തമാക്കാൻ മോഹിക്കുന്ന ഒന്നിലധികം പാണ്ഡവഹൃദയങ്ങളെ എനിക്കറിയാം.” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. ജലാശയത്തിൽ പാണ്ഡവർ മലർന്നു നീന്തുന്നത് ദൂരെ നിന്ന് കാണാമായിരുന്നു. വനവാസക്കാലം.

“ഒരു പ്രാവശ്യം ഞങ്ങളുടെ നീണ്ട ദാമ്പത്യത്തിൽ പ്രണയം എന്ന പദം പരാമർശിക്കപ്പെട്ടു. ഒരേ പായ പങ്കിടുന്നവരുമായുള്ള നിത്യകുടുംബബന്ധത്തിൽ പ്രണയത്തിനെന്തു പ്രസക്തി എന്ന് അർജ്ജുനൻ നിർജ്ജീവശബ്ദത്തിൽ അപ്പോൾ ചോദിച്ചു. മറ്റു നാലു പേരും അനുകൂല മുഖഭാവത്താൽ ശരി വച്ചു. അതോടെ പ്രണയം എന്ന വികാരം, അങ്ങനെ ഒന്നുണ്ടെങ്കിൽ, ഞങ്ങൾക്കിടയിൽ നിന്ന് എന്നെന്നേക്കുമായി അപ്രത്യക്ഷമായി.”

“പോറലേൽക്കാതെ പാണ്ഡവർ രക്ഷപ്പെട്ടത് കുന്തിയുടെ സഞ്ചിത പുണ്യം കൊണ്ടാണെന്ന വിദുരർ ഇന്നലെ പറയുന്നത് കേട്ടല്ലോ. മിതഭാഷിയെന്ന പേരു കേട്ടയാൾ അത്യുക്തിയിൽ അഭിരമിക്കുന്ന എന്ന തോന്നലുണ്ടോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര അനിശ്ചിതത്വത്തിന്റെ നാളുകൾ.

തൊലിപ്പുറമേ ചോര പൊടിയാതെ അഞ്ചുപേരും പോർക്കളത്തിൽ നിന്ന് പുറത്തു ചാടി എന്നതൊരു ആകസ്മിതയെന്ന കരുതിയ എനിക്കൊരു പക്ഷെ തെറ്റി. എന്നാൽ, പാണ്ഡവർ അഞ്ചു പേരും, എന്റെ മേൽനോട്ടത്തിൽ, മാനസിക രോഗത്തിന് രഹസ്യ ചികിത്സ നേടുന്നവരാണെന്ന സത്യം.

“സഞ്ചിത പുണ്യവതി” അറിയാതിരിക്കട്ടെ.

2018/11/10

“ദൂരെ ദൂരെ, ഗംഗാ സമതലത്തിൽ നിന്ന് ഇടയ്ക്കിടെ നിങ്ങൾ ഞങ്ങളെ വന്നു കണ്ടു തിരിച്ചു പോവുന്നതിന്റെ രഹസ്യമെന്ത്?”, നകുലൻ കൊട്ടാരം ലേഖികയോട് ചോദിച്ചു.

“നാലു ചുവരെഴുത്ത് പതിപ്പുകൾ ഉള്ളതിൽ ഒന്ന് കൗരവ രാജസ്ത്രീകളുടെ നൂറോളം വസതികളിലെ അന്തേവാസികളെ വായനക്കാരായി ലക്ഷ്യമാക്കുന്നു. അവർക്ക് ഗംഗയോ ഹിമാലയമോ കൗതുകവാർത്തയല്ല, ‘കൗരമ അടിമ പാഞ്ചാലി’യുടെ പരിദേവനങ്ങൾ മതി. കൊട്ടാര സമുച്ചയത്തിലെ ചുവരെഴുത്തുപതിപ്പ് മാത്രമാണ് ‘ഹസ്തിനപുരി പത്രിക’ എനിക്ക് അനുവദിച്ചു തന്നതെങ്കിലും, കുരുവംശഹത്യ ഒരിതിഹാസത്തിനു ഭാവിയിൽ വിഷയമാവുമെങ്കിൽ, എന്റെ ‘പാഞ്ചാലീ അഭിമുഖങ്ങളി’ൽ വ്യക്തമാവുന്ന പെണ്ണവകാശ പോരാട്ടങ്ങൾക്ക്, കൗരവപാണ്ഡവരുടെ സ്വത്തവകാശത്തർക്കത്തെക്കാൾ സാമൂഹ്യശാസ്ത്രപരമായ ലോകശ്രദ്ധ കിട്ടുമെന്നാണ് പ്രത്യാശ. അതാ, കുളി കഴിഞ്ഞു ഈറനുമായി പാഞ്ചാലി മുറ്റത്തെത്തിക്കഴിഞ്ഞു, ഒരു കൈ ഞാൻ സഹായിക്കട്ടെ?”

“നിങ്ങൾ ആളൊരു വിമതനാണെന്നറിയാം പക്ഷെ മദ്യപിച്ചു കെട്ടുകഥ പറയാനുള്ള നേരമാണോ ഇത്?”, ചാർവാകനോട് കൊട്ടാരം ലേഖിക ചോദിച്ചു. കുരുക്ഷേത്ര പതിമൂന്നാം ദിവസം.

“എന്തുകൊണ്ടായിരുന്നു ചിതയിൽ വച്ചിരുന്ന അഭിമന്യുജഡം കുഴി കുത്തി പാണ്ഡവർ മറവു ചെയ്തത് എന്ന് നിങ്ങൾ അന്വേഷിച്ചുവോ? അർജ്ജുനനാണ് ഈ കൃത്രിമ ശരീരനിർമിതിയുടെ ഉപജ്ഞാതാവ് എന്നൊന്നും നിങ്ങൾ തിരിച്ചു പോയി എഴുതിക്കളയരുത്. അയോധ്യയിൽ നിന്ന് വനവാസത്തിൽ പോവുമ്പോൾ സീതയെ ഇങ്ങനെ ഒളിപ്പിച്ചുവച്ചു, ഒരു ‘നിർമ്മിതിസീത’യെ കാട്ടിലേക്കയച്ചിരുന്നു. മഹാഭാരതയുദ്ധത്തിന്റെ ഗതി മാറ്റാൻ അതിവൈകാരിക സമ്മർദ്ദമുണ്ടാക്കുന്നൊരു ചതിക്കൊല വേണമെന്നൊരു യുദ്ധതന്ത്രആവശ്യം രഹസ്യമായി നടപ്പിലാക്കിയതിന്റെ ഭീകരമായ ഫലം, വരും ദിവസങ്ങളിൽ നാമൊക്കെ കാണും. സുഭദ്രയുടെ മകൻ അഭിമന്യു ഇപ്പോൾ ബലരാമനൊപ്പം പുണ്യസ്ഥലികളിൽ തീർത്ഥയാത്രയിലാണ്.”

2018/11/12

“ഇന്ദ്രപ്രസ്ഥം കാലത്ത് ക്രമമനുസരിച്ച് പാണ്ഡവരിൽ നിന്ന് ഗർഭം ധരിച്ച ജന്മം നൽകിയ ആൺകുട്ടികളഞ്ചു പേരെയും പോറ്റി വളർത്താൻ പാഞ്ചാലയിലേക്ക് നവജാതശിശുവിനെ സ്വയം കൊണ്ട്പോയ നിങ്ങൾ, പക്ഷെ, വഴിയിലുള്ള ഹസ്തിനപുരിയിൽ സ്ഥിരതാമസമാക്കിയിരുന്ന പാണ്ഡവമാതാവ് കുന്തിയെ ഒരിക്കലും ചെന്ന് കണ്ടില്ല എന്നാണ ചക്രവർത്തി യുധിഷ്ഠിരൻ പരിഭവിക്കുന്നത്. കുന്തിക്ക് കൊച്ചുമക്കളെ ഒന്ന് കാണണ്ടേ?” കൊട്ടാരം ലേഖിക ചോദിച്ചു.

“പനംകുട്ടയിൽ വച്ചു പുഴയിലൊഴുക്കിയും, ഗംഗയിൽ മുക്കിക്കൊന്നും പേറ്റുചൂരുള്ള കുഞ്ഞുങ്ങളെ ‘പരിചരണം’ ചെയ്യുന്ന സ്നേഹനിധികളായ അമ്മമാർ വസിച്ച ഹസ്തിനപുരി കൊട്ടാരത്തിൽ കയറാതിരിക്കുന്നതല്ലേ പാവം എന്റെ കുട്ടികൾക്ക് നല്ലത്?”

2018/11/13

“സുഖമില്ലെന്നു നീ പറഞ്ഞത് കൊണ്ട് ഞങ്ങളഞ്ചുപേരും ഊട്ടുപുരയിലാണ് കിടന്നത്. ക്ഷുദ്രജീവികൾ കാരണം ഉറക്കം തടസ്സപ്പെട്ടിരുന്നു. രാത്രി പതിവില്ലാത്ത ശബ്ദം കേട്ട് എഴുന്നേറ്റിരുന്നു ചെവിയോർത്തു-വേണുഗാനവും കളിയും ചിരിയും. ശരീരത്തിന് സുഖമില്ലാത്തപ്പോഴും, അത്തരം പരമാനന്ദങ്ങൾ നിനക്കുണ്ട് അല്ലേ?” നിർവൃതിയിൽ അർച്ചന ചെയ്തിരുന്ന പാഞ്ചാലിയോട്, മറവിൽ നിന്ന് പുറത്തു വന്ന ഭീമൻ ചോദിച്ചു.

“ദുര്യോധനാ നിന്റെ കഥ ഞാനിന്നു കഴിക്കും” എന്ന് മുഷ്ടി ചുരുട്ടി എന്റെ അരക്കെട്ടിലിടിച്ചു നിങ്ങൾ അർദ്ധരാത്രി കൊലവിളിക്കുമ്പോൾ, വഴങ്ങുകയാണോ ഞാൻ പതിവ്?, അതോ നിങ്ങളുടെ സ്വകാര്യതയിൽ ഇടപെട്ടു ചോദ്യം ചെയ്യുകയാണോ?

“കബളിപ്പിക്കപ്പെട്ടു എന്ന തോന്നലുണ്ടായോ കൗരവൻ നിങ്ങളെ അംഗരാജാവായി വാഴിച്ചപ്പോൾ?” കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

“പ്രച്ഛന്നവേഷമെന്നറിഞ്ഞുതന്നെയാണ് പട്ടാഭിഷേകത്തിനു വഴങ്ങിയത്. വിദ്യാർത്ഥികളായിരുന്ന ഞാനും ദുര്യോധനനും പരിസമാപ്തിയിലെത്തിച്ച ആ തട്ടിപ്പ പക്ഷെ, പാണ്ഡവർ മുഖവിലക്കെടുത്തു എന്നതാണ് ഞങ്ങളുടെ വിജയം. ആയുധമത്സരത്തിൽ പങ്കെടുക്കാൻ എത്തിയ എന്നെ, ജാതി ചോദിച്ചു നാറ്റിക്കാനല്ലാതെ കാട്ടിൽ ജനിച്ചു വളർന്ന ഭീമനുണ്ടോ അംഗരാജ്യം എവിടെയാണെന്ന് നെഞ്ചുവിരിച്ചു വെല്ലുവിളിക്കാൻ ധൈര്യം? ഒരു പണത്തൂക്കം പൊന്നില്ലാത്ത വ്യാജകിരീടം ധരിച്ചു ഞാൻ വാണിജ്യവീഥിയിൽ പോവുമ്പോൾ, ഭീമൻ ഇന്നലെ കൂടി ഓച്ചാനിച്ചു നിൽക്കുന്നത് ഒളിനോട്ടത്തിൽ കാണാമായിരുന്നു.”

“കൂറു മാറാൻ പ്രലോഭനമുണ്ടായിട്ടും, പാണ്ഡവ പക്ഷത്തേക്കു പോവില്ലെന്നുറപ്പിക്കാൻ മാത്രം ദുര്യോധനനോട് നിങ്ങൾ അടിമപ്പെട്ടിരുന്നോ?” കൗരവ സൈന്യാധിപ പദവിയേറ്റ കർണ്ണനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഒടുങ്ങാത്ത സഖ്യം വേണമെന്ന ദുര്യോധനന്റെ ആദ്യ ആവശ്യത്തിന് ആയുഷ്കാല അംഗീകാരം കൊടുത്തു. അവൻ എന്നോട് ഐക്യപ്പെട്ടു, വളർച്ചക്കായി തുണച്ചു. പ്രലോഭനത്തിനു വഴങ്ങി പാണ്ഡവ പക്ഷത്തേക്ക് പോയാൽ, കുന്തി ജീവിച്ചിരിക്കുന്നിടത്തോളം മഹാരാജാ പദവി വഹിക്കുമായിരിക്കാം, പക്ഷെ പിന്നെ

നേരിടുക പാഞ്ചാലിയുൾപ്പെടെ ആറു പ്രതിയോഗികളെ ആയിരിക്കും. ഇന്ന് രാത്രിയോടെ നിങ്ങൾക്കറിയാനാവും, പ്രകൃതി എന്നെ കൈവിടുമോ? അർജ്ജുനനെ നിലനിർത്തുമോ?"

2018/11/14

"ഖാണ്ഡവ വനത്തിലേക്ക് കുടിയേറും മുമ്പ് ഹസ്തിനപുരിയിലെ ഇടക്കാലത്തിൽ കൗരവ പ്രേമാഭ്യർത്ഥന തിരസ്കരിച്ചിട്ടും, 'അവർ കൂട്ടം ചേർന്നോ ഒറ്റക്കോ എന്നെ വക വരുത്താൻ ശ്രമിച്ച ഓർമയില്ലെ' ന്ന് നിങ്ങൾ സത്യവാങ്മൂലം കൊടുത്തതായി കേട്ടു. 'ഹീനവ്യക്തി' കളെ മഹത്വപ്പെടുത്തേണ്ട കാര്യം?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. പാണ്ഡവർ തീ വച്ച വനത്തിൽ പുക ഉയർന്നു വായു മലിനപ്പെട്ടിരുന്നു.

"പ്രണയതിരസ്കാരത്തിലും പ്രതികാര ബുദ്ധിയില്ലാത്തതു ഗാന്ധാര കുലീനതയല്ലേ? പ്രലോഭനമുണ്ടായി. വൈകാരികമോ ശാരീരികമോ ആയ പരാക്രമം ഉണ്ടായില്ല, നേരിട്ട് കയ്യിൽ തന്ന സന്ദേശങ്ങളിൽ എല്ലാറ്റിലും കാണാമായിരുന്നു സംശയാതീതമായ ആധികാരികത. ഇതൊന്നുമില്ലാത്ത പാണ്ഡവരെ പായക്കൂട്ടിൽ പങ്കുകാരാക്കുന്ന ഞാൻ ഏതു ഭാഷ കൊണ്ടു വേണം കൗരവരെ അടയാളപ്പെടുത്തുവാൻ?"

2018/11/15

"നിങ്ങളഞ്ചു പേരോടും പാഞ്ചാലി ഒരുപോലെ ഹൃദ്യമായി പെരുമാറുന്നൊരു പൊതുസന്ദർഭമുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവർ മാത്രമുണ്ടായിരുന്ന നേരം.

"പരിപൂർണ്ണ ആധിപത്യവും നിയന്ത്രണവും ഉണ്ടെന്നവൾക്കുത്തമബോധ്യം വരുന്ന അപൂർവ്വം സാഹചര്യത്തിൽ, ഞങ്ങളോട് കാണിക്കുന്ന ഊഷ്മളതയും ഉല്ലാസഭാവവും എങ്ങനെ മറക്കും. എന്നാൽ, ഞങ്ങളിൽ ആരെങ്കിലുമൊരാൾ കരുതലില്ലാതെ അവളോട് കലഹിക്കാനോ, വിയോജിക്കാനോ ശ്രമിച്ചാൽ, തകർന്നു വീഴുകയായി ആ 'ഹൃദ്യ' ചില്ലുകൊട്ടാരം."

"ഉച്ചഭക്ഷണം കഴിഞ്ഞ ഉടൻ മറ്റു പാണ്ഡവർ മന്ത്രാലയങ്ങളിലേക്ക് പോവുമ്പോൾ, ഭീമനും നകുലനും മാത്രമെന്താ ആട്ടുകട്ടിലിൽ സ്വൈരസല്ലാപം?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര നവ പാണ്ഡവ ഭരണകാലം.

"ഉച്ചയുറക്കത്തിനുമുമ്പ് ദുര്യോധനവധം നേർസാക്ഷിമൊഴി നകുലനിൽ നിന്നയാൾക്ക് നിത്യവും കേൾക്കണം. മഹാറാണിയുടെ അന്തഃപുരത്തിലേക്കു അനുമതിയില്ലാതെ കയറി, ദാമ്പത്യരഹസ്യം ചോർത്തുന്ന പത്രപ്രവർത്തകരേ, നിങ്ങൾ മറന്നുപോവരുതേ, ആയിരം പൂർണചന്ദ്രന്മാരെ കണ്ടു കഴിഞ്ഞ ഭീമനിപ്പോൾ ഹസ്തിനപുരിയുടെ ഭാവിസുരക്ഷയെക്കാൾ കൗതുകം ഭൂതകാലത്തിലെ വർണോജ്ജ്വലമായ കുരുക്ഷേത്രമാണ്."

"കേഴുന്നുവോ കൊട്ടാരഗുരു?" കൊട്ടാരം ലേഖിക ചോദിച്ചു.

"പാണ്ഡവവംശഹത്യക്ക് കൗരവകൊലയാളികളുടെ കൂടെ കത്തി മൂർച്ച കൂട്ടി കുരുക്ഷേത്രയിൽ പതിനെട്ടു നാൾ ഞാൻ പോരാടി എന്ന് നിങ്ങൾ എഴുതിപ്പിടിപ്പിച്ച

ല്ലേ? സ്വത്തുതർക്ക പരിഹാരത്തിന് നയതന്ത്രതലത്തിൽ ചർച്ച വഴിമുട്ടിയപ്പോൾ, നേരിയ ബലപരീക്ഷണം നടത്തിയെന്നല്ലേ ഉള്ളൂ? ജീവഹാനി സ്വാഭാവികമല്ലേ? യുദ്ധം ചെയ്താലും തപസ്സിരുന്നാലും, എല്ലാം വിശാല കാഴ്ചപ്പാടിൽ വേണ്ടേ വിലയിരുത്താൻ? എന്റെ യുദ്ധപരിചരണത്തിന് ദുരർത്ഥം 'ഹസ്തിനപുരി പത്രിക' കൊടുക്കുമ്പോൾ, നിലത്തു ചമ്രം പടിഞ്ഞിരുന്ന ഹരിശ്രീ പഠിക്കുന്ന ഈ കുട്ടിയെ നോക്കൂ. പരീക്ഷിത്ത്, അഭിമന്യുവിന്റെ ഏക മകൻ. മന്ദബുദ്ധിയാണെന്നു കരുതി ഞാനവനെ ശിക്ഷിക്കാൻ തുടങ്ങിയാൽ കുരുവംശത്തിൽ രാജാവില്ലാതെ പോവില്ലേ."

2018/11/16

"സമയം കിട്ടിയില്ലെന്ന് വരും. അജ്ഞാതവാസം കഴിഞ്ഞ സ്ഥിതിക്ക് യുദ്ധകാഹളത്തിന്റെ ബഹളമായിരിക്കും. ഈ മരം ചാരിയിരുന്ന അടുക്കും ചിട്ടയും നോക്കാതെ ബോധധാരാ രീതിയിൽ ഭൂതകാലത്തിലേക്ക് ഊളിയിട്ടാൽ മതി, വരുംയുഗത്തിലേക്ക് നിങ്ങളുടെ ഔദ്യോഗിക ആത്മകഥ ആധികാരികതയോടെ കൈമാറാം, സഹകരിച്ചുകൂടെ?", വിരാട സൈനികമേധാവിയായിരിക്കെ ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ട യുവകീചകന്റെ അന്ത്യവിശ്രമസ്ഥലിയിൽ പുഷ്പാർച്ചന ചെയ്യുകയായിരുന്ന പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഇന്ദ്രപ്രസ്ഥത്തിലും വനവാസത്തിലും നിങ്ങൾക്ക് കിട്ടിയത് നാഴികക്കല്ലുകൾ മാത്രം, ഇനി അവക്കടിയിലെ കരിക്കുന്നൻമാരെയും പഴുതാരകളെയും ഞാൻ തന്നെ വേണോ പുറത്തെടുക്കാൻ?"

2018/11/17

"വിരണ്ടുവോ സ്ത്രീഹൃദയം? കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു.

"ഗദ കുലുക്കി വന്നത് ഭീമനാണോ ഭീഷ്മരാണോ എന്നൊന്നുമല്ല കാര്യം. ദശാബ്ദങ്ങളായി രാജവധുക്കളും കൗരവകുടുംബങ്ങളും അന്തിയുറങ്ങിയ ഇടങ്ങളിൽ നിന്ന് അർദ്ധരാത്രി മുടികുത്തിപ്പിടിച്ച് പുറത്തേക്കെറിഞ്ഞപ്പോൾ നിലത്തു ചമ്രം പടിഞ്ഞിരുന്ന ദുര്യോധനനാമം ജപിച്ചതാണ് ഭരണകൂടകിങ്കരന്മാരെ ചൊടിപ്പിച്ചത്. നാമജപം നിർത്തി പാണ്ഡവ സുവിശേഷത്തിനു ചെവിയോർക്കാൻ ചാരമേധാവിയെന്ന പദവിയിൽ ഞങ്ങളിലേക്ക് പാലം പണിയുന്ന നകുലൻ പറഞ്ഞു. അവന്റെ വാക്കുകളിൽ തേനുണ്ടെങ്കിലും ഉള്ളിൽ വിഷമാണെന്നറിയുന്ന കൗരവ അനാഥകൾ ജപശബ്ദം നിലനിർത്താത്തതവരെ ക്രുദ്ധരാക്കി. ഭരണകൂടത്തെ പ്രകോപിപ്പിച്ചാൽ എന്ന് മുരണ്ടുകൊണ്ടവർ ഒരു പാവം പുതുതലമുറ കൗരവകുമാരിയുടെ മടിക്കുത്തിൽ കടന്നു പിടിച്ചപ്പോൾ കേട്ടു, ആകാശത്തു നിന്നു അശരീരിപോലൊരു ദിവ്യശബ്ദം, തുടർന്നതാ അടികൊണ്ടു ചളിവെള്ളത്തിലേക്കു തെറിച്ചുവീഴുന്ന ഭീമനും-അപ്പോൾ ഞങ്ങൾക്ക് മനസ്സിലായി, മുറിവേറ്റ ശരീരം ദുര്യോധനൻ കുരുക്ഷേത്രയിൽ എന്നോ ഉപേക്ഷിച്ചെങ്കിലും, ആശ്രിതരോടുള്ള കരുണയും കരുതലും അവൻ സൂക്ഷ്മലോകത്തിൽ ഇന്നും തുടരുന്നു."

"രാജമാതാ സത്യവതി ചെയ്ത അവിവേകമായിരുന്നു മനോഹാരികളായ നിങ്ങൾ ഇരുവരെയും ക്ഷയരോഗി വിചിത്രവീര്യന്റെ കിടക്കയിലേക്ക് എറിഞ്ഞു കൊടുത്തത്. അയാൾ ചോര തുപ്പി മരിച്ചപ്പോൾ, സത്യവതി ഇനിയൊരു അക്രമം ചെയ്തു,

തടിച്ച കുറിയ ഒരു സന്യാസിക്കു പ്രവേശനം നൽകി. കാശിരാജകുമാരികളായിരുന്ന നിങ്ങളുടെ സ്വയംവരത്തിൽ വന്നു തട്ടിക്കൊണ്ടു വന്നു, ഹസ്തിനപുരി കൊട്ടാരത്തിലെ അശ്ലീല രതിക്കു ഇരയാക്കിയ ഭീഷ്മരെ നിങ്ങൾ പൊറുത്തുവോ? അതോ, ഉള്ളിൽ കനൽ വിടാതെ എരിഞ്ഞുവോ?" കൊട്ടാരം ലേഖിക അംബിക അംബാലിക എന്നീ രാജസ്ത്രീളോട് ചോദിച്ചു. കൊട്ടാരക്കെട്ടിനു പിന്നിലെ മാന്തോപ്പുകളിൽ അവർ നടന്നു.

"വിചിത്രവീര്യൻ ഷണ്ഡനായിരിക്കാം എന്ന് ഞങ്ങൾ സത്യവതിയോട് പറഞ്ഞപ്പോൾ, ഭീഷ്മരെ പ്രലോഭിപ്പിക്കാനാണ് നിർദ്ദേശിച്ചത്. ആ ദൗത്യവും അപമാനകരമായിരുന്നു. താടിയും മുടിയും നരച്ച പിതാമഹപദവിയിലെത്തിയിരുന്ന ഭീഷ്മരെ, ഇനിയും വിധവകളായിട്ടില്ലാത്ത രണ്ടു പേർ നിത്യജീവിതസാഹചര്യങ്ങളിൽ നിർല്ലജ്ജം പരിപാലി ക്കേണ്ടി വന്നത് പെണ്ണഭിമാനത്തിനേറ്റ പ്രഹരമായി. ഒരു വശത്തു വിചിത്രവീര്യൻ പേപിടിച്ച പായിൽ ഞങ്ങളെ രാത്രി മുഴുവൻ വട്ടം കറക്കി. പകൽ പിതാമഹനെ പ്രലോഭിപ്പിക്കാൻ ഞങ്ങൾ വേഷം കെട്ടി പരാജയപ്പെട്ടു. കൃത്യനിർവ്വഹണത്തിൽ അനാസ്ഥ കാട്ടിയെന്നാരോപിച്ചു സത്യവതി പിന്നീട് ഞങ്ങളുടെ കിടക്കയിലേക്കെറിഞ്ഞ ആൾരൂപമായിരുന്നു തടിച്ച കുറുകിയ ശരീരവും, നരച്ച ജടപിടിച്ച താടിയും ഉള്ള വ്യാസൻ. അതോടെ ഞങ്ങൾ മനോരോഗികളായി. ഞങ്ങൾക്കുണ്ടായ അഭിശപ്ത സന്തതികൾ കുരുവംശനാശത്തിനു കാരണമാവട്ടെ എന്ന് പേടിപ്പിച്ചാണ് കോപിഷ്ഠമുനി കാട്ടിലേക്ക് തിരിച്ചുപോയത്."

2018/11/18

"പോർക്കളത്തിൽ അർജ്ജുനന്റെ അസാന്നിധ്യം മുതലെടുത്തായിരുന്നു സാഹസികസൈനിക ദൗത്യത്തിന് അഭിമന്യു മുതിർന്നതെന്നൊക്കെ പറഞ്ഞു കൈ കഴുകാനാവുമോ നിങ്ങൾക്ക്? പ്രായപൂർത്തിയെത്താത്ത കൗമാരപോരാളിയുടെ രക്ഷാകർത്താവല്ലേ നിങ്ങൾ?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

"ദ്വാരകയിലെ സൈനികപരിശീലനകാലത്തു ചക്രവ്യൂഹരഹസ്യം അഭ്യസിച്ചിട്ടുണ്ടോ എന്ന് വ്യക്തതയോടെ അഭിമന്യുവിനോട് ഞങ്ങൾ ചോദിച്ചിരുന്നു. ഗർഭസ്ഥശിശുവായിരിക്കുമ്പോൾ അമ്മ സുഭദ്രയോട് അർജ്ജുനൻ പറയുന്നത് കേട്ട പരിചയമാണെന്നവൻ പറഞ്ഞപ്പോൾ ബോധ്യമായി ആ കൗമാര മനസ്സിന്റെ ദുരഭിമാനവ്യാപ്തി. ചുഴലിയായി പാഞ്ഞു ചെന്ന് കൗരവരിൽ നാശം വിതക്കാനുള്ള ഇച്ഛശക്തിയുണ്ടെന്നവകാശപ്പെട്ടു പടിയിറങ്ങുമ്പോൾ, മുതിർന്നവരുടെ അനുഗ്രഹം തേടാനൊന്നും അവൻ മുതിർന്നില്ല. അമ്മ സുഭദ്രയോടു യാത്ര പറയുന്നത് കണ്ടു. അകാലമരണം അവൻ ചോദിച്ചു വാങ്ങി എന്നതാണ് ഞങ്ങളുടെ നിഗമനം. ഒന്നേ എന്നെ കുഴക്കുന്നുള്ളു എവിടെ അവന്റെ അച്ഛൻ? യുദ്ധം ജയിച്ചാൽ അടുത്ത കിരീടാവകാശിയായി അഭിമന്യു അവകാശമുയർത്തുമെന്ന ആശങ്കയിൽ അധികാരമോഹി പാഞ്ചാലിയുടെ കുടിലനീക്കമാണോ അപകടസാധ്യതയുള്ള ചക്രവ്യൂഹദൗത്യം എന്നൊന്നും ചോദിക്കരുതേ. ഇന്നലെ മുതൽ പാഞ്ചാലി താമസം ഇവിടെയല്ല. ഞങ്ങൾക്ക് അവളിൽ ഉണ്ടായി എന്നൊക്കെ പറഞ്ഞു ശീലിച്ച അഞ്ചു മക്കളെ പരിചരിച്ചു അടുത്തൊരു പാളയത്തിലാണ്."

"അസാധാരണ ഗുരുദക്ഷിണയുടെ ഔപചാരിക സമർപ്പണം ദൂരെ ഒരു മരത്തിന്റെ പിന്നിൽ ഒളിച്ച നിന്നാണ് ഞങ്ങൾ കണ്ടത്. നിങ്ങൾ സംസാരിക്കുന്നതിന്റെ ശബ്ദം കേട്ടില്ലെങ്കിലും, ദൃശ്യം സൂചിപ്പിച്ചത്, ചോരയിറ്റുന്ന തള്ളവിരൽ തളിർവെറ്റിലയിൽ ഗുരുവിനു നിങ്ങൾ കൈമാറുമ്പോൾ ഉച്ചരിച്ചതെന്തോ കേട്ട് ദ്രോണർ കുലുങ്ങിക്കുലുങ്ങി ചിരിക്കുന്നുണ്ടായിരുന്നു. എന്ത് നർമ്മം പറഞ്ഞായിരുന്നു കഠിന ഹൃദയനെ ഇത്രമാത്രം രസിപ്പിക്കാൻ ആ വേദനയിലും നിങ്ങൾക്കായത്?" കൊട്ടാരം ലേഖിക ഏകലവ്യനോട് ചോദിച്ചു.

"ഞങ്ങൾ നിഷാദർ പരമ്പരാഗതമായി മാംസം കഴിക്കുന്നവരാണെങ്കിലും സസ്യാഹാരികളായ വന്യമൃഗങ്ങളെ സ്വന്തം കൈ കൊണ്ട് വേട്ടയാടിക്കിട്ടുന്നതു മാത്രമേ പൊരിച്ചു കഴിക്കൂ. എന്നാൽ മഹാബ്രാഹ്മണരായ നിങ്ങൾക്കിഷ്ടം നിഷാദർ ദക്ഷിണയായി മുറിച്ചുതരുന്ന തള്ളവിരലാണല്ലേ എന്ന് ഞാൻ നിഷ്കളങ്കമായി ചോദിച്ചതിൽ നർമ്മം കാണാൻ മാത്രം എന്താണിത്ര അപാകത?"

"കട്ടംപിടുത്തതിൽ നിന്ന് ഒന്നയഞ്ഞിട്ടുണ്ട് കൌരവർ എന്നാണ് കൊട്ടാരം ലേഖിക പറഞ്ഞു കേട്ടത്. നിലവിലുള്ള സാഹചര്യങ്ങൾ വച്ച് നോക്കുമ്പോൾ നമുക്ക് അനുകൂലമായ ഒരു ഒത്തുതീർപ്പിനു മിക്കവാറും ഒന്നിലധികം മുൻ നിര കൗരവർ തയാറാണ്. വരാനിരിക്കുന്ന രാജസഭയോഗത്തിൽ നിർദ്ദേശം അംഗീകരിക്കും എന്നാണവരുടെ പ്രതീക്ഷ. പാഞ്ചാലീ. നീയൊന്നു സമ്മതിച്ചാൽ, അട്ടയും പെരുച്ചാഴിയും നിറഞ്ഞ ഈ അഭിശപ്ത വനത്തിലെ പന്ത്രണ്ടുവർഷ കഠിനതടവിൽ നിന്ന് നമുക്ക് രക്ഷപ്പെടാം. സന്യസ്ഥരുടെ ഗാർഹികമാലിന്യം സംസ്കരിക്കുന്ന നിത്യദുരിതത്തിൽ നിന്ന് നിനക്കും മോചനമാവും. ഇപ്പോൾ കൗരവഭരണത്തിൽ ഉള്ള നമ്മുടെ പഴയ ഇന്ദ്രപ്രസ്ഥത്തിൽ തന്നെ, ഒരു അതിഥി മന്ദിരം നമുക്കവർ ദീർഘകാലത്തേക്ക് സൗജന്യമായി തരും. വാടക നമ്മളവിടെ കൃഷിഭൂമി പാട്ടത്തി നെടുത്തു ധാന്യം കൗരവർക്കു കൊടുത്തു വീട്ടണം", യുധിഷ്ഠിരൻ സംസാരിക്കുമ്പോൾ മറ്റു പാണ്ഡവർ മുട്ടുകുത്തി യോജിച്ചു.

"എന്താണ് നിബന്ധന?", സംശയം നിറഞ്ഞ കണ്ണുകൾ അഞ്ചുപേരിലും പാഞ്ചാലി എറിഞ്ഞു.

"'വന്ദ്യദുര്യോധനൻ ഈ വീടിന്റെ ഐശ്വര്യം" എന്ന് വസതിക്കു മുമ്പിൽ നാം ആറു പേരും വേറെ വേറെ ചുവരുകളിൽ ഓരോ മാസവും എഴുതി വക്കണം.

"വിദ്യാർത്ഥി ജീവിതത്തിലാണ് ദുര്യോധനൻ എന്നെ അംഗരാജ്യത്തിലെ രാജാവാക്കി വാഴിച്ചത് ഞാനതു നിന്നോട് ചിലപ്പോഴൊക്കെ പറഞ്ഞിട്ടുമുണ്ട്. കൊട്ടാരത്തിലെ യാഥാസ്ഥിതികർക്കു ദഹിക്കുന്ന കാര്യമായിരുന്നില്ല അതിരഥപുത്രൻ ചെങ്കോൽ പിടിക്കുന്നത്. അത് കൊണ്ട് വിദുരർ ഉൾപ്പെടെ അറിവുള്ള ആരും ഞാൻ എങ്ങനെ അവിടെ ചെന്ന് ഔപചാരികമായി അധികാരമേൽക്കും എന്നുപദേശിച്ചില്ല. ഞാനും അന്വേഷണം നടത്താനാവാതെ കുറെ കാലം പരുങ്ങി. പാണ്ഡവരിപ്പോൾ ഖാണ്ഡവപ്രസ്ഥത്തിൽ കാടു വെട്ടി നഗരം പണിതു രാജാവാകുമ്പോൾ ഞാൻ ആലോചിക്കുകയാണ് എന്തുകൊണ്ട് നാം അംഗരാജ്യത്തിലേക്കു കുടിയേറിക്കൂടാ? ദുര്യോധനൻ ഇവിടെ വന്നു ഞാനില്ലാത്തപ്പോൾ നിന്നെ അരുതാത്തയിടത്തു തൊട്ടു എന്ന് നീ പറഞ്ഞതിനുശേഷം ഞാൻ വീണ്ടും അതിനെ കുറിച്ച് ആലോചിച്ചു. അവിടത്തെ സ്നേഹസമ്പന്നരായ ജനങ്ങളോട് സംസാരിക്കാനും ഒക്കെ അവസരം കിട്ടുന്നത് നിനക്കും നല്ലതല്ലേ?" കിണറിൽ നിന്ന് കർത്ത

വ്യബോധത്തോടെ വെള്ളം കോരുകയായിരുന്ന ഭാര്യയോട് കർണ്ണൻ അനുനയത്തിൽ പറഞ്ഞു.

“ജനിച്ചുവളർന്ന ഹസ്തിനപുരിയിൽ പോലും ജനങ്ങളോട് സമരസപ്പെടാതെ, വിമതവ്യക്തിത്വം വളർത്തിയെടുത്ത നിങ്ങളാണോ ഇതുവരെ കണ്ടും കേട്ടും പരിചയമില്ലാത്ത ഏതോ ഒരു അംഗരാജ്യത്തിൽ സ്വയം രാജാവായി പട്ടാഭിഷേകത്തിനു ഉത്സാഹിക്കുന്നത്? ദുര്യോധനൻ എന്നെ തൊട്ടതു രഹസ്യമായിട്ടൊന്നുമല്ല എന്ന് നിങ്ങൾക്കറിയാം. കണ്ടിട്ടും കണ്ടില്ലെന്ന മട്ടിൽ നിങ്ങൾ തിരക്ക് പിടിച്ച് പുറത്തു പോയപ്പോൾ എന്നെ ഒന്ന് നോക്കാൻ പോലും മെനക്കെടാത്ത നിങ്ങളാണോ അന്യഭൂമിയിൽ ലൈംഗികാതിക്രമത്തിന് ശ്രമിക്കുന്നവരിൽ നിന്ന് എന്നെ രക്ഷിക്കുക?” കുതിരച്ചാണകം മണക്കുന്ന മുറ്റത്തു നിന്നവൾ മൺപാത്രത്തിലെ വെള്ളവുമായി അകത്തേക്ക് കടന്നു.

2018/11/19

“ഇന്നും കണ്ടു, വെളുത്തു നീണ്ട താടിയും മുടിയുമായി ഋഷിതുല്യനായ ഒരു പടുവൃദ്ധൻ തൈലം തേച്ച് സാവധാനം നീരാടുന്നതു. ഞാനിങ്ങനെ മിഴിച്ചു നോക്കി ആ വിചിത്ര കാഴ്ച. പോരാളികൾ തിരക്ക് കൂട്ടുന്ന നീരൊഴുക്കിൽ എന്താണ് ഈ പരിത്യാഗിക്ക് പ്രസക്തി എന്നയാളോട് ചോദിക്കണമെന്ന് ഉള്ളം പിടച്ചു, പക്ഷെ സൂക്ഷ്മതയോടെ കുളിച്ച് ഈറനുടുത്തയാൾ പാളയത്തിലേക്ക് പോവുമ്പോൾ മന്ത്രിക്കുന്നത് കേട്ടു ഞാൻ നടുങ്ങി, അമ്മാ എപ്പോഴാണ് നീ ആഴക്കയങ്ങളിലേക്കു എന്നെ വലിച്ചെടുക്കുക, തടവിൽ നിന്ന് സ്വാതന്ത്ര്യം ലഭിക്കുക” രാത്രി വരെ ജോലി ചെയ്തു തളർന്ന യുദ്ധ നിർവ്വഹണ സമിതി അംഗം ശുഭരാത്രി ആശംസിക്കേ കുരുക്ഷേത്ര പ്രവിശ്യാ ഭരണാധികാരിയോട് മൃദുവായി ചോദിച്ചു.

“യുദ്ധമാലിന്യനീക്കം ചെയ്യുന്ന യുവനേതാവെന്ന നിലയിൽ നീ അയാളെ തിരിച്ചറിയാത്തതിൽ അത്ഭുതമില്ല കുഞ്ഞേ. ആ പരിത്യാഗി രാവിലെ മുതൽ വൈകുന്നേരം വരെ പോർക്കള പരാക്രമങ്ങളിൽ പാണ്ഡവസഖ്യസൈനികമേധാവികളുടെ കരളെത്ര പിളർന്നിട്ടും മതിയാവാതെ, ദുര്യോധനൻ നീരസത്തിൽ വൃദ്ധനോട് ഇന്നും വിരൽ ചൂണ്ടി ചോദിച്ചു, വ്യക്തമാക്കണം ഒത്തുകളിക്കയാണോ നിങ്ങൾ പാണ്ഡവരുമായി? ഒരു പാണ്ഡവതല പോലും ഉരുട്ടാൻ, ഒമ്പതു ദിവസങ്ങളായി സർവ്വസൈന്യാധിപനായ നിങ്ങൾക്ക് സാധിച്ചുവോ? നാളെ പത്താം ദിവസം നിങ്ങളുടെ വിധി നിർണ്ണയിക്കുന്ന അന്ത്യപോരാട്ട ദിനമായിരിക്കും. ഒന്നുകിൽ നിങ്ങൾ എന്നെന്നേക്കും ലോകം മാനിക്കുന്ന കുരുക്ഷേത്ര നായകൻ, അല്ലെങ്കിൽ രാത്രിയോടെ നീക്കം ചെയ്യേണ്ട യുദ്ധമാലിന്യം.”

2018/11/20

“ഒറ്റയ്ക്ക് നീന്തുന്നതിൽ കമ്പമുണ്ടല്ലേ?” കൊട്ടാരം ലേഖിക ചോദിച്ചു. ഊട്ടുപുര ജാലകത്തിലൂടെ തെളിഞ്ഞു കാണാമായിരുന്നു, ഉച്ചവെയിലിൽ പാഞ്ചാലി നീന്തിത്തുടിക്കുന്ന ജലാശയം.

“അതീതശക്തികൾ ആറാടുന്ന നീർക്കെട്ടിലെ അപായ സാധ്യതയേക്കാൾ ഞങ്ങളെ അസ്വസ്ഥരാക്കുന്നത്, കുളത്തിനു ചുറ്റുമുള്ള മരങ്ങൾക്ക് പിന്നിൽ ഒളിച്ചി

രുന്ന്, നഗ്നമേനി പൊങ്ങിയും താണും സ്വർണ മത്സ്യത്തെ പോലെ പാഞ്ചാലി ഉച്ച വെയിലിൽ സൃഷ്ടിക്കുന്ന ദൃശ്യവിരുന്നാസ്വദിക്കുന്ന സന്യസ്ഥരുടെ സാന്നിധ്യമാണ്", നകുലൻ പറഞ്ഞു. "എന്നിട്ടവരുടെ ജൈവമാലിന്യങ്ങൾ പിറ്റേന്ന് രാവിലെ സംഭരിച്ച് ദൂരെ കൊണ്ട് പോയി കുഴിച്ച് മൂടുന്ന നിത്യജോലി അവൾ തന്നെ ചെയ്യണമെന്നതാണടിമത്തം."

2018/11/21

"കർണ്ണനെ വലവീശാൻ പാണ്ഡവപക്ഷം ധൈര്യപ്പെട്ടപ്പോൾ, തിരിച്ച് പാണ്ഡവരിലൊരു വിരുതനെ കൂടെക്കൂട്ടാൻ കൗരവർ കെണി വച്ചുവോ? അതോ, ധാർമ്മികത വിട്ടുള്ള കളിയൊന്നും കുരുവംശ കുടുംബം കളിക്കില്ലെന്ന് വാശിപിടിച്ചുവോ?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"പാണ്ഡവരിൽ നിന്ന്, കഴിയുമെങ്കിൽ, ചാരവകുപ്പ് മേധാവി നകുലനെ കിട്ടാനായിരുന്നു മോഹം. പാണ്ഡവരുടെയും സഖ്യ കക്ഷികളുടെയും അവനറിയാത്ത വിഴുപ്പ് രഹസ്യങ്ങളില്ല. കൗരവരുടെ കൂടെ നിക്കാമെങ്കിൽ, ഇപ്പോൾ കുരുവംശത്തിന്റെ സ്വന്തമായ, ഇന്ദ്രപ്രസ്ഥ പ്രവിശ്യാഭരണാധികാരിയാക്കാമെന്ന വിലപേശലിൽ മോഹിപ്പിച്ചു. പ്രവിശ്യ പോരാ പരമാധികാരരാജ്യമെന്ന മുൻപദവിയോടെ ഇന്ദ്രപ്രസ്ഥം തരണമെന്നവൻ അന്യായമായി വാശി പിടിച്ചു. അതിലും ഭേദം യുധിഷ്ഠിരനെ തന്നെ വലയിട്ടാൽ പോരേയെന്നു ഞങ്ങളും തിരിച്ചടിച്ചു. രാഷ്ട്രീയകാപട്യമുണ്ടെങ്കിലും, കരാർലംഘനം ചെയ്യാത്തവനെ കൂടെ നിർത്തുന്നതല്ലേ നല്ലത് എന്നും ചോദിച്ചതോടെ നകുലൻ ഇടഞ്ഞു തിരിച്ചുപോയി. ഇനി വലയല്ല ഉണ്ടാവുക. ബന്ദിയാക്കൽ, അത് യുദ്ധഭൂമിയിൽ നോക്കാം."

"കരിമ്പനയെക്കാൾ ഉയരത്തിൽ പൂർണകായ പ്രതിമകൾ? കുരുക്ഷേത്രയിൽ, ആർക്കു വേണ്ടിയെന്നറിയാതെ, പതിനെട്ടുനാൾ പോരാട്ടത്തിൽ ജീവത്യാഗം ചെയ്ത അജ്ഞാതസൈനികരുടെ പാവനസ്മരണക്കൊന്നുമല്ലല്ലോ?", യാത്ര കഴിഞ്ഞു ഹസ്തിനപുരിയിൽ മടങ്ങിയെത്തിയ കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു.

"കൂട്ടുഭർത്താക്കൾ എന്ന നിലയിൽ എന്നോ പാഞ്ചാലിയാൽ തല്ലിപ്പിരിയേണ്ട പഞ്ചപാണ്ഡവരെ, കള്ളച്ചൂതുകളിയിൽ നിസ്വരാക്കി ജീവകാലം മുട്ടുകുത്തിച്ച ധീര സേനാനികളായ കൗരവർക്കു കുരുക്ഷേത്രവിധവകളുടെ മംഗല്യസൂത്രങ്ങൾ ലേലം ചെയ്തു കിട്ടിയ പണം കൊണ്ട് മഹാരാജാവ് യുധിഷ്ഠിരൻ രണ്ടുദിവസം മുമ്പ് രാഷ്ട്രത്തിനു സമർപ്പിച്ച ഉപകാരസ്മരണ", പറഞ്ഞു വായടക്കും മുമ്പ്, ചാരവകുപ്പ് മേധാവി നകുലൻ എറിഞ്ഞ കയർകുരുക്കിൽ കുടുങ്ങിയ യുക്തിവാദിയെ രണ്ടു സൈനികർ ബലമായി കഴുത്തിൽ അള്ളിപ്പിടിച്ച് കഴുതപ്പുറത്തിരുത്തി കൊണ്ട് പോയി.

"ദുര്യോധനൻ താമസിച്ചിരുന്ന രാജമന്ദിരം, വിധവ കുടിയൊഴിഞ്ഞിട്ടും, നിങ്ങൾ വേണ്ടെന്നു പറഞ്ഞല്ലോ. എന്താ പ്രശ്നം, സൗകര്യം കുറവാണോ?", കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"രാത്രി ഞാൻ ഒറ്റക്കവിടെ കിടന്നു. " ഭീമൻ എന്റെ തുടയെല്ലൊടിച്ചു അമ്മാ" എന്ന നിലവിളി വ്യക്തമായി കേട്ട് ഞാൻ തരിച്ചിരുന്നു. എങ്ങനെ നിത്യവും വിലാപം കേൾക്കും. അതുകൊണ്ട് ആലോചിച്ചുറച്ചൊരു തീരുമാനമെടുത്തു. കുരുക്ഷേത്ര യുദ്ധത്തിൽ ഉപയോഗരഹിതമായ എല്ലാ വിധ ആയുധങ്ങളും, (ദുര്യോധനതുടയിൽ

തല്ലിയപ്പോൾ ഞെണുങ്ങിയ ഭീമഗദയുൾപ്പെടെ) എല്ലാം, ഭാവി തലമുറക്ക് വേണ്ടി കാത്തു സൂക്ഷിക്കുന്ന പ്രദർശനശാലയായി അത് വികസിപ്പിക്കും. ഞങ്ങളുടെ കുടുംബകഥയെ ഇതിഹാസമാക്കി മാറ്റുന്ന വേദവ്യാസനും അറിയട്ടെ, എന്താണ് കുരമ്പു എന്താണ് ത്രിശൂലം എന്താണ് യുദ്ധ വിജയം. വരും യുഗത്തിലെ സാക്ഷര ജനതക്കും മഹാഭാരത ഇതിഹാസം കേട്ടും വായിച്ചു മറിയണമല്ലോ, പാണ്ഡവർ യുദ്ധ വിജയം ആഘോഷിക്കുമ്പോഴും, കൊല്ലപ്പെടുന്നവന്റെയും കൊല്ലുന്നവന്റെയും ഹൃദയവേദന."

2018/11/22

"എന്റെ മടിയിൽ ഇരിക്കൂ എന്ന് ദുര്യോധനൻ പാഞ്ചാലിയെ ചൂതാട്ടസഭയിൽ ക്ഷണിക്കുമ്പോൾ, കൗരവഅടിമകളായി നിലത്തു കുന്തിരിച്ചിരുന്ന പാണ്ഡവരുടെ ചോര പ്രതിഷേധത്തിൽ തിളച്ചു പതഞ്ഞുവോ?" കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. പാണ്ഡവരും പാഞ്ചാലിയും ചൂതാട്ടപ്പിറ്റേന്ന് കാട്ടുവഴിയിലൂടെ നടക്കുന്ന നേരം.

"വേറെ പണിയൊന്നുമില്ലേ? പാഞ്ചാലിക്കു വഴി തെറ്റിയ ബന്ധം ദുര്യോധനനോടുണ്ടോ എന്ന് ഞങ്ങൾ എന്തിനു തല പുണ്ണാക്കണം, പാഞ്ചാലിക്കു ഞങ്ങൾ അഞ്ചു ഭർത്താക്കന്മാരോട് നേർവഴി ബന്ധം ഉണ്ടോ എന്ന് ദുര്യോധനൻ വല്ലപ്പോഴും ചോദിക്കുന്നുണ്ടോ?" വന്മരങ്ങൾ കട പുഴക്കുന്ന പോലെ ഭീമൻ പറഞ്ഞു.

2018/11/23

"മുഖംമൂടി ധരിച്ചുയാത്ര ചെയ്യാറുണ്ടോ? പരുക്കൻ ജനജീവിതമറിയാൻ? അതോ, പ്രഭാഷണങ്ങൾ പൊതുവേദിയിൽ യാന്ത്രികമായി വായിക്കുമോ?" കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

"തിരിച്ചറിയാതിരിക്കാൻ മഹാരാജാവ് എന്തിനു ധരിക്കണം മുഖം മൂടി? വേഷം കെട്ട് വേണ്ടെന്നു വച്ചാൽ പോരെ?"

"വ്യാജ തെളിവുണ്ടാക്കാൻ, ആൾമാറാട്ടത്തിന് പറ്റിയ സ്ത്രീയെയും ആൺമക്കളെയും തരത്തിന് കിട്ടിയത് കൊണ്ട് വാരണാവതം അരക്കില്ലം കൃത്യസമയത്തിനു തീ കൊളുത്തി, പുനർജനിഗൃഹ നുഴഞ്ഞു എല്ലാവരും രക്ഷപ്പെട്ടു അല്ലെ?" അന്തിമ വനവാസത്തിനു തയ്യാറെടുക്കുന്നതിന്റെ ഭാഗമായി തല മൊട്ടയടിക്കുകയായിരുന്ന കുന്തിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"വ്യാകരണം തെറ്റിയാലും വാക്ക് തെറ്റരുത്. സുഖവാസ കേന്ദ്രത്തിൽ ആൾമാറാട്ടമൊന്നും ഉണ്ടായിരുന്നില്ല. ആദിവാസികുടുംബത്തിന്റെ ആത്മത്യാഗം ആയിരുന്നു. അപായം നേരിടുന്ന രാജകുടുംബങ്ങളുടെ രക്ഷക്കായി, സ്വജീവൻ സമർപ്പിക്കുന്നതിൽ ആനന്ദം കാണുന്ന വിശ്വസ്ത ജനതയുണ്ടായിരുന്നു അക്കാലത്തു എന്നതാണ് മഹനീയ കാര്യം. ഞങ്ങൾ അത്താഴപട്ടിണി കിടന്നും, സന്ദർശകർക്ക് വയർ നിറയെ മദ്യവും പൊരിച്ച മാംസവും വിളമ്പി കൊടുത്തപ്പോൾ ഏതറ്റവും പോവാമെന്നവർ ഉറച്ചു."

2018/11/24

“കിരാതകൗരവരിൽ നിന്ന് കുരുവംശത്തെ ധർമ്മയുദ്ധത്തിലൂടെ കീഴ്പ്പെടുത്തി, ജനതയ്ക്ക് പൂർണ്ണ പൗരസ്വാതന്ത്ര്യം ഉറപ്പാക്കിയ പാണ്ഡവർ നാട്ടുനീളെ ഗ്രാമീണർ സംഘടിപ്പിച്ച സ്വീകരണങ്ങൾ ഏറ്റുവാങ്ങാൻ പുറപ്പെടേണ്ട ഈ സമയത്ത് എവിടെ പാഞ്ചാലി?”, മഹാരാജാവ് യുധിഷ്ഠിരൻ മുറിവേറ്റ ദുരഭിമാനം മറച്ചുവയ്ക്കാതെ ചോദിച്ചു.

“ഇന്നലെ രാത്രി എനിക്കായിരുന്നല്ലോ അന്തഃപുരത്തിൽ പായക്കൂട്ടിനു ഊഴം. എന്തോ വ്രതമുണ്ടെന്നു പറഞ്ഞു പാഞ്ചാലി വേറൊരു പായയിൽ കിടന്നു. രാവിലെ ഞാൻ എഴുന്നേൽക്കു മ്പോൾ ജാലകത്തിലൂടെ ഒരു നോക്കു കണ്ടു-കുളി കഴിഞ്ഞു വെള്ളവസ്ത്രങ്ങൾ ധരിച്ചു ഉദ്യാനത്തിൽ പൂക്കൾ പറിക്കുന്നു. രാവിലെ നേരത്തെ തുടങ്ങുന്ന പൊതുസ്വീകരണത്തിന് വരുമല്ലോ എന്ന് ഞാൻ ധൃതിയിൽ യാത്ര ചോദിച്ചപ്പോൾ, ഇല്ല ഒറ്റയ്ക്ക് ആചരിക്കേണ്ട വ്യാകുലദിനമാണിന്നു എന്ന് മാത്രം അവൾ പറഞ്ഞു. സഹദേവനുമായി പിന്നീടാലോചിച്ചപ്പോൾ പിടി കിട്ടി, കഴിഞ്ഞ കൊല്ലം അജ്ഞാത വാസകാലത്തു കീചകൻ എന്നൊരു സൈനികൻ ദുരൂഹസാഹചര്യത്തിൽ ഇതേ ദിവസം കൊല്ലപ്പെട്ടിരുന്നു.”

2018/11/25

“ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന പഴയ പതിവൊക്കെ മാറിയോ, പോരാട്ടം ജയിച്ചു ഭരണം പിടിച്ചെടുത്തപ്പോൾ?”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“കാട്ടുകുടിലിലെ വെറും നിലത്തു ചുറ്റിയിരുന്ന് ഒന്നു കയ്യിട്ടാൽ ചൂടുള്ള ഭക്ഷണം കിട്ടിയിരുന്ന അക്ഷയപാത്രം, അടിമജീവിതത്തിൽ അന്നൊരനുഗ്രഹമായിരുന്നു, അത്താഴപ്പട്ടിണി കിടക്കേണ്ടി വന്ന പാഞ്ചാലിക്കെങ്കിലും. കൊട്ടാര ഊട്ടുപുരയിൽ പോവാറില്ല, കാരണം ധൃതരാഷ്ട്രരും ഗാന്ധാരിയും അവിടെയിരുന്നു പൊയ്പ്പോയ കാലത്തെ കുറിച്ച് കുന്തിയോട് ഏങ്ങലടിച്ചു ഓരോന്ന് പറയുന്നുണ്ടാവും. അന്തഃപുര ഭക്ഷണമുറിയിൽ വിളമ്പാൻ ആളില്ലാത്തതു കൊണ്ട് കാര്യമാത്രപ്രസക്തമായ നിർദ്ദേശം ഞാൻ വച്ചു, പുതുതലമുറ കൗരവരാജകുമാരികളെ തൊഴിലുറപ്പിന്റെ ഭാഗമായി മൂന്നു നേരം വിളമ്പാൻ നിർത്തിക്കൂടെ? ഭീഷണമായ താക്കീതു പോലെ പാഞ്ചാലിയിൽ നിന്നൊരു ‘മൂളൽ’ കേട്ടു, നിർദ്ദേശം ‘ഏകകണ്ഠമായി’ ഞങ്ങൾ പിൻവലിച്ചു. നിങ്ങൾ കാണേണ്ടതെല്ലാം കാണുന്നുണ്ടല്ലോ, ഊഴം വച്ച് മാറിമാറി ഞങ്ങൾ വിളമ്പും, പക്ഷെ യുധിഷ്ഠിരൻ ഭക്ഷണം കഴിക്കേണ്ട നേരം കൃത്യം നോക്കി മാത്രമേ ഊണു മുറിയിൽ വരൂ.”

“നിങ്ങൾക്കയാൾ തിന്മയുടെ ശവക്കുഴിയായിരിക്കാം പക്ഷെ കുരുക്ഷേത്രവിധവകൾക്കു നന്മ നിറഞ്ഞവൻ ദുര്യോധനൻ. കണ്ണീരു കൊണ്ട് പുഷ്പാർച്ചന ചെയ്യാനവർ യമുനാതീരത്തെ സ്മാരകമണ്ഡപത്തിലേക്കു യാത്രാനുമതി ചോദിക്കുമ്പോൾ, അഴിക്കകത്താക്കുമെന്നു പേടിപ്പിക്കുന്നതിന്റെ സങ്കുചിത പൗരബോധം വ്യക്തമാവുന്നില്ലേ”, കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവ് നകുലനോട് ചോദിച്ചു.

“എവിടെ ദുര്യോധന ശവകുടീരം? എവിടെ വിധവകളുടെ പുഷ്പാർച്ചന? ഇതൊക്കെയല്ലേ യുദ്ധാനന്തരഹസ്തിനപുരിയുടെ സാമ്പത്തിക സാമൂഹ്യപുനരധിവാസത്തെ തടസ്സപ്പെടുത്തുന്ന ചാർവാകമാതൃക വിധ്വംസനം? ശക്തിപ്രകടനമാണ് വിധവകൾ, പ്രത്യേകിച്ച് പുതുതലമുറ രാജകുമാരികൾ, ലക്ഷ്യമിടുന്നത്. ഹസ്തിനപുരി

നഗരപരിധിയിൽ നിരോധനാജ്ഞയുണ്ട് അത് മറി കടന്നവർക്ക വേണം പൊതു സമൂഹത്തെ കയ്യിലെടുക്കാൻ. ദുര്യോധനനെന്ന 'ദൈവപുത്ര'ന്റെ ഓർമ്മപ്പെരുന്നാൾ അവർക്ക നിശബ്ദ പ്രാർത്ഥനയിലൂടെ ആചരിച്ചാൽ പോരാ, മുഷ്ടി ചുരുട്ടി നെഞ്ചത്തടിച്ച വിലാപത്തിലൂടെ ആഘോഷിക്കണം. പിന്നിൽ നേതൃത്വം കൊടുക്കുന്നത് ചാർവാകൻ. ഞങ്ങൾ കയ്യും കെട്ടി ഈ പതനത്തിനു മൂകസാക്ഷിയാവണോ? അതോ നവോത്ഥാനസംരക്ഷകരായി ചാട്ട വീശണോ?"

2018/11/26

"നിങ്ങൾക്കും ഉണ്ടോ അച്ഛനോർമ്മ?", കൊട്ടാരം ലേഖിക സഹദേവനോട് ചോദിച്ചു. ഭാവി പ്രവചിക്കുന്നവൻ സഹദേവൻ എന്ന പൊതുഭീതി ഭീമൻ പിറുപിറുത്തിരുന്ന കാലം.

"ഞാൻ മാത്രമേ പാണ്ഡുവിന് കൂട്ടുണ്ടായിരുന്നുള്ളൂ. കുന്തിയും നാലു പാണ്ഡവരും കുളിക്കാൻ പോയിരുന്നു. മാദ്രി കുളി കഴിഞ്ഞു വരാനും നേരമായി. കൈമാടിയെന്നെ പാണ്ഡു വിളിച്ചപ്പോൾ, ചൂണ്ടുവിരൽ ഇളക്കി ഞാൻ, 'വേണ്ട വേണ്ട' എന്ന്, ഈറനുടുത്തു കുടിലിലേക്ക് വരുന്ന മാദ്രിയെ നോക്കി പറഞ്ഞതാനെന്റെ ആദ്യത്തെ അച്ഛനോർമ്മ. ആരാണ് അച്ഛനെന്നു ഭീഷണമായി പാണ്ഡു ചോദിച്ചു. അശ്വിനിദേവതകൾ എന്ന് കേട്ടറിവിൽ കൈകൂപ്പി പറഞ്ഞപ്പോൾ, 'നകുലനെ പോലെ നിനക്കും രണ്ടു ദുർദേവതകൾ വേണ്ടി വന്നോ ശാപജന്മം തരാൻ?' എന്ന് നിന്ദിച്ചതോർമ്മയുണ്ട്. ഭയന്ന് പുറത്തു കടക്കുമ്പോൾ, അകത്തേക്ക് വരികയായിരുന്ന മാദ്രിയോട് 'അരുതേ അമ്മാ അയാൾക്കരികെ പോവരുതേ, കാലന്റെ സാന്നിധ്യം ഞാൻ അറിയുന്നു' എന്ന് ഇരുകൈകളും വീശി വിലക്കിയതോർമ്മയുണ്ട്. അൽപ്പം കഴിഞ്ഞപ്പോൾ മാദ്രി നിലവിളിച്ച പുറത്തേക്കു വന്നു, 'മകനേ എന്റെ കൈകളിൽ കിടന്നു പാണ്ഡു മരിച്ചു' എന്ന് അയൽവാസികളെ വിളിച്ചു അറിയിക്കാൻ എന്നെ പുറത്തേക്കു ഓടിക്കുന്നതോർമ്മയുണ്ട്."

"അമ്മക്കൊപ്പം കുടുംബ ജീവിതവും മധ്യവയസ്സിലെ പാഞ്ചാലിക്കൊപ്പമുള്ള ഈ അടിമ ജീവിതവും താരതമ്യപ്പെടുത്തിയാൽ?" കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"കാളുന്ന വയറുമായി കുട്ടിക്കാലത്തു അതിരാവിലെ കാട്ടിലേക്കിറങ്ങും, ഉച്ചയാവും വിശപ്പ് മാറ്റി കയ്യിൽ പേരക്കയോ കഴുത്ത് മുറിച്ച കലമാൻ കുഞ്ഞോ ആയി തിരിച്ചെത്താൻ. 'പ്രകൃതിയുമായി സഹവർത്തിത്വത്തിൽ കഴിയുന്ന രാജകുമാരന്മാർ' എന്ന് ചെറിയമ്മ മാദ്രി ആശീർവദിക്കുമ്പോൾ, കുന്തി കാര്യക്ഷമതയോടെ മാനിന്റെ തൊലി പൊളിച്ചു ഇറച്ചി കനലിൽ വച്ച് കഴിഞ്ഞിരിക്കും. എന്നാൽ ഇന്ന് ഈ വനാശ്രമത്തിൽ പാഞ്ചാലി? വിശപ്പിൽ, പാരവശ്യത്തോടെ അക്ഷയപാത്രത്തിൽ ഞങ്ങൾ അഞ്ചു പേരും ഒരുമിച്ചു കയ്യിട്ടു വാരിത്തിന്നുമ്പോൾ, അതിൽ പങ്കു ചേരാതെ ഊട്ടുപുരക്കപ്പുറത്തെ കിടപ്പറയിൽ നിന്ദയോടെ മുഖം തിരിക്കും."

2018/11/27

"പുറത്തിറങ്ങാൻ ആവാതെ ഒതുങ്ങി ഇരിക്കുമ്പോഴും, നിങ്ങൾ ആറു പേരും ഒന്നും പരസ്പരം മിണ്ടിപ്പറയുന്നില്ലല്ലോ." ആശ്രമത്തിനു മുമ്പിലുള്ള കാട്ടുവഴിയിലൂ

ടെ കാലവർഷം കുതിച്ചു ചാടിക്കൊണ്ടിരുന്ന ഇരുണ്ട സായാഹ്നം. വനവാസക്കാലത്തിന്റെ ആദ്യവർഷം.

"ഖാണ്ഡവപ്രസ്ഥത്തിൽ കുടിയേറ്റക്കാരായിരുന്നപ്പോഴും, ഇന്ദ്രപ്രസ്ഥത്തിൽ അധികാരമോഹമുദിച്ചപ്പോഴും അവർ എന്നോട്ട് വാതോരാതെ വിങ്ങിപ്പൊട്ടി മാറി മാറി സംസാരിക്കുമായിരുന്നു. കൂടെ പൊറുക്കുന്നവളെ പണയം വച്ച് സ്വത്തെല്ലാം നഷ്ടപ്പെട്ടു അടിമജീവിതത്തിനു കാട്ടിൽ വന്നതോടെ അവർക്കു പരസ്പരം മനസ്സിലായി. അപ്പോൾ ആശയവിനിമയവും അവസാനിച്ചു. ആത്മകഥ എഴുതാൻ നിങ്ങളുടെ ക്ഷണം ഞാൻ നിരസിച്ചത് എന്ത് കൊണ്ടാണ് എന്ന് ഇപ്പോൾ വ്യക്തമായില്ലേ", മുറിയുടെ മുക്കും മൂലയും ചൂലു കൊണ്ടടിച്ചു പൊടിയും പ്രാണിയും നീക്കി കൊട്ടാരം ലേഖികക്ക് കിടക്കാൻ പായ വിരിക്കുകയായിരുന്ന പാഞ്ചാലി പറഞ്ഞു.

"പ്രകൃതി വാത്സല്യം കാണിച്ചു എന്നു വ്യക്തമല്ലേ?" കൊട്ടാരം ലേഖിക അർജ്ജുനനോട്ട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരിയിൽ, മുപ്പത്തിയാറുവർഷ ഭരണത്തിന് ശേഷം, ചെങ്കോൽ അഭിമന്യുപുത്രനായ പരീക്ഷിത്തിനെ ഏൽപ്പിച്ചു അന്തിമപദയാത്രക്ക് വേഷം മാറുകയായിരുന്നു പാണ്ഡവർ.

"ഊഴം പാലിച്ചു പെണ്ണുടലിനായി ഒറ്റക്കാലിൽ വിവാഹ ജീവിതം മുഴുവൻ കാത്തു നിൽക്കേണ്ടി വന്ന എത്ര പോരാളികളെ കുറിച്ച് തക്ഷശിലയിൽ നിങ്ങൾ വായിച്ചറിഞ്ഞിട്ടുണ്ട്? എന്നാൽ, ഒന്നിലധികം പാണ്ഡവരെ ഊഴം തെറ്റി കൂടെ കിടത്തിയും എത്ര സ്ത്രീകൾ അരനൂറ്റാണ്ടോളം കാലം ഇഷ്ടരതിജീവിതം ആസ്വദിച്ചു? പാഞ്ചാലി മാത്രം? അല്ലെന്നവൾ പ്രതിഷേധിക്കുമ്പോൾ, ഓർമ്മിപ്പിക്കു എങ്ങനെയായിരുന്നു കാശിരാജകുമാരികളായി ഹസ്തിനപുരിയിൽ വന്ന വിചിത്രവീര്യവധുക്കൾ അംബികയും അംബാലികയും നരകിച്ചു ജീവിച്ചതെന്ന്? എങ്ങനെയാണു മാതൃത്വത്തിനു വേണ്ടി പാണ്ഡുവധുക്കൾ, കുന്തിയും മാദ്രിയും, ബീജദായകരെ തേടി വീട്ടുവിട്ടിറങ്ങിയതെന്ന്? എങ്ങനെയാണ് ആദ്യപ്രസവത്തിനു മുമ്പ് തന്നെ അഭിമന്യുവധു ഉത്തര എന്നെന്നേക്കുമായി വിധവയായി അന്തഃപുരത്തിൽ ഒതുങ്ങിയതെന്ന്? എന്നിട്ടും ഞങ്ങളുടെ, ഇനിയൊരു തിരിച്ചുവരവില്ലാത്ത, യാത്രാവേളയിൽ ദയാരഹിതമായി നിങ്ങൾ ചോദിക്കുന്നു, പാഞ്ചാലിയെ എന്തിനു ഞങ്ങൾ ജീവകാലം മുഴുവൻ ലൈംഗിക അടിമയാക്കി?"

2018/11/28

"പാണ്ഡവരിൽ നിന്ന് ഗാർഹികപീഡനം ഉണ്ടായാലും രേഖാമൂലം പരാതി ആദ്യം കൊടുക്കുക ദുര്യോധനനാണെന്ന നിങ്ങളുടെ മുൻ അഭിമുഖം കൊട്ടാരം ചുവരെഴുത്തുപതിപ്പിൽ പ്രസിദ്ധീകരിച്ച ഉടൻ ഹസ്തിനപുരി അന്തഃപുരത്തിലും രാജസദസ്സിലും വിവാദമായല്ലോ. ഏകശിലാദാമ്പത്യത്തിന്റെ വർത്തമാനകാല പ്രതീകമായ കൗരവരാജസ്ത്രീകൾ ഈ പ്രകോപനത്തിനെതിരെ ശക്തമായി പ്രതികരിക്കുമെന്ന് ദുര്യോധനവധു വെളിപ്പെടുത്തിക്കഴിഞ്ഞു. പാണ്ഡവദാമ്പത്യം കൗരവരാജസഭയിൽ പൊതുചർച്ചാ വിഷയമാക്കിയതിന്റെ പൊരുളെന്തായിരുന്നു?" കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

"നിലവിൽ കൗരവഅടിമയായ എനിക്ക് നിയമ പരിരക്ഷ സ്വാഭാവികമായും ഉടയോനിൽ നിന്നല്ലേ? അപ്പോൾ, എന്റെ നേരെ പാണ്ഡവർ വനവാസക്കാലത്തു

അതിക്രമം നടത്തിയാൽ ആർക്കു മുമ്പിൽ ഞാൻ പരാതി കൊടുക്കണം? എന്റെ പെണ്ണഭിമാനത്തിന്റെ സംരക്ഷണം ഞാൻ ഉടയോന്റെ നീതിപീഠത്തിൽ അർപ്പിക്കുന്നെങ്കിൽ, ദുര്യോധനവധുവെന്തിന് വിറളി പിടിച്ചു വെളിച്ചപ്പെടണം? ഹസ്തിനപുരി ശിക്ഷാ നിയമമനുസരിച്ച് എന്റെയും പാണ്ഡവരുടെയും പൗരാവകാശങ്ങൾ പന്ത്രണ്ടു കൊല്ലത്തേക്ക് രാജസഭയിൽ ഭീഷ്മർ നിഷേധിച്ചത് ചൂതാട്ടത്തിൽ പാണ്ഡവരുടെ പിടിപ്പുകേട് കൊണ്ടല്ലേ? അതിൽ ദുര്യോധനൻ എന്ത് പിഴച്ചു?"

2018/11/29

"പാഞ്ചാലി നിങ്ങൾക്കെതിരെ കൊട്ടാരവിപ്ലവത്തിനു ശ്രമിക്കുന്നു എന്നോ? അതും പരീക്ഷിത്തിനെ കൂട്ടു പിടിച്ച്? യുധിഷ്ഠിരന് വിവരമൊന്നും കൊടുത്തില്ലേ ചാരവകുപ്പ് മേധാവി? അതോ അയാൾ സുഖവാസത്തിനു പോയോ?", കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"യുധിഷ്ഠിരനെയും എന്നെയും വയോജനങ്ങൾ എന്ന വിഭാഗത്തിൽ പെടുത്തി ഞങ്ങൾക്കനുകൂലമല്ലാത്ത ആജ്ഞ ഊട്ടുപുരയിലും അന്തഃപുരത്തിലും കൊടുക്കുന്ന പ്രവണത കുറച്ചുകാലമായി പാഞ്ചാലിക്കുണ്ടായിരുന്നെങ്കിലും, ഞങ്ങളുടെ മരണം ലക്ഷ്യംവച്ചുള്ള കുടിലനീക്കങ്ങൾ പാഞ്ചാലി പരീക്ഷിത്തിനൊപ്പം നടപ്പിലാക്കുന്നത്, ഞാൻ നേരിൽ കണ്ടു, പക്ഷെ രഹസ്യം പുറത്തു പറയാൻ ഭയന്നു. രാവിലെ യുധിഷ്ഠിരൻ എഴുന്നേൽക്കാൻ അൽപ്പം വൈകിയാൽ, ഉണർത്താനൊന്നും ശ്രമിക്കാതെ, അന്തഃപുരത്തിലെ സേവനദാതാക്കൾക്കിടയിൽ പരപരപ്പുണ്ടാക്കും വിധം "രാജാവ് മരിച്ചു" എന്ന് വ്യാജവാർത്ത പ്രചരിപ്പിക്കുന്നതിൽ കിരീടാവകാശി പരീക്ഷിത്തിന്റെ അധികാരമോഹം അവൾ ദുരുപയോഗം ചെയ്തു. യുധിഷ്ഠിരനെ കൊട്ടാരവാസികൾ അവിശ്വാസത്തോടെ നോക്കുന്ന അനുഭവം ഉണ്ടായി. അത് യുധിഷ്ഠിരനെ വേദനിപ്പിച്ചു. എണ്ണ തേച്ചു പിടിപ്പിച്ചു ശിരസ്സിൽ ജലധാര ചെയ്തു ശ്വാസം മുട്ടിപ്പിക്കുന്ന ഒരു പുതിയ പ്രകൃതി ചികിത്സാ രീതി പാഞ്ചാലി യുധിഷ്ഠിരനിൽ പ്രയോഗിച്ചപ്പോൾ, എനിക്കതു കണ്ടു സങ്കടം പിടിച്ചുനിൽക്കാനായില്ല. കിടപ്പുരോഗി പാണ്ഡുവിനെ നിശ്ശബ്ദനാക്കാൻ, കുന്തിയും മാദ്രിയും കാട്ടിൽ ചെയ്ത 'കുളിപ്പിച്ച് കുളിപ്പിച്ച് ആളെ കൊല്ലുന്ന കളി' ഞങ്ങൾ കുട്ടിക്കാലത്തു കണ്ടതാണ്. 'നിർത്തു ഈ പേക്കൂത്ത്' എന്ന് ഞാൻ നെഞ്ചത്തടിച്ചു പൊട്ടിത്തെറിച്ചതോർമ്മയുണ്ട്. ഉണരുമ്പോൾ, അഴിക്കുള്ളിൽ അടിവസ്ത്രം മാത്രം ധരിച്ചു കിടക്കുകയാണ്. മനോരോഗിയെന്ന് പാഞ്ചാലിയെന്നെ പരസ്യമായി മുദ്രകുത്തി. പിന്നെയവൾ എന്നെ സ്വാധീനവും ഇച്ഛാശക്തിയും ഉപയോഗിച്ച് എണ്ണക്കുളിയിൽ തളച്ചിട്ടു. ബീജദാതാവ് അതീതശക്തിയെന്ന ഉത്തമബോധ്യം ഉള്ളത് കൊണ്ട് മാത്രമാണ് ജീവൻ പോവാതെ പിടിച്ചു നിൽക്കാനായത്. ഹസ്തിനപുരിയിൽ ഇനി തുടരുക അസാധ്യം." വിങ്ങിപ്പൊട്ടുന്ന ഭീമനുമേൽ പരീക്ഷിത്തിന്റെ കൈകൾ വീണു. "ചികിത്സയുമായി സഹകരിക്കണം. പത്രപ്രവർത്തകരെ കണ്ടാൽ മുഖം തിരിക്കണം" എന്ന താക്കീതുമായി, കൈ പിടിച്ചു കുളവക്കിലേക്കു കൂട്ടിക്കൊണ്ടുപോയി.

"മഹാറാണിപദവിയിൽ പാഞ്ചാലി എത്തുമ്പോൾ എങ്ങനെ നോക്കിക്കാണുന്നു അവളുടെ വ്യാഴവട്ടക്കാല ആശ്രമസേവനം?", വന്ദിക്കാൻ വരി നിന്നിരുന്ന സന്യസ്ഥനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കാര്യക്ഷമമായും പരാതിരഹിതമായും അടിമപ്പണി നിർവഹിച്ചുവന്ന വനിത ഹസ്തിനപുരി മഹാറാണിയായി എന്ന് കേട്ടപ്പോൾ ഞങ്ങളാരും അവിശ്വസിച്ചില്ല. കാരണമുണ്ട്, ശുചിത്വത്തിനു പുറമെ ആശ്രമത്തിലെ കർശന ആരാധനാ ക്രമത്തിൽ അവസരോചിതമായ ഇടപെടലിലൂടെ സന്യസ്ഥമനം അവൾ കവർന്നു. കൗരവഅടിമയായിരുന്നു അക്കാലത്തവൾ. എങ്കിലും, കുലീനമായ ശരീരഭാഷയും വാമൊഴിയും ഞങ്ങളിൽ ഉണ്ടാക്കിയത് നിത്യവിസ്മയമായി: എന്തുകൊണ്ടാവാം ദേവസ്ത്രീയെ പോലെ സുന്ദരിയായ ഈ സ്ത്രീക്കിങ്ങനെ ഒരു ശിക്ഷ, ധൃതരാഷ്ട്രർ കല്പ്പിച്ചത് എന്നെനിക്കു ഒരു പിടിയുമുണ്ടായിരുന്നില്ല.”

2018/11/30

“അരുതാത്തതെന്തോ അഭിമുഖത്തിനിടയിൽ പത്രാധിപരോട്ട് നിങ്ങൾ പറഞ്ഞു എന്ന പരിഭവം കാരണം ഇന്ന് എന്നെയാണ് അയച്ചത്.” കൊട്ടാരം ലേഖിക മഹാറാണിയോട്ട് ചോദിച്ചു. പാണ്ഡവ ഭരണത്തിന്റെ അവസാന വർഷങ്ങൾ.

“ആയിരം പൂർണചന്ദ്രന്മാരെ കണ്ടതുകൊണ്ടാവാം മഹാരാജാവിനു വാർദ്ധക്യത്തിന്റെ വിഷമങ്ങൾ ഉണ്ടെന്നു സംഭാഷണത്തിൽ ഞാനൊന്നു സാന്ദർഭികമായി സൂചിപ്പിച്ച ഉടൻ നിങ്ങളുടെ ‘തല മുതിർന്ന’ പത്രാധിപർ അതിൽ കൈവച്ച് ചോദിച്ചു, രാത്രി യുധിഷ്ഠിരൻ പലതവണ ഞെട്ടി ഉണരാറുണ്ടോ? പായിൽ ഊഴമനുസരിച്ചു കൂടെ കിടക്കുന്നൊരാൾ എപ്പോഴൊക്കെ ഉറക്കമുണരുന്നുണ്ട് എന്ന് കണ്ണിൽ എണ്ണയൊഴിച്ച് നോക്കിയിരിക്കലാണോ എന്റെ നിശാവിനോദം എന്ന് ഞാൻ ആ ചോദ്യത്തെ നീരസത്തോടെ നേരിട്ടതോടെ, വികാരഭരിതനായി യുധിഷ്ഠിരൻ എഴുന്നേറ്റു നിന്ന് വിങ്ങിപ്പൊട്ടുന്നതും ഞങ്ങൾ കണ്ടു.”

2018/12/01

“വിളക്കണയും വരെ വായന നീണ്ടു. ഇതിൽ പറയുന്ന പലതും തൊഴിലിന്റെ ഭാഗമായി കണ്ട ഒരാളെന്ന നിലയിൽ, ഏതോ മലയടിവാരത്തു ആശ്രമം കെട്ടി ജീവിക്കുന്ന പരിത്യാഗിയായ നിങ്ങൾക്കെങ്ങനെ അറിയാം അരമനകളിലെ വിഴുപ്പുവാർത്തകൾ?” കൊട്ടാരം ലേഖിക വേദവ്യാസനോട്ട് ചോദിച്ചു.

“പരിത്യാഗിയാണ് ഞാൻ, നഗരവാസിയല്ല, അതും സമ്മതിച്ചു, ജനസമ്പർക്കം കുറവാണ്, അന്തഃപുര ജീവിതം അടുത്തറിയാൻ വയ്യ. വിചിത്രവീര്യവിധവകൾക്കു ബീജദാനം ചെയ്യാൻ കൊട്ടാരത്തിൽ പോയതു പോലും ഞാനായിരുന്നില്ല പകരക്കാരായിരുന്നു. അതുകൊണ്ട് സമ്മതത്തിനൊന്നും മെനക്കെടാതെ ആവുന്നത്ര പനയോല രേഖകൾ സംഭരിച്ചു വിവരങ്ങൾ ഉപയോഗിച്ചു. വിട്ടുവീഴ്ചകൾക്ക് വഴങ്ങിയിട്ടും ഇത്രയും ബൃഹത്തായ ആഖ്യാനം, ദക്ഷിണാ പഥത്തിൽ നിന്ന് കഴുതച്ചുമടായി കൊണ്ടുവന്ന പനയോലയിൽ എഴുതി എന്നതാണ് നിങ്ങൾ കൈകൊട്ടി ആഘോഷിക്കേണ്ടത്. മറിച്ചുള്ള കുപ്രചാരണത്തിനു വഴിമരുന്നിടുകയല്ല. തിരക്കുണ്ട്. നിങ്ങൾ കരട് പൂർണ്ണമായി വായിക്കുമ്പോഴേക്ക് ഞങ്ങൾ പത്തുനൂറുപേർ അസ്സൽ മഹാഭാരതം രചിക്കുകയാണ്. സ്വാഭാവികമായും കഥാപാത്രങ്ങൾ കൂടുതൽ കരുത്തു പ്രാപിക്കും ആഖ്യാനകല പരിപൂർണതയിലേക്ക് നീങ്ങും.”

2018/12/02

"പരിത്യാഗികൾ എന്ന് സ്വയം മേനി പറയുന്ന നിങ്ങൾ സന്യാസികൾ, സംഘം ചേർന്ന് ഇടിച്ച് കയറുന്നതെന്തിനാണ്?" കോപത്തെക്കാൾ വിസ്മയത്തോടെ സൈനികൻ ആഗതരെ കോട്ടവാതിലിൽ വഴി തടഞ്ഞു.

"ജിജ്ഞാസ സഹിക്കാനാവുന്നില്ല. കേട്ട കേൾവി ഇല്ലാത്ത ഒരു ജനാധിപത്യ സംഭവം ഇവിടെ ഉണ്ടായെന്നു ഗുരു പറഞ്ഞറിഞ്ഞ ഉടൻ പുറപ്പെട്ടകയായിരുന്നു. കൊല്ലങ്ങളായി ഞങ്ങളുടെ ഹിമാലയ സന്യസ്ഥാശ്രമങ്ങളിൽ നിത്യവും രാവിലെ വലിയ മൺകുടവുമായി വന്നു വിസർജ്യം കാര്യക്ഷമതയോടെ സംഭരിച്ച് ദൂരെ കൊണ്ടുപോയി പരാശ്രയമില്ലാതെ കുഴിച്ചിട്ടിരുന്ന ഒരു കറുത്ത പെൺഅടിമ ഉണ്ടായിരുന്നു. ഒരു മാസം മുമ്പ് അവൾ ഹസ്തിനപുരം മഹാറാണി ആയെന്നു കേട്ട് അനുമോദിക്കാൻ വന്നതാണ്. ഒപ്പം മടിയൻ ഭർത്താക്കന്മാരെ ഒന്ന് കുടയുകയും വേണം."

"യുധിഷ്ഠിരൻ വ്യക്തമായി അനുകൂലിച്ച മുൻഗണനാ പദ്ധതിയായിട്ടും നിങ്ങൾ കുരുക്ഷേത്ര വിധവാ പുനരധിവാസത്തെ പിന്തുണക്കില്ലെന്നു വച്ചാൽ?", കൊട്ടാരം ലേഖിക മഹാറാണിയോട് ചോദിച്ചു. ദുര്യോധനവിധവയുടെ നേതൃത്വത്തിൽ, കോട്ടവാതിലിനു മുമ്പിൽ കൗരവരാജസ്ത്രീകൾ സമരമുഖം തുറന്നു നിരാഹാരം തുടങ്ങിയ പ്രഭാതം.

"പദ്ധതി ഞാൻ നേരിട്ട് പരിഗണിക്കും മുമ്പ് തന്നെ അതിലെ രാഷ്ട്രീയപരിസരം മണത്തറിഞ്ഞു മഹാരാജാവ് നിരുപാധിക പിന്തുണ തരുന്നത് ആശ്വാസ്യമല്ല. മറിച്ച്, ആശ്വാസ്യമായ കാര്യം, ഞാൻ അവതരിപ്പിക്കുന്ന നിർദ്ദേശം തർക്കമില്ലാതെ ഭരണകൂടതീരുമാനം നടപ്പിലാക്കാൻ യുധിഷ്ഠിര കാര്യാലയം ഉത്സാഹിക്കുകയാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ഹസ്തിനപുരി മഹാറാണിയുടെ അധികാരയിടങ്ങളിൽ വന്നു യുധിഷ്ഠിരൻ നിരങ്ങേണ്ട കാര്യമില്ല."

2018/12/05

"ഗദയും വില്ലുമൊന്നുമല്ല ഈ മടവാളാണോ ആയുധം?" യമുനയുടെ സ്നാനഘട്ടത്തിൽ ചോരയും നീരും കഴുകുന്ന സൈനികനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"കൃത്യമായി പറഞ്ഞാൽ ഞാൻ സൈനികനല്ല. പാണ്ഡവരെയും കൗരവരെയും ഒരുപോലെ ഇടപാടുകാരായി കാണുന്ന കരാർ തൊഴിലാളിയാണ്. കറവ വറ്റിയ മാടുകളെയും പൂട്ടിത്തളർന്ന കാളകളെയും തീൻശാലയിലേക്കെത്തിക്കുന്ന മാംസദൗത്യമാണ് എനിക്ക് കുരുക്ഷേത്രം കനിഞ്ഞു തന്നത്. മടവാളുമായി അറവുകേന്ദ്രത്തിലേക്കു പോവുമ്പോൾ ഇരുസൈന്യങ്ങളിലെയും ഉയർന്ന സൈനികമേധാവികൾ എന്നെ അഭിവാദ്യം ചെയ്യുന്നതിന്റെ കാരണവും അതാണ്. പകൽ മുഴുൻ പരസ്പരം അമ്പെയ്തും ശൂലമെറിഞ്ഞും പോരടിപ്പിക്കുമ്പോഴും അവരിൽ പ്രത്യാശ നിലനിർത്തുന്നത് ഞാൻ വെട്ടിയൊരുക്കുന്ന ഗോമാംസത്തിന്റെ രുചിയാണ്. തിരക്കുണ്ട്. മടവാൾ അതിന്റെ ഇരകൾക്കായി തിരക്ക് കൂട്ടുന്നു."

2018/12/06

"ഉടുതുണിക്ക് മറുതുണിയില്ലാതെ കാട്ടിൽ പോയതോടെ, പാണ്ഡവർ ഭരിച്ചിരുന്ന മോഹനഭൂമി എന്ത് ചെയ്യാനാണ് കൌരവർ ഉദ്ദേശിക്കുന്നത്?", ചുവരിൽ പ്രദർശിപ്പിച്ചിരുന്ന ഭൂപടം നോക്കി കൊട്ടാരം ലേഖിക വിരൽ ചൂണ്ടി.

"ഖാണ്ഡവപ്രസ്ഥം എന്ന പ്രകൃതിസൌഹൃദ ആവാസ വ്യവസ്ഥ കത്തിച്ചുണ്ടാക്കിയ ദുരന്ത കുടിയേറ്റഭൂമിക എന്ന നിലയിൽ, പരിസ്ഥിതി വിനാശത്തിന്റെ യുഗാതീത ഓർമ്മക്കായി ഹസ്ഥിനപുരിയുടെ നേരിട്ട ഭരണത്തിലുള്ള പ്രത്യേക പ്രവ്യശ്യയായി നില നിർത്തും. വരും യുഗങ്ങളിൽ, ആർക്കറിയാം, അധികാരത്തിന്റെയും ദുരഭിമാനത്തിന്റെയും ഐതിഹ്യങ്ങൾ പേറുന്ന മഹാനഗരമായി ഇന്ദ്രപ്രസ്ഥം മാറുമോ എന്ന് പ്രകൃതി തീരുമാനിക്കട്ടെ വിശിഷ്ടാതിഥികൾ നടക്കുമ്പോൾ വഴുക്കിവീഴുന്ന മായൻ നിർമിത അസ്വാഭാവിക മന്ദിരങ്ങളിൽ കൊടും കുറ്റവാളികളെ തടവിലിടും."

"നിങ്ങളായിരുന്നോ ഗംഗയുടെ ഏഴു കുഞ്ഞുങ്ങളുടെയും ആരാച്ചാർ?" കൊട്ടാരം ലേഖിക ചോദിച്ചു.

"പ്രസവിക്കാൻ മാത്രം ഹസ്തിനപുരി കൊട്ടാരത്തിൽ വന്ന ഒരു ദേവസ്ത്രീ എന്നേ എനിക്കക്കാലത്തു തോന്നിയുള്ളൂ. പരീക്ഷിച്ചറിഞ്ഞ തോഴി എന്ന നിലയിൽ എന്നിൽ ഗംഗ (ശാന്തനുവിന്റെ ഭാര്യയായിരുന്നിട്ടും അവൾ കുരുവംശ മഹാറാണി പദവി സ്വീകരിച്ചിരുന്നില്ല) വിശ്വാസമർപ്പിച്ച ദൌത്യങ്ങൾ കാര്യക്ഷമമായി ചെയ്തു എന്നതിന് തെളിവല്ലേ, നീരൊഴുക്കിൽ മുക്കിക്കൊന്ന ഒരൊറ്റ നവജാതശിശുവിന്റെയും ജഡം, അഥവാ ഭൗതിക ശരീരം, മീൻവലയിൽ കുടുങ്ങിയ ദുരനുഭവം മുക്കുവർ പങ്കിട്ടില്ലെന്നത്? തുണിയിൽ പൊതിഞ്ഞ കുഞ്ഞുമായി പ്രസവമുറിയിൽ നിന്ന് ഗംഗ എന്നെ പുഴയിലേക്ക് പറഞ്ഞുവിടും, നിശബ്ദം ആ ജോലി ചെയ്തു, നീന്തിക്കുളിച്ചു പാപം കഴുകി, ഈറനുടുത്തു മടങ്ങിവരും. വിവരം പറയാൻ അന്തഃപുരത്തിൽ കയറുമ്പോൾ, ശന്തനുവിന്റെ അടക്കിപ്പിടിച്ച നിലവിളി കേൾക്കും, ഞാനൊന്നു കാണും മുമ്പ് ഇത്രവേഗം എന്ത് ചെയ്തു നീ ഗംഗാ, നമുക്ക് പിറന്ന ആ കുഞ്ഞിനെ? വിതുമ്പി വിതുമ്പി, ശന്തനു കുഴഞ്ഞുവീണു മരിക്കുമെന്ന് ഭയന്നെങ്കിൽ തെറ്റി-വീണ്ടും തിരക്കു പിടിച്ചൊരു ശാരീരികതക്കായി ആ ദൈന്യതയിലും മഹാരാജാവ് വട്ടം കൂട്ടുകയാണ്." കൊട്ടാരം ലേഖിക തിരിഞ്ഞു നടന്നിട്ടും, ചിത്തഭ്രമത്തിന്റെ പിടിയിലായിരുന്ന ആ രാജതോഴി ഭൂതകാലക്കുളിരിൽ രസിച്ചുകൊണ്ടിരുന്നു.

2018/12/07

"കേട്ടിരുന്നത്ര കുടിലമനസ്സുകളാണോ യഥാർത്ഥത്തിൽ കൗരവർ?", കൊട്ടാരം ലേഖിക ചോദിച്ചു. പാഞ്ചാലയിൽ നിന്നെത്തിയ വധൂവരന്മാർക്കനുവദിച്ചിരുന്ന അതിഥിമന്ദിരത്തിലെ സ്വീകരണമുറിയിലായിരുന്നു, മിക്കവാറും അർദ്ധനഗ്നയായ പാഞ്ചാലി ആ വസന്തകാല പ്രഭാതത്തിൽ.

"മൃഗയാവിനോദങ്ങൾ എന്ന ചെല്ലപ്പേരിട്ടവർ ഹസ്തിനപുരി പെണ്ണുടലുകളെ കൗമാരം മുതൽ വേട്ടയാടിയിരുന്നതായി ഭീമൻ യാത്രക്കിടെ തന്നിരുന്ന മുന്നറിയിപ്പുകൾ മുഖവിലക്കെടുക്കാൻ, എന്തോ അന്തഃരംഗം മടിച്ചിരുന്നു. സുഖമല്ലേ എന്നൊരു ഇളമുറ കൗരവബാലൻ നിഷ്കളങ്കമായി തോന്നുന്ന വിധം പൂക്കൾ തന്നു ചോദിക്കുമെന്നും, അപ്പോൾ കൂടെയുള്ള മുതിർന്ന കൗരവരുടെ വേട്ടക്കണ്ണുകൾ നീയറിയാതെ മാറിലായിരിക്കുമെന്നും അർജ്ജുനൻ ഭീഷണിയുടെ സ്വരത്തിൽ താക്കീതു നൽകി.

ദേവ സന്തതികളായ നിങ്ങൾക്കുമുണ്ടാവില്ലേ അതു പോലുള്ള വേട്ടയനുഭവങ്ങൾ എന്ന് തിരിച്ചു ചോദിച്ചപ്പോൾ യുധിഷ്ഠിരൻ ധാർമ്മികരോഷത്താൽ തുള്ളുന്നുണ്ടായിരുന്നു. അതെന്നെ ചൊടിപ്പിച്ചു. കാമാതുരമായ കൗരവക്കണ്ണുകൾ വീഴാതിരിക്കാൻ മുലകൾ പറിച്ചെറിയണോ എന്ന് തിരിച്ചു ചോദിച്ചപ്പോൾ, വില്ലും ഗദയും വാരിയെടുത്തവർ ഹസ്തിനപുരി കൊട്ടാരത്തിലേക്കു അന്തഃപുരവേട്ടക്കെന്നും പറഞ്ഞു യാത്രയായി." അഭിമുഖം കഴിഞ്ഞു കൊട്ടാരം ലേഖിക പുറത്തു കടക്കുമ്പോൾ പരിമളവാഹികളായ പൂച്ചെണ്ടുകളുമായി, പ്രണയം നിറഞ്ഞ മിഴികളോടെ, നാലഞ്ചു ഇളമുറ കൗരവർ പാഞ്ചാലിയെ വിറയ്ക്കുന്ന ചുണ്ടുകളോടെ കാത്തു് നിൽക്കുന്നുണ്ടായിരുന്നു.

"കൊലയാളികളെല്ലാം പുഴയിൽ കുളിക്കാൻ പോയിട്ടും നിങ്ങൾ കൂലിക്കാരെന്താ ഇരുട്ടിൽ കൂട്ടംകൂടി?" പോർക്കളത്തിൽ കൊട്ടാരം ലേഖിക ചോദിച്ചു.

"കുന്തമെറിഞ്ഞിട്ടും അമ്പയച്ചിട്ടും അവകാശവാദങ്ങളുമായി രാത്രി അവർക്കാർമാദിച്ചാൽ മതിയല്ലോ, മരിച്ചവർ എത്രയെന്നു എണ്ണിത്തിട്ടപ്പെടുത്തേണ്ടതു് യുദ്ധനിർവാഹകസമിതി കരാറുകാരുടെ രാപ്പകൽ പണിയാണ്. മുറിവേറ്റ ഈ സൈനികനെ നോക്കൂ, തലങ്ങും വിലങ്ങും പകൽ മുഴുവൻ പേപിടിച്ചോടി നടന്നു മരണം വിതച്ച പാണ്ഡവമേധാവിയാണിവൻ. അവന്റെ ചാവ് ഇനിയും കഴിഞ്ഞിട്ടില്ല. വെള്ളത്തിനാണവൻ നാവു പുറത്തു നീട്ടുന്നതു്. വൃദ്ധമാതാവും കുടുംബവും പ്രാർത്ഥനയോടെ വീട്ടിലുണ്ട് എന്നാണവന്റെ പരിദേവനം. വൃത്തികെട്ടവന്റെ അന്ത്യ ശ്വാസം നിൽക്കാൻ കാത്തിരിക്കയാണ് ഞങ്ങൾ. ശബ്ദത്തിൽ അക്ഷമ തോന്നുന്നെങ്കിൽ ക്ഷമിക്കൂ. രാവിലെ മുതൽ മൃതപ്രായരെ മൃതരാക്കുകയെന്ന മഹാദൗത്യത്തിലാണ്. എത്രയെത്ര മരണമൊഴികൾ ഞങ്ങൾ കേട്ടു, വിലാപങ്ങളും ഭീതിയും പൊട്ടിക്കരച്ചിലും ഈ തൊഴിലിന്റെ ഭാഗമായി. ആർക്കുവേണ്ടിയാണ് യുദ്ധത്തിൽ ജീവൻ നഷ്ടപ്പെട്ടതെന്ന് അറിയാത്ത ജന്മങ്ങളുടെ അന്തമില്ലാത്ത കണക്കെടുപ്പ് കഴിഞ്ഞിട്ടുവേണം പുഴയിൽ ഒന്ന് നീന്തിക്കുളിച്ചു ഞങ്ങൾക്കും, പുലരും വരെയൊന്നു യുദ്ധമില്ലാത്ത കാലം കിനാവ് കാണാൻ."

2018/12/08

"നിസ്സാര ആണ്ടലുകളല്ല നിങ്ങൾ, എന്നിട്ടും പാഞ്ചാലി യിൽ നിന്നൊരു പ്രണയപുഞ്ചിരിക്കായി ഏതറ്റം പ്രീണനത്തിനും വഴങ്ങുന്നതെന്തു കൊണ്ട്? എങ്ങനെ വന്നു ചേർന്നു, ഊണിലും ഉറക്കത്തിലും പാഞ്ചാലിയുടെ പൂർണ്ണ സ്ത്രൈണാധിപത്യം?", മാദ്രീപുത്രനും പാണ്ഡവനുമായ സഹദേവനോട് കൊട്ടാരം ലേഖിക ചോദിച്ചു. മറ്റുനാലുപേർ അടക്കിപ്പിടിച്ച ജിജ്ഞാസയോടെ ചെവിയോർത്തു.

"ലക്ഷ്യം നേടാനുള്ളയൊരുക്കത്തിന് അനുകൂല സാഹചര്യമൊരുക്കാനവളുടെ പെണ്ണുടൽ എത്ര മാത്രം ഉണക്കുന്നു എന്നതാണ് ആ സർവ്വാധിപത്യത്തിനു കാരണം. ആൺപെൺ പാരസ്പര്യത്തിൽ പരിചിതമായതേതെടുത്താലും അപ്പപ്പോൾ അവളുടെ കണ്ണും ചുണ്ടും തെളിഞ്ഞു സഹകരിക്കുകയാവും. ഏറ്റു പറയട്ടെ ഇത് ചെറുക്കാൻ പാണ്ഡവർക്കാവുകയില്ല. അവൾ ആവശ്യപ്പെടുന്നതു മാത്രം ചെയ്തു കൊടുത്താൽ മതിയെന്ന് കൂട്ടം ചേർന്ന് പ്രതിജ്ഞയെടുത്താലും, ആവശ്യമറിഞ്ഞവളെ

സന്തോഷിപ്പിക്കാൻ രഹസ്യമോഹം ഞങ്ങളിൽ തുടിക്കും. ഭീമനോടൊന്നു ചോദിച്ചുനോക്കിയാലറിയാം കല്യാണസൗഗന്ധികം ഇന്നുമെത്ര വന്യമായൊരു പ്രണയാനുഭൂതിയാണവന്."

"വല്ല വിധേനയും യുധിഷ്ഠിരൻ സിംഹാസനത്തിൽ കയറി ഇരുന്നില്ല, അതിനുമുമ്പ് തുടങ്ങിയോ ദുര്യോധനവിധവയെ കുടിയൊഴിക്കുമെന്നു ഭീഷണിപ്പെടുത്താൻ?", കൊട്ടാരം ലേഖിക ചോദിച്ചു.

"യുദ്ധജേതാക്കളായി ഹസ്തിനപുരിയിൽ എത്തിയ പാണ്ഡവർ അന്ന് രാത്രിയും പിന്നീടും അന്തിയുറങ്ങിയത് കുന്തിയുടെ കുടിലിൽ ആണെന്ന് നിങ്ങൾക്കറിയാമോ? ദുര്യോധനവസതി ഒഴിപ്പിച്ചു കിട്ടാൻ, നകുലൻ ചെന്നപ്പോളാണ് കുടിലകൗരവരുടെ ഭൂമിതട്ടിപ്പിന്റെ രഹസ്യവിവരം വന്ദ്യവിദുരരിൽ നിന്നറിയുന്നത്, യുദ്ധത്തിനു മുമ്പ് തന്നെ കൊട്ടാര സമുച്ചയം പൂർണ്ണമായും ദുര്യോധനൻ വ്യാജരേഖയുണ്ടാക്കി ഭാര്യക്ക് ഇഷ്ടദാനം കൊടുത്തിരിക്കുന്നു. കാഴ്ചപരിമിതിയുള്ള ധൃതരാഷ്ട്രരുടെ ഒപ്പം രാജമുദ്രയും സംഘടിപ്പിക്കാനാണോ പാട്? സ്ഥിതി അതായിരിക്കെ, അനധികൃതമായി കുരുവംശ സ്ഥാവരസ്വത്തുക്കൾ കൈവശം വച്ചിരിക്കുന്ന ദുര്യോധനവിധവയെ നേരിയ തോതിൽ ബലം പ്രയോഗിച്ച് അർദ്ധരാത്രി ആരോരുമറിയാതെ കുടിയൊഴിപ്പിക്കാതെ, പുതിയ മഹാരാജാവ് യുധിഷ്ഠിരൻ പിന്നെ എവിടെ താമസിക്കണം? കുന്തിയുടെ കുടിലിൽ തന്നെ കണ്ടെത്തിയാൽ മതിയോ പായ വിരിക്കാൻ അൽപ്പം ഇടം?"

2018/12/09

"അഭിമുഖത്തിന് അർജ്ജുനൻ സമയം തന്നത് അതിരാവിലെ ആയതുകൊണ്ട് മന്ത്രാലയത്തിൽ പോവാതെ ഞാൻ അന്തഃപുരത്തിൽ വന്നു കാത്തിരിക്കാൻ തുടങ്ങിയിട്ട് നേരം കുറച്ചായി. പാറാവുകാരനോട് ചോദിച്ചപ്പോൾ കേട്ടു, മുതിർന്ന മൂന്നു പാണ്ഡവരും താമസം നിങ്ങൾക്കൊപ്പമല്ല. ഞെട്ടിപ്പോയി. കാരണം വല്ലതും?" കൊട്ടാരം ലേഖിക മഹാറാണിയോട് ചോദിച്ചു.

"ധൃതരാഷ്ട്രരും ഗാന്ധാരിയും വനജീവിതം തിരഞ്ഞെടുത്തു വസതിയൊഴിഞ്ഞപ്പോൾ, കുരുവംശാധിപന്റെ ഔദ്യോഗികമന്ദിരം നൂറ്റാണ്ടിനുശേഷം ഒഴിവുവന്നു. അത് രണനായകൻ ദുര്യോധനന്റെ സ്മൃതിയിടമാക്കണമെന്നു കൗരവരാജവിധവകൾ കലമ്പൽ കൂട്ടി. പിടിവിട്ടും മുമ്പ് ഞാനൊരു പരിഹാരം നിർദ്ദേശിച്ചു യുധിഷ്ഠിരനും മുതിർന്ന രണ്ടു സഹോദരന്മാരും ഉടൻ താമസം അങ്ങോട്ടു മാറ്റുക. നരച്ചുനീണ്ട മുടിയും താടിയുമായി ആ മൂന്നു പാണ്ഡവർ എനിക്കൊപ്പം കിടക്കുന്നതു ഞാൻ പലപ്പോഴും സ്വാഗതം ചെയ്തില്ല എന്ന മട്ടിൽ ദുഷ്ടലാക്കോടെ മാധ്യമങ്ങൾക്കിടയിൽ ഐതിഹ്യം പ്രചരിപ്പിക്കാനിടയുണ്ട്. വീണുപോവരുത്. നിങ്ങളുടെ അന്തഃപുരം കണ്ടാലൊരു വൃദ്ധസദനം പോലുണ്ടല്ലോ എന്ന് ദ്വാരകയിൽ നിന്ന് വിരുന്നിനു വന്ന സത്യഭാമ പറഞ്ഞതെന്റെ കരളിൽ കൊത്തി, നിഷേധിക്കുന്നില്ല. ഇളമുറ മാദ്രീമക്കൾ നകുലനും സഹദേവനും രാപ്പകൽ കൂട്ടുണ്ട്. സ്വർഗ്ഗരാജ്യശുശ്രൂഷകരായ അശ്വിനിദേവതകളുടെ അംശാവതാരങ്ങൾ ആയതുകൊണ്ടവരുടെ രൂപഭാവങ്ങളൊക്കെ ഇന്നും ദേവയുവത്വം പ്രസരിപ്പിക്കുന്നു. ചോദിക്കാതെ തന്നെ കല്യാണ സൗഗന്ധികം കൊണ്ടുവരാൻ പുറപ്പെട്ടിറങ്ങിയ ഇരുവരും വരാൻ നേരമായി, ഞാൻ കുളിച്ചൊരുങ്ങട്ടെ."

2018/12/10

“അന്തഃപുരത്തിൽ എന്താണൊരടിയന്തരാവസ്ഥ? നൂറ്റാണ്ടിന്റെ മണമുള്ള ധൃതരാഷ്ട്രവസതിയൊന്നടിച്ചു കഴുകാൻ സാവകാശമില്ലാതെ നിങ്ങൾ മൂന്നു മുതിർന്ന പാണ്ഡവരെ അവിടെ പിറ്റേന്ന് പുലർച്ചക്കു തന്നെ പുനരധിവാസം ചെയ്യിച്ചു എന്നാണു കേൾവി”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

“അത്ര ലളിതമായി കാണാമോ പാഞ്ചാലിയുടെ അന്തഃപുരത്തിൽ നിന്ന് ഞങ്ങളുടെ കുടിയൊഴിപ്പിക്കൽ? ധൃതരാഷ്ട്രരും ഗാന്ധാരിയും കാട്ടിൽ പോയെങ്കിലും, കൊട്ടാരത്തിന്റെ ഭൂഗർഭ അറയിൽ, നൂറോളം കൗരവ രാജവധുക്കൾ കഴിഞ്ഞ അരനൂറ്റാണ്ടിൽ കൊണ്ടുവന്ന സ്ത്രീധനം നവരത്നങ്ങളാക്കിയതൊക്കെ, രഹസ്യവാക്കുകൾ ഉച്ചരിച്ചാൽ മാത്രം തുറക്കുന്ന പേടകങ്ങളിൽ ഒളിപ്പിച്ചു വച്ചതിലായിരുന്നു ദുര്യോധന വിധവയുടെ കണ്ണ്. ദുര്യോധന സ്മൃതിമന്ദിരമാക്കണമെന്ന കൗരവവിധവകളുടെ ആവശ്യം തള്ളി പാഞ്ചാലിക്ക് മുമ്പിൽ പ്രായോഗിക നിർദ്ദേശം വച്ചതു ഞാനാണ്. മൂന്നു ‘തല നരച്ച’ പാണ്ഡവർ, ഒരു നിമിഷം പോലും വെറുതെ കളയാതെ ധൃതരാഷ്ട്രവസതിയിൽ താമസം തുടങ്ങട്ടെ. അവൾ സമ്മതിച്ചു. നിധിവേട്ടക്കങ്ങനെ പാഞ്ചാലിയുടെ അനുഗ്രഹവുമുണ്ട്. നരച്ച താടിയും മുടിയുമാണ് പ്രകൃതി ഇപ്പോൾ തന്നതെങ്കിലും, പ്രതികൂല പരിതഃസ്ഥിതികളെ നേരിടാൻ കാരിരുമ്പിൻ കരുത്തുണ്ട് കരളിന്.”

“മഹാറാണിയായശേഷം നിങ്ങൾ ദുര്യോധനവിധവയുമായി പൊതുവേദിയിൽ രഹസ്യസംഭാഷണം ചെയ്തത് കുതിരപ്പന്തികളിലും കൊട്ടാരക്കെട്ടുകളിലും അഭ്യൂഹങ്ങൾക്ക് വഴിവച്ചല്ലോ. എന്തുപറ്റി ഇങ്ങനെയൊരു അവിവേകമായൊരു ആശയവിനിമയത്തിന്?” കൊട്ടാരം ലേഖിക ചോദിച്ചു.

“എന്നെ കാണാൻ പരസ്യമായി ദുര്യോധനവിധവ വേദിയിൽ വന്നപ്പോൾ അൽപ്പസമയം അവൾക്കു പറയാനുള്ളത് ഞാൻ കേട്ടു എന്നത് ലജ്ജിക്കേണ്ട ഒന്നാണോ? ചൂതാട്ടത്തിൽ എല്ലാം നഷ്ടപ്പെട്ടു കൗരവ അടിമകളായി വനവാസത്തിനുപോവുമ്പോൾ, നിങ്ങളുടെ അടിമത്തം മാത്രം ഉടനടി പിൻവലിച്ചു പൂർണ്ണ പൗരാവകാശം പുനഃസ്ഥാപിച്ചുതന്ന കുരുവംശ രാജകല്പന കൗരവദൂതനിൽ നിന്ന് തട്ടിയെടുത്തു പാണ്ഡവർ രഹസ്യമായി നശിപ്പിച്ചത് കൊണ്ടാണ് പത്തുപതിമൂന്നു കൊല്ലം നിങ്ങൾക്ക് കാട്ടിൽ നരകിക്കേണ്ടിവന്നതെന്നു ദുര്യോധനവിധവ എന്നെ സൂക്ഷ്മ വിശദാംശങ്ങളോടെ അറിയിക്കുകയായിരുന്നു. അടിമപാണ്ഡവരുടെ കീഴിൽ മനുഷ്യത്വഹീനമായ ജീവിതം നയിക്കേണ്ടിവന്ന പതിമൂന്നു വർഷങ്ങളെ കുറിച്ചൽപ്പം വൈകാരികതയോടെ ഞാൻ അപ്പോൾ മൗനം പാലിച്ചതാണോ ഇപ്പോൾ ഹസ്തിനപുരിയെ പ്രകോപിപ്പിക്കുന്നത്?”

2018/12/12

“നിലം തരിശിട്ടത് എന്തുകൊണ്ടാണ്? ആരോടാണ് ജീവിത സായാഹ്നത്തിൽ സമരം?”, കൊട്ടാരം ലേഖിക ചോദിച്ചു. വല നെയ്യുന്നൊരു പെൺസംഘത്തിനു നേതൃത്വം കൊടുക്കുകയായിരുന്നു ശരീരം ശോഷിച്ച വൃദ്ധൻ.

“കന്നുപൂട്ടാനും കിളക്കാനും സഹായിച്ചിരുന്ന കുട്ടികളെ ദുര്യോധനന് വിട്ടു കൊടുക്കുമ്പോൾ അറിഞ്ഞില്ല, ദുഷ്ടശക്തികൾ കൌരവരെ കൊന്നു ഹസ്തിനപുരി പിടിച്ചെടുക്കുമെന്നു. ആൾനാശത്തിനു നഷ്ടപരിഹാരം തരാതെ പാണ്ഡവർ വിടാതെ പിന്തുടർന്നു. യുവവിധവകളെ പാടത്തു പണിയെടുപ്പിക്കാൻ ചാട്ട വീശി. സ്വാഭാവികമായും ഞങ്ങൾ ചൊടിച്ചു, പ്രതിഷേധത്തിൽ നിലം തരിശിട്ടു, വിശപ്പ് സഹിക്കാനാവാതെ വന്നപ്പോൾ സംഘം ചേർന്ന് ഉഴവുമാടുകളെ ഒന്നൊന്നായി വെട്ടിത്തിന്നു. ഇന്നലെയുണ്ട് ഒരു തടിച്ച പാണ്ഡവൻ വിരൽ ചൂണ്ടുന്നു, കൊട്ടാരം ഊട്ടുപുരയിലേക്കു എവിടെ ധാന്യം?, കൃഷി വയ്യെങ്കിൽ വിധവക്കുട്ടികൾ കുടുംബനാഥ സത്യവതിയെപോലെ ഇറങ്ങണം യമുനയിൽ മീൻ പിടിക്കാൻ.”

“നവവധുവെന്ന നിലയിൽ പാണ്ഡവർക്കൊപ്പം കണ്ട ആ പഴയ ഹസ്തിനപുരി ഇപ്പോഴുമുണ്ടോ? അതോ, കാൽനൂറ്റാണ്ടിൽ എല്ലാം മാറിമറഞ്ഞുവോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“കാളവണ്ടികളിൽ കൊണ്ടുവന്നിരുന്ന ധാന്യച്ചാക്കുകൾ കൊട്ടാരസമുച്ചയത്തിനോട് ചേർന്ന കലവറകളിൽ അട്ടിയട്ടിയായിടുന്നതാണെന്റെ ആദ്യ ഓർമ്മ. ഗംഗക്കും യമുനക്കുമിടയിലെ കാർഷിക സംസ്കാരം എന്തെന്നതെന്നെ പഠിപ്പിച്ചു. കറവവറ്റിയ മാടുകളെ ക്ഷീരകർഷകർ കോട്ടക്കകത്തെ ഊട്ടുപുരയോട് ചേർന്ന അറവുശാലയിൽ കൊണ്ടുവരുന്നതും മറന്നിട്ടില്ല. കാരണം, കൗരവർ ആർപ്പുവിളിച്ചാണ് മാടുകളെ സ്വാഗതം ചെയ്യുക. മണിക്കൂറുകൾക്കുള്ളിൽ അറുത്തു കുടലും തൊലിയും നീക്കി പ്രിയ മാംസാഹാരമായി കൊട്ടാരം തീൻശാലകളിക്കു വിളമ്പാൻ തയ്യാറാക്കുന്നതും ഏകീകൃത മനുഷ്യപ്രയത്നത്തിന്റെ മഹനീയദൃശ്യം തന്നെയായിരുന്നു. ഇന്നോ, പുകയുയരാത്ത ഒഴിഞ്ഞ ഊട്ടുപുരയിലേക്കു ഇടയ്ക്കിടെ എത്തിനോക്കി പാണ്ഡവർ എന്നെ പെട്ടെന്ന് കാണുമ്പോൾ മുഖം താഴ്ത്തി നടക്കുന്നതാണ് പതിവു കാഴ്ച. കൂട്ടു കുടുംബത്തിലെ സ്വത്തുതർക്കം തീർക്കാൻ കായിക ബലം വേണമെന്ന് ഏതു അഭിശക്ത മുഹൂർത്തത്തിലാവാം തീരുമാനത്തിലെത്തിയതെന്നു മുട്ടുകുത്തി വിധാതാവിനോട് ചോദിക്കുന്ന കാലം.”

“നിങ്ങളും യുധിഷ്ഠിരനും മിണ്ടിപ്പറഞ്ഞിരിക്കുമ്പോൾ ആയുധം തേടി വന്ന അവിവേകത്തിനു അർജ്ജുനൻ വില കൊടുക്കേണ്ടി വന്നു എന്നൊക്കെ സൂതന്മാർ പാടുന്നത് വഴിയമ്പലങ്ങളിൽ കേട്ടിട്ടുണ്ട് പക്ഷെ ദുര്യോധനനും പാഞ്ചാലിയും കിടപ്പറയിലിരിക്കുമ്പോൾ ഇടിച്ചുകയറിയ ഭീമൻ അർത്ഥം വച്ചെന്തോ പറഞ്ഞു എന്നത് കെട്ടുകഥ പോലെയാണ് കേട്ടത്”, കൊട്ടാരം ലേഖിക ചോദിച്ചു.

“അതൊരു പ്രവചനം പോലെയാണിപ്പോൾ തോന്നുന്നത്. നവവധുവായി ഹസ്തിനപുരി നഗരാതിർത്തിയിലെ അതിഥിമന്ദിരത്തിൽ കഴിയുന്ന കാലം. ക്ഷേമാന്വേഷണത്തിനു മധുരവുമായി ദുര്യോധനൻ വന്നതും വീട്ടിൽ പാണ്ഡവർ ആരുമില്ലെന്നറിഞ്ഞു പോവാൻ ഒരുങ്ങിയതും ഒരുമിച്ചായിരുന്നു. അവർ വരാൻ നേരമായി എന്ന് പറഞ്ഞു കൊണ്ടവനെ അകത്തേക്ക് ഉപചാരപൂർവ്വം ക്ഷണിച്ചപ്പോൾ, കിടപ്പറയുടെ ജാലകത്തിലൂടെ കാണുന്ന യമുനാദൃശ്യത്തിൽ മയങ്ങി കിടക്കയിലവൻ ഇരുന്നു എന്നതാണോർമ്മ. ശന്തനുവധുവായി വന്ന സത്യവതി കുറച്ചുകാലം ഈ മുറിയിലായിരുന്നു എന്നവൻ പറയുന്നത് കേട്ടാണ് ലഘുപാനീയവുമായി ഞാൻ വന്നത്. അടിയുടുപ്പുകൾ ചിതറിക്കിടന്ന കിടക്കയിൽ ഒരപരിചിതനെ കണ്ടു ഞാൻ ഞെട്ടി നില തെറ്റിയതോർമ്മിക്കുന്നു. കമനീയമായൊരു കായികക്ഷമതയോടെ ദുര്യോ

ധനൻ എന്നെ വാരിക്കോരി പിടിച്ചില്ലായിരുന്നെങ്കിൽ, അതെനിക്ക് സങ്കല്പിക്കാനാവുന്നില്ല. അതിലേറെ എന്നെ നടുക്കിയത് കൃത്യം ആ നേരത്തു ഭീമൻ അകത്തു കടന്നതാണ്. ദുര്യോധനന്റെ കര വലയത്തിൽ വീണ ഞാൻ പ്രതിഷേധിക്കാതെ കിടന്നതാണ് ഭീമനെ ചൊടിപ്പിച്ചത്. ആ കൊച്ചു സമയപരിധിക്കുള്ളിൽ. സംഭവിച്ചതാണോ ഭീമ ദുര്യോധന ശത്രുതയുടെയും പ്രതികാരദാഹത്തിന്റെയും ബീജാവാപം? ആർക്കറിയാം, പെണ്ണുടലിന്റെ ഉടമയെന്നഭിമാനിക്കുന്ന ആണധികാരത്തിന്റെ രഹസ്യചേരുവകൾ."

2018/12/13

"മാദ്രിക്കുട്ടികൾക്കു ഊഴം തെറ്റിച്ചും നിങ്ങൾ വിവേചനപരമായ പായക്കൂട്ടനുവദിക്കുന്ന തിനേക്കാൾ ഭീമനെ ചൊടിപ്പിക്കുന്നതു നിങ്ങളുടെ വനവാസക്കാല പെണ്ണുടൽ പരിചരണം പൂർണ്ണമായും, ദൂരെ ദൂരെ ഹസ്തിനപുരിയിലിരുന്നു, ദുര്യോധനൻ നിർവ്വഹിച്ചു എന്ന നിങ്ങളുടെ ധിക്കാരത്തോടെയുള്ള അവകാശമാണ്. ഏതു ഭർത്താവിന് സഹിക്കാനാവും സുന്ദരിയായ ഭാര്യയുടെ പരസ്യ പരപുരുഷാഭിമുഖ്യം" കൊട്ടാരം ലേഖിക ചോദിച്ചു.

"കൗരവ അടിമയല്ലേ ഇന്നും ഞാൻ? അപ്പോൾ ഉടയോനല്ലേ പെണ്ണുടലിന്റെ അധിപതി? ഉടൽ ദുരുപയോഗം ചെയ്യാനാണെങ്കിൽ എന്നെ കൊട്ടാരത്തിൽ കൂടെ പാർപ്പിച്ചു പാണ്ഡവരെ മാത്രം കാട്ടിലേക്കയച്ചാൽ പോരെ? ഈ വ്യാഴവട്ടക്കാലം മുഴുവൻ ദൂരമത്രയും ദൂതനെ വിട്ടു എനിക്കുവേണ്ട സൗന്ദര്യ പരിചരണങ്ങൾക്കുള്ള തൈലവും തുണിയും, പുറത്തിനിയും ഞാൻ വെളിപ്പെടുത്തിയിട്ടില്ലാത്ത ഒട്ടനവധി സൗന്ദര്യ പരിപാലക വസ്തുക്കളും ഉപകരണങ്ങളും, കൃത്യമായി രഹസ്യസ്വഭാവം നിലനിർത്തി, എനിക്കെത്തിക്കുന്നതിൽ വാക്കു സൂക്ഷിച്ചില്ലേ അവൻ? ഒന്നൊന്നായി കൃതജ്ഞതയോടെ സൂക്ഷിക്കേണ്ട രഹസ്യങ്ങൾ. എന്നാൽ പാണ്ഡവർ പകയോടെയല്ലേ അവനോട് അന്നും ഇന്നും പെരുമാറിയത്? പോരാട്ടമുണ്ടായാൽ ഏതറ്റവും ധാർമികതയെ വളച്ചൊടിച്ചു അവന്റെ അരക്കെട്ടിൽ മാരകമായ ഗദാപ്രഹരം എന്നതാണ് നിത്യവും എന്റെ മുമ്പിൽ ഭീമന്റെ ദൃഢപ്രതിജ്ഞ. നടുവൊടിഞ്ഞു നിലവിളിക്കുന്ന പ്രിയ ദുര്യോധനന്റെ നിസ്സഹായതയിൽ മനം തളരുന്നു, പ്രിയപ്പെട്ടവനേ, പ്രിയപ്പെട്ടവനേ."

"ഇത്രവേഗം ഹസ്തിനപുരി വിട്ടുപോകാൻ എന്തായിരുന്നു തിടുക്കം? കിടപ്പറ ജാലകത്തിലൂടെ കാണാവുന്ന യമുനയും, വീട്ടുമുറ്റത്തെ വേപ്പുമര കൂട്ടവും, പൊരിച്ച ഗോമാംസമുള്ള സൗജന്യ ഊട്ടുപുരയും ഒക്കെയായി പാഞ്ചാലിയുമൊത്തു പാണ്ഡവ ദാമ്പത്യജീവിതം സുന്ദരവും സുരഭിലവുമായി എന്നു തോന്നലുള്ളപ്പോൾ?", കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. ഖാണ്ഡവപ്രസ്ഥത്തിലേക്കുള്ള കുടിയേറ്റത്തിനു തയ്യാറെടുക്കുകയായിരുന്ന കുന്തിയുടെയും മാദ്രിയുടെയും അഞ്ചു മക്കൾ.

"കിടപ്പറ ജാലകത്തിലൂടെയുള്ള സുന്ദരദൃശ്യവും പാഞ്ചാലിയുടെ 'സുരഭിലസാന്നിധ്യ'വും തന്നെയാണ് കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അപായമണി മുഴക്കിയത്. നിത്യവും വരും ആണുങ്ങൾ ഇല്ലാത്ത പ്പോൾ ദുര്യോധനൻ ഒരു പെട്ടി നിറയെ സൗരഭ്യ വസ്തുക്കളും ഹിമാലയ പഴങ്ങളുമായി. പ്രീണനം എന്ന ആദ്യദിന സൗഹ്ദനിലവിട്ടു അവൻ ഓരോന്നോരോന്നു പാഞ്ചാലിയെ പറഞ്ഞു പ്രേരിപ്പിച്ചു. പാണ്ഡവർ സ്വകാര്യനിമിഷങ്ങളിൽ ബഹുമാനമില്ലാതെ വാക്കുകൾ ഉപയോഗിച്ചാൽ,

അവർക്കെതിരെ ‘സ്ത്രീത്വത്തെ അവഹേളിച്ചു’ എന്ന ഗൗരവകുറ്റം ചുമത്തി നീതിപീഠത്തിൽ വിചാരണക്ക് വിധേയരാക്കാൻ പാഞ്ചാലി നിർബന്ധിതയാവും എന്ന് ഞങ്ങൾ സംശയിച്ചാൽ തെറ്റുപറയാൻ ആവുമോ? പെരുമാറ്റത്തിൽ ഗ്രാമീണമായ ഞങ്ങളുടെ വാമൊഴിസ്വാഭാവികത ഒലിച്ചു പോവില്ലേ അത്തരം നിയമക്കുടുക്കുകൾ ആൺപെൺ പാരസ്പര്യത്തെ വിടാതെ പിടിച്ചാൽ? യുധിഷ്ഠിരൻ പക്ഷെ കൗരവരുമായുള്ള മുഖാമുഖത്തിൽ സംയമനത്തോടെ പറഞ്ഞത്, കൗരവരുടെ ഉയർന്ന ആതിഥ്യ മര്യാദക്ക് നന്ദിയുണ്ടെങ്കിലും സ്വന്തമായൊരു മേൽവിലാസമുണ്ടാക്കാൻ അനുവദിക്കു. ധൃതരാഷ്ട്രർ യമുനയുടെ തീരത്തുള്ള ഘോരവനം ഇഷ്ടദാനമായി ഉടൻ എഴുതിത്തരു."

2018/12/14

“എന്ത് ആഭിചാരക്രിയക്കാണ് നീ ഹസ്തിനപുരിയിൽ തയ്യാറെടുക്കുന്നത് കൊട്ടാരഗുരു കൃപാചാര്യരുമായി വിദുരർ കൂടിയാലോചിക്കാതെ? യുദ്ധാനന്തര പാണ്ഡവഭരണകൂടത്തിലെ നിയുക്ത മഹാരാജാവ് ദീനസ്വരത്തിൽ പാഞ്ചാലിയോട് ചോദിച്ചു, “ഇതൊരു പരിഷ്കൃതനഗരമല്ലേ. ചാർവാകനെ പോലുള്ള യുക്തിവാദികൾ കാത്തിരിക്കയാണ് വീഴ്ച കാണാൻ."

“കാശിയിൽ പോയി ശ്രാദ്ധം ചെയ്തത് കൊണ്ടൊന്നും കൗരവപ്രേതങ്ങൾ വിട്ടൊഴിയുന്നില്ലെന്നതിനു തെളിവല്ലേ നിങ്ങൾ അഞ്ചു പേരും അർദ്ധരാത്രിയിൽ നിലവിളിച്ചുണർന്നു പുലരും വരെ ഓരോരോ മൂലയിൽ ഇരുന്നു കിതക്കുന്നത്? സഹിക്കവയ്യാതെ വേറെ മുറിയിൽ പോയി കിടന്നിട്ടും ഞാൻ ഉറങ്ങിയിട്ട് നാളെത്രയായി എന്ന് വല്ല പിടിയുമുണ്ടോ. അങ്ങനെയിരിക്കുമ്പോഴാണ് ദക്ഷിണഭാരതത്തിൽ നിന്നൊരു ബ്രാഹ്മണ മാന്ത്രികൻ വന്നു എന്നോട് ദ്വിഭാഷി മുഖേന രഹസ്യമായി പറഞ്ഞത്, കൗരവപ്രേതങ്ങളെ പൂർണ്ണമായും ആവാഹിച്ചു കൊണ്ട് പോയി ചെമ്പുകുടങ്ങളിൽ എന്നെന്നേക്കുമായി കുടിയിരുത്താം, പിന്നെ ഹസ്തിനപുരിയിൽ അവരുടെ നിശാ താണ്ഡവം ഉണ്ടാവില്ല. വിഗ്രഹ പ്രതിഷ്ഠയില്ലാത്ത ക്ഷേത്രം എന്ന നിലയിൽ നാം മലനട സമുച്ചയം അഭിവന്ദ്യ ദുര്യോധനന് സമർപ്പിക്കും. അതോടെ തീരും ഹസ്തിനപുരി കൊട്ടാരത്തിലെ ഭൂതബാധ. ചെങ്കോൽ തരാതെ കളിപ്പിക്കാനാണ് ഇനിയും ധൃതരാഷ്ട്രർ ഭാവമെങ്കിൽ ഒന്ന് വിറപ്പിക്കാൻ ഒടിയൻ എന്നൊരു മാന്ത്രികസൃഷ്ടിയെ ഹസ്തിനപുരി കൊട്ടാരത്തിൽ ഇന്ന് രാത്രി തന്നെ അവതരിപ്പിക്കാനും, ആകൃതിയിൽ കൗതുകം തോന്നുന്ന ഈ ബ്രാഹ്മണന് കഴിയുമെന്ന് കേൾക്കുന്നു." ശിശിരം വിടാത്ത അന്തരീക്ഷത്തിലും അർദ്ധനഗ്നനായിരുന്ന ആ ബ്രാഹ്മണൻ വെറ്റില മുറുക്കി ചുവന്നീറനായ ചുണ്ടുകൾ തുറന്നും അടച്ചും തുടയിൽ താളം പിടിച്ചു.

“കുളിച്ചു കയറുമ്പോൾ ദുര്യോധനൻ നിങ്ങളോടെന്തോ കുട്ടിപ്പിടിച്ചു പറയുന്ന പോലെ തോന്നി. എന്തായിരുന്നു ഖാണ്ഡവപ്രസ്ഥത്തിൽ പോവുന്ന പ്രണയിനിക്കവൻ നൽകിയ അന്ത്യോപചാരം?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. കാട്ടു കത്തിക്കാൻ പാണ്ഡവർ ഹസ്തിനപുരി വിട്ടിറങ്ങിയ നേരം.

“നൂറു നൂറായിരം ജീവകോശങ്ങൾ കൊണ്ടാണ് ഈ ഉടൽ നിർമ്മിച്ചിരിക്കുന്നതെന്നു നിനക്കെന്നെപോലെ എനിക്കുമറിയാം. എന്നാൽ ആ കോശങ്ങളിൽ ഒന്നിന് പോലും അറിയില്ല പാഞ്ചാലി ആരാണെന്ന്. അതറിയുന്നതു ഞാൻ മാത്രം.

അങ്ങനെ എന്തോ ഉപചാരം പറഞ്ഞു എങ്കിലും ഞാൻ ശ്രദ്ധിച്ചത് ചലിക്കുന്ന ചുണ്ടുകളായിരുന്നില്ല നിറയുന്ന കണ്ണുകളായിരുന്നു."

2018/12/15

"ശവത്തിൽ കൊത്താൻ കഴുകൻ മടിക്കുന്ന പോലെ തോന്നിയപ്പോൾ ഞാൻ സ്ഥലം വിട്ടു നിങ്ങളെ പിന്തുടർന്നു. കുഴികുത്തി മറവു ചെയ്യാനൊന്നും ഒരു പത്രപ്രവർത്തകക്കാവുന്ന ഭൗതിക ശരീരമല്ല ഭീമൻ ഉപേക്ഷിച്ചു പോയത്. എന്തായിരുന്നു അയാളുടെ ജീവിതാന്ത്യത്തിലെ ആരോഗ്യപ്രശ്നം?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. വിജന ഹിമാലയ താഴ്വരയിലെ വഴിത്താരയിൽ മുൻ ഹസ്തിനപുരി മഹാരാജാവിനിപ്പോൾ കൂട്ട് ഒരു പട്ടി.

"കിടപ്പറയിൽ നിങ്ങൾക്ക് പ്രവേശനമില്ലെന്നു പാഞ്ചാലി അറത്തു മുറിച്ചു പറഞ്ഞതോടെ തുടങ്ങി ഭീമശരീരത്തിന്റെ അപചയം. ഊട്ടുപുരയുടെ മൂലയിൽ പാചകക്കാരെ പ്രീണിപ്പിച്ച് അറവു മൃഗങ്ങളുടെ വാലും തലയും വരെ തട്ടിയെടുക്കുന്നത് പതിവായി. ശരീരശുചിത്വത്തിൽ മുമ്പുണ്ടായിരുന്ന അശ്രദ്ധ, അവഗണനയായി മാറി. ഞാൻ അധ്യക്ഷനായ ഉന്നതാധികാര സമിതി യോഗത്തിൽ ഭീമസാന്നിധ്യം അസഹനീയമെന്നു പറഞ്ഞു പാഞ്ചാലി വരാതായി. പ്രേരിപ്പിച്ചു നേർവഴി നടത്താൻ എന്തുകൊണ്ട് ഞാൻ ഇടപെടില്ലെന്ന് ചോദിച്ചാൽ, ഒന്നോർക്കണം, കുരുക്ഷേത്രയുദ്ധം കഴിഞ്ഞു ഞങ്ങൾ അധികാരത്തിൽ കയറിയിട്ടു കൊല്ലം മുപ്പത്തിയാറായിരുന്നു. ഓരോ പാണ്ഡവനും അവനാവുന്ന വിധത്തിൽ സമകാലീന ഭൂമികയിൽ അസാധുവായിക്കഴിഞ്ഞിരുന്ന ആ കാലത്തിലാണെനിക്ക് ബോധോദയമുണ്ടായത്-എന്തുകൊണ്ടൊരു മഹാപ്രസ്ഥാനം? ജനിച്ചതും കൗമാരം വളരെ വളർന്നതുമായ ഹിമാലയത്തിലേക്ക് ജീവിതാന്ത്യത്തിൽ എന്ത് കൊണ്ട് മടക്കമില്ലാത്ത ഒരു പദയാത്ര കൂടി?"

"കുടുംബനാമം തുണയായോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"ആകാശചാരികളാണ്, ഭൂവാസികളല്ല പിതൃക്കൾ എന്ന് കുന്തിയും മാദ്രിയും മേനി പറഞ്ഞത് കൊണ്ട് മാത്രം കാര്യമുണ്ടോ? വൈവിധ്യബീജസമ്പാദനത്തിനുള്ള ദാമ്പത്യസാഹചര്യം അറിയാൻ ആകാംക്ഷ കാണിക്കുന്നവരോടെത്ര സത്യം വെട്ടിത്തുറന്നു ഞങ്ങൾ പറയും? കായികക്ഷമതയില്ലാത്ത ഭർത്താവിനെ നോക്കുകുത്തിയാക്കി രണ്ടു രാജസ്ത്രീകൾ, മുടിയിൽ പൂ ചൂടി പ്രലോഭനമന്ത്രവുമായി ആൺവേട്ടക്ക് ഇറങ്ങിത്തിരിക്കുന്ന കാഴ്ച, ഭാവനയിൽ കണ്ടപ്പോഴൊക്കെ, ലജ്ജയിൽ മുഖം മുങ്ങി. ദാമ്പത്യത്തിനുശേഷം, പരിചയപ്പെടാൻ വേണ്ടി സ്വാഭാവികമായി പാഞ്ചാലി ചോദിക്കാവുന്ന അന്വേഷണങ്ങൾ പോലും തടയാൻ ഞങ്ങൾ നിർബന്ധിതരായി. 'പാഞ്ചാലനല്ല ബീജദാതാവ് യാഗാഗ്നിയിൽ വളർച്ചയെത്തിയ പെണ്ണുടലോടെ ഉയർന്നു വന്ന ദേവസ്ത്രീയാണ് ഞാൻ' എന്ന് സ്വയം അഭിമാനത്തോടെ പരിചയപ്പെടുത്തുമ്പോൾ, 'പാണ്ഡുവല്ല ഞങ്ങളുടെ പിതാവ്' എന്ന് സമാനബോധത്തോടെ എങ്ങനെ ഞങ്ങൾ പറയും? പൊതുസ്വീകാര്യതയുള്ള പദാവലിയിൽ ഞങ്ങളെങ്ങനെ പാണ്ഡവർ ആയി എന്ന്നിർല്ലജ്ജം വിശദീകരിക്കേണ്ടി വന്നപ്പോഴൊക്കെ, കർണ്ണൻ നേരിട്ട അതേ, ഒരു പക്ഷെ കൂടുതൽ, അസ്തിത്വ അവഹേളനം ഞങ്ങളും നേരിട്ടു. 'ഒരു പക്ഷെ കൂടുതൽ' എന്നതിന് കാരണം ഉണ്ട്. ശ്രോതാക്കൾ കർണ്ണനോട് കരുണ കാട്ടിയപ്പോൾ, ഞങ്ങളോട് ഒറ്റക്കൊറ്റക്ക് വിവരം തേടിയത് കള്ളി

വെളിച്ചത്താക്കി ഉള്ളിൽ നിന്ദിക്കാനായിരുന്നു. അറിയാമോ, ആരാണ് നിങ്ങൾ എന്ന് അഭിമന്യുവിനോട് വഴിയമ്പലങ്ങളിൽ ചോദിക്കു മ്പോൾ 'ഞാൻ അർജ്ജുനന്റെ മകൻ അഭിമന്യു' എന്ന് അഭിമാനത്തോടെ പറഞ്ഞിരുന്ന മകനോടെനിക്ക് അസൂയ തോന്നിയിരുന്നു. ഞങ്ങളഞ്ചു പേർക്ക് പാണ്ഡവർ എന്നതൊരു കുലീല കുടുംബനാമമായിരുന്നില്ല കുറ്റസമ്മതത്തിനുള്ള പ്രതിക്കൂടായിരുന്നു."

"ഏകാന്തജീവിതം കിനാവ് കണ്ടിരുന്നുവോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനവാസക്കാലം.

"ഭർത്താക്കന്മാർ സ്ഥലത്തുണ്ടെങ്കിൽ കുതിരപ്പന്തി പോലെ ബഹളമയമായിരിക്കും പക്ഷെ ആശ്വാസമുണ്ട്, സസ്യാഹാരികളായ കാട്ടുമൃഗങ്ങളെ കൊന്നു തൊലിയുരിച്ചു ചുട്ടു തിന്നാൻ ആർത്തിയുള്ള സംഘമായി വേട്ടക്കിറങ്ങിയാൽ തിരിച്ചു വരാൻ നേരമിരുട്ടും. അപ്പോൾ വീണുകിട്ടുന്ന ഏകാന്തതയെനിക്ക് അന്തരാത്മാവിലേക്കൊരു പാലം പണിയും. ഇന്ദ്രപ്രസ്ഥത്തിൽ ചക്രവർത്തിനി എന്ന പദവി തന്നത് അഭിനയ മുഹൂർത്തങ്ങളാണ്. പാലം കുലുങ്ങുന്ന പോലെ തോന്നുന്നു. അടുത്ത ഒരു മണിക്കൂറിനകം പാണ്ഡവർ അകത്തു പ്രവേശിക്കും എന്ന സമയബോധ്യത്തിൽ ഞാൻ തകർന്നിരിക്കുന്നു."

2018/12/16

"ഭർത്താക്കന്മാർ അഞ്ചുപേരും കൊല്ലപ്പെടുന്ന അപൂർവ്വ സാഹചര്യം ഉണ്ടായാൽ വൈധവ്യം എങ്ങനെ ഭാവിജീവിതത്തെ ബാധിക്കുമെന്നാണ് സങ്കല്പ്പിക്കുന്നത്?", കൊട്ടാരം ലേഖിക ചോദിച്ചു, "പാഞ്ചാല രാജ്യത്തിലേക്ക് മടങ്ങുമോ?"

"പാണ്ഡവക്കൂട്ടക്കൊലകൾ ഭാവിജീവിതസാധ്യതകളെ പ്രതികൂലമായി ബാധിക്കാനാവാത്തിടത്തോളം സജീവമായൊരു ആന്തരികജീവിതം എക്കാലവും ഞാനെന്നിൽ വളർത്തിയത് തുണയാകുമെന്നു തന്നെയാണ് ഊഹിക്കുന്നത്. ആരാധകരെ നിരാശപ്പെടുത്താതിരിക്കാൻ, വേണ്ടിവന്നാൽ, പുനർ വിവാഹവും പരിഗണിക്കും. കുരുക്ഷേത്രവിധവയുടെ വിവാഹസൽക്കാരം 'ഹസ്തിനപുരി പത്രിക'യിലൂടെ ലോകത്തെ അറിയിക്കാൻ കണ്ണും തുറന്നു കൂട്ടുകാരനൊപ്പം ഉണ്ടാവില്ലേ നിങ്ങളും?"

"വാക്ക് ഞാൻ പാലിച്ചു, മുടിയിൽ തേക്കാൻ ഇതാ ചുടു കൗരവചോര", പോരാട്ടത്തിൽ മുറിവേറ്റ ഭീമൻ ഓടിക്കിതച്ചു പാഞ്ചാലിയുടെ മുമ്പിൽ കൊച്ചു കുട്ടിയെ പോലെ അനുമോദനത്തിനായി കൈക്കുമ്പിളിൽ ചോര നീട്ടി.

"ആലങ്കാരികമായി ഞാനെന്നോ പറഞ്ഞുപോയ ഒരു കാര്യം ഇത്രയും കാലം ഓർമയിൽ വച്ച് ശത്രുവിന്റെ കരൾ തുരന്നു ചോര കോരി വരുന്ന നിങ്ങൾ ആളെത്ര മന്ദൻ. നിങ്ങൾക്ക് അറിയാമോ മനുഷ്യാ, എന്റെ ആരാധകരായിരുന്നു നിങ്ങൾ ചതിച്ചുകൊന്ന ധീര കൗരവർ", നിന്ദയോടെ ഭർത്താവിനെ നോക്കി മുടി കെട്ടിവച്ചു അവൾ കൂടാരത്തിലേക്ക് കയറി.

2018/12/17

"ഇതെന്ന് മുതൽ? ആസന്നമായ കുരുക്ഷേത്രയിൽ കൗരവസർവ്വ സൈന്യാധിപനാവുമെന്നു കുതിരപ്പന്തികളിൽ ഊഹാപോഹങ്ങൾ പ്രചരിക്കുമ്പോഴും, രാജ

വീഥിയിൽ വഴി നടക്കുമ്പോൾ പിതാമഹനു കൈത്താങ്ങായി പെൺചുമൽ?", കൊട്ടാരം ലേഖിക ചോദിച്ചു.

"പിറന്നാൾ ആഘോഷിച്ചപ്പോൾ ഒറ്റക്കിനി വഴി നടക്കരുതെന്നു ദുര്യോധനൻ നിർദ്ദേശിച്ചു. കേട്ടപാതി രാജകന്യകകൾ ബ്രഹ്മചാരിക്കു സന്നദ്ധതോളുകളുമായി കൂടെ നടക്കാൻ മുന്നോട്ടു വന്നു. ഉഷ്ണമുള്ളപ്പോൾ വീശാൻ, കൊട്ടാരം ഊട്ടുപുരയിൽ സ്നേഹ വിരുന്ന് വിളമ്പാൻ, കിടപ്പറയിൽ വ്യക്തിഗത സൌകര്യങ്ങൾ ഒരുക്കാൻ, നൈഷ്ഠികബ്രഹ്മചാരിയുടെ വിശ്വഖ്യാതി നേടിയ മനോനിയന്ത്രണം ഉറപ്പു വരുത്താൻ സഹശയനത്തിനും അവർ തയ്യാറായി എന്നതാണ് ചാരിതാർത്ഥ്യം. ഗംഗേയനായ ദേവദത്തന്റെ യുദ്ധകാലസഹകരണത്തിന് കൌരവ പരിവാരം രാവുപകൽ വ്യക്തിഗത പരിലാളന കൊടുക്കുന്നു എന്ന് ചാർവാകൻ വാത്സല്യത്തോടെ നന്ദി പറഞ്ഞു പിരിഞ്ഞതേയുള്ളൂ", ഭീഷ്മചലനങ്ങൾ കൌതുകത്തോടെ കൊട്ടാരം ലേഖിക നോക്കുമ്പോൾ ദുര്യോധനവധു വസ്തുതാപരമായ കൃത്യതയോടെ പറഞ്ഞു.

"ശല്യക്കാരനായ വ്യവഹാരിയെന്നു ദാമ്പത്യത്തിൽ യുധിഷ്ഠിരനു ചെല്ലപ്പേരുണ്ടെന്നറിയാം, എന്നാൽ മഹാരാജാവായ ശേഷം രാജസഭയിൽ ആളെങ്ങനെ? മാന്യൻ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"സിംഹാസനത്തിന്നരികെ എനിക്കും ഒരിരിപ്പിടമൊക്കെ തയ്യാറാക്കിയിരുന്നു. പക്ഷെ സഭാ നടപടികൾ നിരീക്ഷിക്കാൻ സാവകാശം തരാതെ നിസ്സാര ചോദ്യങ്ങൾ എറിഞ്ഞു ചിന്താനീക്കത്തെ തടസ്സപ്പെടുത്തും. സഭ നിയന്ത്രിക്കുന്ന വിദുരർ കുറെയൊക്കെ കൃത്രിമമെന്നു തോന്നിപ്പിക്കുന്ന ഔപചാരികതയോടെ സഭാ അംഗങ്ങളെ ക്ഷണിക്കും. പരിഭ്രമത്തോടെ ക്ഷണിതാക്കൾ പ്രഭാഷണം തുടങ്ങുമ്പോൾ നിർമ്മര്യാദകരമായ അവഗണനയോടെ കഴുത്തുനീട്ടി നിസ്സാരവും സന്ദർഭത്തിനു യോജിക്കാത്തതുമായ ചോദ്യങ്ങൾ കൊണ്ടെന്നെ വിറളി പിടിപ്പിക്കും. ഒരു കൂർത്ത നോട്ടം കൊണ്ടൊക്കെ ഞാൻ പണ്ട് യുധിഷ്ഠിരനെ നിശ്ശബ്ദനാക്കിയിരുന്നു എങ്കിൽ, ചെങ്കോൽ കിട്ടിയതോടെ അയാൾ അങ്ങനെ എളുപ്പത്തിലൊന്നും പിൻവാങ്ങുകയില്ല. പിറ്റേന്ന് ഉന്നതാധികാര സമിതിയിൽ മറ്റു നാലു പാണ്ഡവർ എന്തൊക്കെ നിർദ്ദേശങ്ങൾ കൊണ്ടുവരാനിടയുണ്ടെന്നൊക്കെ ആലോചിച്ചുണ്ടാക്കി എന്റെ നിലപാട് ആവശ്യപ്പെടും. മൌനം സമ്മതമെന്ന നിലയിൽ പിറ്റേന്ന് യോഗത്തിൽ എന്നെ ഹീനമായി ദുരുപയോഗം ചെയ്തു മറ്റു നാലു പാണ്ഡവർക്കെതിരെ മതിലുകൾ തീർക്കും."

2018/12/18

"വിദേശ ആക്രമണമോ ആഭ്യന്തര കലാപമോ ഇല്ലാതെ, മൂന്നു ദശാബ്ദങ്ങൾ യുധിഷ്ഠിര നേതൃത്വത്തിൽ ഹസ്തിനപുരി മിക്കവാറും ഐശ്വര്യത്തിലെത്തി എങ്കിലും, രാപ്പകൽ കൂടെ നിന്ന നിങ്ങൾക്കെന്തു പാരിതോഷികം മഹാരാജാവ് തന്നു എന്നാണു ചോദ്യം?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"ദേശരത്ന പുരസ്കാരം നേടിയ നിർവൃതിയിൽ യുധിഷ്ഠിരൻ, അയാൾക്കാവുന്നത്ര ഉദാരമായി, എന്നോട് പറഞ്ഞു, കൊട്ടാരസമുച്ചയം നിന്റെ പേരിലാക്കട്ടെ? കുരുവംശാ ധിപന്മാരുടെ ഈ പൈതൃകസ്വത്തിൽ ഒരു കാലഘട്ടത്തിന്റെ കൈവശാവ

കാശം മാത്രമല്ലെ നമുക്കിടയിൽ നിയമാനുസൃതം ഉണ്ടാവൂ, അതെങ്ങനെ ആ സ്വത്തിന്റെ സംരക്ഷകനായ നിങ്ങൾ ഭാര്യയുടെ പേരിൽ ജന്മം ചാർത്തിത്തരും എന്ന് ഞാൻ നടപടി ക്രമമനുസരിച്ച് തിരിച്ച് ചോദിച്ചു. മർത്യ ജീവിതത്തിലെ കടങ്ങളെയും കടപ്പാടുകളെയും കാലാകാലം വീട്ടാൻ ബാധ്യസ്ഥനായ ഞാൻ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശത്തെ നീ കാലഘട്ടങ്ങളിലേക്ക പരിമിതപ്പെടുത്തുക വഴി ഇനിയൊരു മനുഷ്യജന്മം കൂടി ഞാൻ ജീവിച്ചുവേണ്ടിവരില്ലേ ഈ ജീവിതത്തിലെ കെട്ടുപാടുകൾ നീക്കാൻ എന്ന് വിതുമ്പിക്കൊണ്ടയാൾ നെറ്റിയിൽ വിരലുകളൂന്നി സിംഹാസനത്തിൽ നിന്ന് എഴുന്നേറ്റു."

2018/12/19

"ആരും അത്ര മോശമല്ല എന്നവർ വാക്കുകൊണ്ട് തെളിയിച്ചിട്ടുണ്ടെങ്കിലും, ഏറ്റവും അവഹേളനപരമായ പരാമർശത്തോടെ പാണ്ഡവർ നിങ്ങളോട് പെരുമാറിയ സംഭവം ഒന്നോർത്തെടുക്കാമോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

കാലമിത്ര കഴിഞ്ഞിട്ടും, ഓർമ്മയിൽ കിടന്നു പുളയുന്ന ഒന്നുണ്ട്. ഇളമുറ സഹദേവനോട് ആളോഹരിയിൽ കവിഞ്ഞു പരിലാളന ഞാൻ കാണിക്കുന്നു എന്ന് പരിദേവനം ചെയ്യുന്ന ആ ദിനങ്ങളിൽ, അർജ്ജുനൻ എനിക്കുനേരെ വിരൽ ചൂണ്ടി മറ്റു നാലു പേരോട് പറഞ്ഞു, "ആരോഗ്യമുള്ള എന്റെ ശരീരം പാഞ്ചാലിക്ക് ഞാൻ എന്നോ നിരുപാധികം വിട്ടുകൊടുത്തു ആനന്ദ സ്രോതസ്സായി. ആ ഒരൊറ്റ പരാമർശം മതിയായിരുന്നു ഒരു സ്ത്രീക്ക് പൊങ്ങച്ചമുള്ള ആ ശരീരം എന്നെന്നേക്കുമായി മതിയാവാൻ."

2018/12/20

"പാണ്ഡവരോ സുരക്ഷാഭടന്മാരോ കൂടെയില്ലാതെ, ഇതെന്താ കാടുമൂടിയ ശവക്കോട്ടയിൽ?" മഹാറാണി പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു. മൂടൽ മഞ്ഞു നിറഞ്ഞ ശിശിരകാലം, യുദ്ധാനന്തര ഹസ്തിനപുരി.

"കുറ്റബോധം സഹിക്കാനാവാതെ ഉറക്കം നഷ്ടപ്പെടുന്ന രാവിനു ശേഷം, ആരോരുമറിയാതെ ഞാൻ ഇറങ്ങിത്തിരിച്ചു. ആദ്യസമാഗമം മുതൽ ആഴത്തിലെന്നെ പ്രണയിക്കുകയും, പരുക്കൻ പാണ്ഡവർ എന്നെ അർഹിക്കുന്നില്ല എന്ന് വിശ്വസിക്കുകയും, വികാരാവിഷ്കാരത്തിന് വേണ്ടി എന്റെ ഉടലിൽ ആധിപത്യം പുലർത്തുകയും ചെയ്ത ധീരകൌരവരുടെ അന്ത്യവിശ്രമസ്ഥലിയിൽ ഇന്നും അർപ്പിക്കട്ടെ, സ്വകാര്യ ഉദ്യാനത്തിൽ വിരിഞ്ഞ ഈ വെളുത്ത പൂക്കൾ."

മൂടൽ മഞ്ഞു നീങ്ങി തെളിവെയിൽ വീണു. വസന്തകാലത്തിന്റെ ആവേശകരമായ സുഗന്ധം ചിതറി, കഥാവശേഷരായ കൌരവർക്കു നേരെ പാഞ്ചാലി കൈക്കുമ്പിളിലെ പൂക്കൾ എറിഞ്ഞു. ശവക്കോട്ടക്ക് പുറത്തു, ശിരസ്സ് ഭാഗികമായി മൂടിയ നകുലൻ ശ്വാസം അടക്കിപ്പിടിച്ചു.

2018/12/21

“മഹാരാജാവ് ജലസമാധി ചെയ്യുകയാണെങ്കിൽ പിന്തുടർച്ച ആർക്കായിരിക്കും?”, കൊട്ടാരത്തിനു പിന്നിലെ ശുദ്ധജലാശയത്തിന്നരികെ നിൽക്കുകയായിരുന്ന പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി എന്ന പദവിയിൽ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനൊപ്പം, അഞ്ചോളം വരുന്ന ഭർത്താക്കന്മാരിൽ നിന്ന് ഊഴം തെറ്റിക്കാതെ ഗർഭംധരിച്ച നവജാതശിശുക്കളെ പാഞ്ചാലയിൽ പോറ്റാൻ ഏൽപ്പിച്ചു. ഇതൊക്കെ എന്തിനു എണ്ണിയെണ്ണി പറയുന്നു എന്നോ? രാജസൂയ യാഗത്തിലെ സ്ത്രീവിരുദ്ധ ആചാരങ്ങൾ അക്ഷരാർത്ഥത്തിൽ പാലിച്ചു പദവി നേടിയത് വൃദ്ധഭർത്താവിന്റെ ചിതയിൽ ചാടി മാദ്രിയെ പോലെ ഭാവി ഹോമിക്കാനല്ല. യാഗാഗ്നിയിൽ നിന്നുയർന്ന ദേവസ്ത്രീയാണ് ഞാനെങ്കിൽ, ഭൂമിയിലെ ഭരണയന്ത്രം തിരിക്കാനും തയ്യാർ”, ഭാരിച്ച ശരീരവുമായി വ്യായാമത്തിനായി പണിപ്പെട്ടു നീന്തിക്കൊണ്ടിരുന്ന യുധിഷ്ഠിരൻ നിലയില്ലാത്ത വെള്ളത്തിൽ മുങ്ങിപ്പൊങ്ങുന്നതു ശ്രദ്ധിച്ചപ്പോൾ കരകയറാൻ കയർ കൃത്യമായി പാഞ്ചാലി എറിഞ്ഞു കൊടുക്കുന്നതു കൊട്ടാരം ലേഖിക കൗതുകത്തോടെ നോക്കി.

2018/12/22

“ക്ഷണിച്ചുവരുത്തി സ്ഥാനഭ്രഷ്ടനാക്കി എന്ന ആഖ്യാന രീതിയിലാണിപ്പോൾ നാട്ടിലാകെ കഥകൾ പ്രചരിപ്പിക്കുന്നത്. കൃത്യമായി സംഭവിച്ചതെന്തായിരുന്നു” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“നാട്ടുകാരെ കബളിപ്പിച്ചു ചക്രവർത്തി പദവി നേടിയ യുധിഷ്ഠിരൻ നേരിട്ടു ഞങ്ങളെ അപമാനിച്ചു എന്നതിനൊന്നും തെളിവില്ല പക്ഷെ കൗരവരെ ലോകജനതക്കു മുമ്പിൽ കരിവാരി തേക്കാൻ പാണ്ഡവരിൽ ചിലർ ചെയ്ത പ്രചരണങ്ങൾ ഞങ്ങളെ പ്രകോപിതരാക്കും വിധം വേദനിപ്പിച്ചു എന്നത് വസ്തുതയാണ്. കൗരവർ ചെയ്തു എന്ന് പറഞ്ഞു നാണം കെടുത്തുന്ന വിഴുപ്പു പ്രചരിപ്പിക്കുന്നതായിരുന്നു രോഗഗ്രസ്ത പാണ്ഡവരീതി. കുരുവംശം കപ്പം കൊടുക്കുന്നതിൽ വീഴ്ച വരുത്തി എന്ന അസത്യവാർത്ത ആദ്യം നാടാകെ പ്രചരിപ്പിച്ചു കുതിരപ്പന്തികളിൽ കോലാഹലമുണ്ടാക്കിയ ശേഷം, പിന്നീട് തീയതി കാണിക്കാതെ കപ്പം പലിശയടക്കം കിട്ടിയെന്ന വസ്തുത ഒരു തിരുത്തു എന്ന പേരിൽ നിർജ്ജീവമായി വെളിപ്പെടുത്തുക, കൗരവരാജ സ്ത്രീകളുടെ വിവാഹ പൂർവജീവിതത്തിൽ നിന്ന് കുന്തി മാതൃകയിലുള്ള സാഹസികരതികഥകൾ ചികഞ്ഞെടുത്തു സൂതന്മാരെ കൊണ്ട് നാടൊട്ടുക്ക് പാടിപ്പിക്കുക-ഇതൊക്കെ മഞ്ഞു പാളിയുടെ മേൽപ്പാട മാത്രം. അതിനുശേഷമാണ് വിശിഷ്ടാതിഥികളെ വഴക്കി വീഴ്ത്തുന്ന പരപീഡന ചാപല്യത്തിൽ പാണ്ഡവർ അഭിരമിച്ചത്. ഇരകളായവർ കടുത്ത നടപടി ശുപാർശ ചെയ്തപ്പോൾ ഭരണകൂടം, ചൂതാട്ടമെന്ന രക്തരഹിതയുദ്ധത്തിലൂടെ പാണ്ഡവരെ അധികാരത്തിൽ നിന്ന് ഒരൊറ്റ നിറസന്ധ്യയിൽ നീക്കി. കൗരവരെ കുത്തി നോവിച്ചാൽ വെറുതെ വിടില്ല ഞങ്ങൾ, എന്ന ജനകീയ ഗാഥ അടിവസ്ത്രം ഊരി പഠിപ്പിച്ചതും കൗരവരുടെ ചരിത്രനിയോഗമായിരുന്നു.”

ഇന്ദ്രപ്രസ്ഥം ഭരിക്കാൻ മൂന്നു പേർ ഉൾപ്പെടുന്ന ഒരു കൗരവ സംഘത്തെ യാത്രയയക്കുകയായിരുന്നു ദുര്യോധനൻ.

2018/12/23

"പ്രശസ്ത പാഠശാലകളിൽ പോയ കൗരവർക്ക കുലീനഭാഷ സംസാരിക്കാനാവുമെന്നറിയാം, കിടപ്പു രോഗി പാണ്ഡുവിന്റെ ശാപവാക്കുകൾ നിത്യവും കാട്ടിൽ പരിചയിച്ച പാണ്ഡവരിൽ പരുക്കൻ പദാവലി പതിവുമായിരിക്കാം പക്ഷെ ദേവസന്തതിയെന്നു ലോകത്താൽ അംഗീകരിക്കപ്പെട്ട വിശിഷ്ട പൈതൃകമുണ്ട് അഞ്ചുപേർക്കും. എന്നിട്ടും നിങ്ങൾ ഭീമനെ വന്യമൃഗത്തോട് താരതമ്യം ചെയ്തു നിന്ദിച്ചതിന്റെ യുക്തി വ്യക്തമാക്കാമോ?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"അത് കൗരവവികാരമായിരുന്നില്ലേ? യുക്തിയൊന്നുമല്ലെന്നു നിങ്ങൾക്കുമറിയാം, കൗരവർ അനധികൃത ജന്മങ്ങൾ എന്ന അർത്ഥം വരുന്ന ഊറ്റില്ലഭാഷ പാണ്ഡവർ സംസാരിച്ചതും ആ വാർഷിക കുടുംബ യോഗത്തിലായിരുന്നില്ലേ? രാജസഭയിൽ ധൃതരാഷ്ട്രരും ഗാന്ധാരിയും, കാഴ്ച പരിമിതിയുണ്ടെങ്കിലും, കേൾവിപരിധിയിലായിരുന്നില്ലേ? വേദന തോന്നി പക്ഷെ ഞങ്ങൾ പ്രതിഷേധിച്ചില്ല എന്നതാണ് നിങ്ങൾ ശ്രദ്ധിക്കാതെ പോയത്. കൗമാരം വരെ കാട്ടിൽ വളർന്ന പാണ്ഡവർക്ക് ജീവിതാരംഭം പരിഷ്കൃതസമൂഹത്തിലായിരുന്നില്ലെന്ന പ്രത്യേക പരിഗണന കൊടുക്കുന്നുണ്ട്. അന്തഃപുരതോഴികളെ വർഷങ്ങളോളം ധൃതരാഷ്ട്രർ ലൈംഗികമായി ദുരുപയോഗം ചെയ്യുക വഴിയായിരുന്നു അഭിശപ്ത കൗരവ ജന്മങ്ങളെന്നു പാണ്ഡവർ ആരോപിക്കണമെങ്കിൽ നുണനിർമ്മിതിയിൽ കിട്ടിയ അധോലോക പിന്തുണ എത്ര സജീവമായിരുന്നു. എന്നിട്ടും ഞാൻ പ്രകോപിതനായില്ല. യോഗമൊക്കെ കഴിഞ്ഞു കൊട്ടാരം ഊട്ടുപുരയിൽ ചെന്നപ്പോൾ ഭീമൻ ഇഷ്ടവിഭവം കാട്ടുപോത്തിന്റെ ചൂട് വിടാത്ത ഇറച്ചിയാണെന്നു അഭിമാനത്തോടെ പറഞ്ഞപ്പോഴാണ് വെളിപ്പെടുത്തൽ ഉണ്ടായത്. വേട്ടനായകളെ വിട്ടു കാട്ടുപോത്തിന്റെ പിന്നിൽ കടിപ്പിച്ചു വീഴുമ്പോൾ കഴുത്തുവെട്ടി ചുടുചോര ഭീമൻ കൈക്കുമ്പിളിൽ നിറച്ചു കുടിക്കുന്ന രംഗം സൂതന്മാർ പാടി നടക്കുന്ന കഥ മാത്രമായിരുന്നു, അല്ലാതെ അവഹേളിക്കാൻ കൊണ്ടുവന്ന പാണ്ഡവകുടുംബ ചരിത്രമൊന്നുമായിരുന്നില്ല. ഭാവിയിലൊരു കൗരവ-പാണ്ഡവ യുദ്ധമുണ്ടായാൽ, ആർക്കറിയാം, ഭീമൻ ഞങ്ങളുടെ നെഞ്ച് കലക്കി രക്തദാഹം തീർക്കുകയില്ലേ എന്നൊരു സൂചനയാണപ്പോൾ നിങ്ങളുടെ മഹനീയ സാന്നിധ്യത്തിൽ ഞാൻ പുഞ്ചിരിച്ചു പറഞ്ഞത്. അത് പ്രവചനമൊന്നുമായിരുന്നില്ല, തീൻശാലയിലെ വർത്തമാനം മാത്രം."

2018/12/24

"അച്ഛനെ കുടുക്കാൻ കഴിയാത്തതു കൊണ്ടായിരുന്നോ കുരുന്നു പോരാളിയെ കുത്തിയത്?", സുരക്ഷാഭടന്മാരുടെ നടുവിൽ കുനിഞ്ഞിരിക്കുകയായിരുന്ന കർണ്ണനോട് കൊട്ടാരം ലേഖിക ചോദിച്ചു. ശിശിരകാല രാത്രിയിൽ യമുനയുടെ തീരത്തു ചിത കത്തുന്ന വെളിച്ചം തെളിഞ്ഞു. കുരുക്ഷേത്രയുദ്ധത്തിന്റെ പതിമൂന്നാം ദിവസം.

"കൗരവർക്കിടയിൽ കൂടുതൽ കുഴപ്പം ഉണ്ടാകും മുമ്പ് കുട്ടിക്കുറ്റവാളിയെ വേണ്ടപോലെ കൈകാര്യം ചെയ്ത് ഭൗതികാവശിഷ്ടം, ചക്രവ്യൂഹത്തിന്നപ്പുറം കൃത്യമായി എറിഞ്ഞു കൊടുക്കുകയെന്ന കർത്തവ്യം മാത്രമേ ഞാൻ നിർവ്വഹിച്ചുള്ളൂ, ഒളിഞ്ഞിരിക്കയായിരുന്ന പാണ്ഡവർ എത്രയും വേഗം ഭൗതികാവശിഷ്ടങ്ങൾ പെറുക്കിക്കൊ

ണ്ടു പോയി എന്നത് കത്തിത്തുടങ്ങിയ ചിത കണ്ടാൽ അറിയില്ലേ? കൊച്ചു കുഞ്ഞുങ്ങളെ വച്ച് ആരും കൊടുംകുറ്റകൃത്യം ചെയ്യാൻ ശ്രമിക്കരുത് എന്ന ദുര്യോധനന്റെ താക്കീത് പാണ്ഡവർ മറക്കരുത്."

2018/12/25

"ശത്രുപക്ഷത്തു നിർത്തി കുരുക്ഷേത്രയിൽ കൗരവ വംശഹത്യ ചെയ്തധികാരം നിങ്ങൾ പിടിച്ചടക്കിയതോടെ, ഹസ്തിനപുരി സാമ്രാജ്യം പാണ്ഡവർക്ക് പ്രിയ ജന്മഭൂമിയായി അല്ലേ?", മഹാറാണി പാഞ്ചാലി എഴുതി ചിട്ടപ്പെടുത്തി അരങ്ങേറ്റ മൈതാനിയിലെ പൊതുവേദിയിൽ അവതരിപ്പിച്ച പുതിയ ദേശീയഗാനം മുൻ കൗരവ രാജകുമാരികൾ വൈകാരിക ഈണത്തോടെ പാടിക്കഴിഞ്ഞു സദസ്സ് കയ്യടിച്ചു പിരിയുമ്പോൾ കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"ഇന്ദ്രപ്രസ്ഥത്തിൽ ഞങ്ങൾ തയ്യാറാക്കി പ്രചരിപ്പിച്ചിരുന്ന ദേശീയഗാനം ഖാണ്ഡവപ്രസ്ഥത്തിന്റെ ആവാസ വ്യവസ്ഥക്കു പ്രണാമം അർപ്പിച്ചായിരുന്നില്ലേ? ദേശ, കുടുംബ, സംസ്കാര ഭേദഗതിയോടെ ഇവിടെ അവതരിപ്പിച്ചതു് അതുപോലൊരു വൈകാരിക ഉള്ളടക്കമാണ്. കുടുംബനാഥ അംബാലിക മുതൽ കിരീടാവകാശിയുടെ പിതാവ് അഭിമന്യു വരെയുള്ള പാണ്ഡുകുടുംബ പരാമർശങ്ങളോടെ തിരുത്തിയെഴുതിയ പുതു ദേശീയഗാനത്തിന്റെ ജനപ്രീതിയിപ്പോൾ നിങ്ങൾ കണ്ടറിഞ്ഞതല്ലേ. മുൻ കൗരവ ഭരണകൂടം ധൃതരാഷ്ട്ര കേന്ദ്രീകൃതമായ ദേശീയഗാനത്തിനു ഓരോ പൊതു വേദിയിലും നിർബന്ധിത ആലാപനം ഉറപ്പുവരുത്തുമ്പോൾ ഇല്ലാതിരുന്ന സംശയരോഗം ഇപ്പോൾ പാണ്ഡുവിനെ തിരിച്ചു പിടിച്ചെഴുതിയ പുത്തൻ ദേശീയഗാനം പാടിക്കേൾക്കുമ്പോൾ മാത്രം എന്തുകൊണ്ട് നിങ്ങൾ ആവാഹിച്ചെടുക്കുന്നു?"

2018/12/26

"അക്ഷരാർത്ഥത്തിൽ കത്തിച്ചു അല്ലേ? കൊട്ടാരം ലേഖിക ചോദിച്ചു, "ഖാണ്ഡവപ്രസ്ഥത്തിൽ കുടിയേറ്റ കുടിലത എന്നാണു ദുര്യോധനൻ വിശേഷിപ്പിക്കുന്നത്."

"കാടുവളഞ്ഞു തീയിട്ടു ജീവജാലങ്ങളെ കൊന്നു ഞങ്ങൾ കൊലവിളിച്ചു എന്നാണോ കൗരവർ പറഞ്ഞു നടക്കുന്നത്? അങ്ങനെയാണ്എങ്കിൽ വ്യത്യസ്ത ദേശങ്ങളിൽനിന്ന് കുടിയേറിയവർ മാപ്പു തരുമോ? എത്ര പരിമിതമായ തോതിലാണ് ഞങ്ങൾ ഖാണ്ഡവ പ്രസ്ഥത്തിലെ മൃഗമാംസലഭ്യത ദൈനംദിന ജീവിതത്തിനായി പ്രയോജനപ്പെടുത്തിയതു് എന്നന്വേഷിക്കൂ എന്നിട്ടു ഹസ്തിനപുരിയിലെ ചുവരെഴുത്തു പതിപ്പുകളിൽ, 'കണ്ടതും കേട്ടതും നേർസാക്ഷി മൊഴി'യായി അവതരിപ്പിക്കൂ. സസ്യാഹാരി മൃഗങ്ങളെ തീൻശാലയിലേക്കു വിശിഷ്ട മാംസ രുചിക്കായി ഞങ്ങളും മറ്റു അംഗീകൃത കുടിയേറ്റക്കാരും കൈ വച്ചപ്പോൾ കൃഷികേന്ദ്രിതമായ സാമ്പ്രദായിക ഗ്രാമീണജീവിതത്തിനൊരു പുത്തൻ മാനം, അതായിരുന്നില്ലേ കാർഷികവിപ്ലവം എന്ന് പറയുന്നത്? മാംസാഹാരികളായ വന്യമൃഗങ്ങൾക്കു മുമ്പിൽ സസ്യാഹാരി ജീവികൾ 'ഞങ്ങളെ തിന്നു' എന്ന യാചനയോടെ തല കുനിച്ച കാലമുണ്ടായിരുന്നു. മാംസഭോജികളായ വന്യമൃഗങ്ങൾ ഞങ്ങളെ കണ്ടതോടെ യമുനയിൽ ചാടി. ഖാണ്ഡവ തീർത്ഥം ഒരു മൃഗമാംസ കലവറയായി. കന്നുപൂട്ടിയും കൃഷി ചെയ്തും നടുവൊടിഞ്ഞ രാജ്യരാജ്യാന്തരങ്ങളിലെ കൃഷിക്കാർ ഈ

പുത്തൻ മാംസ'ഖനി'കളിലേക്കു ഇടിച്ചുകയറി ഇരമൃഗങ്ങളുടെ മാംസോൽപ്പാദനത്തിൽ പങ്കാളികളായി. എന്ന് പറഞ്ഞാൽ ഓടിച്ചു കൊല്ലേണ്ട കാര്യമില്ല നിത്യവും അറക്കാൻ തല കുനിക്കും. മൂന്നു നേരം ആഹാരം എന്നത് സ്വപ്നമല്ല യാഥാർഥ്യമാണെന്നറിഞ്ഞപ്പോൾ 'ഇനി ലക്ഷ്യംവീട്' എന്ന ഉറപ്പിൽ രമ്യഹർമ്മ്യങ്ങളുടെ നിർമ്മിതിക്കായി വാസ്തു ശില്പികളെ തേടി ചെല്ലുകയാണിപ്പോൾ. ഖാണ്ഡവവനം അഗ്നിയുടെ താണ്ഡവമല്ല യമുനാതട സംസ്കാരത്തിന്റെ ആരംഭമാണ്."

2018/12/27

"ചക്രവർത്തിപദവി ചെറുപ്പത്തിൽ വഹിച്ച ആളിപ്പോൾ മഹാരാജാപദവിയിലെത്തിയപ്പോൾ ചുരുങ്ങിപ്പോയോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ചു നേടി യെടുത്തതൊക്കെ ഒറ്റയ്ക്ക് എന്ന മട്ടിൽ ആദ്യദിനങ്ങളിൽ ചെയ്തു പ്രഭാഷണം ആവർത്തിക്കാതിരിക്കാൻ, സഹികെട്ടു ഗദ ചൂണ്ടി രൗദ്രഭീമൻ ഇടപെട്ടപ്പോൾ, ഇനി യുധിഷ്ഠിരൻ എളിമയിൽ നീങ്ങും എന്ന് കരുതിയ എനിക്ക് തെറ്റി. ഇന്ദ്രപ്രസ്ഥത്തിലേക്കു കുടിയേറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ, മുടന്തുന്യായങ്ങൾ പറഞ്ഞു പാഞ്ചാലഭാഗത്തുള്ള വർക്കു അനുമതി നിഷേധിക്കുന്നത് കണ്ടിട്ടും ഒന്ന് രണ്ടു തവണ ചുണ്ട് കൂട്ടിപ്പിടിച്ചു ഞാൻ പ്രതികരിക്കാതിരുന്നു. എന്നിട്ടും അപേക്ഷ വെട്ടൽ തുടർന്നപ്പോൾ, അന്തഃപുരത്തിൽ നേരിട്ടു. പാഞ്ചാലയിൽ നിന്നുള്ള കുടിയേറ്റക്കാർ ആരെങ്കിലും എന്നെ പരാതിയുമായി സമീപിക്കേണ്ട ഗതികേടിൽ എത്തിച്ചാൽ, രാജസൂയ യാഗത്തിൽ നിങ്ങൾ അധികാരത്തിനുവേണ്ടി എന്നെക്കൊണ്ട് ചെയ്യിച്ച മനുഷ്യത്വരഹിതമായ കർമ്മങ്ങളും ക്രിയകളും ഭീമന്റെ മുമ്പിൽ എണ്ണിയെണ്ണി പറയുമെന്ന് വിരൽ ചൂണ്ടി. ആൾ ഒതുങ്ങി. പിന്നെ കുലുക്കിയിട്ടില്ല പുരുഷാധിപത്യത്തിന്റെ കൊമ്പ്. പകരം ആട്ടിയതു വാൽ മാത്രം. ഇപ്പോൾ ഹസ്തിനപുരിയിൽ വിരുന്നു വരുന്ന സന്യസ്തരോട്, കൈപ്പത്തി മലർത്തി വിനയപ്പെടുന്നത് കേൾക്കാം, ഭൂമിയിൽ പരപ്രേരണയില്ലാതെ ദുരഭിമാനത്തെ നിയന്ത്രിക്കാൻ കഴിഞ്ഞതാണ് കാലപുത്രനെന്ന നിലയിൽ തന്റെ നേട്ടമെന്ന്. പരിത്യാഗികൾ പൊട്ടിച്ചിരിക്കും."

2018/12/28

"തെന്നി വീണു കാലുളുക്കി എന്നൊരു വാർത്ത അരമനയിൽ നിന്ന് പരക്കുന്നുണ്ടല്ലോ", ഭരണകൂടത്തിന്റെ ഔദ്യോഗിക വക്താവിനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"സംഭവം നടന്നതല്ല സ്വപ്നമാണെന്ന പാഞ്ചാലിയുടെ വിശദീകരണം അസാധുവാക്കാൻ സമയമായില്ല. ഉപയോഗിക്കാതെ അടച്ചു കിടന്ന രാജസഭയിൽ യുധിഷ്ഠിരൻ പട്ടാഭിഷേകത്തിനു ശേഷം വൈകിയ രാത്രിയിൽ കയറി ചെന്നപ്പോൾ സിംഹാസനത്തിലിരുന്നു ദുര്യോധനൻ കൗരവയോഗം നിയന്ത്രിക്കുന്നു. കൂടെയുണ്ടായിരുന്ന മന്ത്രി വിദുരർ അത് ശരിവച്ചതോടെ വാതിലടച്ചു കുറ്റിയിട്ടു പൂട്ടി മുദ്ര വെച്ചു നാലുഭാഗത്തും സുരക്ഷ ശക്തമാക്കി. കുരുക്ഷേത്രയിലെ 'യഥാർത്ഥ ആൾനാശ'ത്തെക്കുറിച്ചു ധവളപത്രമിറക്കാതെ ഭരണം സുഗമമാവില്ലെന്നു ദുര്യോധന വി

ധവ. യഥാർത്ഥ കൗരവരല്ല കൊല്ലപ്പെട്ടത് എന്ന സൂചനയിൽ ചാർവാകൻ പാണ്ഡവവിരുദ്ധ സാദ്ധ്യതകൾ മെനയുകയാണ്. കാലുളുക്കി എന്നതൊക്കെ കൊട്ടാരം വിഴപ്പ പരാമർശങ്ങൾ, അവ ഭരണ പ്രതിസന്ധി തരണം ചെയ്യുന്ന കാര്യത്തിൽ അപ്രസക്തമാണ്. സ്വതന്ത്രസമൂഹമാണ് ഹസ്തിനപുരിയെങ്കിലും കുരുക്ഷേത്ര യുദ്ധത്തിനു മുമ്പ് ധൃതരാഷ്ട്രർ നടപ്പിലാക്കിയ അടിയന്തരാവസ്ഥ പിൻവലിച്ചിട്ടില്ലെന്നത് മറക്കരുതേ."

"പന്ത്രണ്ടു കൊല്ലം വനജീവിതത്തിൽ നിങ്ങൾ അടിമത്തത്തോടു ഐക്യപ്പെട്ടിരുന്നോ? അതോ ഉടയോനെതിരെ സംഘടിത ചെറുത്തുനിൽപ്പുണ്ടായിരുന്നോ?" കൊട്ടാരം ലേഖിക ചോദിച്ചു. ഹസ്തിനപുരിയിൽ പാണ്ഡവരുടെ ജീവിത സായാഹ്നം.

"ദുര്യോധനൻ മുന്നോട്ടുവച്ച നിബന്ധനകൾ കാറ്റിൽ പറത്താനായിരുന്നു ഭീമനിർദ്ദേശം, പക്ഷെ അയൽപ്പക്കത്തെ സന്യസ്ഥസമൂഹം രാജ്യാന്തര കൗരവ ചാരശൃംഖലയിൽ ഉണ്ടെന്ന സംശയത്തിൽ, കരുതലോടെ, ഉൾക്കാട്ടിൽ കയറി സംരക്ഷിത മൃഗങ്ങളെ വേട്ടയാടുകയെന്ന സാഹസത്തിൽ ഞങ്ങൾ കൂട്ടായി ഏർപ്പെട്ടു. പേടമാനുകളെ വ്യത്യസ്ത രീതികളിൽ കൊന്നു ഇറച്ചി ചുട്ടും, വെച്ചും കൗരവവിരുദ്ധ നീക്കത്തിന് ആക്കം കൂട്ടി. വ്യാഴവട്ടക്കാല മാൻവേട്ട കഴിഞ്ഞു ആശ്രമം കത്തിച്ചു തെളിവുകളെല്ലാം നശിപ്പിച്ചശേഷം അജ്ഞാത വാസത്തിനു മുഖംമൂടി ധരിക്കുമ്പോഴാണ് കണ്ടത്, കുന്നോളം കുമിഞ്ഞു കിടക്കുന്ന മാംസാഘോഷത്തിന്റെ തിരുശേഷിപ്പുകൾ. ഖാണ്ഡവവനം പോലെ അതും വളഞ്ഞു തീയിട്ടാണ് സ്വച്ഛ മനഃസ്സാക്ഷിയോടെ വിരാടയിലേക്കു വച്ചടിച്ചത്", ഇരുകൈകളും കൂട്ടിപ്പിടിച്ചു ശിരസ്സിനു പിന്നിൽ താങ്ങായി വച്ച് ഭീമൻ മലർന്നു കിടന്നു ഭൂതകാലസ്മരണയിൽ രമിക്കുമ്പോൾ, പാഞ്ചാലിയുടെ താക്കീതുനോട്ടം തിരിച്ചറിഞ്ഞ മറ്റു നാലു പാണ്ഡവർ തല താഴ്ത്തി അന്തഃപുരം വിട്ടു പുറത്തിറങ്ങി.

2018/12/29

"രക്തച്ചൊരിച്ചിലുള്ള യുദ്ധമൊഴിവാക്കാൻ കുടുംബ സ്നേഹിയായ അച്ഛൻ ബദൽനിർദ്ദേശങ്ങളൊന്നും വച്ചില്ലേ?", കൊട്ടാരം ലേഖിക ചോദിച്ചു. കുരുക്ഷേത്രയിൽ പാളയനിർമ്മിതിയുടെ പുരോഗതി വിലയിരുത്തുന്ന ഉന്നതതലയോഗം കഴിഞ്ഞു ലഘുപാനീയവുമായി മരത്തണലിൽ വിശ്രമിക്കുകയായിരുന്നു ദുര്യോധനൻ ഉൾപ്പെടുന്ന കൗരവസംഘം.

"എന്തിനൊഴുക്കണം മനുഷ്യച്ചോര കൂട്ടുകുടുംബത്തിലെ സ്വത്തുതർക്കം തീർക്കാൻ? വരൂ ഭീമാ നമുക്കൊരു ആലിംഗന സമരത്തിലേർപ്പെടാം എന്നൊരു വെല്ലുവിളിയിൽ ഒതുക്കിക്കൂടെ യുദ്ധകാഹളം എന്നാണച്ഛൻ ചോദിച്ചത്. ആളുയരത്തിലുള്ള പ്രതിമകൾ ആലിംഗനം ചെയ്തു തവിടുപൊടിയാക്കുന്നതായിരുന്നു അച്ഛന്റെ വിനോദം."

"മൂന്നു നേരവും ഭക്ഷണം കഴിക്കാനുള്ള വകയൊക്കെ ഭർത്താവ് സമ്പാദിച്ചു തരുമോ?" വന്മരങ്ങൾക്കു പിന്നിലെ എളിയ കുടിലിൽ കൊച്ചു കുട്ടികൾക്കൊപ്പം ക്ഷീണിച്ചു കിടക്കുകയായിരുന്ന ചാർവാകവധുവിനു നവവത്സര സമ്മാനപ്പൊതി ഹൃദ്യമായി നീട്ടി കൊട്ടാരം ലേഖിക ചോദിച്ചു.

"ഇന്നലെ ചാർവാകൻ രാത്രിയിൽ വന്നത് ഒരു തലച്ചുമട്ട് പനയോലക്കെട്ടുകളുമായായിരുന്നു. എന്താണിതൊക്കെയെന്നു ഞാൻ അസഹ്യതയോടെ ചോദിച്ചപ്പോൾ, ഈ നാട്ട് ഭരിക്കുന്നവരുടെ കുടുംബകഥ പൊടിപ്പും തൊങ്ങലും വച്ച് വ്യാസമുനി എഴുതിയ മഹാഭാരതമെന്ന കാവ്യമാണെന്നു പറഞ്ഞു. ഇപ്പോൾ കൗരവരെ പിന്തുണക്കുന്ന രചന പാണ്ഡവർക്കനുകൂലമായി സൂക്ഷ്മതയോടെ തിരുത്തിക്കൊടുത്താൽ ആയുഷ്കാല വേതനം തരാമെന്നു ഭീമൻ വാക്കു തന്നിട്ടുണ്ട്. പാണ്ഡവ വിരുദ്ധമായ ഓലകൾ ശ്രദ്ധാ പൂർവ്വം നീക്കണം, അവിടെ പാണ്ഡവാനുകൂല ഓലകളിൽ നാരായം കൊണ്ട് മാറ്റിയെഴുതി കൃത്യതയോടെ വക്കണം, എല്ലാറ്റിനും നീ സഹകരിക്കണം എന്ന് പരിഭ്രാന്തിയോടെ അയാൾ പറഞ്ഞു. ആകെയുള്ള എണ്ണയും വിളക്കും കിടപ്പുമുറിയും അയാൾക്ക് ഞാൻ കൈമാറി. ഈ പഴങ്ങളും അയാൾക്ക് തിന്നാൻ മാറ്റിവെക്കണം. ആരാണ് കൗരവർ ആരാണ് പാണ്ഡവർ എന്നൊന്നും എനിക്കുറപ്പില്ലെങ്കിലും, ഈ കളവിന് കൂട്ട് നിന്നാൽ കുട്ടികൾക്ക് മൂന്നു നേരം ഭക്ഷണം കൊടുക്കാനാവും."

2018/12/31

"കണ്ടവരെല്ലാം അക്ഷരസ്പുടതയോടെ അപലപനീയമെന്നു വിശേഷിപ്പിച്ച വസ്ത്രാക്ഷേപം, കർണ്ണനു മാത്രം മറ്റവിധത്തിൽ അവ നിർമ്മിക്കാനാവുന്നതെന്തുകൊണ്ട്? സവർണ്ണ മാടമ്പികളുടെ സംരക്ഷണയിൽ തിന്നു കൊഴുത്ത 'കീഴാള അടിമ' എന്നാണു ചാർവാകൻ ആഞ്ഞടിക്കുന്നത്. പാർശ്വവത്കൃതനെന്ന പരിഗണന നിങ്ങൾക്കനുവദിച്ച പൊതു സമൂഹത്തെ നിങ്ങൾ വഞ്ചിച്ചുവോ?", കൊട്ടാരം ലേഖിക ചോദിച്ചു. മട്ടുപ്പാവിൽ നിന്ന് നോക്കുമ്പോൾ രാജവീഥിയിലൂടെ വടക്കൻ മലനിരകളിലേക്കു അടിവച്ചുനടക്കുന്ന ആറംഗ പാണ്ഡവ സംഘത്തെ മുഖമുയർത്താതെ നോക്കുകയായിരുന്നു അതിരഥപുത്രൻ.

"ഹസ്തിനപുരി ജനതയുടെ സ്വകാര്യഅഹങ്കാരമാണ് ഞാനെന്ന പ്രശസ്തി നിലനിർത്താൻ, കണ്ട കാര്യം കണ്ടില്ലെന്നു നടിക്കണോ? 'ഞാൻ രജസ്വല ഞാൻ അല്പവസ്ത്ര' എന്ന പ്രഖ്യാപനത്തോടെയല്ലേ പാഞ്ചാലി ആൺസാന്നിധ്യം മാത്രമുള്ള ചൂതാട്ടസഭയിൽ ഇരച്ചു കയറിയത്? ഒരു പണത്തൂക്കം തലച്ചോറുള്ള ഏതെങ്കിലും കൗരവൻ ഭീഷ്മദ്രോണ സാന്നിധ്യത്തിൽ വസ്ത്രാക്ഷേപം ചെയ്യാൻ കൈ പൊക്കുമോ? കൗരവരുടെ അറിയപ്പെടുന്ന അച്ഛൻ ഏകഭാര്യനും, അച്ഛൻ പരിത്യാഗിയുമല്ലേ? അൽപ്പ വസ്ത്രം സ്വയം ഉരിഞ്ഞു പൂർണ്ണനഗ്നതാപ്രകടനത്തിന് തയ്യാറെടുത്താണ് പാഞ്ചാലി ചൂതാട്ടസഭയിൽ അനധികൃതമായി ഇടിച്ചു കയറിയതെന്ന സംശയം ബലപ്പെടുത്തുന്നതായിരുന്നില്ലേ പിന്നീടവളുടെ ഓരോ ചലനവും, ഗൂഢനീക്കവും? തൊട്ടടുത്ത മുറിയിലുണ്ടായിരുന്ന ഗാന്ധാരിയുടെ മേൽവസ്ത്രം ഒരിളമുറ കൗരവൻ നഗ്നപാഞ്ചാലിയെ അണിയിപ്പിച്ചപ്പോൾ, അവൾ എന്താണ് ചെയ്തതെന്നോ? ഇടംകൈ കൊണ്ട് രഹസ്യമായി ആ പട്ടുപുതപ്പ് വഴക്കിവീഴ്ത്തി. മനഃസാന്നിധ്യമുള്ള ദുര്യോധനൻ ഉടൻ ഇടപെട്ടു ബലമായി പാഞ്ചാലിയെ പിടിച്ചു സ്വന്തം സിംഹാസനത്തിൽ ഇടമുണ്ടാക്കി ഇരുത്തിയതോടെ അവൾ വഴങ്ങി. ഈ സത്യസാക്ഷിമൊഴി ഞാൻ വെളിപ്പെടുത്താതെ കുഴിച്ചു മൂടിയാൽ ചരിത്രം മാപ്പു തരുമോ?"

"ദ്രോണവധത്തിൽ ലക്ഷ്യംനേടിയ ചാരിതാർത്ഥ്യമുണ്ടോ, അതോ, വീണു കിട്ടിയ അവസരം നിങ്ങൾ കീഴ്പ്പെടുത്തി എന്നതാണോ ശരി?", കൊട്ടാരം ലേഖിക

ചോദിച്ചു. എന്തോ അമളി പറ്റിയ പോലെ മുഖം താഴ്ത്തിയിരിക്കുകയായിരുന്നു പാളയത്തിൽ പാണ്ഡവ സർവ്വസൈന്യാധിപനും പാഞ്ചാല രാജാവിന്റെ മകനുമായ ധൃഷ്ടധ്യുമ്നൻ. യുദ്ധത്തിന്റെ പതിനഞ്ചാം ദിവസം, സന്ധ്യ.

"അച്ഛനെ അപമാനിച്ച ദ്രോണരെ ഞാൻ വക വരുത്തി എന്നതൊരു തലവെട്ടൽ നടപടിക്രമം മാത്രം. കൊന്നു കൊല വിളിക്കാനുള്ള പോരാട്ട കൗതുകം ഉണ്ടാവാൻ ഞാൻ ഒരു സങ്കൽപ്പവധം നീണ്ടകാലമായി കരളിൽ കാത്സൂക്ഷിച്ചിരുന്നു. കെട്ടുകുതിരയിൽ ഏകലവ്യനെ എഴുന്നെള്ളിച്ചു, ദ്രോണരെ കീഴ്പ്പെടുത്തി, ആചാര്യന്റെ തള്ളവിരൽ ഏകലവ്യൻ ബലം പ്രയോഗിച്ചു മുറിച്ചെടുക്കുന്ന രംഗം- കഷ്ടം, അതുണ്ടായില്ല എന്ന ഖേദം ജീവകാലം മുഴുവൻ എന്നെ ലജ്ജിപ്പിക്കും."

# ഭാഗം അഞ്ച്

കുടിപ്പകയിൽ കൌരവവംശഹത്യ ചെയ്ത്, ചതിയിൽ ചെങ്കോൽ കൈവശപ്പെടുത്തിയ പാണ്ഡവർ ഞങ്ങൾക്ക് മദ്യവും നിഷേധിക്കുന്നു, ഗാന്ധാരം മുതൽ മഗധ വരെ നൂറോളം രാജകുടുംബങ്ങളിൽ നിന്ന് വധുക്കളായി ഹസ്തിനപുരിയിൽ എത്തിയ ഞങ്ങളുടെ ബഹുസ്വരസ്വത്വം തുടക്കം മുതൽ ജനാധിപത്യപരമായി അംഗീകരിച്ച വിദുരർ, തീൻശാലയിൽ കഴിക്കാൻ ഗോമാംസവും, കുടിക്കാൻ മദ്യവും പുകക്കാൻ ലഹരിയും അനുവദിച്ചത് ദശാബ്ദങ്ങൾക്ക് മുമ്പായിരുന്നു എന്ന ചരിത്രവസ്തുത തള്ളി, ധാർമികതയുടെ മൊത്തക്കച്ചവടം ഏറ്റെടുത്ത അനധികൃത മഹാരാജാവ് യുധിഷ്ഠിരന്റെ ഒത്താശയോടെ, ഇന്ന് മുതൽ എല്ലാവിധ ആസ്വാദനങ്ങൾക്കും നിരോധനം ഏർപ്പെടുത്തി. സമ്മതപത്രം ഓലകളിൽ സ്വന്തം കൈപ്പടയിൽ എഴുതി രാജസഭയിൽ പരസ്യമായി കൊടുക്കാത്ത പക്ഷം, കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുമെന്നവർ താക്കീതു ചെയ്യുന്നു. കൗരവരാജ വിധവകളും അവിവാഹിത പെൺമക്കളും പുത്രവിധവകളും ഇന്ന് ഹസ്തിനപുരി കോട്ടക്ക് മുമ്പിൽ പ്രതിഷേധത്തിന്റെ വൻമതിൽ കെട്ടുമ്പോൾ തുണക്കാൻ 'ഹസ്തിനപുരി പത്രിക'യും കൊട്ടാരം ലേഖികയും മുന്നോട്ടു വരില്ലേ?

2019/01/06

"ദൃക്സാക്ഷിയല്ലേ? വധം ആസ്വദിച്ചതല്ലേ? ചരിത്ര മുഹൂർത്തത്തിന്റെ ദൃശ്യാനുഭൂതി പങ്കിട്ടുകൂടെ?", നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു. കുരുക്ഷേത്രയുദ്ധം കഴിഞ്ഞു പാണ്ഡവ സംഘം വഴിയോര കേന്ദ്രത്തിൽ ലഘുഭക്ഷണം കഴിക്കുന്ന നേരം.

"വിശന്നു വലഞ്ഞ ബകനെ വൻമരം പിഴുതു തല്ലിക്കൊല്ലുന്നതും, പ്രണയിനിയെ പ്രതീക്ഷിച്ച കീചകനെ ആൾമാറാട്ടം വഴി ശ്വാസം മുട്ടിച്ചു കൊല്ലുന്നതും ഐതിഹ്യപ്പെരുമയിൽ പറഞ്ഞുശീലിച്ച ഞാൻ, പക്ഷേ, ദുഷ്ട ദുര്യോധനനെ പ്രിയഭീമൻ ആക്രമിക്കുന്നത് കണ്ടു ഞെട്ടി. ഒരു താരതമ്യവും ഇല്ല ഈ ശത്രുസഹോദരരുടെ പോരാട്ടമികവിനു. ഓരോ ഗദാപ്രഹരവും ഉന്നം തെറ്റി മരക്കുറ്റികളിലും ചളിക്കുഴിയിലും ഭീമനോടൊപ്പം ചെന്നുവീണു. ദുര്യോധനഗദയുടെ പ്രഹരവേദന സഹിക്കാനാവാതെ ഭീമൻ മണ്ണിൽ വീണുരുണ്ടു. അതിനിടയിലൊരു മിന്നൽ പിണർസന്ദേശം ആകാശചാരികളിൽ നിന്ന് അനുസരണയോടെ ഭീമൻ സ്വീകരിക്കുന്ന പോലൊരു ഓർമയുണ്ടെനിക്ക്, ചാടിയെണീറ്റ ഭീമൻ ഗദാപ്രഹരത്തിലൂടെ ദുര്യോധനന്റെ അരക്കെട്ട് പൊട്ടിക്കുന്നത് കണ്ടു കണ്ണ് തിരുമ്മി മിഴിച്ചു ഞാൻ നോക്കിയപ്പോൾ, അതാ

ചളിയിൽ വീണ 'അമ്മാ അമ്മാ' എന്ന് ദുര്യോധനൻ നിലവിളിക്കുന്നു. അതൊരു രോദനമായിരുന്നുവോ?, അതോ ഗാന്ധാരിയുടെ വരം ഫലിക്കാത്തതിലുള്ള പരിഭവമായിരുന്നുവോ? ഭീതിതമായ ആ വീഴ്ച കാണാനാവാതെ ഞങ്ങൾ ഭീമനെ വാരിപ്പെറുക്കി യുദ്ധഭൂമിയിൽ നിന്ന് പാഞ്ഞു. ചൂതാട്ടസഭയിലെ വസ്ത്രാക്ഷേപത്തിൽ പണ്ട് കണ്ട പോലൊരു പ്രത്യക്ഷം."

പറഞ്ഞു പറഞ്ഞു പരവശനായ നകുലൻ ചെരിഞ്ഞു. മറ്റൊരു മാദ്രീപുത്രൻ സഹദേവൻ അവനെ താങ്ങിപ്പിടിച്ച് ചൂടുള്ള പാനീയം പതുക്കെ വായിൽ ഒഴിച്ച് കൊടുക്കുമ്പോൾ, കൊട്ടാരം ലേഖികയോട് യാചിച്ചു, "കൂടുതലൊന്നും അവനോടിനി ചോദിക്കരുതേ. മനുഷ്യർ കാണരുതാത്ത എന്തോ അവൻ ദുര്യോധന വധത്തിന്നിടയിൽ കണ്ടു, എല്ലാമറിയുന്ന ആകാശചാരികൾ അവനോട് പൊറുക്കേണമേ."

2019/01/07

"ആരാധകരുടെ മുമ്പിൽ തള്ളാൻ കൊള്ളാവുന്ന തങ്കപ്പെട്ട ഒരു പ്രണയമൂല്യവും നിങ്ങളപ്പോൾ പരുക്കൻഭീമനിൽ ഇതുവരെ കണ്ടെത്തിയിട്ടില്ലേ?", തടാകത്തിലേക്കൊഴുകുന്ന നീർച്ചാലിൽ കാൽ വച്ച് കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

വനവാസക്കാലം.

"എന്നോട് പരിപൂർണ ആശ്രിതത്വം, ഏതർദ്ധരാത്രിയിലും കല്യാണസൗഗന്ധികം തേടി ഉൾക്കാടിലലയാൻ പ്രേരിപ്പിക്കുന്ന ഉൾക്കിടിലം, അതൊന്നു പോരെ പ്രണയാഭിലാഷങ്ങളിനിയും പൂവണിഞ്ഞിട്ടില്ലെന്ന പരിദേവനത്തിലും എന്റെ മുമ്പിൽ ഉപചാരപൂർവ്വം മുട്ട് കുത്തി കൈമുത്തി വല്ലപ്പോഴുമൊരിക്കൽ പരമാനന്ദം യാചിക്കുന്ന ഭീമനെ എന്നെന്നേക്കും എന്റെ ഹൃദയത്തിൽ മഹത്വപ്പെടുത്താൻ."

2019/01/08

"ഇന്നെന്താ ഒന്നൊന്നര മണിക്കൂർ വൈകി എന്ന് കേട്ടല്ലോ. ഓടിപ്പിടഞ്ഞു ഞാൻ പുറപ്പെട്ടു എങ്കിലും, ഇപ്പോഴേ എത്താനായുള്ളൂ. യുദ്ധവിരാമം ഒന്നും പ്രഖ്യാപിച്ചിട്ടില്ലല്ലോ. അതോ, ആദ്യദിനം പോലെ അർജ്ജുനൻ വിഷാദരോഗിയായോ?" കൊട്ടാരം ലേഖിക യുദ്ധനിർവ്വഹണ സമിതിയുടെ അധ്യക്ഷനെ അഭിവാദ്യം ചെയ്തു.

"ആരാണ് അർജ്ജുനൻ, എന്താണ് വിഷാദം എന്നതൊന്നും ഞങ്ങളുടെ പരിഗണനാവിഷയമല്ല. പോരടിക്കുന്ന ഇരുകൂട്ടരും വ്യൂഹം ചമഞ്ഞു, എറിയാൻ കുന്തം ഉയർത്തുമ്പോഴാണ് കാണുന്നത്, അവർക്കിടയിലൊരു കൂട്ടം വെള്ളരിപ്രാവുകൾ ചിറകടിച്ച് പ്രതിഷേധിക്കുന്നു. ശംഖനാദം മുഴക്കിയെങ്കിലും പ്രാവുകൾ പോർക്കളം വിട്ടു പോയില്ല. അപ്പോഴാണ് ഊട്ടുപുരയിൽ നിന്ന് പാചകസംഘത്തിന്റെ അറിയിപ്പ് വന്നത് തീൻശാലയിൽ മാംസക്ഷാമം പരിഹരിക്കാൻ, ശല്യക്കാരായ വെള്ളരി പ്രാവുകളെ ഏതുവിധവും പിടികൂടാനാണ് നിർദ്ദേശം. ഇരുകൂട്ടരും ഒത്തൊരുമയോടെ എറിഞ്ഞ കുന്തങ്ങൾ ലക്ഷ്യ വേധിയായി. ഔദ്യോഗികകൃത്യം തടസ്സപ്പെടുത്തിയ പ്രാവുകളുടെ ചൂടാറാത്ത ഭൗതികശരീരങ്ങൾ ഊട്ടു പുരയിലേക്കയച്ചതോടെ, പോരാട്ടം ആരംഭിച്ചു. ചാർവാകൻ എന്നൊരു യുക്തിവാദിയാണ് വെള്ളരി പ്രാവുകളെ പോർക്കളത്തിലേക്കു വിട്ടതെന്ന പാണ്ഡവപരാതി യുദ്ധനിർവ്വഹണസമിതി ഇന്ന്

രാത്രി അന്വേഷിക്കും. ഔദ്യോഗിക കൃത്യനിർവഹണത്തിൽ ദുഷ്ട ലാക്കോടെയുള്ള ഇടപെടൽ ഉണ്ടെന്നു അന്വേഷണത്തിൽ കണ്ടാൽ, മാതൃകാപരമായി ശിക്ഷിക്കും. ഇത് വെറുമൊരു യുദ്ധമല്ല, ഇത് കാലാതിവർത്തിയായ ഇതിഹാസത്തിന്റെ നിർണ്ണായകഘട്ടമാണ് എന്ന നിങ്ങളുടെ നിരീക്ഷണം ഞങ്ങളുടെ പ്രതികരണം അർഹിക്കുന്നില്ല."

2019/01/09

"അയൽപക്കത്തെ പാണ്ഡവരുമായി അടുപ്പത്തിലാണോ? അതോ കൗരവ അടിമകളെന്ന നിലയിൽ അവരോട് അയിത്തമുണ്ടോ?" കൊട്ടാരം ലേഖിക ഭിന്ന ശേഷിക്കാരനായ സന്യസ്ഥനോട് ചോദിച്ചു.

"പാഞ്ചാലി നിത്യവും വന്നു ഗാർഹിക മാലിന്യം നീക്കുമെങ്കിലും, പാണ്ഡവർ പതിവ് സന്ദർശകർ അല്ല. നകുലൻ ചിലപ്പോൾ വരുമായിരുന്നു. ഞങ്ങളിൽ ആരാണ് ദുര്യോധനന്റെ ചാരൻ എന്നയാൾക്ക് അറിയാമെന്നു തോന്നിയപ്പോൾ, ചങ്ങാത്തം ഞങ്ങൾ നിർത്തി വിവരം അറിയിക്കേണ്ടവരെ അറിയിച്ചു. അടിമകളുടെ ഉടയതമ്പുരാൻ ദുര്യോധനൻ ഉണ്ടോ അടങ്ങുന്നു, ആശ്രമങ്ങളിൽ നിന്ന് ജൈവമാലിന്യശേഖരണം തുടർന്നും പാഞ്ചാലിയുടെ ചുമതല ആണെങ്കിലും, കുഴിച്ചു മൂടേണ്ട പണി നകുലനു നൽകി ഹസ്തിനപുരിയിൽ നിന്ന് ഉത്തരവായി. ഇപ്പോൾ ഞങ്ങളെ കണ്ടാൽ നകുലൻ പല്ല് ഞെരിക്കും. പാണ്ഡവർ അധികാരം പിടിച്ചടക്കിയാൽ മതേതരരാജ്യമായി ഹസ്തിനപുരിയെ ഔദ്യോഗികമായി പ്രഖ്യാപിച്ച്, രാഷ്ട്രീയം കളിക്കുന്ന ആശ്രമങ്ങൾക്ക് ധനസഹായവും സുരക്ഷയും നിർത്തുമെന്ന് ഇടയ്ക്കിടെ ഭീഷണിപ്പെടുത്തും."

"അധികാരത്തിൽ കയറി ആദ്യമേ വായിക്കുന്നതെന്താണ്? മാടമ്പിയുടെ മരണപത്രമൊന്നുമല്ലല്ലോ" കൊട്ടാരം ലേഖിക ചോദിച്ചു.

"എന്റെ പരിമിതമായ സാക്ഷരതയുടെ ബലത്തിൽ ഞാൻ ഉറപ്പു തരുന്നു ഇത് പുതിയ പാണ്ഡവഭരണകൂടത്തിനു ബലിദാനിദുര്യോധനന്റെ വ്യക്തിഗത ആശംസകളും സ്വകാര്യരത്ന ശേഖരങ്ങളിലേക്കുള്ള രഹസ്യവാക്കുമൊന്നുമല്ല, ഇത് സഖ്യകക്ഷിരാജ്യങ്ങളിൽ നിന്ന് യുദ്ധാവശ്യത്തിനു കുരുവംശം ഔദ്യോഗികമായി വാങ്ങിയ കടങ്ങളുടെ നീണ്ട പട്ടികയാണ് സൈനികർ, ആയുധങ്ങൾ, മൃഗങ്ങൾ. യുദ്ധം ജയിച്ചു അധികാരത്തിൽ ആരു വന്നാലും, മുതലും പലിശയും ഒരു കൊല്ലത്തിനുള്ളിൽ തീർത്തില്ലെങ്കിൽ, കടക്കാർ കർമ്മസമിതി രൂപീകരിച്ചു ഹസ്തിനപുരി "വെട്ടിപ്പൊളിച്ച്" സ്വന്തമാക്കു മെന്നൊരു മുന്നറി യിപ്പും. സൂക്ഷ്മസാക്ഷര വായനക്കു ഞാനിതു സമ്പൂർണ്ണസാക്ഷരയായ പാഞ്ചാലിയെ ഏൽപ്പിക്കുന്നു. കേശപരിചരണത്തിനു കൗരവച്ചോര വേണമെന്ന അവളുടെ പെൺശാഠ്യത്തിനു അവൾ തന്നെ നേരിടട്ടെ പാർശ്വഫലങ്ങളും."

2019/01/10

"വസ്ത്രാക്ഷേപ ഇര എന്ന് പൊതുസമൂഹം തർക്കമില്ലാതെ അംഗീകരിക്കുന്നുണ്ടെങ്കിലും, അഴിച്ചിട്ട മുടിയിനി കെട്ടണമെങ്കിൽ, ചുടുകൌരവച്ചോര പോർക്കള

ത്തിൽ നിന്ന് ഞങ്ങൾ കൊണ്ടു വരണം എന്ന ആവശ്യം, ഒഴുക്കൻ മട്ടിൽ പറഞ്ഞതിൽ കവിഞ്ഞൊരു പ്രതികാര തീവ്രത നീ, കൗരവരെ കുറിച്ച് കാണിക്കുന്നില്ലല്ലോ", പാണ്ഡവയോഗത്തിൽ അർജ്ജുനൻ അമർഷത്തോടെ ചോദിച്ചു.

വനവാസക്കാലം.

"എന്തിനു നിങ്ങൾക്കൊപ്പം സംഘം ചേർന്ന് കൗരവരെ ഞാൻ പഴി പറയണം? സൌന്ദര്യവർദ്ധകസുഗന്ധ തൈലങ്ങളും അടിവസ്ത്രങ്ങളും ആവശ്യപെടാതെ തന്നെ പ്രത്യേകദൂതൻ വഴി പതിവായി എത്തിച്ചു തരുമ്പോൾ, പ്രത്യേകിച്ചും."

2019/01/11

"പാഞ്ചാലി എന്തോ എഴുതുന്നു എന്ന് ഞെട്ടലോടെ ഞാൻ കണ്ടെത്തി, രാവിലെ അവൾ കുളിക്കാൻ പോയ നേരം, പനയോലക്കെട്ടു പുറത്തെടുത്തു. നാരായം കൊണ്ടെഴുതിയതൊക്കെ തിരിച്ചും മറിച്ചും നോക്കി. കൌമാരം വരെ കാട്ടിൽ മേഞ്ഞുനടന്ന നാം, അക്ഷരം കൂട്ടി വായിച്ചർത്ഥം മനസ്സിലാക്കാൻ ശ്രമിക്കാഞ്ഞത് കഷ്ടമായി", യുധിഷ്ഠിരൻ പറഞ്ഞു. "അപ്പോൾ അതാണ് കാര്യം. പാഞ്ചാലി ദുര്യോധനനെ പഴി പറയാതിരിക്കുന്നതെന്തു കൊണ്ടെന്ന ചോദ്യത്തിനുത്തരമായി. ഹസ്തിനപുരിയിൽ നിന്ന് കൗരവർ സന്യസ്ഥാശ്രമത്തിലേക്ക് ധാന്യവുമായി വന്നപ്പോൾ, പാഞ്ചാലിക്കു കൊടുക്കാൻ ഒരു കെട്ട് ഏൽപ്പിച്ചിരുന്നു. കഷ്ടിച്ച് വായിക്കാം എന്നാൽ എഴുതാൻ നമുക്കറിയാത്തതു കൊണ്ട്, പാഞ്ചാലിയും നിരക്ഷര എന്ന് ഞാൻ തെറ്റിദ്ധരിച്ചിരുന്നു. ഈ 'അക്ഷരപ്രതിസന്ധി' നേരിടാൻ ഇനിയെന്താണ് വഴി? കൊട്ടാരം ലേഖിക അറിയും മുമ്പ് പാഞ്ചാലി നമ്മെക്കുറിച്ചു എഴുതിയതെല്ലാം ഒളിപ്പിച്ചുവക്കണ്ടേ? അല്ലെങ്കിൽ നശിപ്പിക്കേണ്ടേ?

ഉപായവുമായി മുന്നോട്ടു വരാൻ ആരുണ്ട്? പാഞ്ചാലിയുടെ ദിനാന്ത്യക്കുറിപ്പുകൾ കൗരവർ വഴി കൈവിട്ടു പോയാൽ, വ്യാസൻ പൊക്കും. രാജവംശങ്ങളുടെ ഹരിശ്രീ അറിയാത്ത ആ ജീവിക്കു മഹാഭാരതമെഴുതി എളുപ്പത്തിൽ ഇതിഹാസകാരനുമാവാം", പുറത്തു കൊട്ടാരം ലേഖിക ചെവിയോർക്കുന്നുണ്ട് എന്നറിയാതെ, മറ്റു നാലു പാണ്ഡവരോട്, ശാസിക്കുന്ന വിധം നകുലൻ കത്തിക്കയറി.

2019/01/12

"നിങ്ങൾ ഒരാൾ മാത്രം 'ധർമ്മിഷ്ഠൻ' എന്ന് പരക്കെ പ്രകീർത്തിക്കപ്പെട്ടപ്പോൾ, മറ്റു നാലു പേരുടെ മനോവീര്യം തളരില്ലേ?", കൊട്ടാരം ലേഖിക ചോദിച്ചു. സ്വർഗ്ഗരാജ്യത്തിലേക്കുള്ള നീണ്ട യാത്രക്കായി ഒരുങ്ങിയിരുന്ന രഥത്തിലേക്ക് ആദ്യം നായയെ കാരുണ്യത്തോടെ പ്രവേശിപ്പിച്ച യുധിഷ്ഠിരൻ അവസാനമായി പ്രകൃതിയോട് യാത്ര പറയുന്ന സന്ധ്യ.

"ഞാനവരെ ക്ഷണിക്കണോ?, അവർക്കു എന്നെ അനുകരിച്ചു കൂടെ? ശ്രദ്ധിച്ചിട്ടില്ലേ നിങ്ങൾ, ഒന്നും അങ്ങനെ മറ്റുള്ളവരെ പോലെ ഞാൻ "വെറുതെ പറയുക" പതിവില്ല, എന്തു "പ്രസ്താവിക്കു"മ്പോഴും "ഇതൊരു സത്യവാങ്മൂലം" എന്ന സൂചനയോടെ, ഇടനെഞ്ചിൽ വലതു കൈ വച്ച് ഞാൻ ഉച്ചരിച്ചു. ഓർമ്മ വച്ചനാൾ മുതൽ പരപ്രേരണയില്ലാതെ. നിങ്ങൾക്കനുഭവവേദ്യമായതു പോലെ മൊത്തം മനുഷ്യവംശത്തിനും വരും ബോധ്യം."

"ഭർത്താക്കന്മാരെ കവചമാക്കി തന്നിഷ്ടക്കാരിയായ ഒരു സ്ത്രീ ചെയ്യുന്ന തോന്നിവാസമാണിപ്പോൾ കുരുവംശത്തിൽ നാം കാണുന്നതെന്ന കിരീടാവകാശി പരീക്ഷിത്തിന്റെ അഭിപ്രായം ശ്രദ്ധയിൽ പെട്ടുവോ?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. "അരങ്ങേറ്റ മൈതാനത്തെ ഇളക്കിമറിച്ച പ്രഭാഷണത്തിൽ ആരെയും പേരു് പറഞ്ഞു പരിഹസിക്കുന്നില്ലെങ്കിലും, കിരീടാവകാശിയുടെ കൊട്ട് കൊള്ളേണ്ടവർക്കെല്ലാം കിട്ടി എന്ന ബോധ്യം നിങ്ങൾക്കുമുണ്ടോ?", പാണ്ഡവരെ അവലോകനം ചെയ്തു തുടർന്നും ചോദിച്ചു.

"ഈയിടെയായി പരീക്ഷിത്ത് നിത്യവും 'വളർന്നു കൊണ്ടേയിരിക്ക'യാണെന്നു അഭിമന്യുവിന്റെ വിധവ ഉത്തര പറഞ്ഞത് എത്ര ശരി. കൗരവരാജ വിധവകുടുംബത്തിൽ നിന്നൊരു വധുവിനെ തേടി, ഇപ്പോൾ വംശീയമായി വിഭജിച്ചു കിടക്കുന്ന കൗരവപാണ്ഡവ കുടുംബങ്ങളുടെ ഏകീകരണം അതുവഴി കഴിയുമെങ്കിൽ, ചോരയൊഴുക്കാതെ ഞങ്ങൾ ഇടമൊഴിഞ്ഞു കൊടുക്കാം." എഴുന്നേറ്റു നിൽക്കാൻ ഉശിരില്ലാതെ, ഇരുന്നിടത്തു കുനിഞ്ഞു പോയ മഹാരാജാവു് യുധിഷ്ഠിരൻ ശ്രമപ്പെട്ടു സംസാരിക്കുമ്പോൾ, ശബ്ദം അവ്യക്തമായി. മറ്റു പാണ്ഡവർ ചെവി കൂർപ്പിക്കാൻ അശക്തരായി മുഖം താഴ്ത്തി കണ്ണടച്ചു. പാഞ്ചാലിയുടെ നോട്ടം കനത്തു.

"പിണങ്ങി പോവുകയെന്നതൊരു സുകുമാര കലയാക്കി മാറ്റിയ നിങ്ങൾ, പക്ഷേ, തിരിച്ചു വന്നാൽ, യാത്രാനുഭവങ്ങൾ പാണ്ഡവരോടൊക്കെ പങ്കുവെക്കുന്ന പതിവുണ്ടോ?", കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

"വേദനയോടെ പറയട്ടെ, ജൈവിക പിതാവു് ഇന്ദ്രൻ സ്വർഗരാജ്യത്തിലേക്ക് വിരുന്നിനു കൊണ്ട് പോയതും, ദേവനർത്തകിയുമായി വഴിവിട്ടു ഞാൻ തീവ്രപ്രണയത്തിൽ ആയതും, രതി തിരസ്കരിച്ചപ്പോൾ പ്രകോപിതയായ അവളെന്നെ ശപിച്ചതും തന്മയത്വത്തോടെ പറഞ്ഞിട്ടും, പാഞ്ചാലി വിശ്വസിച്ചില്ല. ഷണ്ഡത്വം ന്യായീകരിക്കാൻ കൗശലപൂർവ്വം മെനഞ്ഞെടുത്തൊരു കെട്ടുകഥയെന്നവൾ ചുണ്ടുകോട്ടി. വനവാസം ഒരു വിധം കഴിഞ്ഞു വിരാടത്തിൽ അജ്ഞാതവാസം തുടങ്ങുമ്പോൾ ഭിന്നലിംഗക്കാരനായി ഉത്തര രാജകുമാരിയുടെ അന്തഃപുരത്തിൽ സുരക്ഷിതമായി കഴിയാൻ ശാപം അനുഗ്രഹമായപ്പോഴാണ്, പ്രണയം സംശയാസ്പദമെങ്കിലും ഉർവ്വശീശാപം ഉപകാരമാവുന്നൊരു അപൂർവ്വ സാഹചര്യമെന്നവൾ സമ്മതിച്ചത്."

2019/01/13

"പതിനെട്ടു ദിവസം കൊണ്ട് ഇരുപതു ലക്ഷം കൗരവ/കൗരവ സഖ്യസൈനികരെ ഞങ്ങൾ കൊന്നു കൊലവിളിച്ചു എന്ന 'ഹസ്തിനപുരി പത്രിക'യുടെ മുഖപ്രസംഗം കുരുവംശഹത്യയെ കേവലമൊരു കൂട്ടു കുടുംബവഴക്കായി അടയാളപ്പെടുത്തുന്ന ദുഷിച്ച പത്രപ്രവർത്തന പാരമ്പര്യത്തിന്റെ പ്രായോജകർ എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. വ്യവസ്ഥാപിത നിയമങ്ങൾ ഏറെക്കുറെ പാലിച്ച മഹായുദ്ധത്തിൽ, എത്ര ശത്രുക്കൾ കൊല്ലപ്പെട്ടു എന്നൊന്നും ഞങ്ങൾ തലയെണ്ണിയിട്ടില്ല. കണക്കു തയ്യാറാക്കുന്നത് പ്രവിശ്യാ ഭരണാധികാരിയുടെ അധ്യക്ഷതയിൽ പ്രവർത്തിക്കുന്ന നിർവ്വഹണസമിതിയാണ് പോർക്കളത്തിലെ ഓരോ മരണവും ഓരോ സവിശേഷ സാഹചര്യത്തിൽ അങ്ങനെ സംഭവിക്കുകയായിരുന്നു എന്നോർക്കണം. അത് ഇരയും കൊലയാളിയും തമ്മിൽ പ്രതി പ്രവർത്തിച്ചപ്പോൾ സംഭവിക്കുന്ന കൊലപാതകമായിരുന്നില്ല, അത് യുദ്ധഭൂമിയിലെ അനിവാര്യമായ ജീവഹാനിയായിരുന്നു."

ഭരണകൂടത്തിന്റെ ഔദ്യോഗിക വക്താവ് നകുലൻ രാജസഭയിൽ വൈകാരി കതയോടെ കുരുക്ഷേത്രം വിശദീകരിക്കുമ്പോൾ സദസ്സിൽ ആകെ ഉണ്ടായിരുന്നത് വിവാദ മുഖപ്രസംഗം എഴുതിയ യുദ്ധകാര്യ ലേഖകൻ മാത്രം.

"അപ്പപ്പോൾ കഴുത്ത് മുറിച്ച കുഞ്ഞാടിന്റെ ചുടുചോര ഊറ്റിക്കുടിക്കാൻ, വായി ലിട്ടുമുക്കാൻ പൊരിച്ച കാളത്തുട, ഇതൊക്കെ ഈ ഹസ്തിനപുരി കൊട്ടാരം ഊട്ടുപു രയിൽ സമൃദ്ധമായി ബ്രാഹ്മണപാചകർ ആളെ അറിഞ്ഞു വിളമ്പുമ്പോഴും, നിങ്ങൾ ഒറ്റയ്ക്ക് ജാലകത്തിന്റെ ഓരം ചേർന്നിരുന്ന കഴിക്കുന്നത് ഉണക്കപ്പഴങ്ങളും ശുദ്ധജ ലവും. ഇതെന്താ വിവേചനം ആഹാരത്തിൽ?", കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട് ചോദിച്ചു.

"ഈ ഉടൽ സമ്മാനമായി തരുമ്പോൾ പ്രകൃതി എനിക്ക് നേരെ വിരൽ ചൂണ്ടി, "ത്യാഗവും സഹനവും നിറഞ്ഞതായിരിക്കണം നിന്റെ തീൻ ശാല."

2019/01/14

"വിരലറ്റങ്ങൾ മാത്രമുപയോഗിച്ച് പരിഷ്കൃത രീതിയിൽ പതുക്കെയാണല്ലോ ഭീ മൻ ഊണ് കഴിക്കുന്നത്? അക്ഷയപാത്രത്തിൽ രുചിഭക്ഷണ ലഭ്യത കുറഞ്ഞതാ ണോ കാരണം? അതോ, പ്രിയ വൃകോദരന്റെ അന്നനാളത്തിൽ പ്രശ്നം വല്ലതും?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ആശങ്കയോടെ ചോദിച്ചു.

"ആനത്തലയോളം വലുപ്പത്തിൽ ഉരുള ഉരുട്ടി വായിലിട്ടാൽ, അന്നനാളത്തിലൂ ടെ അതിറങ്ങിപ്പോവാൻ സാവകാശം കൊടുക്കും മുമ്പ് തന്നെ രണ്ടാമതൊരു ആന ത്തല വായിലേക്കെറിയുന്ന ഭക്ഷണരീതി നിർത്തണം എന്ന് ഈയിടെ പരസ്യമാ യി തന്നെ ഞാൻ കയർത്തു സംസാരിച്ചു. വേറെ തരമുണ്ടായിരുന്നില്ല. വാരിവലിച്ച സൗജന്യഭക്ഷണം അകത്താക്കിയ ശേഷം, ഞെരിപൊരിയോടെ 'വയറിനു സുഖ മില്ല ശ്വാസം മുട്ടുന്നു' എന്ന് പരാതി പറഞ്ഞു, മാദ്രിയുടെ മക്കളെ പച്ചിലമരുന്ന് തേടി സന്യസ്ഥാശ്രമങ്ങളിലേക്ക് ഓടിക്കുന്ന പരിപാടി അതോടെ നിർത്തി."

2019/01/15

"പുതുമഹാറാണിയെ പൊതുപരിപാടിയിലൊന്നും കാണുന്നില്ലല്ലോ", കൊട്ടാ രം ലേഖിക ചോദിച്ചു.

"ഹസ്തിനപുരിയുടെ അഖണ്ഡത കാത്തുസൂക്ഷിക്കാനായി നൂറോളം ആൺമ ക്കൾ നാടിനുവേണ്ടി കുരുക്ഷേത്രയിൽ ജീവത്യാഗം ചെയ്ത ശേഷം മുഴുനീള കിട പ്പുരോഗിയാണിന്നു ഗാന്ധാരി. മഹാറാണി പദവി പാഞ്ചാലി ഔപചാരികമായി ഏറ്റെടുത്തു എങ്കിലും, ഗാന്ധാരിയിൽ നിന്ന് രാജകീയാഭാരണങ്ങൾ എല്ലാമൊന്ന് അഴിച്ചു കിട്ടണ്ടേ? ദശാബ്ദങ്ങളായി അടിഞ്ഞ വിയർപ്പും അഴുക്കും മെഴുക്കും ഒക്കെ നീക്കി മിനുക്കാൻ സമയമെടുക്കും. ആഭരണങ്ങളിൽ കമ്പമുള്ള വനിതയല്ല പാഞ്ചാ ലിയെങ്കിലും, ഔദ്യോഗിക ആവശ്യങ്ങൾക്ക് എല്ലാം ഒന്നൊന്നായി അണിഞ്ഞല്ലേ പറ്റൂ. ഉറപ്പു തരുന്നു, ഇനി വൈകില്ല. നാളെ പൂർണ്ണിമയിൽ മഹാറാണി പൊതു ജനങ്ങളുടെ ആരാധനയ്ക്ക് സർവാഭരണവിഭൂഷിതയായി നിന്ന് കൊടുക്കുന്നു. കൊ ട്ടാരം മട്ടുപ്പാവിൽ. വനാന്തരത്തിലെ സന്യസ്ഥസമൂഹവും അനുമതി തേടിയിട്ടുണ്ട്, പന്ത്രണ്ടു കൊല്ലം അവരുടെ ഗാർഹിക മാലിന്യത്തിന്റെ സംഭരണവും സംസ്കാരവും

കാര്യക്ഷമതയോടെ ചെയ്യുന്ന 'കൗരവ അടിമ'യുടെ ഭാഗ്യജാതകത്തെ മഹത്വപ്പെടുത്താൻ. ആശീർവദിക്കാൻ നിങ്ങളും ഉണ്ടാവില്ലേ ആദ്യ ദർശനരാത്രിയിൽ തന്നെ, അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുമായി?"

"ജാമ്യത്തടവുകാരി എന്നതൊരു വസ്തുതയായിരിക്കാം, പക്ഷേ, കുന്തിയെ ചാവേറാക്കുമെന്നോ?" ചാർവാകൻ ചോദിച്ചു.

"അജ്ഞാത വാസത്താവളത്തിൽ നിന്നു പാണ്ഡവരെ പുകച്ചു പുറത്തു കൊണ്ടു വരാൻ കൗരവർ തയ്യാറാക്കിയ രഹസ്യ പദ്ധതിയിൽ കുന്തി ഇരയാണോ പങ്കാളിയാണോ എന്ന് വ്യക്തമല്ല. ഇന്ദ്രപ്രസ്ഥം മുതൽ പാണ്ഡവരുടെ നല്ല നടപ്പിനു ജാമ്യത്തടവുകാരിയായി ചാരനിരീക്ഷണത്തിൽ, ദശാബ്ദങ്ങളായി ഗാന്ധാരിക്കൊപ്പം പാർപ്പിച്ചിരുന്ന കുന്തിയെ തലമൊട്ടയടിച്ചു പുള്ളികുത്തി, കഴുതപ്പുറത്ത് നഗരി കാണിക്കാൻ തീയതി നിശ്ചയിച്ചിരിക്കയാണ് ദുര്യോധനൻ. ഈ മാതൃപീഡനം തടയാൻ ഒരു ധീരപാണ്ഡവൻ കുതിച്ചു ചാടി മുന്നോട്ടിറങ്ങിയാൽ അതോടെ തീരും ഒളി ജീവിതത്തിലെ 'അജ്ഞാത' എന്ന വിശേഷണപദം. പിന്നെ വീണ്ടും തുടങ്ങണ്ടേ അടിമപദവിയിൽ വ്യാഴവട്ടക്കാല വനജീവിതം? പാഞ്ചാലിയുടെ വസ്ത്രാക്ഷേപ സമയത്തുണ്ടായി എന്ന് കരുതപ്പെടുന്ന മായികപ്രകടനം പോലെ, കൗരവ കുടിലതയെ പ്രകൃതി തന്നെ കൈകാര്യം ചെയ്യട്ടെ എന്നാണു സാത്വിക യുധിഷ്ഠിരന്റെ നിലപാട്. നിലവിൽ ഈ മുതിർന്ന പാണ്ഡവൻ കങ്കൻ എന്ന നിർമ്മിത ബ്രാഹ്മണസ്വത്വത്തിൽ വിരാടരാജാവിന്റെ ചൂതാട്ട പരിശീലകനായി സ്വസ്ഥം ഒളിജീവിതം നയിക്കുന്നു. വിരാട ഭാര്യാസഹോദരനായിരുന്ന കീചകന്റെ അസ്വാഭാവിക മരണത്തിനു പിന്നിൽ ഭീമനാണെന്ന് സംശയിക്കുന്ന കൗരവർക്കു 'നഗരികാണിക്കൽ' നടപടി ദൈവകോപം വരുത്തുമോ എന്നാണു വിവേകവചനത്തിന്റെ മൃദുഭാഷി വിദുരർ ഭയക്കുന്നത്. അതിവേഗം വികസിക്കാവുന്ന ഈ കൊട്ടാര വാർത്തയുടെ വിശദാംശങ്ങൾക്ക് 'ഹസ്തിനപുരി പത്രിക'യുടെ പതിനഞ്ചോളം ചുവരെഴുത്തു പതിപ്പുകൾക്കായി കാത്തിരിക്കൂ."

2019/01/16

"ഘാതകൻ അധികാരത്തിൽ കയറുന്ന പട്ടാഭിഷേകം ബഹിഷ്കരിക്കാതെ സദസ്സിന്റെ മുൻപന്തിയിൽ പ്രസന്നഭാവത്തോടെ നിങ്ങളെ കാണുമ്പോൾ, കുരുക്ഷേത്രയുദ്ധം പതിനെട്ടുനാളും കണ്ട എനിക്ക് എന്തോ പോലെ തോന്നുന്നു" കൊട്ടാരം ലേഖിക ദുര്യോധനവിധവയെ അഭിവാദ്യം ചെയ്തു. അരങ്ങേറ്റ മൈതാനത്തിലെ അലങ്കാര വേദി, മൂടൽ മഞ്ഞു നിറഞ്ഞ ശീതകാല പ്രഭാതം.

"സത്യപ്രതിജ്ഞ കഴിഞ്ഞാലുടൻ അതിപ്രധാന പ്രസ്താവന നടത്തുമെന്ന് ഘാതകഭീമൻ പറഞ്ഞത് നിങ്ങൾ അറിഞ്ഞില്ലെന്നു തോന്നുന്നു? യുദ്ധാനന്തര ഹസ്തിനപുരിയുടെ ഭാവിപ്രതിരോധത്തിന് തക്ഷശിലയെ വെല്ലുന്ന "ദുര്യോധന സ്മാരക സൈനികശാസ്ത്ര സർവകലാശാല"ക്ക് തറക്കല്ലിടുന്ന ചടങ്ങിലാണ് എന്റെ വ്യക്തിഗതസാന്നിധ്യം അത്യാവശ്യമായി വന്നത്", കലിംഗരാജാവ് ചിത്രാംഗധന്റെ മകൾ ഭാനുമതിയായി ജനിച്ചു കൗമാരത്തിൽ കുരുവംശ വധുവായി മാറിയ ദുര്യോധനവിധവ യഥാർത്ഥ മഹാറാണിയെ പോലെ ഉപചാരപൂർവ്വം അഭിവാദ്യം സ്വീകരിച്ചു.

“തിന്മക്കു മേൽ നന്മയുടെ വിജയമാണ് കുരുക്ഷേത്രം എന്ന് ഭീമൻ അരങ്ങേറ്റ മൈതാന സ്വീകരണയോഗത്തിലെ കുരുക്ഷേത്ര യുദ്ധാവലോകനത്തിൽ തള്ളിയപ്പോൾ, സദസ്സ് എഴുന്നേറ്റുനിന്ന് കയ്യടിക്കുന്നതൊക്കെ ഞങ്ങളും സന്തോഷത്തോടെ കണ്ടു. പക്ഷേ, വേദിയിൽ ഇരുന്ന നിയുക്തമഹാറാണി മാത്രം മുഖം താഴ്ത്തി. എന്തായിരുന്നു സംഗതി?” ഊട്ടുപുരയിൽ കുനിപ്പിടിച്ചിരുന്നു, പൊരിച്ച കാളത്തുടകടിച്ചു മുറിക്കുന്ന കൃപാചാര്യരെ കൊട്ടാരം ലേഖിക കണ്ടെത്തി.

“തിന്മക്കു മേൽ തിന്മയുടെ വിജയം എന്ന് പാഞ്ചാലി ഓലയിൽ നാരായം കൊണ്ടെഴുതിയത് യുധിഷ്ഠിരൻ വായിച്ചു കൊടുത്തപ്പോൾ ഒരക്ഷരം തെറ്റി...”

2019/01/17

പൂവണിയാത്ത പ്രണയമോഹം വല്ലതുമുണ്ടോ, പിടിവിട്ടു പോവുന്ന ഈ കരളിൽ?”, തളർന്നു വീണ പാഞ്ചാലിയെ കൈകളിൽ താങ്ങിക്കിടത്തി, കൊട്ടാരം ലേഖിക നഷ്ടബോധത്തോടെ ചോദിച്ചു. നേർത്ത വിലാപം പോലെ മലങ്കാറ്റു വീശിയിരുന്ന വിജന താഴ്വര, സന്ധ്യ. പാണ്ഡവർ നടന്നു തീർത്ത വഴിത്താര ദൂരെ ഇരുട്ടിൽ മറഞ്ഞു തുടങ്ങിയിരുന്നു.

“എന്തിലും ഏതിലും മൂപ്പിളമയുടെ ക്രമപ്രശ്നം ഉന്നയിച്ചു, മാദ്രിമക്കളോടുള്ള എന്റെ വാത്സല്യത്തെ തടഞ്ഞു നിർത്തിയ യുധിഷ്ഠിരന്റെ മരണമായിരുന്നു പ്രകൃതി ആദ്യം നിശ്ചയിക്കേണ്ടിയിരുന്നത് കുന്തിയുടെ മുതിർന്ന മൂന്നു മക്കളാൽ എന്റെ ബഹുഭർതൃത്വ ദാമ്പത്യത്തിലെന്നും പാർശ്വവൽക്കരിക്കപ്പെട്ട നകുലനും സഹദേവനും അവരർഹിക്കുന്ന വിധം ലാളന വാരിക്കോരി കൊടുക്കാൻ ഇനിയും ലഭിക്കുമോ എനിക്കൊരു ജന്മം കൂടി?”

“ദുര്യോധനൻ നാമനിർദ്ദേശം ചെയ്ത അലസ കാരണവന്മാർ തന്നെയാണോ ഇപ്പോഴും രാജസഭയിൽ? യുദ്ധാവശ്യത്തിനു കൊള്ളാത്തവരെ തളച്ചിട്ടായിരുന്നു ആ കുടില കൗരവപ്രമാണി പ്രമേയങ്ങൾ അംഗീകരിപ്പിച്ചു നേടേണ്ടതൊക്കെ നേടിയിരുന്നത്”, പാണ്ഡവ ഭരണകൂടത്തിന്റെ ആദ്യരാജസഭായോഗത്തിൽ നിന്ന് ഇറങ്ങി വരികയായിരുന്ന കൊട്ടാരം ലേഖികയോട്, കോട്ടവാതിലിനു വെളിയിൽ ചാർവാകൻ ചോദിച്ചു.

“കുരുക്ഷേത്രയിൽ നിന്ന് ജീവനോട് തിരിച്ചെത്തിയ കൃപാചാര്യർ ഉൾപ്പെടെ, പഴയ രാജസഭാംഗങ്ങളെല്ലാം വന്നു, ഉച്ചയൂണിനുള്ള മണിയടി കേൾക്കാൻ. മൊത്തം ഹസ്തിനപുരി അരവയർ അത്താഴവുമായി യുദ്ധക്കെടുതിയിൽ അന്തിമയങ്ങുമ്പോൾ, തീൻശാല ചെറുക്കാനാവാത്ത പ്രലോഭനം തന്നെ. യമുനയിൽ നിന്ന് പിടിച്ച മീനും, കറവ വറ്റിയ മാടിന്റെ തുടയും ഒക്കെയായി, വല്ലതും തടയും എന്ന ഉറപ്പിലവർ പുതിയ മഹാരാജാവ് സഭയിൽ കാൽ വച്ചതും എഴുന്നേറ്റുനിന്നു വരവേറ്റു. യുധിഷ്ഠിരനെ ആയുഷ്ക്കാല സ്വേച്ഛാധിപതിയായി രാജസഭ അംഗീകരിക്കുന്നു എന്ന ഒറ്റവാചക പ്രമേയത്തിന്റെ അംഗീകാരത്തിന് നന്ദി പറഞ്ഞ യുധിഷ്ഠിരൻ, രാജസഭ എന്നെന്നേക്കുമായി പിരിച്ചുവിട്ടു എന്നു പ്രഖ്യാപിച്ച ഉടൻ കേട്ടു, ഊട്ടുപുരയിൽ നിന്ന് ഊണ് തയ്യാറെന്ന മണിയടി.”

2019/01/18

“ചെങ്കോൽ കൈമാറാൻ യുധിഷ്ഠിരൻ നിർബന്ധിതനായി എന്നാണോ പറഞ്ഞുവരുന്നത്?”, കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു”, ഒരേ ഒരു കിരീടാവകാശിയായിരുന്നില്ലേ പരീക്ഷിത്ത്? പിന്നെന്താ പ്രശ്നം?”

“യുധിഷ്ഠിരന്റെ ആദ്യഭാര്യ ഒളിജീവിതം അവസാനിപ്പിച്ച് കൊട്ടാരത്തിൽ പ്രത്യക്ഷപ്പെട്ട അന്ന് തുടങ്ങി പാഞ്ചാലിയുടെ പരാക്രമം. ഏകപക്ഷീയമായി ഉപേക്ഷിക്കപ്പെട്ടിരുന്ന യുധിഷ്ഠിരഭാര്യ അച്ഛന്റെ നാട്ടിൽ പോയി ദശാബ്ദങ്ങൾക്ക ശേഷം മുതിർന്ന മകനെയും കൂട്ടി തിരിച്ചുവന്നത് യാചിക്കാനായിരുന്നില്ല, യുധിഷ്ഠിരനെ സിംഹാസനത്തിൽ നിന്ന് പിടിച്ചു മാറ്റാനായിരുന്നു. തീരുമാനമെടുക്കാതെ, ആലോചിക്കാൻ സമയം വേണമെന്ന് പറഞ്ഞു യുധിഷ്ഠിരൻ (മുൻ) ഭാര്യയെയും ‘മക’നെയും നഗരാതിർത്തിയിലുള്ള അതിഥിമന്ദിരത്തിൽ പാർപ്പിച്ചു. പരീക്ഷിത്തിന്റെ അമ്മയും അഭിമന്യുവിന്റെ വിധവയും അർജ്ജുനന്റെ പുത്രവധുവുമായ ഉത്തര, വാടകക്കൊലയാളിയെ അതിഥിമന്ദിരത്തിലേക്കയച്ചപ്പോൾ, ആ ശപിക്കപ്പെട്ട പാതിരാവിൽ സ്വാഭാവികമായി സംഭവിക്കാവുന്നതെന്തോ അത് സംഭവിച്ചു. കൊലചെയ്യിച്ചത് അർജ്ജുനനും പാഞ്ചാലിയും ആണെന്ന ബോധ്യത്തിൽ, യുധിഷ്ഠിരൻ, ശവസംസ്കാരം കഴിഞ്ഞ ഉടൻ, പരീക്ഷിത്തിന്റെ പട്ടാഭിഷേക തീയതി പ്രഖ്യാപിച്ചു. സംഭവിക്കേണ്ടതൊക്കെ ‘സമാധാനപര’മായി സംഭവിച്ചു എന്നതാണ് കുരുവംശഗാഥയുടെ കമനീയത.”

“നിങ്ങൾ അധികാരത്തിന്റെ അകത്തളങ്ങളിൽ നിരങ്ങുന്നവളല്ലേ? മഹാരാജാവ് യുധിഷ്ഠിരന് സുരക്ഷാഭടന്മാരൊന്നുമില്ലേ?”, ചാർവാകൻ ചോദിച്ചു.

“യുധിഷ്ഠിരൻ ഉറക്കമുണർന്നാൽ പകച്ചു ചുറ്റും നോക്കുന്നത് അജ്ഞാതശത്രുവിന്റെ ഒളിയമ്പ് തറക്കുമോ നെഞ്ചിൽ എന്ന ഉൾഭീതിയിലാണെന്നു പറയുന്നത് ‘നിരങ്ങുന്ന’ ഞങ്ങളല്ല, കൂടെ കിടന്നു രാപ്പനി യറിയുന്ന പാഞ്ചാലിയാണ് ഹസ്തിനപുരി കൊട്ടാര സമുച്ചയം മുഴുവൻ കൊലചെയ്യപ്പെട്ട കൗരവരുടെ കരിമ്പ്രേതങ്ങൾ പ്രതികാരബുദ്ധിയോടെ പാവം ‘ധർമ്മപുത്ര’രെ മാത്രം രാപ്പകൽ വേട്ടയാടുന്നതിലാണ് മറ്റു പാണ്ഡവർ വിസ്മയിക്കുന്നത്. നിങ്ങൾക്കറിയാമോ, ഓരോ കൗരവകൊലക്കു ശേഷവും, ഭീമൻ പാളയത്തിൽ വന്നു പാഞ്ചാലിയുടെ മേൽനോട്ടത്തിൽ കൈകൾ പച്ചവെള്ളത്തിൽ ആവർത്തിച്ച് കഴുകിയെടുക്കുന്ന പതിവ് തെറ്റിക്കാത്തതിന് ഇപ്പോൾ ഫലം കാണുന്നില്ലേ? പേടിസ്വപ്നമില്ലാതെ കൂർക്കം വലിച്ചുറങ്ങുന്ന ഭീമൻ, പക്ഷേ, സത്യവചനത്തിന്റെ മൊത്ത വ്യാപാരിയായ യുധിഷ്ഠിരൻ കൈകൾ സൈനിക വസ്തുങ്ങൾക്കുള്ളിൽ സൂക്ഷിച്ചുവച്ചിട്ടും ചത്തുപോയവരുടെ ദുഷ്ടാത്മാക്കൾ യുധിഷ്ഠിരനെ വിറപ്പിക്കുന്നു. പട്ടാഭിഷേകം അക്ഷമയിൽ കാത്തിരുന്ന് മടുത്ത കിരീടാവകാശി പരീക്ഷിത്ത് ഏറ്റെടുത്ത പാണ്ഡവ വിരുദ്ധവിമതനീക്കത്തിന്റെ മേൽപ്പാട മാത്രമാണ് ഈ പ്രേതബാധയെന്നും, രാത്രിനാടകങ്ങൾ യുധിഷ്ഠിരൻ സ്ഥാനമൊഴിയും വരെ പ്രതീക്ഷിക്കാമെന്നും അകത്തളങ്ങളിലെ അഭിജ്ഞവൃത്തങ്ങളിൽ നിന്ന് സൂചനയുണ്ട്. നിങ്ങൾ യുക്തിവാദവുമായി ലോകം ചുറ്റുക, വാർത്താനിർമ്മിതിക്കായി ഓലയും നാരായവുമായി ഞങ്ങൾ തയ്യാർ.”

2019/01/19

“സ്വത്തുവിഭജനത്തിലെ തർക്കപരിഹാരത്തിന് അത്യുന്നതതല നയതന്ത്രനീക്കത്തിന്റെ സ്വാഭാവിക തുടർച്ചയായിരുന്ന കുരുക്ഷേത്രയുദ്ധത്തിൽ, പക്ഷേ, കൗ

രവർ എല്ലാ പാരസ്പര്യ സ്പർശങ്ങളും കാറ്റിൽ പറത്തി, നരനായാട്ടിനിറങ്ങിയത് ഹസ്തിനപുരിയുടെ ചരിത്രത്തിൽ കറുത്ത അധ്യായമായി വരുംയുഗത്തിലും രാഷ്ട്രമീമാംസാവിദ്യാർത്ഥികൾ തക്ഷശിലയിൽ പഠിക്കുമെന്ന് പുതിയ ഭരണകൂട വക്താവ് നകുലൻ പറഞ്ഞുവച്ചല്ലോ, പതിനെട്ടുനാൾ പോർക്കളത്തിൽ 'നാരായവും പനയോല' യുമായി ഓടിനടന്ന നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു?", അരങ്ങേറ്റ മൈതാനത്തിൽ നിന്ന് മടങ്ങവേ കൊട്ടാരം ലേഖിക യുദ്ധകാര്യലേഖകനോട് ചോദിച്ചു.

"യുദ്ധത്തിൽ പങ്കെടുത്ത ധീരപോരാളിയല്ലേ നകുലൻ? അരങ്ങേറ്റമൈതാന പൊതുവേദിയിൽ നേർസാക്ഷി മൊഴിയല്ലേ? അവിശ്വസിക്കണോ? പോരാട്ടത്തിനു കൂട്ടമണിയടിച്ചിട്ടും കുലുങ്ങാതെ, യുധിഷ്ഠിരൻ നഗ്നപാദനായി കൗരവ സർവസൈന്യാധിപനെ നമസ്കരിച്ചു ആശീർവാദം തേടുന്നതൊക്കെ ഇരുകണ്ണുകളും കൊണ്ട് കണ്ടപ്പോൾ, ഇളമുറ മാദ്രീപുത്രന് മിക്കവാറും വ്യക്തമായിക്കാണും, കുടിലകൗരവരെ പാണ്ഡവർ പാട്ടുപെട്ടു ചെറുക്കുമ്പോഴും, അനിവാര്യമായി നിലനിർത്തേണ്ട അഹിംസാത്മകത", തൊഴിൽ നഷ്ടപ്പെട്ട യുവയുദ്ധ കാര്യലേഖകൻ, ഇരുണ്ട ഭാവിയെ ഓർത്തു ഇരുട്ടിൽ ആരും കാണില്ലെന്ന ഉറപ്പിൽ പല്ല് ഞെരിച്ചു.

2019/01/20

"യുധിഷ്ഠിരൻ കിരീടധാരണത്തിനു തലകുനിച്ചപ്പോൾ, ദുര്യോധനവിധവ ഉപചാരപൂർവ്വം നീട്ടിയ വജ്രകിരീടം വിദുരർ ഇടംകൈ വീശി തിരസ്കരിച്ചതൊരു ഞെട്ടലോടെയാണ് സദസ്സിലുണ്ടായിരുന്ന ഞങ്ങൾ കണ്ടത്. എന്തായിരുന്നു ആ അമംഗളകൃത്യത്തിനു പ്രകോപനം?"

കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

"തിരസ്കരിക്കുന്നതുപോലെയാണോ? അടുത്തു നിന്നിരുന്ന എനിക്ക് തോന്നിയത്, ഭരണകൂടഭാഗമായ വിദുരർ വജ്രകിരീടത്തിന്റെ വിശദാംശങ്ങൾ തിരക്കുന്നതായാണ്. അരനൂറ്റാണ്ടിലധികം ധൃതരാഷ്ട്രർ ധരിച്ചിരുന്ന കിരീടം അഴിച്ചുമേടിച്ചു ശുദ്ധീകരിച്ചായിരുന്നു യുധിഷ്ഠിരന് ധരിക്കാൻ കൊട്ടാരം സർവ്വാധികാരി ക്രമീകരണം ചെയ്തത്. അതിനിടയിൽ പെരുമാറ്റച്ചട്ടം ലംഘിച്ചു വജ്രകിരീടം ദുര്യോധനവിധവ സമ്മാനിച്ചപ്പോൾ, ശുഭകാമന അംഗീകരിക്കുമ്പോൾ തന്നെ, ഉരുപ്പടിയുടെ വിശദവിവരം ഔദ്യോഗികമായി തേടുന്നതിൽ നടപടിക്രമത്തിന്റെ അടിസ്ഥാന പ്രശ്നമല്ലേ നിങ്ങൾ കാണേണ്ടത്? വജ്രകിരീടം എവിടെ നിന്ന് വാങ്ങിച്ചു? അതിന്റെ വിലയെങ്ങനെ കൈമാറി? ആരുടെ പേരിലായിരുന്നു വാങ്ങിച്ചത്? മഹാരാജാവ് ധൃതരാഷ്ട്രരുടെ അനുമതിയോടെയായിരുന്നുവോ? കിരീടാവകാശിയെന്നു ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത ദുര്യോധനൻ എങ്ങനെ അധികാര സൂചകമായ കിരീടം വാങ്ങാൻ ധൃതരാഷ്ട്രരുടെ അനുമതി തേടി? എന്നിങ്ങനെ വിവരങ്ങൾ കിട്ടും വരെ വജ്രകിരീടം യുധിഷ്ഠിരൻ ധരിക്കുന്നതിനു വിലക്കേർപ്പെടുത്തിയതിൽ നിങ്ങൾക്കുമാത്രം എന്താണിത്ര ഞെട്ടലും നീറ്റലും? കൂടുതൽ ചോദ്യം ചെയ്യുന്നതിനെ നിങ്ങളെ തടഞ്ഞു നിർത്താൻ ഞാൻ ബാധ്യസ്ഥനാണ് ഈ വാർത്ത 'ഹസ്തിനപുരി പത്രിക' യിൽ വരുന്നതിനു നയപരമായ തടസ്സങ്ങളുണ്ട്. സമാന്തര അധികാര സ്വരൂപം കുരുവംശത്തിൽ നിലനിന്നിരുന്നു എന്നതിന്റെ പ്രത്യക്ഷം കൂടിയാണ് വജ്രകിരീടം. കുരുക്ഷേത്രാനന്തര പാണ്ഡവഭരണകൂടം സുതാര്യതക്കാണ്, വജ്രത്തിളക്ക

ത്തിനല്ല മുൻഗണനന കൊടുക്കുക എന്നത് നിങ്ങൾ മനസ്സിലാക്കാഞ്ഞത് പിഴയടച്ച് തീർക്കാവുന്ന വീഴ്ചയല്ല."

2019/01/21

"ഹസ്തിനപുരി കർഷകരുടെ അടുക്കളയിൽ നിന്ന് അവരറിയാതെ രുചിഭക്ഷണം ചോർത്തി, അക്ഷയ പാത്രത്തിലാക്കുന്ന നവസാങ്കേതികവിദ്യ, അടിമ പാണ്ഡവർക്ക് ഉടയോൻ ദുര്യോധനൻ പാരിതോഷികമായി സമ്മാനിക്കാമെങ്കിൽ, ഒരേ സമയം ഉണ്ണാൻ ആറു പാത്രങ്ങൾ കൂടി കൊടുത്തു തീൻശാല സ്വയംപര്യാപ്തമാക്കാമായിരുന്നില്ലേ?"

വനവാസക്കാലം.

ഹിമാലയതാഴ്‌വരയിലെ കാട്ടുകുടിലിൽ, കിടപ്പറ ജാലകത്തിലൂടെ കാണാവുന്ന ഊട്ടുപുരയുടെ പരുക്കൻ തറയിൽ, ചുറ്റും കൂടിയിരുന്നു, കയ്യിട്ടുവാരി വായ നിറക്കുന്ന പാണ്ഡവരെ നോക്കി കൊട്ടാരം ലേഖിക ചോദിച്ചു.

"വലുതും ചെറുതുമായി കൗരവർ കൊടുത്തയച്ച പാത്രങ്ങൾ പാണ്ഡവർ ഉപയോഗിക്കാറില്ല. അളന്നു മുറിച്ചു ഓരോ പാത്രത്തിലും ഞാൻ വിളമ്പുന്ന ഭക്ഷണമല്ല അവർ നോട്ടമിടുന്നത് എത്രയെത്ര ഹസ്തിനപുരി കലവറകൾ ചോർന്നു ശുഷ്കമായാലും, മുന്നിലിരിക്കുന്ന അക്ഷയപാത്രം അതിരില്ലാതെ നിറഞ്ഞിരിക്കണം. ഇച്ചിൽ പാത്രം അവനവൻ കഴുകണമെന്ന എന്റെ കർശന നിർദേശവും അവരുടെ കരളിൽ തറച്ചു. ഇനിയിപ്പോൾ അഞ്ചുപേരും ഊണുകഴിഞ്ഞെഴുന്നേറ്റാൽ, പാത്രം കഴുകുന്നതിനുമുണ്ട്, രാത്രിയിൽ കിടപ്പറയിലെന്നപോലെ, അവരഞ്ചുപേർക്കും തീൻശാലയിൽ ഊഴം."

"ജാരസന്തതികളും വിവാഹേതര രതിയും കുരുവംശപ്പെരുമക്ക് എക്കാലവും അലങ്കാരമായിരുന്നു എന്ന് ഹസ്തിനപുരി വാണിജ്യസമൂഹം കൗതുകത്തോടെ കാണുന്നുണ്ട്. അവരെ ചിലപ്പോഴെങ്കിലും ചിന്താക്കുഴപ്പത്തിലാക്കുന്നത്, ദേവരൂപികളായ അഞ്ചു ഭർത്താക്കന്മാർ ഒറ്റയടിക്ക് നിങ്ങൾക്കുണ്ടായിട്ടും എന്തിനൊരു കറുത്ത കാമുകൻ? അവിഹിതമായി ഒരഭിലഷവും വേണ്ടായിരുന്നു എന്ന് തോന്നിയോ വല്ലപ്പോഴും?", വനാന്തരത്തിലെ ആശ്രമമുറിയിൽ ശീതകാലസന്ധ്യയുടെ ഭീതിതമായ മൂടുപടം മുഖമടച്ചു വീണപ്പോൾ പാഞ്ചാലിയുടെ കണ്ണുകൾ തുളുമ്പുന്നത് കണ്ട കൊട്ടാരം ലേഖിക വിഷയം മാറ്റാൻ പ്രകോപനപരമായി ചോദിച്ചു.

"പ്രീണിപ്പിക്കാനും കീഴ്പ്പെടുത്താനും രാവുപകൽ മുന്നൊരുക്കം ചെയ്യുന്ന നിസ്സാര പാണ്ഡവർ എവിടെ, അങ്ങകലെ കടലോര നഗരിയിൽ എനിക്കായി സുരക്ഷിതത്വത്തിന്റെ ഒരാലില, സത്യഭാമ പോലുമറിയാതെ, മറിച്ചിടുന്ന ശ്യാമസുന്ദരൻ എവിടെ."

2019/01/22

"രാജമാതാ പദവിയൊഴിഞ്ഞ സത്യവതി പുത്രവിധവകളായ അംബികയും അംബാലികയുമൊത്തു കൊട്ടാരത്തിന്റെ പടിയിറങ്ങുമ്പോൾ, ശന്തനുവിന് ശേഷം കുരുവംശ പൈതൃകം എന്ന് മേനി പറയാൻ നൈഷ്ഠിക ബ്രഹ്മചാരിയായ ഭീഷ്മരൊഴികെ ആരുണ്ടിനി ഹസ്തിനപുരിയിൽ? സത്യവതിയിൽ ശന്തനുവിനുണ്ടായ

രണ്ടു ആൺ മക്കളും നേരത്തെ മരിച്ചു, ഒരാൾ ശത്രുവിന്റെ ഇരയായി, മറ്റെയാൾ അമിതഭോഗത്തിന്റെയും. ആദ്യ ദർശനത്തിൽ ആവേശമുണർന്ന വൃദ്ധമുനിക്ക് യുവസത്യവതിയിൽ പിറന്ന രഹസ്യസന്തതി, കുള്ളനും വിരൂപിയുമായ വ്യാസൻ, വിചിത്രവീര്യവിധവകളിൽ ചൊരിഞ്ഞ ബീജദാനത്തിൽ പിറന്ന രണ്ടു കീടജന്മങ്ങൾ ആയിരുന്നു അന്ധധൃതരാഷ്ട്രരും ഷണ്ഡപാണ്ഡുവും. അവരുടെതെന്നു പൊതുവെ പറയപ്പെടുന്ന നൂറ്റിയഞ്ചു മക്കൾ കൂട്ടുകുടുംബസ്വത്തു എങ്ങനെ വീതം വെക്കണമെന്നറിയാതെ പരസ്പരം വാളോങ്ങുന്നു. കളങ്കിതകുരുവംശത്തെ, ഭിന്നിപ്പിച്ചു കൊല്ലാൻ വിട്ടു സത്യവതി അതാ വനവാസത്തിനു പോവുന്നു. തിരിച്ചു വരരുതേ, ഗംഗയാറൊഴുകുന്ന ഈ നാട്ടിൽ നിങ്ങൾ ഇനി കാലു കുത്തരുതേ."

"അരമനരഹസ്യങ്ങൾ അറിയാത്ത ഹസ്തിനപുരി വാണിജ്യവീഥി സദസ്സിനോട് കത്തിക്കയറുകയായിരുന്ന ആ ദരിദ്രബ്രാഹ്മണനെ പിന്നിൽ നിന്ന് ചടുലനീക്കത്തിൽ ദുര്യോധനൻ ആഞ്ഞു ചവിട്ടിത്തെറിപ്പിച്ചു. "ഞങ്ങൾ ഭരിക്കാൻ നിയോഗം നേടിയവർ, രാജ്യത്തിന്റെ അഖണ്ഡതക്കായി, വേണ്ടി വന്നാൽ പോർക്കളത്തിൽ മരിക്കാനും തയ്യാർ. കുരുവംശം ദൈവദത്തമായ ഭരണവംശം എന്ന് അഭിവന്ദ്യവ്യാസൻ നാളെ ഇതിഹാസത്തിൽ പറയുമ്പോൾ, മഹാഭാരതത്തിന്റെ പനയോലക്കെട്ടുകൾ കത്തിച്ചു പ്രതിഷേധിക്കാൻ നിന്നെ കണ്ടുപോവരുത്."

2019/01/23

"അല്ല, ഈ വിവാദവിരലല്ലേ ഗുരുദക്ഷിണയായി നിങ്ങൾ ദ്രോണർക്കു മുറിച്ചു കൊടുത്തു എന്ന് നാടാകെ തള്ളി പാട്ടായത്? കണ്ടാൽ, മുറിച്ചു നീക്കിയ പോലെയും, മുറിച്ചെടുത്ത ഭാഗം തിരിച്ചു വച്ചു തുന്നിക്കൂട്ടിയ പോലെയുമൊന്നും തോന്നുന്നില്ലല്ലോ", പ്രസിദ്ധ വിദ്യാർത്ഥിയുടെ വലതുകൈയിലെ തള്ളവിരൽ തൊട്ടു, സംശയത്തിൽ കൊട്ടാരം ലേഖിക മുഖത്ത് നോക്കി.

"പരിപൂർണ്ണ സസ്യഭോജിയായ ഗുരുവിനു വേണ്ടത് വിദൂര വിദ്യാർത്ഥിയുടെ വിരലൊന്നുമായിരുന്നില്ല, സ്വർണ നാണയമായിരുന്നു, അത് ഞാൻ രാജമന്ദിരത്തിലെ രഹസ്യരത്നശേഖരത്തിൽ നിന്ന് പൊക്കി ആ ദരിദ്രബ്രാഹ്മണന് നീട്ടിയപ്പോൾ ദക്ഷിണ തൃപ്തിയായി എന്ന് പുഞ്ചിരി വ്യക്തമാക്കി. മുറിച്ചു നീക്കിയ വിരൽ തിരിച്ചു വച്ച്, കൈ പഴയ പോലെ പോരാട്ടക്ഷമമായി എന്ന് നാളെ നിങ്ങൾ 'ഹസ്തിനപുരി പത്രിക'യിൽ വാർത്ത കണ്ടാൽ പരിഭ്രമിക്കരുത്. മനുഷ്യാവയവങ്ങളിലെ കൊള്ളകൊടുക്ക ഒരു പുത്തൻ കായിക പരീക്ഷണമായി വരുംയുഗത്തിൽ മാറും എന്നാണു ഭാവി പ്രവചിക്കാൻ അമാനുഷ ശേഷിയുള്ള സഹദേവൻ പറഞ്ഞത്."

2019/01/24

"പൗരാവകാശം നിഷേധിക്കപ്പെട്ട പാണ്ഡവരെ ഔദ്യോഗിക രേഖകളിലും പൊതുപ്രഭാഷണങ്ങളിലും "അടിമ പാണ്ഡുവംശം" എന്ന് കൗരവർ പരാമർശിക്കുന്നതിൽ പ്രതിഷേധമുണ്ടെന്ന നിങ്ങളുടെ പ്രസ്താവന ഗുരുതരമായ അച്ചടക്ക ലംഘനമായി ദുര്യോധന കാര്യാലയം നേരിടുമെന്നു കേട്ടല്ലോ. ഒറ്റവാക്യത്തിൽ ഒരുദ്ധരണി തരാമോ?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

വനവാസക്കാലം.

ആണുങ്ങൾ മൃഗയാവിനോദത്തിനു പോയ നേരം.

“ഔദ്യോഗിക പ്രസ്താവനയിലെ, ‘വനവാസത്തിനു പോയ പാണ്ഡവർ’ എന്ന ലിംഗനീതിനിഷേധം ചൂണ്ടിക്കാണിച്ച ഞാൻ, എല്ലാ രേഖകളിലും, ‘കള്ളച്ചൂതിൽ കബളിപ്പിക്കപ്പെട്ട് വനവാസത്തിനു പോയ പാഞ്ചാലിയും പാണ്ഡവരും’ എന്ന് വേണം അടയാളപ്പെടുത്താൻ എന്ന ആവശ്യം മുന്നോട്ടു വച്ചാൽ എന്താണ് അച്ചടക്കം ഇത്രമേൽ ‘ഗുരുതര’മാവാൻ?”

“സദസ്സിന്റെ കരൾ പിളർക്കുന്ന വേദനയോടെ ആ രാത്രി ഗർജ്ജിച്ച നിങ്ങളുടെ വാക്കുകൾ ഞാനിന്നും ഓർക്കുന്നു.”

“നിന്റെ മാറു പിളർന്ന രക്തം പുരണ്ട കൈകൾ കൊണ്ടല്ലാതെ ഈ അഴിമുടി കെട്ടുകയില്ല ഇത് സത്യം സത്യം.” ആ നിങ്ങൾ തന്നെയാണോ, ദുര്യോധനൻ പാരിതോഷികമായി കൊടുത്തയച്ച സുഗന്ധതൈലം തേച്ചു ഉടൽ പരിലാളിക്കുന്നത്?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

വനവാസക്കാലം.

“ഇലച്ചാറ് തേച്ചു ഒഴുക്കുനീരിൽ കഴുകി നിവർത്തിയിടുന്ന മുടി എന്നെങ്കിലും പ്രതിജ്ഞ പാലിക്കട്ടെ, കാമനയുടെ മുമ്പിൽ മുട്ടുകുത്തുന്ന ഭർത്താക്കന്മാർക്ക് ശാരീരികസേവനം നൽകേണ്ട ഉടൽ ആ കർത്തവ്യവും പാലിക്കട്ടെ.”

2019/01/25

“പാഞ്ചാലി മലഞ്ചെരുവിൽ കുഴഞ്ഞുവീണു മരിച്ചു എന്നാണു കേട്ടത്”, കോട്ടക്കകത്തെ ആശ്രമമുറ്റത്തിരുന്നു ശിശിരകാലവെയിൽ കൊള്ളുകയായിരുന്ന കൃപാചാര്യരെ കണ്ടപ്പോൾ കൊട്ടാരം ലേഖിക ഓട്ടം നിർത്തി “കഴിവുള്ള സ്ത്രീയായിരുന്നു. ഭർത്താക്കന്മാർ ചെയ്ത കുരുവംശഹത്യക്കു അവൾ കൊടുക്കേണ്ടി വന്നു പിഴ.”

2019/01/26

“കരൾ പറിക്കും മുമ്പ് ഇരയുടെ ‘ചെവി കടിക്കു’ന്ന പോലെ തോന്നി. എന്തായിരുന്നു ‘മുട്ടിയുരുമ്മി’ മന്ത്രിക്കാൻ മാത്രം കാര്യം?”, കൊട്ടാരം ലേഖിക ചോദിച്ചു.

“വധശിക്ഷക്ക് മുമ്പുള്ള പരിഷ്കൃതസമൂഹ നടപടിക്രമം പാണ്ഡവരും പാലിക്കേണ്ടേ? അല്ലെങ്കിൽ ‘ഹസ്തിനപുരി പത്രിക’ അതിൽ പിടിച്ചു ഞങ്ങളെ കുടയില്ലേ? പ്രതിയെ കുറ്റവാളി എന്ന് മുദ്ര കുത്തി ശിക്ഷ നടപ്പാക്കും മുമ്പ് എന്തെങ്കിലും പറയാനുണ്ടോ എന്ന് ‘അർദ്ധസഹോദര’നോട് ചോദിച്ചു. പാഞ്ചാലിയുടെ ഉടുതുണി വലിച്ചൂരി എന്ന ആരോപണം നിഷേധിക്കുന്നില്ല എന്നയാൾ. ആണുങ്ങൾ ചൂത് കളിക്കുമ്പോൾ, അന്തഃപുരത്തിൽ നിഷ്കളങ്ക കൗരവരാജവധുക്കൾക്ക് സൗജന്യ സൌന്ദര്യശിക്ഷണം ചെയ്യുന്നതിന്റെ മറവിൽ, അരമന രഹസ്യങ്ങൾ പാഞ്ചാലി കൌശലത്തോടെ ചോർത്തി എന്ന ഗുരുതര ആരോപണം അതർഹിക്കുന്ന ഗൗരവത്തോടെ അവലോകനം ചെയ്തു. രഹസ്യ മുറിയിൽ അടച്ചിട്ടൊന്നുമല്ലല്ലോ, ദേഹപരിശോധന ചെയ്തത്?, അതോ, പരസ്യമായി രാജസഭയിൽ വച്ചായിരുന്നോ? ഞങ്ങളുടെ തുറന്ന സമീപനം നടപടിയുടെ സുതാര്യതക്ക് തെളിവല്ലേ? എന്നൊക്കെ വെല്ലുവിളിക്കുന്ന പോലെ കുറ്റവാളി ചോദിച്ച ഓർമ്മയുണ്ട്”, കൈക്കുമ്പിളിൽ ചുടുകൗരവ

ചോരയുമായി, പാഞ്ചാലിയെ തേടി പാളയത്തിലേക്ക് ആ സ്ഥൂലശരീരി കലുങ്ങിക്കു ലുങ്ങി ഓടിപ്പോവുന്നതിനിടക്ക് നായാട്ടിൽ നേടിയ ഐതിഹാസിക നേട്ടത്താൽ മുഖം തെളിഞ്ഞു.

“എന്താ പുത്തൻ ‘കല്ലുകടി’യുടെ രഹസ്യം? ഭരണകൂടം തരുന്ന സൗജന്യധാന്യവിതരണത്തിൽ കുടിപ്പകയുണ്ടോ?”, ദുര്യോധനവിധവയോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഭരണകൂടത്തിന്റെ ആദ്യവാർഷികത്തിൽ പ്രഖ്യാപിച്ച പുരസ്കാരങ്ങൾ തെരുവോര സംവാദങ്ങൾക്ക് തിരികൊളുത്തിയ നേരം.

“ചീഞ്ഞ ധാന്യം കഴുതപ്പുറത്തു കൊണ്ടുവന്നു ഞങ്ങളുടെ കലവറക്കു മുമ്പിൽ കമഴ്ത്തുന്ന അന്തസ്സില്ലാത്ത പതിവിപ്പോഴുമുണ്ട് എന്നാൽ ഇപ്പോൾ വേദനിപ്പിക്കുന്നത് പുരസ്കാര വിതരണത്തിലെ നീതിരാഹിത്യമല്ലേ? രാജ്യത്തിന്റെ അഖണ്ഡതക്കായി ബലിദാനം ചെയ്ത ദുര്യോധനന് കുരുവംശരത്ന കൊടുക്കാതെ, ആരോരുമല്ലാത്ത അഭിമന്യുവിനെ തിരഞ്ഞെടുത്തതിൽ എന്തർത്ഥം? യുദ്ധനൈപുണ്യമില്ലാത്ത ആ ‘മുറിവൈദ്യൻ’ ആളെകൊല്ലുന്ന അജ്ഞതയോടെ കൗരവ ചക്രവ്യൂഹത്തിൽ ഇടിച്ചു കയറിയതു കൊണ്ടല്ലേ പുറത്തുചാടാനാവാതെ പകച്ചു വീണത്? എന്നാൽ ദുര്യോധനൻ? അധാർമിക ഭീമഗദാപ്രഹരത്തിൽ അരക്കെട്ടു പൊട്ടി ചതുപ്പിൽ വീണപ്പോൾ പോലും, അന്ന് അർദ്ധരാത്രി നുഴഞ്ഞുകയറി പാഞ്ചാലീപുത്രന്മാരെ ചവിട്ടിക്കൊല്ലാൻ അശ്വത്ഥാമാവിനെ പ്രേരിപ്പിച്ചതും, ആ പാതിരാ പ്രഹരനിയോഗം വിജയിച്ചതോടെ പാണ്ഡുവംശം കുറ്റിയറ്റതും? കൊള്ളരുതാത്ത അഭിമന്യുവിന് കുരുവംശരത്ന മരണാനന്തര ബഹുമതിയായി കൊടുത്തതോടെ തീർന്നില്ലേ പവിത്ര പുരസ്കാരങ്ങളുടെ പൊള്ളത്തരം?” അതിവേഗം മാറിടം പൊങ്ങിയും താണും ഉൾ സംഘർഷത്തിൽ അവൾ കിതച്ചു.

2019/01/27

“പിടിച്ചു നിർത്തി ഉടുതുണി വലിച്ചൂരുന്ന ഭീകരനെ നിങ്ങൾ നിറമിഴികളോടെ നോക്കി എന്നാണോ ഈ കേട്ടത്? കായികബലമുള്ള ഭർത്താക്കന്മാരെ വിരൽ ചലനത്തിലൂടെ ചൊൽപ്പടിയിൽ നിർത്താൻ ആജ്ഞാ ശക്തിയുള്ള നിങ്ങൾ, കൈ പൊക്കി പരസ്യപീഡകന്റെ ചെകിട്ടത്തു ഒന്നാഞ്ഞടിച്ചിരുന്നെങ്കിൽ. ആ ലൈംഗികാക്രമത്തിനു സാക്ഷിയായ ഞാൻ കൊതിച്ചു.”

“അത് പീഡകനായിരുന്നുവോ? അത് ആണധികാരത്തിന്റെ കൗരവരാജസഭയായിരുന്നുവോ? അന്തഃപുരത്തിൽ പുതുതലമുറ കൗരവരാജകുമാരികൾക്ക് സൌന്ദര്യപരിപാലനത്തിൽ വ്യക്തിഗതശിക്ഷണം കൊടുക്കയായിരുന്ന എന്നെ, പ്രണയത്താൽ പരവശനായ കൌരവൻ, ‘പ്രിയപ്പെട്ടവളെ അവിവേകം പൊറുക്കു’ എന്ന് യാചിച്ചു ഇടിച്ചു കയറി, വാരിപ്പുണർന്നു ചുമലിൽ കോരി പുറത്തേക്കു പാഞ്ഞതോർമ്മിക്കുന്നു. മേൽവസ്ത്രങ്ങൾ ഉടലിൽ നിന്നവൻ ലോലലോലമായി വേർപെടുത്തി. മിക്കവാറും വിവസ്ത്രയായ എന്നെ കണ്ട് പാണ്ഡവർ പരിഭ്രമിച്ചു മുഖം താഴ്ത്തുന്നത് ഓർമ്മിക്കുന്നു. മറ്റു നൂറോളം കൗരവർ കാമനയോടെ തുറിച്ചു നോക്കിയിരുന്നത് ഓർമ്മിക്കുന്നു. പൊയ്പ്പോയ ആ കാലം എത്ര ചേതോഹരം.”

2019/01/28

"അഞ്ചു മക്കളെയും ഉറക്കത്തിൽ കഴുത്ത് ഞെരിച്ചു കൊന്ന അശ്വത്ഥാമാവിനെ പിന്തുടർന്ന് ശിരോരത്നം തട്ടിയെടുപ്പിക്കാൻ പാണ്ഡവർക്ക് നിങ്ങൾ ആജ്ഞ നൽകി. എന്നാൽ ആ ക്രൂരകൊലയാളിയെ കൊല്ലാതെ വെറുതെ വിട്ടപ്പോൾ ഞങ്ങൾ ഞെട്ടി. ക്ഷീണിച്ചുറങ്ങുന്ന മക്കൾക്ക് സുരക്ഷ ഉറപ്പു വരുത്തേണ്ട പാണ്ഡവരെ നിങ്ങൾ എന്തുകൊണ്ട് വിചാരണ ചെയ്തില്ല?", ശവദാഹം കഴിഞ്ഞു മടങ്ങുമ്പോൾ കൊട്ടാരം ലേഖിക പാഞ്ചാലിയെ നേരിട്ടു.

"കുട്ടികളെ കൊലയാളിക്ക് വിട്ടുകൊടുത്തവരെ വിചാരണ ചെയ്താൽ തെറിക്കുക ശിരോരത്നമല്ല, പാണ്ഡവതലയായിരിക്കും."

"മകൻ മരിച്ച ദുഃഖത്തിൽ ആയുധം താഴെയിട്ട ദ്രോണരെ കൊല്ലാൻ പാകത്തിൽ അർദ്ധസത്യം പറഞ്ഞ യുധിഷ്ഠിരന്റെ കാപട്യത്തിനെതിരേ അലയടിക്കുകയാണ് ഹസ്തിനപുരിയിൽ ബ്രാഹ്മണപ്രക്ഷോഭം. എങ്ങനെ പ്രതികരിക്കുന്നു?", ഔദ്യോഗിക വക്താവിനോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

"നിങ്ങൾ പൊക്കിപ്പിടിക്കുന്ന ധാർമികതയെക്കാൾ കാലാതിവർത്തിയാവും, കുരുക്ഷേത്രയിൽ 'അർദ്ധസത്യ'വാൻ അവലംബിച്ച അടവുനയം."

"ദുർബലനായിരിക്കാം, എന്നാലും കുരുവംശനായകനല്ലേ? ശന്തനുവുമായി എന്തായിരുന്നു വാക്കു തർക്കം?", കൊട്ടാരം ലേഖിക ഗംഗയോട് ചോദിച്ചു.

"പ്രായം കൊണ്ടുമാത്രമല്ല വൈകാരികമായും ആളൊരു ദുർബലനെന്നറിയാമായിരുന്നു, എന്നാൽ ഇത്ര ചപലമാണ് ആ രാജഹൃദയം എന്നറിഞ്ഞിരുന്നില്ല. സ്വയം ബീജദാനം നൽകി എന്നഭിമാനിക്കുന്ന ഏഴു കുഞ്ഞുങ്ങളെയെന്നപോലെ എട്ടാമത്തെ നവജാതശിശുവിനെയും വിവാഹവ്യവസ്ഥയനുസരിച്ച് പുഴവെള്ളത്തിൽ മുക്കി കൊല്ലാൻ എനിക്ക് അനുമതിയുണ്ട്. കർത്തവ്യ ബോധത്തോടെ ഞാനതു അതിരാവിലെ പരിശ്രമിക്കുമ്പോൾ, അതാ വിതുമ്പിക്കരഞ്ഞു ശന്തനു.

"രാവിലെ ജനം സ്നാനഘട്ടത്തിൽ വരും മുമ്പ് തന്നെ കുഞ്ഞിന്റെ ജീവനെടുക്കാൻ കാര്യക്ഷമമായി കൊല ചെയ്യേണ്ട ഞാൻ, സ്വാഭാവികമായും, ക്ഷുഭിതയായി, ശന്തനു വിലാപഗീതം തുടർന്നപ്പോൾ വിവാഹ മോചനം ഉടനടി ഞാൻ ആവശ്യപ്പെട്ടു. കിരീടാവകാശിയില്ലാത്ത ശന്തനുവിനോട് തോന്നിയ സഹതാപത്തിൽ എട്ടാമൻ നവജാതശിശു കഷ്ടിച്ച് രക്ഷപ്പെട്ടു. മുങ്ങിക്കുളിച്ചു എന്ന് വരുത്തി പ്രസവ ശുശ്രൂഷയ്ക്കൊന്നും മെനക്കെടാതെ ഞാൻ സ്വർഗ്ഗ രാജ്യത്തിലേക്കൊഴുകുമ്പോഴാണ് നിങ്ങൾ അഭിവാദ്യം ചെയ്യുന്നത് എങ്ങനെ കണ്ടില്ലെന്നു നടിക്കും."

2019/01/29

"സഹനം തന്നെയീ വനവാസക്കാല, അടിമജീവിതം എന്നംഗീകരിക്കുമ്പോൾ തന്നെ, നിങ്ങളെ പോലൊരു സവിശേഷവ്യക്തിത്വം കൂട്ടാളിയായുള്ള വിവാഹ ജീവിതത്തിൽ, പ്രണയഭരിതം പാണ്ഡവഹൃദയം എന്ന് തോന്നിപ്പിക്കുന്ന അവസരങ്ങൾ നിത്യജീവിതത്തിലോർമ്മയുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു. ഉച്ചവെയിൽ കനത്തപ്പോൾ പാണ്ഡവർ കുന്നിനു കീഴെ തടാകത്തിൽ നീരാടാൻ പോയ നേരം. ദുര്യോധനൻ രഹസ്യമായി സമ്മാനിച്ച സുഗന്ധ തൈലം വിവസ്ത്രശരീരത്തിൽ ലോലമായി തേച്ചുപിടിപ്പിക്കുകയായിരുന്നു, പാതിയടഞ്ഞ ജാലകത്തിലൂടെ മഞ്ഞു മൂടിയ ഹിമാലയനിരകളിലേക്കു നോക്കി പാഞ്ചാലി.

“അപകടം പിടിച്ച ആ വാക്ക ഞങ്ങൾക്കിടയിലൊരിക്കൽ പരാമർശിക്കപ്പെട്ടു. ജീവകാലം മുഴുവൻ പായ പങ്കിടുന്നവളെ കാര്യമാത്രപ്രസക്തമായി ഭാര്യ എന്നല്ലാതെ, എങ്ങനെ പ്രണയിനി എന്ന് വിളിക്കും എന്ന് അർജ്ജുനൻ ചോദിച്ച ഓർമയുണ്ട്. ദൂരെ ദൂരെ ദ്വാരകയിൽ സുഭദ്രയെ വിവാഹം കഴിച്ച കാലമായിരുന്നു. അതോടെ എന്റെ ഹൃദയം അയാൾക്ക് വേണ്ടി പിടക്കുന്നത് എന്നെന്നേക്കുമായി നിന്നു.”

2019/01/30

“കുരുക്ഷേത്രയിൽ നിന്ന് പരുക്കില്ലാതെ രക്ഷപ്പെട്ടു അല്ലേ”, കൊട്ടാരം ലേഖിക പുതിയ മഹാരാജാവിനോട് ചോദിച്ചു.

“പതിനെട്ടുദിവസ പോരാട്ടത്തിൽ ലോകജനതക്കു ഒരു കാര്യം മനസ്സിലായി. ഞങ്ങൾ ഇരയുടെ ഭാഗത്താണ് അത് തങ്കലിപികളിൽ വ്യാസൻ അടയാളപ്പെടുത്തും. സഹനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സമന്വയത്തിൽ, കുരുവംശഭരണനിർവഹണം എന്ന ഉത്തരവാദിത്വത്തിൽ നിന്നും ഒളിച്ചോടില്ല. സ്വത്തു തർക്കപരിഹാരത്തിന് പ്രതിവിധി നയതന്ത്രമാണെന്നും, മധ്യസ്ഥചർച്ച വഴിമുട്ടുമ്പോൾ മാത്രമേ തൽപ്പരകക്ഷികളുടെ കായികബലപരിശോധന നിർണ്ണായകമാവൂ എന്നുമുള്ള യുദ്ധനിലപാട് അർത്ഥ ശങ്കയില്ലാതെ വ്യക്തമാക്കിയത്, പൊതുസമൂഹം അംഗീകരിച്ചു എന്നതല്ലേ, പ്രതിഷേധ പ്രകടനമൊന്നുമില്ലാതെ നൂറോളം കൗരവരാജവിധവകളെ കുടിയൊഴിപ്പിക്കാനായി എന്നത്? കൗരവർ പറയാൻ മടിച്ച ശാശ്വത സത്യം വെളിപ്പെടുത്തട്ടെ: ഈ രാജ പദവിക്ക് യുദ്ധവിജയത്തിന്റെ ആധികാരികതക്കൊപ്പം, പശ്ചാത്തലത്തിൽ സജീവമായിരുന്ന ആകാശചാരികളുടെ അനുമതിയുണ്ട്.” ദുര്യോധനവസതിയെ യുദ്ധസ്മാരകമാക്കുന്ന ചടങ്ങു ഉത്ഘാടനം ചെയ്യാൻ മഹാറാണിയുമൊത്തു തേരിൽ കയറുകയായിരുന്നു യുധിഷ്ഠിരൻ.

“പാണ്ഡവപിടിപ്പുകേടിനു അറുതി വരുത്താനായ ആഘോഷത്തിലാണിന്നും ചാർവാകൻ പുതിയ മഹാരാജാവ് പരീക്ഷിത്തിനെ അനുമോദിക്കാൻ വരിനിൽക്കുന്നത്. കാവ്യനീതിയോ ഈ പടിയിറക്കം?”, കൊട്ടാരം ലേഖിക ചോദിച്ചു. അഞ്ചു ആണുങ്ങളും അവരുടെ പെണ്ണും നഗ്നപാദരായി വടക്കൻ യാത്രയിൽ കാൽ മുന്നോട്ടുവച്ചിരുന്നു. യുദ്ധത്തെ കുറിച്ച് അഭിമന്യുപുത്രൻ പരീക്ഷിത്ത് നിരന്തരം മുനവച്ച് ചോദ്യം ചോദിച്ച വശം കെടുത്തിയത് കൊണ്ടാണ് ജീവിതം മടുത്തു അധികാരമൊഴിഞ്ഞു ഞങ്ങൾ വാനപ്രസ്ഥം തിരഞ്ഞെടുത്തത് എന്ന ചാർവാക കുപ്രചരണം അതർഹിക്കുന്ന അവജ്ഞയോടെ തള്ളുന്നു. പുതിയ പരീക്ഷിത്ത് ഭരണകൂടത്തിന്റെയും കൊട്ടാരഗുരുവായി തുടരുന്ന കൃപാചാര്യന്റെ കൗരവ വിശ്വസ്തതയാണ് പരീക്ഷിത്തിനെ പാണ്ഡവ വിരോധി ആക്കിയത് എന്ന രണ്ടാമത്തെ ആരോപണം പക്ഷേ, അവഗണിക്കുന്നില്ല. ഭീരുത്വം കൊണ്ട് നേതൃത്വ മികവു കാണിക്കാതെ യുധിഷ്ഠിരൻ, അഭിമന്യുവിനെ ചക്രവ്യൂഹത്തിൽ ചാവാൻ എറിഞ്ഞു കൊടുത്തു എന്ന നിങ്ങളുടെ കാഴ്ചപ്പാട് നിർഭാഗ്യകരമെന്നു മാത്രം പറയട്ടെ. എല്ലാം വ്യാസന് വിടുന്നു”, നീണ്ടകാലം സ്വന്തമാക്കി വച്ചിരുന്ന ദിവ്യാസ്ത്രം ആകാശചാരികൾക്കു തിരിച്ചുകൊടുത്തു തീർത്തും നിരായുധനായ അർജ്ജുനൻ വിഷണ്ണനായി എല്ലാവർക്കും പിന്നിലായിരുന്നു.

2019/01/31

"ഗദയെടുത്തു നടക്കുമ്പോൾ ഭാരം തോന്നാറുണ്ടോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"അപ്പോൾ ആയുധം താഴെ വച്ച് ഞാൻ വലതുകൈ ഇങ്ങനെ ഉയർത്തി, ഇട നെഞ്ചിൽ ചേർത്ത് വക്കും, പിന്നെ മുഖത്ത് ചേർത്ത് നെറ്റിയിൽ പതുക്കെ തടവും, അഭ്യാസിയുടെ എല്ലാ ചലനങ്ങളും സാധ്യമാക്കുന്ന, കയ്യിനകത്തെ അസ്ഥിയെ വീണ്ടും നമിക്കും. പിന്നീട് ഗദയെടുക്കും, അതിന്റെ മാരകപ്രഹരശേഷിക്ക് പറ്റിയ ഇരയെ അത് തന്നെ കണ്ടെത്തും. കൂർത്ത നാരായം കൊണ്ട് ഓലയിൽ അതിസസൂക്ഷ്മ വികാരങ്ങൾ നിങ്ങൾ ആവിഷ്കരിക്കുന്ന പോലൊരു പ്രതിഭാസം ആയുധത്തിലും അനുഭവവേദ്യമാകും", യുദ്ധാനന്തര ഹസ്തിനപുരിയിൽ ആയോധനവിദ്യ പഠിപ്പിക്കുന്ന ഗുരുകുലത്തിൽ, ക്ഷണിക്കപ്പെട്ട പരിശീലകനായി വന്ന ഭീമൻ സംശയത്തിൽ ഇടയ്ക്കിടയ്ക്ക് ഗദ നോക്കി വിതുമ്പി.

"വിദൂരവിദ്യാർത്ഥിയിൽ നിന്ന് ഗുരുദക്ഷിണയായി തള്ളവിരൽ മുറിച്ചെടുക്കുന്നവനെന്ന കുപ്രസിദ്ധിയുണ്ടെങ്കിലും, പാവം വൃദ്ധദ്രോണരെ കൊല്ലാൻ കുരുക്ഷേത്രയിൽ തുണയായത് കേവലമൊരു നുണയായിരുന്നോ?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

"അതൊരു കാഴ്ചപ്പാടിന്റെ വൈകല്യമാണ് നിങ്ങൾ പരാമർശിക്കുന്ന കേവലനുണയും ഞാൻ പോർക്കളത്തിൽ ദ്രോണവധത്തിനായുച്ചരിച്ച അർദ്ധസത്യവും തമ്മിൽ അന്തരം ഉണ്ട്. നുണക്കു ബന്ധം സമൂഹധാർമികതയോടാണ്, അർദ്ധസത്യത്തിനു ബന്ധം മനഃസാക്ഷിയോടും. ധാർമികതാപ്രശ്നം പൊതു വേദിയിൽ ചർച്ച വരും, എന്നാൽ അർദ്ധസത്യം ഹൃദയത്തിലാണ് കുത്തുക. വ്യക്തമാക്കിത്തരാം, ഒന്നടുത്തുവരൂ, എന്റെ ഇടനെഞ്ചിൽ കൈവക്കൂ, അതെ അങ്ങനെ തന്നെ. ഇനി ചെവിയോർക്കൂ എന്നിട്ടു പറയൂ അശാന്തമാണോ തിരുഹൃദയം? അല്ല? അതാണ് പറഞ്ഞത്, യുദ്ധം ജയിക്കാൻ വേണ്ട വാമൊഴി ഉള്ളടക്കം മാത്രമേ എന്റെ അർദ്ധസത്യത്തിൽ ആ നിർണ്ണായക ദിനവും ഉണ്ടായിരുന്നുള്ളൂ. ഇന്ന് തിരക്കുണ്ട്. തേജോമയനായ ഗുരു ദ്രോണാചാര്യന്റെ പൂർണകായ കളിമൺ പ്രതിമയുടെ ഉൽഘാടനം ഇന്ന് സേനാപതി മാർഗിൽ, നിങ്ങളും വരുമല്ലോ, പതിവുപോലെ മുൻനിരയിൽ ഇരിപ്പിടമുണ്ടാവും."

2019/02/01

"വിസ്തരിച്ചൊന്നു ഊണു കഴിക്കാൻ പോലും പാവം ഭീമനെ നിങ്ങൾ സ്വൈരം കൊടുക്കുന്നില്ലെന്ന പരാതി വരുന്നത്, പാണ്ഡവർക്കിടയിലെ ദാർശനികൻ എന്നറിയപ്പെടുന്ന സഹദേവനിൽ നിന്നല്ലേ? കൗരവരിൽ നിന്നും ഭീമൻ തട്ടിയെടുത്ത അക്ഷയ പാത്രത്തിൽ നിന്ന് ഭക്ഷണം സ്വയം വിളമ്പിയെടുത്തു കഴിക്കുന്നതിൽ എന്തിനു നിങ്ങൾ കക്ഷിചേരണം?" കൊട്ടാരം ലേഖിക ചോദിച്ചു.

വനവാസക്കാലം.

തീൻശാലയിൽ നിലത്തു വട്ടംചുറ്റിയിരുന്ന കൗന്തേയരഞ്ചുപേരും മത്സരക്ഷമതയോടെ വൈവിധ്യരുചി പലഹാരങ്ങൾ വെട്ടിവിഴുങ്ങുന്നതു കിടപ്പറ ജാലകത്തിലൂടെ കാണാമായിരുന്നു. ഉച്ചവെയിലിൽ ഹിമാലയതാഴ്വര മിക്കവാറും നിശബ്ദമായി.

"അക്ഷയപാത്രത്തിലേക്കുള്ള സൗജന്യധാന്യസംഭരണമോ, വ്യക്തിഗത രുചി ഭേദങ്ങൾ പിന്തുടരുന്ന ആണധികാര പാചകമോ, ഭക്ഷണം വിളമ്പലോ കഴിക്കലോ ഒന്നുമായിരുന്നില്ല, സാന്ദർഭികമായി ഭീമന്റെ ഊട്ടുപുര പെരുമാറ്റ രീതിയിലുള്ള അമർഷം, സഹദേവ സാന്നിധ്യത്തിൽ ഞാൻ വെളിപ്പെടുത്തിയതിനു പിന്നിലുള്ള ചേതോവികാരം. ഉണ്ണാതെ ഇരിക്കുമ്പോഴും കാണാം, ഭീമൻ തടിച്ച നടുവിരൽ ചുണ്ടിലും നാവിലും തൊട്ടു രഹസ്യരുചി ആസ്വദിക്കുന്നത് ഇതൊരു അസ്വീകാര്യമായ അംഗചലനമാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചു. എന്താണതിൽ 'ദാർശനികപാണ്ഡവ'ന്റെ പരിദേവനത്തിനു കാര്യം? ഊണുകഴിഞ്ഞെഴുന്നേൽക്കുമ്പോൾ ഏമ്പക്കം വിടുന്നത്, കൈകഴുകിയാലും കുലുക്കുഴിയാതെ തിരിച്ചുവരുന്നത്, ഇതൊക്കെ കണ്ടിട്ടും ഭീമനെ പായക്കൂട്ടിൽ ആസ്വാദന രതിസേവന ഗുണഭോക്താവാക്കാൻ എനിക്കാവുന്നുണ്ടല്ലോ. അപ്പോൾ, ഇനി ഞാനൊന്നും പറയാതെ തന്നെ നിങ്ങൾക്കൂഹിക്കാം, അവനോടുള്ള ക്രോധത്തിന്റെ ഒരംശം പോലും ഈ കൊച്ചു ശാസനയിൽ പ്രതിഫലിക്കുന്നില്ല."

2019/02/02

"ലോലഹൃദയരായ കവികളെ പോലെ കണ്ണീരു കൊണ്ടാണോ കുരുക്ഷേത്രവിധവകൾ പുഷ്പാർച്ചന ചെയ്യുക? പാണ്ഡവ വംശഹത്യ സാധ്യമാവുന്നൊരു യുദ്ധസാഹചര്യത്തിൽ, എന്തൊക്കെയായിരുന്നു ഹസ്തിനപുരിയുടെ ഭാവി രാജഭരണത്തെക്കുറിച്ചു ദുര്യോധന സങ്കല്പങ്ങൾ?" കൊട്ടാരം ലേഖിക ചോദിച്ചു. ആളൊഴിഞ്ഞ യമുനാതീരത്തെ കൗരവ കുഴിമാടത്തിൽ ദുര്യോധനവിധവ ധ്യാനത്തിലായിരുന്നു.

"കുരുവംശ ആസ്ഥാനം ഇന്ദ്രപ്രസ്ഥത്തിലേക്കു മാറ്റി സ്ഥാപിക്കണമെന്ന മോഹം പങ്കുവച്ചു കൊണ്ടാണവൻ അന്തഃപുരത്തിൽ നിന്ന് പോർക്കളത്തിലേക്കു യാത്രയായത്. കുരുക്ഷേത്രയിൽ ആൺമക്കളടക്കം ബലിദാനം ചെയ്ത സ്ഥിതിക്ക് പുതുതലമുറ കൗരവബാലികകൾ വേണം മോഹം പൂവണിയിക്കാൻ എന്ന് ഇന്ന് രാവിലെ ചേർന്ന രഹസ്യയോഗത്തിൽ പരസ്പരം വിരൽ കീറി നെറ്റിയിൽ രക്ത സിന്ദൂരമിട്ടു സത്യപ്രതിജ്ഞ ചെയ്തു. വേണ്ടി വന്നാൽ എന്തെന്തു ഒളിപ്രവർത്തനങ്ങൾക്കും തയ്യാറാവും. തേൻകെണിയിൽ പാണ്ഡവരെ വീഴ്ത്തുന്നതുൾപ്പെടെ. പാഞ്ചാലിയെ പാണ്ഡവർക്കെതിരെ തിരിച്ചു പരീക്ഷിത്തിനൊപ്പം അധികാരം ആദ്യഘട്ടത്തിൽ നേടുന്നതും ആലോചനയിൽ വരും. ഹസ്തിനപുരിയിൽ നിന്ന് അഞ്ചു പാണ്ഡവരെയും ഹിമാലയചുരങ്ങൾക്കു കാവൽ നിർത്തുന്ന സൈനികദൗത്യം ഏല്പിച്ചു ഭരണസിരാകേന്ദ്രത്തിൽ നിന്ന് മാറ്റി നിർത്തും. നിങ്ങളും ഉണ്ടാവില്ലേ ഈ പെൺമുന്നേറ്റത്തിൽ?"

"മൂപ്പിളമ തർക്കം തീർക്കാൻ സായുധസംഘട്ടനമാണ് പ്രയോഗിക പരിഹാരമെന്നുറപ്പിച്ചാൽ, ഭീഷണി കുരുവംശഭാവിക്കു മാത്രമാവില്ലെന്ന താക്കീതുമായി ചാർവാകൻ ഊരുചുറ്റുന്നുണ്ടല്ലോ. പാടത്തും പണി ശാലകളിലും ജോലി ചെയ്യുമായിരുന്ന ദശലക്ഷക്കണക്കിനു യുവാക്കൾ പരസ്പരം കൊന്നുകൊല വിളിച്ചാൽ അത്രയും വിധവകൾ കോട്ടവാതിലിനു മുമ്പിൽ നാളെ ഭിക്ഷയാചിക്കേണ്ടി വരില്ലേ?", വിരാട രാജ്യത്തിലെ ഉപപ്ലവ്യ സൈനിക പരിശീലന കേന്ദ്രത്തിൽ തന്ത്രങ്ങൾക്കു മൂർച്ചകൂട്ടുകയായിരുന്ന പാണ്ഡവരോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധമേഘങ്ങൾ കൂട്ടം കൂടിയ ശരത്കാല സന്ധ്യ.

“അനിവാര്യമായ മഹായുദ്ധങ്ങളെ അതിഭാവുകത്വത്തോടെ നിങ്ങൾ അടിച്ചമർത്തുന്നത് അസ്വീകാര്യമായി ഞാൻ കാണുന്നു. ഗംഗയാറൊഴുകുന്ന ഹസ്തിനപുരി ഫലഭൂയിഷ്ഠമൊക്കെയാണെങ്കിലും, ഫലം തിന്നാൻ ആവശ്യത്തിലധികം ആളുകൾ കൈ നീട്ടിയാൽ പ്രകൃതി പലതും പോംവഴിയായി കാണില്ലേ? കലവറകൾ താങ്ങാനാവാത്ത പ്രജയെ ഉന്മൂലനം ചെയ്യാൻ മഹാമാരിയായും വരൾച്ചയായും ഭാരതയുദ്ധമായും പ്രകൃതി പരിഹാരം കാണുമ്പൊൾ അരുതെന്നു പറയാനാവുമോ അൽപകാലം ആയുസ്സുള്ള നാം മനുഷ്യർക്ക്?”

2019/02/03

“ക്ഷമയോടെ ഊഴം കാത്തു കിടപ്പറയിൽ പ്രവേശിക്കാൻ അവസരം കിട്ടിയ പാണ്ഡവരിലൊരാൾ, പ്രിയ പാഞ്ചാലിക്കൊപ്പം പായ പങ്കിടുമ്പോൾ, മറ്റ നാലു പാണ്ഡവർ നിങ്ങളിരുവരുടെ രതിസ്വകാര്യത മാനിച്ച കുടിലിൽ നിന്ന് പുറത്തു പോവും എന്നതല്ലേ നിലവിലുള്ള ബഹുഭർത്തൃത്വ ധാരണ?”, കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലത്തെ ഒറ്റമുറിക്കുടിൽ. പാണ്ഡവർ നായാട്ടിനു പോയ നേരം.

“അങ്ങനെ ഒരു പരിഷ്കൃത ബഹുഭർതൃത്വ ദാമ്പത്യസംഹിത ഉൾക്കൊള്ളാൻ പറ്റിയ ബാല്യകൗമാരങ്ങളിലൂടെയാണോ പാണ്ഡവജീവിതത്തിന്റെ സാംസ്കാരിക ഘടകങ്ങൾ അടയാളപ്പെടുത്തിയത്. എന്തൊക്കെ ചെയ്താൽ ഈ മുറിക്കകത്തെ ആൺപെൺശാരീരിക പാരസ്പര്യത്തെ, പുറത്തുനിൽക്കുന്ന ദാമ്പത്യ കൂട്ടാളികൾക്ക ആണധികാര ധാർഷ്ട്യത്തോടെ മലിനപ്പെടുത്താമോ അതൊക്കെ നാലു പേരും ഒളിഞ്ഞും തെളിഞ്ഞും ചെയ്യുന്നതിന്റെ വിശദാംശങ്ങളൊന്നും കുത്തിക്കുത്തി ചോദിക്കരുതേ. അപമാന ബോധതോടെ ഞാനും, ആ രാത്രി ഊഴംകിട്ടിയവനും, മുറിയുടെ പരുക്കൻതറയിലെ പായിൽ കമഴ്ന്ന കിടക്കും. അസ്ത്രം മറന്നു വച്ചത് എടുക്കാൻ വന്നതാണ് എന്നൊക്കെ നിഷ്കളങ്കമായി പറഞ്ഞു പാണ്ഡവരിൽ ഒരാൾ മുറിയിൽ ഇടിച്ചു കയറിയതൊന്നും ഇതുവരെ നിങ്ങളും മറന്നിട്ടില്ല എന്ന് ഞാൻ കരുതുന്നു.”

2019/02/04

“കളവുപോയ കിരീടം തിരിച്ചു കൊണ്ടുവന്നയാൾക്കു പാരിതോഷികം കഴുമരമാണോ? പരിഷ്കൃതസമൂഹമെന്നൊക്കെ കരുതിയ ഹസ്തിനപുരിയിൽ വധശിക്ഷ?” നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“വിവാദം കെട്ടടങ്ങിയ സ്ഥിതിക്കെന്തിനിനി വസ്തുത വെളിപ്പെടുത്താൻ വൈമനസ്യം? കുരുവംശത്തിന്റെ അധികാര ചിഹ്നമായ നവരത്നകിരീടം മോട്ടിച്ചു കൊണ്ടുപോയതു ദുര്യോധനവിധവയെന്നു ചാരവാർത്തയിൽ വ്യക്തമായെങ്കിലും, കൗരവരാജ വിധവകളുടെ പുനരധിവാസകേന്ദ്രത്തിൽ പോയി തൊണ്ടിമുതൽ തിരിച്ചുപിടിക്കുന്നതിൽ അപാകത തോന്നി. അന്വേഷണം രഹസ്യനീക്കത്തിലാക്കി. മൽസ്യബന്ധന തൊഴിലാളിയാണ് മിനിഞ്ഞാന്ന് കിരീടം മീൻകുട്ടയിൽ കൊണ്ടുവന്നത്, ചോദ്യം ചെയ്തപ്പോൾ പറഞ്ഞു, ഒരു കൗരവരാജകുമാരിയതു തലയിൽ വച്ച് യമുനയിൽ നീന്തുന്നതു കണ്ടപ്പോൾ, അപൂർവ്വയിനം സ്വർണമൽസ്യമെന്നു കരുതി ഊളിയിട്ടുചെന്നു ചാടിപ്പിടിച്ചു കരയിൽ കയറി തിരിച്ചും മറിച്ചും നോക്കി. രാജകി

രീടമെന്നറിഞ്ഞപ്പോൾ, തോണിയും വലയും പാരിതോഷികമായി കിട്ടുമെന്ന പ്രതീക്ഷയിൽ എന്നെ ഏൽപ്പിച്ചു. പക്ഷേ, ധാർമികതയുടെ അവസാനവാക്കായ യുധിഷ്ഠിരൻ വേറൊരുരീതിയിൽ ആഖ്യാനം നിർമ്മിച്ചു. കൗരവ രാജവിധവകൾ നീന്തിക്കളിക്കുന്ന സ്നാനഘട്ടത്തിലെ ഒളിനോട്ട ലൈംഗികാതിക്രമം കേവലമൊരു ചാട്ടവാറടി പരിഹരിക്കയില്ലെന്ന സന്ദേശം പൊതുസമൂഹത്തെ അറിയിക്കുകയായിരുന്നു രാജനടപടി. ദുര്യോധനവിധവക്കിന്നൊരു പ്രതിപക്ഷപദവി കൊടുക്കാൻ രാജതന്ത്രം അനുശാസിക്കുമ്പോൾ, എന്തിനവരെ പ്രതിയാക്കണം? കൗരവരാജവിധവകളുടെ പരിപാലനം പാണ്ഡവ ഭരണകൂടത്തിന്റെ അഭിമാനപ്രശ്നമെന്നു തെളിയിക്കാൻ വധശിക്ഷ തുണച്ചു. കിരീടത്തിന്റെ രാത്രികാലസുരക്ഷ പാഞ്ചാലിയെയെയും ഏൽപ്പിച്ചു."

2019/02/05

"ചുറ്റും ഒന്ന് നടന്നു നോക്കിയപ്പോഴാണ് ശ്രദ്ധിച്ചത്, സസ്യശാമളമായ ഈ ഹിമാലയതാഴ്വരയിലെ അയൽപ്പക്കം മുഴുവൻ ചാരക്കണ്ണുള്ള സന്യസ്ഥാശ്രമങ്ങൾ, എന്നാൽ അവിടെ ആകെ ഉൽപ്പാദിപ്പിക്കുന്നത്, ഒളിക്കണ്ണിൽ നേടിയ ഗാർഹിക രഹസ്യങ്ങളുടെ ദ്രവമാലിന്യം. പരിത്യാഗികൾ എന്നൊക്കെ മേനി പറയുന്നവർക്ക് അങ്ങനെ മതിയോ ജീവിതം? പ്രപഞ്ച രഹസ്യങ്ങളെ തേടി ജ്ഞാനനിർമിതി ഒന്നും വേണ്ടേ?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഇരുപത്തിനാല് മണിക്കൂറും പാണ്ഡവദാമ്പത്യത്തിൽ എന്ത് നടക്കുന്നു എന്നു ചാരച്ചെവികളുമായി, കൌരവർക്കു ദൂരെ ദൂരെ ഹിമാലയതാഴ്വരയിലിരുന്നും കിടന്നും അടിമപ്പണി ചെയ്യുന്ന സന്യാസി സമൂഹത്തിന്നെവിടെ, ദൃഷ്ടിപായിക്കാനും ചമ്രം പടിഞ്ഞിരുന്നു ദുര്ഗ്രഹലോകത്തെ കുറിച്ച് താളിയോലയിൽ എഴുത്താണി പ്രയോഗിക്കാനും സാവകാശം? ആഴ്ചയിൽ ഒരിക്കൽ ഹസ്തിനപുരിയിൽ നിന്ന് കൗരവസൈനികർ കഴുതപ്പുറത്ത് കൊണ്ടു വരുന്ന ഭക്ഷ്യധാന്യങ്ങളും വസ്ത്രങ്ങളും നിലച്ചാൽ തീരില്ലേ പനയോളം വളർന്നു പോയ അവരുടെ ആത്മീയത", ജാലകത്തിലൂടെ കാഴ്ചപരിധിയിൽ വന്ന യുവസന്യാസികൾക്ക് ഊഷ്മളമായി അഭിവാദ്യം അർപ്പിച്ചു നകുലൻ കൈ വീശി.

2019/02/06

"കൗരവർ നൂറുപേരും യഥാർത്ഥത്തിൽ നിങ്ങളുടെ മക്കൾ തന്നെയാണോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"എന്തൊരു ചോദ്യമാണിത് ഞാൻ ജന്മം നൽകിയവരാണെങ്കിൽ 'ഗാന്ധാരർ' എന്ന് വേണം വിളിക്കാൻ എന്ന് നിബന്ധന വക്കുമായിരുന്നു എന്ന പ്രാഥമിക ബോധം പോലുമില്ലാതെയാണോ അഭിമുഖം? ആദ്യരാത്രിയിൽ തന്നെ ഞാൻ അതൃപ്തി അറിയിച്ചു. ജനിതക തകരാറുള്ള വ്യാസസന്തതിയുമൊത്തൊരു പ്രത്യുൽപാദന പരീക്ഷണത്തിന് തയ്യാറല്ല. കുരുവംശം നിലനിർത്താൻ കിരീടാവകാശികളെയാണ് വേണ്ടതെങ്കിൽ, വാടകഗർഭങ്ങൾ വഴി കൗരവർ എന്ന അംഗീകാരം നൽകാം. അങ്ങനെ കൊട്ടാരച്ചെലവിൽ ധൃതരാഷ്ട്രർ ഒരു ദശാബ്ദത്തിനുള്ളിൽ കുരുവംശാധിപത്യത്തിനായി സ്ത്രീകളെ അന്തഃപുരത്തിൽ പാർപ്പിക്കുമ്പോൾ ഞാൻ

ഹിമാലയത്തിലെ സുഖവാസ കേന്ദ്രങ്ങളിൽ പഞ്ചേന്ദ്രിയങ്ങളിലൂടെ പ്രകൃതി ആസ്വദിച്ചു. ഇനി തിരിച്ചുവരു എന്ന് അന്ധരാജാവു് സന്ദേശമയക്കും വരെ നിശ്ചയ ദാർഢ്യത്തോടെ കൊട്ടാരത്തിൽ നിന്ന് വിട്ടു നിന്നു. എന്നെ തള്ളിപ്പറയാൻ അയാൾക്കാവില്ലായിരുന്നു. വരൻ അന്ധനാണെന്ന വിവരം മനഃപൂർവ്വം മറച്ചു വച്ചായിരുന്ന അച്ഛനെ തെറ്റിദ്ധരിപ്പിച്ചു ഭീഷ്മർ വധുവിനെ തട്ടിയെടുത്തതു് വൈവിധ്യസ്ത്രീത്വങ്ങളുടെ ലൈംഗികാസ്വാദനമറിഞ്ഞ ധൃതരാഷ്ടർ എന്നെ ഉപേക്ഷിച്ചാൽ, ഗാന്ധാര സൈന്യം ഹസ്തിനപുരിയെ കീഴടക്കുമെന്ന ഭീതിയിൽ ധൃതരാഷ്ടർ ചുരുങ്ങി. അന്തഃപുരത്ത് നിന്ന് പുറത്തു കടക്കുമ്പോൾ സുതാര്യമായൊരു തുണി കൊണ്ട് കണ്ണ് കെട്ടി അന്ധരാജാവിനു ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന അഭിമാനിയായൊരു ഭാര്യയെന്ന പ്രതിച്ഛായ വളർത്താൻ അക്കാലത്തെ കൊട്ടാരം ലേഖികയായിരുന്ന നിങ്ങളുടെ അമ്മ തുണച്ചു. മൊത്തം പ്രകൃതിയും പ്രജയും ഗൂഢാലോചനയിൽ പങ്കാളികളായി.”

“പ്രലോഭിപ്പിച്ചു നേടിയതല്ലെങ്കിലും, പിന്നീടതൊരു ‘കഠിനശിക്ഷ’യായി കണ്ടില്ലെന്നു പാഞ്ചാലി ബഹുഭർത്തൃത്വത്തെ കുറിച്ച് പറഞ്ഞതു നിങ്ങളെ ഇത്രമാത്രം പ്രകോപിപ്പിച്ചതിന്റെ പശ്ചാത്തലം വ്യക്തമാക്കാമോ? ഒറ്റയ്ക്ക് ഊരുചുറ്റുന്ന നിങ്ങൾ ഒന്നിലധികം വിവാഹേതരബന്ധങ്ങളിൽ അഭയം കണ്ടെത്തിയിട്ടുണ്ടല്ലോ. പാഞ്ചാലിക്കു നിങ്ങളോടു മാത്രം മതി വ്യക്തിഗതവിശ്വസ്ത എന്നാണോ ആവശ്യം?”, കൊട്ടാരം ലേഖിക ചോദിച്ചു.

“സൂക്ഷ്മാംശങ്ങൾ അവഗണിച്ചുള്ള ആദ്യചോദ്യം തന്നെ ആക്ഷേപകരമായി തോന്നുന്നു. സ്വതന്ത്രവനിതയെന്ന നിലയിൽ ഒന്നിലധികം പായക്കൂട്ടുകൾ പാഞ്ചാലി കുറ്റബോധമില്ലാതെ ആസ്വദിക്കുന്നു എന്നതല്ല പരാതി. ഒന്നിലധികം പ്രണയബന്ധങ്ങൾ ഞാൻ രഹസ്യമായി പരിലാളിക്കുന്നു എന്നതാണവൾ പ്രതികാരബുദ്ധിയോടെ പെരുമാറുന്നതിനു പിന്നിൽ. സുഭദ്രാപരിണയ വാർത്ത കേട്ടറിഞ്ഞപ്പോൾ, ഇളമുറനകുലനോടവൾ ഹൃദയം തുറന്നതു്, “കൊണ്ടുവരട്ടെ പുത്തൻ ഇണയെ, എന്നെക്കാൾ അഴകുള്ളവൾ അല്ല പുതിയ ‘ഉത്പന്ന’മെങ്കിൽ, സ്വൈരം കൊടുക്കാത്ത ഒരു ഭദ്രകാളിയെ അവൻ എന്നിൽ കാണും” എന്നായിരുന്നു. പ്രണയിനികളുടെ അഴകളവുകൾക്കുള്ള യോഗ്യതാപത്രങ്ങൾ പാഞ്ചാലിയിൽ നിന്ന് നേടണമെന്ന ഈ ആജ്ഞ, വിവാഹബാഹ്യബന്ധങ്ങളിൽ ചെലുത്തിയ അനാരോഗ്യകരമായ സ്വാധീനം ചെറുതല്ല. പ്രണയിനികൾക്കൊപ്പം രതിപരിലാളനയേൽക്കുമ്പോൾ, ഈ ‘ഭദ്രകാളി’യുടെ അഴകളവുകൾ അവർക്കുണ്ടോ എന്ന് പരീക്ഷിക്കുന്നതിലെ പ്രയാസങ്ങൾ നിങ്ങൾക്കൂഹിക്കാമോ? കയ്യിൽ മാരകായുധമുണ്ടെങ്കിലും, ഉള്ളിൽ കാമുകഹൃദയമല്ലേ എനിക്കും?”

2019/02/07

“അമ്മ, അമ്മമ്മ ഇവരൊക്കെ തലമുറകളായി കൊട്ടാരം ലേഖിക പദവി വഹിച്ചിരുന്നു എന്നൊക്കെ ഞങ്ങൾ വാർത്താകാര്യാലയത്തിൽ പറഞ്ഞു കേട്ടിട്ടുണ്ട്. നിങ്ങളുടെ ബാല്യകൗമാരങ്ങളിൽ അവർ വാമൊഴിയായി പറഞ്ഞിരുന്ന കുരുവംശകഥകൾ ഒന്ന് പങ്കിടാമോ?”, കൊട്ടാരം ലേഖികയുടെ ജന്മദിനത്തിൽ അനുമോദിക്കാൻ കൂട്ടം കൂടിയ സഹപ്രവർത്തകരിലൊരാൾ ഉപചാരത്തോടെ ചോദിച്ചു.

“വനാശ്രമത്തിൽ ചെന്ന് കുന്തിയെയും മാദ്രിയെയും കണ്ടു അവരുടെ ഒറ്റമുറി വസതിയിലെ ദുരിതജീവിതം പുറംലോകത്തെ ആദ്യം അറിയിച്ചത് അമ്മമ്മയായിരുന്നു. ജോലി ചെയ്തു തുടങ്ങിയിരുന്ന അമ്മ കൊട്ടാരത്തിൽ പോയാൽ, അമ്മമ്മയും, തക്ഷശിലയിൽ നിന്ന് വന്ന ഞാനും മാത്രമാവുന്ന ഒഴിവുകാലദിനങ്ങൾ. ആകാശചാരികളെ പ്രലോഭനമന്ത്രം ജപിച്ച കുടിലിൽ വരുത്തി പ്രത്യുൽപാദനരതിയിൽ ഗർഭിണിയായി മൂന്നു സന്തതികളെ പ്രസവിക്കുമ്പോൾ, അതേ മുറിയിലൊരുമൂലയിൽ മൂകസാക്ഷിയായി കിടന്ന ശാപഗ്രസ്തൻ തന്നെയായിരുന്നു ഒരിക്കൽ ഹസ്തിനപുരി കൊട്ടാരത്തിൽ ചെങ്കോൽ പിടിച്ചിരുന്ന കുരുവംശാധിപൻ എന്ന് വിശ്വസിക്കാൻ പാട് പെട്ടു എന്ന് അമ്മമ്മ വിലപിച്ചത് എന്റെ ഇരുപത്തി മൂന്നാമത്തെ ഈ ജന്മദിനത്തിലും ഞാൻ വേദനയോടെ ഓർക്കുന്നു...”

“പോരാട്ട പാളയത്തിലെ പരിമിത സൗകര്യങ്ങൾക്കുള്ളിൽ, പാണ്ഡവർക്ക് വ്യക്തിഗതസേവനം നൽകുന്ന പ്രയാസകരമായ ഉത്തരവാദിത്വം പതിനെട്ടുനാൾ നിർവ്വഹിച്ച നിങ്ങൾക്കെങ്ങനെ കഴിയും, കള്ളച്ചൂതാട്ടസഭയിൽ നാണം കെടുത്താനും, തുണി പിടിച്ചു വലിക്കാനും, സംഘം ചേർന്ന് ലൈംഗികാക്രമണത്തിനും ശ്രമിച്ച മൂന്നു കുറ്റവാളികളുടെ നെഞ്ചുപിളർക്കുന്ന കാഴ്ച, ഞങ്ങളെ പോലെ ഓടിനടന്നു കണ്ടു ആനന്ദിക്കുവാൻ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

യുദ്ധാനന്തര ഹസ്തിനപുരി.

ജീവിതം ആകെ കീഴ്മേൽ മറിഞ്ഞ, വറുതിയുടെ കാലം.

“ദുര്യോധനനും ദുശ്ശാസനനും കർണ്ണനും ചെയ്ത രതിജന്യകലാപങ്ങളൊക്കെ എത്ര നിസ്സാരം, ദാമ്പത്യമെന്ന പേരിൽ ലൈംഗിക അടിമയാക്കി പരുക്കൻ പാണ്ഡവർ എന്നെ ദശാബ്ദങ്ങളായി ദുരുപയോഗം ചെയ്തിട്ടും, ആർക്കും അക്കാര്യത്തിൽ ഒന്നും ചെയ്യാനാവാതെ അവരഞ്ചുപേരും തല ഉയർത്തി ഇന്നു ഹസ്തിനപുരിയിൽ അധികാരവഴി നടക്കുമ്പോൾ.”

“ഉത്തരായണത്തിനു ജീവൻ വെടിയുമെന്നല്ലേ സ്വച്ഛന്ദമൃത്യു പറഞ്ഞത്? എന്നിട്ടിപ്പോൾ വാക്ക് മാറ്റിയോ?” കൊട്ടാരം ലേഖിക പിതാമഹനോട് ചോദിച്ചു. ശരശയ്യ. യുധിഷ്ഠിരനും സംഘവും യാത്ര പറഞ്ഞുപോയ നേരം.

“വെയിലും മഴയുമില്ലാതെ, തവിട്ടുനിറത്തിലുള്ള ഈ പ്രഭാതം നേരം വെളുത്ത മുതൽ കണ്ണടക്കാതെ ഞാൻ നോക്കുകയാണ്, എങ്ങനെ ഇതൊക്കെ വിട്ടു അതീതലോകത്തിലേക്കു യാത്രയാകും? അൽപ്പം കൂടി സമയം തരൂ. തോൽവിയും അപമാനവും നീണ്ട ജീവിതത്തിൽ ഏറെ ഞാൻ സഹിച്ചു എന്നത് നിങ്ങളും കണ്ടറിഞ്ഞതല്ലേ... കൗരവപക്ഷം ചേർന്ന് സർവ്വസൈന്യാധിപനായി. പാളയത്തിൽ രാത്രി ദുര്യോധനൻ പ്രായം നോക്കാതെ കഠിനപദങ്ങൾ എറിഞ്ഞെന്നെ അസ്ഥിരനാക്കും. എവിടെ പാണ്ഡവ തല? ഒന്ന് പോലും നിങ്ങൾ തെറുപ്പിപ്പിച്ചില്ലേ? എന്നവൻ വികാരാധീനനാവും. കൗന്തേയരുടെ ജീവനെടുക്കാൻ അർദ്ധമനസ്സോടെ എയ്ത ഓരോ അമ്പും ഉന്നം തെറ്റിയതിന്റെ ചാരിതാർഥ്യവുമായി ഇപ്പോഴും കുരുക്ഷേത്രയിൽ ഞാൻ ആടിക്കൊണ്ടിരിക്കയാണ്.”

2019/02/08

“ഇതിഹാസനായകരെ ആദരിക്കുന്ന പ്രൗഢഗംഭീര ചടങ്ങു നിങ്ങൾ ബഹിഷ്കരിക്കയാണോ?”, കൊട്ടാരം ലേഖിക ദുര്യോധന വിധവയോട് ചോദിച്ചു.

"ശത്രുനിരയിലെ ധീരദേശാഭിമാനികളെ വധിക്കുന്നതിനുപകരം, പെരുമാറ്റച്ചട്ടം കാറ്റിൽ പറത്തി ഞെക്കികൊലചെയ്ത പാണ്ഡവരഞ്ചുപേരെയും നവോത്ഥാന നായകർ എന്ന പട്ടികയിൽ പെടുത്തി വെണ്ണക്കല്ലിൽ പേർ കൊത്തിയപ്പോൾ, രാഷ്ട്രത്തിനു വേണ്ടി ജീവൻ ബലിദാനം ചെയ്ത കൗരവരിൽ നിന്നൊരാൾ പോലുമുണ്ടോ? എവിടെ ധാർമികത മുഖംമൂടിയാക്കിയ യുധിഷ്ഠിരൻ? ഗ്രാമ ഗ്രാമാന്തരങ്ങളിൽ ചെന്ന് , നൂറ്റാണ്ടുകളായി മുഖ്യധാരയിൽ വരാതെ, പാർശ്വവൽക്കരിക്കപ്പെട്ടും പീഡിപ്പിക്കപ്പെട്ടും ദുരിതമനുഭവിച്ചിരുന്ന ആദിവാസി യുവാക്കൾക്ക് പൗരാവകാശം കൊടുത്തായിരുന്നു കുരുക്ഷേത്രയിൽ ദുര്യോധനൻ അവരെ യുദ്ധസജ്ജമാക്കിയത് ക്ഷീരകർഷകരെ വഴിയിൽ കണ്ടാൽ നാളെ രാവിലെ പാലല്ല വളർത്തു മൃഗത്തിന്റെ ഇറച്ചിയാണ് കൊണ്ടുവരേണ്ടത് എന്ന് പേടിപ്പിക്കുന്ന ഭീമനെപ്പോലുള്ള ഘാതകരെയാണോ കുരുവംശ നവോത്ഥാനത്തിന്റെ പതാകവാഹകരായി എഴുന്നെള്ളിക്കേണ്ടത്? പിടയുന്ന ഹൃദയമുള്ളവരെല്ലാം എന്നെ അനുഗമിക്കുന്നതും നിങ്ങൾ കണ്ടതല്ലേ."

"ഉണങ്ങിയ കുരുക്ഷേത്ര വിധവകൾക്കൊരുണ് എന്ന സൗജന്യപദ്ധതിയുമായി യുധിഷ്ഠിരൻ കർമ്മനിരതനായപ്പോഴും, ചെങ്കോൽ ധൃതരാഷ്ട്രർ പിടിച്ചുവച്ചുവെന്ന പരാതി പുറത്തു പറയുന്നില്ല. എന്നാൽ വലഞ്ഞ കുരുക്ഷേത്രവിധവകൾക്കൊരു കാരുണ്യഹസ്തവുമായി ആ വഴിക്കൊന്നും നിങ്ങളെ ഞാൻ കാണാറില്ലല്ലോ", പാഞ്ചാലിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

"ചെങ്കോൽ പണയം വച്ചും, കൂടെ പൊറുക്കുന്ന പെണ്ണിനെ കൗരവ അടിമയാക്കിയും, വ്യാഴവട്ടക്കാലം അക്ഷയപാത്രത്തിൽ കയ്യിട്ടുവാരി, അല്ലലില്ലാതെ വയർ നിറപ്പിച്ചവർ കൊലചെയ്ത സൈനികരുടെ വിധവകളും കുട്ടികളും ഒരു നേരത്തെ ധാന്യത്തിനായി കൈനീട്ടി യാചിക്കുന്നതു നേരിൽ കാണട്ടെ."

2019/02/09

"പാണ്ഡവർ യുദ്ധം ജയിച്ചു അധികാരം പിടിച്ചെടുത്തിട്ടും, നിങ്ങളിപ്പോഴും ഗാന്ധാരിയുടെ തോഴിയാണോ? പെറ്റ തള്ളക്കർഹതപ്പെട്ട രാജമാതാ പദവി സ്ഥാപിച്ചുകിട്ടാൻ ആരും ശ്രമിച്ചില്ലേ?" കുന്തിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു. ഉച്ചഭക്ഷണത്തിന്റെ തിരക്ക് ശമിച്ച ധൃതരാഷ്ട്രവസതിയിൽ നിന്ന് ഗാന്ധാരിയുടെ കൺകെട്ടുതുണിയുമായി കൊട്ടാരത്തിനു പിന്നിലെ കുളവക്കത്തേക്കു നടക്കുകയായിരുന്നു മുൻ കുരുവംശ മഹാറാണി.

"അഞ്ചു ഭർത്താക്കന്മാരെ ആദ്യരാത്രിയിൽ സമ്മാനിച്ചെങ്കിലും, അവരെ ഭിന്നിപ്പിച്ചവൾ അടിമകളാക്കി. അത് നിത്യവും കാണാൻ വയ്യെന്ന ബോധ്യത്തിൽ, ഞാനവരുമായി കൂട്ടുജീവിതത്തിൽ നിന്നകന്നു. ഈ വസതിയിൽ ഒരാൾ ജന്മനാ അന്ധൻ, മറ്റൊരാൾ അന്ധത അഭിനയിക്കുന്നു. അവരെ പേടിക്കാതെ ജീവിക്കാം. അവർക്കെന്നെ ആവശ്യമുണ്ട്— കൺകെട്ടുതുണി പോലെ, അവർ പാണ്ഡവരോട്ട് ചെയ്തിരുന്ന അനീതിയുടെ കുറ്റബോധവും ഞാൻ തന്നെ വേണം കഴുകാൻ. മക്കളും അധികാരവും നഷ്ടപ്പെട്ട ധൃതരാഷ്ട്രർ എന്നെ പൂർണ്ണമായും ആശ്രയിക്കുന്ന പുരുഷൻ കൂടിയാണ് മഹാറാണിപദവി പാഞ്ചാലി അവകാശം പോലെ നേടിയതോടെ, രാജമാതാ എന്ന രണ്ടാമതൊരു അധികാരകേന്ദ്രം അന്തഃപുരത്തിൽ വേണ്ടെ

ന്നവൾ ഒരു താക്കീതു പോലെ നിശ്ചയിച്ച്”, വിഴപ്പുതുണി വെള്ളത്തിൽ മുക്കിയെടുത്തു കല്ലിൽ വച്ച് ഒന്നൊന്നായി തല്ലിത്തിരുമ്മി, ഗാന്ധാരിയുടെ കണ്ണീരഴുക്ക കുന്തി കഴുകി.

“ക്ഷീണം മാറ്റാൻ മുതിർന്ന പാണ്ഡവർക്ക് വിശ്രമം അനുവദിക്കുമെന്ന ഊഹം തെറ്റിച്ച നിങ്ങൾ യുദ്ധാനന്തര ഹസ്തിനപുരിയിൽ പ്രതിരോധ മന്ത്രാലയത്തിന്റെ സ്വതന്ത്ര ചുമതല ഏറ്റെടുക്കുമ്പോൾ, മുന്തിയ പരിഗണന എന്തായിരിക്കും?” കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

“ആശങ്കപ്പെടുത്തുന്നൊരു വസ്തുത, ഗംഗയും യമുനയും ഇരുഭാഗങ്ങളിൽ അതിർത്തി നിശ്ചയിക്കുന്ന ഹസ്തിനപുരിക്ക് ചുറ്റുമൊരു ശത്രുരാജ്യമില്ല. കുടിയൊഴിപ്പിക്കപ്പെട്ട കൗരവരാജ വിധവകളുടെ വിമതശല്യം മുതൽ കടുത്ത ഭക്ഷ്യ ക്ഷാമം വരെ ആഭ്യന്തരപ്രശ്നങ്ങൾ അലോസരപ്പെടുത്തുമ്പോഴാണ് അയൽപ്പക്കം ശത്രുവെന്ന പൊതുബോധം ഭരണകൂടത്തിന് ഒരനുഗ്രഹമാണെന്നറിയുന്നത്. കുരുക്ഷേത്രം എല്ലാം കീഴ്മേൽ മറിച്ചു. പടിഞ്ഞാറ് സൈന്ധവം മുതൽ കിഴക്ക കലിംഗം വരെ, വടക്ക ഗാന്ധാരം മുതൽ തെക്ക ദ്രാവിഡം വരെ ഇന്ന് ഹസ്തിനപുരിയെ വെല്ലുവിളിക്കാൻ, അതിർത്തിയിലൊന്നു നുഴഞ്ഞുകയറി മിന്നലാക്രമണം ചെയ്യാൻ, സൈന്യം ഉള്ള രാജ്യമില്ല. ആളൊഴിഞ്ഞ സൈനിക പാളയം പോലെ ശൂന്യമാകുന്നു ആയുധപ്പുരകളും. എല്ലാം കൗരവർ ഹോമിച്ചു. പതിനെട്ടു നാൾ പോരാട്ടം വഴി സ്വത്തുതർക്കത്തിൽ നിർണ്ണായക വഴിത്തിരിവുണ്ടായെങ്കിലും, ഇന്ന് ഈ പദവിയേറ്റെടുക്കുമ്പോൾ നേരിട്ടറിഞ്ഞ കാര്യം എന്നെ വിനീതവാനാക്കി— വിളിക്കാനും പറയാനും പ്രതിരോധ മന്ത്രാലയത്തിൽ ആരുമില്ല…”

“കാമനയോടെ പെണ്ണുടലിൽ തൊട്ടാൽ തല പൊട്ടി മരിക്കുമെന്ന മുനിശാപത്തിനു പ്രായശ്ചിത്തമായി പാണ്ഡുരണ്ടു ഭാര്യമാരെയും കൂട്ടി കാട്ടിൽ പോയതിന്റെ യുക്തി നമുക്കിപ്പോൾ വ്യക്തമല്ലായിരിക്കാം, പക്ഷേ, കുരുവംശത്തിന്റെ അധികാര ചിഹ്നമായ ചെങ്കോൽ പാണ്ഡു അന്ധജ്യേഷ്ഠന് എറിഞ്ഞു കൊടുത്തത്, രാജപ്രതിനിധിയായി മാത്രം ധൃതരാഷ്ട്രർ ഇടവേള ഭരിച്ചു, തക്കസമയത്ത് പാണ്ഡുവിന്റെ അംഗീകൃത അവകാശിക്ക് സിംഹാസനം തിരിച്ചേൽപ്പിക്കാൻ ആയിരുന്നു എന്ന് മുതിർന്ന പാണ്ഡുപുത്രൻ യുധിഷ്ഠിരൻ ഊന്നിപ്പറയുന്നതു ഇന്നലെ വൈകുന്നേരവും അരങ്ങേറ്റമൈതാനത്തിൽ കേട്ടല്ലോ. സദസ്സ് എഴുന്നേറ്റുനിന്നു നിലക്കാത്ത കയ്യടിയോടെ അയാളെ സ്വാഗതം ചെയ്യുന്നതൊക്കെ നിങ്ങളുടെ ഒന്ന് രണ്ടു സഹോദരന്മാർ സൂക്ഷിച്ചു നോക്കുന്നതും ഞങ്ങൾക്ക് കാണാമായിരുന്നു”, കൊട്ടാരം ലേഖിക ധൃതരാഷ്ട്രരുടെ കാര്യാലയത്തിൽ കയറി ദുര്യോധനനോട് ചോദിച്ചു.

“എവിടെ നിങ്ങൾ അത്യുക്തിയിൽ അടിവരയിട്ടു പറയുന്ന അംഗീകൃത അവകാശികൾ? പാണ്ഡു പ്രത്യുൽപ്പാദന ലൈംഗികക്ഷമത ഇല്ലാത്ത വെറുമൊരു പുരുഷശരീരിയാണെന്നു കൊട്ടാരത്തിൽ അക്കാലത്തു തന്നെ ആധികാരികമായി രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. പാണ്ഡവർ എന്ന് സ്വയം വിശേഷിപ്പിക്കുന്ന അഭയാർത്ഥികൾ അഞ്ചു പേർ യഥാർത്ഥത്തിൽ കുന്തിയുടെയും മാദ്രിയുടെയും വിവാഹബാഹ്യ സന്തതികൾ ആണെന്ന് ആ മഹതികൾ തന്നെ പരസ്യമായി വെളിപ്പെടുത്തിയിട്ടുണ്ടെന്നു വിശ്വാസയോഗ്യമായ സാക്ഷിമൊഴികളുണ്ട്. യുധിഷ്ഠിരൻ എന്ന് പരിചയപ്പെടുത്തിയ ഈ മൂത്തയാൾ സ്വയം വിശേഷിപ്പിക്കുന്നത് മരണദേവതയുടെ മകൻ എന്നല്ലേ? എന്തൊരു പ്രഹസനം…”

2019/02/10

“കാഴ്ചപരിമിതനെങ്കിലും ചൂതാട്ടവേദിയിലെ സിംഹാസനത്തിലിരുന്ന നിങ്ങൾ കാര്യങ്ങൾ അപ്പപ്പോൾ അറിയുന്നുണ്ടാവില്ലേ? മക്കൾ സംഘം ചേർന്ന് പാഞ്ചാലിയെ തുണിവലിച്ച് വിവസ്ത്രയാക്കാൻ ശ്രമിച്ചതിനെയൊന്നും അപലപിച്ചില്ലേ?” കൊട്ടാരം ലേഖിക ചോദിച്ചു.

“പാണ്ഡവരിലൊരാൾ അവളെ പതിവുപോലെ പ്രയാസപ്പെടുത്തുന്നു എന്നേ അപ്പോൾ സംശയിച്ചുള്ളൂ. എന്നെ വിടൂ എന്നെ വിടൂ എന്നത് ഒരക്രമിയോട് വേദനയോടെ പറയുന്ന പോലെയല്ല, ഭർത്താവിനോട് പരിഭവിക്കുന്ന പോലെയപ്പോൾ എനിക്ക് തോന്നിയോ? ഒരു പക്ഷേ, ഭീമൻ ദുരുദ്ദേശ്യത്തോടെ സമ്മാനിച്ച ലഹരിക്കടിമപ്പെട്ട ഒന്നോ രണ്ടോ വിവരം കെട്ട കൗരവർ, കയ്യിൽ തടഞ്ഞ ഉടുതുണിയൂരി പാഞ്ചാലിയെ നഗ്നയാക്കുന്നതു ചൂതാട്ടത്തിലെ കരാർ നിബന്ധനയനുസരിച്ചാണെന്നു തന്നെയെന്നു ഞാൻ പിന്നീട് കർണ്ണനോട് ചോദിച്ചുറപ്പാക്കേണ്ടി വന്നു. ഹസ്തിനപുരി പരിഷ്കൃതരാജ്യമെങ്കിലും, നവോത്ഥാനത്തെ പിറകോട്ടടിക്കുന്ന അടിമത്തം ഇനിയും തുടച്ചുമാക്കാൻ ആരും ശ്രമിച്ചു കാണുന്നില്ല എന്നത് ഖേദകരം തന്നെ. കുരുവംശ നിയമസംഹിതയിൽ അടിമത്തം നിലവിലുള്ളിടത്തോളം കാലം, അത് മുഖം നോക്കാതെ നടപ്പിലാക്കിയില്ലെങ്കിൽ, ശാന്തനുവിന്റെ കാലം മുതൽ കെട്ടിപ്പൊക്കിയ നിയമവാഴ്ച തകർന്നു എന്ന് നിങ്ങൾ നാട്ടുനീളെ ചുവരെഴുത്തു പതിപ്പുകളിൽ നാളെ പറയില്ലേ? ഒന്നോർക്കണം ലോകാരാധ്യനായ വ്യാസനാണെന്റെ പിതാവ്. മൃഗ മാംസഭക്ഷണമോ മദ്യമോ കഴിക്കാത്ത കൗരവർ ലഹരിക്കടിമപ്പെട്ടിരുന്നു എന്ന നിങ്ങളുടെ കൗതുകകരമായ കണ്ടെത്തൽ, കുതിരപ്പന്തികളിലെ ഊഹാപോഹങ്ങളിൽ അധിഷ്ഠിതമല്ലേ? ഉടുതുണിയൂരുമ്പോൾ കൊഴിഞ്ഞുവീഴുന്നതല്ല പെണ്ണഭിമാനമെന്ന പാഞ്ചാലിയുടെ പ്രതികരണം ഞാൻ പ്രീതിയോടെ കേട്ടു. കേവലം ലൈംഗികാക്രമണഇരയിൽ നിന്നവൾ പെണ്ണവകാശപോരാളിയിലേക്കു പരിവർത്തനം ചെയ്യാൻ രാജസഭ പശ്ചാത്തലമായതിൽ മഹാരാജാവെന്ന നിലയിൽ എനിക്ക് അഭിമാനമുണ്ട്. വ്യാഴവട്ടക്കാല വനവാസമൊക്കെ ഒന്നുറങ്ങിയെണീക്കുമ്പോഴേക്കും തീരും. എല്ലാം ദാർശനികവിരക്തിയോടെ നിങ്ങൾ കാണാൻ ശ്രമിക്കാത്തതിന്റെ ദൂഷ്യഫലമാണ് കേട്ടറിഞ്ഞിടത്തോളം ഹസ്തിനപുരി പത്രിക.”

2019/02/11

“കുടിയേറ്റത്തിനു പോയ നിങ്ങൾ ഖാണ്ഡവ വനത്തിൽ ഇക്കാണുന്ന മോഹന നഗരം പണിതു എന്നാണറിവ്. എന്നാൽ പുതുനഗരത്തിൽ പുലിയിറങ്ങി എന്നോ, പുരയിടങ്ങളിൽ കുറുക്കൻ ഓലിയിട്ടുവെന്നോ, കാട്ടാന കൃഷിയിടങ്ങൾ ചവിട്ടി നശിപ്പിച്ചുവെന്നോ ഇന്ദ്രപ്രസ്ഥം നഗരവാസികൾ പരാതി പറയുന്നതായി ഇന്നലെയും ഇന്നുമായുള്ള ജനസമ്പർക്കയാത്രയിൽ ഞങ്ങൾക്ക് ഒരു തുമ്പും കിട്ടിയിട്ടില്ല. വന്യപ്രകൃതിയും പരിഷ്കൃത മനുഷ്യനും തമ്മിൽ കൈവരിച്ച ആരോഗ്യകരമായ ഈ സന്തുലനം നിങ്ങൾ എങ്ങനെ ഇത്രവേഗം സാധിച്ചു എന്നറിയാൻ ഹസ്തിനപുരി നിവാസികൾക്ക് കൗതുകമുണ്ട്”, പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“അത്തരം അസന്തുലിതാവസ്ഥ ഒഴിവാക്കാൻ മുൻകൂർ നടപടി എടുത്തു എന്നൊക്കെ യുധിഷ്ഠിരൻ അവകാശപ്പെട്ടു. എന്നാൽ അവർ ഉപയോഗിച്ച ‘നൂതന സാങ്കേതികവിദ്യ’ ഞാൻ നേരിട്ട് കണ്ടറിഞ്ഞതാണ് കാട്ട് വളഞ്ഞു തീയിട്ടു.” ഉദ്യാനത്തിൽ ഓടി നടന്നിരുന്ന വെള്ളമുയലുകളിലൊന്നിനെ തട്ടിയെടുക്കാനുള്ള ഭീമന്റെ പെട്ടെന്നുണ്ടായ ശ്രമത്തെ ഒരു നോട്ടം കൊണ്ട് നിർവീര്യമാക്കിയ പാഞ്ചാലി, ഭീഷണി നേരിട്ട മുയലിനു ചുറ്റും സാന്ത്വനത്തിന്റെ രക്ഷാവലയം തീർത്തു.

“നിങ്ങൾ സാക്ഷിയായിരുന്നില്ലേ? ദുര്യോധനന്റെ സുഹൃത്തെങ്കിലും, ആത്മാവിൽ കളങ്കം കുറവല്ലേ? വെറുമൊരു വസ്ത്രാക്ഷേപത്തിൽ ഒതുങ്ങുന്ന പോലെ തോന്നിയോ ചൂതാട്ടസഭയിലെ പാഞ്ചാലീലൈംഗികാ ക്രമണം?” കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

“അടിമപ്പെണ്ണിനെ വിവസ്ത്രയാക്കുന്നതിനൊപ്പം വികൃതിവിരലുകൾ പെണ്ണുടലിൽ പര്യവേഷണം ചെയ്യുന്നതൊക്കെ പുരുഷകാമനയുടെ ആവിഷ്കാര വഴികളല്ലേ? അതിനിത്ര അപനിർമ്മാണം ആവശ്യമുണ്ടോ? കാണുന്നതൊക്കെ കാഴ്ചയാവുമെന്ന മുൻവിധി എന്നോടാരുത് ഹസ്തിനപുരി നീതിന്യായ വ്യവസ്ഥയെ നിങ്ങൾ അവഹേളിക്കുകയാണ് വസ്ത്രാക്ഷേപം കൗരവർക്കു ഒരശ്ലീല കർമ്മകാണ്ഡമായിരുന്നില്ല അവകാശ പ്രഖ്യാപനമായിരുന്നു. ഹസ്തിനപുരി നീതിപീഠത്തിന്റെ തലതൊട്ടപ്പനായ ഭീഷ്മർ അധ്യക്ഷനായിരുന്ന ചൂതാട്ട സഭയിൽ, കൗരവരുടെ ഓരോ നീക്കത്തിനും നോട്ടത്തി നും നീതിപീഠപതിയുടെ ഉറപ്പുണ്ടെന്നത് നിങ്ങൾ ഒരു നിമിഷം പോലും വിസ്മരിച്ചുകൂടാ. ഇരയുടെ പൗരാവകാശങ്ങൾ അസാധുവായതു പാഞ്ചാലിയെ പണയം വക്കാനുള്ള ആണധികാര ദുർവ്യയം കൊണ്ടായിരുന്നില്ലേ? കള്ളച്ചൂത് എന്നൊരു വാക്കിൽ തൂങ്ങിയാണല്ലോ മൊത്തം അഭിമുഖത്തെ നിങ്ങൾ വളച്ചുവിടുന്നത് നിങ്ങൾ ഉടമയുടെ അടിമയെങ്കിലും, അടിമത്തം ബൗദ്ധികസ്വത്തവകാശം മാത്രമേ നിഷേധിക്കുന്നുള്ളു എന്നാൽ പണയം വച്ച് നിങ്ങളെ ഭർത്താവ് (നിങ്ങൾ യഥാർത്ഥത്തിൽ വിവാഹിതയാണോ എന്നതൊന്നും ഇവിടെ പ്രസക്തമല്ല) കളിച്ചു തോൽക്കുമ്പോൾ, ഉടമ നിങ്ങളുടെ ഉടലിൽ നേടുന്ന ആധിപത്യമുണ്ടല്ലോ അതൊന്നു വേറെ. കൗരവനീതി ബോധത്തെ മലിനപ്പെടുത്താൻ ഒരു കൂട്ടം ചോദ്യങ്ങളുമായി വഴി തടയുന്ന വിമതമാധ്യമജീവിതം നിർത്തൂ. പെറ്റ തള്ള പുഴയിലൊഴുക്കിയവനെ അംഗരാജാവാക്കിയ ദുര്യോധനൻ അടിമ എന്നല്ല, തോളിൽ കൈ വച്ചു വിളിക്കുക സഖാവേ എന്നാണ്.”

2019/02/12

“പുത്രവിധവകൾക്കൊപ്പം പടിയിറങ്ങുകയാണ് സത്യവതി. സാർത്ഥക ഭാവി ജീവിതത്തിനു സാധ്യതയുള്ള ആ മൂന്നു വനിതകൾ ഹസ്തിനപുരി വിട്ടു, ചെന്നായ്ക്കളും കഴുകനുമുള്ള കാട്ടിൽ ജീവിതാന്ത്യം കഴിയാൻ പോവുന്നതിനെ നിങ്ങൾ എങ്ങനെ കാണുന്നു?” കൊട്ടാരം ലേഖിക വിമതസാംസ്കാരിക നായകൻ ചാർവാകനോട് ചോദിച്ചു.

“ഈ സമയം ചരിത്രപ്രാധാന്യമുള്ളതാണ്, ശന്തനുവിന്റെ പൈതൃകം എന്ന് പറയാൻ, സന്താനഭാഗ്യമില്ലാത്ത ഭീഷ്മരൊഴികെ ആരുണ്ട് ഇനി ഹസ്തിനപുരിയിൽ? സത്യവതിയിൽ ശന്തനുവിനുണ്ടായ രണ്ടു ആൺമക്കളും, കുട്ടികൾ ഇല്ലാതെ

നേരത്തെ മരിച്ച പോയി, ഒരാൾ ശത്രുവിന്റെ ഇര, മറ്റെയാൾ അമിത ഭോഗത്തിന്റെ. വിവാഹപൂർവരതിയിൽ വൃദ്ധ പരാശരമുനിക്ക് സത്യവതിയിൽ പിറന്ന സന്തതി, കുള്ളനും വിരൂപിയുമായ വ്യാസൻ, വിചിത്രവീര്യ വിധവകളിൽ ബീജദാനം ചെയ്തുണ്ടായ കീടജന്മങ്ങൾ ആയിരുന്നു, ഇപ്പോൾ ചെങ്കോൽ പിടിക്കുന്ന അന്ധ ധൃതരാഷ്ട്രരും, എന്നോ ചെങ്കോൽ വലിച്ചെറിഞ്ഞ അനുജനും. അവരുടെതെന്നു പറയപ്പെടുന്ന നൂറ്റി അഞ്ചു മക്കളാണിപ്പോൾ കുടുംബസ്വത്തു സമാധാന പരമായി വീതം വെക്കാനറിയാതെ, പരസ്പരം ചങ്കു വെട്ടുന്നത് കളങ്കിതകുരുവംശത്തെ, തമ്മിൽ കൊല്ലാൻ വിട്ടു കൊണ്ട് സത്യവതി അംബികയും അംബാലികയുമൊത്തു എന്നെന്നേക്കുമായി പടിയിറങ്ങുമ്പോൾ ഞാൻ മംഗളം നേരുന്നു, ഇനി തിരിച്ചു വരരുതേ, ഈ അഭിശപ്തഭൂമിയിൽ നിങ്ങൾ മൂന്നു മഹതികളും ഇനി കാലു കുത്തരുതേ."

"ദൈവദത്ത രാജവംശങ്ങളെ നീ വിചാരണ ചെയ്യരുത്", പെട്ടെന്ന് ദുര്യോധനൻ പിന്നിൽ നിന്ന് ചാർവാകന്റെ മുതുകിൽ ആഞ്ഞു ചവിട്ടി, "ഞങ്ങൾ കുലീനകുരുവംശം എന്ന് അഭിവന്ദ്യവേദവ്യാസൻ ലോകത്തോട് പറയുമ്പോൾ, അതിലൊന്നും ഇടപെടരുത് നീ വ്യർത്ഥജന്മമേ."

"മഹാറാണി പദവിയിൽ നിങ്ങൾക്കധികകാലം കഴിയാൻ സമ്മതിക്കാതെ പാണ്ഡു സ്ഥാനത്യാഗം ചെയ്തു കാട്ടിലേക്ക് നിങ്ങളെ കൂട്ടിക്കൊണ്ടുപോയി എന്നാണറിവ്. എന്നിരുന്നാലും, സമൂഹത്തിന്റെ മൊത്തം നവോത്ഥാനത്തിൽ എന്തെങ്കിലും എളിയ സംഭാവന പിൽക്കാലത്തു ചെയ്തു എന്ന് അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാവുന്ന വല്ല ദൃഷ്ടാന്തങ്ങളും ഉണ്ടോ?", കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

"മുനിശാപത്താൽ സമനില തെറ്റിയ പാണ്ഡു, ഭാര്യയെ ഒഴിവാക്കി നാട്ടിൽ ഭരണം തുടരുന്നതിനു പകരം, രാജപദവിയൊഴിഞ്ഞു ഭാര്യയെ കൂട്ടി വനവാസത്തിനു പോവാനെടുത്ത തീരുമാനം പരക്കെ വിമർശിക്കപ്പെട്ടിട്ടുണ്ട് എങ്കിലും, പിൽക്കാലത്തു എന്റെ മാതൃത്വം അടയാളപ്പെടുത്തുന്നതിനു വേണ്ട ഭൗതികവും വൈകാരികവുമായ സാഹചര്യം ഉണ്ടായതു് കാട്ടിൽ കുടിയേറിയതു കൊണ്ടല്ലേ. നിഷ്കളങ്ക വിനീതഭാവത്തോടെ ഷണ്ഡത്വം ഏറ്റുപറഞ്ഞ പാണ്ഡുവിന്റെ നിസ്സഹായതയിൽ നിന്നാണ് ആദ്യമായി ഒരു രാജസ്ത്രീ വിവാഹ ബാഹ്യലൈംഗികതയെ മാതൃത്വ പരീക്ഷണത്തിന് പ്രയോജനപ്പെടുത്തിയത് എന്ന് ബോധ്യപ്പെടുന്നുണ്ട്. കാട്ടിലായിരുന്നു വസതിയെങ്കിലും, ആകാശചാരികളെ ഉന്നം വച്ചുള്ള പ്രലോഭനം കാര്യക്ഷമമായി പൂർത്തിയാക്കിയതിലൂടെ, സ്ത്രീ അവളുടെ ജീവശാസ്ത്രപരമായ അവകാശം നേടിയെടുക്കാൻ പരപുരുഷരതി ഒന്നിലധികം തവണ ഉപയോഗിക്കാമെന്നു ലോകത്തെ അറിയിച്ചു എന്നതാണെന്റെ നവോത്ഥാന നേട്ടം."

2019/02/13

"പ്രതീക്ഷാനിർഭരമായൊരു ഭാവിജീവിതം ഉത്തരയുമൊത്തു സ്വപ്നം കാണുന്നവനെന്ന നിലയിൽ, കൗരവപക്ഷത്തേക്കു കൂറുമാറാൻ അഭിമന്യു തയ്യാറായിരുന്നു എന്ന അവകാശവാദത്തെ എങ്ങനെ വിശദമാക്കാനാണ് നിങ്ങൾക്കാവുക?", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. അവസാനദിനം.

“നിലപാടിൽ കാര്യമുണ്ട്. ഏതു നിമിഷവും പ്രാണൻ പോകാവുന്നത്ര ജീവിതവുമായി ബന്ധം മുറിയുന്ന ഈ നേരത്തു എന്തിനു ഞാൻ അത് വെളിപ്പെടുത്താതിരിക്കണം? പോരാട്ടത്തിലെ ഒരു സവിശേഷ ഘട്ടത്തിൽ, എന്നോടവൻ ഉള്ളു തുറന്നു. യുധിഷ്ഠിരനും മൂന്നു പാണ്ഡവരും, അർജ്ജുനന്റെ അസാന്നിധ്യത്തിൽ, പത്മവ്യൂഹത്തിലേക്കു മനഃപൂർവ്വം എറിയുകയായിരുന്നു എന്നാണു അഭിമന്യു അതിനു കാരണം പറഞ്ഞത് പാണ്ഡവർ യുദ്ധം ജയിച്ചാൽ, അഭിമന്യു കിരീടാവകാശിയാവുമെന്നും, അതോടെ പാഞ്ചാലിയിൽ യുധിഷ്ഠിരനുണ്ടായ മകൻ മറ്റു പാണ്ഡവപുത്രന്മാർക്കൊപ്പം പടിക്കു പുറത്താവുമെന്നും തീരുമാനത്തിന് പ്രചോദനമായി. കൗരവ പക്ഷത്തേക്കു അഭിമന്യുവിന്റെ കൂറുമാറ്റത്തിൽ തീരുമാനമെടുക്കാൻ, പക്ഷേ, ആ സമയത്തു എനിക്കായില്ല. സമ്മതിക്കുന്നു, എനിക്ക് വൈകിപ്പോയി. ഒരു നിമിഷം പോലും എന്റെ പ്രതികരണത്തിന് മുഖമുയർത്താതെ കർണൻ അഭിമന്യുവിന്റെ ഇടനെഞ്ഞിൽ വാൾ ആഞ്ഞു കുത്തിയിറക്കിയില്ലായിരുന്നുവെങ്കിൽ, കുരുക്ഷേത്രയുദ്ധം കൗരവതോൽവിയിൽ അവസാനിക്കുമായിരുന്നുവോ? കൗരവപക്ഷത്തു വന്നാൽ, അഭിമന്യു ആദ്യം തലയറുക്കുക ആ നാലു ചതിയൻപാണ്ഡവരെ ആയിരുന്നില്ലേ? അഭിമന്യുവിനെ കൊല്ലണമെന്ന് ഞാനും കരുതിയിരുന്നില്ല, കർണൻ കുന്തിയുടെ മകനാണെന്ന രഹസ്യസത്യം ഇപ്പോൾ എനിക്ക് വ്യക്തമായി. കൗരവപക്ഷത്തു അഭിമന്യു വന്നാൽ, പിൽക്കാലത്തവൻ പ്രതിയോഗിയാവും എന്ന് കർണനും ഭയന്നു.”

“സഭാപതി നിങ്ങളായിരുന്നില്ലേ? എന്നിട്ടും ഒരു സ്ത്രീപീഡനം കൺമുന്നിൽ സംഭവിച്ചു എന്നതിലിപ്പോൾ ഖേദമുണ്ടോ?”, കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു. ദൂരെ ദൂരെ രാജവീഥിയിലൂടെ, വടക്കൻ മലകളിലേക്കു പദയാത്ര ചെയ്യുന്ന ആറംഗ പാണ്ഡവ സംഘം കാഴ്ചയിൽ നിന്ന് മറയും വരെ മട്ടുപ്പാവി ലവർ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടിരുന്നു.

“ഖേദമുണ്ട് കാര്യങ്ങൾ തെറ്റായി നിങ്ങൾ വായിച്ചെടുത്തതിൽ. പരക്കെ സ്വീകാര്യമായ നടപടിക്രമങ്ങൾ ആദ്യമേ സഭയുടെ അറിവിലേക്കായി അക്കമിട്ടു ഞാൻ നിരത്തി. കൗരവർ, പ്രത്യേകിച്ച് ദുര്യോധനൻ, കളിയുടെ പുരോഗതിയിൽ ഓരോ ഘട്ടത്തിലും സഭാപതിയുടെ നിർദേശത്തിനു മുഖം തന്നു. കളി മാത്രമല്ല അവിടെ സംഭവിച്ചത് ഇന്ദ്രപ്രസ്ഥം രാജസൂയ ചക്രവർത്തിയും കുടുംബവും സാമന്ത രാജ്യത്തിൽ വന്നു ചൂതാടുന്നതിന്റെ ഔചിത്യപരമായ ചട്ടലംഘനം നാം മാറ്റിവച്ചാലും കാണാം, വമ്പിച്ച സ്ഥാവരജംഗമ സ്വത്തുക്കളുടെ കൈമാറ്റം. കത്തുന്ന നിലവിളക്കിന്റെ മുമ്പിൽ, സഭാപതിയുടെ കൃത്യമായ പ്രഖ്യാപനങ്ങളോടെ പഴുതടച്ചു നീങ്ങി. ഒന്നൊന്നായി അതിനു എന്റെ പച്ചക്കൊടി നീട്ടി. സദസ്സിലുള്ളവരുടെ വ്യക്തിഗത നിരാശയുടെയോ തോറ്റവരുടെ നിർഭാഗ്യത്തിന്റെയോ ആത്മനിഷ്ഠ ബഹിർസ്ഫുരണങ്ങൾ നാം സംവാദത്തിൽ നിന്ന് മാറ്റിവച്ചാൽ, ഇന്നലെ രാത്രി അവിടെ നടന്നത് രക്തരഹിത അധികാര കൈമാറ്റമായിരുന്നു. ചമ്രം പടിഞ്ഞിരുന്നാണ് ദുര്യോധനൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയെയും ബാക്കി അഞ്ചുപേരെയും കൗരവ അടിമകളാക്കിയത് അതൊരു ചരിത്ര സംഭവമായിരുന്നു. അതിനെ വസ്ത്രാക്ഷേപമായി നിങ്ങൾ വില കുറച്ചു കാണരുത്.”

“നിങ്ങൾ വാടകക്കൊലയാളിയോ അതോ കൗരവ സൈനികനോ?”, കുരുക്ഷേത്രയിൽ പെട്ടെന്ന് മുന്നിൽ വന്ന മധ്യവയസ്കനോട് കൊട്ടാരം ലേഖിക ചോദിച്ചു.

കുരുക്ഷേത്ര. യുദ്ധ കാഹളം മുഴങ്ങാൻ നിമിഷങ്ങൾ.

“മൃഗമാംസ നിർമ്മിതിയാണെന്റെ തൊഴിൽ. ഉഴവു് മാടിനെ കാര്യക്ഷമമായി വെട്ടി തൊലി പൊളിച്ചു കുടലും കുളമ്പും നീക്കികഷണങ്ങളാക്കുന്നതു ഒരു സുമുഖ യുവാവു് കൗതുകത്തോടെ നോക്കുന്നതു് കണ്ടു ഞാൻ പുരികചലനം കൊണ്ടു് ആരെന്നന്വേഷിച്ചു. ആസന്നമായ കൂട്ടുകുടുംബസ്വത്തുതർക്കത്തിൽ പ്രഖ്യാപിത കുടുംബശത്രുക്കളെ ഇതുപോലെ കൊന്നു കാണിച്ചുതരാമെങ്കിൽ, പിന്നീടു് മരിച്ചാലും, കുടുംബത്തിനു് ആയുഷ്കാലഭക്ഷ്യവിതരണം ഉറപ്പു തരാമെന്നവൻ കൈപ്പത്തി നീട്ടി മുഖത്തു നോക്കി. നീ ആരാണു് എന്നു് ഞാൻ ചോരപുരണ്ട മടവാളുയർത്തി. ദുര്യോധനന്റെ മകനാണെന്നവൻ പറഞ്ഞു. ആരാണു് ദുര്യോധനൻ? എവിടെ നിന്നു് വരുന്നു നീ? എന്നു് മടവാളു് താഴെവച്ചു വേറൊരു മൃഗത്തെ അഴിച്ചു കൊണ്ടുവന്നു തല വെട്ടാനൊരുങ്ങുമ്പോൾ ഞാൻ ചോദിച്ചു. അപ്പോൾ അവൻ പറഞ്ഞു, അതൊരു തർക്കരാജകുടുംബമാണു്, ഞങ്ങളുടെ കൂടെ നിന്നാൽ നീ തൊഴിൽമികവുകൊണ്ടു ഉയരങ്ങളിൽ എത്തും. ഒരു സ്വർണ്ണനാണയം എന്റെ ചോരപുരണ്ട കൈവെള്ളയിൽ വച്ചു. ഇതുപോലെ നീ ഞങ്ങളുടെ ശത്രുക്കളായ പാണ്ഡവർ അഞ്ചുപേരെയും കഴുത്തു വെട്ടി കുടൽ പുറത്തിടണം. നിന്റെ ഭാവി ശോഭന മാവട്ടെ, വീണ്ടും വരാം സൈനിക പരിശീലനത്തിനു് സമയമാവുമ്പോൾ. എന്നു് പറഞ്ഞവൻ അടുത്ത ഗ്രാമത്തിലേക്കു് കുതിരപ്പുറത്തു പോവുന്നതു് കണ്ടു. കൗമാരം മുതൽ കന്നുകാലികളെ വെട്ടുന്ന പണി ചെയ്ത എനിക്കിനി കുലീന പാണ്ഡവകഴുത്തുകൾ ആഞ്ഞു വെട്ടാൻ കിട്ടുമെന്ന സ്വപ്ന ലോകത്തിലാണിന്നു ഞാൻ.”

“സ്വയംവര മത്സരം ജയിച്ചു സ്വന്തമാക്കിയ വിശ്വസുന്ദരിയോടുള്ള പ്രണയത്തെ മുന്നോട്ടെടുക്കുന്നതു പരസ്പര്യത്തിലൂന്നിയ വൈകാരിക സാന്ത്വനമാണോ, അതോ ശാരീരികത്തിലൂന്നിയ സ്വാർത്ഥ ആസ്വാദനമാണോ?” കൊട്ടാരം ലേഖിക അർജ്ജുനനോടു് ചോദിച്ചു. അഞ്ചു പാണ്ഡവരും ഭാര്യയും ഖാണ്ഡവപ്രസ്ഥത്തിലേക്കു ഭാഗ്യാന്വേഷികളായി പോവാൻ തീരുമാനിച്ചിരുന്ന കാലം. ഗംഗയാറിൻ തീരത്തെ ഹസ്തിനപുരിയുടെ പ്രസന്നമായ അന്തരീക്ഷം. വസന്തം പൂവിട്ടു നിന്ന ദിവസം.

പ്രേമസല്ലാപത്തിന്നിടയിൽ ഞാൻ ചോദിച്ചു,

“പാവം കുന്തിയെ പോലെ അധ്വാനിച്ചല്ല നീ ഒന്നിലധികം ഇണകളെ ബഹുഭർത്തൃത്വത്തിൽ നേടിയതു് എന്നാൽ കുന്തിയുടെ മകനായ എനിക്കു് ഒന്നിലധികം ഇണകളെ ബഹുഭാര്യാത്വത്തിൽ നേടാൻ യുവത്വം മുഴുവൻ അധ്വാനിച്ചാലും ആവില്ലെന്നു് അന്തഃരംഗം പറയുന്നു. അന്നിറങ്ങിപ്പോയതാണവൾ, പിന്നെ കിടപ്പറയിൽ വിരുന്നൂട്ടിയിട്ടില്ല.”

2019/02/15

“സത്യസന്ധൻ വിവേകശാലി മിതഭാഷി എന്നിങ്ങനെ ഉത്തമ പുരുഷന്റെ സദ്ഗുണ പട്ടിക നിരത്തി പുതിയ മഹാരാജാവു് യുധിഷ്ഠിരനെ പ്രകീർത്തിച്ച കൊട്ടാര ഗുരു കൃപാചാര്യൻ, വാ പൊത്താൻ പോലും മെനക്കെടാതെ കോട്ടുവായിട്ടു

പട്ടാഭിഷേക വേദിയിൽ നിന്നിറങ്ങിപ്പോവുന്നത് ശ്രദ്ധയിൽ പെട്ടുവോ?", കൊട്ടാരം ലേഖിക ചോദിച്ചു. അരങ്ങേറ്റ മൈതാനത്തിൽ പാണ്ഡവ ഭരണകൂടത്തിന് പൌര സ്വീകരണം.

"പിന്നെ അതൊക്കെ തൊഴിലുടമയുടെ ശ്രദ്ധയിൽ പെടില്ലേ? കൃപാചാര്യരെ പോലെ നാവിൽ കാപട്യം പുരട്ടി വേണ്ടത് വേണ്ടപോലെ പറയാൻ വരുംകാലം നിങ്ങൾക്കും സാധിക്കണം. അല്ലെങ്കിൽ ഈ അഞ്ചു പാണ്ഡവരെ പേടിച്ച നമുക്ക് ഹസ്തിനപുരിയിൽ വഴിനടക്കാനാവില്ല എന്ന് മിതമായി ബോധ്യമാവുകയും ചെയ്തു", പെരുമാറ്റച്ചട്ടം തെറ്റിച്ച കോട്ടുവായിട്ട കൃപാചാര്യരെ സഹായിക്കാനെന്നമട്ടിൽ വാ പൊത്തിപ്പിടിച്ച ഭീമൻ വേദിയുടെ പിന്നിലേക്ക് വലിച്ചു കൊണ്ടുപോവുന്നതു ഒളിക്കണ്ണിൽ നോക്കി 'ഹസ്തിനപുരി പത്രിക'യുടെ മേധാവി ശബ്ദം താഴ്ത്തി

"പോരാട്ടത്തിൽ കഷ്ടിച്ചു ജയിച്ചാലും, അഭിമന്യുവധം കൗരവ പ്രതിച്ഛായയെ മലിനപ്പെടുത്തുമെന്ന ആശങ്ക പങ്കിട്ടു കൊണ്ടാണല്ലോ നിഷ്പക്ഷ യുദ്ധനിരീക്ഷകർ ഇന്നലെ രാത്രി ശവസംസ്കാരത്തിന് ശേഷം മടങ്ങിയത് എവിടെയോ പിഴച്ചു എന്ന ഭീതിയുണ്ടോ?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"അന്തസ്സില്ലാത്ത ആക്രമണത്തിന്റെ അവതാരകനായിരുന്നില്ലേ അഭിമന്യു? മുറിവൈദ്യൻ ആളെ കൊല്ലും എന്ന നാട്ടുമൊഴി അവനെ, അവനെ മാത്രം ഉദ്ദേശിച്ചാണെന്നു വ്യക്തമായി. പുറത്തുചാടാനുള്ള രഹസ്യവാക്ക് പഠിക്കാതെയവൻ പത്മവ്യൂഹത്തിൽ നുഴഞ്ഞുകയറിയെങ്കിൽ, തിരിച്ചുവരവുദ്ദേശിക്കാത്ത ചാവേർ ആക്രമണത്തിനാവില്ലെ സാധ്യത? മാരകായുധവുമായി കൈ അവൻ ഉയർത്താൻ ശ്രമിച്ച നേരം നോക്കി കർണ്ണൻ കത്തി കരളിൽ കുത്തിയിരുന്നില്ലെങ്കിൽ, സർവ്വനാശം വിതക്കുമായിരുന്നു എന്ന് ഞങ്ങൾ ശ്വാസം പിടിച്ചാണ് കണ്ടത് കൗമാരത്തിൽ തന്നെ കർണ്ണന്റെ മനഃസാന്നിധ്യവും പോരാട്ടമികവും അംഗീകരിച്ചതാണെന്റെ നേട്ടം. അറിയാമല്ലോ, പോർക്കളപ്പെരുമാറ്റച്ചട്ടം എന്നൊന്നുണ്ട് അത് പാലിക്കാതെ കരിമ്പിൻതോട്ടത്തിലെ മദയാനയെ പോലെ വന്ന അഭിമന്യു, യഥാർത്ഥത്തിൽ അർഹിച്ചതിൽ കുറവ് നേരം കൊണ്ടവൻ കഥാവശേഷനായി എന്നൊരു കുറവ് മാത്രമേ ഞാൻ കണ്ടുള്ളൂ. കൊന്നാലും പോരാ, ചത്തവന്റെ ശവമടക്കിൽ കണ്ണടക്കാതെ നിന്നു കൊടുക്കയും വേണം എന്ന് വച്ചാൽ?"

2019/02/16

"കുലീന വസതികളിൽ, വിറകുവെട്ടാനും വെള്ളം കോരാനും, ജൈവമാലിന്യം നീക്കി വൃത്തിയാക്കാനും ഇരുപത്തിനാല് മണിക്കൂർ പണിക്കു കൗരവരാജ വിധവകളെ പുനരധിവാസ പദ്ധതിയനുസരിച്ച് പരിഗണിക്കാം എന്ന മഹാറാണി പാഞ്ചാലിയുടെ ഉത്തരവ് ഊഷ്മളമായി സ്വാഗതം ചെയ്യുമ്പോൾ തന്നെ, പരിപൂർണ പരിശോധനക്ക് അപേക്ഷകർ വിധേയമായിരിക്കണം എന്ന അയവില്ലാത്ത ഭരണകൂട നിബന്ധന വിധവകൾ അപലപിച്ചിരിക്കയാണ് എങ്ങനെ പ്രതികരിക്കുന്നു?", കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

"വിവരം മുഴുവൻ പുറത്തു വന്നാൽ കൗരവരാജ വിധവകൾ അപലപിക്കുക പാണ്ഡവരെ ആവില്ല. നാണമില്ലാത്ത അഞ്ചു ആണുങ്ങൾ ഒരു പിഴച്ച പെണ്ണിനെ

അന്യായമായി വച്ച് കൊണ്ടിരിക്കുന്ന എന്ന് ലോകമെങ്ങും പരിഹസിച്ച കൌരവരുടെ ഞെട്ടിപ്പിക്കുന്ന ലൈംഗികഅരാജകത്വം ധവള പത്രത്തിലൂടെ നാളെ ആരംഭിക്കുന്ന രാജസഭയിൽ ലോകരാജ്യങ്ങളെ അറിയിക്കാൻ ഞങ്ങൾ ഒരുങ്ങുകയാണ്. ഒരു സ്ത്രീക്ക് ഔദ്യോഗിക അംഗീകാരമുള്ള അഞ്ചു ആണുങ്ങൾ എന്ന പാണ്ഡവലിംഗരീതിക്ക് പകരം, ഓരോ രാജവധുവിനും കൌരവകാലത്തു നേരിടേണ്ടി വന്നത് ഒരു ഔദ്യോഗിക ഭർത്താവും, നൂറോളം കൌരവരതി പങ്കാളികളും. ഈ പറയുന്നത് കൽപ്പിത ചരിത്രമല്ല, വിദുരർ നേരിട്ട് സാക്ഷ്യപ്പെടുത്തിയ ഇരകളുടെ മൊഴി. പൊട്ടിക്കരഞ്ഞു പീഡന കഥ ഏറ്റു പറയുന്ന കൌരവ രാജവിധവകളുടെ സത്യസാക്ഷ്യം."

"കിരീടാവകാശിയാവാനുള്ള സാധ്യത, മക്കൾക്കു പകരം അഭിമന്യുവിനാണുണ്ടാവുന്നതെങ്കിൽ, നിലപാടെന്തായിരിക്കും? ചൂതു കളിപ്പിച്ചു അഭിമന്യുവിനെയും ഉത്തരയെയും വനവാസത്തിനയക്കുമോ?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"അഭിമന്യുവിനെ ഗൂഢാലോചനയിൽ പങ്കാളിയാക്കി, മുതിർന്ന മൂന്നു പാണ്ഡവരെ നിർബന്ധിത വിടുതലിലൂടെ വനവാസത്തിനയക്കുക എന്ന വഴി തേടുകയല്ലേ സ്വാഭാവികം? കൗശലത്തിലൂടെ അഭിമന്യുവധം ഒരു പദ്മവ്യൂഹത്തിൽ കെട്ടിവച്ചു യുധിഷ്ഠിരൻ ലോകമനഃസാക്ഷിയെ കബളിപ്പിച്ചതൊക്കെ വാർത്തയായതല്ലേ. കാപട്യവും കുടിലതയും സമന്വയിച്ച അപൂർവ്വ വ്യക്തിത്വം എന്നല്ലേ തലക്കെട്ട്."

2019/02/17

"വിശിഷ്ടാതിഥിയെ പരസ്യവേദിയിൽ വിവസ്ത്രയാക്കുക, മര്യാദകേടല്ലേ എന്ന് കണ്ടുനിൽക്കുന്നവർ വിരൽ ചൂണ്ടുമ്പോൾ നാണമില്ലാതെ നാവു നീട്ടി ന്യായീകരിക്കുക-കുലീനകുരുവംശം ഇപ്പോൾ കാടൻകൌരവരുടെ പിടിയിലായോ?", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. വനവാസത്തിനു പാണ്ഡവസംഘം കോട്ടക്കകത്തു നിന്ന് പുറത്തേക്കു പദയാത്ര ചെയ്യുന്ന പ്രഭാതം.

"പാഞ്ചാലിയെ നിങ്ങൾ പ്രതിരോധിക്കാം, പക്ഷേ, വസ്തുത ചോർന്നു പോവാൻ സമ്മതിക്കരുത് സൗന്ദര്യപരിശീലകയെന്ന പേരിലാണ്, ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയായല്ല, പാഞ്ചാലി അന്തഃപുരത്തിൽ പരിമിതിയില്ലാത്ത പ്രവേശനം നേടിയത് ആണുങ്ങൾ വട്ടംചുറ്റിയിരുന്നു ചൂതാടുമ്പോൾ, കൌരവരാജ കുമാരികൾക്കുടലഴകിനുള്ള ഉപദേശം കിട്ടുമെന്ന് കരുതിയ കൌരവർ പിന്നീട് കേട്ടത്, ഞെട്ടിപ്പിക്കുന്ന പീഡനകഥ. മാതൃവാത്സല്യമെന്നു കരുതിയ അമിത വികാരപ്രകടനങ്ങൾക്കു പിന്നിൽ, വഴിതെറ്റിയ ബാല രതി? പെരുമാറ്റ മര്യാദയുടെ അവസാനവാക്കെന്നൊക്കെ ഞങ്ങൾ അഭിമാനിച്ചിരുന്ന (ഞാൻ ഒരിക്കൽ അവളുടെ ഇന്ദ്രപ്രസ്ഥം വസതിയിൽ വഴുക്കി വീണപ്പോൾ യുധിഷ്ഠിരൻ ഉൾപ്പെടെ പാണ്ഡവർ പൊട്ടിച്ചിരിച്ചു പാഞ്ചാലി കരുതലോടെ ഓടിവന്നെന്നെ കൈ പിടിച്ചുയർത്തി, ആ ഓർമ്മ ഒരു സാന്ത്വനമായിരുന്നു ഏറെക്കാലം) ബാലരതിയുടെ വസ്തുനിഷ്ഠ വിവരണം ഞങ്ങൾ കേട്ടത് കുന്തിയിൽ നിന്നായിരുന്നു. പാഞ്ചാലിയുടെ ആരാധകരായ ഞങ്ങൾ വേദനയോടെ തല താഴ്ത്തി. അധികാരശ്രേണിയിൽ കുരുവംശം സാമന്തപദവിയിലായതുകൊണ്ടു ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി വന്നപ്പോൾ ഞങ്ങൾ അണിയിച്ചിരുന്ന തിരുവസ്ത്രം പ്രതിഷേധസൂചകമായി ഊരുന്ന നടപടിക്രമത്തെയാണ് നിങ്ങൾ വസ്ത്രാ

ക്ഷേപമെന്ന തെറ്റായി അടയാളപ്പെടുത്തിയത് തിരുവസ്ത്രമുരുന്നതു അംഗീകൃത ശിക്ഷാ നടപടിയായി കാണാൻ ഭീഷ്മർ അധ്യക്ഷനായ ചൂതാട്ടസഭക്കായെങ്കിലും, നിങ്ങൾ മാത്രമാണതിനെ പാഞ്ചാലിക്കു മേൽ 'അപരിഷ്കൃതകൗരവരുടെ അവഹേളനം' എന്ന് പറയാൻ ധൈര്യപ്പെട്ടത്. സൗന്ദര്യപരിപാലനം ഒരു ലൈംഗികചൂഷണോപാധിയായി ദുരുപയോഗം ചെയ്യുന്ന ആർക്കും ഈ ശിക്ഷാനടപടി ബാധകമായിരിക്കും. നിങ്ങൾ ഉൾപ്പെടെ."

2019/02/18

"ഒന്നൊന്നായി അഞ്ചു നവജാതശിശുക്കളെയും ഇന്ദ്രപ്രസ്ഥയിൽ നിന്ന് പാഞ്ചാലയിലെ പിതൃ പരിരക്ഷണത്തിൽ എത്തിക്കുവാൻ വാശിയോടെ പാഞ്ചാലി പരിശ്രമിച്ച പോലെയാണ് ആ കാലഗണന നോക്കുമ്പോൾ അറിയുന്നത്. കുട്ടികളെ മുലയൂട്ടിയും പരിലാളിച്ചും വളർത്തുന്നതൊരു രസമായി കാണാൻ പെറ്റതള്ളക്കു ആവാഞ്ഞത് എന്തുകൊണ്ടായിരിക്കാം?" കൊട്ടാരം ലേഖിക ഇളമുറ മാദ്രീപുത്രൻ നകുലനോട്ട് ചോദിച്ചു.

"സംഘർഷഭരിതമായൊരു ബഹുഭർത്തൃത്വ ദാമ്പത്യ ജീവിതത്തിൽ, ഊഴം വച്ച് ഞങ്ങളഞ്ചുപേരിൽ നിന്നും ഗർഭം ധരിച്ച എന്നവൾ കർത്തവ്യബോധത്തോടെ അവകാശപ്പെടാറുണ്ട് അതിന്റെ പ്രയോഗിക സാധ്യതയെ കുറിച്ചൊക്കെ ഭീതിയോടെ മാത്രമേ അഞ്ചിലൊരു പങ്കാളിയെന്ന നിലയിൽ കാണാനാവൂ. ദാമ്പത്യജീവിതത്തിന്റെ വിരസദിനചര്യയും, വിവാഹബാഹ്യ സൗഹൃദങ്ങളുടെ രഹസ്യാത്മകതയുമായി ഇന്ദ്രപ്രസ്ഥത്തിൽ രാജജീവിതം ആഘോഷിക്കുന്ന പാഞ്ചാലിക്ക് തോന്നിയിരിക്കാം, പെരുമാറ്റ കാപട്യത്തിന്റെ പ്രായോജകനായ യുധിഷ്ഠിരനെ പോലുള്ളവരുമായി ദിവസത്തിൽ പല കുറി ഏറ്റുമുട്ടേണ്ടിവരുമ്പോൾ, നിഷ്കളങ്കത വിട്ടുമാറിയിട്ടില്ലാത്ത കൊച്ചുകുട്ടികളുടെ നിരന്തരസാന്നിധ്യം അവളുടെ ലോലലോലമായ മനഃസാക്ഷിയെ കുത്തിനോവിക്കുമോ."

"യുധിഷ്ഠിരകുടുംബം അതിർത്തിയിൽ എത്തിയ മുതൽ ഹസ്തിനപുരി വരെ തേരോടിച്ചതു നിങ്ങളായിരുന്നല്ലോ. ഇരുപത്തിനാലു മണിക്കൂർ കഴിഞ്ഞു പാണ്ഡവ സംഘം വനവാസത്തിനു പോവുമ്പോൾ നഗരാതിർത്തി വരെയെങ്കിലും അനുഗമിക്കാൻ തയ്യാറാവാഞ്ഞത് എന്തു കൊണ്ടാണ്?", കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു. മട്ടുപ്പാവിൽ നിൽക്കുകയായിരുന്ന അവരുടെ കാഴ്ചപരിധിയിൽ പാണ്ഡവർ നഗ്നപാദരായി വടക്കോട്ടു നീങ്ങുന്നത് തെളിഞ്ഞ പ്രഭാതവെയിലിൽ കാണാമായിരുന്നു.

"രാജസൂയ ചക്രവർത്തിപദവി വഹിക്കുന്ന യുധിഷ്ഠിരൻ കൗരവ അതിഥിയായി വരുമ്പോൾ, സാമന്ത രാജ്യത്തിലെ അംഗം എന്ന നിലയിൽ ചെയ്ത ആതിഥ്യമര്യാദ ആണോ വിമർശിക്കാൻ നിങ്ങൾ ആയുധമാക്കുന്നത്? രാജ്യാതിർത്തി മുതൽ ചൂതാട്ടസഭ വരെ, ചക്രവർത്തിയെ കൂട്ടിക്കൊണ്ടുവരുന്ന ഉത്തര വാദിത്വം കാര്യക്ഷമമായി ഞങ്ങൾ ചെയ്തു. എന്നാൽ പാണ്ഡവർ വ്യാഴവട്ടക്കാല ശിക്ഷക്കായി ഹിമാലയത്തിലേക്ക് പദയാത്ര ചെയ്യുന്നത് കുരുവംശനിയമ സംഹിതയനുസരിച്ചു 'കൗരവ അടിമ' എന്ന പദവിയിലാണ് പൗരാവകാശങ്ങൾ പിൻവലിക്കപ്പെട്ട അടിമകൾക്ക് അകമ്പടി പോവാൻ ദുര്യോധനൻ തയ്യാറായി എന്നറിഞ്ഞാൽ, ആചാര ലംഘനത്തിനു പരമോന്നതനീതിപതി ഭീഷ്മർ എന്നെ നീതിപീഠം പിരിയും വരെ മൂലയിൽ

ഇരുത്തി ശിക്ഷിക്കില്ലേ", ഇന്ദ്രപ്രസ്ഥത്തിലെ സ്വത്തുക്കൾ കണ്ടെടുക്കാൻ ഒരു സംഘം കൗരവരെ യാത്രയാക്കുന്ന തിരക്കിലായിരുന്നു ദുര്യോധനൻ.

2019/02/19

"മുഖം താഴ്ത്തി ദുര്യോധനൻ പുറത്തേക്കു പോകുന്നതു കണ്ടാണ് ഞാനിങ്ങോട്ടു കയറിയത്, വിരൽനഷ്ടത്തിൽ ഖേദം പ്രകടിപ്പിക്കാൻ വന്നതാണോ കുടില കൗരവൻ?" ആരണ്യ നിവാസ് എന്ന നിഷാദ മന്ദിരത്തിലെ ജാലകത്തിന്നരികെ ഇരുന്ന ഏകലവ്യനോട് കൊട്ടാരം ലേഖിക ഉപചാരത്തോടെ ചോദിച്ചു.

"കർണ്ണനെ അംഗരാജാവായി പുനരധിവാസം ചെയ്ത പോലെ നിന്നെയും ഒരു വിദൂരരാജ്യത്തിന്റെ നാമ മാത്ര രാജാവാക്കാം എന്ന് ദുര്യോധനൻ വാഗ്ദാനം ചെയ്തു. നിലവിൽ ഞാൻ നിഷാദരാജാവിന്റെ മകനായതുകൊണ്ട് പുതിയ രാജ്യം എന്ന നിർദ്ദേശം സ്വീകാര്യമല്ലെങ്കിൽ കുരുവംശക്ഷേമനിധിയിൽ നിന്നൊരു സംഭാവന തരാൻ ധൃതരാഷ്ട്രരെ പ്രേരിപ്പിക്കാമെന്നു അപ്പോളവൻ വാക്കുതന്നു. അതും ഹൃദയപൂർവ്വം തിരസ്കരിച്ചപ്പോൾ, എന്ത് നന്മ ചെയ്തുകൊണ്ടാണ് തള്ളവിരൽ നഷ്ടപ്പെട്ട ദുർവിധിയുമൊത്തു ഐക്യപ്പെടേണ്ടതെന്നവൻ ചോദിച്ചു. സവർണ്ണ ബ്രാഹ്മണ്യത്തെ നിങ്ങൾ വിധേയപ്പെട്ടു ജീവിക്കുന്നവരാണെന്നു, ഭാവിയിലൊരു മഹായുദ്ധമുണ്ടാവുകയാണെങ്കിൽ, ബ്രാഹ്മണദ്രോണരെ കൗരവ സർവ്വ സൈന്യാധിപനാക്കുക വഴി നിങ്ങൾ പ്രവചനം സാർഥകമാക്കുമോ എന്ന് കാത്തിരുന്ന് കാണാം എന്ന് ഉപചാരപൂർവ്വം മന്ത്രിച്ചു. ഉണക്കപ്പഴങ്ങളുടെ പൊതിയുമെടുത്തു ദുര്യോധനൻ യാത്ര പറയാതെ ഇറങ്ങിപ്പോയപ്പോൾ ആണ് തള്ളവിരലില്ലാത്ത കയ്യിന്റെ വിശേഷമറിയാൻ നിങ്ങൾ ഇങ്ങോട്ടു വരുന്നത്."

"കൗരവരാജവിധവകൾക്കൊരു കൈത്താങ്ങ്" എന്ന പദ്ധതിആനുകൂല്യങ്ങൾ നിർത്തലാക്കിയതായി പരാതിയുണ്ടല്ലോ? വിധവകൾ ഭരണകൂടത്തിന്റെ കുഴലൂത്തുകാരല്ല എന്ന തിരിച്ചറിയലിന്റെ ബലത്തിലാണോ അന്നം മുട്ടിക്കൽ? എങ്ങനെ പ്രതികരിക്കുന്നു?", മഹാറാണി പാഞ്ചാലിയുടെ കാര്യാലയത്തിന്റെ ചുമതല വഹിക്കുന്ന സഹദേവനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"പരാതിയുണ്ടാവാനിടയുണ്ട് എന്ന അറിവിൽ വസ്തുതകൾ ഞങ്ങൾ സംഭരിച്ചു. കൈത്താങ്ങു വിധവകൾക്ക് മാത്രമായിരിക്കെ, കൗരവരാജ വിധവകൾ കഴുത്തിൽ മിന്നു കെട്ടിയതോടെ 'വിവാഹിത' എന്ന പദവി നേടി. ചെലവിന് കൊടുക്കാൻ ഉത്തരവാദിത്വമുള്ള ഓരോ നവവരനും കഴിക്കുന്ന ഭക്ഷണം, പരേത ഭർത്താവിന്റെ സൈനികസേവനത്തിനു അർഹതപ്പെട്ടതാണെന്ന ബോധ്യം രുചികരമാവില്ല എന്ന് പുതു ഭർത്താക്കന്മാർ രേഖാമൂലം ഭരണകൂടത്തെ അറിയിച്ചതിനെ തുടർന്നായിരുന്നു നടപടി. ദാമ്പത്യത്തിൽ പുരോഗമന ചിന്താഗതി പുലർത്തുന്ന പാഞ്ചാലി, യുദ്ധവിധവകളുടെ പുനർവിവാഹത്തോടെ ആനുകൂല്യങ്ങൾക്ക് തടസ്സം നിൽക്കരുതെന്ന നിലപാടെടുത്തത് വെറുതെയായി."

"ഭൂരഹിത ആദിവാസികളോട് നിങ്ങൾക്കെന്താ പെട്ടെന്നൊരു ഭൂതദയ? "ഇനിയരുത് അത്താഴപ്പട്ടിണി" എന്ന കുരുവംശ ഭക്ഷ്യസുരക്ഷാ പദ്ധതി നിങ്ങൾ വാരണാവതത്തിൽ ഉത്ഘാടനം ചെയ്തതിനെ കുറിച്ച് പ്രാദേശിക ലേഖകൻ അയച്ച വാർത്ത ഇന്ന് കിട്ടി", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“കൌമാരം വരെ കാട്ടിൽ കഴിഞ്ഞ പാണ്ഡവകുട്ടികൾക്ക് കളിക്കൂട്ട് ആദിവാസികുടുംബങ്ങൾ ആയിരുന്നു. തോന്നുമ്പോൾ തോന്നുമ്പോൾ കയ്യിട്ടു വാരിത്തിന്നാൻ അന്ന് കുന്തിയുടെ കുടിലിൽ അക്ഷയപാത്രമൊന്നുമില്ല. ഒരു നേരത്തെ അന്നത്തിനു ഊട്ടുപുരയിൽ കുന്തിയും മാദ്രിയും പാടുപെടുമ്പോൾ, ആദിവാസിക്കുട്ടികൾ കെണി വച്ചും മുയലിനെ പിടിച്ചും തീൻശാല സമൃദ്ധമാക്കി. പിന്നീടവർ അഭയാർഥികളായി ഹസ്തിനപുരിയിൽ എത്തിയശേഷം, വാരണാവാതം സുഖവാസമന്ദിരം ഗൂഢപദ്ധതിയിൽ അരക്കും, മെഴുകും ചേർത്ത് കുന്തി കത്തിച്ചു. ഇതൊക്കെ മാധ്യമങ്ങൾ പതുക്കെ അറിയുന്നതേയുള്ളു. കത്തിക്കരിഞ്ഞത് പാണ്ഡവർ എന്ന വ്യാജ ആഖ്യാനമുണ്ടാക്കാൻ, കുന്തി ഇരയായി കൌശല പൂർവ്വം കണ്ടെത്തിയത് അന്നം ചോദിച്ചുവന്ന ആറംഗ ആദിവാസികുടുംബത്തെ. വിഷം കലർത്തിയ അത്താഴം അറിഞ്ഞു വിളമ്പി, ആറു പേരും മരിച്ചെന്നുറപ്പാക്കി മന്ദിരം തീയിട്ട്, തല മൂടി, കുന്തിയും മക്കളും ഭൂഗർഭ ഇടനാഴിയിലൂടെയിലൂടെ സുരക്ഷിത താവളത്തിലേക്ക് ഒളിച്ചു കടന്നു. വിവരമറിഞ്ഞ ഞങ്ങൾ ഭീഷ്മരുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്ന് തീരുമാനിച്ചു, കുരുവംശത്തിനു പാണ്ഡുവിധവ വഴി സംഭവിച്ച ഈ കൊടും പാപത്തിനു പരിഹാരമായി ആദിവാസികൾക്ക് സൌജന്യഭക്ഷ്യവിതരണം ഉടനടി.”

“നിരായുധനായി നിലത്തുവീണ അഭിമന്യുവിനെ വയറിൽ വാളിറക്കി കർണ്ണൻ കൊന്നു എന്നാണല്ലോ പരേതന്റെ പിതൃസഹോദരൻ വിലപിക്കുന്നത്?” കൊട്ടാരം ലേഖിക ചോദിച്ചു.

“യുദ്ധനീതിയുടെ ആദ്യാക്ഷരമറിയുന്ന ആരെങ്കിലും അങ്ങനെ ചെയ്യുമോ? സ്തോഭജനകമായ ഒരു പോർക്കള മരണം എന്ന് നിങ്ങൾക്ക് പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കണം എന്ന് ചോദ്യാവതരണത്തിൽ നിന്ന് വ്യക്തമല്ലേ. കൗമാരപോരാളികളെ കൊല ചെയ്യുന്ന പ്രാകൃതസിദ്ധാന്തത്തിനു പരിഷ്കൃത സമൂഹത്തിൽ സ്ഥാനമില്ലെന്ന നിലപാട് തന്നെയാണിപ്പോഴും പ്രഖ്യാപിക്കുക. പക്ഷേ, അതിനു അഭിവന്ദ്യ കർണ്ണനെതിരെ കുറ്റപത്രമെഴുതുന്നതിനോട് യോജിപ്പില്ല. ഹസ്തിനപുരി ഉന്നതതല സമ്മേളനത്തിൽ അംഗീകരിച്ച പോരാട്ട ചട്ടങ്ങളുടെ നിർദോഷമായൊരു ലംഘനമെന്നതിൽ കവിഞ്ഞു വാർത്താപ്രാധാന്യം ഇതിനില്ല. ശവസംസ്കാരത്തിൽ ഞാൻ പങ്കെടുക്കുമോ എന്നതൊരു അനുബന്ധചോദ്യമാണ് ഏറ്റവും പ്രസക്തമായ വേറൊരു ചോദ്യമാണിന്നു നമ്മെ തുറിച്ചു നോക്കുന്നത്: എവിടെ പാണ്ഡവർ? അഭിമന്യുവിനെ അപകടകരമായ പദ്മവ്യൂഹത്തിലേക്കു സ്വാർത്ഥ താൽപ്പര്യത്തോടെ വലിച്ചെറിഞ്ഞ പാണ്ഡവഭീരുക്കൾ ഏതു മാളത്തിലുണ്ടെങ്കിലും മുടിയിൽ പിടിച്ചു പുറത്തേക്കു വലിച്ചുകൊണ്ടുവരുന്നവന് , ഞങ്ങൾ യുദ്ധം ജയിച്ചു ഹസ്തിനപുരിയിലെത്തിയാൽ, യുദ്ധരത്ന പുരസ്കാരം നൽകി ആദരിക്കും.”

“മുൻമഹാറാണിമാരായ ഗാന്ധാരിയും കുന്തിയും അമ്മദൈവങ്ങളായാണ് ഹസ്തിനപുരിയുടെ പൊതുമനസ്സിൽ കുടികൊള്ളുന്നത്, അവരുടെ വ്യക്തിത്വം അത്രമേൽ മാതൃബിംബങ്ങളായി. എന്നാൽ അഞ്ചു പ്രസവിച്ചിട്ടും, അഞ്ചു ഭർത്താക്കന്മാർക്ക് ദാമ്പത്യസേവനദാതാവായിട്ടും നിങ്ങളെ ഇവിടെ ആരും ഒരു അമ്മയായി

കാണാത്തത് എന്തു കൊണ്ടാണ്? ഒരു കന്യകാപരിവേഷത്തിലാണിപ്പോഴും പാഞ്ചാലിയെന്ന നാമം ഉച്ചരിക്കപ്പെടുന്നത്?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"അജ്ഞാതവാസത്തിനു തയ്യാറെടുക്കുമ്പോൾ സ്ത്രൈണത എത്രയൊക്കെ മനുഷ്യപ്രയത്നത്താൽ മറച്ചു വക്കാമോ അത്രയൊക്കെ ചെയ്തിട്ടും, യുവ കോമളനായൊരു സേനാപതിയെന്നിൽ അനിയന്ത്രിതമായ ആരാധനയോടെ പ്രണയാഭ്യർത്ഥന ചെയ്തിരുന്നു. അഞ്ചു പെറ്റവളാണ് ഞാനെന്നും, പായിൽ കൂടെ കിടക്കുന്ന അഞ്ചു ആണുങ്ങളെ ദശാബ്ദങ്ങളായി രമിപ്പിക്കാൻ രാവേറെ ചെല്ലും വരെ പ്രയത്നിക്കുന്നവളാണ് ഞാനെന്നും അവനെ നിരുത്സാഹപ്പെടുത്താൻ ഞാൻ പറഞ്ഞു നോക്കി. അപ്പോളവൻ മുമ്പിൽ മുട്ടുകുത്തി ഇരുകൈകളും എന്റെ അരക്കെട്ടിൽ ചുറ്റി മുഖമമർത്തി കേണു, ആ കഥകളൊക്കെ ഞാൻ തള്ളിക്കളയുന്നു. അമ്മയേക്കാൾ പ്രായമുള്ളവളായിരിക്കാം നീ, എന്നാൽ സങ്കൽപ്പരതിയിൽ നീയിന്നും സ്വയംവര കന്യകയാണ് കത്തിപ്പടരുന്ന പുരുഷ കാമനയിൽ നീയെനിക്കു പരിമളവാഹിയായ സൗഗന്ധികമാണ് അത്രയും കേട്ടാൽ അവനെ പിടിച്ചെഴുനേൽപ്പിച്ചു. ആ ദാഹം ശമിപ്പിക്കുകയല്ലാതെ എന്നെ നീ 'അമ്മ എന്ന് വിളിക്കു എന്നെന്റെ പെണ്ണുടലിനു പറഞ്ഞൊഴിയാ നാവുമോ', പറഞ്ഞുപറഞ്ഞവൾ ഭ്രതാതുരതയിൽ നിന്ന് പുറത്തുകടക്കുന്ന പോലെ തോന്നി. "പ്രിയപ്പെട്ടവനേ കുടിലപാണ്ഡവരുടെ ചതിയിൽ നിന്നെ ഹോമിക്കാൻ ഞാൻ നിമിത്തമായല്ലോ."

2019/02/22

"പാഞ്ചാലിയുടെ നിർദേശങ്ങളനുസരിച്ചാണ് വാസ്തു ശിൽപ്പി മായൻ ഇന്ദ്രപ്രസ്ഥംനഗര സൗധങ്ങളുടെ സർഗാത്മക ആവിഷ്കാരം ഇത്ര മനോഹരമാക്കിയതെന്നു കേട്ടിരുന്നു എങ്കിലും, വിസ്തരിച്ചു ചുറ്റി നടന്നു കണ്ടു ഹസ്തിനപുരിയിൽ കാൽ കുത്തിയ ആദ്യ കൗരവനല്ലേ? എന്തുണ്ട് ആ മോഹനനഗരിയെ കുറിച്ച് തേന്തൂറുന്ന ഓർമ?", തേരിൽ നിന്ന് ഗോപുര വാതിലിനു മുമ്പിൽ കൃത്യതയോടെ ചാടി യിറങ്ങുന്ന ദുര്യോധനനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഓർമയിൽ നിന്ന് പോകാത്തവിധം കുളിരനുഭവം തരുന്ന മനോഹരസൌധങ്ങളുടെ അത്യാധുനിക വാസ്തുശിൽപ്പസമുച്ചയം പാഞ്ചാലിയുടെ ഉടലഴകു പോലെ ചേതോഹരമായിരുന്നു. കാഴ്ചയുടെ ഉത്സവം തീർത്ത ഇന്ദ്രപ്രസ്ഥം. സൗന്ദര്യശാസ്ത്രപരമായ കൊച്ചുകൊച്ചു കൗതുകങ്ങൾ ഒപ്പം നടന്നു പങ്കിടുകയായിരുന്ന പാഞ്ചാലിക്കെന്തോ സ്ഥലജല ഭ്രമം ഉണ്ടാവുകയും മുന്നോട്ടുവച്ചകാൽ തടഞ്ഞു വീഴുകയും ചെയ്തത് എല്ലാവരെയും ഞെട്ടിച്ചു. എന്നാൽ ഭാഗ്യമെന്നു പറയട്ടെ, നിരന്തരം കായിക പരിശീലനം കൊണ്ട് നേടിയെടുത്ത പ്രതികരണ ജാഗ്രതയിൽ ഞാൻ, ആ മഹതിയെ കോരിയെടുത്തു വീഴ്ചയുടെ ആഘാതഭീഷണിയിൽ നിന്ന് രക്ഷിച്ചതായിരുന്നു. ഇരുവശങ്ങളിലും നിറഞ്ഞു കവിഞ്ഞ വിശിഷ്ടാതിഥികളുടെ കരഘോഷത്തിൽ വ്യക്തമായത് എന്നെ ആപത്തിൽ നിന്ന് രക്ഷിച്ചവൻ എന്നർത്ഥം വരുന്ന പാഞ്ചാലദേശ ഭാഷയിലെ പ്രാർത്ഥന ഉച്ചരിച്ചു, ചക്രവർത്തിയെന്ന നിലയിലുള്ള അംഗീകൃത പെരുമാറ്റച്ചട്ടത്തിൽ പെടാത്ത വിധം, കോട്ടവാതിലിനു പുറത്തു വന്നു യാത്രയാക്കി. അവളുടെ അഞ്ചോളം ഭർത്താക്കന്മാർ സ്തബ്ധരായി ഈ കാഴ്ചകളൊക്കെ നോക്കി നിന്നതാണ് തേന്തൂറുന്ന ഒരോർമ്മ."

“സ്വച്ഛ ഹസ്തിനപുരി എന്ന പ്രചാരണവുമായി നാടുനീളെ ഓടിനടക്കുന്നതിനിടയിൽ പെട്ടെന്നൊരു വനവാസമോഹം? അതോ, പരീക്ഷിത്തിന് ചെങ്കോൽ കൈമാറിയതോടെ, ആഡംബരവും അധികാരവും കൈ വെടിഞ്ഞു, പാണ്ഡവർ മുഴുനീള പരിത്യാഗികളായോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“കാടോർമ്മ കൈമാടി വിളിക്കുന്നു. പക്ഷികളും പ്രാവുകളും, കരിമൂർഖനും മുള്ളൻ പന്നിയും, നീർചാലും പുൽമേട്ടുകളും ഉള്ള കാട്ടിലായിരുന്നല്ലോ ബാല്യകൗമാരങ്ങൾ. ഇല്ലായ്മയിൽ പിച്ച വെക്കുന്ന പ്രായമായതിനാൽ, അന്നതിന്റെ ഹരിത മൂല്യമറിഞ്ഞില്ല. കുടിയേറ്റക്കാർ എന്ന നിലയിൽ കരുണയില്ലാതെ ഖാണ്ഡവവനം കത്തിച്ചു, തീ ആളിപ്പടർന്നപ്പോൾ പ്രാണഭീതിയിൽ പുറത്തു ചാടുന്ന കാട്ടുജീവികളെ ചുട്ടു കൊല്ലാൻ മാരകായുധങ്ങൾ മതിമറന്നു പ്രയോഗിച്ചു. അടിമജീവിതത്തിൽ കാട്ടിൽ കഴിഞ്ഞ വ്യാഴവട്ടക്കാലം അവമതിയിലായിരുന്നതുകൊണ്ട് അന്നും പ്രകൃതിയെ പുണരാനല്ല പ്രതിയോഗികളെ എങ്ങനെ കീഴ്പ്പെടുത്തുമെന്നായിരുന്നു ഉള്ളം മുഴുവൻ. ഇന്ന് ഞങ്ങൾ തീർത്തും നിരായുധർ മിക്കവാറും വിവസ്ത്രർ. നരിക്കും ഇഴജീവിക്കും പ്രകൃത്യാതീത ശക്തികൾക്കും എളുപ്പം ഇര”, സ്വത്തുതർക്കത്തിനുത്തരം കരൾ പിളർന്നു വേണം എന്ന യുദ്ധഭാവനയെ ഉത്തേജിപ്പിച്ച ആ ധീര പോരാളികൾ നഗ്നപാദരായി കാട്ടിലേക്ക് കാൽ വച്ചപ്പോൾ അവർക്കിത്രയും കാലം പായക്കൂട്ടായിരുന്ന പാഞ്ചാലി അപരിചിതയെ പോലെ അകലം പാലിച്ചു.

2019/02/23

“കർണ്ണനോട് ജാതിവിവേചനം കാണിച്ചതിൽ ഇപ്പോഴെങ്കിലും ഖേദം തോന്നുന്നുണ്ടോ?” കൊട്ടാരം ലേഖിക ദ്രോണാചാര്യനോട് ചോദിച്ചു. അംഗരാജാവായി കർണ്ണനെ ദുര്യോധനൻ പട്ടാഭിഷേകം ചെയ്യുകയായിരുന്ന അരങ്ങേറ്റ മൈതാനത്തിൽ ഒരു ദേശീയ ഉത്സവം പോലെ ഹസ്തിനപുരി പ്രസന്നമായിരുന്നു.

“അവൻ ‘കീഴ്ജാതി’ക്കാരനാണോ, ആകാശചാരികളുടെ ജനിതകധാരിയാണോ എന്നൊന്നും നോക്കിയായിരുന്നില്ല ശിഷ്യത്വം നിഷേധിച്ചത്, ആദ്യദർശനത്തിൽ അറപ്പു തോന്നും വിധം ശരീരത്തിൽ കണ്ട ജൈവ മാലിന്യം കൊണ്ടുമായിരുന്നില്ല. ഹ്രസ്വമായ അഭിമുഖത്തിൽ അവനെടുത്ത നിലപാടു കൊണ്ടായിരുന്നു. ഏതു സാമാന്യചോദ്യത്തോടും മുഖം തിരിക്കുന്ന ഭാവവും, സ്വയം ഒരു വിമതനാണെന്ന് സമർത്ഥിക്കാനുള്ള വെമ്പലും, ശിഷ്യത്വ നിരാകരണമുണ്ടായാൽ ‘താണജാതി’യോടു ബന്ധപ്പെടുത്തുമെന്ന ദുഃസ്സൂചനയും പിന്നിലുണ്ട്. ഭരണകൂടവിരുദ്ധ വികാരം നിറഞ്ഞ അന്നത്തെ ഭാവാവിഷ്ക്കാരമൊക്കെ വെറും പടമായിരുന്നു എന്ന് വ്യാജപട്ടം അവനു സമ്മാനിച്ച ദുര്യോധനന്റെ മുമ്പിൽ അടിമത്വം പ്രഖ്യാപിച്ചതിൽ വ്യക്തമായല്ലോ. വരുംകാലങ്ങളിലും ഈ ‘അംഗരാജ്യബഹു മതി’യിൽ മതിമറന്നുള്ള കൗരവവിധേയത്വം വ്യക്തമാവുന്ന സന്ദർഭങ്ങൾ ഉണ്ടാവുമ്പോൾ എന്നെ സമീപിക്കൂ.”

“വിമതനെങ്കിലും ബൗദ്ധികസ്വത്തല്ലേ? ശിക്ഷിക്കാൻ മാത്രം ആ യുക്തിവാദി എന്തു പാപം ചെയ്തു?”, കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“കോട്ടവാതിലിനു പുറത്തുള്ള കൽച്ചുവരിൽ കണ്ട താക്കീതുകൾ ആദ്യം അവഗണിച്ചു പിന്നെ ശ്രദ്ധിക്കാൻ തുടങ്ങിയപ്പോഴാണ്, നിങ്ങൾ പറഞ്ഞുണ്ടാക്കുന്നവിധം നിരുപദ്രവമല്ല ആ നെറികെട്ടവന്റെ രാഷ്ട്രീയആവശ്യങ്ങൾ എന്നറിഞ്ഞത് ഉു ക്കിയെടുത്തു കൊണ്ടുപോയി രഹസ്യമായി പെരുമാറി, പാണ്ഡവരെ എങ്ങനെ

അറിയാമെന്ന ചോദിച്ചപ്പോൾ പക്ഷം പറയുകയല്ല ഉദ്ദേശ്യമെന്നും, സാമൂഹ്യതിന്മ യായ ചൂതാട്ടം രാജമുദ്രയിലൂടെ നിയമവിരുദ്ധമെന്ന് പ്രഖ്യാപിക്കണമെന്നും ധാർ ഷ്ട്യത്തോടെ ആവശ്യപ്പെട്ടു. ഞെട്ടി ഞങ്ങൾ മൗനം പാലിച്ചപ്പോൾ, ധൈര്യം സം ഭരിച്ചു അവൻ കടുപ്പിച്ചു പറഞ്ഞു, മുൻകാലപ്രാബല്യത്തോടെ വേണം നിരോധനം. ധൃതരാഷ്ട്രർ ഒപ്പിട്ടാൽ ചൂതാട്ട തലേന്നെങ്ങനെയൊ അങ്ങനെയാവും പാണ്ഡവ ജീ വിതം. എന്ന് പറഞ്ഞാൽ, പൗരാവകാശങ്ങളും സ്ഥാവരജംഗമ സ്വത്തുക്കളും ഇന്ദ്ര പ്രസ്ഥം ചക്രവർത്തി പദവിയും, കൂട്ടത്തിൽ നഷ്ടപരിഹാരവും തിരിച്ചു കിട്ടും. കുരു വംശത്തെ കുളംതോണ്ടുന്ന ഇത്തരം ആവശ്യവുമായി വന്ന ചാർവാകനു ഞങ്ങൾ മാതൃകാപരമായി ശിക്ഷ വിധിച്ചു-വെളിയിട വിസർജ്ജനം ചെയ്യുന്ന കൗരവരാജ സ്ത്രീകളുടെ ജൈവ മാലിന്യം വിശപ്പുള്ള പന്നിക്കുട്ടികളുമായി വന്നു അന്നന്ന് വൃത്തി യാക്കണം. വീഴ്ച വരുത്തിയാൽ പന്നികൾ ചെയ്യേണ്ടത് ചാർവാകൻ ചെയ്യേണ്ടിവ രും. മഹാ ബ്രാഹ്മണനല്ലേ, ജാതിയിൽ താണ ഞങ്ങൾ ക്ഷത്രിയരെ വധിക്കാൻ പാടില്ലല്ലോ."

2019/02/24

"ബലം പ്രായോഗിച്ചുവേണോ അർജ്ജുനനെ കുളിപ്പിച്ചെടുക്കാൻ?", കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"ഒരിക്കൽ നീന്തിക്കുളിച്ചിരുന്ന ഈ ശുദ്ധജലാശയം ഇപ്പോൾ അവനെ ഭയ പ്പെടുത്തുന്നു. വെള്ളത്തിലിറങ്ങി, ആഴങ്ങളിലേക്ക് ഞാനവനെയൊന്നുന്തിയിട്ടാൽ അരുതേ, അതിനടിയിൽ നാഗരാജ്യത്തിൽ നിന്നു എന്നെ വലിച്ചു കൊണ്ടുപോ വാൻ ഉലൂപി വരുന്നു എന്ന് വാവിടും. അങ്ങനെ ഒരു പ്രണയാനുഭവം അരനൂറ്റാ ണ്ട് മുമ്പുണ്ടായതല്ലേ എന്ന് ചോദിച്ചപ്പോൾ ഒന്നും ഓർമ്മിപ്പിക്കരുതേ എന്നോർമ്മി പ്പിക്കുന്നു. കുളത്തിലിറങ്ങേണ്ട, കൽപ്പരപ്പിലിരുന്നാൽ ശിരസ്സിൽ ജലധാര ചെയ്യാ മെന്നു പറയുമ്പോൾ, എവിടെ എന്നെ എന്നും തേച്ചുകുളിപ്പിച്ചിരുന്ന സുഭദ്ര എന്ന വൻ പകച്ചു നോക്കുന്നു. അവളോടൊത്തു നീന്തിക്കുളിച്ചതൊക്കെ തിരിച്ചു വരുന്നു എന്ന് വിതുമ്പുന്നു. അഭിമന്യു മരിച്ചതോടെ സുഭദ്ര ദ്വാരകയിലേക്കു തിരിച്ചുപോയി ല്ലേ അർജ്ജുനാ എന്ന് ഓർമ്മിപ്പിക്കുമ്പോൾ എന്നെ നീ അനാഥനാക്കിയോ പ്രിയ സുഭദ്രാ എന്ന് പൊട്ടിക്കരയുന്നു. ഇത് വിഷാദരോഗത്തിന്റെ തുടക്കമാണെന്നു പാ ഞ്ചാലി രോഗനിർണ്ണയം ചെയ്യുന്നു. രോഗം പിടിവിടും മുമ്പ് അവനെ കാട്ടിലേക്ക യക്കാമെന്നു പാഞ്ചാലി നിർദേശിച്ചപ്പോൾ. അവളെ ആദ്യം വനവാസത്തിനാക്കു, ചെന്നായയും കരിമ്പൂച്ചയും തിന്നു എല്ലിൻകൂട് മാത്രമാവുമ്പോൾ മതി എന്റെ ജീവി താന്ത്യം എന്ന് അർജ്ജുനൻ ക്രുദ്ധനാവുന്നു." ഭീമൻ കൊട്ടാരം ലേഖികയോട് സം സാരിക്കുമ്പോൾ, മാരകായുധങ്ങൾ വജ്രാഭരണങ്ങൾ പോലെ അലങ്കാരമായി ഒരി ക്കൽ കൊണ്ടു നടന്നിരുന്ന അർജ്ജുനൻ ഒരു കൊച്ചുകുട്ടിയെ പോലെ അഭിമന്യുവി നോട് സല്ലപിച്ചു കൊണ്ടിരുന്നു.

2019/02/25

"വനവാസക്കാലത്തും അജ്ഞാതവാസക്കാലത്തും നിങ്ങൾ എല്ലാവരോടും വി നയപൂർവ്വം പെരുമാറുന്ന അപൂർവ്വ സാഹചര്യം ഉണ്ടായിരുന്നു എന്നതൊക്കെ ശരി

തന്നെ. കൗരവഅടിമയെന്ന പദവിയിൽ വേറെ തരമുണ്ടായിരുന്നില്ല. എന്നാൽ യുദ്ധജേതാവായി ഹസ്തിനപുരിയുടെ അധികാരമേറ്റെടുത്തിട്ടും, ദുര്യോധനവിധവ കാര്യം കാണാൻ മുട്ടിൽ ഇഴഞ്ഞു നിവേദനം നീട്ടുമ്പോൾ, നിങ്ങൾ ഉപചാരപൂർവ്വം എഴുന്നേറ്റുനിന്നു അവരെ സ്വീകരിക്കുന്നതിന്റെ ഔചിത്യം വ്യക്തമല്ല." കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ട് ചോദിച്ചു.

"സംശയരോഗിയായ നിങ്ങൾ ഒരുപക്ഷേ, അനുമാനിക്കും, എന്നെക്കാൾ വിനയപൂർവ്വം പെരുമാറുന്ന വേറൊരാൾ ഈ ലോകത്തുണ്ടാവാൻ പാടില്ല എന്ന നിർബന്ധം എനിക്കുണ്ടെന്ന്. എന്നാൽ വാസ്തവം മറ്റൊന്നാണ് രാജ്യസ്നേഹിയായ ദുര്യോധനൻ ഹസ്തിനപുരിയുടെ അഖണ്ഡതക്കു വേണ്ടി കുരുക്ഷേത്രയിൽ ജീവൻ ബലിദാനം ചെയ്യുന്നതിന് ഞാൻ ദൃക്സാക്ഷിയാണ്. അടിമയായിരുന്ന എന്റെ ഉടയോൻ എന്ന നിലയിൽ ഞങ്ങളുടെ വനവാസക്കാലജീവിതം ദുരിതമയമാക്കി എന്നതൊന്നും പക്ഷേ, ദുര്യോധനവിധവക്കറിയില്ലല്ലോ. അർദ്ധസഹോദരപത്നി എന്ന നിലയിൽ എനിക്ക് മാതൃതുല്യയുമാണ്. കുരുക്ഷേത്രവിധവ എന്ന നിലയിലാവട്ടെ, സാമൂഹ്യമായി സവിശേഷ പരിഗണന കിട്ടേണ്ട മഹദ് വ്യക്തി. പാണ്ഡവാഭരണ കൂടത്തിന്റെ നടപടിക്രമമനുസരിച്ചു കുടിയൊഴിക്കപ്പെട്ട ദുര്യോധനവിധവയും മറ്റു കൗരവരാജ സ്ത്രീകളും ഇന്ന് ധാന്യവും വെള്ളവും ഇല്ലാതെ കഷ്ടപ്പെടുമ്പോൾ, മഹാരാജാവ് എന്ന നിലയിൽ ഞാൻ നിവേദനം സ്വീകരിക്കുമ്പോഴെങ്കിലും വിനീതഭാവം പ്രകടിപ്പിക്കുന്നില്ലെങ്കിൽ, ധർമ്മപുത്രർ എന്ന അപൂർവ്വ ബഹുമതിക്കു ഞാൻ അയോഗ്യനാവില്ലെ? ആവിഷ്കാര സ്വാതന്ത്ര്യത്തിനു അതിരുകളില്ലാത്ത സമൂഹമാണിതെന്നു ഇതിനിടയിൽ ഞാൻ നിങ്ങൾക്കുറപ്പു തരുന്നു. ഓരോ തവണ കോട്ടക്കകത്തെ തിണ്ണനിരങ്ങി തിരിച്ചു 'ഹസ്തിനപുരി പത്രിക' കാര്യാലയത്തിലേക്കു പോവുമ്പോഴും, ഓരോ കെട്ട് അരമനരസ്യങ്ങൾ നിങ്ങൾക്ക് കിട്ടട്ടെ എന്നാശംസിക്കുന്നു."

"ഭർത്താവ് കളിയിൽ തോറ്റാൽ ഭാര്യ അടിമയാവുമോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു.

"ചൂതാട്ടവുമായി എനിക്ക് ബന്ധമില്ല. സംഘടിത ലൈംഗികാക്രമണവും മാനനഷ്ടവും ചൂതാട്ടസഭയിൽ എനിക്കുനേരെയുണ്ടായി. കൗരവരാണോ പാണ്ഡവരാണോ, ഇരുകൂട്ടരും ചേർന്നതാണോ, എന്നതിപ്പോൾ തർക്കവിഷയമാണെന്നറിയുന്നു. വാക്കാൽ ഞാൻ ഇരുകൂട്ടരോടും പ്രതിഷേധിച്ചപ്പോൾ, പ്രതിരോധത്തിലായ അക്രമികൾ സ്വാധീനമുപയോഗിച്ചു എന്റെ പൗരാവകാശങ്ങൾ നീക്കം ചെയ്തിരിക്കുകയാണ് ഫലത്തിൽ ഞാനിന്ന് അടിമ. നൂറ്റാണ്ടുകളായി ഹസ്തിനപുരിയിൽ കാര്യക്ഷമമായ ഒരു നീതിന്യായവ്യവസ്ഥ ഉണ്ടെന്ന ഉത്തമ ബോധ്യത്തിൽ ഞാൻ ഒരവസരം കാത്തിരിക്കും. അതിനിടയിൽ പ്രശ്നമാവുക, സത്യവതിയുടെ കാലത്തു കൂട്ടിച്ചേർത്ത ഒരു വകുപ്പനുസരിച്ചു ഇരയുടെ പേരു പൊതുസമൂഹം അറിയരുത് പാഞ്ചാലിയാണ് ഇര എന്ന് ലോകം അറിയില്ലെങ്കിൽ, പിന്നെ ഐതിഹാസികമാനമുള്ള ഈ നീതിന്യായ വിചാരണക്കെന്തു ആഗോള താൽപ്പര്യം? വിചിത്രവീര്യന്റെ യുവവിധവകളായിരുന്ന അംബികയെയും അംബാലികയെയും, സത്യവതിയുടെ രഹസ്യ പുത്രൻ വ്യാസൻ ബലാൽസംഗം ചെയ്തതിനെക്കുറിച്ചുള്ള അരമന വിഴുപ്പ് അങ്ങാടിപ്പാട്ടാവാതിരിക്കാൻ ഭീഷ്മർ കൗശലപൂർവ്വം കൊണ്ടുവന്ന നിയമഭേദഗതി എനിക്കിപ്പോൾ നീതിവഴിയിൽ തടസ്സമായി. ഏതുവിധത്തിൽ 'ഹസ്തിനപുരി പത്രിക'ക്ക് എന്നെ തുണക്കാനാവും?"

2019/02/26

"സന്യസ്ഥർക്ക് സേവനം എന്ന ദൗത്യമാണ് അടിമ പാണ്ഡവർക്ക് ഉടയോൻ ദുര്യോധനൻ വിധിച്ചത് പരിത്യാഗികളായി, ഈ ഹിമാലയ താഴ്വരയിൽ കഴിയുന്ന നിങ്ങളുടെ ഭൗതികാവശ്യങ്ങൾ നിറവേറ്റാനൊക്കെ അവർ നിത്യവും ഈ വഴി വരാറില്ലേ?" പാണ്ഡവർ ശിക്ഷ അനുഭവിക്കുന്ന ഹിമാലയ താഴ്വരയിലെ ഒരു കൂട്ടം സന്യാസാശ്രമങ്ങളുടെ കാര്യദർശിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു. അംഗപരിമിതനായ ആ യുവാവ് ജാലകത്തിന്നരികെ ജാഗ്രതയിലായിരുന്നു.

"കണ്ടാലൊരു ദേവസ്ത്രീയെ പോലെ തോന്നുന്ന പാഞ്ചാലി നിത്യവും വന്നു കാര്യക്ഷമമായി മാലിന്യം നീക്കമെങ്കിലും, പാണ്ഡവർ പതിവ് സന്ദർശകർ അല്ല. നകുലൻ ആദ്യമൊക്കെ വരുമായിരുന്നു. സന്യസ്ഥരിൽ ആരാണ് ദുര്യോധനന്റെ മുഖ്യ ചാരൻ എന്നയാൾക്ക് അറിയാമെന്നു പെരുമാറ്റത്തിൽ തോന്നിയപ്പോൾ, ഞങ്ങൾ രഹസ്യയോഗം ചേർന്ന് തീരുമാനമെടുത്തു. അങ്ങനെ അയാളുമായി സംസർഗ്ഗം നിർത്തി വിവരം അറിയിക്കേണ്ടവരെ നടപടിക്രമമനുസരിച്ചു രഹസ്യപദാവലിയിലൂടെ അറിയിച്ചു. ഉടയതമ്പുരാൻ ദുര്യോധനനുണ്ടോ ഇതൊക്കെ അറിഞ്ഞാൽ അടങ്ങുന്നു, ആശ്രമങ്ങളിൽ നിന്ന് ജൈവമാലിന്യശേഖരണം തുടർന്നും പാഞ്ചാലിയുടെ ചുമതല തന്നെ ആണെങ്കിലും, അന്തരീക്ഷ മലിനീകരണമില്ലാതെ ആഴത്തിൽ കുഴിച്ചു മൂടേണ്ട പണി നകുലനു നൽകി ഹസ്തിനപുരിയിൽ നിന്ന് ഉത്തരവായി. ഇപ്പോൾ ഞങ്ങളെ തടാകതീരത്തു കണ്ടാൽ നകുലൻ പല്ല് ഞെരിക്കുന്നത് കാണാം. പാണ്ഡവർ അധികാരം പിടിച്ചടക്കിയാൽ മതേതര രാജ്യമായി ഹസ്തിനപുരിയെ ഔദ്യോഗിക മായി പ്രഖ്യാപിച്ച്, ആചാരണസംരക്ഷണരാഷ്ട്രീയം കളിക്കുന്ന സന്യസ്ഥ ആശ്രമങ്ങൾക്ക് സൗജന്യ ധാന്യസഹായവും ദേഹസുരക്ഷയും നിർത്തുമെന്ന് ഭീഷണിപ്പെടുത്തും. ഭൂമിയിലെ സൗഭാഗ്യങ്ങൾ എല്ലാം ഉപേക്ഷിച്ചു ഈ പ്രപഞ്ചം ആരെന്തിനു വേണ്ടി സൃഷ്ടിച്ചു എന്നറിയാൻ വേണ്ടി ഹൃദയാന്ത രാളങ്ങളിലേക്കു നോട്ടം പതിപ്പിക്കുന്ന ഞങ്ങളെ പീഡിപ്പിക്കാൻ എന്തിനു പ്രകൃതി ഈ പാപി പാണ്ഡവ ജന്മങ്ങൾക്കു പിറവി നൽകി."

2019/02/27

"പോർക്കളത്തിൽ പരതി അവിടെയൊന്നും നിങ്ങളെ കാണാതെ വന്നാൽ, ഭീമനും കൂട്ടരും കറങ്ങിച്ചുറ്റി വെള്ളത്തിൽ കഴുത്തറ്റം മുങ്ങിക്കിടക്കുന്ന നിങ്ങളെ പിന്നിൽ നിന്ന് പതുങ്ങിവന്നു മുടിയിൽ വലിച്ചു പൊക്കും എന്നൊക്കെ ദശാബ്ദങ്ങളോളം കൊമ്പു കുലുക്കി പരിചയമുള്ള നിങ്ങൾക്കറിയാമായിരുന്നില്ലേ?", തുടയിൽ ഭീമഗദാപ്രഹരമേറ്റ ചളിയിൽ വീണ ദുര്യോധനൻ, അടുത്ത് ആരോരുമില്ലാതെ കിടന്നു മോങ്ങുമ്പോൾ കൊട്ടാരം ലേഖിക ചോദിച്ചു.

"അഭിമന്യുവിന്റെ മരണം ഇത്രവലിയ അഭിമാന പ്രശ്നമാവു മെന്നാരോർത്തു? പദ്മവ്യൂഹത്തിൽ അവനെ ഞങ്ങൾ വളഞ്ഞിട്ടു കൊന്നപ്പോൾ കരുതി, അതോടെ പാണ്ഡവരുടെ ആവി പോവുമെന്ന്. ഈ ജലാശയത്തിലെ സ്വകാര്യതയിൽ ഭാവിപരിപാടി ആസൂത്രണം ചെയ്തിരുന്ന എന്നെ വലിച്ചു കരയിൽ കേറ്റി പാഞ്ചാലിയുടെ മുമ്പിൽ വച്ച് തുടയിൽ അവൻ അടിച്ചു വീഴ്ത്തി. പാണ്ഡവരെ തിരിച്ചടിക്കാനുള്ള

എന്റെ അവകാശം ഞാൻ ഏതുവിധവും നിലനിർത്തും", കുരുക്ഷേത്രയിലെ കുറ്റിക്കാടുകളിൽ നിന്നെത്തിയ കഴുകനും കുറുനരിയും ഇരയെ ക്ഷമയോടെ നോക്കിക്കൊണ്ടിരുന്നു

2019/02/28

"എവിടെ നകുലൻ? ഭരണകൂടവക്താവ്?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഔദ്യോഗികവക്താവിന്റെ പ്രധാനകാര്യാലയത്തിൽ ജോലി ചെയ്യുന്നവരിൽ ഒരാളാണ് ഞാൻ. എന്നെയാണ് നിങ്ങൾ വിവരം തേടി ഇന്നുമുതൽ കാണേണ്ടത് നിലവിലുള്ള വിവരാവകാശ ചട്ടങ്ങൾ പരിഷ്കരണത്തിന് വിധേയമായതോടെ, പുതിയ നടപടിക്രമമനുസരിച്ച് നിങ്ങൾ രേഖാമൂലംകളുസമർപ്പിക്കുന്ന അപേക്ഷ ഞങ്ങൾ ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്കു എത്തിച്ചു കൊടുക്കും. വിവരം കിട്ടുമ്പോൾ കൈമാറും. അതല്ലാതെ, വനവാസക്കാലത്തെ അനൗപചാരിക സൗഹൃദബന്ധങ്ങളെ ദുരുപയോഗം ചെയ്തു, തോന്നുമ്പോൾ കയറി ഭരണകൂട താൽപ്പര്യങ്ങൾ നോക്കാതെ, ഓരോന്ന് കുത്തിക്കുത്തി ചോദിച്ചു സമയം മെനക്കെടുത്തുന്ന സമ്പ്രദായത്തിന് മുമ്പിൽ എന്നെന്നേക്കുമായി കറുത്ത തിരശ്ശീല വീണു. വിവരമറിയാൻ നിങ്ങൾ നേരിട്ടിവിടെ വരുന്നതിനും ഞങ്ങളുടെ പ്രോത്സാഹനമില്ല. പനയോലയിൽ, തെളിഞ്ഞ അക്ഷരത്തിൽ നാരായം കൊണ്ടെഴുതിയ വിവരാവശ്യം 'ഔദ്യോഗിക പാണ്ഡവ ഭരണകൂട ഔദ്യോഗിക വക്താവിന്റെ മുഖ്യ കാര്യാലയം, അതീവ സുരക്ഷാ മേഖല, കൊട്ടാരസമുച്ചയം (മുൻ ദുര്യോധനവസതി) കോട്ടയ്ക്കകം ഹസ്തിനപുരി' എന്ന് മേൽവിലാസമെഴുതി സന്ദേശവാഹകൻ വഴി അയക്കണം. താങ്കൾക്ക് ശുഭദിനം."

"അല്ല പാലിനിപ്പോൾ അത്ര ക്ഷാമമുണ്ടോ നാട്ടിൽ? ഹസ്തിനപുരിയിൽ നിന്ന് ഇക്കണ്ട ദൂരമത്രയും പാടുപെട്ടു വിരാടയിൽ വന്നു വേണോ പത്തു പശുക്കളെ മോഷ്ടിച്ച് നാട്ടിലേക്ക് കടത്താൻ?" കൊട്ടാരം ലേഖിക കൗരവ വക്താവിനോട് ചോദിച്ചു.

"അക്ഷരാർത്ഥത്തിൽ എടുക്കുമോ യുദ്ധതന്ത്രത്തിലെ ആലങ്കാരികങ്ങൾ? പറഞ്ഞുവന്നാൽ, പശു ഒരു പടം മാത്രം. അജ്ഞാതവാസക്കാലത്തു പാണ്ഡവർ വിരാട രാജധാനിയിൽ ഒളിവിലാണെന്നറിഞ്ഞു കൊണ്ടേറ്റെടുത്ത മിന്നലാക്രമണമായിരുന്നു. പാണ്ഡവരിലൊരാളെങ്കിലും വിരാടപശുക്കളെ രക്ഷിക്കാൻ ആയുധമെടുത്തു ഞങ്ങൾക്ക് നേരെ തിരിഞ്ഞാൽ, കൗരവരും കർണ്ണനും ചേർന്ന് പാണ്ഡവനെ ബന്ദിയാക്കി വില പേശി പല കാര്യങ്ങളും പാണ്ഡവരിൽ നിന്ന് നേടിയെടുക്കാനായിരുന്നു ഉന്നം. പക്ഷേ, വിരാട രാജകുമാരനു മൊത്തു യുദ്ധം ചെയ്യാൻ വന്നത് മൂന്നാം ലിംഗക്കാരിയായ ഒരു യോദ്ധാവായിരുന്നു. അമ്പെയ്യുന്ന രീതി കണ്ടപ്പോൾ 'അർജ്ജുനൻ' എന്ന് കർണ്ണൻ സംശയിച്ചെങ്കിലും, അർജ്ജുനൻ അത്ര വേഗം മൂന്നാം ലിംഗമാവാൻ സാധ്യമല്ലെന്നു ഭീഷ്മർ കൽപ്പിച്ചു. ലിംഗപദവി എന്തായാലും, അസാധ്യ പോരാളി ഒറ്റയ്ക്ക് ഞങ്ങളെ മുട്ടുകുത്തിച്ചു. ഞങ്ങൾ ആയുധം വച്ച് കീഴടങ്ങേണ്ടി വന്നു. അതിലും ഒരു മിന്നൽപിണർ ഞങ്ങൾക്കുണ്ടായി. ശുദ്ധമണ്ടനായ വിരാടൻ, വിജയ ലഹരിയിൽ ഞങ്ങൾക്ക് പൊതുമാപ്പ്തന്നതോടെ ഞങ്ങൾ ഹസ്തിനപുരിയിലേക്കു മന്ദം മന്ദം മടക്കയാത്ര തിരിച്ചു."

"മൊത്തം പാണ്ഡവപരിവാരം കൂടെ വേണോ, ഒരൊറ്റ കൗരവനെ ഗദകൊണ്ടടിച്ചു കൊല്ലാൻ?" കൊട്ടാരം ലേഖിക ചോദിച്ചു.

"ശത്രു ഇപ്പോഴും ഒളിവിലല്ലേ? കഴുത്തറ്റം മുങ്ങി ക്കിടക്കുന്നവനെ തടാകത്തിൽ നിന്ന് കൗശലത്തോടെ പിന്നിൽ നിന്ന് മുടിയിൽ പിടിച്ചു വേണ്ടേ വലിച്ചു കരയടുപ്പിക്കാൻ? ദ്രവരൂപത്തിലുള്ള ലഹരി കൃത്യം അളവിൽ വായിൽ ഒഴിച്ച് തരാൻ തൊട്ടുപിന്നിലു ണ്ടാവും മൺകുടവുമായി വിശ്വസ്ത മാദ്രിപുത്രൻ സഹദേവൻ. വലിഞ്ഞു നടക്കുന്ന വഴിയിൽ ചതിക്കുഴി കളില്ലെന്നുറപ്പിക്കുവാൻ, കുറച്ചു നേരത്തെയിറങ്ങില്ലേ ഇളമുറ നകുലൻ? മാരക ഗദാപ്രഹരമേറ്റ നട്ടുവൊടി ഞ്ഞു ദുര്യോധനൻ മണ്ണിൽ വീണാൽ, ഇരയുടെ അരികെ ചെന്ന് സാന്ത്വനത്താൽ പുഷ്പാർച്ചന ചെയ്യാൻ യുധിഷ്ഠിരൻ ജാഗ്രതയോടെ ഉണ്ടല്ലോ ഒപ്പം? യുദ്ധരംഗത്തി ലെന്റെ ഗദാ മികവറിയാൻ തക്ഷശിലാ വിദ്യാർത്ഥി സംഘവുമൊത്തുണ്ടാവും അർജ്ജുനൻ. പ്രതീക്ഷാ നിർഭരമായ കോമളമുഖഭാവങ്ങളോടെ എന്നിൽ പ്രണയവാത്സല്യങ്ങളുണർത്തുന്ന പാഞ്ചാലിയൊപ്പമുണ്ടെങ്കിൽ മാത്രമേ ചൂതാട്ടസഭയിലെ ഭീമപ്രതിജ്ഞയുടെ ആഴങ്ങൾ ഇതിഹാസത്തിൽ പ്രതിഫലിക്കൂ. ലോകജനതയെ പോർക്കള സാക്ഷിമൊഴിയിലൂടെ അറിയിക്കുവാൻ കല്ലും മുള്ളും ചവിട്ടി എന്നോടൊപ്പം കൂട്ടം ചേർന്ന് നടക്കുന്ന കൊട്ടാരം ലേഖികയുടെ കാഴ്ചപ്പാടിൽ ഈ ഐതിഹാസിക ദ്വന്ദയുദ്ധം വായിച്ചറിയാൻ ജീവനോടെ ഉണ്ടാവുക ദുര്യോധനനോ ഭീമനോ? പ്രകൃതി തീരുമാനിക്കട്ടെ."

2019/03/01

"അവസാനത്തെ അത്താഴം കണ്ടിരുന്നോ?", ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"വിളമ്പാൻ ഞാനും കുന്തി ക്കൊപ്പം കൂടി. പേടമാ നിറച്ചി പൊരിച്ചത് ഇടനേരത്തു ആരുമറിയാതെ അകത്താക്കിയത് കൊണ്ട്, ഭാഗ്യം, കുന്തി തയ്യാറാ ക്കിയ അത്താഴം രുചിക്കാൻ അപ്പോൾ തോന്നിയില്ല, കുന്തിച്ചിരുന്നു ആദിവാസി കുടുംബം കൂട്ടായ്മയോടെ ഭക്ഷണം കഴിക്കുന്നത് കാണാൻ മങ്ങിയ വെളിച്ചത്തിലും കൗതുകമുണ്ടായിരുന്നു. വിഭവങ്ങൾ ഓരോന്നെടുത്തു തിരിച്ചും മറിച്ചും നോക്കി വായിലിട്ടും, രുചിയനുഭവം മുഖഭാവങ്ങളോടെ പങ്കിട്ടും, സമൃദ്ധമായി തലകുലുക്കി രുചി ആസ്വദിച്ചും കൈ കഴുകും മുമ്പ് തന്നെ ഒന്നൊന്നായി കുഴഞ്ഞു വീണു. പ്രഥമശുശ്രൂഷയ്ക്കൊന്നും സമയം കളയാനില്ലെന്നു കുന്തി ചൂണ്ടു വിരൽ ചുണ്ടുകൾക്ക് കുറുകെ വച്ച് കർശനമായി ഓർമ്മിപ്പിച്ചു. അതോടെ ഞങ്ങൾ അകാരണഭീതിയോടെ ധൃതിപിടിച്ചു. എന്നിട്ടും പതറാതെ അർജ്ജുനൻ കാര്യക്ഷമമായി ചുറ്റും പതുങ്ങി പുറത്തെ അന്തരീക്ഷം ശ്രദ്ധിച്ചു. കുന്തിയുടെ കിടിലൻ (അതോ കുടില?) പദ്ധതിയനുസരിച്ച് അരക്കില്ലം പല ഭാഗങ്ങളിൽ തീയിട്ടു. നരിച്ചീറുകളും ഇഴജീവികളും നിറഞ്ഞ ഭൂഗർഭഇടനാഴിയിലൂടെ ജീവനും കൊണ്ട് ആ രാത്രി ഒളിച്ചോടിയതെല്ലാം, തിരിഞ്ഞു നോക്കുമ്പോൾ, ഇന്നൊരുമായക്കാഴ്ച."

"ഊട്ടുപുരകളൊക്കെ ഉഷാറിലല്ലേ? ശുചിമുറികൾ ഒന്നിലധികം, വെളിയിട വിസർജ്ജനവും ഒഴിവായല്ലോ, എന്നിട്ടും തീരുന്നില്ല പ്രതിഷേധം?" കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു.

"പരേത കൗരവരുടെ പട്ടടയിൽ പുക കെട്ടില്ല, തുടങ്ങി ദുര്യോധന നിന്ദ. കേട്ടാൽ കരൾ പൊള്ളില്ലേ. ഹസ്തിനപുരിയെ കുടിലകൗരവരിൽ നിന്ന് മോചിപ്പിക്കാൻ ആയിരുന്നു കുരുക്ഷേത്രയെന്ന കള്ളപ്രഖ്യാപനവുമായി പാണ്ഡവർ നഗ

രകേന്ദ്ര ങ്ങളിൽ വചനപ്രഘോഷണമാണ് ചിലതൊക്കെ നിങ്ങളും കാണാറുണ്ട ല്ലോ. കൊട്ടാരസമുച്ചയത്തിലെ ദുര്യോധനവസതി അവർ ചാരകാര്യാലയമാക്കി യതിലൊരു കൗരവ നിന്ദയുണ്ട്. സ്വത്തുതർക്ക പരിഹാരത്തിന് കൗരവർ നയത ന്ത്രം പരീക്ഷിക്കുമ്പോൾ, കായികബലമാണ് കാര്യം എന്ന് പ്രഖ്യാപിച്ച പാണ്ഡവർ ആയുധമെടുത്തു. ജീവൻ ബലിദാനം ചെയ്തും രാജ്യത്തിന്റെ അഖണ്ഡത കാപ്പാത്തു മെന്ന വീര്യത്തിൽ പൊലിഞ്ഞുപോയ ധീര ദുര്യോധനന് മരിച്ചാലും കൊടുക്കില്ല നി ത്യശാന്തി എന്ന് വച്ചാൽ? വനവാസക്കാലം മുതൽ പാണ്ഡവർ ചെയ്തുപോന്ന രാ ജ്യദ്രോഹങ്ങളുടെ പട്ടിക തയ്യാറാക്കാൻ വേണ്ട രേഖകൾ ദിനന്തകുറിപ്പു കളിലൂടെ ദു ര്യോധനൻ ആധികാരികതയോടെ അടയാളപ്പെടുത്തിയിരുന്നു. ഔദ്യോഗിക വസ തിയിൽ നിന്ന് ഞങ്ങളെ പാതിരാവിൽ കുടിയൊഴിപ്പിക്കും മുമ്പ് തന്നെ അതെല്ലാം ചാർവാകനെ ഏൽപ്പിക്കാൻ തോന്നിപ്പിച്ച പ്രകൃതിക്കു നമോവാകം. പനയോല ക്കെട്ടുകൾ പരിശോധിച്ച് ധവളപത്രമിറക്കാൻ ഏതറ്റം വരെയും ഞാൻ മുന്നോട്ടു പോകും. ഭർത്താവ് മരിച്ചതോടെ ഭാര്യ തലമൊട്ടയടിച്ച കാശിയിലേക്കു പോവുമെ ന്ന ഗംഗാതട സമ്പ്രദായമല്ല കലിംഗരാജകുമാരിയായ എന്റെ മാതൃക."

2019/03/02

"മറ്റു പാണ്ഡവക്കുട്ടികൾ ഇനിയും ജനിച്ചിട്ടില്ലാത്ത, വിദൂരകാലം ഒന്നോർത്തെ ടുക്കാമോ? കിടപ്പുരോഗി പാണ്ഡുവും, ഉടുത്തൊരുങ്ങിയ കുന്തിയും, എല്ലാം പ്രത്യാ ശയോടെ നിരീക്ഷിക്കുന്ന മാദ്രിയും കൊച്ചു കുടിലിൽ കഴിഞ്ഞ ബാല്യം?", കൊട്ടാ രം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ചെങ്കോൽ പരീക്ഷിത്തി നെ ഏൽപ്പിച്ച 'ജീ വിതാന്ത്യം വനാന്തരത്തിൽ' എന്ന പ്രഖ്യാപനവുമായി ആറംഗ പാണ്ഡവ സംഘം കോട്ട ക്കകത്തു നിന്ന് പടിയിറങ്ങിയിരുന്നു.

"ഇര തേടി, ഉടുത്തൊരുങ്ങി, പൂചൂടി പുറത്തു പോയിരിക്കയാണ് അമ്മയും ചിറ്റ മ്മയും. ബീജദാതാവു ആരെന്നറിയില്ലേ?"മുടിയും താടിയും നരച്ചുവളർന്ന പാണ്ഡുമു ഖമപ്പോൾ ഭീതിതമാവും. എന്നിട്ടയാൾ ചിറി കോട്ടും, നാവു പുറത്തിടും, കണ്ണുരുട്ടും, ഇരുകൈകളും വളച്ചു ബന്ദിയാക്കാൻ ശ്രമിക്കും. "കാലന്റെ മകനാണ് നീ. കുന്തി പറഞ്ഞു. നിരാഹാരം കിടന്നു അവളെക്കൊണ്ട് സത്യം പറയിച്ചു. ഒന്നിനും ആവാ തെ ഇങ്ങനെ ചുരുണ്ട് കിടന്നു പേസ്വപ്നം കാണുന്നവനെ കയറിൽ കുരുക്കി, പര ലോകത്തേക്കു കൊണ്ടുപോവുന്ന ചാവുദേവതയുടെ മകനാണ് നീ. കളിച്ചുനടക്കാ തെ പോ, പോയി മുയലിനെയൊ മാനി നെയോ പിടിച്ചു കഴുത്തറുത്ത് ചുടുചോര വാ യിൽ ഒഴിക്ക്, ഹസ്തിന പുരത്തിന്റെ മഹാരാജാവായിരുന്ന എന്നെ നോക്കി ഇതേ മുറിയിൽ കുന്തിയു മൊപ്പം കിടക്കുകയായിരുന്ന കാലൻ, ചുണ്ടിനു കുറുകെ ചൂണ്ടുവി രൽ വച്ചൊരിക്കൽ പേടിപ്പിച്ചു, കാത്തിരുന്നോ നീ, കെട്ടിവലിച്ചു കൊണ്ടുപോവാൻ വരും, പോത്തുമായി. ഭരിക്കാൻ നിന്നെ അനുവദി ച്ചിട്ടും, ചെങ്കോൽ അന്ധസഹോ ദരനെ ഏൽപ്പിച്ചു സ്ഥാനത്യാഗം ചെയ്ത നീ മോശം ഭരണാധികാരിയായി വിധാതാ വ് ശിക്ഷിക്കും. ബന്ധം ഒഴിഞ്ഞു കുന്തിയെയും മാദ്രിയെയും പുനർവിവാഹത്തിന് പ്രോത്സാഹിപ്പി ക്കാതെ, ആ മനോഹരികളുടെ ജീവിതം എലിയും തേരട്ടയും നിറ ഞ്ഞ പരുക്കൻ കുടിലിൽ ഹോമിച്ച ഷണ്ഡപാണ്ഡുവിനെ കാലനാ വുന്നത്ര വിധം ഞാൻ കഷ്ടപ്പെടുത്തും." കുരച്ചും കരഞ്ഞും, കഫം തുപ്പി നിറച്ചും, ബീജദാതാവിനെ

അവഹേളിച്ച ആ ശാപഗ്രസ്തൻ ആയിരുന്നുവോ, ഗംഗയാറിൻ തീരത്തെ മോഹന ഹസ്തിനപുരിയുടെ ഭൂപതി?" യുധിഷ്ഠിരന്റെ മുഖത്ത് ഭൂതകാലം ഒരു ഖാണ്ഡവ പ്രസ്ഥം പോലെ പുകഞ്ഞു.

"അടിവയർ നോക്കി ഗദ കൊണ്ടടിച്ചപ്പോൾ തെറിച്ച ചളിയിൽ വീണ ഇരയുടെ അരികിൽ ചെന്ന് നിങ്ങൾ കുന്തിച്ചിരുന്നെന്തോ ചെവിയിൽ മന്ത്രിക്കുന്ന പോലെ, അൽപ്പം ദൂരെ പാഞ്ചാലിയുടെ പിന്നിലായിരുന്ന ഞാൻ കണ്ടു. അധാർമിക ഗദാപ്രഹരം അപലപിക്കുകയായിരുന്നോ മനഃസാക്ഷിക്കുത്തിൽ?" കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"പതിമൂന്നു കൊല്ലമായി കരളിനുള്ളിലൊരു നെരിപ്പോട് പുകയുന്നു. പാണ്ഡവ ഭാര്യ എന്നതിന്റെ പേരിൽ, പാഞ്ചാലിയെ കൗരവഅടിമയെന്നു പ്രഖ്യാപിച്ച, പിന്നീടുള്ള വ്യാഴവട്ടക്കാലം സമീപത്തെ സന്യസ്ഥാശ്രമങ്ങളിലെ ജൈവവിസർജ്യങ്ങൾ സംഭരിച്ചു, തലച്ചുമടായി ദൂരെ കൊണ്ടുപോയി കുഴി കുത്തി മൂടണമെന്ന ആജ്ഞ ഓരോ ദിവസവും അവൾ അനുസരിക്കുന്നതും, തിരിച്ചു മലിനവസ്ത്രങ്ങളുമായി കുളിക്കാൻ തോട്ടിലേക്ക് പോവുന്നതും നിസ്സഹായമായി നോക്കിനിൽക്കുമ്പോഴെല്ലാം ഞാനുറച്ചു, ഒരു ദിവസം വരും. അന്ന് നിന്റെ തുടയിടുക്കിൽ ആഞ്ഞടിച്ചു അന്തരാളങ്ങൾ തകർക്കും. മൂത്രവും മലവും പോവാതെ ദുഷിച്ച ജൈവമാലിന്യങ്ങളുമായി നീ അന്ത്യശ്വാസം വലിക്കുമ്പോൾ, കഴുകനും കുറുനരിയും കൊത്തിവലിക്കുന്നതു കൈകൊട്ടി ആഘോഷിക്കും. പ്രിയ പാഞ്ചാലീ, സൗഗന്ധികം കൊണ്ട് പ്രീതിപ്പെടുത്താൻ ഞാൻ കൊതിച്ചപ്പോൾ, ദുര്യോധനൻ എങ്ങനെ നിന്നെ ഈ വിധം അവമതിച്ചു മലിനപ്പെടുത്തി." ഹസ്തിനപുരിയിലേക്കുള്ള യാത്ര. പത്തിന് താഴെ വരുന്ന പാണ്ഡവസംഘം നീർച്ചോലയിൽ കുളിച്ചുവൃത്തിയാവുന്ന നേരം.

2019/03/03

"ദുര്യോധനൻ ചെയ്യാനറച്ച ക്രൂരകൃത്യം എന്തിനു നിങ്ങൾ ഏറ്റെടുത്തു? ഇരയുടെ നെഞ്ചിൽ വാൾ കുത്തിയിറക്കാൻ എന്തായിരുന്നു പ്രചോദനം?" കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

"ഞാനുമൊരു കൗന്തേയനല്ലേ? കണ്ടാൽ മുഖം തിരിക്കുമെങ്കിലും, ജനിതകധാര ഒന്നല്ലേ? ഭീഷ്മർ നയിച്ച ആദ്യ പത്തു ദിവസങ്ങളിൽ, യുധിഷ്ഠിരതല ഉരുണ്ടില്ലെങ്കിലും, പാണ്ഡവഭാഗത്തൊരു നിർജ്ജീവത വ്യക്തമായതല്ലേ? മൂന്നാംലിംഗ പോരാളിയുടെ മുമ്പിൽ ആക്രമണവിധേയനായ ഭീഷ്മർ, ശരശയ്യയിലേക്കു പോയത്തോടെ ദ്രോണർ സൈന്യം നയിച്ചു. ഞാൻ ആദ്യമായി പോർക്കളത്തിൽ ഇറങ്ങി. അതൊരൊന്നൊന്നൊര ആക്രമണനിര തന്നെയായി. പാണ്ഡവർ അടിയറവു വക്കാൻ പാടുപെടേണ്ടതില്ല എന്ന കൗരവബോധ്യം ശക്തമായപ്പോൾ, എന്നിലെ കൗന്തേയപക്ഷക്കാരൻ അഭിമന്യുവധം മഹാസംഭവമാക്കി. പാണ്ഡവർ 'ഉറക്കമുണർന്നു' വാളും കുന്തവുമായി കൗരവർക്കു നേരെ കുതിച്ചു. കൗരവ ആട്ടും തുപ്പുമേറ്റു മിക്കവാറും ജീവരഹിതശവത്തിലാണ് വാൾ കുത്തിയതെങ്കിലും, ഭൗതികാവശിഷ്ടം പാണ്ഡവർക്ക് നേരെ എറിഞ്ഞുകൊടുത്തതാണ് സ്തോഭജനകമായി നിങ്ങൾ കൊണ്ടാടിയതു് അങ്ങനെ ഞാൻ എറിഞ്ഞു കൊടുത്തില്ലായിരുന്നെങ്കിൽ? യമുനാതീരത്തു വമ്പിച്ചൊരു ജനാവലിയുടെ സാനിധ്യത്തിൽ 'അഭിമന്യു അഭിമന്യു' എന്ന്

ഓരോ പാണ്ഡവസഖ്യ സൈനികനും വിരൽ കീറി ചോര നെറ്റിയിൽ തൊട്ട് പ്രതിജ്ഞ എടുക്കുമായിരുന്നുവോ? ഊട്ടുപുരയിലെ മൃഗ മാംസലഭ്യതയെ കുറിച്ചും, പാളയത്തിൽ മദിരാക്ഷി സേവനം കിട്ടാത്തതിനെ കുറിച്ചും പരാതി പറഞ്ഞിരുന്ന പാണ്ഡവസഖ്യ കക്ഷിമേധാവികൾ കൂർത്ത വിരലുകളുമായി കൗരവ കണ്ണുകളിൽ കുത്താൻ ഓടിവന്നതു കാണുന്നില്ലേ? ദ്വാരകയിൽ പിറന്നു വളർന്ന അഭിമന്യു, ഹ്രസ്വകാല ജീവിതത്തിൽ, പാണ്ഡവർക്കന്യനായിരുന്നെങ്കിലും, മരണത്തിലവൻ കൂട്ടുകാരാക്കി. അഭിമന്യുമരണം ഓരോ യുദ്ധകാലത്തും വിശ്വമാകെ ഓർക്കപ്പെടും. അതാണ് ജഡത്തിൽ വാളിറക്കിയ കൗന്തേയത്വം."

"അർജ്ജുനന്റെ മകനെ അപായപ്പെടുത്താൻ കൗരവർ ഉത്സാഹിക്കുന്നതു മനസ്സിലാക്കാം എന്നാൽ ആ കൗമാര പോരാളിയെ മാനസികമായി പീഡിപ്പിച്ചത് നിങ്ങളിൽ ചിലരാണെന്നു കേൾക്കുന്നുണ്ടല്ലോ. എങ്ങനെ പറ്റി അമളി?", ദ്വാരകയിൽ നിന്നുള്ള സൈന്യത്തിന്റെ മേധാവിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"അമളിയായിരുന്നോ? അതോ. ചെലവു തരുന്ന കൗരവരോടുള്ള കൂറോ? ദ്വാരകയിലെ സൈന്യമായിരുന്നു ഞങ്ങൾ യുദ്ധത്തിന് മുമ്പെന്നു എന്ന് നിങ്ങൾ അടിവരയിട്ടല്ലോ. അതൊരു ചരിത്രവസ്തുത മാത്രമായല്ലേ നിലവിൽ കാണാനാവൂ? ദുര്യോധനൻ ദ്വാരകയിൽ വന്നു, മകളുടെ ഭർത്താവ് കൂടിയായ രാജാവിനോട് ചോദിച്ചപ്പോൾ, അലകും പിടിയുമായി ഞങ്ങളെ കൗരവർക്കു കൈമാറി. ഞങ്ങളുടെ പരിപാലനവും വിശ്വസ്തതയും അതോടെ കൈമാറ്റം ചെയ്തില്ലേ? മാസങ്ങളായി ദ്വാരകയിൽ വേതനവും വേണ്ടത്ര ഭക്ഷണവും കിട്ടാതെ ദുരിതത്തിലായിരുന്ന ഞങ്ങളുടെ മൗനപ്രതിഷേധം കണ്ട രാജാവ്, ഭാര്യയുടെ അച്ഛനായ ദുര്യോധനനു കൊടുത്ത എട്ടിന്റെ പണിയായിരുന്നു സൈന്യത്തിന്റെ ഉടമസ്ഥത കൈമാറ്റം. അതോടെ ഞങ്ങൾ ഹസ്തിനപുരി പൗരത്വം സ്വീകരിച്ചു. ചത്താലും, യുദ്ധംജയിച്ചാലും, ഹസ്തിനപുരി പൗരന്മാർ. ദുര്യോധനൻ കാണിക്കുന്ന പിതൃവാത്സല്യം അറിയാൻ, പാളയത്തിൽ ഞങ്ങൾക്കനുവദിക്കുന്ന ആഡംബരങ്ങൾ നിങ്ങൾ ഓടിച്ചു നോക്കിയാൽ മതി. വ്യത്യസ്തയിനം വളർത്തുമൃഗങ്ങളുടെ ചുടുചോരയും മാംസവും മൂന്നുനേരം ഊട്ടുപുരയിൽ, കുളിക്കാൻ ശുദ്ധജലമൊഴുകുന്ന യമുന, രാത്രി പാളയത്തിൽ ആസ്വാദനമികവുള്ളവരുടെ പായക്കൂട്ട്-അഭിമന്യുവിനെ മനസികപീഡനത്താൽ ഞങ്ങൾ 'കൊന്ന' തൊക്കെ മേനി പറയാനുള്ളതല്ല, അത് ഒരു പണത്തുക്കം കൃതജ്ഞത മാത്രമല്ലേ."

2019/03/04

"പന്ത്രണ്ടുവർഷം അന്തിയുറങ്ങിയ കാട്ടുകുടിലിൽ നിന്നേതോ അജ്ഞാതവസതിയിലേക്ക് യാത്രയായപ്പോൾ, വിരഹവേദനയൊന്നും തോന്നിയില്ലേ? നട്ടു വളർത്തി വലുതായ പൂമരങ്ങൾ, പരിപാലിച്ച മാനും മുയലും, ഒന്നുമുണ്ടായിരുന്നില്ലേ തിരിഞ്ഞു നോക്കുമ്പോൾ ആർദ്രസ്മൃതിയുണർത്തുവാൻ?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"വേട്ടയാടിക്കിട്ടിയ നാൽക്കാലികളെ വെട്ടിപ്പൊളിച്ചു എല്ലും തോലും കൂട്ടിയിട്ടതൊക്കെ മറവു ചെയ്യുന്ന തിരക്കിലായിരുന്നു പാണ്ഡവർ അഞ്ചു പേരും. എന്റെ നഷ്ടപ്പെട്ട ദിനങ്ങളും അവരറിയാതെ ഞാനതിൽ കുഴിച്ചുമൂടി."

"രാജാവിന്റെ പ്രേമഭാജനമായ സത്യവതിയോ, രാജാവിനോട്ട് വിലപേശി ഹസ്തിനപുരി കൊട്ടാരത്തിൽ കുടുംബനാഥ എന്ന മകളുടെ ഭാവി സുരക്ഷിതമാക്കിയ അച്ഛനോ നാളത്തെ ചുവരെഴുത്തുപതിപ്പിൽ മുഖ്യ കഥാപാത്രം?", യുദ്ധകാര്യ ലേഖകൻ കൊട്ടാരം ലേഖികയോട്ട് ചോദിച്ചു. ഭീഷ്മപ്രതിജ്ഞക്കു മുമ്പുള്ള അധികാര പ്രതിസന്ധിയാൽ ശന്തനു-സത്യവതി വിവാഹം വഴിമുട്ടിയ ദിനം.

"ആർത്തിയോടെ നിൽക്കുന്ന ശന്തനുവിന്റെ നാണമില്ലാത്ത ശരീരഭാഷയാണ് എന്നെ ഇപ്പോഴും കൌതുകപ്പെടുത്തുന്നത് ദുർബലശന്തനു പ്രണയിനിയുടെ മുമ്പിൽ ഇഴയുന്നു. കുരുവംശത്തിൽ ഇനിയുമുണ്ടാവുമോ ഇത് പോലെ പെണ്ണാധിപത്യത്തിനു വഴങ്ങുന്നവർ? അവരെയൊക്കെ 'എഴുന്നെള്ളിച്ച്' നടത്താൻ, ചുറ്റുചുറ്റുക്കുള്ള ആനക്കുട്ടികളെ പോലെ, കുനിഞ്ഞു കാൽ മടക്കി നിൽക്കുന്ന പത്രപ്രവർത്തകരും?"

2019/03/05

"അക്ഷൗഹണിയുടെ എണ്ണവും, മാരകായുധവ്യാപ്തിയും, പ്രഹരശേഷിക്കുള്ള നൈപുണ്യവികസന പരിശീലനവും ഒന്നൊന്നായി പരിശോധിക്കുമ്പോൾ, കൗരവ സൈന്യവിജയമായിരുന്നു കുരുക്ഷേത്രയിൽ പ്രതീക്ഷിച്ചത് എന്നു തക്ഷശിലയിൽ നിന്നെത്തിയ സ്വതന്ത്ര യുദ്ധ നിരീക്ഷകസംഘം അഭിപ്രായപ്പെട്ടല്ലോ. എന്നിട്ടും, നിങ്ങൾ എങ്ങനെ പോറലേൽക്കാതെ തിരിച്ചെത്തി?", പോരാട്ടജേതാക്കളുടെ നേതാവായ യുധിഷ്ഠിരനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഞാൻ വാളെടുത്താൽ അസാധ്യമായതൊക്കെ സാധിക്കും എന്ന് ഇപ്പോഴെങ്കിലും തിരിച്ചറിഞ്ഞില്ലേ?"

"പാഞ്ചാലിയുടെ കണങ്കാലിൽ തങ്കവളയുണ്ടല്ലോ. ദേഹ പരിശോധന ചെയ്തപ്പോൾ കണ്ടില്ലേ?" കൊട്ടാരം ലേഖിക ഭരണകൂട വക്താവിനോട്ട് ചോദിച്ചു. തോളിൽ മാറാപ്പിട്ട മുൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തി, നഗ്നപാദ പാണ്ഡവസംഘവുമായി രാജവീഥിയിലൂടെ വനവാസ ശിക്ഷയനുഭവിക്കാൻ പോവുന്നത് മാളികമുകളിൽ നിന്ന് നോക്കുകയായിരുന്നു. പ്രഭാത വെയിലിൽ വളമിന്നുതവൾ പെൺ കൗതുകത്തോടെ വിരൽ ചൂണ്ടി വക്താവിന്റെ ശ്രദ്ധയാകർഷിച്ചു.

"ആരാധനയോടെ ദുര്യോധനൻ കൊടുത്ത ആഭരണമൊന്നുമല്ല. രഹസ്യദൗത്യ ഉപകരണമാണ് അടിമകളിൽ നിന്നും രാജ്യദ്രോഹികളിൽ നിന്നും നിലവിലുള്ള രാജ്യരക്ഷാ നിയമമനുസരിച്ച വിവര സംഭരണം ആരോരുമറിയാതെ സാധ്യമാക്കുന്ന ഇതിന്റെ ശില്പി വേറെ ആരുമല്ല. വിശിഷ്ടാതിഥികളെ വഴുക്കി വീഴ്ത്താൻ സ്ഥലജല വിഭ്രമ സഭ പണിത പാതാള വാസ്തുശിൽപ്പി. കേമൻ എന്ന് നിങ്ങളൊക്കെ വാർത്തകളിൽ പൊലിപ്പിക്കുന്ന സാക്ഷാൽ അർജ്ജുനൻ വിചാരിച്ചാൽ പോലും കാൽ വെട്ടി മാറ്റാതെ തങ്കവള അഴിച്ചു കളയാനാവില്ല. നിർമ്മിതിയിൽ വേറൊരു കൗതുകം കൂടിയുണ്ട്. പാഞ്ചലിക്കറിയില്ല ഉടലിൽ തങ്കവളയുടെ രഹസ്യസ്പർശം. ഇനിയവൾ എവിടെയായിരുന്നാലും, രാപ്പകൽ കൗരവ നിരീക്ഷണ പരിധിയിൽ നിന്ന് പുറത്തു പോവില്ല. ദുര്യോധനൻ സ്ഥലഭ്രമത്തിൽ വഴുക്കിവീണപ്പോൾ ചിരിച്ചതിനുള്ള മധുര പ്രതികാരമാണിതെന്നു കൂട്ടിവായിക്കണം."

"മിന്നലാക്രമണത്തിൽ വയസ്സൻ കൌരവരെ അഭിമന്യു വെള്ളം കുടിപ്പിക്കുമെന്ന നകുല പ്രസ്താവന പിടിവിട്ടു പോർക്കളത്തിൽ വിവാദമായല്ലൊ", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"ഉള്ളത് പറഞ്ഞാൽ പിന്നെ യുദ്ധകാലത്തു 'വെള്ളംകുടി' വിവാദമാവില്ലെ? അനാഥ കൌരവബീജങ്ങൾ നൂറു മൺഭരണികളിൽ നിന്ന് ഒന്നൊന്നായി ഹസ്തിനപുരി അന്തഃപുരത്തിൽ ഉയരും മുമ്പുതന്നെ, കാട്ടിൽ ആദ്യ പുത്രൻ യുധിഷ്ഠിരൻ ജനിച്ചിരുന്നു എന്ന മുൻ മഹാറാണി കുന്തിയുടെ സത്യവാങ് മൂലത്തിന്റെ ബലത്തിലല്ലേ കുരുവംശ മൂപ്പിളമ അധികാര തർക്കമായത്? കുരുക്ഷേത്രയിലെത്തിയാൽ ആയിരം പൂർണ ചന്ദ്രന്മാരെ കണ്ട കൗരവരെ വെള്ളം കുടിപ്പിക്കാൻ ചക്രവ്യൂഹത്തിൽ തന്നെ നാളെ ഇടിച്ചു കയറട്ടെ പതിനാറെത്താത്ത പുതുതലമുറ പാണ്ഡവൻ. ഒന്നുകിൽ ഞങ്ങൾ അല്ലെങ്കിൽ അഭിമന്യു."

2019/03/06

"കൗമാരപോരാളിയെ കൊലക്കത്തിയിലേക്കു എറിഞ്ഞ പാണ്ഡവർ, തിരിച്ചടിയിൽ കൗരവതല വല്ലതും ഉരുട്ടിയോ എന്നല്ലേ കർണ്ണൻ ചിതത്തീ ഉയരുമ്പോൾ പരിഹസിക്കുന്നത്?", കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. കുരുക്ഷേത്ര യുദ്ധത്തിന്റെ പതിമൂന്നാം ദിവസം വൈകിയ രാത്രിയിൽ, നദീതീരത്തു അഭിമന്യുവിന്റെ ഭൗതികാവശിഷ്ടങ്ങൾ എരിഞ്ഞുകൊണ്ടിരുന്ന നേരം.

"കൗരവർ ചതച്ചുകൊന്ന അഭിമന്യുവിന്റെ ശവത്തിൽ കുത്തുക എന്നതായിരുന്നില്ലേ പോർക്കളത്തിൽ ഇന്ന് അടിമകർണ്ണന്റെ അഭിമാന നേട്ടം?"

"ഒരു ദശാബ്ദത്തോളം ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി പദവിയിൽ ജീവിച്ച ശേഷം, ഈ കൊടും കാട്ടിനുള്ളിലെ ഒറ്റമുറികുടിലിൽ രാത്രി കഴിയുന്നതിൽ പേടിയൊന്നും നിങ്ങൾക്ക് തോന്നാറില്ലേ?", കൊട്ടാരം ലേഖിക ചോദിച്ചു. നിശബ്ദ വനമേഖല ഭീതിതമായിരുന്നു.

"ഊഴമനുസരിച്ചു അവസരം കിട്ടുമ്പോൾ ഓരോ പാണ്ഡവനും എന്റെ ചെവിയിൽ മുട്ടിയുരുമ്മി മന്ത്രിക്കും, കൂടെ ഞാൻ എന്നും കിടക്കാൻ നീ കനിഞ്ഞാൽ സ്വൈരമായി നിനക്കു രാപാർക്കാം. അത്തരം മാസഭോജികൾ അഞ്ചെണ്ണമാണ് കിടപ്പറക്കു മുമ്പിൽ കാത്തുകിടക്കുന്നത്. അവരെ തള്ളിമാറ്റി അകറ്റിക്കിടത്താൻ പാടുപെടുന്ന എന്റെ നിശാജീവിതത്തിൽ, കാട്ടിലെ ഹിംസ്ര ജന്തുക്കൾക്കെന്തു പ്രത്യേക സ്ഥാനം."

2019/03/07

"കുടിലകൗരവരുടെ നീണ്ട ദുർഭരണകാലത്ത് ഹസ്തിനപുരിയിലെ ഏകാംഗ പ്രതിപക്ഷമായിരുന്നു ജനാധിപത്യവാദി ചാർവാകൻ. കുരുക്ഷേത്ര യുദ്ധം കഴിഞ്ഞു അധികാരചിഹ്നമായ ചെങ്കോൽ നിങ്ങൾ അന്ധവൃദ്ധനിൽ നിന്ന് തട്ടിയെടുത്തപ്പോൾ, വിമർശിക്കാൻ ആകെ ഉണ്ടായതും ചാർവാകൻ. ഇന്നൊരു പൊള്ളുന്ന കാഴ്ച ഞാൻ വാണിജ്യത്തെരുവിൽ കണ്ടു. അർദ്ധനഗ്നചാർവാകനെ അരയിൽ കയറിട്ടു മുറുക്കി ചാരവകുപ്പു മേധാവി നകുലൻ കഴുതപ്പുറത്തു കൊണ്ടു പോവുന്നു.

എന്തായിരുന്നു ഇങ്ങനെയൊരു അവഹേളനം അർഹിക്കാൻ ചാർവാകൻ പ്രകോപനപരമായി പറഞ്ഞത്? പാഞ്ചാലിക്കു കൗരവർ പൗരാവകാശം നിഷേധിച്ചു എന്ന് ലോകം മുഴുവൻ കേൾക്കെ പരാതി പറഞ്ഞ പാണ്ഡവർ, പാഞ്ചാലിയെ ദശാബ്ദങ്ങളായി ബഹുഭർത്തൃത്വം എന്ന ഓമനവാക്കിലൂടെ ലൈംഗികഅടിമയാക്കി പീഡിപ്പിക്കുന്നതിൽ കറ കളഞ്ഞ കാപട്യമുണ്ട് എന്നല്ലേ പൊതുവേദിയിൽ ആ വിഭാര്യൻ പരിഹസിച്ചുള്ളൂ? നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിരുന്നോ, എതിർസ്വരങ്ങളോടുള്ള ഈ ഭരണകൂട അസഹിഷ്ണത?" കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

"കൗരവരാജവിധവകളെ ദുരുപയോഗം ചെയ്തു ഭീമൻ കൊട്ടാരമാലിന്യങ്ങൾ കോരിപ്പിക്കുന്നു എന്ന് നിങ്ങൾ 'ഹസ്തിനപുരി പത്രിക'യിൽ എഴുതിയതിനു തക്ക പുരസ്കാരം പരിഗണിക്കാൻ നകുലൻ പുതിയ ഒരു കയറും കഴുതയും തേടുന്നുണ്ട് എന്നും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അത് വരെ നിങ്ങൾ ഒന്ന് സമാധാനമായിരിക്കൂ."

"നിസ്സാര കാര്യങ്ങൾക്കു നിങ്ങൾ ഭീമനെ ഇടിച്ചു താഴ്ത്തുന്നത് ഞാൻ വേദനയോടെ കണ്ടിട്ടുണ്ട്. പ്രായശ്ചിത്തം പോലെ അവനോട് ഒരു പിടി നന്ദി നിറഞ്ഞ പരിലാളനയും. എന്തായിരുന്നു ഭീമനെ ഇരയാക്കിയും ഓമനയാക്കിയും ഒരുപോലെ കബളിപ്പിക്കുന്ന ആ കുടില ദാമ്പത്യതന്ത്രം?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"ചിലപ്പോൾ അതിരാവിലെ, ഭീമൻ വിഴുപ്പുകെട്ടു ചുമന്നു ജലാശയത്തിലേക്ക് കുന്നിറങ്ങി പോവുന്നത് കാണാം. സന്യസ്ഥാശ്രമത്തിലെ മാലിന്യനീക്കം കഴിഞ്ഞു ഞാൻ കുളിക്കാൻ പോവുമ്പോൾ, വിഴുപ്പു ഒന്നൊന്നായി അടിച്ചു തിരുമ്മി, ഉണക്കി മടക്കി, ഒരു തലച്ചുമടായി തിരിച്ചു ഭീമൻ കുന്നു കയറുന്നുണ്ടാവും. ഞാൻ ചെയ്തത് ഇഷ്ടമായോ എന്നൊരു ബാല നോട്ടമുണ്ട് ഭീമമുഖത്ത്. ഞാനൊന്നും വാമൊഴിയായി പറയില്ലെങ്കിലും, "ഉന്മാദം ഉന്മാദം" എന്ന് അവൻ പായിൽ മലർന്നു കിടന്നു രാത്രിയിൽ ആർമാദിക്കുന്നത് വരെ അതിസൂക്ഷ്മ വ്യക്തിഗത ശാരീരിക സേവനത്തിനു അവനെ ഞാൻ സവിശേഷ ഗുണഭോക്താവാക്കും."

2019/03/08

"അർജ്ജുനൻ വിവാഹം കഴിച്ച സ്ത്രീയെങ്ങനെ യുധിഷ്ഠിരന്റെ ഔദ്യോഗിക ഭാര്യയായി? എന്നാണു ദുര്യോധനവിധവ അഭിമുഖത്തിൽ ഇന്നലെയും ഓർത്തെടുത്തത്. കുലീന 'കലിംഗരാജകുമാരി'ക്ക് ബഹുഭർത്തൃത്വം സ്ത്രീപീഡനത്തിനു സമം എന്നറിയാമല്ലോ", കൊട്ടാരം ലേഖിക ചാർവകനോട് ചോദിച്ചു.

"എങ്ങനെ ആ വിധമാവാതിരിക്കാൻ മറ്റു നാല് പാണ്ഡവർ നാലുവഴികളിൽ പാടുപെട്ടു എന്നറിയുമ്പോൾ ബോധ്യമാവുന്നു, യുധിഷ്ഠിരനെ എന്നെന്നും തുണച്ചത് വ്യക്തിത്വ യോഗ്യതയല്ല ആകസ്മികതയായിരുന്നു. നിങ്ങളൊക്കെ എടുത്തുപയോഗിക്കുന്ന വാക്കുണ്ടല്ലോ സൗഭാഗ്യം അതുതന്നെ. ധാർമികതയുടെ ആദർശമുഖം മൂടി, ഗാന്ധാരിയുടെ കൺകെട്ടുപോലെ, രാവും പകലും അണിഞ്ഞണിഞ്ഞു യുധിഷ്ഠിരഹൃദയത്തിലും വന്നുവോ തുല്യവേഷപ്പകർച്ച. "ഹൃദയപൂർവ്വം ഞാൻ ആശംസിക്കുന്നു" എന്ന് യുധിഷ്ഠിരൻ നിങ്ങളോടു പറഞ്ഞാൽ ഊഹിക്കാം, കബളിപ്പിക്കലിന് ഇടനെഞ്ച് അനുമതി നൽകി. ഇങ്ങനെ ഒരാൾ മഹാരാജാ പദവി വഹിക്കുന്ന ഹസ്തിനപുരിയാണ് നമ്മുടെ നാടെന്നോർക്കുമ്പോൾ കരളിലൊരു നൊമ്പരം കണ്ണിണകളിൽ ഈർപ്പം."

2019/03/09

“കുറഞ്ഞൊരു കാലമല്ലേ ഹസ്തിനപുരിയിൽ നിങ്ങൾ കഴിഞ്ഞിട്ടുള്ളൂ? പാഞ്ചാലയിൽ നിന്ന് നവവധുവായി ഭർത്താക്കന്മാരുമൊത്തു വന്ന നിങ്ങൾ താമസിച്ചിരുന്ന, നഗരാതിർത്തിയിലുള്ള അതിഥിമന്ദിരത്തിൽ. പലപ്പോഴും വന്നു അഭിമുഖം ചെയ്തിട്ടുണ്ട്. പിന്നെ ഖാണ്ഡവപ്രസ്ഥത്തിലേക്കു കുടിയേറ്റക്കാരിയായി പാണ്ഡവർക്കൊപ്പം പോവും മുമ്പുള്ള ഒരു ഇടവേളയിൽ, ഒരു പക്ഷേ, വിരുന്നുസൽക്കാരങ്ങളിൽ മാത്രം പരിചയപ്പെട്ട കൌരവരെ നിങ്ങൾ പേർ വിളിച്ചു സ്വാഗതം ചെയ്തിരുന്നു എന്നോ? അവിശ്വസനീയം. കൊള്ളാം, പെറ്റ തള്ള ഗാന്ധാരിക്ക് പോലും ആവുമോ, കണ്ടാൽ ഒരു കൗരവനെ മറ്റൊരു കൗരവനെന്നു തെറ്റിദ്ധരിക്കാവുന്നത്ര രൂപസാദൃശ്യമുള്ള നൂറോളം ‘തെമ്മാടി’കളെ ഓമനപ്പേർ വിളിച്ചു പരിലാളിക്കുവാൻ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“മിഴികളിലൂടെ വേണം കുട്ടികളോട് വിനിമയം ചെയ്യാനെന്നറിയാതെ, മനഃപൂർവ്വം കാഴ്ചപരിമിതയായ ഗാന്ധാരിയെ പോലെയാണോ, ആരാധകരെ ആനന്ദിപ്പിക്കുവാൻ പ്രകൃതിദത്ത പഞ്ചേന്ദ്രിയങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയ പാഞ്ചാലി?”

2019/03/10

“അല്ല, കുരുക്ഷേത്രം തന്നെ വേണോ, കുരുവംശ സ്വത്തുതർക്കത്തിന്റെ കുരുക്കഴിക്കാൻ? കുറ്റിക്കാടുകളും ജലസ്രോതസ്സുകളും നശിപ്പിച്ചു പത്തു നാൽപ്പതു ലക്ഷത്തോളം സൈനികരുടെ ജൈവമാലിന്യങ്ങൾ ആഴ്ചകളോളം നീണ്ടു നിന്നേക്കാവുന്ന മഹായുദ്ധത്തിന്നിടക്ക് നിക്ഷേപിച്ചാൽ, പുഴ കുപ്പത്തൊട്ടി ആവില്ലേ? ചാർവാക നേതൃത്വത്തിൽ സ്ഥലം സന്ദർശിച്ചു ഇന്നലെ രാത്രി എത്തിയതേയുള്ളൂ.” കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധമേഘങ്ങൾ നിറഞ്ഞ ആകാശം.

“ഭരണകൂടത്തിന്നെതിരെ വാർത്ത നിർമ്മിക്കുന്ന നിങ്ങൾ പരിപ്രേക്ഷ്യത്തിൽ കാണുന്നില്ല. ഹസ്തിനപുരി കൊട്ടാരസമുച്ചയത്തിൽ, നൂറോളം കൗരവ വസതികൾക്കു മുന്നിൽ, പരിപാലിക്കുന്ന ഔഷധ സസ്യ ഉദ്യാനങ്ങൾ ചുറ്റിനടന്നു കണ്ടവരാരും ഞങ്ങളുടെ പരിസ്ഥിതി നിലപാട് സംശയിക്കില്ല. വീരമൃത്യു പ്രാപിക്കുന്ന ഓരോ പാണ്ഡവ സഹോദരന്റെയും ജ്വലിക്കുന്ന സ്മരണക്കു ജൈവവൈവിധ്യ ഉദ്യാനങ്ങൾ കുരുക്ഷേത്ര യുദ്ധഭൂമിയിൽ, ഞങ്ങൾ നിർമ്മിക്കും, പൊതുയോഗത്തിൽ മഹാരാജാവ് ധൃതരാഷ്ട്രർ മനുഷ്യരാശിക്ക് സമർപ്പിക്കും. കുരുവംശ പരിസ്ഥിതി കാര്യാലയത്തിന്റെ കർശന വ്യവസ്ഥകൾ അക്ഷരം പ്രതി പാലിക്കുകയും ചെയ്യും. നിങ്ങൾ ചുവരെഴുത്തുപതിപ്പു ദുഷിച്ചു നിറക്കുമ്പോൾ, ഞങ്ങൾ ഈ നാടിനെ വരും യുഗത്തിലേക്കായി മാതൃകാ ഉദ്യാനമാക്കും.” സ്ഥിതിഗതികൾ നേരിൽ കണ്ടു വിലയിരുത്താൻ കുരുക്ഷേത്രയിലേക്ക് യാത്ര തിരിക്കുന്ന നേരത്തു കോട്ടക്ക് വെളിയിൽ കൂടി നിന്നിരുന്ന ജനം, “ഇവൻ ഞങ്ങൾക്ക് രക്ഷകൻ, എന്നും എന്നെന്നും നമ്മുടെ രക്ഷകൻ” എന്ന് ദുര്യോധനനെ വിളിച്ചു കൊണ്ടിരുന്നു.

“ചക്രവർത്തിനി ആയശേഷം നിങ്ങളുടെ ഈ വസതിയിൽ പാഞ്ചാലി ക്ഷേമാന്വേഷണത്തിനു വന്നിട്ടുണ്ടോ, അതോ, ഇന്ദ്രപ്രസ്ഥത്തിൽ നിങ്ങൾ പോയി കാണു

കയായിരുന്നുവോ? പാണ്ഡവർക്ക് അവളിൽ കുട്ടികൾ ജനിച്ചത് അവിടെയല്ലേ?", കൊട്ടാരം ലേഖിക കുന്തീദേവിയോട് ചോദിച്ചു.

"കുട്ടികളെ പാഞ്ചാലയിൽ വളർത്താൻ കൊണ്ട് പോയിഇന്ദ്രപ്രസ്ഥത്തിലേക്കവൾ മടങ്ങുമ്പോൾ, മുന്നറിയിപ്പൊന്നുമില്ലാതെ ഒരു പ്രാവശ്യം ഇവിടെ സന്ദർശനം നടത്തി. ഉണ്ണാൻ ഞാൻ വിളിച്ചപ്പോൾ, ഭക്ഷണവും, വിളമ്പി ക്കഴിക്കാൻ വെള്ളിപ്പാത്രങ്ങളും, കുടിക്കാൻ തിളപ്പിച്ചാറ്റിയ കുടിനീരും പാഞ്ചാലയിൽ നിന്ന് കൊണ്ട് വന്നിരിക്കുന്നു", പകൽ അന്തഃപുരത്തിൽ ഗാന്ധാരിയുടെ തോഴിയായും, രാത്രി ആശ്രമതുല്യമായൊരു കൊച്ചുകുടിലിൽ ഒറ്റക്കും ജീവിതസായാഹ്നം ചെലവഴിക്കുന്ന കുന്തി പെട്ടെന്ന് ചുറ്റും ഭീതിയോടെ നോക്കി മേൽവസ്ത്രം കൊണ്ട് ശിരസ്സ് മൂടി.

2019/03/11

"നൂറ്റ മക്കളെ പെറ്റ സ്ത്രീയാണിപ്പോൾ ഹസ്തിനപുരി മഹാറാണി. വ്യാഴവട്ടക്കാല വനവാസത്തിൽ, എന്തുകൊണ്ട് മത്സരക്ഷമതയോടെ നിങ്ങൾക്കും, കൈനിറയെ പുനരുൽപ്പാദനം എന്ന ബഹുഭർത്തൃത്വ ദാമ്പത്യനയം പരിഗണിച്ചുകൂടാ? ചുറ്റും നോക്കിയാൽ കാണുന്ന കൊടുംകാട്ടിൽ തന്നെയല്ലേ, എളുപ്പം പേടിക്കുന്ന പേടമാനുകൾ ഇണയെ കണ്ടെത്തുന്നതും, പ്രസവിച്ച കുഞ്ഞുങ്ങളെ പോറ്റി വലുതാക്കുന്നതും? ഇരയെ കഴുത്തിൽ കടിച്ച തിന്നുന്ന മാംസഭോജികൾ ഒളിഞ്ഞിരുന്നു ചാടാൻ കാട്ടിലുണ്ടായിട്ടും, പേടമാനു കൾക്കതൊന്നും തടസ്സമാവുന്നില്ലല്ലോ" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"വിശപ്പകറ്റാൻ മാത്രമേ മൃഗങ്ങൾ ഇരയെ പിടിക്കൂ. എന്നാൽ പ്രജനനക്ഷമതയില്ലാതെ, കേവലം വിനോദത്തിനു മാത്രം ഇരയെ ബന്ദിയാക്കുന്ന അഞ്ചോളം മാംസഭോജികൾ പായ പങ്കിടാൻ ഈ കാട്ടുകുടിലുണ്ട്."

"ഒന്നല്ല അഞ്ചു ഭർത്താക്കന്മാർ മകൾക്കുണ്ടാവുമെന്നു കുന്തിയിൽ നിന്നറിഞ്ഞ പാഞ്ചാലൻ, യാത്രാമൊഴിയായി ചെവിയിലെന്തോ മന്ത്രിക്കുന്നത് കണ്ടല്ലോ. പ്രിയപുത്രിക്ക് സർവ്വ മംഗളം ആശംസിക്കുന്നതിൽ കവിഞ്ഞെന്തെങ്കിലും വ്യഥിതസന്ദേശം?" കൊട്ടാരം ലേഖിക ചോദിച്ചു.

"സുസ്ഥിര ദാമ്പത്യ ജീവിതത്തിനായി നീ അഞ്ചിരട്ടി അദ്ധ്വാനിക്കേണ്ടിവരുമല്ലോ എന്ന് പറഞ്ഞ അച്ഛൻ, പ്രതികരണത്തിന് കാത്തുനിൽക്കാതെ മടക്കയാത്രയായതുകൊണ്ടു, ഭാവികർമ്മ പരിപാടി വിവാഹ ദിവസം തന്നെ വെളിപ്പെടുത്തേണ്ടി വന്നില്ല."

2019/03/12

"രക്തരൂഷിതയുദ്ധത്തിലൂടെ ഹസ്തിനപുരി പിടിച്ചടക്കിയ നിങ്ങൾ, സ്ഥാനാരോഹണത്തിന്റെ ആദ്യവാർഷികം ആഘോഷിക്കുകയാണ് എന്നാൽ പത്തു വർഷത്തോളം 'രാജസൂയ ചക്രവർത്തി' ആയിരുന്ന ഇന്ദ്രപ്രസ്ഥം, ഇതിനിടയിൽ ഒന്ന് പോയി കണ്ടു, എന്തുണ്ടവിടെ നാടിനും നാട്ടുകാർക്കും വിശേഷം എന്ന് തിരക്കിയില്ലല്ലേ?", ആഘോഷവേദിയിൽ നിന്നിറങ്ങി, പാഞ്ചാലിക്കൊപ്പം രഥത്തിൽ കയറുകയായിരുന്ന യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഇന്ദ്രപ്രസ്ഥം? രാജസൂയ ചക്രവർത്തി? അതൊന്നും മറന്നില്ലേ? കാലികപ്രസക്തി മാത്രമുള്ള വാസ്തു നിർമിതി മാത്രമായിരുന്നില്ലേ ആ മായികസൗധങ്ങൾ? വിരുന്നു വന്നവരെയെല്ലാം വഴക്കി വീഴ്ത്തുന്ന ദൂഷിച്ച കൊട്ടാരസമുച്ചയം ഇനിയാർക്കു വേണം? ചക്രവർത്തി എന്നത് വെറുമൊരു ആലങ്കാരിക പദവി എന്നതിന് ദൃഷ്ടാന്തമല്ലേ, ആനപ്പുറത്തു ചൂതാടാൻ വന്ന ഞങ്ങൾ കാൽനടയായി കാട്ടിൽ പോവേണ്ടി വന്നത്. പാണ്ഡവ കുടുംബത്തിനു രാപാർക്കാൻ കുരുവംശ ഹസ്തിനപുരി മതി. ഗംഗയുടെയും സത്യവതിയുടെയും, അംബികയുടെയും അംബാലികയുടെയും, നാട്. ഗാന്ധാരിയുടെയും കുന്തിയുടെയും നാട്...”

“ഇഷ്ടവിഭവ പാചകവും, അന്തഃപുരവാസികളെ കുറിച്ചുള്ള ദൂഷണ വാർത്താവിതരണവുമായി കോട്ടക്കകത്തു ദശാബ്ദങ്ങളായി ഒതുങ്ങിക്കഴിഞ്ഞിരുന്ന കൗരവരാജവധുക്കൾ എപ്പോഴാണ് പരസ്യവേദിയിൽ തീപ്പൊരിയായത്?” കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി. നെഞ്ഞത്തടിച്ചു വെല്ലുവിളിച്ചു നൂറോളം കൗരവവിധവകളും പുത്രവിധവകളും കോട്ടവാതിലിനുവെളിയിൽ പ്രതിഷേധം നടത്തുന്നത് ഊട്ടുപുരജാലകത്തിലൂടെ കാണാമായിരുന്നു.

“പോരാട്ട ജേതാക്കൾ കോട്ട പിടിച്ചാൽ രാജവിധവകളെ ബലാൽസംഗം ചെയ്യും എന്ന് കൌരവർ പറഞ്ഞു പരത്തി. യുദ്ധം ജയിച്ചു ജീവനോടെ ഹസ്തിനപുരിയിൽ എത്തിയത് പക്ഷേ, വയോജനങ്ങളായ പാണ്ഡവർ. കുരുക്ഷേത്ര സമ്മാനിച്ച ഒടിവും ചതവും കൊണ്ട് നിവർന്നു നടക്കാൻ വയ്യാതെ, ആടി യുലഞ്ഞുവന്ന എന്റെ മക്കൾ എങ്ങനെ യുദ്ധപൂർവ്വ കൗരവഭീഷണി നടപ്പിലാക്കും?”, ഊട്ടുപുരയിലെ ധാന്യപ്പെട്ടി, പാണ്ഡവമാതാവിന്റെ ഭാവി ജീവിതം പോലെ, ഒഴിഞ്ഞു കിടന്നിരുന്നു.

“യുദ്ധവറുതിയിൽ ജനം എരിപൊരി കൊള്ളുമ്പോഴും, കൊട്ടാരം ഊട്ടുപുരയിൽ പാണ്ഡവർക്ക് രുചിവിഭവങ്ങൾ വിളമ്പുന്നുണ്ട്. പക്ഷേ, നിങ്ങൾ ഒറ്റയ്ക്ക് ജാലക പടിയിൽ ഓരം ചേർന്നിരുന്നു കഴിക്കുന്നത് ഉണക്കപ്പഴ ങ്ങളും ശുദ്ധജലവും. ഇതെന്താ ഇങ്ങനെ?”, കൊട്ടാരം ലേഖിക മഹാറാണിയുടെ മുമ്പിൽ മുട്ടുകുത്തി.

ഈ ഉടൽ പാഞ്ചാലയിലെ യാഗാഗ്നിയിൽ പാരിതോഷികമായി തരുമ്പോൾ, പ്രകൃതിയെനിക്ക് നേരെ വിരൽ ചൂണ്ടി, “ഉപവാസവും സഹനവും നിറഞ്ഞതായിരിക്കട്ടെ, അഴകളവുകൾ പരിപാലിക്കുന്നവളുടെ തീൻശാല.”

2019/03/13

“ഇടവും സമയവും പ്രഖ്യാപിച്ചത് ദുര്യോധനൻ ആയിരുന്നെങ്കിലും, നിങ്ങൾ വെല്ലുവിളി ഉടൻ സ്വീകരിച്ചത് കണ്ടപ്പോൾ ഞങ്ങൾക്ക് വല്ലായ്മ തോന്നി. ‘യുധിഷ്ഠിരനും യുദ്ധവെറിയനോ?’ എന്നായിരുന്നു ചാർവാകൻ നിരീക്ഷിച്ചത് എങ്ങനെ ഓർത്തെടുക്കുന്നു ആ വിമ്മിഷ്ട കാലം?” കൊട്ടാരം ലേഖിക ഹസ്തിനപുരി മഹാരാജാവിനോട് ചോദിച്ചു.

“എന്താണിത്ര പാടുപെട്ടു ഓർത്തെടുക്കാൻ മാത്രം? കുരുക്ഷേത്ര യുദ്ധം ജയിച്ചു വർഷം ഒന്ന് കഴിഞ്ഞതല്ലെയുള്ളൂ? യുദ്ധവെറിയനല്ല യുധിഷ്ഠിരൻ എന്നു ചാർവാകനെ ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം ഇപ്പോൾ എനിക്കില്ലെങ്കിലും, നിങ്ങളോട് ഏറ്റുപറയട്ടെ കൗരവ പ്രഖ്യാപനം ഞങ്ങൾ സ്വീകരിച്ചത് നിബന്ധനയോടെയായിരുന്നു. നയതന്ത്രതലനീക്കത്തിന്റെ സ്വാഭാവിക തുടർച്ചയായി ബലപ്രയോഗം എന്ന നിലയിൽ പോരാട്ടത്തെ സ്വാഗതം ചെയ്യുമ്പോൾ തന്നെ, യുദ്ധം പ്രകൃതി

സൗഹൃദമാവണമെന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലെന്ന ഞങ്ങളുടെ നിലപാടിനെ തുടർന്നായിരുന്നു കൗരവർ പുഴയോരം ജൈവമാലിന്യ നീക്കത്തിന് യോജിച്ച വിധം പോരാട്ടസമയം ക്രമപ്പെടുത്തിയത് യുദ്ധം കഴിഞ്ഞു ഞാൻ പിതാമഹനെ പ്രണമിക്കാൻ പോർക്കളത്തിൽ ചെന്നപ്പോൾ, യുദ്ധത്തിന് മുമ്പ് എങ്ങനെയായിരുന്നുവോ കുരുക്ഷേത്ര, ആ സ്ഥിതിയിൽ ആയിത്തീർന്നിരുന്നു പോരാട്ടവേദി. എന്റെ ചാരിതാർത്ഥ്യം ചെറുതല്ല."

"പാഞ്ചാലി എനിക്ക് സ്വന്തം എന്ന് നിങ്ങൾ അഭിമാനിക്കുന്നതു സ്വാഭാവികം, എന്നാൽ ഊഴം കാത്ത് ക്ഷമയോടെ മറ്റു നാലു പാണ്ഡവർ പായക്കുട്ടിനായി പാഞ്ചാലിയെ കാത്തിരിക്കുമ്പോൾ, ആ പതിവു കാഴ്ചയുമായി പൊരുത്തപ്പെടാനാവാതെ നിങ്ങളുടെ ഉള്ളം തപിക്കുന്നു. രോഗനിർണ്ണയം ചെയ്യുന്നതിന് പകരം നിങ്ങൾ നിസ്സഹായനാവുമ്പോഴാണ്, സ്വന്തമെന്ന പദത്തിന്റെ ദുരർത്ഥങ്ങൾ പൊതുസമൂഹത്തിനു വ്യക്തമാവുക. പിറ്റേന്നു രാവിലെ, പായിൽ നിന്നെഴുന്നേറ്റ പാണ്ഡവൻ പുറത്തുവരുമ്പോൾ, വിശദാംശങ്ങൾ ഒന്നും പിടിച്ചുവക്കാതെ നിശാനുഭവങ്ങൾ പങ്കിടണമെന്നു നിങ്ങൾ ശഠിക്കുമ്പോൾ, ധാരണയിൽ തുടങ്ങിയ ബഹുഭർത്തൃത്വം ആഭ്യന്തരസ്രോതസ്സുകളിൽ നിന്ന് പ്രതിസന്ധി നേരിടുന്നു. ഓരോ പാണ്ഡവനിലും ഞാനൊരു ഭാവികീചകനെയാണ് കാണുന്നതെന്ന് നിങ്ങൾ വീർപ്പടക്കുമ്പോൾ, കൗന്തേയരുടെ ദൗർഭാഗ്യത്തെ ഓർത്തു പെറ്റ തള്ള കുന്തി വിലപിക്കുന്നു. ഇത്ര മാത്രം മാനസികപ്രശ്നങ്ങളുണ്ടോ ഈ വാചാല ഹൃദയത്തിനുള്ളിൽ?" ഇടനെഞ്ചിൽ വിരൽ മുട്ടി കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

വിജന ഹിമാലയ താഴ്വര.

"ഇപ്പോൾ നിങ്ങൾ കണ്ടല്ലോ. കുഴഞ്ഞുവീണപ്പോൾ ഞങ്ങൾ അഞ്ചു സഹോദരന്മാർ സംഘടിതബോധത്തോടെ അവൾക്കു ചരമശുശ്രൂഷ നിഷേധിച്ചത് എന്തുകൊണ്ടെന്ന് ..."

2019/03/14

"പാണ്ഡവതോളിൽ കൗരവർ മാറാപ്പു കെട്ടിയ ചൂതാട്ടസന്ധ്യ വ്യക്തതയോടെ ഓർക്കുന്നവർ ഇതേ അരമനയിൽ ഇന്നുമുണ്ട്, പക്ഷേ, കൊല്ലം പതിമൂന്നു കടന്നുപോയി. ചുറുചുറുക്കുണ്ടായിരുന്ന പാണ്ഡവർ എല്ലും തൊലിയുമായി. വയോജനങ്ങൾ എന്ന നിലയിൽ, നിങ്ങൾ അഞ്ചുപേരും ഇപ്പോൾ അധികാരമേറ്റെടുക്കുമ്പോൾ, തടസ്സം നിൽക്കുക കൗന്തേയരുടെ അധികാരമോഹമോ, അതോ യുദ്ധക്കെടുതിയിൽ വലയുന്ന തെരുവോര ജീവികളുടെ പ്രതിഷേധമോ?" കൊട്ടാരം ലേഖിക ചോദിച്ചു. ശരശയ്യയിൽ മരണ ദിവസത്തിനായി കാത്തുകിടക്കുന്ന പിതാമഹനെ സന്ദർശിച്ചു, രാജ്യതന്ത്ര ബാലപാഠങ്ങൾ നേടി മടക്കയാത്രയിലായിരുന്നു യുധിഷ്ഠിരനും സംഘവും.

"ഖാണ്ഡവപ്രസ്ഥമെന്ന കൊടുംകാടിനെ വെട്ടിനിരത്തി മായികസൗധങ്ങൾ പണിത ഞങ്ങൾക്കുണ്ടോ ആശങ്ക? എന്നാൽ ഹസ്തിനപുരി ജനതയോടും കുരുവംശ പൈതൃകത്തോടും അനീതി കാണിച്ചാണ് കൗരവർ മണ്ണടിഞ്ഞത് എന്ന് നിങ്ങൾ മറന്നു. അവർ ഏൽപ്പിച്ച പരുക്കിൽ നിന്ന് കരകയറാൻ നിങ്ങൾ കഷ്ടപ്പെടും. ആകസ്മിക കുരുക്ഷേത്ര വിജയത്തെ ദുരുപയോഗം ചെയ്തു ഞങ്ങൾ കൗരവരാജവിധവകളെ പീഡിപ്പിക്കുന്നു എന്ന തരത്തിലാണ് 'ഹസ്തിനപുരി പത്രിക' ആവിഷ്കാര

സ്വാതന്ത്ര്യമുപയോഗിച്ച വാർത്ത കൊടുക്കുന്നത് ബാഹ്യശത്രുക്കളുടെ കയ്യിലൊരു കളിപ്പാവയായി നിങ്ങൾ നിന്നുകൊടുക്കുമെന്നാരോർത്തു. പതിനെട്ടു നാളും നിങ്ങൾ പോർക്കളത്തിൽ വെള്ളവസ്ത്രങ്ങൾ ധരിച്ച പനയോലയും നാരായവുമായി യുദ്ധഗതിയെ അടയാളപ്പെടുത്തുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. അർജ്ജുന ആവനാഴിയിലെ ഒരമ്പ് ഉന്നം തെറ്റി നിങ്ങളുടെ കഴുത്തിൽ തറച്ചിരുന്നെങ്കിൽ എന്ന് ഞങ്ങളിലൊരു സഹോദരൻ ക്രോധമടക്കി പറഞ്ഞപ്പോൾ, ഞാൻ വാ പൊത്തി. ഭാവിയിൽ ജനാധിപത്യത്തിലൊരു നാലാംതൂണായി പരിഗണിക്കപ്പെടാവുന്ന 'ഹസ്തിനപുരി പത്രിക' കൊട്ടാരം ലേഖികയുടെ സുരക്ഷാഭടനായിരിക്കണം നീ. അങ്ങനെയാണ് വെള്ളയിൽ ചോര തെറിക്കാതെ ഇപ്പോൾ നീ എന്റെ മുമ്പിൽ നെഞ്ചുവിരിക്കുന്നത്."

"നൂറോളം ധൃതരാഷ്ട്രപുത്രർ. അവരിൽ ഒരു കൗരവനെങ്കിലും യുദ്ധത്തിന് മുമ്പ് പാണ്ഡവഭാഗത്തേക്ക് കൂറുമാറി എന്ന് ഭാവിതലമുറയോട്ട് നമുക്ക് മേനി പറയാനുണ്ടാവില്ലേ?" കൊട്ടാരം ലേഖിക നകുലനോട്ട് ആകുലതയോടെ ചോദിച്ചു. അജ്ഞാത വാസത്തിനു ശേഷമുള്ള യുദ്ധപൂർവ്വ വിരാടകാലം.

"വിരാടഗൂഢാലോചനയിൽ സംഭവിച്ച കീചകവധത്തിൽ വെറുമൊരു കൂലി കൊലപ്പുള്ളിയാക്കിയതിൽ പ്രതിഷേധിച്ച ഭീമൻ കൗരവപക്ഷത്തേക്കു അനുയായികളുമൊത്തു കൂറുമാറാൻ അന്നേ തുനിഞ്ഞതാണ് രൗദ്രഭീമനെ പിടിച്ചുനിർത്താൻ പാഞ്ചാലി തന്നെ വേണ്ടിവന്നു, അവൻ പണ്ടെങ്ങോ കൊണ്ടുവന്നു കൊടുത്ത സൗഗന്ധികത്തിനു പാരിതോഷികം പോരെന്ന ആഖ്യാനവുമായി ദിവസങ്ങളോളം പാഞ്ചാലിയെ അവൻ, ആ കണക്കു തീർക്കാൻ, കിടപ്പറയിൽ ബന്ദിയുമാക്കി. അറ്റകയ്യിൽ യുധിഷ്ഠിരൻ പെട്ടെന്നൊരുച്ചക്ക് ഹസ്തിനപുരിയിൽ ചെന്ന് ദുര്യോധനനെ ആലിംഗനം ചെയ്തു സ്വന്തം കൂറുമാറ്റം പ്രഖ്യാപിക്കുമോ എന്ന് മാത്രമേ ഞങ്ങൾ, അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ എന്ന്, രഹസ്യമായി മോഹിക്കുന്നുള്ളൂ."

2019/03/15

"നേരം വെളുത്തപ്പോഴേക്കും പാത്രവുമായി ഉണ്ണാനിറങ്ങിയോ രണ്ടു മുൻ മഹാറാണിമാരും? അന്തഃപുരത്തിലേക്കു തോഴിമാർ നേരിട്ടു എത്തിച്ചു തന്നിരുന്നില്ലേ പ്രിയവിഭവങ്ങൾ?", കൊട്ടാരം ലേഖിക ചോദിച്ചു. കോട്ടക്കകത്തെ ഊട്ടുപുരയിൽ, പരുക്കൻ മൂലയിലൊതുങ്ങി ഗാന്ധാരിയും കുന്തിയും.

"കുറച്ചു ദിവസമൊക്കെ ഭക്ഷണം കരുതി വച്ചിരുന്നു പിന്നെ കേട്ടു നേരത്തേ വരാത്തവർക്ക് ഭക്ഷണ വിതരണം മുടങ്ങിയാൽ പാചകക്കാരെ പഴി പറഞ്ഞിട്ട് കാര്യമില്ല. അതൊരു താക്കീതു പോലെ തോന്നി. നേരം പുലർന്നാൽ വിശപ്പ് മാടി മാടി വിളിക്കുകയാണ്, ഉച്ചയാവുമ്പോഴേക്കും ഊട്ടുപുരയിലേക്കു ഉന്തിത്തള്ളുകയാണ് വയോജനങ്ങളായിരിക്കാം ഞങ്ങൾ, പക്ഷേ, വിശപ്പിന്റെ വിളി-അതൊരു വാവിട്ട നിലവിളിതന്നെയല്ലേ."

"കുടിലകൗരവരുടെ ഭീഷണസാനിധ്യമില്ലാത്ത കോട്ടയ്ക്കകം ഉദ്യാനത്തിലൂടെയിങ്ങനെ ഏകയായി നടക്കുമ്പോൾ തോന്നുന്നത് ആശ്വാസമാണോ?", കൊട്ടാരം ലേഖിക ചോദിച്ചു. നിയന്ത്രിത പ്രവേശനത്തിനു മാത്രം അനുമതിയുള്ള അന്തഃപുര ഔഷധസസ്യത്തോട്ടത്തിൽ വസന്തം, സുഗന്ധം വിതറിയിരുന്ന ഹസ്തിനപുരി പ്രഭാതം.

"എന്തൊക്കെയോ തെറ്റുകൾ ഭൂതകാലത്തു ചെയ്തവളുടെയും, ശരികൾ ചെയ്യാത്തവളുടെയും നീറിപ്പുകയുന്ന അശാന്തിയാണിപ്പോൾ, കുറ്റബോധത്തോടെ മനഃസാക്ഷി നൂറുമേനി കൊയ്യുന്നത് മുട്ടുകുത്തി കൈമുത്തുന്നതിൽ കവിഞ്ഞൊരു ഹൃദയപരസ്പര്യത്തിൽ ആരാധനയെ തളക്കാൻ വേണ്ട ആവിഷ്കാര കൗശലം കൗരവരിൽ പലർക്കുമുണ്ടായിരുന്നില്ല. ഇഷ്ടപ്പെട്ടാൽ പൂമൂടുക, രോഷം തോന്നിയാൽ അടിവസ്ത്രം വലിച്ചുകീറുക, അങ്ങനെ രണ്ടു ധ്രുവങ്ങൾക്കിടയിൽ കാമന തെന്നിത്തെറിച്ചു. അടിയറവിനും ബലാത്സംഗത്തിനുമിടയിലൊരു പ്രണയോത്സവമുണ്ടെന്നറിയാനുള്ള പരിഷ്കൃത മനസ്സവർക്കുണ്ടായിരുന്നില്ലെന്നതാണെന്റെ ഖേദം. ഹൃദ്യമായി മുഖത്തു നോക്കി സല്ലപിക്കാനും, പെണ്ണുടലിൽ പര്യവേഷണം ചെയ്യാനും അവർക്കായില്ലെന്നതാണെന്റെ ദൗർഭാഗ്യം. അങ്ങനെ ഒരിക്കലെങ്കിലും അവർക്കായിരുന്നെങ്കിൽ, വാക്കിലും നോക്കിലും തുളുമ്പുന്ന പ്രണയവിനിമയങ്ങളാൽ ഞാൻ ഓരോരുത്തരെയും പുത്തൻ പാഞ്ചാലീ സ്വയംവരത്തിൽ വിജയിയെന്നു ആഘോഷിക്കുമായിരുന്നു."

"ഭാഗ്യാന്വേഷികളായി ഖാണ്ഡവ വനം തീയിടാൻ പാണ്ഡവർ പോവുമ്പോൾ, ദുര്യോധനൻ നിങ്ങളെ മക്കളുടെ നല്ലനടപ്പിന് ജാമ്യ തടവുകാരിയാക്കി ഗാന്ധാരിയുടെ അന്തഃപുരത്തിൽ പാർപ്പിച്ചു എന്നാണു അരമനരഹസ്യം. ദശാബ്ദങ്ങൾ കഴിയുമ്പോൾ ഒന്ന് ചോദിക്കട്ടെ, എന്തായിരുന്നു നിങ്ങൾക്കവിടെ ജോലി?" കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

"ധൃതരാഷ്ട്രരും ഭാര്യയും കാഴ്ചപരിമിതരായതു കൊണ്ടു ഞാൻ വേണമായിരുന്നു തീൻശാലയിൽ ഓരോ രുചി വിഭവവും പേർ പറഞ്ഞു വായിലിട്ടു കൊടുക്കാൻ. ധൃതരാഷ്ട്രർ കൊച്ചുകുഞ്ഞിനെ പോലെ എന്റെ വിരൽ കടിക്കും അല്ലെങ്കിൽ കുടിക്കും, എന്നിട്ടു കുസൃതിയോടെ പുഞ്ചിരിക്കും. ഗാന്ധാരിയുടെ മുഖത്തേക്കൊന്നു ഞാൻ ഉടൻ കരുതലോടെ നോക്കുമ്പോൾ, കാഴ്ച മൂടുന്ന കൺകെട്ടുണ്ടെങ്കിലും, അവൾ കാണേണ്ടത് കാണുന്നു, അതോടെ മുഖം ചുവക്കുന്നു. പുറത്തു പറയാവുന്നതൊക്കെ ഇത്രമാത്രം, എന്നാൽ കഴിഞ്ഞ മൂന്നു ദശാബ്ദങ്ങൾക്കുള്ളിൽ അന്തഃപുരത്തിൽ സംഭവിച്ചതൊക്കെയും പുറത്തു പറയാനുള്ളതല്ല. ഞങ്ങൾ മൂന്നു പേർ നാളെ കാട്ടിലേക്ക് പോവുകയാണ് കാട്ടുതീ കീഴ്പ്പെടുത്തുമ്പോൾ, ആ കഥകളും ചാമ്പലാവട്ടെ എന്നെന്നേക്കുമായി എന്നോടൊപ്പം."

2019/03/16

"കൗമാരം വിട്ടൊഴിഞ്ഞിട്ടില്ലാത്ത ഏകമകനെ, പോർക്കളഭീഷണി പരിഗണിക്കാതെ, പത്മവ്യൂഹത്തിലേക്കെറിഞ്ഞു, സ്വയം ഒളിവിൽ പോയ യുധിഷ്ഠിരനെതിരെ, അവസരം കിട്ടിയാൽ നിയമനടപടിക്കൊരുങ്ങുമോ നിങ്ങൾ?" അഭിമന്യുവിന്റെ അമ്മ സുഭദ്രയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"അതിനു മുമ്പ് യുധിഷ്ഠിരന്റെ ഒരു വിചിത്ര പ്രസ്താവന ശ്രദ്ധയിൽ പെട്ടു. ജീവനോടെ അഭിമന്യു പത്മവ്യൂ ഹത്തിൽ നിന്ന് പുറത്തുചാടി പാണ്ഡവ പാളയത്തിൽ തിരിച്ചെത്തിയിരുന്നെങ്കിൽ, ആജീവ നാന്ത യുദ്ധവിലക്കിനു വഴി വച്ചേക്കാവുന്ന സൈനിക വിചാരണക്കു വിധേയനാവാൻ സാധ്യതയുണ്ടായിരുന്നു. പദ്മവ്യൂഹ സൈനികതന്ത്രത്തിൽ വേണ്ടത്ര ഗ്രാഹ്യമില്ലാതെയും, മുതിർന്നവരുടെ താക്കീതു

അവ ഗണിച്ചും, കൗരവ സൈന്യവ്യൂഹത്തിൽ അവിവേകമായി തലയിട്ടുകൊടുത്ത അഭിമന്യു ഒരു മോശം സൈനിക മാതൃകയാണ് എന്നും. ദിവ്യായുധങ്ങൾ ഒന്നിലധികം കൈവശമുണ്ടായിട്ടും, അഭിമന്യുവിന്റെ അച്ഛൻ അർജ്ജുനൻ എത്ര അലസമായാണ് പ്രകോപന പരമായ യുധിഷ്ഠിരപ്രസ്താവനയെ കൈകാര്യം ചെയ്തത് എന്നോർക്കുമ്പോൾ, ആയുധമെടുത്ത് പാണ്ഡവ പാളയത്തിൽ ഇടിച്ചുകയറി രണ്ടു പാണ്ഡവരുടെയും തല വെട്ടാനാണ് ഉള്ളം തുടിക്കുന്നത്", പെറ്റതള്ളയുടെ വൈകാരികതയോടെ സുഭദ്ര വിലപിച്ചു.

"പട്ടാഭിഷേകം പതുക്കെ പോരെ? എന്നാണ് പൊതു സമൂഹത്തിന്റെ വികാരം. അവരുടെ വക്താവ് ചാർവാകൻ. യുദ്ധജേതാക്കളെന്നവകാശപ്പെടുന്നവരെ തിരിച്ചറിയൽ പരിശോധനക്ക് നിലവിൽ ഭരണകൂടം വിധേയമാക്കിയിട്ടുണ്ടോ? പാണ്ഡവമാതാവ് കുന്തി അവരെ തിരിച്ചറിഞ്ഞുവോ? സ്വയം പാണ്ഡവരെന്നു പരിചയപ്പെടുത്തിയവർക്കു വെറുതെയങ്ങു കൈമാറുമോ കുരുവംശ ചിഹ്നമായ ചെങ്കോൽ? പോരാട്ടവേദിയിൽ കൊല്ലപ്പെട്ടെന്ന് പറയുന്ന നൂറോളം കൗരവരുടെ ശവശരീരങ്ങൾ ഔദ്യോഗിക വൈദ്യ പരിശോധനക്ക് വിധേയമാക്കിയോ? യഥാർത്ഥത്തിൽ കൗരവർ മരിച്ചുവോ?, അതോ, ഒളിവിൽ പോയോ? ജേതാക്കൾക്ക് അധികാരം കൈമാറണമെന്ന മുൻ ധാരണയുണ്ടായിരുന്നുവോ? ഉണ്ടെങ്കിൽ തന്നെ അത് തള്ളി, വറുതിയിൽ വലയുന്ന പാവങ്ങൾക്ക് ഒരുനേരം സൗജന്യഭക്ഷണമെന്ന പദ്ധതിയല്ലേ ഭരണകൂടം അടിയന്തിരമായി തുടങ്ങേണ്ടത്? എന്തുകൊണ്ട് ധൃതരാഷ്ട്രർ രാജാധികാരം പ്രയോഗിച്ചു ജനപക്ഷത്തു ശക്തമായി നിൽക്കുന്നില്ല?", കൊട്ടാരം ലേഖിക ചോദിച്ചു.

"സിംഹാസനത്തിനു ചുറ്റും പത്തു പാണ്ഡവ കൈകൾ എന്നെ വളയുന്ന പോലെ അകക്കണ്ണ് പറയുന്നുണ്ട്. ചെങ്കോൽ തരാമെന്നു പറഞ്ഞാൽ ഉടൻ ആ കൈവിരലുകൾ എന്റെ നെറ്റിയിൽ തടവും, ചെങ്കോൽ തരില്ലെന്ന് ശഠിച്ചാൽ അമ്പതു വിരൽ നഖങ്ങൾ കുന്തമുനകളായി കരൾ പിളർക്കും."

2019/03/17

"ആജീവനാന്ത സംരക്ഷകൻ എന്നൊക്കെ വിശേഷിപ്പിച്ചിരുന്ന ദുര്യോധനന്റെ തനിനിറം അറിയാൻ, അഭിമന്യുവധം വരെ കാത്തിരിക്കേണ്ടി വേണ്ടി വന്നു അല്ലെ?", കർണ്ണനോട് കൊട്ടാരം ലേഖിക ചോദിച്ചു. പുഴയുടെ തീരത്ത് അർജ്ജുനപുത്രന്റെ ചിത കത്തി തീരുന്ന വൈകിയ രാത്രി. യുദ്ധത്തിന്റെ പതിമൂന്നാം ദിവസം.

"ഒടുങ്ങാത്ത സഖ്യം പ്രതീക്ഷിക്കുന്നു എന്നുച്ചരിച്ചു അരങ്ങേറ്റമൈതാനത്തിൽ ആലിംഗനം ചെയ്ത ദുര്യോധനൻ, അന്നെനിക്ക് തന്നത് പ്രത്യാശയായിരുന്നു. തല താഴ്ത്തി നടക്കേണ്ടി വന്ന കീഴാള വിദ്യാർത്ഥി മാത്രമായിരുന്ന എന്നെ, അംഗരാജ്യത്തിലെ നാട്ടുവാഴിയായി ദുര്യോധനൻ അഭിഷേകം ചെയ്തപ്പോൾ, അതിരഥപുത്രനായ ഞാൻ മുട്ടുകുത്തി രക്ഷകന്റെ കൈ മുത്തി. വിധേയത്വമായിരുന്നു ദുര്യോധനന്റെ ആവശ്യം. പ്രലോഭനങ്ങളെയും ചതികളെയും യുദ്ധത്തിന് മുമ്പ് അതിജീവിച്ചു. അതാ ആ ചിതയിൽ ദഹിക്കുന്ന, കൗമാരപോരാളിയെ, ചക്രവ്യൂഹത്തിൽ വളഞ്ഞു കുന്തം നെഞ്ചിൽ കുത്തി ശവം പാണ്ഡവർക്ക് നേരെ വലിച്ചെറിയണം എന്ന്

'രക്ഷകൻ' ആജ്ഞാപിച്ചപ്പോൾ, ആജീവനാന്തവിധേയത്വം ജീവിതദർശനമാക്കിയിരുന്ന ഞാൻ കൃത്യം നിർവഹിച്ചു എന്നതിൽ കവിഞ്ഞെന്തു അപനിർമ്മാണമാണിപ്പോൾ നിങ്ങൾ ചെയ്യുന്നത്? കൗരവരോടേറ്റുമുട്ടി നിലത്തുവീണിരുന്ന അഭിമന്യുവിന്റെ കരൾ പിളർക്കുമ്പോൾ ആഘോഷത്തിന് പകരം മുഖത്ത് കനിവ് കണ്ടു എന്ന് അപ്പോൾ തന്നെ പരിഹസിച്ച ദുര്യോധനൻ, 'കർണ്ണൻ അവിശ്വസ്തൻ' എന്ന് പരസ്യമായി വിധിയെഴുതി കൗരവസൈനികർക്ക് മുമ്പിൽ മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്തു. അതൊക്കെയല്ലേ അടിമയോട് ഉടയോന്റെ സമ്പ്രദായം? അതിലെന്താണ് നിങ്ങൾ കുത്തിക്കുത്തിപ്പറയുന്ന ആജീവനാന്ത സംരക്ഷണത്തിന്റെ സാംഗത്യം?"

2019/03/18

"പുതുതലമുറ കൗരവരാജകുമാരികൾക്കു ചർമ്മ പരിപാലനത്തിൽ നൈപുണ്യ വികസനമൊരുക്കുന്ന സൗന്ദര്യശിക്ഷകയാണ് പാഞ്ചാലി എന്നായിരുന്നു ഹസ്തിനപുരി അന്തഃപുരത്തിൽ കേട്ടിരുന്നത് പക്ഷേ, പാണ്ഡവർക്ക് മാത്രം മൃദുപരിചരണം അനുവദിക്കാത്തത് എന്തുകൊണ്ടാണ്? ഭർത്താക്കന്മാരുടെ സ്വകാര്യ ശുചിത്വം പാഞ്ചാലിക്കൊരു പരിഗണനാ വിഷയമല്ലേ?", പാണ്ഡവരെ ഒരുമിച്ചു കണ്ടപ്പോൾ കൊട്ടാരം ലേഖിക ചോദിച്ചു, "ആകാശചാരികളുടെ മക്കളാണ് നിങ്ങളെന്നു കരുതിയ ഞങ്ങൾക്ക് തെറ്റിയോ? അതോ, അനിയന്ത്രിതകാട്ടുജീവിതത്തിൽ ആകർഷക രൂപികളല്ലാതായോ? നരച്ച താടി, കറ വീണ പല്ല്, ചുണങ്ങു വ്യാപിച്ച തൊലി, താരൻ പൊഴിയുന്ന മുടി, ആളൊന്നടുത്ത് വരുമ്പോൾ മുഷിഞ്ഞ മണവും,"

"പ്രതിവിധിയൊന്നും പറയാതെ, പായിൽ കൂടെ കിടത്തുന്നതിൽ നിന്ന് എന്നെന്നേക്കുമായി ഞങ്ങളെ അകറ്റാനാണവൾ ഉന്നം വക്കുന്നത് ആദ്യരാത്രിയിൽ പാരിതോഷികമായി കൊടുക്കുമ്പോൾ ഞങ്ങൾ എങ്ങനെയായിരുന്നുവോ, അതിലേക്കു തിരിച്ചു കൊണ്ടുപോവാൻ ധാർമികബാധ്യതയുണ്ടെന്നവൾ മറന്നുപോവുന്നു" പാഞ്ചാലിയുടെ പ്രത്യക്ഷ നീതി രാഹിത്യത്തിൽ അമർഷത്തോടെ പാണ്ഡവർ കൈകൾ ഞെരിച്ചു.

"ഗാന്ധാരിയുടെ തോഴിയായി അന്തഃപുരത്തിൽ നിയമനം കിട്ടിയ കുന്തി നിങ്ങൾക്കൊപ്പം ഇവിടെയല്ലേ താമസിക്കുന്നത്? കഴിഞ്ഞ തവണ വന്നപ്പോഴും കാണാനാവാതെ ഞാൻ മടങ്ങി. ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ അമ്മ കൂടിയായ കുന്തിക്ക് അന്തഃപുരത്തിൽ തോഴിയെന്ന നിലയിൽ എന്താണിപ്പോൾ ജോലി?", അപ്പോൾ പരിചയപ്പെട്ട ഒരു ഗാന്ധാരവംശജയെ കൊട്ടാരം ലേഖിക അഭിവാദ്യം ചെയ്തു.

"ഒരു ഗാന്ധാര സ്ത്രീയുടെ പ്രത്യേക ആവശ്യങ്ങൾ അറിഞ്ഞു ഓരോന്ന് ചെയ്യാൻ ഞാനുണ്ട്. കൗരവ ബന്ദിയായ കുന്തിയെ (അവരുടെ മകൻ ഇന്ദ്രപ്രസ്ഥത്തിൽ രാജസൂയചക്രവർത്തി എന്ന 'കോലാഹല' മൊന്നും ഞങ്ങൾ അറിയേണ്ട കാര്യമല്ല) രാപ്പകൽ നിരീക്ഷിക്കുന്ന ചാരജോലിയാണ്, കുന്തി ഗാന്ധാരിക്കു വേണ്ടി ചെയ്യുന്ന ഗാർഹിക ജോലി നിരീക്ഷിക്കുന്നതിനേക്കാൾ പ്രധാനം. ഗാന്ധാരിയുടെ കൺകെട്ടു തുണികൾ നിത്യവും ശുദ്ധജലത്തിൽ കഴുകി, നിഴലിൽ ഉണക്കി, മടക്കുന്ന ശ്രമകരമായ ദൗത്യം കുന്തി ക്ഷമയോടെ ചെയ്യും. ഗാന്ധാരി ധരിക്കുന്ന വസ്ത്രങ്ങൾ ഞാനും

കഴകം. കൺകെട്ടു തുണികൾ, ധരിക്കുന്ന വസ്ത്രങ്ങളുമായി കൂട്ടിച്ചേർക്കരുതെന്നു കുന്തി വിരലുയർത്തി താക്കീതോടെ നിഷ്കർഷിക്കും. ധരിക്കുന്ന വസ്ത്രങ്ങൾ ശരീരത്തെ തണുപ്പിൽ നിന്നും ചൂടിൽ നിന്നും രക്ഷിക്കു ന്നതിനൊപ്പം, ശരീരസൗന്ദര്യം സമ്മാനിക്കുമ്പോൾ, കൺകെട്ടു തുണികൾ കളവു പറയുന്നത്തിലൂടെ, ഹൃദയത്തിന്റെയും കാഴ്ച നിഷേധിക്കുന്നു എന്ന് കുന്തി ഇരുകൈകളും മലർത്തി പരിതപിക്കും. ലോകത്തെ കാണാനാവാത്തതു പോലെ, ഗാന്ധാരിക്ക് കേൾക്കാനുമാവില്ലെന്ന ധൈര്യത്തിൽ കുന്തി, ഞങ്ങളെ മസ്തിഷ്ക പ്രക്ഷാളനം ചെയ്യുന്ന കുടിലരീതിയൊക്കെ അന്നന്ന് ഞങ്ങൾ ദുര്യോധനനെ ഗാന്ധാരഭാഷയിൽ നേരിട്ട് അറിയിക്കും, നിങ്ങൾ വന്നു കുത്തിക്കുത്തി വിവരം ചോർത്തിയെടുക്കുന്നതുൾപ്പെടെ."

2019/03/19

"പരീക്ഷിത്തിനെ പട്ടാഭിഷേകം ചെയ്യും മുമ്പ് തന്നെയെന്താ ചെങ്കോലും കിരീടവും താഴെ വക്കുന്നത്?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ചോദിച്ചു. ജനസമ്പർക്കത്തിനായി പാഞ്ചാലി ഏറ്റെടുത്ത പ്രയാഗരാജ് കാശി ഗംഗാനദി തോണിയാത്രയിലെ ഗ്രാമീണജീവിതക്കാഴ്ചകളുമായി രാജസഭ മുന്നോട്ടുപോവുമ്പോഴായിരുന്നു, മുപ്പത്തിയാറു വർഷങ്ങളായി 'ധർമ്മപുത്രർ' എന്ന ഖ്യാതി നേടിയ ഹസ്തിനപുരി മഹാരാജാവിന്റെ വിചിത്ര നടപടി.

"കാടു വിളിക്കുന്നു."

"തർക്കം വരുംതലമുറകൾക്കായി രേഖപ്പെടുത്തുവാൻ പോവുന്ന വ്യാസനെ നിങ്ങൾ ഉപചാരപൂർവ്വം വണങ്ങുന്നത് ദൂരെ നിന്നു ഞാൻ കണ്ടു. അത്ര മതിയോ? നിങ്ങളെ നന്മയുടെ കേദാരമെന്നു അടയാളപ്പെടുത്തേണ്ട ആളല്ലേ. കുന്തിയുടെ ഔദ്യോഗിക ഭർത്താവായിരുന്ന പാണ്ഡു, വ്യാസന്റെ രഹസ്യസന്തതിയാണെന്നു അരമനയിൽ കേൾക്കാറുണ്ട്." കൊട്ടാരം ലേഖിക നവപാണ്ഡവ ഭരണകൂടത്തിന്റെ ചാരവകുപ്പുമേധാവിയും, ഇളമുറ മാദ്രി പുത്രനുമായ നകുലനോട് ചോദിച്ചു. ശരത്കാലത്തിൽ പൊഴിഞ്ഞ ഇലകൾ, വസന്തകാല പൂക്കൾ പോലെ മിന്നിയിരുന്ന താഴ്വരയിൽ, ആസ്വാദ്യകരമായ ഹിമാലയഗന്ധം.

"അരമണിക്കൂർ ശ്രോതാവായി ഞാൻ വിധേയപ്പെട്ടു. അറിവിന്റെ പുത്തൻപാതകൾ വെട്ടിത്തുറക്കുന്ന തിരക്കിൽ, വ്യാസൻ, ഞാനവിടെ ഉണ്ടെന്ന കാര്യം ശ്രദ്ധിച്ചില്ല. സംഭരിച്ച അറിവിന്റെ സൗജന്യ വിതരണമാണ് കാര്യമെന്ന് ഒന്നു മിതമായി ഞാൻ സൂചിപ്പിച്ചപ്പോൾ തന്നെ, ആ തടിച്ചു കുറിയ ശരീരം ആകെ ഒന്ന് കുലുങ്ങി. പറയുന്നതെന്തും ആധികാരികമെന്നു വിധേയ ശരീരഭാഷയോടെ മൗനത്തിൽ അംഗീകരിക്കുന്നവരുടെ മുമ്പിൽ മാത്രമേ മഹാത്മാവ് തൃപ്തനാവൂ. തിരക്കുണ്ടെന്നു പറഞ്ഞു എഴുന്നേൽക്കാൻ ഞാൻ ശ്രമിച്ചപ്പോൾ, കോപാകുലനായ വ്യാസൻ നാരായമെടുക്കുന്നതു കണ്ടു ഞാൻ നടുങ്ങി. മഹാഭാരതകഥ വസ്തുതാപരമായി എഴുതണമെന്നു അതിലെ കഥാപാത്രങ്ങളായ ഞങ്ങൾ തുറന്നു ആവശ്യപ്പെട്ടില്ലെങ്കിലും, ഭീഷണമുഖത്തോടെ ഉയർത്തിയ ആ നാരായം, തൂലികയായല്ല, കുടുംബ രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന നാവു പോലെ തോന്നി."

2019/03/20

“വംശീയമായി അധിക്ഷേപിച്ച എന്നോ?” കൊട്ടാരം ലേഖിക അർജ്ജുനനെ സംശയത്തിൽ ചോദ്യം ചെയ്തു. ദൃശ്യശ്രാവ്യ അനുഭൂതിയായിരുന്ന കർണന്റെ അരങ്ങേറ്റം കഴിഞ്ഞു കാണികൾ മൈതാനത്തിൽ നിന്ന് ആവേശത്തോടെ പിരിയുന്ന നേരം.

“അഭയാർത്ഥികൾ എന്ന നിലയിൽ അകൽച്ചയോടെയാണ കൗരവർ ഞങ്ങളെ എതിരേറ്റത്. അർദ്ധ സഹോദരർ (പാണ്ഡുവും ധൃതരാഷ്ട്രരും രണ്ടു കാശിരാജ സഹോദരികളിൽ വ്യാസനുണ്ടായ രഹസ്യസന്തതികളാണെന്ന അരമനരഹസ്യം ഇന്നും നിഷേധിക്കപ്പെട്ടിട്ടില്ല) എന്ന പരിഗണന തന്നില്ലെങ്കിലും ഞങ്ങൾ അക്ഷമയില്ലാതെ ഹസ്തിനപുരിയുമായി ഒത്തുപോകാനുറച്ചു. ഞങ്ങളഞ്ചുപേർക്കും വ്യത്യസ്ത രൂപങ്ങളുണ്ടെങ്കിലും, ശ്രദ്ധേയമായ രൂപ ലാവണ്യമുണ്ടെന്നറിഞ്ഞപ്പോൾ, കുന്തിയുടെ അവിഹിത ഗർഭങ്ങൾ എന്ന ദുരർഥസൂചനയോടെ വംശീയ ന്യൂനപക്ഷം എന്ന് കൗരവർ പരസ്യമായി ഞങ്ങളെ ഗുരുകുലത്തിൽ വിശേഷിപ്പിച്ചത്, പാണ്ഡവകരളിൽ മുറിവുണ്ടാക്കി. പിതൃത്വം ആകാശചാരികളിൽ ആരോപിക്കപ്പെട്ടിരുന്നത് കൊണ്ടാവാം, സാധാരണ മനുഷ്യരിൽ കവിഞ്ഞൊരു ദേവസൗന്ദര്യം ഞങ്ങളിൽ ഇത്ര അപകടകരമായ വിധത്തിൽ പ്രകടമായത്. പൂക്കളും സ്നേഹസന്ദേശങ്ങളും കൊണ്ട് ഹസ്തിനപുരി പൊതുസമൂഹം പാണ്ഡവക്കുട്ടികൾക്കു തന്ന അഭിവാദ്യങ്ങൾ കൗരവ 'സ്വത്വം' മറനീക്കി പുറത്തുകൊണ്ടുവന്നു. ബാല, കൗമാരങ്ങളിലൂടെ കൗരവർ അവരുടെ കുടില ഹൃദയത്തെ ഞങ്ങൾക്കെതിരെ തിരിച്ചിട്ടു. കർണ്ണനെ അംഗരാജാവാക്കിയ ദുര്യോധനനിലൂടെ അതൊക്കെയാണിപ്പോൾ നിങ്ങൾ, അറിഞ്ഞു വരുന്നത് മടിശീലയിൽ ഒരു സ്വർണ്ണ നാണ്യം പോലുമില്ലെങ്കിലും, പട്ടാഭിഷേകപ്രഹസനം നിങ്ങൾ മുഖ്യവാർത്തയാക്കാനുറച്ച എന്നതിൽ നിന്ന് വ്യക്തമല്ലേ, വസ്തുതക്ക് ബന്ധമില്ലാത്തൊരു സത്യാനന്തര സമൂഹമാണിന്നു ഹസ്തിനപുരിയെന്ന് ? പ്രഹരശേഷിയുള്ള ആയുധങ്ങൾ തേടുന്ന അലച്ചിലിലാണ് ഞാൻ. നിങ്ങളെ ഒതുക്കാൻ നകുലൻ പോലുള്ള ഇളമുറക്കാർ വേണം, കർണ്ണനെ കഥാവശേഷനാക്കാൻ ഞാൻ മതി.”

2019/03/21

“ഇവരൊക്കെ ആരാ?”, വിരുന്നിനു വന്ന അഞ്ചു ആൺകുട്ടികളെ ചൂണ്ടി യുധിഷ്ഠിരൻ പാഞ്ചാലിക്ക് നേരെ അലസമായി നോട്ടമെറിഞ്ഞു. വിരാടയിലെ ഉപപ്ലാവ്യ പാളയം. അജ്ഞാതവാസത്തിനുശേഷ മുള്ള ഇടവേള. കൗരവരുമായി നയതന്ത്ര ചർച്ചക്ക് അവസരം തേടുന്ന കാലം.

“എന്റെ മക്കൾ. അല്ലാതാരാ. പാഞ്ചാലയിൽ അച്ഛന്റെ കൂടെയാണവർ ഇക്കാലവും വളർന്നത്.”

“അതല്ല, ഓരോരുത്തരുടെയും അച്ഛൻ ആരെന്നാണ് ചോദിച്ചത്”, യുധിഷ്ഠിരന്റെ ഒച്ച കനത്തു. മറ്റു പാണ്ഡവർ ആശങ്കയോടെ തറച്ചുനോക്കി.

“കിടപ്പറയിൽ അഞ്ച് പുരുഷന്മാർ എത്രയോ കാലമായി എന്നോടൊപ്പം ശയിക്കാറുണ്ട്. നിങ്ങൾ ഉൾപ്പെടെ. കൂടെ കിടക്കുന്നവരുടെ നാളും പിതൃത്വവും ഓരോ പ്രാവശ്യവും ഞാൻ അന്വേഷിക്കാറുണ്ടോ.” മക്കളെ ഊട്ടുപുരയിലേക്കു പാഞ്ചാലി നയിക്കുമ്പോൾ മറ്റുനാലു പാണ്ഡവർ അനുഗമിച്ചു.

2019/03/22

“പ്രണയം നടിച്ച പ്രതി ബലാത്സംഗം ചെയ്തുവോ, അതോ നിങ്ങൾ പ്രലോഭിപ്പിച്ച സ്വയം സമർപ്പിച്ചുവോ എന്നൊന്നും പരിഗണനാ വിഷയമല്ല. നവജാത ശിശുവിനെ പുഴയിലൊഴുക്കി എന്നാണു പൊള്ളുന്ന ആരോപണം. കുഞ്ഞു രക്ഷപ്പെട്ടത് ആകസ്മികമായാണ്, കൊല്ലാൻ ഉദ്ദേശിച്ചുള്ള നിങ്ങളുടെ കുറ്റത്തിന് ഇളവനുദിക്കില്ല. ഇത്രയുമാണ് ശിശുഹത്യാ ശ്രമത്തിനെതിരെ ഉയരുന്ന ജനരോഷത്തിന്നിടയിൽ, ചികഞ്ഞപ്പോൾ, കിട്ടിയ ഔദ്യോഗികഭാഷ്യം, എങ്ങനെ നേരിടും വിചാരണ?” കൊട്ടാരം ലേഖിക ചോദിച്ചു.

“ബലാത്സംഗമെന്ന സംജ്ഞ ഞാൻ ഉപയോഗിച്ചിട്ടില്ല. അവനുമായി ബന്ധപ്പെടും മുമ്പ് മയക്കം തോന്നി എന്ന പോലെ യാഥാർത്ഥമാണ്, കാര്യക്ഷമമായി ബന്ധപ്പെട്ടു എന്നതും. പ്രതിയെന്നല്ല പുരുഷൻ എന്ന് മാത്രമേ ഞാൻ പരാമർശിക്കൂ. പുരുഷ സ്വത്വം വെളിപ്പെടുത്തുന്നതു കൊണ്ടു എനിക്കോ സമൂഹത്തിനോ പ്രത്യേകിച്ചൊരു പ്രയോജനവുമില്ല. കൊലയായിരുന്നില്ല ഉദ്ദേശിച്ചത് കുഞ്ഞിനെ ഉപേക്ഷിച്ചതിൽ എന്റെ തെറ്റ് ആകസ്മികതയെ ആശ്രയിച്ചു എന്നതാണ് അതൊരു തെറ്റാണോ? കുഞ്ഞു രക്ഷപ്പെട്ടതിൽ ആശ്വാസമുണ്ടെങ്കിലും, കുഞ്ഞു എവിടെയാണിപ്പോൾ എന്നൊന്നും എനിക്കറിയേണ്ട കാര്യമില്ല. അതൊക്കെ സൗജന്യമധുരമായി പ്രകൃതിയുടെ കനിവിനു വിടട്ടെ. പട്ടുതുണിയിൽ കിടത്തി വായുസഞ്ചാരമുള്ള പനങ്കുട്ടയിലാണ് കുഞ്ഞിനെ പരസഹായമില്ലാതെ, പേറ്റുനോവുണ്ടായിട്ടും ദൂരം നടന്നു ചെയ്തത് ഒഴുക്കിയത് എന്ന് പറഞ്ഞാൽ കരുതലോടെ എന്നർത്ഥം. ഞാനിപ്പോൾ വിവാഹ പൂർവ്വ കിനാവിന്റെ പിടിയിലാണ് ആ സുന്ദരരാത്രികളിൽ കാടൻപൂച്ചയെ പോലെ ജനം നിലവിളിച്ചു എനിക്കെതിരെ ബഹളം വെക്കരുത് ലൈംഗിക പ്രലോഭനം, രതി ആസ്വാദനം, അബദ്ധഗർഭധാരണം, ഏകാന്തപ്രസവം, മനഃപൂർവമല്ലാത്ത ശിശുഹത്യാ ശ്രമം ഇതൊക്കെ തീർത്തും തേഞ്ഞുമാഞ്ഞുപോയ കന്യകാവസ്ഥ ഉടലിനു തിരിച്ചുകിട്ടിയ ഈ ഉന്മാദാവസ്ഥയിൽ ഞാൻ പ്രതീക്ഷാനിർഭരമായി ഉറ്റുനോക്കുന്നത് ഹസ്തിനപുരി മഹാരാജാവുമായുള്ള പരിണയത്തിലാണ്. ഇത് വെറുമൊരു രാജകീയ വിവാഹ ജീവിതമല്ല, ഐതിഹാസിക കുടുംബപുരാണത്തിന്റെ ആദ്യ അദ്ധ്യായം മാത്രമെന്ന് ഉള്ളം മന്ത്രിക്കുന്നു.”

2019/03/23

“യുദ്ധ നിർവ്വഹണസമിതിയുടെ അധ്യക്ഷൻ പാണ്ഡവർക്കെതിരെ ആരോപണവുമായി തിരിഞ്ഞല്ലോ. വിഷാദരോഗിയായ അർജ്ജുനനെ പ്രബോധനത്തിലൂടെ രണോർജ്ജിതനാക്കാൻ തേരാളി ചെയ്തു, പതിനെട്ടോളം പ്രഭാഷണ പരമ്പര ലക്ഷക്കണക്കിന് സായുധ സൈനികരെ പൊരിവെയിലത്തു മണിക്കൂറുകളോളം നിർത്തുകവഴി, യുദ്ധ ക്ഷമതക്ക് ഇടിവുണ്ടായെന്ന കണ്ടെത്തലിനോടെങ്ങനെ പ്രതികരിക്കുന്നു?”, കൊട്ടാരം ലേഖിക ചോദിച്ചു. പാഞ്ചാലിയുടെ സഹോദരനും, പാണ്ഡവ സേനാപതിയുമായ ധൃഷ്ടദ്യുമ്നൻ നീരൊഴുക്കിലേക്ക് വന്ന രാത്രി.

“വിഷാദം ഭീതിതമായ രോഗാവസ്ഥയല്ലെന്നും, വചന പ്രഘോഷണത്തിലൂടെ പരിചരിച്ചു മാറ്റാവുന്ന വൈകാരികതയാണെന്നും ലോകമറിഞ്ഞില്ലേ? യുദ്ധഭൂമിയിൽ അതീതശക്തികളുടെ സാന്നിധ്യമുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു എന്ന്

യുക്തിവാദി ചാർവാകൻ സമ്മതിച്ചില്ലേ? ഇതൊരു കൂട്ടുകുടുംബ സ്വത്തുതർക്കമെന്ന പ്രചാരണം വ്യർത്ഥമെന്നു തെളിഞ്ഞില്ലേ? മനുഷ്യാവസ്ഥയുടെ അടിയൊഴുക്കുകൾ ഈ യുദ്ധത്തിൽ ഉണ്ടെന്ന അപനിർമ്മാണവുമായി, തക്ഷശില സർവ്വകലാശാല ഗവേഷകർ വന്നതോടെ തീർന്നില്ലേ അപവാദം? ഹിമാലയത്തിൽ നിന്നു രാപ്പകൽ വീശുന്ന തണുത്ത കാറ്റിൽ, നട്ടുച്ചക്കും തണുത്തുവിറക്കുന്ന ഈ ശീതകാലത്തിൽ, സൈനികർ വിയർത്തു എന്നതൊക്കെ കാലാവസ്ഥയെ കുറിച്ചുള്ള പൊതുബോധത്തെ പരിഹസിക്കലായി സമൂഹം കാണില്ലേ? അത്യാവശ്യം സൈനികപദാവലി മാത്രമറിയുന്ന കൂലിപ്പട്ടാളത്തിനിപ്പോൾ, പ്രപഞ്ച വിജ്ഞാനീയവും പ്രയോഗികകാഴ്ചപ്പാടും ആരോഗ്യകരമായ അളവിൽ കിട്ടിയ ‘ഉന്മാദ’മായിരുന്നില്ലേ പ്രഭാഷണപരമ്പര? വരും യുഗങ്ങളിൽ ഈ പ്രഭാഷണങ്ങൾ മഹാസംഭവമെന്ന നിലയിൽ ഉദ്ധരണികളിലും ടിപ്പണികളിലും യുദ്ധ ക്ഷമത വർധിപ്പിക്കാനായി ഉപയോഗിക്കപ്പെടില്ലെന്നാർക്കറിയാം? എനിക്കോ നിങ്ങൾക്കോ അറിയില്ലെന്ന് വ്യക്തമല്ലേ?” കൊടും തണുപ്പിലും, അർദ്ധനഗ്ന ധൃഷ്ടധ്യുമ്നൻ പുഴയൊഴുക്കിലേക്കു കൂപ്പുകുത്തുന്നതു, മങ്ങിയ നിലാവിൽ പാണ്ഡവരും പാഞ്ചാലിയും പിൻജാലക ത്തിലൂടെ നോക്കി നിന്നു.

“നിറഞ്ഞൊഴുകുന്ന പുഴയിലിറങ്ങി നീന്തിക്കുളിക്കുന്നതിനു പകരം എന്തിനാണ് നിങ്ങൾ ഒരു കൊച്ചു മൺകുടത്തിൽ നിന്ന് അൽപ്പാപ്പം വെള്ളമെടുത്തു ദേഹം കഴുകുന്നത്?”, കൊട്ടാരം ലേഖിക ചോദിച്ചു. ഹസ്തിനപുരി കൊട്ടാരത്തിൽ നിന്ന് വിളിപ്പാടകലെ ഗംഗാസ്നാനഘട്ടം. സന്ധ്യ.

“കടലിലേക്ക് ഒഴുകിപ്പോവുന്ന വെള്ളമൊക്കെ തടയണ കെട്ടി വരൾച്ചക്കാലത്തു കൃഷിയിടങ്ങളിലേക്കെത്തിക്കാമെന്നു പറഞ്ഞ അഭിമന്യു കുരുക്ഷേത്രയുദ്ധത്തിൽ ബലിദാനിയായപ്പോൾ എല്ലാം നാം മറന്നതായിരുന്നു. എന്നാൽ കൊട്ടാരങ്ങളിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടു പുനരധിവാസകേന്ദ്രത്തിലേക്കു വെപ്പും കുടിയും മാറ്റിയ കൗരവരാജസ്ത്രീകളെ ഞാനിന്നു സന്ദർശിച്ചപ്പോൾ, തടയണയെക്കുറിച്ചെല്ലാം നഷ്ടബോധത്തോടെ ഓർത്തു. കുളിക്കാനോ തുണി കഴുകാനോ വെള്ളമില്ലാതെ വിലപിച്ചു. യാചിച്ചു. നിലവിലുള്ള നിയമവ്യവസ്ഥയനുസരിച്ചവർക്കു സ്നാനഘട്ടത്തിൽ സുരക്ഷാകാരണങ്ങളാൽ പ്രവേശനമില്ല. കുരുക്ഷേത്ര വിധവകളുടെ കദനകഥ കേട്ടപ്പോൾ കരളലിഞ്ഞു. പ്രായശ്ചിത്തമായി ഞാൻ കുളിക്കുക ഈ മൺകുടത്തിൽ കരുതിയ കുറച്ചു വെള്ളം കൊണ്ടുമാത്രമെന്നുമുറച്ചു. ഇല്ല ഇതൊന്നും നന്മ കണ്ടാൽ തിരിച്ചറിയാത്ത പത്രപ്രവർത്തകർക്കറിയില്ല. നിങ്ങൾ ചോദിക്കും എന്തിനു ആ വിധവകളെ ഞങ്ങൾ വഴിയാധാരമാക്കി? തുറന്നു പറയട്ടെ, നിങ്ങൾക്ക് ഞാൻ രാഷ്ട്രീയകാപട്യത്തിന്റെ നിറകുടമാണ്.”

2019/03/24

“ദുര്യോധനപുരിയെന്നു നാമകരണം ചെയ്യണമെന്ന സമ്മർദവുമായി ഹസ്തിനപുരികോട്ടക്ക് മുമ്പിൽ കൗരവരാജവിധവകൾ ഇന്നലെ രാവിലെ മുതൽ പ്രക്ഷോഭത്തിലാണല്ലോ. വിയർത്തൊഴുകുന്നുണ്ടെങ്കിലും, നിശ്ചയദാർഢ്യമുണ്ട്. എങ്ങനെ നേരിടും?”, കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“സത്യവതി എന്തുകൊണ്ടാണ് കാട്ടിൽ പോയത്? ‘ശന്തനുപുരി’യെന്നെന്തുകൊണ്ട് പേർ മാറ്റിയില്ല എന്നായിരുന്നു കൊട്ടാരം ഉപേക്ഷിച്ച പടിയിറങ്ങുമ്പോൾ ശന്തനു വിധവാവിലാപം. ആരും ഒന്നും മിണ്ടിയില്ല. പാണ്ഡു രാജാവായപ്പോൾ, സത്യവതിയുടെ പേരിൽ നഗരം അറിയണമെന്നു രഹസ്യപുത്രൻ വ്യാസൻ ആവശ്യപ്പെട്ടു. വിലപേശൽ വിദഗ്ദയായ ‘മീങ്കാരി’യുടെ സ്മരണയ്ക്ക് ‘കുലീന’ കുരുവംശം നിന്ന് കൊടുക്കരുതെന്ന് ‘സവർണ്ണ മാടമ്പി’കൾ പ്രചാരണം അഴിച്ചുവിട്ടപ്പോൾ, കൈ തലയിൽ വച്ചാണ് പാണ്ഡു ചെങ്കോൽ ധൃതരാഷ്ട്രരെ ഏൽപ്പിച്ച നാടുവിട്ടത് ശതാബ്ദിയാഘോഷിക്കുന്ന പിതാമഹാനൊരു പാരിതോഷികമെന്ന നിലയിൽ, ‘ഭീഷ്മനഗരി’യെന്നു ഔദ്യോഗികമായി നാമകരണം ചെയ്യാൻ വിദുരർ ആവശ്യപ്പെട്ടത് നിരാകരിച്ചുകൊണ്ടല്ലേ, ദുര്യോധനൻ നേതൃസ്ഥാനം ഏറ്റെടുത്തത്? യുദ്ധം കഴിഞ്ഞു ഞങ്ങൾ അധികാരത്തിൽ കയറി. ‘ധീരകൗമാരപോരാളി’യുടെ പേരിൽ ഹസ്തിനപുരി അറിയപ്പെടണമെന്നു അർജ്ജുനൻ ആവശ്യപ്പെട്ടപ്പോൾ എതിർത്തത് പാഞ്ചാലി? അധികാരകൈമാറ്റത്തിന് പരീക്ഷിത്തിന്റെ മുമ്പിൽ ഉപാധി വച്ചിരിക്കയാണിപ്പോൾ യുധിഷ്ഠിരൻ. പ്രതിച്ഛായക്ക് യോജിച്ച വിധം ‘ധർമ്മപുരി’ എന്ന് പേരിടണം. അതോടെ നാമനിർദേശപ്പട്ടിക പുതുക്കേണ്ട സ്ഥിതി വന്നിരിക്കുന്നതിനിടയിലാണ് ദുര്യോധനവിധവയുടെ പ്രക്ഷോഭം. ഭൂഗർഭ അറകളിൽ കുഴിച്ചിട്ട കൗരവരത്ന ശേഖരങ്ങൾ പുറത്തെടുക്കാനുള്ള രഹസ്യവാക്ക് ഭരണ കൂടത്തിനവർ ആദ്യം കൈമാറട്ടെ, ‘ധീരദേശാഭിമാനി’യുടെ ബലിദാനത്തെ കാലാതിവർത്തിയായി അടയാളപ്പെടുത്താൻ ദുര്യോധനസ്മരണക്കായി ഹസ്തിനപുരിയെ ചവിട്ടിത്താഴ്ത്തും മുമ്പ്.”

2019/03/25

“ആകാശത്തിലെ പറവകൾക്കായി ആയിരം നീർക്കുടങ്ങൾ എന്ന മധ്യവേനൽ പദ്ധതി നടപ്പിലാക്കുന്ന പാഞ്ചാലിയോടെന്താ നിങ്ങൾക്കൊക്കെ ഇത്ര പക? ആവാസവ്യവസ്ഥയെ പരിപാലിക്കുകയെന്നതുമല്ലേ സംവേദനശീലമുള്ള ഒരു മഹാറാണിയുടെ ചുമതല?”, കോട്ടവാതിലിനു മുമ്പിൽ നിരാഹാര സത്യാഗ്രഹമനുഷ്ഠിക്കുന്ന കൗരവരാജവിധവകളോട് കൊട്ടാരം ലേഖിക ചോദിച്ചു. മുഷിഞ്ഞ മേൽവസ്ത്രങ്ങൾ, വിയർത്തൊഴുകുന്ന കഴുത്തും കക്ഷവും, എന്നിട്ടും അവരുടെ സൗന്ദര്യം ഉച്ചവെയിലിൽ ജ്വലിച്ചു.

“ഖാണ്ഡവ വനമെന്ന ആവാസവ്യവസ്ഥയെ അവളും ഭർത്താക്കന്മാരും ചേർന്ന് എങ്ങനെ കത്തിച്ചാമ്പലാക്കി എന്നതൊക്കെ അക്കാലത്തെ കൊട്ടാരംലേഖികയായിരുന്ന നിങ്ങളുടെ അമ്മയിൽ നിന്ന് കേട്ടറിഞ്ഞിട്ടുണ്ട്. ആ കഥയൊന്നും ഇനി നിങ്ങൾ ദയവായി ആവർത്തിക്കരുതേ. നീർക്കുടങ്ങൾ പറവകൾക്കു സമ്മാനിച്ചശേഷം, മഹാറാണി ഞങ്ങളുടെ പുനരധിവാസകേന്ദ്രത്തിൽ വന്നിരുന്നു. കുടിക്കാനും കുളിക്കാനും ജലമില്ലെന്നു വിലപിച്ച ഞങ്ങളോടവൾ വിരൽ ചൂണ്ടി തട്ടിക്കയറി. കോട്ടക്കകത്തെ നൂറോളം രാജമന്ദിരങ്ങൾക്കു പിന്നിൽ കൗരവർ പൊതുചെലവിൽ പണിതെടുത്ത നീന്തൽ കുളങ്ങളിൽ ദശാബ്ദങ്ങളോളം ഞങ്ങൾ നീന്തിത്തിമിർത്തു എന്നവൾ പ്രാകി. ഞങ്ങൾ വിരണ്ടു. വേനലിൽ ഹിമാലയം ഉരുകി ജലമൊഴുകുന്ന രണ്ടു മഹാനദികൾക്കിടയിലെ ഹരിതഭൂമിയാണ് ഹസ്തിനപുരി എന്ന വ്യാജ പ്രചാരണം കേട്ടാണ് വ്യത്യസ്ത ഭൂവിഭാഗങ്ങളിൽ നിന്ന് കൗമാരകാലത്തു നവവധു

ക്കളായി ഇവിടെ വന്നതു്, ഞങ്ങളെ കൗരവർ സ്നേഹത്തോടെ പരിലാളിച്ചു എന്ന തിനു് തെളിവാണു് ആ നൂറു നീന്തൽകുളങ്ങൾ. കൗരവർ കോട്ടക്കകത്തു നിർമ്മിച്ച തു കൊണ്ടല്ലേ പാഞ്ചാലി നിത്യവും നീന്തിക്കുളിച്ചു ഈ കൊടും വേനലിലും മിന്നുന്ന തൊലിയും തിളങ്ങുന്ന തുണിയുമായി തിമിർക്കുന്നതു്?"

"അജ്ഞാതവാസത്തിനു തിരിക്കുമ്പോൾ എന്തു് ചെയ്യും ഈ വ്യാഴവട്ടക്കാല ഓർമകുടീരം? ഇട്ടെറിഞ്ഞു പോവുമോ? അതോ, ഹസ്തിനപുരിയിൽ നിങ്ങൾ മഹാ റാണിയായാൽ, പൈതൃകമന്ദിരമായി പരിപാലിക്കുവാൻ നിർദ്ദേശിക്കുമോ?", ചൂ താട്ടത്തിൽ പൗരാവകാശവും സ്വത്തും നഷ്ടപ്പെട്ടു കൗരവ അടിമകളായി പന്ത്രണ്ടു വർഷം സഹനത്തിൽ കഴിഞ്ഞ ഹിമാലയ താഴ്വര നോക്കി കൊട്ടാരം ലേഖിക പാ ഞ്ചാലിയോടു് ചോദിച്ചു. അയൽപക്ക സന്യസ്ഥ സമൂഹത്തോടു യാത്ര പറയാൻ ഭർത്താക്കന്മാർ പോയ നേരം.

"അരക്കില്ലം പോലെ പാണ്ഡവർ തീയിടട്ടെ ഇതും."

2019/03/26

"കായികക്ഷമതയുള്ള ഭർത്താവിനെ ന്യായമായും പ്രതീക്ഷിച്ച നിങ്ങൾ കിടപ്പ റയിൽ പക്ഷേ, നേരിടേണ്ടി വന്ന അപമാനം, ഒരു സ്ത്രീയെന്ന നിലയിൽ ഞാൻ ഊഹിച്ചെടുക്കുമ്പോഴും, കുന്തിയുടെ പങ്കെന്താണു് ഈ ദുരിതദാമ്പത്യത്തിലെ മുതിർ ന്ന പങ്കാളിയെന്ന നിലയിൽ?", കൊട്ടാരം ലേഖിക ചോദിച്ചു. (ഈ അഭിമുഖം 'ഹസ്തിനപുരി പത്രിക'യുടെ ചുവരെഴുത്തിൽ വരും മുമ്പു് മാദ്രി പാണ്ഡുചിതയിൽ കത്തിക്കരിഞ്ഞ നിലയിൽ കാണപ്പെട്ടിരുന്നു).

"എത്ര വിധേയപ്പെട്ടു് രമ്യമായി കൂടെ പൊറുക്കാൻ ശ്രമിച്ചാലും, എന്നെ വഴക്കി വീഴ്ത്തും. വിവാഹ ബാഹ്യബന്ധങ്ങൾ തേടുന്നതിലും, അതു് വഴി മാതൃത്വം എന്ന പെ ണ്ണവകാശം നിസ്സംശയം നേടിയെടുക്കുന്ന തിലും, അവൾ പ്രകടിപ്പിച്ച കഴിവും കൗ ശലവും പതിവായി കണ്ട ഞാൻ അവസാനം യാചിക്കേണ്ടി വന്നു, പരപുരുഷ പ്ര ലോഭന വഴികളെന്തെങ്കിലും കൈവശമുണ്ടെങ്കിൽ, എനിക്കും അനുവദിക്കു നൈപു ണ്യ പരിശീലനം. ഓർത്താൽ അപമാനം തോന്നുന്ന പല വൃത്തികെട്ട പ്രവർത്തി കൾക്കും സാക്ഷിയും പങ്കാളിയുമാക്കി, വിധേയത്വം പൂർണ്ണമെന്നുറപ്പായപ്പോൾ, രണ്ടു പുരുഷന്മാരെ ഒരേ സമയം പ്രലോഭിച്ചു വശത്താക്കുന്നൊരു പദ്ധതി പഠിപ്പി ച്ചു. ആവുന്നവിധം കാര്യക്ഷമമായി പ്രവർത്തികമാക്കിയപ്പോൾ ഉണ്ടായ സന്തതി കളാണു്, പൂർണ്ണ നഗ്നരായി ആ കുന്നിൻ മുകളിൽ കളിക്കുന്ന നകുലനും സഹദേവ നും. വാസ്തവത്തിൽ കളിക്കുകയല്ല, കുന്തിയുടെ മക്കൾ വേട്ടയിറച്ചിയുമായി വരുന്ന തു് കാത്തിരിക്കയാണു് അശ്വനിദേവതകൾ എന്നറിയപ്പെട്ടിരുന്ന ഇരട്ടസഹോദര ന്മാർ വീട്ടിൽ മിക്ക രാത്രികളിലും വരാൻ തുടങ്ങിയപ്പോൾ, നീ മിടുക്കി എന്നു് കുന്തി ഒരാരോപണം പോലെ ഉച്ചരിച്ചു. കീറപ്പായിൽ നിന്നെണീറ്റ പാണ്ഡു, ബീഭത്സമായ മുഖഭാവങ്ങളോടെ, 'എനിക്കു് മാത്രം നീ വഴങ്ങില്ലേ?' എന്നു് വിലാപസ്വരത്തിൽ പരിഭവിച്ചപ്പോൾ തോന്നി, പ്രലോഭന ശ്രമമില്ലാതെയും എന്റെ ഉടലിൽ അയാൾ ഭ്രമിച്ചു തുടങ്ങിയോ. അങ്ങനെ ഒരു അപായമണി മുഴങ്ങി കേൾക്കുമ്പോഴാണു് നി ങ്ങളും ഈ സമയത്തെന്നെ സമീപിക്കുന്നതു്."

2019/03/27

“തിന്മയുടെ മേൽ നന്മയുടെ വിജയമാണ് കുരുക്ഷേത്രം എന്ന് യുധിഷ്ഠിരൻ പട്ടാഭിഷേകത്തിനുശേഷം പൊതു യോഗത്തിൽ ഇരുകൈകളും ഉയർത്തി നിരീക്ഷിച്ചപ്പോൾ, സദസ്സ് എഴുന്നേറ്റുനിന്ന് കയ്യടിക്കുന്നത് കണ്ടു. പക്ഷേ, വേദിയിൽ ഇരുന്ന നിങ്ങൾ മുഖം താഴ്ത്തി. എന്തായിരുന്നു കാര്യം?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“തിന്മക്കു മേൽ തിന്മയുടെ വിജയം എന്ന് പനയോലയിൽ നാരായം കൊണ്ടെഴുതിക്കൊടുത്തത് യുധിഷ്ഠിരൻ തിരക്കിട്ടു വായിച്ചപ്പോൾ ഉച്ചാരണം തെറ്റി.”

“ചൂതാട്ടം വേണമായിരുന്നോ യുധിഷ്ഠിരനെ സ്ഥാന ഭ്രഷ്ടനാക്കാൻ? സമൂഹമനഃസാക്ഷിയായി അറിയപ്പെടുന്ന ചാർവാകൻ ഇന്നലെ തെരുവോര യോഗത്തിൽ പറയുന്നത് കേട്ടു. എങ്ങനെ പ്രതികരിക്കുന്നു?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“ചൂതാട്ടം വിനോദമായിരുന്നില്ല, വിമോചന സമരം തന്നെയായിരുന്നു. അതിന്റെ ബീജാവാപം അധികാര ലഹരിയിലല്ല, പരിസ്ഥിതി സംരക്ഷണത്തിലായിരുന്നു. ഖാണ്ഡവവനം പാണ്ഡവർ കത്തിച്ചെന്നറിഞ്ഞപ്പോൾ ദേശീയദുരന്തമായി ഞങ്ങൾ പ്രഖ്യാപിച്ചു. അത്ര നൊന്തു ഹൃദയം. അടിക്കാട് വെട്ടി, പണിയെടുത്തു ജീവിക്കു എന്ന സാത്വിക ആശംസയോടെ ധൃതരാഷ്ട്രർ ആവാസവ്യവസ്ഥ തീറെഴുതിക്കൊടുക്കുമ്പോൾ, ഞങ്ങൾ അറിയണമായിരുന്നു, വാരണാവതം സുഖവാസ മന്ദിരം എങ്ങനെ പാതിരാവിൽ പാണ്ഡവർ ചുട്ടെരിച്ചു, അതുപോലൊന്നിനിയും ഉണ്ടാവും. ഏതുനിമിഷവും സൂര്യതാപത്തിൽ നിങ്ങൾ തെരുവിൽ കുഴഞ്ഞു വീഴുമെന്നറിയുമ്പോളാണ്, ആവാസവ്യവസ്ഥയെ നഗരം പണിയാൻ കൗന്തേയർ കത്തിച്ചാമ്പലാക്കിയ ബുദ്ധി എത്ര കുടിലം. മധ്യവേനൽ സൂര്യരശ്മികൾ, ഹരിത കവചത്തിൽ തട്ടി, ചിതറിത്തെറിച്ചു, തീവ്രത കുറയുന്ന പ്രകൃതിദത്ത സംവിധാനമാണ് ഖാണ്ഡവവനം. എന്നെന്നേക്കുമായി അത് തകരാൻ അനുവദിക്കരുതെന്ന് തക്ഷശിലയിലെ പരിസ്ഥിതി പഠനകേന്ദ്ര മേധാവി ഇവിടെ വന്നപ്പോൾ താക്കീതു നൽകി. ഇതൊരു പരിഷ്കൃത ഭരണകൂടമല്ലേ. ഞങ്ങൾ അതൊക്കെ കേൾക്കണ്ടേ? കാടുകത്തിച്ചും നഗരം പണിയുമെന്ന പാണ്ഡവ അഭിലാഷമുണ്ടല്ലോ, അതിനു തുരങ്കം വക്കാൻ അൽപ്പം വൈകി എങ്കിലും, പരിഹാരത്തിനായി ഗൂഢപദ്ധതി തയ്യാറാക്കി. ഒരിറ്റു ചോരത്തുള്ളി വീഴാതെ അക്രമരാഹിത്യത്തിലൂടെ ചൂതാട്ടം എന്ന ആശയം പൂവണിഞ്ഞു. ചമ്രം പടിഞ്ഞിരുന്നു രാജ സൂയ സാമ്രാജ്യത്തെ കട പുഴക്കി, പാണ്ഡവർക്ക് പൗരാവകാശം നിഷേധിച്ചു കാട്ടിലയച്ചു. പാഞ്ചാലിപ്പെണ്ണിനെ പരസ്യമായി പൊന്നരഞ്ഞാണം അണിയിച്ചു, ‘അവൾക്കിനി ഉടയോൻ ഞങ്ങൾ’ എന്ന് പാണ്ഡവരെ ബോധ്യപ്പെടുത്തി. ഇനിയവർ വെട്ടരുത് മരം.”

2019/03/28

“കണ്ടാൽ വിക്കുണ്ടെന്നു തോന്നുന്ന യുധിഷ്ഠിരന് ഇത്രയൊക്കെ ആവിഷ്കാരമികവുണ്ടോ, പെറ്റ തള്ളയെ പറഞ്ഞു പറ്റിച്ചു അനുജന്റെ ഭാര്യയെ തട്ടിയെടുക്കാൻ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. താഴ്വരയിലെ തടാകത്തിൽ നീന്തിത്തുടിക്കാൻ പാണ്ഡവർ പോയ വനാശ്രമം.

"കുടുംബാംഗങ്ങളുടെ വിവാഹപൂർവ രതിസാഹസത്തെ കുറിച്ച് യുധിഷ്ഠിരൻ രഹസ്യങ്ങൾ കെട്ടു കെട്ടായി സൂക്ഷിച്ചു വെച്ചിട്ടുണ്ട്. അർജ്ജുനൻ പുതുതായി കെട്ടിയ പെണ്ണിനെ കൈവശപ്പെടുത്താൻ വിഴുപ്പുകെട്ടു ഒരെണ്ണം പുറത്തെടുത്താൽ മതി."

"കുരുക്ഷേത്രയിലെ ആദ്യദിവസം നിങ്ങൾ രോഗാതുരമെന്നു തോന്നും വിധം വിഷാദവാനായിരുന്നെങ്കിൽ, അവസാന ദിനമായപ്പോഴേക്കും ദാർശനികനായി എന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത്?", കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. യുദ്ധം ജയിച്ചെന്ന അവകാശവാദവുമായി ആറംഗ പാണ്ഡവസംഘം ഹസ്തിനപുരി രാജപാതയിലൂടെ നീങ്ങുന്ന ശിശിരകാലരാത്രി.

"നാളെ ഈ സമയത്തു ഞങ്ങൾ കോട്ടപിടിച്ചെടുത്തു പാണ്ഡവ പതാക ഉയർത്തുമെന്ന് നിങ്ങൾക്കറിയാം എന്നാൽ ഈ വിറയ്ക്കുന്ന തണുപ്പിൽ ഞങ്ങൾ ഒരുപാത്രം ചൂടുള്ള പാനീയം കിട്ടിയാൽ, ആ കുരുവംശ അധികാരം വേണ്ടെന്നു വക്കാം. മുന്നിൽ നടക്കുന്നത് പാഞ്ചാലി, പിന്നിലിപ്പോൾ യുധിഷ്ഠിരൻ. അപ്പോൾ എന്തുസംഭവിച്ചു കഴിഞ്ഞ പതിനെട്ടു ദിവസങ്ങളിൽ എന്നോ? ഓരോ വൈകിയ രാത്രിയും പുഴയിൽ കുളിച്ചു നനഞ്ഞ തുണിയുമായി, പാളയത്തിലെത്തുമ്പോൾ, മറ്റു പാണ്ഡവർ തറയിൽ കിടന്നു ഉറങ്ങിയിട്ടുണ്ടാവും. എന്നാൽ ഉറങ്ങാതെ പാഞ്ചാലി എന്നെ കാത്തിരിക്കുന്നത് യുദ്ധവാർത്ത കേൾക്കാനോ ക്ഷേമാന്വേഷണത്തിനോ അല്ല, അവളുടെ അഞ്ചുമക്കളെ ഞാൻ കരുതലോടെ അന്നം പാർപ്പിച്ചുവോ എന്നറിയാനാണ്, അവർ കുളിച്ചു ഭക്ഷണം കഴിച്ചുറങ്ങിയിട്ടാണ് ഞാൻ ഇവിടെ വന്നതെന്ന മറുപടി കേട്ടാൽ, അവളിൽ വരുന്ന രൂപഭാവ പരിണാമം നിങ്ങളെ വിസ്മയിപ്പിക്കും. പിന്നെ അവൾ ആ കൗമാരപോരാളികളുടെ അമ്മയല്ല, എന്റെ ഊഷ്മള ആതിഥേയയാണ് എന്നെ ആസ്വാദന നിശീഥിനിയിലൂടെ പുലർച്ചയിലേക്കു നയിക്കുന്ന കാമനയാണവൾ. പിന്നീടൊരിക്കൽ മറ്റു പാണ്ഡവരോട് സാന്ദർഭികമായി ഞാൻ സംസാരിക്കുമ്പോൾ വ്യക്തമായി, ഓരോ പാണ്ഡവനെയും അവൾ അഞ്ചു കുട്ടികളുടെ രക്ഷാധികാരിയായി നിയമിച്ചിട്ടുണ്ട്, അവരെയും കൃതജ്ഞതയോടെ രാവേറെ ചെല്ലും വരെ പരിലാളിച്ചിട്ടുണ്ട്. അപ്പോഴാണെനിക്ക് സംശയം തോന്നിയത് പാഞ്ചാലി എന്ന സ്ത്രീ എണ്ണത്തിൽ അഞ്ചായിരിക്കുമോ? അങ്ങനെയെങ്കിൽ യഥാർത്ഥ പാഞ്ചാലി ആരുടെ കൂടെയാണ്?"

2019/03/29

"അരമനയിൽ മണിക്കൂറൊന്നു കഴിഞ്ഞല്ലോ. എങ്ങനെയുണ്ട് ഞങ്ങളുടെ പുതിയ മഹാറാണി? മിണ്ടിപ്പറഞ്ഞു പരിചയപ്പെട്ടപ്പോൾ ആളെങ്ങനെ?", കുരുക്ഷേത്രക്കു ശേഷമുള്ള ഹസ്തിനപുരിയിൽ പുതുതായെത്തിയ തക്ഷശില ഗവേഷകനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"പാണ്ഡവരെ അളന്ന പോലെ, കൃത്യം വിശേഷണ പദങ്ങളിൽ പാഞ്ചാലിയെ തളക്കാൻ അവൾ നിന്നു തരുന്നില്ല. കുരുക്ഷേത്രയിൽ പാഞ്ചാലിയുടെ സാന്നിധ്യമുണ്ടെന്ന് കേട്ടിരുന്നു. കാണാൻ ആവാത്ത വിധം സുരക്ഷാവലയത്തിൽ ആയിരുന്നത് കൊണ്ട്, കേട്ടറിവൊക്കെ പനയോലയിൽ സൂക്ഷിച്ചു വച്ചു. ഐതിഹ്യങ്ങൾ അടയാളപ്പെടുത്തിയ ഒരു പാഞ്ചാലിയുണ്ട്, പക്ഷേ, നേരിൽ കാണുമ്പൊൾ

ഒന്നും നമുക്കോർമ്മ വരില്ല. അഞ്ചുമക്കളെ ഒരൊറ്റ പുലർച്ചയിൽ നഷ്ടപ്പെട്ട അമ്മ യാണോ അവൾ? അഞ്ചു ആണുങ്ങളെ കാലാകാലമായി രമിപ്പിക്കുന്ന കാമനയാണോ അവൾ? യുധിഷ്ഠിരനെ ആചാരപരമായ ഔപചാരികതയോടെ മാത്രം കൈകാര്യം ചെയ്യുന്ന മഹാറാണിയാണോ അവൾ? ഒരു ആദ്യ സന്ദർശകനെന്ന നിലയിൽ, അവൾക്കു മുമ്പിൽ നിന്നപ്പോൾ എന്നെ എതിരേറ്റത് അലങ്കാരങ്ങൾ ഒന്നുമില്ലാതെ ഒരു പുത്തൻ പെണ്ണുടൽ."

2019/01/30

"കൊച്ചുകുട്ടികളെ പാണ്ഡു പീഡിപ്പിക്കുമ്പോൾ അതുതെന്നു പറയാൻ നാവു പൊന്താറില്ലേ?", കൊട്ടാരം ലേഖിക ചോദിച്ചു. ജീവിതസായാഹ്നത്തിൽ കുന്തി കോട്ടക്കകത്തു ആശ്രമജീവിതം നയിക്കുന്ന കാലം.

"നീ പിഴച്ചു പെറ്റതല്ലേ ഈ മൂന്നും എന്ന് പാണ്ഡു വാവിട്ടു നിലവിളിക്കും. 'ഞാൻ കന്യക ഞാൻ ചാരിത്രവതി' എന്ന് ഇരുകൈകളും മലർത്തി മുഖത്തുനോക്കി പറയാൻ ആവശ്യപ്പെടും. കുട്ടികൾ എന്നെ പകച്ചു നോക്കും, 'അതെ അതെ' എന്ന് ഞാൻ ഉറപ്പിച്ചു പറയുമ്പോൾ, അർത്ഥമറിയില്ലെങ്കിലും കുട്ടികൾ കൈകൊട്ടി സന്തോഷിക്കും. പാണ്ഡു അപ്പോൾ വിറളിപിടിച്ചു കുട്ടികളുടെ ചെകിട്ടത്തടിക്കും. എന്നെ ചതിച്ചിട്ടല്ലേ ഇവൾ വേറെ ആണിനെ തേടി പോയിരുന്നത് എന്ന് കുട്ടികളോട് ശ്വാസം മുട്ടലോടെ സഞ്ചാരപ്പെടും. അപ്പോൾ കുട്ടികൾ 'ആവേ' എന്ന അവഗണയോടെ പുറത്തുപോവാൻ ഒരുങ്ങും. പാണ്ഡു മരക്കൊമ്പെടുത്തു കുട്ടികളുടെ നേരെ ഏറിയും. ഉന്നം കൊണ്ടാലയാൾ ഉച്ചത്തിൽ പ്രീതിപ്പെടും ഉന്നം തെറ്റിയാൽ, അശ്ലീല ആംഗ്യങ്ങളോടെ 'പോ പോ' എന്ന് ഗർജ്ജിക്കും. ഗർഭിണിയായ മാദ്രി ഇത് നോക്കി ഒന്നും മിണ്ടാതെ ഇരിക്കുന്നുണ്ടാവും. ഒരിക്കൽ ക്ഷീണത്തോടെ മുറിക്കു പുറത്തു വന്നപ്പോൾ മാദ്രി കൂടെ വന്നു. ഇനി അയാൾ നമുക്കെതിരെ ശബ്ദിച്ചാൽ, വായിൽ കീറത്തുണി ആഞ്ഞുതിരുകി മരിച്ചു എന്നുറപ്പുവരുത്തിയ ശേഷം, തുണി നീക്കി ചുണ്ടുകൾ ചേർത്തു വക്കുന്ന കൃത്യം ഞാനേറ്റു. പെണ്ണുടൽ തൊടുന്നത് മരണകാരകമാവുമെന്ന മുനിശാപം മറന്നു മാദ്രിയെ കെട്ടിപ്പിടിച്ചപ്പോഴായിരുന്നു കുഴഞ്ഞുവീണു പാണ്ഡു നാടുനീങ്ങിയതെന്നു നിങ്ങൾ തന്മയത്വത്തോടെ അയൽപക്ക സന്യസ്ഥരെ ബോധ്യപ്പെടുത്തുക. മാദ്ര ദേശക്കാരിയായിരുന്നു, കത്തുന്ന സൗന്ദര്യമുള്ള ആ യുവ രണ്ടാം ഭാര്യ. പക്ഷേ, എനിക്കവളെ പാണ്ഡുവിന്റെ ചിതയിൽ, ദീർഘ കാല പ്രയോജനങ്ങൾക്കായി, സതിയനുഷ്ഠിപ്പിക്കേണ്ടി വന്നു", ഭൂതകാല സ്മരണകളിൽ വൃദ്ധകുന്തി വിറച്ചു വിലപിക്കുന്നത് സഹിക്കവയ്യാതെ കൊട്ടാരം ലേഖിക. "വ്യാസൻ തന്നെ വ്യാജമായി എഴുതട്ടെ എനിക്കെഴുതാനാവാത്ത പൊള്ളുന്ന സത്യങ്ങൾ" എന്നുച്ചരിച്ചു ആശ്രമത്തിൽ നിന്ന് പുറത്തു വന്നു.

2019/04/01

"വേനൽക്കാലമല്ലേ, അഴിയില്ലാജാലകം അശ്രദ്ധമായി തുറന്നിട്ടാൽ, ഇഴജീവികൾ അകത്തു കടക്കില്ലേ?, തൊട്ടു പ്പുറത്തൊരു നീരൊഴുക്കുള്ളതല്ലേ?", കൊട്ടാരം ലേഖിക ചോദിച്ചു. ഹസ്തിനപുരിയുടെ പൊള്ളുന്ന ചൂടില്ലെങ്കിലും, താഴ്വരയിലെ പാ

ണ്ഡവവസതിക്കു ചുറ്റും വെയിലുള്ള മദ്ധ്യാഹ്നം. പാണ്ഡവർ അക്ഷയ പാത്രത്തിൽ കൈവച്ച നേരം.

"പുറത്തുള്ള ജീവികൾക്കു അകത്തു പ്രവേശിക്കാനുള്ളതല്ല മായൻ നിർമ്മിച്ച ഈ വിചിത്രജാലകം. വീട്ടു പണി കഴിഞ്ഞു ഞാൻ കിടക്കും മുമ്പ്, ഉറങ്ങിപ്പോവുന്ന 'അഞ്ചു ഇഴജീവികൾ'ക്കു ഞാനറിയാതെ നിശാവിനോദത്തിനു പുറത്തു പോവാനും, ഞാനുണരും മുമ്പ് നുഴഞ്ഞു കയറി കൂട്ടുകിടക്കാനും സൗകര്യമുള്ള മായികജാലകമാണ് ഒളിഞ്ഞിരുന്നു നോക്കാമെങ്കിൽ, ഇന്ന് രാത്രിയും പ്രഹസനം നേരിൽ കാണാം, അവരുമായി മത്സരിക്കാൻ 'പുറത്തെ ഇഴജീവികൾ' അങ്ങനെ ധൈര്യപ്പെടുകയില്ല."

"പാണ്ഡവർ യുദ്ധം അതിജീവിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നില്ലെന്ന പാഞ്ചാലിയുടെ അഭിമുഖ പ്രസ്താവന പെട്ടെന്ന് പൊതുസമൂഹം പരിഹാസത്തോടെ ഏറ്റെടുത്തല്ലോ. പാഞ്ചാലിയുടെ ആ വാക്കുകൾ അവളുടെ ഹൃദയവികാരത്തെ ഉൾക്കൊള്ളുന്നില്ല എന്ന മറിച്ചൊരു നിലപാടുണ്ടോ? ഉടലിന്റെയും ഉണ്മയുടെയും സത്യാന്വേഷിയാണല്ലോ നിങ്ങൾ", കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. യുദ്ധത്തിന് മുമ്പ് അഭിമന്യു തുടങ്ങി വച്ച തടയണ നിർമ്മിതി സ്വന്തം നിലയിൽ വികസിപ്പിക്കുകയായിരുന്നു അയാൾ.

"മണിക്കൂറുകളുടെ ദേഹാധ്വാനത്തിനുശേഷം ദുര്യോധനനെ മാരകമായി തുടയിൽ മുറിവേൽപ്പിച്ചു ചാവാൻ വിട്ടശേഷം ഞാൻ കിതച്ചുകൊണ്ട് ആദ്യം നോക്കിയത് ഒരു പ്രശംസക്കായി പാഞ്ചാലിയുടെ മുഖത്തേക്കായിരുന്നു. എന്നാൽ കണ്ടതെന്തായിരുന്നു."

2019/04/02

"നിലവിട്ടു പെരുമാറുക ഭീമൻ എന്ന പൊതുബോധത്തിൽ നിന്ന് മാറി, അർജ്ജുനനും നേരിടുമോ ഇത്തവണ ആക്രമണം?", കൊട്ടാരം ലേഖിക ദുര്യോധന വിധവയോടു ചോദിച്ചു.

"കുരുക്ഷേത്രബലിദാനികളുടെ ഓർമ്മക്കായുള്ള സംഗീതവിരുന്നിൽ, എന്റെ കൊച്ചുമകൾക്കു ഒന്നാം സമ്മാനം പ്രഖ്യാപിച്ചത് പാഞ്ചാലിയായിരുന്നെങ്കിലും, വേദിയിലേക്കവളെ ആർഭാടത്തോടെ ആനയിക്കുന്ന അർജ്ജുനനിൽ നിന്നുണ്ടായ ദേഹസ്പർശമാണിപ്പോൾ ജനരോഷത്തിനു കാരണം. അർജ്ജുന വിരലുകൾ പെണ്ണുടലിൽ അനാവശ്യ ഉത്സാഹത്തോടെ പെരുമാറിയെന്ന തോന്നലിലാവാം, മനഃസാന്നിധ്യത്തോടെ അരുതെന്നവൾ പീഢകനുനേരെ വിരൽ ചൂണ്ടിയത്. ഖേദം പ്രകടിപ്പിക്കുന്നതിനുപകരം, അവളെ ഒറ്റക്കയ്യിൽ കോരിയെടുത്തുയർത്തി പ്രദർശിപ്പിച്ചത് പ്രകോപനപരമായി സദസ്സിനു തോന്നി. നഗ്നതുടയിൽ പാഞ്ചാലിയെ ചൂതാട്ടസഭയിൽ ഇരിക്കാൻ ക്ഷണിച്ച ദുര്യോധനന്റെ കൊച്ചുമകളെ, അർജ്ജുന തുടയിൽ ഇരുത്തുകയല്ല, നിർത്തുകയല്ലേ അർജ്ജുനൻ ചെയ്തതെന്ന ഭീമനിരീക്ഷണത്തിൽ സദസ്സ് വിറളിപിടിച്ച പോലെയായി. "ആ വൃത്തികെട്ട കിഴവനെ കല്ലെറിഞ്ഞു കൊല്ലു" എന്ന് ക്രുദ്ധകൗരവാനുകൂലികൾ കൂവി. പാഞ്ചാലി അർജ്ജുനനെയും ഭീമനെയും വലിച്ചു വേദിക്കു പിന്നിലൂടെ സ്ഥലം വിട്ടു. കുറ്റത്തിന് പറ്റിയ ശിക്ഷ എന്ന ചാർവാകസാന്ത്വനം ആണധികാരത്തെ പ്രോത്സാഹിപ്പിക്കുന്നതായി എനിക്ക് തോന്നി,

ഇന്ന് ഹസ്തിനപുരി നീതിപീഠത്തിൽ അർജ്ജുനനും ഭീമനും പാഞ്ചാലിക്കുമെതിരെ ബാലികാപീഡനത്തിനു പരാതി കൊടുക്കും. സാക്ഷിമൊഴിയുണ്ട്. അച്ഛനും അച്ഛച്ഛനും രാജ്യത്തിന്റെ അഖണ്ഡതക്കായി ബലിദാനികളായ കൗരവകുടുംബത്തിന് നേരെ പാണ്ഡവരുടെ കടന്നാക്രമണത്തെ ചെറുക്കാതെ അനാഥ വിധവകൾക്കിനി മുന്നോട്ടു വഴിയില്ല. 'ഹസ്തിനപുരി പത്രിക' ബാലനീതിയുടെ പക്ഷത്തു നിൽക്കുമോ? അതോ, പാഞ്ചാലിയുടെ വാമൊഴിമികവിൽ മയങ്ങുമോ?"

"കൗരവഹൃദയത്തിൽ ഇടം നേടാൻ പാവം പാണ്ഡവക്കുട്ടികളെ നിർദ്ദയം പ്രതിസ്ഥാനത്തു നിർത്തിയോ കുന്തി?" കൊട്ടാരം ലേഖിക ചോദിച്ചു.

"ഒന്നിലധികം തവണ കണ്ടാൽ പിന്നെന്തുവേണം ധരിക്കാൻ? നൂറ്റവരും ഞങ്ങളും ഒരു പന്തിയിലിരിക്കണം ഊട്ടുപുരയിലെന്നു നിർദേശിച്ച പിതാമഹനു സ്തുതി, പക്ഷേ, വിളമ്പിക്കിട്ടിയതൊക്കെ വാരിത്തിന്നുമ്പോൾ കാണാം, കുന്തിയുടെ എഴുന്നെള്ളത്തും ഞങ്ങളഞ്ചുപേരെ തുറിച്ചു നോക്കലും. ദുര്യോധനനെ ചൂണ്ടി ഞങ്ങളെ വിരൽ ഞൊടിച്ചു ശ്രദ്ധയാകർഷിക്കും. എത്ര കൃത്യം ഇടത്തു കടിച്ചാണ് പൊരിച്ച കാളക്കാലിൽ നിന്നിറച്ചി വായിലാക്കുന്നതെന്നു നോക്കി പഠിക്കാൻ പറയും. നഖങ്ങളില്ലാത്ത ആ കൊച്ചുവിരലറ്റങ്ങൾ കൊണ്ടു മാത്രം ഭക്ഷണം വായിലാക്കുന്നതിനെന്തു ചന്തം. അവന്റെ ചുണ്ടുകൾ നിങ്ങളെ പോലെ അശ്ലീലമായി തുറക്കില്ല, നേരത്തെ വായിൽ എറിഞ്ഞ ഭക്ഷണം അണ്ണാക്കിൽ എത്തും മുമ്പ് അടുത്ത ഉരുള വായിലേക്കമുക്കില്ല. അപശബ്ദങ്ങളില്ലാതെ ഭക്ഷണം കഴിക്കുന്നതൊരു ദൃശ്യാനുഭവമാക്കുന്ന കൗരവക്കുട്ടികൾ എവിടെ, കയ്യിൽ കിട്ടിയതെന്തും വായിലിടുന്ന പാണ്ഡവരെവിടെ. ദുര്യോധനിലൂടെയും ദുശ്ശാസനിലൂടെയുമായിരിക്കും കുരുവംശ കുലീനതയുടെ കഥ, വരും യോഗങ്ങളിൽ പൊതു സമൂഹമറിയുകയെന്നു കുന്തി കണ്ണുരുട്ടി താക്കീതു ചെയ്യും."

2019/04/04

"അസ്വാഭാവിക ശരീരസ്പർശ'ത്തിന്നെതിരെ പ്രതിഷേധവുമായി കോട്ട വാതിലിനു മുമ്പിൽ കൗരവ രാജകുമാരികൾ നിരാഹാരമിരിക്കുമ്പോൾ, 'ആജീവനാന്ത ബ്രഹ്മചാരി' എന്ന പട്ടത്തിൽ ചതവ് വീണു എന്ന തോന്നലുണ്ടോ?", കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു.

"കരിമ്പാറക്കെട്ടാണെന്റെ ബ്രഹ്മചര്യമെന്നറിയുന്നവർ ഈ പ്രകടനങ്ങൾ കണ്ടാലൊന്നും കീഴടങ്ങില്ല. ലൈംഗികാ സ്വാദനത്തിന്റെ പേരിൽ എന്നെ അളക്കാനോ ഇളക്കാനോ പെണ്ണുടലിനാവില്ല. എന്നതൊരു അവകാശ വാദമല്ല, അംഗീകൃത സത്യമാണ് രതിയൂർജ്ജം കലർന്ന കൗമാരകാലരക്തം ഞരമ്പുകളിൽ ഓടുന്ന കാലത്തായിരുന്നു ഉർവശിയെ പോലൊരു സുന്ദരി ആദ്യമായി പ്രലോഭിപ്പിച്ചത് വൃദ്ധശന്തനുവിന്റെ യുവഭാര്യ. പക്ഷേ, ബ്രഹ്മചര്യം വിജയിച്ചു. 'വിചിത്രവീര്യന്റെ വിധവക'ളുമായി സഹകരിച്ചു കുരുവംശത്തിനു സന്തതികളെ കൊടുക്കണ'മെന്ന് , രാജമാതാവെന്ന നിലയിൽ സത്യവതി ചെയ്ത യാചന ഞാൻ നിരാകരിച്ചു. പിന്നെ നിരാകരണങ്ങളുടെ നീണ്ട നിരയായിരുന്നു, പാണ്ഡവാഭിമുഖ്യം സംശയിച്ചു എന്നെ തളർത്താൻ കുടിലദുര്യോധനൻ തട്ടിക്കൂട്ടിയ കപടനാടകത്തിൽ, കൗരവരാജകുമാരികൾ ഇരകളായി. കാലിൽ വീണു നമസ്കരിക്കുന്ന പെൺകുട്ടികളെ 'അരുത്

എന്നുച്ചരിച്ചുയർത്തുമ്പോൾ തോളിലോ കക്ഷത്തോ അരക്കെട്ടിലോ ആകസ്മികമായി തൊട്ടു തൊട്ടില്ല എന്ന് വരാം, എന്നതിൽ കവിഞ്ഞൊരു കെട്ടനോട്ടം എനിക്കില്ലെന്നതാണ് നേര്. അതിനെ ആ കുഞ്ഞുങ്ങൾ 'അസ്വാഭാവികസ്പർശം' എന്നടയാളപ്പെടുത്തുകയാണോ വേണ്ടത്?, അതോ, ആരുടെ മുമ്പിലും നമസ്കരിക്കരുത് എന്നാണോ പുതുതലമുറ കാണേണ്ടത്?"

2019/04/05

"മുഖ്യധാരയിൽ നിന്ന് മാറി നിൽക്കുന്ന ഈ ആശ്രമം പരിപാലിക്കാൻ കോടികൾ ചെലവുവരുമെന്നു പറയുന്നത് ആരു വിശ്വസിക്കും?", കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

"ആദ്യം കണ്ടാൽ ലാളിത്യത്തിന്റെ പര്യായമെന്നു തോന്നാവുന്ന കുടിൽ ആഡംബരത്തിന്റെ ഒളിത്താവളമാകുന്നു. ഉറക്കമുണർന്നാലുടൻ ഗംഗാതീരത്തേക്കുള്ള പ്രഭാതസവാരിക്കു ഇരുകൈകളും തോളിൽ വക്കാൻ കൗരവകുമാരികൾ കൂട്ടു വേണം. സുരക്ഷാഭടനും ഊന്നുവടിയും മാത്രം പോരെ? പോരാ എന്ന് തർക്കഭാവത്തിലൊരു നോട്ടമുണ്ട്. നിങ്ങൾ ചൂളിപ്പോവും. നൂറോളം കൗരവരുടെ, നാനൂറിലധികം പെണ്മക്കളെ അടിമപ്പണിക്ക് വിട്ടുതരാനാവില്ലെന്നു പറയാൻ ഒരു കൗരവരാജവധു മുന്നോട്ടുവന്നു. ദുര്യോധനൻ അവളെ മാതൃകാപരമായി ശിക്ഷിച്ചു. ആസന്നമായ പാണ്ഡവാക്രമണത്തെ കായികശക്തികൊണ്ടു നേരിടാനുറച്ച പ്രതിസന്ധികാലത്തു, എല്ലാവരുടെയും പൂർണ്ണസഹകരണം വേണമെന്ന ഊന്നൽ അന്തഃപുരം വിധേയത്വത്തോടെ അംഗീകരിച്ചു. ഇപ്പോൾ പിതാമഹനൊരു കഠിന പരീക്ഷണം ചെയ്യാൻ താൽപര്യമുണ്ടെന്ന് പറയുന്നു. ബ്രഹ്മചര്യത്തിന്റെ തീവ്ര പരിശുദ്ധി എരിതീയിൽ തെളിയിക്കാൻ ഇരകളെ ആവശ്യമുണ്ട്. ആശ്രമത്തിലെ കിടപ്പറയിൽ, പിതാമഹന്റെ പായിൽ ഇരുവശങ്ങളിലും വിവസ്ത്രരായി പ്രലോഭന പരീക്ഷണത്തിന് കൂടെ കിടക്കാൻ സന്മനസ്സുള്ള കൗരവരാജകുമാരികളുടെ പട്ടിക തയ്യാറാക്കുകയാണ് ഞങ്ങൾ. നിശാപരീക്ഷണത്തിന് ശേഷം, പായിൽ നിന്ന് 'പീഡകനും പീഡിതകളും' രാവിലെ എഴുന്നേൽക്കുമ്പോൾ, ഒളിഞ്ഞോ തെളിഞ്ഞോ ഉള്ള ലൈംഗികാനുഭവത്തിനു താനും, രതിയാക്രമണത്തിനു പെൺകുട്ടികളും, ഇരയായിട്ടില്ലെന്നു പരിശോധിക്കാൻ വിദഗ്ധസംഘവും ആശ്രമ മുറ്റത്തു നിത്യവും സാന്നിധ്യമുറപ്പിക്കണം. 'തകർക്കാനാവില്ല ഈ ബ്രഹ്മചര്യം പ്രലോഭിപ്പിച്ചാലുമെത്ര നിങ്ങൾ' എന്നാണു നവതി കഴിഞ്ഞ പിതാമഹന്റെ വെല്ലുവിളി. ആയുധനിർമ്മിതിക്കായി ഗ്രാമ ഗ്രാമാന്തരങ്ങളിലെ ആലകൾ സന്ദർശിക്കുന്ന ദുര്യോധനൻ ഈ ചുമതല ഏൽപ്പിച്ചതോടെ എന്റെ നിശീഥിനികളും.

2019/04/06

"പ്രണയാഭ്യർത്ഥന തിരസ്കരിച്ചതിലുള്ള പ്രതികാരത്തിലാണ് പാഞ്ചാലിയെ നിങ്ങൾ പരസ്യ വസ്ത്രാക്ഷേപത്തിൽ ഇരയാക്കിയതെന്നു പറഞ്ഞത് പാണ്ഡവരല്ല, വിദുരർ. എങ്ങനെ പ്രതികരിക്കുന്നു?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

വടക്കോട്ടുള്ള രാജവീഥിയിലൂടെ നഗ്നപാദരായി ആറംഗ പാണ്ഡവസംഘം പന്ത്രണ്ടു വർഷത്തെ കാട്ടുജീവിതത്തിനായി വഴിനടക്കുന്നതു മട്ടുപ്പാവിൽ നിന്ന് കാണാമായിരുന്നു. രക്തച്ചൊരിച്ചിൽ ഇല്ലാതെ ഇന്ദ്രപ്രസ്ഥം സ്വന്തമാക്കിയ കൗരവഭരണകൂടത്തിന് ആശംസകൾ അർപ്പിച്ചുകൊണ്ട് ആൾക്കൂട്ടം ആഹ്ലാദത്തിമിർപ്പിൽ ദുര്യോധനനെ പ്രകീർത്തിക്കുന്ന പാട്ടുപാടി.

"വിവേകവചനത്തിന്റെ ആൾരൂപമാണോ വിദുരർ? അതോ, തിന്ന ഉപ്പിനു നന്ദിയില്ലാത്ത സൂതനോ? എനിക്ക് പാഞ്ചാലിയോട്ട് പ്രണയമുണ്ടെന്നു തന്നെ വക്കുക അവൾ അഭ്യർത്ഥന തിരസ്കരിച്ചതിൽ എനിക്ക് പ്രതികാരദാഹമുണ്ടെങ്കിൽ, അവളെ പാണ്ഡവർക്കൊപ്പം പോവാൻ ഞാൻ വിടുമോ? ഭീഷ്മർ അധ്യക്ഷനായ സഭയാണ് ചൂതാട്ടത്തിൽ പണയം വച്ച സ്ഥാവരജംഗമങ്ങളെല്ലാം നിയമവഴിയിൽ ഇനി കൗരവസ്വത്തെന്ന് പ്രഖ്യാപിച്ചത് പൗരാവകാശം നിഷേധിക്കപ്പെട്ട പാഞ്ചാലിയെ ലൈംഗിക അടിമയെന്ന നിലയിൽ ഹസ്തിനപുരി അതിഥിമന്ദിരത്തിൽ സേവനദാതാവായി താമസിപ്പിക്കാമായിരുന്നില്ലേ? എന്റെ ഉദ്ദേശ്യം ദുഷ്ടലാക്കില്ലാത്ത സൗഹൃദമാണെന്നും, അതോടെ വിദുരവചനത്തെ റദ്ദാക്കുന്നു എന്നതല്ലേ ശരി? പാഞ്ചാലിയോടുള്ള പ്രണയം ഞാൻ മറച്ചുവക്കുന്നില്ല. അതുകൊണ്ടു തന്നെയാണ് വിറകും അടുപ്പും പുകയും ചൂടുമില്ലാത്തൊരു ഊട്ടുപുര അവൾക്കുണ്ടാവട്ടെ എന്ന പ്രാർത്ഥനയോടെ, അക്ഷയപാത്രം അവളെ കാത്തിരിക്കുന്നത്."

"അരങ്ങേറ്റ ദിനത്തിൽ കർണ്ണനെ പാണ്ഡവർ ജാതീയമായി അവഹേളിച്ചപ്പോൾ, ദുര്യോധനൻ, അംഗരാജ്യത്തിലെ രാജാവായി കർണ്ണനെ വാഴിച്ചതോടെ, 'താണജാതി'യെന്ന അടിയാള ബോധത്തിൽ നിന്ന് ആ പോരാളിയെ എന്നെന്നേക്കുമായി രക്ഷിച്ചു എന്നാണു ഐതിഹ്യം. ദുര്യോധനനും കർണ്ണനും ബലിദാനികളായ സ്ഥിതിക്ക്, വസ്തുത ഇനിയെങ്കിലും വെളിപ്പെടുത്തിക്കൂടേ വരുംതലമുറക്കായി?" കൊട്ടാരം ലേഖിക അർജ്ജുനനോട്ട് ചോദിച്ചു. വടക്കൻ മലകളിലേക്കു വലിഞ്ഞു നടക്കുന്ന ആറംഗ പാണ്ഡവ സംഘം ഉച്ചവിശ്രമത്തിനു വഴിയോര മരത്തണലിൽ എത്തിയ നേരം.

"ഹസ്തിനപുരിയിൽ ഞങ്ങൾ വിദ്യാർത്ഥികളായിരുന്ന കാലത്തു തന്നെ നകുലൻ അരമനരഹസ്യങ്ങൾ ചോർത്തുന്നതിൽ കഴിവ് തെളിയിച്ചിരുന്നു. ഞങ്ങൾക്കതുകൊണ്ടു അംഗരാജ്യ യാഥാർഥ്യം അന്നേ ബോധ്യമായി. കണ്ണുകെട്ടി കാഴ്ച നിഷേധിക്കുകയല്ല, കാഴ്ച നിലനിർത്തി, കുന്തിയുടെയും കൗന്തേയരുടെയും സ്വാർത്ഥത കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്ന ഗാന്ധാരിയുടെ കാഴ്ച നശിപ്പിക്കുകയാണ് വേണ്ടതെന്നു ദുര്യോധനൻ മറ്റു വിശ്വസ്ത കൗരവരുമൊത്തു ഗൂഢാലോചന നെയ്യുമ്പോൾ, കർണ്ണൻ, ജാലകത്തിനപ്പുറത്തു ഒളിഞ്ഞുനിന്നെങ്കിലും, സംഭവത്തിന് സത്യസാക്ഷിയായി. കർണ്ണൻ വാതുറന്നാലുള്ള ഭാവിഭീഷണി തിരിച്ചറിഞ്ഞ ദുര്യോധനൻ ഒത്തുതീർപ്പിനു മുതിർന്നു. സൂതന്റെ മകനെന്ന പരാമർശവുമായി പാണ്ഡവർ അപമാനിക്കാൻ ശ്രമിക്കുമ്പോൾ, സൂര്യപുത്രനാണ് ഈ സൂതപുത്രൻ നീ എന്ന് പ്രഖ്യാപനത്തിലൂടെ നിങ്ങളെന്നെ തുണക്കുമെങ്കിൽ, ഇന്ന് കണ്ട കാഴ്ച എന്നോടൊപ്പം ആരുമറിയാതെ നശിക്കും എന്നവർക്കു കർണ്ണൻ വാക്കുകൊടുത്തു. ഏതോ ഒരു അംഗരാജ്യത്തിലെ വ്യാജകിരീടം ധരിപ്പിച്ചു അരങ്ങേറ്റഭൂമിയിൽ ദുര്യോധനൻ കാണികളെ ഒന്ന് കളിപ്പിച്ചു എന്നതിൽ കവിഞ്ഞു വ്യാസൻ അതിനെ ഞങ്ങളുടെ ജീവ

ചരിത്രത്തിൽ അംഗീകരിക്കുകയാണെങ്കിൽ, എന്റെ ഈ അവസാനഅഭിമുഖം നിങ്ങൾക്കൊരു ചരിത്രരേഖയാക്കാം."

2019/04/07

"പേടമാനിനെ അമ്പെയ്തുവീഴ്ത്തിയ രസത്തിൽ നിൽക്കുമ്പോളാണ്, പച്ചപ്പുല്ലിനുള്ളിൽ പതുങ്ങുന്ന വെള്ളമുയലിനെ ശ്രദ്ധിച്ചത് ഒന്ന് മേലോട്ട് കണ്ണെറിഞ്ഞപ്പോൾ, അതാ ലക്ഷ്യം തെറ്റാതെ ഇരയെ കൊത്തിപ്പറക്കാൻ, നീലവാനിൽ നിന്ന് താഴോട്ടിറങ്ങുന്ന കഴുകൻ. പക്ഷേ, ഒറ്റച്ചാട്ടത്തിൽ കഴുകന്റെ കഴുത്തിൽ കൃത്യം കടിമുറുക്കിയ വേട്ടപ്പട്ടി തന്നെയായിരുന്നു ഇന്നത്തെ മൃഗയാവിനോദത്തിലെ മികച്ച താരം", പാഞ്ചാലിയോട് നായാട്ടിലെ ദൃശ്യാനുഭവം വിശദീകരിക്കുകയായിരുന്നു അർജ്ജുനൻ.

"കഴുത്തു മുറിഞ്ഞു വീണ കഴുകനെ ചെടിക്കൂട്ടങ്ങൾക്കിടയിൽ ഒളിപ്പിപ്പിക്കുകയും, വെള്ളമുയലിനെ കടിച്ചു തൊലിയുരിക്കുകയും-രണ്ടും മികച്ച രീതിയിൽ ചെയ്യുന്ന 'മാംസകലാകാരൻ' ഈ വനാശ്രമത്തിൽ ഉണ്ടല്ലോ", കിടപ്പറ മൂലയിൽ, വെളിച്ചം വീഴാത്ത ഇടത്ത്, ചുവർ ചാരിയിരിക്കുകയായിരുന്ന പാഞ്ചാലി പറഞ്ഞു.

"അധികാരം നിലനിർത്താൻ തൊഴിൽ രഹിത യുവാക്കളെ നിങ്ങൾ കുരുക്ഷേത്രയിൽ ബലി കൊടുക്കുന്നു എന്ന ചാർവാക നിരീക്ഷണത്തോടെങ്ങനെ പ്രതികരിക്കുന്നു?", കൊട്ടാരം ലേഖിക ചോദിച്ചു. പാളയ നിർമ്മിതിയുടെ അവസാനഘട്ട മിനുക്കുപണിക്കു ഓടിനടന്നു ഊർജ്ജം പകരുകയായിരുന്നു, കുളിക്കടവിലേക്കു നടക്കുന്ന അർദ്ധനഗ്ന ദുര്യോധനൻ.

"സൂക്ഷ്മതലങ്ങൾ ഒഴിവാക്കിയുള്ള പ്രതിഷേധങ്ങളാണ് ചാർവാകൻ ഏറ്റെടുത്തിരിക്കുന്നത് ഇതൊരു പോർക്കളമാണോ? ചുറ്റും നോക്കൂ? അതോ തീർത്ഥകേന്ദ്രമാണോ? യുദ്ധം തീരുമ്പോൾ പുറത്തുവരിക എത്ര പേർ മരിച്ചു എന്ന നീണ്ട പട്ടികയല്ല, എത്ര വേഗം നീതിദേവത വിധി പറഞ്ഞു എന്ന മംഗളവർത്തയാണ് കുരുവംശത്തിന്റെ സ്വത്തുതട്ടിയെടുക്കാൻ കൂട്ടം കൂടി വരുന്ന പാണ്ഡവരെ അകറ്റുവാൻ പ്രചോദനമായത് പ്രകൃതിയുടെ ആഹ്വാനമാണ് ദൈവവിളി എന്നൊക്കെ ഞങ്ങൾ വീട്ടിൽ സ്വകാര്യമായി പറയും. കുരുക്ഷേത്ര, ദൈവവിളിയുടെ അവസാനഘട്ടമാകുന്നു. ഞാൻ ഇവിടെ പോരടിക്കുകയല്ല, എന്നെ ദൈവത്തിനു സ്വയം വിട്ടുകൊടുക്കുകയാണ് കുരുവംശ കിരീടം ഒറ്റനോട്ടത്തിൽ നവരത്നങ്ങൾ പതിച്ചതാവാം, പക്ഷേ, ശിരസ്സിൽ അത് സ്ഥാപിക്കുക ഉത്തരവാദിത്വത്തിന്റെ മുള്ളാണികൾ തലയോട്ടിയിൽ അടിച്ചിറക്കിയാണ് മുൾക്കിരീടമെന്നൊക്കെ മഹാകവികൾ പാടും. പാണ്ഡവർ അഭയാർഥികളായി ഹസ്തിനപുരിയിൽ വന്നപ്പോൾ, 'നൈപുണ്യമില്ലാത്ത തൊഴിലന്വേഷകരുടെ കുടിയേറ്റ'മായി മാത്രം കണ്ടാൽ മതിയെന്നൊരു പണ്ഡിതാഭിപ്രായം ഉണ്ടായി. ഞാനതു തള്ളി, ഓടി കോട്ടവാതിലിൽ ചെന്ന് കൗന്തേയരെയും പാണ്ഡു വിധവയെയും സ്വീകരിച്ചു, കെട്ടിപ്പിടിച്ചു കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു. ആ കൈകളിലാണിപ്പോൾ പാണ്ഡവർ കുന്തമേറിയാൻ ഉന്നം വക്കുന്നത്."

സായുധപാണ്ഡവർ നദീതീരത്തെ പരിശീലനക്കളരിയിൽ നിന്നെറിഞ്ഞ ത്രിശൂലം, ദുര്യോധനൻ ഇടതുകൈ കൊണ്ട് പിടികൂടി അലസമായി തിരിച്ചെറിഞ്ഞു അർദ്ധസഹോദരർക്കു ശുഭരാത്രി നേർന്നു.

2019/04/08

“ഗംഗയാറൊഴുകുന്ന ഹസ്തിനപുരിയിൽ കുടിവെള്ളത്തിനിങ്ങനെ പഴി പറഞ്ഞു പരക്കം പായണോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“സ്നേഹജലം പദ്ധതിയിൽ കൗരവരാജവിധവകളെ ഗുണഭോക്താക്കളാക്കാമെന്നു ശുദ്ധജലസ്രോതസ്സുകളുടെ അധികച്ചുമതല വഹിക്കുന്ന ഭീമൻ വേനലാരംഭത്തിൽ വാക്ക് കൊടുത്തതല്ലേ. അത് മാനിച്ചു കൂടെ? വേനലിൽ കുടിനീർ ദുരിതമനുഭവിക്കുന്ന വരുടെ കൂടെത്തന്നെയാണ് പാണ്ഡവർ, പക്ഷേ, ദുര്യോധനവിധവ മറിച്ചൊരു നിലപാടെടുത്തു. വ്യക്തികേന്ദ്രിത സൗജന്യമെന്ന പരിഗണനയിൽ അരുതു ജലവിതരണമെന്നവൾ അറത്തു മുറിച്ചു തർക്കിച്ചു. പ്രശ്നപരിഹാരത്തിന് സുസ്ഥിര ജല വിതരണ പദ്ധതിയാണ് യുദ്ധാനന്തരസമൂഹം പ്രതീക്ഷിക്കുന്നതെന്നവൾ ശഠിച്ചാൽ, നീർക്കുടങ്ങൾ ദാഹാർത്തരെ തേടി നീങ്ങുമോ? ദാഹജലം പദ്ധതിയിൽ കൗരവരാജവിധവകളെ ഉൾപ്പെടുത്തിയാൽ നാളെ നിങ്ങൾ പരാതി പറയില്ലേ സ്നേഹ പരിലാളനമില്ലാത്തൊരു ജലവിതരണം എത്ര യാന്ത്രികം.”

“കൗരവരാജവധുക്കൾ വ്യക്തതക്കായി കുത്തിക്കുത്തി ചോദിക്കുന്നു, സ്ഥലജലഭ്രമത്തിൽ വിശിഷ്ടാതിഥി വഴുക്കി വീണപ്പോൾ, നിങ്ങൾ പൊട്ടിച്ചിരിച്ചില്ല എന്നതാണോ വസ്തുത?, അതോ വാപൊത്തിയെങ്കിലും അറിയാതെ ഒന്ന് ചിരിച്ചു എന്നോ?”, കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയോട് ചോദിച്ചു.

“ദുര്യോധനൻ ഉൾപ്പെടുന്ന ഉന്നതതല കൗരവസംഘം, ക്ഷണിക്കപ്പെട്ട അതിഥികളായി ഹസ്തിനപുരിയിൽ നിന്ന് ഇന്ദ്രപ്രസ്ഥത്തിലേക്കു അത്താഴവിരുന്നിനു വന്നതല്ലേ? വഴി നടക്കുമ്പോൾ അവരൊന്നു വഴുക്കി വീണാൽ, ആതിഥേയയുടെ പണി ആർത്തു ചിരിക്കലാണോ? അതൊക്കെ ആ മന്ദബുദ്ധി ഭീമന്റെ ദുഷ്പ്പചരണമായിരുന്നില്ലേ. ദുര്യോധനൻ എന്നോട്ട് പിണങ്ങിയാണ് ഹസ്തിനപുരിയിലേക്കു മടങ്ങി പോയതെന്ന് ചാരവകുപ്പു മേധാവി നകുലൻ പറഞ്ഞറിഞ്ഞപ്പോൾ, വേണ്ടു കൊട്ട് ഞാൻ ഭീമന് കൊടുത്തു. പിന്നെ അവനെ ഈ കിടപ്പറ വാതിലിൽ കാലുകുത്താൻ അനുവദിച്ചിട്ടില്ല. എന്നോ ഒരു കല്യാണസൗഗന്ധികം സമ്മാനിച്ചു എന്നതിന്റെ പേരിൽ ഈ കൊള്ളരുതാത്തവനെ ഞാൻ എത്ര നാൾ ചുമന്നു നടക്കണം.”

ഭീമന്റെ അടിവസ്ത്രങ്ങൾ പ്രതീകാൽമകമായി പാഞ്ചാലി വലിച്ചു പുറത്തേക്കെറിഞ്ഞു.

2019/04/09

“പല തവണ വിവിധ ഇടങ്ങളിൽ അഭിമുഖം ചെയ്തെങ്കിലും, പെറ്റ കുഞ്ഞുങ്ങൾ അഞ്ചെണ്ണമുള്ളതിൽ ഒന്നിനെയെങ്കിലും മുലയൂട്ടുന്ന രംഗം ഓർമയില്ല”, കൊട്ടാരം ലേഖിക ചോദിച്ചു.

“സ്വയംവര മത്സരത്തിൽ ജയിച്ചവനെയാണു ഇഷ്ടത്തോടെ പരിണയിച്ചതെങ്കിലും, ആദ്യരാത്രിയിൽ ഭർത്തൃമാതാവ് കിടപ്പറയിലേക്ക് തള്ളിയിട്ട മറ്റു നാലു പുരുഷൻമാരുടെ ലൈംഗികാതിക്രമങ്ങൾക്കു ഇരയായി ജന്മം നൽകിയ ആ പാവം കുഞ്ഞുങ്ങളെ പരസ്യമായി പരിലാളിക്കുന്നതു പീഡകരെ മഹത്വപ്പെടുത്തുന്നതിനു തുല്യമല്ലേ.”

“പോർക്കളത്തിൽ നിന്ന് മിക്കവാറും ഒളിച്ചോടിയ അവസാനത്തെ കൗരവനെ നിങ്ങൾ ഗദയും തൂക്കി പിന്തുടർന്നതു ശ്വാസം പിടിച്ചു ഞങ്ങൾ നോക്കുകയായിരുന്നു. കുളത്തിൽ കഴുത്തറ്റം മുങ്ങിക്കിടന്ന ദുര്യോധനനെ നിങ്ങൾ പിന്നിലൂടെ പതുങ്ങിച്ചെന്നു മുടിയിൽ ആഞ്ഞു വലിച്ചു കരയിൽ കയറ്റി, ആദ്യം ചെയ്തതു് നിങ്ങളുടെ സ്വന്തം ഗദ അവനെറിഞ്ഞുകൊടുക്കുന്നതാണ്. യുധിഷ്ഠിരൻ നിങ്ങൾക്ക് എത്തിച്ചു തരും മുമ്പ് ദുര്യോധനൻ നിങ്ങളുടെ വലതു തോളിലടിക്കുന്നതാണ് കണ്ടതു്ശരീരം ഭാരിച്ചതായിരുന്നിട്ടും, കാര്യക്ഷമമായ കുപ്പകുത്തലിൽ പ്രഹരത്തിൽ നിന്നൊഴിഞ്ഞുമാറുന്നതിനൊപ്പം, യുധിഷ്ഠിരൻ എറിഞ്ഞുതന്ന ഗദ കൃത്യം അവന്റെ വലതു തോൾ ലക്ഷ്യമാക്കി എറിയുന്നതു് കണ്ടപ്പോൾ ഞാൻ കൊതിച്ചു, നിങ്ങളുടെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ”, യുദ്ധകാര്യ ലേഖകൻ ഭീമനോട് ചോദിച്ചു. ജേതാക്കളായ പാണ്ഡവർ ജയഭേരി മുഴക്കി കുരുക്ഷേത്രയിൽ നിന്ന് ഹസ്തിനപുരിയിലേക്കു കുതിക്കുന്ന തണുത്തുറഞ്ഞ അപരാഹ്നം.

“ഏറിൽ നിന്നൊഴിഞ്ഞുമാറിയ ദുര്യോധനൻ, ഗദ പലവട്ടം ചുഴറ്റി എനിക്ക് നേരെ അടുത്ത പ്രഹരത്തിന്റെ മാരക ഗതി പരിഗണിക്കുമ്പോൾ, ഞാൻ മോഹിച്ചു, പനയോലയും നാരായവുമായി പോരാട്ടം വാർത്തയാക്കാൻ വരുന്ന യുദ്ധകാര്യലേഖകന്റെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ.”

2019/04/10

“അർജ്ജുനൻ ആളെങ്ങനെ? വീട്ടു കാര്യങ്ങളിലൊക്കെ ശ്രദ്ധിക്കുമോ? അതോ ഗാണ്ഡീവവുമായി ഊരു ചുറ്റുമോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“നിസ്സാര ആവർത്തനജോലി കുടുംബത്തിനു വേണ്ടി ചെയ്താൽ പോലും, അളവിലധികം പരിഗണന പ്രതീക്ഷിക്കും. കാറ്റത്തു് മേൽക്കൂരയിൽ മരക്കൊമ്പു വീണതു് നീക്കം ചെയ്യാൻ, ഉറക്കറയിൽ ചുരുണ്ടു് കിടക്കുന്ന വട്ടക്കുറയെ കഴുത്തിന് പിടിച്ചു തോട്ട് കടത്തി വിടാൻ, ചീരയില പറ്റിപ്പിടിക്കാതെ അക്ഷയ പാത്രം തേച്ചു വെളുപ്പിക്കാൻ, സന്യസ്ഥാശ്രമങ്ങളിലെ മാലിന്യനീക്കത്തിൽ ഒരു കൈ സഹായിക്കാൻ, അവന വരുടുക്കുന്ന തുണി അടിച്ചുതിരുമ്മി കഴുകിയുണക്കി മടക്കിവക്കാൻ, നിഷ്ക്രിയനാവാതെ ആസ്വാദനരതിയിൽ പാരസ്പര്യത്തോടെ പങ്കാളിയാവാൻ, ഓരോന്നിലും വ്യക്തിഗത കൃതജ്ഞത ആവശ്യപ്പെടും. അതു് കിട്ടിയില്ലെന്നു തോന്നിയാൽ ഇടഞ്ഞു പടിയിറങ്ങിപ്പോയി അവിഹിതബന്ധം വികസിപ്പിച്ചെടുക്കും.”

“പരേതപോരാളിയുടെ വ്യക്തിത്വത്തെ യുധിഷ്ഠിരൻ എങ്ങനെ അടയാളപ്പെടുത്തി?”, ഭരണനിർവ്വഹണം പാണ്ഡവർ ഏറ്റെടുത്ത ദിനം.

“ഹസ്തിനപുരി രാഷ്ട്രീയത്തിലെ അതികായനെന്നയാൾ അർത്ഥശങ്കയില്ലാത്ത വിധം ആംഗ്യചലനത്തോടെ ദുര്യോധനനെ വിശേഷിപ്പിച്ചു. പ്രിയ അർദ്ധ സഹോദരന്റെ വേർപാടിൽ വ്യക്തിപരമായ വേദനയുണ്ടെന്നു ഇടനെഞ്ചിൽ വലതുകൈപ്പത്തി വച്ചു ഏറ്റുപറഞ്ഞു. കുടുംബാംഗങ്ങളെയും അനുയായികളെയും കൂപ്പിയ കൈകളോടെ അനുശോചനം അറിയിച്ചു. പിന്നെ വാക്കു കിട്ടാതെ, പരുങ്ങലോടെ, ‘അതികായ’ പരാമർശം ആവർത്തിച്ചപ്പോൾ, സദസ്സ് ഒന്നിളകി. കുരുവംശത്തിനൊരു ‘പുത്തൻ പാത’ വെട്ടിത്തുറന്ന കാര്യം, രഹസ്യം വെളിപ്പെടുത്തുന്നപോലെ യുധിഷ്ഠിരൻ പറഞ്ഞപ്പോൾ, സദസ്സ് എഴുന്നേറ്റു നിന്നു, ‘ഹർഷാരവം’ മുഴക്കി. ചാരിതാർഥ്യ

ത്തോടെ യുധിഷ്ഠിരൻ തേരിൽ കയറാൻ ഒരുങ്ങുമ്പോഴേക്കും, അതുവരെ വേദിയിൽ തലതാഴ്ത്തിയിരുന്ന പാഞ്ചാലി സ്വയം തേരാളിയായി രഥം മുന്നോട്ട് നീങ്ങി."

2019/04/11

"ഭൗതികശരീരവുമായി വിലാപയാത്ര നയിക്കുന്നത് നിങ്ങളാണോ?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. കുരുക്ഷേത്ര.

"അത്യപൂർവ്വ വ്യക്തി-അങ്ങനെയാണിന്ന രാവിലെ യുധിഷ്ഠിരൻ പരേത പോരാളിയെ വിശേഷിപ്പിച്ചത്. രാഷ്ട്രത്തിന്റെ അഖണ്ഡതക്കായി ദുര്യോധനൻ ബലിദാനം ചെയ്യുമ്പോൾ, താൽക്കാലിക യുദ്ധ നേട്ടത്തിന്നതീതമായൊരു അന്താരാഷ്ട്ര തല ദുഃഖാചരണമല്ലേ ജേതാക്കളൊരുക്കുക? എത്രയും വേഗം കൊട്ടാരത്തിലെത്തി, നടപടിക്രമമനുസരിച്ച രാജാവകാശത്തിനുള്ള പത്രിക അംഗീകരിച്ചുകിട്ടിയ ശേഷം, ഔപചാരിക പട്ടാഭിഷേകത്തിലൂടെ ചെങ്കോൽ കിട്ടിയാലേ സംസ്കാരത്തിനു വേണ്ട ക്രമീകരണങ്ങൾ പാണ്ഡവർക്ക് പൂർത്തിയാക്കാനാവൂ. പൊട്ടിത്തകരുകയാണപ്പോൾ വ്യക്തിഗത പിണക്കങ്ങൾ. ചൂതാട്ടവും വസ്ത്രാക്ഷേപവും വനവാസവുമൊന്നുമായി, ഇതൊന്നും കൂട്ടിക്കലർത്താതിരിക്കാൻ വേണ്ട ദാർശനികാവസ്ഥയിലെത്തുമ്പോഴാണ്, പോർക്കളത്തിൽ മാത്രമല്ല, ശ്രാദ്ധഘട്ടത്തിലും കനിവു കാണിക്കുന്ന മനീഷികളെന്നു നാളെ വ്യാസൻ ഞങ്ങളെ അടയാളപ്പെടുത്തുക. തിരക്കുണ്ട്. ശത്രുവിന്റെ നിഷ്ഠൂരമായ മാരക ഗദാപ്രഹരത്തിൽ ഒടിവും ചതവും ഏറ്റ മൃതശരീരത്തിൽ സൗന്ദര്യ പരിചരണത്തിലൂടെ മൊത്തം രൂപപരി വർത്തനം ചെയ്തു ഞാൻ പൂമൂടും-'ഇവൻ എന്റെ പ്രിയ ദുര്യോധനൻ' എന്ന് വഴിയോരങ്ങളിൽ ആരാധകർ വിലപിച്ചു കൊണ്ടായിരിക്കും ജഡം വഹിച്ചു കൊണ്ടുള്ള രഥയാത്ര മുന്നോട്ടുനീങ്ങുക."

"ഭർത്താവിന്റെ ഘാതകർ അധികാരത്തിൽ കയറുന്ന പട്ടാഭിഷേകം ബഹിഷ്കരിക്കുകയല്ലേ ദുര്യോധന വിധവ ന്യായമായും ചെയ്യേണ്ടത്? സദസ്സിന്റെ മുൻനിരയിൽ തന്നെ നിങ്ങളെ കണ്ടപ്പോൾ എന്തോ പോലെ?", കൊട്ടാരം ലേഖിക ചോദിച്ചു.

"സത്യപ്രതിജ്ഞ കഴിഞ്ഞാലുടൻ യുധിഷ്ഠിരൻ അതി പ്രധാന ഔദ്യോഗിക പ്രഖ്യാപനം നടത്തുമെന്ന് പാഞ്ചാലി മുൻകൂർ എന്നോട് പറഞ്ഞത് എങ്ങനെ നിങ്ങൾ അറിയാനാണ്? യുദ്ധാനന്തര ഹസ്തിനപുരിയുടെ സുസ്ഥിര പ്രതിരോധത്തിന് തക്ഷശിലയെ വെല്ലുന്ന അടിസ്ഥാന സൗകര്യങ്ങളോടെ, നിയുക്ത പ്രതിരോധ വിഭാഗം മേധാവി ഭീമൻ നേതൃത്വം കൊടുക്കുന്ന, ഒരത്യാധുനിക "ദുര്യോധന സ്മാരക സൈനികശാസ്ത്ര സർവകലാശാല"ക്ക് തറക്കല്ലിടുന്നതിലാണ് എന്നോടവൾ വ്യക്തിഗതസാന്നിധ്യം അത്യാവശ്യമായി പറഞ്ഞത്. ഒരുമാസം മുമ്പ് വരെ കൗരവ വിധേയയായിരുന്ന പാഞ്ചാലിയെ എങ്ങനെ ഞാൻ ഈ ദുഃഖാചരണത്തിലും അനുസരിക്കാതിരിക്കും?"

2019/04/12

"ഇതെന്താ പ്രതിരോധവകുപ്പ് മേധാവി പ്രാതലിനു വരുമ്പോൾ ധാന്യഭക്ഷണമാണല്ലോ? കാളത്തുട പൊരിച്ചതൊന്നുമില്ലേ?", ഭീമ കാര്യസ്ഥൻ ചോദിച്ചു.

"അന്നദാതാവായ ചാരവകുപ്പ് മേധാവിക്ക് വിളമ്പാൻ രണ്ടു ദിവസമായി പോത്തിൻ തുട കിട്ടിയിട്ടില്ല, എന്നിട്ടാണോ സൈനികർ ആരും ഇല്ലാത്ത പ്രതിരോധ മന്ത്രാലയത്തിനു പ്രത്യേക മാംസ പരിഗണന? ഉപയോഗരഹിത ഉഴവുമൃഗത്തെ എവിടെനിന്നെങ്കിലും ഉടമസ്ഥനറിയാതെ ഭീമൻ അർദ്ധരാത്രിയിൽ അഴിച്ചു കൊണ്ടു വരട്ടെ. അറക്കലും തൊലിയുരിക്കലും പൊരിച്ചു ചുട്ടുചൂടായി വിളമ്പുന്നതും ഊട്ടുപുര ഏറ്റു. വനവാസക്കാലത്തു സന്യസ്ഥരുടെ തൊഴുത്തിൽ നുഴഞ്ഞു കയറി വളർത്തുമൃഗങ്ങളെ തട്ടിക്കൊണ്ടു പോയി മറ്റു പാണ്ഡവരുമൊത്തു ഭീമൻ വെട്ടിത്തിന്നതൊക്കെ 'ഹസ്തിനപുരി പത്രിക' അക്കാലത്തു പൊലിപ്പിച്ചെഴുതിയിരുന്നല്ലോ. നമ്മളോരുമിച്ചല്ലേ ചുവരെഴുത്തു വായിച്ചു രസിച്ചിരുന്നത്? എവിടെപ്പോയി മോട്ടിച്ചു തിന്നാനുള്ള ഭീമന്റെ അടങ്ങാത്ത മാംസദാഹം?"

2019/04/13

"അധികാരം മടുത്തെങ്കിൽ നിങ്ങൾ മാത്രം വാനപ്രസ്ഥത്തിനു പോയാൽ പോരെ? എന്തിനു പാഞ്ചാലിയെയും അനുജന്മാരെയും കൂടെ കൂട്ടുന്നു?", കൊട്ടാരം ലേഖിക ചോദിച്ചു. നഗ്നപാദരായി ആറംഗ പാണ്ഡവസംഘം വടക്കൻ മലകളിലേക്കു വലിഞ്ഞുനടക്കുന്ന സന്ധ്യ.

"കുറുനരികൾക്കു ഈ ഉടൽ ഇരയാവുമ്പോൾ, പാഞ്ചാലിയും നാലു ഭർത്താക്കന്മാരും രാജകീയ സമൃദ്ധിയിൽ ജീവിതം തുടർന്നും ആർമാദിക്കണം അല്ലേ?"

2019/04/16

"ഇന്നലെ അത്താഴവിരുന്നിലും കണ്ടു, കർണ്ണൻ വിശിഷ്ടാതിഥികളോട് രോഷാകുലനാവുന്നത് കൊട്ടാരചടങ്ങുകളിൽ കർണ്ണനെ വിളിക്കേണ്ട എന്ന് തോന്നിയോ?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"പോരാളിയും വിശ്വസ്തനും എന്ന നിലയിലാണവൻ വേണ്ടപ്പെട്ടവനായത് വളർത്തച്ഛൻ തേരാളിയാണെങ്കിലും, കർണ്ണഞരമ്പുകളിൽ ഓടുന്ന രക്തം ആകാശചാരിയുടേതാണെന്നറിയുന്ന ചിലരെങ്കിലും ഇവിടെയുണ്ട്. പക്ഷേ, കുലീനമാടമ്പികൾ എന്ന രാജമുദ്ര തട്ടിയെടുത്തവർ അവനോട്, "ഏതു ഗുരുകുലത്തിലായിരുന്നു സൈനികാഭ്യാസ"മെന്നും, "അച്ഛൻ എന്ത് ചെയ്യുന്നു" എന്നും ചോദിച്ചുതുടങ്ങിയാൽ?"

2019/04/17

"അധികാരപർവ്വം മതിയായി, വാനപ്രസ്ഥം ഞങ്ങളെ ഇതാ കൈമാടി വിളിക്കുന്നു എന്ന് നാടകീയമായി രാവിലെ രാജസഭയിൽ പറയിപ്പിക്കാൻ മാത്രം, ഇന്നലെ രാത്രി അന്തഃപുരത്തിൽ എന്ത് കൊടുംകാറ്റ് വീശി?", കിതച്ചു നടന്ന നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഭർത്താക്കന്മാർ കുരുക്ഷേത്രയുദ്ധം അതിജീവിച്ചത് വെറും ഭാഗ്യം കൊണ്ടായിരുന്നു, എന്നാൽ എന്റെ അഞ്ചു മക്കൾ കൊല്ലപ്പെട്ടത് പാണ്ഡവരുടെ പൊറുക്കാനാവാത്ത അശ്രദ്ധ കൊണ്ടും എന്ന പാഞ്ചാലിയുടെ അഭിമുഖപ്രസ്താവന 'ഹസ്തിനപുരി പത്രിക'യിൽ വന്നത് ഞങ്ങൾ ഞെട്ടലോടെ വായിച്ചു. ജീവിത സായാഹ്നത്തിൽ

ഭർത്താക്കന്മാരെ വഞ്ചിച്ച ഭാര്യയെ ഇനി കുരുവംശ മഹാറാണി പദവിയിൽ ഇരു ത്തി ല്ലെന്ന നിശ്ചയദാർഢ്യം ഞങ്ങളോടപ്പോൾ യുധിഷ്ഠിരൻ പങ്കിട്ടു", ചെങ്കോൽ കിരീടാവകാശി പരീക്ഷിത്തിനെ ഏൽപ്പിക്കാൻ നെട്ടോട്ടം ഓടുകയായിരുന്ന കൊ ട്ടാര ഭരണത്തിന്റെ അധിക ചുമതല വഹിക്കുന്ന നകുലൻ.

"എന്തുതരം മരണമാണ് കാത്തിരിക്കുന്നതെന്ന ഭയമാണോ? സത്യവതിയും പുത്രവിധവകളും കുറുനരികൾക്കിരയായി എന്ന് കേട്ടിട്ടുണ്ട്, കുന്തിയും ഗാന്ധാരിയും കാട്ടുതീയിൽ വെന്തുമരിച്ചു എന്നും. കാത്തിരിക്കുന്ന മരണത്തിന്റെ പ്രകൃതം ഭാവന യിൽ കാണുന്നുണ്ടോ?", അന്ത്യപദയാത്രക്കായി കൊട്ടാരത്തിൽ നിന്ന് പടിയിറങ്ങു ന്ന പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"എന്റെ ജീവനെടുക്കാൻ എന്തിനാണ് കുറുനരികളും കാട്ടുതീയും? ഈ അഞ്ചംഗ സംഘം പോരേ?"

2019/04/18

"ജഡം കണ്ടപ്പോൾ, തൊഴിൽപരമായി മൃദുലവികാരങ്ങളില്ലാത്ത ഞങ്ങൾ പോലും വിതുമ്പി. നേർക്കുനേർ പോരാട്ടത്തിൽ വധിക്കപ്പെട്ടവന്റെ മൃതദേഹമാ യിരുന്നില്ല. കൗരവ കാട്ടുപൂച്ചകൾ കീറിമുറിച്ച് വികൃതമാക്കിയ നിലയിലായിരുന്നു കൗമാരപോരാളിയുടെ ഭൗതികാവശിഷ്ടങ്ങൾ. ഇതൊക്കെയാണോ ദ്രോണാചാര്യ ന്റെ ഗുരുകുല വിദ്യാഭ്യാസത്തിൽ നേടിയെടുത്ത പോർക്കള ചട്ടങ്ങൾ?", കൊട്ടാരം ലേഖിക ചോദിച്ചു. ദൂരെ നദീതീരത്തു കത്തിപ്പിടിച്ചുയർന്നിരുന്നു ചക്രവ്യൂഹത്തിൽ ഞെരിക്കപ്പെട്ടവന്റെ ചിത.

"വയലിൽ പണിക്കുവന്നാൽ വിപണിനിരക്കിൽ കൊടുക്കേണ്ടേ വരമ്പത്തു കൂ ലി?", മെയ്‌വഴക്കത്തോടെ ദുര്യോധനൻ, മിക്കവാറും വിവസ്ത്രമായ ശരീരം, നിലാവ് പടർന്ന പുഴവെള്ളത്തിലേക്കെറിഞ്ഞു.

"പട്ടാഭിഷേകം വൈകിപ്പിച്ചു കൊണ്ടെന്താണിപ്പോൾ ധൃതിയിലൊരു പാപനാ ശിനി?", കൊട്ടാരം ലേഖിക പരീക്ഷിത്തിനോട് ചോദിച്ചു.

"പിതൃക്കൾ ചെയ്ത പതിനെട്ടുനാൾ പോരാട്ടത്തിലെ ചോരയും നീരും പുഴവെള്ള ത്തിൽ വേണ്ടേ പിൻഗാമിയായ ഞാൻ ഒഴുക്കാൻ? ഒപ്പം, കുരുവംശനായിക സത്യ വതി മുതൽ, മുൻതലമുറകളിലെ, മരിച്ചിട്ടും മരിക്കാതെയുമിരിക്കുന്ന പൂർവ്വികർക്കു ശ്രാദ്ധഘട്ടത്തിൽ പുതിയ കിരീടാവകാശിഎന്ന നിലയിൽ ബലിയിടുന്നതിലെന്താ ണ് ഇത്ര വൈകാരിക ദൗർബല്യം നിങ്ങൾ കാണാൻ? പിതൃക്കൾക്ക് സഹോദര തുല്യരായിരുന്ന ദുര്യോധനനും ദുശ്ശാസനനും, എനിക്ക് പിതാവായിരുന്ന അഭിമന്യു വിനും, വീരമൃത്യു വരിച്ച സാധാരണ കൗരവസഖ്യ സൈനികർക്കും ഇന്ന് ഉപചാര ത്തോടെ ബലിയിട്ടു. യുദ്ധമില്ലാത്തൊരു ശാന്തലോകമാണ് ദിവാസ്വപ്നമെന്നു മന്ത്രി ച്ചു കൊണ്ട് വിസ്തൃതമായ ജലരാശിയിലേക്കു നോക്കി ഗംഗയിൽ മുങ്ങിനിവർന്നു. ഒന്നും മനഃപൂർവ്വമായിരുന്നില്ല, പ്രിയ പരേതർ കൈമാടി വിളിക്കുകയായിരുന്നു."

2019/04/19

"കുതിരപ്പന്തികളിലും വഴിയമ്പലങ്ങളിലും നിറം പിടിപ്പിച്ച നുണക്കഥകൾ ഉൽ പാദിപ്പിക്കപ്പെടുന്ന ഈ ആസുരകാലത്തു, കൊട്ടാരം വകയിൽ ഒരൗദ്യോഗിക ജീ

വചരിത്രകാരൻ ഉണ്ടായിരുന്നെങ്കിൽ എന്ന് നിങ്ങൾ മോഹിക്കുന്നുണ്ടോ", വാന പ്രസ്ഥത്തിനു പാണ്ഡവരുടെ കൂടെ പടിയിറങ്ങിയ പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"വ്യാജ പ്രശംസകളും അടിസ്ഥാനമില്ലാത്ത ആക്ഷേപങ്ങളും ഇല്ലാത്ത എന്ത് ഔദ്യോഗിക ജീവചരിത്രമാണ് ഭാവിതലമുറകൾ പാണ്ഡവരെ കുറിച്ച് വായിക്കാൻ ഇഷ്ടപ്പെടുക?"

"കുടിവെള്ളവും ധാന്യവും നിഷേധിക്കപ്പെട്ട കൗരവരാജ വിധവകൾ, പ്രതിഷേധം അറിയിക്കാൻ അരമനയിൽ വന്നപ്പോൾ, കൂട്ടത്തിലൊരു ഇളമുറ രാജകുമാരിയുടെ കവിളിൽ ലൈംഗികാതിക്രമമെന്നു തോന്നും വിധം, യുധിഷ്ഠിരൻ തോണ്ടുകയോ തലോടുകയോ ചെയ്തു എന്നാണു കുന്നായ്മക്കൂട്ടങ്ങളുടെ ആരോപണനിർമ്മിതി. പെണ്ണുടൽ സ്പർശനത്തിൽ രാജപദവി വഹിക്കുന്നവർക്കൊക്കെ മാതൃകാ പെരുമാറ്റച്ചട്ടമൊന്നുമില്ലേ?"കൊട്ടാരം ലേഖിക ചോദിച്ചു.

"കുടിനീരും ധാന്യവും ആയിരുന്നോ ആവശ്യങ്ങൾ? 'എന്റെ അച്ഛനു ഒരച്ഛൻ മാത്രമേ ഉള്ളു എന്നാൽ പാണ്ഡവരുടെ വൈവിധ്യപിതൃത്വം കുരുവംശത്തിനു അപമാനം' എന്നവൾ മന്ത്രിച്ച ശേഷം, നാടകീയമായി ഒച്ചവെച്ചു, "ധാന്യം തരൂ കുരുക്ഷേത്ര വിധവകളുടെ പട്ടിണിയകറ്റൂ." ആംഗ്യവിക്ഷേപങ്ങളോടെ നിലവിളിച്ചാൽ ആരും ചെവിതരില്ലേ? ആവിഷ്കാര സാമർഥ്യം കണ്ടനുമോദിച്ചു കവിളിലൊന്നു തലോടിയതാണോ സകലവിധ രതിപരീക്ഷണങ്ങളുടെയും കുത്തരങ്ങായ ഹസ്തിനപുരി തെരുവുകളിൽ പുതിയ അരമനരഹസ്യം? ആജീവനാന്ത ബ്രഹ്മചാരിയെന്നു നേരം വെളുത്താലുടൻ അട്ടഹസിച്ചിരുന്ന പിതാമഹൻ (അഭിവന്ദ്യ ഭീഷ്മനാമം തങ്കലിപിയിൽ കോറിയിടട്ടെ വേദവ്യാസൻ), പുതു തലമുറ കൗരവരാജകുമാരികളെ ഇരുവശത്തും കൈത്താങ്ങായി കൂട്ടി മണിക്കൂറുകളോളം തെരുവുകളിൽ നടക്കുന്നത് നിങ്ങളുടെ പത്രപ്രവർത്തക സുഹൃത്തുക്കൾക്കൊന്നും കണ്ട ഓർമയില്ലേ?"

"ആരുടെ അത്താഴത്തിനുവേണ്ടിയാണ് ഒന്നിലധികം മാനുകളെ കല്ലെറിഞ്ഞു വീഴ്ത്തുന്നത്?", കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

"കയ്യിലുള്ളത് ഉച്ചയൂണിനു പൊരിച്ചെടുക്കും. ദ്വാരകയിലുള്ള സുഭദ്ര പരിലാളന മിഴിയോടെ വിളമ്പിത്തരുന്നതായി സങ്കൽപ്പിക്കും. അടുത്ത ഇരയെ ചുമന്നു ക്ഷീണമഭിനയിച്ചു ആശ്രമത്തിലെത്തി പാഞ്ചാലിയുടെ മുമ്പിൽ ഏറിയും." ഒരു കയ്യിൽ കഴുത്തൊടിഞ്ഞ മാനും മറുകയ്യിൽ കൽച്ചീളുമായി ഉന്നം നോക്കിയിരുന്ന അർജ്ജുനൻ, ഓടിത്തളർന്ന പുലിയെ പോലെ കിതച്ചു.

2019/04/20

"തത്സമയ യുദ്ധവാർത്ത മെനഞ്ഞു ധൃതരാഷ്ട്രരെ രസിപ്പിക്കുകയാണോ ഇഷ്ടവിനോദം?", കൊട്ടാരം ലേഖിക സഞ്ജയനോട് ചോദിച്ചു. ഹസ്തിനപുരി രാജമന്ദിരം.

"കണ്ടപോലെ വേണം കുരുക്ഷേത്ര വിവരണമെന്നു വ്യാസൻ താക്കീതു തന്നത് ഒന്നു രണ്ടു ദിവസം എന്നെ കുഴപ്പത്തിലാക്കി. ആരോട് ചോദിച്ചറിയും, അന്നന്നത്തെ തലയറുക്കൽ? മൂന്നാം ദിവസം മുതൽ യുദ്ധവാർത്ത 'ഹസ്തിനപുരി പത്രിക'യിൽ വന്നു തുടങ്ങിയതോടെ 'കണക്കെടുപ്പ്' എളുപ്പമായി. മുഖം മൂടി ധരിച്ച

'പത്രിക' യുടെ ചുവരെഴുത്തുപതിപ്പ ശ്രദ്ധിച്ച ഞാൻ കുറിപ്പെടുത്തു. കൗരവർക്കനുകൂലമായി, അപ്പപ്പോൾ കാണുന്ന പോലെ, ധൃതരാഷ്ട്രർക്ക് മുമ്പിൽ നേർസാക്ഷിയെ പോലെ വിളമ്പും. പുത്രൻ വധവാർത്ത കൈവശമുണ്ടെങ്കിൽ തരൂ. പാണ്ഡവതലയൊന്നും ഉരുളാത്തതിൽ ഉറക്കം വരാതെ ഞെളിപിരിയിലാണന്ധൻ."

"പന്ത്രണ്ടു വർഷവും ജൈവമാലിന്യങ്ങൾ കാര്യക്ഷമമായി നീക്കം ചെയ്തു എന്നാണോ ഇപ്പോൾ ആദ്യമായി നിങ്ങൾ സമ്മതിക്കുന്നത്?" കൊട്ടാരം ലേഖിക സന്യസ്ഥ ആശ്രമകാര്യദർശിയോട് ചോദിച്ചു. അജ്ഞാതവാസത്തിനു പാഞ്ചാലിയും ഭർത്താക്കന്മാരും ആരോരു മറിയാതെ ഒളിവിൽ പോയ കാലം.

"അങ്ങനെ കൊതിച്ചാൽ പോലും, പാണ്ഡവർ പണി ചെയ്തു തീർക്കുമോ? കൗരവ ചാരസംഘം പാണ്ഡവരുടെ നല്ലനടപ്പന്വേഷിക്കുവാൻ മുമ്മൂന്നുമാസം കൂടുമ്പോൾ ഹസ്തിനപുരിയിൽ നിന്ന് കാട്ടിൽ വരും. പാണ്ഡവപെരുമാറ്റം കുഴപ്പമില്ലെന്ന് ഞങ്ങൾ രേഖാമൂലം അറിയിക്കണം. മാലിന്യനീക്കം പാണ്ഡവർ കാരണമൊന്നും പറയാതെ സ്തംഭിപ്പിക്കും. അവർ ചോദിച്ചതെന്തും ഞങ്ങളപ്പോൾ വാരിക്കൊടുക്കാൻ നിർബന്ധിതരാവും. പരിത്യാഗികളെങ്കിലും, ജൈവ വിസർജ്ജ്യങ്ങൾ മൂലയിൽ കുടിക്കിടക്കുന്നതു കണ്ടാൽ ഞങ്ങൾ ആകെ വിരണ്ടുപോവും. പാണ്ഡവരെ പ്രകീർത്തിച്ച ഞങ്ങൾ പനയോലയിൽ അടയാളപ്പെടുത്തിയ രഹസ്യരേഖ കാണിച്ച ശേഷം മാത്രമേ കൗരവസംഘത്തിനു കൈമാറാവൂ എന്ന നിബന്ധന വക്കും. ഞങ്ങൾ അടിയറവു വക്കും വരെ തുടരും വിലപേശൽ."

2019/04/21

"മെല്ലെ, മെല്ലെയാണല്ലോ ഭക്ഷണം കഴിക്കുന്നത്? അക്ഷയ പാത്രത്തിലെ ഭക്ഷണലഭ്യത കുറഞ്ഞതാണോ കാര്യം? അതോ, അന്നനാളത്തിൽ പ്രശ്നം വല്ലതും?" കിടപ്പറ ജാലകത്തിലൂടെ കാണാവുന്ന ഊട്ടുപുരയിൽ, നിലത്തു ചമ്രം പടിഞ്ഞിരുന്ന ഭീമനെ നോക്കി കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"ആനത്തലയോളം ഉരുട്ടി വായിലിട്ടാൽ, അന്നനാളത്തിലൂടെ അതിറങ്ങും മുമ്പ് രണ്ടാമതൊരു 'ആനത്തല' വായിലേക്കെറിയുന്ന പതിവ് നിർത്തണം എന്ന് ഞാൻ കയർത്തു. വാരിവലിച്ചു സൗജന്യഭക്ഷണം അകത്താക്കി, 'അഗ്നിമാന്ദ്യം, ദഹനക്ഷയം' എന്ന് പറഞ്ഞു നകുലനെ മരുന്ന് തേടി സന്യസ്ഥാശ്രമങ്ങളിലേക്ക് ഓടിക്കുന്ന സ്ഥിരം പരിപാടി അതോടെ നിന്നു."

2019/04/23

"സന്യാസ സമൂഹങ്ങളല്ലേ അയൽക്കാർ? പൗരാവകാശം നഷ്ടപ്പെട്ടു കാട്ടുകുടിലിൽ കഴിയേണ്ടി വരുന്ന നിങ്ങളുടെ വ്യഥകളൊന്നും സഹാനുഭൂതിയോടെ ചോദിച്ചറിയാറില്ലേ?", വസന്തകാല നിറങ്ങൾ വ്യാപിച്ച കുന്നിൻമുകളിലെ ആശ്രമങ്ങളിലേക്ക് കൊട്ടാരം ലേഖിക വിരൽ ചൂണ്ടി.

"കള്ളച്ചൂത് കളിച്ചിട്ടും രാജകീയ സൌഭാഗ്യങ്ങൾ ഒരൊറ്റ സന്ധ്യയിൽ നഷ്ടപ്പെടുത്തിയ പാണ്ഡവർ, അല്ലെ? എന്ന അവരുടെ ആദ്യ ചോദ്യം തന്നെ അന്തേവാസികളുടെ കൂട്ടച്ചിരിയോടെ ആയിരുന്നു. ഭക്ഷ്യ ധാന്യം, മരുന്ന് , വസ്ത്രങ്ങൾ ഒക്കെ പതിവായി കൌരവർ ഹസ്തിനപുരിയിൽ നിന്ന് കഴുതപ്പുറത്ത് എത്തിക്കും. പകരം

കൗരവ ഭാവിസുരക്ഷയെ ബാധിക്കുന്ന പാണ്ഡവ രഹസ്യങ്ങൾ താളിയോലയിൽ ഉടയോനവർ തിരിച്ചും അയക്കും", ആശ്രമങ്ങളിലെ ജൈവമാലിന്യം ദൂരെ കൊണ്ട് പോയി സംസ്കരിച്ച് കുന്നിനു താഴെ ജലാശയത്തിൽ തുണി തിരുമ്മി കുളിച്ച് ഈറൻ മുടിയുമായി പടി കയറി വരുന്ന പാഞ്ചാലിയുടെ നിഴൽ വീണപ്പോൾ, പാണ്ഡവർ മാരകായുധങ്ങൾ മൂർച്ച കൂട്ടുന്ന പണിയിൽ പെട്ടെന്ന് തിരക്ക് കാണിച്ചു.

"വിശ്വവിഖ്യാത തള്ളവിരൽ? വിദൂരവിദ്യാഭ്യാസത്തിനു 'ഗുരുദക്ഷിണ'യായി ഈ വിരൽ ആയിരുന്നില്ലേ കുടില ദ്രോണർ മുറിച്ചു വാങ്ങിച്ചത്?", കൊട്ടാരം ലേഖിക ചോദിച്ചു.

"മുറിച്ചു നീക്കിയ ഇടം മുഖത്തേക്കാൾ ജനം തിരിച്ചറിഞ്ഞിരുന്ന കാലമുണ്ടായിരുന്നു. വിരൽനഷ്ടം അവർ വൈകാരികമായി ഏറ്റെടുത്തു. പ്രത്യേക പരിഗണന കുരുവംശചരിത്രത്തിൽ തരാമെന്നു കീഴാളകവി വ്യാസനും സമ്മതിച്ചു. വിരൽ ഇല്ലാതെ അമ്പെയ്യാനും പഠിച്ചു. വിരൽനഷ്ടം ഞാൻ മറന്നു. ഒരു നാൾ രാവിലെ ഉറക്കമുണർന്നു നോക്കിയപ്പോൾ കണ്ടതെന്തായിരുന്നു എന്നോ? പണ്ടു ഗുരുവിനു സമർപ്പിച്ച തള്ളവിരലുണ്ട്, തിരിച്ചെത്തിയിരിക്കുന്നു!. പരിചയക്കേട് തോന്നിയപ്പോൾ പഴംതുണിയെടുത്ത് ഞാൻ കൈ മൂടിക്കെട്ടി", ഏകലവ്യൻ കൈ വീണ്ടും ഒളിപ്പിച്ചു.

2019/04/24

"ആളൊരു സൗമനസ്യക്കാരനായ വഴികാട്ടിമാത്രമാണോ? അതോ, പരുക്കൻ രീതിയിലൊരു തിരുത്തൽശക്തിയോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"അഭയാർഥികളായി കുന്തിയും മക്കളും ഹസ്തിനപുരിയിൽ വരും വരെ, ഭീഷ്മർ, പോയകാല പൊങ്ങച്ചക്കഥകൾ പറഞ്ഞു, ആഡംബര സമൃദ്ധമായ ആശ്രമ മുറ്റത്തു രാജ്യതന്ത്രം പഠിപ്പിക്കുമ്പോൾ ഞങ്ങളെ, ശബ്ദം ഘനഗംഭീരമെങ്കിലും, കുടുകുടെ രസിപ്പിക്കുമായിരുന്നു. ക്ഷയരോഗിയെന്നു ലോകം മുറുമുറുപ്പില്ലാതെ അംഗീകരിച്ച മുൻരാജാവ് വിചിത്രവീര്യനു പായകൂട്ടു കിടക്കാൻ, എന്തിനാണ് മൂന്നു കാശിരാജകുമാരികളെ തട്ടിക്കൊണ്ടുവന്നത്? രോഗശുശ്രൂഷക്കായി വാരണാവതം മലഞ്ചെരുവിലെ വേനൽക്കാല വസതിയിൽ താമസിപ്പിക്കുകയല്ലേ ഉത്തരവാദിത്വത്തോടെ വേണ്ടിയിരുന്നത്? നിങ്ങളുടെ അവിവേക നടപടി കൊണ്ടല്ലേ കാശിരാജകുമാരി അംബ ആത്മഹത്യ ചെയ്തതും, കുരുവംശ രാജാവ് മക്കളില്ലാതെ മരിച്ചുപോയതും?, ധാർമ്മിക രോഷത്തോടെ, കൗമാരകാലത്തങ്ങനെ ചോദിച്ചതിൽ പിന്നെ ഞാൻ, ദുരഭിമാനിയായ കാരണവരുടെ സ്ഥിരം നോട്ടപ്പുള്ളിയാണ്", 'ജനഹിതായ പദ്ധതി'യനുസരിച്ചു ഗ്രാമഗ്രാമാന്തരങ്ങളിൽ ചെന്ന് സാധാരണക്കാരുടെ 'നാഡി പിടി'ക്കാൻ നൂറ്റവർ യാത്ര തുടങ്ങുന്ന നേരമായിരുന്നു.

"പാഞ്ചാലിയുടെ ബഹുഭർത്തൃത്വത്തെ കുറിച്ച് കൗരവ വധുക്കൾ ഇത്രമാത്രം പരിഭ്രമിക്കുന്നതിന്റെ പ്രസക്തി വ്യക്തമാക്കാമോ? 'ഒരു ദാമ്പത്യം ഒരു ഭർത്താവ്' എന്ന തത്വസംഹിതയുടെ ബലിയാടുകളായ നിങ്ങൾക്കെന്തറിയാം, അഞ്ചു ദേവസന്തതികളെ നിത്യവും പരിലാളിക്കേണ്ടതിലെ പ്രയാസങ്ങൾ?", കൊട്ടാരം ലേഖിക ദുര്യോധനവധുവിനോട് ചോദിച്ചു. ഖാണ്ഡവപ്രസ്ഥത്തിലേക്കു കുടിയേറും മുമ്പ് പാണ്ഡവർ നവവധുവുമൊത്തു ഹസ്തിനപുരിയിൽ കഴിഞ്ഞിരുന്ന ഇടവേള.

"ബഹുഭർത്തൃത്വം പാഞ്ചാലി ആഘോഷിക്കട്ടെ എന്നാണ അന്തഃപുരയോഗത്തിൽ മറ്റ കൗരവവധുക്കളുമായി ഹൃദയം തുറക്കുമ്പോൾ ഞാൻ ആശംസിച്ചത്. എന്നാലവൾ യഥാർത്ഥത്തിൽ ചെയ്യുന്നതോ? കുറ്റിയടിച്ച ഭർത്താക്കന്മാരെ കെട്ടിയിട്ടു, ഒന്നൊന്നായി തന്നിഷ്ടത്തിൽ മാത്രം കെട്ടഴിക്കുന്നതിൽ, സേവനദാതാവായ ഒരു ഭാര്യ എന്ന നിലയിൽ ഞാൻ നിശബ്ദമായി പ്രതിഷേധിക്കുന്നുണ്ട്. അറിയാമോ, പരസ്പരം പാണ്ഡവരെ പോരടിപ്പിക്കുകയാണവൾ. തൊണ്ണൂറ്റിഒമ്പതു കൗരവരാജസ്ത്രീകളും ദുര്യോധനന് രഹസ്യമായി 'കപ്പം' കൊടുക്കുന്നുണ്ട് എന്നെനിക്കറിയാം. അതെന്തിനെന്നോ? പരിപൂർണസഹവർത്തിത്വം ഉറപ്പു വരുത്താൻ. ദുര്യോധനൻ എന്റെ അംഗീകൃത ഇണയായിരുന്നിട്ടും, നൂറു കൗരവരും നൂറു ഇണകളും പാരസ്പര്യത്തോടെ പായിൽ കിടന്നുള്ള ഗുണഭോക്താക്കളാണ് എന്ന വസ്തുത പാഞ്ചാലിയെ വിലയിരുത്തുമ്പോൾ അടയാളപ്പെടുത്തി. അത് നിങ്ങൾ രാജ്യദ്രോഹമായി പൊക്കിക്കാട്ടേണ്ട കാര്യമൊന്നുമില്ല."

2019/04/25

"ലോലലോലമായ ഈ കൈകൾ കൊണ്ട് നിങ്ങൾ അവനെ ഒറ്റയ്ക്ക് കൊന്നു എന്നാണോ പറഞ്ഞു വരുന്നത്?", കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവ ഭരണകൂടത്തിന്റെ അവസാന വർഷം. ചെങ്കോൽ തട്ടിയെടുക്കാൻ കിരീടാവകാശി പരീക്ഷിത്ത്, മൂർക്കൻ പാമ്പിനെ കൊണ്ടു യുധിഷ്ഠിരനെ കടിപ്പിക്കാനുള്ള സാധ്യത തെളിഞ്ഞ കറുത്ത ദിനങ്ങൾ. വിഷമേറ്റുമരിക്കുന്നതിനേക്കാൾ, സ്ഥാനത്യാഗം ചെയ്തു വനവാസത്തിനു പാണ്ഡവർ തയ്യാറാവുമെന്ന അഭ്യൂഹങ്ങൾ പരന്ന കൊട്ടാരഭൂമിക.

"കീചകനെ ഞാൻ കൊല്ലുകയൊന്നുമായിരുന്നില്ല യുവശരീരത്തിൽ നിന്ന് ആത്മാവിനെ വേർപെടുത്തുകയായിരുന്നു. എന്നാൽ കൊലയുടെ കർത്താവു എന്ന ദേശീയ പ്രശസ്തി ഭീമന് വേണം കിട്ടാനെന്നു ഞാൻ നേരത്തെ ഉറച്ചു. ഔദ്യോഗിക കീചകവസതി ആഡംബരപൂർണ്ണമെങ്കിലും, ചാരസാന്നിധ്യം ശക്തമെന്ന പൊതുധാരണയിൽ, ഒഴിവാക്കാനാവാത്ത നിശാവിനോദങ്ങൾ നൃത്തമണ്ഡപത്തിനോട് ചേർന്ന വിശ്രമ സങ്കേതത്തിലേക്കു കീചകൻ കൗശലപൂർവ്വം മാറ്റിയിരുന്നു. രതിസേവനദാതാക്കൾക്കു രഹസ്യമായി വന്നു പോവാനുള്ള സൗകര്യം നിർണ്ണായക രാത്രിയിൽ തുണയായി. കീചകൻ എന്നെ പായക്കൂട്ടിനു ക്ഷണിച്ചു, ക്ഷണം നന്ദിപൂർവ്വം സ്വീകരിച്ചു. കീചകവസതിയിൽ പതിവായി അത്താഴം കൊണ്ടു കൊടുക്കുന്ന ഞാൻ (അവന്റെ സഹോദരിയും വിരാടരാജ്ഞിയുമായ സുദേഷ്ണയുടെ വ്യക്തിഗത തോഴിയെന്ന നിലയിൽ എന്റെ ദിനചര്യയിൽ പെടുമായിരുന്നു അവിവാ ഹിതകീചകന്റെ തീൻശാല പരിചരണം) ലഹരിപാനീയത്തിൽ മദ്യം അളവു കൂട്ടിയതു കാര്യങ്ങൾ എളുപ്പമാക്കി. സാഹചര്യങ്ങൾ തുണച്ചു എന്നർത്ഥം. അർദ്ധരാത്രിയോടെ നൃത്തമണ്ഡപത്തിൽ ആടിയാടി വന്ന കീചകൻ, ശയ്യയിൽ കിടക്കുന്നതും ഉറങ്ങിപ്പോവുന്നതും ശ്രദ്ധിച്ച എനിക്ക്, പിന്നീടുള്ള നടപടി നിസ്സാരമായി. മൂക്കും വായും പിടിച്ചു ശ്വാസം മുട്ടിക്കാൻ തക്ക ആയുധമായി മാറി, പട്ടിൽ തീർത്ത തലയിണകൾ. തളർന്നുറങ്ങിയ യുവകോമളനെ തീരെ ദേഹാധ്വാനമില്ലാതെ ഞാനങ്ങനെ ശവമാക്കി. രാവിലെ പരിചാരകർ വന്നപ്പോൾ കാണുന്നത് ഉറക്കത്തിലെന്നപോലൊരു കീചകജഡം. തിരക്ക് കൂട്ടും മുമ്പ് ഭീമൻ ഊട്ടുപുരയിൽ നിന്ന് പുറത്തു വന്നു ഇരുകൈകളും നാടകീയമായി ഉയർത്തി, പാതിരാകൊലയുടെ ഉത്തരവാദിത്വം ഏറ്റെടുത്തു.

'സൈരന്ധ്രി' യെന്ന എന്നെ കടന്നു പിടിക്കാൻ ശ്രമിച്ച കുടിലകീചകൻ ഈ കൈകളിൽ പിടഞ്ഞാണ് നിശ്ചലനായത് എന്നവൻ വികാരഭരിതനായി അവകാശപ്പെട്ടപ്പോൾ, ദൂരെ ദൂരെ കൗരവസഭയിലെ നീതിമാൻ ഭീഷ്മരും 'ശരി ശരി' എന്നുറക്കെ പറഞ്ഞത് നിങ്ങളും ഒരുപക്ഷേ, കേട്ടിരിക്കും. എന്തിനു ഞാൻ കീചകൻ കൊന്നു, എന്തു കൊണ്ട് ഭീമൻ കൊലക്കുറ്റം ഏറ്റെടുത്തു എന്നതൊരു ചോദ്യചിഹ്നമല്ല, വേനൽ മഴ പെയ്യുന്ന ഈ തണുത്ത രാത്രിമുഴുവൻ പറഞ്ഞാലും തീരാത്ത കാമനയുടെ കഥയാണ് 'പ്രണയപർവ്വം' എന്ന ആത്മകഥയിൽ അത് നിങ്ങൾക്ക് വായിക്കാനാകും, അതുവരെ കാത്തിരിക്കൂ."

"പോരാട്ടം കഴിഞ്ഞു പാളയത്തിലെത്തിയ പിതാമഹൻ കുളിച്ചു ലഘുഭക്ഷണം കഴിച്ച ഉടൻ എടുത്തല്ലോ പനയോലയും നാരായവും. കുരുക്ഷേത്രയുദ്ധം ഭാവി തലമുറയ്ക്കായി അടയാളപ്പെടുത്താൻ ഉറച്ചുവോ, കൗരവസർവ്വസൈനിക മേധാവി?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഇന്നലെ വൈകുന്നേരം യുദ്ധം ചെയ്തു തളർന്നാണ് കുടണഞ്ഞത് പുഴയിൽ നീന്തി ചോരയും നീരും കഴുകിക്കളഞ്ഞു മടങ്ങിയെത്തി ഞാൻ പഴച്ചാർ ചുണ്ടോടടുപ്പിച്ചില്ല, ഇടിച്ചുകയറി വന്ന ദുര്യോധനൻ മുഖത്തേക്ക് വിരൽചൂണ്ടി ചോദിക്കുന്നു, എത്ര പാണ്ഡവ തല ഇന്ന് വെട്ടി? ഒന്നും വെട്ടിയില്ലെന്നു വിശദീകരിക്കാൻ ഞാൻ വാ തുറന്നില്ല, കയ്യിൽ കയറിപ്പിടിച്ചവൻ കളിയാക്കുന്നു ഒരു പാണ്ഡവ തല പോലും ഉരുട്ടാത്ത നിങ്ങൾക്കെങ്ങനെ ഒരു കുടം പഴച്ചാർ മോന്താൻ കഴിയുന്നു? അപ്പോളുറച്ചു, നിത്യവും പനയോലയിൽ മാനവികതക്കായി രേഖപ്പെടുത്തട്ടെ, ഓമനിച്ചു വളർത്തിയ പാണ്ഡവക്കുട്ടികളുടെ കഴുത്തുവേട്ടേണ്ട നിയോഗം ഞാനെങ്ങനെ കൈകാര്യം ചെയ്യുന്നു."

2019/04/26

"ലൈംഗിക കുറ്റവാളിയെന്ന നിലയിൽ ശിക്ഷാനിയമമനുസരിച്ചു പരസ്യ വിചാരണ നേരിടേണ്ട നിങ്ങൾക്കെവിടെ നിന്ന് കിട്ടി, അഭിവന്ദ്യപാഞ്ചാലിയെ നാടു കടത്താൻ അധികാരം? ചോദിക്കുന്നത് ചാർവാകൻ. നീതിബോധത്തിന്റെ അവസാന വാക്കെന്നൊക്കെ അറിയപ്പെടുന്ന വിദുരർ രൂക്ഷഭാഷയിൽ വസ്ത്രാക്ഷേപത്തെ അപലപിച്ചെങ്കിലും, ഒന്നും കണ്ട ഭാവമില്ലല്ലോ, മുൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയെ കൗരവഅടിമയാക്കി കാട്ടിലയക്കാൻ?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. കാലവർഷ പ്രതീതിയുണർത്തുന്ന അന്തരീക്ഷം. ഇടിയും മിന്നലുമായി, രാത്രി പെയ്ത മഴ തോർന്ന അശാന്തമായൊരു മൗനം നീറിപ്പിടിച്ച കോട്ടക്കകത്തെ മട്ടുപ്പാവിൽ നിന്ന് കാണാമായിരുന്നു, മഴവെള്ളമൊഴുകുന്ന പെരുവഴിയിലൂടെ ആറംഗ പാണ്ഡവ സംഘം നഗ്നപാദരായി വടക്കൻ മലകളിലേക്കു കാൽ മുന്നോട്ടു വക്കുന്നത്.

"തെറ്റിപ്പോയി പതിവുപോലെ നിങ്ങൾക്കും ചാർവാകനും. ഞാൻ ഭരണകൂടവക്താവ് മാത്രമാണ്, ഭരണകൂടമല്ല. കാഴ്ച പരിമിതനെങ്കിലും, ഉൾക്കാഴ്ചയുള്ള ധൃതരാഷ്ട്രർ തന്നെയാണ് ഏകാംഗ ഭരണകൂടം. ഇന്നലെ ചൂതാട്ടസഭയിലുണ്ടായതൊക്കെ ഇന്ന് , ഭാഗ്യം, ഹസ്തിനപുരി ഔദ്യോഗിക രേഖയാണ് പനയോലയൊന്നിന്

നിശ്ചിത സംഖ്യ ധനമന്ത്രാലയത്തിൽ അടച്ചാൽ, ഏതണ്ടനും അടകോടനും നേടാം ഒരു കൈപ്പിടി കുരുവംശ രേഖകൾ. രഹസ്യാത്മകതക്ക് വിധേയമല്ല ഒന്നും. അതുകൊണ്ടൊരു ഗുണമുണ്ടായി, കുതിരപ്പന്തികളിൽ കാലാകാലമായി വിഴുപ്പുകഥ മെനയുന്നവർക്കു ഇപ്പോൾ ശ്രോതാക്കളില്ല. രാജമുദ്രയുള്ള ഔദ്യോഗിക രേഖകൾ നാട്ടുനീളെ കിട്ടുമ്പോൾ എന്തിനു വായിക്കണം 'ഹസ്തിനപുരി പത്രിക'യുടെ ചുവരെഴുത്തുകൾ? സുതാര്യതക്കുവേണ്ടിയുള്ള വിപ്ലവത്തിൽ ഞങ്ങളെ തുറന്നു അനുമോദിച്ചു തക്ഷശില സർവ്വകലാശാലയിലെ രാജ്യതന്ത്ര ഗവേഷകരാണ് അതൊക്കെയല്ലേ ഈ കുരുവംശത്തിന്റെ കമനീയത, പത്രപ്രവർത്തക സുഹൃത്തേ? 'മാറി നിൽക്ക് അങ്ങോട്ട്' എന്നൊന്നും ഈ മാധ്യമ സൗഹൃദ ദുര്യോധനൻ ആരോടും പറയില്ല."

"പ്രണയമിഴികളിലൂടെ ഭർത്താക്കന്മാരോടു സംസാരിച്ചിട്ടില്ല എന്നാണോ, ഭർത്തൃനിന്ദയുടെ വെഞ്ചാമരങ്ങൾ പ്രദർശിപ്പിക്കുന്ന അഭിമുഖങ്ങൾ വായിച്ചു നിഗമനത്തിൽ എത്തേണ്ടത്?" കൊട്ടാരം ലേഖിക ചോദിച്ചു.

"ആർക്കറിയാം. സാന്ദർഭികമായി പ്രതികരിച്ചിട്ടുണ്ടാവാം, എന്നാൽ സന്ദർഭം മാറുമ്പോൾ, 'പ്രണയ മിഴി'യുടെ സാധുത തീരില്ലേ", അന്തഃപുരത്തിൽ വരും മുമ്പ് രേഖാമൂലം പാണ്ഡവർ അനുമതി നേടിയിരിക്കണം എന്ന പ്രഖ്യാപനത്തിൽ ഒപ്പിടുകയായിരുന്നു മഹാറാണി പാഞ്ചാലി.

"എല്ലാവരെയും ആട്ടിത്തെളിച്ചു വീണ്ടും കാട്ടിലേക്ക്? യുധിഷ്ഠിരന്റെ ഈ പോക്ക്, നിങ്ങളോടൊക്കെ ആലോചിച്ചെടുത്ത തീരുമാനം ആയിരുന്നോ?" കൊട്ടാരം ലേഖിക ചോദിച്ചു. രാജവസ്ത്രങ്ങൾ അഴിച്ചു വൽക്കലം ധരിക്കുകയായിരുന്നു മുൻ മഹാറാണി പാഞ്ചാലി.

"സ്വാഭാവിക കാരണങ്ങളാൽ വൃദ്ധഭർത്താവ് അധികം വൈകാതെ കാലം ചെയ്യുമെന്നും, മഹാറാണിയെന്ന നിലയിൽ അധികാരം എനിക്ക് വന്നു ചേരുമെന്നും ഇളമുറനകുലൻ പലപ്പോഴും ധൈര്യം തന്നത് മറക്കുന്നില്ല. ഭർത്താവിന്റെ മരണശേഷം ആർജ്ജിതകുടുംബ സ്വത്തും പദവിയും ഭാര്യക്ക് വന്നു ചേർന്നാൽ മാത്രമേ അവളുടെ വ്യക്തിത്വം ലോകത്തിനു വ്യക്തമാവൂ എന്നറിയാത്ത, സരളഹൃദയനായ യുധിഷ്ഠിരനെ കുറിച്ച് മാറിയ ജീവിതാവസ്ഥയിൽ കൂടുതൽ പറയുന്നില്ല."

2019/04/27

"അന്തിമപദയാത്രയിലും അവസാനമാണല്ലോ ഇടം? ആരെല്ലാം കൂടെയുണ്ട് എന്ന് നോക്കാതെ യുധിഷ്ഠിരൻ കാൽ മുന്നോട്ടെടുക്കുന്നതിൽ, ആണധികാരപർവ്വം തുടിച്ചു നിൽക്കുന്നത് കാണാതെ പോയോ?", പാഞ്ചാലി പടിയിറങ്ങുകയായിരുന്നു. പട്ടാഭിഷേകം ചെയ്തു അധികാരത്തിൽ കയറിയ പരീക്ഷിത്തിന്റെ അമ്മ, ഉത്തര, മട്ടുപ്പാവിൽ ഉദാസീനതയോടെ ഒതുങ്ങി "കുഴഞ്ഞുവീഴുമ്പോൾ, വാരിക്കോരി മരണദേവത പരിലാളിക്കുന്നതു കണ്ടുവേണം, ലോകവുമായുള്ള ബന്ധം വിടാൻ. പത്തു പാണ്ഡവക്കണ്ണുകൾ തുറിച്ചു നോക്കുന്നതായിരിക്കും, മരണമുഹൂർത്തത്തിലെ അമംഗള കാഴ്ച."

"വീണില്ലായിരുന്നെങ്കിൽ, മരണാഭിമുഖ്യം ഉണ്ടാവുമായിരുന്നുവോ, അതോ?", കൊട്ടാരം ലേഖിക ചോദിച്ചു. ശരശയ്യക്ക് ചുറ്റും പാണ്ഡവ സാന്നിധ്യമില്ലാത്ത രാത്രി. നക്ഷത്രങ്ങൾ മിന്നിയിരുന്നെങ്കിലും, കാഴ്ച പരിമിതമായിരുന്നു.

“കുരുക്ഷേത്രവും മരണചിന്തയും കൂട്ടിക്കുഴക്കുക വഴി മൊത്തം ഭീഷ്മജീവിതത്തെ നിങ്ങൾ സാഹചര്യങ്ങളിലേക്കൊതുക്കുകയാണ് പോരാട്ടത്തിൽ കിട്ടിയ മുറിപ്പാടുകൾ ആകസ്മികതയായി വേണ്ടേ കാണാൻ? സുരക്ഷിതകോട്ടക്കകത്തെ മരക്കൂട്ടങ്ങൾ ക്കിടയിലെ ആശ്രമ ഉദ്യാനത്തിൽ, ഏകനായി ഇരിക്കുമ്പോൾ, ഒരു സമാന്തര ലോകത്തിൽ എനിക്കുണ്ടാവാമായിരുന്ന സൗഭാഗ്യങ്ങൾ പകൽക്കിനാവ് കാണാറുള്ള പോലൊരു സ്വാഭാവിക അനുഭവമാണ്, നക്ഷത്രങ്ങളെണ്ണി ഈ വിജനഭൂമിയിൽ മരണസ്വപ്നങ്ങൾ നെയ്യുന്നതും.”

“പതിനെട്ടുനാൾ പോരടിച്ചിട്ടും, പോറലേൽക്കാതെ രക്ഷപ്പെട്ട നിങ്ങൾ യുദ്ധചരിത്രത്തിൽ ഇടം പിടിക്കുമോ എന്നറിഞ്ഞുകൂടാ, പക്ഷേ, തിരിഞ്ഞു നോക്കുമ്പോൾ, ഒരു മായക്കാഴ്ച എന്ന നിലയിൽ ഉള്ളുതുറന്ന് വിലയിരുത്താൻ കഴിയുന്നുണ്ടോ?”, ഹസ്തിനപുരിയിൽ പുതിയ കിരീടാവകാശി പരീക്ഷിത്തിന്റെ ഏകാധ്യാപകനായി കൊട്ടാരക്കെട്ടിലെ ആശ്രമത്തിൽ കഴിഞ്ഞു കൂടുന്ന കൃപാചാര്യനോട് കൊട്ടാരം ലേഖിക ചോദിച്ചു. ഇടിവെട്ടിപ്പെയ്ത വേനൽ മഴയിൽ പൊടിയടങ്ങി അന്തരീക്ഷം തെളിഞ്ഞ പ്രഭാതം.

“ഇടയ്ക്കിടെ ആ ദുർമ്മരണങ്ങൾ ഒന്നൊന്നായി ഞാൻ വിസ്തരിച്ചു കാണും. ഒരിക്കൽ കൂടി യുദ്ധം ആവർത്തിച്ചിരുന്നെങ്കിൽ എന്ന് മോഹിക്കും. മനുഷ്യ മനസ്സിന്റെ ചാഞ്ചാട്ടങ്ങൾ നോക്കുമ്പോൾ, ഭാവിയിലിനിയും വരും യുദ്ധസാദ്ധ്യത എന്നോർത്ത് ഹൃദയം ശാന്തമാകും...”

2019/04/28

“അസ്തിത്വ ദുഃഖം സഹിക്കാനാവാതെ ആയിരുന്നോ പാണ്ഡവർ അന്തിമപദയാത്ര ചെയ്തത്?”, പുതിയ മഹാരാജാവ് പരീക്ഷിത്തിനോട് കൊട്ടാരം ലേഖിക ചോദിച്ചു, “അതോ ചെങ്കോൽ തരാതെ കളിപ്പിച്ച യുധിഷ്ഠിരനെ, കൗരവരാജവിധവകളുമായി രഹസ്യ നീക്കത്തിൽ, നിങ്ങൾ സ്ഥാനഭ്രഷ്ടനാക്കിയോ?”

“കായികബലം കൊണ്ട് കൌരവരെ നേരിടുന്നതിനു പകരം, ചതിച്ചു കൊന്ന പാണ്ഡവരെ വലിച്ചിഴച്ചു, കണ്ണ് കെട്ടി മുട്ടു കുത്തിച്ചു, തലവെട്ടുമെന്ന് , പുതു തലമുറ കൗരവബാലന്മാർ ദുര്യോധനന്റെ ഓർമപ്പെരുനാൾ ദിവസം, ആലങ്കാരികമായി ഭീഷണിപ്പെടുത്തി. അത് പാണ്ഡവർ, പക്ഷേ, അക്ഷരാർത്ഥത്തിൽ എടുത്തു. വേറെ ദാർശനിക വ്യഥയൊന്നും കണ്ടില്ല.”

“കുട്ടികൾക്ക് പാണ്ഡവ കുടുംബനാമം അകമറിഞ്ഞു കൊടുത്ത താണോ?”, കൊട്ടാരം ലേഖിക പാണ്ഡുവിനോട് ചോദിച്ചു. കാട്ടു കുടിലിൽ ചൂളിക്കൂടിയിരുന്ന വൃദ്ധൻ, ഒരിക്കൽ ഹസ്തിനപുരി രാജാവായിരുന്നു എന്ന് വിശ്വസിക്കാൻ പ്രയാസം തോന്നി.

“ആരോ പഠിപ്പിച്ചു കൊടുത്തപോലെ, അഞ്ചു കുട്ടികളും എന്നെ പുറത്തിരുത്തി കുളിപ്പിച്ച്, വൃത്തിയുള്ള വസ്ത്രങ്ങൾ ധരിപ്പിക്കുന്നതു വിസ്മയത്തോടെ ഞാൻ ശ്രദ്ധിക്കുകയായിരുന്നു. യുധിഷ്ഠിരനും ഇളമുറ സഹദേവനും പതിനഞ്ചു കൊല്ലത്തെ പ്രായവ്യത്യാസമുണ്ട്. അവർ ഇതുവരെ പരിചരിക്കുകയോ എന്റെയരികെ വരുകയോ കണ്ടിട്ടില്ല. കുളി കഴിഞ്ഞ എന്നെയവർ ആദ്യമായി ‘അച്ഛാ’ എന്ന് വിളിച്ചു. പ്രശസ്ത പാണ്ഡുനാമം ഔപചാരികമായി തന്നു ഞങ്ങളെ കുരുവംശാധിപരാക്കു എന്ന

വർ ഉച്ചരിച്ചു. അനിശ്ചിതമായൊരു മനുഷ്യ ജന്മത്തിൽ ചെയ്യേണ്ട തെല്ലാം നിങ്ങൾ ചെയ്യണം എന്ന് ഭീമൻ ചൂണ്ടുവിരലുയർത്തി പറഞ്ഞപ്പോൾ, പിന്നെ എനിക്കൊന്നേ ആശംസിക്കാനുണ്ടായിരുന്നുള്ളൂ-രക്തബന്ധമില്ലെങ്കിലും നിങ്ങൾ ഇനി ഔദ്യോഗിക പാണ്ഡവർ. എന്റെ അധികാരാവകാശത്തിൽ തുല്യ പങ്കാളികൾ. എന്റെ മരണശേഷം നിങ്ങൾ ഹസ്തിനപുരിയിൽ അവകാശം നേടിയെടുക്കേണ്ടവർ. കണ്ണ് തുറന്നു നോക്കുമ്പോൾ ഉണ്ട്, രണ്ടു സന്യാസിമാർ സാക്ഷികൾ എന്ന നിലയിൽ ആ രംഗം പനയോലയിൽ നാരായമുന കൊണ്ട് രേഖയാക്കുന്നു. എല്ലാം അതീവ ശ്രദ്ധയോടെ നേരത്തെ പറഞ്ഞുറപ്പിച്ചവൾ കുന്തി."

2019/04/29

"ഒരുമിച്ചിരുന്നു സംസാരിച്ചു തീർക്കേണ്ട മൂപ്പിളമത്തർക്കം വാളും ഗദയുമുള്ള പോരാട്ടം വഴി പരിഹരിക്കാൻ, ദേശീയപ്രശ്നമായി വികസിപ്പിച്ചെടുത്തതിനെതിരെ ജനരോഷമിരമ്പുന്നുണ്ടല്ലോ. ഒരു മഹായുദ്ധത്തിന്റെയൊക്കെ ആവശ്യമെന്തായിരുന്നു?" കൊട്ടാരം ലേഖിക ചോദിച്ചു.

"ആരാദ്യം ജനിച്ചു എന്ന ജനനത്തീയതിയിലേക്കൊ തുക്കുകയാണോ ആഗോള ശ്രദ്ധയാകർഷിച്ച കൊട്ടാര പ്രതിസന്ധി? അരാജക പാണ്ഡവരുടെ ഭീകരവാദം അത്ര എളുപ്പം നിങ്ങൾ തള്ളിക്കളയുമോ? കൗരവാനുകൂലിയായിരുന്ന വിരാട സൈനിക മേധാവിയായിരുന്നു ആറംഗ പാണ്ഡവസംഘത്തിന്റെ അജ്ഞാതവാസം പൊളിച്ചെടുത്തത്. പക്ഷേ, പൊള്ളുന്ന ആ അരമന രഹസ്യം അങ്ങാടിപ്പാട്ടാക്കാൻ ആ കറകളഞ്ഞ ദേശാഭിമാനി ശ്രമിച്ചില്ല. ചാരസവിധാനം വഴി ഞങ്ങൾക്ക് തുമ്പ് തന്നു. ഭീഷണി മണത്ത ഭീമൻ പാതിരാ മിന്നലാക്രമണത്തിൽ കീചകനെ (വിരാടരാജ്ഞിയുടെ അനുജനമാണ് ആ അവിവാഹിതയുവാവ്) കൊന്നത് മതിയായിരുന്നു ശത്രുപദവി നൽകി നൽകി പാണ്ഡവരെ എന്നെന്നേക്കുമായി ഇല്ലായ്മ ചെയ്യാൻ. എന്നാൽ പരിഷ്കൃത സമൂഹമെന്നു പൊതുസമൂഹം വിശ്വസിക്കുന്ന കുരുവംശം അത്തരം എളുപ്പവഴിക്കു പോയില്ല പകരം സൂക്ഷ്മതലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തോടെ കുരുക്ഷേത്രയെ കായികബല പരീക്ഷക്ക് അണിയിച്ചൊരുക്കി. അപ്രതീക്ഷിത യുദ്ധനീക്കം പാണ്ഡവർ ഹസ്തിനപുരി കോട്ടക്കെതിരെ രഹസ്യമായി തുടങ്ങിവെക്കാതിരിക്കാൻ, സ്ഥലവും തീയതിയും ഞങ്ങൾ പരസ്യമാക്കിയതോടെ സ്വീകരിക്കുകയല്ലാതെ പാണ്ഡവർക്ക് വേറെ വഴിയില്ലാതായി. ചുറ്റം നടന്നു ഒന്ന് നോക്കി വരൂ, എല്ലാവരും എത്തിക്കഴിഞ്ഞു. ഇനി നേരം വെളുത്തു ശംഖു മുഴങ്ങുന്നതോടെ പാണ്ഡവ തലകൾ ഒന്നൊന്നായി കൊയ്യാൻ ഒരുങ്ങുകയായി."

പോർക്കളത്തിന്റെ നാലതിരുകളിലൂടെ കുതിരയോട്ടം വഴി കുരുക്ഷേത്രയുടെ മികച്ച യുദ്ധക്ഷമത ഒരിക്കൽ കൂടി തക്ഷശില ഗവേഷകവിദ്യാർത്ഥികൾക്കു വേണ്ടി ഉറപ്പു വരുത്തുകയായിരുന്നു ദുര്യോധനൻ.

"കാട്ടിൽ പോവും മുമ്പ് ചൂതാട്ടസഭയിലെ ലൈംഗികാതിക്രമം പരാതിയാക്കി സത്യവാങ്മൂല സഹിതം പരമോന്നത നീതിപീഠത്തിന് പാഞ്ചാലി ഔപചാരികമായി കൈമാറിയിട്ടും, നിങ്ങൾക്കെതിരെ ഒരു കൗരവൻ പോലും കോട്ടവാതിലിനു വെളിയിൽ വന്നു വിമത ശബ്ദമുയർത്തിയില്ല എന്നതൊരു ദുഃസ്സൂചന നൽകുന്നുണ്ടെന്നു ചാർവാകൻ മുനവച്ചു പറയുന്നുണ്ടല്ലോ. എങ്ങനെ പ്രതികരിക്കുന്നു ഈ പ്രതിഭാസത്തോടിപ്പോൾ?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"സുതാര്യമായിരിക്കണം രഹസ്യയോഗങ്ങൾ പോലുമെന്ന രാജനീതി, എന്നെ ന്ന പോലെ ഇന്നലെ എന്നെ തുണച്ചു. വനിതകൾക്ക് പൂർണ്ണമായും പ്രവേശനാനുമതി നിഷേധിക്കണം ചൂതാട്ടസഭയിൽ, എന്ന കർശന നിബന്ധന വച്ചതു യുധിഷ്ഠിരനായിരുന്നു. സഭാധ്യക്ഷന്റെ അനുമതിയില്ലാതെ അകത്തു കയറിയവർക്കെതിരെ, ജീവഹാനിയിൽ താഴെ മാതൃകാപരമായ ശിക്ഷ കൊടുക്കാമെന്നും സഭ ഒറ്റ ശബ്ദത്തിൽ അംഗീകരിച്ചു. അല്പവസ്ത്രയായി സഭയിൽ പ്രത്യക്ഷപ്പെട്ട പാഞ്ചാലിക്ക് ലൈംഗികമോ അതിക്രമപരമോ ആയ പരാതിയുണ്ടെങ്കിൽ, നീതിപീഠത്തിന്റെ പരസ്യ വിചാരണയിൽ ആദ്യം പ്രതിക്കൂട്ടിൽ കയറുക അവളായിരിക്കും. അതിലും ഞങ്ങൾക്ക് പരിരക്ഷയുണ്ട്. പറയാം: മൊത്തം ചൂതാട്ടസഭയിൽ സംഭവിച്ചതൊക്കെ രേഖയാക്കി പിതാമഹന്റെ കയ്യൊപ്പോടുകൂടി കൈവശമുണ്ട്. പൗരാവകാശങ്ങൾ തീർത്തും നിഷേധിക്കപ്പെട്ട പാഞ്ചാലിക്ക് പരാതി പറയാനുള്ള യോഗ്യതയില്ലെന്നു സഭാതല രേഖ വായിച്ചാൽ ചാർവ്വാകനും ഏകദേശം മനസ്സിലാവും. ഇതൊക്കെ മനസ്സിലാവുന്ന ഇളമുറ കൗരവക്കുട്ടികൾ കട്ട പിന്തുണ തരില്ലേ ഈ സാംസ്കാരിക പ്രതിസന്ധിയിൽ?" വനവാസത്തിൽ പോയ പാഞ്ചാലിക്ക് വൃത്തിയുള്ള പരുത്തി തുണികളും രുചിവൈവിധ്യമുള്ള ഹിമാലയ പഴവർഗ്ഗങ്ങളും മേനീപരിചരണത്തിനു പരിമള ലേപനങ്ങളും പാരിതോഷികപ്പെട്ടിയിൽ മുദ്ര വച്ച് പ്രത്യേകദൂതൻ വഴി കൊടുത്തയക്കുന്ന തിരക്കിലായിരുന്നു ദുര്യോധനൻ.

"നൂറു കൗരവരും ആരാധകർ എന്നഭിമാനിക്കുന്നവൾ നിങ്ങൾ. കാട്ടുജീവിതത്തിലെ കഷ്ടപ്പാട് നേരിൽ കാണാൻ ഒരാളെങ്കിലും പന്ത്രണ്ടു വർഷക്കാലം ഈ വഴി വന്ന ഓർമ്മയുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു. കിടപ്പറ ജാലകത്തിലൂടെ വേനൽ വെയിലിന്റെ അലകൾ വനമേഖലയിലെ കുന്നിൻ പുറത്തു ഒഴുകുന്നുണ്ടായിരുന്നു. പാണ്ഡവർ ഇളമാംസരുചിയറിയാൻ നായാട്ടിനു പോയ നേരം.

"ഓരോ വെളുത്തവാവിനും ധാന്യവും വസ്ത്രവും പരിമളലേപനവുമായി ഹസ്തിനപുരിയിൽ നിന്നും കുതിരപ്പുറത്തു വന്നിരുന്നവർ പിന്നെ ആരായിരുന്നു എന്നാണു നിങ്ങൾ അനുമാനിക്കുന്നത്?" കുളി കഴിഞ്ഞു ഈറനുടുത്ത പാഞ്ചാലി, തലേന്ന് കിട്ടിയ സമ്മാനപ്പൊതിയിൽ നിന്ന് സുഗന്ധതൈലമെടുത്തു നഗ്നമേനിയിൽ സാവകാശം പുരട്ടി.

2019/05/30

"നീന്തിക്കുളിക്കുന്നതിനിടയിൽ ദുര്യോധനനെ പിന്നിൽ നിന്ന് ചുമലിലമർത്തി മുക്കിക്കൊല്ലാൻ നീ ശ്രമിച്ചു എന്ന കൗരവപരാതി പിതാമഹനു മുമ്പിൽ എത്തി കഴിഞ്ഞല്ലോ. ഇത്തവണ എങ്ങനെ തലയൂരും?" കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"ഉന്മൂലനാശം എന്നൊരു വാക്കുപയോഗിച്ചു ദുര്യോധനൻ ഭീഷണിപ്പെടുത്തുകയായിരുന്നു. ഞാൻ ആകെ വിവശനായി. കയ്യിൽ തടഞ്ഞ ചുമലിൽ ഇരു കൈകളും കൊണ്ടാഞ്ഞമർത്തി, 'നോക്കട്ടെ എത്ര നേരം മുങ്ങിക്കിടന്നു നിനക്ക് ശ്വാസം പിടിച്ചുനിൽക്കാനാവു'മെന്നൊരു പരീക്ഷണം മാത്രമായിരുന്നില്ലേ? 'വെള്ളത്തിനടിയിൽ നൂറെണ്ണും വരെ ശ്വാസം പിടിക്കാൻ ഞാൻ പഠിച്ചു' എന്നുരുവിട്ടു കൊണ്ടായിരുന്നില്ലേ ആർത്തുവിളിച്ചു കര കയറിയത്? സുരക്ഷാ സൈനികർ അഭിനന്ദിച്ച

തൊക്കെ മറന്നു അല്ലേ? ഞാനും പഠിച്ച പാഠം. വലിയൊരവസരം വീണുകിട്ടിയാൽ, നീരൊഴുക്കിൽ ഒളിഞ്ഞുകിടക്കുന്ന ദുര്യോധനനെ മുടിയിൽ വലിച്ചു കരകയറ്റി ഈ കൈകൾ കൊണ്ട് ഉന്മൂലനാശം ഉറപ്പു വരുത്തും."

"അരങ്ങിൽ നിറഞ്ഞാടിയ അതിസാഹസിക നായകരല്ലേ ഈ കാണുന്നത്? ഒരൊറ്റ വേദിയിലവരെ അണി നിരത്താനായതൊരപൂർവ്വ കാഴ്ച തന്നെ", കൊട്ടാരം ലേഖിക പുതിയ മഹാരാജാവ് പരീക്ഷിത്തിനെ മുട്ടുകുത്തി കൈമുത്തി.

"സ്ഥലകാലബോധമില്ലാത്തൊരപൂർവ്വയിനം മറവി രോഗം ബാധിച്ച അവർ, അധികാരമൊഴിഞ്ഞ ശേഷം മിണ്ടാട്ടമില്ലാതായെങ്കിലും, ഇതിഹാസത്തിൽ വ്യാസൻ അവർക്കു നൽകിയ ഇടം മാനിച്ചു യാത്രയയപ്പു നൽകുകയാണ് നാളെ അവരെ കാട്ടിലേക്കയക്കുന്നു. കുരുവംശ കുടുംബനാഥ സത്യവതിയും, തലമുറകൾക്കു ശേഷം കൗരവകുല ഗാന്ധാരിയും പാണ്ഡവകുല കുന്തിയും പോയ അതേ കാട്ടിലേക്ക്. പദയാത്ര സാധ്യമല്ലാത്തവിധം ആരോഗ്യം, കഴിഞ്ഞ ഒരു മാസം കൊണ്ട് തകർന്ന ഇവരെ സൈനികവാഹനങ്ങളിലും കഴുതപ്പുറത്തുമായി വേണം വടക്കൻ മലമടക്കുകളിൽ എത്തിക്കാൻ."

"പാഞ്ചാലയിൽ സുഖമായിരിക്കുന്നോ പാണ്ഡവർക്ക് നിങ്ങളിൽ ജനിച്ച അഞ്ചു കുട്ടികൾ? അതോ, ശന്തനു പരിണയിച്ച ഗംഗയെ പോലെ, നവജാതശിശുക്കളെ ഒന്നൊന്നായി വാമൂടി ശ്വാസം മുട്ടിച്ചു കൊന്നുവോ ഈ 'ഭയങ്കരി'? എന്നാണു ചാർവാകൻ ചോദിക്കുന്നത്", കൊട്ടാരം ലേഖിക ചോദിച്ചു.

വനവാസക്കാലം.

"ശാന്തനുവിനെ പോലെ കൊള്ളരുതാത്ത ഏഴു ആൺ മക്കൾ ഈ ലോകത്തുണ്ടായാൽ, അത് പുരുഷവർഗ്ഗത്തിനൊരു അപമാനമാവുമെന്നു ഗംഗ ന്യായമായും കരുതിയോ? എന്തോ. ഞാൻ അത് പോലെ ചെയ്യാതിരുന്നത് അനുകരണ വിദഗ്ധയോ ഈ അയോനിജ? എന്ന പാണ്ഡവ ആരോപണം ഒഴിവാക്കാൻ ആയിരുന്നു. 'പാണ്ഡവർക്ക് നിന്നിൽ ഉണ്ടായെന്നു പറയുന്ന കുട്ടികളെ ഞങ്ങൾ പാഞ്ചാലർ എന്തിനു ചുമക്കണം?' എന്നച്ഛനമ്മമാർ പറയും വരെ അവരവിടെ പിതൃ ശല്യമില്ലാതെ വളരട്ടെ."

"പീഡാനുഭവ സ്മൃതിയാണെന്നറിയാം, എങ്കിലും ചോദിക്കട്ടെ, 'എന്റ് പറ്റി ഉണ്ണീ' എന്ന് വിലപിച്ചു നിങ്ങൾ ദുര്യോധനന്റെ അടുത്തേക്കോടി ചെല്ലുന്നതിനു ഞങ്ങൾ സാക്ഷി. ഭീമഗദാപ്രഹരത്തിൽ നടു വൊടിഞ്ഞ 'അർദ്ധസഹോദര'നപ്പോൾ നിങ്ങളോടെന്താണ് പറഞ്ഞതു?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ദേശരത്നപുരസ്കാരം പരേത കൗരവപോരാളികൾക്ക് സമർപ്പിക്കുന്ന യുദ്ധാനന്തര പൊതുവേദിയിൽ കൗരവരാജവിധവകൾ കറുത്ത ശിരോവസ്ത്രങ്ങൾ ധരിച്ചു നിലത്തിരുന്നു.

"നിങ്ങൾക്ക് സമാധാനം. അവൻ പറഞ്ഞു. അതോടെ പതിനെട്ടുനാൾ പോരാട്ടം റദ്ദു ചെയ്യപ്പെട്ട പോലെ തോന്നി. എളിമയോടെ അവനു അന്ത്യചുംബനം നൽകി, തിരിച്ചുവന്നു, 'മാരകമായി അവനു മുറിവേറ്റതോടെ യുദ്ധം ജയിച്ചു എന്ന് നാം ഇനി വൈകാതെ പ്രഖ്യാപിക്കാം' എന്ന് ഞാൻ മറ്റു പാണ്ഡവരോട് പറഞ്ഞു."

“നിർഭയമായും ലിംഗനീതിപൂർവ്വമായും തൊഴിൽ ചെയ്യാൻ അരമനമേധാവി സാഹചര്യമൊരുക്കണമെന്ന ആവശ്യം തുറന്നുന്നയിക്കുന്നതിന്റെ ലക്ഷ്യമെന്താണ്? എന്തുണ്ടായി പ്രകോപനം?”, കൊട്ടാരം ലേഖിക ബൃഹന്നളയോട് ചോദിച്ചു. വിരാടരാജകുമാരിയുടെ നൃത്തമണ്ഡപം. പാണ്ഡവ അജ്ഞാത വാസക്കാലം.

“പെൺവേഷം കെട്ടി നൃത്താധ്യാപികയായെന്ന കീചക ആക്ഷേപം അസഹ്യമായി. പൂർവ്വാശ്രമത്തിൽ എനിക്കാണുടലായിരുന്നു എന്ന് തർക്കത്തിന് സമ്മതിച്ചാൽ പോലും, നിലവിൽ മൂന്നാംലിംഗ പദവിക്ക് അംഗീകാരവും സാമൂഹ്യമേന്മയും വേണമെന്ന് ശഠിച്ചാൽ അതെങ്ങനെ ഗൂഢാലോചനയാവും? വാളും പരിചയും പിടിച്ചിരുന്നു എന്ന് കരുതി, ഈ കൈകൾക്കു നൃത്തമുദ്ര പഠിപ്പിക്കാൻ അവകാശമില്ലേ? വ്യത്യസ്ത തൊഴിലുകളിൽ നൈപുണ്യം തേടുന്നതിൽ ആർക്കെന്തിനാണിത്ര അസഹ്യത? നാളെ വിരാട ഗോസമ്പത്തു മോഷ്ടിക്കാൻ ശത്രുക്കൾ മിന്നലാക്രമണം നടത്തിയാൽ, നിലവിൽ ഉത്തരരാജകുമാരിക്ക് നൃത്തം പഠിപ്പിക്കുന്ന ഞാൻ തന്നെ, വേണ്ടിവന്നാൽ, അസ്ത്രം എടുക്കയില്ലെന്നാർക്കു പറയാനാവും?” അജ്ഞാതവാസത്തിനു പാണ്ഡവർ വിരാടയിലെത്തും മുമ്പ്, വ്യാഴവട്ടക്കാല വനവാസത്തിൽ, അയൽപ്പക്കമായിരുന്ന സന്യസ്ഥാശ്രമത്തിലെ മുതിർന്ന അന്തേവാസി, ഒരു കൗരവ ചാരൻ, മാറിനിന്നു ചുവർ ചാരി മുഖം മറച്ചു സംഭാഷണം കേൾക്കുന്നതു കൊട്ടാരം ലേഖിക കണ്ടില്ലെന്നു നടിച്ചു.

2019/05/02

“ഇന്ദ്രപ്രസ്ഥത്തിലെ ‘അധികാരപാണ്ഡവർ’ പഴയ ‘അഭയാർത്ഥിപാണ്ഡവര’ല്ല എന്നു തോന്നാറുണ്ടോ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“അനുവാദമില്ലാതെ അന്തഃപുരത്തിൽ കയറരുത് എന്ന് ഇടക്കൊന്നു പേടിപ്പിച്ചാൽ താഴുന്ന പത്തിയേ ‘ഇന്ദ്രപ്രസ്ഥം പാണ്ഡവർ’ക്കുള്ളൂ.”

2019/05/03

“അത്യുൽപ്പാദനശേഷിയുള്ള ധൃതരാഷ്ട്രർക്ക് ഒരു ഭാര്യ. ക്ഷയരോഗബാധിത വിചിത്രവീര്യനു മൂന്നു. ലൈംഗിക ക്ഷമതയെ കുറിച്ച് അരമനയിൽ അടക്കിപ്പിടിച്ച സംശയങ്ങൾ ഉണ്ടായിരുന്ന പാണ്ഡുവിന് രണ്ടു-ആജീവനാന്ത ബ്രഹ്മചാരിപദവി സ്വീകരിച്ച നിങ്ങൾ കുരുവംശ രാജകുമാരന്മാർക്കു പായക്കൂട്ടു തേടിയാൽ പരിതാപകരമാവില്ലേ സ്ഥിതി?”, കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു. അരമനസമുച്ചയത്തിൽ നിന്നകന്നു, സംരക്ഷിതവനത്തിലെ ആഡംബര ആശ്രമത്തിനു മുമ്പിലായിരുന്നു അർദ്ധനഗ്നപിതാമഹൻ. യുദ്ധമേഘങ്ങൾ നിറഞ്ഞ മാനം. ആരായിരിക്കും സർവ്വ സൈന്യാധിപതിയെന്നു ദുര്യോധനൻ വെളിപ്പെടുത്താത്തതിനാൽ, അഭ്യൂഹങ്ങളും നിറഞ്ഞിരുന്നു അന്തരീക്ഷത്തിൽ.

“ശന്തനുവിനെ മാതൃകയാക്കി എല്ലാവരും സ്വാശ്രയ ശീലരായാവട്ടെ. അതല്ലേ വഴിയുള്ളൂ? പെണ്ണിനെ തേടി ഗാന്ധാര മുതൽ കാശി വരെ എനിക്കപ്പോൾ അലയേണ്ടി വരില്ല. ഗംഗയുടെ തീരത്തു പ്രണയഹൃദയത്തോടെ സായാഹ്ന സവാരിക്കു പോയപ്പോൾ ദേവനർത്തകി ഗംഗയെ ശന്തനുവിന് കൂട്ടു കിട്ടി. ഞാനുൾപ്പെ

ടെ എട്ടു പ്രസവിച്ച ഗംഗ, ഈറ്റില്ലത്തിൽ നിന്ന് മട്ടപ്പോടെ നദിയിലേക്കു ഇറങ്ങിപ്പോയി. മോഹം തീരാതെ വൃദ്ധശന്തനു വേറൊരു നദീതീരത്തു നടക്കുമ്പോൾ, പൂങ്കാവനം പോലൊരു സത്യവതിയെ കിട്ടി. അവൾ വച്ച ദാമ്പത്യ നിബന്ധന പാലിക്കാൻ ബ്രഹ്മചര്യം ഏറ്റെടുത്ത എനിക്ക്, പ്രത്യുൽപ്പാദനത്തിന്റെ അന്തഃപുരപ്രയാസങ്ങൾ ആ വിധം എന്നെന്നേക്കുമായി ഒഴിവായി. ഷണ്ഡപാണ്ഡുവിനെ തിരിച്ചറിഞ്ഞ കുന്തിയും മാദ്രിയും, പൂച്ചൂടി പരപുരുഷനെ തേടി പടിയിറങ്ങി. പ്രത്യുൽപാദനപ്രശ്നങ്ങൾ ഉണ്ടെങ്കിലും, സർഗ്ഗാത്മക പരിഹാരം കാണാനും കുരുവംശം തയ്യാർ എന്ന് 'ഹസ്തിനപുരി പത്രിക' യുടെ പ്രബുദ്ധ വായനക്കാരോട് പറയൂ." സംരക്ഷിതവനത്തിൽ സുരക്ഷാഭടന്മാരെ ഒഴിവാക്കിയുള്ള സായാഹ്നയാത്രയിൽ, കുട്ടിനായി, ഉടലഴകുള്ള രണ്ടു കൗരവകുമാരികൾ പിതാമഹന്റെ ഇരു കൈകളും തോളിലിട്ട്, പതുക്കെ ഗീതമാലപിച്ച ലോലലോലമായി നടക്കാൻ തുടങ്ങി.

"ആത്മഹത്യ എന്നൊരാശയം താലോലിച്ചിരുന്ന ഓർമ്മയുണ്ടോ? പ്രതിസന്ധി അതിജീവിക്കാനാവാതെ നാമൊക്കെ ചെന്നുചേരുന്ന അന്തിമതാവളം എന്ന നിലയിൽ?", കൊട്ടാരം ലേഖിക ഹസ്തിനപുരി മഹാറാണി പാഞ്ചാലിയോട് ചോദിച്ചു.

"അടിമയായി കഴിഞ്ഞ വനവാസക്കാലത്തും പോരാട്ട വീര്യം ഉള്ളിൽ ജ്വലിച്ചിരുന്നു. അവനവനോട് ചെയ്യുന്ന പരമഹിംസ എന്ന നിലയിൽ ആത്മഹത്യ അപ്പോഴൊന്നും പരിഗണിച്ച ഓർമ്മയില്ല. പക്ഷേ, ഞാൻ ഇഷ്ടപ്പെട്ടിരുന്നവൻ യാത്ര പറയാതെ പടിയിറങ്ങിപ്പോയ ശേഷം, നവവധു സുഭദ്രയുമൊത്തു ഇന്ദ്രപ്രസ്ഥത്തിൽ വന്നപ്പോൾ, പ്രണയപ്രതികാരമെന്ന നിലയിൽ ആത്മഹത്യയെ ഏകാന്തരാവുകളിൽ താലോലിച്ചു എന്നതൊരു വസ്തുതയാണ്, പിന്നെ മനസ്സിലായി, സ്വയം ഹിംസക്കു നിന്ന് കൊടുക്കുന്നതിനേക്കാൾ എളുപ്പം, അർജ്ജുനൻ എന്ന ആ പ്രാപ്പിടിയൻ പരുന്തിനെ വിട്ടുകൊടുക്കുകയാണു. അതോടെ അർജ്ജുനനിൽ നിന്നും, മറ്റു നാലു സഹഭർത്താക്കന്മാരിൽ നിന്നെന്ന പോലെ, ഞാൻ വൈകാരിക വിമുക്തി നേടി, വിവാഹ മോചനം സംഭവിച്ചില്ലെങ്കിലും."

2019/05/04

"ഒരേ ഒരു ഭർത്താവു എന്നതൊരു പ്രതിജ്ഞ പോലെ അനുഷ്ഠിച്ച ഗാന്ധാരിയുടെ കൂടെയാണ്, ഖാണ്ഡവപ്രസ്ഥത്തിലേക്കു മക്കൾ പോയ നാൾ മുതൽ നിങ്ങൾ പൊറുക്കുന്നതു. കന്യകാത്വം പാതിവ്രത്യം ചാരിത്ര്യം തുടങ്ങിയ കഠിനപദങ്ങൾ നിത്യസംഭാഷണത്തിൽ തിരുകിക്കയറ്റി ഗാന്ധാരി നിങ്ങളെ വേദനിപ്പിക്കാറുണ്ടോ?", കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

"ഒരുമ്പെട്ടവൾ കുന്തി!. അവളുടെ രതിഭ്രതകാലം വ്യാസൻ പരപുരുഷകഥകൾ കൂട്ടി ഇതിഹാസം കൊഴുപ്പിക്കുന്നുണ്ടെന്നു വ്യാസാശ്രമ ചാരന്മാരിൽ നിന്ന് കേൾക്കാറുണ്ട്. ഗാന്ധാരിയപ്പോൾ വിസ്മയ ഭാവത്തോടെ പ്രതി കരിക്കും. കണ്ണുകെട്ടി അസൗകര്യകാഴ്ചകൾ കാണാതെ വിട്ട ഗാന്ധാരിയെ പോലെ വ്യാസൻ, സൗകര്യപൂർവ്വം പലതും കണ്ടില്ലെന്നു നടിച്ചു ഗാന്ധാരിയെയും ചാരിത്ര്യത്തെയും തപഃശക്തിയെയും മഹത്വപ്പെടുത്തുന്നെങ്കിൽ ആർക്കാണ് അതിലൊക്കെ പരാതി?"

കൺകെട്ട് തുണികൾ കഴുകാൻ കൊട്ടാരത്തിനു പിന്നിലെ ജലാശയത്തിലേക്കു പോവുകയായിരുന്നു, ഒരിക്കൽ കുരുവംശമഹാറാണിയായിരുന്ന പാണ്ഡു വിധവ.

2019/05/05

"ഊഴം കിട്ടിയ പാണ്ഡവരിലൊരാൾ പായ പങ്കിടാൻ മുറിയിൽ വരുമ്പോൾ, മറ്റ നാലു പേർ രതിസ്വകാര്യത മാനിച്ചു കുടിലിൽ നിന്ന് പുറത്തു പോവും എന്നതായിരുന്നില്ലേ ബഹുഭർത്തൃത്വത്തിലെ പൊതു ദാമ്പത്യധാരണ?", കൊട്ടാരം ലേഖിക ചോദിച്ചു.

"എന്തൊക്കെ ചെയ്താൽ കിടപ്പറയിലെ ആൺപെൺ ശാരീരിക പാരസ്പര്യത്തെ കളങ്കപ്പെടുത്താമോ അതൊക്കെ ബാക്കി നാലു പേരും ഒളിഞ്ഞും തെളിഞ്ഞും ചെയ്യും. അസ്ത്രം മറന്നു വച്ചത് എടുക്കാൻ വന്നതാണ് എന്ന് പറഞ്ഞു പാണ്ഡവരിലൊരാൾ ഇതിനകത്തു ഇടിച്ചു കയറിയതിനു ശേഷം, "മാരകായുധങ്ങൾ മറന്നുവെക്കരുത്" എന്നെഴുതിവെക്കാൻ മാത്രം ഏകദേശം ധാരണയായിട്ടുണ്ട്."

2019/05/06

"രക്തസാക്ഷി ദുര്യോധനനു ദേശരത്നപുരസ്കാരം മരണാനന്തര ബഹുമതിയായി സമർപ്പിക്കുന്ന കൊട്ടാര ചടങ്ങിൽ, തൊട്ടടുത്തിരുന്ന ഭീമന്റെ ചെവിയിൽ നിങ്ങളെന്തോ മന്ത്രിക്കുന്നത് കണ്ടല്ലോ. ഭർതൃഘാതകനോടെന്തായിരുന്നു ഇത്രവലിയൊരു രഹസ്യവിനിമയം?" കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു.

"കർമ്മഫലം നിന്നെ തേടിവരുന്നുണ്ട് എന്ന് ഒരോർമ്മപ്പെടുത്തൽ."

"ആരും മഹാറാണി പാഞ്ചാലിയുടെ സാന്നിധ്യത്തിൽ ഇരിക്കാൻ പാടില്ല എന്ന ഉത്തരവ് വിവാദമായല്ലോ." കൊട്ടാരംലേഖിക ചോദിച്ചു.

"പാണ്ഡവർക്ക് ഇളവു നൽകിയാൽ 'ഹസ്തിനപുരി പത്രിക'യിൽ കാണുക സ്വജനപക്ഷപാതം എന്ന മുഖപ്രസംഗമാവില്ലേ."

"ഏതു നിമിഷവും തെറിക്കും കൗരവതല എന്നു കാണികൾ എരിപൊരി കൊള്ളുമ്പോൾ, അതാ, രഥത്തിൽ നിന്നിറങ്ങി പാദരക്ഷയും പടച്ചട്ടയുമൂരി ഭീഷ്മരുടെ മുമ്പിൽ വിധേയ ഭാവത്തോടെ നിങ്ങൾ എന്തോ മന്ത്രിക്കുന്നു. ആദ്യദിന ബലാബലത്തിൽ ക്ഷമ പരീക്ഷിക്കുന്നൊരു വചനപ്രഘോഷണത്തിനു തുനിയേണ്ട കാര്യം?", കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവപാളയം.

"സംഘർഷ സാഹചര്യത്തിലും സംയമനത്തോടെ ധാർമ്മിക പെരുമാറ്റച്ചട്ടം പാലിച്ചതാണോ ഹൃദയവ്യഥ? അങ്ങനെ ചെയ്തു ശീലിച്ചതു കൊണ്ടല്ലേ, ആരണ്യപർവ്വത്തിൽ നരകിക്കുമ്പോഴും, വിശിഷ്ട സന്ദർശകർ 'ധർമ്മപുത്രർ' എന്നെന്നെ മഹത്വപ്പെടുത്തിയത്? പാണ്ഡവകുന്തമുന ഭീഷ്മചങ്കിൽ തറക്കുമ്പോഴും പാണ്ഡവ വിജയത്തിനായി പിതാമഹൻ പ്രാർത്ഥിക്കേണമേ എന്ന യുധിഷ്ഠിരയാചന ഫലം കാണും. നയതന്ത്രത്തിന്റെ അനുബന്ധമാണ് യുദ്ധമെങ്കിലും, പോരാട്ടത്തിൽ നയതന്ത്രം അരുതെന്നാരും പഠിപ്പിച്ചിട്ടില്ല. അരമന രഹസ്യങ്ങൾക്കായി തിണ്ണ നിരങ്ങുന്ന നിങ്ങൾക്കിത്തരം മേൽത്തരം മര്യാദ എങ്ങനെ മനസ്സിലാവാനാണല്ലേ?"

“ലൈംഗികാരോപണ പരാതി പിതാമഹൻ അധ്യക്ഷനായുള്ള സമിതി തള്ളി എന്നാണല്ലോ അറിയുന്നത്? പരാതിയിൽ കഴമ്പൊന്നും കണ്ടില്ലേ?” കൊട്ടാരം ലേഖിക ചോദിച്ചു.

“രാജകുമാരി ദുശ്ശള, മഹാറാണി ഗാന്ധാരി എന്നിവർ ഉൾപ്പെടുന്ന സമിതി, പരാതി സൂക്ഷ്മപരിശോധനക്കു വിധേയമാക്കി. ധൃതരാഷ്ട്രർ സ്വയം നിയോഗിച്ച സമിതിയാണിത് അന്വേഷണ കണ്ടെത്തലുകൾ ധൃതരാഷ്ട്രർക്ക് കൈമാറി. അനൗദ്യോഗിക അന്വേഷണമെന്ന് മുദ്രയുള്ളതിനാൽ രേഖകൾ പൊതുമണ്ഡലത്തിൽ വരേണ്ട കാര്യമില്ലെന്നു സമിതി തീരുമാനിച്ചു. പരാതിയിൽ കഴമ്പുണ്ടോ എന്ന് ചോദിച്ചാൽ, ഇല്ല എന്നാണുത്തരം. എന്നാൽ ആരോപണത്തിനു പിന്നിൽ ഗൂഢാലോചനയുണ്ടോ? സമിതി അന്വേഷണം തുടരുകയാണ്.

“ഗൂഢാലോചന പ്രത്യേകമായി അന്വേഷിക്കുമെന്നു അന്വേഷണസമിതി വ്യക്തമാക്കുകയും, പ്രമുഖ യുക്തിവാദി ചാർവകനാണ് ആരോപണമുന്നയിച്ച പാഞ്ചാലിയുടെ പിന്നിലെന്ന് വെളിപ്പെടുകയും ചെയ്തതോടെ, സമിതിയുമായി സഹകരിക്കില്ലെന്ന് പ്രഖ്യാപിച്ച് പാഞ്ചാലി, നിലവിൽ ‘അടിമ’, വനവാസത്തിലാണ് അതു കൊണ്ടു, ലൈംഗികാരോപണം അന്വേഷിച്ച സമിതിക്കു മുന്നിൽ വന്നു മൊഴി നൽകിയിരുന്നില്ല. ഗൂഢാലോചന അന്വേഷിക്കുന്ന സമിതിക്കു മുന്നിലും പാഞ്ചാലി വരില്ലെന്നാണ് സൂചന. അന്വേഷണം വഴിമുട്ടും, അങ്ങനെ പരാതിക്കു പിന്നിലെ ബുദ്ധിരാക്ഷസൻ രക്ഷപ്പെടുമെന്നാണ് കണക്കു കൂട്ടൽ എങ്കിൽ, നിങ്ങൾക്ക് ഹാ കഷ്ടം. സ്ത്രീവിരുദ്ധമായൊരു വാക്കോ, നോട്ടമോ, കൈവിരൽ ചലനമോ ഉണ്ടായെന്നു തെളിഞ്ഞാൽ, കുരുവംശ നിയമസംഹിത വിധിക്കുന്ന ഏതു ശിക്ഷയും സ്വീകരിക്കാൻ ഇരുകൈകളും നീട്ടുമെന്ന ദുര്യോധന പ്രഭാഷണത്തോടെ, ആ അദ്ധ്യായം എന്നെന്നേക്കുമായി അടഞ്ഞു…”

“സ്വവർഗ്ഗഭോഗികൾക്കു തൂക്കുകയർ എന്ന നിയമ സംഹിത, നൂറ്റാണ്ടുകളായി സദാചാരഹസ്തിനപുരിക്കൊരു സ്വകാര്യ അഹങ്കാരമായിരുന്നു എന്ന് കേട്ടിട്ടുണ്ട്. ചാർവാകനെപ്പോലുള്ള തലതിരിഞ്ഞ പുരോഗമനവാദികൾ വാതുറന്നലറിയിട്ടും, യാഥാസ്ഥിതികതയുടെ സുരക്ഷാഭടനായ ദുര്യോധനൻ ലവലേശം അനങ്ങിയില്ല. കുരുക്ഷേത്ര ജയിച്ച അധികാരത്തിൽ കയറി ആഴ്ചയൊന്നു കഴിഞ്ഞില്ല വധശിക്ഷ ഇളവ് ചെയ്തു യുധിഷ്ഠിരഭരണകൂടം വിജ്ഞാപനമിറക്കി. മാത്രമല്ല, ആൺപെൺരതി പോലെ സ്വാഭാവികമായി കാണണം സ്വവർഗ്ഗരതിയുമെന്നു രാജസഭയിൽ, നിങ്ങളുടെ സാന്നിധ്യത്തിൽ, പ്രഖ്യാപിക്കയും ചെയ്തു. പാണ്ഡവതീരുമാനം അവിവേകമായി എന്ന തിരിച്ചറിവുണ്ടോ?, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“ഒറ്റമുറിയിൽ വർഷങ്ങളോളം ഒരുമിച്ചുറങ്ങേണ്ടി വന്ന പാണ്ഡവർക്ക് സ്വാനുഭവത്തിന്റെ അടിസ്ഥാനത്തിൽ തോന്നിയിരിക്കാം, ആണുടലുകളുടെ പരസ്പര കാമന, തലവെട്ടുന്ന വധശിക്ഷക്കൊന്നും പരിഷ്കൃത സമൂഹത്തിൽ കാരണമാവരുതെന്ന്. അതിലെന്താണിത്ര വിവേകവും അവിവേകവും പെണ്ണെന്നനിലയിൽ ഞാൻ വേർതിരിക്കാനുള്ളത്? ഭർത്താവ് ഭാഗികമായി സ്വവർഗ്ഗാനുരാഗിയുമാവാമെന്ന സാധ്യത, ബഹുഭർത്തൃത്വത്തിൽ രമിക്കുന്ന സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്ന കാര്യമോ മറ്റോ ആണോ?”

"ദുര്യോധനനേതൃത്വത്തിൽ കൗരവർ ചൂതാട്ടസഭയിൽ പാഞ്ചാലിയെ വിവസ്ത്രയാക്കി എന്ന രേഖാമൂലമുള്ള പരാതിയിൽ കഴമ്പില്ലെന്ന് കണ്ട അന്വേഷണസമിതി ജോലി പൂർത്തിയാക്കി പിരിഞ്ഞല്ലോ, എങ്ങനെ പ്രതികരിക്കുന്നു?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

വനവാസക്കാലം.

"പൗരാവകാശം നിഷേധിക്കപ്പെട്ട കൗരവഅടിമയെങ്കിലും, പരാതിക്കാരിയായ എന്നെ വിളിച്ച മൊഴിയെടുക്കാതെ പൂർത്തിയാക്കുമോ, പരിഷ്കൃത ഹസ്തിനപുരിയിലൊരു ലൈംഗികആരോപണ അന്വേഷണം? എത്രയെത്ര പ്രമുഖർ അന്ന് ചൂതാട്ടസഭയിൽ വിവസ്ത്രശരീരം തുറിച്ചുനോക്കിയിട്ടും, സത്യമറിയാൻ സമിതി അവരിൽ എത്രപേരുടെ മൊഴിയെടുത്തു? സ്വാഭാവികനീതിയുടെ നഗ്നമായ നിഷേധമെന്നു ഇരയെന്ന നിലയിൽ പ്രതിഷേധിക്കുന്ന ഈ സന്ദർഭത്തിൽ, പരാതിക്കാരി, പരാതി, പരാതിയുടെ മൊഴി, എതിർസാക്ഷിമൊഴികൾ എന്നിവ വായിക്കാനുള്ള അവസരം നിഷേധിച്ചു, പിതാമഹൻ അധ്യക്ഷനായ സമിതി പിരിഞ്ഞു എന്ന് നിങ്ങൾ പറയുമ്പോൾ, മഹാറാണി ഗാന്ധാരി, കന്യകാത്വം, ചാരിത്ര്യം, പാതിവ്രത്യം തുടങ്ങിയ പാതി വെന്ത മനുഷ്യമാംസപെരുമ പറഞ്ഞു പൊതു മണ്ഡലത്തിൽ കണ്ടുപോവരുത് പാഞ്ചാലി പറഞ്ഞതായി നിങ്ങൾ ചുവരെഴുത്തു പതിപ്പുകളിൽ പ്രഖ്യാപിക്കുക. അല്ല, ഭരണകൂടത്തെ ഭയമാണെങ്കിൽ പാഞ്ചാലിയെ ഇനിയൊരു വ്യാഴവട്ടക്കാലം തമസ്കരിക്കുക."

2019/05/08

"ഇഴഞ്ഞിഴഞ്ഞും മൃദുവായുമുച്ചരിക്കുന്ന കൊച്ചു വാക്കുകൾ യുധിഷ്ഠിര പ്രസംഗത്തിൽ?", കൊട്ടാരം ലേഖിക ചോദിച്ചു. "ഓരോ വാക്കുച്ചരിച്ച ശേഷവും, ചുണ്ടുകൾ കൂട്ടിമുട്ടിച്ച്, അടുത്ത വാക്കിന്നിടം കൊടുക്കാൻ അൽപ്പം തുറക്കുന്ന ഈ ശൈലി വനവാസക്കാലത്ത് പരീക്ഷിച്ചു നൈപുണ്യം നേടി. ഫലം അനുകൂലമെന്ന് കണ്ടാൽ തുടരും."

"അഴകിയ മീനൊക്കെ കോട്ടവാതിലിനു മുമ്പിൽ?", കിരീടാവകാശം ത്യാഗം ചെയ്തു ഭീഷ്മപദവി നേടിയ ദേവവ്രതൻ രോഷാകുലനായി.

"എന്തും ഞങ്ങൾ സഹിക്കും, വൃദ്ധരാജാവ് ഞങ്ങളുടെ പ്രിയ സത്യവതിയെ ഭാര്യയാക്കുന്ന തൊഴികെ. പാവം, ഞങ്ങൾക്കൊപ്പം വലയെറിയുന്നതിനിടയിൽ വീണ സ്രാവായിരിക്കും എന്ന് നോക്കിയപ്പോൾ പടുകിഴവൻ ശന്തനു സത്യവതിയുടെ കൈ പിടിക്കുന്നു. സമ്മതിക്കില്ല ഈ അനീതി. ശാന്തനുമകൻ ദേവവ്രതൻ വേണം സത്യവതിയുടെ ഏക ഭർത്താവാകാൻ. അവൻ ഗംഗയുടെ പുത്രനെങ്കിൽ, സത്യവതിയുടെ അമ്മ യമുന. കുരുവംശം പുനർനാമകരണം ചെയ്തു സത്യവതിയെ ഔദ്യോഗിക കുടുംബനാഥയെന്നു പ്രഖ്യാപിക്കണം. സമ്മതിച്ചില്ലെങ്കിൽ? നാളെ മുതൽ കൊട്ടാരക്കെട്ടിനകത്തു മീൻചെകിള."

2019/05/09

"അങ്ങനെ കുരുക്ഷേത്ര കഴിഞ്ഞു?", കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു. ജേതാക്കളായ പാണ്ഡവർ കോട്ടവാതിൽ വലിച്ചു തുറക്കുന്ന ഐതിഹാസിക

മുഹൂർത്തം. ഊർജ്ജം പ്രസരിക്കുന്ന ഹസ്തിനപുരി.

“വംശഹത്യ ചെയ്യേണ്ടി വരുന്ന ഭൗതിക സാഹചര്യം ഒഴിവാക്കാൻ വിശ്വപ്രകൃതിക്കാവില്ലെങ്കിൽ, എന്തിനിത്ര ആലഭാരത്തോടെ നിത്യവും ഉദിക്കുന്നു അസ്തമിക്കുന്നു!.”

“ദുര്യോധനൻ സംവിധാനം ചെയ്ത കുടില നാടകത്തിലൂടെ, നിങ്ങൾ, 'അംഗരാജ്യ'ത്തിലെ രാജാവായി. എന്തായിരുന്നു ഗൂഢലക്ഷ്യം?”, കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു. പോരാട്ടത്തിനിടയിൽ നീരാടാൻ വന്നതായിരുന്നു ദുരൂഹജന്മത്തിൽ ജീവിക്കുന്ന പോരാളി.

“അരങ്ങേറ്റത്തിൽ ഭീമൻ എന്റെ പിതൃത്വം വില കുറച്ചു കണ്ടപ്പോൾ, സ്വകാര്യ ചെലവിനു ഒരു ലോഹ നാണയം പോലും കിട്ടാനില്ലാതിരുന്ന ഗുരുകുല വിദ്യാർത്ഥി ദുര്യോധനൻ, കാണികളെ കബളിപ്പിച്ചു, എന്നെ രാജാവാക്കി. എന്ത് തിരിച്ചു ഞാൻ നിനക്ക് ചെയ്യണം?, എന്ന് ചോദിച്ചപ്പോൾ 'ഒടുങ്ങാത്ത സഖ്യം' എന്ന് ദുര്യോധനൻ രണ്ടുവാക്കുകളിൽ ആവശ്യപ്പെട്ടു. ആ വാക്ക് പാലിക്കാൻ ഞാൻ ബാധ്യസ്ഥൻ. അംഗ രാജ്യം എവിടെയാണ് സുഹൃത്തേ എന്ന് തിരിച്ചു ദുര്യോധനനോട്ട് ചോദിക്കാതിരുന്ന അധൈര്യമാണ്, തിന്മയുടെ മൂർത്തിയായ ദുര്യോധനന്റെ അടിമയായി, സർവ്വ കൊള്ളരുതായ്മകൾക്കും കൂട്ടുപ്രതിയായി ജന്മം വ്യർത്ഥമാക്കാൻ കാരണമായത്” അർജ്ജുനനുമായുള്ള അന്ത്യയുദ്ധം വിഭാവന ചെയ്യുന്ന പോലെ ആക്ഷീണിച്ച മുഖം ജലപ്പരപ്പിൽ ഇരുണ്ടു.

2019/05/10

“കരാറനുസരിച്ചുള്ള അടിസ്ഥാനസൗകര്യ നിർമ്മിതിയും ഊട്ടുപുര സേവനവും നാൽപ്പതു ലക്ഷം സൈനികർക്കു കൊടുക്കുകയെന്ന ദൗത്യം പരാതികളില്ലാതെ പൂർത്തിയാക്കി എന്ന ചാരിതാർഥ്യമുണ്ടോ?” പോർക്കളത്തിൽ ശുചീകരണത്തിലേർപ്പെട്ടിരുന്ന തൊഴിലാളികൾക്ക് നേതൃത്വം കൊടുക്കുന്ന യുവമേധാവിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

“കയ്യും കാലും നഷ്ടപ്പെട്ടിട്ടില്ലെന്നുറപ്പാക്കി യുദ്ധജേതാക്കൾ ഹസ്ഥിനപുരിയിലേക്ക് പോവുന്നത് കുറച്ചുമുമ്പ് കണ്ടു. കരാറനുസരിച്ചു യുദ്ധകാലാടിസ്ഥാനത്തിൽ വേണം, കുരുക്ഷേത്ര അടിച്ചു വാരി, ജൈവമാലിന്യമുക്തമാക്കി, കിളച്ചു മറിച്ചു, കൃഷി ചെയ്തു, ധാന്യം വിളയിച്ചു ഹസ്തിനപുരി കൊട്ടാരത്തിലെ പുതുഭരണാധികാരികളുടെ ഊട്ടുപുരയിൽ 'അക്ഷയപാത്ര'ങ്ങൾ നിറക്കാൻ. എല്ലാം കരാറിൽ ഉൾപ്പെടുത്തിയായിരുന്നു ദുര്യോധനൻ കരാർ അനുവദിച്ചതും മുൻകൂർ പണം തന്നതും.”

“മാദ്രി മരിച്ചിട്ടു കുറെയായി എന്നറിയാം, ഹൃദയ സ്പർശിയായ ഓർമ്മ വല്ലതുമുണ്ടോ പങ്കിടാൻ?”, കൊട്ടാരം ലേഖിക ഭീമനോട്ട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി. കൊട്ടാരസമുച്ചയത്തിനു പിന്നിലെ ജലാശയം. സന്ധ്യ.

“മലിനജലം കുടിച്ചതുകൊണ്ടാണെന്നു പിന്നീടറിഞ്ഞു, ഞാൻ രോഗബാധിതനായി. പാണ്ഡു കിടന്നിരുന്ന മുറിയോട്ട് ചേർന്നൊരു ചാച്ചുകെട്ടിയിൽ. യുധിഷ്ഠിരൻ ആ മുറിയിൽ വന്ന ഓർമ്മയില്ല. അർജ്ജുനൻ കൈക്കുഞ്ഞായിരുന്നത് കൊണ്ട് കുന്തി, മുൻകരുതൽ എന്ന നിലയിൽ ഒഴിഞ്ഞുമാറി. മാദ്രിയെന്നെ പരിചരിക്കും, ശുദ്ധജലം വായിൽ മൃദുചലനത്തോടെ ഒഴിച്ചുതരും, സ്നേഹ വചനങ്ങൾ ചൊല്ലും. പനി

മാറിത്തുടങ്ങിയപ്പോൾ മാദ്രി പറഞ്ഞു, ഇനി നീ അതിവേഗം വലുതാവും, ആഗോള തലത്തിൽ ശക്തിയുടെ പ്രതീകമാവും. മാദ്രി പരപുരുഷ രതിക്കായി നിത്യവും പടിയിറങ്ങിപ്പോവാൻ തുടങ്ങി. രാത്രി വരുമ്പോൾ വസ്ത്രങ്ങളിൽ കോരിത്തരിപ്പിക്കുന്ന സുഗന്ധമുണ്ടാവും. ആ പ്രലോഭനത്തിൽ വീണ പാണ്ഡുവിന്റെ രതി പരീക്ഷണത്തിനു മാദ്രി വഴങ്ങി. പാണ്ഡുമരണത്തിനു കാരണമതാണെന്നു വിരൽ ചൂണ്ടി കുന്തി മാദ്രിയോട് ചിതത്തീയിൽ ചാടാൻ ഒച്ചവെച്ചു. മാദ്രി സമ്മതിച്ചില്ല. പെട്ടെന്ന് കുന്തി എന്നെ വിളിച്ചു ചെവിയിൽ കർശനമായി ആജ്ഞാപിച്ചതു ഞാൻ വിറയ്ക്കുന്ന കൈകളോടെ ചെയ്തു. പ്രിയമാദ്രിയെ വാരിക്കോരിയെടുത്തു ആളിക്കത്തുന്ന പാണ്ഡുചിതയിൽ എറിഞ്ഞു. പാപം ചെയ്ത കൈകൾ ഈ ശപിക്കപ്പെട്ട കൈകൾ", പറഞ്ഞു പറഞ്ഞു ഭീമൻ വാവിട്ടു കരഞ്ഞു. പലയിടങ്ങളിൽ നിന്നായി പാറാവുകാർ ഓടിവന്നു ബലം പ്രയോഗിച്ചയാളുടെ വാപൊത്തി കൊട്ടാരക്കെട്ടിലേക്കു കൊണ്ടു പോയി.

"എന്നോ മുറിച്ചുമാറ്റിയതല്ലേ? ഇപ്പോഴും കിനിയുന്നല്ലോ ചോര?, വലതുകൈ നിവർത്തി, ഒരിക്കൽ തള്ളവിരൽ ആയിരുന്ന ഇടം കർണ്ണൻ തൊട്ടുനോക്കി." മുറിച്ചു കൊടുത്തപ്പോൾ, ദ്രോണർ കൈ നീട്ടി സ്വീകരിച്ച ഗുരുദക്ഷിണ അല്ലേ?

"തള്ളവിരൽ മുറിച്ചു കൊടുക്കേണ്ടിവന്നത് നിഷാദ ജാതിയെന്നു ഞാൻ സത്യം പറഞ്ഞതു കൊണ്ടായിരുന്നു. ആവശ്യം വരുമ്പോൾ പഠിച്ചതൊന്നും ഉപകരിക്കാതിരിക്കട്ടെ എന്ന ഗുരുശാപം നിങ്ങളിൽ വീണത്, ജാതിമേന്മ വ്യാജമായി നിങ്ങൾ അവകാശപ്പെട്ടതു കൊണ്ടും. ഏതുവിധത്തിൽ നോക്കിയാലും, പരാജിതരാവാൻ വേണ്ടി ഗുരുക്കളെ തേടിയവർ നാമിരുവരും."

2019/05/11

"യുധിഷ്ഠിരന്റെ മാനസികാരോഗ്യം സംശയാസ്പദം?" കൊട്ടാരം ലേഖിക അതിരഹസ്യമായി യുദ്ധകാര്യ ലേഖകനോട് ചോദിച്ചു.

"നിങ്ങൾ യുദ്ധത്തിൽ മരിച്ചില്ലേ? എന്ന് യുധിഷ്ഠിരൻ വിദുരരോട് ചോദിച്ചതിലെ പൊരുത്തക്കേട് ആരും പെരുപ്പിച്ചില്ല, കുന്തിയെ കണ്ടപ്പോൾ 'എന്താ ഇപ്പോൾ നിങ്ങൾ കണ്ണ് കെട്ടാറില്ലേ?' എന്ന് ചോദിച്ചപ്പോഴും, കേട്ടുനിന്ന ഗാന്ധാരിക്ക് മാത്രമേ പന്തികേട് തോന്നിയുള്ളൂ. കുടിയൊഴിപ്പിക്കപ്പെട്ട കൗരവരാജവിധവകൾ പുനരധിവാസം ആവശ്യപ്പെട്ടു നിവേദനവുമായി വന്നപ്പോൾ, 'പാഞ്ചാലിയുടെ അന്തഃപുരത്തിൽ ഒപ്പത്തിനൊപ്പം നിങ്ങൾക്കു സാനിധ്യ മുറപ്പിക്കാം' എന്ന് പറഞ്ഞപ്പോൾ മാത്രമാണ് ദുര്യോധനവിധവ രേഖാ മൂലം പരാതി കൊടുത്തത്", പതിനെട്ടു ദിവസം പോരാടി, അർദ്ധസത്യം അസ്സലായി പറഞ്ഞു, പോറലേൽക്കാതെ ജേതാക്കളായി, യുദ്ധക്കെടുതിയിൽ വീണ ഹസ്തിനപുരിയുടെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്തു പുരോഗമന ഭരണപരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ച മഹാരാജാ അങ്ങനെ ഔപചാരികമായൊരു നിരീക്ഷണത്തിനു വിധേയനാണ്." യുദ്ധം കഴിഞ്ഞതോടെ യുദ്ധകാര്യലേഖകൻ കൊട്ടാരം ഊട്ടുപുരയിൽ പാചകവിഭാഗം മേധാവിയായിരുന്നു.

2019/05/12

"വിളംബരത്തിനപ്പോൾ നറുക്കു വീണത് ഭീമനു തന്നെയല്ലേ?", യുദ്ധനിർവ്വഹണത്തിന്റെ കരാർ കിട്ടിയ പ്രവിശ്യാ ഭരണാധികാരിയോട് കൊട്ടാരം ലേഖിക

ചോദിച്ചു.

“പ്രവേശന ഗോപുരനട ഊക്കിനു തള്ളിത്തുറന്നു പോർക്കളത്തിലേക്കു പ്രവേശിക്കാനുള്ള അവസരം ശത്രു സൈന്യത്തിനു കൊടുക്കുകയെന്നതൊരു കൗരവ ആശയമായിരുന്നു. ഭീമന്റെ ശാരീരികവും മാനസികവുമായ ആരോഗ്യം, വൈദ്യപരിശോധനക്ക് വിധേയമാക്കണമെന്ന് നിർദ്ദേശം വച്ചതു ദുര്യോധനനല്ല പാഞ്ചാലിയായിരുന്നു. കൂടെക്കിടക്കുന്നവൾക്കു രാപ്പനിയറിയാമെന്ന വിശദീകരണം സ്വീകരിച്ചു. ഉയരം, പ്രായം, തൂക്കം കൈകാലുകളുടെ ബലം മുഖത്തെ ശിശുഭാവം ഇതൊക്കെ കഴിഞ്ഞ പത്തു പതിമൂന്നു കൊല്ലത്തെ പ്രവാസജീവിത പ്രയാസത്തിലും പരുക്കേൽക്കാതെ പരിപാലിച്ച പാഞ്ചാലിയുടെ ഗൃഹഭരണമൊരുത്തമ മാതൃകയെന്നും അംഗീകരിക്കപ്പെട്ടു. അനിഷ്ടസംഭവങ്ങൾ ഉണ്ടായാൽ ഉത്തരവാദിത്വം ഏറ്റെടുക്കില്ലെന്ന യുധിഷ്ഠിര പ്രസ്താവന പ്രതീക്ഷക്കൊപ്പം ആയിരുന്നതു കൊണ്ട് ആരും പ്രതികരിച്ചില്ല. ഗോപുരവാതിൽ തള്ളിത്തുറന്നു ഭീമൻ അകത്തു പ്രവേശിക്കുമ്പോൾ നാൽപ്പതു ലക്ഷത്തോളം സൈനികരുടെ ഹർഷാരവം ഭീമനുള്ള വ്യക്തിഗത പിന്തുണയായി കാണില്ലെന്ന ധാരണയായി. നാലു് പാണ്ഡവർ ഭീമനു ചുറ്റും സുരക്ഷാവലയം തീർക്കട്ടെയെന്ന ഭീഷനിർദ്ദേശം ചോദ്യം ചെയ്യാതെ സ്വീകരിച്ചു. ഈ ദൃശ്യവിസ്മയത്തിനു സാക്ഷിയാവാൻ തക്ഷശില സർവ്വകലാശാലയിൽ നിന്ന് ഗവേഷക നിരീക്ഷകസംഘവും എത്തിയിട്ടുണ്ട്.” അരികെയിരുന്ന ദുര്യോധനൻ അലസമായി ഇടക്കൊന്നു കണ്ണോടിച്ചു ആയുധം മൂർച്ച കൂട്ടി.

“ഉടലിൽ ഉടമക്ക് പരമാധികാരം നഷ്ടപ്പെടുന്നൊരു ജീവിതാവസ്ഥയാണ് അടിമത്തമെന്ന പാണ്ഡവ കാഴ്ചപ്പാട് നിലനിൽക്കുമ്പോൾ തന്നെ, അയൽപക്കങ്ങളിൽ നിന്ന് മാലിന്യം സംഭരിച്ചു കുഴിവെട്ടി മറവു ചെയ്യുന്ന പണി നിങ്ങൾ പരാതിയില്ലാതെയാണോ ചെയ്തിരുന്നത്? അതോ, അമർഷം മറച്ചു വയ്ക്കാതെയോ?”, കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി. കാലവർഷക്കാറ്റു വീശുന്ന പ്രഭാതം.

“വഴിനീളെ ആത്മീയമാലിന്യങ്ങൾ സംഭരിച്ചു ഒന്നൊന്നായി ശുദ്ധി ചെയ്തു തിരിച്ചേൽപ്പിക്കാൻ അവർക്കു മടിയില്ലെങ്കിൽ, വിസർജ്ജ്യങ്ങൾ വാരിക്കൂട്ടി കുഴിച്ചിടുന്നതൊരു അന്യായജോലിയാണെന്നു ഞാനെന്തിന് വ്യാകുലപ്പെടണം?”

“ത്യാഗമൂർത്തിയായ കുന്തി പടിയിറങ്ങുമ്പോൾ നിങ്ങളുടെ ഹൃദയം തേങ്ങുന്നില്ലേ?”, കൊട്ടാരം ലേഖിക ഇളമുറ കൗന്തേയനായ സഹദേവനോട് ചോദിച്ചു. ഗാന്ധാരിയും വിദുരരും ഉൾപ്പെടുന്ന മൂവർ സംഘം അരമനജീവിതം മടുത്തു അന്ത്യജീവിതത്തിനായി ആരണ്യകത്തിലേക്കു കാൽ മുന്നോട്ടു വെക്കുകയായിരുന്നു.

“കൊച്ചു കുഞ്ഞായിരുന്ന കാലത്താണ്, പെറ്റതള്ള മാദ്രിയെ കുന്തിയുടെ ആജ്ഞയിൽ ഭീമൻ പാണ്ഡുചിതയിലെറിയുന്നതിനു ഞാൻ സാക്ഷിയായത്-തീ ആളിക്കത്തി, മാദ്രി ചാരമാവുന്നതു കണ്ടു ‘അമ്മാ അമ്മാ’ എന്ന് കൈകൾ നീട്ടി ഞാൻ നിലവിളിച്ചപ്പോൾ, കുന്തി വന്നെന്റെ വായ പൊത്തി, ശാസിച്ചു കുടിലിലേക്കു കൊണ്ടുപോയി, മൂലയിൽ ബലം പ്രയോഗിച്ചിരുത്തി. അമ്മാ എന്ന് മന്ത്രിച്ചു കൊണ്ട് ഞാൻ പിറ്റേന്ന് ഒറ്റയ്ക്ക് പോയി, ചിതയിലെ ചാരക്കൂനക്കു മുമ്പിൽ പരിഭ്രമിച്ചു നിന്ന ഓർമ്മയുണ്ട്. ആരോട് ചോദിച്ചാണ് നീ ഇവിടെ വന്നത് എന്ന് പറഞ്ഞു യുധിഷ്ഠിരൻ വലിച്ചു കൊണ്ടു പോയതോർമ്മയുണ്ട്. ‘അമ്മാ അമ്മാ’ എന്ന് വിളിച്ചു പിന്നെയും ദിവസങ്ങൾ അലഞ്ഞു നടന്നതും ഓർമ്മയുണ്ട്. മാദ്രിയെ ചിതയിൽ

തള്ളാൻ ഭീമന് ആജ്ഞ നൽകിയ കുന്തിയിപ്പോൾ എന്നോട്ട് ചോദിക്കുകയായിരുന്നു, ഭാവി പറയുന്ന സിദ്ധിയുള്ളവനല്ലേ നീ, നിനക്കെന്റെ അന്ത്യം പ്രവചിക്കാൻ ആവുമോ? പ്രകൃതി നിങ്ങൾക്കൊരു കാട്ടുതീമരണം അന്നേ വിധിപറഞ്ഞു കഴിഞ്ഞതാണ് ആ വിധിനടപ്പുമായി സഹകരിക്കു എന്ന് യാത്ര പറഞ്ഞവരെ പടിയിറങ്ങാൻ വിട്ടു."

2019/05/13

"ഭരണകൂടത്തിൽ ചമ്മട്ടി പിടിക്കേണ്ട അഞ്ചുപാണ്ഡവരും കൗരവരുടെ ആണ്ടു ശ്രാദ്ധത്തിനു പുഴയിലേക്ക് പോവുന്നത് കണ്ടു. വികാര വിക്ഷോഭത്താൽ വഴിവിട്ടു പലതും ചെയ്ത ആ നൂറോളം കൗരവരെ നിങ്ങളെങ്ങനെ ഈ ഏകാന്തതയിൽ ഓർത്തെടുക്കുന്നു?" കൊട്ടാരം ലേഖിക ചോദിച്ചു. ശീതകാലമായിരുന്നിട്ടും, കുളിച്ചു ഈറൻ മാറാതെ പ്രഭാതപൂജക്കു പൂ പറിക്കുകയായിരുന്നു മഹാറാണി.

"കളങ്ക രഹിതമായിരുന്നു നൂറു കൗരവർക്കും എന്നോടുള്ള ആരാധന. എനിക്കും ആരാധകർക്കും ഇടയിൽ ഒരു അപശകുനമേ ഉണ്ടായിരുന്നുള്ളൂ. എന്റെ ഭർത്താക്കന്മാർ."

"മാതൃപൂജ ചെയ്യുന്ന ഈ ദിവസങ്ങളിൽ, 'കുന്തി കാട്ടിൽ പോട്ടെ' എന്ന് പറഞ്ഞത് പാഞ്ചാലിയാണോ? അതോ നിങ്ങൾ ഒറ്റക്കെട്ടായാണോ?", നകുലനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു. മറ്റു മൂന്നു വയോജനങ്ങൾക്കൊപ്പം പാണ്ഡുവിധവ 'ജീവിതസായാഹ്നം വനത്തിൽ' എന്ന തീരുമാനം അനുസരിച്ചു കോട്ടവാതിലിനു പുറത്തേക്കു കടക്കുന്നത് മട്ടുപ്പാവിൽ നിന്ന് നോക്കുകയായിരുന്നു ഇരുവരും.

"അരക്കില്ലത്തിൽ ആദിവാസി കുടുംബത്തെ ബലികൊടുത്തു ഭൂഗർഭതുരങ്കം വഴി ഓടി രക്ഷപ്പെടാനുള്ള സാഹസികയാത്രക്ക് നേതൃത്വം കൊടുത്ത കുന്തിയല്ല പിന്നീട്ട് ഞങ്ങളുടെ ജീവിതം താറുമാറാക്കിയ സ്ത്രീ. കാഴ്ചപരിമിതിയുള്ള ധൃതരാഷ്ട്ര ദമ്പതികൾ, കൊള്ളരുതാത്ത നൂറു കൗരവർക്കു വേറെ വേറെ രാജവധുക്കളെ കണ്ടെത്തിയപ്പോൾ, കുന്തി ഞങ്ങളെ ഒരൊറ്റ തൊഴുത്തിൽ കെട്ടി. അതൊരടിയായിരുന്നു പാണ്ഡവാഭിമാനബോധത്തിന്. ഭാവി ജീവിതത്തിനായി ഖാണ്ഡവപ്രസ്ഥം എന്ന കൊടുംകാട്ടിലേക്കു ഭാഗ്യാന്വേഷികളായി ഞങ്ങൾ യാത്ര തിരിച്ചപ്പോൾ, 'നിങ്ങളുടെ നല്ലനടപ്പിന് ജാമ്യമായി ഞാൻ ഗാന്ധാരിയുടെ തോഴിയായി കൊട്ടാരത്തിൽ കഴിയും' എന്ന് കുന്തി പറഞ്ഞത്, 'പാണ്ഡവർ പ്രതികൾ' എന്ന ഊന്നലോടെ ആയിരുന്നു. എന്നാൽ പ്രിയപാഞ്ചാലിയോ? കുടിയേറ്റ ഭൂമിയെ പരിഷ്കൃത നഗരമാക്കുവാൻ നഗരമന്ദിര നിർമിതിയിൽ, രാജസൂയ യാഗത്തിൽ, ഔദ്യോഗിക ചക്രവർത്തിനി പദവി ഏറ്റെടുക്കുന്നതിൽ, ഒപ്പം ഞങ്ങളിൽ നിന്ന് കൃത്യമായൂഴം അനുസരിച്ചു ഗർഭം ധരിച്ചു നവജാതശിശുക്കളെ പാഞ്ചാലയിൽ പരിചരണത്തിനയക്കുന്നതിൽ എല്ലാറ്റിലും കാണാമായിരുന്നു കുന്തിക്കൊന്നും ഭാവനയിൽ എത്തിനോക്കാനാവാത്ത കാര്യശേഷി, മികവ്. കുന്തിയെ ഒട്ടും ആശ്രയിക്കാതെ ഞങ്ങളുടെ അഭിലാഷങ്ങൾ പൂവണിയാൻ തുടങ്ങിയപ്പോൾ, കുന്തി ഇനി കാട്ടിൽ പോവുന്നെങ്കിൽ പോട്ടെ എന്ന ഏകകണ്ഠമായ അഭിപ്രായം ഞങ്ങൾ ആറു പേരിലുണ്ടായത് ഒരു സുപ്രഭാതത്തിലല്ല, കാലക്രമേണയാണ് പുരുഷന്റെ വിജയത്തിന് പിന്നിൽ സ്ത്രീയുണ്ട് എന്ന കവിവചനത്തെ സാർത്ഥകമാക്കുന്നതായിരുന്നു ഞങ്ങളുടെ ജീവിതത്തിൽ

നിന്ന് കുന്തിയുടെ എന്നെന്നേക്കുമായുള്ള തിരോധാനം. പോട്ടെ തിരക്കുണ്ട്. തുന്നൽക്കാരനെ കണ്ടു നാളെ വൈകുന്നേരത്തെ വിരുന്നിനു മുമ്പ് പാഞ്ചാലിയുടെ പട്ടുടുപ്പുകൾ തുന്നിക്കിട്ടണം കിട്ടണം എന്നുടൻ പോയി പറയട്ടെ, ഇന്ന് രാത്രി ഊഴം എനിക്കാണ്."

"അലസതയിൽ അഭിരമിക്കാനനുവദിക്കാതെ പാണ്ഡവരിൽ നിങ്ങൾ മാനസിക സമ്മർദം ചെലുത്തുന്നു എന്ന ഭീമപരാതിയിൽ കാര്യമുണ്ടോ?", കൊട്ടാരം ലേഖിക ചോദിച്ചു. മഴ പെയ്തു വെയിൽ വീണ ഉച്ച. ഭർത്താക്കന്മാർ ഊട്ടുപുരയിൽ അക്ഷയപാത്രവുമായി തിരക്കിലായിരുന്നു.

"ശാരീരികസേവനത്തിനു പ്രതിഫലം പണമായി മതിയെന്ന് ഉപാധിവക്കുന്ന ആൺപെൺ ഇടത്താവളങ്ങളാണ് പാണ്ഡവർക്ക് പ്രിയം. ദീർഘകാല കടപ്പാടില്ലാതെയുള്ള കൊള്ളക്കൊടുക്ക എന്നാൽ പ്രതിഫലം മോഹിക്കാതെ രാവും പകലും വ്യക്തിഗത സേവനം കൊടുക്കുന്ന ഭാര്യയെ അവർക്കു പേടിയുമാണ്, കാരണം ചൊടിപ്പിച്ചാൽ അവൾ തിരിഞ്ഞു വിരൽ ചൂണ്ടി സംസാരിക്കും."

"നിങ്ങളുടെ സർവ്വ സൈന്യാധിപനല്ലേ ശരശയ്യയിൽ മലർന്നടിച്ചു കിടക്കുന്നത്? പാണ്ഡവസർവ്വ സൈന്യാധിപൻ ധൃഷ്ടദ്യുമ്നൻ ഓടിനടന്നു കൗരവതലകൾ ഉരുട്ടുന്നു. യുദ്ധഗതി നിർണ്ണയിക്കുന്നതിൽ നിങ്ങൾക്കുണ്ടെന്നു കരുതിയ മേൽക്കൈ പൊയ്പ്പോയോ?", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"വിദ്വേഷത്തെ തോൽപ്പിക്കാനും സ്നേഹസന്ദേശം പ്രചരിപ്പിക്കാനും കുരുക്ഷേത്രയുദ്ധഭൂമി ഒരാധനാലയമാവുമെന്നാണ് വിലയിരുത്തൽ. അതിനിടയിൽ സൗകര്യപ്പെടുന്ന രീതിയിൽ പാണ്ഡവതലകൾ കയ്യിൽ തടഞ്ഞാൽ കാര്യക്ഷമമായി കൈകാര്യം ചെയ്യും. ചതിയിലൂടെയെങ്കിൽ അങ്ങനെ, അഭിമന്യുവിനെ അരങ്ങത്തു കൊണ്ടുവരാൻ ആഞ്ഞു ശ്രമിക്കും. അർജ്ജുനന്റെ അടിവയറിൽ കുത്തുന്ന പോലെ കർണ്ണനു ആസ്വാദ്യകരമാവും ആ കൗമാരക്കാരന്റെ കരൾ പിളർന്നാൽ."

തൊട്ടടുത്തിരുന്ന കർണ്ണനോട് അർത്ഥഗർഭമായെന്തോ മിഴികളിലൂടെ വിനിമയം ചെയ്തു ദുര്യോധനൻ, പാചകക്കാരൻ നീട്ടിയ മൺപാത്രത്തിലെ കരിമ്പുനീർ ലാഘവത്തോടെ ചുണ്ടോടടുപ്പിച്ചു.

2019/05/15

"കാട്ടുകുടിലിലെ പരുക്കൻ തറയിൽ, ഹസ്തിനപുരിക്കാർക്കു കണ്ടാലറിയാവുന്ന നാലു വയോജനങ്ങൾ മരണം കാത്തു കിടന്നു-അങ്ങനെയാണോ, തിരിച്ചു നാട്ടിലെത്തി ഞാൻ നിങ്ങളെ കുറിച്ച് വാർത്ത കൊടുക്കേണ്ടത്?" കൊട്ടാരം ലേഖിക വിദുരരോട് ചോദിച്ചു. വനവാസത്തിനായി ധൃതരാഷ്ട്രർ, ഗാന്ധാരി, കുന്തി, വിദുരർ എന്നിവർ കൊട്ടാരം വിട്ടു പോയി മാസം മൂന്നു കഴിഞ്ഞിരുന്നു. ഒരാഴ്ചയോളം അലഞ്ഞശേഷം ആദിവാസികളുടെ സഹായത്തോടെ അവൾ താവളം കണ്ടെത്തി.

"നിങ്ങൾ ഇവിടെ വരുമ്പോൾ കാണുന്നത് ചോരുന്ന മേൽക്കൂരയും, മണ്ണിളകിയ ചുവരും, മുഷിഞ്ഞ തുണികളും, ഒഴിഞ്ഞ വയറും ഒക്കെയല്ലെ? എന്നാൽ, അന്ത്യദിനങ്ങൾങ്ങൾക്കായി ഞങ്ങൾ സ്വയം തിരഞ്ഞെടുത്ത ഈ കാട്ടുകുടിലിൽ, നാലുപേർ നീണ്ട തിരക്ക് പിടിച്ച ഭൗതിക ജീവിതത്തിനുശേഷം ഇപ്പോൾ അനുഭവിക്കുന്നത് മൗനത്തിന്റെ സങ്കീർത്തനം, കവി പാടിയ പോലെ ശൂന്യമാകെ മുഴങ്ങുന്ന പ്രണവത്തിന്റെ മർമ്മരം."

"നവജാതശിശുക്കളുമായി സമരവഴിയിലാണോ?" കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു. മഴമേഘങ്ങൾ നിറഞ്ഞിട്ടും ആവി പൊങ്ങുന്ന വേനൽ പ്രഭാതം.

"ഹസ്തിനപുരി മാതൃദിനം ആഘോഷിക്കുമ്പോൾ, പുതുജന്മങ്ങളും വേണ്ടേ സജീവമായി പങ്കെടുക്കാൻ? ഭർത്താവും ആണ്മക്കളും കൊല്ലപ്പെട്ട കുരുക്ഷേത്ര വിധവയല്ലേ ഞാൻ? പുത്രവിധവ പ്രസവിച്ച ഇരട്ടക്കുട്ടികളെ കോട്ട കാണിച്ചുകൊടുക്കാൻ കൊണ്ടു വന്നതിലെന്താണ് കുറ്റം? പാണ്ഡവസ്വേച്ഛാധിപത്യത്തിൽ ഞങ്ങളെ, പാതിരാനീക്കത്തിലൂടെ കുടിയൊഴിപ്പിച്ചതോടെ, കൗരവരാജവിധവകൾ അഭയാർഥികേന്ദ്രത്തിൽ നരകിക്കുന്നതു നിങ്ങൾ കാണാറില്ലേ? പുത്രവിധവ പ്രസവിച്ചപ്പോൾ മുതിർന്ന വിധവ മൊട്ടച്ചികൾ യോഗം ചേർന്നു. ഈ കുട്ടികൾ വളരും, വളർന്നു വലുതായി ഒരുനാൾ പാണ്ഡവരുമായി ചൂതാടും, എല്ലാം പണയം വെപ്പിച്ചു പാഞ്ചാലിയെ കാട്ടിലയക്കും", പറഞ്ഞു പറഞ്ഞവൾ നാവകത്തേക്കെടുക്കും മുമ്പ്, പതുങ്ങി വന്ന ചാരൻ ശിരോവസ്ത്രം കൊണ്ടവളുടെ വായും മുടിയും മൂടി, അരയിൽ കുടുക്കിട്ട് കഴുതപ്പുറത്തേക്കു കയറ്റി.

"അത്യുന്നത പദവി ദുര്യോധനൻ കുരുക്ഷേത്രയിൽ നീട്ടുമ്പോൾ, 'വേണ്ട, ഞാനൊരു യുദ്ധനിരീക്ഷകനാവാം, വാൾ പുതുതലമുറക്കു കൈമാറൂ' എന്ന് രാജ്യതന്ത്രജ്ഞതയോടെ നിങ്ങൾ പറഞ്ഞൊഴിഞ്ഞിരുന്നെങ്കിൽ", ഇടം വലം തിരിയാനാവാതെ ശരശയ്യയിൽ ഞെളിപിരി കൊള്ളുന്ന പിതാമഹനോട് കൊട്ടാരം ലേഖിക, തൊട്ടരികിലിരുന്നു ക്ഷേമാന്വേഷണം പോലെ മൃദുവായി ചോദിച്ചു.

"കർണ്ണനു കൈമാറാനായിരുന്നു ദുര്യോധനന്റെ ആദ്യ തീരുമാനം, എന്നെ പിണക്കാതിരിക്കാൻ പിന്നീടതെനിക്ക് തന്നെങ്കിലും, സന്ധ്യക്ക് ഞാൻ പാളയത്തിലെത്തിയപ്പോൾ, അവൻ അടുത്തുവന്നു പറഞ്ഞു, നിങ്ങൾക്ക് കുന്തിയോട് കാമനയുള്ളതു കൊണ്ട് കൗന്തേയരിൽ ആരോ നിങ്ങളുടെ മകനാണെന്ന് കേട്ടിട്ടുണ്ട്. അതുകൊണ്ടാണോ ഇന്നും പാണ്ഡവതല ഉരുട്ടാതെ പാളയത്തിൽ നാണമില്ലാതെ തിരിച്ചുവന്നത്? നിഷ്ക്രിയ ആസ്തിയാണു നിങ്ങളെന്നു കർണ്ണൻ അന്ന് പറഞ്ഞത് വെറുതെയായില്ല."

"വെന്തുമരിച്ചതു നിങ്ങളും മക്കളുമെന്നു വരുത്തിത്തീർക്കാൻ കണ്ട കുറുക്കുവഴി കൊള്ളാം. അത്താഴം ചോദിച്ചു വന്ന ആറംഗ ആദിവാസികുടുംബത്തിന് ഭക്ഷണത്തിനൊപ്പം വിഷം കൊടുത്തു വീട് കത്തിച്ചു ഭൂഗർഭ ഇടനാഴിയിലൂടെ അർദ്ധരാത്രിയിൽ ഒളിച്ചോട്ടം മുമ്പ്, ആ രാജമന്ദിരത്തിനകത്തുനിന്നു തീയിട്ടുക. ദൃക്സാക്ഷിയില്ലാതെയും അവസാനം, സത്യാവസ്ഥ തെളിഞ്ഞതോടെ തോന്നിയോ ജാള്യത? കുതിരപ്പന്തികളിലും വഴിയമ്പലങ്ങളിലും കൗരവർ സംഘടിത പ്രചാരണമാണ് 'ഘാതകകുന്തി'ക്കെതിരെ അഴിച്ചുവിട്ടിരിക്കുന്നത് എങ്ങനെ നേരിടും ഈ ഭരണകൂട അവമതി?", കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. ഏകചക്ര ഗ്രാമത്തിൽ മക്കളുമൊത്തവർ 'മുഖംമൂടി' ധരിച്ചു കഴിയുന്ന കാലം.

"ദൂരെ നിന്ന് നോക്കുമ്പോൾ കൗരവർക്കു ഞാൻ ചെയ്തത് നരഹത്യ എന്ന് തോന്നാം. പക്ഷേ, അത് കൗന്തേയർ കാണുന്നത് ആത്മരക്ഷ. അത്താഴം ചോദിച്ചു വന്നവർ അശേഷം ആദിവാസി കളായിരുന്നില്ല. കൗരവരുടെ വരണാവതം പ്രവിശ്യാ ഭരണകൂടത്തിലെ കൂലിപടയാളികളായിരുന്നു. പാണ്ഡവ സംഘത്തെ തീകൊളുത്തി കൊല്ലാനുള്ള കരാർ ഏറ്റെടുത്തവരെ തിരിച്ചടിച്ചു. 'കരിക്ക

ട്ട്'കളാക്കിയതിൽ നകുലസഹദേവന്മാരടക്കം അഞ്ചുപേരും തിമിർപ്പിലാണ് "ഒരു തീക്കൊള്ളി കൊണ്ടാണ് അമ്മ ആറുതടിമാടന്മാരെ അരക്കില്ലത്തിൽ അന്ത്യശ്വാസം വലിപ്പിച്ചത്" എന്നവർ പ്രശംസിക്കുമ്പോൾ, കൃതാർത്ഥത തോന്നും. കൗരവകരളിലെ നീറ്റൽ മാറാൻ സമയം കൊടുക്കൂ."

2019/05/16

"ഹരിതചട്ടം എന്നാദ്യം കേട്ടപ്പോൾ അവഗണിച്ച ഞാനിപ്പോൾ ഓടിക്കിതച്ചു വന്നത് 'പരിലാളന'മാണ് എന്നറിഞ്ഞപ്പോളാണ് ആരാണ് നിങ്ങൾ? എന്താണ് ഈ കാട്ടിക്കൂട്ടുന്നതൊക്കെ?", കുരുക്ഷേത്ര പ്രവിശ്യയുടെ യുവഭരണാധികാരിയോട് കൊട്ടാരം ലേഖികചോദിച്ചു.

"കൃഷിയിടത്തോളം പോന്ന ഈ കുറ്റിക്കാട്ട് വെട്ടി ഭൂഖണ്ഡ ജനസംഖ്യയുടെ പാതി യുവാക്കളെ പതിനെട്ടു നാൾ കൊണ്ട് ഹോമിച്ച യുദ്ധപശ്ചാത്തലം ഭാവി തലമുറക്കെങ്ങനെ രൂപമാറ്റത്തിലൂടെ വരുത്തിയെടുക്കാമെന്നായിരുന്നു മനസ്സിൽ. എല്ലാ ജൈവ മാലിന്യങ്ങളും വൻകുഴി തോണ്ടി അടുക്കി, മണ്ണിട്ട് മൂടിയ സമതലത്തിലാണ് നാമിപ്പോൾ. കുഴിമാടഭീതിയൊന്നും തോന്നുന്നില്ല അല്ലേ? അവിടെയാണ് ഹരിതചട്ടം 'ചട്ട'പ്രകാരത്തേക്കാൾ 'പരിലാളന'മികവ് തെളിയിച്ചത് തുറിച്ചു നോക്കുന്നത് കൗരവപാണ്ഡവ പ്രേതങ്ങളാണോ? അല്ല? പിന്നെ? ഔഷധ സസ്യങ്ങളുടെ വൈവിധ്യശേഖരം, പിടിച്ചാൽ പിടി കിട്ടാത്ത വളർച്ച? സൈനിക യുദ്ധാഭിലാഷങ്ങളുടെ അന്തിമസാക്ഷാത്കാരം എന്നൊക്കെ തോന്നിയാൽ അതായിരിക്കും സത്യത്തോടടുത്ത സംഗതി. ജഡങ്ങൾ ചീയുന്ന ഗന്ധം? ഇല്ലേയില്ല അല്ലെ? അതാണ് കാര്യം. വരുംയുഗ വിനോദ സഞ്ചാരികൾ കുരുക്ഷേത്രത്തിലെ ഔഷധസസ്യങ്ങൾ വരിനിന്ന് വിലകൊടുത്തു മടങ്ങുമ്പോൾ, ആർക്കു വേണ്ടി, യെന്തിനെന്നറിയാതെ ജീവത്യാഗം ചെയ്ത സൈനിക ആത്മാവു മന്ത്രിക്കും-ഇതെനിക്ക് മനുഷ്യ വംശം അർപ്പിക്കുന്ന നിത്യശ്രാദ്ധം, കുടുംബ സ്വത്തു തർക്കത്തിന് പ്രതിവിധി പോർക്കളമാണെന്ന നാട്ടുവാഴി അഹന്തക്ക് കിട്ടിയ 'പിണ്ഡ' പ്രഹരം."

"തുടയിലും അടിക്കും എന്ന് സംശയം തോന്നിയില്ലേ?", കൊട്ടാരം ലേഖിക ചോദിച്ചു.

ഗദാപ്രഹരമേറ്റു പൊട്ടിയ തുടയെല്ലുമായി ചതുപ്പു നിലത്തിൽ, ഇച്ഛാശക്തി കൊണ്ടുമാത്രം, ഇരിക്കാൻ ശ്രമിക്കുകയായിരുന്നു കൗരവപോരാളി.

"എന്നെ മുടിയിൽ പിടിച്ചു കൊണ്ടുവരുമ്പോൾ ഭീമനോട്ടവും ശരീരചലനങ്ങളും അസാധാരണമായി. ഭീതിയും പ്രതികാരവും ഭീമമുഖത്തെ ക്രൂരമൃഗമാക്കി. അവൻ ആയുധമോങ്ങി. പാഞ്ചാലിയുടെ ഉടുതുണിയൂരിയതിലായിരുന്നില്ല ഭീമനൊമ്പരം. നഗ്നതുടയിൽ അവൾക്കിരിക്കാൻ ഞാൻ ഇടം കൊടുത്തതായിരുന്നു. "രോമം നിറഞ്ഞ വെളുത്ത തുട കാണിച്ചു പെണ്ണിനെ ഈ ജന്മം നീ മോഹിപ്പിക്ക്" എന്ന് പറഞ്ഞുകൊണ്ടവൻ ഗദ, അതിന്റെ ലക്ഷ്യത്തിലേക്കെടുത്തതോർമ്മയുണ്ട് കുറുനരികളും കഴുകനും കൊത്തിപ്പറിക്കും മുമ്പ് പാണ്ഡവ വംശനാശത്തിന് വേണ്ടി ചെയ്യാവുന്ന അവസാന തന്ത്രവും മെനഞ്ഞു മാത്രമേ ഈ ലോകത്തിൽ നിന്ന് ഞാൻ യാത്രയാവൂ."

“നവവധുക്കളായി വന്ന നാളധികമായില്ല ഗാന്ധാരിയും കുന്തിയും നിങ്ങൾക്കെതിരെ തിരിഞ്ഞല്ലോ” കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു.

“ഞാൻ നീതിമാനാണ് അവിഹിതബന്ധങ്ങൾക്കു അനുഗ്രഹ പ്രഭാഷണം മറയാക്കുന്ന ആധ്യാത്മിക നേതാവല്ല. കാഴ്ച പരിമിതനായ ധൃതരാഷ്ട്രർക്കും കായികക്ഷമതയില്ലാത്ത പാണ്ഡുവിനും പാടുപെട്ടു വധുവിനെ കൊണ്ടുവന്ന എന്നതിൽ കവിഞ്ഞവർ കാണരുത് ഞാൻ പിതൃതുല്യൻ എന്നവരോട് പറഞ്ഞതിന്റെ സാരാംശം ഉൾക്കൊള്ളാതെയവർ പ്രലോഭിച്ചാൽ വഴങ്ങുമെന്ന് കരുതിയോ നവവധുക്കൾ? സത്യവതിയും കാശിരാജകുമാരികളും സുന്ദരികളായിരുന്നു. ബ്രഹ്മചര്യം എന്നെ വഞ്ചിച്ചു വോ? പെണ്ണുടലിനുമുമ്പിൽ മുട്ടുമടക്കുമോ ഭീഷ്മാചാര്യൻ? കൊട്ടാരം ലേഖികയല്ലേ? കാത്തിരുന്ന് കാണുക.”

2019/05/21

“തടാകതീരത്തെ മരങ്ങൾക്കു താഴെ, ഹസ്തിനപുരിയിലൊന്നും കണ്ടിട്ടില്ലാത്തതരം ചുവന്ന പഴങ്ങൾ. ഒന്നെടുത്തു കടിച്ചു നോക്കി. എത്രമേൽ ഹൃദ്യം രുചിയും മണവും. നിങ്ങൾക്കും ഇടക്കൊക്കെ കുറച്ചു പെറുക്കിക്കൊണ്ടുവന്നുകൂടെ, കൂട്ടംകൂടിയിരുന്നു സംസാരിക്കുമ്പോൾ വായിലേക്കെറിയാൻ? അക്ഷയപാത്രത്തിൽ നിന്ന് വാരിത്തിന്നുന്ന ധാന്യ ഭക്ഷണം കൊണ്ട് തികയുമോ സൈനികക്ഷമതക്കു വേണ്ട കായികപോഷണം? അതോ, വവ്വാലുകൾ കടിച്ച പഴം തിന്നാൽ പനിവരുമെന്നു സന്യസ്ഥർ നിങ്ങളെയും പേടിപ്പിച്ചുവോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“കൂട നിറയെ പഴം കൊണ്ടുവന്നശേഷം പാണ്ഡവർ കൈകൾ എറിഞ്ഞു പറഞ്ഞു, ഇനിയില്ല ഞങ്ങൾ പഴം പെറുക്കാൻ. കാരണം ചോദിച്ചപ്പോൾ, ചിതറിക്കിടക്കുന്ന ഓരോ പഴം പെറുക്കാനും ഭൂമിയോളം നിങ്ങൾ താഴണം. ഭൂമിയിൽ ആധിപത്യം സ്ഥാപിക്കാൻ, അതീതശക്തികളുടെ അധികാരപ്പെടുത്തൽ കിട്ടിയ പാണ്ഡവർക്കെങ്ങനെ കഴിയും, നിവർന്നു നിൽക്കേണ്ടവർ കുനിഞ്ഞു പെറുക്കണം ഓരോ പഴവും എന്ന് വച്ചാൽ?”വനവാസത്തിലും സ്വയം, പ്രവാസിമഹാരാജാവായി അഭിനയിക്കുന്ന യുധിഷ്ഠിരൻ, അക്ഷയപാത്രത്തിൽ നിന്ന് ഒരു പിടി ഭക്ഷണം വായിലേക്കെറിഞ്ഞു.

“നിങ്ങളുടെ ഭാവിയെന്താണ്?” കുരുക്ഷേത്രം ഒമ്പതാം ദിവസം രാത്രി സർവ്വസൈന്യാധിപൻ ഭീഷ്മരെ അതീവസുരക്ഷാ പാളയത്തിൽ യുദ്ധകാര്യലേഖകൻ കണ്ടെത്തി.

“കൗരവർ ഒരുക്കുന്ന വൃദ്ധസദനമെത്തയേക്കാൾ നല്ലതല്ലേ പാണ്ഡവർ തരാവുന്ന ശരശയ്യ?”

2019/05/22

“അനുശോചനത്തിനു കൊച്ചുവെളുപ്പാൻ കാലത്തു തന്നെ എത്തിയോ?”, കൊട്ടാരം ലേഖിക ചോദിച്ചു. യമുനാതീരത്തെ ശക്തിസ്ഥലിൽ, ശിരോവസ്ത്രങ്ങൾ ധരിച്ച ദുര്യോധനപുത്രിമാർ ധ്യാനത്തിലായിരുന്നു.

“രക്തസാക്ഷിദിനത്തിലും വേണോ കണ്ണിൽ ചോരയില്ലാത്ത ചോദ്യങ്ങൾ? ഹസ്തിനപുരിയെ സായുധ വിപ്ലവത്തിലൂടെ ധൃതരാഷ്ട്രരിൽ നിന്ന് തട്ടിയെടുക്കാനാ

യിരുന്നു പാണ്ഡവർ, കുരുക്ഷേത്രയെ ദുരുപയോഗം ചെയ്തത് ആയുധം വച്ച് കീഴടങ്ങാനൊരു പൊതുവേദിയായി ദുര്യോധനൻ പാടുപെട്ട പണിത കീഴടങ്ങൽ ഗ്രാമത്തെ ചോരപ്പുഴയാക്കിയതിന്റെ ഉത്തരവാദിത്വം 'അനധികൃത' രാജാവ് യുധിഷ്ഠിരൻ ഏറ്റെടുക്കണം. ആരെയും വെറുക്കരുതെന്നു പഠിപ്പിച്ച ദുര്യോധനൻ, ശത്രുക്കളെ കണ്ടാൽ ക്ഷമിക്കുമായിരുന്നു. മാരകമായി തുടയിലടിച്ച ഭീമനു കൈ കൊടുത്താണ് അച്ഛൻ യാത്രയായത് ഇതൊരു സമാധി സ്ഥലമല്ല. രണോർജ്ജം പകരുന്ന ആയുധപ്പുര. ശിരോവസ്ത്രങ്ങൾ ധരിച്ച പതുങ്ങി പ്പതുങ്ങി ഇവിടെ വന്ന ഞങ്ങളല്ല ഇപ്പോൾ വിവസ്ത്ര ശിരസ്സുമായി തിരിച്ചു പോവുന്ന ഞങ്ങൾ. പാണ്ഡവ ഭരണകൂടത്തെ പൊളിച്ചൊട്ടിക്കാൻ ഈ പെൺപട മതി."

"യുധിഷ്ഠിരനെ കാണാൻ പൂച്ചെണ്ടുമായി രാജസഭയിൽ എത്തിയ ഈ മുഖം പരിചയമുണ്ടല്ലോ", കൊട്ടാരം ലേഖിക ചാരവകുപ്പ മേധാവി നകുലനോട് ചോദിച്ചു.

"യുദ്ധത്തിൽ ഉയിർ പോവാതെ രക്ഷപ്പെട്ട ഏക കൗരവ സൈനികൻ എന്ന ദേശീയ ബഹുമതിക്കർഹതയുള്ള കൃപാചാര്യൻ? രാജ്യം പിടിച്ചടക്കിയ പാണ്ഡവ ഭരണാധികാരിക്ക് ആശംസയുമായി വന്നതാണ് രാഷ്ട്രീയകാപട്യത്തിൽ യുധിഷ്ഠിരനെക്കാൾ ഒരു പണത്തൂക്കം മുമ്പിൽ. അയാളുടെ ലക്ഷ്യം അഭിമന്യുവിന്റെ മകൻ പരീക്ഷിത്തിന്റെ ഏകഗുരു എന്ന പദവി. താമസിക്കാൻ ആഡംബര മന്ദിരവും."

2019/05/23

"മിണ്ടിപ്പറയാൻ സാവകാശം കിട്ടിയാൽ ഉത്തരം കിട്ടേണ്ട ഒരു ചോദ്യമുണ്ട്- പാഞ്ചാലിയുടെ രാഗദ്വേഷങ്ങൾ ആദ്യത്തെ മൂന്ന് പാണ്ഡവവേഷങ്ങളോടാണ് ഈ ഗർവ്വിടങ്ങളിൽ നിങ്ങൾ, മാദ്രിയുടെ മകൻ, എവിടെ നിൽക്കുന്നു?", കൊട്ടാരം ലേഖിക സഹദേവനോട് ചോദിച്ചു. വേനൽ വറ്റിച്ചുതുടങ്ങിയ ജലാശയത്തിനു ചുറ്റുമുള്ള മരക്കൂട്ടങ്ങളിൽ അവർ നടന്നു.

"വിട്ടുപറയില്ല അവൾ ആഗ്രഹങ്ങളും അഭിലാഷങ്ങളും. ആ കണ്ണുകൾ പിടിച്ചെടുക്കാൻ നിങ്ങൾ ശ്രമിച്ചാലും, യഥാർത്ഥ മാനസികനില കാണില്ല. കൈവിരൽ ചലനങ്ങളും, മുഖഭാവങ്ങളും പരിഷ്കൃതവനിത എന്ന നിലയിൽ പ്രതികരണോപാധികളായി ഉപയോഗിക്കുന്നുണ്ട്. കുറെയൊക്കെ നിങ്ങളും അഭിമുഖങ്ങളിൽ കാണുന്നതല്ലേ. ഉപാധിരഹിതപ്രണയത്തിന്റെ ഉപഭോക്താക്കളാവാൻ കുന്തിമാദ്രീ വ്യത്യാസമില്ലാതെ അഞ്ചുപേരും പാടുപെടുമ്പോൾ, അവളുടെ എണ്ണിച്ചുട്ട പ്രതികരണം, പൊറുക്കാൻ ഞങ്ങൾക്കാവുമോ?. അതുകൊണ്ടവൾ എന്താണെനിക്ക് പതിവായി വിധിക്കുന്ന ശിക്ഷ എന്നോ? മുട്ടുമടക്കി ഞാൻ അടിയറവു പറയും വരെ പെണ്ണാധിപത്യത്താലും അവഗണനയാലും, ചിലപ്പോൾ കെണിവച്ച രതിസമ്മാനങ്ങളാലും, പ്രലോഭിപ്പിച്ചു കൊണ്ടിരിക്കും. കീഴടങ്ങാതെ വയ്യ."

"യുദ്ധവിജയം തർക്കവിഷയമായോ? അതോ അവകാശവാദം അരമന അംഗീകരിച്ചുവോ" കൈമുത്തി മുട്ടുകുത്തി കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

"തോറ്റു ഒന്നെന്നേറ്റു പറയാൻ പ്രതിയോഗി ആരുമില്ലെന്നതൊരു വസ്തുതയല്ലേ? കൗരവ ജഡങ്ങൾ തിരിച്ചറിഞ്ഞു ശവസംസ്കാരത്തിനയച്ചില്ലേ? ഞങ്ങളഞ്ചുപേരും പോറലേൽക്കാതെയല്ലേ പോർക്കളം വിട്ടത്? അതിൽ നിന്നൂഹിച്ചു കൂടെ

ശത്രു എത്ര നിസ്സാരൻ?" പട്ടാഭിഷേകത്തിനു പുത്തനുടുപ്പുമായി വന്ന തയ്യൽക്കാരനോട് അകത്തുവരാൻ വലതുകൈ നീട്ടിയ നിയുക്ത മഹാരാജാവ് പെട്ടെന്ന് കൊട്ടാരം ലേഖികയെ ഇടതുകൈ ആട്ടി കയ്യൊഴിഞ്ഞു.

"അവശനെന്നു തോന്നുന്നെങ്കിലും, സംസാരിച്ചു തുടങ്ങിയാൽ നാവും നോട്ടവും തീഷ്ണമാണല്ലോ", കൊട്ടാരം ലേഖിക ചോദിച്ചു. സ്ഥാനത്യാഗം ചെയ്ത മുൻ ഹസ്തിനപുരി രാജാവിപ്പോൾ കാട്ടുകുടിലിൽ, കീറത്തുണി കൾക്കിടയിൽ കിടന്നു, "വൈകുന്നേരമായാൽ, കുന്തിയും മാദ്രിയും മേക്കഴകി പൂചൂടി പടിയിറങ്ങുമ്പോൾ കുത്തിനോവിക്കുന്ന അസൂയ തോന്നാറില്ലേ?"

"അവിഹിതരതി സുതാര്യമായി ചെയ്യണമെന്ന് ശഠിക്കുന്ന കുന്തിക്കെന്റെ നമോവാകം. കായിക ക്ഷമതയില്ലാത്ത നിങ്ങൾക്കൊപ്പം കഴിഞ്ഞാൽ, രാജാവകാശം ചോദിച്ചുവാങ്ങാനുള്ള കുട്ടികളില്ലാതെ, പാണ്ഡുകുടുംബം നശിക്കാണോ, അതോ 'ദേവരൂപി'കളായ പരപുരുഷന്മാരെ പ്രലോഭിപ്പിച്ചു ബീജസംഭരണം ചെയ്യണോ എന്നൊരു യുക്തിഭദ്രമായ ചോദ്യത്തിലൂടെയവൾ പ്രത്യാശ നൽകി. അരുതെന്നെങ്ങനെ ഞാനപ്പോൾ പറയും? പ്രകൃതി കനിഞ്ഞു നൽകിയ ഉടലഴകുകൾ മിനുക്കി സന്ധ്യക്ക് പുറത്തു പോവുമ്പോൾ, ആസ്വാദനരതിയെ കുറിച്ചല്ല ഞാൻ സ്വാർത്ഥയോടെ വിഭാവന ചെയ്യുക, മറിച്ചു പ്രകൃതിയുടെ കാരുണ്യത്തിലവർ നേടുന്ന ഉത്തമവിത്തുകളുടെ സംഭരണത്തെക്കുറിച്ചാണ്."

2019/05/24

"ഈ പൂവിനുവേണ്ടി അവനെ കാടായ കാടൊക്കെ ഓടിച്ചെന്നോ?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"നിങ്ങൾ മൊത്തം തെറ്റിദ്ധരിച്ചെന്നു വ്യക്തം. എന്നോടവൻ ഭർത്താവിൽ കവിഞ്ഞു പ്രണയം നടിക്കുന്ന പതിവുണ്ട്. ഗാർഹികസാഹചര്യങ്ങളിൽ ഒരു സ്ത്രീക്കു അതൊക്കെ എത്ര തിരക്കിലും ശ്രദ്ധിക്കാനാവും. ഞാനതിൽ പ്രതിഷേധിക്കാറില്ല. എന്നാൽ ഒന്നും വിട്ടുകൊടുക്കാറുമില്ല. പായിൽ വിലപേശാനുള്ള സൗകര്യമായി പ്രണയത്തെ ഭർത്താക്കന്മാർ ദുരുപയോഗം ചെയ്യുന്നു എന്നതൊരു ലജ്ജാകരമായ പ്രലോഭനമെന്നൊന്നും കരുതുന്നുമില്ല. പ്രണയം ഞാൻ തിരസ്കരിച്ചില്ല എന്നതു തന്നെയവൻ ചമൽക്കാരത്തോടെ പ്രദർശിപ്പിക്കാറുണ്ട്. അതിനിടയിലാണ് ഈ പൂമണം, എനിക്കൊരു വിവാഹ പൂർവ്വ പ്രണയാനുഭവമായി വന്നത് പൂമരം തന്നെ പിഴുതുകൊണ്ടു വരാമല്ലോ എന്ന കായികബല കേന്ദ്രിതമായ പ്രതികരണത്തിൽ നിന്നൂഹിക്കാം ആ ഹൃദയം എത്ര സരളം. പൂ തേടി വരാമോ എന്നൊന്നും ഞാൻ ചോദിക്കും മുമ്പ് തന്നെ പാദരക്ഷയോ ആയുധമോ ഇല്ലാതെയവൻ പടിയിറങ്ങുന്നത് കണ്ടപ്പോൾ, ഇവരെയൊക്കെയാണോ കുന്തി ദേവ സന്തതികൾ എന്ന് വിശേഷിപ്പിക്കുക എന്ന് വിസ്മയിച്ചു", കിടപ്പറയുടെ കൊച്ചുജാലകത്തിലൂടെ കാണാമായിരുന്നു, ഭീമൻ മരത്തിനു പിന്നിൽ ഒളിഞ്ഞുനിന്നവരെ തുറിച്ചുനോക്കി ചെവിയോർക്കുന്നത്.

2019/05/25

"സമരമുഖത്തെ സജീവമാക്കിയ മുന്നണിപ്പോരാളി ഇപ്പോൾ രോഗിയാണെന്ന് കാണുമ്പോൾ വല്ലായ്മ തോന്നുന്നു. വിശന്നു കരയുന്ന കുട്ടികൾക്ക് അന്നം തയ്യാറാക്കാൻ പോലുമാവാതെ വിങ്ങുമ്പോഴും, കണ്ണുകളിൽ മിന്നലാട്ടമുണ്ടല്ലോ അതെന്താണ്?", കൊട്ടാരം ലേഖിക സാന്ത്വനസ്പർശം ചെയ്തു.

"കൗരവരാജസ്ത്രീകളെ പതിനെട്ടുനാൾ കൊണ്ട് അനാഥവിധവകളാക്കിയ ആ 'കൊട്ടുംഭീകര'നെ പിന്നിൽ നിന്ന് കയർ കുരുക്കിട്ട് മുറുക്കി, തല മുണ്ഡനം ചെയ്തു പുള്ളികുത്തി, കഴുതപ്പുറത്തു നഗരികാണിക്കലിന് കൊണ്ടുപോവാൻ പുതുതലമുറ കൗരവക്കുട്ടികൾക്കു സ്വപ്നങ്ങൾ നേരുകയായിരുന്നു. പ്രിയ മിത്രമേ, എത്രയെത്ര അഭിമുഖങ്ങൾ അന്തഃപുരത്തിൽ ചെയ്തു ഞങ്ങളെ ഹസ്തിനപുരിക്ക് പരിചയപ്പെടുത്തിയതാണ് ഇരിക്കു എന്ന് ക്ഷണിക്കാൻ ഈ പുനരധിവാസകേന്ദ്രത്തിൽ ഇരിപ്പിടം ഇല്ലല്ലോ."

"ജ്വലിക്കുന്നല്ലോ കണ്ണുകൾ? രോഷമുയരാൻ എന്താണിത്ര വലിയ പ്രകോപനം?" കൊട്ടാരം ലേഖിക മഹാറാണിയുടെ കൈമുത്തി.

"നിങ്ങളൊക്കെ ലോകവാർത്തയാക്കിയ വസ്ത്രാക്ഷേപമൊക്കെ എത്ര നിസ്സാരം. ദുര്യോധനൻ അന്തഃപുരത്തിൽ നടപ്പാക്കിയ സ്ത്രീവിരുദ്ധ നടപടികൾ നേരിട്ട് തെളിവെടുപ്പിലൂടെ കണ്ടപ്പോൾ ഞെട്ടിപ്പോയി. സ്ത്രീത്വത്തെ അവഹേളിക്കുന്നതെന്തെല്ലാം പരിഷ്കൃത ഹസ്തിനപുരി നിയമ സംഹിത പട്ടികയാക്കിയിട്ടുണ്ടോ അതെല്ലാം കുടിലകൗരവൻ എന്നോ തുടങ്ങി. ഇവനാണല്ലോ ദേശരത്നപുരസ്കാരം കൊടുത്തു രാജ്യം ആദരിച്ചതെന്നോർക്കുമ്പോൾ ആ അനീതിയോർത്തു ഞാൻ വിയർക്കുന്നു. കൗരവർ വിവാഹമാലോചിക്കുന്ന പെൺകുട്ടികൾ കന്യകമാരായിരിക്കണം എന്ന നിബന്ധന കണ്ടപ്പോൾ ചോര തിളച്ചു. വിവാഹിതകൾ ചാരിത്ര്യം സംരക്ഷിക്കണമെന്നും അവൻ നിഷ്കർഷിക്കുന്നു. ഇതൊക്കെ പ്രായോഗിക തലത്തിൽ ഉറപ്പുവരുത്തിയിരുന്നത് ദുര്യോധനവിധവ. പ്രതിപക്ഷനേതാവെന്ന പദവി വഹിക്കുന്ന മഹിളാരത്നം ആൾ കൊള്ളാം. കുറച്ചു കാലമായി അവൾ പാണ്ഡവരുടെ പേർ പറഞ്ഞു എന്നെ സഹതാപ പൂർവ്വം പൊതുവേദിയിൽ പരാമർശിക്കുന്നുണ്ട്. ബഹുഭർതൃത്വം ഞാൻ ചുളിവിൽ നേടിയെടുത്ത സൗഭാഗ്യമല്ല. ഭർതൃമാതാവ് ആദ്യരാത്രിയിൽ സ്വർണ്ണത്തളികയിൽ നീട്ടിയതാണു. ആദ്യരാത്രി എന്നോടൊപ്പം കിടക്കും മുമ്പ് പാണ്ഡവർ കന്യകാത്വം തെളിയിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടില്ലാത്തതു പോലെ തന്നെ, വിവാഹശേഷം ആരോടൊപ്പം അവർ പായ പങ്കിടുന്നു എന്നോ, സ്വവർഗ്ഗഭോഗികളായിരുന്നോ എന്നതൊന്നും എനിക്ക് പരിഗണനാവിഷയമല്ല. വ്യത്യസ്ത ആവശ്യത്തിനുപയോഗിക്കാവുന്ന ജൈവിക ഉരുപ്പടികൾ എന്നതിൽ കവിഞ്ഞൊരു ആത്മീയനിർവൃതിയും അവരിൽ നിന്ന് പ്രതീക്ഷിക്കുന്നില്ല. കാരണം ഞാൻ ദുര്യോധന വിധവയെ പോലെ ആരോ പ്രസവിച്ച ഏതോ മനുഷ്യജന്മമല്ല, അയോനിജയാണ്, യാഗാഗ്നിയിൽ നിന്നുയർന്ന അപൂർവ്വയിനം സ്ത്രീയാണ്."

2019/05/26

"ഭർത്താവിലൊരാൾ കാലം ചെന്നാൽ ബാക്കി നാലു പേരെ ഓർത്തു നിങ്ങൾ ജീവിതം തുടരുമോ?, അതോ പരേതന്റെ ചിതയിൽ സതിയനുഷ്ഠിക്കുമോ?" കൊട്ടാരം ലേഖിക ചോദിച്ചു.

“ഭർത്താക്കന്മാർ ജീവിച്ചിരിക്കുന്നോ, മരിച്ചുപോയോ എന്നതൊന്നും വർത്തമാനകാല ജീവിതത്തിലെ പരിഗണനാ വിഷയമോ, ഭാവിജീവിത ആശങ്കയോ അല്ല. ജീവിതസാഹചര്യത്തിൽ അവരെനിക്ക് കൂട്ടായി എന്നതൊഴിച്ചാൽ, കരാറോ കരാർ ലംഘനമോ സതിയുമായി ഞങ്ങളെ ബന്ധപ്പെടുത്താനില്ല. ആ നിൽക്കുന്ന ഭീമനെ നോക്കൂ, കുന്തിയുടെ കുടിലനീക്കത്തിൽ, മാദ്രിയെ വലിച്ചെടുത്തു പാണ്ഡുചിതയിലെറിയേണ്ടി വന്നവന്റെ ദുഃഖഭാരം പാതിരാ നിലവിളികളിൽ ഒന്നിലധികം തവണ ഞാൻ കേട്ടതാണ്.”

2019/05/27

“പാണ്ഡവതലയൊന്നും വെട്ടാത്തതിൽ പരിഭവിച്ചു പിതാമഹനോട്ട് കയർത്തു സംസാരിക്കുന്നതൊക്കെ ശരി, എന്നാൽ പോർക്കളത്തിൽ മികവ് കാണിക്കാത്ത അനുജന്മാരെ ശാസിച്ച അനുഭവമുണ്ടോ?”, കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു.

“എന്താ സംശയം? നിത്യവും രാത്രി പോരാട്ടപ്രകടനം വസ്തു നിഷ്ഠമായി വിലയിരുത്തിയേ ഒരു പോള കണ്ണടക്കൂ. ഇന്നലെ രാവിലെ ഒരു ഇളമുറ കൗരവർ വിതുമ്പി വന്നു സങ്കടം പറഞ്ഞു, കളിക്കൂട്ടുകാരായിരുന്ന പാണ്ഡവരുടെ ഇടനെഞ്ചിൽ ഞാനെങ്ങനെ വാൾ വീശും. യുദ്ധക്ഷമമല്ലാത്ത അത്തരം മൃദുലവികാരങ്ങൾ തുടച്ചു നീക്കാൻ, കൗരവമനോഭാവത്തിൽ തിരുത്തലിനായി അവനെ അപ്പോൾ തന്നെ അറവുശാലയിൽ വിട്ടു. കറവ വറ്റിയ വളർത്തു മൃഗങ്ങളെ ചോര ചീന്താതെ തലക്കടിച്ചു കൊന്നു തൊലി പൊളിച്ചു ഭക്ഷ്യയോഗ്യമായ ഇറച്ചിയാക്കി ഊട്ടുപുരയിലെത്തിക്കുന്ന പണിയിൽ മികവ് നേടിയാൽ മാത്രമേ, പോർക്കളത്തിൽ നിയമനം കൊടുക്കൂ. മാതൃകാപരമായിരുന്നു ശിക്ഷയെന്നു തെളിഞ്ഞു. എല്ലാ കൗരവരും ആയുധം മൂർച്ച കൂട്ടി.”

2019/05/29

“കുറ്റവാളികൾ പെരുകിയോ ഹസ്തിനപുരിയിൽ? ക്രമസമാധാന ചുമതല വഹിക്കുന്ന ഭീമന്റെ പരാതി ഇതാണ്: ആവശ്യത്തിന് തികയുന്നില്ല. ഇനിയും വേണം വിലങ്ങുകൾ”, കൊട്ടാരം ലേഖിക ഭരണകൂട വക്താവിനോട്ട് ചോദിച്ചു.

“ആറു വിലങ്ങുകളാണ് ദുര്യോധന കാര്യാലയത്തിൽ ആകെ ഉണ്ടായിരുന്നത് പാണ്ഡവരും പാഞ്ചാലിയും വന്നാൽ കയ്യോടെ പിടിച്ചു അകത്തിടാൻ. ഇന്ന് സ്ഥിതി അതാണോ? നിത്യവും കോട്ടവാതിലിനു മുമ്പിൽ നിങ്ങൾ കാണാറില്ലേ, കുരുക്ഷേത്രവിധവകളുടെ പ്രക്ഷോഭം അക്രമാസക്തമാവുന്നത്? ഒന്നും ഞാൻ വിസ്തരിക്കേണ്ടല്ലോ നിങ്ങൾ നേർസാക്ഷിയല്ലേ. കാരാഗൃഹത്തിൽ എത്തിക്കും മുമ്പ് പ്രക്ഷോഭകാരികളെ കൂച്ചുവിലങ്ങിടേണ്ടേ? അരയിൽ കയറു കെട്ടി കൗരവവിധവകളെ വലിക്കാമോ? കള്ളച്ചൂതിൽ പൗരാവകാശം നഷ്ടപ്പെട്ടവരെ കൗരവർ അന്നു അങ്ങനെ ചെയ്തു എങ്കിലും, ഞങ്ങൾ അത് കൗരവവിധവകളോട്ട് ചെയ്യാമോ? ഇപ്പോൾ ഉള്ള ആറു വിലങ്ങുകൾ ഒന്ന് മുറുക്കാൻ ശ്രമിച്ചാൽ കാണാം, അഴിയുന്നത് ഭക്ഷ്യക്ഷാമം കാരണം മെലിഞ്ഞ കൈത്തണ്ടയുള്ള കൗരവവിധവകൾക്കു എളുപ്പം ഊരിയെടുത്തു ഓടി രക്ഷപ്പെടാൻ കഴിയുന്ന വിലങ്ങുകളും കൊണ്ട് ഇനി

ഞങ്ങൾ നടക്കുന്നത് നാണക്കേടല്ലേ. ഇത് നാം മാറ്റണം. കൗരവസ്ത്രീകളുടെ മൃദു കൈത്തണ്ടയിൽ മുറിവുണ്ടാക്കാത്തതും, ഭാരം കുറഞ്ഞതും, സ്വർണവളയുടെ നിറമുള്ളതും, ഇരുവശത്തും പൂട്ടിടാവുന്നതുമായ നവതലമുറ വിലങ്ങുകൾക്കു വേണ്ടി ഭീമൻ കർത്തവ്യബോധത്തോടെ ഓടിനടക്കുമ്പോൾ, നിങ്ങൾ അതൊരു പരിഹാസ വിഷയമാക്കുന്നതു രാജ്യദ്രോഹത്തിനു സമമല്ലേ? യുദ്ധാനന്തര യുധിഷ്ഠിരഭരണകൂടത്തെ പ്രതിരോധത്തിലാക്കുന്ന വിധം ക്രമസമാധാന പ്രശ്നം നിങ്ങൾ വക്രീകരിച്ചാൽ, കോട്ടക്കകത്തെ സൗജന്യവസതിയും ഊട്ടുപുരയിൽ സമൃദ്ധ ഭക്ഷണവും പുനഃപരിഗണനക്കു വിധേയമാകുമേ."

2019/05/30

"മരണവാർത്ത നിങ്ങൾ എങ്ങനെയാണു അറിയിച്ചത്?", ധൃതരാഷ്ട്രഭൃത്യനായ സഞ്ജയനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"തിന്ന ഉപ്പിനു നന്ദി കാണിക്കാത്ത സൂതൻ എന്ന ആരോപണം നേരിടേണ്ടി വന്നാലും, ഇപ്പോൾ ഏറ്റു പറയട്ടെ, കൗരവാക്രമണത്തിൽ കൗമാരപോരാളി പൂപോലെ ഞെരിയുന്നതു വിതുമ്പിക്കൊണ്ടറിയിച്ചപ്പോൾ 'ബലേ ഭേഷ്' എന്ന് പറഞ്ഞു സിംഹാസനത്തിൽ നിന്ന് ചാടിയെണീറ്റു തുടങ്ങിയ ധൃതരാഷ്ട്ര 'ഇളകിയാട്ടം' നിലക്കാൻ വിദുരർ ഇടപെടേണ്ടിവന്നു. കർണ്ണൻ അഭിമന്യുവിന്റെ ഇടനെഞ്ചിലേക്കു വാൾ കുത്തി കയറ്റിയപ്പോൾ, "ശവത്തിൽ കുത്താതെടാ തന്തക്കു പിറക്കാത്തവനേ" എന്ന് വിങ്ങിപ്പൊട്ടി ധൃതരാഷ്ട്രരുടെ സമ്മതം ചോദിക്കാതെ ഞാൻ വീട്ടിലേക്കു പോയി."

"മത്സരം ജയിച്ച അർജ്ജുനൻ ഭർത്താവായപ്പോൾ നിങ്ങളുടെ കണ്ണുകളിൽ മിന്നിയ പ്രണയോർജ്ജം ഞാൻ ഓർക്കുന്നു. പിന്നെ എപ്പോഴാണ് അയാളെ കാണുമ്പോഴേക്കും മുഖം തിരിക്കാൻ തുടങ്ങിയത്? രാജസൂയ യാഗത്തിൽ യുധിഷ്ഠിരപങ്കാളിയായാൽ മാത്രമേ ഇന്ദ്ര പ്രസ്ഥം ചക്രവർത്തിനിയാവൂ എന്ന ആചാരവിധിയിൽ കുടുങ്ങിയപ്പോൾ, പ്രിയപ്പെട്ടവനെ നിങ്ങൾ തിര സ്കരിച്ചുവോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. അന്തഃപുര ജാലകത്തിലൂടെ കാണാമായിരുന്നു, കാലവർഷത്തിന്റെ കുത്തൊഴുക്കിൽ യമുനാതീരത്തെ വൻമരക്കൂട്ടങ്ങൾ.

"ഊഴം വച്ച് ബീജദാനത്തിനായി കിടന്ന ദിവസങ്ങളിൽ ഈർഷ്യയോടെ ഞാൻ ശ്രദ്ധിച്ചു, നവവധുവായിരിക്കുമ്പോൾ തന്നിരുന്ന കേശാദിപാദപരിലാളന ഇപ്പോൾ ഇല്ല. മറ്റുനാലു പാണ്ഡവരിൽ നിന്നെന്ന പോലെ പ്രത്യേക പരിഗണനയൊന്നുമില്ലാതെയാണ് ഞാനവനിൽ നിന്നും ബീജസംഭരണം ചെയ്യുന്നതെന്ന അറിവാണവനെ അവശനാക്കിയതെന്നുണ്ടോ? 'ദാമ്പത്യവഞ്ചനയാണ് ബഹുഭർത്തൃത്വം' എന്നവൻ മുനവച്ചു സൂചിപ്പിച്ചപ്പോൾ, ശരിക്കും കുന്തിയുടെ കുബുദ്ധിയല്ലേ അതെന്നു ഞാൻ തിരിച്ചടിച്ചു. 'ഇണചേരുമ്പോഴും നീ അമ്മയെ വലിച്ചിഴക്കുന്നോ?' എന്ന് പ്രതിഷേധിച്ചു കിടപ്പറയുടെ ഇരുട്ടിൽ എനിക്കെതിരെ അവൻ 'വെളിച്ചപ്പെ'ടാൻ തുടങ്ങി. നാവിൽ നിന്ന് എന്തൊക്കെ പുറത്തുവന്നു എന്നറിയാൻ സ്വനഗ്രാഹിയന്ത്രമൊന്നും ഇല്ലാത്തതു കൊണ്ട്, ഓർമ്മയെ ആശ്രയിക്കണം. അർജ്ജുന പുരുഷത്വത്തെ പരിഹസിച്ചു എന്നാണോർമ്മ. നിന്നെക്കാൾ സ്പർശനമികവോടെ കിന്നരിക്കാൻ നകുലനും സഹദേവനും ഉണ്ടെന്ന തിരിച്ചടിയിൽ പുരുഷത്വം തകർന്നു. ഊഴമനുസരിച്ചു പ്രത്യുൽപ്പാദന രതി പ്രയോജനപ്പെടുത്താതെ, ഒരു പുരുഷന്

ഭാര്യയോട്ട് ചെയ്യാവുന്ന ഹീനപ്രതികാരത്തിന് പടിയിറങ്ങി, പിന്നെ കേട്ടത് കടലോരദ്വാരകയിൽ സുഭദ്രയെന്നൊരു വധുവിനെ തരപ്പെടുത്തി എന്നാണ്. അറിഞ്ഞു എന്ന് അന്ന് നടിച്ചില്ല ഇന്നും നടിക്കുന്നില്ല. 'വിഴുപ്പുകെട്ട്' ചുമന്നു നിങ്ങൾ വശം കെട്ടു എങ്കിൽ, പനയോലക്കെട്ടുകൾ മാറ്റി, മണ്ണിളക്കിപിടിക്കൂ. ഇന്ന് പകൽ മുഴുവൻ യമുനയുടെ തീരത്തു ഗർഭകാലശുശ്രൂഷക്കുള്ള പച്ചില മരുന്നു ചെടികളുടെ മഴക്കാലപരിചരണമാണ്."

2019/05/31

"നവജാതശിശുക്കളെ മുക്കിക്കൊല്ലുന്ന ഭീകരജീവിയായി ശന്തനു നിങ്ങളെ ഹസ്തിനപുരിയിൽ ചിത്രീകരിക്കുന്നതിൽ കാര്യമുണ്ടോ? ഏഴു കുഞ്ഞുങ്ങളെ വകവരുത്തിയെന്നാണ് മഹാരാജാവ് പരസ്യമായി ഏറ്റുപറഞ്ഞത്", കൊട്ടാരം ലേഖിക ഗംഗയോട്ട് ചോദിച്ചു.

"പ്രസവാനന്തര വിഷാദരോഗത്തിലൂടെ കടന്നു പോവുന്ന നിർഭാഗ്യവതികളായ അമ്മമാരുടെ ശാരീരികവും വൈകാരികവുമായ പ്രശ്നങ്ങളെ കുറിച്ചെന്തെങ്കിലും അയാൾക്കറിയാമോ? പാലൂട്ടാ നിഷ്ടപ്പെടുന്നോരമ്മയെങ്ങനെ അയാളുടെ കരിങ്കണ്ണിൽ കൊലയാളിയായി? തീവ്രവൈകാരികവ്യതിയാനമുണ്ടാകാൻ സാധ്യതയുള്ള പ്രസവാനന്തര പ്രതിസന്ധിയെ അയാൾ എത്ര കൗശലപൂർവ്വം ഭീകരപ്രവർത്തനത്തിനുള്ള ഭൂമികയായി പ്രഖ്യാപിച്ചു. തൂങ്ങിക്കിടക്കുന്ന വയറും കറുത്തിരുണ്ട കഴുത്തുമൊക്കെ കാണുമ്പോൾ ഉണ്ടാകുന്ന നിരാശ പലർക്കും മനസ്സിലാകണമെന്നില്ല എന്നൊക്കെ ഒഴുക്കൻ രീതിയിൽ നിങ്ങൾ പറഞ്ഞാൽ ഞാൻ നേരിട്ട പ്രശ്നത്തിന് പരിഹാരമാവുമോ? ഗർഭകാലത്തെല്ലാം വാരിവലിച്ചു കഴിച്ചിരുന്ന എനിക്ക് പ്രസവം കഴിഞ്ഞപ്പോൾ വിശപ്പ് തീരേയില്ലെന്ന അവസ്ഥയായി എന്നയാൾ തന്നെ സമ്മതിക്കുന്നുണ്ടല്ലോ. എന്നാൽ എനിക്ക് അതിനെക്കാളൊക്കെ വിഷമം, കുഞ്ഞിനുവേണ്ട മുലപ്പാൽ കിട്ടുന്നില്ലല്ലോ എന്നോർത്തായിരുന്നു. കുഞ്ഞു കിടന്നു കരയുമ്പോൾ പെറ്റതള്ളക്കു നോവില്ലേ. ബീജദാതാവ് മാത്രമായ അലസരാജാവിനെ ചട്ടലമായി ഒന്ന് ഓർമ്മിപ്പിക്കാൻ കുഞ്ഞിനെ പുഴയിൽ എടുത്തെറിയുമെന്ന് ഞാൻ ഭീഷണിപ്പെടുത്തിത്തുടങ്ങി. 'അരുതേ അരുതേ' എന്ന് വിലപിക്കാനല്ലാതെ അയാൾ എന്ത് ചെയ്തു എന്നന്വേഷിക്കൂ. ഓരോ പ്രസവത്തിനു ശേഷവും ഞാൻ ആത്മഹത്യക്കു ശ്രമിച്ചു. അപ്പോൾ അയാൾ കാലിൽ വീഴും, പകരം കുഞ്ഞിനെ പുഴയിലൊഴുക്കാൻ പരോക്ഷമായി പ്രേരിപ്പിക്കും. വിരസമായ ശാരീരികബന്ധം കഴിഞ്ഞാൽ മാസമുറ തെറ്റിയോ എന്ന പ്രത്യാശാഭരിതമായ ചോദ്യവുമായി എന്നെ ഇടയ്ക്കിടെ അന്തഃപുരത്തിൽ പിടികൂടും. എല്ലാറ്റിനുമില്ലേ അതിര്? ഏഴു കുഞ്ഞുങ്ങളുടെ കാര്യത്തിലും അതുണ്ടായി എന്നതിൽ കവിഞ്ഞൊരു ക്ഷമാപണവും തരാൻ ഞാനാളല്ല. മാതൃത്വത്തേക്കാൾ വലിയ മാനവസങ്കല്പങ്ങൾ ഉണ്ട്. അതൊക്കെ മാടമ്പി ശന്തനു എങ്ങനെ അംഗീകരിക്കാനാണ് അല്ലെ."

"ദശാബ്ദങ്ങളോളം കൂട്ടായിരുന്നവർ തിരിഞ്ഞു നോക്കാതെ കാൽ മുന്നോട്ടു വെക്കുമ്പോൾ, അവസാനമായി ചോദിക്കട്ടെ, പാണ്ഡവർ നിങ്ങൾക്കെന്തായിരുന്നു?", സന്ധ്യാദീപ്തി മുഖത്ത് തെളിഞ്ഞു. നേർത്ത വിലാപം പോലെ, ഹിമാലയ താഴ്വരയിൽ കാറ്റു വീശി. വടക്കൻ മലകളിലേക്കുള്ള അന്തിമപദയാത്ര തുടർന്ന പാ

ണ്ഡവർ കാഴ്ച്ചയിൽ നിന്ന് മറഞ്ഞു. സന്ധ്യ കനക്കുകയാണ് പാഞ്ചാലി മരിക്കുകയാണ്.

"അവർക്കിഷ്ടപ്പെട്ട ശരീരഭാഗങ്ങൾ മത്സരിച്ചോമനിച്ചു. അവർ തിരസ്കരിച്ച ഹൃദയം കത്തിച്ചാമ്പലാകട്ടെ."

2019/06/01

"ഈ വിചിത്ര വനിതയുമായുള്ള സ്മരണകൾ പങ്കിടാൻ പറയുമ്പോൾ മുഖം കറുപ്പിക്കുന്നതെന്തിനാണ്?" കുഴഞ്ഞുവീണ മരിച്ച പാഞ്ചാലിയുടെ ജഡം ആവുന്നത്ര ആഴത്തിൽ മറവു ചെയ്തു, അരുവിയിൽ കുളിച്ച പാണ്ഡവരെ പിന്തുടർന്നെത്തിയ കൊട്ടാരം ലേഖിക, വഴിയിൽ വിശ്രമിക്കുകയായിരുന്ന മാദ്രിപുത്രനോട് ചോദിച്ചു.

"വിപൽസൂചകമായിരുന്നു വിവാഹം. ഭംഗി കണ്ടു സ്വന്തമാക്കാൻ രഹസ്യമായി കൊതിച്ചു എന്നതാണ് ആദ്യദുരന്തം. സമഭാവനയോടെ പങ്കിടാൻ കുന്തി നിർദേശിച്ചതായിരുന്നു രണ്ടാമത്തെ ദുരന്തം. ആണുങ്ങളഞ്ചുപേരും ഊഴം കാത്തു കിടപ്പറക്കു വെളിയിൽ ഒറ്റക്കാലിൽ നിൽക്കണമെന്നവൾ നടപടിക്രമം ഉണ്ടാക്കി. അപമാനമാണിതെന്നു പറയാൻ ആരും മുതിർന്നില്ല. കൗരവരുമൊത്തു കള്ളച്ചൂതാടുമ്പോൾ 'ഞാൻ രജസ്വല ഞാൻ അല്പവസ്ത്ര' എന്ന് നിർല്ലജ്ജം പ്രഖ്യാപിച്ചു കൗരവസഭയിൽ ഇടിച്ചു കയറി, ദുര്യോധനന്റെ പ്രലോഭനത്തിനു വഴങ്ങി, നഗ്നതുടയിൽ കയറിയിരിക്കാൻ മുതിർന്ന പാഞ്ചാലി പിന്നീട്, അടിമജീവിതത്തിൽ, കൗരവചാരയായി പന്ത്രണ്ടു വർഷ വനപർവ്വത്തിൽ മാനസിക പീഡനത്താൽ ഞങ്ങൾക്ക് നിത്യോപദ്രവ പീഡകയായി എന്നതാണ് പാണ്ഡവ സഹോദരർക്കേറ്റ യാതന. പാപഭാര ത്താൽ കുഴഞ്ഞുവീണ മരിച്ചു എന്നതാണ്, മേലെ മേലെ മേഘമാലകൾക്കു മുകളിലൊരു ന്യായാധിപനുണ്ടെന്നതിന്റെ ദൃഷ്ടാന്തം. ഇനി ഞങ്ങളെ വെറുതെ വിടൂ. ഈ ഭൂമിയുമായുള്ള ബന്ധം ഒന്നൊന്നായി വിച്ഛേദിക്കട്ടെ." അപമാനബോധത്താൽ ആ മാദ്രിപുത്രൻ മുഖം പൊത്തി.

"നിങ്ങൾ നോക്കി നിൽക്കുമ്പോഴല്ലേ ചവിട്ടിയും കുത്തിയും കൌരവർ ആ കുട്ടിയെ പച്ചക്ക് കൊന്നത്? ഗദയും കുന്തവും ഉണ്ടായിരുന്നില്ലേ, ചക്രവ്യൂഹം ഭേദിച്ച് അവനെ പൊക്കി പുറത്തുചാടാമായിരുന്നില്ലേ?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. അഭിമന്യുവിന്റെ ശവദാഹം കഴിഞ്ഞു പാണ്ഡവർ യമുനയിൽ മുങ്ങി നിവരുന്ന രാത്രി. മകൻ മരിച്ച ദുഃഖത്തിൽ സുഭദ്രക്കൊപ്പമായിരുന്നു അർജ്ജുനൻ.

"വ്യത്യസ്ത പിതൃത്വമുള്ള പാണ്ഡവക്കുട്ടികൾ അന്യായമായി കൊല്ലപ്പെട്ടാലും, ഒരൊറ്റ അച്ഛനിൽ പിറന്ന കൗരവർ പ്രതികാര വധത്തിനു ഇരയാവരുതെന്ന ദ്രോണവചനം ഓർമ്മവന്നതാണപ്പോൾ തടസ്സമായത്."

"അനുസ്മരണ പ്രഭാഷണം കേൾക്കാൻ ഇന്നലെ സന്ധ്യക്ക് നിങ്ങൾ പോയിരുന്നു അല്ലെ?", ഗംഗയിലെ ചിറ്റോളങ്ങൾ തെറുപ്പിച്ച് യുദ്ധകാര്യ ലേഖകൻ ചോദിച്ചു, "ഹസ്തിനപുരിയുടെ അഖണ്ഡത സംരക്ഷിക്കാൻ ജീവൻ ബലികൊടുത്ത ധീരദേശാഭിമാനി ദുര്യോധനനെ കുറിച്ച് മഹാരാജാവ് യുധിഷ്ഠിരൻ എന്തൊക്കെ വികാരഭരിതനായി പറഞ്ഞു എന്നൊന്നും ഞാൻ ചോദിക്കുന്നില്ല. എന്തൊക്കെ പറയാതെ വിട്ടു?"

“ഉള്ളിൽ ഉള്ളതൊന്നും തുറന്നു പറയാത്ത ഭരണാധികാരി വാചാലത കൊണ്ട് വേണം പ്രഭാഷണത്തിൽ ഓട്ടകളടയ്ക്കാൻ എന്ന് തക്ഷശിലയിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ കേട്ടത് യുധിഷ്ഠിരന്റെ അനുസ്മരണപ്രഭാഷണം എന്നെ ഓർമ്മിപ്പിച്ചു.”

“നിങ്ങളെ കണ്ടാൽ അർദ്ധസത്യം എന്ന വാക്കിനു കോമളശരീരം കിട്ടിയ പോലെ തോന്നും. എങ്ങനെ പ്രതിരോധിക്കും അപകീർത്തിപരമായ ഇത്തരം ആരോപണം ഉയർന്നാൽ?” കൊട്ടാരം ലേഖിക ചോദിച്ചു.

“ആരോപണമാണോ? വെറുമൊരു അഭിപ്രായമല്ലേ? അതപകീർത്തിപരമാണോ? അപനിർമ്മിതി മാത്രമല്ലേ? ‘അർദ്ധസത്യവാൻ’ എന്നതൊരു അംഗീകാരമായി കാണേണ്ടേ? ‘അർദ്ധസത്യം’ ഞാനുച്ചരിച്ചതു ധ്യാനം ചെയ്യുമ്പോഴാണോ? അതോ കുരുക്ഷേത്രയിൽ കൈമെയ്യ് മറന്നു ശത്രുവിനെ വളഞ്ഞിട്ടു കൊല്ലുമ്പോഴോ? പോരാട്ടത്തിന്നിടക്ക് ആശംസയർപ്പിക്കുകയായിരുന്നില്ല, മറിച്ച് ‘അജയ്യ’നായ ശത്രുവിനെ വീഴ്ത്തും മുമ്പ് നിരായുധനാക്കുന്നതിനൊരു പൊടിക്കൈ നോക്കിയതായിരുന്നു. അതുച്ചരിക്കുമ്പോൾ കൗരവരും പാണ്ഡവരും പരിപൂർണ്ണ നിശബ്ദതയിൽ നിന്നു കേട്ടു. യുദ്ധം ജയിക്കാനുള്ള ആദ്യ പടി. ചെറിയൊരു പടി. എന്നാൽ അതവിടെ വേണം എന്നത് മനഃസാക്ഷിയുടെ പ്രേരണയുമായിരുന്നു.” കൗരവ സർവ്വ സൈന്യാധിപനായിരുന്ന ദ്രോണാചാര്യന്റെ ശവസംസ്കാരത്തിൽ പങ്കുകൊണ്ട ശേഷം മുങ്ങിക്കുളിക്കാൻ പുഴയിലേക്കിറങ്ങുകയിരുന്നു യുധിഷ്ഠിരൻ.

2019/06/02

“ജീവിതസായാഹ്നത്തിലാണല്ലോ ജീവപര്യന്തം തടവു ശിക്ഷ കിട്ടാവുന്ന ആരോപണങ്ങൾ? പാണ്ഡുമരണവും മാദ്രിസതിയും അസ്വാഭാവികമായിരുന്നു എന്നവർ വാദിക്കുമ്പോൾ, കുഴഞ്ഞു പോവുമോ? വെറുതെ വിടില്ല ദുര്യോധനൻ”, കൊട്ടാരം ലേഖിക കുന്തിയോട്ട് ചോദിച്ചു. മക്കൾ ഖാണ്ഡവ വനത്തിലേക്ക് കുടിയേറിയപ്പോൾ, മുൻ കുരുവംശ മഹാറാണി ഹസ്തിനപുരിയിൽ ഒതുങ്ങിയിരുന്നു.

“കിടപ്പുരോഗി പാണ്ഡുവിന് അന്നം കൊടുത്തിരുന്ന മാദ്രി, പ്രത്യുൽപ്പാദനത്തിനായി പൂച്ചൂടി പുറത്തു പോവാൻ തുടങ്ങിയപ്പോൾ, മൂന്നു ആൺകുട്ടികൾ ഉണ്ടായിരുന്നിട്ടും ഞാൻ രോഗീ ശുശ്രൂഷ ചെയ്തതൊക്കെ സന്യസ്ഥ സമൂഹത്തിന്റെ പ്രശംസ നേടിയിരുന്നതല്ലേ. പ്രസവത്തിനും നവജാതശിശു പരിചരണ ഇടവേളകഴിഞ്ഞു മാദ്രി ശുശ്രൂഷ ഏറ്റെടുത്ത കാലത്താണ് പാണ്ഡു പിടഞ്ഞുവീണു മരിച്ചത്. സന്യസ്ഥർ വന്നു ജഡം കണ്ടപ്പോൾ “സ്വന്തം വസതിയിൽ കിടന്നു മരിക്കാൻ അവസരം കിട്ടിയ ഭാഗ്യജന്മം” എന്നല്ലേ അനുസ്മരിച്ചത്? പാണ്ഡുചിതയിലേക്കു സതിയനുഷ്ഠിക്കാൻ മാദ്രിയെ കൊണ്ടുപോവുമ്പോൾ, അവൾ നിലവിളിച്ചതു പ്രതിഷേധം കൊണ്ടായിരുന്നു എന്നല്ല കണ്ടുനിന്ന ജനത്തിന് തോന്നിയത് ഭർത്താവിന്റെ ദേഹവിയോഗത്തിൽ അനിയന്ത്രിത ദുഃഖം അനുഭവിക്കുന്നവളുടെ നിസ്സഹായതയായിരുന്നു. അവളെ ചിതയിലേക്ക് നേർവഴി നയിക്കുകയായിരുന്ന പ്രവർത്തിയിൽ നിങ്ങൾ കൊലപാതകശ്രമം കാണുന്നത് പോലെ ദുര്യോധനൻ കാണുമെന്നെനിക്കു തോന്നുന്നില്ല. അവൻ നീതിമാൻ, അവൻ വിധിപറയും പ്രകൃതിയുടെ കൽപ്പന കുന്തി നിർവ്വഹിച്ചു.

2019/06/03

"അരമണിക്കൂറായി അക്ഷമയോടെ കാത്തിരിക്കുന്നു. അർദ്ധരാത്രിയോടെ യാത്ര തിരിച്ചാലേ നാളെ രാവിലെ ഹസ്തിനപുരി ചുവരെഴുത്തുപതിപ്പുകളിൽ പുത്തൻ യുദ്ധവർത്ത കൊടുക്കാനാവൂ. അതൊക്കെ നിങ്ങൾ ക്കറിയാവുന്നതല്ലേ? ഇരുപക്ഷവും ഉരുട്ടിയ തലകൾ എത്രയെന്നു മാത്രമല്ല, ആരുടെയൊക്കെ തലകൾ എന്നും വ്യക്തമായി അറിയണം', കുരുക്ഷേത്രയിൽ പാണ്ഡവ വക്താവായ നകുലനോട് കൊട്ടാരം ലേഖിക പരാതിപ്പെട്ടു. ഒമ്പതാം ദിവസം.

"ശ്വാസം പിടിച്ചു ചെവിയോർക്കുക. ദുര്യോധനൻ ഭീഷ്മപാളയത്തിലേക്കു കുതിച്ചുകയറുന്നതു കണ്ടാണ് ഞാനും നിങ്ങളെപ്പോലെ ഇങ്ങനെ ഒളിഞ്ഞിരുന്നു കാത്തിരിപ്പു തുടങ്ങിയത് എന്തോ അവിടെ സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ എട്ടൊമ്പതു ദിവസങ്ങളിൽ ദുര്യോധനസന്ദർശനം ഇങ്ങനെ വൈകുമായിരുന്നില്ല. പിതാമഹന്റെ പോർക്കളമികവ് മെച്ചപ്പെടുത്താൻ മധുരം കലക്കിയ പ്രചോദന പ്രഭാഷണത്തിനല്ല ദുര്യോധനൻ ഇവിടെ വരിക. വിരൽ ചൂണ്ടി സർവ്വ സൈന്യാധിപനെ ഒന്ന് വിറപ്പിക്കാനാണ് ഇന്നെന്തുസംഭവിച്ചു എന്ന തറിയും വരെ എനിക്കും കൂടണയാനാവില്ല. ഭീഷ്മരെ സൈന്യാധിപ പദവിയിൽ നിന്ന് ദുര്യോധനൻ മാറ്റിയോ? അതോ, ഇടഞ്ഞെല്ലാം ഇട്ടെറിഞ്ഞു ഭീഷ്മർ കടന്നു പോവുമോ. ഒമ്പതു ദിവസം കഴിഞ്ഞിട്ടും ഒരു പാണ്ഡവതല പോലും ഭീഷ്മർക്കുരുട്ടാനായിട്ടില്ല എന്നതോർക്കുമ്പോൾ ദുര്യോധനൻ ആകെ നിന്ന് കുലുങ്ങുകയാണ് കാത്തിരിക്കൂ-അപൂർണ്ണവാർത്തയുമായി നിങ്ങൾ പൊയ്ക്കളയരുത് നാളെ പിതാമഹൻ ആയുധം താഴെയിട്ടു ക്രൂരമ്പേൽക്കാൻ നെഞ്ച് വിരിച്ചു ശത്രുവിനു മുമ്പിൽ നിന്ന് കൊടുക്കുമെന്നാണ് സഹദേവൻ ഊഹിക്കുന്നത്. ആത്മഹത്യ ചെയ്ത അംബയുടെ പ്രതികാരജന്മം ഭീഷ്മരെ കീഴ്പ്പെടുത്തുമോ? അതോ സഹദേവന്റെ പ്രവചനസ്വരം ഇത്തവണയും തെറ്റുമോ?"

"വിവാഹ വാർഷികത്തിന് അനുമോദിക്കാൻ പോവുകയാണോ?" കൊട്ടാരം ലേഖിക ദുര്യോധനവിധവയോടു ചോദിച്ചു. "പാരാവാരങ്ങൾ പുകഴ്ത്തിയ പ്രശസ്ത ദാമ്പത്യമല്ലേ. അംഗീകൃത ഭർത്താക്കന്മാർ അഞ്ചു പേർ മാത്രമാണെങ്കിലും പാഞ്ചാലിയുടെ കമിതാക്കൾ നൂറു പേരും കൌരവർ ആയിരുന്നില്ലേ."

പുനരധിവാസകേന്ദ്രത്തിലെ തൊണ്ണൂറ്റി ഒമ്പത് കൗരവ വിധവകളും അനുകൂല ഭാവത്തിൽ തലയാട്ടി.

"പാണ്ഡവതല കൊയ്യാൻ കൗരവർക്കൊപ്പം വാളെടുത്ത കൃപാചാര്യൻ ഇതാ രാജസഭയിൽ വാ നിറയെ നിങ്ങൾക്ക് ആശംസ പറയുന്നു. ഇതെന്താ ഭരണമാറ്റത്തിൽ ഇങ്ങനെയൊരു മനംമാറ്റം?" സഭ പിരിഞ്ഞു അംഗങ്ങൾ ഊട്ടുപുരയിലേക്കു ധൃതിയിൽ നീങ്ങുമ്പോൾ കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

"ഇന്ന് ഹസ്തിനപുരിയിൽ ഏറ്റവും വില പിടിച്ച വസ്തു കൊട്ടാരം ഊട്ടുപുരയിൽ കിട്ടുന്ന സൗജന്യ ഭക്ഷണമാണ്, നിലപാടുതറയല്ല. എന്നറിയാമായിരിക്കും, നിങ്ങളെ പോലെ കൃപാചാര്യനും."

"കൗരവപക്ഷത്തെ ചിലർ ഗുരുതരമായി പരുക്കേറ്റയിടത്തേക്കു അത്യാവശ്യ മരുന്നുമായി ഓടിക്കിതച്ചെത്തിയ വനിതാ ആരോഗ്യപ്രവർത്തകയെ കുന്തമെറിഞ്ഞു കൊന്നതിൽ മനുഷ്യത്വമുള്ളവരെല്ലാം കോപം കൊണ്ട് ജ്വലിക്കുന്നല്ലോ. യുധിഷ്ഠിരൻ എറിഞ്ഞ കുന്തം കയറിയാണവളുടെ നെഞ്ച് പിളർന്നതെന്ന വാസ്തവം

എങ്ങനെ ഞങ്ങൾ വെളിപ്പെടുത്താതിരിക്കും? മാധ്യമപ്രവർത്തനം ശരിക്കും മാര കം", കൊട്ടാരം ലേഖിക പാണ്ഡവസൈനിക വക്താവായ നകുലനോട് ചോദിച്ചു.

"എന്തിനു മാധ്യമങ്ങൾ സത്യം മുഴുവൻ പറഞ്ഞു കൂടാ? കൺവെട്ടത്തിലുണ്ടാ യിരുന്ന സ്ത്രീയാണ് കൊല്ലപ്പെട്ടത് നീലയും ചുവപ്പും ധരിക്കുന്ന കൗരവ പാണ്ഡവ സൈന്യങ്ങളിൽനിന്ന് വ്യത്യസ്തമായി, അവൾ വെളുത്ത വസ്ത്രമാണ് ഉടുത്തിരുന്നത് അവൾ പക്ഷം നോക്കാതെ രാപ്പകൽ മുറിവേറ്റവർക്കു മരുന്നും സാന്ത്വനവും നൽ കി. ഇതൊക്കെയല്ലേ ഒരു വിഭാഗം സത്യങ്ങൾ? ഇനി ഞങ്ങളുടെ സത്യങ്ങൾ നി ങ്ങൾ അറിയണം. യുധിഷ്ഠിരനെ ബന്ദിയായി പിടിക്കാൻ കൗരവ സംഘം ഓടിവ രുമ്പോൾ നിങ്ങൾ പരാമർശിക്കുന്ന ഈ 'ശുഭ്രവസ്ത്രധാരി' അവർക്കു പ്രോത്സാഹ നം നൽകി യുദ്ധകാഹളമാണുയർത്തിയിരുന്നത്. ഉച്ച ഭക്ഷണത്തിനു പോരാട്ടം നിർത്തിയിരുന്ന വിശ്രമ വേളയിലാണ്അക്രമം. സ്ഥിതി നയതന്ത്രത്തിനു വഴങ്ങു ന്നതല്ലെന്ന തിരിച്ചറിവിൽ, യുധിഷ്ഠിരൻ കയ്യിൽ ഉണ്ടായിരുന്ന കുന്തം ആത്മരക്ഷ യിൽ കൊലയാളി സംഘത്തിന്നെതിരെ എറിഞ്ഞപ്പോൾ, ഉന്നം തെറ്റി തറച്ചത് 'ശുഭ്ര വസ്ത്ര വനിത'യുടെ നെഞ്ചിൽ ആയിരുന്നു എന്ന ആകസ്മികതയെ നിങ്ങൾ എങ്ങനെ ഒരായുധമാക്കി യുധിഷ്ഠിരനെ സ്ത്രീവിരുദ്ധനാക്കാൻ ഉറച്ചു? പോരാട്ട ഭൂമി യിലെ ഗോപുരത്തിന് മുകളിൽ നാലിടത്തായി യുദ്ധ നിർവഹണചുമതലയുള്ള പ്ര വിശ്യാഭരണകൂടത്തിന്റെ പ്രതിനിധികൾ തരുന്ന സാക്ഷിമൊഴികളിൽ വൈരുധ്യമു ണ്ടെങ്കിൽ അപ്പോൾ നമുക്ക് വീണ്ടും കാണാം. ഞങ്ങൾ ജീവിച്ചിരുപ്പുണ്ടെങ്കിൽ."

2019/06/04

"ഒന്ന് പറഞ്ഞാൽ കഴുത്തിൽ കത്തിവക്കുന്നവനെന്താണ് കൃഷിഭൂമിയിൽ കാ ര്യം?", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. ഗംഗയാറിൻ കൈവഴികളി ലൊന്നിന്, കിളച്ചു മണ്ണ് നീക്കി കൃഷിയിടത്തിലേക്ക് നീരൊഴുക്ക് എളുപ്പമാക്കുകയി രുന്നു പ്രഭാത വെയിലിൽ അർദ്ധനഗ്നകൗരവർ.

"ഞാൻ കൊലയാളിയാണോ? ഇലപ്പച്ചകളുടെ ഉൾത്തുടിപ്പായിരുന്നു കൊച്ചു നാൾ മുതൽ കരൾ നിറയെ. ഖാണ്ഡവപ്രസ്ഥമെന്ന ആവാസവ്യവസ്ഥയെ പാ ണ്ഡവർ കത്തിച്ചാമ്പലാക്കിയെന്നറിഞ്ഞപ്പോൾ, വെന്തുനശിച്ച ഫലവൃക്ഷങ്ങൾക്കു വേണ്ടി ബലിഘട്ടങ്ങളിൽ തർപ്പണം ചെയ്തവൻ ഞാൻ. കോട്ടക്കകത്തൊന്നു ചുറ്റി ക്കറങ്ങിയാൽ കാണാം, രാജവസതികൾക്കു ചുറ്റും വച്ചുപിടിപ്പിച്ച ഗാന്ധാരദേശസ സ്യങ്ങൾ. അതിന്റെ രോഗശാന്തി ശുശ്രൂഷയിലാണ് കൗരവർ കരുത്തു നേടിയത് 'നീയാണ് പ്രകൃതി' എന്ന് 'അമ്മ പറയുമ്പോൾ അതൊരു ചുമതലയാണെന്നു കരു തി കുട്ടിക്കാലത്തൊക്കെ ഭീതിയായിരുന്നു പിന്നെ പിന്നെ അക്ഷരാഭ്യാസമുണ്ടായ പ്പോൾ അമ്മ പറഞ്ഞതിന്റെ അകംപൊരുൾ വ്യക്തമായി."

"ഇതെല്ലാം സ്വയം എഴുതിയതാണോ?", തറ മുതൽ മേൽക്കൂര വരെ ചിതലെ ടുക്കാനാവാത്ത വിധം കരുതലോടെ, കൃത്യമായി വച്ചിരുന്ന പനയോലക്കെട്ടുകൾ നോക്കി കൊട്ടാരം ലേഖിക ചോദിച്ചു. മലയടി വാരത്തിലെ സുരക്ഷിത ആശ്രമാ ന്തരീക്ഷത്തിൽ നിൽക്കുമ്പോൾ, കുരുക്ഷേത്രയും ഹസ്തിനപുരിയും അസ്വാഭാവികമെ ന്നു തോന്നി.

“കഥയെഴുതുമ്പോൾ ആവുന്നത്ര പാണ്ഡവരെ പൊലിപ്പിച്ചു, കൗരവരെ വെട്ടിത്താഴ്ത്തി. അംബികയും അംബാലികയും ബീജദാനത്തിനായി എന്നെ ആശ്രയിച്ചിരുന്നു എന്ന് മാത്രമാണെനിക്കവരോടുള്ള ജൈവിക ബന്ധം. ഇന്നും എനിക്ക് തെറ്റും, അംബികയാണോ ധൃതരാഷ്ട്രരുടെ അമ്മ? അംബാലികയാണോ പാണ്ഡു മാതാവ്? എന്നാൽ തെറ്റാത്ത ഒന്നേ ഉള്ളൂ: വ്യർഥജന്മങ്ങൾ ഇരുവരും എന്ന തിരിച്ചറിവ്.”

2019/06/05

“വയോജനങ്ങളെ സൈന്യാധിപ പദവികളിൽ നിന്ന് നീക്കിയില്ലെങ്കിൽ, അവരുടെ കീഴിൽ പോരാടാൻ തന്നെ കിട്ടില്ലെന്ന് കർണ്ണൻ ദുര്യോധനനോട് തറപ്പിച്ചു പറയുന്നുണ്ടല്ലോ. അയാൾ ഉന്നം വക്കുന്നത് പിതാമഹനാണെങ്കിലും, ബഹിഷ്കരണതലകളിൽ നിങ്ങളും ദ്രോണരും പെടുമോ?”, കൃപാചാര്യനോട് കൊട്ടാരം ലേഖിക ചോദിച്ചു. പോരാട്ടഭൂമിയിലെത്തിയ മഹാരഥന്മാരുടെ സാന്നിധ്യം ആ ശീതകാല പ്രഭാതത്തിൽ ഒരുത്സവഛായ പകർന്നു.

“വയോജനങ്ങൾ എന്ന വാക്കു കൗമാര പോരാളി അഭിമന്യുവാണ് ഉച്ചരിച്ചിരുന്നതെങ്കിൽ നമുക്ക് മനസ്സിലാക്കാം. എന്നാൽ കർണ്ണൻ? കർണ്ണനൊക്കെ വയസ്സെത്രയായി എന്നാണു നിങ്ങൾ കരുതിയത്? യുധിഷ്ഠിരൻ തന്നെ ഇതിനകം കണ്ടു കഴിഞ്ഞില്ലേ ആയിരത്തിൽ താഴെ പൂർണചന്ദ്രന്മാരെ?”

2019/06/06

“ഉണക്ക വിറകു കത്തിച്ചു ഭീമജഡം കാട്ടാളർ സംസ്കരിച്ചു. അല്ലെങ്കിൽ കുറുനരിയും കഴുകനും കൊത്തിവലിക്കുമായിരുന്നു. തിരിഞ്ഞുനോക്കാതെ അഞ്ചാമത്തെ മരണവും കൗശലപൂർവ്വം ഒഴിവാക്കി അല്ലെ?” കൊട്ടാരം ലേഖിക ചോദിച്ചു. മേഘമാലകൾക്കപ്പുറത്തു സ്വർഗ്ഗരാജ്യത്തുനിന്നൊരു പിരിയൻ കോണി തൊട്ടടുത്ത് കാണുന്ന പോലെ യുധിഷ്ഠിര ശരീരഭാഷ വാചാലമായി.

“ഈയടുത്തകാലത്തും അവൻ പറഞ്ഞു, സ്വാഭാവിക മരണമാണ് പ്രിയം. സൈനികവേഷം ധരിച്ചവർ അങ്ങനെ പറയരുതാത്തതാണെങ്കിലും, ആ ശുദ്ധഹൃദയൻ ഉള്ളിൽ ഉള്ളത് പറയും. സത്യാനന്തര പ്രസ്താവനകളോ അസത്യമോ, എന്തിനു അർദ്ധ സത്യമോ നാവിൽ വരില്ല. ആ ശിശുഹൃദയം അത്തരം ഓമനത്തങ്ങൾ നിറഞ്ഞതാണ് പക്ഷെ, കഷ്ടം, മഹാ പ്രസ്ഥാനത്തിനിറങ്ങുമ്പോഴേക്കും വ്യാഴവട്ടക്കാല വനവാസവും അജ്ഞാതവാസവും കുരുക്ഷേത്രവും മറന്നിരുന്നു. സ്മൃതിനാശരോഗിയെന്ന പരിതാപനിലയിൽ, ഭൂതകാലം അവനിൽ നിന്ന് ഒലിച്ചുപോയെന്നു നകുലൻ പറഞ്ഞപ്പോളാണ്, അർത്ഥവ്യാപ്തി അറിഞ്ഞത് ഭൂതകാലം അവനെ വേട്ടയാടില്ലല്ലോ. ഞാൻ അൽപ്പം വ്യത്യസ്തനാണ് പാണ്ഡവരെയും പാഞ്ചാലിയെയും വസ്തുനിഷ്ഠമായി വിലയിരുത്താൻ ഗതകാലസ്മരണകൾ സുരക്ഷിതം. അതുകൊണ്ടാണ് പാഞ്ചാലിയും നാലു പാണ്ഡവരും വിട്ടുപിരിയുമ്പോൾ, അവരെ സംബന്ധിക്കുന്ന ഓർമ്മകളും ഒന്നൊന്നായി എന്നിൽ നിന്നൂരിപ്പോവുന്നതു. പാഞ്ചാലി എന്ന് മന്ത്രിച്ചു നോക്കൂ, പ്രതികരണത്തിൽ നിന്ന് തന്നെ നിങ്ങൾക്കത് ബോധ്യമാവും”, തൂങ്ങിക്കിടന്ന പിരിയൻ കോണിയിലേക്കു പിടിച്ചുകയറാൻ അവസാനത്തെ പാണ്ഡവൻ ഉത്സാഹത്തോടെ കൈകൾ ഉയർത്തി

"കളരിഗുരുവിനെ ചതിച്ചു കൊല്ലാൻ പോരാട്ടഭൂമിയിൽ വഴിവിട്ടു നുണ പറഞ്ഞു എന്ന് കൌരവർ ഒച്ചവക്കുന്നുണ്ടല്ലോ", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു, "നാവെടുത്താൽ സത്യമേ പറയൂ എന്ന വാശി ഭാരമായിട്ടൊന്നും തോന്നിയിട്ടില്ല, അല്ലെ?"

"ഭാരം ഇടക്കൊന്നിറക്കി വെക്കാൻ, നിറം പിടിപ്പിച്ച അർദ്ധസത്യങ്ങൾ ആവേശത്തോടെ പറയും", ദ്രോണവധത്തിന്റെ ആനന്ദലഹരിയിലായിരുന്നു അപ്പോഴും പാണ്ഡവൻ.

"ബലിദാനി ദുര്യോധനനെ കുറിച്ചൊരു ഓർമ്മ പങ്കിടാമോ ആദ്യവർഷ ചരമദിനത്തിൽ?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. അരികെ കുരുക്ഷേത്രവിധവകൾ ഉണ്ടായിരുന്നു.

"ഹസ്തിനപുരിയുടെ ഉൾനാട്ടുകളിൽ വറ്റി വരണ്ടു കിടന്ന കുളങ്ങളും കിണറുകളും വൃത്തിയാക്കി മഴവെള്ളം സംഭരിച്ചു ശുദ്ധജലസംഭരണികൾ ആക്കുന്നതായിരുന്നു കൗമാരം മുതൽ വേനൽക്കാല വിനോദം. കിളക്കാനും ചളി കോരി നീക്കാനും അറിയാത്തവന്റെ കയ്യിൽ ചെങ്കോൽ കൊടുക്കരുത് എന്നവൻ ഹൃദ്യമായി താക്കീത് ചെയ്യുമായിരുന്നു. യുദ്ധത്തലേന്ന് കൊട്ടാരം വക കൃഷിയിടത്തിൽ ജലസേചനം ചെയ്തു പ്രകൃതിയോടു കരുണ യാചിച്ചാണവൻ, രാജ്യത്തിന്റെ സ്വാതന്ത്ര്യം പരിരക്ഷിക്കാൻ, കുരുക്ഷേത്രരണാങ്കണത്തിൽ ഇറങ്ങിയത് എന്ന് എന്നോട് പറഞ്ഞത് വിദുരർ ആയിരുന്നു. ഭീമഗദക്കു മുമ്പിൽ ജീവത്യാഗം ചെയ്യുമ്പോഴും, അവൻ തടാകതീരത്തായിരുന്നു എന്നോർക്കണം. ഭൌതികാവശിഷ്ടം തടാകജലത്തെ മലിനപ്പെടുത്തരുത്, അതു കൊണ്ടു മുടിയിൽ വലിച്ചു കരകയറ്റി തുടയിൽ അടിച്ചു, വേണ്ടിവന്നാൽ അധാർമ്മികമായി പോലും, 'എത്രയും വേഗം കൊല ചെയ്യൂ' എന്ന് പിതൃസഹോദരപുത്രൻ ഞങ്ങളെ പ്രേരിപ്പിച്ചു."

"രാജസിംഹാസനത്തിന്റെ വലതു വശത്തു ഇരിക്കുന്നയാളും, ഇടതുവശത്തു നിൽക്കുന്നയാളും മഹാരാജാവിന്റെ ആരാണ് അച്ഛമ്മാ?", രാജസഭ കൂടിയശേഷം നടപടികൾ നോക്കിയിരുന്ന കുട്ടി രഹസ്യം പോലെ ചോദിച്ചു.

"കൃത്യമായി പറയാമോയെന്നു നോക്കട്ടെ, എനിക്കും അവരെ അധികം നേരിട്ടുകണ്ടു പരിചയമില്ല. സിംഹാസനത്തിന്റെ വലതുവശത്തിരിക്കുന്ന ഭീഷ്മരുടെ അച്ഛൻ ശാന്തനുവിന്, രണ്ടാം ഭാര്യ സത്യവതിയിൽ ഉണ്ടായ രണ്ടു ആണ്മക്കളിൽ ഒരാൾ, ക്ഷയരോഗി വിചിത്രവീര്യൻ, വിവാഹം ചെയ്തു രണ്ടു കാശിരാജകുമാരികൾ പിന്നീട് വിധവകളായപ്പോൾ, അവരുടെ ഇഷ്ടത്തിന്നെതിരായി ഭർതൃ മാതാവ് സത്യവതി ഏർപ്പാട് ചെയ്തു ബീജദാനി വ്യാസന് പിറന്ന രണ്ടു അംഗീകൃത പുത്രന്മാരിൽ ഒരാളാണ്, നീ സിംഹാസനത്തിൽ കാണുന്ന ധൃതരാഷ്ട്രർ, നിന്റെ അച്ഛന്റെ അച്ഛൻ. മറ്റെയാൾ പാണ്ഡു, കാട്ടിൽ വച്ച് മരിച്ചുപോയി. ബീജദാനി വ്യാസന് അനൗദ്യോഗികമായി ഒരു രാജതോഴിയിൽ രഹസ്യമായി ജനിച്ചയാളാണ് ഇടതുവശത്തു നിൽക്കുന്ന മന്ത്രി വിദുരർ. അമ്മ അച്ഛൻ എന്നിവരെ മാത്രം അടുത്തറിയുന്ന നിനക്ക് ഈ ബന്ധങ്ങൾ ഇപ്പോൾ അൽപ്പം അകന്നു തോന്നാമെങ്കിലും, അവരെ ഒരുമിക്കുന്നത് അധികാര ലഹരിയാണ് അത് നഷ്ടപ്പെട്ടാൽ പിന്നെ ഇവിടെ തുടരാനാവാതെ വനവാസത്തിൽ പോയി കാട്ടുതീയിൽ ചാടി മരിക്കാനും മടിക്കില്ല. കാത്തിരുന്നാൽ നിനക്ക് പലതും കാണാം, ഇനി ഗുരുകുലത്തിലേക്കു പോവൂ,

നല്ലവണ്ണം വിജയിച്ചാൽ മാത്രമേ തക്ഷശില സർവ്വകലാശാലയിൽ രാഷ്ട്രമീമാംസ പഠിക്കാൻ പ്രവേശനം കിട്ടുകയുള്ളൂ."

2019/06/07

"കുരുവംശത്തിന്റെ കീഴിലുള്ള പ്രവിശ്യ മാത്രമല്ലേ കുരുക്ഷേത്രം? പിന്നെ എന്താ നിങ്ങൾ ഒരിടഞ്ഞ അയൽ രാജ്യത്തെ പോലെ വിരൽ ചൂണ്ടി സംസാരിക്കുന്നത്?" കൊട്ടാരം ലേഖിക പ്രവിശ്യാ ഭരണാധികാരിയോട് ചോദിച്ചു.

"കുടിനീർ സ്രോതസ്സായ യമുനയുടെ തീരത്ത് പത്തു പതിനെട്ടു ദിവസം അഴിഞ്ഞാടിയ വഴക്കാളി അർദ്ധ സഹോദരർ, കൂലിക്കൊലയാളികളെ നേർക്കുനേർ നിർത്തി സൃഷ്ടിച്ച പരിസ്ഥിതിനാശം, അനാഥശവം എണ്ണുന്ന തിരക്കിൽ നിങ്ങളൊക്കെ ശ്രദ്ധിക്കാഞ്ഞത് ഞങ്ങളുടെ തകരാറാണോ? പുതിയ പാണ്ഡവഭരണ കൂടം നീണ്ടകാല നഷ്ടപരിഹാരം തരണമെന്ന തദ്ദേശീയ വികാരം വളച്ചുകെട്ടില്ലാതെ പറഞ്ഞതിനാണോ രാജ്യദ്രോഹകുറ്റം ചുമത്തി വായടപ്പിക്കാൻ ശ്രമം?"

"നേട്ടം വെട്ടിച്ചുരുക്കാൻ ശ്രമം ഉണ്ടല്ലോ. ചളിയിൽ താണ രഥചക്രം പണിപ്പെട്ടുയർത്തുന്ന കർണനെയാണ് തരം നോക്കി തലവെട്ടിയതെന്നു പറഞ്ഞത് സൈനികവക്താവ് നകുലനായിരുന്നു. അങ്ങനെ വെട്ടിത്തുറന്നു പറയരുതായിരുന്നു എന്ന് പിന്നീടവനെ ശാസിച്ചുവോ?", ശവസംസ്കാരത്തിനു ശേഷം ഒഴുക്കുവെള്ളത്തിൽ മുങ്ങിക്കുളിച്ചുകയറിയ അർജ്ജുനനോട് കൊട്ടാരം ലേഖിക ചോദിച്ചു. വൈകിയ രാത്രി.

"അവൻ പറഞ്ഞത് കൃത്യമല്ലേ? പത്തു ലക്ഷം പോരാളികൾ പരസ്പരം പതിനെട്ടുദിവസം യുദ്ധോർജ്ജ്യത്തിൽ കുലുങ്ങിയിട്ടും മണ്ണിളകാത്ത കുരുക്ഷേത്രത്തിൽ, കർണന്റെ രഥചക്രം മാത്രമെങ്ങനെ താഴാൻ ചളി കണ്ടെത്തി? തേരാളിശല്യൻ നിന്ദയോടെ മുഖം തിരിച്ചപ്പോൾ, കർണൻ വേറെ തരമില്ലാതെ ചക്രമുയർത്താൻ രഥത്തിൽ നിന്നിറങ്ങേണ്ടി വന്നത് നിങ്ങളൊക്കെ വാപൊളിച്ചു കണ്ടതല്ലേ. ഒറ്റക്കവൻ ചക്രമുയർത്തുമ്പോൾ ഞാൻ കൈകൂപ്പി ആ പ്രഖ്യാപിതശത്രുവിനു വിജയാശംസകൾ നേരണോ? അതോ, തക്കം നോക്കി കഴുത്തു വെട്ടണോ? ചക്രവ്യൂഹത്തിൽ തകർന്നുവീണ അഭിമന്യുവിന്റെ കുടലിൽ വാളിറക്കാൻ അവസരം കിട്ടിയപ്പോൾ, 'അരുത് ഇവൻ എന്റെ അനുജന്റെ മകനെ'ന്നു കർണ്ണമനഃസാക്ഷി കൗമാരപോരാളിക്ക് മാപ്പുകൊടുത്തുവോ? അസാധാരണ സാഹചര്യമല്ലേ പ്രകൃതിയെനിക്ക് അനുഗ്രഹിച്ചു തന്നത്? സാരഥിശല്യൻ കർണനോട് നിസ്സഹകരണം പ്രഖ്യാപിച്ചു കർണ്ണന്റെ പെടാപ്പാടു കണ്ടു അർമാദിക്കുന്നതൊക്കെ നിങ്ങളും കണ്ണ് മിഴിച്ചു കണ്ടതല്ലേ? എന്റെ സാരഥിയപ്പോൾ എന്താണുചെയ്തതെന്നോ? കൺകോണു കൊണ്ടെന്നെ കർമധീരനാക്കി-അതോടെ ആയുധം ഉന്നം കണ്ടു."

"രതിവിനോദമായിരുന്നില്ല വസ്ത്രാക്ഷേപം എന്നോ? പിന്നെ എന്തായിരുന്നു രാജസഭയിൽ കാട്ടിക്കൂട്ടിയത്?", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. കള്ളച്ചൂതിൽ പൗരാവകാശം നഷ്ടപ്പെട്ട പാണ്ഡവർ ശിക്ഷയനുഭവിക്കാൻ വടക്കൻ മലമ്പാതയിലൂടെ നീങ്ങുന്ന പ്രഭാതം.

"പാഞ്ചാലിയെ വിവാഹം കഴിച്ചു പാണ്ഡവർ ഹസ്തിനപുരിയിൽ എത്തിയശേഷം പണിയൊന്നു മെടുക്കാതെ അതിഥിമന്ദിരത്തിൽ തിന്നുകൊഴുക്കുന്ന കാലത്തു

അർജ്ജുനൻ വിദേശ പട്ടുവസ്ത്രങ്ങളുടെ പ്രദർശന നഗരി തുറന്നു. സൈന്ധവം മുതൽ കലിംഗ വരെ വാണിഭക്കാർ വരുന്നതും ചുങ്കം കിട്ടുന്നതും ഭരണകൂടം സ്വാഗതം ചെയ്തപ്പോൾ, അർജ്ജുനൻ അസാധാരണ നിബന്ധന വച്ചു രാജസ്ത്രീകൾക്കും പ്രഭു കുടുംബിനികൾക്കും മാത്രമേ പ്രവേശനമുള്ളൂ. അതും നേരായ വഴിയിൽ ഞാൻ സ്വാഗതം ചെയ്തു. പിന്നെ ചാരവിവരം കിട്ടി പാണ്ഡവർ അതിൽ പതിവായി പ്രവേശനം നേടുന്നു. ഓരോ വിൽപ്പനകേന്ദ്രത്തിലുമെത്തി കുലീനസ്ത്രീകൾക്കു ആഭരണം സ്വയം അണിയിച്ചു കൊടുക്കുന്നു പട്ടുടുപ്പിക്കുന്നു ഭർത്താക്കന്മാർക്ക് പോലും ലഭിക്കാത്ത വിധേയശാരീരിക സാമീപ്യം എളുപ്പത്തിൽ നേടുന്നു. കേട്ടപ്പോൾ ചോര തിളച്ചു. പക്ഷേ, കരുതലോടെ കൂടുതൽ വിശ്വാസയോഗ്യമായ രഹസ്യവിവരം തേടി. നിത്യവും വരും ഓരോ പാണ്ഡവൻ നിത്യവും ആവർത്തിക്കും പെണ്ണുടലിൽ പിടിക്കലും, ഉടലഴകുള്ളവരെ പട്ടുടുപ്പിക്കലും. അങ്ങനെയൊരു ദിവസം ഏക സഹോദരി ദുശ്ശളയും ഭർതൃരാജ്യമായ സൈന്ധവത്തിൽ നിന്ന് വിരുന്നിനു വന്നു, അർജ്ജുനൻ അവളെ കടന്നു പിടിച്ചു അരയിൽ ഒഡ്യാണം കെട്ടിക്കൊടുക്കാൻ തുനിഞ്ഞപ്പോൾ, അവൾ ഒറ്റത്തട്ടിനവനെ കീഴ്പ്പെടുത്തി അരയിൽ നിന്നൂരിയ കത്തി പീഡകകഴുത്തിൽ വച്ചു പരസ്യമായി മാപ്പപേക്ഷിക്കാൻ ആജ്ഞാപിച്ചു. അതവൻ നിവൃത്തികേടു കൊണ്ടു അനുസരിക്കേണ്ടിവന്നതിനു മറ്റുനാലു പാണ്ഡവർ മൂകസാക്ഷി. ദുശ്ശള ഞങ്ങൾക്ക് രാജസഭയിൽ വന്നു അസാധാരണ പ്രഖ്യാപനത്തിലൂടെ ആ വിവരം തന്നു. "അടച്ചുപൂട്ടു ഭരണകൂടസൗജന്യത്തിലുള്ള ഈ സ്ത്രീവിരുദ്ധ വിൽപ്പന കേന്ദ്രം. പറഞ്ഞയക്കു ആ പീഡകരെ കരിനാഗങ്ങൾ പായുന്ന ഖാണ്ഡവവനത്തിലേക്കു." അവർ ഇന്ദ്രപ്രസ്ഥത്തിൽ ചക്രവർത്തിയായപ്പോൾ ഞങ്ങൾ ഉറച്ചു, അവർ പഠിക്കണം ഇനിയും. ആ പാഠമായിരുന്നു ഇന്നലെ നിങ്ങൾ രാജസഭയിൽ കണ്ടത്."

2019/06/08

"മാദ്രിപുത്രന്മാർക്കു ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ വന്ന മാദ്രരാജാവ് ശല്യനെ എത്ര അനായാസമായി നിങ്ങൾ കൗരവസഖ്യകക്ഷിയാക്കി. എങ്ങനെ ഒപ്പിച്ചെടുത്തു ഈ നയതന്ത്ര വിജയം?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. യുദ്ധമേഘങ്ങൾ നിറഞ്ഞുതുടങ്ങിയ ആകാശം.

"അനായാസമായി? അതോ മനഃസാന്നിധ്യത്തോടുകൂടിയോ? പ്രിയഅനുജത്തി മാദ്രിയെ പാണ്ഡുചിതയിൽ തള്ളിയ കുന്തിയോടയാൾക്കു പകയുണ്ട് എന്ന് ഞാൻ ഊഹിച്ചിരുന്നു. മാദ്രിപുത്രന്മാരായ നകുലനെയും സഹദേവനെയും യുദ്ധത്തിൽ സഹായിക്കാൻ കുടുംബപരമായ ചുമതലയുമുണ്ട്. എന്നാൽ, പറയാതെവയ്യ, ഭീമനെപ്പോലെ ആളൊരു മന്ദനമാണ് ആദ്യസന്ദർശനത്തിൽ ഞാൻ യുധിഷ്ഠിരനാണെന്ന അയാളുടെ മുൻവിധി ഞാൻ പിന്നെ തിരുത്തിയില്ലെന്നതാണെന്റെ പിടിവള്ളി. യുദ്ധത്തിൽ നിങ്ങൾക്കൊപ്പം എന്ന അയാളുടെ വാക്കു ഒരുടമ്പടി പോലെ ഞാൻ ഇരുകൈകളും നീട്ടി ഔപചാരികമായി സ്വീകരിച്ചു. കൗരവസഹോദരർ സാക്ഷികളായി. അന്തരീക്ഷത്തിനു ഇതിഹാസ മാനം നൽകാൻ ഉപചാരപൂർവ്വമായ അവരുടെ പെരുമാറ്റം തുണച്ചു. പ്രതീകാത്മകമായി ആലിംഗനം ചെയ്തു കൈ കൊടുത്തശേഷം, ഇനി വാക്കുമാറ്റിയാൽ അപ്പോൾ അറിയും കുരുവംശസംസ്കാരത്തിന്റെ തനിനിറം എന്നുഞാനുറപ്പിച്ചു. ഒന്നേ അയാൾ വിചിത്രമായ മുഖഭാവ

ത്തോടെ സ്വരം താഴ്ത്തി എന്നോട് ചോദിച്ചുള്ളൂ-പോർക്കളത്തിൽ കർണസാരഥിയാവണം. സൂതപുത്രന്റെ തേരോടിക്കാൻ മാദ്രരാജാവ് അവസരം ചോദിക്കുകയാണ്. മഹാരാജാവ് സാരഥിയാവുന്നതിൽ പാർശ്വവത്കൃത കർണ്ണൻ ആഹ്ലാദിക്കുമെന്ന പൊതുമോഹവും അങ്ങനെ പൂവണിയട്ടെ എന്ന് ഞാൻ സന്തോഷിക്കുന്നു. മാദ്രിപുത്രന്മാരായ നകുലനും സഹദേവനും ശല്യന്റെ മുമ്പിൽ വരാത്തവിധം വേണം യുദ്ധഭൂമിയിൽ സൈനികവിന്യാസം എന്നൊരു കഠിന പരീക്ഷണം കൂടിയുണ്ട്. നോക്കട്ടെ." കുരുക്ഷേത്രയിൽ നിന്ന് കുതിരപ്പുറത്തു അതിവേഗം വന്ന ചാരനെ കണ്ടതോടെ അഭിമുഖം മുറിഞ്ഞു

"എന്താണ് കോട്ടക്കകത്തൊരു ശ്മശാനമൂകത?", കൃപാചാര്യന്റെ ചെവിയിൽ, കൊട്ടാരം ലേഖിക മന്ത്രിച്ചു. തടിച്ചുകൂടിയ പാറാവുകാരും കുതിരപ്പട്ടാളവും തലകുനിച്ചു മൗനത്തിലായിരുന്നു. പാണ്ഡവരെ മുൻനിരയിൽ കാണാമായിരുന്നു.

"ആയുധമത്സരവും പോർവിളികളുമില്ലാത്തൊരു നവലോക ക്രമത്തിനായി പ്രാർത്ഥന എന്ന ആശയം യുധിഷ്ഠിരന്റേതാണ് അതുകഴിഞ്ഞേ കാളത്തുടക്കായി ഊട്ടുപുരയിലേക്കു കുതിക്കാനാവൂ. കൗരവരാജക്കുട്ടികൾ ഭരണകൂടത്തിനെതിരെ ഒളിപ്പോരാട്ടത്തിനു ശ്രമിക്കുന്നു എന്നറിഞ്ഞ പാണ്ഡവർ, ലോകസമാധാനത്തിന് ചെയ്യുന്നൊരു മഹനീയമാതൃക എന്ന് 'ഹസ്തിനപുരി പത്രിക'യിൽ വാർത്ത കൊടുക്കു ഊട്ടുപുരയിൽ നിങ്ങൾക്കും കിട്ടും ഇരിപ്പിടം."

2019/06/09

"പത്തു പാണ്ഡവക്കണ്ണുകൾ തുറിച്ചു നോക്കുന്നതു പാഞ്ചാലി ഒരിക്കൽ അഭിമുഖത്തിൽ ഓർത്തെടുത്തു. ശരിക്കും ദാമ്പത്യ 'ഭാര'മായിരുന്നില്ലേ അവളിൽ ചൊരിഞ്ഞത്? ലജ്ജാകരമല്ലേ ബഹുഭർത്തൃത്വം?", കൊട്ടാരം ലേഖിക ചോദിച്ചു. ഹസ്തിനപുരി അന്തഃപുരത്തിൽ കുന്തിയുടെ ജീവിതസായാഹ്നം.

"വിവാഹപൂർവ്വജീവിതത്തിലെ അവിഹിതരതിയും, അനാവശ്യഗർഭധാരണവും, ചോരക്കുഞ്ഞിനെ പുഴയിലൊഴുക്കലും, കുറ്റബോധത്താൽ നീറുന്ന മനസും ഒക്കെ ഉള്ളപ്പോഴും, ഒരു കാര്യത്തിൽ മതിപ്പു തോന്നി. ഞാൻ വന്ധ്യയല്ല. പാണ്ഡുവിനു കായിക ക്ഷമതയില്ലെങ്കിലും, എനിക്കു മാതൃത്വശേഷിയുണ്ട്. മക്കൾ എന്ന ലക്ഷ്യം തേടി ഞാൻ പരപുരുഷന്മാരെ പ്രലോഭിപ്പിക്കാൻ പൂച്ചൂടി പടിയിറങ്ങിയ ജീവിതാവസ്ഥ പാഞ്ചാലിക്കുണ്ടാവാതിരിക്കാൻ, അഞ്ചു പുത്രന്മാരെ പായക്കൂട്ടാക്കിയ ചേതോവികാരം കൃതജ്ഞതയോടെ പാഞ്ചാലി തിരിച്ചറിയുന്നില്ലെങ്കിൽ, ആ കഠിനഹൃദയയെ പ്രകൃതി ഒരു പാഠം പഠിപ്പിച്ചു എന്നതിന്റെ പ്രത്യക്ഷ തെളിവല്ലേ അവൾ പെറ്റ അഞ്ചുമക്കളും ജീവിച്ചിരിപ്പില്ല എന്നത്? ഞാൻ വളർത്തിയ അഞ്ചു മക്കളും ജീവിച്ചിരിക്കുന്നുണ്ട് എന്നതെന്റെ ദർശനത്തെ സാധൂകരിക്കുന്നപോലെ?"

"പരിത്യാഗികൾക്കു പരിമിതിയില്ലാതെ വ്യക്തിഗതസേവനം നൽകണമെന്ന കർശന ഉപാധിവെച്ചാണ് കൗരവർ നിങ്ങൾക്ക് വനവാസശിക്ഷ തന്നത് ഒരു ദശാബ്ദത്തോളം ഇന്ദ്രപ്രസ്ഥം ചക്രവർത്തിപദം വഹിച്ച പാണ്ഡവർ ഏതുവിധത്തിലാണ് സന്യസ്ഥാശ്രമങ്ങളിലെ അന്തേവാസികളോട് സീമയില്ലാതെ വിധേയപ്പെട്ടത്?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"ഒരാളെ ഓർക്കുന്നു. നകുലൻ. പരിചയപ്പെട്ടു പുത്തനുത്സാഹം പോവും മുമ്പവൻ ഓരോരുത്തരുടെയും പൂർവ്വാശ്രമം തിരക്കും. അതോടെ പരിത്യാഗികളിൽ മദമാത്സര്യം പുകയും."

2019/06/10

"കോട്ട പിടിച്ചെടുക്കാൻ പദയാത്ര ചെയ്യുന്ന ഈ ചരിത്ര മുഹൂർത്തത്തിൽ കുറുക്കുവഴിയിലൂടെ മുന്നിൽ വന്നു വഴിതടയുന്നതിന്റെ യുക്തി എന്താണ്?" കൊട്ടാരം ലേഖിക മുഖപരിചയമുള്ള കുരുക്ഷേത്ര പ്രവിശ്യാ ഭരണാധികാരിയോട് ചോദിച്ചു.

"കരാർ അനുസരിച്ചു പുഴയോരത്തെ കുറ്റിക്കാടുകൾ വെട്ടി നിരപ്പാക്കിക്കൊടുക്കുമ്പോൾ ദുര്യോധനനോട് രേഖാമൂലം പറഞ്ഞിരുന്നു, ഖാണ്ഡവ വനം പോലെ ഇതുമൊരു മാതൃകാ ആവാസവ്യവസ്ഥ. 'യജ്ഞം' കഴിഞ്ഞു തിരിച്ചുപോവുമ്പോൾ, മൈതാനം പൂർവ്വ സ്ഥിതിയിലെത്തിക്കാൻ സഹരിക്കുമെന്ന ഉറപ്പിലാണ് കരാറിൽ ഒപ്പിട്ടു ഇടം കൗരവർക്കു കൈമാറിയത് പിന്നീട് കണ്ടത് യജ്ഞമായിരുന്നില്ല കൂട്ടക്കൊലയായിരുന്നു. പതിനെട്ടുനാൾ കുരുക്ഷേത്രയിൽ കുമിഞ്ഞു കൂടിയ ജൈവമാലിന്യങ്ങൾ, ശരശയ്യയിൽ കിടക്കുന്ന പടുകിഴവനുൾപ്പെടെ, ആരുനീക്കം ചെയ്യണം? കരാർ അനുസരിച്ചു ജേതാക്കൾ. ആരാണ് ഈ ജേതാക്കൾ? പെരുമ്പറ കൊട്ടി പോരാട്ടവിജയം ആഘോഷിക്കുന്ന പാണ്ഡവർ. എന്ത് ചെയ്യണമെന്നാണ് പറയുന്നത്? ഒരടി കിഴക്കോട്ടിനി കാൽവക്കും മുമ്പ് 'യജ്ഞ'ത്തലേന്നു കുരുക്ഷേത്ര എങ്ങനെയായിരുന്നുവോ അങ്ങനെ ആക്കി വേണം തിരികെ തരാൻ. അല്ലെങ്കിൽ? സ്വയംഭരണാവകാശമുള്ള കുരുക്ഷേത്രഭരണാധികാരിയെയും കുടുംബത്തെയും കൂടി കൊന്നു കുഴിച്ചു മൂടണം. നാം നാളെയുടെ നാണക്കേട് എന്ന് പാണ്ഡവർ പറയിപ്പിക്കരുത്."

"പ്രിയമാംസകലാകാരാ സ്വസ്തി" എന്ന് ഏതെങ്കിലും പോരാളി, ആശംസയർപ്പിക്കാറുണ്ടോ?", അറവുകാരിൽ ഒരാളെ സമീപിച്ചു കൊട്ടാരം ലേഖിക ചോദിച്ചു.

"ഭക്ഷണശാലയിൽ പോയി കാണാൻ എനിക്കധികാരമില്ല. എന്നാൽ ഞാൻ അറക്കുന്ന മാടുകൾ പൊരിച്ച ഇറച്ചിയായി അവരുടെ തീൻശാലയിൽ ചെല്ലുന്നുണ്ടെന്നെനിക്കറിയാം. ഭക്ഷണം കഴിക്കാൻ വരുന്നവർ ഭൂമിയിൽ ശാശ്വതസമാധാനം പുലർത്താനായി യുദ്ധം ചെയ്യുകയാണെന്ന് പ്രബോധനം ചെയ്തു കൃപാചാര്യർക്കു സ്തുതി." അതിനിടയിലൊരിക്കൽ ദീർഘകായനായൊരു സൈനികൻ തോളിൽ തട്ടി ശിശുഭാവത്തോടെ ചോദിച്ചു, "സഹോദരാ ഒറ്റ വെട്ടിനു കഴുത്തു പിളർക്കുന്ന ആ കലാവിരുത് എന്നെയുമൊന്നു പഠിപ്പിക്കൂ. നൂറോളം കൗരവരെ പച്ചക്കു കൊന്നു കൊലവിളിക്കാനൊരു നിയോഗവുമായി ഇറങ്ങിയിരിക്കയാണ് ഞാൻ. ദൗത്യം പിഴച്ചാൽ പ്രണയിനി എന്നെ എന്നെന്നേക്കുമായി തിരസ്കരിക്കും. ഒരു കല്യാണസൗഗന്ധികം കൊണ്ടൊന്നുമാവില്ല കെട്ടിവെക്കാൻ, പതിമൂന്നു വർഷമായി അഴിച്ചിട്ടിരിക്കുന്ന ആ മുടി."

2019/06/11

"തൊണ്ണൂറ്റിഒമ്പത് കൗരവരാജവിധവകൾക്കും സമാധാനപരമായി ഔദ്യോഗികരാജമന്ദിരങ്ങളിൽ നിന്ന് കുടിയൊഴിയാമെങ്കിൽ നിങ്ങൾക്ക് മാത്രമെന്താ പടിയി

റങ്ങാൻ ഇത്ര മനഃ പ്രയാസം?”, അന്തഃപുരത്തിന്റെ അകത്തേക്ക് നോക്കി നിയുക്ത ഭരണാധികാരി യുധിഷ്ഠിരൻ വെല്ലുവിളിച്ചു.

“ധൃതരാഷ്ട്രരെ പോലെ നിങ്ങളും കാഴ്ചപരിമിതനായോ? നിങ്ങൾ വിരൽ ചൂണ്ടുന്ന ആ സ്ത്രീ കൗരവ രാജവിധവയാണോ? അതോ പെറ്റതള്ള കുന്തിയോ?”, പാഞ്ചാലി ചോദിച്ചു.

“പരുക്കൻ ഭാവങ്ങളുള്ള ഒന്നോ രണ്ടോ കൗരവരൊഴികെ, ബാക്കിയുള്ളവരെല്ലാം പരിലാളനയോടെ തരം കിട്ടുമ്പോഴൊക്കെ സ്പർശിക്കുന്നതായി തോന്നിയിട്ടുണ്ടെന്ന് നിങ്ങളൊരിക്കൽ പറഞ്ഞു. എങ്ങനെ ഇത്ര വലിയൊ‘രാൾക്കൂട്ട’ത്തെ, മുള്ളിനും ഇലക്കും കേടില്ലാതെ, കൈകാര്യം ചെയ്തു എന്നതാണെന്റെ വിസ്മയം”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“അവരുടെ രതികേന്ദ്രിത ആരാധനയെ നിരുത്സാഹപ്പെടുത്താതെ, അരുതുകളുടെ പട്ടിക പ്രസിദ്ധീകരിക്കാൻ തടസ്സമുണ്ടായില്ല. വാത്സല്യത്തോടെ അവരെ തിരിച്ചു നോക്കുമ്പോൾ, വിലക്കുമായി വിരൽ ചൂണ്ടും. നവവധുവായി ഹസ്തിനപുരിയിൽ വന്നു ഖാണ്ഡവ വനത്തിലേക്ക് കുടിയേറ്റക്കാരായി പോവും മുമ്പുള്ള ഇടവേളയിലാണവരുമായി ഞാൻ കൈകോർത്തതെങ്കിലും, പിൽക്കാലത്തു ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയായി കഴിയുമ്പോഴും, വേഷം മാറി കച്ചവട സംഘത്തോടൊപ്പം വന്നു സുഗന്ധതൈലങ്ങൾ സമ്മാനിച്ചിരുന്ന ആ കാലം എങ്ങനെ മറക്കും ഞാൻ, പ്രിയപ്പെട്ടവരേ.”

2019/06/12

“പരിസ്ഥിതിനാശം ഒഴിവാക്കി സ്വത്തു തർക്കം തീർക്കാൻ, വീട്ടുമുറ്റത്തൊരു ഭീമ ദുര്യോധന മല്ലയുദ്ധം മതിയായിരുന്നില്ലേ?”, കുരുക്ഷേത്രയിലെ ശരശയ്യയിൽ മരണം കാത്തുകിടന്ന പിതാമഹനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കൈകാലുകൾ വലിച്ചു ഉടൽ വേർപെടുത്തുന്ന ‘ജരാസന്ധവധം’ ആരാണാദ്യം പൂർത്തിയാക്കുകയെന്നു കൗരവരും പാണ്ഡവരും ഭയന്നു.”

“നിത്യബ്രഹ്മചാരിയാണെന്ന അവകാശവാദം മുഖവിലക്കെടുക്കുമ്പോഴും, ശിഖണ്ഡി മുന്നിൽ നിന്നാൽ ആയുധം താഴെയിടുമെന്ന ഭീഷ്മഭീഷണി ലിംഗസമത്വത്തിനു യോജിച്ചതാണോ? ഇതൊരു പരിഷ്കൃത സമൂഹമല്ലേ?”, ശരശയ്യയിൽ കിടക്കുന്ന പിതാമഹനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കുരുക്ഷേത്ര യുദ്ധത്തിന്റെ ആദ്യത്തെ ഒമ്പതുദിവസവും ക്ഷീണിച്ചവശനായി ഞാൻ പാളയത്തിൽ സന്ധ്യക്ക് കുളി കഴിഞ്ഞു വിശ്രമത്തിനായി എത്തുമ്പോൾ കണ്ടത് ‘എത്ര പാണ്ഡവതല ഇന്നരുട്ടി?’ എന്ന ചോദ്യവുമായി അക്ഷമയിൽ കുലുങ്ങുന്ന ദുര്യോധനനെയാണ് ഇന്നും നരാധമൻ വഴിതടയുമെന്നു തോന്നി, ജീവിതം മടുത്ത ഞാനൊരു പൊടിക്കൈ അറ്റകൈയ്യിന് പ്രയോഗിച്ചു, ആയുധവുമായി മൂന്നാം ലിംഗക്കാരൻ മുമ്പിൽ വന്നാൽ പോരാട്ടത്തിനില്ലെന്നൊരു മുൻകൂർ രഹസ്യധാരണ ശിഖണ്ഡിയുമായി.”

2019/06/13

"ഊതിവീർപ്പിച്ചുവോ നിങ്ങൾ സൈന്യസംഖ്യ?" കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു "മൊത്തം നാൽപ്പതുലക്ഷം സൈനികർ ഇരുപക്ഷത്തുമായുണ്ട് എന്നതൊക്കെ ശുദ്ധതട്ടിപ്പെന്നു ചാർവാകൻ ചുണ്ടുകോട്ടി പറയുന്നുണ്ടല്ലോ."

"അല്ല, ആദ്യദിവസം തന്നെ മൊത്തം സൈനികരെ പോർക്കളത്തിൽ ഇറക്കുമോ അഭിവന്ദ്യ ചാർവാകൻ? സായുധപോരാളികളെ മാത്രമേ അയാൾ സൈനികർ എന്ന വകുപ്പിൽ ചേർക്കൂ എന്നുമുണ്ടോ? ഒരു പോർക്കളപോരാളിക്ക് വേണ്ടേ പാളയങ്ങളിൽ പിൻ സേവനദാതാക്കളായി ചുരുങ്ങിയത് രണ്ടുപേർ? ഇരുപത്തിനാലുമണിക്കൂർ ഊട്ടുപുരയും, സൈനികരുടെ വസ്ത്രങ്ങൾ കഴുകിയുണക്കലും ഉറക്കറ ഒരുക്കലും-അതിനൊക്കെ പിന്നെ സൈനികർ അല്ലാതെ ചാർവാകൻ ഉൾപ്പെടുന്ന പൊതുസമൂഹം വരുമോ? പോരാട്ടം കഴിഞ്ഞു രാത്രി വിശ്രമിക്കുന്ന പോരാളിക്ക് ആസ്വാദനരതിക്കു കൂട്ട് വേണ്ടേ? അതോ ശ്ലോകം ചെല്ലിക്കിടന്നാൽ കിട്ടുമോ ഉറക്കം? പതിനായിരക്കണക്കിന് പായക്കൂട്ടുസേവനദാതാക്കൾ ഗർഭധാരണത്തിനു വേണ്ടി പാളയങ്ങളിൽ സ്വന്തം ചെലവിൽ സാന്നിധ്യമുറപ്പിച്ചിട്ടുണ്ട് അവരെ പട്ടികയിൽ നിന്ന് പുറത്തേക്കെറിയണോ? കുരുക്ഷേത്രയിലെ ഒഴിവാക്കാനാവാത്ത ജീവഹാനിക്ക് പകരം വക്കാൻ, ജനസംഖ്യയിൽ ആവുന്നത്ര വർധനവുണ്ടാക്കണ്ടേ? ഞാൻ ഉറപ്പു തരുന്നു അവരുടെ നിസ്വാർത്ഥ നിശാസേവനം ഹസ്തിനപുരിയുടെ യുദ്ധചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെടും. ചാർവാകൻ ചവറ്റുകൊട്ടയിലും."

"മേനിയിൽ കൊഴുപ്പുണ്ടെങ്കിലും കണ്ണിൽ തീയില്ലാത്തവനെന്നു ദുര്യോധനൻ വിശേഷിപ്പിക്കുന്നതിൽ രോഷമുണ്ടോ? അഥവാ അവൻ പറയുന്നതിൽ കാര്യമുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"നയതന്ത്രചാതുരി പ്രകൃതിയെന്നിൽ ചൊരിഞ്ഞില്ലെന്നത് കാര്യമായെടുത്തിട്ടില്ല കാരണം, ഏറ്റെടുക്കുന്ന ദൗത്യം കാര്യക്ഷമമായി ചെയ്യുന്നവൻ ഞാനെന്നു, കെട്ടിപ്പുണർന്നാദ്യം പെറ്റ തള്ള പ്രശംസിച്ചതായിരുന്നു കാര്യം. പാണ്ഡുചിതയിൽ മാദ്രി വേണം സതിചെയ്യാനെന്ന കുന്തിയുടെ ആജ്ഞ ബലം പ്രയോഗിച്ചു ഞാൻ ഒറ്റക്ക് ചെയ്തുകാണിച്ചപ്പോഴായിരുന്നു അത് അന്ന് ഞാൻ വെറുമൊരു കൗമാരക്കാരൻ. ഇന്നെന്ന പോലെ തുടയിലും അരക്കെട്ടിലും ദുർമേദസ്സുള്ളവൻ. ജീവിക്കണം എനിക്കിനിയും ജീവിക്കണം എന്ന് വാവിട്ടു നിലവിളിച്ചുകൊണ്ടിരുന്ന മാദ്രി കത്തിക്കരിക്കട്ടയാവും വരെ ചിതക്കരികെ ഉണക്കവിറകുമായി നിൽക്കുന്നതു കണ്ടു മാദ്രിമക്കൾ നകുലനും സഹദേവനും ഭയന്നുവിറച്ചു ഓടിപ്പോയിട്ടും, ലവലേശം ഞാൻ അടങ്ങിയില്ല. ഇന്ന് കുരുക്ഷേത്ര പതിനേഴാം ദിവസം കർണ്ണനെ അർജ്ജുനൻ ചുരുട്ടിക്കൂട്ടിയ ദിവസം. എപ്പോഴാണ് ദുര്യോധനനെ അതുപോലെ കൈകാര്യം ചെയ്യാൻ കിട്ടുക എന്ന് തരം നോക്കി നടക്കുകയാണ് ഞാൻ. കിട്ടിയാൽ അവൻ തിരിച്ചറിയും, കണ്ണിൽ എരിയുന്നതു തീയാണോ എന്നും ഭീമഗദക്കു മാരകപ്രഹരശേഷിയുണ്ടോ എന്നും", കൊന്നു കൂട്ടിയ നൂറിൽ താഴെ കൗരവരുടെ പേരുകൾ കൊച്ചുകുട്ടിയെ പോലെ തെറ്റിപ്പറഞ്ഞും സ്വയം തിരുത്തിയും ആകെ തിമിർപ്പിലായിരുന്നു പാളയത്തിൽ ഭീമൻ.

2019/06/14

"മൃദുലവികാരങ്ങൾക്കു പ്രദർശനമൂല്യം കുറവെങ്കിലും, വിരൽ ചൂണ്ടി പറയാതെ വയ്യ, മാരകമായി നെഞ്ചിൽ ആഞ്ഞടിച്ചു മറിച്ചിടുന്നതിനു പുറമെ ദ്രവീകൃതഹൃദയം

കൈക്കുമ്പിളിൽ കോരി ഓടിക്കിതച്ചെത്തിത്തന്നെ വേണോ പാഞ്ചാലിയുടെ മുടി തേച്ചു മിനുക്കാൻ? പറഞ്ഞുവന്നാൽ, അവളൊരു പരിഷ്കൃത വനിതയല്ലേ?", കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

"പതിവുപോലെ കാര്യമറിയാതെ നിങ്ങൾ കുരുവംശത്തെ കുറ്റം പറയുന്നു. പോർക്കളത്തിൽ ഗുരുതരമായി പരുക്കേറ്റു മരിക്കുമെന്നുറപ്പായപ്പോൾ, പതിമൂന്നു കൊല്ലം മുമ്പ് ചൂതാട്ടസഭയിൽ വസ്ത്രാക്ഷേപ വിചാരണയിൽ പ്രതിസ്ഥാനത്തായിരുന്ന കൗരവനു നേരിയതോതിൽ കുറ്റബോധമുണ്ടായി. പ്രിയ പാഞ്ചാലിയുടെ മുടിയഴകിനു തേച്ചുപിടിപ്പിക്കാൻ, അന്ത്യാഭിലാഷമെന്ന നിലയിൽ രക്തദാനം ചെയ്തു. ചത്തവന്റെ പ്രതിച്ഛായ മോശമായിരിക്കാം, പക്ഷേ, ഉദ്ദേശ്യശുദ്ധി-അതെങ്കിലും കളങ്കരഹിതമായി കണ്ടുകൂടെ?"

2019/06/15

"സൗന്ദര്യാരാധകനാണല്ലേ? പാഞ്ചാലീസ്വയംവരത്തിൽ നിങ്ങളെയും കണ്ടല്ലോ മുൻനിര മത്സരാർത്ഥിയായി?" കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

"ഒളിവിൽ പോയ കുറ്റവാളികളെ കയ്യോടെ പിടികൂടാനുള്ള കൊച്ചുകെണിയായിരുന്നില്ലേ? വാരണാവതം സുഖവാസ മന്ദിരം കത്തി പാണ്ഡവർ മരിച്ചെന്നു കരുതി, കൗരവർ ശ്രാദ്ധം ചെയ്തതല്ലേ. ആദിവാസികുടുംബത്തെ ഇരകളാക്കി ഭൂഗർഭപാതയിലൂടെ രക്ഷപ്പെട്ട ആ 'പാപി' കൾ പിന്നെ പൊങ്ങിയത് ഏകചക്ര ഗ്രാമത്തിലായിരുന്നെങ്കിലും, അവരെ പരസ്യമായി തന്നെ വേണം പൊളിച്ചടുക്കാനെന്നു ദുര്യോധനൻ പറഞ്ഞപ്പോൾ ഞങ്ങൾ പാഞ്ചാല വേദിയാക്കി. കുടുംബചരിത്രകാരൻ വ്യാസനെ കണ്ടു പാണ്ഡവരെ സ്വയംവരത്തിലേക്കു പോവാൻ പ്രേരിപ്പിക്കണമെന്നു ദുര്യോധനൻ ആവശ്യപ്പെട്ടു. ദുര്യോധനസ്വരം കനത്തു എന്നറിഞ്ഞപ്പോൾ അച്ഛച്ചൻ കൂടിയായ വ്യാസൻ ദൗത്യം ഏറ്റെടുത്തു. കുറച്ചുകാലമായുള്ള ബ്രാഹ്മണവേഷം കെട്ടും യാചകജീവിതരീതിയും ഒന്നും തുണച്ചില്ല. ഒറ്റനോട്ടത്തിൽ അഞ്ചു തസ്കരന്മാരെയും ഞാൻ തിരിച്ചറിഞ്ഞു. തിരിച്ചറിഞ്ഞെന്നു പാണ്ഡവർക്കും മനസ്സിലായെന്നു അവരുടെ ശരീരഭാഷയിൽ നിന്ന് തെളിഞ്ഞു. മത്സരത്തിൽ ഞാൻ നാമമാത്രമായി പങ്കെടുത്തത്, പരിഷ്കൃതവനിതയെന്നു പേരെടുത്ത പാഞ്ചാലി അവർണ്ണ കർണ്ണനോടെങ്ങനെ സ്വയംവര നിലപാടെടുക്കുന്ന എന്നറിയാനുള്ളൊരു പ്രഹസനം മാത്രമായിരുന്നില്ലേ."

2019/06/17

"പച്ചക്കു കത്തിക്കുമെന്ന് കേട്ടപ്പോൾ ഞെട്ടിപ്പോയി. നിങ്ങളുടെ സഹോദരിയും മഹാറാണിയുമായ സുദേഷ്ണയുടെ വിശ്വസ്ത തോഴിയായി അന്തഃപുരത്തിൽ ഒതുങ്ങിക്കഴിയുന്ന ആ സ്ത്രീയെ സമ്മതം കൂടാതെ തൊടാൻ പോലും എന്തധികാരം?", കൊട്ടാരം ലേഖിക ചോദിച്ചു.

"തൊടുന്നതും തലോടുന്നതും ഒക്കെയുണ്ട്. അറിയാമോ, അത്താഴവും മദ്യവും എനിക്കെത്തിക്കുന്ന ജോലി അവളെ സുദേഷ്ണ കൗശലപൂർവ്വം ഏൽപ്പിക്കുക വഴി, അത്തരം പ്രാഥമിക ഇടപാടുകൾ എളുപ്പവുമാണ് എന്നാൽ അവളെ വിവാഹം കഴിക്കുക എന്ന ആവശ്യത്തിൽ കുറഞ്ഞ ഒരൊത്തുതീർപ്പിനും ഞാനില്ല.

അവൾക്കഞ്ചോളം ഭർത്താക്കന്മാരുണ്ടെന്ന കേൾക്കുന്നുണ്ട്, നേരിട്ട് പരിചയമില്ലെങ്കിലും അവരിപ്പോൾ വിരാടരാജധാനിയിൽ നിർമ്മിതസ്വത്വങ്ങളിൽ കരുതലോടെ അജ്ഞാതവാസം കഴിക്കുന്ന എന്നറിയാം. കള്ളി വെളിച്ചത്താവുമെന്ന ഭീതിയുണ്ടെങ്കിൽ അവർ മുൻകൈയെടുത്തു ഒരുക്കിത്തരട്ടെ വിവാഹം. അല്ല, പാതിരാമിന്നലാക്രമണത്തിലൂടെ ഞാനുമായി സംഘട്ടനമാണവർ ഉദ്ദേശിക്കുന്നതെങ്കിൽ, അജ്ഞാതവാസരഹസ്യം ഞാൻ പൊളിക്കും. ആറംഗ പാണ്ഡവസംഘത്തിന്റെ പൂർണ്ണ വിവരങ്ങളുള്ള രേഖ ചാരനെ ഞാൻ ഏൽപ്പിച്ചിട്ടുണ്ട്. എനിക്കെന്തെങ്കിലും ആപത്തുണ്ടായാൽ, അപ്പോൾ പറക്കുമവൻ ഹസ്തിനപുരിയിലേക്കു. ഇനിയൊരു വ്യാഴവട്ടക്കാല വനവാസം അവർ ക്ഷണിച്ചു വരുത്തുമോ എന്ന് നോക്കാം. ഒന്നും നേരെചൊവ്വേ നടക്കുന്നില്ലെങ്കിൽ, സൈരന്ധ്രിയെ നൃത്തമണ്ഡപത്തിൽ പരസ്യമായി ഞാൻ കത്തിക്കും-ഇത്ര ചെറുപ്പത്തിൽ തന്നെ ഞാനെങ്ങനെ വിരാടസേനാപതിയായി എന്നപ്പോൾ നിങ്ങൾക്കും കാണാം. വിട്ടുകൊടുക്കില്ല അവളെ ഞാൻ കഴിവുകെട്ട പാണ്ഡവർക്കിനിയും."

2019/06/18

"ഇന്നുമൊരു നവജാത ശിശുമരണം-ചേരിപ്രദേശത്തെ കുടിലിലല്ല, ഹസ്തിനപുരി കൊട്ടാരത്തിൽ. അന്തഃപുരവേലക്കാരുടെ വസതിയിലല്ല, മഹാറാണി ഗംഗയുടെ പ്രസവത്തിൽ-തുടർച്ചയായ ഏഴാമത്തെ കുഞ്ഞും ശ്വാസം മുട്ടി മരിച്ചു. ദുരൂഹതയൊന്നും തോന്നിയില്ലേ?", മഹാരാജാവ് ശാന്തനുവിനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"കണ്ണുതുറന്നു നോക്കിയാൽ കാണുന്ന ഈ പാരാവാരത്തിൽ എന്തെങ്കിലും ദുരൂഹമല്ലാതുണ്ടോ? തെരുവായ തെരുവെല്ലാം ഓടിനടന്നു ഇല്ലാത്ത കഥകൾ നെയ്യുന്ന നിങ്ങൾ നാളെ ഇതേ സമയത്തു ഒരു പിടി ചാരമായി മാറിയാൽ അതും ദുരൂഹമാവുമോ? ഇന്നലെ ഈ സമയത്തു 'ഗർഭശ്രീമാ'നായിരുന്ന കിരീടാവകാശി ഇപ്പോൾ നദിയൊഴുക്കിലെവിടെയോ പൊങ്ങിയ കുഞ്ഞുജഡമായതിൽ ദുരൂഹതയില്ലേ? ഉണ്ടല്ലോ. അതിലധികം ദുരൂഹമല്ലേ ഇന്ന് പുലർച്ചക്കു ചോരക്കുഞ്ഞിനെ പുഴയിൽ 'കഴുകിയെടു'ക്കും മുമ്പ് കൈവിരലുകൾക്കിടയിലൂടെ ഒഴുക്കിൽ വീണുപോയ കുഞ്ഞിനെ പ്രസവിച്ച മഹാറാണി ഗംഗയിതാ, കൊട്ടാര ഉദ്യാനത്തിൽ ഊഞ്ഞാലാടുന്നതു നോക്കൂ. ഇന്ന് രാത്രിയവൾ എന്റെ കൂടെ സുഗന്ധിയായി കിടക്കുമ്പോൾ വീണ്ടുമൊരു ഗർഭം ധരിക്കാൻ വേണ്ട ശാരീരികക്ഷമതയുണ്ടാവും. നാളെയവൾ ഗർഭവതിയാകും. മറ്റന്നാൾ വീണ്ടും, പെറ്റ കുഞ്ഞു പുഴവെള്ളത്തിൽ മുങ്ങിമരിക്കും -ഒന്നും ഈ ലോകത്തിൽ ദുരൂഹമല്ല. എന്ത് ഹീനപ്രവർത്തിക്കും നിങ്ങളോട് വാതുറന്നു ലളിതമായി വിശദീകരിക്കാനുണ്ടാവും പരമാർത്ഥം. ദുരൂഹതയകറ്റുന്ന 'പിന്നാമ്പുറ കഥ'കൾക്കു ചെവികൊടുക്കാതെ നിങ്ങൾ ചോദ്യം ചോദിച്ചതിൽ അഭംഗിയുണ്ട്. കൊച്ചുസഹോദരീ, ദൈവമാണ് സൃഷ്ടിക്കു പിന്നിലെന്ന ലളിത വിശദീകരണത്തിലൂടെ പ്രപഞ്ചദുരൂഹത എന്നോ പൂർവ്വികർ മാറ്റിയിട്ടും, ദൈവാസ്തിത്വം ചോദ്യം ചെയ്യുന്ന ചാർവാകനെ പോലെയാണോ നിങ്ങൾ പത്രപ്രവർത്തകരും?"

"നിയമക്കുരുക്കിൽ നിന്നപ്പോൾ രക്ഷപ്പെട്ടുവോ പീഡകൻ? രാജസഭയിൽ പ്രസ്താവന കാണുന്നില്ലല്ലോ? ഒത്തുകളിയാണോ?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. പാണ്ഡവർ വനവാസത്തിനു പോയ കാലം.

“ഇരയുടെ അസാന്നിധ്യത്തിലും ന്യായാധിപൻ പരാതി പരിശോധിച്ചു. പ്രതിയെയും സാക്ഷികളെയും വിസ്തരിച്ച് വസ്തുതകൾ തേടി. നീതിദേവതയുടെ നിരന്തര സാന്നിധ്യം വിചാരണയിൽ അനുഭവപ്പെട്ടു. ഇരയുടെ ദേഹത്ത് പ്രതി കൈവച്ചതുകൊണ്ടു സ്ത്രീത്വത്തിന്നെതിരായ അതിക്രമം ഉണ്ടായി എന്ന നിഗമനത്തിനു സാധുതയില്ലെന്നു തിരിച്ചറിഞ്ഞു. ആണുങ്ങൾക്ക് ഇരിപ്പിടാനുമതിയുള്ള ചൂതാട്ടസഭയിൽ അല്പവസ്ത്രയായി വന്ന ഇര ചൂതാട്ടത്തിന്റെ ഏകാഗ്രതയിൽ അയവു വരുത്തുവാൻ ഇടവരരുതെന്നു ഊന്നിപ്പറയാൻ പ്രതി അപേക്ഷിച്ചപ്പോൾ, കെട്ടുവിട്ടു ഇരയുടെ ഉടലിൽ നിന്നു ഉടുതുണി വേർപെടുക മാത്രമാണുണ്ടായതെന്ന പ്രതിവാദത്തിൽ കഴമ്പു കണ്ടു. ഇരയുടെ മാനം തകർക്കുകയെന്ന ഉദ്ദേശ്യം പ്രതിക്കുണ്ടായിരുന്നില്ലെന്നും ന്യായാധിപന് ബോധ്യമായി. അങ്ങനെ പ്രതിയെ വെറുതെ വിട്ടു. കൗരവരിൽ കിരീടാവകാശത്തിനു രണ്ടാമനായ പ്രതിയെ സമൂഹത്തിന്റെ മുമ്പിൽ താഴ്ത്തിക്കെട്ടാൻ ഇരനെയ്തെടുത്തൊരു വ്യാജപരാതിയാണിതെന്ന ന്യായാധിപന്റെ കണ്ടെത്തലിൽ പരാതിക്കാരിക്ക് വനവാസക്കാലത്തു കഠിനശിക്ഷയെന്ന നിലയിൽ, സന്യസ്ഥ ആശ്രമങ്ങളിലെ ജൈവിക മാലിന്യം സ്വയം സംഭരിച്ചു കൊണ്ടുപോയി സംസ്കരിക്കാനുള്ള ദൗത്യം ഏൽപ്പിച്ചുത്തരവായി.”

2019/06/19

“ഗാർഹികപീഡനത്തിനു മകൾ ഇരയെന്ന ആരോപണവുമായി പാഞ്ചാലമഹാറാണി പടവാൾ ഉയർത്തിയപ്പോൾ വിരണ്ടുവോ പാണ്ഡവർ?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

വനവാസക്കാലം.

“ഗുരുദക്ഷിണയായി തള്ളവിരൽ കടിച്ചുമുറിച്ചെടുക്കുന്ന ദ്രോണർ എനിക്ക് പണി തന്നു-പാഞ്ചാലനെ വരിഞ്ഞുകെട്ടി മുമ്പിൽ വക്കണം. അന്ന് ഞാൻ വിദ്യാർത്ഥി. ആ ക്ലേശകരമായ ദക്ഷിണജോലി ചെയ്തു. പാഞ്ചാലീ പരിണയത്തിൽ പാഞ്ചാലൻ എന്നോട് മന്ത്രിച്ചു, അന്ന് ഞാൻ നിനക്ക് വഴങ്ങിത്തന്നത്, ഗുരുദ്രോണശാപം നിനക്കുണ്ടാവാതിരിക്കാനാണ്. അത്രമേൽ പ്രിയപ്പെട്ട പാഞ്ചാല പരസ്യമായിപ്പോൾ ചൂടാവണമെങ്കിൽ, ആരോ ഞങ്ങളെക്കുറിച്ചു സത്യം പ്രചരിപ്പിക്കുന്നുണ്ടാവും. സന്യസ്ഥർക്ക് സേവനം നൽകാൻ കർശന കൗരവാജ്ഞയുള്ളപ്പോൾ യുധിഷ്ഠിരൻ, പാഞ്ചാലിയെ ആ ‘പുറം ജോലി’ക്കു നിത്യവും തള്ളിവിടുന്നത് കണ്ടു ഞാനും മുഷ്ടിചുരുട്ടി പ്രതിഷേധിച്ചിട്ടുണ്ട്. ‘ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായിരുന്ന ഞാൻ തന്നെ വേണം ആശ്രമ മാലിന്യങ്ങൾ സംസ്കരിക്കാൻ അല്ലേ?’, എന്നയാൾ വിലാപത്തോടെ തിരിച്ചടിച്ചപ്പോൾ മറ്റു പാണ്ഡവർ അയാളെ പിന്തുണച്ചു. ഞാൻ ചൂളിപ്പോയി. പീഡകയുധിഷ്ഠിരനെ ഗാർഹികസ്ത്രീനീതിയിൽ പാഞ്ചാലറാണി ബാലപാഠം പഠിപ്പിക്കട്ടെ. ആ വിധം വിഭാവന ചെയ്യുന്നതിൽ പോലുമുണ്ടൊരു കാവ്യനീതി.”

2019/06/20

“പ്രതികാരബോധത്തിൽ പതിമൂന്നുകൊല്ലമായി അഴിച്ചിട്ട മുടിയിൽ തേക്കാൻ, ഇതാ, പാഞ്ചാലീ, ചുടുകൗരവചോര”, കൈക്കുമ്പിളിൽ കൊഴുത്തു തിളയ്ക്കുന്ന ദ്രാവ

കവുമായി, കിതച്ചോടി പാണ്ഡവ പാളയത്തിൽ പ്രണയിനിയുടെ മുമ്പിൽ കൊച്ചുകുട്ടിയെ പോലെ അഭിനന്ദനത്തിനായി ഭീമൻ കൈനീട്ടി.

“ആലങ്കാരികമായി ഞാനെന്നോ എവിടെയോ പ്രതിജ്ഞ ചെയ്ത ഒരു ചോരക്കാര്യം ഇത്രയും കാലം അക്ഷരാർത്ഥത്തിൽ ഓർമയിൽ വച്ച്, അർദ്ധസഹോദരന്റെ കരൾ തുരന്ന ചോര കോരി വരുന്ന നിങ്ങൾ ആളെത്ര മന്ദൻ. നിങ്ങൾക്ക് അറിയാമോ മനുഷ്യാ, ആരാധകരായിരുന്ന കൊല്ലപ്പെട്ട ആ ധീരകൌരവർ” നിന്ദയോടെ ഭർത്താവിനെ ഒന്ന് നോക്കി, മുടി കെട്ടിവച്ചു, തിരിച്ച് കൂടാരത്തിലേക്ക് കയറി പാഞ്ചാലി വാതിലടച്ചു.

“ജീവിതസായാഹ്നം ഇങ്ങനെ ദുരിതത്തിൽ കഴിയേണ്ടവരാണോ നിങ്ങൾ ഇതിഹാസ കഥാപാത്രങ്ങൾ?”, ധൃതരാഷ്ട്രർ, ഗാന്ധാരി വിദുരർ എന്നിവർ നാളെണ്ണിക്കഴിയുന്ന ഹിമാലയവനാശ്രമത്തിൽ വഴിനടന്നെത്തിയപ്പോൾ കൊട്ടാരം ലേഖിക ചോദിച്ചു.

“മാംസഭോജികൾ, എല്ലും തൊലിയുമായ ഈ വൃദ്ധശരീരങ്ങൾ കണ്ട് മടുപ്പോടെ ഓരോ തവണയും മടങ്ങുന്നു. അങ്ങനെയൊരു അസ്തിത്വ പ്രതിസന്ധി നേരിടുകയാണിപ്പോൾ. പരസ്പരം ജീവനൊടുക്കാൻ ആയുധമോ കരുത്തോ ഇല്ല. നേരം പുലരുമ്പോൾ പ്രത്യാശയോടെ മാനത്തേക്ക് നോക്കും-ഒരു ആകസ്മിക കാട്ടുതീ, അതാണ് പ്രാർത്ഥിക്കുന്നത് ഞങ്ങൾ ഉറങ്ങുന്ന നേരത്ത് നിങ്ങളുടെയൊക്കെ ഉത്സാഹത്തിൽ മനുഷ്യനിർമ്മിതമായൊരു അഗ്നിബാധയായാൽ, അത് പ്രകൃതിയുടെ ദാനമായി തന്നെ കാണും.”

2019/06/21

“കൊള്ളിവാക്ക് പറഞ്ഞു ഭർത്താക്കന്മാരെ വേദനിപ്പിക്കുക, സുഗന്ധതൈലങ്ങൾ സമ്മാനിക്കുന്ന പരപുരുഷന്മാരെ പ്രശംസിക്കുക-ദാമ്പത്യജീവിതത്തിൽ പ്രകടമായ ഈ ദുഷ്പ്രവണതക്ക് പിന്നിൽ ജനിതക വൈകല്യമാണോ?, അതോ, വളർന്ന പാഞ്ചാലയോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

വനവാസക്കാലം.

“വളർച്ചയെത്തിയ സ്ത്രീശരീരവുമായി യാഗാഗ്നിയിൽ നിന്നുയർന്ന എനിക്കെങ്ങനെ ജനിതകം അവകാശപ്പെടാനാവും? ചുറ്റും നടന്നു പരിചയപ്പെടും മുമ്പ് വിവാഹം കഴിഞ്ഞ എനിക്കെങ്ങനെ പാഞ്ചാലയിൽ നിന്ന് പ്രായോഗിക ദാമ്പത്യപാഠം സ്വീകരിക്കാനാവും? വേണം സ്വകാര്യത എന്ന് കൊതിക്കുന്ന നേരത്ത്, അതിക്രമിച്ചു വസ്ത്രാക്ഷേപം ചെയ്യുന്ന പഞ്ചപാണ്ഡവരെ ചെറുക്കാൻ ഈ പെണ്ണുടലിനാവേണ്ട തല്ലേ? അപ്പോൾ എന്റെ വാക്കിൽ മുള്ളുണ്ടെന്നവർ വിലപിക്കുക സ്വാഭാവികം. എന്നോട് കരുണകാണിക്കുന്ന കൗരവരെ പാണ്ഡവർ ഇകഴ്ത്തുന്നു. ഇടക്കൊന്നു ഭർത്താക്കന്മാരോട് മുള്ളുവാക്ക് പറഞ്ഞില്ലെങ്കിൽ ആരാധകകൗരവർ എന്ന പദത്തിനെന്തർത്ഥം? നിശാജീവിതം അഞ്ചു ലൈംഗിക ഉപഭോക്താക്കൾ ഒരേ സമയം കയ്യടക്കിയിട്ട് കാലമെത്രയായി. കിടപ്പറക്ക് വെളിയിൽ കാത്തു കാത്തുറങ്ങിപ്പോയെന്നു പാണ്ഡവർ വിലപിക്കാറുണ്ട്. ഊഴം വച്ച് അച്ചടക്കത്തോടെ കിടപ്പറക്കു മുമ്പിൽ കാത്തിരിക്കും എന്ന് പറയുന്ന പാണ്ഡവർ പക്ഷേ, ഇതുവരെ പറയാത്ത

വേറൊരു കാര്യം ഇതാ, ഞാൻ തന്നെ വേണം ബഹു ഭർത്തൃത്വ വൈവിധ്യത്തിലും ഉത്തരവാദിത്വത്തോടെ ഓരോരുത്തരെ വലിച്ചിഴച്ച കൊണ്ടുവന്ന് പായിൽ കിടത്തി പരിചരിച്ചും ലാളിച്ചും ഊർജ്ജസ്വലരാക്കാൻ."

2019/06/22

"കുരുക്ഷേത്രവിജയത്തിന്റെ ആദ്യവാർഷികം കുടുംബസമേതം ആഘോഷിക്കുമ്പോൾ, പാണ്ഡവർ മതിമറന്നുവോ? പത്തുവർഷത്തോളം രാജസൂയ ചക്രവർത്തിനി ആയിരുന്ന ഇന്ദ്രപ്രസ്ഥത്തു പോയി 'എന്തുണ്ടവിടെ വിശേഷം?' എന്നിതുവരെ തിരക്കിയില്ലേ?", അരങ്ങേറ്റ മൈതാനത്തിലെ ആഘോഷ വേദിയിൽ നിന്നിറങ്ങി രഥത്തിൽ കയറുകയായിരുന്ന പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"കാലിക പ്രസക്തി മാത്രമുള്ള താൽക്കാലിക മായൻ നിർമിതി മാത്രമായിരുന്നില്ലേ, വിരുന്നുവന്നവരെ അന്ധാളിപ്പിച്ചു വഴക്കി വീഴ്ത്തുന്ന ആ ചതിയൻ മന്ദിരസമുച്ചയം? കഴിഞ്ഞ പത്തുപതിനാലു വർഷങ്ങൾക്കുള്ളിൽ, ഇന്ദ്രപ്രസ്ഥത്തിൽ പ്രകൃതിയുടെ സ്വാഭാവിക പരിഗണനയിൽ വളർന്ന കുറ്റിക്കാടുകളുണ്ട് എന്ന് നകുലൻ വായിച്ചിരുന്നു. അത് വെട്ടി നിരപ്പാക്കാനും, ജൈവ വൈവിധ്യങ്ങൾ നശിപ്പിക്കാനും ആരെയും സമ്മതിക്കില്ല. കുടിയേറ്റത്തിനു മുമ്പ് ഖാണ്ഡവ ആവാസവ്യവസ്ഥ എങ്ങനെ ആയിരുന്നുവോ അത് പുനഃസൃഷ്ടിക്കും. അതിനു ഞങ്ങൾ ഇന്ദ്രപ്രസ്ഥത്തിൽ പോവേണ്ട കാര്യമില്ല. പ്രകൃതിക്കു വിട്ടുകൊടുത്താൽ മതി. അത്രയും പാരിസ്ഥിതിക പ്രതിബദ്ധത ഹസ്തിനപുരി പൊതുസമൂഹം എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട് എന്നും നിങ്ങൾക്കറിയാം."

"ധീരസ്ത്രീയെന്ന നിലയിൽ പാഞ്ചാലി ആഗോളശ്രദ്ധ നേടിയപ്പോൾ മറ്റൊരു പാഞ്ചാലപുത്രിയെന്ന നിലയിൽ നിങ്ങൾ പക്ഷേ, നാടൊട്ടുക്ക് പരിഹാസ്യകഥാപാത്രമായി എന്ന പരാതിയുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു. കുരുക്ഷേത്ര പത്താം ദിവസം. പോരാട്ടത്തിന് പെണ്ണൊരുമ്പെട്ടാൽ ആയുധം താഴെയിടുമെന്നു പിതാമഹൻ പ്രഖ്യാപിച്ചതുകൊണ്ട് പോർക്കളത്തിൽ വിങ്ങിപ്പിടിച്ച പരപരപ്പുണ്ടായിരുന്നു.

"ഒറ്റനോട്ടത്തിൽ കാശിരാജകുമാരി അംബയെന്നെന്നെ ഭീഷ്മർ തിരിച്ചറിയുമെന്ന തോന്നൽ സാർവ്വർത്രികമായതുകൊണ്ട്, ദശാബ്ദങ്ങളായി ഞാൻ പാടുപെട്ടു തയ്യാറെടുത്തതൊക്കെ പാഴായിപ്പോവുമെന്ന പേടി യൊന്നുമില്ല. ഭീഷ്മവധത്തിനു വേണ്ടി അവമതിയുടെ ഏതറ്റവും ഞാനിന്നു പോവും. പ്രണയിയിൽ നിന്നെ ന്നെ ബലം പ്രയോഗിച്ചു തട്ടിയെടുത്തു ഹസ്തിനപുരിയിലേക്കു അംബികയും അംബാലികയുമൊത്തു പാഞ്ഞ പിതാമഹനൊരു കൊല്ലുന്ന കൊട്ടുകൊടുക്കാതെ തീരുമോ അംബയുടെ പ്രതികാരദാഹം? ആൺ പെൺ ലക്ഷണങ്ങൾ നിയന്ത്രിക്കുന്ന അതിസൂക്ഷ്മ ഗ്രന്ഥിസ്രാവങ്ങൾ രക്തത്തിൽ കലരുമ്പോൾ എന്തൊക്കെ ഈ വിസ്മയഉടലിൽ സംഭവിക്കാമോ അതൊക്കെ പ്രകൃതിയെന്നിൽ പരിമിതിയില്ലാതെ പരീക്ഷിച്ചിട്ടുണ്ടാവാം, എന്നാൽ ഇന്ന് ഞാൻ സ്ത്രൈണ ലക്ഷണങ്ങൾ കാണിക്കുന്ന പുരുഷനെന്നു ഇത്തരം കാര്യങ്ങളിൽ ഗ്രാഹ്യമുള്ള മാദ്രിപുത്രൻ സഹദേവൻ കൃത്യമായി പറഞ്ഞുകഴിഞ്ഞു. ഭീഷ്മവധത്തിനുശേഷം ഇനി നമുക്ക് വീണ്ടും കാണാം, പൂർവ്വജന്മത്തിൽ എനിക്ക് കൂടപ്പിറപ്പുകളായിരുന്ന അംബികയും അംബാലികയും ജന്മം കൊടു

ത്ത ധൃതരാഷ്ട്രരുടെയും പാണ്ഡുവിന്റെയും മക്കൾ സ്വത്തുതർക്കം എങ്ങനെ തീർക്കു മെന്നറിയാൻ എനിക്കുമുണ്ട് നേരിയൊരു കൗതുകം. കാരണം, വിശ്വവിഖ്യാതസ ഹോദരിയുടെ ഭാഗ ധേയവും നിർണ്ണയിക്കപ്പെടുക ഈ യുദ്ധത്തിലാണല്ലോ."

"പോറലില്ലാതെ പോർക്കളത്തിൽനിന്ന് തിരിച്ചെത്തിയ ഏക കൗരവസൈനി കൻ അല്ലെ?" കൊട്ടാരം ലേഖിക കൃപാചാര്യനോട്ട് ചോദിച്ചു, "എങ്ങനെ വിശാല മായി നിങ്ങൾ വിലയിരുത്തുന്നു കുരുക്ഷേത്ര യുദ്ധം?"

"ചൂതാട്ടസഭയിൽ ദുര്യോധനൻ ചെയ്ത കളവും നെറികേടുമൊക്കെ എത്ര ലളി തം, യുദ്ധഭൂമിയിൽ പാണ്ഡവർ പരസ്യമായി ചെയ്തു കൂട്ടിയ പരാക്രമങ്ങൾ നോക്കു മ്പോൾ. ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയുടെ തിരുവസ്ത്രമഴിഞ്ഞതാണ് വസ്ത്രാക്ഷേപ മെന്ന നിലയിൽ ചൂതാട്ടസഭ പിൽക്കാലത്തു കുപ്രസിദ്ധമായതെങ്കിൽ, കുരുക്ഷേത്ര യിലെ ഓരോ കൗരവവധവും കണ്ണിൽ ചോരയില്ലാത്തതായിരുന്നു. അഭിമന്യുഭാ ര്യ ഉത്തരയുടെ ഗർഭസ്ഥശിശുവിനുനേരെ, ദ്രോണപുത്രനും ചിരഞ്ജീവിയും കൗരവ സർവ്വസൈന്യാധിപനുമായ അശ്വത്ഥാമാവ് ബ്രഹ്മാസ്ത്രം തൊടുമെന്നൊന്നു വെറും വാക്കു പറഞ്ഞതെ ഉള്ളൂ, എന്തായിരുന്നു അയാൾക്കുനേരെ പ്രകൃത്യാതീത ശക്തി കളുടെ പ്രതികരണം. ചൂതാട്ടത്തിൽ തോറ്റവർക്ക് വനവാസത്തിൽ അടിമപ്പണി യായിരുന്നെങ്കിൽ, കുരുക്ഷേത്രയിൽ ജീവത്യാഗം ചെയ്തവർക്ക് മേലെ മേലെ നീ ലാകാശം കഴിഞ്ഞാൽ സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശനം സുഗമമാണെന്നറിഞ്ഞ പ്പോൾ ജീവഹാനിയില്ലാതെ ഹസ്തിനപുരിയിലെത്തിയ എനിക്കും ബോധ്യമായി, ഈ കാണുന്ന പ്രപഞ്ചത്തിൽ ചോദിക്കാനും പറയാനും ആളുണ്ട്."

2019/06/23

"രാജമാതാ സത്യവതിയെപോലുള്ള ശക്ത സ്ത്രീസാന്നിധ്യമുണ്ടായിരുന്ന ഈ ഹസ്തിനപുരി കൊട്ടാരത്തിൽ നിങ്ങൾ അർദ്ധ സഹോദരഭാര്യ പാഞ്ചാലിയെ അന്തഃപുരത്തിൽ നിന്ന് തട്ടിക്കൊണ്ടു പോയി ചൂതാട്ടസഭയിൽ പരസ്യമായി അസ ഭ്യം പറഞ്ഞു അവഹേളിക്കുകയും അവളുടെ ഉടുതുണി വലിച്ചു വിവസ്ത്രയാക്കുന്നതു മൊക്കെ ജനം കണ്ടും കേട്ടും വിറക്കുന്നുണ്ടല്ലോ. ലോകമനഃസാക്ഷിയുടെ മുമ്പിൽ കുരുവംശത്തെ മൊത്തം പ്രതിക്കൂട്ടിലാക്കിയ ഈ ആഭാസത്തരം നിങ്ങൾ എങ്ങ നെ പ്രതിരോധിക്കുന്നു?" കൊട്ടാരം ലേഖിക ചോദിച്ചു. പൗരാവകാശം നഷ്ടപ്പെട്ട ആറംഗപാണ്ഡവസംഘം വടക്കൻ മലനിരകളിലേക്ക് അതിരാവിലെ പദയാത്ര തുടങ്ങിയിരുന്നു.

"എന്തോ സംഭവിച്ചു എന്നൊക്കെ അവ്യക്തമായ ഓർമ്മയുണ്ട്. എന്നാൽ ഒന്നൊന്നായി ആലോചിക്കുമ്പോൾ അത്ര വ്യക്തതയൊട്ടില്ല താനും. ചൂതാട്ടത്തിൽ അഭിവന്ദ്യ ദുര്യോധനൻ വച്ചടി വച്ച് ജയിച്ചു മുന്നേറുമ്പോൾ ഞങ്ങൾ ഇളമുറക്കാർ മദ്യലഹരിയിലായിരുന്നു എന്നതായിരിക്കുമോ കാരണം?" കണ്ണ് തിരുമ്മി കൗര വർ സ്ഥലകാലവിഭ്രമത്തിൽ പകച്ചു ചുറ്റും നോക്കികൊണ്ടിരുന്നു

2019/06/24

"അരക്കില്ലത്തിലെ ആകസ്മിക അഗ്നിബാധയിൽ വെന്തുമരിച്ച കുന്തിയുടെയും പാണ്ഡവരുടെയും ഭൗതികാവശിഷ്ടങ്ങൾ ഔദ്യോഗികബഹുമതികളോടെ നദീതീര

ത്ത സംസ്കരിക്കുന്ന നേരത്തു, പരേതരോട്ട് രക്തബന്ധമുള്ള വേറെ ആരെങ്കിലും കൗരവസദസ്സിൽ ഉണ്ടോ എന്ന മഹാപുരോഹിതന്റെ മുന വച്ച ചോദ്യം സാമാന്യ മര്യാദയുടെ സീമ ലംഘിച്ചതായി നിങ്ങൾക്കും തോന്നിയോ?", തിരിച്ചു കൊട്ടാരത്തിലേക്കു നടക്കുമ്പോൾ വിഷണ്ണനായി കണ്ട കർണ്ണനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

"അതെന്നെ ഉദ്ദേശിച്ചതാണെന്നു ആ ചോദ്യം നേരിൽകണ്ട നിങ്ങൾക്കും സംശയം തോന്നിയതല്ലേ? കത്തിക്കരിഞ്ഞ ജഡങ്ങൾ ആരുടെയെന്നു പൂർണ്ണമായും തിരിച്ചറിയും മുമ്പ് കൗരവർക്കു പുറമെ രക്തബന്ധുക്കൾ വേറെയുമുണ്ടോ എന്ന് അതൃപ്തി നിറഞ്ഞ ശരീരഭാഷയിൽ ചോദിക്കാൻ കൃപാചാര്യർ മുതിർന്നത് എന്റെ ജനിതകധാരയെ കുറിച്ചയാൾക്കെന്തോ രഹസ്യവിവരം അതീതശക്തികളിൽ നിന്ന് കിട്ടി എന്ന വിപൽ സൂചനയായിരിക്കുമോ?. കുരുവംശ കൊട്ടാരത്തിലെ തലമുറകളായുള്ള വിഴുപ്പുകെട്ടുകൾ 'ഹസ്തിനപുരി പത്രിക'യെക്കാൾ കൂടുതൽ ഒന്നൊന്നായി ഇഴകീറി പരിശോധിച്ച വേറെ ആരുണ്ട് രണ്ടു നൂറ്റാണ്ടുകളായി ഈ മഹാനഗരത്തിൽ?"

"വെറുമൊരു സാമന്തരാജ്യമായ ഹസ്തിനപുരിയിലേക്കു പെരുമാറ്റച്ചട്ടം തെറ്റിച്ചു ചൂതാട്ടത്തിനു ഓടിക്കിതച്ച് യുധിഷ്ഠിരൻ വരുമ്പോൾ, ഇന്ദ്രപ്രസ്ഥം ചക്രവർത്തിയുടെ രാജമുദ്ര കൊണ്ടുവന്നില്ലേ? കള്ളച്ചൂത് കളിച്ച കൗരവരുടെ പൗരാവകാശങ്ങൾ ഇനിയൊരറിയിപ്പുണ്ടാവും വരെ നിഷേധിച്ചിരിക്കുന്നു എന്നൊരു കൽപ്പന, തരം നോക്കി ഇന്നലെ തന്നെ പുറപ്പെടുവിച്ചിരുന്നെങ്കിൽ പുഷ്പം പോലെ അതിജീവിക്കാമായിരുന്നില്ലേ, പന്ത്രണ്ടുവർഷ വനവാസവും അടിമത്തവും?" കൊട്ടാരം ലേഖിക നകുലനോട്ട് ചോദിച്ചു. വടക്കൻ മലകളിലേക്കുള്ള പദയാത്രക്കിടെ നഗരാതിർത്തിയിൽ പാണ്ഡവസംഘത്തെ ദേഹപരിശോധനചെയ്യുകയായിരുന്നു സൈനികർ.

"വേണ്ടതൊന്നും ആട്ടഭ്രമത്തിൽ തോന്നിയില്ല. പകരം വിപണിമൂല്യമുള്ള രത്നമാലകൾ മാത്രം കൊണ്ടുവന്നു. ഞങ്ങളെ അലട്ടുന്നത് പാണ്ഡവരുടെ അടിമത്തമല്ല കുന്തിയുടെ നിഷ്പക്ഷതയാണ് ഐശ്വര്യത്തിൽ കഴിഞ്ഞിരുന്ന അഞ്ചുമക്കൾ ഒരൊറ്റ സന്ധ്യയിൽ ഒന്നുമല്ലാതാവുന്നതൊക്കെ കണ്ടിട്ടും കേട്ടിട്ടും സാന്ത്വനസ്പർശിയായ ഒരക്ഷരം പോലും മിണ്ടാതിരിക്കാനാവർക്കു കഴിഞ്ഞപ്പോൾ, ഞങ്ങൾ സ്വാഭാവികമായും കവിവചനം ഓർത്തുപോയി, നിഷ്പക്ഷത മനഃശക്തിയല്ല അതൊരു മുഖം മൂടിയാണ്."

"വിശിഷ്ടാതിഥികൾക്കു പാഞ്ചാലി നൽകിയ അത്താഴവിരുന്ന് കൃപാചാര്യൻ ബഹിഷ്കരിച്ചല്ലോ. തുടങ്ങിയോ യുധിഷ്ഠിരസ്ഥാനാരോഹണത്തിൽ തന്നെ കല്ലുകടി?", കൊട്ടാരം ലേഖിക ഭീമനോട്ട് ചോദിച്ചു.

"കൗരവരുടെ കൊള്ളരുതായ്മകൾക്കു കൂട്ട് നിന്ന കൃപാചാര്യൻ, ആയുസ്സിന്റെ ബലം കൊണ്ടു കുരുക്ഷേത്രയുദ്ധം അതിജീവിച്ചു. ഞങ്ങൾക്കൊപ്പം ഹസ്തിനപുരിയിൽ തിരിച്ചെത്തിയപ്പോൾ, നാമമാത്ര പദവിയിൽ തളക്കണം എന്നത് പാണ്ഡവരുടെ ഹൃദയവികാരമായിരുന്നു. ഊണു കഴിക്കാതെ മാറി നിന്നു എന്നത് വസ്തുതയാണോ? സംശയമുണ്ട്. രഹസ്യഅറയിൽ വിളമ്പിക്കൊടുത്ത കാളയിറച്ചി വെടിപ്പായി തിന്നു ഇല നക്കിത്തുടച്ചതൊക്കെ ചാരവകുപ്പ് കണ്ടെത്തിയല്ലോ."

2019/06/25

“വിരണ്ടോടി ഏകചക്രയിലെത്തി തല മുണ്ഡനം ചെയ്ത പൂണൂലിട്ട ഭിക്ഷ യാചിച്ചും ഇച്ചിലുണ്ടും ഏച്ചുകെട്ടിയിൽ ഒളിഞ്ഞുകഴിയുമ്പോളാണ്, പെറ്റുള്ളയോട്ടപോലും പറയാതെ മത്സരത്തിൽ പങ്കെടുക്കാൻ പാഞ്ചാലയിൽ പോയത് ദുര്യോധനനും കർണ്ണനും ഒറ്റനോട്ടത്തിൽ ആളെ അറിഞ്ഞു. ദരിദ്രവേഷത്തിൽ പാഞ്ചാലിയെ കെട്ടിയ നിങ്ങൾക്കെത്രനാൾ കഴിയേണ്ടിവന്നു വിശ്വസുന്ദരിയെ നെഞ്ചോടൊന്നു ചേർക്കാൻ?” കൊട്ടാരം ലേഖിക ചോദിച്ചു.

“മൂന്നാമത്തെ രാത്രി എറിഞ്ഞുതരുമ്പോൾ, പാഞ്ചാലി പിച്ചിച്ചീന്തപ്പെട്ടിരുന്നു. അത്രയും അവളെ അവശയാക്കിയ രണ്ടുസഹോദരന്മാരെ കശാപ്പ ചെയ്യാൻ ഈ കൈവിരലുകൾ ത്രസിച്ചു. പക്ഷേ, ഞാൻ നിസ്സഹായനായി. ഇരുണ്ട രാത്രിയിൽ ആകെ പ്രകാശിച്ചിരുന്ന കരിന്തിരിയിൽ ഞാനവളെ സൂക്ഷിച്ചു നോക്കി. അരുതേ എന്നവൾ കൈകൂപ്പുന്നപോലെ. സാന്ത്വനസ്പർശത്തോടെ മടിയിൽകിടത്തി ചുവർ ചാരിയിരുന്നു. ഉറങ്ങുംമുമ്പ് പ്രതികാരം പ്രോത്സാഹിപ്പിക്കുന്ന പരുഷപദങ്ങളാണ് ഞാനുച്ചരിച്ചത്. കഴിഞ്ഞ രണ്ടു രാത്രികളിൽ ലൈംഗികാക്രമണത്തിനു ഇരയാക്കിയവരെ ഇനിയൊരവസരം കിട്ടിയാൽ വിധിക്കുന്ന എന്ത് ശിക്ഷക്കും പൂർണ്ണപിന്തുണ എന്നിൽ നിന്നുണ്ടാവും. ആ ദൗത്യം അവൾ അഹിംസാത്മകമായി പാലിച്ചു എന്നല്ലേ നിങ്ങളുടെ അഭിമുഖങ്ങളിൽ നിന്നറിയുന്നത്?”

“ഗാന്ധാരീവിലാപം’ വർഷങ്ങൾക്കു മുമ്പ് തന്നെ നിങ്ങൾ പരിശീലിപ്പിച്ചിരുന്നു എന്നോ?”, കൊട്ടാരം ലേഖിക ചോദിച്ചു. മക്കളുടെ ജഡങ്ങളാണ് ചിതറിക്കിടക്കുന്നതെന്നറിഞ്ഞ ഗാന്ധാരി പൊട്ടിക്കരഞ്ഞു കൃഷ്ണനെ ശപിച്ച ഗാന്ധാരീവിലാപത്തിൽ പാണ്ഡവർ പകച്ചുപോയ നേരം.

“യുദ്ധമേഘങ്ങൾ കറുത്ത സന്ധ്യയിൽ കുന്തിയെ കണ്ടശേഷം ഹസ്തിനപുരി കൊട്ടാരത്തിൽ നിന്ന് പുറത്തുകടക്കുമ്പോൾ വിദുരർ പറഞ്ഞു, ഗാന്ധാരിക്കെന്നെ കാണണമെന്ന്. കണ്ടു സംസാരിച്ചു. അവിശ്വസനീയമെന്നിപ്പോൾ കരുതാവുന്ന പലതും നാളെ സംഭവിക്കാമെന്നും, മക്കളെ പിന്തിരിയിപ്പിക്കാൻ കൺകെട്ടഴിച്ചുണർന്നില്ലെങ്കിൽ വിലപിക്കേണ്ടിവരുമെന്നും ഓർമ്മിപ്പിച്ചു. മാതൃപ്രേരണക്കു വഴങ്ങുന്നവരല്ല മക്കൾ എന്നു ഗാന്ധാരി പറഞ്ഞപ്പോൾ, കൗരവ വംശഹത്യ ഭാവിയിലുണ്ടായാൽ എന്നെ ശപിക്കാനായി വിലാപഗീതം രഹസ്യമായി പഠിപ്പിച്ചുതരാമെന്നു ആ മാതൃമനസ്സിനെ ഞാൻ ആശ്വസിപ്പിച്ചു. ശോകമുഹൂർത്തത്തിൽ, വാക്കുകൾ കൃത്യമായി ഓർമ്മിക്കാൻ, നിത്യവും നാമജപത്തിനൊപ്പം ചൊല്ലണം എന്നുപദേശിച്ചതവർ ഉത്തരവാദിത്വത്തോടെ ചെയ്തു എന്ന് വേണം കാണാൻ. എന്നെ ഗാന്ധാരി ‘ശപിച്ച’പ്പോൾ, ഒന്നേ എനിക്ക് തിരിച്ചു പറയേണ്ടി വന്നുള്ളൂ. അമ്മാ, ഞാൻ പണ്ട് ചൊല്ലിത്തന്ന ഒരു വാക്കു പോലും തെറ്റാതെ ഗാന്ധാരീശാപം നിങ്ങളിപ്പോൾ ഉച്ചരിച്ചതിനു നന്ദി. ഈ ജീവിതത്തിലെ കെട്ടുപാടുകളിൽ നിന്ന് വിട്ടുമാറാൻ എന്നെയും അത് തുണക്കട്ടെ.”

2019/06/26

“ഔഷധസസ്യത്തോട്ടത്തിനുള്ളിൽ പണിത വയോജനവിശ്രമകേന്ദ്രം ഉത്ഘാടനം ചെയ്യും മുമ്പ് തന്നെ പടിയിറങ്ങിയല്ലോ അന്തേവാസികളാവേണ്ടിയിരുന്ന നാലുപേരും?”, കാടിന്റെ വഴി തിരഞ്ഞെടുത്തു അരമന വിട്ടിറങ്ങുന്ന ധൃതരാഷ്ട്രർ ഗാന്ധാരി

വിദുരർ കുന്തി എന്നിവരെ മട്ടുപ്പാവിൽ നിന്ന് നോക്കുമ്പോൾ കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“അതിനെന്താ. മുതിർന്ന മൂന്നു പാണ്ഡവർ അന്തേവാസികളാവാൻ പ്രായയോഗ്യത നേടിയല്ലോ. ഹസ്തിനപുരിയുടെ ഭരണം മാദ്രിയുടെ ‘ഇരട്ടക്കുട്ടികൾ’ ഒന്നായി ഏറ്റെടുക്കട്ടെ.”

“പോരാളികൾ ഊട്ടുപുരയിലേക്കു കുതിക്കുന്ന നേരത്തു, പിന്തുടർന്ന് പിടികൂടി ശത്രുവിന്റെ കരൾ പിളർക്കാൻ കത്തി നിങ്ങൾ ഓങ്ങിയപ്പോൾ കാണുന്നത്, എന്തോ മിണ്ടിപ്പറയുന്നതാണ്? എന്തായിരുന്നു ആ രഹസ്യ മരണമൊഴി?” കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“പ്രിയപാഞ്ചാലിക്ക് സുഖമല്ലേ ഭീമാ എന്നവൻ ചോദിച്ചു. കാട്ടിൽ പത്തുണ്ടുകൊല്ലവും മുടിയിൽ തേക്കാൻ സുഗന്ധ തൈലവുമായി ഞാൻ മുഖംമൂടി ധരിച്ചു കാട്ടിലേക്കു വരുമായിരുന്നു. ‘നന്ദി’ എന്ന കൊച്ചു മറുപടി ഒരു സന്ദേശകാവ്യം പോലെ മടക്കയാത്രയിൽ ഞാൻ നെഞ്ചോടുചേർത്തു. മുടിയഴിച്ചിട്ടാൽ പിന്നെന്തിനു വേറെ ഉടയാട എന്ന് ചോദിച്ചുകൊണ്ടായിരുന്നു ചൂതാട്ടസന്ധ്യയിൽ വസ്ത്രാക്ഷേപം ചെയ്തത് അതൊരു പ്രണയ സല്ലാപമായിരുന്നെന്നവൾക്കറിയാം. സുഗന്ധതൈലം ഉപചാരപൂർവ്വം ഞാൻ കൈമാറുമ്പോൾ അവളുടെ മുഖത്തൊരു കൃതജ്ഞത തെളിയും. നിങ്ങളഞ്ചുപേരും ഒറ്റ മുറിക്കുടിലിൽ വിഷാദരോഗികളെപോലെ ഞങ്ങളെ നിരീക്ഷിക്കുന്ന ഓർമ്മയുണ്ട്. എന്തുകൊണ്ടായിരുന്നു പ്രത്യാശ എന്നോ? അതെനിക്കുഹിക്കാനേ കഴിയൂ-ആരാധകരായ കൗരവരുടെ കരുതലിലും പ്രണയത്തിലും ലോകസുന്ദരിയുടെ പരിപൂർണ്ണ വിശ്വാസപ്രഖ്യാപനമാണോ? ഏറ്റെടുത്ത ദൗത്യം ഇനി വൈകണ്ട. ഇരുകൈകളും ശുദ്ധജലത്തിൽ കഴുകി ശുദ്ധമാക്കി വേണം നീ എന്റെ ഹൃദയം തുരന്നു പുറത്തുചാടുന്ന ചുടുചോര സംഭരിച്ചു പാളയത്തിലെത്തി അവളുടെ മുടിയിൽ തേക്കാൻ. എന്റെ അഭിവാദ്യങ്ങളോടെ. വയറിന്റെ വലതുവശത്തല്ല നീ കത്തിതാഴ്ത്തേണ്ടത് ഭീമാ, ഇതാ ഇടനെഞ്ചിലാണ്ഉയർത്തിയ കത്തി ഇനിയതിന്റെ പുതു ലക്ഷ്യം കൃത്യമായി കാണട്ടെ.

2019/06/27

“അരമന അറവുശാലയിലേക്കു കറവ വറ്റിയ മാടുകളെ പതിവായെത്തിക്കുന്നതിൽ പിടിപ്പുകേട് കാട്ടിയ മൃഗമാംസ മേധാവിയെ പൊതുനിരത്തിലിട്ടു ഭീമൻ പ്രഹരിച്ച വാർത്തയാണല്ലോ ഇന്നലെ കുതിരപ്പന്തികളിലെ അന്തിച്ചർച്ച. രൗദ്രഭീമന്ന് മദം പൊട്ടിയോ എന്നാണ് ചാർവാകൻ മുന വച്ച് ചോദിച്ചത് എങ്ങനെ പ്രതികരിക്കുന്നു ഈ അപഭ്രംശം?” കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“അപഭ്രംശം? തൊഴിലിൽ അലംഭാവം കാണിക്കുന്നവരെയൊന്നും തരം കിട്ടിയാൽ ആഞ്ഞൊന്നു തൊഴിക്കാതെ അവനങ്ങനെ വിടില്ലല്ലോ. തുറന്നു പറയട്ടെ യുദ്ധം കഴിഞ്ഞതോടെ, ഭീമ ഗദ അലങ്കാര ആയുധമായി എന്നതാണനുഭവം അവൻ കഷ്ടം അതറിഞ്ഞ മട്ടില്ല. ഉദ്യോഗസ്ഥൻ നട്ടെല്ലൊടിഞ്ഞു അടിയന്തര ചികിത്സ തേടി എന്നോ മറ്റോ പന്തിയിലെ പടക്കുതിരകൾ പറയുന്നത് കേട്ടോ? അതോ, മൂട്ടും തട്ടി എഴുന്നേറ്റു ഭീമന് പ്രണാമം അർപ്പിച്ചു വകുപ്പുമേധാവി വഴിനടന്നുപോയോ?

അതാണ് പറഞ്ഞത്, ഭരണാധികാരിയും ജീവനക്കാരനും തമ്മിലുള്ള രാഗദ്വേഷങ്ങളുടെ കാലികത ചന്ദ്രനും സൂര്യനും നിലനിൽക്കുന്ന കാലത്തൊക്കെ കാണും. മഴ തുടങ്ങിയ സ്ഥിതിക്ക് മരച്ചെടികൾ വളർത്തുന്ന പുതിയ കർമ്മ പരിപാടിക്ക് നേതൃത്വം കൊടുക്കൂ. എത്രനാൾ ഇങ്ങനെ പാണ്ഡവഭരണകൂടത്തിന്നെതിരെ പര ദൂഷണവുമായി 'ഹസ്തിനപുരി പത്രിക' കൊണ്ടുനടക്കാനാവും."

2019/06/28

"നീതിനിർവ്വഹണത്തിന്റെ വിരൽ കുറ്റാരോപിതനു നേരെ ഒരിക്കലെങ്കിലും ചൂണ്ടുന്നതിനു പകരം, പരമോന്നത പീഠത്തിലിരുന്നു ഇരയെ കഠിനതടവിനു കാട്ടിലേക്കയക്കുന്ന അസാധാരണവിധിക്കു പൂർണ്ണപിന്തുണ നൽകി എന്നാണല്ലോ വഴിയമ്പലങ്ങളിലും കുതിരപ്പന്തികളിലും ചർച്ച. വസ്ത്രാക്ഷേപത്തിൽ ഒന്നാം പ്രതി ഒരു കുസലും കൂടാതെ ഹസ്തിനപുരിയുടെ ഭരണകൂടം നിയന്ത്രിക്കുക, എന്നാൽ ഇരയുടെ പരാതി സ്വീകരിക്കാൻ വകുപ്പില്ലെന്നു പറഞ്ഞു നീതിപീഠവാതിൽ കൊട്ടിയടക്കുക. നീതിനിഷേധത്തിലെ ദുരവസ്ഥ കണ്ടു കരൾ കലങ്ങിയ നാലോളം ഇളമുറ കൗരവരാജസ്ത്രീകൾ വാണിജ്യത്തെരുവിലെ പ്രഭാഷണമണ്ഡപത്തിൽ പ്രതിഷേധസമരത്തിലാണ് താങ്കൾ പോയി അവരെ കണ്ടിരുന്നോ? ദ്രോണരും വിദുരരും ഒളിവിലാണ് അവരുടെ ചോരക്കു വേണ്ടി ഹസ്തിനപുരി കിതക്കുന്നുണ്ട്." കൊട്ടാരം ലേഖിക ഭീഷ്മരോട്ട് ചോദിച്ചു. ദുര്യോധനൻ വീണ്ടും കൊട്ടാരം ഭരണാധികാരിയായി എത്തിയ പ്രഭാതം.

"മൗനമാണ് കീർത്തനം എന്ന കവിവചനമാണെന്റെയിനിയുള്ളകാല രക്ഷകൻ"

2019/06/29

"ആരാധകർ കേൾക്കാൻ കൊതിക്കുന്ന സ്വകാര്യം വല്ലതുമുണ്ടോ വായനക്കാരുമായി പങ്കുവെക്കാൻ?" പാഞ്ചാലിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

വനവാസക്കാലം.

"ഇന്ന് മുതൽ നീ ദുര്യോധനന്റെ പുരുഷാധികാര പരിധിയിൽ വരുന്ന പെണ്ണടിമയല്ല, പൂർണസ്വതന്ത്ര എന്ന നിശാഭാവന ഉന്മാദം പടർത്തും. അതോടെ ഈ കാരാഗൃഹത്തിൽ നിന്ന് ആരോരുമറിയാതെ പുറത്തു ചാടി കാട്ടരുവിയിൽ സ്വർണമത്സ്യമായി, പീഡക പാണ്ഡവരില്ലാത്ത വിദൂരലോകത്തിലേക്ക് ഞാൻ ഒഴുകിപോവും."

2019/06/30

"അവസരം കിട്ടിയ പാണ്ഡവരിലൊരാൾ പായ പങ്കിടാൻ ചങ്കിടിപ്പോടെ വരുമ്പോൾ, മറ്റു നാലു പാണ്ഡവർ രതിസ്വകാര്യത മാനിച്ചു മുറിയിൽ നിന്ന് പുറത്തു പോവണം എന്നതല്ലേ പെരുമാറ്റച്ചട്ടം? അതോ അത്തരം പരിഷ്കൃത ധാരണയൊന്നും പാണ്ഡവർക്ക് ബാധകമല്ലേ?", കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു.

"എന്തൊക്കെ താറുമാറാക്കിയാൽ ആൺപെൺശാരീരികത മലിനപ്പെടുത്താമോ അതൊക്കെ ബാക്കി നാലു പേരും ഒളിഞ്ഞും തെളിഞ്ഞും ചെയ്യും. അപമാന

ബോധതോടെ പായക്കുട്ടുകാരനും ഞാനും കമഴ്ന്ന കിടക്കും. അസ്ത്രം മറന്നുവച്ചതെടുക്കാൻ വന്നതാണ് എന്ന വാദവുമായി പാണ്ഡവരിലൊരാൾ ഇടിച്ചു കയറിയതും, 'കടക്കു പുറത്ത്' എന്ന് പറയാതെ തന്നെ പുറത്തു പോയതും മറന്നിട്ടില്ല."

## ഭാഗം ആറ്

"വിവാഹപൂർവസന്തതികളും പരപുരുഷരതിയും കുരുവംശപ്പെരുമക്ക് അലങ്കാരമായി കരുതുന്ന പരിഷ്കൃത സമൂഹം ഹസ്തിനപുരിയിലുണ്ട്. പക്ഷെ അവരെ ചിന്താക്കുഴപ്പത്തിലാക്കുന്നത്, സ്വർണ്ണനിറമുള്ള അഞ്ചു ദേവരൂപികൾ കൂട്ടിനുണ്ടായിട്ടും, ഇനിയുമെന്തിനൊരു ശ്യാമദേവൻ? ഒന്നും വേണ്ടായിരുന്നു എന്ന് തോന്നിയോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. പാണ്ഡവ വസതിക്കരികെയുള്ള കാട്ടരുവിയിൽ കൈയും മുഖവും കഴുകി അവർ നടന്നു. നീരൊഴുക്ക് കുറവായിരുന്നെങ്കിലും, ജലം പരിശുദ്ധമായിരുന്നു.

"കീഴ്പ്പെടുത്താനും, ചൂതാട്ടത്തിൽ പണയപ്പെടുത്തി അടിമയാക്കാനും മടിയില്ലാത്ത കൌന്തേയരെവിടെ, ദൂരെ ദൂരെ ദ്വാരകയിൽ എനിക്കായി സുരക്ഷിതത്വത്തിന്റെ ഒരാലില, സത്യഭാമ പോലുമറിയാതെ, മറിച്ചിടുന്ന ആ സുഹൃത്തെവിടെ."

2019/07/02

"മട്ടുപ്പാവിൽ ജൈവകൃഷി?", രാജധാനിസമുച്ചയത്തിൽ നിന്നകന്നു വന്മരങ്ങളുടെ മറവിൽ, കൌരവരാജവധുക്കളുടെ മാളികമുകളിലായിരുന്ന ദുര്യോധനഭാര്യയോട് കൊട്ടാരം ലേഖിക ചോദിച്ചു."നിലാവുള്ള രാത്രികളിൽ, ജനിച്ച നാടിന്റെ ദിശയിലേക്കു നോക്കി, വിങ്ങിപ്പൊട്ടുന്ന ഹൃദയവാതിലുകൾ ഭർത്താക്കന്മാരറിയാതെ തുറന്നിടാനുള്ള ഈ മട്ടുപ്പാവിലും വളരുമോ കായ്ഫലമുള്ള ചെടികൾ എന്ന് പരീക്ഷിക്കുകയാണ് പുതുമണവാട്ടികൾ."

2019/07/03

"കാഴ്ചപരിമിതനെങ്കിലും, അകക്കണ്ണിന്റെ കാര്യത്തിൽ ആർക്കും പിന്നിലല്ല എന്ന് തോന്നാറുണ്ടോ?", ജന്മദിനത്തിൽ അഭിവാദ്യമർപ്പിക്കാനുള്ള വരിയിൽ നിന്ന കൊട്ടാരം ലേഖിക മുട്ടുകുത്തി കൈമുത്തി ചോദിച്ചു. അന്ധഭർത്താവിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കണ്ണുകെട്ടി സ്വയം കാഴ്ച നിഷേധിച്ച ഭാര്യ, ഒരു പശ്ചാത്താപം പോലെ പരവശയായി അരികെ.

"പ്രകൃതിയുടെ പാരിതോഷികമാണ് കാഴ്ച എന്ന് അന്ധനായ ഞാൻ പറഞ്ഞാൽ, മനുഷ്യശരീരത്തിന് അതൊരാവകാശമാണെന്നു നിങ്ങൾ തർക്കിക്കും.

ആ തർക്കം അവിടെ നിൽക്കട്ടെ. എന്നാൽ അകക്കണ്ണെന്ന പറയുന്നത് പ്രകൃതിയുടെ പാരിതോഷികമോ നമ്മുടെ ജന്മഅവകാശമോ അല്ല, അതൊരു 'നേടിയെടുക്ക'ലാണ്. ആ നേടിയെടുക്കൽ സ്വകാര്യ അഹങ്കാരമെന്ന കരുതുന്നവരുണ്ട്-വിദുരരെ പോലെ. ഗുരുവിൽ നിന്ന് നേടിയെടുക്കാമെന്ന അവകാശപ്പെട്ടന്നവരുണ്ട്-യുധിഷ്ഠിരനെ പോലെ. അകക്കണ്ണ് എനിക്ക് തന്നത് അഹങ്കാരമല്ല, കാഴ്ചപ്പാടാണ്. അതുകൊണ്ടെന്തു നേട്ടമുണ്ടായി? അക്ഷരം വായിക്കാനറിയാത്ത ഞാൻ പലതും 'കൂട്ടിവായിച്ചി'ല്ലേ? നിങ്ങൾ ഇപ്പോൾ എന്നെ പുറംകാഴ്ചയിലൂടെ കാണുന്നത്, നരച്ചനീണ്ട താടിയും ഒഴിഞ്ഞ കണ്ണിടങ്ങളും രോമരഹിതശിരസ്സും ഭാരിച്ച ശരീരവുമുള്ള പടുകിഴവനായിട്ടാണെങ്കിൽ, എന്നെ ഞാൻ ഉള്ളിൽ കാണുന്നത്, 'വനാന്തര'ത്തിൽ മറ്റൊരു പ്രതിയോഗിയെ കയറ്റാതെ,നിരന്തരം പൊരുതുന്ന സിംഹരാജനായിട്ടാണ്. അതാണ് പറഞ്ഞത്, സംസാരിക്കുമ്പോൾ കണ്ണുകൊണ്ട് മാത്രം പോരാ, കാഴ്ചപ്പാടിലൂടെയും കാണണം.

2019/07/04

"അഴക്കൊക്കെ അടിച്ചുവാരി പുറത്തു കൊണ്ടു പോവുന്ന ആ ഭംഗിയുള്ള സ്ത്രീ ആരാണമ്മാ?", വിടർന്ന കണ്ണുകളുള്ള കുട്ടി ചോദിച്ചു. "പുതിയ അടിമയാണ് മോനേ. യുവരാജാ ദുര്യോധനൻ പന്ത്രണ്ടു കൊല്ലത്തെ കഠിനശിക്ഷ കൊടുത്തിരിക്കയാണ്", അമ്മ ആശ്വസിപ്പിച്ചു, "ഇങ്ങനെ അഴക്കൊക്കെ തലയിൽ ചുമക്കുന്ന അടിമയാവാൻ മാത്രം എന്ത് തെറ്റ് ആ സ്ത്രീ ചെയ്തു, അമ്മാ?"

"മദ്യ ലഹരിയിൽ ഭർത്താക്കന്മാർ അവളെ കൗരവരാജസഭയിൽ വിവസ്ത്രയാവാൻ നിർബന്ധിച്ചപ്പോൾ, അവൾ എതിർക്കാതെ വഴങ്ങി. അതുകണ്ടു നീതിമാനായ ദുര്യോധനൻ കൊടുത്ത മാതൃകാപരമായ ശിക്ഷ."

2019/07/05

"പരിത്യാഗികളെന്ന സ്വയം വിശേഷിപ്പിച്ച സുഖവാസം. മാലിന്യം സംസ്കരിക്കുന്ന പണി പാഞ്ചാലിയെ കൊണ്ടു ചെയ്യിക്കുന്നു!. ഇതൊക്കെ എവിടെ കേട്ട ന്യായമാണ്?" കൊട്ടാരം ലേഖിക ആശ്രമകാര്യദർശിയോട് ചോദിച്ചു.

"ആരെന്നാണ് കരുതിയത്? തൃഷ്ണ ത്യജിച്ചവരല്ലേ ഞങ്ങൾ? പരസ്ത്രീകളെ മാതാവായി കരുതുന്നില്ലേ? അസത്യം പറയാൻ നാവ് ചലിക്കുമോ? ധനം ആഗ്രഹിക്കുമോ? ഭൌതിക വസ്തുക്കളോടുള്ള മോഹമാകുന്ന മായയിൽ അകപ്പെടുമോ?" അതാണ് സർവ്വസംഗ പരിത്യാഗി. സന്യസ്ഥ ആശ്രമസമുച്ചയത്തിലെ ശുചിമുറി മാലിന്യങ്ങൾ നീക്കാൻ നിയോഗം പാഞ്ചാലിക്കാണ്. ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി എന്ന അടയാളപ്പെടുത്തലൊന്നും കേട്ട് ഞങ്ങൾ കുലുങ്ങില്ല. തോളിൽ മാറാപ്പ വീഴാൻ മാളിക തടസ്സമല്ല. പ്രപഞ്ച ദുരൂഹതയെ കുറിച്ച് പേക്കിനാവ് കാണുന്ന ഞങ്ങൾക്കൊരു കരാറുണ്ട്-സംരക്ഷകനായ ദുര്യോധനനുമായി. മർത്യജന്മത്തിന്റെ വ്യർത്ഥതയെ കുറിച്ച് ചിന്തിക്കുമ്പോഴും നിങ്ങളുടെ മൂന്നാംകണ്ണ് പാണ്ഡവ വസതിയിലേക്കായിരിക്കണം. നോട്ടം തെറ്റിയാലവർ കുരുവംശതൽസ്ഥിതിയെ ഒറ്റുകൊടുക്കും-അതാണവൻ പറഞ്ഞത് അത് പാലിക്കും.

2019/07/07

“പ്രണയഭരിതമാണ് പാണ്ഡവഹൃദയങ്ങളെങ്കിലും ഹൃദയരാഹിത്യത്തോടെയാണ് പ്രതികരിക്കുന്നതെന്നവർ നൊമ്പരപ്പെടുന്നുണ്ടല്ലോ”, കൊട്ടാരം ലേഖിക ചോദിച്ചു.

“വാക്കു കൊണ്ടവർ വിനിമയം ചെയ്യുന്ന പ്രണയം പ്രത്യക്ഷത്തിൽ കള്ളനാണയമെന്നു തിരിച്ചറിയാൻ ഏതു പെണ്ണിനും എളുപ്പമല്ലേ? പെണ്ണുടലിൽ ആണധികാരം സ്ഥാപിച്ചുകിട്ടാൻ അഞ്ചുപേരും വ്യത്യസ്ത രീതികളിൽ പ്രണയകുരുക്കിടാൻ ശ്രമിക്കുമ്പോൾ, ഇര ചമയാറുണ്ട്. അവർക്കതൊന്നും പോരാ. പ്രണയിക്കുന്നു എന്നതൊരു ആയുഷ്കാല വിധേയത്വത്തിനുള്ള സമ്മതപത്രം തേടലാണ്. അതൊരു സ്ത്രീവിരുദ്ധ സമീപനമെന്നൊന്നും എനിക്കാക്ഷേപമില്ല.” സ്വീകാര്യമല്ലെന്ന നേരിയ സൂചന കൊടുക്കും അപ്പോൾ, പാവം, പാണ്ഡവകരളുകൾ നോവും.

“നെഞ്ചുപിളർന്നു ചോരയൂറ്റി, അല്ലെ ഭീമാ?”, കൺകെട്ടഴിച്ചു കണ്ണുതുറന്നു കൗരവജഡങ്ങൾ കണ്ട ഗാന്ധാരി വിതുമ്പി.

“വിവസ്ത്ര പാഞ്ചാലി നിന്നനിൽപ്പിൽ ശപഥം ചെയ്താൽ വേറെ തരമുണ്ടോ, അമ്മാ? കല്യാണസൗഗന്ധികമായാലും, ദുശ്ശാസ്സനനെഞ്ചിലെ ചോരയായാലും, അവൾ ചോദിച്ചത് അപ്പപ്പോൾ കൊണ്ട് വന്നു കൊടുത്തല്ലേ പറ്റൂ”, മഹാറാണിയുടെ വാത്സല്യത്തിനായി ഭീമൻ കൈകൾ നീട്ടി.

2019/07/09

“കബളിപ്പിക്കപ്പെട്ടവർക്ക് നഷ്ടസൗഭാഗ്യങ്ങൾ തിരിച്ചുകൊടുക്കുക, കളിയിൽ കളവു കാണിച്ചവർ തെറ്റതിരുത്തുക-ഇതൊക്കെയല്ലേ നീതിപീഠത്തിൽ നിന്ന് പ്രതീക്ഷിക്കുക? എന്നിട്ടും നീതിപതിയെന്ന നിലയിൽ നിർണ്ണായകമുഹൂർത്തത്തിൽ നിങ്ങൾ കണ്ണടച്ചുവോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“സ്വച്ഛന്ദമൃത്യു കഥാവശേഷനായി എന്നാണോ ‘ഹസ്തിനപുരി പത്രിക’യിൽ വാർത്ത വരേണ്ടത്? അതോ അപമൃത്യു-ദുരൂഹത തുടരുന്നു എന്നോ?”

“കീചകനെ കുറിച്ച് പറഞ്ഞുകേട്ടതൊക്കെ ‘കൊള്ളരുതാത്തവൻ’ എന്നാണ്. ഇരയോ കൊലപ്പുള്ളിയോ ആയ നിങ്ങൾ അവനെ എങ്ങനെ യഥാർത്ഥത്തിൽ കണ്ടു എന്നോർത്തെടുക്കാമോ?”, കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട് ചോദിച്ചു. മഹാപ്രസ്ഥാനത്തിനു പാണ്ഡവർ യാത്ര തിരിക്കുന്നതിന്റെ തലേന്ന്.

“വിരാടരാജ്ഞി സുദേഷ്ണയുടെ അനുജൻ എന്ന നിലയിലാണ്, അപ്പവും വീഞ്ഞുമായി കീചകവസതിയിൽ രാത്രി പോവേണ്ടിയിരുന്നത് മടങ്ങിവരാൻ പുലർച്ചയാവും. സുമുഖ യുവാവെങ്കിലും അവിവാഹിതൻ. ചെറുപ്പത്തിൽ സേനാപതിയായി. അയൽ രാജ്യങ്ങളുമായി വ്യക്തിഗത നയതന്ത്ര ബന്ധം. വിരാടരാജാവ് കുറച്ചുകാലമായി കീചകനിൽ ഭീഷണി മണത്തിരുന്നു. ഭാര്യ സുദേഷ്ണയും അനുജൻ കീചകനും കൊട്ടാര വിപ്ലവത്തിലൂടെ വിരാടനെ സ്ഥാനഭ്രഷ്ടനാക്കുമോ എന്ന ഭീതിയായിരുന്നു കീചകവധത്തിന്റെ പ്രേരകശക്തി. ശത്രുവെന്നു വിരാടൻ മനസാ വരിച്ച കീചകനെ, സേവകർ വഴി, ‘മദ്യപാനിയും പെൺവേട്ടക്കാരനും ദുരഭിമാനിയും അധികാരമോഹി’യുമെന്നു ഊട്ടുപുര മുതൽ കുതിരപ്പന്തിവരെ ഇല്ലാക്കഥകൾ എത്തിക്കാൻ

വിരാടന് കഴിഞ്ഞു എന്നതാണയാളുടെ തന്ത്രം. കൊല്ലാൻ വിരാടൻ കൗശലപൂർവ്വം ഭീമനെ ഉപയോഗിച്ചപ്പോൾ, കീചകകൊലക്കു കാരണം പറഞ്ഞത്, സൈരന്ധ്രിയെ കീചകൻ അന്ന് രാത്രി ലൈംഗിക പീഡനത്തിന് ഇരയാക്കാൻ നൃത്തമണ്ഡപത്തിലെ സ്വകാര്യമുറി ഉപയോഗിക്കുമെന്നു പറഞ്ഞായിരുന്നു. കൊട്ടാരത്തിൽ അജ്ഞാതവാസക്കാല തൊഴിലിനു ആറംഗ പാണ്ഡവ സംഘത്തെ നേരിട്ട് അഭിമുഖം ചെയ്തു വിരാടന്, 'മുഖം മൂടി' ധരിച്ച ഞങ്ങൾ ആരെന്നറിയാമായിരുന്നിട്ടും, അറിഞ്ഞില്ലെന്നഭിനയിച്ചതാണയാളുടെ രാജധർമ്മം. പിറ്റേന്ന് രാവിലെ ഞെട്ടലോടെ അറിഞ്ഞു, പ്രിയപ്പെട്ടവനെ ഏതോ ക്രൂരകൊലയാളി ശ്വാസം മുട്ടിച്ചു കൊന്നു. ചേച്ചിയുടെ പ്രായമുള്ളവളെങ്കിലും നീ എന്നെന്നും എനിക്ക് ആയുഷ്കാല പ്രണയിനി എന്ന് ചേർത്തു നിർത്തി മധുരപദങ്ങൾ പറഞ്ഞിരുന്ന കീചകന്റെ അകാല മരണത്തോടെ ഭീമനെ ഞാൻ തരം കിട്ടുമ്പോഴൊക്കെ അവഹേളിക്കുവാൻ തുടങ്ങി. പലപ്പോഴും നിങ്ങൾ എന്നോട് അഭിമുഖങ്ങളിൽ ചോദിച്ചതോർക്കുന്നു, ഇത്രയും താണു കേഴുന്ന ഭീമനെ എന്തിനിങ്ങനെ കഠിനമായി പരീക്ഷിക്കുന്നു. ഓരോ തവണ ഭീമൻ മുട്ടിൽ ഇഴഞ്ഞു കൈകൾ കൂപ്പി മാപ്പുചോദിച്ചു വിലപിക്കുമ്പോഴും, ഞാനവനെ നിന്ദിച്ചു, കീചകാത്മാവിനെ മഹത്വപ്പെടുത്തി."

ദൂരെ ദൂരെ, തെക്കു വിരാടത്തിലെ രാജധാനി പെട്ടെന്ന് തെളിഞ്ഞപോലെ പാഞ്ചാലി എഴുന്നേറ്റുനിന്നു പകച്ചു നോക്കി, കീചകനോടെന്ന പോലെ മധുരമായി പറഞ്ഞു, "സുഖമല്ലേ പ്രിയപ്പെട്ടവനേ, ദിവസങ്ങൾക്കുള്ളിൽ ഞാൻ നിന്നോടൊപ്പം ചേരുകയായി."

2019/07/10

"വിളവെടുപ്പ് കഴിഞ്ഞു. ധാന്യപ്പുര നിറഞ്ഞോ?", കർഷകനോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ ഭരണകാലം.

"വിത്തിനുള്ളത് കിട്ടി. അടുത്ത വിള പ്രകൃതി തുണച്ചാൽ ഭാഗ്യം. പുഴയിൽ ഒഴുക്കുള്ളതുകൊണ്ടെന്തു മെച്ചം, കൃഷിയിടങ്ങളിലേക്ക് വെള്ളം വഴിതിരിച്ചുവിടാൻ യുവാക്കളില്ല. എല്ലാവരെയും നേരത്തെ വലിച്ചുകൊണ്ടു പോയി. കഴിഞ്ഞ കൊയ്ത്തുൽസവത്തിനു ഭരണകൂട ഭീകരർ വന്നു മൂന്നിൽ രണ്ടുഭാഗം യുദ്ധച്ചെലവിനെന്നു പറഞ്ഞു തട്ടിയെടുത്തു. പോവുമ്പോൾ മകന്റെ രണ്ടു ആൺകുട്ടികളെ ബന്ദികളാക്കി. സേനാപതികളുടെ ആയുധം തേച്ചു മിനുക്കാനാണെന്നു ആദ്യം പറഞ്ഞു. രണ്ടുപേരും മടങ്ങിവന്നില്ല. അന്ധരാജാവിനെയും ഭാര്യയെയും കാട്ടിലേക്കയച്ചു എന്നൊക്കെ ഈ വഴി പോവുന്ന കച്ചവട ക്കാർ കുതിരപ്പന്തിയിൽ പിറുപിറുക്കുന്നതു കേട്ടവരുണ്ട്. എന്തിനായിരുന്നു യുദ്ധം, ആരാണ് ജയിച്ചത്, ഇപ്പോൾ ആരാണ് ഭരിക്കുന്നത് എന്നൊന്നും ഞങ്ങൾ ക്കാർക്കും അറിയില്ല. ഉഴവുകാളകളെ പോർക്കളതീൻശാലയിലേക്കെന്നു പറഞ്ഞു കൊണ്ടു പോയി. ഞാനും പുത്രവിധവകളും വേണ്ടിവന്നു ഇത്തവണ കൃഷിയിടം വിതയോഗ്യമാക്കാൻ. ഈ തണലിലേക്ക് നിൽക്കൂ, കരിമ്പുനീർ തരട്ടെ?

2019/07/11

“പ്രീണിപ്പിക്കാനും പ്രലോഭിപ്പിക്കാനും തലകുത്തി നിങ്ങളഞ്ചുപേർ ശ്രമിച്ചിട്ടും, അണുവിട വിട്ടുതരാതെ അടിമപ്പണി ചെയ്യിക്കുന്ന എന്ന ഖേദമുണ്ടോ മനസ്സിൽ? ‘ഹസ്തിനപുരി പത്രിക’യുടെ ചുവരെഴുത്തുപതിപ്പുകളിൽ പ്രസിദ്ധീകരിച്ച അഭിമുഖങ്ങളിൽ നിന്ന് പൊതുസമൂഹം വായിച്ചെടുത്തതൊക്കെ തിരുത്താൻ ഉതകുമോ വിശദീകരണം?”, കൊട്ടാരം ലേഖിക ചോദിച്ചു. നായാട്ടിൽ തലക്കടിച്ചു വീഴ്ത്തിയ കാട്ടുപോത്തിന്റെ തോലുരിക്കയായിരുന്നു പാണ്ഡവർ.

“വനവാസക്കാലത്തു പൊട്ടിമുളച്ച വിഷബീജമല്ല പെണ്ണാഭിമുഖ്യം. ഓരോ വഴിയിൽ സ്വാഭാവികമായി പരസ്ത്രീബന്ധം പുലർത്തി എന്നതൊരു വസ്തുതയാണെങ്കിലും, സന്ധ്യക്ക് കൂടണയുക പതിവാണ്. ഇതൊരു ദൗർബല്യമായി ഹസ്തിനപുരിയിലെ പ്രബുദ്ധസമൂഹം കാണുന്നു എന്നാണോ പറഞ്ഞുവരുന്നത്? എന്നാൽ ഞങ്ങൾക്കതൊരു ഹരവും കൂടിയാണ്. ഇനി എന്നെക്കുറിച്ചു മാത്രം ഒന്ന് വേറിട്ടു പറഞ്ഞാൽ, ഒരു കയ്യിൽ ഗദയും മറുകയ്യിൽ കല്യാണസൗഗന്ധികവുമായി പ്രിയപ്പെട്ടവളെ കാണാൻ ഓടിക്കിതച്ചു വരുന്നതിലൊരു സമാനതയില്ലാത്ത പ്രണയതീവ്രതയുണ്ട്. പുരുഷവൈവിധ്യ ലഭ്യതയാൽ, രതിയിൽ പാഞ്ചാലി ചിലപ്പോഴെങ്കിലും നിസ്സംഗത കാണിച്ചിട്ടുണ്ടാവാം എന്നതാണോ ഇത്ര ദൂരം ഹസ്തിനപുരിയിൽ നിന്ന് നിങ്ങൾ പലകുറി പദയാത്ര ചെയ്തുവന്നു ചൂഴ്ന്നെടുത്ത പാഞ്ചാലീദാമ്പത്യരഹസ്യം?” പിടഞ്ഞുകൊണ്ടിരുന്ന കാട്ടുപോത്തിൽ നിന്ന് ഇരുകൈകളും കൊണ്ട് ഭീമൻ ആഞ്ഞുവലിച്ചപ്പോൾ മാത്രമേ തോൽ വേറിട്ടുള്ളൂ. മറ്റുപാണ്ഡവർ അതോടെ ഇറച്ചി, കഷണങ്ങളാക്കുന്നതിനു മടവാളുകൾക്കായി പാഞ്ചാലിയെ നോക്കി.

2019/07/13

“എന്തൊരു പൊളിച്ചടക്കലാണ്. സ്ത്രീത്വത്തെ അപമാനിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവർ കുടിലകൗരവർ എന്ന് വിദുരർ രഹസ്യമായി പറഞ്ഞതിൽ കാര്യമുണ്ടെന്നു വ്യക്തമായില്ലേ. പുരുഷൻ പിഴച്ചതിനു പെണ്ണിനെ കാട്ടിലേക്കയക്കുന്നു, ആൺസാന്നിധ്യമുള്ള സന്യസ്ഥാശ്രമങ്ങളിൽ ചെന്ന് മാലിന്യം മൺകലത്തിൽ സംഭരിച്ചു തലച്ചുമടായി കൊണ്ടുപോയി കുഴികുത്തി സംസ്കരിക്കണം. ഇത് കീഴാള മത്സ്യകന്യക സത്യവതി രാജമാതാവായിരുന്ന കുരുവംശമോ, അതോ അരാജകത്വത്തിന്റെ അഭിജാത കുരുപ്പുവംശമോ? ഏതാണ്ട് ഈ അർത്ഥമൊക്കെ വരുന്ന, എന്നാൽ മുഴുപ്പുള്ള ശരീരഭാഷയിൽ ചാർവാകൻ തെരുവായ തെരുവോക്കെ കൂട്ടംകൂടുന്നത് ചാരൻ വഴി അറിഞ്ഞില്ലേ? അതോ അടഞ്ഞുപോയോ കൗരവനാവ്?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“ഒരു നേരത്തെ അന്നം കൊണ്ടുവരുമെന്ന് കരുതി വലിയൊരു ഭിക്ഷാപാത്രം കൊടുത്തു നിത്യവും ചാർവാകനെ ഭാര്യയും പത്തു കുട്ടികളും യാത്രയാക്കുന്നത് കാണേണ്ട കാഴ്ചയാണ്. അവനവന്റെ വയർ യാചനകൊണ്ട് നിറച്ചുകിട്ടിയാൽ, രാജഭരണത്തെ അവഹേളിക്കുന്ന ചാർവാകൻ സ്വന്തം വീട്ടിൽ ഇന്നും സ്വേച്ഛാധിപതിയല്ലേ. ഉടുതുണി നഷ്ടപ്പെട്ട പാഞ്ചാലിയെ പട്ടുവിരിച്ച സിംഹാസനത്തിൽ ഇരിക്കാൻ, ഓരം ചേർന്നിരുന്നു പാതിയിലധികം ഇടം നൽകിയവനാണ് ഈ ‘കുടില’ ദുര്യോധനൻ. അവൾക്കു രാജമുദ്രയിൽ പതിച്ചു കിട്ടിയ അടിമശിക്ഷ, സത്യവതി മഹാറാണിയായിരുന്നപ്പോൾ എഴുതിയുണ്ടാക്കിയ ചട്ടമനുസരിച്ച് ഭീഷ്മർ വിധി പറഞ്ഞതുമാണ്. ഇനി മാലിന്യനീക്കം-അത് മടിയൻ പാണ്ഡവർ പാഞ്ചാലിക്ക് പുറം കരാർ

കൊടുത്തതല്ലേ. ഇപ്പോൾ പാണ്ഡവരുടെ മൂന്നു നേരം ജോലി ഞാൻ പാഞ്ചാലിക്ക് സമ്മാനിച്ച അക്ഷയപാത്രത്തിൽ കയ്യിട്ടുവാരി വയർ നിറക്കുന്ന യജ്ഞവും", പിതൃമാതാവായ അംബികയുടെ സ്മരണക്കായി അന്തഃപുരത്തിന് മുന്നിൽ ഔഷധസസ്യത്തോട്ടത്തിന്റെ ആദ്യഘട്ട നിർമ്മിതിയിലായിരുന്നു വെയിൽ കൊണ്ട് വിയർത്തിരുന്ന ആ കുരുവംശ കിരീടാവകാശി.

"ഇന്ന് രാജസഭയിൽ മഹാരാജാവ് യുധിഷ്ഠിരൻ അവതരിപ്പിക്കുന്നത് നിർദ്ധിഷ്ട ചൂതാട്ടനിരോധന നിയമമാണല്ലോ. ഈ തെറ്റുതിരുത്തൽ ഒരു നല്ല മാതൃക എന്ന തിരിച്ചറിവുണ്ടോ?" കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു. പരീക്ഷിത്തിന് ആദ്യാക്ഷരം പറഞ്ഞുകൊടുക്കാൻ പാടുപെടുകയായിരുന്നു ആ ചിരഞ്ജീവി.

"അതിനു മുമ്പ് വേണ്ടിയിരുന്നത് വിവാഹബാഹ്യബന്ധങ്ങൾ മുൻകാലപ്രാബല്യത്തോടെ നിയമവിധേയമാക്കണം എന്ന മുൻ മഹാറാണി കുന്തിയുടെ നിർദ്ദേശമല്ലേ? ചാർവാകൻ തരം കാത്തിരിക്കയാണ് കൗന്തേയരുടെ പാണ്ഡുപിതൃത്വം കുന്തി കെട്ടിച്ചമച്ച ഒരു കഥ മാത്രം എന്ന് തെരുവിൽ ആളെക്കൂട്ടി കൊട്ടിഘോഷിക്കാൻ. ആരോപണത്തിന് കരുത്തുപകരാൻ കൗരവരാജവിധവകൾ നൂറുകണക്കിന് 'കരിനാവ്' കൾ തെരുവിൽ ഇറക്കുമെന്നാണ് കേട്ടത്. കുന്തിയുടെ വാക്കല്ലാതെ പാണ്ഡവപിതൃത്വം ഔദ്യോഗികമാക്കാൻ ആധികാരികതയുള്ള രേഖയൊന്നുമില്ല. പാണ്ഡു, മരണപത്രമെഴുതി കൗന്തേയരിൽ രാജപദവിയുടെ ഒസ്യത്തൊന്നും അയൽപക്ക സന്യസ്ഥരുടെ സാന്നിധ്യത്തിൽ ഒപ്പിട്ടുമില്ല. ചൂതാട്ടത്തിനു ആരും വന്നില്ലെങ്കിലും യുധിഷ്ഠിരനെ "അനധികൃതമഹാരാജാവ്" എന്നാക്ഷേപിച്ചു താഴെയിറക്കാൻ ചാർവാകൻ ഒരാൾ മതി."

2019/07/14

"പകൽ പോരാട്ടം കഴിഞ്ഞു പാളയത്തിൽ വിശ്രമിക്കുമ്പോൾ, പ്രചോദനം തരുന്ന വാക്കുകളുമായി 'ഭാവിരാജാ' വിനെ പാഞ്ചാലി പരിചരിക്കുമോ?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. കുരുക്ഷേത്ര.

"പ്രായത്തിന്റെ പരാധീനതകൾ പട്ടാഭിഷേകത്തെ ബാധിക്കുമോ എന്നൊരവ്യക്തഭീതി, അവസരം കിട്ടിയപ്പോൾ ഞാനവളുമായി പങ്കുവച്ചതോർക്കുന്നു. പിതാമഹൻ ശരശയ്യയിൽ മലർന്നടിച്ചുവീണ ദിവസം. ബാല്യം മുതൽ സൈനികാഭ്യാസം ചെയ്തുവരുന്ന നിങ്ങൾക്കെവിടെ പ്രായപ്രശ്നം എന്ന് പരിലാളനസ്പർശത്തോടെ അവൾ ഉൾഭീതിയകറ്റുമെന്നു ഞാൻ പ്രതീക്ഷിച്ചുവോ. ശരീരത്തെയും മനസ്സിനെയും പ്രായം തളർത്തുന്നതൊക്കെ പ്രകൃതിനിയമമല്ലേ അതിലെന്താണിത്ര പരിദേവനം, ഇളമുറ മാദ്രിക്കുട്ടികൾ യുവഊർജ്ജത്തിൽ തുള്ളിച്ചാടി കൗരവതല വെട്ടാൻ രണ്ടുകയ്യിലും വാളുമായി ഓടിനടക്കുന്നുണ്ടല്ലോ. യുദ്ധം ജയിക്കുമ്പോൾ അവർ ഏറ്റെടുക്കട്ടെ കുരുവംശ ചെങ്കോൽ എന്നാണവൾ നകുലന്റെ കിടപ്പറയിലേക്ക് പോവുമ്പോൾ പ്രതികരിച്ചത് അന്ന് രാത്രി ഞാൻ കണ്ടതെല്ലാം പേക്കിനാവുകളായിരുന്നു."

"യുധിഷ്ഠിരനെ കുറിച്ചെന്തെങ്കിലും ഞാൻ പറഞ്ഞാൽ കാണാം, തടിച്ചുരുണ്ട വലതുകൈ പെട്ടെന്നൊരു ഗദ പോലെ മാരക പ്രഹരശേഷിയുള്ള ആയുധമായി ഉയർന്നു പേടിപ്പിക്കുന്നത് ഇത്രയും ആക്രമണവാസന നിങ്ങൾക്കെങ്ങനെ നിലനിർത്താനാവുന്നു? അതും ജീവിതസായാഹ്നത്തിൽ?", ഭീമനോട് കൊട്ടാരം ലേ

ഖിക ചോദിച്ചു. വ്യാസാശ്രമത്തിൽ നിന്നരോരുമറിയാതെ പൊക്കിയ ആരണ്യപർവ്വം ആദ്യകരട്ടു പനയോലപ്പതിപ്പ് പാടുപെട്ടാണെങ്കിലും വായിച്ചർത്ഥമറിയാനുള്ള വെമ്പലിലായിരുന്നു, അർദ്ധ സാക്ഷരൻ എന്ന് സ്വയം പൊങ്ങച്ചത്തോടെ പരിചയപ്പെടുത്തുന്നതിൽ ആനന്ദം കണ്ടെത്തിയ ഭീമൻ.

"ആഹ്ലാദവഴികൾ യുധിഷ്ഠിരൻ അടച്ചത് ദുരഭിമാനം കൊണ്ടായിരുന്നു. പങ്കാരനെന്ന നിലമറന്നു ഉടയോനെന്നമട്ടിൽ പാഞ്ചാലിയെ തോളിൽ കയ്യിട്ടു കിടപ്പറയിൽ കയറി കതകടക്കുന്ന പതിവുണ്ടായിരുന്നു. കല്യാണസൗഗന്ധികവുമായി ഓടിവന്നെന്റെ പ്രിയപ്പെട്ടവൾക്കു നീട്ടുമ്പോൾ അങ്ങനെ ഒരു കതകടക്കൽ ഉണ്ടായി. ഹൃദയം നുറുങ്ങി. ദുരിതമയമായ പന്ത്രണ്ടുവർഷ വനവാസത്തിലും മഹാരാജാവ് എന്ന് ഉപചാരത്തോടെ അഭിസംബോധന ചെയ്യാൻ അയാൾ എന്നോടാവശ്യപ്പെട്ടു. തിരിച്ചടിക്കണമെന്നുണ്ട്. ഒരു വട്ടം കൂടി പറഞ്ഞുപറ്റിച്ചു ചൂതാട്ടത്തിൽ തോൽപ്പിക്കണമെന്നുണ്ട്. ദുര്യോധന ആത്മാവിനെ ആഭിചാരത്തിലൂടെ തിരിച്ചുപിടിച്ചു എന്നിൽ ആവാഹിക്കും. എല്ലാമെല്ലാം പണയപ്പെടുത്തി ഒടുവിൽ പാഞ്ചാലിയെ പണയപ്പെടുത്താൻ യുധിഷ്ഠിരൻ വാതുറക്കുമ്പോൾ ആഞ്ഞടിച്ചു മലർത്തിക്കിടത്തി ഇരുകൈകളും കഴുത്തിൽ മുറുക്കി നേർക്കുനേർ ഒരു കീചകവധം ചെയ്തു ഞാൻ അട്ടഹസിക്കും. പിന്നെ പ്രിയപാഞ്ചാലി എനിക്ക് സ്വന്തമാവും, ഞങ്ങൾ രാജാവും രാജ്ഞിയുമാവും." മറ്റുനാലു പാണ്ഡവരും പാഞ്ചാലിയും ചിത്തഭ്രമക്കാരനെയെന്നപോലെ ഭീമനെ നോക്കി മുഖം വീർപ്പിച്ചു. അവരെ ശ്രദ്ധിക്കാതെ രണ്ടാംകീചകവധത്തിന്റെ വിശദാംശങ്ങൾ കൊച്ചുകുട്ടിയുടെ കൗതുകത്തോടെ ഒന്നൊന്നായി പറഞ്ഞു തുടങ്ങി.

"കൊള്ളാം നേരമിരുട്ടുമ്പോഴാണോ കയറിന്റെ ബലം പരീക്ഷിക്കുന്നത്? എന്താ, നാളെ നന്നേ രാവിലെ മരം മുറിക്കുന്ന പണിയുണ്ടോ?", അന്തിയുറങ്ങാൻ വഴിയമ്പലം തേടുകയായിരുന്ന കൊട്ടാരം ലേഖിക, വീട്ടുമുറ്റത്തെ ചൂടിക്കട്ടിലിലിരുന്ന വൃദ്ധകർഷകന്റെ പ്രവർത്തിയിൽ പന്തികേട് തോന്നിയപ്പോൾ നടത്തം നിർത്തി. ഹസ്തിനപുരിയുടെ സമീപ ഗ്രാമത്തിൽ, പുറംവാതിലുകൾ അടഞ്ഞു കിടന്ന ആ വീട് അമംഗളകരമായ വിധത്തിൽ നിശബ്ദമായിരുന്നു.

"നിങ്ങൾ ആരാണ് എന്നെനിക്കറിഞ്ഞു കൂടാ, കണ്ടാൽ ഒരു യക്ഷിക്കുട്ടിയുടെ സൗന്ദര്യമുണ്ട്. ഈ കയർ എന്തിനാണെന്നോ? മുറിക്കാനുള്ള മരത്തിൽ കെട്ടാനല്ല, ജീവനൊടുക്കാൻ മക്കൾ തന്നതാണ്. യാത്രാമൊഴി പറഞ്ഞു നേരത്തെ വിളക്കണച്ചവർ കിടന്നു. കർഷകാത്മഹത്യക്കു നഷ്ടപരിഹാരമായി വിധവക്കും മക്കൾക്കും ഭരണകൂടം കയ്യയച്ചു ധനസഹായം നൽകും എന്നു യുവരാജാവ് ദുര്യോധനൻ പറഞ്ഞിരുന്നു. വീട്ടിലെ ആവർത്തനച്ചെലവിനു നാണ്യക്ഷാമം നേരിടുന്ന കൊച്ചുമക്കൾ ഒരു സാധ്യത കണ്ടു. അവർ പറയുന്ന രീതിയിൽ ജീവനൊടുക്കാൻ പോവുകയാണ്. ഭരണകൂടസഹായത്തിനു തടസ്സം ഉണ്ടാക്കുന്ന ഒന്നും നിങ്ങൾ, പ്രിയ യക്ഷിക്കുട്ടീ, നാളെ ഗ്രാമപ്രധാനു മുമ്പിൽ മൊഴി കൊടുക്കരുത്." കുരുക്കിട്ട കയർ വരണമാലയായി കഴുത്തിലണിഞ്ഞു കർഷകൻ സാവധാനം എഴുന്നേറ്റ് വീടിനു പിന്നിലെ മരത്തിലേക്ക് കാൽ മുന്നോട്ടു വച്ചു.

“ആരോഗ്യമുള്ള അഞ്ചു പുരുഷശരീരങ്ങൾ എന്ന ആകർഷക ദാമ്പത്യാവസ്ഥയെ, ചോരയും നീരുമുള്ള ഈ പെണ്ണുടൽ എങ്ങനെ ആദ്യരാത്രി മുതൽ കണ്ടു എന്നതാണെനിക്കറിയാനുള്ളത്?”, കൈവെള്ളയിൽ തൊട്ടു കൊട്ടാരം ലേഖിക ചോദിച്ചു. അഞ്ചു പാണ്ഡവരും നായാട്ടിനുപോയ വനാശ്രമത്തിൽ, സുഗന്ധ തൈലം തേച്ചു ശരീരം മിനുക്കുകായിരുന്ന അൽപ്പവസ്ത്ര പാഞ്ചാലി. വസന്തകാല പ്രഭാതം.

“ഭയപ്പാടോടെ. പായക്കുട്ടിനു ഇരുവശത്തും രണ്ടു പേരുണ്ടെങ്കിൽ അതാണു ആനന്ദരതിക്കുത്തമം എന്നു സങ്കൽപ്പികമായി നിങ്ങൾ സമ്മതിച്ചാൽ പോലും, പങ്കാളികൾ രണ്ടിൽ കൂടുതലുണ്ടായാൽ അതൊരു ആൾക്കൂട്ടമാവും എന്നു ബഹുഭർത്തൃത്വ ദാമ്പത്യം കഠിനമുറയിൽ എന്നെ പഠിപ്പിച്ചു. നാലു പേരെ വിശ്വാസ്യജനകമായ ഗാർഹിക ജോലി കൗശലപൂർവ്വം ഏൽപ്പിച്ചു വേണം ഊഴമനുസരിച്ചു അഞ്ചാമനുമായി അന്തിയുറങ്ങാൻ എന്ന വിചിത്ര കിടപ്പറസാഹചര്യത്തിലെങ്ങനെ ഊഞ്ഞാലാട്ടം കരളിൽ കാമന?”

“മുക്കിക്കൊന്നു?”, കൊട്ടാരം ലേഖിക ശന്തനുവിനോട്ട് ചോദിച്ചു. നവജാതശിശു മരണത്തിനും ഗംഗായുടെ രണ്ടാമത്തെ ഗർഭധാരണത്തിനുമിടയിലെ ദുഃഖാചരണ ഇടവേള.

“പെറ്റതള്ളയും പ്രകൃതിയും തമ്മിലുള്ള ഉടമ്പടിയാണതെന്നു ഞാൻ ഊഹിച്ചെടുക്കുന്നു. വിശദാംശങ്ങൾ ചോദിക്കരുതേ. കുഴഞ്ഞുപോവും. ആകാശചാരിയാണവളെന്ന സങ്കൽപ്പം ശക്തമാണ്. കാരണം, സഹായികളെ വെട്ടിച്ചെങ്ങനെ കുഞ്ഞുമൊത്തു പുഴയി ലെത്തും? വിസ്മയം തോന്നി. പിന്നെ മനസ്സിലായി ഈ ഭൂമിയിൽ വിസ്മയം തോന്നാത്ത എന്തുണ്ട്? അതോടെ രക്തപ്രവാഹം ഊർജ്ജസ്വലമായി. എന്നെ അന്തഃപുരത്തിൽ പോകാൻ അനുവദിക്കു-ഗർഭധാരണത്തിന് ദേവസുന്ദരി ജൈവിക തയ്യാറെടുപ്പിലെന്നു വിവരം കിട്ടി.”

“യുദ്ധം ചെയ്യാൻ തന്നെ അപ്പോൾ നിങ്ങൾ ഉറച്ചു?”, യുദ്ധഭൂമിയിലേക്കു കണ്ണോടിച്ചു നോക്കി കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു.

“പോരാട്ടവിജയത്തോടെ നിലവിൽ വരാവുന്ന സമാധാനകാലം-ആ സാധ്യതയാണെന്നെ അസ്വസ്ഥനാക്കുന്നത്.”

“ആരോഗ്യമുള്ള അഞ്ചു പുരുഷശരീരങ്ങൾ എന്ന ആകർഷക ദാമ്പത്യാവസ്ഥയെ, ചോരയും നീരുമുള്ള ഈ പെണ്ണുടൽ എങ്ങനെ ആദ്യരാത്രി മുതൽ കണ്ടു എന്നതാണെനിക്കറിയാനുള്ളത്?”, കൈവെള്ളയിൽ തൊട്ടു കൊട്ടാരം ലേഖിക ചോദിച്ചു. അഞ്ചു പാണ്ഡവരും നായാട്ടിനുപോയ വനാശ്രമത്തിൽ, സുഗന്ധ തൈലം തേച്ചു ശരീരം മിനുക്കുകായിരുന്ന അൽപ്പവസ്ത്ര പാഞ്ചാലി. വസന്തകാല പ്രഭാതം.

“ഭയപ്പാടോടെ. പായക്കുട്ടിനു ഇരുവശത്തും രണ്ടു പേരുണ്ടെങ്കിൽ അതാണു ആനന്ദരതിക്കുത്തമം എന്നു സങ്കൽപ്പികമായി നിങ്ങൾ സമ്മതിച്ചാൽ പോലും, പങ്കാളികൾ രണ്ടിൽ കൂടുതലുണ്ടായാൽ അതൊരു ആൾക്കൂട്ടമാവും എന്നു ബഹുഭർത്തൃത്വ ദാമ്പത്യം കഠിനമുറയിൽ എന്നെ പഠിപ്പിച്ചു. നാലു പേരെ വിശ്വാസ്യജനകമായ ഗാർഹിക ജോലി കൗശലപൂർവ്വം ഏൽപ്പിച്ചു വേണം ഊഴമനുസരിച്ചു അഞ്ചാമനുമായി അന്തിയുറങ്ങാൻ എന്ന വിചിത്ര കിടപ്പറസാഹചര്യത്തിലെങ്ങനെ ഊഞ്ഞാലാട്ടം കരളിൽ കാമന?”

"മക്കൾക്കൊപ്പം പോകാതെ ഗാന്ധാരിയുടെ തോഴിയായി കഴിയാൻ എന്ത് തൊടുന്യായമായിരുന്നു കുന്തി പാണ്ഡവരോട് പറഞ്ഞത്?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. കുന്തിയും ഗാന്ധാരിയും ജീവിതാന്ത്യം കാട്ടിൽ കഴിയാൻ ധൃതരാഷ്ട്രർക്കൊപ്പം ഹസ്തിനപുരി വിട്ട നേരം.

"ഖാണ്ഡവവനം വെട്ടിത്തെളിയിക്കുമ്പോൾ കയ്യും കെട്ടി ഞാൻ നിൽക്കുമെന്ന് നിങ്ങൾ കരുതരുത് ആ പുഴയോര ആവാസവ്യവസ്ഥ തകിടം മറിച്ച വന്മരങ്ങൾ കടപുഴകുമ്പോൾ അറിയാതെ ഞാൻ മഴുവെടുത്തു നിങ്ങളിലൊരാളെ കഴുത്തിൽ വെട്ടി എന്ന് വരും. കൂടെ വരണോ ഞാൻ? അതോ വന നശീകരണം സാധ്യമാക്കാൻ മഹാറാണിയുടെ ദാസിയായി അടങ്ങിയൊതുങ്ങി ഞാൻ ഹസ്തിനപുരിയിൽ കഴിയണോ? ഏറിയും കുറഞ്ഞും ഈ വാക്കുകളാണ് അർജ്ജുനനെ നോക്കി പറഞ്ഞത് പാഴ്മരം രക്ഷിക്കാൻ, മകന്റെ കഴുത്തിൽ വെട്ടാൻ മടിയില്ലാത്ത ആ പ്രതികാര മൂർത്തി കൂടെ വരാഞ്ഞത് കൊണ്ടെനിക്ക് നഷ്ടമുണ്ടായോ? വാസ്തവത്തിൽ ഗുണമുണ്ടായി. ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയാവാനൊത്തു. അല്ലെങ്കിൽ രാജമാതാ പദവി ചോദിച്ചുവാങ്ങി പുത്രഭാര്യയുടെ അധികാരവഴിയിൽ കുന്തി കടമ്പ വെക്കുമായിരുന്നു."

"രാജസഭയിൽ വരുമ്പോഴെല്ലാം കാണാം, നിങ്ങളും വിദുരരും ധൃതരാഷ്ട്രരുടെ ഇരുവശത്ത്. നിങ്ങൾ ഇരിക്കുന്നു വിദുരർ നിൽക്കുന്നു കൃത്യമായും എന്താണ് നിങ്ങളിലിരുവരും തമ്മിൽ ബന്ധം? അതോ ഉത്തരവാദിത്വമില്ലാതെ കിട്ടിയ അധികാരം നൊട്ടിനുണയുന്ന ബന്ധം മാത്രമേയുള്ളൂ?", കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു.

"അക്ഷമകാണിച്ചു ഒന്നോ രണ്ടോ ചോദ്യം ചോദിച്ചാലൊന്നും പിടി കിട്ടില്ല. ആദ്യം ഗംഗ ആരെന്നറിയണം. അതൊരു വെറും പുഴയല്ലെന്നറിയണം. എങ്ങനെ ആ ദേവനർത്തകി മഹാരാജാവ് ശന്തനുവിന്റെ ഭാര്യയായി, ഞാൻ എട്ടാമത്തെ മകനായെന്നറിയണം. ബ്രഹ്മചര്യം എനിക്കെങ്ങനെ ശാപമായി എന്നറിയണം. സത്യവതി ആരെന്നും മകൻ വിചിത്രവീര്യൻ വിവാഹം കഴിച്ച അംബികക്കും അംബാലികക്കും എന്തുകൊണ്ട് യുവ വൈധവ്യത്തിൽ വ്യാസനിൽ നിന്ന് ഗർഭധാരണം വേണ്ടി വന്നു എന്നും അറിയണം. ഒരു ദുരന്തമായി മാറിയ വ്യാസബീജദാനം എങ്ങനെ അന്തഃപുരത്തിലെ രാജതോഴിയിൽ മാത്രം അനുഗ്രഹീതസന്തതിക്കു കാരണമായി എന്നറിയണം അതിൽ ജനിച്ച വിദുരർ എങ്ങനെ വിവേകവചനത്തിന്റെ വക്താവായി എന്നറിയണം. ചുരുക്കിപ്പറഞ്ഞാൽ, മെനക്കെടണം. കുരുവംശചരിത്രം പഠിക്കണം. ചോദ്യം ചോദിച്ചു ചുവരെഴുത്തുകളിൽ സ്തോഭജനകവാർത്തയാക്കുന്ന മടിയൻ പത്രപ്രവർത്തനം കൊണ്ട് പിടി കിട്ടില്ല ഉത്കൃഷ്ട കഥാപാത്രങ്ങളുടെ രക്തരഹിത ബന്ധവും അധികാര ബന്ധനവും."

2019/07/20

"കാലവർഷത്തിൽ അരമന വിട്ടു പുറത്തിറങ്ങാതെ കഴിയുന്ന പാണ്ഡവരഞ്ചുപേരെയും പ്രത്യേകം അഭിമുഖം ചെയ്തപ്പോൾ ഒന്ന് വ്യക്തമായി, നിങ്ങൾ പുരുഷാധിപത്യത്തിനു മുമ്പിൽ അടിയറവു വെച്ചതിൽ അവർ സന്തുഷ്ടർ. എന്തെല്ലാം നിങ്ങൾ പണ്ട് നിഷേധിച്ചുവോ, അതെല്ലാം ഇപ്പോളവർക്കു കിട്ടുന്നതിലാണവരുടെ ചാരിതാർത്ഥ്യം. എന്താണിതിന്റെ പരമാർത്ഥം അഥവാ പൊരുൾ?" കൊട്ടാരം

ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു. ഹസ്തിനപുരി, പാണ്ഡവ ഭരണത്തിന്റെ അവസാന വർഷങ്ങൾ.

"വിരുന്നുവരുന്നവരെ വഴുക്കിവീഴ്ത്തുന്ന സഭാതലം മുമ്പൊരിക്കൽ പണിതുതന്നെ വാസ്തുഗുരു മായൻ വന്നപ്പോൾ സാന്ദർഭികമായി ഞാൻ കരുതലോടെ ചോദിച്ചു, പാണ്ഡവർ ഇപ്പോൾ നേരിടുന്ന സ്മൃതിനാശത്തിൽ, അവരുടെ ലാളനക്കായി പാഞ്ചാലീ പാവയെ നിർമ്മിച്ചുതരാമോ? അവൻ സമ്മതിച്ചു. ഉദ്ദേശ്യലക്ഷ്യം നേരിടാവുന്നത്ര പണിമികവോടെ പൂർത്തിയാക്കി, രഹസ്യമായി ഓരോ അരമനയിലും എത്തിക്കാനും അവനു കഴിഞ്ഞത് കൊണ്ടാവാം, ആഹ്ലാദത്തോടെ പാണ്ഡവർ പ്രീതിപ്പെട്ടത്. എന്തെല്ലാം മോഹങ്ങൾ പാണ്ഡവ കരളിൽ കിടക്കുന്നുണ്ടോ, അതെല്ലാം എന്റെ രൂപസാദൃശ്യമുള്ള പാവ, സേവനസന്നദ്ധതയോടെ ചെയ്തുകൊടുക്കുമ്പോൾ ആർമാദിക്കില്ലേ അവരഞ്ചുപേരും?"

2019/07/21

"ശിഖണ്ഡി മുന്നിൽ നിന്നപ്പോൾ, 'കീഴടങ്ങി' എന്ന അർത്ഥത്തിൽ പിതാമഹൻ ഇരുകൈകളും പൊക്കിയല്ലോ. ഇതാണോ സർവ്വസൈന്യാധിപന്റെ സംഹാരശക്തി?" കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു.

"സമൂഹത്തിൽ നിന്ന് പരസ്യമായി അധിക്ഷേപം നേരിട്ടിരുന്ന ഭിന്നലിംഗത്തിന്റെ ദുരവസ്ഥ ലോക മനഃസാക്ഷിയിലേക്ക് സാർത്ഥകമായി എത്തിക്കാൻ, മൂന്നാം ലിംഗക്കാരിയുടെ മുമ്പിൽ, പ്രതീകാത്മകമായി സ്വന്തം നിരായുധീകരണത്തിലൂടെ, സാധിച്ചു എന്നതാണ് ഇന്നത്തെ യുദ്ധനേട്ടം. അടുത്ത എട്ടു ദിവസത്തിനുള്ളിൽ, വിജയക്കൊടിയുമായി ഞാൻ അധികാരമേറ്റെടുത്ത ഉടൻ സമഗ്ര ലിംഗനയത്തിനു ഭീഷ്മനാമത്തിൽ രൂപം കൊടുക്കും", ക്ഷേമാന്വേഷണത്തിനു ശരശയ്യയിൽ എത്തിയ ദുര്യോധനൻ പ്രസന്നനായി.

"ദുഃഖാചരണമൊന്നും കാണുന്നില്ലല്ലോ", കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു.

"ആ മരണം ആഘോഷിക്കപ്പെടണം. മത്സ്യബന്ധനം ചെയ്താണവൾ അന്നം സമ്പാദിച്ചത് 'മീൻനാറുന്ന സത്യവതി'യെ ശന്തനു വിവാഹം കഴിച്ചു. ആരാണ് ശന്തനു? ദേവനർത്തകിയെ ഉപേക്ഷിച്ചവൻ എന്നുറക്കെ പറയണം ഈ മഹനീയ വ്യക്തിത്വത്തെ അടയാളപ്പെടുത്തുവാൻ. 'വെപ്പാട്ടി' സത്യവതിയെങ്ങനെ മഹാറാണിയും, രാജമാതാവുമായി? കുരുവംശപ്പൊലിമ നിലനിർത്തുവാൻ സ്വാധീനമുള്ള ചാലകശക്തിയായി? അതൊക്കെ വേണം വിലയിരുത്താൻ. ഒന്നേ ഞങ്ങൾക്കറിയൂ, കുലീനതയുടെ ജാടകളിൽനിന്ന് രാജവംശത്തെ സത്യവതി രക്ഷിച്ചു. അതല്ലേ നൂറുനൂറായിരം നാട്ടുവാഴികൾ ഉള്ള ആര്യാവർത്തത്തിൽ ഹസ്തിനപുരി ഐതിഹാസിക മാനം കൈവരിച്ചത്? 'സത്യവതി സാമൂഹ്യവിപ്ലവത്തിന്റെ കാഹളം' എന്നുച്ചരിച്ചതു വേറെ ആരുമല്ല സാംസ്കാരിക നായകനായ ചാർവാകൻ. മൽസ്യബന്ധനത്തെ ഹസ്തിനപുരിയുടെ ദേശീയ തൊഴിലായി പ്രഖ്യാപിക്കാൻ രാജസഭയിൽ പ്രമേയം അവതരിപ്പിക്കും. അതോടെ ഈ നാടിന്റെ കാർഷിക സംസ്കാരം ജലകേന്ദ്രിതമാവും. സത്യവതിയിന്നൊരു കരിക്കട്ടയായി മാറി എന്നതൊരു ഭൗതിക യാഥാർത്ഥ്യമായിരിക്കാം, എന്നാലവൾ ഞങ്ങൾക്കെന്നും നവോത്ഥാന നായിക!. ആയിടം തട്ടിയെടുക്കാനാണ് പാഞ്ചാലിയുടെ നേതൃത്വത്തിൽ പാണ്ഡവർ കളിക്കുന്നത്."

2019/07/22

"ആൾക്കൂട്ടവിധിയുണ്ടായല്ലോ രണ്ടു പർവ്വങ്ങൾ പ്രസിദ്ധീകരിച്ചപ്പോഴേക്കും ഭയന്നോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"മായം കലർത്തിയെന്നാരോപിച്ചു കൗരവരും പാണ്ഡവരും എനിക്കെതിരെ വാളോങ്ങുമെന്നാരോർത്തു? വിചിത്രവീര്യവിധവകളിൽ എനിക്കുണ്ടായ വിലക്ഷണസന്തതികളാണ് ധൃതരാഷ്ട്രരും പാണ്ഡുവുമെന്ന പ്രതീതിയുണർത്തുന്ന ചരിത്രരചന ഉടച്ചുവാർത്തില്ലെങ്കിൽ, സുരക്ഷ ഏറ്റെടുക്കില്ലെന്ന ഔദ്യോഗിക പ്രസ്താവന വന്നതോടെ, ചാർവാകൻ ഈ കുടിലിലേക്ക് സ്വാഗതം ചെയ്തു. താടിയും മുടിയും വടിച്ചുവരുത്തിയ രൂപമാറ്റരഹസ്യം നിൽക്കട്ടെ, എന്നെ പോലെ നിങ്ങളും അക്ഷരം കൊണ്ട് അന്നമുണ്ടാക്കുന്ന വ്യക്തിയല്ലേ. കൗരവരും പാണ്ഡവരും കൂട്ടുകൂടി ഒരൊറ്റ വഞ്ചിയിൽ ഇരുന്നാണ് എന്നെ വല വീശി പിടിക്കാൻ ശ്രമിക്കുന്നത് ആദിപർവ്വം പൂർണ്ണമായും പിൻവലിച്ചു തീയിലിട്ടു എന്ന് നിങ്ങൾ സാക്ഷ്യപത്രം പ്രസിദ്ധീകരിച്ചാൽ ഞാൻ ധന്യൻ. അധികാരവഴിയിൽ പോരടിച്ചു ഇവരുടെയൊക്കെ ദുരന്തം സംഭവിക്കുന്ന സാഹചര്യമുണ്ടായാൽ, മൊത്തം പതിനെട്ടു പർവ്വങ്ങളിൽ മഹാഭാരതം എഴുതുമ്പോൾ, നിങ്ങൾ വേണം വെളിച്ചം കാണിക്കാൻ."

ദക്ഷിണാപഥത്തിൽ നിന്ന് യുക്തിവാദി ചാർവാകൻ കൊണ്ടുവന്നു സൂക്ഷിച്ച ആനത്തലയോളം പനയോലക്കെട്ടുകളിലേക്കു പ്രത്യാശയോടെ തിരിഞ്ഞു. നാരായം വിരലുകൾക്കിടയിൽ വ്യാസൻ പരിലാളിച്ചു.

2019/07/24

"ചതിച്ചു കൊന്നതല്ലേ? എന്നിട്ടും കർണ്ണനു ബലിയിടുമോ?", കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. കുളിച്ചു ഈറനുടുത്ത പാണ്ഡവർ കുന്തിയുടെ സാന്നിധ്യത്തിൽ, പുരോഹിതാജ്ഞക്കായി കാത്തു നിൽക്കുന്ന നേരം.

"നിങ്ങൾ പത്രപ്രവർത്തകർക്കു ഭൗതികമായി മാത്രമേ ചിന്തിക്കാനാവൂ എന്നുണ്ടോ? പോരാട്ടത്തിൽ ജീവഹാനിയുണ്ടായതു് കർണ്ണ'ശരീര'ത്തിനല്ലേ? രണ്ടിലൊരാൾ വധിക്കപ്പെടുന്നതൊക്കെ കുരുക്ഷേത്രയുദ്ധത്തിൽ കണ്ടു പരിചയിച്ചതല്ലേ? കൗന്തേയരെന്ന നിലയിൽ എനിക്കും കർണ്ണനും പ്രകൃതി തന്നതു് ഒരേ മാതാവിന്റെ ജീവകോശമല്ലേ? വെറുമൊരു പോരാട്ടവധത്തിൽ ഒതുങ്ങുമോ മനുഷ്യനേത്രങ്ങൾക്കു വഴങ്ങാത്ത സൂക്ഷ്മലോകം? അധികാരതർക്കത്തിൽ അവസാനിക്കുമോ കർണ്ണനുമായുള്ള ജനിതകബന്ധം? ആയുധങ്ങൾ കൊണ്ട് ഉന്മൂലനം ചെയ്യാനാവുമോ അന്തമില്ലാത്ത ഈ പ്രപഞ്ചത്തിൽ എന്നെന്നും ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കാൻ വിധിക്കപ്പെട്ട മനുഷ്യാത്മാക്കൾ."

"ധീരദേശാഭിമാനി ദുര്യോധനന്റെ വിധവയല്ലേ നിങ്ങൾ?" ഹസ്തിനപുരി കൊട്ടാരത്തിലെ അന്തഃപുരത്തിൽ കണ്ടും മിണ്ടിയും പരിചയിച്ചിരുന്ന സ്ത്രീയെ ആകസ്മികമായി വൃദ്ധസദനത്തിൽ കണ്ട കൊട്ടാരം ലേഖിക മുട്ടുകുത്തി കൈപിടിച്ച് ചോദിച്ചു.

"ഒരു കുരുക്ഷേത്രവിധവ."

"ക്ഷോഭിക്കുന്ന ഭാര്യയെ എങ്ങനെ സഹിക്കുന്നു നിങ്ങളഞ്ചുപേരും?", പാണ്ഡവർ അലയുന്നതു് കണ്ട കൊട്ടാരം ലേഖിക അന്വേഷിച്ചു.

“ആരെ കുറിച്ചാണ് അഭിപ്രായം ചോദിക്കുന്നത്? പ്രതിഷേധവും ഹർഷോന്മാദവും മിതമായ കൗശലത്തോടെ ആവിഷ്കരിക്കുന്ന പാഞ്ചാലി എവിടെ, അന്തഃപുര മട്ടുപ്പാവിൽ നിലാവ് പെയ്യുന്ന വേനൽക്കാലരാത്രികളിൽ, വസ്ത്രരഹിതശരീരങ്ങൾ ഇളക്കിയും ആടിയും, വടക്കൻ നിരകളെ നോക്കി ഉന്മാദത്തിൽ പൊട്ടിച്ചിരിക്കയും, ഭീതിതമായി നിലവിളിക്കയും ചെയ്യുന്ന കൗരവരാജവധുക്കൾ എവിടെ?”

2019/07/25

“ഭരണനേട്ടത്തെ കുറിച്ചൊന്നും കുത്തിക്കുത്തി ചോദിക്കുന്നില്ല. എന്നാൽ, നിങ്ങളഞ്ചുപേരുടെ നീണ്ട വ്യക്തിജീവിതത്തിൽ വല്ലതുമുണ്ടോ പൊതുസമൂഹവുമായി ഹൃദയരഹസ്യം പങ്കിടാൻ?”, വാനപ്രസ്ഥത്തിനു പടിയിറങ്ങുമ്പോൾ പാണ്ഡവരോട് കൊട്ടാരം ലേഖിക ചോദിച്ചു. നഗരാതിർത്തിവരെ കൂടെ നടക്കാൻ വിസമ്മതിച്ച പുതിയ ഭരണാധികാരി പരീക്ഷിത്ത് അമ്മ ഉത്തരയുമൊത്തു മട്ടുപ്പാവിൽ നിന്നവരെ പുരികം വളച്ചു നോക്കി.

“ആയിരം പൂർണചന്ദ്രന്മാരെ ഏറിയും കുറഞ്ഞും കണ്ട ശേഷവും ഞങ്ങൾ സുന്ദരരൂപികളായി തോന്നുന്നെണ്ടെങ്കിൽ എന്തായിരുന്നിരിക്കണം ഞങ്ങളുടെ തീ പിടിച്ച യുവത്വം? കാറ്റും മിന്നലും പെരുമാറ്റത്തിൽ കലർന്ന, ഒരു കറുത്ത പെണ്ണിനെ നാട്ടിലും കാട്ടിലും പായക്കൂട്ടായി സ്വീകരിച്ചു ഒരായുഷ്കാലം ഭൗതികജീവിതം സഹവർത്തിത്തത്തോടെ ആർമാദിച്ചു എന്നത്, പാണ്ഡവദാമ്പത്യം പാരസ്പര്യത്തിന്റെ ലക്ഷണമൊത്ത ഇതിഹാസമെന്നതിനു പ്രത്യക്ഷമല്ലേ?”

“ഇന്നെന്തന്യായം പറഞ്ഞാണ് ഊട്ടുപുരപ്രവേശനം നിഷേധിച്ചത്?”, അഞ്ചു കുട്ടികളെയും കൂട്ടി, ധൃതരാഷ്ട്രരുടെ മുമ്പിൽ പാണ്ഡവമാതാവ് നെഞ്ചത്തടിച്ചു. അകലം പാലിച്ച വിദുരരും ഭീഷ്മരും കുന്തിയെ ഒളികണ്ണിട്ടു നോക്കി.

“ഗാന്ധാരിയുടെ സ്വപ്നപദ്ധതിയായിരുന്നു ‘ഹസ്തിനപുരി വഴിയോര തണൽ.’ രണ്ടു മൂന്നു ദിവസമായി തരക്കേടില്ലാതെ മഴ കിട്ടി മണ്ണ് കുതിർന്നപ്പോൾ, ഹരിതചട്ടം നടപ്പിലാക്കുന്ന കൗരവക്കുട്ടികൾ ഫലവൃക്ഷ തൈകൾ നട്ടത് മുഴുവൻ, ഇന്നലെ രാത്രി ഭീമൻ വലിച്ചു വാരി മണ്ണിട്ട് മൂടി. മൊത്തം പാണ്ഡവരെ മാതൃകാപരമായി ശിക്ഷിക്കും വരെ ദുര്യോധനൻ അടങ്ങില്ല. അതുവരെ കൗന്തേയരുടെ ഊട്ടുപുര അടഞ്ഞുകിടക്കും.”

“അർജ്ജുനൻ കർണ്ണനെ കൊല്ലുന്നതും ഭീമൻ ദുര്യോധനനെ കൊല്ലുന്നതും ഞാൻ വാർത്തകളാക്കിയപ്പോൾ നിങ്ങളുടെ നേട്ടം ഞാൻ മറന്നോ. കുടിലതയുടെ ഗാന്ധാരഭൂപതിയെ കൊല്ലാൻ നിയോഗം നിങ്ങൾക്കായിരുന്നു അല്ലെ. ഞങ്ങളൊക്കെ കരുതിയത് ആ കുരുട്ടുബുദ്ധിയുടെ നെഞ്ചു പിളർത്താൻ അഞ്ചുപാണ്ഡവരും ചുറ്റിവളഞ്ഞു ആഞ്ഞുവെട്ടണം എന്നൊക്കെയായിരുന്നു. എങ്ങനെ ഓർത്തെടുക്കുന്നു ആ കൊല?” കൊട്ടാരം ലേഖിക സഹദേവനോട് ചോദിച്ചു. യുദ്ധം ജയിച്ച പാണ്ഡവർ ഹസ്തിനപുരി കീഴടക്കാൻ പദയാത്ര ചെയ്യുന്ന നേരം.

“ഉഴവുമാടിനെ വെട്ടുന്ന മഴുവായിരുന്നു ശകുനിവധത്തിനു നിയോഗമായ ആയുധം. ഞാനതയാൾക്കുനേരെ എറിഞ്ഞപ്പോൾ അറിയുമായിരുന്നില്ല, ഉന്നം അത്രമേൽ കൃത്യമാവുമെന്നു. പതിനെട്ടാം ദിവസമായപ്പോഴേക്കും പോരാട്ടവേദിയിൽ സൈനിക സാന്നിധ്യം കുറവായിരുന്നു. മഴു ക്രൂരന്റെ കരൾ പിളർന്നു അതൊക്കെ

ജഡം പരിശോധിക്കുമ്പോഴാണ് വ്യക്തമാവുന്നത് മൊത്തം സാഹചര്യം വിലയിരുത്തുമ്പോൾ, സൈനികമികവിനല്ല, ആകസ്മികതക്കായിരുന്ന അവിടെ സാധ്യത. മനഃപൂർവ്വം ഞാൻ അയാളുടെ തല തകർക്കും എന്നാരും വിശ്വസിക്കില്ല. ദൂരെ നിന്ന് കണ്ടാൽ പോലും പേടിയായിരുന്നു. അയാളുടെ മാറിടം മഴുവിന് ലക്ഷ്യമായി മാറ്റിയത് പ്രകൃതിയുടെ വിളയാട്ടമായിരുന്നു. പറഞ്ഞുവന്നാൽ കുരുക്ഷേത്ര തന്നെ ആകസ്മികതകളുടെ കർമ്മഭൂമിയായിരുന്നില്ലേ."

2019/07/26

"പെറ്റ തള്ളയെന്ന നിലയിൽ നിങ്ങൾ ഉത്തരവാദി അല്ലെന്നോ? അപ്പോൾ, മുക്കിക്കൊല്ലുന്നതു കണ്ട സത്യസാക്ഷിമൊഴി?", ശന്തനു ഗംഗയോട് ചോദിച്ചു.

"നവജാതശിശുപരിചരണത്തിന്റെ ഭാഗമായി പുണ്യനദിയിൽ സ്നാനം ചെയ്യാൻ വന്നപ്പോൾ, കൈവഴുതി, യാദൃച്ഛികമായി ദുർമരണമുണ്ടായ ഏഴോളം ദുഃഖസംഭവങ്ങൾ നേരിൽ കണ്ടു എന്ന് പറയുന്ന അവിശ്വസ്തകളുടെ സാക്ഷിമൊഴി തെളിവായി സ്വീകരിച്ചുകൊണ്ടാണോ മഹാറാണിപദവിയിൽ നിന്നെന്നെ നീക്കാൻ പുതിയൊരാഖ്യാന നിർമ്മിതിയിൽ നിങ്ങൾ പിടിച്ചു കയറുന്നത്?"

2019/07/27

"കത്തിക്കരിഞ്ഞത് പാണ്ഡവരെന്ന വ്യാജതെളിവുണ്ടാക്കാൻ, ആദിവാസികളെ ഇരകളാക്കിയ കുന്തിയെ കുറിച്ച് മനഃസാക്ഷി ഇപ്പോഴും കുത്തുന്നുണ്ടോ?", വാനപ്രസ്ഥത്തിന് പടിയിറങ്ങുന്ന യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഞാനിപ്പോൾ വെറുക്കുന്ന വാക്കാണ് മനഃസാക്ഷി. ഏറെ കാലം മുഖംമൂടിയായി ഞാനതു ഗാന്ധാരിയുടെ കൺകെട്ട് പോലെ നിർലജ്ജം പ്രദർശിപ്പിച്ചു ഒരുപാട് പ്രതിസന്ധികളെ അതിജീവിച്ചു. പക്ഷെ വലിയ വില കൊടുത്തു. ഇന്ന് 'വധശിക്ഷ'ക്ക് വിധേയനായ പരിത്യാഗി!. പാണ്ഡവകഥ എഴുതുന്ന ഇതിഹാസകാരൻ ഓർക്കട്ടെ. അതല്ലെങ്കിൽ നിങ്ങളെ പോലുള്ള എഴുത്തുകാർ പനയോലക്കെട്ട തട്ടിയെടുത്തു, വരുംയുഗത്തിൽ സത്യം വായനക്കാരോട് തുറന്നു പറയട്ടെ!."

2019/07/28

"പാണ്ഡവർ ഗോളാന്തരയാത്ര ചെയ്യുമ്പോൾ ആലയിൽ നിങ്ങളിങ്ങനെ കുനിപ്പിടിച്ചിരുന്നാൽ ജയിക്കുമോ കുരുക്ഷേത്ര?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"കുടുകുടുംബ സ്വത്തുതർക്കം പരിഹരിക്കാൻ പാണ്ഡവർ ആകാശചാരികളെ ആശ്രയിക്കുന്നതിലെന്തോ ആത്മവിശ്വാസത്തിന്റെ അഭാവമുണ്ട്. പ്രകൃതിദത്ത ലോഹവിഭവങ്ങൾ നഗ്നഹസ്തങ്ങളിലൂടെ രൂപം മാറി വരുന്ന കൊലക്കത്തികളും കുന്തമുനകളുമാണ് കൗരവ സൈന്യം ആശ്രയിക്കുന്നത്."

2019/07/29

“ഞെട്ടി ഉണരാറുണ്ടോ പ്രിയപ്പെട്ടവനെ ഓർത്ത്?” കൊട്ടാരം ലേഖിക ചോദിച്ചു. അരമനജലാശയത്തിലെ കുളിക്കടവിൽ പാഞ്ചാലി എന്തോ ഭൂതകാലക്കുളിരിൽ നിൽക്കുകയായിരുന്നു. നാളെ ഈ സമയത്തവർ പോവുകയാണ് തിരിച്ചുവരവില്ലാതെ!.

“പ്രണയിനിയെ കാത്തായിരുന്നില്ലെ അവൻ കൂരിരുട്ടിൽ നൃത്തമണ്ഡപത്തിലെ വിശ്രമമുറിയിൽ ചെന്നത്? രതിക്ക് യോജിച്ച ഇടത്തിലേക്കവനെ ചതിയിൽ വിളിപ്പിച്ചത് ആരായിരുന്നു? ആരുടെ ദുഷ്പ്രേരണയിലാണ് അവനെ ശ്വാസം മുട്ടിച്ച് കൊന്നത്? എങ്ങനെ ഘാതകൻ കൊലക്കുറ്റത്തിൽനിന്ന് രക്ഷനേടി? കീചകചിതയിലേക്ക് എന്നെ എറിയാൻ പാണ്ഡവരിൽ ആരാണ് ഉത്സാഹിച്ചത്? ഭീമഹസ്തങ്ങൾ വായും മൂക്കും പൊത്തിപ്പിടിച്ച് പ്രിയ കീചകനെ കൊല്ലുന്നതു വിഭാവന ചെയ്യുമ്പോളെല്ലാം, ‘കൊലപ്പുള്ളി’യെ പിൽക്കാലത്തു ഞാൻ നിസ്സാരകാര്യങ്ങൾക്കു ശിക്ഷിച്ചിട്ടുണ്ട്. പാപം ചെയ്ത ആ കൈകൾ എന്റെ ശരീരം സ്പർശിക്കാൻ സമ്മതിക്കാതെ, അകന്നു മാറി കിടന്നിട്ടുണ്ട്. അതൊന്നും പോരാ എന്ന് തോന്നും. അന്വേഷണബുദ്ധിയോടെ കാര്യം തിരക്കി ഒരുനാൾ വ്യാസൻ എല്ലാം വായനക്കാരോട് പറയുമോ? അതോ, നിങ്ങൾ തന്നെ കാര്യം കണ്ടെത്തി ഭാവിതലമുറയെ സത്യം അറിയിക്കുമോ?”

“നീന്തിക്കുളിക്കാൻ പോയ എല്ലാവരും ദേഹം നനയാതെ തിരിച്ചുവന്നല്ലോ. കുതിച്ചൊഴുകുന്ന പുഴയിൽ നീന്താൻ മടിയായോ?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. മറ്റുനാലു പാണ്ഡവർ സൈനികവസ്ത്രങ്ങൾക്കുള്ളിൽ മുഖം മറച്ചു.

“ജൈവമാലിന്യങ്ങൾ പുഴയൊഴുക്കിൽ കണ്ടേക്കും. അടിയന്തരാവസ്ഥ പോലൊരു സ്ഥിതിവിശേഷം യുദ്ധഭൂമിയിൽ നിലവിലുള്ളതുകൊണ്ടു ജേതാക്കൾ സഹകരിക്കുമല്ലോ എന്ന് കുരുക്ഷേത്ര പ്രവിശ്യാഭരണാധികാരിയുടെ അറിയിപ്പ് വന്നപ്പോൾ ഇത്ര കടന്നു ചിന്തിച്ചില്ല. കഴിഞ്ഞ ദിവസങ്ങളിൽ ഞങ്ങൾ തലയറുത്തവരുടെ കബന്ധങ്ങൾ ആയിരുന്നു മണിക്കൂറുകളായി യമുനയിൽ. ആ ‘ഘോഷയാത്ര’ കൂടുതൽ നേരം ആസ്വദിക്കുന്നതിലും ഭേദം ഉടൽ നനയാതെ തിരിച്ചുപോരുക എന്നായിരുന്നു. ഇനി കുളി ഹസ്തിനപുരിയിൽ അധികാരം പിടിച്ചെടുത്തശേഷം.”

“ഇളമുറ നകുലനും സഹദേവനുമായി മുതിർന്ന കൗന്തേയർക്ക് കുടിപ്പക ഉണ്ടെന്നു തോന്നുന്നല്ലോ പെരുമാറ്റം കാണുമ്പൊൾ? ഒന്നുമല്ലെങ്കിലും അർദ്ധസഹോദരർ അല്ലേ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“അർദ്ധസഹോദരർ? അമ്മയും അച്ഛനും വെവ്വേറെ ആയ ഞങ്ങൾ എങ്ങനെ അർദ്ധരും പൂർണരും ആവും? പൊതുഭാര്യ പാഞ്ചാലിയാൽ പായക്കൂട്ടിൽ പങ്കാളികൾ എന്ന നിലയിൽ ദാമ്പത്യബന്ധിതരായി എന്നതല്ലേ കൂടുതൽ ശരി? ഒരു ദിവസം ഞാൻ ഊഴമനുസരിച്ച് കിടപ്പറയിൽ കയറിയപ്പോളുണ്ട്, നകുലനും സഹദേവനും അവൾക്കൊപ്പം കിടന്നു ആർമാദിക്കുന്നു. എന്തുണ്ട് വിശേഷം എന്ന് വെപ്രാളം മറച്ചു കുശലം ചോദിച്ചപ്പോൾ, “ഈ രണ്ടു മാദ്രിക്കുട്ടികളുടെ ഓരോ കുസൃതികൾ” എന്ന് പറഞ്ഞു, അലസമായി തുണി വാരിയുടുത്തു പാഞ്ചാലി മുറി വിട്ടിറങ്ങി. ആ രാത്രി തകർന്നടിഞ്ഞത് എക്കാലവും കെട്ടിപ്പൊക്കി നിർത്തിയ ദുരഭിമാനമായിരുന്നു”, യുധിഷ്ഠിരൻ മുഖം പൊത്തി.

"രഹസ്യസ്വഭാവമുള്ള പാണ്ഡവദാമ്പത്യപ്രശ്നങ്ങൾ നീ കൊട്ടാരം ലേഖികയുടെ ഓരോ സന്ദർശനത്തിലും പങ്കുവെക്കുന്നത് ശ്രദ്ധയിൽ പെട്ടു. ഇതെങ്ങനെ സാധൂകരിക്കുന്നു? പ്രകൃതിയുടെ പ്രതിനിധിയൊന്നുമല്ലല്ലോ പത്രപ്രവർത്തക? എങ്കിൽ മനസ്സിലാക്കാം, പാപമോചനത്തിനാണ് ഉള്ളു തുറക്കുന്നതെന്നു. കൊട്ടാരം ലേഖികയോട് സംസാരിച്ചാൽ ഹൃദയവിശുദ്ധീകരണം തരമാവുമെന്നു മോഹിക്കാൻ മാത്രം സരളഹൃദയയല്ല നീ. ഒരുമ്പെട്ടവളുടെ നിത്യവൃത്തി തന്നെ കൊട്ടാരം വിഴുപ്പുകെട്ടഴിച്ചു നോക്കുകയല്ലേ. പനയോലകളിൽ നാരായം കൊണ്ടെഴുതി ഔദ്യോഗിക രേഖയാക്കിയാണ് ഹസ്തിനപുരിയിലേക്കു മടങ്ങി, പതിനഞ്ചോളം ചുവരെഴുത്തു പതിപ്പുകളിലൂടെ, 'വിഴുപ്പിൽ' രോഗാതുര കൗതുകമുള്ള സാക്ഷരരെ അറിയിക്കുന്നത്", യുധിഷ്ഠിരന്റെ ശബ്ദത്തിൽ രോഷത്തെക്കാൾ ഖേദമായിരുന്നു. വനജീവിതത്തിലെ ദുരിതപർവ്വം.

"ഇരയെന്ന നിലയിൽ വസ്തുതകളും കാഴ്ചപ്പാടുകളുമാണ് പങ്കുവെക്കുന്നത് നിങ്ങൾ സാക്ഷരത നേടി പനയോലയും നാരായവുമായി ബഹുഭർത്തൃത്വം രേഖപ്പെടുത്തിയാലും, എന്റെ പ്രതികരണം അതായിരിക്കും. തൽപ്പരകക്ഷിയെന്ന നിലയിൽ നിങ്ങളുത് ആഴത്തിൽ കുഴിച്ചിട്ടാലും കെട്ടഴിച്ചു ബഹിരാകാശത്തിൽ പറക്കാൻ വിട്ടാലും."

"ഭൂമുഖത്തു നിന്ന് കൗരവരെ തുടച്ചുനീക്കിയ പാണ്ഡവരെ യുദ്ധക്കുറ്റവാളികളായി വിചാരണ ചെയ്തു ആൾക്കൂട്ടക്കൊലക്കു ഇരയാക്കണമെന്നു ചാർവാകൻ പരസ്യവേദിയിൽ ഇന്നലെ രാത്രി ആഞ്ഞടിച്ചതൊന്നും ഭരണകൂടശ്രദ്ധയിൽ പെട്ടില്ലേ?", കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

"പത്തിന് താഴെയുള്ള സ്വന്തം കുട്ടികൾക്കു നേരത്തിനു അന്നം കൊടുക്കാതെ നരകിപ്പിക്കുന്ന ചാർവാകനെയല്ലേ ഗാർഹിക കുറ്റവാളി എന്ന നിലയിൽ തെരുവിൽ വിചാരണ ചെയ്യേണ്ടത്? എന്നാൽ യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്താണ്? കൊട്ടാരം ഊട്ടുപുരയിൽ നുഴഞ്ഞുകയറി പൊരിച്ച കാളത്തുടകൾ തിന്നു തെരുവിൽ കുരുവംശനിന്ദ. പാണ്ഡവദൂഷണം പറയുന്നവർക്കും പരമസുഖം കിട്ടുന്ന ഹസ്തിനപുരിയുടെ സൗജന്യഭക്ഷ്യനയം."

2019/07/31

"ഭരിക്കുന്നവർക്ക്പോലും വയർ നിറയെ കഴിക്കാൻ കാളത്തുടയില്ലാത്ത ഇറച്ചി വറുതിയിലാണോ നിങ്ങൾ, മാംസദാഹികളായ അഞ്ചു പോക്കിരി സിംഹങ്ങളെ കോട്ടക്കകത്തു വളർത്തുന്നത്?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു, "കൂസലില്ലാത്ത പ്രണയലീലകൾ കാണാനൊക്കെ രസമുണ്ട്, പക്ഷെ കൂട്ടംകൂടി നിങ്ങൾക്കുനേരെ വിശന്നു ഗർജ്ജിച്ചാൽ, കൈവശം കാളയും മാനുമുണ്ടോ, അവക്കെറിഞ്ഞുകൊടുക്കാൻ?"

"നവപാണ്ഡവഭരണകൂടത്തിന്റെ ആദ്യതീരുമാനമായി ഗോവധം നിരോധിച്ചത് ഉപകാരമായി. അടുത്ത ഗ്രാമങ്ങ ളിലെ ക്ഷീരകർഷകർ ആദ്യമൊക്കെ പരിഭവിച്ചു, പക്ഷെ സിംഹങ്ങളെ കണ്ടപ്പോൾ, അവർക്കുത്സാഹമായി. കറവ വറ്റിയ മാടുകളുമായി അതിരാവിലെ കോട്ടവാതിലിനു മുമ്പിൽ അവരിപ്പോൾ വരി നിൽക്കും. പുല്ലും വക്കോലുമില്ലാതെ കർഷക കുടുംബത്തെ പെടാപാടിലെത്തിച്ച നാൽക്കാലികളെ

എന്ത് തീറ്റ കൊടുത്തു ആയുഷ്കാലം പരിപാലിക്കും എന്ന ഭയം ഇനിയവർക്ക വേണ്ട. ഒരു സൗജന്യം മാത്രമേ ഗ്രാമീണർ കാലിൽ വീണു ചോദിക്കു, വിശന്നു വലഞ്ഞ സിംഹങ്ങൾ പശുവിനെ പിന്നിൽ നിന്നു കടിച്ചും, കഴുത്തിൽ തൂങ്ങിയും തിന്നു വീണ്ടും കളിക്കാൻ പോവും വരെ, ആ അപൂർവ്വ ദൃശ്യാനുഭവം അടുത്തു നിന്നു കാണാൻ പാറാവുകാർ അനുവദിക്കണം. നാളെ പുലർച്ചക്ക വരാമോ, മനക്കരുത്തുണ്ടെങ്കിൽ പച്ചമാംസ ക്കാഴ്ച തൊട്ടുമുന്നിൽ നമുക്കൊരുമിച്ചിരുന്നു കാണാം."

"നീലയും പച്ചയും കലർന്ന നീളൻപീലി കാണാൻ കൗതുകമൊക്കെയുണ്ടെങ്കിലും കൂട്ടം ചേർന്നിങ്ങനെ ഒച്ച വച്ച് ചുറ്റി നടക്കേണ്ട കാര്യം?" പരിസരശുചിത്വമുള്ള ആശ്രമത്തിനു മുമ്പിലേക്ക് ചൂണ്ടുവിരലോടിച്ച് കൊട്ടാരം ലേഖിക നകുലനോട്ട് ചോദിച്ചു. പാണ്ഡവരുടെ വനവാസക്കാലം

"തൊട്ടുമുമ്പിൽ ചാടി വീണു ഭീമന്റെ നഗ്നതുടയിൽ ഒരാൺമയിൽ ആഞ്ഞു കൊത്തുന്നതാണ് ആദ്യം കണ്ടു ഞങ്ങൾ അന്തം വിട്ടത് വിറച്ചുപോയി. ആ തണുത്ത പ്രഭാതത്തിലെ ചുടുചോരയനുഭവത്തിന് ശേഷം ദുസ്സംശയത്തോടെ മയിലുകളുടെ അമംഗള സാന്നിധ്യം ഞങ്ങളും കണ്ടു. എന്നാൽ കുറച്ചു ദിവസങ്ങളായി പ്രത്യാശയോടെയും. അതെന്തെന്നല്ലേ. ശത്രുക്കളുടെ ആഗമനം വളരെ പെട്ടെന്ന് തിരിച്ചറിയാനാവുന്നത്ര സൂക്ഷ്മമായ കേൾവിശക്തിയും കാഴ്ചശക്തിയും മയിൽമുട്ട തിന്നാൽ കിട്ടുമെന്നാരോ ഭീമനെ ധരിപ്പിച്ചിട്ടുണ്ട്. മയിൽക്കൂട്ടങ്ങൾ അന്തിയുറങ്ങുന്ന പൊന്തക്കാട് ഒറ്റയ്ക്ക് പിന്തുടർന്ന്, വൈകിയ രാത്രിയിൽ ഭീമൻ, ഒരു പനംകൊട്ട നിറയെ മയിൽ മുട്ടകളുമായി മടങ്ങിയെത്തി. വെറുതെ കിട്ടിയ അക്ഷയപാത്രത്തിലെ വിശിഷ്ട സസ്യഭോജ്യങ്ങളെക്കാൾ ഇപ്പോൾ ഞങ്ങൾക്കിഷ്ടം പ്രയാസപ്പെട്ടുനേടിയ മയിൽ മുട്ടയാണ്, പാഞ്ചാലി പക്ഷെ ഊട്ടുപുരയിൽ ഒട്ടും പാചകത്തിൽ സഹകരിക്കില്ല. മറ്റുള്ളവരും കൂടി കുളിച്ചെത്തിയാൽ നമുക്കൊരു കൈ ഊട്ടുപുരയിൽ നോക്കാം. തീ കത്തിക്കാനും കെടുത്താനും സഹായിച്ചാൽ മതി."

2019/08/01

"തൊട്ടുപിന്നിൽ പദയാത്രച്ചട്ടം പാലിച്ചുനടന്ന പാഞ്ചാലി കുഴഞ്ഞുവീഴും മുമ്പെന്തെങ്കിലും മരണഅടയാളങ്ങൾ പ്രദർശിപ്പിച്ചുവോ? പരോക്ഷമായെന്തെങ്കിലും സന്ദേശം കൈമാറിയോ?', കൊട്ടാരം ലേഖിക മാദ്രീപുത്രൻ സഹ ദേവനോട്ട് ചോദിച്ചു. വഴിത്താരയിൽ, ചിത പൂർണ്ണ മായും കത്തിയമർന്ന ദൃശ്യം. സന്ധ്യ കനക്കുന്ന നേരം.

"ഉള്ളിൽ ഉള്ളത് അടുത്തുനിൽക്കുന്നവരോടവൾ എപ്പോ ഴെങ്കിലും പറഞ്ഞിരുന്നോ? എനിക്കുറപ്പില്ല. പായക്കുട്ടിൽ ഊഴത്തിനപ്പുറം പരമാനന്ദം തന്നിരുന്നപ്പോഴും, ദൂരെ ദൂരെ ശ്യാമസുന്ദരനെ ഉന്നം വച്ചിരുന്നുവോ, എനിക്കപ്പോൾ ഭീതി തോന്നുമായിരുന്നു. ശരീരം ചേർന്നവൾ രമിച്ചു കിടക്കുമ്പോഴും, മനസ്സ്, അങ്ങനെയൊന്നവൾക്കു ണ്ടെങ്കിൽ, അകലെയകലെ! വീഴ്ച മാരകമായിരിക്കാമെന്നു ഞാൻ അറിഞ്ഞിരുന്നു. വിലാപസ്വരം എന്നിൽ നിന്ന് വീണെങ്കിലും, മുന്നിൽ നടന്നിരുന്നവർ വച്ച കാൽ പിന്നോട്ടെടുത്തില്ലെന്നതെനിക്കൊരു നിശബ്ദതാക്കീതായി. വിലാപം ഞാൻ വിഴുങ്ങി, പദയാത്ര തുടർന്നു. ആദാരാ ഞ്ജലികളർപ്പിക്കാനായിരുന്നില്ല തോടിനരികെ യാത്ര നിർത്തിയത് അതുകൊണ്ടു നിങ്ങളെ കാണാനൊത്തു. വനവാസ

ക്കാലത്തു സംസാരിക്കാൻ പതിവായി അവസരം കിട്ടിയിരുന്നതുകൊണ്ടാവാം വിഷാദരോഗ ഭീഷണി നേരിടാനായതെന്ന അർത്ഥത്തിൽ പരാമർശങ്ങൾ പാഞ്ചാലിയിൽ നിന്ന് കേട്ടിരുന്നു. ജഡം ചിതയിലാക്കാ നുള്ള നിങ്ങളുടെ ഉത്സാഹം ഫലിച്ച എന്ന് കരുതട്ടെ? ഒരിക്കൽ ഞങ്ങൾ ഇഷ്ടം പോലെ തൊടാൻ കൊതിച്ച ആ ഉടലഴകിൽ കഴുകൻ കൊത്താതെ ഭൗതികശരീരം തീയിൽ കത്തിത്തീർന്നു ചാമ്പലായി എങ്കിൽ, അതായിരിക്കും അഭിമുഖങ്ങൾക്കു നിങ്ങൾ കൊടുത്ത പ്രതിഫലം", പറഞ്ഞു പറഞ്ഞു സഹദേവൻ കുഴഞ്ഞുവീഴുന്നതും, ശരീരം നിശ്ചലമാവുന്നതും, അത് ശ്രദ്ധിക്കാതെ നാലു പാണ്ഡവർ കാൽ മുന്നോട്ടു വക്കുന്നതും അവൾ കർത്തവ്യബോധത്തോടെ നോക്കി.

"കൊടുംഭീകരൻ എന്ന് അഭിമന്യുവിനെ വിശേഷിപ്പിച്ചത് പാണ്ഡവരെ ചൊടിപ്പിച്ചല്ലോ", കൊട്ടാരം ലേഖിക കർണനോട് ചോദിച്ചു, "ചരമശുശ്രൂഷയിൽ നിങ്ങളുടെ അസാ ന്നിധ്യവും ശ്രദ്ധിക്കപ്പെട്ടു "

"ചക്രവ്യൂഹമെന്ന കൗരവ സുരക്ഷാവലയം തകർത്തു കണ്ണിൽ കണ്ടവരെയെല്ലാം വെട്ടിയുംചവിട്ടിയും കൊല വിളിച്ചു "ഹസ്തിനപുരം ഇനി ഞങ്ങൾക്ക് മാത്രം" എന്ന് ഉച്ചത്തിൽ ആർമാദിക്കുന്നവനെ 'ധീരോദാത്തൻ' എന്നാ ണോ വിളിക്കേണ്ടത്? തരംപോലെ തിരിച്ചു കൊടുത്തിട്ടു ണ്ടാവും കൈമെയ്യുറന്ന ഞങ്ങളും."

2019/08/02

"വേദനിപ്പിക്കുമോ ഇന്നും ആ ഓർമ്മ?", കൊട്ടാരം ലേഖിക ചോദിച്ചു.

"അമ്മ സംശയരോഗിയെന്നറിഞ്ഞത് 'അരക്കില്ല' ത്തിലായിരുന്നു. തേക്കും വീട്ടിയും കൊണ്ട് പണിത വേനൽക്കാല വസതിയായിരുന്നിട്ടും, പേക്കിനാവിൽ അതിലോരു കെണി കണ്ടു. അർദ്ധരാത്രി കൗരവചാരൻ 'അരക്കില്ലം' തീയിടുമെന്നു ഞങ്ങളെ വിശ്വസിപ്പിച്ചിട്ടും, ആ കൊട്ടാരത്തിലെ സുഭിക്ഷത ഞങ്ങൾക്കൊരു ആനന്ദമായി. തീയിടാൻ ആരും വന്നില്ല. അവസാനം അമ്മ ഒരു ഗൂഢപദ്ധതി നടപ്പിലാക്കി. തേളും കരിക്കുന്നനും നിറഞ്ഞ ഇടുക്കിലൂടെ ഒളിച്ചോടി ഏകചക്രഗ്രാമത്തിൽ എത്രകാലം ഒരു കുടിലിൽ ഉടുതുണിക്ക് മറുതുണിയില്ലാതെ, ഒരു നേരം ഭക്ഷണത്തിനു വകയില്ലാതെ ഒളിച്ചുതാമസിക്കേണ്ടി വന്നു " പറഞ്ഞുപറഞ്ഞു ഭീമൻ വിതുമ്പി.

"ജഡം ചിതയിലേക്കെടുത്തിട്ടില്ല, കുളിച്ചൊരുങ്ങി പൂ ചൂടി എങ്ങോട്ടാണ് യാത്ര?", കൊട്ടാരം ലേഖിക മാദ്രിയോട് ചോദിച്ചു. 'കുന്തിയുടെ നിർബന്ധത്തിൽ ഞാൻ വേറെ തരമില്ലാതെ സതി അനുഷ്ഠിക്കുമെന്ന മുൻവിധി നിങ്ങൾക്കുണ്ടെങ്കിൽ, പാണ്ഡുചിതയിലല്ല, കാട്ടുതീയിലാണ് വ്യർത്ഥ ജന്മം അവസാനിപ്പിക്കുക. പാണ്ഡുവിനോടു വിശ്വസ്തതയോ, ആചാരങ്ങളോടു അനുസരണയോ. കുന്തിയോടു കീഴടങ്ങലോ അല്ല. പ്രകൃതിയോടുള്ള പ്രതിഷേധമാണ് എന്റെ അതൃപ്തിയാണ് കാര്യം. പാണ്ഡുവിന് കായികക്ഷമതയില്ലാത്തതു കൊണ്ട് കുന്തിയെങ്ങനെ പ്രലോഭനങ്ങളിലൂടെ പരപുരുഷന്മാരെ ആനന്ദിപ്പിച്ചു കുട്ടികളെ നേടി എന്ന് ഞാൻ കേട്ടിട്ടുണ്ട്. എനിക്കും വേണ്ടി വന്നു സന്ധ്യക്ക് പൂ ചൂടി പെരുവഴിയിൽ ആണിനെ തേടാൻ. പെണ്ണഭിമാനം അടിയറവു വച്ച്, നേടിയ ഇരട്ട കുട്ടികളെയും, കുന്തിയുടെ മൂന്നു മക്കളെയും കൂട്ടി ഹസ്തിനപുരിയിൽ അഭയാർത്ഥികളായി ചെല്ലാൻ ആവില്ലെനിക്കെന്ന

ബോധ്യത്തിലാണ്, വധുവിനെ പോലെ അണിഞ്ഞൊരുങ്ങി ജന്മം അവസാനിപ്പിക്കുന്നത്"

2019/08/03

"അപമര്യാദയായി എന്തോ പറഞ്ഞു എന്ന് കേട്ടല്ലോ.", ആശ്രമ മുറ്റത്തു മണ്ണിളക്കിയും നനച്ചും ജാഗ്രതയോടെ ജോലി ചെയ്തിരുന്ന യുവസന്യസ്ഥനെ ചൂണ്ടി കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

"ഊട്ടുപുരയിൽ ചെന്ന് യുധിഷ്ഠിരനോടയാൾ ചോദിച്ചു, രാമൻ സ്വയം വേട്ടയാടി വന്നില്ലേ വീട്ടിലിരുന്ന ലക്ഷ്മണനും സീതക്കും വേണ്ടി? അതൊക്കെ വനവാസക്കാലത്തു മാതൃകയാക്കേണ്ട നിങ്ങൾക്കെന്തിനാണ് അക്ഷയപാത്രം? നിങ്ങൾക്കും വേട്ടയാടി തിന്നുകൂടെ? കാട് എന്ന സ്വാശ്രയ ആവാസവ്യവസ്ഥക്കൊരു അശ്ളീല പ്രഹരമല്ലേ അക്ഷയപാത്രത്തിൽ കയ്യിട്ടു കിട്ടുന്ന ധാന്യം? അക്ഷയപാത്രത്തിൽ നിങ്ങൾ കയ്യിട്ടുവാരുന്ന ഓരോ പിടി അന്നവും ഏതോ ഹസ്തിനപുരി കർഷക ധാന്യപ്പെട്ടിയിൽ ചോർച്ചയുണ്ടാക്കുമെന്നു ദുര്യോധനൻ ഓർമ്മപ്പെടുത്തിയതല്ലേ. ഇത്തരം അസംബന്ധ ചോദ്യങ്ങൾ കേട്ട പാഞ്ചാലിയൊന്നു പുഞ്ചിരിച്ചതു സ്വതവേ ലോലചിത്ത നായ ധർമ്മപുത്രരുടെ ദുരഭിമാനത്തെ നൊമ്പരപ്പെടുത്തിയോ."

"അന്ത്യയാത്രയെ കുറിച്ചെന്തെങ്കിലും അഭിലാഷങ്ങൾ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. പാണ്ഡവഭരണത്തിന്റെ മുപ്പത്തിയഞ്ചാം വർഷം. കിരീടാവകാശി പരീക്ഷിത്ത് കൊട്ടാരവിപ്ലവത്തിനായി ശ്രമിക്കുന്ന കാലം.

"മൂന്നുദശാബ്ദങ്ങൾ കഴിഞ്ഞു. അല്ലലില്ലാതെ. പരീക്ഷിത്തിനെ പട്ടാഭിഷേകം ചെയ്യിക്കണം. സ്മൃതിനാശം സംഭ വിച്ച യുധിഷ്ഠിരനുൾപ്പെടെ രോഗാതുര പാണ്ഡവരെ മഹാപ്രസ്ഥാനത്തിൽ വടക്കൻ മലകളിലേക്കയക്കുന്ന ദൗത്യവും ഫലപ്രദമായി പൂർത്തിയാക്കാനുണ്ട്. അധി കാര വഴിയിൽ ഞാൻ രാജമാതാ പദവി തുടരണമെന്നും, മരണം വരെ മഹാറാണിപദവി ഭാര്യക്ക് കൊടുക്കാതെ ഒഴിച്ചിടുമെന്നും, മുട്ടുകുത്തി വാക്കു തന്നിട്ടുണ്ട്. പാണ്ഡ വരില്ലാത്തൊരു സ്വതന്ത്ര ജീവിതത്തിലാണ് ഈ ലോകത്തിൽ നിന്ന് യാത്ര പറയുന്നതായി പലപ്പോഴും ഞാൻ കിനാവ് കാണുക. ഭൗതികശരീരം രാജസഭയിൽ പൊതു ദർശനത്തിനു വെക്കുന്നതും, ഹസ്തിനപുരിയാകെ വിങ്ങിപ്പൊട്ടി വരിനിന്നു അന്ത്യോപചാരമർപ്പിക്കുന്നതും, മേഘരഹിതമായൊരാകാശത്തിനു താഴെ ഗംഗയുടെ തീരത്തൊരുക്കിയ ചിതയിൽ അതിവേഗം ചാരമായി മാറുന്നതും ആ വിശുദ്ധകിനാവിന്റെ കാരുണ്യങ്ങളാണ്."

2019/08/04

"തേർചക്രം പാടുപെട്ടുയർത്തുന്ന ദുർബല നിമിഷം നോക്കി വേണമായിരുന്നോ പ്രതികാര കൊല?", കൊട്ടാരം ലേഖിക ചോദിച്ചു.

"ചക്രവ്യൂഹത്തിൽ നട്ടം തിരിഞ്ഞ കൗമാരപോരാളിയെ സംഘംചേർന്ന് ചവിട്ടിയും പരിഹസിച്ചും കൊന്നവനെ കഴുത്തു വെട്ടാനല്ലെങ്കിൽ പിന്നെ എന്ത് വിശേഷിപ്പിക്കാ നാണ് കൊലച്ചതി എന്ന വാക്കുപയോഗിക്കുക?"

"കുരുട്ടുബുദ്ധിയില്ലാത്തൊരു കൗരവനായാണ് നിങ്ങൾ അറിയപ്പെടുന്നത്ച്ചൂതാട്ടസഭയിൽ നിങ്ങളുടെ നിശബ്ദ സാന്നിധ്യവും ശ്രദ്ധിക്കപ്പെട്ടിരുന്നു. മുതിർന്ന കൗര

വർ നേരിടുന്ന വസ്ത്രാക്ഷേപ ആരോപണത്തിൽ വസ്തുത യുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു.

"സഭയിൽ മൗനം പാലിച്ചത് അസഹനീയമായ ആൺചൂരു കൊണ്ടായിരുന്നില്ലേ? ജാലകങ്ങൾ അടച്ച മണിക്കൂറു കളായി രക്തസമ്മർദം ഉയർത്തുന്ന കള്ള ചൂതാട്ടത്തിൽ വിയർത്ത ആണുങ്ങൾ കൂടിച്ചേർന്നിരുന്നാൽ നിങ്ങൾക്കു ഹിക്കാം മലിനീകരണം. മുറുക്കിപ്പിടിച്ച ശ്വാസം മുട്ടു മ്പോഴായിരുന്നു ജാലകങ്ങൾ വാരിവലിച്ചുതുറന്നു ശീത ക്കാറ്റു വീശിയ പോലെ ഞങ്ങളൊക്കെ സ്തംഭിച്ചു പോയൊരു കാഴ്ച കണ്ടത് ഉടലഴക് പ്രദർശിപ്പിക്കുന്ന അൽപ്പവസ്ത്രപാഞ്ചാലിയുടെ പ്രത്യക്ഷത്തോടെ അതി സൂക്ഷ്മതലത്തിൽ നമ്മെ ഹർഷോന്മാദത്തിലെത്തിക്കുന്ന ഒരസാധാരണ പരിമളവും തണുപ്പിൽ കലർന്നു. സഭാതലത്തിലപ്പോൾ ഉയർന്നത് സദാചാരചിന്തയായിരുന്നില്ല."

"തൊടരുതെന്നു ഭീമനോട് മുഖത്ത് നോക്കി പറഞ്ഞ സ്ത്രീ ആരാണ്? എന്താണിങ്ങനെയൊരു അസാധാരണ സംഭവം? കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

"മുന്നറിയിപ്പ് നേരത്തേ കൊടുത്തിരുന്നു. പുതുതലമുറ ദുര്യോധനകുടുംബാംഗത്തെ കരുതലോടെ മതി സ്തുതിക്കാനും കൂടെ നിർത്താനും. കിട്ടേണ്ടതിപ്പോൾ ഭീമന് കിട്ടി. മുൻ മഹാറാണി സത്യവതിയെ പോലെ യമുനയിൽ തോണി തുഴഞ്ഞു വരുമാനമുണ്ടാക്കിയാണ് വീട്ടിലേക്കിപ്പോൾ ധാന്യം വാങ്ങിക്കുന്നതെന്നു പറഞ്ഞു കേട്ടപ്പോൾ, പൊതുവേദിയിൽ ക്ഷണിച്ചിരുത്തി ആദരിക്കണം എന്ന് കൗരവരാജവിധവകളുടെ പുനരധിവാസത്തിന്റെ അധിക ചുമതല വഹിക്കുന്ന ഭീമന് മോഹമായി. 'സുഖലോലുപ'രായ കൗരവരാജവിധവകൾക്കൊരു പാഠമായിരിക്കട്ടെ ഈ സ്വാശ്രയശീലമെന്നു പറഞ്ഞു അനുഗ്രഹിക്കാൻ ഭീമൻ കൈ ഉയർത്തിയപ്പോൾ, അവൾ തട്ടി മാറ്റി-ഞങ്ങളുടെ നാഥനെ തുടയിൽ ഗദ കൊണ്ടടിച്ചു കൊന്ന ആ കൈ ശിരസ്സിൽ വക്കരുതേ എന്നവൾ ഏങ്ങലടിച്ചു. യോഗം കലങ്ങി. കണ്ടുനിന്ന ഞങ്ങളുടെ കണ്ണും."

2019/08/05

"ഈ ഗദയാണോ നൂറോളം കൗരവരെ തല്ലിക്കൊന്നത്?" കൊട്ടാരം ലേഖിക ചോദിച്ചു.

"ഇതൊരലങ്കാരം മാത്രം. ശത്രുവിന്റെ നട്ടെല്ല് പൊട്ടിക്കാൻ ആയുധമൊന്നും വേണ്ട. കണ്ടവരൊക്കെ കൗതുകത്തോടെ നോക്കുന്ന ഈ മുല്ലപ്പൂപല്ലുകൾ പുഞ്ചിരിക്കാത്തപ്പോൾ മാരകായുധമാവില്ലേ? അതൊക്കെ ഇരകൾ ക്കറിയാം. ശിശുമുഖമാണെനിക്കെന്നു ആരാധകർ പറ യുന്നത് ഉള്ളിൽ തട്ടിയാണെങ്കിൽ, അവർക്കുറപ്പു നൽ കട്ടെ, കീഴ്ത്താടിയുടെ ബലപിന്തുണയും കുറച്ചു കാണ രുത് ശരീരം 'ഭീമാകൃതി'യിൽ എന്നാണു ഭാരം ചുമക്കുന്ന പാഞ്ചാലി കിടപ്പറയിൽ നിന്ദിക്കുക എങ്കിലും, ചെന്നായയുടെ വയറുള്ളവൻ എന്നാണു കുന്തി തീൻശാലയിൽ പ്രകീർത്തിക്കുക. ഒളിഞ്ഞിരുന്ന ഇരയെ ചാടിപ്പിടിക്കുന്ന സാമ്പ്രദായിക നീതി, അതെനിക്ക്, എത്രയോ കാട്ടിൽ കഴി ഞ്ഞിട്ടും, വശമില്ല. ഓടുന്ന ഇരയെ കണ്ടെത്തിയാൽ, ഞാൻ വച്ച്പിടിക്കും. ദുർമേദസ്സുള്ള ശരീരം തടസ്സമല്ല. പോർക്ക ളത്തിലെ 'കളി' കണ്ടാൽ നിങ്ങൾ ആദ്യം ചിരിക്കുമെങ്കി ലും, പിന്നെ നോട്ടം കാര്യമാവും. ശത്രുകൗരവന്റെ

വയ റിലാണ്കടിക്കുക. നുലാമാലകൾ വയറിൽനിന്ന് പുറത്തു ചാടി ഒരടി മുന്നോട്ടു വക്കാനാവാതെ മണ്ണിൽ മലർന്നു വീഴുമ്പോൾ,എനിക്കവനെ പച്ചക്കു തിന്നാനാണ്തോന്നുക, പക്ഷെ രാവിലെ പേടമാനിനെ ജീവനോടെ കടിച്ചു പൊളിച്ചു തിന്ന കുരുക്ഷേത്ര ദിവസങ്ങളിൽ കൗരവമാംസം വാത്സല്യത്തോടെ കഴുകന് വലിച്ചെറിഞ്ഞു കൊടുക്കും, ചുടുചോര പ്രിയപാഞ്ചാലിയുടെ മുടി തേച്ചുമിനുക്കും,അത് ഭീഭത്സ കേശപരിചരണമല്ല, ഉദാത്ത പ്രണയ പ്രകടനമാണ്" കൗരവവംശഹത്യക്കു യുധിഷ്ഠിര ഭരണകൂടത്തിന്റെ അതിവിശിഷ്ട സൈനിക പുരസ്കാരം നേടിയ ഭീമൻ മട്ടുപ്പാവിൽ ആനന്ദനൃത്തത്തിലായിരുന്നു. പാഞ്ചാലി മുഖം തിരിച്ചു.

"കിരീടാവകാശി ഉപജാപങ്ങളിൽ ഏർപ്പെടുന്നു എന്ന ചാരവിവരം ശ്രദ്ധയിൽ പെട്ടപ്പോളാണോ 'പരീക്ഷിത്തിന് പട്ടാഭിഷേകം' എന്ന പ്രഖ്യാപനം?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ട് ചോദിച്ചു. പാണ്ഡവ ഭരണകൂടത്തിന്റെ മുപ്പത്തിയാറാം വർഷം.

"അത്ര രൂക്ഷമായി പരിമിതപ്പെടുത്തുമോ പാണ്ഡവ പ്രയാസങ്ങൾ? കുരുക്ഷേത്രത്തിൽ പൊലിഞ്ഞ പരിചിത പോരാളികൾ പേക്കിനാവിൽ പ്രത്യക്ഷ പ്പെടാത്ത പകലി രവുകൾ ഇക്കഴിഞ്ഞ മൂന്നര ദശാബ്ദങ്ങളിൽ പാണ്ഡവർക്കുണ്ടായിരുന്നുവോ? അരമനരഹസ്യങ്ങൾ ചോർത്താൻ പനയോലക്കെട്ടും നാരായവുമായി കോട്ടകൊത്തളങ്ങളിൽ നിരങ്ങുന്ന പത്രപ്രവർത്തകർക്കെന്തറിയാം, അധികാരത്തിന്റെ ഇടനാഴിയിലും പാണ്ഡവർ നേരിട്ട അസ്തിത്വദുഃഖം? തിരുവസ്ത്രങ്ങളും അംശവടിയുമായി രാജസഭയിൽ വരുമ്പോഴൊക്കെ, മനസ്സ് വിഹായസ്സിൽ പറക്കുകയാവും, വടക്കൻ മലമടക്കുകളിലെ ഏകാന്ത താഴ്വരകളിൽ എവിടെയോ ഒളിഞ്ഞിരിക്കുന്ന പ്രപഞ്ച രഹസ്യം തേടി. എന്തിനു പെട്ടെന്നൊരുനാൾ ചെങ്കോൽ കൈമാറുന്നു എന്നോ? അല്പവസ്ത്രധാരികളായി അനന്തതയിലേക്കുളിയിടാൻ. മനുഷ്യന് അനശ്വരത നിഷേധിച്ച സഭാപതിയെ ചെറുതായൊന്നു വെല്ലുവിളിക്കാൻ, യുദ്ധത്തിലും ജീവിതത്തിലും ഞങ്ങൾ പോരടിച്ചിരുന്നു എന്നോർമ്മിപ്പിക്കുവാൻ അതാണിന്നു ഞങ്ങൾ പടിയിറങ്ങുമ്പോൾ യാത്രാമൊഴി."

"നിങ്ങളൊക്കെ ചതിയിൽ ചുറ്റിവളഞ്ഞു കുത്തിമലർത്തിയിട്ടും, സാഹസികവും ഐതിഹാസികവുമായ മിന്നലാക്രമണത്തിന്റെ പേരിൽ അവൻ വിശ്വമാകെ പ്രശസ്തി നേടുമെന്ന് വ്യക്തമായല്ലോ?", കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു. വൈകിയ രാത്രി കുരുക്ഷേത്ര യുദ്ധത്തിന്റെ പതിമൂന്നാം ദിവസം.

"കൊലയാളികളെന്നു നിങ്ങൾ വർണ്ണിക്കുന്ന ഞാനും കർണ്ണനുമൊക്കെ ഈ നിറനിലാവിൽ പുഴവെള്ളത്തിലിങ്ങനെ നീരാടി രസിക്കുമ്പോൾ, 'സാഹസികവും ഐതിഹാസിക'വുമെന്ന വിശേഷണപദങ്ങളുമായി അവന്റെ ചിതയതാ കത്തിച്ചാരമാവുന്നു. ആകാശചാരികൾ ഞങ്ങൾക്കൊപ്പമെന്നപ്പോൾ അടയാളപ്പെടുത്തിയില്ലേ."

2019/08/08

"പെണ്ണും പോരാളിയായോ?", കുളിച്ചു ഈറനുടുത്തു നടക്കുകയായിരുന്ന പാഞ്ചാലിയെ കൊട്ടാരം ലേഖിക അഭിവാദ്യം ചെയ്തു.

"തകർന്നു തരിപ്പണമായി കൂടണയുന്ന പാണ്ഡവർക്ക് സാന്ത്വന സ്പർശനത്തിനൊരു പെൺകൂട്ട് വേണ്ടേ?" അഴകളവുകൾ അർത്ഥഗർഭമായി പ്രദർശിപ്പിച്ച പാഞ്ചാലി പാളയത്തിലേക്ക് കയറി.

2019/08/09

"പരാതിപ്പെട്ടു എന്ന കുറ്റത്തിന് നിങ്ങളെ കൗരവർ നിങ്ങളെ തല മൊട്ടയടിച്ചു പുള്ളി കുത്തി എന്നോ? ഭൂമുഖത്തുനിന്നു വേർപെട്ടുപോയ ആത്മാവുകൾക്കു പരലോകത്തു നിത്യശാന്തി ലഭിക്കാൻ ബലികർമത്തിൽ സഹായിക്കുന്ന ഒരു ദരിദ്രപുരോഹിതൻ മാത്രമല്ലേ നിങ്ങൾ?", കൊട്ടാരം ലേഖിക ചോദിച്ചു.

"സ്ത്രീപീഡനത്തിൽ പ്രതികളായ കൗരവർ എന്ന പരാമർശത്തിൽ കുടുമയിൽ കയറിപ്പിടിച്ചു, 'കുറ്റം നിഷേധിച്ച ആരോപണവിധേയർ' എന്നല്ലേ, സംശയാതീതമായി വിചാരണ വഴി നീതിപീഠത്തിൽ നിന്ന് വിധിവരും വരെ പറയേണ്ടത് എന്ന് ചോദിച്ച ദുര്യോധനൻ, അപ്പോൾ തന്നെ തളച്ചിട്ടു."

"സുഖവാസത്തിനെന്നപോലെയാണല്ലോ, അടിമജീവിതം നയിക്കാൻ കാട്ടിലേക്ക് പോവുന്നത് ധാർമ്മികരോഷമൊന്നും തോന്നുന്നില്ലേ കളിയിൽ കബളിക്കപ്പെട്ടതോർത്താൽ? രാജസൂയചക്രവർത്തിയുടെ അഭിമാനബോധം ഇത്ര ശുഷ്കമോ എന്നാണു ചാർവാകൻ പരിഹസിച്ചത്", കൊട്ടാരം ലേഖിക ആറംഗ പാണ്ഡവസംഘത്തിനു മുമ്പിൽ നഗ്നപാദനായി നടന്ന യുധിഷ്ഠിരനോട് ചോദിച്ചു.

"മനസ്സിനെ അലട്ടുന്ന ആഘാതം ഉണ്ടാവുന്നവർക്കു ആ നിമിഷത്തിനു തൊട്ടുമുമ്പുള്ള ഏതാനും മണിക്കൂറുകളിലെ കാര്യങ്ങളെ കുറിച്ച് ഓർമ്മ നഷ്ടപ്പെടാവുന്നതാണെന്ന മനഃശാസ്ത്രപരമായ ഉൾക്കാഴ്ച തക്ഷശിലവിദ്യാർത്ഥിയായിരുന്ന നിങ്ങൾക്കുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ വെറുതെ മോഹിക്കുകയാണോ? കാലക്രമേണ ഈ സ്ഥിതിയിൽ മാറ്റമുണ്ടായാൽ, എല്ലാം ഓർമ്മയിൽ തിരിച്ചു കൊണ്ടുവരാനും, ക്രമം തെറ്റാതെ ഓർത്തോർത്തു സഭാപർവ്വ ആഖ്യാനം പുനർ നിർമ്മിക്കാനും ആവുമെന്നാണ് പ്രതീക്ഷ. വനവാസത്തിനെത്തിയാൽ പാഞ്ചാലിയും പാണ്ഡവരും തീവ്രപരിചരണത്തിനിലൂടെ ഈ ആഘാതഘട്ടം തരണം ചെയ്യാൻ തക്ക സാന്ത്വനം തരുന്നതിൽ വീഴ്ച കാണിക്കില്ലെന്നാണ് ന്യായമായും വിചാരിക്കുന്നത് അതുവരെ, കള്ളച്ചൂതും, കൗരവരാൽ കബളിക്കപ്പെടലും, രാജനഷ്ടവും, വസ്ത്രാക്ഷേപവും നിങ്ങൾ പൊലിപ്പിച്ചൊരു പരാജയ കഥ എനിക്കുചുറ്റും പണിയുന്നതിൽ നിന്നും പിൻവലിയണം."

"പ്രിയം നിങ്ങളോടാണ് എന്നുണ്ടോ?" മറ്റു ഭർത്താക്കന്മാർ മൃഗയാവിനോദത്തിനു പോയപ്പോൾ പാഞ്ചാലിക്ക് തുണയായ നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"പാണ്ഡവരെ പല തട്ടുകളിൽ പരസ്പരം പ്രതിയോഗികളാക്കി കളിപ്പിക്കാൻ പ്രലോഭനസ്വരത്തിൽ ഇടക്കൊന്നു പാഞ്ചാലി എന്നെ പ്രശംസിക്കുന്നതാണോ പത്രപ്രവർത്ത കർ മുഖവിലക്കെടുത്തത്?"

2019/08/10

“മാദ്രിയുടെ ജ്യേഷ്ഠനല്ലേ നിങ്ങൾ? മാദ്രിപുത്രന്മാരായ നകുലനും സഹദേവനും നേതൃത്വം കൊടുക്കുന്ന സൈന്യത്തിൽ സഖ്യകക്ഷിയാവേണ്ട മാദ്ര രാജാവെങ്ങനെ കൗരവപക്ഷത്തേക്കു കൂറുമാറി? പ്രിയ സഹോദരിയുടെ ആത്മാവു് പൊറുക്കുമോ ഈ ചതി?” കൊട്ടാരം ലേഖിക ചോദിച്ചു.

“വെള്ളം കോരാനും വിറകുവെട്ടാനുമുള്ള വേലക്കാർ മാത്രമായി മാദ്രിപുത്രന്മാരെ കുന്തിമക്കൾ ദുരുപയോഗം ചെയ്യുന്നുവെന്ന്, സാന്ദർഭികമായി ദുര്യോധനൻ പറഞ്ഞപ്പോൾ പ്രിയസഹോദരിയെ ഓർത്തു ആകെ അസ്വസ്ഥനായി. മാദ്രിമാതൃത്വത്തെ കളങ്കപ്പെടുത്തുന്ന യുധിഷ്ഠിരനോടെനിക്കൊരു വിരോധവും ഉണർന്നു. ചൂതാട്ടഭ്രമക്കാരനായ യുധിഷ്ഠിരൻ മാദ്രിപുത്രന്മാരെ പണയം വച്ചുകളിച്ചു വനവാസത്തിലെത്തിച്ചെന്ന വാർത്ത കേട്ടപ്പോൾ അവിശ്വസനീയമായി തോന്നി. വസ്തുതാപരമായും, പാണ്ഡവരോട് പ്രതികാരനടപടിയൊന്നും ഉപദേശിക്കാതെയും ദുര്യോധനൻ പറഞ്ഞതെനിക്കൊരു വെളിപാടായി കാണാനൊത്തു. നകുലനെയോ സഹദേവനെയോ എനിക്കെതിരെ നിർത്തി നാളെ മറ്റു മൂന്നു പാണ്ഡവർ കുരുക്ഷേത്ര പോരാട്ടത്തിൽ കൊന്നാലും ചേരില്ല പാണ്ഡവർക്കൊപ്പം ഈ ജീവന്മരണയുദ്ധത്തിലെന്നു ഞാൻ പരേത മാദ്രിയുടെ വിശുദ്ധസ്മരണയിൽ രക്തപ്രതിജ്ഞയെടുത്തു. പ്രതിജ്ഞ ലംഘിക്കണോ? അതോ, രക്തസാക്ഷിത്വം വരിച്ചു കുടുംബാഭിമാനം തിരിച്ചുപിടിക്കണോ?”

2019/08/12

“ഇതെന്താ അരക്കെട്ടിൽ ഒഡ്യാണം? കൈകളിൽ തങ്കവള? രാജസഭയിൽ വലിച്ചു കൊണ്ടുവന്നു ‘ഇനി നീ തീർത്തും കൗരവ അടിമ’ എന്ന് പറഞ്ഞു തുണിയഴിക്കുമ്പോൾ ഇതു് മാത്രം കൌരവർ ഊരിയെടുക്കാൻ എന്താ വിട്ടുകളഞ്ഞത്?”, വനവാസക്കാലത്തിന്റെ തുടക്കം.

“വിട്ടുകളഞ്ഞതല്ല, വിളക്കി ചേർത്തതാണ്. വസ്ത്രാക്ഷേപം കഴിഞ്ഞ ഉടൻ, മൂന്നുനാലു കൌരവർ കീഴ്പ്പെടുത്തി, പാണ്ഡവസാന്നിധ്യത്തിൽ അണിയിച്ചു. “നീയിനി കൗരവരുടെ രാപ്പകൽ നിരീക്ഷണവലയ”ത്തിലാണ് എന്ന് ദുര്യോധനൻ കവിളിൽ പുറംകൈ തട്ടി പ്രഖ്യാപിച്ചു. എന്ന് പറഞ്ഞാൽ, ദൂരെ ദൂരെ ഹസ്തിനപുരി കൊട്ടാരത്തിലെ ഭൂഗർഭഅറയിൽ ഇരുന്നു കൌരവർക്കു ആസ്വദിക്കാം”, പറഞ്ഞുപറഞ്ഞു പാഞ്ചാലിയുടെ മന്ദഹാസം നേർത്ത വിലാപം പോലെ അവിടെ നിറഞ്ഞു. പാണ്ഡവർ കണ്ണടച്ച് ചെവി പൊത്തി പുറത്തേക്കിറങ്ങി.

“ഇഷ്ടം കൂടാൻ ചെവിയിൽ മധുരം പറയുമോ യുധിഷ്ഠിരൻ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“കാപട്യം പെരുമാറ്റച്ചട്ടമാക്കിയവനതൊക്കെയാണോ അസാധ്യം? മറ്റു പാണ്ഡവരെ കുറിച്ച് കുത്തിക്കുത്തി തോണ്ടിയും പുണർന്നും ചോദിക്കും. പ്രണയസല്ലാപത്തിൽ ഇളമുറ മാദ്രിപുത്രന്മാർക്കു മികവു കുറവാണ് എന്ന് ഓരോരോ ദുരനുഭവം അപ്പപ്പോൾ നിർമ്മിച്ച് തലയണയിലൂടെ മന്ത്രിക്കും. ഇന്ദ്രപ്രസ്ഥം ചക്രവർത്തി എന്ന് നിങ്ങളൊക്കെ പറയുന്നവൻ പൂർണ്ണമായി എനിക്കപ്പോൾ വിധേയപ്പെടും.”

2019/08/13

“കണ്ടില്ലെന്ന മട്ടിൽ പോവുകയാണോ?” പരീക്ഷിത്തിനെ ചൂണ്ടി ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“തലമുറവിടവില്ലാത്ത ഒരു സൗഹൃദകാലം ഞങ്ങൾക്കുണ്ടായിരുന്നു. മിണ്ടിയും പറഞ്ഞും. കൗരവ പാണ്ഡവ യുദ്ധം എന്നൊക്കെ പറഞ്ഞു കായികബലവും പരീക്ഷിക്കും. അങ്ങനെ ഒരു രാവിലെ സന്മനസ്സോടെ കൗതുകപ്പെട്ടിരിക്കുമ്പോൾ, വിരാടരാജകുമാരി ഉത്തര വിരൽ ചൂണ്ടി പറഞ്ഞു, “കീചകനെ ഞെക്കിക്കൊന്ന പോലെ ഈ കുഞ്ഞിനെ പീഡിപ്പിക്കരുതേ? നിങ്ങളുടെ ജീവൻ രക്ഷിക്കാൻ ചക്രവ്യൂഹത്തിൽ ബലി കൊടുത്ത അഭിമന്യുവിന്റെ മകനാണവൻ.” അതിനുശേഷം പരീക്ഷിത്ത് എനിക്ക് കുരുവംശത്തിന്റെ കിരീടാവകാശി മാത്രമായി” ഭീമശരീരം ശോഷിച്ചിരുന്നു. വിഷാദഭരിതമായ ശബ്ദത്തിൽ ഇടർച്ചയുണ്ടായിരുന്നു, പശ്ചാത്താപം പോലെ മൃദുവായിരുന്നു.

2019/08/14

“ഇങ്ങനെ സ്വതന്ത്രയായി നടക്കുമ്പോൾ, പൊന്മാൻ പ്രലോഭിപ്പിക്കുന്ന പോലെ നിങ്ങൾക്കും തോന്നാറുണ്ടോ”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനവാസക്കാലം. കാലവർഷത്തിൽ കുത്തിയൊഴുകുന്ന കാട്ടരുവികളുടെ നേർത്ത ഇരമ്പൽ ഒഴികെ നിശബ്ദമായ താഴ്വര.

“ഏതുനിമിഷവും ഉരുൾ പൊട്ടുമെന്നു അഞ്ചു ‘ധീരോദാത്ത’ന്മാർ മാറി മാറി ലക്ഷ്മണരേഖ വരക്കുമ്പോഴോ?”

2019/08/16

“വൈകാരിക തീരുമാനമായിരുന്നുവോ വാനപ്രസ്ഥം? അതോ, വെളിപ്പെടുത്താനാവാത്ത പ്രകോപനം കിരീടാവകാശി പരീക്ഷിത്തിൽ നിന്നുണ്ടായോ?”, അധികാരത്തിന്റെ അകത്തളത്തിൽ നിന്ന് പുറത്തുചാടി മരവുരി ധരിച്ചു നഗ്നപാദരായി വടക്കൻ മലകളിലേക്കു യാത്രയായ പാണ്ഡവരെ നോക്കി കൊട്ടാരം ലേഖിക ചോദിച്ചു.

“കൗരവരുടെ കിരാതഭരണത്തിൽ നിന്ന് കുരുവംശത്തെ കുരുക്ഷേത്രയിലൂടെ രക്ഷിച്ച ഐതിഹാസിക യുദ്ധവിജയത്തിന്റെ മുപ്പത്തിആറാം വാർഷികം ആയിരുന്നു ഇക്കഴിഞ്ഞ ദിവസം. ആ സ്വാതന്ത്ര്യദിന ആഘോഷത്തിൽ, പക്ഷെ, പങ്കെടുക്കാൻ ഉണ്ടായിരുന്നത് പാണ്ഡവർ മാത്രം. ചെങ്കോലും തിരുവസ്ത്രവും കിരീടാവകാശിക്കു ഉടനടി കൈമാറാൻ നൊമ്പരപ്പെടുത്തുന്നൊരു ഓർമ്മപ്പെടുത്തൽ ആയ ദുരനുഭവം.”

2019/08/17

“കുന്തിയെ കബളിപ്പിച്ചു തട്ടിയെടുത്തപ്പോൾ, അനുജ ഭാര്യയായ നവവധു മുഖം ചുവപ്പിക്കുന്നതു കണ്ടു. അരികിലണച്ചു ചെവിയിലെന്തോ നിങ്ങൾ മന്ത്രിച്ചപ്പോൾ, കൂടെ നിൽക്കുന്നതും. എന്ത് ‘ധാർമ്മികത’ പറഞ്ഞാണ് പാഞ്ചാലിയെ പോലെ

തോറ്റ തരാത്ത പെണ്ണിനെ പൂപോലെ പാട്ടിലാക്കിയത്?" കൊട്ടാരം ലേഖിക ചോദിച്ച വനവാസക്കാലം മറ്റനാലു പാണ്ഡവർ താഴ്വരയിലെ ജലാശയത്തിൽ ചീങ്കണ്ണിക്കൊപ്പം മത്സരിക്കുന്ന നേരം.

"രാജസൂയയാഗത്തിൽ നീ അരികെയിരുന്നാൽ യാഗാന്ത്യ സ്ഥാനാരോഹണം ചക്രവർത്തിനി പദവിയായിരിക്കും എന്നൊരു പ്രത്യാശയുടെ സൂചന! അതവൾ മുഖവിലക്കെടുത്തപ്പോൾ, സ്വാഭാവികമായും വൈവാഹികനിലയിൽ ഭേദഗതി വരുത്തി."

"അനുപാതത്തിൽ കവിഞ്ഞ അളവിൽ പാഞ്ചാലി നിങ്ങളഞ്ചു പേരിൽ ആരെയോ രഹസ്യമായി പരിലാളിക്കുന്നുണ്ട് എന്ന ആക്ഷേപം ആദ്യമുയർത്തിയതാരായിരുന്നു?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഒരു പണത്തൂക്കമെങ്കിലും മറ്റ നാലുപേരേക്കാൾ അധികം പ്രണയപരിഗണനക്കായി ഒറ്റക്കൊറ്റയ്ക്കും, കുറ മുന്നണിയുണ്ടാക്കിയും പരസ്പരം ഒറ്റുകൊടുത്തു എന്നതല്ലേ യാഥാർത്ഥ്യം? ആ നിലക്ക് നോക്കിയാൽ പാഞ്ചാലിയുടെ ബഹുഭർത്തൃത്വ അടിമകൾ ഞങ്ങൾ."

"പോരാട്ടവിജയം നോക്കിയല്ല പാടുപെട്ട് നേടിയ വിദ്യാഭ്യാസത്തിന്റെ പേരിലായിരിക്കും വരുംയുഗത്തിൽ നിങ്ങൾ പ്രകീർത്തിക്കപ്പെടുക എന്ന് ചാർവാകൻ പ്രവചിക്കുന്നുണ്ടല്ലോ", അംഗപരിമിതനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"വിദൂരപഠനത്തിലൂടെ നേടിയ ആയുധാഭ്യാസം 'അര ങ്ങേറ്റം നടത്തി പരീക്ഷിക്കാതെ, സംശയാസ്പദമായ ധൃതിയിൽ ഗുരുദക്ഷിണ ചോദിച്ച വൃദ്ധബ്രാഹ്മണന് സ്തുതിയായിരിക്കട്ടെ. നഷ്ടപ്പെടാൻ തള്ളവിരൽ മാത്രം, എന്നാൽ നേടിയതോ? കുടിലഗുരുവിന്റെ സാധുജന എന്ന സാർവ്വർത്രിക ബഹുമതി!."

2019/08/18

"ചരമശ്രുശ്രൂഷയിൽ പങ്കെടുത്തിരുന്ന എങ്കിലും ആ ദൂരക്കാഴ്ചയുടെ അകംപൊരുൾ വ്യക്തമായില്ല. അഭിമന്യുവിന്റെ ചിതക്കരികിലേക്കു കയറി കുന്തി കയർക്കുന്നു! ചെന്നപ്പോഴേക്കും, കുന്തി പാളയത്തിലേക്ക് മടങ്ങി. അവരെന്താണ് ശാസിച്ചു പറഞ്ഞതെന്ന് അടുത്തു നിന്ന നിങ്ങൾ കണ്ടിരുന്നോ?", യുദ്ധകാര്യ ലേഖകൻ കൊട്ടാരം ലേഖികയോടു ചോദിച്ചു.

"യുധിഷ്ഠിരചുമലുകളിൽ കൈപ്പത്തികൾ വച്ചു പറഞ്ഞ വാക്കുകളിൽ മാതൃഹൃദയത്തിന്റെ നീറ്റലുണ്ടായിരുന്നു. കുന്തിരിക്കം കൊണ്ടുണ്ടാക്കിയ പന്തം പോലെ അർജ്ജുന പുത്രൻ ജ്വലിച്ചു, ചാരമാവുന്നു. എന്നാൽ ഷഷ്ടിപൂർത്തിയെത്താറായ നീയോ? ജീവനിൽ കൊതിതീരാതെ ഉമിത്തീ പോലെ മൂന്നു നാലു പതിറ്റാണ്ടുകൾ പാഞ്ചാലിയുടെ ആട്ടും തുപ്പുമേറ്റ് ഭീരുവായി നീ ജീവിക്കട്ടെ." ഉള്ളിലെ കൊടുംകാറ്റ് ശമിക്കാത്ത കുന്തിയെ ഭീമൻ പാളയത്തിനകത്തേക്കു വലിച്ചു. കൗമാര പോരാളിയുടെ ഭൗതികശരീരം കത്തിപ്പടരുന്ന വൈകിയ രാത്രിയിൽ, അകംപൊരുൾ തേടേണ്ട വിലാപമായി എനിക്ക് തോന്നിയില്ല. ചിലപ്പോഴെങ്കിലും പൊട്ടിത്തെറിക്കുമ്പോഴല്ലേ പെണ്ണ് അമ്മയും അച്ഛമ്മയുമൊക്കെയാവുന്നത്!."

"ഇരുട്ടടികൊണ്ടപോലെ കണ്ണിനു താഴെയെന്താ കങ്ങിയ ചോര?", അർജ്ജുനനെ ചൂണ്ടി കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

"ഇന്ദ്രന്റെ വെപ്പാട്ടിയെന്നറിയപ്പെടുന്ന നർത്തകി ഉർവശിയുമായി അവിഹിത ബന്ധം സ്ഥാപിച്ച എന്ന ദുരാരോപണം നേരിടുന്നതിനിടെ, ആരൊക്കെയോ മർദിച്ചവശനാക്കി ഭൂമിയിലേക്ക് തള്ളിയിട്ട എന്നാണറിയുന്നത് പിന്നിൽ ഇന്ദ്രൻ തന്നെയാണോ എന്ന ശ്രുതിയുണ്ട്. അർജ്ജുനന്റെ സ്വർഗ്ഗരാജ്യസന്ദർശനം കെട്ടുകഥയെന്ന സംശയിക്കുന്ന പാഞ്ചാലിയുടെ മൗനമാണ് മുറിപ്പാടിനെക്കാൾ നോവിക്കുന്നതും. ഉർവ്വശീ 'ശാപം' അർജ്ജുനനെതിരായി വ്യാസൻ എഴുതുമോ? അതോ 'ഉപകാര'മെന്ന പ്രത്യക്ഷം വഴി തെളിയിക്കുമോ? എന്നാണിപ്പോൾ ആശങ്ക."

2019/08/19

"പനയോലപ്പതിപ്പിറങ്ങിയല്ലോ. പാഞ്ചാലീപീഡാനുഭവത്തിന്റെ നേർക്കാഴ്ചയാണോ? അതോ വസ്തുതകളുടെ അഭാവമോ?" കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട് ചോദിച്ചു. പാണ്ഡവഭരണകൂടത്തിന്റെ രണ്ടാം പകുതി.

"സ്തോഭജനകമായൊരു ദൃശ്യാനുഭവമെന്ന രീതിയിൽ ആഖ്യാനം ഗതിമാറിയൊഴുകിയതൊന്നും ഞാൻ പഴിപറയില്ല. എന്നാൽ വരുംകാല പരിഷ്കൃതസമൂഹത്തിൽ പെണ്ണനുകൂല കാഴ്ചപ്പാടുണ്ടായാൽ, വ്യാസൻ വിചാരണചെയ്യപ്പെടും. അടിമയെ നഗ്നയാക്കാൻ ഉടയോൻകൗരവർ കൈവച്ചപ്പോൾ, 'ആകാശത്തു' നിന്നു ഉടയാടയൂർന്നിറങ്ങി എന്ന കണ്ടെത്തൽ കൗതുകനിരീക്ഷണത്തിലപ്പുറം കാര്യമുള്ളതല്ല. കാരണം, ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി എന്ന അപ്പോഴത്തെ നിലയിൽ ഞാൻ ചൂതാട്ടസഭയിൽ ഇടിച്ചുകയറി ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ, അൽപ്പവസ്ത്രയായിരുന്നു എന്ന് വ്യാസൻ നിരീക്ഷിക്കുന്നുണ്ട്. എന്നാൽ കൗരവഅടിമയായി പുറത്തുകടക്കുമ്പോൾ അതിൽ കൂടുതലൊന്നും മേനിയിൽ ഉണ്ടായിരുന്നുമില്ല. കൂടെ പൊറുക്കുന്ന പെണ്ണിനെ പണയം വച്ച് ചൂതാടാൻ പ്രേരകമായ പുരുഷാധിപത്യത്തെ പഴി പറയാതെ വ്യാസനു ഒരടി മുന്നോട്ടുപോവാൻ ആവില്ലെന്നതാണ് സഭാപർവ്വം ഒന്നോടിച്ചു വായിച്ചപ്പോൾ തോന്നിയത് ഭാഗ്യം, പാണ്ഡവർ ആരും മഹാഭാരതം വായിച്ചെടുക്കാൻ വേണ്ട സാക്ഷരത നേടിയിട്ടില്ല."

"ഇന്നാദ്യത്തെ ഹസ്തിനപുരി കാഴ്ച ഒന്നോർത്തെടുക്കാമോ" കൊട്ടാരം ലേഖിക നവവധുവിനോട് ചോദിച്ചു.

"ഒന്നിലധികം കാരണങ്ങളാൽ ഓർക്കാനുണ്ട്. പാഞ്ചാലയിൽ നിന്ന് നീണ്ട യാത്ര കഴിഞ്ഞു വൈകിയ രാത്രി അന്തം വിട്ടുറങ്ങിയ ശേഷം, ഉണർന്നു മുഖം കഴുകി കിടപ്പറവാതിലിനപ്പുറം മട്ടുപ്പാവിൽ നിന്ന് ഞാനൊന്നെത്തി നോക്കിയപ്പോൾ കണ്ടതെന്തായിരുന്നു? രാജവസ്ത്രങ്ങൾ ധരിച്ച പത്തുറപത്തു ഇളമുറ കൗരവർ "പാഞ്ചാലി പാഞ്ചാലീ" എന്ന് പ്രഭാതവെയിലിൽ പൂക്കൾ എറിഞ്ഞു ആശംസിക്കുകയാണ്. ആ പരപുരുഷപരിലാളനയിൽ നിന്നു ശ്രദ്ധ പെട്ടെന്ന് തിരിച്ചത് എതിർദിശയിൽ, ഒരിടുങ്ങിയ മുറിയിൽ നിന്നുയർന്ന പരുക്കൻ പദാവലി. എന്താണ് കാര്യം എന്നന്വേഷിച്ചപ്പോൾ, പാണ്ഡവരുടെ മുൻഭാര്യമാർ നീണ്ടകാല ദാമ്പത്യ അവഗണനയിൽ പ്രതിഷേധിച്ചു കറുത്ത മുഖാവരണവുമായി പ്രകടനം നടത്തുന്നത് യുധിഷ്ഠിരൻ ഇരുകൈകളും വീശി 'തല്ലിതോൽപ്പി'ക്കുന്നു. സ്വയംവരം കഴിഞ്ഞു നവവധുവായി എത്തിയ ദിനം ഞാനെങ്ങനെ മറക്കും."

“യുദ്ധം ജയിച്ച യുധിഷ്ഠിരൻ അധികാരത്തിൽ എന്നു കരുതിയാൽ?”, കൊട്ടാരം ലേഖിക ചോദിച്ചു. പോരാട്ടഭൂമിയുടെ അടിസ്ഥാനവികസനത്തിന് ഇളമുറ കൗരവർക്കൊപ്പം വന്നതായിരുന്നു ദുര്യോധനൻ. മലങ്കാറ്റു വീശുന്ന ഉച്ചയിൽ കുറ്റിക്കാടുകൾ വെട്ടിതെളിയിക്കുകയായിരുന്ന പ്രാദേശിക തൊഴിലാളികൾ.

“യുധിഷ്ഠിരമുഖംമൂടി പരിചയമുണ്ട്. എന്നാൽ രാജഭരണത്തിൽ കൗരവരെക്കാൾ മികവ് കാണിക്കാൻ പൊയ്മുഖം മതിയോ?”, കുറ്റിക്കാട്ടിൽ നിന്ന് ഫണമുയർത്തിയ മൂർഖനെ മിന്നൽ നീക്കത്തോടെ കഴുത്തിൽ പിടി മുറുക്കി ദുര്യോധനൻ പറഞ്ഞു.

2019/08/20

“ഇവിടെ വരുമ്പോഴൊക്കെ കേൾക്കാം പാണ്ഡവർ നായാട്ടിനു പോയി. പൊതു ഇടങ്ങളിൽ ലിംഗസമത്വം വേണമെന്ന് വാദിക്കുന്ന നിങ്ങൾ പോവാറില്ലേ മാരകായുധങ്ങളുമായി ഉൾവനങ്ങളിലേക്ക്?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ഞാൻ വേട്ടയാടപ്പെടുന്ന ഉൾവനം ഇതല്ലേ?”, പാഞ്ചാലി കിടപ്പറയിലേക്ക് വിരൽ ചൂണ്ടി.

“പുൽമേടുകളായിരുന്ന കുരുക്ഷേത്ര ചെത്തിയുരച്ച പോരാട്ടക്ഷമമാക്കി പതിനെട്ടു നാൾ രണ്ടു കുടുംബങ്ങൾ സ്വത്തുതർക്കം തല്ലിത്തീർത്തപ്പോൾ മരിച്ചു വീണത് നാൽപ്പതു ലക്ഷം പേരെന്ന് വ്യാസൻ. എത്ര മൃഗങ്ങളെ അറുത്തു തിന്നു എന്ന കണക്കു വ്യാസൻ പറഞ്ഞു വിട്ടിട്ടില്ല. യുദ്ധം ജയിച്ച ഞാൻ അധികാരത്തിൽ കയറി മുപ്പത്തിയാറു വർഷം കഴിയുമ്പോൾ, കുരുക്ഷേത്രം നിബിഡ വനമാണ്. നിയമബലത്താൽ സംരക്ഷിത വനവുമാണ്. ഇതെങ്ങനെ സാധിച്ചു എന്നല്ലേ? ഒന്നും മറച്ചു വെക്കുന്നില്ല, പ്രകൃതിയുടെ നിർലോഭമായ പിന്തുണയുമുണ്ടായി. യമുനയുടെ നീർത്തടത്തിൽ വളർന്നു പന്തലിച്ചതു യുദ്ധത്തിൽ ജീവത്യാഗം ചെയ്ത പാണ്ഡവസഖ്യസൈനികരുടെ പുനർജ്ജന്മം എന്ന് പരേതവിദുരർ പറഞ്ഞത് അവിശ്വസിക്കുന്നില്ല. നാളെ ഞാൻ മഹാരാജാപദവി ഒഴിഞ്ഞു വടക്കൻ മലകളിലേക്കു അന്ത്യപദയാത്ര തുടങ്ങുന്നു. യുധിഷ്ഠിര അവതാരോദ്ദേശ്യം എന്തായിരുന്നു എന്ന് വരും യുഗത്തിൽ ആരെങ്കിലും ചോദിച്ചാൽ പറയൂ, ഇന്ദ്രപ്രസ്ഥം പണിയാൻ ഖാണ്ഡവവനം തീയിടേണ്ടിവന്ന പാപത്തിനൊരു പരിഹാരമായി ആ ധർമ്മിഷ്ഠൻ കുരുക്ഷേത്രയെ പരിപൂർണ്ണ ആവാസവ്യവസ്ഥയെന്ന കൊടുംകാടാക്കി വളർത്തിഎടുത്തു.”

“കൊട്ടാരം ലേഖികയോടിനി ‘ഹസ്തിനപുരി പത്രിക’യുടെ ഉടമയെന്ന നിലയിൽ ഈ ഔദ്യോഗിക കുറിപ്പെഴുത്ത്, എന്ത് നാം ചെയ്യണം? അന്ത്യപ്രഭാഷണം പ്രസിദ്ധീകരിക്കണോ?”

“എറിയൂ ചവറ്റുകൊട്ടയിൽ രാഷ്ട്രീയകാപട്യത്തിന്റെ ആൾരൂപം നിർലജ്ജം ചെയ്ത ആത്മപ്രശംസ.”

“കുന്തി വനവാസത്തിനു പോവുന്നു. എങ്ങനെ ഓർക്കുന്നു വിവേചനം കാണിക്കാത്ത പ്രിയ വളർത്തമ്മയെ?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“പക്ഷപാതമില്ലാതെ പാണ്ഡവരഞ്ചുപേർക്കും ഒരേ പന്തിയിൽ ഊണൊരുക്കിയ അമ്മ എന്നൊക്കെ യാത്രയയപ്പു യോഗത്തിൽ നിങ്ങൾ കത്തിക്കയറുമ്പോൾ, കുട്ടിക്കാലം മുതൽ കരൾ പിളർക്കുന്നൊരു ചോദ്യമുണ്ട്. കുന്തിയെന്തിന്

പാവം മാദ്രിയെ പാണ്ഡുചിതയിൽ തള്ളിയിട്ടു? യുവത്വത്തിൽ ജീവിതം നിഷേധിക്കപ്പെട്ട ആ ഭാഗ്യഹീനക്കു ഒരു പൂ ഞാൻ അർപ്പിക്കട്ടെ."

2019/08/21

"വനവാസക്കാലത്തവൾ പല ജോലിയും അടിമയെന്ന നിലയിൽ ചെയ്യുന്നുണ്ട്, എന്നാലുമുണ്ടാവുമല്ലോ സർഗ്ഗാത്മക നിമിഷങ്ങൾ. അപ്പോൾ കൂട്ടം കൂടി കഥ പറയുമോ, നൃത്തം ചെയ്യുമോ, അതോ ഒറ്റക്കിരുന്നു പാട്ടു പാടുമോ?" കൊട്ടാരം ലേഖിക ചോദിച്ചു. നീരാടാൻ പാഞ്ചാലി പോയതോടെ, പാണ്ഡവർ മാത്രം ഉള്ള പ്രഭാതം.

"സ്വകാര്യനിമിഷങ്ങളിൽ മാറിയിരുന്നവൾ എഴുത്താണി കൊണ്ട് പനയോലയിൽ എഴുതുന്നത് കാണാം. ഭാര്യ അഭ്യസ്തവിദ്യയായിരിക്കുക, എന്നാൽ കൗമാരം വരെ കാട്ടിൽ വളർന്നു അക്ഷരദേവതയെ പരിചയപ്പെടാൻ വൈകിയ ഭർത്താക്കന്മാർ ഭാര്യയുടെ രചനാലോകം വായിച്ചറിയാനാവാതെ പരസ്പരം അന്ധാളിച്ചു നോക്കേണ്ടിവരിക, ഞങ്ങൾ കൗന്തേയർ സാധുജീവികൾ" വിരൽ കടിച്ചു, വാക്കു മുറിഞ്ഞു, കണ്ണുകൾ ഈറനായി. മറ്റു പാണ്ഡവർ ഭീമവൈകാരിക പ്രകടനത്തെ ഈർഷ്യയോടെ നോക്കി.

2019/08/22

"പുത്രവധു ചക്രവർത്തിനിയായപ്പോൾ അനുമോദിക്കാൻ നിങ്ങളെ കണ്ടില്ല. ഉടുതുണി വലിച്ചു കൗരവർ അപമാനിക്കുമ്പോൾ, അരുതു എന്ന് വിരൽ ചൂണ്ടാൻ വന്നില്ല. അടിമപ്പെണ്ണായി വ്യാഴവട്ടക്കാലവനവാസത്തിനു ഭർത്താക്കന്മാരുമൊത്തു പോവുമ്പോൾ ആശ്വസിപ്പിക്കാൻ ചെന്നില്ല", കൊട്ടാരം ലേഖിക ചോദിച്ചു.

"വിരലൊന്നു ഞൊടിച്ചാൽ ചുറ്റും വന്നു വാലാട്ടിയിരുന്ന അഞ്ചു ദേവസന്തതികളെ പാലും പഴവുമായി അവളുടെ കിടപ്പറയിലേക്ക് പറഞ്ഞയച്ചതാണ് പുത്രവധുവിനു ഞാൻ നൽകിയ വിവാഹപാരിതോഷികം. നിസ്സാരകാര്യത്തിനു പോലും അവൾ പാണ്ഡവരെ നിന്ദിക്കുമ്പോൾ മറുത്തു സംസാരിക്കാത്തതാണെന്റെ മനഃസംയമനം." മുൻ മഹാറാണി ഗാന്ധാരിയുടെ ദാസി എന്ന നിലയിൽ, ഒരു കെട്ട് വിഴപ്പുതുണികളുമായി കൊട്ടാരത്തിനു പിന്നിലെ കുളത്തിലേക്ക് പോവുകയായിരുന്നു വൃദ്ധവിധവ.

"മരവുരിയുടുത്തു നഗ്നപാദനായി വനവാസത്തിനു പോവുമ്പോഴും പുഞ്ചിരി?" കൊട്ടാരം ലേഖിക മുൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയോട് ചോദിച്ചു.

"മുഖമാംസപേശികളെ സ്വേച്ഛാനുസാരം ചലിപ്പിച്ചിട്ടുണ്ടാക്കുന്ന വ്യാജ ആഹ്ലാദഭാവമല്ല, മറിച്ചു, പ്രതിസന്ധിയെ സ്വാഭാവികമായി തരണം ചെയ്യാനാവുന്ന വിധം ആത്മസംയമനം പാലിക്കുന്ന അപൂർവ്വസിദ്ധിയല്ലേ? ഇതൊക്കെ നന്നേ ചെറുപ്പം മുതൽ കണ്ടിട്ടായിരിക്കണമല്ലോ മഹത്തുക്കൾ എന്നെ 'ധർമ്മപുത്രർ' എന്ന് ആദരവോടെ പരാമർശിച്ചു തുടങ്ങിയത് ഇനി വ്യാഴവട്ടക്കാല വനവാസത്തിലും, മഹായുദ്ധമുണ്ടായാൽ അപ്പോഴും, നിങ്ങൾക്കു ഭാഗ്യമുണ്ടെങ്കിൽ കാണാനാവും."

2019/08/23

“ഇതെന്താ പാണ്ഡവപാളയത്തിനു പിന്നിൽ തീകുണ്ഡം?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“നാളെ പതിനെട്ടാം ദിവസം അന്തിമയുദ്ധമാണ്. പോരാട്ടത്തിൽ വധിക്കപ്പെടുന്നത് പാണ്ഡവരെങ്കിൽ, നവവധുവസ്ത്രാലങ്കാരത്തോടെ ഞാൻ സതിയനുഷ്ഠിക്കണം എന്നാണു പാണ്ഡവ നിബന്ധന. അത് വേണോ എന്ന് ഞാനൊന്ന് വിരൽ ചൂണ്ടിയപ്പോൾ, ദുര്യോധനവെപ്പാട്ടിയായി കഴിയാനാണോ നിനക്കുള്ളിൽ മോഹം എന്നവർ തിരിച്ചടിക്കുന്നു. യാഗാഗ്നിയിൽ നിന്ന് സ്ത്രീരൂപത്തിൽ ഉയർന്ന ഞാൻ തീക്കുണ്ഡത്തിൽ വിലയം പ്രാപിക്കുന്നതിൽ കാവ്യനീതിയുണ്ടെന്നു പാണ്ഡവർ ഇടക്കൊന്നു പ്രശംസിക്കുമ്പോൾ, ആരും അനുഷ്ഠാന സാധ്യതയിൽ ഒന്നഭിരമിച്ചു പോവില്ലേ?”

2019/08/24

“ആരും ഇടപെടേണ്ട, ഇത് ദാനം കിട്ടിയ പാണ്ഡവ ഭൂമിയുടെ ആഭ്യന്തരകാര്യമെന്ന് പറഞ്ഞു നിങ്ങൾക്ക് കൈകഴുകാൻ പറ്റുമോ, ദൂരെ ഹസ്തിനപുരിയിൽ നട്ടുച്ചക്കുപോലും ഇരുട്ടുപടരുന്ന പുക നിറഞ്ഞാൽ? ശ്വാസകോശമെന്നറിയപ്പെട്ടിരുന്ന ഹരിതവനമേഖലയിലാണല്ലോ ചുറ്റും വളഞ്ഞു നിങ്ങൾ തീയിട്ടത്. കാഴ്ചപരിമിത കുരുവംശരാജാവ് കൗശലത്തിൽ ഇഷ്ടദാനം ചെയ്തു നിങ്ങളെ ഇങ്ങോട്ട് യാത്രയാക്കിയത് ആവാസവ്യവസ്ഥയെ തീക്കുണ്ഡമാക്കാനായിരുന്നോ? അതോ കാടുവെട്ടിതെളിയിക്കാതെയെങ്ങനെ കൗന്തേയർ കുടിയേറ്റക്കാരവും എന്ന മറുചോദ്യം കൊണ്ട് പൊതുസമൂഹത്തിന്റെ വായടപ്പിക്കുമോ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

“വ്യത്യസ്തയിടങ്ങളിൽ ചട്ടിയും കലവുമായി ചേക്കേറേണ്ട അഞ്ചു പാണ്ഡവർ ഒരൊറ്റയിടത്തിൽ കൂട്ടുകൂട്ടിയതാണ് ഈ കുടിയേറ്റ സാഹസത്തിൽ കാണേണ്ട കൗതുകം. ജനസംഖ്യ കൂടുമ്പോൾ കൃഷിക്കിടം കൂടണമെന്ന സാമാന്യബോധത്തിൽ, ഖാണ്ഡവപ്രസ്ഥത്തെ തീ കത്തിക്കുമ്പോൾ, മരങ്ങളും ഷഡ്പദങ്ങളും, സസ്യങ്ങളും, മത്സ്യങ്ങളും, പക്ഷികളും, സസ്തനികളും, ഉരഗങ്ങളും, ഇഴജന്തുക്കളും, ആദിവാസികളും ഉള്ളൊരപൂർവ്വ ആവാസവ്യവസ്ഥയെ പരിപാലിക്കാൻ മാത്രം പരിസ്ഥിതി പരിഗണനയുള്ള പാവം മാനവഹൃദയങ്ങളല്ല ഞങ്ങൾ. ഞങ്ങൾക്കും ജീവിക്കേണ്ടേ? അല്ലെങ്കിൽ, ജീവിക്കാനറിയാത്ത കാൽപ്പനികജീവികളെന്നു കൗന്തേയരെ കുത്തിനോവിക്കില്ലേ? പ്രകൃതിസമ്പത്തു പ്രയോജനപ്പെടുത്താതെയെങ്ങനെ ധാന്യപ്പെട്ടി നിറയ്ക്കും? ജൈവവൈവിധ്യത്തിന്റെ കലവറയെന്നൊക്കെ ഖാണ്ഡവപ്രസ്ഥത്തെ പ്രകീർത്തിച്ചാൽ, പ്രാർത്ഥനയും ദൈവകൃപയും കൊണ്ട് സമൃദ്ധമാവുമോ കുന്തിമക്കളുടെ ഊട്ടുപുര?”

2019/08/25

“മരണമൊഴി കേട്ട വ്യക്തിയല്ലേ നിങ്ങൾ?” കൊട്ടാരം ലേഖിക ചോദിച്ചു.

“കാട്ടിൽ പാണ്ഡവർ എത്തും വരെ മാത്രമേ തോഴിയായി ഞാൻ കൂടെയുണ്ടാവൂ എന്ന ധാരണയിലാണ് എന്നെ കൂടെ കൂട്ടിയത് കുറെ നീങ്ങിയപ്പോൾ ചുറ്റും ശ്രദ്ധ

യോടെ, എന്നാൽ ഭീതിയോടെ, പാഞ്ചാലി നോക്കിത്തുടങ്ങി. പലതും ചോദിച്ചറിയാനുണ്ടെങ്കിലും ഒന്നും ഞാൻ ചോദിച്ചില്ല. താഴ്‌വരയിൽ പുൽത്തകിടിയുള്ള സന്യസ്ഥാശ്രമങ്ങൾ കണ്ടപ്പോൾ എന്തോ ഭൂതകാല ദുരനുഭവത്തിന്റെ ഭീതിയിൽ പാഞ്ചാലി മുട്ട് കുത്തി മേൽപ്പോട്ടു നോക്കി കൈ കൂപ്പി., "വയ്യ എനിക്കീ പരിത്യാഗികളുടെ ജൈവമാലിന്യം ഒരു വ്യാഴവട്ടക്കാലം വീണ്ടും ചുമക്കാൻ" എന്ന് വിതുമ്പി പാഞ്ചാലി കുഴഞ്ഞു വീണു. മുന്നേ പോയിരുന്ന പാണ്ഡവർ തിരിഞ്ഞു നോക്കാൻ വിട്ടുപോയി എന്നാണു തോന്നിയത് ചേതനയറ്റ ശരീരം കുറെ ദൂരം വലിച്ചിഴച്ചു ഞാൻ കണ്ണിൽ പെട്ട ഒരു ഗുഹയിൽ അടക്കം ചെയ്തു അരുവിയിൽ കുളിച്ചു ഈറനുടുത്തു തിരിച്ചു പോന്നു. പച്ചിലമരുന്നുണ്ടോ പൊള്ളുന്ന ഓർമ്മകൾ തുടച്ചുനീക്കാൻ?"

"ഓർമ്മപ്പെരുന്നാൾ പ്രഭാഷണം ചെയ്തു യുധിഷ്ഠിരൻ വേദിയിൽ നിന്നിറങ്ങുംമുമ്പ് ഭീമൻ ദുര്യോധനവിധവക്കയച്ച സന്ദേശത്തെക്കുറിച്ചെന്തോ വിവാദം കേട്ടല്ലോ. ഉള്ളടക്കം വെളിപ്പെടുത്താമോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"സാമ്രാജ്യ അഖണ്ഡത സംരക്ഷിക്കാനായി, ദുര്യോധനൻ ചെയ്ത പോരാട്ടത്തിൽ മരണം സംഭവിച്ചതിൽ അനുശോചനം അറിയിക്കട്ടെ. നീണ്ട സൈനികജീവിതത്തിൽ സ്വന്തമായ വ്യക്തിമുദ്ര അദ്ദേഹം പതിപ്പിച്ചു. ശബ്ദം കുരുക്ഷേത്രയിലും ഹസ്തിനപുരിയിലും ഇനി മുഴങ്ങില്ലെങ്കിലും, അദ്ദേഹത്തെ ഓർക്കും. പ്രാർത്ഥനയിൽ കുടുംബത്തെയും. വിഷമസന്ധിയിൽ ധൈര്യവും സമാധാനവും ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുന്നു എന്നൊക്കെ സുഭിക്ഷമായി പറയുന്ന കത്താണ് ഭീമന്റേതെന്ന മട്ടിൽ ദുര്യോധനവിധവ പ്രചരിപ്പിക്കുന്നത് ഭീമൻ സാക്ഷരനല്ലെന്ന വസ്തുത ദുര്യോധനവിധവയുടെ ശ്രദ്ധയിൽ പെടാഞ്ഞത് നിർഭാഗ്യകരമായി. പനയോലയിൽ കാണുന്ന രാജമുദ്രയുടെ നിജസ്ഥിതിയും സംശയാസ്പദമാകുന്നു."

2019/08/26

"ധൃതരാഷ്ട്രരുടെ ജഡം ഹസ്തിനപുരിയിലേക്കു കൊണ്ടുവരാനോ, മരണവാർത്ത പ്രഖ്യാപിച്ചു ഔദ്യോഗിക ദുഃഖാചരണം തുടങ്ങാനോ ഭരണകൂട ശ്രമമൊന്നും ഇതുവരെ കണ്ടില്ലല്ലോ", കൊട്ടാരം ലേഖിക ചാരവകുപ്പുമേധാവിയോട് ചോദിച്ചു, "കത്തിക്കരിഞ്ഞവരുടെ കൂട്ടത്തിൽ നിങ്ങളുടെ വളർത്തമ്മ കുന്തിയും കൗരവരാജമാതാവ് ഗാന്ധാരിയും ഉണ്ടെന്നാണല്ലോ ആദിവാസികൾ തരുന്ന രഹസ്യവിവരം."

"വിശിഷ്ടവ്യക്തികളുടെ മരണസാഹചര്യത്തിൽ ഞങ്ങൾ ഇടപെടാത്തതു പോലെ, വാർത്താ വിനിമയത്തിനു ഉചിതസമയം തീരുമാനിക്കുന്നതിൽ നിങ്ങളും ധൃതി കൂട്ടരുത് പാണ്ഡവരോടുള്ള പകയിൽ ചിത കൂട്ടി ആത്മത്യാഗം ചെയ്യുമെന്ന ഭീഷണിയുമായി നാളെ രാവിലെ അരങ്ങേറ്റമൈതാനിയിൽ കൗരവരാജവിധവകളുടെ പ്രതിഷേധസംഗമത്തിനു കാത്തിരിക്കയാണ് ഞങ്ങൾ. വീഥികളിൽ പെരുമ്പറകൊട്ടി വാർത്ത അറിയിക്കുന്നതിനൊപ്പം, ഒരാഴ്ച നീണ്ടുനിൽക്കുന്ന ദുഃഖാചരണത്തിന്റെ ഭാഗമായിപൂർണ്ണമായും ഭരണകൂട പ്രോത്സാഹനത്തിൽ ബന്ദാചരിക്കും. വിദുരർ ഉൾപ്പെടെ നാലു ജഡങ്ങളും എങ്ങനെയോ അങ്ങനെയെന്ന നിലയിൽ അതീവസുരക്ഷാ ഭൂഗർഭ അറയിലെത്തിച്ചുകഴിഞ്ഞു."

"അധ്യാപകനായി കൊട്ടാരത്തിൽ തുടരുന്ന കൃപാചാര്യന് നേരെ ഗുരുതര ആരോപണമാണല്ലോ ചാർവാകൻ പരസ്യമായി ഉയർത്തുന്നത് അരമന സമുച്ചയ

ത്തിലെ അതീവസുരക്ഷാ ഗുരുകുലത്തിൽ മൂർഖൻ പാമ്പിന്റെ കടിയേറ്റ കിരീടാവകാശി പരീക്ഷിത്ത് ബോധം കെട്ടുവീണ എന്നതിൽ തുടരന്വേഷണം നടത്തിയോ അധികൃതർ?" കൊട്ടാരം ലേഖിക ഔദ്യോഗിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

"നിങ്ങൾ കാര്യം മനസ്സിലാക്കിയോ ശരിക്കും? സംശയമുണ്ട്. ഗുരുകുലത്തിൽ കൃപർ നേരെ ചൊവ്വേ കുട്ടികൾക്ക് മുഖം കൊടുത്തു തന്നെയാണ് വിദ്യാർത്ഥികളോട് പതിവായി സംസാരിക്കുക. സംഭവദിവസം വേദിയിൽ കെട്ടിയ യവനികയുടെ പിന്നിൽ മുഖം മറച്ചാണ് കൃപർ പഠിപ്പിച്ചത് മന്ദബുദ്ധിയായ പരീക്ഷിത്ത് അടക്കാനാവാത്ത ജിജ്ഞാസയോടെ യവനികയുടെ പിന്നിലെന്തെന്നെത്തിനോക്കിയപ്പോൾ സ്വാഭാവികമായും ആയിരം നാവുള്ള അനന്തൻ ഫണമുയർത്തി പഠിപ്പിക്കുന്നു. പതഞ്ജലിയുടെ ബോധനശൈലി കൃപർ കഷ്ടപ്പെട്ട് അനുകരിക്കുകയായിരുന്നു എന്ന് ആ പാവം കുഞ്ഞിനുണ്ടോ അറിയുന്നു. തെറ്റിന് മാതൃകാപരമായി പട്ടിണിക്കിട്ടു കൃപരെ ഭീമൻ എന്നിട്ടും ശിക്ഷിച്ചു. കൊച്ചുകുഞ്ഞുങ്ങൾക്കു മുമ്പിൽ വേണ്ട ഇത്തരം വിഷജീവികളെ വച്ചുള്ള പരീക്ഷണങ്ങൾ എന്ന തിരിച്ചറിവോടെ കൃപർ യവനിക നീക്കി മുഖാമുഖം ബോധനം തുടങ്ങി. ഇത്രയും വന്ന സ്ഥിതിക്ക് നിങ്ങൾ ഇപ്പോൾ തന്നെ ഗുരുകുലം സന്ദർശിച്ച മടങ്ങാവൂ. വിശുദ്ധസർപ്പം ആരെയും കടിച്ചതൊന്നുമില്ല എന്നറിയട്ടെ യുക്തിവാദി ചാർവാകൻ. സർപ്പശ്രേഷ്ഠനെ ഇന്നു നിങ്ങൾ കണ്ടാൽ പിടികൂടി മൃഗശാലയിൽ സ്ഥിരം അതിഥിയായേക്കാം."

2019/08/28

"ഉരുട്ടാനുണ്ടോ ഇനിയും തലകൾ?", കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

"കുരുക്ഷേത്രയിലേക്കു പോയത് വാളെടുക്കാനല്ല, യാത്ര ചോദിക്കാനായിരുന്നു. കുരുവംശ അഖണ്ഡതക്ക് ജീവത്യാഗം ചെയ്ത കൗരവസഖ്യ കക്ഷിസൈനികർക്കു ഉപചാരപൂർവ്വം കൈകൂപ്പി യുധിഷ്ഠിരൻ വിട ചൊല്ലുന്നതിനു ആകാശച്ചെരുവിൽ അതീതശക്തി സാക്ഷി. പിതൃരാജ്യത്തിലെത്തി ധൃതരാഷ്ട്രരിൽ നിന്ന് ചെങ്കോൽ ഏറ്റു വാങ്ങുമ്പോഴും കാണും, കുലീനമായ കുരുവംശ ഉപചാരങ്ങൾ. ജീവിച്ചിരുന്ന കാലത്തു ധർമ്മപുത്രർ എന്നവനെ പൊതുസമൂഹം മഹത്വപ്പെടുത്തുന്നതിന്റെ പൊരുൾ വ്യക്തമായോ?"

2019/08/29

"ഹസ്തിനപുരിയിലെ ഓരോ ഗ്രാമത്തിലും നിറയെ കറവ മാടുകൾ. എന്നിട്ടും വിരാടയിലെ ഗോസമ്പത്തു തട്ടിയെടുക്കാൻ ഭീഷ്മരും കർണ്ണനും നേതൃത്വം കൊടുക്കുന്ന പട. എന്തായി നേട്ടം?" കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"വിരാടരാജ്യം തൊട്ടയൽക്കാർ അല്ലായിരിക്കാം പക്ഷെ നമ്മുടെ കറവമാടുകളെ വിരാടൻ കടത്തിയത് തിരിച്ചു പിടിക്കാതെ വിശ്രമമില്ലെന്ന പ്രചാരണം ഫലം കണ്ടു. പ്രവിശ്യകൾ തമ്മിലുള്ള തർക്കം നിന്നു. കുരുവംശത്തെ വെല്ലുവിളിക്കുന്ന 'കിഴങ്ങൻ' നാട്ടുവാഴികൾ, വിരാട ഭീഷണി നേരിടാൻ കൂടെ നിന്നു. പടയോട്ടം നാടകീയമായി പൂർത്തിയാക്കി. പരാജയം നമുക്കെന്ന പ്രചാരണം ഉണ്ടാവാതിരിക്കാൻ, വാർത്താവിനിമയ വിലക്കേർപ്പെടുത്തി. തോറ്റത് നമ്മളെന്നറിയാതെ

സൈനികർ തിരിച്ചെത്തി. യുദ്ധപ്രതീതി മനോവീര്യം നില നിർത്തി. ഉത്തര രാജകുമാരിയുടെ നൃത്താധ്യാപകനായ 'മൂന്നാം ലിംഗ'ക്കാരനെയാണ് വിരാടൻ പട നായകനാക്കിയതെന്ന പ്രചാരണവും മികവോടെ ചെയ്തു. സൈനിക സർവ്വകലാശാലയിൽ പഠിക്കേണ്ടത് വിരാട മിന്നലാക്രമണത്തിൽ രണ്ടാഴ്ച കൊണ്ട് പഠിച്ചു. ഇനി സൈനികമേധാവികൾക്കൊപ്പം ഹിമാലയ യാത്ര സുഖവാസകേന്ദ്രം മദ്യം മദിരാക്ഷി."

2019/01/30

"വ്യാസഭാരതം എന്തുകൊണ്ട് നിങ്ങൾ വായിച്ചു കൂടാ? അന്തിമ തിരുത്തലിനു വിധേയമായുള്ള പനയോലപ്പതിപ്പിറങ്ങിയല്ലോ", ഗാന്ധാരിയുടെ തോഴിയായി ജീവിതസായാഹ്നം കഴിയുന്ന കുന്തി കൊട്ടാരം ലേഖികയോട് ചോദിച്ചു.

"വിവാഹപൂർവ്വ ജീവിതത്തിൽ സാഹസിക രതിപരീക്ഷണത്തിലേർപ്പെട്ട ധീര വനിത മുമ്പിലിരിക്കുമ്പോൾ എന്തിനു വ്യാസഭാഷ്യം വായിച്ചു സമയം കളയണം? കർണൻ എന്ന് സാന്ദർഭികമായി ഉച്ചരിച്ചപ്പോൾ തന്നെ, ഇനിയും എഴുതപ്പെടാത്ത ഒരു കുരുക്ഷേത്രമല്ലേ നിങ്ങളുടെ മുഖം ഒളിപ്പിക്കാൻ ശ്രമിച്ചത്?"

"പാണ്ഡവരെ പഴി പറയുന്നതിൽ പാഞ്ചാലി പിഴക്കാറില്ലെങ്കിലും, വിവാഹേതര ബന്ധങ്ങളുടെ പേരിൽ നിങ്ങൾ ദുര്യോധനനെ പ്രതി ചേർക്കുന്ന ഓർമ്മയില്ല. ഇതൊരു മാനസിക പരിശീലനത്തിന്റെ ഭാഗമാണോ?", കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു. രാജമന്ദിരങ്ങളിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട ശേഷം പുനരധി വാസകേന്ദ്രത്തിൽ കൗരവവിധവകൾ ദുരിത ജീവിതം നയിക്കുന്ന കാലം.

"പാണ്ഡവരുടെ വഴിവിട്ട ദാമ്പത്യേതര ജീവിതത്തിൽ പാഞ്ചാലി നേരിട്ട ഗാർഹിക സംഘർഷം എനിക്കുണ്ടായില്ലെങ്കിൽ അതിനുത്തരവാദി ദുര്യോധനൻ. മാനസിക പരിശീലനം കൊണ്ടായിരുന്നുവോ അതോ ജനിതക വൈകല്യമാണോ എന്നൊന്നും നിർണ്ണയിക്കുന്നില്ല. നൂറോളം സുന്ദരികളായ സഹോദരഭാര്യമാർ വ്യക്തിഗത വിധേയത്വം കാണിക്കുന്ന കൂട്ടുകുടുംബ സാഹചര്യങ്ങൾ നേരിടുമ്പോഴും, ആസ്വാദന രതിപരീക്ഷണത്തിനവരെ പങ്കാളികളാക്കാൻ എന്തുകൊണ്ടവൻ ശ്രമിച്ചില്ല എന്നതൊരു ദുരൂഹതയായി തോന്നുന്നു."

"തിമിർപ്പിൽ വാരിപ്പുണർന്നുമ്മവച്ചുവോ പാഞ്ചാലി?" കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. കല്യാണസൗഗന്ധികം തേടി ഭീമൻ കാടായ കാടൊക്കെ തേടി തിരിച്ചു വന്നിരുന്നു.

"വാടിയ പൂവൊക്കെ വലിച്ചെറിയൂ മനുഷ്യാ, പ്രിയ നകുലൻ എന്നെ കല്യാണ സൗഗന്ധികം പൂ ചൂടിയാണിപ്പോൾ പരിലാളിക്കുന്നത്, എന്ന് പാഞ്ചാലി. പറയുന്നതു കേട്ട 'പ്രണയതിരസ്കൃതൻ' കാൽ പിന്നോട്ടടിച്ചതോർമ്മയുണ്ട്."

"നിങ്ങളാരെന്നു തിരിച്ചു ചോദിക്കാതെ കവചകുണ്ഡലങ്ങൾ ഊരിക്കൊടുത്ത വ്യക്തിയാണോ ദാനശീലൻ കർണ്ണൻ?", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"ജീവൻരക്ഷാ കവചം ഊരിക്കൊടുത്താൽ യുദ്ധത്തിൽ മരിക്കുമെന്നറിഞ്ഞിട്ടും, ആ ദാനം മഹത്വപ്പെടുത്തി മുഖ്യവാർത്തയാക്കിയില്ലല്ലോ നിങ്ങൾ! ജനത്തെ അറിയിക്കാൻ എല്ലാ ദാനശീലരും ചെയ്യുന്നത് കർണ്ണനും ചെയ്യണ്ടേ? വലതുകൈ ചെ

യ്യുന്ന ദാനം ഇടതുകൈ അറിയരുത് എന്ന കുരുവംശച്ചിട്ട എന്തിനു കർണ്ണൻ പാലിക്കണം?

2019/08/31

“സൂചി കുത്താനിടം ചോദിച്ച നിങ്ങൾ പക്ഷെ പോരാടിയപ്പോൾ ചോരപ്പുഴ ഒഴുക്കിയോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“ദിവ്യായുധപ്രയോഗം മികവോടെ നിർവഹിച്ചാൽ പാണ്ഡവർക്കനുകൂലമായി ചോരവാർച്ചയില്ലാതെ ശാക്തികസമവാക്യങ്ങൾ സാധ്യമാവുമെന്ന നകുലനിർദ്ദേശം പോർക്കളത്തിൽ സ്വാധീനിച്ചില്ല. കൗരവകുടലുകൾ പറിക്കണമെന്ന ഭീമപ്രതിജ്ഞ ഓരോ യുദ്ധവധവും വ്യക്തിഗത കൊലയാക്കി മാറ്റി. ഹിംസയില്ലാത്ത തർക്കപരിഹാരമെന്ന നയതന്ത്ര ആശയത്തിൽ കത്തിവച്ചത്, മുടികെട്ടാൻ കൗരവച്ചുടുചോര വേണമെന്ന പെൺശാഠ്യമായിരുന്നു. ഈ പ്രപഞ്ചത്തിൽ നാം കാണുന്ന ഒന്നും യഥാർത്ഥത്തിൽ അങ്ങനെ ആവണമെന്നില്ല എന്ന കവിവചനം സ്വത്തുതർക്ക പരിഹാരത്തിൽ ഞങ്ങൾ അവഗണിച്ചു. അത്തരം അശുഭ നിഗമനങ്ങൾക്കിടയിലും അടിമത്വത്തിൽ നിന്ന് അധികാരത്തിലേക്ക് എന്ന സ്വപ്നം നാളെ ഈ സമയത്തു യാഥാർത്ഥ്യമാവുമ്പോൾ, മുൾവാക്കുകൾ ഇനി നിങ്ങൾ പറയരുത്”, കൊട്ടാരം ലേഖികയുടെ കഴുത്തിൽ ഇരുകൈകളും മുറുക്കി യുധിഷ്ഠിരൻ ഒരിക്കൽ കൂടി യുദ്ധാവേശത്തിലായി.

“വാനപ്രസ്ഥത്തിനെന്നും പറഞ്ഞല്ലേ പാണ്ഡവരും പാഞ്ചാലിയും ചെങ്കോൽ പരീക്ഷിത്തിനു കൈമാറി എന്നെന്നേക്കുമായി പടിയിറങ്ങിയത്? ഇതാ, പാഞ്ചാലി മാത്രം തിരിച്ചെത്തി തിരുവസ്ത്രം ധരിച്ചു രാജസഭയിൽ ചെങ്കോലിനു അവകാശവാദം ഉന്നയിക്കുന്നു. ചോദ്യങ്ങൾക്ക് ഉത്തരമൊന്നും കിട്ടുന്നില്ല. പാണ്ഡവ തിരോധാനത്തിനു ഉത്തരവാദിത്വം ഏറ്റെടുക്കും വരെ പാഞ്ചാലിയെ കരുതൽ തടങ്കലിൽ വക്കേണ്ടേ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ഭരണവിരുദ്ധവികാരമേറ്റ പാണ്ഡവരെ മാലിന്യക്കുഴിയിൽ മണ്ണിട്ട് മൂടിയതിനുള്ള അംഗീകാരമായി, ദേശരത്ന പുരസ്കാരത്തോടുകൂടിയല്ലേ മഹാറാണി പദവിയിലേക്ക് കുരുവംശ തിരുസഭ പാഞ്ചാലിയെ പട്ടാഭിഷേകം ചെയ്യേണ്ടത്?”, കൊട്ടാരം ഊട്ടുപുരയിലേക്കു ഒരു നേരം സൗജന്യഭക്ഷണത്തിനായി വരിനിൽക്കുകയായിരുന്നു പ്രസിദ്ധ യുക്തിവാദി.

“എന്തൊക്കെയോ നേടിയ പോലെയാണല്ലോ?” അശ്വത്ഥാമാവിനെ കൊട്ടാരം ലേഖിക കണ്ടെത്തി.

“നിങ്ങളുടെ വക്രിച്ച ദൃഷ്ടിയിലപ്പോൾ ഞാനൊന്നും നേടിയില്ലേ? പാഞ്ചാലിയുടെ അഞ്ചു മക്കളെയും കൊന്നില്ലേ? ദുര്യോധനവീഴ്ചയോടെ യുദ്ധം അവസാനിക്കും എന്ന് പറഞ്ഞ പാണ്ഡവർ ഭയന്നൊളിച്ചില്ലേ? ഉത്തരയുടെ ഗർഭസ്ഥശിശുവിനെ നേരെ ദിവ്യാസ്ത്രം പ്രയോഗിച്ച്, പാണ്ഡവരെ വിറപ്പിച്ചില്ലേ?, ക്ഷത്രിയപോരാളികളോട് ഏറ്റുമുട്ടാൻ ബ്രാഹ്മണനും കഴിയും എന്ന് കണ്ടില്ലേ? യുദ്ധ രത്നപുരസ്കാരത്തിന് എന്തുകൊണ്ട് നാമ നിർദ്ദേശം ചെയ്തുകൂടാ? അതിനിടയിൽ ‘ആയിരം കൊല്ല’ വനവാസത്തിനു ‘ശാപ’ മുണ്ട്. ഈ ഗ്രഹത്തിൽ ജന്മം കിട്ടിയാൽ അനുഗ്രഹവും ശാപവും പതിവല്ലെ?, ദൂരെ ആലയിൽ വേടൻ ആയുധം മൂർച്ച കൂട്ടുകയല്ലേ?”

2019/09/01

"പൗരപട്ടികയിൽ പാണ്ഡവരുടെ പേരില്ലല്ലോ. വിചിത്രമെന്നു പറയട്ടെ, പാഞ്ചാലിയുടെ പേരുണ്ട്. ഇതെങ്ങനെ പുതുഭരണകൂടം വിശദീക രിക്കും?", കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ചോദിച്ചു, കുറുക്കുവഴിയിലൂടെ പുതുതായി ആരെയും പൗരന്മാരാക്കാൻ ഇടതരാത്ത വിധം ജാഗ്രതയോടെ പഴുതടച്ചാണ് സമിതി രാജസഭയിൽ അംഗീകാരം നേടിയതെന്ന വസ്തുത നിങ്ങളെ അസ്വസ്ഥരാക്കുന്നുണ്ടോ?"

"പാണ്ഡവർക്ക് പൗരത്വം നിഷേധിച്ച നിയമനിർമ്മാണം ചെയ്ത കൗരവർ യുദ്ധത്തിൽ രാജ്യത്തിന്റെ അഖണ്ഡതക്കായി ബലി ചെയ്തതിന്റെ വിശുദ്ധി മലിനപ്പെട്ടുത്താമെന്നാരും മോഹിക്കേണ്ട. വിവാദ നിയമ നിർമ്മിതി മുൻ മഹാരാജാവ് ധൃതരാഷ്ട്രർ രാജസഭയുടെ അംഗീകാരത്തോടെ അസ്ഥിരപ്പെടുത്തിയ ശേഷമായിരുന്നു ഞാൻ പട്ടാഭിഷേകം ചെയ്തതെന്ന് നിങ്ങൾ നേരത്തെ അറിയേണ്ടതല്ലേ? പാഞ്ചാലിക്ക് പൗരത്വം അനുവദിച്ച ദുര്യോധനൻ എക്കാലവും പെണ്ണവകാശ പോരാളിയായിരുന്നു. കൗരവനേതാവിന്റെ പഞ്ചലോഹ പ്രതിമ നിർമ്മിക്കുമ്പോൾ, ഫലകത്തിൽ പ്രത്യേകം എഴുതിച്ചേർക്കും. ധന്യം ദുര്യോധനസ്മൃതി. തിരക്കുണ്ട്. കൗരവരാജവിധവകൾക്കു പുനരധിവാസകേന്ദ്രത്തിൽ സൗജന്യ കുടിവെള്ള വിതരണം തുടങ്ങുന്ന ചടങ്ങിൽ പങ്കെടുക്കാൻ സമയമായി."

"വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളിലൂടെ പരിചയപ്പെട്ട 'സ്ഥലത്തെ പ്രധാന ദിവ്യന്മാർ' വനവാസക്കാലത്തു വ്യഥിത പാണ്ഡവഹൃദയങ്ങളിൽ സാന്ത്വനം തന്ന ഓർമ്മയുണ്ടോ?" കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ട് ചോദിച്ചു. മഹാപ്രസ്ഥാന പദയാത്ര.

"ഇന്ദ്രപ്രസ്ഥയിൽ പാരിതോഷികങ്ങളുമായി വന്നിരുന്നവരെ കുറിച്ച് ഉൾക്കാഴ്ച വന്നത് വ്യാഴവട്ടക്കാല വനവാസത്തിലായിരുന്നു പാഞ്ചാലിയുൾപ്പെടെ, മിന്നുന്നതെല്ലാം പൊന്നാവണമെന്നില്ലെന്നപ്പോൾ ബോധ്യമായി."

2019/09/02

"വധു സുന്ദരിയും രാജകുമാരിയുമായിരിക്കുക, മത്സര പ്രതിയോഗികളുടെ ഭീഷണസാന്നിധ്യം അറിയുക, മത്സര ജേതാവെന്ന നിലയിൽ ഭ്രമിച്ചും പരിഭ്രമിച്ചും വിവാഹം കഴിക്കുക-വികാരജീവി അർജ്ജുനനു എപ്പോഴാണ് 'കുലീനവധു' വിൽ കൗതുകം നഷ്ടപ്പെട്ടത്?" ആരോരുമറി യാതെ സുഭദ്രയുമൊത്തു ഇന്ദ്രപ്രസ്ഥത്തിൽ വന്ന അർജ്ജുനനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

"പെണ്ണുടലിൽ പരമാധികാരം സ്ഥാപിച്ചുകഴിഞ്ഞാൽ, പ്രണയാവേശം അണയുമെന്നതൊരു സാമാന്യബോധമല്ലേ. അർജ്ജുനൻ എന്ന കാമുകൻ പുതിയ മേച്ചിൽ പുറങ്ങളിൽ പുതുപെണ്ണുടൽ നേടി വന്നപ്പോൾ, പഴയ പാഞ്ചാലി വിരുന്നു ബഹിഷ്കരിച്ചതു കണ്ടില്ലേ? അതിൽ നിന്ന് വ്യക്തമായല്ലോ പ്രണയം ഉടമസ്ഥാവകാശവുമായി അവളെങ്ങനെ കൂട്ടിവായിച്ചു!."

2019/09/03

“സസ്യാഹാരികളായ കാട്ടുമൃഗങ്ങളെ ചവണയെറിഞ്ഞു വീഴ്ത്തി നഗ്നഹസ്തങ്ങളാൽ പിച്ചിച്ചീന്തിയിരുന്ന പാണ്ഡവർക്കെന്താ വളർത്തുമൃഗങ്ങളെ നേരിടാനൊരു വിമ്മിട്ടം?”, കൊട്ടാരം ലേഖിക ചോദിച്ചു. കോട്ടവാതിലിനു പുറത്തു കൂട്ടം കൂടി നിന്ന കൗരവ നായകളെ അനുതാപപൂർവ്വം നോക്കുകയായിരുന്നു ചാർവാകൻ.

“യുദ്ധകാലത്തു പതിനെട്ടു നാളും ഈ നായകൾ ഇവിടെ നിൽക്കുമായിരുന്നു. ഊട്ടുപുരയിൽ നിന്ന് എല്ലിൻ കഷണം എറിഞ്ഞു കൊടുക്കും. ചാടിപ്പിടിക്കില്ല. ആ മൗനവും ഹതാശമായ നോട്ടവും വിഷാദരോഗത്തിന്റെ ആരംഭമെന്നെനിക്കു തോന്നി. കൗരവരെന്നു കരുതിയാണവർ ഇപ്പോഴും രഥം വന്നു നിൽക്കുമ്പോൾ ആകാംക്ഷയോടെ വളയുന്നതു. ചാടി ഇറങ്ങിയ യുധിഷ്ഠിരൻ-അവർക്കപരിചിതൻ. നൈരാശ്യത്തോടെ പാണ്ഡവരെ ഒന്ന് നോക്കി നായകൾ മുഖം തിരിക്കും. വാലാട്ടില്ല. നിന്ദയോടെ കാൽ പൊക്കി മൂത്രമൊഴിക്കും. സാക്ഷര ഹസ്തിനപുരിക്ക് സാധിക്കാത്തത്, എന്നാൽ തെണ്ടിപ്പട്ടികൾക്കാവുന്നതും.”

“ഒന്ന് ശ്വാസം മുട്ടിച്ചു ഉള്ളിലിരിപ്പെന്തെന്നറിഞ്ഞാൽ മതി എന്ന് പറഞ്ഞല്ലേ പാഞ്ചാലി നിങ്ങളെ നൃത്തമണ്ഡപത്തിലേക്കയച്ചത്? എന്നിട്ടും.” കൊട്ടാരം ലേഖിക ചോദിച്ചു. കീചകകൊലയാളി ഭീമൻ വിരാടരോഷം നേരിടുന്ന നേരം.

“അണിഞ്ഞൊരുങ്ങി സുഗന്ധം പുരട്ടി ആ യുവകോമളൻ സൈരന്ധ്രിയെ കാത്തിരിക്കുന്നത് കണ്ടപ്പോൾ കരൾ വെന്തു. പാഞ്ചാലിയായിരുന്നു മുൻവാക്കനുസരിച്ചു ചെന്നിരുന്നതെങ്കിൽ?, വാരിപ്പുണർന്നവർ ഓമനിക്കുന്നത് ഭാവനയിൽ തെളിഞ്ഞപ്പോൾ-ഈ കൈകളിൽ എനിക്ക് നിയന്ത്രണം നഷ്ടപ്പെട്ടുവോ?”

“പ്രശ്നം എന്താണ്?”, കൊട്ടാരം ലേഖിക ചോദിച്ചു.

“അന്തിയുറങ്ങാൻ, ഉടയോൻദുര്യോധനൻ തന്നത് കാട്ടുകുടിലിലെ ഒറ്റ മുറി. ഊണ് കഴിക്കാൻ ചമ്രം പടിഞ്ഞിരിക്കുന്നതും, ഉണ്ടു കഴിഞ്ഞാൽ ചുവർ ചാരി ഇരിക്കുന്നതും, നായാടിവന്നാൽ നടു നിവർക്കുന്നതും ‘o’ വട്ടത്തിൽ. നിസ്സാരകാര്യത്തിനു നീരസം തോന്നിയാൽ, വിരൽ ചൂണ്ടി പുറത്താക്കും. അഞ്ചു ആണുങ്ങൾക്കും ഒരു പെണ്ണിനും ഇടപെടേണ്ട ഞെരുങ്ങിയ ഇടത്തിൽ, “എന്റെ സ്വകാര്യത മാനിക്കൂ” എന്ന് ഒരാൾ മുഖം കറുപ്പിച്ചു പറഞ്ഞാൽ, ബാക്കി അഞ്ചുപേർ എന്ത് ചെയ്യും? ചൂതുകളിയിൽ തോറ്റ കൗരവഅടിമകളോ ഞങ്ങൾ? ബഹുഭർത്തൃത്വദാമ്പത്യത്തിലെ ആണിരകളോ? നിങ്ങൾ പറയൂ.”

2019/09/04

“വല്ലാതെ തോന്നുന്നു പന്ത്രണ്ടു കൊല്ലം പാഞ്ചാലി കാട്ടിൽ കഷ്ടപ്പെട്ടപ്പോഴും നിങ്ങൾ അവൾക്കുവേണ്ടി ഹസ്തിനപുരി കൊട്ടാരത്തിൽ ചെറുവിരൽ അനക്കിയില്ലെന്നു ദുര്യോധനൻ പറഞ്ഞപ്പോൾ ഞാൻ ഞെട്ടി. നിങ്ങളുടെ പേരക്കുട്ടികൾക്ക് ജന്മം നൽകിയ സ്ത്രീയല്ലേ അവൾ?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. പാണ്ഡവരുടെ വനവാസക്കാലത്തു ഗാന്ധാരിയുടെ തോഴിയായി അരമനയിൽ കുന്തി കഴിയുന്ന കാലം.

“കാട്ടിൽ ജനിച്ചു ബാല്യകൗമാരങ്ങൾ കഴിഞ്ഞ പാണ്ഡവർക്ക് വേണ്ടി ഞാനൊന്നും ചെയ്തില്ലായിരിക്കാം, എന്നാൽ എന്നെ പോലെ ഒന്നിലധികം പുരുഷന്മാരുമൊത്തു രാപ്പകൽ വിധേയപ്പെട്ടു കഴിയേണ്ടി വരുന്ന പാഞ്ചാലിക്ക് വൃത്തിയുള്ള

പരുത്തിത്തുണികളും ചർമ്മപരിപാലനത്തിനു സുഗന്ധ തൈലവും ശരീരശുചിത്വത്തിനു പച്ചിലമരുന്നുകളും ഉടലഴകിനു ഉപകരണങ്ങളും വിശ്വസ്ത ചാരൻ വഴി പന്ത്രണ്ടു കൊല്ലവും അവൾക്കെത്തിച്ചുകൊടുത്തിരുന്നത് ആരാണെന്നാണ് നിങ്ങൾ മനസ്സിലാക്കിയത്?"

2019/09/05

"എന്തായിരുന്നു കുട്ടിപ്പിടിച്ച കൈക്കുമ്പിളിൽ?", നീരൊഴുക്കിൽ കുളിക്കാനിറങ്ങിയതായിരുന്നു, സുഭദ്രയും പാഞ്ചാലിയും.

"നിങ്ങൾക്കറിയാത്തതുകൊണ്ടാണ്. ഞാനെന്തോ ഓർത്തു ഋശ്യമൂകാചലം എന്നോ മറ്റോ ഒരിക്കൽ പറഞ്ഞു. കേട്ടത് കല്യാണസൗഗന്ധികം എന്നായി. അലഞ്ഞുക്ഷീണിച്ചവശനായി അവനുണ്ട് രാത്രി വരുന്നു, ഒരിലക്കൂടിൽ വാടിയ പൂക്കളുമായി. അതുപോലെ പറഞ്ഞു, ഉടുതുണിയുരിച്ചിറിച്ച കൗരവനെകൊന്നു ചുടുചോര കാണിക്കണം. ഇന്നുച്ചക്ക കൗരവചോര കൊണ്ടുവന്നെന്റെ മുടിയിൽ തേച്ചുപിടിപ്പിക്കുന്നു. കഴുത്തുകടിച്ചു മുറിച്ചു വളർത്തു മൃഗത്തിന്റെ ചോരയൂറ്റിക്കുടിക്കുന്നവനുണ്ടോ യുദ്ധമര്യാദയുടെ ലംഘനത്തെ കുറിച്ചെന്തെങ്കിലും പിടിപാട്." മുടിയിൽ പച്ചിലച്ചാർത്തു തേച്ച ചോരക്കറനീക്കുന്ന പാഞ്ചാലി മുങ്ങിനിവർന്നു.

"ഗുരുവിനെ വന്ദിക്കാതെ മടക്കയാത്രയിലാണല്ലേ? ഗുരുകുലപ്രവേശനം അനുവദിച്ചില്ലെങ്കിലും, ഒളിഞ്ഞിരുന്നു നേടിയ വിദ്യാഭ്യാസം വിലപ്പെട്ടതായി തോന്നുന്നെങ്കിൽ, ദക്ഷിണ കൊടുക്കാൻ തയ്യാറാവേണ്ട തല്ലേ?", കൊട്ടാരം ലേഖിക യുവസൈനിക ചോദിച്ചു.

"ദക്ഷിണ എന്തായിരിക്കുമെന്നൊരുഗ്രഹമുണ്ട്. ആയുധ പരിശീലനത്തെ അസാധുവാക്കുന്നവിധം പാർശ്വഫലങ്ങളുള്ള 'ഗുരുദക്ഷിണ' കൊടുക്കണോ? മനഃസാക്ഷി ചോദിക്കുന്നു. അതോ, ഇരുട്ടിയാലുടൻ ഒളിച്ചോടണോ?"

"വ്യാസനെ കണ്ടിട്ട് കാലമെത്രയായി!", കൊട്ടാരം ലേഖിക ചോദിച്ചു.

"സഹായികളുമായി പനയോല കൊണ്ടുവരാൻ ദക്ഷിണാപഥത്തിൽ പോയിരിക്കയാണ്. യുദ്ധം കഴിഞ്ഞാൽ വംശ ചരിത്രം എഴുതും എന്നാണറിയുന്നത് ജേതാവിനനുകൂലമായി കെട്ടിപ്പൊക്കുന്ന ഉള്ളടക്കത്തെ സ്വാധീനിക്കുകയാണ് കുരുക്ഷേത്രയുടെ ഉന്നം." പാടുപെട്ടു നേടിയ ദിവ്യാസ്ത്രങ്ങളുടെ പോരാട്ടക്ഷമത പരീക്ഷിക്കുകയായിരുന്നു പാർത്ഥൻ.

2019/09/06

"നേർസാക്ഷിയല്ലേ നീയെല്ലാറ്റിനും? അസാധ്യമെന്നെല്ലാവരും ഭയന്ന രാജസൂയയാഗം ഫലപ്രദമായി ചെയ്തു ഞാൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായി. അർജ്ജുനന്റെ ഭാര്യയായിരുന്നെങ്കിൽ കുടിയേറ്റ കർഷകസ്ത്രീയായി ഖാണ്ഡവപ്രസ്ഥത്തിൽ ഒതുങ്ങിക്കിടക്കേണ്ട നീ അങ്ങനെ ചക്രവർത്തിനിയായി. എക്കാലവും പാണ്ഡവരുടെ ഉൽമൂലനത്തിൽ വിശ്വസിച്ചിരുന്ന കൗരവർ അതോടെ സാമന്തപദവിയിലായി. ഹസ്തിനപുരിയിൽ പോയാൽ ആനപ്പുറത്തു കോട്ടവാതിൽ വരെ നമുക്ക് ശിരസ്സുയർത്തി സവാരി ചെയ്യാം. അവർ ഇന്ദ്രപ്രസ്ഥത്തിൽ വരുമ്പോൾ പാദരക്ഷയോ കിരീടമോ ഇല്ലാതെ വേണം നഗരവാതിൽ കടന്നാൽ കൊട്ടാരം വരെ പദയാത്ര.

ഇത്രയൊക്കെ മത്സരാധിഷ്ഠിത സാഹചര്യങ്ങൾ നിനക്കനുകൂലമാക്കി ഞാൻ മാറ്റി യിട്ടും, ഒരു വാക്ക് പ്രശംസ, ഒരു പ്രണയ നോട്ടം നിന്നിൽ നിന്നുണ്ടായില്ലല്ലോ പാഞ്ചാലീ?”, യുധിഷ്ഠിര സ്വരത്തിൽ ഖേദം നിറഞ്ഞു.

“ചെറുക്കാനുള്ളതാണ് വാക്ക്, പാടി പുകഴ്ത്താനുള്ളതല്ല.”

“വിവാഹം കഴിക്കാതെ അന്യപുരുഷന്മാർക്കൊപ്പം ജീവിക്കുന്ന സ്ത്രീകളെ ‘വെപ്പാട്ടി’കളായി കണക്കാക്കണമെന്ന് വനിതാവകാശ അധ്യക്ഷ വിധി പറഞ്ഞതു ശ്രദ്ധയിൽ പെട്ടല്ലോ. എങ്ങനെ പ്രതികരിക്കുന്നു? ഇത്തരം ബന്ധങ്ങൾ നിയമവിരുദ്ധമായി പ്രഖ്യാപിക്കണമെന്ന അധ്യക്ഷയുടെ ആവശ്യം ഭരണകൂടം അംഗീകരിച്ചാൽ ‘പാണ്ഡവർ’ എന്ന സംജ്ഞയിലിപ്പോൾ അധികാരത്തിനു വേണ്ടി ഒച്ച വെക്കുന്ന കൗന്തേയരുടെ കാര്യം കഷ്ടത്തിലാവില്ലേ?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. അഭയാർത്ഥികളായി ഭീഷ്മകാരുണ്യത്തിൽ കുട്ടികൾക്കൊപ്പം കഴിയുകയായിരുന്നു മുൻ കുരുവംശ മഹാറാണി.

“രാജാവായ ധൃതരാഷ്ട്രരുടെ അമ്മ ഭർത്താവല്ലാത്ത ‘അന്യപുരുഷനു’മൊത്തു കഴിയുമ്പോഴല്ലേ ജന്മം നൽകിയത്? വിവാദ വനിതാവകാശ അധ്യക്ഷയുടെ ജന്മരഹസ്യം ചാർവാകൻ നാളെ കച്ചവടത്തെരുവിൽ വെളിപ്പെടുത്തുമ്പോൾ, കൂടുതൽ ‘മെഴുക്ക്’പുരണ്ട വെപ്പാട്ടിചരിതങ്ങൾ പുറത്തിറങ്ങുമോ എന്നുനോക്കാം. ‘ഹസ്തിനപുരി പത്രിക’യുടെ ചുവരെഴുത്തുപതിപ്പുകൾക്കു മുന്നിൽ വാ തുറന്നുവച്ച വായനക്കാരും!.”

2019/09/08

“അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിട്ടും പങ്കാളിത്തത്തിൽ അസംതൃപ്ത? കൊട്ടാരം ലേഖിക ചോദിച്ചു. മഹാപ്രസ്ഥാനത്തിൽ വടക്കൻ മലനിരകളിലേക്കുള്ള പദയാത്രയിലായിരുന്നു പാഞ്ചാലി. നോട്ടപരിധിയിലാ യിരുന്നെങ്കിലും പാണ്ഡവർ ദൂരം പോയിരുന്നു.

“ദാമ്പത്യ പരീക്ഷണം അവിവേകമായി എന്നല്ലേ കണ്ടെത്തുക? പാഞ്ചാലി എന്നാരെങ്കിലും ഉച്ചരിച്ചാൽ ഇടതും വലതും പായക്കൂട്ടുള്ളവൾ എന്നർത്ഥം കൊടുത്തില്ലേ സദാചാരികളായ കൗരവർ? അർജ്ജുനൻ മാത്രം മതിയായിരുന്നു എന്ന് തോന്നുന്നവിധം ബഹുഭർത്തൃത്വം രതിയെയും പ്രണയസാധ്യതയേയും കളങ്കപ്പെടുത്തി. മറ്റു നാലു പാണ്ഡവർ പിന്നീടെന്നെ പ്രലോഭിപ്പിക്കുകയും ഞാനതിനു സ്വേച്ഛാനുസരണം വഴങ്ങുകയും ചെയ്തിരുന്നെങ്കിൽ വിവാഹബാഹ്യവിനോദമെന്ന നിലയിൽ രഹസ്യാത്മകത നിലനിർത്തി ആഹ്ലാദിക്കാൻ അവർക്കും കഴിയുമായിരുന്നില്ലേ. ജീവിതസാഹചര്യങ്ങളിൽ പ്രകൃതി കാണിക്കുന്ന വിവേചനം ഭർത്തൃമാതാവിൽ നിന്നെങ്ങനെ പ്രതീക്ഷിക്കാനാണ്! അല്ലേ? ധൃതരാഷ്ട്രർക്ക് നൂറു മക്കളുള്ള കുരുവംശത്തിൽ, സന്തതി ഒന്ന് പോലും ബാക്കിയില്ലാതെ പാണ്ഡവ വംശം മുടിഞ്ഞു എന്നതല്ലേ കുന്തി എനിക്ക് ആദ്യരാത്രിയിൽ തന്ന ലജ്ജാകരമായ വിവാഹ പാരിതോഷികത്തെ നിങ്ങൾ വായിച്ചെടുക്കേണ്ടത്?”

“അഞ്ചു ആൺമക്കളുണ്ടായിട്ടും നിങ്ങൾ ‘ദാസി’യാണോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“നിലമുഴുതുജീവിക്കുമെന്ന്പറഞ്ഞു കുടിയേറ്റക്കാരായി പാഞ്ചാലിയുമൊത്തവർ പടിയിറങ്ങുമ്പോൾ ഞാൻ ഓർമ്മിപ്പിച്ചു, ഖാണ്ഡവവനം പരിപാലിക്കണം, അതൊരാവാസവ്യവസ്ഥയാണ്, പിന്നെ വിദുരർ പറഞ്ഞു കേട്ടു, കാടു കത്തിച്ചയിടത്തിൽ യാഗം ചെയ്തും സുഹൃത്തുക്കളെ നേടിയും ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായി! കുട്ടികളെയും കൊണ്ട് പാഞ്ചാലി ഈ വഴി പാഞ്ചാലയിലേക്കു പലകുറി പോയിട്ടും, കാണാൻ വന്നില്ല. ദുര്യോധനൻ അനുമതി കൊടുത്തിരുന്നു. ചൂതാട്ടത്തിനു പാണ്ഡവ സംഘം ആനപ്പുറത്തു എഴുന്നെള്ളി, പിറ്റേന്നവർ അടിമകളായി പോവുന്നതും കണ്ടു, പതിമൂന്നു വർഷത്തിന് ശേഷം കുരുവംശരാജാക്കളായി ഹസ്തിനപുരിയിൽ ഭരണമേറ്റെടുത്തിരിക്കുന്നു. ഇതിനിടയിൽ യുദ്ധത്തിൽ കൊല്ലപ്പെട്ട കർണ്ണനു ശ്രാദ്ധം ചെയ്യാൻ ഞാനവർക്കൊപ്പം പോയതൊഴിച്ചാൽ, ഇല്ല, സമ്പർക്കമില്ല.”

2019/09/09

“സംശയാസ്പദ സാഹചര്യങ്ങളിൽ, ബ്രാഹ്മണവേഷധാരികളായി ഏകചക്രഗ്രാമത്തെരുവുകളിൽ ഭിക്ഷയാചിച്ചു നടക്കുന്ന ആറംഗ അഭയാർത്ഥി സംഘത്തെ കുറിച്ചെന്തെങ്കിലും വിവരം ദുര്യോധനന് രഹസ്യമായി എത്തിച്ചുവോ എന്ന് നിങ്ങളെ കാട്ടിലെ ഗുഹയിൽ വിളിച്ചു വരുത്തി ബകാസുരൻ ചോദ്യം ചെയ്തു എന്ന് കേൾക്കുന്നല്ലോ. എങ്ങനെ കൈകാര്യം ചെയ്തു നിത്യവും ഒരു മനുഷ്യനെ അത്താഴമാക്കുന്ന ബകനെ?” കൊട്ടാരം ലേഖിക ഏകചക്രാ ഗ്രാമപ്രമുഖനോട് ചോദിച്ചു.

“നിങ്ങളല്ലേ പാണ്ഡവരും കുന്തിയും?” എന്ന് ഞാനവരെ രാത്രി ചോദ്യം ചെയ്തു. അരക്കില്ലത്തിൽ കത്തിക്കരിഞ്ഞ ജഡങ്ങൾ കണ്ടെത്തിയെന്ന വാർത്ത, പാണ്ഡവ കുടുംബം പൂർണ്ണമായും നാമാവശേഷമായതിന്റെ പ്രത്യക്ഷവും വിശ്വാസ്യവുമായ തെളിവല്ലേ എന്ന് അവർ തിരിച്ചടിച്ചു. ഇനിയും സംശയം തീരുന്നില്ലെങ്കിൽ, അവരിൽ മാംസളത കൂടുതലുള്ളവനെ ബകഭക്ഷണം ആക്കി പ്രഖ്യാപിക്കാമെന്നുറപ്പുനൽകി. ഇന്ന് ഭീമനെ അത്താഴമായി അയക്കുന്നു. കാഴ്ചകാണാൻ കൂടെപ്പോവുന്നോ?”

“എന്താ വിഷാദഭാവം? അതിർത്തിക്കപ്പുറത്തു നിന്ന് നുഴഞ്ഞുകയറ്റ ഭീഷണിയുണ്ടോ?”, കലങ്ങിമറിഞ്ഞ ഗംഗയാറിലേക്കു നോക്കിയിരിക്കുന്ന ശന്തനുവിനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ദൂരവ്യാപകപ്രത്യാഘാതങ്ങൾ അവഗണിച്ചായിരുന്നില്ലേ വിവാഹ ഉടമ്പടി? ഹൃദയശൂന്യമായ കരാർ വ്യവസ്ഥകളിലായിരുന്നില്ലേ ഗംഗയെ മഹാറാണിയാക്കിയത്? എന്തനിഷ്ടം കാട്ടിയാലും ഞാൻ എതിർക്കരുത് എന്ന കുഞ്ഞക്ഷരങ്ങൾ നിറഞ്ഞ പനയോലക്കെട്ടുകൾ വായിക്കാതെ ഞാൻ ഒപ്പിട്ടു. നവജാത ശിശുക്കളെ മുക്കിക്കൊല്ലുന്നതാണ് ആ ദേവദാസിയുടെ പ്രസവാനന്തര പ്രഭാതവിനോദം എന്നപ്പോൾ പ്രതീക്ഷിച്ചില്ല. “അരുതേ ഇനിയും” എന്ന് എട്ടാം ശിശുഹത്യക്കവൾ ശ്രമിക്കുമ്പോൾ ഞാൻ ഉള്ളം പൊള്ളിപ്പറഞ്ഞതോടെ ഉടമ്പടിയിൽ വിള്ളൽ വീണു. എന്താണ് ഗുണപാഠമെന്നോ? ശിശുഹത്യ ആയാലും ‘ഹസ്തിനപുരി പത്രിക’യിലെ തൊഴിലിട വേതനപ്രശ്നമായാലും, കരാർ വായിച്ചു തിരുത്തൽ നിങ്ങൾ വരുത്തിയില്ലെങ്കിൽ വിഷാദദൃശ്യങ്ങൾ ഇനിയും കാണേണ്ടിവരും.”

2019/09/13

“എന്ത് പറ്റി ഉണ്ണീ” എന്ന് വിലപിച്ച് നിങ്ങൾ ദുര്യോധനന്റെ അരികിലേക്കോടി ച്ചെന്നതു ഭീമനെ പ്രകോപിപ്പിച്ചല്ലോ. പോർക്കളനേട്ടം അഭിനന്ദിക്കുന്നതിനു പക രം നിങ്ങൾ ‘തനിസ്വഭാവം’ കാണിച്ചു എന്നാണു നകുലൻ നിരീക്ഷിച്ചത്”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. പതിനെട്ടാം ദിവസം സന്ധ്യ.

“മതിപ്പു തോന്നുന്ന പ്രവർത്തി കൗരവൻ ചെയ്യുന്നത് കണ്ടിട്ടും, പ്രതിയോഗിയാ യി ആക്രമിച്ചിട്ടുണ്ട്. പൊതു ഇടത്തിൽ കൗരവൻ മാരകമായി മുറിവേൽക്കുമ്പോൾ, ആക്രമിച്ചത് പാണ്ഡവനാണെങ്കിലും, മുറിവേറ്റവനെ സാന്ത്വനിപ്പിച്ചിട്ടുണ്ട്. ഇതൊ ക്കെ നിങ്ങൾ വിധി എഴുതുകയാണെങ്കിൽ, കാപട്യത്തിന്റെ നിറകുടമെന്നു വിശേ ഷിപ്പിക്കാം. തിരക്കുണ്ട്. ഹസ്തിനപുരിയുടെ അഖണ്ഡത സംരക്ഷിക്കാൻ പോർക്ക ളത്തിൽ ജീവത്യാഗം ചെയ്ത കൗരവർക്കാത്മശാന്തിക്കായി പാണ്ഡവ പാളയത്തിൽ പാഞ്ചാലി നയിക്കുന്ന കൂട്ടപ്രാർത്ഥനക്കു ക്രമീകരണങ്ങൾ പരിശോധിക്കണം.”

2019/09/14

“അജ്ഞാതവാസക്കാലത്തു വിരാടരാജധാനിയിലെ പാചകക്കാരൻ ഇപ്പോൾ ഹസ്തിനപുരി പ്രതിരോധ വകുപ്പ് മേധാവി! എങ്ങനെ വിലയിരുത്തുന്നു ആ കാലഘ ട്ടം?” കൊട്ടാരം ലേഖിക ചോദിച്ചു.

“വിയർത്തദ്ധ്വാനിച്ചു വേണം വിശപ്പടക്കാൻ എന്ന് അതോടെ ബോധോധയമു ണ്ടായി. പന്ത്രണ്ടു കൊല്ലത്തോളം വനവാസക്കാലത്തു, അക്ഷയപാത്രം വഴി മൂന്നു നേരം കിട്ടിയ സൗജന്യഭക്ഷണത്തിന്റെ വിപണി വില, വിരാട ഊട്ടുപുരയിൽ ദേ ഹാദ്ധ്വാനം ചെയ്തു പലിശയടക്കം തിരിച്ചടച്ചു”, വളർത്തുമൃഗത്തിന്റെ തുട പൊരിച്ചത് കടിച്ചുമുറിച്ചു തിന്നുന്ന വൃകോദരൻ സുഭിക്ഷ ഭക്ഷണത്തിന്റെ നിർവൃതിയിലായി.

“തിണ്ണ നിരങ്ങി കൊട്ടാരം ലേഖിക നാണമില്ലാതെ ചോദിക്കുന്ന ഓരോ തല തിരിഞ്ഞ ചോദ്യത്തിനും നീ വസ്തുതക്ക് ചേരാത്ത മറുപടി പറയുന്നു എന്ന് മൊ ത്തം ഞങ്ങൾക്ക് പരിഭവമുണ്ട്. കൗരവരാജവധുക്കൾക്ക് ഹസ്തിനപുരിയിൽ വായി ച്ചു രസിക്കാൻ ഞങ്ങളുടെ ചെലവിൽ തന്നെ നീ പാണ്ഡവരെ ദുഷിക്കണോ?”, യു ധിഷ്ഠിരൻ പാഞ്ചാലിയോട് ചോദിച്ചു. മറ്റുനാലു പാണ്ഡവർ പിന്തുണച്ചു.

“സന്തുഷ്ട ദാമ്പത്യമാണിവിടെയെന്നു ‘വസ്തുതക്കു ചേരുന്ന’ വിധം ഓരോ അഭി മുഖത്തിലും തറപ്പിച്ചു പറഞ്ഞാൽ തിരിച്ചു കിട്ടുമോ ചൂതുകളിയിൽ നിങ്ങൾക്ക് നഷ്ട പ്പെട്ട പൗരാവകാശം?”

2019/09/16

“വടക്കുപടിഞ്ഞാറൻ ഗാന്ധാരം, മാദ്ര, കടലോര ദ്വാരക മുതൽ കിഴക്കു കലിംഗ വരെ-നാട്ടുവാഴികളും സൈനികരും പോർക്കളത്തിലിറങ്ങിയാൽ, പൊതു ഭാഷ ഇല്ലേ പരസ്പരം വിനിമയം ചെയ്യാൻ?”, കൊട്ടാരം ലേഖിക പാണ്ഡവ സൈ ന്യാധിപനോട് ചോദിച്ചു.

“കൊല്ലാനിറങ്ങിയവർക്കെന്താണ് ആശയവിനിമയം? മുമ്പിൽ കണ്ട ശത്രുതല ഉരുട്ടുന്നതിൽ കവിഞ്ഞെന്തു പൊതുഭാഷ കൊല്ലുന്നവനും ചാവുന്നവനും?” യുദ്ധന ടത്തിപ്പുകാരായ കുരുക്ഷേത്ര പ്രവിശ്യാഭരണാധികാരിയുടെ ആയുധപ്പുരയിൽ അനു വദിച്ചുകിട്ടിയ ഗുണമേന്മയില്ലാത്ത അമ്പും, വില്ലും, വാളും, ഗദയും, അതൃപ്തിയോടെ

പരിശോധിക്കുകയായിരുന്ന പാഞ്ചാല കിരീടാവകാശിയും ദ്രൗപദിയുടെ സഹോദരനുമായ ധൃഷ്ടധ്യുമ്നൻ.

"സമാനതയില്ലാത്തൊരു അഭിമുഖം തരാമോ?," കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു, "ഉടനെ പ്രസിദ്ധീകരിക്കില്ലെങ്കിലും, അഭിമുഖം കയ്യിൽ വേണം എന്ന് പത്രാധിപർ."

" ചരമക്കുറിപ്പ് നേരത്തേ തയ്യാറാക്കുന്നതിൽ 'ഹസ്തിനപുരി പത്രിക'യുടെ മുന്നൊരുക്കം പ്രശംസനീയം. വരൂ. അത്താഴം നമുക്കൊരുമിച്ച് കഴിക്കാം. പാഞ്ചാലിയുടെ തീൻശാലയിൽ തന്നെയാവട്ടെ അന്ത്യമൊഴി."

"ഹൃദയം തുറക്കാൻ അവസരം കിട്ടുമ്പോഴെല്ലാം നിങ്ങൾ പരിതപിക്കുന്നു, പാർശ്വവത്കൃതനെന്നു.  കാര്യം തിരക്കിയപ്പോൾ അറിഞ്ഞു, ചെറുപ്പത്തിൽ ദുര്യോധനൻ അംഗരാജാവായി നിങ്ങളെ അഭിഷേകം ചെയ്തു എന്നും?", കൊട്ടാരം ലേഖിക ചോദിച്ചു.

"എവിടെയാണ് ഈ അംഗരാജ്യമെന്നു ദുര്യോധനനോടപ്പോൾ ചോദിച്ചറിയാൻ വിട്ടു പോയി.  മണ്ണും മരവും ഉള്ള ഇടമാണതെങ്കിൽ, പാണ്ഡവർ കാടുവെട്ടി കൊട്ടാരം പണിത പോലെ എനിക്കും സ്ഥാപിക്കാമായിരുന്നു നവ രാജവംശം."

2019/09/18

"സതിയനുഷ്ഠിക്കാൻ പ്രിയതമയൊന്നുമില്ലാതെ കീചക ശവസംസ്കാരവും കഴിഞ്ഞു, കൊലയാളി തൊട്ടടുത്ത ഊട്ടുപുരയിലുണ്ട്, പിടികൂടി ഗൂഢാലോചന വെളിച്ചത്തുകൊണ്ടുവരാൻ വിരാടന് ഊർജ്ജസ്വലതയില്ല, പരേതൻ സൈനികമേധാവിയും അവിവാഹിതനും നിങ്ങൾക്ക് കൊച്ചനുജനുമല്ലേ?, പരേതാത്മാവ് പൊറുക്കുമോ മഹാറാണികൂടിയായ ജ്യേഷ്ഠത്തിയുടെ അവഗണന?", കൊട്ടാരം ലേഖിക വിരാടരാജ്ഞി സുദേഷ്ണയോട് ചോദിച്ചു.  ഉറ്റ തോഴി സൈരന്ധ്രി വാതിലിപ്പുറത്തു നിന്നവരെ നോക്കി.

"കൊന്നതാരെന്നു ദൂരെ ഹസ്തിനപുരി കൊട്ടാരത്തിലിരുന്നു ആയുഷ്ക്കാല ബ്രഹ്മചാരി തുടയിലടിച്ച് പ്രഖ്യാപിച്ചല്ലോ.  വിരാട കുറ്റാന്വേഷണ വിഭാഗം മേധാവിക്കറിയാത്ത കൊട്ടാര രഹസ്യം വെളിപ്പെടുത്തിയ പിതാമഹൻ, ഒന്ന് കൂടി പ്രവചിക്കാമായിരുന്നില്ലേ, ചത്ത കീചകന്റെ അനന്തരവൾ ഉത്തര രാജകുമാരി നാളെ വിവാഹം കഴിക്കുക, കൊന്ന ഭീമന്റെ സഹോദരപുത്രനായ അഭിമന്യുവിനെ ആയിരിക്കും?"

"ജീവനും സ്വത്തിനും സുരക്ഷ ഉറപ്പു വരുത്താൻ കൗരവർ നിയോഗിച്ച പാണ്ഡവർ, ചുമതല ശരിക്കും ചെയ്യുന്നില്ലേ?, അതോ?" കൊട്ടാരം ലേഖിക ചോദിച്ചു. സന്ധ്യ.  നീരൊഴുക്കിൽ കുളിക്കാൻ പോവുകയായിരുന്നു വനവാസക്കാല പാണ്ഡവരുടെ അയൽക്കാരായ പരിത്യാഗികൾ.

"സുരക്ഷയെ കുറിച്ച് പറയുന്നില്ല.  എന്നാൽ, പാടുപെട്ടു പോറ്റി വളർത്തുന്ന മൃഗങ്ങൾ, മുയലും മാനും, രാത്രി കൂട്ടിൽ കയറ്റുമ്പോൾ എണ്ണിപ്പെടുത്തിയതും, പിറ്റേന്ന് കൂട് തുറക്കുന്നതും പൊരുത്തപ്പെടുന്നില്ല.  എങ്ങനെ പൊരുത്തപ്പെടും, അല്ലേ?, തല മറച്ചു പോവുന്ന 'ഭീമ'നെ നോക്കുക, ഇളമാംസ പ്രിയൻ, സന്ധ്യ മയങ്ങിയാൽ ഇര തേടി തൊഴുത്തുകളിലേക്കു ഇടിച്ചു ഇറങ്ങുകയായി."

2019/09/19

“കുട്ടി ഒന്ന് മതി എന്ന പാഞ്ചാലിയുടെ കടുംപിടിത്തത്തിൽ കലങ്ങിയോ പാണ്ഡവഹൃദയങ്ങൾ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

“ഇഷ്ടക്കേടുണ്ടെങ്കിൽ ആദ്യരാത്രിയിൽ തന്നെ അർജ്ജുനനെ കൂടെ കിടത്തി വാതിൽ നാലുപേർക്കുനേരെ കൊട്ടിയടക്കമായിരുന്നില്ലേ? പകരം, തരം കിട്ടുമ്പോഴൊക്കെ കുന്തിയെ കുറ്റം പറയുന്നതൊരു ഹരമാണവൾക്ക്. ഞാനും ഭീമനും കൈക്കുഞ്ഞുങ്ങളായിരിക്കുമ്പോൾ, കുന്തി പൂചൂടി സന്ധ്യക്ക് പുരുഷപ്രലോഭനത്തിനായി പടിയിറങ്ങുന്നത് മാദ്രി പറഞ്ഞു കേട്ടിട്ടുണ്ട്. അത് മാതൃത്വത്തിനു വേണ്ടിയായിരുന്നു. ഭാര്യയുടെ ആദ്യഗർഭം കാലനിൽ നിന്നായിരുന്നു എന്നറിഞ്ഞപ്പോൾ ഞെട്ടിയ പാണ്ഡു, സന്യസ്ഥർ വഴി നേടിയ പച്ചിലമരുന്നുകൾ കൊടുത്തു അലസിപ്പിക്കാൻ പ്രേരിപ്പിച്ചു. ഗർഭം സ്ത്രീക്ക് ശിക്ഷയല്ല മാതൃത്വത്തിലേക്കുള്ളൊരു തീർത്ഥയാത്രയാണെന്നു പറഞ്ഞു, പച്ചില തട്ടിയെറിഞ്ഞ കുന്തിയെവിടെ, ബീജദാനിയെ മുൾമുനയിൽ നിർത്തുന്ന പാഞ്ചാലിയെവിടെ? ഔദാര്യം ചെയ്യുന്നപോലെയാണ വൾ ഗർഭധാരണത്തിൽ ഏർപ്പെട്ടത് ഞങ്ങളോട് വിവേചനമോ അർജ്ജുനനോട് പക്ഷപാതമോ കണ്ടില്ല. കുഞ്ഞുങ്ങൾ ഭാവിയിൽ കിരീടാവകാശികൾ ആവുമെന്ന പ്രത്യാശയില്ലാതെയാണവൾ ഗർഭധാരണത്തെ അലസൽ ഭീഷണിക്കു മുമ്പിൽ മുട്ടുകുത്തിച്ചത് ഒന്നും മറക്കില്ല ഞങ്ങൾ”, അഞ്ചാമത്തെ നവജാതശിശുവിനെ പാഞ്ചാലയിലേക്കു കൊണ്ടുപോവുന്ന തയ്യാറെടുപ്പിലായിരുന്നു ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി.

2019/09/20

“ഇത്തവണ നീ ദേശാന്തരയാത്രയിൽ അച്ഛനെ എവിടെയെങ്കിലും കണ്ടുവോ?”, സുഭദ്ര ചോദിച്ചു. അശാന്തമായ സന്ധ്യ. അമ്മയും മകനും ദ്വാരക കടൽത്തീരത്ത് നടക്കുകയായിരുന്നു.

“വിരാട രാജധാനിയിൽ കണ്ടു അമ്മാ. ‘നിന്റെ ഭാവി വധു’ എന്ന് ഉത്തരയെ പരിചയപ്പെടുത്തി. വരാനിരിക്കുന്ന യുദ്ധത്തിൽ ഞങ്ങളെ ജയിപ്പിക്കാൻ നീ സ്തോഭജനകമായ ഒരപൂർവ്വ സാഹചര്യമുണ്ടാക്കാമോ? നിനക്കെന്തെങ്കിലും പോരാട്ടത്തിൽ സംഭവിച്ചാൽ, ഉത്തരയിൽ നിനക്ക്പിറക്കുന്ന മകനെ രാജാവാക്കാം എന്ന് കൈ പിടിച്ച് സമ്മതം ചോദിച്ചു. ആ മുഖത്തെ ദൈന്യത കണ്ട്, എന്താണ് ‘അപൂർവ്വ സാഹചര്യ’മെന്നു ചോദിക്കാതെ വാക്കു ഞാൻ കൊടുത്തു അമ്മാ.”

2019/09/22

“ഇന്നെന്താ പാണ്ഡവ വനാശ്രമത്തിൽ ഭീതിജനകമായൊരു മൗനം?”, കൊട്ടാരം ലേഖിക ചോദിച്ചു., “അതോ, ഈ കാണുന്ന ഇടക്കാല ദാമ്പത്യശാന്തതക്ക് പിന്നിൽ കെട്ടുപൊട്ടുന്നൊരു കൊടുംകാറ്റുണ്ടോ?”

2019/09/23

“ഇനിയും കളിച്ചാൽ പൗരാവകാശം നഷ്ടപ്പെടുമെന്നല്ലേ ദുര്യോധനൻ കാര്യമായി പറഞ്ഞത്?”, ഹസ്തിനപുരിയുടെ ‘സാംസ്കാരികനായകൻ’ എന്നറിയപ്പെടുന്ന ചാർവകനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“പതിമൂന്നു വർഷത്തേക്ക് പൗരാവകാശനിഷേധനം എന്ന ദുര്യോധന പ്രസ്താവന അർത്ഥവ്യക്തതയില്ലാതെ ചുരുങ്ങിപ്പോയി എന്നതായിരുന്നു ആ കൗരവപദ പ്രയോഗത്തിൽ കണ്ട പരിമിതി. കുരുവംശ കൂട്ടുകുടുംബത്തിൽ പാണ്ഡവർക്ക് ഓഹരി ചോദിക്കാനുള്ള പൗരാവകാശം പിന്നീടുണ്ടാവില്ല എന്ന അനുച്ഛേദം കൂടി ചേർത്ത്, നിർണ്ണായക വാമൊഴിപ്രസ്താവന കുരുവംശ രാജമുദ്രയുള്ള ഔദ്യോഗികരേഖയാക്കിയിരുന്നെങ്കിൽ, മഹാഭാരതയുദ്ധം തന്നെ നിയമപരമായി നിലനിൽപ്പില്ലാതെ അപ്രസക്തമാവില്ലേ? ഇതുവരെ കിട്ടിക്കൊണ്ടിരുന്ന മൂന്നു നേരം സസ്യേതര ഭക്ഷണത്തിനു കൊട്ടാരം ഊട്ടുപുരയിൽ ഇന്നുമുതൽ പ്രവേശനം നിഷേധിച്ചുകൊണ്ടല്ല തിരിച്ചടിയിൽ ദുര്യോധനൻ എന്നെ ശിക്ഷിക്കേണ്ടത്.”

2019/09/24

“എവിടെ തിരിഞ്ഞൊന്നു നോക്കിയാലും മൺഭരണികളിൽ തെളിനീർ, സൗജന്യഭക്ഷണം വിളമ്പുന്ന ഊട്ടുപുരകൾ, ശുചിമുറികൾ-എന്നിട്ടും സമരമുഖം തുറന്നു പാണ്ഡവർക്കെതിരെ മുദ്രാവാക്യം വിളിക്കുന്നതിന്റെ കാര്യമെന്താണ്?” കൊട്ടാരം ലേഖിക ചോദിച്ചു. അതീവസുരക്ഷാമേഖലയിൽ തടിച്ചുകൂടിയ കൗരവരാജവിധവകൾ “വിട്ടു തരൂ ഘാതകനെ” എന്ന് ഒച്ചവെക്കുന്ന ശീതകാല പ്രഭാതം.

“കുടിവെള്ളവും ധാന്യവും പ്രദർശിപ്പിക്കുന്ന പാണ്ഡവഭരണകൂടത്തിന്റെ കബളിപ്പിക്കലിൽ കുറച്ചുകാലം ഞങ്ങളും വീണു. പാഠം പഠിച്ചു. പിന്നെ സംഘടിച്ചു. കുരുക്ഷേത്രയുടെ പാണ്ഡവ വിജയ വാർഷികം ആഘോഷിക്കാൻ നാടൊട്ടുക്ക് ഭരണകൂടം അലങ്കരിക്കുമ്പോൾ, ഹസ്തിനപുരിയുടെ അഖണ്ഡത സംരക്ഷിക്കാൻ ജീവത്യാഗം ചെയ്ത നൂറോളം കൗരവ ആത്മാക്കൾ മന്ത്രിക്കുന്നു-ഞങ്ങളെ കഴുത്തു ഞെരിച്ചു കൊന്ന ഭീമനെ പിടിച്ചുനിർത്തി പൊതുനിരത്തിൽ തോലുരിക്കൂ.”

2019/09/26

“എങ്ങനെ ഓർക്കപ്പെടാനാണ് മോഹം?” കൊട്ടാരം ലേഖിക ചോദിച്ചു.

ശരശയ്യ, ശിശിരകാല പ്രഭാതം.

“എന്നെ വീഴ്ത്തിയത് പാണ്ഡവായുധമാണെങ്കിലും, ഭാവിയിലവർ മഹത്വപ്പെടുത്താൻ പ്രേരിതരാവും. ഞാനൊ ‘രവിശ്വസ്ത സൈന്യാധിപൻ’ എന്ന് കൗരവർ അടയാളപ്പെടുത്തുമായിരുന്നു, ഉന്മൂലനാശത്തിനവർ ഇരകളായിരുന്നില്ലെങ്കിൽ. ബഹുസ്വര കൗരവ വിധവകൾ ‘രക്തസാക്ഷി’യെന്നു വിളംബരപ്പെടുത്തുമെന്നാണെന്റെ വിശ്വാസം, പുതുതലമുറ കുമാരികൾ ‘പുരാതന വസ്തു’വെന്നെന്നെ പരിഹസിച്ചിരുന്നെങ്കിലും. പ്രാണനെടുത്തതു പാണ്ഡവർ എന്നതാണൊരു ആശ്വാസം കാരണം, യുദ്ധം ജയിച്ചു അധികാരത്തിൽ കയറുന്ന യുധിഷ്ഠിരൻ. രാജപദവിയിൽ ആദ്യം ചെയ്യേണ്ടിവരിക ദേശരത്ന പുരസ്കാരത്തിലൂടെ എന്നെ ‘കൈവശപ്പെടുത്തുക’യെന്ന തന്ത്രമായിരിക്കും. കൗരവ വിധവകൾക്കും പാണ്ഡവർക്കും ഞാനൊരു ചട്ടുകമായി

രിക്കാം, പക്ഷെ മറക്കപ്പെടില്ലെന്ന മോഹത്തോടെ ശരശയ്യയിൽ നിന്ന് ചിതയിലേക്ക്, വിട."

2019/09/27

"വഴിയിലാരെങ്കിലും തിരിച്ചറിഞ്ഞുവോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"കാൽ നൂറ്റാണ്ടു കഴിഞ്ഞില്ലേ കാട്ടിൽ പോയിട്ട്. ധൃതരാഷ്ട്രർ തിരിച്ചറിയുമെന്ന പ്രതീക്ഷ ഉണ്ടായിരുന്നില്ല. കണ്ണുകെട്ടി കാഴ്ച മറച്ച ഗാന്ധാരി ശബ്ദം കേട്ടിട്ടും തിരിച്ചറിഞ്ഞില്ല. തിരിച്ചറിഞ്ഞെങ്കിലും, വിവേകത്തിന്റെയും ശരിപെരുമാറ്റത്തിന്റെയും മാതൃകയായ വിദുരർ പിൻവാങ്ങി. കാവൽക്കാർ ഞങ്ങളെ പിടികൂടി അനാഥാലയത്തിലേക്കയക്കാൻ കാളവണ്ടി ഒരുക്കുമ്പോഴായിരുന്നു നായ അടുത്തേക്ക് കുതിച്ചത്, കുട്ടികളെ കൂട്ടിപ്പിടിച്ച ഞാൻ ഒതുങ്ങി. അടുത്ത് വന്ന നായ കടന്നാക്രമിക്കുന്നതിനു പകരം, വിധേയത്വത്തോടെ വാലാട്ടാൻ തുടങ്ങി." വിദുരർ സംശയം മാറിയ പോലെ മുറ്റത്തേക്ക് ധൃതിപിടിച്ച വന്നു എല്ലാവരോടുമായി പറഞ്ഞു,

"സ്ഥാനത്യാഗം ചെയ്തു കാട്ടിൽ പോവുമ്പോൾ ഈ വളർത്തു നായ കുട്ടിയായിരുന്നു. നിങ്ങൾ അതിനെ പരിചരിച്ച ഓർമ്മ കാലമെത്ര ചെന്നിട്ടും മറന്നിട്ടില്ല എന്ന് വ്യക്തമായി. നിങ്ങൾ കാട്ടിൽ പോയ ദിവസം മുതൽ കോട്ടക്ക് മുകളിൽ വടക്കൻ ഭാഗത്തേക്ക് നോക്കി കാത്തുനിൽക്കുമായിരുന്നു, നാം സാധാരണ മനുഷ്യർ സമാനബാല്യാനുഭവങ്ങൾ സൗകര്യപൂർവ്വം മറക്കുമെങ്കിലും. കുന്തിയും കുട്ടികളും അരമനയിലേക്കു വരൂ നിങ്ങൾ അവകാശികളാണ് അഭയാർത്ഥികളല്ല എന്ന് ഞാൻ കൊട്ടാരത്തിന്റെ അകത്തളങ്ങളിൽ ഔദ്യോഗിക സൂചന കൊടുത്തു."

"നേതൃപാടവം വ്യക്തമാകുമ്പോഴും യുധിഷ്ഠിരൻ ധാർമ്മികത വിടാത്ത ഓർമ വല്ലതുമുണ്ടോ, പങ്കുവക്കാൻ?", നകുലനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

തളർന്നിരുന്നെങ്കിലും, വീര്യം വിടാതെ, ഒരു പ്രമുഖകൗരവനെ ഓടിച്ചിട്ട് പിടിച്ച്, ഞെക്കിക്കൊല്ലാനുള്ള മോഹം ഈ കരളിൽ തിളക്കുമ്പോൾ, അരക്കെട്ടിലാരോ ഊരാകുടുക്കിട്ടു കയർ പിന്നിലേക്ക് വലിക്കുന്നു. തിരിഞ്ഞു നോക്കിയപ്പോൾ, "വാളുള്ളപ്പോൾ നീ നഗ്നഹസ്തങ്ങൾ കൊണ്ട് പ്രതിയോഗിയെ അധാർമ്മികമായി ഞെക്കിക്കൊല്ലുമോ?" എന്ന് ശാസനയുടെ സ്വരത്തിൽ ചോദിച്ച യുധിഷ്ഠിരൻ, ബന്ദികൗരവനെ തട്ടിപ്പറിച്ചെടുത്തു മലർത്തിക്കിടത്തി കഴുത്തറുത്തു ഭീമനെ വെല്ലുവിളിച്ച്, "ഇന്ന് നീയെത്ര കൗരവമാറുപിളർത്തി?"

2019/09/28

"ശത്രു കൊല്ലപ്പെട്ടില്ലേ? ചരമശുശ്രൂഷയിലും ശവമടക്കിലും അനുസ്മരണയോഗത്തിലും സ്മൃതിമണ്ഡപനിർമ്മിതിയിലും സജീവസാന്നിധ്യമായിരുന്ന 'ശാന്ത' ഭീമനെ ഞാൻ ഓർക്കുന്നു. എന്നിട്ടിപ്പോൾ പുള്ളിക്കാരനെന്താ ദുര്യോധനപ്രതിമയെ ചാട്ടവർകൊണ്ടടിച്ച 'രൗദ്ര' വൈകാരികതയോടെ ചോദ്യം ചെയ്യുന്നത്?", കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട്ട് ചോദിച്ചു.

"വധം പൂർണ്ണമാവും മുമ്പ് ജേതാക്കൾക്കു സ്ഥലം വിടേണ്ടിവന്നതുകൊണ്ട്, ഉള്ളിൽ ഉള്ള ക്ഷോഭം ആവിഷ്കരിക്കാനായില്ലെന്നു ഭീമൻ ഖേദിച്ചിരുന്നു. ഈയിടെ വയോജന വിഷാദരോഗിയായപ്പോൾ സ്ഥിതിമാറി. ഇപ്പോഴാണ് വധിക്കാൻ

അവസരം കിട്ടുന്നതെങ്കിൽ, കൊല്ലും മുമ്പ് പ്രതികാരവചനങ്ങൾ എണ്ണിയെണ്ണിപ്പറയൂ എന്ന നിർദ്ദേശത്തോടെ ഈ പ്രതിമ ഞാൻ അന്തഃപുരത്തിൽ ഒരുക്കിക്കൊടുത്തു. 'വിചാരണ'യിൽ സഭാപർവ്വവും വാനപ്രസ്ഥവുമായാൽ, നാടകീയതയോടെ മഹാഭാരത പുനരാവിഷ്കാരം ഭീമനോട്ടത്തിലൂടെ നേരിൽ കാണാം."

"വിവാഹം കഴിഞ്ഞു മടങ്ങുമ്പോൾ യുധിഷ്ഠിരൻ നിങ്ങളുടെ അച്ഛനോട് പണം ചോദിച്ചു എന്ന് കൗരവർ പ്രചരിപ്പിക്കുന്നതിൽ കാര്യമുണ്ടോ?" ഖാണ്ഡവപ്രസ്ഥത്തിലേക്കു പോവുന്നതിനുള്ള മുന്നൊരുക്കത്തിലായിരുന്ന പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഹസ്തിനപുരിയിലെത്തിയാൽ കൗരവരോട് നിത്യച്ചെലവിനു കടം ചോദിക്കേണ്ടിവരാവുന്ന മാനഹാനി ഒഴിവാക്കാൻ, പാഞ്ചാലിയുടെ സ്ത്രീധനത്തിൽ നിന്ന് രത്നങ്ങൾ ചിലത് വിൽക്കട്ടെ എന്ന് യുധിഷ്ഠിരൻ അച്ഛനോട് ചോദിച്ചു എന്നതൊരു വസ്തുതയാണ്. "അവളണിഞ്ഞിരിക്കുന്ന നവരത്നങ്ങൾ ഞാൻ വാങ്ങിച്ചു കൊടുത്തതൊന്നുമല്ല, കർണന്റെ കവചകുണ്ഡലങ്ങൾ പോലെ, അഴിച്ചു മാറ്റിയാൽ ചർമ്മത്തിൽ ചോര കിനിയുന്ന അപൂർവ്വയിനം ജനിതകവൈകല്യമാണ്. യാഗാഗ്നിയിൽ നിന്നവൾ വളർച്ചയെത്തിയ സ്ത്രീശരീരവുമായി വന്നപ്പോൾ ആ സ്വർണ്ണശോഭ ഉടലിൽ ഉണ്ടായിരുന്നതാണ്", എന്ന് പാഞ്ചാലരാജാവ് 'രഹസ്യം' വെളിപ്പെടുത്തിയപ്പോൾ വിരണ്ടു പോയ യുധിഷ്ഠിരൻ, പിന്നെ കള്ളവിരൽ കൊണ്ട് പോലും 'ജനിതകവൈകല്യ'ത്തിൽ തൊട്ടുനോക്കിയില്ല."

2019/09/29

"വിവാഹത്തിനും കുടിയേറ്റത്തിനും ഇടക്കൊരിടവേളയിലെ അന്തഃപുരപരിചയം കൊണ്ട് നിങ്ങൾ നൂറോളം കൗരവരാജവധുക്കളെ കയ്യിലെടുത്തു എന്നോ? സംഘർഷം നിറഞ്ഞ സ്വത്തുതർക്കത്തെ പറ്റി നിഷ്കളങ്കരാണോ അവർ?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനവാസക്കാലം.

"കുരുവംശസ്വത്തിൽ പാണ്ഡവർക്ക് ഓഹരി തരാൻ കൗരവരെ തലയിണമന്ത്രത്തിലൂടെ പ്രേരിപ്പിക്കൂ എന്നല്ല ഞാനവരോട് മന്ത്രിച്ചത്, മറിച്ച്, പെണ്ണുടൽ കരുതലോടെ പരിപാലിച്ചാൽ എങ്ങനെ ഏകപത്നീവ്രതക്കാരായ ഭർത്താക്കന്മാർ എളുപ്പം നിങ്ങൾക്കടിമപ്പെടും എന്നായിരുന്നു."

"ആട്ടിപ്പുറത്താക്കിയതാണോ?" കൊട്ടാരം ലേഖിക ചോദിച്ചു ഭാര്യയും കുന്തിയുമൊത്തു കാട്ടിലേക്ക് ജീവിതാന്ത്യം ചെലവഴിക്കാൻ, ഒരു നൂറ്റാണ്ടായി അന്തിയുറങ്ങിയ ഹസ്തിനപുരി കൊട്ടാരം വിട്ടിറങ്ങുകയായിരുന്ന അന്ധനും വൃദ്ധനുമായ ധൃതരാഷ്ട്രർ.

"പരിത്യാഗികളായി കാട്ടിൽ കുരുവംശപാളയം സ്ഥാപിച്ചു അന്നന്നത്തെ അപ്പം കൃഷി ചെയ്തുണ്ടാക്കി ഇപ്പോഴും കൗരവർ നൂറുപേരും ജീവിക്കുന്നുണ്ട് എന്നറിഞ്ഞപ്പോൾ എനിക്കുത്സാഹമായി. തത്സമയ യുദ്ധവാർത്തയിൽ സഞ്ജയൻ വഴി കേട്ടത്, അവരെയെല്ലാം ഭീമൻ കുരുക്ഷേത്രയിൽ കൊന്നു എന്നായിരുന്നു. മരിച്ചത് 'മായാകൗരവ'രാണെന്നിപ്പോൾ ആധികാരികമായ വിവരം കിട്ടിയതോടെ, ഭീമൻ വിഷാദരോഗിയായി. പാണ്ഡവർക്ക് അന്തഃപുരത്തിൽ പ്രവേശനാനുമതി നിഷേധിച്ചു പാഞ്ചാലിയിപ്പോൾ 'ഭദ്രകാളി വേഷ'മാടുന്നു. ഒരു നേരത്തെ ഭക്ഷണത്തിനായി

ഞങ്ങൾ പൊരിവെയിലത്തു വരിനിൽക്കണം എന്നായി. വൈകാതെ കൗരവ പാളയം നാമാവശേഷമാവണമെന്നാണ് ദുര്യോധനന്റെ തീരുമാനം. അപ്പോൾ, പടിയിറങ്ങാൻ പ്രേരണയായി. ഭൗതിക നേട്ടങ്ങളിൽ കുടുങ്ങിയ പാണ്ഡവർ എവിടെ, അതീതലോകത്തെ കുറിച്ച് ഇപ്പോഴേ വിഭാവന ചെയ്യുന്ന കൗരവരെവിടെ."

"ഹൃദയം പൊട്ടിയാണ് പാണ്ഡു മരിച്ചതെന്ന വ്യാഖ്യാനം സന്യസ്ഥരിൽ നിന്നുണ്ടായല്ലോ. മുനിശാപം ഇരയെ കണ്ടെത്തി എന്നും. വസ്തുതയുമായി ബന്ധപ്പെടുത്തി എങ്ങനെ ബോധ്യപ്പെടുത്തും സംശയരോഗികളെ?", കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. പാണ്ഡുചിതയിൽ മാദ്രി വെന്തുതീർന്നപ്പോൾ പാണ്ഡവരുമൊത്തു കുടിലിലേക്ക് മടങ്ങുന്ന നേരം

"അവയവമെന്ന നിലയിൽ ഹൃദയത്തിന്റെ ശക്തിദൗർബല്യങ്ങൾ വികാരങ്ങൾക്ക് വിധേയമെന്ന കാഴ്ചപ്പാടിൽ നിങ്ങൾക്ക് വേണ്ടത് രണ്ടു സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്ന ആഖ്യാനമാണെന്നു വ്യക്തം. ഭാര്യമാർ പരപുരുഷരതി ആസ്വദിക്കുന്നത് കണ്ട പാണ്ഡുഹൃദയം പൊട്ടിച്ചിതറി എന്ന് എഴുതിപ്പിടിപ്പിക്കൂ. ഞങ്ങൾ ഹസ്തിനപുരിയിൽ അഭയാർത്ഥികളായി ചെല്ലുമ്പോൾ, നാട്ടുകാർ കൂക്കിവിളിക്കട്ടെ. മാദ്രി ഭാഗ്യവതി സതി അനുഷ്ഠിച്ചവൾ ചാരിത്ര്യവതിയായി ലോകമെങ്ങും മഹത്വപ്പെട്ടു. അഞ്ചു ആൺകുട്ടികളുടെ പരിപാലനചുമതലയുള്ള ഞാനോ? വ്യഭിചാരിണി!."

2019/09/30

"ചതിച്ചുകൊന്നതിൽ നൊമ്പരമുണ്ടോ?", കൊട്ടാരം ലേഖിക ചോദിച്ചു. കുന്തിയുടെ ആദ്യത്തെ മകനെന്നു പരക്കെ സംശയിക്കപ്പെടുന്ന കൗരവ സർവ്വസൈന്യാധിപന്റെ കൊച്ചുമകളുടെ വിവാഹസൽക്കാരത്തിൽ പങ്കെടുത്തു കോട്ടക്കകത്തേക്കു തിരിച്ചു പോവാൻ രഥത്തിൽ കയറുന്ന അർജ്ജുനനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"കാറ്റുമൂടിയ ആ കുരുക്ഷേത്ര സന്ധ്യയിൽ ഞാനും അവനും അമ്പെയ്യാൻ ഒരുങ്ങി പോർക്കളത്തിൽ പരസ്പരം നേരിട്ടു എന്നത് നേരു തന്നെ. ദുരുഹസാഹചര്യത്തിൽ ചളിയിൽ താണ രഥചക്രങ്ങൾ ഉയർത്താൻ അവന്റെ തേരാളി ശല്യൻ വിസമ്മതിച്ചതും ശരിയാണ്. നിവൃത്തിയില്ലാതെ സ്വയം മണ്ണിലിറങ്ങിനിന്ന് ചക്രം ഉയർത്താൻ പാടുപെടുന്ന കർണ്ണനെ അനുകമ്പയോടെ ഞങ്ങൾ നോക്കുമ്പോൾ ആയിരുന്നില്ലേ, മാനം വിണ്ടുകീറിയ ഇടിമിന്നലിൽ ആ ധീരസൈനികമേധാവി തൽക്ഷണം മരണമടഞ്ഞത്? അത് കണ്ടു മനമിടിഞ്ഞ ഞാൻ ആവനാഴിയിലേക്കു അമ്പു തിരിച്ചിട്ട ഓർമ്മയുമുണ്ട്. സത്യാവസ്ഥ അതായിരിക്കെ, കഥയറിയാതെ നിങ്ങൾ അർജ്ജുനസ്വഭാവഹത്യക്കു ഇനി കൂട്ടുനിന്നാൽ, ശരിക്കും തെറിക്കുക പരദൂഷണക്കാരിയായ നിന്റെ തലയായിരിക്കും."

2019/10/01

"കൺകെട്ടഴിച്ചിട്ടില്ലെങ്കിലും ഉറച്ച കാൽവയ്പ്പുകളാണല്ലോ ഗാന്ധാരിക്ക്. ഒരു കൈ അന്ധധൃതരാഷ്ട്രരെ മുറുകെ പിടിക്കുമ്പോൾ മറുകൈ നിങ്ങളെ. അന്തിമ പദയാത്രയിൽ വലഞ്ഞുനടന്നവശയായിട്ടും തുണക്കു വന്നില്ലേ ആ പഴയ പങ്കാളി

കൾ?" പാണ്ഡവപിതൃക്കളായ ആകാശചാരികളെ ഓർത്തു കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. വിദുരർ മൗനം പാലിച്ചു നടന്നു.

"മാതൃത്വത്തിനു വേണ്ടി നീ യുവത്വത്തിൽ പ്രലോഭിപ്പിച്ചു ബീജദാനം ചെയ്തു ഞങ്ങൾ പ്രസാദിച്ചു. അതിലപ്പുറം എന്ത് ആൾതുണയാണ് വാർദ്ധക്യത്തിൽ ഞങ്ങളിൽ നിന്ന് നീ പ്രതീക്ഷിക്കുന്നത് എന്ന് ചോദിച്ചവർ വഴിമാറി നടന്നാൽ?"

2019/10/02

"പാമ്പും പെരുച്ചാഴിയും വിഹരിക്കുന്ന കാട്ടിലേക്ക് ഭർത്തൃമാതാവ് ജീവിതാന്ത്യം ചെലവഴിക്കാൻ രണ്ടും കൽപ്പിച്ചിറങ്ങുമ്പോൾ, കൗശലത്തിൽ നിങ്ങൾ കണ്ണടച്ചു അല്ലേ? പോവരുതേ, പൊന്നുപോലെ നോക്കാം എന്ന് പറയേണ്ടതായിരുന്നില്ല-അഞ്ചു പുത്രന്മാരുടെ ഏകവധു?", വിഷാദരോഗികളായ വയോജനങ്ങളോട് പാഴ്വാക്ക് മാത്രം പറഞ്ഞാൽ പോരാ എന്ന പൊതുസംവാദത്തിലായിരുന്ന മഹാറാണിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"സ്വതന്ത്ര ജീവിതം നയിച്ച വനിതയല്ലേ കുന്തി? കാട്ടുകുടിലിലെ തറയിൽ ഭർത്താവ് രോഗിയായി കിടക്കുമ്പോഴല്ലേ, മർത്ത്യജീവിതം വന്ധ്യമായി തുടർന്നാൽ പോരാ എന്ന തിരിച്ചറിവിൽ, പരപുരുഷരതി പ്രായോഗികതലത്തിൽ കൊണ്ടുവന്നത്? ഖാണ്ഡവവനത്തിലേക്ക് ഞങ്ങൾ കുടിയേറാൻ നിർബന്ധിതരായപ്പോൾ, ഞാനും കൂടെ വരാം എന്ന് കുന്തി ഉത്സാഹിച്ചിരുന്നോ?, അതോ, ഇനിയുള്ള കാലം ഗാന്ധാരിക്ക് തുണയായി ഹസ്തിനപുരി കൊട്ടാരത്തിൽ കഴിയും എന്ന് പിൻവാങ്ങിയോ? വാനപ്രസ്ഥമെന്നും പറഞ്ഞു ഇപ്പോൾ നിങ്ങൾ കുന്തിയെ മൂല്യം കുറച്ചു വിലയിരുത്തരുത് ആ മഹതിയെ പ്രശംസിച്ചു തന്നെ ഈ സംവാദം അവസാനിപ്പിക്കട്ടെ, എന്നെന്നേക്കുമായി പടിയിറങ്ങിപ്പോവുന്ന രാജമാതാവിനെ പാഞ്ചാലി പിടിച്ചു നിർത്തിയപ്പോൾ, പ്രതിരോധിക്കാനാവാതെ കുന്തി കീഴടങ്ങി എന്ന് വരും യുഗത്തിലാരും പഴി പറയാതിരിക്കട്ടെ."

"ചക്രവ്യൂഹത്തിൽ കൊല്ലപ്പെട്ടവന്റെ മകൻ എന്ന് വിദ്യാർത്ഥികൾ നിന്നെ ഇന്നും അവഹേളിച്ചുവോ?" ഉത്തര ചോദിച്ചു. ഹസ്തിനപുരിയിലെ യുദ്ധാനന്തര പാണ്ഡവ ഭരണകാലം.

"ദ്രോണരെ ചതിച്ചുകൊലപ്പെടുത്താനുള്ള പാണ്ഡവ ഗൂഢാലോചനയിൽ നിറസാന്നിധ്യമായ യുധിഷ്ഠിരനാണ് 'അർദ്ധസത്യം' എന്ന യുദ്ധസങ്കേതത്തിന്റെ ഉപജ്ഞാതാവ് എന്ന് കൃപാചാര്യൻ നമ്മുടെ ധാർമ്മിഷ്ഠ മഹാരാജാവിനെ അധിക്ഷേപിച്ചു. കിരീടാവകാശിയായ ഞാൻ ചെങ്കോൽ കിട്ടിയാൽ. രാജദ്രോഹികൃപാചാര്യരെ നാട് കടത്തുകയാവും ആദ്യം ചെയ്യുക എന്ന് പറഞ്ഞപ്പോൾ, കൊട്ടാരഗൂഢാലോചനയിൽ നിന്നെ സർപ്പവിഷം തീണ്ടി വകവരുത്താൻ അർദ്ധസത്യ വിശ്വാസികളെ കൂട്ടുപിടിച്ചുതുടങ്ങി എന്ന് ഉത്തരയോട് പറയുക എന്ന് കൃപാചാര്യൻ ആജ്ഞാപിച്ചു അമ്മോ."

"ഓർമ്മക്കുറിപ്പെഴുതിയാൽ കുരുവംശപ്പെരുമക്കു ഭീഷണിയാകുമോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"സത്യവതിയുടെ കാലം മുതലുള്ള ആധുനിക ഹസ്തിനപുരി ചരിത്രം തക്ഷശിലയിൽ പഠിച്ച നിങ്ങൾക്കിനിയും മാറിയില്ലേ സംശയം? പാഞ്ചാലിയുടെ ആത്മ

കഥ താലോലിച്ചവളർത്തിയെടുത്ത പെരുമക്കു സഹായകരമാവില്ല എന്ന് നവപാണ്ഡവ ഭരണകൂടത്തിനു ബോധ്യമായി. യുധിഷ്ഠിരന്റെ രേഖാമൂലമായ അനുമതി കൂടാതെ 'ഹസ്തിനപുരി പത്രിക' ആത്മകഥ പൂർണ്ണമായോ ഭാഗികമായോ പ്രസിദ്ധീകരിച്ചാൽ ദേശസുരക്ഷാ പരിഗണനയിൽ നിയമ മേൽനടപടി ഉണ്ടാവും. കൊട്ടാരം ലേഖികക്ക് നീണ്ടകാല നിർബന്ധിത വനവാസം ഉൾപ്പെടെ."

2019/10/03

"പാഞ്ചാലി ഞങ്ങൾക്കനുവദിച്ച പഴയ അഭിമുഖങ്ങൾ, വീണ്ടും വായിച്ചു. ഭർത്താക്കന്മാർ കൊള്ളാം എന്ന ധ്വനിയുണ്ട്. എന്നാൽ ചൂതുകളിയിൽ തോറ്റ കാട്ടിൽ കൗരവ അടിമകളായ ശേഷം തന്ന അഭിമുഖങ്ങളിൽ പതഞ്ഞു പൊങ്ങുന്നതോ ഭർതൃനിന്ദ, അതെന്താ അങ്ങനെ?", കൊട്ടാരം ലേഖിക ചോദിച്ചു.

"രാജസൂയ യാഗത്തിൽ, ചക്രവർത്തിനിപദവിയെ കുറിച്ച് പാഞ്ചാലിക്ക് പ്രത്യാശ നൽകുന്ന ഉദയസൂര്യനായിരുന്ന ഞാൻ. ഇന്ന് കൗരവ അടിമയെന്ന നിലയിൽ നാശചിഹ്ന മായ ധൂമകേതു!."

"സ്വന്തം കൈ മാത്രം കഴുകിയാൽ പോരാ എന്ന ഗതി വന്നു അല്ലേ?", അരമന തീൻശാലക്കരികെ ഇച്ചിൽ പാത്രങ്ങൾ കഴുകുന്ന പാണ്ഡവരോട് കൊട്ടാരം ലേഖിക ചോദിച്ചു.

"പാണ്ഡവർ ഉണ്ട പാത്രങ്ങളാണിതെന്നു കരുതിയോ? ഇന്നല്ലേ രക്തസാക്ഷി ദുര്യോധനന്റെ ജന്മദിനം? കൊട്ടാര വിരുന്നിൽ മഹാരാജാവ് യുധിഷ്ഠിരന്റെ വിശിഷ്ടാതിഥികളായെത്തിയത് കൗരവരാജവിധവകളായിരുന്നു. അവർ സദ്യ ഉണ്ടെണീക്കുമ്പോൾ ഞങ്ങൾ മുട്ടുകുത്തി യാചിച്ചു, 'ഇച്ചിൽ ഞങ്ങൾ എടുക്കട്ടേ?' അവർ സമ്മതിച്ചു. പാഞ്ചാലി ഉണ്ടെണീക്കും മുമ്പ് പാത്രങ്ങളെല്ലാം കഴുകിയെടുത്തില്ലെങ്കിൽ, അവളുടെ ഇച്ചിലും ഞങ്ങൾ കഴുകേണ്ടി വരും."

"കൊട്ടിഘോഷിക്കാൻ കുലീനതയൊന്നും ഇല്ലാതെ അരങ്ങേറ്റ മൈതാനിയിൽ ചുരുങ്ങിപ്പോയ കർണ്ണനെ ആത്മാർത്ഥത കൊണ്ടൊന്നുമല്ല നിങ്ങൾ അംഗരാജാവാക്കിയതെന്നു എല്ലാവർക്കും അറിയാം. ഇല്ലാത്ത രാജ്യത്തിന്റെ കൈമാറ്റാവകാശം ആ പാവത്തിന് പാരിതോഷികമായി കൈമാറിയത് ശുദ്ധ തട്ടിപ്പായിരുന്നു എന്ന് യുക്തിവാദി ചാർവാകൻ പറഞ്ഞു കഴിഞ്ഞു. പ്രായത്തിൽ കവിഞ്ഞ പ്രായോഗികബുദ്ധി പ്രദർശിപ്പിക്കുന്ന നിങ്ങൾക്കറിയാമായിരുന്നില്ലേ, അംഗരാജ്യം ഉണ്ടെങ്കിൽ തന്നെ അത് തീറെഴുതിക്കൊടുക്കാനുള്ള അധികാരം നിങ്ങൾക്കില്ലെന്നു?", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"മഗധക്കരികെ അംഗരാജ്യമുണ്ട്. മക്കളില്ലാത്ത അംഗരാജാവ് കൗരവകുട്ടികൾക്കതു ഇഷ്ടദാനമായി തന്നു എന്നതും വസ്തുത. പ്രായപൂർത്തി എത്താത്ത ദുര്യോധനന് ക്രയവിക്രയ അവകാശമുണ്ടോ എന്നതല്ലല്ലോ കാമ്പുള്ള കാര്യം. "നീ ആരുടെ മകൻ?" എന്ന് പരസ്യമായി ഭീമൻ വെല്ലുവിളിച്ചപ്പോൾ, അതൊരു കീഴാള അവഹേളനമായി കണ്ട ഞാൻ, പട്ടാഭിഷേകപ്രഹസനം വഴി അംഗരാജാവായി കർണ്ണനെ വാഴിച്ചു."

"എന്നും എന്നെന്നും നിങ്ങൾക്ക് ഞാനാപ്ത മിത്രം' എന്നവൻ ഇരുകൈകളും ഉയർത്തി പ്രതിജ്ഞ തന്നില്ലേ? അതിനുശേഷം കർണ്ണൻ അംഗരാജമുദ്രയുള്ള കി

രീടവും ചെങ്കോലും തിരുവസ്ത്രവും പ്രതീകാത്മകമായി ധരിക്കുന്നുണ്ടെങ്കിലും, അംഗ രാജ്യത്തിലേക്കു അധികാരമുറപ്പിക്കാനുള്ള പടയോട്ടത്തിനൊന്നും ഞങ്ങൾക്കുദ്ദേ ശ്യമില്ല. കൊട്ടാരം ഊട്ടുപുര മാംസമേളയിൽ നാളെ വന്നാൽ, അംഗരാജാവിനൊ പ്പം പൊരിച്ച കാളത്തുട തിന്നാമെന്നു ആ ദരിദ്ര ചാർവാകനോട് പറയൂ. ഇടക്കൊ ക്കെ ഒന്ന് വിളിച്ചു അഭിജാത കൗരവർക്കൊപ്പം വിരുന്നുണ്ണാൻ അവസരം കൊടു ത്താൽ ഒതുങ്ങുന്ന പ്രതിപക്ഷമാണ് ചാർവാകനും. തിരക്കുണ്ട്-അംഗരാജ്യത്തിന്റെ ഒരു പ്രാദേശിക രാജധാനി കുരുവംശ കോട്ടക്കകത്തു പണി പൂർത്തിയാക്കി വേ ണം ഇത്തവണ നവരാത്രി ആഘോഷിക്കാൻ."

2019/10/04

"ദുരൂഹമരണങ്ങൾ രാജശ്രദ്ധയിൽ പെടുത്തിയിട്ടും, അനങ്ങുന്നില്ലല്ലോ ആരും?", കൊട്ടാരം ലേഖിക പുതിയ ഹസ്തിനപുരി രാജാവ് പരീക്ഷിത്തിന്റെ അരമന സർ വ്വാധികാരിയോട് ചോദിച്ചു, "പ്രതിഷേധജ്വാലയുമായി കോട്ടവാതിലിൽ തട്ടണോ പൊതുസമൂഹം?"

"സമാനരീതിയിൽ അഞ്ചുപേരും ഒന്നൊന്നായി കുഴഞ്ഞുവീണു എന്ന കണ്ടെ ത്തലിൽ തുടർ അന്വേഷണത്തിന് രാജാവ് ഇന്നലെ രാത്രി ഉത്തരവിട്ടു. ഭൗതി കാവശിഷ്ടങ്ങൾ മലമുകളിൽ നിന്ന് ഹസ്തിനപുരിയിൽ എത്തിക്കേണ്ട പ്രായോഗിക അസൗകര്യം കണക്കിലെടുത്തു രണ്ടു വൈദ്യശാസ്ത്ര വിദഗ്ദർ നാളെ രാവിലെ യാ ത്ര തിരിക്കും. ജഡങ്ങൾ മറവു ചെയ്ത ഇടം കാണിച്ചുകൊടുക്കാനും മണ്ണ് മാന്തി പുറത്തെടുക്കാനും വഴി നയിക്കാനും നിങ്ങൾ, കൊട്ടാരം ലേഖിക, തന്നെ യോ ഗ്യ എന്ന് രാജാവിന് ബോധ്യമുണ്ട്. അഞ്ചുപേരെയും വിടാതെ പിന്തുടർന്ന് അഭി മുഖം ചെയ്യുകയും മരണമെത്തുന്ന നേരത്തു അരികിലുണ്ടാവുകയും ചെയ്ത അതേ നി ങ്ങൾ, നിങ്ങൾ. ആറാമത്തെയാളുടെ തിരോധാനവും അന്വേഷണത്തിന് വിധേയ മാകും. ഓരോരുത്തരും കുഴഞ്ഞുവീഴുമ്പോൾ തിരിഞ്ഞുനോക്കാതെ കാൽ മുന്നോട്ടു വച്ചയാൾ എന്ന നിങ്ങളുടെ വാർത്ത അതർഹിക്കുന്ന കാഴ്ചപ്പാടിലൂടെ വിദഗ്ധസം ഘം പരിഗണിക്കും. അരമനവാർത്തകൾ അതിശയോക്തിയിൽ അവതരിപ്പിക്കു ന്ന കൊട്ടാരം ലേഖിക ഉടൻ വിദഗ്ധസംഘത്തിനു മുമ്പിലെത്തി പൂർണ്ണ സഹകര ണം കൊടുക്കാനും രാജകൽപ്പന ആവശ്യപ്പെടുന്നു. അനുസരിക്കുക-വഴിയിൽ നി ങ്ങൾ 'കുഴഞ്ഞുവീഴാ' തിരിക്കാൻ."

"പെണ്ണുടൽ തൊട്ടാൽ കുഴഞ്ഞുവീണു മരിക്കുമെന്ന മുനിശാപം നാട്ടിലായാലും കാട്ടിലായാലും ഒരുപോലെ ഫലിക്കില്ലേ? പിന്നെ ചെങ്കൊലൊക്കെ എറിഞ്ഞു പാണ്ഡുവും നിങ്ങളും ധൃതിയിൽ നാടുവിട്ടതെന്തു കൊണ്ടായിരുന്നു?", കൊട്ടാരം ലേ ഖിക കുന്തിയോട് ചോദിച്ചു.

ബ്രഹ്മചര്യം 'ഉറപ്പുവരുത്താ' നുള്ള പിതാമഹന്റെ നീണ്ടകാല രതി പരീക്ഷണ ത്തിൽ, നിത്യവും ഉറക്കറയിൽ നിനക്ക് പങ്കാളിയാവാമോ എന്ന നിർദ്ദേശം വന്ന പ്പോൾ, മൂല്യങ്ങൾ ഉൾപ്പെടെ പലതിലും പുനഃപരിശോധന വേണ്ടിവന്നു. കാശി രാജകുമാരികൾ അംബികയും അംബാലികയും വിധവകളായപ്പോൾ, ബ്രഹ്മചര്യപ രീക്ഷണങ്ങൾ സഹിക്കാനാവാതെ സത്യവതിക്കൊപ്പം പടിവിട്ടിറങ്ങിയതു ഞങ്ങ ളെപ്പോലെ കാട്ടിലേക്കല്ലേ? ശന്തനു മരിച്ചപ്പോൾ, വിധവ സത്യവതി, കിടപ്പറക്കു

ട്ട് എന്ന നിർദേശത്തിനെത്രകാലം വഴങ്ങിക്കൊടുത്തു എന്നറിയാൻ അരമനച്ചുവരുകൾക്കു ചെവിയുണ്ടായിരുന്നു. ഉറക്കറസഹവാസമാണ് ഉന്നമെന്നു പിതാമഹൻ ഇരുകൈകളും ഉയർത്തി പറയുമെങ്കിലും, ഉറക്കത്തിലെന്നപോലെ മേനിതൊടും, തലോടും, വിവസ്ത്രയുമാക്കും. ഒരുമിച്ചു വേണം നിത്യവും കുളിക്കാനെന്നു നിർദ്ദേശിക്കും. അനുസരണയിൽ കവിഞ്ഞൊരു നിഷേധ പ്രതികരണവും പിതാമഹനു സ്വീകാര്യമല്ലെന്നറിയിക്കും. 'വലിയ തമ്പുരാൻ' എന്നൊരു പ്രതിച്ഛായ നിലനിർത്തി, സ്വയം ബ്രഹ്മചാരിയെന്നു ഒച്ചവെച്ചു വിശേഷിപ്പിച്ചിരുന്നെങ്കിലും, കരൾ നിറയെ പുകഞ്ഞുയർന്ന വന്യരതിഭാവനയായിരുന്നു നിസ്സഹായരായ ഞങ്ങളിലൂടെ ആ 'പരീക്ഷണകുതുകി' സാക്ഷാത്ക്കരിച്ചിരുന്നത് കൂടുതൽ പറഞ്ഞാൽ കുരുവംശ ചരിത്രത്തിന്റെ താളം തെറ്റും.

2019/10/06

"അത്താഴവിരുന്നു ബഹിഷ്കരിക്കാൻ മാത്രം എന്തുണ്ടായി? മഹാറാണി സത്യവതിയുടെ ജന്മദിനാഘോഷമല്ലേ? മഹാറാണി സ്വയം വിളമ്പിത്തന്ന മധുരം തൊട്ടുനോക്കാതെയാണല്ലോ നിങ്ങൾ എഴുന്നേറ്റു പോയത്?" പാണ്ഡു മാതാവായ അംബാലികയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"സത്യവതി വിളമ്പിക്കൊടുത്ത പാൽ കുടിച്ചായിരുന്നില്ലേ ശന്തനു അന്ത്യശ്വാസം വലിച്ചതെന്നു തോഴികൾ പറഞ്ഞതൊന്നും ഞാൻ മറന്നിട്ടില്ല. മക്കൾ ചിത്രാംഗദനും വിചിത്രവീര്യനും ജീവൻ വെടിഞ്ഞത് അസ്വാഭാവിക കാരണങ്ങളാൽ ആയിരുന്നു. തീൻശാലയിൽ എന്നെയും അംബികയെയും സത്യവതി അടുപ്പിക്കാറില്ല. വൃദ്ധശന്തനു വാക്കാൽ കൊടുത്ത ഉറപ്പു പാലിക്കാതെ വന്നപ്പോൾ, സത്യവതി വിഷത്തുള്ളി പാലിൽ കലക്കി കുടിപ്പിച്ചായിരുന്നു ആ ദുർമരണങ്ങൾ. ഭീഷ്മർ സ്വയം അസ്വാഭാവികമരണത്തിൽ നിന്ന് രക്ഷപ്പെട്ടയാളല്ലേ? കൃപാചാര്യൻ പറയും, സ്വച്ഛന്ദമൃത്യുവാണ് പിതാമഹനെന്ന്. അത്തരം അതീതസൗഭാഗ്യങ്ങളെ കുറിച്ചൊന്നും മനുഷ്യപുത്രിയായ എനിക്കറിയാൻ വയ്യ. എന്നാൽ ഒന്നറിയുന്നു. സത്യവതിയുടെ നിഴൽ ഹസ്തിനപുരി കൊട്ടാരത്തിൽ കണ്ടാൽ, അന്നവിടെ ഒരസ്വഭാവിക മരണം ഉറപ്പ്."

ഒരിക്കൽ സുന്ദരിയായിരുന്ന അംബാലിക മനോരോഗിയെ പോലെ പകച്ചു നോക്കിയും പിറുപിറുത്തും ചുറ്റും സംശയത്തോടെ പരതി. ജാലകത്തിന്നപ്പുറത്തു സത്യവതി പുത്രവിധവയെ ശിരോവസ്ത്രം കൊണ്ട് മുഖം മറച്ചു നിരീക്ഷിക്കുന്നത് കൊട്ടാരം ലേഖികക്ക് ഒളിനോട്ടത്തിലൂടെ കാണാമായിരുന്നു.

2019/10/07

"കടന്നാക്രമണത്തിനു മുതിർന്നരെ ചെറുക്കാൻ സൈനികമേധാവിത്വത്തിനു ധീരനേതൃത്വം നൽകിയ രാജകുമാരനെ 'കുരുവംശദാസൻ' എന്ന വിശിഷ്ടപദവിയിലേക്കുയർത്തുവാൻ ഉന്നതാധികാരസമിതി തീരുമാനിച്ചു എന്ന് കേട്ടല്ലോ", കൊട്ടാരം ലേഖിക പ്രതിരോധമന്ത്രാലയത്തിന്റെ സ്വതന്ത്ര ചുമതല വഹിക്കുന്ന ഭീമനോട് ചോദിച്ചു. കൗരവരാജവിധവകൾക്കുള്ള ധാന്യവും വസ്ത്രവും നേരിട്ടെത്തിച്ചു മടങ്ങിവരികയായിരുന്നു ഭരണകൂട അധികാരശ്രേണിയിലെ രണ്ടാമൻ.

“പൊതുജീവിതത്തിലെ അഭിമാന നിമിഷം. ഒരാഴ്ചമുമ്പ് ഞാൻ ദുര്യോധനന്റെ അന്ത്യവിശ്രമ സ്ഥലിയിൽ പോയി ഏകനായി ശ്രമദാനം ചെയ്തു. കല്ലും കരടുമൊക്കെ നീക്കി തിരികത്തിച്ചു. കുലദ്രോഹികളിൽ നിന്ന് കുരുവംശത്തെ രക്ഷിക്കാൻ കുരുക്ഷേത്രയിൽ സ്വയം കുരുതികൊടുത്ത വീരനായകൻ ആരോരുമറിയാതെ കിടക്കുന്നതെന്റെ കരൾ നോവിച്ചു. അടുത്ത ഭരണസമിതിയോഗത്തിൽ അവതരിപ്പിച്ച നിർദ്ദേശങ്ങൾ പൂർണ്ണമായും യുധിഷ്ഠിരൻ അംഗീകരിച്ചതനുസരിച്ച വിശുദ്ധപദവിയിലേക്കുള്ള ആദ്യഘട്ട ഔദ്യോഗിക പ്രഖ്യാപനം ഉടനെ ഉണ്ടാവും. കുരുവംശദാസൻ എന്ന പദവി അർത്ഥമാക്കുന്നത് എന്താണെന്നോ? പരേത പോരാളിയുടെ എളിമയും സ്വഭാവ പരിശുദ്ധിയും അല്ലാതെ മറ്റെന്ത്? അടുത്ത ഘട്ടത്തിൽ കൗരവരാജ വിധവകളെ ഉൾപ്പെടുത്തി കുടുംബയോഗത്തിൽ “അവൻ ഞങ്ങൾക്ക് അഭിവന്ദ്യൻ” എന്ന അപൂർവ്വ പട്ടം നൽകുമെന്നു നിങ്ങൾ കേട്ടതും വസ്തുതയാണ്. പൊതുവേദിയിൽ രാഷ്ട്രത്തലവൻമാരുടെ സാന്നിധ്യത്തിൽ, എല്ലാവരും എഴുന്നേറ്റു നിന്ന് കൈകൊട്ടി “പോർക്കളത്തിൽ നീ ഞങ്ങൾക്ക് വഴികാട്ടി, നീ ഗംഗാതടത്തിൽ വാഴ്ത്തപ്പെട്ടവൻ” എന്ന പദവി നൽകി ആദരിക്കും. കോട്ടവാതിലിനു പുറത്തു ദുര്യോധനന്റെ പഞ്ചലോഹ പൂർണ്ണകായപ്രതിമ അനാച്ഛാദനം ചെയ്യും. ദുര്യോധനദാസൻ എന്ന് രാഷ്ട്രത്തിനു മുന്നിൽ കിരീടാവകാശി പരീക്ഷിത്ത് സ്വയം സമർപ്പിക്കുന്നതോടെ, കൃതജ്ഞതയുടെ ഒരു പണത്തൂക്കം എന്ന നിലയിൽ ഈ കൊല്ലത്തെ തിരശ്ശീല വീഴും, നീണ്ട ആഘോഷപരിപാടിയുടെ ഔദ്യോഗിക ഏകോപനം സ്വാഭാവികമായും മഹാറാണി പാഞ്ചാലിയുടെ അധികാരപരിധിയിൽ ആയിരിക്കും. ഇനി എന്നെ പോകാൻ അനുവദിക്കൂ.”

2019/10/08

“അഭിനിവേശമായിരുന്നുവോ? അതോ, മൃദുലവികാരമില്ലാത്തൊരു രതിവേട്ടക്കാരനായിരുന്നുവോ?” കൊട്ടാരം ലേഖിക ചോദിച്ചു. പ്രതിനായക അന്ത്യവിശ്രമ സ്ഥലിയിൽ പുഷ്പാർച്ചന ചെയ്തു പാഞ്ചാലി കൊട്ടാരത്തിലേക്കു മടങ്ങുന്ന സന്ധ്യ.

“ദുരനുഭവ പട്ടികയിൽ ഇനിയുമുണ്ടോ എണ്ണിയെണ്ണി ഓർമ്മിക്കുവാൻ എന്ന് നിങ്ങൾ ചോദിച്ചപ്പോൾ പഴയ വസ്ത്രാക്ഷേപം ആവർത്തിക്കാൻ മാത്രം നിഷ്കളങ്കയല്ലല്ലോ ഞാൻ. നവവധുവെന്ന നിലയിൽ പാണ്ഡവരുമൊത്തു ഹസ്തിനപുരിയിൽ താമസിക്കാൻ കൗരവർ അനുവദിച്ചത് നഗരാതിർത്തിയിലെ അതിഥിമന്ദിരമായിരുന്നു. കുന്തി വിദുരർക്കൊപ്പം കൂടി. പ്രഭാതഭക്ഷണം പാചകം ചെയ്തു കഴിച്ചാൽ പാണ്ഡവർ അരമനയിലേക്കെന്നു പറഞ്ഞു പടിയിറങ്ങിപ്പോവും. അപ്പോൾ കാണാം, രാജവസ്ത്രങ്ങൾ ധരിച്ച ദുര്യോധനൻ. എവിടെ നിന്നോ എങ്ങോട്ടോ ഔദ്യോഗികാവശ്യങ്ങൾക്കായി പോവുന്നതിനിടയിൽ ആജ്ഞ സ്വീകരിക്കാൻ തൊട്ടരികെ നിറഞ്ഞു നിൽക്കും. ആസ്വാദ്യകരമായി ആലിംഗനം ചെയ്യും. പിൻകഴുത്തിൽ മുഖം അമർത്തിപ്പിടിക്കും. ഗന്ധം ഇഷ്ടമാണെന്നു പറയും. മൃദുവിരലുകൾക്കപ്പോൾ പര്യവേഷണത്തിനു പെണ്ണുടൽ ഉപാധിയില്ലാതെ അനുമതി നല്കിയിട്ടുണ്ടാവും. അതിഥിമന്ദിരത്തിന്റെ ആഡംബരവും സ്വകാര്യതയും തണൽമരക്കൂട്ടങ്ങളുടെ നിഴലും, അത് പോലെ തനിമയോടെ കണ്ടിട്ടുണ്ടെങ്കിൽ, അജ്ഞാത വാസക്കാലത്തു വിരാടസേനാപതി കീചകനിലായിരുന്നു. കൊതിപ്പിച്ചു വന്ന ആ യുവകോമളന്റെ നെഞ്ചിൽ കയറിയിരുന്നു വായും മൂക്കും കുത്തിപ്പിടിച്ചു ഭീമൻ കൊന്നത് എന്റെ മുമ്പിൽ വച്ചായിരുന്നു.

പാപം ചെയ്ത ഭീമഹസ്തങ്ങൾക്കെന്റെ ശരീരം സ്പർശനാനുമതി എന്നെന്നേക്കുമായി നിഷേധിച്ചു. എന്നിട്ടും ആ ശിക്ഷ പോരാ, പോരാ എന്നെനിക്കു പിന്നെയും പിന്നെയും തോന്നി."

"കർമ്മനിരതരാവേണ്ട പാണ്ഡവർ കയ്യും കെട്ടി നിൽക്കുന്ന അസാധാരണ കാഴ്ച!. ഭക്ഷണമുണ്ടായിട്ടും എന്താണവർ കാത്തിരിക്കുന്നത്?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. ജാലകത്തിലൂടെ കാണാമായിരുന്നു, വിട്ടുവീഴ്ചയില്ലാത്ത പാണ്ഡവ മുഖഭാവങ്ങൾ.

"പതിവിനു വിരുദ്ധമായി ഞാൻ അക്ഷയപാത്രത്തിൽ കയ്യിട്ടുവാരി ആദ്യ ഉരുള കഴിക്കണം എന്ന് യുധിഷ്ഠിരൻ ശാഠ്യം പിടിക്കുന്നു. അവരയറിയാതെ ഞാനതിൽ പാമ്പുംവിഷം ചേർത്തിട്ടുണ്ടാവുമെന്നു സന്യസ്ഥൻ മുന്നറിയിപ്പ് കൊടുത്തു എന്നാണറിയുന്നത് ആരാദ്യം വായിലിടും ആദ്യ ഉരുള എന്ന കഠിന ചോദ്യമാണവർ എന്നെക്കൊണ്ട് ഉത്തരം പറയിപ്പിക്കുന്നത് പിടി അയഞ്ഞു എന്ന് വരാതെ ഞാൻ ചെറുക്കുന്നതും അതുതന്നെ. ഇതൊരു വിശപ്പടക്കൽ സമരമല്ല ജീവന്മരണ പ്രശ്നമാണ്."

2019/10/09

"ഇനിയെങ്കിലും പാഞ്ചാലിക്ക് മോചനം കൊടുക്കൂ. വേണമെങ്കിൽ ഞാൻ നിങ്ങളുടെ അടിമയാവാം", ദുര്യോധനന് മുമ്പിൽ കൊട്ടാരം ലേഖിക മുട്ടുകുത്തി കൈ കൂപ്പി.

"ഏകശിലാദാമ്പത്യജീവിതം നയിക്കുന്ന എന്നെ ലൈംഗികമായി പ്രലോഭിപ്പിച്ചത് തൽക്കാലം വിടുന്നു. പരിഷ്കൃതസമൂഹമെങ്കിലും, വ്യവസ്ഥാപിത അടിമവ്യവഹാര നിയമത്തിന്റെ അന്തഃസത്തയെ അധിക്ഷേപിക്കുന്ന അഭിമുഖങ്ങൾ ചുവരെഴുത്തു പതിപ്പുകളിൽ അരുത് എന്ന് താക്കീതു തരുന്നു. ആവർത്തിച്ചാൽ, ഇനിയൊരു മുന്നറിയിപ്പിന് സാധ്യത ഇല്ലാതെ, വിസർജ്ജന ഇടങ്ങളിൽ നിന്നും ജൈവമാലിന്യം നീക്കുന്ന പണി ഏല്പിക്കുക 'ഹസ്തിനപുരി പത്രിക'യെ ആയിരിക്കും."

"ഊഷ്മളമായിരുന്നുവോ ഗുരുശിഷ്യ പാരസ്പര്യം?", കൊട്ടാരം ലേഖിക ചോദിച്ചു. പാഞ്ചാലനെ ബന്ദിയാക്കി അർജ്ജുനൻ ദ്രോണർക്കു 'ഗുരുദക്ഷിണ' കൊടുക്കുന്ന ചടങ്ങു കഴിഞ്ഞ നേരം.

"കുന്തിയുമൊത്ത് അഭയാർത്ഥികളായി ഹസ്തിനപുരിയിൽ വരുമ്പോൾ, കൗരവർ ആധിപത്യം സ്ഥാപിക്കാത്ത ഇടമില്ലായിരുന്നു. കൗശലപൂർവ്വം പക്ഷം ചേർന്ന് ദ്രോണർ അരമന പോലൊരു വസതി തട്ടിയെടുത്തു. കാട്ടിൽ വളർന്ന പാണ്ഡവർ വന്യമൃഗങ്ങളുടെ കഴുത്തു കടിച്ചുമുറിച്ച് ചുടുചോര ഊറ്റി കുടിക്കുമെന്നൊക്കെ കൗരവർ പൊലിപ്പിച്ചിരുന്നത് ദ്രോണർ മുഖവിലക്കെടുത്തു. ഏകലവ്യനോടെന്നപോലെ, ഞങ്ങളുടെ തള്ളവിരലും ഗുരുദക്ഷിണയായി ഭാവിയിൽ മുറിച്ചു മേടിക്കുമെന്നായപ്പോൾ, രണ്ടും കല്പിച്ച് ദ്രോണചെവിയിൽ യുധിഷ്ഠിര ജന്മരഹസ്യം ഉച്ചരിച്ചു. ധർമ്മിഷ്ഠനെന്നു മേനി പറഞ്ഞിരുന്ന യുധിഷ്ഠിരൻ മരണദേവതയുടെ ഇഷ്ടസന്തതിയാണെന്നറിഞ്ഞപ്പോൾ കാണണമായിരുന്നു ആ മുഖം. പെട്ടെന്ന് കഥ മാറി. അഞ്ചു പാണ്ഡവരെയും കണ്ടാലുടൻ പുഞ്ചിരിയും പാരസ്പര്യവുമായി."

2019/10/10

"രാവിലെ നിങ്ങൾ ചക്രവർത്തിനി, സന്ധ്യക്ക് പണയവസ്തു,ഇപ്പോൾ കൗരവഅടിമ. മനം നൊന്തു ആത്മഹത്യ ആലോചിച്ചുവോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"അതിനുമുമ്പ് ചെയ്യേണ്ട ചില നരഹത്യകൾ ബാക്കിയുണ്ട്."

"വിരാടമാക്രമിച്ച നാൽക്കാലികളെ തട്ടിയെടുക്കാൻ മാത്രം മാംസക്ഷാമം ഹസ്തിനപുരിയിൽ ഉണ്ടായിരുന്നോ?", കൊട്ടാരം ലേഖിക ചോദിച്ചു. ബൃഹന്നള ഒറ്റയ്ക്ക് തോൽപ്പിച്ച കൗരവസൈന്യം തിരിച്ചുവരുന്ന സമയം.

"മഹായുദ്ധമല്ലേ വരുന്നത്? സ്വത്തുതർക്കമെന്നു നിങ്ങൾ പറയും. കൗരവ നന്മക്കെതിരെ പാണ്ഡവ തിന്മ എന്നു ഞങ്ങളും. ശത്രുഹൃദയത്തിലേക്കു കുന്തം എറിയേണ്ട കൗരവപോരാളികൾ യുദ്ധവീര്യത്തിനു കഴിക്കേണ്ടത് ധാന്യക്കഞ്ഞിയോ മാട്ടിറച്ചിയോ? തോൽവിസാധ്യത അറിഞ്ഞിട്ടും, പോഷകാഹാര ലക്ഷ്യം അടിവരയിട്ടുന്നി, തീൻശാലയിൽ എന്നെന്നും മാംസഭക്ഷണം വിളമ്പാൻ മോഹിക്കുന്ന മനുഷ്യവംശത്തിനു എന്തോ മഹത്തായ സൂചന ഈ നാൽക്കാലി യുദ്ധം തരുന്നില്ലേ?"

2019/10/11

"അവൾ രഹസ്യ നിരീക്ഷണത്തിനു വിധേയ? പ്രതിഷേധിച്ചില്ലേ? പരിത്യാഗികളല്ലേ നിങ്ങൾ? അതോ, എരിയുന്നുണ്ടോ നിങ്ങളിലും പ്രണയഹൃദയം?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഞാനൊരംഗപരിമിതനെന്ന കാര്യം ഓരോ അക്ഷരം ഉച്ചരിക്കുമ്പോഴും ഓർക്ക. ഇരുന്നു ചെയ്യാവുന്ന ജോലിയാണ് ഗുരു തന്നത് തുറന്ന ജാലകത്തിലൂടെ നോട്ടം പുറത്തേക്കു തിരിയും. കാഴ്ച തടസ്സപ്പെടാത്ത പാണ്ഡവാശ്രമത്തിൽ പാഞ്ചാലിയുടെചലനത്തിനായി ഹൃദയം തുടിക്കും. കുളി കഴിഞ്ഞു ഈറൻ തുണികൾ ഉണക്കാൻ ഇടുന്നതോടെ കാഴ്ച മറയും. അപ്പോൾ അസ്വസ്ഥനാവും. വൈകുന്നേരം ഉണങ്ങിയ തുണികൾ എടുക്കാൻ പാഞ്ചാലി വരുമ്പോൾ, തുടിക്കുന്ന നെഞ്ചുമായി ഞാനവളെ തുറിച്ചു നോക്കും. അവൾ എന്നെ കാണാറുണ്ടോ? ഉണ്ടെന്നു ആരാധനയോടെ സങ്കൽപ്പിക്കും. പാണ്ഡവരിലൊരാൾ സംശയത്തോടെ വന്നു ആശ്രമങ്ങൾക്കിടയിലെ വേലിക്കെട്ടു കൂട്ടിയിടുമ്പോൾ ഞാനാകെ തളരും. അഞ്ചു ബലിഷ്ഠകായന്മാർ അവളിൽ ശാരീരികാധിപത്യം പുലർത്തുന്നത് എന്നെ വേട്ടയാടും. ഈശ്വരാ എന്തെല്ലാം പരീക്ഷകൾ നീ പാഞ്ചാലിക്ക് കൊടുത്തിട്ടും, ചിന്നിച്ചിതറാതെ അവൾ പിടിച്ചുനിൽക്കാൻ, അപാരതയോടു ഞാനപ്പോൾ പ്രാർത്ഥിക്കും."

"പൗരാവകാശങ്ങളില്ലെങ്കിലും, തൊഴിൽ ചെയ്തു ജീവിക്കാൻ അവർക്കവസരം കൊടുത്തുകൂടെ? നാട് കടത്തേണ്ട കാര്യമെന്താണ്?", കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

"ജനരോഷം അസഹ്യമായാൽ? നഗരമുണരും മുമ്പവർ മുഖാവരണമണിഞ്ഞു ഒളിച്ചോടുന്നത് പ്രഭാതസവാരിക്കു പോയ ജനം കണ്ടതല്ലേ? ഉത്തരവാദിത്തം മറന്നു പൊതുമുതൽ പണയം വെച്ചവർ ചൂതാടിയതു ആദ്യ കുറ്റം, കൂടെ പൊറുക്കുന്നവളെ പണയം വച്ചതു സ്ത്രീത്വത്തോടുള്ള അവഹേളനം. പാഞ്ചാലിയുടെ പെരുമാറ്റവും ജനത്തെ വിറളി പിടിപ്പിച്ചു. ആണുങ്ങൾക്ക് മാത്രം പ്രവേശനം അനുവദിച്ചിരുന്ന ചൂതാട്ടസഭയിൽ, അല്പവസ്ത്രയായി വന്നു പ്രകോപനപരമായ കർമ്മകാണ്ഡത്തിലൂടെ

പൂർണ്ണവിവസ്ത്രയായതു വഴി പാഞ്ചാലി പ്രകടിപ്പിച്ച ലൈംഗിക അരാജകത്വം പരിഷ്കൃത സമൂഹമായ ഹസ്തിനപുരിക്ക് അപമാനമെന്ന് തെരുവോരങ്ങളിൽ പ്രതിഷേധജ്വാല നിങ്ങൾ കണ്ടില്ലേ?"

2019/10/14

"തിരുശേഷിപ്പിൽ ധൂപാർച്ചന ചെയ്യാൻ നിയോഗം നിങ്ങൾക്കായിരുന്നല്ലേ? അഭിനന്ദനങ്ങൾ. എങ്ങനെ കാണുന്നു പരേത യോദ്ധാവിനെ ധീരനായകപദവിയിലേക്കുയർത്തിയ പരിപാവനചടങ്ങിൽ, ആദ്യാവസാനം പങ്കെടുത്ത നേരനുഭവം?" കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

"യുദ്ധത്തിൽ അവൻ കൊല്ലപ്പെട്ടു എന്നതൊരു കെട്ടുകഥയെന്നു തെളിഞ്ഞ ദിനം. ആദ്യമൊക്കെ ഞാനും അന്ധാളിച്ചു. ഗാന്ധാരിക്ക് മുമ്പിൽ, കുരുക്ഷേത്രക്കുശേഷം, ഭീമൻ ദുര്യോധനവധം അത്രമാത്രം ഇളകിയാടിയിരുന്നു. തിരുശേഷിപ്പുകൾ നോക്കിയോ? ജീവൻ തുടിക്കുന്ന പോലെ? അതുകൊണ്ടെന്തുണ്ടായി, ധാന്യമണി മുതൽ കരിംപാറക്കെട്ടുകൾ വരെ, വ്യത്യസ്ത മാധ്യമങ്ങളിൽ ഹസ്തിനപുരിയാകെ വീരനായകപദവി ആലേഖനം ചെയ്യാൻ കരകൗശല വിദഗ്ധർക്ക് വർഷം മുഴുവൻ അവസരം നൽകുന്ന തൊഴിലുറപ്പ് പദ്ധതി മഹാറാണി പാഞ്ചാലി പ്രഖ്യാപിച്ചതോടെ, ഞാൻ ശിരസ്സ് നമിച്ചു. അവൻ ഞങ്ങൾക്ക് പ്രിയൻ, എന്നും എന്നെന്നും."

2019/10/15

"ഇതെന്താ ശിരസ്സിൽ?", വനാശ്രമത്തിലെ മൂലയിൽ എരിപൊരി കൊള്ളുന്ന യുധിഷ്ഠിരനെ നോക്കി കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"രാജശിരസ്സ് നഗ്നമായിക്കൂട എന്ന് ദുര്യോധനൻ അറിയിച്ചപ്പോൾ, ഞങ്ങൾ തട്ടിക്കൂട്ടിയ മുൾക്കിരീടം. ഇരുമ്പാണി കൊണ്ടുള്ള കിരീടം ഹസ്തിനപുരിയിൽ നിന്ന് കിട്ടിയാൽ മുൾക്കിരീടം മാറ്റും."

"ഇതാണോ നിങ്ങൾ എഴുതിയുണ്ടാക്കിയ മുഖ്യ വാർത്ത? ഇതിൽ പാഞ്ചലിക്കനുകൂലമായ പ്രതിരോധത്തിന്റെ ഭാഷ എവിടെ? ഇതിൽ കാണുന്നത് അവൾക്കു നേരെയുള്ള ലൈംഗികാതിക്രമത്തിനുള്ള പരോക്ഷ പ്രോൽസാഹനമല്ലേ?" 'ഹസ്തിനപുരി പത്രിക' മേധാവി കൊട്ടാരം ലേഖികയോട് ചോദിച്ചു.

"ഒരു ചൂതാട്ടസന്ധ്യയിൽ അധികാര സമവാക്യം പൂർണമായി മാറിയാൽ പിന്നെ ലേഖികയുടെ മനോഭാവവും കൂട്ടത്തിൽ സ്വാഭാവികമായി മാറില്ലേ? വേതനം പരിഷ്കരിക്കാതെ കൊട്ടാരത്തിണ്ണ നിരങ്ങാൻ ഞങ്ങളെ കയറൂരി വിടുമ്പോൾ അറിയണ്ടേ, ഇങ്ങനെ കുറുമാറ്റം ഞങ്ങൾക്കും ഉണ്ടാവും?"

2019/10/16

"മാടമ്പിയായിട്ടും മുഖമിനിയും തെളിഞ്ഞില്ലേ?", കൊട്ടാരം ലേഖിക ചോദിച്ചു.

"പാടുപെട്ടു യുദ്ധം ജയിച്ചവർക്ക് കിട്ടേണ്ടതൊക്കെ ഹസ്തിനപുരിയിൽ കിട്ടിയോ? ഭീമൻ ഭീഷണിപ്പെടുത്തിയിട്ടും ധൃതരാഷ്ട്രർ ചെങ്കോൽ കൈവിടുന്നില്ല. ശന്തനുവിന്റെ കാലം മുതലുള്ള അപൂർവ്വ രത്നശേഖരം തിരയാൻ ഭൂമിയിലും ഭൂഗർഭത്തി

ല്യം ഇനി ഇടമില്ല. ദുര്യോധനൻ അതെവിടെ ഒളിപ്പിച്ചു? കൗരവർ കുരുക്ഷേത്രയിൽ കൊല്ലപ്പെട്ടതോടെ അവരുടെ നൂറോളം രാജവിധവകളും, പുത്രവിധവകളും ഞങ്ങൾക്കടിമകളാവണം, എന്നാൽ വഴങ്ങാൻ അവർ തയ്യാറല്ല. പാതിരാവിൽ ഞങ്ങളവരെ കുടിയൊഴിപ്പിച്ചു. വഴങ്ങിയില്ല. പുനരധിവാസകേന്ദ്രത്തിൽ ആയുഷ്ക്കാല സൗജന്യ ഭക്ഷണലഭ്യത വാഗ്ദാനം ചെയ്തു. വഴങ്ങുന്നില്ല. നിത്യവും ഇങ്ങനെ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു നവ പാണ്ഡവ ഭരണകൂടത്തെ നിങ്ങൾ വഴിമുട്ടിച്ചാൽ പിന്നെ മുഖം തെളിയുമോ?"

2019/10/17

"ഒരാരാധകനെ പോലെ പാഞ്ചാലിയെ അകന്നു നിന്ന് നോക്കിയാൽ, നിങ്ങൾക്ക് ഒറ്റനോട്ടത്തിൽ കാണാവുന്ന ആകർഷകത്വം വായനക്കാരുമായി പങ്കിടാമോ?", കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

"അകന്നു നിന്ന് മാത്രമല്ല, തൊട്ടടുത്തുനിന്നു നോക്കാനും ആരാധകപദവി മാത്രമേ എനിക്കവൾ തന്നിട്ടുള്ളു."

2019/10/20

"വിശ്വസ്തത എന്നൊരു പുതു ആശയം കൗരവരാജവധുക്കൾ ഈയിടെയായി മുന്നോട്ടു വക്കുന്നുണ്ട്. ഹസ്തിനപുരി പോലൊരു യാഥാസ്ഥിതിക സമൂഹത്തിൽ, കൗരവ പ്രോൽസാഹനത്തിലൂടെ, പാണ്ഡവരെ ആക്രമിക്കാനും വിലകുറച്ച് കാണാനും ഒക്കെയാണത് രൂപകൽപ്പന ചെയ്തിരിക്കുന്നത് മറയില്ലാതെ ആയുധമാക്കുന്നതു നിങ്ങളും ശ്രദ്ധിച്ചിട്ടുണ്ടാവും. ഇത്തരം സമസ്യകളെ ഒരു പരിഷ്കൃതവനിത എന്ന നിലയിൽ നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"മത്സര വിജയിയെയാണ്, പ്രണയിയെയല്ല ഞാൻ വിവാഹം കഴിച്ചത് നാലു പാണ്ഡവരെ വെറുതെ കിട്ടി. അവരഞ്ചുപേർക്കും വിശ്വസ്തത ഉറപ്പു കൊടുത്തിട്ടില്ല. പാണ്ഡവരുടെ വിവാഹേതര ആനന്ദ സ്രോതസ്സുകൾ കളങ്കപ്പെടുത്താൻ ഞാൻ ശ്രമിക്കാത്തത് പോലെ, എന്റെ അന്തർമണ്ഡലങ്ങളിൽ അവരും അതിക്രമിച്ചു കയറാൻ ധൈര്യപ്പെടുകയില്ല എന്നത് മാത്രമാണ് ദാമ്പത്യധാരണ."

"ആരുടെ ഓർമ്മക്കായാണ് നിങ്ങൾ ഈ ഉച്ചസമയത്തു മൺചെരാതുകളിൽ തിരികൊളുത്തി പ്രാർത്ഥിക്കുന്നത്?", യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ജന്മനാടിന്റെ അഖണ്ഡതക്ക് വെല്ലുവിളിയായി, എവിടെ നിന്നോ വലിഞ്ഞു വന്ന അർദ്ധസഹോദരർക്കെതിരെ ജീവകാലം മുഴുവൻ പ്രതിരോധിച്ചും, സമരമുഖം തുറന്നും, നയതന്ത്രചർച്ചകൾ പരാജയപ്പെട്ടപ്പോൾ മാത്രം കായികബലത്തിലൂടെ അവസാനചോരത്തുള്ളി വീഴും വരെ പോരാടി ജീവത്യാഗം ചെയ്ത ധീരദേശാഭിമാനി ദുര്യോധനന്റെ ജ്വലിക്കുന്ന ഓർമ്മക്ക്." നകുലനും സഹദേവനും യുധിഷ്ഠിരതോളിൽ കൈകൾ അമർത്തിപ്പിടിച്ചുയർത്തി കോട്ടവാതിലിനുള്ളിലെ കൊട്ടാരക്കെട്ടിലേക്കു കൊണ്ടുപോവുമ്പോൾ തിരിഞ്ഞുനോക്കി ഖേദസ്വരത്തിൽ കൊട്ടാരം ലേഖികയോട് മന്ത്രിച്ചു, "ഇടയ്ക്കിടെ ഇങ്ങനെ വിങ്ങിപ്പൊട്ടും, പരിസരബോധവും കുറഞ്ഞു. യുധിഷ്ഠി

രന് മറവിരോഗമെന്നൊക്കെ 'ഹസ്തിനപുരി പത്രിക' യിൽ പൊലിപ്പിച്ചെഴുതി യുദ്ധാനന്തര പാണ്ഡവഭരണത്തെ വരുംതലമുറകൾക്കു മുമ്പിൽ പാഴ്വാക്കാക്കരുതേ."

2019/10/21

"പുതുതായെന്തു രാജ്യതന്ത്രപാഠങ്ങൾ പിതാമഹനിൽ നിന്ന് ചൊല്ലിക്കേൾക്കാനാണ്, നിയുക്ത മഹാരാജാവ് യുധിഷ്ഠിരൻ നിത്യവും രാവിലെ കുരുക്ഷേത്രയിലെ ശരശയ്യയിലേക്കു മിന്നൽ സന്ദർശനം?", കൊട്ടാരം ലേഖിക കൃപാചാര്യരോട് ചോദിച്ചു. "ഒരു വയർ അന്നം തരൂ" എന്ന് കൗരവരാജവിധവകൾ വിലപിച്ചു കൊണ്ടിരുന്ന പ്രഭാതം. യുദ്ധാനന്തര ഹസ്തിനപുരി.

"ഒരു ദശാബ്ദത്തോളം ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായിരുന്നപ്പോൾ, പെരുമാറ്റച്ചിട്ടയുടെ ബാലപാഠങ്ങൾ അറിയാത്തതു കൊണ്ടായിരുന്നു, കൂടെ പൊറുക്കുന്നവളെ പ്രതിയോഗിക്കു പണയം വച്ചു ചൂതാടാൻ യുധിഷ്ഠിരന് കഴിഞ്ഞതെന്ന്, സ്വീകരണയോഗത്തിൽ പാഞ്ചാലി പറഞ്ഞത് യുധിഷ്ഠിരനെ മുറിപ്പെടുത്തി. യുദ്ധക്കെടുതിയിൽ കുരുക്ഷേത്രവിധവകൾ പെടാപ്പാടു പെടുമ്പോഴും, സ്ത്രീനീതിയുടെ ബാലപാഠം പഠിച്ചിട്ടുമതി ധൃതരാഷ്ട്രരിൽ നിന്ന് ചെങ്കോൽ സ്വീകരിക്കുക എന്ന് പാഞ്ചാലി ചൂണ്ടുവിരൽ ഉയർത്തിയപ്പോളാണ്, മരണം കാത്ത് ശരശയ്യയിൽ നീണ്ടുനിവർന്നു കിടക്കുന്ന പ്രസിദ്ധ സ്ത്രീവിരുദ്ധനിൽ നിന്ന് "വിവേകചൂഡാമണി" പെറുക്കാൻ പോർക്കളത്തിലേക്കു കുതിച്ചുപായുന്നതു. കാഴ്ചകൾ തുടങ്ങിയിട്ടേ ഉള്ളൂ."

2019/10/22

"അഞ്ചുപേരിൽ നിങ്ങൾക്കൊരു 'പ്രിയപ്പെട്ടവൻ' ഉണ്ടോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"അവിഹിതങ്ങൾ തേടി മറ്റുള്ളവർ പടിവിട്ടിറങ്ങിയപ്പോൾ, ഭാവി പ്രവചിക്കുന്ന സഹദേവൻ എന്നോടൊപ്പം നീന്തി കൊടിയ വേനൽ അതിജീവിക്കാൻ തുണച്ചു. മൂത്ത മകനാവാനുള്ള പ്രായമേ അവനുണ്ടായിരുന്നുള്ളൂ എങ്കിലും ആ പരിലാളന എന്നെ വിസ്മയിപ്പിച്ചു. തിരയിളക്കമുള്ള കണ്ണുകളിൽ നോക്കാൻ എനിക്ക് ഭയമായി, കാരണം അതിൽ നിഴലിച്ച ദൃശ്യങ്ങൾ അശാന്തമായ ഭാവിയെ കുറിച്ചായിരുന്നു. എന്നാൽ മറ്റു നാലു പാണ്ഡവർ? അവരെനിക്കോർമ്മിക്കാൻ തന്നത് അഭിശപ്തമായ ഭൂതകാലവും."

"അനുഗ്രഹമൊന്നും വാങ്ങിച്ചില്ലേ?", ഭീമഗദയുടെ പ്രഹരശേഷിയിൽ തുടയൊടിഞ്ഞു വീണ ദുര്യോധനനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"എന്തിനു ഒരൗപചാരിക അനുഗ്രഹത്തിൽ ഒതുക്കുന്നു വിജയസാധ്യത? രണ്ടു പ്രാവശ്യം 'അന്ധപിതാവ്' ചെങ്കോൽ നീട്ടുന്നതും, ഞാനതു ചാടി പിടിക്കും മുമ്പ് തന്നെ പിൻവലിക്കുന്നതും കണ്ട ഗാന്ധാരി തത്സമയം കുടുകുടെ ചിരിക്കുകയായിരുന്നില്ലേ? ആയുഷ്കാലം അന്ധത നടിച്ചു നൂറു മക്കളെയും തരം പോലെ കബളിപ്പിച്ചു എന്ന തിരിച്ചറിവോടെ രണ്ടും കൽപ്പിച്ചാണ് പടിയിറങ്ങിയത് യുദ്ധം ജയിച്ചിരുന്നെങ്കിൽ എന്നോ? വടക്കൻ മലകളിലേക്കു വനവാസത്തിനയക്കുമായിരുന്നു."

2019/10/23

"പോർക്കളവും ഊട്ടുപുരയും കൗരവനിയന്ത്രണത്തിലായിരുന്നിട്ടും അടിതെറ്റി വീഴാൻ നിങ്ങൾ എവിടെ പിഴച്ചു?" കൊട്ടാരം ലേഖിക ചോദിച്ചു. ചുണ്ടു പിളർത്തി ദുര്യോധനൻ ദാഹജലം യാചിച്ചിരുന്ന ഇരുണ്ട സന്ധ്യ. പാണ്ഡവ സംഘം ആർത്തു വിളിച്ചു ആടിപ്പാടി പാളയത്തിലേക്ക് നീങ്ങുന്നത് കാണാമായിരുന്നു.

"തൽപരകക്ഷികളുടെ ദുഷ്പ്രചരണം നിസ്സാരമായിരുന്നോ? കൗരവർ കുതന്ത്രരാണെന്ന വ്യാപകമായ പ്രചരണം നടന്നില്ലേ? നഷ്ടപ്പെട്ടതൊക്കെ ഇന്നല്ലെങ്കിൽ നാളെ ഞങ്ങൾ തിരിച്ചുപിടിക്കും. അരവയർ അന്നം ചോദിച്ചു വന്ന പാണ്ഡവർ ഹസ്തിനപുരി സിംഹാസനത്തിൽ കയറി ഇരിക്കാൻ കൗരവർ സമ്മതിക്കില്ല. ചലനസാധ്യത നഷ്ടപ്പെട്ടെങ്കിലും മനസ്സ് പ്രത്യാശയോടെ ഒരവസരം കൂടി പ്രതീക്ഷിക്കുന്നുണ്ട്. ചെങ്കോൽ ഞാനോ പിൻഗാമികളോ യുധിഷ്ഠിരനിൽ നിന്ന് തട്ടിയെടുക്കുന്ന സമയം നിങ്ങളും ഉണ്ടാവില്ലേ ആ ഐതിഹാസിക മുഹൂർത്തം പൊതുസമൂഹത്തെ നേരോടെ നിർഭയം അറിയിക്കാൻ?"

"മനോദൗർബല്യമുള്ളൊരു പാവത്താനായി നിങ്ങളെ ചിത്രീകരിക്കുന്ന അതിഭാവുകത്വപ്രകടനം അരങ്ങേറ്റ മൈതാനിയിൽ കാണാനിടയായി. "ഹാ ദൈവമേ യെൻ ജന്മദാതാക്കളാരോ? കാണുമോ ഞാനവരെ?" എന്ന് വളർച്ചയെത്തിയ പുരുഷൻ മുട്ടുകുത്തി അസ്തമയ സൂര്യനിലേക്കു നോക്കി വിലപിക്കുന്നത് കാഴ്ചക്കാരെ കദനഭാരത്താൽ വീർപ്പുമുട്ടിച്ചല്ലോ. നിങ്ങളുടെ കരുത്തൻ പ്രതിച്ഛായയെ പൊളിച്ചടുക്കാൻ ദുഷ്ടപാണ്ഡവർ കരുതിക്കൂട്ടി ചെയ്തതാണെന്ന് തോന്നലുണ്ട്. എന്തൊരു രൂപസാദൃശ്യം, ഇരട്ടപെട്ടതാണോ ആ നടൻ?" കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു

"എന്തിഹ മന്മാനസേ സന്ദേഹം വളരുന്നൂ എന്ന പദം ചൊല്ലുന്ന അഭിനേതാവിനെ കുറിച്ചാണ് നിങ്ങൾ ഇങ്ങനെ പരവശപ്പെടുന്നതെങ്കിൽ, പ്രതി ഞാൻ തന്നെ. ജീവിതകാലം മുഴുവൻ പിതൃശൂന്യൻ എന്ന അവമതി പാണ്ഡവരെ പോലെ ഞാനും പലകുറി കേൾക്കേണ്ടിവന്നിട്ടുണ്ട് എങ്കിലും, എന്നെ 'പിഴച്ചുപെറ്റവൾ' ആരെന്ന ആകാംക്ഷ അസഹനീയമായി തോന്നിയപ്പോളാണ് സ്വയം എഴുതി അഭിനയിച്ചത് ലോലഹൃദയർക്ക് കർണ്ണവിലാപം താങ്ങാനാവില്ലെന്നു സംവിധായക ദുശ്ശള മുന്നറിയിപ്പുതന്നെങ്കിലും, നിങ്ങളെപ്പോലുള്ള 'കഠിനഹൃദയ' കളായ പത്രപ്രവർത്തകരെ പോലും ആകെ ഉലച്ചു കർണ്ണജന്മരഹസ്യമെന്നത് ഭീതിതമായി തോന്നുന്നു. ഹസ്തിനപുരിയിൽ അറിയപ്പെടുന്ന രാജസ്ത്രീയാണ് കർണ്ണമാതാവെന്നു നാളെ പുറം ലോകം അറിയാനിടവന്നാൽ, അവൾ നേരിട്ടേക്കാവുന്ന മാനഹാനിയോർക്കുമ്പോൾ, ഈശ്വരാ, ആ രഹസ്യം ഒരിക്കലും വെളിപ്പെടാതിരിക്കട്ടെ."

2019/10/24

"ശിരോവസ്ത്രം ധരിച്ചു മുഖം മറച്ചു അർദ്ധരാത്രിയിൽ സമീപത്തെ സന്യാസി മഠത്തിൽ നിന്ന് മറ്റാരുമറിയാതെ കടത്തി, നീരൊഴുക്കിന്നരികിൽ കെട്ടി, കഴുത്തുവെട്ടി തോലുരിച്ചു കൊമ്പും കുടലും നീക്കി ഭക്ഷ്യയോഗ്യമാക്കിയ കാളക്കുട്ടനെ എന്ത് സ്വാഗതഗീതം പാടിയാണ് പ്രിയപത്നിയുടെ അടുത്തേക്ക് പുലർച്ചയോടെ തലച്ചുമടായി നിങ്ങളഞ്ചുപേർ കൊണ്ടുപോയത്?", കൊട്ടാരം ലേഖിക ചോദിച്ചു.

“ഇഷ്ടമൃഗമാംസഭക്ഷണം, വേണ്ടിവന്നാൽ മോഷ്ടിച്ചും കഴിക്കാൻ കൗരവഅടിമകൾക്കുമുണ്ട് അവകാശമെന്ന ഐതിഹാസികമായ പ്രഖ്യാപനമായിരുന്നില്ലേ പ്രതീകാത്മകമായി പാണ്ഡവർ വാസ്തവത്തിൽ ചെയ്തത്? ഗോമാംസത്തെ നാം ആറുപേരും അത്യുത്തമ പോഷകാഹാരമെന്ന മഹത്വപ്പെടുത്തുക, ഗോമാംസത്താൽ നാം ആറുപേർ എന്നെന്നും മാംസളമായി ഐക്യപ്പെടുക എന്നുച്ചരിച്ചുകൊണ്ട് സസ്യാഹാരിയായ പാഞ്ചാലിയുടെ മുമ്പിൽ യുധിഷ്ഠിരൻ മുട്ടുകുത്തിയ തോർമ്മയുണ്ട്.”

2019/10/25

“വിഷം കൊടുത്തും മുക്കിത്താഴ്ത്തിയും പോരടിച്ചി രുന്ന രണ്ടുകൂട്ടരുടെയും ഗുരുവായിരുന്ന നിങ്ങൾ ആ കാലത്തോടിയതു ‘സമദൂര’ത്തിലായിരുന്നു. കുരുക്ഷേത്രയിലെത്തിയപ്പോൾ കൗരവർക്കൊപ്പം പാണ്ഡവർക്കെ തിരെ നയിക്കുന്ന പട. പോറലേൽക്കാതെ ഹസ്തിനപുരിയിൽ വന്നപ്പോൾ, കിരീടാവകാശി പരീക്ഷിത്തിന്റെ ഗുരുപദവി. ശരികേടൊന്നും തോന്നിയില്ലേ?”, കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു.

“കൗരവരോടന്ന നന്ദികാണിച്ചതിൽ എന്താണ് ശരികേട്? ജാതിയെന്തെന്ന ബാലകർണ്ണനെ പണ്ട് പരസ്യമായി വെല്ലുവിളിച്ച ഞാൻ പക്ഷെ പോരാട്ടവേദിയിൽ കർണ്ണ മേധാവിത്വം അംഗീകരിച്ചില്ല? ഹസ്തിനപുരിയിൽ എത്തിയ പാണ്ഡവർക്ക് ധൃതരാഷ്ട്രരിൽ നിന്ന് ചെങ്കോൽ കിട്ടാൻ ഇടപെട്ട എന്നെ, അഭിമന്യുപുത്രന് ആദ്യാക്ഷരം പഠിപ്പിക്കാൻ നിയോഗിച്ചതിൽ എന്തുകേടാണ് കാണേ ണ്ടത്? ശത്രുവിനോടും മിത്രത്തോടും ‘സമദൂര’മകന്നു നിന്ന ഞാൻ, ആപൽഘട്ടത്തിൽ ‘ശരിദൂര’ത്തിൽ ചലിച്ചപ്പോൾ എന്തിനാണ് നിങ്ങൾ അരിശം കൊള്ളുന്നത്? കൗരവർ ഭരിക്കുമ്പോൾ അവരോടു ശരിയും, പാണ്ഡവർ സിംഹാ സനത്തിൽ ഇരുന്നപ്പോൾ അവരോട് ശരിയും കാണിക്കു ന്ന ‘ഹസ്തിനപുരി പത്രിക’യുടെ ‘ശരിദൂര’സ്വാധീനം ചുവരെഴുത്തുപത്രം വായിക്കുന്ന ഈ വൃദ്ധബ്രാഹ്മണനു ണ്ടായിക്കൂടെ?”

2019/10/26

“പണിയായുധങ്ങൾ മൂർച്ചകൂട്ടേണ്ട പാണ്ഡവർ പരസ്പരം പുറം തിരിഞ്ഞിരിക്കുന്നുവോ യുദ്ധമേഘങ്ങൾ നിറഞ്ഞ കുരുക്ഷേത്രയിൽ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“അഞ്ചുപേരിലൊരാൾ ഇന്നർദ്ധരാത്രിയോടെ കൗരവ പക്ഷത്തേക്ക് കൂറ് മാറുമെന്ന വാർത്ത കേട്ട മുതൽ അഞ്ചു പേരും പരസ്പരം ഒളികണ്ണിട്ടു സംശയിക്കയാണ്.”

2019/10/27

“ഇന്ദ്രപ്രസ്ഥം എന്തുചെയ്യാനാണ് ഭാവം? അതിഥികളെ വഴുക്കിവീഴ്ത്തി അങ്കലാൽപ്പിലാക്കുന്ന വിചിത്ര സഭാതലങ്ങൾ വിനോദസഞ്ചാരികൾക്ക് തുറന്നുകൊടുക്കുമോ? അതോ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. സ്ഥാവരജംഗമങ്ങൾ കൗരവർക്കു കൈവന്നശേഷം പാണ്ഡവർ വനവാസത്തിനു പദയാത്ര തുടങ്ങിയ നേരം.

"പരിഷ്കൃത സമൂഹമായിപ്പോയില്ലേ, ഹരിതചട്ടം പാലിക്കേണ്ടേ കുരുവംശം. പരിസ്ഥിതിലോല പ്രദേശമാണ് ഖാണ്ഡവപ്രസ്ഥമെന്ന 'അന്ധ' പിതാവിനറിയില്ല. കിടപ്പാടം പണിയാൻ ഇടം യാചിച്ച യുധിഷ്ഠിരന് ഒരു ദുർബലമുഹൂർത്തത്തിൽ ആ പ്രവിശ്യ ധൃതരാഷ്ട്രർ ഇഷ്ടദാനം ചെയ്യുമ്പോൾ, ഞാൻ സ്ഥലത്തില്ലായിരുന്നു. ഭൂമിയിലുള്ള എല്ലാത്തരം സസ്യങ്ങളും വന്യജീവികളും സമരസപ്പെട്ടു ജീവിച്ചിരുന്ന ആവാസവ്യവസ്ഥ എത്ര ക്രൂരമായി പാണ്ഡവർ കത്തിച്ചൊടുക്കി. ആ പാപം ചുമന്നയിടത്തല്ലേ മായനെക്കൊണ്ടവർ ഇന്ദ്രപ്രസ്ഥം നഗരം നിർമ്മിച്ച്, രാജസൂയമെന്നപേരിലൊരു യാഗം ചെയ്തു, ഞങ്ങളടക്കം ഗംഗാസമതലത്തിലെ നാടുവാഴികളെയെല്ലാം സാമന്തന്മാരാക്കി, രത്നശേഖരം കപ്പമായി കൊടുക്കാൻ വിധിയുണ്ടായത് അന്നതൊക്കെ നെടുവീർപ്പോടെ അംഗീകരിക്കേണ്ടിവന്നെങ്കിലും, ഉള്ളിലൊരു നെരിപ്പോടുയരുന്നത് അവരറിഞ്ഞില്ല. ചൂതാടാൻ ഇന്നലെ ഓടിവന്ന പാണ്ഡവർ അതാ, ഉടുത്ത തുണിക്കു മറുതുണിയില്ലാതെ, കാട്ടിലേക്കു. പതിമൂന്നുവർഷം കഴിഞ്ഞവർ മടങ്ങിവന്നാൽ? എല്ലാം മുൻകൂട്ടിക്കണ്ട് ഉടൻ ഞങ്ങളിൽ ചിലർ ഇന്ദ്രപ്രസ്ഥത്തിലേക്കു പോവുന്നു-പാണ്ഡവർ ഒളിപ്പിച്ചുവച്ച രത്നശേഖരങ്ങൾ ഇങ്ങോട്ടുകടത്തിവേണം അഭിശപ്തനഗരിയെ പ്രകൃതിക്കു തിരിച്ചു കൈമാറാൻ."

"സദസ്സ് ശുഷ്കമായിരുന്ന വേദിയിൽ കയറാൻ ഭീമൻ തയാറായില്ല എന്നു കേട്ടല്ലോ. കൗരവരാജവിധവകളെ നകുലനും സഹദേവനും 'ബലപ്രയോഗ'ത്തിലൂടെ എത്തിച്ച ശേഷമേ ചടങ്ങു തുടങ്ങിയുള്ളൂ. ഞങ്ങൾ എങ്ങനെ വായിച്ചെടുക്കണം ഈ 'കുതിരപ്പന്തി' വാർത്ത?", കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

"ദുര്യോധന ജീവത്യാഗത്തിന്റെ വികാരനിർഭരമായ അനുസ്മരണമായിരുന്നു. പാഞ്ചാലിയാവും യോഗത്തിൽ അധ്യക്ഷ എന്ന് കേട്ടപ്പോൾ ധാരാളം പേരെത്തി. പക്ഷെ ഭീമനാണ് മുഖ്യ പ്രഭാഷകനെന്നറിഞ്ഞപ്പോൾ ഇറങ്ങിപ്പോയി. സൗജന്യ ധാന്യം വാഗ്ദാനം ചെയ്താണ് കഷ്ടിച്ച് അമ്പതോളം കൗരവരാജ വിധവകളെ 'വലിച്ച്' കൊണ്ടുവന്നത്. കുരുക്ഷേത്രയിൽ കൗരവരെ ഒന്നൊന്നായി കൊന്നു കൊലവിളിച്ച യുദ്ധസ്മരണകൾ ഭീമൻ ഗദ ഉയർത്തിപിടിച്ചു നാടൻ ചേരുവകളോടെ വർണ്ണിക്കാൻ തുടങ്ങിയപ്പോൾ, യുദ്ധവിധവകൾ ബോധം കെട്ടു. അതൊന്നും ശ്രദ്ധിക്കാതെ ഭീമൻ കത്തിക്കയറിയതോടെ പാഞ്ചാലിയും ഇറങ്ങിപ്പോയി. മദ്യലഹരിയിൽ പരിസരബോധം നഷ്ടപ്പെട്ട ഭീമന് ശ്രോതാവായി ഈ ഞാനും."

2019/10/28

"ഭർത്താവു കൊല്ലപ്പെട്ട രീതിയിൽ പരാതിയുണ്ടോ? ഇപ്പോഴും?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഭീമൻ ദുര്യോധനവധം പാടിനടന്നരീതിയിൽ രോഷമുണ്ട്. ധീരദുര്യോധനൻ ഭീമഗദാപ്രഹരത്തിൽ നടുവൊടിഞ്ഞു വീണു എന്ന അവകാശവാദം അതിശയോക്തി കലർന്നതായി. ചതുപ്പുനിലത്തു ചലിക്കാനാവാതെ, ദുര്യോധനൻ പാഞ്ചാലിയുടെ സാന്നിധ്യത്തിൽ വാവിട്ടുനിലവിളിച്ചു എന്ന വെളിപ്പെടുത്തലിനുമുണ്ടൊരധാർമികത. വിഷക്കായ കരുതിമാത്രമേ ദുര്യോധനൻ സമാധാനകാലത്തും വീടുവിട്ടുപുറത്തേക്കിറങ്ങാറുള്ളു. വിട്ടുവീഴ്ചയില്ലാത്ത ആത്മാഭിമാനത്തോടെ, വേണം മരണവുമെന്ന നിശ്ചയ ദാർഢ്യത്തോടെയുള്ള ആ സൈനികജീവിതത്തെ കേവലമൊരു ഭീ

രുമരണമായി പൊതുയോഗങ്ങളിൽ കൊലയാളി ഭീമൻ ആടിപ്പാടി ആസ്വദിക്കുന്നു എന്നതാണ് കുരുക്ഷേത്ര വിധവകളുടെ യാതന."

2019/10/29

"ഇതെന്താ അക്ഷയപാത്രത്തിൽ ധാന്യാഹാരത്തിന് പകരം മൃഗമാംസം?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഗ്രാമങ്ങളിലെ പത്തായപ്പുരകളിൽ ധാന്യശേഖരം കുറയുമ്പോൾ അക്ഷയപാത്രത്തിലെ ഭക്ഷണലഭ്യതയിൽ കാണുന്ന ഒരു കാലികപ്രതിഭാസം എന്നതിൽ കവിഞ്ഞൊരു മായികപ്രദർശനമൊന്നുമല്ല. വിത്തെടുത്തു വേവിച്ചു തിന്നിട്ടും പട്ടിണി മാറാതെ കർഷകർ തൊഴുത്തിൽ കയറി പാൽ ചുരക്കുന്ന മാടുകളെ വെട്ടി മാംസം ചുട്ടെടുക്കുമ്പോൾ ഒരു ഭാഗം സ്വാഭാവികമായും ഈ അക്ഷയപാത്രത്തിലും വന്നു ചേരും."

2019/10/30

"നിങ്ങൾക്കെതിരെ ഗുരുതരമായ ലൈംഗിക ആരോപണം. കുറ്റപത്രം വിദുരർ വായിച്ചുകേൾപ്പിച്ചുവോ? പരാതിയിൽ കഴമ്പുണ്ടോ?" കൊട്ടാരം ലേഖിക ധൃതരാഷ്ട്രരോട് ചോദിച്ചു.

"ജന്മനാ അന്ധനെന്ന നിലയിൽ അംഗപരിമിതർക്കുള്ള നിയമ സഹായ ആനുകൂല്യമൊന്നും ഹൃദയശൂന്യരായ പാണ്ഡവ ഭരണകൂടത്തിൽ നിന്ന് പ്രതീക്ഷിക്കുന്നില്ല. വയോജനസൗഹൃദമായിരിക്കട്ടെ തുടർ അന്വേഷണം എന്നും ആശംസിക്കുന്നില്ല. ഹസ്തിനപുരിയുടെ അഖണ്ഡതയും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കാൻ നൂറു മക്കളെയും കുരുക്ഷേത്രത്തിൽ ബലി കൊടുത്ത വൃദ്ധപിതാവ് എന്ന് മേനിയും പറയുന്നില്ല. ജന്മദിനത്തോടനുബന്ധിച്ച ഗാന്ധാരിയും കുന്തിയും ഒരുക്കിയ സ്നേഹവിരുന്നിന്നു പുനരധിവാസകേന്ദ്രത്തിൽ നിന്ന് കൊട്ടാരത്തിൽ ഓടിച്ചാടി വന്ന കൗരവ പുതുതലമുറപെൺകുട്ടികൾ ചുറ്റും കൂട്ടം കൂടി വായിൽ മധുരം നുള്ളി തരുമ്പോൾ അരുതാത്തയിടങ്ങളിൽ കൈ നുഴഞ്ഞു കയറിയതൊന്നും മനഃപൂർവ്വമായിരുന്നില്ല. വാനപ്രസ്ഥത്തിനായി ഭാര്യക്കൊപ്പം പടിയിറങ്ങുമ്പോൾ ഞാൻ വായനക്കാർക്കുറപ്പു തരുന്നു-കുടിലമനസ്സോടെ കെട്ടിച്ചമച്ച പാണ്ഡവപ്രചോദിത ആരോപണ നിർമ്മിതിയിൽ ഒരു പണത്തൂക്കമെങ്കിലും കറകളഞ്ഞ സത്യമുണ്ടെങ്കിൽ, കാട്ടുതീയിൽ പെട്ട് ഈ അഭിശപ്തവ്യാസപുത്രൻ കരിക്കട്ടയാവട്ടെ."

"ദാമ്പത്യബാഹ്യസ്രോതസ്സുകളിൽ നിന്നാണ് പാണ്ഡവകുടുംബ നാമധാരികളുടെ ബീജസമ്പാദനമെന്ന കൗരവപ്രചാരണം നിങ്ങൾ നിഷേധിച്ചതായി കാണുന്നില്ല. മക്കളുടെ 'പാണ്ഡവത്വ'ത്തെ കുറിച്ചുള്ള കൗരവആരോപണം അടിസ്ഥാനരഹിതമാണോ? അതോ, വസ്തുതാപരമോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"മാതൃത്വമായിരുന്നു മഹനീയ ലക്ഷ്യം. ബീജഉറവിടം ദാമ്പത്യത്തിന്റെ വ്യവസ്ഥാപിത അതിർത്തി കടക്കുന്നുവോ എന്ന ചോദ്യത്തിന്, അത്ര മതി ശരിയുത്തരം. ഭർത്താവിന്റെ ലൈംഗികക്ഷമതയെ കുറിച്ച് ആദ്യരാത്രി മുതൽ സംശയം ഉണ്ടായെങ്കിലും, പാണ്ഡു, മഹാരാജാപദവി വഹിക്കുമ്പോൾ, ആളൊരു ഷണ്ഡനെന്നു മുദ്രകുത്തി വിവാഹമോചനം നേടാവുന്ന ഭൗതികസാഹചര്യം ഉണ്ടായില്ല. ചെങ്കോൽ

ധൃതരാഷ്ട്രർക്ക് എറിഞ്ഞു കൊടുത്തു, 'പരിത്യാഗി' പാണ്ഡു കാട്ടിലേക്കെന്നു പറഞ്ഞു പടിയിറങ്ങി പോവുമ്പോൾ, എന്നെ കൂടെ വലിച്ചു കൊണ്ട് പോയി. കഠിന വനവാസത്തിൽ വന്യഭാവന തുണച്ചു. ലാവണ്യശാരീരികതയുടെ ലൈംഗികാകർഷകത്വം പ്രയോജനപ്പെടുത്തി, പ്രലോഭനത്തിലൂടെ ഗഹനചാരികളെ ക്ഷണിച്ചു, എന്തുകൊണ്ട് അപൂർവ്വയിനം സന്താനഭാഗ്യത്തിനു ശ്രമിച്ചുകൂടാ? അഭിലാഷം ആ വിധം പൂവണിഞ്ഞു, പാണ്ഡു മരിച്ചു, ചിതയിൽ മാദ്രിയെ എറിഞ്ഞു മൊത്തം അഞ്ചു ആൺകുട്ടികളുമായി ഹസ്തിനപുരി കോട്ടവാതിലിനു മുമ്പിൽ ഞാൻ നിരാഹാരം കിടന്നു ലോകശ്രദ്ധയാകർഷിച്ചു. ഒരു കുട്ടിക്കും പാണ്ഡു മുഖഛായ ഇല്ലെന്ന ക്ഷുദ്രആരോപണം കൗരവഅന്തഃപുരത്തിൽ നിറഞ്ഞു. വഴി വിട്ട കുന്തിരതിയുടെ സാഹസിക കഥകൾ 'സർഗാത്മക' കൗരവർ മെനയുമ്പോഴും, ധൃതരാഷ്ട്രർ ഔദ്യോഗികമായി പാണ്ഡവക്കുട്ടികളെ കുരുവംശക്കൂട്ടുകുടുംബത്തിൽ ഉൾപ്പെടുത്തും വരെ, ശ്രമകരമായെങ്കിലും ഞാൻ, നയപരമായ മൗനം പാലിച്ചു. പാണ്ഡവർ ഖാണ്ഡവപ്രസ്ഥത്തിലേക്കു പോയി കാട് വെട്ടി സ്വന്തം നാടു സ്ഥാപിച്ചതോടെ, ഇതാ വാ ഞാൻ തുറക്കുന്നു. ഇനി നിങ്ങൾ രാജമാതാക്കളുടെ ഈറ്റില്ലത്തിൽ തെളിവ് പെറുക്കാൻ ചുറ്റിക്കറങ്ങുന്നത് കണ്ടാൽ..." നഖമുള്ള ചൂണ്ടു വിരൽ കൊട്ടാരം ലേഖികയുടെ കണ്ണിനു നേരെ നേരെ കുന്തി നീട്ടി.

2019/10/31

"മറ്റു പാണ്ഡവർ ബഹിഷ്കരിക്കുന്ന യുധിഷ്ഠിര പ്രഭാഷണങ്ങളിൽ നിങ്ങൾ ഇരിപ്പുറപ്പിക്കുന്നതു പതിവ് കാഴ്ചയാണല്ലോ. അത്രക്കിഷ്ടമാണോ പെരുമയാർന്ന അർദ്ധസത്യങ്ങൾ?", കൊട്ടാരം ലേഖിക ചോദിച്ചു.

ഓരോ വാക്കിനുശേഷവും ഒരു മുഴം നിശബ്ദത പതിവുള്ള പ്രസംഗങ്ങൾ കേട്ടു വേദിയിൽ തലകുനിച്ചു ഇരിക്കേണ്ടിവരുന്നതു 'പെൺസൗഹൃദ' പ്രഖ്യാപനത്തിനു ശേഷമല്ലേ? വേദിയിൽ പുരുഷാധിപത്യം വേണ്ട എന്ന് യുധിഷ്ഠിരൻ നിഷ്കർഷിച്ചപ്പോൾ, സ്ത്രീപ്രാതിനിധ്യ സംരക്ഷണത്തിന് വേദിയിൽ ഇരുന്നുകൊടുക്കാൻ ആവില്ലെന്ന് പാഞ്ചാലി കയ്യൊഴിഞ്ഞു. രാജാവിനെ പിണക്കരുതെന്ന കരുതലോടെ കിരീടാവകാശി പരീക്ഷിത്ത് പറഞ്ഞു, "അമ്മാ, വേദിയിൽ 'വെറുതെ' ഇരുന്നാൽ മതി, യുധിഷ്ഠിരപ്രഭാഷണത്തെ കുറിച്ച് ആസ്വാദനമൊന്നും ആവിഷ്കരിക്കേണ്ടി വരില്ല." മഹനീയപെൺസൗഹൃദപ്രസംഗവേദിയിൽ അങ്ങനെ ഞാൻ സ്ഥിരം സാന്നിധ്യമായതോടെ തുടങ്ങിപാഞ്ചാലി മുറുമുറുപ്പ്, "പരീക്ഷിത്ത് ചെങ്കോൽ നേടും മുമ്പ് തന്നെ രാജമാതാവായി ഉത്തര അഭിനയിച്ചുതുടങ്ങിയോ?"

"ആറംഗ ആദിവാസി കുടുംബം, അരക്കില്ലം ചുട്ടെരിക്കാൻ കൗരവർ നിയോഗിച്ച ചാവേറുകളായിരുന്നു എന്ന് എങ്ങനെ മനസ്സിലാക്കി? ആ രഹസ്യം പങ്കിടാമോ?", പാണ്ഡവർ ഹസ്തിനപുരി ഭരിക്കുമ്പോഴും, ഗാന്ധാരിക്കൊപ്പം തോഴിയായി കഴിഞ്ഞിരുന്ന കുന്തിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ആപത്തിനെ കുറിച്ച് മുന്നറിയിപ്പുതരാൻ നിയോഗിക്കപ്പെട്ട ദേവദൂതന്മാരായിരുന്ന ആദിവാസികൾ എന്ന സത്യമറിയുമ്പോഴേക്കും അവർ, കഷ്ടം, വെന്തുകരിക്കട്ടയായി. പക്ഷെ നമ്മെപോലെയല്ല ദേവദൂതന്മാർ. ചാരക്കൂനയിൽ നിന്നവർ ഉയർത്തെഴുന്നേറ്റു പോയി. അരക്കില്ലം കത്തി പാണ്ഡവർ വെന്തുമരിച്ചതിനെ കുറിച്ചന്വേഷിക്കാൻ വന്ന കൗരവസംഘം പാണ്ഡവ ഭൗതികാവശിഷ്ടങ്ങൾ എന്ന നിലയിൽ

കണ്ടെത്തിയത് കത്തിക്കരിഞ്ഞ ആറു മരത്തടികളായിരുന്നു എന്നറിയുമ്പോൾ ഭൗതികവാദികളായ നിങ്ങൾക്കുമൂഹിക്കാം, പ്രാപഞ്ചികശക്തികൾ പാണ്ഡവപരിപാലനത്തിനായി ഏതറ്റവും പോവും. വ്യാസൻ പറയുമ്പോൾ നിങ്ങൾക്കു ബോധ്യം വരും. തിരക്കുണ്ട് ഗാന്ധാരിയുടെ കൺകെട്ട് തുണികൾ ശുദ്ധജലത്തിൽ കഴുകി തണലിൽ ഉണക്കിവേണം സായാഹ്നധ്യാനത്തിനു ഞാൻ സമയം കണ്ടെത്താൻ."

"മാലിന്യം എന്നാണു ദുര്യോധനവിധവ വിശേഷിപ്പിച്ചിരിക്കുന്നത് ധൃതരാഷ്ട്രരുടെ പുത്രവധുവും, കുരുവംശത്തിൽ നിന്ന് കുടിയൊഴിക്കപ്പെട്ടവളുമാണ്. ഇത്രമാത്രം രോഷം വരാൻ എന്തായിരുന്നു രചനയിൽ വീഴ്ച? ദുര്യോധനനെ 'തിന്മയുടെ ഇതിഹാസം 'എന്ന് അവതരിപ്പിച്ചത് പ്രശ്നമായോ?", കൊട്ടാരം ലേഖിക ചോദിച്ചു.

"ഞാനൊരംഗീകൃത പരിത്യാഗി. ഒരവിഹിത രതിയിൽ ജന്മം തന്ന സത്യവതി, വിധിയുടെ വിളയാട്ടത്തിൽ, കുരുവംശ രാജമാതാവായപ്പോൾ, നിർണ്ണായകഘട്ടത്തിൽ എന്നോടാവശ്യപ്പെട്ടു, രണ്ടു പുത്രവിധവകൾക്കു ബീജ ദാനം ചെയ്യാമോ? കർത്തവ്യബോധത്തോടെ ചെയ്തു സ്ഥലം വിട്ടു എന്നതിൽ കവിഞ്ഞു, 'ധൃതരാഷ്ട്രർ' 'പാണ്ഡു' തുടങ്ങിയ സന്തതികളിൽ അവകാശമോ വൈകാരിക നിക്ഷേപമോ ഇല്ല എന്നിരിക്കെ, 'ദുര്യോധനവിധവ' ജനസംഖ്യയിൽ ഒരക്കം മാത്രം. കുരുക്ഷേത്രയുദ്ധം കണ്ടിട്ടില്ല എന്ന പോലെ തന്നെ രാജമന്ദിരങ്ങളിലെ കൗരവജീവിതവും എനിക്കന്യമാകുന്നു. കഥകൾ വാമൊഴിയായി കേട്ടു, ഭാവനയിൽ പൊതിഞ്ഞു. ലോകമാകെ ഈ കഥാപാത്രങ്ങൾ വരുംയുഗത്തിലും പ്രത്യക്ഷപ്പെടും. ഒരാൾക്കതു അക്ഷര'മാലിന്യ'മെന്നു തോന്നും. വേറൊരാൾക്കതു മനുഷ്യപ്രകൃതിയുടെ 'ഖനി'യായും. സൂതന്മാർ വഴിനീളെ പാടിത്തുടങ്ങിയതോടെ അതിനി പൊതുമുതൽ എന്ന് ബോധ്യമായി. പൊതുമണ്ഡലത്തിൽ വിസ്തൃത മഹാഭാരതം സ്വയം സാധുത തേടണം. തിരക്കുണ്ട്. മനസ്സിനെ മഥിക്കുന്നത് കൗരവരാജവിധവകളുടെ 'മാലിന്യ'പ്രശ്നമല്ല, ഈ കാണുന്ന അനാഥ പ്രപഞ്ചത്തിന്റെ ആവശ്യമെന്തെന്നാണ്. "

2019/11/01

"വിഴുപ്പലക്കുന്ന പണിയാണ് കുന്തിക്ക് ദുര്യോധനൻ ഏൽപ്പിച്ചതെന്നു അരമന സ്രോതസ്സുകളെ ഉദ്ധരിച്ചു ചാർവാകൻ അഭിമുഖത്തിൽ പറഞ്ഞല്ലോ പ്രകോപിതയായോ?", കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. മക്കൾ കുടിയേറ്റക്കാരായി ഖാണ്ഡവപ്രസ്ഥത്തിൽ കാടു കത്തിക്കുന്ന കാലം.

"കുളിക്കാനിറങ്ങുന്ന ഗാന്ധാരിയോട് ഞാൻ പറയും, കുളിക്കുമ്പോഴെങ്കിലും കണ്ണ് കെട്ടിയ കീറത്തുണി അഴിച്ചിട്ടു മലർന്നു കിടന്നു തുടിച്ചു നീന്തു-നീലമാനവും കുളിരുള്ള വെള്ളവും ആസ്വദിക്കൂ. കാഴ്ചപരിമിതിയുള്ള ഭർത്താവിന് ഐക്യപ്പെടാൻ, സ്വയം കാഴ്ച നിഷേധിക്കുന്ന അടിമത്തത്തിൽ നിന്ന് രക്ഷപ്പെടൂ. കൺകെട്ട് നീക്കി വിവസ്ത്ര ഗാന്ധാരി തുടിച്ചു നീന്തിക്കുളിക്കുമ്പോൾ ഞാനവളുടെ കൺകെട്ടുതുണി കഴുകുന്നത് ദുര്യോധനൻ ഒളി കണ്ണിട്ടു നോക്കുന്നുണ്ടാവും."

"പാണ്ഡവസമ്മർദ്ദത്തിൽ മുഖാമുഖവിദ്യാഭ്യാസം നിഷേധിച്ച ദ്രോണർ ലോകമനഃസാക്ഷിയുടെ മുമ്പിൽ ജാതി വെറിയുടെ പ്രായോജകനെന്നറിയപ്പെടും എന്ന ഏകലവ്യനിരീക്ഷണം ശ്രദ്ധയിൽ പെട്ടുവോ? പ്രവേശനം നൽകിയാൽ ഗുരുകുലം ബഹിഷ്കരിക്കുമെന്ന അർജ്ജുന ഭീഷണി മുഖവിലക്കെടുത്തതു ഭീരുത്വമായോ?", കൊട്ടാരം ലേഖിക ചോദിച്ചു.

“കീഴാളനെന്ന് പറഞ്ഞല്ല ഏകലവ്യൻ പ്രവേശനം ചോദിച്ചത്. കണ്ടപ്പോൾ അഭിജാതകുടുംബാംഗമെന്ന തോന്നലുണ്ടായി. അർജ്ജുനനു പക്ഷെ ആളെ മുൻ പരിചയമുണ്ട്. പ്രവേശനം അനുവദിച്ചാൽ പ്രിയപാണ്ഡവൻ പിണങ്ങും, നിഷേധിച്ചാൽ ഏകലവ്യൻ പ്രശ്നമുണ്ടാക്കും. അതു കൊണ്ടു ഗുരുദക്ഷിണ മുൻകൂറായി ചോദിച്ചു. വെട്ടി മുറിച്ച തള്ളവിരൽ ഇലയിൽ പൊതിഞ്ഞു കിട്ടിയപ്പോൾ, കാണാമറയത്തു വിദൂരവിദ്യാർത്ഥിയായി പഠിക്കാൻ നയത്തിൽ ആവശ്യപ്പെട്ടു. അല്ല ഇതിലെന്താണ് നിങ്ങൾ ആരോപിക്കുന്ന ഭീരുത്വം?”

2019/11/02

“പാണ്ഡവതല വെട്ടാനാവാതെ, ഭീഷ്മർ പത്താം ദിവസം ശരശയ്യയിൽ മരണദേവതയെ കാത്തു നീണ്ടു നിവർന്നു കിടക്കുമ്പോൾ, ഒരു സൈനിക പ്രതിസന്ധി പത്തിവിടർത്തുന്നത് കാണുന്നുണ്ടോ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“പത്തുദിവസവും പോർക്കളത്തിൽ ഭീഷ്മസാന്നിധ്യം ആലങ്കാരികമായിരുന്നു. കർണ്ണൻ ഭീഷ്മരെക്കുറിച്ചു നേരത്തെ തന്ന മുന്നറിയിപ്പ് തള്ളിയതാണെന്റെ ആദ്യ വീഴ്ച. പലപ്പോഴും ചുറ്റും നോക്കി ‘ഒരു വിഭിന്നലിംഗ പോരാളി മുമ്പിൽ വന്നിരുന്നെങ്കിൽ ആയുധം താഴെയിട്ടു യുദ്ധം ബഹിഷ്കരിക്കാമായിരുന്നു’ എന്നാണ് പിതാമഹൻ പിറുപിറുത്തിരുന്നത്. പാണ്ഡവഗൂഢാലോചനയിൽ ശിഖണ്ഡി മുമ്പിൽ വന്നതും, ഭീഷ്മർ അടിതെറ്റി വീണതും കണ്ടപ്പോൾ മടുപ്പോടെ ഞങ്ങൾ മുഖം തിരിച്ചു. യുദ്ധത്തലേന്നു സേനാധിപത്യം ഏറ്റെടുക്കാൻ ആചാരമനുസരിച്ചു ഭീഷ്മരെ ക്ഷണിച്ചപ്പോൾ, നായകപദവി പുതുതലമുറയ്ക്ക് കൊടുക്കു എന്ന പ്രതികരണം പ്രതീക്ഷിച്ച ഞങ്ങൾ നിരാശരായി. ഉടനെയുണ്ട് സൈനിക വേഷം വാരിവലിച്ചുടുത്തു പിതാമഹൻ, ഇടതും വലതും നിൽക്കുന്നവരോടെല്ലാം ആജ്ഞയുമായി, സംയുക്ത സഖ്യകക്ഷിയോഗം വിളിക്കുന്നു. രോഷം നിയന്ത്രിക്കാൻ ഞാൻ പാടുപെട്ടു. ശരശയ്യയിൽ മലർന്നുവീണതോടെ എല്ലാം കഴിഞ്ഞു. കർണ്ണനെ സേനാപതിയാക്കാൻ സാധിക്കുമോ? ദ്രോണർ തടസ്സവാദവുമായി നായകപദവിക്കായി ഇടപെടുമോ? കാത്തിരിക്കു.” നഗ്നശരീരം നിറയെ വെട്ടും ചതവുമായിരുന്നിട്ടും, ആ ധീരസേനാനി ഒരു വട്ടം നീന്തിവീണ്ടും കയത്തിൽ ചാടാൻ തയ്യാറെടുക്കുകയായിരുന്ന സന്ധ്യ.

“മുനിശാപത്തിൽ നിന്ന് ഭർത്താവിനെ രക്ഷിക്കാൻ ഉപായമൊന്നും കണ്ടില്ലേ? നവജാതശിശുവിനെ പുഴയിൽ ഒഴുക്കിയ നിങ്ങളുടെ സാഹസികഭൂതകാലം അന്തഃപുരങ്ങളിൽ ഇന്നും ഒരാവേശമാണോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“സ്ത്രീസംസർഗം ഉപേക്ഷിച്ചു നിങ്ങൾ രാജ്യം ഭരിക്കു, ഞാനും മാദ്രിയും പുനർവിവാഹം ചെയ്യട്ടെ എന്ന നിർദ്ദേശം അയാൾ തള്ളി. “ശാപഗ്രസ്തനായ ഞാൻ കുഴഞ്ഞുവീണു ചത്താലും, പുനർ വിവാഹം അരുത്. നിങ്ങളിലൊരാൾ സതിയും ചെയ്യണം” എന്നായി ഷണ്ഡന്റെ യാചന. അയാളുടെ അന്തിമാഭിലാഷമനുസരിച്ചു. വേറെ തരമില്ലാതെ മാദ്രിയെ ചിതയിൽ തള്ളി.”

2019/11/03

“അരുതാത്തയിടത്തിൽ അടിച്ചു കൊല്ലണോ, കുരുവംശ സ്വത്തിൽ ഓഹരി നേടാൻ?”, വാവിട്ടു നിലവിളിക്കുന്ന ദുര്യോധനനെ നോക്കി പാഞ്ചാലി ഭീമനോട് പരിതപിച്ചു.

“ പ്രഹരിക്കാൻ ഇടമൊന്നും ഉന്നം വച്ചിരുന്നില്ല. ഗാന്ധാരി നൽകി എന്ന് പറയപ്പെടുന്ന ദിവ്യബലം ഉള്ളത് കൊണ്ട്, തുടയൊഴികെ മറ്റു ശരീരഭാഗങ്ങളിൽ ഭീമഗദാപ്രഹരം മാരകമാവില്ലെന്നവൻ വെല്ലുവിളിച്ചാൽ പോരാട്ടം ജയിക്കാൻ ഞാനെന്തു ചെയ്യണം? അതുമാത്രമേ ചെയ്തുള്ളൂ”, ഭീമൻ ഗദ ചുഴറ്റി.

“പ്രകൃതിയോടെന്തപരാധം ചെയ്തതുകൊണ്ടാണ്, കഴിഞ്ഞ ജന്മത്തിൽ രാജസൂയചക്രവർത്തിയായിരുന്ന നിങ്ങൾ, കൗരവഅടിമയായി, കുറുക്കനും കരിക്കുന്നനും വിഹരിക്കുന്ന കാട്ടുമുക്കിൽ കഷ്ടപ്പെടേണ്ടിവരുന്നത്?”, സന്യസ്ഥമഠത്തിലെ പരിത്യാഗി ക്ഷീണിച്ച സ്വരത്തിൽ യുധിഷ്ഠിരനോട് ചോദിച്ചു.

“ചൂതാട്ടത്തിൽ കബളിപ്പിക്കുന്നത്, ദാമ്പത്യ അവിശ്വസ്തത പോലെ, വെറുക്കപ്പെടേണ്ടതാണെന്ന പ്രത്യേകസാഹചര്യത്തിൽ പറഞ്ഞുപോയി. ചൂതാട്ടത്തിലും കിടപ്പറയിലും അവിശ്വസ്തത പാലിക്കുന്നവർക്കതു കൊള്ളേണ്ടയിടത്തു കൊണ്ടു. കള്ളച്ചൂതിൽ ഞാൻ തോറ്റു. ആരണ്യപർവ്വം ഞങ്ങൾ അതിജീവിക്കും. നിങ്ങൾക്കതിനെ പീഡനപർവ്വം എന്ന് പരിഹസിക്കാം പക്ഷെ പ്രയാസങ്ങളുടെ ഭ്രഗർഭ ഇടനാഴി തുറക്കുന്ന സ്വർഗ്ഗരാജ്യത്തെ കുറിച്ചുള്ള പ്രത്യാശയിലാണ് ഞങ്ങൾ.” അന്ന് രാത്രി വ്യാഴവട്ടക്കാല വനവാസത്തിനുശേഷം അജ്ഞാതവാസത്തിനായി വിരാടരാജ്യത്തിലേക്കു പാതിരാവിൽ ആരോടും യാത്ര പറയാതെ രഹസ്യമായി പടിയിറങ്ങി.

“‘യുദ്ധം’ എന്ന പദം ഔദ്യോഗികവിജ്ഞാപനങ്ങളിൽ നിന്നൊഴിവാക്കാൻ കാരണമുണ്ടോ?” കൊട്ടാരം ലേഖിക കുരുക്ഷേത്ര പ്രവിശ്യാ ഭരണാധികാരിയോട് ചോദിച്ചു. പോർക്കളം സജീവമായിരുന്ന മദ്ധ്യാഹ്നം.

“പോരാട്ട നിർവ്വഹണച്ചുമതലയുള്ളവരുടെ യോഗം ചേർന്നെടുത്ത ഏകകണ്ഠതീരുമാനത്തിന് പിന്നിൽ യുഗാതിവർത്തിയായ സാംസ്കാരിക മാനങ്ങളുള്ള ഇതിഹാസപരിപ്രേക്ഷ്യമുണ്ട്. പോരാട്ടത്തെ വിശാലമായ അർത്ഥത്തിൽ വരുംയുഗങ്ങളിൽ പ്രബുദ്ധസമൂഹം സൂക്ഷ്മമായി അപനിർമ്മിക്കാനിടയുള്ളതുകൊണ്ട്, ആയുധകേന്ദ്രിത ബലാബലമെന്നതിനപ്പുറം, നന്മയുടെ ആധിപത്യത്തിനുള്ള മഹായജ്ഞം എന്നറിയപ്പെട്ടാൽ, കുരുവംശപ്പെരുമക്കു നന്നെന്ന വിലയിരുത്തൽ വഴികാട്ടിയായി. വഴക്കാളികളായ നൂറ്റഞ്ചോളം ‘അർദ്ധസഹോദര’ർ കൂട്ടുകുടുംബസ്വത്തു വീതിക്കാൻ കയ്യാങ്കളിക്കിറങ്ങിയ ഇടമാണ് കുരുക്ഷേത്രമെന്ന പ്രചരണസാധ്യത, വമ്പിച്ച ആൾനാശം സംഭവിച്ചേക്കാവുന്ന ഈ പോരാട്ടം അർഹിക്കുന്നില്ല. ഊക്കോടെ ഇരുപക്ഷങ്ങളും പരസ്പരം പ്രഹരിക്കുമ്പോഴും, കുരുവംശഹത്യയല്ല ഉന്നം എന്നറിയാൻ വരുംതലമുറക്കാവണമെന്ന ദീർഘദൃഷ്ടിയാണ്, ‘യജ്ഞ’മെന്ന പദതിരഞ്ഞെടുപ്പിനർത്ഥം. അല്ല, ചോദിക്കാൻ വിട്ടു പോയി: ഈ യുദ്ധം, അഥവാ യജ്ഞം, ആരു ജയിക്കാനാണ് സാധ്യത?”

2019/11/04

“നിങ്ങൾക്കുള്ള സതിഅവകാശം രണ്ടാംഭാര്യ മാദ്രി എങ്ങനെ തട്ടിയെടുത്തു?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. അർദ്ധനഗ്നരായ അഞ്ചു കുട്ടികൾ കുന്തിക്ക് ചുറ്റും നിലവിളിച്ചു കൊണ്ടിരുന്ന ശ്മശാനം.

“അന്തരീക്ഷമലിനീകരണം ഒഴിവാക്കാൻ പാണ്ഡുജഡം തീകത്തിക്കുന്നതിനു പകരം രഹസ്യമായി കാട്ടിൽ കുഴിച്ചിടാം എന്ന നീക്കത്തിൽ ശ്രമിക്കുമ്പോൾ, ഇടിച്ചു കയറി വന്ന സന്യാസികൾ കുരുവംശത്തിന്റെ യമുനാതീര അന്ത്യവിശ്രമഘട്ടിൽ തന്നെ വേണ്ടേ ഔദ്യോഗിക ബഹുമതികളോടെ മുൻ ഹസ്തിനപുരി രാജാവിന്റെ ശവത്തിൽ തീ വക്കാൻ എന്ന് ആചാരപരമായി ചോദിച്ചു. ചിതയിൽ ചാടാൻ രണ്ടു വിധവകളും ഹൃദയപൂർവ്വം തയ്യാറാവണം എന്നൊച്ചവെച്ചവർ ഇവിടെ കാട്ടിൽ തന്നെ ചരമശുശ്രൂഷക്കു ആളെക്കൂട്ടി. ‘എന്നെ തീയിൽ എറിയരുതേ, പുനർവിവാഹം ചെയ്തു ആനന്ദിച്ചു ഇനിയുമെനിക്ക് ജീവിക്കണം, എന്നെ ഏറിയരുതേ” എന്ന് നിലവിളിച്ച മാദ്രി കരിക്കട്ടയായി. കുട്ടികളഞ്ചു പേരും ഭീതിയിൽ എന്നെ വളഞ്ഞു, ‘മാദ്രിയെ പോലെ ആചാരസംരക്ഷണത്തിൽ ഞങ്ങളെ അനാഥരാക്കരുതെ’ എന്നവർ കാട്ടുഭാഷയിൽ യാചിക്കുന്നതാണ് നിങ്ങൾ ഇപ്പോൾ കാണുന്നത് എങ്ങനെ ഞാനവരെ കൈവിടും?”

2019/11/05

“തുടങ്ങിയോ അന്തച്ഛിദ്രം?” കൊട്ടാരം ലേഖിക ചോദിച്ചു.

“അരുതാത്തതു കണ്ടാൽ പറയണ്ടേ? അഭയാർത്ഥികളെന്ന നിലയിൽ കുന്തിയും മക്കളും കോട്ടവാതിലിൽ മുട്ടിയപ്പോൾ ഭീഷ്മരും വിദുരരും കനിവോടെ സ്വീകരിച്ചു അകത്തേക്ക് വിളിച്ചു. ഞങ്ങൾ ഉണ്ണുന്ന തീൻശാലയിൽ കുട്ടികൾക്കു കിട്ടി ഇരിപ്പിടം. ഞങ്ങൾ ചേർന്ന ഗുരുകുലത്തിലും കൊടുത്തു പ്രവേശനം. ഒപ്പത്തിനൊപ്പമെന്ന നിലയിൽ ചേർത്തുപിടിച്ചിട്ടും, തരം കിട്ടുമ്പോൾ ഭാഗപ്രശ്നം പുറത്തിട്ടു. വേണം കുരുവംശസ്വത്തിൽ ഓഹരി. നാടു വെട്ടിമുറിച്ചലും പാണ്ഡവർക്കിടം കിട്ടണം. മുക്കിക്കൊല്ലാനും അപഖ്യാതി പറഞ്ഞു കരിവാരി തേക്കാനും തുടങ്ങിയ. കനിവ് കാണിക്കുന്നതിനി നിർത്തണം എന്ന് ഭീഷ്മ ദ്രോണ വിദുര “ത്രിമൂർത്തി’കളെ ഉപദേശിച്ചു. കനിവ് കാണിക്കുന്നതും പോരാ, പരസ്യവേദികളിൽ പരിശുദ്ധാത്മാക്കളായി വാഴ്ത്താനും തുടങ്ങിയപ്പോൾ, വലിപ്പച്ചെറുപ്പം നോക്കാതെ വിരൽ ചൂണ്ടി-കൗരവ കനിവ് വേണമെങ്കിൽ പാണ്ഡവരോട് സ്വരം കടുപ്പിക്കണം. ഇതിലെവിടെയാണ് അന്തച്ഛിദ്രം നിങ്ങൾക്കനുഭവപ്പെട്ടത്?”

2019/11/06

“കെണിയെന്നറിഞ്ഞിട്ടും കൗമാരപോരാളിയെ കുറുനരികൾക്കെറിഞ്ഞു കൊടുത്ത നിങ്ങൾ, അപകടം മണത്തപ്പോഴും ഓടിച്ചെന്നു ആ വിലപ്പെട്ട ജീവൻ രക്ഷിച്ചില്ലേ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

“കൗമാരകുതിപ്പ് എന്നേ കരുതിയുള്ളൂ. സുരക്ഷിത താവളത്തിൽ ഞങ്ങൾ കാത്തിരുന്നപ്പോഴും, കൗരവ തലകളുമായി അവൻ പുറത്തു ചാടുമെന്നു പ്രതീക്ഷിച്ചു. ചക്രവ്യൂഹരഹസ്യം പകുതിയെങ്കിലും അവനറിയാമായിരുന്നു. ഞങ്ങളാവട്ടെ പൂർണമായും അജ്ഞർ. ഉച്ച കഴിഞ്ഞപ്പോൾ കൗരവർ പുറത്തേക്കെറിഞ്ഞത് അവ

ഹേളിക്കപ്പെട്ട ജഡമായിരുന്നു. സൂക്ഷ്മാംശങ്ങൾ പൊലിപ്പിച്ച് ശത്രുത പടർത്തരുതേ. അച്ഛനും മാതൃസഹോദരനും വേറൊരു യുദ്ധമുഖത്ത് പെട്ടതു കൊണ്ട് എടുത്തു ചാട്ടത്തിൽ അഭിമന്യുവിനെ നിയന്ത്രിക്കാൻ ആർക്കുമായില്ല എന്ന ഒഴുക്കൻ മട്ടിൽ വേണം എഴുതാൻ", ഇടയ്ക്കിടെ ഞെട്ടി യുധിഷ്ഠിരൻ ചുറ്റും നോക്കി. കറുത്ത ശിരോവസ്ത്രങ്ങൾ ധരിച്ച സുഭദ്രയും ഉത്തരയും നിശബ്ദമായി ഇരുന്നു.

2019/11/07

"ഭർത്താവിന്റെ രഹസ്യപ്രണയിനിയെ 'ളുക്കി' നോക്കാൻ ദ്വാരകയിൽ നിന്ന് ഇന്ദ്രപ്രസ്ഥത്തിലേക്കു രഹസ്യ സന്ദർശനത്തിനു വന്ന സത്യഭാമയെ നിങ്ങൾ തേച്ചൊട്ടിച്ച ഐതിഹ്യം കേട്ടറിഞ്ഞിട്ടുണ്ട്. എന്നാൽ അർജ്ജുനഭാര്യ സുഭദ്ര ആദ്യസമാഗമത്തിൽ തന്നെ നിങ്ങളുടെ വായടച്ചുവോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനവാസക്കാലം.

"കാഞ്ഞ പുള്ളിയായ ഭർത്താവിന്റെ മറ്റുഭാര്യമാരോട് കിടപ്പറ പായക്കൂട്ടിന്റെ മേനി അടവുകൾ പയറ്റിത്തെളിഞ്ഞ സൗന്ദര്യധാമമായ സത്യഭാമയെവിടെ? ശിശുഹൃദയമുള്ള പാവം സുഭദ്രയെവിടെ? എങ്കിലും എന്നെ ഒന്നടിതെറ്റിക്കാൻ സുഭദ്രക്കായി എന്ന് ഞാൻ ഹൃദയപൂർവ്വം സമ്മതിക്കുന്നു. കേശാദിപാദം ജിജ്ഞാസയോടെ സൂക്ഷിച്ചു നോക്കി മേനി തലോടി അവൾ അത്ഭുതപ്പെട്ടു, കൊച്ചുസുന്ദരീ, അഞ്ചു പ്രസവിച്ച ശരീരമാണോ ഇത്?"

"ഏതു കുഴഞ്ഞുമറിഞ്ഞ ആവാസവ്യവസ്ഥയിലും, ഒരു സ്വതന്ത്ര വനിതക്ക്, ആരും അതിക്രമിച്ചു കയറാൻ ധൈര്യം വരാത്ത ഒരിടമുണ്ടാവുമെങ്കിൽ, നിങ്ങളുടെ 'പ്രണയിനി' മൂളിപ്പാട്ട് പാടുമോ?, അതോ മതിമറന്നവൾ നൃത്തം ചെയ്യുമോ?", കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

"പെണ്ണവകാശം പാഞ്ചാലിയുടെ കാര്യത്തിൽ എനിക്ക് നല്ല പരിചയമുണ്ട്. നേരിൽ കാണാൻ ഒരിക്കൽ രണ്ടും കൽപ്പിച്ചു ചാരജാഗ്രതയോടെ പാഞ്ചാലിക്കു പിന്നിൽ ചെന്ന് എന്താണ് പാടുന്നതെന്ന് ചെകിടോർത്തു. കേട്ടപ്പോൾ, ഞെട്ടി പിന്തിരിഞ്ഞു. പിന്നെ അവളുടെ ഏകാന്തതയിൽ നുഴഞ്ഞുകയറിയിട്ടില്ല. എന്തായിരുന്നു അതെന്നോ? അതൊരു കുഴപ്പം പിടിച്ച പാടൽ തന്നെ ആയിരുന്നു. ഒരു സുന്ദരിയുടെയും യുവഭർത്താവ് കേൾക്കാൻ പാടില്ലാത്ത ഒന്ന്. പടിഞ്ഞാറു കടലോര നഗരത്തിലേക്കു നോട്ടമെറിഞ്ഞു, മോഹന രാഗത്തിൽ, സ്വാഗതം പാടി, പ്രിയപ്പെട്ടവനെ ഇരുകൈകളും നീട്ടി വാരിയെടുക്കുകയായിരുന്നു പാഞ്ചാലി. വിരുന്നുകാരൻ അപ്രത്യക്ഷനായപ്പോൾ. വന്നു എന്നടയാളപ്പെടുത്തുന്നൊരു മയിൽപ്പീലി കിടക്കയിൽ. അവളുടെ ഭർത്താവ് മാത്രമല്ല ഇഷ്ടകാമുകനുമെന്നു തെറ്റിദ്ധരിച്ച ഞാൻ നിസ്സഹായനായ നേരം. അടുത്തൊരു ചിതയുണ്ടായിരുന്നെങ്കിൽ ദേഹത്യാഗം ചെയ്യാൻ തോന്നിയ തീഷ്ണ മുഹൂർത്തം."

2019/11/08

"സ്വത്തുതർക്കത്തിന്നതീതമായി, ഭർത്താക്കന്മാർക്കും കൗരവർക്കുമിടയിലൊരു സംഘർഷഭൂമികയുണ്ടെന്നു നേരനുഭവത്തിലൂടെ നിങ്ങൾ തിരിച്ചറിഞ്ഞതെപ്പോഴായിരുന്നു?", കൊട്ടാരം ലേഖിക ചോദിച്ചു.

“വിവാഹം കഴിഞ്ഞു ഹസ്തിനപുരിയിലെത്തി കൊട്ടാരസമുച്ചയത്തിലൊരു വീട്ട് പ്രതീക്ഷിച്ച ഞങ്ങൾ നഗരാതിർത്തിയിലെ അതിഥിമന്ദിരത്തിൽ കഴിയുമ്പോൾ, നിത്യവും വന്ന ഞങ്ങൾക്കനുവദിക്കാൻ പോവുന്ന രാജകീയവസതിയിൽ പുതുതായി വേണ്ടുന്ന ഭൗതിക സൌകര്യങ്ങളെ കുറിച്ച് സരസമായി ഓരോന്ന് എന്നോടായി ദുര്യോധനൻ ചോദിക്കും. ഇക്കാര്യങ്ങളെ കുറിച്ചൊന്നും അറിവോ അനുഭവമോ ഇല്ലാത്ത പാണ്ഡവർ, അപ്പോൾ ഒളിഞ്ഞു നിന്ന് ഞങ്ങളെ നിരീക്ഷിക്കും. പുതുസൌകര്യങ്ങളെ കുറിച്ച് ഞാൻ മുന്നോട്ടു വയ്ക്കുന്ന നിർദേശങ്ങൾ മതിപ്പോടെ കേട്ട് സമ്മത ഭാവത്തിൽ ദുര്യോധനൻ പുഞ്ചിരിക്കും. ആഹ്ലാദവും അഭിമാനവും തോന്നുന്നത്ര ഹൃദ്യമായ പെരുമാറ്റമായിരുന്നു അതെന്നതിൽ എനിക്കപ്പോൾ തോന്നിയിരുന്ന ഊഷ്മളത, ദുര്യോധനൻ ഉപചാരപൂർവ്വം യാത്ര പറയുന്ന സമയം വരെ നീളും. യാത്രയാക്കി മടങ്ങിവന്നാൽ, പത്തു കണ്ണുകൾ തുറിച്ചും മറിച്ചും നോക്കി രാത്രി ഭീതിതമാക്കും.”

“അധികാരകേന്ദ്രങ്ങളിൽ അപശബ്ദമുയർത്തുന്നൊരു ആയുഷ്കാലവിമതനെയാണ് ‘ബാല’ കർണ്ണനിൽ കണ്ടിരുന്നതെന്നു അരമനയിലെ നീണ്ടകാലസാന്നിധ്യമായ വിദുരർ. ആ വിധം വളർന്ന ‘പരുക്ക’നാവേണ്ടിയിരുന്ന വ്യക്തി എങ്ങനെ വിദ്യാർത്ഥി ജീവിതത്തോടെ മാറിമറിഞ്ഞു എന്നാണ് കൃപാചാര്യൻ ഓർത്തെടുക്കുന്നതു. ജാതിയെന്തെന്നു അരങ്ങേറ്റമൈതാനിയിൽ കൃപർ സാന്ദർഭികമായി ചോദിച്ചപ്പോൾ നിങ്ങളുടെ പരിതാപാവസ്ഥ കണ്ട് ദുര്യോധനൻ, നാമമാത്ര അംഗരാജ്യത്തിലെ രാജാവായി പ്രഹസനം തട്ടിക്കൂട്ടി. അങ്ങനെ ഇല്ലാത്ത രാജ്യത്തിലെ വ്യാജരാജാവായപ്പോൾ മതിമറന്നുവോ പിൽക്കാല കർണ്ണൻ?”, കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധമേഘങ്ങൾ തിങ്ങിക്കൂടിയ ആകാശം. ഹേമന്തത്തിന്റെ തുടക്കം.

“മേലാള കീഴാള ബന്ധമായിരിരുന്ന ദുര്യോധനന് ഞാനുമായി എന്ന് തെളിയിച്ചെടുക്കാൻ വിദുരരേയും കൃപാചാര്യനെയും സാക്ഷികളാക്കേണ്ട കാര്യമില്ല. മനഃസാക്ഷിയെ ചോദ്യം ചെയ്താൽ മതി. ഇല്ലാത്ത രാജ്യമാണ് അംഗരാജ്യമെന്നെനിക്കറിയാത്തതല്ല കാര്യം. തുണക്കാൻ വഴികണ്ടെത്തിയ ദുര്യോധനന് കൃതജ്ഞതയോടെ ഞാനൊന്നേ പാലിക്കേണ്ടിയിരുന്നുള്ളൂ-ആപത്തിൽ ഒപ്പം നിൽക്കുക ശത്രു വീഴുംവരെ വാൾ വീശുക.”

2019/11/09

“ദാമ്പത്യത്തിൽ പ്രണയം ഒരു വിചിത്ര സങ്കൽപ്പമാണെന്നു പറയുന്നവരുണ്ട്. നിങ്ങൾക്കിടയിൽ പ്രണയം നിറസാന്നിധ്യമൊക്കെ ആയിരിക്കാം, എന്നാൽ, അതെപ്പോഴെങ്കിലും തർക്കവിഷയമായിട്ടുണ്ടോ? ദാമ്പത്യഅവിശ്വസ്തത പാണ്ഡവർക്കിടയിൽ അപൂർവ്വമല്ലെങ്കിലും, പ്രണയിനി പാഞ്ചാലിയെ സ്വന്തമാക്കാൻ മോഹിക്കുന്ന ഒന്നിലധികം ഹൃദയങ്ങളെ എനിക്കറിയാം”, കൊട്ടാരം ലേഖിക ചോദിച്ചു. താഴ്വരയിലെ ജലാശയത്തിൽ പാണ്ഡവർ മലർന്നു തുടിച്ചു നീന്തുന്നത്, മരക്കൂട്ടങ്ങൾക്കു പിന്നിലവർക്കു കാണാമായിരുന്നു. വനവാസക്കാലം.

“ഒരു പ്രാവശ്യം ഞങ്ങളുടെ ദാമ്പത്യത്തിൽ, പ്രണയം എന്ന പദം പരാമർശിക്കപ്പെട്ടു എന്നോർക്കുന്നു. ഒരേ പായ പങ്കിടുന്നവളുമായുള്ള ദിനചര്യയിൽ പ്രണയത്തിനെന്തു പ്രസക്തി എന്ന് അർജ്ജുനൻ തിരിച്ചടിച്ചു. മറ്റ നാലു പേരും അനുകൂല

മുഖഭാവത്തിൽ അവനെ നോക്കി. അതോടെ പ്രണയം എന്ന വികാരം ഞങ്ങൾക്കിടയിൽ നിന്ന് എന്നെന്നേക്കുമായി അപ്രത്യക്ഷമായി."

"പോർക്കളത്തിൽ നിന്ന് പോറലേൽക്കാതെ പാണ്ഡവർ രക്ഷപ്പെട്ടത് പെറ്റ തള്ളയുടെ പുണ്യം കൊണ്ടാണെന്ന് വിദുരർ പറയുന്നല്ലോ. മിതഭാഷിയെന്ന പേരു കേട്ടയാൾ അത്യുക്തിയിൽ അഭിരമിക്കുന്ന എന്ന തോന്നലുണ്ടോ?", കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര നാളുകൾ.

"പാണ്ഡവരഞ്ചുപേരും വിഷാദരോഗത്തിന് രഹസ്യ പരിചരണം നേടുന്നവരാണെന്ന കാര്യം "പുണ്യവതി" അറിയാതിരിക്കട്ടെ."

2019/11/10

"പാടുപെട്ടു വന്നു തിരിച്ചു പോവുന്നതിന്റെ പൊരുളെന്താണ്?, കൊട്ടാരം ലേഖികയോട് നകുലൻ ചോദിച്ചു. മറ്റു പാണ്ഡവർ നായാട്ടിനു പോയ നേരം.

"ചുവരെഴുത്ത് പതിപ്പുകളിൽ ഒന്ന് കൗരവരാജസ്ത്രീകളെ ലക്ഷ്യമാക്കുന്നു. അവർക്ക് ഗംഗയോ ഹിമാലയമോ കൗതുകവാർത്തയല്ല, അവർക്കറിയേണ്ടത്, ഒരിക്കൽ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയും ഇപ്പോൾ കൗരമഅടിമയുമായ പാഞ്ചാലിയുടെ പരിദേവനങ്ങൾ. ഭാവിയിൽ സംഭവിക്കാവുന്ന മഹായുദ്ധം ഒരിതിഹാസത്തിനു വിഷയമാവുമെങ്കിൽ, അഭിമുഖങ്ങളിൽ വ്യക്തമാവുന്ന പെണ്ണവകാശ പോരാട്ടങ്ങൾക്ക്, സ്വത്തവകാശത്തർക്കത്തെക്കാൾ ശ്രദ്ധ കിട്ടുമെന്നാണ് പ്രത്യാശ. അതാ, പ്രഭാതവെയിലിൽ കുളി കഴിഞ്ഞു ഒരു കെട്ട് ഈറനുമായി വരുന്നു പാഞ്ചാലി. ഇതൊക്കെ 'ഛായാചിത്ര'മാക്കാനുള്ളൊരുപകരണം എനിക്കുണ്ടായിരുന്നെങ്കിൽ."

2019/11/11

"മൂന്നു നേരം വിശപ്പ് മാറ്റാൻ, കൗരവരോട് വിലപിച്ചും യാചിച്ചും പാണ്ഡവർ പ്രകൃതിനിയമത്തെ വെല്ലുവിളിക്കുന്നൊരു വിചിത്ര അക്ഷയപാത്രം ആദ്യമേ സംഘടിപ്പിച്ചു, എന്നാൽ നിങ്ങൾക്കൊന്നും കിട്ടിയില്ലേ കാട്ടിൽ ഇത്തിരി കനിവ് നേടാൻ?" കൊട്ടാരം ലേഖിക ചോദിച്ചു.

"കുനിഞ്ഞുനിന്നു വിളമ്പിക്കൊടുക്കണമെന്നവർ ശഠിക്കും. തറയിൽ കുട്ടംകൂടിയിരുന്നു വായിട്ടടിക്കലവർ മൂന്നുനേരവും ആവർത്തിക്കുമ്പോൾ, രഹസ്യമന്ത്രം മുഖം തിരിച്ചൊന്നു ഞാനുച്ചരിക്കും. അതോടെ, പാണ്ഡവനു നാവുകുഴയും. സൗജന്യമായി 'വായു'വിൽ നിന്ന് കിട്ടുന്ന സസ്യഭക്ഷണത്തെക്കാൾ പ്രതികരണശേഷിയുണ്ട്, തീൻശാലയിൽ അശ്ലീല ഒച്ചകൾ തടയിടാൻ പ്രിയസുഹൃത്തുവഴി കിട്ടിയ മന്ത്രത്തിനു."

"അന്ധനാണ് ഭർത്താവെന്നറിഞ്ഞപ്പോൾ, ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് സ്വയം കാഴ്ച നിഷേധിക്കാൻ ഉടുതുണി കീറി കണ്ണുകെട്ടിയ പ്രതികരണം, സാഹചര്യത്തിന് യോജിക്കാത്തതെന്ന് തിരിച്ചറിവുണ്ടായിട്ടും നിങ്ങൾ പിൽക്കാലത്തു തിരുത്തിയില്ലേ?", കൊട്ടാരം ലേഖിക ചോദിച്ചു.

"കബളിക്കപ്പെട്ടതിൽ പ്രതിഷേധിച്ചുകൊണ്ടായിരുന്നു കറുത്ത തുണികീറി കണ്ണുകെട്ടി രാജസഭയിൽ ചെന്ന് ഭീഷ്മരെ നേരിട്ടത് ഗാന്ധാരയിൽ പെണ്ണന്വേഷിച്ച

വന്ന പിതാമഹൻ, വരൻ ആളൊരു 'ശക്ത'നെന്നൊക്കെ തള്ളിയപ്പോൾ, അച്ഛനു മമ്മയും വീണുപോയി. ദുർബലനും അന്ധനും ആണ് ആളെന്നറിഞ്ഞപ്പോൾ തോന്നിയ കോപം ധൃതരാഷ്ട്രരോടായിരുന്നില്ല, ഭീഷ്മരോടായിരുന്നു. പിന്നെ പിന്നെ അതൊരു സൗകര്യകരമായ മുഖാവരണമായി. അർദ്ധസുതാര്യമായ തുണികൊണ്ടു കെട്ടിത്തുടങ്ങിയപ്പോൾ, കാണേണ്ടതൊന്നും അപ്രാപ്യമല്ലാതെയുമായി. കാഴ്ചപരിമിതനായ ഭർത്താവിന് ഇനി ഞാനായിരിക്കും കണ്ണുകളെന്ന നിലപാടെടുക്കാൻ സമ്മർദ്ദം ചെലുത്തിയ മഹാറാണി കുന്തിയാണിപ്പോൾ, തോഴിയെന്ന നിലയിൽ, കൺകെട്ടുതുണിക്കെട്ടുകൾ കരുതലോടെ കഴുകി നിഴലിൽ ഉണക്കി മണിക്കൂറിടവിട്ടു കെട്ടിത്തരുന്നതു എന്നതിൽ ആനന്ദവുമുണ്ട്."

2019/11/12

"മുടിചൂടിയ മന്നനല്ലേ? എന്നിട്ടുമെന്താ 'സൂതപുത്ര'ന്റെ തേരാളിയായത്? യുദ്ധരംഗത്തിലുമില്ലേ ശ്രേണീബന്ധങ്ങളിലെ വലുപ്പച്ചെറുപ്പങ്ങൾ? അതോ, ദുര്യോധനൻ നിങ്ങളെ കുരുക്കിയോ?" മാദ്രിസഹോദരനായ ശല്യചക്രവർത്തിയോട് കൊട്ടാരം ലേഖിക ചോദിച്ചു. വൈകിയ രാത്രി.

"സഹോദരീപുത്രന്മാരായ നകുലനെയും സഹദേവനെയും മറന്നിട്ടൊന്നുമല്ല കൗരവസഖ്യ കക്ഷിയായി കുരുക്ഷേത്രത്തിൽ, എന്ത് ജോലി ചെയ്യാനും, ഞാൻ ഇറങ്ങിയത് മാദ്രിയെ പാണ്ഡുചിതയിലെറിഞ്ഞ കുന്തിയോടെനിക്കുള്ള നീരസം മറച്ചുവക്കുന്നില്ലെങ്കിലും, മാദ്രിപുത്രന്മാർ യുദ്ധാനന്തരം നേരിടാവുന്ന അധികാരപർവ്വ ഭീഷണി കണക്കിലെടുക്കേണ്ടേ? കർണ്ണൻ യുദ്ധത്തിൽ പരുക്കേൽക്കാതെ രക്ഷപ്പെട്ടാൽ, പാണ്ഡവർക്ക് മേലെ മൂപ്പിളമ ഉന്നയിച്ചു, നകുലനെയും സഹദേവനെയും പാർശ്വവൽക്കരിക്കുമെന്നതാണ് എന്നെ അലട്ടുന്നത്. മാദ്രിപുത്രന്മാർ കഥയറിയാതെ എന്നെ പോർക്കളത്തിൽ നാളെ വധിച്ചാലും, കുരുക്ഷേത്രക്കുശേഷം അവരുടെ ദീർഘകാല അധികാര താൽപ്പര്യം സംരക്ഷിക്കുകയെന്നതല്ലേ മാദ്രിസഹോദരൻ എന്ന നിലയിൽ ഏറ്റെടുക്കേണ്ട നിയോഗം? അത് സൂക്ഷ്മതയോടെ ചെയ്യുമ്പോൾ മനഃശ്ശാസ്ത്രപരമായ യുദ്ധമുറകൾ കർണനു നേരെ, തേരാളിയെന്ന നിലയിൽ, പ്രയോഗിക്കും. സർവ്വസൈന്യാധിപനാണവൻ എന്ന പരിഗണന കൊടുക്കാതെ, പരിഹസിക്കും ആജ്ഞ തിരസ്കരിക്കും ആപത്തിൽ പിന്തുണക്കാതെ മാറിനിൽക്കും, കൊലചെയ്യപ്പെടുന്നത് കൗതുകത്തോടെ നോക്കി നിൽക്കും. മാദ്രരക്തം ഗംഗാജലത്തേക്കാൾ സാന്ദ്രതകൂടിയതാണെന്നപ്പോൾ ലോകം അറിയും."

"മൂപ്പിളിമക്രമമനുസരിച്ച് കുട്ടികളഞ്ചു പേരെയും, വളർത്താൻ പാഞ്ചാലയിലേക്ക് കൊണ്ട് പോയ നിങ്ങൾ, പക്ഷെ, ഹസ്തിനപുരിയിലൊന്നിറങ്ങി കുന്തിയെ കണ്ടില്ല എന്നാണു പാണ്ഡവപരിഭവം. രാജമാതാ പദവിയർഹിച്ചിട്ടും, പുത്രഭാര്യയോട്ട് മത്സരിക്കാൻ നിൽക്കാതെ, ഗാന്ധാരിക്കൊപ്പം ഒതുങ്ങിക്കഴിയുന്ന കുന്തിക്കുമുണ്ടാവില്ലേ കൊച്ചുമക്കളെ കാണാൻ മോഹം?" ' കൊട്ടാരം ലേഖിക ചോദിച്ചു.

"പനംകുട്ടയിൽ നവജാതശിശുക്കളെ പുഴയിലൊഴുക്കിയും, ഗംഗയിൽ മുക്കിക്കൊന്നും, പേറ്റുചൂരുള്ള കുഞ്ഞുങ്ങളെ 'പരിചരണം' ചെയ്യുന്ന വിശിഷ്ട മാതൃബിംബങ്ങൾ വസിക്കുന്ന കുരുവംശകൊട്ടാരത്തിൽ, വഴിതെറ്റി പോലും കയറാതിരിക്കുന്നതല്ലേ പാണ്ഡവപുത്രന്മാർക്കു നല്ലത്?"

“സൈന്യാധിപനെ പാളയത്തിൽ കയറി പൊരിപ്പിച്ചിരുന്നു എന്നാണല്ലോ പാറാവുകാർ പിറുപിറുക്കുന്നത്? കിരീടാവകാശം തർക്കവിഷയമായിട്ടും പൊതുഭരണത്തിൽ പതിവായി ഇടപെട്ടിരുന്നു എന്നത് പോകട്ടെ, പോർക്കളത്തിലും തുടങ്ങിയോ ചട്ടം വിട്ടുള്ള പരാക്രമം?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“രാജ്യതന്ത്രമര്യാദ പാലിക്കാത്ത പാണ്ഡവരോടല്ലേ നിങ്ങൾ ചന്ദ്രഹാസമിളക്കേണ്ടത്? കഥാവശേഷനായ കർണ്ണൻ സൂതപുത്രനെന്നു പാണ്ഡവർ പരിഹസിച്ചിട്ടും, കൗരവ സർവ്വസൈന്യാധിപനായത് ആരുടെ ഉത്സാഹത്തിലായിരുന്നു? എന്നാൽ, പൂർവ്വസൂരികളെ പാർശ്വവൽക്കരിച്ചുവോ? പത്തുദിവസം പട നയിച്ചത് വയോവൃദ്ധനായ ഭീഷ്മരല്ലേ? ഒരു പാണ്ഡവതല പോലും ഉരുട്ടാനാവാത്ത പാവം പിതാമഹൻ, സൈന്യാധിപപദവിയിൽ നിന്ന് ഒഴിഞ്ഞത് ഞാൻ പുറത്താക്കിയതുകൊണ്ടോ, അതോ, ഭിന്നലിംഗപോരാളി ശിഖണ്ഡിയെ മുന്നിൽ നിർത്തി അർജ്ജുനൻ ഭീഷ്മർക്കുനേരെ അമ്പെയ്തതുകൊണ്ടോ? ഞാൻ ബ്രാഹ്മണ വിരോധിയാണെന്നു പാണ്ഡവർ വലിയവായിൽ ആക്ഷേപിക്കുന്നതിൽ കാര്യമുണ്ടെങ്കിൽ, എങ്ങനെ ഞാൻ ഭീഷ്മർക്ക് ശേഷം ദ്രോണാചാര്യരെ സർവ്വസൈന്യാധിപനാക്കി? കർണ്ണനെയല്ലേ കാവലേൽപ്പിക്കേണ്ടത്? മാദ്രിയുടെ സഹോദരൻ ശല്യൻ കൗരവ പക്ഷത്തു വന്നപ്പോൾ ആത്മാർത്ഥത അളക്കാൻ കർണ്ണസാരഥിയാക്കിയ ശേഷമല്ലേ സർവ്വസൈന്യാധിപ പദവി കൊടുത്തത്? എന്നാൽ പാണ്ഡവർ? ചോദിക്കൂ യുധിഷ്ഠിരനോട്, കൊള്ളരുതാത്ത ധൃഷ്ടദ്യുമ്നനെ എങ്ങനെ അവർ പതിനെട്ടുനാളും അത്യുന്നതപദവിയിൽ പരിപാലിച്ചു. അയാൾ പാഞ്ചാലിയുടെ സഹോദരൻ. പോറലേറ്റാൽ വിവരമറിയും.”

2019/11/13

“കബളിപ്പിക്കപ്പെട്ടു എന്ന തോന്നലുണ്ടായോ?” കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

“പ്രച്ഛന്നവേഷമെന്നറിഞ്ഞുതന്നെ പട്ടാഭിഷേകത്തിനു ഞാൻ വഴങ്ങി. ദുര്യോധനൻ മികവോടെ കാർമ്മികത്വം വഹിച്ചു വിജയകരമായ പരിസമാപ്തിയിലെത്തിച്ച ആ തട്ടിപ്പ് പക്ഷെ, പാണ്ഡവർ മുഖവിലക്കെടുത്തു എന്നതാണ് പ്രഹസന വിജയം. ആയുധമത്സരത്തിൽ പങ്കെടുക്കാൻ എത്തിയപ്പോൾ ജാതി ചോദിച്ചു നാറ്റിക്കാനല്ലാതെ, കാട്ടിൽ ജനിച്ചു വളർന്ന ഭീമനുണ്ടോ അംഗരാജ്യം എവിടെയാണെന്ന് നെഞ്ചുവിരിച്ചു വെല്ലുവിളിക്കാൻ അറിവിന്റെ ധൈര്യം? ഒരു പണത്തൂക്കം പൊന്നില്ലാത്ത വ്യാജകിരീടം ധരിച്ചു ഹസ്തിനപുരി വാണിജ്യവീഥിയിൽ ഞാൻ വഴിനടക്കുമ്പോൾ, ഓച്ചാനിച്ചു നിൽക്കുന്ന ഭീമനെ ഇന്നലെ സന്ധ്യക്കും കാണാമായിരുന്നു.”

2019/11/14

“അർജ്ജുനൻ പിതാമഹന് നേരെ ശരമെയ്യുമ്പോൾ ധൃഷ്ടദ്യുമ്നൻ അരുതാത്ത വാക്കുച്ചരിക്കുന്നത് കാണാമായിരുന്നല്ലോ. എന്തായിരുന്നു കാര്യം?” കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“ഭിന്നലിംഗ വിഭാഗങ്ങൾക്ക് സാമൂഹ്യനീതിയും അവകാശങ്ങളും ഉറപ്പു വരുത്താൻ, ഔദ്യോഗിക ലിംഗനീതിനിയമം നടപ്പിലാക്കിയ ഹസ്തിനപുരിയിൽ, ഭിന്ന

ലിംഗ ശിഖണ്ഡി മുന്നിൽ നിന്നാൽ, താൻ ആയുധം താഴെയിടും എന്ന ഭീഷ്മ പ്രഖ്യാപനം കുരുവംശലിംഗനീതിയെ റദ്ദാക്കുന്നു എന്ന് ധൃഷ്ടധ്യുമ്നൻ പറഞ്ഞതാണോ കാര്യം? കൂടപ്പിറപ്പിനോടുള്ള കരുതൽ മാത്രമല്ലേ? ഭീഷ്മനിന്ദയൊന്നും അരിച്ചു പെറുക്കി വർത്തയാക്കരുതേ."

"ഇടിച്ചുകയറി പിടികൂടുകയാണോ? അതോ, നിങ്ങൾ നിസ്സഹായനായി കീഴടങ്ങുകയോ?", കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. കീചകവധവാർത്ത പുകമഞ്ഞുപോലെ നിറഞ്ഞ വിരാട നഗരി.

"പാഞ്ചാലിയെ കാമത്തോടെ കാണുന്ന കീചകനെ നീരസത്തോടെയാണ് നൃത്തമണ്ഡപത്തിൽ ഞാൻ രാത്രി ചെന്നുകണ്ടതും, ക്ഷോഭത്തോടെ മിണ്ടിപ്പറഞ്ഞതും. സൈരന്ധ്രിയെ വിവാഹം കഴിക്കാൻ യുവകീചകൻ ആഗ്രഹിക്കുന്നു എന്ന വാർത്ത ഞാൻ അവിശ്വസിച്ചിരുന്നെങ്കിലും, വീണ്ടുമവൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, 'അഞ്ചു പ്രസവിച്ചവളെയോ?' എന്ന് ഞാൻ വിസ്മയിച്ചു. അവൾക്കു അത്രയും ഭർത്താക്കന്മാരുണ്ടെന്ന കാര്യം പറഞ്ഞപ്പോൾ, ഭൂതകാല ദാമ്പത്യബാധ്യതകളൊന്നും വിവാഹതീരുമാനത്തെ അസാധുവാക്കില്ലെന്നവൻ പ്രഖ്യാപിച്ചു. പെട്ടെന്നൊരാവേശത്തിൽ ഇടിച്ചു വീഴ്ത്തി, നെഞ്ചിൽ കുന്തിച്ചിരുന്നു മൂക്കും വായും പൊത്തിപ്പിടിച്ചു. പണിയിടമായ ഊട്ടുപുരയിൽ കിടന്നു പരേതാത്മാവിനുവേണ്ടി പ്രാർത്ഥിച്ചു ഞാൻ ഉറങ്ങിപ്പോയെങ്കിലും വിരാട അന്വേഷണസംഘം പിടികൂടി. പാഞ്ചാലി പിന്തുണയായി വന്നിട്ടില്ലെന്നതാണെനിക്ക് കരൾ നോവിക്കുന്ന കാര്യം."

2019/11/15

"ഉച്ചഭക്ഷണം കഴിഞ്ഞ ഉടൻ മൂന്നു പാണ്ഡവർ മന്ത്രാലയങ്ങളിലേക്ക്പോവുമ്പോൾ, 'ഭീമനും നകുലനും മാത്രമെന്താ ആട്ടുകട്ടിലിലൊരു സ്വൈരസല്ലാപം?', കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ ഭരണകാലം ദുര്യോധനവധം നേർസാക്ഷിമൊഴി നകുലനിൽ നിന്ന് പൊടിപ്പും തൊങ്ങലും വച്ച് ഭീമന് കേൾക്കണം. തുടയിലടികൊണ്ടു വീണ ദുര്യോധനന്റെ നിലവിളി നകുലൻ മികവോടെ അനുകരിക്കുമ്പോൾ, കൊച്ചുകുട്ടിയെ പോലെ കൈകൾ കൊട്ടി ഭീമൻ ആർത്തുചിരിക്കും മഹാറാണിയുടെ അന്തഃപുരത്തിലേക്കു അനുമതിയില്ലാതെ കയറി, ബഹുസ്വര ദാമ്പത്യരഹസ്യങ്ങൾ ചോർത്തുന്ന, നിങ്ങൾ മറന്നുപോവരുതേ, ആയിരം പൂർണചന്ദ്രന്മാരെ കണ്ടു കഴിഞ്ഞ ഭീമനിപ്പോൾ രാജ്യസുരക്ഷയെക്കാൾ കൗതുകം വർണോജ്ജ്വലമായ കുരുക്ഷേത്രമാണ്."

"നിങ്ങളഞ്ചു പേരോടും പാഞ്ചാലി ഹൃദ്യമായി പെരുമാറുന്നൊരു പൊതുസന്ദർഭമുണ്ടോ?" കൊട്ടാരം ലേഖിക ചോദിച്ചു.

ബഹുഭർത്തൃത്വ ദാമ്പത്യത്തിൽ പെണ്ണാധിപത്യമുണ്ടെന്നവൾക്കുത്തമബോധ്യം വരുന്ന സാഹചര്യത്തിൽ, ഞങ്ങളോടവൾ കാണിക്കുന്ന ഊഷ്മളതയും ഉല്ലാസഭാവവും എങ്ങനെ മറക്കും. എന്നാൽ, ആരെങ്കിലുമൊരാൾ കരുതലില്ലാതെ വിയോജിക്കാനോ അവഗണിക്കാനോ ശ്രമിച്ചാൽ, അതോടെ തകർന്നു വീഴുകയായി ഹൃദ്യമെന്നു നിങ്ങൾ വിശേഷിപ്പിക്കുന്ന ആ 'ചില്ലുകൊട്ടാരം.'

2019/11/16

“കേഴുന്നുവോ പ്രിയഗുരു?” കൊട്ടാരം ലേഖിക ചോദിച്ചു. കുരുക്ഷേത്രയിൽ നിന്ന് ജീവനോടെ രക്ഷപ്പെട്ട കൗരവസേനാനി കൃപാചാര്യൻ പുതിയ കിരീടാവകാശിയെ ആദ്യാക്ഷരങ്ങൾ പഠിപ്പിക്കുന്ന തിരക്കിലായിരുന്നു.

“പിന്നെ വികാരങ്ങൾ മുറിപ്പെട്ടാൽ കൊട്ടാരഗുരുവും കരയില്ലേ? കൗരവകൊലയാളികളുടെ കൂടെ കത്തി മൂർച്ച കൂട്ടി കുരുക്ഷേത്രയിൽ പതിനെട്ടു നാൾ ഞാൻ പോരാടി എന്നൊക്കെ നിങ്ങൾ എഴുതിപ്പിടിപ്പിച്ചു. ചാർവാകൻ പറഞ്ഞറിഞ്ഞപ്പോൾ സത്യാനന്തരയുഗം നേരത്തേ തുടങ്ങി എന്ന് തോന്നി. സ്വത്തുതർക്ക പരിഹാരത്തിന് നയതന്ത്രതലത്തിൽ ചർച്ച വഴിമുട്ടിയപ്പോൾ, നേരിയ ബലപരീക്ഷണം നടത്തിയെന്നല്ലേ ഉള്ളൂ? പോർക്കളത്തിൽ ജീവഹാനി സ്വാഭാവികമല്ലേ? യുദ്ധം ചെയ്താലും തപസ്സിരുന്നാലും, വിശാല കാഴ്ചപ്പാടിൽ വേണ്ടേ ഇടപെടാൻ? ദുഷ്ടലാക്കില്ലാത്ത സൈനികസേവനത്തിനു ദുരർത്ഥം കൊടുക്കുമ്പോൾ, ചമ്രം പടിഞ്ഞിരുന്നു ആറുമാസമായി ആദ്യാക്ഷരം പഠിക്കുന്ന ഈ കുട്ടിയെ നോക്കൂ. ഭാവി ചക്രവർത്തിയാവാനുള്ള പരീക്ഷിത്ത്, ചക്രവ്യൂഹത്തിൽ ജീവൻ പൊലിഞ്ഞ അഭിമന്യുവിന്റെ ഏക മകൻ. മന്ദബുദ്ധിയാണെന്നു കരുതി ഞാനുമവനെ ദുഷിച്ചുസംസാരിച്ചാൽ കുരുവംശത്തിൽ പിന്തുടർച്ച പോവില്ലേ?”

“താൻപോരിമയുള്ള പെണ്ണെന്ന പ്രതിച്ഛായ സ്വയംവരം മുതൽ പ്രകടിപ്പിച്ചിരുന്ന നിങ്ങൾ എന്തുകൊണ്ട് ചൂതാട്ടസഭയിൽ പരസ്യമായി വിവസ്ത്രയാവുന്ന ദയനീയ സാഹചര്യമുണ്ടായിട്ടും, അക്രമികളെ ചെറുക്കാതെ മിക്കവാറും വഴങ്ങിയെന്നൊരു തോന്നൽ കുറച്ചുകലെ നിന്ന് തോന്നിയ ഞങ്ങൾക്കുണ്ടായി? എങ്ങനെ പ്രതികരിക്കുന്നു നിർണ്ണായകമുഹൂർത്തത്തിലെ നിർജ്ജീവ പ്രതികരണശേഷിയെ കുറിച്ചിപ്പോൾ?”, കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

“കുറച്ചുകലെ നിന്നാണ് നിങ്ങളപ്പോൾ നോക്കിയിരുന്നതെങ്കിൽ തീർച്ചയായും ചൂതാട്ടസഭയിൽ എനിക്കെതിരെ ഇരുന്നും നിന്നും ലൈംഗികാതിക്രമത്തിന് അവസരം കാത്ത പ്രഭുക്കളെയും കാണാതെ പോവില്ലല്ലോ. ഞാൻ നേരിട്ട തിരഞ്ഞെടുപ്പ് ഇതായിരുന്നു-പ്രലോഭനത്തിന്റെയും പ്രണയപദങ്ങളുടെയും അകമ്പടിയോടെ ഉടുതുണിയിൽ കൈവക്കുന്ന യുവകൗരവർക്കു വഴങ്ങണോ, സദാചാരസംരക്ഷകരുടെ ആട്ടിൻതോലണിഞ്ഞ വയോജനങ്ങൾക്കു വഴങ്ങണോ?”

2019/11/17

“നാട്ടുവാഴിയുടെ മകളെന്ന നിലയിൽ അവഗണിക്കപ്പെട്ടുമായിരുന്ന നിങ്ങളെ, ആഗോളശ്രദ്ധാകേന്ദ്രമാക്കിയ വ്യക്തി അർജ്ജുനൻ തന്നെയെന്നുച്ചരിക്കാൻ മാത്രം ‘അമൂല്യ’മായ സംഭാവന എന്തുണ്ടായി അയാൾക്ക് നിങ്ങളുടെ വ്യക്തിത്വ നിർമ്മിതിയിൽ?”, വിരാട രാജകുമാരിയും അഭിമന്യുവിധവയുമായ ഉത്തരയോട് കൊട്ടാരം ലേഖിക ചോദിച്ചു.

അർജ്ജുനന്റെ എൺപതാം പിറന്നാൾ ആഘോഷവേളയിൽ, ആദ്യം കാലിൽ വീണു നമസ്കരിക്കയും, പിന്നീട് മുഖം ഇരുകൈകളും കൊണ്ട് കൂട്ടിപ്പിടിച്ചു കവിളിൽ ആഞ്ഞു ചുംബിക്കയും ചെയ്തതോടെ ഉന്മാദത്തിൽ കുലുങ്ങിമറിഞ്ഞ സദസ്സ് പിരിഞ്ഞുപോവുന്ന നേരം.

“ആ കാലത്തു നിങ്ങൾ വിരാടയിൽ വിരുന്നുകാരിയായി വന്നിരുന്നതല്ലേ? മൂന്നാം ലിംഗ പരിവേഷത്തിൽ അർജ്ജുനൻ ബൃഹന്നള എന്ന സ്വത്വരൂപത്തിൽ

നൃത്തം പഠിപ്പിക്കുമ്പോൾ അർജ്ജുനൻ എന്ന പ്രശസ്ത പുരുഷപ്രകൃതി കൗമാരക്കാരിയായ എന്നെ മോഹിപ്പിച്ചു. പിന്നീട് സൈരന്ധ്രിയെന്ന പാഞ്ചാലിയുടെ രഹസ്യ ഇടപെടലിൽ അർജ്ജുനൻ മനം മാറ്റിയെങ്കിലും, ദൂരെ ദൂരെ ദ്വാരകയിൽ വളരുന്ന കൗമാരഅഭിമന്യുവിനെ എനിക്ക് വരനാക്കിയപ്പോഴും, വിരുന്നുണ്ണാൻ നിങ്ങളെ വിളിച്ചിരുന്നില്ലേ? കുരുക്ഷേത്രയുടെ സ്തോഭജനകമായ അവസാനനിമിഷങ്ങളിൽ എന്റെ ഗർഭം അലസിപ്പിക്കാൻ അശ്വത്ഥാമാവ് പരസ്യമായി ശ്രമിക്കുമ്പോൾ,പാണ്ഡവരും പങ്കാളിയും എത്ര ശ്രമകരമായ ദൗത്യത്തിലൂടെയാണ് ഗർഭസ്ഥശിശുവിനെ രക്ഷിച്ചതെന്നറിഞ്ഞത് വ്യാസനെഴുതിയ മഹാഭാരതത്തിന്റെ ആദ്യ കരടെനിക്ക് ഓടിച്ചു നോക്കാൻ ഈയിടെ തരം കിട്ടിയപ്പോളാണ്. സ്മൃതിനാശ രോഗിയെങ്കിലും, അർജ്ജുനൻ എന്നെ വിശ്വപ്രസിദ്ധിയിലേക്കുയർത്തിയെന്ന് ഞാൻ ആ മുഖം ചുംബിച്ചുകൊണ്ട് ചെവിയിൽ മന്ത്രിച്ചപ്പോൾ. കണ്ണുകൾ ജലാർദ്രമായിരുന്നു."

"വിരണ്ടുവോ സ്ത്രീഹൃദയം?"', കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു.

"ദശാബ്ദങ്ങളായി രാജവധുക്കളും കൗരവകുടുംബങ്ങളും അന്തിയുറങ്ങിയ വസതികളിൽ നിന്ന് മുടികുത്തിപ്പിടിച്ച് ന്തേവാസികളെ പുറത്തേക്കെറിഞ്ഞപ്പോൾ, നിലത്തു ചമ്രം പടിഞ്ഞിരുന്നവർ ദുര്യോധനനാമം ജപിച്ചതാണ് ഭരണകൂടകിങ്കരന്മാരെ ചൊടിപ്പിച്ചത് നാമജപം നിർത്തി പാണ്ഡവ സുവിശേഷത്തിനു ചെവിയോർക്കാൻ ചാരമേധാവിയെന്ന പദവിയിൽ ഞങ്ങളിലേക്ക് പാലം പണിയുന്ന നകുലൻ നിർദ്ദേശിച്ചു. വാക്കുകളിൽ തേന്മൊഴിയുണ്ടെങ്കിലും ഉള്ളിൽ വിഷമാണെന്നറിയുന്ന കൗരവഅനാഥകൾ ദുര്യോധനജപശബ്ദം നിലനിർത്താത്തതവരെ ക്രുദ്ധരാക്കി. ഭരണകൂടത്തെ പ്രകോപിപ്പിച്ചാൽ എന്ന് മുരണ്ടുകൊണ്ടവർ ഒരു പാവം കൗരവകുമാരിയുടെ മടിക്കുത്തിൽ കടന്നു പിടിച്ചപ്പോൾ കേട്ടു, ആകാശത്തു നിന്നു ദിവ്യശബ്ദം, തുടർന്നതാ അടികൊണ്ടു ചളിവെള്ളത്തിലേക്കു തെറിച്ചുവീഴുന്ന ഭീമനും- അപ്പോൾ ഞങ്ങൾക്ക് മനസ്സിലായി, മുറിവേറ്റ ശരീരം കുരുക്ഷേത്രയിൽ എന്നോ ദുര്യോധനൻ ഉപേക്ഷിച്ചെങ്കിലും, ആശ്രിതരോടു കരുണയും കരുതലും സൂക്ഷ്മലോകത്തിൽ തുടരുന്നു. ആപത്തിൽ അനാഥകളെ കാപ്പാത്തിയ പരിശുദ്ധാത്മാവേ നീ എന്നെന്നും ഞങ്ങൾക്ക് കൂട്ടായിരിക്കേണമേ."

2019/11/18

"ദുര്യോധനൻ എന്നെ അംഗരാജ്യത്തിലെ രാജാവാക്കി വാഴിച്ചതിനു പിന്നിലെ വൃത്തികെട്ട ജാതിരാഷ്ട്രീയം നിന്നോട് ഞാൻ സൂചിപ്പിച്ചു. ഹസ്തിനപുരി കൊട്ടാരത്തിലെ യാഥാസ്ഥിതികർക്കു പക്ഷെ ദഹിക്കുന്ന കാര്യമല്ല അതൊന്നും. ചമ്മട്ടി പിടിക്കേണ്ടവൻ ചെങ്കോൽ പിടിക്കുകയോ? ഭീഷ്മർ ചോദിച്ചത് അങ്ങനെയായിരുന്നു. ഭരണനടപടിക്രമം അറിയുന്ന വിദുരർ ഉൾപ്പെടെ ആരും, ഔപചാരികമായി ഞാൻ എങ്ങനെ അംഗരാജ്യത്തിൽ അധികാരമേൽക്കും എന്നുപദേശിച്ചില്ല. കാര്യക്ഷമമായി അന്വേഷണം നടത്താനാവാതെ ഞാനും കുറെ കാലം പരുങ്ങി. പാണ്ഡവരിപ്പോൾ ഖാണ്ഡവപ്രസ്ഥത്തിൽ കാടു വെട്ടി നഗരം പണിതു രാജാവാകുമ്പോൾ എന്തുകൊണ്ട് നമ്മളും അംഗരാജ്യത്തിലേക്കു കുടിയേറിക്കൂടാ? ഞാനില്ലാ

ത്തപ്പോൾ വന്ന ദുര്യോധനൻ അരുതാത്തയിടത്തു നിന്നെ തൊട്ടശേഷം വീണ്ടും കുടിയേറ്റത്തെ കുറിച്ച് ആലോചിച്ചു. അവിടത്തെ സ്നേഹസമ്പന്നരായ ജനങ്ങളോട് സംസാരിക്കാനും ഒക്കെ അവസരം കിട്ടുന്നത് നിനക്കും നല്ലതല്ലേ?" വെള്ളം കോരുകയായിരുന്ന ഭാര്യയോട് കർണ്ണൻ പറഞ്ഞു. കുതിരച്ചാണകം മണക്കുന്ന വസതി നഗരതിർത്തിയിൽ നിന്നകലെയായിരുന്നു. വെളിയിടവിസർജ്ജനത്തിലായിരുന്ന കുട്ടികൾക്ക് പിന്നിൽ പന്നികൾ ഭക്ഷണം കാത്തു.

"വളർന്ന ഹസ്തിനപുരിയുമായി സമരസപ്പെടാതെ, വിമതവ്യക്തിത്വം വളർത്തിയെടുത്ത നിങ്ങളാണോ കണ്ടും കേട്ടും പരിചയമില്ലാത്ത രാജ്യത്തിൽ പട്ടാഭിഷേകത്തിനുത്സാഹിക്കുന്നത്? ദുര്യോധനൻ തൊട്ടതു രഹസ്യമായിട്ടൊന്നുമല്ലല്ലോ. കണ്ടിട്ടും കണ്ടില്ലെന്ന മട്ടിൽ നിങ്ങൾ തിരക്ക് പിടിച്ച് പുറത്തു പോയപ്പോൾ ആയിരുന്നില്ലേ ആ സ്നേഹസ്പർശം? പ്രണയപൂർവ്വം ഭാര്യയെ നോക്കാൻ മെനക്കെടാത്ത നിങ്ങളാണോ ലൈംഗികാതിക്രമത്തിൽ നിന്നെന്നെ രക്ഷിക്കുക?, കാപട്യത്തിന്റെ മനുഷ്യരൂപമെന്ന വിശേഷിപ്പിക്കാറുള്ള യുധിഷ്ഠിരനെക്കാൾ കഷ്ടമാണല്ലോ അതിരഥൻ വളർത്തിയ നിങ്ങളുടെ ജൈവികപിതാവ് ആകാശചാരിയാണെന്ന വാദം?"

"ഒന്നയഞ്ഞിട്ടുണ്ട് കൌരവർ. ഒത്തുതീർപ്പിനവർ തയാറാണ്. വരാനിരിക്കുന്ന രാജസഭയോഗത്തിൽ നിർദ്ദേശം നിബന്ധനയോടെ അംഗീകരിക്കും. ലൈംഗികാക്രമണത്തിനു കൊടുത്ത പരാതി നീ പിൻവലിച്ചാൽ, അട്ടയും പെരുച്ചാഴിയും നിറഞ്ഞ തടവിൽ നിന്ന് രക്ഷപ്പെടാം. സന്യസ്ഥമാലിന്യം ചുമക്കുന്ന നരകത്തിൽ നിന്ന് നിനക്കും മോചനമാവും. കൗരവഭരണ ഇന്ദ്രപ്രസ്ഥത്തിൽ ഒരു വസതി നമുക്കവർ ദീർഘകാലത്തേക്ക് തരും. കൃഷിഭൂമി പാട്ടത്തിനെടുത്തു ധാന്യം കൗരവർക്കു കൊടുത്തു വേണം വാടക വീട്ടാൻ. എന്താണ് നിബന്ധന എന്നോ? 'വന്ദ്യദുര്യോധനൻ ഈ വീടിന്റെ ഐശ്വര്യം' എന്ന് വസതിക്കു മുമ്പിൽ വേറെ വേറെ ചുവരുകളിൽ ഓരോ മാസവും നാം ആറു പേരും അടയാളപ്പെടുത്തണം."

"വാർത്താപരിചരണത്തിൽ വരാവുന്നൊരശ്രദ്ധ എന്ന് പറഞ്ഞൊഴുക്കിവിടാനാവുമോ അപകീർത്തിപരമായ ആരോപണം? ചോര തിളയ്ക്കുന്ന യുവത്വത്തിൽ, പായക്കുട്ടിനൊരു പെൺതുണയില്ലാതെ പാണ്ഡവർ ദേശവിദേശങ്ങളിൽ ഒരുമിച്ചുകഴിഞ്ഞിരുന്നു എന്നതൊരു പുത്തനറിവൊന്നുമല്ല. അജ്ഞാതവാസക്കാലത്തു പെൺവേഷംകെട്ടി നൃത്താദ്ധ്യാപികയുടെ ജോലി അർജ്ജുനൻ നേടി എന്നതും ഇന്നൊരു ചരിത്രവസ്തുത. അപ്പോളൊന്നും ഭീമനിൽ നിന്നിങ്ങനെ സ്വവർഗ്ഗാഭിരുചിയുടെ അനിയന്ത്രിത നീക്കം ഉണ്ടായിട്ടില്ല എന്നതാണ് കേവലസത്യമെന്നിരിക്കെ, 'ഹസ്തിനപുരി പത്രിക'യുടെ തെരുവോര ചുവരെഴുത്തു പതിപ്പുകൾക്കു മുമ്പിൽ വന്നുകൂടുന്ന അലസ സാക്ഷരർക്കു നിങ്ങൾ തെറ്റായ സന്ദേശം നൽകുകയല്ലേ, ദുരുപദിഷ്ടമെന്നു വ്യാഖ്യാനിക്കാവുന്ന വാർത്ത പ്രസിദ്ധീകരിക്കുന്നതിലൂടെ ചെയ്തത്?", ചാരവകുപ്പുമേധാവി കൊട്ടാരം ലേഖികയെ വിളിച്ചുവരുത്തി ചോദ്യം ചെയ്തു.

"നിങ്ങൾക്കറിയാഞ്ഞിട്ടാണ്. ഇന്ന് നിങ്ങൾ മുഖം കറുപ്പിക്കുന്ന ഈ പദം നാളെ പൊതുസമൂഹം രതി സഹിഷ്ണുതയുടെ പരസ്യദൃഷ്ടാന്തമായി ഉയർത്തിപ്പിടിക്കും. "എനിക്കൊരു സ്വവർഗരതി സുഹൃത്തുണ്ട്" എന്ന് അഭിമാനത്തോടെ പിൻഗാമികൾ പറയുന്നൊരു കാലത്ത്, ഞങ്ങളുടെ വാർത്താ പരിചരണം പ്രവചനസ്വഭാവമുൾക്കൊള്ളുമെന്നാണ് വിശ്വാസം. ആൺ പെൺരതിയിലാണ് കുലീനത എന്ന് കരുതുന്ന പിന്തിരിപ്പൻ രതിസങ്കൽപ്പങ്ങൾക്കപ്പോൾ തിരശ്ശീല വീഴും.

അല്ല, ആരോപിതഭീമനില്ലാത്ത സ്വവർഗ്ഗ അങ്കലാപ്പ് നിങ്ങൾക്കെന്തിനാണ് ഭരണകൂടമേ?"

"അവസാനവെട്ട നിങ്ങളല്ലേ വെട്ടിയത്? കാഞ്ചൻജംഗയുടെ നെറുകയിൽ കാൽവച്ച ചേതോവികാരമായിരുന്നു എന്ന് നിങ്ങൾ തുള്ളിച്ചാടി ആർമാദിച്ചുവെന്നറിഞ്ഞു?", കൊട്ടാരം ലേഖിക കർണ്ണനോട്ട് ചോദിച്ചു. കൗമാരയോദ്ധാവിന്റെ ശവദാഹം പുഴക്കരയിൽ കാണാവുന്ന കുരുക്ഷേത്രയിലെ ശീതകാലരാത്രി.

"പാണ്ഡവരെ ഒരുമിച്ച തലയറുത്ത ഉന്മാദമാണ് വാസ്തവത്തിൽ അനുഭവപ്പെട്ടത് ഹൃദയവികാരം യുദ്ധഭൂമിയിൽ തുറന്നടിച്ചാൽ, പാണ്ഡവമാതാവിന്റെ കരൾ പിളരുമെന്നന്തഃരംഗം താക്കീതു തന്നപ്പോൾ, നിരുപദ്രവമായൊരു ഹിമാലയരൂപകത്തിലേക്ക് ചുരുക്കി. അഭിമന്യുവധം കൗമാര കൊലയല്ല, വംശഹത്യക്കുള്ള വഴിമരുന്നു."

2019/11/19

"ഇന്നും കണ്ടു, വെളുത്തു നീണ്ട താടിയും മുടിയുമായി ഋഷിതുല്യനായൊരു പടുവൃദ്ധൻ നഗ്നമേനിയിൽ തൈലം തേച്ചു നീരാടുന്നു. ഞാനിങ്ങനെ മിഴിച്ചു നോക്കി ആ കാഴ്ച. പോരാളികൾ ചോര കങ്ങിയ ഉടൽ കഴുകി പാളയത്തിലെത്താൻ തിരക്ക് കൂട്ടുന്ന നീരൊഴുക്കിൽ, എന്താണ് ഈ 'പരിത്യാഗി' ക്ക് പ്രസക്തി എന്നയാളോട്ട് ചോദിക്കണമെന്ന് ഉള്ളം പിടച്ചു, പക്ഷെ സൂക്ഷ്മതയോടെ കുളിച്ചു ഈറനുടുത്തയാൾ പാളയത്തിലേക്ക് പോവുമ്പോൾ മന്ത്രിക്കുന്നത് കേട്ടു ഞാൻ നടുങ്ങി, "അമ്മാ എപ്പോഴാണ് നീ ആഴക്കയങ്ങളിലേക്കു എന്നെ വലിച്ചെടുക്കുക, ഈ തടവിൽ നിന്ന് എനിക്ക് സ്വാതന്ത്ര്യം ലഭിക്കുക", രാത്രി വരെ ജോലി ചെയ്തു തളർന്ന യുദ്ധ നിർവ്വഹണ സമിതി അംഗം ശുഭരാത്രി ആശംസിക്കേ കുരുക്ഷേത്ര പ്രവിശ്യാ ഭരണാധികാരിയോട്ട് മൃദുവായി ചോദിച്ചു.

"യുദ്ധമാലിന്യനീക്കം ചെയ്യുന്ന യുവനേതാവെന്ന നിലയിൽ നീ അയാളെ തിരിച്ചറിയാത്തതിൽ തീരെ അത്ഭുതമില്ല കുഞ്ഞേ. ആ 'പരിത്യാഗി' രാവിലെ മുതൽ വൈകുന്നേരം വരെ പോർക്കള പരാക്രമങ്ങളിൽ പാണ്ഡവസഖ്യ സൈനികമേധാവികളുടെ കരളെത്ര പിളർന്നിട്ടും മതിയാവാതെ, ദുര്യോധനൻ നീരസത്തിൽ ഇന്നും വിരൽ ചൂണ്ടി അയാളോട്ട് ചോദിച്ചു, നിലപാട്ട് വ്യക്തമാക്കണം ഒത്തുകളിക്കയാണോ നിങ്ങൾ പാണ്ഡവരുമായി? ഒരു പാണ്ഡവതല പോലും ഉരുട്ടാൻ, ഒമ്പതു ദിവസങ്ങളായി സർവ്വസൈന്യാധിപനായ നിങ്ങൾക്ക് സാധിച്ചുവോ? നാളെ പത്താം ദിവസം നിങ്ങളുടെ വിധി നിർണ്ണയിക്കുന്ന അന്ത്യപോരാട്ട ദിനമായിരിക്കും. ഒന്നുകിൽ നിങ്ങൾ എന്നെന്നേക്കും ലോകം മാനിക്കുന്ന കുരുക്ഷേത്ര നായകൻ, അല്ലെങ്കിൽ രാത്രിയോടെ മൂലയിലേക്ക് നീക്കം ചെയ്യേണ്ട യുദ്ധമാലിന്യം."

2019/11/20

"ഊഞ്ഞാലാടാൻ പാഞ്ചാലിക്ക് കമ്പമുണ്ടല്ലേ?" കൊട്ടാരം ലേഖിക നകുലനോട്ട് ചോദിച്ചു. ഊട്ടുപുരജാലകത്തിലൂടെ തെളിഞ്ഞു കാണാമായിരുന്നു, ഉച്ചവെയിലിലവൾ മതിമറക്കുന്ന താഴ്വര.

“ചീങ്കണ്ണികൾ ആറാടുന്ന നീർക്കെട്ടിലെ അസ്തിത്വഭീഷണിയൊന്നും അവൾ ശ്രദ്ധിക്കാറില്ല. ചുറ്റുമുള്ള മരക്കൂട്ടങ്ങൾക്കു പിന്നിൽ ഒളിച്ചിരുന്ന്, പൊങ്ങിയും താണും സ്വർണമത്സ്യത്തെ പോലെ പാഞ്ചാലി ഉച്ച വെയിലിൽ സൃഷ്ടിക്കുന്ന ദൃശ്യവിരുന്നാസ്വദിക്കുന്ന യുവ സന്യസ്ഥരുടെ സാന്നിധ്യമാണവളുടെ കമ്പത്തിനു കാരണം.”

“പാണ്ഡുവിന് കായികക്ഷമത ഇല്ലാത്തതു കൊണ്ടായിരുന്നുവോ, മാതൃത്വത്തിന് നിങ്ങളും മാദ്രിയും ‘മറുവഴി’ തേടിയത്? ചോദിയ്ക്കാൻ രാഷ്ട്രീയ കാരണമുണ്ട്. നിങ്ങളെ വധുവായി കണ്ടെത്തും മുമ്പ്, പരിചരണത്തിന് പാണ്ഡുവസതിയിൽ വന്നിരുന്ന സൂതദാസിയിൽ മകനുണ്ടായത്, സ്വയം സൂതവംശജനായ വിദുരർ സാന്ദർഭികമായി ഒരഭിമുഖത്തിൽ ഓർത്തെടുത്തിരുന്നു. “ഇനി വൈകിക്കൂടാ പാണ്ഡുവിവാഹ”മെന്ന് പറഞ്ഞു വിദുരരും ഭീഷ്മരും നിങ്ങളെ വധുവായി കൊണ്ടുവന്നു. എങ്ങനെ നിങ്ങളിപ്പോൾ വേർതിരിക്കുന്നു, വസ്തുതയും നിർമ്മിതകഥയും?”, കൊട്ടാരം ലേഖിക ചോദിച്ചു. ജീവിതസായാഹ്നത്തിൽ പാണ്ഡവരിൽ നിന്നകന്നു കുന്തി ഗാന്ധാരിക്കൊപ്പം കഴിഞ്ഞ കാലം.

“ക്ഷമത പരിശോധിക്കാതെ വേറൊരു വഴി ഞാൻ തേടിപിടിച്ചിരുന്നു. ഗഗനചാരികളെ പ്രലോഭിപ്പിക്കാനുള്ള കുറുക്കുവഴി. ബീജദാനം മഹാദാനമെന്നു കരുതിയ ബഹുസ്വരദേവതകളെ പ്രത്യുൽപ്പാദനത്തിനു പ്രാപ്തരാക്കി. അവസാനം മാദ്രിക്കു ബീജദാനം ചെയ്ത ആശ്വിനിദേവതകൾ ഇടപെട്ടു. ഭാവിയിൽ വേറൊരു രാജസ്ത്രീയിൽ പാണ്ഡു സ്വയം പിതാവാകുന്ന സാഹചര്യ മുണ്ടായാൽ, കുരുവംശ പൈതൃക തർക്കം ഉണ്ടാവാതിരിക്കാൻ, പുരുഷവന്ധീകരണത്തിനു ശുക്ലനാളിയെ ഉപയോഗരഹിതമാക്കുന്ന മരുന്നുപയോഗം ഉദ്ദേശിച്ച ഫലം ചെയ്യുമെന്നവർ ആശ്വസിപ്പിച്ചു. അപ്രതീക്ഷിതമായി മാരകമായ പാർശ്വഫലമുണ്ടായി, അതായിരുന്നു അകാലമരണം.”

2019/11/21

“ആരോപണവിധേയരല്ലേ? വിചാരണയൊന്നും നേരിട്ടില്ലേ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. പാഞ്ചാലിയും ഭർത്താക്കന്മാരും വനവാസത്തിനു പോവുന്നത് മട്ടുപ്പാവിൽ നിന്നവർക്ക് കാണാമായിരുന്നു.

“നിയമവ്യവസ്ഥ നേരിടണമല്ലോ. പരിഷ്കൃതസമൂഹത്തിന്റെ ചിട്ടവട്ടങ്ങൾ ഞങ്ങൾക്കും ബാധകമല്ലേ. നീതിമാനായ ഭീഷ്മർ സത്യസാക്ഷിയായതുകൊണ്ട് കളങ്കമേൽക്കാതെ ഞാൻ രക്ഷപ്പെട്ടു. ലൈംഗികാതിക്രമത്തിന് കൗരവർ മുതിർന്നു എന്നത് സമ്മതിക്കാൻ സാക്ഷിമൊഴി അനുവദിക്കുന്നില്ലെന്ന് നീതിപതി വിധിച്ചു. ആരോപിതകൗരവർ അന്തസ്സായി വസ്ത്രധാരണം ചെയ്തിരുന്നു എന്നും, അങ്ങനെ ഒരു ‘സാഹചര്യ’ത്തിൽ ബലാത്സംഗം അപ്രായോഗികമായിരിക്കുമെന്നും കണ്ടെത്തി. പരാതി തള്ളി. ഞങ്ങൾക്കുണ്ടായ മാനഹാനിക്ക് ആരുനഷ്ടപരിഹാരം തരുമെന്നായിരുന്നു ചാർവാകചോദ്യം. അപ്പോഴാണ് കൂടുതൽ അനുകൂല സാക്ഷിമൊഴിക്കവസരമുണ്ടായത് എങ്ങനെയാണോ ദശാബ്ദങ്ങൾക്കു മുമ്പ് പാണ്ഡവ ‘മാടമ്പി’കളിൽ നിന്ന് കർണ്ണൻ ജാതീയ അവഹേളനം നേരിട്ടപ്പോൾ അംഗരാജാവായി വാഴിച്ചു, അഭിമാനം സംരക്ഷിച്ചത് അതിലും വലിയൊരത്ഭുതമാണ്

പാഞ്ചലിക്കനുകൂലമായി ദുര്യോധനൻ ചെയ്തതെന്ന് സാക്ഷി അറിയിച്ചു. ദുര്യോധനൻ കൈ ഉയർത്തി പാഞ്ചാലിയുടെ ശരീരത്തെ വസ്ത്രാക്ഷേപത്തിൽ നിന്ന് രക്ഷിക്കുക വഴി കൈക്കൂപ്പിയായിരുന്ന രക്ഷകനെ പാഞ്ചാലി അഭിവാദ്യം ചെയ്തതെന്ന് സാക്ഷി വെളിപ്പെടുത്തി. പെരുമാറ്റച്ചട്ടം മറന്ന സദസ്സ് കയ്യടിച്ചായിരുന്ന എന്നെ അഭിനന്ദിച്ചത് ഒന്നും മറക്കരുത് ചരിത്രം മാറ്റിയെഴുതാൻ ആരെങ്കിലും നാളെ മുതിർന്നാൽ നിങ്ങൾ വേണം തിരുത്താൻ."

"ഗുരുകുല സഹപാഠികളെന്ന നിലയിൽ പാണ്ഡവരെ നിങ്ങൾ എങ്ങനെ ഓർത്തെടുക്കുന്നു?", കൊട്ടാരം ലേഖിക ചോദിച്ചു. ജന്മദേശം സന്ദർശിക്കുമ്പോൾ, യമുനയിൽ നീരാടാൻ തോഴികളുമൊത്തു വന്നതായിരുന്ന സൈന്ധവ റാണി ദുശ്ശള.

"സൈനികവിഷയങ്ങൾ പഠിപ്പിക്കുമ്പോൾ എനിക്ക് അവിടെ പ്രവേശനം ഉണ്ടായിരുന്നില്ല എന്ന് നിങ്ങൾ ഓർക്കണം. എന്നിരുന്നാലും, മാനവിക വിഷയങ്ങളും സുകുമാരകലകളും പഠിപ്പിക്കുമ്പോൾ അടുത്തുപരിചയപ്പെട്ടിട്ടുണ്ട്. കുരുവംശ ചരിത്രം പഠിക്കുമ്പോൾ അവർ വികാരാധീനരാവും. സന്ധ്യക്ക് തോണിയിൽ സത്യവതിയെ പരാശരമഹർഷി കാമക്കണ്ണുകളോടെ നോക്കുന്നതൊക്കെ നകുലൻ തന്മയത്വത്തോടെ അഭിനയിച്ചു കാണിക്കും. അതിനുശേഷം ഭീമൻ പരാശരനെ തോണിയിൽ നിന്ന് യമുനയുടെ ആഴങ്ങളിലേക്ക് കൗശലത്തിൽ തള്ളിയിടുമ്പോൾ, എല്ലാവരും കൈകൊട്ടി പീഡകനെ പാഠം പഠിപ്പിച്ചതിൽ ആനന്ദിക്കും. എങ്ങനെ വേണം ഇതിഹാസങ്ങൾ വായിച്ചാസ്വദിക്കാൻ എന്നു പഠിപ്പിക്കാൻ അതിഥിയായി വന്ന വേദവ്യാസൻ ഉച്ചയോടെ പാണ്ഡവരെ ശപിച്ചു സ്ഥലം വിട്ടു-ഭീമനാൽ 'ശിക്ഷിക്ക'പ്പെട്ട പരാശരപുത്രനാണ് സത്യവതിപുത്രൻ വ്യാസൻ എന്നറിയാൻ പിന്നെയും കാലം കഴിയേണ്ടിവന്നു. വഴിയിൽ കടമ്പകളും കെണികളും, കിടക്കുന്ന നിലത്തിനു താഴെ പാമ്പിൻ മാളങ്ങളുമുള്ള അപൂർവ്വയിനം ആവാസമാണ് കുരുവംശമെന്നറിഞ്ഞത് അങ്ങനെയായിരുന്നു."

2019/11/22

"വരൂ, മടിയിൽ ഇരിക്കൂ എന്ന് ഉടുതുണിയൂരിപ്പോയ പാഞ്ചാലിയെ ചൂതാട്ടസഭയിൽ ദുര്യോധനൻ സ്വാഗതം ചെയ്യുമ്പോൾ, നിലത്തു കുന്തിരിച്ചിരുന്ന പാണ്ഡവരുടെ ചോരയൊന്നും പ്രതിഷേധത്തിൽ തിളച്ചില്ലേ?" കൊട്ടാരം ലേഖിക ഭീമനോട്ട് ചോദിച്ചു. പാണ്ഡവരും പാഞ്ചാലിയും ചൂതാട്ടപ്പിറ്റേന്ന് കാട്ടുവഴിയിലൂടെ വടക്കൻ മലകളിലേക്കു നടക്കുന്ന നേരം.

"ഇന്ദ്രപ്രസ്ഥത്തിൽ സമ്പാദിച്ചതെല്ലാം ഒരൊറ്റ സന്ധ്യയിൽ നഷ്ടപ്പെട്ട ഞങ്ങൾക്ക് വേറെ പണിയൊന്നുമില്ലേ? അടിമപാഞ്ചാലിക്കു വഴി തെറ്റിയ ബന്ധം ഉടയോൻ ദുര്യോധനനോടുണ്ടോ എന്ന് ഞങ്ങൾ എന്തിനു തല പുണ്ണാക്കണം, പാഞ്ചാലിക്കു ഭർത്താക്കന്മാരോട്ട് നേർവഴി ബന്ധം ഉണ്ടെന്നു ദുര്യോധനൻ അംഗീകരിക്കാറുണ്ടോ?" വന്മരങ്ങൾ കട പുഴക്കുന്ന പോലെ ഭീമൻ വാക്കുകൾ ശ്രമപ്പെട്ടുച്ചരിച്ചു.

2019/11/23

“നീറുന്ന വിഷയങ്ങളിൽ ജനവികാരം നേരിട്ടറിയാൻ യുധിഷ്ഠിരൻ മുഖംമൂടി ധരിച്ച നഗരവീഥികളിൽ യാത്ര ചെയ്യാറുണ്ടോ? പൊതുസമൂഹത്തിൽ നിന്ന് പരുക്കൻ യാഥാർത്ഥ്യങ്ങൾ അപ്പപ്പോൾ ഭരണാധികാരിക്ക് ബോധ്യപ്പെടണ്ടേ? അതോ, നിങ്ങൾ എഴുതിക്കൊടുത്ത പ്രഭാഷണങ്ങൾ പൊതുവേദിയിൽ വായിക്കുന്നപോലെ, രാജസഭയിലെ പതിവുസാന്നിധ്യങ്ങളെ ആശ്രയിക്കുമോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“തിരിച്ചറിയാതിരിക്കാൻ എന്തിനു ധരിക്കണം ഇനിയൊരു മുഖംമൂടി? ഹൃദയം ഒളിപ്പിച്ചു വയ്ക്കുന്ന സ്ഥിരം മുഖാവരണം ഒന്നഴിച്ചുവച്ചാൽ പോരെ?”

“വെന്തുമരിച്ചു എന്ന തെളിവുണ്ടാക്കാൻ, ആദിവാസി സ്ത്രീയെയും അഞ്ചുമക്കളെയും തരത്തിന് കിട്ടി, അരക്കില്ലം തീ കൊളുത്തി, പുനർജനിഗുഹയിലൂടെ നുഴഞ്ഞു പൊള്ളലേൽക്കാതെ രക്ഷപ്പെട്ടു. അല്ലെ?”, അന്തിമ വനവാസത്തിനു തല മൊട്ടയടിക്കുന്ന കുന്തിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

“വാക്ക് തെറ്റരുത് സുഖവാസ കേന്ദ്രത്തിൽ ആൾമാറാട്ടമൊന്നും ഉണ്ടായില്ല. അന്നം തേടി വന്ന ആദിവാസികളുടെതൊരു ആത്മത്യാഗം. അപായം നേരിടുന്ന രാജകുടുംബങ്ങളുടെ രക്ഷക്കായി, സ്വജീവൻ സമർപ്പിക്കുന്നതിൽ ആനന്ദം കാണുന്ന വിശ്വസ്ത ജനതയുണ്ടായിരുന്ന വനമേഖല എന്നതാണ് മഹനീയമായ കാര്യം. ഭീമനുൾപ്പെടെ ഞങ്ങൾ അത്താഴപട്ടിണിയായിരുന്നെങ്കിലും ആദിവാസി കുടുംബത്തിന് വയർ നിറയെ മദ്യവും മാംസവും വിളമ്പി. കൃതജ്ഞത പ്രകടിപ്പിക്കാൻ ഉറച്ചു. അരക്കില്ലം കത്തിപ്പിടിക്കുമ്പോൾ, പരസ്പരം പുണർന്നവർ കരിക്കട്ടകളായി. ആ തെളിവ് നിർമ്മിച്ചത് പ്രകൃതിയോ കുന്തിയോ?”

2019/11/24

“പൗരസ്വാതന്ത്ര്യം ഉറപ്പാക്കിയ പാണ്ഡവർ സ്വീകരണങ്ങൾ ഏറ്റുവാങ്ങാൻ പുറപ്പെടേണ്ട സമയത്തു എവിടെ പാഞ്ചാലി?”, കൊട്ടാരം ലേഖിക മഹാരാജാവ്വ് ചോദിച്ചു.

“ഇന്നലെ എനിക്കായിരുന്നു പാഞ്ചാലിയുമായി ഊഴം. വ്രതമുണ്ടെന്നു സൂചിപ്പിച്ചു പാഞ്ചാലി വേറൊരു പായയിലേക്ക് മാറി കിടന്നു. ക്ഷീണം കാരണം ഞാനും അന്തം വിട്ടുറങ്ങി രാവിലെ ഞാൻ ഉണർന്നെഴുന്നേൽക്കുമ്പോൾ ഒരു നോക്കു കണ്ടു-കുളി കഴിഞ്ഞു പാഞ്ചാലി വെള്ള ധരിച്ചു ഉദ്യാനത്തിൽ പൂക്കൾ പറിക്കുന്നു. സ്വീകരണത്തിൽ പങ്കെടുക്കാൻ പാഞ്ചാലി വരുമല്ലോ എന്ന് ഞാൻ ധൃതിയിൽ യാത്ര ചോദിച്ചപ്പോൾ, ഇല്ല ഒറ്റയ്ക്ക് ആചരിക്കേണ്ട വ്യാകുലദിനമാണിന്നു എന്നവൾ മന്ത്രോച്ചാരണം പോലെ പറഞ്ഞു. കണ്ടതും കേട്ടതും കൂട്ടിവായിക്കുന്നതിൽ സാക്ഷരത നേടിയ സഹദേവനുമായി ഞാൻ രഹസ്യമായി പിന്നീടാലോചിച്ചപ്പോൾ പിടികിട്ടി, കഴിഞ്ഞ കൊല്ലം അജ്ഞാതവാസകാലത്തു കീചകൻ എന്നൊരു യുവ സൈനികൻ ദുരൂഹസാഹചര്യത്തിൽ ഇതേ ദിവസം കൊല്ലപ്പെട്ടിരുന്നു. ഇന്ന് പരേത പ്രണയിയുടെ അനു സ്മരണദിനമായി അവൾ ആചരിക്കുന്നതുകൊണ്ടു പൗര സ്വീകരണം ബഹിഷ്ക്കരിക്കുന്നു.”

“പോർക്കള പെരുമാറ്റച്ചിട്ട പാലിക്കേണ്ട നിങ്ങൾ വിവാദ പരാമർശം ചെയ്താൽ കേട്ടിരിക്കുമോ പാണ്ഡവർ? യുദ്ധനിർവ്വഹണസമിതി അധ്യക്ഷനായ കുരുക്ഷേത്ര ഭരണാധികാരിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു, ഗോപുര കവാടത്തിൽ

സന്ദർഭത്തിന്റെ അന്തഃസത്തക്ക് യോജിക്കാതെ ചെയ്ത നിരീക്ഷണം മാപ്പു പറഞ്ഞു പിൻവലിക്കണമെന്നാണ് യുദ്ധഭൂമിയിലെ പാണ്ഡവ വക്താവ് ആവശ്യപ്പെടുന്നത് എങ്ങനെ പ്രതികരിക്കുന്നു ഔദ്യോഗികമായി?"

"വിഷാദമുക്തനായ പാർത്ഥൻ തൊടുത്ത ആദ്യ അമ്പു ചെന്ന് തറച്ചത് കൗരവ സൈനികന്റെ ഇടനെഞ്ചിലായിരുന്നു. വിവാഹപ്പന്തലിൽ നിന്നാണവനെ കുരുക്ഷേത്രയിലേക്കു ദുര്യോധനൻ അഭിമാനപൂർവ്വം ആനയിച്ചു കൊണ്ടുവന്നത് നെഞ്ചുകലങ്ങി ആ യുവാവ് ചോര ചീറ്റുന്നത് കണ്ടു ആർമാദിക്കുന്ന അർജ്ജുനനെ നോക്കി 'മാ നിഷാദാ' എന്ന് ഞാൻ വിലപിച്ചതാണോ, കഷ്ടം, പോർക്കളത്തിലിന്നു സ്തോഭജനകമായ വാർത്ത? യുദ്ധനിർവ്വഹണമെന്ന കരാർ ജോലി ഞങ്ങൾ നിഷ്പക്ഷമായി ചെയ്യുമ്പോൾ തന്നെ, ഉള്ളിൽ തട്ടുന്ന വികാരങ്ങൾ മുഖം നോക്കാതെ ആവിഷ്കരിക്കയും ചെയ്യും. അതിലെന്താണിത്ര മാപ്പുപറഞ്ഞു വാൽച്ചുരുട്ടേണ്ട കാര്യം?"

"നിങ്ങൾക്കയാൾ തിന്മയുടെ മാലിന്യക്കുഴിയായിരിക്കാം, എന്നാൽ കുരുക്ഷേത്രവിധവകൾക്കവൻ നന്മ. പുഷ്പാർച്ചന ചെയ്യാൻ യമുനാതീര സ്മാരകമണ്ഡപത്തിലേക്കു നിരോധനാജ്ഞയിൽ ഇളവ് ചോദിക്കുമ്പോൾ, പിടിച്ചഴിക്കകത്താക്കുമെന്നു പേടിപ്പിക്കുന്നതിൽ വ്യക്തമാവുന്നില്ലേ ഭരണകൂടത്തിന്റെ സങ്കുചിത മനസ്ഥിതി?", നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"എവിടെ ശവകുടീരം? എവിടെ കൗരവ വിധവകളുടെ പുഷ്പാർച്ചന? ഇതൊക്കെയല്ലേ യുദ്ധാനന്തരഹസ്തിനപുരിയുടെ പുനരധിവാസത്തെ തടസ്സപ്പെടുത്തുന്ന 'വിധ്വംസനം?' ശക്തി പ്രകടനമാണ് കുരുക്ഷേത്ര വിധവകൾ ലക്ഷ്യമിടുന്നത് നഗരപരിധിയിൽ നിരോധനാജ്ഞയുണ്ട്, അത് മറി കടന്നവർക്കു പൊതുസമൂഹത്തെ കയ്യിലെടുക്കണം. ദുര്യോധനനെന്ന 'വിശുദ്ധയോദ്ധാവി'ന്റെ ഓർമ്മപ്പെരുന്നാൾ നിശബ്ദ പ്രാർത്ഥനയിലൂടെ ആചരിച്ചാൽ പോരേ? പോരാ, മുഷ്ടി ചുരുട്ടി നെഞ്ചത്തടിച്ചു വിലാപത്തിലൂടെ ആഘോഷിക്കണം. പിന്നിലതിനു പ്രചോദനം കൊടുക്കുന്നത് ചാർവാകൻ. കയ്യും കെട്ടി ഈ പതനത്തിനു ഞങ്ങൾ മൂകസാക്ഷിയാവണോ? അതോ നവോത്ഥാനസംരക്ഷകരായി ചാട്ട വീശണോ?"

"കൗരവർ സ്വൈരം തരുന്നില്ലെന്നാണോ ഇപ്പോൾ പരാതി?" കൊട്ടാരം ലേഖിക ചോദിച്ചു, "ആരാധകർ എന്നല്ലേ നേരത്തെ വിശേഷിപ്പിച്ചിരുന്നത്?" കൊട്ടാരം ലേഖിക ചോദിച്ചു. പാഞ്ചാലയിൽ നിന്ന് നവവധുവായി പാഞ്ചാലി ഹസ്തിനപുരിയിൽ പാണ്ഡവർക്കൊപ്പം കഴിയുന്ന ഇടവേള.

"കാഴ്ചപരിമിതിയുള്ള ഗാന്ധാരിക്ക് പോലും ശുചിമുറിയില്ലാത്ത കൊട്ടാരസമുച്ചയത്തിൽ, ഞാനുൾപ്പെടെ കൗരവരാജവധുക്കൾ വെളിക്കിറങ്ങാൻ അന്തഃപുരത്തിനു പിന്നിലെ പൊന്തക്കാടുകളിലേക്ക് പതുങ്ങി പതുങ്ങി പുലർച്ചെ പോയി മടങ്ങുമ്പോൾ കാണാം, കിരീടങ്ങൾ ധരിച്ച നൂറോളം കൗരവതലകൾ തുറിച്ചുനോക്കുന്നു. ഇവരൊക്കെ ശുദ്ധസൗന്ദര്യാരാധകരാണെന്ന് എത്രനാൾ പ്രചരിപ്പിക്കാൻ ഒരു നവവധുവിനാവും?"

"ഭർത്തൃഘാതകൻ സത്യപ്രതിജ്ഞ ചെയ്തു അധികാരത്തിൽ കയറുന്ന ചടങ്ങ് ബഹിഷ്കരിക്കാതെ സദസ്സിന്റെ മുൻനിരയിൽ നിങ്ങളെ കണ്ടപ്പോൾ വല്ലാതെ തോന്നി. ദുര്യോധനചിതയിൽ പുകശമിക്കുമ്പോഴേക്കും കൂട്ടുകൂടിയോ കൗന്തേയരുമായി?", കൊട്ടാരം ലേഖിക ദുര്യോധനവിധവയോട് ചോദിച്ചു.

"സത്യപ്രതിജ്ഞ കഴിഞ്ഞാലുടൻ അതിപ്രധാന പ്രസ്താവന നടത്തുമെന്ന് ഭീമൻ പറഞ്ഞത് നിങ്ങൾ അറിഞ്ഞില്ലെന്ന തോന്നുന്നു? യുദ്ധാനന്തര ഹസ്തിനപുരിയുടെ സുസ്ഥിര പ്രതിരോധത്തിന് തക്ഷശിലയെ വെല്ലുന്ന "ദുര്യോധന സ്മാരക സൈനികശാസ്ത്ര സർവകലാശാല"ക്ക് തറക്കല്ലിടുന്നതിനാണ് എന്റെ സാന്നിധ്യം അഞ്ചുപേരും തൊഴുകൈയ്യോടെ യാചിച്ചത്."

2019/11/26

"നിങ്ങൾക്കുണ്ടോ അച്ഛനോർമ്മ?", കൊട്ടാരം ലേഖിക ചോദിച്ചു. ഭാവി പ്രവചിക്കുന്നവൻ സഹദേവൻ എന്ന ഭീതി മറ്റു പാണ്ഡവരുമായി കുന്തി പങ്കിടുന്ന കാലം.

"അന്ത്യനാളിൽ ഞാൻ കൂട്ടുണ്ടായിരുന്നു. രാജാവായിരുന്ന കാലം നഷ്ടബോധത്തോടെ ഓർമ്മിക്കും. കുന്തിയും നാലു പാണ്ഡവരും ഇരപിടിക്കാൻ കാട്ടിലേക്ക് കയറി. നീരൊഴുക്കിൽ കുളി കഴിഞ്ഞു മാദ്രി മുറ്റത്തെ അയയിൽ ഈറനുണക്കാനിടുകയായിരുന്നു. 'ആരാണ് നിന്റെ അച്ഛ'നെന്നു ഭീഷണമായി പാണ്ഡു ചോദിച്ചു. അശ്വിനിദേവതകൾ എന്ന് കേട്ടറിവിൽ മേലോട്ട് കൈകൂപ്പി ഞാൻ പറഞ്ഞപ്പോൾ, 'നകുലനെ പോലെ നിനക്കും രണ്ടു ദുർദേവതകൾ വേണ്ടി വന്നോ ഭൂമിയിൽ/ശാപജന്മം തരാൻ?' എന്ന് നിന്ദിച്ചതോർമ്മയുണ്ട്. ഭയന്ന് മുറിക്കു പുറത്തു കടക്കുമ്പോൾ, ചെമ്പകപ്പൂ പോലെ വരികയായിരുന്ന മാദ്രിയോട് 'അരുതേ അമ്മാ അയാൾക്കരികെ ഈ സമയത്തു പോവരുതേ, മരണദേവതയുടെ സാന്നിധ്യം ഞാനറിയുന്നു' എന്ന് ഇരുകൈകളും വീശി. അൽപ്പം കഴിഞ്ഞപ്പോൾ നിലവിളിച്ചു മാദ്രി പുറത്തേക്കു വന്നു. "വാരിപ്പുണർന്നെന്നെ പാണ്ഡു വിവസ്ത്രയാക്കുമ്പോൾ കുഴഞ്ഞുവീണവൻ മരിച്ചു" എന്ന് ചേർത്തു പിടിക്കുന്നതോർമ്മയുണ്ട്."

"തിന്മയുടെ മേൽ നന്മയുടെ വിജയമാണ് കുരുക്ഷേത്രം എന്ന് യുധിഷ്ഠിരൻ പൊതുയോഗത്തിൽ നിരീക്ഷിച്ചപ്പോൾ, സദസ്സ് എഴുന്നേറ്റു കയ്യടിക്കുന്നത് കണ്ടു. പക്ഷെ വേദിയിൽ ഇരുന്ന പാഞ്ചാലി മുഖം താഴ്ത്തി. എന്തായിരുന്നു സംഗതി?", രാജസഭയിൽ കുനിപ്പിടിച്ചിരുന്ന കൃപാചാര്യരെ കൊട്ടാരം ലേഖിക പിറ്റേന്ന് കണ്ടപ്പോൾ ചോദിച്ചു.

"തിന്മക്കു മേൽ തിന്മയുടെ വിജയം എന്ന് പാഞ്ചാലി പനയോലയിൽ എഴുതിക്കൊടുത്തത് യുധിഷ്ഠിരൻ തപ്പിത്തടഞ്ഞു വായിച്ചപ്പോൾ ഒരക്ഷരം തെറ്റി."

"കുന്നിൻചെരുവിലെ ഉണക്കപ്പുല്ലുകൾക്കിടയിൽ പതുങ്ങിയിരുന്ന വെള്ളമുയലിനെ കൊത്തിപ്പറക്കാൻ, ലക്ഷ്യം തെറ്റാതെ ആകാശത്തിൽ നിന്ന് ഒഴുകിയിറങ്ങിയ ചാരനിറ കഴുകനെ കൃത്യം കഴുത്തിൽ ചാടിക്കടിച്ചു മന്ദം മന്ദം നീങ്ങിയ വേട്ടപ്പട്ടി ആയിരുന്നു ഇന്ന് മൃഗയാവിനോദത്തിൽ മുഖ്യതാരം", അർജ്ജുനൻ നായാട്ടിനിടയിൽ കണ്ട കൗതുകക്കാഴ്ച പാഞ്ചാലിയോട് അധികാരഭാവത്തിൽ വിശദീകരിച്ചു. വനവാസക്കാലം.

"കഴുത്തു മുറിഞ്ഞ കഴുകനെ ചെടിക്കൂട്ടങ്ങൾക്കിടയിൽ ഒളിപ്പിച്ചു, പതുങ്ങിപ്പതുങ്ങി വെള്ള മുയലിനെയും പിന്നിൽ നിന്ന് കടിച്ചു മലർത്തി തൊലിയുരിക്കുന്നവരെ ഈ വനാശ്രമത്തിൽ നിത്യവും കാണാറുണ്ടല്ലോ."

2019/11/27

"ഏകപത്നീവ്രതക്കാരല്ലേ കൗരവർ? 'ഒന്നി'ലധികം ഭർത്താക്കന്മാരുള്ള പാഞ്ചാലിക്ക് കൗരവ അന്തഃപുരത്തിൽ കൗതുകാഴ്ചയൊന്നുമില്ലേ പങ്കിടാൻ?" കൊട്ടാരം ലേഖിക ചോദിച്ചു. നവവധുവായി പാഞ്ചാലയിൽ നിന്നെത്തി ഹസ്തിനപുരി അരമനയിൽ അതിഥിയായി കഴിയുന്ന കാലം.

"ചെന്നുകണ്ടപ്പോൾ ഓരോ കൗരവരാജവധുവും അവർക്കനുവദിച്ച ഒറ്റമുറികളിൽ അനുഭവിക്കുന്ന ഏകാന്തത എന്നെ സ്പർശിച്ചു. ഞെട്ടി എന്നൊന്നും അത്യുക്തിയിൽ പറയുന്നില്ല എങ്കിലും. 'ഒരു വനിതക്ക് ഒരു ഭർത്താവ്' എന്ന യാഥാസ്ഥിതിക കൗരവരീതി നൂറോളം മറുനാടൻ രാജസ്ത്രീകളെ ഭർത്താവിന്റെ അടിമയാക്കുന്നു എന്ന പ്രതീതിയാണ് ആദ്യാനുഭവം. വെളുത്തവാവായിരുന്നു ഇന്നലെ. ആകാശം വിസ്തരിച്ചൊന്നു കാണാൻ ഞങ്ങളെല്ലാവരും മട്ടുപ്പാവിൽ പോയി. കൗരവരാജവധുക്കൾ വിവസ്ത്ര ശരീരങ്ങളുമായി ഭർത്താക്കന്മാരുടെ മുമ്പിൽ നൃത്തം ചവിട്ടി ഭർതൃപരിമിതി അസഹിഷ്ണുതയോടെ കാണുന്നുവെന്ന് അലമുറയിടുമ്പോൾ, ദുര്യോധനൻ ഉൾപ്പെടെ കൗരവർ കുന്തിച്ചിരിക്കേണ്ടിവന്ന ദീനദീനമായ കാഴ്ച എങ്ങനെ വിവരിക്കും. ഏകപത്നീവ്രതം ആണുങ്ങൾക്കൊരു പരസ്യമേനി പറച്ചിലായിരിക്കാം പക്ഷെ അന്തഃപുരത്തിൽ ഭാര്യ അനുഭവിക്കുന്നത് ദാമ്പത്യ അരക്ഷിതാവസ്ഥയെന്നു വ്യക്തം. വെറുതെയല്ല ആ സ്ത്രീകൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന എന്നെ പ്രവാസിയാക്കാൻ ദുര്യോധനൻ ഖാണ്ഡവവനം കാട്ടി കുറച്ചുദിവസമായി പാണ്ഡവരെ പ്രലോഭിപ്പിക്കുന്നു."

"കാട്ടിലും അരക്കില്ലത്തിലും അമ്മക്കൊപ്പമുണ്ടായിരുന്ന കുടുംബജീവിതവും, ഇപ്പോൾ പാഞ്ചാലിക്കൊപ്പമുള്ള അടിമജീവിതവും താരതമ്യപ്പെടുത്തിയാൽ?", കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"ഭക്ഷണം എന്ന മോഹവുമായി കഴിഞ്ഞ കുട്ടിക്കാലത്തെ ഓർമ്മിപ്പിക്കുകയാണല്ലേ? കാളുന്ന വയറുമായി ഞങ്ങൾ അക്കാലത്തു കാട്ടിലേക്കിറങ്ങും, ഉച്ചയാവും കഴുത്തൊടിച്ച കലമാനുമായി തിരിച്ചെത്താൻ. 'പ്രകൃതിയുമായി സഹവർത്തിത്വത്തിൽ കഴിയുന്ന പ്രവാസിരാജകുമാരന്മാർ' എന്ന് മാദ്രി പ്രസാദമധുരമായി ആശീർവദിക്കുമ്പോൾ, കുന്തി കാര്യക്ഷമതയോടെ മാനിന്റെ തൊലി പൊളിച്ച് ഇറച്ചി കനലിൽ വച്ച് കഴിഞ്ഞിരിക്കും. എന്നാൽ വനാശ്രമത്തിൽ പാഞ്ചാലി എന്താണ് ചെയ്യുന്നത്? വിശപ്പിൽ, പാരവശ്യത്തോടെ പാണ്ഡവരഞ്ചുപേരും വട്ടംചുറ്റിയിരുന്ന അക്ഷയപാത്രത്തിൽ കയ്യിട്ടുവാരുമ്പോൾ, നിന്ദയോടെ മുഖം തിരിക്കുന്നു!."

2019/11/28

"ഗാർഹികപീഡനം പാണ്ഡവരിൽ നിന്നുണ്ടായാലും, രേഖാമൂലം പരാതി ആദ്യം കൊടുക്കുക ദുര്യോധനനാണെന്ന അഭിമുഖം ചുവരെഴുത്തുപതിപ്പിൽ പ്രസി

ദ്ധീകരിച്ച ഉടൻ അന്തഃപുരത്തിലും രാജസദസ്സിലും വിവാദമായല്ലോ. ഏകശിലാ ദാമ്പത്യത്തിന്റെ വർത്തമാനകാല പ്രതീകങ്ങളായ കൗരവരാജസ്ത്രീകൾ ഈ 'പ്രകോപന'ത്തിന്നെതിരെ പ്രതികരിക്കുമെന്ന് ദുര്യോധനവധു. പാണ്ഡവദാമ്പത്യം കൗരവരാജസഭയിൽ ഈ വിധം ചർച്ചാ വിഷയമാക്കിയതിന്റെ പൊരുളെന്തായിരുന്നു?", കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

"കൗരവ അടിമക്ക് പരിരക്ഷ സ്വാഭാവികമായും ഉടയോ നിൽ നിന്നല്ലേ നിലവിലുള്ള അടിമ പരിപാലന നിയമമനുസരിച്ചു പ്രതീക്ഷിക്കാനാവൂ? അപ്പോൾ, പാണ്ഡവർ വനവാസക്കാലത്തു ഗാർഹികവും ലൈംഗികവുമായ അതിക്രമം നടത്തിയാൽ ആർക്കു പരാതി കൊടുക്കണം? പെണ്ണഭിമാന സംരക്ഷണം ഉടയോന്റെ നീതിപീഠത്തിൽ അർപ്പിക്കുന്നെങ്കിൽ, ദുര്യോധനവധുവെന്തിന് വെളിച്ചപ്പെടണം? ഹസ്തിനപുരി ശിക്ഷാനിയമമനുസരിച്ചു പൗരാവകാശങ്ങൾ പന്ത്രണ്ടു കൊല്ലത്തേക്ക് നീതിമാനായ ഭീഷ്മർ എന്റെ വശം കേൾക്കാൻ മെനക്കെടാതെ നിഷേധിച്ചത് ചൂതാട്ടത്തിൽ പാണ്ഡവപിടിപ്പുകേട് അത്രമേൽ വ്യക്തമായത് കൊണ്ടല്ലേ? അതിൽ ഉടയോൻ ദുര്യോധനൻ എന്ത് പിഴച്ചു?"

ദുർമന്ത്രവാദി എന്നറിയപ്പെട്ടിരുന്ന ദുര്യോധനനെ മഹാരാജാവ് യുധിഷ്ഠിരൻ രാജസഭയിൽ വിമർശിച്ചിട്ടില്ല എന്നാണു സംസാരവിഷയം. എങ്ങനെ പ്രതികരിക്കുന്നു?", കൊട്ടാരം ലേഖിക ചാരവകുപ്പുമേധാവി നകുലനോട് ചോദിച്ചു.

"വാരണാവതത്തിൽ കൗരവ രാജവിധവകൾക്കു പാർക്കാൻ അരക്കില്ലങ്ങൾ നിർമിക്കുന്ന നിയോഗത്തിലാണ് യുധിഷ്ഠിരൻ."

"പട്ടാഭിഷേകം കഴിഞ്ഞപ്പോഴേക്കും കിടപ്പിലായോ യുധിഷ്ഠിരൻ? കിരീടത്തിൽ നിന്നാണോ അണുബാധ?, അതോ, ചെങ്കോലിൽ നിന്നാണോ?, രണ്ടുമല്ല, സിംഹാസനത്തിൽ നിന്നാണോ?", അടഞ്ഞുകിടന്ന രാജസഭയെ നോക്കി കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു.

"ദശാബ്ദങ്ങളായി ധൃതരാഷ്ട്രർ ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങൾ ഒഴിവാക്കാൻ യുധിഷ്ഠിരൻ കാണിച്ച മനഃസാന്നിധ്യം പക്ഷെ പ്രശംസനീയം."

2019/11/29

"കൊട്ടാരവിപ്ലവത്തിനു ശ്രമം? അതും അഭിമന്യുമകൻ പരീക്ഷിത്തിനെ കൂട്ടു പിടിച്ചു? ഈ ഗൂഢാലോചനയെ കുറിച്ച് വിവരമൊന്നും യുധിഷ്ഠിരന്കൊടുത്തില്ലേ?" കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

"യുധിഷ്ഠിരനെയും എന്നെയും 'വയോജനങ്ങൾ' എന്ന വിഭാഗത്തിൽ പെടുത്തി ഞങ്ങൾക്കനുകൂലമല്ലാത്ത ആജ്ഞ ഊട്ടുപുരയിലും അന്തഃപുരത്തിലും കൊടുക്കുന്ന പ്രവണത കുറച്ചുകാലമായി പാഞ്ചാലിക്കുണ്ടെങ്കിലും, മരണം ഉന്നം വച്ചുള്ള നീക്കങ്ങൾ പരീക്ഷിത്തിനൊപ്പമവൾ ആലോചിച്ചുറപ്പിക്കുന്നതു നേരിൽ കണ്ട ഞാൻ രഹസ്യം പുറത്തു പറയാൻ ഭയന്നു. യുധിഷ്ഠിരൻ ഉറക്കമുണരാൻ അൽപ്പമൊന്നു വൈകിയാൽ, ഉണർത്താനൊന്നും മെനക്കെടാതെ, "രാജാവ് ഉറക്കത്തിൽ കാലം ചെയ്തു" എന്ന് വാർത്ത പ്രചരിപ്പിക്കുന്നതിൽ കിരീടാവകാശി പരീക്ഷിത്തിന്റെ അധികാരമോഹം പാഞ്ചാലി ദുരുപയോഗം ചെയ്തു. നിങ്ങൾക്കറിയാമോ, യുധിഷ്ഠിരനെ കൊട്ടാരവാസികൾ അവിശ്വാസത്തോടെ നോക്കുന്ന അനുഭവം ഉണ്ടാ

യി. അത് യുധിഷ്ഠിരനെ നോവിച്ചു. എണ്ണ തേച്ച ശിരസ്സിൽ ജലധാര ചെയ്തു ശ്വാസം മുട്ടിപ്പിക്കുന്നൊരു പുതിയ ചികിത്സാരീതി പാഞ്ചാലി യുധിഷ്ഠിരനിൽ പ്രയോഗിച്ചപ്പോൾ, എനിക്കു സങ്കടം പിടിച്ചുനിൽ ക്കാനായില്ല. പാണ്ഡുവിനെ നിശ്ശബ്ദനാക്കാൻ, കുന്തിയും മാദ്രിയും നടപ്പിലാക്കിയ 'കുളിപ്പിച്ച് കുളിപ്പിച്ച് ആളെ കൊല്ലുന്ന കളി' കുട്ടിക്കാലത്തു നേരിൽ കണ്ടതാണ്. ആഴവുംകുടിലതയും വ്യക്തമാവാൻ കാലം കുറെ വേണ്ടി വന്നു. നിർത്തു ഈ പേക്കൂത്തു എന്ന് നെഞ്ചത്തടിച്ചു പാഞ്ചാലിയോട് പൊട്ടിത്തെറിച്ചതോർമ്മയുണ്ട്. ഉണരുമ്പോൾ, ഞാൻ ഭൂഗർഭ കൽത്തുറുങ്കിൽ അടിവസ്ത്രം മാത്രമായി മരവിച്ചു കിടക്കുകയാണ്. മനോരോഗിയെന്ന് പാഞ്ചാലിയെന്നെ പരസ്യമായി മുദ്രകുത്തി. സ്വാധീനവും ഇച്ഛാശക്തിയും ഉപയോഗിച്ച് എണ്ണക്കുളിയിൽ തളച്ചിട്ടു. ബീജദാതാവ് അതീതശക്തിയെന്ന ഉത്തമബോധ്യം ഉള്ളത് കൊണ്ട് മാത്രമാണ് ജീവൻ പോവാതെ പിടിച്ചു നിൽക്കാനായത് ഹസ്തിനപുരിയിൽ ഇനി തുടരുക അസാധ്യം." വിങ്ങിപ്പൊട്ടുകയായിരുന്ന ഭീമനുമേൽ പരീക്ഷിത്തിന്റെ കൈകൾ വീണു. "എണ്ണ ചികിത്സയുമായി സഹകരി ക്കണം. പത്രപ്രവർത്തകരെ കണ്ടാൽ മുഖം തിരിക്കണം."

2019/01/30

"മേലനങ്ങി അന്നന്നത്തെ അപ്പം സമ്പാദിക്കുന്നവർ യുദ്ധക്കെടുതിയിലും തിരക്കുപിടിച്ചു ഹസ്തിനപുരിയിൽ നേരം പുലർന്നാൽ മുന്നേറുമ്പോൾ, നിങ്ങൾ, നിങ്ങൾ മാത്രമെന്താ മനുഷ്യാ, മൂലയിലൊരിടത്തിങ്ങനെ മൂടി പുതച്ച്?" നഗരാതിർത്തിയിലെ കൊച്ചുവീട്ടിൽ ആകസ്മികമായി കയറിച്ചെന്ന കൊട്ടാരം ലേഖിക ചോദിച്ചു.

"സ്തോഭജനകമായ രീതിയിൽ ശത്രുവിനെ 'ചിത്രവധം' ചെയ്യുന്ന സവിശേഷ സൈനിക പരിശീലനം തക്ഷശിലയിൽ നേടിയ എന്നെ ദുര്യോധനൻ രഹസ്യമായി കൊട്ടാരത്തിന്നടിയിലെ ഭൂഗർഭഅറയിലേക്കു വിളിപ്പിച്ചു. നിനക്കൊരു സവിശേഷനിയോഗമുണ്ടെന്നു മോഹിപ്പിച്ചതോടെ തുടങ്ങുന്നു 'ദുരന്തം'. കുരുവംശ അടിത്തറ കലുക്കാൻ ദുഷ്ടപാണ്ഡവർ ദൂരെ ദൂരെ വിരാടത്തിൽ ആയുധങ്ങൾ മൂർച്ച കൂട്ടുന്നുണ്ടെന്നും, അവരെ യുദ്ധഭൂമിയിൽ ആട്ടിക്കൊണ്ടുവന്ന്, കെണിയിൽ ബന്ദിയാക്കി മൊട്ടയടിച്ചു കഴുതപ്പുറത്തു നഗരികാണിച്ചശേഷം, അരങ്ങേറ്റ മൈതാനിയിൽ ക്ഷണിക്കപ്പെട്ട സദസ്സിനു മുമ്പിൽ തല വെട്ടണമെന്നുമാണ് രാജകൽപ്പന. "നിന്നെയാണ് ആ ദൗത്യത്തിന് യോജിച്ച ആരാച്ചാരായി കണ്ടെത്തിയത്", ദുര്യോധനൻ തോളിൽ കൈ വച്ചറിയിച്ചു.

"പക്ഷെ കുരുക്ഷേത്രത്തിൽ പ്രകൃതി പ്രതികൂലമായി ഇടപെട്ടു. പാണ്ഡവർ ജേതാക്കളായി ഹസ്തിനപുരി കോട്ട പിടിച്ചെടുത്തു അധികാരത്തിൽ കയറിയ അന്ന് രാത്രി അവരെന്നെ തേടി ഇവിടെ വന്നു കൈകാലുകൾ നിമിഷ നേരം കൊണ്ട് വളച്ചൊടിച്ചു പ്രവർത്തനരഹിതമാക്കി. ഞാനന്ന് മുതൽ കിടപ്പിലാണ്. പതിനെട്ടുനാൾ പോരാട്ടത്തിൽ ഉൾപ്പെട്ടിരുന്നെങ്കിൽ കുരുക്ഷേത്രവിധവയെന്ന വകുപ്പിൽ കുടുംബത്തിന് അന്നന്നത്തെ കഞ്ഞിക്കുള്ള സൗജന്യധാന്യം ഭരണകൂടത്തിൽ നിന്ന് കിട്ടുമായിരുന്നു. ഒരു രാത്രികൊണ്ട് വീണ്ടും മാറ്റിമറിക്കുന്നൊരത്ഭുത പ്രവർത്തി പ്രകൃതിയിൽ നിന്നുണ്ടാവണമേയെന്ന പ്രാർത്ഥനയിലാണ് ഞാനിപ്പോൾ."

“ചെങ്കോൽ തരില്ലെന്നുറപ്പിച്ച പറഞ്ഞുവോ യുധിഷ്ഠിരൻ?”, കിരീടാവകാശിയും അഭിമന്യു പുത്രനുമായ പരീക്ഷിത്തിനോട് കൊട്ടാരം ലേഖിക ചോദിച്ചു. മുപ്പത്തിയാറു വയസ്സെത്തിയിട്ടും അധികാരവഴിയിലെത്താനാവാത്തതിന്റെ മ്ലാനത മുഖത്ത് പ്രകടമായിരുന്നു.

ജന്മദിന ആശംസ കൈമാറാമെന്നുവച്ചു മുഖം കാണിച്ചു. ഏറെ നേരം നോക്കിയശേഷം കോട്ടുവായിട്ടു ചോദിച്ചു, “നീ ഏതാ കുഞ്ഞേ, ഓർത്തെടുക്കാനാവുന്നില്ലല്ലോ.” “അഭിമന്യുവിന്റെ മക”നെന്നോർമ്മിപ്പിച്ചപ്പോൾ, അവനൊക്കെ എന്നോ മരിച്ചില്ലേ? നിന്നെയൊന്നും വിശ്വസിക്കാനാവില്ല “സ്മൃതിനാശത്തിലാണോ യുധിഷ്ഠിരൻ? അതോ പാഞ്ചാലി സൂചന തന്ന പോലെ, ചെങ്കോൽ പിടിവിടില്ലെന്ന പിടിവാശിയാണോ? രണ്ടാലൊന്നറിയണം ഇനി രക്ഷ ചാർവാകൻ!.”

2019/12/01

“രചനയിൽ പറയുന്ന പലതും നേരിൽ കണ്ട ഒരാളെന്ന നിലയിൽ ചോദിക്കട്ടെ ആശ്രമം കെട്ടി ജീവിക്കുന്ന പരിത്യാഗിയായ നിങ്ങൾക്കെങ്ങനെ അറിയാം ഹസ്തിനപുരി അരമനകളിലെ വിഴുപ്പുവാർത്തകൾ?” കൊട്ടാരം ലേഖിക വ്യാസനോട് ചോദിച്ചു.

“ജനസമ്പർക്കം കുറവാണു, അന്തഃപുരജീവിതം അടുത്തറിയാൻ വയ്യ. വിചിത്രവീര്യവിധവകൾക്കു ബീജദാനം ചെയ്യാൻ കൊട്ടാരത്തിൽ പോയതു യഥാർത്ഥത്തിൽ ഞാനായിരുന്നില്ല പകരക്കാരായിരുന്നു. പനയോല രേഖ വ്യത്യസ്ത സ്രോതസ്സുകളിൽ നിന്ന് സംഭരിച്ചു വായിച്ചറിഞ്ഞ വിവരങ്ങൾ നേരിൽ കണ്ടപോലെ ഉപയോഗിച്ചു. വിട്ടുവീഴ്ചകൾക്ക് വഴങ്ങി ഇത്രയും ബൃഹത്തായ ആഖ്യാനം, ദക്ഷിണാപഥത്തിൽ നിന്ന് കഴുതച്ചുമടായി കൊണ്ടുവന്ന പനയോലയിൽ എഴുതി എന്നതാണ് കൈകൊട്ടി ആഘോഷിക്കേണ്ടത് മറിച്ചുള്ള കുപ്രചാരണത്തിനു വഴിമരുന്നിടുകയല്ല. തിരക്കുണ്ട്. നിങ്ങൾ കരട് പൂർണ്ണമായി വായിക്കുമ്പോഴേക്ക് ഞങ്ങൾ പത്തുനൂറു പേർ മഹാഭാരതം നാടൊട്ടുക്ക് വിപുലീകരിച്ചു രചിക്കുകയാണ്. സ്വാഭാവികമായും കഥാപാത്രങ്ങൾ കൂടുതൽ കരുത്തു പ്രാപിക്കും ആഖ്യാന കല പൂർണതയിലേക്ക് നീങ്ങും. പ്രാദേശിക വാമൊഴി ഉപയോഗിക്കുന്ന കാലം വരും. പകർപ്പകാവകാശമില്ല. ആർക്കും കയറി ഇടപെടാം. ഞാനെന്നൊരാൾ ‘ഭാവനാ സൃഷ്ടി’യെന്ന് നാളെ പറയും. കൂട്ടുകുടുംബസ്വത്തു തർക്കത്തെ ‘നെറ്റിപ്പട്ടവും വെഞ്ചാമരയു’മായി എഴുന്നെള്ളിക്കുന്നതു പരിഹാസ്യമാണെന്നു യുക്തിവാദി ചാർവാകൻ പൂത്തിരി കത്തിച്ചു കഴിഞ്ഞല്ലോ.”

“വിവേകവചനങ്ങളുടെ തമ്പുരാൻ എന്നറിയപ്പെടുന്ന വിദുരർ, പാർശ്വവത്കൃത പാണ്ഡവർക്ക് വേണ്ടി രാജസഭയിൽ സംസാരിക്കുന്നു എന്നറിഞ്ഞപ്പോൾ നിങ്ങൾ പതിവ് പത്രാധിപസമിതിയോഗം ഒഴിവാക്കി ഓടിക്കിതച്ചുപോകുന്നത് കണ്ടല്ലോ. എന്നിട്ടെന്തു വിദുരവാക്യമാണിന്നൊരു തലവാചകമായി ചേർക്കാൻ വീണു കിട്ടിയത്?”, യുദ്ധകാര്യലേഖകൻ കൊട്ടാരം ലേഖികയോട് ചോദിച്ചു. ‘ഹസ്തിനപുരി പത്രിക’യുടെ വാർത്താകേന്ദ്രം.

“ശ്രോതാവും മാധ്യമസാന്നിധ്യവുമായി ഞാൻ മാത്രം. കൗരവർ നൂറു പേരും വിനോദയാത്രയിൽ. സുഖചികിത്സയിലായിരുന്നു ഭീഷ്മർ. ഇടയ്ക്കിടെ ചെവിയിൽ

വിരൽ തിരുകി ധൃതരാഷ്ടർ. വിടാതെ കോട്ടുവായിടുന്ന പാറാവുകാർ. അർദ്ധസഹോദരങ്ങൾക്കിടയിൽ സമനീതി വേണമെന്ന സാത്വിക ഉപദേശവുമായി മൃദുസ്വരത്തിൽ വിദുരർ. പ്രഭാഷണം കഴിഞ്ഞ ഉടനെ ഊട്ടുപുരമണിയടി കേട്ടപ്പോൾ മാത്രമാണ് പ്രാതലിനുവേണ്ടി വയർ പൊരിയുകയാണെന്ന് ഞാനോർത്തത്"

2019/12/03

"കുടുംബയോഗമെന്നൊക്കെ പറഞ്ഞു പ്രവേശനം നിഷേധിച്ചെങ്കിലും, ഒരൊളിഞ്ഞുനോട്ടത്തിൽ കൗരവരാജവിധ വകളെ നിങ്ങൾ 'അഭിസംബോധന' ചെയ്യുന്നു. കൗരവ വംശഹത്യ ഒറ്റക്കുചെയ്ത നിങ്ങളോടവർ എങ്ങനെ പ്രതികരിച്ചു?", യോഗം കഴിഞ്ഞു പുറത്തേക്കിറങ്ങുകയായിരുന്ന ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"യുധിഷ്ഠിരനെ പോലെ കാപട്യമൊന്നും വാക്കുകളിൽ പുരട്ടിയില്ല. അർജ്ജുനനെ പോലെ വർണ്ണശബളമായ പൊള്ളവാക്കുകളും എനിക്കറിയില്ല. ഉള്ള കാര്യം നെറി കേടില്ലാതെ പറഞ്ഞു. കാട്ടുപ്രകൃതികളായി കൗമാരകാലത്തു കോട്ടവാതിലിൽ മുട്ടി അഭയം തേടിയപ്പോൾ, ഗാന്ധാരിയുടെ മക്കൾ ഇരുകൈകളും നീട്ടി ഞങ്ങളഞ്ചുപേർക്കു സ്വാഗതം പറഞ്ഞ ഓർമ്മ പങ്കുവച്ചു. കൊട്ടാര പെരുമാറ്റച്ചട്ടം കൗരവക്കുട്ടികളെ കണ്ടാണ് പഠിച്ചത് കാണാൻ സുന്ദരന്മാരായിരുന്നിട്ടും, ജീവിതകാലം രതിപ്രലോഭനങ്ങളെ ചെറുത്തു ഏകപത്നീവ്രതക്കാരായി കൗരവർ ജീവിച്ചു. വിവാഹത്തിലും പുറത്തും 'വേട്ട'ക്കാർ നായാടി നടക്കുന്ന ഈ ലോകത്തിൽ, തങ്കലിപികളിൽ വേണം കൗരവദാമ്പത്യത്തെ അടയാളപ്പെടുത്തേണ്ടത് എന്ന് പറഞ്ഞപ്പോൾ എല്ലാവരും എഴുന്നേറ്റുനിന്നു കരഘോഷം മുഴക്കി. സ്വതവേയുള്ള ലജ്ജാശീലം പുതുതലമുറ കൗരവ രാജകുമാരികൾക്കിഷ്ടപ്പെട്ടു. പോട്ടെ തിരക്കുണ്ട്. പഞ്ചലോഹത്തിൽ പണിത ദുര്യോധനപ്രതിമയുടെ നിർമ്മിതി അന്ത്യഘട്ടത്തിലാണ്." ശിൽപ്പിയെ ആദരിച്ചു വേണം അനുസ്മരണത്തിന്റെ അടുത്ത ഘട്ടം.

"നിറപ്പകിട്ടുണ്ടെങ്കിലും, അനുസ്മരണയോഗങ്ങളിൽ നിങ്ങളുടെ വാമൊഴിക്കു വിശ്വാസ്യത കുറവെന്നൊരഭിമുഖത്തിൽ ഭീമൻ പറയുന്നുണ്ട്. ന്യൂനത സ്വയം കണ്ടെത്തി നിങ്ങൾ നേരത്തേ വെളിപ്പെടുത്തിയതാണോ, അതോ പ്രകോപനപരമായ ഭീമനിരീക്ഷണം നിങ്ങൾക്കൊരു പുതിയ അറിവാണോ?" കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

"എതിരാളിയെ പറഞ്ഞുപറ്റിച്ചു മലർത്തിക്കിടത്തി കരൾ പിളർന്നു ചോര ചീന്തുന്ന ഒരു പ്രത്യേക തരം നഖ നിർമ്മിതിയാൽ പ്രകൃതി കനിവോടെ അവനെ അനുഗ്രഹിച്ചിട്ടുണ്ട്. കുട്ടിക്കാലത്തു കാട്ടുമൃഗങ്ങളെ കൊന്നു ഭക്ഷ്യയോഗ്യമാക്കാൻ 'നഖവ്യൂഹം' തുണച്ചു. പിൽക്കാലത്തു കൗരവരുമായി സ്വത്തുതർക്കം തീർക്കാനൊരു പോരാട്ടം വേണ്ടിവന്നപ്പോൾ, കൗരവഹത്യക്കും വൈകാരികമായി തുണച്ചു. ഇപ്പോൾ ശത്രുവും കാട്ടുമൃഗവുമില്ലാത്ത ഹസ്തിനപുരിയിൽ ഭീമനഖം അലമുറയിടുന്നു 'എനിക്കിരയെ തരൂ'. ഇനി കരുണാമയിയായ പാഞ്ചാലി കനിയണം. പരമാനന്ദമറിഞ്ഞുന്തം വിട്ടുറങ്ങുമ്പോൾ, ഒന്നൊന്നായി നഖങ്ങൾ കടിച്ചുമുറിച്ചു വേർപെടുത്താൻ."

2019/12/05

“മടവാളാണോ മാരകായുധം? ഗദയും വില്ലുമൊന്നുമില്ലേ?”, പുഴവെള്ളത്തിൽ മുങ്ങിനിവർന്ന ചോരയും നീരും കഴുകുന്ന അർദ്ധനഗ്നനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കുരുക്ഷേത്ര പാളയത്തിൽ സേവനദാതാവെങ്കിലും, കൃത്യമായി പറഞ്ഞാൽ ഞാൻ സൈനികനല്ല. പാണ്ഡവരെയും കൗരവരെയും ‘ഇടപാട്’കാരായി കാണുന്ന കരാർ തൊഴിലാളിയാണ്. കറവ വറ്റിയ മാടുകളെയും പൂട്ടിത്തളർന്ന മൂരികളെയും തീൻശാലയിലേക്കെത്തിക്കുന്ന മൃഗമാംസ ദൗത്യമാണ് കുരുക്ഷേത്രപ്രവിശ്യാഭരണകൂടം കനിഞ്ഞു തന്നത്. കണ്ടാൽ പ്രാകൃതമെങ്കിലും, ഒരൊറ്റ വെട്ടിനു തുടയെല്ലു തകിടുപൊടിയാക്കുന്ന ഈ മടവാളുമായി അറവുകേന്ദ്രത്തിലേക്കു പോവുമ്പോൾ ഇരുപക്ഷങ്ങളിലെയും സൈനികമേധാവികൾ അഭിവാദ്യം ചെയ്യുന്നതിന്റെ കാരണവും മറ്റൊന്നല്ല. പകൽ മുഴുവൻ പരസ്പരം അമ്പെയ്തും കുന്തമെറിഞ്ഞും പോരടിക്കുമ്പോഴും, അവരിൽ പ്രത്യാശ നിലനിർത്തുന്നത്, ഊട്ടുപുരയിലെത്തിക്കുന്ന ഇറച്ചിയുടെ രുചിയാണ്. തിരക്കുണ്ട്. മടവാൾ അതിന്റെ ഇരകൾക്കായി തിരക്ക് കൂട്ടുന്നു.”

2019/12/06

“നിങ്ങളായിരുന്നോ ‘ഏഴു കുഞ്ഞുങ്ങ’ളുടെ ആരാച്ചാർ?” കൊട്ടാരം ലേഖിക ചോദിച്ചു.

“ശന്തനുഭാര്യയായിരുന്നിട്ടും, മഹാറാണിപദവി ഗംഗ സ്വീകരിച്ചിരുന്നില്ല. എന്നിൽ വിശ്വാസമർപ്പിച്ച ദൗത്യങ്ങൾ കാര്യക്ഷമമായി ചെയ്തു എന്നതിന് തെളിവല്ലേ, നീരൊഴുക്കിൽ മുക്കിക്കൊന്ന ഒരൊറ്റ നവജാതശിശുവിന്റെയും ജഡം, അഥവാ ഭൗതികശരീരം, മീൻവലയിൽ കുടുങ്ങിയ ദുരനുഭവം മുക്കുവർ പങ്കിട്ടില്ലെന്നത്? തുണിയിൽ പൊതിഞ്ഞ കുഞ്ഞുമായി പ്രസവമുറിയിൽ നിന്ന് ഗംഗ എന്നെ പുഴയിലേക്ക് പറഞ്ഞുവിടും, പാപം കഴുകി, ഈറനുടുത്തു ഞാൻ മടങ്ങിവരും. വിവരം പറയാൻ അന്തഃപുരത്തിൽ കയറുമ്പോൾ, അടക്കിപ്പിടിച്ച നിലവിളി കേൾക്കും, “ഞാനൊന്നു കാണും മുമ്പ് എന്ത് ചെയ്തു നീ ഗംഗാ, നമുക്ക് പിറന്ന കുഞ്ഞിനെ?”, വിതുമ്പി വിതുമ്പി, ശന്തനു കുഴഞ്ഞുവീണു മരിക്കുമെന്ന് ഭയന്നെങ്കിൽ തെറ്റി-തിരക്കുപിടിച്ചൊരു ശാരീരികതക്കായി ആ ദൈന്യതയിലും ഗംഗയെയും കൂട്ടി വട്ടം കൂട്ടുകയാണ് മഹാരാജാവ്. എട്ടാമത്തെ ശിശുഹത്യയോടെ ശന്തനു തെറ്റിപ്പിരിഞ്ഞപ്പോൾ ചരിത്രകാരന്മാർ പുതിയൊരാഖ്യാനനിർമ്മിതിയിൽ എന്നെ ‘ആരാച്ചാർ’ പരാമർശത്തിൽ നിന്നൊഴിവാക്കി, ഗംഗയെ ഏഴു കുട്ടികളുടെയും കൊലയാളിയാക്കി.” കൊട്ടാരം ലേഖിക തിരിഞ്ഞു നടന്നിട്ടും, ചിത്തഭ്രമത്തിന്റെ പിടിയിലായിരുന്ന രാജതോഴി ഭൂതകാലക്കുളിരിൽ രസിച്ചുകൊണ്ടിരുന്നു.

2019/12/07

“പറഞ്ഞു കേട്ടിരുന്നത്ര കുടിലമനസ്സുകളാണോ കൗരവർ?”, കൊട്ടാരം ലേഖിക ചോദിച്ചു. പാഞ്ചാലയിൽ നിന്നെത്തിയ നവ വധൂവരന്മാർക്കനുവദിച്ചിരുന്ന അതിഥിമന്ദിരത്തിലെ സ്വീകരണമുറിയിലായിരുന്നു പാഞ്ചാലി.

മൃഗയാവിനോദങ്ങൾ എന്ന ചെല്ലപ്പേരിട്ടവർ ഹസ്തിനപുരി പെണ്ണുടലുകളെ കൗമാരം മുതൽ വേട്ടയാടിയിരുന്നതായി ഭീമൻ യാത്രക്കിടെ തന്നെ മുന്നറിയിപ്പുകൾ

മുഖവിലക്കെടുക്കാൻ, അന്തഃരംഗം മടിച്ചു. സുഖമല്ലേ എന്നൊരു ഇളമുറ കൗരവ യുവാവ് നിഷ്കളങ്കമായി തോന്നുന്ന വിധം പൂക്കൾ തന്നു മുട്ടിയുരുമ്മി ചോദിക്കുമെന്നും, അപ്പോൾ കൂടെയുള്ള മുതിർന്ന കൗരവരുടെ വേട്ടക്കണ്ണുകൾ നീയറിയാതെ തറക്കുക മാറിലായിരിക്കുമെന്നും അർജ്ജുനൻ താക്കീതു നൽകി. ദേവസന്തതികളായ നിങ്ങൾക്കുമുണ്ടാവില്ലേ അതുപോലുള്ള വേട്ടയനുഭവങ്ങൾ എന്ന് തിരിച്ചു ഞാനവരോട്ട് ചോദിച്ചപ്പോൾ യുധിഷ്ഠിരൻ ധാർമ്മികരോഷത്താൽ തുള്ളുന്നുണ്ടായിരുന്നു. അതെന്നെയപ്പോൾ ചൊടിപ്പിച്ചു. കാമാതുരകൗരവക്കണ്ണുകൾ വീഴാതിരിക്കാൻ പ്രകൃതി തന്ന മാറിടം പറിച്ചെറിയണോ എന്ന് തിരിച്ചു ഹാർദ്ദമായി ചോദിച്ചപ്പോൾ, വില്ലും ഗദയും വാരിയെടുത്തവർ യാത്രയായി." അഭിമുഖം കഴിഞ്ഞു കൊട്ടാരം ലേഖിക പുറത്തു കടക്കുമ്പോൾ, പരിമളവാഹികളായ പൂച്ചെണ്ടുകളുമായി, പ്രണയം നിറഞ്ഞ മിഴികളോടെ, നാലഞ്ചു ഇളമുറ കൗരവർ അതാ, സ്വീകരണമുറിയിൽ!.

2019/12/08

"സിംഹാസനത്തിൽ കയറിയൊന്നിരുന്നില്ല, തുടങ്ങിയോ ദുര്യോധനവിധവയെ കുടിയൊഴിക്കുമെന്ന ഭീഷണി?", കൊട്ടാരം ലേഖിക ചോദിച്ചു.

"യുദ്ധജേതാക്കളായി അധികാരമേൽക്കാനെത്തിയ പാണ്ഡവർ അന്തിയുറങ്ങിയത് കുന്തിയുടെ കുടിലിൽ ആണെന്ന് നിങ്ങൾക്കറിയാമോ? ദുര്യോധനവസതി ഒഴിപ്പിച്ചു കിട്ടാൻ ചെന്നപ്പോളാണ്കുടിലകൗരവർ ഒളിപ്പിച്ച ഭൂമിതട്ടിപ്പിന്റെ രഹസ്യവിവരം വിദുരരിൽ നിന്നറിയുന്നത്, യുദ്ധത്തിനു മുമ്പ് തന്നെ കൊട്ടാരസമുച്ചയം ദുര്യോധനൻ വ്യാജരേഖയുണ്ടാക്കി ഭാര്യക്ക് ഇഷ്ടദാനം കൊടുത്തു. ധൃതരാഷ്ട്രരുടെ ഒപ്പും രാജമുദ്രയും സംഘടിപ്പിക്കാനാണോ അരമനയിൽ പാട്ട്? സ്ഥിതി അതായിരിക്കെ, അനധികൃതമായി കുരുവംശ സ്ഥാവരസ്വത്തുക്കളുടെ ഗുണഭോക്താവായ ദുര്യോധനവിധവയെ നേരിയ ബലപ്രയോഗത്തിൽ കുടിയൊഴിപ്പിക്കാതെ, പുതിയ മഹാരാജാവ് എവിടെ താമസിക്കണം? ഗാന്ധാരിയുടെ വിഴുപ്പലക്കുന്ന കുന്തിയുടെ കുടിലിൽ കണ്ടെത്തിയാൽ മതിയോ പാഞ്ചാലിക്ക് പായ വിരിക്കാൻ ഇടം?"

"കൗരവചോര ഭീമൻ കൊണ്ടുവന്നില്ലേ?", കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു പാണ്ഡവപാളയത്തിൽ, അഴിഞ്ഞുവീണ മുടിയുമായി കാത്തുനിൽക്കുകയായിരുന്നു പാഞ്ചാലി.

"ഭീമനെവിടെയോ മനോവീര്യം നഷ്ടപ്പെട്ടു എന്നാണു നകുലൻ പറഞ്ഞറിഞ്ഞത് അന്വേഷിച്ചപ്പോൾ വ്യക്തമായി. ഓരോ തവണ കൗരവനെ കീഴ്പ്പെടുത്തി നഖങ്ങൾ താഴ്ത്തുമ്പോഴും, പിന്നിൽ നിന്നൊരു 'തിരുത്തൽ ശബ്ദ' മുയരും, "ബലം പ്രയോഗിച്ചു കൗരവകരൾ പറിച്ചെടുത്താൽ, സ്ത്രീനീതി പാലിച്ചുകിട്ടില്ല കുഞ്ഞേ" എന്ന് യുധിഷ്ഠിരൻ ഭീമശിരസ്സിലുഴിഞ്ഞു ഓർമ്മിപ്പിക്കും. "നീയിപ്പോൾ നഖം താഴ്ത്തുന്നത് പെൺ നീതിനിർവ്വഹണമല്ല, വ്യക്തിവൈരാഗ്യത്തിലൂന്നിയ പ്രതികാര നടപടിയാകുന്നു. കൗരവർ പാഞ്ചാലിയോട്ട് ചെയ്തതെന്നു ആരോപിക്കപ്പെടുന്ന ലൈംഗികാതിക്രമത്തിനവൾ നീതിപതിയുടെ മുമ്പിൽ പരാതികൊടുക്കുന്നതോടെ തുടങ്ങുന്ന വ്യവസ്ഥാപിത നടപടിക്രമമുണ്ട്. അത് മറികടന്നു കൗരവകുടൽ കീറി ചുടുചോര കൈക്കുമ്പിളിൽ വീഴ്ത്തി പ്രിയതമക്കു നൽകാനുള്ള ഉദ്യമം വികാരജീവിക്കു ചേർന്നതെങ്കിലും ധാർമ്മികമല്ല പ്രിയ ഭീമാ. വാൾ വീശിയും ഗദ ചുഴറ്റിയും അമ്പെയ്തും പ്ര

തിയോഗിയെ കാലപുരിയിലേക്കയക്കുന്ന തൊഴിൽമികവാണിവിടെ പ്രകടിപ്പിക്കേണ്ടത്" എന്നും പറഞ്ഞു പിന്തിരിപ്പിച്ചാൽ പാവം ഭീമൻ പിന്നെന്തുചെയ്യും!."

"കൗരവതലയോരോന്നുമുരുട്ടിയതപ്പപ്പോൾ എണ്ണി കണക്കു തീർത്തതല്ലേ? പാണ്ഡവർ അധികാരത്തിൽ കയറീട്ട് ആർക്കെന്തു പരാതി കൊടുത്താലാണ് ഇനി നിങ്ങൾക്ക് പ്രയോജനം?" കൊട്ടാരം ലേഖിക നിയുക്ത മഹാറാണി പാഞ്ചാലിയോട് ചോദിച്ചു.

"പീഡകർ ജീവിച്ചിരിപ്പുണ്ടോ എന്നറിഞ്ഞിട്ടുവേണോ ലൈംഗിക ഇരകൾ നീതി തേടാൻ? പെണ്ണുടൽ മലിനപ്പെടുത്തിയ പീഢകനുനേരെ ഭരണകൂടത്തിന് പരാതി കൊടുക്കാനുമുണ്ടോ കാലാവധി? പതിമൂന്നു വർഷം കഴിഞ്ഞതുകൊണ്ടു പരാതി കാലഹരണപ്പെടുമോ? പീഡകകൗരവർ ജീവിച്ചിരിപ്പുണ്ടോ എന്നതൊരു സാങ്കേതിക പ്രശ്നമല്ലേ? അടിമത്തം അസാധുവായപ്പോൾ പൗരാവകാശം തിരിച്ചുകിട്ടിയ ഞാൻ പരാതി കൊടുത്താൽ, രാജാവ് ഭർത്താവാണെന്നതൊരു 'ക്രമപ്രശ്ന'മായി ചൂണ്ടിക്കാട്ടുമോ? കൗരവർ ശരിക്കും മരിച്ചുപോയെങ്കിൽ, പ്രതിസ്ഥാനത്തു നിൽക്കേണ്ടത് പൈതൃകാവശികളല്ലേ? അതോ, വിധവകൾക്ക് കൗരവസ്വത്തുമാത്രം മതി എന്നാണോ? ഇനി നിങ്ങൾ പറയും കൗരവരാജസ്ത്രീകളെ കുഴിയൊഴിപ്പിക്കാനുള്ള വിലകുറഞ്ഞ തന്ത്രം മാത്രമാണ് വസ്ത്രാക്ഷേപത്തിൽ അന്വേഷണം വേണമെന്ന പാഞ്ചാലിയുടെ പരാതിയെന്ന്!."

2019/12/09

"അഭിമുഖസമയം രാവിലെ ആയതുകൊണ്ട് മന്ത്രാലയത്തിൽ പോവാതെ അന്തഃപുരത്തിൽ കാത്തിരിക്കാൻ തുടങ്ങിയിട്ട് നേരം കുറച്ചായി. പാറാവുകാരനോട് ചോദിച്ചപ്പോൾ കേട്ടു, മഹാരാജാവുൾപ്പെടെ മുതിർന്ന മൂന്നു പാണ്ഡവരും കുറച്ചു കാലമായി താമസം നിങ്ങൾക്കൊപ്പമല്ല. ഞെട്ടിപ്പോയി. കാരണം?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

"ധൃതരാഷ്ട്രരും ഗാന്ധാരിയും വനജീവിതം തിരഞ്ഞെടുത്തു രാജവസതിയൊഴിഞ്ഞപ്പോൾ, കുരുവംശാധിപന്റെ പരമ്പരാഗത ഔദ്യോഗികമന്ദിരം ഒരു നൂറ്റാണ്ടിനു ശേഷം ഒഴിവുവന്നു. അത് കുരുക്ഷേത്ര രണനായകൻ ദുര്യോധനന്റെ സ്മൃതിയിടമാക്കണമെന്നു കൗരവരാജ വിധവകൾ നിവേദനം തന്നു. പൈതൃകകൊട്ടാരത്തിൽ നിന്ന് പിടിവിടും മുമ്പ് ഞാനൊരു പരിഹാരം നിർദ്ദേശിച്ചു യുധിഷ്ഠിരനും മുതിർന്ന മറ്റു രണ്ടു പാണ്ഡവരും ഉടൻ താമസം അങ്ങോട്ടു മാറ്റുക. നരച്ചുനീണ്ട മുടിയും താടിയുമായി ആ മൂന്നു പാണ്ഡവർ എനിക്കൊപ്പം അന്തഃ പുരത്തിൽ കാണപ്പെടുന്നത് ഞാൻ സ്വാഗതം ചെയ്തിരുന്നില്ല എന്ന മട്ടിൽ ദുഷ്ടലാക്കോടെ തൽപ്പരകക്ഷികൾ നിർമ്മിതവാർത്ത പ്രചരിപ്പിക്കാനിടയുണ്ട്. നിങ്ങൾ അതിലൊന്നും വീണുപോവരുത് 'പാഞ്ചാലിയുടെ അന്തഃപുരം കണ്ടാലൊരു വൃദ്ധസദനം പോലുണ്ടല്ലോ' എന്ന് ദ്വാരകയിൽ നിന്ന് വിരുന്നിനു വന്ന സത്യഭാമ നിരീക്ഷിച്ചപ്പോൾ കരളിൽ കൊത്തി, നിഷേധിക്കുന്നില്ല. ഇളമുറ മാദ്രീമക്കൾ നകുലനും സഹദേവനും രാപ്പകൽ എനിക്കിപ്പോൾ കൂട്ടുണ്ട്. സ്വർഗ്ഗരാജ്യത്തിലെ ആരോഗ്യ ശുശ്രൂഷകരായ അശ്വിനിദേവതകളുടെ സന്തതികൾ രൂപഭാവങ്ങളൊക്കെ ഇന്നും യുവത്വം പ്രസരിപ്പിക്കുന്നുണ്ടെന്നറിയാമല്ലോ. ചോദിക്കാതെ കല്യാണസൗഗന്ധികം കൊണ്ടുവരാൻ രണ്ടുവഴിക്കു പുറപ്പെട്ടിറങ്ങിയ ഇരുവരും ഓടിക്കിതച്ചെത്തും മുമ്പ് ഞാനൊന്നു കുളിച്ചൊരുങ്ങട്ടെ.

വയസ്സ ചെന്ന കുന്തിപുത്രന്മാർ കൗശലത്തിൽ കുടിയൊഴിപ്പിക്കപ്പെട്ടതോടെ യുവ നകുലനും സഹദേവനും എനിക്ക് കളിക്കൂട്ടുകാരായി!."

"അരമന സമുച്ചയം ദുര്യോധനഭാര്യക്ക് ഇഷ്ടദാനം കൊടുത്തപ്പോൾ മറ്റ കൗരവവധുക്കൾ വസ്തുകൈമാറ്റത്തിന്നെതിരെ മിണ്ടിയില്ലേ?", കൊട്ടാരം ലേഖിക ചോദിച്ചു.

"ആണുങ്ങൾ യുദ്ധത്തിൽ മരിച്ചാലും, വിധവകൾ അനാഥരാവാതിരിക്കാൻ വേറെ നിയമവഴിയില്ലെന്ന കൂട്ടുകുടുംബ രഹസ്യയോഗത്തിൽ ബോധ്യപ്പെടുത്താൻ ദുര്യോധനന് കഴിഞ്ഞു എന്നതാണ് ആശയവിനിമയ മികവിൽ ശ്രദ്ധേയമായ ദൃഷ്ടാന്തം. കൊച്ചുനാൾ മുതൽ പഠിപ്പിച്ചതിന്റെ സദ്ഫലം. ബലരാമനും ദ്രോണരും സൈനികതന്ത്ര നൈപുണ്യവികസനത്തിനു ശ്രമിച്ചിട്ടുണ്ടാവാം എന്നാൽ നൂറ കൗരവരെയും നൂറുനൂറായിരം എതിർപ്പുകളെയും നിർവീര്യമാക്കി തന്നിഷ്ടം നടപ്പിലാക്കാനുള്ള സർഗ്ഗവൈഭവം-അതാണവന്റെ പെരുമ!."

2019/12/10

"ദുശ്ശകുനമെന്ന ഭീമൻ വിശേഷിപ്പിച്ച ദുര്യോധന വിധവയുമായി നിങ്ങൾ രഹസ്യ സംഭാഷണം ചെയ്തത് അഭ്യൂഹങ്ങൾക്ക് വഴിവച്ചല്ലോ. എന്തുപറ്റി?", കൊട്ടാരം ലേഖിക ചോദിച്ചു.

"കാണാൻ വന്ന വിധവക്കു പറയാനുള്ളത് കേട്ടു എന്നത് ലജ്ജിക്കേണ്ട ഒന്നാണോ? വനവാസത്തിനു പോവുമ്പോൾ, എന്റെ അടിമത്തം മാത്രം ഉടനടി പിൻവലിച്ചു പൗരാവകാശം പുനഃസ്ഥാപിച്ചു തന്ന ദുര്യോധനാജ്ഞ, കൗരവദൂതനിൽ നിന്ന് തട്ടിയെടുത്തു പാണ്ഡവർ രഹസ്യമായി നശിപ്പിച്ചത് കൊണ്ടാണ് പത്തുപതിമൂന്നു കൊല്ലം എനിക്ക് നരകിക്കേണ്ടിവന്നതെന്നു ദുര്യോധനവിധവ ആധികാരിക വിശദാംശങ്ങളോടെ അറിയിക്കുകയായിരുന്നു. പാണ്ഡവരുടെ കീഴിൽ മനുഷ്യത്വഹീനമായ ജീവിതം നയിക്കേണ്ടിവന്ന പതിമൂന്നു വർഷങ്ങളെ കുറിച്ചൽപ്പം വൈകാരികതയോടെ ഞാൻ മൗനം പാലിച്ചതാണോ കുതിരപ്പന്തികളെ വിറളി പിടിപ്പിക്കുന്നത്?"

"ജനിച്ചതും, കൗമാരം വരെ വളർന്നതുമൊക്കെ ഇതുപോലൊരു കൊട്ടും കാട്ടിലല്ലേ? തോന്നുമ്പോൾ തോന്നുമ്പോൾ കയ്യിട്ടുവാരാൻ അന്നും ഉണ്ടായിരുന്നോ തിന്നാലൊടുങ്ങാത്ത ഭക്ഷണപാത്രം?", കൊട്ടാരം ലേഖിക ചോദിച്ചു മലങ്കാറ്റിൽ തണുപ്പ് പടർന്ന പ്രഭാതം, വനാന്തര ആശ്രമം, വ്യാഴവട്ടക്കാല ജീവിതം.

"സന്ധ്യയായാൽ അമ്മയും മാദ്രിയും ഉടുത്തൊരുങ്ങി പുറത്തു പോവും. പിന്നെ വൈകും തളർന്നു തിരിച്ചു വരാൻ. മധുരഭക്ഷണം ഇലപ്പൊതി നിറയെ കയ്യിലുണ്ടാവും. ചിലപ്പോൾ കാണാം പട്ടും പൊന്നും. ആകാശചാരികളുമായി ദാമ്പത്യേതരബന്ധമില്ലാതെ ആയുഷ്കാല ജീവിതം സുഖമാവില്ലെന്ന ഇടക്കൊക്കെ അവർ കവിളിൽ വിരൽ കുത്തി മേൽപ്പോട്ടുനോക്കി പറയും. "ശരിയാണ്, നീ പറയുന്നതിൽ കാര്യമുണ്ട്", പായിൽ ചുരുണ്ട് കിടന്ന ശ്വാസം മുട്ടുന്ന അച്ഛനും സമ്മതിക്കും."

"സ്ത്രീപീഡനത്തിന്റെ തലസ്ഥാനമായോ ഹസ്തിനപുരി?", ചൂതാട്ടസഭയിൽ ചിതറിക്കിടന്ന ഉടുതുണിക്കഷ്ണങ്ങൾ നോക്കി കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. ജാലകത്തിലൂടെ കാണാമായിരുന്നു, തല താഴ്ത്തി വനവാസത്തിനുപോവുന്ന നഗ്നപാദ പാഞ്ചാലിയെയും അഞ്ചോളം പാണ്ഡവരെയും.

“ഒരടിമപ്പെണ്ണിന്റെ അടിവസ്ത്രത്തിലൂന്നി നിങ്ങൾ ഐതിഹാസികമായൊരു അധികാരക്കൈമാറ്റത്തെ അവഹേളിച്ചല്ലോ!. ഒരു തുള്ളി ചോര വീഴ്ത്താതെ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയെ ഞങ്ങൾ നീക്കിയത് ഈ നിലത്തു ചമ്രം പടിഞ്ഞിരുന്നല്ലേ? ഒന്നും രണ്ടും പറഞ്ഞു ഉന്തും തള്ളുമുണ്ടായപ്പോൾ അഴിഞ്ഞുവീണ അടിവസ്ത്രത്തെ ‘പീഡനാവശിഷ്ട’മെന്നൊക്കെ പൊലിപ്പിക്കാൻ ആയിരുന്നോ നിങ്ങൾ തക്ഷശിലയിൽ പോയി ഉന്നതവിദ്യാഭ്യാസം നേടിയത്? സ്ത്രീവിരുദ്ധമാണോ യഥാർത്ഥത്തിൽ കുരുവംശം? സ്വർഗ്ഗരാജ്യത്തിലെ ദാസിയായ ഗംഗ മുതൽ യമുനയിൽ മീൻ പിടിക്കുന്ന സത്യവതി വരെ, കാശിരാജകുമാരി അംബിക മുതൽ അവിഹിതരതിയിൽ മാതൃത്വം സ്ഥാപിച്ചെടുത്ത കുന്തി വരെ, കുരുവംശത്തിലെ വൈവിധ്യമാർന്ന ധീര സ്ത്രീ രൂപങ്ങൾ അശേഷം അടിയറവു വച്ചിട്ടില്ല ആണധികാരഗർവ്വിനു മുമ്പിൽ എന്ന് നിങ്ങൾ ചരിത്രം പഠിച്ചിരുന്നെങ്കിൽ തിരിച്ചറിയുമായിരുന്നു. അനുജന്റെ ഭാര്യയെ തട്ടിയെടുത്തു പായക്കൂട്ടാക്കിയ യുധിഷ്ഠിരനെവിടെ, അനുജന്മാരുടെ ഭാര്യമാരെ രാജമാതാ എന്നഭിസംബോധന ചെയ്യുന്ന ദുര്യോധനൻ എവിടെ. ഒരു ചുവർ വിഷവാർത്താനിർമ്മിതിക്കു വേണ്ടി ഒന്നും നിങ്ങൾ വിസ്മരിക്കരുത്”

2019/12/11

“നിഷ്ക്രിയപാണ്ഡവർ? നിശ്ശബ്ദ പാണ്ഡവർ! പെരുമഴ പെയ്തപ്പോഴേക്കും, ചടഞ്ഞുകൂടി ചുവർ ചാരി ധ്യാനത്തിലായോ പാവംപാണ്ഡവർ?”, കൊട്ടാരം ലേഖിക ചോദിച്ചു. കുതിച്ചൊഴുകുന്ന തോട്ടിൽ നിന്ന് ഭീതിതശബ്ദം ഉയർന്ന ഇരുണ്ട അപരാഹ്നം.

“തലക്കുപിന്നിൽ കൈപ്പത്തികൾ ചേർത്തിരിപ്പുണ്ടല്ലോ, അത് നിങ്ങൾ കുറച്ചു കാണരുത്. ദൂരെ ദൂരെ ഹസ്തിനപുരിയിലെ കൗരവതമ്പുരാക്കന്മാർ കാറ്റുകൊള്ളുന്ന കൊട്ടാരമട്ടുപ്പാവിനെക്കാൾ പ്രാമാണ്യതയുണ്ടതിനെന്നു പറഞ്ഞത്, വേറെ ആരുമല്ല കണ്ടാലൊരു നാണംകുണുങ്ങിയായ മാദ്രീപുത്രൻ സഹദേവനാണ്. വരാനിരിക്കുന്ന കാര്യങ്ങൾ പൂർവ്വനിശ്ചിതമാണെന്നും, പ്രത്യേക മാനസികാവസ്ഥയിൽ ഭാവി പ്രവചിക്കാമെന്നും നിഷ്കളങ്കമായി തെളിയിച്ച സഹദേവൻ ഇത്തവണ ഞങ്ങളോടാവശ്യപ്പെട്ടു, “മലമടക്കുകളിലെ ഈ കാട്ടുകുടിലിനെ പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവായി സങ്കൽപ്പിച്ചുവേണം ഓരോ നിമിഷവും ശത്രുസംഹാരത്തിലേർപ്പെടാൻ. അതു ഞങ്ങളേറ്റു പിടിച്ചപ്പോൾ എന്തുണ്ടായി എന്നോ? ഞങ്ങളിപ്പോൾ സ്വപ്നലോകത്തിലെ മുടിചൂടിയമന്നന്മാരെന്ന പദവിയിൽ നീതിപതികൾ!. ഞാനിന്നുച്ച കഴിഞ്ഞുള്ള കുറ്റകൃത്യ വിചാരണയിൽ രണ്ടു കൗരവർക്കു ‘വധശിക്ഷ’ നൽകി. ഇനി നിങ്ങൾ ബാക്കിയുള്ള പാണ്ഡവരോട് ചോദിച്ചറിയൂ, മഴ തുടങ്ങിയശേഷം നീതിന്യായസഭയിൽ എത്ര കൗരവരെ നിർത്തിപ്പൊരിച്ചു?”

2019/12/12

“നവവധുവെന്ന നിലയിൽ കണ്ട പഴയ ഹസ്തിനപുരി ഇപ്പോഴുമുണ്ടോ മനസ്സിൽ? അതോ, കാൽ നൂറ്റാണ്ടിലിന്നിടയിൽ മാറിമറഞ്ഞുവോ?” കൊട്ടാരം ലേഖിക ചോദിച്ചു.

"കാളവണ്ടികളിൽ കൊണ്ടുവന്നിരുന്ന ധാന്യച്ചാക്കുകൾ കൊട്ടാരസമുച്ചയത്തിനോട് ചേർന്ന കലവറകളിൽ അട്ടിയട്ടിയായിടുന്നതാണെന്റെ ആദ്യ ഓർമ്മ. ഗംഗക്കും യമുനക്കുമിടയിലെ കാർഷിക സംസ്കാരം എന്തെന്നതെന്നെ പഠിപ്പിച്ചു. കറവവറ്റിയ മാടുകളെ ക്ഷീരകർഷകർ കോട്ടക്കകത്തെ ഊട്ടുപുരയോട് ചേർന്ന അറവുശാലയിൽ കൊണ്ടുവരുന്നതും മറന്നിട്ടില്ല. കൗരവർ ആർപ്പു വിളിച്ചാണ് മാടുകളെ സ്വാഗതം ചെയ്യുക. മണിക്കൂറുകൾക്കുള്ളിൽ അറുത്തു കുടലും തൊലിയും നീക്കി പ്രിയമാംസാഹാരമായി തയ്യാറാക്കുന്നതും ഏകീകൃത മനുഷ്യപ്രയത്നത്തിന്റെ മഹനീയദൃശ്യം. ഇന്നോ! ഒഴിഞ്ഞ ഊട്ടുപുരയിലേക്കു ഇടയ്ക്കിടെ എത്തിനോക്കി പാണ്ഡവർ, എന്നെ കാണുമ്പോൾ മുഖം താഴ്ത്തി, നടക്കുന്നതാണ് പതിവു കാഴ്ച. കൂട്ടു കുടുംബസ്വത്തുതർക്കം തീർക്കാൻ കായികബലം വേണമെന്ന് ഏതു അഭിശപ്തമുഹൂർത്തത്തിലാവാം തീരുമാനത്തിലെത്തിയതെന്നു മുട്ടുകുത്തി വിധാതാവിനോട് നാമൊക്കെ ചോദിക്കുന്ന ആസുരകാലം. ഭരണകൂടം ഓരോ പൗരനും അക്ഷയപാത്രം സമ്മാനിക്കണമെന്നു ചാർവാകൻ ആവശ്യപ്പെടുന്ന കാലപ്പകർച്ച!."

"പിതൃസ്വരൂപങ്ങളോടൊന്നും യോജിച്ചുപോവില്ലെന്നാണല്ലോ വിലയിരുത്തൽ. ഭീഷ്മർ, ദ്രോണർ, കൃപർ, അരമനയിൽ ശക്തസാന്നിധ്യങ്ങളായ ആരുമായും മൈത്രിയില്ലാത്ത നിങ്ങളെയെങ്ങനെ ദുര്യോധനൻ പങ്കാളിയാക്കി?" ഇനി ഞാനൊഴുകട്ടെ എന്ന പുഴപുനർജ്ജീവനയജ്ഞത്തിൽ പങ്കെടുത്തു വീടണയുകയായിരുന്ന കർണ്ണനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"തേരോടിക്കുന്ന സൂതവംശജനാണ് അച്ഛൻ എന്ന പൊതുബോധം ഓർമ്മവച്ചനാൾ മുതൽ എന്നിലുണർത്തിയ അപകർഷതാബോധത്തിൽ നിന്നെന്നെ ദുര്യോധനൻ ഉയർത്തിയതു്, മദ്യവും മദിരാക്ഷിയും എത്തിച്ചായിരുന്നില്ല അംഗ രാജ്യത്തിലെ രാജാവായി വാഴിച്ചിട്ടായിരുന്നു എന്ന അനുഭവം എന്നെ വികാരതരളിതനാക്കുന്നുണ്ട്. അതവൻ യഥാർത്ഥത്തിൽ 'കൊട്ടാരമാടമ്പിക'ളുടെ മുമ്പിൽ ചെയ്ത പ്രഹസനമായിരുന്നു. അതവരുടെ വായടപ്പിച്ചു. കുതിരച്ചാണകം മണക്കുന്ന കർണ്ണൻ തിരുവസ്ത്രവും ധരിക്കുന്നുവോ എന്നായിരുന്നു ജാള്യതയിൽ വിരൽ കടിക്കുന്ന ഭീമന്റെ വിസ്മയം. എന്നാൽ അവർക്കുണ്ടോ വാസ്തവം അറിയുന്നു! എന്റെ ബീജദാതാവെത്ര മുന്തിയ ഇനം ആകാശചാരി. അഭയാർത്ഥികളായി മുട്ടിൽ ഇഴഞ്ഞു വന്ന പാണ്ഡവർ കൗരവദൗർബല്യം മുതലെടുത്തു അധിനിവേശത്തിനു ശ്രമിക്കുമ്പോൾ പിന്തുണ കൊടുത്ത യാഥാസ്ഥിതിക സഭാപതികളെയുമായിരുന്നു പിൽക്കാലത്തു ഞാൻ ഏറ്റുമുട്ടേണ്ടതു് മറ്റു തൊണ്ണൂറ്റി എട്ടോളം കൗരവരെ അധികാര ഇളവനുവദിക്കാതെ, 'കൂട്ടാളി'കളായി നിലനിർത്തുന്നതിനൊപ്പം, 'മാടമ്പി ഹസ്തിനപുരി'യുടെ മടിക്കുത്തിൽ പിടിച്ചു ഇടക്കൊന്നു വിറപ്പിക്കാൻ കഴിഞ്ഞ പോരാളിദുര്യോധനൻ തന്നെയാണ്, വയസ്സിൽ താഴെയെങ്കിലും, തലതൊട്ടപ്പൻ. പാണ്ഡവരെ ചൂണ്ടി 'ശത്രു' എന്നവൻ പറഞ്ഞാൽ, ശത്രു അർഹിക്കുന്ന ശത്രുത എന്നിൽ കത്തിപ്പടരുകയായി. അതാണ് കർണ്ണന്റെ കർണ്ണത്വം!."

"യുധിഷ്ഠിരനും നിങ്ങളും മിണ്ടിപ്പറഞ്ഞിരിക്കുന്ന കിടപ്പറയിൽ ഇടിച്ചുകയറിയ അവിവേകത്തിനു അർജ്ജുനൻ വില കൊടുക്കേണ്ടി വന്നു എന്നൊക്കെ സൂതന്മാർ പാടുന്നതു് വഴിയമ്പലങ്ങളിൽ പതിവുകാഴ്ചയാണ്. പക്ഷെ ദുര്യോധനൻ പാഞ്ചാലിയുടെ കിടപ്പറയിലിരിക്കുമ്പോൾ ഇടിച്ചുകയറിയ ഭീമൻ ദുരർത്ഥം വച്ചെന്തോ പറ

ഞ്ഞു എന്നത് കെട്ടുകഥ പോലെ തോന്നി. വസ്തുതയെന്താണ്?", കൊട്ടാരം ലേഖിക ചോദിച്ചു.

"യുധിഷ്ഠിരൻ മാത്രം പ്രണയപദങ്ങൾ പുലമ്പുന്ന എന്ന് തിരുത്തി വേണം ആ സംഭവം ഓർമ്മിക്കാൻ. ഹസ്തിനപുരി നഗരാതിർത്തിയിലെ അതിഥി മന്ദിരത്തിൽ കഴിയുന്ന മധുവിധു കാലം. ക്ഷേമാന്വേഷണത്തിനു മധുരവുമായി വന്ന ദുര്യോധനൻ വീട്ടിൽ പാണ്ഡവർ ആരുമില്ലെന്നറിഞ്ഞു പോവാൻ ഒരുങ്ങി. വരാൻ നേരമായി എന്ന് പറഞ്ഞു കൊണ്ടവനെ ഉപചാരപൂർവ്വം ക്ഷണിച്ചപ്പോൾ, കിടപ്പറജാലകത്തിലൂടെ കാണുന്ന മരക്കൂട്ടങ്ങൾ നോക്കി കിടക്കയിലവൻ മതിമറന്നിരുന്നു. ശന്തനുവിന്റെ പ്രണയ വധുവായി വന്ന സത്യവതി കുറച്ചുകാലം ഈ മന്ദിരത്തിലായിരുന്നു താമസം. മരക്കൂട്ടങ്ങൾ സത്യവതി നട്ടുവളർത്തിയവയെന്നു ഉദ്യാനപാലകർ. പാലും പഴവുമായി ഞാൻ വന്നപ്പോൾ, ലിംഗഭേദമില്ലാത്ത അടിയുടുപ്പുകൾ ചിതറിക്കിടന്ന കിടക്കയിൽ ദുര്യോധനനെ കണ്ടു നില തെറ്റി വീഴാൻ പോയ എന്നെയപ്പോൾ കമനീയമായൊരു കായികക്ഷമതയോടെ ദുര്യോധനൻ വാരിക്കോരി പിടിച്ചില്ലായിരുന്നെങ്കിൽ, എന്ത് സംഭവിക്കുമായിരുന്നു എന്നോ? എന്തും! അതിലേറെ എന്നെ നടുക്കിയത്, കൃത്യം ആ നേരത്തു ഭീമൻ കിടപ്പറയിൽ ഇടിച്ചുകടന്നതാണ്. ദുര്യോധന കരവലയത്തിൽ ഞാൻ കിടന്നതാണ് ഭീമനെ ചൊടിപ്പിച്ചത് ആ സമയപരിധിക്കുള്ളിൽ. സംഭവിച്ചതാണോ ഭീമ ദുര്യോധന ശത്രുതയുടെയും പ്രതികാരദാഹത്തിന്റെയും ബീജാവാപം?"

2019/12/13

"ദുര്യോധനൻ ഭീമനെ അപമാനിച്ചു എന്ന ആരോപണത്തിലെത്ര കാര്യമുണ്ട്?", കൊട്ടാരം ലേഖിക ചോദിച്ചു. പാഞ്ചാലീസ്വയംവരത്തിനുശേഷം പാണ്ഡവർ ഹസ്തിനപുരിയിൽ കഴിഞ്ഞ ഇടവേള.

"അരക്കില്ലം കത്തിച്ചതിനും ബകനെ കൊന്നതിനും അന്യായമായി അനുകമ്പയും അനുമോദനവും നേടിയവനാണ് ഭീമൻ. അത് വിടാം. രാജാവിന്റെ കിണറിൽ അർദ്ധരാത്രി പാമ്പിനെ നിക്ഷേപിച്ചു, നേരം വെളുത്തപ്പോൾ സംശയകരമായ രീതിയിൽ ആളെക്കൂട്ടി, അനുമതി ചോദിക്കാതെ, കിണറിലിറങ്ങിയതിനു അനുമോദനം വേണോ നടപടി വേണോ? പാമ്പിനെ കഴുത്തിൽ പിടിച്ചുയർന്ന ഭീമന് കയറാൻ ബലമുള്ള കയർ ഹസ്തിനപുരിയിൽ നിർമ്മിച്ചവനെയാണ് ഞങ്ങൾ അനുമോദിക്കുക. കൂടുതൽ കയർ വാങ്ങി നൈപുണ്യത്തെ പ്രോത്സാഹിപ്പിക്കും. ഭാവിയിലൊരാവശ്യം വന്നാൽ, പാണ്ഡവരെന്ന 'അനധികൃത കുടിയേറ്റ'ക്കാരെ സമൂഹത്തിൽ നിന്ന് അകറ്റിനിർത്തി, അമർച്ച ചെയ്യാൻ, ഭീമൻ തൂങ്ങിയാടിയിട്ടും പൊട്ടാത്ത കയർ ഉപകരിക്കും. അരമനയിൽ നുഴഞ്ഞുകയറി, ഔഷധ ഗുണമുള്ള കിണർ ജലം മലിനപ്പെടുത്തിയ കുറ്റത്തിന് നടപടി നേരിടാൻ ഭീമൻ ബാധ്യസ്ഥൻ. പാണ്ഡവർ എന്നൊരു കുടുംബനാമം തട്ടിക്കൂട്ടിയെടുത്തു കുരുവംശസ്വത്തിൽ ഓഹരിചോദിച്ചുവന്ന കൗന്തേയരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാമോയെന്നു നോക്കട്ടെ. 'ഹസ്തിനപുരി പത്രിക' തുടർന്നും 'അധിനിവേശ'ക്കാർക്കു പിന്തുണയുമായി 'പ്രബുദ്ധ പൊതുസമൂഹ'ത്തിന്റെ വക്താക്കളാവാൻ തന്നെ നിശ്ചയിച്ചു അല്ലേ?"

“ആദിവാസികുട്ടികളുടെ സഹായത്തോടെ പാഞ്ചാലിയുടെ ചരമശ്രുശ്രൂഷയും ശവമടക്കും കഴിഞ്ഞു ഞാൻ മല കയറിവന്നത് വെറുതെയായില്ല!”, നീരൊഴുക്കിനരികെ വിശ്രമിക്കുകയായിരുന്ന സഹദേവനോട് കൊട്ടാരം ലേഖിക “ഇനി കുഴഞ്ഞു വീഴേണ്ടത് നിങ്ങളല്ലേ?”

“ആരാദ്യം വീഴും എന്നന്വേഷിക്കാൻ ആയാസപ്പെടേണ്ട കാര്യമില്ല. മുപ്പത്തിയാറു വർഷം ജീവിച്ച കൊട്ടാരത്തിൽ നിന്ന് പടിയിറങ്ങി നീങ്ങുമ്പോൾ, മരണ ഗീതങ്ങൾ പാടിയാണ് ജനം യാത്രാമൊഴി പറഞ്ഞത് ‘വധശിക്ഷ’ക്ക് വിധിക്കപ്പെട്ടെങ്കിലും, തലവെട്ടുന്ന ദിവസം അറിയാത്തതുകൊണ്ട് ഭിക്ഷാടകരെ പോലെ നടന്നും വിശ്രമിച്ചും അടിവച്ച് മലകയറി അന്ത്യയാത്രയിൽ മുന്നേറുകയാണ്. ഞങ്ങൾ ഒന്നൊന്നായോ ഒരുമിച്ചോ വീഴുമ്പോൾ, ഉപേക്ഷിക്കപ്പെടുന്ന ഭൗതികശരീരങ്ങളെ പ്രകൃതിയുടെ പ്രതിഭാസങ്ങൾക്കു വിട്ടു.”

2019/12/14

“ഈറനുടുത്തു കയറുമ്പോൾ, കൂട്ടിപ്പിടിച്ച് നിങ്ങളോടെന്തോ ദുര്യോധനൻ ചെവിയിൽ മന്ത്രിക്കുന്ന പോലെ തോന്നി. എന്തായിരുന്നു, ഖാണ്ഡവപ്രസ്ഥത്തിൽ ഭാഗ്യാന്വേഷിയായി പോവുന്ന പ്രണയിനിക്കവൻ നൽകിയ ആശംസാമൊഴി?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. കാട്ടുകത്തിക്കാൻ കുടിയേറ്റ പാണ്ഡവർ ഹസ്തിനപുരി വിട്ടിറങ്ങുന്ന പ്രഭാതം.

“നൂറു നൂറായിരം ജീവകോശങ്ങൾ കൊണ്ടാണ് പ്രകൃതി ഈ ഉടൽ നിർമ്മിച്ചിരിക്കുന്നതെന്നു നിനക്കെന്നെ പോലെ എനിക്കുമറിയാം. എന്നാൽ ആ കോശങ്ങളിൽ ഒന്നിനെങ്കിലും അറിയുമോ, ഉടലിന്റെ ഉടമ പാഞ്ചാലി യഥാർത്ഥത്തിൽ ആരാണെന്ന്? അതറിയുന്നതു ഒരുപക്ഷെ ഞാൻ മാത്രം. അങ്ങനെ എന്തോ മധുരോദാരമായി ഉപചാരം പറഞ്ഞു പിരിഞ്ഞു തേരിൽ കയറി അവൻ പോയെങ്കിലും, ഞാൻ ശ്രദ്ധിച്ചത് വാരിപ്പുണർന്ന കൈകളായിരുന്നില്ല, നിറയുന്ന കണ്ണുകളായിരുന്നു!.”

“മറ്റൊരു പാണ്ഡവഭാര്യയിൽ നിന്നും വെല്ലുവിളി നേരിടാതെ, മുപ്പത്തിയാറു വർഷം നിങ്ങൾ മഹാറാണിപദവി വഹിച്ചു. അന്തിമപദയാത്രക്ക് അന്തഃപുരം വിട്ടിറങ്ങുമ്പോൾ, സ്വന്തമെന്നിക്കാലവും കരുതിയ സ്ഥാവരങ്ങളും ജംഗമങ്ങളും എന്ത് ചെയ്യാനാണ് ഭാവം?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“അഞ്ചു ആൺമക്കളും, പാണ്ഡവരുടെ പിടിപ്പുകേടു കൊണ്ടെന്നറിയുന്നു, കൊല്ലപ്പെട്ട സ്ഥിതിക്ക് എനിക്കനന്തരാവകാശികൾ ഇല്ല. അച്ഛനും സഹോദരന്മാരും കൗരവ പാണ്ഡവ സ്വത്തുതർക്കത്തിൽ കൊല്ലപ്പെട്ടിരുന്നു. ഭർത്താക്കളിൽ മൂന്നാമനായ അർജ്ജുനൻ അവിഹിതബന്ധ നിർമ്മിതിയിൽ ഒന്നാമനായി. ദ്വാരകസ്വദേശി സുഭദ്രയെ വിവാഹം കഴിക്കേണ്ട സാഹചര്യമുണ്ടായി. ആ ഹ്രസ്വകാലബന്ധത്തിലുണ്ടായ അഭിമന്യുവിന്, വിരാടരാജകുമാരിയിൽ ജനിച്ച പരീക്ഷിത്ത് എനിക്കൊരകന്ന ബന്ധു. സ്നേഹവാത്സല്യങ്ങൾ തോന്നാത്ത ഒരാൾ എന്തിനു ഞാനിത്രയും കാലം മോഹിച്ചും വിലപേശിയും സ്വന്തമാക്കിയ സ്വത്തുക്കളുടെ അവകാശിയാവണം? എല്ലാം പുതുതലമുറ കൗരവക്കുട്ടികൾക്കായി ഒസ്യത്തിൽ ഞാൻ ഇന്നലെ കയ്യൊപ്പിട്ടു!.”

2019/12/15

“കുടുംബനാമം തുണയായോ? അതോ വിനയോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ഭൂവാസികളല്ല പിതൃക്കൾ എന്ന് കുന്തിയും മാദ്രിയും പറഞ്ഞത് കൊണ്ട് കാര്യമുണ്ടോ? വൈവിധ്യബീജ സമ്പാദനത്തിനുള്ള ദാമ്പത്യസാഹചര്യം അറിയാൻ ആകാംക്ഷ കാണിക്കുന്നവരോടെത്ര ഉച്ചത്തിൽ സത്യം വെട്ടിത്തുറന്നു പറയും? കായികക്ഷമതയില്ലാത്ത ഭർത്താവിനെ നോക്കു കുത്തിയാക്കി രണ്ടു രാജസ്ത്രീകൾ, മുടിയിൽ പൂ ചൂടി പ്രലോഭനമന്ത്രവുമായി ആൺവേട്ടക്ക് ഇറങ്ങിത്തിരിക്കുന്ന കാഴ്ച, ഭാവനയിൽ കണ്ടപ്പോഴൊക്കെ, ലജ്ജയിൽ മുഖം മുങ്ങി. ദാമ്പത്യത്തിനുശേഷം, പരിചയപ്പെടാൻ സ്വാഭാവികമായി പാഞ്ചാലി ചോദിക്കാവുന്ന കുടുംബ വിവരങ്ങൾ തടയാൻ ഞങ്ങൾ നിർബന്ധിതരായി. ‘പാഞ്ചാലനല്ല എന്റെ ബീജദാതാവ്, യാഗാഗ്നിയിൽ, വളർച്ചയെത്തിയ പെണ്ണുടലോടെ ഉയർന്നു വന്ന ദേവ സ്ത്രീയാണ് ഞാൻ” എന്ന് സ്വയം പരിചയപ്പെടുത്തുമ്പോൾ, ‘പാണ്ഡുവല്ല ഞങ്ങളുടെ പിതാവ്’ എന്ന് സമാന ബോധത്തോടെ എങ്ങനെ ഞങ്ങൾ ഐക്യപ്പെടും? പൊതു സ്വീകാര്യതയുള്ള പൈതൃകപദാവലിയിൽ, ഞങ്ങളെങ്ങനെ പാണ്ഡവർ ആയി എന്ന് നിർല്ലജ്ജം വിശദീകരിക്കേണ്ടി വന്നപ്പോഴൊക്കെ, കർണ്ണൻ നേരിട്ട അസ്തിത്വ അവഹേളനം ഞങ്ങളും നേരിട്ടു. ‘ഒരു പക്ഷെ കൂടുതൽ’ എന്നതിന് കാരണം ഉണ്ട്. ശ്രോതാക്കൾ കർണ്ണനോട് കരുണ കാട്ടി. ഞങ്ങളോട് ഒറ്റക്കൊറ്റക്ക് വിവരം തേടിയത് നിന്ദിക്കാനായിരുന്നു. ആരാണ് നിങ്ങൾ എന്ന് അഭിമന്യുവിനോട് വഴിയമ്പലങ്ങളിൽ ചോദിക്കുമ്പോൾ ‘ഞാൻ അർജ്ജുനന്റെ മകൻ അഭിമന്യു’ എന്നഭിമാനത്തോടെ പറഞ്ഞിരുന്ന മകനോടെനിക്ക് അസൂയ തോന്നി. ഞങ്ങളഞ്ചു പേർക്ക് ‘പാണ്ഡവർ’ എന്നതൊരു കുടുംബനാമമായിരുന്നില്ല കുറ്റസമ്മതത്തിനുള്ള പ്രതിക്കൂടായിരുന്നു.”

2019/12/18

“അഭയാർത്ഥികളായി വന്ന പാണ്ഡവക്കുട്ടികളുടെ പൗരത്വ അപേക്ഷ പരിഗണിക്കുമ്പോൾ അന്ധചക്രവർത്തി ഓരോ കുട്ടിയുടെയും മുഖം തലോടി ‘അച്ഛൻ ആരാ?’ എന്ന് മൃദുവായി പിറുപിറുക്കുന്നു. വ്യവസ്ഥാപിത ഭരണകൂടം ഇങ്ങനെയാണോ മുൻ രാജാവ് പാണ്ഡുവിന്റെ പിൻഗാമികൾക്ക് പൗരത്വം പരിഗണിക്കേണ്ടത്?”, പൊതു ഭരണവകുപ്പിന്റെ നാമമാത്ര ചുമതല വഹിക്കുന്ന വിദുരരോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഏകപത്നീവ്രതക്കാരനായ ധൃതരാഷ്ട്രർ പാണ്ഡവപിതൃത്വത്തെ കുറിച്ച്, സഹോദരവിധവയോടു വസ്തുതാപരമായ വിശദീകരണം തേടിയിട്ടുണ്ടാവാം എന്നല്ലേ പറയാനാവൂ? അതോ, പാണ്ഡവ പിതൃത്വവിവരം കുന്തിയുടെ ലൈംഗികാവകാശമെന്ന നിലയിൽ രഹസ്യമായി പാലിക്കാൻ അവൾക്കു അവകാശമുണ്ട്, അതിൽ നിങ്ങൾ കൈ വക്കേണ്ട എന്ന് ധൃതരാഷ്ട്രരുടെ തോളിൽ തട്ടി ഞാൻ താക്കീതു നൽകണോ?”

2019/12/26

“എങ്ങനെ ഓർമ്മിച്ചെടുക്കുന്നു പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ആദ്യദിനം?”, ‘പഞ്ചപാണ്ഡവർക്കുമുണ്ട് ഭൃതാതുരത’ എന്ന പരമ്പരക്കായുള്ള അഭിമുഖത്തിൽ കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“വളർന്നതു കാട്ടിലായതുകൊണ്ടാവാം ഭീഷണിസാധ്യത. കൗരവരടക്കം വലിയൊരാൾക്കൂട്ടമായിരുന്നു ആദ്യദിന ഗുരുകുലം. കുന്തി മുന്നറിയിപ്പ് തന്നിരുന്നു. കൗരവസാന്നിധ്യത്തിൽ വിവരാന്വേഷണവും കരുതലോടെ വേണം നേരിടാൻ. കുന്തി വളർത്തമ്മ മാത്രമായിരുന്നില്ല. അവളുടെ നാമം എന്നും മഹത്വപ്പെടട്ടെ! എന്തു ചോദിച്ചാലും, തെറ്റായ വിവരമേ കൊടുക്കാവൂ എന്നതായിരുന്നു കുന്തിപാഠം. കൃപ വിരൽ ആദ്യം ചൂണ്ടിയതു് യുധിഷ്ഠിരനു നേരെ. ആരുടെ മകനാണ് നീ എന്ന ചോദ്യം കേട്ടപ്പോൾ ഒന്ന് നടുങ്ങി എങ്കിലും, കൈകൾ പിന്നിലൊളിപ്പിക്കാതെയും നോട്ടം ഗുരുമുഖത്തുറപ്പിച്ചും യുധിഷ്ഠിരൻ പറഞ്ഞു: “കാലൻ” ഞെട്ടിത്തെറിച്ച കൗരവക്കുട്ടികൾ ബഹളം വച്ച് ഇരിപ്പിടം മാറി. പിന്നെ ഭീമനും അർജ്ജുനനും കുന്തി പഠിപ്പിച്ചവിധം വ്യാജവിവരങ്ങൾ കൃപരെ ബോധിപ്പിച്ചു. അന്നുതുടങ്ങി കരയിലും വെള്ളത്തിലും കൗന്തേയർക്കെതിരെ കൗരവപടനീക്കം!.”

2019/12/28

“പ്രണയിനിയിൽ നിന്നു പാരിതോഷികങ്ങൾ നേടിയ ഭാഗ്യവാനാണ് നിങ്ങളെന്നു അസഹിഷ്ണുതയോടെ ഭീമൻ പരാമർശിക്കുന്ന അഭിമുഖം കഴിഞ്ഞതേയുള്ളൂ. പ്രായക്കൂടുതലുള്ള കൗന്തേയരെ തഴഞ്ഞു മാദ്രിക്കുട്ടികളെ ‘ആളോഹരി’യിൽ കവിഞ്ഞു പ്രണയിനി ഓമനിച്ചു എന്ന് വ്യക്തം. അതുകൊണ്ടൊരു ഗുണമുണ്ട്, അവളുടെ വ്യക്തിത്വ ന്യൂനത, അങ്ങനെ ഒന്നുണ്ടെങ്കിൽ, വസ്തുനിഷ്ഠമായി വെളിപ്പെടുത്താൻ നിങ്ങൾക്കാവേണ്ടതാണ്. കാണാൻ നന്ന്, പരിഷ്കൃത പെരുമാറ്റവുമറിയാം, ഒന്നിലധികം ഭർത്താക്കന്മാരെ കൂട്ടിനുണ്ട്, എന്നാൽ കൗന്തേയർ മൂന്നുപേരും പൊതുവെ അവളെ കുറിച്ചത്ര ശുഭാപ്തി വിശ്വാസം പുലർത്താത്തതിന് കാരണമെന്തായിരിക്കാം?” പാഞ്ചാലിയുടെ മനഃസാക്ഷി സൂക്ഷിപ്പുകാരൻ എന്നറിയപ്പെടുന്ന നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“പാണ്ഡവപ്രണയാഭിലാഷങ്ങളെ നിരുത്സാഹപ്പെടുത്തുന്നൊരു ദാമ്പത്യശൈലി അവൾക്കുണ്ട്. ആദ്യഭാര്യ പൂക്കാരത്തെരുവിൽ കഷ്ടപ്പെടുന്നുണ്ടെന്നറിഞ്ഞിട്ടും. പോയി ക്ഷേമമറിയാൻ യുധിഷ്ഠിരനെ അനുവദിച്ചില്ലെന്നതൊരു വീഴ്ച. പാഞ്ചാലിയുടെ മനഃസമ്മതം ചോദിക്കാതെ ദ്വാരകയിൽ പോയി അർജ്ജുനൻ സുഭദ്രയെ ഭാര്യയാക്കി എന്ന ഒറ്റക്കാരണത്താൽ, സുഭദ്രയെ ഇന്ദ്രപ്രസ്ഥത്തിൽ സ്വാഗതം ചെയ്യാൻ പാഞ്ചാലി മടിച്ചു. കാട്ടാള സ്ത്രീകളെ ഭീമൻ കാമിച്ചു എന്നതിന്റെ പേരിൽ കൂടെ കിടത്താൻ പാഞ്ചാലി അറച്ചു എന്നതാണ് പരമാർത്ഥം. ബഹുസ്വര ഇണകളെ ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന പാണ്ഡവർക്ക് പാഞ്ചാലിയുടെ ഇത്തരം വർഗീയ നിലപാടുണ്ടാക്കിയ മനോവിഷമം ചെറുതല്ല. കാരണം തിരക്കിയാൽ, ഞങ്ങളുടെ വാമൊഴിയെ പരിമിതപ്പെടുത്തി ക്ഷുദ്രവികാരപ്രകടനത്തിലേക്കു വഴിതുറക്കാനും അവൾക്കു മടിയില്ല. അത്തരം പ്രവണതകളുടെ ഇടുങ്ങിയ പെൺമനമാണവൾ. നിർത്താം. കുറച്ചു കാര്യങ്ങൾ സമയബന്ധിതമായി ചെയ്തു തീർക്കാൻ എന്നെ ചുമതലപ്പെടുത്തിയിട്ടാണവൾ നീന്താൻ പോയതു് വൈകിയാൽ ഇന്നുരാത്രി പായക്കൂട്ട് നിഷേധിക്കുന്നത് എനിക്കായിരിക്കും.”

## കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ "ഇരുമ്പിന്റെ സംഗീതം" മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാര മായ "ജലം" കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

### പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

**കഥാസമാഹാരങ്ങൾ**

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

**നോവൽ**

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.